الـذكـر



അദ്ഖിക്ർ

രണ്ടാം വാള്യം

മുഹ്യദ്ദീൻ മുഹമ്മദ്, ഇരുമ്പുഴി

സ്ട്രെയ്റ്റ്പാത്ത് എഡ്യുക്കേഷൻ
മഞ്ചേരി

Adhikr (Malayalam) - The Best Interpretation of Lord's Book - Volume-2
(Revised Edition 2026)

Author : Muhyadheen Muhammed Irumbuzhi

Distribution : Straightpath Education
PB.NO: 58, Manjeri, Malappuram, Kerala - 676121
Email: mail@straightpathonline.com
Website: www.straightpathonline.com
Ph: +91 9633151222

Printers : Pravasi Prints (P) Ltd. Malappuram
Ph: +91 483-2735696

Copies : 500

Copyrights **NOT** reserved

" ഈ ഗ്രന്ഥം, ലോകത്താർക്കും - ഏതുമതക്കാർക്കും കോപ്പികൾ അച്ചടിപ്പിച്ച് വിതരണം ചെയ്യുന്നതിനും പരിഭാഷപ്പെടുത്തുന്നതിനും അനുവാദമുണ്ട്.

Whoever likes may translate and distribute copies among people irrespective of nation or religion. "

അദ്ദിക്ർ മലയാളം / ഇംഗ്ലീഷ് മൂന്നു വാള്യങ്ങൾക്ക്

ബന്ധപ്പെടുക:

mail@straightpathonline.com | straightpathonline@gmail.com

WhatsApp: +91 9633151222

ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, എഴുത്തും വായനയും അറിയുന്ന ഏതൊരാൾക്കും 'വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ **അദ്ദിക്ർ**' കൊണ്ടല്ലാതെ വിശ്വാസിയാകാനോ അതിനെ ടിക്കറ്റായി ഉപയോഗപ്പെടുത്താതെ സ്വർഗ്ഗത്തിലേക്ക് എത്തിപ്പെടാനോ സാധ്യമല്ല തന്നെ. ഗ്രന്ഥം വന്നുകിട്ടിയവരിൽ നിന്ന് എല്ലാ ആയിരത്തിലും ഒന്ന് മാത്രമാണ് 'വിശ്വാസിയായ' അല്ലാഹുവിന്റെ വീടായ സ്വർഗ്ഗത്തിലേക്കുള്ളത്. ബാക്കി തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പതും അവരുടെ ജിന്നുകൂട്ടുകാരും കാഫിറായ പിശാചിനെ സേവിക്കുന്നവരും അവന്റെ വീടായ നരകത്തിൽ ചേക്കേറുന്നവരുമാണ്. ഈ അനുപാതം നിജവും ക്ലിപ്തവും അറിയപ്പെട്ടതുമാണെന്ന് പ്രവാചകനിലൂടെ അല്ലാഹു പഠിപ്പിച്ചിട്ടുള്ളതാണ്. മനുഷ്യരിൽ നിന്ന് ഏതൊരാൾക്കും ഹൃദയത്തിന്റെ ഭാഷയിലുള്ള **അദ്ദിക്ർ** ഉപയോഗപ്പെടുത്തി 'സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിലൊന്ന്' ആകാവുന്നതാണ്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ **അദ്ദിക്ർ** കൊണ്ട് തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാതെ ഒരാൾക്കും വിശ്വാസിയാകാനോ നരകത്തിൽ നിന്ന് രക്ഷപ്പെടാനോ സാധ്യമാവുകയില്ല. നിഷ്പക്ഷവാനായ സ്രഷ്ടാവ് സ്വർഗ്ഗത്തിൽ വെച്ചുതന്നെ എല്ലാ ഓരോ ആത്മാവിനും ഗ്രന്ഥത്തിന്റെ ആത്മാവായ **അദ്ദിക്ർ** പഠിപ്പിച്ചിട്ടുണ്ടെന്നിരിക്കെ, അല്ലാഹുവിൽ നിന്നുള്ള മാർഗ്ഗദർശനമായ അത് വന്നുകിട്ടിയിട്ട് മൂടിവെക്കുന്നവരും അതിനെ ഉപയോഗപ്പെടുത്താതെ തള്ളിപ്പറയുന്നവരുമാണ് മനുഷ്യരിൽ നിന്നുള്ള നരകത്തിലെ വിറകുകളും കരയിലെ ദുഷ്ടജീവികളും. ഇന്ന് **അദ്ദിക്ർ** ഒരുഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ, അത് വന്നുകിട്ടാത്ത ഇതര ജനവിഭാഗങ്ങളെ മറ്റേതെങ്കിലും ലോകങ്ങളിലേക്കാണ് വിചാരണക്കുശേഷം സർവ്വലോകങ്ങളുടെയും ഉടമ അയക്കുക. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ *ശരീഅത്ത്* നിയമങ്ങൾ പാലിക്കലോ ആയുധം കൊണ്ടുള്ള *ജിഹാദോ* കൂട്ടമായിട്ടുള്ള നമസ്കാരങ്ങളോ അതിനുവേണ്ടി പള്ളി നിർമ്മിക്കലോ ഒന്നുമില്ല. ഒറ്റപ്പെട്ട വിശ്വാസികൾ **അദ്ദിക്ർ** അണപ്പല്ല് ഉപയോഗിച്ച് കടിച്ചുപിടിച്ച് നിലകൊള്ളുകയും അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളോടും അതിനെ തള്ളിപ്പറയുന്ന കുഫ്ഫാറുകളോടും 'അതുകൊണ്ട്' അധികരിച്ച *ജിഹാദ്* നടത്തുകയും, പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അത് ജാതി-മത-ലിംഗ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ അല്ലാഹുവിനെ സഹായിക്കുകയുമാണ് ചെയ്യുക. മനുഷ്യരുടെ ഐക്യം സ്ഥാപിക്കാനും വർഗ്ഗീയത, ലിംഗ-വർണ്ണ-ദേശ-മത-ഭാഷാ പക്ഷപാതിത്തങ്ങൾ, തീവ്രവാദം, രക്തച്ചൊരിച്ചിൽ തുടങ്ങിയ നശീകരണപ്രവർത്തനങ്ങൾക്ക് തടയിടാനുമുള്ള ഏകആയുധവും

അദ്ദിക്റാണ്. അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്ന് പ്രത്യക്ഷപ്പെട്ടാൽ പിന്നെ ഒരുആത്മാവിനും വിശ്വാസം സ്വീകരിക്കൽകൊണ്ട് പ്രയോജനമുണ്ടാവുകയില്ല, എന്നാൽ വിശ്വാസിക്ക് അന്ത്യം കുറിക്കുന്ന അന്തിക്രിസ്തുവായ *മസീഹു ദ്ദജ്ജാലി*ന്റെ പുറപ്പാട് നീട്ടാനുമുള്ള ഉപകരണവും പരിചയും *മുഹൈമിനുമാ*യ **അദ്ദിക്ർ** തന്നെയാണ്.

മലയാളത്തിൽ മൂന്നുവാള്യങ്ങളിലായി രചിക്കപ്പെട്ട ഗ്രന്ഥമായ **അദ്ദിക്റിന്റെ** രണ്ടാം വാള്യത്തിന്റെ പരിഷ്കരിച്ച പതിപ്പാണ് നിങ്ങളുടെ കൈകളിലുള്ളത്. ഇതിൽ ഖുർആനിലെ എട്ടുമുതൽ ഇരുപത്തിയേഴുവരെയുള്ള സൂറത്തുകളുടെ ആശയവിശദീകരണങ്ങളാണുള്ളത്. **അദ്ദിക്ർ** അല്ലാഹുവിൽ നിന്നുള്ളതും അതിന്റെ സൂക്ഷിപ്പ് അവൻ തന്നെ ഏറ്റെടുത്തിട്ടുള്ളതുമായതിനാൽ ഈ ഗ്രന്ഥത്തിന്റെ പകർപ്പവകാശം ആരിലും നിക്ഷിപ്തമല്ല. ഈ ഗ്രന്ഥം ആർക്കുവേണമെങ്കിലും കോപ്പികളെടുത്തും ഇതര ഭാഷകളിലേക്ക് വിവർത്തനം ചെയ്തും മനുഷ്യർക്കിടയിൽ പ്രചരിപ്പിക്കാവുന്നതാണ്. ഗ്രത്തിന്റെ ഹൃദയത്തിന്റെ ഭാഷയിലുള്ള ആശയമായ **അദ്ദിക്ർ** ജാതി-മത ഭേദമന്യേ എല്ലാവർക്കും പരിചയപ്പെടുത്തിക്കൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വേദിയാണ് **സ്ട്രെയ്റ്റ് പാത്ത് എഡ്യുക്കേഷൻ.** www.straightpathonline.com എന്ന ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിച്ച് അതിൽ നിന്നും **അദ്ദിക്റിന്റെ** മലയാളത്തിലും, ഇംഗ്ലീഷിലുമുള്ള മൂന്ന് വാള്യങ്ങളും വായിക്കാവുന്നതാണ്. കൂടാതെ ga.straightpathonline.com എന്ന ലിങ്കിലൂടെ ഓൺലൈനായും Google playstore ൽ നിന്ന് Adhikr ML എന്ന Android App ഡൗൺലോഡ് ചെയ്തും **അദ്ദിക്ർ** വായിക്കാം.

Straightpath Education
PB.NO: 58, Manjeri - 676 121
Email: mail@straightpathonline.com
Website: www.straightpathonline.com

നിഷ്പക്ഷവാനും കരുണ്യവാനുമായ
അല്ലാഹുവിന്റെ നാമം കൊണ്ട്

സർവ്വ സ്തുതിയും (എല്ലായ്പ്പോഴും എവിടെയും) സർവ്വ ലോകങ്ങളുടെയും ഉടമയായ അല്ലാഹുവിന് മാത്രമാകുന്നു. നിഷ്പക്ഷവാൻ, കാരുണ്യവാൻ. (സത്യമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കുന്ന) വിധിദിവസത്തിന്റെ അധിപനായവൻ. ഞങ്ങൾ നിന്നെ മാത്രം സേവിക്കുന്നു, അതിന് ഞങ്ങൾ നിന്നോടുമാത്രം സഹായം തേടുകയും ചെയ്യുന്നു. ഞങ്ങളെ നീ (അദ്ദിക്റിന്റെ മാർഗമായ) ഏറ്റവും ചൊവ്വായ മാർഗത്തിൽ മാർഗദർശനം ചെയ്യേണമേ! നിന്റെ അനുഗ്രഹം വർഷിച്ചവരുടേതായ മാർഗത്തിൽ. കോപിക്കപ്പെട്ടവരുടെയും (അവരെ പിൻപറ്റുക വഴി) വഴിതെറ്റി വ്യതിചലിച്ചവരുടെയും മാർഗത്തിലല്ല.....

അധ്യായക്രമം

അധ്യായം	പേജ്
8. അൻഫാൽ	7
9. അത്തൗബ	48
10. യൂനുസ്	142
11. ഹൂദ്	217
12. യൂസുഫ്	285
13. അർറഅ്ദ്	317
14. ഇബ്റാഹീം	342
15. അൽ ഹിജ്ർ	372
16. അന്നഹ്ൽ	404
17. ഇസ്റാഅ്	480
18. അൽ കഹ്ഫ്	548
19. മർയം	595
20. ത്വാഹാ	616
21. അമ്പിയാഅ്	641
22. ഹജ്ജ്	677
23. അൽ മുഅ്മിനൂൻ	707
24. അന്നൂർ	736
25. അൽ ഫുർഖാൻ	763
26. അശ്ശുഅറാഅ്	790
27. അന്നംല്	815
പദസൂചിക	837

8. അൻഫാൽ

യുദ്ധമുതലിനെക്കുറിച്ച് നിന്നോട് അവർ ചോദിക്കുന്നു എന്ന ഒന്നാം സൂക്തത്തിൽ നിന്നാണ് അൻഫാൽ (യുദ്ധമുതലുകൾ) എന്ന നാമം വന്നിട്ടുള്ളത്. മൊത്തം 75 സൂക്തങ്ങളടങ്ങിയ ഈ സൂറത്തിൽ ബദ്ർ യുദ്ധത്തോടനുബന്ധിച്ച് ഹിജ്റ 2-ാം വർഷം മദീനയിൽ അവതരിച്ചിട്ടുള്ള സൂക്തങ്ങളാണ് അടങ്ങിയിരിക്കുന്നത്. ഗ്രന്ഥത്തിലെ സൂക്തങ്ങൾ *തിലാവത്ത്* ചെയ്യുകവഴി മാത്രമേ വിശ്വാസം വർദ്ധിക്കുകയുള്ളൂ എന്നും, ഓരോരുത്തർക്കും നൽകപ്പെട്ട എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തി സ്വർഗം ഇവിടെ പണിയുകയാണ് ജീവിതലക്ഷ്യമെന്നും പഠിപ്പിക്കുന്നു. വിശ്വാസികളിൽ അവരുടെയും അവരുടെ ഹൃദയത്തിന്റെയും ഇടയിലാണ് അല്ലാഹുവുള്ളത് എന്ന് മനസ്സിലാക്കി എവിടെയും എപ്പോഴും 'അല്ലാഹ്' എന്ന സ്മരണയിൽ നിലകൊള്ളണമെന്നും, പ്രത്യേകിച്ച് യുദ്ധവേളകളിലും പ്രതിസന്ധിഘട്ടങ്ങളിലും അല്ലാഹുവിനെ ധാരാളമായി സ്മരിക്കണമെന്നും അല്ലാഹുവിനുവേണ്ടി അടിയുറച്ച് നിലകൊള്ളണമെന്നും, സ്വന്തം കഴിവിൽ അഹങ്കരിക്കാതെ, എപ്പോഴും അല്ലാഹുവിനെ ആശ്രയിച്ചു കൊണ്ട് അവനുവേണ്ടി മാത്രം ജീവിക്കുന്നവരാകണമെന്നും നിർദ്ദേശിക്കുന്നു.

യുദ്ധമുതലുകൾ നിങ്ങളുടെ സ്വന്തമെന്ന് കണക്കാക്കരുതെന്നും, അല്ലാഹുവിന്റെ സ്വത്തായ അതിൽ അല്ലാഹു നിങ്ങൾക്കായി നിശ്ചയിച്ച വിഹിതം നന്ദിപൂർവ്വം സ്വീകരിച്ചു കൊള്ളുക, അല്ലാഹുവിന്റെ മാർഗത്തിൽ വിനിയോഗിക്കുന്നതിനും പാവപ്പെട്ടവരെ സഹായിക്കുന്നതിനും നീക്കിവെച്ച വിഹിതം മനഃസംതൃപ്തിയോടെ നൽകുക തുടങ്ങിയ വിധികളും യുദ്ധവും സന്ധിയും സംബന്ധിച്ച് വിശ്വാസികൾ പാലിക്കേണ്ട മര്യാദകളും വ്യവസ്ഥകളും ഈ സൂറത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന *മുശ്രിക്കു*കളോടും കപടവിശ്വാസികളോടും ജൂതൻമാരോടും യുദ്ധത്തിൽ തടവുകാരാക്കപ്പെട്ടവരോടുമെല്ലാം പെരുമാറേണ്ടതെങ്ങനെയെന്നും പഠിപ്പിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. യുദ്ധമുതലിനെക്കുറിച്ച് നിന്നോട് അവർ ചോദിക്കുന്നു; നീ പറയുക: യുദ്ധമുതലുകൾ അല്ലാഹുവിനും പ്രവാചകനുമുള്ളതാകുന്നു, അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങൾക്കിടയിലെ ബന്ധം നിങ്ങൾ നന്നാക്കുകയും ചെയ്യുക, നിങ്ങൾ അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും അനുസരിക്കുകയും ചെയ്യുക, നിങ്ങൾ വിശ്വാസികളാണെങ്കിൽ!

ഹിജ്റ 2-ാം വർഷം റമളാനിൽ നടന്ന ബദ്ർ യുദ്ധം, മുഹമ്മദ് നബിയുടെ നേതൃത്വത്തിൽ നടന്ന ആദ്യത്തെ യുദ്ധമായിരുന്നു. ആ യുദ്ധത്തിൽ ലഭിച്ച യുദ്ധമുതലുകൾ (*അൻഫാൽ*) ഭാഗിക്കുന്നതിനെക്കുറിച്ച് അവർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായി. അതിനുമുമ്പ് യുദ്ധനിയമങ്ങളെക്കുറിച്ചോ പ്രത്യേകിച്ച് യുദ്ധമുതലിനെക്കുറിച്ചോ നിർദ്ദേശ

ങ്ങളൊന്നും അവതരിച്ചിട്ടുണ്ടായിരുന്നില്ല. *ജാഹിലിയ്യാ* സമ്പ്രദായമനുസരിച്ച് യുദ്ധമുതലുകൾ അത് ലഭിക്കുന്നവർക്കുള്ളതായിരുന്നു. ശത്രുക്കളെ പിന്തുടരാതെ യുദ്ധമുതലുകൾ വാരിക്കൂട്ടിയവർക്കാണ് അത് ലഭിക്കേണ്ടതെന്നും അതല്ല; ശത്രുക്കളെ പിന്തുടർന്ന് തുരത്തിയവർക്കും അതിലൊരു വിഹിതം ലഭിക്കണമെന്നും വാദങ്ങളുണ്ടായപ്പോൾ അല്ലാഹു അത് സംബന്ധിച്ചുള്ള നിയമം അവതരിപ്പിക്കുകയാണ്. യുദ്ധമുതൽ യഥാർത്ഥത്തിൽ അല്ലാഹുവിനും അവന്റെ പ്രവാചകനുമുള്ളതാണ്. യുദ്ധത്തിൽ, നിങ്ങൾ വധിച്ചപ്പോൾ നിങ്ങൾ ആരെയും വധിച്ചിട്ടില്ല, എന്നാൽ അല്ലാഹുവാണ് വധിച്ചതെന്ന് സൂക്തം 17 ൽ പറയുന്നു. വിശ്വാസികൾ സ്വന്തം താൽപര്യങ്ങൾ മുൻനിർത്തി ഒന്നും പ്രവർത്തിക്കുകയില്ല, മറിച്ച് അല്ലാഹുവിന്റെയും പ്രവാചകന്റെയും താൽപര്യങ്ങൾക്കാണ് മുൻഗണന നൽകുക. അതുകൊണ്ടാണ് നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും അനുസരിക്കുകയും നിങ്ങൾക്കിടയിലുള്ള ബന്ധങ്ങൾ നന്നാക്കിത്തീർക്കുകയും ചെയ്യുക എന്നു പറഞ്ഞത്. 49: 15 ൽ, നിശ്ചയം വിശ്വാസികൾ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടും വിശ്വസിച്ചവരും പിന്നെ അവരുടെ വിശ്വാസത്തിൽ ചാഞ്ചാട്ടമില്ലാത്തവരും തങ്ങളുടെ സമ്പത്തുകൊണ്ടും ആത്മാവുകൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ *ജിഹാദ്* ചെയ്യുന്നവരുമാകുന്നു, അക്കൂട്ടർ തന്നെയാണ് സത്യസന്ധൻമാർ എന്ന് പറഞ്ഞിട്ടുണ്ട്.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ല. അതുകൊണ്ടുതന്നെ യുദ്ധമോ ആയുധം കൊണ്ടുള്ള ജിഹാദോ ഇല്ല. മറിച്ച് അജയ്യഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളോടും അതിനെ തള്ളിപ്പറയുന്ന ഫാജിറുകളോടും അധികരിച്ച ജിഹാദ് നടത്താനാണ് ആയിരത്തിൽ ഒന്നായ വിശ്വാസി 9: 73; 66: 9; 25: 52 തുടങ്ങിയ സൂക്തങ്ങളിലൂടെ കൽപിക്കപ്പെട്ടിട്ടുള്ളത്. 3: 28-34; 4: 80; 49: 9-10 വിശദീകരണം നോക്കുക.

2. നിശ്ചയം വിശ്വാസികളായവർ, അല്ലാഹുവിനെക്കുറിച്ച് ഓർമിപ്പിക്കപ്പെട്ടാൽ അവരുടെ ഹൃദയങ്ങൾ പ്രകമ്പിതമാകുന്നവരും അവരുടെമേൽ അവന്റെ സൂക്തങ്ങൾ വിശദീകരിക്കപ്പെട്ടാൽ അവരുടെ വിശ്വാസം വർദ്ധിക്കുന്നവരും അവർ സർവ്വസ്വം തങ്ങളുടെ നാഥനിൽ ഭരമേൽപ്പിക്കുന്നവരുമാകുന്നു.

22: 34-35 സൂക്തങ്ങളിൽ, മനസാ-വാചാ-കർമ്മണാ അല്ലാഹുവിന് സമർപ്പിച്ച വിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുക: അല്ലാഹുവിനെക്കുറിച്ച് ഓർമ്മിപ്പിക്കപ്പെടുമ്പോൾ അവരുടെ ഹൃദയം പ്രകമ്പിതമാകുകയും തങ്ങളെ ബാധിക്കുന്ന പ്രതിസന്ധികൾ ക്ഷമയോടെ തരണം ചെയ്യുകയും നമസ്കാരം (പ്രാർത്ഥന) നിലനിർത്തുകയും അവർക്ക് നാം നൽകിയ വിഭവങ്ങളിൽ നിന്ന് ചെലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരാണ് എന്ന് പറഞ്ഞിട്ടുണ്ട്. 39: 17-18 സൂക്തങ്ങളിൽ, അപ്പോൾ എന്റെ അടിമകൾക്ക് സന്തോഷവാർത്ത അറിയിക്കുക: എന്റെ വചനം ശ്രദ്ധിച്ചുകേൾക്കുകയും അതിനെ ഏറ്റവും നല്ലനിലയിൽ പിൻപറ്റുകയും ചെയ്യുന്നവരാണ് അവർ, അക്കൂട്ടരെയാകുന്നു അല്ലാഹു സൻമാർഗത്തിലാക്കിയിരിക്കുന്നത്, അവർ തന്നെയാണ് ബുദ്ധിമാൻമാർ എന്നും; 39: 22 ൽ, അദ്ദിക്ർ കൊള്ളെ തങ്ങളുടെ ഹൃദയങ്ങൾ കല്ലിച്ചവരാണ് വ്യക്തമായ വഴികേടിലുള്ളത്, അവർക്കാണ് നരകത്തിലെ വൈൽ എന്ന ചെരുവ് എന്നും; 39: 23 ൽ അല്ലാഹു ഏറ്റവും നല്ല വർത്തമാനമിറക്കി -ആവർത്തിച്ച് വരുന്ന ഉപമാലങ്കാരങ്ങളടങ്ങിയ ഗ്രന്ഥം- അതുകൊണ്ട് തങ്ങളുടെ നാഥനെ ഭയപ്പെടുന്നവരുടെ തൊലികൾ രോമാഞ്ചം കൊള്ളുന്നു, പിന്നീട് അവരുടെ തൊലികളും ഹൃദയങ്ങളും 'അല്ലാഹ്' എന്ന സ്മരണയിൽ ലയിച്ച്

മയപ്പെടുന്നു, അതാകുന്നു അല്ലാഹുവിന്റെ സൻമാർഗം, അല്ലാഹു ഉദ്ദേശിക്കുന്നവരെ അതുകൊണ്ട് -അദ്ദിക്ർ കൊണ്ട്- സൻമാർഗത്തിലേക്കാക്കുന്നു, ആരെയാണോ അല്ലാഹു വഴികേടിലാകാൻ അനുവദിച്ചത്, അപ്പോൾ അവന് ഒരു മാർഗദർശകനും ഇല്ലതന്നെ എന്നും പറഞ്ഞിട്ടുണ്ട്.

41: 41-43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അതുകൂടാതെ ഇന്ന് ഒരാൾക്കും വിശ്വാസിയാകാൻ സാധ്യമല്ല എന്ന് 10: 100 ൽ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അത് ലോകർക്ക് എത്തിച്ചുകൊടുക്കുമ്പോഴാണ് വിശ്വാസം വർദ്ധിക്കുക. നിഷ്പക്ഷവാനായ നാഥൻ എല്ലാവരെയും സ്വർഗ്ഗത്തിൽ സൃഷ്ടിച്ചപ്പോൾ തന്നെ അദ്ദിക്ർ പഠിപ്പിച്ചിട്ടുണ്ട് എന്ന് 55: 1-4 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ഓർമ്മിപ്പിക്കുന്ന അദ്ദിക്റിൽ നിന്ന് തടഞ്ഞുകൊണ്ടാണ് ജിന്നുപിശാചുക്കളും മനുഷ്യപ്പിശാചുക്കളും മനുഷ്യരെ വഴികേടിലാക്കുന്നത്. അല്ലാഹുവിൽ നിന്ന് അഥവാ അദ്ദിക്റിൽ നിന്ന് തടയുന്നതിനുവേണ്ടി സൃഷ്ടികൾ എഴുതിയുണ്ടാക്കിയ ഖുർആൻ പരിഭാഷകളിലേക്കും കർമ്മശാസ്ത്രഗ്രന്ഥങ്ങളിലേക്കും വ്യാകരണഗ്രന്ഥങ്ങളിലേക്കും ചരിത്രഗ്രന്ഥങ്ങളിലേക്കും മറ്റും ആളുകളെ തിരിച്ചുവിട്ട് നരകത്തിലേക്ക് പിടിച്ചുവലിച്ച് കൊണ്ടുപോവുകയാണ് അവർ ചെയ്യുന്നത്. 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം ഏൽപിക്കപ്പെട്ട പ്രവാചകന്റെ ജനത മാത്രമാണ് ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത്. എന്നാൽ അവർ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നുപോലും അനുയായികളോടും ലോകരോടും വെളിപ്പെടുത്താതെ 'ആവർത്തിച്ച് വായിക്കപ്പെടാനുള്ളത്' എന്ന അർത്ഥം വരുന്ന ഖുർആനിനെയാണ് ഗ്രന്ഥം എന്ന് പറയുന്നത്. എന്നാൽ അത് ഗ്രന്ഥത്തിന്റെ ശരീരം മാത്രമാണ്. ഗ്രന്ഥത്തിന്റെ ആത്മാവിനെയും പരലോകത്തെയും പരിഗണിക്കാതെ ശരീരത്തിനും ഐഹികജീവിതത്തിനും മാത്രം പ്രാധാന്യം കൊടുക്കുന്ന അവരെ 35: 32 ൽ ആത്മാവിനോട് അക്രമം കാണിച്ചവർ എന്നാണ് നാഥൻ വിശേഷിപ്പിച്ചിട്ടുള്ളത്. അവരിൽ പെട്ട ഏതൊരാളും മരിക്കുമ്പോൾ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 4: 140, 145; 39: 71 തുടങ്ങിയ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇക്കൂട്ടരിൽ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികൾ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്നവരും അനുയായികൾ വിചാരണക്കുശേഷം നരകത്തിലേക്ക് തെളിക്കപ്പെടാനുള്ള കാഫിറുകളുമാണ്. 3: 7-10; 7: 170; 56: 82 വിശദീകരണം നോക്കുക.

3. അവർ നമസ്കാരം (പ്രാർത്ഥന) നിലനിർത്തുന്നവരും നാം അവർക്ക് നൽകിയ വിഭവങ്ങളിൽ നിന്ന് ചെലവഴിച്ചുകൊണ്ടേയിരിക്കുന്നവരുമാണ്.

പ്രാർത്ഥനക്ക് ഉത്തരം കിട്ടാനും നോമ്പ്, ഹജ്ജ്, ഉംറ, ദാനധർമ്മങ്ങൾ തുടങ്ങിയ കർമ്മങ്ങൾ സ്വീകരിക്കപ്പെടാനും 2: 186 ൽ രണ്ട് വ്യവസ്ഥകൾ പറഞ്ഞിട്ടുണ്ട്. 32: 15-16 സൂക്തങ്ങളിൽ, നിശ്ചയം വിശ്വാസികൾ ഗ്രന്ഥത്തിലെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഓർമിപ്പിക്കപ്പെട്ടാൽ സാഷ്ടാംഗം വീഴുകയും തങ്ങളുടെ നാഥനെ സ്തുതിച്ചുകൊണ്ട് പരിശുദ്ധപ്പെടുത്തുകയും ചെയ്യുന്നതാണ്, അവർ ഒരിക്കലും അഹങ്കരിച്ച് പിന്തിരിഞ്ഞുനിൽക്കുന്നവരല്ല. അവർ തങ്ങളുടെ നാഥനെ ഭയത്തോടുകൂടിയും പ്രതീക്ഷയോടുകൂടിയും പ്രാർത്ഥിക്കുന്നതിനുവേണ്ടി അവരുടെ വിരിപ്പുകളിൽ നിന്ന് എഴുന്നേറ്റ് വരുന്നവരും നാം അവർക്ക് നൽകിയ വിഭവങ്ങളിൽ നിന്ന് ചെലവഴിച്ചുകൊണ്ടേയിരിക്കുന്നവരു

മാണ് എന്നുപറഞ്ഞിട്ടുണ്ട്. ഏറ്റവും നല്ല വിഭവം അദ്ദിക്ർ തന്നെയാണ്. 102: 8 ൽ, അന്നേ ദിനം എല്ലാഓരോ അനുഗ്രഹത്തെക്കുറിച്ചും ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. 93: 11 ൽ 'അപ്പോൾ നിന്റെ നാഥന്റെ അനുഗ്രഹം നീ പ്രഖ്യാപിക്കുക' എന്ന് പറഞ്ഞതിന്റെ വിവക്ഷ ഇന്ന് അദ്ദിക്ർ എന്ന ഗ്രന്ഥത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ പ്രഖ്യാപിക്കുക എന്നാണ്. എല്ലാഓരോ കാര്യത്തെക്കുറിച്ചും നിമിഷത്തെക്കുറിച്ചും നാഥന്റെ മുമ്പിൽ ഉത്തരം പറയണമെന്ന ബോധത്തോടുകൂടി അദ്ദിക്റിനെ ത്രാസ്സായി ഉപയോഗപ്പെടുത്തിക്കൊണ്ട് ജീവിതം മുഴുവൻ അല്ലാഹുവിനുള്ളതാക്കി മാറ്റുകയും അദ്ദിക്ർ പഠിക്കാനും ജനങ്ങളിലേക്ക് എത്തിക്കാനും എല്ലാവിധ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തുകയുമാണ് വിശ്വാസികൾ ചെയ്യുക. അദ്ദിക്ർ പ്രചരിപ്പിക്കുന്നതിനുവേണ്ടി എങ്ങനെ ചെലവഴിച്ചാലും അത് പരലോകത്തേക്കുള്ള സമ്പാദ്യമായി രേഖപ്പെടുത്തുകതന്നെ ചെയ്യും.

പ്രവാചകന്റെ മക്കയിലെ നമസ്കാരം 7: 205–206; 96: 10–12 സൂക്തങ്ങളിൽ വിവരിച്ചതുപോലെ ഒറ്റ സാഷ്ടാംഗപ്രണാമമായിരുന്നു. അന്ന് കാഫിറുകളായ പുരുഷന്മാരും സ്ത്രീകളും കഅ്ബയെ പ്രദക്ഷിണം വെച്ചിരുന്നത് നഗ്നരായിക്കൊണ്ടായിരുന്നു. ഇന്ന് ഒറ്റപ്പെട്ട വിശ്വാസി ത്രികാലജ്ഞാനിയിൽ നിന്നുള്ള 25: 33 ൽ പറഞ്ഞ ഏറ്റവും നല്ല വിശദീകരണ ഗ്രന്ഥമായ അദ്ദിക്ർ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും പ്രതികരിച്ചുകൊണ്ട് വായിക്കുക(*തിലാവത്ത്*)യും 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനെ വാഴ്ത്തിക്കൊണ്ടും പരിശുദ്ധപ്പെടുത്തിക്കൊണ്ടും തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവഹിക്കുകയുമാണ് വേണ്ടത്. 2: 2–5; 4: 37–38; 7: 157–158 വിശദീകരണം നോക്കുക.

4. അക്കൂട്ടർ, അവർ തന്നെയാണ് യഥാർത്ഥ വിശ്വാസികൾ, അവർക്ക് തങ്ങളുടെ നാഥന്റെ പക്കൽ മാന്യമായ പദവികളും പാപമോചനവും മാന്യമായ വിഭവങ്ങളുമുണ്ട്.

യഥാർത്ഥ വിശ്വാസികളുടെ സ്വഭാവമാണ് മുകളിൽ ഉദ്ധരിച്ച രണ്ട് സൂക്തങ്ങളിലൂടെ അല്ലാഹു പഠിപ്പിക്കുന്നത്. അക്കൂട്ടർ, അവർ തന്നെയാണ് യഥാർത്ഥ വിശ്വാസികൾ എന്ന് ഇവിടെയും 74-ാം സൂക്തത്തിലും പറഞ്ഞിട്ടുണ്ട്. എന്നാൽ, അക്കൂട്ടർ, അവർ തന്നെയാണ് യഥാർത്ഥ കാഫിറുകൾ എന്ന് 4: 150–151 സൂക്തങ്ങളിൽ മാത്രമാണ് പറഞ്ഞിട്ടുള്ളത്. അവരുടെ സ്വഭാവം സൂക്തത്തിൽ വിവരിച്ച വിശ്വാസികളുടെ സ്വഭാവത്തിന് നേരെ എതിരാണ് എന്ന് കാണാം. 36: 10–11 സൂക്തങ്ങളിൽ, അവരുടെ കാര്യത്തിൽ നീ മുന്നറിയിപ്പ് നൽകലും നൽകാതിരിക്കലും സമമാണ്, അവർ വിശ്വസിക്കുകയില്ല; നിശ്ചയം ആരാണോ അദ്ദിക്ർ പിൻപറ്റുകയും നിഷ്പക്ഷവാനെ അദ്ദിക്റിൽ നിന്ന് കണ്ട് ഭയപ്പെടുകയും ചെയ്യുന്നത്, അവരെ മാത്രമാണ് നീ ഉണർത്തുക, അപ്പോൾ അവന് പാപമോചനവും മാന്യമായ വിഭവങ്ങളുമുണ്ട് എന്ന് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക എന്ന് പറഞ്ഞിട്ടുണ്ട്. നൂഹ് മുതൽ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാർക്കും നൽകപ്പെട്ടിട്ടുള്ള ഗ്രന്ഥം സത്യവും തെളിവുമായ, ഒറ്റഗ്രന്ഥമായ അദ്ദിക്ർ മാത്രമാണെന്നും അത് അവതരിപ്പിച്ചിട്ടുള്ളത് പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മറ്റൊരു ദൈവവുമില്ല, അപ്പോൾ നിങ്ങൾ അവനെമാത്രം സേവിക്കുവീൻ എന്ന് കൽപിച്ചുകൊണ്ടാണ് എന്നും 21: 24–25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 39: 36 ൽ, അല്ലാഹു പോരെയോ അവന്റെ അടിമക്ക്, അവനെക്കൂടാതെയുള്ളവരെക്കൊണ്ട് അവർ നിന്നെ ഭയപ്പെടുത്തുന്നുവല്ലോ! ആരെയാണോ അല്ലാഹു വഴിപിഴപ്പിച്ചത്, അവനെ സൻമാർഗത്തിലാക്കുന്ന ആരും തന്നെയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 25: 68–70 സൂക്തങ്ങളിൽ, അല്ലാഹുവിനോടൊപ്പം മറ്റൊരു ഇലാഹിനെ വിളിച്ചുപ്രാർത്ഥി

ക്കുക, അല്ലാഹു പവിത്രമാക്കിയ വ്യക്തിയെ (*നഫ്സ്*) ന്യായം കൂടാതെ വധിക്കുക, വ്യഭിചരിക്കുക എന്നീ മൂന്ന് വൻകുറ്റങ്ങൾ ചെയ്തവർ കുറ്റകൃത്യത്തിൽ വീണുകഴിഞ്ഞു, അന്ത്യനാളിൽ അവർക്ക് ശിക്ഷ ഇരട്ടിപ്പിച്ച് കൊടുക്കുന്നതാണ്, അതിൽ അവർ ശാശ്വതരായി നിന്ദ്യരായി കഴിഞ്ഞുകൂടുകയും ചെയ്യും. എന്നാൽ ആരാണോ പശ്ചാത്തപിച്ച് ഖേദിച്ചു മടങ്ങുകയും വിശ്വാസം രൂപപ്പെടുത്തുകയും ധാരാളമായി സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തത്, അപ്പോൾ അക്കൂട്ടരുടെ തിന്മകളെല്ലാം അല്ലാഹു നന്മകളാക്കി മാറ്റുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്.

സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്തവരെല്ലാം മിഥ്യയാണ് പിൻപറ്റുന്നതെന്നും മിഥ്യയാകട്ടെ ഉടയാനുള്ളതാണെന്നും 17: 81 ൽ പറഞ്ഞിട്ടുണ്ട്. 39: 41 ൽ, നിശ്ചയം നിന്റെമേൽ സത്യമായ ഈ ഗ്രന്ഥം അവതരിപ്പിച്ചത് മനുഷ്യർക്കുവേണ്ടി ലക്ഷ്യത്തോടുകൂടിയാണ്, അപ്പോൾ ആരാണോ അത് ഉപയോഗപ്പെടുത്തി സന്മാർഗത്തിലായത്, അത് അവനുവേണ്ടിത്തന്നെയാണ്; ആരാണോ അതിനെ അവഗണിച്ചത്, അതിന്റെ ദോഷവും ആ ആത്മാവിന് തന്നെയാണ്, നിന്നെ അവരുടെ മേൽ കൈകാര്യകർത്താവൊന്നുമാക്കിയിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. 2: 119; 5: 54; 7: 40, 178; 39: 53–55 വിശദീകരണം നോക്കുക.

5. നിന്റെ നാഥൻ നിന്നെ ലക്ഷ്യത്തോടുകൂടി നിന്റെ വീട്ടിൽ നിന്ന് പുറപ്പെടുവിച്ചതുപോലെ, നിശ്ചയം അത് വിശ്വാസികളിൽ ഒരു വിഭാഗത്തിന് വെറുപ്പുള്ളതുതന്നെയായിരുന്നുവെങ്കിലും!

6. സത്യത്തിന്റെ കാര്യത്തിൽ അത് വളരെ വ്യക്തമായിക്കഴിഞ്ഞിട്ടും നിന്നോട് അവർ തർക്കിച്ചുകൊണ്ടിരിക്കുകയായിരുന്നു, അവർ നോക്കിക്കൊണ്ടിരിക്കെ മരണത്തിലേക്ക് തെളിക്കപ്പെടുന്നതുപോലെ.

ബദ്ർ യുദ്ധത്തിന് വൈമനസ്യത്തോടെ പുറപ്പെട്ട വിശ്വാസത്തിൽ ബലഹീനരായവർ തന്നെയായിരുന്നു യുദ്ധമുതലിനെക്കുറിച്ച് തർക്കിച്ചുകൊണ്ടിരുന്നതും. അതായത് ആപൽക്കരമായ സന്ദർഭങ്ങളെ സത്യത്തിന്റെ പേരിൽ സന്തോഷത്തോടുകൂടി നേരിടേണ്ടവരാണ് വിശ്വാസികൾ, ബദ്ർ യുദ്ധത്തിനുവേണ്ടി പുറപ്പെടാൻ കൽപ്പിക്കപ്പെട്ടപ്പോൾ അവർക്കത് തികച്ചും അരോചകമായി തോന്നിയിരുന്നു. വിശ്വാസം പൂർണ്ണമാകാത്തതിന്റെ പേരിൽ പരലോകത്തിനുമേൽ ഇഹലോകത്തിന് പ്രധാന്യം കൊടുത്ത അവർ യുദ്ധത്തിന് ശേഷം യുദ്ധമുതലുകൾ ലഭിച്ചപ്പോൾ അതിന്റെ കാര്യത്തിലും തർക്കിച്ചുകൊണ്ടിരുന്നു. ആ സ്വത്ത് വിട്ടുകൊടുക്കണമെന്നും തൽസംബന്ധമായ അല്ലാഹുവിന്റെ വിധി കാത്തിരിക്കണമെന്നും കൽപ്പിക്കപ്പെട്ടപ്പോൾ സ്വന്തത്തേക്കാൾ പ്രവാചകന് സ്ഥാനം നൽകേണ്ടിയിരുന്ന അവർക്ക് അതും അരോചകമായി അനുഭവപ്പെടുകയാണുണ്ടായത്. കച്ചവടസംഘത്തിന് പകരം ആയുധമണിഞ്ഞ ഖുറൈശിപടയെ നേരിടുന്നതിന് കൽപ്പിക്കപ്പെട്ടപ്പോൾ അവർക്കത്, കണ്ടുകൊണ്ട് മരണത്തിലേക്ക് തെളിക്കപ്പെടുന്നതുപോലെ തോന്നി. എന്നാൽ അല്ലാഹുവിന്റെയും പ്രവാചകന്റെയും കൽപ്പന നടപ്പിൽ വരുത്തിയപ്പോഴോ, അത് ജീവിതത്തിലേക്കുള്ള വിളിയായി മാറി. 33: 18–19 സൂക്തങ്ങളിൽ, യുദ്ധത്തിന് പോകാതെ കുത്തിയിരിക്കുന്ന നിങ്ങളുടെ കൂട്ടത്തിലുള്ളവരെയും തങ്ങളുടെ സഹോദരങ്ങളോട് ഞങ്ങളുടെ കൂടെവന്ന് കുത്തിയിരിക്കുവിൻ എന്ന് പറയുന്നവരെയും അല്ലാഹു അറിഞ്ഞിട്ടുണ്ട്, ചുരുക്കം പേരല്ലാതെ യുദ്ധത്തെ നേരിടാൻ തയ്യാറാവുകയില്ല, നിങ്ങൾക്കുമേൽ പിശുക്ക് കാണിക്കുന്നവരായിരിക്കും അവർ, അങ്ങനെ യുദ്ധഭയം വന്നാൽ അവർ നിന്നെ ഉറ്റുനോക്കുന്നതായി നിനക്കു കാണാം, മരണവെപ്രാളം കാണിക്കുന്ന ഒരാളെപ്പോലെ അവരുടെ കണ്ണുകൾ കറങ്ങിക്കൊ

ണ്ടിരിക്കും, എന്നാൽ യുദ്ധഭയം നീങ്ങിപ്പോയാലോ, ധനത്തിൽ ദുർമോഹം പൂണ്ടവരായിക്കൊണ്ട് മൂർച്ചയേറിയ നാവുകൾ കൊണ്ട് അവർ നിങ്ങളെ കുത്തിപ്പറയുകയും ചെയ്യും! അത്തരക്കാർ വിശ്വസിച്ചിട്ടില്ല, അതിനാൽ അല്ലാഹു അവരുടെ കർമ്മങ്ങൾ നിഷ്ഫലമാക്കിയിരിക്കുന്നു, അത് അല്ലാഹുവിന്റെമേൽ വളരെ എളുപ്പമുള്ളതായിരിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്. 2: 216, 243; 4: 77 വിശദീകരണം നോക്കുക.

7. രണ്ടാലൊരു സംഘത്തെ നിങ്ങളോട് അല്ലാഹു വാഗ്ദത്തം ചെയ്യുകയും, എന്നാൽ ആയുധബലമില്ലാത്ത സംഘത്തെ-ദുർബല വിഭാഗത്തെ-നേരിടാൻ നിങ്ങൾ ആഗ്രഹിക്കുകയും ചെയ്ത സന്ദർഭം ഓർക്കേണ്ടതാണ്, പക്ഷേ അല്ലാഹു തന്റെ വചനങ്ങൾ കൊണ്ട് സത്യത്തെ സത്യമായി കാണിക്കാനും കാഫിറുകളുടെ വേര് അറുത്തുകളയാനുമാണ് ഉദ്ദേശിച്ചത്.

അബൂസുഫ്യാന്റെ നേതൃത്വത്തിൽ സിറിയയിൽ നിന്ന് മക്കയിലേക്ക് തിരിച്ചുവരുന്ന നാൽപ്പതോളം വരുന്ന കാവൽ ഭടന്മാർ അടങ്ങിയിട്ടുള്ള കച്ചവടസംഘം; അല്ലെങ്കിൽ അവരെ രക്ഷിക്കുന്നതിന് വേണ്ടി മക്കയിൽ നിന്ന് അബൂജാഹിലിന്റെ നേതൃത്വത്തിൽ പുറപ്പെട്ട യുദ്ധനിപുണൻമാരായ ആയിരത്തോളം വരുന്ന സൈന്യം, ഇവയായിരുന്നു ആ രണ്ട് സംഘങ്ങൾ. വൈമനസ്യത്തോടുകൂടി യുദ്ധത്തിന് പുറപ്പെട്ട വിശ്വാസം കുറഞ്ഞ ആളുകൾ ആഗ്രഹിച്ചത് യുദ്ധായുധങ്ങളും സംഘബലവുമില്ലാത്ത കച്ചവടസംഘത്തോട് ഏറ്റുമുട്ടാനാണ്, എന്നാൽ അല്ലാഹു അവന്റെ സംഘത്തെക്കൊണ്ട് കാഫിറുകളുടെ വേരറുക്കാനാണ് ഉദ്ദേശിച്ചത്. അഥവാ ചെറിയ സംഘത്തെ വലിയതും ആയുധബലമുള്ളതുമായ സംഘത്തോട് ഏറ്റുമുട്ടിപ്പിച്ച് അതിൽ വലിയ സംഘത്തിന് പരാജയം നൽകുകവഴി അല്ലാഹുവിന്റെ സംഘത്തെ അതിജയിപ്പിക്കാനാണ് അല്ലാഹു ഉദ്ദേശിച്ചത്. 2: 249; 3: 10–13, 172–175; 34: 10–13 വിശദീകരണം നോക്കുക.

8. സത്യത്തെ സത്യമായി പുലർത്താനും മിഥ്യയെ മിഥ്യയായി നശിപ്പിക്കാനും വേണ്ടിയാണത്, ഭ്രാന്തൻമാർക്ക് അതെത്ര അരോചകമായിരുന്നാലും ശരി.

സത്യവും മിഥ്യയും വേർതിരിക്കാൻ വേണ്ടി പ്രവാചകന്റെ കാലത്ത് നടന്ന ആദ്യത്തെ പോരാട്ടമായിരുന്നു ബദ്ർ യുദ്ധം. സത്യത്തെ സത്യമായി കാണിക്കാനും മിഥ്യയെ മിഥ്യയായി നശിപ്പിക്കാനുമാണ് അല്ലാഹു അത് മുഖേന ഉദ്ദേശിച്ചത്. എല്ലാം അറിഞ്ഞിട്ട് തള്ളിപ്പറഞ്ഞ ചിന്തയില്ലാത്ത മക്കാമുശ്രിക്കുകളെക്കുറിച്ചാണ് ഇവിടെ ഭ്രാന്തൻമാർ എന്നു പറഞ്ഞത്. കാരണം അവരുടെ ഭാഷയിലാണ് ഗ്രന്ഥം ഇറങ്ങിയത്. എന്നാൽ മനഃസാക്ഷിക്ക് വിരുദ്ധമായി നിലകൊണ്ടിരുന്ന അവർ മദീനയിലേക്ക് ഒളിച്ചോടിപ്പോയ അല്ലാഹുവിന്റെ സംഘത്തിൽ പെട്ട പ്രവാചകനോടും വിശ്വാസികളോടും വിരോധം വെച്ച് പുലർത്തിയിരുന്നവരും അവരെ നശിപ്പിക്കുന്നതിനുവേണ്ടി വീണ്ടുവിചാരമില്ലാതെ കച്ചകെട്ടിയിറങ്ങിത്തിരിച്ചവരുമായിരുന്നു.

ഇന്ന് അദ്ദിക്ർ അറിഞ്ഞിട്ട് അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളും അത് മനസ്സിലാക്കാൻ ശ്രമിക്കാതെ അറബി ഭാഷയിലുള്ള അതിന്റെ ശരീരം തിന്ന് പുണ്യം നേടുന്ന *ഹാജിറു*കളുമാണ് ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരും വിശ്വാസികളോട് വിരോധം പുലർത്തുന്നവരുമായ ഭ്രാന്തൻമാർ. *സത്യം എന്നത്* അദ്ദിക്റിന്റെ നാൽപത് പേരുകളിൽ ഒന്നാണ്. ഇസ്ലാമിന്റെ പേരിൽ സൃഷ്ടികൾ എഴുതിയുണ്ടാക്കിയിട്ടുള്ള മറ്റു ഗ്രന്ഥങ്ങളെല്ലാം മിഥ്യയുമാണ്. 17: 81 ൽ, നീ പറയുക: സത്യം ആഗതമായി, മിഥ്യ തകർന്നുപോയി, നിശ്ചയം മിഥ്യ തകരേണ്ടത് തന്നെയാണ് എന്നും; 34: 49 ൽ, സത്യം വന്നുകഴിഞ്ഞു, മിഥ്യ

ഇനി തലപൊക്കുകയോ ആവർത്തിക്കുകയോ ഇല്ല എന്നും പറഞ്ഞിട്ടുണ്ട്. 3: 101; 4: 175 തുടങ്ങിയ സൂക്തങ്ങൾ അവസാനിക്കുന്നത് ആരാണോ അല്ലാഹുവിനെ മുറുകെ പിടിക്കുന്നത്, അവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന ആശയത്തിലാണ്. 5: 48 ൽ പറഞ്ഞ *മുഹൈമിനായ* -കാത്തുസൂക്ഷിക്കുന്ന- ഗ്രന്ഥമായ അദ്ദിക്റിനെ മുറുകെപ്പിടിക്കുകവഴിയാണ് *മുഹൈമിനായ* നാഥനെ മുറുകെപ്പിടിക്കാൻ സാധിക്കുക. പ്രസ്തുത ഗ്രന്ഥം സമർപ്പിക്കുന്ന പാതതന്നെയാണ് 35 സൂക്തങ്ങളിൽ പറഞ്ഞ പ്രപഞ്ച നാഥനിലേക്കുള്ള നേരെച്ചൊവ്വെയുള്ള പാതയും. 2: 119, 147; 6: 91; 7: 8-9 വിശദീകരണം നോക്കുക.

9. നിങ്ങൾ നിങ്ങളുടെ നാഥനോട് സഹായം തേടിയതും ഓർക്കേണ്ടതാണ്, അപ്പോൾ നിങ്ങൾക്കവൻ മറുപടി നൽകി: നിശ്ചയം, ഞാൻ നിങ്ങളെ ആയിരം മലക്കുകളെ തുടരെത്തുടരെ അയച്ചുകൊണ്ട് ശക്തിപ്പെടുത്തുകതന്നെ ചെയ്യുന്നതാണ്.

10. അല്ലാഹു അതൊരു ശുഭവാർത്തയല്ലാതെ ആക്കിയിട്ടില്ല, അതുകൊണ്ട് നിങ്ങളുടെ ഹൃദയങ്ങൾ ശാന്തിനേടുന്നതിന് വേണ്ടിയാകുന്നു, യഥാർത്ഥത്തിൽ അല്ലാഹുവിൽ നിന്നല്ലാതെ സഹായമൊന്നുമില്ല, നിശ്ചയം അല്ലാഹു അജയ്യനായ യുക്തിജ്ഞനാകുന്നു.

ആകാശഭൂമികളിലുള്ള എല്ലാ കാര്യങ്ങളും സംഭവങ്ങളും അല്ലാഹുവിന്റെ വിധിയനുസരിച്ചും അവന്റെ മേൽനോട്ടത്തിലും മാത്രമാണ് നടക്കുന്നത്. യഥാർത്ഥത്തിൽ മലക്കുകളെ അയച്ച് സഹായിക്കേണ്ട ആവശ്യം അല്ലാഹുവിനില്ല, അവൻ ഒരുകാര്യം ഉദ്ദേശിച്ചാൽ 'ഉണ്ടാവുക' എന്ന് പറയലാണ്, അപ്പോൾ അത് ഉണ്ടായിക്കഴിഞ്ഞു. എല്ലാകാര്യങ്ങളും നടപ്പിലാക്കുന്നത് അല്ലാഹുവാണ്, വിശ്വാസികൾ ആ ബോധത്തോടുകൂടി അവനെ മാത്രം സേവിക്കുന്നവരായിരിക്കും. 36: 28-29 സൂക്തങ്ങളിൽ, മൂന്ന് പ്രവാചകൻമാർ അയക്കപ്പെട്ട ഒരുനാട്ടിലെ ജനത പ്രവാചകൻമാരെ എതിർത്തപ്പോൾ ആ ജനതയിൽ നിന്ന് വേറിട്ടുകഴിഞ്ഞിരുന്ന ഒരു വിശ്വാസി ഓടിവന്ന് 'നിങ്ങൾ പ്രവാചകൻമാരെ പിൻപറ്റുക, അവർ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല, അവർ സൻമാർഗത്തിലുമാണ്' എന്ന് പറഞ്ഞപ്പോൾ ആ ജനത ആ വിശ്വാസിയെ വധിച്ചുകളഞ്ഞു. ആ ജനതയുടെ മേൽ നാം അവനുശേഷം ആകാശത്തുനിന്ന് ഒരു പട്ടാളത്തെ ഇറക്കിയിട്ടില്ല, നാം അങ്ങനെ ഇറക്കുന്നവനുമായിട്ടില്ല, അത് ഒരൊറ്റ ഘോരഗർജ്ജനമല്ലാതെ ആയിരുന്നില്ല, അപ്പോൾ അവർ ചേതനയറ്റ് നാമാവശേഷമായി എന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ ഈ സൂക്തത്തിൽ മലക്കുകളെ ഇറക്കുമെന്ന് പറയുന്നത് വിശ്വാസികൾക്ക് മനഃസ്സമാധാനം കിട്ടുന്നതിനും അവരുടെ ഹൃദയങ്ങൾ ഉറപ്പിച്ചുനിർത്തുന്നതിനും വേണ്ടി മാത്രമാണ്.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് യുദ്ധങ്ങളൊന്നുമില്ല. എല്ലാവിധ ആപത്ത്-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും *മുഹൈമിനു*മായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്നവരാണ് വിശ്വാസികൾ. അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളോടും കുഫ്ഫാറുകളോടും 9: 73 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* നടത്താനാണ് ഇന്ന് ഒറ്റപ്പെട്ട വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. അദ്ദിക്ർ ലോകരിൽ വ്യാപിക്കുന്നത് തടയുന്നതിനായി പിശാചിന്റെ സംഘക്കാരായ കാഫിറുകൾ എന്ത് തന്ത്രങ്ങൾ പ്രയോഗിച്ചാലും അല്ലാഹു അത് അവർക്കെതിരെത്തന്നെ തിരിച്ചുവിടുന്നതാണ്. വിശ്വാസികളെ യാതൊരു വിധത്തിലും ഉപദ്രവിക്കാൻ അവർക്ക് കഴിയുകയില്ലതന്നെ. 3: 79-80, 125-127; 8: 2-4; 35: 10 വിശദീകരണം നോക്കുക.

11. അവനിൽ നിന്നുള്ള ശാന്തിനിർഭരമായ ഒരു മയക്കം നിങ്ങളെ മൂടിയതും ആകാശത്തുനിന്ന് നിങ്ങൾക്കുമീതെ മഴ വർഷിപ്പിച്ചതും ഓർക്കേണ്ടതാണ്; അത് കൊണ്ട് നിങ്ങളെ ശുദ്ധീകരിക്കേണ്ടതിനും പിശാചിന്റെ മാലിന്യം നിങ്ങളിൽ നിന്ന് നീക്കിക്കളയേണ്ടതിനും നിങ്ങളുടെ ഹൃദയങ്ങൾ കൂട്ടിയോജിപ്പിക്കേണ്ടതിനും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചുനിർത്തേണ്ടതിനും വേണ്ടി.

താരതമ്യേന യുദ്ധനൈപുണ്യം കുറവായിരുന്ന വിശ്വാസികൾ യുദ്ധനിപുണരായ മക്കാമുശ്രിക്ക് സംഘത്തോട് ആദ്യമായി ഏറ്റുമുട്ടുന്നതിന്റെ തലേദിവസം വിശ്വാസികൾക്ക് ഭീതിയും വിഭ്രാന്തിയും ഇല്ലാതാക്കുന്നതിന് വേണ്ടി ശാന്തിനിർഭരമായ ഉറക്കം പ്രദാനം ചെയ്ത കാര്യമാണ് സൂക്തത്തിൽ പറയുന്നത്. 3: 154 പ്രകാരം ഉഹ്ദ് യുദ്ധം നടന്ന ശേഷമുള്ള രാത്രിയിലും കഠിനമായ ഭീതിയും വിഭ്രാന്തിയും ഉളവായിരുന്ന ഘട്ടത്തിൽ വിശ്വാസികൾക്ക് ഉറങ്ങാൻ കഴിയുമാറ് അല്ലാഹു മനഃശാന്തിയും സമാധാനവും പ്രദാനം ചെയ്യുകയുമുണ്ടായി. ബദ്ർയുദ്ധം നടന്നതിന്റെ തലേന്നാൾ രാത്രിയുണ്ടായ മഴ കാരണം വിശ്വാസികൾക്ക് വേണ്ടത്ര വെള്ളം ലഭിച്ചു. അവർ താവളമടിച്ചിരുന്നത് ബദ്ർ താഴ്വരയിൽ മേലേ ഭാഗത്തായിരുന്നതിനാൽ മഴവെള്ളം ഒഴുകിപ്പോയതുമൂലം മണൽ അമർന്ന് നിലമുറച്ചതായി. അതിനാൽ അവർക്ക് അനായാസം കാലുറപ്പിച്ച് മുന്നേറാൻ സാധിച്ചു. ശത്രുക്കൾ താവളമടിച്ചത് താഴ്ന്ന ഭാഗത്തായിരുന്നതിനാൽ അവിടെയെല്ലാം ചെളികെട്ടി കാൽ ചെളിയിൽ ആഴ്ന്നുപോവുകയും വഴുതി വീഴുകയും ചെയ്യുന്ന അവസ്ഥയുണ്ടായി. 2: 218; 3: 19–22, 123 വിശദീകരണം നോക്കുക.

12. നിന്റെനാഥൻ മലക്കുകളോട് ദിവ്യസന്ദേശം നൽകിയ സന്ദർഭം! നിശ്ചയം ഞാൻ നിങ്ങളോടൊപ്പമുണ്ട്, അപ്പോൾ നിങ്ങൾ വിശ്വാസികളെ ഉറപ്പിച്ചു നിർത്തുക, കാഫിറുകളുടെ ഹൃദയങ്ങളിൽ ഞാൻ ഭയം ഇട്ടുകൊടുക്കുകതന്നെ ചെയ്യും, അതുകൊണ്ട് നിങ്ങൾ അവരുടെ പിരടികളിൽ വെട്ടുക, അവരെ തിരിച്ചറിയാത്ത വിധം അവരുടെ വിരൽത്തുമ്പുകളടക്കം വെട്ടിക്കളയുക!

8: 17 ൽ പറഞ്ഞതുപോലെ അല്ലാഹുവിന്റെ കൽപനപ്രകാരം പ്രവാചകൻ ഒരുപിടി മണ്ണ് വാരി *'മുഖങ്ങൾ വികൃതമാകട്ടെ'* എന്നുപറഞ്ഞ് ശത്രുക്കൾക്കുനേരെ എറിഞ്ഞുകൊണ്ടാണ് ബദ്ർ യുദ്ധം ആരംഭിച്ചത്. അപ്പോൾ ആ മണൽതരികൾ ശത്രുക്കൾ ഓരോരുത്തരുടെയും കണ്ണുകളിൽ 'മിസൈൽ' എന്നോണം തറക്കുകയും അവർ കണ്ണ് കാണാതെ പരസ്പരം വെട്ടാൻ തുടങ്ങുകയും ചെയ്തു. അതോടനുബന്ധിച്ച് വിശ്വാസികളും ആഞ്ഞടിക്കുകയാണുണ്ടായത്. പ്രവാചകൻ എറിഞ്ഞതിനെക്കുറിച്ച് 'നീ എറിഞ്ഞപ്പോൾ നീ എറിഞ്ഞിട്ടില്ല, അല്ലാഹുവാണ് എറിഞ്ഞത്' എന്ന് പറഞ്ഞതിന്റെ വിവക്ഷ ഉടമയായ നാഥൻ എല്ലാകാര്യങ്ങളും അടിമകളെക്കൊണ്ട് ചെയ്യിപ്പിക്കുകയാണ് എന്നാണ്. അപ്പോൾ ശത്രുക്കളുടെ കണ്ണുകളിൽ മണൽ തരികളെ 'മിസൈൽ' എന്നോണം തറപ്പിച്ചത് മലക്കുകൾ മുഖേന അല്ലാഹുതന്നെയാണ്. അതുപോലെ മലക്കുകളെ ഇറക്കിയത് ശത്രുക്കളെ വെട്ടാനല്ല, മറിച്ച് വിശ്വാസികളുടെ ആയുധപ്രയോഗങ്ങൾ കുറിക്ക് കൊള്ളിക്കുവാനും ആഴത്തിൽ ആഞ്ഞുപതിപ്പിക്കാനും വേണ്ടിയാണ്. അങ്ങനെ വിശ്വാസികളെക്കുറിച്ച് 'ഇത് സാധാരണ മനുഷ്യരല്ല, മലക്കുകൾ തന്നെയാണ്' എന്ന് കാഫിറുകൾ വിഭ്രാന്തിയോടെ പറയാനും ഇടവരുത്തുകയുണ്ടായി. ഇക്കാര്യം വിശ്വാസികൾക്ക് മനസ്സിലാകുന്നതിന് വേണ്ടിയാണ് മലക്കുകളെ ഇറക്കി സഹായിച്ചു എന്ന് പറയുന്നത്. 75: 4 ൽ, വിരൽത്തുമ്പുകൾ വിവിധങ്ങളായി സൃഷ്ടിച്ച മനുഷ്യരെ വീണ്ടും സൃഷ്ടിക്കുവാൻ കഴിവുള്ളവൻ തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ ആളെ തിരിച്ചറിയാത്തവണ്ണം വിരൽത്തുമ്പുകളട

ക്കം വെട്ടിമാറ്റുകയെന്നാണ് അല്ലാഹു നിർദേശം നൽകുന്നത്.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ യുദ്ധമില്ല. 2: 256 ൽ വിവരിച്ചതുപോലെ ഇന്ന് വിശ്വാസി നാഥനിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ മുറുകെപ്പിടിച്ചുകൊണ്ടും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിച്ചുകൊണ്ടും നിലകൊള്ളുകയാണ് വേണ്ടത്. അപ്പോൾ അവൻ ഇങ്ങോട്ടും സഹായിക്കുമെന്ന് 22: 40; 47: 7 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 8: 60; 9: 40; 41: 30-32 വിശദീകരണം നോക്കുക.

13. അത് നിശ്ചയം അവർ അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും വിഘടിച്ചത് കൊണ്ടാണ്, ആരാണോ അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും വിഘടിക്കുന്നത്; അപ്പോൾ നിശ്ചയം അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവൻ തന്നെയാണ്.

അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും വിഘടിച്ചതിനാലാണ് കപടവിശ്വാസികൾ വധിക്കപ്പെട്ടവരായത്. വിശ്വാസികളോട് അവരെ ശത്രുക്കളായി പരിഗണിക്കണമെന്ന് 63: 4 ലും; അവർക്ക് മയ്യിത്ത് നമസ്കരിക്കരുതെന്ന് 9: 84 ലും; അവർക്ക് പൊറുക്കലിനെത്തേടരുതെന്ന് 9: 80 ലും 63: 6 ലും പഠിപ്പിച്ചിട്ടുണ്ട്. പരിചയും *മുഹൈമിനു*മായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 48: 6 ലും 98: 6 ലും പറഞ്ഞ കപടവിശ്വാസികളും മുശ്രിക്കുകളുമായ ഫുജ്ജാറുകൾ ഇസ്ലാമിനെ മായ്ച്ചുകളയാൻ വരുന്ന കാഫിറായ *മസീഹുദ്ദജ്ജാലി*നെ ആനയിച്ചുകൊണ്ടിരിക്കുന്നവരും ഈസാ രണ്ടാമത് വന്നാൽ 4: 91; 5: 33; 9: 5, 123; 33: 60-61 എന്നീ സൂക്തങ്ങളുടെ കൽപന പ്രകാരം വധിക്കപ്പെടാനുള്ളവരുമാണ്. 2: 6-7; 4: 115; 7: 175-176 വിശദീകരണം നോക്കുക.

14. അതാകുന്നു നിങ്ങൾക്കുള്ളത്, അപ്പോൾ നിങ്ങൾ അത് രുചിച്ചുകൊള്ളുക! നിശ്ചയം കാഫിറുകൾക്ക് നരകശിക്ഷയുമുണ്ട്.

ബദ്ർ യുദ്ധത്തിൽ അല്ലാഹുവിനോടും പ്രവാചകനോടും വിഘടിച്ച കാഫിറുകൾക്ക് കിട്ടിയ ശിക്ഷ വിശ്വാസികളുടെ കൈകളാലുള്ള വധമാണ്. ഇനി പരലോകത്ത് അവർക്ക് നരകശിക്ഷയുമുണ്ട്. അതുപോലെത്തന്നെയായിരിക്കും യുദ്ധമുതലിന്റെ കാര്യത്തിലായാലും മറ്റേത് കാര്യത്തിലായാലും അല്ലാഹുവിനോടും പ്രവാചകനോടും വിഘടിച്ച കാഫിറുകൾക്കുള്ള പ്രതിഫലമെന്ന് വിശ്വാസികളെ ഉണർത്തുകയാണ്. അവർ കപടവിശ്വാസികളായി നശിക്കാതിരിക്കാൻ വേണ്ടിയാണിത്.

കപടവിശ്വാസികളോട്: ഞങ്ങളുടെ കാര്യത്തിൽ രണ്ടാലൊരു നന്മയല്ലാതെ മറ്റെന്താണ് നിങ്ങൾ കാത്തിരിക്കുന്നത്? അല്ലാഹു അവനിൽ നിന്നുള്ള ശിക്ഷകൊണ്ട് നിങ്ങളെ ശിക്ഷിക്കുകയോ അല്ലെങ്കിൽ ഞങ്ങളുടെ കൈകൾകൊണ്ട് നിങ്ങളെ ശിക്ഷിക്കുകയോ ആണ് ഞങ്ങൾ കാത്തിരിക്കുന്നത്, നിശ്ചയം നിങ്ങൾ കാത്തിരിക്കുക, നിങ്ങളോടൊപ്പം ഞങ്ങളും കാത്തിരിക്കുന്നവരാണ് എന്ന് പറയാനാണ് 9: 52 ലൂടെ വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. 48: 24 ൽ, മക്കാ താഴ്വരയിൽ വെച്ച് (മക്കാ വിജയനാളിൽ) അവരുടെ കൈകളെ നിങ്ങളെത്തൊട്ടും നിങ്ങളുടെ കൈകൾ അവരെത്തൊട്ടും -നിങ്ങൾക്ക് അവരെ തുടച്ചുനീക്കാൻ അവസരം കിട്ടിയതിന് ശേഷവും- തടഞ്ഞത് അവൻ തന്നെയാണ്, അല്ലാഹു നിങ്ങളുടെ പ്രവൃത്തികൾ സദാ വീക്ഷിച്ച് കൊണ്ടിരിക്കുന്നവനാണ് എന്ന് പറഞ്ഞതിനുശേഷം 48: 25 ൽ, അവരുടെ ഇടയിൽ വിശ്വാസികളായ പുരുഷൻമാരും സ്ത്രീകളും ഉള്ളതുകൊണ്ട്

നിങ്ങൾ അറിയാതെ നിങ്ങളുടെ കരങ്ങളാൽ അവരെ ശിക്ഷ ബാധിപ്പിക്കാതിരിക്കാനായി രുന്നു അത് എന്ന് പറഞ്ഞിട്ടുണ്ട്.

ഇനി ലോകത്തുള്ള വിശ്വാസികളെ ഇജാസിലേക്കും ഇജാസിലുള്ള കപടവിശ്വാസികളെ ഇജാസിന് പുറത്തേക്കും വേർതിരിക്കുന്നത് അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ചിന്ത വെച്ചു പുലർത്തുന്ന കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും വിവിധ സംഘട നകളായിപ്പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷി ക്കാൻ വേണ്ടിയാണെന്നും അവരുടെ മേലാണ് അല്ലാഹുവിന്റെ കോപവും ശാപവും വ ർഷിച്ചിട്ടുള്ളതെന്നും അവർക്കുവേണ്ടി നരകകുണ്ഠം ഒരുക്കിവെച്ചിട്ടുണ്ടെന്നും 48: 6 ൽ പറഞ്ഞിട്ടുണ്ട്. അതിന് കാരണം അവർ എല്ലാവിധ ആപത്തു-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈ മിനുമായ അദ്ദിക്റിനെ സ്വയം ഉപയോഗപ്പെടുത്താത്തതും ലോകർക്ക് ഉപയോഗപ്പെടു ത്താൻ നൽകാത്തതുമാണ്. 2: 62, 254; 3: 10, 116; 9: 67-68 വിശദീകരണം നോക്കുക.

15. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ കാഫിറുകളായവരുടെ സൈന്യത്തെ കണ്ടുമുട്ടിയാൽ അപ്പോൾ നിങ്ങൾ ഒരിക്കലും പുറകോട്ട് പിന്തിരിയരുത്.

16. ആരെങ്കിലും അത്തരം സന്ദർഭങ്ങളിൽ -യുദ്ധതന്ത്രമായിട്ടോ അല്ലെങ്കിൽ തങ്ങ ളുടെ സൈന്യത്തിന്റെ മറ്റൊരു പക്ഷത്തോടൊപ്പം ചേരുന്നതിനുവേണ്ടിയോ അല്ലാതെ- പുറംതിരിഞ്ഞ് പിൻമാറുകയാണെങ്കിൽ അപ്പോൾ അവൻ അല്ലാഹു വിൽ നിന്നുള്ള കോപത്തിൽ ആപതിച്ചുകഴിഞ്ഞു, അവന് നരകകുണ്ഠത്തിൽ അഭയസ്ഥാനം ലഭിക്കുന്നതുമാണ്, എത്രദുഷിച്ച മടക്കസ്ഥലം!

4: 31 ൽ വിവരിച്ച പ്രകാരം യുദ്ധമുഖത്തുനിന്ന് പിന്തിരിഞ്ഞോടൽ വൻകുറ്റങ്ങളിൽ പെട്ടതാണ്. എന്നാൽ ഇന്ന് യുദ്ധമോ വധമോ ഒന്നുമില്ല; മറിച്ച് പ്രപഞ്ചം അതിന്റെ സന്തു ലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്റിനെ മൂടിവെക്കുന്ന കപ ടവിശ്വാസികളോടും അതിനെ തള്ളിപ്പറയുന്ന അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരോടും 'അതുകൊണ്ട്' അധികരിച്ച ജിഹാദ് മാത്രമാണുള്ളത്. ദുഷിച്ച മടക്കസ്ഥലമായ നരകക്കുണ്ഠത്തിലേക്ക് ചേക്കേറുന്ന അവരോട് പരുഷമായി പെരുമാറ ണമെന്ന് 9: 73; 66: 9 സൂക്തങ്ങളിൽ വിശ്വാസിയോട് കൽപിച്ചിട്ടുണ്ട്. 1: 7; 4: 150-151; 22: 78 വിശദീകരണം നോക്കുക.

17. അപ്പോൾ നിങ്ങൾ അവരെ വധിച്ചിട്ടില്ല, എന്നാൽ നിശ്ചയം അല്ലാഹുവാകുന്നു അവരെ വധിച്ചിട്ടുള്ളത്, നീ എറിഞ്ഞപ്പോൾ നീ എറിഞ്ഞിട്ടില്ല, എന്നാൽ നിശ്ച യം അല്ലാഹുവാണ് എറിഞ്ഞത്, വിശ്വാസികളെ ഒരു നല്ലപരീക്ഷണത്തിന് വിധേ യമാക്കാൻ വേണ്ടിയായിരുന്നു അത്, നിശ്ചയം അല്ലാഹു എല്ലാം കേൾക്കുന്ന സർവ്വജ്ഞനാകുന്നു.

18. അത് -വിജയം- നിങ്ങൾക്കുള്ളതാകുന്നു, നിശ്ചയം അല്ലാഹു കാഫിറുകളുടെ കുതന്ത്രങ്ങൾ ബലഹീനമാക്കുന്നവനുമാകുന്നു.

ബദ്ർ യുദ്ധത്തിൽ വിശ്വാസികൾ കാഫിറുകളെ വധിച്ചിട്ടില്ല, എന്നാൽ അല്ലാഹുവാ ണ് വധിച്ചത് എന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ വിശ്വാസികൾ അല്ലാഹുവിനുവേണ്ടി മാത്രം ജീവിക്കുന്ന അവന്റെ പ്രതിനിധികളാണ്. അവരുടെ ഏതൊരു വിഷയത്തിലും സ്വാർത്ഥത, സ്വജനപക്ഷപാതം, വർഗീയത തുടങ്ങിയ നിഷേധപരമായ ദുർഗുണങ്ങൾ കടന്നുകൂടുകയില്ല. അവർ എല്ലായ്പ്പോഴും അല്ലാഹുവിനെ സ്മരിക്കുന്നവരും അല്ലാഹുവി

ന് ജീവാർപ്പണം ചെയ്തവരുമാണ്. സത്യമറിഞ്ഞ് നിഷേധിക്കുകയും സത്യത്തെ നശിപ്പിക്കുന്നതിനുവേണ്ടി തന്ത്രങ്ങൾ മെനയുകയും കച്ചകെട്ടിയിറങ്ങുകയും ചെയ്യുന്ന കാഫിറുകൾ ഒരിക്കലും വിജയം വരിക്കുകയില്ല. 3: 90–91 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിധിദിവസം അവർ എന്തുതന്നെ തെണ്ടം കൊടുത്താലും അവർക്ക് വിധിദിവസത്തെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാനും സാധ്യമല്ല. 3: 144–145; 4: 76 വിശദീകരണം നോക്കുക.

19. നിങ്ങൾ തീരുമാനം ചോദിച്ചെങ്കിൽ അപ്പോൾ നിശ്ചയം നിങ്ങൾക്കിതാ തീരുമാനം വന്നു കഴിഞ്ഞിരിക്കുന്നു, ഇനി നിങ്ങൾ വിരമിക്കുകയാണെങ്കിൽ അപ്പോൾ അതാണ് നിങ്ങൾക്ക് ഏറ്റവും നല്ലത്, അതല്ല നിങ്ങൾ വീണ്ടും അതിക്രമികളാവുകയാണെങ്കിൽ നാമും പ്രതികരിക്കുന്നതാണ്, നിങ്ങളുടെ സംഘബലം നിങ്ങളെത്തൊട്ട് ഒരു പ്രയോജനവും ചെയ്യുകയില്ല -അത് എത്രതന്നെ വർദ്ധിച്ചതായിരുന്നാലും ശരി, നിശ്ചയം അല്ലാഹു വിശ്വാസികളോടൊപ്പമാകുന്നു.

കാഫിറുകൾ മക്കയിൽ നിന്ന് ബദ്റിലേക്ക് പുറപ്പെടുമ്പോൾ *കഅ്ബ*യുടെ മൂടുപടം പിടിച്ച് ഇങ്ങനെ പ്രാർത്ഥിച്ചിരുന്നു: 'അല്ലാഹുവേ! ഈ രണ്ടുകൂട്ടരിൽ ഉത്തമൻമാർ ആരാണോ അവരെ വിജയിപ്പിക്കേണമേ'. അവരുടെ നേതാവായ അബൂജഹൽ പ്രത്യേകം പ്രാർത്ഥിച്ചു, 'ഞങ്ങളിൽ സത്യവാദികൾ ആരോ അവരെ വിജയിപ്പിക്കുകയും അക്രമികളെ പരാജയപ്പെടുത്തുകയും അപമാനിതരാക്കുകയും ചെയ്യേണമേ'. അവരുടെ ഈ പ്രാർത്ഥന അല്ലാഹു സ്വീകരിക്കുകയും വിശ്വാസികൾക്ക് വിജയം നൽകിക്കൊണ്ട് ഉത്തമൻമാരും വിശ്വാസികളും ആരെന്ന് വേർതിരിച്ച് കാണിച്ചുകൊടുക്കുകയും ചെയ്തു. അവരുടെ സംഘബലമോ യുദ്ധനൈപുണ്യമോ ഒന്നും തന്നെ അവർക്ക് ഉപകാരപ്പെട്ടില്ല.

സത്യത്തെയും അസത്യത്തെയും വേർതിരിക്കുന്ന ദിനമായതുകൊണ്ടാണ് ബദ്ർ ദിനത്തിന് *യൗമുൽ ഫുർഖാൻ* -വേർതിരിക്കുന്ന ദിനം- എന്ന് പറയുന്നത്. അല്ലാഹു അവനെ സഹായിക്കുന്നവരെ സഹായിക്കുകതന്നെ ചെയ്യും, നിശ്ചയം, അവൻ എല്ലാറ്റിനും കഴിവുള്ള ശക്തനും അജയ്യനും തന്നെയാണ് എന്ന് 22: 40 ലും; നിങ്ങൾ അല്ലാഹുവിനെ സഹായിക്കുകയാണെങ്കിൽ അവൻ നിങ്ങളെയും സഹായിക്കുമെന്ന് 47: 7 ലും പറഞ്ഞിട്ടുണ്ട്. ബദ്ർ യുദ്ധം കഴിഞ്ഞതിനുശേഷം *മക്കാമുശ്രിക്കു*കളെ അഭിസംബോധനം ചെയ്തുകൊണ്ടാണ് 'ഇനി നിങ്ങൾ വിരമിക്കുകയാണെങ്കിൽ അതാണ് നിങ്ങൾക്ക് ഏറ്റവും നല്ലത്, അതല്ല വീണ്ടും നിങ്ങൾ അതിക്രമികളാവുകയാണെങ്കിൽ നാമും പ്രതികരിക്കുന്നതാണ്' എന്ന സൂക്തഭാഗം അവതരിച്ചത്. എങ്കിലും അടുത്തവർഷം ഉഹ്ദിൽ വെച്ച് നടന്ന യുദ്ധത്തിന്റെ അന്ത്യത്തിൽ പ്രവാചകനും അനുയായികൾക്കുമാണ് അല്ലാഹു പരാജയം നൽകിയത്. ഉഹ്ദ് യുദ്ധം പ്രവാചകനോടൊപ്പമുള്ളവരിലെ വിശ്വാസികളെയും കപടവിശ്വാസികളെയും വേർതിരിച്ചെടുക്കാൻ വേണ്ടിയായിരുന്നു എന്ന് 3: 166–167 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. *ഹിജ്റ*ക്കുശേഷം മക്കക്കാർക്ക് സൂക്തങ്ങൾ ലഭിച്ചിരുന്നില്ല, അതേസമയം മദീനക്കാർക്ക് സൂക്തങ്ങൾ തുടർന്ന് ലഭിച്ചിരുന്നു. ഇതിൽ നിന്നും വിശ്വാസികൾക്ക് ലഭിക്കുന്ന ഗുണപാഠം ഗ്രന്ഥത്തിലെ സൂക്തങ്ങൾ കിട്ടിയിട്ട് മൂടിവെച്ച് അതിന് വിരുദ്ധമായ ജീവിതം നയിക്കുന്ന കപടവിശ്വാസികളെയാണ് ഇഹത്തിലും പരത്തിലും അല്ലാഹു ശിക്ഷിക്കുക എന്നാണ്.

ഇന്ന് ഒറ്റപ്പെട്ട വിശ്വാസികൾ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്ത*ുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്ത് നിഷ്പക്ഷവാനായ അല്ലാഹുവിനെ സഹായിച്ചുകൊണ്ടിരിക്കുമ്പോൾ അതിന് തടസ്സമുണ്ടാക്കുന്നതും അവരെ പുച്ഛിക്കുന്നതും ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകളാണ്. അവർ കണ്ട

-കേട്ട-തൊട്ട-വായിച്ച ഗ്രന്ഥം അവർക്കെതിരെ സാക്ഷ്യം വഹിക്കുകയും വാദിക്കുകയും ചെയ്ത് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. 3:160; 7: 47-49; 98: 6 വിശദീകരണം നോക്കുക.

20. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക, അവന്റെ പ്രവാചകനെയും, നിങ്ങൾ കേൾക്കുന്നവരായിരിക്കെ നിങ്ങൾ അവനെത്തൊട്ട് പിന്തിരിഞ്ഞുകളയുകയുമരുത്.

21. ഞങ്ങൾ കേട്ടു എന്ന് പറയുന്നവരെപ്പോലെ നിങ്ങൾ ആവുകയും അരുത്, അവരാകട്ടെ കേൾക്കാത്തവരുമാകുന്നു.

അല്ലാഹുവും പ്രവാചകനും ഉള്ളത് അദ്ദിക്റിലാണ് എന്നിരിക്കെ അദ്ദിക്ർ കേട്ടുകൊണ്ടിരിക്കുമ്പോൾ വിശ്വാസികൾ അതിൽ നിന്ന് പിന്തിരിഞ്ഞ് പോവുകയില്ല. എന്നാൽ കപടവിശ്വാസികൾ സിംഹഗർജ്ജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടുകഴുതകളെപ്പോലെ സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്റിൽ നിന്ന് വിരണ്ടോടുന്നതാണെന്ന് 74: 49-51 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 51: 50 ൽ, അപ്പോൾ നിങ്ങൾ അല്ലാഹുവിലേക്ക് വിരണ്ടോടുക എന്ന് പറഞ്ഞതിന്റെ വിവക്ഷ അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന അദ്ദിക്ർ കേൾക്കാൻ വിരണ്ടോടിവരിക എന്നാണ്. വിശ്വാസികൾ അദ്ദിക്ർ മനസ്സിലാകാതെ മനസ്സിലായി എന്ന് പറയുകയില്ല, എന്നാൽ കപടവിശ്വാസികൾ മനസ്സിലാക്കാതെ അത് മനസ്സിലായി എന്ന ഭാവം നടിക്കുന്നവരാണ്. കപടവിശ്വാസികളെക്കുറിച്ച്: അവരിൽ നിന്നെ ശ്രദ്ധിച്ച് കേൾക്കുന്നവരുണ്ട്, എന്നാൽ നിന്റെ അടുക്കൽ നിന്ന് പുറത്തുപോയാൽ കേട്ടത് മനസ്സിലാക്കിയവരോട് അവർ ചോദിക്കും: ഇപ്പോൾ ആ പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണ്? അക്കൂട്ടരുടെ ഹൃദയങ്ങൾക്കാണ് അല്ലാഹു മുദ്രവെച്ചിട്ടുള്ളത്, അവർ അവരുടെ ദേഹേച്ഛകൾ പിൻപറ്റുന്നവരുമായിരിക്കുന്നു എന്ന് 47: 16 ൽ പറഞ്ഞിട്ടുണ്ട്. 5: 61; 6: 25-26 വിശദീകരണം നോക്കുക.

64: 16 ൽ, നിങ്ങൾക്ക് സാധിക്കുന്നത്ര നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, ശ്രദ്ധിച്ച് കേൾക്കുകയും അനുസരിക്കുകയും നിങ്ങളുടെതന്നെ നന്മക്കുവേണ്ടി ചെലവഴിക്കുകയും ചെയ്യുക, ആരാണോ ആത്മാവിന്റെ കുടുസ്സിൽ നിന്ന് മോചിതരായത്, അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുന്നവർ എന്ന് പറഞ്ഞിട്ടുണ്ട്. പ്രവാചകനും വിശ്വാസികളും: ഞങ്ങളുടെ നാഥാ! ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരിച്ചു, ഞങ്ങൾ നിന്നോട് പൊറുക്കലിനെത്തേടുന്നു, ഞങ്ങളുടെ നാഥാ! നിന്നിലേക്ക് തന്നെയാണല്ലോ ഞങ്ങളുടെ മടക്കം എന്ന് ആത്മാവുകൊണ്ട് പറഞ്ഞുകൊണ്ടിരിക്കുമെന്ന് 2: 285 ൽ പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികൾ അല്ലാഹുവിനെ മറന്നവരും പിശുക്കൻമാരുമാണെന്ന് 9: 67 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിന്റെ വിധിവിലക്കുകൾക്ക് വിരുദ്ധമായി എന്ത് പ്രവർത്തിച്ചാലും അദ്ദിക്ർ എതിരായി സാക്ഷ്യം വഹിക്കുകയും വാദിക്കുകയും ചെയ്യുമെന്നതിനാൽ തെളിവായ അദ്ദിക്ർ കൊണ്ട് ഉറപ്പുവരുത്താതെ അതിന്റെ വാഹകരാണെന്ന് നിങ്ങൾ പറയരുതെന്നാണ് ഈ സൂക്തം വിശ്വാസികളോട് കൽപ്പിക്കുന്നത്. ചുരുക്കത്തിൽ വിശ്വാസികൾ അദ്ദിക്ർ വായിച്ച് മനസ്സിലാക്കുന്നതിനും കേൾക്കുന്നതിനും അത് ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിനും വേണ്ടി സമയം, സമ്പത്ത് തുടങ്ങി എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തുന്നതാണ്. 4: 46, 136; 7: 204 വിശദീകരണം നോക്കുക.

22. നിശ്ചയം അല്ലാഹുവിന്റെയടുക്കൽ ജീവജാലങ്ങളിൽ വെച്ച് ഏറ്റവും തിന്മയേറിയവർ ബുദ്ധി ഉപയോഗിച്ച് ചിന്തിക്കാത്തവരായ ബധിരരും ഊമകളുമാണ്.

നാഥന്റെ വചനമായ അദ്ദിക്ർ അറിഞ്ഞിട്ട് അത് പിൻപറ്റാതിരിക്കുകയും അത് മറ്റുള്ള

വരോട് പറയാതിരിക്കുകയും ചെയ്യുന്ന കപടവിശ്വാസികളാണ് ഊമകൾ -സംസാരിക്കാത്തവർ. അദ്ദിക്ർ മനസ്സിലാക്കാൻ കേൾവിയും കാഴ്ചയും ബുദ്ധിശക്തിയും ഉപയോഗപ്പെടുത്താതെ അറബി ഖുർആൻ പാരായണം ചെയ്യുന്ന ഫാജിറുകളാണ് ബധിരർ-ചെവി കേൾക്കാത്തവർ. ബുദ്ധി ഉപയോഗിച്ച് ചിന്തിക്കാത്ത ഇത്തരം ഊമകളും ബധിരരുമായ ഫുജ്ജാറുകൾ തന്നെയാണ് 52 സൂക്തങ്ങളിൽ പരാമർശിച്ച ഭ്രാന്തൻമാർ-*മുജ്‌രിം*കൾ. 6: 55; 7: 40 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇവർ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത്. ഇവർ വിധിദിവസം നരകത്തിലേക്ക് വലിച്ചെറിയപ്പെടുമ്പോൾ 'ഞങ്ങൾ അദ്ദിക്ർ കേട്ടിരുന്നെങ്കിൽ, അല്ലെങ്കിൽ ബുദ്ധി ഉപയോഗപ്പെടുത്തി ചിന്തിച്ചിരുന്നുവെങ്കിൽ ഞങ്ങൾ ഈ കത്തിയാളുന്ന നരകത്തിന്റെ സഹവാസികൾ ആകുമായിരുന്നില്ലല്ലോ' എന്ന് വിലപിക്കുന്ന രംഗം 67: 10 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നരകക്കുണ്ഠത്തിൽ ശാശ്വതരായ ഇവരെ കരയിലെ ഏറ്റവും തിന്മയേറിയ ജീവികൾ എന്നാണ് 98: 6 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. *അമാനത്ത*ായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളതും വിശ്വാസികൾക്ക് മക്കാവിജയം പോലുള്ള വിജയങ്ങൾ നൽകിയതും ഇനി ലോകരിൽ നിന്നുള്ള വിശ്വാസികളെ ഇജാസിലേക്ക് വേർതിരിക്കുന്നതും ഇക്കൂട്ടരെ ശിക്ഷിക്കാൻ വേണ്ടിയാണെന്ന് 33: 73; 48: 6 എന്നീ സൂക്തങ്ങളിലും, ഈസാ രണ്ടാമത് വന്നാൽ ശപിക്കപ്പെട്ട ഇവർ വധിക്കപ്പെടുമെന്ന് 33: 60-61 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 'കോപിക്കപ്പെട്ടവരുടെയും വഴിപിഴച്ചവരുടെയും മാർഗത്തിലല്ല' എന്ന 1: 7 വായിക്കുമ്പോൾ, ഈ സൂക്തത്തിൽ പറഞ്ഞ ഊമകളിലും ബധിരരിലും ഉൾപ്പെടരുത് എന്നാണ് വിശ്വാസികൾ മനസ്സിൽ കരുതേണ്ടത്. 2: 18, 165-167, 171; 25: 33-34 വിശദീകരണം നോക്കുക.

23. അവരിൽ വല്ല നന്മയുമുള്ളതായി അല്ലാഹു അറിഞ്ഞിരുന്നുവെങ്കിൽ അവരെ അവൻ കേൾപ്പിക്കുകതന്നെ ചെയ്യുമായിരുന്നു, ഇനി അവരെ അവൻ കേൾപ്പിച്ചാൽ തന്നെ അവർ അതിനെ അവഗണിച്ച് പിന്തിരിഞ്ഞ് പോവുകതന്നെചെയ്യും.

ജീവിതലക്ഷ്യം നഷ്ടപ്പെട്ടവരും പ്രജ്ഞയറ്റവരുമായ കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകളെ അല്ലാഹു അദ്ദിക്ർ കേൾപ്പിക്കുകയില്ല, ഇനി കേട്ടാൽ തന്നെ അവർക്ക് അത് ഹൃദയത്തിലേക്ക് ആണ്ടിറങ്ങുകയോ ഉപകാരപ്പെടുകയോ ഇല്ല എന്നാണ് പറയുന്നത്. 31: 7 ൽ ഇത്തരം കപടവിശ്വാസികളെക്കുറിച്ച് നമ്മുടെ സൂക്തങ്ങൾ അവന് വിശദീകരിച്ചുകൊടുത്താൽ അത് കേൾക്കാത്തവണ്ണം അവന്റെ ചെവിയിൽ മൂടിയുള്ളതുപോലെ എല്ലാം തികഞ്ഞവനാണെന്ന മട്ടിൽ അവൻ അഹങ്കാരപൂർവ്വം പിന്തിരിഞ്ഞ് പോകുന്നത് കാണാം, അപ്പോൾ അവന് വേദനാജനകമായ ശിക്ഷകൊണ്ട് സന്തോഷവാർത്ത അറിയിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടിട്ട് പിന്നെ അതിനെ അവഗണിച്ച് പോകുന്നവനെക്കാൾ ഏറ്റവും വലിയ അക്രമി ആരാണുള്ളത്? നിശ്ചയം! ഇത്തരം ഭ്രാന്തന്മാരോട് നാഥൻ പ്രതികാരം ചെയ്യുക തന്നെ ചെയ്യുമെന്ന് 32: 22 ൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. 2: 6-7; 5: 21, 51; 7: 178-179 വിശദീകരണം നോക്കുക.

24. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾക്ക് ജീവിതം നൽകുന്നതിനുവേണ്ടി പ്രവാചകൻ നിങ്ങളെ വിളിക്കുമ്പോൾ നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റെയും വിളിക്ക് ഉത്തരം നൽകുക; നിങ്ങൾ അറിയുകയും ചെയ്യുക, നിശ്ചയം അല്ലാഹു വ്യക്തിയുടെയും അവന്റെ ഹൃദയത്തിന്റെയും ഇടയിലാണുള്ളതെന്നും നിശ്ചയം അവനിലേക്കുതന്നെയാണ് നിങ്ങളെല്ലാവരും പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടപ്പെടുക എന്നും.

വിശ്വാസികൾക്ക് ജീവിതം നൽകുന്നതിനുവേണ്ടിയായിരുന്നു അല്ലാഹുവും പ്രവാചകനും അന്നവരെ ബദ്ർ യുദ്ധത്തിന് വേണ്ടി വിളിച്ചത്. ഇന്ന് അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതം പിൻപറ്റാനുള്ള വിളിയാണത്. നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റെയും വിളിക്ക് ഉത്തരം നൽകുക; അഥവാ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ സമർപ്പിക്കുന്നവിധം നാഥനെ തിരിച്ചറിയുകയും ജീവിതം ചിട്ടപ്പെടുത്തുകയും ചെയ്യുക എന്ന ജീവിതലക്ഷ്യം സഫലമാക്കുക. എല്ലാഓരോ ജീവിയുടെയും ജീവനും ആത്മാവും കൂടിയ റൂഹ് പ്രപഞ്ചനാഥന്റേതുതന്നെയാണ്. വിശേഷബുദ്ധി നൽകപ്പെട്ടവരാണ് എന്നതാണ് ഇതര ജീവികളിൽ നിന്നും മനുഷ്യനുള്ള പ്രത്യേകത. എല്ലാ ഓരോ മനുഷ്യനിലും ആത്മാവിന്റെ ഒരു ജിന്നുകൂട്ടുകാരനുണ്ടെന്ന് 43: 36–39 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വിശ്വാസി തന്റെ ജിന്നുകൂട്ടുകാരനെ സത്യമായ അദ്ദിക്ർ കൊണ്ട് വിശ്വാസി യാക്കി മാറ്റുകയും നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നതാണ്. 2: 152; 3: 191–193 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവൻ എപ്പോഴും ബോധത്തോടുകൂടി നാഥനെ സ്മരിച്ചുകൊണ്ട് നിലകൊള്ളുന്നവനായതിനാൽ നാഥൻ തിരിച്ച് അവനെയും സ്മരിക്കുന്നതാണ്. 3: 102 ൽ വിവരിച്ച പ്രകാരം അത്തരം വിശ്വാസികൾ മാത്രമേ സർവസ്വം നാഥന് സമർപ്പിച്ചവരായി മരണപ്പെടുകയുള്ളൂ. ആത്മാവിനെ പരിഗണിക്കാതെ ജീവിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളും മുസ്ലിംകളാണെന്ന് വാദിക്കുന്നവരാണെങ്കിലും അവരുടെ ആത്മാവിനെതിരെ, നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് മരണസമയത്ത് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ലും, വിധിദിവസം അപ്രകാരം സാക്ഷ്യം വഹിക്കുമെന്ന് 6: 130 ലും പറഞ്ഞിട്ടുണ്ട്. 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ അവരിൽ നിന്നുള്ള ഓരോ വിഭാഗത്തെയും നരകക്കുണ്ഠത്തിലെ ഏഴ് വാതിലുകളിലൊന്നിലേക്ക് നിജപ്പെടുത്തി വെച്ചിട്ടുണ്ടെന്ന് 15: 44 ൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ തന്റെ പട്ടിക 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീനിൽ* നിന്ന് സത്യമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ *ഇല്ലിയ്യീൻ* പട്ടികയിലേക്ക് മാറ്റിയത്, അവൻ മാത്രമാണ് സ്വർഗത്തിലേക്ക് തിരിച്ച് പോവുക. അവരിൽ മാത്രമാണ് അല്ലാഹു വ്യക്തിയുടെയും ഹൃദയത്തിന്റെയും ഇടയിൽ ഉള്ളത്. ബാക്കി 999ന്റെയും ഹൃദയത്തിൽ പിശാചാണ് കുടികൊള്ളുന്നത്. 2: 186, 255–257; 4: 1–2; 50: 16; 57: 4 വിശദീകരണം നോക്കുക.

25. നിങ്ങളിൽ നിന്നുള്ള അക്രമികളായവരെ മാത്രം ബാധിക്കാത്ത നാശത്തെ നിങ്ങൾ ഭയപ്പെടുകയും ചെയ്യുവിൻ, നിശ്ചയം അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് നിങ്ങൾ അറിഞ്ഞിരിക്കുകയും ചെയ്യുവിൻ.

നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യണമെന്നും അല്ലാത്തപക്ഷം അക്രമികളായ ജനങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി പൊതുവായ ശിക്ഷ ഇറങ്ങുമ്പോൾ വിശ്വാസികളെയും അത് ബാധിക്കുമെന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിക്കുന്നതാണ്. അപ്പോൾ നാഥൻ അവനെ തിരിച്ചും സഹായിക്കുന്നതാണ്. തെമ്മാടികളായ കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും അദ്ദിക്ർ മൂടിവെച്ച് പിശാചിനെ സഹായിക്കുന്നവരും പിശാചിന്റെ വീടായ നരകക്കുണ്ഠം വാഗ്ദാനം ചെയ്യപ്പെട്ടവരുമാണെന്ന് 9: 67–68 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 104,

110; 6: 47; 7: 163–167; 39: 41 വിശദീകരണം നോക്കുക.

26. നിങ്ങൾ ഭൂമിയിൽ അടിച്ചമർത്തപ്പെട്ട കുറച്ച് പേരായിരുന്നതും ജനങ്ങൾ നിങ്ങളെ റാഞ്ചിക്കളയുമോ എന്ന് നിങ്ങൾ ഭയപ്പെട്ടിരുന്നതും ഓർക്കുവിൻ, അപ്പോൾ അല്ലാഹു നിങ്ങൾക്ക് അഭയസ്ഥാനമൊരുക്കുകയും അവന്റെ സഹായത്താൽ നിങ്ങളെ ബലപ്പെടുത്തുകയും നിങ്ങൾക്ക് ഉത്തമ ഭക്ഷണവിഭവങ്ങൾ നൽകുകയും ചെയ്തു, നിങ്ങൾ നന്ദിയുള്ളവരായിരിക്കുകതന്നെ വേണമെന്നതിനുവേണ്ടി.

മക്കയിൽ അടിച്ചമർത്തപ്പെട്ടിരുന്ന ബലഹീനൻമാരായ ഒരു ചെറിയ സംഘമായിരുന്നു വിശ്വാസികൾ. പ്രവാചകന്റെ ശക്തി ക്ഷയിപ്പിച്ച് അവരെ ഈ നാട്ടിൽനിന്ന് പുറം തള്ളാൻ സാധിച്ചിരുന്നുവെങ്കിൽ എന്ന് കാഫിറുകൾ ആഗ്രഹിച്ചിരുന്നു എന്ന് 17: 76 ൽ പറഞ്ഞിട്ടുണ്ട്. ജനങ്ങൾ തങ്ങളെ നിശ്ശേഷം നശിപ്പിച്ചുകളയുമെന്നും നാട്ടിൽ നിന്ന് പിഴുതെറിയുമെന്നും വിശ്വാസികൾ ഭയപ്പെട്ടിരുന്നു. എന്നാൽ അതിൽ നിന്നെല്ലാം അല്ലാഹു അവരെ രക്ഷപ്പെടുത്തി. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിപ്രകടിപ്പിച്ചുകൊണ്ടും അല്ലാഹുവിനെ സ്മരിച്ചുകൊണ്ടും നിലകൊള്ളണമെന്നാണ് കൽപ്പിക്കുന്നത്. 3: 143–148 സൂക്തങ്ങളിൽ, എക്കാലത്തുമുള്ള വിശ്വാസികൾ തീക്ഷ്ണമായ പരീക്ഷണങ്ങൾക്ക് വിധേയമായിട്ടുണ്ടെന്നും അപ്പോൾ അവർ ബലഹീനത പ്രകടിപ്പിക്കുകയോ അസത്യത്തിന് മുമ്പിൽ തലകുനിക്കുകയോ ചെയ്യാതെ ജീവിതലക്ഷ്യം മനസ്സിലാക്കി രക്തസാക്ഷിത്വം വരിച്ച് സ്വർഗത്തിൽ പ്രവേശിക്കാൻ വെമ്പൽ കൊള്ളുകയാണുണ്ടായത് എന്നും ഓർമ്മിപ്പിച്ചുകൊണ്ട് വിശ്വാസികളെ യുദ്ധത്തിന് പ്രേരിപ്പിച്ചിട്ടുണ്ട്.

ഇന്ന് വിശ്വാസികളുടെ ഒരു സംഘം ലോകത്തെവിടെയും ഇല്ലാത്തതിനാൽ നാഥന്റെ മാർഗത്തിലുള്ള യുദ്ധമോ വധമോ ഒന്നും തന്നെയില്ല. 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരമുള്ള പ്രാർത്ഥനാരീതിയും ജീവിതരീതിയും പിൻപറ്റാനാണ് ഇന്ന് ഒറ്റപ്പെട്ട വിശ്വാസി കൽപ്പിക്കപ്പെട്ടിട്ടുള്ളത്. 69: 51 ൽ പറഞ്ഞ ഉറപ്പുനൽകുന്ന സത്യമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുന്ന വിശ്വാസി അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാൽ ബലഹീനനാക്കപ്പെടരുത് എന്ന് 30: 60 ൽ പറഞ്ഞിട്ടുണ്ട്. 3: 103; 7: 10; 28: 57 വിശദീകരണം നോക്കുക.

27. ഓ വിശ്വാസികളായിട്ടുള്ളവരേ, നിങ്ങൾ അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും വഞ്ചിക്കരുത്, നിങ്ങൾ അറിവുള്ളവരായിരിക്കെ നിങ്ങളെ വിശ്വസിച്ചേൽപ്പിച്ചിട്ടുള്ളതിലും നിങ്ങൾ വഞ്ചന കാണിക്കരുത്.

വിശ്വസിച്ചേൽപ്പിച്ചിട്ടുള്ള കാര്യങ്ങൾ -*അമാനത്ത്*- എന്നതിൽ പരസ്പരം വിശ്വസിച്ചേൽപിക്കുന്ന സാധനങ്ങളും ഉത്തരവാദിത്വങ്ങളും രഹസ്യങ്ങളുമെല്ലാം ഉൾപ്പെടുന്നതാണ്. അതെല്ലാം അല്ലാഹുവിനെ സാക്ഷിനിർത്തിക്കൊണ്ട് പാലിക്കണമെന്നാണ് പഠിപ്പിക്കുന്നത്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തും സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റുമാണ് അദ്ദിക്ർ എന്നിരിക്കെ അത് ലോകർക്ക് എത്തിച്ചുകൊടുക്കുക എന്നത് വിശ്വാസികളുടെ ഉത്തരവാദിത്തമാണ്. അത് അവതരിപ്പിച്ചിട്ടുള്ളത് കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും അവരുടെ അനുയായികളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കാനും വിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും പശ്ചാത്താപം സ്വീകരിക്കാനുമാണ് എന്ന് 33: 73 ൽ പറഞ്ഞിട്ടുണ്ട്. വാക്ക് പാലിക്കാത്ത കപടവിശ്വാസികളുടെ കൂട്ടത്തിൽ അകപ്പെടരുത് എന്നും അവർ അല്ലാഹുവിനെയും പ്രവാചകനെയും വിശ്വാസികളെയും വഞ്ചിക്കുന്നവ

രാണ് എന്നും എന്നാൽ അതുവഴി അവർ അവരെത്തന്നെയല്ലാതെ വഞ്ചിക്കുന്നില്ല, എന്നാൽ അവർ അത് തിരിച്ചറിയുന്നില്ല. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികളായ ഫുജ്ജാറുകളാണ് 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ ജീവിതഭാരം വർദ്ധിപ്പിച്ചതിന്റെ ഉത്തരവാദിത്വം വഹിച്ച് നരകക്കുണ്ഠത്തിലേക്ക് പോകേണ്ടിവരിക. 2: 9–12, 159–161, 283; 3: 74–76; 6: 26–28 വിശദീകരണം നോക്കുക.

28. നിശ്ചയം, നിങ്ങളുടെ സമ്പത്തുകളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണമാണെന്ന് നിങ്ങൾ അറിഞ്ഞിരിക്കുകയും ചെയ്യുക, നിശ്ചയം അല്ലാഹു അവന്റെ പക്കലാണ് മഹത്തായ പ്രതിഫലമുള്ളതെന്നും.

അദ്ദിക്റിനെ മൂടിവെച്ച് സത്യത്തിലാണെന്ന് അഹങ്കരിക്കുന്ന കപടവിശ്വാസികളുടെ സമ്പത്തുകൊണ്ടും സന്താനങ്ങൾ കൊണ്ടും ഇഹത്തിൽ അവരെ ശിക്ഷിക്കുമെന്നും അവർ കാഫിറായിക്കൊണ്ട് ജീവൻ വെടിഞ്ഞിരിക്കുന്നു എന്നും 9: 55, 85 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. സമ്പത്തും സന്താനങ്ങളും ഭൗതികജീവിതത്തിന്റെ അലങ്കാരങ്ങളാണ്, ഗ്രന്ഥത്തിന്റെ വിധിവിലക്കുകൾക്ക് അനുസരിച്ചിട്ടുള്ള കർമങ്ങൾ മാത്രമാണ് നിന്റെ നാഥന്റെ അടുക്കൽ ഏറ്റവും നല്ല പ്രവൃത്തികളും ഉത്തമമായ പ്രതിഫലം ലഭിക്കുന്നതും എന്ന് 18: 46 ൽ പറഞ്ഞിട്ടുണ്ട്. 3: 14–15, 196–197; 6: 165 വിശദീകരണം നോക്കുക.

29. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയാണെങ്കിൽ അവൻ നിങ്ങൾക്ക് ഒരു ഉരക്കല്ല് പ്രദാനം ചെയ്യുന്നതും നിങ്ങളുടെ തിന്മകൾ നിങ്ങളെത്തൊട്ട് മായ്ച്ചുകളയുന്നതും നിങ്ങൾക്ക് പൊറുത്തുതരുന്നതുമാണ്, അല്ലാഹു മഹത്തായ ഔദാര്യമുടയവനുമാകുന്നു.

'നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയാണെങ്കിൽ' എന്നതിന്റെ വിവക്ഷ ഏത് കാര്യവും അല്ലാഹുവിനോട് ഹൃദയം കൊണ്ട് ചോദിക്കുകയാണെങ്കിൽ എന്നാണ്. നല്ലതും ചീത്തയും മാറ്റുരച്ച് വേർതിരിക്കുന്ന വസ്തുവിനാണ് ഉരക്കല്ല് എന്ന് പറയുന്നത്. സ്വർഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളും ജീവിതത്തിന്റെ എല്ലാ മേഖലകളിലും സമയങ്ങളിലും വേർതിരിച്ചറിയാനുള്ള ഉരക്കല്ലാണ് അദ്ദിക്ർ. അത് ഹൃദയം കൊണ്ട് മനസ്സിലാക്കാനാണ് ഏറ്റവും എളുപ്പമാക്കിയിട്ടുള്ളത്. 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കുന്നു. അത് മൊത്തം മനുഷ്യർക്ക് സന്മാർഗവും തെറ്റും ശരിയും തിരിച്ചറിയാനുള്ള ഉരക്കല്ലും നാഥനിൽ നിന്നുള്ള നേരെച്ചൊവ്വെയുള്ള പാതയുമാണ് എന്ന് 2: 185 ൽ വിവരിച്ചിട്ടുണ്ട്. അതുകൊണ്ട് നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസി പ്രഭാത പ്രദോഷങ്ങളിൽ അദ്ദിക്ർ *തിലാവത്ത്* ചെയ്യാനും *തിലാവത്തി*ന്റെ സാഷ്ടാംഗപ്രണാമം നടത്താനും ലോകരെ തെറ്റുകുറ്റങ്ങളിൽ നിന്ന് അകറ്റിനിർത്തുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് അദ്ദിക്ർ ലോകരിൽ പ്രചരിപ്പിക്കാനുമാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. അതോടൊപ്പം 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്കെല്ലാം ഗുണപ്രദമാകുന്ന വിധത്തിൽ ജൈവകൃഷി ചെയ്യേണ്ടതും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കേണ്ടതും അതിന് മറ്റുള്ളവരെ സഹായിക്കേണ്ടതും പ്രേരിപ്പിക്കേണ്ടതുമാണ്. കൂടാതെ അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്ന, നാഥന്റെ ശാപത്തിനും കോപത്തിനും വിധേയരായ കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകളായ കുഫ്ഫാറുകളോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തുകയും വേണം. സത്യാസത്യവിവേചന മാനദണ്ഡമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി അവരവർ തന്നെയാണ് തിന്മകൾ മായ്ച്ച് കളയേണ്ടത്. എന്നല്ലാതെ നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരക

ത്തിലേക്കോ ആക്കുന്നില്ല. 2: 105; 4: 31; 7: 178; 8: 2–4 വിശദീകരണം നോക്കുക.

30. നിന്നെ തടവിലാക്കുകയോ അല്ലെങ്കിൽ നിന്നെ വധിച്ചുകളയുകയോ അല്ലെങ്കിൽ നിന്നെ നാടുകടത്തുകയോ ചെയ്യുന്നതിന് വേണ്ടി കാഫിറുകളായവർ നിനക്കെതിരിൽ ഗൂഢതന്ത്രം മെനഞ്ഞതും ഓർക്കേണ്ടതാണ്, അവർ അവരുടെ തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരുന്നു, അല്ലാഹു അവന്റെ തന്ത്രവും മെനഞ്ഞുകൊണ്ടിരുന്നു, അല്ലാഹു തന്ത്രം മെനയുന്നവരിൽ ഏറ്റവും സമർത്ഥനാകുന്നു.

പ്രവാചകൻ മക്കയിൽ നിന്ന് മദീനയിലേക്ക് പാലായനം ചെയ്യുന്നത് കൂടുതൽ ദോഷം ചെയ്യുമെന്ന് മക്കയിലെ കാഫിറുകൾക്ക് തോന്നിയതിനാൽ അവർ പ്രവാചകനെ ബന്ധനസ്ഥനാക്കുകയോ കൊന്ന് കളയുകയോ അല്ലെങ്കിൽ നാട് കടത്തുകയോ ചെയ്യുന്നതിന് ഗൂഢാലോചന നടത്തി. മുഹമ്മദിനെ ബന്ധനസ്ഥനാക്കുകയാണെങ്കിൽ വിശ്വാസികൾ ജീവൻ ത്യജിച്ചും അവനെ മോചിപ്പിക്കുമെന്നും നാട് കടത്തിയാൽ അവന്റെ മാസ്മരിക പ്രഭാഷണം പലരേയും സ്വാധീനിക്കുമെന്നും ആ നാട്ടിലും ഗ്രന്ഥത്തിന്റെ പ്രചരണം നടക്കുമെന്നും അവസാനം അവരെല്ലാം ഒരുമിച്ചുകൂടി മക്കയെ കടന്നാക്രമിക്കുമെന്നും അതിനാൽ മറ്റെന്തെങ്കിലും ഉപായം കണ്ടെത്തണമെന്നും അവർക്കിടയിൽ അഭിപ്രായം ഉയർന്നുവന്നു. അവസാനം നജ്ദിൽ നിന്ന് പണ്ഡിതവേഷത്തിൽ വന്ന പിശാച് സമർപ്പിച്ച അഭിപ്രായമാണ് അബൂജാഹിലും കൂട്ടരും നടപ്പിലാക്കാൻ തീരുമാനിച്ചത്. 'ഓരോ ഗോത്രത്തിൽ നിന്നും സമർത്ഥരായ ഓരോ ചെറുപ്പക്കാരനെ തെരഞ്ഞെടുക്കുകയും അവരെല്ലാം ചേർന്ന് ഒറ്റവെട്ടിന് മുഹമ്മദിന്റെ കഥകഴിക്കുകയും ചെയ്യുക'. ഇങ്ങനെ ചെയ്താൽ എല്ലാ ഗോത്രങ്ങളോടും ഒരുമിച്ച് പകരം ചോദിക്കുവാൻ അബ്ദുൽ മുത്ത്വലിബിന്റെ മക്കൾക്ക് സാധ്യമാവുകയില്ല. പിശാചിന്റെ വിദഗ്ദമായ ഈ അഭിപ്രായം സർവ്വാത്മനാ സ്വീകാര്യമായി. തക്കസമയത്ത് കൃത്യനിർവ്വഹണത്തിന് തയ്യാറെടുത്തുവന്ന അക്രമിസംഘം പ്രവാചകന്റെ വീട് വളഞ്ഞു. എന്നാൽ അല്ലാഹുവിന്റെ തീരുമാനം മറ്റൊന്നായിരുന്നു. സൂക്തം 36: 9 *തിലാവത്ത്* ചെയ്തുകൊണ്ടും *മുഖങ്ങൾ വികൃതമാവട്ടെ* എന്ന് പറഞ്ഞുകൊണ്ടും പ്രവാചകൻ ഒരുപിടി മണ്ണ് വാരി അവരുടെനേരെ എറിയുകയും അവരുടെ കണ്ണ് വെട്ടിച്ചുകൊണ്ട് രക്ഷപ്പെടുകയും ചെയ്തു.

17: 76 ൽ, അല്ലാഹു പറയുന്നു: അവർക്ക് സാധിക്കുമായിരുന്നുവെങ്കിൽ ഭൂമിയിൽനിന്ന് നിന്നെ പിഴുതെറിയാൻ അവർ ശ്രമിക്കുകതന്നെ ചെയ്യും, അങ്ങനെ ചെയ്താൽ നിനക്ക് പിറകിൽ കുറച്ച് കാലമല്ലാതെ അവർ അവിടെ താമസിക്കുകയില്ല. 12: 76 അവസാനിക്കുന്നത് എല്ലാ ജ്ഞാനികൾക്കും മീതെ ഒരു സർവ്വജ്ഞാനി ഉണ്ട് എന്ന് പറഞ്ഞുകൊണ്ടാണ്. ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കപടവിശ്വാസികളും അനുയായികളും അടങ്ങിയ ഫുജ്ജാറുകളായ കുഫ്ഫാറുകൾ അദ്ദിക്ർ പ്രചരിപ്പിച്ച് മനുഷ്യരുടെ ഐക്യം നിലനിർത്തുന്നതിനുവേണ്ടി പ്രയത്നിക്കുന്ന വിശ്വാസികൾക്കെതിരെ പലതരത്തിലുള്ള ഗൂഢതന്ത്രങ്ങളും പ്രയോഗിക്കുന്നതാണ്. എന്നാൽ അദ്ദിക്റിനെ പരിചയും *മുഹൈമിനു*മായി ഉപയോഗപ്പെടുത്തുന്ന അവർക്കെതിരെ പിശാചുക്കളുടെ ഒരുതന്ത്രവും വിലപ്പോവുകയില്ല. 3: 54, 178–179; 6: 123–124; 14: 46–47 വിശദീകരണം നോക്കുക.

31. അവരുടെമേൽ നമ്മുടെ സൂക്തങ്ങൾ വിവരിച്ചുകൊടുക്കപ്പെട്ടാൽ അവർ പറയും: നിശ്ചയം ഞങ്ങൾ കേട്ടിരിക്കുന്നു, ഞങ്ങൾ ഉദ്ദേശിച്ചാൽ ഇതുപോലുള്ളത് ഞങ്ങൾക്കും പറയാൻ കഴിയും, നിശ്ചയം ഇത് പൂർവ്വികരുടെ പുരാണങ്ങളല്ലാതെ മറ്റൊന്നുമല്ല.

'ഇത് പൂർവ്വികരുടെ പുരാണങ്ങളല്ലാതെ മറ്റൊന്നുമല്ല' എന്ന സമീപനം തന്നെയാണ് വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്റിനോട് ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും വെച്ചുപുലർത്തുന്നത്. അവർ 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരും സ്രഷ്ടാവിന്റെ ഗ്രന്ഥത്തെ അവഗണിച്ച് സൃഷ്ടികൾ രൂപപ്പെടുത്തിയ കർമ്മശാസ്ത്ര ഗ്രന്ഥങ്ങൾ പിൻപറ്റുന്നവരുമാണ്. ഏറ്റവും നല്ല വർത്തമാനമായ (*ഹദീസ്*) അദ്ദിക്റിനെ അവഗണിച്ചുകൊണ്ട് അവർ വിശ്വാസികളെക്കുറിച്ച് *ഹദീസും സുന്നത്തു*മില്ലാത്തവരാണെന്ന് പറയുന്നു. യഥാർത്ഥത്തിൽ *ഹദീസ്, സുന്നത്ത്* എന്നിവയെല്ലാം നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ 40 പേരുകളിൽ പെട്ടവയാണ്. 17: 77; 33: 62; 35: 43 എന്നീ സൂക്തങ്ങളിൽ പറഞ്ഞ അല്ലാഹുവിന്റെ *സുന്നത്ത്* (നടപടിക്രമം) അദ്ദിക്ർ തന്നെയാണ്. പ്രവാചകന്റെ സ്വഭാവവും അദ്ദിക്ർ തന്നെയായിരുന്നു. 7: 157 ൽ പറഞ്ഞ, പ്രവാചകനോടൊപ്പം അവതരിപ്പിക്കപ്പെട്ട അദ്ദിക്റാകുന്ന പ്രകാശത്തെ പിൻപറ്റുന്നവർക്കും തങ്ങളുടെ സ്വഭാവം അതിന് അനുസരിച്ച് ക്രമപ്പെടുത്തുന്നവർക്കും അതിനെ എല്ലാവിധ ആപത്ത്-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിനും* സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റുമായി ഉപയോഗപ്പെടുത്തുന്നവർക്കും മാത്രമേ അദ്ദിക്ർ അനുകൂലമായി വാദിക്കുകയും സാക്ഷിനിൽക്കുകയും ചെയ്യുകയുള്ളൂ. ഫുജ്ജാറുകളെയെല്ലാം അത് നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 2: 23–24; 6: 25, 93; 10: 15–16 വിശദീകരണം നോക്കുക.

32. അവർ ഇപ്രകാരം പ്രാർത്ഥിച്ചതും ഓർക്കേണ്ടതാണ്, അല്ലാഹുവേ, ഇത് നിന്നിൽ നിന്നുള്ള സത്യം തന്നെയാണെങ്കിൽ നീ ഞങ്ങളുടെമേൽ ആകാശത്തുനിന്ന് ചരൽ മഴ വർഷിപ്പിക്കുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും വേദനാജനകമായ ശിക്ഷ ഞങ്ങൾക്ക് കൊണ്ടുവരികയോ ചെയ്യുക!

ഇത് അവരുടെ പ്രാർത്ഥനയായിരുന്നില്ല, മറിച്ച് വെല്ലുവിളിയായിരുന്നു. അതായത് ഈ ഗ്രന്ഥം അല്ലാഹുവിൽ നിന്ന് അവതീർണ്ണമായ സത്യമാണെങ്കിൽ അതിനെ കളവാക്കിയതിന്റെ ഫലമായി ഞങ്ങളുടെ മേൽ ആകാശത്തുനിന്ന് ശിലാവർഷമുണ്ടാവുകയോ മറ്റേതെങ്കിലും കഠിനമായ ശിക്ഷ വന്നിറങ്ങുകയോ വേണ്ടതായിരുന്നു. അതൊന്നും സംഭവിക്കാത്ത സ്ഥിതിക്ക് ഗ്രന്ഥം സത്യമല്ലെന്നും അല്ലാഹുവിൽ നിന്നുള്ളതല്ലെന്നും അവർ കണക്കുകൂട്ടി. *മക്കാമുശ്രിക്കു*കളുടെ ഇത്തരം ധിക്കാര നയത്തേക്കാൾ കഠിനമായിരുന്നു മദീനയിലെ കപടവിശ്വാസികളുടെ അഹങ്കാരവും ധിക്കാരവുമെന്ന് 4: 81, 91, 145; 5: 49 സൂക്തങ്ങളിൽ കാണാവുന്നതാണ്.

ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളോട് 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണം വ്യക്തവും സ്പഷ്ടവുമായ അദ്ദിക്റാണെന്ന് വിശ്വാസി പറയുമ്പോൾ അവരെ തുറിച്ചുനോക്കുന്നതും ഇതൊരു പുതിയ വാദമാണെന്ന മട്ടിൽ അതിനോട് പ്രതികരിക്കുന്നതുമാണ്. എന്നാൽ അതൊന്നും വകവെക്കാതെ ആയിരത്തിലൊന്നായ വിശ്വാസി ഞാനില്ല, എന്റേതൊന്നുമില്ല എന്ന് മനസ്സാ-വാചാ-കർമ്മണാ അംഗീകരിച്ച് ജീവിക്കുന്നവനും ആകാശം പൊട്ടിപ്പിളർന്ന് വീണാലും അല്ലാഹു ഉദ്ദേശിക്കാതെ എനിക്ക് ഒന്നും സംഭവിക്കുകയില്ല എന്ന വിശ്വാസത്തിൽ നിലനിൽക്കുന്നവനുമാണ്. 2: 18; 5: 48; 6: 111; 25: 29–34 വിശദീകരണം നോക്കുക.

33. എന്നാൽ നീ അവരിൽ ഉണ്ടായിരിക്കുമ്പോൾ അല്ലാഹു അവരെ ശിക്ഷിക്കുകയില്ല, അവർ പൊറുക്കലിനെ തേടിക്കൊണ്ടിരിക്കുമ്പോഴും അല്ലാഹു അവരെ

ശിക്ഷിക്കുന്നവനാവുകയില്ല.

'നീ അവരിൽ ഉണ്ടായിരിക്കുമ്പോൾ അല്ലാഹു അവരെ ശിക്ഷിക്കുകയില്ല' എന്ന് പറഞ്ഞതിന്റെ വിവക്ഷ പ്രവാചകൻ മുഹമ്മദ് ജീവനോടെ ഇരിക്കുന്ന കാലത്തോളം എന്നല്ല, മറിച്ച് അദ്ദിക്റിൽ നിന്നും പ്രവാചകന്റെ ജീവിതം മനസ്സിലാക്കി ജനങ്ങളിൽ സാക്ഷ്യപ്പെടുത്തുന്ന വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന ഒരുവിശ്വാസി ഉള്ള കാലത്തോളം എന്നാണ്. അവർ പൊറുക്കലിനെ തേടിക്കൊണ്ടിരിക്കുമ്പോൾ അല്ലാഹു അവരെ ശിക്ഷിക്കുന്നവനാവുകയില്ല എന്നുപറഞ്ഞതിന് തെളിവാണ് 10: 98 ൽ പറഞ്ഞ പ്രകാരം പ്രവാചകൻ യൂനുസിന്റെയും അദ്ദേഹത്തിന്റെ ജനതയുടെയും കാര്യത്തിൽ സംഭവിച്ചത്. ഇന്ന് കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 5: 44, 45, 47 സൂക്തങ്ങളിൽ വിവരിച്ച യഥാർത്ഥ കാഫിറുകളും ആക്രമികളും തെമ്മാടികളുമായി മാറിയിരിക്കുകയാണ്. കൂടുതൽ താമസിയാതെ *ഇജ്മാ*ൽ മഹ്ദി വരികയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും *ഇജ്മാ*ലേക്ക് വേർതിരിക്കപ്പെടുന്നതും അവിടെയുള്ള കപടവിശ്വാസികളും മുശ്രിക്കുകളും അവിടെനിന്നും പുറത്താക്കപ്പെടുന്നതും അങ്ങനെ 48: 6 ന്റെ കൽപന നടപ്പിലാക്കുന്നതുമാണ്. മഹ്ദിയുടെ നേതൃത്വത്തിൽ പ്രകാശമായ അദ്ദിക്ർ വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നതും ലോകത്ത് മൊത്തം പ്രചരിപ്പിക്കപ്പെടുന്നതുമാണ്. വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന അവസാനത്തെ വിശ്വാസിയുടെ വേർപാടോടുകൂടി ഭൂമി തിരിച്ചുകറങ്ങാൻ തുടങ്ങുന്നതും സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കുന്നതും *മസീഹുദ്ദജ്ജാൽ* പുറപ്പെടുന്നതുമാണ്. അങ്ങനെ *ഇജ്മാ*ഴിയുള്ള പ്രദേശങ്ങളെല്ലാം *മസീഹുദ്ദജ്ജാലി*ന്റെ ഭരണത്തിൻ കീഴിൽ വരുന്നതാണ്. കപടവിശ്വാസികളും അനുയായികളും അവനെ ഭക്ഷണത്തിനും വെള്ളത്തിനും വേണ്ടി ആദ്യം നബിയായും പിന്നീട് സുന്ദരീസുന്ദരന്മാരുടെ ക്ലോണിംഗ് കോപ്പികൾക്കുവേണ്ടി ദൈവമായും അംഗീകരിക്കുന്നതാണ്. ഒന്നേക്കാൽ വർഷത്തിനുശേഷം ഈസാ രണ്ടാമതുവന്ന് *മസീഹുദ്ദജ്ജാലി*നെ വധിക്കുന്നതോടുകൂടി പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈന-ബുദ്ധ-ഹൈന്ദവ-ജൂത-ക്രൈസ്തവ ജനവിഭാഗങ്ങളെല്ലാം തന്നെ അദ്ദിക്റിനെയും ഇസ്ലാമിനെയും അംഗീകരിക്കുന്നതും കപടവിശ്വാസികളെയും അവരുടെ അനുയായികളായ മുശ്രിക്കുകളെയും വധിച്ച് 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കുന്നതുമാണ്. 2: 165-167; 5: 60; 7: 127, 137 വിശദീകരണം നോക്കുക.

34. അല്ലാഹു അവരെ ശിക്ഷിക്കാതിരിക്കാൻ എന്തുതടസ്സം? മസ്ജിദുൽഹറമിനെത്തൊട്ട് അവർ ജനങ്ങളെ തടയുന്നവരായിക്കൊണ്ടിരിക്കെ; അവർ അതിന്റെ സംരക്ഷകരാകാൻ അർഹരുമല്ല, നിശ്ചയം അല്ലാഹുവിനെ സൂക്ഷിക്കുന്നവർക്കല്ലാതെ അതിന്റെ സംരക്ഷകരാകാൻ അർഹതയില്ലതന്നെ, എന്നാൽ അവരിൽ അധികപേരും അറിവില്ലാത്തവരാകുന്നു.

9: 17 ൽ, അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന മുശ്രിക്കുകൾക്ക് അവർ സ്വയം നിഷേധത്തിന് സാക്ഷ്യം വഹിക്കുന്നവരായിരിക്കെ പള്ളികളുടെ കൈകാര്യകർത്താക്കളാകാൻ അവകാശമില്ലെന്നും അക്കൂട്ടരുടെ പ്രവർത്തനങ്ങളെല്ലാം നിഷ്ഫലമാണെന്നും അവർ നരകത്തിൽ ശാശ്വതരാണെന്നും; 9: 18 ൽ നിശ്ചയം പള്ളികളുടെ കൈകാര്യകർത്താക്കളാകേണ്ടത് അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കുകയും നമസ്കാരം നിലനിർത്തുകയും സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവർ മാത്രമാണ്,

അക്കൂട്ടർക്ക് അവർ സൻമാർഗത്തിലാണെന്ന് പ്രതീക്ഷിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അവരിൽ അധികപേരും അറിവില്ലാത്തവരാണ് എന്നുപറഞ്ഞാൽ അവരിൽ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതുപേരും യഥാർത്ഥ അറിവായ അദ്ദിക്ർ അറിയാത്തവരാണ് എന്നാണ്.

ഇന്ന് ഇത്തരം സൂക്തങ്ങൾ വായിക്കുന്നത് ലോകരിൽ പ്രവാചകന്റെ ജനത മാത്രമാണ്. ഗ്രന്ഥം സമർപ്പിക്കുന്ന യഥാർത്ഥ കാഫിറുകളും മുശ്രിക്കുകളുമായ അവർ പ്രപഞ്ചനാഥനായി അല്ലാഹുവിനെ ജീവിതം കൊണ്ട് അംഗീകരിക്കാത്തവരും 32: 4 ൽ കൽപ്പിച്ചതുപോലെ അദ്ദിക്ർ സമർപ്പിക്കുന്ന പ്രപഞ്ചനാഥനെക്കുറിച്ച് മറ്റുള്ളവരെ ഓർമിപ്പിക്കാത്തവരുമാണ്. അതുകൊണ്ടുതന്നെ ലോകം നശിപ്പിച്ചതിനുള്ള പാപഭാരം വഹിച്ച് അവർ ബധിരരും അന്ധരും ഊമരുമായി നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ളവരാണെന്ന് 17: 96–97; 25: 34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 2, 159–161; 6: 89–90 വിശദീകരണം നോക്കുക.

35. അല്ലാഹുവിന്റെ ഭവനത്തിങ്കൽ അവരുടെ നമസ്കാരം കൈകൊട്ടും ചൂളം വിളിയുമല്ലാതെ മറ്റൊന്നുമല്ല, അപ്പോൾ നിങ്ങൾ നിഷേധിച്ചുകൊണ്ടിരിക്കുന്നവരായതിനാൽ നിങ്ങൾ ശിക്ഷ രുചിച്ചുകൊള്ളുക.

പ്രജ്ഞയറ്റവരായ *മക്കാമുശ്രിക്കുകളുടെ* ആരാധനാശൈലിയാണ് സൂക്തത്തിൽ വരച്ചുകാണിക്കുന്നത്. അല്ലാഹുവിലുള്ള വിശ്വാസവൈകല്യം കാരണം അവരുടെ നമസ്കാരവും പ്രാർത്ഥനകളുമെല്ലാം കേവലം കൈകൊട്ടും ആർപ്പും വിളിയുമായിരുന്നു. ഇന്ന് അറബി ഖുർആൻ വായിക്കുകയും നമസ്കരിക്കുകയും ചെയ്യുന്ന ഫുജ്ജാറുകളുടെ അവസ്ഥ മക്കാമുശ്രിക്കുകളുടേതിനേക്കാൾ വഴികേടിലാണ്. ആത്മാവിനെ പരിഗണിക്കാത്ത അവർ നാവുകൊണ്ട് ഉച്ചത്തിൽ പറഞ്ഞാലേ നാഥൻ കേൾക്കുകയുള്ളൂ എന്ന മിഥ്യാധാരണ വെച്ചുപുലർത്തുന്ന പ്രജ്ഞയറ്റവരാണ്. അതിനാൽ ഇന്ന് അവരുടെ പ്രാർത്ഥനകൾ വരെ ഉച്ചഭാഷിണിയിലൂടെയായി മാറിയിരിക്കുകയാണ്. 13: 14; 40: 50 സൂക്തങ്ങളിൽ കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ അല്ല എന്ന് ലോകരിൽ വായിച്ചത് ഫുജ്ജാറുകളാണ്. *അവരുടെ പള്ളികൾ വലിയ കോൺക്രീറ്റ് സൗധങ്ങളായിരിക്കും, അവിടെ സൻമാർഗമായ അദ്ദിക്ർ ഉണ്ടായിരിക്കുകയില്ല* എന്ന് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഇന്ന് ലോകത്തെവിടെയും സന്മാർഗമായ അദ്ദിക്ർ പഠിപ്പിക്കുന്ന ഒരു സ്ഥാപനവുമില്ല. 2: 186 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാകാതെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ കർമ്മങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല. അതുകൊണ്ടുതന്നെ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാകാത്തവരും ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തവരുമായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ നമസ്കാരങ്ങളിൽ പരസ്ത്രീ പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങൾ ഹൃദയം കൊണ്ട് കണ്ടുകൊണ്ടിരിക്കുകവഴി അവരുടെ കാര്യത്തിൽ സൂക്തം 38: 24 സത്യപ്പെട്ടിരിക്കുകയാണ്. അതെല്ലാം അവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള 17: 13–14 ൽ പറഞ്ഞ കർമരേഖയിൽ കൊത്തിവെക്കുകയും വിധിദിവസം പ്രകാശിക്കുന്ന തുറന്ന പുസ്തകമായി പുറത്തെടുത്ത് വായിപ്പിച്ച് അതെല്ലാം കാണിച്ചു കൊടുത്ത് വിചാരണ നടത്തുന്നതുമാണ്. സൂചി കുത്താൻ പോലും ഇടമില്ലാത്ത നരകക്കുണ്ഠത്തിൽ ഓരോരുത്തരുടെയും കർമരേഖയിൽ കൊത്തിവെക്കപ്പെട്ട പരസ്ത്രീ–പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളിൽ പരസ്പരം കുത്തിത്തിരുകിയാണ് ഓരോരുത്തരും കഴിയേണ്ടിവരിക എന്ന് 6: 28; 7: 38–40 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 114; 7: 179; 9: 31; 32: 12–14 വിശദീ

കരണം നോക്കുക.

36. നിശ്ചയം കാഫിറുകളായവർ അല്ലാഹുവിന്റെ മാർഗ്ഗത്തെത്തൊട്ട് ജനങ്ങളെ തടയുന്നതിനുവേണ്ടി തങ്ങളുടെ ധനം ചെലവഴിക്കുന്നവർ തന്നെയാണ്, അങ്ങനെ അത് അവർ ചെലവഴിച്ചുകൊണ്ടിരിക്കട്ടെ, പിന്നെ അവരുടെമേൽ അത് നെടുംഖേദത്തിന് കാരണമായിത്തീരുകയും പിന്നീട് അവർ അതിജയിക്കപ്പെടുകയും ചെയ്യുന്നതാണ്, കാഫിറുകളായവർ നരകകുണ്ഠത്തിലേക്ക് പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടപ്പെടുന്നതുമാണ്.

'അല്ലാഹുവിന്റെ മാർഗ്ഗം' അവന്റെ ഗ്രന്ഥമായ അദ്ദിക്റിന്റെ മാർഗ്ഗമാണ്. 9: 67-68 സൂക്തങ്ങളിൽ, കപടവിശ്വാസികളായ പുരുഷൻമാരും കപടവിശ്വാസികളായ സ്ത്രീകളും ഒരേ വർഗ്ഗത്തിൽ പെട്ടവരാണ്, അവർ തിന്മ കൽപ്പിക്കുകയും നന്മ വിരോധിക്കുകയും ചെയ്യുന്നതാണ്, അവർ അവരുടെ കൈകൾ ചുരുട്ടുന്നവരും അല്ലാഹുവിനെ മറന്നവരും അപ്പോൾ അല്ലാഹു അവരെ മറന്നവരുമാണ്, നിശ്ചയം കപടവിശ്വാസികൾ തന്നെയാണ് തെമ്മാടികൾ; അവർക്കും നിഷേധത്തിനുമേൽ നിഷേധം കൈകൊള്ളുന്ന കുഫ്ഫാറുകൾക്കും നരകകുണ്ഠത്തിലെ തീ വാഗ്ദത്തം ചെയ്തിട്ടുണ്ടെന്നും അവർ അതിൽ ശാശ്വതരായിരിക്കുമെന്നും അല്ലാഹു അവരെ ശപിച്ചിട്ടുണ്ടെന്നും അവർക്ക് സ്ഥായിയായ ശിക്ഷയുണ്ടെന്നും പറഞ്ഞിട്ടുണ്ട്. 6: 25-26; 20: 99-100 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ലോകത്ത് നടക്കുന്ന എല്ലാ തിന്മകളുടെയും പാപഭാരത്തിൽ നിന്ന് ഒരുവിഹിതം സ്വീകരിച്ച് അവർ വിചാരണയില്ലാതെ നരകക്കുണ്ഠത്തിന്റെ അടിത്തട്ടിൽ പോകുന്നതാണ്. ഇക്കാര്യങ്ങളെല്ലാം ഉണർത്തുന്ന അജയ്യഗ്രന്ഥമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ജീവിതലക്ഷ്യം തിരിച്ചറിയുകയും സ്വർഗ്ഗം ഇവിടെ പണിയുകയും മറ്റുള്ളവരിലേക്ക് അദ്ദിക്ർ എത്തിച്ചുകൊടുത്തുകൊണ്ട് അവരെയും ജീവിതലക്ഷ്യം ഉള്ളവരാക്കുകയുമാണ് വിശ്വാസികൾ ചെയ്യുക. കാഫിറുകൾ നാഥന്റെ പ്രകാശമായ അദ്ദിക്ർ വായകൊണ്ട് ഊതിക്കെടുത്താൻ ശ്രമിക്കുന്നവരാണെങ്കിൽ വിശ്വാസികൾ അത് ലോകരിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി സമ്പത്തും സ്വാധീനവുമെല്ലാം ഉപയോഗപ്പെടുത്തുന്നവരാണ്. കാഫിറുകൾ വിഭാഗീയതയും ഭിന്നിപ്പും സൃഷ്ടിക്കുന്നവരാണെങ്കിൽ വിശ്വാസികൾ 2: 62 ൽ വിവരിച്ച പ്രകാരം ലോകത്ത് മനുഷ്യരുടെ ഐക്യവും സമാധാനവും നിലവിൽ വരുന്നതിനുവേണ്ടി ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ അദ്ദിക്ർ എത്തിച്ചുകൊടുക്കാൻ ശ്രമിക്കുന്നവരാണ്. 3: 182; 5: 10, 86 വിശദീകരണം നോക്കുക.

37. പരിശുദ്ധമായതിൽനിന്ന് മ്ലേച്ഛമായതിനെ അല്ലാഹുവിന് വേർതിരിക്കേണ്ടതിനും എല്ലാവിധ മ്ലേച്ഛമായതിനെയും ഒരുമിച്ച് കുന്നുകൂട്ടി നരകക്കുണ്ഠത്തിൽ തള്ളേണ്ടതിനും വേണ്ടിയാണിത്, അക്കൂട്ടർ തന്നെയാകുന്നു നഷ്ടപ്പെട്ടവരായവർ.

ബദ്ർ, ഉഹ്ദ് തുടങ്ങിയ യുദ്ധങ്ങളും അതുപോലുള്ള സംഭവങ്ങളും മാത്രമല്ല, സത്യവും മിഥ്യയും വേർതിരിക്കാനുതകുന്ന എല്ലാസംഭവങ്ങളും ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥൻ തന്നെയാണ് നിശ്ചയിച്ച് നടപ്പിലാക്കുന്നത്. പ്രപഞ്ചനാഥനിലേക്കുള്ള ഏകവഴിയും പിശാചിലേക്കുള്ള വിവിധ വഴികളും ഉൾക്കൊള്ളുന്നതും പരിശുദ്ധമായതിനെയും മ്ലേച്ഛമായതിനെയും ഇവിടെ വെച്ചുതന്നെ വേർതിരിച്ചറിയാനുള്ളതുമായ ഉരക്കല്ലായ അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ചുതന്നെ എല്ലാഓരോ ആത്മാവിനും പഠിപ്പിച്ചിട്ടുണ്ട്. ജീവിതലക്ഷ്യത്തിൽ നിന്ന് സ്വയം തടയുകയും ജനങ്ങളെ തടയുകയും ചെയ്യുന്നവർ നരകക്കുണ്ഠം പണിയുന്നവരും അതിലേക്ക് ധൃതിപ്പെടുന്നവരുമാണ്. അവരുടെ പിരടിയിൽ സ്ഥാപിച്ചിട്ടുള്ള കർമ്മരേഖയും അവരുടെത്തന്നെ തൊലികളും കേൾവികളും കാഴ്ചകളു

മെല്ലാം അവർക്കെതിരായി വിധിദിവസം സാക്ഷ്യം വഹിക്കുന്നതാണ്. 3: 177–180, 185; 17: 13–15, 36; 41: 19–24 വിശദീകരണം നോക്കുക.

38. കാഫിറുകളായവരോട് നീ പറയുക: അവർ വിരമിക്കുകയാണെങ്കിൽ മുമ്പ് കഴിഞ്ഞുപോയതെല്ലാം അവർക്ക് പൊറുത്തുകൊടുക്കപ്പെടുന്നതാണ്, എന്നാൽ അവർ അതിക്രമകാരികളാവുകയാണെങ്കിലോ, നിശ്ചയം പൂർവ്വികരുടെ ചര്യ കഴിഞ്ഞുപോയിട്ടുള്ളതാണല്ലോ!

യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ ലഭിച്ചതിനുശേഷം അതിനെ പിൻപറ്റുകയും സത്യപ്പെടുത്തുകയും നാഥനിൽ നിന്നുള്ള യഥാർത്ഥ പാതയായ അത് മറ്റുള്ളവർക്ക് എത്തിച്ചുകൊടുത്ത് നാഥനെ സഹായിക്കുകയുമാണെങ്കിൽ 2: 159–161; 4: 146; 25: 68–69 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിന്റെ അഭാവത്തിൽ വന്നുപോയ തെറ്റുകുറ്റങ്ങളെല്ലാം നാഥൻ അവർക്ക് പൊറുത്തുകൊടുക്കുന്നതാണ്. ഒരു ജനത ഗ്രന്ഥം മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത് അക്രമികളും തെമ്മാടികളുമായി മാറുമ്പോൾ 6: 47 ൽ വിവരിച്ച പ്രകാരം അവർ നശിപ്പിക്കപ്പെടുന്നതാണ്. അറിവില്ലായ്മകൊണ്ട് എന്ത് തെറ്റ് ചെയ്താലും തെറ്റ് മനസ്സിലാക്കി പശ്ചാത്തപിക്കുന്നവർക്ക് അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്. ഉഹ്ദ് യുദ്ധത്തിൽ കാഫിറുകളുടെ പ്രത്യക്ഷത്തിലുള്ള വിജയത്തിന് കാരണക്കാരായ ഖാലിദ് ബ്നു വലീദിനെയും അബൂസുഫ്യാനെയുമെല്ലാം അല്ലാഹു അവൻ തൃപ്തിപ്പെട്ട ജീവിതചര്യയായ ഇസ്ലാമിലേക്ക് പിന്നീട് കൊണ്ടുവരികയുണ്ടായി. അദ്ദിക്ർ മനസ്സിലാക്കി പ്രവാചകന്റെ ജീവിതം നയിക്കുന്ന ഒരു വിശ്വാസി ലോകത്തെവിടെയും ഇല്ലാതാകുമ്പോഴാണ് ഇസ്ലാമിനെ മായ്ച്ചുകളയാൻ വരുന്ന മസീഹുദ്ദജ്ജാൽ പുറപ്പെടുക. ശേഷം ഈസാ വന്നാൽ മസീഹുദ്ദജ്ജാലിനെ നബിയും റബ്ബുമായി സ്വീകരിക്കുന്ന ഫുജ്ജാറുകളെല്ലാം വധിക്കപ്പെടുന്നതും ലോകത്തെല്ലായിടത്തും യഥാർത്ഥ ഇസ്ലാം നടപ്പിൽ വരുന്നതുമാണ്. ശേഷം ഇന്നത്തെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെപ്പോലെ ഇതര ജനവിഭാഗങ്ങളും അക്രമികളും തെമ്മാടികളുമാകുമ്പോഴാണ് ലോകം അവസാനിക്കുക. 3: 89–91; 4: 146–147; 8: 19–21 വിശദീകരണം നോക്കുക.

39. നിങ്ങൾ അവരോട് യുദ്ധം ചെയ്യുക, നാശമില്ലാതാകുന്നതുവരെയും ദീൻ മുഴുവൻ അല്ലാഹുവിനായിത്തീരുന്നതുവരെയും, ഇനി അവർ വിരമിക്കുകയാണെങ്കിൽ അപ്പോൾ നിശ്ചയം അല്ലാഹു അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് വീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ തന്നെയാകുന്നു.

40. ഇനി അവർ പിന്തിരിയുകയാണെങ്കിലോ, അപ്പോൾ നിങ്ങൾ അറിഞ്ഞിരിക്കുക, നിശ്ചയം അല്ലാഹുവാണ് നിങ്ങളുടെ യജമാനൻ, എത്രനല്ല രക്ഷാധികാരി, എത്രനല്ല സഹായി!

'നാശമില്ലാതാകുന്നതുവരെയും ദീൻ മുഴുവൻ അല്ലാഹുവിനായിത്തീരുന്നതുവരെയും നിങ്ങൾ അവരോട് യുദ്ധം ചെയ്യുക' എന്നതു കൊണ്ടുദ്ദേശിക്കുന്നത് വിശ്വാസിയായി ജീവിക്കാൻ ആഗ്രഹിക്കുന്ന ഒരാൾക്ക് വിശ്വാസിയായി ജീവിക്കാനുള്ള സ്വാതന്ത്ര്യം നിലവിൽ വരുന്നതുവരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യുക എന്നാണ്. വിശ്വാസികളുടെ ഒരു സംഘമുള്ളപ്പോഴാണ് ഗ്രന്ഥം മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും വിശ്വാസികളോട് ശത്രുത പുലർത്തുന്ന കപടവിശ്വാസികളോടും കുഫ്ഫാറുകളോടും യുദ്ധം ചെയ്യാൻ കൽപിച്ചിട്ടുള്ളത്. 2: 256, 272; 10: 100; 28: 56 വിശദീകരണം നോക്കുക.

പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം അറബി ഖുർആൻ

വായിക്കു ന്ന ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപതും ഫുജ്ജാറുകളാണെ ന്നും, അവർ തന്നെയാണ് കാഫിറുകളെന്നും 3: 7-10 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. അപ്പോൾ ഇന്ന് ആയിരത്തിൽ ഒന്നായ, അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 9: 67-68 സൂക്തങ്ങളിൽ പറഞ്ഞ ഫുജ്ജാറുകളോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്താനാണ് 9: 73 ലൂടെ കൽപിക്കപ്പെട്ടിട്ടുള്ളത്.

2: 62 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ജനവിഭാഗങ്ങൾ ഏകദൈവത്തെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയാണെങ്കിൽ അവ ർക്ക് അവരുടെ പ്രതിഫലം നാഥന്റെ പക്കൽ ഉണ്ട്, അവരുടെമേൽ ഭയപ്പെടാനോ അവർ ക്ക് ദുഃഖിക്കാനോ ഇടവരികയില്ല. 2: 193, 286; 3: 136; 4: 118; 22: 78 വിശദീകരണം നോക്കുക.

41. നിങ്ങൾ അറിയുകയും ചെയ്യുക, നിശ്ചയം നിങ്ങൾക്ക് ലഭിച്ച യുദ്ധമുതലുകളി ൽ നിന്നുള്ള എന്തൊന്നാണെങ്കിലും അപ്പോൾ നിശ്ചയം അതിന്റെ അഞ്ചിലൊ ന്ന് അല്ലാഹുവിനും പ്രവാചകനും അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിയാത്രക്കാർക്കുമുള്ളതാകുന്നു, നിങ്ങൾ അല്ലാഹുവിനെ ക്കൊണ്ടും സത്യാസത്യ വിവേചനനാളിൽ -ഇരു സംഘങ്ങൾ പരസ്പരം ഏറ്റു മുട്ടിയ ദിവസം- നമ്മുടെ ദാസന്റെ മേൽ നാം ഇറക്കിയത് കൊണ്ടും വിശ്വസി ക്കുന്നവരാണെങ്കിൽ, അല്ലാഹു എല്ലാകാര്യങ്ങൾക്കും ശക്തിയുള്ള സർവ്വശ ക്തൻ തന്നെയാകുന്നു.

യുദ്ധമുതൽ അല്ലാഹുവിന്റെ ദാനമാണെന്നും അതിനെക്കുറിച്ച് തീരുമാനം കൽപ്പിക്കാ നുള്ള അധികാരം അല്ലാഹുവിനും അവന്റെ പ്രവാചകനും മാത്രമാണെന്നും 8: 1 ൽ പറ ഞ്ഞിട്ടുള്ളതാണ്. ഈ സൂക്തത്തിൽ നിന്നാണ് യുദ്ധമുതലിന് *ഗനീമത്ത്* എന്ന പേര് ലഭി ച്ചിട്ടുള്ളത്. *അൻഫാൽ* എന്നാൽ ഐഛികമായിട്ടുള്ളത് എന്നാണ് ആശയം. അതായത് യുദ്ധത്തിന്റെ ലക്ഷ്യം യുദ്ധമുതൽ നേടുകയെന്നതല്ല, അത് ഐഛികമായി ലഭിക്കുന്നതാ ണ്. അത് ഭാഗിക്കുന്നതിനുള്ള നിയമമാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ യും പ്രവാചകന്റെയും വിഹിതം എന്നത് ഒന്നുതന്നെയാണ്. അതായത് അഞ്ചിലൊന്ന് മേൽപറഞ്ഞ വിഭാഗങ്ങൾക്ക് നൽകുന്നതിനും ബാക്കിയുള്ള അഞ്ചിൽ നാല് ഭാഗം യുദ്ധ ത്തിൽ പങ്കെടുത്തവർക്കിടയിൽ ഭാഗിച്ചെടുക്കാനുള്ളതുമാണ്. അത് അല്ലാഹുവിന്റെ വച നത്തിന്റെ ഉന്നമനത്തിനും യഥാർത്ഥ ദീനിന്റെ പുരോഗതിക്കും ഉപയോഗപ്പെടുത്താനുള്ള തുമാണ്. 'നമ്മുടെ ദാസന്റെ മേൽ നാം ഇറക്കിയത്' എന്നതുകൊണ്ടുള്ള വിവക്ഷ ബദ്ർ ദിനത്തിൽ വിശ്വാസികൾക്ക് വിജയം നേടിക്കൊടുത്ത അല്ലാഹുവിന്റെ സഹായമാണ്. ബദ്ർ ദിനത്തിലെ വിശ്വാസികളുടെ വിജയം കാര്യകാരണ ബന്ധങ്ങൾക്ക് അതീതമായി രുന്നു.

ഇന്ന് യുദ്ധമില്ല, അതുകൊണ്ടുതന്നെ യുദ്ധമുതൽ ലഭിക്കലുമില്ല. മറിച്ച് അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറുകളായ കപടവിശ്വാസികളോടും അവരുടെ അനുയായികളോടും 41: 41 ൽ പറഞ്ഞ അജയ്യഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അധികരിച്ച *ജിഹാദ്* ചെയ്യാനാണ് വിശ്വാസിയോട് കൽപിച്ചിട്ടുള്ളത്. 9: 60 ൽ വിവരിച്ച പ്രകാരം ദാനധർമ്മങ്ങളും *സകാത്തും* അടക്കമുള്ള എല്ലാം അല്ലാഹുവിനെയും പ്രവാചകനെയും ജീവിതലക്ഷ്യത്തെയും ലോകർക്ക് പരിചയപ്പെടുത്തുന്നതിനുവേണ്ടി അദ്ദിക്ർ എന്ന ഗ്രന്ഥത്തെ ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ ലോകർക്ക്

എത്തിച്ചുകൊടുക്കാനാണ് ചെലവഴിക്കേണ്ടത്. അതാണ് തീവ്രവാദം, വർഗീയത, രക്തച്ചൊരിച്ചിൽ തുടങ്ങി എല്ലാ പൈശാചിക പ്രവർത്തനങ്ങളും നിയന്ത്രിക്കാനും നേരിടാനുമുള്ള ഏറ്റവും ശക്തിയേറിയ ആയുധം. 3: 161–163; 9: 31–32; 38: 29 വിശദീകരണം നോക്കുക.

42. നിങ്ങൾ മദീനയോടടുത്ത താഴ്വരയിലും അവർ മദീനയിൽ നിന്ന് അകന്ന താഴ്വരയിലും കച്ചവടസംഘം നിങ്ങൾക്ക് താഴെയുള്ള പ്രദേശത്തുമായ സന്ദർഭം ഓർക്കുവിൻ, പരസ്പരം ഏറ്റുമുട്ടാൻ നിങ്ങൾ നേരത്തെ തീരുമാനിച്ചതായിരുന്നുവെങ്കിൽ തീർച്ചയായും ഈ സന്ദർഭത്തിൽ നിങ്ങൾ പിൻമാറിക്കളയുകതന്നെ ചെയ്യുമായിരുന്നു, എന്നാൽ നിശ്ചയിക്കപ്പെട്ട സംഭവിക്കേണ്ട ഒരുകാര്യം നടപ്പിൽ വരുത്താൻ വേണ്ടിയാണ് അല്ലാഹു ഇങ്ങനെയെല്ലാം സംഭവിപ്പിച്ചത്, നശിക്കേണ്ടവൻ വ്യക്തമായ തെളിവോടുകൂടി നശിക്കേണ്ടതിനും ജീവിക്കേണ്ടവൻ വ്യക്തമായ തെളിവോടുകൂടി ജീവിക്കേണ്ടതിനുമാകുന്നു അത്, നിശ്ചയം അല്ലാഹു എല്ലാം കേൾക്കുന്ന സർവ്വജ്ഞാനി തന്നെയാണ്.

അബൂജാഹിലിന്റെ നേതൃത്വത്തിൽ മക്കയിൽ നിന്നും വരുന്ന ആയിരത്തോളം വരുന്ന ഖുറൈശി സൈന്യത്തോട് ഏറ്റുമുട്ടാൻ വേണ്ടി വിശ്വാസികൾ നേരത്തെ മദീനയിൽ വെച്ചുതന്നെ തീരുമാനിച്ചിരുന്നുവെങ്കിൽ അത് നടക്കുമായിരുന്നില്ല, കാരണം അത്രവലിയ സംഘത്തോട് ഏറ്റുമുട്ടാൻ അവർക്ക് ശക്തിയും സംഘബലവുമുണ്ടായിരുന്നില്ല. അതാണ് പരസ്പരം ഏറ്റുമുട്ടാൻ നിങ്ങൾ നേരത്തെ തീരുമാനിച്ചതായിരുന്നുവെങ്കിൽ തീർച്ചയായും ഈ സന്ദർഭത്തിൽ നിങ്ങൾ പിൻമാറിക്കളയുകതന്നെ ചെയ്യുമായിരുന്നു എന്ന് പറഞ്ഞത്. യുദ്ധനിപുണരും ആയുധധാരികളുമായ ഖുറൈശി സൈന്യത്തെ യുദ്ധനൈപുണ്യമില്ലാത്തവരും താരതമ്യേന ആയുധങ്ങൾ കുറഞ്ഞവരും ബലഹീനരുമായ ചെറിയ സംഘത്തെക്കൊണ്ട് ഏറ്റുമുട്ടിപ്പിച്ച് ചെറിയ സംഘത്തെക്കൊണ്ട് വലിയ സംഘത്തെ പരാജയപ്പെടുത്തുകയാണ് അല്ലാഹു ചെയ്തത്. അല്ലാഹുവിങ്കൽ നേരത്തെ തീരുമാനിച്ചുറപ്പിച്ചുവെച്ച ഒരു കാര്യമായതിനാൽ ബദ്റിൽ നശിക്കേണ്ടവരെ വ്യക്തമായ തെളിവോടുകൂടി നശിപ്പിക്കുന്നതിനും ജീവിക്കേണ്ടവരെ വ്യക്തമായ തെളിവോടുകൂടി ജീവിപ്പിക്കുന്നതിനും വേണ്ടി, 'അല്ലാഹുവിന്റെ സംഘം എത്ര ചെറുതാണെങ്കിലും അവർ തന്നെയാണ് വിജയിക്കുക' എന്ന് തെളിയിക്കുകയാണ് ചെയ്തത്. യുദ്ധം മാത്രല്ല, എല്ലാ സംഭവങ്ങളും നടപ്പിലാക്കുന്നത് വിശ്വാസികളെയും കപടവിശ്വാസികളെയും വേർതിരിക്കുന്നതിന് വേണ്ടിയാണ്. അതാകട്ടെ ആകാശഭൂമികൾ സൃഷ്ടിക്കുന്നതിന് മുമ്പുതന്നെ തീരുമാനിച്ച് ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയതനുസരിച്ചുമാണ്. 2: 157; 3: 173; 6: 59; 8: 7–8 വിശദീകരണം നോക്കുക.

43. നിന്റെ ഉറക്കത്തിൽ അല്ലാഹു നിങ്ങൾക്ക് അവരെ എണ്ണത്തിൽ കുറച്ചുകാണിച്ചുതന്നത് ഓർക്കേണ്ടതാണ്, അവൻ നിനക്ക് അവരെ എണ്ണത്തിൽ കൂടുതലായി കാണിച്ചുതന്നിരുന്നുവെങ്കിൽ തീർച്ചയായും നിങ്ങളുടെ മനോധൈര്യം ക്ഷയിക്കുകയും കാര്യത്തിൽ നിങ്ങൾ പരസ്പരം തർക്കിച്ച് ഭിന്നിക്കുകയും ചെയ്യുമായിരുന്നു, എന്നാൽ അല്ലാഹു നിങ്ങളെ അതിൽ നിന്ന് രക്ഷിച്ചു, നിശ്ചയം അവൻ നെഞ്ചകങ്ങളുടെ അവസ്ഥ അറിയുന്നവൻ തന്നെയാണ്.

ബദ്റിലേക്കുള്ള വഴിമദ്ധ്യേയാണ് പ്രവാചകന് ഈ സ്വപ്നദർശനമുണ്ടായത്. വിശ്വാസികളുടെ സംഘം എക്കാലത്തും പ്രത്യക്ഷത്തിൽ ചെറുതായിരിക്കും. ആയിരത്തിൽ തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പതായ പിശാചിന്റെ സംഘത്തെയാണ് ആയിരത്തിൽ ഒന്നായ വിശ്വാസികൾക്ക് നേരിടാനുള്ളത്. എന്നാൽ വിശ്വാസിയായ അല്ലാഹുവും മലക്കുകളും ഉൾപ്പെടുന്ന അല്ലാഹുവിന്റെ സംഘത്തിൽ പെട്ടവർ തന്നെയാണ് ഇഹത്തിലും പരത്തിലും

വിജയം വരിക്കുക.

പ്രവാചകന്റെ കാലത്ത് ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥം ഉണ്ടായിരുന്നില്ല. അതുകൊണ്ട് അല്ലാഹുവിനെക്കൊണ്ട് വിശ്വസിച്ച് പ്രവാചകനെ അനുസരിച്ച് ജീവിക്കുന്നവരെയാണ് വിശ്വാസികളായി പരിഗണിച്ചിരുന്നത് എന്ന് 49: 14 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ചവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101–102; 4: 174–175; 5: 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 256 ൽ പറഞ്ഞ പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളും അവരുടെ അനുയായികളും പിശാചായ *മസീഹുദ്ദജ്ജാലി*നെ ആനയിച്ചുകൊണ്ടിരിക്കുകയാണ്. 6: 158 ൽ വിവരിച്ച പ്രകാരം അന്ത്യനാളിന്റെ പ്രധാനപ്പെട്ട 10 അടയാളങ്ങളിൽ ഒന്ന് പ്രത്യക്ഷപ്പെട്ടാൽ പിന്നെ ഒരാൾക്കും വിശ്വാസിയാകാൻ സാദ്ധ്യമല്ല. ഈസാ രണ്ടാമതുവന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടെ മസീഹുദ്ദജ്ജാലിനെ റബ്ബായി സ്വീകരിച്ച ഫുജ്ജാറുകൾ അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെട്ടുകൊണ്ട് 4: 91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിലാകുന്നതാണ്. 3: 13; 4: 157–159; 58: 22 വിശദീകരണം നോക്കുക.

44. രണ്ടുസംഘവും പരസ്പരം അഭിമുഖീകരിച്ചപ്പോൾ അല്ലാഹു നിങ്ങളുടെ കാഴ്ചയിൽ ശത്രുക്കളെ കുറച്ചുകാണിച്ചതും അവരുടെ കാഴ്ചയിൽ നിങ്ങളെ കുറച്ചുകാണിച്ചതും ഓർക്കേണ്ടതാണ്, നിശ്ചയിക്കപ്പെട്ട സംഭവിക്കേണ്ട ഒരുകാര്യം നടപ്പിൽ വരുത്താൻ വേണ്ടിത്തന്നെയായിരുന്നു അത്, എല്ലാ കാര്യങ്ങളും അല്ലാഹുവിലേക്കുതന്നെ മടക്കപ്പെടുന്നതുമാണ്.

എല്ലാ ജീവികളുടെയും കടിഞ്ഞാൺ പ്രപഞ്ചനാഥനിലായിരിക്കെ അവന്റെ സ്മരണയോടുകൂടി നിലകൊള്ളുന്ന ഒരുവന് യാതൊരു ആപത്തും സംഭവിക്കുകയില്ല എന്ന് 2: 152; 6: 81 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് 5: 48 ൽ പറഞ്ഞ മുഹൈമിനായ അദ്ദിക്റിനെ മുറുകെപ്പിടിച്ചവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101–103 സൂക്തങ്ങളിലും വിവരിച്ചിട്ടുണ്ട്.

45. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ ഒരു പടയെ നേരിടുമ്പോൾ സ്ഥൈര്യത്തോടുകൂടി ഉറച്ച് നിലകൊള്ളുകയും അല്ലാഹുവിനെ ധാരാളമായി ഓർക്കുകയും ചെയ്യുക -നിങ്ങൾ വിജയം വരിക്കുകതന്നെ വേണമെന്നതിനുവേണ്ടി.

വിശ്വാസികളുടെ കാഴ്ചയിൽ ശത്രുക്കളെ കുറച്ചുകാണിച്ചത് അവർക്ക് സ്ഥൈര്യവും ആത്മവിശ്വാസവും ലഭിക്കുന്നതിന് കാരണമായി. കാഫിറുകളുടെ കാഴ്ചയിൽ വിശ്വാസികളെ കുറച്ച് കാണിക്കുകവഴി വിശ്വാസികളെ കാര്യമായെടുക്കാതെ ആലസ്യത്തോടുകൂടി നേരിടാൻ അവരെ പ്രേരിപ്പിച്ചു. ഫുജ്ജാറുകളുടെ പല പടപ്പാട്ടുകളിലും വർണ്ണിക്കുന്നതുപോലെ വിശ്വാസികളുടെ യുദ്ധനിപുണ്യവും ആയുധാഭ്യാസങ്ങളുമല്ല, അവരുടെ വിശ്വാസവും സ്ഥൈര്യവും അല്ലാഹുവിലുള്ള ഭരമേൽപിക്കലും അതുവഴിയുള്ള അല്ലാഹുവിന്റെ സഹായവുമെല്ലാമാണ് ബദ്റിലെ വിജയത്തിന് കാരണമെന്ന് മനസ്സിലാക്കാം. സർവ്വോപരി അല്ലാഹു സംഭവിപ്പിക്കാൻ നിശ്ചയിച്ച കാര്യം നടപ്പിൽ വരുത്താൻവേണ്ടി വിശ്വാസികളെ അതിലേക്ക് നയിച്ച് കൊണ്ടുവരികയായിരുന്നു. അങ്ങനെ യുദ്ധത്തിന്റെ പര്യവസാനം വിശ്വാസികൾക്ക് അനുകൂലമായി അല്ലാഹു മാറ്റുകയാണുണ്ടായത്. 3: 130, 200; 5: 35, 90, 100; 7: 69; 22: 77; 24: 31; 62: 10 തുടങ്ങിയ സൂക്തങ്ങളെല്ലാം അവസാനിക്കുന്നത്, നിങ്ങൾ വിജയം വരിക്കുക തന്നെ വേണമെന്നതിനുവേണ്ടി എന്ന് പറഞ്ഞുകൊണ്ടാണ്. 2: 5, 250;

3: 190–191; 7: 157 വിശദീകരണം നോക്കുക.

46. നിങ്ങൾ അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും അനുസരിക്കുകയും നിങ്ങൾ പരസ്പരം കലഹിക്കാതിരിക്കുകയും ചെയ്യുവിൻ, അങ്ങനെ നിങ്ങൾ പരസ്പരം ഭിന്നിച്ചാൽ നിങ്ങളുടെ കാറ്റു പോകുന്നതുമാണ്, നിങ്ങൾ ക്ഷമിക്കുവിൻ, നിശ്ചയം അല്ലാഹു ക്ഷമാലുക്കളോടൊപ്പമാകുന്നു.

അല്ലാഹുവിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ മുറുകെപ്പിടിച്ചുകൊണ്ട് ഒറ്റ സംഘമായി നിലകൊള്ളണമെന്നാണ് 3: 103 ൽ വിശ്വാസികളെ വിളിച്ച് കൽപിച്ചിട്ടുള്ളത്. 'ക്ഷമിക്കുക' എന്ന് പറഞ്ഞാൽ 2: 153 ൽ വിവരിച്ച പ്രകാരം പരലോകത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് നിലകൊള്ളുക എന്നാണ്. വിവിധ സംഘടനകളായിപ്പിരിഞ്ഞ് മുശ്രിക്കുകളായി അദ്ദിക്റിനെ മൂടിവെക്കുന്ന ഏതൊരു ഫുജ്ജാറിനോടും നരകക്കുണ്ഠമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത് എന്ന് 11: 17 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇന്ന് വിശ്വാസികളുടെ ഒരു സംഘം ലോകത്തൊരിടത്തും ഇല്ലാത്തതിനാൽ 2: 143 ലും 22: 78 ലും പറഞ്ഞ പ്രകാരം പ്രവാചകന്റെ ജീവിതം ലോകരിൽ സാക്ഷ്യം വഹിച്ച് ജീവിക്കുക സാധ്യമല്ല. 2: 208–209; 3: 106; 5: 54 വിശദീകരണം നോക്കുക.

47. കേമത്തം നടിച്ചുകൊണ്ട് ജനങ്ങളെ കാണിക്കുന്നവരായും അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് ജനങ്ങളെ തടയുന്നവരായും കൊണ്ട് തങ്ങളുടെ വീടുകളിൽ നിന്ന് പുറപ്പെട്ടവരെപ്പോലെ നിങ്ങൾ ഒരിക്കലും ആകാതിരിക്കുവീൻ, അല്ലാഹു വാകട്ടെ അവരുടെ പ്രവർത്തനങ്ങളെല്ലാം വലയം ചെയ്തിരിക്കുന്നു.

കള്ളുകുടിച്ച് ആടിപ്പാടി ആർഭാടപൂർവ്വം ഞങ്ങളെ തടയാൻ ആരുണ്ടെന്ന ഭാവത്തിൽ മക്കയിൽ നിന്ന് ഇറങ്ങിത്തിരിച്ച കാഫിറുകളായ ഖുറൈശിപ്പടയെപ്പോലെ വിശ്വാസികൾ ആകരുത് എന്നും, അവർ അല്ലാഹുവിനെ ധാരാളം സ്മരിക്കുന്നവരും അവനിൽ ഭരമേൽപ്പിച്ചവരും അവനെ ആശ്രയിച്ച് അവനുവേണ്ടിമാത്രം ജീവിക്കുന്നവരുമാകണമെന്നുമാണ് സൂക്തം കൽപിക്കുന്നത്. 110: 1–3 സൂക്തങ്ങളിൽ പ്രവാചകനോടും വിശ്വാസികളോടുമുള്ള അല്ലാഹുവിന്റെ കൽപന 'അല്ലാഹുവിന്റെ സഹായവും മഹത്തായ വിജയവും വരികയും ജനങ്ങൾ കൂട്ടം കൂട്ടമായി അല്ലാഹുവിന്റെ ദീനിൽ പ്രവേശിക്കുന്നത് കാണുകയും ചെയ്താൽ നീ നിന്റെ റബ്ബിനെ സ്തുതിച്ചുകൊണ്ട് അവനെ വാഴ്ത്തുകയും പൊറുക്കലിനെത്തേടുകയും ചെയ്യുക, നിശ്ചയം അവൻ ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനാണ്' എന്നാണ്. 12: 92 വിശദീകരണം നോക്കുക.

ഇന്ന് ലോകരിൽ കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകളാണ് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത്. 25: 17–18 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവർ അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിരിക്കുന്നു. ഈ ജനത മറ്റേതൊരു ജനവിഭാഗത്തെക്കാളും അഹങ്കാരികളും ധാർഷ്ട്യമുള്ളവരുമായി മാറിയതിനാലാണ് അവരെ 8: 22 ൽ ദുഷ്ടജീവികളെന്ന് വിശേഷിപ്പിച്ചിട്ടുള്ളത്. 7: 179; 25: 34 സൂക്തങ്ങൾ പ്രകാരം ഇക്കൂട്ടരെക്കൊണ്ട് നരകക്കുണ്ഠം കുത്തിനിറക്കപ്പെടുന്നതാണ്. 2: 205–206; 4: 94; 6: 25–26; 9: 67–68 വിശദീകരണം നോക്കുക.

48. പിശാച് അവരുടെ പ്രവർത്തനങ്ങൾ അവർക്ക് അലങ്കാരമാക്കി കാണിച്ച സന്ദർഭവും ഓർക്കേണ്ടതാണ്; അവൻ പറഞ്ഞു: ഇന്ന് ജനങ്ങളിൽ ആർക്കും നിങ്ങളെ അതിജയിക്കാനാവില്ല, നിശ്ചയം ഞാൻ നിങ്ങളുടെ കൂടെയുണ്ട്, എന്നാൽ രണ്ടു സംഘവും മുഖാമുഖം ഏറ്റുമുട്ടിയപ്പോൾ അവൻ മുട്ടുമടക്കി പിന്തിരിഞ്ഞു

കളഞ്ഞു; അവൻ പറയുകയും ചെയ്തു: ഞാൻ നിങ്ങളോടുള്ള ബന്ധത്തിൽ നിന്ന് മോചിതനായിരിക്കുന്നു, നിശ്ചയം നിങ്ങൾ കാണാത്തത് ഞാൻ കാണുന്നുണ്ട്, നിശ്ചയം ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു, അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവൻ തന്നെയാകുന്നു.

തങ്ങളുടെ പരമ്പരാഗത ജീവിതചര്യകൾ വെടിഞ്ഞ് പ്രവാചകൻ കൊണ്ടുവന്ന ജീവിതചര്യ പിൻപറ്റിയ വിശ്വാസികളെ അതിൽ നിന്ന് പിന്തിരിപ്പിക്കാൻ മക്കാമുശ്രിക്കുകൾ നടത്തിയ ശ്രമങ്ങളെല്ലാം പരാജയപ്പെട്ടതോടെ അത് വിശ്വാസികൾക്ക് നേരെയുള്ള കഠിനമായ ശാരീരിക പീഢനങ്ങളിലേക്കും ഉപരോധങ്ങളിലേക്കും വളർന്നു. അതിനാൽ വിശ്വാസികൾക്ക് തങ്ങളുടെ വിശ്വാസം സംരക്ഷിക്കാൻ വേണ്ടി ജനിച്ച നാടും വീടും സമ്പത്തുക്കളും ഉപേക്ഷിച്ച് ആദ്യം എത്യോപ്യയിലേക്കും രണ്ടാമതായി മദീനയിലേക്കും പാലായനം ചെയ്യേണ്ടി വന്നു. മദീനയിൽ അവർ സ്വീകരിക്കപ്പെടുകയും അവരുടെ വിശ്വാസമനുസരിച്ചുള്ള ജീവിതം കെട്ടിപ്പടുക്കാൻ അവസരം ലഭിക്കുകയും ചെയ്തത് മക്കാമുശ്രിക്ക് നേതാക്കളെ ചൊടിപ്പിക്കുകയുണ്ടായി. മദീനയിൽ നിന്നും വിശ്വാസികളെ തുരത്തി അവരെ ഭൂമിയിൽ നിന്ന് തുടച്ച് നീക്കണമെന്ന ലക്ഷ്യത്തോടെയാണ് അബൂജഹലിന്റെ നേതൃത്വത്തിൽ ഖുറൈശിപ്പട ബദ്റിലേക്ക് പുറപ്പെട്ടത്. യുദ്ധനിപുണരും ആയുധധാരികളുമായ അവരെ യുദ്ധനൈപുണ്യമില്ലാത്തവരും താരതമ്യേന ആയുധങ്ങൾ കുറഞ്ഞവരും ബലഹീനരുമായ ചെറിയ സംഘത്തെക്കൊണ്ട് ഏറ്റുമുട്ടിപ്പിച്ച് ചെറിയ സംഘത്തെക്കൊണ്ട് വലിയ സംഘത്തെ പരാജയപ്പെടുത്തുകയാണ് അല്ലാഹു ചെയ്തത്.

ഈ സന്ദർഭങ്ങളിലെല്ലാം പിശാച് അവരുടെ പ്രവർത്തനങ്ങൾ അവർക്ക് അലങ്കാരമാക്കി കാണിച്ചുകൊടുക്കുകയായിരുന്നു എന്നാണ് പറയുന്നത്. 59: 16-17 സൂക്തങ്ങളിൽ പിശാചിന്റെ ഈ സ്വഭാവം വിവരിച്ചത് ഇങ്ങനെയാണ്. പിശാച് മനുഷ്യനോട് 'നീ നിഷേധിയാവുക' എന്ന് പറയുകയും അങ്ങനെ അവൻ നിഷേധിയായപ്പോൾ ഞാൻ നിന്നോടുള്ള ബന്ധത്തിൽ നിന്ന് മോചിതനാണ്, നിശ്ചയം ഞാൻ സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിനെ ഭയപ്പെടുന്നു എന്ന് പറയുകയും അങ്ങനെ അവർ രണ്ടുപേരുടെയും (മനുഷ്യന്റെയും ജിന്നുകൂട്ടുകാരനായ പിശാചിന്റെയും) പരിണിതി അവർ രണ്ടുപേരും നരകക്കുണ്ഠത്തിൽ ശാശ്വതരായിത്തീർന്നു എന്നതുമാണ്, അതാണ് അക്രമികൾക്കുള്ള പ്രതിഫലം. 43: 36-39 സൂക്തങ്ങളിൽ, ആരാണോ അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്നത്, അവന് നാം പിശാചിൽ നിന്നുള്ള ഒരു ജിന്നുകൂട്ടുകാരനെ ഏൽപിച്ചുകൊടുക്കുന്നതും ആ ജിന്നുകൂട്ടുകാരൻ അവനെ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ നിന്ന് തടയുന്നതുമാണ്. എന്നാൽ അവർ സൻമാർഗത്തിലാണ് ചരിക്കുന്നതെന്ന് മനുഷ്യർ കണക്കുകൂട്ടുന്നു. പരലോകത്തുവെച്ച് മനുഷ്യൻ അവന്റെ ജിന്നുകൂട്ടുകാരനോട്: 'ഓ, എനിക്കും നിനക്കുമിടയിൽ രണ്ട് ഉദയസ്ഥാനങ്ങളുടെ അകലം ഉണ്ടായിരുന്നുവെങ്കിൽ! നീ എത്ര ദുഷിച്ച കൂട്ടുകാരൻ!' എന്ന് പറയുന്നതാണ്, അപ്പോൾ 'നിങ്ങൾ നിങ്ങളോടുതന്നെ അക്രമം കാണിച്ചതിനാൽ നിങ്ങൾക്ക് പരസ്പരം ഉപകാരപ്പെടുകയില്ല, അതുകൊണ്ട് നിങ്ങൾ ശിക്ഷയിൽ പങ്കുചേരുക' എന്ന് പറയപ്പെടുമെന്ന് പറഞ്ഞിട്ടുണ്ട്. 3: 102 ൽ വിവരിച്ച പ്രകാരം ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, സത്യമായ അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവൻ മാത്രമേ സർവസ്വം നാഥന് സമർപ്പിച്ചു കൊണ്ട് മരണപ്പെടുകയുള്ളൂ. മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളും മരണസമയത്ത് അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം

വഹിക്കുന്ന രംഗം 7: 37 ൽ വിവരിച്ചിട്ടുണ്ട്. 14: 22 ൽ, പിശാച് പരലോകത്ത് വിധി കഴിഞ്ഞശേഷം വന്നുപറയുന്നതാണ്: അല്ലാഹു നിങ്ങളോട് യഥാർത്ഥ വാഗ്ദത്തം ചെയ്തു, ഞാനും നിങ്ങളോട് വാഗ്ദത്തം ചെയ്തു, അപ്പോൾ ഞാൻ ചെയ്ത വാഗ്ദത്തമിതാ ലംഘിച്ചിരിക്കുന്നു, എനിക്ക് നിങ്ങളിൽ ഒരു സ്വാധീനവും -നിങ്ങളെയൊന്ന് വിളിച്ചുനോക്കുക എന്നല്ലാതെ- ഉണ്ടായിരുന്നില്ല, അപ്പോൾ നിങ്ങൾ എന്റെ വിളിക്ക് ഉത്തരം നൽകി, അതുകൊണ്ട് നിങ്ങൾ എന്നെ കുറ്റപ്പെടുത്തേണ്ട, നിങ്ങൾ നിങ്ങളെത്തന്നെ കുറ്റപ്പെടുത്തുക, ഞാൻ നിങ്ങളുടെ രക്ഷകനൊന്നുമല്ല, നിങ്ങൾ എന്റെയും രക്ഷകരല്ല, ഭൗതികലോകത്തുവെച്ച് നിങ്ങൾ എന്നെ പങ്കാളിയായി വരിച്ചത് ഞാനിതാ നിഷേധിക്കുന്നു, നിശ്ചയം ഗ്രന്ഥം കിട്ടിയിട്ട് തള്ളിപ്പറയുന്ന അക്രമികൾക്ക് വേദനാജനകമായ ശിക്ഷയാണുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. സ്വർഗ്ഗം അല്ലെങ്കിൽ നരകം ഓരോരുത്തരും നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് സമ്പാദിക്കുന്നതാണ്, അല്ലാതെ നരകത്തിലായതിന് ആരെയും -പിശാചിനെത്തന്നെയും- കുറ്റപ്പെടുത്താൻ സാധ്യമല്ല എന്ന് മുന്നറിയിപ്പ് നൽകുകയാണ് ഈ സൂക്തം. അദ്ദിക്ർ കൊണ്ട് ജീവിതലക്ഷ്യം സാക്ഷാത്കരിക്കലാണ് വിശ്വാസിയുടെ കടമ. 3: 136, 182; 4: 117–121 വിശദീകരണം നോക്കുക.

49. കപടവിശ്വാസികളും തങ്ങളുടെ ഹൃദയങ്ങളിൽ സംശയമാകുന്ന രോഗമുള്ളവരും ഇക്കൂട്ടരെ ഇവരുടെ ദീൻ വഞ്ചിച്ചിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ടിരുന്ന സന്ദർഭവും ഓർക്കേണ്ടതാണ്, എന്നാൽ ആരെങ്കിലും അല്ലാഹുവിന്റെ മേൽ ഭരമേൽപ്പിക്കുന്നുവെങ്കിൽ അപ്പോൾ നിശ്ചയം അല്ലാഹു അജയ്യനായ യുക്തിജ്ഞനാകുന്നു.

മദീനയിലെ കപടവിശ്വാസികളും ഭൗതിക ജീവിതവിഭവങ്ങളിൽ ആകൃഷ്ടരായി അല്ലാഹുവിനെ വിസ്മരിച്ചവരും ഹൃദയങ്ങളിൽ സംശയമാകുന്ന രോഗം ബാധിച്ചവരും വിശ്വാസികളെ പരിഹസിച്ച് പറഞ്ഞതാണിത്. അതായത് സംഘബലവും പ്രതാപവുമില്ലാത്ത ഒരു കൊച്ചുസംഘം, പ്രതാപശാലികളും സംഘബലമുള്ളവരുമായ ഖുറൈശികളെപ്പോലുള്ള ഒരു മഹാശക്തിയെ നേരിടാൻ ഇറങ്ങുക വഴി അവർ നാശത്തിലേക്ക് എടുത്തുചാടുകയാണെന്നും ഈ പോരാട്ടത്തിൽ വിശ്വാസികളുടെ കഥ കഴിഞ്ഞതു തന്നെ! എന്നും അവർ അനുമാനിച്ചു. മുഹമ്മദിന്റെ മായാജാലത്തിലും ഗ്രന്ഥത്തിന്റെ മാസ്മരശക്തിയിലും വഞ്ചിതരായി വിശ്വാസികൾ അവരെത്തന്നെ സ്വയം നശിപ്പിക്കുകയാണ് ചെയ്യുന്നതെന്ന് അവർ ഉറപ്പിച്ചു.

എല്ലാ പ്രവാചകന്മാരുടെയും കാലത്തുള്ള കപടവിശ്വാസികളും അവരുടെ അനുയായികളായ ഹൃദയത്തിൽ രോഗമുള്ളവരും അവരുടെ സംഘബലത്തിൽ അഹങ്കരിക്കുന്നവരും അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസിയെ കളവ് പറയുന്ന ഒറ്റയാൻ എന്ന് പരിഹസിക്കുന്നവരുമാണെന്ന് 19: 73–74; 54: 25; 72: 24; 83: 29 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇഹലോകത്തെന്നപോലെ പരലോകത്തും അവർ തന്നെയായിരിക്കും ഉന്നതന്മാരും സ്വർഗാവകാശികളും എന്നാണവർ കരുതുന്നത്. 15: 44 പ്രകാരം നരകക്കുണ്ഠത്തിന്റെ 7 വാതിലുകളിൽ ഒന്നിലേക്ക് നിജപ്പെടുത്തിവെക്കപ്പെട്ട ഇത്തരം തെമ്മാടികൾ അദ്ദിക്ർ ഉപയോഗപ്പെടുത്തുന്നില്ല എന്ന് മാത്രമല്ല, പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾക്ക് ഉപയോഗപ്പെടുത്താൻ അത് നൽകുന്നതിന് തടസ്സം നിൽക്കുന്നവരുമാണ്. അതുവഴി അവർ അവരെത്തന്നെയല്ലാതെ നശിപ്പിക്കുന്നില്ല, എന്നാൽ അത് അവർ തിരിച്ചറിയുന്നില്ല എന്ന് 6: 25–26 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്.

48: 6 ൽ, പ്രവാചകന്റെ കാലത്ത് വിശ്വാസികൾക്ക് മക്കാവിജയം നൽകിയതും ഇനി ഈസാ രണ്ടാമത് വന്നശേഷം ലോകവിജയം നൽകുന്നതുമെല്ലാം കപടവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന പുരുഷൻമാരെയും സ്ത്രീകളെയും ശിക്ഷിക്കുന്നതിന് വേണ്ടിയാണ് -അവർ അല്ലാഹുവിനെക്കുറിച്ച് ഏറ്റവും ദുഷിച്ച ചിന്ത വെച്ചുപുലർത്തുന്നവരാണ്, അവരുടെമേൽ തന്നെയാണ് ഏറ്റവും ദുഷിച്ച പരിണിതിയുള്ളത്- അല്ലാഹുവിന്റെ കോപം അവരുടെ മേൽ വർഷിക്കുകയും അവൻ അവരെ ശപിക്കുകയും അവർക്ക് നരകക്കുണ്ഠം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു, എത്ര മോശപ്പെട്ട മടക്കസ്ഥലം എന്ന് പറഞ്ഞിട്ടുണ്ട്. സൂക്തത്തിൽ പറഞ്ഞ തങ്ങളുടെ ഹൃദയങ്ങളിൽ സംശയമാകുന്ന രോഗമുള്ളവർ 9: 68, 73; 66: 9 സൂക്തങ്ങളിൽ പറഞ്ഞ കുഫ്ഫാറുകളും 33: 73; 48: 6; 98: 6 സൂക്തങ്ങളിൽ പറഞ്ഞ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന മുശ്രിക്കുകളുമാണ്. 1: 7 ൽ പറഞ്ഞ വഴിപിഴച്ചവരും 4: 140; 33: 1, 48; 41: 29 സൂക്തങ്ങളിൽ പറഞ്ഞ കാഫിറുകളുമാണ് അവർ. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ വിവിധ സംഘടനാനേതാക്കളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുമാണ് ഇന്ന് ഈ രണ്ടുകൂട്ടർ. അപ്പോൾ വിശ്വാസികൾ 1: 7 വായിക്കുമ്പോൾ ഈ രണ്ടുകൂട്ടരിലും ഉൾപ്പെടുത്തരുതേ എന്നാണ് ആത്മാവുകൊണ്ട് പ്രാർത്ഥിക്കേണ്ടത്. അദ്ദിക്റിനെ മൂടിവെച്ചുകൊണ്ട് *മസീഹുദ്ദജ്ജാലി*നെ ആനയിച്ചുകൊണ്ടിരിക്കുന്ന ഈ രണ്ടുകൂട്ടരും ഈസാ രണ്ടാമത് വന്നാൽ വധിക്കപ്പെടുകയും 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കപ്പെടുകയും ചെയ്യും. 2: 165-167; 3: 154-156; 7: 176 വിശദീകരണം നോക്കുക.

50. ഇത്തരം കാഫിറുകളെ അവരുടെ മുഖങ്ങളിലും അവരുടെ പിൻവശങ്ങളിലും അടിച്ചുകൊണ്ടും നിങ്ങൾ കരിക്കുന്ന ശിക്ഷ രുചിച്ചുകൊള്ളുക എന്ന് പറഞ്ഞുകൊണ്ടും മലക്കുകൾ മരിപ്പിക്കുന്ന സന്ദർഭം നീ കാണുകയാണെങ്കിൽ!

അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കിടയിലെ വിവിധ സംഘടനാ നേതാക്കളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുമാണ് 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ. അവരുടെ മരണരംഗമാണ് സൂക്തത്തിൽ വിവരിക്കുന്നത്. 6: 93, 130; 7: 37; 39: 59 വിശദീകരണം നോക്കുക.

51. അത് നിങ്ങളുടെ കൈകൾ നിങ്ങൾക്കുവേണ്ടി ഒരുക്കിവെച്ചതാണ്, നിശ്ചയം അല്ലാഹു അവന്റെ അടിമകളോട് അൽപം പോലും അനീതി കാണിക്കുന്നവനല്ലതന്നെ.

22: 10 ഇതേ ആശയത്തിലുള്ളതാണ്. 59: 18 ൽ, വിശ്വാസികളെ വിളിച്ച് ഓരോരുത്തരും നാളേക്കുവേണ്ടി എന്താണ് ഒരുക്കിവെച്ചിട്ടുള്ളതെന്ന് നോക്കിക്കാണുക, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, അല്ലാഹു നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം വലയം ചെയ്ത ത്രികാലജ്ഞാനി തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്. സ്വർഗ്ഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധവഴികളും വേർതിരിച്ച് കാണിച്ചുതരുന്ന അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ചുതന്നെ എല്ലാവർക്കും പഠിപ്പിച്ചിട്ടുണ്ട്. സ്വർഗത്തിൽ സൃഷ്ടിച്ച മനുഷ്യനെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് അവന് നൽകപ്പെട്ട എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തി നാലാം ഘട്ടമായ ഇവിടെവെച്ച് ഏഴാം ഘട്ടത്തിലേക്ക് സ്വർഗം സമ്പാദിക്കുന്നതിന് വേണ്ടിയാണ്. എന്നാൽ ജീവിതലക്ഷ്യം നഷ്ടപ്പെട്ട കപടവിശ്വാസികളും പ്രജ്ഞയറ്റ അവരുടെ അനുയായികളും ത്രികാലജ്ഞാനമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 2: 281, 286; 3: 30, 136 സൂക്തങ്ങളെ അവഗണിച്ചുകൊണ്ട് ഇവിടെ നരകക്കുണ്ഠ

മാണ് സമ്പാദിച്ചുകൊണ്ടിരിക്കുന്നത്. എന്നല്ലാതെ നിഷ്പക്ഷവാനായ നാഥൻ ഒരാളെയും നരകത്തിലേക്കോ സ്വർഗ്ഗത്തിലേക്കോ ആക്കുന്നവനല്ല. 2: 94–95; 3: 181–182; 5: 48; 9: 80–82 വിശദീകരണം നോക്കുക.

52. ഫിർഔൻ പ്രഭൃതികളെപ്പോലെയും അവർക്ക് മുമ്പുള്ളവരെപ്പോലെയും, അവർ അല്ലാഹുവിന്റെ ആയത്തുകളെ നിഷേധിക്കുന്നവരായി, അപ്പോൾ അല്ലാഹു അവരുടെ പാപങ്ങളുടെ പേരിൽ അവരെ പിടികൂടി, നിശ്ചയം അല്ലാഹു ശക്തനായ കഠിനമായി ശിക്ഷിക്കുന്നവൻ തന്നെയാണ്.

ഫിർഔനിനെയും നംറൂദിനെയുമെല്ലാം അവർ സത്യം അറിഞ്ഞ് മൂടിവെക്കുന്ന കപടവിശ്വാസികളായ തെമ്മാടികളായപ്പോഴാണ് നശിപ്പിച്ചിട്ടുള്ളത് എന്ന് 2: 57; 3: 91; 6: 47; 10: 92 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഈ സൂക്തത്തിൽ പറഞ്ഞ ആയത്തുകൾ കൊണ്ട് ഉദ്ദേശിക്കുന്നത് ഫിർഔൻ പ്രഭൃതികളുടെ കാര്യത്തിൽ 7: 133 ൽ വിവരിച്ച ദൃഷ്ടാന്തങ്ങളാണ്. ഇന്ന് നാഥന്റെ ദൃഷ്ടാന്തം 41: 41–42 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റാണ്. 46: 35 വിവരിച്ച പ്രകാരം നാഥന്റെ ദൃഷ്ടാന്തങ്ങളെ മൂടിവെച്ച് എല്ലാവരും തെമ്മാടികളാകുമ്പോഴാണ് അല്ലാഹു ഏത് ജനതയെയും നശിപ്പിക്കുക. 6: 158 ൽ വിവരിച്ച പ്രകാരം അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്ന് സംഭവിച്ചാൽ ഒരു ആത്മാവിനും വിശ്വാസം സ്വീകരിക്കൽ ഉപകാരപ്പെടുകയോ അവരിൽ നിന്ന് പ്രായശ്ചിത്തം സ്വീകരിക്കപ്പെടുകയോ ഇല്ല. 2: 99; 6: 133; 8: 33 വിശദീകരണം നോക്കുക.

53. അത് നിശ്ചയം അല്ലാഹു ഒരു ജനതക്ക് നൽകിയ അനുഗ്രഹങ്ങൾ അവർ തന്നെ സ്വയം മാറ്റുന്നതുവരെ അല്ലാഹു മാറ്റുകയില്ല എന്ന ചര്യയനുസരിച്ചാണ്, നിശ്ചയം അല്ലാഹു എല്ലാം കേൾക്കുന്ന സർവ്വജ്ഞാനിയാകുന്നു.

'അത്' എന്ന് പറഞ്ഞതിന്റെ വിവക്ഷ സൂക്തം 52 ൽ പറഞ്ഞ അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെക്കുകവഴി അവരുടെ പ്രവർത്തനങ്ങൾ കുറ്റകരമായി മാറുമ്പോഴാണ് നിഷ്പക്ഷവാനായ നാഥൻ ഏതൊരു ജനതയെയും നശിപ്പിക്കുക എന്നതാണ്. 13: 11 ലും, നിശ്ചയം അല്ലാഹു ഒരു ജനതയെ അവർ സ്വയം മാറുന്നതുവരെ മാറ്റുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. അതായത്, അല്ലാഹു നിഷ്പക്ഷവാനാണ്, ഓരോ ആത്മാവിനും നന്മയും തിന്മയും വിശദീകരിക്കുന്ന ഗ്രന്ഥം നൽകിയിട്ടുണ്ട്. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ഉപയോഗപ്പെടുത്തി സ്വർഗം പണിതാൽ അതിന്റെ ഗുണം അവർക്കുതന്നെയാണ്, അല്ലാഹുവിനെയും അവന്റെ അനുഗ്രഹങ്ങളെയും വിസ്മരിച്ചുകൊണ്ട് 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ജീവിതലക്ഷ്യം നഷ്ടപ്പെടുത്തിയാൽ അതിന്റെ ദോഷവും അവരവർക്കുതന്നെ. നന്മ അല്ലാഹുവിൽ നിന്നും തിന്മ അവരവരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലവുമാണെന്ന് 4: 79 ൽ വിവരിച്ചിട്ടുണ്ട്. എന്നാൽ അല്ലാഹുവിന്റെ ഈ സംസാരം 25: 18 ൽ പറഞ്ഞ അദ്ദിക്റിനെ വിസ്മരിച്ച കെട്ടജനതക്ക് മനസ്സിലാവുകയില്ല എന്ന് 4: 78 ലും പറഞ്ഞിട്ടുണ്ട്. ഏറ്റവും വലിയ അനുഗ്രഹവും കാരുണ്യവും ഔദാര്യവും അദ്ദിക്റാണ് എന്ന് 4: 113 ൽ വിവരിച്ചിട്ടുണ്ട്. 6: 155–156; 7: 178; 14: 28–30 വിശദീകരണം നോക്കുക.

54. ഫിർഔൻ പ്രഭൃതികളെപ്പോലെയും അവർക്ക് മുമ്പുള്ളവരെപോലെയും, അവർ തങ്ങളുടെ നാഥന്റെ ആയത്തുകൾ തള്ളിപ്പറഞ്ഞു, അപ്പോൾ അവരുടെ കുറ്റങ്ങൾ കാരണം നാം അവരെ നശിപ്പിച്ചു, ഫിർഔൻ പ്രഭൃതികളെ നാം മുക്കിക്കൊല്ലുകയും ചെയ്തു, അവരെല്ലാവരും അക്രമികൾ തന്നെയായിരുന്നു.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന ഇന്നത്തെ ഫുജ്ജാറുകൾ അക്രമികളും തെമ്മാടികളുമായി മാറിയിട്ടുള്ളതിനാൽ പ്രപഞ്ചനാഥൻ അവന്റെ ഗ്രന്ഥമായ അദ്ദിക്റിനെ പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈന-ബുദ്ധ-ഹൈന്ദവ-ജൂത-ക്രൈസ്തവ ജനവിഭാഗങ്ങളെ ഏൽപിക്കുന്നതാണ് എന്ന് 6: 89-90 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 7: 140-141, 146-147; 98: 6 വിശദീകരണം നോക്കുക.

55. നിശ്ചയം അല്ലാഹുവിന്റെ അടുക്കൽ ജീവജാലങ്ങളിൽ വെച്ച് ഏറ്റവും തിന്മയേറിയവർ കാഫിറുകളായവരാണ്, അപ്പോൾ അവർ വിശ്വാസികളാവുകയുമില്ല.

വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്റ് വന്നുകിട്ടിയിട്ട് സ്വയം ഉപയോഗപ്പെടുത്തുകയോ ഇതര ജനവിഭാഗങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യാത്തവരാണ് കാഫിറുകൾ. അവർ 18: 101; 20: 14 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ *ദിക്റീ* എന്ന ഗ്രന്ഥമായ അദ്ദിക്റ് കാഴ്ചയുണ്ടായിട്ടും കാണാത്തവരും കേൾവിയുണ്ടായിട്ടും കേൾക്കാത്തവരുമായതിനാൽ നരകക്കുണ്ഠത്തിലേക്കുള്ളവരാണ്. അവർ തന്നെയാണ് 6: 38 ൽ വിവരിച്ച പ്രകാരം അല്ലാഹുവിന്റെ അടുക്കൽ ആയിരം സമുദായങ്ങളിൽപെട്ട ജീവജാലങ്ങളിൽ വെച്ച് ഏറ്റവും തിന്മയേറിയവരും. 2: 24; 5: 10; 8: 22 വിശദീകരണം നോക്കുക.

56. അവരിൽ നിന്നുള്ളവർ നിന്നോട് കരാറുകൾ ചെയ്യുകയും പിന്നെ എല്ലാ പ്രാവശ്യവും അവരുടെ കരാറുകൾ ലംഘിക്കുകയും ചെയ്യുന്നവരാണ്, അവർ സൂക്ഷ്മത പാലിക്കുന്നവരുമല്ല.

പ്രവാചകന്റെ കാലത്ത് മദീനയിലുള്ള ജൂതരുടെയും മക്കാമുശ്രിക്കുകളുടെയും ഇത്തരം കപടസ്വഭാവങ്ങൾ ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലാണ് കൂടുതൽ കാണപ്പെടുന്നത്. *വായ പൊളിച്ചാൽ നുണ പറയുക, വാഗ്ദത്തം ചെയ്താൽ ലംഘിക്കുക, വിശ്വസിച്ചാൽ വഞ്ചിക്കുക* തുടങ്ങിയവ അവരുടെ പ്രത്യക്ഷമായ സ്വഭാവങ്ങളാണെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 16: 91 ൽ, അല്ലാഹുവിനെ മുൻനിർത്തിക്കൊണ്ട് ചെയ്യുന്ന ഉടമ്പടി നിങ്ങൾ പൂർത്തിയാക്കുക, അല്ലാഹുവിനെ സാക്ഷിയാക്കിക്കൊണ്ടുള്ള പ്രതിജ്ഞകൾ ലംഘിക്കുകയുമരുത്, അതിൽ അല്ലാഹുവിനെ നിങ്ങൾ മേൽനോട്ടക്കാരനാക്കിയിട്ടുണ്ടല്ലോ, നിശ്ചയം അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അറിയുന്നുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. 2: 26-27; 3: 75; 17: 34 വിശദീകരണം നോക്കുക.

57. അപ്പോൾ അവരെ നിങ്ങൾ യുദ്ധത്തിൽ നേരിടുന്ന പക്ഷം അവർക്ക് പുറകിലുള്ളവരെക്കൂടി വിരട്ടിയോടിക്കുന്ന വിധത്തിൽ വകവരുത്തുക, അവർ ഓർമിക്കുന്നവർ തന്നെയാകണമെന്നതിനുവേണ്ടി.

ഇന്ന് യുദ്ധമോ വധമോ ഇല്ലാത്തത് കൊണ്ട് വാക്കുകളും കരാറുകളും പാലിക്കാത്ത കപടവിശ്വാസികളോടും കുഫ്ഫാറുകളോടും ഹൃദയത്തിൽ തുളച്ച് കയറുന്ന വിധത്തിലുള്ള വാക്കുകൾ പറയാനാണ് ഒറ്റപ്പെട്ട വിശ്വാസിയോട് 3: 119; 4: 63 എന്നീ സൂക്തങ്ങളിൽ കൽപിച്ചിട്ടുള്ളത്. അതുതന്നെയാണ് 25: 52 ന്റെ കൽപനയനുസരിച്ച് അദ്ദിക്റ് കൊണ്ടുള്ള അധികരിച്ച ജിഹാദും. 3: 139; 22: 77-78 വിശദീകരണം നോക്കുക.

58. നിങ്ങൾ ഒരു ജനതയിൽ നിന്ന് വഞ്ചനയെ ഭയപ്പെടുകയാണെങ്കിൽ അപ്പോൾ അവരുമായുള്ള കരാറിനെ ഇരുകൂട്ടരും അറിയുന്ന വിധത്തിൽ അവർക്ക് മുമ്പിലേക്ക് എറിഞ്ഞുകൊടുക്കുക, നിശ്ചയം വഞ്ചകൻമാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.

ഈ സൂക്തമനുസരിച്ച് വിശ്വാസികൾ അവരുമായി ഉടമ്പടിചെയ്ത ഒരു ജനതയിൽ നിന്ന് വഞ്ചന ആശങ്കിക്കുകയാണെങ്കിൽ അവരുമായുള്ള കരാർ മുറിച്ച് കളയാവുന്നതല്ല. കാരണം ഊഹത്തെ പൻപറ്റുക എന്നത് വിശ്വാസികളുടെ സ്വഭാവമല്ല. എന്നാൽ വ്യക്തമായ വഞ്ചനക്ക് തെളിവ് ലഭിച്ചാൽ അവരുമായുള്ള ഉടമ്പടി നിലനിർത്തുന്നതും വിശ്വാസികൾക്ക് യോജിച്ചതല്ല. *ആരെങ്കിലും ഒരു ജനതയുമായി ഉടമ്പടിയിലാണെങ്കിൽ കാലാവധി കഴിയുന്നതുവരെ അതിന്റെ കെട്ടഴിക്കരുത്, അതല്ലെങ്കിൽ പരസ്പരം അറിഞ്ഞുകൊണ്ട് ഉടമ്പടി അവരിലേക്ക് എറിഞ്ഞുകൊടുക്കണം എന്ന്* പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഹിജ്റ 6-ാം വർഷം ഹുദൈബിയ്യായിൽ വെച്ച് ഖുറൈശികളുമായി ചെയ്ത കരാർ ക്രമേണ അവർ ലംഘിച്ചപ്പോൾ അവരുമായി ഇനി ഒരു കരാറില്ല എന്ന് 9: 1 പ്രകാരം അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റെയും ഭാഗത്തു നിന്നുള്ള വിമുക്തി പ്രഖ്യാപനമുണ്ടായി. നുഴഞ്ഞുകയറ്റമോ പതിയിരുന്നുള്ള ആക്രമണമോ അറിയിപ്പില്ലാതെ പെട്ടെന്നുള്ള ആക്രമണമോ ചാവേർ ബോംബാക്രമണമോ മാരണം, മന്ത്രം തുടങ്ങിയ ക്ഷുദ്രപ്രവർത്തനങ്ങളോ ഒന്നും തന്നെ ഇസ്ലാം അനുവദിക്കുന്നില്ല. പ്രവാചകന്റെ കാലത്തെ ജൂതരുടെ ഇത്തരം സ്വഭാവങ്ങളെല്ലാം ഇന്ന് കപടവിശ്വാസികൾ ഏറ്റെടുത്ത് നടത്തുകയാണ്. അവരെക്കുറിച്ച് 59: 14 ൽ, ഭദ്രമായ കോട്ടകൊത്തളങ്ങൾക്കുള്ളിലായിക്കൊണ്ടോ ചുമരുകൾക്ക് പിന്നിൽ മറഞ്ഞുനിന്നുകൊണ്ടോ അല്ലാതെ പ്രത്യക്ഷമായി അവർ നിങ്ങളോട് യുദ്ധം ചെയ്യുകയില്ല, അവർക്കിടയിൽ പരസ്പരമുള്ള വിദ്വേഷം അതികഠിനമാണ്, അവർ ഒറ്റക്കെട്ടാണെന്ന് നിങ്ങൾ കരുതുന്നുവെങ്കിലും അവരുടെ ഹൃദയങ്ങൾ ഛിന്നഭിന്നമാണ്, അവർ ചിന്തയില്ലാത്ത ഒരു ജനതയായതു കൊണ്ടാണത് എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് ലോകത്തെവിടെയും തീവ്രവാദ പ്രവർത്തനങ്ങളിലും വഞ്ചനകളിലും ചാവേർ ആക്രമണങ്ങളിലുമെല്ലാം മുൻപന്തിയിലുള്ളത് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകളാണ്. അദ്ദിക്റിനെ തള്ളിപ്പറയുകവഴി അവർ ജീവിതലക്ഷ്യം നഷ്ടപ്പെട്ടവരായതാണ് അതിനെല്ലാം കാരണം. 4: 91, 105-113; 8: 22 വിശദീകരണം നോക്കുക.

59. കാഫിറുകളായവർ മുൻകടക്കുന്നവരാകുമെന്ന് അവർ കണക്ക് കൂട്ടേണ്ടതുമില്ല, നിശ്ചയം അവർ അതിജയിക്കപ്പെടുന്നവരാവുകയില്ല.

സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെക്കുന്ന വിചാരണയില്ലാതെ നരകക്കുണ്ഠത്തിലേക്ക് മുൻകടക്കുന്ന കപടവിശ്വാസികൾ വിശ്വാസികളെ ഇവിടെവെച്ച് അതിജയിക്കുമെന്ന് കണക്കുകൂട്ടേണ്ടതില്ല. വിശ്വാസികൾ 32: 4 ന്റെ കൽപന അംഗീകരിച്ചുകൊണ്ട് പ്രപഞ്ചനാഥനെക്കൂടാതെ സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരുമില്ല എന്ന് ലോകർക്ക് പരിചയപ്പെടുത്തുന്നതിനുവേണ്ടി അദ്ദിക്ർ ലോകരിലേക്ക് എത്തിച്ചുകൊടുക്കാൻ ശ്രമിക്കുന്നവരാണെങ്കിൽ കപടവിശ്വാസികളായ കാഫിറുകൾ 9: 32 ൽ വിവരിച്ച പ്രകാരം പ്രകാശമായ അദ്ദിക്റിനെ അവരുടെ വായകൊണ്ട് ഊതിക്കെടുത്താൻ ശ്രമിക്കുന്നവരാണ്.

സത്യം വന്നുകഴിഞ്ഞു, മിഥ്യ ഉടയുകയും ചെയ്തു, നിശ്ചയം മിഥ്യ ഉടയാനുള്ളത് തന്നെയാണ് എന്ന് 17: 81 ൽ പറഞ്ഞിട്ടുണ്ട്. സത്യം വന്നുകഴിഞ്ഞു, ഇനി മിഥ്യ ആരംഭിക്കുകയോ ആവർത്തിക്കുകയോ ഇല്ല എന്ന് ഫുജ്ജാറുകളോട് പറയാൻ പ്രവാചകനും വിശ്വാസികളും 34: 49 ലൂടെ കൽപിക്കപ്പെട്ടിട്ടുണ്ട്. സത്യം അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. സത്യം നാഥനിൽ നിന്നുള്ളതും മിഥ്യ പിശാചിൽ നിന്നുള്ളതുമാണ്. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിൽ ക്രോഡീകരിക്കുന്നതിന് മുമ്പോ ശേഷമോ മിഥ്യയൊന്നും കടന്നുകൂടുകയില്ല, 15: 9 പ്രകാരം അതിന്റെ സൂക്ഷിപ്പ്

പ്രപഞ്ചനാഥൻ തന്നെ ഏറ്റെടുത്തിട്ടുണ്ട്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 29 കള്ളവാദികൾ എഴുതിയുണ്ടാക്കിയ മിഥ്യാഗ്രന്ഥങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരാണ്. നാഥൻ അവരെ മുഴുവനും നരകക്കുണ്ഠത്തിൽ ഒരുമിച്ചുകൂട്ടുമെന്ന് 4: 140 ലും; ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരുവനോടും മരണസമയത്ത് നാഥൻ 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 58-59 സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 3: 176-180; 4: 145-147; 7: 40-41 വിശദീകരണം നോക്കുക.

60. അവർക്കെതിരിൽ നിങ്ങൾ കഴിയുന്നത്ര ശക്തി സംഭരിക്കുകയും സുസജ്ജമായ കുതിരപ്പടയെ ഒരുക്കിനിർത്തുകയും ചെയ്യുവിൻ, അതുവഴി അല്ലാഹുവിന്റെയും നിങ്ങളുടെയും ശത്രുക്കളെ ഭയപ്പെടുത്താം, അവരെക്കൂടാതെ ഇപ്പോൾ നിങ്ങൾക്ക് അറിഞ്ഞുകൂടാത്തതും അല്ലാഹുവിന് അറിയുന്നതുമായ മറ്റു ശത്രുക്കളെയും; അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവഴിക്കുന്നതെന്തും നിങ്ങളിലേക്ക് പൂർണ്ണമായി തിരിച്ചു നൽകപ്പെടുന്നതാകുന്നു, നിങ്ങൾ ഒരിക്കലും അനീതി കാണിക്കപ്പെടുന്നവരാവുകയില്ല.

17: 64 ൽ, തന്റെ ശബ്ദം കൊണ്ടും കാലാൾപ്പട, കുതിരപ്പട എന്നിവ മനുഷ്യർക്കെതിരെ നയിച്ചുകൊണ്ടും അവരുടെ സമ്പത്തിലും സന്താനങ്ങളിലും പങ്കുചേർന്നുകൊണ്ടും അവരോട് മോഹനവാഗ്ദാനങ്ങൾ നൽകിക്കൊണ്ടും നിനക്ക് സാധിക്കുമെങ്കിൽ അവരെ വഴിപിഴപ്പിക്കാമെന്ന് അല്ലാഹു പിശാചിന് വരം കൊടുത്തതായി പറഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളുകയും നാഥനിൽ ഭരമേൽപിക്കുകയും ചെയ്യുന്ന വിശ്വാസിയിൽ പിശാചിന് യാതൊരു സ്വാധീനവുമില്ല എന്ന് 16: 98-99 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 62; 3: 133-136; 8: 46 വിശദീകരണം നോക്കുക.

61. ഇനി അവർ സന്ധിയിലേക്കും സമാധാനത്തിലേക്കും ചായുന്നുവെങ്കിൽ അപ്പോൾ നീയും അതിന് തയ്യാറാവുക, നീ അല്ലാഹുവിന്റെ മേൽ ഭരമേൽപ്പിക്കുകയും ചെയ്യുക, നിശ്ചയം അവൻ എല്ലാം കേൾക്കുന്ന സർവ്വജ്ഞാനി തന്നെയാണ്.

ഫുജ്ജാറുകളായ കാഫിറുകളെ നീ സന്മാർഗമായ അദ്ദിക്റിലേക്ക് വിളിച്ചാൽ അവർ നിന്റെ വിളി കേൾക്കുകയില്ല, അവർ നിന്നെ തുറിച്ചുനോക്കുന്നതായി നിനക്ക് കാണാം, എന്നാൽ അവർ ഉൾക്കാഴ്ച കാണുന്നവരാവുകയില്ല. നീ വിട്ടുവീഴ്ചയുടെ മാർഗം സ്വീകരിക്കുക, നീതികൊണ്ട് കൽപിക്കുക, വിഡ്ഢികളെ അവഗണിക്കുകയും ചെയ്യുക എന്ന് 7: 198-199 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 5: 67 ൽ വിവരിച്ച പ്രകാരം നാഥന്റെ സന്ദേശമായ അദ്ദിക്ർ ലോകരിലേക്ക് എത്തിച്ചുകൊടുത്ത് കാഫിറുകളായ ജനതയിൽ ഉൾപ്പെടാതിരിക്കാൻ വിശ്വാസി കൽപിക്കപ്പെട്ടിട്ടുണ്ട്. 3: 139, 196-197; 4: 90-91; 47: 35 വിശദീകരണം നോക്കുക.

62. ഇനി അവർ നിന്നെ വഞ്ചിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അപ്പോൾ നിശ്ചയം നിനക്ക് അല്ലാഹു മതി, അവൻ തന്നെയാണ് നിന്നെ അവന്റെ സഹായം കൊണ്ടും വിശ്വാസികളെക്കൊണ്ടും ബലപ്പെടുത്തിയിട്ടുള്ളത്.

3: 160 പ്രകാരം അല്ലാഹു ഒരാളോടൊപ്പമുണ്ടെങ്കിൽ ലോകരെല്ലാവരും കൂടി ഒരുമിച്ച് കൂടിയാലും അവനെ ഒന്നുംചെയ്യാൻ അവർക്ക് സാധിക്കുകയില്ല. അല്ലാഹു ഒരാളെ കൈവിട്ടാൽ ലോകരെല്ലാവരും ചേർന്നാലും അവനെ രക്ഷിക്കാനും സാധ്യമല്ല. ഇക്കാര്യം മന

സ്സിലാക്കി അല്ലാഹുവിൽ ഭരമേൽപ്പിച്ച് അവന്റെ തൃപ്തിമാത്രം ഉദ്ദേശിച്ച് ഉറച്ച് നിലകൊള്ളുകയാണ് വിശ്വാസികൾ ചെയ്യുക. അല്ലാഹുവിനെ സഹായിക്കുന്നവരെ അല്ലാഹു തിരിച്ച് സഹായിക്കുക തന്നെ ചെയ്യും, നിശ്ചയം അല്ലാഹു ശക്തവാനും അജയ്യനും തന്നെയാകുന്നു എന്ന് 22: 40 ലും; നിങ്ങൾ അല്ലാഹുവിനെ സഹായിക്കുകയാണെങ്കിൽ അവൻ നിങ്ങളെയും സഹായിക്കുന്നതും നിങ്ങളുടെ പാദങ്ങളും ഹൃദയങ്ങളും നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ ഉറപ്പിച്ചുനിർത്തുന്നതുമാണ് എന്ന് 47: 7 ലും പറഞ്ഞിട്ടുണ്ട്. ഇന്ന് അല്ലാഹുവിനെ സഹായിക്കൽ പ്രപഞ്ചനാഥനായ അല്ലാഹുവിനെ പരിചയപ്പെടുത്തുന്നതിനുവേണ്ടി അവന്റെ സംസാരമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കലാണ്. 2: 9–10; 3: 26–27; 4: 144 വിശദീകരണം നോക്കുക.

63. അവൻ വിശ്വാസികളുടെ ഹൃദയങ്ങൾ കൂട്ടിയിണക്കുകയുണ്ടായി, നീ ഭൂമിയിലുള്ളതെല്ലാം ചെലവഴിച്ചിരുന്നുവെങ്കിലും അവരുടെ ഹൃദയങ്ങൾ കൂട്ടിയിണക്കാൻ നിനക്ക് കഴിയുമായിരുന്നില്ല, പക്ഷേ അല്ലാഹു അവർക്കിടയിൽ ഇണക്കവും ഐക്യവുമുണ്ടാക്കി, നിശ്ചയം അവൻ അജയ്യനായ യുക്തിജ്ഞനാകുന്നു.

ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് നീട്ടിയിട്ടിരിക്കുന്ന 2: 256 ൽ പറഞ്ഞ പൊട്ടിപ്പോകാത്ത പാശമാണ്. ആരാണോ അതിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101; 4: 174–175; 5: 48 സൂക്തങ്ങളിലും; നാഥന്റെ സമ്മത പത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് 10: 100 ലും പറഞ്ഞിട്ടുണ്ട്. 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയിൽ നിന്ന് ആരാണോ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാകാത്തത്, അവൻ തെമ്മാടിയാണ് എന്ന് 32: 18 ലും; അവൻ കാഫിറാണ് എന്ന് 64: 2 ലും പറഞ്ഞിട്ടുണ്ട്. ത്രികാലജ്ഞാനമായ അദ്ദിക്ർ ഭൂമിയിലേക്ക് അവതരിപ്പിക്കുക വഴി ത്രികാലജ്ഞാനിയായ നാഥൻ നിഷ്പക്ഷവാനായിരിക്കുന്നു. അതുകൊണ്ട് അവൻ ഒരാളെയും സ്വർഗത്തിലേക്കുള്ള ഏക പാതയിലേക്കോ നരകത്തിലേക്കുള്ള വിഭിന്ന പാതകളിലേക്കോ നയിക്കുന്നില്ല. ഒരാൾക്കും രണ്ട് ഹൃദയങ്ങൾ നൽകിയിട്ടില്ല എന്ന് 33: 4 ൽ പറഞ്ഞതിന്റെ വിവക്ഷ ഒരാളിൽ വിശ്വാസവും നിഷേധവും ഒരേ സമയം സമ്മേളിക്കുകയില്ല എന്നാണ്.

ആദം മുതൽ അന്ത്യനാൾ വരെയുള്ള നബിമാരും പ്രവാചകന്മാരും വിശ്വാസികളും ചെയ്തുവരുന്ന, 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുള്ള തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവ്വഹിക്കാത്തവർ ഭൂമിയിൽ നിന്നുള്ള മുഴുവൻ സ്വർണവും ലഭിച്ചിട്ട് തെണ്ടം നൽകിയാലും വിധിദിവസത്തെ വേദനാജനകമായ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുകയില്ല എന്ന് 3: 90–91; 5: 36 സൂക്തങ്ങളിൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. ശപിക്കപ്പെട്ട കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളും നാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരുമാണെന്നും അവരോട് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത് നരകക്കുണ്ഠത്തിലെ അഗ്നിയാണെന്നും 9: 67–68 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഇത്തരം ഭ്രാന്തന്മാർ മാലിന്യമാണെന്നും, അപ്പോൾ അവരെ ശുദ്ധീകരിക്കാൻ സാധ്യമല്ലെന്നും, ഇജ്മാസിൽ ഇമാം മഹ്ദി വരുന്നതോടുകൂടി അവർ അവിടെനിന്ന് പുറത്താക്കപ്പെടുമെന്നും 7: 127, 137; 9: 28, 95 സൂക്തങ്ങളിലും വിവരിച്ചിട്ടുണ്ട്. 4: 1–2; 7: 203; 8: 2–4 വിശദീകരണം നോക്കുക.

64. ഓ നബിയായിട്ടുള്ളവനേ! നിനക്ക് അല്ലാഹു മതി -വിശ്വാസികളിൽ നിന്ന് നിന്നെ പിൻപറ്റുന്നവരും.

'ഓ നബിയായിട്ടുള്ളവനേ! നിനക്കും വിശ്വാസികളിൽ നിന്ന് നിന്നെ പിൻപറ്റുന്നവ ർക്കും അല്ലാഹു മതി' എന്നും ഈ സൂക്തത്തിന് ആശയമാകാം. 12: 108 ൽ, പ്രവാചക നോടും വിശ്വാസിയോടും: ഇതാണ് എന്റെ മാർഗ്ഗം, ഞാൻ നിങ്ങളെ അല്ലാഹുവിലേ ക്കാണ് വിളിക്കുന്നത്, ഞാനും എന്നെ പിൻപറ്റുന്നവരും ഒരു കാഴ്ചപ്പാടിലാണുള്ളത്, അല്ലാഹു ഏറ്റവും പരിശുദ്ധനാണ്, ഞാൻ അവനിൽ ഒന്നിനെയും പങ്കുചേർക്കുന്നവരിൽ പെട്ടവനുമല്ല എന്ന് പറയാനും, 28: 87 ൽ അല്ലാഹുവിന്റെ സൂക്തങ്ങൾ നിനക്ക് അവതരിക്ക പ്പെട്ടതിനുശേഷം നിന്നെ അവയെത്തൊട്ട് ഒന്നും തടയാവുന്നതല്ല, നീ നിന്റെ നാഥനി ലേക്ക് വിളിക്കുകയും ചെയ്യുക, നീ അവന്റെ അധികാരാവകാശങ്ങളിൽ ഒന്നിനെയും പ ങ്കുചേർക്കരുത് എന്നും പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളെയും അവരുടെ അനുയായിക ളായ കാഫിറുകളെയും അനുസരിക്കരുത് എന്ന് പ്രവാചകനോടും അതുവഴി വിശ്വാസി കളോടും 33: 1, 48 സൂക്തങ്ങളിലൂടെയും കൽപിച്ചിട്ടുണ്ട്. 14: 30 പ്രകാരം അവരോട്, നിങ്ങ ൾ ഇവിടെ കുറച്ചുകാലം സുഖിച്ചുകൊള്ളുക, പിന്നെ നിശ്ചയം! നിങ്ങളുടെ മടക്കം നര കക്കുണ്ഠത്തിലേക്കാണ് എന്ന് പറയാൻ കൽപിച്ചിട്ടുണ്ട്. 2: 113; 4: 150–151; 5: 67 വിശദീക രണം നോക്കുക.

65. ഓ നബിയേ! വിശ്വാസികളെ യുദ്ധത്തിന് പ്രോത്സാഹിപ്പിക്കുക, നിങ്ങളിൽ സ ഹനശീലരായ ഇരുപത് പേരുണ്ടെങ്കിൽ അവർക്ക് ഇരുന്നൂറ് പേരെ അതിജയി ക്കാവുന്നതാണ്, നിങ്ങളിൽ അത്തരം നൂറ് പേരുണ്ടെങ്കിൽ കാഫിറുകളിൽ നി ന്നുള്ള ആയിരം പേരെ നിങ്ങൾക്ക് അതിജയിക്കാം -എന്തുകൊണ്ടെന്നാൽ നി ശ്ചയം അവർ ലക്ഷ്യബോധമില്ലാത്ത ഒരു ജനതയാകുന്നു.

വിശ്വാസികൾ യുദ്ധത്തിൽ വിജയിച്ചത് അവരുടെ സംഘബലം കൊണ്ടോ ആയുധ ബലം കൊണ്ടോ അല്ലെന്നും അല്ലാഹു അവരോടൊപ്പമുള്ളതിനാലാണെന്നും അതിനാൽ ജീവിതലക്ഷ്യം മനസ്സിലാക്കി ക്ഷമയോടെ നിലകൊള്ളുകയാണ് വേണ്ടതെന്നാണ് സൂക്തം പറയുന്നത്. ജീവിതലക്ഷ്യം ഗ്രഹിക്കാത്ത ജനത നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെ ടാൻ വിധിക്കപ്പെട്ടവരാണെന്ന് 7: 179 ൽ പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിന്റെ ആശയം അറിഞ്ഞിട്ട് മൂടിവെക്കുന്ന കപടവിശ്വാസികളും അദ്ദിക്ർ എന്ത്, എന്തിന്, എന്തുകൊണ്ട് എന്നൊന്നും മനസ്സിലാക്കാൻ അല്ലാഹു നൽകിയ ബുദ്ധിശക്തിയും കാഴ്ചയും കേൾവിയും ഉപയോ ഗപ്പെടുത്താത്ത പ്രജ്ഞയറ്റവരുമാണ് അവർ. കപടവിശ്വാസികളെക്കുറിച്ച് അവർ യാഥാ ർത്ഥ്യം ഗ്രഹിക്കാത്തവരാണെന്ന് 63: 3 ലും; കപടവിശ്വാസികൾ അല്ലാഹുവിനേക്കാൾ ഭയപ്പെടുന്നത് വിശ്വാസികളെയാണെന്ന് 59: 13 ലും പറഞ്ഞിട്ടുണ്ട്. 2: 62; 3: 79–80; 6: 65 വിശദീകരണം നോക്കുക.

66. എന്നാൽ ഇപ്പോൾ അല്ലാഹു നിങ്ങളെത്തൊട്ട് ലഘൂകരിച്ചിരിക്കുന്നു, നിശ്ചയം നിങ്ങളിൽ ഇപ്പോഴും ദൗർബല്യമുണ്ടെന്ന് അവൻ അറിഞ്ഞിട്ടുണ്ട്, അപ്പോൾ നിങ്ങളിൽ സഹനശീലരായ നൂറ് പേരുണ്ടെങ്കിൽ അവർക്ക് ഇരുന്നൂറ് പേരെ അതിജയിക്കാം, നിങ്ങളിൽ അത്തരം ആയിരം പേരുണ്ടെങ്കിൽ അവർക്ക് അല്ലാ ഹുവിന്റെ വേണ്ടുകയോടുകൂടി രണ്ടായിരം പേരെ അതിജയിക്കാവുന്നതാണ്, അല്ലാ ഹു സഹനശീലരോടൊപ്പമാകുന്നു.

'നൂറ് പേർക്ക് കാഫിറുകളിൽ നിന്നുള്ള ആയിരം പേരെ അതിജയിക്കാമെന്ന്' മുൻ സൂക്തത്തിൽ പറഞ്ഞതിൽ നിന്ന് വ്യത്യസ്തമായി 'നൂറ് പേർക്ക് ഇരുന്നൂറ് പേരെ അതിജ യിക്കാം' എന്ന് ഈ സൂക്തത്തിൽ പറഞ്ഞത് വിശ്വാസികളിൽ ഇപ്പോഴും ദൗർബല്യമുണ്ട് എന്നതിനാലാണ്. ഇന്ന് വിശ്വാസികളുടെ സംഘമോ യുദ്ധമോ ഇല്ല. അദ്ദിക്റിനെ മൂടിവെ

ക്കുന്ന കപടവിശ്വാസികളോടും കുഫ്ഫാറുകളോടും 9: 73; 25: 52 സൂക്തങ്ങളുടെ കൽപന പ്രകാരം അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* മാത്രമാണുള്ളത്. കപടവിശ്വാസികളെയും കുഫ്ഫാറുകളെയും വധിച്ചുകളയണമെന്ന 4: 91, 158–159 സൂക്തങ്ങളിൽ വിവരിച്ച കൽപന നടപ്പിലാവുക ഈസാ രണ്ടാമതുവന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ്‌ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളാലാണ്. 2: 249; 4: 63, 76–77; 5: 94 വിശദീകരണം നോക്കുക.

67. നാട്ടിൽ ശത്രുക്കളെ നന്നായി അടിച്ചമർത്തുന്നതുവരെ തന്റെ കീഴിൽ ബന്ധികളുണ്ടാവുക എന്നത് ഒരു നബിക്കും യോജിച്ചതായിരുന്നില്ല, നിങ്ങൾ ഭൗതിക നേട്ടം ഉദ്ദേശിക്കുന്നു, എന്നാൽ അല്ലാഹു ഉദ്ദേശിക്കുന്നത് പരലോകമാണ്, അല്ലാഹു അജയ്യനായ യുക്തിജ്ഞനുമാകുന്നു.

68. അല്ലാഹുവിന്റെ വിധി നേരത്തെ മുൻകടന്നിട്ടില്ലായിരുന്നെങ്കിൽ നിങ്ങൾ കൈപ്പറ്റിയതിന്റെ പേരിൽ ഭയങ്കരശിക്ഷ നിങ്ങളെ ബാധിക്കുക തന്നെ ചെയ്യുമായിരുന്നു.

69. അപ്പോൾ നിങ്ങൾ നേടിയ യുദ്ധമുതലിൽ നിന്ന് പരിശുദ്ധവും അനുവദനീയവുമായ നിലക്ക് ഭക്ഷിച്ചുകൊള്ളുക, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു.

47: 4 ൽ അല്ലാഹു പറയുന്നു: നിങ്ങൾ കാഫിറുകളുമായി ഏറ്റുമുട്ടുമ്പോൾ അവരുടെ പിരടി വെട്ടുക, അങ്ങനെ നിങ്ങൾ അവരെ നന്നായി ഒതുക്കിയാൽ പിന്നെ തടവുകാരെ നന്നായി പിടിച്ചുകെട്ടിയ ശേഷം അവരോട് ഔദാര്യം കാണിക്കുകയോ പിഴ ഈടാക്കുകയോ ചെയ്യാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട് –യുദ്ധം ശമിക്കുന്നതുവരെ. അപ്പോൾ യുദ്ധം ശമിക്കുന്നതുവരെ ശത്രുവിന്റെ ശക്തി നല്ലപോലെ അടിച്ചമർത്തിയ ശേഷമേ തടവുകാരായി പിടിക്കുന്ന കാര്യം ചിന്തിക്കാൻ പാടുള്ളൂ. ഈ കൽപനയനുസരിച്ചാണ് ബദ്റിൽ വിശ്വാസികൾ മുശ്രിക്കുകളെ ബന്ധനസ്ഥരാക്കിയതും അവരോട് പിഴവാങ്ങിയതും. എങ്കിലും ശത്രുവിന്റെ ശക്തി പൂർണ്ണമായും അടിച്ചൊതുക്കണമെന്ന നിബന്ധന പൂർത്തീകരിക്കുന്ന കാര്യത്തിൽ അവർ വേണ്ടത്ര ശ്രദ്ധിക്കുകയുണ്ടായില്ല. യുദ്ധത്തിൽ ശത്രുപട തോറ്റോടിയപ്പോൾ പ്രവാചകനോടൊപ്പമുള്ളവരിലെ ഒരു വലിയ വിഭാഗം യുദ്ധമുതൽ വാരിക്കൂട്ടുന്നതിലും ശത്രുഭടൻമാരെ ബന്ധികളായി പിടിച്ചുകെട്ടുന്നതിലുമാണ് ശ്രദ്ധിച്ചത്. വളരെ കുറച്ചുപേർ മാത്രമാണ് ശത്രുക്കളെ ഏറെ ദൂരത്തോളം പിന്തുടർന്നത്.

കാഫിറുകൾ പരലോകജീവിതത്തെക്കാൾ ഐഹികലോക ജീവിതത്തിന് പ്രാധാന്യം കൊടുക്കുന്നവരാണെന്നും അവർ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ നിന്ന് മനുഷ്യരെ തടയുന്നവരും അതിനെ വക്രീകരിക്കുന്നവരുമാണെന്നും അക്കൂട്ടർ വിദൂരമായ വഴികേടിലാണെന്നും 14: 2–3 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ലോകരിൽ നാഥന്റെ കോപത്തിന് വിധേയരായ കപടവിശ്വാസികളും അവരുടെ വഴിപിഴച്ച അനുയായികളുമാണ് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത്. അവർ കണ്ട, കേട്ട, തൊട്ട, വായിച്ച സൂക്തങ്ങൾ അവർക്കെതിരായി വാദിക്കുകയും സാക്ഷിനിൽക്കുകയും ചെയ്ത് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 5: 54; 7: 169–170; 8: 12–14 വിശദീകരണം നോക്കുക.

70. ഓ നബിയേ! നിങ്ങളുടെ അധീനത്തിലുള്ള തടവുകാരോട് പറയുക: നിങ്ങളുടെ ഹൃദയങ്ങളിൽ വല്ല നന്മയുമുള്ളതായി അല്ലാഹു അറിയുന്നുവെങ്കിൽ നിങ്ങളിൽ നിന്ന് പിടിച്ച് വാങ്ങിയതിനേക്കാൾ ഉത്തമമായത് അവൻ നിങ്ങൾക്ക്

നൽകുന്നതും നിങ്ങളുടെ പാപങ്ങൾ പൊറുക്കുന്നതുമാകുന്നു, അല്ലാഹു ഏറെ പ്പൊറുക്കുന്ന കാരുണ്യവാനുമാകുന്നു.

71. എന്നാൽ അവർ നിന്നെ വഞ്ചിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ -ഇതിനുമുമ്പ് അവർ അല്ലാഹുവിനോട് വഞ്ചന ചെയ്തിട്ടുള്ളതാണല്ലോ- അപ്പോൾ അവരിൽ നിന്നുള്ളവരെ ഞാൻ നിനക്ക് പിടിച്ചുതന്നിരിക്കുന്നു, അല്ലാഹു എല്ലാം അറിയുന്ന യുക്തിജ്ഞനുമാകുന്നു.

ബന്ധികളെ പിടിച്ചുകെട്ടുന്നതിനും പിഴ ഈടാക്കുന്നതിനും യുദ്ധമുതൽ വാരിക്കൂട്ടുന്നതിനും പ്രാധാന്യം കൊടുക്കരുതെന്ന് വിശ്വാസികളോട് ഉപദേശിച്ച ശേഷം ബന്ധികളോട് പറയാൻ വേണ്ടി അല്ലാഹു കൽപ്പിക്കുകയാണ്: നിങ്ങൾ ഈ സംഭവത്തിൽ നിന്ന് പാഠമുൾക്കൊള്ളുകയും അല്ലാഹുവിന്റെ സംഘത്തെ എതിർക്കുന്നത് നിർത്തുകയുമാണെങ്കിൽ നിങ്ങളിൽ നിന്ന് ഈടാക്കിയ പിഴക്കുപകരം അതിനേക്കാൾ ഉത്തമമായ നേട്ടം നിങ്ങൾക്ക് ലഭിക്കുകയും നിങ്ങൾ ചെയ്ത കുറ്റങ്ങൾക്ക് അത് പ്രായശ്ചിത്തമായി പരിഗണിക്കുകയും ചെയ്യുന്നതാണ്.

അജയ്യനും യുക്തിജ്ഞാനിയുമായ അല്ലാഹുവിന്റെ അജയ്യവും യുക്തിനിർഭരവുമായ ഗ്രന്ഥത്തിന്റെ മൊത്തം ആശയം പിൻപറ്റുമ്പോൾ മാത്രമാണ് ഇഹലോകജീവിതം പരലോകത്തേക്കുള്ള കൃഷിയിടമായി മാറുകയും ജീവിതലക്ഷ്യം പൂവണിയുകയും ചെയ്യുക. അതുതന്നെയാണ് 'സൻമാർഗമായ അദ്ദിക്ർ പിൻപറ്റിയാൽ നിങ്ങളുടെമേൽ ഭയപ്പെടാനും നിങ്ങൾക്ക് ദുഃഖിക്കാനും ഇടവരികയില്ല' എന്ന് പറഞ്ഞതിന്റെ പൊരുളും. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത് തെമ്മാടികളായ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുമടങ്ങിയ ഫുജ്ജാറുകളാണ്. എന്നാൽ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിരിക്കുന്ന അവരുടെ പ്രവർത്തനങ്ങളൊന്നും തന്നെ 2: 186 ൽ വിവരിച്ച പ്രകാരം സ്വീകരിക്കപ്പെടുകയില്ല എന്ന് മാത്രമല്ല, 9: 67-68; 25: 65-66; 48: 6; 98: 6; 107: 4-5 തുടങ്ങിയ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർക്ക് പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക. 2: 159-162; 4: 145-147 വിശദീകരണം നോക്കുക.

72. നിശ്ചയം, വിശ്വാസികളായവരും പാലായനം ചെയ്യുകയും തങ്ങളുടെ ധനം കൊണ്ടും തങ്ങളുടെ ആത്മാവ് കൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗപരിശ്രമം ചെയ്യുന്നവരും അവർക്ക് അഭയം നൽകുകയും അവരെ സഹായിക്കുകയും ചെയ്യുന്നവരുമുണ്ടല്ലോ, അക്കൂട്ടർ തന്നെയാണ് പരസ്പരം മിത്രങ്ങൾ; വിശ്വാസികളാവുകയും എന്നാൽ നാടുവിട്ട് പോകാതിരിക്കുകയും ചെയ്യുന്നവരാരോ അവരുടെ രക്ഷാകർതൃത്വവുമായി നിങ്ങൾക്ക് യാതൊരു ബന്ധവുമില്ല -അവർ സ്വന്തം നാട് വെടിഞ്ഞുവരുന്നതുവരെ, ഇനി അവർ ദീനിന്റെ കാര്യത്തിൽ നിങ്ങളോട് സഹായം തേടിയാൽ അപ്പോൾ നിങ്ങൾക്കും നിങ്ങളുമായി കരാറിലേർപ്പെട്ടിട്ടുള്ള ജനതക്കുമെതിരായിക്കൊണ്ടല്ലാതെ നിങ്ങൾക്ക് അവരെ സഹായിക്കാവുന്നതാണ്, അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.

73. കാഫിറുകളായവർ അവർ പരസ്പരം സംരക്ഷകരാണ് എന്നിരിക്കെ നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഭൂമിയിൽ കലാപവും വമ്പിച്ച നാശവും ഉണ്ടാവുകതന്നെ ചെയ്യും.

അല്ലാഹുവിന്റെ മാർഗത്തിൽ കുടുംബവും സമ്പത്തും നാടും വിട്ട് ഒളിച്ചോടിയ *മുഹാ*

*ജിറു*കളും അവർക്ക് അഭയം നൽകിയ *അൻസാറു*കളും ഇഹത്തിലും പരത്തിലും പര സ്പരം മിത്രങ്ങളും സഹായികളുമാണെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 9: 100 ൽ, വിശ്വാസത്തിലേക്ക് മുൻകടന്ന *മുഹാജിറു*കളിൽ (പാലായനം ചെയ്തവരിൽ) നിന്നുള്ളവരെയും അൻസാറുകളിൽ (സഹായികളിൽ) നിന്നുള്ളവരെയും *ഹുസ്നാ* എന്ന ഗ്രന്ഥമായ അദ്ദിക്റിന്റെ മാർഗത്തിൽ അന്ത്യനാൾ വരെ അവരെ പിൻപ റ്റുന്നവരെയും അല്ലാഹുവും അവർ അല്ലാഹുവിനെയും പരസ്പരം തൃപ്തിപ്പെട്ടിരിക്കുന്നു. അവർക്ക് താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകൾ ഒരുക്കി വെച്ചിട്ടുണ്ടെന്നും അവർ അതിൽ എന്നെന്നും നിത്യവാസികളായിരിക്കുമെന്നും അതുതന്നെയാണ് മഹത്തായ വിജയമെന്നും പറഞ്ഞിട്ടുണ്ട്. 9: 117 ൽ, പ്രവാചകന്റെയും പ്രയാസത്തിന്റെ സമയങ്ങളിൽ പ്രവാചകനെ പിൻപറ്റിയ *മുഹാജിറു*കളുടെയും *അൻസാറു* കളുടെയും -അവരിൽ ചിലരുടെ ഹൃദയങ്ങൾ സത്യമാർഗത്തിൽ നിന്ന് ചില കാര്യങ്ങ ളിൽ അൽപമൊന്ന് തെന്നിയെങ്കിലും- പശ്ചാത്താപം അല്ലാഹു സ്വീകരിച്ചു, അവരെക്കൊ ള്ള അവൻ മടങ്ങിയിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 49: 10 ൽ, വിശ്വാസികളായ പുരുഷൻ മാരും സ്ത്രീകളും പരസ്പരം സഹോദരങ്ങളാണ്, അപ്പോൾ നിങ്ങളുടെ സഹോദരങ്ങൾ ക്കിടയിലുള്ള ബന്ധങ്ങൾ നിങ്ങൾ നന്നാക്കുക, അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുക യും ചെയ്യുക, നിങ്ങൾ അനുഗ്രഹിക്കപ്പെടുകതന്നെ വേണം എന്നതിനുവേണ്ടി എന്ന് പ റഞ്ഞിട്ടുണ്ട്.

വിശ്വാസികളുടെ ഭരണമില്ലാത്ത നാടുകളിൽ ജീവിക്കുന്ന വിശ്വാസികളെ വിശ്വാസിക ളുടെ ഭരണമുള്ള നാട്ടിലെ ഭരണാധികാരികൾക്ക് ദീനിന്റെ കാര്യത്തിൽ സഹായിക്കാവുന്ന താണ്. എന്നാൽ അത് അവരുടെ നാട്ടിലെ ഭരണാധികാരികളുമായുള്ള കരാറിന് വിരുദ്ധമാ യിക്കൊണ്ടാവരുത്. അഥവാ 2: 256 ൽ പറഞ്ഞ പ്രകാരം ദീനിൽ നിർബന്ധമില്ല എന്നിരി ക്കെ, ദീനീവിഷയത്തിൽ സഹായിക്കുക എന്ന് പറഞ്ഞാൽ നാഥന്റെ ഗ്രന്ഥമായ അദ്ദിക്ർ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യുക, അത് വഴി മനുഷ്യരുടെ ഐക്യം നിലനിർത്താനുള്ള സൗകര്യം ചെയ്ത് കൊടുക്കുക എന്നെല്ലാമാണ്. അല്ലാതെ പണം നൽകി അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ എണ്ണം വർദ്ധി പ്പിക്കാനോ അവർക്ക് പ്രൗഢിയും പ്രതാപവും ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി ര മ്യഹർമ്യങ്ങളായ പള്ളികളും മതസ്ഥാപനങ്ങളും ഉണ്ടാക്കാനോ സഹായിക്കലല്ല. കാരണം ഗ്രന്ഥത്തിൽ വിശ്വാസികളുടെ ഐക്യം, മനുഷ്യരുടെ ഐക്യം എന്നിങ്ങനെ രണ്ട് തരത്തി ലുള്ള ഐക്യം മാത്രമേ കൽപിച്ചിട്ടുള്ളൂ. ഇന്ന് വിശ്വാസികളുടെ സംഘം ലോകത്തൊരിട ത്തുമില്ല. അതുകൊണ്ട് ഇന്ന് യഥാർത്ഥ വിശ്വാസികളുടെ ഭരണമുള്ള ഒരു രാജ്യവും ലോ കത്തില്ല. വിശ്വാസികളുടെ സംഘമുണ്ടെങ്കിൽ അവർക്ക് അധികാരം നൽകുമെന്ന് 24: 55 ൽ പറഞ്ഞിട്ടുണ്ട്. മുസ്ലിം രാജ്യങ്ങൾ എന്നറിയപ്പെടുന്നവയെല്ലാം യഥാർത്ഥത്തിൽ 3: 7 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കാഫിറുകളുടെ നാടാണ്. മുസ്ലിം എന്നാൽ സർവസ്വം നാഥന് സമർപ്പിച്ചവൻ എന്നാണ്. അഥവാ 16: 89 ൽ പറഞ്ഞ പ്രകാരം എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ് യഥാർത്ഥ മുസ്ലിംകൾ. എന്നാൽ ഇന്ന് അദ്ദിക്റിനെ തള്ളിപ്പറയുകയും മൂടിവെക്കുകയും ചെയ്യുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അർഹതയില്ലാതെ മുസ്ലിംകളാണെന്ന് അവകാശപ്പെടുന്നതോടൊപ്പം പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരെ കാഫിറുകളെന്ന് മുദ്രകുത്തുന്നവരാണ്.

എന്നാൽ അവർ തന്നെയാണ് 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ മാനുഷിക ഐക്യം മാത്രമാണ് കൽപിച്ചിട്ടുള്ളത്. ഫുജ്ജാറുകൾ കൊണ്ടുനടക്കുന്ന സ്വന്തം ജനതയുടെ ഐക്യം പിശാച് പഠിപ്പിച്ചതാണ്. അത് അല്ലാഹുവും അവന്റെ ഗ്രന്ഥവും പ്രവാചകനും കൽപിച്ചിട്ടില്ല. അപ്പോൾ വർഗീയതയും അസൂയയും വളർത്താൻ സഹായിക്കുന്ന വിധത്തിലുള്ള രമ്യഹർമ്യങ്ങളായ പള്ളികൾ ഉണ്ടാക്കുന്നതും അതിന്റെ പേരിൽ പൊങ്ങച്ചം നടിക്കുന്നതുമെല്ലാം ഇസ്ലാമിന് വിരുദ്ധമാണ്. അത്തരം പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നവർ യഥാർത്ഥത്തിൽ ഇസ്ലാമിനെ നശിപ്പിക്കാനാണ് സഹായിക്കുന്നത്. മനുഷ്യരുടെ ഐക്യം സ്ഥാപിക്കുന്നതിനുവേണ്ടി, മനുഷ്യർ അവരവരെ തിരിച്ചറിഞ്ഞ് പരസ്പരം രക്തം ചിന്തുന്നത് തടയാനുപകരിക്കുന്ന, ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ മനസ്സിലാക്കാനും ലോകരിൽ പ്രചരിപ്പിക്കാനും എല്ലാ കഴിവുകളും ഉപയോഗപ്പെടുത്തുകയാണ് ഒറ്റപ്പെട്ട വിശ്വാസി ഇന്ന് ചെയ്യുക. 9: 67-68 സൂക്തങ്ങളിൽ, കപടവിശ്വാസികളും കുഫ്ഫാറുകളുമായ പുരുഷൻമാരുടെയും സ്ത്രീകളുടെയും സ്വഭാവവും 9: 71-72 സൂക്തങ്ങളിൽ, വിശ്വാസികളായ പുരുഷൻമാരുടെയും സ്ത്രീകളുടെയും സ്വഭാവവും വിവരിച്ചിട്ടുണ്ട്. 2: 177, 193, 254; 8: 48 വിശദീകരണം നോക്കുക.

74. വിശ്വാസികളായവരും അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞവരും ത്യാഗപരിശ്രമങ്ങൾ ചെയ്തവരും അവർക്ക് അഭയവും സഹായവും നൽകിയവരുമുണ്ടല്ലോ, അക്കൂട്ടർ തന്നെയാണ് യഥാർത്ഥ വിശ്വാസികൾ, അവർക്ക് പാപമോചനവും മാന്യമായ ഭക്ഷണ വിഭവങ്ങളുമുണ്ട്.

വിശ്വാസികളുടെ സംഘമുള്ള കാലത്ത് മാത്രമാണ് ഈ സൂക്തം ബാധകമാവുക. ഇന്ന് 22: 77-78 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഒറ്റപ്പെട്ട വിശ്വാസി അദ്ദിക്റിന്റെ 40 പേരുകളും മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന, അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കപടവിശ്വാസികളോടും കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യാനാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. 2: 25, 256-257; 4: 63, 158-159; 8: 2-4; 14: 30 വിശദീകരണം നോക്കുക.

75. ശേഷം വിശ്വാസികളായവരും സ്വദേശം വെടിഞ്ഞ് വരികയും നിങ്ങളോടൊപ്പം ത്യാഗപരിശ്രമങ്ങളിൽ ഏർപ്പെടുകയും ചെയ്തവരുമുണ്ടല്ലോ, അപ്പോൾ അക്കൂട്ടരും നിങ്ങളിൽ പെട്ടവരാണ്, എങ്കിലും അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ രക്തബന്ധുക്കൾ അന്യോന്യം കൂടുതൽ അവകാശമുള്ളവരാണ്, നിശ്ചയം അല്ലാഹു എല്ലാഓരോ കാര്യവും അറിയുന്ന സർവ്വജ്ഞാനിയാണ്.

അല്ലാഹുവിന്റെ മാർഗത്തിൽ നാടും വീടും വിട്ട് ഒളിച്ചോടിയ *മുഹാജിറു*കളെയും അവർക്ക് അഭയം നൽകിയ *അൻസാറു*കളെയും പോലെ അവർക്ക് ശേഷം വിശ്വാസികളാവുകയും സ്വദേശം വെടിഞ്ഞ് വരികയും നിങ്ങളോടൊപ്പം ത്യാഗപരിശ്രമങ്ങളിൽ ഏർപ്പെടുകയും ചെയ്തവരും നിങ്ങളിൽ പെട്ടവർ തന്നെയാണ് എന്നാണ് പറയുന്നത്. എന്നാൽ ഇസ്ലാമിക സാഹോദര്യ ബന്ധത്തെ ആസ്പദമാക്കി പിന്തുടർച്ചാവകാശം സ്ഥാപിതമാകുന്നതല്ല, രക്തബന്ധത്തിന്റെയോ വിവാഹബന്ധത്തിന്റെയോ അടിസ്ഥാനത്തിൽ ബാധകമാകുന്ന മറ്റ് അവകാശങ്ങളും *ദീനീ* സാഹോദര്യത്തിന്റെ പേരിൽ ലഭിക്കുന്നതല്ല. 33: 6 ൽ, വിശ്വാസികൾ നബിക്ക് അവരുടെ ആത്മാവിനെക്കാൾ പ്രാധാന്യം കൊടുക്കുന്നതാണ്, നബിയുടെ ഭാര്യമാർ അവരുടെ മാതാക്കളുമാണ്, ഗ്രന്ഥമനുസരിച്ച് രക്തബന്ധുക്കൾ പരസ്പരം മറ്റുവിശ്വാസികളെക്കാളും പലായനം ചെയ്ത് വന്നവരെക്കാളും കൂടുതൽ അ

ടുപ്പമുള്ളവരാണ്. അറിയപ്പെട്ട നിലയിൽ നിങ്ങളുടെ മിത്രങ്ങൾക്ക് വല്ല ഉപകാരവും ചെയ്യുന്നുവെങ്കിൽ അത് ഇതിൽ നിന്ന് ഒഴിവാണ്, അനന്തരാവകാശം ഗ്രന്ഥത്തിൽ അടിവരയിട്ട് രേഖപ്പെടുത്തിയതാണ് എന്ന് പറഞ്ഞിട്ടുണ്ട്. ആരാണോ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധികൽപിക്കാത്തത്, അക്കൂട്ടർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്.

അദ്ദിക്ർ കൊണ്ട് ആദ്യമാദ്യം മുന്നറിയിപ്പ് നൽകേണ്ടത് കുടുംബത്തിൽ നിന്ന് അടുത്തവരെയാണെന്ന് 26: 214 ൽ പറഞ്ഞിട്ടുണ്ട്. 17: 26 ൽ, കുടുംബത്തിൽ നിന്ന് അടുത്തവർക്ക് അവരുടെ വിഹിതം നൽകുക എന്ന് പറഞ്ഞിട്ടുണ്ട്. ദാനധർമങ്ങൾ നൽകുന്നതിൽ കുടുംബത്തിൽ നിന്ന് അടുത്തവർക്കാണ് മുൻഗണന നൽകേണ്ടതെന്നും അതുവഴി കുടുംബബന്ധം സ്ഥാപിക്കൽ കൂടി നടപ്പിലാകുമെന്നും പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ അല്ലാഹുവിന്റെ കാര്യത്തിൽ -അദ്ദിക്റിന്റെ കാര്യത്തിൽ- വിരോധം വെക്കുന്നവർ എത്ര അടുത്തവരാണെങ്കിലും അവരോട് സ്നേഹത്തോടുകൂടി പെരുമാറാനും അവരെ രക്ഷാധികാരികളും സഹായികളുമായി സ്വീകരിക്കാനും വിശ്വാസികൾക്ക് പാടില്ലെന്ന് 9: 23-24; 58: 22; 60: 1, 9 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ അറിഞ്ഞിട്ട് അതിനെ മൂടിവെക്കുന്ന അത്തരം കപടവിശ്വാസികൾക്ക് *മയ്യിത്ത്* നമസ്കരിക്കരുതെന്ന് 9: 84 ലും; ഒരാൾ നരകത്തിന്റെ സഹവാസിയാണെന്ന് വെളിവായതിന് ശേഷം അവനുവേണ്ടി പൊറുക്കലിനെ തേടാൻ നബിക്കോ വിശ്വാസിക്കോ പാടില്ല, അവർ കുടുംബത്തിൽ നിന്ന് എത്ര അടുത്തവരാണെങ്കിലും ശരി എന്ന് 9: 113-114 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടി മാത്രമേ പൊറുക്കലിനെത്തേടാൻ പാടുള്ളൂ എന്നാണ് പ്രവാചകനോടും അതുവഴി വിശ്വാസിയോടും 47: 19; 71: 28 സൂക്തങ്ങളിലൂടെ പ്രപഞ്ചനാഥൻ കൽപിക്കുന്നത്. വിശ്വാസി മാത്രമേ വിശ്വാസികളെയും കാഫിറുകളെയും വേർതിരിച്ചറിയാനുള്ള ഉരക്കല്ലായി അദ്ദിക്റിനെ ഉപയോഗപ്പെടുത്തുകയുള്ളൂ. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ വിവിധ സംഘടനകളിൽ പെട്ടവർ ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നതിനാൽ അവരുടെ സങ്കേതം നരകക്കുണ്ഠമാണെന്ന് 4: 150-151; 9: 67-68 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. പ്രകാശഗ്രന്ഥമായ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള ബന്ധം മാത്രമേ വിശ്വാസികൾ ഇഹത്തിൽ സ്വീകരിക്കാൻ പാടുള്ളൂ. അദ്ദിക്റിന് വിരുദ്ധമായ ബന്ധങ്ങളെല്ലാം പരലോകത്ത് പരസ്പരം ശത്രുതയിലായിരിക്കുമെന്ന് 43: 67 ൽ പറഞ്ഞിട്ടുണ്ട്. 9: 73 ലൂടെ നബിയേയും വിശ്വാസികളേയും വിളിച്ച്, കപടവിശ്വാസികളോടും നിഷേധത്തിനുമേൽ നിഷേധം സ്വീകരിക്കുന്ന കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* നടത്തണമെന്നും അവരോട് പരുഷമായി പെരുമാറണമെന്നും അവരുടെ മടക്കം നരകക്കുണ്ഠത്തിലേക്കാണെന്നും പറഞ്ഞിട്ടുണ്ട്. അപ്പോൾ ഗ്രന്ഥത്തിന്റെ ആശയത്തിലേക്ക് വരാത്ത ഫുജ്ജാറുകളായ മാതാപിതാക്കൾ, മക്കൾ, ഭാര്യാഭർത്താക്കൻമാർ ആരാണെങ്കിലും ശരി, അവരോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തുകയും മനസ്സുകൊണ്ട് അവരെ വെറുക്കുകയും വേണം. അതാണ് *'അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തിപ്പെടുകയും അല്ലാഹുവിന്റെ കോപത്തിൽ കോപിക്കുകയും അല്ലാഹുവിന്റെ തൃപ്തിയിൽ നൽകുകയും അല്ലാഹുവിന്റെ അതൃപ്തിയിൽ നൽകാതിരിക്കുകയും ചെയ്യുന്നതുവരെ നിങ്ങളിൽ ഒരാളും വിശ്വാസിയാവുകയില്ല'* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ച

തിന്റെ പൊരുൾ. 17: 24 ൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളായ മാതാപിതാക്കളെ വിശ്വാസി അനുസരിക്കാവുന്നതല്ല. എന്നാൽ 31: 15 ൽ വിവരിച്ച പ്രകാരം ഭക്ഷണം, വസ്ത്രം, ചികിത്സ, താമസസൗകര്യം തുടങ്ങിയ അവരുടെ ആവശ്യങ്ങളെല്ലാം നിർവ്വഹിച്ച് കൊടുത്തു കൊണ്ട് അവരോട് നല്ലനിലയിൽ പെരുമാറേണ്ടതാണ്. വിശ്വാസിയാകാതെ ഒരാളും സ്വർഗത്തിൽ പ്രവേശിക്കുകയില്ല എന്ന് 40: 40 ൽ പറഞ്ഞിട്ടുണ്ട്. *'നിങ്ങളിൽ ഒരാളും വിശ്വാസിയാവുകയില്ല,* നിങ്ങളുടെ ദേഹേച്ഛ ഞാൻ കൊണ്ടുവന്നത് -മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട അദ്ദിക്ർ- പിൻപറ്റുന്നതുവരെ' എന്നും പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 2: 186; 7: 8–9; 9: 65; 10: 100 വിശദീകരണം നോക്കുക.

9. അത്തൗബ

തൗബ എന്നും ബറാഅഃ എന്നും ഈ സൂറത്തിന് നാമമുണ്ട്. വിശ്വാസികളുടെ ചില വൈകല്യങ്ങൾക്ക് മാപ്പുനൽകിക്കൊണ്ട് അവതരിച്ച 117-ാം സൂക്തത്തിൽ നിന്നാണ് തൗബ (പശ്ചാത്താപം) എന്ന പേര് ലഭിച്ചത്. ഒന്നാം സൂക്തത്തിൽ മുശ്രിക്കുകളോടുള്ള ഉത്തര വാദിത്തത്തിൽ നിന്ന് വിമുക്തി പ്രഖ്യാപിച്ചിട്ടുണ്ട്. അതാണ് ബറാഅഃ (വിമുക്തി പ്രഖ്യാപനം) എന്ന പേരിന് ആസ്പദം. പൂർണ്ണമായും മദീനയിൽ അവതരിപ്പിക്കപ്പെട്ട ഈ സൂറത്തിൽ 129 സൂക്തങ്ങളാണുള്ളത്.

ഹിജ്റ 9-ാം വർഷം പ്രവാചകനും 30,000 അനുയായികളും റോമൻ സൈന്യത്തെ പ്രതിരോധിക്കാൻ തബൂക്കിലേക്ക് പുറപ്പെട്ടു. അതേവർഷം തന്നെ അബൂബക്കറിന്റെ നേതൃത്വത്തിൽ ഒരുവിഭാഗം വിശ്വാസികൾ ഹജ്ജിൽ പങ്കെടുക്കാൻ പോവുകയുണ്ടായി. പ്രവാചകനും അനുയായികളും തബൂക്കിൽ എത്തുന്നതിന് മുമ്പുതന്നെ റോമൻ പട്ടാളം പിൻവാങ്ങിയെങ്കിലും തബൂക്കിൽ ഒരുമാസം തങ്ങിയതിന് ശേഷമാണ് അവർ മദീനയിലേക്ക് തിരിച്ചു വന്നത്. ഈ സൂറത്തിലെ 1 മുതൽ 40 വരെയുള്ള സൂക്തങ്ങൾ അവതരിച്ചത് പ്രവാചകൻ മദീനയിലേക്ക് തിരിച്ചുവരുമ്പോഴാണ്. അപ്പോൾ തന്നെ ഈ സൂക്തങ്ങൾ അറഫാദിനത്തിൽ ജനങ്ങളോട് പ്രഖ്യാപിക്കുന്നതിന് വേണ്ടി അലിയുടെ പക്കൽ മക്കയിലുള്ള അബൂബക്കറിന് കൊടുത്തയക്കുകയുണ്ടായി.

അധിക കപടവിശ്വാസികളും പ്രവാചകനെ അനുഗമിക്കാതെയും അബൂബക്കറിനോടൊപ്പം ഹജ്ജിന് പോകാതെയും മദീനയിൽ തന്നെ പിൻതിരിഞ്ഞ് ഇരിക്കുകയാണുണ്ടായത്. കാപട്യം പ്രചരിപ്പിക്കുന്നതിനും വിശ്വാസികൾക്കിടയിൽ ഛിദ്രതയുണ്ടാക്കുന്നതിനും ഖസ്റജ് ഗോത്രത്തിലെ ക്രൈസ്തവ പുരോഹിതനായ അബൂആമിറിന് താവളമൊരുക്കുന്നതിനും വേണ്ടി മദീനയിൽ അവർ ഉപദ്രവകരമായ ഒരു പള്ളി പണിയുകയുണ്ടായി. മക്കാമുശ്രിക്കുകളെയും റോമൻ സാമ്രാജ്യത്തെയും പ്രവാചകനും അനുയായികൾക്കുമെതിരെ യുദ്ധത്തിന് പ്രേരിപ്പിച്ചിരുന്നത് അബൂആമിർ ആയിരുന്നു. തബൂക്കിൽ നിന്ന് തിരിച്ചു വരുമ്പോൾ പ്രസ്തുത പള്ളി പൊളിച്ചു കളയാനുള്ള നിർദേശം നാഥൻ ദിവ്യസന്ദേശമായി പ്രവാചകന് നൽകിയതനുസരിച്ച് അനുയായികളിൽ കുറച്ചുപേർ ചേർന്ന് അത് പൊളിച്ചുകളയുകയുണ്ടായി. അതോടനുബന്ധിച്ച് സന്മാർഗമായ അദ്ദിക്ർ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാത്ത ഒരു പള്ളിയിലും വിശ്വാസിക്ക് പ്രവേശിക്കാൻ പാടില്ല എന്ന് പഠിപ്പിക്കുകയും ചെയ്തു. തിന്മ കൽപിക്കുകയും നന്മ വിരോധിക്കുകയും ചെയ്യുന്ന കപടവിശ്വാസികളും കുഫ്ഫാറുകളും തെമ്മാടികളാണ് എന്നും, അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത അവരുടെ നമസ്കാരമോ ദാനധർമങ്ങളോ മറ്റ് പ്രവർത്തനങ്ങളോ സ്വീകരിക്കുകയില്ല എന്നും, മാത്രമല്ല, അവരുടെ സമ്പത്തുകൊണ്ടും സന്താനങ്ങൾ കൊണ്ടും ഇഹത്തിൽ തന്നെ അവരെ ശിക്ഷിക്കാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, അവർ കാഫിറായി ജീവൻ വെടിയുകയും ചെയ്തിരിക്കുന്നു എന്നും പഠിപ്പിക്കുന്നു. അവ

രുടെ മടക്കസങ്കേതം നരകക്കുണ്ഠമാണെന്നും, കപടവിശ്വാസികളിൽ നിന്നുള്ള ആർക്കുവേണ്ടിയും, അവർ മാതാപിതാക്കളോ മക്കളോ സഹോദരങ്ങളോ ആയാലും പൊറുക്കലിനെത്തേടാനോ മയ്യിത്ത് നമസ്കരിക്കാനോ പ്രവാചകനും വിശ്വാസികൾക്കും പാടില്ലെന്നും പഠിപ്പിച്ചിട്ടുണ്ട്. കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും മാലിന്യമായതിനാൽ മസ്ജിദുൽ ഹറമിലേക്ക് പ്രവേശിപ്പിക്കരുത് എന്ന് മാത്രമല്ല, വിശ്വാസികളുടെ ഒരു സംഘമുണ്ടെങ്കിൽ ഇത്തരം കപടവിശ്വാസികളെയും അനുയായികളെയും വധിച്ചുകൊണ്ട് ഈ സൂറത്തിലെ 5, 123 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കണമെന്നും കൽപിച്ചിട്ടുണ്ട്. എന്നാൽ ഈസാ രണ്ടാമത് വന്നതിനുശേഷം മാത്രമാണ് പ്രസ്തുത കൽപന നടപ്പിലാവുക.

1. നിങ്ങളുമായി കരാറിലേർപ്പെട്ടിട്ടുള്ളവരായ മുശ്രിക്കുകളിൽ നിന്നുള്ളവരോട് അല്ലാഹുവിൽ നിന്നും അവന്റെ പ്രവാചകനിൽ നിന്നുമുള്ള വിമുക്തി പ്രഖ്യാപനമാണിത്.

വിശ്വാസികളുടെയും മക്കാമുശ്രിക്കുകളുടെയും ഇടയിൽ ഹിജ്റ 6-ാം വർഷം 48: 20 ൽ പറഞ്ഞ പ്രകാരം ഹുദൈബിയായിൽ വെച്ച് ഒരു കരാർ ഉണ്ടാക്കിയിരുന്നു. എന്നാൽ മക്കാമുശ്രിക്കുകൾ അതിലെ വ്യവസ്ഥകൾ ഓരോന്നായി ലംഘിക്കാൻ തുടങ്ങി. തുടർന്ന് ഹിജ്റ 8-ാംവർഷം 'മക്കാവിജയം' നടക്കുകയും മക്ക വിശ്വാസികളുടെ അധീനത്തിൽ വരികയും ചെയ്തു. എന്നാൽ ആ വർഷത്തിൽ പഴയ സമ്പ്രദായമനുസരിച്ചാണ് ഹജ്ജ് നടന്നത്. 9-ാം വർഷം നടന്ന രണ്ടാമത്തെ ഹജ്ജ് പ്രവാചകന്റെ അനുയായികൾ അബൂബക്കർ സ്വിദ്ദീഖിന്റെ നേതൃത്വത്തിൽ ഇസ്ലാമിക രീതിയിലും മുശ്രിക്കുകൾ അവരുടെ സമ്പ്രദായപ്രകാരവും നിർവ്വഹിച്ചു. ആ *ഹജ്ജുൽ അക്ബർ* ദിനത്തിൽ ഹാജിമാരുടെ പൊതുസമ്മേളനത്തിൽ ഈ സൂറത്തിലെ 1 മുതൽ 40 വരെയുള്ള സൂക്തങ്ങൾ പ്രവാചകന്റെ നിർദ്ദേശപ്രകാരം ജനങ്ങളെ കേൾപ്പിക്കുകയുണ്ടായി. അതോടൊപ്പം താഴെപറയുന്ന നാല് കാര്യങ്ങൾ പ്രത്യേകം വിളംബരം ചെയ്തു. 1) വിശ്വാസിയാകാതെ ഒരാളും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല. 2) അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന (മുശ്രിക്കുകൾ) ഒരാളും ഈ വർഷത്തിന് ശേഷം ഹജ്ജിന് പങ്കെടുക്കാവുന്നതല്ല. 3) നഗ്നരായിക്കൊണ്ട് *കഅ്ബ* പ്രദക്ഷിണം ചെയ്യുന്നത് നിരോധിച്ചിരിക്കുന്നു. 4) പ്രവാചകനുമായി ഉടമ്പടി നിലനിൽക്കുന്നവരോട് അഥവാ കരാർ ലംഘിച്ചിട്ടില്ലാത്തവരോട് കാലാവധിവരെ കരാർവ്യവസ്ഥകൾ പാലിക്കുന്നതാണ്.

മൂന്നാമത്തെ ഹജ്ജ് ഹിജ്റ 10-ാം വർഷത്തിൽ പ്രവാചകന്റെ നേതൃത്വത്തിൽ പൂർണ്ണമായും ഇസ്ലാമിക സമ്പ്രദായത്തിലാണ് നിർവ്വഹിക്കപ്പെട്ടത്. വിടവാങ്ങൽ ഹജ്ജ് (*ഹജ്ജത്തുൽ വിദാഅ്*) എന്നപേരിൽ അറിയപ്പെടുന്ന ഹജ്ജാണിത്. ആ ദിനത്തിലാണ് സൂക്തം 5: 3 അവതരിപ്പിച്ചുകൊണ്ട് ആദം നബി മുതൽ -മനുഷ്യാരംഭം മുതൽ- അന്ത്യനാൾ വരെയുള്ള ജനങ്ങൾക്ക് സ്രഷ്ടാവ് തൃപ്തിപ്പെട്ട ഏക ജീവിതവ്യവസ്ഥയായ ഇസ്ലാം പൂർണ്ണമാക്കിയത്.

3: 7 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് മുപ്പത് വർഷങ്ങൾക്ക് ശേഷം ഗ്രന്ഥം വായിക്കുന്നവർ 3 വിഭാഗങ്ങളാണ്. അവരിൽ അദ്ദിക്റിന്റെ വിധിവിലക്കുകൾ പിൻപറ്റുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമാണ് 2: 256; 3: 101; 4: 174-175 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നേരെച്ചൊവ്വെയുള്ള പാതയിലുള്ളത്. വിശ്വാസി 1: 4 വായിക്കുമ്പോൾ 1: 7 ൽ പറഞ്ഞ നാഥന്റെ കോപത്തിന് വിധേയരായ കപടവിശ്വാസികളും

അവരുടെ വഴിപിഴച്ചുപോയ അനുയായികളായ ഫാജിറുകളും അടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ ഉൾപ്പെടുത്തരുതേ എന്നാണ് ആത്മാവുകൊണ്ട് പ്രാർത്ഥിക്കേണ്ടത്. 3: 19, 85; 7: 127, 137; 10: 41; 109: 6 വിശദീകരണം നോക്കുക.

2. അപ്പോൾ നിങ്ങൾ ഭൂമിയിൽ നാലുമാസം സൈരമായി സഞ്ചരിച്ചുകൊള്ളുക, നിങ്ങൾ അറിഞ്ഞിരിക്കുകയും ചെയ്യുക, നിശ്ചയം നിങ്ങൾ അല്ലാഹുവിനെ പരാജയപ്പെടുത്തുന്നവരൊന്നുമല്ല, നിശ്ചയം അല്ലാഹു കാഫിറുകളെ നിന്ദ്യരാക്കുന്നതുമാകുന്നു.

ഏതെങ്കിലും ഒരു ജനത നിങ്ങളോട് കരാർ ലംഘനവും രാജ്യദ്രോഹവും കാണിക്കുന്നു എന്ന് വ്യക്തമായാൽ അവരുമായുള്ള കരാർ പരസ്യമായി റദ്ദാക്കേണ്ടതാണെന്നും നിങ്ങളുമായി ഞങ്ങൾക്ക് യാതൊരു കരാറുമില്ലെന്ന് തുറന്ന് പ്രഖ്യാപിക്കേണ്ടതാണെന്നും 8: 58 ൽ പറഞ്ഞിട്ടുണ്ട്. ഇങ്ങനെ പരസ്യപ്രഖ്യാപനം കൂടാതെ സന്ധിയിലിരിക്കുന്ന ഒരു ജനതക്കെതിരെ യുദ്ധനടപടികൾ ആരംഭിക്കുന്നത് വഞ്ചനാപരമാണ്. ഈ ധാർമ്മിക പെരുമാറ്റച്ചട്ടമനുസരിച്ച് കരാർ നിലവിലിരിക്കെ ഇസ്ലാമിനെതിരിൽ നിരന്തരം ഗൂഢാലോചനകൾ നടത്തിക്കൊണ്ടിരിക്കുകയും സന്ദർഭം കിട്ടുമ്പോഴൊക്കെ കരാർ വ്യവസ്ഥ വലിച്ചെറിഞ്ഞ് ഇസ്ലാമിന്റെ ശത്രുക്കളായി മാറിയ മദീനയിലെ ജൂതരുമായി കൈകോർക്കുകയും ചെയ്തിരുന്ന മുശ്രിക്ക് ഗോത്രങ്ങളുമായി ഉണ്ടായിരുന്ന ഉടമ്പടി ദുർബലപ്പെടുത്തിക്കൊണ്ടാണ് ഈ പൊതുവിളംബരം നൽകപ്പെട്ടിരിക്കുന്നത്. ഹിജ്റ 9-ാം വർഷം *ദുൽഹജ്ജ്* 10-ാം തിയ്യതിയാണ് ഈ പ്രഖ്യാപനമുണ്ടായത്. അന്ന് മുതൽ ഹിജ്റ 10-ാം വർഷം *റബീഉൽ ആഖിർ* 10 വരെ നാലുമാസം, തങ്ങളുടെ നിലപാടുകൾ തിരുത്തുന്നതിനായി അവർക്ക് അവധി നൽകപ്പെട്ടു.

പ്രവാചകന്റെ കാലത്ത് നാഥന്റെ വേദം ഒരു ഗ്രന്ഥമായി ക്രോഡീകരിച്ചിരുന്നില്ല. എന്നാൽ അതിലെ സൂക്തങ്ങൾ മക്കാമുശ്രിക്കുകളുടെ ഭാഷയിലാണ് അവതരിച്ചിട്ടുള്ളത്. എഴുത്തും വായനയുമറിയാമായിരുന്ന അവർ അതിനെ എതിർത്തതുകൊണ്ടാണ് സത്യനിഷേധികളായ കാഫിറുകളായി മാറിയത്. 2: 85; 4: 91; 6: 25-26 വിശദീകരണം നോക്കുക.

3. അല്ലാഹുവിൽ നിന്നും അവന്റെ പ്രവാചകനിൽ നിന്നും എല്ലാ മനുഷ്യർക്കുമായി വലിയ ഹജ്ജ് ദിനത്തിലുള്ള പൊതു വിളംബരമാണിത്, നിശ്ചയം അല്ലാഹുവും അവന്റെ പ്രവാചകനും മുശ്രിക്കുകളിൽ നിന്നുള്ളവരോടുള്ള ബാധ്യതകളിൽ നിന്ന് മുക്തനായിരിക്കുന്നു, ഇനി നിങ്ങൾ പശ്ചാത്തപിക്കുന്നുവെങ്കിൽ അപ്പോൾ അതുതന്നെയാണ് നിങ്ങൾക്ക് ഉത്തമം, നിങ്ങൾ പിന്തിരിയുന്നവരാണെങ്കിലോ അപ്പോൾ നിങ്ങൾ അറിഞ്ഞിരിക്കുക, നിശ്ചയം നിങ്ങൾ അല്ലാഹുവിനെ പരാജയപ്പെടുത്തുന്നവരൊന്നുമല്ല, കാഫിറുകളായവർക്ക് വേദനാജനകമായ ശിക്ഷകൊണ്ട് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

വിടവാങ്ങൽ ഹജ്ജിലെ *(ഹജ്ജത്തുൽ വിദാഅ്)* പ്രസംഗമധ്യേ സദസ്യരോട് പ്രവാചകൻ ഇത് ഏത് ദിവസമെന്ന് ചോദിച്ചപ്പോൾ 'വലിയ ഹജ്ജുദിനം' എന്ന് അവർ മറുപടി പറഞ്ഞു. അറബികൾ *ഉംറക്ക്* 'ചെറിയ ഹജ്ജ്' (*ഹജ്ജുൽ അസ്ഗർ*) എന്നും *ദുൽ ഹജ്ജ്* നാളുകളിലെ നിശ്ചിത തിയ്യതികളിൽ നിർവ്വഹിക്കപ്പെടുന്ന ഹജ്ജിന് 'വലിയ ഹജ്ജ് (*ഹജ്ജുൽ അക്ബർ*)' എന്നും പറയാറുണ്ട്. *ഹജ്ജത്തുൽ വിദാഇലെ* അറഫാദിനം വെള്ളിയാഴ്ചയായിരുന്നതിനാൽ അറഫാദിനം വെള്ളിയാഴ്ച വരുന്നതിനും *ഹജ്ജുൽ അക്ബർ*

എന്ന് പറയാറുണ്ട്. *ഹജ്ജ് എന്നാൽ അറഫയാണെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അതിനാൽ 'വലിയ ഹജ്ജ് ദിനം' എന്നതുകൊണ്ടുദ്ദേശ്യം വിടവാങ്ങൽ ഹജ്ജിലെ *അറഫാ* ദിനമാണെന്ന് മനസ്സിലാക്കാം.

ഇന്ന് ഗ്രന്ഥം വായിക്കുന്ന ഫുജ്ജാറുകളിലെ വിവിധ സംഘടനകളുടെ നേതാക്കളും അവരുടെ അനുയായികളുമാണ് യഥാർത്ഥ കാഫിറുകളും അക്രമികളും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരും. പിശാചിന്റെ വീടായ നരകക്കുണ്ഠത്തിൽ വെച്ച് അവർ തമ്മിൽ പരസ്പരം തർക്കിക്കുന്ന, ശപിക്കുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി ഇത്തരം കാഫിറുകളോട് 109: 6 പ്രകാരം നിങ്ങൾക്ക് നിങ്ങളുടെ ജീവിതരീതി, എനിക്ക് യഥാർത്ഥ ജീവിതരീതിയും എന്ന് പറയാനും; 14: 30 പ്രകാരം ബോറന്മാരുടെ വീടായ നരകക്കുണ്ഠത്തിലേക്കുള്ള അവരോട് നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിച്ചു കൊള്ളുക, നിശ്ചയം! നിങ്ങളുടെ മടക്കം നരകക്കുണ്ഠത്തിലേക്കാണ് എന്ന് പറയാനുമാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. പ്രവാചകനും പ്രവാചകനെ പിൻപറ്റുന്ന വിശ്വാസിക്കും കപടവിശ്വാസികളെയും അനുയായികളായ കാഫിറുകളെയും അനുസരിക്കാൻ പാടില്ല എന്ന് 33: 1, 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 254; 4: 138-140; 7: 37 വിശദീകരണം നോക്കുക.

4. നിങ്ങളുമായി കരാറിലേർപ്പെടുകയും പിന്നെ അത് പാലിക്കുന്നതിൽ വീഴ്ചയൊന്നും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരായി ആരെയും സഹായിക്കാതിരിക്കുകയും ചെയ്ത മുശ്രിക്കുകളിൽ നിന്നുള്ളവരോടൊഴികെ, അപ്പോൾ അവരിലേക്ക് അവരുടെ കരാറുകൾ അവയുടെ അവധിവരെ നിങ്ങളും പാലിക്കുന്നവരാവുക, നിശ്ചയം അല്ലാഹു സൂക്ഷ്മതയുള്ളവരെ ഇഷ്ടപ്പെടുന്നവനാകുന്നു.

കരാർ പാലിക്കുകയും വിശ്വാസികൾക്കെതിരായി അവരുടെ ശത്രുക്കളെ സഹായിക്കാതിരിക്കുകയും ഇങ്ങോട്ട് ഉപദ്രവത്തിന് വരാതിരിക്കുകയും ചെയ്യുന്നവരോട് പ്രതികാരത്തിനും വിദ്വേഷത്തിനും യാതൊരു നീതിയുമില്ല എന്നാണ് ഈ സൂക്തത്തിലൂടെ അല്ലാഹു വിശ്വാസികളെ പഠിപ്പിക്കുന്നത്. ദീനിന്റെ കാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാത്തവരോടും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാത്തവരോടും നന്മയിലും നീതിയിലും വർത്തിക്കുന്നത് അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല, നിശ്ചയം അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു എന്ന് 60: 8 ലും; നിശ്ചയം അല്ലാഹു നിങ്ങളോട് സഹവസിക്കൽ വിരോധിച്ചിട്ടുള്ളത് ദീനിൽ നിങ്ങളോട് യുദ്ധം ചെയ്യുന്ന കപടവിശ്വാസികളോടും നിങ്ങളെ നിങ്ങളുടെ വീടുകളിൽ നിന്ന് പുറത്താക്കുന്നവരോടും നിങ്ങളെ പുറത്താക്കാൻ വേണ്ടി മറ്റുള്ളവരെ സഹായിച്ചവരോടും മാത്രമാണ്. നിങ്ങളിൽ ആരെങ്കിലും അത്തരക്കാരെ മിത്രങ്ങളായി തെരഞ്ഞെടുത്താൽ അപ്പോൾ അക്കൂട്ടർ തന്നെയാണ് അക്രമികൾ എന്ന് 60: 9 ലും പറഞ്ഞിട്ടുണ്ട്. 2: 138; 4: 135; 6: 89-90; 7: 40-41 വിശദീകരണം നോക്കുക.

5. ഇനി യുദ്ധം നിഷിദ്ധമായ മാസങ്ങൾ കഴിഞ്ഞുപോയാൽ അപ്പോൾ നിങ്ങൾ മുശ്രിക്കുകളെ എവിടെവെച്ച് എപ്പോൾ കണ്ടാലും വധിച്ചു കൊള്ളുക, നിങ്ങൾ അവരെ പിടികൂടുകയും അവരെ ഉപരോധിക്കുകയും എല്ലാ മർമ്മസ്ഥലങ്ങളിലും അവർക്കുവേണ്ടി പതിയിരിക്കുകയും ചെയ്യുക, ഇനി അവർ പശ്ചാത്തപിക്കുകയും മുറപ്രകാരം നമസ്കാരം അനുഷ്ഠിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നുവെങ്കിൽ അപ്പോൾ അവരെ അവരുടെ വഴിക്ക് വിട്ടേക്കുക,

നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനുമാകുന്നു.

9: 2 ൽ വിവരിച്ച 4 മാസങ്ങളാണ് ഇവിടെ പറഞ്ഞ യുദ്ധം നിഷിദ്ധമാക്കപ്പെട്ട മാസങ്ങൾ. സൂക്തം അവതരിക്കുന്ന കാലത്ത് *മുശ്രിക്കുകൾ* എന്നതുകൊണ്ട് ഉദ്ദേശിച്ചിരുന്നത് ഇബ്റാഹീം, ഇസ്മാഈൽ എന്നിവരുടെ സന്തതിപരമ്പരകളാണെന്ന് അവകാശപ്പെടുകയും അവരുടെ മാർഗമാണ് ഞങ്ങൾ പിൻപറ്റുന്നതെന്ന് വാദിക്കുകയും ചെയ്തിരുന്ന വിഗ്രഹാരാധകരായ മക്കാമുശ്രിക്കുകളെയായിരുന്നു. എന്നാൽ ഇന്ന് 30: 30-32 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം, അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിന്റെ നേരെചൊവ്വെയുള്ള ജീവിത വ്യവസ്ഥയിൽനിന്ന് ഭിന്നിച്ച്, 58: 22 ൽ പറഞ്ഞ അല്ലാഹുവിന്റെ ഏകസംഘത്തിൽ ഉൾപ്പെടാതെ 58: 19 ൽ പറഞ്ഞ പിശാചിന്റെ വിവിധ സംഘങ്ങളിൽ ഉൾപെടുകയും ഇസ്ലാമിന്റെ ലേബലിൽ തന്നെ അറിയപ്പെടുകയും ചെയ്യുന്ന വിവിധ സംഘടനക്കാരാണ്.

33: 73; 98: 6 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരാണ്. അവരുടെമേൽ അല്ലാഹുവിന്റെ ശാപവും കോപവും ആപതിച്ചിട്ടുണ്ടെന്നും അവരുടെ മടക്കം നരകക്കുണ്ഠത്തിലേക്കാണ് എന്നും 48: 6 ൽ പറഞ്ഞിട്ടുണ്ട്. അക്കൂട്ടരാണ് അല്ലാഹുവിന്റെയും പ്രവാചകന്റെയും വിശ്വാസികളുടെയും ശത്രുക്കൾ എന്ന് 41: 26-29; 63: 1-4 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാകാത്ത ഒരാളിൽ നിന്നും നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ തുടങ്ങിയ കർമങ്ങളൊന്നും തന്നെ സ്വീകരിക്കപ്പെടുകയില്ലെന്ന് മാത്രമല്ല, 2: 186; 4: 142-143; 7: 179; 25: 65-66 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ ഇവിടെ ലക്ഷ്യബോധമില്ലാതെ ജീവിച്ചതിന് പിഴയായി നരകക്കുണ്ഠമാണ് അവർക്ക് ലഭിക്കുക. ഇന്ന് ലോകത്തൊരിടത്തും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ ഈ സൂക്തത്തിന്റെയും 4: 91; 5: 33; 9: 123; 33: 60-61 സൂക്തങ്ങളുടെയും കൽപന ഈസാ രണ്ടാമതുവന്നതിനുശേഷം മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി, അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാലാണ് നടപ്പിലാക്കപ്പെടുക. 4: 150-151, 158-159; 7: 175-176; 8: 22 വിശദീകരണം നോക്കുക.

6. ബഹുദൈവവിശ്വാസികളിൽ പെട്ട ആരെങ്കിലും നിന്നോട് അഭയം ചോദിച്ചാൽ അപ്പോൾ നീ അവന് അഭയം കൊടുക്കണം -അല്ലാഹുവിന്റെ വചനം കേൾക്കുന്നതുവരെ, പിന്നീട് അവനെ അവന്റെ സുരക്ഷിതമായ സ്ഥാനത്ത് എത്തിച്ചുകൊടുക്കുകയും വേണം, അത് നിശ്ചയം അവർ അറിവില്ലാത്ത ഒരു ജനതയായതുകൊണ്ടാണ്.

മൊത്തം മനുഷ്യരോടുള്ള പ്രപഞ്ചനാഥന്റെ സംസാരമായ അദ്ദിക്ർ കേൾക്കാത്തവരും കിട്ടാത്തവരുമായ ജനവിഭാഗങ്ങൾക്ക് അഭയം നൽകണമെന്നും സുരക്ഷിതസ്ഥാനത്തേക്ക് അവരെ അകമ്പടി സേവിച്ച് എത്തിച്ചുകൊടുക്കണമെന്നും വിശ്വാസികളോട് കൽപ്പിക്കുകയാണ്. ഈ സൂക്തത്തിൽ പറഞ്ഞ മുശ്രിക്കുകൾ (ബഹുദൈവവിശ്വാസികൾ) പ്രവാചകന്റെ സമുദായത്തിൽ പെട്ട ബഹുദൈവാരാധകരും വിഗ്രഹാരാധകരുമാണ്. ഈ സൂക്തത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രന്ഥം ലഭിക്കാത്ത ഇതരജനവിഭാഗങ്ങളോട് സഹവസിക്കേണ്ടതെങ്കിൽ നിഷേധത്തിനുമേൽ നിഷേധം കൈക്കൊള്ളുന്ന, അദ്ദിക്റിനെ മൂടിവെക്കുന്ന നിങ്ങൾക്കിടയിലുള്ള കുഫ്ഫാറുകളെ നിങ്ങൾ വധിച്ചുകളയുക, നിങ്ങളിൽ അവർ കാർക്കശ്യവും ദേഷ്യവും കണ്ടെത്തട്ടെ എന്നാണ് 9: 123 ൽ വിശ്വാസികളെ വിളിച്ച് അല്ലാഹു പറഞ്ഞിട്ടുള്ളത്. ഈ സൂക്തത്തിൽ പറഞ്ഞ കുഫ്ഫാറുകളിൽ ഉൾപ്പെടുക

48: 6; 98: 6 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളുമാണ്. എന്നാൽ ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ 3: 153; 8: 49 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളോടും അതിനെ തള്ളിപ്പറയുന്ന കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യാനാണ് ഒറ്റപ്പെട്ട വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. കൂടാതെ 2: 62 ൽ വിവരിച്ച പ്രകാരം മാനുഷികഐക്യം സ്ഥാപിതമാകുന്നതിനുവേണ്ടി ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുകയും വേണം. 8: 74–75 വിശദീകരണം നോക്കുക.

7. മുശ്രിക്കുകൾക്ക് അല്ലാഹുവിന്റെ അടുക്കലും അവന്റെ പ്രവാചകന്റെ അടുക്കലും കരാറുകൾ നിലനിൽക്കുന്നതെങ്ങനെ? മസ്ജിദുൽ ഹറമിനടുത്തുവെച്ച് നിങ്ങളുമായി കരാർ ചെയ്തവരോടൊഴിച്ച്, അപ്പോൾ അവർ നിങ്ങളോട് കരാർ പാലിച്ച് നേരെച്ചൊവ്വേ വർത്തിക്കുകയാണെങ്കിൽ നിങ്ങൾ അവരോടും നേരെചൊവ്വേ വർത്തിക്കുവിൻ, നിശ്ചയം അല്ലാഹു സൂക്ഷ്മാലുക്കളെ ഇഷ്ടപ്പെടുന്നവനാകുന്നു.

ഇന്ന് ഇത്തരം സൂക്തങ്ങൾ അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ 2: 27; 7: 172 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനുമായി ചെയ്ത ഉടമ്പടിയും മനുഷ്യരുമായി ചെയ്യുന്ന ഉടമ്പടികളും കരാറുകളും മുറിച്ചുകളയുന്നവരാണ്. ആയിരത്തിൽ ഒന്നായ വിശ്വാസിയോട് 25: 52 പ്രകാരം അവരെ അനുസരിക്കരുതെന്ന് കൽപിച്ചിട്ടുണ്ട്. 2: 2; 30: 30–32 വിശദീകരണം നോക്കുക.

8. എങ്ങനെയാണ് കരാറുകൾ നിലനിൽക്കുക, നിങ്ങളുടെമേൽ അവർക്ക് മേൽക്കോയ്മ ലഭിക്കുകയാണെങ്കിൽ പിന്നെ നിങ്ങളുടെ കാര്യത്തിൽ കുടുംബ ബന്ധമോ കരാർ ബന്ധമോ ഒന്നും തന്നെ അവർ പരിഗണിക്കുകയില്ല എന്നിരിക്കെ, അവരുടെ വായകൊണ്ട് അവർ നിങ്ങളെ പ്രീതിപ്പെടുത്താൻ ശ്രമിക്കുന്നു, എന്നാൽ അവരുടെ ഹൃദയങ്ങളിൽ പകയാണുള്ളത്, അവരിൽ അധികപേരും തെമ്മാടികളുമാകുന്നു.

വിശ്വാസികൾ സംഘബലമോ അധികാരമോ ഇല്ലാത്തവരായിരുന്നതിനാൽ അവരോടുള്ള സന്ധികളും കരാറുകളും മുറിച്ചുകളഞ്ഞാൽ ആരാണ് ഇവിടെ ചോദ്യം ചെയ്യാനുള്ളതെന്നമട്ടിൽ ധിക്കാരപൂർവ്വം മക്കാമുശ്രിക്കുകളിൽ അധികപേരും ലംഘിച്ചിരുന്നു. മുഹമ്മദ് പറയുന്നത് സത്യമാണന്ന് അറിയാവുന്നവരായിരുന്നു അവരിൽ പലരും. അതുകൊണ്ടാണ് അവരെ തെമ്മാടികളെന്ന് പറഞ്ഞത്. 41: 41–42 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യയൊന്നും കടന്നുകൂടാത്ത, ത്രികാലജ്ഞാനിയിൽ നിന്നുള്ള അജയ്യമായ അദ്ദിക്ർ ഇന്നൊരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ, അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ നിന്ന് ആരാണോ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അതുകൊണ്ട് വിധികൽപിക്കാത്തത്, അവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 101–102; 5: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്റിനെ മുറുകെപ്പിടിക്കുകവഴി നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്നവനാണ് വിശ്വാസി എന്നിരിക്കെ അവനെ ഉപദ്രവിക്കാൻ ആർക്കും സാധ്യമല്ല. 2: 99; 7: 146–147; 8: 55 വിശദീ

കരണം നോക്കുക.

9. അവർ അല്ലാഹുവിന്റെ സൂക്തങ്ങൾ കൊണ്ട് കുറഞ്ഞ വില വാങ്ങുകയും അങ്ങനെ അവന്റെ മാർഗ്ഗത്തെത്തൊട്ട് അവരെ തടയുകയും ചെയ്യുന്നു, നിശ്ചയം അവർ എത്രമാത്രം മോശപ്പെട്ട പ്രവൃത്തികളാണ് ചെയ്തുകൊണ്ടിരിക്കുന്നത്!

അല്ലാഹുവിന്റെ മാർഗ്ഗം 6: 153 ൽ വിവരിച്ച നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിന്റെ മാർഗ്ഗം തന്നെയാണ്. തെമ്മാടികളായ കപടവിശ്വാസികൾ 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും മനുഷ്യരെ അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് തടയുന്നവരും അവരുടെ ഇംഗിതങ്ങൾക്കും സംഘടനാ താൽപര്യങ്ങൾക്കുമനുസരിച്ച് നാഥന്റെ സൂക്തങ്ങൾ വളച്ചൊടിക്കുന്നവരുമാണ്. 2: 174-175 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥന്റെ സൂക്തങ്ങൾ മൂടിവെക്കുകയും അതിന് കുറഞ്ഞവില വാങ്ങുകയും ചെയ്യുന്ന അവർ അവരുടെ വയറുകളിൽ തീയാണ് നിറക്കുന്നത്. 63: 2 അവസാനിക്കുന്നതും നിശ്ചയം അവർ എത്ര മോശപ്പെട്ട പ്രവൃത്തിയാണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്ന ആശയത്തോടുകൂടിയാണ്. 2: 159-162; 3: 187; 6: 26 വിശദീകരണം നോക്കുക.

10. വിശ്വാസികളുടെ കാര്യത്തിൽ ഇവർ കുടുംബബന്ധമോ മറ്റു കരാർ ബന്ധമോ പരിഗണിക്കുന്നില്ല, അക്കൂട്ടർ തന്നെയാകുന്നു പരിധി ലംഘിച്ചവർ.

ആത്മാവിനെ പരിഗണിക്കാത്ത കപടവിശ്വാസികൾ ആത്മാവിനും പരലോകത്തിനും പ്രാധാന്യം കൊടുക്കാതെ ജഡത്തിനും ഭൗതികജീവിതത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ജീവിക്കുന്നവരാണ്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഇക്കൂട്ടർ ഭ്രാന്തന്മാരും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരുമാണെന്ന് 2: 168-169; 7: 40-41 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന, അല്ലാഹുവിന്റെ കോപവും ശാപവും ആപതിച്ചിട്ടുള്ള അവർ നാഥനെ നിഷ്പക്ഷവാനായി പരിഗണിക്കാത്തവരാണ്. 1: 3; 2: 113; 17: 13-14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഓരോ മനുഷ്യന്റെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖ വിധിദിവസം ഒരു തുറന്ന പുസ്തകമായി പുറത്തെടുത്തുകൊടുത്ത് അവരവരെക്കൊണ്ട് വായിപ്പിച്ചാണ് വിചാരണ നടത്തുക എന്ന വസ്തുത തള്ളിപ്പറഞ്ഞുകൊണ്ട് ലക്ഷ്യബോധമില്ലാതെ ജീവിക്കുന്ന കപടവിശ്വാസികൾ 'അല്ലാഹുവാണ് വിധിദിവസം അവന്റെ അടിമകൾക്കിടയിൽ വിധികൽപിക്കുക' എന്നാണ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്നതും സ്വർഗത്തിലേക്കുള്ള ടിക്കറ്റുമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ഇത്തരം മനുഷ്യപ്പിശാചുക്കൾ 14: 28-30 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അനുയായികളെ നരകക്കുണ്ഠത്തിലേക്കാണ് ആനയിച്ചുകൊണ്ടിരിക്കുന്നത്. 16: 64 വിശദീകരണം നോക്കുക.

അവർ 3: 7-10; 4: 43, 150-151 തുടങ്ങിയ സൂക്തങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ട് ജനങ്ങളെ അറബി ഖുർആൻ വായിക്കാൻ പ്രോത്സാഹിപ്പിക്കുന്നവരും, 15: 9 ൽ, 'നിശ്ചയം അദ്ദിക്ർ നാമാണ് അവതരിപ്പിച്ചത്, അതിനെ നാം തന്നെ കാത്തുസൂക്ഷിക്കുന്നതുമാണ്' എന്ന സൂക്തത്തെ വളച്ചൊടിച്ച് 'ഖുർആൻ നാമാണ് അവതരിപ്പിച്ചത്, അതിനെ നാം തന്നെ കാത്തുസൂക്ഷിക്കുന്നതുമാണ്' എന്ന് കളവുപറയുന്നവരുമാണ്. 1: 7; 2: 166- 169; 7: 175-176 വിശദീകരണം നോക്കുക.

11. ഇനി അവർ പശ്ചാത്തപിച്ച് മടങ്ങുകയും നമസ്കാരം നിലനിർത്തുകയും സകാ

ത്ത് നൽകുകയും ചെയ്യുകയാണെങ്കിൽ അപ്പോൾ അവർ ദീനിൽ നിങ്ങളുടെ സഹോദരങ്ങളാണ്, അറിവുള്ള ജനതക്കുവേണ്ടി സൂക്തങ്ങൾ നാം വ്യക്തമായി വിവരിച്ച് കൊടുക്കുകയാകുന്നു.

ഈ സൂക്തം അവതരിക്കുന്ന കാലത്ത് ഗ്രന്ഥം ക്രോഡീകരിക്കപ്പെട്ടിരുന്നില്ല. അതുകൊണ്ട് കപടവിശ്വാസികൾ അവരുടെ കഴിഞ്ഞുപോയ പ്രവർത്തനങ്ങളിൽ പശ്ചാത്തപിക്കുകയും വിശ്വാസികളോടൊപ്പം നമസ്കാരം നിലനിർത്തുകയും *സകാത്ത്* നൽകുകയുമാണെങ്കിൽ ദീനിൽ അവരെ വിശ്വാസികളുടെ സഹോദരങ്ങളായി പരിഗണിക്കുന്നതാണ്. നിശ്ചയം! കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാണ്; ആരാണോ പശ്ചാത്തപിച്ച് മടങ്ങുകയും കർമങ്ങൾ നന്നാക്കിത്തീർക്കുകയും നാഥനെ മുറുകെപ്പിടിക്കുകയും മൊത്തം ജീവിതം നാഥന് സമർപ്പിച്ചുകൊണ്ട് ജീവിക്കുകയും ചെയ്യുന്നത്, അക്കൂട്ടർ വിശ്വാസികളോടൊപ്പമാണ്, നിശ്ചയം വിശ്വാസികൾക്ക് മഹത്തായ പ്രതിഫലം ഒരുക്കിവെച്ചിരിക്കുന്നു എന്ന് 4: 145-146 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

41: 41-42 സൂക്തങ്ങളിൽ പറഞ്ഞ ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതുകൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയോ, ഒരാളിൽ നിന്നും പ്രാർത്ഥനയോ കർമങ്ങളോ സ്വീകരിക്കപ്പെടുകയോ ഇല്ല എന്ന് 2: 111; 9: 53, 85 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ മൂടിവെച്ചതുകൊണ്ടാണ് ഈസാ രണ്ടാമതുവന്നാൽ കല്ലുകളാലും മരങ്ങളാലും വിളിച്ചുപറയപ്പെട്ട് 8: 22 ൽ ദുഷ്ടജീവികൾ എന്ന് വിശേഷിപ്പിക്കപ്പെട്ട ഇക്കൂട്ടർ വധിക്കപ്പെടുന്നത്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 3: 19-22, 91; 8: 48-50 വിശദീകരണം നോക്കുക.

12. അവരുടെ കരാറുകൾക്ക് ശേഷം അവരുടെ പ്രതിജ്ഞകൾ അവർ ലംഘിക്കുകയും നിങ്ങളുടെ ദീനിനെ അവഹേളിക്കുന്നതിൽ ഏർപ്പെടുകയും തന്നെയാണെങ്കിൽ അപ്പോൾ നിഷേധത്തിന്റെ ആ നായകരോട് നിങ്ങൾ യുദ്ധം ചെയ്യുക, നിശ്ചയം അവരുടെ പ്രതിജ്ഞകൾക്ക് ഒരു വിലയുമില്ല -അവർ വിരമിക്കുന്നവർ തന്നെയാവണം എന്നതിനുവേണ്ടി.

പ്രവാചകന്റെ കാലത്തുള്ള കാഫിറുകൾ വിശ്വാസികളുമായി ചെയ്ത കരാറുകൾ അടിക്കടി മുറിച്ചുകൊണ്ടിരുന്നവരും 9: 3 ൽ വിവരിച്ച പ്രകാരം മസ്ജിദുൽ ഹറമിനെത്തൊട്ട് തടയുന്നവരുമായതിനാൽ പ്രവാചകനും വിശ്വാസികളും അവരുമായി യുദ്ധം ചെയ്യാൻ കൽപിക്കപ്പെട്ടിരിക്കുന്നു.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിന്റെ 40 പേരുകളും മൂടിവെക്കുന്ന കപടവിശ്വാസികളോടും അതിനെ അടിക്കടി തള്ളിപ്പറയുന്ന കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് ജിഹാദ് ചെയ്യാനാണ് 9: 73; 25: 52 സൂക്തങ്ങളിലൂടെ ഒറ്റപ്പെട്ട വിശ്വാസികൽപിക്കപ്പെട്ടിട്ടുള്ളത്. 9: 28, 95 സൂക്തങ്ങളിൽ മാലിന്യമായ മുശ്രിക്കുകളെന്ന് വിശേഷിപ്പിക്കപ്പെട്ട കപടവിശ്വാസികളും അനുയായികളും അടങ്ങിയ ഫുജ്ജാറുകളെ മസ്ജിദുൽ ഹറമിലേക്ക് അടുപ്പിക്കരുത് എന്ന കൽപന 7: 137 ൽ വിവരിച്ച പ്രകാരം ഇജാസിൽ മഹ്ദി വന്ന ശേഷമാണ് നടപ്പിലാവുക. 2: 26-27; 3: 78; 4: 63; 22: 78 വിശദീകരണം നോക്കുക.

13. തങ്ങളുടെ പ്രതിജ്ഞകൾ ലംഘിച്ചുകൊണ്ടിരിക്കുകയും പ്രവാചകനെ നാട്ടിൽ

നിന്ന് പുറത്താക്കാൻ ഉദ്യമിക്കുകയും ചെയ്ത ഒരു ജനത്തോട് നിങ്ങൾ യുദ്ധം ചെയ്യാതിരിക്കുകയോ? അക്രമം ആദ്യം തുടങ്ങിയത് അവർ തന്നെയായിരുന്നിട്ടും, നിങ്ങൾ അവരെ ഭയപ്പെടുകയാണോ? അപ്പോൾ നിങ്ങൾക്ക് ഭയപ്പെടാൻ ഏറ്റവും അർഹൻ അല്ലാഹു മാത്രമാകുന്നു, നിങ്ങൾ വിശ്വാസികളാണെങ്കിൽ.

വിശ്വാസികൾ നാഥനെ മാത്രം സേവിക്കുന്നവരും നാഥനുവേണ്ടി മാത്രം ജീവിക്കുന്നവരുമാണ്. അതുകൊണ്ട് 8: 17–18 സൂക്തങ്ങളുടെ ആശയം ഉൾക്കൊണ്ടുകൊണ്ട് കാഫിറുകളും ആക്രമികളുമായ കപടവിശ്വാസികളോടും അനുയായികളോടും കുടുംബബന്ധമോ രക്ത ബന്ധമോ പരിഗണിക്കാതെ യുദ്ധം ചെയ്യണമെന്നാണ് കൽപിക്കുന്നത്.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ യുദ്ധമോ വധമോ ഇല്ല. അറബി ഖുർആൻ വായിക്കുന്ന അക്രമികളായ ഫുജ്ജാറുകൾ ഇന്ന് 'ഖിബ്ല' അംഗീകരിക്കാതെ നോമ്പ്, പെരുന്നാൾ തുടങ്ങിയവ ആചരിക്കുന്നത് വിവിധ പ്രദേശങ്ങളിലെ ചന്ദ്രദർശനത്തെ അടിസ്ഥാനപ്പെടുത്തി വിവിധ ദിനങ്ങളിലായാണ്. അതിനാൽ ഒറ്റപ്പെട്ട വിശ്വാസി 2: 149–150; 4: 150–151 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം യഥാർത്ഥ കാഫിറുകളും മുശ്രിക്കുകളുമായ അവരെ അനുസരിക്കുകയോ ഭയപ്പെടുകയോ ചെയ്യാതെ അവരോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യേണ്ടതാണ്. 5: 54–56; 8: 30, 46–48 വിശദീകരണം നോക്കുക.

14. നിങ്ങൾ അവരോട് യുദ്ധം ചെയ്യുവീൻ, നിങ്ങളുടെ കൈകളാൽ അല്ലാഹു അവരെ ശിക്ഷിക്കുന്നതിനും അവരെ നിന്ദ്യരാക്കുന്നതിനും അവരുടെമേൽ നിങ്ങൾക്ക് സഹായം നൽകുന്നതിനും വിശ്വാസികളായ ജനതയുടെ നെഞ്ചുകൾക്ക് ശമനം നൽകുന്നതിനും.

15. അവരുടെ ഹൃദയങ്ങളിലുള്ള കോപം നീക്കിക്കളയുന്നതിനും അവൻ ഉദ്ദേശിക്കുന്നവരുടെമേൽ അല്ലാഹു മടങ്ങുന്നതിനും വേണ്ടിയാകുന്നു, അല്ലാഹു എല്ലാം അറിയുന്ന യുക്തിജ്ഞനുമാകുന്നു.

8: 43–44 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ കാലത്തുള്ള വിശ്വാസികളോട് യുദ്ധം കൽപിച്ചിരുന്നത് അല്ലാഹുവിന്റെ ചെറിയ സംഘത്താൽ കാഫിറുകളെ നിന്ദ്യരാക്കി പരാജയപ്പെടുത്തുന്നതിന് വേണ്ടിയായിരുന്നു. കൂടാതെ വിശ്വാസികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും നെഞ്ചകങ്ങളുടെ ഉള്ളിലുള്ള സംശയമാകുന്ന രോഗം നീക്കിക്കളയുന്നതിനും കപടവിശ്വാസികളുടെ ഹൃദയങ്ങളിലുള്ള ദേഷ്യം നീക്കിക്കളഞ്ഞ് പശ്ചാത്തപിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അതിന് അവസരം നൽകുന്നതിന് വേണ്ടിയുമായിരുന്നു. 10: 57 ൽ മനുഷ്യരെ അഭിസംബോധനം ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു: നിങ്ങൾക്ക് നിങ്ങളുടെ ഉടമയായ നാഥനിൽ നിന്നുള്ള ഉപദേശവും നിങ്ങളുടെ നെഞ്ചുകൾക്കുള്ളിലുള്ളതിന് ശമനവും വിശ്വാസികൾക്ക് സൻമാർഗവും കാരുണ്യവുമായ അദ്ദിക്ർ വന്നെത്തിക്കഴിഞ്ഞു എന്നും; 10: 58 ൽ അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവുമായ അദ്ദിക്ർ കൊണ്ട് ഊറ്റം കൊള്ളലും ആഹ്ലാദിക്കലുമാണ് അവർ ഒരുമിച്ചുകൂട്ടുന്ന മറ്റെന്തിനേക്കാളും ഉത്തമമെന്നും പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികൾക്കും അവരുടെ അനുയായികളായ മുശ്രിക്കുകൾക്കും അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർധിപ്പിക്കുകയില്ല എന്ന് 9: 125 ലും; 17: 82 ൽ, വിശ്വാസികൾക്ക് ഗ്രന്ഥത്തിൽ രോഗശമനവും കാരുണ്യവുമുണ്ടെന്നും അക്രമികൾക്ക് അത് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്.

ഇന്ന് യുദ്ധമോ രക്തച്ചൊരിച്ചിലോ ഇല്ല. എന്നാൽ നാഥന്റെ സൂക്തങ്ങളെ അടിക്കടി മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളോടും കുഫ്ഫാറുകളോടും 10: 33 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യാനാണ് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി കൽപിക്കപ്പെട്ടിരിക്കുന്നത്. അദ്ദിക്റിനെ മൂടിവെക്കുകവഴി ഫുജ്ജാറുകൾ 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിന്റെ പുറപ്പാടിനുവേണ്ടി ധൃതി കാണിക്കുന്നവരായതിനാൽ ഈസായുടെ രണ്ടാം വരവിനുശേഷം 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ വധിക്കപ്പെടുന്നതാണ്. ആത്മാവില്ലാത്തവരും ജീവൻ മാത്രമുള്ളവരുമായ കപടവിശ്വാസികളെ പിൻപറ്റുന്ന അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന അനുയായികൾ ഇന്ന് എല്ലാ കാര്യങ്ങളിലും സംശയം വെച്ചുപുലർത്തുന്നവരാണ്. 3: 154; 4: 174-175; 8: 8, 41 വിശദീകരണം നോക്കുക.

16. അതല്ല, നിങ്ങൾ വെറുതെ വിട്ടയക്കപ്പെടുമെന്ന് നിങ്ങൾ കണക്കുകൂട്ടുന്നുവോ? നിങ്ങളിൽ നിന്നും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവരാരെന്നും അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും വിശ്വാസികളെയും കൂടാതെ മറ്റാരെയും അഭയമരുളുന്നവനായി തെരഞ്ഞെടുക്കാത്തവർ ആരെന്നും അല്ലാഹു ഇനിയും അറിഞ്ഞിട്ടില്ലാ എന്നിരിക്കെ, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്തവനുമാണ്.

സ്വർഗത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളത് 5: 48; 6: 165 ൽ വിവരിച്ച പ്രകാരം അവരവർക്ക് നൽകിയതിൽ പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. പ്രവാചകൻ നൂഹ് മുതൽ അന്ത്യപ്രവാചകൻ മുഹമ്മദ് വരെയുള്ള 313 പ്രവാചകൻമാരെയും അയച്ചിട്ടുള്ളത് 4: 163; 7: 26 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സന്മാർഗവും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ടാണ്. ഇന്ന് ഫുജ്ജാറുകൾ ഇത്തരം സൂക്തങ്ങൾ അറബി ഖുർആനിൽ വായിക്കുന്നുണ്ടങ്കിലും അദ്ദിക്റിനെ വിസ്മരിക്കുക വഴി അവർ 25: 17-18 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം കെട്ടജനതയായി അധപതിച്ചിരിക്കുകയാണ്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായ അവർ 7: 40-41 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും വിധേയരായ കപടവിശ്വാസികളെയും അവരുടെ അനുയായികളായ മുശ്രിക്കുകളെയും 3: 28; 4: 144 സൂക്തങ്ങളുടെ കൽപന അവഗണിച്ചുകൊണ്ട് വിശ്വാസിക്ക് കൂട്ടുകാരായും സംരക്ഷകരായും സ്വീകരിക്കാവുന്നതല്ല. 2: 254-255; 4: 59; 5: 55-56; 9: 23-24 വിശദീകരണം നോക്കുക.

17. നിഷേധത്തിന് സ്വയം സാക്ഷികളായിക്കൊണ്ട് അല്ലാഹുവിന്റെ പള്ളികളുടെ പരിപാലകരായിരിക്കൽ മുശ്രിക്കുകൾക്ക് യോജിച്ചതല്ല, അക്കൂട്ടരുടെ കർമ്മങ്ങളൊക്കെയും പാഴായിപ്പോയിരിക്കുന്നു, അവർ നരകത്തിൽ നിത്യവാസികളുമാണ്.

നാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന, നാഥന്റെ കോപവും ശാപവും വർഷിക്കപ്പെട്ട, 33: 73; 48: 6; 98: 6 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും ഉൾപ്പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ കീഴിലാണ് ഇന്ന് ലോകത്തുള്ള എല്ലാ പള്ളികളുമുള്ളത്. 48: 6 ൽ വിവരിച്ചതുപോ

ലെ ലോകത്തുള്ള മനുഷ്യരിൽ നിന്നുള്ള വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ഇ ജാസിലേക്ക് വേർതിരിക്കപ്പെടുന്നത് മാലിന്യമായ ഇത്തരം കപടവിശ്വാസികളെയും അ വരുടെ അനുയായികളായ മുശ്രിക്കുകളെയും ശിക്ഷിക്കുന്നതിന് വേണ്ടിയാണ്. 2: 62, 113 -114; 7: 37; 9: 67-68 വിശദീകരണം നോക്കുക.

18. നിശ്ചയം അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കാൻ അർഹതയുള്ളത് അല്ലാഹു വിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കുകയും നമസ്കാരം മുറപ്രകാരം നിലനിർത്തുകയും സകാത്ത് നൽകുകയും അല്ലാഹുവിനെയല്ലാ തെ മറ്റാരെയും ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവർക്കാണ്, അക്കൂട്ടർ സൻ മാർഗം ഉപയോഗപ്പെടുത്തുന്നവരായിത്തീർന്നേക്കാം.

ഈ സൂക്തം അവതരിക്കുന്ന കാലത്ത് നാഥന്റെ ഗ്രന്ഥം ക്രോഡീകരിക്കപ്പെട്ടിട്ടുണ്ടാ യിരുന്നില്ല. അതുകൊണ്ടാണ് അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വ സിക്കുന്നവരും നമസ്കാരം നിലനിർത്തുന്നവരും സക്കാത്ത് കൊടുക്കുന്നവരുമാണ് പള്ളി പരിപാലിക്കാൻ അർഹതയുള്ളവർ എന്ന് പറഞ്ഞത്. 16: 89 ൽ പറഞ്ഞ എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സന്മാർഗമായും കാരുണ്യമായും ശുഭവാർത്താദായകമായും ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ് സർവസ്വം നാഥന് സമർപ്പിച്ച മുസ്ലിംകൾ. അത്തരം മുസ്ലിംകളായ വിശ്വാ സികളുടെ ഒരു സംഘം ലോകത്തൊരിടത്തും ഇല്ല എന്ന് മാത്രമല്ല, ഇന്ന് മുസ്ലിംകളാ ണെന്ന് അവകാശപ്പെടുന്നവർ വിവിധ സംഘടനകളായി പിരിഞ്ഞ് 4: 150-151; 30: 30-32 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം യഥാർത്ഥ കാഫിറുകളും മുശ്രിക്കുകളുമായിത്തീർന്നി രിക്കുകയാണ്. അല്ലാഹുവിന്റെ പ്രതിനിധികളായി ജീവിക്കാൻ ആഗ്രഹമുള്ള വിശ്വാസിക ൾക്ക് മാത്രമേ അല്ലാഹുവിന്റെ വീടായ പള്ളികളുടെ പരിപാലകരാകാൻ അർഹതയുള്ളൂ. സന്മാർഗ്ഗമായ അദ്ദിക്ർ ഉപയോഗപ്പെടുത്താൻ കൂടുതൽ അവസരം ലഭിക്കുക പള്ളി പരി പാലിക്കുന്നവർക്കാണ് എന്നതുകൊണ്ടാണ് സൂക്തത്തിൽ അക്കൂട്ടർ സന്മാർഗ്ഗം ഉപയോ ഗപ്പെടുത്തുന്നവരായിത്തീർന്നേക്കാം എന്ന് പറഞ്ഞിട്ടുള്ളത്. തങ്ങളുടെ നാഥനിലേക്ക് എത്തിച്ചേരാൻ ആഗ്രഹിക്കുന്ന ഏതൊരാളും 73: 19; 74: 49; 76: 29 തുടങ്ങി 9 സൂക്തങ്ങളിൽ പറഞ്ഞ ടിക്കറ്റായ അദ്ദിക്റിനെ ഉപയോഗപ്പെടുത്തുക തന്നെ വേണം. അദ്ദിക്റിനെ എല്ലാ വിധ ആപത്ത്-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായി ഉപയോഗപ്പെടുത്തുന്നവർ മാത്രമേ അല്ലാഹുവിനെ യല്ലാതെ മറ്റാരെയും ഭയപ്പെടാതിരിക്കുകയുള്ളൂ. 2: 150; 5: 48; 9: 13 വിശദീകരണം നോക്കുക.

19. ഹാജിമാർക്ക് വെള്ളം കൊടുക്കുന്നതും മസ്ജിദുൽ ഹറമിന്റെ പരിപാലകരാ കുന്നതും; അല്ലാഹുവിനെക്കൊണ്ടും അന്ത്യനാളിനെക്കൊണ്ടും വിശ്വസിക്കു കയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗപരിശ്രമങ്ങൾ നടത്തുകയും ചെയ്യു ന്നവരുടെ കർമ്മങ്ങൾക്ക് തുല്യമാക്കുകയാണോ നിങ്ങൾ? അല്ലാഹുവിന്റെ അടുക്കൽ ഇവർ രണ്ടുകൂട്ടരും സമമാവുകയില്ല, അക്രമികളായ ഒരു ജനതയെ അല്ലാഹു സൻമാർഗത്തിലേക്ക് നയിക്കുകയുമില്ല.

ഗ്രന്ഥത്തിൽ ഭിന്നിച്ച് വിവിധ സംഘടനകളായിപ്പിരിഞ്ഞ് ഓരോ സംഘടനയുടെയും കീഴിൽ പള്ളികൾ പണിയുകയും അതിന്റെ പരിപാലനം നടത്തുകയും ചെയ്താൽ എല്ലാ മായി എന്ന ഭാവത്തിൽ ഗ്രന്ഥം സമർപ്പിക്കുന്ന വിധം അല്ലാഹുവിനെക്കൊണ്ടും പരലോക ത്തെക്കൊണ്ടുമുള്ള വിശ്വാസം രൂപപ്പെടുത്താതെ ജീവിക്കുന്ന ഫുജ്ജാറുകൾ ആശയമി

ല്ലാതെ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നുണ്ടെങ്കിലും അവരുടെ വിശ്വാസവും കർമ്മങ്ങളുമെല്ലാം പ്രവാചകന്റെ കാലത്തുള്ള മുശ്രിക്കുകളുടേതിനേക്കാൾ അധാർമികമാണെന്ന് കാണാം. അദ്ദിക്റിനെ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്ന ഫുജ്ജാറുകളും കപടവിശ്വാസികളുമായ ഇവരോട് പരിചയും *മുഹൈമിനു*മായ അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* നടത്താനാണ് ഒറ്റപ്പെട്ട വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. പള്ളി ഭാരവാഹികളായി ഊറ്റം നടിക്കുന്നവരോട്: നിങ്ങൾ അദ്ദിക്ർ മനസ്സിലാക്കുന്നതിനും ലോകരിൽ പ്രചരിപ്പിക്കുന്നതിനും അതുവഴി അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടുമുള്ള വിശ്വാസം രൂപപ്പെടുത്തുന്നതിനും അങ്ങനെ സ്വർഗ്ഗം പണിയുന്നതിന് വേണ്ടിയുമുള്ള പ്രവർത്തനങ്ങൾ നടത്താതെ പള്ളിപരിപാലനം കൊണ്ട് സായൂജ്യമടയുകയാണോ എന്നാണ് ഇന്ന് ഈ സൂക്തത്തിലൂടെ ചോദിക്കുന്നത്.

അതല്ല, തിന്മകളിൽ വിഹരിക്കുന്നവർ കണക്കുകൂട്ടുന്നുവോ, നിശ്ചയം നാം അവരുടെയും വിശ്വാസികളാവുകയും ആ വിശ്വാസം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുന്നവരുടെയും ജീവിതവും മരണവും ഒരുപോലെയാക്കുമെന്ന്? എത്ര മോശപ്പെട്ട തീരുമാനമാണ് അവർ കൈക്കൊള്ളുന്നത് എന്ന് 45: 21 ലും; അപ്പോൾ വിശ്വാസിയായ ഒരാൾ കപടവിശ്വാസിയെപ്പോലെ ആകുമോ? അവർ ഒരിക്കലും സമമാവുകയില്ല എന്ന് 32: 18 ലും പറഞ്ഞിട്ടുണ്ട്. വേദഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ മനസ്സിലാക്കാൻ ശ്രമിക്കാതെ അറബിയിലുള്ള ഖുർആൻ വായിച്ച് അതിൽ സായൂജ്യമടയുന്നവരെയും ഗ്രന്ഥത്തിന്റെ ജീവനായ അർത്ഥം പഠിച്ച് ഗ്രന്ഥം പഠിച്ചവരാണെന്ന് അഹങ്കരിക്കുന്നവരെയും 62: 5 ൽ വഹിക്കുന്നതെന്താണെന്ന് മനസ്സിലാക്കാതെ ഭാരം വഹിക്കുന്ന കഴുതയോടാണ് ഉപമിച്ചിട്ടുള്ളത്. പ്രസ്തുത സൂക്തം അവസാനിക്കുന്നത്, ഇത്തരം അക്രമികളായ ജനതയെ അല്ലാഹു സൻമാർഗത്തിലേക്ക് നയിക്കുകയില്ല എന്ന് പറഞ്ഞുകൊണ്ടാണ്. അദ്ദിക്റിന്റെ 40 പേരുകളും മൂടിവെക്കുന്ന കപടവിശ്വാസികളെയും അതിനെ തള്ളിപ്പറയുന്ന ജനതയെയും ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടാണ് 7: 175–176 സൂക്തങ്ങളിൽ ഉപമിച്ചിട്ടുള്ളത്. 3: 10; 8: 22 വിശദീകരണം നോക്കുക.

20. വിശ്വാസികളാവുകയും പാലായനം ചെയ്യുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവരുടെ ധനം കൊണ്ടും അവരുടെ ആത്മാവുകൊണ്ടും ജിഹാദ് ചെയ്യുകയും ചെയ്യുന്നവർ ആരാണോ, അവരുടെ പദവികളാണ് അല്ലാഹുവിന്റെ അടുത്ത് ഏറ്റവും മഹത്തരമായിട്ടുള്ളത്, അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുന്നവരും.

10: 100 ൽ വിവരിച്ച പ്രകാരം അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാൾക്കും വിശ്വാസിയാകാൻ സാധിക്കുകയില്ല. അദ്ദിക്റിനെ എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായി ഉപയോഗപ്പെടുത്തുന്ന വിശ്വാസികൾക്ക് പാലായനം ചെയ്യേണ്ടി വരില്ല. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിച്ചുകൊണ്ടിരിക്കുന്നവരും അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളോടും തള്ളിപ്പറയുന്ന അനുയായികളോടും അതുകൊണ്ട് അധികരിച്ച ജിഹാദ് ചെയ്തുകൊണ്ടിരിക്കുന്നവരുമായതിനാൽ അവർ നന്മയിലേക്കും സ്വർഗ്ഗത്തിലേക്കും മുൻകടക്കുന്നതാണ്. 59: 20 ൽ, നരകവാസികളും സ്വർഗ്ഗവാസികളും

സമമാവുകയില്ല, സ്വർഗ്ഗവാസികൾ തന്നെയാണ് വിജയം വരിക്കുന്നവർ (ജീവിതലക്ഷ്യം സാക്ഷാത്കരിക്കുന്നവർ) എന്ന് പറഞ്ഞിട്ടുണ്ട്. 24: 52 ൽ, അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും അനുസരിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും അദ്ദിക്ർ കൊണ്ട് അവനെ ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നവർ മാത്രമാണ് ജീവിതലക്ഷ്യം സാക്ഷാത്കരിക്കുന്നവർ എന്ന് പറഞ്ഞിട്ടുണ്ട്. 2: 2–5; 3: 79–80; 6: 125–126; 61: 10–14 വിശദീകരണം നോക്കുക.

21. അവരുടെ നാഥൻ, അവനിൽ നിന്നുള്ള കാരുണ്യം കൊണ്ടും തൃപ്തി കൊണ്ടും അവരെ സന്തോഷവാർത്ത അറിയിക്കുന്നു –അവർക്ക് സ്ഥായിയായ അനുഗ്രഹങ്ങളടങ്ങിയ സ്വർഗ്ഗപ്പൂന്തോപ്പുകളുണ്ടെന്നും.

22. അവർ അതിൽ എന്നെന്നും നിത്യവാസികളായിരിക്കും; നിശ്ചയം അല്ലാഹു, അവന്റെ പക്കലാണ് മഹത്തായ പ്രതിഫലമുള്ളത്.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ഒറ്റപ്പെട്ട വിശ്വാസി 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രഭാതത്തിലും പ്രദോഷത്തിലും അദ്ദിക്ർ വായിക്കുകയും തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവ്വഹിക്കുകയും സ്രഷ്ടാവിന്റെ 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമം ലക്ഷ്യം വെച്ച് ജൈവകൃഷി നടത്തുകയും ഫലവൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുകയും അതിന് ലോകരെ പ്രേരിപ്പിക്കുന്നതിനുവേണ്ടി അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നാഥനെ സഹായിക്കുകയുമാണ് വേണ്ടത്. അതോടൊപ്പം ഫുജ്ജാറുകളോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തുകയും വേണം. അപ്പോൾ 47: 7 ൽ വിവരിച്ച പ്രകാരം നാഥൻ അവനെയും സഹായിക്കുന്നതാണ്. അതുവഴി 4: 95 ൽ വിവരിച്ച പ്രകാരം സാക്ഷിയായ അദ്ദിക്ർ അവന് അനുകൂലമായി വാദിക്കുകയും സാക്ഷിനിൽക്കുകയും ചെയ്തുകൊണ്ട് അവനെ സ്വർഗത്തിലേക്ക് നയിക്കുന്നതാണ്. 5: 119; 7: 43; 8: 2–4; 98: 7–8 വിശദീകരണം നോക്കുക.

23. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ നിങ്ങളുടെ പിതാക്കളെയും നിങ്ങളുടെ സഹോദരൻമാരെയും നിങ്ങളുടെ രക്ഷാധികാരികളായി തെരഞ്ഞെടുക്കാതിരിക്കുവിൻ, അവർ വിശ്വാസത്തെക്കാൾ നിഷേധത്തെ ഇഷ്ടപ്പെടുന്നവരാണെങ്കിൽ! നിങ്ങളിൽ നിന്ന് ആരെങ്കിലും അവരെ രക്ഷാധികാരികളായി തെരഞ്ഞെടുക്കുകയാണെങ്കിൽ അപ്പോൾ അക്കൂട്ടർ തന്നെയാണ് അക്രമികൾ.

വിശ്വാസത്തിന്റെ അടിസ്ഥാനമായ അദ്ദിക്റിനെക്കാൾ കർമ്മശാസ്ത്ര ഗ്രന്ഥങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നവരാണ് പിതാക്കളും സഹോദരങ്ങളുമെങ്കിൽ അവരെ മിത്രങ്ങളും രക്ഷാധികാരികളുമായി തെരഞ്ഞെടുക്കരുത് എന്നാണ് അദ്ദിക്ർ കൊണ്ട് വിശ്വാസികളായിട്ടുള്ളവരെ പ്രത്യേകിച്ച് സ്ത്രീകളെ വിളിച്ച് അല്ലാഹു പറയുന്നത്. അഥവാ അദ്ദിക്റിനെ അവഗണിച്ച് അവരെ രക്ഷാധികാരികളായി തെരഞ്ഞെടുക്കുകയാണെങ്കിൽ അപ്പോൾ നിങ്ങൾ തന്നെയായിരിക്കും അക്രമികൾ എന്നും പറയുന്നു. 66: 11–12 സൂക്തങ്ങളിൽ, ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ വിശ്വാസികൾക്ക് മാതൃകയായി എടുത്തുദ്ധരിച്ചിട്ടുള്ളത് മർയമിനെയും ഫിർഔനിന്റെ സ്ത്രീ ആസ്യയെയുമാണ്. ആരാണോ തന്റെ വിശ്വാസത്തിനുശേഷം അല്ലാഹുവിനെ നിഷേധിക്കുന്നത്; നിർബന്ധിക്കപ്പെട്ടവനൊഴികെ –അവന്റെ ഹൃദയം വിശ്വാസം കൊണ്ട് സംതൃപ്തിയടഞ്ഞ അവസ്ഥയിലുമാണ്– ആരാണോ നെഞ്ചിൽ നിഷേധം പ്രകടിപ്പിക്കുന്നത്, അപ്പോൾ അവരുടെ മേലാണ് അല്ലാഹുവിന്റെ കോപമുള്ളത്, അവർക്ക് വമ്പിച്ച ശിക്ഷയുമാണുള്ളത്; അത്

അവർ പരലോകത്തിനുമേൽ ഇഹലോകത്തിന് മുൻഗണന നൽകിയതുകൊണ്ടാണ്, നിശ്ചയം ഇത്തരം കാഫിറുകളായ ഒരു ജനതയെ അല്ലാഹു സൻമാർഗത്തിലേക്ക് നയിക്കുകയില്ല തന്നെ എന്ന് 16: 106–107 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിന്റെ വെളിച്ചത്തിലല്ലാത്ത ബന്ധങ്ങളെല്ലാം പരലോകത്ത് പരസ്പരം ശത്രുതയിലായിരിക്കുമെന്ന് 43: 67 ൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇന്ന് സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ വിശ്വാസികൾക്ക് അദ്ദിക്റിനെ മൂടിവെക്കുകവഴി 25: 18 ൽ കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട ഫുജ്ജാറുകളായ കുഫ്ഫാറുകളെ രക്ഷാധികാരികളും ആത്മമിത്രങ്ങളുമായി തെരഞ്ഞെടുക്കാൻ പാടില്ല. അവരോട് 'നിങ്ങൾക്ക് നിങ്ങളുടെ ജീവിതരീതി, എനിക്ക് സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന യഥാർത്ഥ ജീവിതരീതിയും' എന്ന് പ്രഖ്യാപിക്കാനാണ് 109: 6 ലൂടെ വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. പ്രപഞ്ചനാഥനിൽ നിന്നുള്ള മൊത്തം മനുഷ്യർക്കുള്ള സന്ദേശമായ അദ്ദിക്ർ ലോകരിൽ നിന്ന് മൂടിവെക്കുന്ന കാഫിറുകളായ ഒരു ജനതയെ നിശ്ചയം അവൻ സന്മാർഗത്തിലേക്ക് നയിക്കുകയില്ല എന്ന് പറഞ്ഞുകൊണ്ടാണ് 5: 67 അവസാനിക്കുന്നത്. 1: 7; 4: 135, 144; 5: 45; 6: 135 വിശദീകരണം നോക്കുക.

24. നീ പറയുക: നിങ്ങളുടെ പിതാക്കളെയും നിങ്ങളുടെ സന്താനങ്ങളെയും നിങ്ങളുടെ സഹോദരങ്ങളെയും നിങ്ങളുടെ ഇണകളെയും നിങ്ങളുടെ ബന്ധുമിത്രാദികളെയും നിങ്ങൾ സമ്പാദിച്ചുവെച്ച സ്വത്തുക്കളെയും നഷ്ടം സംഭവിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടത്തെയും നിങ്ങൾ തൃപ്തിപ്പെടുന്ന നിങ്ങളുടെ വീടുകളെയുമാണ് അല്ലാഹുവിനെക്കാളും അവന്റെ പ്രവാചകനെക്കാളും അവന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നതിനെക്കാളും ഏറെ നിങ്ങൾ ഇഷ്ടപ്പെടുന്നതെങ്കിൽ, അപ്പോൾ അല്ലാഹു അവന്റെ കൽപനയും കൊണ്ടുവരുന്നതുവരെ നിങ്ങൾ കാത്തിരുന്നു കൊള്ളുക, അല്ലാഹു ഇത്തരം തെമ്മാടികളായ ഒരു ജനതയെ സന്മാർഗ്ഗത്തിലേക്കാക്കുകയില്ല തന്നെ.

മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചതിന്റെ ലക്ഷ്യം ഉണർത്താനുള്ളതാണ് യുക്തിനിർഭര ഗ്രന്ഥമായ അദ്ദിക്ർ. അതുകൊണ്ട് അതിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയുടെ ബാധ്യതയാണ് അത് പഠിക്കലും പഠിപ്പിക്കലും പിൻപറ്റലും ലോകർക്ക് എത്തിച്ചുകൊടുക്കലും. 2: 121 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെച്ചവർ തന്നെയാണ് ജീവിതം നഷ്ടപ്പെട്ടവർ. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ സർവലോകർക്കുമുള്ള ഉണർത്തലായ അദ്ദിക്റിനെ മൂടിവെക്കുകയാണെങ്കിൽ അതിനെ മൂടിവെക്കാത്ത മറ്റൊരു ജനതയെ അത് ഏൽപിക്കുമെന്ന് 6: 89–90 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ആയുധം കൊണ്ടുള്ള ജിഹാദോ വധമോ ഇല്ല. 5: 48 ൽ വിവരിച്ച പ്രകാരം ഒറ്റപ്പെട്ട വിശ്വാസി ശക്തമായ ആയുധമായ അദ്ദിക്ർ കൊണ്ട് അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കുഫ്ഫാറുകളോടും കപടവിശ്വാസികളോടും അധികരിച്ച ജിഹാദ് ചെയ്യാനാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. നിശ്ചയം! കപടവിശ്വാസികൾ തന്നെയാണ് തെമ്മാടികൾ എന്ന് 9: 67 ലും; ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ തെമ്മാടികളല്ലാതെ മൂടിവെക്കുകയില്ല എന്ന് 2: 99 ലും പറഞ്ഞിട്ടുണ്ട്. പ്രവാചകനോ വിശ്വാസികളോ കപടവിശ്വാസികളുടെ മേൽ പൊറുക്കലിനെത്തേടിയാലും ഇല്ലെങ്കിലും അല്ലാഹു ഒരിക്കലും അവർക്ക് പൊറുത്തുകൊടുക്കുകയില്ല; നിശ്ചയം! അല്ലാഹു തെമ്മാടികളായ ഒരു ജനതയെ സന്മാർഗത്തിലേക്ക് നയിക്കുകയില്ല തന്നെ എന്ന് 63: 6 ലും പറഞ്ഞിട്ടുണ്ട്. 9:

80; 24: 55; 61: 5 തുടങ്ങിയ സൂക്തങ്ങൾ അവസാനിക്കുന്നത് അല്ലാഹു തെമ്മാടികളായ ഒരു ജനതയെ സന്മാർഗത്തിലേക്ക് നയിക്കുകയില്ല തന്നെ എന്ന ആശയത്തിലാണ്. 6: 133; 5: 47, 86, 108 വിശദീകരണം നോക്കുക.

25. അല്ലാഹു നിരവധി യുദ്ധമേഖലകളിൽ നിങ്ങളെ സഹായിക്കുകതന്നെ ചെയ്തിട്ടുണ്ട് -ഹുനൈൻ നാളിലും, നിങ്ങളുടെ ആധിക്യം നിങ്ങളെ ഊറ്റം കൊള്ളിച്ചപ്പോൾ അത് നിങ്ങളെത്തൊട്ട് ഒരു ഗുണവും ചെയ്തില്ല, ഭൂമി അതിന്റെ വിശാലതയോടൊപ്പം തന്നെ ഇടുങ്ങിയതായി നിങ്ങളുടെ മേൽ അനുഭവപ്പെട്ടു, പിന്നെ നിങ്ങൾ പുറം തിരിഞ്ഞ് ഓടിപ്പോകേണ്ടിവരികയും ചെയ്തു.

8: 19 ൽ കാഫിറുകളെ അഭിസംബോധനം ചെയ്തുകൊണ്ട് പറഞ്ഞ അതേ സ്വരത്തിലാണ് ഇവിടെ *ഹുനൈൻ* യുദ്ധനാളിനെക്കുറിച്ച് വിശ്വാസികളെ അഭിസംബോധനം ചെയ്യുന്നത്. ഹിജ്റ 8-ാം വർഷം *ശവ്വാലി*ൽ മക്കയ്ക്കും ത്വാഇഫിനും മധ്യേയുള്ള *ഹുനൈൻ* താഴ്വരയിൽ വെച്ചാണ് *ഹുനൈൻ* യുദ്ധം നടന്നത്. ഈ യുദ്ധത്തിൽ പ്രവാചകനോടൊപ്പം പന്ത്രണ്ടായിരം പേരടങ്ങുന്ന ഒരു വമ്പിച്ച സൈന്യമാണ് ഉണ്ടായിരുന്നത്. അതിന് മുമ്പുള്ള ഒരു യുദ്ധത്തിലും പ്രവാചകനോടൊപ്പം ഇത്രവലിയ സൈന്യം പങ്കെടുത്തിരുന്നില്ല. മറുവശത്ത് ശത്രുക്കൾ എണ്ണത്തിൽ വളരെ കുറവായിരുന്നു. എന്നിട്ടും അവർക്ക് മുമ്പിൽ പ്രവാചകനോടൊപ്പമുള്ളവർക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല, പിന്തിരിഞ്ഞോടാൻ സ്ഥലമില്ലാത്തവിധം അവർക്ക് ഭൂമി അതിന്റെ വിശാലതയോടൊപ്പം ഇടുങ്ങിയതായി അനുഭവപ്പെട്ടു. പ്രവാചകനും കുറച്ച് വിശ്വാസികളും മാത്രമേ പിടിച്ചു നിന്നുള്ളൂ. തൽഫലമായി പ്രവാചകന്റെ കൂടെയുള്ള സൈന്യം പുനഃസംഘടിപ്പിക്കപ്പെടുകയും വിജയം നേടുകയും ചെയ്തു. അല്ലെങ്കിൽ ബദ്റിനുശേഷം ഉഹ്ദിൽ സംഭവിച്ചതുപോലെ മക്കാവിജയം നേടിക്കൊടുത്ത നേട്ടങ്ങളെല്ലാം *ഹുനൈനി*ൽ നഷ്ടപ്പെടുമായിരുന്നു.

ത്രികാലജ്ഞാനിയായ നാഥനെക്കുറിച്ച് സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന ധാരണയുള്ളവനാണ് വിശ്വാസി. സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് നീട്ടിയിട്ടിട്ടുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ മുറുകെപ്പിടിക്കുകവഴി നാഥനെ മുറുകെപ്പിടിച്ചവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101-102 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഗ്രന്ഥത്താൽ പഠിപ്പിക്കപ്പെടുന്നതുപോലെയും ഗ്രന്ഥം പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെയും നാഥന്റെ പ്രൗഢരായ പ്രതിനിധിയായി നിലകൊള്ളാൻ 3: 79-80 സൂക്തങ്ങളിലൂടെ കൽപിച്ചിട്ടുണ്ട് എന്ന ബോധത്തിലാണ് അത്തരം വിശ്വാസി നിലകൊള്ളുക. 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളോടും വിവിധ സംഘടനകളായിപ്പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന അവരുടെ അനുയായികളോടും ഇന്ന് 5: 48 ൽ പറഞ്ഞ *മുഹൈമിനാ*യ അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് മാത്രമാണുള്ളത്. വിശ്വാസി *'ഹുസ്നാ'* എന്ന ഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് പ്രപഞ്ചനാഥനിലേക്കാണ് ജനങ്ങളെ വിളിക്കുന്നത് എങ്കിൽ യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞ കാഫിറുകളും അക്രമികളും തെമ്മാടികളുമായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മനുഷ്യരെ പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്കാണ് പിടിച്ച് വലിച്ച് കൊണ്ടുപോവുക എന്നും പിന്നെ അവർ പിടി അയക്കുകയുമില്ല എന്നും 7: 202 ൽ പറഞ്ഞിട്ടുണ്ട്. 2: 152, 157; 3: 153; 8: 41 വിശദീകരണം നോക്കുക.

26. പിന്നീട് അല്ലാഹു അവന്റെ പ്രവാചകന്റെയും വിശ്വാസികളായവരുടെയും മേൽ തന്റെ ശാന്തി ഇറക്കുകയും നിങ്ങൾ കാണാത്ത സൈന്യത്തെ ഇറക്കുകയും

കാഫിറുകളായവരെ ശിക്ഷിക്കുകയുമുണ്ടായി, അതുതന്നെയാണ് കാഫിറുകൾക്കുള്ള പ്രതിഫലം.

സക്കീനത്ത് എന്നതിന് ശാന്തി എന്നാണ് അർത്ഥം. യഥാർത്ഥത്തിൽ ദുഃഖവും ഭയവും വിമ്മിഷ്ടവും വേദനയും ഒന്നുമില്ലാത്ത, എല്ലാം മറന്ന സ്വർഗ്ഗീയമായ ഒരു അവസ്ഥയാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. 41: 30-32 സൂക്തങ്ങളിൽ, നിശ്ചയം ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പ്രഖ്യാപിക്കുകയും പിന്നീട് ആ പ്രഖ്യാപനത്തിൽ ഉറച്ച് നിലകൊള്ളുകയും ചെയ്യുന്നവരുടെമേൽ നിങ്ങൾക്ക് ഭയപ്പെടാനോ ദുഃഖിക്കാനോ ഇടവരികയില്ല, നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെട്ട സ്വർഗ്ഗം കൊണ്ട് സന്തോഷിച്ചുകൊള്ളുക എന്ന് പറഞ്ഞുകൊണ്ട് മലക്കുകൾ ഇറങ്ങുന്നതാണ്, ഞങ്ങളാണ് ഇഹത്തിലും പരത്തിലും നിങ്ങളുടെ സംരക്ഷകൻമാർ, നിങ്ങൾക്ക് ആ സ്വർഗ്ഗത്തിൽ നിങ്ങളുടെ ആത്മാവ് ആഗ്രഹിക്കുന്നതെന്തുമുണ്ട്, നിങ്ങൾ തേടുന്നതെന്തുമുണ്ട് -ഏറെപ്പൊറുക്കുന്ന കാരുണ്യവാനിൽ നിന്നുള്ള വിരുന്നായിക്കൊണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. 48: 4 ൽ വിശ്വാസത്തിനുമേൽ വിശ്വാസം വർദ്ധിക്കുന്നതിനുവേണ്ടി അവൻ തന്നെയാണ് വിശ്വാസികളുടെ ഹൃദയത്തിൽ ശാന്തി ഇറക്കിയത്, ആകാശഭൂമികളിലെ പട്ടാളങ്ങളെല്ലാം അവനുള്ളതാണ്, അവൻ എല്ലാം അറിയുന്ന യുക്തിജ്ഞനുമാകുന്നു എന്നും; 48: 18 ൽ, (*ഹുദൈബിയായിൽ*) ആ വൃക്ഷത്തിന്റെ താഴെവെച്ച് നിന്നോട് പ്രതിജ്ഞ ചെയ്ത വിശ്വാസികളുടെ മേൽ നിശ്ചയം അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു, അവരുടെ ഹൃദയങ്ങളിലുള്ളത് അല്ലാഹു അറിഞ്ഞിട്ടുണ്ട്, അപ്പോൾ അല്ലാഹു അവരുടെമേൽ ശാന്തി ഇറക്കി, അവർക്ക് അടുത്തുതന്നെയുള്ള വിജയം - മക്കാവിജയം- സമ്മാനിക്കുകയും ചെയ്തു എന്നും; 48: 26 ൽ കാഫിറുകളുടെ ഹൃദയങ്ങളിൽ 'ജാഹിലിയ്യാ എരിപൊരി സഞ്ചാരം' ഉണ്ടാക്കിയപ്പോൾ അല്ലാഹു അവന്റെ പ്രവാചകന്റെ മേലും വിശ്വാസികളുടെ മേലും ശാന്തി ഇറക്കി, അവരെ *തഖ്വ* -ഭയഭക്തി- യാകുന്ന വചനം കൊണ്ട് സ്ഥൈര്യപ്പെടുത്തുകയും ചെയ്തു, അവരായിരുന്നു ആ വചനത്തെ സത്യപ്പെടുത്തുന്നവരും അതിന് അർഹരും, അല്ലാഹു എല്ലാഓരോ കാര്യവും അറിയുന്ന സർവ്വജ്ഞനാണ് എന്നും പറഞ്ഞിട്ടുണ്ട്. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ച് ജീവിക്കുന്നവർക്ക് മാത്രമാണ് ശാന്തിയും സമാധാനവും ലഭിക്കുക. സൂക്തം 13: 28 അവസാനിക്കുന്നത് "അറിഞ്ഞിരിക്കുക, നാഥന്റെ സ്മരണയുണ്ടാക്കുന്ന അദ്ദിക്ർ കൊണ്ട് ഹൃദയങ്ങൾക്ക് ശാന്തിയും സമാധാനവും ലഭിക്കുന്നതാണ്" എന്ന് പറഞ്ഞുകൊണ്ടാണ്. 3: 10-12, 102, 154; 8: 11 വിശദീകരണം നോക്കുക.

27. പിന്നെ അതിനുശേഷം അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരുടെ മേൽ മടങ്ങുന്നു, അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനുമാകുന്നു.

9: 6 ന്റെ കൽപനയനുസരിച്ച് *ഹുനൈൻ* വിജയാനന്തരം പരാജിതരോട് പ്രവാചകൻ കാണിച്ച മാന്യവും ഉദാരവുമായ സമീപനത്തിന്റെ ഫലമായി അവരിൽ അധികപേരും വിശ്വാസം സ്വീകരിക്കുകയുണ്ടായി. ഉഹ്ദ് യുദ്ധശേഷം പ്രവാചകനോടൊപ്പമുള്ളവരിൽ നിന്നുള്ള കപടവിശ്വാസികളോടും സൗമ്യമായ സമീപനമാണ് പ്രവാചകൻ സ്വീകരിച്ചതെന്ന് 3: 159 ൽ വിവരിച്ചിട്ടുണ്ട്. അന്ന് അദ്ദിക്ർ ഗ്രന്ഥരൂപത്തിൽ രൂപപ്പെടാതിരുന്നതിനാൽ 4: 146 ൽ വിവരിച്ച വ്യവസ്ഥകൾക്ക് വിധേയമായി കപടവിശ്വാസികൾക്ക് പശ്ചാത്താപം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ ആരാണോ അതിനെ മുറുകെപ്പിടിച്ചത്, അവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന്

2: 256; 3: 101–102; 4: 174–175; 5: 48 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെ ചെയ്യാത്ത അറബി ഖുർആൻ വായിക്കുന്ന, തിന്മ കൽപിക്കുകയും നന്മ വിരോധിക്കുകയും ചെയ്യുന്ന എല്ലാ കുഫ്ഫാറുകളായ ഫുജ്ജാറുകളും തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ളവരും ഏറ്റവും വഴിപിഴച്ചവരുമാണെന്ന് 25: 33–34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 62; 4: 17–18; 8: 17–18, 62–64 വിശദീകരണം നോക്കുക.

28. ഓ വിശ്വാസികളായിട്ടുള്ളവരേ! നിശ്ചയം അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ (മുശ്രിക്കുകൾ) ശുദ്ധിയില്ലാത്തവരാണ്, അതിനാൽ ഈ വർഷത്തിനുശേഷം അവർ മസ്ജിദുൽ ഹറമിന്റെ അടുത്തുവരാൻ പാടില്ല, നിങ്ങൾ വരുമാനത്തിൽ കുറവ് ഭയപ്പെടുന്നുവെങ്കിൽ അപ്പോൾ അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങളെ സമ്പന്നരാക്കുകതന്നെ ചെയ്യും, നിശ്ചയം അല്ലാഹു എല്ലാം അറിയുന്ന യുക്തിജ്ഞനാകുന്നു.

ഈ സൂക്തം അവതരിക്കുന്ന കാലത്ത് മക്കയിലുള്ള മസ്ജിദുൽ ഹറം മക്കാമുശ്രിക്കുകളുടെ അധീനതയിലായിരുന്നു. അബൂബക്കറിന്റെ നേതൃത്വത്തിൽ ഹിജ്റ 9-ാം വർഷം നടന്ന ഹജ്ജ് ദിനത്തിലാണ് 9: 1 ൽ വിവരിച്ച പ്രകാരം ഈ സൂക്തം അവരെ അറിയിക്കുകയും അടുത്ത വർഷം മുതൽ ഇക്കാര്യം നടപ്പിലാവുകയുമുണ്ടായി. 'നിങ്ങൾ വരുമാനത്തിൽ കുറവ് ഭയപ്പെടുന്നുവെങ്കിൽ' എന്ന് പറഞ്ഞതിന്റെ വിവക്ഷ അന്നത്തെ മഹാഭൂരിപക്ഷമായിരുന്ന മുശ്രിക്കുകളെ വർഷം തോറും ഹജ്ജിന് വരുന്നതിൽ നിന്ന് തടഞ്ഞാൽ അവരുമായുള്ള ക്രയവിക്രയം മൂലമുണ്ടാവുന്ന സാമ്പത്തികലാഭം നഷ്ടപ്പെടുമെന്ന് നിങ്ങൾ ഭയക്കരുത് എന്നാണ്. ശിലാനിബിഡവും ഫലശൂന്യവുമായ മരുപ്രദേശമായ മക്കാനിവാസികളുടെ ഏറ്റവും വലിയ വരുമാനമാർഗമായിരുന്നു അത്.

അന്ന് ക്രോഡീകരിക്കപ്പെട്ട ഒരു ഗ്രന്ഥം ഉണ്ടായിരുന്നില്ല. ഇന്ന് 25: 33 ൽ പറഞ്ഞ, നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി ക്രോഡീകരിച്ചിട്ടുണ്ട്. എന്നാൽ അറിഞ്ഞുകൊണ്ട് അതിന്റെ 40 പേരുകളും മൂടിവെക്കുന്ന കപടവിശ്വാസികളും അതിനെ തള്ളിപ്പറയുന്ന അവരുടെ അനുയായികളുമാണ് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ. ഫുജ്ജാറുകളുടെ പട്ടിക നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിലാണെന്ന് 83: 7 ൽ അവർ വായിച്ചിട്ടുണ്ട്. 4: 150–151 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം, അവർ ഭിന്നിച്ച് വിവിധ സംഘടനകളായി പിരിഞ്ഞ് യഥാർത്ഥ മുശ്രിക്കുകളും കാഫിറുകളുമായിത്തീർന്നിരിക്കുന്നു. 9: 95 ൽ കപടവിശ്വാസികൾ മാലിന്യമാണെന്നും; 9: 125 ൽ, അവർക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നും അവർ കാഫിറായി ജീവൻ വെടിഞ്ഞിരിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്. അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് നാഥന്റെ ശാപവും കോപവും വർഷിച്ചിട്ടുള്ള കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും, മുശ്രിക്കുകളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കാനാണെന്ന് 33: 73; 48: 6; 98: 6 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. അവർ തന്നെയാണ് 2: 137, 176; 6: 159; 9: 5; 23: 52–53; 30: 31–32 തുടങ്ങി 55 സൂക്തങ്ങളിൽ പരാമർശിച്ച യഥാർത്ഥ മുശ്രിക്കുകൾ. 7: 26 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവരായ ഇക്കൂട്ടർ യഥാർത്ഥത്തിൽ പ്രവാചകന്മാരിൽ നിന്നും നബിമാരിൽ നിന്നുമുള്ള ഒരാളെയും പിൻപറ്റാത്തവരും 29 കള്ളവാദികളെ പിൻപറ്റി മുപ്പതാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചു

കൊണ്ടിരിക്കുന്നവരുമാണ്. 3: 102; 43: 36-39 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ തങ്ങളുടെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തതിനാൽ പിശാചിനെ അനുസരിക്കുന്നവരും സേവിക്കുന്നവരുമായ ഭ്രാന്തന്മാരാണെന്ന് 6: 55; 7: 40; 36: 59-62 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഈ ദുഷിച്ച ജനതയുടെ പ്രാർത്ഥന 8: 35 ൽ വിവരിച്ച മക്കാ മുശ്രിക്കുകളുടെ പ്രാർത്ഥനയെക്കാൾ വഴികേടിലാണ്. അതുകൊണ്ട് ഇന്ന് അവരെയാണ് മസ്ജിദുൽ ഹറമിൽ പ്രവേശിക്കുന്നതിനെത്തൊട്ട് തടയേണ്ടത്.

എന്നാൽ ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ *ഇജാസി*ൽ ഇമാം മഹ്ദിയുടെ ആഗമനത്തിന് ശേഷം മാത്രമായിരിക്കും ഇനി ഈ സൂക്തത്തിന്റെ കൽപന നടപ്പിലാവുക. മഹ്ദിയുടെ പ്രഖ്യാപനത്തോടുകൂടി ലോകത്തുള്ള വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും മുഴുവനും ഇജാസിലേക്ക് വേർതിരിക്കപ്പെടുന്നതും അങ്ങനെ വിശ്വാസികൾക്കുള്ള ലോകവിജയം നടപ്പിലാകുന്നതുമാണ്. വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന അവസാനത്തെ *സാബിഖായ* വിശ്വാസിയുടെ വേർപാടിന് ശേഷം സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കുന്നതും ഭൂമി തിരിച്ച് കറങ്ങുന്നതും, 4: 158-159 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മസീഹുദ്ദജ്ജാൽ പുറപ്പെടുന്നതുമാണ്. 3: 187; 8: 22, 55 വിശദീകരണം നോക്കുക.

29. അല്ലാഹുവിനെക്കൊണ്ടും അന്ത്യനാളിനെക്കൊണ്ടും വിശ്വസിക്കാത്തവരും അല്ലാഹുവും അവന്റെ പ്രവാചകനും നിഷിദ്ധമാക്കിയതിനെ നിഷിദ്ധമായി പരിഗണിക്കാത്തവരും യഥാർത്ഥ ദീനിനെ സ്വന്തം ദീനായി സ്വീകരിക്കാത്തവരുമായ വേദം നൽകപ്പെട്ടവരിൽ നിന്നുള്ളവരോട് നിങ്ങൾ യുദ്ധം ചെയ്യുവീൻ, അവർ സ്വന്തം കൈകളാൽ കപ്പം നൽകുകയും സ്വയം താഴ്മ കാണിക്കുന്നവരായിത്തീരുകയും ചെയ്യുന്നതുവരെ.

3: 112 ൽ വിവരിച്ച പ്രകാരം എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുകവഴി പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കാത്തവരാണ് ഇന്നത്തെ കപടവിശ്വാസികളും അവരുടെ മുശ്രിക്കുകളായ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ. അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിത്തീർന്നവരും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരുമായ ഇത്തരം ഭ്രാന്തന്മാർ തങ്ങളാണ് യഥാർത്ഥ വിശ്വാസികളെന്ന് വാദിക്കുന്നവരും പൊങ്ങച്ചം നടിക്കുന്നവരുമാണ്. സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതരീതിയായ ഇസ്ലാമിനെ അംഗീകരിക്കാതെ, 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റുന്നവരാണ് അവർ. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ഒറ്റപ്പെട്ട വിശ്വാസി അജയ്യഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് കുഫ്ഫാറുകളോടും കപടവിശ്വാസികളോടും 3: 119; 4: 63 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അധികരിച്ച ജിഹാദ് ചെയ്യാനാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. ഈസാ രണ്ടാമത് വന്നശേഷം ഇന്ന് താരതമ്യേന പ്രകൃതിജീവിതം നയിക്കുന്ന, പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ ഫുജ്ജാറുകൾ വധിക്കപ്പെടുന്നതും, 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാകുന്നതുമാണ്. അപ്പോൾ മാത്രമാണ് 38: 8 ൽ പറഞ്ഞ പ്രകാരം അദ്ദിക്ർ ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥമെന്ന് അവർക്ക് ബോധ്യം വരിക. അന്ത്യദിനത്തിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടാൽ ഒരു ആത്മാവിനും അതിന്റെ വിശ്വാസം സ്വീകരിക്കൽ ഉപകാരപ്പെടുകയില്ല എന്ന് 6: 158 ൽ പറഞ്ഞിട്ടുണ്ട്. 2: 165-167; 3: 19, 85;

7: 157–158 വിശദീകരണം നോക്കുക.

30. ജൂതൻമാർ പറയുന്നു: ഉസൈർ അല്ലാഹുവിന്റെ പുത്രനാണെന്ന്; ക്രൈസ്തവർ പറയുന്നു: മസീഹ് അല്ലാഹുവിന്റെ പുത്രനാണെന്ന്; അതെല്ലാം അവരുടെ വായകൾ ഉതിർക്കുന്ന അവരുടെ വെറും വാക്കുകളാണ്, മുമ്പുള്ള കാഫിറുകളായവരുടെ വാക്കുകൾ അവർ അനുകരിച്ച് പറയുകയാണ്, അല്ലാഹു അവരെ വധിച്ചു കളഞ്ഞിരിക്കുന്നു, എങ്ങനെയാണ് അവർ വഴിതെറ്റിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്?

പ്രവാചകന്റെ കാലത്ത് അന്നുള്ള ജൂതക്രൈസ്തവരെയാണ് വേദത്തിന്റെ ആളുകളായി പരിഗണിച്ചിരുന്നത്. എന്നാൽ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന, അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിച്ചിട്ടുള്ള മുഹൈമിനായ ഗ്രന്ഥം ക്രോഡീകരിക്കപ്പെട്ടതിന് ശേഷം വേദത്തിന്റെ ആളുകൾ പ്രവാചകന്റെ ജനതയാണ്. ഇന്ന് ലോകത്തെവിടെയും തീവ്രവാദം, രക്തച്ചൊരിച്ചിൽ, ലൈംഗിക അരാജകത്വം, മയക്കുമരുന്ന് തുടങ്ങിയ പൈശാചിക വൃത്തികളിലെല്ലാം മുന്നിൽ നിൽക്കുന്നത് ആത്മാവിനെ പരിഗണിക്കാത്ത കെട്ടജനതയും യഥാർത്ഥ കാഫിറുകളുമായ ഇക്കൂട്ടർ തന്നെയാണ്. അവർ തന്നെയാണ് 2: 62 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ ജനതയിൽ നിന്നുള്ള നരകക്കുണ്ഠത്തിലെ സഹവാസികൾ. 'അല്ലാഹു അവരെ വധിച്ചുകളഞ്ഞിരിക്കുന്നു' എന്ന് പറഞ്ഞതുകൊണ്ടുദ്ദേശിക്കുന്നത് ആത്മാവില്ലാതെ ജീവൻ മാത്രമുള്ള ഉറക്കാവസ്ഥയിലെപ്പോലെയാണവർ എന്നാണ്. 63: 4 ൽ, കപടവിശ്വാസികളെ അല്ലാഹു വധിച്ചിരിക്കുന്നു, എങ്ങനെയാണ് അവർ തെറ്റിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് എന്ന് പറഞ്ഞിട്ടുണ്ട്. അതായത് ആത്മാവിനെ പരിഗണിക്കാത്ത കപടവിശ്വാസികൾ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും നേരെച്ചൊവ്വെയുള്ള പാതയിൽ നിന്ന് പുറത്തു പോയിരിക്കുകയാണ്. സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ച ഏതൊരു മനുഷ്യനും വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ൽ പറഞ്ഞിട്ടുണ്ട്. അഥവാ ആത്മാവില്ലാതെ ജീവൻ മാത്രമുള്ള ഉറക്കാവസ്ഥയിലാണ് അവർ. ഫുജ്ജാറുകളായ കുഫ്ഫാറുകൾ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരെ വാദിക്കുകയും സാക്ഷി നിൽക്കുകയും ചെയ്തുകൊണ്ട് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 2: 59, 259; 4: 172; 5: 17, 77; 7: 179 വിശദീകരണം നോക്കുക.

31. അവർ അവരുടെ 'അഹ്ബാറുകളെയും അവരുടെ റുഹ്ബാനികളെയും' അല്ലാഹുവിനെ കൂടാതെയുള്ള റബ്ബുകളായി സ്വീകരിച്ചിരിക്കുന്നു -മർയമിന്റെ പുത്രൻ മസീഹിനെയും, അവരോ ഏക ഇലാഹിനെയല്ലാതെ സേവിച്ചുകൊണ്ടിരിക്കാൻ കൽപിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല, അവനല്ലാതെ വേറെ ഇലാഹ് ഇല്ലതന്നെ, അവർ ജൽപിക്കുന്ന പങ്കാളിത്തത്തെത്തൊട്ടെല്ലാം അവൻ എത്രയോ പരിശുദ്ധനാണ്.

'അഹ്ബാറുകൾ' ജൂതൻമാരിലെ കർമശാസ്ത്ര പുരോഹിതൻമാരും *'റുഹ്ബാനികൾ'* ക്രൈസ്തവരിലെ ലോകപരിത്യാഗികളായ സന്യാസികളുമാണ്. പ്രവാചകന്റെ കാലത്തുള്ള ജൂതക്രൈസ്തവരുടെയും പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷമുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെയും സ്വഭാവമാണ് ഈ സൂക്തം വരച്ചു കാണിക്കുന്നത്. 21: 24–25 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാരെയും

സത്യവും തെളിവുമായ അദ്ദിക്റും കൊണ്ട് അയച്ചിട്ടുള്ളത് അല്ലാഹു അല്ലാതെ മറ്റൊരു ഇലാഹുമില്ല എന്നും അപ്പോൾ അവനെ മാത്രം സേവിക്കണമെന്നും ജനങ്ങളെ പഠിപ്പിക്കുന്നതിന് വേണ്ടിയാണ്. 4: 118 ൽ വിവരിച്ച പ്രകാരം എല്ലാഓരോ ആയിരത്തിലും ഒരാൾ മാത്രമേ അദ്ദിക്ർ പിൻപറ്റി വിശ്വാസിയാവുകയുള്ളൂ എന്നും ബാക്കി 999 ഉം അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും പിശാചിനെ സേവിക്കുന്നവരും 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവന്റെ കാൽപ്പാടുകൾ പിൻപറ്റുന്നവരുമാണ്.

ഇന്ന് പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈന, ബുദ്ധ, ഹൈന്ദവ, ജൂത, ക്രൈസ്തവ ജനവിഭാഗങ്ങൾ പ്രപഞ്ചനാഥനായ ഏകദൈവത്തെക്കൊണ്ടും അന്ത്യദിനത്തെ ക്കൊണ്ടും വിശ്വസിച്ച് സൽക്കർമങ്ങൾ അനുഷ്ഠിക്കുകയാണെങ്കിൽ അവർക്ക് അവരുടെ പ്രതിഫലം നാഥന്റെ പക്കലുണ്ട്; അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല എന്ന് 2: 62 ൽ വിവരിച്ചിട്ടുണ്ട്. 'അവർ ജൽപ്പിക്കുന്ന പങ്കാളിത്തത്തെത്തൊട്ടെല്ലാം അവൻ എത്രയോ പരിശുദ്ധനാണ്' എന്ന് സൂക്തത്തിൽ പറഞ്ഞതിന്റെ വിവക്ഷ, ലക്ഷ്യബോധം നഷ്ടപ്പെട്ട കപടവിശ്വാസികളും അവരുടെ പ്രജ്ഞയറ്റ അനുയായികളും ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്ർ സമർപ്പിക്കുന്ന നാഥനെ കണ്ടുമുട്ടുകയില്ല എന്നാണ്. 1: 4; 5: 63; 7: 205–206; 57: 27 വിശദീകരണം നോക്കുക.

32. അവർ ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ പ്രകാശത്തെ അവരുടെ വായകൊണ്ട് ഊതിക്കെടുത്താനാണ്, എന്നാൽ അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കാതെ പിൻവാങ്ങുകയുമില്ലതന്നെ, അത് കാഫിറുകൾക്ക് എത്ര അരോചകമായിരുന്നാലും ശരി.

61: 8 ഉം ഇതേ ആശയത്തിലുള്ളതാണ്. 2: 257; 4: 174; 7: 157; 14: 1 തുടങ്ങി 32 സ്ഥലങ്ങളിൽ പരാമർശിച്ച പ്രകാശം അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. വ്യക്തവും പ്രകാശവുമായ അദ്ദിക്ർ കൊണ്ട് മാത്രമേ ഏതൊരാളും നേരെച്ചൊവ്വെയുള്ള പാതയിലേക്ക് മാർഗദർശനം ചെയ്യപ്പെടുകയുള്ളൂ എന്ന് 5: 16 ൽ വിവരിച്ചിട്ടുണ്ട്. 22: 8; 31: 20 സൂക്തങ്ങളിൽ പരാമർശിച്ച ജ്ഞാനവും സന്മാർഗവും വെളിച്ചം നൽകുന്ന ഗ്രന്ഥവും അദ്ദിക്ർ തന്നെയാണ്. 66: 8 ൽ പറഞ്ഞ പ്രകാരം വിശ്വാസികൾ 'ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ ഞങ്ങളുടെ പ്രകാശം പൂർത്തിയാക്കിത്തരേണമേ, ഞങ്ങൾക്ക് നീ പൊറുത്തുതരികയും ചെയ്യേണമേ, നിശ്ചയം നീ എല്ലാഓരോ കാര്യത്തിനും കഴിവുള്ളവനാകുന്നു' എന്ന് പ്രാർത്ഥിക്കുന്നവരും പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്നവരും അതോടൊപ്പം പ്രകാശമായ അദ്ദിക്ർ ലോകത്ത് പ്രചരിപ്പിക്കുന്നവരുമാണ്, അത് കപടവിശ്വാസികളും അവരുടെ അനുയായികളും അടങ്ങിയ ഫുജ്ജാറുകൾക്ക് എത്ര അരോചകമായിരുന്നാലും ശരി. അത്തരം വിശ്വാസികളിലൂടെയാണ് അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുക. പ്രപഞ്ചനാഥന്റെ സംഘത്തിൽ പെട്ട വിശ്വാസികൾക്കുതന്നെയാണ് അന്തിമവിജയം. 57: 12 ൽ, വിധിദിവസം വിശ്വാസികളായ പുരുഷൻമാരുടേയും സ്ത്രീകളുടേയും പ്രകാശം അവരുടെ മുമ്പിലും വലതുഭാഗത്തുമായി ഓടിക്കൊണ്ടിരിക്കുന്നത് നിനക്ക് കാണാം, നിങ്ങൾക്കുള്ള സന്തോഷവാർത്ത താഴ്ഭാഗങ്ങളിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗപ്പൂന്തോപ്പുകളാണ്, അതുതന്നെയാണ് മഹത്തായ വിജയം എന്നും; 57: 13 ൽ, അന്നേദിനം കപടവിശ്വാസികളായ പുരുഷൻമാരും സ്ത്രീകളും വിശ്വാസികളോട് ചോദിക്കുന്നതാണ്: ഞങ്ങളെയൊന്ന് കാത്തുനിൽക്കുക, ഞങ്ങൾ നിങ്ങളുടെ പ്രകാശമൊന്ന് സ്വീകരിച്ചോട്ടെ! അവരോട് പറയപ്പെടും: നിങ്ങൾ പിന്നിലേക്ക് (ഐഹികലോകത്തേക്ക്) പോയി

അവിടെ പ്രകാശം അന്വേഷിക്കുക, അപ്പോൾ അവർക്കിടയിൽ ഒരു മതിൽ രൂപപ്പെടുന്നതാണ്, അതിന്റെ അകത്തേക്കുള്ള വാതിൽ കാരുണ്യത്തിന്റേതും പുറത്തേക്കുള്ള വാതിൽ ശിക്ഷയുടേതുമായിരിക്കും എന്നും; 57: 14 ൽ, അപ്പോൾ കപടവിശ്വാസികൾ ആ മറക്ക് പിന്നിൽ നിന്നും വിശ്വാസികളോട് വിളിച്ച് ചോദിക്കുന്നതാണ്: ഞങ്ങൾ ഐഹികലോകത്ത് നിങ്ങളോടൊപ്പമായിരുന്നില്ലേ? വിശ്വാസികൾ മറുപടി നൽകും: അതെ; എന്നാൽ നിങ്ങൾ നിങ്ങളെത്തന്നെ നാശത്തിൽ അകപ്പെടുത്തി, സംശയാലുക്കളായിക്കൊണ്ട് 'കാത്തിരുന്ന് കാണാമെന്ന്' പ്രതീക്ഷിച്ച് കാലം കഴിച്ചുകൂട്ടി, നിങ്ങളുടെ വ്യാമോഹങ്ങൾ നിങ്ങളെ വഞ്ചനയിൽ അകപ്പെടുത്തി, അല്ലാഹുവിന്റെ കൽപന വരുന്നതുവരെ ആ മഹാവഞ്ചകൻ നിങ്ങളെ വഞ്ചിച്ചു എന്നും; 57: 15 ൽ, ഇന്നേദിനം നിങ്ങളിൽ നിന്നോ കാഫിറുകളായവരിൽ നിന്നോ യാതൊരു പ്രായശ്ചിത്തവും സ്വീകരിക്കുന്നതല്ല, നിങ്ങളുടെ സങ്കേതം നരകക്കുണ്ഠമാണ്, അതാണ് നിങ്ങളുടെ അഭയസ്ഥാനം! നിങ്ങളുടെ മടക്കസ്ഥലം വളരെ മോശം തന്നെ എന്നും പറഞ്ഞിട്ടുണ്ട്. ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റാത്ത ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളും മരണസമയത്ത് 7: 37 ൽ പറഞ്ഞ പ്രകാരം അവരുടെ ആത്മാവിനെതിരെ "നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു" എന്ന് സാക്ഷ്യം വഹിക്കുന്നതാണ്.

ഞങ്ങൾ നിന്നെ മാത്രം സേവിക്കുന്നു, അതിന് ഞങ്ങൾ നിന്നോടുമാത്രം സഹായം തേടുകയും ചെയ്യുന്നു എന്ന 1: 4 വായിക്കുമ്പോൾ 'ഞങ്ങളെ നീ നിന്റെ നിഷ്കളങ്കരായ അടിമകളിൽ ഉൾപ്പെടുത്തേണമേ, സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നാക്കേണമേ' എന്നാണ് വിശ്വാസികളുടെ ഹൃദയത്തിലുണ്ടാകേണ്ടത്. പ്രവാചകന്റെ കാലത്ത് വേദക്കാരായ ജൂത-ക്രൈസ്തവരായിരുന്നു ഗ്രന്ഥത്തിന്റെ വ്യാപനത്തെ ഊതിക്കെടുത്താൻ ശ്രമിച്ചിരുന്നതെങ്കിൽ ഇന്ന് അവരെ ചാണിന് ചാണായും മുഴത്തിന് മുഴമായും പിൻപറ്റിക്കൊണ്ടിരിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളായ കാഫിറുകളുമാണ് 3: 58 ൽ പറഞ്ഞ യുക്തിനിർഭര ഗ്രന്ഥമായ അദ്ദിക്റിനെ സ്വീകരിക്കാത്തവരും, ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അതിനെ ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നവരും. 4: 140, 174–175; 9: 67–68 വിശദീകരണം നോക്കുക.

33. അവൻ തന്നെയാണ് അവന്റെ പ്രവാചകനെ സൻമാർഗവും യഥാർത്ഥദീനും കൊണ്ട് അയച്ചത്, അതിനെ മറ്റെല്ലാ ദീനുകളേക്കാളും അതിജയിപ്പിക്കുന്നതിനുവേണ്ടി -അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർക്ക് അത് എത്ര വെറുപ്പുള്ള കാര്യമാണെങ്കിലും ശരി.

61: 9 ഉം ഇതേ ആശയത്തിലുള്ള സൂക്തമാണ്. 48: 28 ൽ, അവൻ തന്നെയാണ് അവന്റെ പ്രവാചകനെ സൻമാർഗവും (അദ്ദിക്ർ) യഥാർത്ഥദീനും (*ഇസ്ലാം*) കൊണ്ട് അയച്ചത്, അതിനെ മറ്റെല്ലാ ദീനുകളേക്കാളും അതിജയിപ്പിക്കുന്നതിനുവേണ്ടി, സാക്ഷിയായിട്ട് അല്ലാഹുതന്നെ ഏറ്റവും മതിയായവനാണ് എന്ന് പറഞ്ഞിട്ടുണ്ട്. ആദം മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യർക്ക് സർവ്വസ്രഷ്ടാവ് തൃപ്തിപ്പെട്ടിട്ടുള്ളത് വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ക്രോഡീകരിക്കപ്പെട്ട ജീവിതരീതി മാത്രമാണ്. മനുഷ്യന് സ്രഷ്ടാവ് നൽകിയിട്ടുള്ള സർവ്വസ്വം അവനുതന്നെ സമർപ്പിച്ചുകൊണ്ടുള്ള പ്രസ്തുത ജീവിത സംഹിതക്കാണ് ഇസ്ലാം എന്ന് പറയുന്നത്. പ്രകൃതി ജീവിതരീതി, സമാധാനം, ജീവിതം സ്രഷ്ടാവിന് സമർപ്പിക്കൽ എന്നെല്ലാമാണ് ഇസ്ലാം എന്ന പദം കൊണ്ടുള്ള വിവക്ഷ.

അപ്രകാരം സർവ്വസ്വം സ്രഷ്ടാവിന് സമർപ്പിച്ചുകൊണ്ട് സമാധാനത്തോടുകൂടിയുള്ള പ്രകൃതിജീവിതം നയിക്കുന്നവരെയാണ് വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾ എന്ന് പറയുന്നത്-അവർ ഏത് ജാതി-മത-വേഷ-ഭാഷ-ദേശക്കാരായാലും ശരി. ആ *ദീൻ* മറ്റെല്ലാ ജീവിത വ്യവസ്ഥയെക്കാളും നീതിയിലും ന്യായത്തിലും പ്രതാപത്തിലുമെല്ലാം അതിജയിക്കുന്നതാണ്. നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ ചരിക്കുന്ന, അല്ലാഹുവിന്റെ സംഘത്തിൽ പെട്ട, ആയിരത്തിലൊന്നായ വിശ്വാസികൾ മാത്രമാണ് ആ ജീവിത വ്യവസ്ഥ*(ദീൻ)* അംഗീകരിച്ചവർ . അവർ ഭൂമിയിലെവിടെയും തല ഉയർത്തിക്കൊണ്ട് നടക്കുന്നവരാണ്. ഇന്ന് സത്യമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ച് ജീവിക്കുന്നവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101; 5: 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന അവരുടെ അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അജയ്യഗ്രന്ഥമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് യഥാർത്ഥ ദീനിൽ നിന്ന് പുറത്തുപോയവരായതുകൊണ്ടാണ് എവിടെയും സ്വീകാര്യമല്ലാത്തവരും വെറുക്കപ്പെടുന്നവരുമായി മാറുന്നത്. ഈ രണ്ടുകൂട്ടരേയും ശിക്ഷിക്കാൻ വേണ്ടിയാണ് അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളതെന്ന് 33: 73 ൽ പറഞ്ഞിട്ടുണ്ട്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത അക്കൂട്ടരെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും തിന്മയേറിയവർ എന്നാണ് 8: 22 ൽ നാഥൻ വിശേഷിപ്പിച്ചിട്ടുള്ളത്. യഥാർത്ഥ *ദീൻ* ലോകത്ത് നടപ്പിലാക്കാൻ വേണ്ടി ഈസാ രണ്ടാമത് വന്നാൽ ഇവർ രണ്ടുകൂട്ടരും പട്ടണങ്ങളിൽ കുഴപ്പമുണ്ടാക്കുന്ന എഴുപതിനായിരം വരുന്ന മസീഹുദ്ദജ്ജാലിന്റെ പടനായകരും വധിക്കപ്പെടുന്നതും 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കപ്പെടുന്നതുമാണ്. 3: 79-80; 4: 48, 82; 9: 13, 30 വിശദീകരണം നോക്കുക.

34. ഓ വിശ്വാസികളായിട്ടുള്ളവരേ! നിശ്ചയം പണ്ഡിത-പുരോഹിതൻമാരിൽ അധികപേരും ജനങ്ങളുടെ ധനം അവിഹിതമായി തിന്നുക തന്നെ ചെയ്യും, അവരെ അല്ലാഹുവിന്റെ മാർഗ്ഗത്തെത്തൊട്ട് തടയുന്നതുമാണ്; സ്വർണ്ണവും വെള്ളിയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാതെ കുന്നുകൂട്ടി തങ്കരിച്ചുവെക്കുന്നവരുണ്ടല്ലോ, അപ്പോൾ അവർക്ക് വേദനാജനകമായ ശിക്ഷ കൊണ്ട് സന്തോഷവാർത്ത അറിയിക്കുക!

മനുഷ്യരെ വിളിച്ചാണ് ഈ സൂക്തം അഭിസംബോധനം ചെയ്തിരുന്നതെങ്കിൽ ഈ സൂക്തം ഏത് മതവിഭാഗങ്ങളിലെ പണ്ഡിത പുരോഹിതന്മാർക്കും ബാധകമായിരുന്നു. എന്നാൽ വിശ്വാസികളെ വിളിച്ചാണ് ഇക്കാര്യം പറയുന്നത് എന്നതിനാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ പണ്ഡിത പുരോഹിതന്മാർക്കാണ് ഇക്കാര്യം ബാധകമാവുക. സ്വന്തം സ്ഥാനമാനങ്ങൾ നിലനിർത്താൻ വേണ്ടി ജനങ്ങളെ ദുർമാർഗ്ഗത്തിൽ തളച്ചിടുന്ന അല്ലാഹുവിന്റെ ശത്രുക്കളായ മനുഷ്യപ്പിശാചുക്കളാണ് സൂക്തത്തിൽ പറഞ്ഞ പണ്ഡിതപുരോഹിതന്മാർ. അല്ലാഹുവിന്റെ മാർഗ്ഗമായ അദ്ദിക്റിന് വിരുദ്ധമായി മതവിധി നൽകുക, അനിസ്‌ലാമിക ആചാരങ്ങൾ ജനങ്ങളുടെമേൽ കെട്ടിവെക്കുക, ജനങ്ങളുടെ ജനന-മരണ-വിവാഹ-ഗൃഹപ്രവേശന സന്ദർഭങ്ങളും ഇതര സുഖ-ദുഃഖ സന്ദർഭങ്ങളും തങ്ങളുടെ മേൽക്കോയ്മ നിലനിർത്താനുള്ള വേദിയാക്കുക, വിവാഹത്തിന് കാർമികത്വം വഹിച്ച് പ്രതിഫലം വാങ്ങുക, മറഞ്ഞ കാര്യങ്ങളും ഭാവി കാര്യങ്ങളും പ്രവചിക്കാനുള്ള

കഴിവുണ്ടെന്ന് സാധാരണ ജനങ്ങളെ വിശ്വസിപ്പിക്കുന്ന തരത്തിലുള്ള ജാഡകളും ഭാവ -ഹാവാദികളും കാണിക്കുക, ജീവനുള്ളവരെ അദ്ദിക്ർ കൊണ്ട് മുന്നറിയിപ്പ് നൽകുന്ന തിന് പകരം അറബി ഖുർആൻ മരിച്ചവരെ ഓതിക്കേൾപ്പിക്കുക, ഖുർആൻ സൂക്തങ്ങൾ പാത്രങ്ങളി ലും തകിടുകളിലും എഴുതിക്കൊടുക്കുക, നൂലുകളിൽ കെട്ടുകളിട്ട് വിൽക്കു ക, മഹാത്മാക്കളുടെ ജാറങ്ങളിലേക്ക് ആളുകളെ കൂട്ടാനുള്ള കള്ളപ്രചരണങ്ങൾ നടത്തു ക, നബിദിനം പോലുള്ള കൃത്രിമമായ ആഘോഷങ്ങളും ആചാരങ്ങളും പ്രാർത്ഥനാചട ങ്ങുകളും ഘോഷയാത്രകളും സംഘടിപ്പിക്കുക തുടങ്ങിയ പൈശാചിക പ്രവർത്തനങ്ങ ളിലൂടെയാണ് അത്തരം കപടവിശ്വാസികളായ പണ്ഡിത-പുരോഹിതന്മാർ, ജനങ്ങളുടെ ധനം അവിഹിതമായി തിന്നുന്നത്. യഥാർത്ഥത്തിൽ അബൂജാഹിലിന്റെ പിൻഗാമികളാ യി ജീവിക്കുകയും എന്നാൽ മുഹമ്മദ് നബിയുടെ പിൻഗാമികളായ തങ്ങൾമാരാണെന്ന് ദുരഭിമാനിക്കുകയും ചെയ്യുന്നവരും ഈ ഗണത്തിൽ പെട്ടവർ തന്നെയാണ്. ആരെങ്കി ലും അദ്ദിക്ർ മുറുകെപ്പിടിച്ച് ജീവിക്കണമെന്ന് പറഞ്ഞ് രംഗത്തുവന്നാൽ പാണ്ഡിത്യത്തി ന്റെ ഹുങ്ക് പ്രകടിപ്പിച്ച് സത്യമാർഗത്തെത്തൊട്ട് ജനങ്ങളെ വല്ലവിധേനയും തടയാൻ വേ ണ്ടി കച്ചകെട്ടി ഇറങ്ങിത്തിരിക്കുന്ന ഇത്തരം പണ്ഡിത-പുരോഹിതന്മാർ തങ്ങളുടെ സ്ഥാ നമാനങ്ങൾ സംരക്ഷിക്കാൻ സത്യത്തിനെതിരായി എത്ര നീചമായ കുതന്ത്രങ്ങൾ നട ത്താനും മടിക്കുകയില്ല. 28: 57 വിശദീകരണം നോക്കുക.

നാഥന്റെ ഗ്രന്ഥമായ അദ്ദിക്റിനെ മൂടിവെക്കുകയും സൂക്തങ്ങളെ വളച്ചൊടിക്കുകയും ചെയ്യുന്ന, 9: 67 ൽ പറഞ്ഞ കപടവിശ്വാസികളാണ് അവർ. നാഥന്റെ ഗ്രന്ഥം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിന് പകരം അവർ സംഘടനാ താൽപര്യങ്ങൾ ലക്ഷ്യം വെച്ചു കൊണ്ടുള്ള ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളും പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ട് 2: 79, 174-176 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തങ്ങളുടെയും കുടുംബാംഗങ്ങളുടെയും വയറുകളിൽ തീ നിറക്കുന്നവരും നേരെ ച്ചൊവ്വെയുള്ള പാതയിൽ നിന്ന് വിഘടിച്ച് ദൂരെപ്പോയവരുമാണ്. അപ്പോൾ അവരെ വേദനാ ജനകമായ ശിക്ഷകൊണ്ട് സന്തോഷവാർത്ത അറിയിക്കുക എന്ന ആശയത്തോടുകൂടി യാണ് 4: 138; 31: 7; 45: 8; 84: 24 തുടങ്ങിയ സൂക്തങ്ങളും അവസാനിക്കുന്നത്. അല്ലാഹു വിന്റെ മാർഗത്തിൽ ചെലവഴിക്കുന്ന രീതി മനസ്സിലാക്കാൻ 9: 58-60 സൂക്തങ്ങളുടെ വിശ ദീകരണം വായിക്കുക. 4: 59; 5: 63; 7: 146-147 വിശദീകരണം നോക്കുക.

35. നരകാഗ്നിയിൽ അത് ചുട്ടുപഴുപ്പിക്കുകയും അതുകൊണ്ട് അവരുടെ നെറ്റികളും അവരുടെ പാർശ്വങ്ങളും അവരുടെ മുതുകുകളും പൊള്ളിക്കുകയും ചെയ്യുന്ന ദിനം! ഇതാണ് നിങ്ങൾ നിങ്ങൾക്കുവേണ്ടി ഒരുക്കി വെച്ചിരുന്ന നിധി, അപ്പോൾ നിങ്ങൾ തങ്കരിച്ചുകൊണ്ടിരുന്നത് നിങ്ങൾ ആസ്വദിച്ചുകൊള്ളുവീൻ!

സമ്പത്തിൽ നിന്ന് അല്ലാഹുവിന്റെ വിഹിതവും ദരിദ്രന്റെ അവകാശവുമായ സകാത്ത് (നിർബന്ധദാനം) കൊടുക്കാതിരുന്നാലും കണക്കനുസരിച്ചുള്ള സകാത്ത് നൽകുന്നതോ ടെ സമ്പത്ത് ശുദ്ധീകരിക്കപ്പെടുമെങ്കിലും അത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴി ക്കാതെ കെട്ടിപ്പൂട്ടിവെച്ചാലും അതും നരകാഗ്നിയിൽ ചുട്ടുപഴുപ്പിച്ച് അവരെ പൊള്ളിക്കു മെന്നാണ് സൂക്തത്തിൽ പരാമർശിക്കുന്നത്. അല്ലാഹു നൽകിയ എല്ലാ അനുഗ്രഹങ്ങളെ ക്കുറിച്ചും വിധിദിവസം ചോദിക്കപ്പെടുന്നതാണ് എന്ന് 102: 8 ൽ പറഞ്ഞിട്ടുണ്ട്. 6: 165 ൽ വിവരിച്ച പ്രകാരം സ്വർഗ്ഗത്തിൽ സൃഷ്ടിച്ച മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളതി ന്റെ ലക്ഷ്യം അവർക്ക് നൽകിയിട്ടുള്ള ആയുസ്സ്, അറിവ്, സമ്പത്ത് തുടങ്ങിയവയിൽ അ

വരെ പരീക്ഷിക്കാനാണ്. പിശാചാണ് സമ്പത്ത് തങ്കരിച്ചുവെക്കുന്നതിനും പിശുക്ക് കാണിക്കുന്നതിനും കൽപിക്കുന്നത്. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ പ്രദർശിപ്പിക്കാത്തവർ കാഫിറാണെന്നും അവർക്ക് നിന്ദ്യമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ടെന്നും 4: 37-38 സൂക്തങ്ങളിലും, ധൂർത്തായി ചെലവഴിക്കുന്നവർ പിശാചിന്റെ സഹോദരൻമാരാണെന്ന് 17: 27 ലും പറഞ്ഞിട്ടുണ്ട്.

സ്വർണത്തിന്റെയും വെള്ളിയുടെയും കൂമ്പാരങ്ങൾക്ക് സകാത്ത് കൊടുത്താൽ മതി, കടലാസ് നോട്ടുകൾക്ക് സകാത്ത് കൊടുക്കേണ്ടതില്ലെന്നും, ആഭരണമായി സ്വർണ്ണം തങ്കരിക്കുകയാണെങ്കിൽ അതിന് പരിധിയില്ലെന്നും നൂറും ഇരുന്നൂറുമെല്ലാം പവൻ ആകാമെന്നും കപടവിശ്വാസികളായ നേതാക്കന്മാർ സാധാരണക്കാർക്ക് മതവിധി നൽകാറുണ്ട്. എന്നാൽ ഈ മതവിധി നൽകുന്ന കപടവിശ്വാസികൾ 4: 145 ൽ വിവരിച്ച പ്രകാരം വിചാരണകൂടാതെ നരകത്തിൽ പോകുന്നവരും അത് സ്വീകരിച്ച് അല്ലാഹുവിന്റെ പ്രവാചകനെ ധിക്കരിച്ചുകൊണ്ട് ആഭരണങ്ങൾ അണിഞ്ഞ് ഇവിടെ ജാഹിലിയ്യാ അലങ്കാരവും പൊങ്ങച്ചവും വെളിപ്പെടുത്തി ജീവിക്കുന്ന അനുയായികൾ 39: 71-72 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിചാരണക്കുശേഷം നരകത്തിലേക്ക് തെളിക്കപ്പെടുന്ന കാഫിറുകളുമാണ്. സ്ത്രീകളെയാണ് *ഇസ്റാഅ്-മിഅ്റാജ്* രാത്രിയിൽ നരകത്തിൽ അധികം കണ്ടതെന്ന് പ്രവാചകൻ പറഞ്ഞതിന് ഒരുകാരണം ഇതാണ്. പ്രിയതമന്റെ കിടപ്പറയിൽ മാത്രമേ ചമഞ്ഞൊരുങ്ങി ഭംഗി പ്രകടിപ്പിക്കാവൂ എന്ന 24: 31; 33: 33-34 സൂക്തങ്ങളുടെ കൽപനകളെല്ലാം അവഗണിച്ചുകൊണ്ട് പുറത്തുപോകുമ്പോഴും പൊതുസദസ്സുകളിലും വിവാഹവേളകളിലും മറ്റുമാണ് അവർ ആഭരണങ്ങളെല്ലാം കെട്ടിച്ചമയുന്നത്. 7: 26 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ആശയമായ 'സൂക്ഷ്മതാ വസ്ത്രം' എടുക്കുന്ന വിശ്വാസിനികൾ ആഭരണങ്ങൾ ധരിക്കുന്നത് തന്നെ ഇഷ്ടപ്പെടുകയില്ല.

ത്രികാലജ്ഞാനമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളും ഐഹികജീവിതത്തിനും ദേഹേച്ഛക്കും പ്രാധാന്യം കൊടുക്കുന്നവരാണെന്ന് 3: 14-15, 180 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഇന്ന് ലോകത്തെവിടെയും ധൂർത്തടിച്ചു ജീവിതം നയിക്കുന്നവർ കൂടുതലും ഫുജ്ജാറുകളാണ്. അവരുടെ പ്രദേശങ്ങളിൽ പലചരക്ക് കടകളെക്കാൾ സ്വർണ്ണക്കടകൾ ഇന്ന് വർദ്ധിച്ചിട്ടുള്ളതായി കാണാം. ഭക്ഷണത്തിനും മറ്റു അവശ്യകാര്യങ്ങൾക്കും പണം ചെലവഴിക്കുന്നതിനേക്കാൾ ആർഭാടത്തിനും രോഗചികിത്സക്കും പണം ചെലവഴിക്കുന്നതും ഏറ്റവും കൂടുതൽ അവരാണെന്ന് കാണാം. രോഗശമനവും കാരുണ്യവുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തുന്ന വിശ്വാസികളാവാതെ അതിനെ മൂടിവെക്കുന്ന അക്രമികളായതാണ് അതിനുകാരണം. അവരിലുള്ള കപടവിശ്വാസികളായ പുരുഷൻമാരും സ്ത്രീകളും അദ്ദിക്റിനെ ജീവിപ്പിക്കുന്ന കാര്യത്തിൽ കൈചുരുട്ടുന്ന പിശുക്കൻമാരാണെന്ന് 9: 67 ൽ പറഞ്ഞിട്ടുണ്ട്. 35: 32 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയിൽ നിന്ന് ആരാണോ എല്ലാ അനുഗ്രഹങ്ങളും പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഉപയോഗപ്പെടുത്തി നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് സ്വർഗം സമ്പാദിക്കാത്തത്, അവർതന്നെയാണ് 2: 254; 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളും അക്രമികളും. അവർ 2: 286 ൽ വിവരിച്ച പ്രകാരം ഏഴാം ഘട്ടത്തിലേക്ക് വേണ്ടി നരകക്കുണ്ഠമാണ് സമ്പാദിച്ചുകൊണ്ടിരിക്കുന്നത്. 3: 91; 6: 25-26; 8: 22, 55 വിശദീകരണം നോക്കുക.

36. നിശ്ചയം അല്ലാഹുവിന്റെ പക്കലുള്ള ഗ്രന്ഥത്തിൽ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച നാൾ തൊട്ട് മാസങ്ങളുടെ എണ്ണം പന്ത്രണ്ടാണ്, അതിൽ നാലുമാസം യുദ്ധം നിഷിദ്ധമാക്കപ്പെട്ടവയാണ്, അതാണ് ശരിയായ ദീൻ, അതിനാൽ നിങ്ങൾ അവയിൽ നിങ്ങളോടുതന്നെ അക്രമം ചെയ്യാതിരിക്കുവിൻ, എന്നാൽ മുശ്രിക്കുകൾ എവ്വിധം ഒറ്റക്കെട്ടായി നിന്ന് നിങ്ങളോട് യുദ്ധം ചെയ്യുന്നുവോ, അതേപ്രകാരം നിങ്ങളും ഒറ്റക്കെട്ടായി നിന്ന് അവരോട് യുദ്ധം ചെയ്യുവിൻ; നിശ്ചയം അല്ലാഹു സൂക്ഷ്മാലുക്കളുടെ കൂടെയാണെന്ന് നിങ്ങൾ അറിയുകയും ചെയ്യുക.

ദിവസമോ മാസമോ ലോകത്തെവിടെയും മാറുന്നില്ല, അതെല്ലാം 2: 255 ൽ വിവരിച്ച പ്രകാരം ആകാശ ഭൂമികൾ സൃഷ്ടിക്കുന്നതിന് മുമ്പുതന്നെ ത്രികാലജ്ഞാനിയായ നാഥൻ നിശ്ചയിച്ചിട്ടുള്ളതും അവന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തി വെച്ചിട്ടുള്ളതുമാണ്. അതിൽ നാലുമാസം യുദ്ധം നിഷിദ്ധമായവയാണ്. *ദുൽഖഅദ്, ദുൽഹജ്ജ്, മുഹറം* എന്നീ തുടർച്ചയായിവരുന്ന മൂന്നുമാസങ്ങൾ ഹജ്ജിനുവേണ്ടിയും, *റജബ് മാസം* ഉംറക്കുവേണ്ടിയും യുദ്ധം നിഷിദ്ധമാക്കപ്പെട്ട മാസങ്ങളായി ഇബ്റാഹീം, ഇസ്മാഈൽ നബിമാരുടെ കാലം മുതൽക്കുതന്നെ പരിഗണിച്ചുവരുന്നതാണ്. 'അപ്പോൾ നിങ്ങൾ നിങ്ങളോടുതന്നെ ആ മാസങ്ങളിൽ അക്രമം കാണിക്കരുത്' എന്നുപറഞ്ഞതിന്റെ വിവക്ഷ, എന്തിനുവേണ്ടിയാണോ പ്രസ്തുത മാസങ്ങളിൽ യുദ്ധം നിഷിദ്ധമാക്കിയത്, ആ ലക്ഷ്യങ്ങൾ പാഴാക്കി നിങ്ങളെ സ്വയം നഷ്ടപ്പെടുത്തരുത് എന്നാണ്. ആദരണീയ മാസങ്ങളിൽ മുശ്രിക്കുകൾ യുദ്ധത്തിന് മുതിരുകയാണെങ്കിൽ അപ്പോൾ നിങ്ങളും തിരിച്ചടിക്കുക, അവർ ഒന്നിച്ചു നിന്ന് നിങ്ങളോട് യുദ്ധം ചെയ്യുന്നതുപോലെ നിങ്ങൾ അവരെയും ഒറ്റക്കെട്ടായി നേരിടുക എന്നാണ് സൂക്തം പറയുന്നത്. എന്നാൽ ഇന്ന് യുദ്ധമില്ല, മറിച്ച് ഗ്രന്ഥത്തിന്റെ ആശയത്തെ വളച്ചൊടിക്കുന്ന കപടവിശ്വാസികളോടും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന അവരുടെ അനുയായികളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* മാത്രമാണുള്ളത് എന്ന് 9: 73 ലും 25: 52 ലും പറഞ്ഞിട്ടുണ്ട്. 2: 145, 194; 5: 48; 10: 61 വിശദീകരണം നോക്കുക.

37. നിശ്ചയം 'നസീഅ്' നിഷേധത്തിൽ ഒരു വർദ്ധനവ് മാത്രമാകുന്നു, അതുമൂലം ഈ കാഫിറുകളായവർ കൂടുതൽ വഴിതെറ്റിക്കപ്പെടുന്നു, അവർ ചില വർഷങ്ങളിൽ ഒരു മാസത്തിനെ യുദ്ധം അനുവദിക്കപ്പെട്ടതാക്കുന്നു, മറ്റുചില വർഷങ്ങളിൽ അതേ മാസത്തിനെ യുദ്ധം നിഷിദ്ധമാക്കപ്പെട്ടതുമാക്കുന്നു, അല്ലാഹു യുദ്ധം നിഷിദ്ധമാക്കിയ മാസങ്ങളുടെ എണ്ണവുമായി യോജിക്കാൻ വേണ്ടി, അപ്പോൾ അവർ അല്ലാഹു നിരോധിച്ചതിനെ അനുവദനീയമാക്കുന്നു, അവരുടെ ഈ ദുഷ്ചെയ്തികൾ അവർക്ക് അലങ്കാരമാക്കപ്പെട്ടിരിക്കുന്നു, ഇത്തരം കാഫിറുകളായ ഒരുജനതയെ അല്ലാഹു സൻമാർഗത്തിലേക്ക് നയിക്കുകയുമില്ല.

യുദ്ധം നിഷിദ്ധമായ മാസങ്ങൾ മാറ്റിമറിച്ചുകൊണ്ട് യുദ്ധം നിഷിദ്ധമായ മാസങ്ങളിൽ പെട്ട ചിലതിൽ യുദ്ധം അനുവദനീയമാക്കുകയും പകരം അനുവദനീയമായ മാസങ്ങളിൽ യുദ്ധം നിഷിദ്ധവുമാക്കി എണ്ണം തികച്ചിരുന്നതിനെയാണ് *നസീഅ്* എന്ന് പറഞ്ഞിരുന്നത്. അതുപോലെ ചന്ദ്രവർഷപ്രകാരം ഹജ്ജ് വ്യത്യസ്ത കാലാവസ്ഥകളിൽ മാറിമാറി വരുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയും എല്ലാ വർഷവും ഹജ്ജ് സുഖപ്രദമായ കാലാവസ്ഥയിൽ തന്നെയാകുന്നതിനുവേണ്ടിയും മുശ്രിക്കുകൾ ചന്ദ്രവർഷക്കല

ണ്ടറിനുപകരം ചിലപ്പോൾ സൂര്യവർഷക്കലണ്ടറിനെ ആശ്രയിച്ചിരുന്നു. 2: 65-66 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ജൂതന്മാർ *സാബത്ത്* നാളിൽ മത്സ്യം പിടിക്കുന്നതിനെ വിരോധിച്ചത് മറികടക്കുന്നതിനുവേണ്ടി തന്ത്രങ്ങൾ മെനഞ്ഞ് ധിക്കാരപൂർവം മത്സ്യം പിടിച്ചപ്പോൾ അവരെ നിന്ദ്യന്മാരായ കുരങ്ങുകളായി മാറ്റുകയുണ്ടായി. എന്നാൽ ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥം ഇല്ലാത്തതിനാലാണ് മക്കാമുശ്രിക്കുകളെ 8: 19 ൽ വിവരിച്ച പ്രകാരം മാസങ്ങൾ മാറ്റിമറിച്ചതിന്റെ പേരിൽ ശിക്ഷിക്കാതിരുന്നത്. ഭൂമിയുടെ കേന്ദ്രമായ മക്കയിൽ ഖിബ്ല സ്ഥാപിച്ചത് മനുഷ്യർക്കിടയിൽ ഏകദൈവത്തിന്റെ കാര്യത്തിലും മനുഷ്യരുടെ ഐക്യത്തിന്റെ കാര്യത്തിലും ഭിന്നിപ്പ് ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് എന്ന് 2: 150 ൽ വിവരിച്ചിട്ടുണ്ട്. 4: 150 ൽ വിവരിച്ച പ്രകാരം വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന, അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ ജീവിതമേഖലകളിലൊന്നും തന്നെ ഖിബ്ലയെ അംഗീകരിക്കുന്നവരല്ല. അങ്ങനെ അവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നോമ്പും പെരുന്നാളുമെല്ലാം കൊണ്ടുനടക്കുന്നത് അതാതു പ്രദേശങ്ങളിൽ ചന്ദ്രോദയം ദർശിക്കുന്നതിനെ അടിസ്ഥാനമാക്കി വ്യത്യസ്ത ദിനങ്ങളിലായിട്ടാണ്. അതുവഴി അവർ 41: 37 ന്റെ കൽപന തള്ളിപ്പറഞ്ഞുകൊണ്ട് ചന്ദ്രന് സാഷ്ടാംഗം പ്രണമിക്കുന്ന ഏക ജനതയായി അധഃപതിച്ചിരിക്കുകയാണ്. 83: 7 ൽ പറഞ്ഞ പ്രകാരം നരകക്കുണ്ഠത്തിലേക്കുള്ള 'സിജ്ജീൻ' പട്ടികയിലുള്ള ഇക്കൂട്ടർ എല്ലാ പ്രവാചകന്മാരും നബിമാരും വിശ്വാസികളും നിർവ്വഹിച്ച, 19: 58 ൽ വിവരിച്ച പ്രകാരം 'നിഷ്പക്ഷവാനായ നാഥന്റെ സൂക്തങ്ങൾ വിവരിച്ച് കേൾപ്പിക്കപ്പെടുമ്പോൾ' നിർവ്വഹിക്കേണ്ട ഒറ്റ സാഷ്ടാംഗപ്രണാമം നിർവഹിക്കാത്തവരും, 22: 18 ൽ പറഞ്ഞ ശിക്ഷ ബാധകമായവർ നിർവ്വഹിക്കുന്ന, ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ടുള്ള നമസ്കാരങ്ങളിൽ കോഴി കൊത്തുന്ന വേഗത്തിൽ സാഷ്ടാംഗപ്രണാമം നിർവഹിക്കുന്നവരുമാണ്. യഥാർത്ഥ കാഫിറുകളായ ഇക്കൂട്ടർക്ക് ഹീനമായ ശിക്ഷയാണ് ഒരുക്കിവെച്ചിട്ടുള്ളതെന്ന് 4: 151 ൽ പറഞ്ഞിട്ടുണ്ട്.

ഒരു ജനത അവരുടെ ജീവിതരീതി സ്വയം മാറ്റുന്നതുവരെ അല്ലാഹു അവരുടെ സ്ഥിതി മാറ്റുകയില്ല എന്ന് 8: 53 ൽ ഇക്കൂട്ടർ മാത്രമാണ് വായിച്ചിട്ടുള്ളത്. അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന ഫുജ്ജാറുകളായ ഈ കെട്ടജനത 43: 36-39 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റാത്തതുകാരണം പിശാചായി മാറിയിട്ടുള്ള ജിന്നുകൂട്ടുകാരനാണ് ഹീനമായ ഇത്തരം പ്രവർത്തനങ്ങളെല്ലാം അവർക്ക് അലങ്കാരമായി തോന്നിപ്പിക്കുന്നത്. 2: 234; 6: 73, 133; 8: 48-51 വിശദീകരണം നോക്കുക.

38. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾക്ക് എന്തുപറ്റി? അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഇറങ്ങിത്തിരിക്കുവീൻ എന്ന് നിങ്ങളോട് പറയപ്പെട്ടപ്പോൾ നിങ്ങൾ ഭൂമിയിലേക്ക് ഒട്ടിക്കളഞ്ഞുവല്ലോ? നിങ്ങൾ പരലോകത്തെക്കാൾ ഭൗതികജീവിതം കൊണ്ട് തൃപ്തിപ്പെട്ടുവോ? അപ്പോൾ ഭൗതികജീവിത വിഭവങ്ങൾ പരലോകത്തെ അപേക്ഷിച്ച് വളരെ തുച്ഛമല്ലാതെയല്ല.

വിശ്വാസികളെ *തബൂക്ക്* യുദ്ധത്തിന് പുറപ്പെടാൻ ഉത്തേജിപ്പിച്ചുകൊണ്ടുള്ള കൽപന ഈ സൂക്തം മുതൽ ആരംഭിക്കുകയാണ്. മനുഷ്യരെ നാലാം ഘട്ടത്തിൽ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് ഏഴാം ഘട്ടമായ പരലോകത്തെ ശാശ്വതമായ ജീവിതത്തിനുവേണ്ടി ഇവിടെവെച്ചുതന്നെ സ്വർഗ്ഗം സമ്പാദിക്കുന്നതിന് വേണ്ടിയാണ്. അതാണ്, *ഇഹലോകം*

പരലോകത്തേക്കുള്ള കൃഷിയിടമാണെന്ന് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുൾ. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് യുദ്ധമോ വധമോ ആയുധം കൊണ്ടുള്ള ജിഹാദോ ഇല്ല. മറിച്ച് 25: 52 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളോടും അവരുടെ അനുയായികളായ കുഫ്ഫാറുകളോടും 'അതുകൊണ്ട്' അധികരിച്ച *ജിഹാദ്* മാത്രമാണുള്ളത്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സായ അത് ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് വിശ്വാസികൾ വിപരീത കാലാവസ്ഥയോ കാഫിറുകളായ കപടവിശ്വാസികളിൽ നിന്നുള്ള തടസ്സങ്ങളോ ഒന്നും വകവെക്കാതെ മുന്നോട്ട് ഗമിക്കേണ്ടതാണ്. തന്റെ സർവ്വകഴിവുകളും ഉപയോഗപ്പെടുത്തി നിഷ്പക്ഷവാനായ നാഥനെ സഹായിച്ചുകൊണ്ടിരിക്കുന്ന അവർ തന്നെയാണ് 35: 32 ൽ പറഞ്ഞ നന്മയിലേക്ക് മുൻകടക്കുന്നവർ.

25: 17 ൽ പറഞ്ഞ പ്രകാരം ആത്മാവിനെ പരിഗണിക്കാതെ കെട്ടജനതയായിത്തീർന്ന ഫുജ്ജാറുകൾ അദ്ദിക്റിനെയും അതിന്റെ 40 പേരുകളെയും മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ഐഹികലോകത്തിന് പ്രാധാന്യം കൊടുത്ത് ജീവിക്കുന്നവരും 3: 187; 6: 26; 7: 30 തുടങ്ങിയ സൂക്തങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ട് അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താത്തവരും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാത്തവരുമാണ്. ഭൂമിയിൽ ഒട്ടിപ്പിടിച്ച, ദേഹേച്ഛ പിൻപറ്റുന്ന ഇക്കൂട്ടരെ ത്രികാലജ്ഞാനിയായ നാഥൻ 7: 175–176 സൂക്തങ്ങളിലൂടെ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടാണ് ഉപമിച്ചിട്ടുള്ളത്. കേൾവിയുണ്ടായിട്ടും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കേൾക്കാത്ത ബധിരരും സംസാരവൈഭവം ഉണ്ടായിട്ടും അതിനെക്കുറിച്ച് ലോകരോട് പറയാത്ത ഊമരുമായ അവരാണ് 8: 22 ൽ വിവരിച്ച പ്രകാരം നാഥന്റെ അടുക്കൽ ആയിരം സമുദായങ്ങളിൽ പെട്ട ജീവജാലങ്ങളിൽ വെച്ച് ഏറ്റവും ദുഷിച്ച ജീവികൾ. 2: 201–202; 3: 185; 6: 164 വിശദീകരണം നോക്കുക.

39. നിങ്ങൾ ഇറങ്ങിത്തിരിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് വേദനാജനകമായ ശിക്ഷ നൽകുന്നതും നിങ്ങളുടെ സ്ഥാനത്ത് മറ്റൊരു ജനതയെ പകരം കൊണ്ടുവരുന്നതുമാണ്, നിങ്ങൾക്ക് അവനെ ഒരു ദ്രോഹവും ചെയ്യാൻ സാധിക്കുകയില്ല, അല്ലാഹു എല്ലാകാര്യങ്ങൾക്കും കഴിവുള്ള സർവ്വശക്തനുമാകുന്നു.

നിങ്ങൾ പ്രവർത്തിച്ചാലേ ഒരു കാര്യം സാധ്യമാവൂ എന്ന് കരുതരുത്, അല്ലാഹുവിന്റെ ദീനിനെ സേവിക്കാനുള്ള ഒരു അവസരം നിങ്ങൾക്ക് നൽകിയത് അവന്റെ മഹത്തായ കാരുണ്യവും അനുഗ്രഹവുമാണ്. ആ അവസരം നിങ്ങൾ പാഴാക്കുകയാണെങ്കിൽ ആ കാര്യം നിർവഹിക്കാൻ അവൻ നിങ്ങളുടെ സ്ഥാനത്ത് മറ്റൊരു ജനതയെ കൊണ്ടുവരികയും നിങ്ങളെ നിർഭാഗ്യവാന്മാരാക്കുകയും ചെയ്യും എന്നാണ് പറയുന്നത്.

3: 58 ൽ പറഞ്ഞ യുക്തിനിർഭര ഗ്രന്ഥമായ അദ്ദിക്റിനെ അറബി ഖുർആൻ വായിക്കുന്ന ഈ കെട്ടജനത മൂടിവെക്കുകയാണെങ്കിൽ 6: 89–90 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അതിനെ മൂടിവെക്കാത്ത, പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെ അത് ഏൽപിക്കുന്നതാണ്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ അയക്കുന്നില്ല. സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളെയും അതിനെ തള്ളിപ്പറയുന്ന അവരുടെ അനുയായികളെയും 15: 44 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിന്റെ ഏഴ് വാതിലുകളിൽ ഒന്നിലേ

ക്ക് നിജപ്പെടുത്തിവെച്ചിരിക്കുകയാണ്. 2: 62; 4: 133; 5: 54; 47: 38 വിശദീകരണം നോക്കുക.

40. നിങ്ങൾ അവനെ സഹായിക്കുന്നില്ലെങ്കിൽ വേണ്ട, കാഫിറുകളായവർ അവനെ പുറത്താക്കിയ സന്ദർഭത്തിൽ അപ്പോൾ നിശ്ചയം അല്ലാഹു അവനെ സഹായിച്ചിട്ടുണ്ട്, അവൻ രണ്ടിലൊരാൾ മാത്രമാവുകയും അവർ ഇരുവരും ആ ഗുഹയിൽ ആയിരിക്കുകയും ചെയ്തപ്പോൾ അവൻ തന്റെ കൂട്ടുകാരനോട്: നീ വ്യസനിക്കാതിരിക്കുക, നിശ്ചയം അല്ലാഹു നമ്മോടൊപ്പമുണ്ട് എന്ന് പറഞ്ഞ സന്ദർഭം. അങ്ങനെ അല്ലാഹു അവനിൽ നിന്നുള്ള ശാന്തി അവന്റെമേൽ ഇറക്കുകയും നിങ്ങൾക്ക് കാണാനാവാത്ത ഒരു സൈന്യത്താൽ അവനെ ബലപ്പെടുത്തുകയും ചെയ്തു, കാഫിറുകളായവരുടെ വചനത്തെ അടിയിലാക്കുകയുമുണ്ടായി, അല്ലാഹുവിന്റെ വചനമാകട്ടെ അതുതന്നെയാണ് അത്യുന്നതം, അല്ലാഹു അജയ്യനായ യുക്തിജ്ഞനുമാകുന്നു.

8: 30 ൽ വിവരിച്ച പ്രകാരം മക്കയിലെ കാഫിറുകൾ പ്രവാചകനെ വധിക്കാൻ ശ്രമിച്ചപ്പോൾ അല്ലാഹു രക്ഷപ്പെടുത്തിയ സന്ദർഭമാണ് ഈ സൂക്തത്തിൽ വരച്ച് കാണിക്കുന്നത്. പ്രവാചകൻ കൂട്ടുകാരനായ അബൂബക്കറിനെയും കൂട്ടി മക്കയിൽ നിന്ന് പുറപ്പെട്ട് വടക്കുഭാഗത്തുള്ള മദീനയിലേക്കുള്ള വഴി ഉപേക്ഷിച്ച് തെക്കോട്ടാണ് യാത്ര ചെയ്തത്. ശേഷം മൂന്നുദിവസം *സൗർ* ഗുഹയിൽ ഒളിച്ചിരുന്നു. ശത്രുക്കൾ പ്രവാചകനെത്തേടി നാലുപാടും ചുറ്റിത്തിരിയുകയായിരുന്നു. അതിനിടെ അവരിൽ ചിലർ പ്രവാചകൻ ഒളിച്ചിരുന്ന ഗുഹയുടെ കവാടത്തിൽ വരെ എത്തിപ്പെടുകയും അവർ ആരെങ്കിലും പാളിനോക്കിയാൽ തങ്ങൾ കണ്ടുപിടിക്കപ്പെടുമല്ലോ എന്ന് അബൂബക്കർ കലശലായ ഭയം പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ നബിയിൽ ഭാവവ്യത്യാസമൊന്നും കണ്ടില്ല. മൂന്നാമനായി അല്ലാഹു ആരോടൊപ്പമുണ്ടോ ആ സംഘത്തെക്കുറിച്ച് ആലോചിച്ച് നീ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട എന്നുപറഞ്ഞുകൊണ്ട് നബി അബൂബക്കറിനെ സമാധാനിപ്പിക്കുകയാണുണ്ടായത്. ഈ സന്ദർഭം ഓർമിപ്പിച്ച് വിശ്വാസികളോട് അല്ലാഹു പറയുകയാണ്: അല്ലാഹു നേരത്തെ തീരുമാനിച്ച് ഉറപ്പിച്ചു വെച്ച കാര്യം തന്നെയാണ് നടക്കുക, അല്ലാഹുവിന്റെ ചര്യക്ക് യാതൊരു മാറ്റവുമില്ല. അപ്പോൾ നിങ്ങൾ അവനെ സഹായിക്കുകയാണെങ്കിൽ അത് നിങ്ങളുടെ ഗുണത്തിന് വേണ്ടിത്തന്നെയാണ്.

ഇന്ന് അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നവൻ ആരോ, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101; 5: 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മൂസാ, ഈസാ, മുഹമ്മദ് തുടങ്ങിയ പ്രവാചകന്മാർക്ക് അവരവരുടെ ജന്മനാടുകളിൽ നിന്ന് ഒളിച്ചോടിപ്പോകേണ്ടിവന്നിട്ടുണ്ടെങ്കിലും അദ്ദിക്റിനെ *മുഹൈമിനാ*യി ഉപയോഗപ്പെടുത്തുന്ന ഇന്നത്തെ വിശ്വാസിക്ക് ജന്മനാടുകളിൽ നിന്ന് ഒളിച്ചോടിപ്പോകേണ്ടിവരികയില്ല എന്ന് മാത്രമല്ല, അത്തരം വിശ്വാസിയെ ഒരു പോറൽ പോലും ഏൽപിക്കാൻ ആർക്കും സാധ്യവുമല്ല. 3: 79–80 സൂക്തങ്ങളിൽ വിവരിച്ചതുപോലെ അജയ്യഗ്രന്ഥമായ അദ്ദിക്റിനാൽ പഠിപ്പിക്കപ്പെടുന്നതുപോലെയും പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെയും നാഥന്റെ പ്രൗഢരായ പ്രതിനിധികളായി നിലകൊള്ളാനാണ് അവർ പഠിപ്പിക്കപ്പെട്ടിട്ടുള്ളത്. 8: 48 ൽ വിവരിച്ച പ്രകാരം വിശ്വാസി തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവനായതുകൊണ്ട് അവൻ ഒരു ജീവിയെയും ഒരു വസ്തുവിനെയും ഭയപ്പെടുകയില്ല എന്ന് മാത്രമല്ല, അവന് ശാന്തിയും സമാധാനവും ലഭിക്കുന്നതു

മാണ്. 2: 136; 8: 7–8; 9: 26 വിശദീകരണം നോക്കുക.

41. നിങ്ങൾ ഭാരം കുറഞ്ഞവരായോ ഭാരം കൂടിയവരായോ പുറപ്പെടുവിൻ, നിങ്ങൾ നിങ്ങളുടെ ധനം കൊണ്ടും നിങ്ങളുടെ ആത്മാവുകൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് നടത്തുവിൻ, അതാണ് നിങ്ങൾക്ക് ഉത്തമമായിട്ടുള്ളത്, നിങ്ങൾ അറിവുള്ളവർ തന്നെയാണെങ്കിൽ!

അനുകൂലാവസ്ഥയിലായാലും പ്രതികൂലാവസ്ഥയിലായാലും അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധത്തിന് പുറപ്പെടണമെന്നാണ് ഭാരം കുറഞ്ഞവരായോ ഭാരം കൂടിയവരായോ പുറപ്പെടുവിൻ എന്ന് പറഞ്ഞതിന്റെ വിവക്ഷ. അദ്ദിക്ർ നിലനിർത്തുന്നതിന് വേണ്ടി നമസ്കാരം നിലനിർത്തുക എന്നും സകാത്ത് നൽകുക എന്നും കൽപിക്കപ്പെട്ടപ്പോൾ മദീനയിൽ പ്രവാചകന്റെ അനുയായികളിൽ ചിലരുടെ മനോനില: എന്തുകൊണ്ട് ഞങ്ങൾ ശത്രുക്കളോട് യുദ്ധം ചെയ്യാൻ കൽപിക്കപ്പെടുന്നില്ല എന്നായിരുന്നു. എന്നാൽ 2: 216 ൽ വിവരിച്ച പ്രകാരം അവരോട് യുദ്ധത്തിനുവേണ്ടി കൽപിച്ചപ്പോൾ 4: 77 ൽ വിവരിച്ച പ്രകാരം ഞങ്ങളുടെ നാഥാ! എന്തുകൊണ്ട് ഞങ്ങളോട് ഇപ്പോൾ തന്നെ യുദ്ധം കൽപിച്ചിരിക്കുന്നു? അത് അൽപം കൂടി നീട്ടിവെച്ചിരുന്നുവെങ്കിൽ എന്നതായിരുന്നു അവരിൽ ഒരു വിഭാഗത്തിന്റെ മനോനില. നിങ്ങൾ അറിവുള്ളവർ തന്നെയാണെങ്കിൽ! എന്ന് പറഞ്ഞതിന്റെ വിവക്ഷ: നിങ്ങൾ യഥാർത്ഥ ജീവിതലക്ഷ്യം അറിവുള്ളവരാണെങ്കിൽ എന്നാണ്. 2: 245; 4: 63, 71 –73; 25: 68 വിശദീകരണം നോക്കുക.

42. നേട്ടം വളരെ എളുപ്പവും യാത്ര ക്ലേശരഹിതവുമായിരുന്നുവെങ്കിൽ അവർ നിന്നെ പിൻപറ്റുക തന്നെ ചെയ്യുമായിരുന്നു, പക്ഷേ അവരുടെമേൽ ഈ വഴി ദൂരം വളരെ ദുഃസ്സഹമായിരിക്കുന്നു, അവർ അല്ലാഹുവിനെക്കൊണ്ട് ആണയിട്ട് പറയുക തന്നെ ചെയ്യും: ഞങ്ങൾക്ക് സാധ്യമായിരുന്നുവെങ്കിൽ ഞങ്ങൾ നിങ്ങളോടൊപ്പം പുറപ്പെടുക തന്നെ ചെയ്യുമായിരുന്നു, അവർ അവരെത്തന്നെയാണ് നശിപ്പിക്കുന്നത്, നിശ്ചയം അവർ കള്ളം പറയുന്നവർ തന്നെയാണെന്ന് അല്ലാഹു അറിയുന്നവനുമാണ്.

സുശക്തമായ റോമാസാമ്രാജ്യത്തോടാണ് ഏറ്റുമുട്ടാൻ പോകുന്നത് എന്നതും അതികഠിനമായ ഉഷ്ണകാലത്ത് വിദൂര പ്രദേശമായ തബൂക്കിലേക്കുള്ള മരുഭൂയാത്ര വളരെ ദുഷ്കരമാണെന്നതും സർവോപരി മദീനയിൽ വിളവെടുപ്പ് സമയം ആസന്നമായിരിക്കുന്നു എന്നതും മദീനയിലെ കപടവിശ്വാസികളിൽ യുദ്ധത്തിന് പുറപ്പെടാൻ വൈമനസ്യം സൃഷ്ടിച്ചു. വിശ്വാസികൾ പരലോക ജീവിതത്തിനാണ് പ്രാധാന്യം കൊടുക്കുകയെങ്കിൽ കപടവിശ്വാസികൾ ഐഹിക ജീവിതത്തിനാണ് പ്രാധാന്യം കൊടുക്കുക. 'അവർ അവരെത്തന്നെയാണ് നശിപ്പിച്ചിരിക്കുന്നത്' എന്ന് പറഞ്ഞതിന്റെ വിവക്ഷ, സ്വർഗം അല്ലെങ്കിൽ നരകം അവരവർ ഇഹലോകത്ത് വെച്ചുതന്നെ സമ്പാദിക്കേണ്ടതാണെന്ന ജീവിതലക്ഷ്യം മറന്നുകൊണ്ട് ഭൗതിക ജീവിതത്തിന് പ്രാധാന്യം കൊടുക്കുകവഴി അവർ സ്വന്തത്തെ നശിപ്പിച്ചിരിക്കുന്നു എന്നാണ്. 9: 107 ഉം 63: 1 ഉം അവസാനിക്കുന്നത് 'നിശ്ചയം കപടവിശ്വാസികൾ കളവ് പറയുന്നവർ തന്നെയാണ് എന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു' എന്ന് പറഞ്ഞുകൊണ്ടാണ്.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ലോകരിലേക്ക് എത്തിക്കുന്നതിന് വേണ്ടിയുള്ള എല്ലാ ശ്രമങ്ങളും നടത്തലാണ് ഇന്ന് ഏറ്റവും വലിയ *ജിഹാദ്*. അങ്ങനെ ചെയ്യാത്ത അറബി ഖുർആൻ വായിക്കുന്ന

എല്ലാ ഫുജ്ജാറുകളും പ്രപഞ്ചം നശിപ്പിച്ചതിനുള്ള പാപഭാരം വഹിച്ചുകൊണ്ട് നരകക്കുണ്ഠത്തിൽ പോകേണ്ടിവരുമെന്ന് 6: 26; 20: 99–101 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹു കൊന്നുകളഞ്ഞ ഇന്നത്തെ കപടവിശ്വാസികൾ 9: 32 ൽ വിവരിച്ച പ്രകാരം അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ ഊതിക്കെടുത്താൻ ശ്രമിക്കുകയും ഒറ്റപ്പെട്ട വിശ്വാസികൾ അതിനെ വ്യാപിപ്പിക്കാൻ ശ്രമിക്കുമ്പോൾ അതിനെ തടസ്സപ്പെടുത്തുകയും ചെയ്യുക വഴി ലോകം നശിച്ചുകാണാൻ ധൃതിപ്പെടുന്ന കെട്ടജനതയായി മാറിയിരിക്കുന്നു. 3: 186–187; 4: 91; 9: 23–24 വിശദീകരണം നോക്കുക.

43. അല്ലാഹു നിന്നെത്തൊട്ട് വിടുതി ചെയ്തിരിക്കുന്നു, സത്യവാൻമാരായവർ ആരെന്ന് നിനക്ക് വെളിപ്പെടുന്നതുവരെ നീ അവർക്ക് വിട്ടുനിൽക്കാൻ സമ്മതം നൽകിയതെന്തിന്? കളവ് പറയുന്നവരാരെന്ന് നീ അറിയുന്നതുവരെയും.

കപടവിശ്വാസികളിൽ ചിലർ പലതരം പ്രതിബന്ധങ്ങൾ ഉന്നയിച്ചുകൊണ്ട് യുദ്ധത്തിൽ നിന്ന് ഒഴിവ് നൽകാൻ പ്രവാചകനോട് ആവശ്യപ്പെടുകയും അതിന്റെ യാഥാർത്ഥ്യം അന്വേഷിക്കാതെ പ്രവാചകൻ അവർക്ക് വിടുതി നൽകുകയും ചെയ്തിരുന്നു. അത് ശരിയായില്ലെന്നാണ് ഈ സൂക്തത്തിലൂടെ അല്ലാഹു പറയുന്നത്. യുദ്ധത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് ഒഴിവ് നൽകുക വഴി തങ്ങളുടെ കാപട്യത്തിന് മറയിടാൻ അവർക്ക് അവസരം ലഭിക്കുകയാണുണ്ടായത്. ഒഴിഞ്ഞ് നിൽക്കാൻ അനുമതി നൽകിയില്ലെങ്കിലും അവർ യുദ്ധത്തിന് പുറപ്പെടാതെ വീട്ടിൽ ചടഞ്ഞിരിക്കുകയും അങ്ങനെ തങ്ങൾ വിശ്വാസികളാണെന്ന അവരുടെ കപടനാട്യം വെളിവാകുകയും ചെയ്യുമായിരുന്നു.

3: 166–167 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഉഹ്ദ് യുദ്ധം സംഭവിച്ചത് പ്രവാചകനോടൊപ്പമുള്ളവരിൽ നിന്നുള്ള കപടവിശ്വാസികളെയും വിശ്വാസികളെയും വേർതിരിക്കുന്നതിന് വേണ്ടിയാണ്. 3: 154 ൽ വിവരിച്ച പ്രകാരം ഉഹ്ദ് യുദ്ധാനന്തരം രാത്രി വിശ്വാസികൾക്ക് ശാന്തിനിർഭരമായ നിദ്ര പ്രദാനം ചെയ്തപ്പോൾ കപടവിശ്വാസികൾ ഉറക്കമില്ലാതെ 'എന്തുകൊണ്ട് പ്രവാചകനോടൊപ്പം യുദ്ധത്തിലേർപ്പെട്ട നാം പരാജയപ്പെട്ടു' എന്ന ചിന്തയിലായിരുന്നു. 32: 18 ൽ, 'വിശ്വാസിയായ ഒരാൾ തെമ്മാടിയായ ഒരാളെപ്പോലെയാകുമോ? അവർ സമമാവുകയില്ല' എന്ന് പറഞ്ഞിട്ടുണ്ട്. 29: 2–3 സൂക്തങ്ങളിൽ, മനുഷ്യർ കണക്കുകൂട്ടുന്നുവോ, നിശ്ചയം ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറഞ്ഞാൽ അവർ പരീക്ഷിക്കപ്പെടാതെ വിട്ടയക്കപ്പെടുമെന്ന്? നിശ്ചയം അവർക്ക് മുമ്പുള്ളവരെ നാം പരീക്ഷിച്ചിട്ടുണ്ട്, അവരിൽ ആരാണ് സത്യസന്ധൻമാരെന്നും ആരാണ് കളവ് പറയുന്നവരെന്നും അല്ലാഹുവിന് അറിയുക തന്നെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. 2: 99; 5: 94; 8: 2–4, 55 വിശദീകരണം നോക്കുക.

44. അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കുന്നവരായവർ അവരുടെ ധനം കൊണ്ടും അവരുടെ ആത്മാവുകൊണ്ടും ജിഹാദ് ചെയ്യാതിരിക്കാൻ നിന്നോട് സമ്മതം ചോദിക്കുകയില്ല, അല്ലാഹുവാകട്ടെ സൂക്ഷ്മാലുക്കളെ ശരിക്കും അറിയുന്നവനുമാകുന്നു.

45. നിശ്ചയം, അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കാത്തവരായവരും തങ്ങളുടെ ഹൃദയങ്ങളിൽ സംശയം പുലർത്തുന്നവരും മാത്രമാണ് ജിഹാദിൽ നിന്ന് വിട്ടുനിൽക്കാൻ നിന്നോട് സമ്മതം ചോദിക്കുക, അപ്പോൾ അവർ അവരുടെ ആ സന്ദേഹത്തിൽ തന്നെ ചാഞ്ചാടിക്കൊണ്ടിരിക്കുന്നവരു

മാണ്.

24: 62 ൽ, നിശ്ചയം വിശ്വാസികളായവർ ഗ്രന്ഥം സമർപ്പിക്കുന്ന അല്ലാഹുവിനെ ക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടും വിശ്വസിച്ചവരും അവനോടൊപ്പം കൂട്ടമായ ഒരു സംരംഭത്തിൽ ഏർപ്പെടുകയാണെങ്കിൽ അവനോട് സമ്മതം ചോദിക്കാതെ അതിൽ നിന്ന് വിട്ടുപോകാത്തവരുമാണ്, നിശ്ചയം അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാച കനെക്കൊണ്ടും വിശ്വസിച്ചവർ അവരുടെ ചില കാര്യങ്ങൾക്ക് നിന്നോട് സമ്മതം ചോദിച്ചാ ൽ അവരിൽ നിന്ന് നീ ഉദ്ദേശിക്കുന്നവർക്ക് സമ്മതം കൊടുത്തുകൊള്ളുക, അവർക്കു വേണ്ടി നീ അല്ലാഹുവിനോട് പൊറുക്കലിനെത്തേടുകയും ചെയ്യുക, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്.

ഇന്ന് അദ്ദിക്റിന് സർവ്വപ്രധാനം നൽകുന്നവർ മാത്രമാണ് അല്ലാഹുവിന്റെ പ്രതിനി ധികളായ വിശ്വാസികൾ. പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് യാതൊരു തടസ്സവുമില്ലാതെ മുന്നോട്ട് ഗമിക്കുന്നവരാണ് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ *ജിഹാദ്* ചെയ്യു ന്ന വിശ്വാസികൾ. അതിൽ നിന്ന് ഒഴിവാകാൻ അവർ യാതൊരു ഒഴികഴിവും സമർപ്പിക്കു കയില്ല. നിഷ്പക്ഷവാനായ അല്ലാഹുവിനെ സഹായിക്കുകവഴി അല്ലാഹു അവരെയും സഹായിക്കുന്നതാണ്. എന്നാൽ ജീവിതലക്ഷ്യം മനസ്സിലാക്കാത്ത കപടവിശ്വാസികളും ഹൃദയങ്ങളിൽ സംശയമാകുന്ന രോഗമുള്ളവരുമാണ് അജയ്യഗ്രന്ഥമായ അദ്ദിക്ർ ലോകരി ൽ പ്രചരിപ്പിക്കുന്നതിൽ നിന്ന് ഒഴിവുകൾ പറഞ്ഞ് പിന്തിരിയുക. സമ്പത്തും സന്താനങ്ങളും സ്ഥാനമാനങ്ങളും മറ്റു ഭൗതികനേട്ടങ്ങളും ആരെയാണോ അദ്ദിക്റിൽ നിന്ന് തടയുന്നത്, അവർ എല്ലാം നഷ്ടപ്പെട്ട കപടവിശ്വാസികളാണ് എന്ന് 63: 9 ൽ പറഞ്ഞിട്ടുണ്ട്. 3: 136; 6: 133; 9: 5, 73 വിശദീകരണം നോക്കുക.

46. അവർ പുറപ്പെടാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ അവർ അതിനുവേണ്ടി ഒരുക്കങ്ങൾ ചെയ്യുമായിരുന്നു, എന്നാൽ അവരുടെ പുറപ്പാട് അല്ലാഹു വെറുത്തു, അതിനാൽ അവൻ അവരെ ആലസ്യത്തിൽ തടഞ്ഞുവെച്ചു, ഇരിക്കുന്നവരോടൊപ്പം നിങ്ങ ളും ഇരുന്നുകൊള്ളുക എന്ന് അവരോട് പറയപ്പെടുകയും ചെയ്തു.

ആത്മാർത്ഥതയില്ലാതെ മറ്റാരെയെങ്കിലും ബോധിപ്പിക്കാൻ വേണ്ടി ഏന്തെങ്കിലും പ്രവർത്തനങ്ങളിൽ മുഴുകുന്നത് ഗുണത്തിലേറെ ദോഷമാണ് വരുത്തുക. അത്തരക്കാരുടെ സാമീപ്യം ആത്മാർത്ഥതയുള്ള വിശ്വാസികളെപ്പോലും നിരുൽസാഹപ്പെടുത്താൻ ഇട യാക്കും. ജീവിതലക്ഷ്യമില്ലാതെ 'ആർക്കാനും വേണ്ടി ഓക്കാനിക്കുന്നവർ' യുദ്ധത്തിന് പുറപ്പെടാതിരിക്കുന്നത് തന്നെയാണ് വിശ്വാസികൾക്ക് ഗുണകരം. കപടവിശ്വാസികളും അവരുടെ അനുയായികളും ത്രികാലജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറയുക വഴി നാഥ നെ വിസ്മരിച്ച് ജീവിക്കുന്നവരായതിനാൽ അവരുടെ പ്രവർത്തനങ്ങളൊന്നും തന്നെ സ്വീകരിക്കപ്പെടുകയില്ല എന്ന് 2: 43, 186 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 8: 64 ൽ വിവരിച്ച പ്രകാരം സൂക്ഷ്മാലുക്കളായ വിശ്വാസികൾ കെട്ടജനതയായ ഇത്തരം കപടവിശ്വാസികളെ അനുസരിക്കാവുന്നതല്ല. 4: 120-121; 8: 24; 9: 31 വിശദീകരണം നോക്കുക.

47. അവർ നിങ്ങളോടൊപ്പം പുറപ്പെട്ടിരുന്നുവെങ്കിൽ നിങ്ങൾക്ക് അത് നാശമല്ലാതെ വർദ്ധിപ്പിക്കുമായിരുന്നില്ല, അവർ നിങ്ങൾക്കിടയിൽ കുഴപ്പമുണ്ടാക്കുന്നതിനു വേണ്ടി ഓടിനടക്കുമായിരുന്നു, നിങ്ങളിൽ അവർക്ക് ചെവികൊടുക്കുന്ന പലരുമു ണ്ട് താനും, അല്ലാഹു ഇത്തരം അക്രമികളെ ശരിക്കും അറിയുന്നവനുമാകുന്നു.

9: 43 ൽ, കാരണം കൂടാതെ യുദ്ധമുന്നണിയിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ വേണ്ടി സമ്മതം ചോദിച്ചവർക്ക് പ്രവാചകൻ സമ്മതം നൽകിയതിനെ അല്ലാഹു വിമർശിക്കുന്നു. എന്നാൽ ഈ സൂക്തത്തിൽ അത്തരക്കാർ നിങ്ങളോടൊപ്പം പുറപ്പെടാത്തത് തന്നെയാണ് നിങ്ങൾക്ക് ഗുണപ്രദമെന്നും ഇത്തരം അക്രമികളെക്കുറിച്ച് അല്ലാഹുതന്നെ ഏറ്റവും അറിവുള്ളവനാണെന്നും പറയുകവഴി അല്ലാഹു പ്രവാചകനെ സമാധാനിപ്പിക്കുകയാണ്. യുദ്ധമുന്നണിയിലുള്ളവരും പൂർണ്ണമായി സംസ്കരിക്കപ്പെട്ടിട്ടില്ലാത്തവരുമായ ചിലരെക്കൂടി പിന്തിരിപ്പിക്കാനും അവരിലും കൂടി കാപട്യം വളർത്താനുമാണ് ഇത്തരം അക്രമികളുടെ സാമീപ്യം ഇടവരുത്തുക എന്ന് അറിയുന്ന ത്രികാലജ്ഞാനിയായ നാഥൻ അവരെക്കൊണ്ടുതന്നെ സമ്മതം ചോദിപ്പിച്ച് പിന്തിരിപ്പിച്ചിരുത്തിയതാണെന്ന് സാരം. അഥവാ ആകാശ ഭൂമികളിൽ നടക്കുന്ന എല്ലാഓരോ കാര്യവും പ്രപഞ്ചനാഥൻ നേരത്തെ നിശ്ചയിച്ച് അവന്റെ ഗ്രന്ഥമായ അദ്ദിക്റിൽ രേഖപ്പെടുത്തിയിട്ടുള്ളതാണെന്ന് 2: 234, 255; 22: 70 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 246; 6: 110; 8: 31–33 വിശദീകരണം നോക്കുക.

48. നിശ്ചയം അവർ മുമ്പും കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചിട്ടുണ്ട്, നിന്നെ പരാജയപ്പെടുത്താൻ അവർ പലവിധത്തിലുള്ള തന്ത്രങ്ങളും പയറ്റിയിട്ടുള്ളതുമാണ്, സത്യം വരികയും അല്ലാഹുവിന്റെ കൽപന പുലരുകയും ചെയ്യുന്നതുവരെ, അവർക്ക് അത് എത്ര വെറുപ്പായിരുന്നെങ്കിലും ശരി.

അഹ്സാബ് യുദ്ധത്തോടനുബന്ധിച്ച് കപടവിശ്വാസികളും ഹൃദയത്തിൽ രോഗമുള്ള അവരുടെ അനുയായികളും പറഞ്ഞുകൊണ്ടിരുന്നു: അല്ലാഹുവും അവന്റെ പ്രവാചകനും വഞ്ചനയല്ലാതെ നമ്മോട് വാഗ്ദത്തം ചെയ്തിട്ടില്ല, അവരിൽ ഒരുവിഭാഗം യുദ്ധവേളയിൽ വിളിച്ചുപറഞ്ഞു: യസ്രിബുകാരേ, നിങ്ങൾക്ക് അവിടെ രക്ഷയില്ല, നിങ്ങൾ തിരിച്ചുപോവുക, മറ്റൊരു വിഭാഗമാവട്ടെ ഞങ്ങളുടെ വീടുകൾ അരക്ഷിതാവസ്ഥയിലാണ് എന്ന് പറഞ്ഞുകൊണ്ട് യുദ്ധമുഖത്തുനിന്ന് ഒഴിഞ്ഞുമാറാൻ പ്രവാചകനോട് അനുമതി ചോദിച്ചുകൊണ്ടിരുന്നു. എന്നാൽ അവരുടെ വീടുകൾ അരക്ഷിതാവസ്ഥയിലായിരുന്നില്ല, ഓടിപ്പോവുക മാത്രമായിരുന്നു അവരുടെ ലക്ഷ്യമെന്ന് 33: 12–13 സൂക്തങ്ങളിലും; ശത്രുക്കൾ പല ഭാഗത്തുനിന്നും കടന്നുവന്ന് കുഴപ്പമുണ്ടാക്കാൻ അവരോട് ആവശ്യപ്പെട്ടിരുന്നെങ്കിൽ വീണ്ടുവിചാരം കൂടാതെ അവരതിൽ പങ്കെടുക്കുമായിരുന്നു എന്ന് 33: 14 ലും പറഞ്ഞിട്ടുണ്ട്. 33: 9–10 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം യുദ്ധമുഖത്തുവെച്ച് കാണാത്ത ഒരു പട്ടാളത്തെക്കൊണ്ട് അല്ലാഹു ശത്രുക്കളെ തുരത്തിവിട്ടതിന് ശേഷം പ്രവാചകനും അനുയായികളും ബനൂനളീർ ഗോത്രക്കാർക്കെതിരെ നടപടിയെടുക്കാൻ പോവുകയുണ്ടായി. അപ്പോൾ കപടവിശ്വാസികളുടെ നിലപാട് 59: 11–12 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത് ഇങ്ങനെയാണ്: കപടവിശ്വാസികളിലേക്ക് നിന്റെ ശ്രദ്ധതിരിഞ്ഞില്ലേ? അവർ വേദക്കാരിൽ നിന്നുള്ള കാഫിറുകളായ തങ്ങളുടെ സഹോദരൻമാരോട് പറയുന്നു: നിങ്ങൾ നാട്ടിൽനിന്ന് പുറത്താക്കപ്പെടുകയാണെങ്കിൽ ഞങ്ങളും നിങ്ങളോടൊപ്പം പുറപ്പെടും, നിങ്ങളുടെ കാര്യത്തിൽ ഞങ്ങൾ മറ്റാരെയും അനുസരിക്കുകയില്ല, നിങ്ങളോട് ആരെങ്കിലും യുദ്ധം ചെയ്യുകയാണെങ്കിൽ നിശ്ചയം നിങ്ങളെ ഞങ്ങൾ സഹായിക്കുകതന്നെ ചെയ്യും, നിശ്ചയം അവർ നുണപറയുന്നവർ തന്നെയാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു, അവർ പുറത്താക്കപ്പെടുകയാണെങ്കിൽ അവരോടൊപ്പം ഇവർ പുറപ്പെടുകയില്ല, അവരോട് നിങ്ങൾ യുദ്ധം ചെയ്യുകയാണെങ്കിൽ ഇവർ അവരെ സഹായിക്കുകയുമില്ല, ഇനി ഇവർ അവരെ സഹായിച്ചാൽ തന്നെ അവർ പുറം തിരിഞ്ഞ് പിൻമാറുകതന്നെ ചെയ്യും, പിന്നെ അവർ ഒരുവിധത്തിലും

എവിടെനിന്നും സഹായിക്കപ്പെടുകയുമില്ല.

മദീനയിലുണ്ടായിരുന്ന കപടവിശ്വാസികൾ 4: 81 ൽ വിവരിച്ച പ്രകാരം പകൽ സമയത്ത് പ്രവാചകന്റെ അടുത്തുവന്ന് അനുസരണപൂർവം പ്രവാചകൻ ഗ്രന്ഥത്തിലെ സൂക്തങ്ങൾ വിശദീകരിക്കുന്നത് കേട്ടിരിക്കുന്നവരായിരുന്നെങ്കിൽ രാത്രിസമയങ്ങളിൽ പ്രവാചകനെതിരെ കുതന്ത്രങ്ങൾ മെനയുന്നവരായിരുന്നു. ഇന്ന് അജയ്യമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ വിശ്വാസി അതിനെ സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായും എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിനാ*യും ഉപയോഗപ്പെടുത്തുന്നതാണ്. അവൻ മൊത്തം മനുഷ്യരുടെ ഐക്യം സ്ഥാപിക്കുന്നതിനുവേണ്ടി 7: 26 ൽ പറഞ്ഞ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അത് ലോകരിൽ പ്രചരിപ്പിക്കുന്നതുമാണ്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന, ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് ഫുജ്ജാറുകളും പ്രവാചകനെയും വിശ്വാസികളെയും 'കളവുപറയുന്ന ഒറ്റയാൻ' എന്ന് പറഞ്ഞ് പരിഹസിക്കുമെന്ന് 54: 25 ൽ പറഞ്ഞിട്ടുണ്ട്. 3: 186; 4: 61–62, 105–112; 5: 41–42; 8: 27 വിശദീകരണം നോക്കുക.

49. എന്നെ നാശത്തിൽ അകപ്പെടുത്താതെ മാറി നിൽക്കുന്നതിന് എന്നെ അനുവദിച്ചാലും എന്ന് പറയുന്നവർ അവരിലുണ്ട്; അറിഞ്ഞിരിക്കുക! അവർ തന്നെയാണ് നാശത്തിലകപ്പെട്ടിരിക്കുന്നത്, നിശ്ചയം നരകക്കുണ്ഠം ഇത്തരം കാഫിറുകളെക്കൊണ്ട് വലയം ചെയ്യുകതന്നെ ചെയ്തിരിക്കുന്നു.

പലവിധ ഒഴികഴിവുകൾ പറഞ്ഞ് യുദ്ധത്തിൽ നിന്ന് പിൻതിരിഞ്ഞ് നിൽക്കാൻ ശ്രമിച്ചിരുന്ന കപടവിശ്വാസികളിൽ ചിലർ അവരുടെ ബലഹീനത തുറന്നുപറയാനും മടിച്ചിരുന്നില്ല. 'സുന്ദരികളായ റോമക്കാരികളെ കാണുമ്പോൾ എനിക്ക് എന്നെത്തന്നെ നിയന്ത്രിക്കാൻ സാധിക്കാതെ വന്നേക്കാം, അതുകൊണ്ട് എന്നെ കുഴപ്പത്തിൽ അകപ്പെടുത്താതെ മാറിനിൽക്കാൻ അനുവദിക്കണം' എന്ന് ആവശ്യപ്പെട്ടവർ വരെ അവരിലുണ്ട്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന, നരകക്കുണ്ഠത്തിന്റെ 7 വാതിലുകളിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ട, ഫുജ്ജാറുകൾ അല്ലാഹുവിന്റെ മാർഗത്തിൽ ഇറങ്ങിപ്പുറപ്പെടുന്നതിൽ നിന്നും സമ്പത്ത്, സമയം, ആരോഗ്യം മുതലായവ അവന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിൽ നിന്നും ഒഴികഴിവ് തേടുന്നവരും എന്നാൽ ജനങ്ങൾക്ക് ജീവിതഭാരം ഉണ്ടാക്കുന്ന വിധത്തിൽ ഏത് അവിഹിത മാർഗത്തിലൂടെയും പണം സമ്പാദിക്കാൻ ശ്രമിക്കുന്നവരും ഭൗതികജീവിതാലങ്കാരങ്ങളിലും അനാചാരങ്ങളിലും പരസ്പരം പെരുമ നടിക്കുന്നതിലും ചെലവഴിക്കാൻ യാതൊരു മടിയുമില്ലാത്തവരുമാണ്. ചര്യാപരമായ പ്രാർത്ഥനകളിലും ഉരുവിടലുകളിലും ആത്മാവില്ലാത്ത വ്യർത്ഥമായ ആരാധനാകർമങ്ങളിലും മുഴുകുന്ന അവർ പലിശ, ചൂതാട്ടം മുതലായവ പേര് മാറ്റി അനുവദനീയമാക്കുന്നതിനും നിർബന്ധദാനമായ സക്കാത്ത് കൊടുക്കുന്നതിൽ നിന്ന് പോലും രക്ഷപ്പെടാൻ പഴുതുകളുണ്ടാക്കുന്നതിനും വേണ്ടി മുഫ്തിമാരെ തേടുന്നവരുമായിരിക്കും. മാത്രമല്ല, 4: 159; 38: 24 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ പരസ്ത്രീ-പരപുരുഷ ബന്ധത്തിനുവേണ്ടി അതിയായി കൊതിക്കുന്നവരുമാണ്. എന്നാൽ അദ്ദിക്റിനെ സത്യപ്പെടുത്തുന്നവരും 'ഞാനില്ല, എന്റേതൊന്നുമില്ല, എന്റെ ആത്മാവ് ഉടമയായ അല്ലാഹുവിന്റേതാണ്, എന്റെ ശരീരാവയവങ്ങളെല്ലാം മാതാവിന്റേയും പിതാവിന്റേയും ഇന്ദ്രിയത്തുള്ളികൾ കൂട്ടിച്ചേർത്ത് അവൻ വികസിപ്പിച്ചുണ്ടാക്കിയതാണ്' എന്ന് മനസ്സാ-വാചാ-കർ

മ്മണാ അംഗീകരിക്കുന്നവരുമായ വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ഇത്തരം കാപട്യങ്ങളിൽ നിന്ന് അവരെ സ്വയം ശുദ്ധീകരിച്ചവരും തനിക്കുള്ളതെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ വിനിയോഗിച്ച് ജീവിതലക്ഷ്യം നേടാൻ അവസരം പാർത്തിരിക്കുന്നവരുമാണ്. 2: 44, 110, 148, 267; 6: 28, 165; 8: 22 വിശദീകരണം നോക്കുക.

50. നിനക്ക് വല്ല നന്മയും ലഭിച്ചാൽ അതവരെ ദുഃഖിപ്പിക്കും, നിനക്ക് വല്ല ആപത്തും സംഭവിക്കുമ്പോൾ: 'നന്നായി, ഞങ്ങളുടെ കാര്യം ഞങ്ങൾ നേരത്തെ തന്നെ നോക്കി' എന്ന് പറയുകയും നിഗളിക്കുന്നവരായി അവർ പിന്തിരിഞ്ഞു പോവുകയും ചെയ്യും.

28: 76 ൽ കപടവിശ്വാസിയായ ഖാറൂനിനോട് അവന്റെ ജനത: നീ നിഗളിക്കരുത്, നിശ്ചയം അല്ലാഹു നിഗളിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല എന്നും; 28: 77 ൽ, അല്ലാഹു നിനക്ക് നൽകിയതുകൊണ്ട് നീ പരലോകഭവനം തേടുക, ഇഹത്തിൽ നിന്റെ വിഹിതം നീ മറക്കുകയും വേണ്ട, നിന്നോട് അല്ലാഹു ഔദാര്യം കാണിച്ചതുപോലെ നീ ജനങ്ങളോടും ഔദാര്യം കാണിക്കുക, നീ ഭൂമിയിൽ നാശം വിതക്കാൻ വേണ്ടി ഓടിനടക്കരുത്, നിശ്ചയം അല്ലാഹു നാശകാരികളെ ഇഷ്ടപ്പെടുന്നില്ല എന്നും ഓർമ്മിപ്പിച്ചതായി പറഞ്ഞിട്ടുണ്ട്. വിധിദിവസം ആർക്കാണോ പിറകിലൂടെ ഇടതുകൈയിൽ ഗ്രന്ഥം ലഭിക്കുന്നത്, അവൻ നാശത്തിനുവേണ്ടി കേഴുന്നതാണ്; അവൻ കത്തിയാളുന്ന നരകത്തിൽ വേവിക്കപ്പെടുന്നതുമാണ്. നിശ്ചയം! അവൻ ഇഹത്തിൽ തന്റെ കുടുംബാംഗങ്ങളോടൊപ്പം നിഗളിച്ച് ഉല്ലസിക്കുന്നവനായിരുന്നു എന്ന് 84: 10–13 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആത്മാവില്ലാത്ത കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ ദിക്റീ എന്ന ഗ്രന്ഥം നിലനിർത്തുന്നതിനുവേണ്ടി നമസ്കരിക്കുന്നവരല്ല. പകരം 11: 87; 29: 45 സൂക്തങ്ങളിൽ പറഞ്ഞതിന് വിരുദ്ധമായി അവരുടെ കപടഭക്തി ജനങ്ങളെ കാണിക്കുന്നതിന് വേണ്ടിയും അവരുടെ എല്ലാതരം തിന്മകൾക്കും നശീകരണ പ്രവർത്തനങ്ങൾക്കുമുള്ള ഒരു മറയായിക്കൊണ്ടുമാണ് 4: 142–143 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ടുള്ള നമസ്കാരം നിർവ്വഹിക്കുന്നത്. പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് ഏകസംഘമായി നിലകൊള്ളണമെന്ന് 3: 103 ലൂടെ കൽപിക്കപ്പെട്ട, 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനത ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നുണ്ടെങ്കിലും അവരിലെ ഫുജ്ജാറുകൾ വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്നിരിക്കുന്നു. 23: 53; 30: 32 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരിൽ നിന്നുള്ള എല്ലാഓരോ വിഭാഗവും അവരുടെ പക്കലുള്ളതിൽ നിഗളിച്ചുല്ലസിക്കുന്നവരാണ്.

വിശ്വാസികൾക്ക് എന്തെങ്കിലും ഗുണം ലഭിച്ചാൽ ദുഃഖിക്കുന്നതും എന്തെങ്കിലും ദോഷം സംഭവിച്ചാൽ സന്തോഷിക്കുന്നതും കപടവിശ്വാസികളുടെ സ്വഭാവമാണ്. *ഇജാസി*ൽ മഹ്ദി ഇമാം വരുന്നതോടുകൂടി ലോകത്തുള്ള വിശ്വാസികൾ ഇജാസിലേക്ക് വേർതിരിക്കപ്പെടുന്നതും കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും അവരുടെ അനുയായികളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കുന്നതിന് വേണ്ടി അവിടെനിന്ന് പുറത്താക്കുന്നതുമാണ്. 15: 1 ൽ വിവരിച്ച പ്രകാരം കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും അന്ന് 'ഓ എന്റെ നാഥാ! ഞാൻ അദ്ദിക്ർ പിൻപറ്റിയിരുന്നുവെങ്കിൽ വിശ്വാസികളോടൊപ്പം ഞാനും ഇജാസിലേക്ക് വേർതിരിക്കപ്പെടുമായിരുന്നല്ലോ' എന്ന് ഖേദിക്കുന്നതാണ്. 3: 119–120, 168; 4: 150–151; 9: 8 വിശദീകരണം നോക്കുക.

51. നീ പറയുക: അല്ലാഹു ഞങ്ങൾക്ക് എന്തൊന്നാണോ രേഖപ്പെടുത്തിവെച്ചിട്ടുള്ള തു, അതല്ലാതെ യാതൊന്നും തന്നെ ഞങ്ങളെ ബാധിക്കുകയില്ല തന്നെ, അവൻ മാത്രമാണ് ഞങ്ങളുടെ യജമാനൻ, അപ്പോൾ വിശ്വാസികൾ അല്ലാഹുവിന്റെ മേൽ മാത്രം ഭരമേൽപ്പിച്ചുകൊള്ളട്ടെ.

പ്രപഞ്ചത്തിൽ എന്തെല്ലാമാണ് സംഭവിക്കുക എന്ന് ത്രികാലജ്ഞാനിയായ നാഥൻ ആദ്യമേ അവന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ട് എന്ന് 2: 255 ൽ വിവരിച്ചിട്ടുണ്ട്. നിശ്ചയം എല്ലാ ഓരോ കാര്യവും നിയന്ത്രിക്കുന്നത് അല്ലാഹുവാണ്, അവർ അവരുടെ ഉള്ളിൽ മൂടിവെക്കുന്നത് നിന്നോട് വെളിവാക്കുന്നില്ല; അവർ പറയുകയും ചെയ്യുന്നു: കാര്യങ്ങൾ തീരുമാനിക്കുന്നതിൽ ഞങ്ങൾക്ക് വല്ല പങ്കുമുണ്ടായിരുന്നെങ്കിൽ ഞങ്ങൾ ഇങ്ങനെ ദാരുണമാം വിധം വധിക്കപ്പെടുമായിരുന്നില്ല; നീ പറയുക: നിങ്ങൾ നിങ്ങളുടെ വീടുകളിലായിരുന്നാലും ശരി, ആരുടെ മേലാണോ മരണം രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്, ആ സ്ഥലങ്ങളിലേക്ക് അവർ അവരുടെ കിടപ്പറകളിൽ നിന്ന് വെളിപ്പെട്ടുവരിക തന്നെ ചെയ്യുമെന്ന് 3: 154 ലും പറഞ്ഞിട്ടുണ്ട്. എല്ലാ മനുഷ്യരും അവരുടെ കർമ്മരേഖ അവരവരുടെ പിരടിയിൽ വഹിക്കുന്നുണ്ടെന്നും വിധിദിവസം അത് ഒരു പ്രകാശിക്കുന്ന തുറന്ന പുസ്തകമായി ഊരിയെടുത്ത് നൽകിക്കൊണ്ട് ഓരോരുത്തരെക്കൊണ്ടും വായിപ്പിച്ചാണ് വിചാരണ നടത്തുക എന്നും 1: 3; 2: 168–169; 3: 199 എന്നീ സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. എല്ലാ ഓരോരുത്തരെയും സൻമാർഗവും ദുർമാർഗവും വേർതിരിക്കുന്ന ഉരക്കല്ലായ അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ചുതന്നെ പഠിപ്പിച്ചിട്ടുണ്ടെന്ന് 55: 1–4; 76: 3; 90: 10; 91: 7–10 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. സ്വർഗ്ഗം അല്ലെങ്കിൽ നരകം ഓരോരുത്തരും ഇവിടെവെച്ച് പണിയേണ്ടതാണ്. എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിനും* സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റുമായ അദ്ദിക്ർ നൽകിയ നിഷ്പക്ഷവാനായ നാഥൻ ആരെയും സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. എല്ലാ ആയിരത്തിലും ഒന്നുമാത്രമേ അദ്ദിക്റിനെ പ്രസ്തുത ലക്ഷ്യത്തിന് ഉപയോഗപ്പെടുത്തുകയുള്ളൂ എന്ന് 3: 101–102; 5: 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 8: 48 ൽ വിവരിച്ച പ്രകാരം ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റാത്ത ഒരാളും തന്നെ വിശ്വാസിയാവുകയില്ല. 4: 78–79; 7: 150–151, 180; 22: 77–78 വിശദീകരണം നോക്കുക.

52. നീ ചോദിക്കുക, ഞങ്ങളുടെ കാര്യത്തിൽ രണ്ടാലൊരു നന്മയല്ലാതെ എന്താണ് നിങ്ങൾ കാത്തിരിക്കുന്നത്, നിങ്ങളുടെ കാര്യത്തിൽ ഞങ്ങൾ കാത്തിരിക്കുന്നത് അല്ലാഹു അവനിൽ നിന്ന് നേരിട്ടുള്ള ശിക്ഷകൊണ്ടോ അല്ലെങ്കിൽ ഞങ്ങളുടെ കൈകൾ കൊണ്ടോ നിങ്ങളെ ശിക്ഷിക്കുമെന്നതാണ്, അപ്പോൾ നിങ്ങൾ കാത്തിരിക്കുക, നിശ്ചയം നിങ്ങളോടൊപ്പം ഞങ്ങളും കാത്തിരിക്കുന്നവരാണ്.

'ഞങ്ങളുടെ കാര്യത്തിൽ രണ്ടാലൊരു നന്മ' എന്നുപറഞ്ഞാൽ, കാഫിറുകളുമായുള്ള യുദ്ധത്തിൽ രക്തസാക്ഷിത്വം വരിച്ച് സ്വർഗ്ഗത്തിൽ പോകലോ അല്ലെങ്കിൽ യുദ്ധത്തിൽ വിജയം വരിക്കലോ ആണ്. 61: 12–13 വിശദീകരണം നോക്കുക. കപടവിശ്വാസികളോട് അനുവർത്തിക്കേണ്ട നയം 4: 88–91 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 'കോപിക്കപ്പെട്ടവരുടെയും വഴിപിഴച്ചവരുടെയും മാർഗ്ഗത്തിലല്ല' എന്ന സൂക്തം 1: 7 വായിക്കുമ്പോൾ വിശ്വാസിയുടെ മനസ്സിലുണ്ടായിരിക്കേണ്ടത് ഈ സൂക്തത്തിൽ പറഞ്ഞ 'കപടവിശ്വാസികളുടെയും കുഫ്ഫാറുകളുടെയും മാർഗ്ഗത്തിലല്ല' എന്നാണ്. 2: 191–193; 3: 139–141; 7: 205–206 വിശദീ

കരണം നോക്കുക.

53. നീ പറയുക, നിങ്ങൾ സ്വമനസ്സാലെയോ അല്ലെങ്കിൽ വെറുപ്പോടുകൂടിയോ ചെലവഴിച്ചുകൊള്ളുക, നിങ്ങളിൽ നിന്ന് അത് സ്വീകരിക്കപ്പെടുകയില്ലതന്നെ! നിശ്ചയം നിങ്ങൾ തെമ്മാടികളായ ഒരു ജനതയായതിനാൽ.

കപടവിശ്വാസികൾ തന്നെയാണ് തെമ്മാടികൾ എന്ന് 9: 67 ലും; തെമ്മാടികളുടെ മേൽ ഇനി അവർ വിശ്വസിക്കുകയില്ല എന്ന നിന്റെ നാഥന്റെ വചനം ബാധകമായി എന്ന് 10: 33 ലും; കാഫിറുകളായവരുടെ മേൽ നിന്റെ നാഥന്റെ ശിക്ഷാവചനം സത്യമായി പുലർന്നിരിക്കുന്നു, അവർ വിശ്വസിക്കുകയില്ല, അക്കൂട്ടർ തന്നെയാണ് നരകത്തിന്റെ സഹ വാസികൾ എന്ന് 40: 6 ലും പറഞ്ഞിട്ടുണ്ട്. നാഥന്റെ സൂക്തങ്ങൾ തെമ്മാടികളല്ലാതെ മൂ ടിവെക്കുകയില്ല എന്ന് 2: 99 ലും; തെമ്മാടികളെ അല്ലാഹു കൊന്നുകളഞ്ഞിട്ടുണ്ടെന്ന് 63: 4 ലും പറഞ്ഞിട്ടുണ്ട്. അതിനാൽ അവർ ഇനി എന്തെങ്കിലും ചെലവഴിച്ചാൽ തന്നെ അവ രിൽ നിന്ന് അത് സ്വീകരിക്കപ്പെടുകയില്ല എന്നാണ് പറയുന്നത്. അദ്ദിക്ർ കൊണ്ട് വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധികൽപിക്കാത്തവർ ആരോ, അക്കൂട്ടർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് 5: 44, 45, 47 സൂക്തങ്ങളിലും, അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായി കാക്കകാരണവന്മാരെ അന്ധമായി പിൻപറ്റിക്കൊണ്ടി രിക്കുന്നവരായതിനാൽ അവരെ അദ്ദിക്ർ കൊണ്ട് ഉണർത്താൻ സാധ്യമല്ല എന്ന് 2: 18, 170-171 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അവർ അവരെത്തന്നെ മറക്കുകവഴി അല്ലാഹു വിനെ മറന്നവരാണെന്ന് 59: 19 ലും; അപ്പോൾ അവർ ലക്ഷ്യബോധം നഷ്ടപ്പെട്ട പിശാച് പിന്തുടരപ്പെട്ടവരാണെന്ന് 7: 175 ലും പറഞ്ഞിട്ടുണ്ട്. അവരെ ദുനിയാവിന്റെ പട്ടിയോട് 7: 176 ൽ ഉപമിച്ചിട്ടുണ്ട്. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതിനും കർമങ്ങൾ സ്വീകരിക്കപ്പെടു ന്നതിനും രണ്ട് ഉപാധികൾ 2: 186 ൽ വിവരിച്ചിട്ടുണ്ട്. 2: 26-27; 9: 24, 28 വിശദീകരണം നോക്കുക.

54. അവരുടെ ദാന-ധർമ്മങ്ങൾ അവരിൽ നിന്ന് സ്വീകരിക്കപ്പെടുന്നതിൽ നിന്ന് തടഞ്ഞിട്ടില്ല, നിശ്ചയം അവർ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചക നെക്കൊണ്ടും നിഷേധിച്ചു എന്നതല്ലാതെ; അവർ നമസ്കാരത്തിന് വരുമ്പോ ൾ മടുപ്പോടും അലസതയോടും കൂടിയല്ലാതെ വരികയില്ലാ എന്നതുകൊണ്ടും, അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നത് വെറുപ്പോടുകൂടിയല്ലാ തെയല്ല എന്നതുകൊണ്ടും.

ആത്മാവിനെ പരിഗണിക്കാത്ത കെട്ടജനതയായ കപടവിശ്വാസികളും അവരുടെ അനു യായികളും ഇവിടെ നാലാം ഘട്ടത്തിൽ ലക്ഷ്യബോധമില്ലാതെ ജീവിക്കുന്നതിനാൽ 2: 3, 186; 25: 65-66 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർക്ക് പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക. അവർ സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് മിഥ്യാഗ്രന്ഥങ്ങളാണ് പ ഠിക്കുന്നതും പഠിപ്പിക്കുന്നതും പിൻപറ്റുന്നതും പ്രചരിപ്പിക്കുന്നതും എന്ന് 2: 42, 147 സൂ ക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. വിധിദിവസം സത്യമായ അദ്ദിക്ർ കൊണ്ട് വിധികൽപിക്കപ്പെടു മ്പോൾ 7: 8-9; 40: 78 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇത്തരം മിഥ്യാവാദികളെല്ലാം ന ഷ്ടപ്പെട്ടവരായിരിക്കും. നരകക്കുണ്ഠത്തിൽ വെച്ച് ഇത്തരം ഭ്രാന്തന്മാർ അതിന്റെ പാറാവു കാരനായ മാലിക്ക് എന്ന മലക്കിനെ വിളിച്ച് 'ഓ മാലിക്കേ! നിന്റെ നാഥൻ ഞങ്ങളുടെ ക ഥയങ്ങ് കഴിച്ചോട്ടെ' എന്ന് പറയുന്നതും അപ്പോൾ മാലിക്ക്: 'നിങ്ങൾ അവിടെ കഴിച്ചുകൂ

ട്ടേണ്ടവർ തന്നെയാണ്, നിശ്ചയം ഞങ്ങൾ സത്യമായ അദ്ദിക്ർ കൊണ്ട് നിങ്ങളിലേക്ക് വ ന്നിട്ടുണ്ടായിരുന്നു, എന്നാൽ നിങ്ങളിൽ അധികപേരും സത്യത്തെ വെറുക്കുന്നവരായി രുന്നു' എന്ന് മറുപടി പറയുന്നതുമായ രംഗം 43: 74–78 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 6: 27–28; 7: 157–158; 9: 33 വിശദീകരണം നോക്കുക.

55. അപ്പോൾ അവരുടെ സമ്പത്തുക്കളോ അവരുടെ സന്താനങ്ങളോ നിന്നെ ആശ്ച ര്യപ്പെടുത്തേണ്ടതില്ല, നിശ്ചയം അവ മുഖേന ഐഹിക ജീവിതത്തിൽ തന്നെ അവരെ ശിക്ഷിക്കുന്നതിനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, കാഫിറുകളായി ക്കൊണ്ടുതന്നെ അവർ ജീവൻ വെടിയണമെന്നും.

9: 85 സമാന ആശയത്തിലുള്ള സൂക്തമാണ്. കപടവിശ്വാസികളും അവരുടെ അനു യായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് 4: 150–151 സൂക്തങ്ങ ളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ. പ്രവാചകന്റെ കാലത്തുള്ള ജൂതന്മാർ അവരുടെ സന്താനങ്ങളെ ഗ്രന്ഥം പഠിപ്പിച്ചിരുന്നതുപോലെ ഗ്രന്ഥത്തിന്റെ ശരീരമായ അറബിക് ടെ ക്സ്റ്റ് മാത്രമാണ് ഇന്നുള്ള ഭൂരിഭാഗം ഫുജ്ജാറുകളും അവരുടെ മക്കളെ പഠിപ്പിച്ചുകൊ ണ്ടിരിക്കുന്നത്. ഫുജ്ജാറുകളിൽ ചിലർ അതിന്റെ അർത്ഥം പഠിപ്പിക്കുന്നവരുണ്ട്. എന്നാ ൽ ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ അവർ ആരും തന്നെ പഠിക്കുകയോ പഠിപ്പിക്കുക യോ ചെയ്യുന്നില്ല. അങ്ങനെ സമ്പത്തോ സന്താനങ്ങളോ ഉപയോഗപ്പെടാതെ അവർ 3: 10; 4: 140 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകത്തിന്റെ വിറകുകളായിത്തീർന്നിരിക്കു ന്നു. ഇത്തരം ഫുജ്ജാറുകളായ കുഫ്ഫാറുകളോട്, 'നിങ്ങൾ ഇവിടെ കുറച്ചുകാലം സു ഖിച്ചുകൊള്ളുക! നിങ്ങളുടെ മടക്കം നരകത്തിലേക്കാണ്' എന്ന് പറയാനാണ് 3: 197 സൂക്ത ങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. കപടവിശ്വാസികളുടെ സമ്പ ത്തുക്കളോ സന്താനങ്ങളോ അല്ലാഹുവിൽ നിന്ന് അവർക്ക് ഒരുതരത്തിലും ഉപകാരപ്പെ ടുകയില്ല എന്നും അവർ നരകത്തിന്റെ സഹവാസികളാണെന്നും അവർ അതിൽ നിത്യവാ സികളാണെന്നും, എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന നാളിൽ ഇന്ന് അവർ നിങ്ങളോട് ആ ണയിട്ട് പറയുന്നതുപോലെ അല്ലാഹുവിനോട് ആണയിട്ട് പറയുന്നതാണ്, അവർ ചില സത്യത്തിലാണെന്ന് കണക്ക് കൂട്ടുന്നവരുമാണ്; അറിഞ്ഞിരിക്കുക, നിശ്ചയം അവർ ത ന്നെയാണ് കളവ് പറയുന്നവർ, പിശാച് അവരെ പാട്ടിലാക്കിയിരിക്കുന്നു, അവൻ അദ്ദി ക്റിനെത്തൊട്ട് അവരെ വിസ്മരിപ്പിച്ചു, അക്കൂട്ടർ തന്നെയാണ് പിശാചിന്റെ സംഘക്കാർ, അറിഞ്ഞിരിക്കുക, പിശാചിന്റെ സംഘക്കാർ തന്നെയാണ് ജീവിതം നഷ്ടപ്പെട്ടവർ എന്ന് 58: 17–19 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 165–167; 7: 179; 8: 8; 25: 33–34 വിശദീകരണം നോ ക്കുക.

56. അവർ അല്ലാഹുവിനെക്കൊണ്ട് ആണയിട്ട് പറയുന്നവരാണ്: നിശ്ചയം അവർ നിങ്ങളിൽ പെട്ടവർ തന്നെയാണെന്ന്, അവർ ഒരിക്കലും നിങ്ങളിൽ പെട്ടവരാ വുകയില്ല, എന്നാൽ അവർ വേർതിരിക്കപ്പെടേണ്ട ഒരു ജനതയാകുന്നു.

മദീനയിലുള്ള കപടവിശ്വാസികൾ 'ഞങ്ങൾ നിങ്ങളോടൊപ്പം തന്നെയാണെന്നും നിങ്ങൾ ഞങ്ങളെ സ്നേഹിക്കണം' എന്നുമാണ് വിശ്വാസികളോട് പറഞ്ഞിരുന്നത്. എ ന്നാൽ അല്ല, നിങ്ങൾ വേറിട്ട ഒരു ജനത തന്നെയാണ്, പരലോകത്തിൽ നിങ്ങൾ വേർതി രിക്കപ്പെടുകതന്നെ ചെയ്യുമെന്നാണ് സൂക്തം പറയുന്നത്. 59: 13 ൽ, കപടവിശ്വാസികളു ടെ നെഞ്ചുകളിൽ അല്ലാഹുവിനേക്കാൾ ഉൾഭയമുള്ളത് വിശ്വാസികളെയാണെന്നും അത് നിശ്ചയം അവർ ഒരു ലക്ഷ്യബോധം നഷ്ടപ്പെട്ട ജനതയായത് കൊണ്ടാണെന്നും പറഞ്ഞി

ട്ടുണ്ട്. 7: 50–51 സൂക്തങ്ങളിൽ, നരകവാസികളായ കപടവിശ്വാസികൾ സ്വർഗ്ഗവാസികളോട് ഒരിറ്റുവെള്ളം അല്ലെങ്കിൽ നിങ്ങൾക്ക് അല്ലാഹു നൽകിയിട്ടുള്ള ഭക്ഷണവിഭവങ്ങളിൽ നിന്നും അൽപം നൽകുമോ എന്ന് ചോദിക്കുമ്പോൾ അവർ മറുപടി പറയും: അവരണ്ടും കാഫിറുകളുടെ മേൽ അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നു; അവർ ഐഹികജീവിതത്തിൽ തങ്ങളുടെ ദീനിനെ കളിയും തമാശയുമായി തെരഞ്ഞെടുത്തിരുന്നവരും ഭൗതികജീവിതത്താൽ വഞ്ചിക്കപ്പെട്ടവരും നമ്മുടെ സൂക്തങ്ങളെത്തൊട്ട് വിരോധം വെച്ച് തർക്കിച്ചുകൊണ്ടിരുന്നവരുമായിരുന്നു. അതിനാൽ അവർ ഈ ദിനത്തെ കണ്ടുമുട്ടുന്നതിനെ മറന്നതുപോലെ ഇന്നേദിനം നാമും അവരെ മറന്നിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത, ആത്മാവിനെ പരിഗണിക്കാത്ത, അദ്ദിക്റിനെ വിസ്മരിച്ച് കെട്ട ജനതയായിത്തീർന്ന കപടവിശ്വാസികളെയും അവരുടെ അനുയായികളെയും ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് നാഥന്റെ പക്കൽ ഏറ്റവും തിന്മയേറിയവർ എന്നാണ് 8: 22, 55 സൂക്തങ്ങളിൽ വിശേഷിപ്പിച്ചിട്ടുള്ളത്.

അദ്ദിക്ർ കൊണ്ട് ഇത്തരം കപടവിശ്വാസികളെ ജനമധ്യത്തിൽ വേർതിരിച്ച് കാണിക്കേണ്ടത് വിശ്വാസികളുടെ ബാധ്യതയാണ്. അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും കപടവിശ്വാസികൾ *മസീഹുദ്ദജ്ജാലി*നെ ആനയിക്കുന്നവരാണെങ്കിൽ വിശ്വാസികൾ *മസീഹുദ്ദജ്ജാലി*ന്റെ ആഗമനം നീട്ടുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് അദ്ദിക്ർ ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുക്കുന്നവരാണ്. അവർ അല്ലാഹുവിനെയും മുഹമ്മദിനെയും ഈസായെയുമൊക്കെ സഹായിക്കുന്ന അല്ലാഹുവിന്റെ സംഘത്തിൽ പെട്ടവരാണെങ്കിൽ പിശാചിന്റെ സംഘത്തിൽ പെട്ട കപടവിശ്വാസികൾ ഈസാ രണ്ടാമതുവന്നാൽ അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടാനുള്ളവരാണ്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഇത്തരം ഭ്രാന്തന്മാർ വിധിദിവസം വിശ്വാസികളിൽ നിന്ന് വേർതിരിക്കപ്പെടുമെന്ന് 30: 12–14; 36: 59–62 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 6–7, 204, 254; 8: 49–51; 9: 32 വിശദീകരണം നോക്കുക.

57. വല്ല അഭയസ്ഥാനങ്ങളോ അല്ലെങ്കിൽ ഗുഹകളോ അല്ലെങ്കിൽ രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങളോ കണ്ടെത്തുകയാണെങ്കിൽ അവർ അതിലേക്ക് പേടിച്ച് ഓടിക്കയറി പതുങ്ങിയിരിക്കുമായിരുന്നു.

എക്കാലത്തും കപടവിശ്വാസികൾ പൊതുവിൽ പണക്കാരും പ്രായം കൂടിയവരുമായിരിക്കും. അവർക്ക് മരണത്തോടുകൂടി നരകമാണ് എന്നതിനാൽ 9: 55 ൽ പറഞ്ഞതുപോലെ നിഷ്പക്ഷവാനായ അല്ലാഹു ഇഹത്തിൽ സമ്പത്തും ആയുസ്സുമെല്ലാം പ്രദാനം ചെയ്തിരിക്കുകയാണ്. മദീനയിൽ ഇസ്ലാമിന്റെ സ്വാധീനം ക്രമേണ വർദ്ധിക്കുകയും ജനങ്ങളിൽ വലിയൊരു വിഭാഗം അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്തപ്പോൾ പൊതുവിൽ കപടവിശ്വാസികൾ അകപെട്ട പ്രതിസന്ധി വളരെ വലുതായിരുന്നു. മുമ്പത്തെ പോലെ നിഷേധത്തിൽ തുടരാമെന്നു വച്ചാൽ തങ്ങളുടെ നേതൃത്വവും സ്ഥാനമാനങ്ങളും പ്രമാണിത്തവുമെല്ലാം നഷ്ടപ്പെടും; കൂടാതെ സ്വന്തം കുടുംബാംഗങ്ങൾ പലരും വിശ്വാസം സ്വീകരിച്ചവരായതിനാൽ അവർ തങ്ങൾക്കെതിരെ തിരിയാനുള്ള സാധ്യതയുമുണ്ട്, മറിച്ച് വിശ്വാസികളുടെ കൂടെ ചേരാമെന്നുവെച്ചാൽ ചുറ്റുമുള്ള ജനങ്ങളോടും ഗോത്രങ്ങളോടും നാടുകളോടും വരെ യുദ്ധത്തിന് ഇറങ്ങിത്തിരിക്കുന്നത് പോലെയാണത്. അങ്ങനെ ഗത്യന്തരമില്ലാതെയാണ് അവർ പുറമേക്ക് വിശ്വാസം സ്വീകരിച്ച് ജീവിക്കുക എന്ന നിലപാടിലേക്ക് മാറിയത്. ജീവിതലക്ഷ്യം ഇല്ലാത്ത ഒരു ജനതയായതിനാൽ ത്യാഗങ്ങൾ സഹിക്കാ

നോ മരണം വരിക്കാനോ അവർ ഒട്ടും തയ്യാറായിരുന്നില്ല. അപ്പോഴാണ് മദീനയിൽ ആസന്നമായ വിളവെടുപ്പിനുപോലും സമയം കൊടുക്കാതെ, കഠിനമായ ചൂടിൽ വളരെ ദൂരം മരുഭൂമി താണ്ടി അന്നത്തെ ഏറ്റവും വലിയ ശക്തിയായ റോമാസാമ്രാജ്യത്തോട് ഏറ്റുമുട്ടാൻ പോകണമെന്ന കല്പന വരുന്നത്. ഇത് അവർക്ക് മരണത്തിലേക്കുള്ള വിളിയായി അനുഭവപ്പെട്ടു. അപ്പോൾ വല്ല അഭയസ്ഥാനമോ ഗുഹയോ അല്ലെങ്കിൽ രക്ഷപ്പെടാനുള്ള എന്തെങ്കിലും പഴുതോ കണ്ടെത്തുകയാണെങ്കിൽ അവിടേക്ക് ഓടിക്കയറി പതുങ്ങിയിരുന്ന് രക്ഷപ്പെടാമെന്ന മട്ടിലായി അവർ. കപടവിശ്വാസികളെയും വിശ്വാസികളെയും കടഞ്ഞെടുത്തു വേർതിരിക്കുന്നതിന് വേണ്ടിയാണ് എല്ലാവിധ പ്രതികൂലസാഹചര്യങ്ങളും യുദ്ധങ്ങളുമെല്ലാം അല്ലാഹു കൊണ്ടുവരുന്നത്. അങ്ങനെ നോക്കുമ്പോൾ തബൂക്ക് യുദ്ധം പ്രധാനമായും വിശ്വാസികൾക്ക് മുമ്പിൽ കപടവിശ്വാസികളെ തൊലിയുരിച്ച് കാണിക്കുന്നതിനുവേണ്ടിയായിരുന്നു എന്ന് കാണാം.

പ്രവാചകന്റെ കാലത്തെ കപടവിശ്വാസികളെപ്പോലെത്തന്നെ ഇക്കാലത്തുള്ള കപടവിശ്വാസികളും ലോകത്തുള്ള ഏത് പ്രശ്നവും സ്വാർത്ഥതയോടെയും അവസരവാദപരമായും മാത്രം നോക്കിക്കാണുന്നവരാണ്. ലോകത്ത് ശാന്തിയും സമാധാനവും നിലവിൽ വരുത്തുന്നതിനും രക്തച്ചൊരിച്ചിലും തീവ്രവാദപ്രവർത്തനങ്ങളും ഇല്ലാതാക്കുന്നതിനുമുള്ള ഏകമാർഗം അദ്ദിക്ർ ജനങ്ങളെ അവരുടെ ഹൃദയത്തിന്റെ ഭാഷയിൽ പഠിപ്പിച്ചുകൊടുത്ത് അവരെ ജീവിതലക്ഷ്യമുള്ളവരാക്കുക മാത്രമാണ് എന്നിരിക്കെ, അത്തരം പ്രശ്നങ്ങൾക്ക് ഗ്രന്ഥത്തിൽ യാതൊരു പരിഹാരവുമില്ല എന്ന മട്ടിൽ ബാഹ്യമായ വിശ്വാസം പ്രകടിപ്പിച്ചുകൊണ്ടും ചര്യാപരമായ നോമ്പും നമസ്കാരവും നിലനിർത്തിക്കൊണ്ടും ഹജ്ജും ഉംറയും നിർവഹിച്ചു കൊണ്ടും ഒരു ഓളത്തിലെന്നോണം ജീവിച്ചുപോകുക എന്നതാണ് കപടവിശ്വാസികൾ സ്വീകരിച്ചിരിക്കുന്ന നയം. ഒരു ത്യാഗത്തിനും തയ്യാറാകാതെ എങ്ങനെയെങ്കിലും സ്ഥാനമാനങ്ങളും പദവികളും നിലനിർത്തുന്നതിലായിരിക്കും അവരുടെ ശ്രദ്ധ. 3: 145, 166–167; 4: 136–140; 5: 49 വിശദീകരണം നോക്കുക.

58. നിർബന്ധദാനത്തിന്റെ കാര്യത്തിൽ നിന്നെ കുറ്റപ്പെടുത്തുന്ന ചിലരും അവരിലുണ്ട്, അതിൽ നിന്ന് വല്ലതും നൽകപ്പെട്ടാൽ അവർ തൃപ്തരാകും, അതിൽ നിന്ന് അവർക്ക് നൽകപ്പെടാതിരുന്നാലോ, അപ്പോൾ അവരതാ കോപിഷ്ഠരുമാകുന്നു.

മദീനയിൽ ആദ്യമായി സക്കാത്ത് സമ്പ്രദായം നിലവിൽ വരികയും അത് ഒരു കേന്ദ്രത്തിൽ ശേഖരിച്ച് വിതരണം ചെയ്യാൻ ആരംഭിക്കുകയും ചെയ്തു. ഓരോ വർഷവും സ്വർണ്ണം, വെള്ളി, കച്ചവടച്ചരക്കുകൾ, കന്നുകാലികൾ തുടങ്ങിയവക്ക് രണ്ടരശതമാനം, കാർഷിക ഉൽപന്നങ്ങൾക്ക് അത് തേവി നനച്ച് പരിപാലിച്ചുണ്ടാക്കിയതാണെങ്കിൽ അഞ്ച് ശതമാനം, അത് പരിപാലനമൊന്നും കൂടാതെയുണ്ടായതാണെങ്കിൽ പത്ത് ശതമാനം, ഖനിജങ്ങൾ, നിധി തുടങ്ങിയവക്ക് ഇരുപത് ശതമാനം എന്നിങ്ങനെ വ്യത്യസ്ഥ നിരക്കുകളിൽ സക്കാത്ത് ഈടാക്കുകയും രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും ഈ ഇനത്തിൽ വമ്പിച്ച സമ്പത്ത് പ്രവാചകന്റെ അടുത്ത് എത്തുകയും, സൂക്തം 9: 60 വിവരിക്കുന്നതിനനുസരിച്ച് അത് വിതരണം ചെയ്യപ്പെടുകയുമുണ്ടായി. ഒരിക്കൽ സകാത്ത് നൽകിയ സമ്പത്തിന് ഒരു വർഷം കഴിഞ്ഞാൽ 85 ഗ്രാമിൽ കൂടുതൽ സ്വർണ്ണമോ അല്ലെങ്കിൽ അതിന്റെ മൂല്യത്തിന് സമാനമായ പണമോ ഉണ്ടെങ്കിൽ വീണ്ടും അതിന്റെ രണ്ടരശതമാനം സകാത്തായി നൽകണമെന്നാണ് നിബന്ധന.

ജീവിതത്തിൽ ആദ്യമായി ഇത്രയധികം നാണ്യങ്ങളും ധാന്യങ്ങളും ഒരുമിച്ച് കൂട്ടുന്നതും അത് പലരിലേക്കുമായി വിതരണം ചെയ്യപ്പെട്ട് പോകുന്നതും കണ്ട് ദുനിയാവിന്റെ പട്ടികളായ കപടവിശ്വാസികൾ അതിൽ നിന്ന് വല്ലതും കിട്ടാൻ അതിയായി ആഗ്രഹിച്ചു. എന്നാൽ തനിക്കും ബന്ധുക്കൾക്കും സക്കാത്തിൽ നിന്ന് യാതൊരു വിഹിതവും പാടില്ലെന്ന് നിശ്ചയിച്ച പ്രവാചകനിൽ നിന്ന് അനർഹരായ ഒരാൾക്കും യാതൊന്നും ലഭിക്കുകയില്ലെന്ന് മനസ്സിലാക്കിയ കപടവിശ്വാസികൾ സകാത്ത് വിതരണത്തിൽ ക്രമക്കേടുണ്ടെന്നും അത് വിവേചനപരമാണെന്നും മറ്റും ആരോപണം ഉന്നയിക്കുകയാണ് ചെയ്തത്. എക്കാലത്തുമുള്ള, 9: 95 ൽ മാലിന്യമെന്ന് വിശേഷിപ്പിക്കപ്പെട്ട കപടവിശ്വാസികൾ അനുവദനീയവും നിഷിദ്ധവും വേർതിരിച്ചെടുക്കാനുള്ള ത്രാസ്സായ അദ്ദിക്ർ ഉപയോഗപ്പെടുത്താത്തവരായതിനാൽ അധമമായ ഏതുനേട്ടങ്ങളും വാരിപ്പുണരാൻ 7: 169 ൽ പറഞ്ഞതുപോലെ വെമ്പൽ കൊള്ളുന്നവരായിരിക്കും. മാത്രമല്ല, അവർ തങ്ങളുടെ ധനം ചെലവഴിക്കാതെ മറ്റുജനങ്ങളുടെ ധനം കൈകാര്യം ചെയ്ത് സ്ഥാനമാനങ്ങൾ നിലനിർത്താൻ ആഗ്രഹിക്കുന്നവരും അത് ശീലിച്ചവരുമായിരിക്കും.

വിശ്വാസികൾ എപ്പോഴും സ്വയംപര്യാപ്തരാകാൻ ആഗ്രഹിക്കുന്നവരായതിനാൽ സകാത്തിൽ നിന്ന് ഒന്നും ലഭിക്കണമെന്ന് ആഗ്രഹിക്കുകയില്ല. *അദ്ദിക്റിനെ ഐശ്വര്യമായി പരിഗണിക്കുന്ന വിശ്വാസികൾക്ക് ദാരിദ്ര്യം ഉണ്ടാകുകയില്ലെന്ന്* നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അവർ ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവരും കൂടുതൽ അനുഗ്രഹങ്ങൾക്ക് മഹത്തായ അനുഗ്രഹമുടയവനായ അല്ലാഹുവിനോടുമാത്രം ചോദിക്കുന്നവരുമാണ്. *ഓ, ഐശ്വര്യവാനും സ്വയം സ്തുത്യർഹനും തുടക്കം കുറിച്ചവനും അന്ത്യം കുറിക്കുന്നവനും കാരുണ്യവാനും സ്നേഹവാനുമായ പരിശുദ്ധനായിട്ടുള്ളവനേ! ഞങ്ങളെ നിന്റെ നിഷിദ്ധങ്ങളെത്തൊട്ട് അനുവദനീയങ്ങൾകൊണ്ടും നിന്നെ ധിക്കരിക്കുന്നതിനെത്തൊട്ട് നിന്നെ വഴിപ്പെടൽ കൊണ്ടും നിന്റേതല്ലാത്ത മറ്റാരുടെയും ആശ്രയമില്ലായ്മകൊണ്ടും ഞങ്ങളെ നീ ഐശ്വര്യവാന്മാരാക്കേണമേ!* എന്നും, *അല്ലാഹുവേ, നിശ്ചയം ഞാൻ നിന്നോട് സൻമാർഗവും സൂക്ഷ്മതയും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന വിധമുള്ള മാന്യതയും ഐശ്വര്യവും ചോദിക്കുന്നു* എന്നും പ്രാർത്ഥിക്കാൻ പ്രവാചകനിലൂടെ പഠിപ്പിക്കപ്പെട്ടിട്ടുണ്ട്.

സക്കാത്ത് യഥാർത്ഥത്തിൽ ധനത്തിന്റെ ശുദ്ധീകരണമാണ്. അഥവാ അത് നൽകൽ നിർബന്ധമാണ്. അത് യഥാർത്ഥ രീതിയിൽ അതിന്റെ അവകാശികൾക്ക് നൽകുമ്പോൾ മാത്രമേ ബാക്കിയുള്ള സമ്പത്ത് അനുവദനീയവും പരിശുദ്ധവുമാവുകയുള്ളൂ. സക്കാത്ത് ദരിദ്രന്റെ അവകാശമാണ്. വിശ്വാസികളുടെ ഒരു സംഘമുണ്ടെങ്കിൽ ധനികരിൽ നിന്ന് നിർബന്ധദാനം ശേഖരിച്ച് 9: 60 ൽ വിവരിച്ച പ്രകാരം ദരിദ്രർക്കും അഗതികൾക്കുമിടയിൽ വിതരണം ചെയ്യേണ്ടതാണ്. എക്കാലത്തുമുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പരലോകത്തെക്കാൾ ഐഹികലോകത്തിന് പ്രാധാന്യം നൽകുന്നവരും പിശാചിന്റെ സംഘത്തിൽ പെട്ടവരുമാണ്. നിഷ്പക്ഷവാനായ നാഥനെ പ്രതിനിധീകരിക്കുന്ന, അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസികൾ ഇത്തരം കപടവിശ്വാസികളെയും അവരുടെ അനുയായികളെയും അനുസരിക്കാവുന്നതല്ല എന്ന് 8: 64 ൽ വിവരിച്ചിട്ടുണ്ട്. 5: 60; 7: 175–176; 8: 72–73 വിശദീകരണം നോക്കുക.

59. നിശ്ചയം, അവർ അല്ലാഹുവും അവന്റെ പ്രവാചകനും അവർക്ക് നൽകിയതിൽ തൃപ്തരാവുകയും ഞങ്ങൾക്ക് അല്ലാഹു മതി, അല്ലാഹുവിന്റെ അനുഗ്രഹങ്ങ

ളിൽ നിന്ന് അവനും അവന്റെ പ്രവാചകനും ഞങ്ങൾക്ക് ഇനിയും നൽകുക ത ന്നെ ചെയ്യും, നിശ്ചയം ഞങ്ങൾ അല്ലാഹുവിൽ പ്രതീക്ഷയർപ്പിക്കുന്നവരാകുന്നു എന്ന് പറയുകയും ചെയ്തിരുന്നുവെങ്കിൽ!

അല്ലാഹുവും അവന്റെ പ്രവാചകനും അവർക്ക് നൽകിയതെന്തോ അതിൽ തൃപ്ത രാവുക എന്നുപറഞ്ഞാൽ, യുദ്ധമുതലിൽ നിന്ന് പ്രവാചകൻ അവർക്ക് നൽകുന്ന വിഹി തത്തിൽ തൃപ്തരാവുക എന്നാണ്. കച്ചവടത്തിലൂടെയും മറ്റും സ്വയം സമ്പാദിക്കുന്നതും അല്ലാഹുവിന്റെ അനുഗ്രഹത്താൽ തന്നെയാണ് എന്ന ധാരണയോടുകൂടി സ്വയം പര്യാ പ്തത കൈക്കൊള്ളുകയാണ് വിശ്വാസിക്കൾക്ക് ഉത്തമം. 'അല്ലാഹുവിന്റെ അനുഗ്രഹങ്ങ ളിൽ നിന്ന് അവനും അവന്റെ പ്രവാചകനും ഞങ്ങൾക്ക് ഇനിയും നൽകുക തന്നെ ചെ യ്യും' എന്നു പറഞ്ഞതിന്റെ വിവക്ഷ, പ്രവാചകൻ മദീനയിൽ വന്നതിന് ശേഷമാണ് അവി ടെ ശാന്തിയും സമാധാനവും പുലർന്നതും കച്ചവടങ്ങളും മറ്റും ഉന്നതി പ്രാപിച്ചതും. അ പ്പോൾ പ്രവാചകനാണ് യഥാർത്ഥത്തിൽ കപടവിശ്വാസികളുടെ സാമ്പത്തികനേട്ടത്തിന്റെ യും കാരണക്കാരൻ എന്ന് വിശ്വസിക്കുന്നവരായിരുന്നു വിശ്വാസികൾ. എന്നാൽ കപട വിശ്വാസികൾ ആ വസ്തുത അംഗീകരിക്കാത്തവരായിരുന്നു. 'ഞങ്ങൾ അല്ലാഹുവിൽ പ്രതീക്ഷയർപ്പിക്കുന്നവരാകുന്നു' എന്നു പറഞ്ഞതിന്റെ വിവക്ഷ, ഐഹികജീവിതത്തി ലും അതിലെ നിസ്സാരവിഭവങ്ങളിലുമല്ല, അല്ലാഹുവിലും അവന്റെ കാരുണ്യത്തിലുമാണ് ഞങ്ങൾക്ക് താൽപര്യം, അവന്റെ പ്രീതി മാത്രമേ ഞങ്ങൾ ആഗ്രഹിക്കുന്നുള്ളൂ, അവൻ നൽകുന്നതിൽ ഞങ്ങൾ സംതൃപ്തരുമാണ് എന്നിങ്ങനെയാണ് വിശ്വാസികളെപ്പോലെ അവരും പറയേണ്ടിയിരുന്നത് എന്നാണ്. *അല്ലാഹുവേ, ഞങ്ങൾ നിന്റെ തൃപ്തിയും സ്വർ ഗ്ഗവും നിന്നോട് ചോദിക്കുന്നു, നിന്റെ കോപത്തെത്തൊട്ടും നരകത്തെത്തൊട്ടും നിന്നോ ട് അഭയം തേടുകയും ചെയ്യുന്നു* എന്ന് പ്രാർത്ഥിക്കാൻ വിശ്വാസികൾ പ്രവാചകനിലൂടെ പഠിപ്പിക്കപ്പെട്ടിട്ടുണ്ട്.

നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഫു ജ്ജാറുകൾ 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപാടുകളാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നത്. അവരുടെ കാര്യത്തിൽ 2: 268 ൽ വിവരിച്ച പ്രകാരം അവരു ടെ ജിന്നുകൂട്ടുകാരനാണ് ഐഹികജീവിതം ആകർഷകമായി തോന്നിപ്പിക്കുന്നത്. അവർ നാവുകൊണ്ട് പ്രപഞ്ചനാഥനായ അല്ലാഹു മനുഷ്യരുടെ ദൈവവും രാജാവും ഇലാഹും ആണെന്ന് പറയാറുണ്ടെങ്കിലും ആത്മാവുകൊണ്ട് അത് അംഗീകരിക്കാത്തതിനാൽ പ്രായോ ഗിക ജീവിതത്തിൽ അതിന് വിരുദ്ധമായി പ്രവത്തിക്കുന്നവരാണ്. അതുവഴി അവർ മസീ ഹുദ്ദജ്ജാലിനെയും അന്ത്യനാളിനെയും ക്ഷണിച്ചുവരുത്തിക്കൊണ്ടിരിക്കുന്നവരാണ്. 4: 29-33; 6: 112; 8: 24 വിശദീകരണം നോക്കുക.

60. നിശ്ചയം നിർബന്ധദാനം ദരിദ്രർക്കും അഗതികൾക്കും സകാത്ത് ജോലിക്കാ ർക്കും ഹൃദയങ്ങൾ ഇണക്കപ്പെടേണ്ടവർക്കും അടിമമോചനത്തിനും കടബാധി തരെ സഹായിക്കുന്നതിനും അല്ലാഹുവിന്റെ മാർഗ്ഗത്തിലും വഴിയാത്രക്കാർക്കും മാത്രമുള്ളതാകുന്നു, ഇത് അല്ലാഹുവിൽ നിന്നുള്ള നിർബന്ധവിഹിതമാണ്, അല്ലാഹു എല്ലാമറിയുന്ന യുക്തിജ്ഞനുമാണ്.

'നിർബന്ധദാനമായ' സക്കാത്തിനെ കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. വിശ്വാ സികളുടെ ഒരു സംഘമുണ്ടെങ്കിൽ സകാത്ത് സമ്പ്രദായം നടപ്പിലാക്കലും ഈ സൂക്ത

ത്തിൽ പറഞ്ഞ എട്ട് വിഭാഗങ്ങളിൽ വിതരണം ചെയ്യലും അവരുടെ ബാധ്യതയാണ്. 'നിർബന്ധദാനമായ' സക്കാത്തിനെക്കുറിച്ച് ഗ്രന്ഥത്തിൽ പലയിടത്തും *സ്വദഖഃ* എന്ന പദമാണ് പ്രയോഗിച്ചിട്ടുള്ളത്. സകാത്ത് നൽകപ്പെടേണ്ട ഈ എട്ട് വിഭാഗങ്ങളും മൊത്തം മനുഷ്യരിൽ നിന്നുള്ളവരാണ്, അല്ലാതെ മുസ്ലിംജനതയിൽ നിന്നുള്ളവർ മാത്രമല്ല, ഗ്രന്ഥവും ഇസ്ലാമും പ്രവാചകനുമെല്ലാം മൊത്തം മനുഷ്യർക്കുള്ളതാണ്. എന്നാൽ മനുഷ്യരിൽ അല്ലാഹു ശപിച്ച, കോപിച്ച, വധിച്ച, വധിക്കാൻ ആവശ്യപ്പെട്ട കപടവിശ്വാസികൾക്ക് സകാത്തിൽനിന്ന് നൽകാൻ പാടില്ല. കപടവിശ്വാസികളിൽ നിന്ന് സകാത്ത് സ്വീകരിക്കപ്പെടുകയില്ലെന്ന് 9: 53-54 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. കാരണം അവർ അല്ലാഹുവിനെ മറന്നവരും അല്ലാഹുവിനെയും പ്രവാചകനെയും ഗ്രന്ഥത്തിൽ മൂടിവെച്ചവരുമാണ്.

1) ഫഖീർ (ദരിദ്രൻ):- നിത്യജീവിതത്തിന് പരസഹായം ആവശ്യമുള്ള ആളാണ് *ഫഖീർ*. ശാരീരികവൈകല്യമോ വാർദ്ധക്യമോ കാരണമായി സ്ഥിരം സഹായം ആവശ്യമുള്ളവരും, യാദൃശ്ചിക കാരണങ്ങളാൽ താൽക്കാലിക സഹായം അർഹിക്കുന്നവരും സഹായം ലഭിച്ചാൽ മേലിൽ സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്നവരുമായ അവശരും അനാഥകൾ, വിധവകൾ, തൊഴിൽരഹിതർ, അത്യാഹിതങ്ങൾക്കിരയായവർ തുടങ്ങിയവരും ഇതിൽപെടുന്നു. 2: 271-272 വിശദീകരണം നോക്കുക.

2) മിസ്കീൻ (അഗതികൾ):- നിത്യവൃത്തി കഴിഞ്ഞുപോകാനുള്ള തൊഴിലോ വരുമാനമോ ഉണ്ടെങ്കിലും സാധാരണയിൽ കവിഞ്ഞുള്ള ഒരു ചെലവ് വന്നാൽ അത് പരസഹായം കൂടാതെ നിർവ്വഹിക്കാൻ കഴിയാത്തവരാണ് അഗതികൾ. അന്യരുടെ മുമ്പിൽ കൈ നീട്ടാൻ അവരുടെ ആത്മാഭിമാനം അവരെ അനുവദിക്കുകയില്ല. വിഷമാവസ്ഥ പുറമേക്ക് തോന്നിപ്പിക്കാതിരിക്കയാൽ അവരെ സഹായിക്കാൻ ആരും സ്വയം മുന്നോട്ടുവരികയുമില്ല. ഇത്തരക്കാരായ ദരിദ്രൻമാരെയും അഗതികളെയും വിശ്വാസികൾ ലക്ഷണങ്ങൾ കൊണ്ട് തിരിച്ചറിയുമെന്നും അവർക്കാണ് സകാത്ത് നൽകേണ്ടതെന്നും 2: 273 ൽ പറഞ്ഞിട്ടുണ്ട്.

3) സകാത്ത് ജോലിക്കാർ:- സകാത്ത് മുതൽ ശേഖരിക്കുക, സൂക്ഷിക്കുക, വിതരണം ചെയ്യുക, അത് എഴുതി സൂക്ഷിക്കുക എന്നീകാര്യങ്ങൾക്ക് നിയമിക്കപ്പെടുന്നവരാണ് സകാത്ത് ജോലിക്കാർ. ഈ ഉദ്യോഗസ്ഥൻമാർ ദരിദ്രരോ അഗതികളോ അല്ലെങ്കിലും സകാത്ത് മുതലിൽനിന്ന് തന്നെ അവർക്ക് വേതനം നൽകാവുന്നതാണ്. ഇവിടെ സകാത്ത് ജോലിക്കാർ എന്ന പ്രയോഗവും 103-ാം സൂക്തത്തിലെ, 'നീ അവരുടെ സമ്പത്തിൽനിന്ന് നിർബന്ധദാനം സ്വീകരിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുക' എന്ന വാക്യവും സകാത്ത് ശേഖരണവും വിതരണവും വിശ്വാസികളുടെ സംഘമുണ്ടെങ്കിൽ അവരുടെ ബാധ്യതയാണെന്ന് വ്യക്തമാക്കുന്നു. 24: 55 കൂട്ടിവായിക്കുക.

പ്രവാചകനും കുടുംബത്തിനും സകാത്തിൽ നിന്നുള്ള വിഹിതം സ്വയം നിഷിദ്ധമാക്കിയ പ്രവാചകൻ സകാത്ത് സംഭരണവിതരണ ജോലികൾ യാതൊരു പ്രതിഫലവും കൂടാതെയാണ് നിർവ്വഹിച്ചു പോന്നത്. പ്രവാചകന്റെ കുടുംബത്തിൽ സകാത്തിന് ബാധകമായ ധനം കൈവശമുള്ളവർ സകാത്ത് നൽകാൻ ബാധ്യസ്ഥരാണ്. എന്നാൽ അവരിലെ ദരിദ്രൻമാർ, കടക്കാർ, യാത്രക്കാർ, അഗതികൾ മുതലായവർക്ക് സകാത്ത് വാങ്ങാൻ പാടുള്ളതല്ല. സമ്പത്തിന്റെ ശുദ്ധീകരണ പ്രക്രിയയുടെ ഭാഗമാണ് സകാത്ത് എന്നതിനാൽ അത് കഴിയുന്നതും വാങ്ങാതിരിക്കാനാണ് യഥാർത്ഥ വിശ്വാസികൾ ആഗ്രഹിക്കേണ്ടത്. എന്നാൽ കപടവിശ്വാസികൾ അത് എന്നല്ല, മ്ലേച്ഛമായ ഏത് ധനവും ഭക്ഷണവും സ്വീകരിക്കുന്നവരും അതിനുവേണ്ടി ആർത്തിപൂണ്ട് ഓടിനടക്കുന്നവരുമാണ്. അതിനാ

ലാണ് അവരെ ഉപദവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോട് 7: 176 ൽ ഉപമിച്ചിട്ടുള്ളത്.

4) ഹൃദയങ്ങൾ ഇണക്കപ്പെടേണ്ടവർ:- വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഹൃദയങ്ങൾ ഇസ്ലാമിലേക്ക് ഇണക്കപ്പെടേണ്ടവർക്ക് വേണ്ടി സകാത്തിന്റെ വിഹിതം നീക്കിവെക്കാവുന്നതല്ല. എന്നാൽ ഇസ്ലാമിന്റെ യഥാർത്ഥ വിരോധികളായ കപടവിശ്വാസികളും കാഫിറുകളുമടങ്ങിയ ഇന്നത്തെ ഫുജ്ജാറുകളുടെ ജീവിതരീതി കണ്ടിട്ട് ഗ്രന്ഥത്തിലേക്കും ഇസ്ലാമിലേക്കും തിരിഞ്ഞുനോക്കാൻ വിമുഖത കാണിക്കുന്ന പ്രവാചകന്റെ തന്നെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങൾക്ക് സകാത്തിന്റെ വിഹിതത്തിൽ നിന്ന് സഹായങ്ങളും പാരിതോഷികങ്ങളും നൽകി അവർക്ക് അതിനെ പരിചയപ്പെടുന്നതിന് അവസരമുണ്ടാക്കാവുന്നതാണ്. ഭൂമിയിലുള്ള സമ്പത്ത് മുഴുവൻ ചെലവഴിച്ചാലും ഒരാൾക്കും ഒരാളെയും വിശ്വാസിയാക്കുക സാധ്യമല്ല. എന്നാൽ ഏതൊരാൾക്കും അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി സ്വയം വിശ്വാസിയാകാവുന്നതാണ്. 2: 62 ൽ വിവരിച്ച പ്രകാരം അതിന് ജാതിയോ മതമോ ഭാഷയോ വേഷമോ മാറ്റേണ്ടതില്ല.

5) അടിമ മോചനം:- പ്രത്യക്ഷത്തിൽ ഇന്ന് അടിമവ്യവസ്ഥയില്ലെങ്കിലും അടിമകളോടുണ്ടായിരുന്നതിനെക്കാൾ നീതിരഹിതമായി തൊഴിൽ ചെയ്തതിനു ശമ്പളം നൽകാതെ പണിയെടുപ്പിക്കുന്ന സമ്പ്രദായം ഇന്ന് ലോകത്തെല്ലായിടത്തും നടപ്പിലുണ്ട്, പ്രത്യേകിച്ച് ഗൾഫുനാടുകളിൽ. 2: 226-227 സൂക്തങ്ങളുടെ കൽപനക്ക് വിരുദ്ധമായി ഭാര്യ-സന്താനങ്ങളുമായുള്ള സഹവാസം പിരിഞ്ഞുകൊണ്ടും ജീവിതമാർഗം തേടിക്കൊണ്ടും മറുനാടുകളിൽ ജോലി അന്വേഷിച്ച് പോകുന്നവരിൽ പണിയെടുത്തതിനുള്ള ശമ്പളംപോലും ലഭിക്കാതെ അടിമകളെക്കാളും അനീതിക്കിരയാകുന്നവർക്ക് സകാത്തിന്റെ പണത്തിൽ നിന്ന് നൽകാവുന്നതാണ്. അഥവാ അവർക്ക് നാട്ടിൽ എന്തെങ്കിലും ഉപജീവനമാർഗം കണ്ടെത്താനുള്ള സഹായം നൽകലാണ് ഇന്ന് അടിമമോചനത്തിന് സകാത്ത് പണം ചെലവഴിക്കുന്ന രീതി.

6) കടബാധിതർ:- കടംകൊണ്ട് വലഞ്ഞവർക്കും കടം മുഴുവൻ വീട്ടിക്കഴിഞ്ഞാൽ ജീവിച്ചു പോകാൻ ഞെരുങ്ങുന്ന കടബാധിതർക്കും സകാത്തിൽനിന്ന് നൽകാവുന്നതാണ്. അവർ വരുമാനമുള്ളവരോ തൊഴിലുള്ളവരോ ആവട്ടെ, അഥവാ സാധാരണ ഭാഷയിൽ ധനികരോ ദരിദ്രരോ ആവട്ടെ, ഏത് നിലക്കും സകാത്ത് ധനത്തിൽ നിന്ന് അവർക്ക് സഹായം നൽകാവുന്നതാണ്. എന്നാൽ സ്ത്രീധനം പോലുള്ള ആചാര-മാമൂലുകളിലും അവിഹിതമാർഗങ്ങളിലും ആഡംബരങ്ങളിലും ദുർവ്യയം ചെയ്തതുമൂലം സ്വയം കടം വരുത്തി വെച്ചവരാണെങ്കിൽ അത്തരം കുറ്റങ്ങളിൽ നിന്ന് പശ്ചാത്തപിക്കുന്നതുവരെ അവർക്ക് സകാത്ത് നൽകാൻ പാടില്ല, കാരണം അവർ പിശാചുക്കളുടെ സഹോദരൻമാരാണെന്ന് 17: 27 ൽ പറഞ്ഞിട്ടുണ്ട്.

7) അല്ലാഹുവിന്റെ മാർഗ്ഗം:- മൊത്തം മനുഷ്യർക്കും ജീവജാലങ്ങൾക്കും ഉപകാരപ്പെടുന്ന രീതിൽ ചെലവഴിക്കുന്നത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പെടുന്നു. മുൻകാലത്ത് യുദ്ധത്തിനുവേണ്ട ആയുധങ്ങൾ, ഭക്ഷണപാനീയങ്ങൾ തുടങ്ങിയവ ഒരുക്കുന്നതിന് വേണ്ടി സകാത്തിന്റെ പണം ചെലവഴിക്കാമായിരുന്നു. എന്നാൽ ഇന്ന് യുദ്ധമോ വധമോ ഇല്ല, മറിച്ച് അദ്ദിക്ർ മൂടിവെക്കുന്ന കപടവിശ്വാസികളോട് അതുകൊണ്ടുള്ള ജിഹാദ് മാത്രമാണുള്ളത്. മുൻകാലങ്ങളിൽ അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്ന പള്ളികൾ നിർമ്മിക്കുന്നതിനും നടത്തികൊണ്ടുപോകുന്നതിനും സകാത്തിന്റെ പണം ഉപയോഗിക്കാമായി

രുന്നു. എന്നാൽ ഇന്ന് പള്ളികൾ 9: 107 ൽ വിവരിച്ച പ്രകാരം സൻമാർഗത്തിൽ നിന്ന് വ്യതിചലിച്ച് മദീനയിലെ കപടവിശ്വാസികൾ നിർമ്മിച്ച *മസ്ജിദുള്ളിറാർ* പോലെ ജനങ്ങൾക്ക് ഉപദ്രവമുണ്ടാക്കുന്ന, ജനങ്ങളിൽ ഭിന്നിപ്പ് സൃഷ്ടിക്കുന്ന ഗൂഢാലോചനാകേന്ദ്രങ്ങളായി മാറിയിരിക്കുന്നതിനാൽ അത്തരം പള്ളികൾക്ക് സകാത്തിൽ നിന്നോ അല്ലാതെയോ പണം ചെലവഴിക്കാൻ പാടില്ല. മതവിദ്യാഭ്യാസം എന്നുപറഞ്ഞ് *ഫുജ്ജാർ കിതാബു*കളായ കർമ്മ ശാസ്ത്രഗ്രന്ഥങ്ങളും '*നഹ്‌വ്-സർഫ്*' ഗ്രന്ഥങ്ങളും അറബി ഭാഷാഗ്രന്ഥങ്ങളും ഖുർആൻ പരിഭാഷകളുമെല്ലാം പഠിപ്പിക്കുകയും, അദ്ദിക്ർ പഠിപ്പിക്കേണ്ട വിധത്തിൽ പഠിപ്പിക്കാതിരിക്കുകയും ചെയ്യുകയാൽ ഇന്ന് ഇത്തരം വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും സകാത്തിൽ നിന്ന് പണം ചെലവഴിക്കാവുന്നതല്ല. അതൊന്നും അല്ലാഹുവിന്റെ മാർഗ്ഗത്തിലായിരിക്കുകയോ സ്വീകരിക്കപ്പെടുകയോ ഇല്ല.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സായ അദ്ദിക്ർ പഠിപ്പിക്കേണ്ടവിധം പഠിപ്പിക്കപ്പെടാത്തതിനാൽ ഇന്ന് 'അല്ലാഹ്' എന്ന ബോധം തന്നെ ഇല്ലാതായിരിക്കുകയാണ്. മാത്രമല്ല ദരിദ്രർ, അനാഥകൾ, അഗതികൾ, വഴിയാത്രക്കാർ, ബന്ധികൾ, അയൽവാസികൾ, ബന്ധുജനങ്ങൾ തുടങ്ങിയവരോടൊന്നും നീതിയിലും ന്യായത്തിലും വർത്തിക്കുന്നുമില്ല. മനുഷ്യർ അവരവരെ സ്വയം തിരിച്ചറിയാത്തതും ജീവിതലക്ഷ്യം തിരിച്ചറിയാത്തതുമാണ് ഇതിനെല്ലാം കാരണം. നാട്ടിൽ വർഗീയതയും സ്വാർത്ഥതയും സ്വജനപക്ഷപാതവുമെല്ലാം ഒഴിവാക്കി മനുഷ്യരുടെ ഐക്യം സ്ഥാപിക്കാനും മനുഷ്യർ തമ്മിലുള്ള രക്തച്ചൊരിച്ചിൽ ഇല്ലാതാക്കാനും കവർച്ച, കൊള്ള, ബലാൽസംഘം, വ്യഭിചാരം, കൊലപാതകം, ചൂഷണം, ഒരു വിഭാഗം മറ്റൊരുവിഭാഗത്തിന്റെ മേൽ മേൽക്കോയ്മ പുലർത്തൽ തുടങ്ങി ഭൂമിയെ നശിപ്പിക്കുന്ന തരത്തിലുള്ള പൈശാചികവൃത്തികൾ ഇല്ലായ്മ ചെയ്യാനുമുള്ള സ്രഷ്ടാവിന്റെ വിധിവിലക്കുകളായ അദ്ദിക്ർ പഠിക്കാനും പഠിപ്പിക്കാനും പ്രചരിപ്പിക്കാനും ചെലവഴിക്കലാണ് ഇന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിൽ ഏറ്റവും സുപ്രധാനമായത്. സ്വർഗ്ഗത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് സ്വർഗ്ഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്ർ കൊണ്ട് മാത്രമേ മനുഷ്യനെ തന്റെ ഉത്തരവാദിത്തങ്ങളെല്ലാം സ്വയം നിറവേറ്റുന്നവനാക്കി മാറ്റാൻ സാധിക്കുകയുള്ളൂ. അപ്പോൾ അതിനുവേണ്ടി അദ്ദിക്ർ പഠിക്കുന്നതിനും ലോകരിലേക്ക് എത്തിക്കുന്നതിനും ചെലവഴിക്കുന്നതിനാണ് ഇന്ന് സകാത്തിന്റെ ഈ എട്ടു വകുപ്പുകളിൽ മറ്റേത് വകുപ്പിനെക്കാളും മുൻഗണന കൊടുക്കേണ്ടത്.

8) വഴിയാത്രക്കാർ:- യാത്രാവേളയിൽ സഹായം ആവശ്യമായിവരുന്നവന് സകാത്തിൽ നിന്ന് സഹായം നൽകേണ്ടതാണ്, അവൻ സ്വന്തം നാട്ടിൽ സകാത്ത് കൊടുക്കുന്നവനാണെങ്കിലും ശരി. കാരണം യാത്രയിൽ പണം കവർച്ച ചെയ്യപ്പെടുക, പോക്കറ്റടിക്കപ്പെടുക, നഷ്ടപ്പെടുക തുടങ്ങിയ അവസ്ഥയിൽ കടം വാങ്ങാൻ ഈടുനൽകാൻ സാധിക്കാതിരിക്കുകയോ സാക്ഷികളില്ലാതിരിക്കുകയോ അല്ലെങ്കിൽ പണം തിരിച്ചു നൽകാനുള്ള സാഹചര്യമില്ലാതിരിക്കുകയോ ചെയ്യുന്ന അവസ്ഥയിൽ സകാത്തിൽ നിന്ന് ആവശ്യപ്പെടുമ്പോൾ വഴിയാത്രക്കാരന് കൊടുക്കൽ വിശ്വാസികളുടെ ബാധ്യതയാണ്. എന്നാൽ ഇന്ന് സകാത്ത് സമ്പ്രദായം തന്നെ ലോകത്തെവിടെയും നിലവിലില്ലാത്തതിനാൽ ഈ വിഭാഗത്തിനെന്നല്ല, ഒരുവിഭാഗത്തിനും അർഹമായ സകാത്ത് നൽകപ്പെടുന്നില്ല എന്ന് കാണാം.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ അദ്ദിക്റിനെ

സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി തന്റെ ധനം സ്വന്തം ആവശ്യങ്ങൾക്ക് മിതമായി ചെലവഴിക്കുകയും, ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകരിൽ പ്രചരിപ്പിച്ചുകൊണ്ട് മനുഷ്യരുടെ ഐക്യം നിലനിർത്താനും 1000 സമുദായങ്ങളിൽപെട്ട ജീവികൾക്ക് നാഥനെ ആത്മാവുകൊണ്ട് പ്രാർത്ഥിക്കാനും കീർത്തനം ചെയ്യാനും അവസരം ഒരുക്കിക്കൊടുക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് ജൈവകൃഷി ചെയ്യുകയും മരങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിനുവേണ്ടി മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം നൽകുകയുമാണ് ചെയ്യുക. മാത്രമല്ല, 76: 8–9 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഭക്ഷണത്തിന് സ്വയം ആവശ്യമുണ്ടായിരിക്കെത്തന്നെ അത് ദരിദ്രർക്കും അഗതികൾക്കും അനാഥകൾക്കും ബന്ദികൾക്കും ഭക്ഷിപ്പിക്കുകയും അതിനുവേണ്ടി മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്. അത്തരം പ്രവൃത്തികൾ ചെയ്യുന്നതിന് പ്രപഞ്ചനാഥന്റെ തൃപ്തിയല്ലാതെ മറ്റാരുടെയും അംഗീകാരമോ പ്രശംസയോ ഒന്നും അവർ മോഹിക്കുകയുമില്ല.

വിശ്വാസികൾ ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിൽ 2: 152; 3: 190–191 സൂക്തങ്ങളിൽ വിവരിച്ചതുപോലെ ഇവിടെ നാഥനെ കണ്ടുകൊണ്ട് ചരിക്കുന്നവരാണ്. വന്നപ്പോൾ കൊണ്ടുവരാത്തതും പോകുമ്പോൾ കൊണ്ടുപോകാത്തതുമായ എല്ലാ അനുഗ്രഹങ്ങളും പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചെലവഴിച്ച് 3: 136 ൽ വിവരിച്ച പ്രകാരം സ്വർഗം ഇവിടെ പണിയുകയും നാഥനെ ആത്മാവുകൊണ്ട് കണ്ട് നാഥൻ അവനെയും അവൻ നാഥനെയും പരസ്പരം തൃപ്തിപ്പെട്ട് മരണപ്പെടുകയും നാലാംഘട്ടത്തിൽ സമ്പാദിച്ച സ്വർഗം ഏഴാം ഘട്ടത്തിൽ അനന്തരമെടുക്കുന്നതുമാണ്. 2: 2–5; 6: 151–153; 7: 205–206 വിശദീകരണം നോക്കുക.

61. നബിയെ ഉപദ്രവിക്കുന്നവരായ ചിലരും അവരിലുണ്ട്; അവർ പറയുന്നു: ആര് എന്ത് പറഞ്ഞാലും കേൾക്കുന്ന ഒരു കാതാണ് അവൻ; നീ പറയുക: അവൻ എല്ലാം കേൾക്കുന്ന കാതായതിന്റെ ഗുണം നിങ്ങൾക്ക് തന്നെയാണ്, അവൻ അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുന്നു, വിശ്വാസികളിലും വിശ്വസിക്കുന്നു, നിങ്ങളിൽ നിന്നുള്ള വിശ്വാസികളായവർക്ക് അവൻ കാരുണ്യം തന്നെയാണ്, അല്ലാഹുവിന്റെ പ്രവാചകനെ ഉപദ്രവിക്കുന്നവരുണ്ടല്ലോ, അവർക്ക് വേദനാജനകമായ ശിക്ഷയാണുള്ളത്.

ആരെന്തുപറഞ്ഞാലും കേൾക്കുകയും എല്ലാവർക്കും പറയാൻ അവസരം നൽകുകയും ചെയ്യുന്നു എന്നതായിരുന്നു പ്രവാചകനെക്കുറിച്ച് കപടവിശ്വാസികൾക്കുള്ള മറ്റൊരു പരാതി. കപടവിശ്വാസികളുടെ ഗൂഢാലോചനകളെയും കുതന്ത്രങ്ങളെയും അപവാദപ്രചരണങ്ങളെയും കുറിച്ച് വിശ്വാസികളിൽ നിന്ന് പ്രവാചകൻ മനസ്സിലാക്കിക്കൊണ്ടിരുന്നു. തങ്ങളെപ്പോലുള്ള മാന്യൻമാർക്കും പ്രമാണിമാർക്കുമെതിരെ നീതരും പതിതരുമായ ആളുകൾ പറയുന്നതെല്ലാം പ്രവാചകൻ വിശ്വസിക്കുകയാണോ എന്ന് അവർ പിറുപിറുത്തിരുന്നു. 'അവൻ എല്ലാം കേൾക്കുന്ന കാതായതിന്റെ ഗുണം നിങ്ങൾക്ക് തന്നെയാണ്' എന്ന് പറഞ്ഞതിന്റെ വിവക്ഷ, *ദീനി*നും ജനങ്ങൾക്കും ഗുണപ്രദമായ കാര്യങ്ങൾ കണ്ടെത്തുന്നതിന് വേണ്ടിയാണ് പ്രവാചകൻ ആളുകൾ പറയുന്നത് കേട്ടിരുന്നത്. നിങ്ങളുടെ കപടമായ വിശ്വാസവാദവും പ്രകടനാത്മകമായ പ്രവർത്തനങ്ങളും അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള *ജിഹാദി*ൽ നിന്ന് രക്ഷപ്പെടാനുള്ള ന്യായവാദങ്ങളും സൂത്രങ്ങളും പ്രവാചകൻ ക്ഷമാപൂർവ്വം കേൾക്കുന്നതിന് പകരം അതെല്ലാം അപ്പടി തള്ളിക്കളഞ്ഞിരുന്നുവെങ്കിൽ

മദീനയിലെ നിങ്ങളുടെ ജീവിതം തന്നെ പ്രയാസകരമാവുമായിരുന്നു. ചുരുക്കത്തിൽ പ്രവാചകന്റെ ഈ സ്വഭാവം നിങ്ങളെ സംബന്ധിച്ചിടത്തോളം ഗുണകരമാണ്, ഒട്ടും ദോഷകരമല്ല തന്നെ. 3: 159 വിശദീകരണം നോക്കുക.

പ്രവാചകൻ അല്ലാഹുവിനെക്കൊണ്ടും വിശ്വാസികളിലും വിശ്വസിക്കുന്നവനാണ് എന്ന് പറഞ്ഞതിന്റെ വിവക്ഷ, പ്രവാചകൻ കേൾക്കുന്നതെല്ലാം വിശ്വസിക്കുന്നു എന്ന കപടവിശ്വാസികളുടെ ആരോപണം തെറ്റാണെന്നാണ്. വാക്ക് എല്ലാവരുടേതും കേൾക്കുമെങ്കിലും യഥാർത്ഥ വിശ്വാസികൾ പറയുന്നത് മാത്രമേ കണക്കിലെടുക്കുകയുള്ളൂ -അതും അല്ലാഹുവുമായി ആത്മാവുകൊണ്ട് ബന്ധപ്പെട്ട് ചോദിച്ചതിന് ശേഷം മാത്രം. കപടവിശ്വാസികളുടെ ഉപജാപങ്ങളെക്കുറിച്ചും കുതന്ത്രങ്ങളെക്കുറിച്ചും പ്രവാചകന് വിവരം ലഭിച്ചത് തികച്ചും വിശ്വാസയോഗ്യരായ വിശ്വാസികൾ മുഖേനയാണ്. മൊത്തം ലോകത്തിന് കാരുണ്യമായിട്ടല്ലാതെ പ്രവാചകനായ മുഹമ്മദിനെ അയച്ചിട്ടില്ല എന്ന് 21: 107 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ വിശ്വാസികൾക്ക് മാത്രമേ പ്രവാചകനും ഗ്രന്ഥവും കാരുണ്യമാവുകയുള്ളൂ. അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ് 16: 89 ൽ പറഞ്ഞ പ്രകാരം മുസ്ലിംകൾ. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ലോകത്തുള്ള ഫുജ്ജാറുകൾ പ്രവാചകനെ പിൻപറ്റാതെ 29 കള്ളവാദികളെ പിൻപറ്റുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. അവർ മുസ്ലിംകളാണെന്ന് വാദിക്കുന്നവരാണെങ്കിലും അവർ 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. അവർ നാവുകൊണ്ട് 'അല്ലാഹ്' എന്ന് പറയുന്നവരാണെങ്കിലും ആത്മാവുകൊണ്ട് അല്ലാഹുവിനെ സ്മരിക്കാത്ത തെമ്മാടികളാണ്. ഭ്രാന്തന്മാരായ ഇവർ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത്. 3: 21-22 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ പ്രവാചകന്മാരെ കൊല്ലാതെ കൊന്നുകൊണ്ടിരിക്കുന്നവരാണ്. 2: 18; 4: 105, 115; 6: 52 വിശദീകരണം നോക്കുക.

62. അവർ നിങ്ങളെ തൃപ്തിപ്പെടുത്തുന്നതിന് വേണ്ടി നിങ്ങളോട് അല്ലാഹുവിനെക്കൊണ്ട് ആണയിടുന്നു, എന്നാൽ അവർ തൃപ്തിപ്പെടുത്തുവാൻ ഏറ്റവും അർഹരായിട്ടുള്ളവർ അല്ലാഹുവും അവന്റെ പ്രവാചകനുമാണ്, അവർ വിശ്വാസികളായിരുന്നുവെങ്കിൽ!

വിശ്വാസികൾ അല്ലാഹുവിനെയും അവന്റെ പ്രവാചകനെയുമാണ് മറ്റാരെക്കാളും തൃപ്തിപ്പെടുക. വിശ്വാസികൾ സ്വന്തത്തേക്കാൾ പ്രവാചകനാണ് പ്രാധാന്യം കൊടുക്കുക എന്ന് 33: 6 ൽ പറഞ്ഞിട്ടുണ്ട്. 63: 1 ൽ കപടവിശ്വാസികളുടെ സ്വഭാവം വരച്ചുകാണിക്കുന്നതിങ്ങനെയാണ്: കപടവിശ്വാസികൾ പ്രവാചകന്റെയടുത്ത് വന്നാൽ നിശ്ചയം താങ്കൾ അല്ലാഹുവിന്റെ പ്രവാചകൻ തന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു എന്ന് അവർ പറയുക തന്നെ ചെയ്യും, നിശ്ചയം നീ അവന്റെ പ്രവാചകൻ തന്നെയാണെന്ന് അല്ലാഹുവിന് അറിയാം; നിശ്ചയം കപടവിശ്വാസികൾ കളവ് പറയുന്നവർ തന്നെയാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു. അതായത് അവർ ഹൃദയം കൊണ്ട് പ്രവാചകനെ അംഗീകരിച്ചിരുന്നില്ല എന്നർത്ഥം. 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘത്തിൽ പെട്ട അവരെ വിശ്വാസികൾ തൃപ്തിപ്പെടുകയോ മിത്രങ്ങളായി സ്വീകരിക്കുകയോ ഇല്ല.

21: 24 ൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാർക്കും നൽകപ്പെട്ട ഗ്രന്ഥം സത്യവും തെളിവുമായ അദ്ദിക്ർ തന്നെയാണ്. 2: 62, 113 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരുടെയും കാലത്തുള്ള കപടവിശ്വാസികളും കുഫ്ഫാറുകളും അദ്ദിക്റിനെ

തള്ളിപ്പറഞ്ഞുകൊണ്ട് പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്നവരാണ്. 8: 48 ൽ വിവരിച്ച പ്രകാരം ആത്മാവില്ലാത്ത കെട്ടജനതയായ ഇക്കൂട്ടർ അദ്ദിക്ർ കൊണ്ട് അവരുടെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്തവരാണ്. 3: 183, 9: 5 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും വിധേയരായ ഇത്തരം കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളുമടങ്ങിയ ഫുജ്ജാറുകളെ ശിക്ഷിക്കുന്നതിന് വേണ്ടിയാണ്. 4: 78–79, 135; 5: 55–56; 33: 6 വിശദീകരണം നോക്കുക.

63. നിശ്ചയം ആരെങ്കിലും അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും എതിർക്കുന്നുവെങ്കിൽ അപ്പോൾ നിശ്ചയം അവനുള്ളത് നരകക്കുണ്ഠത്തിലെ തീയാണെന്നും അവൻ അതിൽ ശാശ്വതനാണെന്നും അവർ അറിഞ്ഞിട്ടില്ലേ? അതുതന്നെയാണ് വമ്പിച്ച നിന്ദ്യത.

58: 22 ൽ, അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച ഒരു ജനതയെ, അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും എതിർക്കുന്നവരോട് –അവർ മാതാപിതാക്കളാണെങ്കിലും മക്കളാണെങ്കിലും സഹോദര സഹോദരികളാണെങ്കിലും അല്ലെങ്കിൽ എത്ര അടുത്തവരാണെങ്കിലും ശരി– സ്നേഹബന്ധം പുലർത്തുന്നവരായി നീ കണ്ടെത്തുകയില്ല, അത്തരം വിശ്വാസികളുടെ ഹൃദയങ്ങളിലാണ് വിശ്വാസം രേഖപ്പെടുത്തിയിട്ടുള്ളത്, അല്ലാഹുവിൽ നിന്നുള്ള ഒരു *റൂഹി*നാൽ അവരെ ശക്തിപ്പെടുത്തുന്നതും താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകളിൽ അവർ പ്രവേശിപ്പിക്കപ്പെടുന്നതുമാണ്, അവർ അതിൽ നിത്യവാസികളുമായിരിക്കും, അവരെത്തൊട്ട് അല്ലാഹുവും അവനെത്തൊട്ട് അവരും തൃപ്തിപ്പെട്ടിരിക്കുന്നു –അക്കൂട്ടരാണ് അല്ലാഹുവിന്റെ സംഘം; അറിഞ്ഞിരിക്കുക, നിശ്ചയം അല്ലാഹുവിന്റെ സംഘക്കാർ മാത്രമാണ് വിജയം വരിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് അല്ലാഹുവിനോടും പ്രവാചകനോടും വിരോധം വെക്കുക എന്ന് പറഞ്ഞാൽ അദ്ദിക്റിനോട് വിരോധം വെക്കുക എന്നാണ്. നരകക്കുണ്ഠത്തെത്തൊട്ട് കാത്തുസൂക്ഷിക്കുന്ന *മുഹൈമി*നും സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റുമായ അദ്ദിക്റിനോട് വിരോധം വെക്കുന്നവർ ഇഹത്തിൽ തന്നെ നിന്ദ്യത അനുഭവിക്കേണ്ടി വരുന്നവരും മരണത്തോടുകൂടി വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകേണ്ടവരുമാണ്. 2: 85; 4: 145–146; 7: 50–51; 41: 26–28 വിശദീകരണം നോക്കുക.

64. തങ്ങളുടെ ഹൃദയങ്ങളിലുള്ളത് വിശ്വാസികൾക്ക് വെളിപ്പെടുത്തുന്ന വല്ല സൂറത്തുകളും അവരുടെമേൽ അവതരിച്ചേക്കുമോ എന്ന് ഭയപ്പെട്ടുകൊണ്ടിരിക്കുകയാകുന്നു ഇത്തരം കപടവിശ്വാസികൾ; നീ പറയുക: നിങ്ങൾ ഇനിയും പരിഹസിച്ചുകൊള്ളുക, നിശ്ചയം അല്ലാഹു നിങ്ങൾ ഭയപ്പെട്ടുകൊണ്ടിരിക്കുന്നതെന്തോ അത് പുറത്ത് കൊണ്ടുവരികതന്നെ ചെയ്യും.

63: 4 ൽ വിവരിച്ച പ്രകാരം അല്ലാഹു കൊന്നുകളഞ്ഞ കപടവിശ്വാസികൾ, 7: 26 ൽ പറഞ്ഞ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തന്റെ സ്വഭാവവും ചര്യയുമായി പിൻപറ്റിയിരുന്ന പ്രവാചകനെ 63: 1 ൽ വിവരിച്ച പ്രകാരം നാവുകൊണ്ട് അംഗീകരിച്ചിരുന്നുവെങ്കിലും അവരുടെ പ്രയോഗികജീവിതത്തിൽ അംഗീകരിച്ചിരുന്നില്ല. എന്നാൽ അവരുടെ തനിനിറം പുറത്തുകൊണ്ടുവരുന്ന സൂക്തങ്ങൾ അവതരിക്കപ്പെടുമ്പോൾ എഴുത്തും വായനയും അറിയാത്ത നിരക്ഷരനായ ഒരുവന്റെ വാക്കുകളല്ല ഇതെന്ന് അവർ മനസ്സാ സമ്മതിച്ചിരുന്നു. നെഞ്ചകങ്ങളുടെ അവസ്ഥ അറിയുന്ന അല്ലാഹു അവരുടെ

ഉള്ളിലുള്ളത് മുഴുവനും പുറത്ത് കൊണ്ടുവരുമോ എന്ന് ഭയപ്പെട്ടുകൊണ്ട് പ്രവാചകന്റെ സമീപത്ത് വരാതെ ഒളിഞ്ഞും മറഞ്ഞും നടക്കുകയും വിശ്വാസികൾക്കിടയിൽ തെറ്റിദ്ധാരണകൾ സൃഷ്ടിക്കുന്ന പ്രയോഗങ്ങൾ നടത്തുകയും ചെയ്തിരുന്നു. ത്രികാലജ്ഞാനിയായ നാഥന്റെ സംസാരമായ അദ്ദിക്ർ 15: 12; 26: 200 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം കപടവിശ്വാസികളുടെ ഹൃദയങ്ങളിലേക്ക് ചുട്ടുപഴുത്ത കമ്പിയെന്നോണം തുളച്ച് കയറുന്ന വിധത്തിൽ വിശദീകരിക്കുന്ന സദസ്സിൽ വന്നാൽ, അവരുടെ തനിനിറം പുറത്ത് കൊണ്ടുവരുന്ന എന്തെങ്കിലും പറഞ്ഞേക്കുമോ എന്ന് ഭയപ്പെട്ടുകൊണ്ട് നേരിട്ട് സദസ്സിൽ വരാതെ പാത്തും പതുങ്ങിയും കേൾക്കുകയാണ് ഇന്നത്തെ കപടവിശ്വാസികൾ. 3: 7–10, 29–30; 8: 21 വിശദീകരണം നോക്കുക.

65. നിങ്ങൾ എന്താണ് സംസാരിച്ചുകൊണ്ടിരിക്കുന്നതെന്ന് നീ അവരോട് ചോദിച്ചാൽ അവർ പറയുകതന്നെ ചെയ്യും: നിശ്ചയം ഞങ്ങൾ കളിയും തമാശയും പറയുകയാകുന്നു; നീ ചോദിക്കുക: അല്ലാഹുവിനെക്കൊണ്ടും അവന്റെ സൂക്തങ്ങളെക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്?

തബൂക്ക് യുദ്ധത്തിന് തയ്യാറെടുത്തുകൊണ്ടിരുന്ന കാലത്ത് കപടവിശ്വാസികൾ പ്രവാചകനെയും വിശ്വാസികളെയും പരിഹസിച്ച് സംസാരിക്കുക പതിവായിരുന്നു. അതു വഴി യുദ്ധത്തിന് തയ്യാറെടുത്തുകൊണ്ടിരുന്ന വിശ്വാസികളെ പിന്തിരിപ്പിക്കലായിരുന്നു അവരുടെ ലക്ഷ്യം. യുദ്ധസന്നാഹങ്ങളിൽ മുഴുകിയ പ്രവാചകനെക്കുറിച്ച്: 'അയാൾ വൻശക്തികളായ റോമിനെയും ശാമിനെയുമെല്ലാം ജയിച്ചടക്കാൻ പോവുകയാണുപോലും, അറബികളെപ്പോലെ റോമക്കാരെയും പരാജയപ്പെടുത്താമെന്നാണ് ഇവർ കരുതിയിരിക്കുന്നത്, അവരെ നാളെ റോമൻ പട്ടാളക്കാർ ബന്ധനസ്ഥരാക്കുന്നത് നമുക്ക് കാണാം! നല്ല ചാട്ടവാറടി കൂടി കിട്ടിയാലേ ഇവർ പാഠം പഠിക്കുകയുള്ളൂ' എന്നെല്ലാം അവർ പറഞ്ഞിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാതെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ കർമ്മങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല എന്ന് പറയുന്ന വിശ്വാസിയോട് ഇന്നത്തെ കപടവിശ്വാസികൾ ചോദിക്കുന്നത്: 'ഒരു അദ്ദിക്ർ മാത്രം മതിയോ? ബാക്കി ഒന്നും വേണ്ടയോ? ഗ്രന്ഥത്തെ പ്രായോഗിക പ്രവർത്തനങ്ങളിൽ കൊണ്ടുവരേണ്ടയോ'എന്നെല്ലാമാണ്. എന്നാൽ അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാതെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ കർമ്മങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല എന്ന വസ്തുത ഈ കപടവിശ്വാസികൾ സാധാരണ ജനങ്ങളിൽ നിന്ന് മൂടിവെക്കുകയും വിശ്വാസം രൂപപ്പെടുത്താതെയും ആത്മാവ് പങ്കെടുക്കാതെയും അവരെക്കൊണ്ട് നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ്, ഉംറ തുടങ്ങിയ കർമ്മങ്ങൾ ചെയ്യിപ്പിക്കുകവഴി 25: 65–66 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവരെ പിഴയായി നരകഗർത്തം സമ്പാദിക്കുന്നവരാക്കുകയുമാണ്. ഇവർ രണ്ടുകൂട്ടരും തമ്മിൽ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം പഴിചാരുകയും ശപിക്കുകയും തർക്കിക്കുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. ജീവിതത്തെ കളിയും തമാശയുമായി കണ്ടുകൊണ്ടും അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ടും മൂടിവെച്ചുകൊണ്ടും ജീവിക്കുന്ന ഈ രണ്ട് വിഭാഗങ്ങളുമുൾപ്പെട്ട ഫുജ്ജാറുകൾ തന്നെയാണ് അക്രമികളായ കാഫിറുകൾ എന്ന് 29: 68; 39: 32; 59: 16–17 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

അല്ലാഹുവിനെക്കൊണ്ടും അവന്റെ സൂക്തങ്ങളെക്കൊണ്ടും അവന്റെ പ്രവാചകനെ

ക്കൊണ്ടുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത് എന്ന് പറഞ്ഞതിന്റെ വിവക്ഷ ഇന്ന് അദ്ദിക്റിനെ തള്ളിപ്പറയുകവഴി അല്ലാഹുവിനെയും പ്രവാചകനെയും തള്ളിപ്പറഞ്ഞ് അവർ യഥാർത്ഥ ദീനിൽ നിന്ന് പുറത്തുപോയി എന്നാണ്. കാരണം 2: 146 ൽ വിവരിച്ച പ്രകാരം അല്ലാഹുവിനെയും അവന്റെ പ്രവാചകനെയുമെല്ലാം പരിചയപ്പെടുത്തുന്ന ഗ്രന്ഥം അദ്ദിക്ർ മാത്രമാണ്. 5: 57; 6: 20, 33 വിശദീകരണം നോക്കുക.

66. നിങ്ങൾ ഒഴിവുകഴിവൊന്നും പറയേണ്ടതില്ല, നിശ്ചയം നിങ്ങളുടെ വിശ്വാസത്തിനുശേഷം നിങ്ങൾ കാഫിറുകളായിരിക്കുന്നു. നിങ്ങളിൽ നിന്നുള്ള ഒരുവിഭാഗത്തിന് നാം മാപ്പ് നൽകുകയാണെങ്കിൽ തന്നെയും മറ്റൊരു വിഭാഗത്തെ നാം ശിക്ഷിക്കുകതന്നെ ചെയ്യും -എന്തുകൊണ്ടെന്നാൽ നിശ്ചയം അവർ ബുദ്ധി ഉപയോഗപ്പെടുത്താത്ത ഭ്രാന്തൻമാർ തന്നെയായിരിക്കുന്നു.

കപടവിശ്വാസികളുടെ തന്ത്രങ്ങളെക്കുറിച്ച് വിശ്വാസികളിൽനിന്ന് മനസ്സിലാക്കിയ പ്രവാചകൻ അതിനെക്കുറിച്ച് അവരോട് ചോദിക്കുകയാണെങ്കിൽ അവർ പല ഒഴിവുകഴിവുകളും പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുമായിരുന്നു. അത്തരക്കാരെക്കുറിച്ചാണ് നിങ്ങൾ ഒഴിവുകഴിവൊന്നും പറയേണ്ടതില്ല, നിശ്ചയം നിങ്ങളുടെ വിശ്വാസത്തിനുശേഷം നിങ്ങൾ കാഫിറുകളായിരിക്കുന്നു എന്ന് അല്ലാഹു പറയുന്നത്. നിശ്ചയം നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞ് കളവാക്കുകയും അതിനോട് എല്ലാം പഠിച്ചുതികഞ്ഞവനാണെന്ന് അഹന്ത നടിക്കുകയും ചെയ്യുന്നവർക്കുവേണ്ടി ആകാശങ്ങളുടെ വാതിലുകൾ തുറക്കപ്പെടുകയില്ല, തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയുമില്ല, അപ്രകാരമാണ് നാം ഭ്രാന്തൻമാർക്ക് പ്രതിഫലം കൊടുക്കുക എന്ന് 7: 40 ൽ പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിൽ 52 സൂക്തങ്ങളിലും പറഞ്ഞ ഭ്രാന്തന്മാർ കപടവിശ്വാസികളും അവരുടെ അനുയായികളുമുൾപ്പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്. 80: 11 ൽ പറഞ്ഞ തെമ്മാടികളായ കപടവിശ്വാസികൾ സ്വർഗത്തിലേക്ക് തിരിച്ച് പോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ അറിഞ്ഞുകൊണ്ട് മൂടിവെച്ച വരായതിനാൽ അവർ വധിക്കപ്പെട്ടവരാണ് എന്ന് 63: 4 ലും 80: 17 ലും പറഞ്ഞിട്ടുണ്ട്. അവർ 2: 6-7, 18, 170 സൂക്തങ്ങളിൽ വിവരിച്ചതുപോലെ അദ്ദിക്റിനെത്തൊട്ട് ബധിരരും അന്ധരും മൂകരുമായതിനാൽ എന്നെന്നും നരകക്കുണ്ഠത്തിൽ കഴിയേണ്ടവരാണ്. അവർക്ക് ഒരിക്കലും മാപ്പ് ലഭിക്കുകയില്ല. എന്നാൽ അവരുടെ അനുയായികൾക്ക് അവരുടെ ശിക്ഷാകാലാവധി കഴിഞ്ഞാൽ ഇളവ് നൽകപ്പെട്ടേക്കും. 'സൂക്തങ്ങളെ തള്ളിപ്പറയുന്നവർ' അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത ഫാജിറുകളാണ്. അത്തരക്കാരാണ് മാപ്പ് നൽകപ്പെടാനിടയുള്ള വിഭാഗം. അതിനോട് എല്ലാം പഠിച്ചുതികഞ്ഞവരാണെന്ന് അഹന്ത നടിക്കുന്നവർ 2: 99 ൽ പറഞ്ഞ ഗ്രന്ഥം അറിഞ്ഞിട്ട് മൂടിവെക്കുന്ന തെമ്മാടികളാണ്. അത്തരക്കാർക്ക് മാപ്പ് നൽകപ്പെടുന്ന പ്രശ്നമില്ല, കാരണം അവർ വിചാരണയില്ലാതെ നരകക്കുണ്ഠത്തിൽ പോകേണ്ടവരാണ്. 2: 159-162; 6: 55; 7: 178-179; 98: 6-7 വിശദീകരണം നോക്കുക.

67. കപടവിശ്വാസികളായ പുരുഷൻമാരും കപടവിശ്വാസികളായ സ്ത്രീകളും ഒരേ വർഗ്ഗത്തിൽ പെട്ടവരാണ്, അവർ തിന്മകൊണ്ട് കൽപിക്കുന്നവരും നന്മയെത്തൊട്ട് തടയുന്നവരുമാണ്, അവർ അവരുടെ കൈകൾ ചുരുട്ടുന്നവരുമാണ്; അവർ അല്ലാഹുവിനെ മറന്നിരിക്കുന്നു, അപ്പോൾ അവരെ അവനും മറന്നിരിക്കുകയാണ്; നിശ്ചയം കപടവിശ്വാസികൾ, അവർ തന്നെയാണ് തെമ്മാടികൾ.

നന്മ അദ്ദിക്റിന്റെ കൽപനകളും തിന്മ അദ്ദിക്റിന്റെ വിരോധങ്ങളുമാണ്. നന്മയുടെ ഒരംശം പോലുമില്ലാത്ത കപടവിശ്വാസികളായ പുരുഷൻമാരും സ്ത്രീകളും വിചാരണ യില്ലാതെ നരകത്തിൽ പോകുന്നവരും മറ്റുള്ളവരെ ആ നരകത്തിലേക്ക് പിടിച്ചുവലിച്ച് കൊണ്ടുപോകുന്നവരുമാണ്. പുറമേക്ക് വിശ്വാസികളായി നടിക്കുന്ന അവർ അതിനുവേ ണ്ടി എത്ര നീചമായ പ്രവൃത്തികൾക്കും കൂട്ട് നിൽക്കുന്നതാണ്. സ്വർഗ്ഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളും അടങ്ങിയ അദ്ദിക്ർ ഉപയോഗപ്പെടു ത്താത്തതുകൊണ്ട് 3: 10 ൽ വിവരിച്ച പ്രകാരം നരകത്തിന്റെ വിറകുകളായിത്തീരേണ്ടവരാണ് അവർ. അദ്ദിക്ർ പഠിക്കുന്നതിന് മുന്നോട്ട് വരുന്നവരെ അതിൽ നിന്ന് തടയുന്നതിനുവേ ണ്ടി എല്ലാ ഗൂഢതന്ത്രങ്ങളും മെനയുന്നതും അതിനുവേണ്ടി 3: 78; 4: 46 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥന്റെ സൂക്തങ്ങളെ മൂടിവെച്ചുകൊണ്ടും വളച്ചൊടിച്ചുകൊണ്ടും വ്യാഖ്യാനിക്കുന്നവരുമാണ്. സമാധാന ഭംഗമുണ്ടാക്കുന്നതും രക്തം ചിന്തുന്നതുമായ പൈശാചിക പ്രവർത്തനങ്ങൾക്ക് മുതിരുന്നവരെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ അവർ മൗനം ദീക്ഷിക്കുകയും ഒന്നും കണ്ടില്ലാ അറിഞ്ഞില്ലാ എന്ന നയത്തിൽ പെരുമാറുകയും ചെയ്യും. ആ തിന്മ നടന്നുകഴിഞ്ഞശേഷം അതിനെ പ്രോത്സാഹിപ്പിക്കും വിധം ന്യായീക രിച്ചുകൊണ്ട് എഴുതുകയും അത്തരം തിന്മകളെ ഇല്ലാതാക്കാനുള്ള ഏകമാർഗമായ അദ്ദി ക്റിനോട് മാലിന്യമെന്ന നിലക്ക് പെരുമാറുകയും ചെയ്യും. തിന്മകൾ ഇല്ലാതാക്കാനുള്ള ആയുധമായി അദ്ദിക്റിനെ ഉപയോഗപ്പെടുത്താതെ അത് ഉപയോഗപ്പെടുത്തണമെന്ന് പറയുന്ന വിശ്വാസികളോടാണ് കപടവിശ്വാസികൾക്ക് വിരോധവും ശത്രുതയും -എ ന്നല്ലാതെ ആ കുറ്റം പ്രവർത്തിക്കുന്നവരോടല്ല.

2: 79 ൽ വിവരിച്ച പ്രകാരം 29 കള്ളവാദികൾ എഴുതിയുണ്ടാക്കിയ *ഹുജ്ജാർ കിതാബു* കളാണ് ഇന്ന് കപടവിശ്വാസികൾ പഠിക്കുന്നതും പഠിപ്പിക്കുന്നതും പ്രചരിപ്പിച്ചുകൊണ്ടി രിക്കുന്നതും. അവർ നാഥന്റെ ഗ്രന്ഥമായ അദ്ദിക്റിനെക്കുറിച്ചോ അതിന്റെ 40 പേരുകളെ ക്കുറിച്ചോ സംസാരിക്കുകയില്ല. ആത്മാവില്ലാത്ത, അല്ലാഹു കൊന്നുകളഞ്ഞ ഇക്കൂട്ടർ 56: 82 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ്. 3: 196-197 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇത്തരം ഭ്രാന്തന്മാർ അനുഗ്രഹമായ അദ്ദിക്റിനെ നിഷേധമായി മാറ്റിമറിച്ച് തങ്ങളുടെ അനുയായികൾക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം ഹലാലാക്കിയവരാണ്. വായ പൊളിച്ചാൽ കളവുമാത്രം പറയുന്ന ഇക്കൂട്ടർ 3: 7-10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചതിന് വിരുദ്ധമായി അറബി ഖുർആൻ ആശയമില്ലാതെ വായിച്ചാലും പുണ്യം ലഭിക്കുമെന്ന് അനുയായികളെ പഠിപ്പിക്കുന്നവരാണ്. 2: 286; 3: 136, 181-182; 7: 43; 9: 80-82 സൂക്തങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ട് നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത, ജീവിതലക്ഷ്യം നഷ്ടപ്പെട്ട കപടവിശ്വാസികൾ 'നരകവും സ്വർഗവു മെല്ലാം അല്ലാഹു നൽകുന്നതാണ്, എന്നല്ലാതെ നമുക്കതിൽ ഒന്നും ചെയ്യാനില്ല' എന്നാണ് അവരുടെ പ്രജ്ഞയറ്റ അനുയായികളെ പഠിപ്പിക്കുക.

കേൾവിയുണ്ടായിട്ടും അദ്ദിക്ർ കേൾക്കാൻ തയ്യാറാകാത്ത ബധിരരായ മുശ്രിക്കു കളും സംസാരവൈഭവം ഉണ്ടായിട്ടും അദ്ദിക്റിനെക്കുറിച്ച് ജനങ്ങളോട് പറയാൻ തയ്യാറാ കാത്ത ഊമരായ കപടവിശ്വാസികളും 8: 22 ൽ പറഞ്ഞ പ്രകാരം ആയിരം സമുദായങ്ങളി ൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവരാണ്. തെറ്റുകുറ്റങ്ങളിൽ നിന്ന് മനുഷ്യരെ അകറ്റിനിർത്താൻ ഉതകുന്ന, ഓരോ മനുഷ്യന്റെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള 17: 13-14;

18: 49; 23: 62–63; 36: 12; 45: 28–31; 58: 6; 78: 29–30 സൂക്തങ്ങളിൽ പറഞ്ഞ കർമരേഖയെക്കുറിച്ച് മറ്റുള്ളവരെ ബോധവാന്മാരാക്കാത്തതിനാൽ സ്വന്തം തെറ്റുകുറ്റങ്ങൾക്കൊപ്പം 20: 99–101 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ജനങ്ങൾ തെറ്റുകുറ്റങ്ങൾ പ്രവർത്തിക്കുന്നതിന്റെ പാപഭാരത്തിൽ നിന്നുള്ള ഒരുവിഹിതം കൂടി വഹിച്ച് ഇക്കൂട്ടർ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകേണ്ടവരാണ്.

'അവർ അവരുടെ കൈകൾ ചുരുട്ടുന്നവരാണ്' എന്ന് പറഞ്ഞാൽ ജീവിതലക്ഷ്യം നഷ്ടപ്പെട്ടത് കാരണം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവരുടെ ഒരു ചില്ലിക്കാശ്പോലും ചെലവഴിക്കുകയില്ല എന്നാണ്. അവരുടെയും കുടുംബാംഗങ്ങളുടെയും ഭൗതിക ആവശ്യങ്ങൾക്കുവരെ ലോകമാന്യം പ്രകടിപ്പിക്കുന്ന വിധത്തിൽ അൽപസ്വൽപം മാത്രമേ അവർ ചെലവഴിക്കുകയുള്ളു. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ മറച്ചുവെച്ച് മറ്റുള്ളവരെക്കൂടി പിശുക്കിന് ഉപദേശിക്കുന്ന 4: 37 ൽ പറഞ്ഞ കാഫിറുകളാണവർ. നിഷ്പക്ഷവാനായ നാഥന്റെ ഇഷ്ടദാസന്മാർ ചെലവഴിക്കുമ്പോൾ ധൂർത്തടിക്കുകയോ പിശുക്ക് കാണിക്കുകയോ ചെയ്യുകയില്ലെന്നും അതിന്റെ രണ്ടിന്റെയും ഇടയിലുള്ള മിതമാർഗ്ഗം സ്വീകരിക്കുമെന്നുമുള്ള 25: 67–ാം സൂക്തം അവർ എപ്പോഴും ഉദ്ധരിക്കുന്നതാണ്. എന്നാൽ ഈ സൂക്തം സ്വന്തം കാര്യത്തിലാണ് ബാധകമെന്നും അല്ലാഹുവിന്റെ കാര്യത്തിൽ അഥവാ ഗ്രന്ഥം പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ സമ്പത്ത് മൊത്തം ചെലവഴിച്ചാലും അത് ധൂർത്താവുകയില്ല എന്നും ഇവർ മനസ്സിലാക്കുന്നില്ല. അബൂബക്കർ സിദ്ദീഖ് തബൂക്ക് യുദ്ധത്തിനുവേണ്ടി തന്റെ സമ്പത്ത് മുഴുവനും പ്രവാചകന്റെ മുമ്പിൽ കാഴ്ചവെക്കുകയുണ്ടായി. ഇന്ന് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ഏകമാർഗ്ഗം ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ മൊത്തം മനുഷ്യർക്ക് എത്തിച്ചു കൊടുക്കൽ മാത്രമാണ്. അതിനുവേണ്ടി സർവ്വസ്വം ത്യജിക്കൽ തന്നെയാണ് ഇന്നത്തെ *ജിഹാദ്.*

'കപടവിശ്വാസികൾ, അവർ തന്നെയാണ് തെമ്മാടികൾ' എന്ന് പറയുന്ന ഏക സൂക്തമാണിത്. നിശ്ചയം തെമ്മാടികളായ ഒരു ജനതയെ അല്ലാഹു സൻമാർഗത്തിലേക്ക് നയിക്കുകയില്ലെന്ന് 63: 6 ലും; അല്ലാഹുവിനെ മറന്നവർ അവരെത്തന്നെ മറന്നവരാണെന്നും അക്കൂട്ടർ തന്നെയാണ് തെമ്മാടികളെന്നും 59: 19 ലും പറഞ്ഞിട്ടുണ്ട്. 2: 99; 3: 86–91; 5: 67; 32: 14 വിശദീകരണം നോക്കുക.

68. കപടവിശ്വാസികളായ പുരുഷൻമാർക്കും കപടവിശ്വാസികളായ സ്ത്രീകൾക്കും കുഫ്ഫാറുകൾക്കും അല്ലാഹു നരകക്കുണ്ഠത്തിലെ തീ വാഗ്ദാനം ചെയ്തിരിക്കുന്നു, അവർ അതിൽ നിത്യവാസികളുമായിരിക്കും –അവർക്ക് അതുതന്നെ മതി, അല്ലാഹു അവരെ ശപിച്ചിരിക്കുന്നു, അവർക്ക് സ്ഥായിയായ ശിക്ഷയുമാണുള്ളത്.

നാഥന്റെ സൂക്തങ്ങൾ അടിക്കടി തള്ളിപ്പറയുന്നവരാണ് ഈ സൂക്തത്തിൽ പറഞ്ഞ കുഫ്ഫാറുകൾ. അവർ തന്നെയാണ് 33: 73; 48: 6; 98: 6 സൂക്തങ്ങളിൽ പറഞ്ഞ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന മുശ്രിക്കുകളും, 4: 140; 33: 1, 48; 57: 15 സൂക്തങ്ങളിൽ പറഞ്ഞ കാഫിറുകളും, 2: 39; 5: 10, 86; 64: 10 സൂക്തങ്ങളിൽ പറഞ്ഞ ഗ്രന്ഥത്തെ തള്ളിപ്പറയുന്നവരും, 22: 53; 33: 60; 74: 31 സൂക്തങ്ങളിൽ പറഞ്ഞ ഹൃദയത്തിൽ സംശയമാകുന്ന രോഗമുള്ളവരും. 9: 123; 48: 29; 83: 34, 36 തുടങ്ങിയ സൂക്തങ്ങളിലെന്നപോലെ കുഫ്ഫാർ എന്ന പദം മാത്രം പരാമർശിക്കുകയാണെങ്കിൽ അതിൽ കപടവിശ്വാസികളും അവ

രുടെ അനുയായികളും ഉൾപ്പെടുന്നതാണ്. 38: 28; 82: 14; 83: 7 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ ഫുജ്ജാറിൽ കപടവിശ്വാസികളും അവരെ പിൻപറ്റുന്ന അനുയായികളും ഉൾപ്പെടുന്നതാണ്. മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകനാണ്, അവനോടൊപ്പമുള്ളവർ കുഫ്ഫാറുകളോട് കാർക്കശ്യത്തിൽ പെരുമാറുന്നവരും അവർക്കിടയിൽ പരസ്പരം കാരുണ്യത്തിൽ വർത്തിക്കുന്നവരുമാണ് എന്ന് 48: 29 ൽ പറഞ്ഞിട്ടുണ്ട്. 2: 43; 9: 73 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകളോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യാൻ കൽപിക്കപ്പെട്ടിരിക്കുന്നു. 1: 7; 2: 254; 3: 91; 4: 150–151 വിശദീകരണം നോക്കുക.

69. നിങ്ങളുടെ മുമ്പുള്ളവരെപ്പോലെത്തന്നെ, അവർ ശക്തിയിൽ നിങ്ങളെക്കാൾ പ്രബലൻമാരും സമ്പത്തും സന്താനങ്ങളും അധികമുള്ളവരുമായിരുന്നു, അപ്പോൾ അവർ ഉണ്ടാക്കിയത് അവർ ആസ്വദിച്ചു, അതുകൊണ്ട് നിങ്ങൾക്ക് മുമ്പുള്ളവർ അവർ ഉണ്ടാക്കിയത് ആസ്വദിച്ചതുപോലെ നിങ്ങളുണ്ടാക്കിയത് നിങ്ങളും ആസ്വദിച്ചു കൊള്ളുക, അവർ ജീവിതത്തെ പരിഹസിച്ചതുപോലെ നിങ്ങളും പരിഹസിച്ചുകൊള്ളുക, അക്കൂട്ടരുടെ പ്രവർത്തനങ്ങളെല്ലാം ഇഹത്തിലും പരത്തിലും പാഴായിപ്പോയിരിക്കുന്നു, അക്കൂട്ടർ തന്നെയാണ് എല്ലാം നഷ്ടപ്പെട്ടവരും.

എല്ലാഓരോ പ്രവാചകന്മാരുടെയും ജനതയിൽ നിന്നുള്ള കപടവിശ്വാസികളും കുഫ്ഫാറുകളും നാഥന്റെ സന്ദേശത്തെയും പ്രവാചകനെയും തള്ളിപ്പറയുന്നവരായിരുന്നു. 6: 47, 133 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ജനങ്ങളെല്ലാം അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് തെമ്മാടികളും അക്രമികളുമായപ്പോൾ നിഷ്പക്ഷവാനായ നാഥൻ അവരെ നശിപ്പിക്കുകയും പ്രവാചകനെയും കൂടെയുള്ള വിശ്വാസികളെയും രക്ഷപ്പെടുത്തുകയുമാണുണ്ടായത്. 4: 118 ൽ വിവരിച്ച പ്രകാരം ഓരോ പ്രവാചകന്റെയും ജനതയിൽ നിന്നുള്ള എല്ലാഓരോ ആയിരത്തിലും 999 ഉം നരകക്കുണ്ഠത്തിലേക്ക് പോകുന്നതും അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി സ്വർഗത്തിലേക്ക് തന്നെ തിരിച്ചുപോകുന്നതുമാണ്. 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം ഗ്രന്ഥം വായിക്കുന്നവർ മൂന്ന് വിഭാഗങ്ങളാണ്. ഇവരിൽ ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകളുടെ പട്ടിക സിജ്ജീനിലാണെന്ന് 83: 7 ൽ വിവരിച്ചിട്ടുണ്ട്. അദ്ദിക്റിനെ വിസ്മരിച്ചത് കാരണം കെട്ടജനതയായിത്തീർന്ന ഇക്കൂട്ടർ 29 കള്ളവാദികളെ പിൻപറ്റുന്നവരും മുപ്പതാമത്തെ കള്ളവാദിയായ അന്തിക്രിസ്തുവിനെ ആനയിക്കുന്നവരുമാണ്. 2: 62, 121; 7: 146–147; 8: 49–56 വിശദീകരണം നോക്കുക.

70. ഇവരുടെ മുമ്പുള്ളവരുടെ വൃത്താന്തം ഇവർക്ക് വന്നുകിട്ടിയില്ലെയോ? നൂഹിന്റെ ജനതയുടെയും ആദിന്റെയും സമൂദിന്റെയും ഇബ്റാഹീമിന്റെ ജനതയുടെയും മദ്യൻ നിവാസികളുടെയും കീഴ്മേൽ മറിക്കപ്പെട്ടവരുടെയും; അവരിലേക്കുള്ള പ്രവാചകൻമാർ തെളിഞ്ഞ വെളിപാടുകളും കൊണ്ട് അവരിലേക്ക് വന്നു, അപ്പോൾ അല്ലാഹു അവരോട് അക്രമം കാണിക്കുന്നവനായിരുന്നില്ല, എന്നാൽ അവർ അവരോടുതന്നെ അക്രമം പ്രവർത്തിക്കുന്നവരായിരുന്നു.

കീഴ്മേൽ മറിക്കപ്പെട്ട ജനത 11: 82–83 സൂക്തങ്ങളിൽ പരാമർശിക്കപ്പെട്ട, സ്വവർഗരതി ജീവിതശൈലിയാക്കി മാറ്റിയ ലൂത്ത് നബിയുടെ ജനതയാണ്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ 7: 26; 8: 48 സൂ

ക്തങ്ങളിൽ വിവരിച്ച ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 2: 168-169 സൂക്തങ്ങളിൽ വിവരിച്ചപ്രകാരം എല്ലാവിധ പൈശാചിക മാർഗങ്ങളും പിൻപറ്റിക്കൊണ്ടിരിക്കുന്നവരാണ്. ആത്മാവിനെ പരിഗണിക്കാതെ ജീവിക്കുന്ന അവരുടെ മരണസമയത്ത് അവർ തങ്ങളുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ വിസ്മരിക്കുകവഴി കെട്ടജനതയും അക്രമികളുമായിമാറിയ ലക്ഷ്യബോധമില്ലാത്ത കപടവിശ്വാസികളും പ്രജ്ഞയറ്റ അവരുടെ അനുയായികളും 6: 26 ൽ വിവരിച്ച പ്രകാരം പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെയും അവരുടെ ആത്മാവിനോട് അക്രമം കാണിച്ചുകൊണ്ടിരിക്കുന്നവരാണ്. 2: 165-167; 3: 187; 6: 130 വിശദീകരണം നോക്കുക.

71. വിശ്വാസികളായ പുരുഷൻമാരും വിശ്വാസികളായ സ്ത്രീകളും പരസ്പരം മിത്രങ്ങളും സംരക്ഷകരുമാണ്, അവർ നന്മകൊണ്ട് കൽപിക്കുന്നവരും തിന്മയെത്തൊട്ട് തടഞ്ഞുകൊണ്ടിരിക്കുന്നവരുമാണ്, അവർ നമസ്കാരം മുറപ്രകാരം നിലനിർത്തുന്നവരും സകാത്ത് നൽകുന്നവരും അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും അനുസരിക്കുന്നവരുമാണ്, അക്കൂട്ടർക്ക് അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുകതന്നെ ചെയ്യും, നിശ്ചയം അല്ലാഹു അജയ്യനായ യുക്തിജ്ഞാനിയാണ്.

കപടവിശ്വാസികളായ പുരുഷൻമാരുടെയും സ്ത്രീകളുടെയും സ്വഭാവങ്ങൾക്ക് നേരെ വിരുദ്ധമാണ് വിശ്വാസികളായ പുരുഷൻമാരുടെയും സ്ത്രീകളുടെയും സ്വഭാവം. കപടവിശ്വാസികളായ പുരുഷൻമാരും കപടവിശ്വാസികളായ സ്ത്രീകളും ഒരേ വർഗത്തിൽപെട്ടവരാണ് എന്നാണ് 9: 67 ൽ പറഞ്ഞതെങ്കിൽ, വിശ്വാസികളായ പുരുഷൻമാരും വിശ്വാസികളായ സ്ത്രീകളും പരസ്പരം മിത്രങ്ങളും സംരക്ഷകരുമാണ് എന്നാണ് ഈ സൂക്തത്തിൽ പറഞ്ഞിട്ടുള്ളത്. അതായത് അവർ അദ്ദിക്റിന്റെ വിധിവിലക്കുകൾ പാലിച്ച് ജീവിക്കുന്നവരും അതിന് പരസ്പരം സഹായിക്കുന്നവരുമാണ്. 24: 30-31 സൂക്തങ്ങളനുസരിച്ചുള്ള മര്യാദകളും വസ്ത്രധാരണവും സ്വീകരിച്ചുകൊണ്ട് നീചവും നിന്ദ്യവുമായ പ്രവൃത്തികളിലേക്ക് നയിക്കുന്ന സാഹചര്യം പരസ്പരം ഇല്ലാതാക്കുന്നതുമാണ്. 7: 26 ൽ പറഞ്ഞ ആത്മാവിന്റെ വസ്ത്രം അണിഞ്ഞതിനാൽ ചീത്തവിചാരംപോലും അവരിൽ നിന്ന് ഉണ്ടാവുകയില്ല. അത്തരം വിശ്വാസികളായ പുരുഷൻമാരും സ്ത്രീകളും പരസ്പരം സഹോദര സഹോദരികളാണെന്ന് 49: 10 ലും; അദ്ദിക്റിനെ സത്യപ്പെടുത്തുന്ന അത്തരം വിശ്വാസികൾക്ക് ഒരുമിച്ചോ അല്ലെങ്കിൽ ചെറിയ ചെറിയ കൂട്ടങ്ങളായോ ഭക്ഷണം കഴിക്കാമെന്ന് 24: 61 ലും പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികൾ പരസ്പരം മിത്രങ്ങളും സംരക്ഷകരുമാണ് എന്ന് പറയാതെ ഒരേ വർഗ്ഗത്തിൽ പെട്ടവരാണ് എന്ന് പറയാൻ കാരണം അവർ അല്ലാഹുവിനെ വിസ്മരിച്ച് ജീവിക്കുന്നതിനാൽ പരസ്പരം സഹായിക്കുകയില്ല എന്ന് മാത്രമല്ല, അവർ തിന്മ കൽപിക്കുന്നവരും നന്മ തടയുന്നവരുമാണ് എന്നതിനാലാണ്. 2: 2-5, 221; 3: 42-43, 101-102 വിശദീകരണം നോക്കുക.

72. വിശ്വാസികളായ പുരുഷൻമാരോടും വിശ്വാസികളായ സ്ത്രീകളോടും അല്ലാഹു താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗപ്പൂന്തോപ്പുകൾ വാഗ്ദാനം ചെയ്തിട്ടുണ്ട്, അവർ അതിൽ നിത്യവാസികളായിരിക്കും, ആ നി

തൃാനുഗ്രഹസ്വർഗ്ഗപ്പൂന്തോപ്പുകളിൽ അവർക്ക് പാവനമായ വസതികളുമുണ്ടായിരിക്കും, അതിനെല്ലാം പുറമെ അല്ലാഹുവിൽ നിന്നുള്ള തൃപ്തിയും -അതാകുന്നു ഏറ്റവും വലുത്, അത് മാത്രമാണ് മഹത്തായ വിജയം.

വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും അത് ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്യുന്ന വിശ്വാസികളാണ് ഭൂമിയിലെ ഏറ്റവും നല്ല ജീവികളെന്നും, അവർക്ക് അവരുടെ നാഥന്റെ പക്കലുള്ള പ്രതിഫലം താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകളാണെന്നും, അവർ അതിൽ എന്നെന്നും നിത്യവാസികളായിരിക്കുമെന്നും, അല്ലാഹു അവരെത്തൊട്ടും അവർ അവനെത്തൊട്ടും തൃപ്തിപ്പെട്ടിരിക്കുന്നു, അതാണ് തന്റെ നാഥനെ ഭയപ്പെട്ട് ജീവിക്കുന്നവർക്കുള്ളത് എന്നും 98: 7-8 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസി 3: 136; 7: 43 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് ഏഴാം ഘട്ടത്തിൽ അനന്തരമെടുക്കുന്നതിനുവേണ്ടി സ്വർഗം പണിയേണ്ടതുണ്ട് എന്ന വസ്തുത മനസ്സിലാക്കി പ്രവർത്തിക്കുന്നവരായതിനാൽ 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നാഥനെ സഹായിച്ചുകൊണ്ടിരിക്കുന്നവരും 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമം മുന്നിൽ കണ്ടുകൊണ്ട് സ്വർഗം പണിയുകയും അതിനുവേണ്ടി മറ്റുള്ളവരെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അവർക്ക് അവരോട് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗം ചോദിച്ചുവാങ്ങാവുന്നതാണെന്ന് 25: 15-16 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 25; 7: 22 സൂക്തങ്ങളിൽ പറഞ്ഞ വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ഒരേ രൂപത്തിൽ ലൈംഗികാവയവങ്ങളില്ലാതെയാണ് സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുക. 9: 111; 10: 64; 40: 9; 44: 57; 57: 12 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത് 'അത് മാത്രമാണ് മഹത്തായ വിജയം' എന്ന് പറഞ്ഞുകൊണ്ടാണ്. 2: 157; 4: 133; 8: 2-4; 76: 12-22 വിശദീകരണം നോക്കുക.

73. ഓ നബിയായിട്ടുള്ളവനേ! നിഷേധത്തിനുമേൽ നിഷേധം കൈകൊള്ളുന്ന കുഫ്ഫാറുകളോടും കപടവിശ്വാസികളോടും അധികരിച്ച ജിഹാദ് ചെയ്യുക, അവരുടെമേൽ കോപം പുലർത്തുകയും ചെയ്യുക, അവരുടെ സങ്കേതം നരകക്കുണ്ഠമാണ് -എത്ര മോശപ്പെട്ട മടക്കസ്ഥലം!

ഈ സൂക്തം 66: 9 ലും ആവർത്തിച്ചിട്ടുണ്ട്. തബൂക്കിൽനിന്നും തിരിച്ചുവന്നതിനുശേഷം കപടവിശ്വാസികളോട് അതുവരെയുണ്ടായിരുന്ന വിട്ടുവീഴ്ചാപരമായ നിലപാട് അവസാനിപ്പിച്ച് കർക്കശമായ നിലപാട് സ്വീകരിക്കണമെന്നാണ് സൂക്തം കൽപിക്കുന്നത്. തബൂക്ക് യുദ്ധത്തോടെ അറേബ്യക്ക് പുറത്തുള്ള വൻശക്തികളുമായി ഏറ്റുമുട്ടേണ്ടിവന്ന സാഹചര്യത്തിൽ വിശ്വാസികൾക്കിടയിൽ ശിഥിലീകരണപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്ന കപടവിശ്വാസികളെ വേർതിരിക്കേണ്ടത് വളരെ അത്യാവശ്യമായിരുന്നു. കപടവിശ്വാസികളിൽ നിന്ന് തെറ്റ് തിരുത്തി യഥാർത്ഥ വിശ്വാസത്തിലേക്ക് മടങ്ങണമെന്നുള്ളവർക്ക് അതിനുള്ള മതിയായ അവസരം ഇതിനകം ലഭിച്ചിട്ടുമുണ്ടായിരുന്നു. സൂക്തം അഭിസംബോധനം ചെയ്യുന്നത് അന്ന് പ്രവാചകനെയും ഇന്ന് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയെയുമാണ്. 25: 52 ൽ, അപ്പോൾ നീ കാഫിറുകളെ അനുസരിക്കരുത്, അവരോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തുക എന്ന് കൽപിച്ചിട്ടുണ്ട്. ഈ സൂക്തം അവതരിക്കുന്ന കാലത്ത് 41: 41-42 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യ കടന്നു

കൂടാത്ത അജയ്യമായ അദ്ദിക്ർ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിച്ചിരുന്നില്ല. എന്നാൽ ഇന്ന് അത് ക്രോഡീകരിക്കപ്പെട്ടിട്ടുള്ളതിനാൽ സൂക്തങ്ങൾ അടിക്കടി തള്ളിപ്പറയുന്ന കുഫ്ഫാറുകളോടും സൂക്തങ്ങൾ വളച്ചൊടിക്കുകയും മൂടിവെക്കുകയും തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്യുന്ന കപടവിശ്വാസികളോടും അദ്ദിക്ർ കൊണ്ട് 4: 63 ൽ വിവരിച്ച പ്രകാരം അധികരിച്ച ജിഹാദ് നടത്തലും അവരോട് കോപം പുലർത്തലും വിശ്വാസിയുടെ ഒഴിച്ചുകൂടാനാവാത്ത കടമയാണ്. രക്തച്ചൊരിച്ചിൽ, തീവ്രവാദം, നശീകരണ പ്രവർത്തനങ്ങൾ തുടങ്ങി 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പൈശാചിക പ്രവൃത്തികൾ ഇല്ലാതാക്കാനും മനുഷ്യരുടെ ഐക്യം സ്ഥാപിതമാക്കാനുമുള്ള ശക്തമായ ആയുധവും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കേണ്ടതുമാണ്. കൂടാതെ 2: 142–143 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമത്തിന് വേണ്ടി ജൈവകൃഷി നടത്തുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിനുവേണ്ടി മറ്റുള്ളവരെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണ്. 1: 7; 2: 145; 7: 40; 8: 48; 9: 28 വിശദീകരണം നോക്കുക.

74. അവരത് പറഞ്ഞിട്ടേയില്ല എന്ന് അല്ലാഹുവിനെക്കൊണ്ട് ആണയിട്ട് പറയുന്നു –എന്നാൽ നിശ്ചയം അവർ ആ നിഷേധത്തിന്റെ വാക്ക് പറയുകതന്നെ ചെയ്തിട്ടുണ്ട്, അവർ അവരുടെ ഇസ്ലാമിനുശേഷം അതിനെ മൂടിവെച്ച കാഫിറുകളായിരിക്കുന്നു, അവർക്ക് ചെയ്യാൻ കഴിയാത്ത ചിലത് ചെയ്യാൻ അവർ ഉദ്യമിക്കുകയും ചെയ്തു, തന്റെ ഔദാര്യത്തിൽ നിന്ന് അല്ലാഹുവും അവന്റെ പ്രവാചകനും അവരെ ഐശ്വര്യവാന്മാരാക്കി എന്നല്ലാതെ മറ്റൊന്നും അവരുടെ ഈ പ്രതികാരത്തിന് കാരണമായിട്ടില്ല, അപ്പോൾ ഇനി തങ്ങളുടെ ഈ നിലപാടിൽ നിന്ന് അവർ ഖേദിച്ച് പിൻമാറുന്നുവെങ്കിൽ അത് അവർക്കുതന്നെയാണ് ഉത്തമം, അവർ പിന്തിരിയുകയാണെങ്കിലോ, വേദനാജനകമായ ശിക്ഷകൊണ്ട് അല്ലാഹു അവരെ ഇഹത്തിലും പരത്തിലും ശിക്ഷിക്കുന്നതാണ്, ഭൂമിയിൽ എവിടെയും അവർക്ക് രക്ഷകനായോ സഹായിയായോ ആരും തന്നെ ഉണ്ടാവുകയുമില്ല.

മദീനയിലുണ്ടായിരുന്ന ജൂതന്മാർ പ്രവാചകനെ വധിക്കാൻ ഉദ്യമിച്ചതുപോലെ കപടവിശ്വാസികളും തബൂക്കിൽ നിന്ന് തിരിച്ചുവരുമ്പോൾ പ്രവാചകനെ വധിക്കാൻ ഉദ്യമിക്കുകയുണ്ടായി. എന്നാൽ 5: 11 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ നാഥൻ പ്രവാചകനെ രക്ഷപ്പെടുത്തി. പ്രവാചകന്റെ കാലത്തുണ്ടായിരുന്ന മദീനയിലെ ജൂതക്രൈസ്തവർ പ്രകാശമായ അദ്ദിക്റിനെ ഊതിക്കെടുത്താൻ ശ്രമിച്ചിരുന്നതുപോലെ 9: 32 ൽ വിവരിച്ച പ്രകാരം ഇന്നത്തെ കപടവിശ്വാസികളും പ്രകാശമായ അദ്ദിക്റിനെ വായകൊണ്ട് ഊതിക്കെടുത്താൻ ശ്രമിക്കുന്നവരാണ്. 5: 15–16; 16: 44 സൂക്തങ്ങളിൽ വിവരിച്ചപ്രകാരം മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുള്ള ഗ്രന്ഥമാണ് അദ്ദിക്ർ. അത് അവതരിപ്പിച്ചിട്ടുള്ളത് മനുഷ്യരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് പുറപ്പെടുവിക്കുന്നതിന് വേണ്ടിയാണ്. 3: 70 ൽ വിവരിച്ച പ്രകാരം കപടവിശ്വാസികളും അവരുടെ അനുയായികളും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിരിക്കുന്നു. 8: 22 ൽ ദുഷ്ടജീവികൾ എന്ന് വിശേഷിപ്പിക്കപ്പെട്ട ഇവർ നാഥന്റെ ഗ്രന്ഥമായ അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നുപോലും മനുഷ്യരോട് പറയാത്തവരാണ്. ഇത്തരം ഭ്രാന്ത

ന്മാർ 'ആവർത്തിച്ച് വായിക്കുക' എന്ന് അർത്ഥം വരുന്ന 'ഖുർആൻ' എന്ന പദം മാത്രമേ പറയുകയുള്ളൂ. 6: 55; 7: 40 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിനെ സേവിച്ചുകൊണ്ട് അന്ത്യദിനത്തിനുവേണ്ടി ധൃതികാണിക്കുന്ന ഈ കെട്ടജനത 4: 158–159; 6: 158 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ ഇതരസമുദായങ്ങളിൽ പെട്ട ജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നതാണ്.

ഈ സൂക്തത്തിലും 10: 58; 24: 21; 62: 4 തുടങ്ങിയ സൂക്തങ്ങളിലും പറഞ്ഞ 'ഔദാര്യം' അദ്ദിക്ർ തന്നെയാണ്. 2: 85; 9: 55, 85 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഔദാര്യമായ അദ്ദിക്റിനെ മനുഷ്യരിൽ നിന്ന് മൂടിവെക്കുന്നത് ആരാണോ, അവർക്ക് ഇഹത്തിലും പരത്തിലും ഹീനമായ ശിക്ഷയാണ് വാഗ്ദത്തം ചെയ്തിട്ടുള്ളത്. 2: 159–160; 3: 21–22; 4: 63; 10: 17–18 വിശദീകരണം നോക്കുക.

75. അല്ലാഹുവിനോട് ഉടമ്പടി ചെയ്ത ചിലർ അവരുടെ കൂട്ടത്തിലുണ്ട് –അല്ലാഹു അവന്റെ ഔദാര്യത്തിൽ നിന്ന് ഞങ്ങൾക്ക് നൽകുകയാണെങ്കിൽ നിശ്ചയം ഞങ്ങൾ ദാനധർമ്മങ്ങൾ നൽകുന്നവരും ഞങ്ങൾ സജ്ജനങ്ങളിൽ പെട്ടവരും ആയിക്കൊള്ളാമെന്ന്.

76. എന്നാൽ അല്ലാഹു അവന്റെ ഔദാര്യത്തിൽ നിന്ന് അവർക്ക് നൽകിയപ്പോഴോ, അവർ അതുകൊണ്ട് പിശുക്ക് കാണിക്കുകയും അതിനെ അവഗണിക്കുന്നവരായി പിന്തിരിയുകയുമാണുണ്ടായത്.

ഞങ്ങൾക്ക് സമ്പത്തും സൗഭാഗ്യങ്ങളും ലഭിക്കുകയാണെങ്കിൽ ഞങ്ങൾ ദാനധർമ്മങ്ങൾ ചെയ്തുകൊണ്ട് കൂടുതൽ സജ്ജനങ്ങളായിത്തീരുമെന്ന് പറയൽ കപടവിശ്വാസികളുടെ മറ്റൊരു സ്വഭാവമാണ്. എന്നാൽ അല്ലാഹു തന്റെ ഔദാര്യത്തിൽ നിന്ന് നൽകിയാൽ അവർ പിശുക്കൻമാരാവുകയും ജനങ്ങളോട് പിശുക്ക് കാണിക്കാൻ വേണ്ടി കൽപിക്കുന്നവരാവുകയും ചെയ്യുന്നു. ഇത്തരം കാഫിറുകൾക്ക് നിന്ദ്യമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ടെന്ന് 4: 37 ൽ പറഞ്ഞിട്ടുണ്ട്. 63: 10 ൽ, വിശ്വാസികളെ വിളിച്ച്: നിങ്ങളിൽ ഒരാൾക്ക് മരണം ആസന്നമാകുന്നതിനുമുമ്പ് നാം നിങ്ങൾക്ക് നൽകിയതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുക; അല്ലെങ്കിൽ മരണം ആസന്നമാകുമ്പോൾ: എന്റെ നാഥാ, എന്റെ അവധി ഒരു നിമിഷം നീട്ടിത്തരികയാണെങ്കിൽ ഞാൻ അദ്ദിക്റിനെ സത്യപ്പെടുത്തുകയും ദാനധർമ്മങ്ങൾ ചെയ്ത് സജ്ജനങ്ങളിൽ ഉൾപെടുകയും ചെയ്തുകൊള്ളാം എന്ന് നിങ്ങൾ പറയേണ്ടി വരുമെന്ന് പറഞ്ഞിട്ടുണ്ട്. 2: 254 വിശദീകരണം നോക്കുക.

ഇന്ന് അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ, 1: 6; 7: 196 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കാരുണ്യമായ അതുകൊണ്ട് മാത്രമേ ഏതൊരാളും സജ്ജനങ്ങളിൽ ഉൾപ്പെടുകയുള്ളൂ. ലക്ഷ്യബോധമില്ലാത്ത കപടവിശ്വാസികളും അവരുടെ പ്രജ്ഞയറ്റ അനുയായികളും ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നുണ്ടെങ്കിലും അവർ സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്തവരാണ്. 30: 30–32 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ വിവിധ സംഘടനകളായി ഭിന്നിക്കുകയും ഓരോ വിഭാഗവും അവരുടെ പക്കലുള്ളതിൽ നിഗളിച്ച് ഉല്ലസിക്കുകയും ചെയ്യുന്ന യഥാർത്ഥ മുശ്രിക്കുകളാണ്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 313 പ്രവാചകന്മാരെയും അവർക്കെല്ലാം നൽകപ്പെട്ട ഗ്രന്ഥമായ അദ്ദിക്റിനെയും പരിഹസിക്കുന്നവരായതിനാൽ അവർക്കെല്ലാം വിരുന്നായി നരകക്കുണ്ഠമാണ് ഒരുക്കിവെക്കപ്പെട്ടിട്ടുള്ളതെന്ന് 18: 106 ൽ അവർ വായിച്ചിട്ടുണ്ട്. അവർ തന്നെയാണ്

കാഴ്ചയുണ്ടായിട്ടും *'ദിക്ർ'* എന്ന ഗ്രന്ഥം കാണാത്തവരും കേൾവിയുണ്ടായിട്ടും അത് കേൾക്കാത്തവരുമായ 18: 101 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകൾ. 2: 268, 286; 4: 37-38 വിശദീകരണം നോക്കുക.

77. അപ്പോൾ അവനെ കണ്ടുമുട്ടുന്ന നാൾ വരെ അവരുടെ ഹൃദയങ്ങളിൽ അവൻ കാപട്യം കുടിയിരുത്തി, അല്ലാഹുവിനോടുള്ള അവരുടെ ഉടമ്പടി അവർ ലംഘിച്ചത് കാരണമായും അവർ കളവ് പറയുന്നവരായിരുന്നതുകൊണ്ടും.

78. നിശ്ചയം അല്ലാഹു അവരുടെ രഹസ്യവും രഹസ്യ സംഭാഷണവുമെല്ലാം അറിയുന്നവനാണെന്ന് അവർക്ക് അറിയില്ലേ? നിശ്ചയം അല്ലാഹു അദൃശ്യങ്ങളെല്ലാം അറിയുന്ന സർവ്വജ്ഞാനി തന്നെയുമാകുന്നു.

പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന കപടവിശ്വാസികൾക്കുള്ളതിനെക്കാൾ ദുഷിച്ച സ്വഭാവമാണ് ഇക്കാലത്തുള്ള കപടവിശ്വാസികൾക്കുള്ളത്. വിശ്വസിച്ചാൽ വഞ്ചിക്കുക, വാഗ്ദത്തങ്ങളും കരാറുകളും ലംഘിക്കുക, വായതുറന്നാൽ കളവ് പറയുക തുടങ്ങിയ സ്വഭാവങ്ങൾ കാരണമാണ് അല്ലാഹു കപടവിശ്വാസികളെ ശപിക്കുകയും അവരുടെ ഹൃദയങ്ങളിൽ അന്ത്യനാൾ വരെ കാപട്യം നിറക്കുകയും ചെയ്തിട്ടുള്ളത്. അല്ലാഹുവിനെ ത്രികാലജ്ഞാനിയും അദ്ദിക്റിനെ ത്രികാലജ്ഞാനവുമായി അംഗീകരിക്കാത്ത അവർ ആത്മാവിനെയും ജീവിതലക്ഷ്യത്തെയും തിരിച്ചറിയാത്തവരും എല്ലാകാര്യങ്ങളെയും ഭൗതികകോണിലൂടെ മാത്രം വീക്ഷിക്കുന്നവരുമാണ്.

ഇത്തരം ദുഷ്ടജീവികൾ അല്ലാഹുവിനെക്കുറിച്ച് വാതോരാതെ സംസാരിക്കുന്നവരാണെങ്കിലും നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെക്കുറിച്ചോ, 1: 3; 2: 110 സൂക്തങ്ങളിൽ വിവരിച്ച ഓരോ മനുഷ്യരുടെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖയെക്കുറിച്ചോ മനുഷ്യരോട് പറയാതെ എല്ലാ തിന്മകൾക്കും മൂകസാക്ഷികളായി നിലകൊള്ളുന്നവരാണ് ഇവർ. ഇത്തരം ഭ്രാന്തന്മാർ തന്നെയാണ് നാഥന്റെ 1000 സമുദായങ്ങളിൽ പെട്ട ജീവികൾ അനുഭവിക്കുന്ന ക്ലേശങ്ങളുടെ പാപഭാരം വഹിച്ചുകൊണ്ട് വിചാരണയില്ലാതെ നരകക്കുണ്ഠത്തിന്റെ അടിത്തട്ടിൽ പോകേണ്ടി വരിക. അതിന് കാരണം 2: 12; 7: 157 സൂക്തങ്ങളിൽ വിവരിച്ച പ്രകാശവും സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റുമായ അദ്ദിക്റിനെ മൂടിവെച്ചതാണ്. 5: 109, 116 സൂക്തങ്ങൾ അവസാനിക്കുന്നത് 'നിശ്ചയം നീ മാത്രമാണ് അദൃശ്യങ്ങളെല്ലാം അറിയുന്ന ഏകൻ' എന്ന് പറഞ്ഞുകൊണ്ടാണ്. 3: 75-76; 16: 89; 25: 33-34 വിശദീകരണം നോക്കുക.

79. സ്വയം പ്രേരിതരായി ദാനധർമ്മങ്ങൾ ചെയ്യുന്ന വിശ്വാസികളുടെനേരെ കുത്തുവാക്കുകൾ പറയുന്നവരായ അവർ, വളരെ ത്യാഗം സഹിച്ചല്ലാതെ എന്തെങ്കിലും നൽകാൻ കഴിവില്ലാത്ത പാവങ്ങളെ പരിഹസിക്കുന്നവരുമാണ്, അവരിൽ നിന്നുള്ളവരെ അല്ലാഹുവും പരിഹസിച്ചിരിക്കുന്നു, അവർക്ക് വേദനാജനകമായ ശിക്ഷയുമാണുള്ളത്.

തബൂക്ക് യുദ്ധസന്നാഹത്തിനുവേണ്ടി പണം ചെലവഴിക്കാൻ ആവശ്യപ്പെട്ടപ്പോൾ പണക്കാരായ കപടവിശ്വാസികൾ ജീവിതലക്ഷ്യം നഷ്ടപ്പെട്ടവരായതുകാരണം അതിൽ നിന്ന് ഒഴിഞ്ഞുമാറുകയും മറ്റുള്ളവരെക്കൂടി പിന്തിരിപ്പിക്കുകയുമാണ് ചെയ്തിരുന്നത്. എന്നാൽ വിശ്വാസികൾ നിർബന്ധമോ പരപ്രേരണയോ കൂടാതെ പണം ചെലവഴിക്കാൻ മുന്നോട്ട് വന്നതോടെ ഇവർ ഓരോ കുത്തുവാക്കുകൾ പറയാൻ തുടങ്ങി. കഴിവുള്ളവർ

തങ്ങളുടെ കഴിവിനൊത്തോ അല്ലെങ്കിൽ അതിൽ കൂടുതലോ നൽകിയാൽ അത് പേരെടുക്കാനാണെന്നും, സാമ്പത്തികമായി കഴിവ് കുറഞ്ഞവർ അധ്വാനിച്ചുണ്ടാക്കിയ ചെറിയ ചെറിയ സംഖ്യകൾ നൽകുന്നത് കാണുമ്പോൾ 'ഇതും കൊണ്ടാണ് മുഹമ്മദ് റോമക്കാരെ കീഴടക്കാൻ പോകുന്നത്' എന്നുമാണവർ പരിഹസിച്ചിരുന്നത്.

ഗ്രന്ഥത്തിന്റെ ആശയം ഉയർത്തപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് അദ്ദിക്ർ മനസ്സിലാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനുള്ള സംരംഭങ്ങളിൽ പണം ചിലവഴിക്കൽ മാത്രമാണുള്ളത്. എന്നാൽ ജീവിതലക്ഷ്യം നഷ്ടപ്പെട്ട പിശുക്കന്മാരായ ഇന്നത്തെ കപടവിശ്വാസികൾ പ്രസ്തുത ആവശ്യത്തിന് യാതൊന്നും ചെലവഴിക്കുകയില്ല. ഇനി അഥവാ വല്ലതും നൽകിയാൽ തന്നെ, അത് അവരുടെ മറ്റുള്ള കാര്യങ്ങൾക്ക് ചെലവഴിക്കുന്നത്ര പ്രാധാന്യം നൽകാതെ എന്തെങ്കിലും നക്കാപിച്ച മാത്രമായിരിക്കും. ദരിദ്രരായ ആളുകൾ സംഭാവന ചെയ്ത പണം കൈകാര്യം ചെയ്യുന്നതിനുവേണ്ടി അതിനിടയിൽ നുഴഞ്ഞുകയറി സ്ഥാനമാനങ്ങൾ പിടിച്ചടക്കാൻ അവർ മിടുക്ക് കാണിക്കുന്നതാണ്. വിശ്വാസികൾ ക്ലേശിച്ച് പണം നൽകിയത് അദ്ദിക്ർ ലോകരിൽ പ്രചരിപ്പിക്കാനാണെങ്കിൽ അല്ലാഹുവിന്റെ ശത്രുക്കളായ കപടവിശ്വാസികൾ ആ സംരംഭത്തെ ലക്ഷ്യം തെറ്റിച്ച് നശിപ്പിക്കുന്നതും അവർക്ക് പേരെടുക്കുന്നതിനും അവരുടെ സ്ഥാനമാനങ്ങൾ നിലനിർത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് പണം വിനിയോഗിക്കുകയുമാണ് ചെയ്യുക. ഇത്തരം കപടന്മാരെ അവരുടെ സമ്പത്ത് കൊണ്ടും സന്താനങ്ങൾ കൊണ്ടും ഇഹത്തിൽ തന്നെ ശിക്ഷിക്കണമെന്നും അവർ കാഫിറായിക്കൊണ്ട് ജീവൻ വെടിയണമെന്നുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത് എന്ന് 9: 55, 85 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 9: 32–33, 67–68 വിശദീകരണം നോക്കുക.

80. നീ അവർക്കുവേണ്ടി പൊറുക്കലിനെത്തേടിയാലും അല്ലെങ്കിൽ നീ അവർക്കുവേണ്ടി പൊറുക്കലിനെത്തേടിയില്ലെങ്കിലും ഇനി നീ അവർക്കുവേണ്ടി എഴുപത് പ്രാവശ്യം പൊറുക്കലിനെത്തേടിയാലും ശരി, അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയില്ലതന്നെ; നിശ്ചയം അവർ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടും നിഷേധിച്ചതിനാലാണത്, ഇത്തരം തെമ്മാടികളായ ഒരു ജനതയെ അല്ലാഹു സൻമാർഗത്തിലേക്ക് നയിക്കുകയില്ലതന്നെ.

അല്ലാഹുവിനെ മറന്നുകൊണ്ട് ജീവിച്ച കപടവിശ്വാസികൾക്ക് വേണ്ടി പൊറുക്കലിനെത്തേടാനോ അവരുടെമേൽ *മയ്യിത്ത്* നമസ്കരിക്കരിക്കാനോ പാടില്ലെന്ന് 9: 84 ൽ പ്രവാചകനോടും വിശ്വാസികളോടും കൽപിച്ചിട്ടുണ്ട്. 9: 73 ൽ, സർവകഴിവുകളും ഉപയോഗിച്ച് അവരോട് ജിഹാദ് ചെയ്യണമെന്നും അവരോട് കോപം പുലർത്തണമെന്നും അവരുടെ മടക്കം നരകത്തിലേക്കാണെന്നും പറഞ്ഞിട്ടുണ്ട്. എഴുപതിൽ കൂടുതൽ പ്രാവശ്യം പൊറുക്കലിനെത്തേടിയാൽ അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുമായിരുന്നുവെങ്കിൽ ഞാൻ പൊറുക്കലിനെത്തേടുമായിരുന്നു എന്ന് പ്രവാചകൻ പറഞ്ഞപ്പോഴാണ്: കപടവിശ്വാസികളുടെ കാര്യത്തിൽ നീ പൊറുക്കലിനെത്തേടുന്നതും അല്ലെങ്കിൽ നീ പൊറുക്കലിനെത്തേടാതിരിക്കുന്നതും സമമാണ്, അല്ലാഹു അവർക്ക് ഒരിക്കലും പൊറുത്തുകൊടുക്കുകയില്ല, നിശ്ചയം തെമ്മാടികളായ ഒരു ജനതയെ അല്ലാഹു സൻമാർഗത്തിലേക്ക് നയിക്കുകയില്ല തന്നെ എന്ന് പറയുന്ന സൂക്തം 63: 6 അവതരിച്ചത്. 10: 33 ൽ, തെമ്മാടികളായ ഇത്തരം കപടവിശ്വാസികളുടെമേൽ, നിശ്ചയം ഇനി അവർ വിശ്വാസികളാവുകയില്ല എന്ന നിന്റെ നാഥന്റെ വചനം ബാധകമായിക്കഴിഞ്ഞു എന്ന് പറഞ്ഞിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തു

ലനത്തിൽ നിലനിർത്താനുള്ള ത്രാസും *അമാനത്തു*മായ അദ്ദിക്റിനെ വിസ്മരിക്കുകയും അതേ സമയം ജാഡ്യയായി ജനമധ്യത്തിൽ ഇസ്ലാമിന്റെയും ഗ്രന്ഥത്തിന്റെയും വക്താക്കളായി ചമയുകയും എന്നാൽ അതിനെ ജനങ്ങളിൽ എത്തിക്കുന്നതിന് തടസ്സം നിൽക്കുകയും ചെയ്യുന്നതുകൊണ്ടാണ് അവർക്കുവേണ്ടി പൊറുക്കലിനെത്തേടാൻ പാടില്ല എന്ന് പറഞ്ഞത്. 47: 19; 71: 28 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടി മാത്രം പൊറുക്കലിനെത്തേടാനാണ് പ്രവാചകനും പ്രവാചകനെ പിൻപറ്റുന്ന വിശ്വാസിക്കും അനുവാദമുള്ളത്. ആത്മാവുകൊണ്ട് നാഥനെ വാഴ്ത്തുകയും കീർത്തനം ചെയ്യുകയും ചെയ്യുന്നതിന് ജീവജാലങ്ങൾക്ക് അവസരം നഷ്ടപ്പെടുത്തിയതിനുള്ള പാപഭാരം വഹിച്ചുകൊണ്ട് കപടവിശ്വാസികൾ 6: 26; 20: 99–101; 33: 72–73 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിലേക്ക് പോകേണ്ടവരാണ്. 2: 6–7; 7: 175–176; 9: 23–24 വിശദീകരണം നോക്കുക.

81. അല്ലാഹുവിന്റെ പ്രവാചകനെ അനുഗമിക്കാതെ വിഘടിച്ചുകൊണ്ട് വീട്ടിലിരിക്കുന്നതിൽ അവർ ഊറ്റം കൊള്ളുന്നവരായിരുന്നു, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനങ്ങൾ കൊണ്ടും ആത്മാവുകൊണ്ടും ജിഹാദ് ചെയ്യുന്നത് അവർ വെറുക്കുകയും ചെയ്യുന്നു; അവർ ജനങ്ങളോട് പറയുകയും ചെയ്തു: ഈ കൊടും ചൂടിൽ നിങ്ങൾ ഇറങ്ങിത്തിരിക്കരുത്, നീ പറയുക: നരകഗർത്തത്തിലെ തീയാകുന്നു ഏറ്റവും കഠിനമായ ചൂടേറിയത്, അവർ ജീവിത ലക്ഷ്യം ഗ്രഹിക്കുന്നവരായിരുന്നുവെങ്കിൽ!

82. അപ്പോൾ അവർ കുറച്ചു ചിരിച്ചുകൊള്ളട്ടെ, അധികം കരഞ്ഞുകൊള്ളുകയും ചെയ്യട്ടെ –അവർ സമ്പാദിച്ചുകൊണ്ടിരിക്കുന്നതിന് പ്രതിഫലമായി!

ലക്ഷ്യബോധമില്ലാത്ത കപടവിശ്വാസികളും പ്രജ്ഞയറ്റ അവരുടെ അനുയായികളും 2: 113; 6: 159 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിവിധ സംഘടനകളായി പിരിഞ്ഞ് ഓരോ സംഘടനയും അവരുടെ പക്കലുള്ളതിൽ നിഗളിച്ചുല്ലസിച്ച് ജീവിക്കുന്നവരാണ്. 2: 186; 18: 100–101 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സ്വീകരിക്കപ്പെടാത്ത അവരുടെ കർമ്മങ്ങൾ വഴി നരകക്കുണ്ഠമാണ് അവർ സമ്പാദിച്ചുകൊണ്ടിരിക്കുന്നത്. കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളും *ദിക്റാ* എന്ന ഗ്രന്ഥത്തിൽ നിന്ന് അകന്ന് ജീവിക്കുന്നതിനാൽ വമ്പിച്ച തീയിൽ വേവിക്കപ്പെടാനുള്ള ഹതഭാഗ്യരാണെന്ന് 87: 9–12 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 98: 6 ൽ പറഞ്ഞ വേദത്തിന്റെ ആളുകൾ പ്രവാചകന്റെ കാലത്ത് ജൂതന്മാരും ക്രൈസ്തവരും, മുശ്രിക്കുകൾ മക്കാമുശ്രിക്കുകളുമായിരുന്നു. എന്നാൽ ഇന്ന് ഈ വിഭാഗക്കാരെല്ലാം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ നിന്നുള്ളവർ മാത്രമാണ്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. എന്നാൽ ഫുജ്ജാറുകൾ വായിച്ച, തൊട്ട, കേട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ച് സാക്ഷ്യം വഹിച്ച് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 98: 6 ൽ, ഫുജ്ജാറുകളെ കരയിലെ ദുഷ്ടജീവികൾ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളതെങ്കിൽ, 8: 22; 25: 34 സൂക്തങ്ങളിൽ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത, ആത്മാവിനെ പരിഗണിക്കാത്ത, ശരീരപൂജകരായ അവരെ 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവർ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. 2: 94–96 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ ഇവിടെ സമ്പാദിച്ചിട്ടുള്ളത് നരകക്കുണ്ഠമായതിനാൽ അവർ മരിക്കാൻ ഭയമുള്ളവരാണ്. 53: 59–62 സൂക്തങ്ങളിലൂടെ ഫുജ്ജാറുകളോട്: നാഥന്റെ സംസാരമായ

അദ്ദിക്റിന്റെ കാര്യത്തിലാണോ നിങ്ങൾ അത്ഭുതപ്പെടുന്നത്? നിങ്ങൾ ചിരിച്ചുകൊണ്ടിരിക്കുന്നുവോ? കരയുന്നില്ലെയോ? നിങ്ങൾ പാട്ടും പാടി നടക്കുകയാണോ? അങ്ങനെയല്ല, നിങ്ങൾ സാഷ്ടാംഗം പ്രണമിക്കുകയും നാഥനെ സേവിക്കുകയും ചെയ്യുക എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമേ നാഥനെ അനുസരിച്ചുകൊണ്ട്, എല്ലാ പ്രവാചകന്മാരും നബിമാരും മാർഗദർശനം ചെയ്യപ്പെട്ടവരും നിർവ്വഹിച്ച് പോന്ന, 19: 58 ൽ പറഞ്ഞ കരഞ്ഞുകൊണ്ടുള്ള തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവ്വഹിക്കുകയുള്ളൂ. 3: 181–182; 4: 78–79; 9: 50 വിശദീകരണം നോക്കുക.

83. അപ്പോൾ നിന്നെ അല്ലാഹു അവരിൽ നിന്നുള്ള ഒരു വിഭാഗത്തിലേക്ക് തിരിച്ചു കൊണ്ടുവരികയും അങ്ങനെ അവർ നിന്നോടൊപ്പം പുറപ്പെടുവാൻ സമ്മതം ചോദിക്കുകയുമാണെങ്കിൽ അപ്പോൾ നീ പറയുക: ഇനി ഒരിക്കലും നിങ്ങൾ എന്റെ കൂടെ വരികയോ എന്നോടൊപ്പം ശത്രുക്കളോട് പൊരുതുകയോ ഇല്ല തന്നെ, നിശ്ചയം നിങ്ങൾ ആദ്യവട്ടം പിന്തിരിഞ്ഞ് വീട്ടിലിരിക്കാൻ ഇഷ്ടപ്പെട്ടവരാണ്, അപ്പോൾ ഇനി നിങ്ങൾ പിന്തിരിഞ്ഞ് വീട്ടിലിരുന്നവരോടൊപ്പം തന്നെ ഇരുന്നു കൊള്ളുക!

അക്കാലത്തെ വൻശക്തിയായിരുന്ന റോമൻചക്രവർത്തി സീസറിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ള മൂന്ന് ലക്ഷത്തോളം വരുന്ന വൻസൈന്യത്തെ ഉപരോധിക്കാനാണ് പ്രവാചകനും മുപ്പതിനായിരത്തോളം വരുന്ന അനുയായികളും തബൂക്കിലേക്ക് പുറപ്പെട്ടിരുന്നത്. എന്നാൽ വിശ്വാസികൾ തബൂക്കിൽ എത്തുന്നതിനുമുമ്പുതന്നെ ഉൾഭയം കാരണം സീസർ സൈന്യത്തെ പിൻവലിക്കുകയാണുണ്ടായത്. പ്രവാചകനും അനുയായികൾക്കും യുദ്ധമോ ഉപരോധമോ നേരിടേണ്ടി വന്നില്ല. എന്നാൽ അനുയായികൾക്ക് വേണ്ട ശിക്ഷണങ്ങൾ നൽകിക്കൊണ്ട് ഒരു മാസത്തോളം അവിടെ തങ്ങുകയാണുണ്ടായത്. പ്രവാചകനെ തബൂക്കിലേക്ക് അനുഗമിക്കാതെ പിന്തിരിഞ്ഞുനിന്ന കപടവിശ്വാസികൾ കണക്കുകൂട്ടിയിരുന്നത് തബൂക്കിൽ നിന്ന് പ്രവാചകനും അനുയായികളും തിരിച്ചുവരികയില്ല, അവരെ റോമക്കാർ വിഴുങ്ങിക്കളയുമെന്നായിരുന്നു. എന്നാൽ യുദ്ധമൊന്നും നേരിടാതെ പ്രവാചകനും അനുയായികളും മദീനയിൽ തിരിച്ചെത്തിയപ്പോൾ കപടവിശ്വാസികളിൽ ഒരു വിഭാഗം ഭാവിയിൽ ഏതെങ്കിലും യുദ്ധത്തിന് പുറപ്പെടുകയാണെങ്കിൽ ഞങ്ങളെയും കൂടെക്കൂട്ടണമെന്ന് പറയുകയുണ്ടായി. അവരോട് അല്ലാഹു പറയാൻ കൽപിക്കുകയാണ്: ഇനി നിങ്ങൾ ഒരിക്കലും എന്നോടൊപ്പം വരികയോ എന്നോടൊപ്പം യുദ്ധം ചെയ്യുകയോ ചെയ്യേണ്ടതില്ല, നിങ്ങൾ ആദ്യവട്ടം ഇരിപ്പുറപ്പിച്ചതുപോലെ ഇനിയും പിന്തിരിഞ്ഞിരുന്നുകൊള്ളുക.

ഹിജ്റ 6-ാം വർഷം മക്കയിലേക്ക് *ഉംറ*ക്ക് പുറപ്പെട്ട പ്രവാചകനും ആയിരത്തിനാനൂറോളം വരുന്ന അനുയായികളും മക്കാമുശ്രിക്കുകളുമായുള്ള *ഹുദൈബിയ്യാ* സന്ധിക്കുശേഷം തിരിച്ചുവന്നപ്പോൾ ഗ്രാമീണ അറബികളിൽ നിന്നുള്ള കപടവിശ്വാസികൾ പറഞ്ഞത് 48: 11–12 സൂക്തങ്ങളിൽ ഇങ്ങനെ പറയുന്നു: 'പിന്തിരിഞ്ഞുനിന്ന ഗ്രാമീണ അറബികൾ പറയുകതന്നെ ചെയ്യും; ഞങ്ങൾക്ക് ഞങ്ങളുടെ സമ്പത്തും കുടുംബവും ശ്രദ്ധിക്കേണ്ടതുണ്ടായിരുന്നു, അതുകൊണ്ടാണ് നിങ്ങളോടൊപ്പം പുറപ്പെടാൻ കഴിയാതിരുന്നത്, അതുകൊണ്ട് ഞങ്ങൾക്കുവേണ്ടി പൊറുക്കലിനെത്തേടിയാലും, അവർ നാവുകൊണ്ട് പറയുന്നത് അവരുടെ ഹൃദയങ്ങളിലില്ലാത്തതാണ്; നീ ചോദിക്കുക: അല്ലാഹു നിങ്ങൾക്ക് ഒരു ദുരിതം

അല്ലെങ്കിൽ ഒരു ഉപകാരം ചെയ്യാൻ ഉദ്ദേശിച്ചാൽ ആരാണ് അതിനെത്തൊട്ട് തടയാനുള്ളത്? അല്ല, അല്ലാഹു നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയാണ്; അല്ല, പ്രവാചകനും വിശ്വാസികളും അവരുടെ കുടുംബാംഗങ്ങളിലേക്ക് ഇനി ഒരിക്കലും തിരിച്ചുവരികയില്ല എന്ന് നിങ്ങൾ കരുതി, നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലങ്കാരമാക്കപ്പെട്ടു, നിങ്ങൾ വിശ്വാസികളെക്കുറിച്ച് ഏറ്റവും ദുഷിച്ച ചിന്തയാണ് വെച്ചുപുലർത്തിയത്, നിങ്ങൾ ഒരു 'കെട്ടജനത' തന്നെയായിരുന്നു'. 25: 17-18 സൂക്തങ്ങളിൽ, അല്ലാഹുവിനെക്കൂടാതെ വിളിച്ചുപ്രാർത്ഥിച്ചിരുന്ന മഹാത്മാക്കളോട് എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന വിധിദിവസം അല്ലാഹു ചോദിക്കുന്നതാണ്: നിങ്ങളാണോ എന്റെ ഈ അടിമകളെ വഴിപിഴപ്പിച്ചത്, അതോ അവർ സ്വയം വഴിപിഴച്ചതാണോ? അവർ മറുപടി പറയും: നീ പരിശുദ്ധൻ! ഞങ്ങൾക്ക് നിന്നെക്കൂടാതെ മറ്റു സംരക്ഷകൻമാരെയും സഹായികളെയും തെരഞ്ഞെടുക്കൽ യോജിച്ചതായിരുന്നില്ല, എന്നാൽ നീ ഇവർക്കും ഇവരുടെ പൂർവ്വികപിതാക്കൻമാർക്കും ജീവിതവിഭവങ്ങൾ ധാരാളം നൽകി -അവർ അദ്ദിക്റിനെ മറന്ന് ജീവിക്കുന്ന ഒരു 'കെട്ടജനത'യാകുന്നതുവരെ എന്ന് പറഞ്ഞിട്ടുണ്ട്. ഇന്നത്തെ കപടവിശ്വാസികളുടെ മനോഭാവങ്ങളും പ്രവർത്തനങ്ങളും മദീനയിലുണ്ടായിരുന്ന കപടവിശ്വാസികളുടെതിനേക്കാൾ ഒരു പടികൂടി ദുഷിച്ചതാണ്. 2: 165-167; 5: 60; 6: 104 വിശദീകരണം നോക്കുക.

84. അവരിൽ നിന്നുള്ള ആര് മരിച്ചാലും അവനുവേണ്ടി നീ ഒരിക്കലും മയ്യിത്ത് നമസ്കരിക്കരുത്, അവന്റെ ഖബറിന്റെ അടുക്കൽ നീ നിൽക്കുകയുമരുത് -നിശ്ചയം അവർ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടും നിഷേധിച്ചതിനാലും അവർ മരണമടഞ്ഞത് തെമ്മാടികളായിക്കൊണ്ടായതിനാലും.

85. അവരുടെ സമ്പത്തോ അവരുടെ സന്താനങ്ങളോ നിന്നെ ആശ്ചര്യപ്പെടുത്തേണ്ടതില്ല, നിശ്ചയം അവകൊണ്ട് ഇഹത്തിൽ തന്നെ അവരെ ശിക്ഷിക്കണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, കാഫിറുകളായിക്കൊണ്ടുതന്നെ അവർ അവരുടെ ജീവൻ വെടിയുകയും ചെയ്തിരിക്കുന്നു.

അല്ലാഹുവിന്റെ ശാപവും കോപവും വർഷിക്കപ്പെട്ട കപടവിശ്വാസികളും അവരുടെ അനുയായികളുമാണ് ഇന്ന് 7: 40 ൽ വിവരിച്ച പ്രകാരം 52 സൂക്തങ്ങളിൽ പരാമർശിച്ച ഭ്രാന്തന്മാർ. അവർ അല്ലാഹുവിനെ സേവിക്കുന്നതിനുപകരം 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കാഫിറായ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നതും പിശാചിന്റെ കാൽപ്പാടുകളാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നതും. 9: 53-55 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നമസ്കാരം, നോമ്പ്, ദാനധർമങ്ങൾ, ഹജ്ജ്, ഉംറ തുടങ്ങിയ പ്രവർത്തനങ്ങളൊന്നും കപടവിശ്വാസികളിൽ നിന്ന് സ്വീകരിക്കപ്പെടുകയില്ല. 9: 80; 47: 19 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകനും വിശ്വാസിക്കും, വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടി മാത്രമേ പൊറുക്കലിനെത്തേടാൻ അനുവാദമുള്ളൂ. കപടവിശ്വാസികളും അവരുടെ അനുയായികളും 4: 150-151 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ സംഘത്തിൽ പെട്ട യഥാർത്ഥ കാഫിറുകളാണ്. അതുകൊണ്ട് 1: 4 ൽ പറഞ്ഞ പ്രകാരം നിഷ്പക്ഷവാനായ നാഥനെ സേവിക്കുന്ന യഥാർത്ഥ വിശ്വാസിക്ക് അവരെ അനുസരിക്കാനോ അവർക്കുവേണ്ടി പ്രാർത്ഥിക്കാനോ അനുവാദമില്ല. 4: 86 ൽ വിവരിച്ച പ്രകാരം മനുഷ്യരിൽ നിന്ന് ആര് അഭിസംബോധനം ചെയ്താലും അതിന് കൂടുതൽ നല്ല നിലയിൽ പ്രത്യഭിവാദ്യം ചെയ്യണമെന്ന് കൽപിച്ചിട്ടുണ്ടെങ്കിലും കപടവിശ്വാസികൾ അഭിവാദ്യം ചെയ്താൽ അതിന് തക്കതായ പ്രത്യഭിവാദ്യം മാത്രം ചെയ്യണമെന്നേ കൽപിച്ചിട്ടുള്ളൂ.

9: 113 ൽ, അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന മുശ്രിക്കു കൾക്കു വേണ്ടി –അവർ കുടുംബാം ഗങ്ങളിൽപെട്ട എത്ര അടുത്തവരാണെങ്കിലും ശരി– അവർ നരകത്തിന്റെ സഹവാസികളാണെന്ന് വ്യക്തമായതിന് ശേഷം പൊറുക്കലിനെത്തേടൽ നബിക്കോ വിശ്വാസിക്കോ യോജിച്ചതല്ല എന്ന് പറഞ്ഞിട്ടുണ്ട്. അവരുടെ ഖബറിന്റെ അ ടുക്കൽ നിൽക്കരുതെന്ന് പറഞ്ഞിട്ടില്ല, എന്നാൽ *കപടവിശ്വാസികളുടെ ഖബറിന്റെ അ ടുക്കലും ശിക്ഷിക്കപ്പെട്ട ജനതയുടെ പ്രദേശത്തും നിൽക്കരുതെന്ന്* പ്രപഞ്ചനാഥൻ അ വന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഫുജ്ജാറുകളായ കുഫ്ഫാറുകളിൽ നിന്നുള്ള ഏതൊരാളോടും അവന്റെ മരണസമയത്ത് 39: 59 ൽ പറഞ്ഞ പ്രകാരം നാഥൻ, 'നീ കാ ഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുന്നതാണ്. ആത്മാവിനെ പരിഗണി ക്കാത്ത കെട്ടജനതയായ കപടവിശ്വാസികൾ അല്ലാഹുവിനെക്കൊണ്ടോ അവന്റെ പ്രവാച കന്മാരെക്കൊണ്ടോ നബിമാരെക്കൊണ്ടോ വിശ്വസിക്കാത്തവരാണ്. അവരുടെ മരണസ മയത്ത് 1: 3; 7: 37 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. 3: 196–197; 9: 55, 67–68 വിശദീകരണം നോക്കുക.

ഇന്ന് ഈ സൂക്തം ഉദ്ധരിച്ചുകൊണ്ട് കപടവിശ്വാസികൾക്കുവേണ്ടി *മയ്യിത്ത്* നമസ്ക രിക്കാൻ പാടില്ല എന്ന് വിശ്വാസികൾ പറയുമ്പോൾ അതൊക്കെ മക്കാ ബഹുദൈവാരാ ധകരെക്കുറിച്ച് പറഞ്ഞതാണ് എന്നാണ് ഇന്നത്തെ കപടവിശ്വാസികൾ പറയുക. ഈ സൂ ക്തം മദീനയിൽ കപടവിശ്വാസികളെക്കുറിച്ച് അവതരിപ്പിച്ചിട്ടുള്ളതാണെന്നുപോലും ഇ ത്തരം കപട-വാടക ഇമാമുകൾക്ക് അറിയില്ല. എങ്ങനെയാണ് കപടവിശ്വാസിയെ തിരിച്ച റിയുക എന്നാണ് കപടൻമാരിൽ പെട്ട മറ്റുചിലർ ചോദിക്കുന്നത്. കാഫിറിനെയും കപട വിശ്വാസിയെയും വിശ്വാസിയെയുമെല്ലാം തിരിച്ചറിയാനുള്ള ഉപകരണമാണ് ഉരക്കല്ലും ഉൾകാഴ്ച്ചാദായകവുമായ അദ്ദിക്ർ എന്നുപോലും അറിയാത്ത, അല്ലാഹു കൊന്നുകളഞ്ഞ വരാണ് അവർ. മനുഷ്യരുടെയും മലക്കുകളുടെയും ശാപത്തിന് വിധേയരായ അവരെ ചുമരിൽ ചാരിവെച്ച വിറകുകൊള്ളിയോടാണ് 63: 4 ൽ ഉപമിച്ചിട്ടുള്ളത്. ഇത്തരക്കാർ 42: 17; 57: 25 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ത്രാസ്സായി അദ്ദിക്റിനെ പരിഗണിക്കാ ത്തവരാണ്. 2: 186 പ്രകാരം വിശ്വാസിയാകാതെ കർമ്മങ്ങൾ സ്വീകരിക്കപ്പെടുകയോ സ്വ ർഗ്ഗത്തിൽ പ്രവേശിക്കപ്പെടുകയോ ഇല്ല എന്നിരിക്കെ കപടവിശ്വാസികൾ *മയ്യിത്ത്* നമസ് കാരത്തിൽ പങ്കെടുക്കുന്നതുകൊണ്ട് പുണ്യമൊന്നുമില്ല എന്ന് മാത്രമല്ല, അല്ലാഹുവിനെ കൊഞ്ഞനം കാട്ടിയതിന്റെ പേരിൽ *മയ്യിത്ത്* ശിക്ഷിക്കപ്പെടുകയാണ് ചെയ്യുക. അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തി സ്വർഗ്ഗത്തിൽ പോകുന്ന വിശ്വാസിക്കുവേണ്ടി ആരും *മയ്യിത്ത്* നമസ്കരിച്ചിട്ടില്ലെങ്കിലും ഒരു കുഴപ്പവുമില്ല. എന്നാൽ ടിക്കറ്റെടുക്കാതെ നരകക്കുണ്ഠത്തി ലേക്കുപോയ ഒരാൾക്കുവേണ്ടി ലോകത്തുള്ള മുഴുവൻ ആളുകളും ചേർന്ന് *മയ്യിത്ത്* നമ സ്കരിച്ചതുകൊണ്ടോ ലോകത്തുള്ള മുഴുവൻ സമ്പത്തും ചെലവഴിച്ചതുകൊണ്ടോ ശി ക്ഷയിൽ നിന്ന് ഇളവ് ലഭിക്കുന്നതല്ല. അപ്പോൾ പിന്നെ *മയ്യിത്ത്* നമസ്കാരം നിശ്ചയിച്ചി ട്ടുള്ളത് എന്തിനാണ് എന്നാണ് ചോദ്യമെങ്കിൽ, വിശ്വാസികൾ വിശ്വാസികൾക്കുവേണ്ടി പൊറുക്കലിനെത്തേടിയാലും മയ്യിത്ത് നമസ്കരിച്ചാലും ഇരുകൂട്ടർക്കും ഗുണമുണ്ട് എന്നാ ണ് ഉത്തരം. എന്നാൽ വിശ്വാസികളുടെ സംഘമോ നേതൃത്വമോ ഇല്ലാത്ത, *ശരീഅത്ത്* നിയമങ്ങൾ ബാധകമല്ലാത്ത ഇക്കാലത്ത് *മയ്യിത്ത്* നമസ്കാരമോ *ജുമുഅ-ജമാഅത്ത്* ന മസ്കാരങ്ങളോ ഒറ്റക്കുള്ള നമസ്ക്കാരം തന്നെയുമോ ഇല്ല. മറിച്ച് 7: 205–206 സൂക്തങ്ങ

ളിൽ വിവരിച്ച പ്രകാരം ഹൃദയം പങ്കെടുത്ത് പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും അദ്ദിക്ർ വായിക്കാനും നാഥനെ വാഴ്ത്തിക്കൊണ്ടും പരിശുദ്ധപ്പെടുത്തിക്കൊണ്ടും തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവ്വഹിക്കാനും മൊത്തം ലോകർക്കുള്ള നാഥന്റെ സന്ദേശമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് ഇസ്ലാമിനെ മായ്ച്ചുകളയാൻ വരുന്ന *മസീഹുദ്ദജ്ജാലിന്റെ* പുറപ്പാട് നീട്ടാൻ ശ്രമിക്കാനുമാണ് ഇന്നത്തെ ഒറ്റപ്പെട്ട വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. അതോടൊപ്പം തന്നെ സ്രഷ്ടാവിന്റെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് നാഥനെ ആത്മാവുകൊണ്ട് വാഴ്ത്തുന്നതിനും കീർത്തനം ചെയ്യുന്നതിനും അവസരം നൽകുക എന്ന ലക്ഷ്യം വെച്ച് ജൈവകൃഷി ചെയ്യുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിനുവേണ്ടി സമ്പത്തും ആരോഗ്യവും സമയവും ഉപയോഗപ്പെടുത്തുകയും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ 9: 73 ൽ വിവരിച്ച പ്രകാരം കപടവിശ്വാസികളോടും അവരുടെ അനുയായികളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യുകയും വേണം. ഇതുതന്നെയാണ് ഏഴാം ഘട്ടത്തിലേക്കുവേണ്ടി സ്വർഗം പണിയുന്ന രീതിയും. 2: 99, 174–176; 3: 91; 7: 8–9 വിശദീകരണം നോക്കുക.

86. നിങ്ങൾ അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുകയും അവന്റെ പ്രവാചകനോടൊപ്പം ജിഹാദ് ചെയ്യുകയും ചെയ്യുവിൻ എന്ന് കൽപിച്ചുകൊണ്ട് ഒരു സൂറത്ത് അവതരിപ്പിക്കപ്പെട്ടാൽ അവരിൽ നിന്നുള്ള കഴിവുള്ളവർ നിന്നോട് വിട്ടുനിൽക്കാൻ സമ്മതം ചോദിക്കുന്നതും ഞങ്ങളെ വീട്ടിലിരിക്കുന്നവരോടൊപ്പം ഇരിക്കാൻ വിടുക എന്ന് പറയുന്നതുമാണ്.

87. അവർ പിന്തിരിഞ്ഞിരിക്കുന്നവരോടൊപ്പം ഇരിക്കാനാണ് ഇഷ്ടപ്പെട്ടത്, അവരുടെ ഹൃദയങ്ങളുടെമേൽ മുദ്ര വെക്കപ്പെട്ടിരിക്കുന്നു, അപ്പോൾ അവർ ജീവിത ലക്ഷ്യം ഗ്രഹിക്കുകയില്ലതന്നെ.

ആരോഗ്യവും സമ്പത്തുമെല്ലാം ഉണ്ടായിട്ടും പ്രവാചകനോടൊപ്പം യുദ്ധത്തിൽ പങ്കെടുക്കാതെ വീട്ടിലിരിക്കുന്ന അബലകളോടും കുട്ടികളോടുമൊപ്പം ഇരിക്കാൻ അനുവാദം ചോദിക്കുകയാണ് അന്നത്തെ കപടവിശ്വാസികൾ ചെയ്തത്. നാഥനിൽ നിന്നുള്ള ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ കപടവിശ്വാസികൾ അതിനെ അറിഞ്ഞുകൊണ്ട് മൂടിവെക്കുന്നവരാണ്. 6: 25–26 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്ർ മനസ്സിലാകാതിരിക്കാൻ അവരുടെ ഹൃദയങ്ങളുടെ മേലും ചെവികളുടെ മേലും ഒരു അടപ്പിട്ടിരിക്കുകയാണ്. 7: 175–176 സൂക്തങ്ങളിൽ കപടവിശ്വാസികളെയും അവരുടെ അനുയായികളെയും ഉപദ്രവിച്ചാലുമില്ലെങ്കിലും മാറ്റം വരാത്ത നായയോട് ഉപമിച്ചിട്ടുണ്ട്. തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഉണർത്തപ്പെടുകയും എന്നിട്ട് അവയെ അവഗണിക്കുകയും തന്റെ കൈകൾ ഒരുക്കിവെച്ചത് മറന്നുകളയുകയും ചെയ്തവനെക്കാൾ ഏറ്റവും വലിയ അക്രമി ആരാണുള്ളത്? നിശ്ചയം! നാം അത്തരക്കാരുടെ ഹൃദയങ്ങളിൽ അത് മനസ്സിലാകാതിരിക്കാൻ ഒരു മൂടിയിട്ടിരിക്കുന്നു, അവരുടെ ചെവികളിലും ഒരു അടപ്പുണ്ട്. നീ അവരെ സന്മാർഗത്തിലേക്ക് വിളിച്ചാൽ അവർ ഒരിക്കലും സന്മാർഗം പ്രാപിക്കുകയില്ലതന്നെ എന്ന് 18: 57 ൽ പറഞ്ഞിട്ടുണ്ട്. 2: 18, 99; 6: 65; 7: 179; 8: 22, 55 വിശദീകരണം നോക്കുക.

88. എന്നാൽ പ്രവാചകനും അവനോടൊപ്പമുള്ള വിശ്വാസികളായവരുമാകട്ടെ, അവരുടെ സമ്പത്തുകൊണ്ടും അവരുടെ ആത്മാവുകൊണ്ടും ജിഹാദ് ചെയ്യുന്നവ

രാണ്, അക്കൂട്ടർക്ക് തന്നെയാണ് എല്ലാ നന്മകളും, അക്കൂട്ടർ തന്നെയാണ് വിജയം വരിക്കുന്നവരും.

ജീവിതലക്ഷ്യം മനസ്സിലാക്കിയ വിശ്വാസികൾ ഇന്ന് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ട് തീവ്രവാദ പ്രവർത്തനങ്ങളിലും നശീകരണ പ്രവർത്തനങ്ങളിലും ഏർപ്പെട്ടുകൊണ്ടിരിക്കുന്ന കപടവിശ്വാസികളോടും അവരെ അന്ധമായി പിൻപറ്റുന്ന *ഫുജ്ജാറു*കളോടും 25: 52 ൽ കൽപിക്കപ്പെട്ട പ്രകാരം അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* നടത്തുകയും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി എല്ലാ അനുഗ്രഹങ്ങളും വിനിയോഗിച്ചുകൊണ്ട് അല്ലാഹുവിനെ സഹായിക്കുകയുമാണ് ചെയ്യുക. 9: 84–85 വിശദീകരണം നോക്കുക. 12: 108 ൽ, ഇതാണ് എന്റെ മാർഗ്ഗം, ഞാൻ നിങ്ങളെ അല്ലാഹുവിലേക്കാണ് വിളിക്കുന്നത്, ഞാനും എന്നെ പിൻപറ്റുന്നവരും ഉൾകാഴ്ച്ചാദായകമായ അദ്ദിക്ർ ഉപയോഗപ്പെടുത്തുന്നവരാണ്, അല്ലാഹു ഏറ്റവും പരിശുദ്ധനാണ്, ഞാൻ അവനിൽ യാതൊന്നിനേയും പങ്കുചേർക്കുന്നവനുമല്ല എന്ന് പറയാൻ പ്രവാചകനോട് കൽപിച്ചിട്ടുണ്ട്.

ദിക്റാ (അദ്ദിക്ർ) ലഭിച്ച ജനത അതിനെ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയുമാണെങ്കിൽ *ദിക്റാ* ഉപയോഗപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യാൻ തയ്യാറുള്ള മറ്റൊരു ജനവിഭാഗത്തെ അല്ലാഹു അത് ഏൽപിക്കുമെന്ന് 6: 89–90 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. *ദിക്റീ* (അദ്ദിക്ർ) കൊള്ളെ ഐഹികലോകത്ത് കണ്ണിന് മൂടിയുണ്ടായിരുന്നവരും അത് കേൾക്കാൻ തയ്യാറില്ലാത്തവരുമായ കാഫിറുകളുടെ അടുത്തേക്കാണ് നരകക്കുണ്ഠം അടുപ്പിക്കുക എന്ന് 18: 100–101 സൂക്തങ്ങളിലും; *ദിക്റീ*യെ അവഗണിച്ച് ജീവിച്ചവർ അന്ധരായിട്ടാണ് പരലോകത്ത് പുനർജീവിപ്പിക്കപ്പെടുക എന്ന് 20: 124–125 സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 5, 148; 4: 133; 8: 74–75 വിശദീകരണം നോക്കുക.

89. അവർക്കുവേണ്ടി അല്ലാഹു സ്വർഗ്ഗപ്പൂന്തോപ്പുകൾ ഒരുക്കിവെച്ചിട്ടുണ്ട്, അവയുടെ താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകികൊണ്ടിരിക്കുന്നതാണ്, അവർ അതിൽ നിത്യവാസികളുമായിരിക്കും, അതുതന്നെയാണ് മഹത്തായ വിജയം!

സ്വർഗ്ഗവും നരകവുമെല്ലാം പ്രപഞ്ചം രൂപപ്പെടുത്തിയപ്പോൾ തന്നെ സജ്ജീകരിച്ചിട്ടുള്ളതാണ്. സ്വർഗ്ഗത്തിൽ സൃഷ്ടിച്ച മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചയച്ചതിന്റെ ലക്ഷ്യം ഉൾകാഴ്ച്ചാദായകമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ഇവിടെവെച്ച് സ്വർഗ്ഗം സമ്പാദിക്കാനും അദ്ദിക്റിലൂടെ നരകത്തെ കണ്ടുകൊണ്ട് അവന്റെ പക്കൽ ഒരു ഈത്തപ്പഴച്ചീന്താണുള്ളതെങ്കിൽ പോലും അത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ച് ആ നരകത്തെത്തൊട്ട് തടയാനുമാണ്. എന്നാൽ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതിൽ പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്ർ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റി ജീവിക്കുന്നവരും അതുവഴി അവർ ലോകം നശിപ്പിച്ചതിനുള്ള പാപഭാരം വഹിച്ച് പിശാചിന്റെ സങ്കേതമായ നരകക്കുണ്ഠത്തിലേക്ക് പോകേണ്ടവരുമാണ്. 2: 25; 3: 136, 185; 9: 71–72 വിശദീകരണം നോക്കുക.

90. ഗ്രാമീണ അറബികളിൽ നിന്നുള്ളവർ അവർക്ക് യുദ്ധത്തിൽ നിന്ന് മാറിനിൽക്കാൻ അനുവാദം ചോദിച്ചുകൊണ്ട് പല ഒഴിവുകഴിവുകളുമായി വന്നുവല്ലോ?

അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും കള്ളം പറഞ്ഞ അവർ വീട്ടിൽ തന്നെ ഇരിക്കുകയും ചെയ്തു, അവരിൽ നിന്നുള്ള കാഫിറുകളായിട്ടുള്ളവരെ വേദനാജനകമായ ശിക്ഷ പിടികൂടുകതന്നെ ചെയ്യും.

മദീനയുടെ ചുറ്റുഭാഗത്തുള്ള ഗ്രാമീണരും മരുഭൂവാസികളായ അറബികളുമാണ് 'ഗ്രാമീണ അറബികൾ' കൊണ്ട് ഉദ്ദേശിക്കുന്നത്. ഇവർ 49: 14 ൽ പറഞ്ഞ പ്രകാരം പ്രവാചകന്റെ അടുത്തുവന്ന് ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറഞ്ഞപ്പോൾ അല്ലാഹു പ്രവാചകനോട് പറയാൻ കൽപിക്കുന്നു: നിങ്ങൾ വിശ്വാസികളാണെന്ന് പറയേണ്ട, എന്നാൽ നിങ്ങൾ മുസ്ലിംകളാണെന്ന് പറഞ്ഞുകൊള്ളുക -നിങ്ങളുടെ ഹൃദയങ്ങളിലേക്ക് വിശ്വാസം (അദ്ദിക്ർ) പ്രവേശിച്ചിട്ടില്ല എന്നിരിക്കെ; നിങ്ങൾ അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും അനുസരിക്കുകയാണെങ്കിൽ നിങ്ങളുടെ പ്രവർത്തനങ്ങളൊന്നും തന്നെ പാഴായിപ്പോവുകയില്ല, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാണ്. എല്ലാവരും ജനിക്കുന്നത് ഇസ്ലാമിലാണ്. എന്നാൽ ആരാണോ സർവ്വവും നാഥന് സമർപ്പിച്ച് നിലകൊള്ളുന്നത്, അവൻ മാത്രമാണ് 313 പ്രവാചകന്മാരും അവരിലൂടെ അവതരിപ്പിക്കപ്പെട്ട ഗ്രന്ഥവും സമർപ്പിക്കുന്ന ഇസ്ലാമിലുള്ളത്. എല്ലാഓരോ കാര്യവും വിശദീകരിക്കുന്ന ത്രികാലജ്ഞാനമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 10: 100 ൽ പറഞ്ഞ അല്ലാഹുവിന്റെ സമ്മതപത്രമായ അത് കൊണ്ടല്ലാതെ ഒരാൾക്കും വിശ്വാസിയാകാൻ സാധ്യമല്ല. വിശ്വാസിയാകാതെ 3: 102 ൽ പറഞ്ഞ പ്രകാരം സർവ്വവും നാഥന് സമർപ്പിച്ച മുസ്ലിമായി മരണപ്പെടാനും സാധ്യമല്ല. ഗ്രാമീണ അറബികൾ എഴുത്തും വായനയും അറിയാത്തവരും ഗ്രന്ഥം ലഭിക്കാത്തവരുമായതിനാലാണ് അവരോട്: നിങ്ങൾ വിശ്വാസികളാണെന്ന് പറയേണ്ട, എന്നാൽ നിങ്ങൾ മുസ്ലിംകളാണെന്ന് പറഞ്ഞുകൊള്ളുക എന്ന് പറയാൻ കൽപിക്കുന്നത്. എന്നാൽ ഇന്നത്തെ ഫുജ്ജാറുകൾക്ക് എഴുത്തും വായനയും അറിയുന്നതിനാലും അദ്ദിക്ർ വന്നുകിട്ടിയതിനാലും ഗ്രാമീണ അറബികളെപ്പോലെ മുസ്ലിംകളാണെന്ന് പറയാൻ പോലും അർഹതയില്ല. അവർ 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. ത്രികാലജ്ഞാനിയിൽ നിന്നുള്ള ത്രികാലജ്ഞാനമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അല്ലാഹുവിനെയും പ്രവാചകനെയും അനുസരിക്കുക എന്നാൽ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കലും അതിനെ ലോകർക്ക് എത്തിച്ചുകൊടുക്കലുമാണ്. ഇന്ന് ഗ്രാമീണ അറബികളുടെ സ്ഥാനത്തുള്ളത് അദ്ദിക്ർ മനസ്സിലാക്കാൻ കേൾവിയും കാഴ്ചയും ഉപയോഗപ്പെടുത്താത്ത അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളാണ്. അദ്ദിക്റിന് വിരുദ്ധമായ ജീവിതരീതി നയിക്കാൻ പ്രേരിപ്പിക്കുന്ന കപടവിശ്വാസികളായ നേതാക്കളെ അന്ധമായി പിന്തുടരുന്നവരും ജ്ഞാനമായ അദ്ദിക്ർ മനസ്സിലാക്കാൻ ശ്രമിക്കാതെ ഞങ്ങൾ അറിവില്ലാത്തവരാണെന്ന് പറയുന്നവരുമായ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന മുശ്രിക്കുകളോട്: ഓ അവിവേകികളേ, ഞാൻ അല്ലാഹുവിനെക്കൂടാതെയുള്ളവരെ സേവിക്കണമെന്നാണോ നിങ്ങൾ എന്നോട് കൽപിക്കുന്നത് എന്ന് ചോദിക്കാനാണ് 39: 64 ലൂടെ പ്രവാചകനോടും വിശ്വാസികളോടും നാഥൻ കൽപിച്ചിട്ടുള്ളത്. നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്ർ പിൻപറ്റുന്ന വിശ്വാസിയുടെ മാർഗ്ഗമല്ലാത്തത് പിൻപറ്റുന്നവരെ അവർ തിരിഞ്ഞിടത്തേക്കു തന്നെ തിരിക്കുകയും നരകക്കുണ്ഠത്തിൽ വേവിക്കുകയും ചെയ്യുമെന്ന് 4: 115 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഗ്രന്ഥം കണ്ട- കേട്ട-തൊട്ട ഒരാൾക്കും നാളെ നാഥന്റെ മുമ്പിൽ ഒഴികഴിവ് പറയാൻ സാധ്യമല്ല. അതാണ് *'ഗ്രന്ഥം നിനക്ക് അനുകൂലമായ പ്രമാണമാണ്, അ*

ല്ലെങ്കിൽ നിനക്ക് എതിർ പ്രമാണമാണ്' എന്ന് നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുൾ. 1: 7; 2: 159-160; 4: 56, 140 വിശദീകരണം നോക്കുക.

91. ദുർബലരുടെ മേൽ കുറ്റമില്ല, രോഗികളുടെമേലും ചെലവഴിക്കാൻ വകയില്ലാത്തവരായവരുടെ മേലിലും വിരോധമില്ല, അവർ അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും ഗുണകാംക്ഷയുള്ളവരാണെങ്കിൽ, അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്ന ഇത്തരം സുകൃതവാൻമാരെ ആക്ഷേപിക്കാൻ യാതൊരു മാർഗ്ഗവുമില്ല, അല്ലാഹുവാകട്ടെ ഏറെപ്പൊറുക്കുന്നവനും കാരുണ്യവാനുമാകുന്നു.

അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും പരിചയപ്പെടുത്താനുള്ള ഏകമാർഗമായ അദ്ദിക്ർ പഠിക്കാനും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അത് ലോകർക്ക് എത്തിച്ചുകൊടുക്കാനും സർവ്വകഴിവുകളും ഉപയോഗപ്പെടുത്തലാണ് ഇന്നത്തെ ഏറ്റവും വലിയ *ജിഹാദ്*. നിഷ്പക്ഷവാനായ നാഥനെ സഹായിക്കുന്ന ആ മാർഗ്ഗത്തിൽ പ്രവർത്തിക്കുന്നതിൽനിന്ന് ദുർബ്ബലർക്കും രോഗികൾക്കും വിട്ടുനിൽക്കുന്നതിനും സമ്പത്ത് ചെലവഴിക്കാൻ വകയില്ലാത്തവർ ചെലവഴിക്കാതിരിക്കുന്നതിനും വിരോധമില്ല -അവർ അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും പരിചയപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ മുഴുകാൻ മനസ്സാ-വാചാ-കർമണാ ആഗ്രഹമുള്ളവരാണെങ്കിൽ എന്നാണ് ഈ സൂക്തത്തിന്റെ ഇക്കാലത്തേക്കുള്ള *മൗഇളത്ത്*. 63: 9 ൽ അല്ലാഹു പറഞ്ഞത്: ഓ വിശ്വാസികളേ, നിങ്ങളുടെ സമ്പത്തും സന്താനങ്ങളും അദ്ദിക്റിനെത്തൊട്ട് നിങ്ങളെ തടയാതിരിക്കട്ടെ! നിങ്ങളിൽ ആരെങ്കിലും അങ്ങനെ തടയപ്പെട്ടാൽ അക്കൂട്ടർ തന്നെയാണ് ജീവിതം നഷ്ടപ്പെട്ടവർ എന്നാണ്. മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെടുകയും അദ്ദിക്റും അല്ലാഹുവും ഒന്നുതന്നെയാണെന്ന് വ്യക്തമാക്കപ്പെടുകയും ചെയ്തിരിക്കെ ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്നവരാണ് ഇന്ന് *മുഹ്സിനീങ്ങൾ* (അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർ). അദ്ദിക്ർ ഉപയോഗപ്പെടുത്തി *മുഹ്സിനാ*കാത്ത അറബി ഖുർആൻ വായിക്കുന്ന ഏതൊരു ഫുജ്ജാറിന്റെയും മരണസമയത്ത് നാഥൻ അവനോട്, 'അല്ല, നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, എന്നാൽ നീ അവയെ തള്ളിക്കളഞ്ഞു, നീ അഹങ്കരിക്കുകയും ചെയ്തു, നീ കാഫിറുകളിൽപെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 58-59 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 112, 121; 7: 40; 25: 27-30 വിശദീകരണം നോക്കുക.

92. നിന്റെ അടുത്തുവന്ന് അവരെ വഹിക്കുന്നതിനുവേണ്ടി ആവശ്യപ്പെട്ടപ്പോൾ നിങ്ങളെ വഹിക്കുന്നതിന് ഒരു മാർഗ്ഗവും ഞാൻ കാണുന്നില്ലാ എന്ന് നീ പറഞ്ഞ സന്ദർഭം, തങ്ങൾക്ക് ഒന്നും ചെലവഴിക്കാൻ കഴിയാത്തതിൽ ദു:ഖിതരായി അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുക്കിക്കൊണ്ട് പിന്തിരിഞ്ഞുപോയവരുടെ മേലിലും കുറ്റമില്ല.

നിർബന്ധിതാവസ്ഥ കൊണ്ടും വാഹനം, ഭക്ഷണം, യുദ്ധോപകരണങ്ങൾ തുടങ്ങിയവയുടെ കുറവുകൊണ്ടും യുദ്ധത്തിനുപോകാൻ കഴിയാത്തതിന്റെ പേരിൽ മനഃപ്രയാസമനുഭവിക്കുന്ന ചിലർ മദീനയിലുണ്ടായിരുന്നു. അവർ അല്ലാഹുവിന്റെ ഉത്തമ സേവകരുടെ കൂട്ടത്തിലാണ് -എന്തെന്നാൽ ശാരീരികമായി അവർ അതിൽ പങ്കെടുത്തിട്ടില്ലെങ്കിലും അവരുടെ ആത്മാവ് പ്രവാചകന്റെയും വിശ്വാസികളുടെയും കൂടെയായിരുന്നു. ഇത്തരക്കാരെക്കുറിച്ചാണ് തബൂക്കിൽ നിന്ന് മടങ്ങുമ്പോൾ പ്രവാചകൻ അനുയായികളോട് ഇങ്ങനെ പറഞ്ഞത്: *മദീനയിൽ ചിലരുണ്ട്, നിങ്ങൾ പിന്നിട്ട ഓരോ കാൽവെപ്പിലും നിങ്ങൾ തരണം*

ചെയ്ത എല്ലാ താഴ്വാരങ്ങളിലും അവർ നിങ്ങളോടൊപ്പമുണ്ടായിരുന്നു. 'അവർ മദീന യിലായിരിക്കെത്തന്നെയോ' എന്ന് അനുയായികൾ ആശ്ചര്യപൂർവ്വം ചോദിച്ചപ്പോൾ പ്രവാചകൻ പറഞ്ഞു: അതെ, മദീനയിലായിരിക്കെത്തന്നെ; നിർബന്ധിതാവസ്ഥ അവരെ തടഞ്ഞുവെച്ചില്ലായിരുന്നുവെങ്കിൽ ഒരിക്കലും അവർ ഒഴിഞ്ഞുനിൽക്കുമായിരുന്നില്ല. ഉദ്ദേശ്യം അനുസരിച്ചാണ് പ്രവർത്തനങ്ങൾക്ക് പ്രതിഫലം ലഭിക്കുക. ആത്മാവ് പങ്കെടുക്കാതെയുള്ള ഒരു പ്രവർത്തനവും സ്വീകരിക്കപ്പെടുകയില്ല എന്ന് 4: 100 ൽ വിവരിച്ചിട്ടുണ്ട്. 2: 186, 261; 3: 127–129; 53: 39 വിശദീകരണം നോക്കുക.

93. നിശ്ചയം, അവർ സമ്പന്നരായിരിക്കെ വിട്ടുനിൽക്കാൻ നിന്നോട് സമ്മതം ചോദിച്ചവരുടെ മേലാണ് നടപടി എടുക്കേണ്ടത്, പിന്തിരിഞ്ഞ് നിൽക്കുന്നവരിൽ ഉൾപ്പെടാനാണ് അവർ തൃപ്തിപ്പെട്ടത്, അല്ലാഹു അവരുടെ ഹൃദയങ്ങളുടെമേൽ മുദ്രവെക്കുകയുണ്ടായി, അപ്പോൾ അവർ അറിവില്ലാത്തവരാകുന്നു.

പ്രവാചകന്റെ കൂടെയുള്ള വിശ്വാസികൾ പ്രവാചകനിൽ നിന്ന് പിന്തിരിഞ്ഞ് പോകുന്നതുവരെ നിങ്ങൾ അവർക്ക് ഒരു സാമ്പത്തികസഹായവും ചെയ്യരുതെന്ന് ഇത്തരം കപടവിശ്വാസികൾ പരസ്പരം പറഞ്ഞിരുന്നതായി 63: 7 ൽ പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളും അവരുടെ അനുയായികളും നാഥനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ചിരുന്നില്ല. അതിനാൽ 9: 48 ൽ വിവരിച്ച പ്രകാരം അവർ പ്രവാചകനെ അനുസരിച്ചു എന്ന് വായകൊണ്ട് പറയുന്നവരും ഹൃദയം കൊണ്ട് നിഷേധിക്കുന്നവരുമായിരുന്നു. 16: 89 ൽ, സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിംകൾക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ് എന്ന് വിശേഷിപ്പിക്കപ്പെട്ട അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിട്ടുണ്ട്. ജീവിതലക്ഷ്യം തിരിച്ചറിയാതെ അദ്ദിക്ർ മൂടിവെച്ചുകൊണ്ട് ശരീരം കൊണ്ട് ജാഡയായി പ്രവർത്തിക്കുന്ന കപടവിശ്വാസികൾ ഐഹികജീവിതം കൊണ്ട് തൃപ്തിയടയുന്നവരും മരണത്തോടുകൂടി വിചാരണയില്ലാതെ നരകത്തിൽ പ്രവേശിക്കപ്പെടുന്നവരുമാണ്. 2: 26 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് തങ്ങളുടെ ഭക്ഷണമാക്കിയ അവർ തിന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരും നാഥനെ വിസ്മരിച്ചവരുമാണ്; അതുകൊണ്ട് നാഥൻ അവരെയും വിസ്മരിച്ചിരിക്കുന്നു, അവർ തന്നെയാണ് തെമ്മാടികൾ എന്ന് 9: 67–68 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 8: 22; 9: 42–47; 25: 33–34 വിശദീകരണം നോക്കുക.

94. നിങ്ങൾ അവരിലേക്ക് തിരിച്ചുചെന്നാൽ അവർ നിങ്ങളിലേക്ക് പലതരം ഒഴിവ് കഴിവുകളും കൊണ്ടുവരുന്നതാണ്; നീ പറയുക: നിങ്ങൾ ഒഴിവ് കഴിവൊന്നും പറയേണ്ട, നിങ്ങളെ ഞങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ല, നിശ്ചയം നിങ്ങളുടെ വിവരങ്ങൾ അല്ലാഹു ഞങ്ങൾക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു, ഭാവിയിൽ നിങ്ങളുടെ പ്രവർത്തനങ്ങൾ അല്ലാഹുവും അവന്റെ പ്രവാചകനും കണ്ടറിഞ്ഞുകൊള്ളും, പിന്നെ നിങ്ങൾ മടക്കപ്പെടുക ഒളിഞ്ഞതും തെളിഞ്ഞതുമെല്ലാം അറിയുന്നവനിലേക്കാണ്, അപ്പോൾ നിങ്ങൾ എന്താണ് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്ന് അവൻ നിങ്ങളോട് വിവരം പറഞ്ഞുതരുന്നതുമാണ്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കപടവിശ്വാസികൾ അദ്ദിക്റിനെ മൗഇളത്തായി പരിഗണിക്കാത്തവരാണ്. അദ്ദിക്ർ അറിഞ്ഞിട്ട് മൂടിവെക്കുന്ന അല്ലാഹു കൊന്നുകളഞ്ഞ ഇത്തരം തെമ്മാടികൾ 17: 13–14; 45: 28–29 സൂക്തങ്ങളിൽ പറഞ്ഞ ഓരോരുത്തരുടെയും പിരടിയിൽ ബന്ധിച്ചിരിക്കുന്ന കർമ്മരേഖയെക്കുറിച്ച് അനുയായികളെ ഉ

ണർത്താതെ അനുയായികൾ ഏർപ്പെട്ടിരിക്കുന്ന തീവ്രവാദപ്രവർത്തനങ്ങൾ, രക്തച്ചൊരിച്ചിലുകൾ, നശീകരണപ്രവർത്തനങ്ങൾ തുടങ്ങിയ പൈശാചിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നവരും മൗനസമ്മതം നൽകുന്നവരുമാണ്. 2: 113; 3: 165–167; 5: 105; 9: 51 വിശദീകരണം നോക്കുക.

95. നിങ്ങൾ അവരിലേക്ക് തിരിച്ചുചെന്നാൽ അവരെത്തൊട്ട് നിങ്ങൾ അവഗണിക്കുന്നതിന് വേണ്ടി നിങ്ങളോട് അല്ലാഹുവിനെക്കൊണ്ട് ആണയിട്ട് പറയുക തന്നെ ചെയ്യും; അപ്പോൾ നിങ്ങൾ അവരെത്തൊട്ട് അവഗണിക്കുക, നിശ്ചയം അവർ മാലിന്യമാണ്, അവരുടെ സങ്കേതം നരകകുണ്ഠവുമാണ്, അവർ സമ്പാദിച്ചുകൊണ്ടിരുന്നതിന് പ്രതിഫലമായിക്കൊണ്ട്.

കപടവിശ്വാസികൾക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 9: 125 ലും; നിശ്ചയം ടിക്കറ്റായ അദ്ദിക്റിനെ മൂടിവെക്കുന്നവർക്ക് അതൊരു ദുഃഖഹേതു തന്നെയാണ് എന്ന് 69: 48–50 സൂക്തങ്ങളിലും; വിശ്വാസികൾക്ക് അത് കാരുണ്യവും രോഗശമനവുമാണ് എന്ന് 17: 82; 41: 44 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 80: 11 ൽ പറഞ്ഞ സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ചവൻ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ൽ പറഞ്ഞിട്ടുണ്ട്. 9: 83 ൽ വിവരിച്ച പ്രകാരം പ്രവാചകനോ വിശ്വാസിക്കോ വധിക്കപ്പെട്ട കപടവിശ്വാസികളെയും അവരുടെ ബന്ധിരരായ അനുയായികളെയും അദ്ദിക്ർ കേൾപ്പിക്കാൻ സാധ്യമല്ല. അദ്ദിക്റിനെ അവഗണിച്ചുകൊണ്ട് കാഫിറുകൾ ഇവിടെ സമ്പാദിച്ചുകൊണ്ടിരിക്കുന്നത് നരകക്കുണ്ഠമാണ്. അപ്പോൾ നരകക്കുണ്ഠത്തിലേക്ക് പോകാനുള്ള മാലിന്യങ്ങളെ അവഗണിക്കാനും അവരോട് അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യാനുമാണ് 9: 73; 66: 9 എന്നീ സൂക്തങ്ങളിലൂടെ വിശ്വാസികൽപിക്കപ്പെട്ടിട്ടുള്ളത്. നിഷ്പക്ഷവാനായ നാഥൻ സ്വർഗ്ഗത്തിൽ സൃഷ്ടിച്ച മനുഷ്യനെ ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളത് ഓരോരുത്തരും ഇവിടെ സ്വർഗ്ഗം പണിയേണ്ടതിനാണ് എന്ന വസ്തുത മൂടിവെച്ചുകൊണ്ട് ജനങ്ങളെ നരകക്കുണ്ഠത്തിലേക്ക് പിടിച്ചുവലിച്ച് കൊണ്ടുപോകുന്ന മനുഷ്യപ്പിശാചുക്കളാണ് അവർ. 7: 46–47, 175–176, 205–206 വിശദീകരണം നോക്കുക.

96. നിങ്ങൾ അവരെക്കുറിച്ച് തൃപ്തരാകാൻ വേണ്ടി അവർ നിങ്ങളോട് ആണയിട്ടുകൊണ്ടിരിക്കും, അങ്ങനെ നിങ്ങൾ അവരെത്തൊട്ട് തൃപ്തിപ്പെട്ടാൽ തന്നെ നിശ്ചയം അല്ലാഹു തെമ്മാടികളായ ഒരു ജനതയെത്തൊട്ട് ഒരിക്കലും തൃപ്തിപ്പെടുകയില്ല.

9: 67–68 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളും കുഫ്ഫാറുകളും മനുഷ്യരിൽ നിന്ന് അദ്ദിക്ർ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നതിനാൽ 6: 26 ൽ വിവരിച്ച പ്രകാരം അവർ അവരെത്തന്നെയല്ലാതെ നശിപ്പിക്കുന്നില്ല, എന്നാൽ അത് അവർ തിരിച്ചറിയുന്നില്ല. 'ആരാണോ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധികൽപിക്കാത്തത്, അക്കൂട്ടർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളും' എന്ന് 5: 44, 45, 47 സൂക്തങ്ങളിൽ വായിച്ചിട്ടുള്ളത് ഫുജ്ജാറുകളായ ഇവർ മാത്രമാണ്. കാഫിറുകളും അക്രമികളും തെമ്മാടികളുമായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ നേതാക്കളും അനുയായികളും തമ്മിൽ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുന്ന, ശപിക്കുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 9: 23–24, 80, 82–85 വിശദീകരണം നോക്കുക.

97. ഗ്രാമീണ അറബികൾ നിഷേധത്തിലും കാപട്യത്തിലും കൂടുതൽ കടുത്തവരാണ്, അല്ലാഹു അവന്റെ പ്രവാചകന്റെ മേൽ അവതരിപ്പിച്ചിട്ടുള്ള വിധിവിലക്കുകളെ സംബന്ധിച്ച് അവർ അറിവില്ലാത്തവരായിരിക്കാൻ സാധ്യതയുമുണ്ട്, അല്ലാഹുവാകട്ടെ എല്ലാം അറിയുന്ന യുക്തിജ്ഞനുമാകുന്നു.

സൂക്തത്തിൽ പറഞ്ഞ മദീനയിലെ ഗ്രാമീണ അറബികളുടെ അവസ്ഥയിലാണ് ഇന്ന് ലോകത്തിലെല്ലായിടത്തുമുള്ള ഫുജ്ജാറുകളിലെ സാധാരണക്കാർ നിലകൊള്ളുന്നത്. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ചവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101-102; 4: 174-175; 5: 48 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. എന്നാൽ 4: 150-151 സൂക്തങ്ങളിൽ വിവരിച്ച യഥാർത്ഥ കാഫിറുകളായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവരാണ്. ദുഷ്ടജീവികളായ ഇക്കൂട്ടർ നാഥന്റെ പ്രകാശമായ അദ്ദിക്റിനെ അവരുടെ വായകൊണ്ട് ഊതിക്കെടുത്താൻ ശ്രമിക്കുന്നവരാണെങ്കിലും 6: 89-90 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥൻ അവന്റെ പ്രകാശം ഇതര ജനവിഭാഗങ്ങളിലൂടെ ലോകരിൽ വ്യാപിപ്പിക്കുന്നതാണ്. 3: 30, 102, 182; 9: 91 വിശദീകരണം നോക്കുക.

98. തങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നതെന്തും പിഴയും നഷ്ടവുമായി കണക്കാക്കുന്ന ചിലരും ഗ്രാമീണ അറബികളിലുണ്ട്, നിങ്ങൾക്ക് ദുരവസ്ഥകൾ സംഭവിക്കാൻ കാത്തിരിക്കുകയുമാണ് അവർ, എന്നാൽ ദുരവസ്ഥ അവരുടെമേൽ തന്നെയാണുള്ളത്, അല്ലാഹുവാകട്ടെ എല്ലാം കേൾക്കുന്ന സർവ്വജ്ഞാനിയാകുന്നു.

മൊത്തം ലോകർക്ക് സന്മാർഗമായി അവതരിച്ചിട്ടുള്ള അദ്ദിക്റിനെ മൂടിവെക്കുന്നവരാണ് തെമ്മാടികളായ കപടവിശ്വാസികൾ. 2: 159-162 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ മേൽ നാഥന്റെ ശാപം വർഷിച്ചിട്ടുണ്ട്. 'ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ നരകക്കുണ്ഠത്തിലെ ശിക്ഷയെത്തൊട്ട് തിരിച്ച് വിടേണമേ! നിശ്ചയം അത് ഒരു ദുഷിച്ച വിശ്രമസ്ഥലവും താമസസ്ഥലവും തന്നെയാണ്' എന്ന് 25: 65-66 സൂക്തങ്ങളിൽ വായിക്കുന്ന അവർ അവരുടെ നാലാം ഘട്ടത്തിൽ 3: 136 നെ സത്യപ്പെടുത്തി ഏഴാം ഘട്ടത്തിലേക്കുവേണ്ടി സ്വർഗം പണിയാത്തവരും 3: 181-182; 9: 81-82 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഏഴാം ഘട്ടത്തിലേക്കുവേണ്ടി നരകം ഇവിടെ പണിയുന്നവരുമാണ്. ആത്മാവിനെ പരിഗണിക്കാത്ത കെട്ടജനതയായ ഇവർ ഉംറ, ഹജ്ജ് പോലുള്ള തീർത്ഥാടനങ്ങൾക്ക് പണം ചെലവഴിക്കാൻ തയാറുള്ളവരാണെങ്കിലും സ്വർഗത്തിലേക്കുള്ള ടിക്കറ്റും എല്ലാവിധ രോഗങ്ങളെത്തൊട്ടും ആപത്ത് വിപത്തുകളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തു സൂക്ഷിക്കുന്ന മുഹൈമിനുമായ അദ്ദിക്റിനുവേണ്ടി പണം ചെലവഴിക്കുന്നത് ഒരു പിഴയായിട്ടാണ് പരിഗണിക്കുന്നത്. അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെടുന്നതിനുമുമ്പ് 4: 146 ൽ വിവരിച്ച പ്രകാരം കപടവിശ്വാസികൾക്ക് പശ്ചാത്തപിച്ച് മടങ്ങാൻ അവസരം ഉണ്ടായിരുന്നു. എന്നാൽ അദ്ദിക്ർ ഒരു ഗ്രന്ഥമായി ക്രോഡീകരിക്കപ്പെട്ടതിനുശേഷം 2: 6-7, 165-167 സൂക്തങ്ങൾ പ്രകാരം ഇത്തരം ആക്രമികളും തെമ്മാടികളുമായ അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികൾക്ക് പശ്ചാത്താപത്തിന് അവസരമില്ല. കാരണം അവർ 2: 99 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുന്ന തെമ്മാടികളും, 63: 4; 80: 17 സൂക്തങ്ങളിൽ പറ

ഞ്ഞ പ്രകാരം നാഥനാൽ വധിക്കപ്പെട്ടവരുമാണ്. ഇത്തരം തെമ്മാടികളുടെ മേൽ 'അവർ ഇനി വിശ്വസിക്കുകയില്ല' എന്ന നിന്റെ നാഥന്റെ വചനം ബാധകമായിരിക്കുന്നു എന്ന് 10: 33 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കാണുന്നതിനെത്തൊട്ട് അന്ധരും കേൾക്കുന്നതിനെത്തൊട്ട് ബധിരരും ലോകരോട് പറയുന്ന കാര്യത്തിൽ ഊമരുമാണ് അവർ. 9: 93 ൽ വിവരിച്ച പ്രകാരം ഇത്തരം ദുഷിച്ചജീവികൾ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടപ്പെടാനുള്ളവരാണ്. 2: 90 ൽ വിവരിച്ച പ്രകാരം ഈസാ രണ്ടാമത് വന്നശേഷം മാത്രമാണ് 4: 91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കിക്കൊണ്ട് ഇവർ വധിക്കപ്പെടുക. 2: 108; 3: 154; 4: 142–143; 9: 73 വിശദീകരണം നോക്കുക.

99. അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ചവർ ഗ്രാമീണ അറബികളിലുണ്ട്, അവർ ചെലവഴിക്കുന്നതെന്തും അല്ലാഹുവിന്റെ സാമീപ്യവും പ്രവാചകന്റെ അനുഗ്രഹപ്രാർത്ഥനകളും ലഭിക്കുന്നതിനുള്ള ഉപാധിയായി തെരഞ്ഞെടുക്കുന്നവരുമാണവർ; അറിഞ്ഞിരിക്കുക, നിശ്ചയം അത് അവർക്കൊരു സാമീപ്യം തന്നെയാണ്, അല്ലാഹു അവരെ അവന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുകതന്നെ ചെയ്യും, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാണ്.

92: 17–21 സൂക്തങ്ങളിൽ, ഏറ്റവും സൂക്ഷ്മതയുള്ള വ്യക്തിയെ ആളിക്കത്തുന്ന അഗ്നിയിൽ നിന്ന് അകറ്റുകതന്നെ ചെയ്യുന്നതാണ്, ഏതൊരുവൻ തന്റെ ധനം നൽകി സ്വയം ശുദ്ധീകരിക്കുന്നുവോ അവൻ. പ്രത്യുപകാരം ചെയ്യപ്പെടേണ്ട യാതൊരു ഔദാര്യവും അവന്റെ പക്കൽ മറ്റാർക്കുമില്ല, അത്യുന്നതനായ തന്റെ നാഥന്റെ മുഖമല്ലാതെ, അവൻ തൃപ്തിപ്പെട്ടവനാവുകതന്നെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. ഏറ്റവും നല്ലതായ അദ്ദിക്റിനെ സത്യപ്പെടുത്തിയതാരാണോ, അവന് എല്ലാ കാര്യങ്ങളും നാം എളുപ്പമാക്കിക്കൊടുക്കുമെന്നും; ആരാണോ സ്വയം പര്യാപ്തത നടിച്ച് പിശുക്ക് കാണിക്കുകയും അദ്ദിക്റിനെ തള്ളിപ്പറയുകയും ചെയ്തത്, അവന് എല്ലാ കാര്യങ്ങളും ബുദ്ധിമുട്ടാക്കിക്കൊടുക്കുമെന്നും 92: 6–10 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 265; 3: 101–103; 4: 174–175 വിശദീകരണം നോക്കുക.

ദിക്റാ എന്ന ഗ്രന്ഥത്തെ വെടിഞ്ഞ ഹതഭാഗ്യവാൻ വമ്പിച്ച തീയിൽ വേവിക്കപ്പെടും, പിന്നെ അതിൽ അവൻ മരിക്കുകയോ ജീവിക്കുകയോ ഇല്ല എന്ന് 87: 11–13 സൂക്തങ്ങളിലും; നിശ്ചയം ആരാണോ തന്റെ നാഥന്റെ അടുത്ത് ഭ്രാന്തനായി എത്തുന്നത്, അവന് നരകക്കുണ്ഠമാണുള്ളത്, അപ്പോൾ അവൻ അതിൽ മരിക്കുകയോ ജീവിക്കുകയോ ഇല്ല എന്ന് 20: 74 ലും ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്.

100. -വിശ്വാസത്തിലേക്ക് ആദ്യമായി മുന്നോട്ടുവന്ന മുഹാജിറുകളിൽ നിന്നുള്ളവരെയും അൻസാറുകളിൽ നിന്നുള്ളവരെയും ഏറ്റവും നല്ലത് കൊണ്ട് അവരെ പിൻപറ്റുന്നവരായവരെയും; അവരെത്തൊട്ട് അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു, അവനെത്തൊട്ട് അവരും തൃപ്തിപ്പെട്ടിരിക്കുന്നു, അവർക്കുവേണ്ടി താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗപ്പൂന്തോപ്പുകൾ ഒരുക്കിവെച്ചിട്ടുമുണ്ട്, അവർ അതിൽ എന്നെന്നും നിത്യവാസികളായിരിക്കും, അതുതന്നെയാണ് മഹത്തായ വിജയം.

മുഹാജിറുകൾ:- വിശ്വാസം നിലനിർത്തുന്നതിനുവേണ്ടി നാടും വീടും കുടുംബവും സമ്പത്തുമെല്ലാം ഒഴിവാക്കിക്കൊണ്ട് മക്കയിൽ നിന്ന് പ്രവാചകനോടൊപ്പം മദീനയിലേക്ക് ഒളിച്ചോടിപ്പോന്നവരാണ് 'എല്ലാം വെടിഞ്ഞവർ' എന്ന് അർത്ഥം വരുന്ന

മുഹാജിറുകൾ.

അൻസാറുകൾ:-മക്കയിൽ നിന്ന് പാലായനം ചെയ്തുവന്ന മുഹാജിറുകൾക്ക് മദീനയിൽ അഭയം നൽകി സഹായിച്ചവരാണ് 'സഹായികൾ' എന്നപേരിൽ അറിയപ്പെടുന്ന *അൻസാറുകൾ*. മദീനാ നിവാസികളായ അവർ മുമ്പുതന്നെ വിശ്വാസം സ്വീകരിച്ചവരും അവരിലേക്ക് പാലായനം ചെയ്ത് വന്ന മുഹാജിറുകൾക്ക് വീടുകൾ ഒരുക്കിവെച്ചവരും അത് നൽകുന്നതിൽ അല്ലാഹുവിന്റെ തൃപ്തിയല്ലാതെ മറ്റൊരു ഉദ്ദേശ്യവും നെഞ്ചകങ്ങളിൽ ഇല്ലാതിരുന്നവരും സൗകര്യങ്ങളില്ലാതിരുന്നിട്ടും സ്വയം ബുദ്ധിമുട്ട് സഹിച്ച് മറ്റുള്ളവരെ ഉൾക്കൊള്ളുന്നവരുമായിരുന്നു. മനസ്സിന്റെ കുടുസ്സിൽ നിന്ന് മോചിതരായ അവർ ബുദ്ധിമുട്ടുകളൊന്നും പുറത്തുകാണിക്കാതെ എല്ലാം അല്ലാഹുവിനുവേണ്ടി സഹിച്ചവരാണ്. അഥവാ ആരാണോ സ്വാർത്ഥ താൽപര്യത്തിൽ നിന്ന് മോചിതരായത്, അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുക എന്ന സൂക്തം 59: 9 നെ സത്യപ്പെടുത്തിയവരാണ് അവർ.

ഏറ്റവും നല്ലതായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 2: 256; 3: 101-102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആരാണോ അതിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. 3: 7 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസികൾ മാത്രമാണ് പ്രവാചകനെയും പ്രവാചകന്റെ കൂടെയുള്ള വിശ്വാസികളെയും പിൻപറ്റുന്നവർ. അറബി ഖുർആൻ വായിക്കുന്ന എല്ലാ ഫുജ്ജാറുകളും 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും മുപ്പതാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. 4: 150-151 സൂക്തങ്ങളിൽ യഥാർത്ഥ കാഫിറുകൾ എന്ന് വിശേഷിപ്പിക്കപ്പെട്ട അവർ 7: 37 ൽ പറഞ്ഞ പ്രകാരം മരണസമയത്തും 6: 130 ൽ പറഞ്ഞ പ്രകാരം വിധിദിവസവും അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. 2: 62; 5: 119; 8: 2-4, 74-75 വിശദീകരണം നോക്കുക.

101. നിങ്ങളുടെ ചുറ്റും വസിക്കുന്ന ഗ്രാമീണ അറബികളിലും മദീനാ നിവാസികളിൽ തന്നെയും കപടവിശ്വാസികളുണ്ട്; കാപട്യത്തിൽ അവർ ആണ്ടിറങ്ങിയിരിക്കുന്നു, നിനക്ക് അവരെ അറിയുകയില്ല, നാം അവരെ നന്നായി അറിയുന്നവൻ തന്നെയാകുന്നു, രണ്ടുപ്രാവശ്യം നാം അവരെ ശിക്ഷിക്കുകതന്നെ ചെയ്യും, പിന്നെ ഭയങ്കരമായ ശിക്ഷയിലേക്ക് അവർ തള്ളിവിടപ്പെടുന്നതുമാകുന്നു.

8: 24, 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കൽ എല്ലാഓരോ മനുഷ്യന്റെയും ബാധ്യതയാണ്. അതിന് അദ്ദിക്ർ ആദ്യം മുതൽ അവസാനം വരെ ആത്മാവ് പങ്കെടുത്തുകൊണ്ട് വായിച്ച് അതിനെ ഹൃദയത്തിലേക്ക് ആവാഹിച്ചാൽ മതി. എന്നാൽ കപടവിശ്വാസികൾ അദ്ദിക്റിനെ അത് വന്നുകിട്ടിയതിനുശേഷം മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന തെമ്മാടികളായി മാറിയിരിക്കുകയാണ്. ദേഹേച്ഛയ്ക്കും ഐഹികജീവിതത്തിനും പ്രാധാന്യം കൊടുത്ത് ജീവിക്കുന്ന അവർ 7: 26 ൽ വിവരിച്ച പ്രകാരം ജിന്നുകൂട്ടുകാരന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്നവരാണ്. അപ്പോൾ അവർ ഇരട്ടി ശിക്ഷക്ക് -ഒന്ന് സ്വന്തം വഴികേടിനും രണ്ടാമത്തേത് ജിന്നുകൂട്ടുകാരന്റെ വഴികേടിനും- വിധേയരാകുന്നതാണ്. അവരുടെ പ്രാർത്ഥനകളും ദാനധർമങ്ങളും തീർത്ഥാടനങ്ങളും സ്വീകരിക്കപ്പെടുകയില്ലെന്ന് മാത്രമല്ല, 2: 186; 9: 53-55, 85; 13: 14; 40: 50 സൂക്തങ്ങളിൽ വിവ

രിച്ച പ്രകാരം അവകൊണ്ട് അവർക്ക് വഴികേട് വർദ്ധിക്കുകയാണ് ചെയ്യുക. 9: 32 ൽ വിവരിച്ച പ്രകാരം മനുഷ്യപ്പിശാചുക്കളായ ഇക്കൂട്ടർ പ്രകാശമായ അദ്ദിക്റിനെ അവരുടെ വായകൊണ്ട് ഊതിക്കെടുത്താൻ ശ്രമിക്കുന്നവരാണ്. 5: 55-56 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അന്തിമവിജയം വിശ്വാസികൾക്ക് തന്നെയാണ്; അത് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ യഥാർത്ഥ കാഫിറുകൾക്ക് ഏത്ര അരോചകമായിരുന്നാലും ശരി. 2: 85; 3: 91; 4: 91,136-147; 5: 60, 82 വിശദീകരണം നോക്കുക.

102.തങ്ങളുടെ കുറ്റങ്ങൾ തിരിച്ചറിഞ്ഞ വേറെ ചിലരുമുണ്ട്, അവരുടെ കർമ്മങ്ങളിൽ ചിലത് നന്മയും ചിലത് തിന്മയും കൂടിച്ചേർന്നതാകുന്നു, അല്ലാഹു അവരുടെമേൽ മടങ്ങിയേക്കാം, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു.

ഇത്തരം കപടവിശ്വാസികൾ 4: 146 ൽ വിവരിച്ച പ്രകാരം പശ്ചാത്തപിച്ചു മടങ്ങുകയും തങ്ങളുടെ പ്രവൃത്തികൾ നന്നാക്കിത്തീർക്കുകയും അല്ലാഹുവിനെ മുറുകെപ്പിടിക്കുകയും തങ്ങളുടെ ജീവിതം മുഴുവൻ അല്ലാഹുവിനുവേണ്ടി മാത്രമാക്കുകയും ചെയ്തുകൊണ്ട് ജീവിച്ചാൽ പശ്ചാത്താപം ലഭിക്കുന്നതാണ്. പ്രജ്ഞയറ്റ ഫാജിറുകൾ യുക്തിനിർഭര ഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് ഉണർത്തപ്പെട്ടാൽ ഉണർന്നേക്കാം. ഇന്ന് നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ ഫുജ്ജാറുകളിൽ പെട്ട ആരാണെങ്കിലും അതിനെ സത്യപ്പെടുത്തി ജീവിക്കാതിരുന്നാൽ അവനോട് 7: 179; 8: 47; 11: 17 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത് നരകഗർത്തമാണ്. 2: 160, 208-209; 4: 31; 9: 31-33 വിശദീകരണം നോക്കുക.

103.അവരുടെ സമ്പത്തിൽ നിന്ന് നീ നിർബന്ധദാനം സ്വീകരിക്കുക, അവരെ നീ 'അതുകൊണ്ട്' ശുദ്ധീകരിക്കുകയും അവരെ നീ 'അതുകൊണ്ട്' സംസ്കരിക്കുകയും ചെയ്യുക, അവരുടെമേൽ നീ പ്രാർത്ഥിക്കുകയും ചെയ്യുക, നിശ്ചയം നിന്റെ പ്രാർത്ഥന അവർക്ക് ഒരു മനഃശാന്തി തന്നെയാണ്, അല്ലാഹുവാകട്ടെ എല്ലാം കേൾക്കുന്ന സർവ്വജ്ഞാനിയാകുന്നു.

ഇന്ന് ലോകത്ത് എവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ നിർബന്ധദാനം ശേഖരിക്കലും വിതരണം ചെയ്യലും നടപ്പിലാക്കാൻ സാധ്യമല്ല. എന്നാൽ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന, 2: 5, 265; 9: 60 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ജീവിതലക്ഷ്യബോധമുള്ള വിശ്വാസി അവന്റെ സമ്പത്തും മറ്റെല്ലാ അനുഗ്രഹങ്ങളും അദ്ദിക്റിന്റെ വെളിച്ചത്തിൽ ഉപയോഗപ്പെടുത്തുന്നതാണ്. 4: 64 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ കാലത്ത് ആരെങ്കിലും തന്റെ ആത്മാവിനോട് അക്രമം കാണിച്ചാൽ അവർ പ്രവാചകന്റെ അടുത്ത് വന്ന് പ്രവാചകനോട് എല്ലാം വിശദീകരിച്ച് പറയുകയും അവർ സ്വയം നാഥനോട് പൊറുക്കലിനെത്തേടുകയും പ്രവാചകൻ അവർക്കുവേണ്ടി പൊറുക്കലിനെത്തേടുകയും ചെയ്താൽ അത്തരക്കാർക്ക് നാഥൻ പൊറുത്തുകൊടുക്കുന്നതാണ്.

ഇന്ന് അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടതിനാൽ ആരാണോ സ്വർഗത്തിലേക്ക് തിരിച്ചുപോകാൻ ഉദ്ദേശിക്കുന്നത്, അവൻ അതിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുകയും 9: 71-72 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവന്റെ കഴിഞ്ഞുപോയ പാപങ്ങൾക്ക് പശ്ചാത്തപിച്ച് മടങ്ങുകയും 25: 68-71 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വൻകുറ്റങ്ങൾക്ക് പ്രായശ്ചിത്തം നൽകുകയും വേണം. തെറ്റുകുറ്റങ്ങൾ തിരിച്ചറിയാനുള്ള ഗ്രന്ഥമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്ത് അവരെ തെറ്റുകുറ്റങ്ങളിൽ നിന്ന് അകന്നുനിൽക്കാൻ സഹായിക്കലും ആയിരം സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമം ലക്ഷ്യം വെച്ച് ജൈ

വകൃഷി ചെയ്യലുമാണ് പ്രായശ്ചിത്തത്തിനുള്ള ഏറ്റവും ഉചിതമായ മാർഗം. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികൾക്ക് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെ അനുസരിക്കാനോ, 9: 68, 80, 84–85 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ കാഫിറായി ജീവൻ വെടിയുമ്പോൾ അവർക്കുവേണ്ടി മയ്യിത്ത് നമസ്കരിക്കാനോ പൊറുക്കലിനെത്തേടാനോ അനുവാദമില്ല. 2: 276, 279; 4: 78–79; വിശദീകരണം നോക്കുക.

104.അവർക്ക് അറിയില്ലേ, നിശ്ചയം അല്ലാഹു, അവൻ തന്നെയാണ് അവന്റെ അടിമകളെത്തൊട്ട് പശ്ചാത്താപം സ്വീകരിക്കുന്നതും അവരുടെ ദാനധർമ്മങ്ങൾ സ്വീകരിക്കുന്നതുമെന്ന്? നിശ്ചയം അല്ലാഹു, അവൻ മാത്രമാണ് ഏറെ പശ്ചാത്താപം സ്വീകരിക്കുന്ന കാരുണ്യവാനെന്നും.

എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാനും പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടാനും 2: 186 ൽ വിവരിച്ച രണ്ട് ഉപാധികൾ പിൻപറ്റൽ നിർബന്ധമാണ്. 39: 53–55 സൂക്തങ്ങളിൽ, ആത്മാവിനോട് അതിരുകവിഞ്ഞ എന്റെ അടിമകളോട് പറയുക: 'നാഥന്റെ കാരുണ്യത്തിൽ നിങ്ങൾ നിരാശപ്പെടരുത്, നിശ്ചയം! അവൻ പാപഭാരങ്ങളെല്ലാം ഒറ്റയടിക്ക് പൊറുത്ത് തരുന്ന ഏറെപ്പൊറുക്കുന്ന കാരുണ്യവാനാണ്. നിങ്ങൾ നിങ്ങളുടെ നാഥനിലേക്ക് ഖേദിച്ചുമടങ്ങുവീൻ, അവന് സർവസ്വം സമർപ്പിക്കുകയും ചെയ്യുവീൻ, നിങ്ങൾക്ക് മരണം ആസന്നമാകുന്നതിനുമുമ്പ്, പിന്നെ നിങ്ങൾ സഹായിക്കപ്പെടുന്നതല്ല; നിങ്ങളുടെ നാഥനിൽ നിന്ന് അവതരിച്ചിട്ടുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ പിൻപറ്റുകയും ചെയ്യുവീൻ, നിങ്ങൾ തിരിച്ചറിയാത്തവണ്ണം പെട്ടെന്ന് നിങ്ങൾക്ക് മരണം ആസന്നമാകുന്നതിനുമുമ്പ്' എന്ന് പറഞ്ഞിട്ടുണ്ട്. ആകാശഭൂമികളുടെയും അവയ്ക്കിടയിലുള്ള എല്ലാഒന്നിന്റെയും ഉടമയായ അല്ലാഹു തന്നെയാണ് മനുഷ്യരുടെയും ഉടമ എന്ന ബോധത്തിൽ അല്ലാഹുവിനുവേണ്ടി മാത്രം ജീവിക്കുന്ന അവന്റെ പ്രതിനിധികളാണ് വിശ്വാസികൾ. ഭൂമിയിലേക്ക് വന്നപ്പോൾ കൊണ്ടുവരാത്തതും പോകുമ്പോൾ കൊണ്ടുപോകാത്തതുമായ എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തി ഇവിടെ സ്വർഗം പണിത് പണിത സ്വർഗത്തിലേക്ക് തിരിച്ചുപോകലാണ് ജീവിതലക്ഷ്യം. സ്വർഗവാസികളെക്കുറിച്ച് 'പ്രവർത്തിക്കുന്നവർക്ക് കിട്ടുന്ന പ്രതിഫലം എത്ര അനുഗ്രഹസമ്പൂർണ്ണം' എന്ന് 3: 136 ൽ പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത് അതാണ്. 7: 43; 32: 19 സൂക്തങ്ങളിൽ അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനുള്ള പ്രതിഫലമായിട്ടാണ് സ്വർഗ്ഗം അനന്തരാവകാശമായി ലഭിക്കുന്നത് എന്ന് പറഞ്ഞിട്ടുണ്ട്. 2: 94–95; 7: 150; 18: 100–101 വിശദീകരണം നോക്കുക.

105.അവരോട് പറയുകയും ചെയ്യുക: നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുവീൻ, അപ്പോൾ നിങ്ങളുടെ പ്രവർത്തനം അല്ലാഹുവും അവന്റെ പ്രവാചകനും വിശ്വാസികളും കാണുന്നതാണ്, ഒളിഞ്ഞതും തെളിഞ്ഞതുമെല്ലാം അറിയുന്ന ഏകനിലേക്ക് നിങ്ങൾ മടക്കപ്പെടുകയും ചെയ്യും, അപ്പോൾ നിങ്ങൾ എന്താണ് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്ന് നിങ്ങൾക്ക് വിവരം നൽകപ്പെടുന്നതുമാണ്.

ഈ സൂക്തം അവതരിക്കുന്ന കാലത്ത് ഗ്രന്ഥം ക്രോഡീകരിക്കപ്പെട്ടിരുന്നില്ല. അപ്പോൾ കപടവിശ്വാസികളോട് നിങ്ങൾ നിങ്ങളുടെ പ്രവർത്തനങ്ങൾ ചെയ്യുക, ത്രികാലജ്ഞാനിയായ നാഥനും പ്രവാചകനും വിശ്വാസികളും നിങ്ങളുടെ പ്രവർത്തനങ്ങൾ നോക്കിക്കാണുന്നതാണ് എന്നാണ് പറയുന്നത്. 4: 59, 80; 16: 44; 76: 23 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥൻ അവന്റെ ഗ്രന്ഥം പ്രവാചകന്റെ മേൽ ഘട്ടം ഘട്ടമായി അവതരിപ്പി

ക്കുകയും പ്രവാചകൻ അത് മനുഷ്യരിലേക്ക് പ്രതിഫലിപ്പിക്കുകയും വിശ്വാസികൾ പ്രവാചകനെ പിൻപറ്റുകവഴി നാഥനെ അനുസരിക്കുകയുമാണ് ചെയ്തിരുന്നത്.

മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയ അദ്ദിക്ർ 25: 58 ലെ ത്രികാലജ്ഞാനിയായ നാഥൻ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ പ്രവാചകനും വിശ്വാസിയും നിഷ്പക്ഷവാനായ നാഥനെക്കുറിച്ച് ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ രചയിതാവിനോടാണ് ചോദിക്കേണ്ടത്. 16: 43; 21: 7 സൂക്തങ്ങളിൽ കൽപിച്ചതനുസരിച്ച് ഏതൊരാളും അറിവില്ലാത്ത ഏതൊരുകാര്യവും ചോദിക്കേണ്ടത് ഭാവി, ഭൂത, വർത്തമാനങ്ങൾ അടങ്ങിയ അദ്ദിക്ർ എന്ന ഗ്രന്ഥത്തിന്റെ രചയിതാവിനോടാണ്. ഒരാൾക്ക് താൻ വിശ്വാസിയാണോ അതോ കപടവിശ്വാസിയാണോ എന്ന് തിരിച്ചറിയാനും തനിക്ക് ചുറ്റും ഇടപഴകുന്നവർ വിശ്വാസികളാണോ അതോ കപടവിശ്വാസികളാണോ എന്ന് തിരിച്ചറിയാനുള്ള മാനദണ്ഡമാണ് ഗ്രന്ഥത്തതിന്റെ മൊത്തം ആശയമായ അദ്ദിക്ർ. അതിന് ഫുർഖാൻ -സത്യവും അസത്യവും വിശ്വാസിയെയും കപടവിശ്വാസിയെയും തിരിച്ചറിയുന്ന ഉരക്കല്ല്- എന്ന പേര് വന്നിരിക്കുന്നത് അതുകൊണ്ടാണ്. അവരവരുടെ സീറ്റ് സ്വർഗത്തിലാണോ നരകത്തിലാണോ വേണ്ടത് എന്ന് ഓരോരുത്തർക്കും ഇവിടെ വെച്ചുതന്നെ തീരുമാനിക്കാനുള്ള മാനദണ്ഡം ഉൾക്കാഴ്ചാദായകമായ അതുതന്നെയാണ് എന്ന് 7: 203 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ 1: 7 ൽ വിവരിച്ച പ്രകാരം ശപിക്കപ്പെട്ട കപടവിശ്വാസികളും അവരുടെ വഴിപിഴച്ച അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായതിനാൽ 98: 2–3 സൂക്തങ്ങളിൽ പറഞ്ഞ ആത്മാവിനെ ശുദ്ധീകരിക്കാനുള്ള അദ്ദിക്ർ ഉപയോഗപ്പെടുത്തി അവരുടെ ആത്മാവിനെ ശുദ്ധീകരിക്കുകയില്ല. അതിനാൽ 6: 89–90 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യാത്ത മറ്റൊരു ജനതയെ നാഥൻ അദ്ദിക്ർ ഏൽപിക്കുന്നതാണ്.

17: 13–14 സൂക്തങ്ങളിൽ ഓരോ മനുഷ്യനും അവനവന്റെ പിരടിയിൽ തന്റെ കർമരേഖ വഹിക്കുന്നുണ്ട് എന്നും വിധിദിവസം അത് ഒരു തുറന്ന, പ്രകാശിക്കുന്ന പുസ്തകമായി പുറത്തെടുത്തുകൊടുത്ത് ഓരോരുത്തരെക്കൊണ്ടും വായിപ്പിക്കുന്നതും ഇന്നേ ദിനം നിന്റെ വിചാരണ നടത്താൻ നീ തന്നെ മതിയായവനാണ് എന്ന് പറയപ്പെടുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് 4: 85 ൽ വിവരിച്ച പ്രകാരം വിശ്വാസി തന്റെ മക്കൾക്ക് അദ്ദിക്ർ പഠിപ്പിച്ചുകൊടുക്കുന്നതും അവരുടെയും പിൻഗാമികളുടെയുമടക്കം മൊത്തം മനുഷ്യരുടെ സൽക്കർമങ്ങളുടെ പ്രതിഫലത്തിന്റെ ഒരു വിഹിതം ലഭിക്കണമെന്ന ലക്ഷ്യത്തോടുകൂടി അദ്ദിക്ർ ലോകരിൽ പ്രചരിപ്പിക്കുന്നതുമാണ്. അത്തരം വിശ്വാസി ഉൾക്കാഴ്ചാദായകമായ അദ്ദിക്റിനെ സത്യപ്പെടുത്തി ഇവിടെ ജീവിക്കുന്നതിനാൽ അവന്റെ മരണശേഷവും ആത്മാവുകൊണ്ട് അവന് അവന്റെ സന്തതി പരമ്പരകളുടെ പ്രവർത്തനങ്ങൾ കാണാനും നിയന്ത്രിക്കാനും സാധിക്കുന്നതാണ്. 9: 49 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളും നരകക്കുണ്ഠത്തിലെ 7 കവാടങ്ങളിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണെന്നും, അത്തരം ഫുജ്ജാറുകളുടെ കർമരേഖയിൽ പരസ്ത്രീ–പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളാണ് കൊത്തിവെക്കപ്പെട്ടുകൊണ്ടിരിക്കുന്നതെന്നും, 6: 28 ൽ വിവരിച്ച പ്രകാരം ഏഴാം ഘട്ടത്തിൽ സൂചികുത്താൻ പോലും സ്ഥലമില്ലാത്ത നരകക്കുണ്ഠത്തിൽ ലൈംഗികാവയവങ്ങളിൽ പര

സ്പരം കോർക്കപ്പെട്ടാണ് അവർ കഴിയേണ്ടിവരിക എന്നുമുള്ള ഉറച്ച ബോധമുള്ളവനാണ് വിശ്വാസി. അദ്ദിക്റിനെ വിസ്മരിക്കുകവഴി കെട്ടജനതയായിത്തീർന്ന ഫുജ്ജാറുകളോട്, 'നിങ്ങൾ കുറച്ചുകാലം ഇവിടെ സുഖിക്കുക! നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്കാണ്' എന്ന് പറയാൻ 14: 28–30 സൂക്തങ്ങളിലൂടെ വിശ്വാസി കൽപിക്കപ്പെട്ടിട്ടുണ്ട്. 3: 79–80; 9: 30–31, 67–68, 84–85; 39: 8; 60: 13 വിശദീകരണം നോക്കുക.

106.അല്ലാഹുവിന്റെ തീരുമാനത്തിന് പ്രതീക്ഷിച്ചിരിക്കുന്ന മറ്റൊരു കൂട്ടരുണ്ട്, അവരെ അവൻ ശിക്ഷിക്കുകയോ അല്ലെങ്കിൽ അവരുടെമേൽ അവൻ മടങ്ങുകയോ ചെയ്തേക്കാം, അല്ലാഹു എല്ലാം അറിയുന്ന യുക്തിജ്ഞനുമാകുന്നു.

9: 118 ൽ, പശ്ചാത്താപം സ്വീകരിക്കപ്പെട്ട 3 പേരുടെ കാര്യത്തിൽ അവതരിച്ചിട്ടുള്ളതാണ് ഈ സൂക്തം. തെറ്റുപറ്റിയ വിശ്വാസികളായിരുന്നുവെങ്കിലും കപടവിശ്വാസികളെപ്പോലെ ഇവരും തബൂക്കിലേക്ക് പുറപ്പെടാത്തവരായിരുന്നതിനാൽ അവരുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നത് നീട്ടിവെക്കപ്പെടുകയാണുണ്ടായത്. അവർക്ക് തങ്ങളുടെ തെറ്റിന്റെ ഗൗരവം മനസ്സിലാക്കി പശ്ചാത്താപിക്കാൻ അവസരം ലഭിക്കാനും വിശ്വാസികൾക്കിടയിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാനും വേണ്ടിയായിരുന്നു അത്. ഇന്ന് ഈ സൂക്തങ്ങൾ വായിക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളും അദ്ദിക്ർ കേൾക്കാൻ തയ്യാറാകാത്ത ബധിരരും കാണാൻ തയ്യാറാകാത്ത അന്ധരും അതിനെക്കുറിച്ച് ലോകരോട് പറയാൻ തയ്യാറാകാത്ത ഊമരുമാണ്. അതുകൊണ്ട് അവർ നേരെച്ചൊവ്വെയുള്ള പാതയിലേക്ക് തിരിച്ച് വരികയില്ല. 7: 40; 36: 59–62 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇത്തരം ഭ്രാന്തന്മാർ പിശാചിനെ സേവിക്കുന്നവരും മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. 3: 128–129; 8: 50–51; 9: 80–82 വിശദീകരണം നോക്കുക.

107.നിഷേധം നടപ്പിലാക്കാനും വിശ്വാസികൾക്കിടയിൽ ഭിന്നിപ്പ് സൃഷ്ടിക്കാനും ഇതിനുമുമ്പ് അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും യുദ്ധം ചെയ്തിട്ടുള്ള ഒരുവന് താവളമൊരുക്കാനുമായി ഉപദ്രവകരമായ ഒരു പള്ളി തെരഞ്ഞെടുത്ത കൂട്ടരുണ്ടല്ലോ, ഞങ്ങൾ നന്മയല്ലാതെ മറ്റൊന്നും ഉദ്ദേശിച്ചിട്ടില്ലെന്ന് അവർ ആണയിട്ട് പറയുകതന്നെ ചെയ്യുന്നു, എന്നാൽ നിശ്ചയം അവർ നുണ പറയുന്നവർ തന്നെയാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു.

തബൂക്ക് യുദ്ധകാലത്ത് കപടവിശ്വാസികൾ മദീനയിൽ നിർമിച്ച ഉപദ്രവകരമായ പള്ളിയെക്കുറിച്ചാണ് സൂക്തത്തിൽ പരാമർശിക്കുന്നത്. വിശ്വാസികൾക്കിടയിൽ കാപട്യവും നിഷേധവും ഭിന്നിപ്പും സൃഷ്ടിക്കുന്നതിനും ഖസ്റജ് ഗോത്രത്തിൽ പെട്ട ക്രൈസ്തവ പുരോഹിതനായ അബുആമിറിന് താവളമൊരുക്കുന്നതിനും വേണ്ടിയായിരുന്നു അവർ ആ പള്ളി നിർമിച്ചത്. പ്രവാചകൻ മദീനയിൽ വന്ന സമയത്ത് അവിടെയുണ്ടായിരുന്ന വേദപണ്ഡിതൻമാരിൽ പ്രധാനിയായിരുന്ന ഇയാൾക്ക് മദീനയിലും പരിസരത്തും നല്ല സ്വാധീനമുണ്ടായിരുന്നു. അവനായിരുന്നു പ്രവാചകനും വിശ്വാസികൾക്കുമെതിരായി യുദ്ധം ചെയ്യുന്നതിന് മക്കാമുശ്രിക്കുകളെ ഇളക്കിവിട്ടിരുന്നത്. അഹ്സാബ് യുദ്ധത്തിനു ശേഷം ഇനി പ്രവാചകനെയും വിശ്വാസികളെയും അറബികളിൽ ആർക്കും തന്നെ പരാജയപ്പെടുത്താൻ സാധ്യമല്ലെന്ന വസ്തുത മനസ്സിലാക്കിയ അബുആമിർ റോമിൽ പോയി റോമൻ ചക്രവർത്തിയെ മദീനക്കെതിരെ തിരിച്ചുവിടാൻ ശ്രമിക്കുകയും, തൽഫലമായി മൂന്ന് ലക്ഷം വരുന്ന റോമൻ സൈന്യം മദീനയെ ആക്രമിക്കാനായി പുറപ്പെടുകയുമുണ്ടാ

യി. ഈ വാർത്ത കേട്ടപ്പോൾ പ്രവാചകനും 30,000 വരുന്ന അനുയായികളും അവരെ പ്രതിരോധിക്കാൻ വേണ്ടി തബൂക്കിലേക്ക് പോവുകയുണ്ടായി. ആ സമയത്താണ് മദീനയിലെ കപടവിശ്വാസികൾ ഉപദ്രവകരമായ പള്ളി (*മസ്ജിദുള്ളിറാർ*) നിർമിച്ചത്. പ്രവാചകന്റെ പടപ്പുറപ്പാടിൽ ഉൾഭയമുണ്ടായ റോമൻ സൈന്യം തബൂക്കിലേക്ക് വരാതെ പിൻതിരിഞ്ഞുപോവുകയും പ്രവാചകനും അനുയായികളും ഒരു മാസത്തോളം തബൂക്കിൽ തമ്പടിച്ചതിന് ശേഷം മദീനയിലേക്ക് തിരിച്ചുപോരുകയുമാണുണ്ടായത്. മദീനയിലെത്തുന്നതിനുമുമ്പെ പ്രസ്തുതപള്ളി പൊളിച്ചുകളയാൻ നാഥന്റെ നിർദ്ദേശപ്രകാരം പ്രവാചകൻ കൽപിക്കുകയുണ്ടായി.

3: 7 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘം ഉണ്ടായിട്ടില്ല. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 30: 31–32 സൂക്തങ്ങളുടെ കൽപനക്ക് വിരുദ്ധമായി വിവിധ വിഭാഗങ്ങളായി പിരിയുകയും ഓരോ വിഭാഗവും പ്രത്യേകം പ്രത്യേകം പള്ളികൾ നിർമിക്കുന്നതിൽ വ്യാപൃതരാവുകയുമാണുണ്ടായത്. അങ്ങനെ നാഥൻ അവന്റെ പ്രവാചകനിലൂടെ 2: 114–115 സൂക്തങ്ങളുടെ വിശദീകരണമായി പഠിപ്പിച്ച '*അവരുടെ പള്ളികൾ വലിയ കോൺക്രീറ്റ് സൗധങ്ങളായിരിക്കും, എന്നാൽ അവ സന്മാർഗമായ അദ്ദിക്റിൽ നിന്ന് വ്യതിചലിച്ചതായിരിക്കും*' എന്ന സത്യം ഇക്കാലത്തുള്ള ഫുജ്ജാറുകളുടെ പള്ളികളുടെ കാര്യത്തിൽ പുലർന്നിരിക്കുകയാണ്. അതുകൊണ്ട് ഇന്ന് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസിക്ക് 48: 6 ൽ വിവരിച്ച കപടവിശ്വാസികളുടെയും അവരുടെ അനുയായികളായ മുശ്രിക്കുകളുടെയും നേതൃത്വത്തിലുള്ള പള്ളികളിൽ പ്രവേശിക്കൽ അനുവദനീയമല്ല. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസി 'ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സത്യമായ അദ്ദിക്റിനെ പിൻപറ്റുകയും സത്യപ്പെടുത്തുകയും ചെയ്യുന്ന സൂക്ഷ്മാലുക്കൾക്ക് നേതാക്കളാക്കേണമേ' എന്ന് 25: 74 പ്രകാരം പ്രാർത്ഥിക്കുന്നവനായതിനാൽ കാഫിറായ ഒരാളെയും തന്റെ പ്രാർത്ഥനയിൽ ഉൾപ്പെടുത്താനോ അവർക്ക് നേതൃത്വം നൽകാനോ പാടില്ലതന്നെ. അവൻ തന്റെ കുടുംബാംഗങ്ങളോടൊപ്പം പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും അദ്ദിക്ർ വായിക്കുകയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തിലാവത്തിന്റെ സുദീർഘമായ ഒറ്റ സാഷ്ടാംഗപ്രണാമം നിർവഹിക്കുകയുമാണ് ചെയ്യുക. 2: 62, 140; 9: 17–19 വിശദീകരണം നോക്കുക.

108. നീ ഒരിക്കലും അതിൽ നിൽക്കരുത്, ആദ്യദിനം തൊട്ട് അല്ലാഹുവിനോടുള്ള ഭക്തിയുടെ അടിസ്ഥാനത്തിൽ അസ്ഥിവാരമിട്ട പള്ളിതന്നെയാണ് നിനക്ക് നിൽക്കാൻ ഏറ്റവും അനുയോജ്യമായിട്ടുള്ളത്, പരിശുദ്ധി നേടാൻ ഇഷ്ടപ്പെടുന്ന ആളുകൾ അതിലാണുള്ളത്; അല്ലാഹുവാകട്ടെ, വിശുദ്ധൻമാരായിട്ടുള്ളവരെ ഇഷ്ടപ്പെടുന്നു.

മദീനയിൽ അന്ന് രണ്ട് പള്ളികളാണുണ്ടായിരുന്നത്. *മസ്ജിദുന്നബവി*യും *മസ്ജിദുൽ ഖുബാ*യും. *മസ്ജിദുൽ ഖുബാ*യുടെ ഏറെക്കുറെ അടുത്താണ് കപടവിശ്വാസികൾ നിർമ്മിച്ചിരുന്ന *മസ്ജിദു-ള്ളിറാർ*. യഥാർത്ഥത്തിൽ മദീനയിൽ മൂന്നാമതൊരു പള്ളിയുടെ ആവശ്യമുണ്ടായിരുന്നില്ല. നിലവിലുള്ള പള്ളികളിൽ മഴക്കാലത്തും ശൈത്യകാലത്തും പ്രത്യേകിച്ച് രാത്രികാലങ്ങളിൽ അഞ്ചുനേരത്തെ നമസ്കാരത്തിന് വന്നെത്താൻ പ്രയാസങ്ങളുള്ള അകലെ താമസിക്കുന്നവരെയും രോഗികളെയും യുദ്ധങ്ങളിൽ കൈകാലുകൾ നഷ്ടപ്പെട്ടവരെയുമെല്ലാം ചൂണ്ടിക്കാണിച്ചാണ് അവർ പള്ളി നിർമ്മാണത്തിന് മുതിർന്നത്.

അങ്ങിനെ അതിന്റെ പണി കഴിഞ്ഞപ്പോൾ പ്രവാചകൻ തന്നെ നമസ്കാരം നിർവ്വഹിച്ചു കൊണ്ട് അതിന്റെ 'ഉദ്ഘാടനം' നിർവഹിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പ്രവാചകൻ അതിൽ നിന്നും ഒഴിഞ്ഞുമാറുകയും തബൂക്ക് യുദ്ധത്തിനുവേണ്ടി പുറപ്പെടുകയുമാണുണ്ടായത്. റോമക്കാരുടെ മുമ്പിൽ പ്രവാചകനും അനുയായികളും പരാജയപ്പെടുമെന്ന് ഉറച്ചുവിശ്വസിച്ചിരുന്ന അവർ കപടവിശ്വാസികളുടെ നേതാവായ *അബ്ദുല്ലാഹിബ്നു ഉബയ്യി*നെ മദീനയിലെ രാജാവാക്കാനുള്ള ഗൂഢതന്ത്രം മെനയാൻ ആ പള്ളി ഉപയോഗപ്പെടുത്തുകയുണ്ടായി. എന്നാൽ വിശ്വാസികളോട് ഏറ്റുമുട്ടാൻ ധൈര്യപ്പെടാതെ തബൂക്കിൽനിന്നും റോമക്കാർ പിൻവാങ്ങിയതോടെ അവരുടെ എല്ലാ പ്രതീക്ഷകളും തകിടം മറിയുകയാണുണ്ടായത്.

24: 35–37 സൂക്തങ്ങളിൽ, പടുത്തുയർത്തപ്പെടാൻ അല്ലാഹു സമ്മതം കൊടുത്ത, അവന്റെ നാമം സ്മരിക്കപ്പെടുന്ന, പ്രഭാത-പ്രദോഷ ഭേദമന്യേ അവനെ പരിശുദ്ധപ്പെടുത്തുന്ന അവന്റെ വീടുകളിലാണ് ആകാശഭൂമികളുടെ പ്രകാശമായ അല്ലാഹു ഉള്ളത്, അല്ലാഹുവിന്റെ സ്മരണയുണ്ടാക്കുന്ന അദ്ദിക്റിൽ നിന്നും പ്രാർത്ഥന നിലനിർത്തുന്നതിൽ നിന്നും സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ നിന്നും തങ്ങളുടെ കച്ചവടങ്ങളോ ക്രയവിക്രയങ്ങളോ തടയപ്പെടാത്ത ചില ആളുകൾ ആ ഭവനങ്ങളിലുണ്ട്, അവരാകട്ടെ ഹൃദയങ്ങളും കണ്ണുകളും സ്തംഭിച്ചുപോകുന്ന ഒരു ദിവസത്തെ അതിയായി ഭയപ്പെടുന്നവരുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഇത്തരം വിശ്വാസികളെക്കുറിച്ചാണ് ഈ സൂക്തത്തിൽ വിശുദ്ധൻമാരായിട്ടുള്ളവർ എന്ന് പറഞ്ഞിട്ടുള്ളത്. ആദ്യദിനം തൊട്ട് അല്ലാഹുവിനോടുള്ള ഭക്തിയുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട പള്ളിയാണ് നിനക്ക് നിൽക്കാൻ ഏറ്റവും അനുയോജ്യമായിട്ടുള്ളത് എന്ന് പറഞ്ഞത് ഇത്തരം പള്ളിയെക്കുറിച്ചാണ്.

പ്രപഞ്ചനാഥന്റെ പക്കൽ ഭദ്രമായി സൂക്ഷിച്ചുവെച്ചിട്ടുള്ള മാന്യമായ ഒരു വായനയാണ് അദ്ദിക്ർ എന്നും എന്നാൽ വിശുദ്ധന്മാരല്ലാതെ അത് ഉൾക്കൊള്ളുകയില്ല എന്നും 56: 77–80 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 98: 2–3 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം മുമ്പ് അവതരിപ്പിക്കപ്പെട്ടിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളുമടങ്ങിയ, ആത്മാവിനെ ശുദ്ധീകരിക്കാനുള്ള ഗ്രന്ഥമായ അദ്ദിക്ർ ക്രോഡീകരിക്കപ്പെട്ടിരിക്കെ ഇന്ന് അത് ഉപയോഗപ്പെടുത്താതെ ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ഒരാളും വിശുദ്ധനാവുകയില്ല. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിരിക്കുന്നതിനാലാണ് അവരെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടർ എന്ന് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 2: 152; 5: 6; 9: 88 വിശദീകരണം നോക്കുക.

109.അപ്പോൾ അല്ലാഹുവിൽ നിന്നുള്ള ഭക്തിയുടെയും തൃപ്തിയുടെയും മേൽ അതിന്റെ നിർമാണത്തിന് അടിത്തറയിട്ടവനാണോ അതല്ല, അടിമണ്ണിളകി തകർന്നുവീഴാൻ പോകുന്ന മണൽ തിട്ടയുടെ മുകളിൽ നിർമാണം നടത്തുകയും അങ്ങനെ അത് അവനെയും കൊണ്ട് നരകഗർത്തത്തിലെ തീയിൽ വീഴുകും ചെയ്ത ഒരുവനാണോ ഉത്തമൻ? അല്ലാഹുവാകട്ടെ ഇത്തരം അക്രമികളായ ഒരു ജനതയെ സൻമാർഗത്തിലേക്ക് നയിക്കുകയില്ല തന്നെ.

ജീവിതലക്ഷ്യം മനസ്സിലാക്കി ജീവിക്കുന്ന വിശ്വാസികൾ, അല്ലാഹുവിന്റെ തൃപ്തി നേടുന്നതിനുവേണ്ടി ഹൃദയം കൊണ്ട് അവനോട് ചോദിച്ചുകൊണ്ടും തെളിവായ *-ബുർഹാനായ-* അദ്ദിക്റിന്റെ വിധിവിലക്കുകൾ മാനിച്ചുകൊണ്ടുമാണ് ഏതൊരുപ്രവൃത്തിയും ചെ

യ്യുക. ജീവിതലക്ഷ്യം മറന്നവരായതിനാൽ പരലോകത്തിനുമേൽ ഐഹികലോകത്തിന് പ്രാധാന്യം കൊടുക്കുന്ന കപടവിശ്വാസികളുടെ ദുഷ്ടലാക്കോടെയുള്ളതും ജാഡയായിക്കൊണ്ടുള്ളതുമായ എല്ലാപ്രവർത്തനങ്ങളും നിഷ്ഫലമായിപ്പോകുന്നതാണ്. ആത്മാവിനെ തിരിച്ചറിയാതെ ഏത് പ്രവൃത്തി ചെയ്താലും ശരീരം അവനെതിരായി സാക്ഷ്യം വഹിക്കുന്നതാണ്.

9: 28 ൽ വിവരിച്ച പ്രകാരം ഇജാസിൽ മഹ്ദിയുടെ ആഗമനം പ്രഖ്യാപിക്കപ്പെടുന്നതോടുകൂടി ലോകത്തെല്ലായിടത്തുമുള്ള ദൈവസ്മരണയിൽ നിലകൊള്ളുന്ന വിശ്വാസികളെല്ലാം ഇജാസിലേക്ക് വേർതിരിക്കപ്പെടുന്നതും, അവിടെയുള്ള 48: 6; 98: 6 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും അവിടെ നിന്ന് പുറത്താക്കപ്പെടുന്നതുമാണ്. തുടർന്ന് ഈസാ രണ്ടാമത് വരുന്നതും മസീഹുദ്ദജ്ജാൽ വധിക്കപ്പെടുന്നതും പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സിക്കുകാർ തുടങ്ങിയ ഇതരജനവിഭാഗങ്ങൾ ഇസ്ലാം അംഗീകരിക്കുന്നതും അവർ 9: 67-68 സൂക്തങ്ങളിൽ പറഞ്ഞ തെമ്മാടികളായ കപടവിശ്വാസികളെയും കുഫ്ഫാറുകളെയും കല്ലുകളാലും മരങ്ങളാലും വിളിച്ച് പറയപ്പെട്ട് വധിക്കുന്നതുമാണ്. അതോടുകൂടി സന്മാർഗമൊന്നുമില്ലാത്തതും ഉപദ്രവകരമായതുമായ ലോകത്തുള്ള ഫുജ്ജാറുകളുടെ എല്ലാ പള്ളികളും നശിപ്പിക്കപ്പെടുന്നതാണ്. 2: 254; 9: 55; 13: 18 വിശദീകരണം നോക്കുക.

110. അവർ പടുത്തുയർത്തിയ ആ നിർമിതി അവരുടെ ഹൃദയങ്ങളിൽ എന്നും സംശയം ജനിപ്പിച്ചുകൊണ്ടേയിരിക്കുകയും അവരുടെ ഹൃദയങ്ങളെ ശിഥിലമാക്കുകയുമല്ലാതെ മറ്റൊരു ഗുണവും ചെയ്യുകയില്ല, അല്ലാഹുവാകട്ടെ എല്ലാം അറിയുന്ന യുക്തിജ്ഞനാകുന്നു.

കപടവിശ്വാസികൾ അദ്ദിക്ർ വ്യാപിക്കുന്നതിനെതിരെ ഏതൊരു നീക്കം നടത്തിയാലും അത് അവരിൽ മനഃസാക്ഷിക്കുത്ത് ഉണ്ടാക്കുകയും അവരുടെ ആ നിർമ്മിതി മുഖേന ഇഹത്തിൽ തന്നെ അല്ലാഹു അവരെ ശിക്ഷിക്കുകയും ചെയ്യുന്നതാണ്. അവർ എല്ലാ പ്രവൃത്തികളെക്കുറിച്ചും സംശയം വെച്ചുപുലർത്തുന്നവരും എല്ലാ ശബ്ദങ്ങളും തങ്ങൾക്കെതിരാണെന്ന് കരുതി ഭയപ്പെടുന്നവരുമാണ്. മനസ്സറിഞ്ഞ് ദുരുദ്ദേശത്തോടുകൂടി കുറ്റകൃത്യങ്ങൾ ചെയ്യുന്ന അല്ലാഹുവിന്റെ ശത്രുക്കളായ അവർ കാഫിറായിക്കൊണ്ട് മരണമടയുന്നതും 4: 145 പ്രകാരം നരകത്തിന്റെ അടിത്തട്ടിൽ പോകുന്നതുമാണ്. കപടവിശ്വാസികൾ ചെലവഴിക്കുന്നതെല്ലാം തന്നെ നാഥന്റെ സമ്മതപത്രമായ അദ്ദിക്റിന്റെ വിധിവിലക്കുകൾക്ക് വിരുദ്ധവുമായിക്കൊണ്ടും ഐഹികജീവിതം മോടിപിടിപ്പിക്കുന്നതിന് വേണ്ടിയുമായതുകൊണ്ട് അവരുടെ ഹൃദയങ്ങൾക്ക് ശാന്തി ലഭിക്കുകയില്ല. അക്രമികളായ അവരുടെ മരണരംഗം 6: 93-94 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. ആത്മാവിനെ പരിഗണിക്കാതെ ദേഹേച്ഛക്ക് അടിമപ്പെട്ട് ജീവിക്കുന്ന ഫുജ്ജാറുകൾ മരണസമയത്ത് അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണെന്ന് 7: 37 ൽ പറഞ്ഞിട്ടുണ്ട്. 2: 159-160; 4: 63; 6: 25-26 വിശദീകരണം നോക്കുക.

111. നിശ്ചയം അല്ലാഹു, വിശ്വാസികളിൽ നിന്ന് അവരുടെ ആത്മാവിനെയും അവരുടെ ധനത്തെയും സ്വർഗത്തിന് പകരമായി വിലക്കുവാങ്ങിയിരിക്കുന്നു, അവർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുകയും അങ്ങനെ അവർ വധിക്കുക്കുകയും വധിക്കപ്പെടുകയും ചെയ്യുന്നവരാണ്, തൗറാത്തിലും ഇഞ്ചീലിലും

ഖുർആനിലുമുള്ള അവരോടുള്ള ഈ വാഗ്ദാനം സത്യമായി പുലരാനുള്ളതു തന്നെയാണ്, ആരാണ് അല്ലാഹുവിനെക്കാൾ തന്റെ ഉടമ്പടി പൂർത്തിയാക്കുന്നവനായിട്ടുള്ളത്? അപ്പോൾ നിങ്ങൾ അവനുമായി നടത്തിക്കഴിഞ്ഞ കച്ചവടത്തിൽ ആഹ്ലാദിച്ചു കൊള്ളുക! അത് മാത്രമാണ് മഹത്തായ വിജയവും.

5: 48; 36: 69–70 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആവർത്തിച്ച് വായിക്കപ്പെടേണ്ട ഗ്രന്ഥം അറബി ഖുർആനല്ല, മറിച്ച് അദ്ദിക്റാണ്. 313 പ്രവാചകന്മാർക്കും അവതരിപ്പിച്ചിട്ടുള്ള ഗ്രന്ഥം സത്യവും തെളിവുമായ അദ്ദിക്ർ ആണെന്നും അത് അവതരിപ്പിച്ചിട്ടുള്ള പ്രപഞ്ചനാഥനായ അല്ലാഹു മാത്രമാണ് ഏകദൈവമെന്നും അവനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും ഇല്ല എന്നും പഠിപ്പിക്കുന്നതിനാണ് എന്ന് 21: 24–25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. തനിക്ക് ലഭിച്ചിട്ടുള്ള എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തി സ്വർഗം ഇവിടെവെച്ച് സമ്പാദിക്കലാണ് ജീവിതലക്ഷ്യം. വിശ്വാസികളുടെ സംഘമുണ്ടെങ്കിൽ 2: 193; 8: 39–40 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനുവേണ്ടി യുദ്ധം ചെയ്യൽ അനിവാര്യമാണ്. എത്രയെത്ര നബിമാരും അവരോടൊപ്പമുള്ള അധികരിച്ച പ്രമുഖരുമാണ് യുദ്ധം ചെയ്തിട്ടുള്ളത്, അപ്പോൾ അവർ അല്ലാഹുവിന്റെ മാർഗത്തിൽ നേരിടേണ്ടി വന്ന വിപത്തുകളിൽ മനസ്സിടിഞ്ഞവരായിട്ടില്ല, അവർ ദൗർബല്യം കാണിച്ചിട്ടുമില്ല, അസത്യത്തിന്റെ മുമ്പിൽ തലകുനിച്ചിട്ടുമില്ല, അല്ലാഹു ഇത്തരം ക്ഷമാലുക്കളെ ഇഷ്ടപ്പെടുന്നവനാണ് എന്നാണ് 3: 146 ൽ പറഞ്ഞിട്ടുള്ളത്.

എന്നാൽ ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ആയുധം കൊണ്ടുള്ള ജിഹാദ് ഇല്ല. 2: 256 ൽ വിവരിച്ച പ്രകാരം മതത്തിൽ നിർബന്ധമില്ല എന്നിരിക്കെ ഒരാൾക്കും മറ്റൊരാളെ വിശ്വാസിയാക്കാൻ സാധ്യമല്ല. ആണായിരിക്കട്ടെ, പെണ്ണായിരിക്കട്ടെ വിശ്വാസിയാകാനുള്ള 10: 100 ൽ പറഞ്ഞ നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയായാൽ അതിന്റെ ഗുണം അവനുതന്നെ; ആരാണോ അതിനെത്തൊട്ട് അന്ധത കാണിച്ചത്, അതിന്റെ ദോഷവും ആ ആത്മാവിനുതന്നെയാണ്, പ്രവാചകന്മാർ ആരും തന്നെ ആരുടെയും കൈകാര്യകർത്താവോ സൂക്ഷിപ്പുകാരോ അല്ല എന്നാണ് 6: 104; 10: 108 സൂക്തങ്ങളിൽ വിവരിച്ചിട്ടുള്ളത്. 2: 62; 3: 136, 195; 5: 119–120 വിശദീകരണം നോക്കുക.

112. ആവർത്തിച്ചാവർത്തിച്ച് അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നവർ, അവനെമാത്രം സേവിക്കുന്നവർ, അവനെമാത്രം സ്തുതിക്കുന്നവർ, അവനുവേണ്ടി രാജ്യസഞ്ചാരങ്ങളിൽ ഏർപ്പെട്ടവർ, അവന്റെ മുമ്പിൽ കുനിയുന്നവർ, അവന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്നവർ, അറിയപ്പെട്ടതുകൊണ്ട് കൽപിക്കുകയും നിഷിദ്ധങ്ങളെത്തൊട്ട് വിരോധിക്കുകയും ചെയ്യുന്നവർ, അല്ലാഹുവിന്റെ നിയമപരിധികൾ സൂക്ഷിക്കുന്നവരും; ഇത്തരം വിശ്വാസികളെ സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് കപടവിശ്വാസികളെയും അവരുടെ അനുയായികളായ മുശ്രിക്കുകളെയും ശിക്ഷിക്കാൻ വേണ്ടിയും വിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും പശ്ചാത്താപം സ്വീകരിക്കുന്നതിന് വേണ്ടിയുമാണ് എന്ന് 33: 73 ൽ പറഞ്ഞിട്ടുണ്ട്. നാഥനെ പരിചയപ്പെടുത്തുന്നതിന് വേണ്ടി ത്രികാലജ്ഞാനമായ അദ്ദിക്റിനെ ലോകർക്ക് എത്തിച്ചുകൊടുക്കുന്നവരാണ് നാഥനെ സേവിക്കുന്നവരും സഹായിക്കുന്നവരും. അദ്ദിക്ർ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി

7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രഭാതപ്രദോഷങ്ങളിൽ അദ്ദിക്ർ വായിക്കുന്നതും സുദീർഘമായ ഒറ്റ സാഷ്ടാംഗപ്രണാമം –ആത്മാവുകൊണ്ട് നാഥനെ വാഴ്ത്തിക്കൊണ്ടും സ്തുതിച്ചുകൊണ്ടും– നിർവഹിക്കുന്നതുമാണ്. 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും കുഫ്ഫാറുകളായ പുരുഷന്മാരും സ്ത്രീകളും ഒരേ വിഭാഗത്തിൽ പെട്ടവരും തിന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരുമാണെങ്കിൽ, 9: 71–72 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും പരസ്പരം സംരക്ഷകരും നന്മ കൽപിക്കുന്നവരും തിന്മ വിരോധിക്കുന്നവരും നാഥനെ കണ്ടുകൊണ്ട് ചരിക്കുന്നവരുമാണ്. 3: 101; 4: 174–175; 5: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആരാണോ അദ്ദിക്റിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. 'അപ്പോൾ വിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുക' എന്ന് പറഞ്ഞുകൊണ്ടാണ് 61: 13 ഉം അവസാനിക്കുന്നത്. ഫുജ്ജാറുകൾ ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്തവരായതിനാൽ അവരിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവനോട് 'നീ കാഫിറുകളിൽ പെട്ടവനായിരുന്നു' എന്ന് പറയുമെന്ന് 39: 59 ൽ പറഞ്ഞിട്ടുണ്ട്. 2: 186; 4: 17–18; 39: 53–55 സൂക്തങ്ങളിൽ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാനും കർമങ്ങൾ സ്വീകരിക്കപ്പെടാനും പശ്ചാത്താപം സ്വീകരിക്കപ്പെടാനുമുള്ള ഉപാധികൾ പറഞ്ഞിട്ടുണ്ട്.

113. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന മുശ്രിക്കുകൾക്ക് പൊറുക്കലിനെത്തേടുന്നത് നബിക്കോ വിശ്വാസികളായവർക്കോ യോജിച്ചല്ലതന്നെ –അവർ കുടുംബത്തിൽ നിന്ന് എത്ര അടുത്തവരാണെങ്കിലും ശരി, നിശ്ചയം അവർ ജ്വലിക്കുന്ന നരകത്തിന്റെ സഹവാസികളാണെന്ന് അവർക്ക് വെളിപ്പെട്ടതിനുശേഷം.

16: 20–21 സൂക്തങ്ങളിൽ പരാമർശിച്ച വിധത്തിലുള്ള ഖബർ സന്ദർശനം നിലവിലുണ്ടായിരുന്ന ആദ്യകാലത്ത് ഖബർ സന്ദർശനം നിഷിദ്ധമാക്കിയിരുന്നു. തന്റെ ആറാമത്തെ വയസ്സിൽ മരിച്ചുപോയ മാതാവിന്റെ ഖബറിങ്കൽ പോയി പൊറുക്കലിനെത്തേടുന്നതിനു വേണ്ടി പ്രവാചകൻ അല്ലാഹുവിനോട് സമ്മതം ചോദിച്ചപ്പോൾ അത് വിലക്കിക്കൊണ്ട് അവതരിച്ച സൂക്തമാണിത്. *മൂസവീശരീഅത്ത*നുസരിച്ച് ജീവിക്കാൻ കടമപ്പെട്ടവളായിരുന്ന മാതാവ് അപ്രകാരം ജീവിക്കാത്തതിനാൽ അവർക്കുവേണ്ടി പൊറുക്കലിനെത്തേടാൻ പ്രവാചകന് അനുമതി നൽകുകയുണ്ടായില്ല. 'കുടുംബത്തിൽനിന്ന് എത്ര അടുത്തവരാണെങ്കിലും ശരി –അത് മുഹമ്മദ് നബിയുടെ മാതാവാകട്ടെ, ഇബ്റാഹീം നബിയുടെ പിതാവാകട്ടെ, നൂഹ് നബിയുടെ മകനാവട്ടെ, നൂഹ്, ലൂത്ത് നബിമാരുടെ ഭാര്യമാരാവട്ടെ, ആരാണെങ്കിലും– അവർ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർത്തവരും നരകത്തിന്റെ അവകാശികളാണെന്ന് വ്യക്തമായിക്കഴിഞ്ഞവരുമാണെങ്കിൽ പിന്നെ അവർക്കുവേണ്ടി പൊറുക്കലിനെത്തേടൽ നബിമാർക്കോ വിശ്വാസികൾക്കോ യോജിച്ചതല്ലതന്നെ' എന്ന സൂക്തം അവതരിപ്പിക്കുകയും, എന്നാൽ ഖബർ സന്ദർശനം നിനക്ക് മരണഭയം ഉണ്ടാക്കിയേക്കുമെന്നതിനാൽ അതിന് അനുവാദം നൽകുകയും ചെയ്തിരിക്കുന്നു എന്ന് അറിയിക്കുകയും ചെയ്തു. അതോടുകൂടി ആദ്യഘട്ടത്തിൽ വിരോധിക്കപ്പെട്ടിരുന്ന ഖബർ സന്ദർശനം വിശ്വാസികൾക്ക് അനുവദനീയമാക്കുകയുണ്ടായി.

ഇന്ന് അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് 58: 22 ൽ പറഞ്ഞ അല്ലാഹുവിന്റെ ഏകസംഘത്തിൽ പെടാതെ 58: 19 ൽ പറഞ്ഞ കാഫിറായ

പിശാചിന്റെ സംഘമായ വിവിധ സംഘടനകളിൽ പെട്ട് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരായി മാറിയിട്ടുള്ള ഫുജ്ജാറുകൾക്കുവേണ്ടി പൊറുക്കലിനെത്തേടാനോ അവരുടെ ഖബ്റിന്റെ അടുത്ത് നിൽക്കാനോ അദ്ദിക്ർ പിൻപറ്റുന്ന ആയിരത്തിൽ ഒന്നായ വിശ്വാസികൾക്ക് പാടില്ല. ഗ്രന്ഥത്തിന്റെ വെളിച്ചത്തിലല്ലാത്ത ഒരു ബന്ധവും ഇസ്ലാമിൽ അനുവദനീയമല്ല. കാരണം 43: 67 ൽ പരലോകത്ത് അത്തരം ബന്ധങ്ങളെല്ലാം പരസ്പരം ശത്രുതയിലായിരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികൾക്കുവേണ്ടി പൊറുക്കലിനെത്തേടൽ മാത്രമേ വിശ്വാസികൾക്ക് അനുവദനീയമാവുകയുള്ളൂ. 47: 19 ൽ അപ്പോൾ നീ അറിഞ്ഞിരിക്കുക, നിശ്ചയം അല്ലാഹുവല്ലാതെ മറ്റൊരു ഇലാഹുമില്ല തന്നെ, നിന്റെ പാപത്തിനും വിശ്വാസികളായ പുരുഷൻമാരുടെയും സ്ത്രീകളുടെയും പാപത്തിനും നീ പൊറുക്കലിനെത്തേടുക, നിങ്ങളുടെ ഇഹത്തിലുള്ള പാർപ്പിടവും അന്തിമ സങ്കേതവും അറിയുന്നവൻ തന്നെയാണ് അല്ലാഹു എന്നുപറഞ്ഞിട്ടുണ്ട്. 71: 28 ൽ നൂഹ് പ്രാർത്ഥിക്കുന്നത്: എന്റെ നാഥാ, എനിക്കും എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിലുള്ള വിശ്വാസികളിൽ നിന്നുള്ളവർക്കും വിശ്വാസികളായ എല്ലാപുരുഷൻമാർക്കും സ്ത്രീകൾക്കും നീ പൊറുത്തുതരിക, അക്രമികൾക്ക് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയുമരുത് എന്നാണ്. 'വീട്ടിലുള്ള വിശ്വാസികളിൽ നിന്നുള്ളവർക്ക്' എന്ന് പറഞ്ഞതിൽ നിന്നും വിശ്വാസികളല്ലാത്ത ഒരു മകനും ഭാര്യയും ഇതിൽ നിന്ന് ഒഴിവാണ് എന്നർത്ഥം.

3: 7 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകളുടെ പട്ടിക നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിലാണെന്ന് 83: 7 ൽ പറഞ്ഞിട്ടുണ്ട്. 4: 150–151 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ തന്നെയാണ് യഥാർത്ഥ കാഫിറുകളും മുശ്രിക്കുകളും. നിശ്ചയം! ഫുജ്ജാറുകൾ ജ്വലിക്കുന്ന നരകത്തിലാണെന്ന് 82: 14 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകൾ തന്നെയാണ് ജ്വലിക്കുന്ന നരകത്തിലേക്കുള്ളവർ എന്ന് 5: 10, 86 സൂക്തങ്ങളിലും, ഫുജ്ജാറുകളോട്, 'നിങ്ങൾ ഇവിടെ കുറച്ചുകാലം തിന്ന് കുടിച്ച് സുഖിക്കുക; നിശ്ചയം, നിങ്ങൾ ഭ്രാന്തന്മാർ തന്നെയാകുന്നു' എന്ന് പറയാൻ 77: 46 ലും പറഞ്ഞിട്ടുണ്ട്. നാഥന്റെ അനുഗ്രഹമായ അദ്ദിക്റിനെ നിഷേധമായി മാറ്റിമറിച്ച് തങ്ങളുടെ അനുയായികൾക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം അനുവദനീയമാക്കിക്കൊടുത്ത കപടവിശ്വാസികളോട്, 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിച്ചുകൊള്ളുക, അപ്പോൾ നിശ്ചയം നിങ്ങളുടെ മടക്കം നരകക്കുണ്ഠത്തിലേക്കാണ്' എന്ന് പറയാൻ 14: 28–30 സൂക്തങ്ങളിലൂടെ ഒറ്റപ്പെട്ട വിശ്വാസിയോട് കൽപിച്ചിട്ടുണ്ട്. 77-ാം സൂറത്തിൽ 10 പ്രാവശ്യം 'അദ്ദിക്റിനെ തള്ളിപ്പറയുന്നവർക്കാണ് നരകത്തിലെ വൈൽ എന്ന ചെരിവ്' എന്ന് പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും മാലിന്യമാണെന്നും അവർക്ക് ആത്മാവിനെ ശുദ്ധീകരിക്കാനുള്ള അദ്ദിക്ർ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നും 9: 28, 95, 125 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 5: 44, 45, 47 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുകയും വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അതുകൊണ്ട് വിധികൽപിക്കുകയും ചെയ്യുന്ന വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടി മാത്രമേ പൊറുക്കലിനെത്തേടാൻ പാടുള്ളൂ. 2: 39, 159–162; 9: 31, 78 വിശദീകരണം നോക്കുക.

114. ഇബ്റാഹീം തന്റെ പിതാവിനുവേണ്ടി പാപമോചനം തേടിയത് അവൻ അവനോട് ചെയ്ത ഒരു വാഗ്ദാനത്തിന്റെ പേരിലല്ലാതെ ആയിരുന്നില്ല, എന്നാൽ

നിശ്ചയം അവൻ അല്ലാഹുവിന്റെ ശത്രുവാണെന്ന് അവന് വെളിപ്പെട്ടപ്പോൾ അവനിൽ നിന്ന് വിമുക്തനായി, നിശ്ചയം ഇബ്റാഹീം ആവർത്തിച്ചാവർത്തിച്ച് പശ്ചാത്തപിക്കുന്ന സഹനശീലൻ തന്നെയായിരുന്നു.

ഇബ്റാഹീം പിതാവിനെ നിഷ്പക്ഷവാനായ നാഥനിലേക്ക് വിളിച്ചപ്പോൾ പിതാവ് ഇബ്റാഹീമിനോട്: ഓ ഇബ്റാഹീം! നീ എന്റെ ഇലാഹുകളെ വെറുക്കുകയാണോ? നീ അതിൽ നിന്ന് വിരമിച്ചിട്ടില്ലെങ്കിൽ ഞാൻ നിന്നെ കല്ലെറിയുകയും നിന്നെ വെടിയുകയും ചെയ്യുമെന്ന് പറഞ്ഞപ്പോൾ ഇബ്റാഹീം: ഞാൻ എന്റെ നാഥനോട് താങ്കൾക്കുവേണ്ടി പൊറുക്കലിനെത്തേടുകതന്നെ ചെയ്യും, നിശ്ചയം അവൻ എന്നോട് വളരെ കനിവുറ്റവനാണ് എന്ന് പറഞ്ഞതായി 19: 47 ലും; നിശ്ചയം ഞാൻ താങ്കളുടെ പാപമോചനത്തിനുവേണ്ടി പ്രാർത്ഥിക്കുകതന്നെ ചെയ്യും, പക്ഷേ അല്ലാഹുവിൽ നിന്ന് താങ്കൾക്ക് എന്തെങ്കിലും നേടിത്തരിക എന്റെ കഴിവിൽ പെട്ടതല്ല എന്ന് 60: 4 ലും പറഞ്ഞിട്ടുണ്ട്. ഈ വാഗ്ദാനത്തെ ആസ്പദമാക്കി 'എന്റെ പിതാവിന് പൊറുത്തുകൊടുക്കേണമേ, നിശ്ചയം അദ്ദേഹം വഴിപിഴച്ചവരുടെ കൂട്ടത്തിലാകുന്നു, ജനിച്ച അവസ്ഥയിൽ ശുദ്ധഹൃദയനായി വന്നവനല്ലാതെ രക്ഷയില്ലാത്ത, സമ്പത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത പുനരുത്ഥാനനാളിൽ എന്നെ നീ നിന്ദ്യനാക്കരുതേ എന്ന് 26: 86-89 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഇബ്റാഹീം പിതാവിനുവേണ്ടി പ്രാർത്ഥിച്ചതായി പറഞ്ഞിട്ടുണ്ട്. എന്നാൽ 6: 75 ൽ പറഞ്ഞ പ്രകാരം പിന്നീട് ഇബ്റാഹീമിന് ആകാശഭൂമികളുടെ ആധിപത്യവ്യവസ്ഥ കാണിച്ചുകൊടുത്തതിന്റെ ഭാഗമായി പിതാവിനെ പന്നിയുടെ രൂപത്തിൽ നരകത്തിൽ കാണിച്ചുകൊടുക്കുകയുണ്ടായി. അങ്ങനെ പിതാവ് അല്ലാഹുവിന്റെ ശത്രുവാണെന്ന് അറിയുകയും പിതാവിന് വേണ്ടി പൊറുക്കലിനെത്തേടിയത് തെറ്റായിപ്പോയി എന്ന് ബോധ്യം വരികയും ചെയ്തപ്പോൾ ഇബ്റാഹീം അല്ലാഹുവിനോട് ഖേദിച്ച് മടങ്ങുകയാണുണ്ടായത്. 8: 75 ൽ വിവരിച്ച പ്രകാരം പ്രവാചകനോ പ്രവാചകനെ പിൻപറ്റുന്ന വിശ്വാസിക്കോ കപടവിശ്വാസികൾക്കും അവരുടെ അനുയായികളായ മുശ്രിക്കുകൾക്കും -അവർ തങ്ങളുടെ മാതാവോ പിതാവോ മക്കളോ ഭാര്യയോ സഹോദരങ്ങളോ കുടുംബത്തിൽ നിന്ന് ഏറ്റവും അടുത്തവരോ ആണെങ്കിലും ശരി- പൊറുക്കലിനെത്തേടൽ അനുവദനീയമല്ല.

സൂക്തത്തിൽ 'ആവർത്തിച്ചാവർത്തിച്ച് പശ്ചാത്തപിക്കുന്നവൻ' എന്ന് അർത്ഥം വരുന്ന *അവ്വാഹ്* എന്ന പദത്തിന് ദീർഘ നിശ്വാസമിടുന്നവൻ, വിലപിക്കുന്നവൻ, ഭയപ്പെടുന്നവൻ, ദുഃഖിക്കുന്നവൻ, ഖേദിക്കുന്നവൻ എന്നെല്ലാം ആശയമുണ്ട്. 'സഹനശീലൻ' എന്ന് അർത്ഥം വരുന്ന *ഹലീം* എന്ന പദത്തിന് ആത്മനിയന്ത്രണമുള്ളവൻ, മിതത്വം വെടിയാത്തവൻ എന്നെല്ലാം ആശയമുണ്ട്. 6: 88-90; 7: 194-195; 11: 75-76 വിശദീകരണം നോക്കുക.

115. ഒരു ജനതയെ മാർഗ്ഗദർശനം ചെയ്തതിന് ശേഷം അവരെ വഴികേടിലാക്കുക എന്നത് അല്ലാഹുവിന് യോജിച്ചതുമല്ല -അവർ എന്തെല്ലാമാണ് സൂക്ഷിക്കേണ്ടതെന്ന് വ്യക്തമാക്കപ്പെടുന്നതുവരെ, നിശ്ചയം അല്ലാഹു എല്ലാ കാര്യങ്ങളെക്കുറിച്ചും അറിവുള്ളവൻ തന്നെയാകുന്നു.

ആദ്യമനുഷ്യനായ ആദമിനെ സ്വർഗത്തിൽ സൃഷ്ടിച്ചപ്പോൾ തന്നെ ഒറ്റ ആത്മാവിൽ നിന്ന് അന്ത്യനാൾ വരെയുള്ള സർവ്വമനുഷ്യരെയും സൃഷ്ടിക്കുകയുണ്ടായി. 55: 1-4 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം എല്ലാ ഓരോ ആത്മാവിനും സ്വർഗത്തിൽ വെച്ച് അദ്ദിക്ർ പഠിപ്പിച്ചിട്ടുണ്ട്. പിന്നെ മനുഷ്യനെ ഭൂമിയിലേക്ക് നിയോഗിക്കുകയും ഗ്രന്ഥത്തിന്റെ വിശദീകരണം പഠിപ്പിക്കുകയുമുണ്ടായി. മനുഷ്യരെ ഉണർത്തുന്നതിനുവേണ്ടി 313 പ്രവാചക

ന്മാർക്കും സത്യവും തെളിവുമായ അദ്ദിക്ർ തന്നെയാണ് നൽകിയിട്ടുള്ളതെന്ന് 21: 24ലും പറഞ്ഞിട്ടുണ്ട്. 76: 3 പ്രകാരം എല്ലാ മനുഷ്യർക്കും നന്ദി പ്രകടിപ്പിക്കുന്നവനോ നന്ദികെട്ടവനോ ആകാനുള്ള സ്വാതന്ത്യം നൽകിയിട്ടുള്ളതിനാൽ ഒരാൾക്കും മറ്റൊരാളെ സന്മാർഗത്തിലാക്കുന്നതിനോ മറ്റൊരാളെ വഴികേടിലാക്കുന്നതിനോ സാധ്യമല്ല. വിശ്വാസിക്ക് 2: 119; 9: 108 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്ർ കൊണ്ട് മറ്റുള്ളവരെ ഉണർത്തുക എന്ന ബാധ്യത മാത്രമേയുള്ളൂ. 30: 30 ൽ വിവരിച്ച പ്രകാരം എല്ലാ മനുഷ്യരും ശുദ്ധപ്രകൃതിയിൽ ഇസ്ലാമിലാണ് ജനിക്കുന്നത്. എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവരാണ് മുസ്ലിംകൾ എന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ കപടവിശ്വാസികളും അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മുസ്ലിംകളാണെന്ന് വാദിക്കുന്നവരാണെങ്കിലും 6: 26 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയോ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യാതെ സ്വന്തത്തെ നശിപ്പിക്കുന്ന 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 4: 133; 6: 133 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 6: 89–90 സൂക്തങ്ങളെ സത്യപ്പെടുത്തിക്കൊണ്ട് തീവ്രവാദത്തിനെതിരെ ശക്തമായ ആയുധമായി അദ്ദിക്റിനെ ഉപയോഗപ്പെടുത്തുന്നതിനും അതുവഴി മാനുഷികഐക്യം നിലവിൽ വരുന്നതിനും വേണ്ടി അത് ലോകർക്ക് ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ എത്തിച്ചുകൊടുക്കുന്നതാണ്.

തങ്ങളെ ഏൽപ്പിച്ച അല്ലാഹുവിന്റെ സൃഷ്ടികളായ മക്കളെ പതിനഞ്ച് വയസ്സിനുമുമ്പ് അദ്ദിക്ർ പഠിപ്പിക്കൽ മാതാപിതാക്കളുടെ കടമയാണ്. അല്ലാത്തപക്ഷം നരകത്തിൽ വെച്ച് മക്കൾ മാതാപിതാക്കളെ പഴിക്കുന്ന രംഗം 7: 38 ലൂടെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയിൽ നിന്ന് വിശ്വാസികൾക്ക് മാത്രമേ ഭയപ്പെടാനും ദുഃഖിക്കാനും ഇടവരാതെ സ്വർഗത്തിലേക്കുതന്നെ തിരിച്ചു പോകാൻ സാധിക്കുകയുള്ളൂ. 2: 62 ൽ വിവരിച്ച പ്രകാരം ഇന്ന് ഗ്രന്ഥത്തിന്റെ ജീവിതം മനുഷ്യരിൽ സാക്ഷ്യം വഹിച്ച് ജീവിക്കുന്ന വിശ്വാസികളുടെ ഒരു സംഘം ലോകത്തെവിടെയും ഇല്ലാത്തതിനാൽ പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സിക്കുകാർ തുടങ്ങിയവർ പ്രപഞ്ചനാഥനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർമങ്ങൾ അനുഷ്ഠിക്കുകയാണെങ്കിൽ അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. അവർ *'കൗസർ'* തടാകത്തിൽ നിന്ന് കുടിപ്പിക്കപ്പെട്ട ശേഷം സ്വർഗവും നരകവുമല്ലാത്ത ഇതര ലോകങ്ങളിലേക്കാണ് അയക്കപ്പെടുക. 2: 213; 3: 19; 10: 99–100 വിശദീകരണം നോക്കുക.

116. നിശ്ചയം അല്ലാഹു, അവനുള്ളതാണ് ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം, അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു, അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്ക് സംരക്ഷകരിൽ നിന്നോ സഹായികളിൽ നിന്നോ ആരുമില്ല തന്നെ.

ആകാശഭൂമികളെയും അവക്കിടയിലുള്ള മനുഷ്യരടക്കമുള്ള സർവ്വവസ്തുക്കളെയും ആറ് നാളുകളിലായി സൃഷ്ടിച്ചവനാണ് അല്ലാഹു, പിന്നെ അവൻ ആധിപത്യം ഏറ്റെടുത്ത് സ്വയം സിംഹാസനത്തിൽ ഉപവിഷ്ടനായി, നിങ്ങൾക്ക് അവനെക്കൂടാതെ സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും ഇല്ലതന്നെ, അപ്പോൾ നിങ്ങൾ ഈ അ

ല്ലാഹുവിനെക്കുറിച്ച് ഹൃദയത്തിന്റെ ഭാഷയിൽ മറ്റുള്ളവരെ ഉണർത്തുന്നില്ലെയോ എന്ന് 32: 4 ൽ ചോദിച്ചിട്ടുണ്ട്. ഈ സൂക്തം വായിക്കുന്നവരിൽ അദ്ദിക്റിന്റെ 40 പേരുകളും സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികൾ മാത്രമേ ഇത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നാഥന്റെ കൽപന അനുസരിക്കുകയുള്ളൂ. അവർ മാത്രമാണ് 16: 89 ൽ പറഞ്ഞ മുസ്ലിംകൾ. കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 9: 67-68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാ തിന്മകളുടെയും ആപത്തുവിപത്തുകളുടെയും പാപഭാരം വഹിച്ചുകൊണ്ട് നരകക്കുണ്ഠത്തിൽ പ്രവേശിപ്പിക്കപ്പെടാനുള്ളവരാണ്. ആരാണോ 2: 256 ൽ പറഞ്ഞ സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് നീട്ടിയിട്ടിട്ടുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101; 4: 174-175; 5: 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

വിശ്വാസികളെ വിളിച്ച്, നിങ്ങൾ അല്ലാഹുവിന്റെ സഹായികളായിത്തീരുവീൻ എന്ന് 61: 14 ൽ പറഞ്ഞിട്ടുണ്ട്. മാർഗദർശനത്തിന്റെ കാര്യത്തിൽ അല്ലാഹുവിനെ അദ്ദിക്റ് സമർപ്പിക്കുന്നവിധം നിഷ്പക്ഷവാനായി ലോകർക്ക് പരിചയപ്പെടുത്തുന്നതിന് വേണ്ടി മൊത്തം മനുഷ്യർക്കുള്ള നാഥന്റെ സന്ദേശവും 41: 41-42 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥവുമായ അദ്ദിക്റ് ലോകർക്ക് എത്തിച്ചു കൊടുത്തുകൊണ്ട് അല്ലാഹുവിനെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാകാനും അവനെമാത്രം സേവിക്കുന്നവരാകാനും മനുഷ്യരെ പ്രാപ്തരാക്കലാണ് ഇന്ന് അല്ലാഹുവിനെ സഹായിക്കൽ. 4: 1 ൽ വിവരിച്ച പ്രകാരം ഗ്രന്ഥത്തിൽ നിന്ന് അല്ലാഹുവിനെ കണ്ടെത്തലും നാലാം ഘട്ടമായ ഇവിടെ വെച്ച് സ്വർഗം പണിത് ഏഴാം ഘട്ടത്തിൽ അത് അനന്തരമെടുക്കലുമാണ് ജീവിതലക്ഷ്യം. 1: 4; 2: 255; 3: 52 വിശദീകരണം നോക്കുക.

117. നിശ്ചയം നബിയുടെമേലും പ്രയാസത്തിന്റെ സമയങ്ങളിൽ അവനെ പിൻപറ്റിയവരായ മുഹാജിറുകളുടെയും അൻസാറുകളുടെയും മേലും അല്ലാഹു മടങ്ങിയിരിക്കുന്നു, അവരിൽ നിന്നുള്ള ഒരു വിഭാഗത്തിന്റെ ഹൃദയങ്ങൾ തെറ്റിപ്പോകുമാറായിരുന്നുവെങ്കിലും പിന്നെ അല്ലാഹു അവരുടെമേൽ മടങ്ങി, നിശ്ചയം അവൻ അവരോട് കൃപാലുവായ കാരുണ്യവാനാകുന്നു.

തബൂക്ക് യുദ്ധവേളയിൽ പ്രവാചകനിൽ നിന്നും അനുയായികളിൽ നിന്നും വന്നുപോയ വീഴ്ചകളെല്ലാം അല്ലാഹു മാപ്പ് ചെയ്തുകൊടുത്തിരിക്കുന്നു എന്നർത്ഥം. പ്രവാചകനിൽ നിന്നുണ്ടായ വീഴ്ചയെപ്പറ്റി 9: 43 ൽ പരാമർശിച്ചിട്ടുണ്ട്. കഴിവുണ്ടായിട്ടും യുദ്ധത്തിൽ നിന്ന് മാറിനിൽക്കാൻ അനുവാദം ചോദിച്ചവർക്ക് അനുവാദം നൽകിയതായിരുന്നു അത്. അല്ലാഹുവിന്റെ മാർഗത്തിൽ സ്വമേധയാ ത്യാഗപരിശ്രമങ്ങൾ അർപ്പിച്ചിരുന്ന വിശ്വാസികളായ അനുയായികളിൽ ചിലർ പോലും യുദ്ധത്തിന് പോകാതിരിക്കാൻ എന്തെങ്കിലും ഒഴികഴിവ് കണ്ടെത്താൻ ചിന്തിച്ചുപോയതായി 9: 38-40 സൂക്തങ്ങളുടെ അഭിസംബോധനത്തിൽ നിന്ന് മനസ്സിലാക്കാം. അവരുടെ ഹൃദയങ്ങൾക്കുള്ളിലുള്ള കാര്യങ്ങൾ വെളിവാക്കിക്കൊണ്ട് സൂക്തം അവതരിക്കപ്പെട്ടപ്പോൾ ഹൃദയങ്ങളുടെ അവസ്ഥയറിയുന്ന അല്ലാഹുവിൽ നിന്ന് ഒന്നും മറച്ചുവെക്കാൻ സാധിക്കുകയില്ലെന്ന് മനസ്സിലാക്കിയ അവർ പശ്ചാത്തപിച്ച് മടങ്ങി സ്വയം ശുദ്ധീകരിച്ചപ്പോൾ അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചു. സ്വർഗം അല്ലെങ്കിൽ നരകം ഓരോരുത്തരും ഇവിടെ സ്വയം പണിയേണ്ടതാണെന്ന് അവർക്ക് ബോധ്യമാവുകയും അവർ സ്വർഗം പണിയാൻ സന്നദ്ധരാവുകയും ചെയ്തു. അവർ

ക്ക് വക്രതയിലേക്കൊരു ചായ്വുണ്ടായി എന്നതിന്റെ പേരിൽ ഇനി അല്ലാഹു അവരെ പിടികൂടുകയില്ല എന്ന് സാരം. നിഷ്പക്ഷവാനായ അല്ലാഹു മനുഷ്യൻ സ്വയം പരിഹരിച്ച വീഴ്ചയുടെ പേരിൽ അവരെ പിടികൂടുന്നവനല്ല തന്നെ.

മിഥ്യയൊന്നും കടന്നുകൂടാത്ത, ത്രികാലജ്ഞാനിയിൽ നിന്നുള്ള അജയ്യഗ്രന്ഥമായ അദ്ദിക്ർ ഇന്ന് രൂപപ്പെട്ടിരിക്കെ അത് ആദ്യാവസാനം വായിച്ച് കഴിഞ്ഞുപോയ തെറ്റുകുറ്റങ്ങളെല്ലാം തിരിച്ചറിഞ്ഞ് നാഥനോട് ഖേദിച്ചുമടങ്ങുകയും മനുഷ്യരെ തെറ്റുകുറ്റങ്ങളിൽ നിന്ന് അകന്ന് ജീവിക്കാൻ പ്രാപ്തരാക്കുന്ന ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നാഥനെ സഹായിക്കുകയുമാണെങ്കിൽ നാഥൻ തിരിച്ചും സഹായിക്കുമെന്ന് 7: 205–206; 9: 71–72; 22 40; 47: 7 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 218; 4: 95–96; 9: 25–27 വിശദീകരണം നോക്കുക.

118. തീരുമാനം നിർത്തിവെക്കപ്പെട്ടിരുന്നവരായിരുന്ന മൂന്നുപേരുടെ മേലിലും, ഭൂമി അതിന്റെ എല്ലാ വിശാലതയോടും കൂടിത്തന്നെ അവരുടെമേൽ കുടുസ്സായി അനുഭവപ്പെട്ടു, അവരുടെമേൽ അവരുടെ ആത്മാവുകൾ പോലും ഇടുങ്ങിയതായി അനുഭവപ്പെട്ടു, അല്ലാഹുവിൽ നിന്ന് അവനിലേക്കുതന്നെ തിരിയുകയല്ലാതെ മറ്റൊരു അഭയസ്ഥാനവുമില്ലെന്ന് അവർക്ക് ബോധ്യമാവുകയും ചെയ്തു, പിന്നെ അവൻ അവരുടെമേൽ മടങ്ങി, അവർ പശ്ചാത്തപിച്ചു മടങ്ങുന്നതിനുവേണ്ടി; നിശ്ചയം അല്ലാഹു, അവൻ ഏറെ പശ്ചാത്താപം സ്വീകരിക്കുന്ന കാരുണ്യവാനാകുന്നു.

പ്രവാചകൻ തബൂക്കിൽ നിന്നും മദീനയിൽ തിരിച്ചെത്തിയപ്പോൾ തബൂക്കിലേക്ക് പുറപ്പെടാതിരുന്നവർ ഓരോതരം ഒഴികഴിവുകൾ പറഞ്ഞ് പ്രവാചകനെ സമീപിച്ചു. കപട വിശ്വാസികളായ അവരുടെ ഒഴികഴിവുകളെല്ലാം പ്രവാചകൻ കേട്ടിരുന്നു. അവർക്കെതിരെ യാതൊരുവിധ നടപടിയും സ്വീകരിക്കുകയുണ്ടായില്ല. എന്നാൽ അവർക്കിടയിൽ പെട്ടുപോയിരുന്ന വിശ്വാസികളായ മൂന്നുപേർ തങ്ങളുടെ അവസരം വന്നപ്പോൾ അവർക്ക് വ്യക്തമായ ഒരു കാരണവും ബോധിപ്പിക്കാനില്ലെന്ന് ഏറ്റുപറയുകയാണുണ്ടായത്. പ്രവാചകൻ അവരെക്കുറിച്ചുള്ള തീരുമാനം മാറ്റിവെക്കുകയും അല്ലാഹുവിന്റെ വിധിവരുന്നതുവരെ വിശ്വാസികൾ അവരുമായി ഒരുതരത്തിലുള്ള ബന്ധവും പുലർത്തരുതെന്ന് നിർദേശിക്കുകയും ചെയ്തു. പ്രസ്തുത പ്രശ്നത്തിന് തീരുമാനം നൽകിക്കൊണ്ടാണ് ഈ സൂക്തം അവതരിപ്പിക്കപ്പെട്ടത്.

കഅ്ബുബ്നു മാലിക്, ഹിലാലുബ്നു ഉമയ്യത്ത്, മുറാറത്തുബ്നു റുബയ്യ് എന്നിവരായിരുന്നു ആ മൂന്നുപേർ. കഅ്ബുബ്നു മാലിക് ബദ്ർ യുദ്ധമൊഴിച്ച് മറ്റെല്ലാ യുദ്ധങ്ങളിലും പ്രവാചകനോടൊപ്പം പങ്കെടുത്തിട്ടുണ്ട്. മറ്റ് രണ്ടുപേരാകട്ടെ, ബദ്ർ യുദ്ധത്തിൽ തന്നെയും പങ്കെടുത്തവരാണ്. കഴിവുള്ള എല്ലാ വിശ്വാസികളോടും തബൂക്കിലേക്ക് പുറപ്പെടാൻ കൽപിച്ചപ്പോൾ അലസതയും അലംഭാവവും കാരണം അവർ പുറപ്പെടാൻ വൈകിക്കുകയാണുണ്ടായത്. പിന്നെ പിശാച് അവരെ പുറപ്പെടുന്നതിൽ നിന്ന് തടഞ്ഞു. പ്രവാചകൻ തബൂക്കിൽ നിന്ന് തിരിച്ചുവന്നപ്പോൾ വിശ്വാസികൾ ആ മൂന്നുപേരുമായി സലാം പറയുകയോ സംസാരിക്കുകയോ ചെയ്യരുതെന്ന് വിളംബരം ചെയ്തു. നാൽപത് ദിവസത്തിനുശേഷം അവരുടെ പത്നിമാർ അവരിൽ നിന്ന് വേറിട്ടുനിൽക്കണമെന്നും നിർദ്ദേശിച്ചു. ചുരുക്കത്തിൽ മദീനയിൽ അവർ അനുഭവിച്ച ഈ സ്ഥിതിവിശേഷമാണ്, 'ഭൂമി അതിന്റെ എല്ലാ വിശാലതയോടും കൂടിത്തന്നെ അവരുടെമേൽ കുടുസ്സായി അനുഭ

വപ്പെട്ടു, അവരുടെമേൽ അവരുടെ ആത്മാവുകൾ പോലും ഇടുങ്ങിയതായി അനുഭവപ്പെട്ടു' എന്ന് സൂക്തത്തിൽ വരച്ചു കാണിച്ചിട്ടുള്ളത്. ഒടുവിൽ അമ്പതുദിവസത്തെ നിസ്സഹകരണത്തിനുശേഷം അവർക്ക് മാപ്പ് പ്രഖ്യാപിച്ചുകൊണ്ടുള്ള ഈ സൂക്തം അവതരിപ്പിക്കപ്പെട്ടു.

അല്ലാഹുവിൽ നിന്ന് അവനിലേക്കുതന്നെ തിരിയുകയല്ലാതെ മറ്റൊരു അഭയസ്ഥാനവുമില്ലെന്ന് ബോധ്യമായതിനെത്തുടർന്ന് ഏതൊരു സമ്പത്താണോ അവരെ തബൂക്കിലേക്ക് പോകുന്നതിൽ നിന്ന് തടഞ്ഞത്, ആ സമ്പത്ത് അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വിട്ട് കൊടുക്കുകയുണ്ടായി. അതിനെക്കുറിച്ചാണ് സൂക്തത്തിൽ 'പിന്നെ അവൻ അവരുടെമേൽ മടങ്ങി, അവർ പശ്ചാത്തപിച്ച് മടങ്ങുന്നതിനുവേണ്ടി' എന്നുപറഞ്ഞത്. വിശ്വാസികളിൽ നിന്ന് തെറ്റ് സംഭവിച്ചപ്പോഴാണ് അവരോടു കർശനമായി പെരുമാറിയത്. വിവരമുണ്ടായിട്ട് തെറ്റുചെയ്യുന്നവരോട് തന്നെയാണ് അല്ലാഹു കർക്കശമായി പെരുമാറുക. 17: 74-75 സൂക്തങ്ങളിൽ, നിന്നെ നാം യഥാർത്ഥ മാർഗത്തിൽ ഉറപ്പിച്ച് നിർത്തിയിട്ടുണ്ടായിരുന്നില്ലെങ്കിൽ അൽപസ്വൽപമൊക്കെ നിന്നെ വ്യതിചലിപ്പിക്കാൻ കിണഞ്ഞ് ശ്രമിക്കുന്നവരിലേക്ക് നീ ചായുമായിരുന്നു, അങ്ങനെ ചെയ്താൽ ഇഹത്തിൽ ഇരട്ടി ശിക്ഷയും മരണശേഷം ഇരട്ടി ശിക്ഷയും നിന്നെ നാം രുചിപ്പിക്കുന്നതാണ്, പിന്നെ നമുക്കെതിരായിട്ട് നിന്നെ സഹായിക്കാൻ ഒരു സഹായിയെയും നീ കണ്ടെത്തുകയുമില്ല എന്ന് പ്രവാചകനെക്കുറിച്ചുതന്നെ പറഞ്ഞിട്ടുണ്ട്. അറിഞ്ഞിട്ട് കുറ്റം ചെയ്യുന്നവരോട് കർക്കശമായി പെരുമാറലും അറിവില്ലായ്മകൊണ്ട് കുറ്റം ചെയ്യുന്നവരോട് വിട്ടുവീഴ്ചയോടെ വർത്തിക്കലുമാണ് അല്ലാഹുവിന്റെയും എല്ലാപ്രവാചകന്മാരുടെയും നബിമാരുടെയും വിശ്വാസികളുടെയും സ്വഭാവം. ഫിർഔൻ ഞാൻ *റബ്ബാ*ണെന്ന് പറഞ്ഞപ്പോൾ മൂസാനബി അവനോട് സൗമ്യമായിട്ടാണ് പെരുമാറിയത്. എന്നാൽ സത്യമെല്ലാം എത്തിച്ചുകൊടുത്തു കഴിഞ്ഞശേഷം അവൻ അറിഞ്ഞിട്ട് ധിക്കരിച്ചപ്പോൾ 10: 88 ൽ പറഞ്ഞ പ്രകാരം അല്ലാഹു മൂസായെക്കൊണ്ട് പ്രാർത്ഥിപ്പിക്കുകയും 10: 90-92 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവനെ കടലിൽ മുക്കിക്കൊല്ലുകയും ചെയ്തു. പ്രവാചകൻ തന്നെ ആദ്യഘട്ടത്തിൽ 3: 159 ൽ വിവരിച്ച പ്രകാരം ഉഹ്ദ് യുദ്ധത്തിനുശേഷം കപടവിശ്വാസികളോടുപോലും സൗമ്യതയിലാണ് പെരുമാറിയത്. എന്നാൽ തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാത്ത വിശ്വാസികളോട് കർക്കശമായി പെരുമാറാനാണ് അല്ലാഹു കൽപിച്ചത്. പിന്നീട് 9: 73, 80, 84 തുടങ്ങിയ സൂക്തങ്ങളിലൂടെ കപടവിശ്വാസികളോടും കുഫ്ഫാറുകളോടും *ജിഹാദ്* ചെയ്യണമെന്നും അവർ മരിച്ചാൽ അവർക്ക് *മയ്യിത്ത്* നമസ്കരിക്കരുതെന്നും അവരുടെ ഖബറിന്റെ അടുത്ത് നിൽക്കരുതെന്നും കൽപിച്ചു. 33: 30 ൽ, പ്രവാചകന്റെ പത്നിമാരെ വിളിച്ചുകൊണ്ട്: നിങ്ങളിൽ നിന്ന് ഒരാൾ വ്യക്തമായ മ്ലേച്ഛവൃത്തിയിൽ ഏർപെട്ടാൽ ഇരട്ടി ശിക്ഷ നൽകുമെന്നും അതിന് അല്ലാഹുവിന് വളരെ എളുപ്പമാണെന്നും പറഞ്ഞിട്ടുണ്ട്.

കപടവിശ്വാസികളെയും അവരുടെ അനുയായികളായ മുശ്രിക്കുകളെയും വധിച്ചുകളയണമെന്ന 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന, വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ ഇന്നേവരെ നടപ്പിലായിട്ടില്ല. ഈസാ രണ്ടാമതുവന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന, പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാലാണ് പ്രസ്തുത കൽപന നടപ്പിൽ വരിക. അങ്ങനെ അവർ വധിക്കപ്പെടുമ്പോൾ മാത്രമാണ്, 8: 22 ൽ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ദുഷ്ടജീവികൾ എന്ന് വിശേഷിപ്പിക്കപ്പെട്ട ഫുജ്ജാറുകൾക്ക് എല്ലാവി

ധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിൻ* 5: 48 ൽ പറഞ്ഞ അദ്ദിക്റായിരുന്നു എന്ന് ബോധ്യം വരിക. 3: 128–129; 7: 150; 9: 28 വിശദീകരണം നോക്കുക.

119. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ, നിങ്ങൾ സത്യസന്ധൻമാരോടൊപ്പം നിലകൊള്ളുകയും ചെയ്യുവീൻ.

തീരുമാനം നിർത്തിവെക്കപ്പെട്ട ആ മൂന്ന് വിശ്വാസികൾക്കും പശ്ചാത്താപം ലഭിച്ചത് അവർ സത്യം പറഞ്ഞതുകൊണ്ടാണ്. കഅ്ബുബ്നു മാലിക് തന്റെ മകൻ അബ്ദുല്ലയോട് ഈ സംഭവം വിവരിച്ച ശേഷം ഞാൻ ജീവിതത്തിൽ സത്യം മാത്രം പറഞ്ഞതാണ് എന്റെ വിജയത്തിന് കാരണമെന്ന് ബോധിപ്പിക്കുകയുണ്ടായി. നിശ്ചയം അല്ലാഹുവിന് സർവ്വസ്വം സമർപ്പിച്ച പുരുഷൻമാരും സ്ത്രീകളും വിശ്വാസികളായ പുരുഷൻമാരും സ്ത്രീകളും അല്ലാഹുവിനെ വണങ്ങുന്ന പുരുഷൻമാരും സ്ത്രീകളും സത്യസന്ധൻമാരായ പുരുഷൻമാരും സ്ത്രീകളും ക്ഷമാലുക്കളായ പുരുഷൻമാരും സ്ത്രീകളും ഭയഭക്തൻമാരായ പുരുഷൻമാരും സ്ത്രീകളും ദാനധർമ്മങ്ങൾ ചെയ്യുന്ന പുരുഷൻമാരും സ്ത്രീകളും വ്രതമനുഷ്ഠിക്കുന്ന പുരുഷൻമാരും സ്ത്രീകളും തങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുന്ന പുരുഷൻമാരും സ്ത്രീകളും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്ന പുരുഷൻമാരും സ്ത്രീകളുമായവർക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിട്ടുണ്ടെന്ന് 33: 35 ൽ പറഞ്ഞിട്ടുണ്ട്. 75: 26–30 സൂക്തങ്ങളിൽ മ്ലേച്ഛആത്മാവിന്റെ മരണഗോഷ്ഠികൾ വിവരിച്ച ശേഷം 75: 31–32 ൽ, അപ്പോൾ അവൻ അദ്ദിക്റിനെ സത്യപ്പെടുത്തിയില്ല, അതുകൊണ്ടു തന്നെ അവൻ നമസ്കരിച്ചതുമില്ല, മറിച്ച് അവൻ അതിനെ കളവാക്കുന്നവനും അതിൽ നിന്ന് പിന്തിരിഞ്ഞുപോകുന്നവനുമായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 78: 21–23 സൂക്തങ്ങളിൽ, നിശ്ചയം ദുഷ്ടശക്തികൾക്ക് അടിമപ്പെട്ട് ജീവിച്ചവർക്ക് നരകക്കുണ്ഠം ഒരു പതിസ്ഥലമായിരിക്കുന്നു എന്നും; 78: 27–28 സൂക്തങ്ങളിൽ, നിശ്ചയം അവർ വിചാരണ പ്രതീക്ഷിക്കാത്തവരും നമ്മുടെ സൂക്തങ്ങളെ അടിക്കടി തള്ളിപ്പറയുന്നവരുമായിരുന്നു എന്നും പറഞ്ഞിട്ടുണ്ട്. 2: 38; 4: 69–70; 9: 112 വിശദീകരണം നോക്കുക.

120. മദീനാനിവാസികൾക്കും അവരുടെ ചുറ്റുമുള്ള ഗ്രാമീണ അറബികളിൽ നിന്നുള്ളവർക്കും അല്ലാഹുവിന്റെ പ്രവാചകനെത്തൊട്ട് പിന്തിരിഞ്ഞ് നിന്നതും അവന്റെ ആത്മാവിനെക്കാൾ അവരുടെ ആത്മാവിന് പ്രാധാന്യം കൊടുത്തതും യോജിച്ചതായിരുന്നില്ല, അത് നിശ്ചയം അവർ അല്ലാഹുവിന്റെ മാർഗത്തിൽ സഹിക്കുന്ന വിശപ്പും ദാഹവും ക്ഷീണവും വിഷമങ്ങളും കുടുസ്സുകളും കാഫിറുകളെ രോഷാകുലരാക്കും വിധം അവർ വെക്കുന്ന ഓരോ കാലടിയും ശത്രുവിനോട് അവരുടെ വിരോധത്തിന്റെ പേരിൽ കാണിക്കുന്ന പ്രതികാരവും വിദ്വേഷവുമെല്ലാം അവർക്ക് ഒരു സൽകർമ്മമായി രേഖപ്പെടുത്താതിരിക്കുന്നില്ല എന്നതുകൊണ്ടാണ്, നിശ്ചയം അല്ലാഹു അവനെ കണ്ടുകൊണ്ട് ചരിക്കുന്ന സുകൃതവാൻമാരുടെ പ്രതിഫലം പാഴാക്കിക്കളയുകയില്ലതന്നെ.

121. അവർ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നത് കുറച്ചാവട്ടെ അധികമാകട്ടെ, അവർ താഴ്വരകൾ മുറിച്ചുകടക്കുന്നതാകട്ടെ, എല്ലാം അവർക്കുവേണ്ടി രേഖപ്പെടുത്താതിരിക്കുന്നില്ല, അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏറ്റവും നല്ല പ്രവൃത്തി നോക്കി അല്ലാഹു അവർക്ക് പ്രതിഫലം നൽകുന്നതിന് വേണ്ടിയാണിത്.

അല്ലാഹുവിന്റെ മാർഗത്തിൽ സഹിക്കുന്ന വിശപ്പും ദാഹവും ക്ഷീണവും കൂടുതൽ ആളുകൾ കൂടുമ്പോഴുള്ള പ്രയാസങ്ങളും വിമ്മിഷ്ടങ്ങളും വിയർപ്പൊഴുക്കലും വേദന സഹിക്കലും മുള്ള് തറക്കലും ശത്രുക്കളെ ദേഷ്യം പിടിപ്പിക്കുന്ന വിധത്തിലുള്ള സന്നാഹങ്ങൾ നടത്തലും അവരുടെ മനസ്സിൽ തറക്കുന്ന വാക്കുകൾ പറയലും അവരെ തുരത്തുന്നതിനുവേണ്ടി താഴ്വരകൾ മുറിച്ചു കടക്കുന്ന കാൽവെപ്പുകളുമെല്ലാം വിശ്വാസികൾക്ക് സൽകർമ്മമായി രേഖപ്പെടുത്തുമെന്നാണ് അല്ലാഹു പറയുന്നത്.

കളവ് മാത്രം പറയുന്ന കപടവിശ്വാസികൾ നാഥന്റെ സൂക്തങ്ങൾ വളച്ചൊടിക്കുകയും ആശയം മാറ്റിമറിച്ച് അവതരിപ്പിക്കുകയും ചെയ്യുന്നതിനാൽ 4: 140 ൽ വിവരിച്ച പ്രകാരം വിശ്വാസിക്ക് അവരുടെ സംസാരം കേട്ടിരിക്കൽ അനുവദനീയമല്ല. 17: 36; 41: 19–24 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അല്ലാഹുവിന്റെ സൂക്തങ്ങൾ വളച്ചൊടിക്കുന്നത് കേട്ടിരിക്കുന്നവർക്കെതിരെ അവരുടെ തൊലികളും നാവും കണ്ണും ചെവിയുമെല്ലാം സാക്ഷി നിൽക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുമെന്ന ബോധത്തോടെ വിശ്വാസി എല്ലായിടത്തും എപ്പോഴും നിലകൊള്ളുന്നതാണ്.

പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമുണ്ടായിട്ടില്ല. അതിനാൽ ഇന്ന് യുദ്ധമോ വധമോ ഇല്ല, മറിച്ച് അദ്ദിക്ർ കൊണ്ട് അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളോടും തള്ളിപ്പറയുന്ന കുഫ്ഫാറുകളോടും അധികരിച്ച *ജിഹാദ്* മാത്രമാണുള്ളത്. 3: 119; 4: 63 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസി കപടവിശ്വാസികളോടും കുഫ്ഫാറുകളോടും കർക്കശമായി പെരുമാറേണ്ടതും ഹൃദയത്തിൽ തറക്കുന്ന വാക്കുകൾ പറയേണ്ടതുമാണ്. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തുകയും പിൻപറ്റുകയും ചെയ്ത് നാഥനെ കണ്ടുകൊണ്ട് ചരിക്കുന്നവരാണ് *മുഹ്സിനീങ്ങൾ*. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ആരാണോ സൽക്കർമങ്ങൾ ചെയ്യുന്നത്, അവൻ വിശ്വാസിയുമാണെങ്കിൽ അവന് ഇവിടെ നാഥൻ പരിശുദ്ധമായ ഒരു ജീവിതം നൽകുന്നതാണ്, പരലോകത്ത് അവർ ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏറ്റവും നല്ല പ്രവൃത്തിനോക്കി പ്രതിഫലം നൽകുന്നതുമാണ് എന്ന് 16: 97 ൽ പറഞ്ഞിട്ടുണ്ട്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ പട്ടിക സിജ്ജീനിലാണെന്ന് 83: 7 ലും; അവരിൽ പെട്ട ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവനോട്: നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, നീ അവയെ തള്ളിപ്പറഞ്ഞു, നീ എല്ലാം തികഞ്ഞവനാണെന്ന് അഹങ്കരിച്ചു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് പറയുന്നതാണ് എന്ന് 39: 59 ലും പറഞ്ഞിട്ടുണ്ട്. 2: 62; 7: 175–176 വിശദീകരണം നോക്കുക.

122. വിശ്വാസികൾ ഒന്നടങ്കം ഇറങ്ങിത്തിരിച്ചത് യോജിച്ചതായില്ല, അവരിൽ ഓരോ വിഭാഗത്തിൽ നിന്നും ഒരു സംഘം ദീൻ ഗ്രഹിക്കുന്നതിന് വേണ്ടി ഇറങ്ങിത്തിരിക്കാത്തത് എന്തുകൊണ്ട്? സ്വന്തം ജനതയിലേക്ക് തിരിച്ചുവന്ന് അവർക്ക് താക്കീത് നൽകുവാനും അതുവഴി ആ ജനത നിഷിദ്ധത്തെക്കുറിച്ച് ജാഗ്രതയുള്ളവരാകുന്നതിനും വേണ്ടി.

ഗ്രാമീണ അറബികൾ നിഷേധത്തിലും കാപട്യത്തിലും കൂടുതൽ കടുത്തവരാണ്, അവരെ സംബന്ധിച്ചിടത്തോളം അല്ലാഹു അവന്റെ പ്രവാചകന് അവതരിപ്പിച്ചിട്ടുള്ള വിധിവിലക്കുകളെക്കുറിച്ച് അറിവില്ലാത്തവരായിരിക്കാൻ ഏറെ സാധ്യതയുണ്ട് എന്ന് 9: 97 ൽ പറഞ്ഞിട്ടുണ്ട്. ജനങ്ങളിൽ നല്ലൊരുവിഭാഗം അറിവില്ലാത്തവരായതിനാൽ അവർക്ക് *ദീൻ*

പഠിപ്പിച്ചുകൊടുക്കാൻ വേണ്ടി ഒരുസംഘം യുദ്ധത്തിൽ പങ്കെടുക്കാതെ മാറി നിൽക്കേണ്ട തായിരുന്നു, ഓരോ ഗ്രാമത്തിൽ നിന്നും എല്ലാവരും ഒറ്റക്കെട്ടായി *ദീൻ* ഗ്രഹിക്കാൻ ഇറ ങ്ങിത്തിരിക്കണമെന്നല്ല, മറിച്ച് ഏതാനും പേർ മദീനയിൽ വന്ന് *ദീനിൽ* അറിവ് നേടുക യും അവരുടെ പ്രദേശത്ത് മടങ്ങിച്ചെന്ന് സാധാരണ ജനങ്ങൾക്ക് അത് പഠിപ്പിച്ചുകൊടു ക്കുകയുമാണ് വേണ്ടത്. അറബി ഖുർആൻ വ്യക്തവും സ്പഷ്ടവുമായ വായനയല്ല, എന്നാ ൽ വ്യക്തവും സ്പഷ്ടവുമായ വായന അദ്ദിക്റാണ്. അത് ഹൃദയം കൊണ്ട് മനസ്സിലാ ക്കാൻ വളരെ എളുപ്പമാക്കിയിരിക്കുന്നു എന്നും അപ്പോൾ ആരുണ്ട് അതിന് തയ്യാറുള്ള വർ എന്നും 54: 17 ൽ നാഥൻ ചോദിച്ചിട്ടുണ്ട്. 7: 146–147, 179; 9: 5–6, 111 വിശദീകരണം നോക്കുക.

123. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങളുടെ ഇടയിൽ നിന്ന് കുഫ്ഫാറുകളായി ത്തീർന്നിട്ടുള്ളവരെ നിങ്ങൾ വധിക്കുക, അവർ നിങ്ങളിൽ കാർക്കശ്യം കണ്ടെ ത്തുകയും ചെയ്യട്ടെ! നിശ്ചയം അല്ലാഹു സൂക്ഷ്മാലുക്കളുടെ കൂടെയാണ് എന്ന് നിങ്ങൾ അറിഞ്ഞിരിക്കുകയും ചെയ്യുക.

ഈ സൂക്തത്തിൽ പറഞ്ഞ കുഫ്ഫാറുകളിൽ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവി ക്കാത്ത, എഴുത്തും വായനയും അറിയുന്ന എല്ലാ ഫുജ്ജാറുകളും ഉൾപ്പെടുന്നതാണ്. 9: 67–68 ൽ വിവരിച്ച പ്രകാരം അദ്ദിക്റിന്റെ 40 പേരുകളും മൂടിവെക്കുകയും തള്ളിപ്പറയുക യും ചെയ്യുന്നവരും നാഥനെ വിസ്മരിച്ചതിനാൽ നാഥനാൽ വിസ്മരിക്കപ്പെട്ടവരും നാഥ ന്റെ കോപത്തിനും ശാപത്തിനും വിധേയരായവരും നന്മ വിരോധിക്കുന്നവരും തിന്മകൽ പിക്കുന്നവരും നരകക്കുണ്ഠം വാഗ്ദത്തം ചെയ്യപ്പെട്ടവരുമാണ് അവർ. ലക്ഷ്യബോധമി ല്ലാത്ത പ്രജ്ഞയറ്റ ഇക്കൂട്ടർ ആത്മാവിനും പരലോകത്തിനും പ്രാധാന്യം കൊടുക്കാത്ത വരും ദേഹേച്ഛക്കും ഐഹിക ജീവിതത്തിനും പ്രാധാന്യം കൊടുക്കുന്നവരുമാണ്. ഈ സൂക്തത്തിന്റെ കൽപന നടപ്പിൽ വരുത്തുക വിശ്വാസികളുടെ ഒരു സംഘമുള്ളപ്പോൾ മാ ത്രമാണ്. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ഒറ്റ പ്പെട്ട വിശ്വാസി 6: 89–90 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളിലേക്ക് അദ്ദിക്ർ എത്തിച്ചുകൊടുക്കുന്നതിന് സർവ്വപ്രധാനം നൽകുന്നതാണ്. 'മുഹമ്മദ് നാഥന്റെ പ്രവാചകനാകുന്നു, അവനോടൊപ്പമുള്ളവർ കുഫ് ഫാറുകളോട് കാർക്കശ്യത്തിലും അവർ പരസ്പരം കാരുണ്യത്തിലും വർത്തിക്കുന്നവരാ ണ്' എന്ന് 48: 29 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ജൈന–ബുദ്ധ–ഹൈന്ദവ–ജൂത–ക്രൈസ്തവ ജനതയിൽ പെട്ടവരാണ് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കുഫ്ഫാറുക ളെക്കാൾ നാഥനോടും പ്രവാചകനോടും അടുപ്പമുള്ളവർ. അതുകൊണ്ടാണ് അവർ ഈ ഫുജ്ജാറുകളോട് കാർക്കശ്യത്തിൽ പെരുമാറുന്നത്. ഈ സൂക്തത്തിന്റെയും 4: 91; 5: 33; 9: 5; 33: 60–61 സൂക്തങ്ങളുടെയും കൽപന പ്രകാരം വധിക്കപ്പെടാനുള്ളവരും ഇവർ തന്നെയാണ്. എന്നാൽ അത് നടപ്പിലാവുക ഈസാ രണ്ടാമത് വന്നതിന് ശേഷം മാത്രമാ ണ്. 1: 7; 2: 254; 4: 140 വിശദീകരണം നോക്കുക.

124. ഒരു സൂറത്ത് അവതരിപ്പിക്കപ്പെട്ടാൽ അപ്പോൾ അവരിൽ നിന്നുള്ളവർ പരിഹാ സമായി ചോദിക്കുന്നതാണ്: നിങ്ങളിൽ ആർക്കാണ് ഇതുകൊണ്ട് വിശ്വാസം വർദ്ധിക്കുന്നത്? അപ്പോൾ വിശ്വാസികളായവർക്ക് അത് അവരുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതും അവർ അതിൽ സന്തുഷ്ടരാകുന്നതുമാണ്.

125. അപ്പോൾ തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുള്ളവരാകട്ടെ, അപ്പോൾ അവർക്ക്

അത് മാലിന്യത്തിനുമേൽ മാലിന്യമാണ് വർദ്ധിപ്പിക്കുക, അവർ കാഫിറുകളായിക്കൊണ്ടുതന്നെ മരണപ്പെടുകയും ചെയ്തിരിക്കുന്നു.

എല്ലാഓരോ കാര്യവും വിശദീകരിക്കുന്ന അദ്ദിക്ർ സന്മാർഗവും കാരുണ്യവും ശുഭ വാർത്തയുമാകുന്നത് സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിംകൾക്കാണെന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്. 3: 101–102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സത്യമായ അദ്ദിക്ർ കൊണ്ട് ആരാണോ തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കിമാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിച്ചത്, അവർ മാത്രമാണ് മുസ്ലിമായി മരണപ്പെടുക.

ഇവിടെപ്പറഞ്ഞ ഹൃദയത്തിൽ രോഗമുള്ളവരിൽ അല്ലാഹു കൊന്നുകളഞ്ഞ കപടവിശ്വാസികളും അദ്ദിക്ർ എന്ന ഗ്രന്ഥത്തെക്കുറിച്ച് സംശയം വെച്ചുപുലർത്തുന്ന അവരുടെ അനുയായികളായ മുശ്രിക്കുകളും ഉൾപ്പെടുന്നതാണ്. അവർ മാലിന്യമാണെന്നാണ് 9: 28 ലും 9: 95 ലും പറഞ്ഞിട്ടുള്ളതെങ്കിൽ ഇത്തരം ആത്മാവില്ലാത്ത കെട്ടജനതക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമാണ് വർധിപ്പിക്കുക എന്നും അവർ കാഫിറായി ജീവൻ വെടിഞ്ഞിരിക്കുന്നു എന്നുമാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. അദ്ദിക്റിനെ സത്യപ്പെടുത്തുന്ന സൂക്ഷ്മാലുക്കൾക്ക് അദ്ദിക്ർ ടിക്കറ്റാണെന്നാണ് 69: 48 ൽ പറഞ്ഞിട്ടുള്ളതെങ്കിൽ, അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറുകൾക്ക് അത് ഒരു ദുഃഖഹേതു ആണെന്നാണ് 69: 50 ൽ പറഞ്ഞിട്ടുള്ളത്. ലക്ഷ്യബോധമില്ലാത്ത പ്രജ്ഞയറ്റവരായ ഇക്കൂട്ടർക്ക് 48: 6 ൽ പറഞ്ഞ പ്രകാരം നാഥനെക്കുറിച്ച് ദുഷിച്ച ധാരണയാണ് ഉള്ളത്. അവർ അല്ലാഹുവിനെ അജയ്യഗ്രന്ഥമായ അദ്ദിക്ർ സമർപ്പിക്കുന്നവിധം പ്രപഞ്ചനാഥനായി അംഗീകരിക്കാത്തവരാണ്. 6: 36 ൽ വിവരിച്ച പ്രകാരം പ്രവാചകനോ വിശ്വാസിക്കോ ആത്മാവില്ലാത്ത കപടവിശ്വാസികളെയും ബധിരരായ അവരുടെ അനുയായികളെയും അദ്ദിക്ർ കേൾപ്പിക്കാൻ സാധ്യമല്ല. കപടവിശ്വാസികളും കുഫ്ഫാറുകളുമായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 7: 37 ൽ വിവരിച്ച പ്രകാരം മരണസമയത്ത് ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. വിശ്വാസികൾക്ക് അദ്ദിക്ർ രോഗശമനമാണെങ്കിൽ 2: 6–7; 6: 105 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളായ കാഫിറുകൾക്ക് അദ്ദിക്ർ കേൾക്കുന്നതിനെത്തൊട്ട് കേൾവിക്ക് ഒരു മൂടിയുണ്ട്. സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ച മനുഷ്യൻ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ൽ പറഞ്ഞിട്ടുണ്ട്.

വിശ്വാസികൾക്ക് അദ്ദിക്ർ സൻമാർഗവും രോഗശമനവുമാണ്, ഫുജ്ജാറുകൾക്ക് അതിനെത്തൊട്ട് അവരുടെ ചെവികളിൽ ഒരുമൂടിയുണ്ട്, അവർ അതിനെത്തൊട്ട് കുരുടൻമാരുമാണ്, അവർ വിദൂരതയിൽ നിന്ന് വിളിക്കപ്പെടുന്നവരെപ്പോലെയല്ലാതെ അത് കേൾക്കുന്നില്ല എന്ന് 41: 44 ലും; അദ്ദിക്ർ വിശ്വാസികൾക്ക് രോഗശമനവും കാരുണ്യവുമാണ്, എന്നാൽ അക്രമികളായ ധിക്കാരികൾക്ക് അത് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 17: 82 ലും പറഞ്ഞിട്ടുണ്ട്. 25: 73 ൽ, നിഷ്പക്ഷവാന്റെ ഇഷ്ടദാസൻമാർ തങ്ങളുടെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടാൽ അതിനെത്തൊട്ട് ബധിരരും അന്ധന്മാരുമായി വർത്തിക്കുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 57: 16 ൽ, വിശ്വാസികൾക്ക് തങ്ങളുടെ ഹൃദയങ്ങൾ 'അല്ലാഹ്' എന്ന സ്മരണയിലേക്കും നാം ഇറക്കിയ സത്യമായ ഗ്രന്ഥത്തിലേക്കും ആകർഷിച്ച് വിറകൊള്ളാൻ സമയമായില്ലേ എന്ന് ചോദിക്കുകയും, നിങ്ങൾ ഇതിനുമുമ്പ് ഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ ആകരുതെന്ന് പറയുകയും ചെയ്തശേഷം, കാലം കഴിഞ്ഞുപോകും തോറും അവർക്ക് ഗ്രന്ഥത്തോടുള്ള അകൽച്ച

വർദ്ധിക്കുകയും അങ്ങനെ അവരുടെ ഹൃദയം കല്ലിച്ച് കഠിനമാവുകയും ചെയ്തു, അവരിൽ അധികപേരും തെമ്മാടികൾ തന്നെയായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളും അവരുടെ അനുയായികളും ബധിരരും ഊമരും അന്ധരുമായി തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ളവരാണെന്ന് 2: 18; 17: 96–97; 25: 34, 65–66 തുടങ്ങിയ സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 99; 8: 2–4; 9: 82–85 വിശദീകരണം നോക്കുക.

126. നിശ്ചയം എല്ലാഓരോ വർഷവും അവർ ഒന്നോ അല്ലെങ്കിൽ രണ്ടോ തവണ പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് അവർ കാണുന്നില്ലേ? എന്നിട്ടും അവർ ഖേദിച്ചുമടങ്ങുന്നവരോ അവർ ഹൃദയം കൊണ്ട് ഓർമിക്കുന്നവരോ ആകുന്നില്ല.

എല്ലാഓരോവർഷവും ഒന്നുരണ്ട് തവണയെങ്കിലും വിശ്വാസം പരീക്ഷണത്തിന് വിധേയമാക്കപ്പെടുകയും അതിന്റെ ഉള്ളുകളളി പുറത്തുകൊണ്ടുവരികയും ചെയ്യുന്ന സംഭവങ്ങൾ ഉണ്ടാവാതെ മദീനയിൽ കടന്നുപോയിരുന്നില്ല. ചിലപ്പോൾ യുദ്ധത്തിനുള്ള കൽപന കൊണ്ടോ ധനം ചെലവഴിക്കുന്നതിനുള്ള കൽപനകൊണ്ടോ അവരുടെ ദേഹേച്ഛക്കും സമുദായതാൽപര്യങ്ങൾക്കും വിരുദ്ധമായ നിയമങ്ങൾ ഉൾക്കൊള്ളുന്ന സൂക്തങ്ങളുടെ അവതരണം കൊണ്ടോ പരീക്ഷിക്കപ്പെടുന്ന സന്ദർഭങ്ങളിലെല്ലാം കപടവിശ്വാസികളുടെ കാപട്യം പുറത്ത് വന്നിരുന്നു. ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള ബോധം നഷ്ടപ്പെട്ടവരായതിനാൽ അവർക്ക് ഇതിൽനിന്ന് ഒരുപാഠവും ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല, മറിച്ച് ഓരോ സംഭവവികാസങ്ങളും –7: 176 ൽ പറഞ്ഞ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയെപ്പോലെ– അവരുടെ തൊലിക്കട്ടി വർദ്ധിപ്പിക്കാനേ ഉപകരിച്ചിരുന്നുള്ളു. മനുഷ്യരുടെ ഐക്യത്തിനുവേണ്ടി വാദിക്കുന്നതിനുപകരം ജൂതൻമാരെപ്പോലെ സാമുദായിക ഐക്യത്തിനുവേണ്ടി വാദിക്കുന്നവരാണ് കപടവിശ്വാസികൾ. സൂക്തം 9: 6 അവഗണിച്ചുകൊണ്ട് നിരപരാധികളായ അല്ലാഹുവിന്റെ സൃഷ്ടികളെ സ്വയംബോംബായും മറ്റും കൊല്ലുന്നതിന് പ്രേരിപ്പിക്കുന്ന അല്ലെങ്കിൽ അത്തരം പ്രവൃത്തികൾ ചെയ്യുന്നവരെ മനസ്സുകൊണ്ടെങ്കിലും വെറുക്കാത്ത ഇത്തരം കപടൻമാർ തന്നെയാണ് അതിന്റെയെല്ലാം പാപഭാരം വഹിക്കേണ്ടിവരികയെന്ന് അവർക്ക് ബോധ്യമില്ല. *ഒരു തിന്മ കണ്ടാൽ അത് കൈകൊണ്ട് തടയുക, അല്ലെങ്കിൽ വായകൊണ്ട് തടയുക,* അതിനും സാധ്യമല്ലെങ്കിൽ *ആ തിന്മയെ മനസ്സുകൊണ്ട് വെറുക്കുകയെങ്കിലും ചെയ്യുക* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

അദ്ദിക്ർ മുറുകെപ്പിടിച്ചുകൊണ്ട് 3: 79 ൽ പറഞ്ഞ പ്രകാരം ഭൂമിയിലെവിടെയും തലയുയർത്തിക്കൊണ്ട് നടക്കാൻ കൽപിക്കപ്പെട്ട, 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനത ഇന്ന് ലോകത്തെവിടെയും ഇതരജനവിഭാഗങ്ങളാൽ കാർക്കിച്ചുതുപ്പപ്പെടുന്നവരും അടിച്ചമർത്തപ്പെടുന്നവരും വധിക്കപ്പെടുന്നവരുമായിട്ടുണ്ടെങ്കിൽ അത് ഗ്രന്ഥം മുന്നറിയിപ്പ് നൽകിയിട്ടുള്ളതും ഇത്തരം കപടൻമാരുടെ പ്രവൃത്തിദോഷങ്ങളാൽ സംഭവിക്കുന്നതുമാണ്. അദ്ദിക്ർ മൂടിവെക്കുന്ന ജനത്തിന് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് 2: 85 ൽ വാഗ്ദത്തം ചെയ്തിട്ടുള്ളത്.

5: 48; 6: 165 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സ്വർഗത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് അവരവർക്ക് നൽകപ്പെട്ടതിൽ ഓരോരുത്തരെയും പരീക്ഷിക്കുന്നതിന് വേണ്ടിയാണെന്ന ബോധമുള്ളവരാണ് വിശ്വാസികൾ. ഇന്ന് കപടവിശ്വാസികൾക്ക് അവരുടെത്തന്നെ പ്രവർത്തനത്തിന്റെ ഫലമായി എന്തെങ്കിലും വിപത്തു

കൾ സംഭവിക്കുകയാണെങ്കിൽ 3: 154 ൽ പറഞ്ഞ പ്രകാരം പ്രവാചകന്റെ കാലത്തുള്ള കപടവിശ്വാസികൾ അവർക്ക് ഉഹ്ദ് യുദ്ധത്തിൽ സംഭവിച്ച വിപത്തുകൾക്ക് പ്രവാചകനെ കുറ്റപ്പെടുത്തിയിരുന്നതുപോലെ മറ്റുള്ളവരെ പഴിചാരുന്നതാണ്. അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന ഈ കെട്ടജനതക്ക് 4: 78 ൽ വിവരിച്ച പ്രകാരം നാഥന്റെ സംസാരമായ അദ്ദിക്ർ മനസിലാവുകയില്ല. മിഥ്യാധാരണകൾ വെച്ചുപുലർത്തുന്ന ഈ ജനത നാഥനെ നിഷ്പക്ഷവാനായി പരിഗണിക്കാത്തവരായതിനാൽ 4: 79 ൽ വിവരിച്ച പ്രകാരം തിന്മ ബാധിക്കുന്നത് പിശാചിൽ നിന്നാണെന്ന് തിരിച്ചറിയാത്തവരാണ്. അഥവാ തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തതിനാലാണ് എന്ന് തിരിച്ചറിയാത്തവരാണ്. 3: 26-27 സൂക്തങ്ങളിൽ വിവരിച്ചതുപോലെ പ്രവാചകനും വിശ്വാസികളും പ്രപഞ്ചത്തിലെ എല്ലാ ജീവികൾക്കും ഗുണം ലഭിക്കത്തക്കവണ്ണം ഭരണം നടത്തുന്നവർ തെരഞ്ഞെടുക്കപ്പെടാനാണ് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക എങ്കിൽ കപടവിശ്വാസികളും അവരുടെ അനുയായികളുമായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ മതത്തിൽ പെട്ടവർക്ക് ഗുണം ലഭിക്കുന്നവരെ അധികാരത്തിൽ കൊണ്ടുവരാൻ വേണ്ടി ആഗ്രഹിക്കുന്നവരും പ്രവർത്തിക്കുന്നവരുമാണ്. ഇത്തരം മനുഷ്യപ്പിശാചുക്കളാണ് 'വധത്തിന് പ്രതിക്രിയയായിക്കൊണ്ടോ ഭൂമിയിൽ നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന്റെ പേരിലോ അല്ലാതെ ആരെങ്കിലും ഒരാളെ വധിക്കുകയാണെങ്കിൽ അവൻ മനുഷ്യസമുദായത്തെ മുഴുവൻ വധിച്ചതിനുള്ള പാപഭാരം വഹിക്കേണ്ടിവരുമെന്നും, എന്നാൽ ആരെങ്കിലും ഒരാൾക്ക് ജീവൻ നൽകുകയാണെങ്കിൽ അവന് മൊത്തം മനുഷ്യരെ ജീവിപ്പിച്ചതിനുള്ള പുണ്യം ലഭിക്കുമെന്നും, നിശ്ചയം നമ്മുടെ പ്രവാചകന്മാർ അവരിലേക്ക് വെളിപാടും കൊണ്ട് വന്നിട്ടുണ്ട്, എന്നാൽ അവരിൽ അധികപേരും അതിനുശേഷവും അതിരുകവിയുന്നവരാണ്' എന്നും 5: 32 ൽ വായിക്കുന്നത്. എന്നാൽ അവരിൽ ഒരു വിഭാഗം പിശാചിന്റെ മാർഗത്തിലുള്ള ജിഹാദിൽ പെട്ട തീവ്രവാദപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരാണെങ്കിൽ അവരിലെ മറ്റു വിഭാഗങ്ങൾ ഇത്തരം തീവ്രവാദ പ്രവർത്തനങ്ങളെ വെറുക്കുകയോ തിരുത്തുകയോ ചെയ്യാത്തവരാണ്. അതുകൊണ്ട് ലോകത്ത് ഏതൊരു ജീവിയും സഹിക്കുന്ന പ്രയാസങ്ങളുടെ പാപഭാരം വഹിക്കേണ്ടിവരിക 9: 28 ൽ പറഞ്ഞ ഇത്തരം മാലിന്യമായ കപടവിശ്വാസികളും അവരുടെ മുശ്രിക്കുകളായ അനുയായികളുമാണെന്ന് 6: 26; 9: 91; 20: 99-101 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 3: 166-167; 6: 26-28; 9: 5, 123 വിശദീകരണം നോക്കുക.

127. ഓരോ സൂറത്ത് അവതരിപ്പിക്കപ്പെടുമ്പോഴും അവർ പരസ്പരം നോക്കുകയും നിങ്ങളിൽ ആരെങ്കിലും അവരെ നോക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുകയും പിന്നെ തഞ്ചത്തിൽ പിന്തിരിഞ്ഞുപോവുകയും ചെയ്യുന്നു, അല്ലാഹു അവരുടെ ഹൃദയങ്ങളെ പിന്തിരിപ്പിച്ചുകളഞ്ഞിരിക്കുകയാണ്, എന്തുകൊണ്ടെന്നാൽ നിശ്ചയം അവർ കാര്യം ഗ്രഹിക്കാത്ത -ലക്ഷ്യബോധം നഷ്ടപ്പെട്ട ഒരു ജനതയാകുന്നു.

മദീനയിലുള്ള കപടവിശ്വാസികളുടെ സ്വഭാവമാണ് സൂക്തത്തിൽ വരച്ചുകാണിക്കുന്നതെങ്കിൽ ഇന്ന് നാഥന്റെ സൂക്തങ്ങൾ മൂടിവെക്കുകയും വളച്ചൊടിക്കുകയും അസ്ഥാനത്ത് ഉദ്ധരിക്കുകയും ചെയ്യുന്ന കപടവിശ്വാസികളുടെ സ്വഭാവം കൂടുതൽ പിഴച്ചതും ദുഷിച്ചതുമാണ്. സത്യമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഈ മിഥ്യാവാദികളായ, കളവ് മാത്രം പറയുന്ന കപടവിശ്വാസികൾ -അവർ സത്യത്തിലാണെന്നും സ്വർഗത്തിലേക്കുള്ളവരാണെന്നും അഹങ്കാരപൂർവം വാദിക്കുന്നവരും പ്രവാച

കന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനതവിഭാഗങ്ങളാണ് കാഫിറുകളും നരകത്തിന്റെ സഹവാസികളുമെന്നും മിഥ്യയായി വാദിക്കുന്നവരാണ്. 7: 40 ൽ പറഞ്ഞ ഭ്രാന്തന്മാരായ അവർ തങ്ങളുടെ ജിന്നു കൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റാത്തതിനാൽ അവരുടെ പ്രവൃത്തികൾ 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ *ഇല്ലിയ്യീൻ* പട്ടികയിൽ രേഖപ്പെടുത്തുന്നതിന് വേണ്ടി അവർക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്നു കൊടുക്കുകയില്ല. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഈ കെട്ടജനത ദേഹേച്ഛക്കും ഐഹികജീവിതത്തിനും പ്രാധാന്യം കൊടുക്കുന്നവരാണ്. നിഷ്പക്ഷവാനായ നാഥൻ അവരെ മനുഷ്യഗണത്തിൽ പെടുത്തിയിട്ടില്ലെന്ന് മാത്രമല്ല, അവരെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും തിൻമയേറിയവരായിട്ടാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 2: 6–7; 5: 49; 25: 33–34 വിശദീകരണം നോക്കുക.

128.നിശ്ചയം നിങ്ങളിൽ നിന്ന് തന്നെയുള്ള ഒരു പ്രവാചകൻ നിങ്ങൾക്കിതാ വന്നിരിക്കുന്നു, നിങ്ങൾ വിഷമിക്കുന്നത് അവന്റെ മേൽ സഹിക്കാൻ കഴിയാത്ത കാര്യമാണ്, നിങ്ങളുടെ മേൽ അവൻ അതീവ തൽപരനും വിശ്വാസികളോട് കൃപയും കാരുണ്യവുമുള്ളവനുമാണ്.

മൊത്തം ലോകർക്ക് കാരുണ്യമായിട്ടല്ലാതെ പ്രവാചകനെ നാം അയച്ചിട്ടില്ല എന്ന് 21: 107 ലും; നിന്നെ (പ്രവാചകനെ) പിൻപറ്റുന്ന വിശ്വാസികളിൽ നിന്നുള്ളവർക്ക് നിന്റെ ചിറകുകൾ താഴ്ത്തിക്കൊടുക്കുക എന്ന് 26: 215 ലും പറഞ്ഞിട്ടുണ്ട്. കാരുണ്യമായ അദ്ദിക്ർ പ്രവാചകന്റെമേൽ അവതരിപ്പിച്ചതുകൊണ്ടാണ് പ്രവാചകൻ സർവലോകർക്കും കാരുണ്യവാനായത്. എന്നാൽ ഇന്ന് 9: 65 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് അല്ലാഹുവിനെയും പ്രവാചകനെയും പരിഹസിക്കുന്നവരാണ് ഫുജ്ജാറുകൾ. 3: 21–22 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നബിമാരുടെയും പ്രവാചകന്മാരുടെയും പേരുവെച്ച് ഏറ്റവും ദുഷിച്ച ജീവിതമാർഗം പിൻപറ്റുന്ന കുഫ്ഫാറുകൾ യഥാർത്ഥത്തിൽ നാഥന്റെ ഗ്രന്ഥത്തെയും പ്രവാചകന്മാരെയുമാണ് കളവാക്കുന്നത്. 4: 158–159 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഈസാ രണ്ടാമത് വന്നാൽ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ അദ്ദിക്റും പ്രവാചകനും ലോകത്തിന് മൊത്തം കാരുണ്യമാണെന്ന് തിരിച്ചറിയുന്നതാണ്. 7: 157–158; 8: 64; 9: 61 വിശദീകരണം നോക്കുക.

129.ഇനിയും അവർ പിന്തിരിയുകയാണെങ്കിൽ അപ്പോൾ നീ പറയുക: എനിക്ക് അല്ലാഹു മതി, അവനല്ലാതെ ഒരു ഇലാഹുമില്ല, ഞാൻ അവനിൽ മാത്രം ഭരമേൽപിച്ചിരിക്കുന്നു, അവൻ മഹത്തായ സിംഹാസനത്തിന്റെ ഉടമയുമാണ്.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരുസംഘമില്ലെങ്കിലും എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുന്ന വിശ്വാസി, ഒറ്റക്കാണെങ്കിലും 1: 4 ൽ 'ഞങ്ങൾ നിന്നെ മാത്രം സേവിക്കുന്നു, ഞങ്ങൾ അതിന് നിന്നോടു മാത്രം സഹായം തേടുകയും ചെയ്യുന്നു' എന്ന് ബഹുവചനത്തിൽ പറയുന്നതുപോലെ, *'ഞങ്ങൾക്ക് അല്ലാഹു മതി, നിന്നെക്കൂടാതെ മറ്റൊരു ഇലാഹില്ല, ഞങ്ങൾ നിന്നിലാണ് ഭരമേൽപിച്ചിട്ടുള്ളത്, നീ എല്ലാം അടക്കിഭരിക്കുന്ന (എല്ലാ ജീവജാലങ്ങളുടെയും കടിഞ്ഞാൺ നിയന്ത്രിക്കുന്ന) മഹത്തായ സിംഹാസനത്തിന്റെ ഉടമയാണ്* എന്ന് പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും ഏഴുപ്രാവശ്യം ബഹുവചനത്തിൽ പ്രാർത്ഥിക്കുന്നതാണ്. അതു

വഴി അവർ അല്ലാഹുവിന്റെ സംരക്ഷണത്തിലാണെന്നും ഒരു ആപത്തും അവർക്ക് സംഭവിക്കുകയില്ലെന്നും നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. വിശ്വാസിയായ നാഥന്റെ പ്രതിനിധിയായി ജീവിക്കുന്ന അവർ തന്റെ കുടുംബാംഗങ്ങളെയും വിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും തന്റെ പ്രാർത്ഥനയിൽ ഉൾപ്പെടുത്തുന്നതാണ്. 3: 79–80; 7: 205–206; 9: 71–72; 27: 26 വിശദീകരണം നോക്കുക.

10. യൂനുസ്

യൂനുസ് നബിയുടെ ജനതയെക്കുറിച്ച് പരാമർശിക്കുന്ന 98-ാം സൂക്തത്തിൽ നിന്നാണ് സൂറത്തിന് യൂനുസ് എന്ന പേര് വന്നിട്ടുള്ളത്. അല്ലാതെ യൂനുസിന്റെ ചരിത്രം സൂറത്തിന്റെ പ്രതിപാദ്യവിഷയമല്ല. ഉള്ളടക്കത്തിൽ നിന്നും പ്രവാചകന്റെ മക്കാജീവിതത്തിന്റെ അന്തിമഘട്ടത്തിലാണ് ഇത് അവതരിച്ചതെന്ന് മനസ്സിലാക്കാം. മക്കയിൽ പ്രവാചകനോടും അനുയായികളോടുമുള്ള കാഫിറുകളുടെ ശത്രുത സഹിക്കാൻ കഴിയാതായ അവസരത്തിൽ യൂനുസ് നബിയുടെയും ജനതയുടെയും ചരിത്രം ചൂണ്ടിക്കാണിച്ചു കൊണ്ട് പ്രവാചകനെയും അനുയായികളെയും സമാധാനിപ്പിക്കുകയും അവിവേകികളായ കാഫിറുകളെ താക്കീത് ചെയ്യുകയുമാണ്.

ആകാശഭൂമികളെയും അവക്കിടയിലുള്ള സർവ്വവസ്തുക്കളെയും സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവനും അവയെ നശിപ്പിക്കാൻ അധികാരമുള്ളവനുമായ അല്ലാഹുതന്നെയാണ് നിങ്ങളുടെയും ഉടമ. സൂര്യനെയും ചന്ദ്രനെയും കണക്കനുസരിച്ച് വിധേയമാക്കുകയും രാവിനെയും പകലിനെയും മാറിമാറി വരുത്തുകയും ചെയ്യുന്നത് സൂക്ഷ്മാലുക്കൾക്ക് പാഠമുൾക്കൊള്ളാൻ വേണ്ടിയാണ്. പരലോകത്തേക്ക് വേണ്ടി സ്വർഗം സമ്പാദിക്കാനാണ് അല്ലാഹു മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത്. ആ ബോധത്തിൽ ജീവിക്കുന്നവരുടെ എപ്പോഴുമുള്ള പ്രാർത്ഥന: 'നിശ്ചയം സർവ്വസ്തുതിയും സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിനാകുന്നു' എന്നായിരിക്കും. ചിന്തയില്ലാത്ത, ഭ്രാന്തൻമാരായ ജനങ്ങളെ അല്ലാഹു നശിപ്പിച്ചിട്ടുണ്ട്, അവർക്കുശേഷം നിങ്ങളെ ഭൂമിയിലെ പ്രതിനിധികളാക്കിയത് നിങ്ങൾ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് നോക്കിക്കാണാനാണ്. അദ്ദിക്ർ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുമ്പോൾ നാഥനുമായി കണ്ടുമുട്ടി ഐഹിക ജീവിതത്തെക്കുറിച്ച് ഉത്തരം പറയണമെന്ന് ബോധമില്ലാത്ത കാഫിറുകൾ: 'ഇതല്ലാത്ത ഒരു വായന കൊണ്ടുവരിക, അല്ലെങ്കിൽ ഇതിൽ മാറ്റം വരുത്തുക!' എന്ന് പറയുമെന്നും, അതിന് മറുപടിയായി 'മാറ്റിമറിക്കാൻ ഇത് എന്നിൽ നിന്നുള്ളതല്ല, ഉടമ എന്നിലൂടെ സംസാരിക്കുകയാണ്, നിങ്ങൾ ചിന്തിക്കുന്നില്ലേ!' എന്ന് പറയാനാണ് പ്രവാചകനോടും വിശ്വാസികളോടും കൽപിക്കുന്നത്.

ആദ്യത്തിൽ ഒറ്റ സമുദായമായിരുന്ന മനുഷ്യർ ക്രമേണ ഭിന്നിക്കുകയും വിവിധ സമുദായങ്ങളായിത്തീരുകയുമാണ് ഉണ്ടായത്. അപ്പോൾ അവരെ ഒറ്റ സമുദായമായി വീണ്ടും ഒന്നിപ്പിക്കാനും സമാധാനഗേഹത്തിൽ പ്രവേശിപ്പിക്കത്തക്കവിധം ഇവിടെ ജീവിതം നയിപ്പിക്കാനുമാണ് അന്ത്യപ്രവാചകനായ മുഹമ്മദിനെ ഗ്രന്ഥവും കൊണ്ട് നിയോഗിച്ചത്. ഗ്രന്ഥത്തിന്റെ വെളിച്ചത്തിലല്ലാത്ത ബന്ധങ്ങളെല്ലാം പരലോകത്ത് പരസ്പരം ശത്രുതയിലായിരിക്കുമെന്നും ഓരോ ആത്മാവും സമ്പാദിച്ചത് അവർക്ക് വെളിവാക്കിക്കൊടുക്കുമെന്നും മുന്നറിയിപ്പ് നൽകുന്നുണ്ട്. സത്യം അറിഞ്ഞിട്ട് മൂടിവെക്കുന്ന കപടവിശ്വാസികൾ ഇനിയൊരിക്കലും വിശ്വസിക്കുകയില്ലെന്ന് മുന്നറിയിപ്പ് നൽകുന്നുണ്ട്. ഈ ഗ്രന്ഥം ഒരാൾക്കും കെട്ടിച്ചമച്ചുണ്ടാക്കാൻ കഴിയുന്നതല്ല, ഇത് മുഹമ്മദ് കെട്ടിച്ചമക്കുന്നതാണെന്ന് അവർ

പറയുന്നുവെങ്കിൽ ഇതിലുള്ളതുപോലുള്ള ഒരു സൂറത്ത് അല്ലാഹുവിനെക്കൂടാതെ നിങ്ങളെല്ലാവരും കൂടിച്ചേർന്ന് കെട്ടിച്ചമച്ചുണ്ടാക്കി കൊണ്ടുവരിക എന്ന് വെല്ലുവിളിക്കുന്നു. സൻമാർഗം ഓരോരുത്തരും ഉടമയായ അല്ലാഹുവിനോട് ചോദിച്ച് വാങ്ങേണ്ടതാണ്. അതാകട്ടെ അല്ലാഹു എക്കാലത്തും മനുഷ്യർക്ക് നൽകിയിട്ടുമുണ്ട്. ഇന്ന് സന്മാർഗമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ചവൻ അല്ലാഹുവിനെ മുറുകെപ്പിടിച്ചവനും സൻമാർഗത്തിലായവനുമായിക്കഴിഞ്ഞു.

ഭൂമിയിലുള്ള എല്ലാവരും അക്രമികളായിക്കഴിഞ്ഞാൽ ഭൂമിയെ മാറ്റിമറിച്ച് ഗ്രന്ഥം കൊണ്ട് വിധികൽപിക്കുന്ന ദിവസം നടപ്പിൽ വരുത്തുന്നതാണ്. ആവർത്തിച്ച് വായിക്കപ്പെടേണ്ട ഗ്രന്ഥമായ അദ്ദിക്ർ മൊത്തം മനുഷ്യർക്ക് അവരുടെ നാഥനിൽ നിന്നുള്ള സദുപദേശവും അവരുടെ നെഞ്ചുകളിലുള്ളതിന് ശമനവുമായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ വിശ്വാസികൾ മാത്രമാണ് അതിനെ സൻമാർഗവും കാരുണ്യവുമായി ഉപയോഗപ്പെടുത്തുക. ഭൂമിയിലോ ആകാശങ്ങളിലോ ഒരു ആറ്റത്തോളമോ അതിലേറെ ചെറുതോ വലുതോ ആയ ഒന്നും തന്നെ ഗ്രന്ഥത്തിൽ രേഖപ്പെടുത്താതെയില്ല. പ്രവാചകൻ നൂഹ് തന്റെ ജനതയെ വെല്ലുവിളിച്ചകാര്യം പ്രതിപാദിച്ചിട്ടുണ്ട്. പ്രവാചകനായ മൂസായുടെയും ഫിർഔനിന്റെയും ചരിത്രം വിവരിച്ച ശേഷം ഫിർഔനിന്റെ ശരീരം പിൽക്കാല ജനങ്ങൾക്ക് ഒരു ദൃഷ്ടാന്തമായിട്ടാണ് സൂക്ഷിച്ച് വെച്ചിട്ടുള്ളത്, എന്നാൽ ജനങ്ങളിൽ അധികപേരും ദൃഷ്ടാന്തങ്ങളെത്തൊട്ട് അശ്രദ്ധരാണ് എന്ന് പറഞ്ഞിട്ടുണ്ട്. പ്രവാചകന്മാരെയും വിശ്വാസികളെയും രക്ഷപ്പെടുത്തുക നാഥന്റെ ബാധ്യതയാണ്. മൊത്തം മനുഷ്യർക്കുള്ള സത്യമായ അദ്ദിക്ർ വന്നുകഴിഞ്ഞു, അപ്പോൾ ആരെങ്കിലും അത് ഉപയോഗപ്പെടുത്തി സൻമാർഗത്തിലായാൽ അതിന്റെ ഗുണം അവർക്കുതന്നെ, ഉപയോഗപ്പെടുത്തിയില്ലെങ്കിൽ അതിന്റെ ദോഷവും അവരവർക്ക് തന്നെ, നീ ഗ്രന്ഥം പിൻപറ്റുക, അല്ലാഹുവിന്റെ വിധിക്കുവേണ്ടി ക്ഷമിച്ചിരിക്കുകയും ചെയ്യുക എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് 109 സൂക്തങ്ങളടങ്ങിയ സൂറത്ത് അവസാനിക്കുന്നത്.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. അലിഫ്-ലാം-റാഅ്, ഇതെല്ലാം തത്വനിർഭരമായ ഒരു ഗ്രന്ഥത്തിലെ സൂക്തങ്ങളാകുന്നു.

'ഞാൻ അല്ലാഹു, കാണുന്നു' എന്നാണ് അലിഫ്-ലാം-റാഅ് എന്നതിന്റെ ആശയം. 31: 2 ലും ഇതെല്ലാം തത്വനിർഭരമായ ഒരു ഗ്രന്ഥത്തിലെ സൂക്തങ്ങളാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ തത്വസമ്പൂർണമായ ഗ്രന്ഥമാണെന്ന് 3: 58 ലും, ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഗ്രന്ഥം തത്വസമ്പൂർണ്ണമാണെന്ന് 36: 2 ലും പറഞ്ഞിട്ടുണ്ട്. 2: 256; 3: 101; 4: 175 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് അവതരിപ്പിച്ച പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ ആരാണോ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. 11: 1 ൽ, ഈ ഗ്രന്ഥം, അതിലെ സൂക്തങ്ങൾ തത്വസമ്പുഷ്ടവും സ്പഷ്ടവുമാണ്, യുക്തിജ്ഞനും എല്ലാം വലയം ചെയ്തവനുമായ ത്രികാലജ്ഞാനിയിൽ നിന്നുള്ളതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 41: 41-42 സൂക്തങ്ങളിൽ, നിശ്ചയം അദ്ദിക്ർ അജയ്യമായ ഗ്രന്ഥമാണ് എന്നും അത് ക്രോഡീകരിക്കുന്നതിന് മുമ്പോ ക്രോഡീകരിച്ചതിന് ശേഷമോ അതിൽ മിഥ്യ കടന്നുകൂടുകയില്ല, അത് അവതരിപ്പിച്ചിട്ടുള്ളത് യുക്തിജ്ഞാനിയും സ്വയം സ്തുത്യർഹനുമായവനിൽ നിന്നാണ് എന്നും

പറഞ്ഞിട്ടുണ്ട്. മുമ്പ് വന്നിട്ടുള്ള 312 പ്രവാചകന്മാർക്കും ആവർത്തിച്ച് വായിക്കപ്പെടേണ്ട അദ്ദിക്ർ മാത്രമാണ് അവതരിപ്പിച്ചിട്ടുള്ളത് എന്ന് 16: 43; 21: 24; 41: 43; 53: 56 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അന്ത്യപ്രവാചകനായ മുഹമ്മദിന് നൽകപ്പെട്ട അദ്ദിക്ർ എന്ന ഗ്രന്ഥത്തിൽ ഉമ്മുൽ കിത്താബായ (മൂലഗ്രന്ഥമായ) ഫാത്തിഹയും അടങ്ങിയിട്ടുണ്ട്. മുമ്പ് അവതരിപ്പിച്ചിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണ് അദ്ദിക്ർ എന്ന് 5: 48 ലും; മുമ്പ് അവതരിപ്പിച്ചിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും മൊത്തം മനുഷ്യർക്കുവേണ്ടി പ്രവാചകന്റെമേൽ അവതരിപ്പിക്കപ്പെട്ട ഗ്രന്ഥമായ അദ്ദിക്റിൽ ഉണ്ടെന്ന് 16: 44; 98: 2–3 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 2, 269; 16: 89 വിശദീകരണം നോക്കുക.

2. മൊത്തം മനുഷ്യർക്ക് മുന്നറിയിപ്പ് നൽകുന്നതിനും വിശ്വാസികളായവർക്ക് അവരുടെ നാഥന്റെ അടുക്കൽ ഇഹത്തിലുള്ള സത്യസന്ധമായ ജീവിതത്തിന് പ്രതിഫലമുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുന്നതിനും വേണ്ടി അവരിൽ നിന്ന് തന്നെയുള്ള ഒരാൾക്ക് നാം ദിവ്യബോധനം നൽകിയത് ജനത്തിന് ഒരു അത്ഭുതമായി തീർന്നിരിക്കുന്നുവോ? കാഫിറുകൾ പറയുന്നു: നിശ്ചയം ഇത് ഒരു തെളിഞ്ഞ മാരണക്കാരൻ തന്നെയാകുന്നു.

6: 7–8; 7: 63, 69 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മനുഷ്യരിൽ നിന്നുള്ളവരെ പ്രവാചകനായി നിയോഗിക്കുന്നതിൽ എക്കാലത്തുമുള്ള കാഫിറുകൾ ആശ്ചര്യപ്പെടുന്നവരായിരുന്നു. എല്ലാ പ്രവാചകന്മാരുടെയും ജനതയിൽ നിന്നുള്ള ആയിരത്തിൽ 999 പേരും കാഫിറുകളാണ്. 23: 33–44 സൂക്തങ്ങളിൽ, എക്കാലത്തും പ്രവാചകന്മാർ നിയോഗിക്കപ്പെട്ട ജനതയിലെ പരലോകത്തെ കണ്ടുമുട്ടുന്നതിനെ കളവാക്കുകയും ഭൗതിക ജീവിതത്തിന്റെ മോടിയിൽ ആകൃഷ്ടരായി ജീവിക്കുകയും ചെയ്യുന്ന കാഫിറുകളായ പ്രമാണിമാർ പറഞ്ഞു: ഇയാൾ നിങ്ങളെപ്പോലെയുള്ള ഒരു പുരുഷനല്ലാതെയല്ല, നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുന്നതുപോലെ അയാൾ തിന്നുകയും കുടിക്കുകയും ചെയ്യുന്നു, നിങ്ങളെപ്പോലെയുള്ള ഒരാളെ നിങ്ങൾ അനുസരിക്കുന്നപക്ഷം നിങ്ങൾ എല്ലാം നഷ്ടപ്പെട്ടവരായിത്തീരുകതന്നെ ചെയ്യും. നിങ്ങൾ മരിച്ച് മണ്ണും എല്ലുമായിക്കഴിഞ്ഞാൽ പുനർജീവിപ്പിക്കപ്പെടുമെന്ന് അയാൾ നിങ്ങളോട് വാഗ്ദത്തം ചെയ്യുന്നുവോ? ഹാ, നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്നത് അതിവിദൂരം തന്നെ. ഇഹത്തിലുള്ളത് മാത്രമാണ് ജീവിതം, നാം ഇവിടെ മരിക്കുന്നു, ജനിക്കുന്നു, നാം പുനർ ജീവിപ്പിക്കപ്പെടാനൊന്നും പോകുന്നില്ല, ഇയാൾ അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവനല്ലാതെയല്ല, നാം ഇയാളിൽ വിശ്വസിക്കുന്നവരുമല്ല. അപ്പോൾ പ്രവാചകൻ പ്രാർത്ഥിച്ചു: 'നാഥാ, എന്നെ കളവാക്കിയ ഈ ജനതയെത്തൊട്ട് എന്നെ സഹായിച്ചാലും.' 'കുറച്ച് കഴിഞ്ഞോട്ടെ, ഒരു പ്രഭാതത്തിൽ അവർ കേഴുന്നവരായിത്തീരുക തന്നെ ചെയ്യും' എന്ന് അല്ലാഹു മറുപടി നൽകി. അങ്ങനെ ഒരു ഘോരഗർജ്ജനം അവരെ പിടികൂടി, അക്രമികളായ ആ ജനതയെ നാം ചപ്പുചവറുകളാക്കി മാറ്റി, പിന്നീട് അവർക്കുശേഷം മറ്റൊരു ജനതയെ നാം നട്ടുവളർത്തിക്കൊണ്ടുവന്നു, ഒരു സമുദായവും അവർക്ക് നിശ്ചയിച്ചിട്ടുള്ള അവധി മുൻകടക്കുകയോ പിന്തിക്കുകയോ ചെയ്തിട്ടില്ല. പിന്നെ നാം തുടരെത്തുടരെ പ്രവാചകൻമാരെ അയച്ചു, എല്ലാഓരോ സമുദായവും അവരുടെ പ്രവാചകൻമാരെ കളവാക്കി തള്ളിപ്പറഞ്ഞു, അപ്പോൾ നാം അവരെ ചരിത്രത്തിന്റെ ഭാഗങ്ങളാക്കി മാറ്റി, അങ്ങനെ എല്ലായ്പ്പോഴും വിശ്വാസികളല്ലാത്ത തെമ്മാടികളായ ജനത തൂത്തെറിയപ്പെട്ടു എന്ന് പറഞ്ഞിട്ടുണ്ട്. 64: 6 ൽ, ഓരോ ജനതയിലേക്കും

വ്യക്തമായ തെളിവുംകൊണ്ട് നിയോഗിക്കപ്പെട്ട പ്രവാചകൻമാർ വന്നപ്പോൾ അവർ ചോദിച്ചു: ഒരു മനുഷ്യനാണോ ഞങ്ങളെ സൻമാർഗത്തിലേക്കാക്കാൻ വന്നിരിക്കുന്നത്? അങ്ങനെ അവർ നിഷേധിക്കുകയും പിന്തിരിയുകയും ചെയ്തു, അപ്പോൾ അല്ലാഹുവും സ്വയം പര്യാപ്തനായി, അല്ലാഹു ഐശ്വര്യവാനായ സ്വയം സ്തുത്യർഹൻ തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്.

ഓ മൂസാ, നീ ഒരു മാരണത്തിന് വിധേയമായവനാണെന്നാണ് നിശ്ചയം ഞാൻ കരുതുന്നതെന്ന് ഫിർഔൻ പറഞ്ഞതായി 17: 101 ൽ പറഞ്ഞിട്ടുണ്ട്. പ്രവാചകനായ മുഹമ്മദിനെക്കുറിച്ച് പല ആരോപണങ്ങളും ഉന്നയിച്ച കാഫിറുകൾ, നിശ്ചയം നിങ്ങൾ മാരണത്തിന് വിധേയമായ ഒരു പുരുഷനെയല്ലാതെ പിൻപറ്റുന്നില്ല എന്ന് ജനതയോട് പറഞ്ഞതായി 17: 47 ലും 25: 8 ലും പറഞ്ഞിട്ടുണ്ട്. 25: 7 ൽ, അവനോടൊപ്പം മുന്നറിയിപ്പ് നൽകാൻ ഒരു മലക്ക് ഇറക്കപ്പെടാത്തത് എന്തുകൊണ്ട് എന്ന് കാഫിറുകൾ ചോദിച്ചതായി പറയുന്നു. അതിന് മറുപടിയായിക്കൊണ്ട്, അല്ലാഹു ഒരു മനുഷ്യനെ പ്രവാചകനായി നിയോഗിച്ചിരിക്കുന്നു എന്നതല്ലാതെ മറ്റെന്താണ് സന്മാർഗം വന്നുകിട്ടിയപ്പോൾ അത് സ്വീകരിക്കുന്നതിൽ നിന്ന് മനുഷ്യരെ തടഞ്ഞത് എന്ന് 17: 94 ലും; നീ പറയുക, ഭൂമിയിൽ ശാന്തിയോടും സമാധാനത്തോടും കൂടി ചരിക്കുന്ന മലക്കുകളാണ് വസിക്കുന്നതെങ്കിൽ നാം ആകാശത്തുനിന്ന് ഒരു മലക്കിനെത്തന്നെ പ്രവാചകനായി നിയോഗിക്കുമായിരുന്നു എന്ന് 17: 95 ലും പറഞ്ഞിട്ടുണ്ട്. എനിക്കുശേഷം 'അഹ്മദ്' എന്ന് പേരുള്ള ഒരു പ്രവാചകൻ വരുമെന്ന് ഈസാനബിയാൽ ശുഭവാർത്ത അറിയിക്കപ്പെട്ട ഇസ്റാഈൽ സന്തതികൾ പ്രസ്തുത പ്രവാചകനായ മുഹമ്മദ് വ്യക്തമായ ഗ്രന്ഥവും കൊണ്ട് വന്നപ്പോൾ 'ഇത് വ്യക്തമായ മാരണം തന്നെയാണ്' എന്ന് പറഞ്ഞതായി 61: 6 ൽ പറഞ്ഞിട്ടുണ്ട്. അവർക്ക് നമ്മിൽ നിന്നുള്ള സത്യം വന്നുകിട്ടിയപ്പോൾ അവർ ചോദിച്ചു: എന്താണ് മൂസാക്ക് നൽകപ്പെട്ടതുപോലുള്ള ദിവ്യാത്ഭുതങ്ങൾ നിനക്ക് നൽകപ്പെടാത്തത്? മുമ്പ് മൂസാക്ക് നൽകപ്പെട്ടത് അവർ നിഷേധിച്ചിട്ടില്ലെയോ? തൗറാത്തും ഈ വായനയും പരസ്പരം സഹായിക്കുന്ന രണ്ടുമാരണങ്ങളാണെന്നും നിശ്ചയം ഞങ്ങൾ എല്ലാഒന്നിനെയും നിഷേധിക്കുന്നവർ തന്നെയാണെന്നും കാഫിറുകൾ പറഞ്ഞതായി 28: 48 ൽ പറഞ്ഞിട്ടുണ്ട്. അപ്രകാരം ഇവർക്ക് മുമ്പുള്ള ഒരു ജനതയിലേക്ക് ഒരു പ്രവാചകനും വന്നിട്ടില്ല, മാരണക്കാരൻ അല്ലെങ്കിൽ ജിന്ന് ബാധിച്ച ഭ്രാന്തൻ എന്ന് അവർ പറഞ്ഞിട്ടല്ലാതെ എന്ന് 51: 52 ലും പറഞ്ഞിട്ടുണ്ട്.

2: 62; 4: 133; 6: 133 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ നാഥന്റെ ഗ്രന്ഥമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 313 പ്രവാചകന്മാരെയും കളവാക്കി അവതരിപ്പിക്കുന്നവരും മസീഹുദ്ദജ്ജാലിന്റെയും അന്ത്യനാളിന്റെയും ആഗമനത്തിനുവേണ്ടി ധൃതികാണിക്കുന്നവരുമാണ്. ഈസാ രണ്ടാമതുവന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ കപടവിശ്വാസികളും കുഫ്ഫാറുകളും വധിക്കപ്പെട്ടുകൊണ്ട് 4: 91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുന്നതാണ്. ഈസായുടെ ഭരണകാലത്ത് 43: 60–61 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ പുരുഷന്മാരും സ്ത്രീകളും വിവാഹമോ ലൈംഗികബന്ധമോ ഇല്ലാതെ മലക്കുകളുടെ ജീവിതം നയിക്കുന്നതാണ്. അത് 4: 158–159 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഭൂമിയിലുള്ള സ്വർഗീയ ജീവിതമാണ്. അദ്ദിക്റിനെ സത്യപ്പെടുത്തുന്ന ഒറ്റപ്പെട്ട വിശ്വാസി ഇന്ന് 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് സ്വീകരിക്കുക. 3: 187; 6: 157;

9: 67-68 വിശദീകരണം നോക്കുക.

3. നിശ്ചയം ആകാശങ്ങളെയും ഭൂമിയെയും ആറുനാളുകളിൽ സൃഷ്ടിച്ച അല്ലാഹു തന്നെയാണ് നിങ്ങളുടെ നാഥൻ, പിന്നെ അവൻ സിംഹാസനത്തിന്മേൽ ഉപവിഷ്ടനായി, അവൻ കൽപനകൾ പുറപ്പെടുവിക്കുന്നു, അവന്റെ സമ്മതപത്രം കൊണ്ടല്ലാതെ ഒരാളും ഒരാൾക്കും ശുപാർശ ചെയ്യുകയില്ലതന്നെ, അതാകുന്നു നിങ്ങളുടെ ഉടമയായ അല്ലാഹു, അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുന്നവരാകുവിൻ, അപ്പോൾ നിങ്ങൾ അവനെ ഓർമ്മിക്കുന്നവരാകുന്നില്ലെയോ?

32: 4; 65: 12 സൂക്തങ്ങളിൽ ഏഴ് ആകാശങ്ങളെയും ഏഴ് ഭൂമികളെയും അവക്കിടയിലുള്ളവയെയും ആറ് നാളുകളിലായി സൃഷ്ടിച്ചവനാണ് അല്ലാഹു, പിന്നെ അവൻ സിംഹാസനസ്ഥനായി, അവനെക്കൂടാതെ നിങ്ങൾക്ക് ഒരു സംരക്ഷകനോ ശുപാർശക്കാരനോ ഇല്ല, അപ്പോൾ നിങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ അവനെക്കുറിച്ച് മറ്റുള്ളവരെ ഓർമ്മിപ്പിക്കുന്നില്ലെയോ എന്നും; 32: 5 ൽ, അവനാണ് ആകാശത്തുനിന്ന് തീരുമാനം എടുത്ത് ഭൂമിയിലേക്ക് അയക്കുന്നത്, പിന്നെ നിങ്ങൾ കണക്കാക്കുന്ന ആയിരം വർഷങ്ങൾക്ക് സമാനമായ ഒരുനാളിൽ ഭൂമിയിൽ നിന്നുള്ള അതിന്റെ റിപ്പോർട്ട് അവനിലേക്ക് ഉയർത്തപ്പെടുന്നു എന്നും പറഞ്ഞിട്ടുണ്ട്. 25: 58-59 സൂക്തങ്ങളിൽ, ആകാശങ്ങളെയും ഭൂമിയെയും അവരണ്ടിനും ഇടയിലുള്ളവയെയും ആറുനാളുകളിൽ സൃഷ്ടിച്ച് അതിന്റെ ഭരണം ഏറ്റെടുത്ത ത്രികാലജ്ഞാനിയും നിഷ്പക്ഷവാനുമായ അല്ലാഹുതന്നെ മതി അവന്റെ അടിമകളുടെ പാപങ്ങൾ നോക്കിക്കാണുവാൻ, ഒരിക്കലും മരിക്കാത്ത -എന്നെന്നും ജീവിച്ചിരിക്കുന്ന അവന്റെമേൽ നീ എല്ലാകാര്യവും ഭരമേൽപിക്കുകയും അവനെ സ്തുതിക്കുന്നതോടൊപ്പം വാഴ്ത്തിക്കൊണ്ടിരിക്കുകയും ചെയ്യുക എന്നും, അപ്പോൾ നിഷ്പക്ഷവാനായ അവനെക്കുറിച്ച് നീ ത്രികാലജ്ഞാനിയോട് ചോദിക്കുക എന്നും പറഞ്ഞിട്ടുണ്ട്. 22: 77-78 സൂക്തങ്ങളിലൂടെ വിശ്വാസികളോട് നാഥനെ മുറുകെപ്പിടിച്ച് നിലകൊള്ളാൻ കൽപിച്ച ശേഷം അവനാണ് നിങ്ങളുടെ യജമാനൻ, എത്ര നല്ല യജമാനൻ! എത്ര നല്ല സഹായി! എന്ന് പറഞ്ഞിട്ടുണ്ട്. 3: 101; 5: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി ഏതൊരാൾക്കും നാഥനെ മുറുകെപ്പിടിക്കാൻ സാധിക്കുന്നതാണ്. 10: 100 ൽ വിവരിച്ച വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമാണ് അദ്ദിക്ർ. അതുകൊണ്ട് 2: 255 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ടല്ലാതെ മറ്റൊരാൾക്കുവേണ്ടി ശുപാർശ ചെയ്യാൻ ഒരാൾക്കും സാധ്യമല്ല. 2: 29; 9: 116; 39: 6 വിശദീകരണം നോക്കുക.

4. നിങ്ങൾ എല്ലാവരുടെയും മടക്കം അവനിലേക്ക് തന്നെയാകുന്നു, അല്ലാഹുവിന്റെ സത്യമായ വാഗ്ദാനമാണ് അത്, നിശ്ചയം അവനാകുന്നു സൃഷ്ടിപ്പ് തുടങ്ങിയത്, പിന്നെ അത് ആവർത്തിക്കുന്നതും അവൻ തന്നെയാകുന്നു, വിശ്വാസികളാവുകയും സൽകർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവർക്ക് നീതികൊണ്ട് പ്രതിഫലം നൽകുന്നതിന് വേണ്ടി; കാഫിറുകളായവരാരോ- അവർക്ക് ചുട്ടുപൊള്ളുന്ന വെള്ളത്തിൽ നിന്നുള്ള പാനീയമുണ്ട്, നോവുന്ന ശിക്ഷയുമുണ്ട്, അവർ ഗ്രന്ഥം മൂടിവെച്ചുകൊണ്ടിരുന്നവരായതിനാൽ.

പ്രപഞ്ചനാഥനായ അല്ലാഹുവാണ് എല്ലാവരുടെയും എല്ലാ വസ്തുക്കളുടെയും ഉടമ. 2: 30; 6: 165 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സ്വർഗത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളത് നാഥന്റെ പ്രതിനിധിയായി ഇവിടെ ജീവിക്കുന്നതിന്

വേണ്ടിയാണ്. എന്നാൽ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികൾ മാത്രമേ അവന്റെ പ്രാതിനിധ്യം വഹിക്കുകയുള്ളൂ. അറബി ഖുർആൻ വായിക്കുന്ന എല്ലാ ഫുജ്ജാറുകളായ കുഫ്ഫാറുകളും കാഫിറായ പിശാചിന്റെ പ്രാതിനിധ്യമാണ് വഹിക്കുന്നത്. അവർ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത് അന്തിക്രിസ്തുവിന്റെയും അന്ത്യദിനത്തിന്റെയും ആഗമനത്തിന് ധൃതികാണിക്കുന്നവരാണ്. സൽക്കർമങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിശ്വാസികൾക്ക് പ്രതിഫലം നൽകുന്നതിനും ത്രാസും അമാനത്തുമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കാഫിറുകളെ ശിക്ഷിക്കുന്നതിനും വേണ്ടിയാണ് വിധിദിവസം നിശ്ചയിച്ചിട്ടുള്ളത്. 1: 3; 2: 38–39; 6: 94; 7: 8–9 വിശദീകരണം നോക്കുക.

5. അവൻ തന്നെയാണ് സൂര്യനെ പ്രകാശമുള്ളതും ചന്ദ്രനെ ശോഭയുള്ളതുമാക്കിയതും അതിന്റെ വൃദ്ധി-ക്ഷയ സ്ഥാനങ്ങളെ കൃത്യമായി നിർണ്ണയിച്ചുവെച്ചതും, നിങ്ങൾ വർഷങ്ങളുടെയും തീയ്യതികളുടെയും കണക്ക് അറിയുന്നതിനു വേണ്ടി, അല്ലാഹു അതൊക്കെയും ലക്ഷ്യത്തോടുകൂടിയല്ലാതെ സൃഷ്ടിച്ചിട്ടില്ല, അവൻ അവന്റെ സൂക്തങ്ങൾ അറിവുള്ള ജനതക്കുവേണ്ടി വ്യക്തമായി വിശദീകരിക്കുകയാണ്.

ഇവിടെ സൂര്യനെ പ്രകാശമുള്ളതാക്കി എന്ന് പറഞ്ഞതിൽ നിന്ന് സൂര്യൻ സ്വയം പ്രകാശിക്കുന്നു എന്നും ചന്ദ്രനെ ശോഭയുള്ളതുമാക്കി എന്ന് പറഞ്ഞതിൽ നിന്ന് ചന്ദ്രൻ സൂര്യപ്രകാശത്തെ പ്രതിഫലിപ്പിക്കുകയാണ് എന്നും മനസ്സിലാക്കാം. സൂര്യനാണ്, അതിന്റെ ചൂടേറിയ പ്രകാശമാണ്, അതിനെത്തുടർന്ന് വരുന്ന അതിന്റെ പ്രകാശത്തെ പ്രതിഫലിപ്പിക്കുന്ന ചന്ദ്രനുമാണ് സത്യം എന്ന് 91: 1–2 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 78: 13 ൽ, നാം ആകാശത്ത് കത്തിത്തിളങ്ങുന്ന വിളക്ക് നാട്ടിയിട്ടുണ്ടെന്ന് പറഞ്ഞത് സൂര്യനെക്കുറിച്ചാണ്. അല്ലാഹുവിനെയും അദ്ദിക്റിനെയും പ്രകാശമെന്ന് യഥാക്രമം 24: 35; 4: 174 സൂക്തങ്ങളിൽ വിശേഷിപ്പിച്ചിട്ടുണ്ട്. 33: 45–46 സൂക്തങ്ങളിൽ നബിയെ വിളിച്ച്: നിശ്ചയം, സാക്ഷിയായിക്കൊണ്ടും സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും മുന്നറിയിപ്പ് നൽകുന്നവനായിക്കൊണ്ടും അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് അല്ലാഹുവിലേക്ക് വിളിക്കുന്നവനായിക്കൊണ്ടും പ്രശോഭിക്കുന്ന ഒരു വിളക്കായിക്കൊണ്ടുമാണ് നിന്നെ നാം അയച്ചിട്ടുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. പ്രശോഭിക്കുന്ന വിളക്ക് എന്നതിന്റെ വിവക്ഷ അല്ലാഹുവിൽ നിന്നുള്ള പ്രകാശമായ അദ്ദിക്ർ പ്രതിഫലിപ്പിക്കുന്ന വിളക്ക് എന്നാണ്.

36: 39 ൽ, ചന്ദ്രന് നാം ചില മണ്ഡലങ്ങൾ നിശ്ചയിച്ചിരിക്കുന്നു, അങ്ങനെ അവസാനം അത് പഴയ ഈത്തപ്പനക്കുലപോലെ ഉദിച്ച അവസ്ഥയിലേക്കുതന്നെ മടങ്ങുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ചന്ദ്രന് ഇങ്ങനെ വിവിധ മണ്ഡലങ്ങൾ നൽകിയത് മനുഷ്യർക്ക് തിയ്യതികളും വർഷങ്ങളും എണ്ണിക്കണക്കാക്കാൻ വേണ്ടിയാണ് എന്ന് പറഞ്ഞതിനാൽ ചന്ദ്രവർഷ കലണ്ടറാണ് അല്ലാഹു നിശ്ചയിച്ചിട്ടുള്ളത്. പെരുന്നാൾ, നോമ്പ് തുടങ്ങിയവ കണക്കാക്കുന്നതിനുവേണ്ടി ചന്ദ്രവർഷക്കലണ്ടറാണ് അല്ലാഹു മൊത്തം മനുഷ്യർക്ക് തൃപ്തിപ്പെട്ടിരിക്കുന്നത്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഭൂമിയുടെ കേന്ദ്രമായ മക്കയിലുള്ള കഅ്ബയെ ഖിബ്ലയായി അംഗീകരിക്കാത്തവരും അവരവരുടെ നാടുകളിൽ ചന്ദ്രോദയം ദർശിക്കുന്നതിനെ അടിസ്ഥാനപ്പെടുത്തി വിവിധനാളുകളിലായി നോമ്പും പെരുന്നാളുമെല്ലാം നിശ്ചയിക്കുന്നവരുമാണ്. അങ്ങനെ 41: 37–38 സൂക്തങ്ങ

ളിൽ വിവരിച്ച പ്രകാരം ഇക്കൂട്ടർ ചന്ദ്രന് സാഷ്ടാംഗപ്രണാമം ചെയ്യുന്നവരായി അധപതിച്ചിരിക്കുകയാണ്. അന്തിക്രിസ്തുവിലൂടെ തുടച്ചുമാറ്റപ്പെടുന്ന ഇസ്ലാം അതിന്റെ പൂർണതയോടു കൂടി ഭൂമിയിൽ നടപ്പിലാക്കപ്പെടുക 4: 158-159 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഈസാ രണ്ടാമതുവന്ന് കപടവിശ്വാസികളും കുഫ്ഫാറുകളും തുടച്ചുനീക്കപ്പെട്ട ശേഷമായിരിക്കും. 2:145; 6: 96; 9: 36-37 വിശദീകരണം നോക്കുക.

6. നിശ്ചയം രാവും പകലും മാറിവരുന്നതിലും ആകാശങ്ങളിലും ഭൂമിയിലും അല്ലാഹു സൃഷ്ടിച്ചിട്ടുള്ള സകല വസ്തുക്കളിലും സൂക്ഷ്മാലുക്കളായ ജനതക്ക് ദൃഷ്ടാന്തങ്ങൾ തന്നെയുണ്ട്.

2: 164 ൽ നിശ്ചയം ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറിമാറി വരുന്നതിലും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സമുദ്രത്തിൽ സഞ്ചരിക്കുന്ന കപ്പലിലും ആകാശത്തുനിന്ന് അല്ലാഹു വെള്ളം ഇറക്കുകയും അതുമുഖേന ഭൂമിയെ അതിന്റെ മരണശേഷം ജീവിപ്പിക്കുന്നതിലും എല്ലാ ജീവജാലങ്ങളെയും അതിൽ പരത്തിയിട്ടതിലും കാറ്റുകളുടെ ഗതിവിഗതികളിലും ആകാശഭൂമികൾക്കിടയിൽ ആജ്ഞാനുവർത്തിയായി സംവിധാനിച്ച മേഘങ്ങളിലും ചിന്തിക്കുന്ന ജനങ്ങൾക്ക് ധാരാളം ദൃഷ്ടാന്തങ്ങളുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. 13: 2 ൽ, നിങ്ങൾ കാണുന്ന തൂണുകളില്ലാതെ ആകാശങ്ങളെ ഉയർത്തിയവനാണ് അല്ലാഹു, പിന്നെ അവൻ സിംഹാസനത്തിൻമേൽ ഉപവിഷ്ടനായി, സൂര്യനേയും ചന്ദ്രനേയും അവൻ വ്യവസ്ഥാവിധേയമാക്കുകയും ചെയ്തു, എല്ലാഒന്നും നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഒരു അവധിവരെ ചലിച്ചുകൊണ്ടിരിക്കുന്നു, കാര്യങ്ങളെല്ലാം അവനാണ് നിയന്ത്രിക്കുന്നത്, നിങ്ങൾ നിങ്ങളുടെ നാഥനെ കണ്ടുമുട്ടുമെന്ന് ദൃഢബോധ്യമുള്ളവരാവുകതന്നെ വേണമെന്നതിന് വേണ്ടി അവൻ സൂക്തങ്ങൾ വിശദീകരിച്ച് തരികയാണ് എന്നും; 13: 3 ൽ, ഭൂമിയെ നീട്ടിപ്പരത്തിയതും അതിൽ ആണികളെന്നോണം പർവ്വതങ്ങൾ ഉറപ്പിച്ചതും നദികൾ ഒഴുക്കിയതും അവൻ തന്നെയാണ്, അവൻ തന്നെയാണ് സകല ഫലങ്ങളുടെയും ഈ രണ്ട് ജോടികളെ ഉണ്ടാക്കിയതും, അവൻ പകലിനെ രാവിനാൽ മൂടുന്നു, നിശ്ചയം ആലോചിച്ച് പ്രതിഫലിപ്പിക്കുന്ന ജനതക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട് എന്നും; 13: 4 ൽ, ഭൂമിയിൽ പരസ്പരം ചേർന്ന് സ്ഥിതി ചെയ്യുന്ന വെവ്വേറെ ഖണ്ഡങ്ങളുണ്ട്, മുന്തിരിയാലുള്ള തോപ്പുകളുണ്ട്, വയലുകളുണ്ട്, ഒറ്റയായും കൂട്ടമായും വളരുന്ന ഈത്തപ്പനകളുമുണ്ട്, എല്ലാം ഒരേ വെള്ളം കൊണ്ടാണ് നനക്കപ്പെടുന്നത്, എന്നാൽ രുചിയിൽ നാം ചിലതിനെ ചിലതിനേക്കാൾ ഏറെ വിശിഷ്ടമാക്കിയിരിക്കുന്നു, നിശ്ചയം അതിൽ ചിന്തിക്കുന്ന ജനതക്ക് പാഠങ്ങൾ തന്നെയുണ്ട് എന്നും പറഞ്ഞിട്ടുണ്ട്. വിശ്വാസി മാത്രമാണ് 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ സത്യപ്പെടുത്തി സൂക്ഷ്മത കൈക്കൊള്ളുന്നവനാവുക. അവൻ നാഥനെ പ്രപഞ്ചത്തിന്റെ ഉടമയായി അംഗീകരിക്കുന്നതും നാഥനെ ജനങ്ങൾക്ക് ഹൃദയത്തിന്റെ ഭാഷയിൽ പരിചയപ്പെടുത്തുന്നതിനുവേണ്ടി അദ്ദിക്ർ ലോകരിൽ പ്രചരിപ്പിക്കുന്നതുമാണ്. ഫുജ്ജാറുകളായ കപടവിശ്വാസികളും കുഫ്ഫാറുകളും അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്നതിനാൽ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള, ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 34 ൽ അവർ വായിച്ചിട്ടുണ്ട്. 3: 190-191; 7: 185; 16: 44 വിശദീകരണം നോക്കുക.

7. നിശ്ചയം നാമുമായി കണ്ടുമുട്ടണമെന്ന് പ്രതീക്ഷിക്കാത്തവരായവരും ഐഹി

കജീവിതം കൊണ്ട് തൃപ്തിയടയുകയും അതുകൊണ്ടുതന്നെ ശാന്തിയടഞ്ഞവരും അവർ നമ്മുടെ സൂക്തങ്ങളെത്തൊട്ട് അശ്രദ്ധരായവരുമാണ്.

8. അക്കൂട്ടർ, അവരുടെ അന്തിമസങ്കേതം നരകം തന്നെയാകുന്നു –എന്തുകൊണ്ടെന്നാൽ അതായിരുന്നു അവർ സമ്പാദിച്ചുകൊണ്ടിരുന്നത്.

9: 67–68, 81–82 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികളും കുഫ്ഫാറുകളും യുക്തിനിർഭര ഉണർത്തലായ അദ്ദിക്റിനെ വിസ്മരിച്ചുകൊണ്ട് ദേഹേച്ഛക്കും ഐഹിക ലോകത്തിനും പ്രാധാന്യം കൊടുത്ത് ജീവിക്കുന്നവരാണ്. 7: 179 ൽ വിവരിച്ച പ്രകാരം ഇത്തരം ലക്ഷ്യബോധമില്ലാത്തവരെക്കൊണ്ടും പ്രജ്ഞയറ്റ അവരുടെ അനുയായികളെക്കൊണ്ടും നരകക്കുണ്ഠം കുത്തിനിറക്കപ്പെടുന്നതാണ്. 89: 27–30 സൂക്തങ്ങൾ പ്രകാരം ശാന്തിനേടിയ ആത്മാവ് മാത്രമേ സ്വർഗത്തിൽ പ്രവേശിക്കുകയുള്ളൂ. അദ്ദിക്ർ കൊണ്ട് മാത്രമാണ് ഹൃദയങ്ങൾക്ക് ശാന്തി ലഭിക്കുക എന്ന് 13: 28 ൽ പറഞ്ഞിട്ടുണ്ട്.

69: 19–20 സൂക്തങ്ങളിൽ, ആർക്കാണോ വലതുകയ്യിൽ ഗ്രന്ഥം കിട്ടിയത്, അവൻ കുടുംബാംഗങ്ങളിലേക്ക് തിരിഞ്ഞ് 'ഹാ, എന്റെ ഗ്രന്ഥം വായിച്ചുനോക്കുവീൻ, ഞാൻ വിചാരണ പ്രതീക്ഷിച്ചാണ് ഐഹികലോകത്ത് ജീവിച്ചിരുന്നത്' എന്ന് പറയുമെന്നും; 69: 25–26 സൂക്തങ്ങളിൽ, ആർക്കാണോ ഇടതുകയ്യിൽ ഗ്രന്ഥം കിട്ടിയത് അവൻ, 'എന്റെ നാശം! എനിക്ക് എന്റെ ഗ്രന്ഥം കിട്ടിയിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നേനെ, ഞാൻ എന്റെ വിചാരണ അറിഞ്ഞിട്ടുണ്ടായിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നേനെ'എന്ന് വിലപിക്കുന്നതാണ് എന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 6: 31, 93; 9: 51 വിശദീകരണം നോക്കുക.

9. നിശ്ചയം വിശ്വാസികളായവരും സൽകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരും ആരോ, അവരുടെ വിശ്വാസം കൊണ്ട് അവരുടെ നാഥൻ അവരെ സന്മാർഗത്തിലേക്ക് നയിക്കുന്നതാണ്, അനുഗ്രഹസമ്പൂർണ്ണമായ സ്വർഗപ്പൂന്തോപ്പുകളിൽ അവരുടെ താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്നതുമാണ്.

'അവരുടെ വിശ്വാസം കൊണ്ട്' എന്ന് പറഞ്ഞതിന്റെ വിവക്ഷ അദ്ദിക്ർ കൊണ്ട് എന്നാണ്. അഥവാ സൻമാർഗമായ അദ്ദിക്ർ കൊണ്ട് മാത്രമേ ഇന്ന് വിശ്വാസം രൂപപ്പെടുത്താൻ സാധിക്കുകയുള്ളൂ. അത് സ്വർഗത്തിൽ നിന്നാണ് വന്നത്, അതിനെ പിൻപറ്റുന്നവർക്ക് സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാവുന്നതാണ്. 2: 110; 3: 136; 7: 43 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസി ഏഴാം ഘട്ടത്തിലേക്കുവേണ്ട സ്വർഗം നാലാം ഘട്ടമായ ഐഹികലോകത്ത് വെച്ച് സമ്പാദിക്കണമെന്ന ബോധത്തോടുകൂടി ജീവിക്കുന്നവനാണ്. അദ്ദിക്റിനെ പിൻപറ്റുന്നവരോട്, 'നിങ്ങളുടെ നാഥൻ എന്താണ് ഇറക്കിയത്' എന്ന് ചോദിച്ചാൽ അവർ പറയും: ഏറ്റവും നല്ലത് എന്ന്, അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്ക് ഇഹത്തിലും പരത്തിലും നന്മയുണ്ട്, പരലോകഭവനം ഇഹലോകത്തേക്കാൾ ഉത്തമമായിരിക്കും, അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർക്കുള്ള ഭവനം അനുഗ്രഹസമ്പൂർണ്ണം തന്നെയാണ്. അതെ, നിത്യാനുഗ്രഹങ്ങളടങ്ങിയ സ്വർഗപ്പൂന്തോപ്പുകൾ, അതിന്റെ താഴ്ഭാഗങ്ങളിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്നതാണ്, അവർക്ക് അതിൽ അവർ ഉദ്ദേശിക്കുന്നതെല്ലാമുണ്ട്, അപ്രകാരമാണ് അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുക. പരിശുദ്ധൻമാരായ മലക്കുകൾ അവരുടെ റൂഹ് പിടിക്കുമ്പോൾ പറയുന്നതാണ്:' നിങ്ങൾക്ക് സമാധാനം, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് പ്രതിഫലമായി സ്വർഗത്തിൽ പ്രവേശിക്കുക' എന്ന് 16: 30–32 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവും മലക്കുകളും

വിശ്വാസികളെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കുന്നതിനുവേണ്ടി അനുഗ്രഹം ചെയ്തുകൊണ്ടിരിക്കുന്നു, അവൻ വിശ്വാസികളോട് കാരുണ്യമുള്ളവനുമായിരിക്കുന്നു, അവർ അവനെ കണ്ടുമുട്ടുന്ന ദിനം 'സമാധാനം' എന്നായിരിക്കും അവരോടുള്ള അവന്റെ അഭിവാദ്യം, അവർക്കായി മാന്യമായ പ്രതിഫലം ഒരുക്കിവെക്കുകയും ചെയ്തിട്ടുണ്ടെന്ന് 33: 43-44 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 213, 218; 8: 2-4; 16: 2; 36: 10-11 വിശദീകരണം നോക്കുക.

10. അതിൽ അവരുടെ കീർത്തനം 'അല്ലാഹുവേ നീ എത്ര പരിശുദ്ധൻ' എന്നും അതിൽ അവരുടെ അഭിവാദ്യം 'സമാധാനം' എന്നുമായിരിക്കും, എപ്പോഴും അവസാനത്തെ അവരുടെ പ്രാർത്ഥന 'നിശ്ചയം സർവ്വസ്തുതിയും സർവ്വലോകങ്ങളുടെ നാഥനായ അല്ലാഹുവിനാകുന്നു' എന്നുമായിരിക്കും.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ല എന്നിരിക്കെ ഒറ്റപ്പെട്ട വിശ്വാസി എല്ലാ ഇരുത്തങ്ങളിലും നിർത്തങ്ങളിലും കിടത്തങ്ങളിലും അല്ലാഹുവിനെ ആത്മാവുകൊണ്ട് കീർത്തനം ചെയ്തുകൊണ്ടും സ്തുതിച്ചുകൊണ്ടും നിലകൊള്ളുന്നവനും, 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ഗുണപ്രദമായ പ്രവർത്തനങ്ങളിൽ മുഴുകി ജീവിക്കുന്നവനുമാണ്. 1: 3 ൽ വിവരിച്ച പ്രകാരം വിധിദിവസം സത്യമായ അദ്ദിക്ർ കൊണ്ടാണ് വിധികൽപിക്കപ്പെടുക എന്ന ബോധത്തിൽ ഇവിടെ ജീവിക്കുന്ന അവൻ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധികൽപിക്കുന്നവനുമാണ്. അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കുന്ന വിശ്വാസികളായ ജനത അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും വിരോധം വെച്ചുപുലർത്തുന്നവരോട് -അവർ അവരുടെ മാതാപിതാക്കൾ, മക്കൾ, സഹോദരങ്ങൾ, അല്ലെങ്കിൽ എത്ര അടുത്തവരാണെങ്കിലും ശരി- മമതയിൽ വർത്തിക്കുകയില്ല, അക്കൂട്ടരുടെ ഹൃദയങ്ങളിലാണ് വിശ്വാസം രേഖപ്പെടുത്തിയിട്ടുള്ളത്, അല്ലാഹുവിൽ നിന്നുള്ള ഒരു റൂഹ് -ചൈതന്യം- കൊണ്ട് അവരെ ശക്തിപ്പെടുത്തുകയും താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകളിൽ അവരെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്, അവരതിൽ നിത്യവാസികളായിരിക്കും; അല്ലാഹു അവരെത്തൊട്ടും അവർ അവനെത്തൊട്ടും തൃപ്തിപ്പെട്ടിരിക്കുന്നു, അക്കൂട്ടർ തന്നെയാണ് അല്ലാഹുവിന്റെ സംഘക്കാർ, അറിഞ്ഞിരിക്കുക, അല്ലാഹുവിന്റെ സംഘക്കാർ മാത്രമാണ് വിജയം വരിക്കുക എന്ന് 58: 22 ൽ പറഞ്ഞിട്ടുണ്ട്.

ഐഹികലോകത്ത് തങ്ങളുടെ നാഥനെ ഭയപ്പെട്ട് ജീവിച്ചിരുന്നവർ വിചാരണക്കുശേഷം സ്വർഗത്തിലേക്ക് കൂട്ടം കൂട്ടമായി നയിക്കപ്പെടുകയും അവിടെ എത്തിയാൽ അതിന്റെ വാതിലുകൾ തുറക്കപ്പെടുകയും അതിന്റെ പാറാവുകാർ അവരോട് പറയുന്നതുമാണ്: 'നിങ്ങൾക്ക് സമാധാനം, നല്ലതുതന്നെ, നിങ്ങൾ ശാശ്വതരായി പ്രവേശിച്ചുകൊള്ളുക' എന്ന് 39: 73 ൽ പറഞ്ഞിട്ടുണ്ട്. 36: 55-57 സൂക്തങ്ങളിൽ, സ്വർഗവാസികളുടെ അനുഭൂതികൾ വിവരിച്ചശേഷം 36: 58 ൽ, കാരുണ്യവാനായ അവരുടെ നാഥനിൽ നിന്നുള്ള അവരോടുള്ള വാക്ക് സമാധാനം എന്നായിരിക്കും എന്ന് പറഞ്ഞിട്ടുണ്ട്. ചിന്താശക്തി ഉപയോഗപ്പെടുത്താതെ പിശാചിനെ സേവിച്ചുകൊണ്ട് ഇവിടെ ജീവിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളോട് 70: 4 ൽ പറഞ്ഞ 50,000 വർഷം ദൈർഘ്യമുള്ള വിധിദിവസം, 'ഓ ഭ്രാന്തന്മാരേ, ഇന്നേ ദിനം നിങ്ങൾ മാറിനിൽക്കുക' എന്ന് പറയപ്പെടുന്നതാണ് എന്ന് 36: 59 ൽ പറഞ്ഞിട്ടുണ്ട്. വിശ്വാസിയായ അല്ലാഹുവിന്റെ അതേ സ്വഭാവം തന്നെയാ

ണ് സ്വർഗത്തിൽ പോകുന്ന വിശ്വാസികൾ ഐഹികലോകത്തും വെച്ചുപുലർത്തുക. 3: 136; 4: 144; 7: 43 വിശദീകരണം നോക്കുക.

11. ഇഹലോകത്ത് മനുഷ്യർ നേട്ടങ്ങൾക്കുവേണ്ടി ധൃതി കാണിക്കുന്നതുപോലെ അവർക്ക് തിന്മ വരുത്തുന്നതിൽ അല്ലാഹുവും ധൃതികാണിച്ചിരുന്നുവെങ്കിൽ അവരുടെ അവധി എന്നോ അവസാനിപ്പിക്കുമായിരുന്നു, അപ്പോൾ നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവരെ അവരുടെ ധിക്കാരത്തിൽ ലക്ഷ്യബോധമില്ലാതെ വിഹരിക്കുന്നതിന് നാം അഴിച്ചുവിട്ടിരിക്കുകയുമാണ്.

മനുഷ്യർ സൃഷ്ടിക്കപ്പെട്ടത് ധൃതിക്കാരനായിട്ടാണെന്ന് 21: 37 ലും; മനുഷ്യൻ നന്മക്കുവേണ്ടി പ്രവർത്തിക്കുന്നതിനേക്കാൾ തിന്മക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്, മനുഷ്യൻ ധൃതിക്കാരൻ തന്നെയാണ് എന്ന് 17: 11 ലും പറഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദിക്റിൽ നിന്ന് ജീവിതലക്ഷ്യം മനസ്സിലാക്കിയ വിശ്വാസികൾ ഐഹികജീവിതത്തെക്കാൾ പരലോകത്തിന് പ്രാധാന്യം നൽകുന്ന ക്ഷമാലുക്കളും സഹനശീലരുമായിരിക്കും. 75: 20–21 സൂക്തങ്ങളിൽ, നിങ്ങൾ ഇഹലോകം കാംക്ഷിക്കുന്ന ധൃതിക്കാരും പരലോകത്തെ വെടിഞ്ഞവരുമാണെന്ന് കാഫിറുകളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 76: 27 ൽ, നിശ്ചയം അക്കൂട്ടർ ധൃതി ഇഷ്ടപ്പെടുന്നവരും അവരുടെ പിന്നിലുള്ള ഭാരം കൂടിയ ദിനത്തെ വെടിഞ്ഞവരുമാണെന്നും പറഞ്ഞിട്ടുണ്ട്. നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ എപ്പോഴാണ് ഈ വാഗ്ദത്തം നടപ്പിൽ വരിക എന്ന് മക്കാമുശ്രിക്കുകളും എക്കാലത്തുമുള്ള ധൃതിക്കാരായ കാഫിറുകളും പ്രവാചകനോടും വിശ്വാസികളോടും ചോദിക്കുമെന്ന് 10: 48; 21: 38; 32: 28; 34: 29; 36: 48; 67: 25 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. 10: 19 ൽ, നിന്റെ നാഥനിൽ നിന്നുള്ള വചനം മുൻകടന്നിട്ടില്ലായിരുന്നുവെങ്കിൽ ഗ്രന്ഥത്തിന്റെ കാര്യത്തിൽ ഭിന്നിച്ച വിഷയത്തിൽ 6: 2 ൽ വിവരിച്ച പ്രകാരം നാം അവർക്കിടയിൽ തീരുമാനം കൽപിക്കുകതന്നെ ചെയ്യുമായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

ഗ്രന്ഥത്തിന്റെ പ്രവചനങ്ങൾ നടപ്പിലായിക്കാണാൻ ധൃതി കാണിക്കുന്നവരും എന്നാൽ അത് മനസ്സിലാക്കാൻ ധൃതി കാണിക്കാത്തവരുമായ ഒരു ജനത വരുന്നതിനുമുമ്പ് നിങ്ങൾ അദ്ദിക്ർ പഠിക്കുക എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് വിശ്വാസികൾ പരലോകത്തേക്കുവേണ്ടി ഇഹലോകജീവിതം ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ചിട്ടപ്പെടുത്താൻ ധൃതി കാണിക്കുന്നവരും അദ്ദിക്റിനെ ത്രാസ്സായി ജീവിതരംഗങ്ങളിലെല്ലാം ഉപയോഗപ്പെടുത്തുകയും മറ്റു ജനങ്ങൾക്ക് അത് ഉപയോഗപ്പെടുത്താൻ എത്തിച്ചുകൊടുക്കുകയും ചെയ്തുകൊണ്ട് പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടാൻ പ്രവർത്തിക്കുന്നവരുമാണ്. എന്നാൽ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന ഫാജിറുകളുമടങ്ങിയ ഫുജ്ജാറുകൾ അദ്ദിക്റിനെ അവഗണിച്ചുകൊണ്ട് പ്രപഞ്ചത്തെ നശിപ്പിക്കുന്നതിനുവേണ്ടി ധൃതിപ്പെട്ടുകൊണ്ടിരിക്കുന്ന 8: 22 ൽ പറഞ്ഞ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികളാണ്. അവർ കണ്ട, കേട്ട, തൊട്ട, വായിച്ച സൂക്തങ്ങൾ അവർക്കെതിരായി സാക്ഷ്യം വഹിക്കുകയും വാദിക്കുകയും ചെയ്തുകൊണ്ട് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. 2: 15; 3: 7–10; 7: 53 വിശദീകരണം നോക്കുക.

12. മനുഷ്യനെ ഒരു ദുരിതം ബാധിച്ചാൽ കിടന്നുകൊണ്ടും അല്ലെങ്കിൽ ഇരുന്നുകൊണ്ടും അല്ലെങ്കിൽ നിന്നുകൊണ്ടും അവൻ നമ്മോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കും; അപ്പോൾ നാം അവനെത്തൊട്ട് അവന്റെ ദുരിതം നീക്കിക്കളഞ്ഞാലോ, അവനെ ബാധിച്ച ഒരു ദുരിതത്തിലും ഒരിക്കലും നമ്മോട് പ്രാർത്ഥിച്ചിട്ടേയില്ല എന്നമ

ട്ടിൽ നടക്കുകയായി, അപ്രകാരം അതിരുകവിയുന്നവർക്ക് അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് അലങ്കാരമാക്കപ്പെട്ടിരിക്കുന്നു.

മനുഷ്യരുടെ മൊത്തത്തിലുള്ള സ്വഭാവമാണ് സൂക്തത്തിൽ പറയുന്നത്. ദുഃഖസമയത്ത് എല്ലാവരും അല്ലാഹുവിനെ സ്മരിക്കും, എന്നാൽ സുഖസമയത്ത് ആരും സ്മരിക്കുകയില്ല. സുഖസമയത്തും ദുഃഖസമയത്തും ആരാണോ അല്ലാഹുവിനെ സ്മരിക്കുന്നത്, അവരാണ് വിശ്വാസികൾ. 2: 152; 3: 190–191 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്നവരാണ് അവർ. സർവസ്വം നാഥന് സമർപ്പിച്ചുകൊണ്ട് ജീവിക്കുന്ന യഥാർത്ഥ മുസ്ലിംകൾ മാത്രമേ എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുകയുള്ളൂ എന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്.

അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ. 11: 17 ൽ വിവരിച്ച പ്രകാരം അവരിൽ നിന്നുള്ള ഓരോരുത്തരും സാക്ഷിയും സന്മാർഗവും കാരുണ്യവും സത്യവുമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നതിനാൽ അവർക്ക് നരകക്കുണ്ഠമാണ് വാഗ്ദത്തം ചെയ്തിട്ടുള്ളത്. 39: 8 ൽ, മനുഷ്യന് ദുരിതം ബാധിച്ചാൽ അവൻ തന്റെ നാഥനിലേക്ക് പൂർണ്ണമായി തിരിഞ്ഞ് അവനോട് പ്രാർത്ഥിക്കലായി, പിന്നെ അവനിൽ നിന്നുള്ള കാരുണ്യം അവന് ലഭിച്ചാൽ മുമ്പ് അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിച്ചിരുന്ന കാര്യം അവൻ മറക്കുന്നു, അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് ജനങ്ങളെ തടയുന്നതിനായി അവൻ അല്ലാഹുവിന് പകരക്കാരെ ഉണ്ടാക്കുന്നു; നീ പറയുക: നിന്റെ നിഷേധം കൊണ്ട് നീ അൽപകാലം സുഖിക്കുക, നിശ്ചയം നീ നരകത്തിന്റെ സഹവാസികളിൽ പെട്ടവൻ തന്നെയാണ്. അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന ഫുജ്ജാറുകളായ കെട്ടജനതയോട് 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകക്കുണ്ഠത്തിലേക്കാണ്' എന്ന് പറയണമെന്ന് 14: 30 ലൂടെ പ്രവാചകനും വിശ്വാസിയും കൽപിക്കപ്പെട്ടിട്ടുണ്ട്. 30: 33–34 സൂക്തങ്ങളിൽ, മനുഷ്യരെ ഒരു ദുരിതം പിടിപെട്ടാൽ അവർ തങ്ങളുടെ നാഥനിലേക്ക് മടങ്ങിക്കൊണ്ട് അവനോട് പ്രാർത്ഥിക്കുന്നു, പിന്നെ അവനിൽ നിന്നുള്ള ഒരു കാരുണ്യം അവരെ രുചിപ്പിച്ചാലോ, നാം അവർക്ക് നൽകിയ അനുഗ്രഹത്തിന് നന്ദികേട് കാണിക്കുന്നവനായിക്കൊണ്ട് അവരിൽ നിന്നുള്ള ഒരു വിഭാഗം തങ്ങളുടെ നാഥനിൽ മറ്റുള്ളവരെ പങ്കുകാരാക്കുന്നു; ശരി, നിങ്ങൾ ലക്ഷ്യബോധമില്ലാതെ ജീവിക്കുക, അടുത്തുതന്നെ അതിന്റെ പരിണിതി നിങ്ങൾ അറിയുന്നുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. 39: 49 ൽ, അപ്പോൾ മനുഷ്യനെ ഒരു ദുരിതം ബാധിച്ചാൽ അവൻ നമ്മോട് പ്രാർത്ഥിക്കലായി, പിന്നെ നമ്മിൽ നിന്നുള്ള ഒരു അനുഗ്രഹം അവന് ലഭിച്ചാൽ അവൻ പറയുന്നതാണ്: നിശ്ചയം ഇത് എന്റെ അറിവുകൊണ്ട് എനിക്ക് നൽകപ്പെട്ടതാണ്; അല്ല, അത് അവന് പരീക്ഷണമാണ്, പക്ഷേ അവരിൽ അധികപേരും അറിവില്ലാത്തവരാണ് എന്നും; 31: 31–32 സൂക്തങ്ങളിൽ, കപ്പലിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ മലകളെന്നോണമുള്ള തിരമാലകൾ അവരെ മൂടിയാൽ അവർ ജീവിതം മുഴുവൻ അല്ലാഹുവിന് സമർപ്പിച്ചുകൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കുന്നതാണ്, നാം അവരെ കരയിലേക്ക് രക്ഷപ്പെടുത്തിയാലോ, അവരിൽ മിതത്വം (നീതി) പാലിക്കുന്നവരുണ്ട്, സ്വയം വഞ്ചകരും കാഫിറുകളുമായവരല്ലാതെ നമ്മുടെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്.

മനുഷ്യർക്ക് നന്മയും തിന്മയുമടങ്ങിയ അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ചുതന്നെ പഠിപ്പിക്കു

കവഴി അല്ലാഹു നിഷ്പക്ഷവാനായിരിക്കുന്നു. അപ്പോൾ ആരാണോ അദ്ദിക്റിനെ മുറുകെ പ്പിടിച്ച് അല്ലാഹ് എന്ന സ്മരണയിൽ നിലക്കൊള്ളുന്നത് അവർക്ക് പിശാചിൽ നിന്നുള്ള തിന്മകളൊന്നും ബാധിക്കുകയില്ല. അദ്ദിക്റിനെ വിസ്മരിക്കുകവഴി അല്ലാഹുവിനെ മറന്നുകൊണ്ട് പിശാചിന് വിധേയമാകുന്ന അതിരുകവിഞ്ഞവർക്ക് 6: 43 ൽ വിവരിച്ച പ്രകാരം പിശാചാണ് അവരുടെ പ്രവർത്തനങ്ങൾ അലങ്കാരമായി കാണിച്ചുകൊടുക്കുന്നത്. നന്മ നാഥനിൽ നിന്നും തിന്മ അവനവനിൽ നിന്നുമാണെന്ന് 4: 79 ൽ പറഞ്ഞിട്ടുണ്ട്. അഥവാ എല്ലാ തിന്മകളും ജിന്നുകൂട്ടുകാരനായ പിശാചിൽ നിന്നാണ്. അവൻ അദ്ദിക്റിൽ നിന്ന് മനുഷ്യനെ തിരിച്ചുവിട്ട് നിഷ്പക്ഷവാനായ നാഥനെ വിസ്മരിപ്പിച്ചുകൊണ്ടാണ് തിന്മ ബാധിപ്പിക്കുന്നത്. 3: 102 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം പഠിപ്പിക്കപ്പെട്ട മനുഷ്യന്റെ ബാധ്യതയാണ് തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കൽ. 2: 13; 5: 90–91 വിശദീകരണം നോക്കുക. .

13. നിശ്ചയം നിങ്ങൾക്കുമുമ്പ് ധാരാളം തലമുറകളെ അവർ അക്രമികളായപ്പോൾ നാം നശിപ്പിച്ചിട്ടുണ്ട്, അവരുടെ പ്രവാചകൻമാർ വെളിപാടും കൊണ്ട് അവരിലേക്ക് വന്നിട്ടുണ്ടായിരുന്നു, എന്നാൽ അവർ വിശ്വസിക്കുന്നവരായില്ല, അപ്രകാരമാണ് നാം ഭ്രാന്തൻമാരായ ഒരു ജനതക്ക് പ്രതിഫലം കൊടുക്കുക.

അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ഒരു ജനത അക്രമികളും തെമ്മാടികളും ഭ്രാന്തന്മാരുമാകുമ്പോഴല്ലാതെ നിഷ്പക്ഷവാനായ നാഥൻ ഒരു നാടിനെയും നശിപ്പിക്കുകയില്ല. ലൂത്തിന്റെ ജനത പ്രകൃതിക്ക് വിരുദ്ധമായ സ്വവർഗരതിയിൽ മുഴുകി ഭ്രാന്തന്മാരായ ഒരു ജനതയായപ്പോഴാണ് നശിപ്പിക്കപ്പെട്ടിട്ടുള്ളത്. ആ ജനതയെക്കുറിച്ച് 'എങ്ങനെയായിരുന്നു ഭ്രാന്തന്മാരുടെ പര്യവസാനമെന്ന് നീ നോക്കിക്കാണുക' എന്ന് 7: 84 ലൂടെ നാഥൻ പറഞ്ഞിട്ടുണ്ട് . ഒരു നാട്ടിലുള്ള മുഴുവൻ ആളുകളും അക്രമികളാകുമ്പോഴാണ് 6: 45–47 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ നശിപ്പിക്കപ്പെട്ടിട്ടുള്ളത്. അദ്ദിക്ർ കൊണ്ട് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന ഒരു വിശ്വാസി ഒരു നാട്ടിലുള്ള കാലത്തോളം ആ നാട് നശിപ്പിക്കപ്പെടുകയില്ല.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത് കപടവിശ്വാസികളും കുഫ്ഫാറുകളുമായ ഫുജ്ജാറുകളാണ്. എന്നാൽ 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും നന്മ വിരോധിക്കുന്നവരും തിന്മ കൽപിക്കുന്നവരും 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30–ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. 2: 99; 6: 55; 7: 40; 9: 5, 28 വിശദീകരണം നോക്കുക.

14. പിന്നെ അവർക്കുശേഷം ഭൂമിയിൽ നാം നിങ്ങളെ പ്രതിനിധികളാക്കിയിരിക്കുന്നു –നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് നമുക്ക് കണ്ടറിയുന്നതിനുവേണ്ടി.

4: 131–133 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്മാരിലൂടെ നാഥൻ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് നാഥന്റെ പ്രതിനിധിയായി ജീവിക്കുന്നത് എങ്ങിനെയാണെന്ന് ജനങ്ങളെ പഠിപ്പിക്കുന്നതിനുവേണ്ടിയാണ്. എന്നാൽ അവരെല്ലാവരും അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് തെമ്മാടികളാകുമ്പോഴാണ് അവരെ നശിപ്പിക്കുകയും, അവരിൽ നിന്നും രക്ഷപ്പെടുത്തിയ വിശ്വാസികളിൽ നിന്ന് മറ്റൊരു തലമുറയെ നട്ടുവളർത്തിക്കൊണ്ട് വരികയും ചെയ്തിട്ടുള്ളത്. അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിച്ചിട്ടുള്ള അദ്ദിക്ർ 35: 32 ൽ പറഞ്ഞ പ്രകാരം അനന്തരമെടുത്തത് അദ്ദേഹത്തിന്റെ ജനതയാണ്. എന്നാൽ 3: 7 ൽ

വിവരിച്ച പ്രകാരം അവരിലെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുകവഴി അവരുടെ ആത്മാവിനോട് തന്നെ അക്രമം കാണിക്കുന്നവരാണ്. അദ്ദിക്റിനെ സത്യപ്പെടുത്തുകയും പിൻപറ്റുകയും ചെയ്യുന്ന ഒറ്റപ്പെട്ട വിശ്വാസി മാത്രമേ അദ്ദിക്റിനെ മൊത്തം ലോകരിൽ സാക്ഷ്യപ്പെടുത്തുകയുള്ളൂ. 6: 131–133; 7: 37; 9: 73 വിശദീകരണം നോക്കുക.

15. നമ്മുടെ വ്യക്തമായ സൂക്തങ്ങൾ അവരുടെമേൽ വ്യക്തമായി വിവരിച്ചുകൊടുക്കപ്പെട്ടാൽ നാമുമായി കണ്ടുമുട്ടണമെന്ന് പ്രതീക്ഷിക്കാത്തവർ പറയുന്നു: ഇതല്ലാത്ത മറ്റൊരു വായന കൊണ്ടുവരിക, അല്ലെങ്കിൽ ഇതിൽ ഭേദഗതികൾ വരുത്തുക; നീ പറയുക: ഇത് എന്നിൽ നിന്നുള്ളതല്ലാത്തതിനാൽ എനിക്ക് അതിൽ എന്തെങ്കിലും മാറ്റത്തിരുത്തലുകൾ വരുത്താൻ സാധ്യമല്ല, നിശ്ചയം ഞാൻ എന്നിലേക്ക് ദിവ്യസന്ദേശം നൽകപ്പെട്ടുകൊണ്ടിരിക്കുന്നതല്ലാതെ പിൻപറ്റുന്നവനല്ല, നിശ്ചയം ഞാൻ എന്റെ നാഥനോട് ധിക്കാരം കാണിക്കുകയാണെങ്കിൽ ഒരുനാളിലെ വമ്പിച്ചശിക്ഷ ഞാൻ ഭയപ്പെടുന്നു.

4: 163–164 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാർക്കും അവതരിപ്പിച്ചിട്ടുള്ള ഗ്രന്ഥം അദ്ദിക്ർ ആണ്. 16: 89; 25: 33 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിംകൾക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ്.

ഇന്ന് കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അവരുടെ അനുയായികളും അദ്ദിക്റിനെയും അതിന്റെ 40 പേരുകളെയും തള്ളിപ്പറയുന്നവരും മൂടിവെക്കുന്നവരുമാണ്. കപടവിശ്വാസികളായ നേതാക്കൾ അവരുടെ നീതന്മാരായ അനുയായികളോട്, 'നിങ്ങൾ ഒരിക്കലും വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്ർ കേൾക്കരുത് -നിങ്ങൾ അവിടെ അപശബ്ദമുണ്ടാക്കുക, നിങ്ങൾ അതിജയിക്കുന്നതിനുവേണ്ടി' എന്ന് പറയുന്നതാണ് എന്ന് 41: 26–28 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 54: 25 ൽ പറഞ്ഞ പ്രകാരം പ്രവാചകൻ സ്വാലിഹിന്റെ ജനത സ്വാലിഹിനെക്കുറിച്ച് പറഞ്ഞതുപോലെ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഇന്നത്തെ ഒറ്റപ്പെട്ട വിശ്വാസിയെക്കുറിച്ച് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പറയുക 'ഇവൻ ഒരു കളവുപറയുന്ന ഒറ്റയാൻ' ആണെന്നാണ്. 9: 95, 125 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇത്തരം മാലിന്യമായ ഫുജ്ജാറുകൾക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമാണ് വർദ്ധിപ്പിക്കുക. 7: 175–176 സൂക്തങ്ങളിൽ അവരിലെ നേതാക്കളെയും അനുയായികളെയും ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടാണ് ഉപമിച്ചിട്ടുള്ളത്. 8: 22; 25: 34 സൂക്തങ്ങളിൽ ദുഷ്ടജീവികൾ എന്ന് വിശേഷിപ്പിക്കപ്പെട്ട ഇവർ 30-ാമത്തെ കള്ളവാദിയായ അന്തിക്രിസ്തുവിന്റെ ആഗമനത്തിന് ധൃതിപ്പെട്ടുകൊണ്ടിരിക്കുന്നവരാണ്. 9: 101 ൽ വിവരിച്ച പ്രകാരം അവർ ഇഹത്തിലും പരത്തിലും ശിക്ഷിക്കപ്പെടുന്നതാണ്. കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ ഇക്കൂട്ടർ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം പഴിക്കുകയും തർക്കിക്കുകയും കുറ്റപ്പെടുത്തുകയും ശപിക്കുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 254; 7: 203; 9: 105 വിശദീകരണം നോക്കുക.

16. നീ പറയുക: അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഇതിനെ ഞാൻ നിങ്ങളുടെമേ

ൽ വിശദീകരിച്ച് തരികയോ ഇതിനെസംബന്ധിച്ച് നിങ്ങളെ അറിയിക്കുകയോ ഇല്ലായിരുന്നു, ഇതിനുമുമ്പ് ഞാൻ കുറേ വയസ്സ് നിങ്ങളിൽ കഴിച്ചുകൂട്ടിയിട്ടുള്ളതാണല്ലോ, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നവരാകുന്നില്ലെയോ?

അദ്ദിക്ർ പ്രവാചകൻ കെട്ടിച്ചമച്ചതാണ്, അല്ലെങ്കിൽ അതിൽ മാറ്റങ്ങൾ വരുത്തണം എന്ന് കരുതുന്നവരോടുള്ള മറുപടിയാണിത്. 29: 48 ൽ, നീ ഇതിനുമുമ്പ് ഒരു ഗ്രന്ഥവും *തിലാവത്ത്* ചെയ്യുന്നവനായിരുന്നില്ലല്ലോ, നിന്റെ വലതുകൈകൊണ്ട് നീ എഴുതുന്നവനുമായിരുന്നില്ല, അങ്ങനെയായിരുന്നെങ്കിൽ ഈ മിഥ്യാവാദികൾക്ക് സംശയിക്കാമായിരുന്നു എന്നും, 49 ൽ എന്നാൽ അറിവ് ലഭിച്ചവരുടെ നെഞ്ചുകളിൽ അത് സുവ്യക്തങ്ങളായ തെളിഞ്ഞ സൂക്തങ്ങൾ തന്നെയാണ്, അക്രമികളല്ലാതെ നമ്മുടെ സൂക്തങ്ങളെത്തൊട്ട് വിരോധംവെച്ച് തർക്കിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. 41: 41-43 ൽപറഞ്ഞ ത്രികാലജ്ഞാനിയിൽ നിന്ന് ത്രികാലജ്ഞാനിയിലൂടെ അവതരിപ്പിച്ചിട്ടുള്ള മിഥ്യകലരാത്ത അജയ്യമായ ഗ്രന്ഥമാണ് *അദ്ദിക്ർ* എന്നോ, 15: 9 പ്രകാരം അതിന്റെ സംരക്ഷണമാണ് അല്ലാഹുതന്നെ ഏറ്റെടുത്തിട്ടുള്ളതെന്നോ തിരിച്ചറിയാത്തവരും അത് വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്തവരും ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം ആശയമില്ലാതെ വായിക്കുന്ന 25: 18 ൽ പറഞ്ഞ കെട്ടജനത തന്നെയാണ്. 29 കള്ളവാദികളും കപടവിശ്വാസികളും എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങളെ പിൻപറ്റുന്നവരും അറബി ഖുർആൻ വായിക്കുന്നവരുമായ ഫുജ്ജാറുകളുടെ മടക്കം നരകത്തിലേക്കായിരിക്കുമെന്ന് വിശ്വാസികൾ പറയുമ്പോൾ ചിന്തയില്ലാത്ത ഭ്രാന്തൻമാരും അക്രമികളും യഥാർത്ഥ കാഫിറുകളുമായ അവർ അതിനെ പുച്ഛിച്ചു തള്ളുന്നതാണ്. 2: 44; 4: 158-159; 9: 67-68; 21: 10; 42: 52 വിശദീകരണം നോക്കുക.

17. അപ്പോൾ അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവനേക്കാൾ അല്ലെങ്കിൽ അവന്റെ സൂക്തങ്ങളെ കളവാക്കി തള്ളിപ്പറയുന്നവനേക്കാൾ ഏറ്റവും വലിയ അക്രമി ആരാണുള്ളത്? നിശ്ചയം, അവൻ ഇത്തരം ഭ്രാന്തൻമാരെ ഒരിക്കലും വിജയം വരിപ്പിക്കുകയില്ലതന്നെ.

അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകളാണ് അക്രമികളായ ഭ്രാന്തന്മാർ. 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലുള്ള ഭ്രാന്തന്മാരായ അവർ 83: 29 ൽ പറഞ്ഞ പ്രകാരം അദ്ദിക്ർ പിൻപറ്റുന്ന വിശ്വാസികളെ പരിഹസിക്കുന്നതാണ്. ഇത്തരം ഫുജ്ജാറുകൾ തന്നെയാണ് കുഫ്ഫാറുകൾ എന്ന് 83: 34, 36 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 91 ൽ വിവരിച്ച പ്രകാരം കുഫ്ഫാറുകൾക്ക് ഭൂമി നിറയെ സ്വർണം ലഭിച്ചിട്ട് അതുകൊണ്ട് നരകശിക്ഷയെത്തൊട്ട് തെണ്ടം ചെയ്യാൻ അവർ തയ്യാറായാൽ പോലും ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ അവർക്ക് സാധ്യമല്ല. 7: 37; 21: 14, 97 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്താതെ ജീവിക്കുന്ന ഇവർ ഓരോരുത്തരും അവരുടെ മരണസമയത്ത് ആത്മാവിനെതിരെ കാഫിറാണെന്നും അക്രമിയാണെന്നും സ്വയം സാക്ഷ്യം വഹിക്കുന്നതാണ്. 2: 95-96, 254; 6: 21; 7: 40 വിശദീകരണം നോക്കുക.

18. അവർ അല്ലാഹുവിനെക്കൂടാതെ അവർക്ക് ഉപദ്രവമോ അവർക്ക് ഉപകാരമോ ചെയ്യാൻ കഴിവില്ലാത്ത ഒന്നിനെ സേവിച്ചുകൊണ്ടിരിക്കുന്നവരാണ്, അവർ പറയുകയും ചെയ്യുന്നു: ഇക്കൂട്ടർ അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുവേണ്ടി ശുപാർശ ചെയ്യുന്നവരാണ്; നീ ചോദിക്കുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിന് അറിയാത്ത കാര്യങ്ങൾ നിങ്ങൾ അവന് അറിയിച്ചു

കൊടുക്കുകയാണോ? അവർ പങ്കുചേർക്കുന്നതിനെത്തൊട്ടെല്ലാം അത്യുന്നതനും അതീവ പരിശുദ്ധനുമാണ് അവൻ.

സേവിച്ചുകൊണ്ടിരിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, അല്ലാഹുവിനെക്കൂടാതെ അവന്റെ സൃഷ്ടികളെ വിളിച്ചുപ്രാർത്ഥിക്കുക, അവരെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്ന ശുപാർശക്കാരായും ഇടയാളൻമാരായും പരിഗണിക്കുക, അവരുടെപേരിൽ നേർച്ചവഴിപാടുകൾ അർപ്പിക്കുക, അവരെ ബഹുമാനിച്ചിട്ടില്ലെങ്കിൽ അവരുടെ ഗുരുത്വക്കേട് ഉണ്ടാകുമെന്ന് ഭയപ്പെടുക തുടങ്ങിയവയെല്ലാമാണ്. ഒരുകാര്യം അല്ലാഹുവിന്റെ അറിവിൽ ഇല്ലെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം അങ്ങനെ ഒന്ന് തീരെയില്ല എന്നാണ്. കാരണം ഉള്ളതെല്ലാം അല്ലാഹുവിന്റെ അറിവിലും ഗ്രന്ഥത്തിലും -അദ്ദിക്റിലും- രേഖപ്പെടുത്തിയിട്ടുണ്ടെന്ന് 22: 70; 34: 3; 57: 22 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. തന്നോട് ശുപാർശ ചെയ്യാൻ ആകാശത്തോ ഭൂമിയിലോ ആരെങ്കിലും ഉള്ളതായി അല്ലാഹുവിന്റെ അറിവിലില്ല, ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയതായി കാണുന്നുമില്ല. പിന്നെ ഏത് ശുപാർശകനെക്കുറിച്ചാണ് നിങ്ങൾ അവനോട് പറയുന്നത് എന്നാണ് സൂക്തം ചോദിക്കുന്നത്. നിങ്ങൾ സത്യവാൻമാരാണെങ്കിൽ തെളിവ് -*ബുർഹാൻ*- കൊണ്ടുവരിക എന്ന് 2: 111 ലും, ബുർഹാൻ അദ്ദിക്റാണ് എന്ന് 4: 174 ലും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെക്കൂടാതെ അവർക്ക് ഉപകാരമോ ഉപദ്രവമോ വരുത്താൻ കഴിയാത്തവരെ വിളിച്ചുപ്രാർത്ഥിക്കുന്നവർ തന്റെ നാഥനെ പ്രകടമായി നിഷേധിക്കുന്നവർ തന്നെയാണെന്ന് 25: 55ൽ പറഞ്ഞിട്ടുണ്ട്.

4: 118 ൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരുടെയും ജനതയിൽ പെട്ട ആയിരത്തിൽ 999 ഉം പ്രപഞ്ചനാഥനിൽ പങ്കുചേർക്കുന്നവരും അതിനാൽ തന്നെ പിശാചിനാൽ പാട്ടിലാക്കപ്പെട്ടവരും നരകക്കുണ്ഠത്തിലേക്ക് തിരിച്ചുപോകാനുള്ളവരുമാണെന്ന് 33: 73; 48: 6; 98: 6 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ ത്രികാലജ്ഞാനമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ട് നാഥന്റെ ഏകാധിപത്യത്തിൽ ഇതരരെ പങ്കുചേർക്കാൻ പ്രേരിപ്പിക്കുന്നവരാണ്. ആത്മാവിനെ പരിഗണിക്കാത്ത ഈ കെട്ടജനത 32: 4 നെ തള്ളിപ്പറഞ്ഞുകൊണ്ട് അല്ലാഹുവിനെ പ്രപഞ്ചനാഥനായി അംഗീകരിക്കാത്തവരും, 8: 22 ൽ പറഞ്ഞ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികളുമാണ്. പിശാചിന്റെ സംഘത്തിൽ പെട്ടവരും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും കളവ് പറയുന്നവരുമായ ഇത്തരം കാഫിറുകൾ 2: 62; 4: 150-151; 6: 130; 39: 59, 71; 67: 6-10 തുടങ്ങിയ സൂക്തങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ട് പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സിഖ് തുടങ്ങിയ ജനവിഭാഗങ്ങളെയാണ് കാഫിറുകളും മുശ്രിക്കുകളും നരകത്തിലേക്കുള്ളവരുമായി കണക്കാക്കുന്നത്. അവൻ അവർ പങ്കുചേർക്കുന്നതിനെത്തൊട്ടെല്ലാം അത്യുന്നതനും അതീവ പരിശുദ്ധനുമാകുന്നു എന്ന് പറഞ്ഞതിന്റെ വിവക്ഷ, ഗ്രന്ഥം സമർപ്പിക്കുന്ന വിധത്തിൽ അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കാത്തതിനാൽ അവരുടെ വിശ്വാസമോ അനുഷ്ഠാനങ്ങളോ അല്ലാഹുവിലേക്ക് എത്തുന്നില്ല എന്നാണ്. അവനുമായി അവർക്ക് യാതൊരു ബന്ധവുമില്ല, മറിച്ച് അവർക്കുള്ള ബന്ധം കാഫിറായ പിശാചുമായിട്ടായതുകൊണ്ട് അവരുടെ മടക്കം പിശാചിന്റെ വീടായ നരകത്തിലേക്കാണ്. 2: 255; 4: 116-117; 7: 194-195; 9: 31 വിശദീകരണം നോക്കുക.

19. മനുഷ്യരെല്ലാം ഒറ്റ സമുദായമല്ലാതെ ആയിരുന്നുമില്ല -എന്നാൽ അവർ ഭിന്നിച്ചു, നിന്റെ നാഥനിൽ നിന്നുള്ള ഒരു വചനം മുൻകടന്നിട്ടുണ്ടായിരുന്നില്ലെങ്കിൽ അവർ ഭിന്നിച്ചുകൊണ്ടിരുന്നതിൽ അവർക്കിടയിൽ വിധികൽപ്പിക്കുകതന്നെ

ചെയ്യുമായിരുന്നു.

ജനങ്ങൾ ഗ്രന്ഥത്തിന്റെ കാര്യത്തിൽ ഭിന്നിച്ചപ്പോഴാണ് അല്ലാഹുവിന്റെ കാര്യത്തിൽ ഭിന്നിച്ചവരും അവന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരുമായി മാറിയത്. ത്രികാലജ്ഞാനിയായ അല്ലാഹു വിധിദിവസം നേരത്തെ നിശ്ചയിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ മനുഷ്യർ ഭിന്നിക്കുമ്പോൾ തന്നെ അവർക്കിടയിൽ വിധി കൽപിക്കുമായിരുന്നു എന്നാണ് സൂക്തത്തിൽ പറയുന്നത്. അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത കപടവിശ്വാസികൾ 'അല്ലാഹു വിധികൽപിക്കട്ടെ' എന്നുപറഞ്ഞ് അവരുടെ വിധി വിചാരണ നാളിലേക്ക് നീട്ടിവെക്കുന്നതാണ്. എന്നാൽ സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ വിശ്വാസികൾ അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിച്ചുകൊണ്ടും 69: 51 ൽ പറഞ്ഞ ഉറപ്പുവരുത്തുന്ന സത്യമായ അദ്ദിക്റിനെ ത്രാസ്സായി ഉപയോഗപ്പെടുത്തിക്കൊണ്ടും അവരുടെ വിധി ഇവിടെവെച്ചുതന്നെ തീരുമാനിക്കുന്നതാണ്. 'നാഥനിൽ നിന്നുള്ള വചനം മുൻകടന്നിട്ടുണ്ടായിരുന്നില്ലെങ്കിൽ' എന്ന് സൂക്തത്തിൽ പറഞ്ഞത് വിധിദിവസത്തെക്കുറിച്ചാണ്. 39: 69, 75 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിധിദിവസം സത്യമായ അദ്ദിക്ർ കൊണ്ടാണ് വിധി കൽപിക്കുക. 2: 113 ൽ വിവരിച്ച പ്രകാരം വിശ്വാസി അദ്ദിക്റിനെ സത്യപ്പെടുത്തിക്കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും ഇവിടെവെച്ചുതന്നെ വിധി കൽപിക്കുന്നവനാണെങ്കിൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കാഫിറുകൾ അദ്ദിക്റിനെ സത്യപ്പെടുത്തുകയോ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അതുകൊണ്ട് വിധികൽപിക്കുകയോ ചെയ്യാതെ പരലോകത്തേക്ക് നീട്ടിവെക്കുകയാണ് ചെയ്യുക. 6: 2 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ നാഥൻ വിധി കൽപിക്കുന്നതിന് ഒരു പ്രത്യേകദിനം നിശ്ചയിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ അവൻ, അവർ ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ ഇവിടെവെച്ചുതന്നെ വിധി കൽപിക്കുമായിരുന്നു. 'സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് മിഥ്യ പിൻപറ്റിക്കൊണ്ടിരിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളുമാണ് വിധിദിവസം എല്ലാം നഷ്ടപ്പെട്ടവർ' എന്ന് 40: 78 ൽ പറഞ്ഞിട്ടുണ്ട്. 2 : 213 വിശദീകരണം നോക്കുക.

20. അവർ ചോദിക്കുകയും ചെയ്യുന്നു: എന്താണ് അവന്റെ മേൽ തന്റെ നാഥനിൽ നിന്നുള്ള ഒരു ദിവ്യാത്ഭുതം അവതരിപ്പിക്കപ്പെടാത്തത്; അപ്പോൾ നീ പറയുക: നിശ്ചയം മറഞ്ഞ കാര്യങ്ങളെല്ലാം അല്ലാഹുവിനുള്ളതാണ്, അതുകൊണ്ട് നിങ്ങൾ കാത്തിരിക്കുവിൻ, നിശ്ചയം ഞാനും നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരിൽ പെട്ടവനാണ്.

വടി പാമ്പായി മാറുക, കടൽ പിളർത്തുക, മരിച്ചവരെ ജീവിപ്പിച്ചു കാണിക്കുക തുടങ്ങിയ എന്തെങ്കിലും ദിവ്യാത്ഭുതം കാണിച്ചാലേ പ്രവാചകൻ കൊണ്ടുവന്നത് കൊണ്ട് വിശ്വസിക്കുകയുള്ളൂ എന്ന് ചിന്തിച്ചിരുന്നവരോട് പറയാൻ കൽപിക്കുകയാണ്: അല്ലാഹു അവതരിപ്പിച്ചത് ഞാൻ നിങ്ങളുടെമുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്, അവൻ അവതരിപ്പിക്കാത്തത് എനിക്കും നിങ്ങൾക്കും അദൃശ്യമായ കാര്യങ്ങളാകുന്നു. അവൻ ഉദ്ദേശിക്കുന്നപക്ഷം അത് അവൻ അവതരിപ്പിക്കും, അവൻ അവതരിപ്പിക്കാത്തത് അവതരിപ്പിച്ചെങ്കിലേ വിശ്വാസം കൈക്കൊള്ളുകയുള്ളൂ എന്നാണെങ്കിൽ നിങ്ങൾ അതും കാത്തിരുന്നുകൊള്ളുക, ഞാനും നിങ്ങളോടൊപ്പം കാത്തിരുന്നുകൊള്ളാം.

7: 203 ൽ, നീ അവർക്കൊരു സൂക്തം കൊണ്ടുവന്നിട്ടില്ലെങ്കിൽ അവർ ചോദിക്കും:

എന്തുകൊണ്ട് നീ അത് ഒരുമിച്ചുകൂട്ടി കൊണ്ടുവരുന്നില്ല; നീ പറയുക: നിശ്ചയം ഞാൻ എന്റെ നാഥനിൽ നിന്ന് എനിക്ക് ദിവ്യസന്ദേശമായി നൽകപ്പെടുന്നത് പിൻപറ്റുന്നവൻ മാത്രമാണ്, ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള ഉൾക്കാഴ്ചദായകവും വിശ്വാസികളായ ഒരു ജനതക്ക് സൻമാർഗവും കാരുണ്യവുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ത്രികാലജ്ഞാനിയായ നാഥൻ ത്രികാലജ്ഞാനമായ അദ്ദിക്ർ ആദ്യമേ സ്വർഗത്തിൽ അവന്റെ പക്കലുള്ള സുരക്ഷിതമായ ഫലകത്തിൽ രേഖപ്പെടുത്തുകയാണ് ചെയ്തതെന്ന് 13: 39; 43: 2; 44: 2; 85: 21–22 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പിന്നെ അവൻ അവന്റെ ഗ്രന്ഥം കാലാകാലങ്ങളിൽ 313 പ്രവാചകന്മാരിലൂടെ അവതരിപ്പിക്കുകയുണ്ടായി. അന്ത്യപ്രവാചകനായ മുഹമ്മദിന്റെ മേൽ അവതരിപ്പിച്ചിട്ടുള്ള വ്യക്തമായ വായനയായ അദ്ദിക്ർ ജനങ്ങളുടെ മേൽ നിർത്തി നിർത്തി വായിച്ച് കേൾപ്പിക്കുന്നതിനുവേണ്ടി 23 വർഷങ്ങൾ കൊണ്ടാണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് 17: 105–106 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ കാലത്ത് ഗ്രന്ഥം ക്രോഡീകരിക്കപ്പെട്ടിട്ടില്ല. 16: 89; 25: 33 സൂക്തങ്ങളിൽ പറഞ്ഞ എല്ലാഓരോ കാര്യവും വിശദീകരിച്ച, നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരായതിനാൽ 38: 8 ൽ പറഞ്ഞ പ്രകാരം ശിക്ഷ രുചിക്കുന്നതുവരെ അദ്ദിക്റിനെ അവർ നാഥന്റെ ഗ്രന്ഥമായി അംഗീകരിക്കുകയില്ല.

32: 28 ൽ പറഞ്ഞ പ്രകാരം വിശ്വാസികൾക്കുള്ള വിജയദിനം എപ്പോഴാണ് പുലരുക എന്ന് ചോദിക്കുന്ന കാഫിറുകളോട്, 'വിശ്വാസികൾക്ക് ലഭിക്കാൻ പോകുന്ന വിജയദിനത്തിൽ കാഫിറുകൾക്ക് അവരുടെ വിശ്വാസം സ്വീകരിക്കൽ കൊണ്ട് യാതൊരു ഉപകാരവും ഉണ്ടാവുകയില്ല, അവർ സാവകാശം നൽകപ്പെടുകയുമില്ല' എന്ന് മറുപടി പറയാൻ 32: 29 ലൂടെ പ്രവാചകനോട് കൽപിക്കുന്നു. 32: 30 ൽ, പ്രവാചകനോട്: അപ്പോൾ നീ അവരെ അവഗണിക്കുകയും നീ കാത്തിരിക്കുകയും ചെയ്യുക, നിശ്ചയം അവരും കാത്തിരിക്കുന്നവരാണ് എന്നും പറഞ്ഞിട്ടുണ്ട്. 70: 6–7 സൂക്തങ്ങളിൽ, കാഫിറുകൾ അന്ത്യദിനത്തെ വിദൂരമായി കാണുന്നവരാണ്, എന്നാൽ വിജയം വരിക്കുന്ന അല്ലാഹുവിന്റെ സംഘത്തിൽപെട്ട വിശ്വാസികൾ അതിനെ അടുത്തായിട്ടാണ് കാണുക എന്ന് പറഞ്ഞിട്ടുണ്ട്. 2: 255; 6: 111, 124; 9: 51; 44: 59 വിശദീകരണം നോക്കുക.

21. തങ്ങളെ ബാധിച്ച ഒരു ദുരിതത്തിന് ശേഷം ജനങ്ങളെ നാം ഒരു കാരുണ്യം രുചിപ്പിക്കുകയാണെങ്കിൽ അവർ അതാ നമ്മുടെ സൂക്തങ്ങളുടെ കാര്യത്തിൽ തന്ത്രങ്ങൾ മെനഞ്ഞുതുടങ്ങുന്നു; നീ പറയുക: അല്ലാഹു ഏറ്റവും വേഗത്തിൽ തന്ത്രം മെനയുന്നവനാണ്, നിശ്ചയം നമ്മുടെ ദൂതൻമാർ നിങ്ങൾ മെനഞ്ഞുകൊണ്ടിരിക്കുന്ന ഗൂഢതന്ത്രങ്ങളൊക്കെയും രേഖപ്പെടുത്തിവെക്കുന്നവരാണ്.

13: 41–42 സൂക്തങ്ങളിൽ, നിശ്ചയം നാം ഈ ഭൂമിയിൽ വന്നുകൊണ്ടിരിക്കുന്നതും അതിന്റെ വൃത്തത്തെ നാനാവശങ്ങളിൽ നിന്ന് ചുരുക്കിക്കൊണ്ടിരിക്കുന്നതും അവർ കാണുന്നില്ലെന്നോ, അല്ലാഹു നിങ്ങൾക്കിടയിൽ വിധിച്ചുകൊണ്ടിരിക്കുന്നു, അവന്റെ വിധികളെ പുനഃപരിശോധിക്കുന്നവരായി ആരുമില്ല, അവൻ വേഗത്തിൽ വിചാരണ ചെയ്യുന്നവനുമാണ്. അവർക്കുമുമ്പ് കഴിഞ്ഞുപോയിട്ടുള്ള ജനങ്ങളും വലിയ വലിയ തന്ത്രങ്ങൾ പയറ്റി നോക്കിയിട്ടുണ്ട്, എന്നാൽ എല്ലാ തന്ത്രങ്ങളുടെയും നിയന്ത്രണം അല്ലാഹുവിന്റെ പക്കലാണ്, എല്ലാഓരോ ആത്മാവും എന്ത് നേടിക്കൊണ്ടിരിക്കുന്നു എന്ന് അവൻ അറി

യുന്നു, അപ്പോൾ ആർക്കാണ് നല്ല പര്യവസാനമെന്ന് ഈ നിഷേധത്തിനുമേൽ നിഷേധം കൈക്കൊള്ളുന്ന കുഫ്ഫാറുകൾ അടുത്തുതന്നെ അറിയുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. നാം ഭൂമിയിൽ വരിക എന്നുപറഞ്ഞാൽ അല്ലാഹു നേരിട്ടുവരിക എന്നല്ല, മറിച്ച് അദ്ദിക്ർ ലോകത്തിന്റെ വിവിധ മൂലകളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുക എന്നും ഭൂമിയുടെ പരിധിയെ നാം ചുരുക്കിക്കൊണ്ടുവരുന്നു എന്ന് പറഞ്ഞാൽ അതിനെ എതിർക്കുന്ന കാഫിറുകളുടെ സ്വാധീനം നാനാഭാഗത്തും കുടുസ്സായി വരിക എന്നുമാണ്. ഗ്രന്ഥത്തിന്റെ പ്രചരണം അല്ലാഹുവിൽ നിന്നാണ് ഉണ്ടാവുന്നത്, അത് നിർവ്വഹിക്കുന്നവരുടെ കൂടെയാണ് അല്ലാഹുവും മലക്കുകളുമെല്ലാമുള്ളത് എന്നതിനാൽ ഭൂമിയുടെ ഏതുഭാഗത്തും ഈ സന്ദേശം വ്യാപിക്കുന്നതിനെക്കുറിച്ച് 'നാം വ്യാപിക്കുന്നു' എന്നാണ് അല്ലാഹു പറയുന്നത്. അദ്ദിക്ർ എന്ന പ്രകാശത്തെ ഊതിക്കെടുത്താൻ കാഫിറുകൾ ശ്രമിക്കുകതന്നെ ചെയ്യും, എന്നാൽ അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കാതെ പിൻവാങ്ങുകയില്ല എന്ന് 9: 32 -33 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഇന്ന് അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിക്കുന്നവൻ അല്ലാഹുവിനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101; 4: 174-175 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇത്തരം സൂക്തങ്ങളെല്ലാം ഇന്ന് അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് 83: 34, 36 സൂക്തങ്ങളിൽ പറഞ്ഞ കുഫ്ഫാറുകൾ. 9: 28, 95 സൂക്തങ്ങളിൽ മാലിന്യമെന്ന് വിശേഷിപ്പിക്കപ്പെട്ട അവർക്ക് അദ്ദിക്ർ മാലിന്യമല്ലാതെ വർധിപ്പിക്കുകയില്ല എന്ന് 9: 125 ൽ പറഞ്ഞിട്ടുണ്ട്.

50: 18 ൽ റഖീബ്, അത്തീദ് എന്നീ മലക്കുകൾ രേഖപ്പെടുത്താതെ ഒരാളും ഒരു വാക്കും ഉച്ചരിക്കുന്നില്ല എന്നും; 82: 10-12 സൂക്തങ്ങളിൽ, നിശ്ചയം നിങ്ങളുടെമേൽ സൂക്ഷിപ്പുകാരെ ഏൽപ്പിക്കുകതന്നെ ചെയ്തിട്ടുണ്ട്, ബഹുമാന്യരായ എഴുത്തുകാർ, അവർ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അറിയുന്നു എന്നും പറഞ്ഞിട്ടുണ്ട്. ഇതിനുപുറമെ 17: 13-14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അല്ലാഹുതന്നെ എല്ലാഓരോ മനുഷ്യന്റെയും പിരടിയിൽ കർമ്മരേഖ സ്ഥാപിച്ചിട്ടുണ്ട്, വിധിദിവസം അത് ഊരിയെടുത്ത് നൽകി അവരവരെക്കൊണ്ട് വായിപ്പിച്ചാണ് ഓരോരുത്തരുടെയും വിചാരണ നടത്തുക. 5: 67, 105; 6: 25-26 വിശദീകരണം നോക്കുക.

22. അവൻ തന്നെയാണ് നിങ്ങളെ കരയിലും കടലിലും സഞ്ചരിപ്പിക്കുന്നത്, അങ്ങനെ നിങ്ങൾ കപ്പലിലാവുകയും അനുകൂലമായ കാറ്റിനാൽ ആഹ്ലാദിച്ച് ഉല്ലസിച്ച് സഞ്ചരിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ പെട്ടെന്നതാ കൊടുങ്കാറ്റ് വരികയും നാനാഭാഗത്തുനിന്നും തിരമാലകൾ ഉയർന്നുവരികയും അതിൽ കപ്പൽ മുങ്ങിപ്പോവുകയാണെന്ന് അവർക്ക് ബോധ്യമാവുകയും ചെയ്യുമ്പോൾ, ജീവിതം മുഴുവൻ അല്ലാഹുവിനുവേണ്ടി മാത്രം സമർപ്പിച്ചുകൊണ്ട് അവർ അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിക്കുന്നു: നീ ഞങ്ങളെ ഈ വിപത്തിൽ നിന്ന് രക്ഷപ്പെടുത്തുകയാണെങ്കിൽ നിശ്ചയം ഞങ്ങൾ നന്ദി പ്രകടിപ്പിക്കുന്നവരിൽ പെട്ടവർ തന്നെയായിരിക്കും.

17: 67 ൽ, സമുദ്രത്തിൽ വെച്ച് നിങ്ങൾക്ക് ഒരു വിപത്ത് ബാധിച്ചാൽ അവനെക്കൂടാതെ നിങ്ങൾ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരെയൊക്കെയും നിങ്ങൾ വെടിയുന്നു, എന്നാൽ നിങ്ങളെ നാം കരയിലേക്ക് രക്ഷപ്പെടുത്തിയാലോ, നിങ്ങൾ അവഗണിക്കുന്നു, മനുഷ്യൻ നന്ദികെട്ടവൻ തന്നെയായിരിക്കുന്നു എന്ന് പറഞ്ഞശേഷം; 17: 68 ൽ, അപ്പോൾ

നിങ്ങൾ കരയിലായിരിക്കുമ്പോൾ ഭൂമിയിൽ നിങ്ങളെ ആഴ്ത്തിക്കളയുകയും അല്ലെങ്കിൽ നിങ്ങളുടെമേൽ ചരൽ വർഷിക്കുന്ന കൊടുങ്കാറ്റ് അയക്കുകയും പിന്നെ അതിൽ നിന്ന് നിങ്ങളെ രക്ഷപ്പെടുത്തുന്ന യാതൊരു രക്ഷകനെയും കണ്ടെത്താതിരിക്കുകയും ചെയ്യുന്നതുമായ അവസ്ഥയെക്കുറിച്ച് നിങ്ങൾ നിർഭയരാണോ എന്നും; 17: 69 ൽ, അല്ലെങ്കിൽ നിങ്ങളെ മറ്റൊരു പ്രാവശ്യം കൂടി കരയിൽ നിന്ന് കടലിലേക്ക് തിരിച്ചുകൊണ്ടുവരികയും എന്നിട്ട് നിങ്ങളുടെ മേൽ രൂക്ഷമായ കൊടുങ്കാറ്റ് അയച്ച് നിങ്ങളുടെ നന്ദികേടിന് പ്രതികാരമായി നിങ്ങളെ മുക്കിക്കളയുകയും പിന്നെ നിങ്ങളുടെ ആ ദുരന്തത്തെക്കുറിച്ച് അന്വേഷിച്ച് കാരണം കണ്ടെത്താൻ കഴിയാത്ത ഒരു അവസ്ഥ വരികയും ചെയ്യുന്നതിനെക്കുറിച്ച് നിങ്ങൾ നിർഭയരാണോ എന്ന് ചോദിച്ചിട്ടുണ്ട്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകൾ അവരുടെ ജീവിതമേഖകളിലെല്ലാം അല്ലാഹുവിനെ വിസ്മരിച്ച് ജീവിക്കുക വഴി പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത്. മരണസമയത്ത് *ശഹാദത്ത് കലിമ* ചൊല്ലി മരിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന അവർ 10: 17 ൽ വിവരിച്ച പ്രകാരം ആത്മാവിനെതിരെ കാഫിറുകളും അക്രമികളുമായിരുന്നു എന്ന് സാക്ഷ്യം വഹിച്ചാണ് മരണപ്പെടുക. ജീവിച്ചിരിക്കുന്ന സമയത്ത് അദ്ദിക്റിനുവേണ്ടി സമയവും പണവുമൊന്നും ചെലവഴിക്കാതിരുന്ന ഇത്തരം ഭ്രാന്തന്മാർ അവരുടെ മരണസമയത്ത് 'നാഥാ! കുറഞ്ഞ സമയം നീ എന്നെ പിന്തിപ്പിക്കുകയാണെങ്കിൽ ഞാൻ അദ്ദിക്റിനെ സത്യപ്പെടുത്തുകയും സജ്ജനങ്ങളിൽ ഉൾപ്പെടുകയും ചെയ്യാം' എന്ന് പറയുമെന്ന് 63: 10 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇത്തരം കാഫിറുകൾ ജനങ്ങളോട് തിന്മ കൽപിക്കുന്നവരും അദ്ദിക്റിനെത്തൊട്ട് വിരോധിക്കുന്നവരുമാണ്. അവർ അവരുടെ ആത്മാവ് പങ്കെടുക്കാത്ത ശരീരം കൊണ്ടുള്ള നമസ്കാരങ്ങളിൽ മസീഹുദ്ദജ്ജാലിന്റെ നാശത്തെത്തൊട്ട് ശരണം തേടുന്നവരാണെങ്കിലും അവരുടെ ജീവിതശൈലിയിലൂടെ മസീഹുദ്ദജ്ജാലിന്റെ വരവിനുവേണ്ടി ധൃതികാണിക്കുന്നവരാണ്. ആത്മാവിനെ പരിഗണിക്കാതെ ജീവിക്കുന്ന ഈ കെട്ടജനത 7: 172 ൽ പറഞ്ഞ പ്രകാരം ഓരോരുത്തരും സ്വർഗത്തിൽ വെച്ച് നാഥനുമായി ചെയ്ത ഉടമ്പടി പാലിക്കാത്തവരും 2: 99; 5: 49; 7: 102 തുടങ്ങിയ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ ജനങ്ങളിൽ നിന്ന് മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന തെമ്മാടികളുമാണ്. 2: 152; 6: 110–111; 7: 189–190 വിശദീകരണം നോക്കുക.

23. അങ്ങനെ അവൻ അവരെ ആ വിപത്തിൽ നിന്ന് രക്ഷപ്പെടുത്തിയാലോ,അവർ ഭൂമിയിൽ അന്യായമായി അതിക്രമം കാണിച്ചുതുടങ്ങുന്നു; ഓ മനുഷ്യരേ! നിശ്ചയം നിങ്ങളുടെ അതിക്രമം നിങ്ങൾക്കെതിരെ തന്നെയാണ്, ഐഹികജീവിത വിഭവങ്ങൾ നിങ്ങൾ ആസ്വദിച്ചുകൊള്ളുക, പിന്നീട് നമ്മിലേക്ക് തന്നെയാണ് നിങ്ങളുടെ മടക്കം, അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നത് എന്തായിരുന്നുവെന്ന് നാം നിങ്ങൾക്ക് വിവരം പറഞ്ഞുതരുന്നതാണ്.

ജീവിതലക്ഷ്യമില്ലാതെ ജീവിക്കുന്ന മനുഷ്യരെ ഏത് വിപത്തിൽ നിന്ന് രക്ഷപ്പെടുത്തിയാലും കുറച്ചുകഴിയുമ്പോൾ അതെല്ലാം മറന്നുകൊണ്ട് സ്രഷ്ടാവിനെ മറന്ന് ജീവിക്കുന്നതാണ്. ഇന്ന് ലോകത്തെവിടെയും ധിക്കാരങ്ങളിലും അതിക്രമങ്ങളിലും നശീകരണ പ്രവർത്തനങ്ങളിലും ധൂർത്തിലും പിശുക്കിലും നന്മതടയുന്നതിലും തിന്മ പ്രചരിപ്പിക്കുന്നതിലുമെല്ലാം മുൻപന്തിയിലുള്ളത് ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന ഫുജ്ജാറുകളാണെന്ന് അദ്ദിക്റിനെ ഉരക്കല്ലും മൗഇളത്തുമായി ഉപയോഗപ്പെടുത്തു

ന്നവർക്ക് തിരിച്ചറിയാവുന്നതാണ്. അവരുടെ പണ്ഡിതൻമാരെയും ആ ജനതയെത്തന്നെയും 7: 175-176 സൂക്തങ്ങളിൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റംവരാത്ത നായയോട് ഉപമിച്ചിട്ടുള്ളത് അതുകൊണ്ട് തന്നെയാണ്. 62: 5 ൽ, അവരെ കഴുതയോടും ജൂതരോടും ഉപമിക്കുകയും ഇത്തരം അക്രമികളെ അല്ലാഹു സൻമാർഗത്തിലേക്ക് നയിക്കുകയില്ലതന്നെ എന്ന് പറയുകയും ചെയ്തിരിക്കുന്നു. അന്യായമായി അതിക്രമം കാണിക്കുക എന്നുപറഞ്ഞതിൽ, *ഹഖ്* -അദ്ദിക്ർ- ഇല്ലാതെ സത്യത്തിലാണെന്നും അല്ലാഹുവിന്റെ ഇഷ്ടദാസൻമാരാണെന്നുമുള്ള ഭാവത്തിൽ ജീവിക്കുക, ഗ്രന്ഥം ലഭിക്കാത്തവരെ കാഫിറുകളെന്ന് മുദ്രകുത്തുക എന്നതെല്ലാം ഉൾപ്പെടുന്നതാണ്. ഗ്രന്ഥം ലഭിച്ചവർ ആരെയും ആശ്രയിക്കാതെ ഭൂമിയിൽ എവിടെയും തല ഉയർത്തിക്കൊണ്ട് നടക്കണമെന്നും അതുകൊണ്ട് പ്രൗഢരാകണമെന്നുമാണ് 3: 79-80 സൂക്തങ്ങളിലൂടെ കൽപ്പിക്കപ്പെട്ടിട്ടുള്ളത്.

നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ മാർഗദർശനം ചെയ്യുന്നില്ല എന്ന് ഈ സൂക്തവും പഠിപ്പിക്കുന്നു. നാലാം ഘട്ടത്തിൽ ഐഹിക ലോകത്ത് സ്വർഗം പണിത് ഏഴാം ഘട്ടത്തിൽ അത് അനന്തരമെടുക്കുക എന്നത് ഓരോരുത്തരുടെയും കടമയാണ്. എന്നാൽ 7: 178-179 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്താതെ ജീവിക്കുന്ന ലക്ഷ്യബോധമില്ലാത്ത കപടവിശ്വാസികളും അവരുടെ അനുയായികളും നരകക്കുണ്ഠത്തിലെ ഏഴ് വാതിലുകളിലേക്ക് നിജപ്പെടുത്തിവെക്കപ്പെട്ടവരാണ്. അവർ അവരുടെ വിധി 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീൻ* പട്ടികയിൽ നിന്ന് 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ *ഇല്ലിയ്യീൻ* പട്ടികയിലേക്ക് അദ്ദിക്ർ ഉപയോഗപ്പെടുത്തി സ്വയം മാറ്റാൻ തയ്യാറാകാത്തവരാണ്. അതുകൊണ്ട് യുക്തിനിർഭര ഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് അവരെ ഉണർത്താൻ വിശ്വാസിക്ക് കഴിയുകയില്ല. 4: 133; 6: 115-116; 7: 146-147; 9: 94; 14: 30 വിശദീകരണം നോക്കുക.

24. നിശ്ചയം ഐഹിക ജീവിതത്തിന്റെ ഉപമ വെള്ളം പോലെയാണ്, നാം അതിനെ ആകാശത്തുനിന്ന് ഇറക്കി, അതുമുഖേന ഭൂമിയിൽ നിന്ന് സസ്യലതാദികൾ തഴച്ചുവളർന്നു, അതിൽ നിന്ന് മനുഷ്യരും കന്നുകാലികളും ഭക്ഷിക്കുന്നു, അങ്ങനെ ഭൂമി വസന്തമണിഞ്ഞ് അലംകൃതമാവുകയും നിശ്ചയം അവർ അതിനെ കീഴടക്കിക്കഴിഞ്ഞുവെന്ന് അതിലെ നിവാസികൾ കരുതുകയും ചെയ്യുമ്പോഴതാ, രാത്രിയോ അല്ലെങ്കിൽ പകലോ നമ്മുടെ കൽപന വരുന്നു -ഇന്നലെ അവിടെ അങ്ങനെയൊന്നും ഉണ്ടായിരുന്നില്ല എന്ന് തോന്നത്തക്കവണ്ണം നാം അതിനെ നിശ്ശേഷം നശിപ്പിച്ചുകളയുന്നു, അപ്രകാരം നമ്മുടെ സൂക്തങ്ങൾ ആലോചിച്ച് പ്രതിഫലിപ്പിക്കുന്ന ജനതക്കുവേണ്ടി നാം വിശദീകരിച്ച് കൊടുക്കുകയാണ്.

ഐഹിക ജീവിതത്തിന്റെ ഉദാഹരണം നീ അവർക്ക് വിവരിച്ചുകൊടുക്കുക, നാം ആകാശത്തുനിന്ന് മഴ ഇറക്കുന്നു, അതുമുഖേന ഭൂമിയിൽ ചെടികൾ തഴച്ചുവളരുന്നു, പിന്നെ അതിനെ കാറ്റിൽ പറക്കുന്ന കച്ചിത്തുരുമ്പാക്കി മാറ്റുന്നു, അല്ലാഹു എല്ലാകാര്യത്തിനും കഴിവുള്ളവൻ തന്നെയാണ് എന്ന് 18: 45 ലും; നിശ്ചയം അല്ലാഹു ആകാശത്തുനിന്ന് മഴ വർഷിപ്പിക്കുന്നത് നീ കാണുന്നില്ലേ, പിന്നെ ഭൂമിയിൽ ആ മഴവെള്ളം തോടുകളിലും ചാലുകളിലുമായി ഒഴുക്കുന്നു, പിന്നെ അതുമുഖേന അവൻ വിവിധ നിറത്തിലുള്ള സസ്യങ്ങളെ മുളപ്പിക്കുന്നു, പിന്നെ അത് ഉണങ്ങുന്നു, അപ്പോൾ അതിനെ നിനക്ക് മഞ്ഞളിച്ചതായി കാണാം, പിന്നെ അതിനെ അവൻ വൈക്കോലാക്കി മാറ്റുന്നു, നിശ്ചയം അതിൽ ബു

ദ്ധിമാൻമാർക്ക് ഒരു ഓർമപ്പെടുത്തൽ തന്നെയുണ്ട് എന്ന് 39: 21 ലും പറഞ്ഞിട്ടുണ്ട്. ഇതു പോലെത്തന്നെയാണ് മനുഷ്യരുടെയും ഇഹലോകത്തുള്ള ജീവിതമെന്നും എന്നാൽ ബുദ്ധി ശക്തി നൽകപ്പെട്ട അവർ അത് ഉപയോഗപ്പെടുത്തി ജീവിതലക്ഷ്യം സാക്ഷാത്കരിക്കാൻ വേണ്ടി പ്രയത്നിച്ചിട്ടില്ലെങ്കിൽ അവരുടെ ജീവിതം നഷ്ടപ്പെടുമെന്നും മനസ്സിലാക്കാനും അവർ ആലോചിച്ച് പാഠമുൾക്കൊള്ളുന്നതിന് വേണ്ടിയും കേട്ടവർ കേട്ടവർ മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കുന്നതിന് വേണ്ടിയുമാണ് അല്ലാഹു ഇത്തരം ഉപമകൾ ഗ്രന്ഥത്തിൽ വരച്ചുകാണിച്ചിട്ടുള്ളത്.

50: 9–11 സൂക്തങ്ങളിൽ, ആകാശത്തുനിന്ന് നാം അനുഗ്രഹീതമായ വെള്ളം ഇറക്കുകയും അതുകൊണ്ട് നാം തോട്ടങ്ങളും ഉമിയോടുകൂടിയ ധാന്യങ്ങളടങ്ങിയ വയലുകളും ഉറുഞ്ഞിലുകളായി തിങ്ങിനിൽക്കുന്ന കുലകളോടുകൂടിയ ഈത്തപ്പനകളും മുളപ്പിക്കുന്നു –നമ്മുടെ അടിമകൾക്കുള്ള ഭക്ഷണവിഭവങ്ങളായിക്കൊണ്ട്. അങ്ങനെ നിർജ്ജീവമായ നാടിനെ നാം ആ വെള്ളം കൊണ്ട് ജീവിപ്പിക്കുകയായി –അപ്രകാരമാണ് നിങ്ങളും പുറപ്പെടുവിക്കപ്പെടുക എന്നും; 22: 5 ൽ മനുഷ്യരെ വിളിച്ച്: ഓ മനുഷ്യരേ, നിങ്ങൾ പുനർജീവിതത്തിൽ സംശയമുള്ളവരാണെങ്കിൽ, നിശ്ചയം നാം നിങ്ങളെ മണ്ണിൽ നിന്നാണ് സൃഷ്ടിച്ചിട്ടുള്ളത്, പിന്നെ ആണിന്റെയും പെണ്ണിന്റെയും ബീജത്തിൽ നിന്ന്, പിന്നെ രക്തപിണ്ഡത്തിൽ നിന്ന്, പിന്നെ രൂപപ്പെട്ടതും രൂപപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്ന്, നിങ്ങൾ ആരാണെന്ന് നിങ്ങൾക്ക് നാം വ്യക്തമാക്കിത്തരികയാണ്, നാം ഉദ്ദേശിച്ചവരെ ഗർഭപാത്രങ്ങളിൽ നിർണയിച്ച അവധിവരെ സുരക്ഷിതമായി വെക്കുകയും പിന്നെ ശിശുവായി പുറത്തുകൊണ്ടുവരികയും ചെയ്യുന്നു, ക്രമേണ നിങ്ങൾ പ്രായപൂർത്തിയായി ശക്തി പ്രാപിക്കുന്നു, നിങ്ങളിൽ ചിലരെ അതിനുമുമ്പായി തിരിച്ചു വിളിക്കുന്നു, മറ്റുചിലരെ എല്ലാം അറിഞ്ഞതിനുശേഷം ഒന്നും അറിയാത്ത അവസ്ഥ പ്രാപിക്കത്തക്കവിധം പടുവാർദ്ധക്യത്തിലേക്ക് തള്ളിവിടുന്നു, ഭൂമിയെ വരണ്ടതായി നിനക്ക് കാണാം, അപ്പോൾ അതിലേക്ക് നാം വെള്ളം ഇറക്കിയാൽ അത് സ്ഫുടിക്കുകയും തുടിക്കുകയും ഭംഗിയുള്ള ചെടികളെയെല്ലാം ഇണകളായി മുളപ്പിക്കുകയുമായി എന്നും പറഞ്ഞിട്ടുണ്ട്. 41: 39 ൽ, അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് ഭൂമിയെ നീ വിണ്ടുകീറിയതായി കാണുന്നത്, അപ്പോൾ നാം അതിൽ വെള്ളം ഇറക്കിയാൽ അത് സ്ഫുടിക്കുകയും തുടിക്കുകയുമായി, നിശ്ചയം ആരാണോ ആ ഭൂമിയെ ജീവിപ്പിച്ചത്, അവൻ മരിച്ചവരെ ജീവിപ്പിക്കുകതന്നെ ചെയ്യും, നിശ്ചയം അവൻ എല്ലാ ഓരോ കാര്യത്തിന്റെ മേലിലും കഴിവുള്ള സർവ്വശക്തൻ തന്നെയാണ് എന്നും; 30: 19 ൽ, ജീവനില്ലാത്തവയിൽ നിന്ന് ജീവനുള്ളവയെയും ജീവനുള്ളവയിൽ നിന്ന് ജീവനില്ലാത്തവയെയും പുറപ്പെടുവിക്കുന്നതും ഭൂമിയെ അതിന്റെ മരണശേഷം ജീവിപ്പിക്കുന്നതും അവൻ തന്നെയാണ്, അപ്രകാരം നിങ്ങളും പുറപ്പെടുവിപ്പിക്കപ്പെടുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്.

11: 67–68 സൂക്തങ്ങളിൽ, ദൃഷ്ടാന്തമായി നൽകപ്പെട്ട അല്ലാഹുവിന്റെ ഒട്ടകത്തെ സമൂദ് സമുദായം ധാർഷ്ട്യപൂർവ്വം അറുത്തപ്പോൾ അക്രമികളായ അവരെ ഒരു ഘോരഗർജ്ജനം പിടികൂടി, അങ്ങനെ ഒരു ജനത അവിടെ താമസിച്ചിരുന്നിട്ടേയില്ല എന്നവണ്ണം അവർ അവരുടെ വീടുകളിൽ ചേതനയറ്റ് വീണു എന്ന് പറഞ്ഞിട്ടുണ്ട്. 11: 94–95 സൂക്തങ്ങളിൽ, ശുഐബ് നബിയെ തള്ളിപ്പറഞ്ഞ ജനതയും അത്തരം ഘോരഗർജ്ജനത്താൽ അങ്ങനെ ഒരു ജനത അവിടെ ഉണ്ടായിരുന്നില്ല എന്ന വിധത്തിൽ നശിപ്പിക്കപ്പെട്ടു എന്ന് പറഞ്ഞിട്ടുണ്ട്. 3: 7–10 സൂക്തങ്ങളിൽ പറഞ്ഞ നരകത്തിന്റെ വിറകുകളായ ഫുജ്ജാറുകൾ മാത്രമാണ്

ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത്. എന്നാൽ എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ളതും പ്രപഞ്ചനാഥനിൽ നിന്നുള്ള അജയ്യഗ്രന്ഥവും നാഥൻ തന്നെ സൂക്ഷിപ്പ് ഏറ്റെടുത്തതും വ്യക്തവും സ്പഷ്ടവുമായ വായനയുമായ അദ്ദിക്ർ കേൾക്കാൻ തയ്യാറാകാത്ത ബധിരരായ ഫാജിറുകളെയും അദ്ദിക്റിനെക്കുറിച്ച് ലോകരോട് പറയാൻ തയ്യാറാകാത്ത ഊമരായ അവരുടെ നേതാക്കളെയും 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും തിന്മയേറിയവർ എന്നാണ് 8: 22 ൽ ത്രികാലജ്ഞാനിയായ നാഥൻ വിശേഷിപ്പിച്ചിട്ടുള്ളത്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത അവരെ മനുഷ്യരായിപ്പോലും നാഥൻ പരിഗണിച്ചിട്ടില്ല. 2: 266; 13: 17–18; 30: 48–50 വിശദീകരണം നോക്കുക.

25. അല്ലാഹു സമാധാനഗേഹത്തിലേക്കാണ് വിളിക്കുന്നത്, അവൻ ഉദ്ദേശിക്കുന്നവരെ അവൻ ഏറ്റവും ചൊവ്വായ പാതയിലേക്ക് മാർഗദർശനം ചെയ്യുകയും ചെയ്യുന്നു.

നിഷ്പക്ഷവാനായ അല്ലാഹു എല്ലാ മനുഷ്യരുടെയും ആത്മാവിന് സ്വർഗ്ഗത്തിലേക്കുള്ള ഏകപാതയും നരകത്തിലേക്കുള്ള വിവിധപാതകളും വേർതിരിച്ച് കാണിച്ചുതരുന്ന അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ചുതന്നെ പഠിപ്പിച്ചിട്ടുണ്ട്. സമാധാനഗേഹം എന്നാൽ യാതൊരുവിധ വിപത്തോ ദു:ഖമോ ഭയമോ നഷ്ടമോ ക്ലേശമോ ഇല്ലായ്മയോ വല്ലായ്മയോ ഒന്നുമില്ലാത്ത, നിത്യാനുഗ്രഹങ്ങൾ അടങ്ങിയ സ്വർഗീയഭവനമാണ്. അത് കിട്ടത്തക്കവിധത്തിലുള്ള ഐഹിക ജീവിതമാർഗമാണ് നേരെ ചൊവ്വെയുള്ള പാത (STRAIGHT PATH). ആദം മുതൽ അന്ത്യനാൾവരെയുള്ള മനുഷ്യരിൽ ആരാണോ അദ്ദിക്ർ നേരെച്ചൊവ്വെയുള്ള പാതയായും സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായും തെരഞ്ഞെടുത്തത്, അവർക്ക് സ്വർഗ്ഗത്തിലേക്കുതന്നെ തിരിച്ചുപോകാം.

ഇന്ന് ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ച് ജീവിക്കുന്നവനാരോ, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101–102; 4: 174–175; 5: 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 80: 11 ൽ പറഞ്ഞ സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെക്കുന്നതിനാൽ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 63: 4 ലും 80: 17 ലും പറഞ്ഞിട്ടുണ്ട്. 2: 18, 171; 17: 97–98 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായതിനാൽ അവർ ഒരിക്കലും നേരെച്ചൊവ്വെയുള്ള പാതയിലേക്കോ സ്വർഗത്തിലേക്കോ തിരിച്ചുവരികയില്ല. 6: 153; 9: 31–33, 95; 17: 15 വിശദീകരണം നോക്കുക.

26. നന്മയുടെ മാർഗത്തിൽ ചരിച്ചവരാരോ അവർക്ക് നന്മയുണ്ട്, കൂടുതൽ നന്മ വർദ്ധിപ്പിച്ചുകൊടുക്കുന്നതുമാണ്, അവരുടെ മുഖങ്ങളിൽ കരിപുരളുകയോ അവരെ അപകർഷത ബാധിക്കുകയോ ഇല്ല, അക്കൂട്ടരാണ് സ്വർഗവാസികൾ, അവർ അതിൽ നിത്യവാസികളുമാണ്.

മുൻ സൂക്തത്തിൽ പറഞ്ഞ നേരെ ചൊവ്വെയുള്ള പാത (STRAIGHT PATH) യുടെ നേരെ എതിരായ പാതയാണ് ത്വാഗൂത്തിന്റെ (പൈശാചിക ദുശ്ശക്തികളുടെ)മാർഗം. ആരാണോ അതിനെ വെടിയുകയും അല്ലാഹുവിലേക്ക് തിരിയുകയും ചെയ്തത്, അവർക്ക് സന്തോഷവാർത്തയുണ്ട്, അപ്പോൾ ആരാണോ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ശ്രദ്ധിച്ചുകേൾക്കുകയും അതിനെ ഏറ്റവും നല്ല നിലക്ക് പിൻപറ്റുകയും ചെയ്യുന്നത്, അത്തരക്കാരായ നമ്മുടെ ദാസന്മാർക്ക് സന്തോഷവാർത്ത അറിയിക്കുക,

അക്കൂട്ടരെയാണ് അല്ലാഹു സന്മാർഗത്തിലേക്ക് നയിച്ചത്, അക്കൂട്ടർ തന്നെയാണ് ബുദ്ധിമാന്മാരും എന്ന് 39: 17–18 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. കുറ്റങ്ങളെല്ലാം ഒറ്റയടിക്ക് പൊറുത്തുകിട്ടുന്നതിന് രണ്ട് ഉപാധികൾ 39: 53–55 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മരണം ആസന്നമാകുന്നതിനുമുമ്പ് ആത്മാവുകൊണ്ട് എല്ലാ തെറ്റുകുറ്റങ്ങളും നാഥനോട് ഏറ്റുപറയുകയും അവന് സർവസ്വം സമർപ്പിക്കുകയും, ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്ർ പിൻപറ്റേണ്ട വിധം പിൻപറ്റുകയും ചെയ്യലാണ് അവ. 92: 5–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആരാണോ ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിനെ സത്യപ്പെടുത്തിയത്, അവന് എല്ലാകാര്യങ്ങളും എളുപ്പമാക്കിക്കൊടുക്കുന്നതും; ആരാണോ അദ്ദിക്റിനെ തള്ളിപ്പറഞ്ഞത്, അവന് എല്ലാ കാര്യങ്ങളും ബുദ്ധിമുട്ടാക്കിക്കൊടുക്കുന്നതുമാണ്. ആരാണോ ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിനെ ഏറ്റവും നല്ല നിലക്ക് സത്യപ്പെടുത്തി ജീവിക്കുന്നത്, അവർക്ക് ഏറ്റവും നല്ല പ്രതിഫലമുണ്ട്, നമ്മുടെ അടുക്കൽ അധികവുമുണ്ട് എന്ന് 50: 35 ലും, അവർക്ക് കൂടുതൽ നന്മ വർദ്ധിപ്പിച്ചുകൊടുക്കുന്നതാണ് എന്ന് ഈ സൂക്തത്തിലും പറഞ്ഞതിന്റെ വിവക്ഷ; സ്വർഗവാസികളായ വിശ്വാസികൾക്ക് അല്ലാഹുവിനെ അവരുടെ കണ്ണുകൊണ്ട് നേരിൽ കാണുക എന്ന ആഗ്രഹം സ്വർഗത്തിൽ വെച്ച് സഫലമാവുന്നതാണ്, അതിനുപുറമെ അവർ ആഗ്രഹിക്കുന്നവരെ സ്വർഗത്തിലേക്ക് ശുപാർശ ചെയ്ത് കൊണ്ടുവരാനും നരകത്തിൽ നിന്ന് രക്ഷപ്പെടുത്താനുമുള്ള അധികാരമുണ്ട് എന്നാണ്. എന്നാൽ നാഥന്റെ സമ്മതപത്രവും ശുപാർശ ചെയ്യുന്നതും ചെയ്യിപ്പിക്കുന്നതുമായ അദ്ദിക്ർ കൂടാതെ ഒരാളിൽ നിന്നും ശുപാർശ സ്വീകരിക്കുന്നതല്ല. 34: 23 ൽ, അങ്ങനെ നരകവാസികളുടെ ഹൃദയങ്ങളിൽ നിന്ന് പരിഭ്രമം നീങ്ങിക്കഴിയുമ്പോൾ അവർ സ്വർഗവാസികളോട് ചോദിക്കുന്നതാണ്: 'എന്താണ് നിങ്ങളുടെ നാഥൻ പറഞ്ഞത്?' സ്വർഗവാസികൾ 'സത്യം -അദ്ദിക്ർ' എന്ന് മറുപടി പറയുമെന്ന് പറഞ്ഞിട്ടുണ്ട്. 1: 3; 2: 127; 3: 106; 9: 99 വിശദീകരണം നോക്കുക.

27. തിന്മകൾ സമ്പാദിച്ചുകൊണ്ടിരിക്കുന്നവരാരോ, അവർക്ക് അതിന് തക്കതായ പ്രതിഫലം ലഭിക്കുന്നതുമാണ്, അപകർഷത അവരെ മൂടുന്നതുമാണ്, അല്ലാഹുവിൽ നിന്ന് ഒരു സഹായിയും അവർക്ക് ഉണ്ടായിരിക്കുകയില്ല, അവരുടെ മുഖങ്ങൾ ഇരുണ്ട രാത്രിയുടെ മൂടുപടം പോലെയുള്ള ഇരുട്ടിനാൽ മൂടപ്പെട്ടിരിക്കും, അക്കൂട്ടരാണ് നരകവാസികൾ, അവർ അതിൽ നിത്യവാസികളുമാണ്.

അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിന് വിരുദ്ധമായ ജീവിതം നയിച്ചവരിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവനോട്, 'നിശ്ചയം നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, നീ അവയെ തള്ളിപ്പറഞ്ഞു, നീ എല്ലാം തികഞ്ഞവനാണെന്ന് അഹങ്കരിച്ചു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 59 ലും, നാഥനെക്കുറിച്ച് കളവ് പറഞ്ഞിരുന്നവരുടെ മുഖം വിധിദിവസം രാത്രിയുടെ മൂടുപടം പോലെ ഇരുണ്ട് കരുവാളിച്ചതായി നിനക്ക് കാണാം, അഹംഭാവികളായവർക്ക് നരകക്കുണ്ഠം പാർപ്പിടമായി പോരെയോ എന്ന് 39: 60 ലും പറഞ്ഞിട്ടുണ്ട്. 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തിന്മ കൽപിക്കുകയും നന്മ വിരോധിക്കുകയും ചെയ്യുന്ന മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾക്കും കുഫ്ഫാറുകൾക്കും നരകക്കുണ്ഠാഗ്നിയാണ് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നത്. അവർ ഇവിടെ സമ്പാദിച്ചുകൊണ്ടിരിക്കുന്നത് നരകക്കുണ്ഠമാണ് എന്നതിനാൽ 'കുറച്ച് ചിരിച്ചുകൊള്ളാനും അധികം കരഞ്ഞുകൊണ്ടിരിക്കാനുമാണ്' അവരോട് 9: 80–82 സൂക്തങ്ങളിൽ പറഞ്ഞിരിക്കുന്നത്. അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാത്തതിനാൽ അവരുടെ പ്രവർത്തനങ്ങളെല്ലാം നിഷ്ഫലമാണ്. ലക്ഷ്യബോധമില്ലാതെയും പ്രജ്ഞ

യറ്റവരായും അവർ ഇവിടെ ജീവിച്ചതിന് പിഴയായി നരകക്കുണ്ഠമാണ് അവർക്ക് ലഭിക്കുക എന്ന് 18: 100–101; 25: 34, 65–66; 48: 6; 98: 6 സൂക്തങ്ങളിലെല്ലാം അവർ വായിച്ചിട്ടുണ്ട്. 6: 160; 8: 22; 13: 18 വിശദീകരണം നോക്കുക.

28. ഒരു നാളിൽ നാം അവരെ എല്ലാവരെയും ഒരുമിച്ചുകൂട്ടുന്നതാണ്, പിന്നെ പങ്കുചേർത്തവരായവരോട് നാം പറയുന്നതുമാണ്: നിങ്ങളും നിങ്ങൾ എനിക്ക് ജൽപിച്ചിരുന്ന നിങ്ങളുടെ പങ്കാളികളും അവിടെ നിൽക്കുക, അങ്ങനെ നാം അവർക്കിടയിലുള്ള മറ നീക്കിക്കളയുന്നതാണ്, അവരുടെ പങ്കാളികൾ പറയുകയും ചെയ്യുന്നതാണ്; നിങ്ങൾ ഞങ്ങളെ സേവിച്ചുകൊണ്ടിരുന്നവരായിരുന്നില്ല.

29. അപ്പോൾ ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹുതന്നെ ഏറ്റവും മതിയായവനാകുന്നു, ഇനി നിങ്ങൾ ഞങ്ങളെ സേവിച്ചുകൊണ്ടിരിക്കുന്നവരായിരുന്നുവെങ്കിൽ തന്നെ ഞങ്ങൾ അതിനെക്കുറിച്ച് തികച്ചും അശ്രദ്ധരായിരുന്നു.

മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ 16: 20–21; 22: 73–74; 29: 41–42; 32: 4; 35: 14; 39: 3–4 തുടങ്ങിയ സൂക്തങ്ങളെയെല്ലാം കളവാക്കി തള്ളിപ്പറഞ്ഞുകൊണ്ട് അവരുടെ അനുയായികളോട് നാഥന്റെ സൃഷ്ടികളെ സംരക്ഷകരും ശുപാർശക്കാരുമായി തെരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നവരാണ്. 25: 17–18 സൂക്തങ്ങളിൽ, അവരെയും അല്ലാഹുവിനെക്കൂടാതെ അവർ സേവിച്ചുകൊണ്ടിരിക്കുന്നവരെയും പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടുന്ന നാളിൽ അല്ലാഹു ചോദിക്കും: നിങ്ങളാണോ എന്റെ ദാസന്മാരായ ഇക്കൂട്ടരെ വഴിപിഴപ്പിച്ചത്, അതോ അവർ സ്വയം വഴിപിഴച്ചതാണോ? അവർ പറയുന്നതാണ്: നീ പരിശുദ്ധൻ, ഞങ്ങൾക്ക് നിന്നെക്കൂടാതെ മറ്റു സംരക്ഷകരെ തെരഞ്ഞെടുക്കൽ യോജിച്ചതായിരുന്നില്ല തന്നെ, എന്നാൽ നീ അവർക്കും അവരുടെ പിതാക്കൾക്കും ജീവിതവിഭവങ്ങൾ നൽകി, അവർ അദ്ദിക്ർ മറക്കുന്നതുവരെ, അവർ ഒരു കെട്ടജനത തന്നെയുമായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 7: 192–197 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അല്ലാഹുവിനെക്കൂടാതെ മറ്റുള്ളവരെ വിളിച്ച് പ്രാർത്ഥിക്കുന്നവരും അവരുടെ പങ്കാളികളും പരസ്പരം ശത്രുതയിലായിരിക്കും. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ കപടവിശ്വാസികളും അവരുടെ അനുയായികളും തമ്മിൽ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുന്ന, കുറ്റപ്പെടുത്തുന്ന, ശപിക്കുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 4: 117–118; 6: 24; 10: 17–18 വിശദീകരണം നോക്കുക.

30. എല്ലാഓരോ ആത്മാവിനും അവരുടെ കഴിഞ്ഞുപോയതെല്ലാം അപ്പോൾ അവിടെ വെളിവാക്കുന്നതാണ്, എല്ലാവരും അവരുടെ യഥാർത്ഥ യജമാനനായ അല്ലാഹുവിലേക്ക് മടക്കപ്പെടുന്നതും അവർ കെട്ടിച്ചമച്ചിരുന്ന വ്യാജങ്ങളൊക്കെയും അവരെത്തൊട്ട് അപ്രത്യക്ഷമാവുന്നതുമാണ്.

1: 3; 17: 13–14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഓരോരുത്തരുടെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖ വിധിദിവസം ഒരു തുറന്ന പ്രകാശിക്കുന്ന ഗ്രന്ഥമായി നൽകപ്പെട്ട് 'നീ നിന്റെ ഗ്രന്ഥം വായിക്കുക, ഇന്നേദിനം നിന്റെ വിചാരണ നടത്താൻ നീ തന്നെ മതിയായവനാണ്' എന്ന് പറയപ്പെടുമെന്ന ബോധമുള്ളവനാണ് വിശ്വാസി. അത്തരം വിശ്വാസി 3: 136; 7: 43 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ ഓരോരുത്തരും ഇവിടെവെച്ച് സ്വർഗം പണിതാൽ മാത്രമേ പരലോകത്ത് അത് അനന്തരമെടുക്കാൻ സാധിക്കുകയുള്ളൂ

എന്ന് മനസ്സിലാക്കി സ്വർഗം ഇവിടെ പണിയുന്നതാണ്. അങ്ങനെ ചെയ്യാത്ത അറബി ഖുർആൻ വായിക്കുന്ന എല്ലാ ഫുജ്ജാറുകളുടെയും പട്ടിക 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിലാണുള്ളത്. ലക്ഷ്യബോധമില്ലാതെ ജീവിക്കുന്ന ഇവർ സിജ്ജീൻ പട്ടികയിലുള്ള അവരുടെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ ഇല്ലിയ്യീൻ പട്ടികയിലേക്ക് ടിക്കറ്റായ അദ്ദിക്ർ ഉപയോഗപ്പെടുത്തി മാറ്റുകയില്ല. അങ്ങനെ അവർ 3: 181–182; 9: 31 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠമാണ് സമ്പാദിക്കുന്നത്. 25: 27–29 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഇത്തരം അക്രമികൾ വിധിദിവസം: 'ഓ എന്റെ നാശം, ഞാൻ ഇന്നാലിന്നവനെ ആത്മമിത്രമായി തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നില്ലെങ്കിൽ! അവനാണല്ലോ അദ്ദിക്ർ എനിക്ക് വന്നുകിട്ടിയതിന് ശേഷം എന്നെ അതിൽനിന്ന് തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെ ആയിരുന്നുവല്ലോ' എന്ന് വിലപിക്കുന്നതാണ്. 6: 62; 7: 52–53; 9: 51, 59 വിശദീകരണം നോക്കുക.

31. നീ ചോദിക്കുക, ആരാണ് ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഭക്ഷണവിഭവങ്ങൾ നൽകുന്നത്? അല്ലെങ്കിൽ കേൾവിയുടെയും കാഴ്ചയുടെയും ഉടമ ആരാണ്? ആരാണ് ജീവനില്ലാത്തവയിൽ നിന്ന് ജീവനുള്ളവയെ പുറപ്പെടുവിക്കുന്നതും ജീവനുള്ളവയിൽ നിന്ന് ജീവനില്ലാത്തവയെ പുറപ്പെടുവിക്കുന്നതും? ആരാണ് പ്രപഞ്ചകാര്യങ്ങളെല്ലാം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്? അപ്പോൾ അവർ പറയുകതന്നെ ചെയ്യും: അല്ലാഹുവാണെന്ന്; അപ്പോൾ നീ ചോദിക്കുക: അപ്പോൾ നിങ്ങൾ സൂക്ഷ്മതയുള്ളവരാകുന്നില്ലെയോ?

ഈ സൂക്തം അഭിസംബോധനം ചെയ്യുന്നത് പ്രവാചകന്റെ കാലത്തുള്ള മക്കാമുശ്രിക്കുകളെയും ഇന്നുള്ള പ്രവാചകന്റെ ജനതയായ ലോകഫുജ്ജാറുകളെയുമാണ്. ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ ആരാണോ സത്യപ്പെടുത്തേണ്ടവിധം സത്യപ്പെടുത്തിയത്, അവരാണ് സൂക്ഷ്മാലുക്കൾ. അവർക്ക് അവരുടെ നാഥന്റെ പക്കൽ അവർ ആഗ്രഹിക്കുന്നതെല്ലാമുണ്ട്, അപ്രകാരമാണ് അദ്ദിക്റിന്റെ വെളിച്ചത്തിൽ ജീവിക്കുന്നവർക്കുള്ള പ്രതിഫലം. അപ്പോൾ അല്ലാഹു അവരുടെ തിന്മകളെല്ലാം മായ്ച്ചുകളയുന്നതും അവർ ഇവിടെ പ്രവർത്തിച്ചിരുന്ന ഏറ്റവുംനല്ല പ്രവൃത്തി നോക്കി പ്രതിഫലം നൽകുന്നതുമാണ് എന്ന് 39: 33–35 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും അവരുടെ അനുയായികളായ മുശ്രിക്കുകളായ പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരാണ്, അതുകൊണ്ട് അവരുടെ മേൽ അല്ലാഹുവിന്റെ കോപവും ശാപവും വർഷിച്ചിരിക്കുന്നു, അവർക്കുവേണ്ടി നരകക്കുണ്ഠം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു എന്ന് 48: 6 ൽ പറഞ്ഞിട്ടുണ്ട്. അറബി ഖുർആൻ വായിക്കുന്ന ഇത്തരം ഭ്രാന്തന്മാർ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും പ്രപഞ്ചനാഥനായ അല്ലാഹുവിനെ നിഷ്പക്ഷവാനായും ത്രികാലജ്ഞാനിയായും അംഗീകരിക്കാത്തവരുമാണ്. ഈ യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകൾ 2: 62; 5: 69; 9: 5, 28, 123 സൂക്തങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ട് പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരെയാണ് കാഫിറുകളും നരകവാസികളുമായി മുദ്രകുത്തുന്നത്. 1: 7; 7: 40; 23: 83–89; 31: 25 വിശദീകരണം നോക്കുക.

32. അപ്പോൾ ആ അല്ലാഹു തന്നെയാണ് നിങ്ങളുടെ യഥാർത്ഥ നാഥൻ, അപ്പോൾ സത്യത്തിന് ശേഷം വഴികേടല്ലാതെ മറ്റെന്താണ് അവശേഷിച്ചിട്ടുള്ളത്? അപ്പോ

ൾ നിങ്ങൾ എങ്ങനെയാണ് പിന്തിരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്!

ഫുജ്ജാറുകളായ കുഫ്ഫാറുകൾ മാത്രമാണ് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത്. എന്നാൽ അവർ സത്യവും വ്യക്തമായ വായനയുമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് 17: 81; 34: 49 സൂക്തങ്ങളിൽ പറഞ്ഞപോലെ മിഥ്യകൾ പിൻപറ്റുന്നവരാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും ആത്മാവിന്റെയും ആത്മാവിന് സഞ്ചരിക്കാനുള്ള വാഹനമായ ശരീരത്തിന്റെയും ഉടമ അല്ലാഹുവാണെന്ന് സമ്മതിച്ചിരിക്കെ, പിന്നെ ആ അല്ലാഹുവിനുവേണ്ടി മാത്രം ജീവിക്കുന്നതിൽനിന്ന് -അവനെ സേവിക്കുന്നതിൽ നിന്ന്- നിങ്ങളെ ആരാണ് പിന്തിരിപ്പിക്കുന്നത് എന്നാണ് ചോദിക്കുന്നത്. അഥവാ അല്ലാഹുവിൽ നിന്ന് മറ്റു ഇലാഹുകളിലേക്ക് അല്ലെങ്കിൽ സംഘടനകളിലേക്ക് തെറ്റിച്ചുകൊണ്ടുപോകുന്ന കപടവിശ്വാസികളായ മനുഷ്യപ്പിശാചുക്കളാണ് ഇവിടെയുള്ളത്. 5: 44, 45, 47 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം യഥാർത്ഥ കാഫിറുകളും അക്രമികളും തെമ്മാടികളുമായ അവർ അവരുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധികൽപിക്കുന്നില്ല. 28: 62-64 സൂക്തങ്ങളിൽ, 'എന്റെ പങ്കാളിളെന്ന് നിങ്ങൾ ധരിച്ചുവെച്ചിരുന്നവർ എവിടെ എന്ന് എല്ലാവരെയും ഒരുമിച്ചുകൂട്ടപ്പെടുന്ന നാളിൽ ചോദിക്കുമ്പോൾ ചോദ്യം ബാധകമായവർ (സംഘടനാ നേതാക്കൾ അല്ലെങ്കിൽ അല്ലാഹുവിനെക്കൂടാതെ മറ്റുള്ളവരെ വിളിച്ച് പ്രാർത്ഥിക്കാൻ വേണ്ടി ഗ്രന്ഥത്തിലെ സൂക്തങ്ങൾ വളച്ചൊടിച്ച് അനുയായികളെ പ്രേരിപ്പിച്ചിരുന്നവർ) പറയും: ഞങ്ങളുടെ നാഥാ, ഞങ്ങൾ ഇക്കൂട്ടരെയാണ് ലക്ഷ്യബോധം നഷ്ടപ്പെടുത്തി ദുർമാർഗത്തിലാക്കിയത്, ഞങ്ങൾ ദുർമാർഗത്തിലായതുപോലെ അവരെയും ദുർമാർഗത്തിലാക്കിയതാണ്, ഞങ്ങൾ നിന്നോട് അതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിവാകുന്നു, അവർ ഞങ്ങളെ സേവിച്ചുകൊണ്ടിരുന്നവരായിരുന്നില്ല, അല്ലാഹു പറയും: ശരി, നിങ്ങൾ നിങ്ങളുടെ പങ്കാളികളെന്ന് ധരിച്ചിരുന്നവരെ വിളിക്കുക, അപ്പോൾ അവർ വിളിക്കും, എന്നാൽ അവർ ഉത്തരം നൽകുകയില്ല, അവർ ശിക്ഷ കാണുകതന്നെ ചെയ്യും, അവർ സൻമാർഗ്ഗം പ്രാപിച്ചിരുന്നുവെങ്കിൽ' എന്നിങ്ങനെ പരലോകത്ത് വരാൻ പോകുന്ന രംഗം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വിശ്വാസികളെ വിളിച്ച് നിങ്ങൾ അല്ലാഹുവിനെ മുറുകെപ്പിടിക്കുവീൻ, അവനാണ് നിങ്ങളുടെ യജമാനൻ, എത്രനല്ല യജമാനൻ! എത്രനല്ല സഹായി! എന്ന് 22: 78 ൽ പറഞ്ഞിട്ടുണ്ട്. 2:168-169, 286; 6: 55 വിശദീകരണം നോക്കുക.

33. അപ്രകാരം തെമ്മാടികളായവരുടെമേൽ, നിശ്ചയം അവർ ഇനി വിശ്വസിക്കുകയില്ല എന്ന നിന്റെ നാഥന്റെ വചനം ബാധകമായിരിക്കുന്നു.

9: 67 അവസാനിക്കുന്നത് 'നിശ്ചയം കപടവിശ്വാസികൾ തന്നെയാണ് തെമ്മാടികൾ' എന്ന് പറഞ്ഞുകൊണ്ടാണ്. കപടവിശ്വാസികളായ കാഫിറുകൾ അല്ലാഹുവിന്റെയും പ്രവാചകന്റെയും വിശ്വാസികളുടെയും ശത്രുക്കളാണ്. അവർ അവരുടെ കാഫിറുകളായ അനുയായികളോട് വ്യക്തമായ വായനയായ അദ്ദിക്ർ കേൾക്കരുത് എന്ന് കൽപിക്കുമെന്ന് 41: 26-29 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ മൂടിവെച്ച അവർ നാഥനാൽ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 63: 4 ൽ പറഞ്ഞിട്ടുണ്ട്. ഏത് മനുഷ്യനാണെങ്കിലും 80: 11 ൽ പറഞ്ഞ സ്വർഗത്തിലേക്ക് തിരിച്ചു പോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ചാൽ അവൻ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ലും പറഞ്ഞിട്ടുണ്ട്. 3: 196-197; 9: 67-68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ അനുഗ്രഹമായ അദ്ദിക്റിനെ നിഷേധമായി മാറ്റിമറിച്ച് അനുയായിക

ൾക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം അനുവദനീയമാക്കിയിരിക്കുന്നു. 40: 6 ൽ, 'അപ്രകാരം നിന്റെ നാഥന്റെ വചനം കാഫിറുകളുടെമേൽ ബാധകമായിരിക്കുന്നു, നിശ്ചയം അവർ നരകത്തിന്റെ സഹവാസികൾ തന്നെയാണ്' എന്ന് പറഞ്ഞിട്ടുണ്ട്.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ഒറ്റപ്പെട്ട വിശ്വാസി 9: 73 ൽ വിവരിച്ച പ്രകാരം കുഫ്ഫാറുകളോടും കപടവിശ്വാസികളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യണമെന്ന് കൽപിക്കപ്പെട്ടിരിക്കുന്നു. കപടവിശ്വാസികളെയും കുഫ്ഫാറുകളെയും വധിച്ചുകളയണമെന്ന 4: 91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന ഈസാ രണ്ടാമതുവന്നതിന് ശേഷമേ നടപ്പിലാവുകയുള്ളൂ. 2: 6–7, 99; 8: 22, 54–55; 36: 7, 10–11 വിശദീകരണം നോക്കുക.

34. നീ ചോദിക്കുക: നിങ്ങളുടെ പങ്കാളികളിൽ സൃഷ്ടിപ്പ് തുടങ്ങുകയും പിന്നെ അത് ആവർത്തിക്കുകയും ചെയ്യുന്ന വല്ലവരുമുണ്ടോ? നീ പറയുക: അല്ലാഹു മാത്രമാണ് സൃഷ്ടിപ്പ് ആരംഭിക്കുകയും പിന്നീട് അത് ആവർത്തിക്കുകയും ചെയ്യുന്നത്, അപ്പോൾ നിങ്ങൾ എങ്ങനെയാണ് തെറ്റിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്?

ആദ്യം സൃഷ്ടിപ്പ് നടത്തിയത് അല്ലാഹുവാണ് എന്ന് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരും സമ്മതിക്കുമെങ്കിലും പുനർസൃഷ്ടിപ്പ് നടത്തുന്നത് അല്ലാഹു മാത്രമാണെന്ന് അവർ സമ്മതിക്കുകയില്ല. അതുകൊണ്ടാണ് മറുപടിക്കുവേണ്ടി കാത്തുനിൽക്കാതെ, 'സൃഷ്ടിപ്പിന് തുടക്കം കുറിച്ചതും അത് ആവർത്തിക്കുന്നതും പുനർസൃഷ്ടിപ്പ് നടത്തുന്നതുമെല്ലാം പങ്കാളികളൊന്നുമില്ലാത്ത എല്ലാം അടക്കിഭരിക്കുന്ന ഏകനും സർവ്വാധിപനും സ്വേച്ഛാധിപനും തന്നിഷ്ടം പ്രവർത്തിക്കുന്നവനുമായ അല്ലാഹു മാത്രമാണ്' എന്ന് പ്രവാചകനോടുതന്നെ ഉത്തരം പറയാൻ കൽപിച്ചിട്ടുള്ളത്. അല്ലാഹുവും അദ്ദിക്റും ഒന്നാണെന്നിരിക്കെ അദ്ദിക്റിനെത്തൊട്ട് ജനങ്ങളെ തടഞ്ഞുകൊണ്ടാണ് കപടവിശ്വാസികൾ അല്ലാഹുവിൽ നിന്ന് ജനങ്ങളെ തടയുന്നത്. 63: 4 ൽ, അല്ലാഹു കപടവിശ്വാസികളെ വധിച്ചിരിക്കുന്നു, എവിടേക്കാണ് അവർ തെറ്റിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് എന്നാണ് ചോദിച്ചിട്ടുള്ളത്. ഈ സൂക്തത്തിലെ 'നിങ്ങൾ അല്ലാഹുവിൽ നിന്ന് എങ്ങനെയാണ് തെറ്റിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്' എന്നചോദ്യം കപടവിശ്വാസികളാൽ അദ്ദിക്റിൽ നിന്ന് പിന്തിരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന അനുയായികളായ ഫാജിറുകളോടാണ്. ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന, ചിന്താശക്തി ഉപയോഗപ്പെടുത്താതെ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരായ ഇവരോട് 'നിങ്ങളെ അധികപേരെയും പിശാച് പാട്ടിലാക്കിയല്ലോ, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നവരായിരുന്നില്ലേ' എന്ന് പരലോകത്തുവെച്ച് ചോദിക്കുന്ന രംഗം 36: 59–62 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

42: 21 ൽ, അതല്ല; അല്ലാഹു അവർക്ക് അനുവദിച്ച് കൊടുത്തിട്ടില്ലാത്ത കാര്യങ്ങൾ ജീവിത നിയമങ്ങളാക്കി കൊടുക്കുന്ന പങ്കാളികൾ അവർക്കുണ്ടോ, അല്ലാഹുവിന്റെ വചനം നേരത്തെ വന്നിട്ടുണ്ടായിരുന്നില്ലെങ്കിൽ (അന്ത്യദിനത്തിന്റെ അവധി നിശ്ചയിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ) അവർക്കിടയിൽ തീരുമാനം കൽപ്പിക്കപ്പെടുകതന്നെ ചെയ്യുമായിരുന്നു, നിശ്ചയം അക്രമികളായവർക്ക് വേദനാജനകമായ ശിക്ഷയുണ്ട് എന്നും; 31: 10–11 സൂക്തങ്ങളിൽ, നിങ്ങൾ കാണുന്ന തൂണുകളില്ലാതെ അല്ലാഹു ആകാശങ്ങൾ സൃഷ്ടിച്ചു, ഭൂമിയിൽ പർവ്വതങ്ങളെ ആണികളെന്നോണം നാട്ടുകയും ചെയ്തു, ആ ഭൂമിയിൽ എല്ലാ ജീവജാലങ്ങളെയും പരത്തിയിടുകയും ആകാശത്തുനിന്ന് വെള്ളമിറക്കി എല്ലാ സസ്യല

താദികളെയും ഉൽകൃഷ്ടമായ ഇണകളായി മുളപ്പിക്കുകയും ചെയ്തു, ഇതെല്ലാം അല്ലാഹുവിന്റെ സൃഷ്ടിപ്പാണ്, അപ്പോൾ അവനെക്കൂടാതെയുള്ളവർ സൃഷ്ടിച്ചത് എന്താണെന്ന് നിങ്ങൾ എനിക്കൊന്ന് കാണിച്ചുതരിക; അല്ല, ഈ അക്രമികൾ വ്യക്തമായ വഴികേടിൽ തന്നെയാണ് എന്നും; 35: 40 ൽ, നിങ്ങൾ അല്ലാഹുവിനെക്കൂടാതെ വിളിച്ചു പ്രാർത്ഥിക്കുന്ന നിങ്ങളുടെ പങ്കാളികളെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ, അവർ ഭൂമിയിൽ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് എനിക്കൊന്ന് കാണിച്ചുതരിക, അല്ലെങ്കിൽ അവർക്ക് ആകാശത്തിന്റെ സൃഷ്ടിപ്പിൽ വല്ല പങ്കുമുണ്ടോ, അല്ലെങ്കിൽ നാം അവർക്ക് ഒരു ഗ്രന്ഥം നൽകുകയും അവർ അതിലെ തെളിവിന്റെ അടിസ്ഥാനത്തിലാണോ പങ്കാളികളെ കൽപ്പിക്കുന്നത്; അല്ല, ഈ അക്രമികൾ (മനുഷ്യപ്പിശാചുക്കളായ നേതാക്കളും അവരെ പിൻപറ്റുന്ന അനുയായികളും) പരസ്പരം വഞ്ചനയല്ലാതെ വാഗ്ദത്തം ചെയ്യുന്നില്ല എന്നും പറഞ്ഞിട്ടുണ്ട്. 13: 14 ൽ, യഥാർത്ഥത്തിലുള്ള വിളിക്ക് അർഹൻ അല്ലാഹു മാത്രമാണ്, അവനെക്കൂടാതെ ആരെയെല്ലാം ഇവർ വിളിച്ചുപ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവോ, അവർ ആരും തന്നെ ഇവർക്ക് യാതൊരു ഉത്തരവും നൽകുന്നില്ല, വെള്ളത്തിലേക്ക് കൈനീട്ടി അതിനോട് വായിലേക്ക് എത്തിപ്പെടുക എന്ന് പറഞ്ഞാൽ അത് വായിലേക്ക് എത്തിപ്പെടുകയില്ല എന്നതുപോലെയല്ലാതെ, കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ അല്ല എന്നും പറഞ്ഞിട്ടുണ്ട്.

13: 16 ൽ, പ്രവാചകനും അതുവഴി വിശ്വാസിയും ചോദിക്കാൻ കൽപിക്കപ്പെട്ടിരിക്കുന്നു: ആകാശഭൂമികളുടെ ഉടമയായവൻ ആര്? അല്ലാഹുവാണെന്ന് നീ പറയുക. വീണ്ടും ചോദിക്കാൻ പറയുന്നു: അപ്പോൾ അവനെക്കൂടാതെ തങ്ങൾക്കുതന്നെ യാതൊരു ഉപകാരവും ഉപദ്രവവും വരുത്താൻ കഴിയാത്തവരെ നിങ്ങൾ സംരക്ഷകരായി തെരഞ്ഞെടുത്തിരിക്കുന്നുവോ; വീണ്ടും ചോദിക്കുക: കാഴ്ചയുള്ളവനും അന്ധനും സമമാകുമോ? അല്ലെങ്കിൽ അന്ധകാരവും പ്രകാശവും സമമാകുമോ? അതല്ലെങ്കിൽ അല്ലാഹുവിനെക്കൂടാതെയുള്ള പങ്കാളികൾ ചിലതരത്തിലുള്ള സൃഷ്ടിപ്പ് നടത്തുകയും അല്ലാഹുവിന്റെ സൃഷ്ടിപ്പുമായി അത് അവർക്ക് ഒരേപോലെ തോന്നുകയുമാണോ? നീ പറയുക: അല്ലാഹുവാണ് എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ്, അവൻ എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനുമാണ്. അഥവാ 7: 54 ൽ വിവരിച്ച പ്രകാരം സ്രഷ്ടാവായ അല്ലാഹുവിന് മാത്രമാണ് സൃഷ്ടികൾക്കുള്ള ജീവിതനിയമങ്ങൾ നൽകാനുള്ള അർഹതയുള്ളത്, സൃഷ്ടികൾക്ക് അവനെ മാത്രമാണ് അനുസരിക്കാനുള്ള ബാധ്യതയുള്ളത്. 4: 48; 6: 164–165; 7: 179 വിശദീകരണം നോക്കുക.

35. നീ ചോദിക്കുക: അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ നിങ്ങൾ പങ്കുചേർക്കുന്നവരിൽ ആരെങ്കിലും സത്യത്തിലേക്ക് മാർഗദർശനം ചെയ്യുന്നവരായിട്ടുണ്ടോ? നീ പറയുക: സത്യത്തിലേക്ക് മാർഗദർശനം ചെയ്യുന്നവൻ അല്ലാഹു മാത്രമാണ്, അപ്പോൾ സത്യത്തിലേക്ക് മാർഗദർശനം ചെയ്യുന്നവനാണോ അതല്ല, മാർഗദർശനം നൽകപ്പെട്ടിട്ടല്ലാതെ സ്വയം സൻമാർഗം കാണാൻ കഴിയാത്തവനാണോ പിന്തുടരപ്പെടാൻ ഏറ്റവും അർഹനായിട്ടുള്ളവൻ? അപ്പോൾ നിങ്ങൾക്കെന്തുപറ്റി, എങ്ങനെയാണ് നിങ്ങൾ തീരുമാനങ്ങൾ കൈക്കൊണ്ടുകൊണ്ടിരിക്കുന്നത്?

39: 2–3 സൂക്തങ്ങളിൽ, നിശ്ചയം നിന്നിലേക്ക് നാം ഈ ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത് സത്യത്തോടുകൂടിയാണ്, അപ്പോൾ നീ ജീവിതം മുഴുവൻ അല്ലാഹുവിനാക്കിക്കൊണ്ട് ജീവിക്കുക. അറിഞ്ഞിരിക്കുക! ജീവിതം മുഴുവൻ അല്ലാഹുവിന് മാത്രമുള്ളതാണ്, അ

വനെക്കൂടാതെയുള്ള സംരക്ഷകൻമാരെ തെരെഞ്ഞെടുക്കുന്നവരുണ്ടല്ലോ, അവർ അവരെ വിളിച്ച് പ്രാർത്ഥിക്കുന്നില്ല, നേർച്ചവഴിപാടുകൾ നേരുന്നില്ല, അവരെ ആരാധിക്കുന്നില്ല -അവർ അല്ലാഹുവിലേക്ക് തങ്ങളെ അടുപ്പിക്കുന്നവരാണ് എന്ന് കരുതിയിട്ടല്ലാതെ, നിശ്ചയം അല്ലാഹു അവർ ഭിന്നിച്ചുകൊണ്ടിരുന്ന വിഷയങ്ങളിൽ അവർക്കിടയിൽ തീരുമാനം കൽപിക്കുന്നതാണ്, സൂക്തങ്ങൾ മൂടിവെച്ച് കളവ് പറയുന്ന ഒരുത്തനെയും നിശ്ചയം അല്ലാഹു സന്മാർഗത്തിലാക്കുകയില്ലതന്നെ എന്ന് പറഞ്ഞിട്ടുണ്ട്. 17: 56-57 സൂക്തങ്ങളിൽ, നിങ്ങൾ അല്ലാഹുവിനെക്കൂടാതെ വിളിച്ചുപ്രാർത്ഥിക്കുന്നവർ നിങ്ങളെത്തൊട്ട് ഒരു ദുരിതം ദൂരീകരിക്കുകയോ മാറ്റിവെക്കുകയോ ചെയ്യുന്നില്ല, മാത്രമല്ല അക്കൂട്ടർതന്നെ അവരിൽ ആരാണ് അല്ലാഹുവിലേക്ക് ഏറ്റവും സാമീപ്യം നേടുക എന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നവരും അവന്റെ കാരുണ്യം ആഗ്രഹിക്കുന്നവരും അവന്റെ ശിക്ഷ ഭയപ്പെടുന്നവരുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 39: 23 ൽ, അല്ലാഹു ഏറ്റവും നല്ല വർത്തമാനം ഇറക്കി -ആവർത്തിച്ചുവരുന്ന ഉപമാലങ്കാരങ്ങൾ അടങ്ങിയ ഗ്രന്ഥം, തങ്ങളുടെ നാഥനെ ഭയപ്പെടുന്നവരുടെ തൊലികൾ അതുകൊണ്ട് രോമാഞ്ചം കൊള്ളുന്നു, പിന്നീട് അവരുടെ തൊലികളും ഹൃദയങ്ങളും 'അല്ലാഹ്' എന്ന സ്മരണയിൽ ലയിച്ച് മയപ്പെടുന്നു, അതാകുന്നു അല്ലാഹുവിന്റെ സൻമാർഗം, അവൻ ഉദ്ദേശിക്കുന്നവരെ അതുകൊണ്ട് സൻമാർഗത്തിലേക്കാക്കുന്നു; ആരെയാണോ അല്ലാഹു വഴികേടിലാകാൻ അനുവദിച്ചത്, അപ്പോൾ അവനെ സന്മാർഗത്തിലാക്കുന്ന ഒരാളും ഇല്ലതന്നെ എന്നും; 41: 52 ൽ, അപ്രകാരം നാം നിന്നിലേക്ക് നമ്മുടെ കൽപനയിൽ നിന്നുള്ള ഒരു റൂഹിനെ ദിവ്യസന്ദേശമായി നൽകിയിരിക്കുന്നു, എന്താണ് ഗ്രന്ഥം, എന്താണ് വിശ്വാസം എന്നൊന്നും നീ അറിയുന്നവനായിരുന്നില്ല, എന്നാൽ നാം അതിനെ ഒരു പ്രകാശമാക്കി, അതുകൊണ്ട് നമ്മുടെ അടിമകളിൽ നിന്ന് നാം ഉദ്ദേശിക്കുന്നവരെ മാർഗദർശനം ചെയ്യുന്നു, നിശ്ചയം നീ മാർഗദർശനം ചെയ്യുന്നത് നേരെച്ചൊവ്വെയുള്ള പാതയിലേക്ക് തന്നെയാകുന്നു എന്നും പറഞ്ഞിട്ടുണ്ട്.

21: 24 ൽ, അതല്ല, അവർ അവനെക്കൂടാതെ വേറെ ഇലാഹുകളെ തെരഞ്ഞെടുത്തിരിക്കുന്നുവോ? നീ പറയുക: നിങ്ങൾ നിങ്ങളുടെ തെളിവ് കൊണ്ടുവരിക, ഇതാണ് എന്നോടൊപ്പമുള്ള ദിക്റും എനിക്ക് മുമ്പുള്ളവരോടൊപ്പമുള്ള ദിക്റും, എന്നാൽ അവരിൽ അധികപേരും സത്യം അറിയാത്തവരാകുന്നു, അപ്പോൾ അവർ അതിനെ അവഗണിച്ച് കൊണ്ടിരിക്കുന്നവരുമാകുന്നു എന്നും; 21: 25 ൽ, നിനക്കുമുമ്പ് പ്രവാചകന്മാരിൽ നിന്ന് ആരെയും നാം അയച്ചിട്ടുമില്ല, നിശ്ചയം ഞാനല്ലാതെ മറ്റൊരു ഇലാഹും ഇല്ല എന്ന് അവനിലേക്ക് ദിവ്യസന്ദേശം നൽകിയിട്ടല്ലാതെ, അപ്പോൾ നിങ്ങൾ എന്നെമാത്രം സേവിക്കുന്നവരാവുക എന്നും പറഞ്ഞിട്ടുണ്ട്.

25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ത്രികാലജ്ഞാനമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ ആരാണോ അതിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101; 4: 174-175; 5: 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 7-10; 9: 31 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 25: 17-18 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിക്കുകവഴി കെട്ടജനതയായി മാറിയിരിക്കുകയാണ്. 1: 5-6; 2: 147-148, 159-162; 5: 79-81 വിശദീകരണം നോക്കുക.

36. അവരിൽ അധികപേരും ഊഹങ്ങളെയല്ലാതെ പിൻപറ്റുന്നവരുമല്ല, നിശ്ചയം ഊഹങ്ങളാവട്ടെ സത്യത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രയോജനവും ചെ

യ്യുകയില്ല, നിശ്ചയം അല്ലാഹു അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് ശരിക്കും അറിവുള്ളവൻ തന്നെയാകുന്നു.

6: 116 ൽ വിവരിച്ച പ്രകാരം ഊഹങ്ങളെ പിൻപറ്റുന്ന കപടവിശ്വാസികളെയും അവരുടെ അനുയായികളെയും അനുസരിക്കരുതെന്ന് 33: 1, 48 സൂക്തങ്ങളിലൂടെ പ്രവാചകനോടും വിശ്വാസികളോടും കൽപിച്ചിട്ടുണ്ട്. പ്രവാചകന്റെ കാലത്തുള്ള മക്കാമുശ്രിക്കുകളെക്കുറിച്ച് 53: 28 ൽ പറഞ്ഞതുപോലെത്തന്നെ ഇക്കാലത്തെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും ത്രികാലജ്ഞാനമായ അദ്ദിക്ർ അറിയാതെ ഊഹാപോഹങ്ങൾ പിൻപറ്റുന്നവരാണ്. നിശ്ചയം ഫുജ്ജാറുകൾ ജ്വലിക്കുന്ന നരകത്തിൽ തന്നെയാണെന്ന് 82: 14 ലും; ഫുജ്ജാറുകളുടെ പട്ടിക നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിലാണെന്ന് 83: 7 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ഉറപ്പുനൽകുന്ന സത്യമാണെന്ന് 56: 95; 69: 51 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ അദ്ദിക്റിനെ സത്യപ്പെടുത്താത്ത, അറബി ഖുർആൻ വായിക്കുന്ന എല്ലാ ഫുജ്ജാറുകളും ഊഹങ്ങൾ പിൻപറ്റുന്നവരും നിഗമനങ്ങൾ വെച്ചുപുലർത്തുന്നവരുമാണ്. ഉറപ്പ് നൽകുന്ന ജ്ഞാനമായ അദ്ദിക്ർ വന്ന് കിട്ടിയിട്ട് അതിനെ ഉപയോഗപ്പെടുത്താത്ത ഏതൊരാളും കണ്ണിന് ഉറപ്പുലഭിക്കുന്നതുവരെ ജ്വലിക്കുന്ന നരകം കാണുകതന്നെ ചെയ്യുമെന്ന് 32: 12 ലും 102: 5–7 ലും പറഞ്ഞിട്ടുണ്ട്.2: 78–79; 6: 115–116; 10: 17–18 വിശദീകരണം നോക്കുക.

37. ഈ വായന അല്ലാഹുവിനെക്കൂടാതെയുള്ളവരാൽ കെട്ടിച്ചമക്കപ്പെട്ടതല്ല, എന്നാൽ അത് അതിന്റെ മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതും എന്താണ് ഗ്രന്ഥമെന്ന് വിശദീകരിക്കുന്നതുമാണ്, അത് സർവ്വലോകങ്ങളുടെയും നാഥനിൽ നിന്നുള്ളതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഗ്രന്ഥം അവതീർണ്ണമായിട്ടുള്ളത് –അതിന്റെ കാര്യത്തിൽ സംശയമില്ല– സർവ്വലോകങ്ങളുടെയും നാഥനിൽ നിന്നാണ്. അതോ ഇത് അവൻ കെട്ടിച്ചമച്ചതാണെന്ന് അവർ പറയുന്നുവോ; അല്ല, അത് നിന്റെ നാഥനിൽ നിന്നുള്ള സത്യം തന്നെയാകുന്നു, നിനക്കു മുമ്പ് മുന്നറിയിപ്പുകാർ ആരും വരാത്ത ഒരു ജനതയെ ഇതുകൊണ്ട് നീ താക്കീത് നൽകാനും അവർ സൻമാർഗത്തിലാകാനും വേണ്ടിയാണ് ഈ ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത് എന്ന് 32: 2–3 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിച്ചിട്ടുള്ള അദ്ദിക്റിൽ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുണ്ട് എന്ന് 16: 44; 98: 2–3 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 5: 48 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണ്. 2: 1–2; 3: 58; 7: 52 വിശദീകരണം നോക്കുക.

38. അതല്ല, അത് അവൻ കെട്ടിച്ചമച്ചതാണെന്ന് അവർ പറയുന്നുവോ; നീ പറയുക: ഇതുപോലുള്ള ഒരു സൂറത്ത് കൊണ്ടുവരിക! അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്ക് ആരെയെല്ലാം വിളിക്കാൻ കഴിയുമോ അവരെയെല്ലാം സഹായത്തിന് വിളിച്ചുകൊള്ളുകയും ചെയ്യുക –നിങ്ങൾ സത്യസന്ധൻമാർ തന്നെയാണെങ്കിൽ!

2: 23–24 കൂട്ടി വായിക്കുക. എല്ലാഓരോ കാര്യവും വിശദീകരിക്കുന്ന അദ്ദിക്ർ സർവ്വസ്വം നാഥന് സമർപ്പിച്ചവർക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ് എന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്. അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന, അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തി

ലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 8: 22; 25: 34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഈ സൂക്തവും 11: 13, 35; 32: 3; 46: 8 തുടങ്ങിയ സൂക്തങ്ങളും, 'അതോ അത് അവൻ കെട്ടിച്ചമച്ച് പറയുന്നതാണെന്ന് അവർ പറയുന്നുവോ' എന്ന് ചോദിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്. 2: 121; 10: 15–16 വിശദീകരണം നോക്കുക.

39. എന്നാൽ ഏതൊന്നിനെക്കുറിച്ചുള്ള അറിവ് അവർക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെയോ, ഏതൊന്നിന്റെ പ്രവചനം അവരുടെ മുമ്പിൽ വെളിവായിട്ടില്ലെയോ, അതിനെ അവർ തള്ളിപ്പറയുകയാകുന്നു. അപ്രകാരം ഇവർക്കുമുമ്പുള്ളവരും സത്യത്തെ തള്ളിപ്പറഞ്ഞിട്ടുണ്ട്, അപ്പോൾ അത്തരം അക്രമികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കിക്കാണുക.

54: 17 പ്രകാരം ഗ്രന്ഥത്തിന്റെ ആശയം മനസ്സിലാക്കാൻ വളരെ എളുപ്പമാക്കിയിട്ടുണ്ടെങ്കിലും അതിന് യാതൊരുതരത്തിലുള്ള ശ്രമവും നടത്താതെ കപടവിശ്വാസികളെയും *ഹുജ്ജാർ കിതാബു*കളെയും പിൻപറ്റി വഴികേടിൽ ജീവിക്കുന്ന സാധാരണക്കാരായ ഫാജിറുകളെ മനസ്സിൽ വക്രതയുള്ള കപടവിശ്വാസികൾ ആലങ്കാരികസൂക്തങ്ങളുടെ വിശദീകരണങ്ങൾ ചോദിച്ചുകൊണ്ട് തെറ്റിദ്ധരിപ്പിക്കുന്നതാണ്. അതുവഴി ആശയം സ്പഷ്ടമായ സൂക്തങ്ങളുടെ ആശയത്തെക്കുറിച്ച് ചിന്തിക്കുന്നതിൽ നിന്നുപോലും തടയപ്പെട്ട് 62: 5 പ്രകാരം കഴുത ഭാരം പേറുന്നത് പോലെ, ഗ്രന്ഥത്തിന്റെ ശരീരം തിന്നുകൊണ്ട് *വില്ലിൽനിന്ന് അമ്പ് തെറിക്കുന്ന വേഗത്തിൽ ദീനിൽ നിന്ന് തെറിച്ചുപോവുകയാണ്* അവർ ചെയ്യുന്നത്. അതുവഴി അവർ ജീവിതത്തിൽ ഒരിക്കൽപോലും ഗ്രന്ഥത്തിന്റെ സൂക്തങ്ങളിലൂടെ നാഥൻ തന്നോട് സംസാരിക്കുകയാണെന്ന് മനസ്സിലാക്കാനുള്ള അവസരം നിഷേധിക്കപ്പെട്ട് എന്തിനോ വേണ്ടി ജനിച്ച് ജീവിച്ചു മരിച്ചുപോവുകയാണ് ചെയ്യുന്നത്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന അവർ നേരെച്ചൊവ്വെയുള്ള പാതയിലാണ് ജീവിക്കുന്നത് എന്നാണവർ കരുതുന്നത് എന്ന് 7: 30 ൽ പറഞ്ഞിട്ടുണ്ട്. വിധിദിവസം മിഥ്യാവാദികളായ ഇവർ നഷ്ടപ്പെട്ടവരായിരിക്കുമെന്ന് 40: 78 ൽ അവർ വായിച്ചിട്ടുമുണ്ട്. 7: 8–9 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിധിദിവസം കർമങ്ങൾ തൂക്കിനോക്കാനുള്ള ത്രാസ് അദ്ദിക്ർ ആണ്. കെട്ടജനതയായ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്നവരും തന്നെയാണ് ഭ്രാന്തന്മാരും അക്രമികളും കാഫിറുകളുമെന്ന് 2: 254; 6: 21; 10: 17; 32: 22 സൂക്തങ്ങളിലെല്ലാം അവർ വായിച്ചിട്ടുണ്ട്. അവർ വായിച്ച ഗ്രന്ഥം അവർക്കെതിരെ സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 4: 118 ൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരുടെയും ജനതയിൽ നിന്നുള്ള ആയിരത്തിൽ 999 ഉം നരകത്തിലേക്കുള്ളവരാണ്. 2: 85 ൽ വിവരിച്ച പ്രകാരം അവർക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് ലഭിക്കുക.

41: 53 ൽ, ദിഗന്തങ്ങളിലും അവരിൽ തന്നെയും നമ്മുടെ സൂക്തങ്ങൾ നാം അവർക്ക് കാണിച്ചുകൊടുക്കുക തന്നെ ചെയ്യും, നിശ്ചയം അത് സത്യം തന്നെയാണ് എന്ന് അവർക്ക് വ്യക്തമാകുന്നതുവരെ; നിശ്ചയം നിന്റെ നാഥൻ, അവൻ എല്ലാഓരോ കാര്യത്തിന്റെ മേലും ഒരു സാക്ഷിയാണെന്നത് നിനക്ക് പോരെയോ എന്ന് ചോദിച്ചിട്ടുണ്ട്. 40: 56 ൽ, നിശ്ചയം യാതൊരു പ്രമാണവും വന്നുകിട്ടാതെ അല്ലാഹുവിന്റെ സൂക്തങ്ങളിൽ തർക്കം നടത്തുന്നവരുണ്ടല്ലോ, അവരുടെ നെഞ്ചുകൾ അവർക്ക് എത്തിപ്പെടാൻ സാധിക്കാത്തതിലുള്ള അ

ഹങ്കാരത്തിലല്ലാതെയല്ല, അപ്പോൾ നീ അല്ലാഹുവിനെക്കൊണ്ട് ശരണം തേടുക, നിശ്ചയം അവൻ എല്ലാം കേൾക്കുന്ന സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ തന്നെയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 9: 73 ലൂടെ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി അഹങ്കാരികളായ കപടവിശ്വാസികളും കുഫ്ഫാറുകളും അടങ്ങിയ ഫുജ്ജാറുകളോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യാൻ കൽപിക്കപ്പെട്ടിരിക്കുന്നു. 3: 7–10; 6: 33, 133; 7: 40, 53 വിശദീകരണം നോക്കുക.

40. അവരിൽ 'അതുകൊണ്ട്' വിശ്വസിക്കുന്നവരുണ്ട്, അവരിൽ 'അതുകൊണ്ട്' വിശ്വസിക്കാത്തവരുമുണ്ട്, നാശകാരികളെക്കുറിച്ച് നിന്റെ നാഥൻ ഏറ്റവും അറിവുള്ളവൻ തന്നെയുമാണ്.

'അതിൽ വിശ്വസിക്കുന്നവരുണ്ട്' എന്ന് പറയാതെ 'അതുകൊണ്ട് വിശ്വസിക്കുന്നവരുണ്ട്' എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത് ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളുടെ ആശയം മനസ്സിലാക്കി വിശ്വാസം രൂപപ്പെടുത്തണമെന്നാണ്. പ്രകൃതിക്ക് വിരുദ്ധമായ സ്വവർഗരതിയിൽ മുഴുകിയിരുന്ന ജനതക്കെതിരെ ലൂത്ത് നബി 'എന്റെ നാഥാ, എന്നെ നീ ഈ നാശകാരികളെത്തൊട്ട് സഹായിച്ചാലും' എന്ന് പ്രാർത്ഥിച്ചകാര്യം 29: 30 ൽ പറഞ്ഞിട്ടുണ്ട്. 'നിങ്ങൾ നാഥനെ മാത്രം സേവിക്കുവീൻ, നിങ്ങൾ പരലോകം കാംക്ഷിക്കുകയും ചെയ്യുവീൻ! നിങ്ങൾ ഭൂമിയിൽ നാശകാരികളായി വിഹരിക്കാതിരിക്കുകയും ചെയ്യുവീൻ' എന്ന് ശുഐബ് നബി തന്റെ ജനതയെ ഉണർത്തിയകാര്യം 29: 36 ൽ പറഞ്ഞിട്ടുണ്ട്.

അജയ്യഗ്രന്ഥമായ അദ്ദിക്ർ ഇന്ന് ക്രോഡീകരിക്കപ്പെട്ടിരിക്കെ 6: 104 ൽ വിവരിച്ച പ്രകാരം ആരാണോ അതിനെ സത്യപ്പെടുത്തുന്നത്, അത് അവനുവേണ്ടിത്തന്നെയാണ്. ആരാണോ അതിനെ തള്ളിപ്പറയുന്നത്, അതിന്റെ ദോഷം ആ ആത്മാവിനുതന്നെയാണ്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് ഗ്രന്ഥത്തിൽ 52 സൂക്തങ്ങളിലും പറഞ്ഞ ഭ്രാന്തന്മാർ. 4: 82; 6: 26; 7: 103; 9: 55, 85 വിശദീകരണം നോക്കുക.

41. അവർ നിന്നെ കളവാക്കുന്നുവെങ്കിൽ അപ്പോൾ നീ പറയുക: എനിക്ക് എന്റെ കർമ്മം, നിങ്ങൾക്ക് നിങ്ങളുടെ കർമ്മവും, ഞാൻ പ്രവർത്തിക്കുന്നതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് നിങ്ങൾ വിമുക്തരാകുന്നു, നിങ്ങൾ പ്രവർത്തിക്കുന്നതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് ഞാനും വിമുക്തനാകുന്നു.

109: 1–6 സൂക്തങ്ങളിൽ, ഗ്രന്ഥം വന്നുകിട്ടിയിട്ട് മൂടിവെക്കുന്ന കാഫിറുകളെ വിളിച്ച്: 'നിങ്ങൾ സേവിച്ചുകൊണ്ടിരിക്കുന്ന ഒന്നിനെ ഞാൻ സേവിക്കുന്നവനല്ല, ഞാൻ സേവിച്ചുകൊണ്ടിരിക്കുന്ന ഒന്നിനെ നിങ്ങളും സേവിക്കുന്നവരല്ല. നിങ്ങൾ സേവിക്കുന്ന ഒന്നിനെ ഞാൻ ഭാവിയിലും സേവിക്കുന്നവനല്ല, ഞാൻ സേവിക്കുന്ന ഒരുവനെ ഭാവിയിൽ നിങ്ങളും സേവിക്കുന്നവരല്ല, നിങ്ങൾക്ക് നിങ്ങളുടെ ജീവിതരീതി, എനിക്ക് യഥാർത്ഥ ജീവിതരീതിയും' എന്ന് പ്രഖ്യാപിക്കാനാണ് പ്രവാചകനോടും വിശ്വാസികളോടും അല്ലാഹു കൽപിച്ചിട്ടുള്ളത്. സ്വർഗം അല്ലെങ്കിൽ നരകം ഓരോരുത്തരും ഇവിടെവെച്ച് സമ്പാദിക്കുന്നതാണ്. അപ്പോൾ നാം തമ്മിൽ തർക്കിക്കേണ്ടതില്ല. എന്റെ പ്രവർത്തനങ്ങളുടെ മുഴുവൻ ഉത്തരവാദിത്തവും സ്രഷ്ടാവിന്റെ മുമ്പിൽ ഞാൻ തന്നെയാണ് വഹിക്കേണ്ടത്. നാഥന്റെ സന്ദേശം എത്തിച്ചുതരിക എന്ന ബാധ്യതമാത്രമാണ് എന്നിലുള്ളത്. ഇനി ഞാൻ കൊണ്ടുവന്ന സന്ദേശം അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതല്ല എങ്കിൽ ഞാൻ തന്നെയായിരിക്കും ഏറ്റവും വലിയ അക്രമി. എന്നാൽ അത് സത്യമായിരിക്കുകയും നിങ്ങൾ അതിനെ തള്ളി

പ്പറയുകയുമാണെങ്കിൽ നിങ്ങളാണ് ഏറ്റവും വലിയ അക്രമികൾ. നിങ്ങൾ തന്നെയാണ് അതിന്റെ ഉത്തരവാദിത്തം വഹിക്കേണ്ടതും.

'വ്യർത്ഥമായ കാര്യങ്ങൾ' കേൾക്കാൻ ഇടവന്നാൽ അതിനെ അവഗണിക്കണമെന്നും, ഞങ്ങൾക്ക് ഞങ്ങളുടെ പ്രവൃത്തികൾ, നിങ്ങൾക്ക് നിങ്ങളുടെ പ്രവൃത്തികളും; നിങ്ങൾ നിങ്ങളുടെ ജീവിതരീതി തുടരുക, ഞങ്ങൾ അവിവേകികളുടെ ജീവിതരീതി അന്വേഷിക്കുന്നവരല്ല എന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളോട് പറയാൻ 28: 55 ലൂടെ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികൾ കൽപിക്കപ്പെട്ടിട്ടുണ്ട്. 28: 62–64 സൂക്തങ്ങളിൽ, ഒരു നാളിൽ അവൻ അവരെ വിളിക്കുകയും എന്നിട്ട് ചോദിക്കുകയും ചെയ്യുന്നതാണ്: നിങ്ങൾ ഉറപ്പിച്ചുവെച്ചുകൊണ്ടിരുന്നവരായ എന്റെ പങ്കാളികൾ എവിടെ? ആരുടെ മേലിലാണോ ശിക്ഷാവചനം ബാധകമായത്, അവർ പറയും: ഞങ്ങളുടെ നാഥാ, ഇക്കൂട്ടരെയാണ് ഞങ്ങൾ ലക്ഷ്യബോധം നഷ്ടപ്പെട്ടവരാക്കിയത്, ഞങ്ങൾ ലക്ഷ്യബോധം നഷ്ടപ്പെട്ടവരായിരുന്നതുപോലെ അവരെയും ഞങ്ങൾ ലക്ഷ്യബോധം നഷ്ടപ്പെടുത്തിയതായിരുന്നു, ആ ഉത്തരവാദിത്തം ഞങ്ങൾ ഇതാ നിന്റെ മുമ്പിൽ ഒഴിവാക്കുന്നു, അവർ ഞങ്ങളെ ഒരിക്കലും സേവിച്ചുകൊണ്ടിരിക്കുന്നവരായിരുന്നില്ല. അവരോട് പറയപ്പെടുകയും ചെയ്യും: നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കുക, അപ്പോൾ ഇവർ അവരെ വിളിക്കും, എന്നാൽ അവർ ഇവർക്ക് ഉത്തരം നൽകുന്നതല്ല, അവർ ശിക്ഷ നേരിൽ കാണുകയും ചെയ്യും, നിശ്ചയം അവർ സന്മാർഗം പ്രാപിച്ചവർ ആയിരുന്നുവെങ്കിൽ! എന്ന് പറഞ്ഞിട്ടുണ്ട്.

അജയ്യഗ്രന്ഥമായ അദ്ദിക്ർ ഇന്ന് ക്രോഡീകരിക്കപ്പെട്ടിരിക്കെ 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഒറ്റപ്പെട്ട വിശ്വാസി അദ്ദിക്ർ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും വായിക്കേണ്ടതും തിലാവത്തിന്റെ സുദീർഘമായ സാഷ്ടാംഗപ്രണാമം നിർവഹിക്കേണ്ടതും, പ്രപഞ്ചനാഥനെ പരിചയപ്പെടുത്തുന്നതിന് വേണ്ടി അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നാഥനെ സഹായിക്കേണ്ടതുമാണ്. 9: 73; 66: 9 സൂക്തങ്ങളുടെ കൽപന അംഗീകരിച്ച് കപടവിശ്വാസികളും കുഫ്ഫാറുകളുമടങ്ങിയ ഫുജ്ജാറുകളോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തേണ്ടതും ആയിരം സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമം മുൻനിർത്തിക്കൊണ്ട് ജൈവകൃഷി ചെയ്യുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിന് മറ്റുള്ളവരെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതുമാണ്. 2: 119, 286; 3: 30; 6: 164 വിശദീകരണം നോക്കുക.

42. അവരിൽ നിന്നിലേക്ക് ശ്രദ്ധിച്ച് കേട്ടുകൊണ്ടിരിക്കുന്ന ചിലരുണ്ട്, എന്നാൽ ബധിരരെ അവർ ചിന്തിക്കാത്തവരാണെങ്കിലും നീ കേൾപ്പിക്കുന്നവനാണോ?

കേട്ടതുകൊണ്ട് കാര്യമായില്ല, ഹൃദയം പങ്കെടുത്ത് കേൾക്കുകയും അതിനെക്കുറിച്ച് ചിന്തിക്കുകയും വേണം. കേട്ട ഗ്രന്ഥം പിൻപറ്റാതിരുന്നാൽ അത് അവർക്കെതിരെ വാദിക്കുകയും സാക്ഷിനിൽക്കുകയും ചെയ്യുന്നതാണ്. ഗ്രന്ഥം കേൾക്കുകയും വായിക്കുകയും എന്നാൽ അതിന്റെ ആശയം മനസ്സിലാക്കി പിൻപറ്റാതിരിക്കുകയും ആശയം മൂടിവെക്കുകയും ചെയ്യുന്നവരെ ജീവജാലങ്ങളിൽ വെച്ച് ഏറ്റവും തിന്മയേറിയ ജീവികളായിട്ടാണ് 8: 22, 55 സൂക്തങ്ങളിൽ വിശേഷിപ്പിച്ചിട്ടുള്ളത്. 33: 73; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിൽ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളായ കാഫിറുകളെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന മുശ്രിക്കുകളെയും ശിക്ഷിക്കാൻ വേണ്ടിയാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. 27: 80–81; 30: 52–53 സൂക്ത

ങ്ങളിൽ, നിശ്ചയം നീ മരിച്ചവരെ കേൾപ്പിക്കുന്നവനല്ല, വിളികേൾക്കാത്ത ബധിരർ അവർ പുറം തിരിഞ്ഞ് പിന്തിരിഞ്ഞ് പോകുന്നവരാണെങ്കിൽ നീ അവരെ കേൾപ്പിക്കുന്നവനുമല്ല എന്നും; നീ അന്ധന്മാരെ അവരുടെ വഴികേടിൽ നിന്ന് നേർമാർഗത്തിൽ കൊണ്ടു വരുന്നവനുമല്ല, നിശ്ചയം നീ കേൾപ്പിക്കുക നമ്മുടെ സൂക്തങ്ങളെക്കൊണ്ട് വിശ്വസിക്കുന്നവനെയല്ലാതെയല്ല, അങ്ങനെ അവർ സർവ്വസ്വം അല്ലാഹുവിന് സമർപ്പിക്കുന്നവരുമാണ് എന്നും പറഞ്ഞിട്ടുണ്ട്. 2: 6–7, 18, 171; 6: 25, 36; 9: 123 വിശദീകരണം നോക്കുക.

43. അവരിൽ ചിലർ നിന്നിലേക്ക് തുറിച്ച് നോക്കുന്നവരുണ്ട്, എന്നാൽ അന്ധൻമാരെ -അവർ ഉൾക്കാഴ്ച കാണാത്തവരാണെങ്കിലും നീ സൻമാർഗത്തിലാക്കുന്നവനാണോ?

അവർ ഉൾകാഴ്ച്ചാദായകമായ അദ്ദിക്ർ കാണാത്തത് കാരണം അന്ധൻമാരായവരാണ്. അഥവാ ആത്മാവിന്റെ കണ്ണിനാണ് അവർക്ക് കാഴ്ചയില്ലാത്തത്. ശരീരത്തിന്റെ കണ്ണിന് അവർക്ക് കാഴ്ചയുണ്ട്, അതുകൊണ്ട് ഗ്രന്ഥത്തിന്റെ ശരീരം കാണുകയും കേൾക്കുകയും ചെയ്യുന്നുമുണ്ട്. അദ്ദിക്ർ കൊള്ളെള്ള കണ്ണിന് മൂടിയുള്ള കാഫിറുകളാണ് അവരെന്ന് 18: 100 –101; 20: 124–127; 38: 8 എന്നീ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. 17: 71–72 സൂക്തങ്ങളിൽ, ആരാണോ ഇഹലോകത്ത് ഇമാമായ ഗ്രന്ഥത്തെത്തൊട്ട് അന്ധത നടിച്ചത്, അവൻ പരലോകത്ത് കൂടുതൽ അന്ധരും ഏറെ വഴിപിഴച്ചവരുമാണെന്ന് പറഞ്ഞിട്ടുണ്ട്. ആരാണോ അദ്ദിക്റിനെത്തൊട്ട് അന്ധരും ബധിരരുമായത്, അവർ അവരുടെ മുഖങ്ങളിന്മേൽ ബധിരരും അന്ധരും ഊമരുമായി നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടുമെന്ന് 17: 97–98; 25: 33–34 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 6: 104; 7: 179, 197 വിശദീകരണം നോക്കുക.

44. നിശ്ചയം അല്ലാഹു മനുഷ്യരോട് ഒട്ടും അക്രമം കാണിക്കുന്നവനല്ല, എന്നാൽ മനുഷ്യർ അവരോടുതന്നെ അക്രമം കാണിക്കുന്നവരാണ്.

29: 40 ൽ, അങ്ങനെ അവരിൽ നിന്നുള്ള എല്ലാ ഓരോരുത്തരെയും അവരുടെ കുറ്റം കാരണം നാം പിടികൂടി, അവരിൽ നാം ചരൽ കാറ്റ് അയച്ച ചിലരുണ്ട്, അവരിൽ നാം ഘോരഗർജ്ജനത്താൽ പിടികൂടിയവരുമുണ്ട്, അവരിൽ നാം ഭൂമിയെക്കൊണ്ട് വിഴുങ്ങിപ്പിച്ചവരുമുണ്ട്, അവരിൽ നാം മുക്കിക്കൊന്നവരുമുണ്ട്, അല്ലാഹു അവരോട് അക്രമം കാണിക്കുന്നവനായിട്ടില്ല, എന്നാൽ അവർ അവരോടുതന്നെ അക്രമം കാണിക്കുന്നവരായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

നിഷ്പക്ഷവാനായ നാഥൻ എല്ലാഓരോ ആത്മാവിനെയും സ്വർഗത്തിൽ സൃഷ്ടിച്ചപ്പോൾ തന്നെ അദ്ദിക്ർ പഠിപ്പിച്ചിട്ടുണ്ടെന്ന് 55: 1–4 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പിന്നെ അവൻ 313 പ്രവാചകന്മാരിലൂടെയും കാലാകാലങ്ങളിൽ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് അല്ലാഹുവിനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല എന്നും അപ്പോൾ നിങ്ങൾ അവനെ സേവിക്കുവീൻ എന്നും ഉണർത്തുന്നതിന് വേണ്ടിയാണ് എന്ന് 21: 24–25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്ർ പഠിക്കുകയോ പഠിപ്പിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നില്ല. മറിച്ച് അവർ കള്ളവാദികളും കപടവിശ്വാസികളും രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളാണ് പിൻപറ്റുന്നത്. ലക്ഷ്യബോധമില്ലാതെ ജീവിക്കുന്ന ഇവരിലെ കപടവിശ്വാസികൾ 2: 79 ൽ വിവരിച്ച പ്രകാരം സ്വർഗത്തിന് പകരം നരകക്കുണ്ഠത്തിലെ വൈൽ എന്ന ചെരുവാണ് സമ്പാദിക്കുന്നത്. 1: 7; 9: 67–68 സൂക്തങ്ങളിൽ വിവരിച്ച കപടവിശ്വാസികളും കുഫ്ഫാറുകളും തന്നെയാണ് ഗ്രന്ഥത്തിൽ

520 സ്ഥലങ്ങളിൽ പറഞ്ഞ കാഫിറുകളും 220 സൂക്തങ്ങളിൽ പറഞ്ഞ അക്രമികളും. 2: 186; 7: 8–9; 9: 53, 55 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാതെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ കർമങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല. അറബി ഖുർ ആൻ വ്യക്തവും സ്പഷ്ടവുമായ വായനയല്ല. എന്നാൽ എല്ലാഓരോ കാര്യവും വിശദീകരി ച്ചിട്ടുള്ള നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഹൃ ദയത്തിന്റെ ഭാഷയിലുള്ള വ്യക്തവും സ്പഷ്ടവുമായ വായനയാണ്. 'നിശ്ചയം ഈ വാ യന ഹൃദയം കൊണ്ട് മനസ്സിലാക്കാൻ വളരെ എളുപ്പമാക്കിയിരിക്കുന്നു. അപ്പോൾ ആരുണ്ട് അതിന് തയ്യാറുള്ളവർ എന്ന് 54: 17, 22, 32, 40 സൂക്തങ്ങളിൽ ചോദിച്ചിട്ടുണ്ട്. 2: 254; 6: 21; 10: 11, 17–18 വിശദീകരണം നോക്കുക.

45. അവരെ പുനരുജ്ജീവിപ്പിച്ച് ഒരുമിച്ചുകൂട്ടുന്ന ദിനം, പരസ്പരം തിരിച്ചറിയാൻ നിശ്ചയിക്കപ്പെട്ട -പകലിൽ നിന്നുള്ള ഒരു മണിക്കൂറല്ലാതെ ഇഹലോകത്ത് ജീ വിച്ചിരുന്നില്ല എന്ന് അവർക്ക് തോന്നും, അല്ലാഹുവിനെ കണ്ടുമുട്ടുന്നതിനെ തള്ളിപ്പറഞ്ഞവരായവർ തീർച്ചയായും നഷ്ടപ്പെട്ടിരിക്കുന്നു, അവർ സൻമാർഗം ഉപയോഗപ്പെടുത്തുന്നവരുമായിരുന്നില്ല.

49: 13 ൽ മനുഷ്യരെ വിളിച്ച്: നിശ്ചയം നാം നിങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമാണ്, നിങ്ങളെ വിവിധ ദേശക്കാരും ഗോത്രക്കാരുമായി വേർതിരിച്ചിട്ടുള്ളത് നിങ്ങൾ പരസ്പരം തിരിച്ചറിയാൻ വേണ്ടി മാത്രമാണ് എന്ന് പറഞ്ഞ തിൽ നിന്നും, പരസ്പരം തിരിച്ചറിയൽ മാത്രമാണ് ജീവിതലക്ഷ്യം എന്ന് തെറ്റിദ്ധരിച്ച് ഇവിടെ ആയുസ്സ് തള്ളിനീക്കിയവരാണ് പരലോകത്ത് സൂക്തത്തിൽ പറഞ്ഞതുപോലെ നഷ്ടപ്പെടുന്നവർ. 'നിശ്ചയം, മനുഷ്യരിൽ വെച്ച് അല്ലാഹുവിന്റെ അടുക്കൽ ആദരണീ യർ നിങ്ങളിൽ ഏറ്റവും സൂക്ഷ്മതയുള്ളവരാണ്, അല്ലാഹു സർവ്വജ്ഞനും എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയുമാണ്' എന്ന സൂക്തത്തിന്റെ അവസാനഭാഗം പരിഗണിക്കാ തെ, സൂക്ഷ്മത വർദ്ധിക്കാനുള്ള ഉപാധിയായ അദ്ദിക്ർ വന്നുകിട്ടിയതിന് ശേഷം സ്വയം ഉപയോഗിക്കാതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെയും മൂടിവെച്ച അക്ര മികളാണ് നഷ്ടപ്പെടുന്നവരാവുക. 'അദ്ദിക്ർ ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനേ' എന്ന് നരകക്കുണ്ഠം കൊണ്ടുവരപ്പെടുന്ന ദിനം മനുഷ്യന് ബോധ്യം വരുന്നതാണ് എന്ന് 89: 23 ലും; 'ഓ എന്റെ കഷ്ടം, ഞാൻ എന്റെ ഈ ജീവിതത്തിന് വേ ണ്ടി മുൻകൂട്ടി സമ്പാദിച്ച് വെച്ചിരുന്നുവെങ്കിൽ!' എന്ന് അവൻ വിലപിക്കുമെന്ന് 89: 24 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഗ്രന്ഥത്തിന്റെ മുന്നറിയിപ്പ് അവഗണിച്ച് ജീവിച്ചവർ അന്ത്യദി നം നേരിൽ കാണുമ്പോൾ തങ്ങൾ ഒരു സായാഹ്നമോ അല്ലെങ്കിൽ അതിന്റെ പൂർവ്വാഹ്ന മോ മാത്രമേ ഇവിടെ ജീവിച്ചിട്ടുള്ളൂ എന്ന മട്ടിലായിരിക്കുമെന്ന് 79: 46 ൽ പറഞ്ഞിട്ടുണ്ട്. 20: 102–104 സൂക്തങ്ങളിൽ, കാഹളത്തിൽ ഊതപ്പെടുന്ന ദിവസം കണ്ണുകൾ തുറിച്ച നില യിൽ ഭ്രാന്തൻമാരെ നാം ഒരുമിച്ചുകൂട്ടുന്നതാണ്, ഭൂമിയിൽ ആകെ പത്തുദിവസം മാത്രമേ താമസിച്ചിട്ടുണ്ടാകൂ എന്ന് അവർ അടക്കം പറയും. അവർ പറയുന്നതെന്താണെന്ന് നമുക്ക് നന്നായി അറിയാം; അല്ല, ഒരു ദിവസം മാത്രമേ താമസിച്ചിട്ടുള്ളൂ എന്നാണ് കു റേക്കൂടി അറിവുള്ളവർ പറയുക എന്ന് പറഞ്ഞിട്ടുണ്ട്. മനുഷ്യന്റെ നാലാം ഘട്ടമായ ഭൂമി യിൽ നിയോഗിക്കപ്പെട്ടതിന്റെ ലക്ഷ്യം അദ്ദിക്റിൽ നിന്ന് തിരിച്ചറിയാത്തവരും സൻമാർഗ്ഗ മായ അദ്ദിക്ർ ഉപയോഗപ്പെടുത്താത്തവരുമായ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന വഴിപിഴച്ചവരുമാണ് ജീവിതം നഷ്ടപ്പെട്ടവർ. പരലോകത്തുവെച്ച് അവരോട്:

നിങ്ങൾ ഭൂമിയിൽ എത്രകാലം കഴിച്ചുകൂട്ടി എന്ന് ചോദിക്കുമ്പോൾ അവർ പറയും: ഒരു ദിവസം, അല്ലെങ്കിൽ അതിന്റെ ഏതാനും ഭാഗം കഴിച്ചുകൂട്ടിയിട്ടുണ്ടാകും -എണ്ണമറിയുന്നവരോട് ചോദിച്ചുനോക്കുക; അല്ലാഹു പറയും: ഹാ! നിങ്ങൾ അൽപം മാത്രമല്ലാതെ കഴിച്ചുകൂട്ടിയിട്ടില്ല, അല്ലേ -നിങ്ങൾ യാഥാർത്ഥ്യം തിരിച്ചറിയുന്നവരായിരുന്നുവെങ്കിൽ! നിശ്ചയം നാം നിങ്ങളെ ലക്ഷ്യമില്ലാതെ വെറുതെയങ്ങ് സൃഷ്ടിച്ചതാണെന്നും നിങ്ങൾ നമ്മിലേക്ക് തിരിച്ചുകൊണ്ടുവരപ്പെടുകയില്ല എന്നും നിങ്ങൾ കണക്ക് കൂട്ടിയോ എന്ന് 23: 112–115 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഐഹികജീവിതം പരലോകത്തേക്കുള്ള കൃഷിയിടമാണ്. സ്വർഗത്തിൽ സൃഷ്ടിച്ച് ഭൂമിയിലേക്ക് മനുഷ്യനെ നിയോഗിച്ചിട്ടുള്ളത് ഇവിടെ കുറഞ്ഞകാലത്തെ ജീവിതം കൊണ്ട് സ്വർഗം പണിത് പണിത സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനാണ്. ഗ്രന്ഥം ലഭിച്ചിട്ട് പ്രസ്തുത ലക്ഷ്യം പാലിച്ച് ഇവിടെ ജീവിക്കാത്തവരെല്ലാം തന്നെ 'ഞാൻ എന്റെ ആയുസ്സ് വെറുതെ കളഞ്ഞല്ലോ, ഞാൻ എന്നെ നഷ്ടപ്പെടുത്തിയല്ലോ, എന്നെ അദ്ദിക്റിൽ നിന്ന് ഇന്നാലിന്നവനാണല്ലോ തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്നെല്ലാം വിലപിക്കുമെന്ന് 25: 27–29 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

70: 4 ൽ പറഞ്ഞ അമ്പതിനായിരം വർഷം ദൈർഘ്യമുള്ള വിചാരണാദിനത്തിൽ 25: 24 ൽ പറഞ്ഞ പ്രകാരം സ്വർഗവാസികൾക്ക് ഉത്തമമായ വിശ്രമസ്ഥലവും മധ്യാഹ്നം കഴിച്ചുകൂട്ടാനുള്ള നല്ല താവളവും ലഭിക്കുന്നതാണ്. 36: 55–58 സൂക്തങ്ങളിൽ, സ്വർഗവാസികൾ അന്നേദിനം സൗഭാഗ്യങ്ങളിൽ ഉല്ലസിച്ചുകൊണ്ടിരിക്കും, തണലുകളിലിട്ടിരിക്കുന്ന അലങ്കാരകട്ടിലുകളിൽ അവരും അവരുടെ ഇണകളും ആനന്ദത്തോടെ ഇരിക്കും, അവർക്ക് അവിടെ മധുരക്കനികളും അവർ ആവശ്യപ്പെടുന്നതൊക്കെയും ലഭിക്കും. 'നിങ്ങൾക്ക് സമാധാനം' എന്നായിരിക്കും കാരുണ്യവാനായ അല്ലാഹുവിൽ നിന്ന് അവർക്ക് കിട്ടുന്ന അഭിവാദ്യം എന്ന് പറഞ്ഞിട്ടുണ്ട്. 36: 59–64 സൂക്തങ്ങളിൽ, ഭ്രാന്തൻമാരേ, ഇന്നേ ദിനം നിങ്ങൾ മാറി നിൽക്കൂ! ആദം സന്തതികളേ, നിങ്ങൾ പിശാചിനെ സേവിക്കരുതെന്നും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണെന്നും നിങ്ങൾ എന്നെ മാത്രം സേവിക്കുന്നവരാകുവീൻ, അതാണ് നേരെച്ചൊവ്വെയുള്ള പാത എന്നും നിങ്ങളോട് ഞാൻ ഉടമ്പടി വാങ്ങിയിരുന്നില്ലേ, എന്നാൽ നിങ്ങളിൽ നിരവധി തലമുറകളെ പിശാച് പാട്ടിലാക്കിയിരിക്കുന്നുവല്ലോ, അപ്പോൾ നിങ്ങൾ ചിന്താശക്തി ഉപയോഗപ്പെടുത്തുന്നവരായിരുന്നില്ലേ. ഇതാണ് നിങ്ങളോട് വാഗ്ദത്തം ചെയ്തുകൊണ്ടിരുന്ന നരകക്കുണ്ഠം, നിങ്ങൾ കാഫിറുകളായതിനാൽ ഇന്നേദിനം അതിൽ വെന്തുകൊള്ളുക എന്ന് പറയപ്പെടുന്ന രംഗം വിവരിച്ചിട്ടുണ്ട്. 6: 31; 7: 8–9, 40; 9: 95 വിശദീകരണം നോക്കുക.

46. അവരോട് വാഗ്ദത്തം ചെയ്യുന്ന ചില ശിക്ഷകൾ നിന്റെ ജീവിതകാലത്തുതന്നെ നാം കാണിച്ചുതന്നേക്കും, അല്ലെങ്കിൽ നാം നിന്നെ അതിനു മുമ്പായി തിരിച്ചുവിളിച്ചെന്നും വരാം, അപ്പോൾ അവരുടെയെല്ലാം മടക്കം നമ്മിലേക്കാണ്, പിന്നെ അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന് അല്ലാഹു സാക്ഷിയുമാണ്.

അവരോട് വാഗ്ദത്തം ചെയ്യുന്ന ശിക്ഷ നിന്റെ ജീവിതകാലത്തുതന്നെ കാണിച്ചുതന്നേക്കും, അല്ലെങ്കിൽ അതിനുമുമ്പ് തന്നെ നിന്നെ തിരിച്ചുവിളിച്ചേക്കാം, ഏതായാലും നിന്റെ ബാധ്യത എത്തിച്ചുകൊടുക്കലാണ്, വിചാരണ നമ്മുടെ ബാധ്യതയാണ് എന്ന് 13: 40 ലും; നിശ്ചയം നീ മരിക്കുന്നതാണ്, അവരും മരിക്കുന്നതാണ്, പിന്നെ വിധിദിവസം നിങ്ങൾ നിങ്ങളുടെ നാഥന്റെ അടുത്തുവെച്ച് തർക്കിക്കുന്നതുമാണെന്ന് 39: 30–31 സൂ

ക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 21: 34-35 സൂക്തങ്ങളിൽ, നാം നിനക്കുമുമ്പ് ഒരു മനുഷ്യനെയും ശാശ്വതനാക്കിയിട്ടില്ല, അപ്പോൾ നീ മരിക്കുകയാണെങ്കിൽ അവരാണോ ഇവിടെ ശാശ്വതരായിരിക്കുക. എല്ലാഓരോ ആത്മാവും മരണം രുചിക്കുകതന്നെ ചെയ്യും, തിൻമ കൊണ്ടും നൻമകൊണ്ടും നാം നിങ്ങളെ പരീക്ഷിക്കുന്നതുമാണ്, പിന്നെ നമ്മിലേക്ക് തന്നെയാണ് നിങ്ങൾ മടക്കപ്പെടുന്നതും എന്ന് പറഞ്ഞിട്ടുണ്ട്. ഈ സൂക്തത്തിന്റെ അടിസ്ഥാനത്തിൽ ഈസാനബിയും മരിച്ചിട്ടുണ്ട് എന്ന് വാദിക്കുന്ന ചിലരുണ്ട്. എന്നാൽ അവർ 4: 157-159; 19: 33; 43: 61 തുടങ്ങിയ സൂക്തങ്ങൾ മൂടിവെക്കുന്നവരും ഗ്രന്ഥത്തിൽ വൈജാത്യം സൃഷ്ടിക്കുന്ന കപടവിശ്വാസികളുമാണ്. ഗ്രന്ഥത്തിൽ നിന്ന് ചില സൂക്തങ്ങൾ എടുക്കുകയും ചില സൂക്തങ്ങൾ മൂടിവെക്കുകയും ചെയ്യുന്ന ഇത്തരം യഥാർത്ഥ കാഫിറുകൾക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് 2: 85; 5: 33 സൂക്തങ്ങളിലൂടെ നാഥൻ വാഗ്ദത്തം ചെയ്തിട്ടുള്ളത്. 39: 69-70 സൂക്തങ്ങളിൽ, വിധിദിവസം ഭൂമി അതിന്റെ നാഥന്റെ പ്രകാശത്താൽ പ്രശോഭിക്കുന്നതും അവരുടെ ഗ്രന്ഥം ഹാജരാക്കപ്പെടുന്നതും നബിമാരും സാക്ഷികളും കൊണ്ടുവരപ്പെടുന്നതും അവർക്കിടയിൽ സത്യമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കുന്നതുമാണ്, അവർ അൽപം പോലും അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല. എല്ലാഓരോ ആത്മാവും അത് പ്രവർത്തിച്ചതിന് പ്രതിഫലം നൽകപ്പെടുന്നതുമാണ്, അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം അവൻ ഏറ്റവും അറിയുന്നവനുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 2: 165-169; 3: 185; 6: 19; 9: 51 വിശദീകരണം നോക്കുക.

47. എല്ലാഓരോ സമുദായത്തിനും ഒരു പ്രവാചകനുണ്ട്, അങ്ങനെ അവരിലേക്കുള്ള പ്രവാചകൻ വന്നുകഴിഞ്ഞാൽ അവർക്കിടയിൽ നീതികൊണ്ട് വിധികൽപിക്കപ്പെടുകയായി, അവർ അക്രമം ചെയ്യപ്പെടുന്നവരാവുകയുമില്ല.

എല്ലാഓരോ സമുദായത്തിനും ഒരു പ്രവാചകനുണ്ട് എന്നാണ് ഇവിടെ പറഞ്ഞതെങ്കിൽ, എല്ലാഓരോ ജനതക്കും ഓരോ മാർഗദർശകനുണ്ടെന്നാണ് 13: 7 ൽ പറഞ്ഞിട്ടുള്ളത്. മുഹമ്മദ് പ്രവാചകനായി നിയോഗിക്കപ്പെട്ടത് മുതൽ അന്ത്യനാൾ വരെയുള്ള മൊത്തം മനുഷ്യരാണ് പ്രവാചകന്റെ സമുദായത്തിൽ ഉൾപ്പെടുക. എന്നാൽ പ്രവാചകന്റെതന്നെ കാലത്തുള്ള പ്രവാചകന്റെ അഭിസംബോധകരും 35: 32 ൽ പറഞ്ഞ പ്രകാരം അന്ത്യനാൾ വരെയുള്ള ഗ്രന്ഥം അനന്തരമെടുത്തവരും പ്രവാചകന്റെ ജനതയിൽ ഉൾപ്പെടുന്നതാണ്. 26: 208-209 സൂക്തങ്ങളിൽ, നാം ഒരു നാടിനെയും ആ നാട്ടിലേക്ക് ഒരു മുന്നറിയിപ്പുകാരനെ നിയോഗിച്ചിട്ടല്ലാതെ നശിപ്പിക്കുകയില്ല; ഉണർത്തുക! നിശ്ചയം നാം അക്രമികളിൽ പെട്ടവനായിരുന്നിട്ടുമില്ല എന്ന് പറഞ്ഞിട്ടുണ്ട്.

3: 21-22 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരെയും നബിമാരെയും ജനമധ്യത്തിൽ കളവാക്കി അവതരിപ്പിക്കുന്ന കെട്ട ജനതയായി മാറിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ എന്ന ഗ്രന്ഥത്തെ സാക്ഷ്യപ്പെടുത്തി ജീവിക്കുകയോ ഇതര ജനവിഭാഗങ്ങൾക്ക് നൽകുകയോ ചെയ്യുന്നില്ല. അതുകൊണ്ട് 6: 89-90 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ത്രികാലജ്ഞാനിയുടെ ത്രികാലജ്ഞാനമായ ദിക്റാ (അദ്ദിക്ർ) എന്ന ഗ്രന്ഥത്തെ അതിനെ മൂടിവെക്കാത്ത ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനവിഭാഗങ്ങളെ ഏൽപ്പിക്കുന്നതാണ്. പ്രപഞ്ചനാഥനെക്കുറിച്ച് ദുഷിച്ചചിന്ത വെച്ചുപുലർത്തുന്ന കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെ

യും അവരുടെ അനുയായികളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കുന്നതിനു വേണ്ടി മനുഷ്യരിൽ നിന്നുള്ള വിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും ഇജാസിലേക്ക് വേർതിരിക്കുന്നതാണെന്ന് 48: 6, 24; 33: 72-73 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ വിസ്മരിക്കുകവഴി കെട്ട ജനതയായിത്തീർന്ന കപടവിശ്വാസികളും അനുയായികളും 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിക്കുന്നവരുമാണ്. മസീഹുദ്ദജ്ജാലിനെ അവർ ആദ്യം നബിയായും പിന്നെ റബ്ബായിത്തന്നെയും സ്വീകരിക്കുന്നതാണ്. ഈസാ രണ്ടാമതുവന്നാൽ മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി കല്ലുകളാലും മരങ്ങളാലും വിളിച്ചുപറയപ്പെട്ട് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ ഇവർ വധിക്കപ്പെടുന്നതും 4: 91; 5: 33; 9: 5, 123; 33: 60-61 എന്നീ സൂക്തങ്ങളുടെ കൽപന നടപ്പിലാക്കപ്പെടുന്നതുമാണ്. ലോകത്ത് നടക്കുന്ന എല്ലാ രക്തച്ചൊരിച്ചിലുകളുടെയും നശീകരണ പ്രവർത്തനങ്ങളുടെയും പാപഭാരം വഹിക്കേണ്ടത് 8: 22 ൽ ഏറ്റവും ദുഷിച്ച ജീവികളെന്ന് വിശേഷിപ്പിക്കപ്പെട്ട ഇക്കൂട്ടർ തന്നെയാണ്. 5: 8, 44, 45, 47; 9: 67-68 വിശദീകരണം നോക്കുക.

48. അവർ ചോദിക്കുകയും ചെയ്യുന്നു: നിങ്ങൾ സത്യസന്ധൻമാർ തന്നെയാണെങ്കിൽ എപ്പോഴാണ് ഈ വാഗ്ദത്തം പുലരുക?

10: 11 ൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരുടെയും ജനതയിൽ നിന്നുള്ള കാഫിറുകൾ 'നിങ്ങൾ സത്യസന്ധൻമാർ തന്നെയാണെങ്കിൽ എപ്പോഴാണ് ഈ വാഗ്ദത്തം പുലരുക' എന്ന് ചോദിച്ചിട്ടുണ്ട്. കപടവിശ്വാസികളുടെയും അവരുടെ അനുയായികളായ മുശ്രിക്കുകളുടെയും 'എപ്പോഴാണ് വിശ്വാസികൾക്ക് ലോകവിജയം ലഭിക്കുക' എന്ന ചോദ്യത്തിന് 32: 29 ലൂടെ വിശ്വാസി മറുപടി പറയാൻ കൽപിക്കപ്പെട്ടിരിക്കുന്നു: 'വിശ്വാസികൾക്ക് വിജയം ലഭിക്കുന്ന നാളിൽ കാഫിറുകൾക്ക് അവരുടെ വിശ്വാസം സ്വീകരിക്കൽ ഉപകാരപ്പെടുകയില്ല, അവർക്ക് സാവകാശം നൽകപ്പെടുകയുമില്ല'. 7: 127, 137 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മക്കയും മദീനയും ഉൾപ്പെട്ട പ്രദേശമായ ഇജാസിൽ മഹ്ദി ഇമാമിന്റെ ആഗമനം ഉണ്ടാകുന്നതോടുകൂടി മൊത്തം ലോകരിൽ നിന്നുള്ള വിശ്വാസികളെ ഇജാസിലേക്ക് വേർതിരിക്കുന്ന നാളാണ് വിശ്വാസികൾക്ക് ലോകവിജയം ലഭിക്കുന്ന ദിനം.

ഇന്ന് ഫുജ്ജാറുകളാണ് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്നത്. നാഥന്റെ കോപവും ശാപവും വർഷിക്കപ്പെട്ട തെമ്മാടികളായ ഇവർ വായകൊണ്ട് ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നില്ല, എന്നാൽ ഗ്രന്ഥത്തെ തള്ളിപ്പറഞ്ഞുകൊണ്ടുള്ള അവരുടെ ജീവിതശൈലി നാലാം ഘട്ടമായ ഐഹികലോക ജീവിതത്തെക്കുറിച്ച് നാഥന്റെ മുന്നിൽ ഉത്തരം പറയേണ്ടിവരും എന്ന ബോധത്തിലുള്ളതല്ല. ഇത്തരം ഭ്രാന്തന്മാർ അദ്ദിക്ർ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികളെ പരിഹസിക്കുന്നവരായിരിക്കുമെന്ന് 83: 29 ൽ പറഞ്ഞിട്ടുണ്ട്. സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് മിഥ്യപിൻപറ്റുന്ന അവർ അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്തവരാണ്. 6: 158; 8: 2-4. 74; 10: 38; 36: 48 വിശദീകരണം നോക്കുക.

49. നീ പറയുക: എനിക്ക് എന്റെ സ്വന്തം കാര്യത്തിൽ ഒരു ഉപദ്രവമോ ഉപകാരമോ വരുത്താൻ അധികാരമില്ല -അല്ലാഹു ഉദ്ദേശിച്ചതല്ലാതെ, എല്ലാഓരോ സമുദായത്തിനും ഒരു അവധിയുണ്ട്, അവരുടെ അവധി എത്തിക്കഴിഞ്ഞാൽ അപ്പോൾ അവരെ ഒരുനിമിഷം മുന്തിക്കുകയോ പിന്തിക്കുകയോ ഇല്ല.

4: 118 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ നാഥൻ പിശാചിന് 'നിശ്ചയം മനു

ഷ്യരെക്കൊണ്ടും ജിന്നുകളെക്കൊണ്ടും മുഴുവനും നാം നരകക്കുണ്ഠം കുത്തിനിറക്കുക തന്നെ ചെയ്യും' എന്ന വാക്ക് കൊടുത്തിട്ടുണ്ട്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ പട്ടിക നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിലാണെന്ന് 83: 7 ൽ പറഞ്ഞിട്ടുണ്ട്. ആയിരത്തിൽ ഒന്നായ വിശ്വാസി നാഥന്റെ സമ്മതപത്രമായ അദ്ദിക്റിനെ സത്യപ്പെടുത്തിക്കൊണ്ട് സിജ്ജീൻ പട്ടികയിലുള്ള തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റുന്നതാണ്. ഇന്ന് ആരാണോ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ മുറുകെപ്പിടിച്ചത്, അവൻ 2: 256 പ്രകാരം നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് സംഘം ചേർന്നുള്ള നമസ്കാരമോ പ്രാർത്ഥനയോ ഇല്ല. അപ്പോൾ ഒറ്റപ്പെട്ട വിശ്വാസി 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് പിൻപറ്റേണ്ടത്. 2: 119; 10: 108; 17: 13–15 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്മാർ സത്യമായ അദ്ദിക്ർ കൊണ്ട് നിയോഗിക്കപ്പെട്ടിട്ടുള്ളത് വിശ്വാസികൾക്ക് ശുഭവാർത്തയായും ഫുജ്ജാറുകളായ കാഫിറുകൾക്ക് മുന്നറിയിപ്പായുമാണ്. 6: 158 ൽ വിവരിച്ച പ്രകാരം അന്ത്യനാളിന്റെ 10 അടയാളങ്ങളിൽ ഒന്ന് പ്രത്യക്ഷപ്പെട്ടാൽ പശ്ചാത്താപത്തിന്റെ വാതിലുകൾ അടക്കപ്പെടുന്നതിനാൽ ഒരു ആത്മാവിനും അതിന്റെ വിശ്വാസം സ്വീകരിക്കൽ ഉപകാരപ്പെടുകയില്ല. 6: 1–2; 7: 127, 188; 76: 3 വിശദീകരണം നോക്കുക.

50. നീ ചോദിക്കുക: നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? രാത്രിയിലോ അല്ലെങ്കിൽ പകലിലോ അവന്റെ ശിക്ഷ നിങ്ങൾക്ക് വന്നുഭവിക്കുകയാണെങ്കിൽ! അപ്പോൾ ഈ ഭ്രാന്തൻമാർ എന്താണ് അതിനുവേണ്ടി ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നത്?

51. അപ്പോൾ അത് സംഭവിച്ചാലേ നിങ്ങൾ വിശ്വസിക്കുകയുള്ളൂ എന്നുണ്ടോ? അത് സംഭവിക്കുമ്പോൾ, ഇപ്പോഴാണോ നിങ്ങൾ വിശ്വസിക്കാൻ പോകുന്നത്, ഇതിനുമുമ്പ് നിങ്ങൾ അതിനുവേണ്ടി ധൃതിപ്പെട്ടുകൊണ്ടിരിക്കുന്നവരായിരുന്നല്ലോ!

52. പിന്നെ ഇത്തരം അക്രമികളായവരോട് ശാശ്വതമായ ശിക്ഷ രുചിച്ചു കൊള്ളുക എന്ന് പറയപ്പെടുന്നതുമാണ്, നിങ്ങൾ സമ്പാദിച്ചുകൊണ്ടിരുന്നതിനല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമോ?

ലക്ഷ്യബോധം നഷ്ടപ്പെട്ട കപടവിശ്വാസികളും പ്രജ്ഞയറ്റ അവരുടെ അനുയായികളുമാണ് 7: 40; 26: 99; 32: 12, 22; 10: 17; 83: 29 തുടങ്ങി 52 സൂക്തങ്ങളിൽ പറഞ്ഞ ഭ്രാന്തന്മാർ. 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. അപ്പോൾ അവരിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുന്നതാണ് എന്ന് 39: 59 ൽ പറഞ്ഞിട്ടുണ്ട്. മരണം ആസന്നമാകുന്നതുവരെ തിന്മകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫുജ്ജാറുകളായ കാഫിറുകൾക്ക് പ്രായശ്ചിത്തമില്ല. അവർ മരണസമയത്ത് 'നിശ്ചയം ഞാൻ ഇപ്പോൾ പശ്ചാത്തപിച്ചിരിക്കുന്നു' എന്ന് പറയുന്നതാണ് എന്ന് 4: 17–18 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

2: 186 ൽ വിവരിച്ച പ്രകാരം പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാനും പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടാനും അദ്ദിക്ർ പിൻപറ്റുകയും മൊത്തം ഗ്രന്ഥം സമർപ്പിക്കുന്നവിധം നാഥനിൽ വിശ്വസിക്കുകയും വേണം. 35: 32 ൽ പറഞ്ഞ പ്രകാരം സർവലോകർക്കുമുള്ള അദ്ദിക്ർ അനന്തരമെടുത്തിട്ടുള്ളത് പ്രവാചകന്റെ ജനതയാണ്. എന്നാൽ ആത്മാവിനോട് അ

ക്രമം കാണിച്ച അവരിലെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 2: 286; 9: 80-82 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠമാണ് സമ്പാദിച്ചുകൊണ്ടിരിക്കുന്നത്. 9: 53-55, 84-85 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളായ കപടവിശ്വാസികളിൽ നിന്ന് കർമങ്ങളൊന്നും തന്നെ സ്വീകരിക്കപ്പെടുകയില്ല എന്ന് മാത്രമല്ല, അവർ തെമ്മാടികളായി മരണപ്പെട്ടതിനാൽ ഗ്രന്ഥത്തെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിക്ക് അവർക്കുവേണ്ടി പൊറുക്കലിനെ തേടുന്നതുപോലും അനുവദനീയമല്ല.

'അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനല്ലാതെ അവർക്ക് പ്രതിഫലം കൊടുക്കാനാകുമോ' എന്ന് ചോദിച്ചുകൊണ്ടാണ് 34: 33 അവസാനിക്കുന്നത് എങ്കിൽ, 36: 54 അവസാനിക്കുന്നത് 'നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനല്ലാതെ നിങ്ങൾ പ്രതിഫലം നൽകപ്പെടുന്നവരുമല്ല' എന്ന് പറഞ്ഞുകൊണ്ടും, 83: 36 അവസാനിക്കുന്നത് 'കുഫ്ഫാറുകൾക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനല്ലാതെ പ്രതിഫലം നൽകപ്പെടുമോ' എന്ന് ചോദിച്ചുകൊണ്ടുമാണ്. ഇത്തരം ഭ്രാന്തന്മാർ വിധിദിവസം അവരുടെ കർമരേഖ വായിക്കുമ്പോൾ 'ഓ ഞങ്ങളുടെ നാശം! ഇത് എന്തൊരു ഗ്രന്ഥമാണ്? ചെറുതോ വലുതോ ആയ ഒന്നുംതന്നെ ഇതിൽ രേഖപ്പെടുത്താതെ വിട്ടുപോയിട്ടില്ലല്ലോ' എന്ന് വിലപിക്കുമെന്നും, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതെല്ലാം അതിൽ കൊത്തിവെച്ചതായി അവർ കാണുമെന്നും, നിന്റെ നാഥൻ ആരോടും അൽപം പോലും അനീതി കാണിക്കുന്നവനല്ല എന്നും 18: 49ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 254; 3: 182; 7: 178-179 വിശദീകരണം നോക്കുക.

53. അത് സത്യം തന്നെയോ എന്ന് അവർ നിന്നോട് ആണയിട്ട് ചോദിക്കുന്നുവല്ലോ? നീ പറയുക: അതെ, എന്റെ നാഥനാണ് സത്യം, നിശ്ചയം അത് സത്യം തന്നെയാണ്, നിങ്ങൾ അത് നടപ്പിലാകുന്നത് തടയാൻ ശക്തരൊന്നുമല്ല തന്നെ!

'എന്റെ നാഥനാണ്' എന്ന് പറഞ്ഞുകൊണ്ട് സത്യം ചെയ്യുന്ന മൂന്ന് സൂക്തങ്ങളിൽ ഒന്നാണ് ഇത്. മൂന്നും പുനർജന്മത്തിന്റെ സംഭവ്യതയെ ഉറപ്പിക്കുന്നതുമാണ്. 34: 3 ൽ, ആ അന്ത്യമണിക്കൂർ നമുക്ക് വന്നെത്തുകയില്ല എന്ന് കാഫിറുകൾ പറയുന്നു; നീ പറയുക: അല്ല, അദൃശ്യങ്ങൾ അറിയുന്ന എന്റെ നാഥനാണ് സത്യം! നിങ്ങൾക്ക് അത് വന്നെത്തുകതന്നെ ചെയ്യും, ആകാശങ്ങളിലോ ഭൂമിയിലോ ആയിരിക്കട്ടെ, അവനിൽ നിന്ന് ഒരു അണുഅളവ് തൂക്കം വരുന്നതോ അതിലേറെ ചെറുതോ വലുതോ ആയ ഒന്നും തന്നെ മറഞ്ഞ് നിൽക്കുന്നില്ല, എല്ലാം ഒരു വ്യക്തമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടല്ലാതെ എന്നും; 64: 7 ൽ, കാഫിറുകളായവർ ഉറപ്പിച്ചുപറയുന്നു: നിശ്ചയം അവർ പുനർജീവിപ്പിക്കപ്പെടുകയില്ലതന്നെ എന്ന്; നീ പറയുക: അല്ല, എന്റെ നാഥനാണ് സത്യം, നിങ്ങൾ പുനർജീവിപ്പിക്കപ്പെടുക തന്നെ ചെയ്യും, പിന്നെ നിങ്ങൾ എന്താണ് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്ന് നിങ്ങളോട് വിവരം പറഞ്ഞുതരുന്നതുമാണ്, അതാകട്ടെ അല്ലാഹുവിന്റെ മേൽ വളരെ എളുപ്പമുള്ള കാര്യമാണ് എന്നും പറഞ്ഞിട്ടുണ്ട്.

2: 255 ൽ വിവരിച്ച പ്രകാരം എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള ത്രികാലജ്ഞാനമായ അദ്ദിക്റിനെ ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമേ സത്യപ്പെടുത്തുകയുള്ളൂ. ബാക്കി 999 ഫുജ്ജാറുകളായ കുഫ്ഫാറുകളും അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് 2: 78-79 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കള്ളവാദികൾ എഴുതിയുണ്ടാക്കിയ നരകത്തിലേക്കുള്ള ഫുജ്ജാർ കിതാബുകളാണ് പിൻപറ്റുന്നതും പ്രചരിപ്പിക്കുന്നതും. ഇത്തരം ഭ്രാന്തന്മാർ 'ഓ ഞങ്ങളുടെ നാഥാ! ഞങ്ങൾ നരകക്കുണ്ഠ

ത്തിലെ കാഴ്ചകൾ ശരിക്കും കണ്ടു, അതിലെ രോദനങ്ങൾ കേൾക്കുകയും ചെയ്തു, അ പ്പോൾ നീ ഞങ്ങളെ ഐഹികലോകത്തേക്ക് സൽക്കർമങ്ങൾ അനുഷ്ഠിക്കുന്നതിനുവേണ്ടി തിരിച്ചയച്ചാലും, നിശ്ചയം ഞങ്ങൾക്ക് ദൃഢബോധ്യം വന്നിരിക്കുന്നു' എന്ന് പറയുന്ന രംഗം 32: 12 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 8: 48 ൽ വിവരിച്ച പ്രകാരം ഏതൊരാളും വി ശ്വാസിയാകുന്നതിന് തന്റെ ജിന്നുകൂട്ടുകാരനെ സത്യമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാ ക്കുകതന്നെ വേണം. 2: 234; 9: 51; 10: 7–8 വിശദീകരണം നോക്കുക.

54. നിശ്ചയം, അക്രമം പ്രവർത്തിച്ച ഓരോ വ്യക്തിയുടെ പക്കലും ഭൂമിയിലെ സ മ്പത്ത് മുഴുവനും ഉണ്ടെങ്കിൽ ആ ദിനത്തിലെ ശിക്ഷയിൽ നിന്ന് മോചിതനാകു ന്നതിനുവേണ്ടി അതൊക്കെയും പകരമായി നൽകാൻ അവൻ സന്നദ്ധനാകു ന്നതാണ്, ആ ശിക്ഷ നേരിൽകാണുമ്പോൾ അവർ തങ്ങളുടെ ഉള്ളിന്റെയുള്ളി ൽ ഖേദിച്ചുകൊണ്ടിരിക്കും, നീതികൊണ്ട് അവർക്കിടയിൽ വിധി കൽപിക്കപ്പെ ടുന്നതുമാണ്, അവർ അൽപം പോലും അനീതി കാണിക്കപ്പെടുന്നവരാവുക യുമില്ല.

അക്രമിയായ ഓരോ വ്യക്തിയുടെ പക്കലും ഭൂമിയിലെ സമ്പത്തുകൾ മുഴുവനും ഉ ണ്ടെങ്കിൽ ആ ദിനത്തിലെ ശിക്ഷയിൽ നിന്ന് മോചിതനാകുന്നതിനുവേണ്ടി അതൊക്കെ യും പകരമായി നൽകാൻ അവൻ സന്നദ്ധനായാലും അവനിൽ നിന്ന് അത് സ്വീകരിക്കുക യില്ല എന്ന് 3: 91 ന്റെ വിശദീകരണത്തിൽ നിന്നും മനസ്സിലാക്കാം; ഭൂമിയിലുള്ള മുഴുവൻ ആളുകളും അക്രമികളായി മാറിയിരുന്നുവെങ്കിൽ ഭൂമിയെത്തന്നെ നാം പകരം വെക്കു മായിരുന്നു എന്ന മറ്റൊരാശയം 6: 45–47 സൂക്തങ്ങളുടെ വിശദീകരണത്തിൽ നിന്നും മന സ്സിലാക്കാം.

അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 29 കള്ളവാദികളെ പിൻപറ്റുന്നവ രും 30–ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിക്കുന്നവരുമാണ്. 8: 22 ൽ പ റഞ്ഞ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികളായ ഇവർ ഈസായുടെ രണ്ടാം വരവിനുശേഷം പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ വധിക്ക പ്പെട്ട് 4: 91; 5: 33; 9: 5, 123; 33: 60–61 എന്നീ സൂക്തങ്ങളുടെ കൽപന നടപ്പിലാകുന്നതാണ്. ശേഷം എല്ലാവരും 43: 60–61 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇവിടെ മലക്കുകളുടെ ജീ വിതം –ലൈംഗികബന്ധമില്ലാത്ത ജീവിതം– നയിക്കുന്നതാണ്. 2: 159–162; 5: 36, 45; 9: 23 –24 വിശദീകരണം നോക്കുക.

55. അറിഞ്ഞിരിക്കുക, നിശ്ചയം ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാഒന്നും അല്ലാഹുവിനുള്ളതാകുന്നു; അറിഞ്ഞിരിക്കുക, നിശ്ചയം അല്ലാഹുവിന്റെ വാ ഗ്ദത്തം സത്യമായി പുലരുകതന്നെ ചെയ്യും, എന്നാൽ അവരിൽ അധികപേരും അറിവില്ലാത്തവരാണ്.

56. അവൻ ജീവിപ്പിക്കുന്നു, അവൻ തന്നെ മരിപ്പിക്കുകയും ചെയ്യുന്നു, അവനിലേ ക്ക് തന്നെയാണ് നിങ്ങളെല്ലാവരും തിരിച്ചയക്കപ്പെടുന്നതും.

ത്രികാലജ്ഞാനിയായ നാഥന്റെ സംസാരമായ ത്രികാലജ്ഞാനമാണ് അദ്ദിക്ർ. അദ്ദി ക്റിന്റെ 40 പേരുകളിൽ ഒന്നായ 'ജ്ഞാനം' 7: 52; 22: 3, 8; 35: 28; 39: 8 തുടങ്ങി 62 സൂക്ത ങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ യഥാർത്ഥ ജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞതിനാൽ ലോകത്തെവിടെയും തമ്മിൽ ഒരു ദിവ സത്തിന്റെ മാറ്റമില്ല എന്ന പ്രാഥമിക വിവരം പോലും ഇല്ലാത്തവരാണ്. 43: 36–38 സൂക്ത

ങ്ങളിൽ പറഞ്ഞ പ്രകാരം നിഷ്പക്ഷവാനെക്കുറിച്ചുള്ള സ്മരണയെത്തൊട്ട് ആർക്കാണോ മടുപ്പുളവായത്, അവന് നാഥൻ ഒരു പിശാചിനെ കൂട്ടുകാരനായി ഏൽപിച്ചുകൊടുക്കുന്നതാണ്. ആ ജിന്നുകൂട്ടുകാരൻ അവനെ നേരെച്ചൊവ്വെയുള്ള പാതയിൽ നിന്ന് തടയുകതന്നെ ചെയ്യും, എന്നാൽ മരണം വരുന്നതുന്നതുവരെ അവർ കണക്കുകൂട്ടും: അവൻ നേരെച്ചൊവ്വെയുള്ള പാതയിലാണെന്ന്. മരണം വന്നെത്തുമ്പോൾ അവൻ 'ഓ കഷ്ടം! എനിക്കും നിനക്കുമിടയിൽ(പിശാചിനുമിടയിൽ) രണ്ട് ഉദയസ്ഥാനങ്ങളുടെ അകൽച്ച ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ, നീ എത്ര ദുഷിച്ച കൂട്ടുകാരൻ' എന്ന് കേഴുന്നതാണ്. ഫുജ്ജാറുകൾ മരണസമയത്ത് ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ലും, വിധിദിവസം അപ്രകാരം സാക്ഷ്യം വഹിക്കുമെന്ന് 6: 130 ലും പറഞ്ഞിട്ടുണ്ട്.

28: 57; 34: 28, 36; 40: 57 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത് ജനങ്ങളിൽ അധികപേരും യഥാർത്ഥ ജ്ഞാനമില്ലാത്തവരാണ് എന്ന് പറഞ്ഞുകൊണ്ടാണ്. അപ്പോൾ നിങ്ങൾ അറിവില്ലാത്ത കാര്യങ്ങൾ ത്രികാലജ്ഞാനമായ അദ്ദിക്റിന്റെ രചയിതാവിനോടാണ് ചോദിക്കേണ്ടത് എന്ന് 16: 43; 21: 7 സൂക്തങ്ങളിൽ കൽപിച്ചിട്ടുണ്ട്. 2: 255; 4: 133; 6: 133 വിശദീകരണം നോക്കുക.

57. ഓ മനുഷ്യരേ! നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു ഉപദേശം വന്നുകഴിഞ്ഞു, അത് നിങ്ങളുടെ നെഞ്ചുകളിലുള്ളതിന് ശമനവും വിശ്വാസികൾക്ക് സൻമാർഗവും കാരുണ്യവുമാണ്.

മൗഇളത്ത് എന്നത് 2: 66; 3: 138; 16: 125 തുടങ്ങി 9 സ്ഥലങ്ങളിൽ പരാമർശിച്ച അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. *മൗഇളത്ത്* ആശയം സ്പഷ്ടമായ സൂക്തങ്ങളുടെ സമാനമായ ഉപമ ഉദാഹരണങ്ങളാണ്. 16: 125 പ്രകാരം ജനങ്ങളെ നിഷ്പക്ഷവാനായ നാഥനിലേക്ക് വിളിക്കേണ്ടത് യുക്തിജ്ഞാനവും മൗഇളത്തുമായ അദ്ദിക്റ് കൊണ്ടാണ്. 2: 147; 3: 160 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സത്യമായ അദ്ദിക്റ് മനുഷ്യരുടെ ഹൃദയങ്ങളിലുള്ള എല്ലാ സംശയങ്ങളും ദൂരീകരിക്കാനുള്ള ഏറ്റവും നല്ല ഉപകരണമാണ്. അതുകൊണ്ട് വിശ്വാസി മനുഷ്യരുടെ ഐക്യം സ്ഥാപിതമാക്കുന്നതിനുവേണ്ടി അദ്ദിക്റ് ലോകരിൽ വ്യാപിപ്പിക്കുന്നതും അദ്ദിക്റിനെ സന്മാർഗവും കാരുണ്യവുമായി ഉപയോഗപ്പെടുത്തി സന്മാർഗത്തിലാണ് ചരിക്കുന്നത് എന്ന് സ്വയം ഉറപ്പ് വരുത്തുന്നതുമാണ്. 51: 55 ൽ, അപ്പോൾ നീ ഉണർത്തുക! *ദിക്റാ* -ഉണർത്തൽ- വിശ്വാസികൾക്ക് ഉപകാരപ്പെടുമെന്ന് പറഞ്ഞിട്ടുണ്ട്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റ് ഐശ്വര്യവും ഔദാര്യവുമാണ്. അത് ഉണ്ടായാൽ ദാരിദ്ര്യവുമുണ്ടാവുകയില്ല, അത് കൂടാതെ ഐശ്വര്യവുമില്ല.

2: 72, 203; 12: 111; 16: 64 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത്, 'വിശ്വാസികളായ ഒരു ജനതക്ക് അദ്ദിക്റ് സന്മാർഗവും കാരുണ്യവുമാണ്' എന്ന ആശയത്തിലാണ്. സർവ സ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിംകൾക്ക് അദ്ദിക്റ് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ് എന്ന് 16: 89, 102 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഞങ്ങൾ മുസ്ലിംകളാണെന്ന് വാദിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നതിനാൽ അവർ 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. വിശ്വാസികൾക്ക് അദ്ദിക്റ് രോഗശമനമാണെങ്കിൽ മിഥ്യാവാദികളായ ആക്രമികൾക്ക് അത് നഷ്ടത്തിനുമേൽ നഷ്ടമല്ലാതെ

വർധിപ്പിക്കുകയില്ല എന്ന് 17: 82 ൽ പറഞ്ഞിട്ടുണ്ട്. 8: 2–4; 9: 124 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസികൾക്ക് അദ്ദിക്ർ വിവരിച്ചു കൊടുത്താൽ വിശ്വാസം വർദ്ധിക്കുന്നതാണ്. എന്നാൽ കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളുമടങ്ങിയ ഫുജ്ജാറുകൾ 9: 28, 95 സൂക്തങ്ങൾ പ്രകാരം മാലിന്യമായതിനാൽ അദ്ദിക്ർ അവർക്ക് മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല. വിശ്വാസികൾക്ക് അദ്ദിക്ർ സന്മാർഗവും രോഗശമനവുമാണെന്നും വിശ്വാസികളല്ലാത്തവർ അദ്ദിക്ർ കൊള്ളെ വിദൂരമായ സ്ഥലത്തുനിന്ന് വിളിക്കുന്നവരെപ്പോലെയാണ് എന്നും 41: 44 ൽ പറഞ്ഞിട്ടുണ്ട്. ഫുജ്ജാറുകളിൽ നിന്നുള്ള ആരാണെങ്കിലും സാക്ഷിയും ഇമാമും കാരുണ്യവും സത്യവുമായ അദ്ദിക്റിനെ മൂടിവെച്ചാൽ അവനോട് വാഗ്ദത്തം ചെയ്തിട്ടുള്ളത് നരകമാണെന്ന് 11: 17 ൽ പറഞ്ഞിട്ടുണ്ട്. ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളും *ദിക്റീ* എന്ന ഗ്രന്ഥം കാണാൻ കഴിയാത്തവരും കേൾക്കാൻ കഴിയാത്തവരുമായതിനാൽ നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകളാണെന്ന് 18: 101 ൽ പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളും ഹൃദയത്തിൽ രോഗമുള്ളവരും ഈസാ രണ്ടാമതുവന്നാൽ വധിക്കപ്പെടുമെന്ന് 33: 60–61 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 6: 155–157; 7: 203; 8: 22 വിശദീകരണം നോക്കുക.

58. നീ പറയുക: അല്ലാഹുവിന്റെ ഔദാര്യം കൊണ്ടും അവന്റെ കാരുണ്യം കൊണ്ടും –അപ്പോൾ അതുകൊണ്ട് അവർ ആഹ്ലാദം കൊള്ളട്ടെ! അതാണ് അവർ ശേഖരിച്ചുകൊണ്ടിരിക്കുന്ന മറ്റെന്തിനെക്കാളും ഉത്തമമായിട്ടുള്ളത്.

2: 64, 105; 4: 113, 173; 11: 3; 12: 111 തുടങ്ങി 28 സ്ഥലങ്ങളിൽ പറഞ്ഞ ഔദാര്യവും, 2: 64, 105; 4: 113; 6: 157; 9: 99; 11: 63; 24: 10, 20, 21 തുടങ്ങി 65 സൂക്തങ്ങളിൽ പറഞ്ഞ കാരുണ്യവും അദ്ദിക്ർ തന്നെയാണ്. എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കാനുള്ള *മുഹൈമിനായ* അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ചവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101; 4: 174–175 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്താൽ പഠിപ്പിക്കപ്പെടുന്നതുപോലെയും ഗ്രന്ഥം പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെയും ആരെയും ആശ്രയിക്കാതെ നാഥന്റെ പ്രൗഢരായ അടിമകളായിത്തീരുന്നതിന് വേണ്ടിയാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 3: 79–80 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്റിനെ ലോകത്ത് പ്രതിനിധാനം ചെയ്യാനുള്ള അവസരം ലഭിച്ചവരെന്ന നിലയിൽ വിശ്വാസികൾക്ക് ആഹ്ലാദം കൊള്ളാൻ വകയുണ്ടെന്നാണ് പറയുന്നത്. ആകാശങ്ങളിലും ഭൂമിയിലുമുള്ള മറ്റെന്ത് നേട്ടങ്ങൾ ലഭിക്കുന്നതിനെക്കാളും ഉത്തമമാണത്.

എന്നാൽ 8: 22 ൽ പറഞ്ഞ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ബധിരരും ഊമരുമായ ഫുജ്ജാറുകൾ അറബി ഖുർആൻ മനഃപാഠമാക്കിയതിൽ അല്ലെങ്കിൽ സൂക്തങ്ങളുടെ ആശയം പഠിക്കാതെ അർത്ഥം മാത്രം പഠിച്ചതിൽ അഭിമാനം കൊള്ളുന്നവരും അർഹതയില്ലാതെ അഹംഭാവം നടിക്കുന്നവരുമാണ്. അത്തരക്കാരെ അദ്ദിക്റിൽ നിന്ന് പിന്തിരിപ്പിച്ച് വിടുമെന്നാണ് 7: 146 ൽ മുന്നറിയിപ്പ് നൽകിയിട്ടുള്ളത്. ആത്മാവിനെ ശുദ്ധീകരിക്കാതെ ശരീരം കൊണ്ട് ജാഡയായി ഇവിടെ കർമ്മങ്ങൾ ചെയ്തതിന് പിഴയായി അവർക്ക് നരകക്കുണ്ഠാഗ്നി വാഗ്ദത്തം ചെയ്തിട്ടുണ്ട് എന്ന് 9: 67–68; 25: 34, 65–66; 48: 6; 98: 6 സൂക്തങ്ങളിലെല്ലാം അറബി ഖുർആനിൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. നാഥൻ നിഷ്പക്ഷവാനായിരിക്കെ ഫുജ്ജാറുകൾ വായിച്ച, തൊട്ട, കേട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ച്, സാ

ക്ഷിനിന്ന് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. 2: 269; 82: 13 വിശദീകരണം നോക്കുക.

59. നീ ചോദിക്കുക: അല്ലാഹു ഇറക്കിയിട്ടുള്ള ഭക്ഷണവിഭവങ്ങളെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ, അപ്പോൾ അവയിൽ നിന്നുള്ളതിനെ നിങ്ങൾ നിഷിദ്ധവും അനുവദനീയവുമാക്കുന്നു; നീ ചോദിക്കുക: അതിന് അല്ലാഹു നിങ്ങൾക്ക് അനുവാദം തന്നിരിക്കുന്നുവോ? അതല്ല, നിങ്ങൾ അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുകയാണോ?

60. അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവരായവരുണ്ടല്ലോ, അവർ അന്ത്യനാളിൽ തങ്ങളുടെ അവസ്ഥയെക്കുറിച്ച് എന്താണ് ധരിച്ചുവെച്ചിരിക്കുന്നത്? നിശ്ചയം അല്ലാഹു ജനങ്ങളുടെ മേൽ വളരെ ഔദാര്യമുള്ളവൻ തന്നെയാണ്, എന്നാൽ അവരിൽ അധികപേരും നന്ദി പ്രകടിപ്പിക്കാത്തവരുമാകുന്നു.

'*രിസ്ഖ്*' എന്നാൽ ഭക്ഷണവിഭവങ്ങൾ മാത്രമല്ല, അല്ലാഹു നൽകിയ എല്ലാ അനുഗ്രഹങ്ങളും ഉൾപെടുന്നതാണ്. സന്താനങ്ങൾവരെ അതിൽ ഉൾപെടും. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റാണ് ഏറ്റവും നല്ല വിഭവം. *അല്ലാഹുവേ, സത്യത്തെ സത്യമായി ഞങ്ങൾക്ക് നീ കാണിച്ചുതരികയും അത് പിൻപറ്റാൻ ഞങ്ങളെ നീ അനുഗ്രഹിക്കുകയും ചെയ്യേണമേ, മിഥ്യയെ മിഥ്യയായി ഞങ്ങൾക്ക് നീ കാണിച്ചുതരികയും അതിനെ വർജ്ജിക്കാൻ ഞങ്ങളെ നീ അനുഗ്രഹിക്കുകയും ചെയ്യേണമേ* എന്നുപ്രാർത്ഥിക്കാൻ നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഈ പ്രാർത്ഥനയിൽ '*വർസുഖ്നാ*' എന്നതിന്റെ ആശയം ഞങ്ങളെ അനുഗ്രഹിക്കേണമേ എന്നാണ്. തനിക്ക് ലഭിച്ചിട്ടുള്ള എല്ലാ അനുഗ്രഹങ്ങളും മറ്റുള്ളവരുടെ ജീവിതഭാരം ഇറക്കിവെക്കാൻ ഉപയോഗപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തി സ്വർഗം വാങ്ങുകയാണ് ജീവിതലക്ഷ്യം തിരിച്ചറിഞ്ഞ വിശ്വാസികൾ ചെയ്യുക. നിഷിദ്ധവും അനുവദനീയവുമെല്ലാം നിശ്ചയിക്കുന്നത് അല്ലാഹുവാണ്. അത് അവൻ എല്ലാ ഓരോകാര്യവും വിശദീകരിച്ചിട്ടുള്ള അവന്റെ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുമുണ്ട്. ഗ്രന്ഥം മൂടിവെക്കുകയും അല്ലാഹു ഉദ്ദേശിച്ച ആശയത്തിൽ അത് ലോകർക്ക് പരിചയപ്പെടുത്താതെ തെറ്റായ ആശയത്തിൽ വളച്ചൊടിക്കുകയും ചെയ്യുന്ന കപടവിശ്വാസികളും അദ്ദിക്ർ എന്ത്, എന്തിന്, എന്തുകൊണ്ട് എന്നൊന്നും മനസ്സിലാക്കാൻ ശ്രമിക്കാത്ത, കപടവിശ്വാസികളെ അന്ധമായി പിൻപറ്റുന്ന ഫാജിറുകളുമാണ് അല്ലാഹുവിന്റെ മേലിൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവർ. മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായ അവർ മുപ്പതാമത്തെ കള്ളവാദിയായ *മസീഹുദ്ദജ്ജാ*ലിന്റെ കെണിയിൽ അകപ്പെടുന്നതുമാണ്.

32: 7–9 സൂക്തങ്ങളിൽ, അവനാണ് മനുഷ്യന്റെ സൃഷ്ടിപ്പിന് കളിമണ്ണിൽ നിന്ന് ആരംഭം കുറിച്ചത്, പിന്നെ അവന്റെ വംശപരമ്പര ഹീനമായ വെള്ളത്തിന്റെ സത്തിൽ നിന്നാക്കി, പിന്നെ അതിനെ ഘട്ടം ഘട്ടമായി രൂപപ്പെടുത്തുകയും നാലാം മാസത്തിൽ അവന്റെ റൂഹിൽ നിന്ന് അതിൽ ആവാഹിപ്പിക്കുകയും ചെയ്തു, നിങ്ങൾക്ക് അവൻ കേൾവി, കാഴ്ച, ബുദ്ധിശക്തി എന്നിവയെല്ലാം നൽകി, എന്നാൽ നിങ്ങൾ അൽപം മാത്രമേ നന്ദി പ്രകടിപ്പിക്കുന്നുള്ളു എന്ന് പറഞ്ഞിട്ടുണ്ട്. 2: 152; 3: 190–191 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി നാഥനെ എല്ലായ്പ്പോഴും സ്മരിച്ചുകൊണ്ട് നിലകൊള്ളുന്നവനാണ്. അവൻ മാത്രമാണ് നന്ദി പ്രകടിപ്പിക്കുന്നവൻ. ഫാജിറുകളും കപടവിശ്വാസികളുമടങ്ങിയ ഫുജ്ജാറുകൾ നന്ദികെട്ടവരായതിനാൽ നാഥനെ വിസ്

മരിച്ചവരാണ്. നാഥനാണ് നിങ്ങളെ നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിന്ന് നിങ്ങൾ ഒന്നും അറിയാത്ത അവസ്ഥയിൽ പുറത്തുകൊണ്ടുവന്നത്; അവൻ നിങ്ങൾക്ക് കേൾവിയും കാഴ്ചയും ബുദ്ധിശക്തിയും നൽകി, നിങ്ങൾ നന്ദി പ്രകടിപ്പിക്കുന്നവരാകുന്നതിനുവേണ്ടി എന്ന് 16: 78 ലും, നിഷ്പക്ഷവാനായ നാഥൻ മനുഷ്യന് നന്ദി പ്രകടിപ്പിക്കുന്നവൻ അല്ലെങ്കിൽ നന്ദികെട്ടവൻ എന്നിവയിൽ രണ്ടാലൊരു മാർഗം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകി എന്ന് 76: 3 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിന്റെ കാര്യത്തിൽ നിനക്ക് യാതൊരു സംശയവും ഉണ്ടാകേണ്ടതില്ല, നിശ്ചയം അത് നിന്റെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണ്, എന്നാൽ മനുഷ്യരിൽ അധികപേരും വിശ്വാസികളാവുകയില്ല എന്ന് 11: 17 ലും പറഞ്ഞിട്ടുണ്ട്.

അന്ത്യപ്രവാചകനായ മുഹമ്മദിന്റെ ജനതയിൽ നിന്ന് ആയിരത്തിൽ 999 പേരും നരകക്കുണ്ഠത്തിലേക്കുള്ളവരായതിനാൽ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി അവരെ ഒരുകാര്യത്തിലും അനുസരിക്കുന്നതല്ല. അക്രമികളായ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ ത്രികാലജ്ഞാനമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുകവഴി ത്രികാലജ്ഞാനിയെക്കുറിച്ച് കള്ളം കെട്ടിച്ചമച്ച് പറയുന്നവരാണ്. ആത്മാവിനെ പരിഗണിക്കാത്ത ഇത്തരം കെട്ടജനത അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് 7: 37 പ്രകാരം മരണസമയത്തും, 6: 130 പ്രകാരം വിചാരണാനാളിലും സാക്ഷ്യം വഹിക്കുന്നതാണ്. അവരിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവനോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 59 ൽ പറഞ്ഞിട്ടുണ്ട്. 2: 254; 6: 21; 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആത്മാവിനെ ശുദ്ധീകരിക്കാനുള്ള അദ്ദിക്ർ കൊണ്ടല്ലാതെ ഒരു ആത്മാവിനും വിശ്വാസിയാകാനോ ജീവിതലക്ഷ്യം പൂവണിയിക്കാനോ സാധ്യമല്ല. 2: 62; 4: 118; 16: 114 വിശദീകരണം നോക്കുക.

61. നിങ്ങൾ ഏതൊരു അവസ്ഥയിലുമാകുന്നില്ല, നിങ്ങൾ ഈ ഖുർആനിൽ നിന്നുള്ളത് വിശദീകരിച്ച് കൊടുക്കുന്നുമില്ല, പ്രവൃത്തികളിൽ നിന്നുള്ള ഒന്നും നിങ്ങൾ പ്രവർത്തിക്കുന്നുമില്ല -നാം നിങ്ങളുടെ മേൽ അതിന് സാക്ഷിയായി ഉണ്ടായിട്ടല്ലാതെ-നിങ്ങൾ അതിൽ നിമഗ്നരാവുമ്പോൾ! നിന്റെ നാഥനെത്തൊട്ട് ആകാശങ്ങളിലോ ഭൂമിയിലോ ഉള്ള അണുതുല്യമായ ഒരു വസ്തുവും മറഞ്ഞു നിൽക്കുന്നില്ല, അതിനേക്കാൾ ചെറുതോ വലുതോ ആയ ഒന്നും തന്നെ ഒരു വ്യക്തമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്താതെയുമില്ല.

അറിഞ്ഞിരിക്കുക, നിശ്ചയം അവർ തങ്ങളുടെ നെഞ്ചുകളിൽ അല്ലാഹുവിൽ നിന്ന് മറച്ചുവെക്കാൻ കരുതുന്നത് അവൻ അറിയുന്നുണ്ട്, അറിഞ്ഞിരിക്കുക, അവർ അവരുടെ വസ്ത്രംകൊണ്ട് മൂടുമ്പോഴും അത് അഴിക്കുമ്പോഴുമുള്ള അവസ്ഥ അല്ലാഹു അറിയുന്നുണ്ട്, അവർ രഹസ്യമാക്കുന്ന ഒന്നും അവർ പരസ്യമാക്കുന്ന ഒന്നും അവൻ അറിയുന്നു, നിശ്ചയം അവൻ നെഞ്ചകങ്ങളുടെ അവസ്ഥ അറിയുന്നവൻ തന്നെയാണ് എന്ന് 11: 5 ൽ പറഞ്ഞിട്ടുണ്ട്. ഏതൊരു അവസ്ഥയിലും ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും അത് ബോധത്തോടുകൂടിയും 'അല്ലാഹ്' എന്ന സ്മരണയോടുകൂടിയുമാണെങ്കിൽ അല്ലാഹു അതിന് സാക്ഷിയായിട്ടുണ്ട് എന്നാണ് 'നിങ്ങൾ അതിൽ നിമഗ്നരാവുമ്പോൾ' എന്ന് പറഞ്ഞതിന്റെ ആശയം. മനുഷ്യന് അവൻ ഉദ്ദേശിച്ച് പ്രവർത്തിച്ചതല്ലാതെയില്ല

എന്ന് 53: 39 ൽ പറഞ്ഞിട്ടുണ്ട്. ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും ഹൃദയങ്ങളുടെ അവസ്ഥയറിയുന്ന അല്ലാഹു ഹൃദയത്തിലേക്ക് നോക്കിയിട്ടാണ് ആ പ്രവൃത്തി വിലമതിക്കുക. അതുകൊണ്ടാണ് *ആശയമില്ലാതെ അഥവാ ഹൃദയം പങ്കെടുക്കാതെ നിങ്ങൾ ഗ്രന്ഥം വായിക്കരുതെന്ന് നാഥൻ* പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്. ആശയമില്ലാതെ ഗ്രന്ഥം പാരായണം ചെയ്താൽ പിശാച് അവനെ വില്ലിൽ നിന്ന് അമ്പ് തെറിക്കുന്ന വേഗത്തിൽ ദീനിൽനിന്ന് തെറിപ്പിക്കുന്നതും വായിച്ച ഗ്രന്ഥം അവനെതിരായിട്ട് സാക്ഷ്യം വഹിക്കുകയും വാദിക്കുകയും ചെയ്യുന്നതുമാണ്. പിശാച് ഗ്രന്ഥത്തിന്റെ ആത്മാവായ ആശയത്തിൽ നിന്നാണ് തടയുക. ഗ്രന്ഥത്തിന്റെ ശരീരം തിന്നുന്നവനെ -ആശയമറിയാതെ അറബി ഖുർആൻ വായിക്കുന്നവനെ -*'ഫാജിർ'* എന്നാണ് പ്രവാചകൻ വിളിച്ചത്. അവനാണ് ജനങ്ങളിൽ വെച്ച് ഏറ്റവും ദുഷ്ടനെന്നും *നാഥൻ* പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഫാജിറിന്റെ ബഹുവചനമാണ് *'ഫുജ്ജാർ'*.

6: 59; 36: 12 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥൻ അവന്റെ സംസാരവും വ്യക്തവും സ്പഷ്ടവുമായ വായനയുമായ അദ്ദിക്ർ രൂപപ്പെടുത്തുകയും അവന്റെ പക്കൽ അത് ഒരു ഫലകത്തിൽ സൂക്ഷിക്കുകയും ചെയ്യുകയുണ്ടായി. നാഥനായ അല്ലാഹു എല്ലാഓരോ കാര്യത്തിനും സാക്ഷിയുമാണ്. 2: 255 ൽ വിവരിച്ച പ്രകാരം അവൻ ഉറക്കമോ മയക്കമോ ബാധിക്കാതെ എല്ലാം പതിയിരുന്ന് വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ്. 2: 143; 6: 19; 11: 17; 22: 78 എന്നീ 4 സൂക്തങ്ങളിൽ അദ്ദിക്റിനെ 'സാക്ഷി' എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി മാത്രമാണ് നാഥനെ കണ്ടുകൊണ്ട് ഇവിടെ ജീവിക്കുക. അവൻ 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിൽ നിന്ന് തന്റെ വിധി സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്ർ കൊണ്ട് 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റുന്നതാണ്. 17: 13-14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം, അവൻ എപ്പോഴും എല്ലാഓരോ മനുഷ്യരുടെയും പിരടിയിൽ അവന്റെ കർമരേഖ ബന്ധിച്ചിട്ടുണ്ട് എന്ന ബോധത്തിലായിരിക്കും ഇവിടെ നിലകൊള്ളുക. 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവൻ ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ഗുണപ്രദമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതും അതിനുവേണ്ടി ലോകരെ പ്രേരിപ്പിക്കുന്നതുമാണ്. 3: 5-6; 14: 38 സൂക്തങ്ങളെ സത്യപ്പെടുത്തിക്കൊണ്ട് വിശ്വാസി എപ്പോഴും നാഥനെ 'ഒരുവൻ പരിശുദ്ധനാണ്, അവനിൽ നിന്ന് ആകാശങ്ങളിലോ ഭൂമിയിലോ ഒന്നും തന്നെ മറഞ്ഞിരിക്കുന്നില്ല, അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്' എന്ന് ആത്മാവുകൊണ്ട് വാഴ്ത്തുന്നതാണ്. 7: 40 ൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളായ ഭ്രാന്തന്മാർക്ക് സ്വർഗത്തിലെ ഇല്ലിയ്യീൻ പട്ടികയിൽ കർമ്മങ്ങൾ രേഖപ്പെടുത്തുന്നതിന് വേണ്ടി ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല. 5: 40; 9: 51; 22: 70 വിശദീകരണം നോക്കുക.

62. അറിഞ്ഞിരിക്കുവിൻ, നിശ്ചയം അല്ലാഹുവിന്റെ മിത്രങ്ങൾ, അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല.

63. -വിശ്വാസികളായവരും സൂക്ഷ്മതയുള്ളവരും ആയിരുന്നു.

64. അവർക്ക് ഇഹത്തിലും പരത്തിലും ശുഭവാർത്തയുണ്ട്, അല്ലാഹുവിന്റെ വചനങ്ങൾക്ക് യാതൊരു മാറ്റവുമില്ല, അത് മാത്രമാണ് മഹത്തായ വിജയം!

ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, വിശ്വാസിയായിക്കൊണ്ട് സൽക്കർമം പ്രവർത്തിക്കുകയാണെങ്കിൽ അവരെ ഇവിടെ ഒരു പരിശുദ്ധമായ ജീവിതം നയിപ്പിക്കുന്നതും അവർ ഇവിടെ പ്രവർത്തിച്ച ഏറ്റവും നല്ല പ്രവൃത്തി നോക്കി വിധിദിവസം അവർക്ക് പ്രതിഫലം നൽകുന്നതുമാണ്. 2: 157 ൽ വിവരിച്ച പ്രകാരം ഒറ്റപ്പെട്ട വിശ്വാസി അദ്ദിക്ർ ലോകർക്ക് പ്രചരിപ്പിച്ചുകൊണ്ട് നാഥനെ സഹായിക്കുന്നതാണ്, അപ്പോൾ നാഥൻ അവനെയും സഹായിക്കുന്നതാണ്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം അദ്ദിക്റിനെ തള്ളിപ്പറഞ്ഞവരും ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികളുമായതിനാൽ 8: 22; 25: 33-34 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണ്. 9: 31, 67-68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരിൽ നിന്നുള്ള ഓരോ വിഭാഗത്തെയും നരകക്കുണ്ഠത്തിലെ 7 വാതിലുകളിലൊന്നിലേക്ക് നിജപ്പെടുത്തിവെച്ചിട്ടുണ്ട്. 2: 62; 5: 69 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽപെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവർ നാഥന്റെ ഏകത്വത്തെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർമങ്ങൾ ചെയ്യുകയാണെങ്കിൽ അവരുടെ പ്രതിഫലം അവരുടെ നാഥന്റെ പക്കലുണ്ട്, അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല.

നാഥന്റെ വചനത്തിൽ മാറ്റമില്ല എന്നതിന്റെ വിവക്ഷ, നിഷ്പക്ഷവാനായ നാഥൻ ആരുടെയും വിധി മാറ്റുകയില്ല, മറിച്ച് നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ ഉപയോഗപ്പെടുത്തിക്കൊണ്ട് ഓരോരുത്തരും അവരവരുടെ വിധി സ്വയം മാറ്റണമെന്നാണ്. അപ്പോൾ ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ 6: 104 ൽ പറഞ്ഞ ഉൾക്കാഴ്ചാദായകവും 10: 108 ൽ പറഞ്ഞ സത്യവും 17: 15 ൽ പറഞ്ഞ സന്മാർഗവുമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിച്ചത്, അതിന്റെ ഗുണം അവനുതന്നെയാണ്. ആരാണോ അതിനെ കളവാക്കിയത്, അതിന്റെ ദോഷവും ആ ആത്മാവിന് തന്നെയാണ്, പ്രവാചകനോ വിശ്വാസിയോ ആരുടെയും സൂക്ഷിപ്പുകാരനോ കൈകാര്യകർത്താവോ അല്ല. എന്നാൽ തെമ്മാടികളായ കപടവിശ്വാസികളും വഴിപിഴച്ചുപോയ അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ അദ്ദിക്ർ ഉപയോഗപ്പെടുത്തി നരകക്കുണ്ഠത്തിലേക്കുള്ള അവരുടെ വിധി സ്വർഗത്തിലേക്കുള്ളതാക്കി മാറ്റുകയില്ല. 2: 1-5 39: 33-35 വിശദീകരണം നോക്കുക.

65. അവരുടെ വാക്കുകൾ നിന്നെ ദുഃഖിപ്പിക്കേണ്ടതുമില്ല, നിശ്ചയം പ്രതാപം മുഴുവനും അല്ലാഹുവിനാകുന്നു, അവൻ എല്ലാം കേൾക്കുന്ന സർവ്വജ്ഞാനിയാകുന്നു.

36: 76 ൽ, അപ്പോൾ അവരുടെ വാക്കുകൾ നിന്നെ ദുഃഖിപ്പിക്കേണ്ടതില്ല, നിശ്ചയം അവർ രഹസ്യമാക്കുന്ന ഒന്നും പരസ്യമാക്കുന്ന ഒന്നും നാം അറിയുന്നവൻ തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്. 39: 36-37 സൂക്തങ്ങളിൽ, അല്ലാഹു മാത്രം പോരെയോ അവന്റെ അടിമക്ക്, അവർ അവനെക്കൂടാതെയുള്ളവരെക്കൊണ്ട് നിന്നെ ഭയപ്പെടുത്തുന്നുവല്ലോ, ആരെയാണോ അല്ലാഹു വഴികേടിലാക്കിയത്, അപ്പോൾ അവനെ സൻമാർഗത്തിലാക്കുന്ന ആരുമില്ല, ആരെയാണോ അല്ലാഹു സൻമാർഗത്തിലാക്കിയത്, അപ്പോൾ അവനെ വഴികേടിലാക്കുന്ന ഒരാളുമില്ല, അല്ലാഹു അജയ്യനായ പ്രതികാരം ചെയ്യുന്നവൻ തന്നെയല്ലെയോ എന്ന് ചോദിച്ചിട്ടുണ്ട്. 63: 8 ൽ, അല്ലാഹുവിനും അവന്റെ പ്രവാചകനും വിശ്വാസികൾക്കുമാണ് പ്രതാപമുള്ളത്, പക്ഷേ കപടവിശ്വാസികൾ അത് അറിയുന്നവരല്ല എന്ന് പറഞ്ഞി

ട്ടുണ്ട്. ഇത്തരം സൂക്തങ്ങളിലൂടെ അദ്ദിക്റിനെ തള്ളിപ്പറയുന്ന തെമ്മാടികളായ കാഫിറുകളുടെ ആരോപണങ്ങളെത്തൊട്ടും വിമർശനങ്ങളെത്തൊട്ടുമെല്ലാം അല്ലാഹു പ്രവാചകനെയും വിശ്വാസികളെയും സമാധാനിപ്പിക്കുകയാണ്. അല്ലാഹുവും പ്രവാചകനും വിശ്വാസികളും അടങ്ങിയതാണ് അല്ലാഹുവിന്റെ സംഘമെന്നും ഇഹത്തിലും പരത്തിലും അവർ തന്നെയാണ് അതിജയിക്കുക എന്നും 5: 56 ൽ പറഞ്ഞിട്ടുണ്ട്. എല്ലാ ഓരോ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പതും പിശാചിന്റെ സംഘത്തിൽ പെട്ടവരാണ്. 16: 99 ൽ, തങ്ങളുടെ നാഥനിൽ ഭരമേൽപിച്ച വിശ്വാസികളുടെമേൽ പിശാചിന് യാതൊരു സ്വാധീനവുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. പ്രതാപവാനും മുഹൈമിനുമായ അല്ലാഹുവിനെ മുറുകെപ്പിടിച്ചവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101; 4: 175 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് മിഥ്യയൊന്നും കലരാത്ത ത്രികാലജ്ഞാനിയിൽ നിന്നുള്ള അജയ്യമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ മുഹൈമിനായ അതിനെ മുറുകെപ്പിടിച്ചാൽ പ്രപഞ്ചനാഥനെ മുറുകെപ്പിടിച്ചവനായി. അത്തരക്കാരാണ് 3: 79 ൽ പറഞ്ഞതുപോലെ പ്രപഞ്ചനാഥന്റെ പ്രൗഢരായ അടിമകൾ. എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കാനുള്ള മുഹൈമിനായ ഗ്രന്ഥത്തെ ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ആരാണോ മുറുകെപ്പിടിച്ചത്, അവർക്ക് ഭയപ്പെടാനോ അവരുടെ മേൽ ദുഃഖിക്കാനോ ഇടവരികയില്ല. എന്നാൽ നരകക്കുണ്ഠത്തിൽ ഒരുമിച്ച് കൂടാനുള്ള കപടവിശ്വാസികൾ കാഫിറുകളുടെ അടുത്താണ് പ്രതാപം തേടുക എന്ന് 4: 138–140 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

1: 7; 9: 67–68; 48: 6 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും വിധേയരായ കപടവിശ്വാസികൾ അവരെ അന്ധമായി അനുകരിക്കുന്ന അനുയായികളെ നരകക്കുണ്ഠത്തിലേക്കാണ് നയിക്കുന്നത്. യഥാർത്ഥത്തിൽ അവർ ആകാശഭൂമികളെയും സർവവസ്തുക്കളെയും ആറ് നാളുകളിലായി സൃഷ്ടിച്ച പ്രപഞ്ചനാഥനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല എന്ന് മനുഷ്യരെ ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്താൻ കൽപിക്കപ്പെട്ടവരാണെന്ന് 32: 4 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അവർ അപ്രകാരം ചെയ്യുന്നില്ല. 2: 62; 6: 89–90; 8: 22, 55; 41: 41 വിശദീകരണം നോക്കുക.

66. അറിഞ്ഞിരിക്കുക, നിശ്ചയം ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും അല്ലാഹുവിനുള്ളതാണ്, അല്ലാഹുവിനെക്കൂടാതെ അവന്റെ പങ്കാളികളെ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഏതൊന്നിനെയാണോ പിൻപറ്റുന്നത്, അവർ നിശ്ചയം ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല, നിശ്ചയം അവർ നിഗമനങ്ങളല്ലാതെ വെച്ചുപുലർത്തുന്നവരുമല്ല.

അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർക്ക് അതിന് യാതൊരു തെളിവും ഹാജരാക്കാനില്ല. അവർ ഊഹങ്ങളെയും അനുമാനങ്ങളെയും പിൻപറ്റി പിശാചിന്റെ മാർഗത്തിൽ ചരിക്കുന്നവരാണ്. ആകാശഭൂമികളടങ്ങുന്ന പ്രപഞ്ചത്തെയും അവയിലുള്ളവയെയും ഇല്ലായ്മയിൽനിന്ന് സൃഷ്ടിക്കുകയും അതിന്റെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്ത അല്ലാഹു പങ്കാളികളോ ഇടയാളൻമാരോ ശുപാർശക്കാരോ ഒന്നും തന്നെ ആവശ്യമില്ലാത്തവിധം സ്വയം പര്യാപ്തനും ഐശ്വര്യവാനുമാണ്. അപ്പോൾ ഗ്രന്ഥം വായിച്ചതിനുശേഷം അല്ലാഹുവിന് പങ്കാളികളെ സൃഷ്ടിക്കുന്നവരെല്ലാം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥ കാഫിറുകളും ഭ്രാന്തൻമാരുമാണ്. ആദംമുതൽ

അന്ത്യനാൾവരെയുള്ള അല്ലാഹുവിന്റെ ഏകസംഘത്തിൽ ഉൾപെടാത്ത ഫുജ്ജാറുകൾക്കിടയിലുള്ള വിവിധ സംഘടനകളെല്ലാം തന്നെ മുശ്രിക്കുകളും 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘത്തിൽപെട്ടവരുമാണ്. അല്ലാഹുവിനെക്കൂടാതെ അവന്റെ ഏത് സൃഷ്ടികളെ വിളിച്ച് പ്രാർത്ഥിക്കുകയാണെങ്കിലും അവർ പിശാചിനെയല്ലാതെ വിളിക്കുന്നില്ലെന്ന് 4: 117 ൽ പറഞ്ഞിട്ടുണ്ട്. വിശ്വാസി 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാക്കി മാറ്റുകയും നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുകയും 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിലുള്ള തന്റെ പട്ടിക 83: 18 ൽ പറഞ്ഞ സ്വർഗത്തിലേക്കുള്ള ഇല്ലിയ്യീനിലേക്ക് മാറ്റുകയും ചെയ്യുന്നതാണ്. 3: 102 ൽ വിവരിച്ച പ്രകാരം അവൻ മാത്രമാണ് സർവസ്വം നാഥന് സമർപ്പിക്കുന്നവനായി (മുസ്‌ലിമായി) മരണപ്പെടുക. *നീയാണ് ആദ്യൻ, നിനക്കുമുമ്പ് ആരുമില്ല! നീയാണ് അന്ത്യൻ, നിനക്കുശേഷം ആരുമില്ല! നീയാണ് പ്രത്യക്ഷൻ, നിനക്ക് മുകളിൽ ആരും ഇല്ല! നീയാണ് പരോക്ഷൻ, നിന്നെക്കൂടാതെ മറ്റൊന്നുമില്ല* എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കാൻ 57: 3 ന്റെ വിശദീകരണമായി പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മുസ്‌ലിംകളാണെന്ന് വാദിക്കുന്നവരാണെങ്കിലും 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിരിക്കുന്നതിനാൽ 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. ആത്മാവിനെ പരിഗണിക്കാത്ത ഈ കെട്ടജനത 7: 37 പ്രകാരം മരണസമയത്തും 6: 130 പ്രകാരം വിധിദിവസവും അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. 36: 59–62 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഇത്തരം ഭ്രാന്തന്മാർ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത്.

ചുരുക്കത്തിൽ സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്തവരും നാഥനെ പരിഗണിക്കേണ്ട വിധം പരിഗണിക്കാത്തവരുമായ ഏതൊരാളും 6: 116 ൽ പറഞ്ഞ പ്രകാരം ഊഹങ്ങളെയല്ലാതെ പിൻപറ്റാത്തവരും നിഗമനങ്ങളല്ലാതെ വെച്ചുപുലർത്താത്തവരുമാണ്. കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും അവരെ പിൻപറ്റുന്ന മുശ്രിക്കുകളായ പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിന്റെ കോപവും ശാപവും വർഷിക്കപ്പെട്ടവരും നരകക്കുണ്ഠം ഒരുക്കിവെക്കപ്പെട്ടവരുമാണ് എന്ന് 48: 6 ൽ പറഞ്ഞിട്ടുണ്ട്. 4: 131–133; 6: 111; 9: 31; 10: 35–36 വിശദീകരണം നോക്കുക.

67. അവൻ തന്നെയാണ് നിങ്ങൾക്ക് രാത്രിയെ–നിങ്ങൾ അതിൽ ശാന്തിനേടുന്നതിനുവേണ്ടി സംവിധാനിച്ചിട്ടുള്ളത്, പകലിനെ അവൻ ഉൾക്കാഴ്ചാദായകമാക്കുകയും ചെയ്തിരിക്കുന്നു, നിശ്ചയം അതിൽ ശ്രദ്ധിച്ച് കേൾക്കുന്ന ജനതക്ക് പാഠങ്ങൾ തന്നെയുണ്ട്.

3: 190–191 സൂക്തങ്ങളിൽ, നിശ്ചയം ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറിവരുന്നതിലും ബുദ്ധിമാൻമാർക്ക് ധാരാളം പാഠങ്ങൾ തന്നെയുണ്ട്. തങ്ങളുടെ നിർത്തങ്ങളിലും ഇരുത്തങ്ങളിലും പാർശ്വങ്ങളിലും അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുന്നവരും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിനെക്കുറിച്ച് ആലോചിച്ച് പ്രതിഫലിപ്പിച്ചുകൊണ്ടിരിക്കുന്നവരുമാണ് അവർ; ഞങ്ങളുടെ നാഥാ! ഇതൊന്നും നീ മിഥ്യയായി സൃഷ്ടിച്ചതല്ല, നീ പരിശുദ്ധനാണ്, അപ്പോൾ ഞങ്ങളെ നീ നരകശിക്ഷയെത്തൊട്ട് കാത്തുരക്ഷിക്കേണമേ എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കുന്നവരുമാണ് അവർ

എന്ന് പറഞ്ഞിട്ടുണ്ട്. 45: 22 ൽ, ആകാശങ്ങളെയും ഭൂമിയെയും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത് ലക്ഷ്യത്തോടുകൂടിയാണ്–എല്ലാഓരോ ആത്മാവിനും അവൾ സമ്പാദിച്ചതിന് പ്രതിഫലം നൽകപ്പെടുന്നതിന് വേണ്ടിയും, അവർ അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. 18: 100–101 സൂക്തങ്ങളിൽ, അന്നേദിനം കാഫിറുകൾക്ക് നരകക്കുണ്ഠം നാം ഒരു പ്രദർശിപ്പിക്കൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നതാണ്; ഐഹികലോകത്ത് *ദിക്ർ*ീ എന്ന ഗ്രന്ഥത്തെത്തൊട്ട് കണ്ണുകളിന്മേൽ ഒരു മൂടിയുണ്ടായിരുന്നവരും അത് കേൾക്കാൻ തയ്യാറില്ലാത്തവരുമായിരുന്നു അവർ എന്ന് പറഞ്ഞിട്ടുണ്ട്. 2: 18 ൽ, ഇത്തരം കാഫിറുക ളെക്കുറിച്ച് ബധിരർ, ഊമർ, അന്ധർ, അപ്പോൾ അവർ ജീവിതലക്ഷ്യത്തിലേക്ക് തിരിച്ചു വരുന്നവരല്ല എന്നും; 2: 170 ൽ, അല്ലാഹു അവതരിപ്പിച്ച ഒന്നിനെ നിങ്ങൾ പിൻപറ്റുക എ ന്ന് അവരോട് പറയപ്പെട്ടാൽ അവർ പറയും: അല്ല, ഞങ്ങളുടെ പിതാക്കന്മാരെ ഏതൊരു ചര്യയിലാണോ ഞങ്ങൾ കണ്ടത്, അതാണ് ഞങ്ങൾ പിൻപറ്റുക –അവരുടെ പിതാക്കന്മാർ ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരും സന്മാർഗം പ്രാപിക്കാത്തവരുമാണെങ്കിലും ശരി എന്നും; 2: 171 ൽ, കാഫിറുകളായവരുടെ ഉപമ വിളിയും തെളിയുമല്ലാതെ യാതൊന്നും കേൾക്കാത്ത കാലികളോട് ഇടയൻ ഒച്ചയിടുന്നതുപോലെയാണ് –അവർ ബധിരരും മൂകരും അന്ധരുമാണ്, അതിനാൽ അവർ ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരുമാണ് എന്നും പറഞ്ഞിട്ടുണ്ട്. 2: 152; 7: 175–176; 17: 12 വിശദീകരണം നോക്കുക.

68. അല്ലാഹു ഒരു സന്താനത്തെ തെരഞ്ഞെടുത്തിരിക്കുന്നു എന്ന് അവർ പറയുന്നു –അവൻ അതീവ പരിശുദ്ധൻ! അവൻ സ്വയം പര്യാപ്തനാണ്, ആകാശങ്ങ ളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അവനുള്ളതാകുന്നു, ഇതിന് നിങ്ങളുടെ പക്കൽ വല്ല പ്രമാണവുമുണ്ടോ? അതോ അല്ലാഹുവിന്റെമേൽ നിങ്ങൾ അറി വില്ലാത്തത് പറഞ്ഞുകൊണ്ടിരിക്കുകയാണോ?

ഇവിടെ 'അല്ലാഹു അതീവ പരിശുദ്ധൻ' (*സുബ്ഹാനല്ലാഹ്*) എന്ന വചനം അത്ഭു തം കുറിക്കുന്നതിനും അല്ലാഹു എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനാണെന്ന് പ്രഖ്യാപിക്കുന്നതിനും വേണ്ടിയാണ് പ്രയോഗിച്ചിട്ടുള്ളത്. അല്ലാഹു സന്താനത്തെ തെര ഞ്ഞെടുത്തിരിക്കുന്നു എന്ന വാദത്തിൽ അത്ഭുതം പ്രകടിപ്പിക്കുകയും അവർക്ക് മറുപ ടിയായി ന്യൂനതകളിൽ നിന്ന് പരിശുദ്ധനായ അല്ലാഹുവിന് പുത്രനുണ്ടെന്ന് ആരോപി ക്കുന്നത് സത്യമല്ലെന്ന് വ്യക്തമാക്കുകയുമാണ് ചെയ്യുന്നത്. നിങ്ങളുടെ പക്കൽ വല്ല പ്രമാണവുമുണ്ടോ എന്ന് ചോദിച്ചത് വേദഗ്രന്ഥത്തിൽ നിന്നുള്ള വല്ലതെളിവുമുണ്ടോ എന്നാണ്. 39: 4 കൂട്ടി വായിക്കുക.

313 പ്രവാചകന്മാരും സത്യവും തെളിവുമായ അദ്ദിക്ർ കൊണ്ട് അയക്കപ്പെട്ടിട്ടുള്ളത് അല്ലാഹുവിനെക്കൂടാതെ മറ്റൊരു ദൈവവുമില്ല എന്നും അപ്പോൾ നിങ്ങൾ അവനെമാത്രം സേവിക്കുവീൻ എന്നും മനുഷ്യരെ പഠിപ്പിക്കുന്നതിന് വേണ്ടിയാണ് എന്ന് 16: 22; 21: 24–25 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. യഥാർത്ഥ ജ്ഞാനവും സന്മാർഗവും പ്രകാശിക്കുന്ന ഗ്രന്ഥ വുമായ അദ്ദിക്ർ കൂടാതെ അല്ലാഹുവിനെക്കുറിച്ച് തർക്കിക്കുന്ന ചിലർ മനുഷ്യരിലുണ്ട് എന്ന് 22: 8; 31: 20 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എല്ലാഓരോ സമുദായത്തിലേ ക്കും നാഥൻ അദ്ദിക്റും കൊണ്ട് പ്രവാചകന്മാരെ അയച്ചിട്ടുണ്ട്; അപ്പോൾ ഈ ജനത നി ന്നെ തള്ളിപ്പറയുന്നുവെങ്കിൽ ഇതിനുമുമ്പും വിശദീകരണങ്ങളും വേദങ്ങളും പ്രകാശി ക്കുന്ന ഗ്രന്ഥമായ അദ്ദിക്ർ കൊണ്ടും ജനതയിലേക്ക് വന്ന പ്രവാചകന്മാരും തള്ളിപ്പറയ പ്പെട്ടിട്ടുണ്ട് എന്ന് 35: 24–25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അന്ത്യപ്രവാചകനായ മുഹമ്മദി

ന് അവതരിപ്പിക്കപ്പെട്ട അദ്ദിക്റിൽ അതിന് മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുണ്ടെന്നും മനുഷ്യർക്ക് വേണ്ടി അവതരിപ്പിക്കപ്പെട്ടിട്ടുള്ള അത് അവൻ മനുഷ്യർക്ക് വെളിപ്പെടുത്തുന്നതിന് വേണ്ടിയും അവർ അത് മറ്റുള്ളവരിലേക്ക് ആലോചിച്ച് പ്രതിഫലിപ്പിക്കുന്നതിന് വേണ്ടിയുമാണ് എന്ന് 16: 44 ലും പറഞ്ഞിട്ടുണ്ട്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന, 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയുടെ ബാധ്യതയാണ് പ്രപഞ്ച നാഥനെ ഏക ഉടമയായും ഇലാഹായും രാജാവായും മനുഷ്യർക്ക് സമർപ്പിക്കൽ. എന്നാൽ 17: 81; 40: 78 സൂക്തങ്ങൾ പ്രകാരം സത്യമായ അദ്ദിക്റിനെ അവഗണിച്ച് മിഥ്യയായ ഫുജ്ജാർ ഗ്രന്ഥങ്ങൾ പിൻപറ്റുന്ന അവരുടെ പ്രവർത്തനങ്ങളെല്ലാം പാഴായിക്കഴിഞ്ഞു. കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ ഫുജ്ജാറുകളിലെ കപടവിശ്വാസികളായ നേതാക്കളും അനുയായികളും നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം ശപിക്കുകയും കുറ്റപ്പെടുത്തുകയും തർക്കിക്കുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 116–117; 6: 100; 9: 30–31 വിശദീകരണം നോക്കുക.

69. നീ പറയുക: നിശ്ചയം അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമച്ചു പറയുന്നവർ ആരോ, അവർ വിജയം വരിക്കുന്നവരാവുകയില്ല.

സത്യമായ അദ്ദിക്റിനെ മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്ന കപടവിശ്വാസികളും അതിനെ തള്ളിപ്പറയുന്ന ഫുജ്ജാറുകളുമാണ് അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവരും ഇഹത്തിലും പരത്തിലും വിജയം വരിക്കാത്തവരും. 8: 22; 25: 33–34 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികളായ അവർ ബധിരരും അന്ധരും മൂകരുമായി തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണ്. 1: 7; 6: 21; 7: 37; 10: 17–18 വിശദീകരണം നോക്കുക.

70. അവർ ഐഹികവിഭവങ്ങൾ ആസ്വദിക്കട്ടെ, പിന്നെ നമ്മിലേക്കാണ് അവരുടെയെല്ലാം മടക്കം, പിന്നെ കാഫിറുകളായിരുന്നതിന് നാം അവരെ അതികഠിനമായ ശിക്ഷ രുചിപ്പിക്കുകതന്നെ ചെയ്യും!

അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി, 3: 136; 4: 1; 6: 165 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 4-ാം ഘട്ടമായ ഇഹലോകത്തുവെച്ച് 7-ാം ഘട്ടമായ പരലോകത്തേക്കുവേണ്ടി സ്വർഗം സമ്പാദിക്കണമെന്നും, 9: 51; 17: 13–14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാഓരോ മനുഷ്യന്റെയും പിരടിയിൽ കർമരേഖ ബന്ധിച്ചിട്ടുണ്ടെന്നും വിധിദിവസം അത് ഒരു തുറന്ന, സ്വയം പ്രകാശിക്കുന്ന പുസ്തകമായി പുറത്തെടുത്തുകൊണ്ട് ഓരോരുത്തരും വായിച്ചാണ് അവരവരുടെ വിചാരണ നടത്തേണ്ടിവരിക എന്നും ബോധമുള്ളവനാണ്.

എന്നാൽ അറബി ഖുർആൻ വായിക്കുന്ന ലക്ഷ്യബോധം നഷ്ടപ്പെട്ട ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത് പിശാചിനെ സേവിച്ചുകൊണ്ട് ജീവിക്കുന്നവരാണ്. ഭ്രാന്തന്മാരായ അവർ ഈ കർമരേഖയെക്കുറിച്ച് ബോധമില്ലാത്തവരായതിനാൽ വിധിദിവസം, 'ഓ ഞങ്ങളുടെ നാശം! ഇത് എന്തൊരു ഗ്രന്ഥമാണ്! ചെറുതോ വലുതോ ആയ ഒന്നും തന്നെ ഇതിൽ കൊത്തിവെക്കാതെ വിട്ടുപോയിട്ടില്ലല്ലോ എന്ന് വിലപിക്കുന്നതും അവർ ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്നതെല്ലാം അവരുടെ ഗ്രന്ഥത്തിൽ കണ്ടെത്തുന്നതുമാണ് എന്ന് 18: 49 ൽ അവർ വായിച്ചിട്ടുണ്ട്. ഒരു ആ

ത്മാവിനോടും അതിന് വഹിക്കാൻ കഴിയാത്തത് കൽപിക്കപ്പെട്ടിട്ടില്ല, സത്യത്തെ പ്രതി ഫലിപ്പിക്കുന്ന ഒരു കർമരേഖ നമ്മുടെ പക്കലുണ്ട്, അവർ അനീതി കാണിക്കപ്പെടുകയി ല്ല, എന്നാൽ അവരുടെ ഹൃദയങ്ങൾ ഈ ബോധത്തിലല്ലാതെയാണ് ഉള്ളത്. ഈ കർമ രേഖയെക്കുറിച്ച് ബോധമില്ലാത്ത പ്രവൃത്തികളാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്; ലക്ഷ്യബോധമില്ലാതെയും പ്രജ്ഞയറ്റവരുമായി അവർ അത് പ്രവർത്തിച്ചുകൊണ്ടേയി രിക്കുകയും ചെയ്യും എന്ന് 23: 62-64 സൂക്തങ്ങളിലും; 25: 17-18 സൂക്തങ്ങളിൽ പറഞ്ഞ അ ദ്ദിക്റിനെ വിസ്മരിച്ച ഇത്തരം കെട്ടജനതക്ക് വേദനാജനകമായ ശിക്ഷയാണുള്ളതെന്ന് 41: 41-43 സൂക്തങ്ങളിൽ പറഞ്ഞതും അവർ വായിച്ചിട്ടുണ്ട്. ഞങ്ങൾ പ്രവാചകന്മാരിൽ ആരിലും ഒരു വ്യത്യാസവും കൽപിക്കുന്നില്ല എന്ന് 2: 136, 285 സൂക്തങ്ങളിൽ വായിക്കു ന്ന ഇവർ അദ്ദിക്റിനെ തള്ളിപ്പറയുകവഴി ഒരു പ്രവാചകനെയും നബിയെയും പിൻപറ്റാ ത്തവരാണ്. പകരം അവർ 2: 78-79 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 29 കള്ളവാദികളെ പിൻപറ്റുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിക്കുന്നവരുമാ ണ്. ഇത്തരം ഫുജ്ജാറുകളെ വധിച്ചുകളയണമെന്ന 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്ത ങ്ങളുടെ കൽപന 4: 158-159 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഈസാ രണ്ടാമത് വന്നശേ ഷമാണ് നടപ്പിലാക്കപ്പെടുക. 3: 106, 196-197; 6: 22-26 വിശദീകരണം നോക്കുക.

71. അവരുടെ മേൽ നൂഹിന്റെ സംഭവചരിത്രം വിശദീകരിച്ച് കൊടുക്കുക; അവൻ തന്റെ ജനത്തോട് പറഞ്ഞ സന്ദർഭം: ഓ എന്റെ ജനമേ, ഞാൻ നിങ്ങളിൽ വ സിക്കുന്നതും നിരന്തരം അല്ലാഹുവിന്റെ സൂക്തങ്ങൾ കേൾപിച്ച് നിങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നതും നിങ്ങളുടെ മേൽ സഹിക്കാൻ കഴി യാതായിരിക്കുന്നുവെങ്കിൽ, അപ്പോൾ ഞാൻ അല്ലാഹുവിന്റെ മേൽ ഭരമേൽ പിച്ചിരിക്കുകയാണ്, നിങ്ങളും നിങ്ങളുടെ പങ്കാളികളുമെല്ലാം ഒരുമിച്ചുകൂ ടി ഒരു സംയുക്തതീരുമാനം കൈകൊള്ളുക, നിങ്ങൾ എടുക്കുന്ന തീരുമാനത്തി ൽ ഒരു പഴുതും നിങ്ങൾക്ക് അവ്യക്തമാകാതിരിക്കട്ടെ! എന്നിട്ട് എനിക്കെതിരിൽ അത് പ്രാവർത്തികമാക്കുക, എനിക്ക് ഒട്ടും അവസരം നൽകേണ്ടതുമില്ല!

ഞാൻ എന്റെ പ്രവൃത്തികളിൽ നിന്ന് ഒരിക്കലും പിൻമാറുകയില്ലെന്നും നിങ്ങൾ എനിക്കെതിരിൽ ചെയ്യാൻ ആഗ്രഹിക്കുന്നതെല്ലാം ചെയ്തുകൊള്ളുക, എനിക്കുള്ള ആശ്രയം അല്ലാഹു മാത്രമാണ് എന്നുള്ള നൂഹ് നബിയുടെ വെല്ലുവിളിയാണിത്. എല്ലാ പ്രവാചകന്മാരുടെയും കാലത്തുള്ള ജനതയിൽ 1000 ത്തിൽ 999 ഉം അദ്ദിക്റിനെ തള്ളി പ്പറഞ്ഞുകൊണ്ട് പ്രവാചകന്മാരെ പരിഹസിക്കുന്നവരായിരുന്നു. 6: 80-82 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകൻ ഇബ്റാഹീമും, 11: 53-55 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകൻ ഹൂദും അവരവരുടെ ജനതയെ വെല്ലുവിളിച്ചിട്ടുണ്ട്. 7: 194-195 സൂക്തങ്ങളിലൂ ടെ പ്രവാചകൻ മുഹമ്മദും തന്റെ ജനതയെ വെല്ലുവിളിക്കാൻ കൽപിക്കപ്പെട്ടിട്ടുണ്ട്. ഇന്ന് നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഒരു ഗ്രന്ഥ മായി രൂപപ്പെട്ടിരിക്കെ ഒറ്റപ്പെട്ട വിശ്വാസി 25: 52 ലൂടെ കാഫിറുകളെ അനുസരിക്കാതിരി ക്കാനും അവരോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്താനുമാണ് കൽപിക്കപ്പെട്ടി ട്ടുള്ളത്. 9: 28, 31-33, 73 വിശദീകരണം നോക്കുക.

72. അപ്പോൾ നിങ്ങൾ പിന്തിരിയുകയാണെങ്കിൽ ഞാൻ നിങ്ങളോട് പ്രതിഫല ത്തിൽ നിന്നൊന്നും ചോദിക്കുന്നില്ലല്ലോ? നിശ്ചയം എന്റെ പ്രതിഫലം അല്ലാ ഹുവിന്റെ മേലിലല്ലാതെ അല്ല, ഞാൻ അവന് സർവ്വസ്വം അർപ്പിച്ചവരിൽ പെട്ട

വനായിരിക്കണമെന്ന് കൽപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

എല്ലാ പ്രവാചകൻമാരും അതാതുകാലത്തെ ജനങ്ങളോട് ഇതുതന്നെയാണ് പറഞ്ഞിട്ടുള്ളത്. 68: 46 ൽ, അല്ലെങ്കിൽ നീ അവരോട് അദ്ദിക്ർ എത്തിച്ചുകൊടുക്കുന്നതിന് പ്രതിഫലം ചോദിക്കുകയും അങ്ങനെ അവർ കടഭാരത്താൽ ഞെരുങ്ങുകയും ചെയ്തതിനാലാണോ അതിൽ നിന്ന് അവർ വിരണ്ടോടുന്നത് എന്ന് ചോദിക്കുന്നു. 26: 109–110 സൂക്തങ്ങളിൽ പ്രവാചകൻ നൂഹും; 26: 127 ൽ പ്രവാചകൻ ഹൂദും; 26: 145 ൽ പ്രവാചകൻ സ്വാലിഹും; 26: 164 ൽ പ്രവാചകൻ ലൂത്തും; 26: 180 ൽ പ്രവാചകൻ ശുഐബും അവരവരുടെ ജനതയോട് 'ഞാൻ അല്ലാഹുവിന്റെ ഈ സന്ദേശം എത്തിച്ച് തരുന്നതിന് നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല; നിശ്ചയം എന്റെ പ്രതിഫലം സർവ്വലോകങ്ങളുടെയും ഉടമയുടെ പക്കലല്ലാതെയല്ല' എന്ന് പറഞ്ഞതായി പറഞ്ഞിട്ടുണ്ട്. 36: 20–21 സൂക്തങ്ങളിൽ, പട്ടണത്തിന്റെ അങ്ങേ അറ്റത്തുനിന്ന് ഓടിവന്ന ഒരുവിശ്വാസി ആ ജനതയോട്: ഓ എന്റെ ജനമേ, നിങ്ങൾ പ്രവാചകൻമാരെ പിൻപറ്റുക, അവർ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല, അവർ സൻമാർഗികളുമാണ് എന്ന് പറഞ്ഞതായി പറഞ്ഞിട്ടുണ്ട്. 27: 91 അവസാനിക്കുന്നതും 'ഞാൻ സർവ്വസ്വം അവന് അർപ്പിച്ചവരിൽ പെട്ടവനായിരിക്കണമെന്ന് കൽപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു' എന്ന് പറഞ്ഞുകൊണ്ടാണ്. ഈ സന്ദേശം എത്തിച്ചുതരുന്നതിന് ഞാൻ പ്രതിഫലത്തിൽ നിന്ന് ഒന്നും ചോദിക്കുന്നില്ല, തന്റെ നാഥനിലേക്ക് എത്തിപ്പെടാനുള്ള ടിക്കറ്റായി അദ്ദിക്റിനെ ഉപയോഗപ്പെടുത്തണം എന്നല്ലാതെ എന്ന് പറയാനാണ് 25: 57 ലൂടെ പ്രവാചകനും അതുവഴി വിശ്വാസിയും കൽപിക്കപ്പെട്ടിട്ടുള്ളത്. അഥവാ ഒരാൾ വിശ്വാസിയായി ടിക്കറ്റെടുത്ത് സ്വർഗത്തിൽ എത്തിപ്പെട്ടാൽ 4: 85 പ്രകാരം അതിനുള്ള പ്രതിഫലം സ്വർഗത്തിലേക്ക് എത്തിപ്പെടാൻ അവനെ സഹായിച്ചവർക്കും അല്ലാഹു നൽകുന്നതാണ്. 38: 86–87 സൂക്തങ്ങളിൽ, ഞാൻ അദ്ദിക്ർ നിങ്ങൾക്ക് എത്തിച്ചുതരുന്നതിന് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല, ഞാൻ പുറംപൂച്ച് പറയുന്നവനുമല്ല, ഇത് സർവ്വലോകർക്കുമുള്ള ഒരു ഉണർത്തലല്ലാതെയല്ല എന്ന് പറഞ്ഞിട്ടുണ്ട്.

പ്രവാചകൻമാരുടെ ഈ മാർഗമാണ് അദ്ദിക്റിനെ പിൻപറ്റുന്ന വിശ്വാസികൾ പിന്തുടരുക. അദ്ദിക്ർ പഠിപ്പിക്കുന്നതിന് അവർ യാതൊരു പ്രതിഫലവും വാങ്ങുകയില്ല എന്ന് മാത്രമല്ല, അതിനായി സ്വന്തം സമ്പത്തും മറ്റ് അനുഗ്രഹങ്ങളും അവർ ചെലവഴിക്കുന്നതുമാണ്. എന്നാൽ അല്ലാഹുവിനെയും പ്രവാചകനെയും ഗ്രന്ഥത്തിന്റെ ആശയത്തിൽ മൂടിവെച്ച് പിശാചിനെ ജീവിപ്പിക്കുന്ന കപടവിശ്വാസികളും ഗ്രന്ഥത്തിന്റെ ആശയം പഠിപ്പിക്കാതെ പാരായണവും അർത്ഥവും പഠിപ്പിച്ച് പ്രതിഫലം വാങ്ങുന്നവരും 2: 174–175 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തങ്ങളുടെ വയറുകളിൽ തീ നിറച്ചുകൊണ്ടിരിക്കുന്നവരാണ്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ നിലനിർത്തുന്നതിനുവേണ്ടി പ്രവാചകൻ സഹിച്ച ത്യാഗങ്ങൾ കാരണമാണ് 50,000 വർഷം ദൈർഘ്യമുള്ള വിധിദിവസം, സൃഷ്ടികളെ വിചാരണക്ക് എടുക്കുന്നതിന് വേണ്ടി ശുപാർശ ചെയ്യാനുള്ള *'മഖാമു മഹ്മൂദ്'* -സ്തുതിക്കപ്പെട്ട സ്ഥാനം- പ്രവാചകന് നൽകപ്പെട്ടിട്ടുള്ളത്. എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനും സ്വർഗത്തിലേക്കുള്ള ടിക്കറ്റുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കാനുള്ള ബാധ്യതയുള്ളതിനാലാണ് പ്രവാചകനും വിശ്വാസികൾക്കും പ്രപഞ്ചനാഥനായ അല്ലാഹുവിന്റെയും മലക്കുകളുടെയും

അനുഗ്രഹം വർഷിച്ചിട്ടുള്ളത്. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ലോകത്തെല്ലായിടത്തുമുള്ള കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ 3: 21 -22 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഒരു പ്രവാചകനെ മാത്രമല്ല, എല്ലാ പ്രവാചകന്മാരെയും നബിമാരെയും കൊല്ലാതെ കൊല്ലുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. 11: 17 ൽ വിവരിച്ച പ്രകാരം സാക്ഷിയും കാരുണ്യവും ഇമാമും തെളിവുമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളോടും വാഗ്ദത്തം ചെയ്തിരിക്കുന്നത് നരകമാണ്. 2: 136; 25: 27-31; 27: 44; 33: 40 വിശദീകരണം നോക്കുക.

73. അപ്പോൾ അവർ അവനെ തള്ളിപ്പറഞ്ഞു, അപ്പോൾ അവനെയും അവനോടൊപ്പമുള്ളവരെയും നാം കപ്പലിൽ രക്ഷപ്പെടുത്തുകയും അവരെ നാം ഭൂമിയിൽ പ്രതിനിധികളാക്കുകയും നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ടിരുന്നവരായവരെ നാം മുക്കിക്കൊല്ലുകയും ചെയ്തു, അപ്പോൾ മുന്നറിയിപ്പ് നൽകപ്പെട്ടവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നീ നോക്കിക്കാണുക!

4: 163 ൽ വിവരിച്ച പ്രകാരം നാഥന്റെ സന്ദേശമായ അദ്ദിക്റും കൊണ്ട് ഭൂമിയിലേക്ക് നിയോഗിക്കപ്പെട്ട ആദ്യത്തെ പ്രവാചകനാണ് നൂഹ്. 29: 14-16 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം 950 വർഷക്കാലം നൂഹ് പ്രബോധനം നടത്തിയെങ്കിലും അവരിൽ നിന്നുള്ള വളരെ കുറച്ചുപേർ മാത്രമേ വിശ്വാസികളായുള്ളൂ. 71: 21-24 സൂക്തങ്ങളിൽ, എന്റെ നാഥാ! നിശ്ചയം എന്റെ ജനത എന്നെ ധിക്കരിച്ചിരിക്കുന്നു, ആർക്കാണോ തന്റെ ധനവും സന്താനങ്ങളും നഷ്ടമല്ലാതെ വർദ്ധിപ്പിക്കാത്തത്, അവരെയാണ് എന്റെ ജനത പിൻപറ്റുന്നത്. അവർ വമ്പിച്ച ഗൂഢതന്ത്രങ്ങൾ എനിക്കെതിരെ പയറ്റുകയാണ്. അവർ ജനങ്ങളോട് പറയുകയും ചെയ്യുന്നു: നിങ്ങൾ നിങ്ങളുടെ ഇലാഹുകളായ *വദ്, സുവാഅ്, യഗൂസ്, യഊഖ്, നസ്ർ* തുടങ്ങിയവരെയൊന്നും വെടിയരുത്, അവർ അധികരിച്ച വഴികേടിലായിരിക്കുന്നു, ഈ അക്രമികൾക്ക് നീ വഴികേടല്ലാതെ വർദ്ധിപ്പിക്കല്ലേ എന്ന് പ്രവാചകൻ നൂഹ് അല്ലാഹുവിനോട് പറഞ്ഞതായും; 71: 25-28 സൂക്തങ്ങളിൽ, അവരുടെ തിന്മകൾ കാരണം അല്ലാഹു അവരെ മുക്കിക്കൊല്ലുകയും നരകക്കുണ്ഠത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു, അപ്പോൾ അവർ അല്ലാഹുവിനെക്കൂടാതെ യാതൊരു സഹായിയെയും കണ്ടെത്തിയില്ല. നൂഹ് പ്രാർത്ഥിക്കുകയും ചെയ്തു: എന്റെ നാഥാ! നീ കാഫിറുകളായ ഇവരിൽ നിന്ന് ഒരാളെപ്പോലും ഭൂമിയിൽ ബാക്കി വെക്കല്ലേ! നിശ്ചയം നീ അവരെ ഭൂമിയിൽ ജീവിക്കാൻ വിടുകയാണെങ്കിൽ അവർ നിന്റെ അടിമകളെ വഴിപിഴപ്പിക്കുകയും ഫാജിറുകളെയും കുഫ്ഫാറുകളെയു(കപടവിശ്വാസികളെയും)മല്ലാതെ ജനിപ്പിക്കുകയുമില്ല. എന്റെ നാഥാ! എനിക്കും എന്റെ മാതാപിതാക്കൾക്കും എന്റെവീട്ടിൽ പ്രവേശിച്ച വിശ്വാസികൾക്കും -ഭാര്യയും ഒരു മകനും ഒഴികെ- വിശ്വാസികളായ പുരുഷൻമാർക്കും സ്ത്രീകൾക്കും നീ പൊറുത്തുതരേണമേ; അക്രമികൾക്ക് നീ നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയുമരുതേ എന്നും പറഞ്ഞിട്ടുണ്ട്. 11: 25-45 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അക്രമികളായ നൂഹിന്റെ ജനതയെ നാഥൻ മുക്കിക്കൊല്ലുകയും നൂഹിനെയും വിശ്വാസികളെയും രക്ഷപ്പെടുത്തുകയും ചെയ്തു. 7: 73-79 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഏതൊരു പ്രവാചകന്റെ ജനതയും അദ്ദിക്ർ കൊണ്ട് മുന്നറിയിപ്പ് നൽകപ്പെട്ടതിനുശേഷം അവർ അക്രമികളും തെമ്മാടികളും ഭ്രാന്തന്മാരുമായപ്പോഴാണ് നശിപ്പിക്കപ്പെട്ടിട്ടുള്ളത്.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ല. അതുകൊണ്ട് അദ്ദി

ക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 9: 84–85 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തെമ്മാടികളായ കപടവിശ്വാസികൾക്കും കുഫ്ഫാറുകൾക്കും വേണ്ടി പൊറുക്കലിനെത്തേടാൻ പാടില്ല. മറിച്ച് 9: 73 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ട് അവരോട് അധികരിച്ച ജിഹാദ് ചെയ്യാനാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. 3: 10; 6: 133; 9: 67–68 വിശദീകരണം നോക്കുക.

74. അവനുശേഷം നാം പ്രവാചകൻമാരെ അവരവരുടെ ജനതകളിലേക്ക് നിയോഗിച്ചു, അവർ സുവ്യക്തമായ വിശദീകരണങ്ങളും കൊണ്ട് അവരിൽ വന്നു, പക്ഷേ അവർ ആദ്യമേ തള്ളിപ്പറഞ്ഞകാര്യം പിന്നെ വിശ്വസിക്കുന്നവരായില്ല, അതിര് കവിഞ്ഞവരുടെ ഹൃദയങ്ങളുടെ മേൽ അപ്രകാരം നാം മുദ്രവെക്കുന്നു.

313 പ്രവാചകന്മാരെയും അയച്ചിട്ടുള്ളത് സത്യവും തെളിവുമായ അദ്ദിക്റും കൊണ്ടാണെന്നും, അല്ലാഹു അല്ലാതെ മറ്റൊരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുക എന്ന് മുന്നറിയിപ്പ് നൽകുന്നതിനാണെന്നും 21: 24–25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആദ്യം വിശ്വസിക്കുകയും പിന്നെ നിഷേധിക്കുകയും ചെയ്ത കപടവശ്വാസികളുടെ ഹൃദയങ്ങളുടെ മേൽ മുദ്രവെക്കപ്പെട്ടതിനാൽ ഇനി അവർ ജീവിതലക്ഷ്യം എന്താണെന്ന് ഗ്രഹിക്കുകയില്ല എന്ന് 63: 3 ൽ പറഞ്ഞിട്ടുണ്ട്. 2: 99 ൽ വിവരിച്ച പ്രകാരം ലക്ഷ്യബോധം നഷ്ടപ്പെട്ട തെമ്മാടികളായ കപടവിശ്വാസികൾ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ മനുഷ്യരിൽ നിന്ന് മൂടിവെക്കുന്നതിനാൽ 7: 179 ൽ വിവരിച്ച പ്രകാരം അവരെക്കൊണ്ടും അവരുടെ പ്രജ്ഞയറ്റ അനുയായികളെക്കൊണ്ടും നരകക്കുണ്ഠം കുത്തിനിറക്കുന്നതാണ്. 6: 25–26 വിശദീകരണം നോക്കുക.

ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് അവയുടെ ആത്മാവുകൊണ്ട് പ്രപഞ്ചനാഥനെ കീർത്തനം ചെയ്യാനും പരിശുദ്ധപ്പെടുത്താനും അവസരം നൽകുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് ഒറ്റപ്പെട്ട വിശ്വാസി ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകരിൽ പ്രപചരിപ്പിക്കാൻ ശ്രമിക്കുന്നവരാണ്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ബധിരരും ഊമരും ദുഷ്ടജീവികളുമായ ഫുജ്ജാറുകൾ പ്രകാശമായ അദ്ദിക്റിനെ അവരുടെ വായകൊണ്ട് ഊതിക്കെടുത്താൻ ശ്രമിക്കുന്നവരാണെങ്കിലും നാഥൻ അവന്റെ പ്രകാശത്തെ പൂർത്തീകരിക്കുകതന്നെ ചെയ്യും, അത് കാഫിറുകൾക്ക് എത്ര ഇഷ്ടമല്ലെങ്കിലും ശരി എന്ന് 9: 32 ൽ പറഞ്ഞിട്ടുണ്ട്.

75. പിന്നെ അവർക്കെല്ലാം ശേഷം നാം മൂസായെയും ഹാറൂനിനെയും നമ്മുടെ ദൃഷ്ടാന്തങ്ങളുമായി ഫിർഔനിലേക്കും അവന്റെ പ്രഭൃതികളിലേക്കും നിയോഗിച്ചു, അപ്പോൾ അവർ അഹങ്കരിച്ചു, അവർ ഭ്രാന്തൻമാരായ ഒരുജനത തന്നെയായിരുന്നു.

എല്ലാ പ്രവാചകന്മാരുടെയും ജനതയിൽ 1000 ത്തിൽ 999 പേരും 36: 59–62 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്താതെ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരാണ്. പ്രകൃതിക്ക് വിരുദ്ധമായ സ്വവർഗരതിയിൽ മുഴുകിയിരുന്ന ലൂത്തിന്റെ ഭ്രാന്തന്മാരായ ജനതയെ നശിപ്പിച്ച കാര്യം 7: 80–83 സൂക്തങ്ങളിലൂടെ വിവരിച്ച ശേഷം 7: 84 ലൂടെ നാഥൻ പറയുന്നു: 'ഭ്രാന്തന്മാരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നീ നോക്കിക്കാണുക'. 6: 55; 7: 40; 15: 12; 26: 99, 200; 34: 32; 83: 29 തുടങ്ങിയ 52 സൂക്തങ്ങളിൽ പറഞ്ഞ ഭ്രാന്തന്മാർ തന്നെയാണ് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ. 48: 6 ൽ പറഞ്ഞ പ്രകാരം കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും

അവരുടെ അനുയായികളായ മുശ്രിക്കുകളെയും ശിക്ഷിക്കുന്നതിനുവേണ്ടി ലോകത്തെല്ലായിടത്തുമുള്ള വിശ്വാസികളെ *ഇജാസി*ലേക്ക് വേർതിരിക്കുന്നതാണ്. കോപിക്കപ്പെട്ട, ശപിക്കപ്പെട്ട കപടവിശ്വാസികളും മുശ്രിക്കുകളും 29 കള്ളവാദികളെ പിൻപറ്റുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിക്കുന്നവരുമായതിനാൽ ഈസാ രണ്ടാമത് വന്ന ശേഷം അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ അവർ വധിക്കപ്പെട്ടുകൊണ്ട് 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കപ്പെടുന്നതാണ്. 'നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുവീൻ, എന്നിട്ട് ഭ്രാന്തന്മാരുടെ പരിണിതി എങ്ങനെയായിരുന്നു എന്ന് നോക്കിക്കാണുകയും ചെയ്യുവീൻ' എന്ന് ഇത്തരം അക്രമികളോട് പറയാൻ 27: 69 ലൂടെ വിശ്വാസി കൽപിക്കപ്പെട്ടിരിക്കുന്നു. 8: 48-50; 9: 65-66; 10: 17-18 വിശദീകരണം നോക്കുക.

76. അങ്ങനെ നമ്മിൽ നിന്നുള്ള സത്യം അവരുടെ മുമ്പിൽ വന്നപ്പോൾ അവർ പറഞ്ഞു: നിശ്ചയം ഇത് ഒരു തെളിഞ്ഞ മാരണം തന്നെയാണ്.

സത്യമായ അദ്ദിക്റും കൊണ്ട് അയക്കപ്പെട്ട പ്രവാചകന്മാരെയാണ് കാഫിറുകൾ മാരണക്കാർ എന്ന് പരിഹസിച്ചിരുന്നതെങ്കിൽ ഈ സൂക്തത്തിൽ അദ്ദിക്റിനെയാണ് വ്യക്തമായ മാരണം എന്ന് പറഞ്ഞിട്ടുള്ളത്. അറബി ഖുർആനല്ല, മറിച്ച് അദ്ദിക്റാണ് വ്യക്തവും സ്പഷ്ടവുമായ വായന എന്ന് 36: 69 ൽ പറഞ്ഞിട്ടുണ്ട്. 2: 147; 7: 8-9; 10: 108; 17: 81; 39: 41; 40: 78; 43: 78 തുടങ്ങി 256 സൂക്തങ്ങളിൽ പറഞ്ഞ സത്യം അദ്ദിക്ർ തന്നെയാണ്. എന്നാൽ ലക്ഷ്യബോധം നഷ്ടപ്പെട്ട കപടവിശ്വാസികളും അവരുടെ പ്രജ്ഞയറ്റ അനുയായികളും മിഥ്യ പിൻപറ്റുകവഴി നേരെച്ചൊവ്വെയുള്ള പാതയിൽ നിന്ന് വിദൂരമായി വഴിപിഴച്ച് പോയിരിക്കുന്നു. അദ്ദിക്റിനെ വിസ്മരിച്ച കെട്ടജനതയായ ഇവർക്ക് 14: 28-29; 25: 34, 65-66 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇവിടെ ജീവിച്ചതിന് പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക. 2: 119; 9: 31-33; 10: 2-3 വിശദീകരണം നോക്കുക.

77. മൂസാ ചോദിച്ചു: സത്യം നിങ്ങളുടെ കൺമുമ്പിൽ വന്നപ്പോൾ ഇത് മാരണമാണെന്നാണോ അതിനെക്കുറിച്ച് നിങ്ങൾ പറയുന്നത് -എന്നാൽ മാരണക്കാർ ഒരിക്കലും വിജയം വരിക്കുകയില്ലതന്നെ!

'ദിവ്യാത്ഭുതം'(*മുഅ്ജിസത്ത്*) അല്ലാഹു അവനെ പരിചയപ്പെടുത്തുന്നതിനു വേണ്ടി പ്രവാചകൻമാരിലൂടെ പ്രകടിപ്പിക്കുന്നതാണ്. എന്നാൽ മാരണമാകട്ടെ 2: 102 ൽ വിവരിച്ചതുപോലെ പിശാചിൽ നിന്നുള്ളതാണ്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് തെറ്റും ശരിയും തിരിച്ചറിയാൻ ഉപയുക്തമായ അദ്ദിക്റിനെ ഉരക്കല്ലായി ഉപയോഗപ്പെടുത്തി അല്ലാഹുവിന്റെ മാർഗവും പിശാചിന്റെ മാർഗവും വേർതിരിച്ചറിയാതെ ലക്ഷ്യബോധം നഷ്ടപ്പെട്ടവരും പ്രജ്ഞയറ്റവരുമായി വിഹരിക്കുന്നത്. ഒരു പ്രവാചകനും അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരു ദൃഷ്ടാന്തവും കൊണ്ടുവരാൻ സാധിക്കുകയില്ല എന്ന് 14: 11; 13: 38; 40: 78 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 6: 91 ൽ വിവരിച്ച പ്രകാരം നാഥനെ സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന വിധം പരിഗണിക്കാത്തവരാണ് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ. 48: 6 ൽ പറഞ്ഞ പ്രകാരം അല്ലാഹുവിന്റെ ശാപവും കോപവും ബാധിച്ചിട്ടുള്ള ഇവർ 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നതും അവന്റെ കാൽപാടുകളാണ് ജീവിതത്തിലുടനീളം പിൻപറ്റിക്കൊണ്ടിരിക്കുന്നതും. 1: 7; 2: 18; 4: 51-52; 6: 109-111; 75: 31-32 വിശദീകരണം നോക്കുക.

78. അവർ പറഞ്ഞു: ഏതൊരു മാർഗത്തിൽ ഞങ്ങളുടെ പൂർവ്വപിതാക്കളെ ഞങ്ങൾ കണ്ടിട്ടുണ്ടോ, ആ മാർഗത്തിൽ നിന്ന് ഞങ്ങളെ വ്യതിചലിപ്പിക്കുന്നതിനും ഭൂമിയിൽ നിങ്ങൾ ഇരുവരുടെയും കേമത്തം സ്ഥാപിക്കുന്നതിനും വേണ്ടിയാണോ നിങ്ങൾ രണ്ടുപേരും വന്നിട്ടുള്ളത്? എന്നാൽ ഞങ്ങൾ നിങ്ങളിരുവരെക്കൊണ്ടും ഒരിക്കലും വിശ്വസിക്കുന്നവരാവുകയില്ല തന്നെ.

പ്രവാചകൻ മൂസായുടെയും ഹാറൂൻ നബിയുടെയും ദൗത്യം മൊത്തം മനുഷ്യരിലേക്കായിരുന്നു. അല്ലാതെ ഇസ്റാഈൽ സന്തതികൾക്ക് മാത്രമായിരുന്നില്ല. അതുകൊണ്ടാണ് അവരുടെ പ്രബോധനം ഭൂമിയിൽ പ്രചരിക്കുമെന്നും ഈജിപ്തിന്റെ ജീവിതവ്യവസ്ഥതന്നെ അട്ടിമറിക്കപ്പെടുമെന്നും ഫിർഔൻ പ്രഭൃതികൾ ഭയപ്പെട്ടിരുന്നത്. പ്രവാചകൻ മൂസാ ഈജിപ്തുകാരെ യഥാർത്ഥ സ്രഷ്ടാവിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. ഫിർഔനും അവന്റെ പ്രമാണിമാരും അത് അവർക്ക് എതിരായി ഭവിക്കുമെന്ന് മനസ്സിലാക്കി. 'ഭൂമിയിൽ നിങ്ങൾ ഇരുവരുടെയും കേമത്തം സ്ഥാപിക്കുന്നതിനുവേണ്ടിയാണോ നിങ്ങളുടെ ശ്രമം' എന്ന അവരുടെ ചോദ്യത്തിൽ നിഴലിക്കുന്നത് അതാണ്. 7: 133 ൽ വിവരിച്ച 9 ദൃഷ്ടാന്തങ്ങൾ കൊണ്ടാണ് മൂസായും ഹാറൂനും ജനങ്ങളെ സർവലോകങ്ങളുടെയും നാഥനിലേക്ക് വിളിച്ചത്. ഞാനാണ് അത്യുന്നതനായ നാഥൻ എന്ന് ഫിർഔൻ പറഞ്ഞതായി 79: 24 ലും; എന്നെക്കൂടാതെ മറ്റൊരു ഇലാഹിനെ നീ തിരഞ്ഞെടുക്കുകയാണെങ്കിൽ നിന്നെ ഞാൻ ജയിലിലടക്കുകതന്നെ ചെയ്യും എന്ന് മൂസായോട് ഫിർഔൻ പറഞ്ഞതായി 26: 29 ലും പറഞ്ഞിട്ടുണ്ട്. എന്നെ വിടുക, ഞാൻ മൂസായെ കൊല്ലട്ടെ, അവൻ അവന്റെ നാഥനെ സഹായത്തിന് വിളിച്ച് പ്രാർത്ഥിക്കട്ടെ, നിശ്ചയം അവൻ നിങ്ങളുടെ ദീനിനെ മാറ്റിമറിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു, അല്ലെങ്കിൽ ഭൂമിയിൽ നാശം പ്രത്യക്ഷപ്പെടുമെന്ന് ഞാൻ ഭയപ്പെടുന്നു എന്നും ഫിർഔൻ ജനതയോട് പറഞ്ഞതായി 40: 26 ൽ പറഞ്ഞിട്ടുണ്ട്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകൾ വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്റിനെ മൂടിവെക്കുന്നവരും തള്ളിപ്പറയുന്നവരുമാണ്. അവർ സൂക്തം 2: 79 നെ തള്ളിപ്പറഞ്ഞുകൊണ്ട് 29 കള്ളവാദികളും കപടവിശ്വാസികളും എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങളെയാണ് പിൻപറ്റുന്നതും പ്രചരിപ്പിക്കുന്നതും. സത്യവും നാഥനിൽ നിന്നുള്ള വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണവുമായ അദ്ദിക്റിനെ സത്യപ്പെടുത്തി ഇവിടെ ജീവിക്കാതിരുന്നാൽ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടുമെന്നും അക്കൂട്ടർ തന്നെയാണ് ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരെന്നും 25: 33–34 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുള്ളതാണ്. 2: 254; 7: 175–176; 8: 22; 22: 8 വിശദീകരണം നോക്കുക.

79. ഫിർഔൻ പറയുകയും ചെയ്തു: എന്റെ അടുത്തേക്ക് നിങ്ങൾ എല്ലാഓരോ പഠിച്ച മാരണക്കാരെയും കൊണ്ടുവരുവീൻ!

80. അങ്ങനെ മാരണക്കാർ വന്നപ്പോൾ മൂസാ അവരോട് പറഞ്ഞു: നിങ്ങൾക്ക് എറിയാനുള്ളത് നിങ്ങൾ എറിയുന്നവരാകുവീൻ!

81. അങ്ങനെ അവർ എറിഞ്ഞപ്പോൾ മൂസാ പറഞ്ഞു: നിങ്ങൾ കൊണ്ടുവന്നത് മാരണമല്ലാതെ അല്ല, നിശ്ചയം അല്ലാഹു അതിനെ നിഷ്ഫലമാക്കുകതന്നെ ചെയ്യുന്നതാണ്; നിശ്ചയം അല്ലാഹു നാശകാരികളുടെ പ്രവർത്തനത്തെ ന

ന്നാക്കിത്തീർക്കുകയില്ല തന്നെ.

ഗ്രന്ഥത്തിൽ ഒരുകാര്യവും വഴിക്കുവഴിയായി പറഞ്ഞിട്ടില്ല. മൂസാ കൊണ്ടുവന്ന ദിവ്യാത്ഭുതങ്ങളെ പരാജയപ്പെടുത്തുന്നതിന് വേണ്ടി ഫിർഔൻ സംഘടിപ്പിച്ചു കൊണ്ടുവന്ന മാരണക്കാർ മൂസായോട് ചോദിക്കുകയാണുണ്ടായത്. ഓ മൂസാ, ആദ്യം നീ എറിയുന്നുവോ, അതോ ഞങ്ങൾ ആദ്യം എറിയുന്നവരാകണമോ? മൂസാ പറഞ്ഞു: നിങ്ങൾ എറിയുക. അങ്ങനെ അവരുടെ കയറുകളും വടികളും അവരുടെ മാരണം മുഖേന ഇഴയുന്ന പാമ്പുകളായി മൂസായിലേക്ക് അടുക്കുന്നതായി തോന്നുകയും മൂസാ ഉള്ളിന്റെയുള്ളിൽ ഭയപ്പെടുകയുമുണ്ടായി. നാം കൽപിച്ചു: നീ ഭയപ്പെടരുത്, നിശ്ചയം നീ തന്നെയാണ് അവരെക്കാൾ ഉന്നതൻ എന്ന് 20: 65–68 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അവർ എറിഞ്ഞപ്പോൾ ജനങ്ങളുടെ കണ്ണുകൾ കൺകെട്ടിന് വിധേയമാവുകയും അവർ ഉള്ളിന്റെയുള്ളിൽ ഭയപ്പെടുകയും ചെയ്തു, അവർ ഒരു വമ്പിച്ച മാരണം തന്നെയാണ് കൊണ്ടുവന്നത് എന്ന് 7: 115–117 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. മാരണക്കാർ തങ്ങളുടെ കയറുകളും വടികളും എറിഞ്ഞപ്പോൾ പറഞ്ഞു: ഫിർഔനിന്റെ പ്രതാപമാണ് സത്യം, നിശ്ചയം ഞങ്ങൾ അതിജയിക്കുകതന്നെ ചെയ്യും. അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം മൂസാ തന്റെ വടി താഴെയിട്ടു, അപ്പോഴതാ അവർ ഉണ്ടാക്കിയതിനെയെല്ലാം അത് വിഴുങ്ങിക്കളയുകയായി, അത് കണ്ട മാരണക്കാർ ഒരു ഉൾപ്രേരണയാൽ സാഷ്ടാംഗത്തിൽ വീണു, അവർ പ്രഖ്യാപിക്കുകയും ചെയ്തു: ഞങ്ങൾ സർവ്വലോകങ്ങളുടെയും നാഥനിൽ അഥവാ മൂസായുടെയും ഹാറൂനിന്റെയും നാഥനിൽ വിശ്വസിച്ചു എന്ന് 26: 44–48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ സാധൂകരിക്കാത്ത ഏത് പ്രവർത്തനവും നിഷ്ഫലമായിപ്പോകുമെന്ന് 2: 186; 7: 8–9; 18: 103–105; 25: 23; 47: 8–9 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളും തള്ളിപ്പറയുന്ന അനുയായികളും ഉൾപ്പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് 10: 17–18 സൂക്തങ്ങളിൽ വിവരിച്ച നാശകാരികളും അതിക്രമകാരികളും തെമ്മാടികളും ഭ്രാന്തന്മാരുമെല്ലാം. നാശകാരികളുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കിക്കാണുക എന്ന് പറഞ്ഞുകൊണ്ടാണ് 7: 86, 103 സൂക്തങ്ങൾ അവസാനിക്കുന്നത്. 2: 11–12; 7: 142, 169–179 വിശദീകരണം നോക്കുക.

82 അല്ലാഹു തന്റെ വചനങ്ങളിലൂടെ സത്യത്തെ സത്യമായി കാണിക്കുന്നു –ഭ്രാന്തൻമാർക്ക് അത് എത്ര വെറുപ്പുള്ള കാര്യമാണെങ്കിലും ശരി.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത് ലക്ഷ്യബോധം നഷ്ടപ്പെട്ട കപടവിശ്വാസികളും അവരെ അന്ധമായി അനുഗമിക്കുന്ന മുശ്രിക്കുകളുമാണ്. ഇക്കൂട്ടർ തന്നെയാണ് ഫുജ്ജാറുകളും ഭ്രാന്തന്മാരും. 9: 53–55 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ മിഥ്യയാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നത്. നാഥൻ ദിഗന്തങ്ങളിലും അവരിൽ തന്നെയും അവന്റെ സൂക്തങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നതാണ്, നിശ്ചയം അദ്ദിക്ർ സത്യം തന്നെയാണ് എന്ന് വ്യക്തമാകുന്നതുവരെ എന്ന് 41: 53 ൽ പറഞ്ഞിട്ടുണ്ട്. ലോകത്ത് നടക്കുന്ന സംഭവവികാസങ്ങളിലൂടെയെല്ലാം അല്ലാഹു സത്യത്തെ സത്യമായി കാണിക്കുന്നുണ്ട് എന്നർത്ഥം. എന്നാൽ ഉൾകാഴ്ചയായി അദ്ദിക്റിനെ ഉപയോഗപ്പെടുത്തുന്നവർക്ക് മാത്രമേ അത് കണ്ടെത്താൻ സാധിക്കുകയുള്ളൂ എന്ന് മാത്രം. ഈസാ രണ്ടാമത് വന്നതിനുശേഷം 4: 91; 5: 33;

9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കപ്പെടുമ്പോൾ മാത്രമാണ് 38: 8 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ മാത്രമാണ് നാഥനിൽ നിന്ന് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥം എന്ന് ഫുജ്ജാറുകൾക്ക് ബോധ്യം വരിക. 43: 74 ൽ, നിശ്ചയം ഭ്രാന്തന്മാർ നരകകുണ്ഠത്തിലെ ശിക്ഷയിൽ ശാശ്വതരായിരിക്കുന്നതാണ് എന്നും; 43: 75 ൽ, അവരെത്തൊട്ട് യാതൊരു ഇളവും ഉണ്ടാവുകയില്ല, അവർ അതിൽ ആശയറ്റവരുമായിരിക്കും എന്നും; 43: 76 ൽ, നാം അവരോട് അക്രമം കാണിച്ചിട്ടില്ല, എന്നാൽ അവർ അവരോടുതന്നെ അക്രമം കാണിക്കുന്നവരായിരുന്നു എന്നും; 43: 77 ൽ, അവർ വിളിച്ചു പറയുന്നതാണ്: ഓ മാലിക്കേ! നിന്റെ നാഥൻ ഞങ്ങളുടെ കഥയങ്ങ് കഴിച്ചോട്ടെ! അപ്പോൾ അവൻ പറയും: നിശ്ചയം നിങ്ങൾ അതിൽ ശാശ്വതമായി കഴിഞ്ഞുകൂടേണ്ടവരാണ് എന്നും; 43: 78 ൽ, നിശ്ചയം ഞങ്ങൾ നിങ്ങളിലേക്ക് സത്യവും കൊണ്ട് വന്നിട്ടുണ്ടായിരുന്നു, എന്നാൽ നിങ്ങളിൽ അധികപേരും സത്യത്തെ വെറുക്കുന്നവർ തന്നെയുമായിരുന്നു എന്ന് പറയുമെന്നും പറഞ്ഞിട്ടുണ്ട്. 2: 147–148, 165–167; 6: 55; 7: 40 വിശദീകരണം നോക്കുക.

83. അപ്പോൾ മൂസായിൽ തന്റെ ജനതയിലെ ഏതാനും യുവാക്കളല്ലാതെ ആരും വിശ്വസിച്ചില്ല –ഫിർഔനിൽ നിന്നുള്ള ഭയത്താലും അവരുടെ സമുദായ മുഖ്യൻമാർ അവരെ ദ്രോഹിക്കുമെന്നുള്ള ഭയത്താലും, നിശ്ചയം ഫിർഔൻ ഭൂമിയിൽ ഒരു അത്യുന്നതൻ തന്നെയായിരുന്നു, നിശ്ചയം അവൻ അതിരുകവിയുന്നവരിൽ പെട്ടവൻ തന്നെയുമായിരുന്നു.

44: 30–31 സൂക്തങ്ങളിൽ, നിശ്ചയം നാം ഇസ്റാഈൽ സന്തതികളെ ഫിർഔനിന്റെ അതിനിന്ദ്യമായ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുത്തുക തന്നെ ചെയ്തിട്ടുണ്ട്, നിശ്ചയം അവൻ അതിരുകവിഞ്ഞവരിൽ പെട്ട ഒരു അത്യുന്നതൻ തന്നെയായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 79: 24 പ്രകാരം സൃഷ്ടിയാണെന്ന പരിധി ലംഘിച്ച് 'ഞാനാണ് അത്യുന്നതനായ നാഥൻ' എന്ന് വാദിച്ച ഫിർഔൻ ഇസ്റാഈൽ സന്തതികളെ പൂർണമായും ഒതുക്കുന്നതിന് വേണ്ടി അവരുടെ ആൺ സന്താനങ്ങളെ വധിക്കാൻ വീണ്ടും കൽപിച്ചതായി 7: 127 ൽ പറഞ്ഞിട്ടുണ്ട്. വിചാരണയില്ലാതെ നരകത്തിൽ പോകുന്ന ഇക്കാലത്തുള്ള കപടവിശ്വാസികളുടെ സ്വഭാവം ഫിർഔനിനെക്കാൾ ദുഷിച്ചതാണ്. 2: 168–169, 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികൾക്ക് അധികാരം ലഭിച്ചാൽ അദ്ദിക്റിനെ മൂടിവെക്കുകവഴി ഭൂമിയിൽ രക്തച്ചൊരിച്ചിലും വർഗീയതയും അരാജകത്വവും സൃഷ്ടിക്കുന്നതിന് വേണ്ടി അവർ എല്ലാ കഴിവുകളും പ്രയോഗിക്കുന്നതാണ്.

ഗുഹാവാസികളായ ഏഴ് യുവാക്കൾ യഥാർത്ഥ വിശ്വാസം പ്രഖ്യാപിക്കുകയും സ്വജനതയുടെ എതിർപ്പ് വകവെക്കാതെ ആ വിശ്വസത്തിൽ ഉറച്ചു നിൽക്കുകയും ചെയ്തപ്പോൾ അല്ലാഹു അവരെ ഒരു ഗുഹയിൽ മുന്നൂറിലധികം വർഷങ്ങൾ ഉറക്കിക്കിടത്തി സംരക്ഷിച്ച കാര്യം 18: 9–27 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. എക്കാലത്തും സ്വതന്ത്ര ചിന്തയുള്ള യുവാക്കൾ മാത്രമാണ് സത്യം സ്വീകരിക്കാൻ തയ്യാറായി മുന്നോട്ട് വന്നിട്ടുള്ളത്. ഇഹലോകത്ത് മസീഹുദ്ദജ്ജാലിന്റെ പക്കലുള്ള നരകമാണ് വിശ്വാസികൾ സ്വീകരിക്കേണ്ടതെന്നും ആ നരകം ഇബ്റാഹീമിന് തീകുണ്ഠം തണുപ്പും സമാധാനവുമായതുപോലെ അവർക്ക് തണുപ്പും സമാധാനവുമുള്ളതായി മാറുന്നതിന് വേണ്ടി സൂറ: കഹ്ഫിന്റെ ആദ്യഭാഗം എപ്പോഴും *തിലാവത്ത്* ചെയ്യണമെന്നും പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഗുഹാവാസികളായ യുവാക്കളുടെ വിശ്വാസദാർഢ്യത കൈവരുന്നതിന് വേണ്ടിയാണത്. 5: 48 ൽ പറഞ്ഞ *മുഹൈമിനായ* അദ്ദിക്ർ

ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിക്കുകവഴി പ്രപഞ്ചനാഥനെ മുറുകെപ്പിടിച്ച വിശ്വാസിയെ ഒരു തരത്തിലുള്ള ആപത്തും വിപത്തും ബാധിക്കുകയില്ല. അവൻ അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുകവഴി സ്വർഗത്തിലേക്ക് തിരിച്ചുപോകുന്നതാണ്. 4: 140-147; 8: 49-55; 9: 67-68, 129 വിശദീകരണം നോക്കുക.

84. മൂസാ പറഞ്ഞു: ഓ എന്റെ ജനമേ, നിങ്ങൾ യഥാർത്ഥത്തിൽ അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുന്നവരാണെങ്കിൽ അപ്പോൾ നിങ്ങൾ അവന്റെമേൽ ഭരമേൽപിക്കുക -നിങ്ങൾ സർവ്വസ്വം അവന് സമർപ്പിച്ചവർ തന്നെയാണെങ്കിൽ!

11: 56; 96: 15-16 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹുവിന്റെ അധീനത്തിലുള്ളതാണെന്നും ഒരു ജീവജാലവും അതിന്റെ കടിഞ്ഞാൺ അവന്റെ നിയന്ത്രണത്തിലായിട്ടല്ലാതെയില്ല എന്നും വിശ്വസിക്കുന്നവരാണ് വിശ്വാസികൾ എന്നിരിക്കെ, അവർ അവരെയും അവരുടെ എല്ലാ കാര്യങ്ങളെയും തങ്ങളുടെ ഉടമയിൽ ഭരമേൽപിക്കുന്നതാണ്. അല്ലാഹു നൽകിയതിനെ തടയാനോ അല്ലാഹു തടഞ്ഞതിനെ നൽകാനോ കഴിയുന്നവരില്ലെന്നും ഒരു പ്രമാണിയുടെയും പ്രമാണിത്തം അവന്റെ മുമ്പിൽ വിലപ്പോവുകയില്ലെന്നും ഉറച്ചു വിശ്വസിക്കുന്നവരാണ് അവർ. തിന്മ പിശാചിൽ നിന്നും നന്മ നാഥനിൽ നിന്നുമാണെന്ന് 4: 79 ൽ വിവരിച്ചിട്ടുണ്ട്. അപ്പോൾ വിശ്വാസികൾ 3: 101-102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നതാണ്. അവൻ മാത്രമാണ് 2: 132; 3: 102 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സർവസ്വം നാഥന് സമർപ്പിച്ചുകൊണ്ട് (മുസ്ലിമായി) മരണപ്പെടുക. 10: 60 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം വന്നുകിട്ടിയിട്ട് അത് ഉപയോഗപ്പെടുത്തി തങ്ങളുടെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റാത്ത ഫുജ്ജാറുകൾ മരണസമയത്ത് ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. 3: 79-80; 10: 71; 22: 77-78 വിശദീകരണം നോക്കുക.

85. അപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ മേൽ മാത്രമാണ് ഭരമേൽപിച്ചിട്ടുള്ളത്; ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ അക്രമികളായ ഒരു ജനത്തിന് പരീക്ഷണമാക്കാതിരിക്കേണമേ!

86. നിന്റെ കാരുണ്യം കൊണ്ട് ഞങ്ങളെ നീ കാഫിറുകളായ ഒരു ജനതയിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്യേണമേ!

സൂക്തത്തിൽ പറഞ്ഞ 'കാരുണ്യം' അദ്ദിക്ർ തന്നെയാണ്. പ്രവാചകൻ മൂസായിൽ വിശ്വസിച്ച യുവാക്കൾ പ്രാർത്ഥിച്ച ഈ പ്രാർത്ഥന, ഇന്ന് അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന അക്രമികളും കാഫിറുകളുമായ ജനതക്കെതിരെയാണ് വിശ്വാസികൾ പ്രാർത്ഥിക്കുക. അതുപോലെ 18: 10 ൽ പറഞ്ഞ ഗുഹാവാസികളായ യുവാക്കളുടെ പ്രാർത്ഥനയും, 60: 5 ൽ പറഞ്ഞ ഇബ്രാഹീമും കൂടെയുള്ള വിശ്വാസികളും പ്രാർത്ഥിച്ച പ്രാർത്ഥനയും അവർ എപ്പോഴും പ്രാർത്ഥിക്കുന്നതാണ്.

ഇന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ അജയ്യമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതുകൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധികൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിലും; അല്ലാഹു നൽകിയ എല്ലാ അനുഗ്രഹങ്ങളും മരണത്തിനുമുമ്പ് ഇവിടെ ചെലവഴിച്ച് സ്വർഗം നേടലാണ് ജീവിതലക്ഷ്യ

മെന്ന് ഗ്രന്ഥത്തിൽ വായിച്ചതിനുശേഷം അപ്രകാരം പ്രവർത്തിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളുമെന്ന് 2: 254 ലും പറഞ്ഞിട്ടുണ്ട്. ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ ഈ സൂക്തത്തിന് മാത്രമല്ല, 6236 സൂക്തങ്ങൾക്കും വിരുദ്ധമായ ജീവിതമാണ് നയിക്കുന്നത്. 3: 91 ൽ, നിശ്ചയം നിഷേധികളാവുകയും നിഷേധത്തിനുമേൽ നിഷേധികളായിക്കൊണ്ട് മരണപ്പെടുകയും ചെയ്തവരാരോ, അപ്പോൾ അത്തരക്കാരിൽ പെട്ട ഒരാളിൽ നിന്ന് ഭൂമി നിറയെ സ്വർണ്ണം ലഭിച്ച് അതുകൊണ്ട് തെണ്ടം നൽകിയാലും സ്വീകരിക്കപ്പെടുകയില്ലതന്നെ, അക്കൂട്ടർക്ക് വേദനാജനകമായ ശിക്ഷയാണുള്ളത്, അവർക്ക് സഹായികളിൽ നിന്ന് ആരും ഉണ്ടാവുകയുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി 7: 205 -206 സൂക്തങ്ങളിൽ വിവരിച്ച പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് പിൻപറ്റുക. 2: 165-167; 4: 174-175; 9: 28, 95 വിശദീകരണം നോക്കുക.

87. മൂസായിലേക്കും അവന്റെ സഹോദരനിലേക്കും നാം ദിവ്യസന്ദേശം നൽകുകയും ചെയ്തു: നിങ്ങൾ രണ്ടുപേരും നിങ്ങളുടെ ജനതക്കുവേണ്ടി മിസ്റിൽ വീടുകൾ ഒരുക്കുക, നിങ്ങളുടെ വീടുകൾ കേന്ദ്രീകരിച്ച് നിങ്ങൾ നമസ്കാരം (പ്രാർത്ഥന) നിലനിർത്തുകയും വിശ്വാസികളെ സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക!

പ്രവാചകന്റെ മക്കാജീവിതത്തിന്റെ ആദ്യഘട്ടത്തിൽ പ്രവാചകനും ഒറ്റപ്പെട്ട വിശ്വാസികളും അവരുടെ വീട് കേന്ദ്രീകരിച്ചായിരുന്നു പ്രാർത്ഥന നിർവഹിച്ചിരുന്നത്. 2: 114; 96: 10-19 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മക്കാമുശ്രിക്കുകൾ ആണും പെണ്ണും നഗ്നരായിട്ടാണ് കഅ്ബ പ്രദക്ഷിണം ചെയ്തിരുന്നത് എന്നതിനാൽ ദൈർഘ്യമായ ഒറ്റ സാഷ്ടാംഗ പ്രണാമമായിരുന്നു പ്രവാചകന്റെ നമസ്കാരരീതി. മദീനയിൽ വിശ്വാസികളുടെ ഒരു സംഘം ഉണ്ടായിവന്നപ്പോഴാണ് സംഘടിത നമസ്കാരം നിർവഹിക്കാൻ ആരംഭിച്ചത്. 3: 7-10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം ഇസ്ലാം പിരിയുടയുകയും ഗ്രന്ഥം വായിക്കുന്ന പ്രവാചകന്റെ ജനത ഫാജിർ, കാഫിർ, വിശ്വാസി എന്നിങ്ങനെ മൂന്ന് വിഭാങ്ങളായിത്തീരുകയും ചെയ്തു. അവരിലെ ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകളുടെ പട്ടിക നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിലാണെന്ന് 83: 7 ലും; അവർ തന്നെയാണ് ഭ്രാന്തന്മാരും കുഫ്ഫാറുകളുമെന്ന് യഥാക്രമം 83: 29, 34 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന അവർക്ക് 7: 40 ൽ വിവരിച്ച പ്രകാരം ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല. 10: 33 ൽ വിവരിച്ച പ്രകാരം സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെക്കുന്ന തെമ്മാടികളായ കപടവിശ്വാസികൾ നിഷ്പക്ഷവാനായ നാഥനാൽ വധിക്കപ്പെട്ടിരിക്കുന്നവരും ഒരിക്കലും വിശ്വാസികളാകാത്തവരുമാണ്. അവർ നന്മ വിരോധിക്കുന്നവരും തിന്മ കൽപിക്കുന്നവരുമാണ്. അവർക്കും അവരുടെ അനുയായികൾക്കും നരകക്കുണ്ഠാഗ്നിയാണ് വാഗ്ദത്തം ചെയ്തിട്ടുള്ളത് എന്ന് 9: 67-68 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. സ്വർഗവാസികൾ നരകക്കുണ്ഠത്തിന്റെ 7 വാതിലുകളിലൊന്നായ *സഖറിലേക്കുള്ള* ഭ്രാന്തന്മാരോട് 'നിങ്ങളെ എന്തൊന്നാണ് *സഖറി*ലേക്ക് നയിച്ചത്' എന്ന് ചോദിക്കുമ്പോൾ അവർ മറുപടി പറയും: 'ഞങ്ങൾ നമസ്കരിക്കുന്നവരിൽ ഉൾപ്പെട്ടിരുന്നില്ല, ഞങ്ങൾ ദരിദ്രരെ ഊട്ടുന്നവരായിരുന്നില്ല, നാഥനിൽ

നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ പിൻപറ്റി ജീവിക്കുന്ന വിശ്വാസികളെ പരിഹസിക്കുന്നവരും ഞങ്ങൾക്ക് മരണം ആസന്നമാകുന്നതുവരെ വിധിദിവസത്തെ നിഷേധിക്കുന്നവരുമായിരുന്നു' എന്ന് 74: 41–47 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഇവർ ശരീരം കൊണ്ട് നമസ്കരിച്ചിരുന്നുവെങ്കിലും നമസ്കാരത്തിൽ അവരുടെ ആത്മാവ് പങ്കെടുത്തിരുന്നില്ല. ഇത്തരം ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവനോട് 'നീ *സ്വിദ്ഖി*നെ സത്യപ്പെടുത്തിയില്ല, അതുകൊണ്ടു തന്നെ നീ നമസ്കരിച്ചിട്ടുമില്ല; മറിച്ച് നീ അതിനെ തള്ളിപ്പറഞ്ഞ് നേരെച്ചൊവ്വെയുള്ള പാതയിൽ നിന്നും പിന്തിരിഞ്ഞുപോയി' എന്ന് പറയുമെന്ന് 75: 31–32 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാത്ത ഒരാളുടെയും പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ കർമങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല. പകരം 4: 142; 25: 34, 65–66 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവർക്ക് നരകക്കുണ്ഠമാണ് പിഴയായി ലഭിക്കുക. 'ഞങ്ങളുടെ നാഥാ! അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന സൂക്ഷ്മാലുക്കൾക്ക് ഞങ്ങളെ നീ ഇമാമുകൾ ആക്കേണമേ' എന്ന് 25: 74 ലൂടെ പ്രാർത്ഥിക്കുന്ന വിശ്വാസി കപടവിശ്വാസികളെ പിൻപറ്റി നമസ്കരിക്കുകയോ കെട്ടജനതക്കുവേണ്ടി ഇമാമായി നമസ്കരിക്കുകയോ ഇല്ല. മൂസാനബിയുടെ കാലത്തെന്നപോലെ, അവസാനകാലത്ത് വിശ്വാസികൾക്ക് വീട് കേന്ദ്രീകരിച്ച് നമസ്കരിക്കേണ്ട അവസ്ഥ വരുമെന്ന് പ്രവാചകൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പ്രവാചകൻ പറഞ്ഞു: *അടുത്തുതന്നെ നിങ്ങൾക്ക് ഒരു കാലം വരും, അന്ന് ഇസ്ലാമിൽ നിന്ന് അതിന്റെ പേരും ഗ്രന്ഥത്തിൽ നിന്ന് അതിന്റെ ലിപിയുമല്ലാതെ ഒന്നും ശേഷിക്കുകയില്ല, അവരുടെ പള്ളികൾ വലിയ സൗധങ്ങളായിരിക്കും; അവ ജനനിബിഡങ്ങളുമായിരിക്കും, എന്നാൽ അവ സൻമാർഗത്തെത്തൊട്ട് തടയുന്നവയായിരിക്കും, അഥവാ അവിടെ യഥാർത്ഥ വിശ്വാസമോ വിശ്വാസികളോ ഉണ്ടായിരിക്കുകയില്ല. അവർ സന്മാർഗമായ അദ്ദിക്റിൽ നിന്ന് വഴിപിഴച്ചുപോയവരായിരിക്കും, അവരുടെ നേതാക്കൾ ആകാശത്തിന് താഴെയുള്ള ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ച ജീവികളായിരിക്കും, നാശം അവരിൽ നിന്നാണ് ഉത്ഭവിക്കുക. അതിന്റെ പാപഭാരം അവരിലേക്കുതന്നെയാണ് മടക്കപ്പെടുക* എന്നും നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. **അതുകൊണ്ട് 3: 103 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ മുറുകെപ്പിടിക്കേണ്ടവിധം മുറുകെപ്പിടിച്ച് നിലകൊള്ളാനാണ് ഒറ്റപ്പെട്ട വിശ്വാസികളോട് കൽപിച്ചിട്ടുള്ളത്.**

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസിയോട് 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രഭാത പ്രദോഷങ്ങളിൽ അദ്ദിക്ർ ആത്മാവ് പങ്കെടുത്തുകൊണ്ട് വായിച്ച് മനസ്സിലാക്കാനും നാഥനെ വാഴ്ത്തിക്കൊണ്ടും പരിശുദ്ധപ്പെടുത്തിക്കൊണ്ടും ഗ്രന്ഥത്തിൽ 15 സ്ഥലങ്ങളിൽ വന്നിട്ടുള്ള *തിലാവത്തിന്റെ* സാഷ്ടാംഗ പ്രണാമം നടത്താനും മനുഷ്യരുടെ ഐക്യം രൂപപ്പെടുത്തുക എന്ന ലക്ഷ്യം വെച്ച് അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് 47: 7 ൽ പറഞ്ഞ പ്രകാരം പ്രപഞ്ചനാഥനെ സഹായിക്കാനും, 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്കെല്ലാം ഗുണപ്രദമാകുന്ന വിധത്തിൽ ജൈവകൃഷി ചെയ്യാനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാനും അതിന് മറ്റുള്ളവരെ സഹായിക്കാനും പ്രേരിപ്പിക്കാനുമാണ് കൽപിച്ചിട്ടുള്ളത്. കൂടാതെ ത്രികാലജ്ഞാനിയായ നാഥന്റെ ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും അതിനെ മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്ന, നാഥന്റെ

ശാപത്തിനും കോപത്തിനും വിധേയരായ കപടവിശ്വാസികളോടും കുഫ്ഫാറുകളോടും 9: 73; 25: 52; 66: 9 സൂക്തങ്ങളുടെ കൽപന അനുസരിച്ച് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തുകയും വേണം. ഇന്ന് വിശ്വാസികളുടെ ഒരു സംഘം ലോകത്തൊരിടത്തും ഇല്ലാത്തതിനാൽ 2: 143 ലും 22: 78 ലും പറഞ്ഞ പ്രകാരം പ്രവാചകന്റെ ജീവിതം ലോകരിൽ സാക്ഷ്യം വഹിച്ച് ജീവിക്കുക സാധ്യമല്ല. അവസാനകാലത്ത് തിലാവത്തിന്റെ ഒറ്റ സാഷ്ടാംഗപ്രണാമം അവന് ഭൂമിയിലുള്ള സർവസ്വം ലഭിക്കുന്നതിനേക്കാൾ ഉത്തമമായിരിക്കും എന്ന് നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചത് പ്രാവർത്തികമാക്കുകയാണ് ഇന്ന് ഒറ്റപ്പെട്ട വിശ്വാസി ചെയ്യുക. 2: 2–5; 6: 89–90; 8: 2–4 വിശദീകരണം നോക്കുക.

88. മൂസാ പ്രാർത്ഥിക്കുകയും ചെയ്തു: ഞങ്ങളുടെ നാഥാ, നിശ്ചയം നീ ഫിർഔനിനും അവന്റെ പ്രഭൃതികൾക്കും ഭൗതികജീവിതത്തിൽ അലങ്കാരവും സമ്പത്തും നൽകിയിരിക്കുന്നുവല്ലോ; ഞങ്ങളുടെ നാഥാ! അവർ ജനങ്ങളെ നിന്റെ മാർഗത്തെത്തൊട്ട് വ്യതിചലിപ്പിക്കുന്നതിനുവേണ്ടിയാണോ അത് നൽകിയിട്ടുള്ളത്? ഞങ്ങളുടെ നാഥാ! അവരുടെ സമ്പത്തെല്ലാം തുടച്ചുകളയുകയും വേദനാജനകമായ ശിക്ഷ കാണുന്നതുവരെ വിശ്വസിക്കാതിരിക്കത്തക്കവിധം അവരുടെ ഹൃദയങ്ങൾ നീ കഠിനമാക്കുകയും ചെയ്യേണമേ!

മൂസായെ ഫിർഔനിലേക്കും അവന്റെ പ്രഭൃതികളിലേക്കും പ്രവാചകനായി നിയോഗിച്ചുകൊണ്ട് 79: 17–19 പ്രകാരം അല്ലാഹു പറഞ്ഞു: നീ ഫിർഔനിലേക്ക് പോവുക, നിശ്ചയം അവൻ ധിക്കാരിയായിരിക്കുന്നു; അവനോട് ചോദിക്കുക: നീ വിശുദ്ധി കൈകൊള്ളാൻ സന്നദ്ധനാണോ? ഞാൻ നിന്നെ നിന്റെ നാഥനിലേക്ക് മാർഗദർശനം ചെയ്യാം, അപ്പോൾ നീ അല്ലാഹുവിനെ ഭയപ്പെടുന്നവനാവുക. അല്ലാഹുവിൽ നിന്നുള്ള സന്ദേശം വ്യക്തമായി വന്നുകിട്ടുകയും അവനിൽ നിന്നുള്ള ദൃഷ്ടാന്തങ്ങൾ കാണുകയും ചെയ്ത ശേഷം ഫിർഔനും അവന്റെ പ്രമാണിമാരും സത്യമെല്ലാം അറിഞ്ഞിട്ട് മൂടിവെക്കുന്ന ധിക്കാരികളും നാശകാരികളുമായി മാറിയപ്പോഴാണ് ഈ സൂക്തത്തിൽ പറഞ്ഞ പ്രകാരം മൂസായെക്കൊണ്ട് പ്രാർത്ഥിപ്പിച്ച് അല്ലാഹു ശിക്ഷ നടപ്പിലാക്കുന്നത്. നാഥന്റെ സന്ദേശമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും അക്രമികളും ഭ്രാന്തന്മാരും ധിക്കാരികളും തെമ്മാടികളും നാശകാരികളുമായി മാറുമ്പോഴല്ലാതെ ഒരു നാടിനെയും അല്ലാഹു നശിപ്പിക്കുകയില്ല. 2: 61, 74; 9: 80–82; 10: 75 വിശദീകരണം നോക്കുക.

89. അവൻ പറഞ്ഞു: നിശ്ചയം നിങ്ങൾ രണ്ടുപേരുടെയും പ്രാർത്ഥന സ്വീകരിക്കപ്പെട്ടിരിക്കുന്നു, അപ്പോൾ നിങ്ങൾ രണ്ടുപേരും സ്ഥൈര്യത്തോടെ ഉറച്ച് നിലകൊള്ളുവിൻ, അറിവില്ലാത്തവരായവരുടെ മാർഗം നിങ്ങൾ രണ്ടുപേരും പിന്തുടരാതിരിക്കുകയും ചെയ്യുവിൻ!

ഇഹലോകത്ത് കാഫിറുകൾക്ക് നൽകപ്പെട്ടിട്ടുള്ള വിഭവങ്ങളും സമ്പത്തും അധികാരവും കണ്ട് തെമ്മാടികളായ അത്തരക്കാർ ഭൂമിയിൽ വിഹരിക്കുന്നതാണ് അല്ലാഹു ഇഷ്ടപ്പെടുന്നത് എന്ന് അല്ലാഹുവിന്റെ ചര്യ ഗ്രന്ഥത്തിൽ നിന്ന് തിരിച്ചറിയാത്ത പ്രജ്ഞയറ്റ ജനങ്ങൾ അനുമാനിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ജീവിക്കുമ്പോഴുണ്ടാകുന്ന താൽക്കാലിക ബുദ്ധിമുട്ടുകളും പരീക്ഷണങ്ങളും അതുപോലെത്തന്നെ പിശാചിന്റെ മാർഗത്തിലേക്കുള്ള അഥവാ ഫുജ്ജാറുകളുടെ ജീവിതമാർഗത്തിലേക്കുള്ള ആകർഷണീയതയും മൊത്തത്തിൽ അങ്ങോട്ടുള്ള ഒഴുക്കും കണ്ട് വഞ്ചിതരാകരുതെന്നാണ് സൂക്തം പഠിപ്പിക്കുന്നത്. 3: 196–197 വിശദീകരണം നോക്കുക. ജീവിതത്തിന്റെ ഏഴാം ഘട്ടത്തിലേ

ക്കുവേണ്ടി കൃഷി ചെയ്യുന്നതിനാണ് നാലാം ഘട്ടത്തിലുള്ള ഭൂമിയിലെ ജീവിതം എന്ന് മനസ്സിലാക്കിയ വിശ്വാസികൾ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഏത് പ്രതികൂല പരിതസ്ഥിതിയിലും ക്ഷമ കൈക്കൊണ്ട് പ്രവർത്തനം തുടരുകതന്നെ ചെയ്യും. വിശ്വാസി അദ്ദിക്റിനെ മാത്രം പിൻപറ്റു കയും അതിനെ മുറുകെപ്പിടിക്കേണ്ടവിധം മുറുകെപ്പിടിക്കുകയും കൂടാതെ, എപ്പോഴും ആത്മാവുകൊണ്ട് 'ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്റിൽ എന്റെ ഹൃദയത്തെയും പാദങ്ങളെയും ഉറപ്പിച്ച് നിർത്തേണമേ' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കുകയും ചെയ്യുന്നതാണ്. പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാ കാര്യങ്ങളും ത്രികാലജ്ഞാനിയായ നാഥന്റെ അറിവോടുകൂടിയാണെന്നും അതെല്ലാം അവന്റെ ത്രികാലജ്ഞാനമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ടെന്ന ബോധത്തിലുമാണ് അവൻ നിലകൊള്ളുക. ഗ്രന്ഥം തങ്ങൾക്ക് മാത്രമുള്ളതാണെന്ന് തെറ്റിദ്ധരിച്ച വിഡ്ഢികളായ ഫുജ്ജാറുകളെപ്പോലെ വിശ്വാസി മതം, വംശം, ലിംഗം, നിറം, ജാതി തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ വേർതിരിച്ച് കാണുകയില്ല. 9: 31-33 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവൻ ലോകരിൽ അദ്ദിക്ർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്, ഫുജ്ജാറുകൾ അത് തടയാൻ ശ്രമിച്ചാലും ശരി. പിശാചിന്റെ മാർഗത്തിലേക്കുള്ള ആകർഷണീയതയും ഫുജ്ജാറുകളുടെ ജീവിതമാർഗങ്ങളിലേക്കുള്ള മൊത്തത്തിലുള്ള ഒഴുക്കും കണ്ട് വഞ്ചിതരാകേണ്ട എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. 2: 12, 3: 200; 9: 71-72; 10: 62-65 വിശദീകരണം നോക്കുക.

90. ഇസ്റാഈൽ സന്തതികളെ നാം കടൽ കടത്തുകയും അപ്പോൾ ഫിർഔനും സൈന്യവും ധിക്കാരത്തോടും ശത്രുതയോടും കൂടി അവരെ പിന്തുടരുകയും അങ്ങനെ ഫിർഔൻ മുങ്ങിത്തുടങ്ങുകയും (റൂഹ് തൊണ്ടക്കുഴിയിൽ എത്തുകയും) ചെയ്തപ്പോൾ അവൻ പറഞ്ഞു: നിശ്ചയം ഇസ്റാഈൽ സന്തതികൾ ഏതൊരു ഇലാഹിനെക്കൊണ്ടാണോ വിശ്വസിച്ചിരുന്നത്, അവൻ അല്ലാതെ വേറെ ഇലാഹില്ല എന്ന് ഞാനിതാ വിശ്വസിക്കുന്നു, ഞാൻ സർവ്വസ്വം നാഥനിൽ സമർപ്പിച്ചവരിൽ പെട്ടവനുമായിരിക്കുന്നു!

91. ഇപ്പഴോ..., ഇതിനുമുമ്പ് നീ ധിക്കരിച്ചു, നീ നാശകാരികളിൽ പെട്ടവൻ തന്നെയായിരുന്നു.

92. അപ്പോൾ ഇന്നേദിനം നിന്റെ ജഡം മാത്രം നാം രക്ഷപ്പെടുത്തും -പിൻതല മുറകൾക്ക് നീയൊരു ദൃഷ്ടാന്തമാകേണ്ടതിന് വേണ്ടി, എന്നാൽ മനുഷ്യരിൽ അധികപേരും നമ്മുടെ ദൃഷ്ടാന്തങ്ങളെത്തൊട്ട് പ്രജ്ഞയറ്റവർ തന്നെയാണ്.

അല്ലാഹുവിന്റെ ദാസൻമാരെയും കൂട്ടി രാത്രിക്കുരാത്രി പുറപ്പെടണമെന്നും നിങ്ങൾ പിന്തുടരപ്പെടുമെന്നും മൂസാക്ക് അല്ലാഹു ദിവ്യസന്ദേശം നൽകിയതായി 26: 52-66 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 'നിശ്ചയം ഇവർ ഒറ്റപ്പെട്ട ഒരു ചെറിയ വിഭാഗമാണ്, നാം ഒരുമിച്ചുകൂടി അവരെ പിടിച്ചുകെട്ടുക തന്നെ വേണം' എന്ന് പറഞ്ഞുകൊണ്ട് ഫിർഔൻ പട്ടണങ്ങളിലേക്ക് ശിപായിമാരെ അയച്ച് പട്ടാളക്കാരെ ഒരുമിച്ചുകൂട്ടുകയുണ്ടായി. അങ്ങനെ ഫിർഔനിനെയും അനുയായികളെയും അവരുടെ തോട്ടങ്ങളിൽ നിന്നും അരുവികളിൽ നിന്നും മാന്യമായ സ്ഥാനങ്ങളിൽ നിന്നും ആർഭാടങ്ങളിൽ നിന്നും നാം പുറപ്പെടുവിക്കുകയും അപ്രകാരം അതെല്ലാം അനന്തരാവകാശമായി ഇസ്റാഈൽ സന്തതികൾക്ക് നൽകുകയും ചെയ്തു. നേരം പുലരാറായപ്പോഴേക്കും ഫിർഔനും സംഘവും ഇസ്റാഈൽ സംഘവുമായി കണ്ടുമുട്ടി. അപ്പോൾ മൂസായുടെ അനുയായികൾ പറഞ്ഞു: നിശ്ചയം നാം പിടികൂടപ്പെടുമല്ലോ? മൂസാ പറഞ്ഞു: അല്ല, നിശ്ചയം എന്റെകൂടെ എന്റെ

നാഥനുണ്ട്, അവൻ എനിക്ക് മാർഗം കാണിച്ചുതരികതന്നെ ചെയ്യും. 'നിന്റെ വടികൊണ്ട് കടലിൽ അടിക്കുക' എന്ന് അല്ലാഹു മൂസാക്ക് ദിവ്യസന്ദേശം നൽകി, അങ്ങനെ മൂസാ അടിച്ചപ്പോൾ കടലിലെ വെള്ളം രണ്ട് വലിയ മലകളെന്നോണം രണ്ട് ഭാഗത്തേക്കും മാറി നിന്നു. അങ്ങനെ 20: 77 ൽ പറഞ്ഞ പ്രകാരം സമുദ്രത്തിൽ അവർക്കൊരു ഉണങ്ങിയവഴി ഒരുക്കിക്കൊടുത്തു. 44: 24 ൽ പറഞ്ഞ പ്രകാരം അവരെ കടൽ കടത്തി മറുകരയിൽ എത്തിച്ച് രക്ഷപ്പെടുത്തിയ അല്ലാഹു മൂസായോട് വടികൊണ്ട് രണ്ടാമത് അടിക്കാതെ സമുദ്രത്തെ പിളർന്നതായിത്തന്നെ വിടുക എന്ന് കൽപിച്ചു. ഫിർഔനിനെയും സംഘത്തെയും കടലിലേക്ക് അടുപ്പിച്ച് മാറിനിന്ന വെള്ളത്തെ ഒരുമിച്ചുകൂട്ടി കടലിൽ മുക്കിക്കൊല്ലുകയും ചെയ്തു. റൂഹ് തൊണ്ടക്കുഴിയിൽ എത്തിയപ്പോൾ ഫിർഔൻ പ്രഖ്യാപിച്ചു: ഇസ്റാഈൽ സന്തതികളെ ഏതൊരു ഇലാഹിൽ വിശ്വസിച്ചതിന്റെ പേരിലാണോ കടൽ പിളർത്തി രക്ഷപ്പെടുത്തിയത്, ആ ഇലാഹിൽ ഞാൻ ഇതാ വിശ്വസിക്കുന്നു, ഞാൻ അവന് സർവ്വസ്വം അർപ്പിച്ച മുസ്ലിംകളിൽ പെട്ടവനുമായിരിക്കുന്നു. ഇതിൽ നിന്ന് ഫിർഔനിന് ഇസ്റാഈൽ സന്തതികൾ വിശ്വസിച്ച *ഇലാഹി*നെ ശരിക്കും പരിചയമുണ്ടായിരുന്നു എന്നും സത്യം മനസ്സിലാക്കിയശേഷം തന്റെ സ്ഥാനമാനങ്ങൾ നിലനിർത്താൻവേണ്ടി അവൻ മനഃപൂർവം ധിക്കരിക്കുകയായിരുന്നു എന്നും മനസ്സിലാക്കാം. അല്ലാഹു മറുപടി നൽകി: ഇപ്പോഴാണോ നീ വിശ്വസിക്കുന്നത്? ഇതിനുമുമ്പ് നീ ധിക്കാരിയും നാശകാരിയുമായിരുന്നു. റൂഹ് തൊണ്ടക്കുഴിയിലെത്തുന്ന മരണവെപ്രാളസമയത്ത് വിശ്വാസം സ്വീകരിക്കുന്നതുകൊണ്ട് പ്രയോജനമില്ല എന്നും അത്തരക്കാരിൽ നിന്ന് പശ്ചാത്താപം സ്വീകരിക്കുകയില്ല എന്നും 4: 17–18 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. സത്യം മനസ്സിലായശേഷം അത് ജീവിതത്തിൽ പകർത്താതെ കാത്തുനിൽക്കുകയും മരണം വരുമ്പോൾ സത്യസാക്ഷ്യവചനങ്ങൾ മൊഴിഞ്ഞ് രക്ഷപ്പെടാമെന്ന് കരുതിയിരിക്കുകയും ചെയ്യുന്നവർ എത്ര വ്യക്തമായാണ് ഫിർഔൻ സത്യസാക്ഷ്യവചനം മൊഴിഞ്ഞതെന്ന് കണ്ട് പാഠം ഉൾക്കൊള്ളേണ്ടതാണ്.

ഫിർഔനിന്റെ ശരീരം ഏകദേശം 2800 കൊല്ലത്തോളം അല്ലാഹു കടലിൽ തന്നെ സൂക്ഷിക്കുകയും ശേഷം ഈജിപ്തിലെ മ്യൂസിയത്തിലേക്ക് മാറ്റുകയും ചെയ്തു. അന്ത്യനാൾ വരെയുള്ള ജനതക്ക് അല്ലാഹുവിന്റെ കഴിവ് പ്രദർശിപ്പിക്കുന്ന ഒരു ദൃഷ്ടാന്തമായിട്ടാണ് അവന്റെ ശരീരം അല്ലാഹു രക്ഷപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളതെന്നാണ് സൂക്തം പറയുന്നത്. എന്നാൽ ജനങ്ങളിൽ അധികപേരും അവന്റെ ഇത്തരം ദൃഷ്ടാന്തങ്ങളെത്തൊട്ട് അശ്രദ്ധരായവർ തന്നെയാണ്. ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളിൽ ഒന്നാണ് ഫിർഔനിന്റെ ഭൗതികശരീരം. ബാക്കി 6235 സൂക്തങ്ങളിൽ അടങ്ങിയിരിക്കുന്നത് എന്താണെന്ന് അന്വേഷിക്കുന്നവർക്കും അതിനുവേണ്ടി കേൾവിയും കാഴ്ചയും ബുദ്ധിശക്തിയും ഉപയോഗപ്പെടുത്തുന്നവർക്കും മാത്രമാണ് ഫിർഔനിന്റെ ശരീരം ഒരു ദൃഷ്ടാന്തമായിത്തീരുന്നത്. അല്ലാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം പ്രജ്ഞയറ്റ *ഗാഫിലീങ്ങളും* ജീവിതലക്ഷ്യം നഷ്ടപ്പെട്ട *ഗാവീങ്ങളു*മാണ്. 7: 179; 9: 67–68, 125 വിശദീകരണം നോക്കുക.

93. നാം ഇസ്റാഈൽ സന്തതികൾക്ക് സത്യത്തോടെയുള്ള പാർപ്പിടവും അവർക്ക് നാം പരിശുദ്ധമായവയിൽ നിന്നുള്ള വിഭവങ്ങളും ഒരുക്കിക്കൊടുത്തു, പിന്നെ ജ്ഞാനം വന്നുകിട്ടിയതിനുശേഷമല്ലാതെ അവർ പരസ്പരം ഭിന്നിച്ചിട്ടില്ല, നിശ്ചയം അവർ ഭിന്നിച്ചുകൊണ്ടിരിക്കുന്ന വിഷയത്തിൽ വിധിദിവസം നിന്റെ

നാഥൻ അവർക്കിടയിൽ വിധികൽപിക്കുന്നതാണ്.

28: 5-6 കൂട്ടി വായിക്കുക. ജ്ഞാനം എന്നത് അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. ജ്ഞാനം വന്നുകിട്ടിയതിന് ശേഷമല്ലാതെ ഭിന്നിച്ചിട്ടില്ല എന്ന് പറഞ്ഞാൽ 2: 213 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം വന്നു കിട്ടിയ ശേഷമല്ലാതെ ഭിന്നിച്ചിട്ടില്ല എന്നാണ്. ഇന്ന് മനുഷ്യർക്ക് മൊത്തമുള്ള ഗ്രന്ഥം അദ്ദിക്ർ മാത്രമാണ്. അതിനെ സത്യപ്പെടുത്തി ജീവിക്കാത്തതു കാരണം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ ഭിന്നിച്ചുകൊണ്ടിരിക്കുന്നത്. ഗ്രന്ഥത്തിന്റെ ശരീരവും ജീവനും മാത്രമെടുക്കുകയും 36: 69 ൽ പറഞ്ഞ വ്യക്തമായ വായനയും 6: 90 ൽ പറഞ്ഞ സർവലോകർക്കുള്ള ഉണർത്തലുമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവരാണ് 25: 18 ൽ പറഞ്ഞ അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിത്തീർന്ന അവർ. 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ് അവർ. ലോകത്ത് ആര് എവിടെ രക്തം ചിന്തിയാലും നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാലും ഏതൊരു ജീവി എന്തൊരു പ്രയാസം അനുഭവിച്ചാലും അതിന്റെയെല്ലാം പാപഭാരം വഹിക്കേണ്ടത് 48: 6 ൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ തന്നെയാണ് എന്ന് 6: 26; 20: 99-101 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 62 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സിക്ക് തുടങ്ങിയ ഇതര ജനവിഭാഗങ്ങൾ ഏകദൈവത്തെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർമങ്ങൾ ചെയ്യുകയാണെങ്കിൽ അവർക്ക് അവരുടെ പ്രതിഫലം അവരുടെ നാഥന്റെ പക്കലുണ്ട്, അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. 2: 254; 10: 47 വിശദീകരണം നോക്കുക.

94. അപ്പോൾ നാം നിന്നിലേക്ക് അവതരിപ്പിച്ചിട്ടുള്ളതിൽ നിനക്ക് വല്ല സംശയവുമുണ്ടെങ്കിൽ നിനക്കുമുമ്പ് ഗ്രന്ഥം വായിച്ചു കൊണ്ടിരിക്കുന്നവരോട് നീ ചോദിച്ചുനോക്കുക! നിശ്ചയം നിന്റെ നാഥനിൽ നിന്നുള്ള സത്യം നിനക്ക് വന്നുകിട്ടിയിരിക്കെ അപ്പോൾ നീ ഒരിക്കലും സംശയാലുക്കളിൽ പെട്ടുപോകരുത്.

26: 196-197 സൂക്തങ്ങളിൽ, നിശ്ചയം ഈ ഗ്രന്ഥം പഴയ വേദങ്ങളിലെല്ലാമുണ്ട്. ഇസ്റാഈൽ സന്തതികളിലെ പണ്ഡിതന്മാർക്ക് ഈ ഗ്രന്ഥത്തെക്കുറിച്ച് അറിയാം എന്നത് ഇവർക്കൊരു ദൃഷ്ടാന്തമല്ലെയോ എന്ന് ചോദിച്ചിട്ടുണ്ട്. 2: 147; 7: 8-9; 10: 108; 39: 41, 69, 75; 43: 78 തുടങ്ങി 256 സൂക്തങ്ങളിൽ അദ്ദിക്റിന് സത്യം എന്ന പേര് പരാമർശിച്ചിട്ടുണ്ട്. അദ്ദിക്ർ ഉറപ്പുനൽകുന്ന സത്യമാണെന്ന് 56: 95 ലും 69: 51 ലും പറഞ്ഞിട്ടുണ്ട്. പ്രവാചകൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട അദ്ദിക്റിൽ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുണ്ട്. അഥവാ 2: 2 ൽ വിവരിച്ച പ്രകാരം മുമ്പ് വന്നിട്ടുള്ള ഗ്രന്ഥങ്ങളെല്ലാം അദ്ദിക്റാണ്.

നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് സത്യമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാണെന്ന് ഉറപ്പുവരുത്താത്ത കപടവിശ്വാസികളും അനുയായികളും നരകക്കുണ്ഠം കാണുമ്പോൾ 'നാഥാ, ഞങ്ങൾ നരകശിക്ഷ കണ്ടു, അതിലെ രോദനങ്ങൾ കേൾക്കുകയും ചെയ്തു, അതുകൊണ്ട് ഞങ്ങളെ നീ ഐഹികലോകത്തേക്കുതന്നെ തിരിച്ചയച്ചാലും, ഞങ്ങൾ സൽക്കർമം ചെയ്ത് വന്നുകൊള്ളാം, നിശ്ചയം ഞങ്ങൾക്ക് ദൃഢബോധ്യം വന്നിരിക്കുന്നു' എന്ന് പറയുന്ന രംഗം 32: 12 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഫുജ്ജാറുകളിലെ സംഘട

നകളിൽ നിന്ന് ഏതൊരുവനാകട്ടെ, സാക്ഷിയും കാരുണ്യവും സന്മാർഗവും ഇമാമും സത്യവുമായ അദ്ദിക്ർ എന്ന ഗ്രന്ഥത്തെ മൂടിവെക്കുകയാണെങ്കിൽ അപ്പോൾ അവനോട് വാഗ്ദത്തം ചെയ്തിട്ടുള്ളത് നരകക്കുണ്ഠമാണെന്ന് 11: 17 ൽ പറഞ്ഞിട്ടുണ്ട്. സത്യമായ പ്രപഞ്ചനാഥനെ പരിചയപ്പെടുത്തുന്ന സത്യമായ ഗ്രന്ഥത്തെ മൂടിവെക്കുന്ന കപടവിശ്വാസികളും ഹൃദയത്തിൽ സംശയമാകുന്ന രോഗമുള്ളവരും ഈസാ രണ്ടാമതുവന്നാൽ 4: 90–91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അന്ന് ഇസ്‌ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നതാണ്. 5: 48; 10: 35 വിശദീകരണം നോക്കുക.

95. നീ ഒരിക്കലും അല്ലാഹുവിന്റെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുന്നവരിൽ പെട്ടുപോവുകയുമരുത്, അങ്ങനെയായാൽ നീ എല്ലാം നഷ്ടപ്പെട്ടവരിൽ പെട്ടുപോകുന്നതുമാണ്.

2: 89; 5: 10, 86; 82: 14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളും അനുയായികളും നരകക്കുണ്ഠത്തിന്റെ സഹവാസികളാണ്. 6: 55; 7: 40 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരാണ് അവർ. 2: 26–27; 9: 31 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ലക്ഷ്യബോധം നഷ്ടപ്പെട്ടവരും, 15: 44 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിന്റെ ഏഴ് വാതിലുകളിലേക്ക് നിജപ്പെടുത്തിവെക്കപ്പെട്ടവരുമായ ഇത്തരം മിഥ്യാവാദികളും കാഫിറുകളുമായ ഫുജ്ജാറുകളാണ് 40: 78, 85 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സത്യമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കപ്പെടുമ്പോൾ നഷ്ടപ്പെട്ടവരാവുക. 2: 119–121; 7: 8–9; 10: 39 വിശദീകരണം നോക്കുക.

96. നിശ്ചയം നിന്റെ നാഥന്റെ വചനം ആരുടെ മേലിലാണോ ബാധകമായത്, അവർ വിശ്വസിക്കുകയില്ലതന്നെ,

97. –അവർക്ക് എല്ലാ ദൃഷ്ടാന്തവും വന്നുകിട്ടിയാലും, വേദനാജനകമായ ശിക്ഷ കാണുന്നതുവരെ.

36: 7 ൽ, അവരിൽ അധികപേരിലും വചനം ബാധകമായി, അപ്പോൾ അവർ വിശ്വസിക്കുകയില്ല എന്നും; 36: 69–70 സൂക്തങ്ങളിൽ, വ്യക്തമായ വായനയായ അദ്ദിക്ർ ജീവനുള്ളവരെ മുന്നറിയിപ്പ് നൽകുന്നതിനും കാഫിറുകളുടെ മേൽ വചനം ബാധകമാകുന്നതിനും വേണ്ടി അവതരിപ്പിച്ചിട്ടുള്ളതാണെന്നും പറഞ്ഞിട്ടുണ്ട്. വചനം എന്താണെന്ന് 32: 13 ൽ പറയുന്നത് ഇങ്ങനെയാണ്: നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ എല്ലാഓരോ ആത്മാവിനും അതിന്റെ സൻമാർഗം മാത്രം നൽകുമായിരുന്നു, എന്നാൽ നിശ്ചയം ജിന്നുകളെയും മനുഷ്യരെയും മുഴുവനും കൊണ്ട് നാം നരകക്കുണ്ഠം കുത്തിനിറക്കുകതന്നെ ചെയ്യുമെന്ന് എന്നിൽ നിന്ന് വചനം ഉണ്ടായിക്കഴിഞ്ഞു.

8: 48 ൽ വിവരിച്ചതുപോലെ ജിന്നുകൂട്ടുകാരനെ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്ത ഒരാൾക്കും സ്വർഗ്ഗത്തിലേക്ക് തിരിച്ചുപോകാൻ സാധിക്കുകയില്ല. ആരാണോ നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി തന്റെ പട്ടിക 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീനി*ൽ നിന്ന് 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള *ഇല്ലിയ്യീനി*ലേക്ക് മാറ്റിയത്, അവൻ മാത്രമാണ് വിജയം വരിക്കുക. ഈസാ രണ്ടാമതുവന്ന് കാഫിറായ മസീഹുദ്ദജ്ജാലിനെ വധിക്കുന്ന

തോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും വധിക്കപ്പെട്ടുകൊണ്ട് 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാകുമ്പോൾ മാത്രമാണ് 38: 8 ൽ ൽ വിവരിച്ച പ്രകാരം *ദിക്‌രീ* -അദ്ദിക്‌ർ- ആണ് നാഥനിൽ നിന്നുള്ള ഗ്രന്ഥമെന്ന് ഫുജ്ജാറുകൾക്ക് ബോധ്യം വരിക. 4: 118; 7: 178; 9: 115; 10: 33 വിശദീകരണം നോക്കുക.

98. അപ്പോൾ ഒരു നാടിനും ശിക്ഷ കാണുമ്പോൾ വിശ്വസിക്കുകയും ആ വിശ്വാസം അവർക്ക് ഉപകാരപ്രദമായിത്തീരുകയും ചെയ്തിട്ടില്ല -യൂനുസിന്റെ ജനതക്കൊഴികെ, അവർ വിശ്വാസം കൈക്കൊണ്ടപ്പോൾ നാം അവരെത്തൊട്ട് ഐഹിക ജീവിതത്തിലെ നിന്ദ്യമായ ശിക്ഷ നീക്കിക്കളഞ്ഞു, നാം അവർക്ക് ഒരു നിശ്ചിത കാലഘട്ടം വരെ ജീവിതവിഭവങ്ങൾ നൽകുകയും ചെയ്തു.

പ്രവാചകൻമാരാൽ മുന്നറിയിപ്പ് നൽകപ്പെട്ട ജനതയിൽ ഇനി ആരും വിശ്വസിക്കുകയില്ല എന്ന് കാണുമ്പോൾ പ്രവാചകനെക്കൊണ്ട് പ്രാർത്ഥിപ്പിച്ചശേഷം ശിക്ഷ നടപ്പിലാക്കി അവരെ നശിപ്പിക്കുകയും പ്രവാചകനെയും വിശ്വാസികളെയും രക്ഷപ്പെടുത്തുകയുമാണ് അല്ലാഹുവിന്റെ ചര്യ. എന്നാൽ യൂനുസ് നബിയുടെ ജനത ഇതിന് അപവാദമാണ്. അവിടെ അല്ലാഹു യൂനുസ് നബിയെയാണ് പിടികൂടിയത്. ജനതക്ക് മാപ്പുകൊടുക്കുകയും അവർക്ക് ഒരു നിശ്ചിത കാലഘട്ടം വരെ ജീവിത വിഭവങ്ങൾ നൽകുകയും ചെയ്തു.

21: 87-88; 37: 139-148; 68: 48-50 എന്നീ സൂക്തങ്ങളിൽ യൂനുസ് നബിയുടെ ചരിത്രം പരാമർശിച്ചിട്ടുണ്ട്. യൂനുസിന്റെ ജനത അദ്ദേഹത്തിൽ വിശ്വസിക്കാൻ തയ്യാറാകാതെ വന്നപ്പോൾ അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ജനങ്ങളുടെ നിഷേധത്തിൽ കോപാകുലനായി യൂനുസ് നബി അല്ലാഹുവിന്റെ സമ്മതം കൂടാതെ ഒരു കപ്പലിൽ കയറി നാട് വിടുകയുമാണുണ്ടായത്. കപ്പൽ പുറപ്പെട്ട് കുറച്ചു കഴിഞ്ഞപ്പോൾ ഭാരക്കൂടുതൽ കാരണം എല്ലാവരും മുങ്ങിമരിക്കാൻ ഇടവരാതിരിക്കാൻ വേണ്ടി അതിലെ യാത്രക്കാർ നറുക്കെടുപ്പിലൂടെ ഒരാളെ കടലിലേക്ക് തള്ളാൻ തീരുമാനിച്ചു. നറുക്ക് വീണത് യൂനുസിനാണ്. കടലിലെറിയപ്പെട്ട യൂനുസിനെ അല്ലാഹു ഒരു തിമിംഗലത്തെക്കൊണ്ട് വിഴുങ്ങിപ്പിച്ചു. അതിന്റെ വയറ്റിൽ വെച്ച് യൂനുസ് 21: 87 ൽ പറഞ്ഞ പ്രകാരം ആത്മാവുകൊണ്ട് 'നിശ്ചയം നീയല്ലാതെ ഇലാഹില്ലതന്നെ, നീ മാത്രമാണ് കുറ്റം ചെയ്യാത്ത പരിശുദ്ധൻ, നിശ്ചയം ഞാൻ അക്രമികളിൽ പെട്ടവനായിരിക്കുന്നു' എന്ന് നാഥനോട് പ്രാർത്ഥിച്ചു. അപ്പോൾ തിമിംഗലത്തെക്കൊണ്ട് അദ്ദേഹത്തെ കരയിലേക്ക് ഛർദ്ദിപ്പിക്കുകയും അവിടെ അദ്ദേഹത്തിന് വേണ്ടി ഒരു തണ്ണിമത്തന്റെ ചെടി മുളപ്പിക്കുകയും കായ്പ്പിക്കുകയും ചെയ്ത് അത് ഭക്ഷണമായി നൽകുകയുണ്ടായി. നാഥനെ പരിശുദ്ധപ്പെടുത്തുന്നവരിൽ ഉൾപെട്ടിരുന്നില്ലെങ്കിൽ യൂനുസിനെ അതിന്റെ വയറ്റിൽ പുനർജന്മനാൾ വരെ താമസിപ്പിക്കുമായിരുന്നു എന്ന് 37: 143-144 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ശിക്ഷയുടെ ആരവാരം മുന്നിൽ കണ്ട യൂനുസിന്റെ ജനത അദ്ദേഹത്തെ അന്വേഷിക്കുകയും കാണാതിരുന്നപ്പോൾ സ്ത്രീകളെയും കുട്ടികളെയും വയസ്സൻമാരെയും മൈതാനിയിൽ ഹാജരാക്കി എല്ലാവരും കൂടി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. അപ്പോൾ അല്ലാഹു ആസന്നമായ ആ ശിക്ഷ ഒഴിവാക്കുകയും യൂനുസ് നബിയെ വീണ്ടും

ഒരു ലക്ഷത്തിലധികം വരുന്ന ആ ജനതയിലേക്ക് നിയോഗിക്കുകയും ചെയ്തു. അങ്ങനെ അവർ യൂനുസിന്റെ പ്രബോധനം സ്വീകരിച്ച് അദ്ദേഹത്തിൽ വിശ്വസിക്കുകയും അവർക്ക് നിശ്ചയിച്ച ജീവിതവിഭവങ്ങൾ അനുഭവിക്കുകയും ചെയ്തു എന്ന് 37: 147-148 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. യൂനുസ് തിമിംഗലത്തിന്റെ വയറ്റിൽ വെച്ച് അല്ലാഹുവിനെ വാഴ്ത്തിക്കൊണ്ട് പ്രാർത്ഥിച്ചപ്പോൾ നാം അവന് ഉത്തരം നൽകുകയും അവൻ അകപ്പെട്ടിരുന്ന വിപത്തിൽ നിന്ന് അവനെ രക്ഷപ്പെടുത്തുകയും ചെയ്തു, അപ്രകാരമാണ് നാം വിശ്വാസികളായവരെ രക്ഷപ്പെടുത്തുക എന്ന് 21: 88 ൽ പറഞ്ഞിട്ടുണ്ട്. പ്രവാചകന്മാരെയും വിശ്വാസികളെയും കാര്യകാരണബന്ധത്തിന് അതീതമായി സഹായിക്കുകയും രക്ഷപ്പെടുത്തുകയും ചെയ്യുക എന്നത് നാഥന്റെ കടമയാണെന്ന് 4: 158 ൽ വിവരിച്ചിട്ടുണ്ട്.

22: 78 അവസാനിക്കുന്നത് 'അപ്പോൾ നിങ്ങൾ അല്ലാഹുവിനെ മുറുകെപ്പിടിക്കുക, അവനാണ് നിങ്ങളുടെ യജമാനൻ, എത്ര നല്ല യജമാനൻ! എത്ര നല്ല സഹായി!' എന്ന് പറഞ്ഞുകൊണ്ടാണ്. എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്ർ ഇന്ന് ഒരുഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിക്കുക വഴി ഏതൊരാൾക്കും നാഥനെ മുറുകെപ്പിടിച്ച് നേരെ ചൊവ്വെയുള്ള പാതയിൽ നിലകൊള്ളാൻ സാധിക്കുന്നതാണ്. എന്നാൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കപടവിശ്വാസികളും ഫാജിറുകളും 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിരിക്കുന്നതിനാൽ 2: 85 ൽ പറഞ്ഞ പ്രകാരം അവർക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണുള്ളത്. 3: 26-27, 37; 10: 4, 65 വിശദീകരണം നോക്കുക.

99. നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ള മുഴുവൻ ആളുകളും വിശ്വാസം കൈകൊള്ളുകതന്നെ ചെയ്യുമായിരുന്നു, അപ്പോൾ മനുഷ്യരെല്ലാം വിശ്വാസികളായിത്തീരുന്നതിന് നീ മനുഷ്യരെ നിർബന്ധിക്കുകയോ?

100.അല്ലാഹുവിന്റെ സമ്മതപത്രം കൊണ്ടല്ലാതെ ഒരാൾക്കും വിശ്വസിക്കാൻ സാധിക്കുകയുമില്ല, ചിന്തിക്കാത്തവരായവരുടെ മേൽ അതിനെ മാലിന്യമാക്കുകയും ചെയ്തിരിക്കുന്നു.

ഭൂമിയിൽ നിഷേധികളും ധിക്കാരികളും ഒരിക്കലും ഉണ്ടാകരുതെന്നും എല്ലാവരും അല്ലാഹുവിനോട് വണക്കമുള്ളവരും അനുസരണശീലമുള്ളവരും ആകണമെന്നുമായിരുന്നു സ്രഷ്ടാവിന്റെ ഇച്ഛയെങ്കിൽ ജനങ്ങളെ ഒന്നടങ്കം വിശ്വാസികളായി സൃഷ്ടിക്കുക എന്നത് അവന് ഒട്ടും വിഷമമുള്ള കാര്യമായിരുന്നില്ല. സൃഷ്ടിപ്പിൽതന്നെ എല്ലാവരുടെയും ഹൃദയങ്ങളിൽ സൻമാർഗ്ഗം മാത്രം നിക്ഷേപിക്കാൻ അവന് സാധിക്കുമായിരുന്നു, എന്നിരിക്കെ എല്ലാവരും വിശ്വാസികളാവാത്തതിൽ നീ മനുഷ്യരെ വെറുക്കേണ്ടതില്ല, അതിന് അവരെ നിർബന്ധിക്കേണ്ടതുമില്ല, കാരണം ദീനിൽ നിർബന്ധമില്ല. എല്ലാഓരോ ആത്മാവിനും അതിന്റെ സൻമാർഗവും ദുർമാർഗവും നൽകിയിട്ടുണ്ട്. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ആരാണോ അവരവരെ തിരിച്ചറിഞ്ഞ് അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ മനസ്സിലാക്കി ജീവിതലക്ഷ്യം തിരിച്ചറിഞ്ഞ് പ്രവർത്തിച്ചത് അവർ വിജയിച്ചു. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ അദ്ദിക്റിനെത്തൊട്ട് അന്ധത കാണിച്ച് ജീവിതലക്ഷ്യം തിരിച്ചറിയാതെ ആരാണോ അവരവരെ നഷ്ടപ്പെടുത്തിയത് അവർ പരാജയപ്പെടുകയും ചെയ്തു. രാവും പകലും പ്രബോധനം ചെയ്തിട്ട് ജനങ്ങൾ ഇസ്ലാം സ്വീകരിക്കാൻ തയ്യാറാവാതെ വന്നപ്പോൾ പ്രവാചകൻ അതിയായി ദു:ഖിക്കുകയും സങ്ക

ടപ്പെടുകയും ചെയ്തിരുന്നു. അപ്പോൾ യൂനുസിന്റെ ചരിത്രം വിവരിച്ചു കൊടുത്തുകൊണ്ട് പ്രവാചകനെ സമാധാനിപ്പിക്കുകയാണ്.

സമ്മതപത്രം എന്നത് അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. ഇന്ന് അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതുകൊണ്ടല്ലാതെ ആരും വിശ്വാസിയാവുകയില്ല. വിശ്വാസിയാകാതെ ഒരാളും സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് 40: 40 ലും, അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പടുത്താതെ ഒരാളും സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് 78: 29 ലും പറഞ്ഞിട്ടുണ്ട്. 2: 256 ൽ വിവരിച്ച പ്രകാരം ദീനിന്റെ കാര്യത്തിൽ നിർബന്ധമില്ല. തന്റേടത്തിന്റെ മാർഗവും വഴികേടിന്റെ മാർഗവും വേർതിരിഞ്ഞ് കഴിഞ്ഞിരിക്കെ ആരാണോ ദുശ്ശക്തികളെ വെടിഞ്ഞ് പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിച്ചത്, അവൻ 3: 101 ൽ പറഞ്ഞ പ്രകാരം നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. 2: 272, 286; 5: 67; 7: 150; 10: 57-58 വിശദീകരണം നോക്കുക.

101. നീ പറയുക: നിങ്ങൾ ആകാശങ്ങളിലും ഭൂമിയിലുമുള്ളത് എന്തൊന്നാണോ അതൊന്ന് നോക്കിക്കാണുക, വിശ്വസിക്കാത്തവരായ ജനത്തെത്തൊട്ട് ദൃഷ്ടാന്തങ്ങൾ കൊണ്ടും താക്കീതുകൾ കൊണ്ടും ഒരു പ്രയോജനവും ലഭിക്കുകയുമില്ല.

മുഹമ്മദിന്റെ പ്രവാചകത്വം സത്യമാണെന്ന് ഉറപ്പുവരുത്താൻ പറ്റിയ ദിവ്യാത്ഭുതങ്ങൾ ഞങ്ങൾക്ക് കാണിച്ചുതരിക, എന്നാൽ ഞങ്ങൾ വിശ്വസിക്കാം എന്ന് പറയുന്നവർക്കുള്ള മറുപടിയാണ് ഇത്. നിങ്ങൾക്ക് വിശ്വാസം സ്വീകരിക്കാൻ ആഗ്രഹമുണ്ടെങ്കിൽ ആകാശഭൂമികളിൽ എല്ലായിടത്തും കണക്കില്ലാത്ത ദൃഷ്ടാന്തങ്ങൾ പരന്നുകിടപ്പുണ്ട്. നിങ്ങൾ ഉൾക്കാഴ്ചാദായകമായ അദ്ദിക്റിലൂടെ നോക്കണമെന്നുമാത്രം. 67: 3-4 സൂക്തങ്ങളിൽ, തട്ടുതട്ടുകളായി ഏഴ് ആകാശങ്ങളെ സൃഷ്ടിച്ച നിഷ്പക്ഷവാന്റെ സൃഷ്ടിപ്പിൽ ഒരു പോരായ്മയും നീ കണ്ടെത്തുകയില്ല; വീണ്ടും നോക്കുക, നീ എന്തെങ്കിലും കോട്ടങ്ങൾ കാണുന്നുണ്ടോ? പിന്നെ രണ്ടാമത് ഒന്നുകൂടി നോക്കുക, നിന്റെ ദൃഷ്ടി നിരാശയോടെ ക്ഷീണിതനായിക്കൊണ്ട് നിന്നിലേക്കുതന്നെ മടങ്ങുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്.

അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഏതൊരു വസ്തുവിനെയും അവൻ നോക്കിയിട്ടില്ലെയോ? അവയും അവയുടെ നിഴലുകളും ഇടതും വലതുമായി അവന് സാഷ്ടാംഗം പ്രണമിക്കുന്നത്, അവർ ദൈന്യത പ്രകടിപ്പിക്കുന്നവരുമാണ് എന്ന് 16: 48 ൽ പറഞ്ഞിട്ടുണ്ട്. ഇത്തരം സൂക്തങ്ങൾ അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകളായ യഥാർത്ഥ കാഫിറുകൾ നാഥന്റെ കൽപന ധിക്കരിച്ചുകൊണ്ട് പിശാച് ആദമിന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യാതിരുന്നതുപോലെ ഗ്രന്ഥത്തിൽ 15 സ്ഥലങ്ങളിൽ പറഞ്ഞ തിലാവത്തിന്റെ നിർബന്ധമായ സാഷ്ടാംഗപ്രണാമം നിർവഹിക്കാത്തവരാണ്. ആത്മാവിനെ പരിഗണിക്കാത്തവരും ജിന്ന് കൂട്ടുകാരനെ വിശ്വാസിയാക്കാത്തവരുമായ ഈ കെട്ടജനത അവരുടെ ശരീരം കൊണ്ടുള്ള നമസ്കാരങ്ങളിൽ ധൃതിയിലുള്ള സാഷ്ടാംഗപ്രണാമം ചെയ്യുക വഴി 22: 18 ൽ പറഞ്ഞ പ്രകാരം ശിക്ഷ ബാധകമായവരാണ്. അവരെ മുന്നറിയിപ്പ് നൽകലും നൽകാതിരിക്കലും സമമാണ്, അവർ വിശ്വാസികളാവുകയില്ല എന്ന് 2: 6-7 സൂക്തങ്ങളിലും; അവരിൽ അധികപേരും ശിക്ഷാവചനം ബാധകമായവരായതിനാൽ ഇനി അവർ വിശ്വാസികളാവുകയില്ല എന്ന് 36: 7 ലും പറഞ്ഞിട്ടുണ്ട്. 3: 91; 6: 111; 7: 185 വിശദീകരണം നോക്കുക.

102. അപ്പോൾ അവർക്കുമുമ്പ് കഴിഞ്ഞുപോയ ജനങ്ങൾ നേരിട്ടതുപോലുള്ള ദി

നങ്ങൾ അഭിമുഖീകരിക്കുകയല്ലാതെ മറ്റെന്താണ് അവർ കാത്തിരിക്കുന്നത്? നീ പറയുക: അപ്പോൾ നിങ്ങൾ കാത്തിരിക്കുക, നിശ്ചയം നിങ്ങളോടൊപ്പം ഞാനും കാത്തിരിക്കുന്നവരിൽ പെട്ടവനാകുന്നു.

അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസിയാണ് ഇന്ന് അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ലക്ഷ്യബോധമില്ലാതെ ജീവിക്കുന്ന കുഫ്ഫാറുകളോട് ഇങ്ങനെ പറയേണ്ടത്. 10: 11, 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തെമ്മാടികളായ കപടവിശ്വാസികളും അവരുടെ അനുയായികളും വിശ്വാസികളെ പരിഹസിച്ചുകൊണ്ട് ചോദിക്കുന്നതാണ്: നിങ്ങൾ സത്യസന്ധന്മാരാണെങ്കിൽ എപ്പോഴാണ് ഈ വാഗ്ദത്തം സംഭവിക്കുക എന്ന്. 2: 210; 6: 158; 7: 171, 187 വിശദീകരണം നോക്കുക.

103.പിന്നെ നമ്മുടെ പ്രവാചകൻമാരെയും വിശ്വാസികളായവരെയും നാം രക്ഷപ്പെടുത്തുന്നു, അപ്രകാരം വിശ്വാസികളെ രക്ഷപ്പെടുത്തുക എന്നത് നമ്മുടെ മേൽ ബാധ്യതയാകുന്നു.

നിശ്ചയം ഞാനും എന്റെ പ്രവാചകൻമാരും തന്നെയാണ് അതിജയിക്കുക എന്ന് അല്ലാഹു രേഖപ്പെടുത്തിയിട്ടുണ്ട്, നിശ്ചയം അല്ലാഹു ചോദ്യം ചെയ്യപ്പെടാത്ത അജയ്യനും ശക്തനുമാണ് എന്ന് 58: 21 ൽ പറഞ്ഞിട്ടുണ്ട്. 30: 47 അവസാനിക്കുന്നത് 'വിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ ബാധ്യതയാണ്' എന്ന് പറഞ്ഞുകൊണ്ടാണ്. യൂസുഫിന് പ്രായപൂർത്തിയായപ്പോൾ നാഥൻ തത്വജ്ഞാനവും അറിവും നൽകുകയുണ്ടായി എന്ന് 12: 22 ലും, മൂസാക്ക് പ്രായപൂർത്തിയും പക്വതയുമായപ്പോൾ നാഥൻ തത്വജ്ഞാനവും അറിവും നൽകുകയുണ്ടായി എന്ന് 28: 14 ലും പറഞ്ഞതിന് ശേഷം രണ്ട് സൂക്തങ്ങളും അവസാനിക്കുന്നത് 'അപ്രകാരമാണ് അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്ക് നാം പ്രതിഫലം നൽകുക' എന്ന് പറഞ്ഞുകൊണ്ടാണ്. 40: 51 ൽ, നിശ്ചയം നാം നമ്മുടെ പ്രവാചകന്മാരെയും വിശ്വാസികളായവരെയും ഐഹികജീവിതത്തിലും സാക്ഷികൾ നിലവിൽ വരുന്ന ദിനത്തിലും സഹായിക്കുകതന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്.

പ്രവാചകൻമാരെല്ലാം തന്നെ അദ്ദിക്ർ പിൻപറ്റുന്ന വിശ്വാസികളായിരുന്നു. എല്ലാ പ്രവാചകൻമാർക്കും മനുഷ്യരിലും ജിന്നുകളിലും പെട്ട പിശാചുക്കളെ ശത്രുക്കളാക്കിയിരിക്കുന്നു എന്ന് 6: 112 ലും; എന്നാൽ തങ്ങളുടെ നാഥന്റെ മേൽ ഭരമേൽപിച്ച വിശ്വാസികളുടെമേൽ പിശാചിന് യാതൊരു സ്വാധീനവുമില്ല എന്ന് 16: 99 ലും പറഞ്ഞിട്ടുണ്ട്. പ്രവാചകന്മാർക്ക് ഗ്രന്ഥം ഘട്ടം ഘട്ടമായിട്ടാണ് ലഭിക്കുന്നത് എന്നതിനാലാണ് പിശാചിന് അവരെ സമീപിക്കാൻ സാധിച്ചിരുന്നത്. പ്രവാചകന് ഉഹ്ദ് യുദ്ധത്തിൽ പരിക്കേറ്റതും മാരണക്കാർ അവരുടെ വടികളും കയറുകളും എറിഞ്ഞ് അവ ഇഴയുന്ന പാമ്പുകളായി മാറിയതായി തോന്നിയപ്പോൾ മൂസാ ഉള്ളിൽ ഭയപ്പെട്ടതും അയ്യൂബ് നബിക്ക് പതിനഞ്ച് വർഷത്തോളം പിശാച് ബാധിച്ച് മാറാവ്യാധികൾ പിടിപെട്ടതുമെല്ലാം അതുകൊണ്ടായിരുന്നു. ഗ്രന്ഥം പൂർത്തിയായി ലഭിച്ചതിനുശേഷം പ്രവാചകന്മാരെയോ അദ്ദിക്റിനെ എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും പിശാചിനെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമായി ഉപയോഗപ്പെടുത്തി നിലകൊള്ളുന്ന വിശ്വാസികളെയോ പിശാച് സമീപിക്കുകയില്ല. നാഥനെ നിഷ്പക്ഷവാനായി അംഗീകരിച്ചുകൊണ്ട് അദ്ദിക്റിനെ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായി ലോകർക്ക് പരിചയപ്പെടുത്തുന്ന അവന്റെ പ്രതിനിധികളായ വിശ്വാസികളെ രക്ഷപ്പെടുത്തുക എന്നത് അല്ലാഹുവിന്റെ ബാധ്യതയാണെന്നാണ് സൂക്തം പഠിപ്പിക്കുന്നത്. നാഥൻ നിഷ്

പക്ഷവാനായതിനാൽ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിത ത്തിലും നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കുന്ന വിശ്വാസി ത ന്നെയാണ് തന്റെ മരണം തീരുമാനിക്കുക. വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന അത്തരം ഒരു വിശ്വാസി ലോകത്തെവിടെയും ഇല്ലാതാകുമ്പോഴാണ് അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നായ മസീഹുദ്ദജ്ജാൽ പുറപ്പെടുക. 2: 102; 3: 101 -102, 145; 5: 48 വിശദീകരണം നോക്കുക.

104.നീ പറയുക: ഓ മനുഷ്യരേ, എന്റെ ജീവിത രീതിയെക്കുറിച്ച് നിങ്ങൾ ഇപ്പോഴും സംശയമുള്ളവരാണെങ്കിൽ അപ്പോൾ നിങ്ങൾ അല്ലാഹുവിനെക്കൂടാതെ ആരെ സേവിക്കുന്നുവോ, അവരെ ഞാൻ സേവിക്കുന്നവനല്ല; എന്നാൽ ഞാൻ നിങ്ങളെ തിരിച്ചുവിളിക്കുന്നവനായ അല്ലാഹുവിനെ മാത്രം സേവിക്കുന്നവനാണ്, ഞാൻ വിശ്വാസികളിൽ പെട്ടവനായിരിക്കണമെന്ന് കൽപിക്കപ്പെടുകയും ചെയ്തി രിക്കുന്നു.

39: 42 ൽ പറഞ്ഞ പ്രകാരം ആത്മാവുകളെ മരണസമയത്ത് പൂർണ്ണമായി തിരിച്ചെ ടുക്കുന്നത് അല്ലാഹുവാണ്; മരിക്കാത്തവരുടേത് അവയുടെ ഉറക്കത്തിലും, മരണം വിധി ച്ചവന്റെ ആത്മാവിനെ അവൻ അവിടെ പിടിച്ചുവെക്കുന്നു, മരണം വിധിക്കാത്തവരുടേത് നിശ്ചിത അവധിവരെ തിരിച്ച് കൊടുക്കുകയും ചെയ്യുന്നു. മനുഷ്യർക്ക് പ്രപഞ്ചനാഥനെ ക്കൂടാതെ സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെ ഇല്ല എന്ന് ഉണർത്താൻ 32: 4 ലൂടെ പ്രവാചകനും വിശ്വാസിയും കൽപിക്കപ്പെട്ടിരിക്കുന്നു. എല്ലാ പ്രവാചകന്മാരും നബിമാരും വിശ്വാസികളും വിശ്വാസിയായ അല്ലാഹുവിന്റെ സംഘത്തിൽ പെട്ടവരാണ്. 5: 55-56 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അല്ലാഹുവിന്റെ സംഘത്തിൽ പെട്ടവർ മാത്രമാണ് വിജയം വരിക്കുക. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി യുടെ പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാ രമായിരിക്കണം. 39: 11 ൽ, നീ പറയുക: നിശ്ചയം ജീവിതം മുഴുവൻ അല്ലാഹുവിന് പ്രത്യേ കമാക്കിക്കൊണ്ട് അവനെ സേവിച്ചുകൊണ്ടിരിക്കാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു എന്നും; 39: 12 ൽ, അവന് സർവ്വാർപ്പണം ചെയ്തവരിൽ ഒന്നാമനാകണമെന്ന് ഞാൻ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്നും; 39: 13 ൽ, നീ പറയുക: നിശ്ചയം ഞാൻ എന്റെ നാഥനെ ധിക്കരിക്കുന്നപക്ഷം ഭയങ്കരമായ ഒരു നാളിലെ ശിക്ഷ ഞാൻ ഭയപ്പെടുന്നു എന്നും പറഞ്ഞിട്ടുണ്ട്. വിശ്വാസി അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കാഫി റുകളോട്, 'നിങ്ങൾക്ക് നിങ്ങളുടെ ജീവിതരീതി, എനിക്ക് യഥാർത്ഥ ജീവിതരീതിയും' എന്ന് പ്രഖ്യാപിക്കാൻ 109: 6 ലൂടെ കൽപിക്കപ്പെട്ടിരിക്കുന്നു. അതായത് ഞാൻ പിൻപറ്റു ന്നത് സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതരീതിയാണ് എന്നും നിങ്ങൾ പിൻപറ്റുന ത് പിശാചിന്റെ മിഥ്യയായ വിവിധങ്ങളായ മാർഗങ്ങളാണ് എന്നുമാണ് പ്രഖ്യാപിക്കുന്നത്. 1: 4; 2: 152; 3: 42-43 വിശദീകരണം നോക്കുക.

105.-ഋജുമാനസനായി നിന്നെ ഈ ദീനിൽ ശരിക്കും ഉറപ്പിച്ചു നിർത്തണമെന്നും നീ ഒരിക്കലും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവ രിൽ പെട്ടുപോകരുതെന്നും.

'ഋജുമാനസനായി' -*ഹനീഫൻ*- എന്നതിന്റെ വിവക്ഷ, എപ്പോൾ എവിടെയാണെങ്കി ലും അല്ലാഹുവിനുവേണ്ടി നിലകൊള്ളണമെന്നും തെറ്റുചെയ്യാൻ അവസരമുണ്ടായിട്ടും

അല്ലാഹുവിനെ കണ്ടുകൊണ്ട് തെറ്റുചെയ്യാതിരിക്കണമെന്നുമാണ്. ഞാൻ വിശ്വാസികളിൽ പെട്ടവനാണെന്ന് പ്രഖ്യാപിച്ചാൽ മാത്രംപോര, അല്ലാഹുവിന്റെ ദീനിൽ സർവ്വാത്മനാ അവന് സമർപ്പിച്ച് അവനുവേണ്ടിമാത്രം ജീവിക്കുന്നവനായി നിലകൊള്ളുകയും വേണമെന്ന് സാരം.

ഇതാണ് എന്റെ മാർഗം, ഞാൻ നിങ്ങളെ വിളിക്കുന്നത് അല്ലാഹുവിലേക്കാണ്, ഞാനും എന്നെ പിൻപറ്റുന്നവരും ഒരു കാഴ്ചപ്പാടിലാണുള്ളത്, അഥവാ ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്റിന്റെ വെളിച്ചത്തിലാണ് നിലകൊള്ളുന്നത്, അല്ലാഹു ഏറ്റവും പരിശുദ്ധനാകുന്നു, ഞാൻ അവനിൽ പങ്കുചേർക്കുന്നവരിൽ പെട്ടവനല്ല തന്നെ എന്ന് പറയാൻ 12: 108 ലൂടെ പ്രവാചകനോട് കൽപിച്ചിട്ടുണ്ട്. 39: 65 ൽ, നിശ്ചയം നിന്നിലേക്കും നിന്റെ മുമ്പുള്ളവരിലേക്കും ദിവ്യസന്ദേശം നൽകപ്പെട്ടിട്ടുണ്ട്, നീയെങ്ങാനും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുകയാണെങ്കിൽ നിശ്ചയം നിന്റെ പ്രവർത്തനങ്ങളെല്ലാം മിഥ്യയായിപ്പോവുകയും നീ നഷ്ടപ്പെട്ടവരിൽ പെട്ടവനാവുകയും ചെയ്യുമെന്നും; 39: 66 ൽ, അല്ല, അപ്പോൾ നീ അല്ലാഹുവിനെ മാത്രം സേവിക്കുക, നന്ദി പ്രകടിപ്പിക്കുന്നവരിൽ ഉൾപ്പെടുകയും ചെയ്യുക എന്നും പറഞ്ഞിട്ടുണ്ട്. 16: 89 ൽ പറഞ്ഞ പ്രകാരം എല്ലാഓരോ കാര്യവും വിശദീകരിക്കുന്ന അദ്ദിക്റിനെ സന്മാർഗമായും കാരുണ്യമായും ശുഭവാർത്താദായകമായും ഉപയോഗപ്പെടുത്തുന്ന വിശ്വാസി അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ മുശ്രിക്കുകളോട് 'ഞാൻ നിങ്ങളുടെ ജീവിതരീതി പിൻപറ്റുകയാണെങ്കിൽ എന്റെ എല്ലാ പ്രവർത്തനങ്ങളും നിഷ്ഫലമായിപ്പോകും' എന്ന് പറയാൻ കൽപിക്കപ്പെട്ടിരിക്കുന്നു. 2: 135–136; 6: 161 വിശദീകരണം നോക്കുക.

106.അല്ലാഹുവിനെക്കൂടാതെ നിനക്ക് ഉപകാരമോ നിനക്ക് ഉപദ്രവമോ ചെയ്യാൻ കഴിവില്ലാത്ത യാതൊന്നിനെയും നീ വിളിച്ച് പ്രാർത്ഥിക്കുകയുമരുത്, നീയെങ്ങാനും അങ്ങനെ ചെയ്താൽ അപ്പോൾ നിശ്ചയം നീ അക്രമികളിൽ പെട്ടവൻ തന്നെയായിരിക്കും.

കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും, മുശ്രിക്കുകളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കാൻ വേണ്ടിയാണ് അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 9: 67–68; 33: 73; 48: 6; 98: 6 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 22: 11 ൽ, ഒരു ചാരത്തുനിന്ന് അല്ലാഹുവിനെ സേവിക്കുന്നവരും ജനങ്ങളിലുണ്ട്, അപ്പോൾ അവന് ഒരു നന്മ ബാധിച്ചാൽ അതിൽ അവൻ സംതൃപ്തിയടയുന്നു, എന്നാൽ അവന് ഒരു നാശമാണ് ബാധിക്കുന്നതെങ്കിലോ, അവൻ അവനിൽ നിന്ന് മുഖം തിരിച്ചു പോകുകയുമായി; ഇഹവും പരവും നഷ്ടപ്പെട്ടവനാണ് അവൻ, അതുതന്നെയാണ് വ്യക്തമായ നഷ്ടം എന്നും; 39: 12 ൽ, അവർ അല്ലാഹുവിനെക്കൂടാതെ വിളിച്ചുപ്രാർത്ഥിക്കുന്നത് തനിക്ക് ഉപദ്രവമോ ഉപകാരമോ വരുത്താൻ കഴിയാത്ത ഒന്നിനെയാണ്, അത് തന്നെയാണ് വിദൂരമായ വഴികേട് എന്നും പറഞ്ഞിട്ടുണ്ട്. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകൾ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 8: 22; 25: 33–34 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 1: 7; 4: 117–118; 7: 194–196; 10: 17–18 വിശദീകരണം നോക്കുക.

107.അല്ലാഹു നിനക്ക് ഒരു ആപത്ത് ബാധിപ്പിക്കുകയാണെങ്കിൽ അപ്പോൾ അത് നീക്കിക്കളയുന്നവനായിട്ട് അവനല്ലാതെ മറ്റാരുമില്ല, അവൻ നിനക്ക് ഒരു നന്മ

ഉദ്ദേശിക്കുകയാണെങ്കിൽ അപ്പോൾ അവന്റെ ഔദാര്യം നീക്കിക്കളയുന്നവ നായും ആരുമില്ല, അവന്റെ അടിമകളിൽ അവൻ ഉദ്ദേശിക്കുന്നവർക്ക് അത് ബാധിപ്പിക്കുന്നു, അവൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാനുമാകുന്നു.

3: 101; 5: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആരാണോ ഏറ്റവും നല്ലതും ഔദാര്യവുമായ അദ്ദിക്റിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. 4: 78-79 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഒരുവന് ഏത് നന്മയും ലഭിക്കുന്നത് അല്ലാഹുവിൽ നിന്നാണ്; എന്നാൽ ഏത് തിന്മയും ബാധിക്കുന്നത് അവനവനിൽ നിന്നുതന്നെയുമാണ്. അഥവാ അവന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തതിനാലാണ് തിന്മ ബാധിക്കുന്നത്. 2: 269; 3: 60, 160; 4: 115; 10: 57-58 വിശദീകരണം നോക്കുക.

108. നീ പറയുക: ഓ മനുഷ്യരേ! നിങ്ങളുടെ നാഥനിൽ നിന്നുള്ള 'സത്യം' നിശ്ചയം നിങ്ങൾക്ക് വന്നുകഴിഞ്ഞിരിക്കുന്നു, അപ്പോൾ ആരാണോ അത് ഉപയോഗപ്പെടുത്തി സൻമാർഗത്തിലായത്, അപ്പോൾ നിശ്ചയം അവൻ സൻമാർഗത്തിലായത് അവനുവേണ്ടിത്തന്നെയാണ്, ആരാണോ അവനെത്തന്നെ വഴികേടിലാക്കിയത്, അപ്പോൾ നിശ്ചയം ആ വഴികേടിന്റെ ദോഷവും ആ ആത്മാവിനുതന്നെയാണ്, ഞാൻ നിങ്ങളുടെ മേൽ കൈകാര്യകർത്താവൊന്നുമല്ല.

ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ അദ്ദിക്റിനെ സത്യപ്പെടുത്തി ഇവിടെ ജീവിച്ചത്, അവൻ/അവൾ മാത്രമാണ് സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുക. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ അദ്ദിക്ർ വന്നുകിട്ടിയതിനുശേഷം അതിനെ തള്ളിപ്പറഞ്ഞ് ജീവിച്ചത്, അവൻ/അവൾ നരകക്കുണ്ഠത്തിലാണ് പ്രവേശിപ്പിക്കപ്പെടുക. നിഷ്പക്ഷവാനായ നാഥൻ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഇന്ന് അദ്ദിക്ർ ഒരു ഗ്രന്ഥമായി ക്രോഡീകരിച്ചിട്ടുണ്ട് എന്നിരിക്കെ ഒരുവന്റെ വഴികേടിന് നാഥനെയോ പിശാചിനെയോ നബിമാരെയോ മറ്റാരെയെങ്കിലുമോ കുറ്റപ്പെടുത്താൻ സാധ്യമല്ല. 9: 33 ൽ വിവരിച്ച പ്രകാരം അവൻ തന്നെയാണ് സന്മാർഗവും യഥാർത്ഥ ജീവിതവ്യവസ്ഥയുമായ അദ്ദിക്ർ കൊണ്ട് അവന്റെ പ്രവാചകന്മാരെ നിയോഗിച്ചിട്ടുള്ളത്, അത് മറ്റെല്ലാ ജീവിത വ്യവസ്ഥകളെക്കാളും അത്യുന്നതങ്ങളിൽ ആകുന്നതിനുവേണ്ടി, മുശ്രിക്കുകൾക്ക് അത് എത്ര അരോചകമായിരുന്നാലും ശരി. 3: 102; 8: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസി തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നതാണ്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം തന്നെ 10: 60 ൽ വിവരിച്ച പ്രകാരം അവരുടെ ആത്മാവിനെതിരെ മരണസമയത്തും വിധിദിവസവും നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്ന ഫുജ്ജാറുകളെല്ലാം മിഥ്യയാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നത്. ത്രാസായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കുന്ന വിധിദിവസം മിഥ്യാവാദികൾ എല്ലാം നഷ്ടപ്പെട്ടവരായിരിക്കുമെന്ന് 40: 78 ൽ പറഞ്ഞത് അവർ വായിച്ചിട്ടുണ്ട്. 9: 82 ൽ വിവരിച്ച പ്രകാരം അവർ വായിച്ച, തൊട്ട, കേട്ട ഗ്രന്ഥം അവർക്കെതിരെ സാക്ഷ്യം വഹിച്ച്, വാദിച്ച് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 2: 119; 3: 41; 6: 104; 10: 82, 94 വിശദീകരണം നോക്കുക.

109. നിന്നിലേക്ക് ദിവ്യസന്ദേശമായി നൽകപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്ന് നീ പിൻപറ്റുകയും ചെയ്യുക, അല്ലാഹു വിധി കൽപിക്കുന്നതുവരെ നീ ക്ഷമിക്കുകയും

ചെയ്യുക, അവൻ തന്നെയാണ് വിധികർത്താക്കളിൽ ഏറ്റവും ഉത്തമൻ!

യഥാർത്ഥ ജീവിതവ്യവസ്ഥയായ അദ്ദിക്ർ ലഭിച്ചതിന് ശേഷം ആരാണോ അതിനെ തള്ളിപ്പറഞ്ഞത്, അപ്പോൾ നാഥനായ അല്ലാഹു തീരുമാനം കൽപിക്കുന്നവരിൽ വെച്ച് ഏറ്റവും നന്നായി തീരുമാനം കൽപിക്കുന്നവനല്ലെയോ എന്ന് 95: 7-8 സൂക്തങ്ങളിൽ ചോദിച്ചിട്ടുണ്ട്. 10: 86 ൽ വിവരിച്ച പ്രകാരം ആരാണോ അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധികൽപിക്കാത്തത്, അക്കൂട്ടർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളും. ഇവരിലെ നേതാക്കളും അനുയായികളും തമ്മിൽ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുന്ന, ശപിക്കുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 9: 53-55, 65-66 വിശദീകരണം നോക്കുക.

11. ഹൂദ്

സൂറത്ത് യൂനുസ് അവതരിച്ച അതേ കാലഘട്ടത്തിൽ മക്കയിൽ തന്നെയാണ് സൂറത്ത് ഹൂദും അവതരിച്ചത്. *ഒരിക്കൽ അബൂബക്കർ പ്രവാചകനോട് ചോദിച്ചു: താങ്കൾ വൃദ്ധനായി വരുന്നത് ഞാൻ കാണുന്നു, എന്താണ് അതിനുള്ള കാരണം? പ്രവാചകൻ മറുപടി പറഞ്ഞു: ഹൂദും അതിന്റെ സഹോദരികളായ അൽ വാഖിഅഃ, അൽ ഹാഖഃ, നബഅ്, തക്‌വീർ തുടങ്ങിയവയാണ് എന്നെ വൃദ്ധനാക്കിയത്.* അഥവാ ഈ സൂറത്തുകളുടെ ആശയം വിശ്വാസികളെ നരപ്പിച്ചുകളയും വിധമുള്ളതാണ്. സൂക്തം 50 ൽ, ആദ് ജനതയിലേക്ക് പ്രവാചകൻ ഹൂദിനെ നിയോഗിച്ച വിവരം പറഞ്ഞതിൽ നിന്നാണ് സൂറത്തിന് ഹൂദ് എന്ന നാമം വന്നിട്ടുള്ളത്.

തത്വനിർഭരവും സ്പഷ്ടവുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി നിങ്ങൾ അല്ലാഹുവിനെ മാത്രം സേവിക്കുന്നവരാവുകവഴി ഇഹപര ജീവിതവിജയം നേടണമെന്ന് ഉണർത്തുന്നു. ആകാശഭൂമികൾ സൃഷ്ടിക്കുന്നതിനുമുമ്പ് അല്ലാഹുവിന്റെ സിംഹാസനം വെള്ളത്തിൻമേൽ ആയിരുന്നുവെന്നും മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചത് അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നത് ആരാണെന്ന് പരീക്ഷിക്കുന്നതിന് വേണ്ടിയാണ് എന്നും പഠിപ്പിക്കുന്നു. ഈ ഗ്രന്ഥത്തിലുള്ളത് പോലെയുള്ള പത്ത് സൂറത്തുകൾ കൊണ്ടുവരാൻ സൃഷ്ടികളെ വെല്ലുവിളിക്കുന്നു. ഗ്രന്ഥം വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത അക്രമികളുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ടെന്നും അവർ പരലോകത്തെ നിഷേധിച്ചവരാണെന്നും പറഞ്ഞിട്ടുണ്ട്. 25-49 സൂക്തങ്ങളിൽ പ്രവാചകൻ നൂഹിനെക്കുറിച്ചും നശിപ്പിക്കപ്പെട്ട മകനുൾപ്പടെയുള്ള കാഫിറുകളായ ജനതയെക്കുറിച്ചും പരാമർശിച്ചുകൊണ്ട് അല്ലാഹുവിനെ സൂക്ഷിച്ച് ജീവിച്ചവർക്ക് മാത്രമാണ് നല്ല പര്യവസാനമെന്ന് പഠിപ്പിച്ചിട്ടുണ്ട്. 50-60 സൂക്തങ്ങളിൽ, പ്രവാചകൻ ഹൂദ് കാഫിറുകളായ തന്റെ ജനതയെ വെല്ലുവിളിച്ചതും അവസാനം കാഫിറുകളായ ആ ജനതയെ നശിപ്പിച്ചതും വിശ്വാസികളെയും മറ്റും രക്ഷപ്പെടുത്തിയതും വിവരിക്കുന്നു. 61-68 സൂക്തങ്ങളിൽ, പ്രവാചകൻ സ്വാലിഹിനെയും സമൂദ് ജനതയെയും പരാമർശിക്കുന്നു. 69-76 സൂക്തങ്ങളിൽ, പ്രവാചകൻ ഇബ്റാഹീമിന്റെ അടുത്തുവന്ന അതിഥികളായ മലക്കുകളെക്കുറിച്ച് പരാമർശിക്കുന്നു. 77-83 സൂക്തങ്ങളിൽ, പ്രവാചകൻ ലൂത്തിന്റെ അടുക്കലേക്ക് മലക്കുകൾ ചെന്നതും ആ ജനത പ്രതികരിച്ചതും അവസാനം ആ ജനതയെ നശിപ്പിച്ചതും വിവരിക്കുന്നു. 84-95 സൂക്തങ്ങളിൽ ശുഐബ് നബിയെക്കുറിച്ചും മദ്യൻ വാസികളെക്കുറിച്ചും പരാമർശിച്ച ശേഷം അവസാനം സമൂദ് ജനതയെപ്പോലെ അവരെയും നശിപ്പിച്ചകാര്യം വിവരിക്കുന്നു. 96-99 സൂക്തങ്ങളിൽ, ഫിർഔനിനെക്കുറിച്ചും പ്രവാചകൻ മൂസായെക്കുറിച്ചും വിവരിക്കുന്നുണ്ട്.

114 ൽ, ഏറ്റവും നല്ലതായ അദ്ദിക്ർ കൊണ്ട് തിന്മകളെ നീക്കികളയുക, അതാണ് അല്ലാഹുവിനെ സ്മരിക്കുന്നവരെ ഓർമിപ്പിക്കാനുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. തിന്മ വിരോധിക്കുന്നവരില്ലാതെ എല്ലാവരും അക്രമികളും ഭ്രാന്തൻമാരുമായി മാറുമ്പോഴാണ് ഏതൊ

രുനാടിനെയും നശിപ്പിക്കുക എന്നും അത് അവരുടെത്തന്നെ അക്രമം കാരണമാണെന്നും പഠിപ്പിക്കുന്നു. അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്തവർ ഭിന്നിച്ചുകൊണ്ടിരിക്കുന്നവരും നരകത്തിൽ കുത്തിനിറക്കപ്പെടാൻ വിധിക്കപ്പെട്ടവരാണെന്നും 118–119 സൂക്തങ്ങളിലൂടെ പഠിപ്പിക്കുന്നു. ആകാശഭൂമികളുടെയും അവക്ക് ഇടയിലുള്ള സർവ്വവസ്തുക്കളുടെയും ഉടമയായ അല്ലാഹുവിലേക്കാണ് എല്ലാകാര്യങ്ങളും മടക്കപ്പെടുന്നത്. അപ്പോൾ അവനെമാത്രം സേവിക്കുന്നവരും അവനിൽ മാത്രം ഭരമേൽപിക്കുന്നവരുമാവുക എന്ന് കൽപിച്ചുകൊണ്ട് 123 സൂക്തങ്ങളുള്ള സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. അലിഫ്-ലാം-റാഅ്; തത്വനിർഭരമായ സൂക്തങ്ങളടങ്ങിയ ഒരു ഗ്രന്ഥമാണ് ഇത്, പിന്നെ അത് സ്പഷ്ടവുമാണ്, യുക്തിജ്ഞാനിയും ത്രികാലജ്ഞാനിയുമായ ഒരുവനിൽ നിന്നാണ് ഈ ഗ്രന്ഥം അവതരിച്ചിട്ടുള്ളത്.

41: 2–3 സൂക്തങ്ങളിൽ, നിഷ്പക്ഷവാനും കാരുണ്യവാനുമായവനിൽ നിന്ന് അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ ഗ്രന്ഥത്തിലെ സൂക്തങ്ങളുടെ ആശയം വളരെ സ്പഷ്ടവും അത് വായിക്കപ്പെടുന്നത് അറബിയിലുമാണ്, അറിവുള്ള ജനതക്കുവേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. 86: 13–14 സൂക്തങ്ങളിൽ, നിശ്ചയം ഈ ഗ്രന്ഥം സ്പഷ്ടമായതും ഗൗരവപൂർവ്വം എടുക്കേണ്ടതുമായ വാക്കുകൾ തന്നെയാണ്, അത് ഒരിക്കലും തമാശയായും പരിഹാസമായും ലാഘവത്തോടുകൂടിയും എടുക്കേണ്ട വാക്കുകളല്ല എന്ന് പറഞ്ഞിട്ടുണ്ട്. 2: 1–2; 10: 1; 16: 44; 25: 33–34 വിശദീകരണം നോക്കുക.

2. നിങ്ങൾ അല്ലാഹുവിനെയല്ലാതെ സേവിക്കുന്നവരാകരുത്, നിശ്ചയം ഞാൻ നിങ്ങൾക്ക് അവനിൽ നിന്നുള്ള ഒരു മുന്നറിയിപ്പുകാരനും സന്തോഷവാർത്ത അറിയിക്കുന്നവനുമാണ്.

313 പ്രവാചകന്മാർക്കും സത്യവും തെളിവുമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ അവനെമാത്രം സേവിക്കുവീൻ എന്ന് മനുഷ്യരെ പഠിപ്പിക്കുന്നതിന് വേണ്ടിയാണ് എന്ന് 21: 24–25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 51: 50–51 സൂക്തങ്ങളിൽ, അപ്പോൾ നിങ്ങൾ അല്ലാഹുവിലേക്ക് വിരണ്ടോടുക, നിശ്ചയം ഞാൻ നിങ്ങൾക്ക് അവനിൽ നിന്നുള്ള വ്യക്തമായ മുന്നറിയിപ്പുകാരനാണ്, നിങ്ങൾ അല്ലാഹുവിനോടൊപ്പം മറ്റൊരു ഇലാഹിനെ സ്വീകരിക്കരുത്, നിശ്ചയം ഞാൻ നിങ്ങൾക്ക് അവനിൽ നിന്നുള്ള വ്യക്തമായ മുന്നറിയിപ്പുകാരനാണ് എന്നും പറഞ്ഞിട്ടുണ്ട്. 'അല്ലാഹുവിലേക്ക് വിരണ്ടോടുക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന അദ്ദിക്റിലേക്ക് വിരണ്ടോടുക എന്നാണ്. എന്നാൽ കാഫിറുകൾ സിംഹഗർജ്ജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടുകഴുതകളെപ്പോലെ ടിക്കറ്റായ അദ്ദിക്റിൽ നിന്ന് വിരണ്ടോടുമെന്ന് 74: 49–51 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 85: 15 ൽ, അല്ലാഹു പുകൾപെറ്റവനാണെന്നും; 85: 21 ൽ, ഗ്രന്ഥം പുകൾപെറ്റ ഒരു വായനയാണെന്നും പറഞ്ഞിട്ടുണ്ട്. ആരാണോ അദ്ദിക്റിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101 ലും പറഞ്ഞിട്ടുണ്ട്. 9: 31, 65; 10: 57–58, 108 വിശദീകരണം നോക്കുക.

3. നിങ്ങൾ നിങ്ങളുടെ നാഥനോട് പൊറുക്കലിനെത്തേടുകയും പിന്നെ അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുവിൻ -എങ്കിൽ ഒരു നിശ്ചിതകാലം

വരെ അവൻ നിങ്ങൾക്ക് ഉത്തമമായ വിഭവങ്ങൾ നൽകുന്നതും ശ്രേഷ്ഠതയുള്ളവർക്ക് അവരുടെ ശ്രേഷ്ഠതയനുസരിച്ച് പ്രതിഫലം നൽകുന്നതുമാണ്, ഇനി നിങ്ങൾ പിന്തിരിയുകയാണെങ്കിലോ, നിശ്ചയം ഞാൻ നിങ്ങളുടെ മേൽ ഒരു നാളിലെ വന്നിച്ച ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു.

10: 26 ൽ വിവരിച്ച പ്രകാരം ആരാണോ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിച്ചത്, അവന് ഏറ്റവും നല്ല നന്മയുണ്ട്, പരലോകത്ത് കൂടുതലുമുണ്ട്. ആരാണോ ഏറ്റവും നല്ല ഗ്രന്ഥത്തെ സത്യപ്പെടുത്തിയത്, അവന് എല്ലാ കാര്യങ്ങളും എളുപ്പമാക്കിക്കൊടുക്കുന്നതാണ് എന്ന് 92: 5-7 സൂക്തങ്ങളിലും; ആരാണോ അതിനെ തള്ളിപ്പറഞ്ഞത്, അവന് എല്ലാ കാര്യങ്ങളും ബുദ്ധിമുട്ടാക്കുന്നതാണ് എന്ന് 92: 8-10 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 4: 37 -38 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശുക്ക് കാണിക്കുകയും ജനങ്ങളോട് പിശുക്കിനു വേണ്ടി കൽപിക്കുകയും ചെയ്യുന്ന കാഫിറുകൾക്ക് നാഥൻ പിശാചിനെ ഒരു കൂട്ടുകാരനായി ഏൽപിച്ചുകൊടുക്കുന്നതും അവൻ അവനെ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ നിന്ന് ബഹുദൂരം വഴിപിഴപ്പിക്കുന്നതുമാണ്. ആരാണോ *'ദിക്രീ'* എന്ന ഗ്രന്ഥത്തെ അവഗണിച്ചത്, അവൻ അന്ധനായിട്ടാണ് പുനർജീവിപ്പിക്കപ്പെടുക എന്ന് 20: 124-125 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് സ്വീകരിക്കേണ്ടത്. 2: 268-269; 4: 85; 7: 32, 96; 39: 53-59 വിശദീകരണം നോക്കുക.

4. നിങ്ങളുടെ മടക്കം അല്ലാഹുവിലേക്ക് തന്നെയാണ്, അവൻ എല്ലാ കാര്യത്തിനും കഴിവുള്ള സർവ്വശക്തനുമാകുന്നു.

ആകാശഭൂമികളെ സൃഷ്ടിച്ച ഒരുവൻ മനുഷ്യരെപ്പോലെയുള്ളവയെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലെയോ; അല്ല, അവൻ എല്ലാതരം സൃഷ്ടിപ്പിനെക്കുറിച്ചും അറിയുന്നവനാണ്. അവൻ ഒരുകാര്യം ഉദ്ദേശിച്ചാൽ അതിനോട് പറയുകയായി, 'ഉണ്ടാവുക' എന്ന്, അപ്പോൾ അത് ഉണ്ടായിക്കഴിഞ്ഞു എന്ന് 36: 81-82 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 284; 4: 131-133; 6: 94 വിശദീകരണം നോക്കുക.

5. അറിഞ്ഞിരിക്കുക, നിശ്ചയം അവർ അവനിൽ നിന്ന് അവരുടെ മാറിടങ്ങളിലുള്ളത് ഒളിപ്പിക്കാൻ ശ്രമിക്കുമ്പോഴും; അറിഞ്ഞിരിക്കുക, അവർ അവരുടെ വസ്ത്രങ്ങൾ കൊണ്ട് മൂടുമ്പോഴും അവർ രഹസ്യമാക്കുന്ന ഒന്നും അവർ പരസ്യമാക്കുന്ന ഒന്നും അറിയുന്നവനാണവൻ, നിശ്ചയം അവൻ നെഞ്ചകങ്ങളുടെ അവസ്ഥ അറിയുന്നവൻ തന്നെയാണ്.

ജാഹിലിയ്യത്തിലെ അറബികളുടെ -സ്ത്രീകളും പുരുഷന്മാരും- നഗ്നരായിക്കൊണ്ടുള്ള കഅ്ബാ പ്രദക്ഷിണത്തെക്കുറിച്ചാണ് ഈ സൂക്തം പരാമർശിക്കുന്നത്. ജനിച്ചതുപോലെയാകട്ടെ എന്ന് കരുതിക്കൊണ്ടായിരുന്നു അവർ അങ്ങനെ ചെയ്തിരുന്നത്. അതിന് അവർ അവരുടെ പിതാക്കൻമാരെ കൂട്ടുപിടിച്ച് അപ്രകാരം പിതാക്കൻമാരും ചെയ്തിരുന്നു എന്നും അത് അല്ലാഹു കൽപ്പിച്ചതാണ് എന്നും വ്യാജം പറയുന്നവരായിരുന്നു. അതേസമയം രാത്രി ഭാര്യാഭർത്താക്കൻമാർ കിടപ്പറയിൽ ഇരുട്ടിലായിരിക്കുമ്പോൾ സംയോഗസമയത്ത് മാറിടങ്ങൾ അല്ലാഹു കാണുമെന്ന് കരുതി വസ്ത്രം കൊണ്ട് മൂടുക പതിവായിരുന്നു. അതിനെക്കുറിച്ചാണ് 'നിങ്ങൾ വസ്ത്രം കൊണ്ട് മൂടുമ്പോഴും അഴിച്ചിടുമ്പോഴും ഏത് അവസ്ഥയിലും നിങ്ങളുടെ മനോമുകുരങ്ങൾ വരെ അറിയുന്നവ

ൻ തന്നെയാണ് ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥൻ' എന്ന് അല്ലാഹു പറയുന്നത്. 2: 187 അവതരിപ്പിച്ചുകൊണ്ട് ഇണകൾ കിടപ്പറയിൽ പരസ്പരം വസ്ത്രങ്ങളാണ്, അതുകൊണ്ട് അവിടെ നഗ്നരായിരിക്കുന്നതിൽ മനഃപ്രയാസമോ കുറ്റമോ കരുതേണ്ടതില്ല, അത് അല്ലാഹു അനുവദിച്ചതാണ് എന്ന് വിശ്വാസികളെ പഠിപ്പിച്ചിട്ടുണ്ട്.

'അവനിൽ നിന്ന് മറക്കുവാൻ മാറിടങ്ങൾ ഒളിപ്പിക്കുമ്പോൾ' എന്നാണെങ്കിൽ, പ്രവാചകനിൽ നിന്ന് മറക്കുവാൻ കഴിയുന്നത്ര അകന്ന് നിൽക്കാനും പ്രവാചകനെ കാണാതിരിക്കാനും അവർ മുഖം തിരിച്ചുകളയുകയോ വസ്ത്രം കൊണ്ട് മൂടുകയോ മറച്ചുകളയുകയോ ചെയ്തിരുന്നു എന്നാണ്. പ്രവാചകനെ നേർക്കുനേർ കാണാതിരിക്കാനും തന്റെ ദൗത്യത്തെക്കുറിച്ച് അവരോട് ഒന്നും പറയാതിരിക്കാനും വേണ്ടിയായിരുന്നു അവർ അങ്ങനെ ചെയ്തിരുന്നത്. എന്നാൽ അല്ലാഹു അവരുടെ ഈ അവസ്ഥകളെല്ലാം അറിയുന്നുണ്ട് എന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. 7: 5–7 സൂക്തങ്ങളിൽ, പ്രവാചകൻ നൂഹ് അല്ലാഹുവിനോട് പറയുന്നു: എന്റെ നാഥാ, ഞാൻ എന്റെ ജനതയെ രാപ്പകൽ ഭേദമന്യേ നിന്നിലേക്ക് വിളിച്ചു, എന്നാൽ എന്റെ വിളി അവരിൽ അകൽച്ചയല്ലാതെ വർദ്ധിപ്പിച്ചില്ല. നീ അവർക്ക് പൊറുത്ത് കൊടുക്കുന്നതിനുവേണ്ടി ഞാൻ അവരെ വിളിച്ചപ്പോഴെല്ലാം അവർ അവരുടെ ചെവികളിൽ വിരൽ തിരുകുകയും എന്നെ കാണാതിരിക്കുന്നതിനുവേണ്ടി വസ്ത്രം കൊണ്ട് മറക്കുകയും അങ്ങനെ അവർ അഹങ്കാരത്തിൽ ആണ്ടിറങ്ങുകയുമാണ് ചെയ്തത്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ 7: 26 ൽ പറഞ്ഞ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്തതിനാൽ അവർ ആത്മാവിനെ പരിഗണിക്കാത്തവരും ശരീരം മൂടിപ്പുതച്ച് ജീവിക്കലാണ് ഭക്തി എന്ന തെറ്റായ ധാരണ വെച്ചുപുലർത്തുന്നവരുമാണ്. അതുവഴി '*അവരുടെ സ്ത്രീകൾ മൂടിപ്പുതച്ച നഗ്നകളായിരിക്കും*' എന്ന് നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചത് സത്യമായി പുലർന്നിരിക്കുകയാണ്. എല്ലാഓരോ മനുഷ്യന്റെയും കർമരേഖ അവരവരുടെ പിരടിയിൽ ബന്ധിച്ചിട്ടുണ്ട് എന്നും, വിധിദിവസം അത് പ്രകാശിക്കുന്ന തുറന്ന പുസ്തകമായി പുറത്തെടുത്ത് കൊടുത്ത് ഓരോരുത്തരെക്കൊണ്ടും വായിപ്പിച്ചാണ് വിചാരണ നടത്തുക എന്നും 17: 13–14; 18: 49; 23: 62–63; 36: 12; 45: 28–31; 58: 6; 78: 29 എന്നീ സൂക്തങ്ങളിൽ വായിക്കുന്ന ഇത്തരം ഫുജ്ജാറുകൾ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരായതിനാൽ പ്രസ്തുത ബോധത്തിലല്ല ജീവിക്കുന്നത്. 18: 49 ൽ വിവരിച്ച പ്രകാരം അവർ വിധിദിവസം അവരുടെ കർമരേഖ വായിക്കുമ്പോൾ അതിലുള്ളതിൽ കുണ്ഠിതപ്പെടുന്നതാണ്. 2: 255; 9: 67–68; 10: 61 വിശദീകരണം നോക്കുക.

6. ഭൂമിയിൽ ജീവിക്കുന്ന ഒരു ജീവജാലവുമില്ല –അതിന്റെ ഭക്ഷണം അല്ലാഹുവിന്റെ പക്കലായിക്കൊണ്ടല്ലാതെ, അതിന്റെ വിശ്രമസ്ഥലവും അതിന്റെ സൂക്ഷിപ്പുസ്ഥലവും അവൻ അറിയുകയും ചെയ്യുന്നു, എല്ലാഒന്നും വ്യക്തമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എത്രയെത്ര ജീവജാലങ്ങളാണുള്ളത്, അവ അവയുടെ ഭക്ഷണം പേറിക്കൊണ്ട് നടക്കുന്നില്ല, പ്രപഞ്ചനാഥനായ അല്ലാഹുവാണ് അവയെയും നിങ്ങളെയും ഭക്ഷിപ്പിക്കുന്നത്, അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ് എന്ന് 29: 60 ൽ പറഞ്ഞിട്ടുണ്ട്. ആകാശഭൂമികളിലുള്ള എല്ലാകാര്യങ്ങളും ത്രികാലജ്ഞാനിയായ അല്ലാഹു നേരത്തെത്തന്നെ നിശ്ചയിച്ച് ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഈ സൂക്തവും

പഠിപ്പിക്കുന്നു. എല്ലാ ജീവജാലങ്ങൾക്കും സമയമാകുമ്പോൾ ഭക്ഷണവിഭവങ്ങൾ ഒരുക്കിക്കൊടുക്കുന്ന പ്രപഞ്ചനാഥൻ അവന്റെ പ്രതിനിധികളായ മനുഷ്യർക്ക് ഭക്ഷണം നൽകാതിരിക്കുകയില്ല. എന്നാൽ കാഫിറുകൾ ഭൗതികജീവിതത്തിൽ വഞ്ചിതരായി എന്നെന്നും ഇവിടെ വസിക്കാമെന്ന ധാരണയിൽ സമ്പത്ത് വാരിക്കൂട്ടുന്നതിനാണ് പരിശ്രമിക്കുക. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ഉപയോഗപ്പെടുത്തി സ്വർഗം സമ്പാദിക്കുന്നവരാണ് വിശ്വാസികൾ. അവരുടെ കുറഞ്ഞകാലത്തെ വിലപ്പെട്ട ജീവിതം അദ്ദിക്ർ മൊത്തം മനുഷ്യർക്ക് എത്തിച്ചുകൊടുക്കുന്നതിനും സ്രഷ്ടാവിന്റെ ആയിരം സമുദായങ്ങളിൽ പെട്ട ജീവജാലങ്ങളുടെ ക്ഷേമവും ഐശ്വര്യവും ലക്ഷ്യം വെച്ച് ജൈവകൃഷി ചെയ്യുന്നതിനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതാണ്. അതിന്റെ വിശ്രമസ്ഥലം കൊണ്ടുദ്ദേശിക്കുന്നത് നാലാം ഘട്ടത്തിൽ ഭൂമിയിലുള്ള പാർപ്പിടത്തെക്കുറിച്ചും സൂക്ഷിപ്പുസ്ഥലം കൊണ്ടുദ്ദേശിക്കുന്നത് മരണശേഷം ശരീരത്തിന്റെ സൂക്ഷിപ്പുസ്ഥലത്തെ -ഗോഡൗൺ- ക്കുറിച്ചുമാണ്. 3: 5; 6: 38, 98; 9: 51 വിശദീകരണം നോക്കുക.

7. അവൻ തന്നെയാണ് ആകാശങ്ങളെയും ഭൂമിയെയും ആറ് നാളുകളിലായി സൃഷ്ടിച്ചത്, അതിന്റെ മുമ്പ് അവന്റെ സിംഹാസനം വെള്ളത്തിൻ മേലായിരുന്നു -നിങ്ങളിൽ ഏറ്റവും ഭംഗിയായി കർമ്മം ചെയ്യുന്നത് ആരാണെന്ന് പരീക്ഷിക്കുന്നതിന് വേണ്ടി, നിങ്ങൾ മരണത്തിന് ശേഷം പുനർജീവിപ്പിക്കപ്പെടുമെന്ന് നീ അവരോട് പറയുകയാണെങ്കിൽ കാഫിറുകളായവർ പറയുകതന്നെ ചെയ്യും: ഇത് വ്യക്തമായ ഒരു മാരണമല്ലാതെ അല്ല.

21: 30 ൽ, കാഫിറുകൾ മനസ്സിലാക്കുന്നില്ലേ, നിശ്ചയം ആകാശങ്ങളും ഭൂമിയും ഒട്ടിപ്പിടിച്ച അവസ്ഥയിലായിരുന്നു, അപ്പോൾ നാം അവ രണ്ടിനെയും വേർപ്പെടുത്തി ഇന്ന് കാണുന്ന വിധത്തിൽ സംവിധാനിക്കുകയും എല്ലാ വസ്തുക്കളുടെയും ജീവൻ നിലനിൽക്കാൻ വെള്ളം അനിവാര്യഘടകമാക്കി വെക്കുകയും ചെയ്തു, അപ്പോളവർ വിശ്വസിക്കുന്നില്ലെയോ എന്ന് ചോദിച്ചിട്ടുണ്ട്. വെള്ളത്തിൽ നിന്നാണ് ജീവനുള്ളവയെല്ലാം സൃഷ്ടിക്കപ്പെട്ടതെന്ന് 24: 45 ലും; വെള്ളത്തിൽ നിന്ന് സൃഷ്ടിക്കപ്പെട്ട മനുഷ്യരിൽ വിവാഹബന്ധവും രക്തബന്ധവും ഉണ്ടാക്കിയിട്ടുണ്ടെന്ന് 25: 54 ലും പറഞ്ഞിട്ടുണ്ട്. ആദ്യ മനുഷ്യനായ ആദമിന്റെ ശരീരം കളിമണ്ണിൽ നിന്നാണ് സൃഷ്ടിച്ചത്, പിന്നെ അവന്റെ വംശപരമ്പര ഹീനമായ വെള്ളത്തിന്റെ സത്തിൽ നിന്നാക്കി എന്ന് 32: 7-8 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

41: 11 ൽ, ആകാശം രൂപപ്പെടുത്തുന്നതിന് മുമ്പ് അത് 'പുക' -നീരാവി- യായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ആകാശഭൂമികൾ സൃഷ്ടിക്കുന്നതിന് മുമ്പുതന്നെ അതിലുള്ള ജീവജാലങ്ങളെ സൃഷ്ടിക്കാൻ അല്ലാഹു തീരുമാനിച്ചിരുന്നു. ശേഷം ആകാശഭൂമികളെ മഹാവിസ്ഫോടനം മുഖേന വേർപ്പെടുത്തി സംവിധാനിച്ചത് സ്വതന്ത്രസൃഷ്ടികളായ ജിന്നുകളെയും മനുഷ്യരെയും ഭൂമിയിൽ നിയോഗിക്കുന്നതിനും അവരിൽ ആരാണ് ഏറ്റവും ഭംഗിയായി അഥവാ അവരിൽ ആരാണ് അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നതെന്ന് പരീക്ഷിക്കുന്നതിനും വേണ്ടിയായിരുന്നു. 67: 2 ൽ, മരണവും ജനനവും ഉണ്ടാക്കിയത് നിങ്ങളിൽ ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് എന്ന് പരീക്ഷിച്ചറിയുന്നതിന് വേണ്ടിയാണ് എന്നും, 18: 7 ൽ, ഭൂമിയിലുള്ള എല്ലാ അലങ്കാരങ്ങളും നാം ഉണ്ടാക്കിയിട്ടുള്ളത് അവരിൽ ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്ന് പരീക്ഷിച്ചറിയാനാണ് എന്നും പറഞ്ഞിട്ടുണ്ട്. 76: 2 ൽ, നിശ്ചയം മനുഷ്യനെ നാം ആണിന്റെയും

പെണ്ണിന്റെയും മിശ്രിതമായ ബീജത്തിൽ നിന്ന് സൃഷ്ടിച്ചത് നമുക്ക് അവനെ പരീക്ഷിച്ചറിയുന്നതിന് വേണ്ടിയാണ്, അതിനുവേണ്ടി നാം അവന് കേൾവിയും കാഴ്ചയും നൽകി എന്നും; 76: 3 ൽ, അപ്പോൾ അവന് നാം രണ്ടാലൊരു മാർഗം -ഒന്നുകിൽ നന്ദി പ്രകടിപ്പിക്കുന്നവൻ അല്ലെങ്കിൽ നന്ദികെട്ടവൻ- തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകി എന്നും പറഞ്ഞിട്ടുണ്ട്. നിശ്ചയം കേൾവി, കാഴ്ച, ബുദ്ധിശക്തി തുടങ്ങി എല്ലാഓരോ അനുഗ്രഹത്തെക്കുറിച്ചും ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യുമെന്ന് 17: 36 ലും; 'ഞാൻ അദ്ദിക്റിനെ മൂടിവെച്ച കാഫിറാണ്' എന്ന് പറയാതെ ഒരാളെയും നിഷ്പക്ഷവാനായ നാഥൻ നരകത്തിൽ പ്രവേശിപ്പിക്കുകയില്ല എന്ന് 39: 71 ലും പറഞ്ഞിട്ടുണ്ട്.

ചുരുക്കത്തിൽ സ്വർഗത്തിൽ സൃഷ്ടിച്ച് ഭൂമിയിലേക്ക് നിയോഗിക്കപ്പെട്ട മനുഷ്യന്റെ ജീവിതലക്ഷ്യം അവരവരെ തിരിച്ചറിയലും സ്രഷ്ടാവിനെ തിരിച്ചറിയലും സ്രഷ്ടാവിന്റെ പ്രതിനിധികളായി ഇവിടെ ജീവിക്കലും പ്രസ്തുത ജീവിതത്തിലേക്ക് മറ്റുള്ളവരെ അദ്ദിക്ർ കൊണ്ട് ക്ഷണിക്കലും അങ്ങനെ നാലാം ഘട്ടത്തിൽ സ്വർഗം ഇവിടെ പണിത് ഏഴാം ഘട്ടത്തിൽ പണിത സ്വർഗത്തിലേക്ക് തിരിച്ചുപോകലുമാണ്. അഥവാ ഇഹലോക ജീവിതം പരലോകത്തേക്കുള്ള കൃഷിയിടമാണ്. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നവർ വിശ്വാസികൾ മാത്രമാണ്. അദ്ദിക്ർ വന്നുകിട്ടിയിട്ട് ഈ ലക്ഷ്യം മനസ്സിലാക്കി ജീവിക്കാത്തവരെല്ലാം തന്നെ കാഫിറായ പിശാചിന്റെ കൂടെ നരകത്തിലേക്ക് പോകാനുള്ളവരാണ്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ലക്ഷ്യബോധം നഷ്ടപ്പെട്ട തെമ്മാടികളായ കപടവിശ്വാസികളും അവരുടെ പ്രജ്ഞയറ്റ അനുയായികളുമടങ്ങിയ ഫുജ്ജാറുകളാണ് ത്രികാലജ്ഞാനമായ അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുകവഴി പരലോകം കൊണ്ട് വിശ്വസിക്കാത്തവർ. 'നിങ്ങളിൽ ഏറ്റവും ഭംഗിയായി കർമ്മം ചെയ്യുന്നത് (*അഹ്സനു*) ആരാണെന്ന് പരീക്ഷിക്കുന്നതിന് വേണ്ടി' എന്ന സൂക്തഭാഗത്തെ അവർ അവരുടെ പ്രായോഗികജീവിതത്തിലൂടെ 'നിങ്ങളിൽ ഏറ്റവും കൂടുതലായി (*അക്സറു*) കർമ്മം ചെയ്യുന്നത് ആരാണെന്ന് പരീക്ഷിക്കുന്നതിന് വേണ്ടി' എന്നാക്കി മാറ്റിമറിച്ചിരിക്കുകയാണ്. ജിവിതം കൊണ്ട് ഗ്രന്ഥത്തിലെ സൂക്തങ്ങളെ വളച്ചൊടിക്കുന്ന അവർ തന്നെയാണ് 3: 10 ൽ പറഞ്ഞ മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകൾ. 7: 179; 10: 2-7, 52-53 വിശദീകരണം നോക്കുക.

8. എണ്ണിക്കണക്കാക്കി നിർണ്ണയിച്ചിട്ടുള്ള ഒരു അവധിവരെ ആ ശിക്ഷയെ നാം അവരെത്തൊട്ട് പിന്തിപ്പിച്ചാൽ അവർ ചോദിക്കുകതന്നെ ചെയ്യും: എന്താണ് അതിനെ തടഞ്ഞ് നിർത്തിയത്? അറിഞ്ഞിരിക്കുക: അത് അവരിൽ സംഭവിക്കുന്നനാളിൽ അവരെത്തൊട്ട് തെറ്റിക്കപ്പെടുന്നതല്ലതന്നെ, ഏതൊന്നിന്റെ സംഭവ്യതയെക്കുറിച്ചായിരുന്നുവോ അവർ പരിഹസിച്ചുകൊണ്ടിരുന്നത്, അത് അവരിൽ വന്നുഭവിക്കുകതന്നെ ചെയ്യും!

39: 47-48 സൂക്തങ്ങളിൽ, അദ്ദിക്ർ വന്നുകിട്ടിയിട്ട് അത് സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്ന അക്രമികൾക്ക് ഭൂമിയിലുള്ള സർവ്വസ്വവും അത്രതന്നെ വേറെയും കിട്ടി, വിധിദിവസത്തിലെ ദുഷിച്ച ശിക്ഷയിൽ നിന്ന് രക്ഷപ്പെടുന്നതിന് പകരം കൊടുക്കാമെന്ന് വെച്ചാൽ സ്വീകരിക്കപ്പെടുകയില്ല; അവർ കണക്ക് കൂട്ടാത്ത തെറ്റുകൾ കൂടി അല്ലാഹുവിൽ നിന്ന് അവർക്ക് വെളിപ്പെടുന്നതുമാണ് എന്നും, അവർ സമ്പാദിച്ച എല്ലാ തിന്മകളും അവർക്ക് വെളിപ്പെടുന്നതും ഏതൊന്നിന്റെ സംഭവ്യതയെക്കുറിച്ചായിരുന്നുവോ അവർ പരിഹ

സിച്ചുകൊണ്ടിരുന്നത്, അത് അവരിൽ വന്നുഭവിക്കുകതന്നെ ചെയ്യുമെന്നും; 45: 33 ൽ, അവർ സമ്പാദിച്ച എല്ലാതിന്മകളും അവർക്ക് വെളിപ്പെടുന്നതും ഏതൊന്നിന്റെ സംഭവ്യതയെക്കുറിച്ചായിരുന്നുവോ അവർ പരിഹസിച്ചുകൊണ്ടിരുന്നത്, അത് അവരിൽ വന്നുഭവിക്കുകതന്നെ ചെയ്യുമെന്നും പറഞ്ഞിട്ടുണ്ട്.

ഗ്രന്ഥം വന്നുകിട്ടിയിട്ട് അതിലെ സൂക്തങ്ങളെ വളച്ചൊടിക്കുകയും മൂടിവെക്കുകയും ചെയ്യുന്ന കപടവിശ്വാസികളും, അദ്ദിക്ർ എന്ത്? എന്തിന്? എന്തുകൊണ്ട്? എന്നൊന്നും മനസ്സിലാക്കാൻ ശ്രമിക്കാതെ അതിനെ തള്ളിപ്പറയുന്ന അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ നരകത്തിൽ പട്ടി, കഴുത, പന്നി, കുരങ്ങ്, പെരുച്ചാഴി, പാമ്പ്, തേൾ, തുടങ്ങി പിശാചിന് രൂപം മാറാവുന്ന വിവിധ രൂപങ്ങളിലാണ് പുനർജീവിപ്പിക്കപ്പെടുക എന്ന് അദ്ദിക്റിനെ മൗഇളത്തായി ഉപയോഗപ്പെടുത്തുന്ന വിശ്വാസികൾ പറയുമ്പോൾ അതിന്റെ സംഭവ്യതയിൽ പരിഹസിച്ചിരുന്ന ഫുജ്ജാറുകൾ അവയുടെ രൂപത്തിൽ തന്നെ നരകത്തിൽ പുനർജീവിപ്പിക്കപ്പെടും എന്നാണ് 'ഏതൊന്നിന്റെ സംഭവ്യതയെക്കുറിച്ചായിരുന്നുവോ അവർ പരിഹസിച്ചുകൊണ്ടിരുന്നത്, അത് അവരിൽ വന്നുഭവിക്കുകതന്നെ ചെയ്യും' എന്ന് പറഞ്ഞതിന്റെ വിവക്ഷ. മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായ ഇവരെ കരയിലെ ദുഷ്ടജീവികൾ എന്നാണ് 98: 6 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 2: 212; 83: 29–34 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളായ ഭ്രാന്തന്മാർ വിശ്വാസികളെ ഇഹത്തിൽ കളിയാക്കുന്നവരും വിശ്വാസികൾക്ക് അരികിലൂടെ കടന്നുപോകുമ്പോൾ കണ്ണുകൊണ്ട് ആംഗ്യം കാട്ടി പരിഹസിക്കുന്നവരും തങ്ങളുടെ കുടുംബാംഗങ്ങളിലേക്ക് ആഹ്ലാദിച്ച് ഉല്ലസിച്ച് പിരിഞ്ഞുപോകുന്നവരുമാണ്; വിശ്വാസികളെ കാണുമ്പോൾ 'നിശ്ചയം ഇക്കൂട്ടർ തന്നെയാണ് വഴിപിഴച്ചവർ' എന്ന് അവർ പറയുകയും ചെയ്യും. നാം ഇവരെ വിശ്വാസികളുടെ മേൽ സൂക്ഷിപ്പുകാരാക്കിയിട്ടുണ്ടായിരുന്നില്ലല്ലോ! അതുകൊണ്ട് വിധിദിവസം വിശ്വാസികൾ ഇത്തരം കുഫ്ഫാറുകളായ ഭ്രാന്തന്മാരെ കളിയാക്കുന്നവരായിരിക്കും.

ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, നാലാം ഘട്ടത്തിൽ അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുന്നവർ മാത്രമേ വിശ്വാസിയായ നാഥന്റെ വീടായ സ്വർഗത്തിൽ ലൈംഗികാവയവങ്ങളില്ലാതെ പ്രവേശിപ്പിക്കപ്പെടുകയുള്ളൂ. 5: 60; 6: 10, 28; 8: 22 വിശദീകരണം നോക്കുക.

9. നാം നമ്മിൽ നിന്നുള്ള ഒരു അനുഗ്രഹം മനുഷ്യനെ രുചിപ്പിക്കുകയും പിന്നീട് അവനിൽ നിന്ന് അത് എടുത്തുകളയുകയും ചെയ്താൽ, നിശ്ചയം അവൻ നിരാശനായി നന്ദികേട് കാണിക്കുന്നവനായിത്തീരുന്നു.

10. തന്നെ ബാധിച്ച ഒരു ദുരിതത്തിനുശേഷം നാം അവനെ അനുഗ്രഹങ്ങൾ രുചിപ്പിച്ചാൽ അവൻ പറയുകതന്നെ ചെയ്യും: തിന്മകളെല്ലാം എന്നെത്തൊട്ട് നീങ്ങിപ്പോയിരിക്കുന്നു, നിശ്ചയം അവൻ അതാ ആഹ്ലാദത്തിൽ മതിമറക്കുന്ന പൊങ്ങച്ചക്കാരനായിത്തീരുന്നു!

മൊത്തത്തിൽ മനുഷ്യരുടെ സ്വഭാവമാണിത്. എന്നാൽ നന്മയിൽ സന്തുഷ്ടരാവുകയും തിന്മയിൽ ആശയറ്റുപോവുകയും ചെയ്യുക എന്നത് കാഫിറുകളുടെ സ്വഭാവമാണ്. ചിന്താശക്തി ഉപയോഗപ്പെടുത്തുന്ന വിശ്വാസി എല്ലായ്പ്പോഴും നാഥനെ ആത്മാവുകൊണ്ട് സ്മരിക്കുന്നവനായതിനാൽ അവന് തിന്മകളൊന്നും ബാധിക്കുകയില്ല. 'എല്ലാ അവസ്ഥയിലും അല്ലാഹുവിനാണ് സ്തുതി, നരകത്തിന്റെ അവസ്ഥയിലല്ലാത്തപ്പോഴെല്ലാം' എന്ന നയത്തിൽ നിലകൊള്ളുന്നവരാണ് ഗ്രന്ഥം പിൻപറ്റുന്ന ആയിരത്തിൽ ഒന്നായ വിശ്വാ

സികൾ.

നാം അവനെ ബാധിച്ച ദുരിതത്തിനുശേഷം ഒരു നന്മ രുചിപ്പിച്ചാൽ കാഫിർ പറയും, ഇത് എനിക്ക് അർഹതപ്പെട്ടത് തന്നെയാണ്, അന്ത്യമണിക്കൂർ സംഭവിക്കുമെന്ന് ഞാൻ കരുതുന്നില്ല; ഞാൻ എന്റെ നാഥനിലേക്ക് തിരിച്ചയക്കപ്പെടുകയാണെങ്കിൽ അവിടെയും എനിക്ക് തന്നെയാണ് നന്മ ലഭിക്കുക എന്ന്. എന്നാൽ കാഫിറുകളായവരോട് അവർ എന്താണ് ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്നതെന്ന് വിവരം പറഞ്ഞുകൊടുക്കുകതന്നെ ചെയ്യും, നാം അവരെ വലയം ചെയ്ത ശിക്ഷ രുചിപ്പിക്കുകതന്നെ ചെയ്യും. നാം മനുഷ്യന് ഒരു നന്മ രുചിപ്പിക്കുമ്പോൾ അവൻ നമ്മിലേക്ക് വരുന്നതിന് പകരം ഒരു ഭാഗത്തേക്ക് തെന്നി പോകുന്നു. എന്നാൽ അവനെ തിന്മ ബാധിച്ചാലോ, അവൻ സുദീർഘമായ പ്രാർത്ഥനയിൽ മുഴുകിയവനായി മാറുന്നു എന്ന് 41: 50–51 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. നാം മനുഷ്യന് ഒരു നന്മ ബാധിപ്പിക്കുമ്പോൾ അവൻ അതാ നമ്മിലേക്ക് വരുന്നതിന് പകരം ഒരു ഭാഗത്തേക്ക് തിരിഞ്ഞു പോകുന്നു, അവനെ തിന്മ ബാധിപ്പിച്ചാലോ, അവൻ നിരാശ ബാധിച്ചവനാകുന്നു എന്ന് 17: 83 ലും പറഞ്ഞിട്ടുണ്ട്. 32: 21–22 കൂട്ടിവായിക്കുക. ബുദ്ധി ശക്തി ഉപയോഗപ്പെടുത്തുന്ന വിശ്വാസികളുടെ സ്വഭാവം 3: 190–191 സൂക്തങ്ങളിൽ വിശദീകരിച്ചത് വായിക്കുക. 3: 14–15; 4: 79; 10: 12, 21–22 വിശദീകരണം നോക്കുക.

11. ക്ഷമാലുക്കളായവരും സൽകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരുമൊഴികെ; അക്കൂട്ടർ, അവർക്ക് പാപമോചനവും വമ്പിച്ച പ്രതിഫലവുമുണ്ട്.

നാലാം ഘട്ടത്തിൽ മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് ഏഴാം ഘട്ടത്തിനു വേണ്ടി സ്വർഗ്ഗം സമ്പാദിക്കാനാണെന്ന വിശ്വാസമുള്ളവരാണ് ക്ഷമാലുക്കൾ. അക്കാര്യം ഉണർത്തുന്ന നാഥന്റെ മൊത്തം സൃഷ്ടികൾക്കുള്ള സന്ദേശമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്ന അക്കൂട്ടർക്കാണ് നാഥന്റെയടുത്ത് വമ്പിച്ച പ്രതിഫലമുള്ളത്. 36: 10 ൽ, ഫുജ്ജാറുകളുടെ കാര്യത്തിൽ നീ അവരെ മുന്നറിയിപ്പ് നൽകുന്നതും അല്ലെങ്കിൽ മുന്നറിയിപ്പ് നൽകാതിരിക്കുന്നതും സമമാണ്, അവർ വിശ്വാസികളാവുകയില്ല എന്നും; 36: 11 ൽ, നിശ്ചയം അദ്ദിക്ർ പിൻപറ്റുകയും നിഷ്പക്ഷവാനെ അദ്ദിക്റിൽ നിന്ന് കണ്ട് ഭയപ്പെട്ടുകൊണ്ട് ചരിക്കുകയും ചെയ്യുന്നവന് മാത്രമേ നിന്റെ മുന്നറിയിപ്പ് ഉപകാരപ്പെടുകയുള്ളൂ, അപ്പോൾ അവന് പാപമോചനവും മാന്യമായ പ്രതിഫലവുമുണ്ടെന്ന സന്തോഷ വാർത്ത അറിയിക്കുക എന്നും പറഞ്ഞിട്ടുണ്ട്. നിശ്ചയം, തങ്ങളുടെ നാഥനെ അദ്ദിക്റിൽ നിന്ന് കണ്ട് ഭയപ്പെടുന്നവർക്ക് പാപമോചനവും വമ്പിച്ച പ്രതിഫലവുമുണ്ടെന്ന് 67: 12 ലും പറഞ്ഞിട്ടുണ്ട്. വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് 10: 100 ലും പറഞ്ഞിട്ടുണ്ട്. 61: 14 ൽ, വിശ്വാസികളെ വിളിച്ച് നിങ്ങൾ അല്ലാഹുവിനെ സഹായിക്കുന്നവരാവുക എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുക എന്നാണ്. 103: 1–3 സൂക്തങ്ങളിൽ, കാലത്തെക്കൊണ്ട് സത്യം ചെയ്ത്, വിശ്വാസികളാവുകയും സൽകർമ്മങ്ങൾ ചെയ്യുകയും ക്ഷമകൊണ്ടും സത്യമായ അദ്ദിക്ർ കൊണ്ടും കൽപ്പിക്കുകയും ചെയ്യുന്നവരൊഴികെയുള്ള എല്ലാ മനുഷ്യരും നഷ്ടത്തിലാണ് എന്ന് പറഞ്ഞിട്ടുണ്ട്. 3: 200; 7: 170; 9: 100 വിശദീകരണം നോക്കുക.

12. അപ്പോൾ, നിന്നിലേക്ക് ദിവ്യസന്ദേശം നൽകുന്നതിൽ ചിലത് നീ ഒഴിവാക്കിയേക്കാം, ഇവന്റെ മേൽ ഒരു ഖജനാവ് ഇറക്കപ്പെടാത്തത് എന്താണ്, അല്ലെങ്കി

ൽ ഇവനോടൊപ്പം ഒരു മലക്ക് വരാത്തതെന്താണ് എന്നെല്ലാം അവർ പറയുന്നതിൽ നിന്റെ നെഞ്ച് കുടുസ്സാവുകയും ചെയ്തേക്കാം; നിശ്ചയം നീ ഒരു മുന്നറിയിപ്പുകാരൻ മാത്രമാണ്, എല്ലാഓരോ കാര്യത്തിന്റെയും കൈകാര്യകർത്താവ് പ്രപഞ്ചനാഥനായ അല്ലാഹുതന്നെയാണ്.

18: 6 ൽ, ഈ വർത്തമാനത്തിൽ -അദ്ദിക്റിൽ- അവർ വിശ്വസിക്കാത്തതിന്റെ പേരിൽ ദുഃഖം പൂണ്ട് നീ നിന്നെ സ്വയം നശിപ്പിക്കുന്നവനായേക്കാം എന്നും; 26: 3-4 സൂക്തങ്ങളിൽ, അപ്പോൾ അവർ വ്യക്തമായ ഈ സൂക്തങ്ങളിൽ വിശ്വസിക്കാതിരിക്കുന്നതിൽ ദുഃഖം പൂണ്ട് നീ നിന്നെ സ്വയം നശിപ്പിച്ചേക്കാം, നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരുടെമേൽ ആകാശത്തുനിന്ന് ഒരു ദിവ്യാത്ഭുതം ഇറക്കുകയും അതുമുഖേന അവരുടെ പിരടികൾ അദ്ദിക്ർ കൊള്ളെ വിനീതരാക്കുകയും ചെയ്യുമായിരുന്നു എന്നും പറഞ്ഞിട്ടുണ്ട്. നീ ക്ഷമിക്കുക, നിന്റെ ക്ഷമ അല്ലാഹുവിന് വേണ്ടിയല്ലാതെയല്ല, നീ അവരുടെമേൽ ദുഃഖിക്കുകയുമരുത്, അവരുടെ കുതന്ത്രങ്ങളിൽ നീ മനസ്സിടുങ്ങിയവനാകേണ്ടതുമില്ല എന്ന് 16: 127 ൽ പറഞ്ഞിട്ടുണ്ട്. 31: 17 ൽ, ലുഖ്മാൻ തന്റെ മകനെ ഉപദേശിച്ചുകൊണ്ട്: നീ പ്രാർത്ഥന നിലനിർത്തുക, നന്മകൊണ്ട് കൽപിക്കുകയും തിന്മയെ വിരോധിക്കുകയും ചെയ്യുക, അതിന്റെ പേരിൽ നിന്നെ ബാധിക്കുന്നത് നീ ക്ഷമിക്കുകയും ചെയ്യുക എന്ന് പറഞ്ഞതായി പറഞ്ഞിട്ടുണ്ട്. അഥവാ ആളുകൾക്ക് ഇഷ്ടമില്ല എന്ന് കരുതി നീ അല്ലാഹുവിന്റെ സന്ദേശം എത്തിച്ച് കൊടുക്കാതിരിക്കാനോ ആ മാർഗത്തിൽ പ്രയാസം സഹിക്കുന്നതിൽ മനം മുട്ട് അനുഭവിക്കാനോ പാടില്ല. ജീവിതം മുഴുവൻ അല്ലാഹുവിനെ സേവിക്കാൻ വേണ്ടിയാണ് എന്ന് 1: 4 ൽ നീ പറയുന്നത് മാനിച്ചുകൊണ്ട് എല്ലായ്പ്പോഴും എവിടെയും നിലകൊള്ളണം. സ്വാർത്ഥതയും ആത്മാവിന്റെ കുടുസ്സും ആർക്കാണോ ഒഴിവായത്, അവർ മാത്രമാണ് വിജയം വരിക്കുക എന്ന് 59: 9 ലും 64: 16 ലും പറഞ്ഞിട്ടുള്ളത് ഓർമ്മിച്ച് നിലകൊള്ളണമെന്ന് സാരം. 8: 24 ൽ വിവരിച്ച പ്രകാരം വിശ്വാസി അദ്ദിക്ർ മുറുകെപ്പിടിച്ചുകൊണ്ട് അവന്റെ ആത്മാവിന്റെ കൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നതാണ്. അപ്പോൾ അവന് ഫുജ്ജാറുകളിൽ നിന്നുള്ള ഒരുശല്യവും ബാധിക്കുകയില്ല. സ്രഷ്ടാവിനെ മറന്ന കപടവിശ്വാസിയായ തോട്ടക്കാരന്റെയും അവന്റെ ദരിദ്രനായ കൂട്ടുകാരന്റെയും സംഭവചരിത്രം 18: 32-44 സൂക്തങ്ങളിൽ വിവരിച്ചത് വായിക്കുക. 5: 67; 6: 35, 50; 10: 108-109 വിശദീകരണം നോക്കുക.

13. അതല്ല, ഇത് അവൻ കെട്ടിച്ചമച്ചതാണെന്ന് അവർ പറയുന്നുവോ? നീ പറയുക: അപ്പോൾ നിങ്ങൾ ഇതുപോലുള്ള പത്ത് സൂറത്തുകൾ കെട്ടിച്ചമച്ച് കൊണ്ടുവരുവിൻ, അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം അതിനുവേണ്ടി വിളിച്ചുകൊള്ളുക -നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ.

അല്ല, ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണ്, നിനക്കുമുമ്പ് മുന്നറിയിപ്പുകാർ വന്നിട്ടില്ലാത്ത ഒരു ജനതയെ നീ മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടി, അതുവഴി അവർ സന്മാർഗത്തിലാവുകതന്നെ വേണമെന്നതിന് വേണ്ടി എന്ന് 32: 3 ൽ പറഞ്ഞിട്ടുണ്ട്. 2: 23-24; 10: 37-38; 17: 88 വിശദീകരണം നോക്കുക.

14. അപ്പോൾ അവർ നിങ്ങൾക്ക് ഉത്തരം നൽകുന്നില്ലെങ്കിൽ എന്നാൽ നിശ്ചയം അല്ലാഹുവിന്റെ അറിവോടുകൂടിത്തന്നെയാണ് ഇത് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതെന്നും അവനല്ലാതെ വേറെ ഒരു ഇലാഹുമില്ല എന്നും നിങ്ങൾ അറിഞ്ഞിരിക്കുക, അപ്പോൾ നിങ്ങൾ അല്ലാഹുവിന് സർവ്വസ്വം സമർപ്പിച്ചവരാകാൻ തയ്യാറാണോ?

'അവർ നിങ്ങൾക്ക് ഉത്തരം നൽകുന്നില്ലെങ്കിൽ അപ്പോൾ നിങ്ങൾ അറിഞ്ഞിരിക്കുക' എന്നുപറഞ്ഞതിലെ 'നിങ്ങൾ', വിശ്വാസികളാണ്. നിഷേധികൾക്ക് ഒരിക്കലും പത്ത് സൂറത്ത് പോയിട്ട് ഒരു സൂറത്തുപോലും കൊണ്ടുവരാൻ സാധ്യമാവുകയില്ല. അപ്പോൾ വിശ്വാസികൾ അത് സ്രഷ്ടാവിൽ നിന്നുള്ള അവന്റെ സംസാരമാണെന്നതിൽ സംശയിക്കരുതെന്നും അങ്ങനെ സംശയിച്ചാൽ അവർ കാഫിറുകളാണെന്നും നരകത്തിൽ പോകേണ്ടിവരുമെന്നും 2: 24 ൽ പറഞ്ഞിട്ടുണ്ട്. 313 പ്രവാചകന്മാർക്കും നൽകപ്പെട്ട ഗ്രന്ഥം സത്യവും തെളിവുമായ അദ്ദിക്ർ തന്നെയാണെന്നും അവരെല്ലാം നിയോഗിക്കപ്പെട്ടത് പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മനുഷ്യർക്ക് ഒരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ അവനെ സേവിക്കുവീൻ എന്ന് മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയാണെന്നും 21: 24–25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 16: 89 ൽ പറഞ്ഞ പ്രകാരം ത്രികാലജ്ഞാനമായ അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ് സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്നവർ (മുസ്ലിംകൾ). എന്നാൽ 7: 52 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ തങ്ങൾ മുസ്ലിംകളാണെന്ന് അർഹതയില്ലാതെ വാദിക്കുന്നവരാണെങ്കിലും അവർ 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. അവർ തങ്ങളുടെ മുഖങ്ങളിൽ അന്ധരും ഊമരും ബധിരരുമായി നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും വഴിപിഴച്ചവരും ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ളവരുമാണെന്ന് 17: 97; 25: 33–34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 136, 186; 3: 19; 4: 82 വിശദീകരണം നോക്കുക.

15. ആരാണോ ഐഹികജീവിതവും അതിലെ അലങ്കാരങ്ങളും മാത്രം ഉദ്ദേശിക്കുന്നത്, നാം അവർക്ക് അവരുടെ അത്തരം പ്രവർത്തനങ്ങൾക്ക് വേണ്ടുക നൽകുന്നതും അതിൽ അവർ യാതൊരു കുറവും വരുത്തപ്പെടുന്നവരാവുകയുമില്ല.

16. അക്കൂട്ടർ, പരലോകത്തിൽ അവർക്ക് നരകമല്ലാതെ മറ്റൊന്നും ലഭിക്കാത്തവരാണ്, ഇവിടെ അവർ ഉത്പാദിപ്പിച്ചുകൊണ്ടിരുന്നതെല്ലാം പാഴായിപ്പോയിരിക്കും, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതെല്ലാം മിഥ്യയുമായിരുന്നു.

18: 103–105 സൂക്തങ്ങളിൽ, നീ ചോദിക്കുക: പ്രവൃത്തികൾ നഷ്ടപ്പെടുന്നവർ ആരാണെന്ന് നാം നിങ്ങൾക്ക് വിവരം പറഞ്ഞുതരട്ടെയോ? അവരുടെ ഇഹത്തിലെ പ്രയത്നങ്ങൾ ലക്ഷ്യം പിഴച്ചിരിക്കുന്നു, എന്നാൽ അവർ കണക്കുകൂട്ടുന്നത് അവർ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത് ഏറ്റവും നല്ലതാണെന്നാണ്. അക്കൂട്ടരാണ് തങ്ങളുടെ ഉടമയുടെ സൂക്തങ്ങളെയും അവനെ കണ്ടുമുട്ടുന്നതിനെ നിഷേധിച്ചവർ, അതിനാൽ അക്കൂട്ടരുടെ പ്രവർത്തനങ്ങൾ പാഴായിപ്പോയി, അപ്പോൾ വിധിദിവസം നാം അവരുടെ പ്രവർത്തനങ്ങൾക്ക് യാതൊരു തൂക്കവും നൽകുന്നതല്ല എന്ന് പറഞ്ഞിട്ടുണ്ട്. പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടാൻ 2: 186 ൽ രണ്ട് ഉപാധികൾ പറഞ്ഞിട്ടുണ്ട്. മനുഷ്യന് അവൻ ഉദ്ദേശിച്ച് പ്രവർത്തിച്ചതല്ലാതെ ഇല്ല എന്ന് 53: 39 ലും പറഞ്ഞിട്ടുണ്ട്. മനുഷ്യന്റെ ഏഴ് ഘട്ടങ്ങളിൽ നാലാംഘട്ടത്തിലുള്ള ഭൂമിയിലെ നിയോഗലക്ഷ്യം ഏഴാംഘട്ടത്തിലേക്ക് സ്വർഗം സമ്പാദിക്കലാണ്. ഗ്രന്ഥം കിട്ടിയിട്ട് പ്രസ്തുത ലക്ഷ്യമില്ലാതെ ജീവിക്കുന്നവരെല്ലാം തന്നെ നരകത്തിലേക്കുള്ളവരാണ്. അപ്പോൾ വിശ്വാസികൾ 1: 4 ൽ 'ഞങ്ങൾ സേവിക്കുന്നത് നിന്നെ മാത്രമാണ്, അതിന് ഞങ്ങൾ നിന്നോടുമാത്രം സഹായം തേടുക

യും ചെയ്യുന്നു' എന്ന് പറയുമ്പോൾ; ഞങ്ങളെ നീ ഏഴാം ഘട്ടത്തിലേക്ക് വേണ്ട സ്വർഗ്ഗം ഇവിടെവെച്ച് സമ്പാദിക്കുന്ന ആയിരത്തിൽ ഒന്നാക്കേണമേ എന്നാണ് മനസ്സിലുണ്ടാകേണ്ടത്. 39: 69, 75 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിധിദിവസം പ്രവർത്തനങ്ങൾ തൂക്കാനുള്ള ത്രാസ്സ് സത്യമായ അദ്ദിക്റാണെന്ന് തിരിച്ചറിഞ്ഞ അവർ അദ്ദിക്റിന്റെ 40 പേരുകളും സത്യപ്പെടുത്തി ജീവിക്കുന്നവരാണ്. സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാതെ മിഥ്യ പിൻപറ്റുന്ന ഫുജ്ജാറുകളുടെ പ്രവർത്തനങ്ങളെല്ലാം ഉടയാനുള്ള തിന്മകളാണെന്ന് 17: 81; 34: 49; 40: 78 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 201–202; 7: 8–9; 25: 23; 42: 20; 43: 32–35 വിശദീകരണം നോക്കുക.

17. അപ്പോൾ തന്റെ നാഥനിൽ നിന്ന് വ്യക്തമായ തെളിവിന്മേലായിട്ടുള്ള ഒരുവൻ –അവനിൽ നിന്നുള്ള ഒരു സാക്ഷ്യം അവന് വിശദീകരിച്ച് കൊടുക്കുന്നുമുണ്ട്, അതിനുമുമ്പ് ഇമാമും കാരുണ്യവുമായി മൂസാക്ക് നൽകിയ ഗ്രന്ഥവുമുണ്ട്, അക്കൂട്ടർ അതുകൊണ്ട് വിശ്വസിക്കുന്നവരാണ്; സംഘങ്ങളിൽ നിന്ന് ആരാണോ അതിനെ മൂടിവെക്കുന്നത്, അപ്പോൾ അവനോട് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത് നരകമാണ്, അതുകൊണ്ട് നീ അതിന്റെ കാര്യത്തിൽ സംശയിക്കുകയേ അരുത്, നിശ്ചയം അത് നിന്റെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണ്, എന്നാൽ ജനങ്ങളിൽ അധികപേരും വിശ്വസിക്കുന്നവരല്ല.

സൂക്തത്തിൽ പറഞ്ഞ 'തന്റെ നാഥനിൽ നിന്ന് വ്യക്തമായ തെളിവിന്മേലായിട്ടുള്ള ഒരുവൻ' പ്രവാചകൻ മുഹമ്മദാണ്. ഗ്രന്ഥം കിട്ടുന്നതിന് മുമ്പുതന്നെ ശിർക്ക് ചെയ്യാതെ 'അല്ലാഹ്' എന്ന ബോധത്തിൽ പ്രകൃതിപരമായ ഒരു ജീവിതമാണ് പ്രവാചകൻ നയിച്ചിരുന്നത്. തുടർന്ന് തെറ്റും ശരിയും മനസ്സിലാക്കാൻ കഴിയാതെ പ്രജ്ഞാശൂന്യതയിലായപ്പോൾ ഹിറാഗുഹയിൽ പോയി ധ്യാനമിരിക്കുകയാണുണ്ടായത്. അപ്പോഴാണ് അല്ലാഹു *ജിബ്രീൽ* മുഖേന പ്രകാശമായ ഗ്രന്ഥം കൊടുത്തത്. 'അവനിൽ നിന്നുള്ള ഒരു സാക്ഷ്യം അവന് വിശദീകരിച്ച് കൊടുക്കുന്നുമുണ്ട്' എന്ന് പറഞ്ഞതിലെ 'സാക്ഷ്യം' 6: 19 ൽ പറഞ്ഞ സാക്ഷിയും ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഗ്രന്ഥവുമായ അദ്ദിക്റാണ്.

അതിനുമുമ്പ് മൂസാക്ക് നൽകിയ 'ഇമാമും കാരുണ്യവുമായ ഗ്രന്ഥം' അദ്ദിക്ർ എന്ന ഏകഗ്രന്ഥത്തിന്റെ ഭാഗമായ തൗറാത്താണ്. അദ്ദിക്ർ യഥാവിധി എത്തിച്ചുകൊടുക്കുകയാണെങ്കിൽ ഇതര ജനവിഭാഗങ്ങൾ അദ്ദിക്ർ കൊണ്ട് വിശ്വസിക്കുന്നതാണ് എന്നാണ് 'അക്കൂട്ടരിൽ അത് കൊണ്ട് വിശ്വസിക്കുന്നവരുണ്ട്' എന്ന് പറഞ്ഞതിന്റെ വിവക്ഷ. അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിൽ വിശ്വസിച്ചുകൊണ്ടും അതിന്റെ വിധിവിലക്കുകൾ പിന്തുടർന്നുകൊണ്ടും 58: 22 ൽ പറഞ്ഞ അല്ലാഹുവിന്റെ ഏകസംഘത്തിൽ ഉൾപ്പെടാതെ 58: 19 ൽ പറഞ്ഞ പിശാചിന്റെ വിവിധ സംഘങ്ങളായി പിരിഞ്ഞ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ നിന്നുള്ള സംഘടനക്കാർക്കെല്ലാം കാഫിറായ പിശാചിന്റെ വീടായ നരകമാണ് വാഗ്ദത്തം ചെയ്തിട്ടുള്ളതെന്നാണ് 'സംഘങ്ങളിൽ നിന്ന് ആരാണോ അതിനെ മൂടിവെച്ചത്, അപ്പോൾ അവനോട് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത് നരകമാണ്' എന്ന് പറഞ്ഞതിന്റെ വിവക്ഷ. ഇവിടെ 'മനുഷ്യരിൽ നിന്നുള്ളവർ' എന്ന് പറയാതെ 'സംഘങ്ങളിൽ നിന്നുള്ളവർ' എന്ന് പറഞ്ഞതിനാൽ 30: 30–32 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിവിധ സംഘടനകളായിപ്പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന ഫുജ്ജാറുകൾ മാത്രമാണ് നരകത്തിന്റെ വിറകുകൾ. അപ്പോൾ സത്യമായ അദ്ദിക്ർ നാഥനിൽ നിന്നുള്ളതാണെന്നതിൽ നിനക്ക് യാതൊരു സംശയവും വേണ്ട എന്നാണ്

പ്രവാചകനോട് അല്ലാഹു പറയുന്നത്. എന്നാൽ ജനങ്ങളിൽ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതുപേരും വിശ്വാസികളാവുകയില്ല എന്ന് അല്ലാഹുതന്നെ പറഞ്ഞിട്ടുണ്ട്. 2: 62, 147; 4: 150–151; 10: 33, 99–100; 13: 1; 39: 32 വിശദീകരണം നോക്കുക.

18. അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവനേക്കാൾ ഏറ്റവും വലിയ അക്രമിയായി ആരുണ്ട്? അക്കൂട്ടർ തങ്ങളുടെ നാഥന്റെ അടുക്കൽ ഹാജരാക്കപ്പെടുന്നതും ഇക്കൂട്ടരാണ് തങ്ങളുടെ നാഥന്റെ പേരിൽ കള്ളം പറഞ്ഞിരുന്നവരായവർ എന്ന് സാക്ഷികൾ പറയുന്നതുമാണ്; അറിഞ്ഞിരിക്കുക, അക്രമികളുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ട്!

സാക്ഷിയായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും വളച്ചൊടിച്ചുകൊണ്ടും ദേഹേച്ഛ പിൻപറ്റുന്ന ഇത്തരം അക്രമികളെ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടാണ് 7: 176 ൽ ഉപമിച്ചിട്ടുള്ളത്. 8: 22, 55 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അജ്ഞ ഗ്രന്ഥമായ അദ്ദിക്റിനെത്തൊട്ട് അന്ധരും ബധിരരും മൂകരുമായ കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവർ. അവർ 25: 34 ൽ പറഞ്ഞ പ്രകാരം തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണ്. അല്ലാഹുവിന്റെ മുമ്പിൽ ജീവിതത്തിലെ ഓരോ നിമിഷത്തെക്കുറിച്ചും ഉത്തരം ബോധിപ്പിക്കേണ്ടിവരികയില്ല, അവരവർ പ്രവർത്തിച്ചതിന് രക്ഷാശിക്ഷകൾ നേരിടേണ്ടി വരികയില്ല, അല്ലെങ്കിൽ സ്വർഗവും നരകവുമെല്ലാം വിശാലമാണ്, അല്ലാഹു അതിലേക്ക് അവന് ഇഷ്ടമുള്ളവരെ പ്രവേശിപ്പിക്കുകയാണ് എന്നെല്ലാമുള്ള നയത്തിൽ ജീവിക്കുന്നവർ അല്ലാഹുവിന്റെ നിഷ്പക്ഷവാൻ എന്ന ഗുണനാമത്തെ തള്ളിപ്പറയുന്നവരാണ്. അല്ലാഹു കൊന്നുകളഞ്ഞ, ശപിക്കപ്പെട്ട, കോപിക്കപ്പെട്ട ഇത്തരം കപടവിശ്വാസികളെല്ലാം തന്നെ അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്ന അക്രമികളും തെമ്മാടികളും ഭ്രാന്തന്മാരുമാണ്.

അദ്ദിക്ർ വന്നുകിട്ടിയിട്ട് അത് പിൻപറ്റാതിരിക്കുകയും അതിനനുസരിച്ച് വിധികൽപിക്കാതിരിക്കുകയും അദ്ദിക്ർ മുഖേന നാശങ്ങൾ വർദ്ധിക്കാൻ ഇടവരികയും ചെയ്യുന്നവർ തന്നെയാണ് അക്രമികൾ. അവർക്ക് അദ്ദിക്ർ നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 17: 82 ൽ പറഞ്ഞിട്ടുണ്ട്. അത്തരം കപടവിശ്വാസികളെത്തന്നെയാണ് 2: 159–160 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അല്ലാഹു ശപിച്ചിട്ടുള്ളതും ശപിക്കാൻ അർഹതയുള്ളവരെല്ലാം ശപിച്ചിട്ടുള്ളതും.'കോപം വർഷിക്കപ്പെട്ടവരുടെ മാർഗത്തിൽ ഞങ്ങളെ നീ നയിക്കല്ലേ' എന്ന 1 : 7 വായിക്കുമ്പോൾ അല്ലാഹുവിന്റെ മാർഗമായ അദ്ദിക്റിൽ നിന്ന് ജനങ്ങളെ തടയുന്ന ഇത്തരം കപടവിശ്വാസികളിൽ ഉൾപ്പെടുത്തരുതേ എന്നാണ് വിശ്വാസികൾ ആത്മാവ് കൊണ്ട് പ്രാർത്ഥിക്കേണ്ടത്. 2: 174–175; 7: 37, 150; 9: 28, 95 വിശദീകരണം നോക്കുക.

19. അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ തടഞ്ഞുകൊണ്ടിരിക്കുന്നവർ, അവർ അതിനെ വക്രീകരിക്കുവാൻ ശ്രമിക്കുന്നവരും അവർ പരലോകം കൊണ്ട് നിഷേധിച്ചവർ തന്നെയുമാകുന്നു.

41: 6–7 സൂക്തങ്ങളിൽ, നീ പറയുക: നിശ്ചയം കാര്യം, ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു, നിശ്ചയം നിങ്ങളുടെ ഇലാഹ് ഏകനാണെന്ന കാര്യം എനിക്ക് ദിവ്യസന്ദേശം ലഭിച്ചിട്ടുണ്ട്, അപ്പോൾ നിങ്ങൾ അവനുവേണ്ടി നിലകൊള്ളുന്ന

വരാവുക, അവനോട് നിങ്ങൾ പൊറുക്കലിനെത്തേടുകയും ചെയ്യുക, അവനിൽ പങ്കു ചേർക്കുന്നവർക്ക് നരകത്തിലെ 'വൈൽ' എന്ന ചെരിവാണുള്ളത്; സക്കാത്ത് നൽകാത്തവർ ആരോ അവർ; അവരാകട്ടെ, പരലോകം കൊണ്ട് നിഷേധിച്ചവർ തന്നെയുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 6: 153 ൽ വിവരിച്ച പ്രകാരം അദ്ദിക്റാണ് നേരെച്ചൊവ്വെയുള്ള പാത. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മനുഷ്യരെ അദ്ദിക്റിൽ നിന്നാണ് തടയുക. അവരുടെ കപടവിശ്വാസികളായ നേതാക്കൾ നാഥന്റെ സൂക്തങ്ങളെ മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്ത് അതിനെ വക്രീകരിക്കുന്ന അക്രമികളാണ്. അദ്ദിക്റിന്റെ 40 പേരുകളും മൂടിവെച്ചുകൊണ്ട് അവർ അനുയായികളെ അറബി ഖുർആൻ വായിക്കാനാണ് പ്രേരിപ്പിക്കുക. അതുവഴി അവർ 3: 7 ൽ വിവരിച്ച പ്രകാരം അനുയായികളെ വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ നേരെച്ചൊവ്വെയുള്ള പാതയിൽ നിന്ന് തെറ്റിച്ചുകളയുകയാണ്. 36: 10–11 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകനോ വിശ്വാസിക്കോ അവരെ അദ്ദിക്ർ കൊണ്ട് ഉണർത്താൻ സാധിക്കുകയില്ല. 9: 33, 67 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ തിന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരും നാഥന്റെ ശിക്ഷ ബാധകമായവരുമാണ്. 4: 59 ന്റെ കൽപന തള്ളിപ്പറഞ്ഞ് 9: 34 ൽ വിവരിച്ച പ്രകാരം അദ്ദിക്റിൽ നിന്ന് മനുഷ്യരെ തടയുന്ന കപടവിശ്വാസികളെ അന്ധമായി പിൻപറ്റുന്ന അനുയായികളും അക്രമികൾ തന്നെയാണ്. 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ രണ്ടുകൂട്ടരും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും അവന്റെ കാൽപാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. 7: 44–45; 9: 31, 84–85; 10: 17–18 വിശദീകരണം നോക്കുക.

20. അക്കൂട്ടർ ഭൂമിയിൽ അതിജയിക്കുന്നവരാവുകയില്ല, അവർക്ക് അല്ലാഹുവിനെക്കൂടാതെ രക്ഷകരിൽ നിന്ന് ആരും ഉണ്ടായിരിക്കുകയുമില്ല, അവർക്ക് ശിക്ഷ ഇരട്ടിപ്പിച്ച് കൊടുക്കുന്നതുമാണ്, അവർ കേൾക്കാൻ സാധിക്കുന്നവരായിരുന്നില്ല, ഉൾക്കാഴ്ച കാണുന്നവരുമായിരുന്നില്ല.

ദിക്ർ എന്ന ഗ്രന്ഥത്തെത്തൊട്ട് കണ്ണിന് ഒരു മൂടി ഉണ്ടായിരുന്നവരും അത് കേൾക്കാൻ തയ്യാറാകാത്തവരുമായ കാഫിറുകൾക്കാണ് നരകക്കുണ്ഠം അടുപ്പിക്കുക എന്ന് 18: 100–101 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇത്തരം കാഫിറുകൾ നരകത്തിലേക്ക് വലിച്ചെറിയപ്പെടുമ്പോൾ, 'ഓ! ഞങ്ങൾ അദ്ദിക്ർ കേൾക്കുന്നവരും അല്ലെങ്കിൽ ചിന്തിക്കുന്നവരുമായിരുന്നു എങ്കിൽ ഞങ്ങൾ ഈ കത്തിയാളുന്ന നരകത്തിന്റെ സഹവാസികളാകുമായിരുന്നില്ലല്ലോ' എന്ന് വിലപിക്കുന്ന രംഗം 67: 10 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 18 ൽ വിവരിച്ച പ്രകാരം അക്കൂട്ടർ അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമാണ്. അവർക്ക് കേൾവിയും കാഴ്ചയും ഉണ്ടെങ്കിലും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരായതിനാൽ 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30–ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. ഈസാ രണ്ടാമത് വന്നശേഷം മസീഹുദ്ദജ്ജാലിനെ വധിക്കുന്നതും അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ ഈ ദുഷ്ടജീവികൾ വധിക്കപ്പെടുന്നതും, 4: 91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുത്തുന്നതുമാണ്. അപ്പോൾ മാത്രമാണ് 38: 8 ൽ വിവരിച്ച പ്രകാരം അവർക്ക് *ദിക്ർ* –അദ്ദിക്ർ– ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥമെന്ന് ബോധ്യം വരിക. 2: 170–171; 8: 22; 10: 53 വിശദീകരണം നോക്കുക.

21. അക്കൂട്ടർ അവരെ സ്വയം നഷ്ടപ്പെടുത്തിയവരാണ്, അവർ കെട്ടിച്ചമച്ചുകൊ

ണ്ടിരുന്നതൊക്കെയും അവരെത്തൊട്ട് പിഴച്ചുപോവുകയും ചെയ്തിരിക്കുന്നു.

ആത്മാവിനെയും പരലോകത്തെയും പരിഗണിക്കാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 14: 2-3 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഐഹികജീവിതത്തിനും ദേഹേച്ഛയ്ക്കും പ്രാധാന്യം കൊടുക്കുന്ന കാഫിറുകളാണ്. 3: 196-197 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരിലെ കപടവിശ്വാസികളായ ഭ്രാന്തന്മാർ അവരുടെ അനുയായികളായ ഭ്രാന്തന്മാർക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം ഹലാലാക്കിക്കൊടുത്തവരാണ്. വിശ്വാസി 4: 141 ൽ വിവരിച്ച പ്രകാരം ഇത്തരം കാഫിറുകളെ ഒരു കാര്യത്തിലും അനുസരിക്കുകയോ അവരെ സംരക്ഷകരായി തെരഞ്ഞെടുക്കുകയോ ഇല്ല. ആത്മാവിനെ പരിഗണിക്കാത്ത ഈ കെട്ടജനത അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് 7: 37 പ്രകാരം മരണസമയത്തും, 6: 130 പ്രകാരം വിധിദിവസവും സാക്ഷ്യം വഹിക്കുന്നതാണ്. 2: 121; 6: 94; 7: 53 വിശദീകരണം നോക്കുക.

22. സംശയമില്ല, നിശ്ചയം അവർ പരലോകത്തിൽ ഏറ്റവും നഷ്ടപ്പെട്ടവർ തന്നെയാണ്.

കപടവിശ്വാസികളും അവരുടെ അനുയായികളും നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെത്തൊട്ട് ബധിരരും അന്ധരും ഊമരും ആണെന്നിരിക്കെ വിശ്വാസിക്ക് അവരെ ഉണർത്താൻ സാധിക്കുകയില്ല എന്ന് 16: 107-109 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികൾ അറിഞ്ഞുകൊണ്ട് അദ്ദിക്റിനെ മൂടിവെക്കുന്നവരായതിനാൽ 4: 145 ൽ പറഞ്ഞ പ്രകാരം അവർ വിചാരണ കൂടാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്നവരാണെങ്കിൽ അവരുടെ അനുയായികൾ 39: 71 പ്രകാരം വിചാരണക്ക് ശേഷം നരകത്തിൽ പോകുന്നവരാണ്. അവർ എല്ലാവരും നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം ശപിക്കുകയും കുറ്റപ്പെടുത്തുകയും പഴിക്കുകയും ചെയ്യുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 6-7; 7: 179; 9: 80-82 വിശദീകരണം നോക്കുക.

23. നിശ്ചയം വിശ്വാസികളായവരും സൽകർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നവരും തങ്ങളുടെ നാഥനിലേക്ക് മനസ്സാ-വാചാ-കർമണാ സമർപ്പിച്ചവരായി ജീവിക്കുന്നവരുമുണ്ടല്ലോ, അക്കൂട്ടരാണ് സ്വർഗവാസികൾ, അവരതിൽ നിത്യവാസികളുമാണ്.

നിങ്ങളുടെ ഇലാഹ് ഏക ഇലാഹാണ്, അപ്പോൾ നിങ്ങൾ അവന് സർവസ്വം സമർപ്പിച്ച് ജീവിക്കുക, മനസ്സാ വാചാ കർമണാ സർവസ്വം അവന് സമർപ്പിച്ച് ജീവിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക എന്ന് 22: 34 ൽ പറഞ്ഞിട്ടുണ്ട്. 10: 100 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് സ്വീകരിക്കേണ്ടത്. 3: 136; 9: 71-72; 76: 18, 21-22 വിശദീകരണം നോക്കുക.

24. രണ്ട് വിഭാഗങ്ങളുടെ ഉപമ, അന്ധരും ബധിരരുമായവർ, കാഴ്ചയും കേൾവിയുമുള്ളവർ, രണ്ട് വിഭാഗങ്ങളുടെയും ഉപമ സമമാകുമോ? അപ്പോൾ നിങ്ങൾ ഹൃദയം കൊണ്ട് ഓർമിക്കുന്നില്ലെയോ?

6: 104 ൽ വിവരിച്ച പ്രകാരം ആയിരത്തിൽ ഒന്നായ വിശ്വാസി ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്നവനാണ്.

എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 8: 22, 55 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമാണ്. 32: 18 ൽ, അപ്പോൾ വിശ്വാസിയായ ഒരാൾ കപടവിശ്വാസിയായ ഒരാളെപ്പോലെയാകുമോ? അവർ രണ്ടുപേരും സമമാവുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 38: 28 ൽ, അതോ വിശ്വാസികളാവുകയും ആ വിശ്വാസം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നവരെ നാം ഭൂമിയിൽ നാശമുണ്ടാക്കുന്നവരെപ്പോലെ ആക്കുമോ; അതല്ല, സൂക്ഷ്മാലുക്കളെ നാം ഫുജ്ജാറുകളെപ്പോലെ ആക്കുമോ എന്നും; 40: 58 ൽ, അന്ധനും കാഴ്ചയുള്ളവനും സമമാവുകയില്ല, വിശ്വാസികളാവുകയും സൽകർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നവരും തിന്മ ചെയ്യുന്നവരെപ്പോലെ ആവുകയില്ല, അൽപം പേർ മാത്രമല്ലാതെ മറ്റുള്ളവരെ ഹൃദയം കൊണ്ട് ഓർമ്മിപ്പിക്കുന്നവരാവുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. 16: 75-76 കൂട്ടി വായിക്കുക.

ഫുജ്ജാറുകളായ കുഫ്ഫാറുകൾ 17: 36; 36: 65; 41: 19-24; 99: 4-5 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവരുടെ കേൾവി, കാഴ്ച, വായ, കൈകൾ, കാലുകൾ, തൊലികൾ തുടങ്ങി ഭൂമിതന്നെയും അവർക്കെതിരെ സാക്ഷ്യം വഹിക്കുമെന്ന ബോധമില്ലാതെയാണ് ഇവിടെ ജീവിക്കുന്നത്. 10: 42-43 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആത്മാവിനെ പരിഗണിക്കാത്ത കപടവിശ്വാസികളെയും അവരുടെ പ്രജ്ഞയറ്റ അനുയായികളെയും അദ്ദിക്ർ കൊണ്ട് ഉണർത്താൻ സാധിക്കുകയില്ല. 32: 22 ൽ, തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടിട്ട് പിന്നെ അവയെ അവഗണിക്കുന്നവനെക്കാൾ വലിയ അക്രമി ആരാണുള്ളത്? നിശ്ചയം, ഇത്തരം ഭ്രാന്തന്മാരോട് നാം പ്രതികാരം ചെയ്യുകതന്നെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. 25: 73 ൽ, നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസികൾ തങ്ങളുടെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഓർമിപ്പിക്കപ്പെടുമ്പോൾ അതുകൊള്ളെ ബധിരരും അന്ധരുമായി വീഴുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 6: 36; 8: 2-4; 9: 95, 124-125 വിശദീകരണം നോക്കുക.

25. നിശ്ചയം നാം നൂഹിനെ അവന്റെ ജനതയിലേക്ക് നിയോഗിച്ചിട്ടുണ്ടായിരുന്നു; അവൻ പറഞ്ഞു: നിശ്ചയം ഞാൻ നിങ്ങൾക്ക് വ്യക്തമായ ഒരു മുന്നറിയിപ്പുകാരനാകുന്നു.

26. നിങ്ങൾ അല്ലാഹുവിനെയല്ലാതെ സേവിക്കുന്നവരാകരുത്, നിശ്ചയം നിങ്ങളുടെമേൽ ഒരു നാളിലെ വേദനാജനകമായ ശിക്ഷ ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.

21: 24-25 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുവീൻ എന്ന് മനുഷ്യരെ ഉണർത്തുന്നതിന് വേണ്ടിയാണ് ആദ്യ പ്രവാചകൻ നൂഹ് മുതൽ അന്ത്യപ്രവാചകൻ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാരെയും അദ്ദിക്ർ കൊണ്ട് നിയോഗിച്ചിട്ടുള്ളത്. 7: 59-64; 11: 2-3 വിശദീകരണം നോക്കുക.

27. അപ്പോൾ അവന്റെ ജനതയിൽ നിന്നുള്ള കാഫിറുകളായ പ്രമാണിമാർ പറഞ്ഞു: ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനായിട്ടല്ലാതെ നിന്നെ ഞങ്ങൾ കാണുന്നില്ല; ഞങ്ങളിൽ നിന്നുള്ള നീതൻമാർ വീണ്ടുവിചാരമില്ലാതെ നിന്നെ പിൻപറ്റുന്നവരായിട്ടല്ലാതെയും ഞങ്ങൾ നിന്നെ കാണുന്നില്ല; ഞങ്ങളുടെമേൽ നിങ്ങൾക്ക് യാതൊരു ശ്രേഷ്ഠതയും ഞങ്ങൾ കാണുന്നുമില്ല; അല്ല, നിങ്ങൾ കളവ്

പറയുന്നവരായിട്ടാണ് ഞങ്ങൾ കരുതുന്നത്.

എല്ലാ പ്രവാചകന്മാരുടെയും ജനതയിൽ നിന്നുള്ള ആയിരത്തിൽ 999 പേരും കാഫിറുകളും പ്രവാചകന്മാരെ പരിഹസിക്കുന്നവരുമാണ്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമാണ് പ്രവാചകന്മാരെ അംഗീകരിക്കുക. പ്രവാചകൻ സ്വാലിഹിന്റെ ജനത 'നമ്മുടെ ഇടയിൽ ഇവന്റെ മേലാണോ അദ്ദിക്ർ അവതരിച്ചിട്ടുള്ളത്? അല്ല, ഇവൻ ഒരു നുണ പറയുന്ന ഒറ്റയാൻ തന്നെയാണ്' എന്ന് പറഞ്ഞ് പരിഹസിച്ചിരുന്നതായി 54: 25 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഭ്രാന്തന്മാരായ ഫുജ്ജാറുകൾ അദ്ദിക്ർ പിൻപറ്റുന്ന വിശ്വാസികളെ പരിഹസിക്കുന്നവരാണ് എന്ന് 83: 29 ലും; എന്നാൽ വിശ്വാസികൾ വിധിദിവസം ഇത്തരം കുഫ്ഫാറുകളെ തിരിച്ചും പരിഹസിക്കുന്നതാണ് എന്ന് 83: 34 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള തെമ്മാടികളായ കപടവിശ്വാസികൾ അവരുടെ കാഫിറുകളായ അനുയായികളെ അദ്ദിക്ർ കേൾക്കുന്നതിനെത്തൊട്ട് തടയുന്നവരാണെന്ന് 41: 26–29 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 63: 7 ൽ, അല്ലാഹുവിന്റെ പ്രവാചകന്റെ അടുക്കലുള്ളവർക്കുവേണ്ടി അവർ അവിടെനിന്ന് പിരിഞ്ഞു പോകുന്നതുവരെ നിങ്ങൾ ഒന്നും ചെലവു ചെയ്യരുത് എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നവരാണ് കപടവിശ്വാസികൾ; അല്ലാഹുവിനാണ് ആകാശങ്ങളിലെയും ഭൂമിയിലെയും ഖജനാവുകൾ, എന്നാൽ നിശ്ചയം കപടവിശ്വാസികൾ ലക്ഷ്യബോധം ഗ്രഹിക്കാത്തവരാണ് എന്ന് പറഞ്ഞിട്ടുണ്ട്.

62: 2–3 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പ്രവാചകൻ മുഹമ്മദും അദ്ദിക്റും നിരക്ഷരരായ അറബികൾക്ക് മാത്രമുള്ളതല്ല, മറിച്ച് അന്ത്യനാൾ വരെയുള്ള മുഴുവൻ മനുഷ്യർക്കുമുള്ളതാണ്. എന്നാൽ അറബിഭാഷ പഠിച്ചതിൽ ഊറ്റം കൊള്ളുന്ന ഫുജ്ജാറുകളെക്കാൾ അദ്ദിക്ർ മനസ്സിലാക്കാൻ സാധിക്കുക അറബിഭാഷ പഠിക്കാത്തവർക്കാണ്. പ്രത്യേകിച്ച് അറബി ഖുർആൻ വായിക്കാൻ പോലും അറിയാത്ത ഇതര ജനവിഭാഗങ്ങൾക്കാണ് അദ്ദിക്ർ കൂടുതൽ മനസ്സിലാവുക എന്നർത്ഥം. 3: 79 ൽ വിവരിച്ച പ്രകാരം ഒറ്റപ്പെട്ട വിശ്വാസികൾ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നാഥന്റെ പ്രൗഢരായ സേവകരായി വർത്തിക്കുന്നതാണ്. 4: 82; 6: 53; 15: 88, 17: 89–94 വിശദീകരണം നോക്കുക.

28. അവൻ പറഞ്ഞു: ഓ എന്റെ ജനമേ, നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഞാൻ എന്റെ നാഥനിൽ നിന്നുള്ള ഒരു വ്യക്തമായ തെളിവിന്മേലാണ് നിലകൊള്ളുന്നത്, എനിക്ക് അവനിൽ നിന്നുള്ള കാരുണ്യം നൽകുന്നുമുണ്ട്, അപ്പോൾ നിങ്ങളുടെ മേൽ അത് അന്ധമാക്കപ്പെട്ടിരിക്കുന്നു, നിങ്ങൾ അത് അംഗീകരിക്കാൻ വെറുപ്പുള്ളവരായിരിക്കെ നാം നിർബന്ധപൂർവ്വം നിങ്ങളെക്കൊണ്ട് അത് അംഗീകരിപ്പിക്കുകയോ?

'ഞാൻ എന്റെ നാഥനിൽ നിന്നുള്ള ഒരു വ്യക്തമായ തെളിവിൻ മേലാണ്' എന്ന് നൂഹ് പറഞ്ഞതുകൊണ്ടുദ്ദേശിക്കുന്നത് സ്വർഗ്ഗത്തിൽ നിന്ന് പഠിപ്പിക്കപ്പെട്ട അദ്ദിക്റിലാണ് ഞാൻ നിലകൊള്ളുന്നത്' എന്നും, 'അവനിൽ നിന്നുള്ള കാരുണ്യം എനിക്ക് നൽകുന്നുമുണ്ട്' എന്ന് പറഞ്ഞത് കൊണ്ടുദ്ദേശിക്കുന്നത് 11: 17 ൽ പറഞ്ഞ 'സാക്ഷിയായ അദ്ദിക്ർ എനിക്ക് ദിവ്യസന്ദേശമായി നൽകപ്പെടുന്നുണ്ട്' എന്നുമാണ്. എന്നാൽ അത് നിങ്ങളുടെമേൽ അന്ധമാക്കപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞത് കാഫിറുകളായ ജനതയുടെ കണ്ണുകൾ അദ്ദിക്ർ കാണുന്നതിനെത്തൊട്ട് മൂടിയിടപ്പെട്ടിരിക്കുന്നു എന്നാണ്. 2: 256 ൽ ദീനിൽ നിർബന്ധമില്ല എന്ന് പറഞ്ഞിരിക്കെ പ്രവാചകനോ വിശ്വാസിയോ ഒരാളുടെ

മേലും അദ്ദിക്ർ അടിച്ചേൽപ്പിക്കുകയില്ല. അതാണ് പ്രവാചകൻ നൂഹ് 'നിങ്ങൾ വെറുക്കുന്നവരായിരിക്കെ നാം നിർബന്ധപൂർവ്വം നിങ്ങളെക്കൊണ്ട് ഇത് അംഗീകരിപ്പിക്കുകയോ' എന്ന് ചോദിച്ചതിന്റെ വിവക്ഷ.

അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ ഒരാൾക്കും വിശ്വാസിയാകാൻ സാധിക്കുകയില്ല എന്ന് 10: 99-100 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്ന ഫുജ്ജാറുകളായ ഭ്രാന്തൻമാർ നരകത്തിന്റെ പാറാവുകാരുടെ നേതാവായ 'മാലിക്കിനെ' വിളിച്ച് നിന്റെ റബ്ബ് ഞങ്ങളുടെ കഥയങ്ങ് കഴിച്ചുകൊള്ളട്ടെ -എന്തിനാണ് തൊലി ഉരുകുമ്പോൾ പുതിയത് വെച്ചുതന്ന് ഞങ്ങളെ ഇങ്ങനെ കഠിനമായി ശിക്ഷിക്കുന്നത്- എന്ന് പറയുമ്പോൾ: നിശ്ചയം സത്യവും കൊണ്ട് ഞങ്ങൾ നിങ്ങളിൽ വന്നിട്ടുണ്ടായിരുന്നു, എന്നാൽ നിങ്ങളിൽ അധികപേരും സത്യത്തെ -അദ്ദിക്റിനെ- വെറുക്കുന്നവരായിരുന്നു, അപ്പോൾ നിങ്ങൾ കാലാകാലം അവിടെത്തന്നെ കഴിഞ്ഞുകൂടേണ്ടവരാണ് എന്നാണ് മറുപടി പറയുക എന്ന് 43: 74-78 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 4: 56; 18: 100-101; 20: 124-127 വിശദീകരണം നോക്കുക.

29. ഓ എന്റെ ജനമേ! ഈ ദൗത്യത്തിന്റെ പേരിൽ ഞാൻ നിങ്ങളോട് ധനമൊന്നും ചോദിക്കുന്നുമില്ല, എന്റെ പ്രതിഫലം അല്ലാഹുവിന്റെ പക്കലല്ലാതെയല്ല, ഞാൻ വിശ്വാസികളായവരെ ആട്ടിയോടിക്കുന്നവനുമല്ല, നിശ്ചയം അവർ അവരുടെ നാഥനെ കണ്ടുമുട്ടുന്നവരാകുന്നു, എന്നാൽ നിശ്ചയം ഞാൻ നിങ്ങളെ കാണുന്നത് അവിവേകികളായ ഒരു ജനതയായിട്ടുമാകുന്നു.

നാഥന്റെ സന്ദേശമായ അദ്ദിക്ർ മനുഷ്യർക്ക് എത്തിച്ചുകൊടുക്കുന്നതിന് വേണ്ടി പ്രവാചകൻമാരോ വിശ്വാസികളോ ഒരു പ്രതിഫലവും ചോദിക്കുന്നവരല്ല. അദ്ദിക്ർ ലോകത്ത് എത്തിച്ചുകൊടുക്കുന്ന ദുർബലരായ വിശ്വാസികളെ മാന്യൻമാരെന്ന് നടിക്കുന്ന കപടവിശ്വാസികൾക്കുവേണ്ടി അവർ ആട്ടി അകറ്റുന്നവരുമല്ല. അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് അക്രമികളായ കപടവിശ്വാസികളെയും അവരെ അന്ധമായി പിൻപറ്റുന്ന അവിവേകികളായ മുശ്രിക്കുകളെയും ശിക്ഷിക്കുന്നതിന് വേണ്ടിയാണെന്ന് 33: 72-73 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രവാചകൻ നൂഹിനോട് അദ്ദേഹത്തിന്റെ ജനതയിലെ കാഫിറുകളായ പ്രമാണിമാർ പറഞ്ഞ അതേ വാക്കുകളാണ് പ്രവാചകൻ മുഹമ്മദിനോട് മക്കാമുശ്രിക്ക് നേതാക്കളും പറഞ്ഞിരുന്നത്. അതിന് മറുപടിയായിട്ടാണ് 6: 52-53 അവതരിച്ചിട്ടുള്ളത്. 5: 67; 10: 72; 16: 125; 33: 1, 48 വിശദീകരണം നോക്കുക

30. ഓ എന്റെ ജനമേ! ഞാൻ അവരെ ആട്ടിയകറ്റുകയാണെങ്കിൽ അല്ലാഹുവിൽ നിന്ന് എന്നെ സഹായിക്കാൻ ആരാണുണ്ടാവുക -അപ്പോൾ നിങ്ങൾ ഹൃദയം കൊണ്ട് ഓർമിക്കുന്നില്ലെയോ?

അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ട് അദ്ദിക്ർ കേൾക്കുകയും അത് ലോകർക്ക് എത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന വിശ്വാസികളെ നാഥന്റെ സംസാരം വിശദീകരിക്കുന്ന സദസ്സിൽ നിന്ന് ആട്ടിയകറ്റുകയോ അവരെ ഇകഴ്ത്തിപ്പറയുകയോ ചെയ്യുന്നത് ഒരു വിശ്വാസിക്കും യോജിച്ചതല്ലതന്നെ. 9: 67-68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തിന്മ കൽപിക്കുകയും നന്മ വിരോധിക്കുകയും ചെയ്യുന്ന തെമ്മാടികളായ കപടവിശ്വാസികളും കുഫ്ഫാറുകളുമാണ് അദ്ദിക്റിൽ നിന്ന് ജനങ്ങളെ തടയുക. 2: 152; 10: 93; 48: 29; 80: 1-7 വിശദീകരണം നോക്കുക.

31. അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലാണെന്ന് ഞാൻ നിങ്ങളോട് പറയുന്നുമില്ല, ഞാൻ അദൃശ്യകാര്യങ്ങൾ അറിയുന്നവനാണെന്നും നിശ്ചയം ഞാൻ ഒരു മലക്കാണെന്നും നിങ്ങളോട് പറയുന്നില്ല, നിങ്ങളുടെ കണ്ണുകളിൽ നിസ്സാരരായി കാണുന്നവർ ആരാണോ, അവർക്ക് അല്ലാഹു യാതൊരു നന്മയും നൽകുകയില്ലെന്നും ഞാൻ പറയുന്നില്ല, അവരുടെ ആത്മാവിന്റെ അവസ്ഥ ഏറ്റവും അറിയുന്നവൻ അല്ലാഹു തന്നെയാണ്, അങ്ങനെയെങ്ങാനും ഞാൻ പറയുകയാണെങ്കിൽ നിശ്ചയം ഞാൻ അക്രമികളിൽ പെട്ടവൻ തന്നെയായിരിക്കും.

6: 52 ൽ, കപടവിശ്വാസികളായ നേതാക്കൾക്കുവേണ്ടി ബലഹീനരായ വിശ്വാസികളെ ആട്ടിയകറ്റാൻ പാടില്ല എന്ന് പ്രവാചകനോടും വിശ്വാസിയോടും കൽപിച്ചിട്ടുണ്ട്. 18: 28 ൽ, തങ്ങളുടെ നാഥന്റെ മുഖം പ്രതീക്ഷിച്ചുകൊണ്ട് പ്രഭാതത്തിലും പ്രദോഷത്തിലും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരോടൊപ്പം നീ ക്ഷമയോടെ വർത്തിക്കേണ്ടതുമാകുന്നു, ഭൗതിക ജീവിതത്തിലെ അലങ്കാരങ്ങൾ ആഗ്രഹിച്ചുകൊണ്ട് അവരെത്തൊട്ട് നിന്റെ കണ്ണുകളെ നീ തിരിച്ചുകളയുകയുമരുത്, നമ്മുടെ സ്മരണയുണർത്തുന്ന അദ്ദിക്റിനെത്തൊട്ട് തന്റെ ഹൃദയം പ്രജ്ഞയറ്റവനെയും തന്റെ ദേഹേച്ഛ പിൻപറ്റിയവനെയും നീ ഒരിക്കലും അനുസരിക്കുകയുമരുത് -അവന്റെകാര്യം പരിധിലംഘിച്ചവനായിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. എല്ലാഓരോ മനുഷ്യനും തന്റെ പിരടിയിൽ വഹിക്കുന്ന കർമരേഖ വിധിദിവസം തുറന്ന പ്രകാശിക്കുന്ന ഗ്രന്ഥമായി പുറത്തെടുത്ത് ഓരോരുത്തർക്കും നൽകി വായിപ്പിച്ചാണ് ഓരോരുത്തരുടെയും വിചാരണ നടത്തുക എന്ന് 17: 13-14 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 41: 33 ൽ, അല്ലാഹുവിലേക്ക് വിളിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും നിശ്ചയം ഞാൻ അല്ലാഹുവിന് സർവ്വസ്വം സമർപ്പിച്ചവരിൽ പെട്ടവനാണെന്ന് പറയുകയും ചെയ്യുന്നവനെക്കാൾ ആരാണ് ഏറ്റവും നല്ല വാക്ക് പറയുന്നവൻ, എന്ന് പറഞ്ഞിട്ടുണ്ട്. 33: 1, 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്നോ വിശ്വാസിക്കോ കപടവിശ്വാസികളെയും കാഫിറുകളായ അവരുടെ അനുയായികളെയും അനുസരിക്കാൻ അനുവാദമില്ല. 6: 50; 9: 55, 61; 10: 40-41, 106 വിശദീകരണം നോക്കുക.

32. അവർ പറഞ്ഞു: ഓ നൂഹ്, നീ ഞങ്ങളോട് തർക്കിച്ചല്ലോ, നീ ഞങ്ങളോട് അധികരിച്ച തർക്കം നടത്തിയല്ലോ, ഇനി നീ ഞങ്ങളോട് വാഗ്ദത്തം ചെയ്ത ശിക്ഷ കൊണ്ടുവരിക -നീ സത്യസന്ധന്മാരിൽ പെട്ടവൻ തന്നെയാണെങ്കിൽ!

2: 170-171 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരുടെയും കാലത്തുള്ള കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളും അവരുടെ കാക്കകാരണവന്മാരുടെ കാൽപ്പാടുകളാണ് പിൻപറ്റുക. ഇന്ന് ഇതേ സ്വഭാവം വെച്ചുപുലർത്തുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും അവരുടെ പിതാക്കന്മാരുടെ മാർഗം പിൻപറ്റുകവഴി 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപാടുകളാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നത്. അവർ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിരിക്കുകയാണ് എന്ന് 56: 82 ൽ പറഞ്ഞിട്ടുണ്ട്. അതുവഴി അവർ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും മസീഹുദ്ദജ്ജാലിന്റെ വരവിനുവേണ്ടിയും അന്ത്യദിനത്തിനുവേണ്ടിയും ധൃതി കാണിക്കുന്നവരാണ്. ഇന്ന് അദ്ദിക്ർ അജയ്യഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂ

ക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 3: 66, 138; 8: 32; 18: 54 വിശദീകരണം നോക്കുക.

33. അവൻ പറഞ്ഞു: നിശ്ചയം, അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അവൻ തന്നെ നിങ്ങൾക്ക് അത് കൊണ്ടുവരുന്നതാണ്, നിങ്ങൾ അവനെ പരാജയപ്പെടുത്തുന്നവരൊന്നുമല്ല.

6: 2-3 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ നാഥൻ എല്ലാഓരോ വ്യക്തിക്കും ജനതക്കും സമുദായത്തിനും ഒരു അവധി ആദ്യമേ നിശ്ചയിച്ച് ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ അവധി എത്തിക്കഴിഞ്ഞാൽ അവർ നശിപ്പിക്കപ്പെടുന്നതാണ്. നിങ്ങൾ ഭൂമിയിൽ ലയിച്ച് ഇല്ലാതായിത്തീരാനോ പുനർജീവിപ്പിക്കപ്പെടാതിരിക്കാനോ പോകുന്നില്ല. ശരീരത്തിന്റെയും ജീവന്റെയും ആത്മാവിന്റെയും ഉടമയായ നാഥൻ നിശ്ചയിച്ചത് മാത്രമാണ് നടപ്പിൽ വരിക. 9: 28 ൽ പറഞ്ഞ മാലിന്യമായ കപടവിശ്വാസികൾക്കും അവരുടെ അനുയായികളായ മുശ്രിക്കുകൾക്കും അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 9: 125 ലും പറഞ്ഞിട്ടുണ്ട്. അപ്പോൾ ഒറ്റപ്പെട്ട വിശ്വാസി 6: 89-90 സൂക്തങ്ങളെ സത്യപ്പെടുത്തിക്കൊണ്ട് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾക്കാണ് എത്തിച്ചുകൊടുക്കുക. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ മനുഷ്യരുടെ ഐക്യം രൂപപ്പെടുത്താനാണ് കൽപിച്ചിട്ടുള്ളത്. 6: 131-133; 10: 61; 11: 20 വിശദീകരണം നോക്കുക.

34. ഞാൻ നിങ്ങൾക്ക് വല്ലഗുണവും ഉദ്ദേശിച്ചാൽ തന്നെ അല്ലാഹു നിങ്ങളെ ലക്ഷ്യബോധം നഷ്ടപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ എന്റെ ഗുണകാംക്ഷ നിങ്ങൾക്ക് ഒരു ഗുണവും ചെയ്യുകയില്ല, അവനാണ് നിങ്ങളുടെ ഉടമ, അവനിലേക്കു തന്നെയാണ് നിങ്ങൾ തിരിച്ചയക്കപ്പെടുന്നതും.

ഒരു പ്രവാചകന്റെയും ജീവിതകാലത്ത് അദ്ദിക്ർ ഗ്രന്ഥമായി ക്രോഡീകരിക്കപ്പെട്ടിരുന്നില്ല. അതാതുകാലത്തെ സാഹചര്യങ്ങൾക്ക് അനുസരിച്ച് സൂക്തങ്ങൾ അവതരിക്കുകയാണ് ചെയ്തിരുന്നത്. പ്രവാചകൻ മുഹമ്മദിന് സത്യമായ അദ്ദിക്ർ 17: 105-106 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം, ജനങ്ങളുടെമേൽ നിർത്തി നിർത്തി വായിച്ചുകൊടുക്കുന്നതിനുവേണ്ടി ഘട്ടം ഘട്ടമായി 23 വർഷങ്ങൾ കൊണ്ടാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. എന്തുകൊണ്ടാണ് പ്രവാചകന് ക്രോഡീകരിക്കപ്പെട്ട ഒരു ഗ്രന്ഥം ഇറക്കപ്പെടാത്തത് എന്ന മക്കാമുശ്രിക്കുകളുടെ ചോദ്യത്തിന്, 'നിശ്ചയം, എന്റെ നാഥനിൽ നിന്ന് എന്നിലേക്ക് ദിവ്യസന്ദേശമായി നൽകപ്പെടുന്നത് പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്, ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു ഉൾക്കാഴ്ചാദായകമാണ്, വിശ്വാസികളായ ജനതക്ക് അത് സന്മാർഗവും കാരുണ്യവുമാണ്' എന്ന് മറുപടി പറയാനാണ് 7: 203 ലൂടെ നാഥൻ കൽപിച്ചിട്ടുള്ളത്.

25: 58 ൽ പറഞ്ഞ ത്രികാലജ്ഞാനിയായ നാഥൻ അജയ്യഗ്രന്ഥമായ അദ്ദിക്ർ ഇന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഒരു ഗ്രന്ഥമായി രൂപപ്പെടുത്തിയിരിക്കെ ആരാണോ അതിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101; 4: 174-175; 5: 48 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 9: 73 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളോടും കുഫ്ഫാറുകളോടും അതുകൊണ്ട് അധികരിച്ച ജിഹാദ് ചെയ്യൽ വിശ്വാസിയുടെ ബാധ്യതയാണ്. 6: 7; 7: 178; 10: 108 വിശദീകരണം നോക്കുക.

35. അതല്ല, ഇത് അവൻ കെട്ടിച്ചമച്ചതാണെന്ന് അവർ പറയുന്നുവോ? നീ പറയുക: ഇത് ഞാൻ സ്വയം കെട്ടിച്ചമച്ചതാണെങ്കിൽ അപ്പോൾ എന്റെ ഭ്രാന്തിന്റെ ഉത്തരവാദിത്തം എന്റെ മേലാകുന്നു, നിങ്ങൾ ഭ്രാന്തിൽ അകപ്പെടുന്നതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് ഞാൻ വിമുക്തനുമാകുന്നു.

ചിന്താശക്തി ഉപയോഗപ്പെടുത്താത്ത യഥാർത്ഥ ഭ്രാന്തൻമാരാണ് ഭവിഷ്യത്തിനെക്കുറിച്ച് യാതൊരു ഭയവുമില്ലാതെ അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുക, അല്ലെങ്കിൽ അല്ലാഹുവിന്റെ സൂക്തങ്ങൾ വന്നുകിട്ടിയിട്ട് അതിനെ തള്ളിപ്പറയുക. ഞാൻ യാതൊരു ഭവിഷ്യത്തും ഭയപ്പെടാതെ ഗ്രന്ഥം കെട്ടിച്ചമച്ച് പറയുകയാണെങ്കിൽ അതിന്റെ ദോഷം ഞാൻ തന്നെ വഹിക്കേണ്ടി വരും, എന്നാൽ ഈ ഗ്രന്ഥം സത്യമാവുകയും യാതൊരു ചിന്തയുമില്ലാതെ നിങ്ങൾ അതുകൊള്ളെ ഭ്രാന്തൻ സമീപനം സ്വീകരിക്കുകയുമാണെങ്കിൽ അതിന്റെ ദോഷത്തിൽ എനിക്ക് യാതൊരു ഉത്തരവാദിത്തവുമില്ല എന്ന് കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുമടങ്ങിയ ഫുജ്ജാറുകളോട് പറയാനാണ് സൂക്തം അന്ന് പ്രവാചകനോടും ഇന്ന് പ്രവാചകന്റെ ജീവിതം പിൻപറ്റുന്ന വിശ്വാസിയോടും കൽപിക്കുന്നത്.

അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 2: 136, 285 സൂക്തങ്ങളിൽ പ്രവാചകന്മാർക്കിടയിൽ ഞങ്ങൾ യാതൊരു വ്യത്യാസവും കൽപിക്കുന്നില്ല എന്ന് വായിക്കുന്നുണ്ടെങ്കിലും അവർ ഒരു പ്രവാചകനെയും പിൻപറ്റാത്തവരും 29 കള്ളവാദികളെ പിൻപറ്റുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. എല്ലാ പ്രവാചകന്മാരും നബിമാരും വിശ്വാസികളും ചെയ്തിട്ടുള്ള 19: 58 ൽ പറഞ്ഞ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം അവർ ഒരിക്കലും നിർവഹിക്കുകയില്ല. 7: 40 -41 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ആക്രമികളും ഭ്രാന്തന്മാരുമായ അവർക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല. 76: 3 ൽ പറഞ്ഞ പ്രകാരം എല്ലാഓരോ ആത്മാവിനും നന്ദി പ്രകടിപ്പിക്കുന്നവൻ, അല്ലെങ്കിൽ നന്ദി കെട്ടവൻ എന്നീ രണ്ടാലൊരുമാർഗം തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. 6: 94; 19: 80 സൂക്തങ്ങളിൽ പറഞ്ഞപ്രകാരം ഓരോരുത്തരും നാഥന്റെ മുമ്പിൽ ഒറ്റക്കൊറ്റക്കാണ് ഉത്തരം പറയേണ്ടിവരിക. 2: 119; 5: 10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം യുക്തിനിർഭരമായ അദ്ദിക്ർ കൊണ്ട് ഉണർത്തൽ മാത്രമാണ് പ്രവാചകനും വിശ്വാസിക്കും ബാധ്യതയുള്ളത്; ജ്വലിക്കുന്ന നരകത്തിലെ നിവാസികളെക്കുറിച്ച് അവർ ചോദിക്കപ്പെടുകയില്ല. 2: 165-167; 10: 50-52; 11: 13-14 വിശദീകരണം നോക്കുക.

36. നൂഹിലേക്ക് ദിവ്യസന്ദേശം നൽകപ്പെടുകയും ചെയ്തു, എന്തെന്നാൽ നിശ്ചയം നിന്റെ ജനത്തിൽ ഇപ്പോൾ വിശ്വസിച്ചുകഴിഞ്ഞിട്ടുള്ളവരല്ലാതെ ഇനി ആരും വിശ്വസിക്കുകയില്ല, അപ്പോൾ നീ അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ ആശയറ്റവനാകാതിരിക്കുക!

എന്റെ നാഥാ, കാഫിറുകളിൽ നിന്ന് ഒരാളെയും നീ ഭൂമിയിൽ അവശേഷിപ്പിക്കല്ലേ, നീയെങ്ങാനും അവരെ അവശേഷിപ്പിക്കുകയാണെങ്കിൽ നിന്റെ അടിമകളെ അവർ വഴിപിഴപ്പിക്കുന്നതാണ്, അവർ ഫാജിറുകളെയും കുഫ്ഫാറുകളെയുമല്ലാതെ പ്രസവിക്കുകയുമില്ല എന്ന് നൂഹ് പ്രാർത്ഥിച്ചതായി 71: 26-27 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ഫിർഔൻ സത്യമെല്ലാം അറിഞ്ഞിട്ടും സത്യത്തെ അംഗീകരിക്കാത്ത തെമ്മാടിയായപ്പോഴാണ് 10: 88 ൽ വിവരിച്ച പ്രകാരം അവനെതിരായി പ്രാർത്ഥിക്കാൻ മൂസാക്ക് നാഥൻ ദിവ്യ സന്ദേശം നൽകിയത്. ഇന്ന് അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകളായ കാഫിറുകൾ മുൻകഴിഞ്ഞ ജനതകളെക്കാൾ അദ്ദിക്റിനോട് വിരോധം വെക്കുന്നവരാണ്. അതുകൊണ്ട് ഇന്നത്തെ ഒറ്റപ്പെട്ട വിശ്വാസി, മാലിന്യമായ അവർക്ക് അദ്ദിക്ർ നൽകാൻ താൽപര്യപ്പെടുകയില്ല. മറിച്ച് 6: 89 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനവിഭാഗങ്ങളിലേക്ക് അദ്ദിക്ർ എത്തിച്ചുകൊടുത്ത് അവരെ അത് ഉപയോഗപ്പെടുത്താൻ ഉപദേശിക്കുകയാണ് ചെയ്യുക. 9: 51; 11: 5, 89 വിശദീകരണം നോക്കുക.

37. നമ്മുടെ മേൽനോട്ടത്തിലും നമ്മുടെ ദിവ്യസന്ദേശമനുസരിച്ചും നീ ഒരു കപ്പൽ പണിയുകയും ചെയ്യുക, അക്രമികളായവരുടെ കാര്യത്തിൽ നീ എന്നോട് ഒന്നും സംസാരിക്കുകയുമരുത്, നിശ്ചയം അവർ മുക്കിക്കൊല്ലപ്പെടേണ്ടവരാണ്.

അല്ലാഹുവിന്റെ സന്ദേശം പൂർണ്ണമായും എത്തിച്ചുകഴിഞ്ഞ ഒരു ജനത തെമ്മാടികളായി മാറുകയും അവരിൽ നിന്ന് ഇനി വിശ്വാസികൾ ഉടലെടുക്കാനുള്ള സാധ്യത തീരെയില്ലാതാവുകയും ചെയ്യുമ്പോൾ ത്രികാലജ്ഞാനിയായ അല്ലാഹു പ്രവാചകനെക്കൊണ്ട് അവർക്കെതിരെ പ്രാർത്ഥിപ്പിച്ച് ശിക്ഷ നടപ്പാക്കുക എന്നതാണ് അല്ലാഹുവിന്റെ ചര്യ. 8: 33 വിശദീകരണം നോക്കുക. 6: 47, 133 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസികളെ പ്രവാചകനോടൊപ്പം രക്ഷപ്പെടുത്തുകയും അക്രമികളെ നശിപ്പിക്കുകയും ചെയ്യുന്നതാണ്. ഇന്ന് ലോകത്ത് ഒരിടത്തും വിശ്വാസികളുടെ സംഘമില്ല, ഉണ്ടെങ്കിൽ അവർക്ക് അധികാരം നൽകുമെന്ന് 24: 55 ലും 21: 105 ലും പറഞ്ഞിട്ടുണ്ട്. അതിനാൽ 9: 73 ൽ വിവരിച്ച പ്രകാരം ഒറ്റപ്പെട്ട വിശ്വാസി *മുഹൈമിനായ* അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുകയും അതുകൊണ്ട് കപടവിശ്വാസികളോടും കുഫ്ഫാറുകളോടും അധികരിച്ച ജിഹാദ് ചെയ്യുകയുമാണ് വേണ്ടത്. മനുഷ്യരുടെ ഐക്യം ലക്ഷ്യം വെച്ചുകൊണ്ട് അവർ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകരിൽ പ്രചരിപ്പിക്കുന്നതുമാണ്. ചിന്താശക്തി നൽകപ്പെട്ട മനുഷ്യന്റെ ബാധ്യതയാണ് 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമം ലക്ഷ്യം വെച്ചുകൊണ്ട് ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കലും ജൈവകൃഷി ചെയ്യലും. ഇസ്‌ലാമിനെ മായ്ച്ചുകളയാൻ വേണ്ടി മസീഹുദ്ദജ്ജാൽ കള്ളപ്രവാചകനായി വരുമ്പോൾ കപടവിശ്വാസികളും ഫാജിറുകളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് അവനെ സഹായിക്കുകയും ആനയിക്കുകയും ചെയ്യുക. ശേഷം ഈസാ വരികയും മസീഹുദ്ദജ്ജാലിനെ വധിക്കുകയും ചെയ്തതാൽ ലോകത്ത് മൊത്തം ഇസ്‌ലാം നടപ്പിൽ വരുന്നതാണ്. അന്ന് ഇസ്‌ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങൾ കപടവിശ്വാസികളെയും കുഫ്ഫാറുകളെയും വധിച്ചുകൊണ്ട് 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കുന്നതാണ്. 2: 254; 3: 91; 6: 21 വിശദീകരണം നോക്കുക.

38. കപ്പൽ നിർമ്മാണത്തിലേർപ്പെട്ടിരിക്കെ തന്റെ ജനതയിലെ പ്രമാണിമാർ അതിനടുത്തുകൂടെ നടന്നുപോയപ്പോഴൊക്കെ അതിന്റെ പേരിൽ അവർ അവനെ പരിഹസിച്ചു. അവൻ പറഞ്ഞു: ഇന്ന് നിങ്ങൾ ഞങ്ങളെ പരിഹസിക്കുന്നവരാണെങ്കിൽ അപ്പോൾ നിശ്ചയം നിങ്ങൾ ഞങ്ങളെ പരിഹസിച്ചുകൊണ്ടിരിക്കുന്നതുപോലെ ഞങ്ങൾ നിങ്ങളെയും പരിഹസിക്കുന്നതാണ്.

39. അപ്പോൾ അടുത്തുതന്നെ നിങ്ങൾ അറിയുകതന്നെ ചെയ്യും, ആർക്കാണ് ഏറ്റവും നിന്ദ്യമായ ശിക്ഷ വന്നെത്തുക എന്നും ആരുടെ മേലാണ് സ്ഥായിയായ ശിക്ഷ ബാധിക്കുക എന്നും.

ത്രികാലജ്ഞാനിയായ അല്ലാഹുവിന്റെ ചര്യയായ അദ്ദിക്റിൽ നിന്ന് കാര്യകാരണ ബന്ധങ്ങൾക്ക് അതീതമായി പ്രവർത്തിക്കുന്നവനാണ് അല്ലാഹു എന്ന് മനസ്സിലാക്കാത്ത കപടവിശ്വാസികൾ, പ്രവാചകൻമാരുടെ കാലത്തുനടന്ന ഇത്തരം സംഭവങ്ങളിൽ നിന്നൊന്നും തന്നെ ഒരു പാഠവും പഠിക്കുകയില്ല, അവർ ഉൾകാഴ്ച്ചാദായകവും സമാനമായ ഉപമ-ഉദാഹരണങ്ങളുമായി അദ്ദിക്റിനെ ഉപയോഗപ്പെടുത്തുകയുമില്ല, അവർ എല്ലാകാര്യങ്ങളും ഭൗതിക കാഴ്ചപ്പാടോടെ മാത്രം നോക്കിക്കാണാൻ ഉതകുന്ന വിധത്തിൽ ഖുർആനിന് വിശദീകരണം നൽകുന്നതായി കാണാം. ആത്മാവില്ലാതെ ശരീരം കൊണ്ട് നമസ്കരിക്കുന്ന അവർ *അത്തഹിയ്യാത്തിൽ* മസീഹുദ്ദജ്ജാലിന്റെ നാശത്തെത്തൊട്ട് അല്ലാഹുവിനോട് അഭയം തേടുന്നുണ്ടെങ്കിലും അദ്ദിക്റിന്റെ വെളിച്ചത്തിലല്ലാത്തതിനാൽ അവർ തന്നെയാണ് അവന്റെ സ്വർഗം തെരഞ്ഞെടുത്ത് അവന്റെ കെണിയിൽ അകപ്പെടുക!

18: 60-82 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം മൂസാനബിക്ക് സവിശേഷമായ അറിവ് പഠിപ്പിക്കാൻ നിയോഗിച്ചയക്കപ്പെട്ട, അല്ലാഹുവിന്റെ പക്കൽനിന്ന് പ്രത്യേക അറിവ് ലഭിച്ചിട്ടുള്ള, 'ഖിള്റി'ന്റെ പ്രവൃത്തികൾ മൂസാക്കുതന്നെ പ്രത്യക്ഷത്തിൽ തെറ്റായിട്ടാണ് അനുഭവപ്പെട്ടത്. പിന്നീട് അതിന്റെ യഥാർത്ഥ വിശദീകരണം *ഖിള്റ്* നൽകിയപ്പോൾ മാത്രമാണ് മൂസാക്ക് അത് ഉൾക്കൊള്ളാൻ സാധ്യമായത്. ത്രികാലജ്ഞാനമായ അദ്ദിക്ർ ഉൾകാഴ്ച്ചാദായകമായി ഉപയോഗപ്പെടുത്തുന്നവർക്ക് മാത്രമാണ് യഥാർത്ഥ അറിവ് ലഭിക്കുന്നത്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അത് ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ് ബുദ്ധിമാൻമാർ. അല്ലാത്തവരെല്ലാം മൂഢൻമാരും ഇഹലോകജീവിതം മോടി പിടിപ്പിക്കുന്നതിനുള്ള അറിവ് മാത്രം നേടുന്നവരും ഐഹികലോക നേട്ടങ്ങൾക്ക് വേണ്ടി മാത്രം എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തുന്നവരുമാണ്.

അറിവും സന്മാർഗവും പ്രകാശം നൽകുന്ന ഗ്രന്ഥവുമായ അദ്ദിക്ർ കൂടാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിക്കുന്നവരാണ് കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുമെന്ന് 22: 8; 31: 20 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ ശാപത്തിനും കോപത്തിനും വിധേയരായ കപടവിശ്വാസികളും അവരുടെ വഴിപിഴച്ച അനുയായികളും സത്യമായ അദ്ദിക്ർ സമർപ്പിക്കുന്നവിധം നാഥനെ പരിഗണിക്കാത്തവരാണ്. അവർക്ക് അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണയാണുള്ളത് എന്നും അവരുടെ മേലാണ് ദുഷിച്ച പരിണിതിയുള്ളത് എന്നും 48: 6 ൽ പറഞ്ഞിട്ടുണ്ട്. തിന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരുമായ അവർ യുക്തിനിർഭര ഉണർത്തലായ അദ്ദിക്റിനെ വിസ്മരിക്കുകവഴി നാഥനെ വിസ്മരിച്ചവരായതിനാൽ ഇത്തരം തെമ്മാടികളെ നാഥനും വിസ്മരിച്ചിരിക്കുന്നു എന്ന് 9: 67-68 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 186 ൽ വിവരിച്ച പ്രകാരം ആത്മാവ് പങ്കെടുക്കാത്ത അവരുടെ എല്ലാ പ്രാർത്ഥനകളും പ്രവൃത്തികളും നിഷ്ഫലമാണ്. 2: 85, 212; 8: 22; 11: 8 വിശദീകരണം നോക്കുക.

40. അങ്ങനെ നമ്മുടെ കൽപന വന്നെത്തുകയും അടുപ്പിൽ ഉറവ പൊട്ടുകയും ചെയ്തപ്പോൾ നാം പറഞ്ഞു: എല്ലാഓരോ ജീവജാലങ്ങളിൽ നിന്നും രണ്ട് ജോടികളെയും ആരുടെ മേലാണോ വചനം മുൻകടന്നത് അവരൊഴികെയു

ള്ള നിന്റെ കുടുംബത്തെയും വിശ്വാസികളെയും ആ കപ്പലിൽ കയറ്റികൊള്ളുക, അവനോടൊപ്പം വിശ്വാസികളായിട്ട് കുറച്ചുപേരല്ലാതെ ഉണ്ടായിരുന്നുമില്ല.

23: 27 ലും ഇതേ കാര്യം പരാമർശിക്കുന്നുണ്ട്. ബൈബിളിന്റെ വിശദീകരണമനുസരിച്ച് പ്രവാചകൻ നൂഹ് നിർമ്മിച്ച കപ്പലിന് മൂന്ന് തട്ടുകളാണുണ്ടായിരുന്നത്. അടിയിലെ തട്ടിൽ ജന്തുവർഗങ്ങളിൽ നിന്നുള്ള ഈ രണ്ട് ജോടികളെയും മധ്യത്തിൽ വിശ്വാസികളായ മനുഷ്യരെയും മുകളിലെ തട്ടിൽ പക്ഷികളിൽ നിന്നുള്ള ഈരണ്ട് ജോടികളെയുമായിരുന്നു കയറ്റിയിരുന്നത്. ഒരു പ്രത്യേക അടുപ്പിൽ നിന്ന് ഉറവ പൊട്ടിയൊഴുകിക്കൊണ്ടായിരുന്നു പ്രളയം ആരംഭിച്ചത്, പിന്നെ മഴ ശക്തിപ്രാപിക്കുകയും ഭൂമിയിൽ സർവ്വത്ര ഉറവകൾ പൊട്ടിയൊഴുകുകയും ചെയ്തു. അടുപ്പിൽ നിന്ന് വെള്ളം പൊട്ടിയൊഴുകിയത് മാത്രമേ ഇവിടെ പറഞ്ഞിട്ടുള്ളൂ. എന്നാൽ 11: 44 ൽ, മഴ വർഷിച്ചതിന് തെളിവ് ലഭിക്കുന്നുണ്ട്. 54: 11–12 സൂക്തങ്ങളിൽ, കോരിച്ചൊരിയുന്ന പേമാരിയാൽ നാം ആകാശത്തിന്റെ കവാടങ്ങൾ തുറന്നു, ഭൂമിയെ പ്രസവിപ്പിച്ച് പുഴകളാക്കി, അങ്ങനെ വിധിക്കപ്പെട്ടിരുന്ന കാര്യം നിവർത്തിക്കുന്നതിന് വേണ്ടി ജലമൊക്കെയും കൂടിച്ചേർന്നു എന്ന് പറഞ്ഞിട്ടുണ്ട്. 'ആരുടെ മേലാണോ വചനം മുൻകടന്നത്' എന്ന് പറഞ്ഞത് 11: 45 ൽ പറഞ്ഞ പ്രവാചകൻ നൂഹിന്റെ ഒരു മകനെയും 66: 10 ൽ, കാഫിറുകൾക്ക് മാതൃകയായി എടുത്തുദ്ധരിച്ച നൂഹിന്റെ സ്ത്രീയേയുമാണ്. 11: 37 ൽ 'അക്രമികളെക്കുറിച്ച് എന്നോട് സംസാരിക്കേണ്ടതില്ല' എന്ന് പറഞ്ഞതിലെ അക്രമികളും അവർ തന്നെയാണ്.

29: 14 ൽ പറഞ്ഞതുപോലെ പ്രവാചകൻ നൂഹ് തൊള്ളായിരത്തി അൻപത് വർഷക്കാലം പ്രബോധനം നടത്തിയിട്ടും ഏതാനും ചിലർ മാത്രമാണ് വിശ്വാസം സ്വീകരിച്ചത്. നൂഹിന്റെ പുത്രൻമാരുടെ മാത്രമല്ല, കപ്പലിൽ കയറ്റി രക്ഷപ്പെടുത്തിയ എല്ലാവരുടെയും സന്താനപരമ്പരയാണ് പിൽക്കാലത്ത് വന്നിട്ടുള്ള മനുഷ്യസമൂഹം. 36: 41 ൽ, നിശ്ചയം നിറക്കപ്പെട്ട കപ്പലിൽ നാം രക്ഷപ്പെടുത്തിയവരുടെ പിൻഗാമികളാണ് ഇവർ (മക്കാമുശ്രിക്കുകൾ) എന്നത് അവർക്ക് ഒരു ദൃഷ്ടാന്തമല്ലെയോ എന്ന് ചോദിക്കുന്നുണ്ട്. 17: 3 ൽ, നൂഹിനോടൊപ്പം കപ്പലിൽ വഹിച്ചവരുടെ സന്തതികളിൽ പെട്ടവരാണ് ഇസ്റാഈൽ സന്തതികളെന്ന് പറഞ്ഞിട്ടുണ്ട്. നാഥന്റെ സന്ദേശം എത്തിച്ച് തരുന്നതിന്റെ പേരിൽ ഞാൻ നിങ്ങളോട് പ്രതിഫലത്തിൽ നിന്ന് ഒന്നും ചോദിക്കുന്നില്ല, എന്റെ പ്രതിഫലം സർവലോകങ്ങളുടെയും ഉടമയിലല്ലാതെ അല്ല. അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നിങ്ങൾ എന്നെ അനുസരിക്കുകയും ചെയ്യുവീൻ എന്ന് പ്രവാചകൻ നൂഹ് തന്റെ ജനതയോട് പറഞ്ഞതായി 26: 109–110 സൂക്തങ്ങളിലും; നിന്നെ പിൻപറ്റുന്നത് ഏറ്റവും താഴ്ന്ന ആളുകളായിരിക്കെ ഞങ്ങൾ നിന്നിൽ വിശ്വസിക്കുകയോ എന്ന് ജനതയിലെ പ്രമാണിമാർ ചോദിച്ചതായി 26: 111 ലും; അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് എനിക്ക് ഒരു അറിവുമില്ല. നിശ്ചയം, അവരുടെ വിചാരണ എന്റെ നാഥന്റെ പക്കലല്ലാതെയല്ല, നിങ്ങൾ തിരിച്ചറിവുള്ളവരായിരുന്നുവെങ്കിൽ! ഞാൻ വിശ്വാസികളെ ആട്ടിയകറ്റുന്നവനുമല്ല, നിശ്ചയം ഞാൻ വ്യക്തമായ ഒരു താക്കീതുകാരനല്ലാതെയല്ല എന്ന് നൂഹ് പറഞ്ഞതായി 26: 112–115 സൂക്തങ്ങളിലും; നീ വിരമിക്കുന്നില്ലെങ്കിൽ ഓ നൂഹേ, നിശ്ചയം നീ എറിഞ്ഞോടിക്കപ്പെടുന്നവരിൽ പെട്ടുപോവുകതന്നെ ചെയ്യും എന്ന് ജനത പറഞ്ഞതായി 26: 116 ലും; എന്റെ നാഥാ, നിശ്ചയം എന്റെ ജനത എന്നെ കളവാക്കി തള്ളിപ്പറഞ്ഞിരിക്കുന്നു, അപ്പോൾ നീ എനിക്കും അവർക്കുമിടയിൽ ഒരു തീരുമാനം എടുക്കുകയും എന്നെയും വിശ്വാസികളിൽ നിന്ന് എന്നോടൊപ്പമുള്ളവരെയും നീ രക്ഷ

പ്പെടുത്തുകയും ചെയ്യേണമേ! എന്ന് നൂഹ് പ്രാർത്ഥിച്ചതായി 26: 117–118 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 26: 119–121 സൂക്തങ്ങളിൽ, അപ്പോൾ അവനെയും അവനോടൊപ്പമുള്ളവരെയും നിറക്കപ്പെട്ട കപ്പലിൽ നാഥൻ രക്ഷപ്പെടുത്തി. പിന്നെ അതിനുശേഷം ബാക്കിയുള്ളവരെ മുക്കിക്കൊല്ലുകയും ചെയ്തു. നിശ്ചയം അതിൽ ഒരു ദൃഷ്ടാന്തം തന്നെയുണ്ട്, എന്നാൽ അവരിൽ അധികപേരും വിശ്വാസികളായില്ല എന്നും പറഞ്ഞിട്ടുണ്ട്. 19: 58 ൽ, അക്കൂട്ടരെല്ലാമാണ് ആദം സന്തതിപരമ്പരകളിൽ നിന്ന് അല്ലാഹുവിന്റെ അനുഗ്രഹത്തിന് വിധേയമായിട്ടുള്ള നബിമാരിൽ നിന്നുള്ള ചിലർ, നൂഹിന്റെകൂടെ നാം കപ്പലിൽ വഹിപ്പിച്ചവരിൽ നിന്നുള്ള ചിലർ, ഇബ്റാഹിമിന്റേയും ഇസ്റാഈലിന്റെയും സന്തതിപരമ്പരകളിൽപെട്ട ചിലർ, നാം സന്മാർഗത്തിലാക്കുകയും തെരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളവരിൽ നിന്നുള്ള ചിലർ; നിഷ്പക്ഷവാന്റെ സൂക്തങ്ങൾ അവരുടെ മേൽ വിശദീകരിച്ച് കൊടുക്കപ്പെട്ടാൽ ഉടനെത്തന്നെ അവർ കരഞ്ഞുകൊണ്ട് സാഷ്ടാംഗത്തിൽ വീഴുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. 1: 6; 7: 64, 205–206; 10: 103 വിശദീകരണം നോക്കുക.

41. അവൻ പറയുകയും ചെയ്തു: നിങ്ങൾ അതിൽ കയറുവിൻ, അല്ലാഹുവിന്റെ നാമം കൊണ്ടാണ് അതിന്റെ സഞ്ചാരവും അതിന്റെ അണയലും, നിശ്ചയം എന്റെ നാഥൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാകുന്നു.

2: 152; 3: 190–191 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസി ഏത് പ്രവൃത്തിയും അല്ലാഹുവിന്റെ നാമം കൊണ്ടാണ് ആരംഭിക്കുക. അവനെയും അവന്റെ എല്ലാ കാര്യങ്ങളെയും അല്ലാഹുവിൽ ഭരമേൽപിക്കുന്നതുമാണ്. അപ്പോഴാണ് അവൻ 16: 89 ൽ പറഞ്ഞ സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ച യഥാർത്ഥ മുസ്ലിമാകുന്നത്. 3: 102 ൽ വിവരിച്ച പ്രകാരം തന്റെ ജിന്നുകൂട്ടുകാരനെ സത്യമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവൻ മാത്രമേ ആത്മാവുകൊണ്ട് നാഥനെ കണ്ട് സർവസ്വം നാഥന് സമർപ്പിച്ചവനായി സമാധാനത്തോടെ മരണപ്പെടുകയുള്ളൂ. 2: 177; 11: 23; 27: 30 വിശദീകരണം നോക്കുക.

42. മലകൾ പോലുള്ള തിരമാലകളിൽ അത് അവരെയും കൊണ്ട് സഞ്ചരിക്കുകയായി, നൂഹ് അവന്റെ മകനെ വിളിച്ച് പറഞ്ഞു: അവൻ അൽപം ദൂരെ ഒഴിഞ്ഞ ഒരിടത്തായിരുന്നു -ഓ എന്റെ മകനേ, നീ ഞങ്ങളോടൊപ്പം കയറുക, നീ ഒരിക്കലും കാഫിറുകളോടൊപ്പമാകാതിരിക്കുക.

43. അവൻ പറഞ്ഞു: വെള്ളത്തിൽ നിന്ന് എന്നെ രക്ഷിക്കുന്ന ഒരു മലയിൽ ഞാൻ അഭയം തേടിക്കൊള്ളാം; അവൻ പറഞ്ഞു: ഇന്നേദിനം അല്ലാഹുവിന്റെ കൽപനയിൽ നിന്ന് രക്ഷിക്കുന്ന യാതൊന്നുമില്ല -അവന്റെ കാരുണ്യം ലഭിച്ചവനൊഴിച്ച്, അപ്പോഴേക്കും അവർക്ക് ഇരുവർക്കുമിടയിൽ ഒരു തിരമാല മറയിട്ടു, അങ്ങനെ അവൻ മുക്കി നശിപ്പിക്കപ്പെട്ടവരിൽ ഉൾപ്പെടുകയും ചെയ്തു.

44. പറയപ്പെട്ടു: ഓ ഭൂമീ, നീ നിന്റെ വെള്ളമൊക്കെയും വിഴുങ്ങുക, ഓ ആകാശമേ, നീ വെള്ളം ചൊരിയുന്നത് നിർത്തുക; വെള്ളം വറ്റിപ്പോവുകയും കൽപന നടപ്പിലാക്കപ്പെടുകയും ചെയ്തു, കപ്പൽ ജൂദീ പർവ്വതത്തിൽ ചെന്നണയുകയും അക്രമികളായ ജനതക്ക് സർവ്വനാശം എന്ന് പ്രഖ്യാപനമുണ്ടാവുകയും ചെയ്തു.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറു

കൾ എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായ അദ്ദിക്റിനെ സ്വയം ഉപയോഗപ്പെടുത്താതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെയും 6: 26 ൽ പറഞ്ഞതുപോലെ അവരെത്തന്നെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്, എന്നാൽ അവർ അത് തിരിച്ചറിയുന്നില്ല. 2: 254 ൽ പറഞ്ഞ അക്രമികളും കാഫിറുകളുമായ അവരെപ്പോലെ ഇതര ജനവിഭാഗങ്ങളും മാറുമ്പോഴാണ് ലോകം അവസാനിക്കുക. 6: 158 ൽ വിവരിച്ച അന്ത്യനാളിന്റെ പ്രധാനപ്പെട്ട 10 അടയാളങ്ങൾ പ്രത്യക്ഷപ്പെടുന്നതിന് മുമ്പായി 48: 6 ൽ വിവരിച്ച പ്രകാരം മനുഷ്യരിൽ നിന്നുള്ള വിശ്വാസികളെ ഇജാസിലേക്ക് വേർതിരിക്കുന്നതാണ്. 2: 62; 9: 19; 10: 47-48 വിശദീകരണം നോക്കുക.

45. നൂഹ് തന്റെ നാഥനെ വിളിക്കുകയും ചെയ്തു, അങ്ങനെ അവൻ പറഞ്ഞു: എന്റെ നാഥാ, നിശ്ചയം എന്റെ പുത്രൻ എന്റെ കുടുംബത്തിൽ പെട്ടവനാണ്, നിശ്ചയം നിന്റെ വാഗ്ദത്തമാകട്ടെ സത്യമാണ് താനും, നീ വിധികൽപിക്കുന്നവരിൽ വെച്ച് ഏറ്റവും നല്ല വിധികർത്താവുമാകുന്നു.

'അക്രമികളായവരുടെ കാര്യത്തിൽ എന്നോടൊന്നും ആവശ്യപ്പെടുകയുമരുത്, നിശ്ചയം അവർ മുക്കിക്കൊല്ലപ്പെടേണ്ടവരാകുന്നു' എന്ന് 11: 37 ൽ അല്ലാഹു കൽപിച്ചതിന് വിരുദ്ധമായിക്കൊണ്ടാണ് സ്വന്തം മകന്റെ കാര്യത്തിൽ നൂഹ് ആവലാതിപ്പെടുന്നത്. അപ്പോൾ മകൻ അക്രമികളിൽ പെട്ടവനായിരുന്നു എന്ന് നൂഹ് തിരിച്ചറിഞ്ഞിരുന്നില്ല. 'നീ വിധി കൽപിക്കുന്നവരിൽ ഏറ്റവും നല്ല വിധികർത്താവുമാകുന്നു' എന്ന് നൂഹ് പറഞ്ഞതിന്റെ പൊരുൾ യുക്തിജ്ഞനും ത്രികാലജ്ഞാനിയുമായ അല്ലാഹുവിന്റെ വിധി കണിശമായ അറിവോടും പൂർണ്ണമായ നീതിയോടും കൂടിയാണ് എന്ന് സമ്മതിക്കലാണ്.

ഇന്ന് നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതുകൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധി കൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 9: 80 ൽ വിവരിച്ച പ്രകാരം പ്രവാചകനും വിശ്വാസികളും വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടി മാത്രമേ പൊറുക്കലിനെത്തേടാൻ പാടുള്ളൂ. 6: 47; 9: 84-85; 10: 108-109; 11: 40 വിശദീകരണം നോക്കുക.

46. അവൻ പറഞ്ഞു: ഓ നൂഹ്! നിശ്ചയം അവൻ നിന്റെ കുടുംബത്തിൽ പെട്ടവനല്ല, നിശ്ചയം അവൻ ഒരു സൽപ്രവൃത്തിയല്ലാത്ത ഒരു പ്രവൃത്തിയാണ്, അതിനാൽ നിനക്ക് അറിവില്ലാത്ത കാര്യങ്ങൾ നീ എന്നോട് ചോദിക്കരുത്, നിശ്ചയം നീ അവിവേകികളിൽ പെട്ടുപോകരുതെന്ന് ഞാൻ നിന്നെ ഉപദേശിക്കുന്നു.

സ്രഷ്ടാവിന്റെ തൃപ്തിയിൽ അഥവാ അദ്ദിക്റിന്റെ വെളിച്ചത്തിൽ മാത്രമേ മക്കളേയും ഭാര്യയേയും മാതാവിനേയും പിതാവിനേയും സഹോദരങ്ങളേയുമുൾപ്പടെ ഏതൊരാളെയും തൃപ്തിപ്പെടാൻ വിശ്വാസിക്ക് പാടുള്ളൂ. അഥവാ അങ്ങനെയുള്ളവർ മാത്രമേ യഥാർത്ഥ വിശ്വാസിയാവുകയുള്ളൂ. യഥാർത്ഥത്തിൽ സന്താനങ്ങളെ തെരഞ്ഞെടുക്കാനുള്ള അധികാരമോ അവകാശമോ ഒരാൾക്കുമില്ല. സ്രഷ്ടാവ് ഏൽപിച്ച സൃഷ്ടികളെ -മക്കളെ- തീറ്റിപ്പോറ്റുന്നതോടൊപ്പം ഏതൊരു ലക്ഷ്യത്തിനുവേണ്ടിയാണോ അല്ലാഹു മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത്, അതിനുവേണ്ടി അവരെ തയ്യാറാക്കാനുത

കുന്ന അറിവ് നൽകൽ അഥവാ ഒമ്പത് സൂക്തങ്ങളിൽ സ്വർഗത്തിലേക്കുള്ള ടിക്കറ്റ് എന്ന് വിശേഷിപ്പിക്കപ്പെട്ട അദ്ദിക്ർ എന്ന ഗ്രന്ഥം പതിനഞ്ച് വയസ്സിനുമുമ്പ് മക്കളെ പഠിപ്പിക്കൽ മാതാപിതാക്കളുടെ ഉത്തരവാദിത്തമാണ്. അങ്ങനെ ചെയ്യാതിരുന്നാൽ മാതാപിതാക്കളും മക്കളും 7: 38–39 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം ശപിക്കുകയും തർക്കിക്കുകയും ചെയ്യുന്നതാണ്. വിശ്വാസിയായ പിതാവ് പൂർണ്ണമായി അദ്ദിക്ർ പഠിപ്പിച്ച് ജീവിച്ച് കാണിച്ച് കൊടുത്തശേഷവും മക്കൾ അത് പിൻപറ്റാൻ തയ്യാറായില്ലെങ്കിൽ പിന്നീട് അവരുമായി ഒരു ബന്ധവും പിതാവിന് ഉണ്ടാകാൻ പാടില്ല. 64: 14 വിശദീകരണം നോക്കുക. 26: 214 പ്രകാരം കുടുംബത്തിൽ നിന്ന് അടുത്തവർക്കാണ് ആദ്യമാദ്യം സന്ദേശം എത്തിച്ചുകൊടുക്കേണ്ടതും അവർ പുറം തിരിഞ്ഞ് പോവുകയാണെങ്കിൽ അവരോട് തന്നെയാണ് കർക്കശ നിലപാട് സ്വീകരിക്കേണ്ടതും. അല്ലാഹുവിന്റെ പ്രതിനിധികളായ വിശ്വാസികൾ അല്ലാഹുവിന്റെ സ്വഭാവമുൾക്കൊണ്ട് പ്രവർത്തിക്കുന്നവരായിരിക്കണം. 32: 22 ൽ, തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടിട്ട് പിന്നെ അതിനെ അവഗണിച്ച് പോയവനെക്കാൾ ഏറ്റവും വലിയ അക്രമി ആരാണ്? നിശ്ചയം ഇത്തരം ഭ്രാന്തൻമാരോട് നാം പ്രതികാരം ചെയ്യുകതന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. ഒരാൾ വിശ്വാസിയാണോ കാഫിറാണോ എന്ന് തിരിച്ചറിയാനുള്ള ഉപകരണമാണ് സത്യവും അസത്യവും വേർതിരിക്കുന്ന ഉരക്കല്ലും ത്രാസ്സും ഉൾകാഴ്ച്ചാദായകവുമായ അദ്ദിക്ർ.

'നിശ്ചയം അവൻ സൽപ്രവൃത്തിയല്ലാത്ത ഒരു പ്രവൃത്തിയാണ്' എന്ന് പറഞ്ഞതിൽ നിന്ന് അവൻ വ്യഭിചാര സന്താനമാണെന്ന് ആശയമില്ല. എന്നാൽ തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത നൂഹിന്റെ സ്ത്രീ നൂഹുമായി ഇണചേർന്നപ്പോൾ പരപുരുഷനെ മനസ്സിൽ കാണുകയുണ്ടായി. അപ്പോൾ 17: 64 ൽ വിവരിച്ച പ്രകാരം പിശാച് സന്താനത്തിൽ പങ്കുചേരുകയാണുണ്ടായത്. 2: 165–167; 18: 80–81 വിശദീകരണം നോക്കുക.

എന്റെ നാഥാ! കാഫിറുകളുടെ വീടുകളിൽ ഒന്നുപോലും നീ ബാക്കിയാക്കരുതേ, അവരെ നീ ബാക്കിയാക്കിയാൽ അവർ നിന്റെ അടിമകളെ വഴിപിഴപ്പിക്കും, ഫാജിറുകളെയും കാഫിറുകളെയുമല്ലാതെ അവർ പ്രസവിക്കുകയുമില്ല എന്ന് പ്രവാചകൻ നൂഹ് പ്രാർത്ഥിച്ചതായി 71: 26–27 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 66: 10 ൽ കാഫിറുകൾക്ക് ഉദാഹരണമായി നൂഹിന്റെ സ്ത്രീയെയും ലൂത്തിന്റെ സ്ത്രീയെയും എടുത്തുദ്ധരിച്ചിട്ടുണ്ട്. അവർ രണ്ടുപേരും നമ്മുടെ സജ്ജനങ്ങളായ രണ്ട് അടിമകളുടെ കീഴിലായിരുന്നു; എന്നാൽ അവർ രണ്ടുപേരും അവരെ രണ്ടുപേരെയും വഞ്ചിച്ചു, അപ്പോൾ നരകത്തിൽ പ്രവേശിക്കുന്നവരോടൊപ്പം പ്രവേശിച്ചുകൊള്ളുക എന്ന് അവരോട് പറയപ്പെട്ടു. വിശ്വാസികളും ആ വിശ്വാസം ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകിയവരുമല്ലാത്ത എല്ലാവരും തന്നെ പരസ്ത്രീ പരപുരുഷ ബന്ധത്തിനുവേണ്ടി കൊതിക്കുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്യുമെന്ന് 38: 24 ൽ ത്രികാലജ്ഞാനി രേഖപ്പെടുത്തിവെച്ചിട്ടുണ്ട്.

3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ ജനതയിൽ നിന്നുള്ള വിശ്വാസിയല്ലാത്തവരെല്ലാം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും കുഫ്ഫാറുകളും നരകക്കുണ്ഠത്തിലേക്കുള്ളവരുമാണ്. 4: 118 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം വന്നുകിട്ടിയവരിൽ നിന്ന് ഓരോ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് പേരും കാഫിറുകളും നരകക്കുണ്ഠത്തിലേക്കുള്ളവരുമാണ്. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, 2: 119, 147; 7: 8–9; 10: 108; 39: 41, 75; 43: 78 തുടങ്ങി 256 സൂക്തങ്ങളിൽ പറഞ്ഞ സത്യമായ

അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികൾ മാത്രമേ സ്വർഗത്തിലേക്ക് തിരിച്ചുപോവുകയുള്ളൂ. 1: 7; 2: 6-7, 39; 9: 67-68; 25: 33-34; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിലെല്ലാം വിവരിച്ച പ്രകാരം ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാനുള്ള അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകൾക്ക് സൂചികുത്താൻ പോലും ഇടമില്ലാത്ത നരകക്കുണ്ഠത്തിൽ 6: 28; 20: 121 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പരസ്ത്രീ പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളിൽ കോർത്തുകൊണ്ട് ഒറ്റ പിണ്ഡമായിട്ടാണ് കിടക്കേണ്ടിവരിക. 2: 187; 4: 78-79 വിശദീകരണം നോക്കുക.

47. അവൻ പറഞ്ഞു: എന്റെ നാഥാ, എനിക്ക് അറിവില്ലാത്ത കാര്യം നിന്നോട് ചോദിക്കുന്നതിനെത്തൊട്ട് നിശ്ചയം ഞാൻ നിന്നോട് അഭയം തേടുന്നു; എനിക്ക് നീ പൊറുത്തുതരികയും നിന്റെ കാരുണ്യം എന്നിൽ വർഷിക്കുകയും ചെയ്തില്ലെങ്കിൽ ഞാൻ നഷ്ടപ്പെട്ടവരിൽ പെട്ടുപോവുകതന്നെ ചെയ്യും!

തന്റെ മകനെ രക്ഷിക്കാൻ വിളിച്ചതുപോലും തെറ്റായിപ്പോയെന്ന് മനസ്സിലാക്കിയ നൂഹ് 'എനിക്ക് അറിവില്ലാത്ത കാര്യങ്ങൾ നിന്നോട് ചോദിക്കുന്നതിനെത്തൊട്ട് ഞാൻ നിന്നോട് തന്നെ അഭയം തേടുന്നു' എന്ന് പ്രാർത്ഥിക്കുകയാണ്. ഈ സംഭവചരിത്രം വിവരിച്ചുകൊണ്ട് അല്ലാഹുവിന്റെ നീതി എത്ര നിഷ്പക്ഷമാണെന്നും തീരുമാനം എത്ര നീതിപൂർവ്വമാണെന്നും പ്രവാചകൻമാരുടെ മാർഗം പിൻപറ്റേണ്ട വിശ്വാസികളെ ഓർമ്മിപ്പിക്കുകയാണ്.

9: 113 ൽ പറഞ്ഞ പ്രകാരം തന്റെ മാതാവിനുവേണ്ടി പൊറുക്കലിനെത്തേടുന്നത് അന്ത്യപ്രവാചകനായ മുഹമ്മദിനോട് വിരോധിച്ചിരിക്കുന്നു. 9: 114 ൽ, പിതാവ് അല്ലാഹുവിന്റെ ശത്രുവാണെന്നറിഞ്ഞപ്പോൾ ഇബ്റാഹീം പിതാവുമായുള്ള ബന്ധങ്ങളെല്ലാം ഉപേക്ഷിക്കുകയും പിതാവിന് പൊറുക്കലിനെത്തേടിയത് തെറ്റായിപ്പോയി എന്ന നിലക്ക് അല്ലാഹുവിനോട് ആവർത്തിച്ചാവർത്തിച്ച് ഖേദിച്ച് മടങ്ങുകയുമാണുണ്ടായത് എന്ന് പറഞ്ഞിട്ടുണ്ട്. മക്കാമുശ്രിക്കുകളും മദീനയിലെ ജൂത-ക്രൈസ്തവരും 'ഞങ്ങൾ ഇബ്റാഹീം നബിയുടെ സന്തതി പരമ്പരകളിൽ പെട്ടവരായതിനാൽ ഞങ്ങൾ എന്തുതന്നെ പ്രവർത്തിച്ചാലും അല്ലാഹുവിന്റെ ശിക്ഷ ഞങ്ങളെ ബാധിക്കുകയില്ല' എന്ന വിശ്വാസത്തിലും വാദത്തിലുമായിരുന്നു. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഇന്ന് ഇവരേക്കാൾ കൂടുതൽ അന്ധകാരത്തിലും സ്വാർത്ഥതയിലും സ്വജനപക്ഷപാതത്തിലും സാമുദായികതയിലും സംഘടനാ പക്ഷപാതത്തിലും ആണ്ടുപോയിരിക്കുന്നു. 25: 17-18; 48: 12 സൂക്തങ്ങളിലൂടെ 'കെട്ടജനത' എന്ന് വിശേഷിപ്പിക്കപ്പെട്ട ഇവർ അല്ലാഹുവിനെക്കൊണ്ടും പ്രവാചകൻമാരെക്കൊണ്ടും അദ്ദിക്ർ സമർപ്പിക്കുന്നവിധം വിശ്വസിക്കുന്നില്ല. അതുകൊണ്ടുതന്നെ അവരുടെ നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ്, ഉംറ തുടങ്ങിയവയൊന്നും തന്നെ സ്വീകരിക്കപ്പെടുന്നില്ല എന്ന് മാത്രമല്ല, അതിന് പിഴയായി അവർക്ക് നരകക്കുണ്ഠം ലഭിക്കുന്നതുമാണ്. 9: 82 ൽ വിവരിച്ച പ്രകാരം അവർ കണ്ട, കേട്ട, തൊട്ട, വായിച്ച സൂക്തങ്ങൾ അവർക്കെതിരെ വാദിച്ച് സാക്ഷിനിന്ന് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. എന്നല്ലാതെ നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. 2: 186; 9: 23-24, 53-55; 10: 33 വിശദീകരണം നോക്കുക.

48. പറയപ്പെട്ടു: ഓ നൂഹ്, ഇറങ്ങിക്കൊള്ളുക, നമ്മിൽ നിന്നുള്ള സമാധാനവും

അനുഗ്രഹവും നിന്റെ മേലും നിന്നോടൊപ്പമുള്ള സമുദായങ്ങളുടെ മേലുമുണ്ട്; ചില സമുദായങ്ങൾക്കോ, നാം താൽക്കാലികമായ ജീവിത വിഭവങ്ങൾ പ്രദാനം ചെയ്യുകയും പിന്നീട് അവരെ നമ്മിൽ നിന്നുള്ള വേദനാജനകമായ ശിക്ഷ ബാധിപ്പിക്കുന്നതുമാണ്.

ലോകത്തുള്ള എല്ലാ മനുഷ്യരും -സമുദായങ്ങളും- ആദ്യപ്രവാചകനായ നൂഹിനോടൊപ്പം കപ്പലിൽ രക്ഷപ്പെട്ടവരുടെ പിൻഗാമികളാണ്. അന്ത്യപ്രവാചകനായ മുഹമ്മദ് വന്നപ്പോഴേക്കും അവർ വിവിധ മതങ്ങളും സമുദായങ്ങളുമായി വേർതിരിഞ്ഞ് കഴിഞ്ഞിരുന്നു. 21: 107 ൽ പറഞ്ഞ ലോകർക്ക് മൊത്തമുള്ള അനുഗ്രഹമായ അന്ത്യ പ്രവാചകൻ മുഹമ്മദിന്റെ ഉമ്മത്താണ് -സമുദായം- ഇന്ന് ലോകത്തുള്ളത്. അഥവാ പ്രവാചകന്റെ ജീവിതരീതിയാണ് ലോകത്തുള്ള മൊത്തം മനുഷ്യർക്ക് അല്ലാഹു തൃപ്തിപ്പെട്ടിട്ടുള്ളത്. മൊത്തം മനുഷ്യർക്ക് അത് എത്തിച്ചുകൊടുക്കേണ്ട ബാധ്യതയുള്ള, 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനത അദ്ദിക്ർ പിൻപറ്റാതെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായി മാറിയിരിക്കുകയാണ്. അതുവഴി അവർ ഓരോരുത്തരും അവരുടെ ജീവിതം കൊണ്ട് അന്ത്യപ്രവാചകനായ മുഹമ്മദിനെ എത്രമാത്രം ജനങ്ങളുടെമുമ്പിൽ കൊള്ളരുതാത്തവനായി പരിചയപ്പെടുത്തിയോ, ആ തോതനുസരിച്ച് മൊത്തം മനുഷ്യരുടെ പാപഭാരം വഹിക്കേണ്ടിവരും.

ഇന്ന് അജയ്യഗ്രന്ഥമായ അദ്ദിക്ർ ക്രോഡീകരിക്കപ്പെട്ടിരിക്കെ ആരാണോ അതിനെ സത്യപ്പെടുത്തുന്നത്, അവർ മാത്രമാണ് വിശ്വാസികൾ. അവർ മാത്രമാണ് എല്ലാ നബിമാരെയും പ്രവാചകന്മാരെയും സത്യപ്പെടുത്തിക്കൊണ്ട് 19: 58 ൽ പറഞ്ഞ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവഹിക്കുക. 9: 31 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകൾ നരകക്കുണ്ഠത്തിന്റെ 7 കവാടങ്ങളിലേക്കും നിജപ്പെടുത്തി വെക്കപ്പെട്ടവരാണ്. അവർ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവഹിക്കുകയില്ല. പകരം ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ടുള്ള നമസ്കാരങ്ങളിൽ സാഷ്ടാംഗപ്രണാമം നിർവഹിക്കുന്നവരും 22: 18 ൽ പറഞ്ഞ പ്രകാരം ശിക്ഷ ബാധകമായവരുമാണ്. 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിധിദിവസം സാഷ്ടാംഗപ്രണാമത്തിന് അവർ വിളിക്കപ്പെടുമ്പോൾ അവർക്ക് അത് നിർവഹിക്കാൻ സാധിക്കുകയില്ല. 2: 62, 177; 4: 91; 5: 67 വിശദീകരണം നോക്കുക.

49. ഇതെല്ലാം നാം നിന്നിലേക്ക് ദിവ്യസന്ദേശമായി നൽകിക്കൊണ്ടിരിക്കുന്ന അദൃശ്യ വൃത്താന്തങ്ങളാണ്, ഇതിനുമുമ്പ് നീയോ നിന്റെ ജനതയോ ഇത് അറിയുന്നവരായിരുന്നില്ല, അപ്പോൾ നീ ക്ഷമ കൈകൊള്ളുക, നിശ്ചയം അന്തിമ പരിണിതി സൂക്ഷ്മതയുള്ളവർക്ക് തന്നെയാണ്.

കഴിഞ്ഞുപോയ ഈ സംഭവങ്ങളുടെ വിവരണങ്ങളെല്ലാം പ്രവാചകൻ മുഹമ്മദിലേക്ക് അല്ലാഹു ദിവ്യസന്ദേശമായി നൽകുന്ന വൃത്താന്തങ്ങളാണ്. 'നിശ്ചയം അന്തിമപരിണിതി സൂക്ഷ്മതയുള്ളവർക്കുതന്നെയാണ്' എന്ന് പറഞ്ഞതിന്റെ വിവക്ഷ, നൂഹ് നബിയെയും വിശ്വാസികളെയും രക്ഷപ്പെടുത്തിയത് പോലെ മുഹമ്മദ് നബിയെയും അനുയായികളെയും രക്ഷപ്പെടുത്തുമെന്നും -മാത്രമല്ല, അന്ത്യനാൾ വരെയുള്ള അല്ലാഹുവിന്റെ ഏകസംഘത്തിൽ പെട്ട വിശ്വാസികളെയും രക്ഷപ്പെടുത്തുമെന്നാണ്. ഇന്ന് ത്രികാലജ്ഞാനിയിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അതിനെ എല്ലാവിധ ആപത്ത്-വിപത്തുകളെത്തൊട്ടും രോഗങ്ങളെ

ത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായും സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായും ഉപയോഗപ്പെടുത്തുന്നവരാണ് സൂക്ഷ്മതയുള്ളവർ. അവർക്ക് തന്നെയാണ് ഇഹപര ജീവിതവിജയം ലഭിക്കുക. 2: 185, 251-252; 3: 44; 10: 102-103 വിശദീകരണം നോക്കുക.

50. ആദിലേക്ക് അവരുടെ സഹോദരൻ ഹൂദിനെയും; അവൻ പറഞ്ഞു: ഓ എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിനെ സേവിച്ചുകൊണ്ടിരിക്കുന്നവരാവുക, നിങ്ങൾക്ക് അവനെക്കൂടാതെ മറ്റൊരു ഇലാഹുമില്ലതന്നെ, നിങ്ങൾ കള്ളം കെട്ടിച്ചമച്ച് പറയുന്നവരല്ലാതെയല്ല.

കാണാതെ കണ്ട് ആരെ വിളിക്കാമോ, ആരിൽ ഭരമേൽപിക്കാമോ, ആരെ ഭയപ്പെടാമോ, ആരുടെ മുമ്പിലാണോ ജീവിതത്തെക്കുറിച്ച് ഉത്തരം പറയേണ്ടത്, അവനാണ് ഇലാഹ്. അവൻ പ്രപഞ്ചനാഥനായ അല്ലാഹു മാത്രമാണ്. 313 പ്രവാചകന്മാരും സത്യവും തെളിവുമായ അദ്ദിക്ർ കൊണ്ട് അയക്കപ്പെട്ടിട്ടുള്ളത് പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മറ്റൊരു ഇലാഹും ഇല്ല എന്നും, അപ്പോൾ നിങ്ങൾ അവനെമാത്രം സേവിക്കുന്നവരാകുവീൻ എന്നും പഠിപ്പിക്കാനാണ് എന്ന് 21: 24-25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അവൻ എല്ലാ മനുഷ്യർക്കും ഇലാഹും ഉടമയും രാജാവുമാണെന്ന് 114: 1-3 സൂക്തങ്ങളിൽ വായിക്കുന്ന ഫുജ്ജാറുകൾ പക്ഷേ ഇതര ജനവിഭാഗങ്ങൾക്ക് അവനെ ഗ്രന്ഥം സമർപ്പിക്കുന്ന രീതിയിൽ പരിചയപ്പെടുത്തുന്നില്ല എന്നുമാത്രമല്ല, അവർ തന്നെ നാഥന് ശുപാർശക്കാരെയും ഇടയാളന്മാരെയും സ്ഥാപിച്ച് 4: 150-151 സൂക്തങ്ങളിൽ വിവരിച്ച യഥാർത്ഥ മുശ്രിക്കുകളും കാഫിറുകളുമായിരിക്കുകയുമാണ്. ആത്മാവിന്റെ ഉടമയായ നാഥനെ അംഗീകരിക്കാത്ത അവർ അവരുടെ മരണസമയത്ത് അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ൽ വായിക്കുന്നവരുമാണ്. 2: 255; 10: 28-30, 104-106 വിശദീകരണം നോക്കുക.

51. ഓ എന്റെ ജനമേ! ഈ ദൗത്യത്തിന്റെ പേരിൽ ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ചോദിക്കുന്നില്ല, എന്റെ പ്രതിഫലം എന്നെ വിരിപ്പിച്ചുണ്ടാക്കിയ ഒരുവന്റെ പക്കലല്ലാതെയല്ല, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നവരാകുന്നില്ലേ?

പ്രവാചകൻമാരും അവരെ പിൻപറ്റുന്ന വിശ്വാസികളും സ്ഥാനമാനങ്ങളോ മറ്റു ഭൗതികനേട്ടങ്ങളോ ആഗ്രഹിക്കാതെ അദ്ദിക്റിനെ മൊത്തം മനുഷ്യർക്ക് സ്വർഗത്തിലേക്കുള്ള ടിക്കറ്റായി പരിചയപ്പെടുത്തുന്നവരാണ്. അവരുടെ പ്രവർത്തനങ്ങളിൽ വ്യക്തിതാൽപര്യമോ കുടുംബതാൽപര്യമോ സംരക്ഷിക്കുന്നതിനുള്ള പ്രവണതയുണ്ടാവുകയില്ല. തലമുറകളായിട്ട് അന്ധമായി പിൻപറ്റുന്ന വിശ്വാസാചാരങ്ങൾക്കും സാമ്പ്രദായിക നാട്ടുനടപ്പുകൾക്കുമെതിരിൽ അവർ ശബ്ദമുയർത്തുമ്പോൾ ബുദ്ധിശക്തി ഉപയോഗപ്പെടുത്താതെ ഗ്രന്ഥത്തെ മൂടിവെക്കുകയും അതിനെ തള്ളിപ്പറയുകയും ചെയ്യുന്ന യഥാർത്ഥ കാഫിറുകളായ സ്വജനത അതിനെ എതിർക്കുന്നതും അദ്ദിക്ർ പ്രചരിക്കുന്നത് ഊതിക്കെടുത്താൻ ശ്രമിക്കുന്നതുമാണ്. നാഥന്റെ സന്ദേശം ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് വേണ്ടി ഞാൻ പ്രതിഫലത്തിൽ നിന്ന് ഒന്നും ചോദിക്കുന്നില്ല, ആരാണോ ഈ സന്ദേശത്തെ ടിക്കറ്റായി ഉപയോഗപ്പെടുത്തി തന്റെ നാഥനിലേക്ക് എത്തിപ്പെടുന്നത്, അതല്ലാതെ എന്ന് പറയാൻ 25: 57 ൽ പ്രവാചകനോടും അതുവഴി വിശ്വാസിയോടും കൽപിച്ചിട്ടുണ്ട്. ഗ്രന്ഥം മൂടിവെക്കുകയും അതിന് കുറഞ്ഞവില വാങ്ങുകയും ചെയ്യുന്നവർ തങ്ങളുടെ വയറുകളിൽ തീയല്ലാതെ നിറക്കുന്നില്ല എന്ന് 2: 174 ൽ

മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 44; 7: 40; 10: 72; 36: 59–62 വിശദീകരണം നോക്കുക.

52. ഓ എന്റെ ജനമേ, നിങ്ങൾ നിങ്ങളുടെ നാഥനോട് പൊറുക്കലിനെത്തേടുകയും ചെയ്യുക, പിന്നെ അവനിലേക്ക് ഖേദിച്ച് മടങ്ങുകയും ചെയ്യുക, എന്നാൽ അവൻ നിങ്ങളുടെമേൽ ആകാശത്തുനിന്ന് കണക്കില്ലാതെ അനുഗ്രഹങ്ങൾ ചൊരിഞ്ഞ് തരികയും നിങ്ങളുടെ ശക്തിയുടെ മേൽ ശക്തി നിങ്ങൾക്ക് വർദ്ധിപ്പിച്ച് തരികയും ചെയ്യും, നിങ്ങൾ ഭ്രാന്തൻമാരായി പിന്തിരിയാതിരിക്കുകയും ചെയ്യുവിൻ!

അന്ന് ഈ കൽപന ഹൂദിന്റെ ജനതയായ ആദ് സമുദായത്തോടാണെങ്കിൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകളോട് അദ്ദിക്ർ ആദ്യാവസാനം വായിക്കാനും അങ്ങനെ തെറ്റുകുറ്റങ്ങൾ തിരിച്ചറിഞ്ഞ് നാഥനോട് പൊറുക്കലിനെത്തേടാനും വൻകുറ്റങ്ങൾ വന്നിട്ടുണ്ടെങ്കിൽ അവക്ക് തക്കതായ പ്രായശ്ചിത്തം ചെയ്യാനുമാണ് കൽപിക്കുന്നത്. അങ്ങനെയാണെങ്കിൽ അവർക്ക് ആവശ്യത്തിന് മഴയും മറ്റുഅനുഗ്രഹങ്ങളും നൽകി അവരുടെ ശക്തിയും പ്രതാപവുമെല്ലാം ഇന്നുള്ളതിൽ നിന്ന് വർദ്ധിപ്പിച്ചുകൊടുക്കുന്നതാണ്. സൂക്തം വായിച്ചതിനുശേഷം അല്ലെങ്കിൽ കേട്ടതിനുശേഷം ലക്ഷ്യബോധം നഷ്ടപ്പെട്ടവരായി ചിന്തയില്ലാത്ത ഭ്രാന്തൻമാരായി പിന്തിരിഞ്ഞു പോകാതിരിക്കുക എന്നുമാണ് കൽപിക്കുന്നത്. 5: 65–66; 7: 96, 205–206; 11: 3 വിശദീകരണം നോക്കുക.

53. അവർ പറഞ്ഞു: ഓ ഹൂദ്! നീ ഞങ്ങൾക്ക് വ്യക്തമായ ഒരു തെളിവ് കൊണ്ടുവന്നിട്ടില്ല, നിന്റെ വാക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം സ്വന്തം ഇലാഹുകളെ ഞങ്ങൾ ഉപേക്ഷിക്കുകയില്ല, ഞങ്ങൾ നിന്നിൽ വിശ്വസിക്കുന്നവരുമല്ല.

സൂക്തം അവതരിപ്പിക്കപ്പെടുമ്പോൾ പ്രവാചകന്റെ മുമ്പിലുണ്ടായിരുന്ന മക്കാ മുശ്രിക്കുകളുടെയും ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകളുടെയും നിലപാടുകൾ 'ഞങ്ങൾ ഞങ്ങളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും തിരുത്തുകയോ അല്ലാഹുവിലേക്ക് ഞങ്ങളെ അടുപ്പിക്കുന്ന ഇടയാളൻമാരെയും ശുപാർശക്കാരെയും ഒഴിവാക്കുകയോ ചെയ്യുകയില്ല' എന്നതുതന്നെയാണ്. വിവിധ സംഘടനകളിൽ അകപ്പെട്ട് യഥാർത്ഥ കാഫിറുകളും മുശ്രിക്കുകളുമായിത്തീർന്ന ഇക്കൂട്ടർ ആയിരത്തിൽ ഒന്നായ വിശ്വാസിയുടെ ജീവിത മാർഗ്ഗമായ അദ്ദിക്ർ പിൻപറ്റാൻ തയ്യാറാവുകയോ അല്ലാഹുവിന്റെ ഏകസംഘത്തിൽ ഉൾപ്പെടുകയോ ഇല്ല. വിശ്വാസികളാകുന്നതിന് ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടാൻ കാത്തിരിക്കുന്ന അവർക്ക് അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിലൊന്ന് പ്രത്യക്ഷപ്പെട്ടുകഴിഞ്ഞാൽ പിന്നെ വിശ്വാസം സ്വീകരിക്കൽ ഉപകാരപ്പെടുകയില്ല എന്ന് 6: 158 ൽ പറഞ്ഞിട്ടുണ്ട്. 4: 150–151; 6: 124; 7: 131–133 വിശദീകരണം നോക്കുക.

54,55.നിശ്ചയം, ഞങ്ങളുടെ ചില ഇലാഹുകളുടെ ദുർബാധ നിന്നെ ബാധിച്ചിരിക്കുന്നു എന്നല്ലാതെ ഞങ്ങൾക്ക് പറയാനില്ല; അവൻ പറയുകയും ചെയ്തു: നിശ്ചയം ഞാൻ അല്ലാഹുവിനെ സാക്ഷ്യം വഹിപ്പിക്കുന്നു, നിങ്ങളും സാക്ഷ്യം വഹിക്കുവീൻ, നിശ്ചയം അവനെക്കൂടാതെയുള്ളവരെ നിങ്ങൾ അവന്റെ അധികാരാവകാശങ്ങളിൽ പങ്ക് ചേർക്കുന്നതിൽ നിന്ന് ഞാൻ വിമുക്തനാണെന്ന്; അതിനാൽ നിങ്ങളെല്ലാവരും ഒരുമിച്ച് എനിക്കെതിരിൽ തന്ത്രം മെനയുക, പിന്നെ നിങ്ങൾ എനിക്ക് ഒട്ടും സാവകാശം നൽകേണ്ടതുമില്ല.

56. നിശ്ചയം ഞാൻ എന്റെ നാഥനും നിങ്ങളുടെ നാഥനുമായ അല്ലാഹുവിന്റെമേൽ ഭരമേൽപിച്ചിരിക്കുന്നു, ജീവജാലങ്ങളിൽ നിന്നുള്ള ഒന്നുമില്ല, അതിന്റെ മൂർദ്ധാവ് -കടിഞ്ഞാൺ- അവൻ പിടിച്ചിട്ടല്ലാതെ, നിശ്ചയം എന്റെ നാഥൻ നേരെച്ചൊവ്വെയുള്ള പാതയിൽ തന്നെയാകുന്നു.

ഇപ്പോൾ നീ ഭ്രാന്ത് മാത്രം പറഞ്ഞു നടക്കുന്നത് ഞങ്ങളുടെ ചില ആരാധ്യൻമാരുടെയും നേതാക്കളുടെയും ഗുരുത്വക്കേട് നിനക്ക് ബാധിച്ചതിനാലാണ്. ഇതുവരെ ഞങ്ങൾക്ക് വേണ്ടപ്പെട്ടവനായിരുന്ന നിനക്ക് ഇന്ന് വിദ്വേഷവും എതിർപ്പും നേരിടേണ്ടി വരുന്നതും അതുകൊണ്ടാണ്. ഹൂദിനോടുള്ള ഈ നിലപാട് തന്നെയായിരുന്നു എല്ലാ നബിമാരോടും അവരവരുടെ ജനത വെച്ചുപുലർത്തിയിരുന്നത്.'വേദഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമാണ് അദ്ദിക്ർ എന്നും അതിനെ പിൻപറ്റുന്നവർ മാത്രമേ വിജയിക്കുകയുള്ളൂ' എന്നും പരിചയപ്പെടുത്തുന്ന വിശ്വാസികളോട് ഇക്കാലത്തുള്ള ഗ്രന്ഥത്തിന്റെ ആളുകളാണെന്ന് ദുരഭിമാനിക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ചുപോയ അനുയായികളുമടങ്ങിയ ഫുജ്ജാറുകളുടെ നിലപാടും അതുതന്നെയാണ്. അഥവാ 5: 48 ൽ പറഞ്ഞ പ്രകാരം എല്ലാവിധ ആപത്ത്-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനും സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റുമായി അദ്ദിക്റിനെ ഉപയോഗപ്പെടുത്തണമെന്ന് പറയുമ്പോൾ 59: 23 ൽ പറഞ്ഞ മുഹൈമിനായ അല്ലാഹുവിന്റെ ശത്രുക്കളായ കപടവിശ്വാസികളുടെ നിലപാട് ഇതുതന്നെയായിരിക്കും. അവർ 29 കള്ളവാദികളെ പിൻപറ്റുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചു കൊണ്ടിരിക്കുന്നവരുമാണ്. ഈസായുടെ രണ്ടാം വരവോടുകൂടി 8: 22 ൽ പറഞ്ഞ ഈ ദുഷ്ടജീവികൾ വധിക്കപ്പെടുന്നതും 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കപ്പെടുന്നതുമാണ്. അപ്പോൾ മാത്രമാണ് 38: 8 ൽ വിവരിച്ച പ്രകാരം ദിക്രീ -അദ്ദിക്ർ- മാത്രമായിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥം എന്ന് അവർക്ക് ബോധ്യം വരിക.

ആദ്യവും അന്ത്യവുമില്ലാത്ത, ഉറക്കവും മയക്കവുമില്ലാത്ത എല്ലാം പതിയിരുന്ന് വീക്ഷിക്കുന്ന ത്രികാലജ്ഞാനിയായ നാഥനെ സാക്ഷ്യപ്പെടുത്തി ജീവിക്കുന്നവനാണ് ഞാൻ. പ്രപഞ്ചത്തിലുള്ളതെല്ലാം അവന്റെ ഉടമസ്ഥതയിലായിരിക്കെ നിങ്ങൾ അവന്റെ ദിവ്യത്വത്തിലും അധികാരാവകാശങ്ങളിലും പങ്കുചേർക്കുന്നവരുടെ കാര്യത്തിൽ ഞാൻ വിമുക്തനാണെന്നതിന് നിങ്ങളും സാക്ഷ്യം വഹിക്കുക, ഞാൻ എല്ലാം അടക്കിഭരിക്കുന്നവനും എന്റെയും നിങ്ങളുടെയും ഉടമയുമായ അല്ലാഹുവിലാണ് ഭരമേൽപിച്ചിട്ടുള്ളത്. അപ്പോൾ നിങ്ങൾ എല്ലാവരും ഒരുമിച്ചുകൂടി എനിക്കെതിരെ തന്ത്രം മെനഞ്ഞുകൊള്ളുക, എനിക്ക് യാതൊരു സാവകാശവും നൽകേണ്ടതില്ല, ഭൂമിയിൽ ഒരു ജീവജാലവുമില്ല, അതിന്റെ നിയന്ത്രണം അല്ലാഹുവിന്റെ പക്കലായിട്ടല്ലാതെ (എന്നെ ഉപദ്രവിക്കാൻ ധൈര്യമുള്ളവരുണ്ടെങ്കിൽ മുന്നോട്ട് വരിക!) എന്ന് പ്രവാചകൻ ഹൂദ് തന്റെ ജനതയെ വെല്ലുവിളിക്കുകയാണ് ചെയ്യുന്നത്. കഅ്ബത്തിങ്കൽ സുദീർഘമായ സാഷ്ടാംഗപ്രണാമം ചെയ്യുകയായിരുന്ന പ്രവാചകൻ മുഹമ്മദിന്റെ തലയിൽ ഭാരം കൂടിയ ഒരുകല്ല് കൊണ്ടിടാൻ പോയ സംഭവം 96: 14-19 സൂക്തങ്ങളിൽ ഇങ്ങനെ വിവരിക്കുന്നു: നിശ്ചയം, അല്ലാഹു എല്ലാം കാണുന്നുണ്ടെന്ന് അവൻ മനസ്സിലാക്കിയിട്ടില്ലേ? അങ്ങനെയല്ല, അവൻ വിരമിച്ചിട്ടില്ലെങ്കിൽ നാം അവനെ അവന്റെ മൂർദ്ധാവിൽ പിടിച്ചുകൊണ്ട് വലിച്ചിഴക്കുക തന്നെ ചെയ്യും, കള്ളം പറയുന്നതും കുറ്റം ചെയ്യുന്നതുമായ മൂർദ്ധാവ്. അപ്പോൾ അവൻ അവന്റെ സഭക്കാ

രെ വിളിച്ചുകൊള്ളട്ടെ. നാം *'സഖാനിയാക്കളെ'* വിളിക്കുകതന്നെ ചെയ്യും. അങ്ങനെയല്ല, നീ അവനെ അനുസരിച്ചുപോകരുത്, നീ സാഷ്ടാംഗം പ്രണമിക്കുകയും സാമീപ്യം നേടുക യും ചെയ്യുക.

'നിശ്ചയം എന്റെ നാഥൻ നേരെച്ചൊവ്വെയുള്ള പാതയിൽ തന്നെയാകുന്നു' എന്ന് പറഞ്ഞതിന്റെ വിവക്ഷ, നാഥന്റെ സംസാരവും ചര്യയും നേരെച്ചൊവ്വെയുള്ള മാർഗവുമായ അദ്ദിക്റിൽ രേഖപ്പെടുത്തിയതനുസരിച്ച് മാത്രമേ അവൻ പ്രവർത്തിക്കു കയും വിധിക്കുകയുമുള്ളു എന്നാണ്. നേരെച്ചൊവ്വെയുള്ള പാത മനസ്സിലാക്കാൻ 1: 5; 6: 153 വിശദീകരണം വായിക്കുക. പ്രപഞ്ചനാഥനായ അവന് ശുപാർശക്കാരോ ഇടയാളൻ മാരോ അവനിൽ സ്വാധീനം ചെലുത്തുന്നവരോ ഒന്നും തന്നെയില്ല. നിഷ്പക്ഷവാനായ അവൻ ആരെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നുമില്ല. അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ചുതന്നെ എല്ലാവർക്കും പഠിപ്പിക്കുകവഴി അവനിലേക്ക് എത്തിപ്പെ ടാനുള്ള ഏകമാർഗവും പിശാചിന്റെ വീടായ നരകത്തിലേക്കുള്ള വിവിധ മാർഗങ്ങളും എല്ലാഓരോ ആത്മാവിനും നൽകിയിട്ടുണ്ട്. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ഓ രോരുത്തരും അത് ഉപയോഗപ്പെടുത്തി സ്വർഗ്ഗത്തിലേക്കുതന്നെ എത്തിപ്പെടുകയോ അല്ലെങ്കിൽ അതിനെ അവഗണിച്ച് നരകത്തിലേക്ക് ചേക്കേറുകയോ ചെയ്യാനുള്ള സ്വാത ന്ത്ര്യം ഓരോരുത്തർക്കുമുണ്ട്. 76: 3 വിശദീകരണം നോക്കുക. നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റും അല്ലാഹുവും ഒന്നാണെന്നിരിക്കെ അദ്ദിക്റിനെ മുഹൈമിനായി ഉ പയോഗപ്പെടുത്തുന്ന വിശ്വാസിക്ക് പിശാചടക്കമുള്ള എല്ലാ സൃഷ്ടികളെയും നിയന്ത്രി ക്കാൻ സാധിക്കുന്നതാണ്.1: 5; 2: 213; 4: 175; 6: 126, 153; 36: 61 തുടങ്ങി 35 സൂക്തങ്ങളിൽ പറഞ്ഞ നേരെച്ചൊവ്വെയുള്ള പാത അദ്ദിക്ർ തന്നെയാണ്. ഗ്രന്ഥത്താൽ പഠിപ്പിക്കപ്പെടുന്ന തുപോലെയും നിങ്ങൾ മറ്റുള്ളവരെ ഗ്രന്ഥം കൊണ്ട് പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുപോ ലെയും നാഥന്റെ പ്രൗഢരായ പ്രതിനിധികളായിത്തീരുക എന്നാണ് 3: 79–80 സൂക്തങ്ങ ളിലൂടെ വിശ്വാസികളോട് കൽപിച്ചിട്ടുള്ളത്. 7: 194–195; 10: 71, 103 വിശദീകരണം നോക്കുക.

57. ഇനി നിങ്ങൾ പിന്തിരിയുകയാണെങ്കിൽ നിശ്ചയം ഞാൻ നിങ്ങളിലേക്ക് ഏതൊരു സന്ദേശവും കൊണ്ടാണോ അയക്കപ്പെട്ടിട്ടുള്ളത്, അത് നിങ്ങൾ ക്ക് എത്തിച്ച് തന്നുകഴിഞ്ഞു, ഇനി എന്റെ നാഥൻ നിങ്ങളുടെ സ്ഥാനത്ത് നി ങ്ങളല്ലാത്ത ഒരു ജനതയെ പ്രതിനിധികളാക്കുന്നതാണ്, അവന് ഒരു ദ്രോഹ വും ചെയ്യാൻ നിങ്ങൾക്ക് സാധിക്കുകയുമില്ല, നിശ്ചയം എന്റെ നാഥൻ എല്ലാ ഓരോ കാര്യത്തിന്റെയും സൂക്ഷിപ്പുകാരനാകുന്നു.

സൂക്തം 53 ൽ, 'ഞങ്ങൾ നിന്നിൽ വിശ്വസിക്കുന്നവരല്ല' എന്ന് ആ ജനത പറഞ്ഞ തിനുള്ള മറുപടിയാണിത്. എന്റെ നാഥൻ എന്നെ ഏൽപിച്ച ഉത്തരവാദിത്തം അഥവാ അവന്റെ സന്ദേശം ഞാൻ നിങ്ങൾക്ക് എത്തിച്ച് തന്നുകഴിഞ്ഞു, ഇനി നിങ്ങൾ ഇഷ്ടം പോലെ പ്രവർത്തിച്ചുകൊള്ളുക. നിങ്ങൾ പുറംതിരിഞ്ഞ് പോവുകയാണെങ്കിൽ എല്ലാ റ്റിന്റെയും ഉടമയായ എന്റെ നാഥൻ നിങ്ങളുടെ സ്ഥാനത്ത് മറ്റൊരു ജനതയെ പ്രതിനിധി കളായി നിയോഗിക്കുന്നതാണ്, അവനെ ഒരുതരത്തിലും ഉപദ്രവിക്കാൻ നിങ്ങൾക്ക് കഴി യുകയില്ല. 2: 119; 5: 67; 13: 40 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥന്റെ സന്ദേശമായ അദ്ദിക്ർ എത്തിച്ചുകൊടുക്കൽ മാത്രമാണ് പ്രവാചകന്റെയും വിശ്വാസികളുടെയും ബാധ്യ ത, വിചാരണ അല്ലാഹുവിന്റെ പക്കലാണ്. 17: 13–14; 18: 49 സൂക്തങ്ങളിൽ പറഞ്ഞ ഓരോ രുത്തരുടെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖ വിധിദിവസം പ്രകാശിക്കുന്ന

പുസ്തകമായി പുറത്തെടുത്തുകൊടുത്ത് 'ഇന്നേദിനം നിന്റെ വിചാരണ നടത്താൻ നീതന്നെ ഏറ്റവും മതിയായവനാണ്' എന്ന് പറയപ്പെടുന്നതാണ്. എന്നാൽ ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെ ഈ കർമരേഖയെക്കുറിച്ച് ഓർമിപ്പിക്കുമ്പോൾ അവർ എല്ലാം തികഞ്ഞവരെന്ന മട്ടിൽ വിശ്വാസിയെ പരിഹസിച്ച് അഹങ്കരിച്ച് പിന്തിരിഞ്ഞു പോകുന്നതാണ്. അദ്ദിക്ർ പരിചയപ്പെടുത്തുന്ന നാഥനെ കണ്ടെത്തുക എന്ന ജീവിതലക്ഷ്യം പൂർത്തിയാക്കാത്ത ഫുജ്ജാറുകൾക്കും നാഥനുമിടയിൽ വിധിദിവസം കാണാത്ത ഒരു മറയിടപ്പെടുമെന്ന് 83: 15 ൽ അവർ വായിച്ചിട്ടുണ്ട്. 4: 133; 6: 89–90; 7: 129; 34: 21 വിശദീകരണം നോക്കുക.

58. നമ്മുടെ കൽപന നടപ്പിൽ വന്നപ്പോൾ ഹൂദിനെയും അവനോടൊപ്പമുള്ള വിശ്വാസികളായവരെയും നമ്മിൽ നിന്നുള്ള കാരുണ്യം കൊണ്ട് നാം രക്ഷപ്പെടുത്തി, പരുഷമായ ഒരു ശിക്ഷയിൽ നിന്ന് നാം അവരെ രക്ഷപ്പെടുത്തുകതന്നെ ചെയ്തു.

59. അതത്രെ ആദ്! അവർ തങ്ങളുടെ നാഥന്റെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുകയും അവന്റെ പ്രവാചകന്മാരെ അവർ ധിക്കരിക്കുകയും ധിക്കാരമൂർത്തികളും സ്വേച്ഛാധിപതികളുമായ എല്ലാ ഓരോരുത്തരുടെയും കൽപന അവർ പിൻപറ്റുകയും ചെയ്തു.

ഹൂദിനെയും വിശ്വാസികളെയും രക്ഷപ്പെടുത്തിയത് 'നമ്മിൽ നിന്നുള്ള കാരുണ്യം കൊണ്ടാണ്' എന്ന് സൂക്തത്തിൽ പറഞ്ഞതിന്റെ വിവക്ഷ അവർ കാരുണ്യമായ അദ്ദിക്ർ പിൻപറ്റിയതിനാലാണ് എന്നാണ്. ആദ് ജനത നശിപ്പിക്കപ്പെടാൻ കാരണം അവർ അദ്ദിക്റിനോട് വിരോധം വെച്ച് തർക്കിക്കുകയും അദ്ദിക്റിന് വിരുദ്ധമായ ജീവിതരീതി കെട്ടിച്ചമച്ചുണ്ടാക്കിയ കപടവിശ്വാസികളായ മനുഷ്യപ്പിശാചുക്കളെ പിൻപറ്റുകയും ചെയ്തതുകൊണ്ടാണ്. അല്ലാഹുവിന്റെ സൂക്തങ്ങളോട് വിരോധംവെച്ച് തർക്കിക്കുന്നവർ അക്രമികളാണെന്ന് 6: 33 ലും 29: 49 ലും; അത്തരം കാഫിറുകൾ നരകത്തിൽ വെച്ച് ഒരുതുള്ളിവെള്ളം ചോദിക്കുമ്പോൾ അതുപോലും അവർക്ക് ലഭിക്കുകയില്ല എന്ന് 7: 51 ലും പറഞ്ഞിട്ടുണ്ട്. 9: 67–68; 41: 28 കൂട്ടി വായിക്കുക.

ആ ജനതയിലേക്ക് ചെന്നത് ഒരു പ്രവാചകനായിരുന്നുവെങ്കിലും സൂക്തത്തിൽ 'അവന്റെ പ്രവാചകനെ ധിക്കരിച്ചു' എന്ന് പറയാതെ 'അവന്റെ പ്രവാചകന്മാരെ ധിക്കരിച്ചു' എന്ന് പറഞ്ഞത് കൊണ്ടുദ്ദേശിക്കുന്നത് 2: 136, 285; 16: 43 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരും നാഥനിൽ നിന്നുള്ള ഒരേ സന്ദേശമാണ് കൊണ്ടുവന്നതും പ്രബോധനം ചെയ്തതും എന്നും, അതിനാൽ ഒരു പ്രവാചകനെ ധിക്കരിച്ചാൽ അത് 313 പ്രവാചകൻമാരെയും ധിക്കരിക്കലാണ് എന്നുമാണ്. 21: 24 ൽ 313 പ്രവാചകന്മാരെയും അയച്ചിട്ടുള്ളത് സത്യവും തെളിവുമായ അദ്ദിക്ർ കൊണ്ടാണെന്നും; 21: 25 ൽ, 'നിശ്ചയം ഞാനല്ലാതെ വേറെ ഇലാഹില്ല, അതിനാൽ നിങ്ങൾ എന്നെമാത്രം സേവിക്കുക' എന്ന് ദിവ്യസന്ദേശം നൽകിയിട്ടല്ലാതെ നിനക്കുമുമ്പ് ഒരു പ്രവാചകനെയും നാം അയച്ചിട്ടില്ല എന്നും; 16: 36 ൽ, 'നിശ്ചയം, അല്ലാഹുവിനെ സേവിച്ചുകൊണ്ടിരിക്കുക, ദുശ്ശക്തികളെ വർജ്ജിക്കുക എന്ന് കൽപിച്ചുകൊണ്ട് എല്ലാ സമുദായങ്ങളിലേക്കും നാം പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്' എന്നും പറഞ്ഞിട്ടുണ്ട്. എന്റെ നാഥാ! നിശ്ചയം ഇവർ എന്നെ ധിക്കരിക്കുകയും തങ്ങളുടെ സമ്പത്തും സന്താനങ്ങളും കൊണ്ട് നഷ്ടം മാത്രം സമ്പാദിക്കുന്ന ധിക്കാരികളും കേമൻമാരുമായ നേതാക്കളെ പിൻപറ്റുകയും ചെയ്തിരിക്കുന്നു,

അവർ വളരെ വലിയ ഗൂഢതന്ത്രങ്ങൾ മെനയുകയും ചെയ്യുന്നു എന്ന് പ്രവാചകൻ നൂഹ് തന്റെ ജനതക്കെതിരെ ആവലാതി ബോധിപ്പിച്ചതായി 71: 21–22 സൂക്തങ്ങളിലും, സമ്പത്തും സന്താനങ്ങളുംവഴി ശിക്ഷിക്കപ്പെടുന്നത് കപടവിശ്വാസികളാണെന്ന് 9: 55, 85 എന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

ആയിരത്തിൽ ഒന്നായ വിശ്വാസി മാനുഷികഐക്യം രൂപപ്പെടുത്തുക എന്ന ലക്ഷ്യം വെച്ചുകൊണ്ടും നാഥന്റെ ആയിരം സമുദായങ്ങളിൽ പെട്ട ജീവജാലങ്ങൾക്ക് ആത്മാവു കൊണ്ട് നാഥനെ വാഴ്ത്താനും കീർത്തനം ചെയ്യാനും അവസരം നൽകുക എന്ന ലക്ഷ്യം വെച്ചുകൊണ്ടും അതുവഴി പ്രപഞ്ചത്തിന്റെ ആയുസ് നീട്ടുന്നതിനും വേണ്ടി അജയ്യഗ്രന്ഥമായ അദ്ദിക്ർ പ്രവാചകന്റെതന്നെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സിക്കുകാർ തുടങ്ങിയ ഇതര ജനവിഭാഗങ്ങൾക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്. അതോടൊപ്പം തന്നെ എല്ലാ ജീവജാലങ്ങളുടെയും ക്ഷേമവും ഐശ്വര്യവും ലക്ഷ്യം വെച്ച് ജൈവകൃഷിചെയ്യുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതുമാണ്. അത് മാത്രമാണ് 25: 68–70 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഏതൊരാളും അദ്ദിക്ർ ലഭിക്കുന്നതിനുമുമ്പ് ചെയ്തുപോയിട്ടുള്ള തെറ്റുകുറ്റങ്ങൾ പൊറുത്തുകിട്ടാനും അന്തിക്രിസ്തു അഥവാ അന്തിമുഹമ്മദ് ആയ മസീഹുദ്ദജ്ജാലിന്റെ കെണിയിൽ അകപ്പെടാതിരിക്കാനുമുള്ള മാർഗ്ഗം. 2: 258; 5: 51; 6: 123; 58: 16–19 വിശദീകരണം നോക്കുക.

60. ഇഹലോകത്തുവെച്ചുതന്നെ അവർ ശാപം പിന്തുടരപ്പെട്ടവരായി, വിധിദിവസവും; അറിഞ്ഞിരിക്കുക, നിശ്ചയം ആദ് ജനത തങ്ങളുടെ നാഥനെ നിഷേധിച്ചു, അറിഞ്ഞിരിക്കുക, ഹൂദിന്റെ ജനമായിരുന്ന ആദ് അതിവിദൂരം തൂത്തെറിയപ്പെട്ടു.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറുകളുടെമേലാണ് അല്ലാഹുവിന്റെയും മലക്കുകളുടെയും മുഴുവൻ മനുഷ്യരുടെയും ശാപമുള്ളത് എന്ന് 2: 159–162; 3: 86–88 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 33: 60–61; 48: 6 വിശദീകരണം നോക്കുക.

61. സമൂദിലേക്ക് നാം അവരുടെ സഹോദരൻ സ്വാലിഹിനെ നിയോഗിക്കുകയുമുണ്ടായി; അവൻ പറഞ്ഞു: ഓ എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിനെ സേവിച്ചുകൊണ്ടിരിക്കുവീൻ, നിങ്ങൾക്ക് അവനല്ലാതെ മറ്റൊരു ഇലാഹുമില്ലതന്നെ, അവനാകുന്നു നിങ്ങളെ ഭൂമിയിൽ നിന്ന് നട്ടുവളർത്തിയത്, അവൻ തന്നെയാണ് നിങ്ങളെ അതിൽ താമസിപ്പിക്കുകയും ചെയ്തത്, അപ്പോൾ നിങ്ങൾ അവനോട് പൊറുക്കലിനെത്തേടുകയും പിന്നെ അവനിലേക്ക് നിങ്ങൾ ഖേദിച്ചുമടങ്ങുകയും ചെയ്യുവിൻ, നിശ്ചയം എന്റെ നാഥൻ സമീപസ്ഥനായ ഉത്തരം നൽകുന്നവനാകുന്നു.

എല്ലാ പ്രവാചകൻമാരും ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്റും കൊണ്ട് ഒരേ പാതയിലേക്ക് മാർഗ്ഗദർശനം ചെയ്തുകൊണ്ടും തങ്ങളുടെ ജനതയുടെ പ്രത്യേകിച്ചുള്ള വ്യതിചലനങ്ങളിൽ നിന്ന് താക്കീത് ചെയ്തുകൊണ്ടുമാണ് നിയോഗിക്കപ്പെട്ടിട്ടുള്ളത്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ വിവിധ സംഘടനകളിലും ആചാരാനുഷ്ഠാനങ്ങളിലും അകപ്പെട്ട് അല്ലാഹുവിന്റെ അധികാരാ

വകാശങ്ങളിൽ പങ്കുചേർക്കുന്നവരും ഏകഇലാഹായി അല്ലാഹുവിനെ സ്വീകരിക്കാത്ത വരുമായി മാറാൻ കാരണം ത്രികാലജ്ഞാനമായ അദ്ദിക്റിനെ അവഗണിച്ചതാണ്. അവരവർ വിശ്വാസിയാണോ കാഫിറാണോ എന്ന് തീരുമാനിക്കാനും സ്രഷ്ടാവിനെ കണ്ടെത്താനും ജീവിതലക്ഷ്യം മനസ്സിലാക്കി പ്രവർത്തിക്കാനുമുള്ള ഉപകരണമായ അദ്ദിക്റിനെ ഉൾക്കാഴ്ചാദായകമായും ത്രാസ്സായും ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകൾ വായിച്ച, കേട്ട, തൊട്ട ഗ്രന്ഥം അവർക്കെതിരെ സാക്ഷ്യം വഹിക്കുകയും വാദിക്കുകയും ചെയ്ത് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുന്ന വിശ്വാസി 58: 22 ൽ പറഞ്ഞ ആദം മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യർക്ക് നാഥൻ തൃപ്തിപ്പെട്ട ഏകസംഘത്തിൽ പെട്ടവരാണെങ്കിൽ വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന ഫുജ്ജാറുകൾ 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘത്തിൽ പെട്ടവരാണ്. അല്ലാഹുവിനെക്കൂടാതെ സംരക്ഷകരെയും സഹായികളെയും തെരഞ്ഞെടുത്തിട്ടുള്ളവർ പറയുന്നത്, ഞങ്ങൾ അവർക്ക് സേവനം ചെയ്യുന്നത് അല്ലാഹുവിലേക്ക് അവർ ഞങ്ങളെ അടുപ്പിക്കുന്നതിന് വേണ്ടി മാത്രമാണ് എന്നാണ്, നിശ്ചയം അല്ലാഹു അവർ ഭിന്നിച്ചിട്ടുള്ള എല്ലാഓരോ വിഷയത്തിലും അവർക്കിടയിൽ വിധിദിവസം തീരുമാനം കൽപിക്കുന്നതാണ്, നുണ പറയുകയും നിഷേധത്തിനുമേൽ നിഷേധം കൈക്കൊള്ളുകയും ചെയ്യുന്ന ഒരാളെയും അല്ലാഹു സൻമാർഗ്ഗത്തിലാക്കുകയില്ലതന്നെ എന്ന് 39: 3 ൽ പറഞ്ഞിട്ടുണ്ട്. 'നിശ്ചയം എന്റെ നാഥൻ സമീപസ്ഥനായ ഉത്തരം നൽകുന്നവനാണ്' എന്ന് അല്ലാഹുവിനെ പരിചയപ്പെടുത്തുക വഴി അല്ലാഹു അകലെയാണെന്ന മിഥ്യാധാരണ തിരുത്തുന്നതുപോലെത്തന്നെ അവൻ നേരിട്ടുള്ള പ്രാർത്ഥനക്ക് ഉത്തരം നൽകുകയില്ലെന്ന മിഥ്യാധാരണയും തിരുത്തുന്നു. അതുതന്നെയാണ് 11: 56 ൽ പ്രവാചകൻ ഹൂദ് 'നിശ്ചയം എന്റെ നാഥൻ നേരെച്ചൊവ്വെയുള്ള പാതയിൽ തന്നെയാകുന്നു' എന്ന് പറഞ്ഞതിന്റെ വിവക്ഷയും. 2:186; 6: 102–103; 7: 55–56; 8: 24 വിശദീകരണം നോക്കുക.

62. അവർ പറഞ്ഞു: ഓ സ്വാലിഹ്, ഇതിനുമുമ്പ് ഞങ്ങൾക്ക് നിന്നിൽ വലിയ പ്രതീക്ഷകളുണ്ടായിരുന്നു, നമ്മുടെ പിതാക്കൻമാർ സേവിച്ചിരുന്നവരെയെല്ലാം സേവിക്കുന്നത് നീ ഇപ്പോൾ ഞങ്ങളോട് വിരോധിക്കുകയാണോ? നിശ്ചയം നീ ഏതൊരുവനിലേക്കാണോ ഞങ്ങളെ വിളിച്ചുകൊണ്ടിരിക്കുന്നത്, അവന്റെ കാര്യത്തിൽ ഞങ്ങൾ തീരാത്ത സംശയത്തിൽ തന്നെയാകുന്നു.

അതായത് നിന്റെ വിവേകവും സ്വഭാവമഹിമയും വ്യക്തിത്വവുമെല്ലാം കണ്ടിട്ട് നീയൊരു മഹാനാകുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു, നിന്റെ കഴിവും യുക്തിയും ഞങ്ങൾക്ക് പ്രയോജനപ്പെടുമെന്നും ഞങ്ങൾ കണക്കുകൂട്ടിയിരുന്നു, നീയിപ്പോൾ ഏക ഇലാഹിനെ അവതരിപ്പിച്ച് ഞങ്ങളുടെ പിതാക്കൻമാരുടെ ഇലാഹുകളെ ഒഴിവാക്കണമെന്ന് ഞങ്ങളോട് കൽപിക്കുകയാണോ ചെയ്യുന്നത് എന്നായിരുന്നു അവർ സ്വാലിഹിനോട് ചോദിച്ചത്. അവരുടെ പ്രതീക്ഷകൾക്കെല്ലാം വിരുദ്ധമായി സ്വാലിഹ് സ്രഷ്ടാവിന്റെ ഏകത്വത്തിലേക്കും ഇഹപര വിജയത്തിലേക്കും ക്ഷണിക്കാൻ തുടങ്ങിയപ്പോൾ അവർ നിരാകരിക്കുക മാത്രമല്ല, അദ്ദേഹത്തെ നശിപ്പിക്കാൻ ഗൂഢതന്ത്രം മെനയുകകൂടി ചെയ്തു. സ്വജനതയാൽ '*അൽഅമീൻ*' -വിശ്വസ്ഥൻ- എന്ന് പേര് നൽകപ്പെട്ട പ്രവാചകൻ മുഹമ്മദിനോടും അദ്ദേഹത്തിന്റെ ജനത മക്കയിൽ അനുവർത്തിച്ചിരുന്നത് ഇതേ നിലപാടുതന്നെയായിരുന്നു.

എക്കാലത്തുമുള്ള ആയിരത്തിൽ 999 ഉം നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്ർ സമർപ്പിക്കുന്ന നാഥനിലേക്ക് വിളിക്കുന്ന പ്രവാചകന്മാരെ തള്ളിപ്പറഞ്ഞിട്ടുണ്ട്. 2: 170–172 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവർ പിന്തുടരുന്നത് അവരുടെ കാക്കകാരണവന്മാർ പിന്തുടർന്ന വഴിപിഴച്ച ജീവിതരീതി തന്നെയാണ്. 30: 30–32 സൂക്തങ്ങളിൽ കൽപിച്ച പ്രകാരം യഥാർത്ഥ ദീനിൽ നിന്ന് ഭിന്നിച്ച് വിവിധ സംഘടനകളായിപ്പിരിഞ്ഞ് മുശ്രിക്കുകളാകാതെ 5: 56; 58: 22 സൂക്തങ്ങളിൽ പറഞ്ഞ അല്ലാഹുവിന്റെ ഏകസംഘത്തിൽ ഉൾപ്പെടണമെന്നും അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിനെ കണ്ടുകൊണ്ട് അവന്റെ പ്രതിനിധികളായി ജീവിക്കണം, ഇഹലോകജീവിതം പരലോകജീവിതത്തിലേക്കുള്ള കൃഷിയിടമാണ്, അതുകൊണ്ട് ജനിച്ചപ്പോൾ കൊണ്ടുവരാത്തതും മരിക്കുമ്പോൾ കൊണ്ടുപോകാത്തതുമായ അല്ലാഹു നൽകിയ എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തി ഇവിടെ സ്വർഗം സമ്പാദിക്കലാണ് ജീവിതലക്ഷ്യം എന്നും വിശ്വാസികൾ ഇന്നുള്ള ഫുജ്ജാറുകളെ ഉണർത്തുമ്പോൾ ഇവർക്ക് പറയാനുള്ളതും സൂക്തത്തിൽ പറഞ്ഞതുതന്നെയാണ്. മുൻകാലത്തെ കാഫിറുകളായ ജനതയെക്കാൾ ഒരു പടികൂടി ഭൗതികജീവിതത്തിൽ ആകൃഷ്ടരാണ് ഇന്നത്തെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ. പരലോകത്തെ വിസ്മരിച്ച് ജീവിക്കുന്ന ഇവരെ 7: 175–176 സൂക്തങ്ങളിൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത പട്ടിയോട് ഉപമിച്ചിരിക്കുന്നു. അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായവരും ആത്മാവിനെ പരിഗണിക്കാത്തവരും ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരുമായ ഇവരെ നാഥന്റെയടുത്ത് ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ച ജീവികൾ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഇവർ നാഥന്റെ ഗ്രന്ഥം തൊടുകപോലും ചെയ്യാത്ത പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സിക്കുകാർ തുടങ്ങിയ ഇതര ജനവിഭാഗങ്ങളെയാണ് കാഫിറുകളും നരകത്തിലേക്കുള്ളവരുമെന്നും മുദ്രകുത്തുന്നത്. മക്കൾക്ക് ഭൗതികവിദ്യാഭ്യാസം നൽകി ഡോക്ടർമാരും എഞ്ചിനീയർമാരും പ്രൊഫസർമാരുമെല്ലാമാക്കി ഐഹികജീവിതം ഭദ്രമാക്കുന്ന ഇവർ മക്കൾക്ക് 73: 19; 76: 29 എന്നീ സൂക്തങ്ങളിൽ പറഞ്ഞ സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്ർ നൽകാത്തവരും ജീവിതലക്ഷ്യം മറന്നവരും നരകക്കുണ്ഠം സമ്പാദിച്ചു കൊണ്ടിരിക്കുന്നവരുമാണ്. വേറെ ചിലർ ആത്മീയ വിദ്യാഭ്യാസമെന്ന നിലക്ക് മക്കളെ അറബിക് കോളേജുകളിലും പള്ളിദർസുകളിലും മറ്റും അയക്കുന്നുണ്ടെങ്കിലും യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ ഒരിടത്തും പഠിപ്പിക്കുന്നില്ല. ഗ്രന്ഥത്തിന്റെ അറബിയിലുള്ള ശരീരം വായിച്ച് വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ ദീനിൽ നിന്ന് തെറിച്ച് പോകുന്നതിന് ഉതകുന്ന വിദ്യാഭ്യാസമാണ് അവിടെനിന്നെല്ലാം കിട്ടുന്നത്. കൂടാതെ ലൂത്ത് നബിയുടെ ജനതയെ നശിപ്പിക്കാൻ കാരണമായ സ്വവർഗരതി സമൂഹത്തിൽ വ്യാപിക്കുന്നതും ഇത്തരം സ്ഥാപനങ്ങളിലൂടെയാണ്. മക്കൾ ചെറുപ്രായത്തിൽ തന്നെ *'ഹാഫിള്'* (ഗ്രന്ഥത്തിന്റെ ശരീരമായ അറബി ഖുർആൻ കാണാതെ പഠിച്ചവൻ) ആണ് എന്ന് സായൂജ്യം കൊള്ളുന്ന മാതാപിതാക്കൾ ആശയമില്ലാത്തതിനാൽ അവർ പഠിച്ചത് അവർക്കെതിരായിത്തന്നെ സാക്ഷ്യം വഹിക്കുന്ന വിധത്തിലും പിശാചിന്റെ മാർഗത്തിലുമാണെന്ന് മനസ്സിലാക്കുന്നില്ല. കാക്കകാരണവൻമാരുടെ വഴി പിന്തുടർന്നുകൊണ്ട് മദ്രസാ വിദ്യാഭ്യാസം കൊടുത്താൽ തങ്ങളുടെ ഉത്തരവാദിത്തം പൂർത്തിയായി എന്നാണ് യഥാർത്ഥ ഭ്രാന്തൻമാരായ ഈ ജനതയുടെ ന്യായവാദം. ഗ്രന്ഥത്തിന്റെ ആത്മാവായ

അദ്ദിക്ർ പഠിപ്പിക്കാതെ ജീവനായ അർത്ഥം പഠിപ്പിച്ച് ഞങ്ങൾ ഖുർആൻ പഠിക്കുന്നവരും പഠിപ്പിക്കുന്നവരുമാണെന്ന് അഹങ്കരിക്കുന്നവർ 3: 10 ന്റെ വിശദീകരണമായി പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ച കാഫിറുകളും വിചാരണയില്ലാതെ നരകത്തിൽ പോകുന്ന നരകത്തിന്റെ വിറകുകളുമാണ്. 7: 202 ൽ വിവരിച്ച പ്രകാരം നരകത്തിലേക്കുള്ളവർ നരകത്തിലേക്കു തന്നെയാണ് മറ്റുള്ളവരെയും പിടിച്ചുകൊണ്ടുപോവുക. അത് മാതാപിതാക്കൾ മക്കളെയാണെങ്കിലും ശരി. സ്വർഗത്തിലേക്കുള്ള ടിക്കറ്റ് അദ്ദിക്റാണെന്നും അതാണ് ഹൃദയം കൊണ്ട് മനസ്സിലാക്കാൻ ഏറ്റവും എളുപ്പമാക്കിയിട്ടുള്ളതെന്നും 54: 17 ൽ അല്ലാഹു പഠിപ്പിച്ചത് ഇവർ പരിഗണിക്കുകയില്ല. അങ്ങിനെ *എല്ലാഓരോ ആയിരത്തിലും തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പത് നരകത്തിലേക്കും ഒന്ന് മാത്രം സ്വർഗത്തിലേക്കുമാണെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചത് എത്ര അർത്ഥവത്തായിരിക്കുന്നു! 'നിങ്ങൾ പ്രവാചകൻമാർ ഏതൊരുവനിലേക്കാണോ വിളിക്കുന്നത്, അവന്റെ കാര്യത്തിൽ ഞങ്ങൾ തീരാത്ത സംശയത്തിൽ തന്നെയാണ് എന്ന ആശയത്തിലാണ് 14: 9 അവസാനിക്കുന്നതും. 5: 104–105; 9: 125; 32: 13–14 വിശദീകരണം നോക്കുക.

63. അവൻ പറഞ്ഞു: ഓ എന്റെ ജനമേ, നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഞാൻ എന്റെ നാഥനിൽ നിന്നുള്ള ഒരു തെളിവിൻ മേലാണ് നിലകൊള്ളുന്നത്, എനിക്ക് അവനിൽ നിന്നുള്ള കാരുണ്യം വന്നുകിട്ടുകയും ചെയ്യുന്നുണ്ട്, അപ്പോൾ ഞാൻ അവനെ ധിക്കരിക്കുകയാണെങ്കിൽ അല്ലാഹുവിൽ നിന്ന് എന്നെ സഹായിക്കാൻ ആരാണുണ്ടാവുക? അപ്പോൾ എനിക്ക് നഷ്ടങ്ങൾ വർദ്ധിപ്പിക്കാനല്ലാതെ നിങ്ങൾ ശ്രമിക്കുന്നില്ലല്ലോ!

അതായത് ഞാൻ അല്ലാഹുവിൽ നിന്നുള്ള –പ്രകൃത്യാലുള്ള– സന്മാർഗത്തിനും പിന്നീട് എനിക്ക് നൽകിയ കാരുണ്യമായ അദ്ദിക്റിനും എതിരായി നിങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ടി മാത്രം വഴികേട് സ്വീകരിക്കുകയാണെങ്കിൽ അവന്റെ ശിക്ഷയിൽ നിന്ന് നിങ്ങൾക്ക് എന്നെ രക്ഷിക്കാൻ സാധിക്കുകയില്ല. മാത്രമല്ല, സൻമാർഗം കാണിച്ചുതരുന്നതിനുപകരം നിങ്ങളെ ദുർമാർഗത്തിലേക്ക് നയിച്ചതിന് എനിക്ക് നിങ്ങളുടെ ശിക്ഷാഭാരത്തിന്റെ പങ്കുകൂടി ലഭിക്കുകയാണ് ചെയ്യുക. ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്ർ ഉപയോഗപ്പെടുത്താതെ വിവിധ സംഘടനകളായി തിരിഞ്ഞ് മുശ്രിക്കുകളായിക്കൊണ്ട് മൊത്തം മനുഷ്യരുടെ ഐക്യത്തിനു വേണ്ടി ശ്രമിക്കാതെ സ്വജനതയുടെ മാത്രം ഐക്യത്തിനുവേണ്ടി ശ്രമിക്കുന്നവരാണ്. അതിനാൽ അത്തരം കുഫ്ഫാറുകളോട് വിശ്വാസി അജയ്യഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്തിട്ടില്ലെങ്കിൽ അവനാണ് വിചാരണകൂടാതെ നരകത്തിന്റെ അടിത്തട്ടിൽ പോവുക. 6: 12; 9: 80; 11: 17, 22 വിശദീകരണം നോക്കുക.

64. ഓ എന്റെ ജനമേ! ഇത്, അല്ലാഹുവിന്റെ ഈ ഒട്ടകം നിങ്ങൾക്ക് ഒരു ദൃഷ്ടാന്തമാണ്, അതിനാൽ അല്ലാഹുവിന്റെ ഭൂമിയിൽ മേയുന്നതിന് വേണ്ടി അതിനെ നിങ്ങൾ സ്വതന്ത്രമായി വിടുക, അതിനെ തിന്മയായി സ്പർശിക്കുകപോലുമരുത്, അങ്ങനെ ചെയ്താൽ നിങ്ങളെ അടുത്തുതന്നെ ശിക്ഷ പിടികൂടുന്നതാണ്.

65. എന്നാൽ അവർ അതിനെ വെട്ടിക്കൊന്നു; അപ്പോൾ അവൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ വീടുകളിൽ മൂന്ന് നാളുകൾ കൂടി സുഖിച്ചുകൊള്ളുക, അത് ഒട്ടും കളവാക്കപ്പെടാത്ത ഒരു വാഗ്ദത്തം തന്നെയാകുന്നു.

അല്ലാഹുവിന്റെ ഒട്ടകത്തെ ഭൂമിയിൽ മേയുന്നതിൽ നിന്ന് നിങ്ങൾ തടയരുത്, അങ്ങനെ ചെയ്താൽ നിങ്ങളെ കഠിനമായ ശിക്ഷ പിടികൂടുമെന്ന സാലിഹ് നബിയുടെ താക്കീത് അവർ പരിഗണിച്ചതേയില്ല. ഒട്ടകത്തെ അവർ ധിക്കാരപൂർവം വെട്ടിക്കൊന്നപ്പോൾ 'നിങ്ങളുടെ വീടുകളിൽ മൂന്ന് നാളുകൾ കൂടി സുഖിച്ചുകൊള്ളുക, അതിനുശേഷം നിങ്ങളെ ശിക്ഷ പിടികൂടുമെന്ന്' പറഞ്ഞപ്പോൾ അവരുടെ പരിഹാസം ഇരട്ടിക്കുകയാണുണ്ടായത്. സമൂദ് ജനത അവരിലേക്ക് അയക്കപ്പെട്ട പ്രവാചകനെ ധാർഷ്ട്യപൂർവം കളവാക്കി തള്ളിപ്പറയുകയുണ്ടായി, അവരിലെ ഏറ്റവും വലിയ ദുഷ്ടനെ അവർ നിയോഗിച്ച സന്ദർഭം; അപ്പോൾ അല്ലാഹുവിന്റെ പ്രവാചകൻ അവരോട് പറഞ്ഞു: അല്ലാഹുവിന്റെ ഒട്ടകത്തെയും അതിന്റെ കുടിവെള്ളത്തെയും നിങ്ങൾ സൂക്ഷിക്കുക; എന്നാൽ അവർ അവനെ കളവാക്കി തള്ളിപ്പറയുകയും അതിനെ അറുക്കുകയും ചെയ്തു, അപ്പോൾ അവരുടെ നാഥൻ അവരുടെ കുറ്റങ്ങൾ കാരണം ഘോരമായ ശിക്ഷയിറക്കി. അങ്ങനെ ആ പ്രദേശത്തെ ഒന്നടങ്കം നിരപ്പാക്കി, അവൻ അതിന്റെ പരിണിതി ഭയപ്പെട്ടതുമില്ല എന്ന് 91: 11–15 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

66. നമ്മുടെ കൽപന വന്നപ്പോൾ സ്വാലിഹിനെയും അവനോടൊപ്പമുള്ള വിശ്വാസികളായവരെയും നമ്മിൽ നിന്നുള്ള കാരുണ്യം കൊണ്ട് ആ ദിനത്തിലെ നിന്ദ്യമായ ശിക്ഷയിൽ നിന്ന് നാം രക്ഷപ്പെടുത്തി; നിശ്ചയം നിന്റെ നാഥൻ, അവൻ ശക്തനായ അജയ്യൻ തന്നെയാകുന്നു!

67. അക്രമികളായവരെ ഒരു ഘോരഗർജ്ജനം പിടികൂടി, അവർ പ്രഭാതത്തിൽ അവരുടെ വീടുകളിൽ ചേതനയറ്റു വീണു!

68. –അവർ അവിടെ ഒരിക്കലും ജീവിച്ചിരുന്നിട്ടേയില്ല എന്നപോലെ; അറിഞ്ഞിരിക്കുക, നിശ്ചയം സമൂദ് അവരുടെ നാഥനെ നിഷേധിച്ചു; അറിഞ്ഞിരിക്കുക, സമൂദ് അതിദൂരം തൂത്തെറിയപ്പെട്ടു.

27: 48–52 സൂക്തങ്ങളിൽ, ആ പട്ടണത്തിൽ ഒമ്പത് ഗോത്രക്കാരുണ്ടായിരുന്നു, അവർ ഭൂമിയിൽ നാശം വിതച്ചുകൊണ്ടിരിക്കുന്നവരും സുകൃതമൊന്നും ചെയ്യാത്തവരുമായിരുന്നു. അവർ പറഞ്ഞു: സ്വാലിഹിനെയും അവന്റെ കുടുംബത്തെയും നാം രാത്രിയിൽ നശിപ്പിക്കുകതന്നെ ചെയ്യുമെന്ന് നിങ്ങൾ അല്ലാഹുവിനെക്കൊണ്ട് ആണയിടുക, പിന്നെ അവന്റെ സംരക്ഷകനോട് നാം പറയുകതന്നെ ചെയ്യും: അവന്റെ കുടുംബത്തിന്റെ നാശത്തിന് ഞങ്ങൾ സാക്ഷികളല്ല, നിശ്ചയം ഞങ്ങൾ സത്യസന്ധന്മാർ തന്നെയുമാകുന്നു എന്ന്. അവർ ഒരു ഗൂഢതന്ത്രം പ്രയോഗിച്ചു, നാമും ഒരു ഗൂഢതന്ത്രം പ്രയോഗിച്ചു, അവരത് തിരിച്ചറിയുന്നവരായിരുന്നില്ല. അപ്പോൾ അവരുടെ ഗൂഢതന്ത്രത്തിന്റെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നീ നോക്കിക്കാണുക! നിശ്ചയം നാം അവരെയും അവരുടെ ജനതയെയും മുഴുവനും തരിപ്പണമാക്കിക്കളഞ്ഞു. അപ്പോൾ അവിടെ അതാ അവരുടെ വീടുകൾ ശൂന്യമായിക്കിടക്കുന്നു –അവർ അക്രമികളായിരുന്നതുകൊണ്ട്! നിശ്ചയം അതിൽ അറിവുള്ള ജനതക്ക് ഒരു പാഠം തന്നെയുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. **8: 30 ൽ വിവരിച്ച പ്രകാരം പ്രവാചകൻ മുഹമ്മദിന്റെ ജനത അദ്ദേഹത്തിനെതിരെ ഗൂഢതന്ത്രം പ്രയോഗിച്ചിട്ടുണ്ട്.** 3: 101; 5: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇന്ന് മുഹൈമിനായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുന്ന വിശ്വാസിക്കെതിരെ ആര് എന്ത് ഗൂഢതന്ത്രം പ്രയോഗിച്ചാലും 14: 46 ൽ വിവരിച്ച പ്രകാരം അത് അവനെ ബാധിപ്പിക്കാൻ ഒരിക്കലും സാധ്യമല്ല. മാത്രമല്ല, 35: 10 ൽ പറഞ്ഞ പ്രകാരം അവരുടെ ഗൂഢതന്ത്രം അവരുടെ മേൽ തന്നെ തിരിച്ചടിക്കുന്നതുമാ

ണ്. 7: 73-79 വിശദീകരണം നോക്കുക.

69. നിശ്ചയം നമ്മുടെ ദൂതൻമാർ സന്തോഷവാർത്തയും കൊണ്ട് ഇബ്റാഹീമിലേക്ക് വന്നിട്ടുണ്ടായിരുന്നു. അവർ പറഞ്ഞു: സമാധാനം; അവൻ പറഞ്ഞു: സമാധാനം, അങ്ങനെ താമസിയാതെ ഇബ്റാഹീം ഒരു പശുക്കിടാവിനെ പാകം ചെയ്ത് കൊണ്ടുവന്നു.

പ്രവാചകൻ ഇബ്റാഹീമിന്റെ അടുക്കലേക്ക് വന്ന 'നമ്മുടെ ദൂതൻമാർ' മനുഷ്യ രൂപത്തിൽ വന്ന മലക്കുകളാണ്. അവർ തങ്ങളെ പരിചയപ്പെടുത്തിയിരുന്നില്ല എന്നതിനാൽ അപരിചിതരായ വല്ല അതിഥികളുമായിരിക്കുമെന്ന് കരുതി ഇബ്റാഹീം നബി അവരെ സൽകരിക്കുകയാണുണ്ടായത്. 51: 26 ൽ, തടിച്ച ഒരു പശുക്കിടാവിനെ പാകം ചെയ്ത് കൊണ്ടുവന്നു എന്നാണ് പറഞ്ഞിട്ടുള്ളത്.

70. അവരുടെ കൈകൾ അതിലേക്ക് നീളുന്നില്ലെന്ന് കണ്ടപ്പോൾ അവന് അവരുടെ കാര്യത്തിൽ സംശയമുണ്ടായി, അവരെ സംബന്ധിച്ച് ഭയം തോന്നുകയും ചെയ്തു; അവർ പറഞ്ഞു: നീ ഭയപ്പെടരുത്, നിശ്ചയം ഞങ്ങൾ ലൂത്തിന്റെ ജനതയിലേക്ക് അയക്കപ്പെട്ടവരാകുന്നു.

അതിഥികൾ ഭക്ഷണം കഴിക്കാതിരുന്നപ്പോൾ അവരുടെ ആഗമനോദ്ദേശ്യത്തെക്കുറിച്ച് ഇബ്റാഹീം നബിക്ക് സംശയം തോന്നി. വല്ലവരും ആതിഥ്യം സ്വീകരിക്കാതിരുന്നാൽ അവർ അതിഥികളായി വന്നവരല്ല, മറ്റെന്തെങ്കിലും ലക്ഷ്യത്തിനായി വന്നവരാണ് എന്നാണർത്ഥം. മലക്കുകളാണെന്ന് ബോധ്യമായപ്പോൾ അസാധാരണ സന്ദർഭങ്ങളിൽ മാത്രമേ മലക്കുകൾ മനുഷ്യരൂപത്തിൽ വരാറുള്ളൂ എന്നതുകൊണ്ട് അവരെ അയച്ച് ശിക്ഷ നടപ്പിലാക്കുന്ന വിധത്തിൽ വല്ല ജനതയും പൂർണമായി ധിക്കാരികളും അക്രമികളുമായോ എന്നായിരുന്നു ഇബ്റാഹീം നബിയുടെ ഭയത്തിന് കാരണം. 'നിശ്ചയം ഞങ്ങൾ ഭ്രാന്തന്മാരായ ഒരു ജനതയിലേക്ക് അയക്കപ്പെട്ടവരാകുന്നു' എന്ന് മലക്കുകൾ ഇബ്റാഹീം നബിയോട് പറഞ്ഞകാര്യം 51: 32 ലും പറഞ്ഞിട്ടുണ്ട്: ലൂത്തിന്റെ ജനത സ്വവർഗരതിയിലും കവർച്ച പോലെയുള്ള പലവിധ നശീകരണ പ്രവർത്തനങ്ങളിലും ഏർപെട്ടവരുമായിരുന്നു. 2: 168-169; 6: 47; 46: 35 വിശദീകരണം നോക്കുക.

71. അവന്റെ പത്നി അവിടെ നിൽക്കുന്നുമുണ്ടായിരുന്നു, അപ്പോൾ ഇതുകേട്ട് അവൾ ചിരിച്ചു, അപ്പോൾ നാം അവളെ ഇസ്ഹാഖിനെക്കൊണ്ടും ഇസ്ഹാഖിന് പിറകെ യഅ്ഖൂബിനെക്കൊണ്ടും സന്തോഷവാർത്ത അറിയിച്ചു.

ആകാംക്ഷയോടെ നോക്കിനിന്നിരുന്ന ഇബ്റാഹീം നബിയുടെ പത്നി സാറ, പ്രകൃതിക്ക് വിരുദ്ധമായ പ്രവൃത്തിയിൽ ഏർപ്പെട്ടിരുന്ന ജനതയെ നശിപ്പിക്കാൻ വേണ്ടി അയക്കപ്പെട്ടവരാണ് അതിഥികളെന്ന് കേട്ടപ്പോഴാണ് സന്തോഷത്തോടുകൂടി ചിരിച്ചത്. ഇബ്റാഹീമിന് അതിനുമുമ്പ് ഹാജറയിൽ ഇസ്മാഈൽ ജനിച്ചിട്ടുണ്ടായിരുന്നതിനാൽ സാറയെയാണ് ഇസ്ഹാഖിനെക്കൊണ്ടും ശേഷം യഅ്ഖൂബിനെക്കൊണ്ടും സന്തോഷവാർത്ത അറിയിക്കുന്നത്. ഇസ്ഹാഖിനെക്കൊണ്ടും ഇസ്ഹാഖിന് പിറകെ യഅ്ഖൂബിനെക്കൊണ്ടും സന്തോഷവാർത്ത അറിയിച്ചതിൽ നിന്നും ഇസ്ഹാഖിനെയല്ല ബലിയറുക്കാൻ നിർദ്ദേശിച്ചത് എന്ന് മനസ്സിലാക്കണം. മാത്രമല്ല ഇസ്മാഈലിനെക്കുറിച്ച് സഹനശീലനായ പുത്രൻ എന്ന് 37: 101 ൽ പറഞ്ഞതിൽ നിന്നും ബലിയറുക്കാനുള്ള കൽപനക്ക് വിധേയനാകാൻ സന്നദ്ധനായ മകൻ ഇസ്മാഈലാണെന്നും മനസ്സിലാക്ക

ണം. എന്നാൽ ഇസ്ഹാഖിനെക്കുറിച്ച് 15: 53 ലും 51: 28 ലും ഇബ്രാഹീമിനെ ജ്ഞാനിയായ ഒരു പുത്രനെക്കൊണ്ട് സന്തോഷവാർത്ത അറിയിച്ചു എന്നാണ് പറഞ്ഞിട്ടുള്ളത്.

72. അവൾ പറഞ്ഞു: ഹാ, എനിക്ക് എന്തുപറ്റി! ഞാൻ ഒരു കിഴവിയായിരിക്കെ ഇനി പ്രസവിക്കുകയോ? എന്റെ ഈ ഭർത്താവ് വൃദ്ധനുമാകുന്നു, നിശ്ചയം ഇതൊരു അത്ഭുതകരമായ കാര്യം തന്നെ!

73. അവർ പറഞ്ഞു: അല്ലാഹുവിന്റെ കൽപനയിൽ നിങ്ങൾ ആശ്ചര്യപ്പെടുന്നുവോ! ഓ വീട്ടുകാരേനിങ്ങളുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും അവന്റെ അനുഗ്രഹവുമുണ്ട്, നിശ്ചയം അവൻ സ്വയം സ്തുത്യർഹനായ പുകൾപെറ്റവനാണ്.

ഇബ്റാഹീമിന്റെ ഭാര്യ അത്ഭുതത്തോടെയും സന്തോഷത്തോടെയും മുഖത്തടിച്ചുകൊണ്ട് ചോദിച്ചു: ഞാൻ ഒരു കിഴവിയും വന്ധ്യയുമാണല്ലോ; മലക്കുകൾ മറുപടി പറഞ്ഞു: അപ്രകാരം സംഭവിക്കണമെന്നാണ് നിന്റെ നാഥൻ പറയുന്നത്, നിശ്ചയം അവൻ യുക്തിജ്ഞനായ സർവ്വജ്ഞാനി തന്നെയാകുന്നു എന്ന് 51: 29-30 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 3: 40, 47 വിശദീകരണം നോക്കുക.

74. തുടർന്ന് ഇബ്റാഹീമിന്റെ സംഭ്രമം നീങ്ങിപ്പോവുകയും അവന് സന്തോഷവാർത്ത വന്നുകിട്ടുകയും ചെയ്തപ്പോൾ, ലൂത്തിന്റെ ജനതയുടെ കാര്യത്തിൽ അവൻ നമ്മോട് തർക്കിക്കാൻ തുടങ്ങി.

ലൂത്തിന്റെ ജനതയുടെ കാര്യത്തിൽ ഇബ്റാഹീം തർക്കിക്കാൻ തുടങ്ങിയത് ലൂത്തും കുടുംബവും അവരുടെ ഇടയിൽ ഉള്ളതിനാലാണ്. 29: 31-32 സൂക്തങ്ങളിൽ, ഇബ്റാഹീമിലേക്ക് സന്തോഷവാർത്തയും കൊണ്ട് വന്ന നമ്മുടെ ദൂതൻമാർ ലൂത്തിന്റെ ജനതയെക്കുറിച്ച് പറയുകയുണ്ടായി: നിശ്ചയം ഞങ്ങൾ ഈ നാട്ടിലെ നിവാസികളെ നശിപ്പിക്കുകയാണ്; നിശ്ചയം അതിന്റെ നിവാസികൾ അക്രമികളായിരിക്കുന്നു. ഇബ്റാഹീം പറഞ്ഞു: നിശ്ചയം അവിടെ ലൂത്തുണ്ടല്ലോ; മലക്കുകൾ പറഞ്ഞു: അവിടെ ആരാണുള്ളതെന്ന് ഏറ്റവും നന്നായി അറിയുക നമുക്കുതന്നെയാണ്, നാം അവനെയും അവന്റെ കുടുംബാംഗങ്ങളെയും രക്ഷപ്പെടുത്തുകതന്നെ ചെയ്യും -അവന്റെ സ്ത്രീയെ ഒഴിച്ച്, അവൾ പുറം തിരിഞ്ഞ് നിൽക്കുന്നവരിൽ പെട്ടവളായിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 4: 125 ൽ, അല്ലാഹു ഇബ്റാഹീമിനെ ആത്മമിത്രമായി തെരഞ്ഞെടുത്തിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് അപേക്ഷിക്കുക എന്നതിന് പകരം തർക്കിക്കുക എന്ന പദം പ്രയോഗിച്ചത്.

75. നിശ്ചയം ഇബ്റാഹീം ആവർത്തിച്ച് ആവർത്തിച്ച് നമ്മിലേക്ക് തിരിയുന്ന ഒരു സഹനശീലൻ തന്നെയായിരുന്നു.

എന്റെ നാഥാ! ഈ വിഗ്രഹങ്ങൾ ജനങ്ങളിൽ നിന്ന് അധികപേരെയും വഴിപിഴപ്പിച്ചിരിക്കുന്നു, അപ്പോൾ ആരെങ്കിലും എന്നെ പിൻപറ്റുന്നുവെങ്കിൽ അവൻ എന്നിൽ പെട്ടവനാണ്, ആരെങ്കിലും എന്നെ ധിക്കരിക്കുന്നുവെങ്കിലോ, അപ്പോൾ നിശ്ചയം നീ ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു എന്ന് പ്രവാചകൻ ഇബ്റാഹീം പറഞ്ഞതായി 14: 36 ൽ പറഞ്ഞിട്ടുണ്ട്. ഇവിടെ 'എന്നെ ധിക്കരിക്കുന്നുവെങ്കിൽ അവരെ ശിക്ഷിക്കണം' എന്ന് പറയാതെ 'നീ ഏറെ പൊറുക്കുന്ന കാരുണ്യവാനാകുന്നു' എന്ന് പറഞ്ഞത് ഇബ്റാഹീമിന്റെ സഹനശീലത്തെയാണ് സൂചിപ്പിക്കുന്നത്. ആദ്യഘട്ടത്തിൽ പിതാവിനുവേ

ണ്ടി പൊറുക്കലിനെത്തേടിയ ഇബ്റാഹീമിന്, 6: 75 ൽ പറഞ്ഞതുപോലെ അല്ലാഹു പ്രപഞ്ചത്തിന്റെ അധികാരവ്യവസ്ഥ കാണിച്ച് കൊടുത്തപ്പോൾ പിതാവിന്റെ സ്ഥാനം നരകത്തിലാണെന്ന് കാണുകയും പിതാവിനുവേണ്ടി പൊറുക്കലിനെത്തേടിയത് തെറ്റാണെന്ന് മനസ്സിലാക്കുകയും ഖേദിച്ച് മടങ്ങുകയും ചെയ്തതാണ് ഇബ്റാഹീം 'ആവർത്തിച്ച് ആവർത്തിച്ച് നമ്മിലേക്ക് തിരിയുന്ന സഹനശീലൻ തന്നെയായിരുന്നു'എന്ന് പറയാൻ കാരണം. അല്ലാഹു കൊന്നുകളഞ്ഞ കപടവിശ്വാസികൾക്കുവേണ്ടി പൊറുക്കലിനെത്തേടാനും സൻമാർഗ്ഗത്തിനുവേണ്ടി പ്രാർത്ഥിക്കാനും പ്രവാചകനോ വിശ്വാസിക്കോ അനുവാദമില്ല. കാരണം അവർ വിചാരണയില്ലാതെ നരകത്തിൽ പോകാനുള്ളവരാണ്. 2: 124; 9: 73, 80, 84–85, 113–114; 63: 6 വിശദീകരണം നോക്കുക.

76. ഓ ഇബ്റാഹീം! അതിനെത്തൊട്ട് നീ അവഗണിക്കുക, നിശ്ചയം അക്കാര്യത്തിൽ നിന്റെ നാഥന്റെ കൽപന വന്നുകഴിഞ്ഞു, തീർച്ചയായും റദ്ദാക്കപ്പെടാത്ത ശിക്ഷ അവരിൽ വന്നെത്തുകതന്നെ ചെയ്യും.

ഗ്രന്ഥത്തിന്റെ അഭിസംബോധകരായ ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും വഴിപിഴച്ച സന്താനങ്ങളായ മക്കാമുശ്രിക്കുകളും ഇസ്ഹാഖിന്റെയും യഅ്ഖൂബിന്റെയും വഴിപിഴച്ച സന്താനങ്ങളായ ജൂതക്രൈസ്തവരും ഞങ്ങൾ സത്യത്തിലും ഞങ്ങളുടെ പൂർവ്വികപിതാക്കളുടെ മാർഗത്തിലും തന്നെയാണെന്ന് അഭിമാനിക്കുന്നവരും, മുഹമ്മദും അനുയായികളും തന്നെയാണ് പിഴച്ചവരെന്ന് വാദിക്കുന്നവരുമായിരുന്നു. ഇതിന് മറുപടിയായിട്ടാണ് നൂഹിന്റെയും ഹൂദിന്റെയും സ്വാലിഹിന്റെയും ഇബ്റാഹിമിന്റെയും ലൂത്തിന്റെയും കാര്യത്തിൽ നടന്ന യഥാർത്ഥ സംഭവചരിത്രങ്ങൾ ഇവിടെ വിവരിക്കുന്നത്.

എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ 'സമാനമായ ഉപമ ഉദാഹരണമായി' (*മൗഇളത്ത്*) ഉപയോഗപ്പെടുത്താത്തതു കാരണം അന്നത്തെ മക്കാമുശ്രിക്കുകളും ജൂതക്രൈസ്തവരും അഭിമാനിച്ചിരുന്നതിലുപരി ഞങ്ങൾ അല്ലാഹുവിന്റെ ആളുകളാണെന്നും ഞങ്ങൾ അഥവാ കുറച്ചുകാലം നരകത്തിൽ കഴിയേണ്ടിവന്നാൽ തന്നെ പ്രവാചകനാലും മഹാത്മാക്കളാലുമെല്ലാം ശുപാർശ ചെയ്യപ്പെട്ട് സ്വർഗത്തിൽ എത്തിപ്പെടുമെന്ന് വാദിക്കുന്നവരും അഭിമാനിക്കുന്നവരുമാണ്. 3: 7 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം വായിക്കുന്ന ഫാജിറുകളും കാഫിറുകളുമായ അവർ ഗ്രന്ഥത്തിന്റെ ആത്മാവിനെ പരിഗണിക്കാതെ അതിന്റെ ശരീരവും ജീവനും മാത്രം പരിഗണിക്കുന്നവരാണ്. നിഷ്പക്ഷവാനായ നാഥൻ ആരെയും സ്വർഗത്തിലേക്കും നരകത്തിലേക്കും ആക്കുന്നില്ല. മറിച്ച് അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവരെ ഗ്രന്ഥം നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. യഥാർത്ഥത്തിൽ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസായ അദ്ദിക്റിനെ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുകവഴി മറ്റുള്ളവരുടെ പാപഭാരവും കൂടി വഹിച്ച് നരകക്കുണ്ഠത്തിൽ പോകേണ്ടി വരുന്ന അവർ പ്രപഞ്ചം നശിപ്പിക്കുന്നതിന് വേഗതകൂട്ടുന്ന അക്രമികളും നാശകാരികളുമാണ്. 2: 80; 3: 138; 6: 25–26; 9: 67–68 വിശദീകരണം നോക്കുക.

77. നമ്മുടെ ദൂതൻമാർ ലൂത്തിന്റെ അടുക്കലെത്തിയപ്പോൾ അവൻ അവരുടെ കാര്യത്തിൽ ദുഃഖിതനും അവരുടെ കാര്യത്തിൽ മനം മുട്ടുന്നവനുമായിത്തീർന്നു, അവൻ പറഞ്ഞുപോയി: ഇത് ഒരു ദുർഘടം പിടിച്ച ദിനം തന്നെ!

രണ്ട് സുമുഖൻമാരായ യുവാക്കളുടെ രൂപത്തിലാണ് മലക്കുകൾ ലൂത്ത് നബിയുടെ അടുത്ത് വന്നത്. അവർ മലക്കുകളാണെന്ന് ലൂത്ത് നബിക്ക് മനസ്സിലായിരുന്നില്ല. തന്റെ ജനത വളരെയധികം ദുർവൃത്തരും നിർലജ്ജരുമായിക്കഴിഞ്ഞിരുന്നു എന്ന് അദ്ദേഹത്തിന് നല്ലപോലെ അറിയാമായിരുന്നതുകൊണ്ടാണ് ഈ അതിഥികളുടെ കാര്യത്തിൽ അദ്ദേഹത്തിന് ദുഃഖവും മനംമുട്ടലും അനുഭവപ്പെട്ടത്.

78. അവന്റെ ജനത അവന്റെ അടുക്കലേക്ക് ഉൻമത്തരായിക്കൊണ്ട് വന്നെത്തിത്തുടങ്ങി, അതിനുമുമ്പേ അവർ തിന്മകൾ പ്രവർത്തിക്കുന്നവരുമായിരുന്നു; അവൻ പറഞ്ഞു: ഓ എന്റെ ജനമേ! ഇക്കൂട്ടരിതാ എന്റെ പെൺമക്കൾ, അവരാകുന്നു നിങ്ങൾക്ക് ഏറ്റവും വിശുദ്ധരായിട്ടുള്ളവർ! അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവീൻ, എന്റെ അതിഥികളുടെ കാര്യത്തിൽ എന്നെ നിങ്ങൾ നിന്ദ്യരാക്കാതിരിക്കുകയും ചെയ്യുവിൻ; എന്ത്, നിങ്ങളിൽ തന്റേടമുള്ള ഒരു മനുഷ്യനുമില്ലെന്നോ?

ലൂത്ത് തന്റെ ജനതയോട് പറഞ്ഞ സന്ദർഭം സ്മരണീയമാണ്: നിങ്ങൾ ലോകരിൽ ആരുംതന്നെ മുമ്പ് ചെയ്യാത്ത മ്ലേച്ഛ പ്രവൃത്തികളിലാണല്ലോ ഏർപ്പെട്ടിരിക്കുന്നത്, നിങ്ങളുടെ കാമവികാരം ശമിപ്പിക്കുന്നതിനുവേണ്ടി നിങ്ങൾ പുരുഷൻമാരെ സമീപിക്കുകയും പ്രകൃതിമാർഗത്തെ മുറിച്ചുകളയുകയും നിങ്ങളുടെ സഭകളിൽവെച്ച് പരസ്യമായി നീചകൃത്യങ്ങൾ ചെയ്യുകയുമാണോ? ആ ജനതയുടെ മറുപടി: നീ സത്യം പറയുന്നവനാണെങ്കിൽ അല്ലാഹുവിന്റെ ശിക്ഷയിങ്ങ് കൊണ്ടുവരിക എന്നല്ലാതെ മറ്റൊന്നുമായിരുന്നില്ല എന്ന് 29: 28-29 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. തന്റെ അതിഥികളിലേക്ക് മദോന്മത്തരായി വന്ന ഭ്രാന്തന്മാരായ ജനതയോട് 'ഇതാ എന്റെ പെൺമക്കൾ, നിങ്ങൾക്ക് ചെയ്തേപറ്റൂ എങ്കിൽ' എന്ന് ലൂത്ത് പറഞ്ഞതായി 15: 67-72 സൂക്തങ്ങളിലും; ആജനത ലൂത്തിന്റെ അതിഥികളെ റാഞ്ചിയെടുക്കുന്നതിന് വേണ്ടി ശ്രമിച്ചു, എന്നാൽ നാം അവരുടെ കണ്ണുകളെ മായ്ച്ച് കളയുകയും 'ഇപ്പോൾ നിങ്ങൾ എന്റെ ശിക്ഷയും താക്കീതുകളും രുചിച്ചു കൊള്ളുക' എന്ന് പറയുകയും ചെയ്തതായി 54: 37 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

പ്രകൃതിക്ക് വിരുദ്ധമായ നിങ്ങളുടെ സ്വവർഗ സംഭോഗത്തേക്കാൾ വികാരം ശമിപ്പിക്കുന്നതിന് പ്രകൃതി നിശ്ചയിച്ചിട്ടുള്ള മാർഗമായ എന്റെ ഈ പെൺമക്കളാണ് നല്ലതെന്നാണ് ലൂത്ത് നബി തന്റെ ജനതയോട് പറയുന്നത്. അല്ലാഹു സൃഷ്ടിച്ച അവയവങ്ങളെ ഞാൻ അതിനല്ലാത്ത മറ്റുവഴിക്ക് മാറ്റിമറിക്കുമെന്ന് പിശാച് അല്ലാഹുവിനോട് ശപഥം ചെയ്ത് പറഞ്ഞതായി 4: 119 ൽ പറഞ്ഞിട്ടുണ്ട്. *'ലിവാത്' (സ്വവർഗ സംഭോഗം) ചെയ്യുന്നവനെയും ചെയ്യപ്പെടുന്നവനെയും വധിക്കണമെന്നാണ്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്. ഗ്രന്ഥത്തിൽ അതിന് ശിക്ഷ വിധിച്ചിട്ടില്ല, എന്നാൽ വ്യഭിചാരത്തിന് ഗ്രന്ഥത്തിൽ ശിക്ഷ വിധിച്ചിട്ടുണ്ട്. അപ്പോൾ തന്റെ മക്കളെ വ്യഭിചാരത്തിന് വിട്ടുകൊടുക്കുകയല്ല ലൂത്ത് നബി ചെയ്യുന്നത്. വ്യഭിചാരം നടത്തിയാലും അതിന് ശിക്ഷ ഏറ്റുവാങ്ങി പശ്ചാത്തപിച്ചുമടങ്ങി സൻമാർഗത്തിലേക്ക് വരാവുന്നതാണ്. എന്നാൽ പ്രകൃതിക്ക് വിരുദ്ധമായി *ലിവാത്* ചെയ്യുന്നവനെയും ചെയ്യപ്പെടുന്നവനെയും കൊല്ലണമെന്നാണ് കൽപന എന്നതിനാൽ അതിന് പാശ്ചാത്താപമില്ല. ചെയ്യപ്പെടുന്നവനെ വധിക്കണമെന്ന് പറയാൻ കാരണം ആ വിത്ത് ഇവിടെ ഭൂമിയിൽ അവശേഷിച്ചാൽ അവനും മുതിർന്നുകഴിഞ്ഞാൽ ആ ദുഷ്പ്രവൃത്തി സമൂഹത്തിൽ വ്യാപിപ്പിക്കും എന്നതിനാലാണ്.

എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകളാണ് പ്രകൃതിക്ക് വിരുദ്ധമായ സ്വവർഗസംഭോഗം ഉൾപ്പടെ 2: 168-169 സൂക്തങ്ങളിൽ വിവരിച്ച എല്ലാ ദുർവൃത്തികളിലും ലോകത്തെവിടെയും ഇതര ജനവിഭാഗങ്ങളെക്കാൾ മുൻപന്തിയിലുള്ളത്. വിധിദിവസം അവരുടെ കൈകാലുകളും നാവുകളും തൊലികളും കാഴ്ചകളും കേൾവികളും ഭൂമിതന്നെയും അവർക്കെതിരെ സാക്ഷ്യം വഹിക്കുമെന്ന് 24: 24; 36: 65; 41: 19-24; 99: 4-5 സൂക്തങ്ങളിലെല്ലാം വായിച്ചത് കഴുത ഭാരം വഹിക്കുന്നതുപോലെ ഗ്രന്ഥം വഹിക്കുന്ന ചിന്താശക്തി ഉപയോഗപ്പെടുത്താത്ത യഥാർത്ഥ ഭ്രാന്തൻമാരായ ഇക്കൂട്ടർ മനസ്സിലാക്കുന്നില്ല. അതുകൊണ്ടാണ് ഇക്കൂട്ടരെ 8: 22 ലും 98: 6 ലും ദുഷ്ട ജീവികൾ എന്ന് വിശേഷിപ്പിച്ചിട്ടുള്ളത്. അങ്ങനെ അവർ പിശാചിനെ സഹായിച്ചുകൊണ്ട് പ്രപഞ്ചത്തിന്റെ ആയുസ്സ് ചുരുക്കുന്ന നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനാലാണ് ഈസാ രണ്ടാമതുവന്നാൽ അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ അവർ വധിക്കപ്പെട്ട് 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാകുന്നത്. 4: 15-16; 7: 81, 164-170; 23: 7 വിശദീകരണം നോക്കുക.

79. അവർ പറഞ്ഞു: നിശ്ചയം നിനക്കറിയാമല്ലോ നിന്റെ പെൺമക്കളിൽ ഞങ്ങൾക്ക് യാതൊരു താൽപര്യവുമില്ലെന്ന്, നിശ്ചയം ഞങ്ങൾ എന്തൊന്നാണ് ഉദ്ദേശിക്കുന്നതെന്ന് നിനക്കുതന്നെ അറിയാമല്ലോ!

80. അവൻ പറഞ്ഞു: നിശ്ചയം എനിക്ക് നിങ്ങളിൽ വല്ല ശക്തിയും ഉണ്ടായിരുന്നുവെങ്കിൽ, അല്ലെങ്കിൽ ശക്തമായൊരു താങ്ങ് എനിക്ക് അവലംബിക്കാനുണ്ടായിരുന്നുവെങ്കിൽ!

പ്രകൃതിമാർഗ്ഗമായ ഇസ്ലാമിന്റെ മാർഗ്ഗം കയ്യൊഴിച്ച ആ വൃത്തികെട്ട ജനതയോട് തന്റെ പെൺമക്കളെ ലൈംഗികവികാരം ശമിപ്പിക്കാൻ ഉപയോഗപ്പെടുത്തിയിട്ടെങ്കിലും പ്രകൃതിക്ക് വിരുദ്ധമായ മാർഗത്തിൽ നിന്ന് വിട്ടുനിൽക്കുക എന്ന് ലൂത്ത് നബി പറഞ്ഞപ്പോൾ അത് കേൾക്കാൻ പോലും തയ്യാറില്ലാതെ 'ഞങ്ങൾക്ക് എന്തൊന്നാണ് ആവശ്യമുള്ളതെന്ന് നിനക്ക് ശരിക്കും അറിയാമല്ലോ' എന്ന് ലജ്ജയില്ലാതെ പറഞ്ഞുകൊണ്ട് ആ ദുർവൃത്തി മാത്രമേ ചെയ്യൂ എന്ന ശാഠ്യത്തിൽ നിലകൊള്ളുകയാണ് അവർ ചെയ്തത്. അപ്പോൾ അവരിൽ നിന്ന് സുരക്ഷിതമായ ഏതെങ്കിലും അഭയസ്ഥാനം ലഭിച്ചെങ്കിൽ അവിടെ അഭയം തേടാമായിരുന്നു എന്നുപോലും ലൂത്ത് നബിക്ക് തോന്നിപ്പോയി. 'ശക്തമായ ഒരു താങ്ങ് എനിക്ക് അവലംബിക്കാനുണ്ടായിരുന്നെങ്കിൽ' എന്ന് പറഞ്ഞതിൽ നിന്ന് ലൂത്ത് നബിക്ക് പെൺമക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളു, ആൺമക്കളോ മറ്റു വിശ്വാസികളായ പുരുഷൻമാരോ ലൂത്ത് നബിയുടെകൂടെ ഉണ്ടായിരുന്നില്ല എന്ന് മനസ്സിലാക്കാവുന്നതാണ്. 51: 36 ൽ, സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവരുടെ ഒറ്റവീട് പോലും അവിടെ ഉണ്ടായിരുന്നില്ല എന്ന് പറഞ്ഞിട്ടുണ്ട്. അതായത് കാഫിറുകളിൽ പെട്ട കിഴവിയായ അദ്ദേഹത്തിന്റെ സ്ത്രീ കാരണം ലൂത്ത് നബിയുടെ വീട് പോലും മുഴുവൻ അംഗങ്ങളും വിശ്വാസികളായ മുസ്ലിംകളുടെ വീടുകളിൽ ഉൾപെട്ടിരുന്നില്ല എന്നർത്ഥം.

ഇന്ന് മുഴുവൻ അംഗങ്ങളും വിശ്വാസികളായിട്ടുള്ള ഒറ്റ വീടുപോലും ലോകത്ത് എവിടെയും ഇല്ലാത്തവിധം ഫുജ്ജാറുകൾ വിഘടിച്ച് വിവിധ മതം കണക്കെ ഭിന്നിച്ചുപോയിട്ടുണ്ട്. അവർ 6: 25-26 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയോ

മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ഇല്ല. അതുകൊണ്ട് പിൻതലമുറക്ക് ജീവിക്കാൻ ഉതകുന്ന വിധത്തിൽ പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സായ അദ്ദിക്ർ നിങ്ങളെങ്കിലും ഉപയോഗപ്പെടുത്തണമെന്നാണ് പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരോട് വിശ്വാസിക്ക് പറയാനുള്ളത്. 5: 48; 7: 157–158, 205–206; 9: 125 വിശദീകരണം നോക്കുക.

81. അവർ പറഞ്ഞു: ഓ ലൂത്ത്, നിശ്ചയം ഞങ്ങൾ നിന്റെ നാഥനിൽ നിന്നുള്ള ദൂതൻമാരാണ്, ഇവർ നിന്നിലേക്ക് എത്തുകയില്ലതന്നെ, അതുകൊണ്ട് രാത്രി കുറേ ചെന്നിട്ട് നീ നിന്റെ കുടുംബത്തെയും കൂട്ടി പുറപ്പെടണം, നിങ്ങളിൽ നിന്നുള്ള ഒരാളും തിരിഞ്ഞുനോക്കുകയുമരുത് –നിന്റെ സ്ത്രീയൊഴിച്ച്, നിശ്ചയം അവരെ ബാധിക്കുന്ന ഒന്ന് അവളെയും ബാധിക്കുന്നതാണ്, നിശ്ചയം അവരോട് വാഗ്ദത്തം ചെയ്തിട്ടുള്ള സമയം പ്രഭാതമാണ്, പ്രഭാതം അടുത്തെത്തിക്കഴിഞ്ഞില്ലേ!

ദുഷ്കർമ്മങ്ങളുടെ പരിണിതി ഇഹലോകത്തുവെച്ചുതന്നെ അനുഭവിക്കുമെന്നതിൽ നിന്ന് പ്രവാചകൻമാരുമായോ മഹാത്മാക്കളുമായോ ഉള്ള രക്തബന്ധമോ വംശബന്ധമോ വിവാഹബന്ധമോ അവരുടെ ശുപാർശയോ ആരെയും രക്ഷിക്കുകയില്ല എന്ന പാഠം ജനങ്ങളെ പഠിപ്പിക്കാൻ വേണ്ടി ഈ സൂറത്തിൽ ഉദ്ധരിച്ച രണ്ടാമത്തെ സംഭവമാണ് ഇവിടെ വിവരിച്ചിട്ടുള്ളത്. 66: 10 ൽ എക്കാലത്തുമുള്ള കാഫിറുകൾക്ക് മാതൃകയായി നൂഹിന്റെ ഭാര്യയെയും ലൂത്തിന്റെ ഭാര്യയെയുമാണ് അല്ലാഹു എടുത്തുദ്ധരിച്ചിട്ടുള്ളത്. 9: 67–68 സൂക്തങ്ങളിൽ, കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ഒരേ വിഭാഗത്തിൽ പെട്ടവരാണ്, തിന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരുമായ അവർ അല്ലാഹുവിനെ മറന്നതിനാൽ അവരെ അല്ലാഹുവും മറന്നിരിക്കുന്നു; ഇത്തരം തെമ്മാടികൾക്ക് നരകക്കുണ്ഠാഗ്നിയാണ് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. 9: 23–24; 11: 45–47, 75 വിശദീകരണം നോക്കുക.

82. അങ്ങനെ നമ്മുടെ കൽപന വന്നപ്പോൾ നാം അതിനെ അതിന്റെ മേൽഭാഗം അതിന്റെ താഴ്ഭാഗമാക്കി, അതിനുമീതെ ചുട്ടുപഴുത്ത മൺകട്ടകളിൽ നിന്ന് നാം തുടരെത്തുടരെ വർഷിപ്പിക്കുകയും ചെയ്തു.

83. അവയിൽ ഓരോ കല്ലും നിന്റെ നാഥന്റെ അടുക്കൽ അടയാളപ്പെടുത്തിയതായിരുന്നു, അത് ഈ അക്രമികളിൽ നിന്ന് ഒട്ടും വിദൂരവുമല്ല.

സദൂം പ്രദേശത്തെ കീഴ്മേൽ മറിക്കുകയും തീച്ചൂളയിൽ ചുട്ടെടുത്ത കല്ലുകളുടെ ശക്തിയായ മഴതന്നെ ഉണ്ടാവുകയും ചെയ്തു. അവയിൽ ഓരോ കല്ലും നിന്റെ നാഥന്റെ അടുക്കൽ അടയാളപ്പെടുത്തിയിട്ടുണ്ടായിരുന്നു എന്ന് പറഞ്ഞതിന്റെ വിവക്ഷ, ഓരോ കല്ലും ശിക്ഷയിൽ അതിന് ചെയ്യാനുള്ള കൃത്യത്തിനുവേണ്ടി അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ടിരുന്നു അഥവാ അവയോരോന്നും ആരുടെമേൽ എങ്ങനെ പതിക്കണമെന്ന് നേരത്തെ രേഖപ്പെടുത്തപ്പെട്ടിരുന്നു എന്നാണ്. 'അത് ഈ അക്രമികളിൽ നിന്ന് ഒട്ടും വിദൂരമല്ല' എന്ന് പറഞ്ഞതിന്റെ വിവക്ഷ, അക്രമികളും ധിക്കാരികളുമായ മക്കാമുശ്രിക്കുകളിൽ നിന്നും ആ നാട് (സദൂം പ്രദേശം) വളരെ വിദൂരമല്ല എന്നും, ഇന്ന് ഏതൊരു ജനത അക്രമത്തിന്റെ മാർഗത്തിൽ ചരിച്ചുകൊണ്ടിരിക്കുന്നുവോ, അവരും ശിക്ഷതങ്ങളിൽ നിന്ന് വളരെ വിദൂരമാണെന്ന് ധരിക്കേണ്ടതില്ല എന്നുമാണ്. ലൂത്ത് നബിയു

ടെ ജനതക്ക് ശിക്ഷ വന്നുഭവിക്കാമെങ്കിൽ അത്തരം പ്രവൃത്തി ചെയ്യുന്ന ഏതൊരു ജനതക്കും ശിക്ഷ വന്നുഭവിക്കുകതന്നെ ചെയ്യുമെന്ന് സാരം.

ലൂത്തിന്റെ ജനതയെ നശിപ്പിച്ചതിൽ നിന്ന് പാഠം ഉൾക്കൊള്ളാതെ മക്കാമുശ്രിക്കുകൾ ശിക്ഷക്കുവേണ്ടി, 'അല്ലാഹുവേ, ഈ വായന നിന്നിൽ നിന്നുള്ള സത്യം തന്നെയാണെങ്കിൽ നീ ഞങ്ങൾക്ക് മീതെ ആകാശത്തുനിന്ന് ചരൽമഴ വർഷിപ്പിക്കുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും വേദനാജനകമായ ശിക്ഷ ഞങ്ങൾക്ക് കൊണ്ടുവരികയോ ചെയ്യുക' എന്ന് വെല്ലുവിളി നടത്തിയതായി 8: 32 ൽ പറഞ്ഞിട്ടുണ്ട്. 'എന്നാൽ നീ (പ്രവാചകൻ) അവരിൽ ഉണ്ടായിരിക്കുമ്പോൾ അല്ലാഹു അവരെ ശിക്ഷിക്കുന്നതല്ല, അവർ പൊറുക്കലിനെ തേടിക്കൊണ്ടിരിക്കുമ്പോഴും അല്ലാഹു അവരെ ശിക്ഷിക്കുന്നതല്ല' എന്നാണ് 8: 33 പ്രകാരം അല്ലാഹു അവർക്ക് മറുപടി നൽകിയത്. 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റിനെ എല്ലാവിധ ആപത്ത്-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനും സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റുമായി ഉപയോഗപ്പെടുത്തുന്ന വിചാരണയില്ലാതെ സ്വർഗത്തിലേക്ക് മുൻകടക്കുന്ന ഒരു വിശ്വാസി പോലും ലോകത്തെവിടെയും ഇല്ലാതാകുമ്പോഴാണ് അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നായ മസീഹുദ്ദജ്ജാലിന്റെ പുറപ്പാടുണ്ടാവുക.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ഗ്രന്ഥമായ അദ്ദിക്റിനെ ലോകർക്ക് പരിചയപ്പെടുത്തുന്ന ഒറ്റപ്പെട്ട ഒരു വിഭാഗം ഉള്ളതുകൊണ്ടും നാഗരിക ജീവിതത്തിൽ നിന്നും ഭൗതിക സുഖാഢംബരങ്ങളിൽ നിന്നുമെല്ലാം വിട്ടുനിന്ന് ജഗന്നിയന്താവിനെമാത്രം സ്മരിച്ചുകൊണ്ട് വനാന്തരങ്ങളിലും മറ്റും ജീവിക്കുന്ന ജൈന, ബുദ്ധ, ഹൈന്ദവ സന്യാസിമാർ ലോകത്ത് പലയിടങ്ങളിലും ഉള്ളതുകൊണ്ടുമാണ് ഇന്ന് ഭൂമിയെ കീഴ്മേൽ മറിക്കുന്നതുപോലെയുള്ള ശിക്ഷകൾ സംഭവിക്കാതിരിക്കുന്നത്. എന്നല്ലാതെ, ഐഹിക സുഖാഢംബരങ്ങളിൽ മുഴുകി അദ്ദിക്റിനെ മൂടിവെച്ച് നീചവും നികൃഷ്ടവുമായ കാര്യങ്ങൾക്ക് മറയിടുന്ന നമസ്കാരവും നോമ്പും ഹജ്ജും ഉംറയും പൊങ്ങച്ചം പ്രകടിപ്പിക്കുന്ന പള്ളികളും കൊണ്ടുനടക്കുന്നവരും ലൂത്ത് നബിയുടെ ജനതയെപ്പോലെ പ്രകൃതിക്ക് വിരുദ്ധമായ സംസ്കാരങ്ങൾ വളർത്തുന്ന അറബിക്കോളേജുകളും അനാഥശാലകളും പള്ളിദർസുകളും പരിപാലിക്കുന്ന ഫുജ്ജാറുകളുടെ ജനബാഹുല്യം ഉള്ളതുകൊണ്ടല്ല. 25: 17–18 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിത്തീർന്ന ഇവർ 36: 59–62 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്താതെ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരാണ്. 2: 146 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വെടിഞ്ഞ് ഇവർ 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. 9: 28 ൽ വിവരിച്ച പ്രകാരം ഇജാസിൽ മഹ്ദിയുടെ ആഗമനത്തോടുകൂടി 7: 127, 137 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇത്തരം ഭ്രാന്തന്മാരായ അക്രമികളെ ശിക്ഷിക്കുന്നതിന് വേണ്ടി നാഥനെ മാത്രം സ്മരിച്ച് വനാന്തരങ്ങളിൽ ജീവിക്കുന്ന സന്യാസി-സന്യാസിനിമാരടക്കമുള്ള ലോകത്തെല്ലായിടത്തുമുള്ള വിശ്വാസികളെ ഇജാസിലേക്ക് വേർതിരിക്കുന്നതാണ്. 4: 159; 5: 60; 9: 108 വിശദീകരണം നോക്കുക.

84. മദ്യൻ വാസികളിലേക്ക് അവരുടെ സഹോദരൻ ശുഐബിനെയും; അവൻ പറഞ്ഞു: ഓ എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിനെ സേവിച്ചുകൊണ്ടിരിക്കു

ന്നവരാവുക, നിങ്ങൾക്ക് അവനെക്കൂടാതെ മറ്റൊരു ഇലാഹും ഇല്ലതന്നെ, നിങ്ങൾ അളവ് തൂക്കങ്ങളിൽ കുറവ് വരുത്താതിരിക്കുകയും ചെയ്യുക; നിശ്ചയം ഞാൻ നിങ്ങളെ ഇന്ന് നല്ലസ്ഥിതിയിൽ കാണുന്നു, വലയം ചെയ്യുന്ന ഒരുനാളിലെ ശിക്ഷ നിങ്ങളുടെ മേൽ ആപതിക്കുമെന്ന് ഞാൻ ഭയപ്പെടുകയും ചെയ്യുന്നു.

അതായത് അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്ന നിങ്ങളെ ഇപ്പോഴത്തെ അവസ്ഥയിൽ ജീവിക്കാൻ വിടുമെന്ന് നിങ്ങൾ കരുതേണ്ടതില്ല. എന്നെ നിയോഗിച്ചിട്ടുള്ളത് നിങ്ങൾ അകപ്പെട്ടിട്ടുള്ള തിന്മകളെക്കുറിച്ച് നീതിയായ അദ്ദിക്ർ കൊണ്ട് ഉണർത്തുന്നതിന് വേണ്ടിയാണ്. നിങ്ങൾ നിങ്ങളുടെ ചെയ്തികൾ തിരുത്താതെ മുന്നോട്ട് പോവുകയാണെങ്കിൽ കഠിനമായ ശിക്ഷക്ക് നിങ്ങൾ വിധേയമാവുകതന്നെ ചെയ്യുന്നതാണ്. 10: 54, 102 വിശദീകരണം നോക്കുക.

85. ഓ എന്റെ ജനമേ, നിങ്ങൾ നീതികൊണ്ട് അളവും തൂക്കവും പൂർത്തിയാക്കുവീൻ, ജനങ്ങൾക്ക് അവരുടെ സാധനങ്ങളിൽ കുറവ് വരുത്താതിരിക്കുകയും ഭൂമിയിൽ നാശം വിതച്ച് അതിനെ നശിപ്പിക്കാൻ വേണ്ടി ഓടിനടക്കാതിരിക്കുകയും ചെയ്യുവീൻ.

83: 1–7 സൂക്തങ്ങളിൽ, അളവ് തൂക്കങ്ങളിൽ കുറവ് വരുത്തുന്നവർക്ക് നരകത്തിലെ 'വൈൽ' എന്ന ചെരുവാണുള്ളത്. അവർ ജനങ്ങളിൽ നിന്ന് അളന്ന് വാങ്ങുമ്പോൾ പൂർത്തിയാക്കി വാങ്ങുന്നവരും മറ്റുള്ളവർക്ക് അളന്നുകൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ചെയ്യുമ്പോൾ കുറവ് വരുത്തുന്നവരുമാണ്, നിശ്ചയം അവർ പുനർജീവിപ്പിക്കപ്പെടാനുള്ളവരാണെന്ന് കരുതുന്നില്ലെയോ, ഒരു വമ്പിച്ച നാളിനുവേണ്ടി, മനുഷ്യരെല്ലാം സർവ്വലോകങ്ങളുടെയും ഉടമയുടെ മുമ്പിൽ നിർത്തപ്പെടുന്ന നാൾ, അങ്ങനെയല്ല, നിശ്ചയം ഫുജ്ജാറുകളുടെ പട്ടിക സിജ്ജീനിൽ തന്നെയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലും നശീകരണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് അവർ മിഥ്യയാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നത്. നാഥന്റെ കൽപന നടപ്പിലാകുന്ന ദിനം സത്യമായ അദ്ദിക്ർ കൊണ്ടാണ് വിധികൽപിക്കുക എന്നും അപ്പോൾ മിഥ്യാവാദികൾ നഷ്ടപ്പെട്ടവരായിരിക്കും എന്നും 40: 78 ൽ പറഞ്ഞിട്ടുണ്ട്. 5: 42; 49: 9 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത് 'നിശ്ചയം അല്ലാഹു നീതി –അദ്ദിക്ർ– കൊണ്ട് വിധികൽപിക്കുന്നവരെ ഇഷ്ടപ്പെടുന്നു' എന്ന ആശയത്തിലാണ്. 7: 8–9; 10: 47 വിശദീകരണം നോക്കുക.

86. നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിങ്കൽ അവശേഷിക്കുന്നതാണ് നിങ്ങൾക്ക് ഏറ്റവും ഉത്തമമായിട്ടുള്ളത്, ഞാൻ നിങ്ങളുടെ മേൽ സൂക്ഷിപ്പുകാരനൊന്നുമല്ല.

സാക്ഷിയായ അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് അളവും തൂക്കവും പൂർത്തിയാക്കി നടത്തുന്ന സംരംഭങ്ങളിലൂടെ ലഭിക്കുന്ന അനുവദനീയമായ ലാഭവിഹിതമാണ് നിങ്ങൾക്ക് ഉൽകൃഷ്ടമായിട്ടുള്ളത്, എന്നല്ലാതെ ജനങ്ങളുടെ സാധനങ്ങളിൽ അളവിലും തൂക്കത്തിലും കൃത്രിമം കാണിച്ച് ഭക്ഷിച്ചാൽ അതിന്റെ പരിണിതി ഇഹത്തിൽ തന്നെ നിങ്ങൾക്ക് ദോഷമായിരിക്കും, പരത്തിൽ ആ ശരീരം നരക

ത്തിൽ കരിയേണ്ടിവരികയും ചെയ്യും.

അദ്ദിക്റിന്റെ 40 പേരുകളും സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി മാത്രമേ അദ്ദിക്റിനെ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായി ഉപയോഗപ്പെടുത്തുകയും അത് ലോകരിൽ പ്രചരിപ്പിക്കുകയുമുള്ളൂ. അറബി ഖുർആൻ വായിക്കുന്ന കാഫിറുകളും അക്രമികളും തെമ്മാടികളുമായ ഫുജ്ജാറുകൾ 7: 26 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഇത്തരം ഭ്രാന്തന്മാർ വിശ്വാസികളെ 'നുണ പറയുന്ന ഒറ്റയാൻ' എന്ന് പരിഹസിക്കുന്നതാണ് എന്ന് 54: 25; 83: 29 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 20: 99–101 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഭൂമിയിൽ സംഭവിക്കുന്ന എല്ലാ നശീകരണപ്രവർത്തനങ്ങളുടെയും പാപഭാരം വഹിച്ചുകൊണ്ട് ഇക്കൂട്ടർ നരകക്കുണ്ഠത്തിൽ പ്രവേശിക്കുന്നതാണ്. 4: 42; 6: 115–116; 7: 85–87 വിശദീകരണം നോക്കുക.

87. അവർ പറഞ്ഞു: ഓ ശുഐബ്, നിന്റെ നമസ്കാരമാണോ ഞങ്ങളുടെ പൂർവ്വിക പിതാക്കൻമാർ സേവിച്ചുകൊണ്ടിരുന്നവയെ വെടിയണമെന്നും അല്ലെങ്കിൽ ഞങ്ങളുടെ ധനം ഞങ്ങൾ ഉദ്ദേശിക്കും വിധം കൈകാര്യം ചെയ്യരുതെന്നും പറയാൻ നിന്നോട് കൽപിക്കുന്നത്? നിശ്ചയം നീയൊരു സഹനശീലനായ തന്റേടി തന്നെ!

നിശ്ചയം സ്വീകരിക്കപ്പെടുന്ന നമസ്കാരം നീചവും നിഷിദ്ധവുമായ പ്രവൃത്തികളെത്തൊട്ട് തടയുമെന്ന് 29: 45 ൽ പറഞ്ഞിട്ടുണ്ട്. ശുഐബ് നബിയുടെ നമസ്കാരം സ്വീകരിക്കപ്പെടുന്നതും അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നതുപോലുള്ള നീചവും നിഷിദ്ധവുമായ പ്രവൃത്തികളെത്തൊട്ട് തടയുന്നതുമായിരുന്നു. നാഥന്റെ സംസാരമായ അദ്ദിക്റിന്റെ കൽപനകളാണ് നന്മയെങ്കിൽ അതിന്റെ വിരോധങ്ങളാണ് തിന്മ. അപ്പോൾ അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും അതിനെ സദുപദേശമായി *(മൗഇള ത്തായി)* ഉപയോഗപ്പെടുത്തുകയും അങ്ങിനെ ഉപയോഗപ്പെടുത്താൻ ജനങ്ങളിലേക്ക് എത്തിച്ച് കൊടുക്കുകയും ചെയ്യാത്തവരുടെ നമസ്കാരമോ നോമ്പോ ഹജ്ജോ മറ്റ് കർമ്മങ്ങളോ ഒന്നും തന്നെ സ്വീകരിക്കപ്പെടുന്നതല്ല. വിശ്വാസികൾ നമസ്കരിക്കുന്നത് 20: 14 ൽ പറഞ്ഞ പ്രകാരം അല്ലാഹുവിന്റെ സ്മരണ ഉണ്ടാക്കുന്ന *ദിക്റീ* എന്ന ഗ്രന്ഥം നിലനിർത്താനാണ്. 29: 45 അവസാനിക്കുന്നത് അല്ലാഹുവിന്റെ സ്മരണ അഥവാ അദ്ദിക്ർ തന്നെയാണ് പരമപ്രധാനം, അല്ലാഹു നിങ്ങൾ ഉത്പാദിപ്പിക്കുന്നതെല്ലാം അറിയുന്നവനാണ് എന്ന് പറഞ്ഞുകൊണ്ടാണ്. എന്നാൽ ഇന്ന് ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് ജാഡയായി നിർവഹിക്കുന്ന ഫുജ്ജാറുകളുടെ നമസ്കാരം അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കൽ, പൂഴ്ത്തിവെപ്പ്, കരിഞ്ചന്ത, മായം ചേർക്കൽ, കുഴൽപ്പണം, കള്ളക്കടത്ത്, പലിശ ഇടപാടുകൾ, ലഹരിവസ്തുക്കളുടെ ഉപയോഗം, ലഹരിവസ്തുക്കളുടെ കച്ചവടം, വാക്ക് പാലിക്കാതിരിക്കൽ, നുണപറയൽ തുടങ്ങി എല്ലാകുറ്റകൃത്യങ്ങൾക്കുമുള്ള ഒരു മറയായി മാറിയിരിക്കുകയാണ്. പിശാചിന്റെ കാൽപാടുകൾ പിൻപറ്റിക്കൊണ്ടുള്ള അവരുടെ എല്ലാ കർമങ്ങളും ഉറക്കവും മയക്കവുമില്ലാത്ത അല്ലാഹുവിനെ ഉറക്കിക്കിടത്തിക്കൊണ്ടുള്ള വിധത്തിലുള്ളതാണ്. ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് നിർവ്വഹിക്കുന്ന അവരുടെ നമസ്കാരങ്ങളിൽ അവർ പരസ്ത്രീ-പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങൾ ഹൃദയം കൊണ്ട് കണ്ടുകൊണ്ടിരിക്കുകയും അവരുടെ പിരടിയിലുള്ള കർമ്മരേഖയിൽ അത് രേഖപ്പെടുത്തികൊണ്ടിരിക്കുകയുമാണ്. അദ്ദിക്ർ ഉപയോഗപ്പെടുത്തി

വിശ്വാസിയാകാതെയുള്ള അവരുടെ ഇത്തരം നമസ്കാരം മുഖേന അവർ *വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വിധത്തിൽ ദീനിൽനിന്ന് തെറിച്ചുപോകുന്നതാണ്.* ആത്മാവ് പങ്കെടുക്കാതെ നമസ്കരിച്ചതിനും നോമ്പ് നോറ്റതിനും ഹജ്ജും ഉംറയും ചെയ്തതിനും പിഴയായി 2: 186; 4: 142–143; 25: 65–66; 107: 4–5 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർക്ക് നരകക്കുണ്ഠം ലഭിക്കുന്നതുമാണ്. 4: 118; 7: 179; 11: 8 വിശദീകരണം നോക്കുക.

88. അവൻ ചോദിച്ചു: ഓ എന്റെ ജനമേ, നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ, ഞാൻ എന്റെ നാഥനിൽ നിന്നുള്ള ഒരു തെളിവിൻ മേലാണ്, എനിക്ക് അവനിൽ നിന്നുള്ള ഏറ്റവും നല്ല വിഭവം ലഭിക്കുന്നുമുണ്ട്, നിങ്ങളെ ഏതൊരു കാര്യത്തെത്തൊട്ടാണോ വിരോധിച്ചുകൊണ്ടിരിക്കുന്നത്, ആ കാര്യം നിങ്ങൾ കാണാതെ സ്വയം ചെയ്യാൻ ഞാൻ ഒട്ടും ഉദ്ദേശിക്കുന്നുമില്ല, എനിക്ക് കഴിയുന്നത്ര നിങ്ങളുടെ പ്രവൃത്തികൾ നന്നാക്കിത്തീർക്കാനല്ലാതെ ഞാൻ ഉദ്ദേശിക്കുന്നില്ല; ഞാൻ എന്തെല്ലാം പ്രവൃത്തികൾ ചെയ്യാൻ ഉദ്ദേശിക്കുന്നുവോ, എനിക്ക് അതിനുള്ള വേണ്ടുക അല്ലാഹുവിൽ നിന്നല്ലാതെയുമല്ല, ഞാൻ അവന്റെ മേലാണ് ഭരമേൽപിച്ചിരിക്കുന്നത്, അവനിലേക്കുതന്നെയാണ് ഞാൻ തിരിയുന്നതും.

സൂക്തത്തിൽ പറഞ്ഞ തെളിവ് 7: 172–173 സൂക്തങ്ങളിൽ വിവരിച്ച എല്ലാ ആത്മാവിനെയും സ്വർഗത്തിൽ നിന്നും പഠിപ്പിച്ച അദ്ദിക്ർ തന്നെയാണ്. സൂക്തത്തിൽ പറഞ്ഞ 'ഏറ്റവും നല്ല വിഭവവും' അദ്ദിക്റാണ്. അത് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവുമാണെന്ന് 7: 26 ൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ഉപയോഗപ്പെടുത്തുന്നവർ ഏത് ഭക്ഷണവും വസ്ത്രവും സമ്പത്തും പരിശുദ്ധവും അനുവദനീയവുമാണോ എന്ന് വിലയിരുത്തി മാത്രം ഉപയോഗിക്കുകവഴി നരകത്തെത്തൊട്ട് അവരവരെയും കുടുംബാംഗങ്ങളെയും തടയുന്നതാണ്. അങ്ങനെയാണ് അദ്ദിക്ർ *മുഹൈമിനായി* –കാത്തുസൂക്ഷിക്കുന്നതായി– മാറുന്നത്. 23: 51–52 സൂക്തങ്ങളിൽ, 'നിങ്ങൾ പരിശുദ്ധമായ ഭക്ഷണവിഭവങ്ങൾ ഭക്ഷിക്കുക, സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുക; ഞാൻ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അറിയുന്നവൻ തന്നെയാണ്. നിശ്ചയം നിങ്ങളുടെ ഈ സമുദായം ഒരൊറ്റ സമുദായം തന്നെയാണ്, ഞാൻ നിങ്ങളുടെ നാഥനും, അപ്പോൾ നിങ്ങൾ എന്നെ സൂക്ഷിക്കുവീൻ' എന്ന് പ്രവാചകന്മാരെ വിളിച്ച് അല്ലാഹു പറഞ്ഞതായി പറഞ്ഞിട്ടുണ്ട്. 2: 26–27; 10: 59–60; 11: 17; 49: 13 വിശദീകരണം നോക്കുക.

89. ഓ എന്റെ ജനമേ, എന്നോടുള്ള നിങ്ങളുടെ വിഘടിക്കൽ നിങ്ങളെ ഭ്രാന്ത്പിടിപ്പിക്കാതിരിക്കട്ടെ! –നൂഹിന്റെ ജനതയെ അല്ലെങ്കിൽ ഹൂദിന്റെ ജനതയെ അല്ലെങ്കിൽ സ്വാലിഹിന്റെ ജനതയെ ബാധിച്ചതുപോലുള്ള മഹാവിപത്ത് നിങ്ങളെ ബാധിക്കാൻ ഇടവരുത്തും വിധം, ലൂത്തിന്റെ ജനം നിങ്ങളിൽ നിന്ന് ഏറെ അകലെയൊന്നുമല്ലല്ലോ!

10: 75; 46: 35 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഏതൊരു പ്രവാചകന്റെയും ജനത അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരും അക്രമികളും തെമ്മാടികളുമായി മാറിയപ്പോഴാണ് നശിപ്പിക്കപ്പെട്ടിട്ടുള്ളത്. 'ലൂത്തിന്റെ ജനം നിങ്ങളിൽ നിന്ന് ഏറെ അകലെയൊന്നുമല്ലല്ലോ' എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത് ലൂത്തിന്റെ ജനത ശുഐബ് നബിയുടെ ജനതയായ മദ്യൻ വാസികളുടെ അടുത്ത പ്രദേശത്താണ് താമസിച്ചിരുന്നത് എന്നും അവർ അടുത്ത കാലത്തായി ജീ

വിച്ചവരായിരുന്നു എന്നുമാണ്. 4: 115; 47: 32-33 വിശദീകരണം നോക്കുക.

90. നിങ്ങൾ നിങ്ങളുടെ നാഥനോട് പൊറുക്കലിനെത്തേടുകയും പിന്നെ അവനിലേക്ക് ഖേദിച്ച് മടങ്ങുകയും ചെയ്യുവിൻ, നിശ്ചയം എന്റെ നാഥൻ കാരുണ്യവാനായ സ്നേഹവാനാകുന്നു.

നിഷ്പക്ഷവാനായ നാഥൻ നന്മയും തിന്മയും ഓരോരുത്തർക്കും നൽകിയിട്ടുണ്ട് എന്ന് 91: 7-8 സൂക്തങ്ങളിലും; നന്മ അല്ലാഹുവിൽ നിന്നാണ്, എന്നാൽ തിന്മ നിന്നിൽ നിന്ന് തന്നെയാണ് എന്ന് 4: 79; 8: 51 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. നാഥൻ അവന്റെ അടിമകളോട് അൽപം പോലും അനീതി കാണിക്കുകയില്ല എന്ന് 3: 182; 8: 51; 22: 10; 50: 29 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 85: 14 ൽ, അവൻ ഏറെ പൊറുക്കുന്ന സ്നേഹവാനാണെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സത്യപ്പെടുത്തുന്ന വിശ്വാസി മാത്രമേ പ്രപഞ്ചനാഥനെ സ്നേഹവാനായി അംഗീകരിക്കുകയുള്ളൂ. വിശ്വാസികൾ ഇങ്ങനെ പ്രാർത്ഥിക്കുന്നതാണ്: *ഓ ഐശ്വര്യവാനും തുടക്കം കുറിക്കുന്നവനും അന്ത്യം കുറിക്കുന്നവനും കാരുണ്യവാനും സ്നേഹവാനുമായിട്ടുള്ളവനേ, നീ പരിശുദ്ധനാകുന്നു, ഞങ്ങളെ നിന്റെ നിഷിദ്ധങ്ങളെത്തൊട്ട് അനുവദനീയമായവകൊണ്ടും നിന്നെ ധിക്കരിക്കുന്നതിനെത്തൊട്ട് നിനക്ക് വഴിപ്പെടുന്നതുകൊണ്ടും നിന്റേതല്ലാത്ത മറ്റാരുടെയും ആവശ്യമില്ലായ്മകൊണ്ടും ഐശ്വര്യവാൻമാരാക്കേണമേ!* 1: 2; 6: 126, 153; 17: 109-110 വിശദീകരണം നോക്കുക.

91. അവർ പറഞ്ഞു: ഓ ശുഐബ്! നീ പറയുന്നത് അധികവും ഞങ്ങൾക്ക് മനസ്സിലാകുന്നേയില്ല, നിശ്ചയം ഞങ്ങൾ നിന്നെ കാണുന്നത് ഞങ്ങൾക്കിടയിലെ ഒരു ദുർബലനായിട്ടാണ്, നിന്റെ ഗോത്രക്കാരുണ്ടായിരുന്നില്ലെങ്കിൽ ഞങ്ങൾ നിന്നെ കല്ലെറിയുകതന്നെ ചെയ്യുമായിരുന്നു, നീ ഞങ്ങളുടെ മേൽ അജയ്യനൊന്നുമല്ല.

അല്ലാഹുവിന്റെ സംസാരവും ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഗ്രന്ഥവുമായ അദ്ദിക്ർ വിശദീകരിക്കുമ്പോൾ എക്കാലത്തുമുള്ള കപടവിശ്വാസികളായ കാഫിറുകൾ പ്രജ്ഞയറ്റ കാഫിറുകളോട് 'ഇത് നിങ്ങൾ കേൾക്കരുത്, നിങ്ങൾ അപശബ്ദം ഉണ്ടാക്കുക, എന്നാൽ നിങ്ങൾ അതിജയിക്കും' എന്ന് പറഞ്ഞ് അതിനെത്തൊട്ട് അവരെ തടയുമെന്ന് 41: 26-29 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായ ഇവർക്ക് അദ്ദിക്ർ മനസ്സിലാക്കാനാകാത്ത വിധം ഹൃദയങ്ങളിലും ചെവികളിലും മൂടിയിട്ടിട്ടുണ്ടെന്ന് 4: 78; 6: 25-26; 18: 57 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 11: 27 ൽ വിവരിച്ച പ്രകാരം എക്കാലത്തും പ്രവാചകൻമാരെയും വിശ്വാസികളെയും ഫുജ്ജാറുകൾ പരിഹസിക്കുന്നതാണ്. 72: 24 ൽ, കാഫിറുകളോട് വാഗ്ദത്തം ചെയ്തിട്ടുള്ള ദിനം കാണുമ്പോൾ ആരാണ് എണ്ണത്തിൽ കുറവുള്ളവരെന്നും ഏറ്റവും ദുർബലരായ സഹായികളുള്ളവരെന്നും അവർ അറിയുകതന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. 4: 139 ൽ വിവരിച്ച പ്രകാരം കാഫിറുകൾ ഭൂരിപക്ഷത്തിന്റെ അടുത്ത് പ്രതാപം അന്വേഷിക്കുന്നവരും അവരെ ഭയപ്പെടുന്നവരുമാണ്. എന്നാൽ 11: 55-56 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസി മുഹൈമിനായ അദ്ദിക്റിനെ മുറുകെപ്പിടിക്കുകവഴി മുഹൈമിനായ നാഥനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നവനായതിനാൽ ഒരു ജീവിയെയും ഭയപ്പെടുന്നവനല്ല. കാരണം എല്ലാ ജീവികളുടെയും കടിഞ്ഞാൺ നാഥന്റെ പക്കലാണെന്ന ഉത്തമ ബോധ്യത്തിലാണ് അവൻ നിലകൊള്ളുന്നത്. 4: 65; 6: 123-124; 7: 87-88 വിശദീകരണം നോക്കുക.

92. അവൻ ചോദിച്ചു: ഓ എന്റെ ജനമേ, എന്റെ ഗോത്രമാണോ അല്ലാഹുവിനെക്കാൾ നിങ്ങളുടെ മേൽ പ്രതാപമുള്ളത്? നിങ്ങൾ അവനെ നിങ്ങളുടെ പുറകിലേക്കാക്കുകയുമാണോ? നിശ്ചയം എന്റെ നാഥൻ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം വലയം ചെയ്തവനാകുന്നു.

നിന്റെ ഗോത്രക്കാർ ഉണ്ടായിരുന്നില്ലെങ്കിൽ ഞങ്ങൾ നിന്നെ കല്ലെറിഞ്ഞ് ഓടിക്കുമായിരുന്നു എന്ന് ശുഐബ് നബിയോട് അദ്ദേഹത്തിന്റെ ജനത പറഞ്ഞ അതേ ഭീഷണി തന്നെയായിരുന്നു മക്കയിൽ മുഹമ്മദ് നബിക്ക് നേരെയും ഉണ്ടായിരുന്നത്. അല്ലാഹുവിനെ നിസ്സാരനായി പരിഗണിച്ച് 'പുറകിലേക്കാക്കുക' എന്നതിന്റെ വിവക്ഷ അല്ലാഹുവിനെ സമർപ്പിക്കുന്ന അദ്ദിക്റിനെ പുറകിലേക്കാക്കുക എന്നാണ്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ 6: 91; 10: 61 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സത്യമായ അദ്ദിക്റിനെ തള്ളിപ്പറയുകവഴി ത്രികാലജ്ഞാനിയായ നാഥനെ പരിഗണിക്കേണ്ട വിധം പരിഗണിക്കാത്തവരാണ്. കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും അവരെ പിൻപറ്റുന്ന മുശ്രിക്കുകളായ പുരുഷന്മാരും സ്ത്രീകളും നാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരായതിനാൽ അവരുടെ മേലാണ് നാഥന്റെ കോപവും ശാപവും വർഷിച്ചിട്ടുള്ളത് എന്നും അവർക്ക് മടക്കസ്ഥലമായി നരകക്കുണ്ഠം ഒരുക്കിവെച്ചിട്ടുണ്ട് എന്നും 48: 6 ൽ അവർ വായിച്ചിട്ടുണ്ട്. 2: 101–102; 3: 101–102, 187; 9: 51; 11: 5–6 വിശദീകരണം നോക്കുക.

93. ഓ എന്റെ ജനമേ! നിങ്ങൾ നിങ്ങളുടെ സ്ഥാനത്ത് പ്രവർത്തിച്ചുകൊള്ളുക, നിശ്ചയം ഞാനും പ്രവർത്തിക്കുന്നവനാണ്; ആർക്കാണ് നിന്ദ്യമായ ശിക്ഷ വന്നുപെടുക എന്നും ആരാണ് കളവ് പറയുന്നത് എന്നും അടുത്തുതന്നെ നിങ്ങൾ അറിയും, നിങ്ങൾ വീക്ഷിച്ചിരിക്കുക, നിശ്ചയം ഞാനും നിങ്ങളോടൊപ്പം വീക്ഷിച്ചിരിക്കുന്നവനാണ്.

ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ഓരോരുത്തർക്കും അവരവർ നാലാംഘട്ടമായ ഐഹിക ലോകത്തുവെച്ച് സമ്പാദിച്ചതാണ് ഏഴാം ഘട്ടമായ പരലോകത്ത് ലഭിക്കുക. അപ്പോൾ പ്രവാചകനും വിശ്വാസികളും സത്യമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ പ്രസ്തുത ലക്ഷ്യബോധത്തോടെയുള്ള ജീവിതമാണ് ഇവിടെ നയിക്കുക. സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ച് ജീവിക്കുന്ന അവർ 75: 22–23 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അല്ലാഹുവിനെ സന്തോഷത്തോടുകൂടി ആത്മാവുകൊണ്ട് കണ്ട് അവന്റെ വീടായ സ്വർഗത്തിലേക്ക് തിരിച്ചുപോകുന്നതാണ്. ലക്ഷ്യബോധമില്ലാത്ത കാഫിറുകൾ 10: 7–8; 46: 20; 47: 12 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം തിന്നുകുടിച്ച് മദിച്ച് ജീവിതത്തെ കളിയും തമാശയുമാക്കിയവരും ഐഹികലോകം കൊണ്ട് തൃപ്തിപ്പെടുന്നവരുമാണ്. 75: 24 ൽ വിവരിച്ച പ്രകാരം അവർ മരണസമയത്ത് ദുഖത്തോടുകൂടി പിശാചിനെ കാണുകയും അവന്റെ വീടായ നരകക്കുണ്ഠത്തിൽ പ്രവേശിക്കുന്നതുമാണ്. 2: 38–39; 28: 55 –56; 109: 6 വിശദീകരണം നോക്കുക.

94. നമ്മുടെ കൽപന വന്നപ്പോൾ ശുഐബിനെയും അവനോടൊപ്പം വിശ്വാസികളായവരെയും നമ്മിൽ നിന്നുള്ള കാരുണ്യം കൊണ്ട് നാം രക്ഷപ്പെടുത്തി, അക്രമികളായവരെ ഒരു ഘോരഗർജ്ജനം പിടികൂടുകയും അങ്ങനെ അവർ പ്രഭാതത്തിൽ അവരുടെ വീടുകളിൽ ചേതനയറ്റ് വീഴുകയും ചെയ്തു.

7: 85–87; 10: 103 വിശദീകരണം നോക്കുക.

95. -അവർ അവിടെ ഒരിക്കലും ജീവിച്ചിരുന്നിട്ടേയില്ല എന്നതുപോലെ; അറിഞ്ഞിരിക്കുക, മദ്‌യൻകാർ സമൂദ് ജനത തൂത്തെറിയപ്പെട്ടതുപോലെ അതിദൂരം തൂത്തെറിയപ്പെട്ടു.

7: 88-93; 11: 66-68 വിശദീകരണം നോക്കുക.

96. നിശ്ചയം മൂസായെ നാം നമ്മുടെ ദൃഷ്ടാന്തങ്ങളും വ്യക്തമായ പ്രമാണവും കൊണ്ട് അയച്ചിട്ടുണ്ടായിരുന്നു.

97. -ഫിർഔനിലേക്കും അവന്റെ പ്രമാണിമാരിലേക്കും, എന്നാൽ അവർ ഫിർഔനിന്റെ കൽപനയാണ് പിൻപറ്റിയത്, ഫിർഔനിന്റെ കൽപനയാകട്ടെ തന്റേടത്തിന്റേതായിരുന്നുമില്ല.

ഫിർഔനിന്റെ ഭാഗത്തുനിന്നുള്ള വിശ്വാസി ഫിർഔനിനോട് 'ഓ എന്റെ ജനമേ, നിങ്ങൾക്കാണ് ഇന്ന് ആധിപത്യവും അധികാരവും ഉള്ളത്, എന്നാൽ നാഥനിൽ നിന്നുള്ള ഒരു വിപത്ത് നമുക്ക് വന്നുഭവിക്കുകയാണെങ്കിൽ അപ്പോൾ ആരാണ് നമ്മെ സഹായിക്കാനുള്ളത്?' എന്ന് ചോദിച്ചപ്പോൾ 'ഞാൻ എന്തൊന്നാണോ കാണുന്നത്, അതല്ലാതെ നിങ്ങൾ കാണിക്കപ്പെടുകയില്ല; തന്റേടത്തിന്റെ മാർഗത്തിലല്ലാതെ ഞാൻ നിങ്ങളെ നയിക്കുന്നുമില്ല' എന്ന് ഫിർഔൻ മറുപടി പറഞ്ഞതായി 40: 29 ൽ പറഞ്ഞിട്ടുണ്ട്. ഫിർഔൻ സത്യമെല്ലാം അറിഞ്ഞിട്ട് തള്ളിപ്പറഞ്ഞ് തെമ്മാടിയായപ്പോഴാണ് ശിക്ഷിക്കപ്പെട്ടത് എന്ന് 10: 90-92 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഞങ്ങൾ യഥാർത്ഥ പാതയിലാണെന്ന് മിഥ്യയായി വാദിക്കുന്നവരാണ്. 3: 26-27 സൂക്തങ്ങളുടെ കൽപനക്ക് വിരുദ്ധമായി അവർ ഐഹികലോകത്ത് അധികാരം ലഭിക്കുന്നതിന് വേണ്ടിയും ഭൂരിപക്ഷം വർധിപ്പിക്കുന്നതിനുവേണ്ടിയും എല്ലാവിധ തന്ത്രങ്ങളും പയറ്റിക്കൊണ്ടിരിക്കുന്നവരും, 54: 25 ൽ വിവരിച്ച പ്രകാരം ഒറ്റപ്പെട്ട വിശ്വാസിയെ 'കളവുപറയുന്ന ഒറ്റയാൻ' എന്ന് പരിഹസിക്കുന്നവരുമാണ്. 7: 146-147; 8: 52; 9: 67-68 വിശദീകരണം നോക്കുക.

98. വിധിദിവസം അവൻ സ്വജനത്തിന്റെ മുമ്പിലുണ്ടായിരിക്കും, അങ്ങനെ അവരെ അവൻ നരകത്തിലേക്ക് കൊണ്ടുപോകും, ഒരുവന് എത്തിപ്പെടാവുന്നതിൽ ഏറ്റവും മോശപ്പെട്ട സ്ഥാനവുമാണ് അത്.

ഈ ലോകത്ത് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ നിന്നുള്ള ആരാണോ അല്ലാഹുവിന്റെ ഗ്രന്ഥത്തെയും പ്രവാചകനെയും ധിക്കരിച്ചുകൊണ്ട് സമുദായത്തിന്റെയോ സംഘടനയുടെയോ നേതൃത്വം വഹിക്കുന്നത്, അവരും അവരുടെ അനുയായികളും നരകത്തിലേക്കുള്ളവരാണ്. കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ രണ്ട് കൂട്ടരും തമ്മിൽ നരകത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും പഴിചാരുകയും ശപിക്കുകയും ചെയ്യുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. ആരാണോ അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും 5: 56; 58: 22 എന്നീ സൂക്തങ്ങളിൽ പറഞ്ഞ, ആദം മുതൽ അന്ത്യനാൾ വരെയുള്ള അല്ലാഹുവിന്റെ ഏക സംഘത്തിൽ ഉൾപ്പെടുന്നതിനുവേണ്ടി അദ്ദിക്റിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുകയും ചെയ്യുന്നത്, അവർക്കും അവരെ പിൻപറ്റിയവർക്കും സ്വർഗത്തിലേക്ക് പോകാവുന്നതാണ്. സ്വർഗത്തിലേക്കുള്ള നേരെച്ചൊവ്വെയുള്ള പാതക്ക് വിരുദ്ധമായിക്കൊണ്ടുള്ള ഏത് സംഘടനയിലേക്ക് വിളിക്കുന്നതും 58: 19 ൽ പറഞ്ഞ കാഫിറായ പിശാചിന്റെ സംഘത്തിലേക്കും നരകത്തിലേക്കുമാണ്.

അതിലേക്ക് വിളിക്കുന്ന നേതാക്കൾ ഫിർഔനിന്റെ സ്ഥാനത്തുള്ള തെമ്മാടികളായ കപടവിശ്വാസികളും അവരെ പിൻപറ്റുന്നവർ ബുദ്ധിശക്തിയുൾപ്പടെ അല്ലാഹു നൽകിയ എല്ലാ അനുഗ്രഹങ്ങളും അദ്ദിക്ർ മനസ്സിലാക്കാൻ ഉപയോഗപ്പെടുത്താത്ത പ്രജ്ഞയറ്റ വരുമാണ്. കപടവിശ്വാസികളായ നേതാക്കൾ വിചാരണകൂടാതെ നരകക്കുണ്ഠത്തിൽ പോകുമെന്ന് 4: 145 ലും; അനുയായികൾ വിചാരണക്കുശേഷം നരകക്കുണ്ഠത്തിലേക്ക് കൂട്ടം കൂട്ടമായി തെളിക്കപ്പെടുമെന്ന് 39: 71 ലും പറഞ്ഞിട്ടുണ്ട്. 1: 7; 10: 7–8; 14: 28 –30 വിശദീകരണം നോക്കുക.

99. ഇഹത്തിൽ തന്നെ അവർ ശാപം പിന്തുടരപ്പെട്ടവരായി –പുനരുത്ഥാനനാളിലും, നൽകാവുന്നതിൽ വെച്ച് ഏറ്റവും ദുഷിച്ച സമ്മാനമാണ് അത്.

നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവും അനുഗ്രഹവുമായ അദ്ദിക്റിനെ 14: 28–30 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നിഷേധമാക്കി മാറ്റിമറിച്ച് മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ അവരുടെ അനുയായികൾക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം അനുവദനീയമാക്കിയിരിക്കുകയാണ്. 2: 174–175 സൂക്തങ്ങളിൽ, നിശ്ചയം ഗ്രന്ഥത്തിൽ നിന്ന് അല്ലാഹു അവതരിപ്പിച്ചതിനെ മൂടിവെച്ചുകൊണ്ടിരിക്കുന്നവരും അതുകൊണ്ട് തുച്ഛമായ വില വാങ്ങുന്നവരും അവരുടെ വയറുകളിൽ തീയല്ലാതെ നിറക്കുന്നില്ല, അന്ത്യനാളിൽ അല്ലാഹു അവരോട് സംസാരിക്കുകയില്ല, അവരെ സംസ്കരിക്കുകയുമില്ല, അവർക്ക് വേദനാജനകമായ ശിക്ഷയുമാണുള്ളത് എന്നും; 3: 187 ൽ, വേദം നൽകപ്പെട്ടവരായവരോട് അല്ലാഹു വാങ്ങിയ പ്രതിജ്ഞകൾ ഓർക്കേണ്ടതുമാണ്, നിങ്ങൾ അത് മനുഷ്യർക്ക് വെളിവാക്കുകതന്നെ വേണം, നിങ്ങൾ അതിനെ മൂടിവെക്കുകയുമരുത്, എന്നാൽ അവർ അതിനെ അവരുടെ പുറകോട്ട് വലിച്ചെറിയുകയും അതുകൊണ്ട് കുറഞ്ഞ വില വാങ്ങുകയും ചെയ്തു, അപ്പോൾ എത്ര മോശമായ വിലയാണ് അവർ വാങ്ങിക്കൊണ്ടിരിക്കുന്നത് എന്നും പറഞ്ഞിട്ടുണ്ട്. ഇന്ന് ഫുജ്ജാറുകൾ മാത്രമാണ് ഇത്തരം സൂക്തങ്ങൾ അറബി ഖുർആനിൽ വായിക്കുന്നത്. എന്നാൽ 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് അവർ അവരുടെ ഭക്ഷണമാക്കിയിരിക്കുന്നതിനാൽ അവർക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് 2: 85 ലൂടെ വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത്. 2: 159–162; 7: 175–176; 25: 33–34 വിശദീകരണം നോക്കുക.

100.അതെല്ലാമാണ് നാടുകളിൽ ചിലതിന്റെ സംഭവ ചരിത്രങ്ങൾ, നാം നിന്റേമേൽ അത് വിവരിച്ച് തരികയാണ്, അവയിൽ ചിലത് ഇന്നും നിലവിലുണ്ട്, നശിച്ച് പോയവയുമുണ്ട്.

28: 46 ൽ, ത്വൂർ പർവ്വതത്തിന്റെ പാർശ്വഭാഗത്തുനിന്ന് നാം മൂസായെ വിളിച്ചപ്പോഴും നീ അവിടെ ഉണ്ടായിരുന്നില്ലല്ലോ! എന്നാൽ നിന്റെ നാഥനിൽ നിന്നുള്ള ഒരു കാരുണ്യമായ ഇത്, നിനക്കുമുമ്പ് മുന്നറിയിപ്പുകാരിൽ നിന്ന് ആരും തന്നെ വന്നിട്ടില്ലാത്ത ഒരു ജനതയെ ഇതുകൊണ്ട് നീ മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയുള്ളതാണ്, അവർ മറ്റുള്ളവരെ ഹൃദയം കൊണ്ട് ഓർമ്മിപ്പിക്കുകതന്നെ വേണമെന്നതിന് വേണ്ടി എന്നും; 28: 47 ൽ, തങ്ങളുടെ കൈകൾ മുൻകൂട്ടി ഒരുക്കിവെച്ചതുകാരണം അവർക്ക് വല്ല ദുരിതവും ബാധിപ്പിക്കുകയാണെങ്കിൽ അപ്പോൾ അവർ പറയുകതന്നെ ചെയ്യും: ഞങ്ങളുടെ നാഥാ! നീ ഞങ്ങളിലേക്ക് ഒരു പ്രവാചകനെ അയക്കുകയും അങ്ങനെ ഞങ്ങൾ നിന്റെ സൂക്തങ്ങളെ പിൻപറ്റുകയും ഞങ്ങൾ വിശ്വാസികളിൽ ഉൾപെടുകയും ചെയ്തിരുന്നുവെങ്കിൽ എന്നും; 28: 48 ൽ, അങ്ങനെ നമ്മിൽ നിന്നുള്ള സത്യം അവർക്ക് വന്നുകിട്ടിയപ്പോഴോ, അവർ

പറയുകയാണ്: മൂസാക്ക് നൽകപ്പെട്ടതുപോലുള്ള ഒന്ന് ഇവന് (മുഹമ്മദിന്) എന്തുകൊണ്ട് നൽകപ്പെടുന്നില്ല? എന്നാൽ മുമ്പ് മൂസാക്ക് നൽകപ്പെട്ടത് അവർ നിഷേധിച്ചിരുന്നില്ലെയോ? അവർ പറഞ്ഞു: പരസ്പരം സഹായിക്കുന്ന രണ്ട് മാരണങ്ങളാണ് ഇവ; അവർ പറയുകയും ചെയ്തു: നിശ്ചയം ഞങ്ങൾ എല്ലാ ഒന്നിനെക്കൊണ്ടും നിഷേധിക്കുന്നവർ തന്നെയാണ് എന്നും; 28: 49 ൽ, നീ പറയുക: അവ രണ്ടിനെക്കാളും മാർഗദർശനം നൽകുന്ന അല്ലാഹുവിന്റെ പക്കൽ നിന്നുള്ള ഒരു ഗ്രന്ഥം നിങ്ങൾ കൊണ്ടുവരിക, ഞാൻ അത് പിൻപറ്റിക്കൊള്ളാം -നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ എന്നും; 28: 50 ൽ, ഇനി നിനക്ക് അവർ ഉത്തരം നൽകുന്നില്ലെങ്കിൽ അപ്പോൾ നീ അറിയുക, നിശ്ചയം അവർ പിൻപറ്റുന്നത് അവരുടെ ദേഹേച്ഛകളെയാണ്, അല്ലാഹുവിൽ നിന്നുള്ള സന്മാർഗം കൂടാതെ തന്റെ ദേഹേച്ഛ പിൻപറ്റുന്നവനെക്കാൾ ഏറ്റവും വഴികേടിലുള്ളവൻ ആരാണ്? നിശ്ചയം ഇത്തരം അക്രമികളായ ഒരു ജനതയെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ലതന്നെ എന്നും പറഞ്ഞിട്ടുണ്ട്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ 21: 24 ൽ പറഞ്ഞ പ്രകാരം 313 പ്രവാചകന്മാർക്കും നൽകപ്പെട്ട സത്യവും തെളിവുമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുകയോ പ്രവാചകന്മാരിൽ ഒരാളെയും പിൻപറ്റുകയോ ചെയ്യുന്നില്ല. 2: 79 ൽ വിവരിച്ച പ്രകാരം അവർ പഠിക്കുന്നതും പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതുമെല്ലാം 29 കള്ളവാദികളും കപടവിശ്വാസികളും എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങളാണ്. സത്യമായ അദ്ദിക്ർ പിൻപറ്റാത്ത അവർ മിഥ്യ പിൻപറ്റുകവഴി അവരുടെ പ്രവർത്തനങ്ങളെല്ലാം നിഷ്ഫലമായിക്കഴിഞ്ഞു എന്ന് 17: 81; 18: 103-106; 25: 23; 47: 8-9 സൂക്തങ്ങളിലും, വിധിദിവസം സത്യമായ അദ്ദിക്ർ കൊണ്ട് വിധികൽപിക്കപ്പെടുമ്പോൾ മിഥ്യാവാദികളായ അവർ എല്ലാം നഷ്ടപ്പെട്ടവരായിരിക്കും എന്ന് 40: 78 ലും പറഞ്ഞത് അവർ വായിച്ചിട്ടുണ്ട്. 25: 29 ൽ പറഞ്ഞ പ്രകാരം പിശാച് അദ്ദിക്റിൽ നിന്നാണ് മനുഷ്യരെ തടഞ്ഞത് എന്ന് ഇത്തരം അക്രമികൾ വിധിദിവസം വിലപിക്കുന്നതാണ്. 7: 101-102; 9: 31-33; 10: 13-14 വിശദീകരണം നോക്കുക.

101.നാം അവരോട് അക്രമം ചെയ്തിട്ടില്ല, എന്നാൽ അവർ അവരുടെ ആത്മാവിനോട് തന്നെ അക്രമം പ്രവർത്തിക്കുന്നവരായിരുന്നു, അങ്ങനെ നിന്റെ നാഥന്റെ കൽപന വന്നപ്പോൾ അവർ അല്ലാഹുവിനെക്കൂടാതെ വിളിച്ചുപ്രാർത്ഥിച്ചുകൊണ്ടിരുന്ന അവരുടെ ഇലാഹുകൾക്കൊന്നും അവരെ ഒട്ടും തുണക്കാനായില്ല -അവ നാശമല്ലാതെ അവർക്ക് വർദ്ധിപ്പിക്കുകയുമുണ്ടായില്ല.

4: 40; 91: 8 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നിഷ്പക്ഷവാനായ നാഥൻ സ്വർഗത്തിൽ വെച്ചുതന്നെ അദ്ദിക്ർ പഠിപ്പിക്കുകവഴി ഓരോ ആത്മാവിനും അതിന്റെ തെമ്മാടിത്തരവും അതിന്റെ സൂക്ഷ്മതയും നൽകുകയുണ്ടായി. 4: 163 ൽ വിവരിച്ച പ്രകാരം വിവിധ കാലങ്ങളിലായി നാഥൻ അവന്റെ 313 പ്രവാചകന്മാരിലൂടെ അദ്ദിക്ർ ഭൂമിയിലേക്ക് അവതരിപ്പിച്ചിട്ടുണ്ട്. എല്ലാകാലത്തുമുള്ള ദേഹേച്ഛ പിൻപറ്റുന്ന കപടവിശ്വാസികൾ 7: 156-157 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും അവരുടെ അനുയായികൾക്ക് ജീവിതഭാരം വർധിപ്പിക്കുന്ന തരത്തിലുള്ള ആചാരാനുഷ്ഠാനങ്ങൾ മെനഞ്ഞെടുത്തുണ്ടാക്കി.

17: 13-14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാഓരോ മനുഷ്യന്റെയും കർമരേഖ അവന്റെ പിരടിയിൽ ബന്ധിച്ചിട്ടുണ്ട്. വിധിദിവസം അത് ഒരു തുറന്ന പ്രകാശിക്കുന്ന പുസ്തകമായി പുറത്തെടുത്ത് കൊടുത്ത് ഓരോരുത്തരും വായിച്ച് അവരുടെ വിചാരണ

സ്വയം നടത്തുകയാണ് ചെയ്യുക. 18: 49 ൽ, അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുക ളായ ഭ്രാന്തന്മാർ അവരുടെ കർമപുസ്തകം വായിച്ചുകൊണ്ട് 'ഓ ഞങ്ങളുടെ നാശം! ഇ ത് എന്തൊരു ഗ്രന്ഥമാണ്? ചെറുതോ വലുതോ ആയ ഒന്നും തന്നെ ഇതിൽ കൊത്തിവെ ക്കാതെ പോയിട്ടില്ലല്ലോ' എന്ന് കേഴുന്നതാണ്. അവർ ഇവിടെ പ്രവർത്തിച്ചതെല്ലാം അവ രുടെ കർമരേഖയിൽ കാണുന്നതാണ്, നിന്റെ നാഥൻ ആരോടും അൽപം പോലും അനീതി കാണിക്കുന്നവനല്ല എന്ന് പറഞ്ഞിട്ടുണ്ട്. എല്ലാ സമുദായങ്ങളെയും മുട്ട് കുത്തി നിൽക്കു ന്നതായി നിനക്ക് കാണാം. അവർ അവരുടെ കർമപുസ്തകത്തിലേക്ക് വിളിക്കപ്പെടുകയും നാഥൻ അവരോട് പറയുന്നതുമാണ്: ഇന്നേദിനം നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെല്ലാം പ്രതിഫലം നൽകപ്പെടുന്നതാണ്. ഇതാ നമ്മുടെ ഗ്രന്ഥം, അത് നിങ്ങളുടെമേൽ സത്യം പ്രതിഫലിപ്പിക്കുന്നതാണ്. നിശ്ചയം നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതെല്ലാം നാം കൊ ത്തിവെച്ചുകൊണ്ടിരിക്കുകയായിരുന്നു എന്ന് 45: 28–29 സൂക്തങ്ങളിലും, അപ്പോൾ ഫുജ്ജാ റുകളായ കാഫിറുകളോട് 'നിങ്ങളുടെ മേൽ നമ്മുടെ സൂക്തങ്ങൾ വിവരിച്ച് തന്നിട്ടുണ്ടായി രുന്നില്ലേ? അപ്പോൾ നിങ്ങൾ എല്ലാം തികഞ്ഞവരെന്ന് അഹങ്കരിച്ചു, നിങ്ങൾ ഭ്രാന്തന്മാരാ യ ഒരു ജനത തന്നെയായിരുന്നു' എന്ന് പറയപ്പെടുമെന്ന് 45: 31 ലും പറഞ്ഞിട്ടുണ്ട്.

25: 33 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ക്രോഡീകരിച്ചിട്ടുണ്ട്. എന്നാൽ അറബി ഖുർ ആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമാണ്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഇത്തരം ദുഷ്ടജീവികൾ അന്തിക്രിസ്തുവിന്റെയും അന്ത്യദിനത്തിന്റെയും വരവിന് ധൃതി കാണിക്കുന്നവരാണ്. 2: 57; 6: 47; 10: 44 വിശദീക രണം നോക്കുക.

102.അപ്രകാരം തന്നെയാണ് നിന്റെ നാഥൻ ഒരു നാടിനെ പിടികൂടുമ്പോൾ പിടി കൂടുക –അത് അക്രമികളാകുമ്പോഴാണ്– നിശ്ചയം അവന്റെ പിടികൂടൽ വേദ നാജനകവും അതികഠിനവും തന്നെയാണ്.

103.നിശ്ചയം പരലോകത്തെ ശിക്ഷ ഭയപ്പെടുന്നവർക്കൊക്കെയും അതിൽ പാഠം തന്നെയുണ്ട്, അവന്റെ മുമ്പിൽ മുഴുവൻ മനുഷ്യരും ഒരുമിച്ചുകൂടുന്ന ഒരു നാ ളാണ് അത്, പരസ്പരം സാക്ഷ്യം വഹിക്കപ്പെടുന്ന ഒരു ദിനവുമാണ് അത്.

17: 13–14 സൂക്തങ്ങൾ പ്രകാരം പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖയും 17: 36; 24: 24; 36: 65; 41: 19–24; 99: 4 സൂക്തങ്ങൾ പ്രകാരം തൊലികളും കാഴ്ചകളും കേൾവികളും നാവുകളും കൈകാലുകളും ബുദ്ധിശക്തിയും ഭൂമിതന്നെയും വിധിദിവസം അക്രമികളായ ഫുജ്ജാറുകൾക്കെതിരായി സാക്ഷ്യം വഹിക്കുന്നതാണ്. കൂടാതെ സാക്ഷിയായ അദ്ദിക്ർ വിശ്വാസികൾക്ക് അനുകൂലമായും ഫുജ്ജാറുകൾക്ക് പ്രതികൂലമായും വിധിദിവസം സാക്ഷ്യം വഹിക്കുന്നതാണ്. 11: 18 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികൾ കളവ് പറയുന്ന കപടവിശ്വാസികൾക്കെതിരെ 'ഇക്കൂട്ടരാണ് അവരുടെ നാഥന്റെ പേരിൽ കള്ളം കെട്ടിച്ചമച്ച് പറഞ്ഞിരുന്നവരും മനുഷ്യരെ നേരെ ച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ നിന്ന് തടഞ്ഞിരുന്നവരും' എന്ന് വിധിദിവസം സാക്ഷ്യം വഹിക്കുന്നതാണ്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പരലോകം കൊണ്ട് വിശ്വസിക്കാത്തവരായതിനാൽ 15: 44 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിന്റെ ഏഴ് കവാടങ്ങളിലൊന്നിലേക്ക് തള്ളിവിടപ്പെടുന്നതാണ്. നിശ്ചയം, പ്രവാചകന്മാരെയും

വിശ്വാസികളായവരെയും ഇഹത്തിലും സാക്ഷികൾ ഹാജരാക്കപ്പെടുന്ന നാളിലും നാഥൻ സഹായിക്കുകതന്നെ ചെയ്യും എന്ന് 40: 51 ൽ പറഞ്ഞിട്ടുണ്ട്. 1: 3; 9: 115; 10: 103 വിശദീകരണം നോക്കുക.

104.നാം അതിനെ എണ്ണപ്പെട്ട ക്ലിപ്തമായ ഒരു അവധിവരെയല്ലാതെ പിന്തിപ്പിക്കുന്നുമില്ല.

2: 255; 10: 61 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ നാഥൻ പ്രപഞ്ചത്തിൽ നടക്കുന്ന കാര്യങ്ങളെല്ലാം ആദ്യമേ അവന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. ഇത് ആദ്യമേയുള്ള മുന്നറിയിപ്പുകളിൽ നിന്നുള്ള ഒരു മുന്നറിയിപ്പ് തന്നെയാണെന്നും മുന്നറിയിപ്പ് നൽകുന്ന ആ ദിനം അടുത്തടുത്ത് വരികയാണെന്നും അല്ലാഹു വല്ലാതെ അതിനെ ദൂരീകരിക്കുകയില്ല എന്നും 53: 56–58 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് ത്രാസും അമാനത്തുമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെട്ടിരിക്കെ 2: 62; 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിചാരണ കൂടാതെ സ്വർഗത്തിൽ പ്രവേശിക്കുന്ന *സാബിഖി*ന് അദ്ദിക്ർ ലോകർക്ക് പ്രചരിപ്പിക്കുക വഴി ആ എണ്ണപ്പെട്ട ക്ലിപ്തമായ അവധി പിന്തിപ്പിക്കാൻ കഴിയുന്നതാണ്. അവസാനത്തെ *സാബിഖും* ഇഹലോകത്തുനിന്ന് വേർപിരിഞ്ഞാൽ മാത്രമേ 6: 158 ൽ വിവരിച്ച പ്രകാരമുള്ള അന്ത്യദിനത്തിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങൾ പ്രത്യക്ഷപ്പെടുകയുള്ളൂ. 6: 2; 8: 59; 10: 11, 54 വിശദീകരണം നോക്കുക.

105.അത് ആഗതമാകുന്ന ദിനം അല്ലാഹുവിന്റെ അനുമതിയോടുകൂടിയല്ലാതെ ആർക്കും ഒന്നും സംസാരിക്കാൻ കഴിയില്ല, അപ്പോൾ അവരിൽ ദൗർഭാഗ്യവാൻമാരുണ്ട്, സൗഭാഗ്യവാൻമാരുമുണ്ട്.

2: 255; 10: 100 സൂക്തങ്ങളിൽ പറഞ്ഞ അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിച്ചവർക്കല്ലാതെ വിധിദിവസം ഒരു ആത്മാവിനും സംസാരിക്കാൻ സാധിക്കുകയില്ല. 78: 38 ൽ, റൂഹും മലക്കുകളും അണിയണിയായി നിൽക്കുന്ന ദിനം, ആർക്കാണോ നിഷ്പക്ഷവാൻ സമ്മതം നൽകിയത് അവനും സത്യം പറഞ്ഞിട്ടുള്ളവനുമല്ലാതെ അന്ന് സംസാരിക്കുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. ആരാണോ അദ്ദിക്റിനെ സത്യപ്പെടുത്തുകയും പിൻപറ്റുകയും ചെയ്യുന്നത്, അവനെ അത് എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തൊട്ടും കാത്തുസൂക്ഷിക്കുന്നതാണ്. അവന് വേണ്ടി അദ്ദിക്ർ ശുപാർശ ചെയ്യുകയും ശുപാർശ ചെയ്യിപ്പിക്കുകയും ചെയ്യുന്നതുമാണ്. 2: 79; 4: 82; 9: 100 വിശദീകരണം നോക്കുക.

106.അപ്പോൾ ദൗർഭാഗ്യവാൻമാരായവർ നരകത്തിലാണ്, അവർക്ക് അതിൽ ചീറ്റലും മോങ്ങലുമാണുള്ളത്.

അപ്പോൾ നീ 'ദിക്റാ' (അദ്ദിക്ർ) കൊണ്ട് ഉണർത്തുക, ആരാണോ അല്ലാഹുവിനെ ഭയപ്പെടുന്നത്, അവർ അതുകൊണ്ട് ഉണരുകതന്നെ ചെയ്യും, വമ്പിച്ച നരകത്തീയിൽ വേവിക്കപ്പെടാനുള്ള ഏറ്റവും വലിയ ദൗർഭാഗ്യവാൻമാർ അതിനെ വെടിയുകതന്നെ ചെയ്യും, പിന്നെ ആ നരകത്തിൽ അവർ മരിക്കുകയില്ല, ജീവിക്കുകയുമില്ല എന്ന് 87: 9–13 സൂക്തങ്ങളിലും; അപ്പോൾ ഞാൻ നിങ്ങളെ കത്തിയാളുന്ന നരകം കൊണ്ട് താക്കീത് നൽകുന്നു, *ദിക്റാ*യെ (അദ്ദിക്റിനെ) തള്ളിപ്പറയുകയും അതിൽ നിന്ന് പിന്തിരിഞ്ഞു പോവുകയും ചെയ്ത ദൗർഭാഗ്യവാൻമാരല്ലാതെ അതിൽ വേവിക്കപ്പെടുകയില്ല എന്ന് 92: 14–16

സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ സ്വർഗത്തിലേക്കുള്ള ടിക്കറ്റായി ഉപയോഗപ്പെടുത്തി സ്വയം അവരവരെ സ്വർഗത്തിലേക്ക് നയിക്കാത്തവരാണ് ദൗർഭാഗ്യവാൻമാർ.

'*ശഹീഖ്*' എന്ന പദത്തിന് മോങ്ങൽ എന്നാണ് അർത്ഥം കൊടുത്തിട്ടുള്ളത്. ഓളിയിടുക, മുരളുക, ചീറ്റുക, അലറുക എന്നെല്ലാം അതിന് ആശയമുണ്ട്. അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് തങ്ങളുടെ നാഥനെ നിഷേധിക്കുന്ന കാഫിറുകൾക്ക് നരകകുണ്ഠത്തിലെ ശിക്ഷയാണുള്ളത്, എത്ര ദുഷിച്ച മടക്കസ്ഥലമാണ് അത് എന്ന് 67: 6 ലും; അവർ നരകത്തിലേക്ക് എറിയപ്പെടുമ്പോൾ അതിലെ മോങ്ങൽ അവർ കേൾക്കുന്നതാണ്, അതാകട്ടെ തിളച്ച് മറിഞ്ഞുകൊണ്ടുമിരിക്കും എന്ന് 67: 7 ലും; കോപത്താൽ അത് പൊട്ടിപ്പിളർന്ന് തകരുമാറാകും, എല്ലാഓരോ സംഘവും അതിൽ എറിയപ്പെടുമ്പോഴൊക്കെ അതിന്റെ പാറാവുകാർ 'നിങ്ങൾക്ക് മുന്നറിയിപ്പുകാർ വന്നിട്ടുണ്ടായിരുന്നില്ലേ' എന്ന് അവരോട് ചോദിക്കുകതന്നെ ചെയ്യും എന്ന് 67: 8 ലും; അവർ പറയും: അതെ, നിശ്ചയം ഞങ്ങൾക്ക് മുന്നറിയിപ്പുകാർ വന്നിട്ടുണ്ടായിരുന്നു, അപ്പോൾ ഞങ്ങൾ അവരെ കളവാക്കി തള്ളിപ്പറഞ്ഞു, ഞങ്ങൾ പറയുകയും ചെയ്തു: അല്ലാഹു ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല -നിങ്ങൾ വമ്പിച്ച വഴികേടിലല്ലാതെയല്ല എന്ന് 67: 9 ലും; അവർ പറയുകയും ചെയ്യും: ഞങ്ങൾ കേട്ടിരിന്നുവെങ്കിൽ, അല്ലെങ്കിൽ ചിന്താശക്തി ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ ഞങ്ങൾ ഈ കത്തിയാളുന്ന നരകത്തിന്റെ സഹവാസികളിൽ പെട്ടുപോകുമായിരുന്നില്ലല്ലോ എന്ന് 67: 10 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത 7: 40 ൽ പറഞ്ഞ ഭ്രാന്തൻമാർ വിധിദിവസം നാഥന്റെ മുമ്പിൽ എല്ലാം അടിയറവെച്ച് തലകുനിച്ച് നിന്ന് 'ഞങ്ങളുടെ നാഥാ, ഞങ്ങൾ നരകം ശരിക്കും കണ്ടു, അതിലെ രോദനങ്ങൾ കേട്ടു, അപ്പോൾ ഞങ്ങളെ ഐഹികലോകത്തേക്ക് തന്നെ തിരിച്ചയക്കുകയാണെങ്കിൽ ഞങ്ങൾ സൽകർമ്മങ്ങൾ ചെയ്ത് വന്നുകൊള്ളാം, നിശ്ചയം ഞങ്ങൾക്ക് ദൃഢബോധ്യം വന്നിരിക്കുന്നു' എന്ന് കേഴുന്നരംഗം 32: 12 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഉറപ്പുനൽകുന്ന അറിവായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ദൃഢബോധ്യം വരുത്താത്തവർ കണ്ണിന് ഉറപ്പാകുന്നതുവരെ നരകക്കുണ്ഠം കാണുമെന്ന് 102: 5-7 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 6: 25-28; 89: 23-24 വിശദീകരണം നോക്കുക.

107.ആകാശവും ഭൂമിയും ഉള്ളിടത്തോളം കാലം അവർ അതിൽ നിത്യവാസികളായിരിക്കും-നിന്റെ നാഥൻ ഉദ്ദേശിച്ചതൊഴികെ, നിശ്ചയം നിന്റെ നാഥൻ തന്നിഷ്ടം പ്രവർത്തിക്കുന്നവൻ തന്നെയാണ്.

98: 6 ൽ, നിശ്ചയം, വേദക്കാരിൽ നിന്നുള്ള കാഫിറുകളായവരും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരും നരകകുണ്ഠത്തിലെ അഗ്നിയിലാണ്- അവർ അതിൽ നിത്യവാസികളായിരിക്കും, അക്കൂട്ടർ തന്നെയാണ് കരയിലെ ഏറ്റവും തിന്മയേറിയ ജീവികൾ എന്നും; 98: 7-8 സൂക്തങ്ങളിൽ, നിശ്ചയം വിശ്വാസികളായവരും ആ വിശ്വാസം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരുമുണ്ടല്ലോ, അക്കൂട്ടർ തന്നെയാണ് കരയിലെ ഏറ്റവും ഉത്തമമായ ജീവികൾ, അവർക്ക് തങ്ങളുടെ നാഥന്റെ പക്കലുള്ള പ്രതിഫലം താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന നിത്യാനുഗ്രഹങ്ങളടങ്ങിയ സ്വർഗപ്പൂന്തോപ്പുകളാണ്, അവർ അതിൽ എന്നെന്നും നിത്യവാസികളായിരിക്കും, അല്ലാഹു അവരെത്തൊട്ടും അവർ അവനെത്തൊട്ടും തൃപ്തിപ്പെട്ടിരിക്കുന്നു, അതുതന്നെയാണ് തന്റെ നാഥനെ ഭയപ്പെടുന്നവനുള്ളത് എന്നും പറഞ്ഞി

ട്ടുണ്ട്. സ്വർഗവാസികളെക്കുറിച്ച് അവർ സ്വർഗത്തിൽ എന്നെന്നും നിത്യവാസികളായിരിക്കും എന്നാണ് പറഞ്ഞതെങ്കിൽ നരകവാസികളെക്കുറിച്ച് അവർ നരകത്തിൽ എന്നെന്നും നിത്യവാസികളായിരിക്കും എന്ന് പറഞ്ഞിട്ടില്ല. കാരണം വിചാരണക്ക് ശേഷം നരകക്കുണ്ഠത്തിൽ പ്രവേശിച്ചവർ അവരുടെ ശിക്ഷാകാലാവധിക്ക് ശേഷം സ്വർഗത്തിലുള്ള അവരുടെ ബന്ധുക്കളാൽ ശുപാർശ ചെയ്യപ്പെട്ട് സ്വർഗത്തിലേക്ക് മാറ്റപ്പെടാവുന്നതാണ്. ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിനെ ഏറ്റവും നല്ല നിലക്ക് സത്യപ്പെടുത്തി ഇവിടെ ജീവിച്ചവർക്ക് ഏറ്റവും നല്ലതും അതിൽ വർധനവുമുണ്ട് എന്ന് 50: 35 ൽ പറഞ്ഞതിന്റെ വിവക്ഷ, സ്വർഗവാസികൾക്ക് -അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിച്ചവർക്ക്- വിചാരണക്കുശേഷം നരകത്തിലായവരെ അവരുടെ ശിക്ഷാകാലാവധിക്കുശേഷം ശുപാർശ ചെയ്ത് സ്വർഗത്തിലേക്ക് കൊണ്ടുവരാൻ സാധിക്കും എന്നാണ്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ ശുപാർശ സാധിക്കുകയില്ല. നരകവാസികളുടെ ഹൃദയങ്ങളിൽ നിന്ന് സംഭ്രമം നീക്കിക്കഴിഞ്ഞാൽ, ശുപാർശക്ക് അധികാരമുള്ള സ്വർഗവാസികളോട് അവർ ചോദിക്കുന്നതാണ്: 'നിങ്ങളുടെ നാഥൻ എന്താണ് പറഞ്ഞത്?' അപ്പോൾ വിശ്വാസികൾ മറുപടി പറയും: 'സത്യം' എന്ന് 34: 23 ൽ പറഞ്ഞിട്ടുണ്ട്. 10: 33 ൽ വിവരിച്ച പ്രകാരം മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ വിചാരണകൂടാതെ നരകത്തിന്റെ അടിത്തട്ടിൽ പ്രവേശിക്കുന്നവരും അവർ അതിൽ എന്നെന്നും ശാശ്വതരുമായിരിക്കും. അവർക്ക് അതിൽ നിന്ന് ഒരിക്കലും പുറത്ത് വരാൻ സാധ്യമല്ല. 3: 185; 9: 80-82; 11: 17-18 വിശദീകരണം നോക്കുക.

108.അപ്പോൾ സൗഭാഗ്യവാൻമാരായവരോ, അവർ സ്വർഗത്തിലാകുന്നു, ആകാശഭൂമികൾ ഉള്ളിടത്തോളം കാലം അവർ അതിൽ ശാശ്വതരായിരിക്കും -നിന്റെ നാഥൻ ഉദ്ദേശിച്ചതൊഴികെ, അവർക്ക് പ്രസരിപ്പ് നഷ്ടപ്പെടാത്ത അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടേയിരിക്കും.

78: 31-36 സൂക്തങ്ങളിൽ, വിജയം വരിക്കുന്ന സൂക്ഷ്മാലുക്കൾക്ക് പൂന്തോപ്പുകളും മുന്തിരിത്തോപ്പുകളും സമപ്രായമൊത്ത ഇണകളും നിറച്ച കോപ്പകളുമുണ്ട്, അവിടെ അവർ അർത്ഥശൂന്യമായ വാക്കുകളോ പൊളിവചനങ്ങളോ കേൾക്കുകയില്ല, ഇതെല്ലാം നിന്റെ നാഥനിൽ നിന്നുള്ള കണക്കില്ലാത്ത അനുഗ്രഹങ്ങളാണ് എന്ന് പറഞ്ഞിട്ടുണ്ട്.

വിധിദിവസം മനുഷ്യരെ മൂന്ന് വിഭാഗങ്ങളായി വേർതിരിക്കുന്നതാണ്. (1) വലതുപക്ഷക്കാർ:- തങ്ങളുടെ കർമരേഖ വലതുകൈയിൽ നൽകപ്പെടുകയും വിചാരണക്കുശേഷം സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നവർ. ഇക്കൂട്ടർ ആദ്യകാലക്കാരിൽ നിന്നും (ആദം മുതൽ പ്രവാചകൻ മുഹമ്മദ് വരെയുള്ളവർ) ഒരു വിഭാഗവും, അവസാനകാലക്കാരിൽ നിന്ന് (പ്രവാചകൻ മുഹമ്മദിന്റെ കാലഘട്ടം മുതൽ അന്ത്യനാൾ വരെയുള്ളവർ) ഒരു വിഭാഗവുമാണെന്ന് 56: 38-40 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് പ്രവാചകന്റെ സമുദായത്തിൽ പെട്ട പുരുഷനാകട്ടെ സ്ത്രീയാകട്ടെ, ഏതൊരാളും 2: 62 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ ഉപയോഗപ്പെടുത്തി പ്രപഞ്ചനാഥനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടുമുള്ള വിശ്വാസം രൂപപ്പെടുത്തുകയും നാഥന്റെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ഗുണപ്രദമായ രീതിയിൽ സൽക്കർമങ്ങൾ ചെയ്യുകയുമാണെങ്കിൽ ഈ വിഭാഗത്തിൽ ഉൾപ്പെടാവുന്നതാണ്. എന്നല്ലാതെ ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ കണ്ടുവരുന്നതുപോലെ മതപരിവർത്തനമോ അതോടനുബന്ധിച്ചുള്ള ആചാരാനുഷ്ഠാനങ്ങളോ പാലിക്കേണ്ടതില്ല. എന്നാൽ ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയിൽ നിന്നുള്ള ഏതൊരാൾക്കും സ്വർഗത്തിൽ പ്രവേശിക്കണമെങ്കിൽ 39: 33 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ സ

ത്യപ്പെടുത്തുകയും സ്വർഗത്തിലേക്കുള്ള ടിക്കറ്റായും 5: 48 ൽ വിവരിച്ച പ്രകാരം എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തു സൂക്ഷിക്കുന്ന മുഹൈമിനായും ഉപയോഗപ്പെടുത്തി വിശ്വാസിയാവുകതന്നെ വേണം. (2). ഇടതുപക്ഷക്കാർ:- ഇടതുകൈയിൽ കർമ്മരേഖ ലഭിക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളും. 313 പ്രവാചകന്മാരുടെയും ജനതയിൽ നിന്നുള്ള കപടവിശ്വാസികളും അവരുടെ അനുയായികളുമാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുക. 4: 145 ൽ വിവരിച്ചതുപോലെ അവരിലുള്ള കപടവിശ്വാസികൾ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകാനുള്ള കാഫിറുകളാണെങ്കിൽ അവരുടെ അനുയായികൾ 39: 71 ൽ വിവരിച്ചതുപോലെ വിചാരണക്കുശേഷം നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടാനുള്ള കാഫിറുകളാണ്. ഇന്ന് മനുഷ്യരിൽ നിന്ന് പ്രവാചകന്റെ ജനതയായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മാത്രമാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുക. (3). മുൻകടക്കുന്നവർ:- (വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്നവർ). അവർ സ്വർഗത്തിൽ സർവശക്തനായ നാഥന്റെ ചുറ്റും സ്വിദ്ഖ് (സത്യം) ആകുന്ന ഇരിപ്പിടത്തിൽ ഇരിപ്പുറപ്പിക്കുമെന്ന് 54: 54-55 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആദം മുതൽ അന്ത്യനാൾ വരെയുള്ള മൊത്തം മനുഷ്യരിൽ നിന്ന് എഴുപതിനായിരം പേരാണ് ഈ വിഭാഗത്തിൽ പെടുക എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അവരിൽ അധികപേരും ആദ്യകാലക്കാരിൽ നിന്നുള്ളവരും കുറച്ചുപേർ അവസാന കാലക്കാരിൽ നിന്നുള്ളവരുമാണെന്ന് 56: 10-14 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്നവരിൽ പ്രവാചകൻ മുഹമ്മദിന്റെ ജനതയിൽ നിന്ന് രണ്ടുപേർ മാത്രമാണുള്ളത്. ഒന്ന് പ്രവാചകന്റെ കാലത്ത് തന്നെയുള്ള പ്രവാചകന്റെ അനുയായികളിൽ പെട്ട ഉക്കാശയും മറ്റൊന്ന് നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ രചയിതാവായ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയുമാണ് അവസാനകാലക്കാരിൽ നിന്നുള്ള ഈ വിഭാഗത്തിൽ പെട്ടവർ. അവരിൽ നിന്നുള്ള ബാക്കിയുള്ളവർ ലൈംഗികബന്ധത്തിൽ ഏർപ്പെടാതെ ആത്മാവുകൊണ്ട് ആത്മാവിന്റെ ഉടമയായ നാഥനെ സ്മരിച്ചുകൊണ്ട് നിലകൊള്ളുന്നവരായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ പ്രവാചകന്റെ സമുദായത്തിൽ നിന്നുള്ളവരാണ്.

വിചാരണയില്ലാതെ സ്വർഗത്തിലേക്ക് മുൻകടക്കുന്നവർക്ക് ലഭിക്കാനുള്ള അനുഗ്രഹങ്ങൾ 56: 15-26 സൂക്തങ്ങളിലും; വിചാരണക്കുശേഷം സ്വർഗത്തിലേക്ക് പോകുന്ന വലതുപക്ഷക്കാർക്ക് ലഭിക്കാനുള്ള അനുഗ്രഹങ്ങൾ 56: 28-38 സൂക്തങ്ങളിലും വിവരിച്ചിട്ടുണ്ട്. 2: 62; 3: 107; 9: 71-72 വിശദീകരണം നോക്കുക.

109.അപ്പോൾ ഇക്കൂട്ടർ സേവിച്ചുകൊണ്ടിരിക്കുന്നവയെക്കുറിച്ച് നീ ഒട്ടും സംശയമുള്ളവനാകേണ്ടതില്ല, മുമ്പ് അവരുടെ പിതാക്കൻമാർ സേവിച്ചുകൊണ്ടിരുന്നത് പോലെയല്ലാതെ അവരും സേവിച്ചുകൊണ്ടിരിക്കുന്നില്ല, നിശ്ചയം അവരുടെ വിഹിതം ഒരു കുറവും വരുത്താതെ നാം അവർക്ക് പൂർത്തീകരിച്ച് കൊടുക്കുകതന്നെ ചെയ്യും.

സേവിക്കുക എന്നുപറഞ്ഞാൽ അടിമ ഉടമയെ മനസ്സിലാക്കി പൂർണ്ണമായി അവനെ ആശ്രയിച്ച് എപ്പോഴും എവിടെയും മനസ്സാ-വാചാ-കർമ്മണാ അവന് വിധേയമായി അഥവാ കീഴ്വഴങ്ങി നിലകൊള്ളലാണ്. ആകാശഭൂമികളുടെയും അവയ്ക്കിടയിലുള്ള എല്ലാറ്റിന്റെയും സ്രഷ്ടാവും ഉടമയുമായ അല്ലാഹുവിനുവേണ്ടി ജീവിക്കുമ്പോൾ അത് അല്ലാ

ഹുവിനുള്ള സേവനവും അല്ലാഹുവിനെ മറന്നുകൊണ്ടുള്ള അവസ്ഥയിൽ ജീവിക്കുമ്പോൾ അത് കാഫിറായ പിശാചിനുള്ള സേവനവുമാണ്, അഥവാ അല്ലാഹുവിനെ സേവിച്ചു കൊണ്ടിരിക്കുക എന്നുപറഞ്ഞാൽ അല്ലാഹുവിനെ ജീവിപ്പിക്കുക എന്നും പിശാചിനെ സേവിക്കുക എന്നുപറഞ്ഞാൽ പിശാചിനെ ജീവിപ്പിക്കുക എന്നുമാണ്. ഇബ്റാഹീം സ്വന്തം പിതാവിനോട് പറഞ്ഞു: ഓ പിതാവേ, താങ്കൾ പിശാചിനെ സേവിച്ചു കൊണ്ടിരിക്കരുത്, നിശ്ചയം പിശാച് നിഷ്പക്ഷവാനെ ധിക്കരിച്ചവനാകുന്നു എന്ന് 19: 44 ലും, ഐഹിക ലോകത്തുവെച്ച് ചിന്താശക്തി ഉപയോഗപ്പെടുത്താത്ത യഥാർത്ഥ ഭ്രാന്തൻമാരെ പരലോകത്തുവെച്ച് വിശ്വാസികളിൽ നിന്ന് വേർതിരിച്ച് നിർത്തുകയും: ഓ ആദം സന്തതികളേ, നിങ്ങളോട് പിശാചിനെ സേവിക്കരുതെന്ന് ഉടമ്പടി വാങ്ങിയിട്ടുണ്ടായിരുന്നില്ലേ, അവൻ നിങ്ങൾക്ക് വ്യക്തമായ ശത്രുവാണെന്ന് മുന്നറിയിപ്പ് നൽകിയിട്ടുമുണ്ടായിരുന്നില്ലേ എന്ന് ചോദിക്കുമെന്ന് 36: 59-62 സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ബുദ്ധിശക്തി ഉപയോഗപ്പെടുത്തുന്ന വിശ്വാസികൾ 2: 152; 3: 190-191 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ നിർത്തങ്ങളിലും ഇരുത്തങ്ങളിലും കിടത്തങ്ങളിലും നാഥനെ സ്മരിച്ച് നിലകൊള്ളുന്നവരാണ്. അത്തരം വിശ്വാസി 32: 4 ൽ പറഞ്ഞ പ്രകാരം മനുഷ്യർക്ക് അല്ലാഹുവിനെക്കൂടാതെ സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെ ഇല്ല എന്ന് മനുഷ്യരെ ഉണർത്തുന്നതിന് വേണ്ടി യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുന്നതാണ്. 21: 24 ൽ വിവരിച്ച പ്രകാരം തെളിവും സത്യവുമായ അദ്ദിക്ർ കൊണ്ട് 313 പ്രവാചകന്മാരെയും നിയോഗിച്ചിട്ടുള്ളത് അല്ലാഹു അല്ലാതെ മറ്റൊരു ഇലാഹുമില്ല എന്നും അതുകൊണ്ട് നിങ്ങൾ അവനെ മാത്രം സേവിക്കുക എന്നും മനുഷ്യരെ പഠിപ്പിക്കുന്നതിന് വേണ്ടിയാണ്. എന്നാൽ ത്രികാല ജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറയുന്നതിനാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പിശാചിനെയാണ് സേവിക്കുന്നത്. അവർ 114: 1-4 സൂക്തങ്ങളിൽ 'അല്ലാഹു മനുഷ്യരുടെ നാഥനാണെന്നും രാജാവാണെന്നും ഇലാഹാണെന്നും' വായിക്കുന്നവരാണെങ്കിലും പ്രായോഗിക ജീവിതത്തിൽ അവരത് അംഗീകരിക്കുന്നില്ല. സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിംകൾക്ക് എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ് എന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ആത്മാവില്ലാത്ത കെട്ട ജനതയും അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുമായ കാഫിറുകൾ അർഹതയില്ലാതെ അവകാശപ്പെടുന്നതും അഭിമാനിക്കുന്നതും അവരാണ് മുസ്ലിംകളും സ്വർഗത്തിലേക്കുള്ളവരും എന്നും, ഇതര ജനവിഭാഗങ്ങളായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരാണ് കാഫിറുകളും നരകത്തിലേക്കുള്ളവരും എന്നുമാണ്. അവർ അവരുടെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തതുകാരണം 7: 37 ൽ പറഞ്ഞ പ്രകാരം അവരുടെ മരണസമയത്ത് ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകളായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. കേൾവിയുണ്ടായിട്ടും അദ്ദിക്ർ കേൾക്കാൻ തയ്യാറാകാത്തവരും കാഴ്ചയുണ്ടായിട്ടും അദ്ദിക്ർ വായിക്കാൻ തയ്യാറാകാത്തവരുമാണ് നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകൾ എന്ന് 18: 100-101 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1: 4; 7: 27; 10: 104-106 വിശദീകരണം നോക്കുക.

110.നിശ്ചയം നാം മൂസാക്ക് വേദം നൽകിയിട്ടുണ്ടായിരുന്നു, അപ്പോൾ അതിൽ ഭിന്നത ഉടലെടുക്കപ്പെട്ടു, നിന്റെ നാഥനിൽ നിന്നുള്ള വചനം മുൻകടന്നിട്ടുണ്ടായിരുന്നില്ലെങ്കിൽ അവർക്കിടയിൽ വിധി കൽപിക്കപ്പെടുകതന്നെ ചെയ്യു

മായിരുന്നു, നിശ്ചയം അവർ അതിന്റെ കാര്യത്തിൽ തീരാത്ത സംശയത്തിൽ തന്നെയാണുള്ളത്.

11: 62 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്നത് കാരണം തീരാത്ത സംശയത്തിൽ കഴിയുന്നവരാണ്. 32: 23-24 സൂക്തങ്ങളിൽ, നിശ്ചയം മൂസാക്ക് നാം ഗ്രന്ഥം നൽകിയിട്ടുണ്ട്, അപ്പോൾ അതുപോലുള്ള ഒന്ന് നിനക്ക് വന്നുകിട്ടുന്നതിൽ നീ സംശയിക്കേണ്ടതില്ല, അതിനെ നാം ഇസ്റാഈൽ സന്തതികൾക്ക് സൻമാർഗമാക്കിയിട്ടുമുണ്ട്. അവർ ക്ഷമാലുക്കളും നമ്മുടെ സൂക്തങ്ങളിൽ ദൃഢബോധ്യമുള്ളവരുമായിരുന്നപ്പോൾ നമ്മുടെ കൽപനയാൽ അവരെ സന്മാർഗത്തിലേക്ക് നയിക്കുന്ന നേതാക്കളെ അവരിൽ നിന്ന് നിയോഗിച്ചിട്ടുമുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. 'നിന്റെ നാഥനിൽ നിന്നുള്ള വചനം മുൻകടന്നിട്ടുണ്ടായിരുന്നില്ലെങ്കിൽ' എന്ന് പറഞ്ഞത് 10: 4 ൽ പറഞ്ഞ അവധി നിശ്ചയിക്കപ്പെട്ടിട്ടുള്ള വിധിദിവസത്തെക്കുറിച്ചാണ്. അതിനാൽ ഇത്രയും നേർക്കുനേരെയുള്ളതും വ്യക്തവുമായ കാര്യങ്ങൾ ഗ്രന്ഥത്തിലൂടെ വെളിവാക്കിക്കൊടുത്തിട്ടും ഈ ജനങ്ങൾ വിശ്വസിക്കുന്നില്ലല്ലോ എന്ന് കരുതി വിഷമിക്കുകയോ അസ്വസ്ഥനാവുകയോ വേണ്ടതില്ലെന്ന് പ്രവാചകനെയും അന്ത്യനാൾ വരെയുള്ള വിശ്വാസികളേയും ഉണർത്തുകയാണ്. ജനങ്ങളുടെ പ്രവർത്തനങ്ങൾ കൊണ്ട് അപ്പപ്പോൾ തന്നെ അവരെ പിടികൂടുകയായിരുന്നുവെങ്കിൽ ഭൂമിയുടെ ഉപരിതലത്തിൽ ഒരു ജീവജാലത്തെയും ജീവിക്കാൻ വിടുമായിരുന്നില്ല, എന്നാൽ നിശ്ചയിച്ച അവധിവരെ അവരെ പിന്തിപ്പിക്കുകയാണ്; അങ്ങനെ അവരുടെ അവധി എത്തിക്കഴിഞ്ഞാൽ -നിശ്ചയം അല്ലാഹു അവന്റെ അടിമകളെ വീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ തന്നെയാണ് എന്ന് 35: 45 ൽ പറഞ്ഞിട്ടുണ്ട്. സത്യമായ അദ്ദിക്ർ നിന്റെ നാഥനിൽ നിന്നുള്ളതാണ്, അത് ലഭിച്ചശേഷം നീ ഒരു കാര്യത്തിലും സംശയമുള്ളവനാകരുത് എന്നാണ് 2: 147; 3: 60; 11: 17 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത്. അപ്പോൾ ആരാണോ അദ്ദിക്റിന്റെ കാര്യത്തിൽ സംശയം വെച്ചുപുലർത്തുന്നത്, അവർ ഭിന്നിപ്പിലും ജീവിതം നഷ്ടപ്പെട്ടവരുമാണ്. 42: 14 അവസാനിക്കുന്നത് 'നിശ്ചയം അവർക്ക് ശേഷം ഗ്രന്ഥം അനന്തരാവകാശമായി നൽകപ്പെട്ടവരാരോ, അവർ അതിന്റെ കാര്യത്തിൽ തീരാത്ത സംശയത്തിൽ തന്നെയാണുള്ളത്' എന്ന് പറഞ്ഞുകൊണ്ടാണ്. 2: 213; 4: 163; 11: 27 വിശദീകരണം നോക്കുക.

111. നിശ്ചയം നിന്റെ നാഥൻ, അവരുടെ എല്ലാ പ്രവർത്തനങ്ങൾക്കും പരിപൂർണ്ണമായ പ്രതിഫലം നൽകപ്പെടുമ്പോൾ -നിശ്ചയം അവൻ അവരുടെ പ്രവർത്തനങ്ങളെല്ലാം വലയം ചെയ്തവനാണ്.

ത്രികാലജ്ഞാനിയായ നാഥൻ എല്ലാ ഓരോരുത്തരുടെയും കർമ്മരേഖ അവരവരുടെ പിരടിയിൽ ബന്ധിച്ചിട്ടുണ്ടെന്നും വിധിദിവസം അത് ഒരു തുറന്ന പുസ്തകമായി ഊരിയെടുത്ത് നൽകി ഓരോരുത്തരെക്കൊണ്ടും വായിപ്പിച്ചാണ് ഓരോരുത്തരുടെയും വിചാരണ നടത്തുക എന്നും, അപ്പോൾ ഗ്രന്ഥം ലഭിച്ചിട്ട് നാലാം ഘട്ടമായ ഐഹിക ലോകത്ത് ഈ ബോധമില്ലാതെ ജീവിച്ച ഭ്രാന്തൻമാർ തങ്ങളുടെ കർമ്മരേഖയിലുള്ളതിൽ കുണ്ഠിതപ്പെടുമെന്നും 17: 13-14; 18: 49; 23: 62-63; 36: 12; 45: 28-29; 58: 6; 78: 21-30 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അല്ലാഹുവിനെക്കുറിച്ച് കള്ളം കെട്ടിച്ചമച്ച് പറയുന്നവർ ആരോ, അവർ വിജയം വരിക്കുകയില്ല. അവർ ഐഹികവിഭവങ്ങൾ ആസ്വദിക്കട്ടെ, പിന്നെ നമ്മിലേക്കാണ് അവരുടെയെല്ലാം മടക്കം, പിന്നെ കാഫിറുകളായിരുന്നതിന്

നാം അവരെ അതികഠിനമായ ശിക്ഷ രുചിപ്പിക്കുകതന്നെ ചെയ്യും എന്ന് 10: 69–70 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 281; 5: 105; 9: 82 വിശദീകരണം നോക്കുക.

112. അപ്പോൾ നീ കൽപിക്കപ്പെട്ടതുപോലെ നേരായ മാർഗത്തിൽ ഉറച്ചുനിൽക്കുക, നിന്നോടൊപ്പം അല്ലാഹുവിലേക്ക് മടങ്ങിയവരും; നിങ്ങൾ പരിധി ലംഘിക്കുന്നവരാവുകയുമരുത്, നിശ്ചയം അവൻ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ്.

11: 17 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം ലഭിക്കുന്നതിനുമുമ്പ് പ്രവാചകൻ സ്വർഗത്തിൽ നിന്നും പഠിപ്പിക്കപ്പെട്ട അദ്ദിക്റിന്റെ തെളിവിലാണ് നിലകൊണ്ടിരുന്നത്. പ്രവാചകന് അദ്ദിക്ർ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് പിതാക്കന്മാരാൽ മുന്നറിയിപ്പ് നൽകപ്പെടാത്ത ഒരു ജനതയെ മുന്നറിയിപ്പ് നൽകാനാണ് എന്ന് 36: 6 ൽ പറഞ്ഞിട്ടുണ്ട്. 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിക്കൊണ്ട് പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റുന്നവരായി മാറി.

3: 101 ൽ, നിങ്ങളിൽ അല്ലാഹുവിന്റെ സൂക്തങ്ങൾ വിശദീകരിക്കപ്പെട്ടുകൊണ്ടിരിക്കെ നിങ്ങൾ എങ്ങനെയാണ് കാഫിറുകളാവുക? -നിങ്ങളിൽ അവന്റെ പ്രവാചകനുമുണ്ട്; ആരാണോ അല്ലാഹുവിനെ മുറുകെപ്പിടിച്ചത്, അപ്പോൾ നിശ്ചയം അവൻ നേരെച്ചൊവ്വെയുള്ള മാർഗത്തിലേക്ക് നയിക്കപ്പെട്ടവനായിക്കഴിഞ്ഞു എന്നും; 5: 48 ൽ, നാം നിന്നിലേക്ക് ഈ ഗ്രന്ഥം ലക്ഷ്യത്തോടുകൂടി അവതരിപ്പിച്ച് തന്നിരിക്കുന്നു, അത് ഗ്രന്ഥത്തിൽ നിന്ന് അതിന്റെ മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതും അതിന്റെമേൽ കാത്തുസൂക്ഷിക്കുന്നതുമാണ്, അപ്പോൾ നീ അവർക്കിടയിൽ അല്ലാഹു ഇറക്കിയതുകൊണ്ട് വിധികൽപിക്കുക, നിനക്ക് സത്യത്തിൽ നിന്നുള്ളത് വന്നുകിട്ടിക്കഴിഞ്ഞിരിക്കെ നീ അവരുടെ ഇഷ്ടാനിഷ്ടങ്ങൾ പിൻപറ്റുകയുമരുത്, നാം നിങ്ങളിൽ ഓരോരുത്തർക്കും ഓരോ കർമ്മമാർഗവും ലക്ഷ്യമാർഗവും നിശ്ചയിച്ചിട്ടുണ്ട്, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെയെല്ലാം ഒറ്റസമുദായമാക്കുമായിരുന്നു, എന്നാൽ നിങ്ങൾക്ക് നൽകിയതിൽ നിങ്ങളെ പരീക്ഷിക്കുന്നതിന് വേണ്ടിയാണ്, അപ്പോൾ നിങ്ങൾ നന്മകളിലേക്ക് മുൻകടക്കുന്നവരാവുക, നിങ്ങളെല്ലാവരുടെയും മടക്കം അല്ലാഹുവിലേക്ക് തന്നെയാണ്, അപ്പോൾ ഏതൊന്നിന്റെ കാര്യത്തിലാണോ നിങ്ങൾ ഭിന്നിച്ചുകൊണ്ടിരുന്നത്, അതിനെക്കുറിച്ച് അവൻ നിങ്ങൾക്ക് വിവരം പറഞ്ഞുതരുന്നതുമാണ് എന്നും പറഞ്ഞിട്ടുണ്ട്. യഥാർത്ഥജ്ഞാനമായ അദ്ദിക്ർ ലോകരിൽ പ്രചരിപ്പിച്ചുകൊണ്ട് വിശ്വാസിക്ക് അവന്റെ കഴിഞ്ഞുപോയ ഹീനമായ ചിന്തകളും പ്രവൃത്തികളുമെല്ലാം നന്മകളായി പരിവർത്തിപ്പിച്ച് വിധിദിവസം ത്രാസിൽ തൂക്കം ലഭിക്കത്തക്കവിധം മാറ്റിമറിക്കാവുന്നതാണ്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 62; 10: 60–61; 39: 53–55 വിശദീകരണം നോക്കുക.

113. അക്രമികളായവരിലേക്ക് നിങ്ങൾ ചാഞ്ഞുപോവുകയുമരുത്, അപ്പോൾ നരകം നിങ്ങളെ സ്പർശിക്കുന്നതാണ്, അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്ക് സംരക്ഷകരിൽ നിന്ന് ആരും തന്നെയില്ല, പിന്നെ നിങ്ങൾ സഹായിക്കപ്പെടുന്നതുമല്ല.

എല്ലാവിധ ആപത്ത്-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനും സ്വർഗ്ഗത്തിലേക്കുള്ള ടി

ക്കറ്റുമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുമ്പോഴാണ് അക്രമികളായിത്തീരുന്നത്. കപടവിശ്വാസികളായ അക്രമികളെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന അവിവേകികളെയും ശിക്ഷിക്കാൻ വേണ്ടിയാണ് അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളതെന്ന് 33: 72–73; 48: 6 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 8: 22; 98: 6 എന്നീ സൂക്തങ്ങളിലൂടെ ദുഷ്ടജീവികളെന്ന് വിശേഷിപ്പിക്കപ്പെട്ട ഇത്തരം അക്രമികളോട് അദ്ദിക്ർ പിൻപറ്റുന്ന വിശ്വാസികൾ മാനസികമായി യാതൊരു അടുപ്പവും പുലർത്തുകയില്ല. 7: 40–41; 9: 23–24; 58: 22 വിശദീകരണം നോക്കുക.

114. പകലിന്റെ രണ്ടറ്റങ്ങളിലും രാവ് അൽപം ചെല്ലുമ്പോഴും നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും ചെയ്യുക, നിശ്ചയം നന്മകൾ തിന്മകളെ നീക്കിക്കളയുന്നതാണ്, അതാണ് അല്ലാഹുവിനെ ഹൃദയം കൊണ്ട് ഓർമിക്കുന്നവരെ ഉണർത്താനുള്ളത്.

പകലിന്റെ രണ്ടറ്റങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് പ്രഭാതനമസ്കാരത്തിനുള്ള (സുബ്ഹി) സമയവും പ്രദോഷനമസ്കാരത്തിനുള്ള (മഗ്രിബ്) സമയവുമാണ്. രാവ് അൽപം ചെല്ലുമ്പോൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത് രാത്രി നമസ്കാരത്തിനുള്ള (ഇശാഅ്) സമയവുമാണ്. പ്രവാചകന്റെ സ്വർഗ്ഗാരോഹണയാത്രക്ക് (*ഇസ്റാഅ് വൽ മിഅ്റാജ്*) മുമ്പ് അവതരിച്ചിട്ടുള്ള സൂക്തമാണിത്. *മൂസവീ ശരീഅത്തി*ലുണ്ടായിരുന്നതുപോലെ മൂന്ന് സമയങ്ങളിലുള്ള നമസ്കാരമാണ് അന്ന് പ്രവാചകനോടും കൽപ്പിച്ചിരുന്നത്. സ്വർഗ്ഗാരോഹണ*(മിഅ്റാജ്)*വേളയിൽ സ്വർഗ്ഗത്തിൽ വെച്ചാണ് അഞ്ച് നേരത്തെ നമസ്കാരം കൽപിക്കപ്പെട്ടത്. പ്രവാചകന് സൂക്തങ്ങൾ അധികവും അവതരിച്ചിരുന്നത് നമസ്കാരവേളയിലാണ്. 20: 14 ൽ നീ *ദിക്റീ* നിലനിർത്തുന്നതിനുവേണ്ടി നമസ്കാരം നിലനിർത്തുക എന്ന് കൽപിച്ചിട്ടുണ്ട്. 17: 78 ൽ, സൂര്യൻ തെറ്റിയത് മുതൽ രാത്രി മൂടുന്നതുവരെ നമസ്കരിക്കുക, പ്രഭാതത്തിലെ വായനയും നിലനിർത്തുക, നിശ്ചയം പ്രഭാതത്തിലെ വായന സാക്ഷ്യം വഹിക്കപ്പെടുകതന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. സൂര്യൻ തെറ്റിയതുമുതൽ എന്ന് പറഞ്ഞാൽ മധ്യാഹ്നത്തിൽ നിന്ന് തെറ്റിയത് മുതലുള്ള *ളുഹ്ർ, അസ്വർ, മഗ്രിബ്, ഇശാഅ്* എന്നീ നാലുനേരത്തെ നമസ്കാരങ്ങളാണ്. പ്രഭാതത്തിലുള്ള വായന കൊണ്ടുദ്ദേശിക്കുന്നത് *സുബ്ഹി* നമസ്കാരവുമാണ്. 30: 17–18 സൂക്തങ്ങളിൽ, അപ്പോൾ അല്ലാഹുവിനെ പ്രദോഷത്തിലും പ്രഭാതത്തിലും പരിശുദ്ധപ്പെടുത്തി വാഴ്ത്തുക, അവനുതന്നെയാണ് ആകാശങ്ങളിലും ഭൂമിയിലും സ്തുതി -*ഇശാഅ്* സമയങ്ങളിലും *ളുഹ്ർ* സമയങ്ങളിലും എന്ന് പറഞ്ഞിട്ടുണ്ട്. അവനെ പരിശുദ്ധപ്പെടുത്തി വാഴ്ത്തുക എന്ന് പറഞ്ഞതിന്റെ വിവക്ഷ നമസ്കരിക്കുക എന്നാണ്. പ്രദോഷങ്ങളിലുള്ള നമസ്കാരം *മഗ്രിബും* പ്രഭാതങ്ങളിലുള്ള നമസ്കാരം *സുബ്ഹി*യുമാണ്. ആകാശങ്ങളിലും ഭൂമിയിലും അവനാണ് സ്തുതി എന്നുപറഞ്ഞാൽ ആകാശങ്ങളിലും ഭൂമിയിലുമുള്ളവയെല്ലാം സ്തുതിക്കുന്നത് അവനെയാണ് എന്നും, അപ്പോൾ നിങ്ങളും അവനെ സ്തുതിക്കുക എന്ന് പറഞ്ഞാൽ നമസ്കാരം നിർവ്വഹിക്കുക എന്നുമാണ്. '*അശിയ്യത്തൻ*' എന്ന് പറഞ്ഞതിൽ രാത്രിയുടെ ഒരുഭാഗമായ *ഇശാഅ്* സമയത്തെ നമസ്കാരവും പകലിന്റെ മൂന്നാം യാമമായ *അസ്വർ* നമസ്കാരവും ഉൾപ്പെടുന്നുണ്ട്. 79: 46 ൽ, വിധിദിവസം നടപ്പിൽ വരുമ്പോൾ 'അവർ പകലിന്റെ ഒരു *ളുഹാ*സമയത്തോ അല്ലെങ്കിൽ മൂന്നാം യാമത്തിലോ (*അസ്വർ* സമയത്തോ) അല്ലെങ്കിൽ രാത്രിയിൽ നിന്നുള്ള *ഇശാഅ്* സമയത്തോ

മാത്രമല്ലാതെ ഇഹത്തിൽ ജീവിച്ചിട്ടേയില്ല' എന്ന് അവർക്ക് തോന്നുമെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് 30: 17-18 സൂക്തങ്ങളിൽ അഞ്ചുനേരത്തെ നമസ്കാരവും പേരെടുത്ത് പ റഞ്ഞിട്ടുണ്ട്. 20: 130 ൽ, അവർ പറയുന്നതിനെത്തൊട്ട് നീ ക്ഷമിക്കുകയും നിന്റെ നാഥനെ സൂര്യൻ ഉദിക്കുന്നതിന് മുമ്പും അതിന്റെ അസ്തമയത്തിന് മുമ്പും രാത്രിയുടെ യാമങ്ങ ളിലും സ്തുതിക്കുന്നതോടൊപ്പം വാഴ്ത്തുകയും ചെയ്യുക, പകലിന്റെ അറ്റങ്ങളിലും അവനെ വാഴ്ത്തുക -നീ തൃപ്തിപ്പെട്ടവനാവുന്നതിനുവേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. സൂര്യൻ ഉദിക്കുന്നതിന് മുമ്പ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് *സുബ്ഹി* നമസ്കാരവും അസ്തമിക്കുന്നതിനുമുമ്പ് എന്നതുകൊണ്ടുദ്ദേശിക്കുന്നത് *അസ്വർ* നമസ്കാരവുമാണ്. രാത്രിയുടെ യാമങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് *മഗ്രിബും ഇശാഉ*മാണ്. പകലിന്റെ രണ്ടറ്റ ങ്ങൾ(*ത്വറഫയ്*) എന്നുപറയാതെ അറ്റങ്ങൾ(*അത്റാഫ്*) എന്നുപറഞ്ഞതിൽ പ്രഭാതന മസ്കാരവും *ളുഹ്റും മഗ്രിബും* ഉൾപ്പെടുന്നതാണ്.

17: 44 ൽ, ഏഴ് ആകാശങ്ങളിലും ഭൂമിയിലും അവയ്ക്കിടയിലുമുള്ള സർവ്വവസ്തു ക്കളും അല്ലാഹുവിനെ പരിശുദ്ധപ്പെടുത്തി വാഴ്ത്തുന്നുണ്ടെന്നും ഒരു വസ്തുവും ത ന്നെ അവനെ സ്തുതിക്കുന്നതോടൊപ്പം വാഴ്ത്താതിരിക്കുന്നില്ലെന്നും എന്നാൽ നിങ്ങ ൾക്ക് അവയുടെ കീർത്തനം ഗ്രഹിക്കാൻ സാധിക്കുന്നില്ല എന്നും പറഞ്ഞിട്ടുണ്ട്. എ ല്ലാഓരോ ജീവജാലത്തിനും അതിന്റെ നമസ്കാരരീതിയും അല്ലാഹുവിനെ പരിശുദ്ധ പ്പെടുത്തി വാഴ്ത്തേണ്ട രീതിയും പഠിപ്പിച്ചിട്ടുണ്ടെന്ന് 24: 41 ലും പറഞ്ഞിട്ടുണ്ട്.

നിശ്ചയം നന്മകൾ തിന്മകളെ നീക്കിക്കളയുന്നതാണ് എന്ന് പറഞ്ഞതിനാൽ, ഏ റ്റവും നല്ലതുകൊണ്ട് -അദ്ദിക്ർ കൊണ്ട്- മിഥ്യകളെയെല്ലാം ദൂരീകരിക്കേണ്ടതാണ്. മി ഥ്യ കൊണ്ടുദ്ദേശിക്കുന്നത് *ത്വാഗൂത്തി*ന്റെ മാർഗങ്ങളായ കാക്കകാരണവൻമാരുടെ ചര്യ, കർമ്മശാസ്ത്രം, മദ്ഹബുകൾ, സംഘടനകൾ മുതലായ ആയിരത്തിൽ തൊള്ളായിര ത്തി തൊണ്ണൂറ്റി ഒൻപതിന്റെ മാർഗങ്ങളാണ്. സർവ്വപ്രധാനം അദ്ദിക്റിന് നൽകണമെന്ന് 7: 170; 29: 45; 35: 29 എന്നീ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. 41: 34 ൽ, നന്മയും തി ന്മയും സമമാവുകയില്ല, നീ ഏറ്റവും നല്ലതായ അദ്ദിക്ർ കൊണ്ട് തിന്മയെ തടയുക, അപ്പോൾ ആർക്കും നിനക്കുമിടയിലാണോ ശത്രുതയുള്ളത്, അവൻ ആത്മമിത്രമായി വരുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. *ദിക്റാ* (ഉണർത്തൽ) എന്നത് അദ്ദിക്റിന്റെ 40 പേരുക ളിൽ ഒന്നാണ്. *ദിക്റാ* കൊണ്ട് ഉണർത്തൽ വിശ്വാസികൾക്ക് ഉപകാരപ്രദമാകുമെന്ന് 51: 55 ലും; *ദിക്റാ*യെ വെടിഞ്ഞ ഏറ്റവും വലിയ ഹതഭാഗ്യൻ വന്നിച്ച തീയിൽ വേവിക്ക പ്പെടുമെന്ന് 87: 9-12 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ കൂട്ടം ചേർ ന്നുകൊണ്ടുള്ള അഞ്ച് സമയത്തെ നമസ്കാരമോ ജുമുഅഃ നമസ്കാരമോ ഇല്ല. മറിച്ച് ഇന്ന് ഒറ്റപ്പെട്ട വിശ്വാസി പിൻപറ്റേണ്ടത് പ്രവാചകൻ മക്കയിൽ നിർവഹിച്ചിരുന്ന നമസ് കാരരീതിയാണ്. ആ രീതി 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. അഥവാ പ്രഭാത പ്ര ദോഷങ്ങളിൽ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കണ്ണുകൊ ണ്ട് കണ്ട് ഹൃദയത്തിലേക്ക് ആവാഹിപ്പിക്കുകയാണ് വേണ്ടത്. കാഴ്ചയില്ലാത്തവരും വാ യിക്കാൻ അറിയാത്തവരും ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ ഹൃദയം പങ്കെടുത്തു കൊണ്ട് കേൾക്കുകയും ആത്മാവുകൊണ്ട് പ്രതികരിക്കുകയും ചെയ്യുക. ശേഷം നാഥനെ വാഴ്ത്തിക്കൊണ്ടും പരിശുദ്ധപ്പെടുത്തിക്കൊണ്ടും അവനോട് പ്രാർത്ഥിച്ചുകൊണ്ടും സു ദീർഘമായി തിലാവത്തിന്റെ ഒറ്റ സാഷ്ടാംഗപ്രണാമം നിർവഹിക്കുക. 43: 36-39 സൂക്ത

ങ്ങളിൽ പറഞ്ഞ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്ത ഒരാളും വിശ്വാസിയാവുകയോ 3: 102 ൽ വിവരിച്ച പ്രകാരം സർവസ്വം നാഥന് സമർപ്പിച്ച അവസ്ഥയിൽ (മുസ്‌ലിമായിക്കൊണ്ട്) മരിക്കുകയോ ഇല്ല. അർഹതയില്ലാതെ ഞങ്ങൾ മുസ്‌ലിംകളാണെന്ന് വാദിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം 7: 37 ൽ വിവരിച്ച പ്രകാരം അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിച്ചാണ് മരണപ്പെടുക. 4: 118 ന്റെ വിശദീകരണത്തിൽ പറഞ്ഞ പ്രകാരം ആയിരത്തിൽ ഒന്നുമാത്രമേ സ്വർഗത്തിലേക്ക് തിരിച്ചുപോവുകയുള്ളൂ, ഗ്രന്ഥം കിട്ടിയവരിൽ നിന്നുള്ള ബാക്കി തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപതും നരകത്തിലേക്കുള്ളവരാണെന്ന തിരുത്തപ്പെടാത്ത വിധി പ്രപഞ്ചനാഥനിൽ നിന്ന് ഉണ്ടായിട്ടുള്ളതിനാൽ ഇന്ന് ഒറ്റപ്പെട്ട വിശ്വാസി ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ജാതി-മത-ദേശ-ഭാഷ-വർണ-ലിംഗ ഭേദമന്യെ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് മനുഷ്യരുടെ ഐക്യം നിലനിർത്താനും ശാന്തിയും സമാധാനവും നടപ്പിൽ വരുത്താനുമാണ് ശ്രമിക്കുക. മനുഷ്യരിൽ ഒരാൾക്കും ഏത് നാട്ടിൽ ഏത് വംശത്തിൽ ഏത് കാലഘട്ടത്തിൽ ഏത് ലിംഗത്തിൽ ഏത് വർണത്തിൽ ഏത് മാതാപിതാക്കളിൽ ഏത് മക്കളായി ജനിക്കണമെന്നോ എത്രകാലം ഇവിടെ ജീവിക്കണമെന്നോ തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമില്ലെന്ന് മനസ്സിലാക്കുകയാണ് പരമപ്രധാനം. 11: 59 ൽ വിവരിച്ച പ്രകാരം ജൈവകൃഷി ചെയ്യുക, ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക തുടങ്ങി പ്രപഞ്ചനാഥന്റെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ഗുണപ്രദമായ രീതിയിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക എന്നത് അല്ലാഹുവിന്റെ പ്രതിനിധികളായ മനുഷ്യരുടെ ബാധ്യതയാണ്.

9: 73 ന്റെ കൽപന അനുസരിച്ച് വിശ്വാസി ഗ്രന്ഥം മൂടിവെക്കുന്ന കുഫ്ഫാറുകളോടും ഗ്രന്ഥം വളച്ചൊടിച്ച് കുഫ്റ് വ്യവസ്ഥ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന തെമ്മാടികളായ കപടവിശ്വാസികളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തേണ്ടതുമാണ്. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, 2: 256 ൽ പറഞ്ഞ പൊട്ടിപ്പോകാത്ത പാശവും 5: 48 ൽ പറഞ്ഞ എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനുമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളുകയാണെങ്കിൽ അവൻ 59: 23 ൽ പറഞ്ഞ മുഹൈമിനായ നാഥനെ മുറുകെപ്പിടിക്കുന്നവനും 3: 101 ൽ വിവരിച്ച പ്രകാരം നേരെച്ചൊവ്വെയുള്ള പാതയിലേക്ക് മാർഗദർശനം ചെയ്യപ്പെട്ടവനുമാണ്. 2: 2-5, 62; 6: 89-90; 8: 62 വിശദീകരണം നോക്കുക.

115. നീ ക്ഷമ കൈകൊള്ളുകയും ചെയ്യുക, അപ്പോൾ നിശ്ചയം അല്ലാഹു അവനെ കണ്ടുകൊണ്ട് ചരിക്കുന്നവരുടെ പ്രതിഫലം ഒട്ടും പാഴാക്കിക്കളയുകയില്ലതന്നെ.

എല്ലാ ഓരോരുത്തരും 4-ാം ഘട്ടമായ ഐഹികജീവിതത്തെക്കുറിച്ച് വിധിദിവസം ചോദ്യം ചെയ്യപ്പെടുന്നതാണ്. നാഥനെ കണ്ടെത്തുക, വിശ്വാസിയാണെന്ന് ഉറപ്പുവരുത്തുക, 4-ാം ഘട്ടമായ ഐഹികജീവിതത്തിൽ സ്വർഗം പണിത് പണിതസ്വർഗം 7-ാം ഘട്ടത്തിൽ അനന്തരമെടുക്കുക എന്ന ജീവിതലക്ഷ്യത്തെക്കുറിച്ച് ബോധ്യമുള്ളവനാണ് വിശ്വാസി. ഏറ്റവും നല്ല ഗ്രന്ഥമായ(*ഹുസ്നാ*) അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്നവരാണ് അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർ അഥവാ *മുഹ്സിനീങ്ങൾ*. 10: 26; 13: 18; 92: 6, 9 തുടങ്ങി 26 സൂക്തങ്ങളിൽ പരാമർശിക്കപ്പെട്ട *ഹുസ്നാ* എന്ന ഗ്രന്ഥമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഏതൊരു ഫുജ്ജാറിന്റെയും മരണ

സമയത്ത് നാഥൻ അവനോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 58-59 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 7: 26 ൽ വിവരിച്ച പ്രകാരം **അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയ കപടവിശ്വാസികളും അനുയായികളുമടങ്ങിയ** അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കെതിരെ 9: 82 ൽ വിവരിച്ച പ്രകാരം അവർ വായിച്ച, കേട്ട, തൊട്ട സൂക്തങ്ങൾ വാദിക്കുന്നതും സാക്ഷ്യം വഹിക്കുന്നതും അവരെ നരകത്തിലേക്ക് തള്ളിവിടുന്നതുമാണ്. 2: 153; 9: 100; 31: 22 വിശദീകരണം നോക്കുക.

116. അപ്പോൾ ഭൂമിയിൽ നാശം വിതക്കുന്നത് തടയുന്ന ഒരുവിഭാഗം നിങ്ങൾക്കു മുമ്പ് കഴിഞ്ഞുപോയ തലമുറകളിൽ നിന്ന് ഉണ്ടായിരുന്നെങ്കിൽ! നാം അവരിൽ നിന്ന് രക്ഷപ്പെടുത്തിയ കുറച്ചുപേരൊഴിച്ച്, (ദാരുണമായ ശിക്ഷമുഖേന അവരെ നശിപ്പിക്കുമായിരുന്നില്ല) തങ്ങൾക്ക് നൽകപ്പെട്ട സുഖസമൃദ്ധിയിൽ മതിമറന്ന് ജീവിക്കുകയായിരുന്ന അക്രമികളെയാണ് അവർ പിൻപറ്റിയിരുന്നത്, അവർ ഭ്രാന്തൻമാരുമായിരുന്നു.

ഏതൊരു പ്രവാചകന്റെ ജനതയും മുഴുവനും അക്രമികളാവുമ്പോൾ വിശ്വാസികൾക്കും അക്രമികൾക്കുമിടയിൽ തീരുമാനം കൽപിക്കുന്നതിനായി പ്രവാചകനെക്കൊണ്ട് പ്രാർത്ഥിപ്പിച്ച് ശിക്ഷ നടപ്പിലാക്കലാണ് നാഥന്റെ ചര്യ. 6: 47, 133 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകനെയും വിശ്വാസികളെയും നാഥൻ രക്ഷിക്കുകയും അക്രമികളെ തൂത്തെറിയുകയുമാണ് ചെയ്തിട്ടുള്ളത്. 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും പിശാചിനെ സേവിക്കുന്നവരും അവന്റെ കാൽപ്പാടുകൾ പിൻപറ്റുന്നവരുമാണ്. 6: 25-26 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെയും അവർ അവരെത്തന്നെയല്ലാതെ നശിപ്പിക്കുന്നില്ല, എന്നാൽ അവർ അത് തിരിച്ചറിയുന്നില്ല. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഈ ദുഷ്ടജീവികൾ 30-ാമത്തെ കള്ളവാദിയായ അന്തിക്രിസ്തുവിനെയും അന്ത്യദിനത്തെയും ആനയിക്കുന്നതിന് ധൃതികൂട്ടുന്നവരാണ്. 9: 15 ൽ വിവരിച്ച പ്രകാരം ഈസായുടെ രണ്ടാം വരവോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളാൽ ഇത്തരം മാലിന്യമായ കപടവിശ്വാസികളും അവരുടെ അനുയായികളും വധിക്കപ്പെടുന്നതാണ്. 5: 65-66; 9: 112; 10: 17, 54 വിശദീകരണം നോക്കുക.

117. നിന്റെ നാഥൻ അക്രമപരമായി ഒരു നാടിനെയും നശിപ്പിക്കുകയില്ല, അതിലെ നിവാസികൾ സുകൃതം കൽപ്പിക്കുന്നവരായിരിക്കെ.

ഗ്രന്ഥത്തിന്റെ അഭിസംബോധകരായ മക്കാമുശ്രിക്കുകൾക്ക് ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥം ലഭിച്ചിരുന്നില്ല. അതിനാൽ അവർ നശിപ്പിക്കപ്പെട്ടില്ല. എന്നാൽ ഇന്ന് അജയ്യഗ്രന്ഥമായ അദ്ദിക്ർ ക്രോഡീകരിച്ചിരിക്കെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 56: 82 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് അവരുടെ ഭക്ഷണമാക്കിയിരിക്കുന്നു. ലോകരെ സുകൃതം പ്രവർത്തിക്കാൻ പ്രേരിപ്പിക്കേണ്ട അവർ ലോകത്തെല്ലായിടത്തും മറ്റെല്ലാ ജനവിഭാഗങ്ങളെക്കാളും നശീകരണ പ്രവർത്തനങ്ങളിലും നീചവൃത്തികളിലും മുഴുകിയിരിക്കുകയാണ്. അപ്പോൾ 4: 131-133 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അല്ലാഹു, പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാ

ഗങ്ങളെ അദ്ദിക്ർ ഏൽപിക്കുന്നതാണ്. ഇജാസിൽ മഹ്ദി പ്രത്യക്ഷപ്പെടുന്നതോടുകൂടി മനുഷ്യരിൽ നിന്നുള്ള വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ഇജാസിലേക്ക് വേർതിരിക്കപ്പെടുന്നതാണ്. വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന അവസാനത്തെ സാബിഖും ഇഹലോകത്തുനിന്ന് വിടവാങ്ങുന്നതോടുകൂടിയാണ് 6: 158 ൽ വിവരിച്ച പ്രകാരം അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങൾ പ്രത്യക്ഷപ്പെട്ട് തുടങ്ങുക. 4: 158–159; 6: 131–133; 8: 32–33; 10: 44 വിശദീകരണം നോക്കുക.

118.നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ എല്ലാ മനുഷ്യരെയും ഒറ്റ സമുദായമാക്കുമായിരുന്നു, അവർ ഭിന്നിച്ചുകൊണ്ടിരിക്കുന്നതിൽ നിന്നും മാറിനിൽക്കുന്നവരാവുകയുമില്ല.

119.-നിന്റെ നാഥന്റെ കാരുണ്യം ലഭിച്ചവരൊഴികെ, അതിനുവേണ്ടിത്തന്നെയാണ് അവരെ സൃഷ്ടിച്ചിട്ടുള്ളത്, നിശ്ചയം ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നുമുള്ളവരെ മുഴുവനും കൊണ്ട് നാം നരകക്കുണ്ഠം കുത്തിനിറക്കുകതന്നെ ചെയ്യുമെന്ന നിന്റെ നാഥന്റെ വചനം പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു.

2: 256; 3: 101; 4: 175; 5: 48 എന്നീ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കാരുണ്യമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ ആരാണോ അതിനെ മുറുകെപ്പിടിച്ചത്, അവൻ നേരെച്ചൊവ്വെയുള്ള പാതയിലായി. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീൻ* പട്ടികയിൽ നിന്നും തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള *ഇല്ലിയ്യീൻ* പട്ടികയിലേക്ക് മാറ്റുന്നതാണ്. 6: 116; 33: 1, 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസി മാലിന്യമായ കപടവിശ്വാസികളെയും അവരുടെ അനുയായികളായ മുശ്രിക്കുകളെയും ഒരു കാര്യത്തിലും അനുസരിക്കുകയില്ല. മുഴുവൻ ജിന്നുകളെക്കൊണ്ടും മനുഷ്യരെക്കൊണ്ടും നരകക്കുണ്ഠം കുത്തിനിറക്കുകതന്നെ ചെയ്യുമെന്ന നാഥന്റെ വിധി വന്നിട്ടുള്ളതിനാൽ നിഷ്പക്ഷവാനായ നാഥനോ പ്രവാചകന്മാർക്കോ നബിമാർക്കോ ആർക്കും തന്നെ ഒരാളുടെയും വിധി മാറ്റിമറിക്കാൻ സാധിക്കുകയില്ല. കാരണം സ്വർഗത്തിൽ സൃഷ്ടിച്ചപ്പോൾ തന്നെ 55: 1–4 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കാരുണ്യമായ അദ്ദിക്ർ എല്ലാ ഓരോ ആത്മാവിനും പഠിപ്പിച്ചിട്ടുണ്ട്. 91: 7–10 സൂക്തങ്ങളിൽ, ആത്മാവിനേയും അതിനെ സംവിധാനിച്ച രീതിയും തന്നെയാണ് സത്യം. അങ്ങനെ അതിന് അതിന്റെ തെമ്മാടിത്തവും അതിന്റെ സൂക്ഷ്മതയും നൽകുകയുമുണ്ടായി. നിശ്ചയം, അതിനെ ശുദ്ധീകരിച്ചവൻ വിജയം വരിച്ചു. നിശ്ചയം അതിനെ ദുഷിപ്പിച്ചവൻ പരാജയപ്പെടുകയും ചെയ്തു എന്നും; 76: 3 ൽ, നിശ്ചയം നാം മനുഷ്യന് രണ്ടാലൊരുമാർഗം -ഒന്നുകിൽ നന്ദി പ്രകടിപ്പിക്കുന്നവൻ, അല്ലെങ്കിൽ നന്ദികെട്ടവൻ- തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും നൽകി എന്നും പറഞ്ഞിട്ടുണ്ട്. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ സത്യമായ അദ്ദിക്ർ കൊണ്ട് തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നത്, അവർ മാത്രമാണ് സർവസ്വം നാഥന് സമർപ്പിച്ച് മരിക്കുക എന്ന് 3: 102 ലും, എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവരാണ് യഥാർത്ഥ മുസ്ലിംകൾ എന്ന് 16: 89 ലും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് അർഹതയില്ലാതെ മുസ്ലിംകളാണെന്ന് വാദിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായതിനാൽ 9: 31; 15: 44; 16: 89 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിന്റെ 7 വാതിലുകളിലേക്ക് നിജപ്പെടുത്തിവെക്ക

പ്പെട്ടവരാണ്. 2: 62, 148; 4: 118; 17: 13-14 വിശദീകരണം നോക്കുക.

120. എല്ലാ ഓരോ പ്രവാചകൻമാരുടെയും സംഭവചരിത്രങ്ങൾ നാം നിന്റെ മേൽ വിവരിച്ചുതരുന്നത് അതുകൊണ്ട് നിന്റെ മനസ്സിനെ ഉറപ്പിച്ചുനിർത്തുന്നതിനാണ്, ഈ സത്യം നിനക്ക് വന്നുകിട്ടുകയും ചെയ്തു, അത് വിശ്വാസികൾക്ക് സദുപദേശവും അനുസ്മരണവുമാണ്.

11: 14 ൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാർക്കും നൽകപ്പെട്ടത് സത്യവും തെളിവുമായ അദ്ദിക്ർ തന്നെയാണ്. 25: 32 ൽ, എന്തുകൊണ്ടാണ് 'ഈ ഗ്രന്ഥം പ്രവാചകന് ഒരുമിച്ച് ഇറക്കപ്പെടാത്തത്' എന്ന കാഫിറുകളുടെ ചോദ്യത്തിന് മറുപടിയായി അല്ലാഹു പറയുന്നു: നിന്റെ മനസ്സിനെ അതുകൊണ്ട് ഉറപ്പിച്ച് നിർത്തുന്നതിന് വേണ്ടിയാണത്, നാം അതിനനുസരിച്ച് നിന്റെ ജീവിതം ക്രമപ്പെടുത്തുന്നതുമാണ് എന്നും; 25: 33 ൽ, അവർ നിന്റെയടുത്തേക്ക് ഒരു ചോദ്യവും കൊണ്ടുവരുന്നില്ല, അതിന്റെ യഥാർത്ഥ ഉത്തരവും ഇനി അന്ത്യനാൾ വരെയുള്ള ജനത അതുപോലുള്ള ചോദ്യങ്ങൾ ചോദിക്കേണ്ടതില്ലാത്ത വിധത്തിലുള്ള ഏറ്റവും നല്ല വ്യാഖ്യാനവും നാം നിനക്ക് കൊണ്ടുവന്നിട്ടല്ലാതെ എന്ന് പറഞ്ഞിട്ടുണ്ട്. ആരാണോ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായത്, അവർ തങ്ങളുടെ മുഖങ്ങളിൽ ബധിരരും ഊമരും അന്ധരുമായി നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള, ഏറ്റവും വഴിപിഴച്ചവരാണ് എന്ന് 2: 18; 15: 44; 17: 97-98; 25: 34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആത്മാവിന്റെ ഹൃദയമായ മനസ്സിനെ ഉറപ്പിച്ച് നിർത്തുന്നതിന് വേണ്ടിയാണ് പ്രവാചകൻമാരുടെ സംഭവചരിത്രങ്ങൾ വിവരിച്ചിട്ടുള്ള ഗ്രന്ഥം നൽകിയിട്ടുള്ളത് എന്നർത്ഥം. അപ്പോൾ സത്യവും സദുപദേശവും അനുസ്മരണവുമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാൾക്കും പ്രവാചകൻമാരെക്കൊണ്ടുള്ള വിശ്വാസം രൂപപ്പെടുത്താനോ വിശ്വാസിയാകാനോ സാധ്യമല്ല.

73: 4 ൽ, നീ ഗ്രന്ഥത്തെ ക്രമപ്പെടുത്തേണ്ടവിധം ക്രമപ്പെടുത്തുകയും ചെയ്യുക എന്ന് പറഞ്ഞിട്ടുണ്ട്. അതായത് നിന്റെ സ്വഭാവവും നടത്തവും ഇരുത്തവും കിടത്തവും വീടും പരിസരവുമെല്ലാം അഥവാ ജീവിതം മുഴുവനും ആവർത്തിച്ച് വായിക്കപ്പെടേണ്ട ഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് ക്രമപ്പെടുത്തുക എന്നാണ്. പ്രവാചകനോടുള്ള ഈ കൽപന അനുസരിച്ച് വിശ്വാസികൾ അവരുടെ ജീവിതം മുഴുവൻ അദ്ദിക്ർ ഉപയോഗപ്പെടുത്തി ചിട്ടപ്പെടുത്തേണ്ടതാണ്. പ്രവാചകന്റെ കാര്യത്തിൽ അത് അല്ലാഹുതന്നെ ചിട്ടപ്പെടുത്തിക്കൊടുക്കുമെന്നാണ് 25: 32 ൽ പറഞ്ഞതിന്റെ വിവക്ഷ. 3: 138; 6: 89-90; 10: 108-109; 16: 125 വിശദീകരണം നോക്കുക.

121. വിശ്വാസികളായവരല്ലാത്തവരോട് നീ പറയുകയും ചെയ്യുക: നിങ്ങൾ നിങ്ങളുടെ സ്ഥാനത്ത് പ്രവർത്തിക്കുക, നിശ്ചയം ഞങ്ങൾ ഞങ്ങളുടെ സ്ഥാനത്ത് പ്രവർത്തിക്കുന്നവരാകുന്നു.

122. നിങ്ങൾ കാത്തിരിക്കുകയും ചെയ്യുവിൻ, നിശ്ചയം ഞങ്ങളും കാത്തിരിക്കുന്നവരാകുന്നു.

32: 29 ൽ, വിശ്വാസികൾക്ക് വിജയം ലഭിക്കുന്ന ദിനം കാഫിറുകൾക്ക് അവരുടെ വിശ്വാസം സ്വീകരിക്കൽ ഉപകാരപ്പെടുകയില്ല എന്ന് പറയാൻ പറഞ്ഞശേഷം; 32: 30 ൽ, അപ്പോൾ നീ അവരെ അവഗണിക്കുക, നീ കാത്തിരിക്കുകയും ചെയ്യുക, നിശ്ചയം അവരും കാത്തിരിക്കുന്നവരാണ് എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് വിശ്വാസികളാകാ

ത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളോട്, 'നിങ്ങൾ നിങ്ങളുടെ സ്ഥാനത്ത് പ്രവർത്തിക്കുക, നിശ്ചയം ഞങ്ങൾ ഞങ്ങളുടെ സ്ഥാനത്തും പ്രവർത്തിക്കാം' എന്ന് പറയാനാണ് കൽപ്പിക്കുന്നത്. ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾക്ക് നാഥനെക്കുറിച്ച് ഏറ്റവും ദുഷിച്ച ധാരണയാണുള്ളത്. അതിനാൽ 9: 67 -68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 'നിങ്ങൾക്ക് നിങ്ങളുടെ ജീവിതരീതിയും എനിക്ക് യഥാർത്ഥ ജീവിതരീതിയും' എന്ന് പ്രഖ്യാപിക്കാനാണ് ഒറ്റപ്പെട്ട വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്.

അധികം താമസിയാതെ ഇജാസിൽ അവസാനത്തെ ഖലീഫ മഹ്ദി പ്രത്യക്ഷപ്പെടുന്നതോടുകൂടി കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കുന്നതിനുവേണ്ടി മൊത്തം മനുഷ്യരിൽ നിന്നുള്ള വിശ്വാസികൾ ഇജാസിലേക്ക് വേർതിരിക്കപ്പെടുന്നതും, 9: 28 ൽ മാലിന്യമെന്ന് വിശേഷിപ്പിക്കപ്പെട്ട ഫുജ്ജാറുകളെ ഇജാസിൽ നിന്ന് പുറത്താക്കുന്നതും മറ്റ് പ്രദേശങ്ങളിലുള്ള അത്തരം മാലിന്യങ്ങൾക്ക് ഇജാസിലേക്ക് തുടർന്ന് പ്രവേശനം വിലക്കപ്പെടുന്നതുമാണ്. ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനതവിഭാഗങ്ങളാൽ ഈ ദുഷിച്ച ജനത വധിക്കപ്പെട്ട് 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കപ്പെടുന്നതാണ്. ശേഷം ഈസാ മക്ക ആസ്ഥാനമാക്കി ഏഴ് വർഷം ലോകം ഭരിക്കുന്നതും അക്കാലത്ത് 3: 96; 5: 97 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഏതൊരാൾക്കും മക്കയിലേക്ക് പ്രവേശനം ലഭിക്കുന്നതും 43: 60 ൽ വിവരിച്ച പ്രകാരം മനുഷ്യർ ഭൂമിയിൽ മലക്കുകളുടെ ജീവിതം നയിക്കുന്നതുമാണ്. 10: 41-44, 47; 11: 35, 93 വിശദീകരണം നോക്കുക.

123. ആകാശഭൂമികളിൽ മറഞ്ഞിരിക്കുന്നതൊക്കെയും അല്ലാഹുവിനുള്ളതാണ്, എല്ലാഓരോ കാര്യവും അവനിലേക്ക് തന്നെയാണ് മടക്കപ്പെടുന്നത്, അപ്പോൾ നീ അവനെ മാത്രം സേവിച്ചുകൊണ്ടിരിക്കുക, അവന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുക, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ട് നിന്റെ നാഥൻ അശ്രദ്ധനൊന്നുമല്ലതന്നെ!

22: 76 ൽ, അല്ലാഹു അവരുടെ മുമ്പിലുള്ളതും അവരുടെ പിന്നിലുള്ളതുമെല്ലാം അറിയുന്നവനാണ്, എല്ലാകാര്യങ്ങളും അവനിലേക്ക് തന്നെയാണ് മടക്കപ്പെടുക എന്ന് പറഞ്ഞിട്ടുണ്ട്. **എല്ലാകാര്യവും മടക്കപ്പെടുന്ന അല്ലാഹുവിനെ മാത്രമാണ് സേവിച്ചുകൊണ്ടിരിക്കേണ്ടതും, അവന്റെമേൽ മാത്രമാണ് ഏതൊരു കാര്യവും ഭരമേൽപിക്കേണ്ടതും.** 39: 69 ലും 39: 75 ലും വിധിദിവസം സത്യമായ അദ്ദിക്ർ കൊണ്ടാണ് വിധികൽപ്പിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധികൽപിക്കാത്ത ഫുജ്ജാറുകൾ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 113; 16: 64 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മനുഷ്യർ ഗ്രന്ഥത്തിന്റെ കാര്യത്തിൽ ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ അവർക്കിടയിൽ വിധികൽപിക്കാനുള്ളതാണ് സത്യമായ അദ്ദിക്ർ. നാഥനിൽ നിന്നുള്ള വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ വിശ്വാസി അതിന്റെ 40 പേരുകളെയും സത്യപ്പെടുത്തി ജീവിക്കേണ്ടതാണ്. അത്തരം വിശ്വാസിയുടെ പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരമായിരിക്കും. 2: 85; 3: 185; 8: 62-64 വിശദീകരണം നോക്കുക.

12. യൂസുഫ്

ജൂതന്മാരുടെ പ്രേരണയാൽ *മക്കാമുശ്രിക്കുകൾ* പ്രവാചകനോട് ഇസ്റാഈൽ സന്തതികൾ ഈജിപ്തിലെത്തിയത് എങ്ങനെയാണെന്ന് ചോദിച്ചതിന് മറുപടിയായി ഒരുമിച്ച് അവതരിക്കപ്പെട്ടതാണ് ഈ സൂറത്തിലെ 111 സൂക്തങ്ങളും. യൂസുഫിന്റെ സഹോദരൻമാർ എപ്രകാരമാണോ യൂസുഫിനെ നശിപ്പിക്കാൻ ശ്രമിച്ചത്, അതേപോലെ മക്കാമുശ്രിക്കുകൾ പ്രവാചകനെയും നശിപ്പിക്കാൻ ശ്രമിക്കുന്ന കാലഘട്ടത്തിലാണ് ഈ സൂറത്ത് അവതരിക്കുന്നത്. അതുവഴി ആകാശഭൂമികളുടെ ഭരണാധികാരി ആരെയാണോ രക്ഷിക്കാനും ഉയർത്താനും നിശ്ചയിച്ചിട്ടുള്ളത്, അവനെ ഇകഴ്ത്താനും നശിപ്പിക്കാനും ലോകത്ത് ഒരു ശക്തിക്കും സാധ്യമല്ല എന്ന് അന്ത്യനാൾ വരെയുള്ള മുഴുവൻ പേരേയും താക്കീത് നൽകുന്നു. അവസാനം യൂസുഫിന്റെ മുമ്പിൽ സഹോദരന്മാർ പരാജിതരായി കൈയും കെട്ടി നിൽക്കേണ്ടിവന്നതുപോലെ മക്കാവിജയനാളിൽ പ്രവാചകന്റെ മുമ്പിൽ ഖുറൈശികൾക്കും അടിയറവ് പറയേണ്ടിവന്നു. ആദം സന്താനങ്ങൾക്ക് വരാനുള്ള ഏറ്റവും വലിയ നാശമെന്ന് പ്രവാചകനിലൂടെ പഠിപ്പിക്കപ്പെട്ട മസീഹുദ്ദജ്ജാൽ വന്ന് 'ഇജാസി'ലൊഴികെ ലോകത്തെല്ലായിടത്തും ഇസ്ലാമിനെ മായ്ച്ചുകളഞ്ഞ് കുഫ്റ് നടപ്പിൽ വരുത്തുകയും ശേഷം ഈസാ വന്ന് മസീഹുദ്ദജ്ജാലിനെയും പ്രഭൃതികളെയും നശിപ്പിക്കുകയും ലോകത്ത് ഇസ്ലാം നടപ്പിൽവരികയും ചെയ്യുമ്പോൾ അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുന്ന വിശ്വാസികൾ ആഹ്ലാദം കൊള്ളുന്നതാണ്. ഏത് പ്രയാസത്തോടൊപ്പവും ഒരു എളുപ്പമുണ്ടെന്ന ഗ്രന്ഥത്തിന്റെ പാഠം എല്ലാകാലത്തും ആവർത്തിക്കുമെന്നും എക്കാലത്തുമുള്ള അല്ലാഹുവിന്റെ പ്രതിനിധികളായ വിശ്വാസികൾക്കെതിരെ തന്ത്രം മെനയുന്നവരുടെ തന്ത്രങ്ങൾ അവർക്കെതിരായിത്തന്നെ ബാധിക്കുമെന്നും ഈ സൂറത്തിൽ നിന്നുള്ള ഗുണപാഠമാണ്. സുലൈഖ-യൂസുഫ് വിവാഹത്തിലൂടെ വിശ്വാസികളുടെ ആഗ്രഹങ്ങൾ ഇഹലോകത്തുവെച്ചുതന്നെ സഫലമാകുമെന്നതും സൂറത്തിൽ നിന്ന് പഠിക്കാവുന്ന മറ്റൊരു ഗുണപാഠമാണ്.

ഭംഗിയായി ക്ഷമ കൈക്കൊണ്ട് തന്റെ പുത്രനായ യൂസുഫിനെ നഷ്ടപ്പെട്ടതിലുള്ള ദുഃഖവും ആവലാതിയും വേവലാതിയുമെല്ലാം അല്ലാഹുവിന്റെ മുമ്പിൽ മാത്രം അവതരിപ്പിച്ച യഅ്ഖൂബ് നബിക്ക് കണ്ണിന് കാഴ്ച നഷ്ടപ്പെട്ടെങ്കിലും അവസാനം കാര്യകാരണ ബന്ധത്തിന് അതീതമായി അല്ലാഹു കാഴ്ച തിരിച്ച് നൽകുകയുണ്ടായി. ജനത പൂർണ്ണമായി സത്യത്തെ തള്ളിപ്പറയുകയും, അങ്ങനെ പ്രവാചകൻമാർ നിരാശപ്പെടുകയും ചെയ്യുന്ന അവസ്ഥയിലാണ് അവർക്ക് അല്ലാഹുവിന്റെ ശിക്ഷ വരുന്നതെന്നും അപ്പോൾ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ കാര്യകാരണബന്ധത്തിന് അതീതമായി രക്ഷപ്പെടുത്തുമെന്നും പഠിപ്പിക്കുന്നു. പ്രവാചകൻ എന്നല്ല, ആരൊക്കെ എത്ര ശ്രമിച്ചാലും ജനങ്ങളിൽ അധികപേരും വിശ്വാസികളാവുകയില്ല എന്നും അധികപേരും അല്ലാഹുവിൽ പങ്കുചേർത്തുകൊണ്ടല്ലാതെ വിശ്വസിക്കുകയില്ല എന്നും പഠിപ്പിക്കുന്നു. അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഭ്രാന്തൻമാരായ ഒരു ജനതയെത്തൊട്ട്

അല്ലാഹുവിന്റെ വിപത്ത് ഒരിക്കലും നീങ്ങിപ്പോവുകയില്ല എന്നും അദ്ദിക്ർ ത്രികാലജ്ഞാനിയായ അല്ലാഹുവിൽ നിന്നുള്ള ത്രികാലജ്ഞാനമാണ് എന്നും അത് മുമ്പ് നാഥനിൽ നിന്ന് അവതരിപ്പിക്കപ്പെട്ട 312 ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുന്നതാണ് എന്നും വിശ്വാസികൾ മാത്രമേ അതിനെ സൻമാർഗവും കാരുണ്യവുമായി ഉപയോഗപ്പെടുത്തുകയുള്ളൂ എന്നും പറഞ്ഞുകൊണ്ടാണ് സൂറത്ത് അവസാനിക്കുന്നത്.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. അലിഫ്-ലാം-റാ, ഇതെല്ലാം ഒരു വ്യക്തമായ ഗ്രന്ഥത്തിലെ സൂക്തങ്ങളാകുന്നു.

ഇത് ഒരു ദിക്റും ആവർത്തിച്ച് വായിക്കപ്പെടാനുള്ള വ്യക്തമായ ഉണർത്തലുമല്ലാതെയല്ല എന്ന് 36: 69 ലും; ആവർത്തിച്ച് വായിക്കപ്പെടാനുള്ള അദ്ദിക്ർ ഹൃദയം കൊണ്ട് മനസ്സിലാക്കാൻ അല്ലാഹു വളരെ എളുപ്പമാക്കിയിട്ടുണ്ട് എന്ന് 54: 17, 22, 32, 40 എന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അറബിയിലുള്ള ഗ്രന്ഥം അതിന്റെ ശരീരവും അർത്ഥം അതിന്റെ ജീവനും ആശയം അതിന്റെ ആത്മാവുമാണ്. ഗ്രന്ഥത്തിന്റെ വായനതന്നെ ഹൃദയം അതുമായി ബന്ധപ്പെടുമ്പോൾ മാത്രമേയുള്ളൂ. *ഗ്രന്ഥം വായിക്കുമ്പോൾ ഹൃദയവും വായനയും തമ്മിൽ ഭിന്നിച്ചാൽ വായന നിർത്തി എഴുന്നേറ്റ് പോകണമെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 10: 1; 11: 1 വിശദീകരണം നോക്കുക.

2. നിശ്ചയം നാം അതിനെ അറബിയിലുള്ള ഒരു വായനയായി അവതരിപ്പിച്ചിരിക്കുന്നു -നിങ്ങൾ ചിന്തിക്കുന്നവരാവുകതന്നെ വേണമെന്നതിന് വേണ്ടി.

ഖുർആൻ എന്നാൽ 'ആവർത്തിച്ചാവർത്തിച്ച് വായിക്കപ്പെടുന്നത്' എന്നാണ് അർത്ഥം. അറബിഭാഷയിലുള്ള അത് അറബികൾക്ക് മാത്രമുള്ളതല്ല. 2: 185 ൽ, ഇത് മൊത്തം മനുഷ്യർക്ക് സൻമാർഗവും, സത്യവും അസത്യവും വേർതിരിച്ചറിയാനുള്ള ഉരക്കല്ലും, സൻമാർഗം മുഴുവൻ വിശദീകരിച്ചിട്ടുള്ളതുമാണെന്ന് പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ വിധിവിലക്കുകൾ ശരിക്കും മനസ്സിലാക്കി ജീവിതം പൂർണ്ണമായും സംസ്കരിച്ചെടുത്ത് മറ്റുള്ളവർക്ക് മാതൃകയായി ജീവിച്ച് കാണിക്കുന്നതിനാണ് അഭിസംബോധകരായ അറബികൾക്ക് അവരുടെ ഭാഷയായ അറബിയിലുള്ള ഗ്രന്ഥം അവതരിപ്പിച്ചത്. എന്നാൽ 'ഈ വായന ഞങ്ങളുടെയും നിന്റെയും ഭാഷയിലാണല്ലോ, അപ്പോൾ അത് നീ കെട്ടിച്ചമച്ചുണ്ടാക്കി പറയുന്നത് തന്നെയാണ്, അല്ലാതെ അല്ലാഹുവിൽ നിന്നുള്ളതാണെങ്കിൽ ഇത് മറ്റേതെങ്കിലും ഭാഷയിൽ ഇറങ്ങേണ്ടതല്ലേ' എന്ന അറബികളുടെ ചോദ്യത്തിന് മറുപടിയായിട്ടാണ് സൂക്തം 41: 44 അവതരിപ്പിച്ചത്. അല്ലാഹു പറയുന്നു: നാം ഈ വായനയെ ഒരു വിദേശഭാഷയിൽ ഇറക്കിയിരുന്നുവെങ്കിൽ അവർ ചോദിക്കുകതന്നെ ചെയ്യും: എന്താണ് അതിലെ സൂക്തങ്ങൾ സ്പഷ്ടമാകാത്തത്, ഇതെന്തൊരു പുതുമ, അറബികൾക്ക് അനറബി ഭാഷയിലുള്ള ഗ്രന്ഥം ഇറക്കിയിരിക്കുന്നു! നീ പറയുക: അത് വിശ്വാസികളായവർക്ക് സന്മാർഗവും രോഗശമനവുമാണ്. വിശ്വസിക്കാത്തവർക്കോ അവരുടെ ചെവികളിൽ അതുകൊള്ളെ ഒരു മൂടിയുണ്ട്, അവർ അതിനെത്തൊട്ട് അന്ധരുമാണ്, അവർ വിദൂരത്തുനിന്ന് വിളിക്കപ്പെടുന്നവരെപ്പോലെയുമാണ്. 26: 198-199 സൂക്തങ്ങളിൽ, നാം ഈ ഗ്രന്ഥത്തെ അറബിയല്ലാത്ത ഏതെങ്കിലും വിദേശഭാഷയിൽ ഇറക്കുകയും അവരുടെമേൽ അത് വായിച്ചു കേൾപ്പിക്കുകയും ചെയ്തിരുന്നെങ്കിലും അവർ അതിൽ വിശ്വസിക്കുന്നവരാകുമായിരുന്നില്ല എന്ന് പറഞ്ഞിട്ടുണ്ട്.

41: 41-43 സൂക്തങ്ങളിൽ പറഞ്ഞ ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യകലരാത്ത

അജയ്യവും അതുല്യവുമായ ഹൃദയത്തിന്റെ ഭാഷയിലുള്ള ഗ്രന്ഥമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് എന്താണ് അദ്ദിക്ർ, എന്തിനാണ് അദ്ദിക്ർ, എന്തുകൊണ്ട് അദ്ദിക്ർ ഉപയോഗപ്പെടുത്തണം എന്നൊന്നും ചിന്തിക്കാത്തവരാണ് പിശാച് പാട്ടിലാക്കിയവർ. അദ്ദിക്ർ രൂപപ്പെട്ടിട്ടുള്ളത് അറബികൾ അന്ന് ആവശ്യപ്പെട്ടതുപോലെ ഒരു വിദേശഭാഷയായ മലയാളത്തിലാണ്. നാം തന്നെയാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്, നിശ്ചയം നാം തന്നെ അതിനെ സൂക്ഷിക്കുന്നതുമാണ് എന്ന് 15: 9 ലും; യുക്തിനിർഭരമായ അദ്ദിക്ർ എന്ന് 3: 58 ലും; ഏറ്റവും നല്ല വിശദീകരണം എന്ന് 25: 33 ലും അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അപ്പോൾ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ലഭിച്ചിട്ട് അതിനെ വിവിധ ഭാഷകളിൽ പരിഭാഷപ്പെടുത്തി ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി പരിശ്രമിക്കാത്തവർ ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരും പിശാച് പാട്ടിലാക്കിയവരുമാണ്. ബുദ്ധിശക്തി ഉപയോഗപ്പെടുത്തി ചിന്തിക്കാത്ത ഇത്തരം ഭ്രാന്തന്മാരോട് പരലോകത്തുവെച്ച് 'നിങ്ങളെ അധികപേരെയും പിശാച് പാട്ടിലാക്കിയിരിക്കുന്നുവല്ലോ, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നവരായിരുന്നില്ലേ' എന്ന് അല്ലാഹു ചോദിക്കുമെന്ന് 36: 59–62 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അറബിയിലുള്ള ഗ്രന്ഥത്തിന്റെ ശരീരം തിന്ന് ദീനിൽ നിന്ന് പുറത്തുപോകുന്ന ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരുമായ ഫുജ്ജാറുകളാണ് ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത്. 2: 2–3, 44; 4: 82; 7: 37–40 വിശദീകരണം നോക്കുക.

3. ഈ വായന നിന്നിലേക്ക് ദിവ്യസന്ദേശമായി നൽകിക്കൊണ്ട് നാം നിന്റെ മേൽ സംഭവചരിത്രങ്ങൾ ഏറ്റവും നല്ല രീതിയിൽ വിവരിച്ച് തരികയാണ്, അതിനു മുമ്പ് നീ പ്രജ്ഞയറ്റവരിൽ പെട്ടവൻ തന്നെയായിരുന്നു.

93: 7 ൽ, നിന്നെ നാം വഴികേടിലായി കണ്ടെത്തുകയും അങ്ങനെ നിന്നെ നാം സന്മാർഗത്തിലാക്കുകയും ചെയ്തു എന്നും; 36: 6 ൽ, തങ്ങളുടെ പിതാക്കന്മാരാൽ മുന്നറിയിപ്പ് നൽകപ്പെടാത്തതുകാരണം പ്രജ്ഞയറ്റവരായ ഒരു ജനതയെ ഈ ഗ്രന്ഥം കൊണ്ട് നീ മുന്നറിയിപ്പ് നൽകാനാണ് ഇത് അവതരിപ്പിച്ചിട്ടുള്ളത് എന്നും പറഞ്ഞിട്ടുണ്ട്. അപ്പോൾ പ്രജ്ഞയറ്റ ജനതയെ അദ്ദിക്ർ കൊണ്ട് മുന്നറിയിപ്പ് നൽകി ചിന്തിക്കുന്നവരും ജീവിതലക്ഷ്യമുള്ളവരുമാക്കി മാറ്റാൻ കഴിഞ്ഞേക്കും. എന്നാൽ അദ്ദിക്ർ വന്നുകിട്ടിയിട്ട് മൂടിവെക്കുന്ന ലക്ഷ്യബോധം നഷ്ടപ്പെട്ട കപടവിശ്വാസികളെ മുന്നറിയിപ്പ് നൽകിയിട്ട് കാര്യമില്ല എന്ന് 10: 33 ൽ പറഞ്ഞിട്ടുണ്ട്. 7: 175–176, 205; 9: 67–68; 10: 7–8 വിശദീകരണം നോക്കുക.

4. യൂസുഫ് തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം സ്മരണീയമാണ്: എന്റെ പിതാവേ, നിശ്ചയം ഞാൻ (സ്വപ്നത്തിൽ) കണ്ടു, പതിനൊന്ന് നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനുമെല്ലാം എനിക്ക് സാഷ്ടാംഗം ചെയ്യുന്നതായി ഞാൻ കണ്ടു.

5. അവൻ പറഞ്ഞു: ഓ എന്റെ കുഞ്ഞിമോനേ, നിന്റെ ഈ കാഴ്ച നിന്റെ സഹോദരന്മാരോട് നീ പറയരുത്, അപ്പോൾ അവർ നിനക്കെതിരിൽ തന്ത്രങ്ങൾ മെനയും, നിശ്ചയം പിശാച് മനുഷ്യന്റെ വ്യക്തമായ ശത്രുവാകുന്നു.

യൂസുഫ് നബി തന്റെ ഉറക്കത്തിൽ കണ്ട സ്വപ്നത്തിൽ സൂര്യൻ യഅ്ഖൂബ് നബിയും ചന്ദ്രൻ അദ്ദേഹത്തിന്റെ പത്നിയും പതിനൊന്ന് നക്ഷത്രങ്ങൾ യൂസുഫിന്റെ മാതാവിലുള്ള സഹോദരൻ ബിൻയാമീൻ അടക്കം പതിനൊന്ന് സഹോദരന്മാരുമാണ്. യൂസുഫ് നബിയുടെ ചിറ്റമ്മമാരിൽ നിന്നുള്ള പത്ത് സഹോദരന്മാർ യൂസുഫിനോട് അസൂയയുള്ളവരായിരുന്നുവെന്നും എന്ത് ദുഷ്ചെയ്തിയും അവലംബിക്കാൻ മടിക്കാത്തവരാണെന്നും

യഅ്ഖൂബ് നബിക്ക് അറിയാമായിരുന്നു. അതുകൊണ്ടാണ് അവരെ സൂക്ഷിച്ചുകൊള്ളണമെന്ന് തന്റെ സദ്വൃത്തനായ മകനെ അദ്ദേഹം ഉണർത്തിയത്. പ്രവാചകന്മാർ ഉറങ്ങുമ്പോൾ അവരുടെ ഹൃദയം ഉറങ്ങുന്നില്ലെന്നും അവരുടെ സ്വപ്നം ദിവ്യസന്ദേശത്തിൽ പെട്ടതാണെന്നും പ്രവാചകനിലൂടെ പഠിപ്പിക്കപ്പെട്ടിട്ടുണ്ട്.

ആളുകൾ അശ്രദ്ധരായ സമയത്ത് മൂസാ പട്ടണത്തിൽ പ്രവേശിച്ചപ്പോൾ രണ്ടാളുകൾ വഴക്കിടുന്നതായി കണ്ടു. അവരിൽ ഇസ്റാഈൽ സന്തതികളിൽ പെട്ടയാൾ മൂസായോട് സഹായം തേടുകയും അപ്പോൾ മൂസാ ചെന്ന് ശത്രുപക്ഷത്തിൽ പെട്ടവനെ ഒരു തൊഴികൊടുക്കുകയും അങ്ങനെ അവന്റെ കഥകഴിയുകയും ചെയ്തു. മൂസാ പറഞ്ഞു: ഇത് പിശാചിന്റെ പ്രവൃത്തിയിൽ പെട്ടതാകുന്നു, നിശ്ചയം അവൻ ശത്രുവും വ്യക്തമായി വഴിപിഴപ്പിക്കുന്നവനും തന്നെയാണ് എന്ന് 28: 15 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സ്മരണയോടുകൂടിയല്ലാതെ ഇടിച്ചപ്പോൾ പിശാചാണ് അവിടെ കൊല സംഭവിപ്പിച്ചത്. ഇന്ന് അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ചവൻ അല്ലാഹുവിനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101; 5: 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്ന അങ്ങനെയുള്ളവർക്ക് പിശാചിൽ നിന്നുള്ള യാതൊരു ബാധയും തിന്മയും ഏൽക്കുന്നതല്ല. 2: 269; 6: 112; 7: 22; 10: 100 വിശദീകരണം നോക്കുക.

6. അപ്രകാരം നിന്റെ നാഥൻ നിന്നെ തെരഞ്ഞെടുക്കുകയും കാര്യങ്ങളുടെ യഥാർത്ഥ വ്യാഖ്യാനങ്ങളിൽ നിന്ന് നിന്നെ പഠിപ്പിക്കുകയും ചെയ്യുന്നതാണ്, നേരത്തെ നിന്റെ രണ്ട് പിതാമഹൻമാരായ ഇബ്റാഹീമിനും ഇസ്ഹാഖിനും പൂർത്തീകരിച്ചുകൊടുത്തിട്ടുള്ളതുപോലെ നിന്റെമേലും യഅ്ഖൂബ് കുടുംബത്തിന്റെ മേലും അവന്റെ അനുഗ്രഹങ്ങൾ പൂർത്തീകരിച്ച് തരുന്നതുമാകുന്നു, നിശ്ചയം നിന്റെ നാഥൻ സർവ്വജ്ഞനായ യുക്തിജ്ഞനുമാകുന്നു.

തഅ്വീലുൽ അഹാദീസ് എന്നതുകൊണ്ട് സാധാരണ വിവരിക്കപ്പെടാറുള്ളതുപോലെ വെറും സ്വപ്ന വ്യാഖ്യാനമല്ല വിവക്ഷ, മറിച്ച് ഗ്രന്ഥത്തിന്റെ വിശദീകരണമായ *ഹിക്മത്തും മൗഇളത്തു*മാണ്. 16: 89 ൽ പറഞ്ഞ പ്രകാരം അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിച്ചിട്ടുള്ള അദ്ദിക്ർ എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ളതും സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിംകൾക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ്. 3: 7; 7: 53; 10: 57–58 വിശദീകരണം നോക്കുക.

7. നിശ്ചയം യൂസുഫിന്റെയും അവന്റെ സഹോദരൻമാരുടെയും സംഭവത്തിൽ ചോദിക്കുന്നവർക്ക് പാഠങ്ങളുണ്ട്.

8. അവർ പറഞ്ഞ സന്ദർഭം സ്മരണീയമാണ്: യൂസുഫും അവന്റെ സഹോദരനും നമ്മുടെ പിതാവിന് നമ്മളേക്കാൾ കൂടുതൽ പ്രിയമുള്ളവർ തന്നെയാകുന്നു, നമ്മളൊരു കെൽപുറ്റ സംഘമായിരുന്നിട്ടും, നിശ്ചയം നമ്മുടെ പിതാവ് വ്യക്തമായ വഴികേടിൽ തന്നെയാണ്.

'അവന്റെ സഹോദരൻ' എന്നുപറഞ്ഞത് യൂസുഫിന്റെ മാതാവൊത്ത ഇളയ സഹോദരൻ ബിൻയാമിനെക്കുറിച്ചാണ്. ബിൻയാമിന്റെ ജനനസമയത്ത് മാതാവ് മരിച്ചുപോയി. അതായിരുന്നു ഇവരെ രണ്ടുപേരെയും പ്രത്യേകം ശ്രദ്ധിക്കുവാൻ യഅ്ഖൂബ് നബിയെ പ്രേരിപ്പിച്ചത്. മാത്രമല്ല, യൂസുഫിൽ പ്രത്യേകമായി ഉത്തമമായ വ്യക്തിത്വത്തിന്റെ

യും തന്റേടത്തിന്റെയും സൗഭാഗ്യത്തിന്റെയും ചില ലക്ഷണങ്ങൾ കാണപ്പെട്ടിരുന്നതും പിതാവിന് യൂസുഫിനോട് പ്രത്യേക താൽപര്യമുണ്ടാകാൻ കാരണമായി.

9. നിങ്ങൾ യൂസുഫിനെ കൊന്നുകളയുക, അല്ലെങ്കിൽ ഭൂമിയിൽ എവിടെയെങ്കിലും വലിച്ചെറിഞ്ഞുകളയുക, അങ്ങനെ നിങ്ങളുടെ പിതാവിന്റെ ശ്രദ്ധ നിങ്ങളിലേക്ക് മാത്രമായി ഒഴിഞ്ഞുകിട്ടട്ടെ! അതിനുശേഷം നിങ്ങൾ സജ്ജനങ്ങളായിത്തീരുകയും ചെയ്യുക.

10. അവരിൽ നിന്നുള്ള ഒരാൾ പറഞ്ഞു: യൂസുഫിനെ നിങ്ങൾ വധിക്കരുത്, അവനെ നിങ്ങൾ ഒരു വെള്ളക്കുഴിയുടെ അഗാധതയിലേക്ക് ഇടുക, വല്ല സഞ്ചാരികളും എടുത്തുകൊണ്ട് പോയിക്കൊള്ളും -നിങ്ങൾക്ക് എന്തെങ്കിലും ചെയ്തേതീരൂ എന്നുണ്ടെങ്കിൽ.

11. അവർ പിതാവിനോട് ചെന്നുപറഞ്ഞു: ഞങ്ങളുടെ പിതാവേ, യൂസുഫിന്റെ കാര്യത്തിൽ താങ്കൾ എന്താണ് ഞങ്ങളെ വിശ്വസിക്കാത്തത്? നിശ്ചയം, ഞങ്ങൾ അവന് ഗുണകാംക്ഷയുള്ളവർ തന്നെയാകുന്നു.

12. നാളെ അവനെ ഞങ്ങളുടെ കൂടെ അയച്ചാലും, അവൻ കളിച്ചുല്ലസിക്കട്ടെ! നിശ്ചയം, ഞങ്ങൾ അവനെ കാത്തുസൂക്ഷിക്കുന്നവർ തന്നെയായിരിക്കും.

13. അവൻ പറഞ്ഞു: നിങ്ങൾ അവനെയും കൊണ്ട് പോകുന്നത് എന്നെ അസ്വസ്ഥനാക്കുകതന്നെ ചെയ്യും, നിങ്ങൾ അവനെത്തൊട്ട് അശ്രദ്ധരായിരിക്കെ അവനെ ചെന്നായ തിന്നേക്കുമോ എന്ന് ഞാൻ ഭയപ്പെടുകയും ചെയ്യുന്നു.

14. അവർ പറഞ്ഞു: ഞങ്ങൾ ഒരു സംഘമുണ്ടായിരിക്കെ, അവനെ ചെന്നായ തിന്നുകയാണെങ്കിൽ അപ്പോൾ നിശ്ചയം ഞങ്ങൾ എല്ലാം നഷ്ടപ്പെട്ടവർ തന്നെയായിരിക്കുമല്ലോ!

സൂക്തത്തിൽ 'നിശ്ചയം ഞങ്ങൾ എല്ലാം നഷ്ടപ്പെട്ടവർ തന്നെയായിരിക്കുമല്ലോ' എന്നാണ് അർത്ഥം കൊടുത്തതെങ്കിലും ആശയം 'പിന്നെ ഞങ്ങൾ ഒന്നിനും കൊള്ളരുതാത്തവരായിരിക്കുമല്ലോ' എന്നാണ്.

15. അങ്ങനെ അവനെയും കൊണ്ട് അവർ പോവുകയും അവർ ഒരുമിച്ചുകൂടി അവനെ ഒരു വെള്ളക്കുഴിയുടെ അഗാധതയിലേക്ക് തള്ളുവാൻ തീരുമാനിക്കുകയും ചെയ്തപ്പോൾ നാം അവനിലേക്ക് ദിവ്യസന്ദേശം നൽകി, അവർ തിരിച്ചറിയാത്ത ഒരു അവസ്ഥയിൽ ഇക്കാര്യത്തെക്കുറിച്ച് നീ അവരോട് വിവരം പറയുകതന്നെ ചെയ്യുന്നതാണ്.

16. അവർ അവരുടെ പിതാവിന്റെ അടുത്ത് ഇശാഅ് സമയത്ത് കരഞ്ഞുകൊണ്ട് വരികയും ചെയ്തു.

17. അവർ പറഞ്ഞു: ഓ ഞങ്ങളുടെ പിതാവേ, നിശ്ചയം ഞങ്ങൾ യൂസുഫിനെ ഞങ്ങളുടെ സാധനങ്ങൾക്ക് അരികിൽ നിർത്തിക്കൊണ്ട് ഓട്ടപ്പന്തയത്തിൽ ഏർപ്പെട്ടവരായിരുന്നു, അപ്പോൾ ചെന്നായ അവനെ തിന്നു, ഞങ്ങൾ സത്യം പറയുന്നവരാണെങ്കിലും താങ്കൾ ഞങ്ങളിൽ വിശ്വസിക്കുകയില്ലല്ലോ!

അതായത് ഞങ്ങൾ പറയുന്നത് സത്യമല്ല, ഇനി സത്യം തന്നെ പറയുകയാണെങ്കിലും താങ്കൾക്ക് ഞങ്ങളെ വിശ്വാസമില്ലല്ലോ!

18. അവന്റെ കുപ്പായത്തിന്മേൽ വ്യാജരക്തം പുരട്ടിക്കൊണ്ട് അവർ കൊണ്ടുവന്നിട്ടുണ്ടായിരുന്നു; അവൻ പറഞ്ഞു: അല്ല, നിങ്ങൾക്ക് നിങ്ങളുടെ മനസ്സ് ഒരു കടുംകൈ ചെയ്യാൻ തോന്നിപ്പിച്ചതാകുന്നു, അപ്പോൾ ഭംഗിയായി ക്ഷമിക്കുകതന്നെ! നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്നതിന്റെ മേൽ അല്ലാഹുവിനോട് ഞാൻ സഹായം തേടുകയും ചെയ്യുന്നു.

ആകാശഭൂമികളിൽ നടക്കുന്ന എല്ലാം തന്നെ അല്ലാഹു നേരത്തെ നിശ്ചയിച്ചതാണ് എന്നും വിപത്തുകൾ വരുമ്പോൾ അവൻ എല്ലാം കാണുന്നുണ്ട് എന്നുമുള്ള ബോധത്തിൽ വെപ്രാളമോ ആവലാതിയോ ഇല്ലാതെ ശാന്തമനസ്സോടെയും ക്ഷമയോടെയും നേരിടുന്നതിനെയാണ് 'ഭംഗിയായി ക്ഷമിക്കുക' എന്നുപറയുന്നത്. 2: 153–157; 5: 94; 9: 51 വിശദീകരണം നോക്കുക.

19. ഒരു യാത്രാസംഘം അതുവഴി വരികയും അങ്ങനെ അവരുടെ വെള്ളം കോരിയെ വെള്ളം കൊണ്ടുവരാൻ അയക്കുകയും ചെയ്തു, അങ്ങനെ അവൻ തൊട്ടികിണറ്റിലിറക്കിയപ്പോൾ സന്തോഷത്തോടെ വിളിച്ചുപറഞ്ഞു: ഹായ്, ഇതാ ഇവിടെ ഒരു ബാലൻ! അവർ അവനെ ഒരു കച്ചവടച്ചരക്കാക്കി രഹസ്യമാക്കിവെച്ചു, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെക്കുറിച്ച് ശരിക്കും അല്ലാഹു അറിയുന്നവനുമാകുന്നു.

20. എണ്ണപ്പെട്ട ഏതാനും തുച്ഛമായ ദിർഹമുകൾ വിലയാക്കി അവർ അവനെ വിൽക്കുകയും ചെയ്തു, അവർക്ക് അവന്റെ കാര്യത്തിൽ അധികം പ്രതീക്ഷിക്കാമായിരുന്നു.

അതായത് അസാധാരണമായി അങ്ങനെ ഒരു കുട്ടിയെ കണ്ടെടുത്തപ്പോൾ അവർ ആ കുട്ടിയെക്കുറിച്ച് ഒന്നും അന്വേഷിക്കാതെ കിട്ടിയ വിലക്ക് വിൽക്കുകയാണുണ്ടായത്. അവന്റെ കാര്യത്തിൽ അധികം വില ആവശ്യപ്പെട്ടിരുന്നുവെങ്കിൽ അവർക്ക് അത് ലഭിക്കുമായിരുന്നു. 6: 25–26 വിശദീകരണം നോക്കുക.

21. ഈജിപ്തിൽ അവനെ വാങ്ങിയ ആൾ തന്റെ പത്നിയോട് പറയുകയുമുണ്ടായി: ഇവനെ നീ എനിക്കുവേണ്ടി നന്നായി പരിപാലിക്കണം, ഇവൻ നമുക്ക് പ്രയോജനപ്പെട്ടേക്കാം, അല്ലെങ്കിൽ ഇവനെ നമുക്ക് മകനായി ദത്തെടുക്കുകയും ചെയ്യാം; അപ്രകാരം ഭൂമിയിൽ യൂസുഫിനെ നാം താമസിപ്പിച്ചു, കാര്യങ്ങളുടെ യഥാർത്ഥ വ്യാഖ്യാനങ്ങളിൽ നിന്ന് അവനെ നാം പഠിപ്പിക്കുന്നതിനുവേണ്ടി, അല്ലാഹു തന്റെകാര്യം ശരിക്കും വിജയകരമായി നടപ്പിലാക്കുകതന്നെ ചെയ്യും, എന്നാൽ ജനങ്ങളിൽ അധികപേരും അറിവില്ലാത്തവർ തന്നെയാകുന്നു.

6: 59; 10: 61; 28: 57 വിശദീകരണം നോക്കുക.

22. അവന് യൗവ്വനം പ്രാപിച്ചപ്പോൾ നാം അവന് 'യുക്തിയും അറിവും' പ്രദാനം ചെയ്തു, അപ്രകാരമാണ് അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്ക് നാം പ്രതിഫലം നൽകുക.

പ്രവാചകത്വം നൽകുന്നതിന് ഗ്രന്ഥത്തിൽ സാധാരണയായി *ഹിക്മത്ത്* നൽകുക എന്നാണ് പറയുന്നതെങ്കിൽ ഈ സൂക്തത്തിൽ യുക്തിയും അറിവും എന്നാണ് പറഞ്ഞത്. ഇന്ന് അത് കൊണ്ട് ഉദ്ദേശിക്കുന്നത് അദ്ദിക്ർ തന്നെയാണ്. 'അപ്രകാരമാണ് അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്ക് നാം പ്രതിഫലം നൽകുക' എന്ന് പറഞ്ഞതിൽ

നിന്നും പ്രവാചകന്മാർക്ക് മാത്രമല്ല, അദ്ദിക്റിൽ നിന്ന് നാഥനെ കണ്ടുകൊണ്ട് ചരിക്കുന്ന എക്കാലത്തുമുള്ള വിശ്വാസികൾക്കും *ഹിക്മത്തും മൗഇളത്തും* നൽകുമെന്നാണ്. ഇത്തരം സൂക്തങ്ങൾ വായിക്കുന്ന ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവരോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 58–59 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 6: 84; 10: 7–8, 26; 11: 115, 120 വിശദീകരണം നോക്കുക.

23. ഏതൊരു വീട്ടിലാണോ അവൻ താമസിച്ചിരുന്നത്, ആ വീട്ടുകാരി അവനെ വശീകരിച്ച് പാട്ടിലാക്കാൻ ശ്രമിക്കുകയായി, വാതിലുകൾ കൊട്ടിയടക്കപ്പെടുകയും അവൾ പറയുകയും ചെയ്തു: നീ ഇങ്ങോട്ടുവരൂ! അവൻ പറഞ്ഞു: അല്ലാഹുവിൽ ശരണം, നിശ്ചയം അവൻ –എന്റെ നാഥൻ എനിക്ക് ഏറ്റവും നല്ല പാർപ്പിടം നൽകിയിരിക്കുന്നു, നിശ്ചയം അവൻ അക്രമികളെ ഒരിക്കലും വിജയിപ്പിക്കുകയില്ല.

2: 119, 147; 10: 108; 39: 69, 75 തുടങ്ങി 256 സൂക്തങ്ങളിൽ സത്യം എന്ന് പേരുപറഞ്ഞിട്ടുള്ള അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി സത്യമായ അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർ മാത്രമേ വിശ്വാസിയാവുകയുള്ളൂ. കൂടാതെ വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ എന്ന ഗ്രന്ഥം ലോകർക്ക് എത്തിച്ചുകൊടുക്കുകയും വേണം. ഗ്രന്ഥം ലഭിച്ചവരിൽ നിന്ന് ഇങ്ങനെ ചെയ്യാത്ത സ്ത്രീ പുരുഷന്മാരെല്ലാം തന്നെ 35: 32 ൽ പറഞ്ഞ പ്രകാരം തന്റെ ആത്മാവിനോട് അക്രമം കാണിക്കുന്നവരും 38: 24 ൽ പറഞ്ഞ പ്രകാരം പരസ്ത്രീ പരപുരുഷ ബന്ധത്തിനുവേണ്ടി ആഗ്രഹിക്കുന്നവരുമാണ്. 2: 254; 6: 21, 28; 7: 38–40; 10: 17 വിശദീകരണം നോക്കുക.

24. നിശ്ചയം അവൾ അവനെ പാട്ടിലാക്കാൻ ഉദ്യമിക്കുകയുണ്ടായി, തന്റെ നാഥന്റെ തെളിവ് കണ്ടിട്ടില്ലായിരുന്നുവെങ്കിൽ അവൻ അവളെയും പാട്ടിലാക്കാൻ ഉദ്യമിക്കുമായിരുന്നു,–അപ്രകാരം അവനെത്തൊട്ട് നാം ദുഷിച്ചതും മ്ലേച്ഛവുമായ പ്രവൃത്തികൾ തിരിച്ചുവിടുകതന്നെ ചെയ്തു, നിശ്ചയം അവൻ നമ്മുടെ തെരഞ്ഞെടുക്കപ്പെട്ട –നിഷ്കളങ്കരായ– ദാസൻമാരിൽ പെട്ടവൻ തന്നെയായിരുന്നു.

'തെളിവ്' കൊണ്ടുദ്ദേശിക്കുന്നത് 12: 22 ൽ പറഞ്ഞ യുക്തിയും ജ്ഞാനവുമായ അദ്ദിക്ർ തന്നെയാണ്. 4: 174 ൽ, മനുഷ്യരേ! നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽ നിന്നുള്ള തെളിവും പ്രകാശവും വന്നുകിട്ടിയിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. യൂസുഫ് നബിക്ക് അഭിമുഖീകരിക്കേണ്ടിവന്ന ഈ സംഭവത്തിലൂടെ യഥാർത്ഥത്തിൽ അദ്ദേഹത്തെ അല്ലാഹു പരീക്ഷിക്കുകയായിരുന്നു. തെറ്റുചെയ്യാൻ അവസരമുണ്ടായിട്ട് അല്ലാഹുവിനെ കണ്ടുകൊണ്ട് തെറ്റുചെയ്യാത്തവരാണ് സൂക്ഷ്മാലുക്കൾ. അഥവാ എപ്പോഴും അല്ലാഹ് എന്ന സ്മരണയോടുകൂടി അല്ലാഹുവിനെ മാത്രം സേവിക്കുന്ന അവന്റെ പ്രതിനിധികളാണ് അവർ. 15: 39–40; 38: 82–83 എന്നീ സൂക്തങ്ങളിൽ, മനുഷ്യരിൽ നിന്ന് നിന്റെ പ്രത്യേകക്കാരായ അടിമകളല്ലാത്തവരെ മുഴുവൻ ഞാൻ ലക്ഷ്യബോധം നഷ്ടപ്പെടുത്തി പാട്ടിലാക്കുകതന്നെ ചെയ്യുമെന്ന് പിശാച് അല്ലാഹുവിനോട് പറഞ്ഞ സന്ദർഭം വിവരിച്ചിട്ടുണ്ട്. അപ്പോൾ അല്ലാഹുവിന്റെ പ്രതിനിധികളായി ജീവിക്കുന്ന, എല്ലായ്പ്പോഴും 'അല്ലാഹ്' എന്നുള്ള സ്മരണയോടുകൂടി നാഥനെ കണ്ടുകൊണ്ട് ചരിക്കുന്നവരെ പിശാച് പാട്ടിലാക്കുകയില്ല. അദ്ദിക്റും അല്ലാഹുവും ഒന്നാണെന്നിരിക്കെ ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്നവരാണ് *മുഹ്സിനീങ്ങൾ.* അവർ തന്നെയാണ് നേരെച്ചൊവ്വെയുള്ള പാതയിലുള്ള

വരും. 19: 51 ൽ, നിശ്ചയം മൂസാ അല്ലാഹുവിന്റെ പ്രത്യേകക്കാരനായ അടിമയും പ്രവാചകനായ നബിയുമായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 2: 139; 4: 118; 11: 118–119 വിശദീകരണം നോക്കുക.

25. അവർ രണ്ടുപേരും മുന്നിലും പിന്നിലുമായി വാതിൽക്കലേക്ക് ഓടുകയും അവൾ പിന്നിൽ നിന്ന് അവന്റെ കുപ്പായം പിടിച്ചുകീറുകയും ചെയ്തു, അവർ ഇരുവരും വാതിൽക്കൽ അവളുടെ ഭർത്താവിനെ കണ്ടുമുട്ടുകയും ചെയ്തു; അവൾ ചോദിച്ചു: താങ്കളുടെ വീട്ടുകാരിയുടെ നേരെ ദുഷ്കർമ്മത്തിന് മുതിർന്ന ഇവനുള്ള പ്രതിഫലമെന്താണ്? ജയിലിലടക്കപ്പെടുകയോ അല്ലെങ്കിൽ വേദനാജനകമായ ശിക്ഷ നൽകുകയോ അല്ലാതെ?

26. അവൻ പറഞ്ഞു: അവളാണ് എന്നെ വശീകരിച്ച് പാട്ടിലാക്കാൻ ശ്രമിച്ചത്, ആ സ്ത്രീയുടെ ബന്ധുക്കളിൽ നിന്നുള്ള ഒരു സാക്ഷി സാക്ഷ്യം വഹിച്ച് ഇങ്ങനെ പറയുകയും ചെയ്തു: അവന്റെ കുപ്പായം മുൻവശത്താണ് കീറിയിട്ടുള്ളതെങ്കിൽ അപ്പോൾ അവൾ സത്യവതിയാകുന്നു, അവൻ കള്ളം പറയുന്നവരിൽ പെട്ടവനുമാകുന്നു.

27. ഇനി അവന്റെ കുപ്പായം പിൻവശമാണ് കീറിയിട്ടുള്ളതെങ്കിൽ അപ്പോൾ അവൾ പറഞ്ഞത് കളവാണ്, അവൻ സത്യസന്ധൻമാരിൽ പെട്ടവനുമാണ്.

28. അങ്ങനെ അവർ അവന്റെ കുപ്പായം പിൻവശം കീറിയതായി കണ്ടപ്പോൾ, അവൻ –ഭർത്താവ്– പറഞ്ഞു: നിശ്ചയം ഇത് നിങ്ങളുടെ കുതന്ത്രങ്ങളിൽ പെട്ടതാകുന്നു, നിശ്ചയം നിങ്ങളുടെ കുതന്ത്രം ഭയങ്കരം തന്നെ!

29. യൂസുഫ്, നീ ഇതിനെത്തൊട്ട് അവഗണിക്കുക; ഓ പെണ്ണേ! നീ നിന്റെ തെറ്റിന് പൊറുക്കലിനെത്തേടുക, നിശ്ചയം നീ തെറ്റുകാരിൽ പെട്ടവൾ തന്നെയാണ്.

കുപ്പായം മുൻവശമാണ് കീറിയിരുന്നതെങ്കിൽ അക്രമത്തിന് ഒരുമ്പെട്ടത് യൂസുഫാണെന്നും സ്ത്രീ രക്ഷപ്പെടാൻ പിന്നോട്ട് മാറിയപ്പോൾ കീറിയതാണ് എന്നതിന് വ്യക്തമായ തെളിവാകുമായിരുന്നു അത്. എന്നാൽ യൂസുഫിന്റെ കുപ്പായം പിന്നിലാണ് കീറിയിരിക്കുന്നത് എന്നതിനാൽ സ്ത്രീ അദ്ദേഹത്തിന്റെ പിന്നിൽ കൂടിയതാണെന്നും, പുറകിൽ നിന്ന് വലിച്ചതാണെന്നും യൂസുഫ് അവളിൽ നിന്ന് ഓടിരക്ഷപ്പെടാൻ ശ്രമിച്ചതാണെന്നും അത് വ്യക്തമാക്കുകയുണ്ടായി.

എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള, നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് രൂപപ്പെട്ടിരിക്കെ 17: 13–14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാഓരോ മനുഷ്യന്റെയും പ്രവർത്തനങ്ങളും ചിന്തകളുമെല്ലാം അവനവന്റെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖയിൽ റിക്കാർഡ് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട് എന്ന ബോധത്തിൽ ജീവിക്കുമ്പോൾ മാത്രമേ ഇത്തരം പൈശാചികവൃത്തികൾക്ക് ആഗ്രഹമുണ്ടാകാതിരിക്കുകയുള്ളൂ. അവർ മാത്രമാണ് ബുദ്ധിമാന്മാർ എന്ന് 3: 190–191; 39: 17–19 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 9: 51; 10: 61; 11: 108 വിശദീകരണം നോക്കുക.

30. പട്ടണത്തിലെ സ്ത്രീകൾ പറയാൻ തുടങ്ങി: പ്രഭുവിന്റെ ഭാര്യ തന്റെ യുവാവായ ഭൃത്യനെ വശീകരിക്കാൻ ശ്രമിച്ചിരിക്കുന്നു, അവനോടുള്ള അനുരാഗം അവളുടെ സമനില തെറ്റിച്ചിരിക്കുന്നു, നിശ്ചയം ഞങ്ങൾ അവളെ വ്യക്തമായ വഴികേടിലായിട്ടുതന്നെയാണ് കാണുന്നത്.

31. അവരുടെ ഗൂഢാലോചനയെക്കുറിച്ച് അവൾ കേട്ടപ്പോൾ അവൾ അവരിലേക്ക് ആളെ അയച്ചു, അവൾ അവർക്കുവേണ്ടി ചാരുമഞ്ചങ്ങൾ ഒരുക്കി, അവരിൽ ഓരോരുത്തർക്കും അവൾ -പഴങ്ങൾ നുറുക്കുന്നതിനുവേണ്ടി- ഓരോ കത്തിയും നൽകി, എന്നിട്ട് യൂസുഫിനോട് അവൾ പറഞ്ഞു: നീ അവരുടെ മുന്നിലേക്ക് ചെല്ലുക, അങ്ങനെ അവർ അവനെ കണ്ടപ്പോൾ അന്തം വിട്ട് അവരുടെ കൈകൾ മുറിച്ചുപോയി, അവർ പറയുകയും ചെയ്തു: അല്ലാഹുവിൽ അഭയം! ഇതൊരു മനുഷ്യനല്ലതന്നെ, നിശ്ചയം ഇത് ഒരു മാന്യനായ മലക്ക് അല്ലാതെ മറ്റാരുമല്ല.

32. അവൾ പറഞ്ഞു: ഏതൊരുവന്റെ കാര്യത്തിലാണോ എന്നെ നിങ്ങൾ നാശത്തിലകപ്പെട്ടവളായി ആരോപിച്ചുകൊണ്ടിരിക്കുന്നത് അവനാണിത്, നിശ്ചയം ഞാൻ അവനെ വശപ്പെടുത്താൻ ശ്രമിക്കുകതന്നെ ചെയ്തിട്ടുണ്ട്, എന്നാൽ അവൻ വഴങ്ങിയില്ല, ഞാൻ അവനോട് കൽപിക്കും പ്രകാരം അവൻ പ്രവർത്തിക്കുന്നില്ലെങ്കിൽ തീർച്ചയായും അവൻ ജയിലിലടക്കപ്പെടുകയും ഇകഴ്ത്തപ്പെട്ടവരിൽ പെട്ടുപോവുകയും ചെയ്യും.

33. അവൻ പറഞ്ഞു: എന്റെ നാഥാ, ഇവർ എന്തിലേക്കാണോ എന്നെ വിളിച്ചുകൊണ്ടിരിക്കുന്നത്, അതിനേക്കാൾ എനിക്കിഷ്ടം ജയിൽ തന്നെയാണ്, അവരുടെ കുതന്ത്രങ്ങൾ എന്നെത്തൊട്ട് നീ പിന്തിരിപ്പിച്ചില്ലെങ്കിൽ ഞാൻ അവരുടെ കെണിയിൽ കുടുങ്ങിപ്പോവുകയും ഞാൻ അവിവേകികളിൽ പെട്ടുപോവുകയും ചെയ്യുമല്ലോ!

34. അപ്പോൾ അവന്റെ നാഥൻ അവന് ഉത്തരം നൽകി, അവരുടെ കുതന്ത്രങ്ങൾ അവനെത്തൊട്ട് തിരിച്ചുവിട്ടു, നിശ്ചയം അവൻ എല്ലാം കേൾക്കുന്ന സർവ്വജ്ഞാനി തന്നെയാകുന്നു.

35. പിന്നെ അവന്റെ കാര്യത്തിൽ ദൃഷ്ടാന്തങ്ങൾ കണ്ടശേഷവും അവനെ ഒരു അവധിവരെ ജയിലിൽ പാർപ്പിക്കുകതന്നെ വേണമെന്ന് അവർ തീരുമാനിച്ചു.

കുറ്റങ്ങളൊന്നും ആരോപിക്കാനില്ലാതിരുന്നിട്ടും ആരും ചോദ്യം ചെയ്യാനില്ലല്ലോ എന്നുകരുതി യൂസുഫിനെ ജയിലിലടക്കാൻ തീരുമാനിച്ചത്, നീതിയും ന്യായവും ആ സമൂഹത്തിൽ നിലനിന്നിരുന്നില്ലെന്നതിനുള്ള വ്യക്തമായ തെളിവാണ്. അവരുടെ സ്ത്രീകളെ നിലക്കുനിർത്താൻ ശ്രമിക്കുന്നതിനേക്കാൾ തൽക്കാലം ഈ നിരപരാധിയെ ജയിലിലടക്കുകയാണ് സൗകര്യപ്രദമെന്ന് മനസ്സിലാക്കിയ അവർ കാട്ടുനീതിയാണ് നടപ്പിലാക്കിയത്. എല്ലാം പതിയിരുന്ന് വീക്ഷിക്കുന്ന, ഹൃദയങ്ങളുടെ അവസ്ഥയറിയുന്ന അല്ലാഹുവിനെക്കൊണ്ടും അവരുടെ കേൾവികളും കാഴ്ചകളും തൊലികളും നാവുകളും കൈകാലുകളും ഭൂമിതന്നെയും അവർക്കെതിരിൽ സാക്ഷ്യം വഹിക്കുന്ന വിധിദിവസത്തെക്കൊണ്ടും വിശ്വസിക്കാത്ത ഒരു ജനതയിൽ നിന്ന് വിശ്വാസികൾക്ക് ഇത്തരം അനീതി മാത്രമാണ് എന്നും എവിടെയും ലഭിക്കുക. ഇക്കാര്യം മനസ്സിലാക്കി സ്രഷ്ടാവിനെയും വിധിദിവസത്തെയും പരിചയപ്പെടുത്താൻ വേണ്ടി ത്രികാലജ്ഞാനമായ അദ്ദിക്ർ മൊത്തം മനുഷ്യർക്ക് എത്തിച്ചുകൊടുക്കുക എന്നത് നാഥന്റെ പ്രതിനിധിയായ വിശ്വാസിയുടെ കടമയാണ്. എന്നാൽ മാത്രമേ അല്ലാഹുവും ഗ്രന്ഥവും അവനെ എല്ലാവിധ ആപത്തു-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും സംരക്ഷിക്കുകയുള്ളു. 5: 67; 10: 108; 11: 123 വിശദീകരണം നോക്കുക.

36. ജയിലിൽ അവനോടൊപ്പം വേറെ രണ്ട് യുവാക്കൾകൂടി പ്രവേശിച്ചു, അവരിൽ ഒരാൾ പറഞ്ഞു: നിശ്ചയം ഞാൻ മദ്യം പിഴിഞ്ഞുകൊടുക്കുന്നതായി സ്വപ്നം കാണുന്നു; മറ്റവൻ പറഞ്ഞു: നിശ്ചയം ഞാൻ എന്റെ തലയിൽ റൊട്ടി ചുമക്കുന്നതായും പക്ഷികൾ അതിൽ നിന്ന് കൊത്തിത്തിന്നുന്നതായും സ്വപ്നം കാണുന്നു, ഞങ്ങൾക്ക് ഇതിന്റെ വ്യാഖ്യാനം വിവരിച്ചുതന്നാലും! നിശ്ചയം നിന്നെ ഞങ്ങൾ കാണുന്നത് സുകൃതവാൻമാരിൽ പെട്ടവനായിട്ടാണ്.

യൂസുഫ് നബിയുടെ കൂടെ ജയിലിൽ പ്രവേശിച്ച ഈ രണ്ട് കൂട്ടുകാരെപ്പറ്റി ബൈബിളിൽ പറഞ്ഞിട്ടുള്ളത്, അവരിൽ ഒരാൾ രാജാവിന് മദ്യം വിളമ്പുന്നവരുടെ തലവനായിരുന്നുവെന്നും, മറ്റവൻ രാജാവിന് റൊട്ടിയുണ്ടാക്കുന്നവരുടെ മേലാളനായിരുന്നു എന്നുമാണ്. ഒരു സദ്യയുടെ സന്ദർഭത്തിൽ അവനുണ്ടാക്കിയ റൊട്ടി മോശമായിപ്പോയതും, മറ്റവൻ മദ്യം വിളമ്പിയ പാത്രത്തിൽ ഒരു ഈച്ച കാണപ്പെട്ടതുമായിരുന്നു ഇവർക്ക് ജയിൽ ശിക്ഷ വിധിക്കപ്പെടാൻ കാരണമായി പറഞ്ഞിട്ടുള്ളത്. നിശ്ചയം നിന്നെ ഞങ്ങൾ സുകൃതവാനായിട്ടാണ് കാണുന്നത് എന്ന് പറഞ്ഞതിന്റെ വിവക്ഷ യൂസുഫ് ജയിലിൽ മറ്റുള്ളവരാൽ വളരെ നല്ലവനായിട്ടാണ് വിലയിരുത്തപ്പെട്ടിരുന്നത് എന്നാണ്. അവൻ കുറ്റവാളിയല്ലെന്നും മറിച്ച് വളരെ സദ്വൃത്തനായ ഒരാളാണെന്നും ജയിലിനകത്തും പുറത്തുമുള്ള എല്ലാവർക്കും അറിയാമായിരുന്നു. ആ നാട്ടിൽ അവനോളം സദ്വൃത്തനായ ഒരാൾ മതനേതാക്കൾക്കിടയിൽ പോലും ഉണ്ടായിരുന്നില്ല. ബൈബിളിൽ പറയുന്നത് ഇങ്ങനെയാണ്: തടവറ സൂക്ഷിപ്പുകാരൻ 'അവിടെയുള്ള എല്ലാ തടവുകാരെയും യോസേഫിന്റെ മേൽനോട്ടത്തിൽ വിട്ടുകൊടുത്തു. അവിടെ നടന്നതിനെല്ലാം അയാളായിരുന്നു നടത്തിപ്പുകാരൻ. കർത്താവ് യോസേഫിനോട് കൂടെയുണ്ടായിരുന്നതിനാൽ യോസേഫിനെ ഭരമേൽപിച്ച ഒരുകാര്യത്തിലും തടവറ സൂക്ഷിപ്പുകാരൻ ശ്രദ്ധിക്കേണ്ടിയിരുന്നില്ല. യോസേഫിന്റെ പ്രവൃത്തികൾ എല്ലാം ദൈവം വിജയകരമാക്കി'(ഉൽപത്തി, 39: 22, 23). 12: 22 വിശദീകരണം നോക്കുക.

37. അവൻ പറഞ്ഞു: നിങ്ങളെ രണ്ട് പേരെയും ഭക്ഷിപ്പിക്കാനുള്ള ഭക്ഷണം നിങ്ങൾക്ക് എത്തുകയില്ല –അത് നിങ്ങൾക്ക് രണ്ടുപേർക്കും കൊണ്ടുവരുന്നതിന് മുമ്പായി ഞാൻ നിങ്ങൾക്ക് ഇരുവർക്കും അതിന്റെ വ്യാഖ്യാനം പറഞ്ഞുതന്നിട്ടല്ലാതെ; അതാകട്ടെ, എന്റെ നാഥൻ എന്നെ പഠിപ്പിച്ചതിൽ പെട്ടതുമാകുന്നു; നിശ്ചയം, ഞാൻ അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കാതിരിക്കുകയും പരലോകം കൊണ്ട് നിഷേധിക്കുന്നവരുമായ ഒരു ജനത്തിന്റെ ജീവിതചര്യ ഉപേക്ഷിച്ചവൻ തന്നെയാകുന്നു.

സ്വർഗത്തിലേക്കുള്ള 'ആയിരത്തിൽ ഒന്നിന്റെ' ചര്യയാണ് വിശ്വാസികൾ പിൻപറ്റുക. അത് നരകത്തിലേക്കുള്ള 'തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പതിന്റെ' ചര്യയിൽ നിന്ന് എല്ലാം കൊണ്ടും വ്യത്യസ്ഥമായിരിക്കും. 'ഞങ്ങൾ നിന്നെമാത്രം സേവിക്കുന്നു, അതിന് ഞങ്ങൾ നിന്നോട് മാത്രം സഹായം തേടുകയും ചെയ്യുന്നു' എന്ന 1: 4 വായിക്കുമ്പോൾ ഞങ്ങളെ നീ 'സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നാക്കണേ' എന്നും; 'കോപിക്കപ്പെട്ടവരുടെയും വഴിപിഴച്ചവരുടെയും മാർഗത്തിലല്ല' എന്ന 1: 7 വായിക്കുമ്പോൾ 'തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതി'ൽ പെട്ട കപടവിശ്വാസികളിലും അവരെ പിൻപറ്റി വഴിപിഴച്ചവരിലും ഉൾപ്പെടുത്തരുതേ എന്നുമായിരിക്കണം വിശ്വാസികൾ മനസ്സിൽ കരുതേണ്ടത്.

പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്ത

വർ തുടങ്ങിയ ജനവിഭാഗങ്ങൾ ഏകദൈവത്തെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർമങ്ങൾ ചെയ്യുകയാണെങ്കിൽ അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. എന്നാൽ 35: 32 ൽ പറഞ്ഞ പ്രകാരം നാഥന്റെ ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയിൽ നിന്നുള്ള ഏതൊരാളും അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാവുകയും സൽക്കർമം ചെയ്യുകയുമാണെങ്കിൽ മാത്രമേ അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരാതിരിക്കുകയുള്ളൂ. 2: 62, 165–167; 10: 99–100; 11: 18–19 വിശദീകരണം നോക്കുക.

38. ഞാൻ പിൻപറ്റുന്നത് എന്റെ പിതാമഹൻമാരായ ഇബ്റാഹീമിന്റെയും ഇസ്ഹാഖിന്റെയും യഅ്ഖൂബിന്റെയും ചര്യയാകുന്നു, അല്ലാഹുവിനെക്കൊണ്ട് യാതൊന്നിനെയും പങ്കുചേർക്കൽ ഞങ്ങൾക്ക് യോജിച്ചതല്ലതന്നെ, അത് ഞങ്ങളുടെ മേലിലും മനുഷ്യരുടെ മേലിലും അല്ലാഹുവിന്റെ ഔദാര്യമാകുന്നു, പക്ഷേ ജനങ്ങളിൽ അധികപേരും നന്ദി പ്രകടിപ്പിക്കാത്തവരാകുന്നു.

എല്ലാ പ്രവാചകൻമാരെയും പോലെ യൂസുഫ് നബിയും പ്രപഞ്ചനാഥനായ അല്ലാഹുവിനെ ഏകഇലാഹായി പരിചയപ്പെടുത്തുകയാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ യാതൊന്നിനെയും പങ്കുചേർക്കാതെ എല്ലാം അല്ലാഹുവിന് സമർപ്പിച്ചുകൊണ്ട് അവന്റെ പ്രതിനിധികളായി ജീവിക്കുന്നവരാണ് വിശ്വാസികൾ. 'അത് ഞങ്ങളുടെ മേലിലും മനുഷ്യരുടെ മേലിലും അല്ലാഹുവിന്റെ ഔദാര്യമാകുന്നു' എന്ന് പറഞ്ഞതിന്റെ വിവക്ഷ; അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ ആരെയും പങ്കുചേർക്കാതെയുള്ള ജീവിതമാണ് സൃഷ്ടികൾക്ക് സർവ്വസ്രഷ്ടാവ് തൃപ്തിപ്പെട്ടിട്ടുള്ളത് എന്നാണ്. ത്രികാലജ്ഞാനിയിൽ നിന്നുള്ള അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ, നാഥന്റെ സമ്മതപത്രമായ അതിനെ സത്യപ്പെടുത്താതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് 10: 100 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ 'ജനങ്ങളിൽ അധികപേരും നന്ദിപ്രകടിപ്പിക്കാത്തവരാകുന്നു' എന്ന് അല്ലാഹുതന്നെ പറഞ്ഞതിന്റെ വിവക്ഷ; നിശ്ചയം നിന്റെ നാഥന്റെ കാരുണ്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിച്ചവരൊഴികെയുള്ള മുഴുവൻ ജിന്നുകളെക്കൊണ്ടും മനുഷ്യരെക്കൊണ്ടും നരകക്കുണ്ഠം കുത്തിനിറക്കുകതന്നെ ചെയ്യുമെന്ന നിന്റെ നാഥന്റെ വചനം പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു എന്ന് 11: 119 ൽ പറഞ്ഞത് തന്നെയാണ്.

313 പ്രവാചകന്മാരിലൂടെ അവതരിപ്പിക്കപ്പെട്ടത് അദ്ദിക്ർ തന്നെയാണ്. അതിനെ സത്യപ്പെടുത്തി ജീവിക്കാത്ത അതാത് പ്രവാചകന്മാരുടെ ജനതയിൽ നിന്നുള്ള ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് പേരും 4: 118 ൽ വിവരിച്ച പ്രകാരം പിശാചിനെ പിൻപറ്റുന്നവരും നരകക്കുണ്ഠത്തിലേക്കുള്ളവരുമാണ്. ഇന്ന് ലോകത്തുള്ള മനുഷ്യരിൽ 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ 56: 82 ൽ പറഞ്ഞ പ്രകാരം തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള 25: 18 ൽ പറഞ്ഞ കെട്ടജനതയാണ് 25: 34 ൽ പറഞ്ഞ പ്രകാരം തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ളവരും ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ളവരും ഏറ്റവും വഴിപിഴച്ചവരും. 2: 152; 8: 2–4; 9: 67–68 വിശദീകരണം നോക്കുക.

39. ഓ ജയിലിൽ എന്റെ കൂട്ടുകാരായിട്ടുള്ളവരേ, വിവിധങ്ങളായ പല ഉടമകളാണോ അതല്ല എല്ലാം അടക്കിഭരിക്കുന്ന ഏകഉടമയായ അല്ലാഹുവാണോ ഉത്തമം?

13: 16; 38: 65; 39: 4 തുടങ്ങിയ സൂക്തങ്ങളെല്ലാം അവസാനിക്കുന്നതും 'അല്ലാഹു എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനാണ്' എന്ന ആശയത്തോടുകൂടിയാണ്. 40: 16 ൽ,

വിധിദിവസം അവരെല്ലാവരും മറയില്ലാതെ പുറത്ത് വരുന്നതാണ്! അവരിൽ നിന്ന് യാതൊന്നും അല്ലാഹുവിന്റെ മേൽ മറഞ്ഞിരിക്കുകയില്ല, അന്നേദിനം ആർക്കാണ് രാജാധികാരം? ഏല്ലാം അടക്കിഭരിക്കുന്ന ഏകാധിപനായ അല്ലാഹുവിന് മാത്രം എന്ന് പറഞ്ഞിട്ടുണ്ട്. *ഓ അത്യുന്നതനായിട്ടുള്ളവനേ, സർവ്വജ്ഞനായിട്ടുള്ളവനേ, സർവ്വവും കേൾക്കുന്നവനേ, സദാ വീക്ഷിക്കുന്നവനേ, ഉള്ളിന്റെ ഉള്ളറിയുന്ന സൂക്ഷ്മജ്ഞാനിയായിട്ടുള്ളവനേ, എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയായിട്ടുള്ളവനേ, നീ പരിശുദ്ധനാകുന്നു. ഓ എല്ലാം അടക്കിഭരിക്കുന്ന ഏകനേ, അഹങ്കരിക്കാൻ അർഹതയുള്ള ഏകനേ, സ്വേച്ഛാധിപനായ ഏകനേ, സർവ്വാധിപനായ ഏകനേ, എല്ലാതരം സൃഷ്ടിപ്പും അറിയുന്നവനേ, നീ പരിശുദ്ധനാകുന്നു* എന്ന് വിശ്വാസികൾ നാഥനെ മഹത്വപ്പെടുത്തുന്നതാണ്. 7: 205–206; 9: 31; 16: 75–76 വിശദീകരണം നോക്കുക.

40. അവനെക്കൂടാതെ നിങ്ങൾ സേവിച്ചുകൊണ്ടിരിക്കുന്നതെല്ലാം തന്നെ നിങ്ങളും നിങ്ങളുടെ പൂർവ്വപിതാക്കൻമാരും വിളിച്ച ചില പേരുകളല്ലാതെ മറ്റൊന്നുമല്ല, അല്ലാഹു അതിന് യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ല, നിശ്ചയം, വിധികൽപിക്കാനുള്ള അധികാരം അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല, അവനെ ഒഴികെ മറ്റാരെയും സേവിക്കരുതെന്ന് അവൻ കൽപിച്ചിരിക്കുന്നു, അതാണ് ഏറ്റവും ചൊവ്വായ ജീവിതരീതി, എന്നാൽ ജനങ്ങളിൽ അധികപേരും അറിവില്ലാത്തവരാകുന്നു.

2: 32; 3: 7, 19; 11: 14 തുടങ്ങി 62 സൂക്തങ്ങളിൽ അദ്ദിക്റിന് ജ്ഞാനം എന്ന പേര് പറഞ്ഞിട്ടുണ്ട്. അതില്ലാതെ മറ്റെന്ത് ജ്ഞാനമുണ്ടായാലും അവർ പ്രപഞ്ചനാഥനെക്കുറിച്ചോ ജീവിതലക്ഷ്യത്തെക്കുറിച്ചോ ഉള്ള യഥാർത്ഥ ജ്ഞാനമില്ലാത്തവർ തന്നെയാണ്. 22: 8; 31: 20 എന്നീ സൂക്തങ്ങളിൽ പറഞ്ഞതുപോലെ അറിവും സന്മാർഗവും പ്രകാശവുമായ അദ്ദിക്ർ അറിയാതെ അല്ലാഹുവിനെക്കുറിച്ച് തർക്കിച്ചുകൊണ്ടിരിക്കുന്നവർ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത് എന്ന് 36: 59–62 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1: 4; 10: 17–18; 11: 109; 28: 57 വിശദീകരണം നോക്കുക.

41. ഓ, ജയിലിൽ എന്റെ കൂട്ടുകാരായിട്ടുള്ളവരേ, അപ്പോൾ നിങ്ങളിൽ ഒരാൾ തന്റെ യജമാനന് മദ്യം കുടിപ്പിക്കുന്നതാണ്; എന്നാൽ മറ്റവനോ, അവൻ ക്രൂശിക്കപ്പെടുന്നതും അവന്റെ തലയിൽ നിന്ന് പക്ഷികൾ കൊത്തിത്തിന്നുന്നതുമാകുന്നു, നിങ്ങൾ രണ്ടുപേരും വിശദീകരണം തേടിയകാര്യം വിധിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

യൂസുഫ് നബിയുടെ 'ജയിലിൽ എന്റെകൂട്ടുകാരേ' എന്ന അഭിസംബോധനം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അഥവാ നിർബന്ധിതാവസ്ഥയിൽ ജയിലിൽ മാത്രമാണ് നാം കൂട്ടുകാരായിട്ടുള്ളത് എന്ന് വിവക്ഷ. വിശ്വാസികൾക്ക് ഇഹലോകത്ത് നിർബന്ധിതാവസ്ഥയിലല്ലാതെ വിശ്വാസികളല്ലാത്തവരുമായി ആത്മാർത്ഥമായ സഹവാസം ഉണ്ടായിരിക്കുന്നതല്ല. അവരുടെ *റബ്ബ്* -യജമാനൻ- ഈജിപ്തിലെ രാജാവും യൂസുഫ് നബിയുടെയും പ്രവാചകന്മാരുടെയും വിശ്വാസികളുടെയും നാഥൻ മനുഷ്യരുടെ ഉടമയും ഇലാഹും രാജാവുമായ അല്ലാഹുവുമാണ്. 4: 144; 7: 54–55, 180; 9: 51 വിശദീകരണം നോക്കുക.

42. അവർ രണ്ടുപേരിൽ രക്ഷപ്പെടുമെന്ന് കരുതിയവനോട് അവൻ പറയുകയും ചെയ്തു: നിന്റെ യജമാനന്റെ അടുക്കൽ എന്നെക്കുറിച്ച് നീ ഓർമ്മിപ്പിക്കണം,

എന്നാൽ അവന്റെ യജമാനനോട് അവനെക്കുറിച്ച് പറയാൻ പിശാച് അവനെ മറപ്പിച്ചുകളഞ്ഞു; അങ്ങനെ ഏതാനും വർഷങ്ങളോളം അവൻ ജയിലിൽ തന്നെ കഴിഞ്ഞു.

3 മുതൽ 9 വർഷം വരെയുള്ള കാലഘട്ടത്തെയാണ് 'ഏതാനും വർഷങ്ങൾ' എന്ന് പറയുന്നത്. എല്ലാ നബിമാർക്കും പിശാചിനെ ശത്രുവാക്കിയിട്ടുണ്ടെന്ന് 6: 112 ലും; അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകളായ ഭ്രാന്തൻമാരിൽ നിന്നുള്ളവരെ എല്ലാ നബിമാർക്കും ശത്രുക്കളാക്കിയിട്ടുണ്ടെന്ന് 25: 31 ലും പറഞ്ഞിട്ടുണ്ട്. 7: 22–27; 18: 63 വിശദീകരണം നോക്കുക.

43. രാജാവ് പറയുകയുണ്ടായി: നിശ്ചയം ഞാൻ സ്വപ്നം കാണുന്നു, ഏഴ് തടിച്ചു കൊഴുത്ത പശുക്കൾ, അവയെ ഏഴ് മെലിഞ്ഞ പശുക്കൾ തിന്നുകൊണ്ടിരിക്കുന്നു, ഏഴ് പച്ചയായ ധാന്യക്കതിരുകളും വേറെ ഏഴ് ഉണങ്ങിയ ധാന്യക്കതിരുകളും; ഓ മുഖ്യൻമാരേ, നിങ്ങൾ എനിക്ക് എന്റെ ഈ സ്വപ്നം വ്യാഖ്യാനിച്ച് തരുവിൻ –നിങ്ങൾ സ്വപ്നം വ്യാഖ്യാനിക്കുന്നവരാണെങ്കിൽ.

44. അവർ പറഞ്ഞു: ഇതൊക്കെ അർത്ഥമില്ലാത്ത പേക്കിനാവുകളാകുന്നു, ഞങ്ങൾ ഇത്തരം കിനാവുകളുടെ വ്യാഖ്യാനങ്ങൾ അറിയുന്നവരല്ലതാനും.

45. ആ രണ്ട് തടവുകാരിൽ നിന്ന് –രക്ഷപ്പെടുകയും കുറേകാലത്തിന് ശേഷം കാര്യം ഓർമ്മിക്കുകയും ചെയ്തവൻ പറഞ്ഞു: ഞാൻ നിങ്ങൾക്ക് അതിന്റെ വ്യാഖ്യാനം പറഞ്ഞുതരാം, അപ്പോൾ എന്നെ നിങ്ങൾ പറഞ്ഞയച്ചാലും.

രാജാവിന്റെ ദർബാറിലുള്ള മുഖ്യന്മാർ സ്വപ്നവ്യാഖ്യാനം അറിയില്ലെന്ന് പറഞ്ഞ് പിൻമാറിയപ്പോൾ മുമ്പ് യൂസുഫ് നബിയുടെ സഹതടവുകാരനായിരുന്ന രക്ഷപ്പെട്ടയാൾക്ക് ജയിലിൽ കഴിയുന്ന യൂസുഫിനെ ഓർമവന്നു. അദ്ദേഹം തന്റെയും കൂട്ടുകാരന്റെയും സ്വപ്നം ശരിയായി വ്യാഖ്യാനിച്ച സംഭവം രാജാവിനോട് വിശദീകരിക്കുകയും, എന്നെ യൂസുഫിന്റെ അടുത്തേക്ക് അയക്കുക, ഞാൻ ഇതിന്റെ വ്യാഖ്യാനം ചോദിച്ചറിഞ്ഞ് വരാമെന്ന് പറയുകയുമാണുണ്ടായത്.

46. യൂസുഫ്, ഓ സത്യസന്ധനായിട്ടുള്ളവനേ! ഞങ്ങൾക്ക് ഈ സ്വപ്നത്തിന്റെ വ്യാഖ്യാനം പറഞ്ഞുതരിക, അതായത് ഏഴ് തടിച്ചുകൊഴുത്ത പശുക്കളെ തിന്നുകൊണ്ടിരിക്കുന്ന ഏഴ് മെലിഞ്ഞ പശുക്കളും, ഏഴ് പച്ചയായ ധാന്യക്കതിരുകളും വേറെ ഏഴ് ഉണങ്ങിയ കതിരുകളും, ഞാൻ ജനങ്ങളിലേക്ക് തിരിച്ചുചെല്ലട്ടെ, കാര്യം അവരെ അറിയിക്കുന്നതിനുവേണ്ടി.

യൂസുഫിന്റെ സത്യസന്ധമായ ജീവിതം അവനെ വളരെയധികം ആകർഷിച്ചിരുന്നു എന്ന് ഈ അഭിസംബോധനത്തിൽ നിന്ന് വ്യക്തമാണ്. കാര്യം അവരെ അറിയിക്കുന്നതിന് വേണ്ടി ഞാൻ ജനങ്ങളിലേക്ക് തിരിച്ചുചെല്ലട്ടെ എന്ന് പറഞ്ഞതിന്റ വിവക്ഷ; എത്ര സുകൃതവാനും സത്യസന്ധനുമായ ഒരാളെയാണ് അവർ കാരണമില്ലാതെ ജയിലിലടച്ചിരിക്കുന്നതെന്ന് ബോധ്യപ്പെട്ട്, അത്തരം അനീതി പ്രവർത്തിക്കുകവഴി നാട്ടിൽ ദുരിതവും ക്ഷാമവും വരുമെന്ന് മനസ്സിലാക്കി അവർ താങ്കളെ മോചിപ്പിക്കാൻ ഇടവരട്ടെ എന്നാണ്. ആർക്കാണോ സത്യമായ അദ്ദിക്ർ വന്നുകിട്ടുകയും അതിനെ സത്യപ്പെടുത്തേണ്ടവിധം സത്യപ്പെടുത്തുകയും ചെയ്തത്, അക്കൂട്ടർ തന്നെയാണ് സൂക്ഷ്മാലുക്കൾ. അവർക്ക് തങ്ങളുടെ നാഥന്റെ പക്കൽ അവർ ഉദ്ദേശിക്കുന്നതെല്ലാമുണ്ട്. അതാണ് നാഥനെ കണ്ടു

കൊണ്ട് ചരിക്കുന്നവർക്കുള്ള പ്രതിഫലം. അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന തിന്മകളെല്ലാം അവരിൽ നിന്ന് അല്ലാഹു നീക്കിക്കളയുകയും അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏറ്റവും നല്ല പ്രവൃത്തിനോക്കി പ്രതിഫലം നൽകപ്പെടുന്നതുമാണ് എന്ന് 39: 33–35 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1: 6; 4: 67–70 വിശദീകരണം നോക്കുക.

47. അവൻ പറഞ്ഞു: ഏഴുവർഷം തുടർച്ചയായി നിങ്ങൾ കൃഷി ചെയ്യുന്നതാണ്, അങ്ങനെ കൊയ്തെടുത്താൽ നിങ്ങൾക്ക് ഭക്ഷിക്കാനുള്ള കുറച്ച് ധാന്യമൊഴിച്ച് ബാക്കി കതിരുകളിൽ തന്നെ അവശേഷിപ്പിക്കുക.

48. പിന്നെ അതിനുശേഷം കടുത്ത ക്ഷാമമുള്ള ഏഴ് വർഷങ്ങൾ വരുന്നതാണ്, അ ന്നേക്കുവേണ്ടി മുൻകൂട്ടി ഒരുക്കിവെച്ചതെല്ലാം തിന്നുതീരും -നിങ്ങൾ പ്രത്യേകം സൂക്ഷിച്ചുവെച്ച കുറച്ചൊഴികെ.

49. പിന്നെ അതിന് ശേഷം നിങ്ങൾക്ക് ക്ഷേമമുള്ള ഒരു വർഷം വരും, അതിൽ ജ നങ്ങൾക്ക് ജലസമൃദ്ധിയും അതിൽ അവർക്ക് ഫലസമൃദ്ധിയുമുണ്ടായിരിക്കും.

ജലസമൃദ്ധിയും ഫലസമൃദ്ധിയുമുണ്ടായിരിക്കും എന്ന് പറഞ്ഞതിന്റെ വിവക്ഷ ധാരാ ളം മഴ ലഭിച്ച് അതുവഴി പലതരം കൃഷികൾ തഴച്ചുവളരുകയും എണ്ണക്കുരുക്കളും കായ്ക നികളും ധാരാളമായി ലഭിക്കുകയും ചെയ്യും എന്നാണ്. നല്ലവണ്ണം മേഞ്ഞുതിന്നാൻ പുല്ല് ലഭിക്കുന്നതിനാൽ കാലികൾ ധാരാളം പാൽ നൽകുന്നതുമാണ്. യൂസുഫ് നബി സ്വപ്ന വ്യാഖ്യാനം വിവരിച്ചുകൊടുക്കുക മാത്രമല്ല, പ്രശ്നത്തിന് പരിഹാരം നിർദ്ദേശിക്കുകകൂടി ചെയ്യുന്നു. അതോടൊപ്പം ക്ഷാമവർഷങ്ങൾക്ക് ശേഷം വരാൻ പോകുന്ന നല്ല നാളുകളെ ക്കുറിച്ചുള്ള സന്തോഷവാർത്തയും അറിയിക്കുന്നു. അത് രാജാവിന്റെ സ്വപ്നത്തിൽ ഉൾ പ്പെട്ടതായിരുന്നില്ല. വിശ്വാസികൾ ഏത് പ്രശ്നത്തിനുമുള്ള പരിഹാരം അദ്ദിക്റിൽ നിന്ന് കണ്ടെടുത്ത് ലോകരെ അറിയിക്കുന്നവരാണ്. എല്ലാ ജീവജാലങ്ങൾക്കും സ്രഷ്ടാവിനെ സ്തുതിക്കാനും വാഴ്ത്താനുമുള്ള അവസരമുണ്ടാകണമെന്ന ഉദ്ദേശ്യത്തോടുകൂടി പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്തുന്നതിനുവേണ്ടി അദ്ദിക്റിനെ ത്രാസ്സായി ഉപയോ ഗപ്പെടുത്താൻ അവർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതാണ്. കൂടാതെ ജീവജാലങ്ങളുടെ ഐശ്വര്യവും ക്ഷേമവും ലക്ഷ്യം വെച്ച് ജൈവകൃഷി ചെയ്യുന്നതും ഫലവൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുന്നതും അതിന് മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതും സഹായിക്കുന്നതുമാണ്. കൃ പാലുവും കാരുണ്യവാനുമായ അല്ലാഹുവിന്റെ പ്രതിനിധികളായ അത്തരം വിശ്വാസികൾ എല്ലാ സൃഷ്ടികളോടും ഗുണകാംക്ഷയുള്ളവരുമായിരിക്കും. 7: 96; 9: 71–73; 11: 59 വിശദീക രണം നോക്കുക.

50. രാജാവ് പറയുകയും ചെയ്തു: നിങ്ങൾ അവനെ എന്റെ അടുത്ത് കൊണ്ടുവരുവി ൻ, അങ്ങനെ അവന്റെ ദൂതൻ തന്റെ അടുക്കൽ വന്നപ്പോൾ അവൻ പറഞ്ഞു: നീ നിന്റെ യജമാനന്റെ അടുത്തേക്ക് തിരിച്ചുപോവുക, എന്നിട്ട് സ്വന്തം കൈകൾ മുറിപ്പെടുത്തിയ ആ സ്ത്രീകളുടെ നിലപാട് എന്താണെന്ന് അദ്ദേഹത്തോട് ചോ ദിക്കുക, നിശ്ചയം എന്റെ നാഥൻ അവരുടെ തന്ത്രങ്ങളെക്കുറിച്ച് ശരിക്കും അറിയുന്നവൻ തന്നെയാണ്.

അതായത് തനിക്കെതിരെ തന്ത്രം മെനഞ്ഞ, തന്നെ ജയിലിലടക്കാൻ കാരണ ക്കാരായ സ്ത്രീകളെക്കുറിച്ചുള്ള ഇപ്പോഴത്തെ നിലപാട് എന്താണെന്ന് ചോദിച്ചറിഞ്ഞ് വരാൻ ആവശ്യപ്പെടുകയും രാജാവ് എന്റെ നിരപരാധിത്വം ജനങ്ങളെ ബോധ്യപ്പെടു

ത്തുകയും മേലിൽ അത്തരം സ്ത്രീകളുടെ തന്ത്രങ്ങൾ എന്റെമേൽ പ്രയോഗിക്കുകയി ല്ലെന്ന് ഉറപ്പ് നൽകുകയും ചെയ്യുന്നത് വരെ ഞാൻ ജയിലിൽ തന്നെ തുടരുമെന്നാണ് യൂസുഫ് നബി പറയുന്നത്.

51. അവൻ ചോദിച്ചു: യൂസുഫിനെ നിങ്ങൾ വശീകരിച്ച് പാട്ടിലാക്കാൻ ശ്രമിച്ചതി നെക്കുറിച്ച് നിങ്ങൾക്കെന്താണ് പറയുവാനുള്ളത്? അവർ പറഞ്ഞു: അല്ലാഹു വിൽ അഭയം! അവനിൽ എന്തെങ്കിലും ഒരു തിന്മയുള്ളതായി ഞങ്ങൾക്ക് അ റിയില്ല; പ്രഭുവിന്റെ ഭാര്യ പറഞ്ഞു: ഇപ്പോഴാണ് സത്യം കടഞ്ഞെടുത്ത് പുറത്തു വന്നത്, ഞാനാണ് അവനെ വശീകരിച്ച് പാട്ടിലാക്കാൻ ശ്രമിച്ചത്, നിശ്ചയം അവൻ സത്യസന്ധരിൽ പെട്ടവൻ തന്നെയാകുന്നു.

52. അത് അദ്ദേഹം അറിയാൻ വേണ്ടിയാണ് -നിശ്ചയം ഞാൻ അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹത്തെ വഞ്ചിച്ചിട്ടില്ലെന്ന്, നിശ്ചയം അല്ലാഹു വഞ്ചകന്മാ രുടെ തന്ത്രങ്ങൾ പൂവണിയിക്കുകയുമില്ല.

53. ഞാൻ എന്റെ ആത്മാവിനെ കുറ്റവിമുക്തമാക്കുന്നില്ല, നിശ്ചയം ആത്മാവ് തി ന്മക്ക് പ്രേരിപ്പിക്കുന്നത് തന്നെയാകുന്നു -എന്റെ നാഥന്റെ കാരുണ്യം ലഭിച്ചവർ ക്കൊഴിച്ച്, നിശ്ചയം എന്റെ നാഥൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാനാണ്.

12: 51 ൽ, പ്രഭുവിന്റെ ഭാര്യ പറഞ്ഞു എന്നത് മുതൽ 12: 53 അവസാനം വരെ രാജ സദസ്സിൽ വെച്ചുള്ള അവളുടെ സംസാരം തന്നെയാണ്. യൂസുഫ് നബി അപ്പോഴും ജയിലി ലാണുള്ളത്. ഈ സ്ത്രീകളുടെ കാര്യത്തിലുള്ള തീരുമാനവും കൊണ്ട് ദൂതൻ രണ്ടാമത് അവിടെ ചെന്നിട്ടില്ല. മാത്രമല്ല 12: 29 ൽ പ്രഭു തന്റെ പത്നിയോട് നിശ്ചയം നീ കുറ്റക്കാരി ൽ പെട്ടവൾ തന്നെയാണെന്ന് പറഞ്ഞിട്ടുമുണ്ടായിരുന്നു. അപ്പോൾ ഭർത്താവിന് തന്റെ കാര്യത്തിലുള്ള സംശയം നീങ്ങുന്നതിനും, ഞാൻ അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹ ത്തെ വഞ്ചിച്ചിട്ടില്ല, എന്നാൽ ഞാൻ എന്റെ ആത്മാവിനെ പരിശുദ്ധമാക്കുന്നുമില്ല, നിശ്ചയം ആത്മാവ് കുറ്റം പ്രവർത്തിക്കുന്നതിന് വേണ്ടി പ്രേരിപ്പിക്കുന്നത് തന്നെയാണ്, എന്നാൽ എന്റെ നാഥന്റെ അനുഗ്രഹത്താൽ ആ വൻകുറ്റത്തിലകപ്പെടാതെ അവൻ എന്നെ രക്ഷിച്ചു, നിശ്ചയം എന്റെ നാഥൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാണ്. അവൾ അല്ലാഹു വിനോട് പൊറുക്കലിനെത്തേടുകയും, യഥാർത്ഥ വിശ്വാസിനിയായി മാറുകയും, നിശ്ചയം അല്ലാഹു വഞ്ചകൻമാരായ ഒരാളുടെയും തന്ത്രം വിജയിപ്പിക്കുകയില്ല എന്ന സത്യം പ്രഖ്യാ പിക്കുകയും ചെയ്തു. അങ്ങനെ തന്റെ ഭർത്താവായ പ്രഭുവിന്റെ മരണശേഷം അല്ലാഹു യൂസുഫ് നബിയെക്കൊണ്ട് അവളെ വിവാഹം ചെയ്യിപ്പിക്കുകയും വഞ്ചന ചെയ്യാത്ത, വി ശ്വാസിനിയായ അവളുടെ ആഗ്രഹം ഇഹത്തിൽ വെച്ചുതന്നെ സഫലമാക്കിക്കൊടുക്കുക യും ചെയ്തു. 16: 97 ൽ, ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ സൽകർമ്മങ്ങൾ അനുഷ്ഠിക്കുന്നത്, അവൻ വിശ്വാസിയുമാണ് എങ്കിൽ നാം അവനെ ഇഹത്തിൽ പരിശുദ്ധ മായ ഒരു ജീവിതം നയിപ്പിക്കുക തന്നെ ചെയ്യും, അവൻ ഇവിടെ ചെയ്ത ഏറ്റവും നല്ല പ്രവൃത്തിനോക്കി പരത്തിൽ നാം അവർക്ക് പ്രതിഫലം നൽകുകയും ചെയ്യും എന്നും; 39: 33-35 സൂക്തങ്ങളിൽ ആർക്കാണോ സത്യമായ അദ്ദിക്ർ വന്നുകിട്ടുകയും അതിനെ സത്യപ്പെടുത്തുകയും ചെയ്തത്, അക്കൂട്ടർ തന്നെയാണ് അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർ; അവർക്ക് തങ്ങളുടെ നാഥന്റെ പക്കൽ അവർ ഉദ്ദേശിച്ചതെല്ലാം ഉണ്ട്, അതാണ് അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്കുള്ള പ്രതിഫലം. അവർക്ക് അ ദ്ദിക്ർ കിട്ടുന്നതിനുമുമ്പ് അവർ ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്ന തിന്മകളെല്ലാം അ

ല്ലാഹു അവർക്ക് മായ്ച്ചുകൊടുക്കുന്നതും അവർ ചെയ്തുകൊണ്ടിരുന്ന ഏറ്റവും നല്ല പ്രവൃത്തിനോക്കി പ്രതിഫലം നൽകുന്നതുമാണ് എന്നും പറഞ്ഞിട്ടുണ്ട്. ഇന്ന് അവരവരെ ശുദ്ധീകരിക്കാനും ജീവിതലക്ഷ്യം മനസ്സിലാക്കാനും ആത്മാവിന് ശാന്തിയും സമാധാനവും ലഭിക്കാനും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുമുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ അല്ലാഹുവിനെ സഹായിക്കലാണ് ഏറ്റവും നല്ല പ്രവൃത്തിയും സൽകർമ്മവും.

12: 52-53 സൂക്തങ്ങളിലെ വാക്കുകൾ യൂസുഫ് നബിയുടേതായിട്ടാണ് ചിലർ മനസ്സിലാക്കുന്നത്. എന്നാൽ 12: 22 ൽ യൂസുഫ് നബിക്ക് പ്രവാചകത്വം നൽകി, അപ്രകാരമാണ് അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുക എന്ന് പറഞ്ഞതും; 12: 24 ൽ അപ്രകാരം യൂസുഫിനെത്തൊട്ട് നീചവും ദുഷിച്ചതുമായ പ്രവൃത്തികൾ തടയുന്നതിന് വേണ്ടി തന്റെ നാഥന്റെ തെളിവ് കാണിച്ചു കൊടുത്തു, നിശ്ചയം അവൻ നമ്മുടെ തെരഞ്ഞെടുക്കപ്പെട്ട അടിമകളിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് പറഞ്ഞതും അവർ ഗൗനിക്കുന്നില്ല. അഥവാ മനസ്സാ-വാചാ-കർമണാ അല്ലാഹുവിന് സമർപ്പിച്ച് ജീവിക്കുന്ന യൂസുഫ് തെറ്റ് ചെയ്യാൻ മനസ്സുകൊണ്ടുപോലും ആഗ്രഹിക്കുകയില്ല. മറിച്ച് മനസ്സുകൊണ്ട് ആഗ്രഹിച്ച പ്രഭുവിന്റെ ഭാര്യ അത് ശരീരം കൊണ്ട് പൂവണിയിക്കാൻ ശ്രമിച്ചെങ്കിലും അതിന് സാധ്യമായില്ല. പിന്നീട് അവൾ അല്ലാഹുവിനോട് പൊറുക്കലിനെത്തേടുകയും യഥാർത്ഥ വിശ്വാസിനിയാവുകയും ചെയ്തപ്പോൾ അല്ലാഹു അവളുടെ ആഗ്രഹം ഇഹലോകത്തുവെച്ചുതന്നെ പൂർത്തിയാക്കിക്കൊടുക്കുകയാണുണ്ടായത്. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, വിശ്വാസികളുടെ ആഗ്രഹങ്ങൾ ഇഹലോകത്തുവെച്ചുതന്നെ അല്ലാഹു പൂവണിയിച്ച് കൊടുക്കുമെന്ന് ഈ സംഭവം പഠിപ്പിക്കുന്നു. 4: 31; 38: 24 വിശദീകരണം നോക്കുക.

ആത്മാവിന്(*നഫ്സ്*) മൂന്ന് അവസ്ഥകളുണ്ട്. 1)ഈ സൂക്തത്തിൽ പറഞ്ഞ തിന്മയിലേക്ക് മാത്രം സദാ ആകൃഷ്ടമാകുന്ന ദുഷ്പ്രേരക ആത്മാവ്(*നഫ്സുഅമ്മാറഃ*). 2) 75: 2 ൽ പറഞ്ഞ തിന്മയിലകപ്പെടുകയും ശേഷം സ്വയം കുറ്റപ്പെടുത്തുകയും ചെയ്യുന്ന ആത്മാവ് അഥവാ മനഃസാക്ഷി(*നഫ്സുല്ലവ്വാമഃ*). 3) ശാന്തിനേടിയ അഥവാ ഉറപ്പുവരുത്തിയ ആത്മാവ്(*നഫ്സുമുത്വ്മഇന്നഃ*). എല്ലാവരുടെയും മനഃസാക്ഷിക്കാണ് സ്വർഗത്തിൽ വെച്ച് സൃഷ്ടിച്ചപ്പോൾ തന്നെ അദ്ദിക്ർ പഠിപ്പിക്കപ്പെട്ടിട്ടുള്ളത്. അതാണ് 75: 14-15 സൂക്തങ്ങളിൽ 'അല്ല, മനുഷ്യന് അവനെക്കുറിച്ച് ശരിക്കും കാഴ്ചപ്പാടുള്ളവനാണ്, അവൻ എന്ത് ഒഴികഴിവ് പറഞ്ഞാലും ശരി' എന്ന് പറഞ്ഞതിന്റെ പൊരുൾ. ഓരോരുത്തരുടെയും നഫ്സിന്റെ അവസ്ഥ ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ കൊണ്ട് സ്വയം തിരിച്ചറിഞ്ഞ് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് അതിനെ കഴുകി വൃത്തിയാക്കി *ലവ്വാമഃ*യിൽ നിന്ന് *അമ്മാറഃ*യിലേക്ക് അധഃപതിക്കാതെ നോക്കുന്നതിനും *ലവ്വാമഃ*യിൽ നിന്ന് *മുത്വ്മഇന്നഃ*യിലേക്ക് പരിവർത്തിപ്പിക്കുന്നതിനുമാണ് ഒരുവൻ സദാ പരിശ്രമിക്കേണ്ടത്. ശാന്തിനേടിയ ആത്മാവ് മാത്രമാണ് ഇഹലോകത്തും പരലോകത്തും വിജയം വരിക്കുക. 13: 28 ൽ, അറിഞ്ഞിരിക്കുക, അദ്ദിക്ർ കൊണ്ട് ഹൃദയങ്ങൾക്ക് ശാന്തി ലഭിക്കുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. 75: 22-24 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്റിൽ നിന്ന് കണ്ട അല്ലാഹുവിനെ മരണസമയത്ത് ആത്മാവുകൊണ്ട് കണ്ട് സന്തോഷത്തോടുകൂടി സ്വർഗത്തിലേക്ക് തന്നെ തിരിച്ചുപോകുന്നതിനും, 89: 27-30 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഓ! ശാന്തിയും ഉറപ്പും ലഭിച്ച ആത്മാവേ, നീ നിന്റെ ഉടമയിലേക്ക് ഉടമയെത്തൊട്ട് നീയും നിന്നെത്തൊട്ട് ഉടമയും പരസ്പരം തൃപ്തിപ്പെട്ടുകൊണ്ട് തിരിച്ചുവരിക, അപ്പോൾ

നീ എന്റെ സേവകന്മാരിൽ പ്രവേശിക്കുക, എന്റെ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക എന്നു പറയപ്പെട്ട് ജീവിതലക്ഷ്യം സാക്ഷാത്കരിക്കുന്നവരിൽ ഉൾപ്പെടുന്നതിനും അദ്ദിക്ർ കൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ. 3: 101–102; 9: 26, 124–125; 11: 118–119 വിശദീകരണം നോക്കുക.

54. രാജാവ് പറയുകയും ചെയ്തു: നിങ്ങൾ അവനെ എന്റെ അടുത്ത് കൊണ്ടുവരുവിൻ, ഞാൻ അവനെ എന്റെ പ്രത്യേകക്കാരനായി തെരഞ്ഞെടുക്കുന്നതാണ്, അങ്ങനെ അവനുമായി സംസാരിച്ചപ്പോൾ രാജാവ് പറഞ്ഞു: നിശ്ചയം ഇന്നുമുതൽ താങ്കൾ നമ്മുടെ പക്കൽ ഉന്നതസ്ഥാനമുള്ള ഒരു വിശ്വസ്തനാകുന്നു.

55. അവൻ പറഞ്ഞു: രാജ്യത്തിന്റെ ഖജനാവുകൾ എന്റെ ഉത്തരവാദിത്തത്തിൽ ഏൽപിച്ചാലും, നിശ്ചയം അത് നോക്കിനടത്താൻ എനിക്ക് ശരിക്കും അറിയാം.

56. അപ്രകാരം യൂസുഫിന് നാം ഭൂമിയിൽ അധികാരം ഒരുക്കിക്കൊടുത്തു, ഉദ്ദേശിക്കുന്ന വിധം അതിൽ കൈകാര്യം ചെയ്യാനുള്ള അവസരം കൊടുക്കുകയും ചെയ്തു, നാം ഉദ്ദേശിക്കുന്നവർക്ക് നമ്മുടെ അനുഗ്രഹത്തിൽ നിന്ന് നൽകുന്നു, അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവരുടെ പ്രതിഫലം നാം ഒരിക്കലും പാഴാക്കിക്കളയുകയില്ലതന്നെ.

7: 170; 10: 26; 12: 22 വിശദീകരണം നോക്കുക.

57. വിശ്വാസികളായവരും സൂക്ഷ്മത കൈക്കൊള്ളുന്നവരുമായവർക്ക് പരലോകത്തെ പ്രതിഫലം ഏറ്റവും ഉത്തമവുമാകുന്നു.

അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയോ സൂക്ഷ്മതയുള്ളവരാവുകയോ ഇല്ല. യൂസുഫ് നബിക്ക് ഭൂമിയിൽ യഥേഷ്ടം പ്രവർത്തിക്കാൻ അധികാരം നൽകിയ അല്ലാഹു, അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്കും അഥവാ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്ന വിശ്വാസികൾക്കും അപ്രകാരം ഇഹത്തിൽ തന്നെ അവർ തൃപ്തിപ്പെട്ട ജീവിതം നൽകുന്നതാണ് -പരലോകത്തിലെ പ്രതിഫലമാവട്ടെ, കൂടുതൽ ഉത്തമവുമായിരിക്കും. 16: 128 ൽ, നിശ്ചയം അല്ലാഹു അവനെ കണ്ടുകൊണ്ട് ചരിക്കുന്നവരോടൊപ്പവും അവനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവരോടൊപ്പവുമാണെന്നും; 39: 18 ൽ അല്ലാഹുവിന്റെ കാരുണ്യമായ അദ്ദിക്റിനെ ഏറ്റവും നല്ലനിലയിൽ പിൻപറ്റുന്നവർ തന്നെയാണ് സൻമാർഗത്തിലുള്ളവരെന്നും അവർ തന്നെയാണ് ബുദ്ധിമാൻമാരെന്നും പറഞ്ഞിട്ടുണ്ട്. 2: 2–5; 3: 43, 190–191 വിശദീകരണം നോക്കുക.

58. യൂസുഫിന്റെ സഹോദരൻമാർ വരികയും ചെയ്തു, അങ്ങനെ അവർ അവന്റെ അടുക്കൽ പ്രവേശിച്ചു, അപ്പോൾ അവൻ അവരെ തിരിച്ചറിഞ്ഞു, അവർക്ക് അവൻ അപരിചിതനായിത്തന്നെ നിലകൊള്ളുകയും ചെയ്തു.

സ്വപ്നവ്യാഖ്യാനമനുസരിച്ച്, ആദ്യത്തെ ഏഴ് വർഷം യൂസുഫിന്റെ കീഴിൽ ക്ഷേമത്തോടെ കഴിഞ്ഞുപോയി. വരാനിരിക്കുന്ന ക്ഷാമകാലം തരണം ചെയ്യുന്നതിനാവശ്യമായ ധാന്യങ്ങൾ ശേഖരിക്കുന്നതടക്കമുള്ള എല്ലാ മുൻകരുതലുകളും അദ്ദേഹം കൈക്കൊണ്ടു. പിന്നീട് ഈജിപ്തിലും പരിസരപ്രദേശങ്ങളായ സിറിയ, ഫലസ്തീൻ, ഉത്തര അറേബ്യ, ജോർദാൻ തുടങ്ങിയ സ്ഥലങ്ങളിലും കൊടും വരൾച്ച ആരംഭിച്ചു. ആ അവസരത്തിൽ ഈജിപ്തിൽ മാത്രമേ ധാരാളം ധാന്യങ്ങൾ സൂക്ഷിപ്പുണ്ടായിരുന്നുള്ളൂ. അതിനാൽ അയൽ രാജ്യങ്ങളിലെ ജനങ്ങൾ ധാന്യം ശേഖരിക്കുന്നതിന് വേണ്ടി കൂട്ടം കൂട്ടമായി ഈജിപ്തി

ലേക്ക് വന്നുകൊണ്ടിരുന്നു. അക്കൂട്ടത്തിൽ ഫലസ്തീനിൽ നിന്ന് യൂസുഫിന്റെ സഹോദരൻമാരും വരികയുണ്ടായി. ഈജിപ്തിന് പുറത്തുനിന്ന് വരുന്നവർക്ക് പ്രത്യേക അനുമതിയോടുകൂടി മാത്രമേ ധാന്യം നൽകിയിരുന്നുള്ളൂ. അങ്ങനെയാണ് യൂസുഫിന്റെ സഹോദരന്മാർ യൂസുഫിന്റെ സന്നിധിയിലെത്തിയത്. 'അവർ തിരിച്ചറിയാത്ത അവസ്ഥയിൽ ഇക്കാര്യത്തെക്കുറിച്ച് നീ അവരോട് വിവരം പറയുകതന്നെ ചെയ്യുമെന്ന്' 12: 15 ൽ പറഞ്ഞത് കൂട്ടിവായിക്കുക.

59. അങ്ങനെ അവർക്കുള്ള ധാന്യങ്ങളെല്ലാം ഭാണ്ഡങ്ങളിലാക്കി കൊടുത്തുകൊണ്ട് അവൻ അവരോട് പറഞ്ഞു: നിങ്ങളുടെ പിതാവിനോടൊപ്പമുള്ള സഹോദരനെ എന്റെ അടുക്കൽ കൊണ്ടുവരണം, നിശ്ചയം ഞാൻ നിങ്ങൾക്ക് എപ്രകാരം അളവ് പൂർത്തിയാക്കി തന്നുവെന്നും ഞാൻ നിങ്ങൾക്ക് എത്രനല്ല സ്വീകരണമാണ് നൽകിയതെന്നും നിങ്ങൾ കണ്ടതാണല്ലോ?

60. അപ്പോൾ നിങ്ങൾ അവനെ എന്റെ അടുത്തേക്ക് കൊണ്ടുവരുന്നില്ലെങ്കിൽ നിങ്ങൾക്ക് എന്റെപക്കൽ നിന്ന് അളവ് ലഭിക്കുന്നതല്ല, നിങ്ങൾ എന്നെ സമീപിക്കുകയുമരുത്.

61. അവർ പറഞ്ഞു: അവനെത്തൊട്ട് അവന്റെ പിതാവ് വലിയ അനുരാഗത്തിലാണ്, നിശ്ചയം ഞങ്ങൾ അതിന് ശ്രമിക്കുന്നവർ തന്നെയായിരിക്കും.

62. അവൻ തന്റെ ഭൃത്യൻമാരോട് പറഞ്ഞു: അവർ തങ്ങളുടെ വീട്ടുകാരുടെ അടുത്തെത്തിയാൽ തങ്ങൾ കൊടുത്ത മുതൽ തിരിച്ചുകിട്ടിയതായി മനസ്സിലാക്കുന്നതിനും അവർ വീണ്ടും ഇങ്ങോട്ട് വരുന്നതിന് ഇടയാകുന്നതിനും വേണ്ടി നിങ്ങൾ അവരുടെ സാധനങ്ങൾ രഹസ്യമായി അവരുടെ ഭാണ്ഡങ്ങളിൽ തന്നെ വെക്കുക.

ബിളാഅ് എന്ന് പറഞ്ഞാൽ കച്ചവടസാധനങ്ങളാണ്. അന്ന് ധാന്യത്തിന് പകരം മറ്റ് സാധനങ്ങളായിരിക്കണം അവർ കൊണ്ടുവന്നത്. ധാന്യത്തിന് പകരം അവർ കൊണ്ടുവന്ന സാധനങ്ങളെല്ലാം അവരുടെത്തന്നെ ഭാണ്ഡങ്ങളിൽ രഹസ്യമായി വെക്കുകവഴി അവർ വീട്ടിലെത്തി ഭാണ്ഡം തുറക്കുമ്പോൾ തങ്ങളുടെ മുതലുകളെല്ലാം തിരിച്ച് തന്നതായി മനസ്സിലാക്കാനും അങ്ങനെ അത് തിരിച്ചേൽപ്പിക്കാൻ അവർ വീണ്ടും ഈജിപ്തിൽ വരാനോ അല്ലെങ്കിൽ ഈ ഔദാര്യത്തിൽ ആകൃഷ്ടരായി വീണ്ടും വരാനോ വേണ്ടിയായിരുന്നു യൂസുഫ് നബി അങ്ങനെ പ്രവർത്തിക്കാൻ പറഞ്ഞത്.

63. അങ്ങനെ അവർ അവരുടെ പിതാവിന്റെ അടുക്കൽ മടങ്ങിയെത്തിയപ്പോൾ അവർ പറഞ്ഞു: ഓ ഞങ്ങളുടെ പിതാവേ, ഭാവിയിൽ നമുക്ക് ധാന്യമളക്കുന്നത് തടയപ്പെട്ടിരിക്കുന്നു, അതിനാൽ ഞങ്ങളുടെ സഹോദരനെക്കൂടി ഞങ്ങളോടൊപ്പം പറഞ്ഞയക്കണം -എങ്കിലേ നമുക്ക് അളന്നുകിട്ടൂ, നിശ്ചയം ഞങ്ങൾ അവനെ കാത്തുസൂക്ഷിക്കുന്നവർ തന്നെയായിരിക്കും.

64. അവൻ ചോദിച്ചു: മുമ്പ് അവന്റെ സഹോദരന്റെ കാര്യത്തിൽ നിങ്ങളെ വിശ്വസിച്ചത് പോലെയല്ലാതെ ഇവന്റെ കാര്യത്തിൽ എനിക്ക് നിങ്ങളെ വിശ്വസിക്കാമോ? അപ്പോൾ അല്ലാഹുവാണ് ഏറ്റവും നന്നായി കാത്തുസൂക്ഷിക്കുന്നവൻ, അവൻ കരുണ ചെയ്യുന്നവരിൽ വെച്ച് ഏറ്റവും കരുണ ചെയ്യുന്നവനുമാകുന്നു.

65. അവർ തങ്ങളുടെ ഭാണ്ഡങ്ങൾ തുറന്നപ്പോൾ അവരുടെ സാധനങ്ങൾ അവർക്കുതന്നെ തിരിച്ച് നൽകപ്പെട്ടതായി കണ്ടു; അവർ പറഞ്ഞു: ഓ പിതാവേ, നമുക്കി

നി എന്തുവേണം! നോക്കുക, നമ്മുടെ ഈ സാധനങ്ങളിതാ നമ്മിലേക്ക് തന്നെ മടക്കപ്പെട്ടിരിക്കുന്നു; ഞങ്ങൾ പോയി നമ്മുടെ കുടുംബത്തിനെല്ലാവർക്കുമുള്ള ധാന്യങ്ങൾ കൊണ്ടുവരികയും ഞങ്ങളുടെ സഹോദരനെ കാത്തുസൂക്ഷിക്കുകയും ചെയ്യാം, ഒരു ഒട്ടകം ചുമക്കുന്ന ധാന്യം കൂടുതൽ ലഭിക്കുമല്ലോ, അത്രയും അളന്നുകിട്ടുക എളുപ്പത്തിൽ സാധിക്കുന്ന കാര്യമാകുന്നു.

66. അവൻ പറഞ്ഞു: നിങ്ങളെല്ലാവരും കൂടി വല്ല വിപത്തിലും പെട്ടിട്ടില്ലെങ്കിൽ അവനെ എന്റെ അടുക്കലേക്ക് തിരിച്ചുകൊണ്ടുവരികതന്നെ ചെയ്യുമെന്ന് അല്ലാഹുവിന്റെ പേരിൽ നിങ്ങൾ എനിക്ക് പ്രതിജ്ഞ ചെയ്ത് ഉറപ്പുതരുന്നതുവരെ അവനെ ഞാൻ നിങ്ങളോടൊപ്പം അയക്കില്ല; അപ്രകാരം അവർ ഓരോരുത്തരും അവനോട് പ്രതിജ്ഞ ചെയ്തപ്പോൾ അവൻ പറഞ്ഞു: നാം ഈ പറയുന്നതിന് അല്ലാഹുവിൽ ഭരമേൽപിക്കുന്നു.

67. അവൻ അവരോട് പറയുകയും ചെയ്തു: ഓ എന്റെ മക്കളേ, നിങ്ങൾ എല്ലാവരും ഒരൊറ്റ വാതിലിലൂടെ പ്രവേശിക്കരുത്, നിങ്ങൾ വിവിധ വാതിലുകളിലൂടെ പ്രവേശിച്ചുകൊള്ളുക, എന്നാൽ അല്ലാഹുവിങ്കൽ നിന്നുണ്ടാകുന്ന യാതൊന്നും നിങ്ങളിൽ നിന്ന് തടുക്കാൻ എനിക്കാവില്ല, നിശ്ചയം തീരുമാനാധികാരം അല്ലാഹുവിനല്ലാതെ മറ്റാർക്കുമല്ല, ഞാൻ അവന്റെ മേൽ ഭരമേൽപിച്ചിരിക്കുന്നു. അപ്പോൾ ഭരമേൽപിക്കുന്നവരെല്ലാം അവന്റെ മേൽ ഭരമേൽപിച്ചു കൊള്ളട്ടെ.

കാര്യകാരണബന്ധത്തിന് അതീതമായുള്ള ഭരമേൽപിക്കൽ അല്ലാഹുവിൽ മാത്രമാണ്. അത് പ്രപഞ്ചനാഥനെ പരിഗണിക്കേണ്ടവിധം പരിഗണിക്കലുമാണ്. ശാസനാധികാരവും അല്ലാഹുവിന് മാത്രമാണ്. എന്നാൽ വിശ്വാസികൾ അവനെ സ്മരിച്ചുകൊണ്ട് അവൻ നൽകിയ ദീർഘവീക്ഷണം ഉപയോഗപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ മറ്റുള്ളവർക്ക് നിർദ്ദേശങ്ങൾ കൊടുക്കുകയും വേണം. ഇവിടെ എല്ലാവരും കൂടി ഒരു സംഘമായി ഒരേ കവാടത്തിലൂടെ പ്രവേശിക്കുകയാണെങ്കിൽ അവരെക്കുറിച്ച് ഈജിപ്തുകാർ വല്ല കവർച്ചക്കാരോ കൊള്ളക്കാരോ ആയി പരിഗണിക്കാൻ സാധ്യതയുണ്ട്. അപ്പോൾ അത് ഇല്ലാതാക്കാനുള്ള നിർദ്ദേശമായിക്കൊണ്ട് വിവിധ കവാടങ്ങളിലൂടെ പ്രവേശിച്ചുകൊള്ളുക എന്നും, ഓരോരുത്തരും അല്ലാഹുവിലായിരിക്കണം ഭരമേൽപിക്കേണ്ടതെന്നും ഉപദേശിക്കുകയാണ്. സംഘത്തിൽ നിന്ന് സഹോദരൻ ബിൻയാമിനെ തിരിച്ചറിഞ്ഞ് യൂസുഫ് നബിക്ക് സംസാരിക്കാൻ സാഹചര്യമൊരുക്കുന്നതിനും നല്ലത് അതാണ്. എല്ലാം ത്രികാലജ്ഞാനിയായ അല്ലാഹു നേരത്തെ നിശ്ചയിച്ച് നടപ്പിലാക്കുന്നതാണ്. 2: 269; 9: 51, 129; 10: 61 വിശദീകരണം നോക്കുക.

68. അവർ അവരുടെ പിതാവ് കൽപിച്ചതനുസരിച്ച് വിവിധ വാതിലുകളിലൂടെ പട്ടണത്തിൽ പ്രവേശിച്ചപ്പോൾ, അല്ലാഹുവിന്റെ തീരുമാനത്തിനുമുമ്പിൽ അവന്റെ ഈ കരുതൽ നടപടിക്ക് അവരെത്തൊട്ട് യാതൊരു പ്രയോജനവും ചെയ്യാനായില്ല -യഅ്ഖൂബിന്റെ മനസ്സിലുണ്ടായിരുന്ന ഒരുലക്ഷ്യം നിറവേറ്റുക എന്നല്ലാതെ; നിശ്ചയം അവൻ നാം പഠിപ്പിച്ചതിൽ നിന്നുള്ള ഒരു അറിവിൽ തന്നെയായിരുന്നു, പക്ഷേ ജനങ്ങളിൽ അധികപേരും അറിവില്ലാത്തവരാകുന്നു.

അല്ലാഹുവിൽ നിന്നുള്ള അറിവ് അദ്ദിക്റാണ്. അത് ത്രികാലജ്ഞാനിയായ അല്ലാഹുവിന്റെ ത്രികാലജ്ഞാനവും ഏറ്റവും വലിയ കാരുണ്യവും ഉൾക്കാഴ്ചാദായകവുമാണ്. അത് ഹൃദയം കൊണ്ട് മനസ്സിലാക്കാൻ വളരെ എളുപ്പമാക്കിയിരിക്കുന്നു. മനുഷ്യർക്ക്

വേണ്ട എല്ലാ ഉപമ-ഉദാഹരണങ്ങളും അതിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നിനക്കുമുമ്പ് നാം പുരുഷൻമാരെയല്ലാതെ ദിവ്യസന്ദേശം നൽകി പ്രവാചകൻമാരായി അയച്ചിട്ടില്ലെന്നും നിങ്ങൾക്ക് അറിവില്ലെങ്കിൽ അദ്ദിക്ർ അറിയുന്നയാളോട് ചോദിച്ചുനോക്കുക, പ്രവാചകൻമാരെയെല്ലാം നാം അയച്ചത് വിശദീകരണങ്ങളും ഏടുകളും കൊണ്ടാണ്, നിന്നിലേക്ക് നാം ഈ *ദിക്ർ* അവതരിപ്പിച്ചിട്ടുള്ളത് മനുഷ്യർക്ക് നാം എന്താണോ അവതരിപ്പിച്ചിട്ടുള്ളത് അത് നീ അവർക്ക് വെളിവാക്കിക്കൊടുക്കുന്നതിനും കേട്ടവർ കേട്ടവർ അത് മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുന്നതിന് വേണ്ടിയുമാണെന്നാണ് 16: 43-44 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ജനങ്ങളിൽ അധികപേരും അദ്ദിക്ർ അറിയാത്തതിനാൽ യഥാർത്ഥ അറിവില്ലാത്തവരാണ്. അവർക്ക് ശാസ്ത്രീയ രാഷ്ട്രീയ വിദ്യാഭ്യാസവും പൗരോഹിത്യ കർമ്മശാസ്ത്ര അറിവുകളുമെല്ലാം ഉണ്ടായിരിക്കാം. എന്നാൽ സ്രഷ്ടാവിനെ തിരിച്ചറിയാനും അവരവരെ തിരിച്ചറിയാനും ജീവിതലക്ഷ്യം തിരിച്ചറിയാനുമുള്ള യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ അവരിൽ ആയിരത്തിൽ തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പത് പേർക്കുമില്ല. 25: 58 ൽ പറഞ്ഞ ത്രികാലജ്ഞാനിയായ അല്ലാഹുവിനെക്കുറിച്ച് ത്രികാലജ്ഞാനമായ അദ്ദിക്റിന്റെ രചയിതാവായ ത്രികാലജ്ഞാനിയോട് ചോദിക്കാനാണ് പ്രവാചകനോടും വിശ്വാസിയോടും 25: 59 ലൂടെ കൽപിച്ചിട്ടുള്ളത്. 3: 7; 6: 155-157; 12: 40 വിശദീകരണം നോക്കുക.

69. അവർ യൂസുഫിന്റെ മുമ്പാകെ കടന്നുവന്നപ്പോൾ തന്റെ സഹോദരനെ തന്നിലേക്ക് അണച്ചുപിടിച്ച് അവൻ പറഞ്ഞു: നിശ്ചയം ഞാൻ നിന്റെ സഹോദരനാകുന്നു, അപ്പോൾ നീ അവർ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതിനെക്കുറിച്ചൊന്നും ഇനി വിഷമിക്കേണ്ടതില്ല.

70. അങ്ങനെ യൂസുഫ് അവർക്ക് അവരുടെ സാധനങ്ങൾ ഒരുക്കിക്കൊടുത്തപ്പോൾ സ്വസഹോദരന്റെ ഭാണ്ഡത്തിൽ തന്റെ പാനപാത്രവും നിക്ഷേപിച്ചു, പിന്നീട് ഒരു വിളമ്പരക്കാരൻ വിളിച്ചുപറഞ്ഞു: ഓ യാത്രാസംഘമേ, നിശ്ചയം നിങ്ങൾ മോഷ്ടാക്കൾ തന്നെയാകുന്നു.

71. അവർ അവരുടെനേരെ മുന്നോട്ടുവന്ന് ചോദിച്ചു: എന്തൊന്നാണ് നിങ്ങൾക്ക് നഷ്ടപ്പെട്ടത്?

72. അവർ പറഞ്ഞു: ഞങ്ങൾക്ക് രാജാവിന്റെ പാനപാത്രം നഷ്ടപ്പെട്ടിരിക്കുന്നു, അത് കൊണ്ടുവരുന്നവന് ഒരു ഒട്ടകം ചുമക്കുന്ന ധാന്യം നൽകുന്നതാണ്, ഞാൻ അതിന് ഉറപ്പുനൽകുന്നു.

73. അവർ പറഞ്ഞു: അല്ലാഹുവാണ് സത്യം, നിശ്ചയം നിങ്ങൾക്ക് അറിയാമല്ലോ, ഞങ്ങൾ നാട്ടിൽ നാശമുണ്ടാക്കാൻ വന്നവരല്ലെന്നും ഞങ്ങൾ മോഷ്ടാക്കളായിരുന്നില്ലെന്നും.

74. അവർ ചോദിച്ചു: ശരി, നിങ്ങൾ പറയുന്നത് കള്ളമാണെങ്കിൽ അപ്പോൾ അതിനുള്ള പ്രതിഫലം എന്താണ്?

75. അവർ പറഞ്ഞു: അവനുള്ള പ്രതിഫലം ആരുടെ ഭാണ്ഡത്തിൽ നിന്നാണോ അത് കണ്ടുകിട്ടുന്നത് അവൻ തന്നെയാണ് അതിനുള്ള പ്രതിഫലം, അപ്രകാരമാണ് നാം അക്രമികൾക്ക് പ്രതിഫലം നൽകുക.

'അപ്രകാരമാണ് നാം അക്രമികൾക്ക് പ്രതിഫലം നൽകുക' എന്ന് പറഞ്ഞതിലെ 'നാം' അല്ലാഹുവാണ്. അല്ലാത്തപക്ഷം 'ഞങ്ങൾ' എന്നാണ് പറയുക. തുടർന്നുവരുന്ന

സൂക്തത്തിൽ 'അപ്രകാരം നാം യൂസുഫിന് വേണ്ടി തന്ത്രമൊരുക്കി' എന്ന് പറഞ്ഞിട്ടുണ്ട്.

76. അങ്ങനെ യൂസുഫ് തന്റെ സഹോദരന്റെ ഭാണ്ഡം പരിശോധിക്കുന്നതിനുമുമ്പ് അവരുടെ ഭാണ്ഡങ്ങൾ പരിശോധിച്ചു തുടങ്ങി, പിന്നെ തന്റെ സഹോദരന്റെ ഭാണ്ഡത്തിൽ നിന്ന് അത് പുറത്തെടുക്കുകയും ചെയ്തു, അപ്രകാരം നാം യൂസുഫിനുവേണ്ടി തന്ത്രം ഒരുക്കി, അങ്ങനെ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലായിരുന്നുവെങ്കിൽ രാജാവിന്റെ ദീനിൽ -മിസ്റിലെ രാജകീയനിയമം അനുസരിച്ച്- തന്റെ സഹോദരനെ പിടിച്ചുവെക്കാൻ യൂസുഫിന് സാധിക്കുമായിരുന്നില്ല, ഇങ്ങനെ നാം ഉദ്ദേശിക്കുന്നവർക്ക് ഉയർന്ന പദവികൾ നൽകുന്നു, എല്ലാഓരോ അറിവുള്ളവരുടെ മുകളിലും എല്ലാം അറിയുന്ന ഒരു സർവ്വജ്ഞനുണ്ട്.

എല്ലാ തന്ത്രങ്ങളും നിയന്ത്രണങ്ങളും അല്ലാഹുവിന്റെ പക്കലാണുള്ളത്. അപ്പോൾ വിശ്വാസികൾ എല്ലാ കാര്യങ്ങൾക്കും അല്ലാഹുവുമായി ബന്ധപ്പെടേണ്ടതും അവനോട് ഹൃദയംകൊണ്ട് ചോദിച്ച് പ്രവർത്തിക്കേണ്ടതുമാണ്. അവനോട് ചോദിച്ച് തീരുമാനം കൈകൊള്ളുകയും പിന്നെ അവനിൽ ഭരമേൽപിക്കുകയും ചെയ്യേണ്ടതുമാണ്. 6: 52 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ നാഥനിൽ നിന്നുള്ള ത്രികാലജ്ഞാനമാണ് അദ്ദിക്ർ. എന്നാൽ 6: 115-116 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ഊഹങ്ങളല്ലാതെ പിൻപറ്റാത്തവരും നിഗമനങ്ങളല്ലാതെ വെച്ചുപുലർത്താത്തവരുമാണ്. 3: 140-142; 9: 67-68 വിശദീകരണം നോക്കുക.

77. അവർ പറഞ്ഞു: അവൻ മോഷ്ടിച്ചിട്ടുണ്ടെങ്കിൽ അപ്പോൾ തീർച്ചയായും അവന്റെ സഹോദരനും മുമ്പ് മോഷ്ടിച്ചിട്ടുണ്ട്, അപ്പോൾ യൂസുഫ് അത് തന്റെ മനസ്സിൽ ഒതുക്കി, അവരോട് അതേക്കുറിച്ചൊന്നും വെളിപ്പെടുത്തിയില്ല; അവൻ പറഞ്ഞു: നിങ്ങളാണ് ഏറ്റവും മോശപ്പെട്ട സ്ഥാനത്തുള്ളത്, നിങ്ങൾ ജൽപിക്കുന്ന വ്യാജങ്ങളെക്കുറിച്ചെല്ലാം അല്ലാഹു ഏറ്റവും അറിയുന്നവനുമാകുന്നു.

12: 73 ൽ, ഞങ്ങൾ ഇവിടെ ആദ്യമായിട്ട് വരുന്നവരല്ല, ഞങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കുന്നവരോ കളവ് നടത്തുന്നവരോ ഒന്നുമല്ലെന്ന് നിങ്ങൾക്ക് അറിയാമല്ലോ എന്ന് പറഞ്ഞ അവർ, നഷ്ടപ്പെട്ട പാനപാത്രം തങ്ങളുടെ സഹോദരന്റെ പക്കൽ നിന്ന് കിട്ടിയപ്പോൾ മാനക്കേടിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി ഒരു കളവ് കെട്ടിച്ചമച്ച് ആ സഹോദരനെ തങ്ങളുടെ കൂട്ടത്തിൽ നിന്ന് ഒറ്റപ്പെടുത്തി നിർത്തുകയും അവനോടൊപ്പം പൂർവ്വസഹോദരനോടുള്ള വിരോധം കൂടി പ്രകടിപ്പിക്കുകയുമാണ് ചെയ്തത്. ഇവർക്ക് അല്ലാഹുവിനെക്കുറിച്ചുള്ള ധാരണ എത്രമാത്രം വികലമാണെന്ന് ഇവരുടെ ഈ മറുപടിയിൽ നിന്ന് മനസ്സിലാക്കാം. അവരുടെ അക്രമപരമായ ഇത്തരം സ്വഭാവം കാരണമാണ് 12: 75 ൽ, 'അപ്രകാരമാണ് നാം അക്രമികൾക്ക് പ്രതിഫലം നൽകാറുള്ളത്' എന്ന് അവരെക്കുറിച്ച് അല്ലാഹു പറഞ്ഞതും. അല്ലാതെ ബിൻയാമിൻ അക്രമികളിൽ പെട്ടവനായിരുന്നില്ല.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത് 1: 7 ൽ പറഞ്ഞ അല്ലാഹുവിന്റെ കോപത്തിന് വിധേയരായ കപടവിശ്വാസികളും അവരെ പിൻപറ്റി വഴിപിഴച്ചുപോയ അനുയായികളുമാണ്. സത്യമായ അദ്ദിക്ർ എന്ന ഗ്രന്ഥത്തെ അവർ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നതിനാൽ പ്രപഞ്ചനാഥനെക്കുറിച്ചുള്ള അവരുടെ ധാരണ ദുഷിച്ചതും വികലവുമാണ്. അവർ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷ്യം വഹിച്ചുകൊണ്ടും അവരെ നരകത്തിലേക്ക് തള്ളിവിടുകയാണ്

ചെയ്യുക. പ്രപഞ്ചനാഥനെ നിഷ്പക്ഷവാനായി പരിഗണിക്കാത്ത അവർ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഏറ്റവും തിന്മയേറിയ ജീവികളാണെന്ന് 8: 22; 98: 6 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 159–162; 4: 140; 9: 28, 95, 125 വിശദീകരണം നോക്കുക.

78. അവർ പറഞ്ഞു: ഓ പ്രഭുവായിട്ടുള്ളവനേ! നിശ്ചയം അവന് ഏറെ പ്രായം കൂടിയ വന്ദ്യനായ ഒരു പിതാവുണ്ട്, അതുകൊണ്ട് അവന്റെ സ്ഥാനത്ത് ഞങ്ങളിൽ ആരെയെങ്കിലും ഒരാളെ പിടിച്ചുവെച്ചാലും, നിശ്ചയം താങ്കളെ ഞങ്ങൾ അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവരിൽ പെട്ടവനായി കാണുന്നുവല്ലോ.

ഇന്ന് അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 12: 22 ൽ വിവരിച്ച പ്രകാരം അതിന്റെ വെളിച്ചത്തിൽ ചരിക്കുന്നവരാണ് *മുഹ്സിനീങ്ങൾ.*

79. അവൻ പറഞ്ഞു: അല്ലാഹുവിൽ ശരണം! ആരുടെ പക്കൽ നിന്നാണോ ഞങ്ങളുടെ സാധനം കണ്ടെത്തിയത്, അവനെയല്ലാതെ മറ്റൊരാളെ ഞങ്ങൾ എങ്ങനെ പിടിച്ചുവെക്കും? നിശ്ചയം അങ്ങനെ ചെയ്താൽ ഞങ്ങൾ അക്രമികളിൽ പെട്ടവർ തന്നെയായിരിക്കുമല്ലോ.

80. അങ്ങനെ അവർ അവനിൽ നിന്ന് നിരാശപ്പെട്ടപ്പോൾ അവർ പ്രത്യേകം മാറി നിന്ന് രഹസ്യമായി കൂടിയാലോചന തുടങ്ങി; അവരിൽ മുതിർന്നവൻ പറഞ്ഞു: നിശ്ചയം നിങ്ങളുടെ പിതാവ് അല്ലാഹുവിനെ മുൻനിർത്തി നിങ്ങളോട് പ്രതിജ്ഞ വാങ്ങിയിട്ടുണ്ടെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടേ? മുമ്പ് യൂസുഫിന്റെ കാര്യത്തിൽ നിങ്ങൾ വീഴ്ചവരുത്തിയതും, അതുകൊണ്ട് ഞാൻ ഒരിക്കലും ഇനി ഈ നാട് വിടുകയില്ല -എന്റെ പിതാവ് എനിക്ക് അനുവാദം നൽകുകയോ അല്ലെങ്കിൽ അല്ലാഹു എന്റെ കാര്യത്തിൽ വിധികൽപിക്കുകയോ ചെയ്യുന്നതുവരെ, അവൻ വിധികൽപിക്കുന്നവരിൽ ഏറ്റവും ഉത്തമനുമാകുന്നു.

81. നിങ്ങൾ നിങ്ങളുടെ പിതാവിന്റെ അടുക്കലേക്ക് തിരിച്ചുചെല്ലുക, എന്നിട്ട് നിങ്ങൾ പറയുക: ഓ പിതാവേ, നിശ്ചയം താങ്കളുടെ പുത്രൻ മോഷ്ടിച്ചു, എന്നാൽ ഞങ്ങൾക്കെന്തോണോ അറിയുന്നത് അതിനല്ലാതെ ഞങ്ങൾ സാക്ഷിയുമല്ല, ഞങ്ങൾ മറഞ്ഞകാര്യങ്ങൾ സൂക്ഷിക്കുന്നവരിൽ പെട്ടവരായിരുന്നിട്ടുമില്ലല്ലോ.

'ഞങ്ങൾക്കെന്തോണോ അറിയുന്നത് അതിനല്ലാതെ ഞങ്ങൾ സാക്ഷിയുമല്ല' എന്ന് പറഞ്ഞതിന്റെ വിവക്ഷ; യഥാർത്ഥത്തിൽ ബിൻയാമിൻ മോഷ്ടിക്കുന്നത് ഞങ്ങൾ കണ്ടിട്ടില്ല, എന്നാൽ അവന്റെ ഭാണ്ഡത്തിൽ നിന്നാണ് രാജാവിന്റെ പാനപാത്രം കണ്ടെടുത്തത് എന്നതിന് ഞങ്ങൾ സാക്ഷിയാണ് എന്നാണ്.

82. അവിടെ ഞങ്ങൾ ആരോടൊപ്പമായിരുന്നോ ഉണ്ടായിരുന്നത്, ആ രാജ്യക്കാരോടും ഞങ്ങളെ മുന്നിട്ടു കടന്നുപോയ യാത്രാ സംഘത്തോടും അന്വേഷിച്ചു നോക്കുക, നിശ്ചയം ഞങ്ങൾ സത്യം പറയുന്നവർ തന്നെയാകുന്നു.

83. അവൻ പറഞ്ഞു: അല്ല, എന്തോ ഒരു കടുംകൈ കൂടി ചെയ്യാൻ നിങ്ങളുടെ ആത്മാവ് നിങ്ങൾക്ക് വഴിപ്പെട്ടിരിക്കുന്നു, അപ്പോൾ അതും ഭംഗിയായി ക്ഷമിക്കുകതന്നെ, ഒരുവേള അല്ലാഹു അവരെയെല്ലാം എന്റെ അടുക്കൽ എത്തിച്ചേക്കാം, നിശ്ചയം അവൻ സർവ്വജ്ഞനായ യുക്തിജ്ഞൻ തന്നെയാകുന്നു.

2: 255; 10: 60–61; 12: 53 വിശദീകരണം നോക്കുക.

84. അവൻ അവരെത്തൊട്ട് പിന്തിരിയുകയും, ഓ കഷ്ടം! യൂസുഫിന്റെ കാര്യത്തിൽ

ഞാനെത്ര അസ്വസ്ഥനാണ് എന്ന് ആത്മഗതം ചെയ്യുകയും ചെയ്തു, ദുഃഖത്താൽ അവന്റെ കണ്ണുകൾ വെളുത്ത് നരച്ചുപോയി, എന്നാൽ അവൻ വിഷമം കടിച്ചമർത്തി.

85. അവർ പറഞ്ഞു: അല്ലാഹുവാണ് സത്യം, താങ്കൾ രോഗിയാവുകയോ അല്ലെങ്കിൽ മരണം സംഭവിക്കുകയോ ചെയ്യുന്നതുവരെ യൂസുഫിനെ ഓർത്തോർത്ത് താങ്കളെ സ്വയം നാശത്തിലകപ്പെടുത്തുമല്ലോ.

86. അവൻ പറഞ്ഞു: നിശ്ചയം ഞാൻ എന്റെ വേവലാതിയും ദുഃഖവുമെല്ലാം അല്ലാഹുവിനോട് മാത്രമാണ് ആവലാതിപ്പെടുന്നത്, നിങ്ങൾക്ക് അറിയാത്ത പലതും അല്ലാഹുവിൽ നിന്ന് ഞാൻ അറിയുന്നുമുണ്ട്.

യഅ്ഖൂബ് നബിയെപ്പോലെത്തന്നെ വിശ്വാസികളും സങ്കടങ്ങളും ദു:ഖങ്ങളും ആവലാതികളും ഇല്ലായ്മയും വല്ലായ്മയുമെല്ലാം അല്ലാഹുവിനോട് മാത്രമാണ് ആവലാതിപ്പെടേണ്ടത്. അവൻ നൽകിയത് തടയുന്നവരോ, അവൻ തടഞ്ഞത് നൽകുന്നവരോ, അവൻ വിധിച്ചത് തടുക്കുന്നവരോ, അവൻ തടഞ്ഞത് വിധിക്കുന്നവരോ ഇല്ല, ഒരു പ്രമാണിയുടെയോ അഹങ്കാരിയുടെയോ പ്രമാണിത്തം അല്ലെങ്കിൽ അഹങ്കാരം അവന്റെയടുക്കൽ വിലപ്പോവുകയുമില്ല എന്നിരിക്കെ ഒരാക്ഷേപകന്റെയും ആക്ഷേപത്തെ ഭയപ്പെടാതെ എല്ലാ പ്രതീക്ഷകളും അല്ലാഹുവിൽ അർപ്പിച്ചുകൊണ്ട് നിലകൊള്ളുന്നവരാണ് വിശ്വാസികൾ. 3: 79-80, 160; 5: 54; 9: 51, 71-72 വിശദീകരണം നോക്കുക.

87. ഓ എന്റെ മക്കളേ, നിങ്ങൾ എല്ലാവരും പോയി യൂസുഫിനെയും അവന്റെ സഹോദരനെയും ഒന്ന് അന്വേഷിക്കുവിൻ, അല്ലാഹുവിന്റെ സമാശ്വാസത്തിൽ നിങ്ങൾ നിരാശപ്പെടരുത്, നിശ്ചയം കാഫിറുകളായ ഒരു ജനതയല്ലാതെ അല്ലാഹുവിന്റെ സമാശ്വാസത്തിൽ നിരാശപ്പെടുകയില്ല.

വിശ്വാസികൾ ത്രികാലജ്ഞാനിയായ അല്ലാഹുവിൽ എപ്പോഴും പ്രതീക്ഷയർപ്പിച്ചുകൊണ്ട് നിലകൊള്ളുന്നവരാണ്. അല്ലാഹുവിന്റെ കാരുണ്യത്തിൽ ഒരിക്കലും അവർ നിരാശപ്പെടുകയില്ല. 39: 53 ൽ, പ്രവാചകനോട് പറയാൻ കൽപിക്കുന്നു, സൃഷ്ടിയെന്ന പരിധി ലംഘിച്ചുകൊണ്ട് സ്വന്തത്തോട് അതിരുകവിഞ്ഞ എന്റെ അടിമകളോട് നീ പറയുക: നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തിൽ ആശയറ്റവരാകരുത്, നിശ്ചയം അല്ലാഹു എല്ലാ കുറ്റങ്ങളും ഒരുമിച്ച് പൊറുത്തുതരുവാൻ കഴിവുള്ളവനാണ്, നിശ്ചയം അവൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാകുന്നു. പാപങ്ങൾ പൊറുത്തുകിട്ടുന്നതിനുള്ള രണ്ട് ഉപാധികൾ 39: 54-55 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 1) മരണം ആസന്നമാകുന്നതിനുമുമ്പ് ആത്മാവുകൊണ്ട് ഉടമയിലേക്ക് തിരിയുക. സർവസ്വം നാഥന് സമർപ്പിക്കുകയും ചെയ്യുക. 2) നിങ്ങൾ തിരിച്ചറിയാത്തവിധം പെട്ടെന്ന് നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിന് മുമ്പ് ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ പിൻപറ്റുക. ലക്ഷ്യബോധമില്ലാത്ത കപടവിശ്വാസികളും പ്രജ്ഞയറ്റ അവരുടെ അനുയായികളും ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നവരാണെങ്കിലും ത്രികാലജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറയുകവഴി അവർ നരകക്കുണ്ഠമാണ് സമ്പാദിച്ചുകൊണ്ടിരിക്കുന്നത് എന്ന് 2: 254; 9: 80-82 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ അവർ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുന്ന, ശപിക്കുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 10: 17-18, 57-58; 11: 120 വിശദീകരണം നോക്കുക.

88. അങ്ങനെ അവർ മിസ്റിൽ യൂസുഫിന്റെ മുമ്പിൽ പ്രവേശിച്ചപ്പോൾ അവർ പ

റഞ്ഞു: ഓ പ്രഭുവായിട്ടുള്ളവനേ, ഞങ്ങളെയും ഞങ്ങളുടെ കുടുംബാംഗങ്ങളെയും ദുരിതം ബാധിച്ചിരിക്കുന്നു, ഞങ്ങൾ വന്നിട്ടുള്ളത് കുറച്ച് നിസ്സാരമായ സാധനങ്ങളുമായിട്ടാണ്, അപ്പോൾ അങ്ങ് ഞങ്ങൾക്ക് അളവ് പൂർത്തിയാക്കിത്തരികയും ഞങ്ങൾക്ക് ദാനമായി അധികം തരികയും വേണം, നിശ്ചയം അല്ലാഹു ദാനംനൽകുന്നവർക്ക് തക്കതായ പ്രതിഫലം നൽകുന്നതാണ്.

89. അവൻ ചോദിച്ചു: നിങ്ങൾ അവിവേകികളായിരുന്നപ്പോൾ യൂസുഫിനോടും അവന്റെ സഹോദരനോടും നിങ്ങൾ എന്തെല്ലാമാണ് ചെയ്തതെന്ന് നിങ്ങൾക്ക് അറിയാമോ?

90. അവർ ചോദിച്ചു: അങ്ങ് തന്നെയാണോ യൂസുഫ്? അവൻ പറഞ്ഞു: അതെ, ഞാനാണ് യൂസുഫ്, ഇത് എന്റെ സഹോദരനും, നിശ്ചയം അല്ലാഹു ഞങ്ങളെ അനുഗ്രഹിച്ചിരിക്കുന്നു, നിശ്ചയം ഏതൊരുവൻ സൂക്ഷ്മത പാലിക്കുകയും ക്ഷമ കൈകൊള്ളുകയും ചെയ്യുന്നുവോ -അപ്പോൾ നിശ്ചയം അല്ലാഹു, അവനെ കണ്ടുകൊണ്ട് ചരിക്കുന്നവരുടെ പ്രതിഫലം പാഴാക്കിക്കളയുകയില്ല തന്നെ.

12: 22 ൽ വിവരിച്ച പ്രകാരം നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ജീവിക്കുന്നവരാണ് നാഥനെ കണ്ടുകൊണ്ട് ചരിക്കുന്നവർ. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവരാണ്. അവരിൽ നിന്നുള്ള ഓരോരുത്തരുടെയും മരണസമയത്ത് നാഥൻ അവരോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുന്നതാണ് എന്ന് 39: 59 ൽ അവർ വായിച്ചിട്ടുണ്ട്. 10: 26-27 വിശദീകരണം നോക്കുക.

91. അവർ പറഞ്ഞു: അല്ലാഹുവാണ് സത്യം, തീർച്ചയായും അല്ലാഹു ഞങ്ങളിൽ താങ്കൾക്ക് പൈതൃകം നൽകിയിരിക്കുന്നു, നിശ്ചയം ഞങ്ങൾ തെറ്റുകാർ തന്നെയായിരുന്നു.

'ഞങ്ങളിൽ താങ്കൾക്ക് പൈതൃകം നൽകിയിരിക്കുന്നു' എന്ന് പറഞ്ഞതിന്റെ വിവക്ഷ; പിതാവായ യഅ്ഖൂബിന്റെയും പിതാമഹൻമാരായ ഇബ്റാഹീം, ഇസ്ഹാഖ് എന്നിവരുടെയും പാരമ്പര്യം നമ്മുടെ ഇടയിൽ യൂസുഫിനാണ് നൽകിയിട്ടുള്ളത് എന്നാണ്. 2: 132-133; 3: 102 വിശദീകരണം നോക്കുക.

92. അവൻ പറഞ്ഞു: ഇന്നേ ദിവസം നിങ്ങളുടെ മേൽ പ്രതികാരമൊന്നുമില്ല, അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരട്ടെ, അവൻ കരുണ ചെയ്യുന്നവരിൽ ഏറ്റവും നന്നായി കരുണ ചെയ്യുന്നവനുമാകുന്നു.

പ്രവാചകൻമാർ അല്ലാഹുവിന്റെ പ്രതിനിധികളായി നിലകൊള്ളുന്നവരാണെന്നിരിക്കെ അവർക്ക് ആരോടും ഒരുതരത്തിലുള്ള വിരോധവും പ്രതികാരവും ഉണ്ടാവുകയില്ല. നന്മയും തിന്മയുമടക്കം എല്ലാ കാര്യങ്ങളും ത്രികാലജ്ഞാനിയായ നാഥൻ അറിയുന്നുണ്ട് എന്ന സത്യം മനസ്സാ-വാചാ-കർമണാ അംഗീകരിക്കുന്നവരാണ് വിശ്വാസികൾ. തന്റെ ഈ സ്ഥാനലബ്ധിക്കും സഹോദരങ്ങളുടെ ഈ അധഃപതനത്തിനും കാരണം അവരുടെ പ്രവർത്തനഫലവും അല്ലാഹുവിന്റെ നടപടിക്രമത്തിന്റെ ഭാഗവുമാണെന്നിരിക്കെ 'ഇന്നേ ദിവസം നിങ്ങളുടെമേൽ പ്രതികാരമൊന്നുമില്ല, അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരട്ടെ' എന്നാണ് യൂസുഫ് നബി പറയുന്നത്. ഇതേ സമീപനം തന്നെയാണ് പ്രവാചകൻ മുഹ

മ്മദ് മക്കാ വിജയനാളിൽ മുശ്രിക്ക് നേതാക്കളോട് കൈക്കൊണ്ടതും. ഇതേ സമീപനം തന്നെയാണ് വിശ്വാസികളും കൈകൊള്ളേണ്ടത് എന്നാണ് 110-ാം സൂറത്തിലൂടെ വിശ്വാസികളോട് അല്ലാഹു കൽപിച്ചിട്ടുള്ളത്. അതായത് അല്ലാഹുവിന്റെ സഹായം വരികയും മഹത്തായ വിജയം ലഭിക്കുകയും ജനങ്ങൾ കൂട്ടം കൂട്ടമായി അല്ലാഹുവിന്റെ *ദീനിൽ* പ്രവേശിക്കുകയും ചെയ്യുന്നത് കണ്ടാൽ നീ നിന്റെ നാഥനെ സ്തുതിക്കുകയും വാഴ്ത്തുകയും അവനോട് പൊറുക്കലിനെത്തേടുകയും ചെയ്യുക, നിശ്ചയം അവൻ ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനായിരിക്കുന്നു. അഥവാ നിന്റെ പ്രവർത്തനത്തിന്റെ കുറവുകൊണ്ടാണ് മക്കാവിജയം താമസിച്ചുപോയതെങ്കിൽ അതിന് നീ (പ്രവാചകൻ മുഹമ്മദ്) പൊറുക്കലിനെത്തേടുക എന്നർത്ഥം. എന്നാൽ ഇന്ന് അദ്ദിക്റിൽ നിന്ന് അകന്നുപോയ ഫുജ്ജാറുകൾ അവർക്ക് ഏതെങ്കിലും തരത്തിൽ വല്ല വിജയവും ലഭിക്കുകയാണെങ്കിൽ പ്രകടനം നടത്തിയും പടക്കം പൊട്ടിച്ചും എതിരാളികളെ തെറിവിളിച്ചും അവരുടെ വീടുകൾ, സ്ഥാപനങ്ങൾ എന്നിവക്ക് നേരെ കല്ലെറിഞ്ഞും ഭീഷണിപ്പെടുത്തിയുമാണ് വിജയം ആഘോഷിക്കുന്നത്. അവസാനകാലത്ത് നിങ്ങൾ ജൂത-ക്രൈസ്തവരെ ചാണിനുചാണായും മുഴത്തിനു മുഴമായും പിൻപറ്റുമെന്ന് പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചത് എത്ര മാത്രം പുലർന്നിരിക്കുന്നു! മുപ്പതാമത്തെ കള്ളവാദിയായി വരുന്ന മസീഹുദജ്ജാലിന്റെ കെണിയിൽ അകപ്പെടുന്ന ഇക്കൂട്ടർ, ഈസാ രണ്ടാമത് വന്നാൽ വധിക്കപ്പെടാൻ വിധിക്കപ്പെട്ട ഇവരിൽ നിന്ന് ഇനിയെന്ത് നന്മ പ്രതീക്ഷിക്കാനാണ്? മഹാത്മാക്കൾ വിധി ദിവസം ഇവർ ഒരു കെട്ടജനതയായിരുന്നു എന്ന് അന്യായം ബോധിപ്പിക്കുന്ന രംഗം 25: 18 ൽ മുന്നറിയിപ്പ് നൽകിയിട്ടുമുണ്ട്. 20: 123 ൽ പറഞ്ഞ പ്രകാരം സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് അയച്ചപ്പോൾ തന്നെ കപടവിശ്വാസികൾ വിശ്വാസികൾക്ക് ശത്രുക്കളാണ്. 63: 4 ൽ, കപടവിശ്വാസികളാണ് വിശ്വാസികളുടെ ശത്രുക്കളെന്നും അവരെ സൂക്ഷിക്കണമെന്നും; 9: 73 ലൂടെ അവരോട് അദ്ദിക്ർ കൊണ്ട് *ജിഹാദ്* ചെയ്യണമെന്നും അവരോട് കോപം പുലർത്തണമെന്നും വിശ്വാസിയോട് കൽപിച്ചിട്ടുണ്ട്. 2: 62; 8: 22, 49 വിശദീകരണം നോക്കുക.

93. നിങ്ങൾ എന്റെ ഈ കുപ്പായവും കൊണ്ട് പോവുക, അങ്ങനെ അത് എന്റെ പിതാവിന്റെ മുഖത്തിൻ മേൽ ഇടുകയും ചെയ്യുക, അപ്പോൾ അദ്ദേഹത്തിന് കാഴ്ച വീണ്ടുകിട്ടുന്നതാണ്; നിങ്ങളുടെ കുടുംബാംഗങ്ങളെ മുഴുവനും നിങ്ങൾ എന്റെ അടുക്കലേക്ക് കൊണ്ടുവരികയും ചെയ്യുവിൻ.

94. ഈ യാത്രാസംഘം മിസ്ർ വിട്ടപ്പോൾ അവരുടെ പിതാവ് പറഞ്ഞു: നിങ്ങൾ എന്നെ പ്രായാധിക്യത്താൽ ബുദ്ധിഭ്രമിച്ചവനെന്ന് കുറ്റപ്പെടുത്തുകയില്ലെങ്കിൽ ഞാൻ പറയട്ടെ, യൂസുഫിന്റെ വാസന നിശ്ചയം എനിക്ക് അനുഭവപ്പെടുന്നുണ്ട്.

യൂസുഫും യൂസുഫിന്റെ കുപ്പായവുമെല്ലാം അതിനുമുമ്പുതന്നെ ഈജിപ്തിൽ ഉണ്ടായിരുന്നുവെങ്കിലും പിതാവിന് അതിന്റെ വാസനയൊന്നും ലഭിച്ചിരുന്നില്ല. എന്നാൽ അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം യൂസുഫ് സഹോദരൻമാരുടെ പക്കൽ താൻ മുമ്പ് ഉപയോഗിച്ചിരുന്ന കുപ്പായം കൊടുത്തയക്കുമ്പോഴാണ് മൈലുകളോളം അകലെയുള്ള യഅ്ഖൂബ് നബിക്ക് യൂസുഫിന്റെ വാസന അനുഭവപ്പെടുന്നത്. അഥവാ പ്രപഞ്ചനാഥനായ അല്ലാഹു കാര്യകാരണബന്ധങ്ങൾക്ക് അതീതനായി പ്രവർത്തിക്കുന്നവനാണ് എന്ന് ഈ സംഭവം വിശ്വാസികളെ ഓർമിപ്പിക്കുകയാണ്. വിശ്വാസികളല്ലാത്തവർ അത് യഅ്ഖൂബ് നബിയുടെ കഴിവായിട്ടാണ് പരിഗണിക്കുക. 13: 38; 14: 11; 40: 78 തുടങ്ങിയ സൂക്തങ്ങളിൽ ഒരു പ്രവാചകനും അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരു ദിവ്യാത്ഭു

തം കൊണ്ടുവരാൻ സാധ്യമല്ല എന്ന് പറഞ്ഞിട്ടുണ്ട്. 2: 72–73, 260; 3: 26–27, 49 വിശദീകരണം നോക്കുക.

95. അവർ പറഞ്ഞു: അല്ലാഹുവാണ് സത്യം, നിശ്ചയം താങ്കൾ താങ്കളുടെ ആ പഴയ വഴികേടിൽ തന്നെയാകുന്നു.

യൂസുഫ് നബി ഒഴികെ കുടുംബത്തിലെ മറ്റാരും തന്നെ തങ്ങളുടെ പിതാവിന്റെ യഥാർത്ഥ സ്ഥാനം മനസ്സിലാക്കിയിരുന്നില്ല എന്ന് അവരുടെ ഈ മറുപടിയിൽ നിന്ന് മനസ്സിലാക്കാം. അഥവാ 'മുറ്റത്തെ മുല്ലക്ക് മണമില്ല' എന്ന സമീപനമായിരുന്നു അവർ അദ്ദേഹത്തോട് കൈക്കൊണ്ടിരുന്നത്. ഇഹപരവിജയം ലഭിക്കുന്നതിനുവേണ്ടി പ്രവാചകൻമാർക്കും വിശ്വാസികൾക്കും ഇത്തരം പരീക്ഷണങ്ങളും സാഹചര്യങ്ങളുമെല്ലാം തരണം ചെയ്യേണ്ടതുണ്ട്. 5: 48; 11: 38–39; 15: 95 വിശദീകരണം നോക്കുക.

96. അങ്ങനെ സന്തോഷവാർത്തയുമായി വന്നവൻ അതിനെ അവന്റെ മുഖത്തിൻ മേലിട്ടപ്പോൾ അവന്റെ കാഴ്ച തിരിച്ചുകിട്ടി; അവൻ ചോദിച്ചു: ഞാൻ നിങ്ങളോട് പറഞ്ഞിരുന്നില്ലേ, നിശ്ചയം ഞാൻ അല്ലാഹുവിൽ നിന്ന് നിങ്ങൾ അറിയാത്ത ചിലതൊക്കെ അറിയുന്നുണ്ടെന്ന്?

97. അവർ പറഞ്ഞു: ഓ ഞങ്ങളുടെ പിതാവേ, അങ്ങ് ഞങ്ങളുടെ തെറ്റുകൾ ഞങ്ങൾക്ക് പൊറുത്ത് കിട്ടുന്നതിന് വേണ്ടി പ്രാർത്ഥിക്കുക, തീർച്ചയായും ഞങ്ങൾ തെറ്റുകാർ തന്നെയായിരുന്നു.

98. അവൻ പറഞ്ഞു: നിങ്ങൾക്കുവേണ്ടി എന്റെ നാഥനോട് ഞാൻ പൊറുക്കലിനെത്തേടുകതന്നെ ചെയ്യും, നിശ്ചയം അവൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാകുന്നു.

4: 64 ൽ വിവരിച്ച പ്രകാരം നാഥന്റെ സമ്മതപത്രമായ അദ്ദിക്റിന് വിരുദ്ധമായി മറ്റുള്ളവരെ അനുസരിക്കാൻ പ്രവാചകനോ വിശ്വാസിക്കോ അനുവാദമില്ല. 9: 113–114 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികൾക്കും അവരുടെ അനുയായികളായ മുശ്രിക്കുകൾക്കും വേണ്ടി അത് കുടുംബത്തിൽ നിന്ന് അടുത്ത മാതാപിതാക്കളോ മക്കളോ ആരാണെങ്കിലും ശരി, പൊറുക്കലിനെത്തേടുന്നതിനും പ്രവാചകനോ വിശ്വാസിക്കോ അനുവാദമില്ല. 8: 2–4, 74–75; 9: 31 വിശദീകരണം നോക്കുക.

99. അങ്ങനെ അവരെല്ലാവരും യൂസുഫിന്റെ അടുത്ത് പ്രവേശിച്ചപ്പോൾ അവൻ തന്റെ മാതാപിതാക്കളെ തന്നിലേക്ക് അണച്ചുകൊണ്ട് പറയുകയും ചെയ്തു: അല്ലാഹു ഉദ്ദേശിച്ചാൽ നിങ്ങൾ സുരക്ഷിതരായി ഈജിപ്തിൽ പ്രവേശിച്ചുകൊള്ളുക.

100. അവൻ തന്റെ മാതാപിതാക്കളെ സിംഹാസനത്തിൽ ആദരിച്ചിരുത്തി, അവർ എല്ലാവരും അവന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു; അവൻ പറയുകയും ചെയ്തു: ഓ പിതാവേ, എന്റെ മുമ്പത്തെ കാഴ്ച പുലർന്നതാണിത്, എന്റെ നാഥൻ അത് യാഥാർത്ഥ്യമാക്കി, ജയിലിൽ നിന്ന് എന്നെ മോചിപ്പിച്ചപ്പോഴും എന്റെയും എന്റെ സഹോദരങ്ങളുടെയുമിടയിൽ പിശാച് ഭിന്നിപ്പുണ്ടാക്കിയശേഷം മരുഭൂമിതാണ്ടി നിങ്ങളെ കൊണ്ടുവന്നപ്പോഴും തീർച്ചയായും അവൻ എന്നോട് ഏറ്റവും നല്ലനിലയിൽ ഔദാര്യം കാണിച്ചിട്ടുണ്ട്. നിശ്ചയം എന്റെ നാഥൻ അവൻ ഉദ്ദേശിക്കുന്നവരോട് കരുണ കാണിക്കുന്നവൻ തന്നെയാണ്, നിശ്ചയം അവൻ സർവ്വജ്ഞനായ യുക്തിജ്ഞൻ തന്നെയാണ്.

അവർ എല്ലാവരും യൂസുഫിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു എന്ന് പറഞ്ഞത് നമസ്കാരത്തിൽ പറഞ്ഞ സാഷ്ടാംഗപ്രണാമമല്ല. 2: 58 ൽ, ഇസ്റാഈൽ സന്തതികളോട് ഫലസ്തീനിന്റെ കവാടങ്ങൾ സാഷ്ടാംഗത്തിലായിക്കൊണ്ട് പ്രവേശിക്കുക എന്ന് പറഞ്ഞത് മുഖം കുത്തിക്കൊണ്ട് പ്രവേശിക്കുക അല്ലെങ്കിൽ നുഴഞ്ഞുകയറുക എന്നോ അല്ല, മറിച്ച് 'അല്ലാഹ്' എന്ന സ്മരണയോടുകൂടിയും പ്രാർത്ഥനയോടുകൂടിയും ശാന്തിയോടും സമാധാനത്തോടും കൂടിയും ആ നാട്ടുകാരോട് ഗുണകാംക്ഷയുള്ളവരാണെന്ന വിധം വിനീതരായി പ്രവേശിക്കുക എന്നാണ്. ഇവിടെ യൂസുഫ് നബിയോട് ആദരസൂചകമായി പെരുമാറുകയും യൂസുഫ് നബിയുടെ പ്രവാചകത്വം അംഗീകരിച്ച് അല്ലാഹുവിൽ ജീവിതം സമർപ്പിച്ചവരായി മാറുകയും ചെയ്തു എന്നാണ് അവർ സാഷ്ടാംഗം പ്രണമിച്ചു എന്ന് പറഞ്ഞതിന്റെ വിവക്ഷ. 67: 22 ൽ, ഗ്രന്ഥം കിട്ടിയവർ മുഖം കുത്തി നടക്കുന്നവരെപ്പോലെയാകരുത്, തലയുയർത്തികൊണ്ട് നടക്കണം എന്ന് പറഞ്ഞതുപോലെത്തന്നെയാണ് ഇവിടെ സാഷ്ടാംഗം പ്രണമിച്ചു എന്ന് പറഞ്ഞതും. അതായത് അവർ യൂസുഫ് നബിയുടെ മാന്യത അംഗീകരിച്ച് യൂസുഫിന്റെ മാന്യമായ ജീവിതം പിന്തുടരാൻ തയ്യാറായി എന്നാണ്. 3: 79–80; 12: 4–5; 25: 33–34 വിശദീകരണം നോക്കുക.

101. എന്റെ നാഥാ, നിശ്ചയം എനിക്ക് നീ രാജാധിപത്യത്തിൽ നിന്ന് നൽകുകയും കാര്യങ്ങളുടെ യഥാർത്ഥ വ്യാഖ്യാനങ്ങളിൽ നിന്ന് എന്നെ പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു, ആകാശഭൂമികളെ വിരിപ്പിച്ചുണ്ടാക്കിയവനേ, നീയാണ് ഇഹത്തിലും പരത്തിലും എന്റെ രക്ഷാധികാരി, എന്നെ നീ മരിപ്പിക്കുമ്പോൾ സർവ്വസ്വം നിനക്ക് സമർപ്പിച്ചവനായി മരിപ്പിക്കേണമേ, എന്നെ നീ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ.

യൂസുഫ് നബി കണ്ട സ്വപ്നം യാഥാർത്ഥ്യമായി പുലർന്നത് കണ്ടപ്പോൾ നടത്തിയ ഈ പ്രാർത്ഥന പോലെത്തനെയായിരുന്നു ലോകത്ത് മറ്റാർക്കും ലഭിക്കാത്ത രാജാധിപത്യവും പ്രൗഢിയും പ്രതാപവും ലഭിച്ച സുലൈമാൻ നബിയുടെയും പ്രാർത്ഥന. ഏകദേശം 1500 കിലോമീറ്റർ അകലെയുള്ള ബൽക്കീസ് രാജ്ഞിയുടെ സിംഹാസനം അദ്ദേഹത്തിന്റെ ദർബാറിലുള്ള വേദഗ്രന്ഥ പരിജ്ഞാനിയായ ഒരു വിശ്വാസി കണ്ണ് ഇമവെട്ടുന്ന സമയത്തേക്കാൾ വേഗത്തിൽ എത്തിച്ചുകൊടുത്തപ്പോൾ സുലൈമാൻ നബി 'ഇത് എന്റെ നാഥന്റെ ഔദാര്യത്തിൽ പെട്ടതാണ്, എന്റെ നാഥൻ ഞാൻ നന്ദി പ്രകടിപ്പിക്കുന്നവനാകുമോ അതോ നന്ദികെട്ടവനാകുമോ എന്ന് പരീക്ഷിക്കുന്നതിന് വേണ്ടി സംഭവിപ്പിച്ചതാണ്;അപ്പോൾ ആരെങ്കിലും നന്ദി പ്രകടിപ്പിക്കുന്നുവെങ്കിൽ അത് അവനവനുവേണ്ടിത്തന്നെയാണ്, ആരെങ്കിലും നന്ദികേട് കാണിക്കുന്നുവെങ്കിൽ നിശ്ചയം എന്റെ നാഥൻ മാന്യനായ ഐശ്വര്യവാൻ തന്നെയാകുന്നു' എന്ന് പറഞ്ഞതായി 27: 40 ൽ പറഞ്ഞിട്ടുണ്ട്. 27: 19 ൽ, സുലൈമാൻ നബിയുടെ പ്രാർത്ഥന 'എന്റെ നാഥാ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്നിട്ടുള്ള നിന്റെ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം ചെയ്യാനും എന്നെ നീ നിയന്ത്രിച്ചു നിർത്തേണമേ, നിന്റെ മഹത്തായ കാരുണ്യം കൊണ്ട് എന്നെ നിന്റെ സജ്ജനങ്ങളായ അടിമകളിൽ പ്രവേശിപ്പിക്കുകയും ചെയ്യേണമേ' എന്നാണ്. നാൽപത് വയസ്സിന് മുകളിലുള്ള വിശ്വാസികളുടെ പ്രാർത്ഥന: 'എന്റെ നാഥാ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിന് നന്ദി കാണിക്കാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം ചെയ്യാനും എന്നെ നീ നിയന്ത്രിച്ചുനിർത്തേണമേ, എന്റെ സന്തതിപരമ്പരകളുടെ പ്രവർത്തനങ്ങളെ നീ നന്നാക്കിത്തീ

ർക്കുകയും ചെയ്യേണമേ, നിശ്ചയം ഞാൻ നിന്നിലേക്ക് ഖേദിച്ച് മടങ്ങിയിരിക്കുന്നു, നിശ്ചയം ഞാൻ സർവ്വസ്വം നിനക്ക് സമർപ്പിച്ചവരിൽ പെട്ടവനുമാകുന്നു' എന്നാണെന്ന് 46: 15 ൽ പറഞ്ഞിട്ടുണ്ട്. വിശ്വാസികൾ അനുഗ്രഹം കിട്ടുന്തോറും അല്ലാഹുവിലേക്ക് കൂടുതൽ കൂടുതൽ അടുക്കണമെന്നാണ് ഇതെല്ലാം പഠിപ്പിക്കുന്നത്. 1: 6; 3: 159; 7: 196 വിശദീകരണം നോക്കുക.

102.അതെല്ലാം നാം നിന്നിലേക്ക് ദിവ്യസന്ദേശമായി നൽകുന്ന അദൃശ്യവൃത്താന്തങ്ങളിൽ പെട്ടതാകുന്നു, അവർ അവരുടെ കാര്യത്തിൽ ഒത്തുകൂടുകയും അവർ ഗൂഢാലോചന നടത്തുകയും ചെയ്തപ്പോൾ നീ അവിടെയുണ്ടായിരുന്നില്ലല്ലോ.

ഗ്രന്ഥം അല്ലാഹുവിന്റെ വചനമാണെന്നും അതിൽ വിവരിക്കുന്ന കാര്യങ്ങളെല്ലാം ത്രികാലജ്ഞാനിയായ ഒരുവന്റെ വാക്കുകളാണെന്നും പ്രവാചകൻ മുഹമ്മദിനെയും വിശ്വാസികളെയും ഉണർത്തുകയാണ്. 35: 14 ൽ, ഒരു ത്രികാലജ്ഞാനിയല്ലാതെ ഇതുപോലുള്ള ഒരു വൃത്താന്തം നിന്നെ അറിയിക്കുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ വിശ്വസിക്കാൻ തയ്യാറാകാത്ത കാഫിറുകൾ ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്റിനെക്കുറിച്ച് ഇത് പൂർവ്വികരുടെ പഴമ്പുരാണങ്ങളല്ലാതെ മറ്റൊന്നുമല്ല എന്നാണ് പറയുക. അത് അവരെക്കൊണ്ട് പറയിപ്പിക്കുന്നത് പിശാചാണ്. അതുകൊണ്ടാണ് 25: 27-29 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പരലോകത്തുവെച്ച് ഇത്തരം അക്രമി കൈകടിച്ചുകൊണ്ട്: ഓ! ഞാൻ ഇന്നാലിന്നവനെ ആത്മമിത്രമായി സ്വീകരിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നേനെ, അവനാണല്ലോ എനിക്ക് അദ്ദിക്ർ വന്നുകിട്ടിയതിനുശേഷം അതിൽ നിന്ന് എന്നെ തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ എന്ന് വിലപിക്കുന്നത്. അറബിയിലുള്ള ഖുർആൻ വായിക്കുന്നതിൽ നിന്നല്ല പിശാച് തടയുക, മറിച്ച് ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ വായിക്കുകയും പിൻപറ്റുകയും ചെയ്യുന്നതിൽ നിന്നാണ് പിശാച് തടയുക എന്ന് അന്ന് അവൻ തിരിച്ചറിയുന്നതാണ്. 2: 165-167; 11: 100, 118-119; 14: 46 വിശദീകരണം നോക്കുക.

103. നീ എത്ര ശ്രമിച്ചാലും ജനങ്ങളിൽ അധികപേരും വിശ്വസിക്കുകയില്ല തന്നെ.

എന്തൊക്കെ തെളിവുകൾ അവരുടെ മുമ്പിൽ അവതരിപ്പിച്ചാലും ജനങ്ങളിൽ അധികപേരും വിശ്വസിക്കുകയില്ല. മരിച്ചവർ തന്നെ മടങ്ങിവന്ന് 'ഞാൻ നരകത്തിൽ നിന്നാണ് വരുന്നത്, അതുകൊണ്ട് നീ ഈ മാർഗം പിൻപറ്റരുത്' എന്ന് പറഞ്ഞാൽ പോലും അവർ വിശ്വസിക്കുകയില്ല, കാരണം അവർ മുൻധാരണയിലാണ്. അദ്ദിക്ർ കേൾക്കാനോ വായിക്കാനോ അതിനെ സ്വർഗത്തിലേക്ക് നയിക്കുന്ന സന്മാർഗമായും സ്വർഗത്തിലേക്കുള്ള ടിക്കറ്റായും എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായും ഉപയോഗപ്പെടുത്താനും അവർ തയ്യാറില്ല. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ ഒരാളും വിശ്വാസിയാവുകയില്ലെന്ന് 10: 99-100 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ടെങ്കിലും ചിന്താശക്തി ഉപയോഗപ്പെടുത്താത്ത യഥാർത്ഥ ഭ്രാന്തന്മാരായതിനാൽ അവർക്ക് വിശ്വസിക്കാൻ സാധിക്കുകയില്ല. പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചു: *നിങ്ങൾ ഗ്രന്ഥത്തെ മുന്നിൽ നടത്തുക, നിങ്ങൾ അതിന്റെ പിന്നാലെ പോവുക. എന്നാൽ അത് നിങ്ങളെ വന്ന സ്ഥലത്തേക്കുതന്നെ (സ്വർഗത്തിലേക്കുതന്നെ) നയിക്കും, നിങ്ങൾ അതിനെ പിന്നിലാക്കിയാൽ അത് നിങ്ങളെ നരകത്തിലേക്ക് തള്ളിവിടുക തന്നെ ചെയ്യും.* 6: 111, 115-116; 9: 28 വിശദീകരണം നോക്കുക.

104.നീ അവരോട് ഇതിന് ഒരു പ്രതിഫലവും ചോദിക്കുന്നില്ല, നിശ്ചയം ഇത് സർവ്വ ലോകർക്കുമുള്ള ഒരു ഉണർത്തലല്ലാതെ മറ്റൊന്നുമല്ല.

25: 57 ൽ അല്ലാഹു പ്രവാചകനോട് പറയാൻ കൽപിക്കുന്നു: ഈ സന്ദേശം നിങ്ങൾക്ക് എത്തിച്ച് തരുന്നതിന് ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ചോദിക്കുന്നില്ല, ആരാണോ തന്റെ നാഥനിലേക്ക് വഴി അന്വേഷിക്കാൻ ഉദ്ദേശിക്കുന്നത് അതൊഴികെ. അഥവാ 73: 19 ലും 76: 29 ലും പറഞ്ഞ അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തി വന്നസ്ഥലത്തേക്ക് തിരിച്ചുപോകണമെന്നാണ് പ്രവാചകനും വിശ്വാസികളും ആവശ്യപ്പെടുക. പ്രസ്തുത ടിക്കറ്റ് ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് അവർ പ്രതിഫലമൊന്നും ചോദിക്കുകയുമില്ല. 6: 89-90; 11: 51, 123; 38: 86-88 വിശദീകരണം നോക്കുക.

105.ആകാശങ്ങളിലും ഭൂമിയിലും എത്രയെത്ര ദൃഷ്ടാന്തങ്ങളാണുള്ളത്, എന്നാൽ അവർ അവയെ അവഗണിച്ചുകൊണ്ട് അവയിലൂടെ കടന്നുപോകുന്നവരാകുന്നു.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുകയും എന്നാൽ ജീവിതലക്ഷ്യം മറന്ന് ജീവിതത്തെ കളിയും തമാശയുമായി കൊണ്ടുനടക്കുകയും ചെയ്യുന്നവരായി പ്രവാചകന്റെ ജനത അധഃപതിച്ചിരിക്കുകയാണ്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത യഥാർത്ഥ ഭ്രാന്തന്മാരായ അവരെ ജീവജാലങ്ങളിൽ വെച്ച് ഏറ്റവും ദുഷിച്ച ജീവികളെന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന അവർ തന്നെയാണ് മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളും കരയിലെ ഏറ്റവും ദുഷിച്ച ജീവജാലവുമെന്ന് 2: 24; 98: 6 എന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 7: 179, 185; 10: 92 വിശദീകരണം നോക്കുക.

106.അവരിൽ അധികപേരും അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുകയുമില്ല, അവർ അവന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർത്തുകൊണ്ടല്ലാതെ.

മനുഷ്യരിൽ അധികപേരും ഗ്രന്ഥത്തിലെ 6236 സൂക്തങ്ങൾ സമർപ്പിക്കുന്നവിധം അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുന്നില്ല, പകരം അല്ലാഹുവിൽ മായം ചേർത്തിട്ടാണ് അവർ വിശ്വസിക്കുന്നത്. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാനും കർമ്മങ്ങൾ സ്വീകരിക്കപ്പെടാനുമുള്ള രണ്ട് ഉപാധികൾ 2: 186 ൽ വിവരിച്ചിട്ടുണ്ട്. ഇത്തരം സൂക്തങ്ങൾ വായിച്ചതിനുശേഷവും ആദം മുതൽ അന്ത്യനാൾ വരെയുള്ള ജനതക്ക് അല്ലാഹു തൃപ്തിപ്പെട്ട, 5: 56 ലും 58: 22 ലും പറഞ്ഞ 'അല്ലാഹുവിന്റെ ഏകസംഘത്തിൽ' പെടാത്ത ഫുജ്ജാറുകൾ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരും 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘത്തിൽ പെട്ടവരുമാണ്. പിശാചിന്റെ സംഘത്തിൽ പെട്ട കപടവിശ്വാസികളെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരെയും ശിക്ഷിക്കാൻ വേണ്ടിയാണ് *അമാനത്ത*ായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളതെന്ന് 33: 73; 48: 6 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 113, 137; 9: 32-33; 30: 30-32 വിശദീകരണം നോക്കുക.

107.അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നുള്ള ഒരു വിഹിതം അവരെ മൂടുകയില്ലെന്ന് അല്ലെങ്കിൽ അവർ തിരിച്ചറിയാത്ത അവസ്ഥയിൽ പെട്ടെന്ന് ആ അന്ത്യനിമിഷം അവർക്ക് വന്നെത്തുകയില്ലെന്ന് അവർ നിർഭയരായിരിക്കുകയാണോ?

31: 33 ൽ, നിശ്ചയം അല്ലാഹുവിന്റെ വാഗ്ദത്തം സത്യമാണ്, അതിനാൽ ഐഹിക ജീവിതം നിങ്ങളെ വഞ്ചിച്ചു കളയാതിരിക്കട്ടെ, അല്ലാഹുവിന്റെ കാര്യത്തിൽ ആ മഹാവഞ്ചകനായ പിശാചും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ! എന്നും; 31: 34 ൽ, നിശ്ചയം അന്ത്യനിമിഷത്തെക്കുറിച്ചുള്ള അറിവുള്ളത് അല്ലാഹുവിന്റെ പക്കലാണ്, അവനാകുന്നു മഴ വർ

ഷിപ്പിക്കുന്നത്, ഗർഭപാത്രത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. ഒരാൾക്കും താൻ നാളെ എന്താണ് സമ്പാദിക്കുക എന്ന് അറിയുകയില്ല, ഒരാൾക്കും ഏത് ഭൂമിയിലാണ് താൻ മരിക്കുക എന്നും അറിയുകയില്ല, നിശ്ചയം അല്ലാഹു സർവ്വജ്ഞാനിയും എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയുമാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. മനുഷ്യർ ആരാണെന്നും ഭൂമിയിൽ അവരുടെ നിയോഗലക്ഷ്യം എന്താണെന്നും പഠിപ്പിക്കുന്നത് ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്റാണ്. നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽ നിന്നുള്ള തെളിവും വ്യക്തമായ പ്രകാശവും വന്നുകിട്ടി, അപ്പോൾ അതിനെ മുറുകെപ്പിടിച്ചവൻ സൻമാർഗത്തിലായി എന്ന് 4: 174 –175 സൂക്തങ്ങളിൽ മനുഷ്യരെ വിളിച്ച് അല്ലാഹു പറഞ്ഞിട്ടുണ്ട്. സൂക്തത്തിൽ പറഞ്ഞ തെളിവും പ്രകാശവും അദ്ദിക്ർ തന്നെയാണ്. 7: 97–99; 9: 115; 12: 24; 16: 43; 25: 59 വിശദീകരണം നോക്കുക.

108.നീ പറയുക: ഇതാകുന്നു എന്റെ മാർഗം, ഞാൻ നിങ്ങളെ വിളിക്കുന്നത് അല്ലാഹുവിലേക്കാണ്, ഞാനും എന്നെ പിൻപറ്റുന്നവരും ഒരു കാഴ്ചപ്പാടിലാണുള്ളത്, അല്ലാഹു ഏറ്റവും പരിശുദ്ധനാകുന്നു, ഞാൻ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരിൽ പെട്ടവനുമല്ല.

നിശ്ചയം ഞാൻ പിൻപറ്റുന്നത് എനിക്ക് എന്റെ നാഥനിൽ നിന്നും ലഭിച്ച ദിവ്യസന്ദേശമാകുന്നു, അത് നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽ നിന്നുള്ള ഉൾക്കാഴ്ചദായകവും വിശ്വാസികളായ ഒരു ജനതക്ക് സൻമാർഗവും കാരുണ്യവുമാകുന്നു എന്ന് പറയാൻ പ്രവാചകനോട് 7: 203 ലൂടെ അല്ലാഹു കൽപിച്ചിട്ടുണ്ട്. 'അല്ലാഹു ഏറ്റവും പരിശുദ്ധനാകുന്നു' എന്ന് പറഞ്ഞാൽ, ജനങ്ങൾ അവനിലേക്ക് ചേർത്തുപറയുന്ന കാര്യങ്ങളിൽ നിന്നെല്ലാം അവൻ പരിശുദ്ധനാണ് എന്നാണ്. അവനിലേക്ക് അടുപ്പിക്കുന്ന ഇടയാളൻമാരോ ശുപാർശക്കാരോ ഒന്നും വേണ്ടതില്ലാത്ത വിധത്തിൽ അവൻ എല്ലാവിധ ദൗർബല്യങ്ങളിൽ നിന്നും വിമുക്തനായ പരിശുദ്ധനും ത്രികാലജ്ഞാനിയുമാണ്. അവന് പങ്കാളികളെ ജൽപിക്കേണ്ടതില്ലാത്ത വിധം എല്ലാവിധ കുറ്റങ്ങളിൽ നിന്നും കുറവുകളിൽ നിന്നും അവൻ വിമുക്തനാണ്. അതുപോലെ ഇന്നു കാണുന്ന വിവിധ സംഘടനകളൊന്നും ഇസ്ലാമിലില്ല, ആദം നബി മുതൽ അന്ത്യനാൾവരെയുള്ള ജനങ്ങൾക്ക് അവൻ തൃപ്തിപ്പെട്ട ഒരേ ഒരു സംഘം മാത്രമാണുള്ളത് എന്നെല്ലാമാണ്. അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിലേക്ക് വിളിക്കുന്നവനേക്കാൾ ഏറ്റവും നല്ല വാക്ക് പറയുന്നവൻ മറ്റാരുണ്ട്? –അവൻ സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നവനും നിശ്ചയം ഞാൻ സർവ്വസ്വം അല്ലാഹുവിന് സമർപിച്ചവരിൽ പെട്ടവനാണെന്ന് പറയുകയും ചെയ്യുന്നവനേക്കാൾ എന്ന് 41: 33 ലും; യഥാർത്ഥത്തിൽ വിളിക്ക് അർഹൻ അഥവാ ആരിലേക്കാണോ മനുഷ്യരെ വിളിക്കേണ്ടത്, അത് അല്ലാഹു മാത്രമാണെന്നും, അവനെക്കൂടാതെ അവർ വിളിച്ച് പ്രാർത്ഥിക്കുന്നവരുണ്ടല്ലോ, അവർ വിളിച്ച് പ്രാർത്ഥിക്കുന്നവർക്ക് മറുപടി നൽകുന്നില്ല, വെള്ളത്തിലേക്ക് വിരൽ ചൂണ്ടി 'ഓ വെള്ളമേ, നീ എന്റെ വായിൽ പ്രവേശിക്കുക' എന്ന് പറഞ്ഞാൽ അത് പ്രവേശിക്കുകയില്ല എന്നതുപോലെയല്ലാതെ എന്ന് 13: 14 ലും പറഞ്ഞിട്ടുണ്ട്. 3: 101–103; 6: 104, 125–126; 16: 125 വിശദീകരണം നോക്കുക.

109.തങ്ങളുടെ നാട്ടുകാരിൽ നിന്നുള്ള പുരുഷൻമാരെയല്ലാതെ അവരിലേക്ക് ദിവ്യസന്ദേശം നൽകിക്കൊണ്ട് നിനക്കുമുമ്പ് നാം പ്രവാചകൻമാരായി അയച്ചിട്ടുമില്ല, അങ്ങനെ അവർ ഭൂമിയിൽ സഞ്ചരിക്കുകയും അവർക്ക് മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കിക്കാണുകയും ചെയ്തിട്ടില്ലേ?

സൂക്ഷ്മാലുക്കളായിട്ടുള്ളവർക്ക് ഏറ്റവും ഉത്തമമായിട്ടുള്ളത് പരലോകഭവനം തന്നെയാകുന്നു, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ?

നാം അവർക്കുമുമ്പ് എത്രയെത്ര നാട്ടുകാരെയാണ് നശിപ്പിച്ചിട്ടുള്ളത്! അവരുടെ വാസസ്ഥലങ്ങളിലൂടെയാണല്ലോ ഇവർ നടന്നുപോകുന്നത്! അപ്പോൾ അവർക്ക് അതിൽ നിന്ന് യാതൊരു മാർഗദർശനവും ലഭിക്കുന്നില്ലേ? നിശ്ചയം അതിൽ പാഠങ്ങളുണ്ട്, അപ്പോൾ അവർ കേൾക്കുന്നവരാകുന്നില്ലേ എന്ന് 32: 26 ൽ അല്ലാഹു ചോദിക്കുന്നു. 6: 8-9 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എന്തുകൊണ്ടാണ് ഒരു മലക്കിനെ പ്രവാചകനായി നിയോഗിക്കാത്തത് എന്ന കാഫിറുകളുടെ ചോദ്യത്തിനു മറുപടിയായി അവതരിപ്പിച്ചതാണ് ഈ സൂക്തം. 16: 43; 21: 7 സൂക്തങ്ങളിൽ, നിനക്കുമുമ്പ് മനുഷ്യരിൽ നിന്നുള്ള പുരുഷന്മാരെയല്ലാതെ പ്രവാചകന്മാരായി നിയോഗിച്ചിട്ടുമില്ല, അപ്പോൾ നിങ്ങൾ അറിവില്ലാത്ത കാര്യങ്ങൾ ചോദിക്കേണ്ടത് അദ്ദിക്റിന്റെ ആളിനോടാണ് എന്ന് പറഞ്ഞിട്ടുണ്ട്. 3: 18 ൽ വിവരിച്ച പ്രകാരം പ്രവാചകൻ നൂഹ് മുതൽ പ്രവാചകൻ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാർക്കും അവതരിപ്പിച്ചിട്ടുള്ള ജ്ഞാനം അദ്ദിക്റാണ്. അത് അല്ലാഹുവിനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുവീൻ എന്ന് പഠിപ്പിക്കാൻ വേണ്ടിയാണ് അവതരിച്ചത്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ വിസ്മരിച്ച് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരാണ്. 9: 28 ൽ വിവരിച്ച പ്രകാരം മഹ്ദിയുടെ വരവ് ഇജാസിൽ പ്രഖ്യാപിക്കുന്നതോടുകൂടി അവിടെയുള്ള ഫുജ്ജാറുകൾ അവിടെനിന്ന് പുറത്താക്കപ്പെടുന്നതും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിശ്വാസികളെ അവിടേക്ക് പ്രവേശിപ്പിക്കുന്നതുമാണ്. 10: 75 ൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളോട് 'നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുക, അക്രമികളായ ഭ്രാന്തന്മാരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കിക്കാണുകയും ചെയ്യുക' എന്ന് പറയാനാണ് വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. 6: 32; 9: 67-68; 10: 101-103 വിശദീകരണം നോക്കുക.

110. അങ്ങനെ പ്രവാചകൻമാർ നിരാശപ്പെടുകയും നിശ്ചയം അവർ കളവാക്കപ്പെട്ടിരിക്കുന്നു എന്ന് ബോധ്യം വരികയും ചെയ്തപ്പോൾ നമ്മുടെ സഹായം അവർക്ക് വരികയും അപ്പോൾ നാം ഉദ്ദേശിക്കുന്നവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു, ഭ്രാന്തന്മാരായ ഒരു ജനതയെത്തൊട്ട് നമ്മുടെ ദണ്ഡനം തിരിച്ചുവിടാൻ സാധ്യവുമല്ലതന്നെ.

പ്രവാചകന്മാരുടെ പ്രബോധനം ഇനി ഒരാളും ചെവികൊള്ളുകയോ വിശ്വാസം സ്വീകരിക്കുകയോ ഇല്ലെന്ന് അവർക്ക് ബോധ്യം വരികയും അവർക്ക് പ്രബോധനം ചെയ്യാനുള്ള അവസരം വരെ തടയപ്പെടുകയും ചെയ്യുന്ന അവസ്ഥയിൽ ജനങ്ങൾക്കും അവർക്കുമിടയിൽ തീരുമാനം കൽപിക്കാൻ വേണ്ടി അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം തന്നെ അവർ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും അങ്ങനെ പ്രവാചകൻമാരെയും വിശ്വാസികളെയും അല്ലാഹു രക്ഷപ്പെടുത്തുകയും കാഫിറുകളെ ശിക്ഷിക്കുകയുമാണ് പൂർവ്വിക കാലങ്ങളിൽ സംഭവിച്ചിട്ടുള്ളത്. അദ്ദിക്റിൽ നിന്ന് അകന്ന് പ്രവാചകനെ ജനമധ്യത്തിൽ കളവാക്കി ചിത്രീകരിച്ചുകൊണ്ടുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ ഇപ്പോഴത്തെ അവസ്ഥ ഇനിയും കൂടുതൽ ഇരുളുന്നതും അങ്ങനെ മസീഹുദ്ദജ്ജാൽ വന്ന് ഇസ്ലാമിനെ പൂർണ്ണമായും മായ്ച്ചുകളയുന്നതുമാണ്. ഈസാ രണ്ടാമത് വരികയും മസീഹുദ്ദജ്ജാലിനെ വധിക്കുകയും ജൈനർ, ബുദ്ധർ, ഹൈന്ദവർ, സൗരാഷ്ട്രർ, ജൂതർ, ക്രൈസ്തവർ, സിഖു

കാർ തുടങ്ങിയ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെല്ലാം ഇസ്‌ലാം അംഗീകരിക്കുകയും 8: 22 ൽ പറഞ്ഞ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷിച്ച ജീവികളായ യഥാർത്ഥ ഭ്രാന്തന്മാർ അവരുടെ കൈകളാൽ വധിക്കപ്പെടുകയും 4: 91; 5: 33; 9: 5, 123; 33: 60–61 എന്നീ സൂക്തങ്ങളുടെ കൽപന നടപ്പിൽ വരികയും ചെയ്യുന്നതാണ്. ശേഷം ഇന്നത്തെ ഫുജ്ജാറുകളെപ്പോലെ ഇതര ജനവിഭാഗങ്ങളും ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരും അക്രമികളും തെമ്മാടികളുമായി മാറുമ്പോഴാണ് ലോകം അവസാനിക്കുക. 6: 55; 7: 40; 10: 17–18 വിശദീകരണം നോക്കുക.

111. നിശ്ചയം, അവരുടെ സംഭവചരിത്രങ്ങളിൽ ബുദ്ധികൂർമതയുള്ള ഓരോരുത്തർക്കും ഗുണപാഠമുണ്ട്, ഈ വർത്തമാനം കെട്ടിച്ചമച്ചുണ്ടാക്കപ്പെട്ടതല്ല, എന്നാൽ അത് ഇതിന് മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതും എല്ലാഓരോ കാര്യവും വിശദീകരിച്ചതും വിശ്വാസികളായ ജനതക്ക് സൻമാർഗവും കാരുണ്യവുമാകുന്നു.

അവരുടെ സംഭവചരിത്രങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്, യൂസുഫ്നബിയുടെയും സഹോദരന്മാരുടെയും സംഭവചരിത്രങ്ങൾ മാത്രമല്ല, ഗ്രന്ഥം വിശദീകരിക്കുന്ന പൂർവ്വികകാലത്ത് ജീവിച്ചുപോയ മുഴുവൻ ജനങ്ങളുടെയും സംഭവചരിത്രങ്ങളാണ്. അവരുടെ പര്യവസാനത്തിൽ നിന്ന് ബുദ്ധിയും തന്റേടവുമുള്ളവർക്ക് ഗുണപാഠങ്ങളുണ്ട്. അല്ലാഹുവിന്റെ സംസാരമായ അദ്ദിക്ർ ആരും കെട്ടിച്ചമച്ചുണ്ടാക്കുന്നതല്ല. മനുഷ്യന്റെ മാർഗദർശനത്തിന് ആവശ്യമായ എല്ലാവിധ വിവരണങ്ങളും വിശദീകരിച്ചിട്ടുള്ളതും സ്രഷ്ടാവിൽ നിന്ന് അവന്റെ മൊത്തം സൃഷ്ടികൾക്കുള്ള മുഖപത്രവുമാണത്.

4: 78; 7: 185; 18: 2; 39: 23; 53: 59 തുടങ്ങി 12 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ള നാഥന്റെ സംസാരമായ *ഹദീസ്* അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. 5: 48 ൽ വിവരിച്ച പ്രകാരം അജയ്യഗ്രന്ഥമായ അദ്ദിക്ർ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണ്. എന്നാൽ 9: 125 ൽ വിവരിച്ച പ്രകാരം കപടവിശ്വാസികൾക്കും അവരുടെ അനുയായികളായ മുശ്രിക്കുകൾക്കും അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർധിപ്പിക്കുകയില്ല. 5: 48; 6: 38, 153; 7: 52 വിശദീകരണം നോക്കുക.

13. അർറഅ്ദ്

പതിമൂന്നാം സൂക്തത്തിലെ 'അർറഅ്ദ്'-ഇടിനാദം- എന്ന പദത്തിൽ നിന്നാണ് സൂറത്തിന് ഈ പേര് വന്നിട്ടുള്ളത്. എതിരാളികൾ പ്രവാചകനെ അപകീർത്തിപ്പെടുത്താൻ വിവിധ തരത്തിലുള്ള കുതന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കുകയായിരുന്നു. വിശ്വാസികളാവട്ടെ, ഏതെങ്കിലും ദിവ്യാത്ഭുതങ്ങൾ കാണിച്ചുകൊണ്ടെങ്കിലും ജനങ്ങളെ നേർമാർഗത്തിലേക്ക് നയിക്കണമെന്ന് അതിയായി ആഗ്രഹിച്ചു. മരിച്ചവർ ശ്മശാനങ്ങളിൽ നിന്ന് എഴുന്നേറ്റുവന്ന് അവരോട് സംസാരിച്ചാൽ പോലും അവർ വിശ്വസിക്കുകയില്ല എന്ന് കാഫിറുകളെക്കുറിച്ച് പറഞ്ഞതിൽ നിന്നും പ്രവാചകന്റെ മക്കാജീവിതത്തിന്റെ അവസാനഘട്ടത്തിലാണ് ഈ സൂറത്ത് അവതരിച്ചതെന്ന് മനസ്സിലാക്കാം.

ആകാശഭൂമികളിലും അവയ്ക്കിടയിലുമുള്ള സർവ്വവസ്തുക്കളിൽ നിന്നും യാതൊരു പാഠവും പഠിക്കാതെ നന്മക്കുപകരം തിന്മക്കുവേണ്ടി ധൃതികൂട്ടുന്ന കാഫിറുകളുടെ ചര്യ ജീവിതലക്ഷ്യം മനസ്സിലാക്കിയ വിശ്വാസികൾ പിന്തുടരരുതെന്ന് പഠിപ്പിക്കുന്നു. നരകം അല്ലെങ്കിൽ സ്വർഗ്ഗം ഓരോരുത്തരും ഐഹികലോകത്ത് വെച്ച് സമ്പാദിക്കുന്നതാണെന്നും നിഷ്പക്ഷവാനായ അല്ലാഹു ഒരാളുടെയും ഒരു ജനതയുടെയും അവസ്ഥ അവൻ/അവർ സ്വയം മാറാതെ മാറ്റുകയില്ല എന്നും പഠിപ്പിക്കുന്നു. 15-ാം സൂക്തത്തിൽ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം വന്നിട്ടുണ്ട്. അല്ലാഹുവിന് നല്ലനിലക്ക് മറുപടി നൽകുന്നവർക്ക് നന്മയുണ്ടെന്നും മറുപടി നൽകാത്തവർക്ക് ഭൂമിയിലുള്ള സർവ്വസ്വം ലഭിച്ച് അത് വിചാരണനാളിലെ ശിക്ഷക്ക് പകരം നൽകി രക്ഷപ്പെടാമെന്ന് കരുതിയാൽ സാധിക്കുകയില്ല എന്നും, ഗ്രന്ഥം വന്നുകിട്ടിയതിന് ശേഷം പ്രവാചകനോ വിശ്വാസികളോ ജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ പിൻപറ്റുകയാണെങ്കിൽ അല്ലാഹുവിൽ നിന്ന് അവർക്ക് ഒരു സഹായിയും ഉണ്ടായിരിക്കുകയില്ല എന്നും, ഒരു പ്രവാചകനും അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ഭിക്ർ കൂടാതെ ഒരു ദിവ്യാത്ഭുതം കൊണ്ടുവരാൻ സാധ്യമല്ല എന്നും പഠിപ്പിക്കുന്നു. നീ പ്രവാചകനൊന്നുമല്ലെന്ന് പറയുന്ന കാഫിറുകളോട്, എനിക്കും നിങ്ങൾക്കുമിടയിൽ അല്ലാഹുവും ഈ ഗ്രന്ഥവും സാക്ഷിയായി മതി എന്ന് മറുപടി പറയാൻ കൽപിച്ചുകൊണ്ട് 43 സൂക്തങ്ങളടങ്ങിയ സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. അലിഫ്-ലാം-മീം-റാ, ഇതെല്ലാം വേദഗ്രന്ഥത്തിലെ സൂക്തങ്ങളാകുന്നു, നിന്റെ നാഥനിൽ നിന്ന് നിനക്ക് അവതരിക്കപ്പെട്ടതെന്തോ അത് സത്യമാകുന്നു, പക്ഷേ അധിക ജനങ്ങളും വിശ്വാസികളാവുകയില്ല.

അലിഫ്-ലാം-മീം എന്നത് അല്ലാഹുവിൽ നിന്ന് ജിബ്രീൽ മുഖേന മുഹമ്മദിന് വന്നുകിട്ടുന്നത് എന്നതിനെയും; 'റാ' എന്നത് *റഅ്ദ്* -ഇടിനാദത്തെയും- സൂചിപ്പിക്കുന്നു. നാഥനിൽ നിന്ന് അവതരിപ്പിക്കപ്പെട്ട 'സത്യം' അദ്ദിക്റാണ്. അതിൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതും വിശ്വസിക്കുന്നവരല്ല. 56: 82 ൽ വിവരിച്ച പ്രകാരം അവർ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത്

ഭക്ഷണമാക്കിയവരാണ്. 11: 17 അവസാനിക്കുന്നത് 'നിശ്ചയം സത്യം നിന്റെ നാഥന്റെ പക്കൽ നിന്നുള്ളതാണ്, എന്നാൽ ജനങ്ങളിൽ അധികപേരും വിശ്വാസികളാവുകയില്ല എന്ന് പറഞ്ഞുകൊണ്ടാണ്. 2: 1–2; 4: 118; 10: 108 വിശദീകരണം നോക്കുക.

2. നിങ്ങൾ കാണുന്ന തൂണുകളില്ലാതെ ആകാശങ്ങളെ ഉയർത്തിയവനാകുന്നു അല്ലാഹു, പിന്നെ അവൻ സിംഹാസനത്തിൻ മേൽ ഉപവിഷ്ടനായി, സൂര്യനേയും ചന്ദ്രനേയും അവൻ വ്യവസ്ഥാവിധേയമാക്കുകയും ചെയ്തു, എല്ലാഒന്നും നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഒരു അവധിവരെ ചലിച്ചുകൊണ്ടിരിക്കുന്നു, കാര്യങ്ങളെല്ലാം അവനാണ് നിയന്ത്രിക്കുന്നത്, നിങ്ങൾ നിങ്ങളുടെ നാഥനെ കണ്ടുമുട്ടുമെന്ന് ദൃഢബോധ്യമുള്ളവരാവുകതന്നെ വേണമെന്നതിന് വേണ്ടി അവൻ സൂക്തങ്ങൾ വിശദീകരിച്ച് തരികയാകുന്നു.

31: 10 ൽ, ആകാശങ്ങളെ അവൻ നിങ്ങൾ കാണുന്ന തൂണുകളില്ലാതെ സൃഷ്ടിച്ചു, ഭൂമി നിങ്ങളെയും കൊണ്ട് ചാഞ്ഞുപോകാതിരിക്കാൻ അതിൻമേൽ പർവ്വതങ്ങൾ നാട്ടുകയും ചെയ്തു, അതിൽ എല്ലാതരം ജീവജാലങ്ങളെയും പരത്തിയിടുകയും, ആകാശത്തുനിന്ന് നാം വെള്ളമിറക്കുകയും ആ വെള്ളം കൊണ്ട് എല്ലാതരം മഹത്തരമായ സസ്യങ്ങളെയും ജോടികളായി മുളപ്പിക്കുകയും ചെയ്തു എന്നും; 31: 11 ൽ, ഇതെല്ലാം അല്ലാഹുവിന്റെ സൃഷ്ടിപ്പാണ്, അപ്പോൾ അവനെക്കൂടാതെയുള്ളവരുടെ സൃഷ്ടിപ്പ് നിങ്ങൾ എനിക്കൊന്ന് കാണിച്ചുതരിക; അല്ല, ഈ അക്രമികൾ വ്യക്തമായ വഴികേടിൽ തന്നെയാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. അല്ലാഹു സിംഹാസനത്തിൽ ഉപവിഷ്ടനായി എന്ന് ഗ്രന്ഥത്തിൽ വിവിധ സ്ഥലങ്ങളിൽ പറഞ്ഞതിന്റെ വിവക്ഷ, അല്ലാഹു ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുക മാത്രമല്ല ചെയ്തത്, മറിച്ച് അവൻ ഈ പ്രപഞ്ചത്തെ ഭരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്നാണ്. എന്നാൽ ഗ്രന്ഥത്തിന്റെ അന്നത്തെയും ഇന്നത്തെയും അഭിസംബോധകർ ഇതൊന്നും നിഷേധിക്കുന്നവരായിരുന്നില്ല. ഇക്കാര്യങ്ങളെല്ലാം ചെയ്യുന്നത് ആരാണെന്ന് ചോദിച്ചാൽ അല്ലാഹുതന്നെ എന്ന് അവർ മറുപടി പറയുന്നു. എന്നാൽ ഈ പ്രാപഞ്ചിക വ്യവസ്ഥയുടെ മേൽ പരമാധികാരമുള്ള അല്ലാഹു തന്നെയാണ് സേവിക്കപ്പെടുവാൻ അർഹനായിട്ടുള്ള ഏകൻ എന്ന് അവർ അംഗീകരിക്കുന്നില്ല എന്ന് മാത്രം. അഥവാ അല്ലാഹുവാണ് എല്ലാ സൃഷ്ടികളുടെയും ഉടമ എന്നും അവനെ മാത്രം സേവിക്കുന്നവരാകുമ്പോൾ മാത്രമാണ് അവന്റെ പ്രതിനിധികളാവുക എന്നും എല്ലാകാലത്തുമുള്ള കാഫിറുകൾ അംഗീകരിച്ചിരുന്നില്ല. അവർ ജീവിതത്തിന്റെ ചിലഭാഗങ്ങൾ അല്ലാഹുവിനും മറ്റുള്ളവ ഒന്നുകിൽ ദേഹേച്ഛക്ക് അല്ലെങ്കിൽ കാക്കകാരണവൻമാർക്ക് അല്ലെങ്കിൽ സംഘടനാ നേതാക്കൾക്ക്, അല്ലെങ്കിൽ മറ്റു മഹാത്മാക്കൾക്കെല്ലാം ഭാഗിച്ചുകൊടുത്ത് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന മുശ്രിക്കുകളാണ്. 30: 30–32 വിശദീകരണം നോക്കുക.

എല്ലാം ഒരു നിശ്ചിത അവധിവരെ ചലിച്ചുകൊണ്ടിരിക്കുന്നു എന്ന് പറഞ്ഞത് ആകാശഭൂമികളും അവക്കിടയിലുള്ള മനുഷ്യരടക്കമുള്ള സർവ്വവസ്തുക്കളും നിർണ്ണയിക്കപ്പെട്ടിട്ടുള്ള അവധി എത്തിക്കഴിഞ്ഞാൽ നശിച്ചുപോവുകതന്നെ ചെയ്യും എന്നതിനാലാണ്. ഭൂമുഖത്തുള്ള എല്ലാവരും നശിച്ച് ഇല്ലാതാകുന്നതാണ്, മഹത്വമുടയവനും ഉദാരനുമായ നിന്റെ നാഥന്റെ മുഖം മാത്രം അവശേഷിക്കുന്നതാണ് എന്ന് 55: 26–27 സൂക്തങ്ങളിലും; ഇലാഹായ അല്ലാഹുവല്ലാത്ത എല്ലാം നാശമടയുകതന്നെ ചെയ്യുമെന്ന് 28: 88 ലും പറഞ്ഞിട്ടുണ്ട്.

36: 81 ൽ, ആകാശഭൂമികളെ സൃഷ്ടിച്ചവൻ ഇവരെപ്പോലുള്ളവയെ വീണ്ടും സൃഷ്

ടിക്കുവാൻ കഴിവുള്ളവനല്ലെയോ; അല്ല, അവൻ എല്ലാതരം സൃഷ്ടിപ്പും എല്ലാ സൃഷ്ടികളെക്കുറിച്ചും അറിയുന്ന സർവ്വസ്രഷ്ടാവ് തന്നെയാകുന്നു എന്നും; 75: 36–40 സൂക്തങ്ങളിൽ, മനുഷ്യനെ വെറുതെയങ്ങ് വിടുമെന്ന് അവൻ കണക്കുകൂട്ടുന്നുവോ? അവൻ തെറിച്ചുവീഴുന്ന ഒരു ഇന്ദ്രിയത്തുള്ളിയിൽ നിന്നുള്ള ഒരു ബീജമായിരുന്നില്ലേ? പിന്നെ അവൻ ഒരു രക്തപിണ്ഡമായിരുന്നില്ലേ? അപ്പോൾ അതിൽ നിന്ന് അവനെ സൃഷ്ടിച്ച് രൂപപ്പെടുത്തി. അതിൽ നിന്ന് ആൺ, പെൺ എന്നിങ്ങനെ ഇണകളെ ഉണ്ടാക്കി. അങ്ങനെയുള്ളവൻ മരിച്ചവരെ പുനർജീവിപ്പിക്കാൻ കഴിവുള്ളവനല്ലെയോ എന്നും ചോദിച്ചിട്ടുണ്ട്. 17: 49–52 സൂക്തങ്ങളിൽ, മരിച്ച് എല്ലും പുറ്റുമായിക്കഴിഞ്ഞാൽ വീണ്ടും പുതിയ സൃഷ്ടികളായി പുനഃസൃഷ്ടിക്കപ്പെടുമെന്നോ എന്ന് സംശയം പൂണ്ട് ചോദിക്കുന്നവരോട്: നിങ്ങൾ പാറയോ അല്ലെങ്കിൽ ഇരുമ്പോ അല്ലെങ്കിൽ നിങ്ങളുടെ നെഞ്ചുകൾക്ക് വീണ്ടും സൃഷ്ടിക്കപ്പെടാൻ പ്രയാസമെന്ന് തോന്നുന്ന മറ്റേതെങ്കിലും വസ്തുക്കളോ ആയിക്കൊള്ളുക, എന്നാലും വീണ്ടും സൃഷ്ടിക്കപ്പെടും. അപ്പോൾ അവർ തലയാട്ടിക്കൊണ്ട് ചോദിക്കുന്നു: ആരാണ് ഞങ്ങളെ വീണ്ടും തിരിച്ചുകൊണ്ടുവരിക. അവരോട് പറയുക: ആദ്യം ആരാണോ നിങ്ങളെ ഇല്ലായ്മയിൽ നിന്ന് വിരിപ്പിച്ചുണ്ടാക്കിയത്, അവൻ തന്നെ. അപ്പോൾ അവർ തലയാട്ടിക്കൊണ്ട് ചോദിക്കും: എപ്പോഴാണത്? നീ പറയുക: അത് അടുത്തുതന്നെ ഉണ്ടായേക്കാം, നിങ്ങളെ വിളിക്കുന്ന ആ നാളിൽ നിങ്ങൾ നിങ്ങളുടെ നാഥനെ സ്തുതിച്ചുകൊണ്ട് മറുപടി നൽകുന്നതാണ്, അന്ന് അൽപകാലം മാത്രമല്ലാതെ നിങ്ങൾ ജീവിച്ചിട്ടില്ല എന്ന് നിങ്ങൾക്ക് തോന്നുകയും ചെയ്യുന്നതാണ് എന്ന് പറയാൻ പ്രവാചകനോട് കൽപിക്കുന്നു. ത്രികാലജ്ഞാനവും ഉറപ്പുനൽകുന്ന സത്യവുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി പരലോകത്തെക്കുറിച്ചും നാഥനെ കണ്ടുമുട്ടുന്നതിനെക്കുറിച്ചും ദൃഢബോധ്യം വരുത്താത്തവർ ജീവിതലക്ഷ്യമില്ലാത്ത യഥാർത്ഥ ഭ്രാന്തന്മാരാണെന്ന് 32: 12 ൽ പറഞ്ഞിട്ടുണ്ട്. 2: 29; 3: 185; 10: 53; 12: 41 വിശദീകരണം നോക്കുക.

3. ഭൂമിയെ നീട്ടിപ്പരത്തിയതും അതിൽ ആണികളെന്നോണം പർവ്വതങ്ങൾ ഉറപ്പിച്ചതും നദികൾ ഒഴുക്കിയതും അവൻ തന്നെയാകുന്നു, അവൻ തന്നെയാണ് സകല ഫലങ്ങളുടെയും ഈരണ്ട് ജോടികളെ സൃഷ്ടിച്ചതും, അവൻ പകലിനെ രാവിനാൽ മൂടുന്നു, നിശ്ചയം ആലോചിച്ച് പ്രതിഫലിപ്പിക്കുന്ന ജനതക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.

'ഫലങ്ങൾ' എന്ന് പറഞ്ഞതിൽ ധാന്യങ്ങളും പഴവർഗങ്ങളും ഉൾപെടും. അവയെല്ലാം തന്നെ പരാഗണത്തിലൂടെ ആൺബീജവും പെൺബീജവും കൂടിച്ചേർന്നാണ് ഉണ്ടാകുന്നത്. എല്ലായിനം ഫലങ്ങളിലും ജോടികളുണ്ട് എന്നാണ് ആശയം. എന്നാൽ ഈ വസ്തുതയെല്ലാം അറിഞ്ഞിട്ട് നിഷേധിക്കുന്നവർ പരലോകത്തുവെച്ച് അവരുടെ ഐഹിക ലോകത്തെ എല്ലാപ്രവൃത്തികളും മറനീക്കി കാണപ്പെടുമ്പോൾ ഭൂമി ഞങ്ങളെയും കൊണ്ട് നിരപ്പായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് ആശിച്ചുപോകുമെന്ന് 4: 42 ലും; അന്ന് മനുഷ്യൻ ഭൂമിയിലെ പട്ടിയും പന്നിയും ആയിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് ആശിച്ചുപോകുമെന്ന് 78: 40 ലും പറഞ്ഞിട്ടുണ്ട്. കാരണം ഭൂമിയിലെ പട്ടിയെയും പന്നിയെയും വിചാരണക്കുശേഷം മണ്ണാക്കിത്തീർക്കുന്നതാണ്. ആശയം വ്യക്തമായ ഇത്തരം സൂക്തങ്ങൾ അറിഞ്ഞശേഷവും അതിനെ തള്ളിപ്പറയുന്ന ജനതയെ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടാണ് 7: 176 ൽ ഉപമിച്ചിട്ടുള്ളത്. മനുഷ്യന്റെ യഥാർത്ഥ ജീവിതം ആരംഭിക്കുന്നത് മരണത്തോടുകൂടിയാണ്. അതാണ് 36: 62 ൽ, ചിന്താശക്തി ന

ൽകപ്പെട്ടിട്ട് അത് ഉപയോഗപ്പെടുത്തിയിരുന്നില്ലേ എന്ന് അല്ലാഹു പരലോകത്തുവെച്ച് ചോദിക്കുന്ന രംഗം മുന്നറിയിപ്പ് നൽകുന്നത്. നിശ്ചയം ആലോചിച്ച് പ്രതിഫലിപ്പിക്കുന്ന ജനതക്ക് അതിൽ ദൃഷ്ടാന്തങ്ങൾ തന്നെയുണ്ട് എന്ന ആശയത്തോടുകൂടിയാണ് 30: 21; 39: 42; 45: 13 എന്നീ സൂക്തങ്ങളും അവസാനിക്കുന്നത്. നിശ്ചയം ആലോചിച്ച് പ്രതിഫലിപ്പിക്കുന്ന ജനതക്ക് അതിൽ ദൃഷ്ടാന്തമുണ്ട് എന്ന ആശയത്തിലാണ് 16: 11, 69 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത്. 2: 110, 164; 10: 42–43, 45 വിശദീകരണം നോക്കുക.

4. ഭൂമിയിൽ പരസ്പരം ചേർന്ന് സ്ഥിതിചെയ്യുന്ന വെവ്വേറെ ഖണ്ഡങ്ങളുണ്ട്, മുന്തിരിയാലുള്ള തോപ്പുകളുണ്ട്, വയലുകളുണ്ട്, ഒറ്റയായും കൂട്ടമായും വളരുന്ന ഈത്തപ്പനകളുമുണ്ട്, എല്ലാം ഒരേ വെള്ളം കൊണ്ടാണ് നനക്കപ്പെടുന്നത്, എന്നാൽ രുചിയിൽ നാം ചിലതിനെ ചിലതിനേക്കാൾ ഏറെ വിശിഷ്ടമാക്കിയിരിക്കുന്നു, നിശ്ചയം അതിൽ ചിന്തിക്കുന്ന ജനതക്ക് പാഠങ്ങൾ തന്നെയുണ്ട്.

സ്രഷ്ടാവിന്റെ ഏകത്വത്തെ വിളിച്ചറിയിക്കുന്ന ഒരു സൂക്തമാണിത്. അതായത് ഭൂമിയെ വിവിധ ഖണ്ഡങ്ങളായിട്ടാണ് അവൻ സൃഷ്ടിച്ചിരിക്കുന്നത്. അവ പരസ്പരം ചേർന്ന് കിടക്കുകയാണെങ്കിലും ആകൃതി, നിറം, പദാർത്ഥങ്ങളുടെ ഘടന, ഫലപുഷ്ടി, അതിൽ നിന്ന് കിട്ടുന്ന ധാതുക്കൾ തുടങ്ങിയവയുടെ കാര്യത്തിൽ എല്ലാഓരോ ഖണ്ഡവും മറ്റൊന്നിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്.

ഈത്തപ്പനകളിൽ ഒരു മുരടിൽ നിന്ന് ഒരു തടി മാത്രമുണ്ടാകുന്നവയുണ്ട്, ഒരേ മുരടിൽ നിന്ന് രണ്ടോ അതിലധികമോ തടികളുണ്ടാകുന്നവയുമുണ്ട്. മാത്രമല്ല, ഈത്തപ്പന മാത്രം വളരുന്ന തോട്ടങ്ങളുണ്ട്, മുന്തിരിത്തോപ്പുകളുടെയും മറ്റും അതിരുകളിൽ ഒറ്റയായി വളരുന്ന ഈത്തപ്പനകളുമുണ്ട്. ഭൂമിയിൽ മുളച്ചുവരുന്ന ധാന്യങ്ങൾക്കും ഫലങ്ങൾക്കുമെല്ലാം ഒരേ വെള്ളം കൊണ്ടാണ് നനക്കുന്നത്. എന്നാൽ അവയിലുണ്ടാകുന്ന ഭക്ഷണവിഭവങ്ങൾ വിവിധ ഘടനയോടും രുചിയോടും കൂടിയുള്ളവയാണ്. 35: 27–28 സൂക്തങ്ങളിൽ, അല്ലാഹു ആകാശത്തുനിന്ന് മഴ വർഷിപ്പിച്ച് പല നിറത്തിലുള്ള ഫലങ്ങൾ ഉൽപാദിപ്പിക്കുന്നത് നീ കാണുന്നില്ലേ? പർവ്വതങ്ങളിൽ വെളുത്തതും ചുവന്നതും കറുകറുത്തതുമായ വിവിധ വർണ്ണങ്ങളിലുള്ളവയുമുണ്ട്. മനുഷ്യരിലും ജന്തുക്കളിലും കന്നുകാലികളിലും അതുപോലെ പലനിറങ്ങളിലുള്ളവയുണ്ട്, നിശ്ചയം അവന്റെ അടിമകളിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുന്നുള്ളൂ, നിശ്ചയം അല്ലാഹു അജയ്യനായ ഏറെപ്പൊറുക്കുന്നവനാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

8: 63 ൽ, അല്ലാഹുവാണ് അവരുടെ ഹൃദയങ്ങളെ ഇണക്കിയത്, നീ ഭൂമിയിലുള്ള മുഴുവൻ വസ്തുക്കളും ചെലവഴിച്ചിരുന്നെങ്കിലും അവരുടെ ഹൃദയങ്ങളെ പരസ്പരം ഇണക്കാൻ സാധിക്കുമായിരുന്നില്ല, എന്നാൽ അല്ലാഹു അവർക്കിടയിൽ ഇണക്കമുണ്ടാക്കി, നിശ്ചയം അവൻ അജയ്യനായ യുക്തിജ്ഞനാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിൽ നിന്ന് അവരവരെ തിരിച്ചറിഞ്ഞ് അല്ലാഹുവിനെ കണ്ടെത്തുകയും ജീവിതലക്ഷ്യം മനസ്സിലാക്കി അല്ലാഹു നിശ്ചയിച്ച ആയുസ്സ് ശാന്തിയോടും സമാധാനത്തോടും കൂടി വിനിയോഗിച്ചും എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തി സ്വർഗ്ഗം ഇവിടെവെച്ച് സമ്പാദിച്ചും സമ്പാദിച്ച സ്വർഗ്ഗത്തിലേക്ക് തിരിച്ചുപോകലാണ് ജീവിതലക്ഷ്യം. അതിനുള്ള ഉപകരണമാണ് മൊത്തം ഗ്രന്ഥത്തിന്റെ ആശയം. അത് അറിയുന്നവരാണ് പണ്ഡിതന്മാർ. മറ്റേത് വിവരവും അത് ഭൗതികലോകത്തെക്കുറിച്ചും ഭൗതികലോക നേട്ടങ്ങൾക്കുവേണ്ടിയുള്ളതുമാണ്. ജീവിതലക്ഷ്യം ഉണർത്തുന്ന അദ്ദിക്ർ മനസ്സിലാക്കാതെ

അത്തരം വിവരങ്ങൾ മാത്രം നേടി സായൂജ്യം കൊള്ളുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് ഭൂമിയിൽ ഏറ്റവും തിന്മയേറിയ ജീവജാലമെന്ന് 8: 22, 25: 34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ അല്ലാഹുവിന്റെ സംഘമായ വിശ്വാസികളുടെ ഐക്യവും പിന്നെ മനുഷ്യരുടെ മൊത്തം ഐക്യവുമാണ് ഗ്രന്ഥം ആവശ്യപ്പെടുന്നത്. വിശ്വാസികളുടെ ഐക്യം പരലോകത്തെ കണ്ടുകൊണ്ടുള്ളതും പരലോകത്ത് ഉപകാരപ്പെടുന്നതുമാണ്. എന്നാൽ മനുഷ്യരുടെ ഐക്യം ഇഹലോക ജീവിതത്തോടുകൂടി അവസാനിക്കുന്നതാണ്.

ഇന്ന് ലോകരിൽ ആശയമില്ലാതെ ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ ആത്മാവിന് പ്രാധാന്യം കൊടുക്കാത്തതിനാൽ ആത്മാവിന്റെ ഉടമയെ തിരിച്ചറിയാത്തവരും 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും പ്രപഞ്ചത്തെ നശിപ്പിക്കുന്നതിനുവേണ്ടി ധൃതിപ്പെട്ടുകൊണ്ടിരിക്കുന്നവരുമാണ്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായ അവർ 98: 6 ൽ പറഞ്ഞ പ്രകാരം കരയിലെ തിന്മയേറിയ ജീവികളും, മനുഷ്യരിൽ നിന്നുള്ള നരകക്കുണ്ഠത്തിലെ വിറകുകളുമാണ്. അവർ നാഥന്റെ സൂക്തങ്ങളോട് മുഖം തിരിക്കുന്നതിനാൽ പ്രവാചകന്മാരെയോ നബിമാരെയോ പിൻപറ്റുന്നില്ല എന്ന് മാത്രമല്ല, 3: 21–22 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരെ ജനമധ്യത്തിൽ കളവാക്കി അവതരിപ്പിച്ചുകൊണ്ടിരിക്കുന്നവരാണ്. 2: 44, 119; 6: 141; 7: 146–147, 205–206 വിശദീകരണം നോക്കുക.

5. നീ അത്ഭുതപ്പെടുന്നുവെങ്കിൽ, അപ്പോൾ നീ അത്ഭുതപ്പെടേണ്ടത് നാം മരിച്ച് മണ്ണായിത്തീർന്നാൽ പിന്നെ നാം വീണ്ടും പുതിയ സൃഷ്ടിയായി സൃഷ്ടിക്കപ്പെടുകയോ എന്ന അവരുടെ വാക്കുകളിലാണ്; അക്കൂട്ടർ തങ്ങളുടെ നാഥനെ നിഷേധിച്ചവരാകുന്നു, അക്കൂട്ടർ, അവരുടെ പിരടികളിലാണ് ചങ്ങലകൾ ബന്ധിക്കുക, അക്കൂട്ടർ നരകവാസികളും അവർ അതിൽ നിത്യവാസികളുമാകുന്നു.

ഗ്രന്ഥത്തിന്റെ ആശയമെല്ലാം അറിഞ്ഞിട്ട് അല്ലാഹുവിനെ വിസ്മരിച്ച് ജീവിക്കുന്നവർ അവരെത്തന്നെ മറന്നവരും തെമ്മാടികളുമാണെന്ന് 59: 19 ൽ പറഞ്ഞിട്ടുണ്ട്. 36: 8 ൽ, അവരുടെ കഴുത്തുകളിൽ നാം ചങ്ങലകൾ ബന്ധിച്ചിരിക്കുന്നു, അത് അവരുടെ താടിയെല്ലുവരെ എത്തുന്നുമുണ്ട്, അപ്പോൾ തല അങ്ങോട്ടുമിങ്ങോട്ടും തിരിക്കാൻ സാധിക്കാതെ ഉയർത്തിപ്പിടിച്ചിരിക്കുകയാണ് എന്ന് പറഞ്ഞിട്ടുണ്ട്. 76: 4 ൽ, നിശ്ചയം അദ്ദിക്ർ വന്ന് കിട്ടിയിട്ട് അതിനെ മൂടിവെക്കുന്ന കാഫിറുകൾക്കുവേണ്ടി വളയങ്ങളും ചങ്ങലകളും കത്തിയാളുന്ന നരകവും നാം തയ്യാറാക്കിവെച്ചിട്ടുണ്ട് എന്നുപറഞ്ഞിട്ടുണ്ട്. 56: 41–56 സൂക്തങ്ങളിൽ, ഇടതുപക്ഷക്കാരെക്കുറിച്ച് വിവരിച്ചുകൊണ്ട് അല്ലാഹു പറയുന്നു: ഇടതുപക്ഷം, ഏതാണ് ഈ ഇടതുപക്ഷം? ഉഷ്ണക്കാറ്റിലും തിളച്ചവെള്ളത്തിലും ശീതളമോ സുഖപ്രദമോ അല്ലാത്ത കറുത്ത പുകപടലങ്ങളിലുമായിരിക്കും അവരുടെ വാസം. നേരത്തെ ഐഹികലോകത്ത് അവർ സുഖലോലുപന്മാരായിരുന്നു, മഹാപാപങ്ങളിൽ ശഠിച്ചു നിന്നിരുന്നു. മരിച്ച് മണ്ണും എല്ലുമായി മാറിയശേഷം ഞങ്ങളും ഞങ്ങളുടെ പൂർവ്വപിതാക്കളും വീണ്ടും എഴുന്നേൽപിക്കപ്പെടുമോ എന്ന് ചോദിക്കുന്നവരുമായിരുന്നു അവർ. പൂർവ്വപിതാക്കൾ മാത്രമല്ല, പുറകെ വരാനിരിക്കുന്നവർ പോലും എഴുന്നേൽപിക്കപ്പെടും എന്ന് നീ പറയുക. നിർണ്ണയിക്കപ്പെട്ട ഒരുദിവസം തീർച്ചയായും അവരെ ഒരുമിച്ചുകൂട്ടും. പിന്നീട് അവരോട് പറയും: ദുർമാർഗികളും നുണയൻമാരുമായവരേ, നിങ്ങൾ *സഖ്ഖൂം* വൃക്ഷത്തിൽ നിന്ന് ഭക്ഷിക്കേണ്ടവരും അതുകൊണ്ട് വയറ് നിറക്കേണ്ടവരുമാകുന്നു. അതിന്റെ മീതെ ദാഹിച്ചുവലഞ്ഞ ഒട്ടകം കുടിക്കുന്നതുപോലെ തിളച്ചവെള്ളം കുടിക്കേണ്ടവരുമാകുന്നു, വിധിദിന

ത്തിൽ ഇതായിരിക്കും അവർക്ക് കിട്ടാൻ പോകുന്ന സൽക്കാരം. 69: 25-37 സൂക്തങ്ങളിൽ, അപ്പോൾ ആർക്കാണോ കർമ്മപുസ്തകം ഇടതുകയ്യിൽ കിട്ടിയത്, അവർ അന്ന് വിലപിക്കും: ഓ കഷ്ടം, എന്റെ പുസ്തകം എനിക്ക് ഒരിക്കലും കിട്ടിയിരുന്നില്ലെങ്കിൽ, എന്റെ ഈ കർമ്മത്തിന്റെ കണക്ക് ഞാൻ അറിയാതിരുന്നെങ്കിൽ, മരണത്തോടെ എല്ലാം അവസാനിച്ചിരുന്നെങ്കിൽ, എന്റെ ധനം എനിക്ക് പ്രയോജനപ്പെട്ടില്ലല്ലോ, എന്റെ സ്വാധീനവും സ്ഥാനമാനങ്ങളുമെല്ലാം എന്നെ നശിപ്പിച്ചുകളഞ്ഞല്ലോ, അപ്പോൾ അല്ലാഹുവിന്റെ കൽപനയുണ്ടാവും, അവനെ പിടിച്ച് കെട്ടിയിടൂ, എന്നിട്ട് നരകത്തിൽ എറിയൂ, എന്നിട്ട് എഴുപത് മുഴം നീളമുള്ള ചങ്ങലയിൽ ബന്ധിക്കൂ, മഹാനായ അല്ലാഹുവിനെക്കൊണ്ട് അവൻ വിശ്വസിച്ചിരുന്നില്ല, അഗതിക്ക് ആഹാരം കൊടുക്കാൻ അവൻ മറ്റുള്ളവരെ പ്രേരിപ്പിച്ചിരുന്നില്ല, അതിനാൽ ഇന്നേദിവസം അവന് ഇവിടെ ഒരു ആത്മമിത്രവുമില്ല, ചോരയും ചീഞ്ഞളവും മാത്രമാണ് അവന് ആഹാരം -കുറ്റവാളികളല്ലാതെ അത് ഭക്ഷിക്കുകയില്ല എന്നും; 90: 19-20 സൂക്തങ്ങളിൽ, ആരാണോ നമ്മുടെ സൂക്തങ്ങളെ മൂടിവെച്ചത്, അവർ ഇടതുപക്ഷക്കാരാകുന്നു, അവരുടെ മേലാകുന്നു തീ മൂടപ്പെടുക എന്നും പറഞ്ഞിട്ടുണ്ട്.

എല്ലാകാലത്തുമുള്ള കാഫിറുകൾ പ്രവാചകന്മാരെക്കുറിച്ച് ജനങ്ങളോട്: നിങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യരെ അനുസരിക്കുകയാണെങ്കിൽ നിങ്ങൾ നഷ്ടപ്പെട്ടവർ തന്നെയായിരിക്കും, നിങ്ങൾ മരിച്ച് മണ്ണും എല്ലുമായിത്തീർന്നാൽ വീണ്ടും പുനർജീവിപ്പിക്കപ്പെടുമെന്ന് അവൻ നിങ്ങളോട് വാഗ്ദത്തം ചെയ്യുന്നുവോ? അതിവിദൂരം, നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യം അതിവിദൂരം, ജീവിതം ഇഹലോകത്തുള്ളത് മാത്രമാണ്, അല്ലാതെ നാം പുനർജീവിപ്പിക്കപ്പെടാനൊന്നും പോകുന്നില്ല. ഇവൻ അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്ന ഒരു പുരുഷനല്ലാതെ മറ്റാരുമല്ല, നാം അവനിൽ വിശ്വസിക്കുന്നവരൊന്നുമല്ല എന്ന് പറഞ്ഞതായി 23: 34-38 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെയും പരലോകത്തെയും പരിചയപ്പെടുത്തുന്ന അദ്ദിക്റിനെ എല്ലാവിധ ആപത്തു -വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനും സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റുമായി ഉപയോഗപ്പെടുത്താതെ അതിനെ അവഗണിച്ചുകൊണ്ട് ലക്ഷ്യബോധമില്ലാതെ ഐഹികജീവിതം തള്ളിനീക്കുന്ന കപടവിശ്വാസികളെയും അവരെ അന്ധമായി പിൻപറ്റുന്ന വഴിപിഴച്ചവരെയും തന്നെയാണ് നരകത്തിൽ പട്ടിയുടെ രൂപത്തിൽ കെട്ടിയിടപ്പെടുക. നിഷ്പക്ഷവാനായ അല്ലാഹു ആരെയും നരകത്തിലേക്കാക്കുന്നില്ല. എന്നാൽ 9: 82 ൽ വിവരിച്ച പ്രകാരം അവർ വായിച്ച-തൊട്ട-കണ്ട-കേട്ട മൂടിവെച്ച ഗ്രന്ഥം അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 6: 10; 9: 67-68; 11: 17-19; 40: 69-74 വിശദീകരണം നോക്കുക.

6. അവർ നന്മക്കുമുമ്പ് തിന്മക്കുവേണ്ടിയാണ് നിന്നോട് ധൃതി കാണിക്കുന്നത്, എന്നാൽ ഇവർക്കുമുമ്പ് പാഠം പഠിപ്പിക്കുന്ന എത്രയോ ഉദാഹരണങ്ങൾ കഴിഞ്ഞുപോയിട്ടുള്ളതാകുന്നു, നിശ്ചയം നിന്റെ നാഥൻ മനുഷ്യരോട് അവരുടെ അക്രമത്തിന്റെ മേലിലും വിട്ടുവീഴ്ച ചെയ്യുന്നവൻ തന്നെയാണ്, നിശ്ചയം നിന്റെ നാഥൻ കഠിനമായി ശിക്ഷിക്കുന്നവനും തന്നെയാകുന്നു.

ഇന്ന് ലോകരിൽ ഫുജ്ജാറുകളാണ് ഇത്തരം സൂക്തങ്ങൾ അറബി ഖുർആനിൽ വായിക്കുന്നത്. നാഥന്റെ കോപവും ശാപവും വർഷിച്ചിട്ടുള്ള തെമ്മാടികളായ ഇക്കൂട്ടർ അവരുടെ വായകൊണ്ട് ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നവരല്ലെങ്കിലും 10: 7-8; 47-48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ ജീവിതരീതി നാലാം ഘട്ടമായ ഐഹികലോ

കജീവിതത്തെക്കുറിച്ച് നാഥന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരുമെന്ന ബോധത്തിലുള്ള തല്ല. നിശ്ചയം, അദ്ദിക്ർ വന്നുകിട്ടിയപ്പോൾ അതിനെ മൂടിവെച്ചവരുണ്ടല്ലോ, നിശ്ചയം അത് അജയ്യമായ ഒരു ഗ്രന്ഥം തന്നെയാണ്. അതിന്റെ മുന്നിലൂടെയോ അതിന്റെ പിന്നിലൂടെയോ അതിൽ മിഥ്യ വന്നെത്തുകയില്ല, അത് സ്തുത്യർഹനായ യുക്തിജ്ഞനിൽ നിന്നും അവതരിപ്പിക്കപ്പെട്ടതാകുന്നു. നിനക്ക് മുമ്പുണ്ടായിരുന്ന പ്രവാചകന്മാരോട് പറയപ്പെട്ടിട്ടില്ലാത്ത ഒന്നും തന്നെ നിന്നോട് പറയപ്പെടുന്നില്ല, നിശ്ചയം നിന്റെ നാഥൻ പാപമോചനം നൽകുന്നവനും വേദനാജനകമായ ദണ്ഡനം നൽകുന്നവനുമാണ് എന്ന് 41: 41–43 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 10: 39 ൽ, എന്നാൽ ഏതൊന്നിനെക്കുറിച്ചുള്ള അറിവ് അവർക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെയോ, ഏതൊന്നിന്റെ പ്രവചനം അവരുടെ മുമ്പിൽ വെളിവായിട്ടില്ലെയോ, അതിനെ അവർ തള്ളിപ്പറയുകയാകുന്നു, അപ്രകാരം അവർക്ക് മുമ്പുള്ളവരും സത്യത്തെ തള്ളിപ്പറഞ്ഞിട്ടുണ്ട്, അപ്പോൾ അത്തരം അക്രമികളുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നീ നോക്കിക്കാണുക എന്ന് പറഞ്ഞിട്ടുണ്ട്. 8: 31–32; 10: 11; 11: 8, 100–104 വിശദീകരണം നോക്കുക.

7. കാഫിറുകളായവർ ചോദിക്കുകയും ചെയ്യുന്നു: എന്താണ് ഇവന്റെമേൽ തന്റെ നാഥനിൽ നിന്ന് ഒരു ദൃഷ്ടാന്തം അവതരിപ്പിക്കപ്പെടാത്തത്? നിശ്ചയം നീ ഒരു മുന്നറിയിപ്പുകാരൻ മാത്രമാണ്, എല്ലാഓരോ ജനതക്കും ഒരു മാർഗദർശിയുമുണ്ട്.

എല്ലാഓരോ ജനതക്കും ഒരു മാർഗദർശിയുമുണ്ട് എന്നാണ് ഇവിടെ പറഞ്ഞതെങ്കിൽ, എല്ലാഓരോ സമുദായത്തിനും ഒരു പ്രവാചകനുണ്ട് എന്നാണ് 10: 47 ൽ പറഞ്ഞത്. എല്ലാഓരോ ജനതക്കും ഒരു മാർഗദർശിയുമുണ്ട് എന്ന് പറഞ്ഞത് ഇന്ന് സന്മാർഗമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്ന വിശ്വാസികളെക്കുറിച്ചാണ്. 35: 24 ൽ, എല്ലാഓരോ സമുദായത്തിനും ഒരു മുന്നറിയിപ്പുകാരൻ കടന്നുപോകാതിരുന്നിട്ടില്ല എന്നും; 26: 208–209 സൂക്തങ്ങളിൽ, നാം നാടുകളിൽ നിന്ന് ഒന്നിനെയും അതിന് ഒരു മുന്നറിയിപ്പുകാരൻ ഉണ്ടായിട്ടല്ലാതെ നശിപ്പിച്ചിട്ടില്ല; ഓർമ്മിക്കുക, നാം അക്രമം ചെയ്യുന്നവനായിരുന്നില്ല എന്നും പറഞ്ഞിട്ടുണ്ട്. നാം ഒരു പ്രവാചകനെ നിയോഗിക്കുന്നതുവരെ ശിക്ഷിക്കുന്നവനാവുകയില്ലതന്നെ എന്ന് 17: 15 ൽ പറഞ്ഞിട്ടുണ്ട്. 39: 69 ൽ, അവരവരുടെ കർമ്മരേഖ ഹാജരാക്കി, നബിമാരെയും സാക്ഷികളെയും കൊണ്ടുവരികയും സത്യമായ അദ്ദിക്ർ കൊണ്ട് അവർക്കിടയിൽ വിധികൽപിക്കുകയും ചെയ്യുന്നതാണ് എന്ന് പറഞ്ഞതിലെ 'സാക്ഷികൾ' അതാത് ജനതക്കുള്ള മാർഗദർശികളാണ്. പ്രവാചകൻ മുഹമ്മദ് മൊത്തം സമുദായത്തിന് അനുകൂലമായിട്ടാണ് പ്രാർത്ഥിച്ചതെങ്കിൽ ജനതക്ക് എതിരായിട്ടാണ് 25: 30 ൽ പറഞ്ഞ പ്രകാരം അദ്ദിക്ർ കൊണ്ടുവന്ന് 'എന്റെ നാഥാ, എന്റെ ഈ ജനത ഈ വായനയിൽ നിന്ന് അകന്നുപോയതാണ് ഇവർക്ക് വന്ന ദുർഗതി' എന്ന് അന്യായം ബോധിപ്പിക്കുക. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത് യഥാർത്ഥ കാഫിറുകളായിത്തീർന്ന ഫുജ്ജാറുകൾ ഖുർആൻ ഏറ്റവും വലിയ ദൃഷ്ടാന്തമാണെന്ന് ബാഹ്യമായി പറയുന്നവരും വാദിക്കുന്നവരുമാണെങ്കിലും കപടവിശ്വാസികളായ അവർക്ക് അത് മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 9: 125 ൽ പറഞ്ഞതാണ് ഇന്ന് ലോകത്തെല്ലായിടത്തും സത്യമായി പുലർന്നിരിക്കുന്നത്. 6: 89; 9: 28; 12: 105–106; 48: 6 വിശദീകരണം നോക്കുക.

8. എല്ലാഓരോ സ്ത്രീയും വഹിക്കുന്ന ഒന്നിനെ അറിയുന്നവനാകുന്നു അല്ലാഹു –ഗർഭപാത്രത്തിൽ ചുരുങ്ങുന്ന ഒന്നും വർദ്ധിക്കുന്ന ഒന്നും, എല്ലാഓരോ കാര്യ

ത്തിനും അവന്റെ പക്കൽ നിർണ്ണിതമായ ഒരു പരിമാണമുണ്ട്.

6: 59; 10: 61 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ നാഥൻ പ്രപഞ്ചത്തിൽ നടക്കുന്ന കാര്യങ്ങളെല്ലാം ആദ്യമേ നിശ്ചയിക്കുകയും അവന്റെ ത്രികാലജ്ഞാനമായ അദ്ദിക്റിൽ രേഖപ്പെടുത്തിവെക്കുകയും ചെയ്തിട്ടുണ്ട്. 31: 34 ൽ, നിശ്ചയം അല്ലാഹു, അവന്റെ പക്കലാണ് അന്ത്യമണിക്കൂറിനെക്കുറിച്ചുള്ള അറിവ്, അവനാണ് മഴ വർഷിപ്പിക്കുന്നത്, ഗർഭാശയത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു, നാളെ താൻ എന്താണ് സമ്പാദിക്കുന്നത് എന്ന് ഒരാളും അറിയുന്നവനല്ല, താൻ ഏതുനാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല, നിശ്ചയം അല്ലാഹു സർവ്വജ്ഞനായ ത്രികാലജ്ഞാനിയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 41: 47-48 സൂക്തങ്ങളിൽ, ആ അന്ത്യമണിക്കൂറിനെക്കുറിച്ചുള്ള അറിവ് അവനിലേക്ക് മടക്കപ്പെടും, ഒരുധാന്യവും ഒരുപഴവും അതിന്റെ കൊതുമ്പിൽ നിന്ന് പുറത്തുവരുന്നില്ല, ഒരു സ്ത്രീയും ഗർഭം ധരിക്കുന്നില്ല, പ്രസവിക്കുന്നുമില്ല -അവന്റെ അറിവോടുകൂടിയല്ലാതെ, അന്നേദിനം അവരോട് വിളിച്ചു ചോദിക്കുന്നതാണ്: എവിടെ എന്റെ പങ്കാളികൾ; അവർ പറയും: ഞങ്ങൾ നിന്നോടിതാ പ്രഖ്യാപിക്കുന്നു, ഞങ്ങൾ അതിന് സാക്ഷികളൊന്നുമല്ല, അവർ മുമ്പ് വിളിച്ചു പ്രാർത്ഥിച്ചിരുന്നവരെല്ലാം അവരെത്തൊട്ട് അകന്നുപോയിരിക്കുന്നു, അവർക്ക് രക്ഷപ്പെടാനുള്ള ഒരു വഴിയുമില്ലെന്ന് അന്ന് അവർക്ക് ബോധ്യം വരും എന്നും പറഞ്ഞിട്ടുണ്ട്. ഓ മനുഷ്യാ! മാന്യനായ നിന്റെ നാഥന്റെ കാര്യത്തിൽ എന്തൊന്നാണ് നിന്നെ വഞ്ചിച്ചത്, അവൻ നിന്നെ സൃഷ്ടിച്ചു, അങ്ങനെ അവൻ നിന്നെ രൂപപ്പെടുത്തി, എന്നിട്ട് നിന്റെ എണ്ണം കണക്കാക്കുകയും ചെയ്തു, ഏതൊരു രൂപത്തിലാണോ അവൻ നിന്നെ രൂപപ്പെടുത്താൻ ഉദ്ദേശിച്ചത്, ആ രൂപത്തിൽ ഉണ്ടാക്കുകയും ചെയ്തു എന്ന് 82: 6-8 സൂക്തങ്ങളിലും; ആദം നബിയെ സൃഷ്ടിച്ചപ്പോൾ തന്നെ അന്ത്യനാൾ വരെയുള്ള മുഴുവൻ മനുഷ്യരെയും സൃഷ്ടിച്ച് അവൻ അവരിൽ നിന്ന് ഉടമ്പടി വാങ്ങിയിട്ടുണ്ട് എന്ന കാര്യം 7: 172-173 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 3: 6; 4: 1; 11: 31 വി ശദീകരണം നോക്കുക.

9. ദൃശ്യവും അദൃശ്യവും അറിയുന്നവൻ, ഗാംഭീര്യമുള്ളവൻ, പരമോന്നതൻ.

2: 255; 12: 39-40; 59: 23-24 വിശദീകരണം നോക്കുക.

10. നിങ്ങളിൽ നിന്നുള്ള വാക്ക് രഹസ്യമാക്കുന്നവനും അത് പരസ്യമാക്കുന്നവനും രാത്രിയിൽ ഒളിച്ചിരിക്കുന്നവനും പകലിൽ സഞ്ചരിക്കുന്നവനുമെല്ലാം അവന് ഒരുപോലെയാകുന്നു.

അതായത് എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയും ഉള്ളിന്റെ ഉള്ള് അറിയുന്ന സൂക്ഷ്മജ്ഞാനിയുമായ അല്ലാഹുവിൽ നിന്ന് ഒരാളും എപ്പോഴും എവിടെയും ഏതവസ്ഥയിലും മറഞ്ഞ് നിൽക്കുന്നില്ല. 67: 12-14 സൂക്തങ്ങളിൽ, നിശ്ചയം തങ്ങളുടെ നാഥനെ കാണാതെകണ്ട് ഭയപ്പെടുന്നവർക്ക് പാപമോചനവും വമ്പിച്ച പ്രതിഫലവുമുണ്ട്. നിങ്ങൾ പതുക്കെപ്പറഞ്ഞാലും ഉറക്കെപ്പറഞ്ഞാലും ശരി, നിങ്ങളുടെ നെഞ്ചുകളുടെ അവസ്ഥ അറിയുന്നവനാണ് അവൻ. സൃഷ്ടിച്ചവന് തന്റെ സൃഷ്ടിയെക്കുറിച്ച് അറിവില്ലെന്നോ! എന്നാൽ അവൻ ഉള്ളിന്റെ ഉള്ള് അറിയുന്ന സൂക്ഷ്മജ്ഞാനിയും എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 2: 234; 6: 59; 10: 61 വിശദീകരണം നോക്കുക.

11. ഓരോരുത്തരുടെയും മുന്നിലും പിന്നിലും അവനുവേണ്ടി നിയുക്തരായ പാറാവുകാരുണ്ട്, അവർ അല്ലാഹുവിന്റെ കൽപന പ്രകാരം അവനെ സൂക്ഷിച്ചുകൊണ്ടിരിക്കുന്നു, നിശ്ചയം ഒരുജനത, അവരുടെ അവസ്ഥ അവർ സ്വയം മാറ്റാതെ

അല്ലാഹു മാറ്റുകയില്ല, അല്ലാഹു ഒരുജനതക്ക് ഒരുദോഷം ഉദ്ദേശിച്ചാൽ അപ്പോൾ അവനിൽ നിന്ന് അതിനെ തട്ടിനീക്കുന്നവരില്ല, അവർക്ക് അവനെക്കൂടാതെ രക്ഷകരിൽ നിന്ന് ആരും തന്നെയില്ല.

ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് തന്റെ ജിന്നു കൂട്ടുകാരനെ വിശ്വാസിയാക്കിയവർക്ക് അവൻ സൂക്ഷിപ്പുകാരനാകുന്നതാണ്. അത്തരക്കാർക്ക് മാത്രമേ അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കാൻ സാധിക്കുകയുള്ളൂ. എല്ലാഓരോ വ്യക്തിയുടെയും മുന്നിലും പിന്നിലും മലക്കുകളെയാണ് പാറാവുകാരായി നിശ്ചയിച്ചിട്ടുള്ളതെന്ന് 6: 61 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹു എവിടെയുണ്ടോ അവിടെ അവനെ അകമ്പടി സേവിച്ചുകൊണ്ട് മലക്കുകളുമുണ്ട്. അഥവാ അദ്ദിക്ർ ആരുടെ ജീവിതത്തിൽ പ്രതിഫലിക്കുന്നുണ്ടോ അവരുടെ കൂടെയാണ് മലക്കുകളുള്ളത്, അവരെ അവർ കാത്തുസൂക്ഷിക്കുന്നതുമാണ്. വിശ്വാസികൾ എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിനും* സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റുമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നവരായതിനാൽ അല്ലാഹുവിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നവരാണ്. വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രവും മൊത്തം മനുഷ്യർക്കുള്ള സന്ദേശവുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് അല്ലാഹുവിനെ സഹായിക്കുന്നവരുമാണവർ. അപ്പോൾ 47: 7 ൽ പറഞ്ഞ പ്രകാരം അല്ലാഹു അവരെയും സഹായിക്കുന്നതാണ്. അദ്ദിക്റിനെ മൂടിവെച്ചുകൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്തവരുടെ ഹൃദയങ്ങളിൽ പിശാചാണ് നിലകൊള്ളുന്നത്. 7: 202 ൽ പറഞ്ഞ പ്രകാരം അവൻ അവരെ അവന്റെ വീടായ നരകത്തിലേക്കാണ് വലിച്ചിഴച്ച് കൊണ്ടുപോവുക. സ്വർഗ്ഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളും വിവരിക്കുന്ന അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ചുതന്നെ എല്ലാവരെയും പഠിപ്പിച്ചിട്ടുള്ളതിനാൽ അല്ലാഹു നിഷ്പക്ഷവാനാണ്. കാഫിറുകൾ അവരുടെ വഴികേടിന് അവരെത്തന്നെ സ്വയം പഴിചാരേണ്ടിവരുമെന്ന് സാരം. 7: 178; 8: 53; 16: 99–100; 32: 4 വിശദീകരണം നോക്കുക.

12. അവൻ തന്നെയാകുന്നു നിങ്ങളെ ആശങ്കകളും പ്രതീക്ഷകളും ഉളവാക്കുന്ന മിന്നൽപിണർ കാണിക്കുന്നത്, ഭാരമുള്ള മേഘങ്ങളെ ഉയർത്തുന്നതും അവൻ തന്നെയാകുന്നു.

13. ഇടിനാദം അവനെ സ്തുതിച്ചുകൊണ്ട് വാഴ്ത്തുന്നു –അതിന്റെ പിന്നിൽ മലക്കുകളും, അവൻ അയക്കുന്ന ഇടിവാളുകൾ അവൻ ഉദ്ദേശിക്കുന്നവരെ അവർ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിച്ചുകൊണ്ടിരിക്കുമ്പോൾ ബാധിപ്പിക്കുന്നു, അവൻ അതിശക്തമായ തന്ത്രം പ്രയോഗിക്കുന്നവൻ തന്നെയുമാകുന്നു.

'ഇടിനാദവും അതിന്റെ പിന്നിലുള്ള മലക്കുകളും ഏതൊരുവനെ സ്തുതിച്ചുകൊണ്ട് വാഴ്ത്തുന്നുവോ, അവൻ പരിശുദ്ധനാകുന്നു' എന്ന് ഇടിമിന്നലുണ്ടാകുമ്പോൾ പ്രാർത്ഥിക്കാൻ പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഭയവും ആശയും ഉളവാക്കിക്കൊണ്ട് നിങ്ങൾക്ക് മിന്നൽപിണർ കാണിച്ചുതരുന്നതും ആകാശത്തുനിന്ന് വെള്ളം ഇറക്കിത്തരുന്നതും അതുകൊണ്ട് ഭൂമിയെ അതിന്റെ നിർജീവാവസ്ഥക്ക് ശേഷം ജീവൻ നൽകുന്നതും അല്ലാഹു ഉണ്ട് എന്നതിനുള്ള തെളിവാണ്, നിശ്ചയം അതിൽ ചിന്തിക്കുന്ന ഒരു ജനതക്ക് പാഠങ്ങളുണ്ട് എന്ന് 30: 24 ൽ പറഞ്ഞിട്ടുണ്ട്. ഭൂമിയിലുള്ള സർവ്വപ്രതിഭാസങ്ങ

ളും മലക്കുകളും അല്ലാഹുവിനെ വാഴ്ത്തുന്നവരാണ് എന്നിരിക്കെ ബുദ്ധിശക്തിയും വിവേകവും നൽകപ്പെട്ടവരും അവന്റെ പ്രതിനിധികളായി ജീവിക്കേണ്ടവരുമായ മനുഷ്യർ എല്ലായ്പ്പോഴും അവനെ സ്തുതിക്കേണ്ടവരും വാഴ്ത്തേണ്ടവരുമാണ്. അപ്പോൾ അവർക്ക് ഒരുതരത്തിലുള്ള ആപത്തും സംഭവിക്കുകയില്ല. എന്നാൽ ഇത്തരം സൂക്തങ്ങളെല്ലാം ആശയമില്ലാതെ വായിച്ച് കാഫിറുകളായിത്തീർന്ന ഫുജ്ജാറുകൾ അല്ലാഹുവിനെ പരിഗണിക്കേണ്ടവിധം പരിഗണിക്കാത്തവരും മലക്കുകളെക്കൊണ്ടുള്ള വിശ്വാസം രൂപപ്പെടാത്തവരുമായി മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ കൂടുതൽ ആപത്തു-വിപത്തുകൾ സംഭവിക്കുന്നത് ഇതര ജനവിഭാഗങ്ങളെ അപേക്ഷിച്ച് ലക്ഷ്യബോധമില്ലാതെ ജീവിക്കുന്ന ഇക്കൂട്ടർക്ക് തന്നെയാണ്. ഇവർ തന്നെയാണ് കാഫിറായ മസീഹുദ്ദജ്ജാലിനെ ആദ്യം നബിയായും പിന്നെ റബ്ബ് തന്നെയായും സ്വീകരിക്കുക. 2: 98-99; 4: 78-79; 6: 115-116 വിശദീകരണം നോക്കുക.

14. യഥാർത്ഥത്തിലുള്ള വിളിക്ക് അർഹൻ അവൻ മാത്രമാണ്, അവനെക്കൂടാതെ ആരെയെല്ലാം ഇവർ വിളിച്ചുപ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവോ, അവരാരും ഇവർക്ക് യാതൊരു ഉത്തരവും നൽകുന്നില്ല, വെള്ളത്തിലേക്ക് കൈനീട്ടി അതിനോട് വായിലേക്ക് എത്തിപ്പെടുക എന്ന് പറഞ്ഞാൽ അത് വായിലേക്ക് എത്തിപ്പെടുകയില്ല എന്നതുപോലെയല്ലാതെ, കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ വർദ്ധിപ്പിക്കുകയുമില്ല.

ഇവിടെ യഥാർത്ഥത്തിലുള്ള പ്രാർത്ഥനക്ക് അർഹൻ അല്ലാഹു മാത്രമാണ് എന്നും ഉദ്ദേശമുണ്ട്. യഥാർത്ഥത്തിൽ വിളിക്ക് അർഹൻ എന്ന് പറഞ്ഞാൽ, ആരിലേക്കാണോ ജനങ്ങളെ വിളിക്കേണ്ടത്, അതിന് അർഹൻ എന്നാണ്. ആഗ്രഹങ്ങൾ സഫലീകരിക്കുക, ആവശ്യങ്ങൾ നിറവേറ്റുക, ദുരിതങ്ങൾ അകറ്റുക എന്നിവക്കുള്ള മുഴുവൻ കഴിവുകളും അധികാരങ്ങളും പ്രപഞ്ചത്തെ അടക്കി ഭരിക്കുന്ന ഏകാധിപതിയും ത്രികാലജ്ഞാനിയുമായ പ്രപഞ്ചനാഥന്റെ പക്കൽ മാത്രമാണ്. അതിനാൽ അവനോട് മാത്രമേ പ്രാർത്ഥിക്കാവൂ. അവനെക്കൂടാതെ അവന്റെ സൃഷ്ടികളെ വിളിച്ച് പ്രാർത്ഥിക്കുന്നവർ ശപിക്കപ്പെട്ട പിശാചിനെയാണ് വിളിക്കുന്നത്, അവർ കാഫിറുകളും അവരുടെ പ്രാർത്ഥന വഴികേടിലുമാണ് എന്ന് 4: 117 ൽ പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളായ നേതാക്കളും അവരെ പണ്ഡിതരെന്ന് ധരിച്ച് പിന്തുടർന്നിരുന്ന അനുയായികളും നരകത്തിന്റെ പാറാവുകാരോട് പറയുന്നതാണ്: ശിക്ഷയിൽ നിന്ന് ഒരു ദിവസം ഞങ്ങൾക്ക് ലഘൂകരിച്ച് തരുവാൻ നിങ്ങളുടെ നാഥനോടൊന്ന് പ്രാർത്ഥിക്കുക; അപ്പോൾ പാറാവുകാർ -മലക്കുകൾ- ചോദിക്കും: നിങ്ങൾക്ക് വ്യക്തമായ തെളിവും -അദ്ദിക്ർ- കൊണ്ട് നിങ്ങളിൽ നിന്നുള്ള പ്രവാചകൻമാർ വന്നിട്ടുണ്ടായിരുന്നില്ലേ? അവർ മറുപടി പറയും: അതെ, വന്നിരുന്നു. മലക്കുകൾ പറയും: എന്നാൽ നിങ്ങൾ തന്നെ അല്ലാഹുവിനോട് വിളിച്ചുപ്രാർത്ഥിക്കുക, കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ വർദ്ധിപ്പിക്കുകയുമില്ല എന്ന് 40: 47-50 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

അപ്പോൾ അല്ലാഹുവിനെക്കൂടാതെയുള്ളവരെ വിളിച്ചുപ്രാർത്ഥിക്കുകയും നേർച്ച വഴിപാടുകൾ അർപ്പിക്കുകയും ചെയ്യുന്നവർക്ക് ആഗ്രഹങ്ങൾ സഫലീകരിക്കപ്പെടുകയും ആവശ്യങ്ങൾ നിറവേറുകയും ദുരിതങ്ങൾ അകറ്റപ്പെടുകയും സന്താനലബ്ധിയുണ്ടാവുകയും സാമ്പത്തിക നേട്ടങ്ങളുണ്ടാവുകയുമൊക്കെ ചെയ്യുന്നുണ്ടല്ലോ എന്നാണ് അറിവില്ലാത്ത സാധാരണക്കാരുടെ വാദമെങ്കിൽ അത് ശരിയാണ്, പക്ഷേ അത് പിശാചിൽ നിന്നാണ്.

ഇഹലോകത്ത് ഇത്തരം നേട്ടങ്ങളെല്ലാം പ്രദാനം ചെയ്യാൻ പിശാചിന് അല്ലാഹു കഴിവ് കൊടുത്തിട്ടുണ്ട്. എന്നാൽ അവർ പരലോകത്തിൽ എല്ലാം നഷ്ടപ്പെട്ടവരായിരിക്കും. അവർ മരണസമയത്ത് അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിച്ച് കാഫിറായ പിശാചിന്റെ വീടായ നരകത്തിൽ പ്രവേശിക്കുന്നതാണ്. 19: 83 ൽ, കാഫിറുകളുടെ കാര്യങ്ങൾ സാധിപ്പിച്ചു കൊടുക്കാൻ നിശ്ചയം നാം പിശാചിനെ അയച്ചിട്ടുള്ളത് നീ കണ്ടില്ലേ എന്ന് ചോദിച്ചിട്ടുണ്ട്. 17: 63-64 സൂക്തങ്ങളിൽ, അല്ലാഹു പിശാചിനോട്: നീ നിനക്ക് നൽകിയ കഴിവുകളും കൊണ്ട് ഭൂമിയിലേക്ക് പോവുക, മനുഷ്യരിൽ നിന്ന് നിന്നെ പിൻപറ്റുന്നവരാരോ, അപ്പോൾ നിശ്ചയം നിങ്ങൾക്കുള്ള പ്രതിഫലം നരകക്കുണ്ഠമാണ്, അത് തികഞ്ഞ പ്രതിഫലം തന്നെ; നിന്റെ ശബ്ദം കൊണ്ട് അവരിൽ നിന്ന് കഴിയുന്നവരെയൊക്കെ നീ വ്യതിചലിപ്പിച്ചുകൊള്ളുക, നിന്റെ കുതിരപ്പടയെയും കാലാൾപ്പടയെയും അവരെക്കൊള്ളെ നയിക്കുകയും ചെയ്യുക, അവരുടെ സമ്പത്തിലും സന്താനങ്ങളിലും അവരോടൊപ്പം പങ്കുചേരുകയും അവർക്ക് വാഗ്ദാനങ്ങൾ നൽകുകയും ചെയ്യുക, അവരോടുള്ള പിശാചിന്റെ വാഗ്ദാനം വഞ്ചനയല്ലാതെയല്ല എന്നും പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ 'ഉൾകാഴ്ച്ചാദായകമായ' അദ്ദിക്ർ ഉപയോഗപ്പെടുത്തി അല്ലാഹുവിനെയും പിശാചിനെയും തിരിച്ചറിയാത്ത ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് പേരും പിശാചിന്റെ കെണിയിൽ പെട്ട് നൈമിഷികമായ ഐഹികലോകം ലഭിച്ച് ശാശ്വതമായ പരലോകം നഷ്ടപ്പെട്ടവരായിത്തീരുന്നതാണ്. അദ്ദിക്റിൽ നിന്ന് പിശാചിനെ മനസ്സിലാക്കിയിട്ടും മറ്റുള്ളവർക്ക് പരിചയപ്പെടുത്താത്ത കപടവിശ്വാസികൾ വിചാരണയില്ലാതെ നരകത്തിലേക്ക് പോകുന്നവരാണെങ്കിൽ അവരെ പിൻപറ്റുന്ന അനുയായികൾ വിചാരണക്ക് ശേഷം കൂട്ടം കൂട്ടമായി നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുന്ന കാഫിറുകളാണ് എന്ന് 39: 71-72 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നരകത്തിൽ വെച്ച് നേതാക്കളും അനുയായികളും പരസ്പരം പഴിചാരുന്ന, തർക്കിക്കുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്.

'വെള്ളത്തിലേക്ക് കൈനീട്ടി അതിനോട് വായിലേക്ക് എത്തിപ്പെടുക എന്ന് പറഞ്ഞാൽ അത് വായിലേക്ക് എത്തിപ്പെടുകയില്ല' എന്നതുപോലെയല്ലാതെ കാഫിറുകളുടെ പ്രാർത്ഥനക്ക് ഉത്തരം കിട്ടുകയില്ല എന്നാണ് സൂക്തത്തിൽ പറഞ്ഞതെങ്കിൽ, അല്ലാഹുവിനെ മാത്രം സേവിക്കുകയും അവനെ ജീവിപ്പിക്കുകയും ചെയ്യുന്ന അവന്റെ പ്രതിനിധികളായ വിശ്വാസികൾക്ക് കാര്യകാരണബന്ധത്തിന് അതീതമായി വെള്ളത്തിലേക്ക് കൈ ചൂണ്ടാതെത്തന്നെ വെള്ളം ലഭിക്കുന്നതാണ്. ഒരിക്കൽ വെള്ളത്തിന് അത്യാവശ്യം വന്ന ഘട്ടത്തിൽ പ്രവാചകന്റെ വിരലിൽ നിന്ന് അല്ലാഹു വെള്ളം പുറപ്പെടുവിച്ചിട്ടുണ്ട്. അദ്ദിക്റിനെ ജീവിപ്പിക്കുന്ന അന്ത്യനാൾ വരെയുള്ള വിശ്വാസികൾക്ക് ഇഹത്തിലും പരത്തിലുമുള്ള എല്ലാ ആഗ്രഹങ്ങളും സഫലമാകുമെന്നാണ് *'അല്ലാഹു അവരുടെ കയ്യും കാലുമായിത്തീരും'* എന്ന് *ഖുദ്സിയായ ഹദീസിൽ* പഠിപ്പിച്ചതിന്റെ പൊരുൾ. 2: 186; 11: 118-120; 12: 108 വിശദീകരണം നോക്കുക.

15. ആകാശഭൂമികളിലുള്ളവരും അവരുടെ നിഴലുകളുമെല്ലാം തന്നെ അനുസരണത്തോടുകൂടിയോ നിർബന്ധിതമായോ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും അല്ലാഹുവിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്നു.

തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർബന്ധമായ 15 സൂക്തങ്ങളിൽ ഒന്നാണ് ഇത്. നിഴലുകൾ സാഷ്ടാംഗം പ്രണമിക്കുന്നു എന്ന് പറഞ്ഞതിന്റെ വിവക്ഷ, വസ്തുക്ക

ളുടെ നിഴലുകൾ രാവിലെയും വൈകുന്നേരവും പടിഞ്ഞാറോട്ടും കിഴക്കോട്ടും ചായുന്നു എന്നാണ്. അതുവഴി ഈ വസ്തുക്കളെല്ലാം അവയുടെ ഉടമയായ അല്ലാഹുവിന്റെ കൽപന അനുസരിക്കുന്നു. 16: 48–50 സൂക്തങ്ങളിൽ, അല്ലാഹു സൃഷ്ടിച്ച ഓരോന്നിന്റെയും നിഴൽ അവനെ വണങ്ങിക്കൊണ്ട് ഇടത്തോട്ടും വലത്തോട്ടും ചാഞ്ഞുകൊണ്ടിരിക്കുന്നത് അവർ വിനയത്തോടെ നോക്കിക്കാണുന്നില്ലേ? ആകാശഭൂമികളിലുള്ള എല്ലാ ജീവികളും മലക്കുകളും അല്ലാഹുവിനെ പ്രണമിക്കുന്നു, അവർ അഹങ്കരിക്കുന്നില്ല. അവരുടെ മേലേയുള്ള നാഥനെ അവർ ഭയപ്പെടുകയും അവന്റെ കൽപനകൾ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു എന്ന് പറയുന്നുണ്ട്. സാഷ്ടാംഗപ്രണാമത്തിന്റെ സൂക്തങ്ങൾ വായിക്കുമ്പോഴും കേൾക്കുമ്പോഴും അല്ലാഹുവിന്റെ പ്രതിനിധികളായ വിശ്വാസികൾ അവന്റെ പ്രീതിയും സാമീപ്യവും തേടിക്കൊണ്ട് സാഷ്ടാംഗത്തിൽ വീഴുന്നതാണ്. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകൾ ഹീനമായ ശിക്ഷ ബാധകമായവരായതിനാൽ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവഹിക്കാത്തവരാണ്. അവർ ആത്മാവ് പങ്കെടുക്കാതെയുള്ള നമസ്കാരങ്ങളിൽ കോഴികൊത്തുന്ന വേഗത്തിൽ സാഷ്ടാംഗപ്രണാമം നിർവഹിക്കുകവഴി 22: 18 ൽ പറഞ്ഞ പ്രകാരം ശിക്ഷ ബാധകമായവരാണ്. 7: 205–206 വിശദീകരണം നോക്കുക.

16. നീ ചോദിക്കുക: ആകാശഭൂമികളുടെ ഉടമ ആരാകുന്നു? നീ പറയുക: അല്ലാഹുവാണെന്ന്; നീ ചോദിക്കുക: അപ്പോൾ നിങ്ങൾ അവനെക്കൂടാതെ അവർക്കുതന്നെ ഉപകാരമോ ഉപദ്രവമോ വരുത്താൻ അധികാരമില്ലാത്തവരെയാണോ രക്ഷാധികാരികളും മിത്രങ്ങളുമായി സ്വീകരിച്ചിരിക്കുന്നത് ? നീ ചോദിക്കുക: അന്ധനും കാഴ്ചയുള്ളവനും സമമാകുമോ? അതല്ല, അന്ധകാരങ്ങളും പ്രകാശവും സമമാകുമോ? അതല്ല, അവർ അല്ലാഹുവിന് കൽപിച്ചിട്ടുള്ള പങ്കാളികൾ അവന്റെ സൃഷ്ടിപ്പുപോലെ സൃഷ്ടിക്കുകയും അങ്ങനെ ആ സൃഷ്ടിപ്പ് അവരുടെമേൽ സാമ്യപ്പെടുകയും ചെയ്തതാണോ? നീ പറയുക: എല്ലാഓരോ വസ്തുവിന്റെയും സ്രഷ്ടാവ് അല്ലാഹു മാത്രമാണ്, അവൻ എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനുമാണ്.

ആകാശഭൂമികളുടെ ഉടമ ആരാണെന്നുചോദിച്ചാൽ പ്രവാചകന്റെ അഭിസംബോധകരായ മക്കാമുശ്രിക്കുകൾ മൗനം ദീക്ഷിച്ചതിനാലാണ് പ്രവാചകനോടുതന്നെ 'അല്ലാഹു'എന്ന് മറുപടി പറയാൻ കൽപ്പിച്ചിട്ടുള്ളത്. ഇന്ന് 32: 4 ൽ, 'അല്ലാഹു എന്ന് പറയുന്നവൻ ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ളവയെയും ആറ് നാളുകളിലായി സൃഷ്ടിച്ചവനാണ്, പിന്നെ അവൻ സിംഹാസനസ്ഥനായി, നിങ്ങൾക്ക് അവനെക്കൂടാതെ സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽനിന്നോ ആരുമില്ലതന്നെ, അപ്പോൾ നിങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ മറ്റുള്ളവരെ ഉണർത്തുന്നില്ലെയോ' എന്ന ചോദ്യം വായിക്കുന്ന 9: 67–68 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളും കുഫ്ഫാറുകളുമടങ്ങിയ ഫുജ്ജാറുകൾ നാഥനെ വിസ്മരിച്ചവരും തിന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരും നരകക്കുണ്ഠാഗ്നി വാഗ്ദത്തം ചെയ്യപ്പെട്ടവരുമാണ്. അവരെക്കുറിച്ച് ആത്മാവിനോട് അക്രമം കാണിച്ചവർ എന്നാണ് 35: 32 ൽ പറഞ്ഞിട്ടുള്ളത്. 10: 15–16 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30–ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. 13: 2 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി കപടവിശ്വാസികളോടും അ

വരുടെ അനുയായികളായ മുശ്രിക്കുകളോടും പ്രപഞ്ചനാഥനെക്കൂടാതെയുള്ളവർ സൃഷ്ടിച്ചിട്ടുള്ളത് എന്താണെന്ന് നിങ്ങൾ കാണിച്ചുതരിക എന്ന് പറയാനാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. 12: 39 അവസാനിക്കുന്നത് വ്യത്യസ്തങ്ങളായ റബ്ബുകളാണോ അതോ എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനായ നാഥനാണോ ഉത്തമം എന്ന് ചോദിച്ചുകൊണ്ടാണ്. 6: 71; 7: 188, 197; 10: 17–18 വിശദീകരണം നോക്കുക.

17. അവൻ ആകാശത്തുനിന്ന് മഴ വർഷിപ്പിച്ചു, താഴ്വരകളിലൂടെ ചാലുകളും തോടുകളും നദികളുമെല്ലാം അവയുടെ വ്യാപ്തിയനുസരിച്ച് ആ വെള്ളവുമായി ഒഴുകുകയായി, അപ്പോൾ ആ ഒഴുക്ക് ഉപരിതലത്തിൽ നുരയും പതയും വഹിച്ചു, ആഭരണങ്ങളും പാത്രങ്ങൾ പോലുള്ള വീട്ടുപകരണങ്ങളും മറ്റും ഉണ്ടാക്കുന്നതിനുവേണ്ടി ആളുകൾ തീയ്യിൽ ഉരുക്കുന്ന വസ്തുക്കളിൽ നിന്നും ഇതു പോലുള്ള നുരയുണ്ടാകുന്നു, അപ്രകാരം അല്ലാഹു സത്യത്തെയും മിഥ്യയെയും ഉദാഹരിക്കുകയാകുന്നു, അപ്പോൾ നുരകൾ പെട്ടെന്ന് മായുന്നു, മനുഷ്യന് ഉപയോഗമുള്ള വസ്തുക്കളാവട്ടെ ഭൂമിയിൽ അവശേഷിക്കുന്നു, അപ്രകാരമാണ് അല്ലാഹു ഉപമകൾ ഉദാഹരിക്കുന്നത്.

ഇവിടെ പ്രവാചകന് ദിവ്യസന്ദേശമായി ലഭിക്കുന്ന നാഥന്റെ ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിനെയാണ് അനുഗ്രഹമായ മഴയോട് ഉപമിച്ചിരിക്കുന്നത്. വെള്ളം വഹിച്ചുകൊണ്ട് ഒഴുകുന്ന നദികളോടും തോടുകളോടും ഉപമിച്ചിരിക്കുന്നത് അത് ലോകർക്ക് എത്തിച്ചുകൊണ്ടിരിക്കുന്ന പ്രവാചകനേയും വിശ്വാസികളേയുമാണ്. വിശ്വാസികളുടെ ശത്രുക്കളായ കപടവിശ്വാസികളെയും അവരെ പിൻപറ്റുന്ന വഴിപിഴച്ച ഫാജിറുകളെയുമാണ് മലവെള്ളം വരുമ്പോൾ മുകളിൽ പൊങ്ങിക്കിടക്കുന്ന നുരയോടും പതയോടും ഉപമിച്ചിരിക്കുന്നത്. അതുപോലെ ആഭരണങ്ങൾ ഉരുക്കുമ്പോഴും പാത്രങ്ങൾ ഉണ്ടാക്കുമ്പോഴും അതിൽ നിന്ന് കുറച്ചുസമയം നുരയും പതയുമല്ലാതെ മറ്റൊന്നും കാണാൻ സാധ്യമല്ലാത്ത വിധം മാലിന്യങ്ങൾ നുരഞ്ഞുപൊന്തുക സ്വാഭാവികമാണ്. നുരയും പതയും നശിക്കുകയും, വെള്ളവും തങ്കവും പോലെ മനുഷ്യർക്ക് ഉപകാരപ്രദമായവ ബാക്കിയാവുകയും ചെയ്യും. മലവെള്ളത്തിൽ കാണപ്പെടുന്ന നുരയും പതയും പോലെയുള്ള കപടവിശ്വാസികളുടെ കൂട്ടം മാത്രമാണ് ഇന്ന് പ്രവാചകന്റെ ജനതയിൽ എവിടെയും കാണാൻ സാധിക്കുക.

14: 28–30 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിനെ നിഷേധമാക്കി മാറ്റിമറിച്ച് 29 കള്ളവാദികളും കപടവിശ്വാസികളും അവരുടെ അനുയായികൾക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം അനുവദനീയമാക്കിക്കൊടുത്തിരിക്കുന്നു. 9: 28, 95, 125 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മാലിന്യമായ അവർക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർധിപ്പിക്കുകയില്ല. 56: 82 ൽ വിവരിച്ച പ്രകാരം ഫുജ്ജാറുകൾ മിഥ്യ പിൻപറ്റുന്നവരും അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് അവരുടെ ഭക്ഷണമാക്കിയവരുമാണ്. 2: 119; 10: 108; 39: 41, 69, 75 തുടങ്ങി 256 സൂക്തങ്ങളിൽ പറഞ്ഞ സത്യമായ അദ്ദിക്റിനെ 7: 8–9 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ ഇഹലോകത്തുവെച്ച് ത്രാസായി ഉപയോഗപ്പെടുത്താത്തതിനാൽ സത്യം കൊണ്ട് വിധികൽപിക്കുന്ന ദിവസം മിഥ്യാവാദികളായ അവരുടെ പ്രവർത്തനങ്ങളെല്ലാം നഷ്ടപ്പെട്ടതായിരിക്കുമെന്ന് 40: 78 ൽ പറഞ്ഞിട്ടുണ്ട്. 4: 91; 10: 24; 11: 118–119 വിശദീകരണം നോക്കുക.

18. തങ്ങളുടെ നാഥന് മറുപടി നൽകിയവരായവർക്ക് ഏറ്റവും നന്മയുണ്ട്, അവന് മറുപടി നൽകാത്തവരായവരോ, നിശ്ചയം അവർക്ക് ഭൂമിയിലുള്ള മുഴുവൻ

സമ്പത്തും അതോടൊപ്പം അത്ര വേറെയും ലഭിച്ചിട്ട് അതുകൊണ്ട് പ്രായശ്ചിത്തം നൽകിയാലും നിശ്ചയം അവരിൽ നിന്ന് അത് സ്വീകരിക്കപ്പെടുകയില്ല; അക്കൂട്ടർ, അവർക്ക് ദുഷിച്ച വിചാരണ തന്നെയുണ്ട്, അവരുടെ സങ്കേതം നരകക്കുണ്ഠമാകുന്നു -എത്രമോശപ്പെട്ട തൊട്ടിലുകൾ!

അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകാനും പ്രാർത്ഥന സ്വീകരിക്കപ്പെടാനുമുള്ള ഉപാധിയാണ് ഏറ്റവും നല്ല ഗ്രന്ഥമായ (*ഹുസ്നാ*) അദ്ദിക്ർ. 2: 186; 39: 53-55 വിശദീകരണം നോക്കുക. അത് വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ അവർ പിശാചിന്റെ വിളിക്കാണ് ഉത്തരം നൽകുന്നത്. പിശാചാകട്ടെ, 31: 21 ൽ പറഞ്ഞ പ്രകാരം അവന്റെ അനുയായികളെ കത്തിയാളുന്ന നരകത്തിലേക്കാണ് വിളിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ പിശാച് വിധിദിവസം അവരെ വഴിപിഴപ്പിച്ചതിൽ നിന്ന് കൈയൊഴിയുന്ന രംഗം 14: 22 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇത്തരം സൂക്തങ്ങളെല്ലാം ആശയമില്ലാതെ അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകളെ 62: 5 ൽ വഹിക്കുന്ന ഭാരം എന്താണെന്ന് അറിയാത്ത കഴുതയോടാണ് ഉപമിച്ചിട്ടുള്ളത്. അല്ലാഹുവും അദ്ദിക്റും ഒന്നാണെന്നിരിക്കെ അദ്ദിക്റിനെ അവഗണിച്ചവർ ദുഷിച്ച വിചാരണക്കുശേഷം നരകക്കുണ്ഠത്തിൽ കഴിഞ്ഞുകൂടേണ്ടിവരുന്നതാണ് എന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. 3: 90-91; 7: 175-176; 10: 26-27 വിശദീകരണം നോക്കുക.

19. അപ്പോൾ നിശ്ചയം നിന്റെ നാഥനിൽ നിന്ന് നിന്നിലേക്ക് അവതരിപ്പിക്കപ്പെട്ട ഒന്ന് സത്യമാണെന്ന് അറിയുന്ന ഒരുവൻ, അവൻ കുരുടനെപ്പോലെയാകുമോ? നിശ്ചയം ബുദ്ധിമാൻമാർ മാത്രമേ ഉണർത്തപ്പെടുന്നവരാവുകയുള്ളൂ.

20. അവർ അല്ലാഹുവുമായി ചെയ്ത ഉടമ്പടി പൂർത്തിയാക്കുന്നവരും അവർ പ്രതിജ്ഞകൾ മുറിച്ച് കളയാത്തവരുമാകുന്നു.

7: 172-173 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ നാഥൻ ഒറ്റ ആത്മാവിൽ നിന്ന് ആദം മുതൽ അന്ത്യനാൾ വരെയുള്ള മുഴുവൻ മനുഷ്യരെയും സ്വർഗത്തിൽ സൃഷ്ടിക്കുകയും, 'ഞാനല്ലെയോ നിങ്ങളുടെ നാഥൻ' എന്ന് ചോദിക്കുകയും, അപ്പോൾ എല്ലാഓരോരുത്തരും 'അതെ നാഥാ! ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു' എന്ന് മറുപടി നൽകുകയും ചെയ്ത് ഉടമ്പടി ചെയ്യുകയുണ്ടായി. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 7: 102 ൽ വിവരിച്ച പ്രകാരം നാഥനുമായി ചെയ്ത ഉടമ്പടി മുറിച്ചുകളഞ്ഞ തെമ്മാടികളായി മാറിയിരിക്കുന്നു. 9: 78 ൽ വിവരിച്ച പ്രകാരം മനുഷ്യപ്പിശാചുക്കളായ ഇക്കൂട്ടർ അല്ലാഹുവിനെ ത്രികാലജ്ഞാനിയായും അവന്റെ സംസാരമായ അദ്ദിക്റിനെ ത്രികാലജ്ഞാനമായും പരിഗണിക്കാത്തവരാണ്. അവർ ജനങ്ങളോട് ചെയ്യുന്ന വാഗ്ദത്തങ്ങളിൽ അല്ലാഹുവിനെക്കൊണ്ട് ആണയിട്ട് പറയുമെങ്കിലും അത് പാലിക്കുന്നതിൽ ജാഗ്രത പുലർത്താത്തവരുമാണ്.

39: 17-18 സൂക്തങ്ങളിൽ, ത്വാഗൂത്തിനെ സേവിച്ചുകൊണ്ടിരിക്കുന്നത് വർജ്ജിക്കുകയും അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങുകയും ചെയ്യുന്നവരാരോ, അവർക്ക് സന്തോഷവാർത്തയുണ്ട്; അപ്പോൾ അടിമകളേ, നിങ്ങൾ സന്തോഷിച്ചുകൊള്ളുക. വാക്കുകൾ ശ്രദ്ധിച്ച് കേൾക്കുന്നവരും അങ്ങനെ അതിനെ ഏറ്റവും നല്ലനിലക്ക് പിൻപറ്റുന്നവരുമായവർ! അക്കൂട്ടരാകുന്നു അല്ലാഹുവിനാൽ മാർഗദർശനം ചെയ്യപ്പെട്ടവർ, അക്കൂട്ടർ തന്നെയാണ് ബുദ്ധിമാന്മാരും എന്ന് പറഞ്ഞിട്ടുണ്ട്. 2: 18; 9: 64 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികൾ അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായതിനാൽ അവർ അവരു

ടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള, ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള, ഏറ്റവും വഴിപിഴച്ചവരാണ്. ഇത്തരം ഭ്രാന്തന്മാർ ചിന്താശക്തി ഉപയോഗപ്പെടുത്താതെ 36: 59-62 സൂക്തങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ട് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരാണ്. 3: 190-191; 10: 40-43, 108 വിശദീകരണം നോക്കുക.

21. അല്ലാഹു ഏതെല്ലാം ബന്ധങ്ങൾ നിലനിർത്താൻ കൽപിച്ചിട്ടുണ്ടോ, അതെല്ലാം നിലനിർത്തുന്നവരായവരും അവരുടെ നാഥനെ ഭയപ്പെടുന്നവരും ദുഷിച്ച വിചാരണയെ ഭയപ്പെടുന്നവരുമാണവർ.

അഥവാ അവർ ത്രാസ്സായ അദ്ദിക്ർ ഉപയോഗപ്പെടുത്തി എല്ലാകാര്യങ്ങളും ഐഹിക ലോകത്തുവെച്ചുതന്നെ തൂക്കിനോക്കുന്നവരും ഉൾക്കാഴ്ചദായകമായ അത് ഉപയോഗപ്പെടുത്തി എല്ലാ സമയങ്ങളിലും അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവരും അവന്റെ മുമ്പിൽ പതിനഞ്ച് വയസ്സിന് ശേഷമുള്ള ഓരോ നിമിഷത്തെക്കുറിച്ചും ഒറ്റക്കൊറ്റക്കായി ഉത്തരം പറയേണ്ടിവരുമല്ലോ എന്ന ബോധത്തിൽ എപ്പോഴും എല്ലായിടത്തും നിലകൊള്ളുന്നവരുമാണ്. 2: 152; 7: 8-9, 201; 18: 49 വിശദീകരണം നോക്കുക.

22. അവർ തങ്ങളുടെ നാഥന്റെ മുഖം പ്രതീക്ഷിച്ചുകൊണ്ട് ക്ഷമ കൈകൊള്ളുന്നവരായവരും മുറപ്രകാരം നമസ്കാരം നിലനിർത്തുന്നവരും നാം അവർക്ക് നൽകിയതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിച്ചുകൊണ്ടിരിക്കുന്നവരും തിന്മയെ ഏറ്റവും നല്ലതുകൊണ്ട് തടഞ്ഞുകൊണ്ടിരിക്കുന്നവരുമാണ്; അക്കൂട്ടർ, അവർക്കുതന്നെയാണ് നല്ല പര്യവസാന വീടുള്ളത്.

35: 29 ൽ, നിശ്ചയം, അല്ലാഹുവിന്റെ ഗ്രന്ഥം തിലാവത്ത് ചെയ്യുന്നവരും നമസ്കാരം നിലനിർത്തുന്നവരും നാം അവർക്ക് നൽകിയിട്ടുള്ളതിൽ നിന്നും രഹസ്യമായും പരസ്യമായും ചെലവഴിച്ച് കൊണ്ടിരിക്കുന്നവരുമാരോ, അവർ നഷ്ടപ്പെടാത്ത ഒരു കച്ചവടം തന്നെയാണ് പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നത് എന്ന് പറഞ്ഞിട്ടുണ്ട്. 2: 2-5; 7: 170; 11: 114 -115 വിശദീകരണം നോക്കുക.

23. നിത്യാനുഭൂതികളോട് കൂടിയ സ്വർഗപ്പൂന്തോപ്പുകൾ! അവർ അതിൽ പ്രവേശിക്കുന്നതാണ് -അവരുടെ സജ്ജനങ്ങളായ പിതാക്കന്മാരിൽ നിന്നും ഇണകളിൽ നിന്നും സന്തതിപരമ്പരകളിൽ നിന്നുമുള്ളവരും, മലക്കുകൾ എല്ലാഓരോ വാതിലിൽ കൂടിയും അവരുടെ അടുക്കലേക്ക് പ്രവേശിക്കുന്നതുമാണ്.

24. നിങ്ങൾ ക്ഷമാലുക്കളായിരുന്നതിന് നിങ്ങളുടെ മേൽ സമാധാനം എന്ന് പറഞ്ഞുകൊണ്ട്, അപ്പോൾ എത്ര നല്ല അനുഗ്രഹസമ്പൂർണ്ണമായ പര്യവസാന വീടാണിത്!

ക്ഷമാലുക്കളായി ജീവിക്കുക എന്നതുകൊണ്ടുള്ള വിവക്ഷ ഉൾക്കാഴ്ച്ചാദായകമായ അദ്ദിക്റിൽ നിന്ന് പരലോകത്തെ കണ്ടുകൊണ്ട് ഏതൊരു പ്രവൃത്തിയുടെയും പര്യവസാനം പരലോകത്ത് എങ്ങനെയായിരിക്കുമെന്ന് വിലയിരുത്തി ഐഹികലോകത്ത് എന്ത് നഷ്ടപ്പെട്ടാലും പരലോകത്ത് നഷ്ടപ്പെടരുത് എന്ന നയത്തിൽ എവിടെയും എപ്പോഴും നിലകൊള്ളലാണ്. 40: 7 ൽ, സിംഹാസനം വഹിക്കുന്നവരും അവന് ചുറ്റുമുള്ളവരുമാരോ അവർ, തങ്ങളുടെ നാഥനെ സ്തുതിച്ചുകൊണ്ട് വാഴ്ത്തിക്കൊണ്ടിരിക്കുന്നവരും അവനെക്കൊണ്ട് വിശ്വസിക്കുന്നവരും വിശ്വാസികളായവർക്കുവേണ്ടി ഇപ്രകാരം പൊറുക്കലിനെത്തേടിക്കൊണ്ടിരിക്കുന്നവരുമാകുന്നു: 'എല്ലാഓരോ വസ്തുവിലും തന്റെ കാരുണ്യവും അറിവും വലയം ചെയ്തിട്ടുള്ള ഞങ്ങളുടെ നാഥാ, അപ്പോൾ നിന്നിലേക്ക് ഖേദിച്ചുമടങ്ങുകയും നി

ന്റെ മാർഗം പിൻപറ്റുകയും ചെയ്യുന്നവർക്ക് നീ പൊറുത്തുകൊടുക്കേണമേ, അവരെ നീ ജ്വലിക്കുന്ന നരകശിക്ഷയെത്തൊട്ട് കാത്തുരക്ഷിക്കുകയും ചെയ്യേണമേ!' എന്നും; 40: 8 ൽ, ഞങ്ങളുടെ നാഥാ, അവരോട് നീ വാഗ്ദാനം ചെയ്തിരുന്ന നിത്യാനുഗ്രഹസ്വർഗപ്പൂന്തോപ്പുകളിൽ അവരെ നീ പ്രവേശിപ്പിക്കുകയും ചെയ്യേണമേ! -അവരുടെ പിതാക്കളിൽ നിന്നും അവരുടെ ഇണകളിൽ നിന്നും അവരുടെ സന്തതിപരമ്പരകളിൽ നിന്നുമുള്ള സജ്ജനങ്ങളേയും, നിശ്ചയം നീ അജയ്യനായ യുക്തിജ്ഞൻ തന്നെയാകുന്നു എന്നും; 40: 9 ൽ, അവരെ നീ തിന്മകളെത്തൊട്ട് കാക്കുകയും ചെയ്യേണമേ, അന്നേ ദിവസത്തെ തിന്മകളെത്തൊട്ട് ആരാണോ അവനെ കാത്തത്, അപ്പോൾ നിശ്ചയം നീ അവനോട് കരുണ കാണിച്ചിരിക്കുന്നു, അതുതന്നെയാണ് മഹത്തായ വിജയവും എന്നും പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളും അനുയായികളുമടങ്ങിയ കുഫ്ഫാറുകളായ ഫുജ്ജാറുകളോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യാൻ 9: 73 ലൂടെ ഒറ്റപ്പെട്ട വിശ്വാസി കൽപിക്കപ്പെട്ടിരിക്കുന്നു. 3: 133–136; 8: 74; 9: 105 വിശദീകരണം നോക്കുക.

25. അല്ലാഹുവുമായി ചെയ്ത ഉടമ്പടി അത് കണ്ടുമുട്ടിയതിന് ശേഷം പൊട്ടിച്ചെറിഞ്ഞവരും അവൻ ചേർക്കാൻ കൽപിച്ച ബന്ധങ്ങൾ മുറിച്ച് കളഞ്ഞുകൊണ്ടിരിക്കുന്നവരും ഭൂമിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നവരുമുണ്ടല്ലോ -അക്കൂട്ടർ, അവർക്കുതന്നെയാണ് ശാപമുള്ളത്, അവർക്ക് ദുഷിച്ച വീടുമാണുള്ളത്.

ഉടമ്പടി കൊണ്ടുദ്ദേശിക്കുന്നത് 7: 172–173 സൂക്തങ്ങളിൽ പറഞ്ഞ ഉടമ്പടിയാണ്. അത് കണ്ടുമുട്ടിയതിന് ശേഷം മുറിച്ച് കളയുന്നവർ എന്നുപറഞ്ഞത്, ഗ്രന്ഥത്തിൽ ആ വിവരം വന്നുകിട്ടിയിട്ട് അത് പാലിക്കാതെ ജീവിക്കുകയും അത് മറച്ചുവെച്ച് മറ്റുള്ളവരെ അതിനെക്കുറിച്ച് ഓർമിപ്പിക്കാതെ പ്രപഞ്ചം നശിക്കുന്നതിന് ആക്കം കൂട്ടുകയും ചെയ്യുന്ന തെമ്മാടികളായ കപടവിശ്വാസികളെയാണ്. അവരെയാണ് അല്ലാഹു ശപിച്ചിട്ടുള്ളതും അവർക്കാണ് ഏറ്റവും മോശപ്പെട്ട മടക്കസ്ഥലമുള്ളതും. പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ട് മനുഷ്യരുടെ ഐക്യം സ്ഥാപിക്കുന്നതിനും വർഗീയത, രക്തച്ചൊരിച്ചിൽ, തീവ്രവാദപ്രവർത്തനങ്ങൾ തുടങ്ങിയ നശീകരണപ്രവർത്തനങ്ങൾ നിർത്തലാക്കുന്നതിനും വേണ്ടി തങ്ങളുടെ പക്കൽ യാതൊരു പ്രതിവിധിയും ഇല്ല എന്നമട്ടിൽ സ്വജനതയുടെ ഐക്യത്തിനുവേണ്ടി മാത്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനാലാണ് മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളും അവരുടെ അനുയായികളും ശപിക്കപ്പെട്ടിട്ടുള്ളത്. ഇവർ കാഫിറായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരാണ്. ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിച്ചശേഷം കല്ലുകളാലും മരങ്ങളാലും 'എന്റെ പിന്നിൽ ഒരു കാഫിറുണ്ട്, അവനെ വധിച്ചുകൊള്ളുക' എന്ന് വിളിച്ച് പറയപ്പെട്ട് അന്ന് ഇസ്‌ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ ഇവരെ വധിച്ച് 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുത്തുന്നതാണ്. അപ്പോൾ മാത്രമാണ് 8: 22 ൽ ദുഷ്ടജീവികൾ എന്ന് വിശേഷിപ്പിക്കപ്പെട്ട ഫുജ്ജാറുകൾക്ക് 38: 8 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ ആയിരുന്നില്ല, മറിച്ച് *ദിക്റീ* -അദ്ദിക്ർ- ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥമെന്ന് ബോധ്യം വരിക. 1: 7; 2: 26–27, 159–160; 48: 6 വിശദീകരണം നോക്കുക.

26. അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവർക്ക് ഭക്ഷണവിഭവങ്ങൾ സുലഭമായി നൽകുന്നു, അവൻ ഉദ്ദേശിക്കുന്നവർക്ക് പരിമിതമായും നൽകുന്നു, അവർ ഐഹിക ജീവിതത്തിൽ മതിമറന്ന് ആഹ്ലാദിച്ചുകൊണ്ടിരിക്കുകയാണ്, എന്നാൽ ഐഹിക

ജീവിതമാകട്ടെ, പരലോകത്തെ അപേക്ഷിച്ച് തുച്ഛമായ ഒരു വിഭവമല്ലാതെയുമല്ല.

ഐഹിക ജീവിതവിഭവങ്ങൾ ചിലർക്ക് പരിമിതമായും ചിലർക്ക് ധാരാളമായും നൽകുന്നത് 6: 165 ൽ വിവരിച്ച പ്രകാരം ഓരോരുത്തരെയും പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. അപ്പോൾ ആയിരത്തിൽ ഒന്നായ വിശ്വാസി ത്രികാലജ്ഞാനമായ അദ്ദിക്റിൽ നിന്ന് മനുഷ്യന്റെ നാലാംഘട്ടമായ ഐഹികജീവിതം ഏഴാംഘട്ടത്തിനുവേണ്ടി സ്വർഗ്ഗം സമ്പാദിക്കാനുള്ളതാണെന്ന് മനസ്സിലാക്കി എല്ലാ അനുഗ്രഹങ്ങളും ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഉപയോഗപ്പെടുത്തി സ്വർഗ്ഗം ഇവിടെവെച്ച് സമ്പാദിക്കുന്നവരും മറ്റുള്ളവരെ അതിനുവേണ്ടി പ്രേരിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ജാതി-മത-വർണ്ണ-ഭാഷ-ദേശ-ലിംഗഭേദമന്യേ അദ്ദിക്ർ ഏവർക്കും എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ അല്ലാഹുവിനെ സഹായിച്ചുകൊണ്ടിരിക്കുന്നവരുമാണ്. 3: 81-82, 185; 7: 32, 150; 12: 53 വിശദീകരണം നോക്കുക.

27. കാഫിറുകളായവർ ചോദിക്കുകയും ചെയ്യുന്നു: എന്താണ് അവന്റെമേൽ തന്റെ നാഥനിൽ നിന്നുള്ള ഒരു ദൃഷ്ടാന്തം ഇറക്കപ്പെടാത്തത്? നീ പറയുക: നിശ്ചയം അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ വഴിപിഴപ്പിക്കുന്നു, അവനിലേക്ക് തിരിയുന്നവരെ അവൻ സൻമാർഗത്തിലാക്കുകയും ചെയ്യുന്നു.

50: 31-33 സൂക്തങ്ങളിൽ, സൂക്ഷ്മാലുക്കൾക്ക് സ്വർഗ്ഗം വളരെ വിദൂരമല്ലാതെ അടുപ്പിക്കുന്നതാണ്. ആവർത്തിച്ചാവർത്തിച്ച് ഖേദിച്ചുമടങ്ങുന്നവരും 2: 27 ൽ വിവരിച്ച *സയ്യിദുൽ ഇസ്തിഗ്ഫാർ* -പൊറുക്കലിനെത്തേടുന്നതിനുള്ള ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥന- മുറപ്രകാരം പ്രാർത്ഥിക്കുന്നവരും നിഷ്പക്ഷവാനെ അദ്ദിക്റിൽ നിന്ന് കണ്ട് ഭയപ്പെടുന്നവരും എപ്പോഴും അവനിലേക്ക് തിരിച്ചുചെല്ലണമെന്ന മനസ്സോടുകൂടി നിലനിന്നിരുന്നവരുമാണ് അവർ എന്ന് പറഞ്ഞിട്ടുണ്ട്. 25: 33 ൽ പറഞ്ഞ ഏറ്റവും നല്ല വിശദീകരണ ഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ 7: 178 ൽ വിവരിച്ച പ്രകാരം ആരാണോ അദ്ദിക്ർ ഉപയോഗപ്പെടുത്തി സന്മാർഗത്തിലായത്, അത് അവനുവേണ്ടിത്തന്നെയാണ്; ആരാണോ അതിനെത്തൊട്ട് വ്യതിചലിച്ചത്, അതിന്റെ ദോഷവും ആ ആത്മാവിനുതന്നെയാണ്. 4: 78-79; 10: 108-109; 11: 118-119 വിശദീകരണം നോക്കുക.

28. വിശ്വാസികളായവരും തങ്ങളുടെ ഹൃദയങ്ങൾ അല്ലാഹുവിന്റെ സ്മരണ കൊണ്ട് ശാന്തിനേടിയവരും; അറിഞ്ഞിരിക്കുക, അല്ലാഹുവിന്റെ സ്മരണ കൊണ്ട് ഹൃദയങ്ങൾക്ക് ശാന്തി ലഭിക്കുന്നതാണ്.

ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ കൊണ്ടുമാത്രമാണ് അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ നിലനിർത്താൻ സാധിക്കുക. ആരാണോ തെളിവും പ്രകാശവുമായ അദ്ദിക്റിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 4: 174-175 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നമസ്കാരം ദിക്രീ -അദ്ദിക്ർ- നിലനിർത്താനാണെന്ന് 20: 14 ലും; സർവ്വപ്രധാനം അല്ലാഹുവിന്റെ സ്മരണ നിലനിർത്തുന്ന അദ്ദിക്ർ തന്നെയാണെന്ന് 29: 45 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് ശാന്തിനേടിയ ആത്മാവ് മാത്രമേ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളൂ എന്ന് 89: 27-30 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. *ദിക്റാ* എന്ന ഗ്രന്ഥത്തെ വെടിഞ്ഞ ദൗർഭാഗ്യവാൻ വമ്പിച്ച തീയ്യിൽ വേവിക്കപ്പെടുകതന്നെ ചെയ്യുമെന്ന് 87: 9-12 സൂക്തങ്ങളിലും; നരകക്കുണ്ഠം കൊണ്ടുവരപ്പെടുന്ന ദിനം 'ഐഹികലോകത്തുവെച്ച് ഞാൻ *ദിക്റാ* എന്ന ഗ്രന്ഥം ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ' എന്ന് മനുഷ്യന് ബോധ്യം വരുമെന്ന് 89: 23

ലും പറഞ്ഞിട്ടുണ്ട്. 3: 90–91; 8: 2–4; 42: 52 വിശദീകരണം നോക്കുക.

29. വിശ്വാസികളായവരും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് 'ത്വൂബാ'യുണ്ട്, അവർക്ക് ഏറ്റവും നല്ല മടക്കവുമുണ്ട്.

അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും അത് ലോകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നവർക്കാണ് *'ത്വൂബാ'*യുള്ളത്. അഥവാ നരകവാസികൾക്ക് *സഖ്ഖൂം* വൃക്ഷമാണെങ്കിൽ സ്വർഗ്ഗവാസികൾക്ക് *ത്വൂബാ* വൃക്ഷമാണുള്ളത് എന്നാണ്. അതിന്റെ നിഴൽ നൂറ് പ്രകാശവർഷം സഞ്ചരിച്ചാലും അവസാനിക്കുകയില്ലെന്നും സ്വർഗ്ഗത്തിലെ തേൻ, പാൽ, കലർപ്പില്ലാത്ത വെള്ളം തുടങ്ങിയവയുടെ നദികളെല്ലാം ഒഴുകുന്നത് അതിന്റെ താഴ്ഭാഗത്തുനിന്നാണെന്നും, അതിന്റെ കൊതുമ്പിൽ നിന്നാണ് സ്വർഗ്ഗവാസികൾക്കുള്ള വസ്ത്രം ലഭിക്കുന്നതെന്നും ത്രികാലജ്ഞാനിയായ നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. സ്വർഗത്തിലെ നദികളെക്കുറിച്ച് 47: 15 ലും; അദ്ദിക്ർ കൊണ്ട് വിശ്വാസികളാവുകയും അത് മറ്റുള്ളവർക്ക് എത്തിച്ച് കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നവരാണ് കരയിലെ ഏറ്റവും ഉത്തമജീവികളെന്ന് 98: 7–8 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 25; 9: 71–72; 33: 35 വിശദീകരണം നോക്കുക.

30. അപ്രകാരം ഇതിനുമുമ്പ് കഴിഞ്ഞുപോയിട്ടുള്ള നിരവധി സമുദായങ്ങളെപ്പോലെയുള്ള ഒരു സമുദായത്തിലേക്കാണ് നിന്നെ നാം പ്രവാചകനായി നിയോഗിച്ചിട്ടുള്ളത്, നിന്നിലേക്ക് ദിവ്യസന്ദേശമായി നാം നൽകിയിട്ടുള്ളതെന്തോ അത് നീ അവരുടെ മേൽ വിശദീകരിച്ച് കൊടുക്കുന്നതിന് വേണ്ടി, അവർ നിഷ്പക്ഷവാനെക്കൊണ്ട് നിഷേധിച്ചവരുമായിരിക്കുന്നു; നീ പറയുക: അവനാണ് എന്റെ നാഥൻ, അവനല്ലാതെ മറ്റൊരു ഇലാഹുമില്ല, ഞാൻ അവന്റെ മേലാണ് ഭരമേൽപിച്ചിരിക്കുന്നത്, അവനിലേക്ക് തന്നെയാണ് ഞാൻ ഖേദിച്ച് മടങ്ങുന്നതും.

മുമ്പ് കഴിഞ്ഞുപോയ സമുദായങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻമാരെപ്പോലെത്തന്നെയാണ് മുഹമ്മദിനെയും അന്ത്യനാൾ വരെയുള്ള മനുഷ്യരിലേക്ക് പ്രവാചകനായി നിയോഗിച്ചിട്ടുള്ളത്. അവനുമുമ്പ് കഴിഞ്ഞുപോയിട്ടുള്ള 312 പ്രവാചകന്മാർക്കും ദിവ്യസന്ദേശമായി നൽകപ്പെട്ടിട്ടുള്ള അദ്ദിക്ർ തന്നെയാണ് അവനും ദിവ്യസന്ദേശമായി നൽകപ്പെട്ടിട്ടുള്ളത് എന്ന് 4: 163; 16: 44; 21: 24; 41: 43 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ ആരാണോ അദ്ദിക്റിൽ നിന്ന് അല്ലാഹുവിനെ നിഷ്പക്ഷവാനും ഏകളടമയും ഇലാഹുമായും അംഗീകരിച്ച് സ്വർഗ്ഗം ഇവിടെവെച്ച് സമ്പാദിക്കുന്നത്, അവർ മരണത്തോടുകൂടി സമ്പാദിച്ച സ്വർഗ്ഗം അനന്തരമെടുക്കുന്നതാണ്. നിഷ്പക്ഷവാനായ നാഥൻ ആരെയും സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല.

2: 105; 4: 113; 10: 58 തുടങ്ങി 65 സൂക്തങ്ങളിൽ പരാമർശിച്ച അല്ലാഹുവിന്റെ കാരുണ്യമായ അദ്ദിക്ർ നൽകപ്പെട്ട പ്രവാചകന്മാരും നബിമാരും അതിനെ മാർഗദർശന ഗ്രന്ഥമായി പിൻപറ്റുന്ന വിശ്വാസികളും നിഷ്പക്ഷവാനായ നാഥന്റെ സൂക്തങ്ങൾ വിശദീകരിച്ച് കൊടുക്കപ്പെട്ടാൽ കരഞ്ഞുകൊണ്ട് സാഷ്ടാംഗപ്രണാമത്തിൽ വീഴുന്നതാണ് എന്ന് 19: 58 ൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ 7: 205–206 സൂക്തങ്ങളിൽ വിവരിച്ചതുപോലെ 15 സൂക്തങ്ങളിൽ കൽപിക്കപ്പെട്ട തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവഹിക്കാത്ത ഫുജ്ജാറുകൾ നാഥന്റെ വിളിക്ക് മറുപടി നൽകാത്തവരും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരുമാണ്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത അവരെ നിഷ്പക്ഷവാനായ നാഥൻ ഏറ്റവും തിന്മയേറിയ ജീവികളായിട്ടാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. അവർ വായിച്ച,

കേട്ട, തൊട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷ്യം വഹിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 6: 102–103; 9: 129; 10: 47 വിശദീകരണം നോക്കുക.

31. നിശ്ചയം ഈ വായന, അതുകൊണ്ട് പർവ്വതങ്ങൾ ചലിപ്പിക്കപ്പെടുകയും അല്ലെങ്കിൽ അതുകാണ്ട് ഭൂമി പിളർത്തപ്പെടുകയും അല്ലെങ്കിൽ അതുകൊണ്ട് മരിച്ചവർ സംസാരിപ്പിക്കപ്പെടുകയും ചെയ്തിരുന്നുവെങ്കിലും (നിശ്ചയംഅവർ വിശ്വസിക്കുമായിരുന്നില്ല), എന്നാൽ കൽപ്പനകൾ മുഴുവനും അല്ലാഹുവിനാകുന്നു, അപ്പോൾ അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ മനുഷ്യർ മുഴുവൻ സൻമാർഗ്ഗത്തിലാവുകതന്നെ ചെയ്യുമായിരുന്നു എന്നതിൽ വിശ്വാസികളായവർ നിരാശപ്പെടുകയാണോ? കാഫിറുകളായിട്ടുള്ളവർക്ക് അവർ ഉൽപാദിപ്പിക്കുന്നത് നിമിത്തം ഓരോതരം അത്യാഹിതങ്ങൾ വന്നുഭവിക്കാതിരിക്കുകയുമില്ല, അല്ലെങ്കിൽ അവരുടെ വീട്ടുമുറ്റത്ത് വിപത്ത് ഇറങ്ങാതിരിക്കുകയുമില്ല, -അല്ലാഹുവിന്റെ വാഗ്ദത്തം പുലരുന്നതുവരെ, നിശ്ചയം അല്ലാഹു വാഗ്ദത്തങ്ങൾ ഒരിക്കലും ലംഘിക്കുകയില്ലതന്നെ.

എല്ലാ കാര്യങ്ങളുടെയും നിയന്ത്രണം അല്ലാഹുവിന്റെ പക്കൽ തന്നെയാണ്. ഒരു ദൃഷ്ടാന്തം കാണിച്ച് എല്ലാവരെയും സൻമാർഗ്ഗത്തിലാക്കുന്നത് അല്ലാഹുവിന്റെ ചര്യക്ക് വിരുദ്ധമാണ്. എല്ലാ ആത്മാവിനും ദുർമാർഗ്ഗവും സന്മാർഗ്ഗവും വിവരിക്കുന്ന അദ്ദിക്ർ സ്വർഗത്തിൽ വെച്ചുതന്നെ പഠിപ്പിച്ച നിഷ്പക്ഷവാനാണ് അല്ലാഹു. അപ്പോൾ ആരാണോ ഉൾക്കാഴ്ചാദായകവും സത്യാസത്യവിവേചന ഉരക്കല്ലുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി സൻമാർഗ്ഗത്തിലായത്, അവൻ സന്മാർഗ്ഗത്തിലായത് അവനുവേണ്ടിത്തന്നെയാണ്. ആരാണോ അതുകൊള്ളെ വഴികേടിലായത്, അതിന്റെ ദോഷവും ആ ആത്മാവിനുതന്നെയാണ്, നീ അവരുടെ കൈകാര്യകർത്താവൊന്നുമല്ല എന്ന് 6: 104; 10: 108; 17: 15; 39: 41 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ എല്ലാവിധ ആപത്തു -വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമായി ഉപയോഗപ്പെടുത്താത്തവരാണ് കാഫിറുകൾ.

മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റും അല്ലാഹുവും ഒന്നാണെന്നിരിക്കെ മരിച്ചവരെ ജീവിപ്പിക്കാനും പർവ്വതങ്ങളെ ചലിപ്പിക്കാനും ഭൂമിയെ പിളർത്താനും കടലിനെ കരയാക്കാനും കരയെ കടലാക്കാനും ഇഷ്ടസന്താനങ്ങളെ ജനിപ്പിക്കാനുമെല്ലാം അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് അതിനെ ജീവിപ്പിക്കുന്ന വിശ്വാസികൾക്ക് സാധിക്കും. 3: 49 ൽ വിവരിച്ച പ്രകാരം ഈസാനബി മരിച്ചവരെ ജീവിപ്പിച്ചിരുന്നത് 67-ാം സൂറത്തും 32-ാം സൂറത്തും തിലാവത്ത് ചെയ്തുകൊണ്ടായിരുന്നു. 5: 48 പ്രകാരം അദ്ദിക്റും 59: 23 പ്രകാരം അല്ലാഹുവും *മുഹൈമിൻ* -കാത്തുസൂക്ഷിക്കുന്നത്- ആണെന്നിരിക്കെ 3: 102 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ട് അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിച്ച വിശ്വാസികളെ വെടിവെച്ചാൽ കൊള്ളുകയോ അവർ ബോംബ് സ്ഫോടനം കൊണ്ടോ മറ്റ് അപകടങ്ങൾ കൊണ്ടോ വധിക്കപ്പെടുകയോ ഇല്ല. കാര്യകാരണ ബന്ധത്തിന് അതീതമായി അദ്ദിക്ർ അവരെ സംരക്ഷിക്കുമെന്നർത്ഥം.

കാഫിറുകളായിട്ടുള്ളവർക്ക് അവർ ഉൽപാദിപ്പിക്കുന്നത് നിമിത്തം അല്ലാഹുവിന്റെ വാഗ്ദത്തം വരുന്നതുവരെ ഓരോ തരത്തിലുള്ള അത്യാഹിതങ്ങൾ വന്നുഭവിക്കാതിരിക്കുകയുമില്ല എന്ന് പറഞ്ഞതിന്റെ വിവക്ഷ കാഫിറുകൾക്ക് അവരവരുടെ പ്രവൃത്തികളുടെ

പരിണിതഫലമായി ഓരോരോ വിപത്തുകൾ ബാധിച്ചുകൊണ്ടേയിരിക്കും, എന്നാൽ അത് അവരുടെ പ്രവൃത്തിദോഷം കൊണ്ടാണെന്ന് തിരിച്ചറിയുകയോ അവരുടെ ജീവിതചര്യ തിരുത്തുകയോ ഇല്ല. അങ്ങനെ മരണസമയത്ത് ഞങ്ങൾ കാഫിറുകളും അക്രമികളുമായിപ്പോയല്ലോ എന്ന് വിലപിച്ചുകൊണ്ട് അവർ ജീവൻ വെടിയുന്നതുമാണ്. എന്നാൽ വിശ്വാസികൾ അവർക്ക് എന്തെങ്കിലും വിപത്ത് സംഭവിക്കുകയാണെങ്കിൽ 30: 41; 32: 21 എന്നീ സൂക്തങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അത് അല്ലാഹുവോടുള്ള അഥവാ അദ്ദിക്റിനോടുള്ള ബന്ധപ്പെടലിന്റെ കുറവുകൊണ്ടാണെന്ന് മനസ്സിലാക്കി അല്ലാഹുവിലേക്ക് അഥവാ അദ്ദിക്റിലേക്ക് വിരണ്ടോടുന്നതാണ്, എന്നല്ലാതെ കാഫിറുകളെപ്പോലെ അതിന് മറ്റാരെയും –പിശാചിനെത്തന്നെയും– കുറ്റപ്പെടുത്തുകയില്ല. 17: 58 ൽ, നിശ്ചയം നാടുകളിൽ നിന്നുള്ള ഒന്നുംതന്നെ വിധിദിവസത്തിനുമുമ്പ് നാഥൻ നശിപ്പിക്കുകയോ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാത്തതായിട്ടില്ല, അത് ഗ്രന്ഥത്തിൽ അടിവരയിട്ട് രേഖപ്പെടുത്തിയിട്ടുള്ളതാണ് എന്ന് പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ വാഗ്ദത്തം വരുന്നതുവരെ എന്ന് പറഞ്ഞത്, നിശ്ചയിക്കപ്പെട്ട അന്ത്യദിനം വരുന്നതുവരെ എന്നാണ്. 3: 79–80, 102; 6: 35, 111; 13: 11 വിശദീകരണം നോക്കുക.

32. നിശ്ചയം, നിനക്കുമുമ്പുള്ള പ്രവാചകൻമാരും പരിഹസിക്കപ്പെട്ടിട്ടുണ്ട്, അപ്പോൾ കാഫിറുകളായവർക്ക് നാം അവസരം നൽകി, പിന്നെ നാം അവരെ പിടികൂടുകയും ചെയ്തു, അപ്പോൾ നമ്മുടെ ദണ്ഡനം എങ്ങനെയുണ്ടായിരുന്നു?

എക്കാലത്തും കാഫിറുകളായ ആയിരത്തിൽ തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പതു പേരും പ്രവാചകൻമാരെ പരിഹസിക്കുകയും കളിയാക്കുകയും ചെയ്യുന്നവരാണ്. അങ്ങനെ അല്ലാഹുവിന്റെ സന്ദേശം എല്ലാവരിലും എത്തിച്ചുകഴിഞ്ഞാൽ പ്രവാചകൻമാരെയും വിശ്വാസികളെയും രക്ഷിക്കുകയും, അക്രമികളും തെമ്മാടികളുമായ കാഫിറുകളെ നശിപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇന്ന്, ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറുകളായ ഫുജ്ജാറുകൾ പ്രവാചകന്റെ ജീവിതം നയിക്കുന്ന വിശ്വാസികളെ പരിഹസിക്കുന്നവരും കാഫിറായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. ഈസാ രണ്ടാമതുവന്നാൽ അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതരജനവിഭാഗങ്ങളുടെ കരങ്ങൾ കൊണ്ടാണ് ഗ്രന്ഥത്തേയും വിശ്വാസികളെയും പരിഹസിച്ചുകൊണ്ടിരിക്കുന്ന അവർ വധിക്കപ്പെടുന്നതും 4: 91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുന്നതും. 7: 182–183; 10: 39; 11: 8 വിശദീകരണം നോക്കുക.

33. അപ്പോൾ എല്ലാഓരോ ആത്മാവും സമ്പാദിക്കുന്നത് കൊണ്ട് അവരെ വീക്ഷിച്ചു നിലകൊള്ളുന്ന ഒരുവൻ, അവർ അല്ലാഹുവിന് പങ്കാളികളെ ഉണ്ടാക്കിയിരിക്കുന്നു; നീ പറയുക: നിങ്ങൾ അവരുടെ പേരുകൾ പറയുക; അതല്ല, ഭൂമിയിൽ അവന് അറിയാത്തതുകൊണ്ട് നിങ്ങൾ അവന് വിവരം പറഞ്ഞുകൊടുക്കുകയാണോ? അതല്ല, നിങ്ങൾ വായിൽ വരുന്ന വാക്കുകൾ ഉതിർക്കുകയാണോ? അല്ല, കാഫിറുകളായവർക്ക് അവരുടെ ഗൂഢതന്ത്രം അലങ്കാരമാക്കപ്പെടുകയും അവർ നേർമാർഗ്ഗത്തെത്തൊട്ട് തടയപ്പെടുകയും ചെയ്തിരിക്കുന്നു, ആരെയാണോ അല്ലാഹു വഴികേടിലാകാൻ അനുവദിച്ചത്, അപ്പോൾ അവനെ സൻമാർഗത്തിലാക്കുന്ന ഒരാളുമില്ല.

എല്ലാഓരോ ആത്മാവിനും അത് സമ്പാദിച്ചത് സ്വർഗ്ഗമാണെങ്കിൽ അതും നരകമാ

ണെങ്കിൽ അതുമാണ് ലഭിക്കുക എന്ന ബോധത്തിൽ നിലകൊള്ളുന്നവരാണ് വിശ്വാസികൾ. സ്വർഗ്ഗത്തിൽ വെച്ച് സൃഷ്ടിച്ചപ്പോൾ തന്നെ അദ്ദിക്ർ പഠിപ്പിച്ച അല്ലാഹുവിനെ നിഷ്പക്ഷ വാനായി അംഗീകരിക്കുന്നവരും തെളിവായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്നവരും അദ്ദിക്റിൽ കണ്ട സ്വർഗ്ഗം ഇവിടെ പണിതുകൊണ്ടിരിക്കുന്നവരും പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താൻ വേണ്ടി മനസ്സാ-വാചാ-കർമ്മണാ നിലകൊള്ളുന്നവരുമാണ് അവർ. 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനത അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും അതിന്റെ വ്യാപനത്തിനെതിരായി ഗൂഢതന്ത്രങ്ങളിൽ ഏർപ്പെടുകയും ചെയ്യുകവഴി കാഫിറുകളായിരിക്കുകയാണ്. 58: 22 ൽ പറഞ്ഞ അല്ലാഹുവിന്റെ ഏകസംഘത്തിൽ പെടാതെ അവർ 58: 19 ൽ പറഞ്ഞ പിശാചിന്റെ വിവിധ സംഘടനകളിൽ ചേർന്ന് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന മുശ്രിക്കുകളായിരിക്കുകയാണ്. ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന അവർ ഇത്തരം സൂക്തങ്ങളെല്ലാം വായിച്ച് വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ ദീനിൽ നിന്ന് തെറിച്ചുപോയിരിക്കുകയാണ്. അദ്ദിക്റിനെത്തൊട്ട് ജനങ്ങളെ തടയുന്ന പ്രവർത്തനങ്ങൾ കാഫിറായ പിശാച് അവർക്ക് അലങ്കാരമാക്കി കാണിച്ചുകൊടുത്തിരിക്കുന്നു. അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാതെ നമസ്കരിച്ചും നോമ്പനുഷ്ഠിച്ചും ഹജ്ജും ഉംറയും ചെയ്തും പിഴയായി നരകക്കുണ്ഠം സമ്പാദിക്കുന്നവരാണ് അവർ. സ്വയം വഴികേട് തെരഞ്ഞെടുത്ത അവരെ ഇനി അദ്ദിക്റിന്റെ മാർഗത്തിലേക്ക് കൊണ്ടുവരാൻ ഒരു ശക്തിക്കും സാധ്യമല്ല.

വേദവാക്യങ്ങളെ ലക്ഷ്യം തെറ്റിച്ച് പറയുക എന്നത് പ്രവാചകന്റെ കാലത്തുള്ള വേദക്കാരായ ജൂത-ക്രൈസ്തവരുടെയും കപടവിശ്വാസികളുടെയും സ്വഭാവമാണെന്ന് 5: 41-42; 9: 30-31 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. *ശിർക്കി*നെ ഗൂഢതന്ത്രമെന്ന് പറയാൻ കാരണം മലക്കുകൾ, ജിന്നുകൾ, മഹാത്മാക്കൾ, പ്രപഞ്ചത്തിലെ മറ്റു സൃഷ്ടികൾ തുടങ്ങി അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുള്ളവരാണെന്ന് അവർ കണക്കാക്കുന്ന ആരും തന്നെ ഒരിക്കലും തങ്ങൾ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുള്ളവരാണെന്ന് വാദിക്കുകയും അവകാശപ്പെടുകയും ചെയ്തിട്ടില്ല. ഞങ്ങളോട് സഹായം തേടുകയാണെങ്കിൽ ഞങ്ങൾ നിങ്ങളുടെ കാര്യങ്ങൾ സാധിപ്പിച്ച് തരാമെന്നും അവർ ജനങ്ങളെ പഠിപ്പിച്ചിട്ടില്ല. മറിച്ച് ഇതെല്ലാം പിശാചിനെ പിൻപറ്റുന്ന കപടവിശ്വാസികളായ മനുഷ്യപ്പിശാചുക്കളുടെ ഗൂഢതന്ത്രങ്ങളാണ്. 9: 34 ൽ പറഞ്ഞ പ്രകാരം സാധാരണക്കാരായ ജനങ്ങളുടെ സമ്പത്തിൽ നിന്നും ഒരു വിഹിതം പറ്റിത്തിന്നുന്നതിനും അവരുടെ മാഹാത്മ്യം ജനങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനും വേണ്ടി കുറേ ആചാരാനുഷ്ഠാനങ്ങൾ ഉണ്ടാക്കിവെച്ചിരിക്കുകയാണ്. അത്തരം മഹാത്മാക്കളെ അംഗീകരിച്ച് പാടിപ്പുകഴ്ത്തിയിട്ടില്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ അവരുടെ ഗുരുത്തക്കേട് ബാധിക്കുമെന്ന് അവർ ജനങ്ങളെ നിഗൂഢമായി വിശ്വസിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. 2: 286; 12: 103-106; 13: 11 വിശദീകരണം നോക്കുക.

34. അവർക്ക് ഈ ഐഹികലോകത്തുതന്നെ ശിക്ഷയുണ്ട്, പരലോകശിക്ഷ ഏറ്റവും കഠിനവുമാണ്, അവരെ അല്ലാഹുവിൽ നിന്ന് രക്ഷിക്കുന്നവരായി ആരും തന്നെ ഉണ്ടായിരിക്കുകയുമില്ല.

നന്മയും തിന്മയും നേടുന്നത് അവരവർ തന്നെയാണ് എന്ന ഗ്രന്ഥത്തിന്റെ അധ്യാപനത്തിന് വിരുദ്ധമായി സാധാരണ ജനങ്ങളെ അല്ലാഹുവിന്റെ മാർഗ്ഗമായ അദ്ദിക്റിൽ

നിന്ന് വഴിതെറ്റിച്ച് നരകത്തിലേക്ക് പിടിച്ചുവലിച്ച് കൊണ്ടുപോകുന്ന മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾക്ക് 2: 85 ൽ വിവരിച്ച പ്രകാരം ഇഹത്തിൽ തന്നെ നിന്ദ്യതയും നികൃഷ്ടതയുമാണ് പ്രതിഫലം. 4: 145 ൽ വിവരിച്ച പ്രകാരം പരത്തിൽ അവർ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്നതുമാണ്. 4: 150–151; 9: 84–85; 10: 33 വിശദീകരണം നോക്കുക.

35. സൂക്ഷ്മാലുക്കളോട് വാഗ്ദത്തം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതായ സ്വർഗ്ഗത്തിന്റെ ഉപമ-അതിന്റെ താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്നു, അതിലെ ഭക്ഷണങ്ങൾ നിത്യമായിരിക്കും -അതിലെ നിഴലുകളും, ഇതാകുന്നു സൂക്ഷ്മാലുക്കളായവരുടെ പര്യവസാനം; കാഫിറുകളുടെ പര്യവസാനമോ, നരകവുമാകുന്നു.

46: 20 ൽ വിവരിച്ച പ്രകാരം ജീവിതലക്ഷ്യമില്ലാത്ത കാഫിറുകൾ ഇഹലോകത്ത് തിന്നുകുടിച്ച് ധൂർത്തടിച്ച് ജീവിക്കുന്നവരാണ്. അതുകൊണ്ടാണ് അവരുടെ മടക്കം നരകത്തിലേക്കായത്. എന്നാൽ അദ്ദിക്റിനെ പിൻപറ്റുന്ന വിശ്വാസികളുടെ മടക്കം സ്വർഗ്ഗത്തിലേക്കാണ്. അവിടെ അവർക്ക് യഥേഷ്ടം ഭക്ഷണവിഭവങ്ങളും അറ്റമില്ലാത്ത നിഴലുകളും ലഭിക്കുന്നതാണ്. 2: 38–39; 10: 26–27; 13: 19–20, 25 വിശദീകരണം നോക്കുക.

36. നാം ഗ്രന്ഥം നൽകിയ ഒരു വിഭാഗമോ, അവർ നിന്നിലേക്ക് അവതരിപ്പിക്കപ്പെട്ടതുകൊണ്ട് ആഹ്ലാദിക്കുന്നവരാകുന്നു, സംഘങ്ങളിൽ നിന്നുള്ള ചിലർ അതിന്റെ ചിലതിനോട് വിരോധം വെക്കുന്നവരായുമുണ്ട്; നീ പറയുക: നിശ്ചയം ഞാൻ അല്ലാഹുവിനെ സേവിക്കുന്നവനാകാൻ കൽപിക്കപ്പെട്ടിരിക്കുന്നു, അവനിൽ ഒന്നിനെയും പങ്കുചേർക്കാതിരിക്കാനും, അവനിലേക്കാണ് ഞാൻ നിങ്ങളെ ക്ഷണിക്കുന്നത്, അവനിലേക്കാണ് എന്റെ മടക്കവും.

പൂർവ്വികഗ്രന്ഥങ്ങളുടെ ആശയം പിൻപറ്റുന്നവർ പ്രവാചകന് അവതരിപ്പിക്കപ്പെട്ട അദ്ദിക്റിൽ ആഹ്ലാദം കൊള്ളുന്നവരാണ്. എന്നാൽ അതിൽ അവരുടെ വ്യതിചലനത്തെക്കുറിച്ച് പരാമർശിക്കുന്നതിനാൽ അതിനോട് വിരോധം വെക്കുന്നവരും അവരിലുണ്ട്. ഇന്ന്, അദ്ദിക്ർ പിൻപറ്റി 58: 22 ൽ പറഞ്ഞ അല്ലാഹുവിന്റെ ഏകസംഘത്തിൽ പെടാതെ ഗ്രന്ഥത്തിൽ നിന്ന് ചില ഭാഗങ്ങൾ മാത്രമെടുക്കുകയും വിവിധ സംഘടനകളായിപ്പിരിഞ്ഞ് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുകയും ചെയ്യുന്ന ഫുജ്ജാറുകളാണ് 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘക്കാർ. അവർ ജനങ്ങളെ വിളിക്കുന്നത് അവരവരുടെ സംഘടനകളിലേക്കും അതുവഴി നരകക്കുണ്ഠത്തിലേക്കുമാണ്. എന്നാൽ സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ, അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുന്ന വിശ്വാസി അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിലേക്കും അതുവഴി സ്വർഗത്തിലേക്കുമാണ് ജനങ്ങളെ വിളിക്കുക. 3: 199; 10: 104–106; 11: 17, 62 വിശദീകരണം നോക്കുക.

37. അപ്രകാരം നാം അതിനെ അറബിയിലുള്ള ഒരു ന്യായപ്രമാണമായി അവതരിപ്പിച്ചിരിക്കുന്നു, അറിവിൽ നിന്ന് നിനക്ക് വന്നുകിട്ടിയതിനുശേഷം നീയെങ്ങാനും അവരുടെ ഇഷ്ടാനിഷ്ടങ്ങൾ പിൻപറ്റുകയാണെങ്കിൽ അല്ലാഹുവിൽ നിന്ന് നിന്നെ സംരക്ഷിക്കുന്നവരോ തടയുന്നവരോ ആയി നിനക്ക് ആരും ഉണ്ടായിരിക്കുകയില്ല.

നിന്റെ ഭാഷയായ അറബിയിൽ നിനക്ക് ഗ്രന്ഥം അവതരിപ്പിച്ച് തന്നിട്ടുള്ളത് നീ അതുപയോഗപ്പെടുത്തി ന്യായപ്രമാണം നടത്തേണ്ടതിനാകുന്നു, യഥാർത്ഥ അറിവായ

അത് വന്നുകിട്ടിയിട്ട് ജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ പിൻപറ്റുകയാണെങ്കിൽ അല്ലാഹുവിൽ നിന്ന് രക്ഷിക്കാനോ തടയാനോ ആരും ഉണ്ടായിരിക്കുകയില്ല. ഇക്കാര്യം അന്ന് പ്രവാചകനോടും അതുവഴി അന്ത്യനാൾ വരെയുള്ള വിശ്വാസികളോടുമാണ് കൽപ്പിച്ചിട്ടുള്ളത്. അപ്പോൾ ഗ്രന്ഥത്തിന്റെ ആത്മാവും ഏറ്റവും നല്ല വിശദീകരണ ഗ്രന്ഥവുമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതുകൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹ ജീവിതത്തിലും വിധികൽപ്പിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 120-121, 145; 10: 15-16; 12: 1-3; 16: 64 വിശദീകരണം നോക്കുക.

38. നിശ്ചയം നിനക്കുമുമ്പ് നാം പ്രവാചകൻമാരെ നിയോഗിച്ചിട്ടുണ്ട്, അവരെ നാം ഭാര്യമാരും സന്തതികളും ഉള്ളവരാക്കിയിട്ടുമുണ്ട്, അല്ലാഹുവിന്റെ സമ്മതപത്രം കൊണ്ടല്ലാതെ ഒരു പ്രവാചകനും ഒരു ദൃഷ്ടാന്തം കൊണ്ടുവരാൻ സാധിച്ചിട്ടുമില്ല, എല്ലാഓരോ കാര്യത്തിനും രേഖപ്പെടുത്തിയിട്ടുള്ള ഒരു അവധിയുണ്ട്.

പ്രവാചകനെതിരിൽ ഉന്നയിക്കപ്പെട്ടിരുന്ന ഒരു ആരോപണത്തിനുള്ള മറുപടിയാണിത്. ഈ പ്രവാചകന് എന്തുപറ്റി! ഭക്ഷണം കഴിക്കുന്നു, അങ്ങാടികളിൽ സഞ്ചരിക്കുന്നു, മുന്നറിയിപ്പ് നൽകാൻ അവനോടൊപ്പം എന്തുകൊണ്ട് ഒരു മലക്കിനെ ഇറക്കിയില്ല? അല്ലെങ്കിൽ എന്തുകൊണ്ട് അവനൊരു നിധി ഇട്ടുകൊടുത്തില്ല? അല്ലെങ്കിൽ യഥേഷ്ടം ഭക്ഷിക്കാൻ അവനൊരു തോട്ടമുണ്ടായില്ല? മാരണം ചെയ്യപ്പെട്ട ഒരു പുരുഷനെയല്ലാതെ നിങ്ങൾ പിൻപറ്റുന്നില്ല എന്നും മറ്റും ഈ അക്രമികൾ പ്രവാചകനെക്കുറിച്ച് ആരോപിച്ചിരുന്നതായി 25: 7-8 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അതേപ്രകാരം പ്രവാചകൻമാർ, ഭാര്യമാരുമായി ലൈംഗിക ബന്ധത്തിലേർപ്പെടുകയോ അവർക്ക് സന്താനങ്ങളുണ്ടാകുകയോ ചെയ്യാതെ മലക്കുകളുടെ സ്വഭാവത്തിലായിരിക്കണമെന്ന വാദക്കാരായിരുന്നു അന്നത്തെ കാഫിറുകൾ. അതുകൊണ്ടാണ് എക്കാലത്തുമുള്ള ഇത്തരം നിഗമനങ്ങൾ വെച്ചു പുലർത്തുന്ന കാഫിറുകളോട്: ശാന്തിയോടെ ചരിക്കുന്ന മലക്കുകളാണ് ഇവിടെ ജീവിക്കുന്നതെങ്കിൽ അവരിലേക്ക് മലക്കുകളെ പ്രവാചകന്മാരായി നിയോഗിക്കുമായിരുന്നു എന്ന് 17: 95 ൽ പറഞ്ഞിട്ടുള്ളത്. എന്നാൽ അന്ത്യനാളിന്റെ പ്രധാനപ്പെട്ട അടയാളമായി ഈസായെ രണ്ടാമത് കൊണ്ടുവരുമ്പോൾ മനുഷ്യരെ മലക്കുകളുടെ സ്വഭാവത്തിലേക്ക് പരിവർത്തിപ്പിച്ച് ഭൂമിയിൽ പ്രതിനിധിയാക്കുമെന്ന് 43: 60 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരു ദിവ്യാത്ഭുതം കൊണ്ടുവരാൻ ഒരു പ്രവാചകനും സാധ്യമല്ലെന്ന് 14: 11; 40: 78 എന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ത്രികാലജ്ഞാനിയായ അല്ലാഹു പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാഓരോ കാര്യവും ഇന്ന സമയത്ത് നടക്കണമെന്ന് നേരത്തെ തീരുമാനിച്ച് അദ്ദിക്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 6: 2; 10: 61, 99-100; 17: 90-94 വിശദീകരണം നോക്കുക.0

39. അല്ലാഹു, അവൻ ഉദ്ദേശിക്കുന്നത് മായ്ച്ചുകളയുന്നു, അവൻ ഉദ്ദേശിക്കുന്നത് സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു, അവന്റെ പക്കലാകുന്നു മൂലഗ്രന്ഥമുള്ളത്.

മറ്റൊരു ആരോപണത്തിനുള്ള മറുപടിയാണിത്. അവർ പറഞ്ഞിരുന്നു: മുമ്പ് അവതരിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ തന്നെയുള്ളപ്പോൾ പിന്നെ ഈ പുതിയ ഗ്രന്ഥത്തിന്റെ ആവശ്യമെന്ത്? അവയിൽ മാറ്റത്തിരുത്തലുകൾ വന്നിരിക്കുന്നു എന്നും അവ ദുർബലമാക്കപ്പെട്ടിരിക്കുന്നുവെന്നും അതിനാൽ ഈ പുതിയ ഗ്രന്ഥത്തെ പിന്തുടരാൻ കൽപിച്ചിരിക്കുന്നുവെന്നും നീ പറയുന്നു. പക്ഷേ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ മാറ്റത്തിരുത്തലുകൾ എ

ങ്ങനെ സാധിക്കും? അവൻ എന്തുകൊണ്ട് അവയെ സംരക്ഷിച്ചില്ല? അല്ലാഹുവിന്റെ ഗ്രന്ഥങ്ങൾ ദുർബലപ്പെടുന്നതെങ്ങനെ? തൗറാത്തും ഇഞ്ചീലും അവതരിപ്പിച്ച അതേ അല്ലാഹുവിന്റെ തന്നെ ഗ്രന്ഥമാണിതെന്ന് നീ വാദിക്കുന്നു. പക്ഷേ ഇതെന്ത് കഥ! നിന്റെ ചില രീതികൾ തൗറാത്തിന്റെ കൽപനകൾക്ക് വിരുദ്ധമാണല്ലോ. ഉദാഹരണമായി ചില കാര്യങ്ങൾ നിഷിദ്ധമാണെന്ന് തൗറാത്ത് വിധിച്ചിരുന്നെങ്കിൽ നീ അവ അനുവദനീയമാണെന്ന് വാദിക്കുന്നു. അതിനെല്ലാമുള്ള സംക്ഷിപ്തവും സമഗ്രവുമായ ഒരു മറുപടിയാണ് ഈ സൂക്തത്തിലൂടെ അല്ലാഹു നൽകുന്നത്. '*ഉമ്മുൽകിതാബ്*'-ഗ്രന്ഥത്തിന്റെ മാതാവ്- എന്നാൽ മൂലഗ്രന്ഥമെന്നാണ് ആശയം. അതായത് എല്ലാ ആകാശഗ്രന്ഥങ്ങളുടെയും ഉറവിടമെന്ന് സാരം. എല്ലാ പ്രവാചകൻമാർക്കും അദ്ദിക്ർ മാത്രമാണ് നൽകിയതെങ്കിൽ അന്ത്യപ്രവാചകനായ മുഹമ്മദിന് *ഉമ്മുൽ കിതാബായ* ഫാത്തിഹഃയും നൽകിയിട്ടുണ്ടെന്ന് 15: 87 ൽ പറഞ്ഞിട്ടുണ്ട്. 2: 2, 106-107; 5: 40; 7: 52, 203 വിശദീകരണം നോക്കുക.

40. നാം അവരോട് വാഗ്ദത്തം ചെയ്തുകൊണ്ടിരിക്കുന്നവയിൽ ചിലത് നാം നിന്നെ കാണിച്ച് തരികതന്നെ ചെയ്യും, അല്ലെങ്കിൽ നാം നിന്നെ തിരിച്ച് വിളിച്ചെന്നും വരാം; അപ്പോൾ നിശ്ചയം നിന്റെ മേലുള്ള ബാധ്യത എത്തിച്ചുകൊടുക്കുക എന്നത് മാത്രമാകുന്നു, വിചാരണ നമ്മുടെ ചുമതലയുമാകുന്നു.

ഇവിടെ അഭിസംബോധന പ്രവാചകനോടാണെങ്കിലും 'നീ താക്കീത് ചെയ്യുന്ന ആപത്തുകളൊന്നും എന്താണ് ഇനിയും വന്ന് കാണാത്തതെന്ന് ഒരു വെല്ലുവിളിപോലെ ആവർത്തിച്ച് ചോദിച്ചിരുന്ന' എതിരാളികളെ കേൾപ്പിക്കുകയാണ് യഥാർത്ഥലക്ഷ്യം. 5: 67; 9: 71-72; 10: 47-48 വിശദീകരണം നോക്കുക.

41. നിശ്ചയം നാം ഈ ഭൂമിയിൽ വന്നുകൊണ്ടിരിക്കുന്നതും അതിന്റെ വൃത്തത്തെ നാം നാനാവശങ്ങളിൽ നിന്ന് ചുരുക്കി വരുന്നതും അവർ കാണുന്നില്ലെയോ? അല്ലാഹു നിങ്ങൾക്കിടയിൽ വിധിച്ചുകൊണ്ടിരിക്കുന്നു, അവന്റെ വിധികളെ പുനഃപരിശോധിക്കുന്നവരായി ആരുമില്ല, അവൻ വേഗത്തിൽ വിചാരണ ചെയ്യുന്നവനുമാകുന്നു.

നാം ഭൂമിയിൽ വരിക എന്നുപറഞ്ഞാൽ അല്ലാഹു നേരിട്ടുവരിക എന്നല്ല. അല്ലാഹുവും അദ്ദിക്റും ഒന്നാണെന്ന് 3: 101; 4: 175; 7: 143; 59: 21 തുടങ്ങിയ സൂക്തങ്ങളിൽ നിന്നെല്ലാം മനസ്സിലാക്കാം. അല്ലാഹു വരുന്നത് കാണുന്നില്ലേ എന്ന ചോദ്യം കൊണ്ടുദ്ദേശിക്കുന്നത് ഗ്രന്ഥത്തിന്റെ പ്രകാശം ലോകത്ത് വ്യാപിക്കുന്നതും അന്ധകാരം നീങ്ങുന്നതും നിങ്ങൾ കാണുന്നില്ലേ എന്നാണ്. 41: 53 ൽ, നമ്മുടെ സൂക്തങ്ങൾ നാം ചക്രവാളങ്ങളിലും അവരിൽ തന്നെയും കാണിച്ചുകൊടുക്കുകതന്നെ ചെയ്യും, നിശ്ചയം അത് സത്യം തന്നെയാണെന്ന് അവർക്ക് വെളിപ്പെടുന്നതുവരെ, നിനക്ക് നിന്റെ നാഥൻ തന്നെ പോരെയോ, നിശ്ചയം അവൻ എല്ലാഓരോ കാര്യത്തിനും സാക്ഷിയുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 109-110; 9: 31-33; 11: 5; 13: 31 വിശദീകരണം നോക്കുക.

42. ഇവർക്കുമുമ്പ് കഴിഞ്ഞുപോയിട്ടുള്ളവരും ഗൂഢതന്ത്രങ്ങൾ പയറ്റിനോക്കിയിട്ടുണ്ട്, എന്നാൽ ഗൂഢതന്ത്രങ്ങൾ മുഴുവൻ അല്ലാഹുവിന്റെ പക്കലാകുന്നു, എല്ലാ ഓരോ ആത്മാവും എന്താണ് സമ്പാദിച്ചുകൊണ്ടിരിക്കുന്നതെന്ന് അവൻ അറിയുന്നു, അപ്പോൾ ആർക്കാണ് നല്ല പര്യവസാനമെന്ന് കുഫ്ഫാറുകൾ അറിയുകതന്നെ ചെയ്യുന്നതുമാണ്.

14: 46-47 സൂക്തങ്ങളിൽ, അവർ അവരുടെ ഗൂഢതന്ത്രങ്ങൾ മെനഞ്ഞു, എന്നാൽ

അവരുടെ തന്ത്രങ്ങളെല്ലാം അല്ലാഹുവിന്റെ പക്കലാണുള്ളത്, അവരുടെ തന്ത്രം കൊണ്ട് പർവ്വതങ്ങൾ നീക്കാൻ സാധിച്ചാലും ശരി, അപ്പോൾ അല്ലാഹു അവന്റെ പ്രവാചകൻമാരോട് വാഗ്ദത്തം ചെയ്തത് ലംഘിക്കുമെന്ന് അവർ കണക്കുകൂട്ടേണ്ടതില്ല, നിശ്ചയം അല്ലാഹു ചോദ്യം ചെയ്യപ്പെടാത്ത അജയ്യനും പ്രതികാരം ചെയ്യുന്നവനും തന്നെയാകുന്നു എന്നും; 35: 10 ൽ, ആരാണോ പ്രതാപം അന്വേഷിക്കുന്നത്, അപ്പോൾ പ്രതാപം മുഴുവൻ അല്ലാഹുവിനുള്ളതാകുന്നു, അവനിലേക്കാണ് പരിശുദ്ധമായ വചനങ്ങൾ ഉയരുന്നത്, സൽക്കർമ്മങ്ങളെ അവനിലേക്ക് ഉയർത്തുന്നതും ആ പരിശുദ്ധവചനങ്ങൾ തന്നെ; ആരാണോ തിന്മക്കുവേണ്ടി ഗൂഢതന്ത്രം പ്രയോഗിക്കുന്നത്, അവർക്ക് അതികഠിനമായ ശിക്ഷയുണ്ട്, അവരുടെ ഗൂഢതന്ത്രം അവർക്കെതിരായിത്തന്നെ തിരിച്ചടിക്കുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്. അഥവാ അദ്ദിക്റിന്റെ പ്രചരണത്തിനെതിരായിട്ടുള്ള ഏത് ഗൂഢതന്ത്രവും അത് മെനഞ്ഞവർക്കെതിരായിത്തന്നെ ഇഹത്തിലും പരത്തിലും ഭവിക്കുന്നതാണ്. ആ കാശഭൂമികളിൽ എന്തെല്ലാമാണ് സംഭവിക്കുക എന്ന് അല്ലാഹു നേരത്തെ നിശ്ചയിച്ചിട്ടുള്ളതും അതെല്ലാം അവൻ തന്നെ സൂക്ഷിപ്പ് ഏറ്റെടുത്തിട്ടുള്ള ഗ്രന്ഥമായ അദ്ദിക്റിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. 2: 255; 8: 30; 9: 51, 67-68; 10: 60-61 വിശദീകരണം നോക്കുക.

43. കാഫിറുകളായവർ പറയുകയും ചെയ്യുന്നു, നീ അയക്കപ്പെട്ടവനൊന്നുമല്ല എന്ന്; നീ പറയുക: എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു തന്നെ മതിയായവനാണ്, ആരുടെ പക്കലാണോ വേദപരിജ്ഞാനമുള്ളത് അവനും.

17: 96; 29: 52 എന്നീ സൂക്തങ്ങൾ ആരംഭിക്കുന്നത്: പറയുക, എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹുതന്നെ മതിയായവനാണ് എന്ന ആശയത്തിലാണ്. 36: 14-17 സൂക്തങ്ങളിൽ, ഒരു നാട്ടിലേക്ക് നിയോഗിക്കപ്പെട്ട മൂന്ന് പ്രവാചകൻമാരും അവരോട് പറഞ്ഞു: ഞങ്ങൾ നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട ദൂതൻമാരാണ്, അപ്പോൾ ആ ജനത മറുപടി നൽകി: നിങ്ങൾ ഞങ്ങളെപ്പോലെയുള്ള മനുഷ്യരല്ലാതെ മറ്റാരുമല്ല, നിഷ്പക്ഷവാൻ ഒന്നും തന്നെ ഇറക്കിയിട്ടില്ല, നിങ്ങൾ കളവുപറയുന്നവരല്ലാതെ മറ്റാരുമല്ല. അപ്പോൾ അവർ പറഞ്ഞു: നിശ്ചയം ഞങ്ങൾ നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻമാരാണെന്നും ഞങ്ങളുടെ ബാധ്യത അവന്റെ സന്ദേശം വ്യക്തമായി എത്തിച്ചുതരൽ മാത്രമാകുന്നു എന്നും നമ്മുടെ നാഥന് അറിയാം. 67: 8-9 സൂക്തങ്ങളിൽ, എല്ലാ പ്രാവശ്യവും കാഫിറുകൾ നരകത്തിലേക്ക് വലിച്ചെറിയപ്പെടുമ്പോൾ അതിന്റെ പാറാവുകാർ അവരോട് ചോദിക്കും: നിങ്ങൾക്ക് മുന്നറിയിപ്പുകാർ വന്നിരുന്നില്ലേ? അവർ മറുപടി പറയും: അതെ, തീർച്ചയായും വന്നിരുന്നു, ഞങ്ങൾ അവരെ തള്ളിപ്പറയുന്നവരും നിശ്ചയം അല്ലാഹു ഒന്നും തന്നെ ഇറക്കിയിട്ടില്ല, നിങ്ങൾ വമ്പിച്ച വഴികേടിലല്ലാതെ അല്ല എന്ന് പറയുന്നവരുമായിരുന്നു. 67: 10 ൽ, അവർ സ്വയം പറയുകയും ചെയ്യും: ഓ കഷ്ടം! ഞങ്ങൾ അദ്ദിക്ർ കേട്ടിരുന്നുവെങ്കിൽ, അല്ലെങ്കിൽ ചിന്തിച്ചിരുന്നുവെങ്കിൽ ഈ കത്തിയാളുന്ന നരകത്തിന്റെ സഹവാസികളിൽ പെട്ടുപോകുമായിരുന്നില്ലല്ലോ! എന്ന്.

നാഥനിൽ നിന്ന് മുമ്പ് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥത്തിന്റെ ആശയം അറിയുന്നവർ സാക്ഷിയായ അദ്ദിക്ർ അവരുടെ പക്കലുള്ള ഗ്രന്ഥത്തിലുള്ളതിനെ സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണെന്ന് സാക്ഷ്യം വഹിക്കുന്നതാണ്. ഇസ്റാഈൽ സന്തതികളിലെ പണ്ഡിതൻമാർക്ക് ഈ ഗ്രന്ഥത്തെ അറിയുമെന്നത് ഇവർക്ക് ഒരു ദൃഷ്ടാന്തമല്ലയോ എന്ന് 26: 197 ൽ ചോദിച്ചിട്ടുണ്ട്. 3: 7-10; 5: 83-85; 6: 19 വിശദീകരണം നോക്കുക.

14. ഇബ്റാഹീം

എന്റെ നാഥാ! ഈ നാടിനെ നീ സുരക്ഷിതമാക്കേണമേ, എന്നെയും എന്റെ സന്താനങ്ങളെയും വിഗ്രഹങ്ങളെ പൂജിക്കുന്നതിൽ നിന്ന് മാറ്റിനിർത്തുകയും ചെയ്യേണമേ എന്ന് ഇബ്റാഹീം പ്രാർത്ഥിച്ചത് സൂക്തം 35 ൽ പറഞ്ഞിട്ടുള്ളതിൽ നിന്നാണ് സൂറത്തിന് ഇബ്റാഹീം എന്ന പേര് നൽകിയിട്ടുള്ളത്. എക്കാലത്തുമുള്ള കാഫിറുകൾ അവരിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻമാരോട് 'ഞങ്ങൾ നിങ്ങളെ നാട്ടിൽ നിന്ന് പുറത്താക്കുകതന്നെ ചെയ്യും, അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ ജീവിതചര്യയിലേക്ക് തിരിച്ചുവരികതന്നെ വേണം' എന്ന് പറഞ്ഞതിനാലും; സൂക്തം 46 ൽ അവരുടെ ഗൂഢാലോചനയെക്കുറിച്ച് പരാമർശിച്ചതിനാലും മക്കാജീവിതത്തിന്റെ അവസാനഘട്ടത്തിലാണ് ഈ സൂറത്ത് അവതരിച്ചതെന്ന് വ്യക്തമാണ്. മക്കാനിവാസികൾ പൂർവ്വകാല കാഫിറുകളെപ്പോലെ പ്രവാചകനെയും തങ്ങളുടെ നാട്ടിലെ വിശ്വാസികളെയും മക്കയിൽ നിന്ന് പുറത്താക്കാൻ തന്ത്രം മെനഞ്ഞിരുന്ന സന്ദർഭത്തിലായിരുന്നു അത്.

മൊത്തം മനുഷ്യരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് പുറപ്പെടുവിക്കാനാണ് പ്രകാശമായ ഈ ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളതെങ്കിലും ജീവിതലക്ഷ്യം നഷ്ടപ്പെട്ട കാഫിറുകൾ ഈ ഗ്രന്ഥത്തെ മൂടിവെക്കുന്നവരും ഐഹികജീവിതത്തിന് പ്രാധാന്യം കൊടുക്കുന്നവരുമാണ്. ഇതിനുമുമ്പ് ലോകത്ത് വന്നിട്ടുള്ള എല്ലാ പ്രവാചകൻമാരും കളവാക്കപ്പെട്ടിട്ടുണ്ട്. അവരവരുടെ ജനതയോട് എല്ലാ പ്രവാചകൻമാരും പറഞ്ഞത്, ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യർ മാത്രമാണ്, എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ അനുഗ്രഹിക്കുന്നു, അല്ലാഹുവിന്റെ സമ്മതപത്രം കൂടാതെ ഞങ്ങൾക്ക് ഒരു ദിവ്യാത്ഭുതവും കൊണ്ടുവരാൻ സാധ്യമല്ലതന്നെ, അപ്പോൾ വിശ്വാസികൾ ഭരമേൽപിക്കേണ്ടത് അല്ലാഹുവിൽ തന്നെയാണ് എന്നാണ്. കപടവിശ്വാസികളും കാഫിറുകളായ അവരുടെ അനുയായികളും നരകത്തിൽ വെച്ച് പരസ്പരം പഴിചാരുന്ന രംഗം 21-ാം സൂക്തത്തിലും, വഴികേടിന് പിശാചിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമുണ്ടാവുകയില്ലെന്ന് 22-ാം സൂക്തത്തിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പരിശുദ്ധവചനം കൊണ്ട് വിശ്വാസികളെ അല്ലാഹു ഇഹത്തിലും പരത്തിലും സ്ഥിരപ്പെടുത്തുമെന്നും പരിശുദ്ധവചനത്തെ ഒഴിവാക്കി മ്ലേച്ഛവചനത്തെ പിൻപറ്റിയ അക്രമികളെ അല്ലാഹു വഴിപിഴപ്പിക്കുമെന്നും പഠിപ്പിക്കുന്നു. അല്ലാഹു മനുഷ്യർക്ക് എണ്ണിക്കണക്കാക്കാൻ സാധിക്കാത്ത വിധം അനുഗ്രഹങ്ങൾ നൽകിയിട്ടുണ്ടെങ്കിലും മനുഷ്യരിൽ അധികപേരും അക്രമികളും നന്ദികെട്ടവരും തന്നെയാണെന്ന് ഓർമപ്പെടുത്തുന്നു. 35-41 സൂക്തങ്ങളിൽ, ഇബ്റാഹീം നബിയുടെ പ്രാർത്ഥനയും നന്ദി പ്രകടനരീതിയും വിവരിച്ചിരിക്കുന്നു. എല്ലാഓരോ ആത്മാവിനും അവർ സമ്പാദിച്ചതിനുള്ള പ്രതിഫലം നൽകുന്നതിന് വേണ്ടി ഭൂമിയും ആകാശവുമെല്ലാം ഇന്നുള്ള അവസ്ഥയിൽ നിന്ന് പൂർവ്വിക അവസ്ഥയിലേക്ക് മാറ്റിമറിച്ച് വിധിദിവസം നടപ്പിലാക്കുന്നതാണ് എന്ന് മുന്നറിയിപ്പ് നൽകുന്നു. മനുഷ്യർക്ക് ഇലാഹായി ഏകനായ അല്ലാഹു മാത്രമേയുള്ളു എന്ന് മൊത്തം മനുഷ്യരെ ഈ സന്ദേശം കൊണ്ട് ഓർമിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 52 സൂക്തങ്ങളടങ്ങു

ന്ന സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. അലിഫ്-ലാം-റാ; ഈ ഗ്രന്ഥം, നാമാണ് അതിനെ നിന്നിലേക്ക് അവതരിപ്പിച്ചിട്ടുള്ളത്, അതുകൊണ്ട് അവരവരുടെ നാഥന്റെ സമ്മതത്തോടുകൂടി മനുഷ്യരെ ഇരുട്ടുകളിൽ നിന്ന് പ്രകാശത്തിലേക്ക് നീ പുറപ്പെടുവിക്കുന്നതിന് വേണ്ടി, അജയ്യനും സ്വയം സ്തുത്യർഹനുമായവന്റെ പാതയിലേക്ക്.

2. -അല്ലാഹുവിലേക്ക്, ഏതൊരുവൻ? ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അവനുള്ളതാകുന്നു, കാഫിറുകൾക്ക് അതികഠിനമായ ശിക്ഷയിൽ നിന്നുള്ള 'വൈൽ' ആണുള്ളത്.

അലിഫ്, ലാം, റാ എന്നതിന് ഞാൻ അല്ലാഹു കാണുന്നു എന്നാണ് ആശയം. 2: 257; 5: 16, 44, 46; 7: 157; 24: 40 തുടങ്ങിയ 32 സൂക്തങ്ങളിൽ അദ്ദിക്റിന്റെ പ്രകാശം എന്ന പേര് പരാമർശിച്ചിട്ടുണ്ട്. മൊത്തം മനുഷ്യരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് പുറപ്പെടുവിക്കുന്നതിന് വേണ്ടിയാണ് അല്ലാഹു ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത്. ഇവിടെ 'പ്രകാശങ്ങൾ' എന്ന് പറയാതെ 'പ്രകാശം' എന്ന് പറഞ്ഞതിനാൽ അല്ലാഹുവിലേക്കുള്ള മാർഗം പ്രകാശമായ ഗ്രന്ഥത്തിന്റെ ഏകമാർഗവും, 'ഇരുട്ട്' എന്ന് പറയാതെ 'ഇരുട്ടുകൾ' എന്ന് പറഞ്ഞതിനാൽ അതല്ലാത്ത ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് മാർഗങ്ങളും പിശാചിലേക്കുള്ള മാർഗങ്ങളുമാണ്. 24: 35 ൽ, അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 7: 157 ൽ, 'ആരാണോ പ്രവാചകനോടൊപ്പം ഇറക്കപ്പെട്ട പ്രകാശത്തെ പിൻപറ്റുന്നത്, അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുന്നവർ' എന്ന് പറഞ്ഞതിലെ 'പ്രകാശം' അദ്ദിക്റാണ്. ആകാശഭൂമികളുടെ ഉടമയും ചോദ്യം ചെയ്യപ്പെടാത്തവനും സ്വയം സ്തുത്യർഹനുമായ അല്ലാഹുവിലേക്കുള്ള ഏകപാത അദ്ദിക്ർ മാത്രമാണ്. വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അത് ആദ്യം മുതൽ അന്ത്യം വരെ എക്കാലത്തും എവിടെയും ഒന്നാണ്. അതല്ലാത്ത വഴികളെല്ലാം പിശാചിന്റേതും നരകത്തിലേക്ക് അടുപ്പിക്കുന്നതുമാണ്. നിശ്ചയം അദ്ദിക്ർ തങ്ങളുടെ നാഥനിലേക്ക് എത്തിപ്പെടാൻ ഉദ്ദേശിക്കുന്നവർക്ക് ഒരു ടിക്കറ്റ് തന്നെയാണെന്ന് 73: 19 ലും 76: 29 ലും പറഞ്ഞിട്ടുണ്ട്.

'അവരവരുടെ നാഥന്റെ സമ്മതത്തോടുകൂടി' എന്ന് പറഞ്ഞതിന്റെ വിവക്ഷ അദ്ദിക്ർ കൊണ്ട് എന്നാണ്. അപ്പോൾ അദ്ദിക്ർ ഉപയോഗപ്പെടുത്തി ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ അജയ്യനും സ്വയം സ്തുത്യർഹനുമായ അല്ലാഹുവിന്റെ മാർഗ്ഗത്തിലായത്, അവൻ സൻമാർഗ്ഗത്തിലായത് അവന് വേണ്ടിത്തന്നെയാണ്. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ അതിനെത്തൊട്ട് വഴികേടിലായത്, അതിന്റെ ദോഷവും ആ ആത്മാവിന് തന്നെയാണ് എന്ന് 6: 104; 10: 108; 17: 15; 39: 41 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. മൊത്തം മനുഷ്യർക്ക് സൻമാർഗമായിട്ടാണ് ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളതെന്ന് 2: 185 ലും; എന്നാൽ അത് സൻമാർഗമായി സ്വീകരിക്കുക വിശ്വാസികൾ മാത്രമാണെന്ന് 41: 44 ലും പറഞ്ഞിട്ടുണ്ട്. 2: 79; 4: 145 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളെ നരകക്കുണ്ഠത്തിലെ ഏഴ് കവാടങ്ങളിലൊന്നായ 'വൈൽ' എന്ന ചെരുവിലേക്ക് വിചാരണയില്ലാതെ പ്രവേശിപ്പിക്കുന്നതാണ്. എന്നാൽ അവരുടെ അനുയായികളായ മുശ്രിക്കുകൾ 39: 71 ൽ പറഞ്ഞ പ്രകാരം

വിചാരണക്ക് ശേഷമാണ് നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുക. കപടവിശ്വാസികളും അനുയായികളും മാലിന്യമാണെന്നും അവർക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നും 9: 28, 95, 125 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 213; 7: 37; 13: 35 വിശദീകരണം നോക്കുക.

3. പരലോകത്തിനുമേൽ ഐഹികജീവിതത്തെ ഇഷ്ടപ്പെടുന്നവരും അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് ജനങ്ങളെ തടയുകയും അതിനെ വക്രീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരാണവർ, അക്കൂട്ടർ വിദൂരമായ വഴികേടിലാകുന്നു.

ഇവിടെ പരാമർശിച്ച കാഫിറുകൾ കപടവിശ്വാസികളാണ്. അവർ അല്ലാഹുവിനെയും പരലോകത്തെയും മറന്നവരും പരലോകത്തെക്കാൾ ഐഹികലോകത്തിന് പ്രാധാന്യം കൊടുക്കുന്നവരുമാണ്. ഗ്രന്ഥത്തിലെ 6236 സൂക്തങ്ങൾ കൊണ്ട് വിശ്വാസം രൂപപ്പെടുത്താതെ അവയെ വളച്ചൊടിച്ച് മൂടിവെച്ച് ആശയം തെറ്റിച്ച് അനവസരത്തിൽ ഉദ്ധരിക്കുന്നവർ അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവരും നുണ പറയുന്നവരും തന്നെയാണ് എന്ന് 16: 105 ലും; ആരാണോ വിശ്വാസത്തിന് ശേഷം അല്ലാഹുവിനെ നിഷേധിക്കുകയും തങ്ങളുടെ നെഞ്ചുകൾ നിഷേധം കാരണം വിശാലമാക്കുകയും ചെയ്തത്, അപ്പോൾ അവരുടെ മേലാണ് അല്ലാഹുവിന്റെ കോപമുള്ളത്, അവർക്ക് വമ്പിച്ച ശിക്ഷയുമാണുള്ളത് എന്ന് 16: 106 ലും; അത് അവർ പരലോകജീവിതത്തെക്കാൾ ഐഹിക ജീവിതത്തെ ഇഷ്ടപ്പെട്ടതിനാലാണ്, നിശ്ചയം കാഫിറുകളായ ഒരു ജനതയെ അല്ലാഹു സൻമാർഗത്തിലേക്ക് നയിക്കുകയില്ലതന്നെ എന്ന് 16: 107 ലും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവനേക്കാളും അദ്ദിക്ർ വന്നുകിട്ടിയതിന് ശേഷം അതിനെ തള്ളിപ്പറയുന്നവനേക്കാളും ഏറ്റവും വലിയ അക്രമി ആരാണുള്ളത്, ഇത്തരം കാഫിറുകൾക്ക് നരകക്കുണ്ഠത്തിൽ സ്ഥലം പോരെയോ എന്ന് 29: 68 ലും 39: 32 ലും ചോദിക്കുന്നുണ്ട്.

അല്ലാഹുവിന്റെ മാർഗം അദ്ദിക്ർ ആണ്. അതുതന്നെയാണ് 6: 153 ൽ പറഞ്ഞ നേരെച്ചൊവ്വെയുള്ള പാത. അദ്ദിക്റിൽ നിന്നാണ് കപടവിശ്വാസികളായ മനുഷ്യപ്പിശാചുക്കൾ ജനങ്ങളെ തടയുക. 'അതിനെ വക്രീകരിക്കുക' എന്ന് പറഞ്ഞാൽ അദ്ദിക്ർ സാധാരണക്കാർക്ക് മനസ്സിലാവുകയില്ല, അത് മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്, അതുകൊണ്ട് നിങ്ങൾ ഞങ്ങളെ പിൻപറ്റിയാൽ മതി എന്ന് സാധാരണക്കാരെ തെറ്റിദ്ധരിപ്പിക്കുക, ഗ്രന്ഥത്തിന്റെ ആത്മാവാണ് അദ്ദിക്ർ എന്ന് അറിഞ്ഞുകൊണ്ടുതന്നെ ആശയം അറിയാതെ അറബിയിലുള്ള ഗ്രന്ഥത്തിന്റെ ശരീരം പാരായണം ചെയ്താലും പുണ്യമുണ്ടെന്ന് തെറ്റിദ്ധരിപ്പിക്കുക തുടങ്ങിയവയാണ്. ആശയം അറിയാതെ ഗ്രന്ഥം വായിക്കുന്നവർ *'വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ ദീനിൽ നിന്ന് തെറിച്ചുപോകുമെന്ന്'* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചതെല്ലാം മൂടിവെക്കുകവഴി ലോകത്തെ കൂടുതൽ അന്ധകാരങ്ങളിലേക്ക് നയിക്കുകയാണ് പ്രവാചകന്മാരേയും നബിമാരേയും കൊല്ലാതെ കൊന്നുകൊണ്ടിരിക്കുന്ന ഈ മനുഷ്യപ്പിശാചുക്കൾ ചെയ്യുന്നത്. 3: 19, 85 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം മൊത്തം മനുഷ്യർക്ക് അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യമായ ഏക ജീവിതവ്യവസ്ഥയായ ഇസ്ലാമിനെ വക്രീകരിച്ചുകൊണ്ട് മറ്റേതൊരു ജീവിതവ്യവസ്ഥയെക്കാളും പിൻപറ്റാൻ കൊള്ളരുതാത്തതും നീതിരഹിതവും ഭാരം കൂടിയതുമാക്കിത്തീർത്ത് വികൃതവും വികലവും യുക്തിരഹിതവുമാക്കി ജനമധ്യത്തിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ് 63: 4 ൽ ചുമരിൽ ചാരിവെച്ച വിറകുകൊള്ളിയോട് ഉപമിക്കപ്പെട്ട തെമ്മാടികളായ ഇവർ. അല്ലാഹുവിനെയും അവന്റെ മലക്കുകളെയും അവന്റെ ഗ്രന്ഥങ്ങളെ

യും അവന്റെ പ്രവാചകന്മാരെയും വിധിദിവസത്തെയും നാഥന്റെ ഗ്രന്ഥത്തിൽ മൂടിവെക്കുന്നവർ ആരോ, അപ്പോൾ നിശ്ചയം അവർ 4: 136 ൽ വിവരിച്ച പ്രകാരം വിദൂരമായ വഴികേടിലായിക്കഴിഞ്ഞിരിക്കുന്നു. 1: 7; 9: 23-24, 123; 10: 33; 11: 18-22 വിശദീകരണം നോക്കുക.

4. നാം പ്രവാചകൻമാരിൽ നിന്ന് ആരെയും അയച്ചിട്ടില്ല -തന്റെ ജനതയുടെ ഭാഷയിലല്ലാതെ, അവൻ അവർക്ക് കാര്യങ്ങൾ വ്യക്തമായി വെളിവാക്കുന്നതിന് വേണ്ടി, അപ്പോൾ അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവരെ വഴിപിഴപ്പിക്കുന്നു, അവൻ ഉദ്ദേശിക്കുന്നവരെ സൻമാർഗത്തിലാക്കുകയും ചെയ്യുന്നു, അവൻ അജയ്യനായ യുക്തിജ്ഞൻ തന്നെയുമാകുന്നു.

അന്ത്യപ്രവാചകനായ മുഹമ്മദിന് നൽകപ്പെട്ട അദ്ദിക്റിന് മുമ്പ് ഇമാമും കാരുണ്യവുമായ മൂസായുടെ ഗ്രന്ഥമുണ്ടായിരുന്നു. അദ്ദിക്റാകട്ടെ, പൂർവികഗ്രന്ഥങ്ങളെയെല്ലാം സത്യപ്പെടുത്തുന്നതും ശരീരം അറബി ഭാഷയിൽ ഉള്ളതും ആത്മാവിനോട് അക്രമം കാണിച്ചവരെ മുന്നറിയിപ്പ് നൽകുന്നതും അദ്ദിക്റിന്റെ വെളിച്ചത്തിൽ അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്ക് ശുഭവാർത്താദായകവുമാണ് എന്ന് 46: 12 ൽ പറഞ്ഞിട്ടുണ്ട്. നിനക്കുമുമ്പ് അവരിലേക്ക് ദിവ്യസന്ദേശം നൽകിക്കൊണ്ട് പുരുഷൻമാരെയല്ലാതെ നാം അയച്ചിട്ടുമില്ല, അപ്പോൾ നിങ്ങൾ അറിവില്ലാത്തവരാണെങ്കിൽ വേദത്തിന്റെ ആത്മാവ് അറിയുന്നവരോട് ചോദിച്ചുനോക്കുക, വിശദീകരണങ്ങളും ഏടുകളും കൊണ്ട് നിന്നിലേക്ക് നാം ഈ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് ജനങ്ങൾക്കുവേണ്ടി എന്താണോ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്, അത് നീ അവർക്ക് വെളിവാക്കുന്നതിനും അവർ മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുന്നതിനും വേണ്ടിയാണ് എന്ന് 16: 43-44 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 16: 102 ൽ, ഈ ഗ്രന്ഥം വിശ്വാസികളായ ഒരു ജനതയെ ഉറപ്പിച്ച് നിർത്തുന്നതിന് വേണ്ടി ലക്ഷ്യത്തോടുകൂടി പരിശുദ്ധാത്മാവ് മുഖേന നിന്റെ നാഥനിൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാകുന്നു, അത് സർവ്വസ്വം നാഥന് സമർപ്പിച്ചവർക്ക് സൻമാർഗവും ശുഭവാർത്താദായകവുമാണ് എന്ന് പ്രവാചകനോട് പറയാൻ കൽപിക്കുന്നു. പ്രവാചകന് ഗ്രന്ഥം പഠിപ്പിക്കുന്നത് വേദപരിജ്ഞാനമുള്ളവരും എന്നാൽ അറബിഭാഷയിൽ സ്ഫുടതയില്ലാത്തവരുമായ ചിലരാണെന്ന് കാഫിറുകൾ ആരോപിച്ചിരുന്നു. അതിന് മറുപടിയായിക്കൊണ്ടാണ് 16: 103 ൽ നിശ്ചയം ഈ ഗ്രന്ഥം അവനെ പഠിപ്പിക്കുന്നത് ഒരു മനുഷ്യനാണെന്ന് അവർ പറയുന്നത് നാം അറിഞ്ഞിട്ടുണ്ട്, എന്നാൽ അവർ ആരോപിക്കുന്നവന്റെ ഭാഷയാകട്ടെ അനറബിയും ഇത് വ്യക്തമായ അറബിഭാഷയിലുള്ള വായനയുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ മറ്റുചില സമയങ്ങളിൽ അവർ പറഞ്ഞിരുന്നത് 'ഇത് ഞങ്ങളുടെയും നിന്റെയും ഭാഷയിലാണ്, നീ വാദിക്കുന്നതുപോലെ ഇത് അല്ലാഹുവിൽ നിന്നുള്ളത് ആണെങ്കിൽ അറബിയല്ലാത്ത മറ്റേതെങ്കിലും ഭാഷയിൽ അവതരിപ്പിക്കപ്പെടേണ്ടതല്ലേ' എന്നായിരുന്നു. അവരുടെ ഈ ചോദ്യത്തിന് മറുപടിയായിട്ടാണ്: നാം ഈ ഗ്രന്ഥത്തെ അറബിയല്ലാത്ത ഭാഷയിൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ അവർ പറയുകതന്നെ ചെയ്യും: എന്താണ് അതിലെ സൂക്തങ്ങൾ സ്പഷ്ടമാകാത്തത്, ഇതെന്തൊരു പുതുമ! അറബികൾക്ക് അനറബി ഭാഷയിലുള്ള ഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നുവോ? അവരോട് പറയുക: വിശ്വാസികളായ ഒരു ജനതക്ക് അത് സൻമാർഗവും രോഗശമനവും തന്നെയാണ് എന്ന 41: 44 അവതരിപ്പിച്ചത്.

313 ഗ്രന്ഥങ്ങളും വ്യത്യസ്ത ഭാഷകളിലാണ് അവതരിപ്പിച്ചിട്ടുള്ളത്. അതിന്റെയെല്ലാം ആത്മാവ് അദ്ദിക്ർ ആണ്. 313 പ്രവാചകന്മാർക്കും സത്യവും തെളിവുമായ അദ്ദിക്ർ

തന്നെയാണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് 21: 24–25 സൂക്തങ്ങളിലും; എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്നവർക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ് എന്ന് 16: 89 ലും പറഞ്ഞിട്ടുണ്ട്. ഇന്ന് 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീൻ* പട്ടികയിൽ നിന്ന് തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ *ഇല്ലിയ്യീൻ* പട്ടികയിലേക്ക് മാറ്റുന്നതാണ്. തന്റെ വിധി സ്വയം മാറ്റാത്ത അവരിൽ നിന്നുള്ള ഏതൊരാളും അവരുടെ മരണസമയത്ത് അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുമെന്ന് 10: 60–61 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. നിശ്ചയം അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ വഴിപിഴപ്പിക്കുന്നു, അവനിലേക്ക് തിരിയുന്നവരെ അവൻ സൻമാർഗത്തിലാക്കുകയും ചെയ്യുന്നു എന്നാണ് 13: 27 ൽ പറഞ്ഞിട്ടുള്ളത്. 7: 178–179; 9: 115; 12: 111 വിശദീകരണം നോക്കുക.

5. നിശ്ചയം നാം മൂസായെ നമ്മുടെ ദൃഷ്ടാന്തങ്ങൾ കൊണ്ട് നിന്റെ ജനതയെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് പുറപ്പെടുവിക്കുകയും അല്ലാഹുവിന്റെ ദിനങ്ങൾ അവരെ ഓർമിപ്പിക്കുകയും ചെയ്യുക എന്ന് പറഞ്ഞുകൊണ്ട് നിയോഗിച്ചിട്ടുണ്ട്, നിശ്ചയം അതിൽ ഏറെ ക്ഷമപാലിക്കുന്ന നന്ദിപ്രകടിപ്പിക്കുന്ന എല്ലാ ഓരോരുത്തർക്കും ദൃഷ്ടാന്തങ്ങൾ തന്നെയുണ്ട്.

ദൃഷ്ടാന്തങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് 7: 133–136 സൂക്തങ്ങളിൽ പറഞ്ഞ സംഭവങ്ങളാണ്. ആ ജനതയെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കാനാണ് അല്ലാഹു മൂസായെ ദൃഷ്ടാന്തങ്ങളുമായി നിയോഗിച്ചത്. മൂസായെ പിൻപറ്റിയ വിശ്വാസികൾക്ക് എന്തൊക്കെ എതിർപ്പുകൾ നേരിടേണ്ടി വന്നെങ്കിലും അന്തിമപരിണിതി വിശ്വാസികൾക്ക് നേട്ടവും കാഫിറുകൾക്ക് കോട്ടവുമായിരുന്നു. അതുപോലെ, മക്കയിൽ പ്രവാചകന്റെ കാലത്തുണ്ടായിരുന്ന വിശ്വാസികൾക്കും അദ്ദിക്ർ ഏറ്റവും നല്ല നിലക്ക് പിൻപറ്റുന്ന അന്ത്യനാൾ വരെയുള്ള വിശ്വാസികൾക്കും തന്നെയാണ് അന്തിമവിജയമെന്നും, കാഫിറുകൾ എത്ര സംഘബലമുള്ളവരായാലും അവർ പരാജയപ്പെടുകതന്നെ ചെയ്യും എന്നും, പൂർവ്വിക സംഭവങ്ങളിൽ നിന്ന് പാഠം പഠിച്ചുകൊണ്ട് ക്ഷമ കൈക്കൊള്ളുന്നവരാകണമെന്നും നന്ദി പ്രകടിപ്പിക്കുന്നവരാകണമെന്നുമാണ് സൂക്തം വിശ്വാസികളെ ഉണർത്തുന്നത്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ലക്ഷ്യബോധം നഷ്ടപ്പെട്ട കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന പ്രജ്ഞയറ്റ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ 2: 286; 3: 181–182; 9: 80 തുടങ്ങിയ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി ഭൂമിയുടെ തിരിച്ചുകറക്കവും മസീഹുദ്ദജ്ജാലിന്റെ വരവും നീട്ടിവെക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് വേണ്ടി പ്രയത്നിക്കുന്നതാണ്. 10: 88–92, 103; 13: 2–4, 22–25 വിശദീകരണം നോക്കുക.

6. മൂസാ തന്റെ ജനതയോട് പറഞ്ഞതും സ്മരണീയമാണ്: അല്ലാഹു നിങ്ങളുടെ

മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾ നിങ്ങൾ ഓർമിക്കുവിൻ, ഫിർഔൻ പ്രഭൃതികളിൽ നിന്ന് അവൻ നിങ്ങളെ രക്ഷപ്പെടുത്തിയ സന്ദർഭം! അവർ നിങ്ങളെ കഠിനമായി ശിക്ഷിക്കുകയും നിങ്ങളുടെ ആൺസന്താനങ്ങളെ കൊന്നുകൊണ്ടിരിക്കുകയും സ്ത്രീകളെ ജീവിക്കാൻ വിടുകയുമായിരുന്നു ചെയ്തിരുന്നത്, അതിൽ നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽ നിന്നുള്ള വമ്പിച്ച ഒരു പരീക്ഷണം തന്നെയാണുണ്ടായിരുന്നത്.

ഏതൊരു പ്രവാചകന്റെ കാലത്തുള്ള ജനതയും അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് തെമ്മാടികളാകുമ്പോൾ നാഥൻ പ്രവാചകനെയും പ്രവാചകനോടൊപ്പമുള്ള വിശ്വാസികളെയും രക്ഷപ്പെടുത്തുകയും തെമ്മാടികളായ ജനതയെ ശിക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളത്. 9: 28; 10: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇജാസിൽ മഹ്ദിയുടെ ആഗമനം പ്രഖ്യാപിക്കപ്പെടുന്നതോടുകൂടി മനുഷ്യരിൽ നിന്നുള്ള വിശ്വാസികളെ ഇജാസിലേക്ക് വേർതിരിക്കുകയും ഫുജ്ജാറുകളെ അവിടെനിന്നും പുറത്താക്കുകയും ചെയ്യുന്നതാണ്. അതോടുകൂടി ഫുജ്ജാറുകൾക്ക് അവിടേക്ക് പ്രവേശനം വിലക്കപ്പെടുന്നതാണ്. 7: 141 ൽ വിവരിച്ചതുപോലെ 'ഫിർഔനിൽ നിന്നുള്ള വമ്പിച്ച ഒരു പരീക്ഷണം' എന്ന് പറയുന്നതിന് പകരം 'നിങ്ങളുടെ നാഥനിൽ നിന്നുള്ള വമ്പിച്ച ഒരു പരീക്ഷണം' എന്ന് പറഞ്ഞതിൽ നിന്നും അജയ്യഗ്രന്ഥമായ അദ്ദിക്റിനെ അവഗണിക്കുകവഴി അല്ലാഹുവിനെയും പരലോകത്തെയും മറന്ന് ജീവിക്കുന്ന, 9: 67-68 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളും കുഫ്ഫാറുകളുമടങ്ങിയ ഫുജ്ജാറുകൾക്ക് അല്ലാഹുതന്നെയാണ് ഇഹത്തിൽ നിന്ദ്യത നൽകുന്നത്. 2: 49; 6: 165; 7: 141 വിശദീകരണം നോക്കുക.

7. നിങ്ങളുടെ നാഥൻ പ്രഖ്യാപിച്ചതും സ്മരിക്കുക: നിശ്ചയം നിങ്ങൾ നന്ദിയുള്ളവരാവുകയാണെങ്കിൽ നിങ്ങൾക്ക് നന്ദിപ്രകടിപ്പിക്കാൻ കൂടുതൽ അവസരം നൽകുകതന്നെ ചെയ്യും; അതല്ല, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ നിശ്ചയം എന്റെ ശിക്ഷ അതികഠിനം തന്നെയാണ്.

നന്ദി പ്രകടിപ്പിക്കുന്നവർക്ക് കൂടുതൽ നന്ദി പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കിക്കൊടുക്കുന്നതും അവർക്ക് കൂടുതൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞ് കൊടുക്കുന്നതുമാണ് എന്നർത്ഥം. നന്ദികേട് കാണിക്കുന്ന കാഫിറുകൾക്ക് അവർ സമ്പാദിച്ചതിനുള്ള ശിക്ഷയും നൽകുന്നതാണ്. നിങ്ങൾ ഏറ്റവും നല്ലതായ അദ്ദിക്റിനെ സത്യപ്പെടുത്തുകയാണെങ്കിൽ അത് നിങ്ങളുടെ ആത്മാവിന് വേണ്ടിത്തന്നെയാണ്; അതിനോട് തിന്മ ചെയ്യുകയാണെങ്കിൽ അതിന്റെ ദോഷവും ആ ആത്മാവിന് തന്നെയാണ് എന്ന് 17: 7 ൽ പറഞ്ഞിട്ടുണ്ട്. ആരാണോ ഏറ്റവും നല്ലതായ അദ്ദിക്റിനെ സത്യപ്പെടുത്തുന്നത്, അവന്റെ എല്ലാ കാര്യവും നാം എളുപ്പമാക്കിക്കൊടുക്കുന്നതാണ്. ആരാണോ അതിനെ തള്ളിപ്പറയുന്നത്, അവന്റെ എല്ലാകാര്യവും നാം ബുദ്ധിമുട്ടാക്കിക്കൊടുക്കുന്നതുമാണ് എന്ന് 92: 6-10 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിനെ തള്ളിപ്പറയുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരുവനും അവന്റെ മരണസമയത്ത് അവൻ 'എനിക്ക് ഒരു അവസരം കൂടി ലഭിക്കുകയാണെങ്കിൽ ഞാൻ അദ്ദിക്റിന്റെ പ്രകാശത്തിൽ ചരിക്കുന്നവനാകുമായിരുന്നല്ലോ' എന്ന് പറയുന്നതാണ്. അപ്പോൾ നാഥൻ അവനോട് 'അല്ല, നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അവയെ തള്ളിപ്പറഞ്ഞു, നീ എല്ലാം പഠിച്ച് തികഞ്ഞവനെന്ന് അഹങ്കരിച്ചു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുന്നതാണ് എന്ന് 39: 58-59 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 10: 26-27; 11: 115; 12: 22;

39: 7 വിശദീകരണം നോക്കുക.

8. മൂസാ പറയുകയും ചെയ്തു: നിങ്ങളും ഭൂമിയിലുള്ള മുഴുവൻ ആളുകളും നന്ദികേട് കാണിക്കുകയാണെങ്കിൽ, അപ്പോൾ നിശ്ചയം അല്ലാഹു ഐശ്വര്യവാനായ സ്തുത്യർഹൻ തന്നെയാകുന്നു.

ആകാശങ്ങളെയും ഭൂമിയെയും നാഥൻ സൃഷ്ടിച്ചിട്ടുള്ളത് ലക്ഷ്യത്തോടുകൂടിയാണ്; എല്ലാഓരോ ആത്മാവിനും അത് സമ്പാദിച്ചതിന് പ്രതിഫലം നൽകുന്നതിന് വേണ്ടി എന്ന് 45: 22 ൽ പറഞ്ഞിട്ടുണ്ട്. ആരെങ്കിലും നന്ദി പ്രകടിപ്പിക്കുന്നുണ്ടെങ്കിൽ അത് അവനുവേണ്ടിത്തന്നെയാണ്, ആരെങ്കിലും നന്ദികേട് കാണിക്കുകയാണെങ്കിൽ നാഥൻ ഐശ്വര്യവാനും സ്വയം സ്തുത്യർഹനുമാണ് എന്ന് 31: 12 ലും; ഓ മനുഷ്യരേ, നിങ്ങൾ അല്ലാഹുവിനെ ആവശ്യമുള്ളവരാണ്, അല്ലാഹുവാകട്ടെ, ഐശ്വര്യവാനും സ്വയം സ്തുത്യർഹനുമാണ്, അവൻ ഉദ്ദേശിക്കുകയാണെങ്കിൽ നിങ്ങളെ നീക്കിക്കളഞ്ഞ് പുതിയ സൃഷ്ടികളെ കൊണ്ടുവരുന്നതാണ്, അത് അവന് വലിയ പ്രയാസമുള്ള കാര്യമൊന്നുമല്ല എന്ന് 35: 15–17 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

3: 133–136 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ആരാണോ ജീവിതലക്ഷ്യം സാക്ഷാത്കരിക്കുകയും 4-ാം ഘട്ടത്തിൽ സ്വർഗം പണിയുകയും ചെയ്യുന്നത്, അവൻ ഏഴാം ഘട്ടത്തിൽ സ്വർഗം അനന്തരമെടുക്കുന്നതാണ്. 9: 31; 15: 44 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ലക്ഷ്യബോധമില്ലാത്ത കപടവിശ്വാസികളും അവരുടെ പ്രജ്ഞയറ്റ അനുയായികളും നരകക്കുണ്ഠത്തിലെ 7 വാതിലുകളിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണ്. 2: 62; 5: 69 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ ഏകദൈവത്തെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർമങ്ങൾ അനുഷ്ഠിക്കുകയാണെങ്കിൽ അവർക്ക് അവരുടെ പ്രതിഫലം അവരുടെ നാഥന്റെ പക്കലുണ്ട്, അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. *അജയ്യഗ്രന്ഥമായ അദ്ദിക്ർ ഐശ്വര്യമാണ്; അതിനുശേഷം ദാരിദ്ര്യമില്ല, അതുകൂടാതെ ഐശ്വര്യവുമില്ല* എന്ന് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 2: 38–39, 152, 272; 11: 106–108; 13: 18 വിശദീകരണം നോക്കുക.

9. നിങ്ങൾക്കുമുമ്പ് കഴിഞ്ഞുപോയവരുടെ വൃത്താന്തം നിങ്ങൾക്ക് വന്നുകിട്ടിയിട്ടില്ലെയോ? നൂഹിന്റെ ജനത, ആദ്, സമൂദ്, അവർക്ക് ശേഷമുള്ളവരുടെയും, അവരെക്കുറിച്ച് അല്ലാഹുവിന് മാത്രമല്ലാതെ അറിയുകയില്ല -അവരുടെ പ്രവാചകൻമാർ വ്യക്തമായ തെളിവുകൾ കൊണ്ട് അവരിൽ വന്നു, അപ്പോൾ അവർ തങ്ങളുടെ കൈകൾ വായിൽ തിരുകി; അവർ പറയുകയും ചെയ്തു: നിശ്ചയം നിങ്ങൾ എന്തും കൊണ്ടാണോ അയക്കപ്പെട്ടിട്ടുള്ളത്, അതിനെ ഞങ്ങൾ നിഷേധിക്കുന്നവർ തന്നെയാകുന്നു, നിശ്ചയം നിങ്ങൾ ഞങ്ങളെ ഏതൊരുവനിലേക്കണോ വിളിച്ചുകൊണ്ടിരിക്കുന്നത്, അവന്റെ കാര്യത്തിൽ ഞങ്ങൾ തീരാത്ത സംശയത്തിൽ തന്നെയാകുന്നു.

11: 17, 28; 29: 39; 35: 25; 40: 49–50; 98: 1, 4 തുടങ്ങി 61 സൂക്തങ്ങളിൽ അദ്ദിക്റിന് വ്യക്തമായ തെളിവ് എന്ന പേര് പരാമർശിച്ചിട്ടുണ്ട്. നിശ്ചയം നിനക്കുമുമ്പും നാം പ്രവാചകന്മാരെ അയച്ചിട്ടുണ്ട്, അവരിൽ നിന്നുള്ളവരുടെ സംഭവചരിത്രങ്ങൾ നാം നിന്റെമേൽ വിവരിച്ചു തന്നിട്ടുണ്ട്, സംഭവചരിത്രങ്ങൾ നിന്റെമേൽ വിവരിച്ചുതരാത്തവരും അവരിലുണ്ട്,

ഒരു പ്രവാചകനും ഒരു ദൃഷ്ടാന്തം കൊണ്ടുവരാൻ സാധ്യവുമല്ല–അല്ലാഹുവിന്റെ സമ്മതം കൊണ്ടല്ലാതെ; അങ്ങനെ അല്ലാഹുവിന്റെ കൽപന വന്നെത്തിയാൽ സത്യം കൊണ്ട് വിധിക്കപ്പെടുകയായി, അപ്പോൾ അവിടെ മിഥ്യാവാദികളായവർ നഷ്ടപ്പെടുകയുമായി എന്ന് പറഞ്ഞിട്ടുണ്ട്. പ്രവാചകൻ നൂഹ് തന്റെ ജനതയെ അദ്ദിക്ർ കൊണ്ട് നാഥനിലേക്ക് വിളിച്ചപ്പോൾ അവർ അവരുടെ വിരലുകൾ ചെവിയിൽ തിരുകുകയും വസ്ത്രം കൊണ്ട് മുഖം മൂടുകയും അവർ അധികരിച്ച അഹങ്കാരം പ്രകടിപ്പിക്കുകയും ചെയ്തു എന്ന് 71: 7 ൽ പറഞ്ഞിട്ടുണ്ട്. പ്രവാചകൻ സ്വാലിഹിന്റെ ധിക്കാരികളായ ജനത 'നമ്മുടെ ഇടയിൽ ഇവന്റെ മേലാണോ അദ്ദിക്ർ ഇറക്കപ്പെട്ടത്? അല്ല, ഇവൻ ഒരു നുണപറയുന്ന ഒറ്റയാൻ തന്നെയാണ്' എന്നാണ് പറഞ്ഞിരുന്നതെന്ന് 54: 25 ൽ പറഞ്ഞിട്ടുണ്ട്. 4: 163–164 വിശദീകരണം നോക്കുക.

ഇന്ന് അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ പിൻപറ്റുന്ന വിശ്വാസികളെ ഫുജ്ജാറുകളായ ഭ്രാന്തന്മാർ പരിഹസിക്കുമെന്ന് 83: 29 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ വിസ്മരിച്ചതുകൊണ്ടാണ് ഫുജ്ജാറുകൾ കെട്ടജനതയായി മാറിയതെന്ന് 25: 18 ലും; ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ് അവരെന്ന് 56: 82 ലും; ചിന്താശക്തി ഉപയോഗപ്പെടുത്താത്ത അവർ ഏറ്റവും ദുഷിച്ച ജീവികളാണെന്ന് 8: 22 ലും പറഞ്ഞിട്ടുണ്ട്. 9: 69–70; 10: 15–16; 11: 62, 66–68 വിശദീകരണം നോക്കുക.

10. അവരുടെ പ്രവാചകൻമാർ അവരോട് ചോദിച്ചു: ആകാശഭൂമികളെ ഇല്ലായ്മയിൽ നിന്ന് വിരിപ്പിച്ചുണ്ടാക്കിയ അല്ലാഹുവിന്റെ കാര്യത്തിലാണോ നിങ്ങൾക്ക് സംശയം? നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തുതരുന്നതിനും ഒരു നിശ്ചിത അവധിവരെ നിങ്ങളെ പിന്തിപ്പിക്കുന്നതിനും വേണ്ടിയാണ് അവൻ നിങ്ങളെ ക്ഷണിച്ചു കൊണ്ടിരിക്കുന്നത്; അവർ പറഞ്ഞു: നിങ്ങൾ ഞങ്ങളെപ്പോലെയുള്ള മനുഷ്യരല്ലാതെയല്ല, ഞങ്ങളുടെ പിതാക്കൻമാർ സേവിച്ചുകൊണ്ടിരുന്നവയെത്തൊട്ട് ഞങ്ങളെ തടയാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്; ശരി, നിങ്ങൾ ഞങ്ങൾക്ക് വ്യക്തമായ വല്ല പ്രമാണവും കൊണ്ടുവരിക!

ഇന്നത്തെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെപ്പോലെത്തന്നെ എക്കാലത്തും ശിർക്ക് ചെയ്തിരുന്നവർ അല്ലാഹുവിന്റെ അസ്തിത്വം അംഗീകരിച്ചിരുന്നു. ആരാണ് ആകാശഭൂമികളുടെ സ്രഷ്ടാവ് എന്ന് ചോദിച്ചാൽ അല്ലാഹുവാണെന്ന് അവർ മറുപടി പറഞ്ഞിരുന്നു. ഈ അടിസ്ഥാനത്തിലാണ് പ്രവാചകൻമാർ ചോദിക്കുന്നത്: എങ്കിൽ പിന്നെ നിങ്ങൾക്ക് ഏത് കാര്യത്തിലാണ് സംശയം? ആകാശങ്ങളെയും ഭൂമിയെയും അവയ്ക്കിടയിലുള്ളവയെയും സൃഷ്ടിച്ചു പരിപാലിക്കുന്ന, ഉടമയായ അല്ലാഹുവിനെ മാത്രം സേവിക്കണമെന്നതിലേക്കാണ് ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നത്. 'നിശ്ചിത അവധി' കൊണ്ടുദ്ദേശിക്കുന്നത് വ്യക്തികളെ സംബന്ധിച്ച് മരണവും മൊത്തം മനുഷ്യരെ സംബന്ധിച്ച് അന്ത്യദിനവുമാണ്. ഒരു ജനത അദ്ദിക്ർ വന്നുകിട്ടുമ്പോൾ ഉപയോഗപ്പെടുത്തി അവരുടെ ജീവിതം ക്രമപ്പെടുത്തി സ്വയം മാറുകയാണെങ്കിൽ 10: 98 ൽ വിവരിച്ച പ്രകാരം യൂനുസിന്റെ ജനതയെപ്പോലെ അവരുടെ അവധി പിന്തിപ്പിക്കുന്നതും അവർക്ക് ജീവിതവിഭവങ്ങൾ നൽകുന്നതുമാണ്. കാരുണ്യമായ അദ്ദിക്റിനെ തള്ളിപ്പറയുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ ജിന്നുകൂട്ടുകാരനോടൊപ്പം നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാൻ വിധിക്കപ്പെട്ടവരാണ് എന്ന് 11: 118–119 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 18; 11: 87–88; 12: 101; 13: 11; 9: 84–85 വിശദീകരണം നോക്കുക.

11. അവരുടെ പ്രവാചകന്മാർ അവരോട് പറഞ്ഞു: നിശ്ചയം ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യരല്ലാതെയല്ല, പക്ഷേ അല്ലാഹു അവന്റെ അടിമകളിൽ അവൻ ഇച്ഛിക്കുന്നവരെ അനുഗ്രഹിക്കുന്നു, അല്ലാഹുവിന്റെ വേണ്ടുകകൂടാതെ നിങ്ങൾക്ക് ഒരു പ്രമാണം കൊണ്ടുവരിക ഞങ്ങൾക്ക് സാധ്യവുമല്ല, അപ്പോൾ അല്ലാഹുവിന്റെമേൽ മാത്രമാണ് വിശ്വാസികൾ ഭരമേൽപിക്കേണ്ടത്.

18: 110 ൽ, നിശ്ചയം ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്, എനിക്ക് ദിവ്യസന്ദേശം ലഭിച്ചിട്ടുണ്ട്, നിശ്ചയം നിങ്ങളുടെ ഇലാഹ് ഏകനാണ്, അപ്പോൾ ആരാണോ തന്റെ നാഥനെ കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നത്, അവൻ സൽകർമ്മങ്ങൾ ചെയ്യട്ടെ, തന്റെ നാഥനുള്ള സേവനത്തിൽ അവൻ ആരെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ എന്ന് പറയാനാണ് അല്ലാഹു പ്രവാചകനോട് കൽപിച്ചിട്ടുള്ളത്. തങ്ങളുടെ നാഥന്റെമേൽ ഭരമേൽപിച്ച വിശ്വാസികളുടെമേൽ പിശാചിന് യാതൊരു സ്വാധീനവും അധികാരവുമില്ലെന്ന് 16: 99 ലും; പിശാചിന് മനുഷ്യരിൽ യാതൊരു സ്വാധീനവും ഉണ്ടായിരുന്നില്ലെന്ന് പിശാച് തന്നെ വിചാരണക്ക് ശേഷം പറയുന്ന രംഗം 14: 22 ലും പറഞ്ഞിട്ടുണ്ട്. അപ്പോൾ ദൃഷ്ടാന്തവും പ്രമാണവുമെല്ലാം വെളിവാക്കുന്നത് ത്രികാലജ്ഞാനിയായ അല്ലാഹു മാത്രമാണ്. 64: 11 ൽ, അല്ലാഹുവിന്റെ വേണ്ടുകകൂടാതെ ഒരാൾക്കും ഒരു ദുരിതവും ബാധിക്കുന്നില്ല, ആരാണോ അല്ലാഹുവിനെക്കൊണ്ട് വിശ്വസിച്ചത്, അവന്റെ ഹൃദയത്തെ അവൻ സൻമാർഗത്തിലേക്കാക്കുന്നു, അല്ലാഹു എല്ലാഓരോ കാര്യത്തെക്കുറിച്ചും അറിയുന്ന സർവ്വജ്ഞനാകുന്നു എന്നും; 64: 12 ൽ, നിങ്ങൾ അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും അനുസരിക്കുക, ഇനി നിങ്ങൾ പിന്തിരിയുകയാണെങ്കിൽ നിശ്ചയം നമ്മുടെ പ്രവാചകന്റെ ബാധ്യത സന്ദേശം വ്യക്തമായി എത്തിച്ചുതരൽ മാത്രമാകുന്നു എന്നും; 64: 13 ൽ, അല്ലാഹു, അവനല്ലാതെ ഒരു ഇലാഹുമില്ല, അപ്പോൾ വിശ്വാസികൾ അല്ലാഹുവിന്റെ മേൽ മാത്രമാണ് ഭരമേൽപിക്കുക എന്നും പറഞ്ഞിട്ടുണ്ട്.

പ്രപഞ്ചനാഥന്റെ സമ്മതപത്രമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥരൂപത്തിൽ രൂപപ്പെട്ടിരിക്കെ നാഥൻ നിഷ്പക്ഷവാനായിരിക്കുന്നു. 2: 213, 255; 14: 1; 33: 46 തുടങ്ങി 50 സൂക്തങ്ങളിൽ അദ്ദിക്റിന്റെ സമ്മതപത്രം എന്ന പേര് പരാമർശിച്ചിട്ടുണ്ട്. നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാൾക്കും വിശ്വാസിയാകാൻ സാധ്യമല്ല എന്ന് 10: 100 ലും; നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ആകാശം ഭൂമിയുടെ മേൽ വീഴാതിരിക്കുന്നില്ല എന്ന് 22: 65 ലും പറഞ്ഞിട്ടുണ്ട്. അജയ്യഗ്രന്ഥമായ അദ്ദിക്റിനാൽ പഠിപ്പിക്കപ്പെടുന്നത് പോലെയും മറ്റുള്ളവരെ അദ്ദിക്ർ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെയും നാഥന്റെ പ്രൗഢരായ പ്രതിനിധികളാകാനാണ് 3: 79–80 സൂക്തങ്ങളിലൂടെ കൽപിച്ചിട്ടുള്ളത്. ആരാണോ 5: 48 ൽ പറഞ്ഞ മുഹൈമിനായ അദ്ദിക്ർ മുറുകെപ്പിടിച്ചത്, അവൻ മുഹൈമിനായ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101 ൽ പറഞ്ഞിട്ടുണ്ട്. 9: 51; 12: 38; 13: 38 വിശദീകരണം നോക്കുക.

12. ഞങ്ങൾ എന്തിന് അല്ലാഹുവിന്റെ മേൽ ഭരമേൽപിക്കാതിരിക്കണം? നിശ്ചയം അവൻ ഞങ്ങളുടെ മാർഗങ്ങളെല്ലാം സൻമാർഗത്തിലാക്കിയിട്ടുണ്ട് എന്നിരിക്കെ; നിങ്ങൾ ഞങ്ങളെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നതിന്റെ മേൽ നിശ്ചയം ഞങ്ങൾ ക്ഷമിക്കുകതന്നെ ചെയ്യും, അപ്പോൾ ഭരേമേൽപിക്കുന്നവർ അല്ലാഹുവിന്റെമേൽ ഭരമേൽപിക്കേണ്ടതാകുന്നു.

‘അവൻ ഞങ്ങളുടെ മാർഗങ്ങളെല്ലാം സൻമാർഗത്തിലാക്കിയിട്ടുണ്ട്’ എന്ന് പറഞ്ഞ

തിന്റെ വിവക്ഷ പ്രവാചകൻമാരുടെ നടത്തം, ഇരുത്തം, കിടത്തം എന്നിവയെല്ലാം തന്നെ അല്ലാഹുവിന്റെ മാർഗ്ഗമായ അദ്ദിക്ർ അനുസരിച്ചാണ് എന്നാണ്. നിങ്ങൾ ഞങ്ങളെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നത് ത്രികാലജ്ഞാനിയായ അല്ലാഹു പതിയിരുന്ന് വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്, പരലോകത്തിൽ അവൻ അതിനനുസരിച്ച് വിധികൽപ്പിക്കുകയും ചെയ്യും എന്ന ബോധത്തിൽ ഞങ്ങൾ ക്ഷമിക്കുകയാണ് എന്ന പ്രവാചകന്മാരുടെ നിലപാട് തന്നെയായിരിക്കും വിശ്വാസികളുടേതും. 3: 195; 7: 194–195; 11: 53–56 വിശദീകരണം നോക്കുക.

13. അവരിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻമാരോട് കാഫിറുകളായവർ പറയുകയും ചെയ്തു: നിശ്ചയം ഞങ്ങൾ നിങ്ങളെ ഞങ്ങളുടെ നാട്ടിൽ നിന്ന് പുറത്താക്കുകതന്നെ ചെയ്യും, അല്ലെങ്കിൽ നിങ്ങളെ ഞങ്ങളുടെ ജീവിതചര്യയിലേക്ക് തിരിച്ചുകൊണ്ടുവരിക തന്നെ ചെയ്യും! അപ്പോൾ അവരുടെ നാഥൻ അവരിലേക്ക് ദിവ്യസന്ദേശം നൽകി: നിശ്ചയം നാം അക്രമികളെ നശിപ്പിക്കുകതന്നെ ചെയ്യുന്നതാണ്.

'നിങ്ങളെ ഞങ്ങളുടെ ജീവിതചര്യയിലേക്ക് തിരിച്ചുകൊണ്ടുവരിക തന്നെ ചെയ്യും' എന്ന് കാഫിറുകൾ പറഞ്ഞതിന് പ്രവാചകത്വപദവി ലഭിക്കുന്നതിനുമുമ്പ് പ്രവാചകൻമാർ തങ്ങളുടെ ജനതയുടെ വഴിപിഴച്ച ചര്യകളിൽ ഉൾപെട്ടിരുന്നുവെന്ന് അർത്ഥമില്ല. മറിച്ച് ഭൂരിപക്ഷത്തിന്റെ ജീവിതത്തിൽ നിന്ന് അകന്നുകൊണ്ട് ഏകാന്തജീവിതം നയിക്കുന്നവരായിരുന്നു അവർ. അപ്രകാരം പ്രവാചകൻ ഹിറാഗുഹയിൽ ഏകാന്തവാസത്തിന് പോയപ്പോഴാണ് *ജീബ്രീൽ* മുഖേന പ്രകാശമാകുന്ന ഗ്രന്ഥം അവതരിച്ചു കിട്ടിയത്. തുടർന്ന് പ്രവാചകൻ ജനങ്ങളെ പ്രകാശത്തിലേക്ക് വഴികാണിക്കാൻ ആരംഭിച്ചു. 11: 17 ൽ പ്രവാചകൻ മുഹമ്മദിന്റെയും, 11: 28 ൽ പ്രവാചകൻ നൂഹിന്റെയും, 11: 63 ൽ പ്രവാചകൻ സ്വാലിഹിന്റെയും, 11: 88 ൽ പ്രവാചകൻ ശുഐബിന്റെയും ഈ അവസ്ഥ വിവരിച്ചിട്ടുണ്ട്. പ്രവാചകത്വത്തിന് മുമ്പ് അവർ സ്വജനതയുടെ നിലവിലുള്ള ജീവിതചര്യയെ നിഷേധിക്കുകയോ ഏതെങ്കിലും ജീവിതചര്യയിലേക്ക് പ്രബോധനം ചെയ്യുകയോ ചെയ്തിരുന്നില്ല. അതിനാൽ അവരും തങ്ങളുടെ ജീവിതചര്യയിൽ തന്നെയാണെന്ന് ജനങ്ങൾ ധരിച്ചിരുന്നു. പിന്നീട് അവർ ജനങ്ങളെ അദ്ദിക്ർ കൊണ്ട് അല്ലാഹുവിലേക്ക് വിളിക്കാൻ തുടങ്ങിയപ്പോൾ പൂർവ്വികരുടെ മതത്തിൽ നിന്ന് അവർ പുറത്തുപോയി എന്ന് ആരോപിക്കപ്പെടുകയാണ് ഉണ്ടായത്. യഥാർത്ഥത്തിൽ പ്രകൃതിയിൽ നിലകൊള്ളുകയായിരുന്ന അവർ പ്രവാചകത്വത്തിനുമുമ്പും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരുടെ ജീവിതചര്യകളിലൊന്നും ഉൾപ്പെട്ടിരുന്നില്ല എന്നിരിക്കെ അവർ സാമ്പ്രദായിക മതത്തിൽ നിന്ന് പുറത്തുപോയി എന്ന ആരോപണത്തിൽ യാതൊരു കഴമ്പുമില്ല. പ്രവാചകൻ മുഹമ്മദ് വരുന്നതി നുമുമ്പ് ആ ജനത വ്യക്തമായ വഴികേടിലായിരുന്നു എന്ന് 3: 164 ലും 62: 2 ലും പറഞ്ഞിട്ടുണ്ട്. നിനക്കുമുമ്പ് ഒരു മുന്നറിയിപ്പുകാരനും വന്നിട്ടില്ലാത്ത ജനതയെ സത്യമായ അദ്ദിക്ർ കൊണ്ട് മുന്നറിയിപ്പ് നൽകുന്നതിനും അവർ സൻമാർഗത്തിലാകുന്നതിനും വേണ്ടിയാണ് ഇത് അവതരിപ്പിച്ചിട്ടുള്ളത് എന്ന് 32: 2–3 സൂക്തങ്ങളിലും; പിതാക്കൻമാരാൽ മുന്നറിയിപ്പ് നൽകപ്പെടാത്തതുകാരണം പ്രജ്ഞയറ്റവരായി മാറിയ ഒരു ജനതയെ നീ ഇതുകൊണ്ട് മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടി അജയ്യനും കാരുണ്യവാനുമായവനിൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാണ് തത്വനിർഭരമായ ഈ ഗ്രന്ഥം എന്ന് 36: 5–6 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അല്ലാഹു ഒരു നാടിന്റെ ഉപമ ഉദ്ധരിക്കുന്നത് ശ്രദ്ധിക്കുക: ആ നാട് ശാന്തിയിലും സമാധാനത്തിലുമായിരുന്നു, എല്ലാത്തരം ഭക്ഷണവിഭവങ്ങളും നാനാഭാഗ

ത്തുനിന്നും ആ നാട്ടിലേക്ക് വന്നെത്തിക്കൊണ്ടിരുന്നു, എന്നാൽ അവർ അല്ലാഹുവിന്റെ അനുഗ്രഹത്തെ നിഷേധിച്ചു, അപ്പോൾ അവർ ഉത്പാദിപ്പിച്ചുകൊണ്ടിരുന്നതിന് പ്രതിഫലമായിക്കൊണ്ട് അല്ലാഹു അവരെ വിശപ്പിന്റെയും ഭയത്തിന്റെയും വസ്ത്രമണിയിച്ചു, അവരിലേക്ക് അവരുടെ പ്രവാചകൻ വന്നിട്ടുണ്ടായിരുന്നു, അവർ അവനെ കളവാക്കി, അങ്ങനെ അവർ അക്രമികളായിരിക്കെ ശിക്ഷ അവരെ പിടികൂടി എന്ന് 16: 112–113 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

വിശ്വാസികളുടെ സംഘമോ ഇമാമോ ഇല്ലാത്ത അവസ്ഥയിൽ എഴുത്തും വായനയും അറിയാത്തവർ കാട്ടിൽ പോയി ഏതെങ്കിലും മരത്തിന്റെ മൂട് കടിച്ചുപിടിച്ചുകൊണ്ട് മരണം വരെ നിലകൊള്ളണമെന്നാണ് ഹുദൈഫത്തുൽ യമാനിയുടെ ചോദ്യങ്ങൾക്ക് മറുപടി നൽകിക്കൊണ്ട് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്. *എഴുത്തും വായനയും അറിയുന്നവർ അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് നിലകൊള്ളണമെന്ന്* പ്രവാചകന്റെ വിടവാങ്ങൽ ഹജ്ജിൽ വെച്ച് തന്നെ പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താത്തവരും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാത്തവരുമായ ഫുജ്ജാറുകളെപ്പോലെ ഇതര ജനവിഭാഗങ്ങളും അക്രമികളും തെമ്മാടികളും ആയി മാറുമ്പോഴാണ് ലോകം അവസാനിക്കുക. 6: 25–26, 47; 7: 88–90; 9: 18, 31 വിശദീകരണം നോക്കുക

14. അവർക്ക് ശേഷം നിങ്ങളെ നാം ഭൂമിയിൽ അധിവസിപ്പിക്കുകതന്നെ ചെയ്യും; അതാകുന്നു എന്റെ സ്ഥാനത്തെ ഭയപ്പെടുകയും വാഗ്ദത്തത്തെ ഭയപ്പെടുകയും ചെയ്യുന്നവർക്കുള്ളത്.

നിങ്ങളെ ഈ നാട്ടിൽ ജീവിക്കാൻ സമ്മതിക്കുകയില്ല എന്നാണ് എക്കാലത്തുമുള്ള കാഫിറുകൾ പ്രവാചകന്മാരോടും വിശ്വാസികളോടും പറഞ്ഞിട്ടുള്ളത്. എന്നാൽ അല്ലാഹു പ്രവാചകൻമാരോടും വിശ്വാസികളോടും പറയുകയാണ്: നിങ്ങൾ ഭയപ്പെടരുത്, അക്രമികളായിക്കൊണ്ട് ഈ നാട്ടിൽ ജീവിതം തുടരാൻ സാധ്യമല്ല, അപ്പോൾ നിങ്ങളിൽ ആരാണോ ഉടമയായ നാഥനെ അനുസരിക്കുന്നത്, അവരായിരിക്കും ഇവിടെ ജീവിക്കുക. 24: 55 ൽ, നിങ്ങളിൽ നിന്നുള്ള വിശ്വാസികളായവരോടും ആ വിശ്വാസം ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുന്നവരോടും 'അവരുടെ മുമ്പുള്ളവരെ ഭൂമിയിലെ പ്രതിനിധികളാക്കിയതുപോലെ അവരെയും ഭൂമിയിലെ പ്രതിനിധികളാക്കുകതന്നെ ചെയ്യും എന്നും അവർ ഇഷ്ടപ്പെടുന്ന ജീവിതരീതി നടപ്പിലാക്കാൻ അവർക്ക് അവസരം നൽകുകതന്നെ ചെയ്യും, അവരുടെ ഭയത്തിനുശേഷം അവർക്ക് സുരക്ഷിതത്വവും സമാധാനവും പകരം നൽകുകയും ചെയ്യും' എന്നും വാഗ്ദത്തം ചെയ്ത ശേഷം അവർ എന്നെക്കൊണ്ട് ഒന്നിനെയും പങ്കുചേർക്കാതെ എന്നെമാത്രം സേവിച്ചുകൊണ്ടിരിക്കട്ടെ, ആരാണോ അതിനുശേഷം നിഷേധിച്ചത്, അപ്പോൾ അക്കൂട്ടർ തന്നെയാണ് തെമ്മാടികൾ എന്ന് പറഞ്ഞിട്ടുണ്ട്. 21: 105 ൽ, നിശ്ചയം ഭൂമി അനന്തരമെടുക്കുക നമ്മുടെ സജ്ജനങ്ങളായ അടിമകളാണെന്ന് അനുസ്മരണത്തിനുശേഷം *സബൂറിൽ* നാം രേഖപ്പെടുത്തി വെച്ചിട്ടുണ്ട് എന്നും പറഞ്ഞിട്ടുണ്ട്. അപ്പോൾ ആരാണോ വാഗ്ദത്തത്തെ ഭയപ്പെടുന്നത്, അവരെ ഈ ഗ്രന്ഥം കൊണ്ട് ഉണർത്തുക എന്ന് പറഞ്ഞുകൊണ്ടാണ് 50: 45 അവസാനിക്കുന്നത്. 7: 128–129; 9: 71–72; 10: 103 വിശദീകരണം നോക്കുക.

15. അവർ തീരുമാനം ആവശ്യപ്പെടുകയും ചെയ്യുന്നു, എന്നാൽ തീരുമാനം വന്നാൽ

ധിക്കാരികളായ എല്ലാഓരോ സ്വേച്ഛാധികാരിയും പരാജയപ്പെടുന്നതുമാണ്.

മക്കയിലെ കാഫിറുകൾ പ്രവാചകനോട് കാണിച്ചിരുന്ന അക്രമപരമായ എതിർപ്പുകൾക്ക് മറുപടി നൽകുകയാണ് ഇവിടെ. പൂർവ്വകാല പ്രവാചകൻമാരുടെയും അവരുടെ ജനതയുടെയും സംഭവങ്ങൾ അനുസ്മരിപ്പിക്കുന്നതിലൂടെ മക്കാമുശ്രിക്കുകളെയും അന്ത്യനാൾ വരെയുള്ള ധിക്കാരികളായ കപടവിശ്വാസികളെയും താക്കീത് ചെയ്യുകയുമാണ്. പ്രവാചകന് അവതരിപ്പിക്കപ്പെട്ട അദ്ദിക്ർ ഉപയോഗപ്പെടുത്തി ജീവിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഇവിടെ ശാന്തിയും സമാധാനപൂർണമായ ഒരു ജീവിതവും ലഭിക്കും. അവഗണിക്കുകയാണെങ്കിലോ, നിങ്ങളുടെ പേരും കുറിയും തന്നെ ഇവിടെനിന്ന് പൂർണ്ണമായും തുടച്ചുനീക്കപ്പെടുകയാണുണ്ടാവുക. 91: 7-8 സൂക്തങ്ങളിൽ, ആത്മാവാണ്, അതിനെ സന്തുലനപ്പെടുത്തിയതുമാണ് സത്യം, ഓരോ ആത്മാവിനും അതിന്റെ ദുർമാർഗവും സൻമാർഗവും നൽകുകയും ചെയ്തു എന്ന് പറഞ്ഞതിനുശേഷം 91: 9-10 സൂക്തങ്ങളിൽ, ആത്മാവിനെ തിരിച്ചറിഞ്ഞ് അതിനെ ശുദ്ധീകരിച്ചവൻ വിജയിച്ചു, അതിനെ തിരിച്ചറിയാതെ ദുഷിപ്പിച്ചവൻ പരാജയപ്പെടുകയും ചെയ്തു എന്ന് പറഞ്ഞിട്ടുണ്ട്. 98: 2-3 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ആത്മാവിനെ ശുദ്ധീകരിക്കാനുള്ള ഗ്രന്ഥമായ അദ്ദിക്ർ കൂടാതെ ഒരാളും ശുദ്ധീകരിക്കപ്പെടുകയില്ല. മാന്യമായ വായനയായ അദ്ദിക്ർ വിശുദ്ധന്മാർക്കല്ലാതെ ഉൾക്കൊള്ളാൻ സാധ്യമല്ല എന്ന് 56: 77-80 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. തെമ്മാടികളായ കപടവിശ്വാസികളെ അവരുടെ സമ്പത്തുകൊണ്ടും സന്താനങ്ങൾകൊണ്ടും ഇഹത്തിൽ തന്നെ ശിക്ഷിക്കണമെന്നും അവർ കാഫിറായിക്കൊണ്ട് ജീവൻ വെടിയണമെന്നുമാണ് പ്രപഞ്ചനാഥൻ ഉദ്ദേശിക്കുന്നത് എന്ന് 9: 55, 85 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്തുന്നതിനും രക്തം ചിന്തുന്നത് ഒഴിവാക്കി മനുഷ്യരുടെ ഐക്യം സ്ഥാപിക്കുന്നതിനും ഭൂമിയിൽ ശാന്തിയും സമാധാനവും ഉണ്ടാക്കുന്നതിനും ഉപയുക്തമായ ഏകഉപകരണം അദ്ദിക്ർ മാത്രമാണ്. അത് സ്വയം ഉപയോഗപ്പെടുത്താതെയും മറ്റുള്ളവർക്ക് എത്തിച്ച് കൊടുക്കാതെയും ഭൂമിയെ നശിപ്പിക്കാൻ ധൃതികാണിക്കുന്ന, മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്ന കപടവിശ്വാസികളോട് അല്ലാഹു പറയുകയാണ്: നിങ്ങൾ ഈ പ്രവണത തുടരുകയാണെങ്കിൽ ഭൂമിയിലെ എല്ലാ ജീവജാലങ്ങളും അല്ലാഹുവിനെ വാഴ്ത്തുന്നത് ഇല്ലാതാക്കിയതിനുള്ള പാപഭാരം കൂടി നിങ്ങൾ വഹിക്കേണ്ടിവരുമെന്ന്. 2: 18, 99; 8: 22; 11: 116-117 വിശദീകരണം നോക്കുക.

16. ഇനി അതിന് പിന്നാലെ അവന് നരകകുണ്ഠമുണ്ട്, അവിടെ ദുർനീരിൽ നിന്ന് അവർ കുടിപ്പിക്കപ്പെടും.

17. അത് തൊണ്ടയിലൂടെ ഇറക്കാൻ അവർ പണിപ്പെട്ടുകൊണ്ടിരിക്കും, എന്നാൽ വളരെ ബുദ്ധിമുട്ടിയിട്ടല്ലാതെ അത് അവന് ഇറക്കാൻ കഴിയുകയില്ല, നാനാഭാഗത്തുനിന്നും മരണം അവനെ വലയം ചെയ്യും, എന്നാൽ അവൻ ഒട്ടും മരിക്കുകയുമില്ല, അതിനുപിന്നാലെ പരുഷമായ ശിക്ഷ അവനെ വലയം ചെയ്യുന്നതുമാണ്.

ഗ്രന്ഥം കിട്ടിയിട്ട് അതിന്റെ ആശയം മനസ്സിലാക്കി പിൻപറ്റാൻ ശ്രമിക്കാത്ത കുഫ്ഫാറുകളെയും ആശയം വളച്ചൊടിച്ച് ജനങ്ങളെ അല്ലാഹുവിന്റെ മാർഗ്ഗത്തെത്തൊട്ട് തടയുന്ന അക്രമികളും ധിക്കാരികളും തെമ്മാടികളുമായ കപടവിശ്വാസികളെയും മരണത്തോടുകൂടി നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. അഞ്ചാം ഘട്ടമായ അവരുടെ ശവക്കുഴി 15: 43-44; 40: 46; 42: 22 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിന്റെ ഏഴ്

കവാടങ്ങളിലൊന്നായിരിക്കും. വിധിദിവസം കപടവിശ്വാസികളായ നേതാക്കൾ 4: 145 പ്രകാരം വിചാരണകൂടാതെ നരകത്തിലേക്ക് പോകുന്നതും അനുയായികൾ 39: 71 പ്രകാരം വിചാരണക്കുശേഷം നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുന്നതുമാണ്. നരകക്കുണ്ഠത്തിൽവെച്ച് നേതാക്കളും അനുയായികളും തമ്മിൽ പരസ്പരം തർക്കിക്കുന്ന, പഴിചാരുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. അവരുടെതന്നെ തൊലികൾ ഉരുകിയ ചോരയും ചലവുമാണ് അവർക്ക് അവിടെ കുടിക്കാൻ നൽകുക. 38: 55-58 സൂക്തങ്ങളിൽ, നിശ്ചയം ദുശ്ശക്തികൾക്ക് വിധേയമായി ജീവിച്ചവർക്ക് ഏറ്റവും ദുഷിച്ച മടക്കമാണുള്ളത്, നരകക്കുണ്ഠത്തിൽ അവർ വേവിക്കപ്പെടുകതന്നെ ചെയ്യും, അപ്പോൾ അതെത്ര ദുഷിച്ച തൊട്ടിലുകൾ! ചുട്ടുപൊള്ളുന്ന വെള്ളവും കോച്ചുന്ന തണുപ്പുള്ള വെള്ളവും അതുപോലെ ജോടികളായ മറ്റ് ചിലതും അവർ രുചിക്കുകതന്നെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്.

23: 103-111 സൂക്തങ്ങളിൽ, ആരാണോ തങ്ങളുടെ ഭാരം ലഘൂകരിച്ചത്, അക്കൂട്ടർ തന്നെയാണ് അവരെ സ്വയം നഷ്ടപ്പെടുത്തിയവരും നരകക്കുണ്ടിൽ ശാശ്വതരും, അവരുടെ മുഖം നരകത്തീ തിന്നുകതന്നെ ചെയ്യും, അതിൽ അവർ പല്ലിളിച്ചവരായി നിലകൊള്ളുകയും ചെയ്യും; അല്ലാഹു അവരോട് ചോദിക്കും: നിങ്ങൾക്ക് എന്റെ സൂക്തങ്ങൾ വിശദീകരിച്ച് തന്നിട്ടുണ്ടായിരുന്നില്ലേ, അപ്പോൾ നിങ്ങൾ അതിനെ തള്ളിപ്പറഞ്ഞുകൊണ്ടേയിരുന്നു! അവർ മറുപടി പറയും: ഞങ്ങളുടെ നാഥാ, ഞങ്ങളുടെ ഭാഗ്യദോഷം ഞങ്ങളെ കീഴടക്കി, നിശ്ചയം ഞങ്ങൾ വഴിപിഴച്ച ഒരുജനത തന്നെയായിരുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളെ ഇവിടെനിന്ന് ഒന്ന് പുറത്ത്കടത്തിയാലും, ഇനിയും ഞങ്ങൾ പഴയ ജീവിതത്തിലേക്കുതന്നെ മടങ്ങുകയാണെങ്കിൽ നിശ്ചയം ഞങ്ങൾ അക്രമികൾ തന്നെയായിരിക്കും. അല്ലാഹു പറയും: നിങ്ങൾ അതിൽ നിന്ദ്യരായി കഴിഞ്ഞുകൂടുക, നിങ്ങൾ എന്നോട് ഒന്നും സംസാരിക്കേണ്ട, നിശ്ചയം എന്റെ അടിമകളിൽ ഒരു വിഭാഗം ഇങ്ങനെ പ്രാർത്ഥിക്കുന്നവരുണ്ടായിരുന്നു: 'ഞങ്ങളുടെ നാഥാ, നിശ്ചയം ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു, അപ്പോൾ ഞങ്ങൾക്ക് നീ പൊറുത്തുതരികയും ഞങ്ങളെ നീ അനുഗ്രഹിക്കുകയും ചെയ്യേണമേ, നിശ്ചയം നീ കാരുണ്യവാൻമാരിൽ ഏറ്റവും ഉത്തമനുമാകുന്നു,' അപ്പോൾ നിങ്ങൾ അവരെ മോശപ്പെട്ടവരായിക്കണ്ടു, എന്നെക്കുറിച്ച് നിങ്ങളെ മറപ്പിക്കുന്നതുവരെ നിങ്ങൾ അവരെ (അദ്ദിക്റിന്റെ ആളുകളെന്ന് പറഞ്ഞ്) കളിയാക്കുന്നവരുമായിരുന്നു, നിശ്ചയം അവർ ക്ഷമാലുക്കളായി നിലകൊണ്ടതിന് ഇന്നേദിവസം നാം അവർക്ക് തക്കതായ പ്രതിഫലം നൽകുന്നതാണ്, നിശ്ചയം അവർ മാത്രമാണ് വിജയികൾ എന്ന് പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിലെ മൂന്നിലൊന്ന് സൂക്തങ്ങൾ പരലോകത്ത് വരാനിരിക്കുന്ന ഇത്തരം രംഗങ്ങളെല്ലാം വിവരിക്കുന്നതാണ്. എന്നാൽ കഴുത ഭാരം പേറുന്നതുപോലെ ആശയമറിയാതെ ഗ്രന്ഥം ചുമക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മാത്രമാണ് ആ നരകത്തിൽ കുത്തിനിറക്കപ്പെടാനുള്ളവരെന്ന് അവർ അറിയുന്നില്ല. 4: 55-56; 7: 37-40; 9: 81-82; 43: 74-78 വിശദീകരണം നോക്കുക.

18. തങ്ങളുടെ നാഥനെ നിഷേധിച്ചവരുടെ ഉപമ, അവരുടെ പ്രവർത്തനങ്ങളെല്ലാം ഒരുനാളിലെ കൊടുങ്കാറ്റിൽ പാറിപ്പറന്നുപോയ വെണ്ണീർ പോലെയാകുന്നു, അവർ ഇഹത്തിൽ സമ്പാദിച്ചതൊന്നും തന്നെ അവർക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുകയുമില്ല, അതുതന്നെയാകുന്നു വിദൂരമായ വഴികേട്!

വിശ്വാസിയായാൽ മാത്രമേ പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടുകയും പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയുമുള്ളൂ. വിശ്വാസിയാകാൻ 2: 255; 10: 100; 22: 65 തുടങ്ങി 30 സൂക്ത

ങ്ങളിൽ പറഞ്ഞ സമ്മതപത്രവും, 2: 2, 38, 185; 9: 33; 18: 57 തുടങ്ങി 80 സൂക്തങ്ങളിൽ പറഞ്ഞ സൻമാർഗവുമായ അദ്ദിക്റിനെ പിൻപറ്റേണ്ടതുണ്ട്. അങ്ങനെ ചെയ്യാത്തവരുടെ നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ തുടങ്ങിയ കർമ്മങ്ങളൊന്നും തന്നെ സ്വീകരിക്കപ്പെടുകയില്ലെന്ന് മാത്രമല്ല, അവർക്ക് 25: 65-66; 107: 4-5 സൂക്തങ്ങൾ പ്രകാരം പിഴയായി നരകകുണ്ഠം ലഭിക്കുന്നതുമാണ്. 25: 23 ൽ, ഗ്രന്ഥത്തിലെ സൂക്തങ്ങൾ സമർപ്പിക്കുന്ന അല്ലാഹുവിനെ കണ്ടുമുട്ടി ഉത്തരം പറയേണ്ടി വരുമെന്ന ബോധമില്ലാതെ ജീവിക്കുന്നവരുടെ പ്രവർത്തനങ്ങളെല്ലാം അവരുടെ മുമ്പിൽ ഒരുമിച്ച് കൂട്ടപ്പെടുമെന്നും അദ്ദിക്ർ കൊണ്ട് 'അല്ലാഹ്' എന്ന സ്മരണയിൽ പ്രവർത്തിച്ചിട്ടുള്ളതല്ലാത്തതിനാൽ അവകളെല്ലാം കാറ്റിൽ പറക്കുന്ന പൊടിപടലമാക്കി മാറ്റപ്പെടുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 7: 8-9; 9: 53-55; 13: 25 വിശദീകരണം നോക്കുക.

19. നിശ്ചയം അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും ലക്ഷ്യത്തോടുകൂടി സൃഷ്ടിച്ചതാണെന്ന് നീ മനസ്സിലാക്കുന്നില്ലേ? അവൻ ഉദ്ദേശിക്കുകയാണെങ്കിൽ നിങ്ങളെ നീക്കിക്കളഞ്ഞ് തൽസ്ഥാനത്ത് പുതിയൊരു സൃഷ്ടിപ്പ് തന്നെ കൊണ്ടുവരുന്നതാണ്.

20. അങ്ങനെ ചെയ്യുക അല്ലാഹുവിന്റെ മേൽ അജയ്യമായ കാര്യമൊന്നുമല്ല.

'നീ മനസ്സിലാക്കുന്നില്ലേ' എന്ന ചോദ്യത്തിലൂടെ വിശ്വാസികൾ മനസ്സിലാക്കുന്നില്ലേ എന്നാണ് ചോദിക്കുന്നതെങ്കിലും കാഫിറുകൾ മനസ്സിലാക്കുന്നില്ലേ എന്നാണ് വിവക്ഷ. ആകാശങ്ങളെയും ഭൂമിയെയും അവയ്ക്കിടയിലുള്ള മനുഷ്യരടക്കമുള്ളവരെയും ലക്ഷ്യത്തോടുകൂടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. ആകാശഭൂമികളെക്കുറിച്ചും അവയുടെ സംവിധാനത്തെക്കുറിച്ചും അവയിലുള്ള ജീവജാലങ്ങളെക്കുറിച്ചും അവയുടെ സൃഷ്ടിപ്പിനെക്കുറിച്ചും ആലോചിച്ച് അതിന്റെ പിന്നിലുള്ള സ്രഷ്ടാവിനെ കണ്ടെത്തുകയും ആ സ്രഷ്ടാവിന്റെ വിധിവിലക്കുകൾ അംഗീകരിച്ചുകൊണ്ട് ഇവിടെ ജീവിക്കുകയും ചെയ്യലാണ് ജീവിതലക്ഷ്യം. അങ്ങനെ ചെയ്യാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് ജീവജാലങ്ങളിൽ വെച്ച് ഏറ്റവും ദുഷിച്ച ജീവികളെന്ന് 8: 22; 98: 6 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ മൂടിവെച്ചവർക്ക് തന്നെയാണ് അല്ലാഹുവിന്റെയും മലക്കുകളുടെയും മുഴുവൻ മനുഷ്യരുടെയും ശാപവും കോപവുമെന്ന് 2: 159-161, 174-176; 3: 85-91 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 'അവൻ ഉദ്ദേശിക്കുകയാണെങ്കിൽ നിങ്ങളെ നീക്കിക്കളഞ്ഞ് പുതിയ ഒരു സൃഷ്ടിപ്പുതന്നെ കൊണ്ടുവരും' എന്ന് പറഞ്ഞതിന് പുതിയ സൃഷ്ടികളെ കൊണ്ടുവരുമെന്നും പുനർജന്മനാൾ നടപ്പിലാക്കുമെന്നും ആശയമുണ്ട്. 'അങ്ങനെ ചെയ്യുക അല്ലാഹുവിന്റെമേൽ അജയ്യമായ കാര്യമൊന്നുമല്ല' എന്ന് പറഞ്ഞതിന്റെ വിവക്ഷ ഏത് കാര്യവും അല്ലാഹുവിന് വളരെ എളുപ്പമാണ് എന്നാണ്. പുനർജന്മം നടപ്പിലാക്കുന്നതിനെക്കുറിച്ച് 54: 50 ൽ, നമ്മുടെ കൽപന കണ്ണ് ഇമവെട്ടുന്ന വേഗത്തിലുള്ളതല്ലാതെ അല്ല എന്ന് പറഞ്ഞിട്ടുണ്ട്. 4: 133; 7: 185; 21: 30 വിശദീകരണം നോക്കുക.

21. അവർ എല്ലാവരും ഒരുനാളിൽ അല്ലാഹുവിന്റെ മുമ്പിൽ മറയില്ലാതെ വെളിപ്പെടുന്നതാണ്, അപ്പോൾ ഇഹലോകത്ത് ദുർബലരായിരുന്ന അനുയായികൾ കേമൻമാരായിരുന്നവരോട് പറയും: നിശ്ചയം ഞങ്ങൾ നിങ്ങളെയായിരുന്നല്ലോ പിൻപറ്റിക്കൊണ്ടിരുന്നത്, അപ്പോൾ ഇവിടെ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് വല്ലതും ഞങ്ങളെത്തൊട്ട് നീക്കിത്തരാൻ നിങ്ങൾക്ക് സാധിക്കുമോ? അവർ പറയും: അല്ലാഹു ഞങ്ങളെ സൻമാർഗത്തിലാക്കിയിരുന്നുവെങ്കിൽ നിശ്ചയം

ഞങ്ങൾ നിങ്ങളെയും സൻമാർഗത്തിലാക്കുമായിരുന്നു, ഇപ്പോൾ നാം പരസ്പരം കലഹിക്കുകയാണെങ്കിലും അതല്ല നാം ക്ഷമിക്കുകയാണെങ്കിലും നമ്മുടെ മേൽ സമമാണ്, നമുക്ക് രക്ഷകരിൽ നിന്നുള്ള ആരും തന്നെയില്ല!

ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, നഗ്നരായി നഗ്നപാദരായി ചേലാകർമ്മരഹിതരായി ഒറ്റക്കൊറ്റക്കാണ് വിചാരണക്കുവേണ്ടി നിർത്തപ്പെടുക. അല്ലാഹുവിനെയും പിശാചിനെയും പരലോക വിചാരണയെയും നരകത്തെയും സ്വർഗ്ഗത്തെയുമെല്ലാം പ്രതിപാദിക്കുന്ന ഉൾകാഴ്ച്ചാദായകമായ അദ്ദിക്ർ ഉപയോഗപ്പെടുത്താതിരുന്നതിനാൽ പരലോകത്തെക്കുറിച്ചുണ്ടായിരുന്ന അവരുടെ തെറ്റായ ധാരണകളും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും മറനീക്കപ്പെട്ട് 17: 13–14; 18: 49; 39: 69 തുടങ്ങിയ സൂക്തങ്ങളിൽ പരാമർശിച്ച പ്രകാരം അവരവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ളതും പരലോകത്തുവെച്ച് പുറത്തെടുത്ത് കൊടുക്കപ്പടുന്നതുമായ കർമ്മപുസ്തകത്തിൽ രേഖപ്പെടുത്തിയതായി കാണുമെന്നാണ് 'മറയില്ലാതെ വെളിപ്പെടുക' എന്ന് പറഞ്ഞതിന്റെ വിവക്ഷ. പ്രവാചകൻ മുഹമ്മദിനെ ഒഴിച്ച് മറ്റ് ഏത് സൃഷ്ടിയെ അന്ധമായി പിൻപറ്റുകയും അദ്ദിക്റിൽ നിന്ന് അറിവ് നേടാൻ ശ്രമിക്കാതെ തങ്ങളുടെ അറിവില്ലായ്മ പ്രകടിപ്പിച്ചുകൊണ്ട് ദുശ്ശക്തികളെയും കപടവിശ്വാസികളായ നേതാക്കൻമാരെയും അനുസരിക്കുകയും ചെയ്യുന്ന അനുയായികൾക്ക് പരലോകത്ത് വരാൻ പോകുന്ന ദാരുണമായ അവസ്ഥയെക്കുറിച്ചുള്ള ഒരു മുന്നറിയിപ്പാണ് ഇത്. ഇന്ന് നിങ്ങളുടെ ഈ ആചാര്യൻമാരും നേതാക്കൻമാരും അധികാരികളുമായിരിക്കുന്നവരുണ്ടല്ലോ, അവർക്ക് നാളെ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് നിങ്ങളെ രക്ഷിക്കുവാൻ സാധ്യമാവുകയില്ല. അതിനാൽ മനുഷ്യപ്പിശാചുക്കളായ അവർ നിങ്ങളെ എവിടേക്കാണ് പിടിച്ചു വലിച്ച് കൊണ്ടുപോകുന്നത് എന്ന് ചിന്തിച്ചുനോക്കുക എന്നാണ് ഈ സൂക്തത്തിലൂടെ താക്കീത് നൽകുന്നത്. 1: 3; 6: 115–116; 7: 175–176; 11: 118–119 വിശദീകരണം നോക്കുക.

22. കാര്യങ്ങൾ തീരുമാനിക്കപ്പെട്ട് കഴിയുമ്പോൾ പിശാച് പറയുകയും ചെയ്യും: നിശ്ചയം അല്ലാഹു നിങ്ങളോട് യഥാർത്ഥത്തിലുള്ള വാഗ്ദത്തം ചെയ്തു, ഞാനും നിങ്ങളോട് വാഗ്ദത്തം ചെയ്തിരുന്നു, അപ്പോൾ ഞാൻ അത് നിങ്ങളോട് ലംഘിച്ചിരിക്കുന്നു, നിങ്ങളുടെ മേൽ എനിക്ക് യാതൊരു അധികാരവും ഉണ്ടായിരുന്നില്ല -നിങ്ങളെ ഒന്ന് വിളിച്ചുനോക്കുക എന്നല്ലാതെ, അപ്പോൾ നിങ്ങൾ എന്റെ വിളിക്ക് ഉത്തരം നൽകി, അതിനാൽ നിങ്ങൾ ഇപ്പോൾ എന്നെ കുറ്റപ്പെടുത്തേണ്ട, നിങ്ങൾ നിങ്ങളെത്തന്നെ സ്വയം കുറ്റപ്പെടുത്തിക്കൊള്ളുക, ഞാൻ നിങ്ങളുടെ രക്ഷകനല്ല, നിങ്ങൾ എന്റെ രക്ഷകനുമല്ല, മുമ്പ് ദിവ്യത്വത്തിൽ നിങ്ങൾ എന്നെ പങ്കുചേർത്തുകൊണ്ടിരുന്നത് നിശ്ചയം ഞാനിതാ നിഷേധിക്കുന്നു; നിശ്ചയം അക്രമികൾ, അവർക്ക് വേദനാജനകമായ ശിക്ഷ തന്നെയാണുള്ളത്.

2: 185 ൽ വിവരിച്ച പ്രകാരം അല്ലാഹുവിന്റെ ഏകവഴിയും പിശാചിന്റെ വിവിധ വഴികളും ജീവിതത്തിന്റെ എല്ലാ മേഖലകളിലും തിരിച്ചറിയാനുള്ള ഉപകരണമാണ് ഉരക്കല്ലായ അദ്ദിക്ർ. ത്രികാലജ്ഞാനമായ അദ്ദിക്റിൽ നിന്ന് പിശാചിനെ തിരിച്ചറിയാത്തവരും തന്റെ ജിന്നുകൂട്ടുകാരനെ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തവരുമായ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ചുപോയ ഫാജിറുകളുമടങ്ങിയ ഫുജ്ജാറുകളോടാണ് പിശാച് വിചാരണാനാളിൽ ഇങ്ങനെ പറയുന്നത്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന അവർ അല്ലാഹുവിന്റെ ഏകസംഘത്തിൽ പെടാതെ വിവിധ സംഘടനകളായി ഭിന്നിച്ച് അല്ലാഹുവിന്റെ അ

ധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരായി മാറിയിരിക്കുകയാണ്. 4:150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ 'ഫുജ്ജാറുകളെ' വഴിപിഴപ്പിച്ചതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് പിശാച് ഒഴിഞ്ഞുമാറുന്ന രംഗമാണ് ഇവിടെ വരച്ച് കാണിച്ചിട്ടുള്ളത്.

6: 104 ൽ, നിങ്ങൾക്ക് നിങ്ങളുടെ ഉടമയിൽ നിന്നുള്ള –നിങ്ങളുടെ നാഥന്റെ വഴിയും പിശാചിന്റെ വഴികളും– തിരിച്ചറിയാനുള്ള ഉൾകാഴ്ചദായകമായ അദ്ദിക്ർ വന്നുകഴിഞ്ഞു, അപ്പോൾ ആരാണോ അത് ഉപയോഗപ്പെടുത്തിയത്, അതിന്റെ ഗുണം അവന് തന്നെയാണ്, ആരാണോ അതുകൊള്ളെ അന്ധതനടിച്ചത്, അതിന്റെ ദോഷം ആ ആത്മാവിന്റെ മേൽ തന്നെയുമാണ്, ഞാൻ നിങ്ങളുടെ സൂക്ഷിപ്പുകാരനൊന്നുമല്ല എന്ന് പറയാൻ പ്രവാചകനോടും വിശ്വാസിയോടും കൽപിച്ചിട്ടുണ്ട്. അപ്പോൾ സ്വർഗ്ഗം അല്ലെങ്കിൽ നരകം ഓരോ ആത്മാവും നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് സമ്പാദിക്കുന്നത് മരണശേഷം അനന്തരമെടുക്കുകയാണ് ചെയ്യുന്നത്. അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുകയും അതിൽ നിന്ന് അല്ലാഹുവിനെ കണ്ടുകൊണ്ട് ഇവിടെ ചരിക്കുകയും ചെയ്യുന്ന വിശ്വാസികൾക്ക് സ്വർഗ്ഗത്തിലേക്കുതന്നെ തിരിച്ചുപോകാവുന്നതാണ്. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കാഫിറുകൾ പിശാചിന്റെകൂടെ നരകത്തിലേക്കാണ് പോവുക. *ഗ്രന്ഥം ലഭിച്ച എല്ലാഓരോ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതിനേയും പിശാച് പാട്ടിലാക്കുമെന്ന്* 4: 118 ന്റെ വിശദീകരണത്തിലൂടെ പ്രപഞ്ചനാഥൻ പഠിപ്പിച്ചിട്ടുണ്ട്. വഴികേടിന് ആരെയും –പിശാചിനെത്തന്നെയും– കുറ്റപ്പെടുത്താൻ സാധ്യമല്ലെന്ന് ഈ സൂക്തം മുന്നറിയിപ്പ് നൽകുന്നു. 35: 37 ൽ, കാഫിറുകൾ നാളെ നരകത്തിൽ വെച്ച് രക്ഷക്കുവേണ്ടി കേണുകൊണ്ട് പറയുന്നതാണ്: ഞങ്ങളുടെ നാഥാ, ഞങ്ങളെ ഇവിടെനിന്ന് ഒന്ന് പുറത്തുകടത്തിയാലും, ഞങ്ങൾ മുമ്പ് പ്രവർത്തിച്ചിരുന്നതല്ലാത്ത സൽകർമ്മങ്ങൾ ചെയ്തുകൊള്ളാം. അപ്പോൾ അല്ലാഹു അവരോട് ചോദിക്കും: ഇത്തരം രംഗങ്ങൾ നിങ്ങളെ ഓർമിപ്പിച്ചിരുന്ന മുന്നറിയിപ്പുകാർ വരികയും അത് ഉപയോഗപ്പെടുത്താൻ വേണ്ട ആയുസ്സ് നിങ്ങൾക്ക് ലഭിക്കുകയും ചെയ്തിരുന്നില്ലേ; അതുകൊണ്ട് നിങ്ങൾ നരകശിക്ഷ രുചിച്ചുകൊള്ളുക! ഇത്തരം അക്രമികൾക്ക് ഒരു സഹായവും ലഭിക്കുകയില്ല എന്ന് മുറിയിപ്പ് നൽകിയിട്ടുണ്ട്. 2: 254; 3: 90–91; 13: 18 വിശദീകരണം നോക്കുക.

23. വിശ്വാസികളായവരും ആ വിശ്വാസം ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകിയവരുമായവരാരോ, അവർ താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗപ്പൂന്തോപ്പുകളിൽ അവരവരുടെ നാഥന്റെ സമ്മതപത്രം കൊണ്ട് പ്രവേശിപ്പിക്കപ്പെടുന്നതുമാണ്, അവർ അതിൽ നിത്യവാസികളുമായിരിക്കും, അതിൽ അവരോടുള്ള അഭിസംബോധനം സമാധാനം എന്നായിരിക്കും.

'അവരവരുടെ നാഥന്റെ സമ്മതപത്രം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അദ്ദിക്റാണ്. ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അതുകൂടാതെ ഇന്ന് ഒരാൾക്കും വിശ്വാസിയാകാൻ സാധിക്കുകയില്ല. അപ്പോൾ സ്വർഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ വിശ്വാസികൾ 'എന്റെ നാഥാ! എനിക്ക് നീ അറിവ് വർദ്ധിപ്പിച്ച് തരേണമേ' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിച്ച് അത് ആദ്യാവസാനം വായിക്കുകയും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് അല്ലാഹുവിനെ സഹായിക്കുകയുമാണ് ചെയ്യുക. അപ്പോൾ കഴിഞ്ഞുപോയ കാലത്ത് അവർ ചെയ്ത തെറ്റുകുറ്റങ്ങൾ

അവർക്ക് മായ്ച്ചുകൊടുത്ത് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അല്ലാഹു അവരെ സഹായിക്കുന്നതാണ്. അത്തരക്കാരെ കരയിലെ ഉത്തമജീവികളായിട്ടാണ് 98: 7–8 സൂക്തങ്ങളിൽ ത്രികാലജ്ഞാനിയായ നാഥൻ വിശേഷിപ്പിച്ചിട്ടുള്ളത്. 20: 3; 73: 19; 74: 49; 76: 29 തുടങ്ങി ഒൻപത് സൂക്തങ്ങളിൽ സ്വർഗത്തിലേക്കുള്ള ടിക്കറ്റ് എന്ന് വിശേഷിപ്പിച്ചിട്ടുള്ള അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കാഫിറുകളെ കരയിലുള്ള 400 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷ്ടരെന്ന് 98: 6 ൽ വിശേഷിപ്പിച്ചിട്ടുണ്ട്. 9: 71–72; 10: 10; 14: 1–2; 25: 68–70 വിശദീകരണം നോക്കുക.

24. അല്ലാഹു പരിശുദ്ധവചനത്തെ ഉപമിച്ചിരിക്കുന്നത് എങ്ങനെയാണെന്ന് നീ മനസ്സിലാക്കിയിട്ടില്ലേ? പരിശുദ്ധമായ ഒരു വൃക്ഷത്തെപ്പോലെയാണ് അത്, അതിന്റെ വേര് ആഴത്തിൽ ആണ്ടിറങ്ങിയിരിക്കുന്നു, അതിന്റെ ശാഖകൾ ആകാശത്ത് പടർന്ന് പന്തലിച്ച് കിടക്കുകയുമാണ്.

പരിശുദ്ധവചനം കൊണ്ടുദ്ദേശിക്കുന്നത് ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്ർ തന്നെയാണ്. 2: 256 ൽ വിവരിച്ച പ്രകാരം അത് സ്വർഗത്തിൽ നിന്നും ഭൂമിയിലേക്ക് നീട്ടിയിട്ടിട്ടുള്ള പൊട്ടിപ്പോകാത്ത പാശവും, 5: 48 ൽ വിവരിച്ച പ്രകാരം എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനുമാണ്. 10: 57–58 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കാരുണ്യവും ഔദാര്യവുമായ അദ്ദിക്ർ കൊണ്ട് ഊറ്റം കൊള്ളലാണ് മനുഷ്യർ ഒരുമിച്ചുകൂട്ടുന്ന മറ്റെന്തിനെക്കാളും ഉത്തമം. *അദ്ദിക്ർ ഐശ്വര്യമാണ്, അതിനുശേഷം ദാരിദ്ര്യമില്ല, അതുകൂടാതെ ഐശ്വര്യവുമില്ല* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അത് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമാണെന്ന് 33: 72; 57: 25 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 7: 26 ൽ വിവരിച്ച പ്രകാരം മനുഷ്യാത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അത് തീവ്രവാദികളോടും കപടവിശ്വാസികളോടും ജിഹാദ് ചെയ്യാനുള്ള ശക്തമായ ആയുധമാണ്. ആരാണോ അതിനെ മുറുകെപ്പിടിച്ചത്, അവൻ നേരെ ച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101–102 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 79–80; 7: 58; 9: 40; 13: 31 വിശദീകരണം നോക്കുക.

25. അത് അതിന്റെ നാഥന്റെ വേണ്ടുകയോടുകൂടി എക്കാലത്തും അതിന്റെ ഫലം നൽകിക്കൊണ്ടിരിക്കുന്നു, അല്ലാഹു മനുഷ്യർക്കുവേണ്ടി ഇത്തരം ഉപമകൾ എടുത്തുദ്ധരിക്കുന്നത് അവർ ഹൃദയത്തിന്റെ ഭാഷയിൽ മറ്റുള്ളവരെ ഓർമ്മിപ്പിക്കുന്നവർ തന്നെയാകണം എന്നതിനുവേണ്ടിയാണ്.

പ്രസ്തുത വൃക്ഷം അല്ലാഹുവിന്റെ സൃഷ്ടികൾക്ക് അതിന്റെ ഫലങ്ങളും തണലും നൽകി സേവനം മാത്രം നടത്തുന്നു. സൂര്യപ്രകാശത്തിന്റെ സാന്നിധ്യത്തിൽ അന്തരീക്ഷത്തിലെ കാർബൺഡൈ ഓക്സൈഡ് വലിച്ചെടുത്ത് അന്നജമുണ്ടാക്കുമ്പോൾ ഓക്സിജൻ ഉത്പാദിപ്പിച്ചുകൊണ്ട് വായുവിനെ ശുദ്ധീകരിക്കുന്നു. അപ്പോഴുണ്ടാകുന്ന ജലം ബാഷ്പീകരിച്ച് അന്തരീക്ഷത്തിലേക്ക് ഉയരുകവഴി ആ പ്രദേശത്ത് മഴവർഷിക്കാൻ കാരണമാകുന്നു. കൂടാതെ അതിന്റെ വേരുകൾ മണ്ണൊലിപ്പ് തടയാൻ ഉപകാരപ്പെടുന്നു. അതുപോലെത്തന്നെ എല്ലാംകൊണ്ടും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലായിരിക്കും വിശ്വാസികളുടെയും ജീവിതം. അത്തരം വിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കുന്നതിനുള്ള ഉപകരണമാണ് അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ. അപ്പോൾ ജീവിതലക്ഷ്യം പൂവണിയാനും രക്തം ചിന്താതിരിക്കാനും നശീകരണ പ്രവർത്തനങ്ങൾക്ക് അറുതിവരുത്താ

നുമുള്ള ഏക ഉപകരണമായ അദ്ദിക്ർ പഠിക്കുകയും മനുഷ്യരുടെ ഐക്യം ലക്ഷ്യം വെച്ചു കൊണ്ട് അത് ലോകരിലേക്ക് എത്തിച്ചുകൊടുക്കുകയുമാണ് ആ വൃക്ഷത്തെപ്പോലെ സേവനം ചെയ്യുന്നവരാകാനുള്ള ഏകമാർഗ്ഗം. കവി വർണ്ണിച്ചിട്ടുള്ളത് നോക്കുക:

'നിനക്ക് വീഴ്ചവന്നാലും നിൻ നന്മ വെടിയല്ലെ നീ,
മലർ കാറ്റേറ്റുവീണാലും മണമില്ലാത്തതാകുമോ?
ആലിൻ തൈയിനൊരാൾ വെള്ളം അലിവോടൊഴിക്കയാൽ
വളരുമ്പോൾ അതേകുന്നു വരുവോർക്കൊക്കെയും തണൽ'

നിഷ്പക്ഷവാനായ നാഥന്റെ പ്രതിനിധികളായ വിശ്വാസികളുടെ സ്വഭാവമാണ് മുകളിൽ വിവരിച്ചിരിക്കുന്നത്. 6: 80–81, 90; 9: 100; 32: 4 വിശദീകരണം നോക്കുക.

26. മ്ലേച്ഛവചനത്തിന്റെ ഉപമ ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് പിഴുതെറിയപ്പെടുന്ന ഒരു മ്ലേച്ഛ വൃക്ഷത്തെപ്പോലെയുമാകുന്നു, അതിന് യാതൊരു വേരുറപ്പുമില്ല.

അല്ലാഹുവിനെ മറന്നുകളയുകവഴി അവരവരെത്തന്നെ മറന്നുകളഞ്ഞ കപടവിശ്വാസികളെയാണ് ഇവിടെ മ്ലേച്ഛവൃക്ഷത്തോട് ഉപമിച്ചിട്ടുള്ളത്. മ്ലേച്ഛവചനം പരിശുദ്ധവചനത്തിന് നേരെ വിപരീതമാണ് എന്നതുപോലെ കപടവിശ്വാസികളുടെയും വിശ്വാസികളുടെയും സ്വഭാവവും നേരെ വിപരീതമായിരിക്കും. 32: 18 ൽ, വിശ്വാസിയായ ഒരാൾ കപടവിശ്വാസിയെപ്പോലെയാകുമോ, അവർ സമമാവുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. ഒരു മ്ലേച്ഛവൃക്ഷത്തിന്റെ വിത്ത് മുളക്കാൻ ഇടയായാൽ അവ കൃഷിയിടങ്ങളിൽ വളരുന്ന കളകളെപ്പോലെ പിഴുതെറിയപ്പെടുന്നതാണ്. കപടവിശ്വാസികൾ പരിശുദ്ധവചനമായ അദ്ദിക്റിനെ മൂടിവെക്കുന്ന തെമ്മാടികളാണെന്ന് 2: 99 ലും; പരിശുദ്ധവചനമായ ഗ്രന്ഥത്തെ മൂടിവെച്ചവർ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 63: 4 ലും 80: 17 ലും; അവർ അല്ലാഹുവിന്റെ ശത്രുക്കളാണെന്ന് 41: 28 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന കപടവിശ്വാസികളും ഫാജിറുകളും കെട്ടജനതയാണെന്ന് 25: 18 ലും; അവർ മാലിന്യമാണെന്ന് 9: 95 ലും വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. പരിശുദ്ധവചനം കിട്ടിയിട്ട് അതിനെ മൂടിവെച്ച ഇത്തരം യഥാർത്ഥ ഭ്രാന്തൻമാർക്കെതിരെ വിധിദിവസം ഗ്രന്ഥം കൊണ്ടുവന്ന് പ്രവാചകൻ അന്യായം ബോധിപ്പിക്കുമെന്ന് 25: 29–30 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ഇത്തരം ഫുജ്ജാറുകൾ പഠിക്കുന്നതും പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതുമെല്ലാം മനുഷ്യരെ നരകക്കുണ്ഠത്തിലേക്ക് നയിക്കുന്ന *ഫുജ്ജാർ കിതാബു*കളാണ്. ലോകത്തെവിടെയും ഒറ്റ വിശ്വാസിയും ഇല്ലാത്തവിധം ഇവരുടെ എണ്ണം പൂർണമാകുമ്പോൾ ലോകം അവസാനിക്കുമെന്ന് 46: 35 ൽ പറഞ്ഞിട്ടുണ്ട്. 4: 91; 5: 60; 7: 40; 9: 55, 85 വിശദീകരണം നോക്കുക.

27. വിശ്വാസികളായിട്ടുള്ളവരെ അല്ലാഹു സുസ്ഥിരമായ വചനം കൊണ്ട് ഇഹത്തിലും പരത്തിലും ഉറപ്പിച്ച് നിർത്തുന്നു; അക്രമികളായവരെ അല്ലാഹു വഴിപിഴക്കാൻ അനുവദിക്കുകയും ചെയ്യുന്നു, അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നവനുമാണ്.

സുസ്ഥിരമായ വചനം കൊണ്ട് ഉദ്ദേശിക്കുന്നത് സൂക്തം 24 ൽ പറഞ്ഞ പരിശുദ്ധമായ വചനം അഥവാ അദ്ദിക്ർ തന്നെയാണ്. അല്ലാഹുവും അദ്ദിക്റും ഒന്നാണെന്നിരിക്കെ അതിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്ന ആയിരത്തിൽ ഒന്നായ വിശ്വാസികൾ തന്നെയാണ് ഇഹപര ജീവിതവിജയം നേടുക എന്ന് 7: 8–9, 36, 137, 170 എന്നീ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. മൊത്തം ലോകർക്ക് സ്രഷ്ടാവിനെ പരിചയപ്പെടുത്താനുള്ള അവന്റെ സന്ദേശമായ അദ്ദിക്റിനെ മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്ന കപടവിശ്വാസിക

ളും അത് എന്ത്, എന്തിന്, എന്തുകൊണ്ട് എന്നൊന്നും മനസ്സിലാക്കാൻ ശ്രമിക്കാതെ അ തിനെ തള്ളിപ്പറയുന്ന അനുയായികളുമാണ് യഥാർത്ഥ കാഫിറുകളും അക്രമികളും തെമ്മാ ടികളും ഭ്രാന്തൻമാരുമെന്ന് യഥാക്രമം 5: 44, 45, 47; 10: 17 എന്നീ സൂക്തങ്ങളിലെല്ലാം പ റഞ്ഞിട്ടുണ്ട്. അവർ തന്നെയാണ് മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളെന്ന് 3: 10 ലും പറഞ്ഞിട്ടുണ്ട്. 1: 7; 9: 124–125; 10: 99–100; 13: 27–28 വിശദീകരണം നോക്കുക.

28. അല്ലാഹുവിന്റെ അനുഗ്രഹത്തെ നിഷേധമാക്കി മാറ്റിമറിച്ച ഒരു കൂട്ടരിലേക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞില്ലെയോ? അവർ തങ്ങളുടെ ജനതക്ക് ബോറന്മാരുടെ വീട് അനുവദനീയമാക്കിക്കൊടുത്തിരിക്കുന്നു.

29. നരകകുണ്ഠം, അതിൽ അവർ വേവിക്കപ്പെടും, അത് ദുഷിച്ച വാസസ്ഥലവുമാ കുന്നു.

അദ്ദിക്റാണ് അല്ലാഹുവിന്റെ ഏറ്റവും വലിയ അനുഗ്രഹം. ഐശ്വര്യമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി സ്വയം പര്യാപ്തരായി ഉത്തമ സമുദായമാകുന്നതിന് വേണ്ടിയാണ് അത് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതെങ്കിലും മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ അതിനെ മൂടിവെച്ചുകൊണ്ടും വളച്ചൊടിച്ചുകൊണ്ടും അവരുടെ അനുയായികളെ ഏറ്റവും ദുഷിച്ച വാസസ്ഥലവും ഭ്രാന്തൻമാരുടെ വീടുമായ നരകകുണ്ഠത്തിലേക്ക് വലിച്ചിഴച്ച് കൊണ്ടുപോകുന്നവരാണ്. ഇത്തരം മനുഷ്യപ്പിശാചുക്കളിലേക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞില്ലേ എന്നാണ് അന്ന് പ്രവാചകനോടും അതുവഴി ഇന്ന് വിശ്വാസിയോടും അല്ലാഹു ചോദിക്കു ന്നത്. 7: 176 ൽ, ഇത്തരം പണ്ഡിതനെയും അവനെ പിൻപറ്റുന്ന ജനതയെയും ഉപദ്രവി ച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോട് ഉപമിച്ചിരിക്കുന്നു. 8: 22 ൽ വിവരിച്ച പ്ര കാരം അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായ ഫുജ്ജാറുകൾ ആയിരം സ മുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഏറ്റവും ദു ഷ്ടജീവികളാണ്. 36: 59–62 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പിശാചിനെ സേവിച്ചുകൊ ണ്ടിരിക്കുന്ന ഇത്തരം ഭ്രാന്തന്മാരുടെ മരണസമയത്ത് നാഥൻ അവരോട് ഓരോരുത്ത രോടും: നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് പറയുമെന്ന 39: 59 ൽ മു ന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 159–162; 3: 78; 9: 67–68; 25: 33–34 വിശദീകരണം നോക്കുക.

30. അവർ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കിയിരിക്കുന്നു –അവന്റെ മാർഗ്ഗത്തെ ത്തൊട്ട് ജനങ്ങളെ വഴിപിഴപ്പിക്കുന്നതിന് വേണ്ടി; നീ പറയുക: നിങ്ങൾ കുറച്ചു കാലം സുഖിച്ചുകൊള്ളുക, അപ്പോൾ നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേ ക്ക് തന്നെയാണ്.

അല്ലാഹുവിനെയും പ്രവാചകനെയും അദ്ദിക്റിൽ മൂടിവെച്ച് പിശാചിനെ ജീവിപ്പി ക്കുന്ന വിചാരണയില്ലാതെ നരകത്തിൽ പോകുന്ന കപടവിശ്വാസികളാണ് അവരുടെ അ നുയായികളെ അദ്ദിക്റിനെത്തൊട്ട് തടയുന്നതിനുവേണ്ടി അല്ലാഹുവിന് സമൻമാരെയും പകരക്കാരെയും ജൽപ്പിക്കുന്നതും അനുയായികളെ അതിനുവേണ്ടി പ്രേരിപ്പിക്കുന്നതും. അപ്പോൾ അല്ലാഹുവിന്റെ കോപത്തിന് വിധേയരായ ഇത്തരം കപടവിശ്വാസികളും അ വരെ അന്ധമായി പിൻപറ്റി വഴിപിഴച്ചുപോയവരും അടങ്ങിയ ഫുജ്ജാറുകളോട് 'നിങ്ങ ൾ കുറച്ചുകാലം ഇവിടെ സുഖിച്ചു കൊള്ളുക, നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേ ക്കാണ്' എന്ന് പറയാനാണ് പ്രവാചകനും അദ്ദിക്റിനെ സത്യപ്പെടുത്തുന്ന ആയിരത്തിൽ ഒന്നായ വിശ്വാസിയും കൽപ്പിക്കപ്പെട്ടിട്ടുള്ളത്. 39: 8 ൽ, മനുഷ്യനെ ഒരു ദുരിതം ബാധി ച്ചാൽ അവൻ പൂർണ്ണമായി അവന്റെ ഉടമയിലേക്ക് തിരിഞ്ഞ് അവനെ മാത്രം വിളിച്ച് പ്രാ

ർത്ഥിക്കുന്നു, പിന്നെ അല്ലാഹുവിൽ നിന്നുള്ള ഒരു അനുഗ്രഹം അവന് ലഭിച്ചാൽ മുമ്പ് അവനെ വിളിച്ച് പ്രാർത്ഥിച്ചിരുന്ന കാര്യം തന്നെ അവൻ മറക്കുകയും അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് ജനങ്ങളെ വഴിപിഴപ്പിക്കുന്നതിന് വേണ്ടി അവന് പകരക്കാരെ വെക്കുകയും ചെയ്യുന്നു; നീ പറയുക: 'നിന്റെ നിഷേധം കൊണ്ട് നീ കുറച്ചുകാലം സുഖിച്ചുകൊള്ളുക, നിശ്ചയം നീ നരകവാസികളിൽ പെട്ടവൻ തന്നെയാണ്' എന്ന് പറഞ്ഞിട്ടുണ്ട്. സ്വർഗ്ഗത്തിൽ നിന്നാണ് എല്ലാവരും ഭൂമിയിലേക്ക് നിയോഗിച്ചയക്കപ്പെട്ടത്. അപ്പോൾ ആരാണോ എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനും സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റുമായി അദ്ദിക്റിനെ ഉപയോഗപ്പെടുത്തുന്നത്, അവർക്ക് സ്വർഗ്ഗത്തിലേക്കുതന്നെ തിരിച്ചു പോകാം. അത് വന്നുകിട്ടിയിട്ട് വിവിധ സംഘടനകളെയും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളെയും മറ്റും പിൻപറ്റി ജീവിക്കുന്ന 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകളുടെ മടക്കം നരകകുണ്ഠത്തിലേക്കുമാണ്. 2: 39; 3: 196-197; 6: 89-90 വിശദീകരണം നോക്കുക.

31. വിശ്വാസികളായവരായ എന്റെ അടിമകളോട് നീ പറയുക: നമസ്കാരം നിലനിർത്താനും നാം അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കാനും; ക്രയവിക്രയമോ ചങ്ങാതിത്തമോ വിലപ്പോകാത്ത ഒരുനാൾ വരുന്നതിനുമുമ്പ്.

അദ്ദിക്ർ കൊണ്ട് വിശ്വാസികളായവരോട് അദ്ദിക്ർ നിലനിർത്തുന്നതിനുവേണ്ടി നമസ്കരിക്കാനും അദ്ദിക്റിൽ നിന്ന് ജീവിതലക്ഷ്യം മനസ്സിലാക്കിക്കൊണ്ട് അവർക്ക് നൽകപ്പെട്ടിട്ടുള്ള എല്ലാ അനുഗ്രഹങ്ങളും മരണം വന്നുഭവിക്കുന്നതിനുമുമ്പ് അദ്ദിക്റിന്റെ വെളിച്ചത്തിൽ ചെലവഴിക്കാനുമാണ് സൂക്തം കൽപ്പിക്കുന്നത്. 2: 254 ലൂടെ വിശ്വാസികളെ വിളിച്ച് അല്ലാഹു ഇക്കാര്യം ഉണർത്തിക്കൊണ്ട് അപ്രകാരം പ്രവർത്തിക്കാത്തവരാണ് കാഫിറുകളും അക്രമികളും എന്നാണ് പറഞ്ഞിട്ടുള്ളത്. 63: 9-10 സൂക്തങ്ങളിൽ വിശ്വാസികളെ വിളിച്ച്: നിങ്ങളുടെ ധനമോ സന്താനങ്ങളോ അദ്ദിക്റിനെത്തൊട്ട് നിങ്ങളെ തടയാതിരിക്കട്ടെ, അങ്ങനെ ആരെങ്കിലും പ്രവർത്തിച്ചാൽ അപ്പോൾ അക്കൂട്ടർ തന്നെയാണ് എല്ലാം നഷ്ടപ്പെട്ടവർ എന്നും; നിങ്ങളിൽ ഒരാൾക്ക് മരണം ആസന്നമാകുന്നതിനുമുമ്പ് നാം നൽകിയതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുകയും ചെയ്യുവിൻ, മരണം ആസന്നമാകുമ്പോൾ എന്റെ നാഥാ, എന്റെ അവധി ഒരു നിശ്ചിത സമയം വരെ നീട്ടിത്തരികയാണെങ്കിൽ ഞാൻ ഗ്രന്ഥത്തെ സത്യപ്പെടുത്തിക്കൊള്ളാം, സജ്ജനങ്ങളിൽ പെടുകയും ചെയ്തുകൊള്ളാം എന്ന് നിങ്ങൾ പറയാൻ ഇടവരുന്നതിന് മുമ്പ് എന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 2-5, 62; 3: 43; 9: 71-72 വിശദീകരണം നോക്കുക.

32. അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച ഒരുവനാകുന്നു, അവൻ ആകാശത്തുനിന്ന് വെള്ളമിറക്കി, അങ്ങനെ അതുകൊണ്ട് നിങ്ങൾക്ക് ഭക്ഷണ വിഭവങ്ങളായ ഫലങ്ങളിൽ നിന്നുള്ളവയെ പുറപ്പെടുവിച്ചു, അവന്റെ കൽപന പ്രകാരം സമുദ്രത്തിൽ സഞ്ചരിക്കുവാൻ കപ്പലുകളെ നിങ്ങൾക്ക് അധീനമാക്കിത്തന്നു, നദികളെയും അവൻ നിങ്ങൾക്ക് അധീനമാക്കി തന്നിരിക്കുന്നു.

31: 31-32 സൂക്തങ്ങളിൽ, നിശ്ചയം, അവന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് നിങ്ങളെ

കാണിക്കുന്നതിന് വേണ്ടി അല്ലാഹുവിന്റെ അനുഗ്രഹത്താൽ കപ്പൽ സമുദ്രത്തിലൂടെ സഞ്ചരിക്കുന്നത് നീ കണ്ടില്ലേ, നിശ്ചയം അതിൽ എല്ലാഒരോ ക്ഷമാലുവായ നന്ദി പ്ര കടിപ്പിക്കുന്നവനും പാഠങ്ങൾ തന്നെയുണ്ട്. പർവ്വതങ്ങൾ പോലെയുള്ള തിരമാലകൾ അ വരെ മൂടുകയാണെങ്കിൽ ജീവിതം മുഴുവൻ അല്ലാഹുവിനാക്കിക്കൊണ്ട് അവനെമാത്രം വിളിച്ച് പ്രാർത്ഥിക്കുകയായി, അങ്ങനെ അവരെ നാം കരയിലേക്ക് രക്ഷപ്പെടുത്തിയാലോ, അപ്പോൾ അവരിൽ മിതത്വം പാലിക്കുന്നവരുണ്ട്, എല്ലാഒരോ വഞ്ചകനായ നന്ദികെട്ടവന ല്ലാതെ നമ്മുടെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുകയുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. 32: 4 ൽ, അല്ലാഹു എന്ന് പറയുന്നവൻ ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലു ള്ളവയെയും ആറ് നാളുകളിലായി സൃഷ്ടിച്ചവനാണ്, പിന്നെ അവൻ സിംഹാസനസ്ഥനാ യി, നിങ്ങൾക്ക് അവനെക്കൂടാതെ സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും ഇല്ലതന്നെ, അപ്പോൾ നിങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ മറ്റുള്ളവരെ ഉണർത്തു ന്നില്ലെയോ എന്ന് ചോദിച്ചിട്ടുണ്ട്. സ്വർഗ്ഗത്തിൽ സൃഷ്ടിച്ച് നാഥനുമായി ഉടമ്പടി ചെയ്ത മനുഷ്യരെ അവരുടെ നാലാം ഘട്ടത്തിൽ ഭൂമിയിൽ നിയോഗിച്ചത് പരീക്ഷണത്തിന് വി ധേയമാക്കുന്നതിന് വേണ്ടിയാണ്. അതിനുവേണ്ടിത്തന്നെയാണ് ഭൂമിയിലെ എല്ലാ അ നുഗ്രഹങ്ങളും അവന്റെ പ്രതിനിധികളായി നിശ്ചയിച്ചിട്ടുള്ള മനുഷ്യർക്ക് നൽകിയിട്ടുള്ള തും. ആ അനുഗ്രഹദാതാവിനെ കണ്ടെത്തലാണ് ജീവിതലക്ഷ്യം. ഇക്കാര്യങ്ങളെല്ലാം വി വരിക്കുന്ന അദ്ദിക്റിനെ ഉപയോഗപ്പെടുത്തി ആകാശഭൂമികളെ അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ബാധ്യത മനുഷ്യർക്കാണുള്ളത്. എന്നാൽ ആ ബാധ്യത ആയിരത്തി ലൊന്നായ വിശ്വാസികൾ മാത്രമേ നിറവേറ്റുകയുള്ളു. ഗ്രന്ഥം കിട്ടിയിട്ട് അല്ലാഹു ഉദ്ദേശി ച്ച ആശയത്തിൽ ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകൾ എല്ലാം തന്നെ കാഫിറായ പിശാ ചിനെ സേവിച്ചുകൊണ്ടിരിക്കുന്ന അവന്റെ പ്രതിനിധികളും നന്ദികെട്ടവരുമാണ്. വിചാര ണയില്ലാതെ സ്വർഗ്ഗത്തിൽ പോകുന്ന ഒറ്റ വിശ്വാസിയും ലോകത്തെവിടെയും ഇല്ലാതാകു മ്പോഴാണ് പിശാച് മനുഷ്യരൂപം പൂണ്ട് മസീഹുദ്ദജ്ജാലായി പുറപ്പെടുക. ശേഷം ഈസാ വന്ന് അവനെ വധിക്കുകയും അന്ന് ഭൂമിയിൽ മലക്കുകളുടെ സ്വഭാവത്തിൽ ജീവിക്കുന്ന മനുഷ്യരെ പ്രതിനിധികളാക്കിക്കൊണ്ട് ഇസ്ലാം നടപ്പിലാക്കുന്നതുമാണ്. 2: 152; 10: 6; 13: 2–4, 16 വിശദീകരണം നോക്കുക.

33. നിങ്ങൾക്ക് അവൻ സൂര്യനെയും ചന്ദ്രനെയും ക്രമത്തിൽ നിത്യേനയുള്ളതാക്കി വിധേയമാക്കിത്തന്നു, രാവിനെയും പകലിനെയും നിങ്ങൾക്ക് അവൻ കീഴ്പ്പെ ടുത്തിത്തരികയും ചെയ്തിരിക്കുന്നു.

സൂര്യനെയും ചന്ദ്രനെയും വിധേയമാക്കിത്തന്നു അഥവാ കീഴ്പ്പെടുത്തിത്തന്നു, എന്ന് പറഞ്ഞാൽ അവയെ മനുഷ്യർക്ക് ഉപകാരപ്പെടുന്ന രൂപത്തിൽ സംവിധാനിച്ചു എ ന്നാണ്. സൂര്യചന്ദ്രൻമാരും രാപ്പകലുകളും മാറിമാറി വരുന്ന പ്രത്യേക നിയമവ്യവസ്ഥ യുണ്ടായിരുന്നില്ലെങ്കിൽ ഇവിടെ ജീവിതം ദുസ്സഹമാകുമായിരുന്നു എന്നർത്ഥം. 41: 37–38 സൂക്തങ്ങളിൽ, രാവും പകലും സൂര്യനും ചന്ദ്രനും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്, സൂര്യനോ ചന്ദ്രനോ നിങ്ങൾ സാഷ്ടാംഗപ്രണാമം ചെയ്യരുത്, അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നിങ്ങൾ സാഷ്ടാംഗപ്രണാമം ചെയ്യുക, നിങ്ങൾ അവനെ മാത്രം സേവിച്ചു കൊണ്ടിരിക്കുന്നവരാണെങ്കിൽ. ഇനി അവർ അഹങ്കാരം നടിക്കുകയാണെങ്കിൽ അപ്പോൾ നിന്റെ നാഥന്റെ സമീപത്തുള്ളവരായവർ ആരോ, അവർ രാവും പകലും അവനെ പരിശു ദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നവരാണ്, അവർ അതിന് മടുപ്പുളവാകുന്നവരുമല്ല എന്ന് പറ

ഞ്ഞിട്ടുണ്ട്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ ഗ്ര ന്ഥത്തിൽ 15 സ്ഥലങ്ങളിൽ പറഞ്ഞ തിലാവത്തിന്റെ സുദീർഘമായ സാഷ്ടാംഗപ്രണാമം നിർവഹിക്കുന്നില്ല. മറിച്ച് ആത്മാവ് പങ്കെടുക്കാത്ത അവരുടെ നമസ്കാരങ്ങളിൽ കോഴി കൊത്തുന്ന വേഗത്തിൽ സാഷ്ടാംഗപ്രണാമം നിർവഹിക്കുകവഴി അവർ 22: 18 ൽ പറഞ്ഞ പ്രകാരം ശിക്ഷ ബാധകമായവരാണ്.

ഇന്ന് നിലവിലുള്ള പ്രപഞ്ചത്തിന്റെ സംവിധാനങ്ങളെല്ലാം മാറുന്ന അവസ്ഥയും ഇവിടെ വരാനുണ്ടെന്ന് ഗ്രന്ഥം മുന്നറിയിപ്പ് നൽകുന്നുണ്ട്. അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്ന് സൂര്യൻ കിഴക്കുനിന്ന് ഉദിക്കുന്നതിന് പകരം പടിഞ്ഞാറ് നി ന്ന് ഉദിക്കലാണ്. വിശ്വാസികൾ ഉൾകാഴ്ച്ചാദായകമായി അദ്ദിക്റിനെ ഉപയോഗപ്പെടുത്തി ആ അവസ്ഥയെ നേരിടാൻ തയ്യാറാകേണ്ടതുണ്ട്. ഭൂമിയുടെ ഇപ്പോഴത്തെ കറക്കം എതി ർ ദിശയിലാവുന്ന ദിനത്തിലാണ് സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കുന്നതും *മസീഹുദ്ദജ്ജാൽ* പുറപ്പെടുന്നതും. *ആദം സന്താനങ്ങൾക്ക് മസീഹുദ്ദജ്ജാലിന്റെ നാശത്തെപ്പോലെ മറ്റൊരു നാശവും വരാനില്ലെന്നും അവൻ പുറപ്പെടുന്ന ഒന്നാമത്തെ ദിവസം ഒരു വർഷത്തിന്റെ ദൈർഘ്യമായിരിക്കുമെന്നും രണ്ടാമത്തെ ദിവസം ഒരുമാസത്തെ ദൈർഘ്യമായിരിക്കു മെന്നും മൂന്നാമത്തെ ദിവസം ഒരു ആഴ്ചയുടെ ദൈർഘ്യമായിരിക്കുമെന്നും മറ്റുള്ള ദിവ സങ്ങളെല്ലാം നിങ്ങളുടെ സാധാരണ ദിവസങ്ങളെപ്പോലെത്തന്നെ ആയിരിക്കുമെന്നും അങ്ങനെ മൊത്തം 40 ദിവസമായിരിക്കും അവൻ ഭൂമിയിൽ ജീവിക്കുക എന്നും* പ്രപഞ്ച നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അദ്ദിക്റിനെ ഉൾകാഴ്ച്ചാദായകമായി ഉപയോഗപ്പെടുത്താത്തവരെല്ലാം മസീഹുദ്ദജ്ജാലിനെ ആദ്യം നബിയായും പിന്നീട് റബ്ബാ യിത്തന്നെയും സ്വീകരിച്ച് അവന്റെ സ്വർഗ്ഗം തെരഞ്ഞെടുക്കുന്നതാണ്. അദ്ദിക്റിനെ സ ത്യാസത്യ വിവേചന മാനദണ്ഡമായും ഉൾകാഴ്ച്ചാദായകമായും ഉപയോഗപ്പെടുത്തിക്കൊ ണ്ട് *വിശ്വാസികളോട് അവന്റെ നരകം തെരഞ്ഞെടുക്കാനാണ്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്. 2: 258; 4: 159-160; 9: 36-37 വിശദീകരണം നോക്കുക.

34. നിങ്ങൾ അവനോട് ചോദിച്ചതിൽ നിന്നെല്ലാം അവൻ നിങ്ങൾക്ക് തന്നിരിക്കുന്നു, അല്ലാഹുവിന്റെ അനുഗ്രഹത്തെ നിങ്ങൾ എണ്ണിക്കണക്കാക്കിയാൽ അതിന് നിങ്ങൾക്ക് സാധിക്കുന്നതല്ല, നിശ്ചയം മനുഷ്യൻ അക്രമിയായ നന്ദികെട്ടവൻ തന്നെയാകുന്നു.

16: 18 ൽ, അല്ലാഹുവിന്റെ അനുഗ്രഹത്തെ നിങ്ങൾ എണ്ണിക്കണക്കാക്കിയാൽ അ തിന് നിങ്ങൾക്ക് സാധിക്കുന്നതല്ല, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്. ജീവൻ നിലനിൽക്കാൻ ആവശ്യമായ വായു, വെള്ളം, വെളിച്ചം തുടങ്ങിയവയും ഭൂമിയിലെ ജീവിതത്തിനാവശ്യമുള്ള ഭക്ഷണവിഭവങ്ങളും താമ സത്തിനുള്ള വീടുകളും വംശവർദ്ധനവിനുള്ള ഇണകളും അതിജീവനത്തിന് സഹായകര മായ വ്യത്യസ്ഥമായ അഭിരുചികളും കഴിവുകളും വ്യത്യസ്ഥസ്ഥലങ്ങൾ തിരിച്ചറിയാനുള്ള അടയാളങ്ങളുമെല്ലാം എണ്ണിത്തിട്ടപ്പെടുത്താൻ സാധിക്കാത്ത അവന്റെ അനുഗ്രഹങ്ങളിൽ ചിലത് മാത്രമാണ്. ഇക്കാര്യം ത്രികാലജ്ഞാനമായ അദ്ദിക്റിൽ നിന്ന് മനസ്സിലാക്കി അല്ലാ ഹുവിന്റെ തൃപ്തിയിൽ ഉപയോഗപ്പെടുത്തുകയും അവനെ അങ്ങോട്ട് കാണുന്നില്ലെങ്കിലും അവൻ ഇങ്ങോട്ട് കാണുന്നുണ്ട് എന്ന ബോധത്തിൽ നിലകൊള്ളുകയും ഇതര സൃഷ്ടിക ളുടെ ജീവിതഭാരങ്ങൾ ഇറക്കിവെക്കാനും പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നില നിർത്താനും ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്യുമ്പോഴാ

ണ് ഒരുവൻ നന്ദിയുള്ളവനായിത്തീരുന്നത്. പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നില നിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് സ്വയം ഉപയോഗപ്പെടുത്താതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെയും മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവരാണ് അക്രമികളായ നന്ദികെട്ട മനുഷ്യർ. അവർ ഇവിടെ ജീവിച്ചതിന് പിഴയായി നരകകുണ്ഠമാണ് അവർക്ക് ലഭിക്കുക എന്ന് 25: 65–66 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കപടവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന പുരുഷൻമാരെയും സ്ത്രീകളെയും ശിക്ഷിക്കുന്നതിനും വിശ്വാസികളായ പുരുഷൻമാരിൽ നിന്നും സ്ത്രീകളിൽ നിന്നും അവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതിനും വേണ്ടിയാണ് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ അക്രമിയും അവിവേകിയുമായ മനുഷ്യനെ വഹിപ്പിച്ചത് എന്ന് 33: 72–73 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിശ്ചയം നാം നിങ്ങളെക്കുറിച്ചുതന്നെ ഓർമിപ്പിച്ചിട്ടുള്ള ഒരു ഗ്രന്ഥം ഇറക്കിയിരിക്കുന്നു, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ എന്ന് 21: 10 ൽ ചോദിച്ചിട്ടുണ്ട്. അഥവാ ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത് മനുഷ്യർ അവരവരെ തിരിച്ചറിയാനും സ്രഷ്ടാവിനെ തിരിച്ചറിയാനും ജീവിതലക്ഷ്യം തിരിച്ചറിയാനും ഭൂമിയിൽ ശാന്തിയും സമാധാനവും നിലനിർത്താനുമാണ്. 2: 119; 4: 117–118; 8: 22 വിശദീകരണം നോക്കുക.

35. ഇബ്റാഹീം പ്രാർത്ഥിച്ച സന്ദർഭവും സ്മരണീയമാണ്: എന്റെ നാഥാ, ഈ നാടിനെ നീ സുരക്ഷിതത്വമുള്ള നാടാക്കേണമേ, എന്നേയും എന്റെ സന്തതികളേയും വിഗ്രഹങ്ങളെ പൂജിക്കുന്നതിൽ നിന്ന് അകറ്റുകയും ചെയ്യേണമേ!

ഞങ്ങൾ ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും മാർഗ്ഗത്തിലാണ് ജീവിക്കുന്നതെന്ന് തെറ്റായി വാദിക്കുകയും എന്നാൽ കഅ്ബയിൽ ഇബ്റാഹീമിന്റേതും ഇസ്മാഈലിന്റേതുമടക്കം 360 വിഗ്രഹങ്ങൾ വരെ നാട്ടുകയും ചെയ്തിരുന്ന മക്കാമുശ്രിക്കുകളെ ഇബ്റാഹീമിന്റെ യഥാർത്ഥ വിശ്വാസവും പ്രാർത്ഥനയും എന്തായിരുന്നു എന്നാണ് സൂക്തം ഓർമിപ്പിക്കുന്നത്.

ഞങ്ങൾ മുഹമ്മദ് നബിയുടെയും അനുയായികളുടെയും മാർഗ്ഗം പിൻപറ്റുന്നവരാണെന്ന് വാദിക്കുകയും അല്ലാഹുവിന്റെ ഏകസംഘത്തിൽ പെടാതെ വിവിധ സംഘടനകളുണ്ടാക്കി മുശ്രിക്കുകളായിത്തീരുകയും 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായിത്തീരുകയും ചെയ്ത ഫുജ്ജാറുകളാണ് ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത്. 21: 107 ൽ 'ലോകത്തിന് മൊത്തം കാരുണ്യമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല' എന്ന് പറയപ്പെട്ട മുഹമ്മദുമായി നിങ്ങൾക്ക് യാതൊരു ബന്ധവുമില്ല. മറിച്ച് രക്തം ചിന്തുകയും നാശമുണ്ടാക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന പിശാചിനോടാണ് നിങ്ങൾക്ക് ബന്ധം എന്ന് *മൗഇളത്തായി* ഓർമ്മപ്പെടുത്തുകയുമാണ് സൂക്തത്തിലൂടെ ചെയ്യുന്നത്. *ദീനിൽ* നിർബന്ധമില്ല എന്ന് 2: 256 ലും; ഇസ്ലാമിൽ വിശ്വാസം രൂപപ്പെടുത്തൽ മാത്രമേ ഉള്ളു, അല്ലാതെ മതം മാറ്റമോ പേര് മാറ്റമോ ഇല്ല എന്ന് 2: 62 ലും; നീ എത്ര ശ്രമിച്ചാലും ജനങ്ങളിൽ അധികപേരും വിശ്വാസികളാവുകയില്ല എന്ന് 12: 103 ലും; ഒരാൾക്കും അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ വിശ്വാസിയാകാൻ സാധ്യമല്ല എന്ന് 10: 99–100 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാൾക്കും മരിക്കാൻ സാധ്യമല്ലെന്ന് 3: 145 ലും; ന്യായം കൂടാതെ ഒരാളെ വധിച്ചാൽ മനുഷ്യരെ മൊത്തം വധിക്കുന്നതിന് തുല്യമാണ്; ഒരാൾക്ക് ജീവിതം നൽകിയാൽ മൊത്തം

മനുഷ്യരെ ജീവിപ്പിച്ചത് പോലെയാണെന്ന് 5: 32 ലും പഠിപ്പിച്ചതൊന്നും കാണാത്ത മ ട്ടിൽ പ്രവാചകന്റെ പേര് വെച്ച് പ്രവാചകനെ കൊല്ലാതെ കൊല്ലുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെയാണ് ഇന്ന് സൂക്തം അഭിസംബോധനം ചെയ്യുന്നത്. അല്ലാ ഹുവിനെയും പ്രവാചകനെയും ഗ്രന്ഥത്തിന്റെ ആശയത്തിൽ മൂടിവെച്ചുകൊണ്ട് 'ഖിബ്ല' അംഗീകരിക്കാതെ നോമ്പ്, പെരുന്നാൾ എന്നിവയെല്ലാം വ്യത്യസ്ഥ നാളുകളിലാക്കി കൊ ണ്ടുനടക്കുന്ന ഇവരാണ് 41: 37 ന്റെ കൽപനക്ക് വിരുദ്ധമായി ചന്ദ്രന് സാഷ്ടാംഗപ്രണാമം ചെയ്യുന്ന ലോകത്തിലെ ഏക ജനത. 2: 189; 9: 5-6, 123 വിശദീകരണം നോക്കുക.

36. എന്റെ നാഥാ! നിശ്ചയം ഈ വിഗ്രഹങ്ങൾ മനുഷ്യരിൽ നിന്ന് ധാരാളം പേരെ വഴികേടിലാക്കിയിരിക്കുന്നു; അപ്പോൾ ആരാണോ എന്നെ പിൻപറ്റുന്നത്, അവ ൻ എന്നിൽ പെട്ടവനാണ്, ആരെങ്കിലും എന്നെ ധിക്കരിക്കുകയാണെങ്കിൽ, അ പ്പോൾ നിശ്ചയം നീ ഏറെപ്പൊറുക്കുന്ന കാരുണ്യവാനാണ്.

'വിഗ്രഹങ്ങൾ വഴികേടിലാക്കിയിരിക്കുന്നു' എന്നാണ് സൂക്തത്തിൽ പറഞ്ഞിട്ടുള്ള തെങ്കിലും യഥാർത്ഥത്തിൽ വിഗ്രഹങ്ങളല്ല, പിശാചാണ് വിഗ്രഹാരാധനയിലേക്ക് നയിക്കു കവഴി മനുഷ്യരെ വഴികേടിലാക്കുന്നത്. പിശാച് അല്ലാഹുവിനെ ധിക്കരിച്ചതുപോലെ മ നുഷ്യരെ വഴിപിഴപ്പിച്ച് നാഥനെ ധിക്കരിക്കുന്നവരാക്കി മാറ്റി അവന്റെകൂടെ നരകത്തിലേ ക്കാക്കുക എന്ന അവന്റെ ദൗത്യം നടപ്പിലാക്കുകയാണ് അതിലൂടെ ചെയ്യുന്നത്. 7: 12-33 വിശദീകരണം നോക്കുക. *എല്ലാഓരോ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പത് പേരെ അവൻ പാട്ടിലാക്കുകതന്നെ ചെയ്യുമെന്ന്* 4: 118 ന്റെ വിശദീകരണത്തിൽ പ്രപഞ്ച നാഥൻ പഠിപ്പിച്ചിട്ടുണ്ട്. ഞാനും എന്നെ പിൻപറ്റുന്നവരും അദ്ദിക്റിനെ ഉൾക്കാഴ്ചാദായക മായി ഉപയോഗപ്പെടുത്തുന്നവരാണ് എന്ന് പറയാൻ 7: 203; 12: 108 എന്നീ സൂക്തങ്ങളി ലൂടെ അല്ലാഹു പ്രവാചകനോട് കൽപിച്ചിട്ടുണ്ട്. അപ്പോൾ സൻമാർഗം വേണ്ടവർ എപ്പോ ഴും സൻമാർഗമായ അദ്ദിക്റുമായി ബന്ധപ്പെടുകയും അദ്ദിക്റിൽ നിന്ന് നിഷ്പക്ഷവാനെ കണ്ട് നിലകൊള്ളുകയും വേണം. 3: 67-68; 5: 90-91; 9: 67-68 വിശദീകരണം നോക്കുക.

37. ഞങ്ങളുടെ നാഥാ! നിശ്ചയം ഞാൻ എന്റെ സന്തതികളിൽ ഒരു വിഭാഗത്തെ കൃ ഷികളില്ലാത്ത ഈ താഴ്വരയിൽ നിന്റെ പവിത്രമായ ഭവനത്തിനടുക്കൽ താമസി പ്പിച്ചിരിക്കുന്നു, ഞങ്ങളുടെ നാഥാ, അവർ നമസ്കാരം മുറപ്രകാരം നിലനിർ ത്തുന്നതിന് വേണ്ടിയാകുന്നു അത്, അപ്പോൾ ജനങ്ങളുടെ ശ്രദ്ധ അവരിലേക്ക് നീ തിരിക്കേണമേ! അവർക്ക് ഭക്ഷണവിഭവങ്ങളായി എല്ലാ ഫലങ്ങളിൽ നിന്നും നീ പ്രദാനം ചെയ്യേണമേ -അവർ നന്ദി പ്രകടിപ്പിക്കുന്നവരാവുക തന്നെ വേണ മെന്നതിന് വേണ്ടി.

മക്കാമുശ്രിക്കുകൾ പ്രവാചകനോട് 'നിന്നോടൊപ്പം ഞങ്ങൾ സന്മാർഗമായ അദ്ദിക് ർ പിൻപറ്റുകയാണെങ്കിൽ ഞങ്ങൾ ഞങ്ങളുടെ നാട്ടിൽ നിന്ന് പുറത്താക്കപ്പെടുന്നതാണ്' എന്ന് പറഞ്ഞതും അതിന് മറുപടിയായി നാഥൻ 'നാം അവർക്ക് ഒരു സുരക്ഷിത കേന്ദ്രം നൽകിയിട്ടില്ലെയോ, അതിലേക്ക് നാനാഭാഗങ്ങളിൽ നിന്നുള്ള പഴവർഗങ്ങൾ എത്തിച്ചുകൊ ടുക്കുന്നുമുണ്ട്, എന്നാൽ ജനങ്ങളിൽ അധികപേരും അറിവില്ലാത്തവരാകുന്നു' എന്ന് പറഞ്ഞതും 28: 57 ൽ വിവരിച്ചിട്ടുണ്ട്. 2: 126-128; 9: 28, 125 വിശദീകരണം നോക്കുക.

38. ഞങ്ങളുടെ നാഥാ, നിശ്ചയം ഞങ്ങൾ മറച്ചുവെക്കുന്ന ഒന്നും വെളിപ്പെടുത്തുന്ന ഒന്നും നീ അറിയുന്നുണ്ട്, ആകാശങ്ങളിലോ ഭൂമിയിലോ ഒന്നും തന്നെ അല്ലാ ഹുവിന്റെ മേൽ മറഞ്ഞുനിൽക്കുന്നില്ല.

2: 255, 284; 3: 5; 9: 51; 10: 61 വിശദീകരണം നോക്കുക.

39. ഈ വാർദ്ധക്യകാലത്ത് എനിക്ക് ഇസ്മാഈൽ, ഇസ്ഹാഖ് എന്നീ സന്താനങ്ങളെ ഔദാര്യമായി പ്രദാനം ചെയ്ത അല്ലാഹുവിനാണ് സർവസ്തുതിയും, നിശ്ചയം എന്റെ നാഥൻ പ്രാർത്ഥന കേൾക്കുന്നവൻ തന്നെയാകുന്നു.

ഇറാഖിൽ വിഗ്രഹാരാധനക്ക് എതിരായി സ്വപിതാവിനോടും ജനതയോടും പടപൊരുതിയ ഇബ്റാഹീമിനെ അവർ തീകുണ്ഠത്തിൽ എറിയുകയും അപ്പോൾ കാര്യകാരണബന്ധത്തിന് അതീതമായി അല്ലാഹു ഇബ്റാഹീമിനെ അതിൽ നിന്ന് രക്ഷിക്കുകയുമാണുണ്ടായത്. ശേഷം പത്നി സാറയെയും സഹോദരപുത്രനായ ലൂത്തിനെയുംകൂട്ടി അദ്ദേഹം ഫലസ്തീനിലേക്ക് നാടുവിടുകയും ചെയ്തു. സന്താനങ്ങളില്ലാതിരുന്ന ഇബ്റാഹീമിന് ഈജിപ്ഷ്യൻ ഭരണാധികാരി സമ്മാനിച്ച ഭാര്യയായ 'ഹാജറ' എന്ന അടിമസ്ത്രീയിൽ ആദ്യമകൻ ഇസ്മാഈൽ ജനിക്കുകയും ഇസ്മാഈലിനെയും ഹാജറയെയും മക്കയിൽ വെള്ളമോ ചെടികളോ ഒന്നുമില്ലാത്ത സ്ഥലത്ത് കൊണ്ടുപോയി താമസിപ്പിക്കുകയും ചെയ്തു. നൂഹ് നബിയുടെ കാലത്തെ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയ *കഅ്ബ*യുടെ അടിത്തറ അല്ലാഹു കാണിച്ചു കൊടുക്കുകയും ഇബ്റാഹീമും ഇസ്മാഈലും ചേർന്ന് അത് പടുത്തുയർത്തുകയും ചെയ്തു. ശേഷം ഫലസ്തീനിൽ താമസമാക്കിയ ഇബ്റാഹീമിന് 13 വർഷങ്ങൾക്ക് ശേഷമാണ് 'സാറ'യിൽ ഇസ്ഹാഖ് ജനിക്കുന്നതിനെക്കുറിച്ചും ഇസ്ഹാഖിന്റെ മകൻ യഅ്ഖൂബിനെക്കുറിച്ചുമുള്ള സന്തോഷവാർത്ത ലഭിക്കുന്നത്. 10: 26, 103; 11: 69-73; 12: 53 വിശദീകരണം നോക്കുക.

40. എന്റെ നാഥാ! എന്നെ നീ നമസ്കാരം മുറപ്രകാരം നിലനിർത്തുന്നവനാക്കേണമേ, എന്റെ സന്തതികളിൽ നിന്നുള്ളവരെയും; ഞങ്ങളുടെ നാഥാ, നീ എന്റെ പ്രാർത്ഥന സ്വീകരിക്കുകയും ചെയ്യേണമേ!

41. ഞങ്ങളുടെ നാഥാ, വിചാരണ നടത്തുന്ന നാളിൽ എനിക്കും എന്റെ മാതാപിതാക്കൾക്കും വിശ്വാസികൾക്കും നീ പൊറുത്തുതരേണമേ!

ഇബ്റാഹീം നബിയെ തന്റെ പിതാവ് നാട്ടിൽ നിന്ന് പുറത്താക്കിയപ്പോൾ 19: 47 ൽ, താങ്കൾക്ക് മാപ്പ് തരുവാൻ ഞാൻ എന്റെ നാഥനോട് പ്രാർത്ഥിക്കുമെന്ന് ഇബ്റാഹീം പിതാവിനോട് വാഗ്ദാനം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പൊറുക്കലിനെത്തേടിയപ്പോൾ പിതാവിനെയും ഉൾപെടുത്തിയിട്ടുള്ളത്. എന്നാൽ പിതാവ് അല്ലാഹുവിന്റെ ശത്രുവാണെന്ന് ബോധ്യമായപ്പോൾ ഇബ്റാഹീം പിതാവിൽ നിന്ന് വിമുക്തനായി എന്ന് 9: 113-114 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 33: 72-73 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും അവരുടെ അനുയായികളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കുന്നതിന് വേണ്ടിയും വിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും പശ്ചാത്താപം സ്വീകരിക്കുന്നതിന് വേണ്ടിയുമാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് 9: 84-85 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകനോ വിശ്വാസിക്കോ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെ അനുസരിക്കാനോ അവർക്കുവേണ്ടി പൊറുക്കലിനെത്തേടാനോ അനുവാദമില്ല. വിശ്വാസികളായ പുരുഷൻമാർക്കും സ്ത്രീകൾക്കും വേണ്ടി മാത്രമേ വിശ്വാസി പൊറുക്കലിനെത്തേടാൻ പാടുള്ളൂ എന്ന് 47: 19; 71: 28 എന്നീ സൂക്തങ്ങളിലും, ഫുജ്ജാറുകളായ കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെയല്ല എന്ന് 13: 14; 40: 50 എന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 8: 74-75; 11: 47, 75; 58: 22 വിശ

ദീകരണം നോക്കുക.

42. അക്രമികളുടെ പ്രവർത്തനങ്ങളെത്തൊട്ട് അല്ലാഹു അശ്രദ്ധവാനാണെന്ന് നിങ്ങൾ കണക്കുകൂട്ടേണ്ടതുമില്ല, നിശ്ചയം അല്ലാഹു അവരെ ദൃഷ്ടികൾ മേൽപോട്ട് തുറിച്ചുപോകുന്ന ഒരു നാളിലേക്ക് പിന്തിപ്പിക്കുകയാകുന്നു.

അതായത് അന്ത്യദിനത്തിന്റെ ഭയാനകദൃശ്യം അവരുടെ മുമ്പിൽ വരുമ്പോൾ അവരത് തുറിച്ച് നോക്കിക്കൊണ്ടിരിക്കും, അവരുടെ കണ്ണുകൾ ഇമവെട്ടാതെ കല്ലുപോലെയുമായിരിക്കും. 22: 1-2 സൂക്തങ്ങളിൽ മനുഷ്യരെ വിളിച്ച്: നിങ്ങൾ നിങ്ങളുടെ നാഥനെ സൂക്ഷിക്കുക, നിശ്ചയം ആ അന്ത്യമണിക്കൂറിന്റെ പ്രകമ്പനം അതിഭീകരം തന്നെയാണ്, അന്നേദിനം മുലയൂട്ടുന്ന അമ്മമാർ മുലകുടിക്കുന്ന കുഞ്ഞുങ്ങളെ മറന്നുകളയുകയും ഗർഭിണികൾ അവരുടെ ഗർഭം സമയമാകുന്നതിന് മുമ്പുതന്നെ പ്രസവിച്ചുപോവുകയും ചെയ്യും, അന്നേദിനം ലഹരി ഉപയോഗിക്കാതെത്തന്നെ ജനങ്ങളെ ലഹരി ബാധിച്ചതായി നിനക്ക് കാണാം എന്ന് പറഞ്ഞിട്ടുണ്ട്. 32: 22 ൽ തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടിട്ട് പിന്നെ അവയെ അവഗണിക്കുന്നവനേക്കാൾ വലിയ അക്രമി ആരാണുള്ളത്? നിശ്ചയം ഇത്തരം ഭ്രാന്തന്മാരോട് നാം പ്രതികാരം ചെയ്യുക തന്നെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. എക്കാലത്തുമുള്ള പ്രവാചകന്മാരുടെ ജനതയിൽ പെട്ട, അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളും അനുയായികളും തന്നെയാണ് അക്രമികൾ. നാഥനിൽ നിന്നുള്ള ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥരൂപത്തിൽ ക്രോഡീകരീക്കപ്പെട്ടിരിക്കെ 56: 82 ൽ വിവരിച്ച പ്രകാരം അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഫുജ്ജാറുകൾ തന്നെയാണ് 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ. 7: 182-183; 8: 36-37; 11: 101-102 വിശദീകരണം നോക്കുക.

43. അവർ ഭയത്തോടെ തല ഉയർത്തിപ്പിടിച്ചുകൊണ്ട് ഒരേ ലക്ഷ്യത്തിലേക്ക് പാഞ്ഞടുക്കും, അവരുടെ ദൃഷ്ടികൾ അവരിലേക്ക് മടങ്ങുകയില്ല, അന്ന് അവർ ചിന്താശക്തി നഷ്ടപ്പെട്ട ശൂന്യമനസ്കരുമായിരിക്കും.

ഒരു വിളിയാളൻ അസഹ്യമായ ഒരു കാര്യത്തിലേക്ക് വിളിക്കുന്ന നാളിൽ, പേടിച്ച രണ്ട ദൃഷ്ടികളുമായി അവരുടെ ശവക്കുഴികളിൽ നിന്ന് -ചിതറിപ്പറക്കുന്ന വെട്ടുകിളികളെപ്പോലെ- അവർ പൂർണ്ണശ്രദ്ധരായി വിളിക്കുന്നവനിലേക്ക് കുതിക്കുന്നതുമാണ്, ഇത് വളരെ പ്രയാസകരമായ ഒരുദിനം തന്നെയാണെന്ന് കാഫിറുകൾ അന്ന് പറയുമെന്ന് 54: 6-8 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. *'സഖർ'* എന്ന കാഹളത്തിൽ ഊതപ്പെടുകയായി, അപ്പോൾ അവരതാ അവരുടെ ശവക്കുഴികളിൽ നിന്ന് ഒരു നാട്ടക്കുറിയിലേക്കെന്നോണം അവരുടെ നാഥനിലേക്ക് കുതിക്കുന്നതാണ്. അവർ പറയുന്നതുമാണ്, ഹാ, ഞങ്ങളുടെ നാശം! ആരാണ് ഞങ്ങളെ ഈ ഗാഢനിദ്രയിൽ നിന്ന് ഉണർത്തിയത്, ഇതാണ് നിഷ്പക്ഷവാൻ വാഗ്ദത്തം ചെയ്ത ആ ദിനം! പ്രവാചകൻമാർ സത്യം പറയുന്നവർ തന്നെയായിരുന്നു എന്ന് പറയപ്പെടുമെന്ന് 36: 51-52 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്ന അക്രമികൾക്ക് പരലോകത്ത് വരാൻ പോകുന്ന അവസ്ഥയാണ് സൂക്തം ചിത്രീകരിക്കുന്നത്. ഇന്ന് ബുദ്ധിശക്തി ഉപയോഗപ്പെടുത്തി ചിന്തിക്കുകയോ ഹൃദയം കൊണ്ട് ഓർമിക്കുകയോ ചെയ്യാതെ എന്താണ് ജീവിതം, എന്താണ് ജീവിതലക്ഷ്യം എന്നൊന്നും ബോധമില്ലാതെ ജീവിക്കുന്നവരാണ് അവർ. എന്താണ് അദ്ദിക്ർ, എന്തിനാണ് അദ്ദിക്ർ, എന്തുകൊണ്ട് അദ്ദിക്ർ ഉപയോഗപ്പെടുത്തണം, എങ്ങനെയാണ് അദ്ദിക്റിനെ ജീവിപ്പിക്കു

ക, അദ്ദിക്റിനെ മൂടിവെച്ചാലുള്ള വിപത്ത് എന്താണ്, ആരാണ് പിശാച്, ജിന്ന് കൂട്ടുകാര നായ പിശാചിനെ എങ്ങനെ വിശ്വാസിയാക്കാം തുടങ്ങിയ കാര്യങ്ങളൊന്നും ചിന്തിക്കാതെ, 7: 175–176 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഭൗതികജീവിതത്തിന്റെ മോടിയിൽ ആകൃഷ്ട രായി ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായകളെപ്പോലെ ഇഹലോകത്ത് ജീ വിതം തള്ളിനീക്കുന്നവരാണ് അവർ. 25: 21–23, 27–31; 36: 59–61 സൂക്തങ്ങളിൽ പരലോക ത്ത് അവർക്ക് വരാനിരിക്കുന്ന അവസ്ഥ വിവരിച്ചിട്ടുണ്ട്. 3: 91; 7: 40–41, 179; 10: 17–18 വിശ ദീകരണം നോക്കുക.

44. ഒരുനാളിലെ ശിക്ഷ വന്നുപെടുന്നതിന് മുമ്പ് നീ ജനങ്ങൾക്ക് മുന്നറിയിപ്പ് ന ൽകുകയും ചെയ്യുക; അപ്പോൾ ഈ അക്രമികളായവർ പറയും: ഞങ്ങളുടെ നാഥാ! ഞങ്ങളെ അടുത്ത ഒരു അവധിയിലേക്ക് നീ പിന്തിപ്പിക്കേണമേ, ഞങ്ങൾ നിന്റെ വിളിക്ക് ഉത്തരം നൽകിക്കൊള്ളാം, പ്രവാചകൻമാരെ ഞങ്ങൾ പിൻപറ്റു കയും ചെയ്യാം. നിങ്ങൾക്ക് ഒരിക്കലും ഒരു മാറ്റവും വരികയില്ല എന്ന് ഇതിനു മുമ്പ് ആണയിട്ട് പറഞ്ഞിരുന്ന അതേ ആളുകൾ തന്നെയല്ലേ നിങ്ങൾ?

സൂക്തത്തിൽ നിന്റെ വിളിക്ക് ഉത്തരം നൽകിക്കൊള്ളാം എന്നും പ്രവാചകൻമാരെ പിൻപറ്റുകയും ചെയ്യാം എന്നും പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത് 2: 186 ൽ വിവരിച്ച പ്ര കാരം നാഥനിൽ നിന്നുള്ള സന്മാർഗവും 7: 157 ൽ വിവരിച്ച പ്രകാരം പ്രവാചകനോടൊ പ്പം അവതരിപ്പിപ്പെട്ട പ്രകാശവുമായ അദ്ദിക്ർ പിൻപറ്റിക്കൊള്ളാം എന്നാണ്. 2: 136; 285 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരും നാഥനിൽ നിന്ന് ഒരേ സന്ദേ ശമായ അദ്ദിക്ർ കൊണ്ട് നിയോഗിക്കപ്പെട്ടവരായതുകൊണ്ടാണ് 'പ്രവാചകനെ പിൻപറ്റാം' എന്ന് പറയാതെ 'പ്രവാചകൻമാരെ പിൻപറ്റാം' എന്ന് പറയുന്നത്. 15: 80; 25: 37 വിശദീ കരണം നോക്കുക. 23: 99–100 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഫുജ്ജാറുകളിൽ പെട്ട ഏ തൊരാളുടെയും മരണസമയത്ത് അവൻ പറയുന്നതാണ്: എന്റെ നാഥാ! എന്നെ നീ ജീവിത മേഖലകളിലേക്ക് തിരിച്ചയച്ചാലും, മുമ്പ് ഞാൻ പ്രവർത്തിക്കാതെ വിട്ടുപോയ സൽക്ക ർമങ്ങൾ ചെയ്യുന്നതിന് വേണ്ടി! അപ്പോൾ നാഥൻ പറയുന്നതാണ്: അല്ല, അത് അവൻ പ റയുന്ന ഒരുവാക്ക് മാത്രമാണ്, അവരുടെ പിറകിൽ അവർ പുനർജീവിപ്പിക്കപ്പെടുന്നനാൾ വരെ ഒരു മറയുണ്ടായിരിക്കുന്നതുമാണ്. 7: 37 ൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളിൽ നി ന്നുള്ള ഏതൊരാളും മരണസമയത്ത് നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് അവരുടെ ആത്മാവിനെതിരെ സാക്ഷ്യം വഹിക്കുന്നതാണ്. ശിക്ഷബാധിക്കുമ്പോൾ അവർ 'ഓ ഞങ്ങളുടെ നാശം! നിശ്ചയം ഞങ്ങൾ അക്രമികൾ തന്നെയായിരുന്നു' എന്ന് വിലപിക്കുന്നതാണ് എന്ന് 21: 12–14, 46 സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 6: 93–94; 7: 4–5, 53 വിശദീകരണം നോക്കുക.

45. തങ്ങളോടുതന്നെ അതിക്രമം പ്രവർത്തിച്ചിരുന്നവരായവരുടെ വാസസ്ഥലങ്ങളി ലാണല്ലോ നിങ്ങൾ താമസിച്ചിരുന്നത്, അവരോട് നാം എങ്ങനെയാണ് പ്രവർ ത്തിച്ചതെന്ന് നിങ്ങൾക്ക് വ്യക്തമാക്കി വിശദീകരിച്ച് തന്നിട്ടുമുണ്ട്, നിങ്ങൾക്ക് നാം പലതരം ഉപമകളും ഉദാഹരിച്ച് തന്നിട്ടുമുണ്ട്.

32: 26 ൽ അല്ലാഹു ചോദിക്കുന്നു: ഇവർക്കുമുമ്പ് എത്രയെത്ര നാടുകളെയാണ് നാം നശിപ്പിച്ചിട്ടുള്ളത്, അവരുടെ വാസസ്ഥലങ്ങളിലൂടെയാണല്ലോ ഇവർ നടന്നുപോ കുന്നത്, അപ്പോൾ ഇവർക്ക് അതിൽ നിന്ന് ഗുണപാഠമൊന്നും കിട്ടുന്നില്ലെയോ, നിശ്ചയം അതിൽ ധാരാളം ഗുണപാഠങ്ങളുണ്ട്, അപ്പോൾ അവർ കേൾക്കുന്നില്ലെയോ എന്നും; 32:

27 ൽ, നിശ്ചയം നാം വരണ്ടുകീറിയ ഭൂമിയിലേക്ക് വെള്ളത്തെ നയിക്കുകയും അതിൽ നിന്ന് കൃഷികൾ പുറപ്പെടുവിക്കുകയും ചെയ്യുന്നത് അവർ കാണുന്നില്ലെയോ, അതിൽ നിന്ന് അവരുടെ കന്നുകാലികളും അവർ തന്നെയും ഭക്ഷിക്കുന്നു, അപ്പോൾ അവർ ഉൾക്കാഴ്ച ഉള്ളവരാകുന്നില്ലയോ എന്നും അല്ലാഹു ചോദിക്കുന്നു. 6: 45–47 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ കാലങ്ങളിലും പ്രവാചകന്മാരുടെ ജനതയിൽ പെട്ടവർ നാഥന്റെ സന്ദേശമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും തെമ്മാടികളായി മാറുമ്പോൾ പ്രവാചകനെയും കൂടെയുള്ള വിശ്വാസികളെയും രക്ഷപ്പെടുത്തുകയും അക്രമികളായ തെമ്മാടികളെ ഉന്മൂലനം ചെയ്യുകയുമാണ് നാഥൻ ചെയ്തിട്ടുള്ളത്. 7: 127, 137 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇജാസിൽ മഹ്ദിയുടെ ആഗമനം പ്രഖ്യാപിക്കപ്പെടുന്നതോടുകൂടി മനുഷ്യരിൽ നിന്നുള്ള വിശ്വാസികൾ അവിടേക്ക് വേർതിരിക്കപ്പെടുന്നതും അവിടെയുള്ള കപടവിശ്വാസികളും മുശ്രിക്കുകളുമടങ്ങിയ ഫുജ്ജാറുകൾ അവിടെനിന്ന് പുറത്താക്കപ്പെടുന്നതുമാണ്. 9: 28; 10: 91–92; 12: 105–106 വിശദീകരണം നോക്കുക.

46. നിശ്ചയം, അവർ അവരുടെ ഗൂഢതന്ത്രങ്ങളൊക്കെയും പയറ്റുകയുണ്ടായി, അവരുടെ ഗൂഢതന്ത്രങ്ങളൊക്കെയും അല്ലാഹുവിന്റെ പക്കൽ തന്നെയാകുന്നു, അവരുടെ ഗൂഢതന്ത്രങ്ങൾ പർവ്വതങ്ങൾ നീക്കിക്കളയാൻ ഉതകുന്നതാണെങ്കിലും ശരി!

അദ്ദിക്ർ പ്രചരിപ്പിക്കുന്നത് തടയാൻ മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ എക്കാലത്തും എല്ലാവിധ ഗൂഢതന്ത്രങ്ങളും പയറ്റിയിട്ടുണ്ട്. എല്ലാം അടക്കിഭരിക്കുന്ന അല്ലാഹുവിന്റെ പക്കൽ തന്നെയാണ് അവരുടെ മൂർദ്ധാവ് എന്നിരിക്കെ, അല്ലാഹുവിന്റെ പക്കൽ അവരുടെ ഗൂഢതന്ത്രങ്ങളൊന്നും തന്നെ വിലപ്പോയിട്ടില്ല. ഡയനാമിറ്റ് പൊട്ടിച്ച് മലകൾ നീക്കാൻ സാധിച്ചേക്കും, എന്നാൽ അല്ലാഹു ഉദ്ദേശിച്ച രീതിയിൽ അദ്ദിക്റിനെ മൊത്തം ജനങ്ങളിലേക്ക് എത്തിച്ചുകൊടുത്ത് അല്ലാഹുവിനെ സഹായിക്കുന്ന വിശ്വാസികളെ സ്വയം ബോംബായി വന്ന് പൊട്ടിത്തെറിച്ചോ മറ്റു ഗൂഢതന്ത്രങ്ങൾ വഴിയോ നശിപ്പിക്കാൻ സാധിക്കുകയില്ലെന്നാണ് അല്ലാഹു മുന്നറിയിപ്പ് നൽകുന്നത്. അദ്ദിക്റിനെ ജീവിപ്പിക്കുന്ന വിശ്വാസികളെ 5: 48 ൽ വിവരിച്ച പ്രകാരം അത് എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്നതാണ്. 3: 54; 6: 123–124; 8: 30; 11: 55–56 വിശദീകരണം നോക്കുക.

47. അപ്പോൾ അല്ലാഹു അവന്റെ പ്രവാചകൻമാരോട് ചെയ്ത അവന്റെ വാഗ്ദാനങ്ങൾ ലംഘിക്കുമെന്ന് നീ കണക്കുകൂട്ടരുത്, നിശ്ചയം അല്ലാഹു ചോദ്യം ചെയ്യപ്പെടാത്ത അജയ്യനും പ്രതികാരം ചെയ്യുന്നവനും തന്നെയാകുന്നു.

നിശ്ചയം നാഥൻ പ്രവാചകന്മാരെയും വിശ്വാസികളെയും ഇഹത്തിലും സാക്ഷികൾ നിലവിൽ വരുന്ന നാളിലും സഹായിക്കുക തന്നെ ചെയ്യുമെന്ന് 40: 51 ലും; നിശ്ചയം നാം നിനക്കുമുമ്പ് പ്രവാചകന്മാരെ അവരുടെ ജനതയിലേക്ക് അയച്ചിട്ടുണ്ട്; അവർ അവരിലേക്ക് അദ്ദിക്റും കൊണ്ട് ചെന്നു, അപ്പോൾ ഭ്രാന്തന്മാരായവരോട് നാം പ്രതികാരം ചെയ്യുകയുണ്ടായി, വിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ ബാധ്യത തന്നെയായിരുന്നു എന്ന് 30: 47 ൽ പറഞ്ഞിട്ടുണ്ട്. 5: 48 ൽ വിവരിച്ച പ്രകാരം ഇന്ന് അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിക്കുന്നവനാരോ, അവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. വിശ്വാസി മാത്രമേ അദ്ദിക്റിനെ എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടുമെല്ലാം കാത്തുസൂക്ഷിക്കുന്ന

പരിചയും മുഹൈമിനുമായി ഉപയോഗപ്പെടുത്തുകയുള്ളൂ. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ ഭ്രാന്തന്മാർ പ്രകാശമായ അദ്ദിക്റിനെ ഊതിക്കെടുത്താൻ ശ്രമിക്കുന്നവരാണെന്ന് 9: 32–33 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 268; 3: 80–81, 194; 10: 102–103 വിശദീകരണം നോക്കുക.

48. ഒരുദിനം ഭൂമി അതല്ലാത്ത ഭൂമിയായി മാറ്റിമറിക്കപ്പെടുന്നതാണ്, ആകാശങ്ങളും; അന്ന് സർവ്വവും എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനായ അല്ലാഹുവിന്റെ സന്നിധിയിൽ മറയില്ലാതെ ഹാജരാക്കപ്പെടുകയും ചെയ്യും.

20: 105–107 സൂക്തങ്ങളിൽ, വിധിദിവസത്തെ സംബന്ധിച്ച് കാഫിറുകളായവർ ചോദിക്കുന്നതാണ്: അന്ന് ഈ പർവ്വതങ്ങളെല്ലാം എവിടെപ്പോകും? അപ്പോൾ നീ പറയുക: എന്റെ നാഥൻ അവയെയെല്ലാം ഇടിച്ചുപൊടിച്ച് പൊടിപടലമാക്കുന്നതും ഭൂമിയെ മിനുസമുള്ള ഒറ്റ പ്രതലമാക്കുന്നതുമാണ്, അന്ന് നീ ഭൂമിയിൽ എവിടെയും ഉയർച്ചയോ താഴ്ച്ചയോ വളവോ തിരിവോ ഒന്നും കാണുകയുമില്ല എന്നും; 86: 11–12 സൂക്തങ്ങളിൽ, പൂർവ്വിക അവസ്ഥ പ്രാപിക്കുന്ന ആകാശവുമാണ് സത്യം, ഉഴുതുമറിച്ച് നിരപ്പാക്കുന്ന ഭൂമിയുമാണ് സത്യം എന്ന് പറഞ്ഞിട്ടുണ്ട്. 50: 44 ൽ, അന്ന് ഭൂമി പൊട്ടിപ്പിളരുന്നതും അതിലുള്ള മനുഷ്യരടക്കമുള്ള എല്ലാവരും വളരെ വേഗത്തിൽ പുറപ്പെടുന്നതുമാകുന്നു. അങ്ങനെ ഒരു ഒരുമിച്ചുകൂട്ടൽ നടപ്പിലാക്കുന്നത് നമ്മെ സംബന്ധിച്ചിടത്തോളം വളരെ എളുപ്പമാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഈ ഒരുമിച്ചുകൂട്ടൽ ഒറ്റ മാർബിളെന്നോണം വിതാനിച്ച ഭൂമിയിൽ തന്നെ ആയിരിക്കുന്നതാണ്.

എല്ലാ ഓരോരുത്തരും ആദ്യപ്രാവശ്യം ജനിച്ചതുപോലെ നഗ്നരായും നഗ്നപാദരായും ചേലാകർമ്മരഹിതരായും ഒറ്റക്കൊറ്റക്കായിട്ടുമാണ് സ്രഷ്ടാവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുക. ഇന്ന് നാം ജീവിക്കുന്നതുപോലെത്തന്നെ ശരീരത്തോടും ആത്മാവോടും കൂടിയ ജീവിതം തന്നെയായിരിക്കും പരലോകജീവിതമെന്നും ഭൂമുഖത്തുനിന്ന് തിരോധാനം ചെയ്ത അതേ വ്യക്തിത്വത്തോടുകൂടി തന്നെയായിരിക്കും ഓരോ വ്യക്തിയും അവിടെ പുനർജീവിപ്പിക്കപ്പെടുക എന്നും ഗ്രന്ഥം പഠിപ്പിക്കുന്നുണ്ട്. സ്വർഗ്ഗവും നരകവുമെല്ലാം നേരത്തെത്തന്നെ ഒരുക്കിവെച്ചിട്ടുള്ളതാണ്. ഗ്രന്ഥം കിട്ടിയിട്ട് അദ്ദിക്റിനെത്തൊട്ട് ഇഹലോകത്തുവെച്ച് കണ്ണിന് മൂടിയുണ്ടായിരുന്ന കാഫിറുകളുടെ അടുത്തേക്ക് നരകക്കുണ്ഠം അടുപ്പിക്കുന്നതും ആ നരകക്കുണ്ഠത്തിൽ അവരുടെ മുഖം വ്യക്തികളുടേതും ശരീരം ഐഹികലോകത്തുള്ള അവരുടെ സ്വഭാവത്തെ പ്രതിനിധീകരിക്കുന്ന വിധത്തിലുള്ള വിവിധ ജീവികളുടേതുമാക്കി മാറ്റപ്പെടുന്നതുമാണ്. അദ്ദിക്റിനെ സത്യപ്പെടുത്തുന്ന സൂക്ഷ്മാലുക്കൾക്ക് സ്വർഗ്ഗം വിദൂരമല്ലാതെ അടുപ്പിക്കുന്നതുമാണ് എന്ന് 50: 31 ലും പറഞ്ഞിട്ടുണ്ട്. 5: 60; 6: 91; 9: 67–68 വിശദീകരണം നോക്കുക.

49. അന്നാളിൽ ഭ്രാന്തൻമാരെ ചങ്ങലകളിൽ ബന്ധിക്കപ്പെട്ടവരായി നീ കാണുന്നതുമാണ്.

50. അവരുടെ ഉടുപ്പുകൾ ടാർ കൊണ്ടുള്ളതായിരിക്കും, അവരുടെ മുഖങ്ങൾ തീയാൽ മൂടപ്പെടുകയും ചെയ്യും!

ഇന്ന് മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്ന ഫുജ്ജാറുകൾ അവൻ വന്നാൽ അവനെ ആദ്യം നബിയായും ശേഷം ദൈവമായിത്തന്നെയും അംഗീകരിക്കുന്നതും, ശേഷം ഈസാ രണ്ടാമത് വന്നാൽ മസീഹുദ്ദജ്ജാൽ വധിക്കപ്പെടുന്നതും തുടർന്ന് അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനതവിഭാഗങ്ങളാൽ 4: 91; 5: 33; 9: 5, 123; 33:

60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കപ്പെടുന്നതുമാണ്. 4: 158-159; 7: 40; 8: 22 വിശദീകരണം നോക്കുക.

51. അല്ലാഹു എല്ലാഓരോ ആത്മാവിനും അവൾ സമ്പാദിച്ചതിനുള്ള പ്രതിഫലം നൽകുന്നതിന് വേണ്ടി, നിശ്ചയം അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവൻ തന്നെയാണ്.

നാലാം ഘട്ടത്തിൽ മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളതും അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളതും ത്രികാലജ്ഞാനമായ അത് ഉപയോഗപ്പെടുത്തി അവരിൽ ആരാണ് ജീവിത ലക്ഷ്യം മനസ്സിലാക്കി സ്വർഗ്ഗം ഇവിടെ പണിയുക എന്ന് പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. സ്വർഗ്ഗം ഇവിടെ പണിതവർക്ക് അവർ പണിത സ്വർഗ്ഗത്തിലേക്ക് തിരിച്ചുപോകാവുന്നതാണ്. അദ്ദിക്ർ ലഭിച്ചിട്ട് അതിനെ *മുഹൈമിനായി* ഉപയോഗപ്പെടുത്തുകയും മറ്റുള്ളവർക്ക് പരിചയപ്പെടുത്തുകയും ചെയ്യാത്ത കാഫിറുകൾ സമ്പാദിക്കുന്നത് നരകക്കുണ്ഠമായതിനാൽ അവരുടെ മടക്കം നരകക്കുണ്ഠത്തിലേക്കുമാണ്. അന്ത്യമണിക്കൂർ നടപ്പിൽ വരുന്ന ദിനം മനുഷ്യർ വേർതിരിക്കപ്പെടുന്നതാണ്. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ആരാണോ വിശ്വാസം കൈക്കൊള്ളുകയും ആ വിശ്വാസം ജനങ്ങൾക്ക് എത്തിക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്തത്, അവർ സ്വർഗ്ഗപ്പൂന്തോപ്പുകളിൽ ആഹ്ലാദിച്ചുല്ലസിച്ച് കഴിഞ്ഞുകൂടുന്നതാണ്. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ആരാണോ നമ്മുടെ സൂക്തങ്ങളെ മൂടിവെക്കുകയും തള്ളിപ്പറയുകയും പരലോകത്തെ കണ്ടുമുട്ടുന്നതിനെ നിഷേധിക്കുകയും ചെയ്തത്, അപ്പോൾ അക്കൂട്ടർ ശിക്ഷയിൽ ഒരുമിച്ച് കൂട്ടപ്പെടുന്നതുമാണ് എന്ന് 30: 14-16 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 94-95; 3: 30, 136, 182; 9: 82; 17: 13-15 വിശദീകരണം നോക്കുക.

52. ഇത് മൊത്തം മനുഷ്യർക്കുവേണ്ടിയുള്ള ഒരു വെളിപ്പെടുത്തലാകുന്നു; അതുകൊണ്ട് അവർ മുന്നറിയിപ്പ് നൽകപ്പെടേണ്ടതിനും നിശ്ചയം അല്ലാഹു മാത്രമാണ് ഏകഇലാഹ് എന്ന് അവർ അറിയേണ്ടതിനും ബുദ്ധിമാൻമാർ ഹൃദയം കൊണ്ട് ഓർമിക്കുന്നതിനുവേണ്ടിയും.

അദ്ദിക്ർ മൊത്തം മനുഷ്യർക്കുള്ള അല്ലാഹുവിന്റെ സന്ദേശമാണ്. സ്രഷ്ടാവായ ഉടമ ഏകനായ അല്ലാഹു മാത്രമാണ് എന്ന് മൊത്തം മനുഷ്യരെ മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയാണ് ഇത് അവതരിപ്പിച്ചിട്ടുള്ളത്. ഈ ഗ്രന്ഥം ജീവനുള്ളവരെ മുന്നറിയിപ്പ് നൽകുന്നതിനും ഗ്രന്ഥം കിട്ടിയിട്ട് മൂടിവെക്കുന്ന കാഫിറുകളുടെ മേൽ ശിക്ഷാവിധി നടപ്പിലാക്കുന്നതിനും വേണ്ടിയാണ് അവതരിപ്പിച്ചിട്ടുള്ളത് എന്ന് 36: 70 ലും; അദ്ദിക്ർ ശ്രദ്ധിച്ച് കേൾക്കുന്നവരും അതിനെ ഏറ്റവും നല്ല നിലയിൽ പിൻപറ്റുന്നവരുമായ ബുദ്ധിമാന്മാർ മാത്രമേ ഹൃദയം കൊണ്ട് ഓർമ്മിക്കുകയും പാഠം ഉൾകൊള്ളുകയും ചെയ്യുകയുള്ളൂ എന്ന് 39: 17-18 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 25; 3: 190-191; 10: 57-58, 108 വിശദീകരണം നോക്കുക.

15. അൽ ഹിജ്ർ

ഹിജ്ർ വാസികളും പ്രവാചകൻമാരെ കളവാക്കിയിട്ടുണ്ട് എന്ന് 80-ാം സൂക്തത്തിൽ പറഞ്ഞതിൽ നിന്നാണ് ഈ സൂറത്തിന് അൽ ഹിജ്ർ എന്ന പേര് വന്നിട്ടുള്ളത്. സൂറത്തിലെ അഭിസംബോധനരീതി വളരെ കർക്കശമായ ശൈലിയിലാണ് എന്നതിനാൽ പ്രവാചകന്റെ മക്കാജീവിതത്തിലെ അവസാനഘട്ടത്തിലാണ് ഇത് അവതരിപ്പിച്ചത്. പ്രവാചകനെയും അന്ത്യനാൾ വരെയുള്ള വിശ്വാസികളെയും ആശ്വസിപ്പിച്ചുകൊണ്ടുള്ള സൂക്തങ്ങളും അവരെ സത്യത്തിൽ ഉറപ്പിച്ചുനിർത്താനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സൂക്തങ്ങളും ഈ സൂറത്തിൽ കാണാം.

അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് അല്ലാഹുവാണെന്നും അതിന്റെ സംരക്ഷണം അവൻ തന്നെയാണ് ഏറ്റെടുത്തിട്ടുള്ളത് എന്നും പഠിപ്പിക്കുന്നു. ഏതൊരു സമുദായത്തെയും ക്ലിപ്തമായ ഒരു അവധി നിശ്ചയിച്ചിട്ടല്ലാതെ നശിപ്പിച്ചിട്ടില്ല എന്ന് ശിക്ഷക്കുവേണ്ടി ധൃതികൂട്ടുന്ന കാഫിറുകൾക്ക് മറുപടി നൽകിയിട്ടുണ്ട്. ജിന്നുകളുടെയും മനുഷ്യരുടെയും സൃഷ്ടിപ്പിനെക്കുറിച്ച് പ്രതിപാദിച്ച ശേഷം, 28-48 സൂക്തങ്ങളിൽ ആദം-ഇബ്ലീസ് സംഭവചരിത്രം വിവരിച്ച് അല്ലാഹുവിന്റെ യഥാർത്ഥവഴിയും പിശാചിന്റെ വിവിധ വഴികളും വ്യക്തമാക്കിയിട്ടുണ്ട്. വനവാസികളും ഹിജ്ർ വാസികളുമടക്കം പ്രവാചകൻമാരെ കളവാക്കിയിട്ടുള്ള എല്ലാ ജനതകളും നശിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് താക്കീത് നൽകുന്നു. പ്രവാചകന് മാത്രമായി നൽകിയിട്ടുള്ള ഫാത്തിഹഃയും ആവർത്തിച്ച് വായിക്കപ്പെടേണ്ട ഗ്രന്ഥവും ഉപയോഗപ്പെടുത്തി ജനങ്ങളുടെ എതിർപ്പുകളിൽ നിന്നെല്ലാം രക്ഷ നേടിക്കൊള്ളണമെന്നും ഇതിനുമുമ്പ് ഗ്രന്ഥം നൽകപ്പെട്ട വിഭാഗങ്ങളെല്ലാം ഗ്രന്ഥത്തെ തള്ളിപ്പറഞ്ഞിട്ടുണ്ടെന്നും പഠിപ്പിക്കുന്നു. നിന്റെ നാഥനെ വാഴ്ത്തുകയും സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുക, മരണം ആസന്നമാകുന്നതുവരെ നിന്റെ നാഥനെ മാത്രം സേവിക്കുക എന്നീ കൽപനകളോടുകൂടി 99 സൂക്തങ്ങളടങ്ങിയ സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. അലിഫ്-ലാം-റാ; ഇതെല്ലാം ഒരു ഗ്രന്ഥത്തിലെ സൂക്തങ്ങളും വ്യക്തമായ ഒരു വായനയുമാകുന്നു.

അലിഫ്-ലാം-റാ എന്നാൽ ഞാൻ അല്ലാഹു കാണുന്നു എന്നാണ്. ഒറ്റഗ്രന്ഥം മാത്രമാണ് നാഥനിൽ നിന്ന് വിവിധ കാലഘട്ടങ്ങളിലായി ഭൂമിയിലേക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളൂ എന്നും അതിന്റെ അവസാനരൂപമാണ് ഈ ഗ്രന്ഥമെന്നും ഈ സൂക്തവും പഠിപ്പിക്കുന്നു. ഗ്രന്ഥത്തിലെ സൂക്തങ്ങൾ വളരെ വ്യക്തവും സ്പഷ്ടവുമാണെന്ന് ഉണർത്തുകയും ചെയ്യുന്നു. വ്യക്തമായ ഒരു വായനയാണ് അദ്ദിക്ർ എന്ന് 36: 69 ൽ പറഞ്ഞിട്ടുണ്ട്. അറബി ഖുർആനല്ല, മറിച്ച് അദ്ദിക്ർ ആണ് വ്യക്തമായ വായന. എന്നാൽ 2: 2 ൽ വിവരിച്ച പ്രകാരം സൂക്ഷ്മാലുക്കൾ മാത്രമേ അതിനെ സന്മാർഗമായി സ്വീകരിക്കുകയുള്ളൂ. 11: 1; 12: 1; 14: 1 വിശദീകരണം നോക്കുക.

2. കാഫിറായവർ അവർ സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവരായിരുന്നുവെങ്കിൽ എന്ന് വീണ്ടും വീണ്ടും ആഗ്രഹിക്കുന്ന സമയം അടുത്തുവരുന്നുണ്ട്.

ഈസാ രണ്ടാമത് വന്ന് കാഫിറായ മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി യഥാർത്ഥ ഇസ്ലാം ലോകമെങ്ങും വ്യാപിക്കുമ്പോൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടിരുന്ന, അല്ലാഹു കൊന്നുകളഞ്ഞ കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ ജീവിതം മുഴുവൻ അദ്ദിക്റിന്റെ വെളിച്ചത്തിൽ ക്രമപ്പെടുത്തി അല്ലാഹുവിന് സമർപ്പിച്ച് ജീവിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് ആഗ്രഹിച്ചുപോകും എന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. ഇജാസിൽ മഹ്ദി വരുന്നതോടുകൂടി ലോകത്തുള്ള വിശ്വാസികൾ ഇജാസിലേക്ക് വേർതിരിക്കപ്പെടുന്നതും അപ്പോൾ ഫുജ്ജാറുകൾ 'ഓ എന്റെ നാഥാ! ഞാൻ അദ്ദിക്ർ പിൻപറ്റിയിരുന്നെങ്കിൽ വിശ്വാസികളോടൊപ്പം ഞാനും ഇജാസിലേക്ക് വേർതിരിക്കപ്പെടുമായിരുന്നുവല്ലോ' എന്ന് വിലപിക്കുന്നതാണ് എന്നും ആശയമുണ്ട്. 39: 55 ൽ, ശിക്ഷ അഥവാ മരണം നിങ്ങൾക്ക് വന്നുപെടുന്നതിനുമുമ്പ് നിങ്ങളുടെ നാഥനിൽ നിന്ന് ഇറക്കപ്പെട്ട ഏറ്റവും നല്ലത് -അദ്ദിക്ർ- പിൻപറ്റുക എന്നും; 39: 56-58 സൂക്തങ്ങളിൽ, അങ്ങനെ ചെയ്യാത്തവർ; ഓ കഷ്ടം, ഞാൻ അല്ലാഹുവിന്റെ കാര്യത്തിൽ അശ്രദ്ധനായല്ലോ, ഞാൻ അല്ലാഹുവിന്റെ മാർഗ്ഗത്തെ പരിഹസിക്കുന്നവനായല്ലോ, അല്ലെങ്കിൽ അല്ലാഹു എന്നെ സൻമാർഗത്തിൽ ആക്കിയിരുന്നുവെങ്കിൽ ഞാൻ സൂക്ഷ്മതയുള്ളവരിൽ പെട്ടവനാകുമായിരുന്നല്ലോ, അല്ലെങ്കിൽ ശിക്ഷ കാണുമ്പോൾ 'എനിക്ക് ഒരു അവസരം കൂടി കിട്ടിയിരുന്നുവെങ്കിൽ ഞാൻ അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവരിൽ പെട്ടവൻ തന്നെ ആകുമായിരുന്നല്ലോ' എന്ന് വിലപിക്കുമെന്നും; 39: 59 ൽ, അവരുടെ മരണസമയത്ത് നാഥൻ അവരോട്: അല്ല, നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അവയെ തള്ളിപ്പറഞ്ഞു, നീ എല്ലാം തികഞ്ഞവനാണെന്ന് അഹങ്കരിക്കുകയും ചെയ്തു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് പറയുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 4: 91; 8: 2-4; 14: 28-30 വിശദീകരണം നോക്കുക.

3. അവരെ തിന്നാനും സുഖിക്കാനും വിടുക -തെറ്റിദ്ധാരണയാൽ അവരെ നശിപ്പിക്കപ്പെടാനും, അപ്പോൾ അവർ താമസിയാതെ അറിയുകതന്നെ ചെയ്യും.

എല്ലാ തെറ്റിദ്ധാരണകളും തിരുത്താനും ജീവിതലക്ഷ്യം മനസ്സിലാക്കാനുമുള്ളതാണ് അദ്ദിക്ർ. പരലോകത്തെ നിഷേധിക്കുന്നവർ ജീവിതലക്ഷ്യം വെടിഞ്ഞവരും ഐഹികജീവിതം കൊണ്ട് തൃപ്തിപ്പെട്ടവരുമാണ്. ജീവൻ, ആത്മാവ്, ശരീരം എന്നിവ വേർതിരിച്ചറിയാതെയും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവുമായ അദ്ദിക്ർ ഉപയോഗപ്പെടുത്താതെയും ശരീരത്തിന്റെ ഭക്ഷണവും വസ്ത്രവും മാത്രം ഉപയോഗപ്പെടുത്തി ജീവിക്കുന്നവരാണ് അവർ. അവരുടെ മിഥ്യാധാരണ അവരുടെ പ്രവർത്തനങ്ങളെയെല്ലാം പാഴാക്കിക്കളഞ്ഞിരിക്കുന്നു. 2: 186 ൽ വിവരിച്ച പ്രകാരം അവരുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ അവരുടെ നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ്, ഉംറ തുടങ്ങിയ കർമ്മങ്ങളൊന്നും സ്വീകരിക്കപ്പെടുകയോ ഇല്ല. ഊഹങ്ങളെ മാത്രം പിൻപറ്റുന്ന അവരുടെ ധാരണ ഗ്രന്ഥം പഠിപ്പിക്കുന്നതിന് നേരെ വിരുദ്ധമാണ്, അഥവാ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതും സ്വർഗത്തിലേക്കും ഒന്ന് മാത്രം നരകത്തിലേക്കുമാണ് എന്നാണ്. 3: 7 ൽ വിവരിച്ചപ്രകാരം ഗ്രന്ഥം വായിക്കുന്ന ഫുജ്ജാറുകളായ അവർ തന്നെയാണ് 3: 10 ൽ പറഞ്ഞ നരകത്തിന്റെ വിറകുകളായ യഥാർത്ഥ കാഫിറുകൾ. 14: 3, 18; 17:

97-98 വിശദീകരണം നോക്കുക.

4. നാടുകളിൽ നിന്ന് ഒന്നിനെയും നാം നശിപ്പിച്ചിട്ടുമില്ല, അതിന് രേഖപ്പെടുത്തിയ അറിയപ്പെട്ട ഒരു നിശ്ചിത അവധി ഉണ്ടായിട്ടല്ലാതെ.

5. സമുദായങ്ങളിൽ നിന്ന് ഒന്നും തന്നെ അതിന് നിശ്ചയിച്ച അവധി മുൻകടക്കുന്നവരാവുകയില്ല, അവർ പിന്തിക്കപ്പെടുന്നവരാവുകയുമില്ല.

അല്ലാഹു മനുഷ്യരെ അവരുടെ അക്രമം കാരണം പിടികൂടിയിരുന്നുവെങ്കിൽ ഭൂമിയുടെ മുകളിൽ ഒരു ജീവജാലത്തെയും ബാക്കിയാക്കുമായിരുന്നില്ല, എന്നാൽ നിർണ്ണയിക്കപ്പെട്ട ഒരു അവധിവരെ അവരെ പിന്തിപ്പിക്കുകയാകുന്നു, അവരുടെ അവധി എത്തിക്കഴിഞ്ഞാൽ ഒരുനിമിഷം പിന്തിപ്പിക്കുകയോ മുന്തിപ്പിക്കുകയോ ഇല്ല എന്ന് 16: 61 ലും; ജനങ്ങൾ സമ്പാദിച്ചതിന്റെ പേരിൽ അല്ലാഹു അവരെ പിടികൂടുകയായിരുന്നുവെങ്കിൽ ഭൂമിയുടെ മുകളിൽ ഒരു ജീവജാലത്തെയും ബാക്കിയാക്കുമായിരുന്നില്ല, എന്നാൽ നിർണ്ണയിക്കപ്പെട്ട ഒരു അവധിവരെ സമയം നീട്ടിക്കൊടുക്കുകയാകുന്നു, അപ്പോൾ അവരുടെ അവധി വന്നുകഴിഞ്ഞാൽ നിശ്ചയം അല്ലാഹു അവന്റെ അടിമകളെ വീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ തന്നെയാകുന്നു എന്ന് 35: 45 ലും പറഞ്ഞിട്ടുണ്ട്. സത്യത്തെ നിഷേധിച്ച ഒരു ജനതയെ ഉടനെ പിടിച്ച് ശിക്ഷിക്കുക എന്നത് നാഥന്റെ ചര്യയല്ല എന്നിരിക്കെ ദീനിനെ കളവാക്കുകയും പരിഹസിക്കുകയും ചെയ്യുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അവിവേകികളായവരും തങ്ങൾക്ക് ഇതുവരെയും ശിക്ഷയൊന്നും ലഭിക്കാത്തതിന്റെ പേരിൽ തങ്ങൾ സത്യത്തിലാണെന്ന് തെറ്റിദ്ധരിക്കേണ്ടതില്ല, ഓരോരുത്തർക്കും കേൾക്കാനും മനസ്സിലാക്കാനും ബോധവാന്മാരാകാനും എത്രസമയം നൽകണമെന്ന് ആദ്യമേ തീരുമാനിച്ചവനാണ് ത്രികാലജ്ഞാനിയായ നാഥൻ.

ഇന്ന് അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ച് കൊടുക്കുകവഴി ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് അവയുടെ ആത്മാവുകൊണ്ട് അവയുടെ നാഥനെ കീർത്തനം ചെയ്യാനും പ്രാർത്ഥനകൾ നടത്താനും അവസരം ഒരുക്കിക്കൊണ്ട് പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടാനും, 25: 68-70 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവന്റെ കഴിഞ്ഞുപോയ എല്ലാ തെറ്റുകുറ്റങ്ങളും നന്മകളായി പരിവർത്തിപ്പിക്കാനും സാധിക്കുന്നതാണ്. 6: 2; 10: 19; 11: 59; 35: 37 വിശദീകരണം നോക്കുക.

6. അവർ പറയുകയും ചെയ്യുന്നു: അദ്ദിക്ർ തന്റെമേൽ ഇറക്കപ്പെട്ടിട്ടുണ്ടെന്ന് പറയുന്നവനേ, നിശ്ചയം നീ ഒരു ജിന്ന് ബാധിച്ചവൻ തന്നെയാകുന്നു.

16: 44 ൽ, നിനക്ക് നാം ഈ അദ്ദിക്ർ അവതരിപ്പിച്ചിരിക്കുന്നു -ജനങ്ങൾക്ക്, എന്താണോ ഇറക്കപ്പെട്ടത്, അത് അവർക്ക് നീ വെളിവാക്കി കൊടുക്കുന്നതിന് വേണ്ടി, അവർ ആലോചിച്ച് പ്രതിഫലിപ്പിക്കുന്നതിന് വേണ്ടിയും എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ മൊത്തം ജനങ്ങൾക്കുള്ള സ്രഷ്ടാവിന്റെ വിധിവിലക്കുകളാണ്. 23: 70 ൽ, അതോ അവന് ജിന്ന് ബാധിച്ചിരിക്കുകയാണെന്ന് അവർ പറയുന്നുവോ? അല്ല; അവർക്ക് സത്യം -അദ്ദിക്ർ- വന്നുകിട്ടി, എന്നാൽ അവരിൽ അധികപേരും സത്യത്തെ വെറുക്കുന്നവർ തന്നെയാകുന്നു എന്നും; 23: 71 ൽ, അല്ല; അവർക്ക് അവരെക്കുറിച്ചുള്ള ദിക്ർ വന്നുകിട്ടി, അപ്പോൾ അവർ അവരെക്കുറിച്ചുള്ള ദിക്റിനെ അവഗണിച്ചുകൊണ്ടിരിക്കുന്നവരാണ് എന്നും പറഞ്ഞിട്ടുണ്ട്. 21: 10 ൽ, നിശ്ചയം നിങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കുന്ന ഒരു ഗ്രന്ഥം നിങ്ങൾക്ക് നാം ഇറ

ക്കുകതന്നെ ചെയ്തിട്ടുണ്ട്, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ എന്ന് ചോദിക്കുന്നുണ്ട്. ജിന്നുകളിൽ പെട്ട പിശാചുക്കളാണ് മുഹമ്മദിന് അദ്ദിക്ർ കൊണ്ടുവന്ന് കൊ ടുക്കുന്നതെ ന്ന് കാഫിറുകൾ ആരോപിച്ചതിന് മറുപടിയായി 26: 210–212 സൂക്തങ്ങളിൽ അല്ലാഹു പ റയുന്നു: പിശാചുക്കൾ അദ്ദിക്റും കൊണ്ട് ഇറങ്ങിയിട്ടില്ല, അവർക്ക് അത് യോജിച്ചതുമ ല്ല, അവർക്ക് അതിന് സാധിക്കുകയുമില്ല, നിശ്ചയം അവർ അത് കേൾക്കുന്നതിനെത്തൊട്ട് അകറ്റപ്പെട്ടവരാകുന്നു. 81: 25 ൽ, ഇത് ശപിക്കപ്പെട്ട് അകറ്റപ്പെട്ട പിശാചിന്റെ വാക്കുകളല്ല എന്നും; 81: 27 ൽ, ഇത് സർവ്വലോകർക്കുമുള്ള ഒരു ഉണർത്തലല്ലാതെ അല്ല എന്നും പറഞ്ഞിട്ടുണ്ട്. 26: 192–196 സൂക്തങ്ങളിൽ, നിശ്ചയം ഇത് സർവ്വലോകങ്ങളുടെയും ഉടമ യിൽ നിന്ന് അവതരിപ്പിക്കപ്പെട്ടത് തന്നെയാണ്, അതും കൊണ്ട് ഇറങ്ങിയത് വിശ്വസ് തനായ *റൂഹ് ജിബ്‌രീലാ*ണ്. നിന്റെ ഹൃദയത്തിലേക്ക് അത് അവതരിപ്പിച്ചിട്ടുള്ളത് നീ അ തുകൊണ്ട് മുന്നറിയിപ്പ് നൽകുന്നവരിൽ പെടുന്നതിനുവേണ്ടിയുമാണ്, വ്യക്തമായ അറബി ഭാഷയാണ് അതിന്റെ ശരീരം, നിശ്ചയം അത് പൂർവ്വിക ഏടുകളിലെല്ലാമുണ്ട് എന്ന് പറ ഞ്ഞിട്ടുണ്ട്. ഫിർഔൻ തന്റെ കൊട്ടാരവാസികളോട് മൂസാനബിയെക്കുറിച്ച്, നിശ്ചയം നി ങ്ങളിലേക്ക് അയക്കപ്പെട്ടിട്ടുള്ള ഈ പ്രവാചകൻ ഭ്രാന്തൻ തന്നെയാണ് എന്ന് പറഞ്ഞതായി 26: 27 ൽ പറഞ്ഞിട്ടുണ്ട്. എക്കാലത്തുമുള്ള കാഫിറുകൾക്ക് അദ്ദിക്റിനോടാണ് വിരോധം. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുന്നവരാണ് കാഫിറുകളും ഭ്രാന്തൻമാരും അക്രമികളും തെമ്മാടികളുമായ ഫുജ്ജാറുകൾ. 43: 74–78 സൂക്തങ്ങളിൽ, സത്യമായ അദ്ദിക്റിനെ തള്ളിപ്പറയുന്ന ഇത്തരം അക്രമികളായ ഭ്രാന്തൻമാർ നരകത്തിലെ പാറാവുകാരായ മലക്കിനെ വിളിച്ച്: ഓ മാലിക്കേ, നിന്റെ നാഥൻ ഞങ്ങളു ടെ കഥയങ്ങ് കഴിച്ചോട്ടെ (അല്ലാതെ തൊലിയുരുകുമ്പോൾ പുതിയത് വെച്ചുതന്ന് എന്തിനാ ണ് ഞങ്ങളെ ജീവിപ്പിക്കുന്നത്) എന്ന് പറയുമ്പോൾ മാലിക്ക് മറുപടി നൽകും: നിശ്ചയം നിങ്ങൾ സ്ഥിരമായി ഇതിൽ കഴിയേണ്ടവരാണ്, ഞങ്ങൾ നിങ്ങളിലേക്ക് സത്യമായ അ ദ്ദിക്ർ കൊണ്ടുവന്നിരുന്നു, പക്ഷേ നിങ്ങളിൽ അധികപേരും സത്യത്തെ വെറുക്കുന്നവരാ യിരുന്നു. ഇതിൽ നിന്നും അദ്ദിക്ർ ഉണ്ടാകുമ്പോൾ അവിടെ നരകത്തിന്റെ പാറാവുകാര നായ മാലിക്ക് ഉൾപ്പടെ എല്ലാ മലക്കുകളും ഹാജരാകുന്നുണ്ട് എന്നും, അല്ലാത്തപ്പോൾ അവിടെ ജിന്നുകളിലും മനുഷ്യരിലും പെട്ട പിശാചുക്കളാണ് ഹാജരാകുന്നത് എന്നും വ്യക്തമാണ്. അറബിയിലുള്ള ഗ്രന്ഥത്തിന്റെ പാരായണമോ അതിന്റെ ജീവനായ അർത്ഥമോ പഠിപ്പിക്കുന്ന ഒരാളെയും കെട്ട ജനതയായ ഫുജ്ജാറുകൾ പിഴച്ച ആളായിട്ടോ ഭ്രാന്തനാ യിട്ടോ ജിന്ന് ബാധിച്ചവനായിട്ടോ മുദ്രകുത്താറില്ല. എന്നാൽ അദ്ദിക്ർ മനുഷ്യരുടെ ഹൃദയ ത്തിന്റെ ഭാഷയിൽ വിശദീകരിക്കുമ്പോഴാണ് ഒരാൾ പിഴച്ചവനെന്നും ജിന്ന് ബാധിച്ചവനെ ന്നും ഭ്രാന്തനെന്നും സ്വജനതയാൽ മുദ്രകുത്തപ്പെടുക. 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ അവരുടെ ജിന്നുകൂട്ടുകാരനായ പിശാചാണ് അവരെക്കൊണ്ട് അങ്ങനെ പറയിപ്പിക്കുന്നത്. ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാനുള്ള ഏകമാർഗം ഗ്രന്ഥ ത്തിന്റെ ആത്മാവായ അദ്ദിക്ർ മാത്രമാണ്. 3: 58; 6: 104, 117–119; 25: 27–30 വിശദീകരണം നോക്കുക.

7. നീ സത്യസന്ധൻമാരിൽ പെട്ടവൻ തന്നെയാണെങ്കിൽ ഞങ്ങളിലേക്ക് മലക്കു കളെ കൊണ്ടുവരാത്തതെന്ത്?

8. മലക്കുകളെ നാം ലക്ഷ്യത്തോടുകൂടിയല്ലാതെ ഇറക്കാറില്ല, അവർ ഇറങ്ങിയാ ൽ പിന്നെ അവർ അവസരം നൽകപ്പെടുന്നവരാവുകയുമില്ല.

ഏതെങ്കിലും ഒരു ജനത മലക്കുകളെ ഇറക്കാൻ ആവശ്യപ്പെടുമ്പോഴേക്ക് അല്ലാഹു മലക്കുകളെ ഇറക്കുകയില്ല. ദിവ്യാത്ഭുതങ്ങൾ പ്രകടിപ്പിക്കാനും മറഞ്ഞ കാര്യങ്ങളുടെ മറ നീക്കിക്കാണിക്കാനും വേണ്ടി പ്രവാചകൻമാരെ നിയോഗിക്കുകയുമില്ല. പരലോകത്ത് വരാൻ പോകുന്ന രംഗങ്ങൾ മനസ്സിലാക്കാൻ വേണ്ടി ഉൾക്കാഴ്ചദായകമായ അദ്ദിക്ർ എല്ലാ ഓരോരുത്തർക്കും (ആത്മാവിന്) സ്വർഗത്തിൽ വെച്ചുതന്നെ നൽകിയിട്ടുണ്ട്. ഏതെങ്കിലുമൊരു ജനതയുടെ കാര്യത്തിൽ അന്തിമതീരുമാനം നടപ്പിലാക്കാനാണ് മലക്കുകളെ നിയോഗിക്കുക. നിങ്ങളെ മരിപ്പിക്കാൻ ഏൽപിച്ചിട്ടുള്ള മലക്ക് നിങ്ങളെ മരിപ്പിക്കുന്നതും പിന്നെ നിങ്ങളുടെ നാഥനിലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുന്നതുമാണ് എന്ന് കാഫിറുകളോട് പറയാൻ 32: 11 ൽ പ്രവാചകനോടും വിശ്വാസികളോടും കൽപിച്ചിട്ടുണ്ട്. മരണസമയത്ത് 'ഞാൻ ഇപ്പോൾ വിശ്വസിച്ചുകൊള്ളാം' എന്ന് പറഞ്ഞ് രക്ഷപ്പെടാനോ 39: 58 ൽ പറഞ്ഞ പ്രകാരം 'ഇനി എനിക്ക് ഒരു അവസരം കിട്ടിയാൽ ഞാൻ അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവരിൽ ഉൾപ്പെട്ടുകൊള്ളാം' എന്ന് പറഞ്ഞ് രക്ഷപ്പെടാനോ ഒരാൾക്കും സാധിക്കുകയില്ല. യാഥാർത്ഥ്യങ്ങൾ മറനീക്കി കാണിക്കപ്പെടുന്നതുവരെ മാത്രമാണ് വിശ്വസിക്കാൻ നൽകപ്പെട്ട സമയം. 50: 22 ൽ കാഫിറുകളുടെ മരണരംഗം അല്ലാഹു വരച്ചുകാണിച്ചിരിക്കുന്നത് ഇങ്ങനെയാണ്: ഇപ്പോൾ ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്റിനെത്തൊട്ടുള്ള മൂടി നാം എടുത്ത് കളഞ്ഞിരിക്കുന്നു, ഇന്നേദിനം എല്ലാം തീക്ഷ്ണമായി നിനക്ക് കാണാവുന്നതാണ്. 18: 100–101 സൂക്തങ്ങളിൽ, ദിക്രീ എന്ന ഗ്രന്ഥം കാണാനും കേൾക്കാനും തയ്യാറാകാത്ത കാഫിറുകൾക്ക് വിധിദിവസം നരകക്കുണ്ഠം അടുപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികൾക്ക് വിജയം ലഭിക്കുന്ന തീരുമാനദിവസം കാഫിറുകളുടെ വിശ്വാസം സ്വീകരിക്കൽ ഉപകാരപ്പെടുകയോ അവർക്ക് സാവകാശം നൽകപ്പെടുകയോ ഇല്ല എന്ന് 32: 29 ലും പറഞ്ഞിട്ടുണ്ട്.

'മലക്കുകളെ നാം ലക്ഷ്യത്തോടുകൂടിയല്ലാതെ ഇറക്കാറില്ല' എന്നതിന്റെ വിവക്ഷ മലക്കുകൾ സത്യം വഹിച്ചുകൊണ്ടേ വരികയുള്ളൂ എന്നാണ്. അതായത് മലക്കുകൾ വരുന്നത് മിഥ്യയെ നശിപ്പിച്ച് തൽസ്ഥാനത്ത് സത്യത്തെ പ്രതിഷ്ഠിക്കാനാണ്. അഥവാ അല്ലാഹുവിന്റെ തീരുമാനവുമായി വരുന്ന അവർ യഥാവിധി അത് നടപ്പിലാക്കുകതന്നെ ചെയ്യും. 25: 21–22 സൂക്തങ്ങളിൽ, നാമുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കാത്ത കാഫിറുകൾ പറയുന്നു: എന്തുകൊണ്ട് ഞങ്ങളുടെ മേൽ മലക്കുകൾ ഇറക്കപ്പെടുന്നില്ല, അല്ലെങ്കിൽ എന്തുകൊണ്ട് ഞങ്ങളുടെ നാഥനെ നേരിൽ കാണുന്നില്ല, തീർച്ചയായും അവർ സ്വന്തത്തോട് അഹങ്കരിച്ച പരിധിലംഘിച്ച ധിക്കാരികളായിരിക്കുന്നു. മലക്കുകളെ കാണുന്ന ദിനം ഇത്തരം ഭ്രാന്തൻമാർക്ക് ശുഭകരമായിരിക്കുകയില്ല, അന്ന് അവർ പറയും: കാണേണ്ടാ, കാണേണ്ടാ! കാണാത്ത ഒരുമറ രൂപപ്പെട്ടിരുന്നെങ്കിൽ എത്ര നന്നായിരുന്നേനേ! 4: 97; 6: 8–10, 158; 7: 37–40 വിശദീകരണം നോക്കുക.

9. നിശ്ചയം നാം തന്നെയാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്, നിശ്ചയം നാം തന്നെ അതിനെ സൂക്ഷിക്കുന്നതുമാണ്.

അതായത് ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ കൊണ്ടുവന്നവനെയാണല്ലോ നിങ്ങൾ ഭ്രാന്തനെന്ന് പറയുന്നത്, എന്നാൽ അത് അവതരിപ്പിച്ചത് നാഥനാണ്. അത് പ്രവാചകൻ സ്വയം കെട്ടിച്ചമച്ചതൊന്നുമല്ല, അതിൽ അൽപം പോലും മാറ്റം വരുത്താൻ ആർക്കും സാധ്യവുമല്ല എന്നാണ് സൂക്തം പറയുന്നത്. 41: 41–43 സൂക്തങ്ങളിൽ, നിശ്ചയം അദ്ദിക്ർ വന്നുകിട്ടിയതിന് ശേഷം അതിനെ മൂടിവെച്ചവരുണ്ടല്ലോ, അവർക്ക് കഠിനമായ

ശിക്ഷയുണ്ട്, അത് അജയ്യമായ ഒരു ഗ്രന്ഥം തന്നെയാണ്. അത് ക്രോഡീകരിക്കുന്നതിന് മുമ്പോ ക്രോഡീകരിച്ചതിന് ശേഷമോ അതിൽ മിഥ്യ കടന്നുകൂടുകയില്ല, അത് യുക്തിജ്ഞനും സ്വയം സ്തുത്യർഹനുമായിട്ടുള്ളവനിൽ നിന്ന് ഇറക്കപ്പെട്ടതാകുന്നു, മുമ്പ് കഴിഞ്ഞുപോയ പ്രവാചകൻമാരോട് പറയപ്പെട്ട ഒന്ന് കൊണ്ടല്ലാതെ നീയും പറയപ്പെടുന്നില്ല, നിശ്ചയം നിന്റെ നാഥൻ ഏറെ പൊറുക്കുന്നവനും വേദനാജനകമായി ശിക്ഷിക്കുന്നവനും തന്നെയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്ർ എന്നപേരിൽ ഒരു ഗ്രന്ഥമുണ്ടെന്ന് പോലും അറിയാത്ത യഥാർത്ഥ കാഫിറുകളാണ്. 28: 85 ൽ, നിശ്ചയം നിന്റെ മേൽ ഈ വായന നിർബന്ധമാക്കിയവൻ നിന്നെ നല്ല ഒരു മടക്കസ്ഥലത്തേക്ക് തിരിച്ച് കൊണ്ടുപോവുകതന്നെ ചെയ്യും; നീ പറയുക: ആരാണ് സൻമാർഗം കൊണ്ടുവന്നതെന്നും ആരാണ് വ്യക്തമായ വഴികേടിലെന്നും ഏറ്റവും അറിയുന്നവൻ എന്റെ നാഥൻ തന്നെയാകുന്നു. 25: 27-30 വിശദീകരണം നോക്കുക.

'നിശ്ചയം നാം തന്നെയാണ് ഈ ഖുർആനിനെ അവതരിപ്പിച്ചിട്ടുള്ളത്, നിശ്ചയം നാം തന്നെ അതിനെ സൂക്ഷിക്കുന്നതുമാണ്' എന്ന് ഗ്രന്ഥത്തിൽ ഒരിടത്തും പറയാതെ 'നിശ്ചയം നാം തന്നെയാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്, നിശ്ചയം നാം തന്നെ അതിനെ സൂക്ഷിക്കുന്നതുമാണ്' എന്ന് പറഞ്ഞതിൽ നിന്നും അദ്ദിക്റിനെ (അല്ലാതെ അറബിയിലുള്ള അതിന്റെ ശരീരത്തെയല്ല) പൂർണ്ണമായി മൂടിവെക്കാനോ നശിപ്പിക്കാനോ വളച്ചൊടിക്കാനോ ഒരാൾക്കും സാധ്യമല്ല. ആരോപണങ്ങളും അധിക്ഷേപങ്ങളും കൊണ്ട് അതിന്റെ പ്രചാരകൻമാരെ തടസ്സപ്പെടുത്താനോ ഗൂഢാലോചനകൊണ്ട് അവരെ നശിപ്പിക്കാനോ അതിന്റെ വ്യാപനത്തെ തടയുവാനോ ഒരു ശക്തിക്കും ഒരിക്കലും സാധ്യമല്ല, ആരെങ്കിലും അതിന്റെ ആശയം മാറ്റിപ്പറയുകയോ മൂടിവെക്കുകയോ ചെയ്താൽ അല്ലാഹു അവന്റെ സൃഷ്ടികളായ ഇതര ജനവിഭാഗങ്ങളെക്കൊണ്ട് യാഥാർത്ഥ്യം പുറത്തുകൊണ്ടുവന്ന് അവന്റെ ദൗത്യം പൂർത്തിയാക്കുന്നതാണ്. മനുഷ്യർ അതിന് തയ്യാറല്ലാത്ത കാലം വരുമ്പോൾ 27: 82 ൽ പറഞ്ഞ പ്രകാരം മൃഗത്തെ അയച്ചിട്ടെങ്കിലും അല്ലാഹു അത് നടപ്പിലാക്കുകതന്നെ ചെയ്യും. കപടവിശ്വാസികൾ ആശയം അറിഞ്ഞിട്ട് അതിനെ മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്നവരായതുകൊണ്ടാണ് അവരെ അല്ലാഹു വധിച്ചുകളഞ്ഞിരിക്കുന്നു എന്ന് 63: 4 ൽ പറഞ്ഞിട്ടുള്ളത്. വിശ്വാസികളുടെ സംഘത്തോട് അവരെ വധിക്കണമെന്ന് 4: 90-91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളിൽ കൽപിച്ചിട്ടുമുണ്ട്.

അദ്ദിക്ർ സ്രഷ്ടാവിന്റെ മൊത്തം സൃഷ്ടികൾക്കുള്ള മുഖപത്രമായതിനാൽ അത് ഒരു വ്യക്തിയോ സംഘമോ ജനതയോ അവരുടെ കുത്തകയാക്കിവെക്കാൻ പാടില്ല. അത് ലാഭം നേടുന്നതിന് വേണ്ടി അച്ചടിച്ച് വിൽപന നടത്താനോ അതിന്റെ പകർപ്പവകാശം സ്വകാര്യ സ്വത്താക്കിവെക്കാനോ ഒരാൾക്കും അവകാശമില്ല. അങ്ങനെ ചെയ്താൽ അവർ തങ്ങളുടെ വയറുകളിൽ തീയാണ് നിറക്കുന്നതെന്ന് 2: 174 ൽ പറഞ്ഞിട്ടുണ്ട്. ഏറ്റവും വലിയ അനുഗ്രഹമായ അത് സ്രഷ്ടാവിന്റെ മറ്റു അനുഗ്രഹങ്ങളായ വായു, വെള്ളം, വെളിച്ചം, മുതലായവയെപ്പോലെ എല്ലാ സൃഷ്ടികൾക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. എന്നാൽ സ്വർഗ്ഗത്തിലേക്ക് തിരിച്ചുപോകുന്ന വിശുദ്ധൻമാർക്ക് മാത്രമേ അത് ഉപകാരപ്പെടുകയുള്ളു എന്നാണ് 56: 79 ൽ 'വിശുദ്ധൻമാരല്ലാതെ അത് സ്പർശിക്കുകയില്ല' എന്ന് പറഞ്ഞതിന്റെ ആശയം. എന്നല്ലാതെ, *വുളൂഅ്*- അംഗശുദ്ധി- ഇല്ലാതെ അത് തൊടരുത് എന്നല്ല. യഥാർത്ഥത്തിൽ 9: 28, 95 സൂക്തങ്ങളിൽ മാലിന്യമെന്ന് അ

ല്ലാഹു വിശേഷിപ്പിച്ച കപടവിശ്വാസികളെയാണ് അത് തൊടാൻ അനുവദിക്കാതിരിക്കേണ്ടത്. 9: 125 ൽ, അദ്ദിക്ർ അവർക്ക് മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. മനുഷ്യാത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ആർത്തവക്കാരികളടക്കം എല്ലാവരും എല്ലായ്പ്പോഴും ഉപയോഗപ്പെടുത്തേണ്ടതാണ്. 5: 48; 7: 205–206; 9: 32–33; 10: 38 വിശദീകരണം നോക്കുക.

10. നിശ്ചയം നിനക്കുമുമ്പ് പൂർവ്വികരായ നിരവധി വിഭാഗങ്ങളിലേക്ക് നാം പ്രവാചകൻമാരെ നിയോഗിച്ചിട്ടുമുള്ളതാണ്.

21: 24–25 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുവീൻ എന്ന് മനുഷ്യരെ ഉണർത്തുന്നതിന് വേണ്ടിയാണ് ആദ്യ പ്രവാചകൻ നൂഹ് മുതൽ അന്ത്യപ്രവാചകൻ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാരെയും അദ്ദിക്ർ കൊണ്ട് നിയോഗിച്ചിട്ടുള്ളത്.

11. അവരിലേക്ക് ഒരു പ്രവാചകനും വന്നിട്ടില്ല, അവർ അവനെ പരിഹസിച്ചുകൊണ്ടിരിക്കുന്നവരായിട്ടല്ലാതെ.

36: 30 ൽ, ഓ! എന്റെ അടിമകളുടെ കാര്യം കഷ്ടം! അവരിലേക്ക് ഒരു പ്രവാചകനും വന്നിട്ടില്ല, അവർ അവനെ പരിഹസിച്ചുകൊണ്ടിരിക്കുന്നവരായിട്ടല്ലാതെ എന്ന്പറഞ്ഞിട്ടുണ്ട്. 14: 13 ൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരും അവരുടെ ജനതകളാൽ പരിഹസിക്കപ്പെട്ടിട്ടുണ്ട്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികളെ പരിഹസിക്കുന്നതാണെന്ന് 83: 29 ലും; വിധിദിവസം വിശ്വാസികൾ ഫുജ്ജാറുകളായ കുഫ്ഫാറുകളെ തിരിച്ചും പരിഹസിക്കുമെന്ന് 83: 34ലും പറഞ്ഞിട്ടുണ്ട്. 6: 10 ൽ വിവരിച്ച പ്രകാരം നിഷ്പക്ഷവാനായ നാഥൻ ആരെയും നശിപ്പിക്കുന്നില്ല. എന്നാൽ ഫുജ്ജാറുകൾ അവരുടെ ആത്മാവിനെതിരെത്തന്നെ അക്രമം പ്രവർത്തിക്കുന്നവരായതിനാൽ നശിപ്പിക്കപ്പെടാൻ സ്വയം അർഹരാവുകയാണ്. 6: 5; 11: 8; 13: 32 വിശദീകരണം നോക്കുക.

12. അപ്രകാരം ഭ്രാന്തൻമാരുടെ ഹൃദയങ്ങളിലേക്ക് നാം അതിനെ തുളച്ചുകയറ്റുകയാകുന്നു.

13. അവർ അതുകൊണ്ട് വിശ്വസിക്കുകയില്ല, നിശ്ചയം പൂർവ്വികരുടെ ചര്യ നിനക്ക് വന്നുകിട്ടിയിട്ടുള്ളതുമാണല്ലോ!

അതായത് ചിന്തിക്കാത്ത ഭ്രാന്തൻമാരുടെ ഹൃദയങ്ങളിലേക്ക് ചുട്ടുപഴുത്ത കമ്പിയെന്നോണം അദ്ദിക്റിനെ കടത്തിവിടുന്നത് അല്ലാഹു തന്നെയാണ്, എന്നല്ലാതെ പ്രവാചകനോ വിശ്വാസികളോ അല്ല. എന്നാൽ അവരതിൽ വിശ്വസിക്കുകയില്ല. പൂർവ്വിക കാലത്തുള്ള കാഫിറുകളുടെ അവസ്ഥയും ഇത് തന്നെയായിരുന്നു. 26: 198–201 സൂക്തങ്ങളിൽ അല്ലാഹു പറയുന്നു: നാം ഈ ഗ്രന്ഥത്തെ അറബിയല്ലാത്ത ഏതെങ്കിലും ഭാഷയിൽ ഇറക്കുകയും അവരുടെമേൽ അത് വായിച്ച് കേൾപ്പിക്കുകയുമാണെങ്കിലും അവർ അതുകൊണ്ട് വിശ്വസിക്കുമായിരുന്നില്ല, അപ്രകാരം ഭ്രാന്തൻമാരുടെ ഹൃദയങ്ങളിലേക്ക് നാം അതിനെ തുളച്ചു കയറ്റുകയാകുന്നു, വേദനാജനകമായ ശിക്ഷ കാണുമ്പോഴല്ലാതെ അവരതിൽ വിശ്വസിക്കുകയില്ല. 36: 10–11 സൂക്തങ്ങളിൽ, അവരുടെ കാര്യത്തിൽ നീ മുന്നറിയിപ്പ് നൽകുന്നതും നൽകാതിരിക്കുന്നതും സമമാണ്, അവർ വിശ്വസിക്കുകയില്ല. നിശ്ചയം, അദ്ദിക്ർ പിൻപറ്റുന്നവരെയും നിഷ്പക്ഷവാനായ നാഥനെ അദ്ദിക്റിൽ നിന്ന്

കണ്ടുകൊണ്ട് ജീവിക്കുന്നവനെയും മാത്രമാണ് നീ ഉണർത്തുക, അപ്പോൾ അവന് പാപ മോചനവും മാന്യമായ പ്രതിഫലവും ഉണ്ടെന്ന സന്തോഷവാർത്ത അറിയിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. അതായത് അദ്ദിക്ർ കേട്ടതുകൊണ്ട് മാത്രമായില്ല, കേട്ട കാര്യങ്ങൾ ഗ്രന്ഥ ത്തിൽ ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും പിൻപറ്റുകയും വേണം എന്നർ ത്ഥം. ത്രികാലജ്ഞാനിയിൽ നിന്നുള്ള 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ അജയ്യഗ്രന്ഥമായ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റിക്കൊണ്ട് അതിനെ തള്ളിപ്പറയുന്ന വഴിപിഴച്ച കാഫിറുകളുമാണ് യഥാർത്ഥ ഭ്രാന്തൻമാർ.

'നാം അതിനെ തുളച്ചുകയറ്റുകയാകുന്നു' എന്ന് പറഞ്ഞതിൽ നിന്ന് അദ്ദിക്ർ പ റയുന്നത് മാർദ്ദവമായോ ജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ പരിഗണിച്ചുകൊണ്ടോ സ്വജ നതയുടെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടോ തെമ്മാടികളും റൗഡികളുമായ കപട വിശ്വാസികളുടെ പ്രതികരണം ഭയപ്പെട്ടുകൊണ്ടോ ആയിരിക്കരുത് എന്നാണ്. രാജാധി രാജന്റെ വിളംബരമായ അത് സിംഹഗർജ്ജനം പോലെയാണ് ജനങ്ങളെ കേൾപ്പിക്കേ ണ്ടത്. അപ്പോൾ കാഫിറുകൾ സിംഹഗർജ്ജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടുകഴുത കളെപ്പോലെ അതിൽ നിന്ന് വിരണ്ടോടുന്നതാണ് എന്ന് 74: 49–51 സൂക്തങ്ങളിൽ പറഞ്ഞി ട്ടുണ്ട്. 51: 50 ൽ 'അപ്പോൾ നിങ്ങൾ അല്ലാഹുവിലേക്ക് വിരണ്ടോടുക' എന്ന് പറഞ്ഞതി നാൽ വിശ്വാസികൾ മറ്റെല്ലായിടത്തുനിന്നും അദ്ദിക്ർ സിംഹഗർജ്ജനം പോലെ പറയു ന്ന സദസ്സിലേക്കാണ് വിരണ്ടോടേണ്ടത്. 39: 23 ൽ, തങ്ങളുടെ നാഥനെ ഭയപ്പെടുന്നവരു ടെ ഹൃദയങ്ങളും തൊലികളും അദ്ദിക്റിലേക്ക് തളിരിതമാകുമെന്ന് പറഞ്ഞിട്ടുണ്ട്. ഹൃദ യം തളിരിതമാകാൻ അദ്ദിക്ർ വായിച്ചാൽ മതിയെങ്കിൽ തൊലി തളിരിതമാകാൻ സിംഹ ഗർജ്ജനം പോലെ പറയുന്ന അദ്ദിക്ർ കേൾക്കുകതന്നെ വേണം. 7: 175–176; 13: 11; 14: 46 വിശദീകരണം നോക്കുക.

14. നാം അവരുടെ മേൽ ആകാശത്തിന്റെ ഒരു വാതിൽ തുറന്ന് കൊടുക്കുകയും അങ്ങനെ അവർ അതിലൂടെ കയറിക്കൊണ്ടിരിക്കുകയാണെങ്കിലും ശരി.

15. അവർ പറയുകതന്നെ ചെയ്യും: നിശ്ചയം നമ്മുടെ ദൃഷ്ടികൾ പൊത്തപ്പെട്ടിരി ക്കുന്നു; അല്ല, നാം മാരണത്തിന് വിധേയരായ ഒരു ജനത തന്നെയാകുന്നു.

അദ്ദിക്റിൽ വിശ്വസിക്കുന്നതിനുവേണ്ടി ആകാശത്തിന്റെ വാതിൽ തുറന്ന് അവരെ പ്രത്യക്ഷമായി അതിലൂടെ കയറ്റിക്കൊണ്ട് പോയാലും നമ്മുടെ കണ്ണുകൾ പൊത്തപ്പെട്ടി രിക്കുകയാണ്, അല്ല, നാം മാരണത്തിന് വിധേയമായിരിക്കുകയാണ് എന്നാണ് എക്കാല ത്തുമുള്ള കാഫിറുകൾ പറയുക, അല്ലാതെ അവർ ഒരിക്കലും അതുകൊണ്ട് വിശ്വസിക്കു കയില്ല. അദ്ദിക്റിനെ തള്ളിപ്പറയുന്നവരും അതെല്ലാം പഠിച്ചിരിക്കുന്നുവെന്ന് അഹങ്കരിക്കു ന്നവരുമായ യഥാർത്ഥ ഭ്രാന്തൻമാർക്ക് അവരുടെ പ്രവർത്തനങ്ങൾ സ്വർഗ്ഗത്തിലുള്ള *ഇ ല്ലിയ്യീൻ* പട്ടികയിൽ രേഖപ്പെടുത്തുന്നതിന് വേണ്ടി ആകാശത്തിന്റെ വാതിലുകൾ തുറ ന്ന് കൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്ന തുവരെ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയോ ഇല്ല എന്ന് 7: 40 ൽ പറഞ്ഞിട്ടുണ്ട്. അ വരുടെ കർമ്മങ്ങൾ 82: 14; 83: 7 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ജ്വലിക്കുന്ന നരകക്കു ണ്ഠത്തിലേക്കുള്ള *സിജ്ജീൻ* പട്ടികയിലാണ് രേഖപ്പെടുത്തപ്പെടുക. 6: 25–26; 10: 2, 33; 13: 31 വിശദീകരണം നോക്കുക.

16. നിശ്ചയം ആകാശത്തിൽ നാം ഭദ്രമായ കോട്ടകൾ നിർമ്മിച്ചിട്ടുണ്ട്, അതിനെ നോക്കിക്കൊണ്ടിരിക്കുന്നവർക്കായി അലങ്കരിച്ചിട്ടുമുണ്ട്.

കോട്ട, കൊട്ടാരം, ഭദ്രമായ കെട്ടിടം എന്നീ അർത്ഥങ്ങളിലാണ് അറബിയിൽ '*ബുർജ്*' എന്ന പദം ഉപയോഗിക്കുന്നത്. 25: 61 ൽ, ആകാശത്ത് ഭദ്രമായ കോട്ടകൾ ഉണ്ടാക്കുകയും അതിൽ കത്തിപ്രകാശിക്കുന്ന വിളക്ക് -സൂര്യൻ- നാട്ടുകയും പ്രശോഭിക്കുന്ന ചന്ദ്രനെ ഉണ്ടാക്കുകയും ചെയ്തവൻ അനുഗ്രഹീതനാണ് എന്ന് പറഞ്ഞിട്ടുണ്ട്. 85-ാം സൂറത്ത് ആരംഭിക്കുന്നത് ഭദ്രമായ കോട്ടകളുള്ള ആകാശമാണ് സത്യം എന്ന് പറഞ്ഞു കൊണ്ടാണ്. ആകാശത്ത് ഓരോ മണ്ഡലങ്ങൾ നിശ്ചയിച്ചിട്ടുണ്ട് എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. 67: 3 ൽ, ഒന്നിനുമേൽ ഒന്നായി തട്ടുതട്ടുകളായി ഏഴ് ആകാശങ്ങളെ സൃഷ്ടിച്ചവനാണ് അവൻ എന്ന് പറഞ്ഞിട്ടുണ്ട്. സുശക്തമായ അതിർത്തികൾ കൊണ്ട് ഓരോ മണ്ഡലത്തെയും മറ്റു മണ്ഡലങ്ങളിൽ നിന്ന് വേർതിരിക്കുകയും ചെയ്തിരിക്കുന്നു. അദൃശ്യമായ രൂപത്തിലാണ് ഈ അതിർത്തികൾ സംവിധാനിച്ചിട്ടുള്ളത്. ഏതെങ്കിലും ഒരു വസ്തുവിന് അതിന്റെ മണ്ഡലം വിട്ട് മറ്റൊരു മണ്ഡലത്തിൽ പ്രവേശിക്കുക സാധ്യമല്ല. 36: 40 ൽ, സൂര്യൻ ചന്ദ്രന്റെ മണ്ഡലത്തിൽ എത്തുകയില്ല, രാവ് പകലിനെ മുൻകടക്കുകയുമില്ല, എല്ലാഒന്നും അതിന് നിശ്ചയിച്ചിട്ടുള്ള ഭ്രമണപഥത്തിൽ നീന്തിക്കൊണ്ടിരിക്കുകയാകുന്നു എന്നും; 67: 5 ൽ, നിശ്ചയം നാം ഭൂമിയുടെ അടുത്ത ആകാശത്തെ വിളക്കുകൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു, ആ വിളക്കുകളെ പിശാചുക്കളെ എറിഞ്ഞ് ഓടിക്കാനുള്ള ഉപകരണവുമാക്കിയിരിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്. ഇവിടെ വിളക്കുകൾ കൊണ്ട് ഉദ്ദേശിക്കുന്നത് നക്ഷത്രങ്ങളാണ്.

പ്രമാണമായ അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത ഒരാൾക്കും തന്നെ സ്വർഗത്തിൽ പ്രവേശിക്കാൻ സാധ്യമല്ല. ഓ മനുഷ്യരുടെയും ജിന്നുകളുടെയും സമൂഹമേ, നിങ്ങൾക്ക് ആകാശങ്ങളുടെയും ഭൂമിയുടെയും അതിരുകൾ ഭേദിച്ച് കടന്നു പോകാൻ സാധിക്കുമെങ്കിൽ നിങ്ങൾ കടന്നുപോവുക. പ്രമാണമായ അദ്ദിക്ർ കൊണ്ടല്ലാതെ നിങ്ങൾ കടന്നുപോകുന്നവരാവുകയില്ല എന്ന് 55: 33 ൽ പറഞ്ഞിട്ടുണ്ട്. 3: 101-102; 6: 130; 8: 48 വിശദീകരണം നോക്കുക.

17. നാം അതിനെ ശപിക്കപ്പെട്ട എല്ലാഓരോ പിശാചിൽ നിന്നും സുരക്ഷിതമാക്കുകയും ചെയ്തിരിക്കുന്നു.

18. അവരിൽ നിന്ന് കട്ടുകേൾക്കുന്നവനൊഴികെ, അപ്പോൾ അവനെ ഒരു വ്യക്തമായ പ്രകാശജ്വാല പിന്തുടരുന്നതാണ്.

പിശാചിനും സന്തതികൾക്കും എവിടെയും എപ്പോഴും കയറിച്ചെല്ലാവുന്ന വിധത്തിൽ പ്രപഞ്ചം മുഴുവൻ തുറന്നുകിടക്കുകയാണെന്നും അവർ ഉദ്ദേശിക്കുന്ന ഏത് കാര്യവും നിർവ്വഹിക്കാൻ കഴിയുമെന്നും കാഫിറുകൾ വിശ്വസിച്ച് പോരുന്നു. എന്നാൽ ഉപരിലോകവുമായി അവർക്ക് യാതൊരു ബന്ധവുമില്ല, പരിധികളൊന്നുമില്ലാതെ എല്ലായിടത്തും കടന്ന് ചെല്ലാനുള്ള കഴിവൊന്നും അവർക്ക് നൽകപ്പെട്ടിട്ടുമില്ല. 37: 6-10 സൂക്തങ്ങളിൽ അല്ലാഹു പറയുന്നു: നിശ്ചയം ഭൂമിയോട് അടുത്തുള്ള ആകാശത്തെ നാം നക്ഷത്രങ്ങളാൽ അലങ്കരിച്ചിട്ടുണ്ട്, സംശയം ജനിപ്പിക്കുന്ന ധിക്കാരികളായ എല്ലാ പിശാചുക്കളിൽ നിന്നും നാം അതിനെ സംരക്ഷിച്ചിട്ടുമുണ്ട്. അതിനാൽ ഉന്നതസ്ഥലത്തെ വാർത്തകൾ അവർക്ക് കേൾക്കാനാവുകയില്ല, അധിക്ഷേപാർഹരായ അവരെ നാനാഭാഗത്തുനിന്നും എറിഞ്ഞ് തുരത്തുകയും ചെയ്യും, അവസാനിക്കാത്ത ശിക്ഷയും അവർക്ക് ഉണ്ട്, എന്നാൽ ചിലർ സൂത്രത്തിൽ റാഞ്ചാൻ -കട്ടുകേൾക്കാൻ- ശ്രമിക്കും, അപ്പോൾ തുളച്ചുകയറുന്ന ഒരു പ്രകാശജ്വാല അവനെ പിന്തുടരുന്നതുമാണ്.

പിശാചുക്കൾ ചിലതൊക്കെ കട്ടുകേൾക്കാൻ ശ്രമിക്കുന്നുണ്ടെന്നത് ശരിയാണ്. ആകാശലോകത്തുനിന്ന് അൽപമെന്തെങ്കിലും കിട്ടിയാൽ അവരത് മനുഷ്യപ്പിശാചുക്കൾക്ക് മന്ത്രിച്ചുകൊടുക്കുന്നതും അവർ അത് ഊതിവീർപ്പിച്ച് പൊടിപ്പും തൊങ്ങലും വെച്ച് കളവ് കൂട്ടിച്ചേർത്ത് നേരെ വിരുദ്ധമായ ആശയത്തിൽ ജനമധ്യത്തിൽ അവതരിപ്പിക്കുന്നതുമാണ്. വാസ്തവത്തിൽ അവരുടെ അടുക്കൽ പൂർണ്ണമായ യഥാർത്ഥജ്ഞാനത്തിന് ഒരു മാർഗ്ഗവുമില്ല. 26: 221–224 സൂക്തങ്ങളിൽ, ആരുടെ മേലിലാണ് പിശാചുക്കൾ ഇറങ്ങുന്നതെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? കള്ളം കെട്ടിച്ചമച്ച് പറയുന്ന എല്ലാഓരോ കുറ്റവാളിയുടെയും ലക്ഷ്യബോധമില്ലാതെ ഇവരെ പിൻപറ്റിക്കൊണ്ടിരിക്കുന്ന കവികളുടെ മേലിലുമാണ്, അവർ കട്ടുകേൾക്കുന്നവരും അവരിൽ അധികപേരും കളവ് പറയുന്നവരുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. ജിന്നുപിശാചുക്കളുടെ സഹായത്തോടുകൂടി ധാരാളം ജ്യോത്സ്യൻമാരും മാരണക്കാരും ഒടിയൻമാരും തങ്ങൾക്ക് അദൃശ്യകാര്യങ്ങൾ അറിയാമെന്ന് വീരവാദം മുഴക്കി ജനങ്ങളെ വശീകരിക്കാറുണ്ട്. അതുപോലെ മാരണം പോലുള്ള ക്ഷുദ്രപ്രവർത്തനങ്ങൾക്ക് ഗ്രന്ഥത്തിലെ സൂക്തങ്ങൾ ഉപയോഗപ്പെടുത്തുന്ന ചില പിശാചുക്കളും മനുഷ്യരിലുമുണ്ട്. ജനങ്ങൾക്ക് അവരിൽ നിന്ന് ഇഹലോകത്ത് ചില നൈമിഷികമായ നേട്ടങ്ങൾ ലഭിക്കുമെങ്കിലും 2: 102 ൽ വിവരിച്ച പ്രകാരം ശാശ്വതമായ പരലോക ജീവിതവിജയം അവർക്ക്–മാരണക്കാർക്കും അവരെ സമീപിക്കുന്നവർക്കും –നഷ്ടപ്പെടുന്നതാണ്. മരണത്തോടുകൂടി അവർ നരകത്തിൽ പ്രവേശിപ്പിക്കപ്പെടുകതന്നെ ചെയ്യും. അദ്ദിക്ർ മൊത്തം സ്വീകരിക്കാതെ അതിൽ നിന്ന് ചിലത് എടുക്കുകയും ചിലത് ഒഴിവാക്കുകയും ചെയ്യുന്നത് പിശാചിന്റെ പ്രേരണക്ക് വിധേയമായവരാണ്. 2: 85 ൽ വിവരിച്ച പ്രകാരം അവർക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ ഏറ്റവും കഠിനമായ ശിക്ഷയുമാണുള്ളത്. അവരവരുടെ വഴികേടിന് പിശാചിനെത്തന്നെയും കുറ്റം പറഞ്ഞ് രക്ഷപ്പെടാൻ സാധിക്കുകയില്ല എന്ന് 14: 22 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന അക്രമികളായ ഫുജ്ജാറുകൾ ‘അദ്ദിക്ർ എനിക്ക് വന്നുകിട്ടിയതിന് ശേഷം അതിൽ നിന്ന് എന്നെ തടഞ്ഞത് ഇന്നാലിന്നവനാണല്ലോ, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ’ എന്ന് വിധിദിവസം വിലപിക്കുന്ന രംഗം 25: 27–29 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. തുളച്ചുകയറുന്ന പ്രകാശജ്വാല കൊണ്ടുദ്ദേശിക്കുന്നത് കൊള്ളിമീനുകൾ –ഉൽക്കകൾ– ആകാം. ഭൂമിയിലേക്ക് ദിനം പ്രതി വർഷിച്ചുകൊണ്ടിരിക്കുന്ന കൊള്ളിമീനുകളിൽ കഷ്ടിച്ച് ഒന്ന് മാത്രം ഭൂമിയിലേക്കെത്തുകയും ബാക്കി വെണ്ണീറാവുകയും ചെയ്യുന്നത് ആകാശത്ത് അല്ലാഹു സ്ഥാപിച്ച കാണാൻ സാധിക്കാത്ത കോട്ടകൾ മൂലമാണ്. സൂര്യപ്രകാശത്തിൽ നിന്നുള്ള അൾട്രാവയലറ്റ് രശ്മികൾ തടയുന്നതിനും മറ്റും ഭൂമിക്കുചുറ്റും സ്ഥാപിച്ച ഓസോൺപാളി ഇതുപോലെയുള്ള ഒരു കോട്ടയായിരിക്കാം. പ്രകാശമായ അദ്ദിക്ർ ഉണ്ടെങ്കിൽ ആകാശത്തിന്റെ വാതിലുകൾ തുറന്ന് കിട്ടുകയും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യാവുന്നതാണ്. അതില്ലെങ്കിൽ അവർക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്ന് കൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയോ ഇല്ല എന്ന് 7: 40 ൽ പറഞ്ഞിട്ടുണ്ട്. 2: 102, 168–169; 4: 51–52; 6: 111–112 വിശദീകരണം നോക്കുക.

19. ഭൂമിയോ, അതിനെ നാം നീട്ടിപ്പരത്തി വിശാലമാക്കുകയും അതിൽ നാം പർവ്വതങ്ങൾ ഉറപ്പിക്കുകയും ചെയ്തു, അതിൽ നാം സന്തുലിതമായ അനുപാത

ത്തിൽ എല്ലാതരം സസ്യങ്ങളെയും മുളപ്പിക്കുകയും ചെയ്തു.

22: 5 ൽ, ഭൂമിയെ വരണ്ട് കിടക്കുന്നതായി നിനക്ക് കാണാം, നാം മഴ വർഷിപ്പിക്കുമ്പോൾ അത് സ്ഫുടിക്കുകയും തുടിക്കുകയും ചെയ്യുന്നു, ഭംഗിയുള്ള പലതരം സസ്യങ്ങളെ നാം അതിൽ നിന്ന് മുളപ്പിക്കുകയും ചെയ്യുന്നു എന്ന് പറഞ്ഞിട്ടുണ്ട്. *'ബഹീജ്'* എന്ന് പറഞ്ഞാൽ കൗതുകമുള്ള, ഭംഗിയുള്ള, ആകർഷിക്കുന്ന എന്നെല്ലാമാണ് ആശയം. അതേ ആശയം ഇവിടെ *'മൗസൂൻ'* എന്ന് പറഞ്ഞതിനുമുണ്ട്. കൂടാതെ കാലാവസ്ഥക്ക് അനുസൃതമായി എന്നും ആശയമുണ്ട്. ഈ മരങ്ങൾക്കും ചെടികൾക്കും വള്ളികൾക്കുമെല്ലാം ആകൃതിയും എണ്ണവും നിശ്ചയിച്ചവൻ ത്രികാലജ്ഞാനിയായ അല്ലാഹുവാണ്. 2: 255; 10: 61; 13: 3-4 വിശദീകരണം നോക്കുക.

20. നിങ്ങൾക്ക് അതിൽ ജീവിതോപാധികളുണ്ട്, നിങ്ങൾ തീറ്റിപ്പോറ്റാത്തവക്കും.

എല്ലാ സൃഷ്ടികൾക്കും ഭൂമിയിൽ ഭക്ഷണമുണ്ടെന്നും അതെല്ലാം ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും 11: 6 ലും; ദിക്രീ എന്ന ഗ്രന്ഥത്തെ അവഗണിച്ച് ജീവിക്കുന്നവർക്ക് ഇഹത്തിൽ ഇടുങ്ങിയ, കുടുസ്സായ ജീവിതോപാധിയാണ് ഉള്ളതെന്ന് 20: 124 ലും പറഞ്ഞിട്ടുണ്ട്. 7: 24, 32, 96, 205-206 വിശദീകരണം നോക്കുക.

21. യാതൊരു വസ്തുവുമില്ല, അതിന്റെ ഖജനാവ് നമ്മുടെ പക്കലായിട്ടല്ലാതെ, അതെല്ലാം നാം ഒരു നിർണ്ണിത തോതനുസരിച്ചല്ലാതെ ഇറക്കിക്കൊണ്ടിരിക്കുന്നുമില്ല.

ചെടികളുടെയും മനുഷ്യരടക്കമുള്ള ജീവജാലങ്ങളുടെയും കാര്യത്തിൽ മാത്രമല്ല, നിർജ്ജീവ വസ്തുക്കളായ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ഭൂമി, ആകാശം, വെള്ളം, വെളിച്ചം, വായു, ചൂട്, തണുപ്പ് തുടങ്ങി എല്ലാറ്റിനും ഒരു നിർണ്ണിത പരിമാണവും അവധിയുമുണ്ട് എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. ഏതൊരു ജീവിയുടെയും വസ്തുവിന്റെയും സൃഷ്ടിപ്പിന് പിന്നിൽ ഒരു ലക്ഷ്യമുണ്ട്. അപ്പോൾ ഒരു ചെടി അല്ലെങ്കിൽ ഒരു ജീവി നിലനിൽക്കുന്നത് ഒരു പ്രത്യേക ആവശ്യത്തിനായിരിക്കും. പക്ഷേ അത് മനുഷ്യന് കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് വന്നേക്കാം. ചുരുക്കത്തിൽ ഒരു വസ്തുവും മിഥ്യയായി സൃഷ്ടിക്കപ്പെട്ടതല്ല എന്ന് സാരം. പ്രാപഞ്ചിക വ്യവസ്ഥകളെല്ലാം തികഞ്ഞ സന്തുലിതത്വത്തിലും യോജിപ്പിലുമാണ് കാണപ്പെടുന്നത്. അത് അതുപോലെത്തന്നെ നിലനിർത്താനുള്ള ത്രാസ്സാണ് 16: 89 ൽപറഞ്ഞ എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ. 7: 185; 11: 6; 25: 2, 33-34 വിശദീകരണം നോക്കുക.

22. പരാഗണം നടത്തുന്ന കാറ്റുകളെ അയക്കുന്നതും നാം തന്നെയാണ്, അങ്ങനെ നാം ആകാശത്തുനിന്ന് വെള്ളമിറക്കുന്നു, അങ്ങനെ നാം അത് നിങ്ങളെ കുടിപ്പിക്കുകയും ചെയ്യുന്നു, നിങ്ങൾ അതിന്റെ ഖജനാവുകളുടെ ഉടമകളൊന്നുമല്ലല്ലോ.

പുംബീജവും സ്ത്രീബീജവും കാറ്റ് മുഖേന ബന്ധിപ്പിച്ച് പരാഗണം നടക്കുന്ന സസ്യങ്ങളുണ്ട്. മേഘങ്ങളെ ഒരുമിച്ചുകൂട്ടി ഘനീഭവിച്ച് അല്ലാഹു നിശ്ചയിച്ച തോതനുസരിച്ച് മഴയായി വർഷിപ്പിക്കുന്നതും കാറ്റ് മുഖേനെയാണ്. *'ഖസാൻ'* എന്ന് പറഞ്ഞാൽ വെള്ളം ശേഖരിക്കുന്ന ടാങ്ക് എന്നാണ് അർത്ഥം. ഇവിടെ അല്ലാഹു ചോദിക്കുകയാണ്: വെള്ളം ശേഖരിക്കുന്നതും അത് വർഷിപ്പിക്കുന്നതും അതിന്റെ അളവ് തീരുമാനിക്കുന്നതും സൃഷ്ടികളായ നിങ്ങളല്ലല്ലോ? 56: 68-70 സൂക്തങ്ങളിൽ, നിങ്ങൾ കുടിക്കുന്ന വെള്ളത്തെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ, മേഘങ്ങളിൽ നിന്ന് നിങ്ങളാണോ

അതിനെ ഇറക്കുന്നത്, അതോ നാമാണോ; നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതിനെ ഉപ്പ് രസമുള്ളതാക്കുമായിരുന്നു, അപ്പോൾ നിങ്ങൾ എന്തുകൊണ്ട് നന്ദി പ്രകടിപ്പിക്കുന്നില്ല എന്ന് ചോദിച്ചിട്ടുണ്ട്. 23: 18 ൽ, നാം ആകാശത്തുനിന്ന് കണക്കനുസരിച്ച് വെള്ളമിറക്കുന്നു, പിന്നെ നാം അതിനെ ഭൂമിയിൽ താമസിപ്പിക്കുകയും ചെയ്യുന്നു, നിശ്ചയം നാം അതിനെ നീക്കിക്കളയാൻ കഴിവുള്ളവൻ തന്നെയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 67: 30 ൽ, നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ, നിങ്ങളുടെ കുടിവെള്ളം താഴ്ന്ന് പോവുകയാണെങ്കിൽ അല്ലെങ്കിൽ വറ്റിപ്പോവുകയാണെങ്കിൽ അപ്പോൾ ആരാണ് നിങ്ങൾക്ക് കുടിക്കാനുള്ള തെളിനീർ കൊണ്ടുവന്ന് തരാനുള്ളത് എന്ന് ചോദിക്കാൻ പ്രവാചകനോട് കൽപിച്ചിട്ടുണ്ട്. 2: 164; 13: 17; 14: 34; 51: 1–4 വിശദീകരണം നോക്കുക.

23. നിശ്ചയം നാം തന്നെയാണ് ജീവിപ്പിക്കുന്നത്, നാം തന്നെയാണ് മരിപ്പിക്കുന്നതും, നാം തന്നെയാകുന്നു അനന്തരമെടുക്കുന്നവനും.

നാം തന്നെയാണ് ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും, നമ്മിലേക്ക് തന്നെയാണ് എല്ലാവരുടെയും മടക്കവും എന്ന് 50: 43 ലും; നിശ്ചയം നാം തന്നെ ഭൂമിയെയും അതിലുള്ളവയെയും അനന്തരമെടുക്കുന്നതാണ്, നമ്മിലേക്കുതന്നെയാണ് അവർ എല്ലാവരും മടക്കപ്പെടുന്നതും എന്ന് 19: 40 ലും പറഞ്ഞിട്ടുണ്ട്. നമ്മുടെ സൂക്തങ്ങളെ നിഷേധിച്ചവനെ നീ കണ്ടില്ലേ, അവൻ പറയുന്നു: എനിക്ക് സമ്പത്തും സന്താനങ്ങളും ധാരാളം നൽകപ്പെട്ടിട്ടുണ്ട് എന്ന് 19: 77 ലും; അവൻ പറയുന്നതൊക്കെ നാം തന്നെ അനന്തരമെടുക്കുകയും അവനെ നാം ഒറ്റക്കായി കൊണ്ടുവരികയും ചെയ്യുമെന്ന് 19: 80 ലും പറഞ്ഞിട്ടുണ്ട്. 67: 24 ൽ, അവനാണ് നിങ്ങളെ ഭൂമിയിൽ പരത്തിയിട്ടിരിക്കുന്നത്, അവനിലേക്ക് തന്നെയാണ് നിങ്ങൾ പുനർജ്ജീവിപ്പിച്ച് ഒരുമിച്ച് കൂട്ടപ്പെടുക എന്ന് പറയാൻ പ്രവാചകനോട് കൽപിച്ചിട്ടുണ്ട്. 23: 79 ൽ, അവൻ തന്നെയാണ് നിങ്ങളെ ഭൂമിയിൽ പരത്തിയിട്ടിരിക്കുന്നത്, അവനിലേക്ക് തന്നെയാണ് നിങ്ങൾ പുനർജ്ജീവിപ്പിച്ച് ഒരുമിച്ച് കൂട്ടപ്പെടുകയും ചെയ്യുക എന്ന് പറഞ്ഞിട്ടുണ്ട്. എല്ലാം വിശദീകരിച്ചിട്ടുള്ള അദ്ദിക്റിൽ നിന്ന് ഇതെല്ലാം മനസ്സിലാക്കിയ വിശ്വാസികൾ 2: 155–156 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർക്ക് ഒരു വിപത്ത് അല്ലെങ്കിൽ ഒരു നഷ്ടം സംഭവിച്ചാൽ 'നിശ്ചയം ഞങ്ങൾ അല്ലാഹുവിൽ നിന്ന് വന്നവരാണ്, അവനിലേക്ക് തന്നെയാണ് തിരിച്ച് പോകേണ്ടതും' എന്ന് സമാശ്വസിക്കുന്നവരാണ്. എന്നാൽ കപടവിശ്വാസികൾ അവർക്ക് വല്ല ദുരിതമോ വിപത്തോ നഷ്ടമോ സംഭവിച്ചാൽ 4: 78–79 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അത് അല്ലാഹുവിലേക്ക് ബന്ധിപ്പിക്കാതെ അവന്റെ സൃഷ്ടികളിലേക്കാണ് ബന്ധിപ്പിക്കുക അഥവാ തനിക്ക് സംഭവിച്ച തിന്മക്ക് കാരണം മറ്റുള്ളവരാണ് എന്നായിരിക്കും അവരുടെ പ്രതികരണം.

വിശ്വാസികൾ പ്രപഞ്ചനാഥനെ ഭൂമിയുടെ അധിപനായി അംഗീകരിക്കുന്നവരായതിനാൽ ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് വായു, വെള്ളം, ഭക്ഷണം എന്നിവ ഒരുക്കുന്നതിന്റെ ഭാഗമായിക്കൊണ്ട് ഭൂമിയിൽ സാധ്യമായ എവിടെയും ജൈവകൃഷിചെയ്യുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിന് മനുഷ്യരെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയും സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അങ്ങനെയാണ് 3: 136; 11: 59 സൂക്തങ്ങളിൽ വിവരിച്ചതുപോലെ അവർ സ്വർഗം പണിയുന്നത്. 2: 254; 7: 43; 11: 123 വിശദീകരണം നോക്കുക.

24. നിശ്ചയം നിങ്ങളിൽ നിന്നുള്ള മുൻഗാമികളെ നമുക്കുതന്നെ അറിയാം, നി

ങ്ങളിൽ നിന്നുള്ള പിൻഗാമികളെയും നമുക്കുതന്നെ അറിയാം.

25.നിശ്ചയം നിന്റെ നാഥൻ, അവൻ അവരെ എല്ലാവരെയും ഒരുമിച്ച് കൂട്ടുകതന്നെ ചെയ്യും, നിശ്ചയം അവൻ യുക്തിജ്ഞനായ സർവ്വജ്ഞാനി തന്നെയാകുന്നു.

ആദ്യനും അന്ത്യനും പ്രത്യക്ഷവാനും പരോക്ഷവാനും ത്രികാലജ്ഞാനിയുമായ അല്ലാഹു ആദ്യാവസാനമുള്ള മുഴുവൻ സൃഷ്ടികളെയും ഒരുനാളിൽ ഒരുമിച്ചുകൂട്ടുന്നതും വിചാരണ നടത്തുന്നതുമാണ്. ഇതുവരെ കഴിഞ്ഞുപോയവരുടെ അവസ്ഥയെക്കുറിച്ചും അന്ത്യനാൾ വരെ വരാൻ പോകുന്നവരുടെ അവസ്ഥയെക്കുറിച്ചും അറിവുള്ളവൻ തന്നെയാണ് അവൻ. അതെല്ലാം അവൻ ത്രികാലജ്ഞാനമായ അദ്ദിക്റിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. 2: 255; 6: 38; 10: 61 വിശദീകരണം നോക്കുക.

26. നിശ്ചയം മനുഷ്യനെ നാം മുട്ടിയാൽ ശബ്ദമുണ്ടാക്കുന്ന, ദുർഗന്ധം വമിക്കുന്ന, ഒട്ടിപ്പിടിക്കുന്ന കറുത്ത കളിമണ്ണിൽ നിന്നാണ് സൃഷ്ടിച്ചത്.

27.അതിനുമുമ്പ് ജിന്നുകളെ നാം തീജ്ജ്വാലയിൽ നിന്നും സൃഷ്ടിച്ചിട്ടുണ്ടായിരുന്നു.

കൽപനകൾ അനുസരിക്കുകമാത്രം ചെയ്യുന്ന മലക്കുകളെയാണ് ആദ്യം സൃഷ്ടിച്ചത്. അവർ പ്രകാശത്താലാണ് സൃഷ്ടിക്കപ്പെട്ടത്. അതിനുശേഷം വിശ്വാസം സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യത്തോടുകൂടിയ ജിന്നുകളെ തീയിൽ നിന്ന് സൃഷ്ടിച്ചു. അവരിൽ അല്ലാഹുവിന്റെ പ്രാതിനിധ്യം വഹിക്കുന്നവരായി ഒറ്റ വിശ്വാസിയും ഇല്ലാതായപ്പോഴാണ് ജിന്നിൽ പെട്ട ഇബ്ലീസിന്റെ നേതൃത്വത്തിൽ മലക്കുകൾ ജിന്നുകളെ നശിപ്പിച്ചത്. അതിന് ശേഷമാണ് ഭൂമിയിലേക്ക് നിയോഗിക്കുന്നതിന് വേണ്ടി മനുഷ്യരെ സ്വർഗ്ഗത്തിൽ സൃഷ്ടിക്കുന്നത്. ഭൂമിയിൽ മനുഷ്യരുടെ വാസം അല്ലാഹുവിന്റെ അടുത്തുള്ള ഏഴ് ദിവസമാണ്. ഭൂമിയിലെ ഒരുദിവസം അല്ലാഹുവിന്റെ പക്കൽ മനുഷ്യർ കണക്കാക്കുന്ന ആയിരം വർഷമാണ് എന്ന് 22: 47; 32: 5 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ മനുഷ്യർ കണക്കാക്കുന്ന ഏഴായിരം വർഷമാണ് ഭൂമിയിൽ മനുഷ്യരുടെ ജീവിതം. 70: 4 ൽ പറഞ്ഞ അമ്പതിനായിരം വർഷം ദൈർഘ്യമുള്ള ദിനം കൊണ്ടുദ്ദേശിക്കുന്നത് പരലോകത്തെ വിചാരണാ ദിനമാണ്.

28. നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭവും സ്മരണീയമാണ്: നിശ്ചയം ഞാൻ മുട്ടിയാൽ ശബ്ദമുണ്ടാക്കുന്ന ദുർഗന്ധം വമിക്കുന്ന ഒട്ടിപ്പിടിക്കുന്ന കറുത്ത കളിമണ്ണിൽ നിന്ന് മനുഷ്യനെ സൃഷ്ടിക്കുന്നുണ്ട്.

29. അങ്ങനെ ഞാൻ അവനെ രൂപപ്പെടുത്തുകയും എന്റെ റൂഹിൽ നിന്ന് അവനിൽ ഊതുകയും ചെയ്താൽ അപ്പോൾ നിങ്ങളെല്ലാം അവന് സാഷ്ടാംഗത്തിൽ വീഴണം.

38: 72 ലും ഈ സൂക്തം ആവർത്തിക്കുന്നുണ്ട്. ജീവനും ആത്മാവും കൂടിയതാണ് റൂഹ്. അത് ഈസായടക്കം എല്ലാ മനുഷ്യർക്കും ജീവികൾക്കും സ്രഷ്ടാവിന്റേതുതന്നെയാണ്. 32: 9 ൽ വിവരിച്ച പ്രകാരം അത് മനുഷ്യരിൽ ആവാഹിപ്പിക്കുന്നത് നാലാം മാസത്തിലാണ്. റൂഹ് ശരീരത്തിൽ നിന്ന് വേർപിരിയുന്നതിനാണ് മരണം എന്ന് പറയുന്നത്. 6: 60; 39: 42 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഉറക്കം ഒരു ചെറിയ മരണമാണ്. ഉറക്കത്തിൽ ജീവൻ പോകാതെ ആത്മാവ് മാത്രമാണ് ശരീരത്തിൽ നിന്ന് വേർപിരിയുന്നത്. 4: 1 വിശദീകരണം നോക്കുക.

30. അപ്പോൾ മലക്കുകൾ, അവർ എല്ലാ ഓരോരുത്തരും മുഴുവനും സാഷ്ടാം

ഗം പ്രണമിച്ചു.

31. -ഇബ്ലീസ് ഒഴികെ, അവൻ സാഷ്ടാംഗം പ്രണമിക്കുന്നവരോടൊപ്പം ചേരാൻ വിസമ്മതിച്ചു.

2: 34; 7: 11 വിശദീകരണം നോക്കുക.

32. അവൻ ചോദിച്ചു: ഓ ഇബ്ലീസ്, നിനക്ക് എന്തുപറ്റി, നീ സാഷ്ടാംഗം പ്രണമിക്കുന്നവരുടെ കൂട്ടത്തിൽ പെടാതിരിക്കാൻ?

33. അവൻ പറഞ്ഞു: മുട്ടിയാൽ ശബ്ദമുണ്ടാക്കുന്ന ദുർഗന്ധം വമിക്കുന്ന ഒട്ടിപ്പിടിക്കുന്ന കറുത്ത കളിമണ്ണിൽ നിന്ന് നീ സൃഷ്ടിച്ച മനുഷ്യന്റെ മുമ്പിൽ ഞാൻ സാഷ്ടാംഗം പ്രണമിക്കുന്നവനാവുകയില്ല.

7: 12 വിശദീകരണം നോക്കുക.

34. അവൻ പറഞ്ഞു: എന്നാൽ നീ ഇവിടെനിന്നും പുറത്തുപോവുക, അപ്പോൾ നിശ്ചയം നീ ആട്ടിയകറ്റപ്പെട്ടവനാകുന്നു.

35. നിശ്ചയം നിന്റെമേൽ വിധിദിവസം വരെ ശാപമുണ്ട്.

വിധിദിവസം വരെ ഭൂമിയിൽ അവന് ശാപത്തോടുകൂടിയ ആയുസ്സ് നൽകിയിട്ടുണ്ടെന്നും വിധിദിവസം വിചാരണക്കുശേഷം അവന്റെ മടക്കം നരകത്തിലേക്കാണെന്നുമാണ് 'വിധിദിവസം വരെ ശാപമുണ്ട്' എന്ന് പറഞ്ഞതിന്റെ വിവക്ഷ. 14: 22 ൽ വിവരിച്ച പ്രകാരം ജിന്നുകളിൽ പെട്ട പിശാച് വിചാരണക്ക് ശേഷമാണ് നരകത്തിൽ പോവുക എങ്കിൽ 4: 145-147 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികളായ മനുഷ്യപ്പിശാചുക്കൾ സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ചതിനാൽ വിചാരണയില്ലാതെ നരകത്തിൽ പോകേണ്ടവരാണ്. 9: 55, 80; 39: 71 വിശദീകരണം നോക്കുക.

36. അവൻ പറഞ്ഞു: എന്റെ നാഥാ, അപ്പോൾ ഇവർ പുനർജ്ജീവിപ്പിക്കപ്പെടുന്നതുവരെ എനിക്ക് അവസരം നൽകിയാലും.

7: 14 വിശദീകരണം നോക്കുക.

37. അവൻ പറഞ്ഞു: നീ അവസരം നൽകപ്പെട്ടവരിൽ പെട്ടവനായിരിക്കുന്നു.

38. -സമയം നിർണ്ണയിക്കപ്പെട്ട ഒരു നാൾവരെ.

മനുഷ്യരുടെ പുനർജന്മനാൾ വരെയാണ് ഇബ്ലീസ് സമയം ചോദിച്ചതെങ്കിലും സമയം നിർണ്ണയിക്കപ്പെട്ട ഒരുനാൾ വരെയാണ് അല്ലാഹു അവന് അവസരം നൽകിയത്. അഥവാ പിശാച് മനുഷ്യരൂപം പൂണ്ട് മസീഹുദ്ദജ്ജാലായി വരികയും ശേഷം ഈസാ വന്ന് അവനെ വധിക്കുകയും ചെയ്യുന്ന നാളാണ് സമയം നിർണ്ണയിക്കപ്പെട്ട ആ നാൾ. അതിന് ശേഷം പിശാചിന് അവസരമില്ല, അതുകൊണ്ടുതന്നെ പരീക്ഷണങ്ങളോ വഴികേടോ ലൈംഗികബന്ധങ്ങളോ കുറ്റകൃത്യങ്ങളോ ഒന്നും തന്നെ ഉണ്ടാവുകയില്ല. അന്ന് ഭൂമുഖത്തുള്ളവർ എല്ലാവരും 43: 60-61 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം മലക്കുകളുടെ സ്വഭാവമുള്ളവരായി മാറുന്നതാണ്. 7: 15; 38: 78-81 വിശദീകരണം നോക്കുക.

39. അവൻ പറഞ്ഞു: എന്റെ നാഥാ, എന്നെ നീ ലക്ഷ്യബോധം നഷ്ടപ്പെട്ടവനാക്കിയതുകൊണ്ട് ഞാൻ ഭൂമിയിൽ അവർക്ക് അലങ്കാരങ്ങൾ കാണിച്ചുകൊടുക്കുകയും അവരെ മുഴുവനും ലക്ഷ്യബോധം നഷ്ടപ്പെടുത്തിയവരാക്കുകയും ചെയ്യും.

7: 16, 175–176; 11: 118–119 വിശദീകരണം നോക്കുക.

40. –അവരിൽ നിന്നുള്ള നിന്റെ പ്രത്യേകക്കാരായ അടിമകളെ ഒഴികെ.

37: 40; 38: 82–83 എന്നീ സൂക്തങ്ങളും സമാന ആശയമുള്ളവയാണ്. 12: 24; 19: 58 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകൻമാരെല്ലാം അല്ലാഹുവിന്റെ പ്രത്യേകക്കാരായ അടിമകളാണ്. 43: 36–39 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആയിരത്തിൽ ഒന്നായ വിശ്വാസി തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റുന്നതിനാൽ അവൻ പിശാചിന്റെ കെണിയിൽ അകപ്പെടുകയില്ല. 4: 118 ൽ വിവരിച്ച പ്രകാരം ബാക്കിയുള്ള 999 ഫുജ്ജാറുകളും അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ടും മൂടിവെച്ചുകൊണ്ടും പിശാചിന്റെ കെണിയിൽ പെടുന്നതാണ്. 7: 17, 143; 8: 22 വിശദീകരണം നോക്കുക.

41. അവൻ പറഞ്ഞു: ഇതാണ് എന്റെ അടുത്തുള്ള നേരെച്ചൊവ്വെയുള്ള പാത.

7: 172–173 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സ്വർഗ്ഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള പിശാചിന്റെ വിവിധ വഴികളും വിവരിക്കുന്ന അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ചുതന്നെ മനുഷ്യനെ പഠിപ്പിക്കുകയുണ്ടായി. പിശാച് ആരാണ്, അവന്റെ മടക്കം എവിടേക്കാണ്, മനുഷ്യന്റെ മേൽ അവനുള്ള സ്വാധീനം എന്താണ് എന്നെല്ലാം ഗ്രന്ഥത്തിൽ വിശദീകരിച്ച് കൊടുത്ത നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സന്മാർഗ്ഗത്തിലേക്കോ ദുർമാർഗ്ഗത്തിലേക്കോ ആക്കുകയില്ല. 1: 5; 6: 153 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റാണ് അല്ലാഹുവിന്റെ നേരെച്ചൊവ്വെയുള്ള പാത. അതുകൊണ്ട് ആരാണോ അദ്ദിക്റിനെ സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായും പിശാചിൽ നിന്നുള്ള തിന്മകളായ ആപത്ത്-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമായും ഉപയോഗപ്പെടുത്തുന്നത്, അവർ മാത്രമാണ് വിജയം വരിക്കുക. ഗ്രന്ഥം കിട്ടിയിട്ട് അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരുടെ മടക്കം പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്കാണ്. അതായത് സ്വർഗം അല്ലെങ്കിൽ നരകം ഓരോരുത്തരും ഇവിടെ സമ്പാദിക്കുന്നതാണ്. 2: 62 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ ലഭിക്കാത്തവരെ ഈ രണ്ട് ലോകങ്ങളുമല്ലാത്ത മറ്റേതെങ്കിലും ലോകങ്ങളിലേക്കാണ് സർവ്വലോകങ്ങളുടെയും ഉടമ അയക്കുക. 6: 115–116; 7: 18, 40, 150; 14: 1 വിശദീകരണം നോക്കുക.

42. നിശ്ചയം എന്റെ അടിമകൾ, അവരുടെ മേൽ നിനക്ക് യാതൊരു സ്വാധീനവുമില്ല; ലക്ഷ്യബോധം നഷ്ടപ്പെട്ട് നിന്നെ പിൻപറ്റിയവരുടെ മേലൊഴികെ.

38: 82–83 സൂക്തങ്ങളിൽ, അപ്പോൾ നിന്റെ പ്രതാപമാണ്, അവരിൽ നിന്ന് നിനക്ക് വേണ്ടി മാത്രം ജീവിക്കുന്ന നിന്റെ പ്രത്യേകക്കാരായ അടിമകളെ ഒഴികെ ബാക്കിയുള്ളവരെ മുഴുവനും ഞാൻ ലക്ഷ്യബോധം നഷ്ടപ്പെട്ടവരാക്കുകതന്നെ ചെയ്യും എന്ന് പിശാച് പറഞ്ഞതായി പറഞ്ഞിട്ടുണ്ട്. 8: 48 ൽ വിവരിച്ച പ്രകാരം ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കിമാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്ന വിശ്വാസികളുടെ മേൽ പിശാചിന് യാതൊരു സ്വാധീനവുമില്ല. 7: 175–176 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ലക്ഷ്യബോധമില്ലാത്ത കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റി പ്രജ്ഞയറ്റവരായിത്തീർന്ന അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നതിനാലാണ് അവരെ പിശാച് പാട്ടിലാക്കുന്നത്. 2: 256–257; 4: 174–175; 7: 179 വിശദീകരണം നോക്കുക.

43. നിശ്ചയം നരകകുണ്ഠമാകുന്നു അവരോട് മുഴുവനും വാഗ്ദത്തം ചെയ്യപ്പെട്ടിട്ടു

ള്ളത്.

സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് നീട്ടിയിട്ടിരിക്കുന്ന അല്ലാഹുവിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിക്കാത്ത, എല്ലാ പ്രവാചകന്മാരുടെയും ജനതയിൽ നിന്ന് ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതുപേരും സേവിച്ചുകൊണ്ടിരിക്കുന്നത് പിശാചിനെയാണ്. അവരോട് വാഗ്ദത്തം ചെയ്യപ്പെട്ടത് നരകകുണ്ഠവുമാണ്. 4: 118; 32: 13; 38: 84–85 വിശദീകരണം നോക്കുക.

44. അതിന് ഏഴ് വാതിലുകളുണ്ട്, എല്ലാഓരോ വാതിലും അവരിൽ നിന്നുള്ള ഓരോ വിഭാഗത്തിന് നിർണ്ണയിക്കപ്പെട്ടിരിക്കുന്നു.

നരകം (2: 39), വൈൽ (2: 79), നരകക്കുണ്ഠം (48: 6), കത്തിയാളുന്ന നരകം (76: 4), സഖർ (74: 26), ഹുത്വമഃ (104: 4), ജ്വലിക്കുന്ന നരകം (5: 10) എന്നീ ഏഴ് വാതിലുകളാണ് നരകത്തിനുള്ളത്. മനുഷ്യരിൽ ഇന്ന് ലോകത്ത് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്. സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികൾ 63: 4 ൽ വിവരിച്ച പ്രകാരം വധിക്കപ്പെട്ടവരും 4: 145 ൽ പറഞ്ഞ പ്രകാരം വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകേണ്ടവരുമാണ്. 10: 33 ൽ വിവരിച്ച പ്രകാരം തെമ്മാടികളായ അവർ ഒരിക്കലും വിശ്വാസികളാവുകയില്ല. അവരുടെ അനുയായികൾ 39: 71 ൽ പറഞ്ഞ പ്രകാരം വിചാരണക്ക് ശേഷം നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുന്നതാണ്. ഇവർ രണ്ടുകൂട്ടരുടെയും പട്ടിക 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീനി*ലാണ്. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസി അവന്റെ വിധി അദ്ദിക്ർ ഉപയോഗപ്പെടുത്തി നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീൻ* പട്ടികയിൽ നിന്ന് 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ *ഇല്ലിയ്യീൻ* പട്ടികയിലേക്ക് മാറ്റുന്നതാണ്. അവർ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും നരകത്തിന്റെ ഏഴ് കവാടങ്ങളെത്തൊട്ടും മുഹൈമിനായ നാഥനോട് മുഹൈമിനായ അദ്ദിക്ർ കൊണ്ട് അഭയം തേടുന്നതാണ്. 2: 119; 5: 86; 9: 67–68 വിശദീകരണം നോക്കുക.

45. നിശ്ചയം സൂക്ഷ്മാലുക്കൾ സ്വർഗ്ഗപ്പൂന്തോപ്പുകളിലും അരുവികളിലുമായിരിക്കും.

2: 2 ൽ, ആ ഗ്രന്ഥം അതിന്റെ കാര്യത്തിൽ സംശയമില്ല, അത് സൂക്ഷ്മാലുക്കൾക്ക് സന്മാർഗമാണ് എന്ന് പറഞ്ഞിട്ടുണ്ട്. അതായത് ആരാണോ അദ്ദിക്റിനെ പിൻപറ്റുന്നത് അഥവാ സന്മാർഗമായി സ്വീകരിച്ചത്, അവരാണ് സൂക്ഷ്മാലുക്കൾ. ആർക്കാണോ സത്യമായ അദ്ദിക്ർ വന്നുകിട്ടുകയും അതിനെ സത്യപ്പെടുത്തുകയും ചെയ്തത്, അക്കൂട്ടർ തന്നെയാണ് സൂക്ഷ്മാലുക്കൾ എന്ന് 39: 33 ലും; നിശ്ചയം അദ്ദിക്ർ സൂക്ഷ്മാലുക്കൾക്ക് ഒരു ടിക്കറ്റ് തന്നെയാണ് എന്ന് 69: 48 ലും പറഞ്ഞിട്ടുണ്ട്.

ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുകയും എന്നാൽ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ടുള്ള ജീവിതം നയിക്കുകയും ചെയ്യുന്ന ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ 'അപ്പോൾ നീ സ്വിദ്ഖിനെ സത്യപ്പെടുത്തിയില്ല, അതുകൊണ്ട് നീ നമസ്കരിച്ചിട്ടുമില്ല; എന്നാൽ നീ തള്ളിപ്പറഞ്ഞ് പിന്തിരിഞ്ഞുപോയി' എന്ന് പറയുന്നതാണ് എന്ന് 75: 31–33 സൂക്തങ്ങളിലും; അല്ല, നിശ്ചയം എന്റെ സൂക്തങ്ങൾ നിനക്ക് വന്നുകിട്ടി, അപ്പോൾ നീ അവയെ തള്ളിപ്പറഞ്ഞു, നീ അഹങ്കരിക്കുകയും ചെയ്തു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് പറയുന്നതാണ് എന്ന് 39: 59 ലും പറഞ്ഞിട്ടുണ്ട്. 7: 37; 9: 124–125; 11: 120 വിശദീകരണം നോക്കുക.

46. സുരക്ഷിതരായി സമാധാനത്തോടെ നിങ്ങൾ അതിൽ പ്രവേശിച്ചുകൊള്ളുക.

47. അവരുടെ നെഞ്ചുകളിലുണ്ടായേക്കാവുന്ന വിദ്വേഷങ്ങളെ നാം നീക്കിക്കളയുകയും അവർ പരസ്പരം സഹോദരങ്ങളായിക്കൊണ്ട് കട്ടിലുകളിൽ അഭിമുഖമായി ഇരിക്കുന്നതുമാണ്.

വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന *'സാബിഖീങ്ങളു'*ടെ മനസ്സിൽ പരസ്പരം ഒരു വിദ്വേഷവും ഉണ്ടാവുകയില്ല. എന്നാൽ വിചാരണക്കുശേഷം സ്വർഗത്തിൽ പോകുന്ന വലതുപക്ഷക്കാരായ വിശ്വാസികൾക്ക് പരസ്പരം ഉണ്ടായിരുന്ന ചെറിയ തെറ്റിദ്ധാരണകളും അഭിപ്രായവ്യത്യാസങ്ങളും നീക്കിക്കളഞ്ഞ് അവരെ സ്വർഗത്തിൽ സഹോദരങ്ങളായി പ്രവേശിപ്പിക്കുന്നതാണ്. സ്വർഗത്തിൽ പോകുന്ന വിശ്വാസികൾ തമ്മിൽ അടിസ്ഥാനപരമായ കാര്യങ്ങളിൽ അഭിപ്രായവ്യത്യാസം ഉണ്ടാവുകയില്ലതന്നെ. അല്ലാഹു കൊന്നുകളഞ്ഞ കപടവിശ്വാസികളെ വെറുക്കാത്തവരും അവരോട് വിരോധവും ശത്രുതയും വെച്ചുപുലർത്താത്തവരുമായ ഒരാൾക്കും കടുകുമണിത്തൂക്കം പോലും വിശ്വാസമില്ല, അവർ സ്വർഗത്തിൽ പ്രവേശിക്കുകയുമില്ല. 7: 43; 8: 63–64; 9: 71–72; 49: 10 വിശദീകരണം നോക്കുക.

48. അതിൽ അവരെ ഒരു ക്ഷീണവും ബാധിക്കുകയില്ല, അവർ അവിടെനിന്ന് പുറത്താക്കപ്പെടുന്നവരാവുകയുമില്ല.

അല്ലാഹു അവന്റെ പ്രവാചകനിലൂടെ പഠിപ്പിക്കുകയുണ്ടായി; *സ്വർഗ്ഗവാസികളോട് പറയപ്പെടും: നിങ്ങൾ ഇവിടെ എന്നും ആരോഗ്യവാൻമാരായിരിക്കും, ഒരിക്കലും രോഗം ബാധിക്കുകയില്ല, എന്നെന്നും നിങ്ങൾ ഇവിടെ ജീവിക്കും, ഒരിക്കലും മരിക്കുകയില്ല, എക്കാലത്തും നിങ്ങൾ യുവാക്കളായിരിക്കും, ഒരിക്കലും വാർദ്ധക്യം ബാധിക്കുകയില്ല. എന്നെന്നും നിങ്ങൾ ഇവിടെ സ്ഥിരതാമസക്കാരായിരിക്കും, ഒരിക്കലും പുറത്തുപോകേണ്ടി വരികയില്ല.* 18: 108 ൽ, വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്ന സൂക്ഷ്മാലുക്കൾക്ക് സ്വർഗ്ഗപ്പൂന്തോപ്പുകളാണ് വിരുന്നായി ലഭിക്കുക, അവർ അതിൽ എന്നെന്നും താമസിക്കുന്നതാണ്, അവിടെനിന്ന് വിട്ടുപോകാൻ അവർ കൊതിക്കുകയുമില്ല എന്നും; 78: 31–36 സൂക്തങ്ങളിൽ, സൂക്ഷ്മാലുക്കൾക്ക് തീർച്ചയായും വിജയസ്ഥാനമുണ്ട്, ഉദ്യാനങ്ങളും മുന്തിരിത്തോപ്പുകളും സമപ്രായക്കാരായ ഇണകളും പതയുന്ന ചഷകങ്ങളുമുണ്ട്, അതിൽ അവർ പൊളിവചനങ്ങളോ അനാവശ്യ വർത്തമാനങ്ങളോ കേൾക്കുകയില്ല, ഇതെല്ലാം നിന്റെ നാഥനിൽ നിന്നുള്ള കണക്കില്ലാത്ത വരദാനങ്ങളാണ് എന്നും പറഞ്ഞിട്ടുണ്ട്. 56: 10–26 സൂക്തങ്ങളിൽ, വിചാരണയില്ലാതെ സ്വർഗത്തിലേക്ക് പോകുന്നവർ നിത്യാനന്ദ സ്വർഗ്ഗപ്പൂന്തോപ്പുകളിൽ അല്ലാഹുവിന്റെ സമീപസ്ഥരായി കഴിഞ്ഞുകൂടുന്നതാണ്, അവർ ആദ്യകാലത്തുള്ളവരിൽ നിന്ന് ഒരുവിഭാഗവും അവസാനകാലക്കാരിൽ നിന്ന് വളരെക്കുറച്ചും മാത്രമാണ്. അവർ നവരത്നങ്ങൾ പതിച്ച ആട്ടുകട്ടിലുകളിൽ മുഖാമുഖം ചാരിയിരിക്കും, സ്ഥിരപ്രായക്കാരും സ്ഥിരോത്സാഹികളുമായ ബാലന്മാർ അവർക്കുചുറ്റും പാനപാത്രങ്ങളും കൂജകളുമായി ഓടിനടക്കും. അതിൽ നിന്ന് കുടിച്ചാൽ തലവേദനയോ ലഹരിയോ അവരെ ബാധിക്കുകയില്ല. മേത്തരം പഴങ്ങളും മോഹിക്കുന്ന പക്ഷിമാംസവും അവർക്ക് ലഭിക്കും. അവർക്ക് മൂടിവെച്ച് കാത്തുസൂക്ഷിച്ച പവിഴമുത്തുപോലെയുള്ള മനോഹരികളായ വിശാലാക്ഷികൾ അവിടെയുണ്ട്. ഇതെല്ലാം അവരുടെ പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലമായിട്ടാണ് ലഭിക്കുന്നത്. അവർ അവിടെ 'സമാധാനം', 'സമാധാനം' എന്ന വാക്കുക

ളല്ലാതെ പൊളിവചനമോ അസഭ്യമോ അനാവശ്യ സംസാരമോ ഒന്നും കേൾക്കുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്.

56: 27-40 സൂക്തങ്ങളിൽ, വലതുപക്ഷക്കാരെക്കുറിച്ച് പറയുന്നു: ഏതാണ് വലതു പക്ഷം? ആരാണ് വലതുപക്ഷക്കാർ? അവർ മുള്ളില്ലാത്ത ഇലന്തവൃക്ഷങ്ങൾക്കും ഇടതൂർന്ന വാഴകൾക്കും വിശാലമായ തണലുകൾക്കും ഒഴുകുന്ന അരുവികൾക്കും തീർന്നു പോവുകയോ തടയപ്പെടുകയോ ചെയ്യാത്ത പഴങ്ങൾക്കുമിടയിൽ കഴിഞ്ഞുകൂടുന്നതാണ്. ഉയർന്ന വിരിപ്പുകളിൽ അവർ വിശ്രമിക്കും. നിശ്ചയം വലതുപക്ഷക്കാർക്കു വേണ്ടി നാം ഉദ്ദേശിക്കും വിധം അവരുടെ ഇണകളെ സമപ്രായക്കാരും യുവത്വം തുളുമ്പുന്ന കന്യകകളുമായി ഒരു നട്ടുവളർത്തൽ നാം നടത്തുന്നതാണ്. ഇതെല്ലാം വലതുപക്ഷക്കാർക്കുള്ളതാണ്, അവർ ആദ്യകാലത്തുള്ളവരിൽ നിന്ന് ഒരു വിഭാഗവും അവസാന കാലക്കാരിൽ നിന്ന് ഒരു വിഭാഗവുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. *സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന പുരുഷൻമാരും സ്ത്രീകളും മുപ്പത്തിമൂന്ന് വയസ്സുകാരായിരിക്കും എന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 3: 133-136; 13: 23-24; 14: 23-25 വിശദീകരണം നോക്കുക.

49. എന്റെ അടിമകളെ നീ അറിയിക്കുക, നിശ്ചയം ഞാൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാണെന്ന്.

50. നിശ്ചയം എന്റെ ശിക്ഷ- അതുതന്നെയാണ് ഏറ്റവും വേദനാജനകമായതെന്നും.

കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും അവരുടെ അനുയായികളും മുശ്രിക്കുകളുമായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കുന്നതിനുവേണ്ടിയും, വിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും പശ്ചാത്താപം സ്വീകരിക്കുന്നതിനും വേണ്ടിയുമാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 33: 72-73 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസികൾ അവനോടൊപ്പം മറ്റൊരു ഇലാഹിനെ വിളിച്ച് പ്രാർത്ഥിക്കുകയില്ല; അല്ലാഹു വധിക്കൽ വിരോധിച്ചിട്ടുള്ള ഒരു ആത്മാവിനെയും ന്യായം കൂടാതെ വധിക്കുകയില്ല; വ്യഭിചരിക്കുകയുമില്ല. ആരെങ്കിലും അങ്ങനെ ചെയ്താൽ അവൻ വൻകുറ്റങ്ങളിൽ അകപ്പെട്ട് കഴിഞ്ഞു. വിധിദിവസം അവന് ശിക്ഷ ഇരട്ടിപ്പിച്ച് നൽകുന്നതും അവൻ അതിൽ ഹീനനായി കഴിഞ്ഞുകൂടുന്നതുമാണ്. എന്നാൽ ആരാണോ പശ്ചാത്തപിച്ച് മടങ്ങുകയും വിശ്വാസം രൂപപ്പെടുത്തുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തത്, അവനൊഴികെ; അത്തരക്കാർക്ക് അവരുടെ നാഥൻ അവരുടെ തിന്മകൾ നന്മകളാക്കി പരിവർത്തിപ്പിക്കുന്നതാണ്, നാഥൻ കാരുണ്യവാനായ ഏറെപ്പൊറുക്കുന്നവനാണ് എന്ന് 25: 68-70 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. സ്വയം സ്തുത്യർഹനും യുക്തിജ്ഞാനിയുമായ നാഥനിൽ നിന്നുള്ള അജയ്യഗ്രന്ഥമായ അദ്ദിക്റിൽ ക്രോഡീകരിക്കുന്നതിന് മുമ്പോ ശേഷമോ മിഥ്യയൊന്നും കടന്നുകൂടുകയില്ല. 313 പ്രവാചകന്മാർക്കും നൽകപ്പെട്ടിട്ടുള്ള ഗ്രന്ഥം അദ്ദിക്ർ തന്നെയാണ്. നിശ്ചയം നിന്റെ നാഥൻ (വിശ്വാസികളോട്) ഏറെപ്പൊറുക്കുന്നവനും (ഫുജ്ജാറുകളെ) വേദനാജനകമായി ശിക്ഷിക്കുന്നവനുമാണ് എന്ന് 41: 41-43 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് ശാന്തിനേടിയ ആത്മാവിനോട് നാഥൻ 'ഓ ശാന്തിനേടിയ ആത്മാവേ! നീ നിന്റെ നാഥനിലേക്ക് തിരിച്ചുവരിക, അവൻ നിന്നെത്തൊട്ട് തൃപ്തിപ്പെട്ടുകൊണ്ടും നീ അവനെത്തൊട്ട് തൃപ്തിപ്പെട്ടുകൊണ്ടും; നീ എന്റെ സേവകരിൽ പ്രവേശിച്ചുകൊള്ളുക, എന്റെ സ്വർഗത്തിൽ

പ്രവേശിച്ചുകൊള്ളുക എന്ന് പറയുമെന്ന് 89: 27-30 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. വിധി ദിവസം നരകകുണ്ഠം കൊണ്ടുവരപ്പെടുമ്പോൾ ഐഹികലോകത്തുവെച്ച് അദ്ദിക്ർ വന്നു കിട്ടിയിട്ട് ഉപയോഗപ്പെടുത്താതെ ജീവിച്ച മനുഷ്യൻ: ഓ കഷ്ടം! ഞാൻ *ദിക്റാ* ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ! ഞാൻ എന്റെ ഈ ജീവിതത്തിന് വേണ്ടി മുൻകൂട്ടി സമ്പാദിച്ചുവെച്ചിരുന്നുവെങ്കിൽ എന്ന് വിലപിക്കുമെന്ന് 89: 23-24 സൂക്തങ്ങളിലും; അപ്പോൾ അന്നേദിനം അവൻ ശിക്ഷിക്കുന്നതുപോലെ മറ്റാരും ശിക്ഷിക്കുന്നതല്ല, അവൻ കെട്ടിയിടുന്നതുപോലെ മറ്റാരും കെട്ടിയിടുന്നതുമല്ല എന്ന് 89: 25-26 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 286; 12: 53 വിശദീകരണം നോക്കുക.

51. അവരെ ഇബ്റാഹീമിന്റെ അതിഥികളെക്കുറിച്ചും അറിയിക്കുക.

ഇബ്റാഹീമിന്റെയും തുടർന്ന് ലൂത്ത് ജനതയുടെയും സംഭവചരിത്രങ്ങൾ വിവരിക്കുകവഴി 15: 7-8 സൂക്തങ്ങളിൽ കാഫിറുകൾ പ്രവാചകനോട്: നീ പ്രവാചകനാണെങ്കിൽ ഞങ്ങളുടെ മുമ്പിൽ മലക്കുകളെ കൊണ്ടുവരാത്തതെന്ത് എന്ന് ചോദിച്ചതിന് മറുപടി നൽകുകയാണ്. മലക്കുകളെ നാം അങ്ങനെയങ്ങ് ഇറക്കാറില്ലെന്നും യാഥാർത്ഥ്യവും കൊണ്ട് ലക്ഷ്യത്തോടുകൂടി മാത്രമേ അവരെ ഇറക്കുകയുള്ളൂ എന്നും അവിടെ സംക്ഷിപ്തമായി മറുപടി നൽകിയത് ഇവിടെ വിവരിക്കുകയാണ്. അവരോട് പറയുന്നു: ആ യാഥാർത്ഥ്യങ്ങളിലൊന്നുമായിട്ടാണ് മലക്കുകൾ ഇബ്റാഹീമിന്റെ അടുക്കൽ വന്നിരുന്നത്. 15: 49 ൽ പറഞ്ഞ അല്ലാഹുവിന്റെ കാരുണ്യത്തെ സ്ഥിരീകരിക്കുന്ന സംഭവമായിരുന്നു അത്. മലക്കുകൾ ലൂത്ത് ജനതയുടെ അടുക്കൽ ചെന്നത് മറ്റൊരു യാഥാർത്ഥ്യവുമായിട്ടാണ്, അഥവാ 15: 50 ൽ പറഞ്ഞ അല്ലാഹുവിന്റെ ശിക്ഷയുമായിട്ട്. ഇതിൽ ഏത് യാഥാർത്ഥ്യവുമായിട്ടായിരിക്കും അവർ നിങ്ങളുടെ അരികിൽ വരിക എന്ന് സ്വയം ചിന്തിക്കുക!

അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് ഇന്ന് ലോകജനതയിൽ വെച്ച് ഏറ്റവും തെമ്മാടികളും ധിക്കാരികളുമായി ജീവിതം നയിക്കുന്നത്. ത്രികാലജ്ഞാനമായ അദ്ദിക്റിൽ നിന്ന് അകന്നു പോയതാണ് അതിന് കാരണം. എന്നാൽ അവർ ഇബ്റാഹീമിന്റെയും മുഹമ്മദിന്റെയും ജീവിതമാണ് നയിക്കുന്നതെന്ന് വാദിക്കുകയും ചെയ്യുന്നു. അദ്ദിക്റിന്റെ മാർഗത്തിലേക്ക് വരണമെന്നും അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാതെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ കർമ്മങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല എന്നും അവരോട് പറയുന്ന വിശ്വാസികളോട് അവർ ചോദിക്കുക: അല്ലാഹു ഏറെപ്പൊറുക്കുന്നവനും കാരുണ്യവാനുമല്ലേ എന്നാണ്. എന്നാൽ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ മൂടിവെച്ചവരോട് അല്ലാഹു പ്രതികാരമാണ് ചെയ്യുക. അവരോട് മുഹൈമിനായ അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യാനാണ് 25: 52 ൽ വിശ്വാസിയോട് നാഥൻ കൽപിച്ചിട്ടുള്ളത്. വിശ്വാസികളുടെ സംഘത്തോട് അത്തരം കപടവിശ്വാസികളെ വധിക്കാനും കൽപിച്ചിട്ടുണ്ട്. എന്നാൽ ഈസാ രണ്ടാമത് വന്നശേഷം മാത്രമേ അത് നടപ്പിലാവുകയുള്ളൂ. ആദ്യം മസീഹുദ്ദജ്ജാലാണ് വരിക, അവനെ സ്വാഗതം ചെയ്യുക കപടവിശ്വാസികളും അനുയായികളുമാണ്. ഗ്രന്ഥത്തിൽ ഏഴ് സൂക്തങ്ങളിൽ ഉൾക്കാഴ്ചാദായകം എന്ന് വിശേഷിപ്പിച്ചിട്ടുള്ള അദ്ദിക്ർ കൊണ്ട് മാത്രമേ മസീഹുദ്ദജ്ജാലിനെ തിരിച്ചറിയുകയുള്ളൂ എന്ന് ഒറ്റപ്പെട്ട വിശ്വാസികൾ ഇവരെ ഉണർത്തുമ്പോൾ: പണ്ഡിതൻമാരെയെല്ലാം കൊല്ലണമെന്നോ? ഇത് തീവ്രവാദമാണ് എന്നാണ് അവർ പറയുക. ഇത് ഗ്രന്ഥത്തിൽ ത്രികാലജ്ഞാനി രേഖപ്പെടുത്തിവെച്ചതും

പ്രവാചകനിലൂടെ അവൻ മുന്നറിയിപ്പ് നൽകിയതുമാണ് എന്ന സത്യം മനസ്സിലാക്കി അവരവരുടെ ജീവിതരീതി തിരുത്താനോ ഭൂമിയെ നശിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് മാറിനിൽക്കാനോ പിശാചിന്റെ പ്രതിനിധികളായ ഇവർ തയ്യാറാവുകയില്ല. 2: 18, 170; 9: 67-68, 124-125 വിശദീകരണം നോക്കുക.

52. അവർ അവന്റെ അടുക്കൽ പ്രവേശിക്കുകയും അങ്ങനെ 'സമാധാനം' എന്ന് പറയുകയും ചെയ്ത സന്ദർഭം; അവൻ പറഞ്ഞു: നിശ്ചയം നാം നിങ്ങളിൽ നിന്ന് ഭയം തോന്നുന്നവൻ തന്നെയാകുന്നു.

2: 210; 6: 8; 11: 69-70 വിശദീകരണം നോക്കുക.

53. അവർ പറഞ്ഞു: നീ ഭയപ്പെടേണ്ട, നിശ്ചയം ഞങ്ങൾ നിനക്ക് ഒരു ജ്ഞാനിയായ പുത്രനെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നവരാകുന്നു.

11: 71 ൽ പറഞ്ഞ ഇസ്ഹാഖിന്റെ ജനനത്തെക്കുറിച്ചുള്ള ശുഭവാർത്തയാണത്.

54. അവൻ ചോദിച്ചു: ഈ വാർദ്ധക്യം പ്രാപിച്ച അവസ്ഥയിലും നിങ്ങൾ എന്നെ സന്തോഷവാർത്ത അറിയിക്കുകയാണോ? അപ്പോൾ നിങ്ങൾ എന്തൊരു സന്തോഷവാർത്തയാണ് നൽകുന്നത്!

11: 72 പ്രകാരം ഇബ്റാഹീം നബിയുടെ പത്നി സാറയാണ് മലക്കുകൾ അറിയിച്ച പുത്രലബ്ധിയെക്കുറിച്ചുള്ള സന്തോഷവാർത്തയിൽ അത്ഭുതം പ്രകടിപ്പിച്ച് സംസാരിച്ചത്.

55. അവർ പറഞ്ഞു: ഞങ്ങൾ നിനക്ക് നൽകുന്നത് സത്യമായ സന്തോഷവാർത്ത തന്നെ യാകുന്നു, അപ്പോൾ നീ ആശയറ്റവരിൽ പെട്ടവനാകാതിരിക്കുക!

56. അവൻ ചോദിച്ചു: വഴിപിഴച്ചവരല്ലാതെ ആരാണ് തന്റെ നാഥന്റെ കാരുണ്യത്തിൽ ആശയറ്റവരാവുക?

വഴിപിഴച്ച് പോയവരല്ലാതെ അല്ലാഹുവിന്റെ കാരുണ്യത്തെത്തൊട്ട് ആശയറ്റവരാവുകയില്ല എന്നാണ് ഇബ്റാഹീം നബി മറുപടി പറയുന്നത്. 11: 73 ൽ, മലക്കുകൾ ഇബ്റാഹീം നബിയുടെ പത്നി സാറയോട് ചോദിക്കുന്നത്: അല്ലാഹുവിന്റെ കൽപനയിൽ നിങ്ങൾ ആശ്ചര്യപ്പെടുന്നുവോ? ഓ ഇബ്റാഹീമിന്റെ വീട്ടുകാരേ, നിങ്ങളുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവുമുണ്ട് എന്നാണ്. അപ്പോൾ മലക്കുകളും ഇബ്റാഹീമും സാറയും വിശ്വാസികളായിരിക്കെ അവർ അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിക്കുന്നവരാണ്. വഴിപിഴച്ച് പിശാചിന്റെ വഴിയിൽ സഞ്ചരിക്കുന്ന കാഫിറുകളാണ് അല്ലാഹുവിന്റെ കാരുണ്യത്തെത്തൊട്ട് ആശയറ്റവരാവുക. 9: 113-114; 12: 87; 14: 23 വിശദീകരണം നോക്കുക.

57. അവൻ ചോദിച്ചു: അല്ലെയോ അയക്കപ്പെട്ടവരേ, നിങ്ങളുടെ മുഖ്യദൗത്യം എന്താകുന്നു?

മലക്കുകൾ മനുഷ്യരൂപത്തിൽ വരുന്നത് എപ്പോഴും അസാധാരണ സന്ദർഭങ്ങളിലായിരിക്കുമെന്നും അതുകൊണ്ടുതന്നെ എന്തെങ്കിലും സുപ്രധാന ദൗത്യവുമായിട്ടായിരിക്കും അവർ അയക്കപ്പെട്ടിട്ടുണ്ടാവുക എന്നും ഇബ്റാഹീം നബിയുടെ ഈ ചോദ്യത്തിൽ നിന്ന് വ്യക്തമാകുന്നുണ്ട്. 6: 158; 11: 74 വിശദീകരണം നോക്കുക.

58. അവർ പറഞ്ഞു: നിശ്ചയം ഞങ്ങൾ ഭ്രാന്തൻമാരായ ഒരു ജനതയിലേക്ക് അയക്കപ്പെട്ടവരാകുന്നു.

ജനതയുടെ പേര് പറയാതെത്തന്നെ ആ ജനതയെക്കുറിച്ച് ഇബ്റാഹീം നബിയെപ്പോലെയുള്ളവർക്ക് മനസ്സിലാകത്തക്കവണ്ണം ലൂത്ത് ജനത ലക്ഷ്യബോധം നഷ്ടപ്പെട്ട് ഭ്രാന്തൻമാരായിത്തീർന്നിരുന്നു എന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. അതുപോലെ അദ്ദിക്ർ പിൻപറ്റുന്ന അഥവാ അല്ലാഹുവിന്റെ പ്രതിനിധിയായി ജീവിക്കുന്ന ഒരാളും തന്നെ ഇല്ലാതെ എല്ലാവരും അക്രമികളും തെമ്മാടികളും ഭ്രാന്തൻമാരുമാകുമ്പോഴാണ് ലോകം അവസാനിക്കുക. 7: 40; 10: 17; 11: 17 വിശദീകരണം നോക്കുക.

59. -ലൂത്തിന്റെ കുടുംബമൊഴികെ, നിശ്ചയം നാം അവരെ മുഴുവൻ രക്ഷപ്പെടുത്തുകതന്നെ ചെയ്യും.

ആ നാട്ടിൽ ലൂത്തിന്റെ കുടുംബമൊഴികെ മറ്റെല്ലാവരും ഭ്രാന്തൻമാരായിക്കഴിഞ്ഞിരുന്നു എന്നർത്ഥം. 10: 103 വിശദീകരണം നോക്കുക.

60. അവന്റെ സ്ത്രീയൊഴികെ, നിശ്ചയം അവൾ പുറം തിരിഞ്ഞ് നിൽക്കുന്നവളിൽ പെട്ടവളായിരിക്കുമെന്ന് നാം നിശ്ചയിച്ചിരിക്കുന്നു.

അല്ലാഹുവിന്റെ കൽപനകൾ മാത്രം അനുസരിക്കുക, ധിക്കാരം തീരെ വരാതിരിക്കുക എന്നതാണ് മലക്കുകളുടെ സ്വഭാവം. ഇവിടെ അല്ലാഹു പറയുന്നതുപോലെ 'നാം രക്ഷപ്പെടുത്തും, നാം നിശ്ചയിച്ചിരിക്കുന്നു' എന്നെല്ലാമാണ് മലക്കുകൾ പറയുന്നത്. ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് മലക്കുകളുടെ പ്രവർത്തനം അല്ലാഹുവിന്റെ നേരിട്ടുള്ള പ്രവർത്തനങ്ങൾക്ക് സമമാണ് എന്നാണ്. 27: 82 ൽ, അന്ത്യനാൾ അടുക്കുമ്പോൾ ഭൂമിയിൽ നിന്ന് ഒരുമൃഗത്തെ പുറപ്പെടുവിക്കുകയും ആ മൃഗം ജനങ്ങളോട്, 'നിശ്ചയം ജനങ്ങൾ നമ്മുടെ സൂക്തങ്ങളിൽ ദൃഢബോധ്യമില്ലാത്തവരാകുന്നു' എന്ന് പറയുകയും ചെയ്യുന്നത് മൃഗം അല്ലാഹുവിന് വേണ്ടി സംസാരിക്കുന്നത് കൊണ്ട് മാത്രമാണ്. സ്വാലിഹ് നബിയുടെ ഒട്ടകം പോലെത്തന്നെ ആ മൃഗവും പ്രസവിക്കപ്പെട്ടുണ്ടാകുന്നതല്ല. ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളുടെ ആശയത്തിലൂടെ അല്ലാഹുവിനെ കണ്ടവർക്ക് മാത്രമേ ഇത്തരം ദിവ്യാത്ഭുതങ്ങളിൽ വിശ്വാസമുണ്ടാവുകയുള്ളൂ. അല്ലാത്തവരോട് മരിച്ചുപോയവർ എഴുന്നേറ്റുവന്ന് 'ഞാൻ നരകത്തിൽ നിന്നാണ് വരുന്നത്, നീ പിൻപറ്റി ജീവിക്കുന്ന ഈ മാർഗ്ഗം വെടിയണം' എന്ന് പറഞ്ഞാൽ പോലും അവർ വിശ്വസിക്കുകയില്ല എന്ന് 6: 111; 13: 31 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 18: 103 ൽ അല്ലാഹു പ്രവാചകനോട് ചോദിക്കാൻ പറയുന്നത്: 'പ്രവൃത്തികൾ നഷ്ടപ്പെട്ടവർ ആരാണെന്ന് നാം നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ' എന്നാണ്. ഇവിടെ അല്ലാഹുവിന്റെ സ്വരത്തിൽ തന്നെയാണ് പ്രവാചകനും സംസാരിക്കുന്നത്. അതുപോലെത്തന്നെ 'ഞാനില്ല, എന്റേതൊന്നുമില്ല, എല്ലാറ്റിന്റെയും ഉടമ അല്ലാഹു മാത്രമാണ്' എന്ന നയത്തിൽ ജീവിക്കുന്ന വിശ്വാസികളും അല്ലാഹുവിന്റെ സ്വരത്തിൽ തന്നെയാണ് സംസാരിക്കുക. അദ്ദിക്ർ ഉപയോഗപ്പെടുത്തുന്ന വിശ്വാസികൾ ആരുടെ മുമ്പിലും തലകുനിക്കാത്ത പ്രൗഢരും അദ്ദിക്ർ കൊണ്ട് അഹങ്കരിക്കുന്നവരുമാകണമെന്ന് 3: 79; 4: 82 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1: 4; 10: 99-100; 47: 24-25 വിശദീകരണം നോക്കുക.

61. അങ്ങനെ അയക്കപ്പെട്ടവർ ലൂത്ത് കുടുംബത്തിന്റെ അടുക്കൽ വന്നപ്പോൾ.

62. അവൻ പറഞ്ഞു: നിശ്ചയം നിങ്ങൾ വിരോധിക്കപ്പെട്ട ഒരു ജനതയാണല്ലോ!

സുമുഖൻമാരായ യുവാക്കളുടെ രൂപത്തിൽ വന്നത് മലക്കുകളാണെന്ന് ലൂത്ത് നബിക്ക് മനസ്സിലായില്ല. നിങ്ങൾ ഇപ്പോൾ ഇവിടെ വരാൻ പാടുണ്ടായിരുന്നില്ല, നിങ്ങൾ

വന്ന വിവരമറിഞ്ഞാൽ എന്റെ ജനത നിങ്ങളെ ഉപദ്രവിക്കും, നിങ്ങളെ സംരക്ഷിക്കാൻ എനിക്ക് സാധിക്കുകയുമില്ല എന്നാണ് "നിശ്ചയം നിങ്ങൾ വിരോധിക്കപ്പെട്ട ഒരു ജനത യാണല്ലോ!" എന്ന് പറഞ്ഞതുകൊണ്ടുദ്ദേശിക്കുന്നത്. 7: 80-84; 11: 77-83 വിശദീകരണം നോക്കുക.

63. അവർ പറഞ്ഞു: അല്ല, ഞങ്ങൾ നിന്നിലേക്ക് വന്നിരിക്കുന്നത് ഏതൊരു കാര്യത്തെക്കുറിച്ചാണോ അവർ സംശയിച്ചുകൊണ്ടിരിക്കുന്നത്, അതും കൊണ്ടാണ്.

64. ഞങ്ങൾ നിന്റെയടുക്കൽ യാഥാർത്ഥ്യവും കൊണ്ട് വന്നവരാകുന്നു, നിശ്ചയം ഞങ്ങൾ സത്യസന്ധന്മാർ തന്നെയുമാകുന്നു.

15: 7-8 വിശദീകരണം നോക്കുക.

65. അപ്പോൾ രാത്രിയിൽ നിന്ന് കുറേചെന്നാൽ നീ നിന്റെ കുടുംബത്തെയും കൂട്ടി സ്ഥലം വിടുക, നീ അവരുടെ പിന്നിലായി നടക്കണം, നിങ്ങളിൽ ഒരാളും തിരിഞ്ഞുനോക്കുകയും അരുത്, നിങ്ങൾ കൽപ്പിക്കപ്പെട്ട പ്രകാരം നടന്നു കൊള്ളുകയും ചെയ്യുക.

'തിരിഞ്ഞുനോക്കുകയുമരുത്' എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം പിന്നിൽ നിന്നുള്ള ശബ്ദങ്ങളും കോലാഹലങ്ങളും കേൾക്കുമ്പോൾ ആശ്ചര്യപ്പെട്ടുകൊണ്ട് നിങ്ങൾ അവിടെ തങ്ങിപ്പോകരുത് എന്നാണ്. കുറ്റവാളികളുടെ നാശത്തിൽ ദുഃഖിക്കാനോ കണ്ണീർ പൊഴിക്കുവാനോ പാടില്ല. ശിക്ഷിക്കപ്പെടുന്ന ആ ജനതയുടെ നാട്ടിൽ ഒരു നിമിഷം കൂടി തങ്ങുകയാണെങ്കിൽ ഭയങ്കരമായ ആ ശിക്ഷ നിങ്ങൾക്കും ചില നഷ്ടങ്ങൾ വരുത്തി വെച്ചേക്കും. 11: 46-47 വിശദീകരണം നോക്കുക.

66. നമ്മുടെ ആ തീരുമാനം നാം അവനെ അറിയിച്ചു -നിശ്ചയം പ്രഭാതോദയത്തോടെ ഇക്കൂട്ടരുടെ അടിവേരറുത്ത് ഉന്മൂലനം ചെയ്യപ്പെടുകയാണെന്ന്.

67. പട്ടണവാസികൾ സന്തോഷഭരിതരായി വരികയുണ്ടായി.

പ്രകൃതിക്ക് വിരുദ്ധമായ സ്വവർഗ്ഗസംഭോഗത്തിൽ മുഴുകിയിരുന്ന ആ ജനത സുമുഖൻമാരായ യുവാക്കളുടെ രൂപത്തിൽ വന്ന രണ്ട് മലക്കുകളെ കണ്ടപ്പോഴേക്കും നിയന്ത്രണമില്ലാതെ മതിമറന്ന് ലൂത്തിന്റെ വസതിയിലേക്ക് പാഞ്ഞടുക്കുകയായിരുന്നു.

68. അവൻ പറഞ്ഞു: നിശ്ചയം ഇക്കൂട്ടർ എന്റെ അതിഥികളാകുന്നു, അപ്പോൾ നിങ്ങൾ എന്നെ അവരുടെ കാര്യത്തിൽ വഷളാക്കാതിരിക്കുക,

69. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ നിങ്ങൾ നിന്ദ്യനാക്കാതിരിക്കുകയും ചെയ്യുവീൻ.

70. അവർ ചോദിച്ചു: ലോകരുടെ കാര്യത്തിൽ ഇടപെടരുതെന്ന് നിന്നെ ഞങ്ങൾ വിലക്കിയിരുന്നതല്ലേ?

അതായത് നീ നിന്റെ കാര്യം നോക്കുക, ലോകരുടെ കാര്യത്തിൽ നീ ഇടപെടേണ്ടതില്ല. ഞങ്ങൾ അവരിൽ തന്നിഷ്ടം പ്രവർത്തിക്കുന്നതാണ്, നീ അത് തടയാനൊന്നും പുറപ്പെടേണ്ടതില്ല എന്ന് നേരത്തെ നിന്നെ അറിയിച്ചതല്ലേ! ഇപ്പോൾ ഈ സുമുഖൻമാരായ യുവാക്കളുടെ കാര്യത്തിൽ ഇടപെട്ട് നീ എന്തിന് ഞങ്ങളെ തടയണം, നീ എന്തിന് ദുഃഖിക്കണം എന്നെല്ലാമാണ് ആ ജനത ലൂത്ത് നബിയോട് പറഞ്ഞത്. 7: 163-166 വിശദീകരണം നോക്കുക.

71. അവൻ പറഞ്ഞു: ഇവിടെ ഇതാ എന്റെ പെൺമക്കൾ! നിങ്ങൾ പ്രവർത്തിക്കുന്നവർ തന്നെയാണെങ്കിൽ!

11: 78 വിശദീകരണം നോക്കുക.

72. നിന്റെ ആയുസ്സാണ് സത്യം! നിശ്ചയം അവർ ഒരുതരം ലഹരിയിൽ അന്ധമായി വിഹരിക്കുകയായിരുന്നു.

അവർ ഒരുതരം ലഹരിയിൽ അന്ധമായി വിഹരിക്കുകയായിരുന്നു എന്ന് പറഞ്ഞത് പ്രവാചകനോട് ആ ജനതയുടെ അപ്പോഴത്തെ അവസ്ഥ വിവരിക്കുന്നതിന് വേണ്ടിയാണ്. 51: 10–11 സൂക്തങ്ങളിൽ, നിഗമനം കൈകൊള്ളുന്നവർ വധിക്കപ്പെട്ടിരിക്കുന്നു. അവർ അശ്രദ്ധയിൽ മതിമറന്ന് കഴിയുന്നവർ തന്നെയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 2: 15–16; 29: 29 വിശദീകരണം നോക്കുക.

73. അങ്ങനെ സൂര്യോദയത്തോടെ ഒരു ഘോരഗർജ്ജനം അവരെ പിടികൂടി.

74. അപ്പോൾ ആ നാടിനെ നാം അതിന്റെ മുകൾഭാഗം അതിന്റെ താഴ്ഭാഗമാക്കി, അവരുടെ മേൽ നാം ചുട്ടുപഴുത്ത കല്ലുകൊണ്ടുള്ള ഒരു മഴ വർഷിപ്പിക്കുകയും ചെയ്തു.

2: 168–169; 7: 84; 11: 82–83 വിശദീകരണം നോക്കുക.

75. നിശ്ചയം ആ സംഭവത്തിൽ മനനം ചെയ്യുന്നവർക്ക് ദൃഷ്ടാന്തങ്ങൾ തന്നെയുണ്ട്.

'മനനം ചെയ്യുന്നവർക്ക്' എന്നാൽ മനസ്സുകൊണ്ട് നിരീക്ഷണം നടത്തുന്നവർക്ക് എന്നാണ്, അഥവാ ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ കൊണ്ട് നിരീക്ഷണം നടത്തുന്നവർക്ക് എന്നാണ്. സമാനമായ തെറ്റുകൾ ആവർത്തിച്ചാൽ ഏതൊരു ജനതയുടെയും പരിണിതി ഇവരുടേതുപോലെ തന്നെയായിരിക്കുമെന്ന് *ഹിക്മത്തും മൗഇളത്തും*മടങ്ങിയ അദ്ദിക്റിൽ നിന്ന് മനസ്സിലാക്കുകയും ഇത്തരം തെറ്റുകൾ ഇല്ലാതാക്കുന്നതിന് വേണ്ടി മനസ്സാ-വാചാ-കർമണാ പ്രയത്നിക്കുകയും വേണം. അവർ മാത്രമേ അദ്ദിക്റിനെക്കുറിച്ച് മനനം ചെയ്യുന്നവരിൽ ഉൾപ്പെടുകയുള്ളൂ. 10: 57–58; 16: 125; 18: 26 വിശദീകരണം നോക്കുക.

76. നിശ്ചയം അത് ഇപ്പോഴും നിലനിൽക്കുന്ന മുഖ്യപാതയിൽ തന്നെയാണ്.

അതായത് *ഇജാസിൽ* നിന്ന് സിറിയയിലേക്കും ഇറാഖിൽ നിന്ന് ഈജിപ്തിലേക്കും പോകുന്ന വഴിയിലാണ് ഈ വിപത്ത് സംഭവിച്ച *സദൂം* പ്രദേശം. ഈ പ്രദേശങ്ങളിലെങ്ങും നിലനിൽക്കുന്ന നാശത്തിന്റെ അടയാളങ്ങൾ അതുവഴി കടന്നുപോകുന്നവർക്ക് ഇന്നും കാണാവുന്നതാണ്. ഇന്ന് നിലവിലുള്ള ചാവുകടലും-ലൂത്ത് സമുദ്രം-അതിന്റെ പരിസരപ്രദേശങ്ങളുമായിരുന്നു അത്. ചാവുകടലിലെ ജലത്തിന് കൂടിയ സാന്ദ്രതയുള്ളതിനാൽ അതിൽ ഒന്നും തന്നെ താഴ്ന്നുപോവുകയില്ല, മാത്രമല്ല ജീവജാലങ്ങളൊന്നും തന്നെ അതിൽ വസിക്കുന്നുമില്ല. സാന്ദ്രതകൂടിയ ചാവുകടലിലെ ജലം സ്വവർഗ്ഗസംഭോഗം വഴി പുറത്തുകളഞ്ഞിരുന്ന ഇന്ദ്രിയത്തിന്റെ സാന്ദ്രതയെ പ്രതിനിധീകരിക്കുന്നു. ജലം എപ്പോഴും ഒരേ വിതാനം പാലിക്കുന്നു എന്ന തത്വവും ചാവുകടലിന്റെ കാര്യത്തിൽ ബാധകമല്ല. 5: 60; 7: 175–176; 8: 22 വിശദീകരണം നോക്കുക.

77. നിശ്ചയം വിശ്വാസികൾക്ക് അതിൽ ഒരു പാഠം തന്നെയുണ്ട്.

3: 190–191; 8: 41; 11: 120 വിശദീകരണം നോക്കുക.

78. ഐക്കാവാസികളും അക്രമികളിൽ പെട്ടവർ തന്നെയായിരുന്നു.

'ഐക്ക' എന്നത് തബൂക്കിന്റെ പഴയ പേരാണ്. ഘോരവനമെന്നാണ് ആ പദത്തിന് അർത്ഥം. അതുകൊണ്ട് ഐക്കാവാസികൾ എന്ന് പറഞ്ഞാൽ വനവാസികൾ എന്നാണ് അർത്ഥം. ശുഐബ് നബി ഇവരിലേക്ക് നിയോഗിക്കപ്പെട്ട ഒരു പ്രവാചകനായിരുന്നു. ഐക്കാവാസികൾ പ്രവാചകൻമാരെ തള്ളിപ്പറഞ്ഞിട്ടുണ്ട്, ശുഐബ് അവരോട് നിങ്ങൾ സൂക്ഷ്മത കൈക്കൊള്ളുന്നില്ലെയോ എന്ന് ചോദിച്ചിരുന്നത് ഓർമിപ്പിക്കുക, എന്ന് 26: 176-177 സൂക്തങ്ങളിലും; മദ്യൻ വാസികളിലേക്ക് അവരുടെ സഹോദരൻ ശുഐബിനെ പ്രവാചകനായി അയച്ചിട്ടുണ്ടായിരുന്നു എന്ന് 7: 85 ലും 11: 84 ലും പറഞ്ഞിട്ടുണ്ട്. അതായത് ശുഐബ് നബി മദ്യൻ വാസികളിലേക്കും ഐക്കാവാസികളിലേക്കും നിയോഗിക്കപ്പെട്ട പ്രവാചകനായിരുന്നു. ഇബ്റാഹീം നബിക്ക് തന്റെ ഭാര്യമാരിലൊരാളായിരുന്ന 'ഖതൂറാ'യിൽ ജനിച്ച മക്കൾ അറബി-ഇസ്റാഈൽ ചരിത്രങ്ങളിൽ *'ഖതൂറാ വംശം'* എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അതിൽ ഏറ്റവും പ്രശസ്തമായ ഗോത്രം മിദിയാനി എന്ന മദ്യൻകാരാണ്. ഒരേ ഭാഷക്കാരും പരസ്പരം അടുത്ത ദേശക്കാരുമായത് കൊണ്ടായിരിക്കണം ഈ രണ്ടു ജനതയിലേക്കും ഒരേ പ്രവാചകനെത്തന്നെ നിയോഗിച്ചത്. കൂടാതെ ഖതൂറാ വംശത്തിന്റെ ഈ രണ്ട് ശാഖകളുടെയും തൊഴിൽ വ്യാപാരം തന്നെയായിരുന്നു. കച്ചവടത്തിൽ ഇരുകൂട്ടരിലും ഒരേതരത്തിലുള്ള കാപട്യവും അഴിമതിയുമാണ് കാണപ്പെട്ടിരുന്നതും. 7: 85-86; 11: 84-86 വിശദീകരണം നോക്കുക.

79. അപ്പോൾ നാം അവരിൽ നിന്നുള്ളവരോടും പ്രതികാരം ചെയ്തു, നിശ്ചയം അവർ രണ്ടുകൂട്ടരും വ്യക്തമായ പാതയിൽ തന്നെയാണുള്ളത്.

'അപ്പോൾ നാം അവരോട് പ്രതികാരം ചെയ്തു' എന്ന് പറയാതെ 'അവരിൽ നിന്നുള്ളവരോട് പ്രതികാരം ചെയ്തു' എന്ന് പറഞ്ഞതിന്റെ വിവക്ഷ, ആ ജനതയിലുള്ള അക്രമികളെ നശിപ്പിക്കുകയും ശുഐബ് നബിയെയും വിശ്വാസികളെയും രക്ഷപ്പെടുത്തുകയും ചെയ്തു എന്നാണ്. ഐക്കാവാസികളുടെ വാസസ്ഥലമായിരുന്ന തബൂക്കും മദ്യനും *ഇജാസിൽ* നിന്ന് പലസ്തീൻ, സിറിയ എന്നിവിടങ്ങളിലേക്ക് പോകുന്ന വഴിയിൽ തന്നെയാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെപ്പറഞ്ഞ രണ്ട് ജനത ലൂത്തിന്റെ ജനതയും ശുഐബ് നബിയുടെ ജനതയായ മദ്യൻവാസികളും ഐക്ക വാസികളുമടങ്ങുന്ന ജനതയുമാണ്. രണ്ടുകൂട്ടരും യാത്രക്കാരെ കവർച്ച ചെയ്യുന്നവരും അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നവരും കൊള്ളയും കൊലയും നടത്തുന്നവരുമായിരുന്നു. രണ്ട് കൂട്ടരെയും ഒരു ഘോരഗർജ്ജനം മുഖേന തന്നെയാണ് നശിപ്പിച്ചതും. 7: 90-93; 11: 89, 94-95; 15: 73-74 വിശദീകരണം നോക്കുക.

80. നിശ്ചയം ഹിജ്ർ വാസികളും പ്രവാചകൻമാരെ കളവാക്കി തള്ളിപ്പറഞ്ഞിട്ടുണ്ട്.

സമൂദ് ജനതയുടെ തലസ്ഥാന നഗരിയായിരുന്നു ഹിജ്ർ. ഇത് മദീനയിൽ നിന്ന് തബൂക്കിലേക്ക് പോകുന്ന വഴിയിൽ ഇന്നത്തെ *'അൽ ഉലാ'* പട്ടണത്തിൽ നിന്ന് അൽപം അകലെയായി സ്ഥിതി ചെയ്യുന്നു. സമൂദ് ജനതയിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻ സ്വാലിഹാണ്. 'പ്രവാചകനെ കളവാക്കി' എന്നുപറയാതെ 'പ്രവാചകൻമാരെ കളവാക്കി' എന്ന് പറഞ്ഞതിന്റെ വിവക്ഷ ആദ്യാവസാനം വരെയുള്ള എല്ലാ പ്രവാചകൻമാരും ഒരേ ദൗത്യത്തിന് അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ടവരാണ്, അതുകൊണ്ട് അവരിൽ ഒരാളെ തള്ളിപ്പറഞ്ഞാൽ തന്നെ എല്ലാവരെയും നിഷേധിച്ചതിന് തുല്യവുമാണ് എന്നതാണ്. 2: 136; 3: 84 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത്, ഞങ്ങൾ പ്രവാച

കൻമാരിൽ ആരിലും ഒരു വ്യത്യാസവും കൽപിക്കുന്നില്ല, ഞങ്ങൾ അല്ലാഹുവിൽ സർവ്വസ്വവും സമർപ്പിച്ചവരുമാണ് എന്ന ആശയത്തോടുകൂടിയാണ്. ഗ്രന്ഥം നൽകപ്പെട്ടവർക്ക് അവരുടെ സന്താനങ്ങളെ അറിയുന്നതിലുപരി പ്രവാചകനെ അറിയണമെന്ന് 2: 146; 6: 20 എന്നീ സൂക്തങ്ങളിൽ പറഞ്ഞിരിക്കെ ഇന്ന് നാഥനിൽ നിന്നുള്ള ഗ്രന്ഥമായ അദ്ദിക്ർ സമർപ്പിക്കുന്ന പ്രവാചകനെ മനസ്സിലാക്കി പിൻപറ്റാത്തവരും അല്ലാഹുവിന്റെ ഏകസംഘത്തിൽ ഉൾപ്പെടാത്തവരും ഒരു പ്രവാചകനിലും വിശ്വസിക്കാത്തവരാണ്. അത്തരം സംഘങ്ങളിൽ നിന്നുള്ളവരോടെല്ലാം വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത് നരകമാണെന്ന് 11: 17 ൽ പറഞ്ഞിട്ടുണ്ട്. 2: 285; 11: 100; 13: 36-38; 14: 44 വിശദീകരണം നോക്കുക.

81. നാം നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർക്ക് നൽകി, എന്നാൽ അവർ അതിനെ അവഗണിച്ചുകൊണ്ടിരുന്നവരായിരുന്നു.

7: 133; 10: 92-93; 12: 105 വിശദീകരണം നോക്കുക.

82. അവർ മലകൾ തുരന്ന് വസതികളുണ്ടാക്കി സുരക്ഷിതരായി താമസിച്ചുകൊണ്ടിരുന്നവരുമായിരുന്നു.

83. അങ്ങനെ പ്രഭാതവേളയിൽ ഒരു ഘോരഗർജ്ജനം അവരെ പിടികൂടി.

84. അവർ സമ്പാദിച്ചുകൊണ്ടിരുന്നതൊന്നും അപ്പോൾ അവർക്ക് ഉപകാരപ്രദമായില്ല.

സമൂദിന്റെ ജനതയിൽ പെട്ട ഹിജ്ർ വാസികളെപ്പോലെത്തന്നെ ഇന്നത്തെ ഫുജ്ജാറുകളും നാഥന്റെ സന്ദേശമായ അദ്ദിക്റിനെ അവഗണിക്കുന്നവരായതിനാൽ ജീവിത ലക്ഷ്യം വെടിഞ്ഞ് ഐഹിക സുഖാഢംബരങ്ങളിൽ മാത്രം മുഴുകിയിരിക്കുകയാണ്. അവർ സമ്പാദിച്ചുകൊണ്ടിരിക്കുന്നത് നരകവുമാണ്. 7: 91; 9: 82; 11: 66-68 വിശദീകരണം നോക്കുക.

85. ആകാശങ്ങളെയും ഭൂമിയെയും അവക്ക് രണ്ടിനും ഇടയിലുള്ളവയെയും ലക്ഷ്യത്തോടുകൂടിയല്ലാതെ നാം സൃഷ്ടിച്ചിട്ടേയില്ല, നിശ്ചയം ആ അന്ത്യനിമിഷം വന്നെത്തുകതന്നെ ചെയ്യും, അപ്പോൾ നീ അവരുടെ ചെയ്തികളെ വിട്ടുവീഴ്ചയോടുകൂടി നോക്കിക്കാണുക!

21: 16 ൽ, നാം ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ളവയെയും തമാശയായി സൃഷ്ടിച്ചിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. 23: 115 ൽ അല്ലാഹു ചോദിക്കുന്നു: നിങ്ങൾ കണക്കുകൂട്ടുന്നുവോ, നിശ്ചയം നാം നിങ്ങളെ ലക്ഷ്യബോധമില്ലാതെ വെറുതെയങ്ങ് സൃഷ്ടിച്ചിരിക്കുകയാണെന്നും നിശ്ചയം വിചാരണക്കുവേണ്ടി നിങ്ങൾ നമ്മിലേക്ക് തിരിച്ചയക്കപ്പെടില്ല എന്നും; 51: 56-57 സൂക്തങ്ങളിൽ, ജിന്നുകളെയും മനുഷ്യരെയും അവർ എന്നെ സേവിച്ചുകൊണ്ടിരിക്കാൻ വേണ്ടിയല്ലാതെ സൃഷ്ടിച്ചിട്ടേയില്ല, ഞാൻ അവരിൽ നിന്ന് ഭക്ഷണം ഉദ്ദേശിക്കുന്നില്ല, അവർ എന്നെ തീറ്റിപോറ്റണമെന്നും ഞാൻ ഉദ്ദേശിക്കുന്നില്ല എന്നും പറഞ്ഞിട്ടുണ്ട്. അഥവാ അല്ലാഹുവിന് നേർച്ച-വഴിപാടുകൾ നൽകണമെന്നോ അല്ലാഹുവിനെക്കൂടാതെ അവന്റെ സൃഷ്ടികളെ ആശ്രയിച്ച് ജീവിക്കണമെന്നോ അല്ലാഹു കൽപിച്ചിട്ടില്ല. മറിച്ച് അല്ലാഹുവിനെ മാത്രം ആശ്രയിച്ച് അവന്റെ പ്രതിനിധികളായി എപ്പോഴും അവന്റെ സ്മരണയിൽ നിലകൊള്ളണമെന്നാണ് മനുഷ്യരോടും ജിന്നുകളോടും കൽപിച്ചിട്ടുള്ളത്. 45: 22 ൽ പറഞ്ഞ പ്രകാരം അല്ലാഹു ആകാശഭൂമികളെയും അവക്കിടയിലുള്ള സർവ്വവസ്തുക്കളെയും സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യരിലും

ജിന്നുകളിലും ആ ലക്ഷ്യം ആരാണ് നിറവേറ്റുന്നത് എന്ന് പരീക്ഷിക്കാൻ വേണ്ടിയാണ്. ആദ്യം മുതൽ അന്ത്യനാൾ വരെയുള്ള മുഴുവൻ സൃഷ്ടികളെയും ഒരുമിച്ചുകൂട്ടി വിചാരണ നടത്തുന്നതിനുവേണ്ടി ഒരുദിവസം നിശ്ചയിച്ചിട്ടുണ്ട്. മനുഷ്യർ ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ അന്ന് അവർക്കിടയിൽ സത്യമായ അദ്ദിക്ർ കൊണ്ട് വിധികൽപിക്കുന്നതാണ് എന്ന് 7: 8–9; 39: 69, 75 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അഥവാ 17: 13–14 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഓരോ മനുഷ്യനും അവന്റെ പിരടിയിൽ അവന്റെ കർമ്മരേഖ വഹിക്കുന്നുണ്ട്, അത് ഒരു തുറന്ന പ്രകാശിക്കുന്ന ഗ്രന്ഥമായി പുറത്തെടുത്ത് കൊടുത്ത് അവരവരെക്കൊണ്ട് വായിപ്പിക്കുന്നതും അവരവരുടെ വിചാരണ അവരവരെക്കൊണ്ട് തന്നെ നടത്തിപ്പിക്കുന്നതുമാണ്. സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ വിശ്വാസികൾ അദ്ദിക്റിനെ ത്രാസ്സും ഉരക്കല്ലും ഉൾക്കാഴ്ചദായകവും തെളിവുമെല്ലാമായി ഉപയോഗപ്പെടുത്തി ഈ ലോകത്തുവെച്ചുതന്നെ അവരുടെ മടക്കം സ്വർഗ്ഗത്തിലേക്കുള്ളതാണെന്ന് ഉറപ്പിക്കുന്നതാണ്. എന്നാൽ ഗ്രന്ഥം കിട്ടിയവരിൽ നിന്നുള്ള ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതും ഈ ബോധമില്ലാതെ അവരുടെ ജീവിതം കളിയും തമാശയുമായി തളളിനീക്കുന്നതാണ്. അപ്പോൾ ഇന്നുള്ള ഒറ്റപ്പെട്ട വിശ്വാസികൾ അവരുടെ ചെയ്തികൾ അവഗണിക്കുകയും പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ മുറുകെപ്പിടിച്ച് നിലകൊള്ളുകയും അതിന്റെ വ്യാപനത്തിന് തടസ്സം നിൽക്കുന്ന അവരോട് 25: 52 ൽ പറഞ്ഞ പ്രകാരം 'അതുകൊണ്ട്' ജിഹാദ് ചെയ്യുകയുമാണ് വേണ്ടത്. 9: 73, 84–85; 14: 19–20 വിശദീകരണം നോക്കുക.

86. നിശ്ചയം നിന്റെ നാഥൻ, അവൻ തന്നെ എല്ലാതരം സൃഷ്ടിപ്പും എല്ലാ സൃഷ്ടികളെക്കുറിച്ചും അറിയുന്ന സർവ്വസ്രഷ്ടാവ് തന്നെയാണ്.

ത്രികാലജ്ഞാനിയായ അല്ലാഹു എല്ലാതരം സൃഷ്ടിപ്പും അറിയുന്നവനാണ് എന്നതുപോലെത്തന്നെ എല്ലാ സൃഷ്ടികളെക്കുറിച്ചും അറിവുള്ളവൻ തന്നെയാണ്. അവൻ ജീവനുള്ളവയിൽ നിന്ന് ജീവനില്ലാത്തവയെയും ജീവനില്ലാത്തവയിൽ നിന്ന് ജീവനുള്ളവയെയും പുറപ്പെടുവിക്കുന്നവനാണ്. അവൻ എല്ലാ സൃഷ്ടികളെക്കുറിച്ചും -അവരുടെ ജനനം, മരണം, ഭക്ഷണം, ആയുസ്സ്, പാർപ്പിടം, അവർ എവിടെവെച്ച് എപ്പോൾ മരണപ്പെടും, അവരുടെ ശരീരം എവിടെ മറവ് ചെയ്യപ്പെടും, പുനർജന്മനാളിൽ അവരുടെ രൂപം തുടങ്ങിയ എല്ലാകാര്യങ്ങളും നേരത്തെ തീരുമാനിച്ച് അവന്റെ ത്രികാലജ്ഞാന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയവനുമാണ്. 36: 81 ൽ അല്ലാഹു ചോദിക്കുന്നു: ആകാശഭൂമികളെ സൃഷ്ടിച്ചവൻ ഇവരെ (മനുഷ്യരെ)പ്പോലെയുള്ളവരെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലെന്നോ! അല്ല; അവൻ എല്ലാതരം സൃഷ്ടിപ്പും എല്ലാ സൃഷ്ടികളെക്കുറിച്ചും അറിയുന്ന സർവ്വസ്രഷ്ടാവ് തന്നെയാണ്. 75: 36–40 സൂക്തങ്ങളിൽ അല്ലാഹു ചോദിക്കുന്നു: അവൻ തന്നെ വെറുതെയങ്ങ് വിടുമെന്ന് മനുഷ്യൻ കരുതുന്നുണ്ടോ? ഒരിക്കൽ അവൻ ഒരു തെറിച്ചുവീഴുന്ന ബീജമായിരുന്നില്ലേ, പിന്നീട് അവൻ ഒരു രക്തപിണ്ഡമായി, അപ്പോൾ അവനെ സൃഷ്ടിച്ച് രൂപപ്പെടുത്തി ശരിയാക്കിയെടുത്തു, അതിൽ നിന്ന് ആണും പെണ്ണുമായ ഇണകളെ ഉണ്ടാക്കി, അങ്ങനെയുള്ളവൻ മരിച്ചവരെ പുനർജ്ജീവിപ്പിക്കാൻ കഴിവുള്ളവനല്ലെന്നോ? 4: 47; 9: 51; 10: 53; 14: 46–48 വിശദീകരണം നോക്കുക.

87. നിശ്ചയം നിനക്ക് നാം ആവർത്തിച്ചാവർത്തിച്ച് വരുന്ന ഏഴ് സൂക്തങ്ങളും മഹത്തായ ഈ വായനയും നൽകിയിട്ടുമുണ്ട്.

ആവർത്തിച്ചാവർത്തിച്ച് വരുന്ന ഏഴ് സൂക്തങ്ങൾ ഗ്രന്ഥത്തിലെ ഏറ്റവും മഹത്താ

യ സൂറത്തായ ഫാത്തിഹഃയാണെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 12: 1 ൽ വിവരിച്ച പ്രകാരം വ്യക്തവും സ്പഷ്ടവുമായ വായനയാണ് അദ്ദിക്ർ. സ്വയം സ്തുത്യർഹനും യുക്തിജ്ഞനുമായ നാഥനിൽ നിന്ന് അവതരിപ്പിച്ചിട്ടുള്ള അജയ്യ ഗ്രന്ഥമായ അതിൽ അതിന്റെ ക്രോഡീകരണത്തിന് മുമ്പോ ശേഷമോ മിഥ്യയൊന്നും കടന്നുകൂടുകയില്ല എന്ന് 41: 41–42 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 2; 13: 39 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 312 പ്രവാചകന്മാർക്കും അദ്ദിക്ർ മാത്രമാണ് നൽകിയതെങ്കിൽ പ്രവാചകൻ മുഹമ്മദിന് അദ്ദിക്റും ഗ്രന്ഥത്തിന്റെ മാതാവായ ഫാത്തിഹയും നൽകിയിട്ടുണ്ട്. പ്രവാചകന്റെ ജീവിതകാലത്ത് ഗ്രന്ഥം ക്രോഡീകരിക്കപ്പെട്ടിരുന്നില്ല. എന്നാൽ ഇന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 5: 48 ൽ വിവരിച്ച പ്രകാരം ആരാണോ എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അതിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. 3: 79–80, 101–102; 10: 57–58 വിശദീകരണം നോക്കുക.

88. നാം അവരിൽ ചിലർക്ക് ജോടികളായി നൽകിയിട്ടുള്ള ഭൗതിക വിഭവങ്ങളിലേക്ക് നിന്റെ കണ്ണ് തിരിയേണ്ടതില്ല, അവരുടെ മേൽ നീ ദുഃഖിക്കുകയും വേണ്ട, വിശ്വാസികൾക്ക് നിന്റെ ചിറകുകൾ താഴ്ത്തിക്കൊടുക്കുകയും ചെയ്യുക.

20: 131 ൽ, അവർക്ക് ജോടികളായി നാം നൽകിയിട്ടുള്ള കൗതുകകരമായ ഭൗതികവിഭവങ്ങളിലേക്ക് നിന്റെ ദൃഷ്ടി തിരിയരുത്, അവരെ അതിലൂടെ പരീക്ഷിക്കാൻ വേണ്ടിയാണ് അത്, നിന്റെ നാഥന്റെ ഭക്ഷണവിഭവങ്ങൾ തന്നെയാണ് ഉത്തമമായതും സ്ഥായിയായതും എന്ന് പറഞ്ഞിട്ടുണ്ട്. 26: 214–215 സൂക്തങ്ങളിൽ, നിന്റെ കുടുംബാംഗങ്ങളിൽ നിന്ന് അടുത്തവരെ നീ അദ്ദിക്ർ കൊണ്ട് മുന്നറിയിപ്പ് നൽകുകയും വിശ്വാസികളിൽ നിന്ന് നിന്നെ പിൻപറ്റുന്നവർക്ക് നിന്റെ (വിനയത്തിന്റെ) ചിറകുകൾ താഴ്ത്തിക്കൊടുക്കുകയും ചെയ്യുക എന്ന് പറഞ്ഞിട്ടുണ്ട്. 16: 127 ൽ, നീ ക്ഷമിക്കുക, നിന്റെ ക്ഷമ അല്ലാഹുവിന് വേണ്ടിയല്ലാതെയല്ല, നീ അവരുടെ മേൽ ദുഃഖിക്കുകയുമരുത്, അവരുടെ കുതന്ത്രങ്ങളിൽ നീ മനസ്സിടുങ്ങിയവനാവുകയുമരുത് എന്നും; 16: 128 ൽ, നിശ്ചയം അല്ലാഹു അദ്ദിക്ർ കൊണ്ട് അവനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവരോടൊപ്പവും ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വഴിയിൽ ചരിക്കുന്നവരോടൊപ്പവുമാണ് എന്നും പറഞ്ഞിട്ടുണ്ട്. 3: 196–197; 6: 52; 9: 84–85; 48: 29 വിശദീകരണം നോക്കുക.

89. നീ പറയുകയും ചെയ്യുക: നിശ്ചയം ഞാൻ വ്യക്തമായ മുന്നറിയിപ്പുകാരൻ തന്നെയാകുന്നു.

90. ഗ്രന്ഥത്തെ ഭാഗം വെച്ച് വിഭാഗങ്ങളായിത്തീർന്നവരുടെ മേൽ ഇറക്കിയതുപോലെ.

പൂർവ്വികകാലത്ത് മുന്നറിയിപ്പുകാർ വന്നിട്ടുള്ളത് പോലെ ഇപ്പോൾ ഞാൻ നിങ്ങളിലേക്കും മൊത്തം ലോകരിലേക്കും വന്ന മുന്നറിയിപ്പുകാരനാണ്. മൊത്തം ഗ്രന്ഥത്തെ പിൻപറ്റാതെ ചിലത് എടുക്കുകയും മറ്റു ചിലത് എടുക്കാതിരിക്കുകയും ചെയ്ത് വിവിധ വിഭാഗങ്ങളായിത്തീർന്നവരെയാണ് *മുഖ്തസിമീൻ* –ഗ്രന്ഥത്തെ ഭാഗം വെച്ച് വിഭാഗങ്ങളായിത്തീർന്നവർ– എന്ന് പറയുന്നത്. 2: 111 ൽ, ജൂതരോ ക്രൈസ്തവരോ ആകാതെ നി

ങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല എന്ന് അല്ലാഹുവിൽ ആണയിട്ട് പറഞ്ഞിരുന്നവരും; 2: 135 ൽ, നിങ്ങൾ ജൂതരോ ക്രൈസ്തവരോ ആവുക, എന്നാൽ നിങ്ങൾ സന്മാർഗ്ഗത്തിലായെന്ന് ആണയിട്ട് പറഞ്ഞിരുന്നവരും ഗ്രന്ഥത്തെ ഭാഗം വെച്ചവരിൽ പെട്ടവരാണ്. ഇന്ന് ലോകരിൽ ഗ്രന്ഥത്തിന്റെ ആശയത്തിന് വിരുദ്ധമായി 58: 18 ൽ വിവരിച്ച പ്രകാരം അല്ലാഹുവിൽ ആണയിട്ടുകൊണ്ട് സംസാരിക്കുന്ന കപടവിശ്വാസികളും 58: 22 ൽ പറഞ്ഞ അല്ലാഹുവിന്റെ ഏകസംഘത്തിൽ പെടാതെ 30: 30–32 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിവിധ സംഘടനകളായിപ്പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന് 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘത്തിൽ പെട്ടവരുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് ഭാഗം വെച്ച് വിഭാഗങ്ങളായിത്തീർന്നവരിൽ പെടുക. 14: 44 ൽ, മരണം ആസന്നമാകുമ്പോൾ ഇത്തരം അക്രമികൾ: ഞങ്ങളുടെ നാഥാ, ഞങ്ങളുടെ അവധി അൽപം നീട്ടിത്തരികയാണെങ്കിൽ നിന്റെ വിളിക്ക് ഞങ്ങൾ ഉത്തരം നൽകിക്കൊള്ളാം, ഞങ്ങൾ പ്രവാചകന്മാരെ പിൻപറ്റുകയും ചെയ്യാം എന്ന് പറയുമ്പോൾ അല്ലാഹു അവരോട്: നിങ്ങൾക്ക് ഒരിക്കലും ഒരുമാറ്റവും വരികയില്ല എന്ന് ഇതിനുമുമ്പ് ആണയിട്ട് പറഞ്ഞിരുന്ന അതേ ആളുകൾ തന്നെയല്ലേ നിങ്ങൾ എന്ന് ചോദിക്കുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 85; 4: 150–151; 7: 37, 49 വിശദീകരണം നോക്കുക.

91. അവർ ഖുർആനിനെ അവഗണനയിലാക്കുന്നവരാകുന്നു.

ഖുർആൻ എന്ന് പറഞ്ഞാൽ ആവർത്തിച്ചാവർത്തിച്ച് വായിക്കപ്പെടേണ്ടത് എന്നാണ്. അഥവാ എല്ലാ വേദഗ്രന്ഥങ്ങളുടെയും ആത്മാവായ അദ്ദിക്ർ ആവർത്തിച്ചാവർത്തിച്ച് വായിക്കപ്പെടാനുള്ളതാണ് എന്നാണ്. എന്നാൽ മുൻവേദക്കാർ മൊത്തം ഗ്രന്ഥത്തിന്റെ ആശയമെടുക്കാതെ ഭിന്നിച്ച് വിവിധ വിഭാഗക്കാരും സംഘടനകളുമായിപ്പിരിഞ്ഞ് പരസ്പരം പോരടിച്ചപ്പോഴാണ് അല്ലാഹു 36: 69 ൽ പറഞ്ഞ വ്യക്തമായ വായനയായ അദ്ദിക്റും കൊണ്ട് പ്രവാചകനായി മുഹമ്മദിനെ അയച്ചത്. ഇന്ന് മൊത്തം മനുഷ്യർക്കുള്ള സൻമാർഗ്ഗമായ ഗ്രന്ഥം വഹിക്കുന്ന ഫുജ്ജാറുകളാണ് ആ ഗ്രന്ഥത്തിൽ നിന്ന് ഭിന്നിച്ച് വിവിധ സംഘടനകളും മുശ്രിക്കുകളുമായിപ്പിരിഞ്ഞ് പരസ്പരം പോരടിക്കുന്നത്.

ഗ്രന്ഥത്തിന്റെ വാഹകരെന്ന് അഭിമാനിക്കുന്ന കപടവിശ്വാസികൾ ഇന്ന് ഗ്രന്ഥത്തെ വളച്ചൊടിക്കുന്നവരും അതിനെ ഭാഗം വെക്കുന്നവരുമായതിനാൽ അവരുടെ അനുയായികളെയും അതിനെ അവഗണിക്കുന്നവരാക്കി മാറ്റിയിരിക്കുന്നു. ഒറ്റ ഗ്രന്ഥമായ ആവർത്തിച്ച് വായിക്കപ്പെടേണ്ട അദ്ദിക്ർ മാത്രമാണ് മുമ്പും വന്നിട്ടുള്ളതെന്ന് ഈ സൂക്തവും പഠിപ്പിക്കുന്നു. അദ്ദിക്റിനെ അവഗണിച്ച് പുച്ഛത്തോടുകൂടി തള്ളിപ്പറഞ്ഞ അക്രമികൾ വിധിദിവസം അവരുടെ കൈകടിച്ച്: ഓ എന്റെ നാശം, ഞാൻ പ്രവാചകന്റെ മാർഗ്ഗമായ അദ്ദിക്റിന്റെ മാർഗം തെരഞ്ഞെടുത്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനേ! എന്ന് വിലപിക്കുമെന്ന് 25: 26–27 സൂക്തങ്ങളിലും; ഓ എന്റെ കഷ്ടം, ഞാൻ ഇന്നാലിന്നവനെ ആത്മമിത്രമായി തെരഞ്ഞെടുത്തിട്ടില്ലായിരുന്നെങ്കിൽ! അവനാണല്ലോ അദ്ദിക്ർ എനിക്ക് വന്ന് കിട്ടിയതിനുശേഷം എന്നെ അതിൽ നിന്ന് തടഞ്ഞത് എന്ന് വിലപിക്കുമെന്ന് 25: 28–29 സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 'ഇവർ അദ്ദിക്റിനെ അവഗണിച്ച് ജീവിച്ചിരുന്ന ഒരു കെട്ടജനത തന്നെയായിരുന്നു' എന്ന് മഹാത്മാക്കൾ അന്യായം ബോധിപ്പിക്കുന്ന രംഗം 25: 18 ലും; 'എന്റെ നാഥാ, ഈ വായനയെ അവഗണിച്ചതാണ് എന്റെ ഈ ജനതക്ക് വന്ന ദുർഗതി' എന്ന് വിധിദിവസം പ്രവാചകൻ അന്യായം ബോധിപ്പിക്കുന്ന രംഗം 25: 30 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 57: 16 ൽ അല്ലാഹു ചോദിക്കുന്നു:

'അല്ലാഹ്' എന്നുള്ള സ്മരണകൊണ്ടും അല്ലാഹു ഇറക്കിയ സത്യം (അദ്ദിക്ർ) കൊണ്ടും വിശ്വാസികളുടെ ഹൃദയങ്ങൾ കീഴൊതുങ്ങാൻ ഇനിയും സമയമായില്ലേ? അവർ മുമ്പ് ഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ ആകാതിരിക്കുന്നതിനുവേണ്ടി, മുമ്പ് വേദം നൽകപ്പെട്ടവർ ഗ്രന്ഥത്തെ അവഗണിച്ച് കാലം കഴിച്ചുകൂട്ടി, അപ്പോൾ അവരുടെ ഹൃദയങ്ങൾ കല്ലിച്ചു പോയി, അവരിൽ അധികപേരും തെമ്മാടികൾ തന്നെയായിരുന്നു.

32: 22 ൽ, തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടിട്ട് പിന്നെ അതിനെ അവഗണിച്ച് പോയവനെക്കാൾ ഏറ്റവും വലിയ അക്രമി ആരാണ്, നിശ്ചയം ഇത്തരം ഭ്രാന്തൻമാരോട് നാം പ്രതികാരം ചെയ്യുകതന്നെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. 74: 49-56 സൂക്തങ്ങളിൽ അല്ലാഹു പറയുന്നു: അവർക്ക് എന്തുപറ്റി! സിംഹഗർജ്ജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടുകഴുതകളെപ്പോലെ അവർ ടിക്കറ്റായ അദ്ദിക്റിനെത്തൊട്ട് അവഗണിച്ച് പോകുന്നുവല്ലോ; അല്ല, അവർ എല്ലാ ഓരോരുത്തരും ആഗ്രഹിക്കുന്നത് അവർക്ക് ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം തുറന്ന പുസ്തകം കിട്ടണമെന്നാണ്, അല്ല; അവർ പരലോകത്തെ ഭയപ്പെടുന്നവരല്ല; അല്ല, നിശ്ചയം ഇത് ഒരുടിക്കറ്റ് തന്നെയാകുന്നു, അപ്പോൾ ആരാണോ അതിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുന്നത്, അവർ ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ, എന്നാൽ അല്ലാഹു ഉദ്ദേശിക്കാതെ അവർക്കത് ഉപയോഗപ്പെടുത്താൻ സാധിക്കുകയില്ല, അവനാകുന്നു ഭക്തിയും പാപമോചനവും നൽകാനുള്ള ഏക അധികാരി. 1: 7; 10: 17; 12: 111; 15: 6-9; 38: 8 വിശദീകരണം നോക്കുക.

92. അപ്പോൾ നിന്റെ നാഥനാണ് സത്യം, തീർച്ചയായും നാം അവരെ മുഴുവനും ചോദ്യം ചെയ്യുകതന്നെ ചെയ്യും,

93. -അവർ എന്താണ് പ്രവർത്തിച്ചുകൊണ്ടിരുന്നത് എന്നതിനെക്കുറിച്ച്.

43: 44 ൽ, നിശ്ചയം അത് നിനക്കും നിന്റെ ജനതക്കുമുള്ള ഒരു ഉണർത്തൽ തന്നെയാണ്, നിങ്ങൾ അതിനെക്കുറിച്ച് ചോദിക്കപ്പെടുകതന്നെ ചെയ്യും എന്നും; 102: 8 ൽ, പിന്നെ അന്നേദിനം എല്ലാ അനുഗ്രഹങ്ങളെക്കുറിച്ചും നിങ്ങൾ ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യുമെന്നും; 17: 36 ൽ നിനക്ക് മനസ്സിലാക്കാൻ കഴിയാത്ത കാര്യങ്ങൾ പറയുന്നിടത്ത് നീ നിൽക്കരുത്; നിശ്ചയം കേൾവി, കാഴ്ച, ബുദ്ധിശക്തി തുടങ്ങി എല്ലാറ്റിനെക്കുറിച്ചും ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യുമെന്നും പറഞ്ഞിട്ടുണ്ട്. അപ്പോൾ ആരാണോ അദ്ദിക്ർ കേൾക്കാനും കാണാനും അതിനെക്കുറിച്ച് ചിന്തിക്കാനും അത് പ്രചരിപ്പിക്കാനും സമയം, സ്വാധീനം, സമ്പത്ത് തുടങ്ങിയ എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തിയത്, അവർക്ക് അനുകൂലമായി ഗ്രന്ഥം വാദിക്കുകയും സാക്ഷിനിൽക്കുകയും ചെയ്തുകൊണ്ട് അവരെ സ്വർഗത്തിലേക്ക് നയിക്കുന്നതാണ്. പ്രവാചകന്റെ ജനതയിൽ നിന്നുള്ള ആരാണോ സാക്ഷിയും ഇമാമും കാരുണ്യവും സത്യവുമായ അദ്ദിക്റിനെ മൂടിവെച്ചത്, അവനോട് വാഗ്ദത്തം ചെയ്തിട്ടുള്ളത് നരകമാണ് എന്ന് 11: 17 ലും; ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ച മനുഷ്യൻ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ലും പറഞ്ഞിട്ടുണ്ട്. 4: 140; 7: 6, 40; 14: 28-30 വിശദീകരണം നോക്കുക.

94. അപ്പോൾ നിന്നോട് കൽപിക്കപ്പെടുന്ന ഒന്നുകൊണ്ട് നീ മുന്നേറുകയും ചെയ്യുക, അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരെത്തൊട്ട് നീ അവഗണിക്കുകയും ചെയ്യുക.

'നിന്നോട് കൽപിക്കപ്പെടുന്ന ഒന്നുകൊണ്ട് മുന്നേറുക' എന്ന് പറഞ്ഞാൽ അദ്ദിക്ർ ജനങ്ങളിലേക്ക് എത്തിച്ച് കൊണ്ടിരിക്കുകവഴി അല്ലാഹുവിനെ സേവിക്കുന്നവനാവുക എന്നാണ്. 93: 11 ൽ, അപ്പോൾ നീ നിന്റെ നാഥന്റെ അനുഗ്രഹം ജനങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യുക എന്നും; 94: 7–8 സൂക്തങ്ങളിൽ, അപ്പോൾ നീ ഒന്നിൽ നിന്ന് വിരമിച്ചാൽ മറ്റൊന്നിലേക്ക് വ്യാപൃതനാവുക, നിന്റെ നാഥനിൽ മാത്രം പ്രതീക്ഷയർപ്പിക്കുകയും ചെയ്യുക എന്നും പറഞ്ഞിട്ടുണ്ട്. ആദം മുതൽ അന്ത്യനാൾ വരെയുള്ള ലോകർക്ക് അല്ലാഹു തൃപ്തിപ്പെട്ട, 58: 22 ൽ പറഞ്ഞ ഏകസംഘത്തിൽ പെടാതെ വിവിധ സംഘടനകളായിപ്പിരിഞ്ഞ് 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘത്തിൽ പെട്ട ഫുജ്ജാറുകളാണ് ഇന്ന് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ. 2: 113; 11: 59; 12: 108; 22: 77–78 വിശദീകരണം നോക്കുക.

95. നിശ്ചയം പരിഹസിക്കുന്നവരെത്തൊട്ട് നിനക്ക് നാം തന്നെ മതിയായവനാകുന്നു.

ഒരു ആക്ഷേപകന്റെയും ആക്ഷേപത്തെ ഭയപ്പെടാതെ അല്ലാഹുവിന് വേണ്ടി പ്രവർത്തിക്കുക, എല്ലാം അടക്കിഭരിക്കുന്ന നാഥൻ ഏത് പരിഹാസത്തിൽ നിന്നും ആപത്തിൽ നിന്നും നിന്നെ സംരക്ഷിക്കാൻ ഏറ്റവും മതിയായവനാണ് എന്നാണ് പറയുന്നത്. 39: 36–37 സൂക്തങ്ങളിൽ അല്ലാഹു ചോദിക്കുന്നു: തന്റെ അടിമക്ക് അല്ലാഹു പോരെയോ, നിന്നെ അവനെക്കൂടാത്തവരെക്കൊണ്ട് അവർ ഭയപ്പെടുത്തുന്നുവല്ലോ? ആരെയാണോ അല്ലാഹു വഴികേടിലാകാൻ അനുവദിച്ചത്, അപ്പോൾ അവന് മാർഗദർശകരിൽ നിന്ന് ആരുമില്ല, ആരെയാണോ അല്ലാഹു മാർഗദർശനം ചെയ്തത്, അപ്പോൾ അവനെ വഴിപിഴപ്പിക്കുന്ന ആരുമില്ല, അല്ലാഹു ചോദ്യം ചെയ്യപ്പെടാത്ത അജയ്യനും പ്രതികാരം ചെയ്യുന്നവനും തന്നെയാണ്. 33: 39 ൽ, പ്രവാചകൻമാരെല്ലാം അല്ലാഹുവിന്റെ സന്ദേശം എത്തിച്ചുകൊടുക്കുന്നവരും അല്ലാഹുവിനെ മാത്രം ഭയപ്പെടുന്നവരും അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയപ്പെടാത്തവരുമാണ്, വിചാരണ ചെയ്യാൻ അല്ലാഹു ഏറ്റവും മതിയായവനാണ് എന്ന് പറഞ്ഞിട്ടുണ്ട്.

ഇന്ന് 'അദ്ദിക്ർ മാത്രം മതിയോ' എന്ന് ചോദിക്കുന്ന കപടവിശ്വാസികളോടുള്ള മറുപടിയാണിത്. അദ്ദിക്ർ മൂടിവെക്കുന്ന അത്തരം കപടവിശ്വാസികളെ അനുസരിക്കരുതെന്നും അവരോട് അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യണമെന്നുമാണ് 25: 52 ൽ അല്ലാഹു കൽപ്പിച്ചിട്ടുള്ളത്. സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ, വിശ്വാസികൾ അദ്ദിക്റിന്റെ വെളിച്ചത്തിൽ ജീവിതം നയിക്കുന്നവരും അത് ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുമായിരിക്കും. അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളും തള്ളിപ്പറയുന്ന അനുയായികളുമാണ് പ്രവാചകൻമാരെ പരിഹസിക്കുന്നവർ. 3: 21–22; 5: 67; 11: 8, 101 വിശദീകരണം നോക്കുക.

96. അവർ അല്ലാഹുവിനോടൊപ്പം മറ്റു ചിലരെക്കൂടി ഇലാഹായി വെച്ചവരാകുന്നു, അപ്പോൾ അടുത്തുതന്നെ അവർ അറിയുന്നവരാകുന്നതാണ്.

പ്രവാചകനെയും അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് അല്ലാഹുവിനെ സഹായിച്ചുകൊണ്ടിരിക്കുന്ന വിശ്വാസികളെയും പരിഹസിക്കുന്നവർ അല്ലാഹുവിനെ മറന്ന കപടവിശ്വാസികളും അല്ലാഹുവിനോടൊപ്പം വേറെ ഇലാഹുകളെ സ്ഥാപിച്ച് അവന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന മുശ്രിക്കുകളുമാണ്. കാഫിറുകളായ ഇവർ ഈസാ രണ്ടാമത് വന്നാൽ അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ

സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെട്ടുകൊണ്ട് 33: 60–61 സൂക്തങ്ങളുടെ കൽപ്പന നടപ്പിൽ വരുന്നതാണ്. 9: 67–68; 10: 20 വിശദീകരണം നോക്കുക.

97. നിശ്ചയം അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിൽ നിന്റെ നെഞ്ച് ഇടുങ്ങുന്നുണ്ടെന്ന് നിശ്ചയം നാം തന്നെ അറിയുന്നുമുണ്ട്.

അദ്ദിക്റിനെ സത്യപ്പെടുത്തിക്കൊണ്ട് ആത്മാവിനും പരലോകത്തിനും പ്രാധാന്യം കൊടുത്ത് ജീവിക്കുന്ന വിശ്വാസി ദേഹേച്ഛക്കും ഭൗതികജീവിതത്തിനും പ്രാധാന്യം കൊടുക്കാത്തവനാണ്. നാഥനെ നിഷ്പക്ഷവാനായി പരിഗണിക്കുന്ന അവൻ, നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് ജൈവകൃഷി നടത്തിക്കൊണ്ടും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചുകൊണ്ടും ആയിരം സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമം മുൻനിർത്തി പ്രവർത്തിക്കുകവഴി ഏഴാം ഘട്ടത്തിലേക്കുവേണ്ട സ്വർഗം സമ്പാദിക്കുന്നതാണ്. 14: 2–3 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആത്മാവിനെ പരിഗണിക്കാത്ത, അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായ ഫുജ്ജാറുകൾ ലക്ഷ്യബോധമില്ലാതെ ജീവിക്കുകവഴി നാലാം ഘട്ടത്തിൽ നരകം പണിയുന്നതും ഏഴാം ഘട്ടത്തിൽ അത് അനന്തരമെടുക്കുന്നതുമാണ്. ആയിരത്തിൽ ഒന്നായ വിശ്വാസി 14: 30 ലൂടെ ഫുജ്ജാറുകളോട്, 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്കാകുന്നു' എന്ന് പറയാനാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. 7: 2; 10: 65–66; 11: 12 വിശദീകരണം നോക്കുക.

98. അപ്പോൾ നിന്റെ നാഥനെ സ്തുതിച്ചുകൊണ്ട് നീ കീർത്തനം ചെയ്യുക, സാഷ്ടാംഗപ്രണാമം ചെയ്യുന്നവരിൽ നീ ഉൾപെടുകയും ചെയ്യുക.

അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി ഇന്ന് 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രഭാതപ്രദോഷങ്ങളിൽ അദ്ദിക്ർ ആത്മാവ് പങ്കെടുത്ത് വായിച്ച് നാഥനെ സ്തുതിച്ചുകൊണ്ടും വാഴ്ത്തിക്കൊണ്ടും തിലാവത്തിന്റെ സുദീർഘമായ ഒറ്റ സാഷ്ടാംഗപ്രണാമം നിർവഹിക്കുന്നതാണ്.

99. നിനക്ക് ഉറപ്പ് ലഭിക്കുന്നതുവരെ നിന്റെ നാഥനെ മാത്രം സേവിക്കുകയും ചെയ്യുക.

'ഉറപ്പ് ലഭിക്കുന്നതുവരെ നിന്റെ നാഥനെ മാത്രം സേവിക്കുക' എന്ന് പറഞ്ഞാൽ മരണം വരെ അല്ലാഹുവിനെ മാത്രം സേവിക്കുക എന്നാണ്. സ്വർഗ്ഗത്തിലേക്കുതന്നെയാണ് പോകുന്നതെന്ന് ഉറപ്പ് വരുത്താനുള്ള ത്രികാലജ്ഞാനിയുടെ വചനങ്ങളായ ത്രികാലജ്ഞാനമാണ് അദ്ദിക്ർ. 56: 95–96 സൂക്തങ്ങളിൽ, നിശ്ചയം ഇത് ഉറപ്പായ സത്യം തന്നെയാണ്, അപ്പോൾ നിന്റെ മഹാനായ നാഥന്റെ നാമം നീ പരിശുദ്ധപ്പെടുത്തുക എന്നും; 69: 51–52 സൂക്തങ്ങളിൽ, നിശ്ചയം ഇത് ഉറപ്പ് നൽകുന്ന സത്യം തന്നെയാണ്, അപ്പോൾ നിന്റെ നാഥന്റെ മഹത്തായ നാമം നീ പരിശുദ്ധപ്പെടുത്തുക എന്നും പറഞ്ഞിട്ടുണ്ട്. അഥവാ ഒരു കാര്യത്തിലും സംശയമില്ലാത്തവിധം പൂർണ്ണമായ ഉറപ്പ് ലഭിക്കുന്നതിനുവേണ്ടിയുള്ളതാണ് അത്. 69: 49–50 സൂക്തങ്ങളിൽ, നിശ്ചയം നമുക്ക് അറിയാം, നിങ്ങളിൽ അതിനെ തള്ളിപ്പറയുന്നവരുണ്ട്, നിശ്ചയം കാഫിറുകൾക്ക് അത് ഒരു ദുഃഖഹേതു തന്നെയാണ് എന്നും പറഞ്ഞിട്ടുണ്ട്.

2: 39; 4: 140 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളും അതിനെ തള്ളിപ്പറയുന്ന അവരുടെ അനുയായികളും തന്നെയാണ് നരകവാസികളായ കാഫിറുകൾ. അവരുടെ പട്ടിക നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീനിലാ*ണെ

ന്ന് 83: 7 ൽ പറഞ്ഞിട്ടുണ്ട്. ഇത്തരം ഭ്രാന്തന്മാർ പിശാചിനെ സേവിക്കുന്നവരായതിനാൽ മരണസമയത്ത് ദുഃഖത്തോടുകൂടി പിശാചിനെ കാണുന്നതാണെന്ന് 75: 24 ൽ പറഞ്ഞിട്ടുണ്ട്. നരകക്കുണ്ഠത്തിന്റെ ഏഴ് കവാടങ്ങളിലൊന്നായ *സഖറിലേക്കുള്ള* ഇവരോട് 'എന്താണ് നിങ്ങളെ *സഖറിലേക്ക്* എത്തിച്ചത്' എന്ന് വിശ്വാസികൾ ചോദിക്കുമ്പോൾ '*ദിക്ർ*ീ എന്ന ഗ്രന്ഥം നിലനിർത്താൻ വേണ്ടി ഞങ്ങൾ നമസ്കരിച്ചിരുന്നില്ല; ഞങ്ങൾ വിശ്വാസികളെ പരിഹസിക്കുന്നവരോടൊപ്പം പരിഹസിക്കുന്നവരും വിധിദിവസത്തെ നിഷേധിക്കുന്നവരുമായിരുന്നു, ഞങ്ങൾക്ക് മരണം ആസന്നമാകുന്നതുവരെ' എന്ന് അവർ മറുപടി നൽകുന്നതാണ് എന്ന് 74: 43–47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. കാഴ്ചയും കേൾവിയും ഉണ്ടായിട്ട് *ദിക്ർ*ീ എന്ന ഗ്രന്ഥം കാണാത്തവരും കേൾക്കാത്തവരുമാണ് നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകൾ എന്ന് 18: 101 ൽ പറഞ്ഞിട്ടുണ്ട്. 8: 22 ൽ വിവരിച്ച പ്രകാരം ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ ഈ ഫുജ്ജാറുകൾ വധിക്കപ്പെടുമ്പോൾ മാത്രമാണ് 38: 8 ൽ പറഞ്ഞ ദിക്ർീ-അദ്ദിക്ർ-ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥം എന്ന് ഇവർക്ക് ബോധ്യം വരിക. 2: 2–5; 6: 130; 7: 40 വിശദീകരണം നോക്കുക.

16. അന്നഹ്ൽ

68-ാം സൂക്തത്തിൽ 'നിന്റെ നാഥൻ തേനീച്ചകൾക്ക് ദിവ്യബോധനം നൽകി' എന്ന് പറഞ്ഞതിൽ നിന്നാണ് സൂറത്തിന് അന്നഹ്ൽ -തേനീച്ച- എന്ന് പേര് ലഭിച്ചത്. 128 സൂക്തങ്ങളടങ്ങിയ ഈ സൂറത്ത് പ്രവാചകന്റെ മക്കാജീവിതത്തിന്റെ അവസാനഘട്ടത്തിലാണ് അവതരിച്ചത്.

എല്ലാം അടക്കിഭരിക്കുന്ന ഏകനായ സ്രഷ്ടാവ് -അല്ലാഹു- മാത്രമേ ഇലാഹായുള്ളു എന്ന് പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ് മലക്കുകൾ ഗ്രന്ഥവും കൊണ്ട് ഇറങ്ങുന്നതെന്നും ജനങ്ങൾ ഭിന്നിച്ച വിഷയങ്ങളിൽ അദ്ദിക്ർ കൊണ്ട് ഇഹലോകത്തു നിന്നുതന്നെ തീരുമാനം കൽപിക്കുന്നതിന് വേണ്ടിയാണ് ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത് എന്നും പഠിപ്പിക്കുന്നു. ഇല്ലായ്മയിൽ നിന്ന് മനുഷ്യരെ സൃഷ്ടിച്ച സ്രഷ്ടാവ് ഭൂമി മനുഷ്യന് താമസിക്കാൻ യോഗ്യമായ നിലയിൽ സംവിധാനിച്ചു. തേൻ, പാൽ തുടങ്ങിയ എല്ലാ ഭക്ഷണവിഭവങ്ങളും മനുഷ്യർക്ക് പ്രധാനം ചെയ്ത അവൻ, വിവിധ ഉപകാരങ്ങളോടുകൂടിയ കന്നുകാലികളെയും വിധേയമാക്കിക്കൊടുത്തു. അവൻ മനുഷ്യന് നേരെ ചൊവ്വെയുള്ള മാർഗവും വളഞ്ഞമാർഗവും -രണ്ടാലൊരുമാർഗം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും- നൽകി. ജീവിതലക്ഷ്യം നഷ്ടപ്പെട്ടതുകാരണം ഐഹികലോകത്തിന് പ്രാധാന്യം നൽകി ജീവിക്കുന്ന മ്ലേഛരാത്മാക്കളുടെയും ജീവിതലക്ഷ്യം മനസ്സിലാക്കി പരലോകത്തിന് പ്രാധാന്യം നൽകി ജീവിക്കുന്ന പരിശുദ്ധാത്മാക്കളുടെയും മരണരംഗം വിവരിച്ചിട്ടുണ്ട്. എല്ലാഓരോ സമുദായത്തിലേക്കും പ്രവാചകൻമാരെ അദ്ദിക്റും കൊണ്ട് നിയോഗിച്ചിട്ടുള്ളത് അല്ലാഹുവിനെ മാത്രം സേവിക്കണം എന്നും *ത്വാഗൂത്ത്* -ദുശ്ശക്തികളെ-വർജ്ജിക്കണം എന്നും ഉണർത്താനാണെന്ന് വിവരിക്കുന്നു. 50-ാം സൂക്തത്തിൽ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം വന്നിട്ടുണ്ട്.

മനുഷ്യരുടെ ജനനം, ശൈശവം, കൗമാരം, യൗവ്വനം, വാർദ്ധക്യം തുടങ്ങിയ വിവിധ ഘട്ടങ്ങൾ വിവരിച്ച് സ്രഷ്ടാവിനെക്കുറിച്ച് ബോധവാൻമാരാക്കുന്നു. എല്ലാം ഓർമ്മിപ്പിച്ച് കൊടുത്തിട്ടും അവർ പിന്തിരിയുകയാണെങ്കിൽ, നിന്റെ ബാധ്യത എത്തിച്ചു കൊടുക്കൽ മാത്രമാണെന്ന് പ്രവാചകനെയും വിശ്വാസികളേയും സമാധാനിപ്പിക്കുന്നു. ഗ്രന്ഥം സമർപ്പിക്കുന്ന അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് അവന്റെ സൃഷ്ടികളുമായി ചെയ്ത ഉടമ്പടികളും കരാറുകളും നിങ്ങൾ പൂർത്തിയാക്കണം, എന്നല്ലാതെ എല്ലാഓരോ കാര്യവും വ്യക്തമാക്കിയിട്ടുള്ള അദ്ദിക്റിനെ അവഗണിച്ചുകൊണ്ട് രാവിലെ മുതൽ വൈകുന്നേരം വരെ വെള്ളം കോരി വൈകുന്നേരം കുടം കമഴ്ത്തി വെള്ളം നഷ്ടപ്പെടുത്തുന്നവളെപ്പോലെ ആകരുതെന്ന് ഉപദേശിക്കുന്നു. അദ്ദിക്ർ വായിക്കുമ്പോൾ അല്ലാഹു ഉദ്ദേശിച്ച ആശയത്തിൽ നിന്ന് ശപിക്കപ്പെട്ട പിശാച് തടയാതിരിക്കാൻ അവന്റെയും ഉടമയായ അല്ലാഹുവിന്റെമേൽ അഭയം തേടണമെന്നും തങ്ങളുടെ നാഥന്റെ മേൽ ഭരമേൽപിച്ച വിശ്വാസികളുടെമേൽ പിശാചിന് യാതൊരു സ്വാധീനവുമില്ല എന്നും

പഠിപ്പിക്കുന്നു.

ഗ്രന്ഥം കിട്ടിയതിനുശേഷം ജീവിതലക്ഷ്യം മറന്നുകൊണ്ട് പരലോകത്തേക്കാൾ ഐഹികലോകത്തിന് പ്രാധാന്യം നൽകി ജീവിക്കുന്ന കാഫിറുകളായ ഒരു ജനതയെ അല്ലാഹു സൻമാർഗത്തിലേക്ക് നയിക്കുകയില്ല. അവരവരുടെ സമ്പാദ്യം കാണുന്ന വിധിദിവസം കാഫിറുകൾ അവരെക്കുറിച്ചുതന്നെ തർക്കിക്കുമെന്നും, അറിവില്ലായ്മകൊണ്ട് കുറ്റം ചെയ്തശേഷം അദ്ദിക്റിൽ നിന്ന് അത് മനസ്സിലാക്കി ത്രികാലജ്ഞാനിയോട് ഏറ്റുപറഞ്ഞ് കാര്യങ്ങൾ നന്നാക്കിത്തീർക്കുകയാണെങ്കിൽ നിന്റെ നാഥൻ ഏറെപ്പൊറുക്കുന്നവനും കാരുണ്യവാനുമാണെന്നും പഠിപ്പിക്കുന്നു. ഒറ്റക്ക് ഒരു പ്രസ്ഥാനമായി നിലകൊണ്ട പ്രവാചകൻ ഇബ്റാഹീമിന്റെ മാർഗം പിൻപറ്റാൻ അന്ത്യപ്രവാചകനായ മുഹമ്മദിനോടും അന്ത്യനാൾ വരെയുള്ള വിശ്വാസികളോടും കൽപിക്കുന്നു. നിന്റെ നാഥന്റെ മാർഗത്തിലേക്ക് ആശയം സ്പഷ്ടമായ സൂക്തങ്ങൾ കൊണ്ടും സമാനമായ ഉപമ ഉദാഹരണങ്ങൾ കൊണ്ടും വിളിക്കുക, ജനതയുടെ വഴികേടിൽ നീ ദുഃഖിക്കേണ്ടതില്ല, അവരുടെ ഗൂഢതന്ത്രത്തിൽ നീ മനം മുട്ടേണ്ടതുമില്ല, നിശ്ചയം അല്ലാഹു അവനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവരോടൊപ്പവും അവനെ കണ്ടുകൊണ്ട് ചരിക്കുന്നവരോടൊപ്പവുമാണ് എന്ന് പറഞ്ഞുകൊണ്ട് സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. അല്ലാഹുവിന്റെ കൽപന വന്നുകഴിഞ്ഞു; അപ്പോൾ അതിനുവേണ്ടി നിങ്ങൾ ധൃതിപ്പെടേണ്ട, അവർ പങ്കുചേർത്തുകൊണ്ടിരിക്കുന്നതിനെത്തൊട്ട് അവൻ പരിശുദ്ധനും അത്യുന്നതനുമാകുന്നു.

16: 2; 30: 25; 42: 52 തുടങ്ങി 34 സ്ഥലങ്ങളിൽ പറഞ്ഞ 'കൽപന' അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. 17: 85 ൽ, അവർ നിന്നോട് റൂഹിനെക്കുറിച്ച് ചോദിക്കുന്നു, നീ പറയുക: റൂഹ് എന്റെ നാഥന്റെ കൽപനയിൽ പെട്ടതാണ്, അറിവിൽ നിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. ജനങ്ങൾ ഏതൊരു കാര്യത്തിലാണോ ഭിന്നിച്ചിട്ടുള്ളത്, ആ കാര്യം വെളിപ്പെടുത്തുന്നതിനും ഇഹലോകത്ത് വെച്ചുതന്നെ ഓരോരുത്തരും സമ്പാദിച്ചത് സ്വർഗമാണോ നരകമാണോ എന്ന് തീരുമാനിക്കുന്നതിനുമുള്ള ത്രാസ്സും ഉരക്കല്ലുമായിട്ടുമാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ കൽപന എന്നതുകൊണ്ട് അന്ത്യമണിക്കൂർ എന്നും ആശയമുണ്ട്. അന്ത്യമണിക്കൂറിന് വേണ്ടി നിങ്ങൾ ധൃതിപ്പെടേണ്ടതില്ല, മുഹമ്മദിനെ നിയോഗിച്ചതോടുകൂടി അതിന് തുടക്കം കുറിച്ചുകഴിഞ്ഞു, ചൂണ്ടുവിരലും നടുവിരലും ഉയർത്തിക്കാണിച്ചുകൊണ്ട് പ്രവാചകൻ: *ഞാനും അന്ത്യമണിക്കൂറും ഇപ്രകാരം അടുത്താണ്* എന്ന് പറയുകയുണ്ടായി: 10: 108 ൽ പറഞ്ഞ സത്യമായ അദ്ദിക്ർ കൊണ്ട് തന്നെയാണ് വിധിദിവസം തീർപ്പ് കൽപിക്കുക എന്ന് 34: 26; 39: 69, 75 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിനെ കണ്ടെത്താത്തവരെല്ലാം തന്നെ അവനിൽ പങ്കുചേർക്കുന്നവരാണ്. അപ്പോൾ അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുന്നവർ മാത്രമേ അത്യുന്നതനും പരിശുദ്ധനുമായ അവനിലേക്ക് എത്തിപ്പെടുകയുള്ളൂ. അദ്ദിക്റിനെ മൂടിവെക്കുന്ന അഹങ്കാരികളായ കപടവിശ്വാസികളും അദ്ദിക്റിനെ തള്ളിപ്പറയുന്ന അനുയായികളായ ഫാജിറുകളുമടങ്ങിയ ഭ്രാന്തന്മാരായ ഫുജ്ജാറുകൾക്ക് പരിശുദ്ധനായ അല്ലാഹുവിലേക്കും സ്വർഗത്തിലേക്കും എത്തിപ്പെടാൻ ആകാശത്തിന്റെ വാതിലുകൾ

തുറന്ന് കൊടുക്കപ്പെടുകയില്ല എന്ന് 7: 40 ൽ പറഞ്ഞിട്ടുണ്ട്. 6: 155–157; 7: 26, 37 വിശദീകരണം നോക്കുക.

2. മലക്കുകളെ അവന്റെ കൽപ്പനയിൽ നിന്നുള്ള റൂഹും കൊണ്ട് അവന്റെ അടിമകളിൽ നിന്ന് അവൻ ഉദ്ദേശിക്കുന്നവരുടെ മേൽ ഇറക്കുന്നു, നിശ്ചയം ഞാനല്ലാതെ നിങ്ങൾക്ക് ഒരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ എന്നെ സൂക്ഷിക്കുക എന്ന് അവൻ നിങ്ങളെ മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടി.

42: 52 ൽ, നിനക്ക് നമ്മുടെ കൽപനയിൽ നിന്നുള്ള ഒരു റൂഹിനെ ദിവ്യസന്ദേശമായി നൽകി എന്ന് പറഞ്ഞതും ഗ്രന്ഥത്തെക്കുറിച്ച് തന്നെയാണ്. 15: 29; 32: 9; 38: 72 എന്നീ സൂക്തങ്ങളിൽ, അല്ലാഹുവിന്റെ റൂഹിൽ നിന്നാണ് മനുഷ്യന്റെ റൂഹ് എന്ന് പറഞ്ഞിട്ടുണ്ട്. 58: 22 ൽ, അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച ഒരു ജനതയെ, അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും വിരോധം വെച്ചുപുലർത്തുന്നവരോട് -അത് അവരുടെ പിതാക്കളാണെങ്കിലും അല്ലെങ്കിൽ മക്കളാണെങ്കിലും അല്ലെങ്കിൽ സഹോദരങ്ങളാണെങ്കിലും അല്ലെങ്കിൽ എത്ര അടുത്തവരാണെങ്കിലും ശരി-സ്നേഹബന്ധം പുലർത്തുന്നതായി നീ കണ്ടെത്തുകയില്ല, അക്കൂട്ടരുടെ ഹൃദയങ്ങളിലാണ് അല്ലാഹു വിശ്വാസം രേഖപ്പെടുത്തിയിട്ടുള്ളത്, അവനിൽ നിന്നുള്ള ഒരു റൂഹുകൊണ്ട് അവരെ ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്.

16: 102 ൽ, നിന്റെ നാഥനിൽ നിന്ന് പരിശുദ്ധാത്മാവ് മുഖേന ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത് ലക്ഷ്യത്തോടുകൂടിയാണ്, അതുകൊണ്ട് വിശ്വാസികളെ ഉറപ്പിച്ച് നിർത്താനും അത് സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവർക്ക് സൻമാർഗവും ശുഭവാർത്താദായകവുമാണ് എന്ന് പറഞ്ഞതിലെയും; വിധിദിവസം ഈസായെ പ്രത്യേകം വിചാരണ ചെയ്യുന്ന സന്ദർഭത്തിൽ 5: 110 ൽ പറഞ്ഞ പ്രകാരം ഞാൻ നിന്നെ പരിശുദ്ധാത്മാവുകൊണ്ട് ശക്തിപ്പെടുത്തിയതും സ്മരിക്കുക എന്ന് പറഞ്ഞതിലെയും പരിശുദ്ധാത്മാവ് മലക്ക് ജിബ്രീൽ ആണ്. 26: 193 ൽ, വിശ്വസ്തനായ റൂഹ് എന്നാണ് ജിബ്രീലിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. 78: 38 ൽ, റൂഹും മലക്കുകളും അണിയണിയായി നിൽക്കുന്ന ദിനം എന്ന് പറഞ്ഞതിലെ റൂഹും ജിബ്രീൽ തന്നെയാണ്.

അപ്പോൾ ഗ്രന്ഥത്തിനും ജിബ്രീലിനും മനുഷ്യന്റെ റൂഹിനും 'റൂഹ്' എന്ന് പറഞ്ഞിരിക്കുന്നു. ഇതെല്ലാം അല്ലാഹുവിന്റെ റൂഹിൽ നിന്നുള്ളതാണ്. 17: 85 ൽ, റൂഹിനെക്കുറിച്ച് അവർ നിന്നോട് ചോദിക്കുന്നുവല്ലോ; നീ പറയുക: റൂഹ് എന്റെ നാഥന്റെ കൽപ്പനയിൽ പെട്ടതാണ്, നിങ്ങൾക്ക് അറിവിൽ നിന്ന് അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ഗ്രന്ഥത്തിന്റെ ആത്മാവും അർത്ഥം അതിന്റെ ജീവനുമാണ്. ആത്മാവും ജീവനും കൂടിയ ഗ്രന്ഥത്തിന്റെ റൂഹിന് *കലിമാത്ത്* എന്ന് പറയുന്നു. അതാകട്ടെ, പറഞ്ഞാലും എഴുതിയാലും തീരുകയില്ല എന്ന് 18: 109; 31: 27 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. റൂഹായ അദ്ദിക്ർ ഹൃദയത്തിലുണ്ടാകുമ്പോൾ മാത്രമാണ് ഒരുവൻ റൂഹിന്റെ ഉടമയായ അല്ലാഹുവിന്റെ പ്രതിനിധിയായി നിലകൊള്ളുന്നത്. ഗ്രന്ഥത്തിന്റെ ആത്മാവ് ഇല്ലാത്തവൻ ഉറങ്ങുന്നവനെപ്പോലെ ജീവൻ മാത്രമുള്ളവനാണ്. അതാണ് കപട വിശ്വാസികൾ വധിക്കപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞതിന്റെ വിവക്ഷ. 41: 30–32 സൂക്തങ്ങളിൽ, നിശ്ചയം ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പ്രഖ്യാപിക്കുകയും പിന്നെ ആ പ്രഖ്യാപനത്തിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നവരുടെ മേൽ നിങ്ങൾ ഭയപ്പെടരുത്, നിങ്ങൾ ദുഃഖിക്കരുത്, നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെട്ട സ്വർഗം കൊണ്ട് നിങ്ങൾ സ

ന്തോഷിച്ചുകൊള്ളുക എന്ന് പറഞ്ഞുകൊണ്ട് മലക്കുകൾ ഇറങ്ങുന്നതാണ്, ഇഹത്തിലും പരത്തിലും ഞങ്ങളാണ് നിങ്ങളുടെ സംരക്ഷകൻമാരും മിത്രങ്ങളും, നിങ്ങൾക്ക് ആ സ്വർഗത്തിൽ നിങ്ങളുടെ ആത്മാവ് ആഗ്രഹിക്കുന്നതും ശരീരം തേടുന്നതുമായ എല്ലാം ഉണ്ട് എന്ന് പറഞ്ഞിട്ടുണ്ട്.

ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റും അല്ലാഹുവും ഒന്നാണെന്നിരിക്കെ ഇന്ന് അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നവരിലാണ് മലക്കുകൾ ഇറങ്ങുക. അവർ മാത്രമാണ് 6: 153 ൽ പറഞ്ഞ നേരെച്ചൊവ്വെയുള്ള പാതയിലുള്ളവരും. അഥവാ അദ്ദിക്ർ കൊണ്ട് അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്ന വിശ്വാസികൾക്ക് 13: 11 ൽ പറഞ്ഞ പ്രകാരം മലക്കുകൾ പാറാവുകാരായി ഉണ്ടായിരിക്കും. 21: 25 ൽ, അല്ലാഹുവല്ലാതെ വേറെ ഇലാഹില്ല, അപ്പോൾ നിങ്ങൾ എന്നെ മാത്രം സേവിക്കുന്നവരാവുക എന്ന് ദിവ്യസന്ദേശം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പും ഒരു പ്രവാചകനെയും നാം അയച്ചിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിൽ 'അല്ലാഹുവല്ലാതെ വേറെ ഇലാഹില്ല' എന്ന സൂക്തഭാഗം വന്നിട്ടുള്ളത് 37: 35 ലും 47: 19 ലും മാത്രമാണ്. 2: 132, 163; 3: 101–102; 38: 8; 80: 17 വിശദീകരണം നോക്കുക.

3. ആകാശങ്ങളെയും ഭൂമിയെയും അവൻ ലക്ഷ്യത്തോടുകൂടിയാണ് സൃഷ്ടിച്ചിട്ടുള്ളത്, അവർ പങ്കുചേർത്തുകൊണ്ടിരിക്കുന്നതിനെത്തൊട്ട് അവൻ അത്യുന്നതനാകുന്നു.

45: 22 ൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥനായ അല്ലാഹു ഈ പ്രപഞ്ചത്തെ സംവിധാനിച്ചിട്ടുള്ളത് ഓരോ ആത്മാവിനും അത് സമ്പാദിച്ചതിനുള്ള പ്രതിഫലം നൽകുന്നതിനാണ്. അല്ലാഹുവിന്റെ സത്തയിലോ അധികാരാവകാശങ്ങളിലോ ആര് എന്ത് പങ്കുചേർക്കുകയാണെങ്കിലും അവയൊന്നും തന്നെ അവന് ബാധകമല്ല. അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികളും അനുയായികളായ മുശ്രിക്കുകളും നാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരായതിനാൽ അവർക്ക് ദുഷിച്ച പരിണിതിയാണുള്ളത്, അല്ലാഹുവിന്റെ ശാപവും കോപവും അവരുടെമേൽ വർഷിച്ചിട്ടുണ്ട്, അവർക്ക് മടക്കസ്ഥലമായി നരകക്കുണ്ഠം ഒരുക്കിവെച്ചിട്ടുണ്ടെന്നും 48: 6 ൽ പറഞ്ഞിട്ടുണ്ട്. ഇത്തരം ഫുജ്ജാറുകൾ അവരുടെ ജീവിതലക്ഷ്യം പൂർത്തിയാക്കാത്തവരായതിനാൽ നരകക്കുണ്ഠത്തിൽ പ്രവേശിക്കാനുള്ളവരാണ് എന്ന് 7: 40, 179 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 15: 44 ൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളിൽ നിന്നുള്ള ഓരോവിഭാഗവും നരകത്തിന്റെ ഏഴ് വാതിലുകളിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണ്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 3: 190–191; 8: 48; 22: 31 വിശദീകരണം നോക്കുക.

4. മനുഷ്യനെ അവൻ സൃഷ്ടിച്ചിട്ടുള്ളത് ബീജത്തിൽ നിന്നാണ്, അപ്പോൾ അവൻ അതാ വ്യക്തമായ ഒരു കുതർക്കിയായിത്തീർന്നിരിക്കുന്നു.

നാം മനുഷ്യനെ ഒരു ബീജത്തിൽ നിന്നാണ് സൃഷ്ടിച്ചതെന്ന് അവൻ മനസ്സിലാക്കിയിട്ടില്ലേ, അപ്പോൾ അവനതാ വ്യക്തമായ കുതർക്കിയായിരിക്കുന്നു, അവന്റെ സൃഷ്ടിപ്പിനെ മറന്നുകൊണ്ട് നമുക്കതാ അവൻ ഉപമ –പങ്കാളികളെ– ചമക്കുന്നു, എല്ല് നുറുമ്പിക്കഴിഞ്ഞാൽ ആരാണ് നമ്മെ വീണ്ടും ജീവിപ്പിക്കുക എന്ന് അവൻ ചോദിക്കുന്നു എന്ന് 36: 77–78 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ല; ആരാണോ സൃഷ്ടിച്ചത്, അവന് തന്റെ സൃഷ്ടിയെക്കുറിച്ച് അറിവില്ലെന്നോ; അല്ല, അവൻ ഉള്ളിന്റെയുള്ള് അറിയുന്ന

സൂക്ഷ്മജ്ഞാനിയും എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയും തന്നെയാകുന്നു എന്ന് 67: 14 ൽ പറഞ്ഞിട്ടുണ്ട്. 25: 54 ൽ അവൻ തന്നെയാണ് മനുഷ്യനെ -ശരീരം- വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചത്, അവന് വംശബന്ധവും വിവാഹബന്ധവും ഉണ്ടാക്കുകയും ചെയ്തു, നിന്റെ നാഥൻ അതിനെല്ലാം കഴിവുള്ളവൻ തന്നെയാകുന്നു എന്നും; 25: 55 ൽ, എന്നാൽ അവർ അല്ലാഹുവിനെക്കൂടാതെ അവർക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്തവരെ സേവിച്ചുകൊണ്ടിരിക്കുന്നു, കാഫിർ അവന്റെ നാഥനോട് പ്രത്യക്ഷ ശത്രുതന്നെയായിരിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്.

മനുഷ്യാ! 'നീ' എന്ന് പറഞ്ഞാൽ നിന്റെ ശരീരമാണോ അതോ ആത്മാവാണോ? ആത്മാവിനെ എവിടെയാണ് സൃഷ്ടിച്ചതെന്ന് നീ തിരിച്ചറിഞ്ഞിട്ടുണ്ടോ? എന്തിനാണ് സ്വർഗത്തിൽ സൃഷ്ടിച്ച നിന്നെ ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളത് എന്ന് നിനക്ക് അറിയാമോ? എന്താണ് ഉറക്കം, മരണം, മരണശേഷം എന്നൊക്കെ ചിന്തിച്ചിട്ടുണ്ടോ? സ്രഷ്ടാവിനെ കണ്ടെത്തുക എന്ന ജീവിതലക്ഷ്യം മനസ്സിലാക്കിയിട്ടുണ്ടോ? തുടങ്ങിയ ചോദ്യങ്ങൾക്കെല്ലാം ത്രികാലജ്ഞാനമായ അദ്ദിക്റിൽ നിന്ന് ഉത്തരം കണ്ടെത്തിയവർ മാത്രമാണ് വിജയം വരിക്കുക. 2: 255; 4: 1-2; 10: 61; 11: 7 വിശദീകരണം നോക്കുക.

5. കന്നുകാലികൾ, അവയെയും അവനാണ് സൃഷ്ടിച്ചത്, അവയിൽ നിങ്ങൾക്ക് പ്രതിരോധവും മറ്റുതരത്തിലുള്ള പ്രയോജനങ്ങളുമുണ്ട്, അവയിൽ നിന്നുള്ളവയെ നിങ്ങൾ ഭക്ഷിക്കുന്നുമുണ്ടല്ലോ!

കന്നുകാലികളുടെ രോമങ്ങൾ കൊണ്ട് തണുപ്പിൽ നിന്ന് രക്ഷലഭിക്കാനുള്ള കമ്പിളിപോലെയുള്ള വസ്ത്രങ്ങൾ ഉണ്ടാക്കുന്നു എന്നാണ് അവയിൽ പ്രതിരോധമുണ്ട് എന്ന് പറഞ്ഞതിന്റെ വിവക്ഷ. 16: 80 ൽ, കന്നുകാലികളുടെ തുകൽ കൊണ്ട് വീടുണ്ടാക്കാൻ അല്ലാഹു നിങ്ങളെ പഠിപ്പിച്ചിരിക്കുന്നു, ചെമ്മരിയാടിന്റെ രോമവും കോലാടിന്റെ രോമവും ഒട്ടകങ്ങളുടെ രോമവുമെല്ലാം നിങ്ങൾക്ക് പലതരത്തിലുള്ള ജീവിതോപാധികൾ നിർമ്മിക്കുന്നതിന് വേണ്ടി വിധേയമാക്കിത്തന്നു എന്ന് പറഞ്ഞിട്ടുണ്ട്. 36: 71-73 സൂക്തങ്ങളിൽ, നമ്മുടെ കരങ്ങളാൽ സൃഷ്ടിച്ച കന്നുകാലികളെ അവർക്ക് ഉടമപ്പെടുത്തിക്കൊടുത്തിരിക്കുന്നത് അവർ കാണുന്നില്ലേ, അവയെ നാം അവർക്ക് ഇണക്കിക്കൊടുത്തിരിക്കുന്നു, അവയിൽ ചിലതിനെ അവർ വാഹനമായി ഉപയോഗിക്കുകയും ചിലതിനെ അവർ ഭക്ഷിക്കുകയും ചെയ്യുന്നു, അവയിൽ അവർക്ക് പലതരത്തിലുള്ള ഉപകാരവും പാനീയവുമുണ്ട്, അപ്പോൾ അവർ നന്ദിപ്രകടിപ്പിക്കുന്നില്ലേ എന്ന് ചോദിച്ചിട്ടുണ്ട്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകൾ 17: 44; 24: 41 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം എല്ലാ ജീവികളും ആത്മാവുകൊണ്ട് നാഥനെ വാഴ്ത്തുന്നുണ്ട് എന്ന വസ്തുത അംഗീകരിക്കാത്തവരാണ്. ഇക്കൂട്ടർ ജീവജാലങ്ങളെ കൊല്ലുന്നതിലും തിന്നുന്നതിലും മുൻപന്തിയിലും അവയെ വളർത്തുന്നതിൽ പിന്നിലുമാണ്. 6: 144; 14: 34; 22: 36-37 വിശദീകരണം നോക്കുക.

6. അവയെ വൈകുന്നേരം (ആലയിലേക്ക്) തിരിച്ച് കൊണ്ടുവരുമ്പോഴും അവയെ രാവിലെ മേയാൻ വിട്ടയക്കുമ്പോഴും നിങ്ങൾക്ക് അവയിൽ കൗതുകവുമുണ്ട്.

മുൻകാലങ്ങളെപ്പോലെ ഇന്ന് കന്നുകാലികളെ വ്യാപകമായി വളർത്തുന്നില്ല. അവയെ വളർത്തുന്നവർക്ക് മേയാൻ വിടുമ്പോഴും വൈകുന്നേരം തൊഴുത്തിലേക്ക് കൊണ്ടുവ

രുമ്പോഴുമെല്ലാം കൺകുളിർമയും ആനന്ദവും അവയുടെ ഉടമസ്ഥതയിൽ അഭിമാനവും തോന്നുന്നതാണ്. കാളവണ്ടി ഉപയോഗിച്ചിരുന്ന കാലത്ത് ചരക്കുകൾ ഉദ്ദേശിച്ച സ്ഥലത്ത് എത്തിക്കണമല്ലോ എന്ന ആവശ്യകത മാനിച്ച് കാളകൾക്ക് നല്ല ഭക്ഷണവും പരിപാലനവും നൽകി വളർത്തിയിരുന്നു. എന്നാൽ ഇന്ന് അവയുടെ സ്ഥാനത്ത് പ്രസ്തുത ആവശ്യത്തിന് മോട്ടോർ വാഹനങ്ങൾ നൽകി അല്ലാഹു മനുഷ്യരെ അനുഗ്രഹിച്ചപ്പോൾ അവ ആധുനിക മനുഷ്യരെ ആകർഷിക്കുകയും കന്നുകാലികളെ വളർത്തുന്നതിൽ നിന്നും പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കുന്നതിൽ നിന്നും അവർ അകലുകയും ചെയ്തു. യാന്ത്രിക യുഗത്തിലുള്ള മനുഷ്യർ ഇന്ന് പ്രകൃതിയിൽ നിന്ന് അകലുകയും കൃത്രിമമായ ജീവിതശൈലികളിലേക്ക് ആകർഷിക്കപ്പെടുകയും അവരുടെ യഥാർത്ഥ ജീവിതലക്ഷ്യം മറന്നവരായി മാറുകയും ഭൂമിയെയും അതുവഴി പ്രപഞ്ചത്തെത്തന്നെയും നശിപ്പിച്ചു കൊണ്ടിരിക്കുകയുമാണ്. ഗ്രന്ഥത്തിന്റെ ആത്മാവിനെ മൂടിവെക്കുന്ന കപടവിശ്വാസികളാണ് അതിൽ മുൻപന്തിയിലുള്ളത്. അതുവഴി അന്ത്യപ്രവാചകന്റെ ജനതയുടെ അധഃപതനം തന്നെയാണ് ലോകത്തിന്റെ അവസാനത്തിന് കാരണമാവുക എന്ന അല്ലാഹുവിന്റെ ചര്യ നടപ്പിലായിക്കൊണ്ടിരിക്കുകയാണ്. ഇന്ന് ഗ്രന്ഥം കിട്ടാത്ത, തൊടാത്ത ജനവിഭാഗങ്ങളാണ് കന്നുകാലികളെ വളർത്തുന്നതിലും പ്രകൃതിജീവിതം നയിക്കുന്നതിലും അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെക്കാൾ മുന്നിലുള്ളത്. 3: 196–197; 10: 57–58; 15: 87–88; 30: 41 വിശദീകരണം നോക്കുക.

7. വളരെ ക്ലേശത്തോടുകൂടിയല്ലാതെ നിങ്ങൾക്ക് എത്തിച്ചേരാൻ കഴിയാത്ത നാടുകളിലേക്ക് അവ നിങ്ങളുടെ ഭാരങ്ങൾ ചുമക്കുന്നുമുണ്ട്, നിശ്ചയം നിങ്ങളുടെ നാഥൻ വളരെ കൃപാലുവായ കാരുണ്യവാൻ തന്നെയാകുന്നു.

ആധുനികകാലത്തും റോഡുകളില്ലാത്ത സ്ഥലങ്ങളിലേക്ക് സാധനങ്ങൾ കൊണ്ടുപോകുന്നതിന് കന്നുകാലികളെ ഉപയോഗപ്പെടുത്തുന്നുണ്ട്. അങ്ങനെ വളരെ ബുദ്ധിമുട്ടിയല്ലാതെ എത്തിപ്പെടാൻ കഴിയാത്ത നാടുകളിൽ വീട് വെക്കുന്നതിനും താമസിക്കുന്നതിനും കന്നുകാലികളെത്തന്നെയാണ് വാഹനമായി ഇന്നും ഉപയോഗപ്പെടുത്തുന്നത്. ഇങ്ങനെയുള്ള സൗകര്യങ്ങളെല്ലാം ചെയ്തുതന്ന സ്രഷ്ടാവ് വളരെ കൃപയുള്ളവനും കാരുണ്യമുള്ളവനും തന്നെയാകുന്നു എന്ന് മനുഷ്യരെ ഓർമിപ്പിക്കുകയാണ്. എന്നാൽ 2: 152 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി മാത്രമാണ് നാഥനെ സ്മരിച്ചുകൊണ്ട് നന്ദി പ്രകടിപ്പിക്കുന്നവനാവുക. ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ വിസ്മരിക്കുകവഴി നാഥനെ വിസ്മരിച്ചവരും അവൻ നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദികേട് കാണിക്കുന്ന യഥാർത്ഥ കാഫിറുകളുമാണ്. 14: 28–30; 102: 8 വിശദീകരണം നോക്കുക.

8. -കുതിരകളെയും കോവർ കഴുതകളെയും കഴുതകളെയും, നിങ്ങൾക്ക് അവയിൽ സവാരി ചെയ്യുന്നതിനും അലങ്കാരമായിക്കൊണ്ടും, നിങ്ങൾക്ക് അറിയാത്തതും അവൻ സൃഷ്ടിക്കുന്നതാണ്.

ഈ സൂക്തത്തിൽ പറഞ്ഞ മൂന്ന് മൃഗങ്ങളെയും ഭക്ഷണമായി ഉപയോഗിക്കരുതെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 43: 12–14 സൂക്തങ്ങളിൽ, അവനാണ് എല്ലാ വസ്തുക്കളിലും ഇണകളെ ഉണ്ടാക്കിയത്, കപ്പലുകളിൽ നിന്നും കന്നുകാലികളിൽ നിന്നും അവൻ നിങ്ങൾക്ക് സഞ്ചരിക്കാൻ വാഹനങ്ങൾ ഏർപ്പെടുത്തിത്തരികയും ചെയ്തിരിക്കുന്നു, നിങ്ങൾ അവയുടെ പുറത്ത് കയറിയിരിക്കുന്നതിനും നിങ്ങളുടെ

നാഥന്റെ അനുഗ്രഹങ്ങൾ ഓർമ്മിക്കുന്നതിനും വേണ്ടി, അങ്ങനെ നിങ്ങൾ സവാരിചെയ്യാൻ വേണ്ടി ഇരിപ്പുറപ്പിച്ചാൽ പ്രാർത്ഥിക്കുവിൻ: 'ഞങ്ങൾക്ക് ഇതിനെ വിധേയമാക്കിത്തന്നവൻ പരിശുദ്ധനാകുന്നു, ഇതിനെ ഇണക്കാൻ ഞങ്ങൾക്ക് സാധിക്കുമായിരുന്നില്ല, നിശ്ചയം ഞങ്ങളുടെ അന്തിമമടക്കം ഞങ്ങളുടെ നാഥനിലേക്ക് തന്നെയാകുന്നു' എന്ന് പറഞ്ഞിട്ടുണ്ട്. വാഹനത്തിൽ കയറുമ്പോഴുള്ള ഈ പ്രാർത്ഥന ആശയമില്ലാതെ ഉരുവിടുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല -അറബി ഖുർആൻ ആശയമില്ലാതെ പാരായണം ചെയ്യുന്നതുപോലെത്തന്നെ. ആകാശഭൂമികളിലും അവക്കിടയിലും നടക്കുന്ന സംഭവങ്ങളെല്ലാം നേരത്തെ നിശ്ചയിച്ച് ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെച്ചിട്ടുള്ള ത്രികാലജ്ഞാനിയായ അല്ലാഹുവിനെ അദ്ദിക്റിലൂടെ കണ്ടുകൊണ്ട് ആത്മാവുകൊണ്ടാണ് വിശ്വാസി പ്രാർത്ഥിക്കേണ്ടത്. ഈ യാത്രയിൽ അപകടമൊന്നും സംഭവിക്കാതെ ഉദ്ദേശ്യങ്ങൾ പൂർത്തീകരിച്ച് തിരിച്ചുവരാൻ അനുഗ്രഹിക്കണമെന്നും മരിക്കാൻ തയ്യാറായ അവസ്ഥയിൽ സന്തോഷത്തോടുകൂടി നിന്നെ ആത്മാവുകൊണ്ട് കണ്ട് അവസാനം നിന്നിലേക്കുതന്നെ തിരിച്ചുവരാൻ അനുഗ്രഹിക്കണമെന്നുമാണ് പ്രാർത്ഥനയുടെ ആശയം. അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് ആത്മാവിനെ പരിഗണിക്കാതെ ജീവിക്കുന്ന ഫുജ്ജാറുകൾ 75: 24 ൽ പറഞ്ഞ പ്രകാരം ദുഃഖത്തോടുകൂടി പിശാചിനെ കണ്ടുകൊണ്ടാണ് മരണപ്പെടുക. 'പ്രാർത്ഥനകൊണ്ടല്ലാതെ വിധി മാറ്റപ്പെടുകയില്ല' എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. യാത്രയിൽ മാത്രമല്ല, എപ്പോഴും 'അല്ലാഹ്' എന്ന സ്മരണയിൽ നിലകൊള്ളേണ്ടതുമാണ്. പ്രാർത്ഥന സ്വീകരിക്കപ്പെടാനുള്ള രണ്ട് ഉപാധികൾ 2: 186 ൽ വിവരിച്ചത് കൂട്ടിവായിക്കുക.

സൂക്തത്തിൽ പറഞ്ഞ മൃഗങ്ങളാണ് ഗ്രന്ഥം അവതരിക്കുന്ന കാലത്ത് വാഹനങ്ങളായി ഉണ്ടായിരുന്നതെങ്കിൽ പിന്നീട് മനുഷ്യന്റെ പ്രയോജനത്തിനുവേണ്ടി കാർ, ബസ്, ലോറി, തീവണ്ടി, വിമാനം തുടങ്ങി പല വാഹനങ്ങളും നിർമ്മിക്കുന്നതിന് മനുഷ്യനെ അല്ലാഹു പഠിപ്പിക്കുകയുണ്ടായി. ഇതാണ് 'നിങ്ങൾക്ക് അറിയാത്തതും അവൻ സൃഷ്ടിക്കുന്നതാണ്' എന്ന് പറഞ്ഞതിന്റെ ആശയം. പറന്നുപൊങ്ങാനും ഇറങ്ങാനും വിശാലമായ സ്ഥലസൗകര്യം ആവശ്യമില്ലാത്ത വിധത്തിലുള്ള ശബ്ദം പോലുമില്ലാത്ത ഡ്രോണുകൾ പോലെയുള്ള വാഹനങ്ങളും ഇന്ന് നിലവിൽ വന്നിട്ടുണ്ട്. ഭാവിയിൽ ഇവയെക്കാൾ നൂതനമായ 'പറക്കും തളിക' പോലുള്ള മറ്റുപലതരം വാഹനങ്ങളും വന്നേക്കാം. 3: 138; 15: 6-9; 36: 36 വിശദീകരണം നോക്കുക.

9. മാർഗങ്ങളിൽ ലക്ഷ്യത്തിലെത്താത്തവയുണ്ടായിരിക്കെ നേരായമാർഗം കാണിച്ചുകൊടുക്കൽ അല്ലാഹുവിന്റെ ബാധ്യതയാകുന്നു, അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ മുഴുവനും സൻമാർഗത്തിലാക്കുകതന്നെ ചെയ്യുമായിരുന്നു.

ജീവിതത്തിൽ തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പത് മാർഗങ്ങളും ലക്ഷ്യത്തിലെത്താത്തവയും നരകത്തിലേക്കുള്ള പിശാചിന്റെ മാർഗങ്ങളുമാണ്. ഒന്നുമാത്രമാണ് ലക്ഷ്യത്തിലേക്ക് എത്തുന്ന സ്വർഗത്തിലേക്കുള്ള അല്ലാഹുവിന്റെ ഏകമാർഗം. ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും സ്ഥലങ്ങളിലും ആ ഏകമാർഗം ഹൃദയത്തിൽ ഉണർത്തുന്നതാണ് *തദ്കിറ്:.* അതുകൊണ്ടാണ് അതിനെ അല്ലാഹുവിലേക്ക് എത്തിപ്പെടാനുള്ള ടിക്കറ്റ് എന്ന് പറയുന്നത്. ആദം മുതൽ അന്ത്യനാൾ വരെയുള്ളവർക്ക് അല്ലാഹു തൃപ്തിപ്പെട്ട ഏകസംഘത്തിൽ ഉൾപെടുന്നത് ആ ഏകമാർഗം സ്വീകരിച്ചവരാണ്. പ്രവാചകൻ ഒരു നേർരേഖ വരച്ചു, പിന്നീട് അതിന്റെ ഇടതും വലതുമായിക്കൊണ്ട് അനേകം

രേഖകളും വരച്ചു, ശേഷം മധ്യത്തിലുള്ള നേർരേഖ ചൂണ്ടിക്കാണിച്ചുകൊണ്ട് 'ഇതാണ് നേരെചൊവ്വെയുള്ള പാത, അല്ലാഹുവിലേക്ക് എത്തിപ്പെടാനുള്ള ഈ ഏകപാതയുടെ സമീപം ഇടതും വലതുമായിക്കൊണ്ടുള്ള മറ്റുപാതകളെല്ലാം പിഴച്ചവയും നരകത്തിലേക്ക് നയിക്കുന്നവയുമാണ്, പിശാച് മനുഷ്യനെ അവകളിലേക്ക് ക്ഷണിച്ചുകൊണ്ടേയിരിക്കും' എന്ന് പറയുകയുണ്ടായി.

6: 153 ൽ വിവരിച്ച പ്രകാരം ആദം മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യർക്ക് നാഥന്റെ വീടായ സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള പാത അദ്വിക്ർ മാത്രമാണ്. 15: 44 ൽ വിവരിച്ച പ്രകാരം 1000 ത്തിൽ 999 ആയ ഫുജ്ജാറുകളും അദ്വിക്റിനെ അവഗണിച്ചുകൊണ്ട് പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്കുള്ള പാതയിലാണ് ജീവിച്ചുകൊണ്ടിരിക്കുന്നത്. 9: 115; 10: 108 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സ്വർഗത്തിലേക്കുള്ള ഏകപാതയും നരകത്തിലേക്കുള്ള വിവിധപാതകളും ഏതെല്ലാമാണെന്ന് മനുഷ്യനെ സ്വർഗത്തിൽ സൃഷ്ടിച്ചപ്പോൾ തന്നെ പഠിപ്പിച്ചിട്ടുള്ളതിനാലും 313 പ്രവാചകന്മാരെയും വിവിധ കാലഘട്ടങ്ങളിലായി അദ്വിക്ർ കൊണ്ട് അയച്ചതിനാലും നാഥൻ നിഷ്പക്ഷവാനായിരിക്കുന്നു. എന്നാൽ അദ്വിക്റിന്റെ 40 പേരുകളെയും സത്യപ്പെടുത്തി ജീവിക്കുന്ന 1000 ത്തിൽ ഒന്നായ വിശ്വാസി മാത്രമേ അദ്വിക്റിനെ നാലാം ഘട്ടത്തിൽ സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റായി ഉപയോഗപ്പെടുത്തുകയുള്ളൂ. 11: 118–119 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കാരുണ്യമായ അദ്വിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്തവരും വിവിധ സംഘടനകളായി ഭിന്നിച്ചവരുമായ ഫുജ്ജാറുകളും അവരുടെ ജിന്നുകൂട്ടുകാരും ഒന്നടങ്കം നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടുന്നതാണ്. 2: 166–169; 15: 75, 90; 25: 33–34 വിശദീകരണം നോക്കുക.

10. അവൻ തന്നെയാണ് നിങ്ങൾക്ക് ആകാശത്തുനിന്ന് വെള്ളമിറക്കിത്തന്നത്, അതിൽ നിന്ന് നിങ്ങൾക്ക് പാനീയമുണ്ട്, അതിൽ നിന്ന് തന്നെയാണ് വൃക്ഷങ്ങൾ വളരുന്നതും, അതിൽ നിന്നാണ് നിങ്ങൾ നനച്ചുകൊണ്ടിരിക്കുന്നതും.

മനുഷ്യരും മറ്റ് ജീവികളും കുടിവെള്ളത്തിനും കൃഷികൾ നനക്കാനും മറ്റ് ആവശ്യങ്ങൾക്കുമെല്ലാം ഉപയോഗപ്പെടുത്തുന്നത് മഴവെള്ളമാണ്. അത് നേരിട്ടാണെങ്കിലും കിണറുകൾ, തോടുകൾ, പുഴകൾ തുടങ്ങിയവയിൽ നിന്ന് ശേഖരിച്ചാണെങ്കിലും ശരി. കടലിൽ നിന്ന് ഉപ്പുവെള്ളം ബാഷ്പീകരിപ്പിച്ച് അതിനെ കുടിക്കാൻ ഉതകുന്ന വിധത്തിൽ ഉപ്പ് രസമില്ലാതാക്കി മാറ്റിയവൻ അല്ലാഹുവാണ്. 56: 68–70 സൂക്തങ്ങളിൽ, നിങ്ങൾ കുടിച്ചുകൊണ്ടിരിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളാണോ മേഘങ്ങളിൽനിന്ന് അതിനെ ഇറക്കിക്കൊണ്ടിരിക്കുന്നത്, അതോ നാം തന്നെയാണോ ഇറക്കിക്കൊണ്ടിരിക്കുന്നവൻ? നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതിനെ നാം ഉപ്പുരസമുള്ളതാക്കുമായിരുന്നു, അപ്പോൾ നിങ്ങൾ എന്തുകൊണ്ട് നന്ദി പ്രകടിപ്പിക്കുന്നവരാകുന്നില്ല എന്ന് ചോദിച്ചിട്ടുണ്ട്. 32: 27 ൽ, നിശ്ചയം നാം ഉണങ്ങി വിണ്ടുകീറിയ ഭൂമിയിലേക്ക് വെള്ളത്തെ നയിക്കുന്നതും അതുകൊണ്ട് കൃഷി മുളപ്പിക്കുന്നതും അവർ കാണുന്നില്ലേ! അതിൽ നിന്നാണല്ലോ അവരുടെ കന്നുകാലികളും അവരും തിന്നുന്നത്, അപ്പോൾ അവർ ഉൾക്കാഴ്ച ഉപയോഗപ്പെടുത്തുന്നവരാകുന്നില്ലേ എന്ന് ചോദിച്ചിട്ടുണ്ട്. ഇവിടെ ആദ്യം തിന്നുന്നത് കന്നുകാലികളാണ് എന്ന വസ്തുത മനസ്സിലാക്കി അല്ലാഹുവിനെ കണ്ടെത്തുന്നില്ലെയോ എന്നും ഉൾകാഴ്ച്ചാദായകമായ ഗ്രന്ഥത്തിന്റെ മൊത്തം ആശയം ഉപയോഗപ്പെടുത്തി ജീവിതലക്ഷ്യം കണ്ടെത്തുന്നില്ലെയോ എന്നുമാണ് ചോദിക്കുന്നത്. 6: 104; 21: 30;

50: 9 വിശദീകരണം നോക്കുക.

11. അവൻ അതുകൊണ്ട് നിങ്ങൾക്കുവേണ്ടി കൃഷി മുളപ്പിക്കുന്നു -ഒലിവും ഈത്തപ്പനയും മുന്തിരികളും മറ്റെല്ലാ ഫലങ്ങളിൽ നിന്നുള്ളവയും, നിശ്ചയം അതിൽ ആലോചിച്ച് പ്രതിഫലിപ്പിക്കുന്ന ജനതക്ക് ഒരു ദൃഷ്ടാന്തം തന്നെയുണ്ട്.

ഒരേ വെള്ളം കൊണ്ട് ഭൂമിയിൽ നിന്ന് വിവിധ രുചികളോടും ഘടനയോടും കൂടിയ പഴവർഗ്ഗങ്ങളും പച്ചക്കറികളും ധാന്യങ്ങളുമെല്ലാം മനുഷ്യർക്കുവേണ്ടി ഉത്പാദിപ്പിക്കുന്ന അവൻ -പ്രപഞ്ചനാഥൻ- ഏകനാണ് എന്നതാണ് 'ആലോചിച്ച് പ്രതിഫലിപ്പിക്കുന്ന ജനതക്കുള്ള ദൃഷ്ടാന്തം'. ഫലങ്ങൾ എന്ന് പറഞ്ഞതിൽ പഴങ്ങൾ മാത്രമല്ല, എല്ലാ കായ്കനികളും പച്ചക്കറികളും ധാന്യങ്ങളും ഉൾപ്പെടുന്നതാണ്. 36: 35 ൽ, മരിച്ചുകിടക്കുന്ന ഭൂമി അവർക്കൊരു ദൃഷ്ടാന്തമാകുന്നു, നാം അതിനെ ജീവിപ്പിക്കുന്നു, അതിൽ നിന്ന് ധാന്യങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു, അപ്പോൾ അതിൽ നിന്നാണല്ലോ അവർ തിന്നു കൊണ്ടിരിക്കുന്നത്. അതിൽ നാം ഈത്തപ്പനയാലും മുന്തിരിയാലുമുള്ള തോട്ടങ്ങൾ ഉണ്ടാക്കുകയും അതിൽ നാം ഉറവകൾ പ്രവഹിപ്പിക്കുകയും ചെയ്തിട്ടുമുണ്ട്. അവന്റെ ഫലങ്ങളിൽ നിന്ന് അവർ ഭക്ഷിക്കുന്നതിന് വേണ്ടി, അവരുടെ കൈകൾ അത് ഉണ്ടാക്കിയിട്ടുമില്ല; അപ്പോൾ അവർ നാഥന്റെ ഏകത്വം അംഗീകരിക്കുന്നില്ലെയോ എന്ന് ചോദിച്ചിട്ടുണ്ട്. എല്ലാഓരോ കാര്യവും വിശദീകരിക്കുന്ന അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി മാത്രമാണ് എല്ലാ സൃഷ്ടിപ്പിന്റെയും പിന്നിലുള്ള അല്ലാഹുവിനെ പ്രപഞ്ചനാഥനും ഏകനുമായി അംഗീകരിക്കുക. 6: 141; 13: 3-4; 15: 75-77; 56: 63-70 വിശദീകരണം നോക്കുക.

12. നിങ്ങൾക്ക് അവൻ രാവിനെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും വിധേയമാക്കി തന്നിരിക്കുന്നു, നക്ഷത്രങ്ങളും അവന്റെ കൽപനപ്രകാരം വിധേയമാക്കപ്പെട്ടിരിക്കുന്നു, നിശ്ചയം അതിൽ ചിന്തിക്കുന്ന ജനതക്ക് ദൃഷ്ടാന്തങ്ങൾ തന്നെയുണ്ട്.

13. അവൻ ഭൂമിയിൽ നിങ്ങൾക്കുവേണ്ടി അവന്റെ വിവിധ നിറങ്ങൾ പരത്തിയിട്ടിരിക്കുന്നതിലും, നിശ്ചയം അതിൽ ഹൃദയം കൊണ്ട് സ്മരിക്കുന്ന ജനതക്ക് ഒരു ദൃഷ്ടാന്തം തന്നെയുണ്ട്.

മനുഷ്യർക്ക് ഇവിടെ ജീവിക്കാൻ സഹായകമാകും വിധം രാവും പകലും മാറിമാറി വരുന്ന സംവിധാനം ഉണ്ടാക്കിയതിലും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം അവന്റെ കൽപന പ്രകാരം വിധേയമാക്കിയതിലും ചിന്തിക്കുന്ന ജനതക്ക് പാഠമുണ്ട് എന്ന് പറഞ്ഞത് ഈ സംവിധാനം ഒരുക്കിയതും മനുഷ്യരുടെ ജീവിതം, ജനനം, മരണം തുടങ്ങി എല്ലാം നിശ്ചയിക്കുന്നതും ഏകനായ സ്രഷ്ടാവ് തന്നെയാണ് എന്നാണ്. ഭൂമിയിലുള്ള മണ്ണ്, പാറകൾ, വൃക്ഷങ്ങൾ, ഇലകൾ തുടങ്ങിയവയെല്ലാം വിവിധ നിറങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള സ്രഷ്ടാവ് ഏകനാണെന്നും അവൻ ഇതെല്ലാം വെറുതെ സൃഷ്ടിച്ചതല്ല എന്നുമാണ് ഹൃദയം കൊണ്ട് ചിന്തിക്കുന്ന ജനതക്കുള്ള പാഠം. 67: 24 ൽ അല്ലാഹു പ്രവാചകനോട് പറയാൻ കൽപിക്കുന്നു: അവൻ തന്നെയാണ് നിങ്ങളെ ഭൂമിയിൽ പരത്തിയിട്ടിരിക്കുന്നത്, അവനിലേക്ക് തന്നെയാണ് നിങ്ങൾ എല്ലാവരും പുനർജ്ജീവിപ്പിച്ച് ഒരുമിച്ച് കൂട്ടപ്പെടുക. 30: 22 ൽ, അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് ആകാശഭൂമികളെ സൃഷ്ടിച്ചതും നിങ്ങളുടെ ഭാഷകളും നിറങ്ങളും വ്യത്യസ്തമാക്കിയതും, നിശ്ചയം അതിൽ ജ്ഞാനികൾക്ക് പാഠങ്ങൾ തന്നെയുണ്ട് എന്നും; 35: 27-28 സൂക്തങ്ങളിൽ, നീ കണ്ടില്ലേ, നിശ്ചയം അല്ലാഹു ആകാശത്തുനിന്ന് വെള്ളമിറക്കുന്നു, അതുകൊണ്ട് ഭൂമിയി

ൽ നിന്ന് വിവിധ നിറങ്ങളിലുള്ള ഫലങ്ങൾ പുറപ്പെടുവിക്കുന്നു, പർവ്വതങ്ങളിൽ വെള്ള, ചുവപ്പ്, കടും കറുപ്പ് തുടങ്ങി വിവിധ നിറങ്ങളിലുള്ള ശിലാനിരകളുണ്ട്, മനുഷ്യരിലും മൃഗങ്ങളിലും കന്നുകാലികളിലും അതുപോലെ വിവിധ നിറങ്ങളിലുള്ളവയുണ്ട്, നിശ്ചയം ജ്ഞാനികൾ മാത്രമേ അല്ലാഹുവിനെ ഭയപ്പെടുകയുള്ളൂ, നിശ്ചയം അല്ലാഹു അജയ്യനും ഏറെപ്പൊറുക്കുന്നവനുമാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. ജ്ഞാനം എല്ലാഓരോ കാര്യവും വിവരിക്കുന്ന അദ്ദിക്റാണ്. 'അവൻ ഭൂമിയിൽ നിങ്ങൾക്ക് വേണ്ടി അവന്റെ വിവിധ നിറങ്ങൾ പരത്തിയിട്ടിരിക്കുന്നു' എന്ന് പറഞ്ഞതിന്റെ വിവക്ഷ ജീവനുള്ളവയും ജീവനില്ലാത്തവയുമായ എല്ലാ വസ്തുക്കളുടെയും വിവിധങ്ങളായ നിറങ്ങളുടെ ഉടമ അല്ലാഹുവാണ് എന്നാണ്. സൂക്തത്തിൽ അവന്റെ കൽപന കൊണ്ട് വിധേയമാക്കിയിരിക്കുന്നു എന്ന് പറഞ്ഞിട്ടുള്ളതിനാൽ വിശേഷബുദ്ധി നൽകപ്പെട്ട മനുഷ്യരുടെ ബാധ്യതയാണ് നാഥന്റെ കൽപനയായ അദ്ദിക്ർ ലോകരിൽ പ്രചരിപ്പിക്കൽ. അങ്ങനെ അത് ലഭിച്ചവർ അതിനെ സത്യപ്പെടുത്തി ജീവിക്കുകവഴി പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താൻ സാധിക്കുന്നതാണ്. എന്നാൽ അദ്ദിക്ർ ലഭിച്ചിട്ട് അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകളായ കെട്ടജനതയെപ്പോലെ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളും തെമ്മാടികളും അക്രമികളും ആയിത്തീരുമ്പോഴാണ് ലോകാവസാനം സംഭവിക്കുക. 2: 138; 10: 24; 14: 33 വിശദീകരണം നോക്കുക.

14. അവൻ തന്നെയാണ് സമുദ്രത്തെ നിങ്ങൾക്ക് വിധേയമാക്കിത്തന്നതും -നിങ്ങൾ അതിൽ നിന്നുള്ള പുതുമാംസം ഭക്ഷിക്കുന്നതിനും നിങ്ങൾ ധരിക്കുന്ന ആഭരണവസ്തുക്കൾ അതിൽ നിന്ന് പുറത്തെടുക്കുന്നതിനും വേണ്ടി, സമുദ്രത്തിന്റെ വിരിമാറ് മുറിച്ചുകടക്കുന്ന കപ്പലുകളെ നീ കാണുന്നുവല്ലോ -നിങ്ങൾ അവന്റെ ഔദാര്യങ്ങളിൽ നിന്ന് തേടുന്നതിനുവേണ്ടിയും നിങ്ങൾ നന്ദിയുള്ളവരാവുകതന്നെ വേണം എന്നതിനുവേണ്ടിയും.

മനുഷ്യന് ഉപജീവനമാർഗമായി മത്സ്യബന്ധനത്തിനും ഭക്ഷണത്തിനും സമുദ്രത്തെ വിധേയമാക്കിയിട്ടുണ്ട്. കൂടാതെ മുത്ത്, മാണിക്യം, മരതകം, പവിഴം, വൈരം, വൈഡൂര്യം, ഇന്ദ്രനീലം, പുഷ്യരാഗം, ഗോമേതകം എന്നീ നവരത്നങ്ങളും സമുദ്രങ്ങളിൽ നിന്ന് പുറത്തെടുക്കുന്നു. ഒരുനാട്ടിൽ നിന്ന് മറുനാട്ടിലേക്ക് ചരക്കുകൾ കൊണ്ടുപോകുന്നതിനും കൊണ്ടുവരുന്നതിനും കപ്പലുകളെയാണ് ആധുനികകാലത്തും കൂടുതൽ ആശ്രയിക്കുന്നത്. ഈ അനുഗ്രഹങ്ങളെല്ലാം അല്ലാഹു നൽകിയത് മനുഷ്യന്റെയും ഈ വസ്തുക്കളുടെയുമെല്ലാം ഉടമയായ അല്ലാഹുവിനെ തിരിച്ചറിഞ്ഞ് അവന് നന്ദി പ്രകടിപ്പിക്കുന്നതിനും പ്രപഞ്ചനാഥനായ അവനെ ഏകനായി അംഗീകരിക്കുന്നതിനും വേണ്ടിയാണ്. 2: 152; 13: 22; 16: 8 വിശദീകരണം നോക്കുക.

15. ഭൂമിയിൽ നാം മലകളാലുള്ള ആണികൾ സ്ഥാപിച്ചിരിക്കുന്നു -അത് നിങ്ങളോടുകൂടി ആടിയുലയാതിരിക്കുന്നതിന് വേണ്ടി, അവൻ അതിൽ നദികളും പാതകളും ഉണ്ടാക്കി; നിങ്ങൾ സൻമാർഗത്തിലാവുകതന്നെ വേണം എന്നതിനുവേണ്ടി.

പർവ്വതങ്ങൾ കൊണ്ട് പല പ്രയോജനങ്ങളുമുണ്ടെങ്കിലും ഭൂമിയുടെ ചലനത്തിലും ഭ്രമണത്തിലും സന്തുലനം പാലിക്കുന്നതിനും ഭൂമിയെ ഉലയാതെ നിർത്തുന്നതിനും വേണ്ടിയാണ് ഭൂമിയിൽ പർവ്വതങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. പർവ്വതങ്ങളുടെ ഈ പ്രയോജനത്തെപ്പറ്റി ഗ്രന്ഥത്തിൽ പലയിടങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം

കാര്യങ്ങളെല്ലാം ഉണർത്തുന്ന അദ്ദിക്ർ അറിയാത്തതിനാൽ മനുഷ്യർ ഇന്ന് പർവ്വതങ്ങളിലെ പാറയും കല്ലും മണ്ണും എടുത്ത് വയലുകളും താഴ്ന്ന പ്രദേശങ്ങളും നിരപ്പാക്കി അവിടങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുകയും അതുവഴി അല്ലാഹു നിശ്ചയിച്ച ആണികൾ പറിച്ചെടുത്ത് ആവശ്യമില്ലാത്തിടങ്ങളിൽ തറക്കുകയുമാണ് ചെയ്യുന്നത്. അങ്ങനെ മനുഷ്യരുടെ പ്രവർത്തന ഫലങ്ങളാൽ തന്നെ ഭൂമി നശിച്ചുകൊണ്ടിരിക്കുന്നു. നിഷ്പക്ഷവാനും നീതിമാനുമായ സ്രഷ്ടാവ് ഭൂമിയെ നശിപ്പിക്കുന്നില്ല, അഥവാ മനുഷ്യരുടെ കരങ്ങളാൽ തന്നെയാണ് ഭൂമി നശിപ്പിക്കപ്പെടുക. 30: 41 ൽ, മനുഷ്യരുടെ കരങ്ങൾ സമ്പാദിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം പ്രത്യക്ഷപ്പെട്ടിരിക്കുന്നു, അവരുടെ പ്രവർത്തനങ്ങളിൽ ചിലതിന്റെ പ്രത്യാഘാതം അവരെ രുചിപ്പിക്കുന്നതിന് വേണ്ടിയും അവർ യഥാർത്ഥ ജീവിതലക്ഷ്യത്തിലേക്കും ഭൂമിയുടെയും അതുവഴി പ്രപഞ്ചത്തിന്റെയും സന്തുലനം നിലനിർത്തുന്ന മാർഗത്തിലേക്കും തിരിച്ചുവരുന്നതിന് വേണ്ടിയും എന്ന് പറഞ്ഞിട്ടുണ്ട്. 'അവൻ അതിൽ നദികളും പാതകളും ഉണ്ടാക്കി' എന്ന് പറഞ്ഞതുകൊണ്ടുദ്ദേശിക്കുന്നത് ആധുനികകാലത്തെ റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിനുമുമ്പ് മനുഷ്യർ ഉപയോഗപ്പെടുത്തിയിരുന്നത് പ്രകൃതിയിൽ തന്നെയുള്ള വഴികളും മലമ്പാതകളും കുറുക്കുവഴികളും ചുരങ്ങളുമാണ്. നദികളെയും മനുഷ്യൻ ഗതാഗതത്തിന് ഉപയോഗിച്ചുവന്നിരുന്നു.

അദ്ദിക്റില്ലാതെ ഭൗതികമായ അറിവുകൾ മാത്രം നേടിയ മനുഷ്യൻ പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താൻ വേണ്ടി പ്രാർത്ഥിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. ഇന്ന് ഭൂമിയുടെയും മനുഷ്യരാശിയുടെയും നാശത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കിക്കൊടുക്കുന്ന അദ്ദിക്ർ ഉയർത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്. അഥവാ ഗ്രന്ഥത്തിന്റെ ശരീരമായ അറബി ഖുർആൻ ഈണത്തിലും രാഗത്തിലും പാരായണം ചെയ്യുക, അതിലെ സൂക്തങ്ങളുടെ അർത്ഥം പഠിക്കുക എന്നല്ലാതെ ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ പഠിക്കാനോ പഠിപ്പിക്കാനോ ജനങ്ങളിലേക്ക് എത്തിച്ചുകൊടുക്കാനോ ആരും തയ്യാറില്ല. മൊത്തം മനുഷ്യരുടെ മാർഗദർശനത്തിനുള്ളതും മനുഷ്യർക്ക് സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റുമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയോ മറ്റുള്ളവരെ ഉപയോഗപ്പെടുത്താൻ അനുവദിക്കുകയോ ചെയ്യാതെ ഭൂമി നശിച്ചു കാണാനുള്ള ബദ്ധപ്പാടിലാണ് ഇന്ന് ഗ്രന്ഥം ആശയമില്ലാതെ വഹിക്കുന്ന ലോകത്തെവിടെയുമുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ. മനുഷ്യരിൽ വെച്ച് ഏറ്റവും വലിയ ധൃതിയുള്ളവരും ഭൗതിക ജീവിതത്തോട് കൂടുതൽ ആസക്തിയുള്ളവരും അദ്ദിക്റിനെ മൂടിവെച്ചുകൊണ്ട് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഈ യഥാർത്ഥ കാഫിറുകളാണ്. അതുകൊണ്ടുതന്നെ ലോകത്ത് നടക്കുന്ന എല്ലാ തിൻമകളുടെയും ദുരിതങ്ങളുടെയും പാപഭാരം നിഷ്പക്ഷവാനായ നാഥന്റെ മുമ്പിൽ അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്ന ഇത്തരം ഫുജ്ജാറുകൾ വഹിക്കേണ്ടിവരും.

29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്ന ഇത്തരം തെമ്മാടികൾ മുപ്പതാമത്തെ കള്ളവാദിയായ അന്തിക്രിസ്തുവിനെ -മസീഹുദ്ദജ്ജാലിനെ- ആനയിച്ചുകൊണ്ടിരിക്കുന്നവരാണ്. വെള്ളത്തിനും ഭക്ഷണത്തിനും വേണ്ടി അവർ അവനെ ആദ്യം നബിയായി സ്വീകരിക്കുന്നതാണ്. പിന്നീട് ലക്ഷണമൊത്ത സുന്ദരീസുന്ദരന്മാരുടെ ക്ലോണിംഗ് കോപ്പികളുണ്ടാക്കിക്കൊടുത്ത് അവർക്ക് ഇവിടെത്തന്നെ സ്വർഗീയജീവിതം ആസ്വദിപ്പിക്കാൻ മസീഹുദ്ദജ്ജാൽ അവസരം കൊടുക്കുകവഴി അവനെ അവർ റബ്ബായിത്തന്നെയും സ്വീക

രിക്കുന്നതാണ്. ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെല്ലാം ഈസായെയും ഇസ്ലാമിനെയും അംഗീകരിക്കുകയും ശേഷം കല്ലുകളാലും മരങ്ങളാലും 'ഇതാ എനിക്ക് പിന്നിൽ ഒരു കാഫിർ, ഇവനെ പിടിച്ച് കൊല്ലുക' എന്ന് വിളിച്ച് പറയപ്പെട്ട് കരയിലെ ദുഷ്ടജീവികളായ ഇവർ വധിക്കപ്പെടുന്നതും 4: 91; 5: 33; 9: 5, 123; 33: 60-61 എന്നീ സൂക്തങ്ങളുടെ കൽപന നടപ്പിലാക്കപ്പെടുന്നതുമാണ്. 8: 22; 10: 60; 56: 82 വിശദീകരണം നോക്കുക.

16. അവൻ അടയാളങ്ങളും സ്ഥാപിച്ചു, നക്ഷത്രങ്ങൾ കൊണ്ടും അവർ മാർഗദർശനം ചെയ്യപ്പെടുന്നുണ്ടല്ലോ.

ഭൂമിയിൽ നദികളും പാതകളും ഉണ്ടാക്കിയതുപോലെ വഴികളും സ്ഥലങ്ങളും തിരിച്ചറിയാനുള്ള അടയാളങ്ങളും സ്ഥാപിച്ചു എന്നാണ് 'അടയാളങ്ങളും സ്ഥാപിച്ചു' എന്ന് പറഞ്ഞതുകൊണ്ടുദ്ദേശിക്കുന്നത്. അല്ലാഹു ഭൂമിയെ മുഴുവൻ ഒരേ രൂപത്തിലല്ല സൃഷടിച്ചിട്ടുള്ളത്. ഭൂമിയുടെ ഓരോ ഖണ്ഡത്തിനും വ്യത്യസ്ഥമായ ലക്ഷണങ്ങളുണ്ട്. പല നിറങ്ങളിലുള്ള പർവ്വതങ്ങൾ, കുന്നുകൾ, താഴ്വരകൾ, ഗർത്തങ്ങൾ, നദികൾ, മണ്ണിന്റെ വ്യത്യസ്ത സ്വഭാവങ്ങൾ തുടങ്ങിയ വൈവിധ്യങ്ങൾ ഓരോസ്ഥലവും തിരിച്ചറിയാൻ സഹായകമാകുന്നതാണ്. വഴിയടയാളങ്ങൾ തീരെയില്ലാത്ത മരുഭൂമിയിലൂടെയും സമുദ്രത്തിലൂടെയും സഞ്ചരിക്കുന്നവർക്ക് ദിശ കണ്ടെത്തുന്നതിന് അതിപ്രാചീനകാലം മുതൽ തന്നെ നക്ഷത്രങ്ങളും സഹായകമാകുന്നുണ്ട്. അതിന് ഉതകുന്ന വിധത്തിലാണ് യുക്തിജ്ഞനായ അല്ലാഹു നക്ഷത്രങ്ങളെ സംവിധാനിച്ചിട്ടുള്ളത്. ഈ സംവിധാനങ്ങളിലൂടെയെല്ലാം പ്രപഞ്ചനാഥനെ കണ്ടെത്തുക എന്നതാണ് യഥാർത്ഥത്തിലുള്ള മാർ ഗദർശനം. അതാണ് 'നക്ഷത്രങ്ങൾ കൊണ്ടും അവർ മാർഗദർശനം ചെയ്യപ്പെടുന്നുണ്ടല്ലോ' എന്ന് പറഞ്ഞതിന്റെ വിവക്ഷ. 13: 3-4; 15: 16-20; 34: 19-20 വിശദീകരണം നോക്കുക.

17. അപ്പോൾ സൃഷ്ടിക്കുന്ന ഒരുവൻ യാതൊന്നും സൃഷ്ടിക്കാത്തവനെപ്പോലെയാണോ? നിങ്ങൾ ഹൃദയം കൊണ്ട് ഓർമ്മിക്കുന്നില്ലെയോ?

32: 4 ൽ, അല്ലാഹു എന്ന് പറയുന്നവൻ ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ളവയെയും ആറ് നാളുകളിലായി സൃഷ്ടിച്ചവനാണ്, പിന്നെ അവൻ സിംഹാസനസ്ഥനായി, നിങ്ങൾക്ക് അവനെക്കൂടാതെ സംരക്ഷകരിൽ നിന്ന് ആരും ശുപാർശക്കാരിൽ നിന്ന് ആരും ഇല്ലതന്നെ, അപ്പോൾ നിങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ മറ്റുള്ളവരെ ഉണർത്തുന്നില്ലെയോ എന്ന് ചോദിച്ചിട്ടുണ്ട്. 48: 6 ൽ, അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തിക്കൊണ്ടിരിക്കുന്നവരും ദുഷിച്ച പരിണിതിയുള്ളവരും അല്ലാഹുവിന്റെ കോപവും ശാപവും വർഷിക്കപ്പെട്ടവരും മോശപ്പെട്ട മടക്കസ്ഥലമായ നരകകുണ്ഠം ഒരുക്കിവെക്കപ്പെട്ടവരുമായ കപടവിശ്വാസികളായ പുരുഷന്മാരേയും കപടവിശ്വാസികളായ സ്ത്രീകളെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന പുരുഷന്മാരെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന സ്ത്രീകളെയും ശിക്ഷിക്കുന്നതിനുവേണ്ടിയാണ് മക്കാവിജയം ഉണ്ടാക്കിയത് എന്ന് പറഞ്ഞിട്ടുണ്ട്. 7: 175-176 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇത്തരം സൂക്തങ്ങൾ വായിക്കുന്ന ഫുജ്ജാറുകൾ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയെപ്പോലെ അവരുടെ സ്വഭാവം മാറ്റുകയില്ല. അവർ പ്രവാചകന്മാരെയും നബിമാരെയും ഉൾപ്പടെ നാഥന്റെ സൃഷ്ടികളെ നാഥനിലേക്ക് അടുപ്പിക്കാനുള്ള ഇടയാളന്മാരായും ശുപാർശക്കാരായും ജൽപിച്ചുകൊണ്ട് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരാണ്. ജീവിതലക്ഷ്യം നഷ്ടപ്പെട്ട

വരും പ്രജ്ഞയറ്റവരുമായ ഇക്കൂട്ടർക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് 2: 85; 5: 33 സൂക്തങ്ങളിലൂടെ വാഗ്ദത്തം ചെയ്തിട്ടുള്ളത്. 6: 91–92; 10: 34 –35; 13: 2–3, 16–18 വിശദീകരണം നോക്കുക.

18. അല്ലാഹുവിന്റെ അനുഗ്രഹത്തെ നിങ്ങൾ എണ്ണിക്കണക്കാക്കിയാൽ അതിന് നിങ്ങൾക്ക് സാധിക്കുന്നതല്ല, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാകുന്നു.

മനുഷ്യന് തന്റെ റൂഹിൽ നിന്ന് റൂഹ് നൽകുകയും അതിന് സഞ്ചരിക്കാൻ മാതാവിന്റെയും പിതാവിന്റെയും ബീജങ്ങൾ കൂട്ടിയോജിപ്പിച്ച് ശരീരമാകുന്ന വാഹനം ഒരുക്കുകയും ചെയ്തവനാണ് അല്ലാഹു. അവന്റെ ശരീരത്തിലെ ഓരോ അവയവവും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ഈ അനുഗ്രഹങ്ങളെല്ലാം നൽകിയ അല്ലാഹുവിനോട് നന്ദികേട് കാണിച്ചിട്ടും പരമകാരുണികനായ അവൻ വ്യക്തികളുടെ ഇത്തരം നന്ദികേടുകൾ ക്ഷമിക്കുകയും തന്റെ അനുഗ്രഹങ്ങളിൽ നിന്ന് തുടർന്നും അവർക്ക് നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. സ്രഷ്ടാവിന്റെ ഗുണവിശേഷങ്ങളും അധികാരാവകാശങ്ങളും മറ്റുള്ളവർക്ക് വകവെച്ചുകൊടുക്കുകയും തനിക്കുള്ള എല്ലാ അനുഗ്രഹങ്ങളും നൽകിക്കൊണ്ടിരിക്കുന്ന സ്രഷ്ടാവിനോട് കാണിക്കേണ്ട നന്ദി മറ്റുള്ളവരോട് കാണിക്കുകയും ചെയ്യുന്നവരിൽ നിന്ന് അല്ലാഹു തന്റെ ഔദാര്യം ഇഹത്തിൽ നീക്കിക്കളയണമെന്നില്ല. അല്ലാഹുവിനെ സൃഷ്ടികർത്താവും അനുഗ്രഹദാതാവുമായി അംഗീകരിക്കുന്നതോടൊപ്പം തന്നെ അവനോട് നന്ദികേട് കാണിക്കുകയും അനുസരണക്കേടിലും ധിക്കാരത്തിലും ആപതിക്കുകയും ചെയ്യുന്നവരുടെ മേലിലും ഇഹലോക ജീവിതകാലം മുഴുവൻ അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് നൽകിക്കൊണ്ടിരിക്കുന്നു. അഥവാ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിൽക്കാൻ ഉപയുക്തമായ അദ്ദിക്ർ അറിഞ്ഞിട്ട് മൂടിവെക്കുന്ന 41: 26–28 സൂക്തങ്ങളിൽ പറഞ്ഞ, അല്ലാഹുവിന്റെ ശത്രുക്കളായ കപടവിശ്വാസികൾക്കുപോലും ഇഹലോകത്ത് ജീവിതാനുഗ്രഹങ്ങൾ നൽകിയിട്ടുള്ള നിഷ്പക്ഷവാനാണ് അവൻ. മരണശേഷം അവർക്ക് ലഭിക്കുന്ന നരകമാകട്ടെ, അത് അവർ സ്വയം സമ്പാദിക്കുന്നതാണ്. അല്ലാതെ നിഷ്പക്ഷവാനായ അല്ലാഹു അവന്റെ അടിമകളോട് അൽപം പോലും അനീതി കാണിക്കുന്നവനല്ല. 7: 96, 150; 14: 34; 43: 32–35 വിശദീകരണം നോക്കുക.

19. നിങ്ങൾ രഹസ്യമാക്കി വെക്കുന്ന ഒന്ന് അല്ലാഹു അറിയുന്നവനുമാകുന്നു– നിങ്ങൾ പരസ്യമാക്കുന്ന ഒന്നും.

ത്രികാലജ്ഞാനിയായ അല്ലാഹുവിന് ഓരോ സൃഷ്ടിയെക്കുറിച്ചും പൂർണ്ണമായ അറിവുണ്ട്. 2: 255 ൽ വിവരിച്ച പ്രകാരം പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാകാര്യവും അവൻ ത്രികാലജ്ഞാനമായ അദ്ദിക്റിൽ ആദ്യമേ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. പരലോകത്തു വെച്ച് കൈകാലുകൾ, തൊലി, കേൾവി, കാഴ്ച തുടങ്ങിയവയെല്ലാം ഫുജ്ജാറുകൾക്കെതിരെ സാക്ഷ്യം വഹിക്കുന്നതാണെന്ന് 24: 24; 36: 65; 41: 19–24; 99: 4–5 തുടങ്ങിയ സൂക്തങ്ങളിലും; വിധിദിവസം ഓരോരുത്തരുടെയും വിചാരണ അവരവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖ ഊരിയെടുത്ത് നൽകി വായിപ്പിച്ച് ഓരോരുത്തരെക്കൊണ്ടും നടത്തിപ്പിക്കുന്നതാണെന്ന് 17: 13–14; 18: 49; 45: 28–31 തുടങ്ങിയ സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 9: 51; 11: 5–6; 14: 21–22 വിശദീകരണം നോക്കുക.

20. അവർ അല്ലാഹുവിനെക്കൂടാതെ വിളിച്ച് പ്രാർത്ഥിക്കുന്നവരുണ്ടല്ലോ, അവർ

യാതൊന്നും സൃഷ്ടിക്കുന്നവരല്ല, അവർ തന്നെയും സൃഷ്ടിക്കപ്പെട്ടവരാണ്.

21. അവർ മരിച്ചവരാണ്, ജീവിച്ചിരിക്കുന്നവർ പോലുമല്ല, എന്നാണ് അവർ പുനർജ്ജീവിപ്പിക്കപ്പെടുക എന്ന് അവർക്ക് അറിയുകയുമില്ല.

സ്രഷ്ടാവായ അല്ലാഹുവിനെക്കൂടാതെ ഏത് സൃഷ്ടിയെ വിളിച്ച് പ്രാർത്ഥിക്കുകയാണെങ്കിലും അവർ ശപിക്കപ്പെട്ട പിശാചിനെയല്ലാതെ വിളിക്കുന്നില്ല എന്ന് 4: 117 ൽ പറഞ്ഞിട്ടുണ്ട്. ഈ സൂക്തത്തിൽ പറയുന്ന അല്ലാഹുവിനെക്കൂടാതെ വിളിച്ച് പ്രാർത്ഥിക്കപ്പെടുന്ന 'ഇലാഹുകൾ' കൊണ്ടുദ്ദേശിക്കുന്നത് മലക്കുകളോ ജിന്നുകളോ പിശാചുക്കളോ വിഗ്രഹങ്ങളോ അല്ല, മറിച്ച് മനുഷ്യരിൽ പെട്ട മഹാത്മാക്കളാണ്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ നേതാക്കളും അനുയായികളും നരകത്തിൽ വെച്ച് പരസ്പരം ശപിക്കുകയും തർക്കിക്കുകയും പഴിചാരുകയും ചെയ്യുന്ന രംഗവും പിശാച് ഉൾപ്പടെ മനുഷ്യരെ വഴിപിഴപ്പിച്ച ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞുമാറുന്ന രംഗവും 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 154; 7: 194–195; 13: 14 വിശദീകരണം നോക്കുക.

22.നിങ്ങളുടെ ഇലാഹ് ഏകഇലാഹാണ്, അപ്പോൾ പരലോകം കൊണ്ട് വിശ്വസിക്കാത്തവരുണ്ടല്ലോ, അവരുടെ ഹൃദയങ്ങളിൽ വിരോധമാണുള്ളത്, അവർ അഹങ്കരിക്കുന്നവരുമാകുന്നു.

39: 45 ൽ, ഏകനായ അല്ലാഹുവിനെക്കുറിച്ച് ഉണർത്തപ്പെടുമ്പോൾ പരലോകം കൊണ്ട് വിശ്വസിക്കാത്തവരുടെ ഹൃദയത്തിൽ മനംപുരട്ടൽ അനുഭവപ്പെടുന്നു, അവനെക്കൂടാതെയുള്ളവരെക്കുറിച്ച് ഓർമപ്പെടുത്തുമ്പോൾ അവർ സന്തോഷഭരിതരാവുകയും ചെയ്യുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ അറിഞ്ഞിട്ട് മൂടിവെക്കുന്ന കപടവിശ്വാസികളും ഗ്രന്ഥം കിട്ടിയിട്ട് ആശയം മനസ്സിലാക്കി അല്ലാഹുവിനെക്കൊണ്ടുള്ള വിശ്വാസം ശരിപ്പെടുത്താൻ ശ്രമിക്കാത്ത അവരുടെ അനുയായികളായ ഫാജിറുകളും പരലോകം കൊണ്ട് വിശ്വസിക്കാത്തവരും ഏകനായ അല്ലാഹുവിനെ പ്രായോഗികതലത്തിൽ ഏകനായി അംഗീകരിക്കേണ്ടവിധം അംഗീകരിക്കാത്തവരുമാണ്. അതുകൊണ്ടാണ് അവർക്ക് നമസ്കരിച്ചതിനും നോമ്പനുഷ്ഠിച്ചതിനും ഹജ്ജും ഉംറയും ചെയ്തതിനും പിഴയായി നരകകുണ്ഠം ലഭിക്കുന്നത്. 1: 7; 4: 150–151; 11: 18–19, 62 വിശദീകരണം നോക്കുക.

23. സംശയത്തിനിടയില്ല, നിശ്ചയം അല്ലാഹു അവർ ഒളിപ്പിച്ചുവെക്കുന്ന ഒന്നും അവർ പരസ്യമാക്കുന്ന ഒന്നും അറിയുന്നവൻ തന്നെയാണ്, നിശ്ചയം അവൻ അഹങ്കാരികളെ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല.

അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളുമാണ് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന അഹങ്കാരികൾ. 7: 40–41 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഭ്രാന്തന്മാരും അക്രമികളുമായ അവർക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്ന് കൊടുക്കുകയോ തുന്നൽകാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നത് വരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല. അവരുടെ പട്ടിക നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീനിലാ*ണെന്ന് 83: 7 ൽ പറഞ്ഞിട്ടുണ്ട്. ആയിരത്തിൽ ഒന്നായ വിശ്വാസി തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി *സിജ്ജീൻ* പട്ടികയിൽ നിന്ന് തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ *ഇല്ലിയ്യീൻ* പട്ടികയിലേക്ക് മാറ്റുന്നതാണ്. 2: 6–7; 7: 146–147; 16: 19; 39: 59–60 വിശദീകരണം നോക്കുക.

24. നിങ്ങളുടെ നാഥൻ എന്താണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് അവരോട് ചോദിക്കപ്പെട്ടാൽ അവർ പറയും, അത് പൂർവ്വികരുടെ പഴമ്പുരാണങ്ങളാണെന്ന്.

25. അന്ത്യനാളിൽ അവരുടെ പാപഭാരം അവർ പൂർണ്ണമായി വഹിക്കുന്നതിനും അവർ വഴിപിഴപ്പിച്ചുകൊണ്ടിരിക്കുന്ന അറിവില്ലാത്തവരുടെ പാപഭാരത്തിൽ നിന്ന് ഒരുവിഹിതവും കൂടി വഹിക്കുന്നതിനും വേണ്ടിയാകുന്നു അത്; അറിഞ്ഞിരിക്കുക, അവർ വഹിച്ചുകൊണ്ടിരിക്കുന്ന ഒന്ന് ദുഷിച്ചതുതന്നെ!

പ്രവാചകനോടും യഥാർത്ഥ ജ്ഞാനമായ അദ്ദിക്റിനോടും മക്കാമുശ്രിക്ക് നേതാക്കൾ വെച്ചുപുലർത്തിയിരുന്ന ഈ നിലപാട് തന്നെയാണ് 3: 10; 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ ഇന്നത്തെ യഥാർത്ഥ കാഫിറുകളുടെയും സ്വഭാവം. അവർ ഗ്രന്ഥത്തിന്റെ ജീവനായ അർത്ഥം മാത്രം പഠിക്കുകയും പഠിപ്പിക്കുകയും അതിൽ അഭിമാനിക്കുകയും ചെയ്യുന്നവരും, എന്നാൽ ഗ്രന്ഥത്തിന്റെ ആശയമായ അദ്ദിക്ർ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരെക്കുറിച്ച് 'അവർ പിഴച്ചവരാണ്, തോന്നിയത് പറയുന്നവരാണ്' എന്നെല്ലാം പറഞ്ഞ് സാധാരണ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് അവരെ അദ്ദിക്റിൽ നിന്ന് തടയുന്ന മനുഷ്യപ്പിശാചുക്കളുമാണ്. ഇത്തരം കപടവിശ്വാസികൾ ഭൂരിപക്ഷം വരുന്ന ജനതയെ അദ്ദിക്റിൽ നിന്ന് തടയുകവഴി അവരുടെ പാപഭാരത്തിന്റെ വിഹിതം കൂടി വഹിച്ച് വിചാരണയില്ലാതെ 4: 145–147 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകത്തിന്റെ അടിത്തട്ടിലേക്ക് പോകേണ്ടവരാണ്.

29: 12 ൽ, കപടവിശ്വാസികളായ കാഫിറുകൾ വിശ്വാസികളോട് പറയുന്നതാണ്: നിങ്ങൾ ഞങ്ങളുടെ മാർഗം പിൻപറ്റുക, എന്നാൽ നിങ്ങളുടെ കുറ്റങ്ങളെല്ലാം ഞങ്ങൾ വഹിച്ചുകൊള്ളാം; എന്നാൽ അവരുടെ കുറ്റങ്ങളൊന്നും തന്നെ ഇവർ വഹിക്കുകയില്ല, നിശ്ചയം അവർ നുണപറയുന്നവർ തന്നെയാണ് എന്നും; 29: 13 ൽ, അതെ, അവരുടെ പാപഭാരങ്ങളും അവർ വഴിപിഴപ്പിച്ച മറ്റുള്ളവരുടെ പാപഭാരങ്ങളുടെ ഒരു വിഹിതവും അവർ വഹിക്കുകതന്നെ ചെയ്യും, തങ്ങൾ കെട്ടിച്ചമക്കുന്നതിനെക്കുറിച്ചെല്ലാം അന്ത്യനാളിൽ അവർ ചോദിക്കപ്പെടുകതന്നെ ചെയ്യും എന്നും പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിലെ സൂക്തങ്ങൾ തെളിവായിട്ടില്ലാത്ത ഏത് കർമ്മം ജനങ്ങളെക്കൊണ്ട് ചെയ്യിപ്പിച്ചാലും ഏതൊരു ജീവിതഭാരം ജനങ്ങൾക്ക് ഉണ്ടാക്കിവെച്ചാലും ആ പാപഭാരങ്ങളുടെയെല്ലാം ഒരുവിഹിതം അത് ചെയ്യിപ്പിക്കുന്ന നേതാക്കൾ വഹിക്കേണ്ടിവരുന്നതാണ്. 20: 99–101 സൂക്തങ്ങളിൽ, ആരാണോ അദ്ദിക്റിനെ അവഗണിച്ചത്, അവർ വിധിദിവസം പാപഭാരം വഹിക്കുകതന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. 4: 85, 140; 6: 25–26, 31; 8: 31–32; 9: 67–68 വിശദീകരണം നോക്കുക.

26. നിശ്ചയം, അവർക്ക് മുമ്പുള്ളവരും ഗൂഢതന്ത്രങ്ങൾ മെനഞ്ഞിട്ടുണ്ട്, എന്നാൽ അവർ കെട്ടിപ്പൊക്കിയ തന്ത്രങ്ങളാകുന്ന സൗധങ്ങളുടെ മേൽക്കൂര അടിത്തറയോടെ അല്ലാഹു അവരുടെ മേൽ വീഴ്ത്തി, അവർ തിരിച്ചറിയാത്തവിധം അവർക്ക് ശിക്ഷ വന്നുഭവിക്കുകയും ചെയ്തു.

39: 25–26 സൂക്തങ്ങളിൽ, ഇവർക്ക് മുമ്പുള്ളവരും ഗ്രന്ഥത്തെ തള്ളിപ്പറഞ്ഞിട്ടുണ്ട്, അപ്പോൾ അവർ തിരിച്ചറിയാത്തവിധം അവർക്ക് ശിക്ഷ വന്നുഭവിക്കുകയും ചെയ്തു. ഇഹലോകത്ത് വെച്ചുതന്നെ അല്ലാഹു അവരെ നിന്ദ്യത രുചിപ്പിച്ചു, പരലോക ശിക്ഷയാവട്ടെ, ഏറ്റവും വലുതാണ് -അവർ അറിവുള്ളവരായിരുന്നുവെങ്കിൽ എന്ന് പറഞ്ഞിട്ടുണ്ട്. നൂഹ്, ഇബ്രാഹീം, മൂസാ, ഈസാ തുടങ്ങി എല്ലാ പ്രവാചകൻമാർക്കും അവരോടൊപ്പ

മുള്ള വിശ്വാസികൾക്കും എതിരിൽ അതാതുകാലത്തെ അഹങ്കാരികളായ പ്രമാണിമാർ പലതരത്തിലുള്ള ഗൂഢതന്ത്രങ്ങൾ പയറ്റി നോക്കിയിട്ടുണ്ട്. എന്നാൽ അവരുടെ ഗൂഢതന്ത്രങ്ങളെല്ലാം അവർക്കെതിരെത്തന്നെ തിരിച്ചടിക്കുകയും അവർ ദാരുണമായി നശിപ്പിക്കപ്പെടുകയുമാണുണ്ടായത്. പ്രവാചകന്റെ മദീനാജീവിതത്തിൽ കപടവിശ്വാസികൾ പലതരത്തിലുള്ള ഗൂഢതന്ത്രങ്ങളും പയറ്റി നോക്കിയിട്ടുണ്ടെങ്കിലും അവയെല്ലാം വിഫലമാവുകയാണുണ്ടായത്. 8: 30, 59; 13: 41-42; 14: 46 വിശദീകരണം നോക്കുക.

27. പിന്നെ അന്ത്യനാളിൽ അവർ നിന്ദ്യരാക്കപ്പെടുന്നതാണ്, എന്റെ പങ്കാളികളാക്കുന്നതിനുവേണ്ടി നിങ്ങൾ ആരുടെ കാര്യത്തിലാണോ വീറോടെ വാദിച്ചിരുന്നത്, അവർ എവിടെ എന്ന് അവരോട് ചോദിക്കുകയും ചെയ്യും, അപ്പോൾ അറിവ് നൽകപ്പെട്ടവർ പറയും: നിശ്ചയം ഇന്നേദിനം നിന്ദ്യതയും തിന്മയും കാഫിറുകളുടെ മേലിലാകുന്നു.

സൂക്തത്തിൽ പറഞ്ഞ 'അറിവ്' അദ്ദിക്റാണ്. അല്ലാഹുവിനെക്കൂടാതെയുള്ളവരെ വിളിച്ച് സഹായം തേടുകയും ഇടതേടുകയും മറ്റും ചെയ്തിരുന്ന ആളുകളോടും അവരെ അതിന് പ്രേരിപ്പിച്ചിരുന്ന നേതാക്കളോടും വിധിദിവസം ചോദിക്കുന്നതാണ്: നിങ്ങൾ പക്ഷം പിടിച്ച് വീറോടെ വാദിച്ചിരുന്ന, പോരടിച്ചിരുന്ന, യാതൊരു പ്രമാണവുമില്ലാതെ എന്റെ പങ്കാളികളെന്ന് ജൽപിച്ചിരുന്നവർ ഇപ്പോൾ എവിടെ? അപ്പോൾ അവർ ആരും തന്നെ സംസാരിക്കുകയില്ല. എന്നാൽ അദ്ദിക്ർ ലഭിച്ച ജ്ഞാനികൾ പറയുന്നതാണ്: ഗ്രന്ഥം കിട്ടിയിട്ട് അല്ലാഹുവിനെയും പ്രവാചകനെയും അതിൽ മൂടിവെച്ച് നിഷേധിക്കുകയും കാഫിറായ പിശാചിനെ ജീവിപ്പിക്കുകയും ചെയ്ത കാഫിറുകൾക്കാണ് ഇന്ന് നിന്ദ്യതയും ദൗർഭാഗ്യവുമുള്ളത്. 28: 62-64 സൂക്തങ്ങളിൽ, ഒരു നാളിൽ അല്ലാഹു അവരെ വിളിക്കുകയും നിങ്ങൾ ഉറപ്പിച്ചുവെച്ചുകൊണ്ടിരുന്നവരായ എന്റെ പങ്കാളികൾ എവിടെ എന്ന് ചോദിക്കുകയും ചെയ്യുന്നതാണ്. അവരോട് പറയപ്പെടുകയും ചെയ്യും: നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കുക, അപ്പോൾ ഇവർ അവരെ വിളിക്കും, എന്നാൽ അവർ ഇവർക്ക് ഉത്തരം നൽകുന്നതല്ല, അവർ ശിക്ഷ നേരിൽ കാണുകയും ചെയ്യും, നിശ്ചയം അവർ സന്മാർഗം പ്രാപിച്ചവരായിരുന്നുവെങ്കിൽ. ആരുടെ മേലിലാണോ ശിക്ഷാവചനം ബാധകമായത്, അവർ പറയും: ഞങ്ങളുടെ നാഥാ, ഇക്കൂട്ടരെയാണ് ഞങ്ങൾ ലക്ഷ്യബോധം നഷ്ടപ്പെട്ടവരാക്കിയത്, ഞങ്ങൾ ലക്ഷ്യബോധം നഷ്ടപ്പെട്ടവരായിരുന്നതുപോലെ അവരെയും ഞങ്ങൾ ലക്ഷ്യബോധം നഷ്ടപ്പെടുത്തിയവരാക്കിയതായിരുന്നു, ആ ഉത്തരവാദിത്തം ഞങ്ങളിതാ നിന്റെ മുമ്പിൽ ഒഴിവാക്കുന്നു, അവർ ഞങ്ങളെ ഒരിക്കലും സേവിച്ചുകൊണ്ടിരിക്കുന്നവരായിരുന്നില്ല എന്ന് പറഞ്ഞിട്ടുണ്ട്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിച്ച് ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന, യഥാർത്ഥ ഭ്രാന്തൻമാരും കാഫിറുകളുമായ ഫുജ്ജാറുകൾ ഗ്രന്ഥം തൊടുകപോലും ചെയ്യാത്ത പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരെയാണ് കാഫിറുകൾ എന്ന് മുദ്രകുത്തി അവരെ അദ്ദിക്റിനെത്തൊട്ട് തടഞ്ഞുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഈസാ രണ്ടാമത് വരുമ്പോൾ അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ ഫുജ്ജാറുകൾ വധിക്കപ്പെടുന്നതും. 4: 91, 150-151; 6: 22-24; 10: 28-30; 15: 94-95 വിശദീകരണം നോക്കുക.

28. സ്വന്തത്തോട് അക്രമം പ്രവർത്തിച്ച അവർ, മലക്കുകൾ അവരെ മരിപ്പിക്കുന്ന

സമയത്ത് അവർ പൂർണ്ണമായി കീഴടങ്ങുന്നതും ഞങ്ങൾ തിന്മയിൽ നിന്ന് യാതൊന്നും പ്രവർത്തിക്കുന്നവരായിരുന്നില്ലല്ലോ എന്ന് കേഴുന്നതുമാണ്; അതെ, നിശ്ചയം അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതെല്ലാം ശരിക്കും അറിയുന്നവൻ തന്നെയാകുന്നു.

അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെയും അതിന്റെ വക്താക്കളായി ചമഞ്ഞുനടന്ന് വിശ്വാസിയാകാതെ പള്ളിപരിപാലനം, സംഘടനാപ്രവർത്തനം മുതലായവയിൽ സായൂജ്യമടയുകയും നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ മുതലായവ കൊണ്ടുനടക്കുകയും ചെയ്തിരുന്ന ഫുജ്ജാറുകളുടെ മരണരംഗമാണ് ഇവിടെ ചിത്രീകരിക്കുന്നത്. അല്ലാഹു ഹൃദയങ്ങളുടെ അവസ്ഥ അറിയുന്നവനാണ് എന്ന വസ്തുത മനസ്സിലാക്കാതെ പ്രജ്ഞയറ്റവരായി ജീവിച്ചിരുന്ന അവർ 'ഞങ്ങൾ തിന്മയിൽ നിന്ന് യാതൊന്നും ചെയ്തിരുന്നില്ലല്ലോ' എന്ന് മലക്കുകളോടാണ് കേഴുന്നത്. അപ്പോൾ നാഥന്റെ കൽപ്പന നടപ്പിലാക്കുന്ന മലക്കുകൾ: അതെ, നിങ്ങൾ കുറ്റമൊന്നും പ്രവർത്തിച്ചിട്ടുണ്ടാവുകയില്ല അല്ലേ! പക്ഷേ നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം അറിയുന്ന ത്രികാലജ്ഞാനിയായ അല്ലാഹു നിങ്ങളെ ഇങ്ങനെ കഠോരമായി പിടിച്ചെടുക്കാനാണ് ഞങ്ങളോട് കൽപിച്ചിട്ടുള്ളത് എന്നാണ് മറുപടി പറയുന്നത്. 4: 97 ൽ, സ്വന്തം ആത്മാവിനോടുതന്നെ അക്രമം പ്രവർത്തിച്ചവരുടെ റൂഹ് പിടിച്ചെടുക്കുമ്പോൾ മലക്കുകൾ ചോദിക്കും: നിങ്ങൾ എവിടെ എന്ത് ചെയ്യുകയായിരുന്നു? അവർ മറുപടി പറയും: ഭൂമിയിൽ ഞങ്ങൾ ബലഹീനരും അടിച്ചമർത്തപ്പെട്ടവരുമായിരുന്നു; അപ്പോൾ മലക്കുകൾ ചോദിക്കും: അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ, നിങ്ങൾക്ക് സ്വദേശം വെടിഞ്ഞ് പോകാമായിരുന്നില്ലേ? അപ്പോൾ അക്കൂട്ടരുടെ അഭയസ്ഥാനം നരകഗർത്തമാകുന്നു, അതെത്ര ദുഷിച്ച മടക്കസ്ഥലം എന്ന് പറഞ്ഞിട്ടുണ്ട്. 6: 93–94; 7: 37–38; 8: 50–51; 10: 60–61 വിശദീകരണം നോക്കുക.

29. അപ്പോൾ നിങ്ങൾ നരകത്തിന്റെ കവാടങ്ങൾ കടക്കുകയും അതിൽ നിത്യവാസികളായി കഴിഞ്ഞുകൂടുകയും ചെയ്യുക, അപ്പോൾ അഹംഭാവികളുടെ പാർപ്പിടം വളരെ ദുഷിച്ചതുതന്നെ.

അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന ഫുജ്ജാറുകൾ അറബി ഖുർആനിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നവരാണ്. അവർ അവരുടെ മരണസമയത്ത് 'എനിക്ക് ഒരു അവസരം കൂടി കിട്ടിയിരുന്നുവെങ്കിൽ ഞാൻ ഏറ്റവും നല്ല ഗ്രന്ഥത്തിന്റെ (അദ്ദിക്റിന്റെ) വെളിച്ചത്തിൽ ചരിക്കുന്നവൻ ആകുമായിരുന്നല്ലോ' എന്ന് പറയുമ്പോൾ നാഥൻ അവനോട് 'അല്ല; നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അവയെ തള്ളിപ്പറഞ്ഞു, നീ അഹങ്കരിക്കുകയും ചെയ്തു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 58–59 സൂക്തങ്ങളിലും; അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ചവരുടെ മുഖം അന്ത്യനാളിൽ ദുഃഖിച്ച് കരുവാളിക്കുന്നതായി നിനക്ക് കാണാം, അത്തരം അഹംഭാവികൾക്ക് നരകത്തിൽ പാർപ്പിടം പോരെയോ എന്ന് 39: 60 ലും പറഞ്ഞിട്ടുണ്ട്. 39: 71–72 സൂക്തങ്ങളിൽ, കാഫിറുകൾ നരകക്കുണ്ഠത്തിലേക്ക് കൂട്ടം കൂട്ടമായി തെളിക്കപ്പെടുന്നതും അവർ അതിനടുത്തെത്തിയാൽ അതിന്റെ വാതിലുകൾ തുറക്കപ്പെടുന്നതുമാണ്, അതിന്റെ പാറാവുകാർ അവരോട് ചോദിക്കും: നിങ്ങളുടെ നാഥന്റെ സൂക്തങ്ങൾ വിശദീകരിച്ച് തന്നിരുന്ന നിങ്ങളിൽ നിന്നുള്ള പ്രവാചകന്മാർ നിങ്ങൾക്ക് വന്നിട്ടുണ്ടായിരുന്നില്ലേ? ഇങ്ങനെ ഒരു ദിനം കണ്ടുമുട്ടേ

ണ്ടിവരുമെന്ന് നിങ്ങളോട് മുന്ന റിയിപ്പ് നൽകുകയും ചെയ്തിരുന്നില്ലേ? അവർ മറുപടി പറയും: അതെ, എന്നാൽ കാഫിറുകളായ ഞങ്ങളുടെ മേൽ ശിക്ഷാവചനം ബാധകമായിക്കഴിഞ്ഞു! നിങ്ങൾ നരകത്തിന്റെ കവാടങ്ങൾ കടന്നുകൊള്ളുക, അതിൽ നിത്യ വാസികളായി കഴിഞ്ഞുകൂടുകയും ചെയ്യുക, അപ്പോൾ അഹംഭാവികളുടെ പാർപ്പിടം എത്ര ദുഷിച്ചത് എന്ന് പറയപ്പെടുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. 29: 68; 39: 32 സൂക്തങ്ങളിൽ, അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവനെക്കാൾ ആരാണ് ഏറ്റവും വലിയ അക്രമി? അല്ലെങ്കിൽ സത്യം അവന് വന്നുകിട്ടിയപ്പോൾ അതിനെ തള്ളിപ്പറയുന്നവനെക്കാൾ; ഇത്തരം കാഫിറുകൾക്ക് നരകക്കുണ്ഠത്തിൽ സങ്കേതമില്ലെന്നോ എന്ന് ചോദിച്ചിട്ടുണ്ട്. 6: 36; 7: 35–36, 146–147; 15: 44 വിശദീകരണം നോക്കുക.

30. അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിച്ച് ജീവിക്കുന്നവരായവരോട്: നിങ്ങളുടെ നാഥൻ എന്താണ് അവതരിപ്പിച്ചിട്ടുള്ളത് എന്ന് ചോദിക്കപ്പെട്ടാൽ അവർ പറയും: ഉത്തമമായിട്ടുള്ളത്; ഏറ്റവും നല്ലതായ ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ചരിക്കുന്നവരായവർക്ക് ഇഹലോകത്തുതന്നെ നന്മയുണ്ട്, പരലോക ഭവനമാകട്ടെ അതിലേറെ ഉത്തമമായതാകുന്നു, സൂക്ഷ്മാലുക്കളായവരുടെ ഭവനം എത്ര അനുഗ്രഹസമ്പൂർണ്ണം!

ആരാണോ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്നത്, അവന് നാം എല്ലാകാര്യങ്ങളും എളുപ്പമാക്കിക്കൊടുക്കുമെന്നും ആരാണോ അതിനെ തള്ളിപ്പറഞ്ഞുകൊണ്ട് പിശുക്ക് കാണിക്കുകയും സ്വയം പര്യാപ്തത നടിക്കുകയും ചെയ്യുന്നത്, അവന് നാം എല്ലാ കാര്യങ്ങളും പ്രയാസമാക്കുന്നതാണ് എന്നും 92: 5–10 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എല്ലാ പാപങ്ങളും ഒരുമിച്ച് പൊറുത്ത് കിട്ടുന്നതിനുള്ള രണ്ട് ഉപാധികൾ 39: 53–55 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത് ഇങ്ങനെയാണ്: (1) മരണം ആസന്നമാകുന്നതിന് മുമ്പ് ആത്മാവുകൊണ്ട് ആത്മാവിന്റെ ഉടമയിലേക്ക് തിരിയുകയും സർവസ്വം അവന് സമർപ്പിച്ചുകൊണ്ട് പാപമോചനം തേടുകയും ചെയ്യുക (2) 10: 26 ൽ വിവരിച്ച പ്രകാരം ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റ് പിൻപറ്റേണ്ട വിധം പിൻപറ്റുക. 41: 43 ൽ, നിനക്ക് മുമ്പുണ്ടായിരുന്ന പ്രവാചകന്മാരോട് പറയപ്പെട്ടിട്ടില്ലാത്ത ഒന്നും തന്നെ നിന്നോട് പറയപ്പെടുന്നില്ല, നിശ്ചയം നിന്റെ നാഥൻ പാപമോചനം നൽകുന്നവനും വേദനാജനകമായ ദണ്ഡനം നൽകുന്നവനുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 2, 38; 10: 26, 62–64; 11: 114–115 വിശദീകരണം നോക്കുക.

31. നിത്യാനുഗ്രഹങ്ങളടങ്ങിയ സ്വർഗപ്പൂന്തോപ്പുകൾ! അതിൽ അവർ പ്രവേശിക്കുന്നതാണ്, അതിന്റെ താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്നു, അവർ ഉദ്ദേശിക്കുന്നതെല്ലാം അവർക്ക് അതിലുണ്ട്, അപ്രകാരമാണ് സൂക്ഷ്മാലുക്കൾക്ക് അല്ലാഹു പ്രതിഫലം നൽകുക.

39: 18 ൽ, അല്ലാഹുവിന്റെ വചനമായ അദ്ദിക്റ് ശ്രദ്ധിച്ചുകേൾക്കുകയും ഏറ്റവും നല്ലനിലക്ക് അതിനെ പിൻപറ്റുകയും ചെയ്യുന്നവരുണ്ടല്ലോ, അക്കൂട്ടരാണ് അല്ലാഹു സൻമാർഗത്തിലാക്കിയവർ, അക്കൂട്ടർ തന്നെയാണ് ബുദ്ധിമാൻമാർ എന്നും; 39: 33–34 സൂക്തങ്ങളിൽ, ആർക്കാണോ സത്യം വന്നുകിട്ടുകയും അതിനെ സത്യപ്പെടുത്തുകയും ചെയ്തത്, അക്കൂട്ടരാണ് സൂക്ഷ്മാലുക്കളായവരെന്നും അവർക്ക് തങ്ങളുടെ നാഥന്റെ പക്കൽ അവർ ഉദ്ദേശിക്കുന്നതെല്ലാമുണ്ട്, അതാണ് അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്കുള്ള പ്രതിഫലം എന്നും പറഞ്ഞിട്ടുണ്ട്. 3: 42–43, 108; 9: 111–112; 11: 49 വി

ശദീകരണം നോക്കുക.

32. ഇവരെ മരിപ്പിക്കുന്ന സമയത്ത് പരിശുദ്ധൻമാരായ മലക്കുകൾ ഇവരോട് പറഞ്ഞുകൊണ്ടിരിക്കുന്നതാണ്: നിങ്ങളുടെമേൽ സമാധാനം! നിങ്ങൾ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നവരായതിനാൽ.

മനുഷ്യജീവിതത്തിന്റെ ഏഴാംഘട്ടത്തിന് വേണ്ടി സ്വർഗം സമ്പാദിക്കാനാണ് നാലാംഘട്ടത്തിൽ മനുഷ്യനെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളതെന്ന വസ്തുത മനസ്സിലാക്കി ഇവിടെ സ്വർഗം പണിയുന്നവരാണ് സൂക്ഷ്മാലുക്കൾ. 2: 62 ൽ വിവരിച്ച പ്രകാരം അവർ അദ്ദിക്ർ പഠിക്കുകയും പിൻപറ്റുകയും ചെയ്തുകൊണ്ട് ജാതി-മത-വർണ്ണ-ദേശ-ഭാഷ-ലിംഗ ഭേദമന്യേ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നവരും അതുവഴി ഭൂമിയിൽ രക്തച്ചൊരിച്ചിലും നാശവും ഇല്ലാതാക്കുന്നതിനും ശാന്തിയും സമാധാനവും നിലനിർത്തുന്നതിനും വേണ്ടി പ്രവർത്തിക്കുന്നവരുമാണ്. 3: 133-136; 7: 43, 205-206; 32: 19 വിശദീകരണം നോക്കുക.

33. മലക്കുകളെത്തന്നെ അവരിലേക്ക് കൊണ്ടുവരികയോ അല്ലെങ്കിൽ നിന്റെ നാഥന്റെ കൽപന വന്നെത്തുകയോ അല്ലാതെ എന്താണ് അവർ കാത്തിരിക്കുന്നത്? ഇവർക്ക് മുമ്പുള്ളവരായിരുന്നവരും അപ്രകാരം പ്രവർത്തിച്ചിട്ടുണ്ട്, അവർ അല്ലാഹുവിനോട് അക്രമം കാണിക്കുന്നവരായിരുന്നില്ല, എന്നാൽ അവർ അവരുടെ ആത്മാവിനോട് തന്നെയാണ് അക്രമം കാണിച്ചുകൊണ്ടിരുന്നത്.

സ്വർഗ്ഗം ഇവിടെ സമ്പാദിച്ച് പരലോകത്ത് അനന്തരമെടുക്കാനാണ് മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് എന്നിരിക്കെ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ പ്രസ്തുത ബോധമില്ലാതെ ജീവിക്കുകവഴി ആത്മാവിനോട് അക്രമം കാണിച്ചുകൊണ്ട് നരകക്കുണ്ഠം പണിതുകൊണ്ടിരിക്കുന്നവരാണ്. അവർ മരണസമയത്ത് നിശ്ചയം ഞങ്ങൾ കാഫിറുകളും അക്രമികളുമായിരുന്നു എന്ന് ആത്മാവിനെതിരെ സാക്ഷ്യം വഹിക്കുമെന്ന് യഥാക്രമം 7: 37 ലും 21: 14 ലും പറഞ്ഞിട്ടുണ്ട്. 2: 57, 210, 213; 6: 158 വിശദീകരണം നോക്കുക.

34. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ തിന്മകൾ അപ്പോൾ അവരെ ബാധിച്ചു, ഏതൊന്നിന്റെ സംഭവ്യതയെക്കുറിച്ചാണോ അവർ പരിഹസിച്ചുകൊണ്ടിരുന്നത്, അതുതന്നെ അവരിൽ ആപതിക്കുകയും ചെയ്തു.

313 പ്രവാചകന്മാർക്കും അവതരിപ്പിച്ചിട്ടുള്ള ഗ്രന്ഥം അദ്ദിക്ർ ആണെന്ന് 21: 24; 41: 43; 53: 56 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ത്രികാലജ്ഞാനമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ ഏതൊരാളും അറിവില്ലാത്ത കാര്യങ്ങളെക്കുറിച്ച് അദ്ദിക്റിന്റെ രചയിതാവിനോടാണ് ചോദിക്കേണ്ടത്. നിഷ്പക്ഷവാനും ത്രികാലജ്ഞാനിയുമായ നാഥനെക്കുറിച്ച് പ്രവാചകൻ തന്നെ ചോദിക്കേണ്ടത് അദ്ദിക്റിന്റെ രചയിതാവായ ത്രികാലജ്ഞാനിയോടാണ് എന്ന് 25: 58-59 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് കപടവിശ്വാസികളും കള്ളവാദികളും രചിച്ചിട്ടുള്ള ഫുജ്ജാർ കിതാബുകളാണ് പഠിക്കുന്നതും പഠിപ്പിക്കുന്നതും പിൻപറ്റുന്നതും. 9: 67-68; 33: 72-73; 48: 6; 98: 6 തുടങ്ങിയ

സൂക്തങ്ങളെയെല്ലാം അവഗണിച്ചുകൊണ്ട് ആത്മാവിനെ പരിഗണിക്കാത്ത കപടവിശ്വാസികളെയാണ് അവർ പണ്ഡിതന്മാരായി പരിഗണിക്കുന്നത്.

35. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരായവർ പറയുകയും ചെയ്യുന്നു: അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പൂർവ്വപിതാക്കളോ അവനെക്കൂടാതെ മറ്റൊന്നിനേയും സേവിക്കുമായിരുന്നില്ല, അവനെക്കൂടാതെ ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുകയും ചെയ്യുമായിരുന്നില്ല, അപ്രകാരം തന്നെയാണ് അവർക്ക് മുമ്പുള്ളവരായവരും പ്രവർത്തിച്ചിട്ടുള്ളത്, അപ്പോൾ പ്രവാചകൻമാരുടെ മേൽ സന്ദേശം വ്യക്തമായി എത്തിച്ചുകൊടുക്കലല്ലാതെ മറ്റെന്ത് ഉത്തരവാദിത്തമാണ് ഉള്ളത്?

അല്ലാഹുവിനെ പരിചയപ്പെടുത്തുന്നതിനും ജീവിതലക്ഷ്യം പരിചയപ്പെടുത്തുന്നതിനും വേണ്ടി അവതരിപ്പിച്ചിട്ടുള്ളതാണ് അദ്ദിക്ർ. എന്നാൽ എക്കാലത്തുമുള്ള കാഫിറുകളും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരും അദ്ദിക്റിനെ തള്ളിപ്പറയുകയും അല്ലാഹുവിനെക്കൂടാതെ മഹാത്മാക്കളായ അവന്റെ സൃഷ്ടികളെ അവനിലേക്ക് അടുപ്പിക്കുന്നവരും ശുപാർശ ചെയ്യുന്നവരും ഇടയാളൻമാരുമായെല്ലാം സങ്കൽപ്പിച്ച് സേവിച്ചുകൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. 5: 62-63 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികളായ പണ്ഡിതപുരോഹിതൻമാർ ഗ്രന്ഥത്തിന് വിരുദ്ധമായി കെട്ടിച്ചമച്ചുണ്ടാക്കുന്ന അനുവദനീയങ്ങളും നിഷിദ്ധങ്ങളുമാണ് അവരുടെ അനുയായികൾ പിൻപറ്റുന്നത്. അതുവഴി യഥാർത്ഥത്തിൽ കാഫിറായ പിശാചിനെയാണ് അവർ സേവിച്ചുകൊണ്ടിരിക്കുന്നത്. പ്രവാചകൻമാരുടെയും വിശ്വാസിയുടെയും ബാധ്യത അല്ലാഹുവിന്റെ വീടായ സ്വർഗ്ഗത്തിലേക്ക് എത്തിപ്പെടാനുള്ള മാർഗ്ഗവും പിശാചിന്റെ വീടായ നരകത്തിലേക്ക് എത്തിപ്പെടാനുള്ള മാർഗ്ഗങ്ങളും വേർതിരിച്ചുതരുന്ന അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കൽ മാത്രമാണ്. ഇന്ന് ആ പ്രവൃത്തി ചെയ്യുന്നവർ മാത്രമേ 47: 7 ൽ പറഞ്ഞ പ്രകാരം നിഷ്പക്ഷവാനായ അല്ലാഹുവിനെ സഹായിച്ചുകൊണ്ടിരിക്കുന്നവരും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവരുമാവുകയുള്ളൂ. 2: 165-167; 5: 67; 10: 59-60 വിശദീകരണം നോക്കുക.

36. നിശ്ചയം നാം എല്ലാഓരോ സമുദായത്തിലേക്കും 'അല്ലാഹുവിനെ മാത്രം സേവിക്കണം, ത്വാഗൂത്തിനെ വെടിയുകയും വേണം' എന്ന് പറഞ്ഞുകൊണ്ട് പ്രവാചകനെ നിയോഗിച്ചിട്ടുണ്ട്, അപ്പോൾ അവരിൽ അല്ലാഹു സൻമാർഗത്തിലാക്കിയവനുണ്ട്, അവരിൽ തന്റെ മേൽ വഴികേട് ബാധകമായവനുമുണ്ട്, അപ്പോൾ നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ചുകൊണ്ട് സത്യത്തെ തള്ളിപ്പറഞ്ഞവരുടെ പര്യവസാനം എങ്ങനെയായിരുന്നെന്ന് നോക്കിക്കാണുക!

എല്ലാഓരോ സമുദായത്തിലേക്കും പ്രവാചകൻമാർ വന്നിട്ടുള്ളത് അല്ലാഹുവിനെ സേവിച്ചുകൊണ്ടിരിക്കണം, പിശാചിന്റെ സേവകൻമാരായ ദുഃശക്തികളെ വെടിയണം എന്ന് കൽപ്പിച്ചുകൊണ്ടാണ്. അവരെല്ലാം കൊണ്ടുവന്ന സന്ദേശം അദ്ദിക്ർ തന്നെയാണ്. നിഷ്പക്ഷവാനായ അല്ലാഹു ആരെയും സന്മാർഗ്ഗത്തിലേക്കോ ദുർമാർഗ്ഗത്തിലേക്കോ ആക്കുന്നില്ല. ആരാണോ പ്രവാചകൻമാർ കൊണ്ടുവന്ന അദ്ദിക്റിനെ ഉപയോഗപ്പെടുത്തി സന്മാർഗ്ഗത്തിലായത്, അപ്പോൾ അവൻ സന്മാർഗ്ഗത്തിലായത് അവനുവേണ്ടിത്തന്നെയാണ്. അധികപേരും അദ്ദിക്റിനെ തള്ളിപ്പറഞ്ഞപ്പോൾ അവരെ നശിപ്പിക്കുകയും പ്രവാചകനെയും അദ്ദേഹത്തോടൊപ്പമുള്ള വിശ്വാസികളെയും രക്ഷപ്പെടുത്തു

കയുമാണ് അല്ലാഹു ചെയ്തിട്ടുള്ളത്. 25: 18 ൽ കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട മുഹമ്മദ് നബിയുടെ ജനത അദ്ദിക്റിനെ ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ അതിനെ മൂടിവെക്കാത്ത മുഹമ്മദിന്റെതന്നെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെ അത് ഏൽപിക്കുമെന്ന് 6: 89 ൽ പറഞ്ഞിട്ടുണ്ട്. 4: 50–52; 48: 6, 25; 78: 20–30 വിശദീകരണം നോക്കുക.

37. നീ അവരുടെ സൻമാർഗത്തിന് വേണ്ടി എത്രതന്നെ പരിശ്രമിച്ചാലും ആരാണോ അവനെ സ്വയം വഴിപിഴപ്പിച്ചത്, അപ്പോൾ നിശ്ചയം അല്ലാഹു അവനെ ഒരിക്കലും സൻമാർഗത്തിലാക്കുകയില്ല, അവർക്ക് സഹായികളിൽ നിന്ന് ആരും തന്നെ ഉണ്ടാവുകയുമില്ല.

'ആരാണോ അവനെ സ്വയം വഴിപിഴപ്പിച്ചത്, അപ്പോൾ നിശ്ചയം അല്ലാഹു അവനെ ഒരിക്കലും സന്മാർഗത്തിലാക്കുകയില്ല' എന്ന് പറഞ്ഞതിന്റെ വിവക്ഷ നിഷ്പക്ഷവാനായ അല്ലാഹു സന്മാർഗവും ദുർമാർഗവും ഉൾക്കൊള്ളുന്ന അദ്ദിക്ർ സ്വർഗത്തിൽ വെച്ചുതന്നെ എല്ലാഒരോ ആത്മാവിനെയും പഠിപ്പിച്ചിട്ടുണ്ടെന്നിരിക്കെ ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തുന്ന അദ്ദിക്ർ വന്നുകിട്ടിയിട്ട് അത് ഉപയോഗപ്പെടുത്തി സ്വയം സന്മാർഗത്തിലാകാത്തവനെ ഒരിക്കലും അല്ലാഹു സന്മാർഗത്തിലാക്കുകയില്ല എന്നാണ്. ഇവരെക്കുറിച്ച് 30: 29 ൽ, ജ്ഞാനമായ അദ്ദിക്റില്ലാതെ അക്രമികൾ അവരുടെ ഇഷ്ടാനിഷ്ടങ്ങളാണ് പിൻപറ്റുന്നത്, അപ്പോൾ അല്ലാഹു വഴിപിഴപ്പിച്ച ഒരാളെ ആരാണ് സന്മാർഗത്തിലാക്കാനുള്ളത്, അവർക്ക് സഹായികൾ ആരും തന്നെ ഉണ്ടായിരിക്കുന്നതുമല്ല എന്ന് പറഞ്ഞിട്ടുണ്ട്. അത്തരക്കാർ തന്നെയാണ് അല്ലാഹു കൊന്നുകളഞ്ഞ കപടവിശ്വാസികൾ. 7: 178; 10: 99–100; 12: 103; 41: 41–43 വിശദീകരണം നോക്കുക.

38. അവരുടെ പ്രതിജ്ഞകൾക്ക് അല്ലാഹുവിനെക്കൊണ്ട് ദൃഢമായി അവർ ആണയിടുകയും ചെയ്യുന്നു: മരിച്ചവനെ അല്ലാഹു പുനർജീവിപ്പിക്കുകയില്ലെന്ന്; അല്ല, അത് അവന്റെമേൽ സത്യമായ വാഗ്ദത്തമാകുന്നു, പക്ഷേ ജനങ്ങളിൽ അധികപേരും അറിവില്ലാത്തവർ തന്നെയുമാകുന്നു.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ആയിരത്തിൽ തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പത് ഫുജ്ജാറുകളും പുനർജന്മനാളിൽ അവരുടെ നാലാം ഘട്ടമായ ഐഹികജീവിതത്തെക്കുറിച്ച് ഉത്തരം പറയേണ്ടിവരും എന്ന ബോധമില്ലാത്തവരാണ്. 7: 172–173 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അല്ലാഹുവിനെ നാഥനായി അംഗീകരിച്ച അവരിൽ ചിലർ *സയ്യിദുൽ ഇസ്തിഗ്ഫാർ* പ്രാർത്ഥനയിൽ 'പ്രസ്തുത കരാറിനെക്കുറിച്ച് അല്ലാഹു പുനർജന്മനാളിൽ ചോദിക്കുമെന്ന വാഗ്ദാനത്തിലുമാണ്' എന്ന് ആശയമില്ലാതെ പറയുന്നുണ്ടെങ്കിലും ശരി. അവർ തന്നെയാണ് പ്രസ്തുത കരാർ ഗ്രന്ഥത്തിൽ വന്നുകിട്ടിയതിനുശേഷം അതിനെ മുറിച്ചുകളഞ്ഞ് ജീവിക്കുന്ന തെമ്മാടികളെന്ന് 2: 26–27 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വായപൊളിച്ചാൽ കളവ് പറയുന്ന യഥാർത്ഥ ഭ്രാന്തൻമാരായ അവർ ഏത് കാര്യം പറയുമ്പോഴും അല്ലാഹുവിനെ ആണയിടുന്നതാണ്. 10: 50–53; 11: 17; 15: 75 വിശദീകരണം നോക്കുക.

39. അവർ ഏതൊന്നിന്റെ കാര്യത്തിലാണോ ഇവിടെ ഭിന്നിച്ചിരുന്നത് അത് അവർക്ക് വെളിവാക്കുന്നതിന് വേണ്ടിയും, നിശ്ചയം അവർ കളവ് പറയുന്നവർ തന്നെയായിരുന്നു എന്ന് കാഫിറുകളായവർ അറിയുന്നതിനുവേണ്ടിയും.

ആദം മുതൽ അന്ത്യനാൾ വരെയുള്ള മുഴുവൻ ആളുകളെയും ഒരുമിച്ചുകൂട്ടി അ വർ ഏതൊരു കാര്യത്തിലാണോ ഭിന്നിച്ചിരുന്നത്, അത് അവരുടെതന്നെ കൈകാലുക ൾ, കേൾവി, കാഴ്ച, തൊലി എന്നിവയെക്കൊണ്ട് അവർക്കെതിരെ സാക്ഷ്യം വഹിപ്പിച്ച്, ആത്മാവിനെതിരെ ഞങ്ങൾ സത്യം മൂടിവെച്ച കാഫിറുകളായിരുന്നു എന്ന് പറയിപ്പിക്കു ന്നതിനുവേണ്ടി ഒരുദിനം നിശ്ചയിച്ചിട്ടുണ്ട്. അതാണ് വിധിദിവസം. അന്ന് അദ്ദിക്ർ ത്രാ സ്സായി ഉപയോഗപ്പെടുത്തിയാണ് വിചാരണ നടത്തുക. മനുഷ്യർ ഭിന്നിച്ച വിഷയങ്ങൾ വ്യക്തമാക്കപ്പെടുമെന്നല്ലാതെ അന്ന് ഒന്നും തന്നെ തിരുത്താൻ അവസരം ഉണ്ടായിരിക്കു ന്നതല്ല. അതുകൊണ്ട് അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസികൾ ജനങ്ങൾ ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് ഇവിടെ നിലകൊള്ളുന്നവരാണ്. അവർ എപ്പോഴും 'അല്ലാഹു, അവൻ തന്നെ അവന്റെ അടിമകൾക്കിടയിൽ അവർ ഭിന്നിച്ച വിഷയങ്ങളിൽ വിധിദിവസം വി ധികൽപ്പിക്കും' എന്ന സൂക്തം വായിക്കുമ്പോൾ 'അല്ലാഹുവേ, ഞങ്ങളെ നീ നിന്റെ സ മ്മതപത്രമായ അദ്ദിക്ർ കൊണ്ട് ജനങ്ങൾ ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ നേരെച്ചൊ വ്വെയുള്ള പാതയിലേക്ക് നയിക്കേണമേ' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കുന്നവരും അദ്ദിക്റിനെ സത്യാസത്യ വിവേചന മാനദണ്ഡമായി ഉപയോഗപ്പെടുത്തുന്നവരുമാണ്. അദ്ദിക്റിനെ സത്യപ്പെടുത്താതെ ഇസ്ലാമിന്റെ വക്താക്കളായി ജീവിച്ചിരുന്ന കപടവിശ്വാ സികളും അനുയായികളും നുണ പറയുന്നവരാണെന്ന് സമ്മതിക്കുകയും അവർ കേൾക്കു കയും വായിക്കുകയും ചെയ്ത ഗ്രന്ഥം അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നതാണ്. 7: 8–9; 11: 18–20, 103; 16: 64; 18: 101 വിശദീകരണം നോക്കുക.

40. നിശ്ചയം ഒരു വസ്തുവിനെ സംബന്ധിച്ച് നമ്മുടെ വാക്ക് നാം അത് ഉണ്ടാക ണമെന്ന് ഉദ്ദേശിക്കുകയാണെങ്കിൽ അതിനോട് നാം പറയലായി: 'ഉണ്ടാവുക', അപ്പോൾ അത് ഉണ്ടായിക്കഴിഞ്ഞു.

വിധിദിവസം നടപ്പിൽ വരുത്തുന്നത് എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനെ സംബന്ധിച്ച് വളരെ എളുപ്പമാണ്. വിധിദിവസത്തെ സംബന്ധിച്ചുള്ള നമ്മുടെ കൽപന നടപ്പിലാകുന്നതിന് കണ്ണ് ഇമവെട്ടുന്ന സമയമല്ലാതെ വേണ്ടതില്ല എന്ന് 54: 50 ൽ പറ ഞ്ഞിട്ടുണ്ട്. യമനിലെ ശീബാരാജ്ഞിയുടെ സിംഹാസനം ഗ്രന്ഥത്തെക്കുറിച്ച് അറിവുള്ള ഒരുവൻ കണ്ണ് ഇമവെട്ടുന്ന സമയത്തിനുള്ളിൽ ഫലസ്തീനിലുള്ള സുലൈമാൻ നബിയു ടെ ദർബാറിൽ കൊണ്ടുവന്ന് വെച്ചപ്പോൾ സുലൈമാൻ പറഞ്ഞതായി 27: 40 ൽ പറഞ്ഞ ത് ഇങ്ങനെയാണ്: 'ഇത് എന്റെ നാഥന്റെ ഔദാര്യമാണ്, ഞാൻ നന്ദി പ്രകടിപ്പിക്കുന്നവ നാണോ അതോ നന്ദികെട്ടവനാണോ എന്ന് എന്നെ പരീക്ഷിക്കുന്നതിന് വേണ്ടി; ആരെ ങ്കിലും നന്ദി പ്രകടിപ്പിക്കുന്നുവെങ്കിൽ അത് അവന്റെ നന്മക്ക് വേണ്ടിത്തന്നെയാണ്, ആരെങ്കിലും നന്ദികെട്ടവനാവുകയാണെങ്കിൽ അപ്പോൾ നിശ്ചയം എന്റെ നാഥൻ ഐ ശ്വര്യവാനും ബഹുമാന്യനും തന്നെയാണ്'. 20: 15 ൽ, നിശ്ചയം അന്ത്യമണിക്കൂർ വരിക തന്നെ ചെയ്യും, ഞാൻ അത് ഗോപ്യമാക്കി വെച്ചിട്ടുള്ളത് എല്ലാഓരോ ആത്മാവിനും അത് ലക്ഷ്യം വെച്ച് പ്രയത്നിച്ചിട്ടുള്ളതിന് പ്രതിഫലം നൽകുന്നതിന് വേണ്ടിയാണ് എന്ന് പറഞ്ഞിട്ടുണ്ട്. അഥവാ, അന്ത്യനാളിൽ പ്രായപൂർത്തിയാകുന്ന ഒരു വ്യക്തിക്ക് ലോകത്തിന്റെ ആയുസ്സ് ഇനിയും കുറേ അധികമുണ്ട് എന്ന് തോന്നിപ്പിക്കുന്ന വിധത്തി ലുള്ള സംവിധാനമാണ് ഇവിടെയുള്ളത്. അപ്പോൾ ഒരു വെള്ളിയാഴ്ച അത് നിലവിൽ വരുമ്പോൾ അന്ന് പതിനഞ്ച് വയസ്സ് തികയുന്ന ഒരാൾ, എന്റെ നാഥാ! എന്നെ നീ ഇ

പ്പോഴാണല്ലോ ഭൂമിയിൽ കൊണ്ടുവന്നത്, എന്നെ നീ നഷ്ടപ്പെടുത്തരുത്, എനിക്ക് ഇ വിടെ പ്രവർത്തിക്കാൻ സമയമില്ലല്ലോ എന്ന് മനസ്സാ പ്രയാസപ്പെടുകയാണെങ്കിൽ അ വന്റെ ഹൃദയത്തിന്റെ അവസ്ഥ അറിയുന്ന നിഷ്പക്ഷവാനായ നാഥൻ അത്തരം ആളു കൾക്ക് പ്രതിഫലം നൽകുന്നതിന് വേണ്ടിയാണ് ആ അന്ത്യമണിക്കൂർ ഗോപ്യമാക്കി വെച്ചിട്ടുള്ളത്. എന്നാൽ 70: 6–7 സൂക്തങ്ങളിൽ, നിശ്ചയം കാഫിറുകൾ അന്ത്യമണിക്കൂ റിനെ വിദൂരമായും നാം അതിനെ വളരെ അടുത്തായും കാണുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 2: 117; 3: 59; 4: 100 വിശദീകരണം നോക്കുക.

41. അക്രമിക്കപ്പെട്ടശേഷം അല്ലാഹുവിലേക്ക് പാലായനം ചെയ്തവരാരോ, അവ ർക്ക് നാം ഇഹലോകത്തുതന്നെ നല്ലതായ സൗകര്യങ്ങൾ ഒരുക്കിവെക്കുന്ന താണ്, പരലോകത്ത് അവർക്കുള്ള പ്രതിഫലമോ അതിലേറെ വലുതാകുന്നു, അവർ അറിവുള്ളവരായിരുന്നുവെങ്കിൽ.

42. അവർ ക്ഷമാലുക്കളും അവരുടെ നാഥന്റെ മേൽ ഭരമേൽപിക്കുന്നവരുമാകുന്നു.

10: 85–86 സൂക്തങ്ങൾ പ്രകാരം 'ഞങ്ങളുടെ നാഥാ! അക്രമികളായ ഒരു ജനതയുടെ പരീക്ഷണത്തിന് ഞങ്ങളെ നീ വിധേയമാക്കരുതേ, നിന്റെ മഹത്തായ കാരുണ്യം കൊണ്ട് -അദ്ദിക്ർ കൊണ്ട്- കാഫിറുകളായ ഒരു ജനതയിൽ നിന്ന് ഞങ്ങളെ രക്ഷപ്പെടുത്തേണ മേ' എന്ന് പ്രാർത്ഥിക്കുന്ന വിശ്വാസികൾക്ക് ഇന്ന് അദ്ദിക്റിനെ മൂടിവെക്കുകയും വളച്ചൊടി ക്കുകയും ചെയ്യുന്ന അക്രമികളും കാഫിറുകളുമായ ജനതയിൽ നിന്ന് ഉപദ്രവമേൽക്കു കയോ അവരെ ഭയപ്പെട്ട് നാട് വിടേണ്ടിവരികയോ ഇല്ല, മറിച്ച് അവരോട് 25: 52 ന്റെ കൽ പന പ്രകാരം അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* നടത്തുകയാണ് അവർ ചെയ്യുക. അ വർ മാത്രമാണ് അദ്ദിക്റിനെ തങ്ങൾക്ക് അനുകൂലമായി വാദിക്കുകയും സാക്ഷിനിൽക്കു കയും ചെയ്യുന്ന സംരക്ഷകനായി ഉപയോഗപ്പെടുത്തുന്നവർ. മനുഷ്യന്റെ നാലാം ഘട്ടത്തി ലുള്ള ഇഹലോകജീവിതം ഏഴാം ഘട്ടമായ പരലോകത്തിലേക്കുള്ള കൃഷിയിടമാണെന്ന് ഉറച്ചുവിശ്വസിക്കുകയും ഉറക്കവും മയക്കവുമില്ലാതെ എല്ലാം വീക്ഷിച്ചുകൊണ്ടിരിക്കുന്ന ത്രികാലജ്ഞാനിയായ ഏകാധിപനെ മാത്രം ആശ്രയിക്കുകയും എല്ലാകാര്യങ്ങളും അവനി ൽ ഭരമേൽപ്പിക്കുകയും മറ്റാരേയും ആശ്രയിക്കാതെയും ഭയപ്പെടാതെയും ജീവിക്കുകയും അതിന് വേണ്ടി അദ്ദിക്ർ ലോകർക്ക് എത്തിച്ച് കൊടുത്തുകൊണ്ട് സ്രഷ്ടാവിനെ സഹായി ച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായതിനാലാണ് 'അവർ ക്ഷമാലുക്കളും എല്ലാകാര്യങ്ങ ളും അവരുടെ നാഥനിൽ ഭരമേൽപിക്കുന്നവരുമാകുന്നു' എന്ന് സൂക്തത്തിൽ പറഞ്ഞത്. 7: 205– 206; 8: 74; 9: 73; 39: 9–10 വിശദീകരണം നോക്കുക.

43. നിനക്കുമുമ്പ് അവരിലേക്ക് ദിവ്യസന്ദേശം നൽകിക്കൊണ്ട് പുരുഷൻമാരെ യല്ലാതെ നാം അയച്ചിട്ടുമില്ല, അപ്പോൾ നിങ്ങൾ അറിവില്ലാത്ത കാര്യങ്ങൾ അദ്ദിക്റിന്റെ ആളിനോട് ചോദിച്ചുകൊള്ളുക.

ഈ സൂക്തം 21: 7 ൽ ആവർത്തിച്ചിട്ടുണ്ട്. 313 പ്രവാചകൻമാർക്കും അവതരിപ്പിച്ചി ട്ടുള്ള ഗ്രന്ഥം അദ്ദിക്ർ ആണെന്ന് 21: 24; 41: 43; 53: 56 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ത്രികാലജ്ഞാനമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ ഏതൊരാളും അറിവില്ലാത്ത കാര്യങ്ങളെക്കുറിച്ച് അദ്ദിക്റിന്റെ രചയിതാ വിനോടാണ് ചോദിക്കേണ്ടത്. നിഷ്പക്ഷവാനും ത്രികാലജ്ഞാനിയുമായ നാഥനെക്കുറിച്ച് പ്രവാചകൻ തന്നെ ചോദിക്കേണ്ടത് അദ്ദിക്റിന്റെ രചയിതാവായ ത്രികാലജ്ഞാനിയോ ടാണ് എന്ന് 25: 58–59 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അറബി ഖുർആൻ വായിക്കുന്ന ഫു

ജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് കപടവിശ്വാസികളും കള്ളവാദികളും രചിച്ചിട്ടുള്ള ഫുജ്ജാർ കിതാബുകളാണ് പഠിക്കുന്നതും പഠിപ്പിക്കുന്നതും പിൻപറ്റുന്നതും. അവർ 9: 67–68; 33: 72–73; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളെയെല്ലാം അവഗണിച്ചുകൊണ്ട് ആത്മാവിനെ പരിഗണിക്കാത്ത കപടവിശ്വാസികളെയാണ് പണ്ഡിതന്മാരായി പരിഗണിക്കുന്നത്.

44–വിശദീകരണങ്ങളും ഏടുകളും കൊണ്ട്, നിന്നിലേക്ക് നാം ഈ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് അവരിലേക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഒന്ന് നീ മനുഷ്യർക്ക് വെളിവാക്കുന്നതിന് വേണ്ടിയും, അവർ ആലോചിച്ച് മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുന്നതിന് വേണ്ടിയുമാകുന്നു.

5: 48 ൽ വിവരിച്ച പ്രകാരം അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിച്ചിട്ടുള്ള അദ്ദിക്ർ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുന്നതും കാത്ത് സൂക്ഷിക്കു ന്നതുമാണ്. അതിൽ 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങ ളും അടങ്ങിയിട്ടുണ്ട് എന്ന് 98: 2–3 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ത്രികാല ജ്ഞാനമായ അദ്ദിക്റിൽ എല്ലാ ഓരോ കാര്യവും വ്യക്തമായി വിവരിച്ചിട്ടുണ്ട് എന്ന് 16: 89 ലും; അത് ഉറപ്പ് നൽകുന്ന സത്യം തന്നെയാണ് എന്ന് 56: 95; 69: 51 എന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ യുക്തിനിർഭരമായ ഉണർത്തലാണ് എന്ന് 3: 58 ലും; അദ്ദിക്ർ സർവ്വലോക ർക്കുമുള്ള ഒരു ഉണർത്തലല്ലാതെ അല്ല എന്ന് 6: 90; 38: 87 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമാണ്. ലോകർക്ക് അത് എത്തിച്ച് കൊടുത്തുകൊണ്ട് മനുഷ്യർക്ക് അവരവരെ തിരിച്ചറിയാനും ജീവിതലക്ഷ്യം തിരിച്ചറിയാനും സഹായിക്കുകവഴി മാനുഷിക ഐക്യം നടപ്പിൽ വരുത്താനും തീവ്രവാദം, രക്തച്ചൊരിച്ചിൽ തുടങ്ങിയ നശീകരണപ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിന്ന് ശാന്തിയും സമാധാനവും നിലനിർത്താനും സാധിക്കുന്നതാണ്. 7: 176; 59: 21 എന്നീ സൂക്തങ്ങളും അവസാനിക്കുന്നത് അവർ ആലോചിച്ച് പ്രതിഫലിപ്പിക്കുന്നതിന് വേണ്ടി എന്ന ആശയത്തോടുകൂടിയാണ്. 4: 163; 6: 59; 25: 33–34 വിശദീകരണം നോക്കുക.

45. തിന്മക്കുവേണ്ടി ഗൂഢതന്ത്രങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരായവർ നിർഭയരാണോ? അല്ലാഹു അവരെ ഭൂമിയെക്കൊണ്ട് വിഴുങ്ങിപ്പിക്കുകയില്ല എന്ന്, അല്ലെങ്കിൽ അവർ അനുമാനിക്കുകപോലും ചെയ്യാത്ത ഭാഗത്തുനിന്ന് അവർക്ക് ശിക്ഷ വന്നെത്തുകയുമില്ല എന്ന്?

46. അല്ലെങ്കിൽ അവർ ഇങ്ങനെ വിളയാടി വിഹരിച്ചുകൊണ്ടിരിക്കുമ്പോൾ ആകസ്മികമായി അവരെ പിടികൂടുന്നതിനെക്കുറിച്ച്, അപ്പോൾ അവർ ഒരിക്കലും അല്ലാഹുവിനെ പരാജയപ്പെടുത്തുന്നവരൊന്നുമല്ല

47. അല്ലെങ്കിൽ വിപത്തുകളെക്കുറിച്ച് ഭയപ്പാടിലായിരിക്കെ അവരെ പിടികൂടുന്നതിനെക്കുറിച്ച്, അപ്പോൾ നിശ്ചയം നിങ്ങളുടെ നാഥൻ ഏറെ കനിവുള്ള കാരുണ്യവാൻ തന്നെയാകുന്നു.

അക്രമികളായ എത്രയെത്ര നാടുകൾക്കാണ് നാം സാവകാശം കൊടുത്തിട്ടുള്ളത്, പിന്നെ അവർ അക്രമത്തിന്റെ പാരമ്യത്തിൽ എത്തിയപ്പോൾ നാം അവരെ പിടികൂടി, എന്നിലേക്കുതന്നെയാണ് അവരുടെയെല്ലാം മടക്കം എന്ന് 22: 48 ൽ പറഞ്ഞിട്ടുണ്ട്. 34:

34 ൽ, നാം ഒരുനാട്ടിലേക്ക് ഒരു മുന്നറിയിപ്പുകാരനെ അയച്ചിട്ടില്ല, ആ നാട്ടിലെ ധൂർത്തൻമാർ -നിങ്ങൾ എന്തും കൊണ്ടാണോ അയക്കപ്പെട്ടിട്ടുള്ളത്, അതിനെ ഞങ്ങൾ നിഷേധിക്കുന്നവരല്ലാതെയല്ല എന്ന് അവരോട് പറഞ്ഞിട്ടല്ലാതെ എന്ന് പറഞ്ഞിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ വ്യാപിക്കുന്നതിനെതിരെ ഗൂഢതന്ത്രം പ്രയോഗിക്കുന്ന കപടവിശ്വാസികളും അനുയായികളും ലക്ഷ്യബോധമില്ലാത്ത അവരുടെ ജീവിതരംഗങ്ങളിൽ വിഹരിക്കുമ്പോൾ പെട്ടെന്ന് പിടികൂടപ്പെട്ട് ശിക്ഷിക്കപ്പെടുകയില്ല എന്ന് ധരിക്കേണ്ടതില്ല എന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. 9: 5, 123 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കാരുണ്യമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ട് തീവ്രവാദ പ്രവർത്തനങ്ങളിലും നശീകരണ പ്രവർത്തനങ്ങളിലും മുഴുകി കാഫിറായ മസീഹുദ്ദജ്ജാലിനെ ആനയിക്കുന്നവരായതുകൊണ്ടാണ് അവർ ഈസാ രണ്ടാമതുവന്നാൽ അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നത്. 6: 123-124; 7: 97-98; 11: 101, 117 വിശദീകരണം നോക്കുക.

48. അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഒരു വസ്തുവിനെയും അവർ കാണുന്നില്ലെയോ? -അവയുടെ നിഴലുകൾ ഇടതും വലതുമായിക്കൊണ്ട് അല്ലാഹുവിന് കീഴ്വണങ്ങിക്കൊണ്ടിരിക്കുന്നത്, അവ ദൈന്യത പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നവയുമാകുന്നു.

49. ജീവികളിൽ നിന്ന് ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും മലക്കുകളും അല്ലാഹുവിന് സാഷ്ടാംഗം പ്രണമിക്കുന്നു, അവർ അഹങ്കരിക്കുന്നവരുമല്ല.

50. അവർ തങ്ങളുടെ മീതെയുള്ള അവരുടെ നാഥനെ ഭയപ്പെടുന്നവരും അവരോട് കൽപിക്കപ്പെടുന്നതെന്തോ അത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവരുമാകുന്നു.

ഗ്രന്ഥത്തിൽ 15 സൂക്തങ്ങളിൽ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം ചെയ്യാൻ കൽപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഒന്നാണ് ഇത്. പ്രപഞ്ചത്തിലുള്ള സർവ്വചരാചരങ്ങളും ഏകനായ നാഥനെ അനുസരിക്കുന്നവരും കീഴ്വണങ്ങുന്നവരും അവന്റെ മുന്നിൽ സാഷ്ടാംഗം പ്രണമിക്കുന്നവരുമാണ് എന്നിരിക്കെ വിശേഷബുദ്ധി നൽകപ്പെട്ട മനുഷ്യൻ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുമ്പോൾ അഹങ്കാരമെല്ലാം വെടിഞ്ഞ് 'ഞാനില്ല, എന്റേതൊന്നുമില്ല, എല്ലാം ഉടമയായ നാഥന്റെതാണ്' എന്ന നയത്തിൽ സാഷ്ടാംഗത്തിൽ വീണുകൊണ്ട് നാഥനെ സ്തുതിക്കുകയും വാഴ്ത്തുകയും പരിശുദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ വിശ്വാസിയായ നാഥന്റെ പ്രതിനിധികളായി ജീവിക്കുന്ന വിശ്വാസികൾ മാത്രമാണ് നാഥനോട് ഏറ്റവും സാമീപ്യം കിട്ടുന്ന തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവഹിക്കുക. അഹങ്കാരികളായ കപടവിശ്വാസികളും പ്രജ്ഞാശൂന്യരായി ജീവിക്കുന്ന അവരുടെ അനുയായികളും തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവഹിക്കുകയില്ല. അവർ ആത്മാവ് പങ്കെടുക്കാതെ ജഡം കൊണ്ട് മാത്രം നടത്തുന്ന നമസ്കാരത്തിൽ സാഷ്ടാംഗപ്രണാമം ചെയ്യുകവഴി 22: 18 ൽ വിവരിച്ച പ്രകാരം ശിക്ഷ ബാധകമായവരാണ്. 9: 67 -68; 25: 65-66; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥന്റെ സ്മരണയില്ലാതെ ജീവിച്ചതിന് പിഴയായി അവർക്ക് നരകക്കുണ്ഠമാണ് ഒരുക്കിവെച്ചിട്ടുള്ളത്.

മലക്കുകൾ ഒരിക്കലും അഹങ്കരിക്കുന്നില്ല, അവർ എപ്പോഴും അല്ലാഹുവിനെ അനുസരിക്കുന്നവർ മാത്രമാണ്. മലക്കുകളുടെ സ്വഭാവത്തെപ്പറ്റി 66: 6 ൽ, അല്ലാഹു അവരോട് കൽപിച്ചത് അവർ ധിക്കരിക്കുകയില്ല, അവർ കൽപിക്കപ്പെട്ടത് എന്താണോ അത് പ്രവർ

ത്തിക്കുന്നവരുമാണ് എന്നും; 21: 27 ൽ, മലക്കുകൾ അല്ലാഹുവിന്റെ വാക്കിനെ മുൻകട ക്കുകയില്ല, അവർ അല്ലാഹുവിന്റെ കൽപന പ്രകാരം പ്രവർത്തിക്കുന്നവരുമാണ് എന്നും പറഞ്ഞിട്ടുണ്ട്. അപ്പോൾ സ്വതന്ത്ര സൃഷ്ടികളായ മനുഷ്യരും ജിന്നുകളും മലക്കുകളുടെ സ്വഭാവത്തെക്കാൾ കൂടുതൽ അല്ലാഹുവിന്റെ സ്വഭാവം ഉൾക്കൊള്ളേണ്ടവരും അവന്റെ പ്രതിനിധികളായി ജീവിക്കാൻ കടമപ്പെട്ടവരുമാണ്. തെറ്റുചെയ്യാൻ അവസരമുണ്ടായിട്ട് പ്രകാശമായ അദ്ദിക്റിൽ നിന്ന് അല്ലാഹുവിനെ കണ്ടുകൊണ്ട് തെറ്റുചെയ്യാത്തവരായി രിക്കണം വിശ്വാസികൾ. അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്ന അവരെ *മുഹ്സി നീങ്ങൾ* എന്ന് പറയുന്നു. അഥവാ ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കു ന്നവരാണ് അവർ. 3: 83; 7: 205–206; 13: 14–15 വിശദീകരണം നോക്കുക.

51. അല്ലാഹു പറയുകയും ചെയ്യുന്നു: നിങ്ങൾ രണ്ട് ഇലാഹുകളെ തെരഞ്ഞെടു ക്കരുത്, നിശ്ചയം അവൻ ഏകഇലാഹ് മാത്രമാകുന്നു, നിങ്ങൾ എന്നെമാത്രമാ ണ് ഉള്ളിന്റെയുള്ളിൽ ഭയപ്പെടുന്നതെങ്കിൽ.

കാണാതെ കണ്ട് ആരെ വിളിച്ച് പ്രാർത്ഥിക്കാമോ, ആരോട് സഹായം തേടാമോ, ആരെ ഭയപ്പെടാമോ, ആരുടെ മേലാണോ ഭരമേൽപിക്കേണ്ടത്, ആരുടെ മുമ്പിലാണോ ഐഹിക ജീവിതത്തെക്കുറിച്ച് ഉത്തരം പറയേണ്ടത്, അവനാണ് ഇലാഹ്. ഫുജ്ജാറുകൾ ഇന്ന് 'മനുഷ്യരുടെ നാഥൻ, മനുഷ്യരുടെ രാജാവ്, മനുഷ്യരുടെ ഇലാഹ്' എന്ന് പറയുന്ന 114: 1–3 സൂക്തങ്ങൾ നാവുകൊണ്ട് പറയുന്നുണ്ടെങ്കിലും അവർ അവരുടെ പ്രായോഗിക ജീവിതത്തിൽ അല്ലാഹുവിനെ പ്രപഞ്ചനാഥനായി അംഗീകരിക്കുന്നില്ല. അർഹതയില്ലാ തെ വിശ്വാസികളാണെന്ന് വാദിക്കുന്ന ഇത്തരം ഫുജ്ജാറുകൾ 32: 4 ൽ വിവരിച്ച പ്രകാരം മനുഷ്യർക്ക് പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ സംരക്ഷകരിൽ നിന്നോ ശുപാർ ശക്കാരിൽ നിന്നോ ആരും തന്നെയില്ല എന്ന് ലോകരെ ഉണർത്താൻ കടമപ്പെട്ടവരാണ്. എന്നാൽ ഇവർ 6: 26 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ സ്വയം ഉപയോഗപ്പെടുത്തുകയോ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യുന്നില്ല, അതുവഴി അവർ അവരെ ത്തന്നെയല്ലാതെ നശിപ്പിക്കുന്നില്ല, എന്നാൽ അവർ അത് തിരിച്ചറിയുന്നില്ല. 2: 40, 96; 16: 2, 36; 35: 45 വിശദീകരണം നോക്കുക.

52. ആകാശങ്ങളിലും ഭൂമിയിലുമുള്ള ഒന്ന് അവനുള്ളതാകുന്നു, എവിടെയും എപ്പോഴും അവന്റെ നിയമസംഹിത മാത്രമാണുള്ളത്, അപ്പോൾ നിങ്ങൾ അല്ലാഹുവല്ലാത്തവരെയാണോ സൂക്ഷിക്കുന്നത്?

ആകാശങ്ങളെയും ഭൂമിയെയും ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കി അവയിലുള്ള സ ർവ്വവസ്തുക്കളെയും സൃഷ്ടിച്ചത് ആദ്യവും അന്ത്യവുമില്ലാത്ത ഏകനായ അല്ലാഹുവാ ണ്. അല്ലാഹുവിനെ കണ്ടെത്തുന്നതിനും അവനെ ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് എല്ലായ്പ്പോഴും നിലകൊള്ളുന്നതിനും അവന്റെ പ്രാതിനിധ്യം വഹിക്കുന്നതിനും വേ ണ്ടിയാണ് മനുഷ്യനെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത്. പക്ഷേ വിശ്വാസികൾ മാത്രമേ ആ പ്രാതിനിധ്യം വഹിക്കുകയുള്ളൂ. വിശ്വാസികൾ സൂക്തം 1: 4 നെ സത്യപ്പെടുത്തിക്കൊ ണ്ട് സ്വന്തത്തിന് വേണ്ടിയല്ല, മറിച്ച് ഉടമയായ അല്ലാഹുവിനുവേണ്ടി മാത്രം ജീവിക്കു ന്നവരും അവനെ മാത്രം സേവിക്കുന്നവരുമാണ്. 39: 3 ൽ, അറിഞ്ഞിരിക്കുക, ജീവിതം മുഴുവൻ അല്ലാഹുവിന് മാത്രമുള്ളതാക്കുക എന്നും; 40: 14 ൽ, അപ്പോൾ നിങ്ങൾ ജീ വിതം മുഴുവൻ അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കുക, അത് കാഫിറുകൾക്ക് എത്ര അരോചകമായിരുന്നാലും ശരി എന്നും പറഞ്ഞിട്ടുണ്ട്. 3:

19, 101–102; 6: 101; 12: 24; 15: 86 വിശദീകരണം നോക്കുക.

53. അനുഗ്രഹങ്ങളിൽ നിന്ന് നിങ്ങൾക്ക് എന്തൊന്ന് ലഭിച്ചിട്ടുണ്ടോ, അപ്പോൾ അത് അല്ലാഹുവിൽ നിന്നാകുന്നു, പിന്നെ നിങ്ങളെ ഒരു ദുരിതം ബാധിച്ചാൽ അപ്പോൾ നിങ്ങൾ ആവലാതിയുമായി അഭയം തേടിച്ചെല്ലുന്നതും അവനിലേക്ക് തന്നെയാണ്.

4: 78–79; 6: 63–64; 10: 22–23 വിശദീകരണം നോക്കുക.

54. പിന്നെ ആ ദുരിതം നിങ്ങളെത്തൊട്ട് നീക്കിക്കഴിഞ്ഞാൽ അപ്പോൾ നിങ്ങളിൽ ഒരു വിഭാഗം അവരുടെ നാഥനെക്കൊണ്ട് പങ്കുചേർക്കുന്നവരാകുന്നു.

മനുഷ്യന് ഒരു ദുരിതം ബാധിച്ചാൽ അവൻ അല്ലാഹുവിലേക്ക് പൂർണ്ണമായി തിരിഞ്ഞുകൊണ്ട് അവനോട് പ്രാർത്ഥിക്കുകയായി, പിന്നെ അവനിൽ നിന്നുള്ള ഒരു അനുഗ്രഹം അവന് കിട്ടിയാൽ മുമ്പ് അവനെ വിളിച്ച് പ്രാർത്ഥിച്ചിരുന്ന കാര്യം തന്നെ അവൻ മറക്കുകയായി, അവന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ വഴിപിഴപ്പിക്കുന്നതിനുവേണ്ടി അല്ലാഹുവിന് അവൻ സമൻമാരെ ഉണ്ടാക്കുകയും ചെയ്യുന്നു, ഇത്തരക്കാരോട് 'നീ അൽപകാലം സുഖിച്ചുകൊള്ളുക, നിശ്ചയം നീ നരകത്തിന്റെ സഹവാസികളിൽപെട്ടവൻ തന്നെയാകുന്നു' എന്ന് പറയാൻ 39: 8 ലൂടെ വിശ്വാസി കൽപിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യനെ ഒരു ദുരിതം ബാധിച്ചാൽ അവൻ നമ്മോട് പ്രാർത്ഥിക്കുകയായി, പിന്നെ നമ്മിൽ നിന്നുള്ള ഒരു അനുഗ്രഹം അവന് കിട്ടിയാൽ അവൻ പറയും: നിശ്ചയം എനിക്ക് അത് ലഭിച്ചത് എന്റെ അറിവുകൊണ്ട് തന്നെയാണ്, അല്ല; അത് അവന് പരീക്ഷണമാകുന്നു, അവരിൽ അധികപേരും അറിവില്ലാത്തവരാകുന്നു എന്ന് 39: 49 ലും പറഞ്ഞിട്ടുണ്ട്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് ഈ സൂക്തത്തെ സത്യപ്പെടുത്തും വിധം ഇതര ജനവിഭാഗങ്ങളെക്കാൾ *ശിർക്കി*ൽ ആണ്ടുപോയിട്ടുള്ളത്. അതുവഴി കപടവിശ്വാസികളെയും മുശ്രിക്കുകളെയും ശിക്ഷിക്കാൻ വേണ്ടിയാണ് *അമാനത്തായ* അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 33: 72–73 സൂക്തങ്ങളിൽ പറഞ്ഞത് അവരുടെ കാര്യത്തിൽ സത്യപ്പെട്ടിരിക്കുകയാണ്. 7: 189–192; 14: 28–30; 30: 33–34 വിശദീകരണം നോക്കുക.

55. നാം അവർക്ക് നൽകിയതുകൊണ്ട് അവർ നന്ദികേട് കാണിക്കുന്ന കാഫിറുകളാകുന്നതിന് വേണ്ടി; അപ്പോൾ നിങ്ങൾ സുഖിച്ചുകൊള്ളുക, നിങ്ങൾ അടുത്തുതന്നെ അറിയുന്നതാണ്.

30: 34 ൽ ഇതേ സൂക്തം ആവർത്തിച്ചിട്ടുണ്ട്. മനുഷ്യർക്ക് നന്ദിപ്രകടിപ്പിക്കുന്നവർ അല്ലെങ്കിൽ നന്ദികെട്ടവർ എന്നീ രണ്ടാലൊരുമാർഗം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്ന് 76: 3 ൽ പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ എല്ലാഓരോ ആത്മാവിനും സ്വർഗ്ഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളുമടങ്ങിയ ഉരക്കല്ലായ അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ചുതന്നെ പഠിപ്പിച്ചിട്ടുണ്ട്. അപ്പോൾ ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ ത്രികാലജ്ഞാനമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി സന്മാർഗ്ഗത്തിലായത്, അവൻ സന്മാർഗ്ഗത്തിലായത് അവനുവേണ്ടിത്തന്നെയാണ്; ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ആരാണോ അതുകൊള്ളെ വഴികേടിലായത്, അതിന്റെ ദോഷവും ആ ആത്മാവിനുതന്നെയാണ് എന്ന് 6: 104; 10: 108; 17: 15; 39: 41 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ 69: 51 ൽ പറഞ്ഞ ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്ർ കൊണ്ട് അവരവർ നേരെച്ചൊവ്വെയുള്ള പാതയിലാണെന്ന്

ഉറപ്പുവരുത്തേണ്ട ബാധ്യത അവരവർക്കുതന്നെയാണ്. ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന മുശ്രിക്കുകളായ അനുയായികളുമാണ് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കാത്തവർ. 4: 150-151; 9: 67-68; 10: 17-18; 14: 34 വിശദീകരണം നോക്കുക.

56. നാം അവർക്ക് നൽകിയ ഭക്ഷണവിഭവങ്ങളിൽ നിന്ന് അവർക്ക് അറിഞ്ഞുകൂടാത്ത ചിലർക്ക് ഭാഗം വെച്ചുകൊടുക്കുന്നു, അല്ലാഹുവാണ് സത്യം! നിങ്ങൾ കെട്ടിച്ചമച്ചുണ്ടാക്കിയിരുന്നതിനെത്തൊട്ട് നിങ്ങൾ ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യും.

6: 136 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥം ലഭിച്ചിട്ടില്ലാത്ത പ്രവാചകന്റെ കാലത്തെ മക്കാമുശ്രിക്കുകളെക്കാൾ ദുഷിച്ച അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊണ്ടുനടക്കുന്നത്. അവരിലെ കപടവിശ്വാസികൾ ആത്മാവിനെ പരിഗണിക്കാതെ ഗ്രന്ഥത്തിന്റെ ജീവനായ അർത്ഥം വളച്ചൊടിച്ച് 'അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷ്യം വഹിച്ചവർക്ക് ജീവിച്ചിരിക്കുന്നവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊടുക്കാൻ സാധിക്കും' എന്ന് കള്ളം കെട്ടിച്ചമച്ച് പറഞ്ഞുകൊണ്ട് അവരുടെമേൽ ഭക്ഷണപദാർത്ഥങ്ങൾ നേർച്ചയാക്കി വെക്കാൻ ഫാജിറുകളായ അനുയായികളെ പ്രേരിപ്പിക്കുന്നവരാണ്. 15: 2 ൽ വിവരിച്ച പ്രകാരം ഈ കെട്ടജനത സർവസ്വം നാഥന് സമർപ്പിച്ച മുസ്ലിംകളാണെന്ന് വാദിക്കുന്നവരാണെങ്കിലും അവർ 16: 89 നെ സത്യപ്പെടുത്താത്തത് കാരണം 36: 59-62 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരും 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം യഥാർത്ഥ കാഫിറുകളുമാണ്. 6: 21, 145, 148; 7: 40 വിശദീകരണം നോക്കുക.

57. അല്ലാഹുവിന് അവർ പെൺമക്കളെ ചമക്കുകയും ചെയ്യുന്നു; അവൻ എത്ര പരിശുദ്ധൻ, അവർക്ക് അവർ ഇഷ്ടപ്പെടുന്ന ഒന്നും.

6: 100-101 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ കാലത്തുള്ള മക്കാമുശ്രിക്കുകൾ മലക്കുകളെ അല്ലാഹുവിന്റെ പെൺമക്കളായും ജിന്നുകളെ അല്ലാഹുവിന്റെ ആൺമക്കളായും സങ്കൽപ്പിച്ചിരുന്നു. എന്നാൽ ആൺകുട്ടികളെ മാത്രം ഇഷ്ടപ്പെട്ടിരുന്ന അവർ പെൺകുട്ടികളെ ഇഷ്ടപ്പെട്ടിരുന്നില്ല. 17: 40 ൽ അല്ലാഹു ചോദിക്കുന്നു: അപ്പോൾ നിങ്ങളുടെ നാഥൻ നിങ്ങൾക്ക് ആൺമക്കളെയും അവന് പെൺമക്കളെയും തെരഞ്ഞെടുത്തിരിക്കുന്നു എന്നാണോ നിങ്ങൾ ജൽപിക്കുന്നത്, നിശ്ചയം നിങ്ങൾ വമ്പിച്ച അപരാധ വാക്കുകൾ തന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. 6: 115-116 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ള ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ഊഹങ്ങൾ പിൻപറ്റുന്നവരും നിഗമനങ്ങൾ വെച്ചുപുലർത്തുന്നവരുമാണ്. 2: 116-117; 11: 118-119; 19: 88-93 വിശദീകരണം നോക്കുക.

58. അവരിൽ ഒരാൾക്ക് ഒരു പെൺസന്താനത്തെക്കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ടാൽ അവന്റെ മുഖം കറുത്ത് കരിവാളിക്കുകയും അവൻ കോപാകുലനായി മാറുകയും ചെയ്യുന്നു.

59. അവനെ അറിയിക്കപ്പെട്ട സന്തോഷവാർത്തയുടെ തിന്മയാൽ അവൻ ജനങ്ങളിൽ നിന്ന് ഒളിഞ്ഞ് നിൽക്കുന്നതുമാണ്, നിന്ദ്യത സഹിച്ചുകൊണ്ട് അതിനെ വളർത്തണമോ അതോ ജീവനോടുകൂടി അതിനെ മണ്ണിൽ കുഴിച്ചുമൂടണമോ

എന്ന സന്ദേഹത്തിൽ; അറിഞ്ഞിരിക്കുക: അവർ എത്ര ദുഷിച്ച തീരുമാനമാണ് കൈകൊള്ളുന്നത്!

43: 17 ൽ, അവരിൽ ഒരാൾക്ക് നിഷ്പക്ഷവാനെക്കുറിച്ച് അവർ ഉപമ ചമക്കുന്ന പെൺകുട്ടികളെക്കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ടാൽ അവന്റെ മുഖം കറുത്ത് കരിവാളിക്കുകയും അവൻ കോപാകുലനായി മാറുകയും ചെയ്യുന്നു എന്നും; 43: 18 ൽ, ആഭരണങ്ങളിൽ വളർത്തപ്പെടുന്നവരും സ്വന്തം വാദം വ്യക്തമായി സ്ഥാപിക്കാൻ കഴിയാത്തവരെയുമാണോ അവർ നിഷ്പക്ഷവാന് ജൽപിക്കുന്നത് എന്നും; 43: 19 ൽ, അവർ നിഷ്പക്ഷവാന്റെ അടിമകളാകുന്ന മലക്കുകളെ ദേവികളായി പരിഗണിക്കുന്നു, അവരുടെ സൃഷ്ടിപ്പിൽ ഇവർ സാക്ഷികളാണോ? അവരുടെ സാക്ഷ്യങ്ങൾ രേഖപ്പെടുത്തുന്നതും ചോദ്യം ചെയ്യപ്പെടുന്നതും തന്നെയാണ് എന്നും പറഞ്ഞിട്ടുണ്ട്. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന കാട്ടുനീതി നടപ്പിലുണ്ടായിരുന്ന *ജാഹിലിയ്യാ* കാലത്ത് പെൺകുട്ടികൾ ജനിച്ചാൽ അവരെ ജീവനോടെ കുഴിച്ചുമൂടുന്ന സമ്പ്രദായമായിരുന്നു അറബികളിൽ നിലവിലുണ്ടായിരുന്നത്. പ്രസ്തുത സമ്പ്രദായത്തെ വിമർശിച്ചുകൊണ്ടാണ് ഈ രണ്ട് സൂക്തങ്ങളും അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ ഇന്ന് പെൺകുട്ടിയാണെന്ന് തിരിച്ചറിഞ്ഞാൽ ഗർഭം അലസിപ്പിച്ച് കളയുന്നവരും പെൺകുട്ടികൾ ജനിച്ചാൽ മുഖം കറുക്കുന്നവരും അതിൽ ദുഃഖാകുലരാകുന്നവരും ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾക്കിടയിലാണ് ഇതരജനവിഭാഗങ്ങളെക്കാൾ കൂടുതലായി കണ്ടുവരുന്നത്. ഭാരിച്ച ആഭരണങ്ങളും സ്ത്രീധനവും നൽകി പെൺകുട്ടികളെ വിവാഹം ചെയ്തയക്കാനുള്ള പ്രയാസങ്ങൾ മുന്നിൽ കണ്ടുകൊണ്ടും വൈവാഹിക ജീവിതത്തിൽ അവർക്ക് ലഭിക്കുന്ന അനീതി മുന്നിൽ കണ്ടുകൊണ്ടുമാണ് അത്. ഇതെല്ലാം പ്രകാശമായ അദ്ദിക്റിൽ നിന്ന് അകന്ന് പിശാചിനെ സേവിക്കുന്ന ഒരു ജനതയായി അവർ അധഃപതിച്ചതുകൊണ്ടാണ്. വസ്ത്രം മാറുന്നതുപോലെ വിവാഹമോചനം നടക്കുന്നതും ഇതരജനവിഭാഗങ്ങളേക്കാൾ കൂടുതൽ കാണുന്നത് അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന ഈ കെട്ടജനതയിലാണ്. 6: 137, 140; 25: 17–18; 57: 27 വിശദീകരണം നോക്കുക.

60. പരലോകത്തെക്കൊണ്ട് വിശ്വസിക്കാത്ത കൂട്ടർക്കാണ് ഏറ്റവും ദുഷിച്ച ഉപമയുള്ളത്, അല്ലാഹുവിന് ഏറ്റവും അത്യുന്നതമായ ഉപമയാണുള്ളത്, അവൻ അജയ്യനായ യുക്തിജ്ഞൻ തന്നെയുമാകുന്നു.

അല്ലാഹുവിനെ പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ് ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത്. അതിലെ മൂന്നിലൊന്ന് സൂക്തങ്ങൾ പരലോകത്ത് വരാൻപോകുന്ന വിചാരണാരംഗങ്ങൾ, ശിക്ഷാകഠോരങ്ങൾ, വിശ്വാസികൾക്ക് ലഭിക്കുന്ന പ്രതിഫലങ്ങൾ, സ്വർഗത്തിലെ അനുഭൂതികൾ തുടങ്ങിയ കാര്യങ്ങളെല്ലാം വിവരിക്കുന്നവയാണ്. എന്നിരിക്കെ ഗ്രന്ഥത്തെ വെടിഞ്ഞുകൊണ്ട് ഐഹികജീവിതത്തിൽ ആസക്തരായവർക്കാണ് ഏറ്റവും ദുഷിച്ച ഉപമയുള്ളത്. 7: 176 പ്രകാരം പട്ടിയുടെ രൂപത്തിലും 5: 60 പ്രകാരം പന്നിയുടെ രൂപത്തിലും 62: 5 പ്രകാരം കഴുതയുടെ രൂപത്തിലുമാണ് ഇത്തരം കാഫിറുകൾ നരകക്കുണ്ഠത്തിൽ ഒരുമിച്ച് കൂട്ടപ്പെടുക. അവർക്കെതിരെ ഇന്ന് അവർ വിളിച്ചുപ്രാർത്ഥിക്കുന്ന മഹാത്മാക്കൾ 'ഇവർ അദ്ദിക്റിനെ വിസ്മരിച്ച ഒരു കെട്ടജനതയായിരുന്നു' എന്ന് പരലോകത്തുവെച്ച് അന്യായം ബോധിപ്പിക്കുന്ന രംഗം 25: 17–18 സൂക്തങ്ങളിലും; ഇന്ന് ഇവരോട് അല്ലാഹുവിനെക്കൂടാതെയുള്ളവരെ വിളിച്ചുപ്രാർത്ഥിക്കാനും നേർച്ച-വഴിപാടുകൾ അർപ്പിക്കാനും കൽപ്പിച്ചുകൊണ്ടിരിക്കുന്ന അവരുടെ കപടവിശ്വാസികളായ

നേതാക്കൾ വിചാരണാനാളിൽ ആ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞ് മാറുന്ന രംഗം 28: 62-64 സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 112: 4 ൽ, അല്ലാഹുവിനെപ്പോലെ ഒരാളുമില്ലെന്നും; 42: 11 ൽ, അവനെപ്പോലെ ഒരു വസ്തുവുമില്ല എന്നും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന് ഉപമ-ഉദാഹരണങ്ങൾ ചമക്കുന്നവരും സമൻമാരെയും ഇടയാളൻമാരെയും സന്താനങ്ങളെയും ജൽപിക്കുന്നവരുമെല്ലാം അവന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരും പരലോകത്തെക്കൊണ്ട് വിശ്വസിക്കാത്ത കാഫിറുകളുമാണ്. അവർ നമസ്കാരവും നോമ്പും ഹജ്ജുമെല്ലാം നിർവ്വഹിക്കുന്നുണ്ടെങ്കിലും കാഫിറായ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നതിനാൽ 25: 65-66 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവർക്ക് അവന്റെ വീടായ നരകകുണ്ഠമാണ് പിഴയായി ലഭിക്കുക. 2: 4, 159-162, 255; 8: 22; 11: 19; 16: 27-28 വിശദീകരണം നോക്കുക.

61. അല്ലാഹു മനുഷ്യനെ അവരുടെ അക്രമം കാരണം പിടികൂടുകയായിരുന്നുവെങ്കിൽ അതിന്റെ മുകളിൽ ജീവികളിൽ നിന്ന് ഒന്നിനെയും ബാക്കിയാക്കുമായിരുന്നില്ല, എന്നാൽ നിർണ്ണയിക്കപ്പെട്ട ഒരു അവധിവരെ അവരെ പിന്തിപ്പിക്കുകയാകുന്നു, അപ്പോൾ അവരുടെ അവധി എത്തിക്കഴിഞ്ഞാൽ അവരെ ഒരുനിമിഷം പിന്തിപ്പിക്കുകയില്ല, അവരെ മുന്തിപ്പിക്കുകയുമില്ല.

2: 30 ൽ വിവരിച്ച പ്രകാരം വിശേഷബുദ്ധി നൽകപ്പെട്ട മനുഷ്യനെ ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളത് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി നാഥന്റെ പ്രതിനിധികളായി നിലകൊള്ളാനാണ്. എന്നാൽ 4: 118 ൽ വിവരിച്ച പ്രകാരം എല്ലാ കാലത്തുമുള്ള പ്രവാചകന്മാരുടെ ജനതയിൽ നിന്നുള്ള 1000 ത്തിൽ 999 ഉം അദ്ദിക്റിനെയും അതുകൊണ്ട് നിയോഗിക്കപ്പെട്ട പ്രവാചകന്മാരെയും തള്ളിപ്പറഞ്ഞുകൊണ്ട് അക്രമികളും തെമ്മാടികളുമായി മാറിയപ്പോൾ 10: 103 ൽ വിവരിച്ച പ്രകാരം നിഷ്പക്ഷവാനായ നാഥൻ പ്രവാചകന്മാരെയും കൂടെയുള്ള വിശ്വാസികളെയും രക്ഷപ്പെടുത്തിക്കൊണ്ട് അക്രമികളെ നശിപ്പിക്കുകയാണുണ്ടായത്.

ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവസാനത്തെ ഗ്രന്ഥത്തിന്റെയും പ്രവാചകന്റെയും ആളുകളാണെന്ന് വാദിക്കുന്നവരാണ്. എന്നാൽ അവർ ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായിത്തീർന്നിരിക്കുകയാണ്. അതിനാൽ 6: 89-90 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നാഥൻ അവന്റെ സന്ദേശമായ അദ്ദിക്ർ അതിനെ മൂടിവെക്കാത്ത പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെ ഏൽപിക്കുന്നതാണ്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിക്ക് ഒരു സൃഷ്ടിയോടും അസൂയയോ, അല്ലാഹുവിന്റെ കോപവും ശാപവും വർഷിക്കപ്പെട്ട, 8: 22 ൽ ദുഷ്ടജീവികളെന്ന് വിശേഷിപ്പിക്കപ്പെട്ട ഫുജ്ജാറുകളോടൊഴിച്ച് മറ്റാരോടും ശത്രുതയോ ഉണ്ടാവുകയില്ല. 4: 32 വിശദീകരണം നോക്കുക.

കൂടുതൽ താമസിയാതെ ഇജാസിൽ മഹ്ദിയുടെ പ്രഖ്യാപനമുണ്ടാകുന്നതോടുകൂടി കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ അവിടെനിന്ന് പുറത്താക്കപ്പെടുന്നതാണ്. വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന അവസാനത്തെ സാബിഖും തിരിച്ചുപോയിക്കഴിഞ്ഞാൽ ഭൂമിയുടെ തിരിച്ചുകറക്കവും മസീഹുദ്ദജ്ജാലിന്റെ ആഗമനവും സംഭവിക്കുന്നതാണ്. മസീഹുദ്ദജ്ജാലിനെ ദൈവമായി സ്വീകരിക്കുന്ന ഫുജ്ജാറുകളായ ദുഷ്ടജീവികൾ 9: 5 ൽ വിവരിച്ച പ്രകാരം ഈസായുടെ രണ്ടാം വരവോടുകൂടി പ്ര

വാചകന്റെ സമുദായത്തിൽപെട്ട ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നതാണ്. 4: 140, 145–147; 6: 47; 7: 34; 35: 45 വിശദീകരണം നോക്കുക.

62. അവർ വെറുക്കുന്ന ഒന്നിനെ അവർ അല്ലാഹുവിനാക്കുകയും അവരുടെ നാവുകൊണ്ട് കള്ളം ജൽപിച്ചുകൊണ്ട് നിശ്ചയം അവർക്ക് നന്മയാണുള്ളതെന്ന് പറയുകയും ചെയ്യുന്നു; സംശയമില്ല, നിശ്ചയം അവർക്ക് നരകമാണുള്ളത്, നിശ്ചയം അവർ അവഗണിക്കപ്പെടുന്നവരുമാകുന്നു.

എല്ലാഓരോ ആയിരത്തിലും തൊള്ളായിരത്തിത്തൊണ്ണൂറ്റിഒമ്പതായ ഫുജ്ജാറുകൾ അവർ നന്മയിലും സത്യത്തിലുമാണെന്ന് ഊറ്റം കൊള്ളുന്നവരും പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരെക്കുറിച്ച് അവർ കാഫിറുകളും നരകത്തിലേക്കുള്ളവരുമാണെന്ന് വാദിക്കുന്നവരുമാണ്. ഏറ്റവും നല്ലതായ അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്തവർ തന്നെയാണ് നരകത്തിന്റെ വിറകുകളും അതിലേക്ക് ആദ്യമാദ്യം തള്ളപ്പെടുന്നവരുമാകുന്നത്. എന്നാൽ 2: 62 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങൾ ഏകദൈവത്തെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർമങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ അവരുടെ പ്രതിഫലം നാഥന്റെ പക്കലുണ്ട്; അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. 1: 7 വായിക്കുമ്പോൾ വിശ്വാസികൾ മനസ്സിൽ കരുതേണ്ടത് 'കോപിക്കപ്പെട്ട കപടവിശ്വാസികളിലും അവരെ പിൻപറ്റി വഴിപിഴച്ചുപോയ കാഫിറുകളിലും ഉൾപ്പെടുത്തരുതേ' എന്നാണ്. ഈ രണ്ടുകൂട്ടരുമടങ്ങിയ ഫുജ്ജാറുകൾ അദ്ദിക്റിനെ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സായി ഉപയോഗപ്പെടുത്തുന്നില്ല എന്ന് മാത്രമല്ല, ഇതര ജനവിഭാഗങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകവഴി ലോകം നശിച്ചുകാണാൻ ധൃതികൂട്ടുന്നവരുമാണ്. 7: 179; 9: 84–85, 125; 16: 24–25 വിശദീകരണം നോക്കുക.

63. അല്ലാഹുവാണ് സത്യം! നിനക്കുമുമ്പുള്ള സമുദായങ്ങളിലേക്കും നാം പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്, അപ്പോൾ പിശാച് അവരുടെ പ്രവർത്തനങ്ങൾ അവർക്ക് അലങ്കാരമാക്കിക്കൊടുത്തു, അപ്പോൾ ഇന്നേദിനം അവൻ തന്നെയാണ് ഇവരുടെയും സംരക്ഷകൻ, അവർക്ക് വേദനാജനകമായ ശിക്ഷയുമാണുള്ളത്.

4: 118 ൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരുടെയും ജനതയിൽ പെട്ട അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന 1000 ത്തിൽ 999 നെയും പിശാച് പാട്ടിലാക്കുന്നതാണ്. ഇന്ന് അജയ്യമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 62: 5 ൽ പറഞ്ഞ പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അതിനെ ഭാരം വഹിക്കുന്ന കഴുതകളെപ്പോലെയാണ് വഹിക്കുന്നത്. അങ്ങനെ അവർ മക്കാമുശ്രിക്കുകളെക്കാളും മറ്റേതൊരു ജനവിഭാഗത്തെക്കാളും ഏറ്റവും വഴിപിഴച്ചുപോയിരിക്കുന്നു. 2: 85; 5: 33 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അപ്പോൾ അവർക്കാണ് ഇഹത്തിലും പരത്തിലും ഏറ്റവും ദുഷിച്ച പരിണിതിയുള്ളത്. അറബി ഖുർആൻ വായിക്കുന്ന അക്രമികളായ ഫുജ്ജാറുകൾ വിധിദിവസം സ്വന്തം കൈകടിച്ച് 'ഓ കഷ്ടം! ഞാൻ ഇന്നാലിന്നവനെ ആത്മമിത്രമായി സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ; അവനാണല്ലോ എനിക്ക് അദ്ദിക്ർ വന്നുകിട്ടിയതിനുശേഷം അതിൽ നിന്ന് എന്നെ തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27–29 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽ

കിയത് അവർ വായിച്ചിട്ടുണ്ട്. 7: 16; 14: 22; 16: 34 വിശദീകരണം നോക്കുക.

64. നാം നിന്റെമേൽ ഈ ഗ്രന്ഥം അവതരിപ്പിച്ചിട്ടുമില്ല, ഏതൊന്നിന്റെ കാര്യത്തിലാണോ അവർ ഭിന്നിച്ചുകൊണ്ടിരിക്കുന്നത്, അത് അവർക്ക് നീ വ്യക്തമാക്കിക്കൊടുക്കാൻ വേണ്ടിയല്ലാതെ, അത് വിശ്വാസികളായ ഒരു ജനതക്ക് സന്മാർഗവും കാരുണ്യവും തന്നെയാകുന്നു.

21: 24-25 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാരും സത്യവും തെളിവുമായ അദ്ദിക്ർ കൊണ്ട് നിയോഗിക്കപ്പെട്ടിട്ടുള്ളത് അല്ലാഹുവല്ലാതെ മറ്റൊരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ അവനെമാത്രം സേവിക്കുവീൻ എന്ന് പഠിപ്പിക്കുന്നതിന് വേണ്ടിയാണ്. എന്നാൽ 4: 150-151 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരുടെയും ജനതയിൽ പെട്ടവർ ക്രമേണ 6: 153 ൽ പറഞ്ഞ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ നിന്ന് വ്യതിചലിച്ച് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന കാഫിറുകളും മുശ്രിക്കുകളുമായിത്തീരുകയാണുണ്ടായത്. 2: 213, 253; 7: 40, 203; 9: 67-68 വിശദീകരണം നോക്കുക.

65. അല്ലാഹുവാകുന്നു ആകാശത്തുനിന്ന് വെള്ളമിറക്കുന്നത്, അങ്ങനെ അതുകൊണ്ട് ഭൂമിയെ അതിന്റെ മരണശേഷം ജീവിപ്പിക്കുകയും ചെയ്യുന്നു, നിശ്ചയം അതിൽ കേൾക്കുന്ന ജനതക്ക് ഒരു ദൃഷ്ടാന്തം തന്നെയുണ്ട്.

നിശ്ചയം നീ ഭൂമിയെ വരണ്ട് ഉണങ്ങിയതായി കാണുന്നു, അപ്പോൾ നാം അതിൽ വെള്ളമിറക്കിയാൽ അത് തുടിക്കുകയും സ്ഫുടിക്കുകയും ചെയ്യുന്നു, നിശ്ചയം ആരാണോ അതിനെ ജീവിപ്പിച്ചത് അവൻ മരിച്ചവരെ ജീവിപ്പിക്കുന്നവൻ തന്നെയാണ്, നിശ്ചയം അവൻ എല്ലാകാര്യത്തിനും കഴിവുള്ള സർവ്വശക്തനുമാണ് എന്ന് 41: 39 ൽ അല്ലാഹു ഉണ്ട് എന്നതിനുതെളിവായി പറഞ്ഞിട്ടുണ്ട്. അപ്പോൾ മരിച്ചുകിടക്കുന്ന ഭൂമിയെ ജീവിപ്പിക്കുന്ന അല്ലാഹു ഒരുനാളിൽ ആദ്യം മുതൽ അന്ത്യം വരെയുള്ള എല്ലാ സൃഷ്ടികളെയും പുനഃസൃഷ്ടിച്ച് ഒരുമിച്ചുകൂട്ടുന്നതാണ്. അന്നേദിനം പതിനഞ്ച് വയസ്സിനുശേഷമുള്ള ജീവിതത്തിന്റെ ഓരോ നിമിഷത്തെക്കുറിച്ചും അവന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരുമെന്ന ബോധത്തിൽ ഇവിടെ നിലകൊള്ളുന്നവർ മാത്രമാണ് വിശ്വാസികൾ. കേൾക്കുന്ന ജനത എന്നുപറഞ്ഞാൽ ഹൃദയം ബന്ധപ്പെടുത്തി അദ്ദിക്ർ കേൾക്കുകയും അതിൽ നിന്ന് പാഠമുൾക്കൊള്ളുകയും ചെയ്യുന്നവരാണ്. അല്ലാത്തവർ കന്നുകാലികളെക്കാൾ വഴികേടിലാണ് എന്നാണ് 7: 179 ൽ പറഞ്ഞിട്ടുള്ളത്.

30: 19 ൽ, അവനാണ് ജീവനുള്ളവയിൽ നിന്ന് ജീവനില്ലാത്തവയെയും ജീവനില്ലാത്തവയിൽ നിന്ന് ജീവനുള്ളവയെയും പുറപ്പെടുവിക്കുന്നത്, അവൻ ഭൂമിയെ അതിന്റെ മരണശേഷം ജീവിപ്പിക്കുകയും ചെയ്യുന്നു, അപ്രകാരം നിങ്ങളും പുറപ്പെടുവിപ്പിക്കപ്പെടും എന്നും; 30: 50 ൽ, അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അടയാളങ്ങളിലേക്ക് നീ നോക്കുക, എങ്ങനെയാണ് ഭൂമിയെ അതിന്റെ മരണശേഷം ജീവിപ്പിക്കുന്നതെന്ന്, നിശ്ചയം അപ്രകാരം അവൻ മരിച്ചവരെ ജീവിപ്പിക്കുകതന്നെ ചെയ്യുന്നതാണ്, അവൻ എല്ലാകാര്യത്തിന്റെ മേലിലും കഴിവുള്ള സർവ്വശക്തൻ തന്നെയാണ് എന്നും പറഞ്ഞിട്ടുണ്ട്. 30: 24 ൽ, നിങ്ങളെ ഭയവും പ്രതീക്ഷയുമുളവാക്കുന്ന മിന്നൽപ്പിണർ കാണിക്കുന്നത് അവൻ ഉണ്ട് എന്നതിന്റെ തെളിവിൽ പെട്ടതാണ്, അവൻ ആകാശത്തുനിന്ന് വെള്ളമിറക്കുകയും അതുകൊണ്ട് ഭൂമിയെ മരിച്ചതിനുശേഷം ജീവിപ്പിക്കുകയും ചെയ്യുന്നു, നിശ്ചയം അതിൽ ചിന്തിക്കുന്ന ജനതക്ക് പാഠങ്ങൾ തന്നെയുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകൾ

ഇന്ന് പരലോക ജീവിതത്തെക്കാൾ ഐഹികജീവിതത്തിനാണ് പ്രാധാന്യം കൊടുക്കുന്നത്. 89: 24 ൽ വിവരിച്ച പ്രകാരം അങ്ങനെ അവർ നാളേക്കുവേണ്ടി സമ്പാദിച്ചുകൊണ്ടിരിക്കുന്നത് നരകക്കുണ്ഠമാണ്. 10: 7–8, 42–43; 27: 80–81; 32: 26 വിശദീകരണം നോക്കുക.

66. നിശ്ചയം കന്നുകാലികളിലും നിങ്ങൾക്കൊരു ഗുണപാഠമുണ്ട്, അവയുടെ വയറുകളിൽ നിന്ന് ചാണകത്തിനും രക്തത്തിനുമിടയിൽ നിന്നുള്ള ഒരു പാനീയം നാം നിങ്ങളെ കുടിപ്പിക്കുന്നു, കുടിക്കുന്നവർക്ക് ആനന്ദമുണ്ടാക്കുന്ന ശുദ്ധമായ പാൽ.

ചുവപ്പ് നിറമുള്ള രക്തത്തിന്റെയും പച്ചനിറമുള്ള ചാണകത്തിന്റെയും ഇടയിൽ നിന്ന് വെള്ളനിറത്തിലുള്ള ശുദ്ധമായ പാൽ ഉൽപാദിപ്പിച്ച് നിങ്ങളെ കുടിപ്പിക്കുന്നു എന്നാണ് പറയുന്നത്. മൃഗങ്ങൾ തിന്നുന്ന ഭക്ഷണത്തിൽ നിന്ന് പോഷകാംശങ്ങൾ രക്തത്തിൽ കലരുകയും വിസർജ്ജ്യങ്ങൾ ചാണകമായി പുറന്തള്ളപ്പെടുകയും ചെയ്യുന്നു. എന്നാൽ പെൺവർഗത്തിൽ നിന്ന് അതേ ഭക്ഷണത്തിൽ നിന്നുതന്നെ മൂന്നാമതൊരു വസ്തുകൂടി ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. അതായത് ഗുണത്തിലും നിറത്തിലും പ്രയോജനത്തിലുമെല്ലാം മറ്റു രണ്ടിൽ നിന്നും തികച്ചും വ്യത്യസ്തമായ പാൽ. കാലികളുടെ കുട്ടികളുടെ ഉപയോഗത്തിന് പുറമെ ഉത്തമമായൊരു സമീകൃതാഹാരം എന്ന നിലയിൽ മനുഷ്യർക്കും അത് വളരെയേറെ ഉപകാരപ്പെടുന്നുണ്ട്. 6: 142; 16: 5–6; 36: 71–73 വിശദീകരണം നോക്കുക.

67. -ഈത്തപ്പനകളുടെയും മുന്തിരിവള്ളികളുടെയും ഫലങ്ങളിലും, അതിൽ നിന്ന് നിങ്ങൾ ലഹരി പദാർത്ഥങ്ങളും നല്ല ഭക്ഷണവിഭവങ്ങളും തെരഞ്ഞെടുക്കുന്നു, നിശ്ചയം അതിൽ ചിന്തിക്കുന്ന ജനതക്ക് ഒരു ദൃഷ്ടാന്തം തന്നെയുണ്ട്.

ഒരേ വസ്തുവിൽ തന്നെ നന്മയും തിന്മയുമുണ്ട്, ഏതാണ് അതിൽനിന്ന് തെരഞ്ഞെടുക്കേണ്ടതെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം വിശേഷബുദ്ധി നൽകപ്പെട്ട മനുഷ്യന് നൽകിയിട്ടുമുണ്ട്. എന്നാൽ ഗ്രന്ഥം കിട്ടിയവരിൽ ആയിരത്തിൽ ഒന്നായ വിശ്വാസികൾ മാത്രമേ വിശേഷബുദ്ധി ഉപയോഗപ്പെടുത്തി ഏതൊരു വസ്തുവിനെയും സ്രഷ്ടാവ് തൃപ്തിപ്പെട്ട രീതിയിൽ ഉപയോഗപ്പെടുത്തുകയുള്ളൂ. ഗ്രന്ഥം കിട്ടിയവരിൽ ബാക്കി തൊള്ളായിരത്തിതൊണ്ണൂറ്റി ഒമ്പതുപേരും സ്രഷ്ടാവിന്റെ തൃപ്തിക്ക് വിരുദ്ധമായി അവ ഉപയോഗപ്പെടുത്തുകവഴി പിശാചിനെയാണ് സേവിക്കുന്നത്. അവരാണ് ബുദ്ധിശക്തി ഉപയോഗപ്പെടുത്താത്ത യഥാർത്ഥ ഭ്രാന്തന്മാർ. 20: 99–101 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഗ്രന്ഥം കിട്ടാത്ത ഇതര ജനവിഭാഗങ്ങൾ എന്ത് ദുഷ്പ്രവൃത്തി ചെയ്താലും അതിന്റെ പാപഭാരം കൂടി ചുമക്കേണ്ടിവരിക അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ തെമ്മാടികളായ കപടവിശ്വാസികളാണ്. 2: 219–220; 5: 90–91; 10: 100 വിശദീകരണം നോക്കുക.

68. നിന്റെ നാഥൻ തേനീച്ചക്ക് ദിവ്യസന്ദേശം നൽകുകയും ചെയ്തു, എന്തെന്നാൽ പർവ്വതങ്ങളിൽ നീ കൂടുകൾ തെരഞ്ഞെടുക്കുക, വൃക്ഷങ്ങളിൽ നിന്നുള്ള വയിലും അവർ നട്ടുവളർത്തുന്ന പന്തലുകളിൽ നിന്നുള്ളവയിലും.

69. പിന്നെ എല്ലാ ഫലങ്ങളിൽ നിന്നും നീ ഭക്ഷിക്കുകയും നിന്റെ നാഥൻ ഒരുക്കിത്തന്ന വഴികളിൽ വണക്കത്തോടെ ചരിക്കുകയും ചെയ്യുക, അവയുടെ വയറുകളിൽ നിന്ന് വിവിധ നിറങ്ങളിലുള്ള ഒരു പാനീയം പുറപ്പെടുന്നു, അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്, നിശ്ചയം അതിൽ ആലോചിച്ച് പ്രതിഫലി

പ്പിക്കുന്ന ജനത്തിന് ഒരു ദൃഷ്ടാന്തം തന്നെയുണ്ട്.

അറിയിക്കുന്നവനും അറിയിക്കപ്പെടുന്നവനുമല്ലാതെ മറ്റാരും അറിയാത്ത രീതിയിൽ രഹസ്യമായി എത്തിച്ചുകൊടുക്കുക എന്നാണ് *'വഹ്'യ്*-ദിവ്യസന്ദേശം' എന്നതിനർത്ഥം. ഇത്തരം ദിവ്യസന്ദേശം തേനീച്ചക്ക് മാത്രമല്ല, 41: 12 ൽ പറഞ്ഞ പ്രകാരം ആകാശത്തിനും ലഭിക്കുന്നുണ്ട്. 99: 4-5 സൂക്തങ്ങളിൽ, വിധിദിവസം ഭൂമി അതിന്റെ റിക്കാർഡ് സമർപ്പിക്കുന്നതാണ്, നിശ്ചയം നിന്റെ നാഥൻ അങ്ങനെ ചെയ്യാൻ അതിന് ദിവ്യസന്ദേശം നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. മലക്കുകൾക്ക് ദിവ്യബോധനം ലഭിക്കുന്നുണ്ട് എന്ന് 8: 12 ൽ പറഞ്ഞിട്ടുണ്ട്. 20: 38 ൽ, മൂസാക്ക് നൽകിയ അനുഗ്രഹം എടുത്ത് പറഞ്ഞ സമയത്ത് നാം നിന്റെ മാതാവിന് ദിവ്യബോധനം നൽകിയ സന്ദർഭം സ്മരണീയമാണ് എന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രവാചകൻമാർക്ക് നൽകുന്ന ദിവ്യസന്ദേശം കൊണ്ട് ഉദ്ദേശിക്കുന്നത് അദ്വിക്റാണ്. അത് പ്രവാചകൻമാർക്ക് മാത്രമുള്ളതല്ല, മറിച്ച് എല്ലാ ലോകർക്കും ചരാചരങ്ങൾക്കുമുള്ള പ്രപഞ്ചനാഥനായ അല്ലാഹുവിന്റെ സന്ദേശമാണ്. ആ ദിവ്യസന്ദേശത്തിൽ വിശ്വാസകാര്യങ്ങളും വിധിവിലക്കുകളും നിയമനിർദ്ദേശങ്ങളുമെല്ലാം ഉൾക്കൊള്ളുന്നുണ്ട്. അത് പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താനും രക്തച്ചൊരിച്ചിൽ ഇല്ലാതാക്കാനും സ്വർഗത്തിൽ സൃഷ്ടിച്ച് ഭൂമിയിലേക്ക് നിയോഗിച്ചയച്ച മനുഷ്യർക്ക് സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള 2: 38 ൽ പറഞ്ഞ സൻമാർഗവും 76: 29 ൽ പറഞ്ഞ ടിക്കറ്റും അവരവരുടെ കർമ്മങ്ങൾ ഇവിടെ വെച്ചുതന്നെ തൂക്കിനോക്കാനുള്ള 7: 8-9 സൂക്തങ്ങളിൽ പറഞ്ഞ ത്രാസ്സും 2: 185 ൽ പറഞ്ഞ സത്യവും അസത്യവും തിരിച്ചറിയാനുള്ള ഉരക്കല്ലും 6: 104 ൽ പറഞ്ഞ അവരവരുടെ പരലോകത്തെ ഇരിപ്പിടം ഇവിടെ വെച്ചുതന്നെ കാണാനുള്ള ഉൾക്കാഴ്ചദായകവും 16: 64 ൽ പറഞ്ഞ മനുഷ്യർ ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ ഇവിടെവെച്ചുതന്നെ തീരുമാനം കൽപിക്കാനുള്ളതുമാണ്. 39: 69, 75 സൂക്തങ്ങൾ പ്രകാരം പരലോകത്ത് വിധികൽപ്പിക്കുന്നതും സത്യമായ അദ്വിക്റ്കൊണ്ട് തന്നെയാണ്.

പഴവർഗങ്ങൾ ഉൽപാദിപ്പിക്കുന്ന പൂക്കളിൽ നിന്ന് മാത്രമല്ല; ശർക്കര, പഞ്ചസാര തുടങ്ങിയവയിൽ നിന്നും തേനീച്ച തിന്നുകയും തേൻ ഉത്പാദിപ്പിക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടാണ് പഴങ്ങളിൽ നിന്ന് തിന്നുക എന്ന് പറയാതെ ഫലങ്ങളിൽ നിന്ന് തിന്നുക എന്ന് പറഞ്ഞത്. നിന്റെ നാഥൻ ഒരുക്കിത്തന്ന വഴിയിൽ ചരിക്കുക എന്ന് പറഞ്ഞാൽ അവയുടെ കൂടിന്റെ നിർമ്മാണം, കൂട്ടായ്മ, വ്യത്യസ്ത ജോലിക്കാരായിക്കൊണ്ടുള്ള വിഭജനം, ഭക്ഷണത്തിന് വേണ്ടിയുള്ള വളരെ ദീർഘമായ പ്രയാണം, എത്ര ദൂരെനിന്നും വഴിതെറ്റാതെയുള്ള തിരിച്ചെത്തൽ, വ്യവസ്ഥാപിതമായ തേൻ ശേഖരണം ഇതെല്ലാം അവയുടെ ഉടമ സംവിധാനിച്ചുകൊടുത്ത മാർഗങ്ങളാണ് എന്നാണ്. ഇത്തരം കാര്യങ്ങളെക്കുറിച്ചൊന്നും അവക്ക് സ്വയം ചിന്തിക്കുകയോ ആലോചിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. അവയെല്ലാം ദിവ്യസന്ദേശം വഴി അവരുടെ നാഥൻ അവയെ പഠിപ്പിച്ചിരിക്കുകയാണ്. ഇവിടെ തേനീച്ചയെ സ്ത്രീലിംഗത്തിലാണ് അഭിസംബോധനം ചെയ്തത് എന്നതിൽ നിന്നും റാണിയെ ചുറ്റിപ്പറ്റിയാണ് തേനീച്ചയുടെ ജീവിതമെന്ന് ഗ്രന്ഥം സൂചിപ്പിക്കുന്നു. അതുകൊണ്ടുതന്നെ അത് ത്രികാലജ്ഞാനിയായ അല്ലാഹുവിൽ നിന്നുള്ള ത്രികാലജ്ഞാനമാണെന്നും അത് മുഹമ്മദിന്റെ വാക്കുകളല്ല എന്നും മനസ്സിലാക്കാം. വിവിധ നിറത്തിലുള്ള പാനീയം എന്നുപറഞ്ഞത് തേനിനെക്കുറിച്ചാണ്. അതിന്റെ ഘടനയും വാസനയും നിറവും തേനീച്ചകൾ തേൻ ശേഖരിക്കുന്ന പൂവുകളെ ആശ്രയിച്ചി

രിക്കും. തേൻ മനുഷ്യർക്ക് രോഗശമനമാണ് എന്നാണ് സൂക്തത്തിൽ പറഞ്ഞത്, അതിൽ ഊർജ്ജം നൽകുന്ന ഗ്ലൂക്കോസും ഫ്രെക്ടോസും മാൾട്ടോസും അടങ്ങിയിട്ടുണ്ട്. കൂടാതെ അത് വർഷങ്ങളോളം കേടുകൂടാതെ സൂക്ഷിക്കാവുന്നതുമാണ്. ഔഷധച്ചെടികളുടെ പുഷ്പങ്ങളിൽ നിന്നും തേനീച്ചകൾ ഭക്ഷണം നുകരുന്നതിനാൽ പലതരം രോഗങ്ങൾക്കുള്ള ഔഷധവും അതിൽ അടങ്ങിയിട്ടുണ്ട്. തേനീച്ചയെക്കുറിച്ചും തേനിനെക്കുറിച്ചും ഈ സൂറത്തിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും തേൻ- *അസൽ*- എന്ന പദം ഗ്രന്ഥത്തിൽ 47: 15 ൽ മാത്രമാണ് പറഞ്ഞിട്ടുള്ളത്.

'ആലോചിച്ച് പ്രതിഫലിപ്പിക്കുന്ന ജനതക്ക് അതിൽ ഒരു ദൃഷ്ടാന്തം തന്നെയുണ്ട്' എന്നുപറഞ്ഞതിന്റെ വിവക്ഷ, ജീവജാലങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനും അവയിൽ നിന്നുള്ള ഉപയോഗപ്രദമായ പലതരം ഉൽപന്നങ്ങളെയും വിലയിരുത്തുന്നതിനും മനുഷ്യർക്ക് പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ഇത്തരം ജീവജാലങ്ങളെയും ഉൽപന്നങ്ങളെയും സൃഷ്ടിച്ച് സംവിധാനിച്ചിട്ടുള്ള അവരുടെ ഉടമയായ ഏകസ്രഷ്ടാവിനെ കണ്ടെത്തുന്നതിനുമാണത് എന്നാണ്. അങ്ങനെ സ്രഷ്ടാവിന്റെ വചനങ്ങളായ അദ്ദിക്ർ കേട്ടവർ കേട്ടവർ മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുത്തുകൊണ്ട് ജീവിതലക്ഷ്യം സാക്ഷാത്കരിക്കത്തക്കവണ്ണം ജനങ്ങളെ ബോധവാൻമാരാക്കുകവഴി അദ്ദിക്റിലേക്ക് അവരെ ആകൃഷ്ടരാക്കുന്നതിനുമാണ്. ഗ്രന്ഥത്തെക്കുറിച്ച് ചിന്തിക്കാത്ത പ്രജ്ഞയറ്റവരും ലക്ഷ്യബോധം നഷ്ടപ്പെട്ടവരുമായ ഫുജ്ജാറുകൾ 'ഉടമയെ കണ്ടെത്തുക' എന്ന ജീവിതലക്ഷ്യം പൂർത്തീകരിക്കാതെ അവരുടെ ആത്മാവിനെതിരെ കാഫിറാണെന്ന് സാക്ഷ്യം വഹിച്ചുകൊണ്ടാണ് മരണപ്പെടുക എന്ന് 7: 37 ൽ പറഞ്ഞിട്ടുണ്ട്. അവരുടെ മടക്കം കാഫിറായ പിശാചിന്റെ വീടായ നരകത്തിലേക്കുമാണ്.

ഈച്ചകൾ രോഗം പരത്തുന്നവയും വിസർജ്ജ്യങ്ങൾ ഭക്ഷിക്കുന്നവയുമാണെങ്കിൽ തേനീച്ച വിസർജ്ജ്യങ്ങളോട് അടുക്കാത്തവയും രോഗശമനമായ തേൻ ഉത്പാദിപ്പിക്കുന്നവയുമാണ്. തേൻ മനുഷ്യർക്ക് രോഗശമനമാണ് എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ആവർത്തിച്ച് വായിക്കപ്പെടേണ്ട ഗ്രന്ഥമായ അദ്ദിക്ർ വിശ്വാസികൾക്ക് മാത്രമാണ് രോഗശമനമാവുക. അത് രോഗശമനമാണ് എന്ന് പറയുന്നതിന് പകരം അതിൽ രോഗശമനമുണ്ട് എന്ന് പറഞ്ഞതുകൊണ്ട് തേൻ എല്ലാവർക്കും എല്ലാരോഗത്തിനും മരുന്നല്ല എന്നാണ്. എന്നാൽ അദ്ദിക്റിനെക്കുറിച്ച് രോഗശമനം എന്ന് പറഞ്ഞതിനാൽ അത് ഉപയോഗപ്പെടുത്തുന്നവർക്ക് മാനസികവും ശാരീരികവുമായ എല്ലാ രോഗങ്ങൾക്കും അത് ശമനമാണ് എന്നാണ്. എന്നാൽ കപടവിശ്വാസികൾക്ക് അത് മാലിന്യവും നഷ്ടവുമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നാണ് 17: 82 ൽ പറഞ്ഞിട്ടുള്ളത്. 4: 1; 7: 185; 9: 125; 13: 2–3 വിശദീകരണം നോക്കുക.

70. അല്ലാഹുവാണ് നിങ്ങളെ സൃഷ്ടിച്ചത്, പിന്നെ അവൻ നിങ്ങളെ മരിപ്പിക്കുകയും ചെയ്യുന്നു, നിങ്ങളിൽ എല്ലാം അറിഞ്ഞതിനുശേഷം ഒന്നും അറിയാത്ത അവസ്ഥ പ്രാപിക്കുന്നതിന് വേണ്ടി പടുവാർദ്ധക്യത്തിലേക്ക് തള്ളപ്പെടുന്നവരുമുണ്ട്, നിശ്ചയം അല്ലാഹു എല്ലാം അറിയുന്ന സർവ്വശക്തൻ തന്നെയാണ്.

36: 68 ൽ, അവരിൽ നിന്ന് ആയുസ്സ് കൂടുതൽ നൽകപ്പെടുന്നവന്റെ സൃഷ്ടിപ്പിനെത്തന്നെ നാം മാറ്റിമറിക്കുന്നതാണ്, അപ്പോൾ അവർ ചിന്തിക്കുന്നില്ലെയോ എന്ന് ചോദിക്കുന്നുണ്ട്. അഥവാ പ്രായം കൂടിയാൽ അവരുടെ ഭക്ഷണത്തിന്റെയും മരുന്നിന്റെയും അളവ്, രൂപം എന്നിവ കുട്ടികളുടേതുപോലെയാക്കി മാറ്റുന്നതാണ്. ഇതെല്ലാം കണ്ടിട്ടും

ത്രികാലജ്ഞാനമായ അദ്ദിക്ർ ത്രികാലജ്ഞാനിയുടെ സംസാരമാണെന്ന് നിങ്ങൾക്ക് ചിന്തിച്ച് മനസ്സിലാക്കാറായിട്ടില്ലേ എന്നാണ് ചോദിക്കുന്നത്. നിങ്ങളിൽ ചിലർ പടുവാർദ്ധക്യത്തിലേക്ക് തള്ളപ്പെടുന്നവരുണ്ട്, അങ്ങനെ എല്ലാം അറിഞ്ഞതിനുശേഷം ഒന്നും അറിയാത്ത അവസ്ഥ പ്രാപിക്കുന്നതിന് വേണ്ടി എന്ന് 22: 5 ലും പറഞ്ഞിട്ടുണ്ട്. വാർദ്ധക്യം അങ്ങേയറ്റത്തെത്തുമ്പോൾ മനുഷ്യൻ മുമ്പ് പഠിച്ചതെല്ലാം മറന്ന് 'അത്തും പിത്തും' ആയി, വിവേകമില്ലാത്ത കുട്ടികളെപ്പോലെ മലവും മൂത്രവും കൈകൊണ്ട് സ്പർശിക്കുന്നിടത്തോളം ബലഹീനനായിത്തീരുന്നു. അവന്റെ ആശയം മറ്റുള്ളവർക്ക് മനസ്സിലാകത്തക്കവണ്ണം പ്രകടിപ്പിക്കാൻ പോലും കഴിയാതെ അവൻ നിസ്സഹായനായിത്തീരുന്നു എന്നാണ് 'എല്ലാം അറിഞ്ഞതിനുശേഷം ഒന്നും അറിയാത്ത അവസ്ഥ പ്രാപിക്കുന്നതിനുവേണ്ടി' എന്ന് പറഞ്ഞതിന്റെ വിവക്ഷ. 30: 54 ൽ, അല്ലാഹുവാണ് നിങ്ങളെ ബലഹീനതയോടുകൂടി സൃഷ്ടിച്ചത്, പിന്നെ നിങ്ങളുടെ ബലഹീനതക്കുശേഷം നിങ്ങൾക്ക് അവൻ ശക്തി നൽകി, പിന്നെ നിങ്ങൾക്ക് ശക്തി നൽകിയതിന് ശേഷം ബലഹീനതയും വാർദ്ധക്യവും നൽകി, അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു, അവൻ എല്ലാം അറിയുന്ന സർവ്വശക്തനുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. മറ്റേതൊരു സൃഷ്ടിയേക്കാളും ബലഹീനനായിട്ടാണ് മനുഷ്യക്കുഞ്ഞ് പിറന്നുവീഴുന്നത്. മൃഗങ്ങളുടെ കുഞ്ഞുങ്ങൾ മുലകുടിക്കാൻ സ്വയം തുനിയുമെങ്കിൽ മനുഷ്യക്കുഞ്ഞിന് അതിനുപോലും സാധ്യമല്ല.

യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ അറിയുന്നവർ എല്ലാം അറിഞ്ഞിട്ട് അറിവില്ലാത്ത അവസ്ഥയിലേക്ക് തള്ളിവിടുന്നതിൽ വേവലാതിയുള്ളവരും പടുവാർദ്ധക്യത്തെത്തൊട്ട് എപ്പോഴും അല്ലാഹുവിൽ ശരണം തേടുന്നവരും ബോധത്തോടുകൂടി സർവസ്വം അല്ലാഹുവിന് സമർപ്പിച്ചുകൊണ്ട് നല്ല അവസ്ഥയിൽ പണിത സ്വർഗത്തിലേക്ക് തിരിച്ചുപോകാൻ കൊതിക്കുന്നവരുമാണ്. അത്തരം വിശ്വാസികൾക്ക് അല്ലാഹു അവരുടെ ആഗ്രഹം സഫലമാക്കിക്കൊടുക്കുന്നതാണ്. 2: 39, 94-96; 6: 60; 13: 27-28 വിശദീകരണം നോക്കുക.

71. അല്ലാഹു നിങ്ങളിൽ ചിലരെ ഭക്ഷണവിഭവങ്ങളിൽ ചിലരുടെമേൽ ശ്രേഷ്ഠരാക്കിയിരിക്കുന്നു, അപ്പോൾ ഈ ശ്രേഷ്ഠരാക്കപ്പെട്ടവർ തങ്ങൾക്ക് നൽകപ്പെട്ട വിഭവങ്ങളിൽ നിന്ന് തങ്ങളുടെ അധീനത്തിലുള്ള ഭൃത്യൻമാർക്ക് നൽകി അങ്ങനെ അവരെ അതിൽ സമന്മാരാക്കുമോ? അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ കാര്യത്തിലാണോ അവർ തർക്കിച്ചുകൊണ്ടിരിക്കുന്നത്?

6: 165 ൽ വിവരിച്ച പ്രകാരം നാഥൻ നൽകിയ വിവിധങ്ങളായ അനുഗ്രഹങ്ങൾ ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഓരോരുത്തരും ഉപയോഗപ്പെടുത്തി സ്വർഗം പണിത് പണിത സ്വർഗത്തിലേക്ക് തിരിച്ചുപോകലാണ് ജീവിതലക്ഷ്യം. നിങ്ങൾ നിങ്ങളെയും നിങ്ങളുടെ അധീനതയിലുള്ള എല്ലാവരെയും എല്ലാ വിഷയങ്ങളിലും ഒരേ അധികാരവും ഒരേ സ്ഥാനവുമുള്ളവരായി കണക്കാക്കുമോ? ഇല്ല എന്നാണ് ഉത്തരമെങ്കിൽ പിന്നെ നിങ്ങൾ 'എന്താണ് അല്ലാഹു ചിലർക്ക് ചിലരേക്കാൾ കഴിവുകളും സ്ഥാനമാനങ്ങളും വിഭവങ്ങളും നൽകിയതിൽ അനീതി ആരോപിച്ചുകൊണ്ട് തർക്കിക്കുന്നത്' എന്നാണ് ചോദിക്കുന്നത്. നിങ്ങൾക്ക് നിങ്ങളിൽ നിന്നുള്ള ഒരു ഉപമ ഇതാ എടുത്തുദ്ധരിക്കുന്നു, നാം നിങ്ങൾക്ക് നൽകിയ ഭക്ഷണവിഭവങ്ങളിൽ നിന്ന് നിങ്ങൾക്കും നിങ്ങളുടെ കീഴിലുള്ള ഭൃത്യന്മാർക്കുമിടയിൽ തുല്യമായി വീതിച്ചുകൊടുക്കുന്ന വല്ലവരുമുണ്ടോ, നിങ്ങൾ പരസ്പരം ഭയപ്പെടുന്നതുപോലെ ഭയപ്പെടുന്ന -ബഹുമാനിക്കുന്ന വല്ല ഭൃത്യൻമാരുമുണ്ടോ എന്ന് 30: 28 ൽ അല്ലാഹു ചോദിക്കുന്നു. എല്ലാവരെയും സമൻമാരാ

ക്കുന്ന 'സോഷ്യലിസം' നടപ്പിലാക്കാൻ സാധിക്കുകയില്ല എന്നാണ് ഈ സൂക്തം പഠിപ്പിക്കുന്നതെങ്കിലും 6: 165 ൽ വിവരിച്ച പ്രകാരം മനുഷ്യരെ ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധികളായി നിയോഗിച്ചിട്ടുള്ളത് ഓരോരുത്തർക്കും നൽകപ്പെട്ടതുകൊണ്ട് ഓരോരുത്തരേയും പരീക്ഷിക്കുന്നതിന് വേണ്ടിയാണ് എന്ന് മനസ്സിലാക്കിയ വിശ്വാസികൾ പ്രകൃതിക്കിണങ്ങും വിധം മനുഷ്യസമത്വം നടപ്പിലായിക്കാണാൻ ആഗ്രഹിക്കുകയും അല്ലാഹുവിന്റെ സൃഷ്ടികളുടെ ജീവിതഭാരങ്ങളും പ്രയാസങ്ങളും ഇറക്കിവെക്കുന്നതിന് വേണ്ടി പ്രവർത്തിക്കുകയും തങ്ങൾക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ നിന്നും അതിനു വേണ്ടി ചെലവഴിക്കുന്നതുമാണ്. 102: 8 ൽ, വിധിദിവസം എല്ലാ അനുഗ്രഹങ്ങളെക്കുറിച്ചും നിങ്ങൾ ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. 7: 157–158 വിശദീകരണം നോക്കുക.

29: 47 ൽ, കാഫിറുകളല്ലാതെ നാഥന്റെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിച്ചുകൊണ്ടിരിക്കുകയില്ല എന്നും; 29: 49 ൽ, അക്രമികളല്ലാതെ നാഥന്റെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. 41: 26–28 സൂക്തങ്ങളിൽ, നാഥന്റെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിച്ചുകൊണ്ടിരിക്കുന്നവർ നാഥന്റെ ശത്രുക്കളാണെന്നും അത്തരം കപടവിശ്വാസികളായ കാഫിറുകൾക്ക് പ്രതിഫലമായി നരകത്തിൽ ശാശ്വതമായ വീടാണുള്ളതെന്നും പറഞ്ഞിട്ടുണ്ട്. 28: 79 ൽ, ഖാറൂൻ അവന്റെ ജനതയിലേക്ക് അലങ്കാര വിഭൂഷിതനായിക്കൊണ്ട് വന്നപ്പോൾ ഇഹലോകം ആഗ്രഹിച്ചവർ പറഞ്ഞു: ഓ, ഞങ്ങളുടെ കഷ്ടം, ഖാറൂനിന് നൽകപ്പെട്ടതുപോലുള്ളത് നമുക്ക് ലഭിച്ചില്ലല്ലോ, നിശ്ചയം അവൻ മഹാഭാഗ്യവാൻ തന്നെയാണ് എന്നും; 28: 80 ൽ, അപ്പോൾ ഗ്രന്ഥത്തിന്റെ ആശയം അറിയുന്ന ജ്ഞാനികൾ പറഞ്ഞു: നിങ്ങൾക്ക് നാശം, വിശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവർക്ക് ഉത്തമമായിട്ടുള്ളത് നാഥന്റെ പ്രതിഫലമാണ്, എന്നാൽ ആ സ്വഭാവം പരലോകത്തിന് ഐഹികലോകത്തേക്കാൾ പ്രാധാന്യം കൊടുക്കുന്നവർക്കല്ലാതെ ലഭിക്കുകയില്ല എന്നും; 28: 81 ൽ, അപ്പോൾ അവനെയും അവന്റെ വീടിനെയും ഭൂമിയെക്കൊണ്ട് നാം വിഴുങ്ങിപ്പിച്ചു, അന്നേരം അല്ലാഹുവിനെക്കൂടാതെ അവനെ സഹായിക്കാൻ ആരുമുണ്ടായില്ല, അവൻ സ്വയം സഹായിക്കുന്നവനുമായില്ല എന്നും; 28: 82 ൽ, ഇന്നലെ അവന്റെ സ്ഥാനം കൊതിച്ചവർ അടുത്ത പ്രഭാതത്തിൽ പറയുകയായി: ഓ കഷ്ടം! അല്ലാഹു അവന്റെ അടിമകളിൽ ഉദ്ദേശിക്കുന്നവർക്ക് വിഭവങ്ങൾ വിശാലമാക്കി നൽകുകയും ഉദ്ദേശിക്കുന്നവർക്ക് കണക്കാക്കി നൽകുകയും ചെയ്യുന്നു, അല്ലാഹുവിന്റെ അനുഗ്രഹം നമ്മുടെമേൽ ഉണ്ടായിരുന്നില്ലെങ്കിൽ നാമും വിഴുങ്ങപ്പെടുമായിരുന്നു, നിശ്ചയം കാഫിറുകൾ ഒരിക്കലും വിജയം വരിക്കുകയില്ലതന്നെ എന്നും പറഞ്ഞിട്ടുണ്ട്. 4: 37–39; 6: 53; 7: 50–51 വിശദീകരണം നോക്കുക.

72. അല്ലാഹുവാണ് നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ ഉണ്ടാക്കിത്തന്നതും നിങ്ങൾക്ക് നിങ്ങളുടെ ഇണകളിൽ നിന്ന് സന്താനങ്ങളെയും പൗത്രൻമാരെയും പ്രദാനം ചെയ്തതും പരിശുദ്ധമായ വിഭവങ്ങളിൽ നിന്ന് നിങ്ങൾക്ക് പ്രദാനം ചെയ്യുന്നതും അവൻ തന്നെയാണ്; അപ്പോൾ അവർ മിഥ്യകൊണ്ടാണോ വിശ്വസിക്കുന്നത്? അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കൊണ്ട് അവർ നിഷേധിക്കുന്നവർ തന്നെയുമാണോ?

25: 54 ൽ, അവൻ തന്നെയാണ് വെള്ളത്തിൽ നിന്ന് മനുഷ്യരുടെ ശരീരം സൃഷ്ടിച്ചത്, അങ്ങനെ അവരിൽ അവൻ വംശബന്ധവും വിവാഹബന്ധവും ഉണ്ടാക്കുകയും

ചെയ്തു, നിന്റെ നാഥൻ എല്ലാറ്റിനും കഴിവുള്ള സർവ്വശക്തൻ തന്നെയാണ് എന്നും; 21: 10 ൽ, നിശ്ചയം, നാം നിങ്ങളെക്കുറിച്ച് അനുസ്മരിപ്പിക്കുന്ന ഒരു ഗ്രന്ഥമിറക്കി, അ പ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ എന്നും പറഞ്ഞിട്ടുണ്ട്. ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിനെ മൂടിവെച്ച് അല്ലാഹുവിനെക്കുറിച്ചും ജീവിതലക്ഷ്യത്തെക്കുറിച്ചും അവര വരെക്കുറിച്ചും മനസ്സിലാക്കാതെ ഭൗതികജീവിതത്തിൽ ആകൃഷ്ടനായിക്കൊണ്ട് നിങ്ങ ൾ പരലോകത്തെ മറന്ന് മിഥ്യാവാദികളാകരുത് എന്നും മാതാപിതാക്കൾ, മക്കൾ, കാ ലം, ദേശം, ഗോത്രം തുടങ്ങിയവയൊന്നും തെരഞ്ഞെടുക്കാൻ ഒരാൾക്കും സാധ്യമല്ലെന്നും, മറിച്ച് ഓരോരുത്തരേയും സ്രഷ്ടാവ് അവൻ ഉദ്ദേശിക്കുന്ന മാതാപിതാക്കളിലും കാലത്തും ദേശത്തും ഗോത്രത്തിലും ഭൂമിയിൽ കൊണ്ടുവരികയാണെന്നും അക്കാര്യങ്ങളെല്ലാം പ്രകാശമായ അദ്ദിക്റിൽ നിന്ന് മനസ്സിലാക്കിക്കൊണ്ട് ആ ബോധത്തിൽ നാഥന്റെ പ്രാതി നിധ്യം വഹിച്ച് ജീവിച്ച് സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകണമെന്നുമാണ് ഈ സൂക്തം പഠിപ്പിക്കുന്നത്. 29: 67 അവസാനിക്കുന്നത് 'അപ്പോൾ അവർ മിഥ്യകൊണ്ടാണോ വിശ്വസിക്കുന്നത്? അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കൊണ്ട് നിഷേധിക്കുന്നവർ തന്നെ യുമാണോ?' എന്ന് ചോദിച്ചുകൊണ്ടാണ്. 2: 44; 4: 1, 51–52; 16: 59; 56: 82 വിശദീകണം നോ ക്കുക.

73. ആകാശങ്ങളിൽ നിന്നോ ഭൂമിയിൽ നിന്നോ യാതൊരു ഭക്ഷണവിഭവവും ഇവർക്ക് ഉടമപ്പെടുത്തിക്കൊടുക്കാനോ തങ്ങൾക്കുതന്നെയും സ്വയം ഉടമപ്പെ ടുത്താനോ സാധ്യമല്ലാത്തവരെയാണ് അല്ലാഹുവിനെക്കൂടാതെ അവർ സേവി ച്ചുകൊണ്ടിരിക്കുന്നത്.

നിശ്ചയം നിങ്ങൾ അല്ലാഹുവിനെക്കൂടാതെ വിഗ്രഹങ്ങളെയാണോ സേവിക്കുന്നത്, നിങ്ങൾ കളവ് കെട്ടിച്ചമക്കുകയും ചെയ്യുന്നുവോ, നിശ്ചയം അല്ലാഹുവിനെക്കൂടാതെ സേവി ക്കപ്പെടുന്നവർ നിങ്ങൾക്ക് ഭക്ഷണവിഭവങ്ങളൊന്നും ഉടമപ്പെടുത്തിത്തരാൻ സാധിക്കാ ത്തവരാണ്, അപ്പോൾ നിങ്ങൾ ഭക്ഷണവിഭവങ്ങൾ അല്ലാഹുവിന്റെ പക്കൽ തേടുക, അവ നെമാത്രം സേവിക്കുന്നവരും അവന് നന്ദി പ്രകടിപ്പിക്കുന്നവരുമാവുക, അവനിലേക്കുത ന്നെയാണ് നിങ്ങളെല്ലാം മടക്കപ്പെടുന്നത് എന്ന് 29: 17 ലും; അവർ അല്ലാഹുവിനെക്കൂടാതെ അവർക്ക് യാതൊരു ഉപകാരവും ഉപദ്രവവും ചെയ്യാത്തവരെയാണ് സേവിച്ചുകൊണ്ടി രിക്കുന്നത്, കാഫിർ അവന്റെ നാഥന്റെ പ്രത്യക്ഷ ശത്രുതന്നെയാകുന്നു എന്ന് 25: 55 ലും പറഞ്ഞിട്ടുണ്ട്. കാഫിറായ പിശാചാണ് അല്ലാഹുവിനെക്കൂടാതെ അവന്റെ സൃഷ്ടികളെ വിളിച്ച് പ്രാർത്ഥിക്കാനും അവരോട് സഹായങ്ങൾ തേടാനും അവർക്ക് നേർച്ചവഴിപാടു കൾ അർപ്പിക്കാനുമെല്ലാം മനുഷ്യരെ പ്രേരിപ്പിക്കുന്നത്. 2: 186 ൽ വവരിച്ച പ്രകാരം അദ്ദി ക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാകാത്ത അത്തരം കാഫിറുകളുടെ നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ തുടങ്ങി എല്ലാ കർമ്മങ്ങളും പാഴായിപ്പോകുന്നതും അവർക്ക് പി ഴയായി നരകകുണ്ഠം ലഭിക്കുന്നതുമാണ്. 5: 35; 7: 188; 16: 20–21 വിശദീകരണം നോക്കുക.

74. അപ്പോൾ നിങ്ങൾ അല്ലാഹുവിന് ഉപമകൾ ചമക്കരുത്, നിശ്ചയം അല്ലാഹു അറിയുന്നു, നിങ്ങൾ അറിവില്ലാത്തവരുമാകുന്നു.

അവന്റെ സൃഷ്ടിപ്പിനെ മറന്നുകൊണ്ട് നമുക്കതാ അവൻ ഉപമ ചമക്കുന്നു, എല്ല് നുരുമ്പിക്കഴിഞ്ഞാൽ ആരാണ് നമ്മെ പുനർസൃഷ്ടിക്കുക എന്ന് അവൻ ചോദിക്കുകയും ചെയ്യുന്നു എന്ന് 36: 78 ൽ പറഞ്ഞിട്ടുണ്ട്. ഭൗതിക ഭരണാധികാരികളെയും കോടതിയി ലെ ജഡ്ജിമാരെയും സമീപിക്കാൻ വ്യക്തിക്ക് ഇടയാളന്മാരും ശുപാർശക്കാരും ആവശ്യ

മുള്ളതുപോലെ പ്രപഞ്ചനാഥനിലേക്കും സാധാരണക്കാർക്ക് നേരിട്ടുപോകാൻ സാധിക്കുകയില്ല, അതുകൊണ്ട് നാഥനിലേക്ക് എത്തിപ്പെടുന്നതിനും ഇടയാളൻമാരും ശുപാർശക്കാരുമെല്ലാം വേണമെന്ന ധാരണയും വാദവുമാണ് എക്കാലത്തുമുള്ള കാഫിറുകൾ വെച്ചുപുലർത്തിപ്പോരുന്നത്. അവരോട് അല്ലാഹു പറയുകയാണ്: അല്ലാഹുവിനെ ഭൗതികരാജാക്കൻമാരോടോ അവന്റെ മറ്റുസൃഷ്ടികളോടോ നിങ്ങൾ ഉപമിക്കുകയോ ഉദാഹരിക്കുകയോ ചെയ്യരുത്, അവനെപ്പോലെ ഒരു വസ്തുവുമില്ല, അവനെപ്പോലെ ഒരാളുമില്ല, അവൻ എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനും സ്വേച്ഛാധിപനും തന്നെയാകുന്നു. 40: 16 ൽ, വിധിദിവസം എല്ലാവരെയും അല്ലാഹു മറനീക്കി കൊണ്ടുവരുന്നതാണ്, അന്നേദിനം അവരിൽ നിന്ന് ഒന്നും തന്നെ അല്ലാഹുവിനെത്തൊട്ട് മറഞ്ഞുനിൽക്കുകയില്ല, ആർക്കാണ് ഇന്നേദിനം ആധിപത്യം എന്ന് ചോദിക്കപ്പെടും; എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനായ അല്ലാഹുവിന് എന്ന് പറയപ്പെടും എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫാജിറുകളാണ് അല്ലാഹുവിന് ഉപമകളും ഉദാഹരണങ്ങളും ചമച്ച് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ. അല്ലാഹു കൊന്നുകളഞ്ഞ അവരുടെ നേതാക്കളായ കപടവിശ്വാസികൾ അല്ലാഹുവിനെ മറന്നവരും ഗ്രന്ഥത്തിന് വിരുദ്ധമായ ഇത്തരം വിശ്വാസാചാരങ്ങൾ വെച്ചുപുലർത്തുന്നത് കണ്ടിട്ടില്ലെന്നമട്ടിൽ നോക്കിനിൽക്കുന്നവരുമാണ്. നേതാക്കൾ അനുയായികളെ വഴിപിഴപ്പിച്ച ഉത്തരവാദിത്തത്തിൽ നിന്ന് വിധിദിവസം ഒഴിഞ്ഞുമാറുന്ന രംഗം 28: 62–64 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഈ രണ്ടുകൂട്ടരും വായിച്ച ഗ്രന്ഥം ഇവർക്കെതിരെ സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും ഇവരെ നരകത്തിലേക്ക് തള്ളിവിടുന്നതാണ്. ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്നതുകൊണ്ടാണ് ഫുജ്ജാറുകൾ മനുഷ്യരിൽ വെച്ച് ഏറ്റവും അധമന്മാരായിത്തീർന്നിട്ടുള്ളത്. 2: 78–79, 255; 10: 35; 16: 27 വിശദീകരണം നോക്കുക.

75. അല്ലാഹു ഇതാ ഒരു ഉപമ എടുത്തുദ്ധരിക്കുന്നു; ഒരാളുടെ അധീനത്തിലുള്ള ഒരു അടിമ, അവന് സ്വന്തമായി ഒരു അധികാരവുമില്ല, മറ്റൊരുവനാകട്ടെ, അവന് നമ്മിൽ നിന്നുള്ള ഉത്തമമായ വിഭവങ്ങൾ നാം പ്രദാനം ചെയ്തിട്ടുണ്ട്, അവൻ അതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു, അപ്പോൾ അവർ രണ്ടുപേരും സമമാകുമോ? അല്ലാഹുവിന് സ്തുതി; അല്ല, അവരിൽ അധികപേരും അറിവില്ലാത്തവരാകുന്നു.

ഈ സൂക്തത്തിൽ ഉദാഹരിച്ച 'ഒരാൾ' സ്വന്തമായി യാതൊരു കഴിവുമില്ലാത്തവനും മറ്റൊരാളുടെ അടിമത്തത്തിൻ കീഴിലുള്ളവനുമാണ്. മറ്റൊരാൾ സ്വതന്ത്രനും അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ രഹസ്യമായും പരസ്യമായും ചെലവഴിച്ചുകൊണ്ട് ജീവിതലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സ്വർഗം പണിതുകൊണ്ടിരിക്കുന്നവനുമാണ്. ഈ രണ്ടുപേരും സമമാകുമോ എന്നാണ് ചോദ്യം. അപ്പോൾ ഉത്തരം പറയാതെ മൗനം ദീക്ഷിക്കുന്ന അവരോട് അല്ലാഹുതന്നെ പറയുകയാണ്: അല്ലാഹുവിന് സ്തുതി! പക്ഷേ മനുഷ്യരിൽ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പതുപേരും ത്രികാലജ്ഞാനമായ അദ്ദിക്ർ അറിയാത്തതിനാൽ ജീവിതലക്ഷ്യം അറിയാത്തവരാകുന്നു. 32: 18 ൽ, വിശ്വാസിയായ ഒരാളും തെമ്മാടിയായ ഒരാളും സമമാകുമോ എന്ന് ചോദിക്കുന്നുണ്ട്. വിശ്വാസി അല്ലാഹുവിന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് ജീവിതലക്ഷ്യം സാക്ഷാൽക്കരിക്കാൻ സ്വർഗം പണിയുന്നവനാണ്. എന്നാൽ തെമ്മാടി അദ്ദിക്റിനെ മൂടിവെച്ചുകൊണ്ട് ജീവിക്കുന്നതിനാൽ

നരകം പണിയുന്നവനും മരണത്തോടുകൂടി അവൻ സമ്പാദിച്ച നരകത്തിൽ ചേക്കേറുന്നവനുമാണ്. അധികാരമുള്ളവനും ഇല്ലാത്തവനും വ്യത്യസ്തരാണെന്ന് പ്രത്യക്ഷത്തിൽ തന്നെ മനുഷ്യർക്ക് അറിയാവുന്നതാണ്, എന്നിട്ടും അവർ അറിവില്ലായ്മ നടിച്ചുകൊണ്ട് സ്രഷ്ടാവിന്റെ അധികാരാവകാശങ്ങൾ സൃഷ്ടികൾക്ക് വെച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. അതിന്റെ ഭവിഷ്യത്ത് അവർ മനസ്സിലാക്കുന്നുമില്ല. 39: 29 ൽ, അല്ലാഹു ഒരു ഉപമ ഉദ്ധരിക്കുന്നു, ഒരാൾ വിവിധങ്ങളായ നേതാക്കൻമാർക്ക് വിധേയനായി ജീവിക്കുന്നവനും മറ്റൊരുവൻ ഏകനായ അല്ലാഹുവിൽ സർവ്വസ്വം സമർപ്പിച്ച് ജീവിക്കുന്നവനുമാണ്; അവർ രണ്ടുപേരുടെയും ഉപമ സമമാകുമോ, അല്ലാഹുവിനാണ് സ്തുതി! എന്നാൽ അവരിൽ അധികപേരും അറിവില്ലാത്തവരാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഈ സൂക്തത്തിൽ പിശാചിന്റെ സംഘത്തിൽ പെട്ട് വിവിധങ്ങളായ *ത്വാഗൂത്തു*കളെ അനുസരിക്കുന്ന ഒരുവനും ഏകനായ അല്ലാഹുവിന് വേണ്ടി മാത്രം ജീവിതം സമർപ്പിച്ച് ഇസ്ലാമിൽ നിലകൊള്ളുന്ന ഒരുവനും സമമാകുമോ എന്നാണ് ചോദിക്കുന്നത്. 28: 57; 34: 28, 36; 40: 57 എന്നീ സൂക്തങ്ങളും അവസാനിക്കുന്നത് 'മനുഷ്യരിൽ അധികപേരും അറിവില്ലാത്തവരാണ്' എന്ന ആശയത്തിലാണ്. 2: 99; 9: 67-68, 71-72; 16: 36; 32: 19-20 വിശദീകരണം നോക്കുക.

76. അല്ലാഹു മറ്റൊരു ഉദാഹരണം കൂടി ഉദ്ധരിക്കുന്നു; രണ്ട് പുരുഷൻമാർ, അവർ രണ്ടുപേരിൽ ഒരുവൻ ഊമയാണ്, അവൻ ഒന്നിനും കഴിവില്ലാത്തവനും അവൻ തന്റെ യജമാനന് ഒരു ഭാരവുമാണ്, അവൻ അവനെ എവിടേക്ക് തിരിച്ചാലും ഒരു ഗുണവും കൊണ്ടുവരുന്നില്ല, അപ്പോൾ ഇവനും നീതികൊണ്ട് കൽപിക്കുന്ന ഒരുവനും സമമാകുമോ? അവനാകട്ടെ നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്നവനുമാണ്.

ഒരുവൻ ഒരു മണ്ടനാണ്, സ്വന്തമായി ഒരു കഴിവുമില്ലെന്ന് മാത്രമല്ല, മറ്റൊരാളുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കാൻ പോലും കഴിവില്ലാത്തവനുമാണ്. മറ്റൊരുവൻ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിന്റെ മാർഗത്തിൽ നിലകൊള്ളുന്നവനും നീതിയുടെ മാർഗമായ അതിൽ നിലകൊള്ളാൻ മറ്റുള്ളവരോട് കൽപിക്കുന്നവനുമാണ്. മുൻ സൂക്തത്തിലെ ഉദാഹരണം ഒന്നുകൂടി മനസ്സിലാക്കുന്നതിനുവേണ്ടി ഈ സൂക്തത്തിൽ മറ്റൊരു രൂപത്തിൽ ആവർത്തിച്ചിരിക്കുകയാണ്. 40: 57-58 സൂക്തങ്ങളിൽ, ആകാശഭൂമികൾ സൃഷ്ടിക്കുന്നത് തന്നെയാണ് മനുഷ്യരെ സൃഷ്ടിക്കുന്നതിനേക്കാൾ വലിയ കാര്യം, എന്നാൽ മനുഷ്യരിൽ അധികപേരും വിവരമില്ലാത്തവരാകുന്നു. അന്ധൻമാരും കാഴ്ചയുള്ളവനും സമമാവുകയില്ല, വിശ്വാസിയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരും അല്ലാഹുവിനെ മറന്ന് ദുഷ്പ്രവൃത്തികൾ ചെയ്യുന്നവരെപ്പോലെയാവുകയില്ല, എന്നാൽ അൽപം പേർ മാത്രമല്ലാതെ ഹൃദയം കൊണ്ട് ഓർമിപ്പിക്കുന്നവരാവുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്.

32: 4 ൽ, പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരുമില്ല, അപ്പോൾ നിങ്ങൾ ഈ നാഥനെക്കുറിച്ച് മറ്റുള്ളവരെ അവരുടെ ഹൃദയത്തിന്റെ ഭാഷയിൽ ഓർമിപ്പിക്കുന്നില്ലെയോ എന്ന് വായിക്കുന്നവരിൽ ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമേ അദ്ദിക്ർ സമർപ്പിക്കുന്നവിധം നാഥനെക്കൊണ്ട് വിശ്വസിക്കുകയും നാഥനെ ലോകർക്ക് പരിചയപ്പെടുത്തുകയുമുള്ളൂ. അങ്ങനെ ചെയ്യാത്തവരായ എല്ലാ ഫുജ്ജാറുകളും 8: 22 ൽ പറഞ്ഞ പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരും കേൾവിയുണ്ടായിട്ടും അദ്ദിക്ർ കേൾക്കാത്ത ബധിരരും സം

സാരവൈഭവം ഉണ്ടായിട്ടും അദ്ദിക്റിനെക്കുറിച്ച് ലോകരോട് പറയാത്ത ഊമകളുമായ ദുഷ്ടജീവികളാണ്. 2: 213; 6: 126, 153; 36: 61 തുടങ്ങി 35 സൂക്തങ്ങളിൽ പറഞ്ഞ നേരെ ച്ചൊവ്വെയുള്ള പാത അജയ്യഗ്രന്ഥമായ അദ്ദിക്ർ തന്നെയാണ്. 1: 5; 10: 47; 11: 24 വിശദീകരണം നോക്കുക.

77. ആകാശങ്ങളിലും ഭൂമിയിലുമുള്ള അദൃശ്യങ്ങളെല്ലാം അല്ലാഹുവിന് മാത്രമാകുന്നു, ആ അന്ത്യനിമിഷം നടപ്പിലാകുന്നതിന് കണ്ണ് ഇമവെട്ടുന്ന സമയമോ അല്ലെങ്കിൽ അതിനേക്കാൾ കുറഞ്ഞ സമയമോ അല്ലാതെ ആവശ്യമില്ല, നിശ്ചയം അല്ലാഹു എല്ലാഓരോ കാര്യത്തിന്റെ മേലിലും കഴിവുള്ള സർവ്വശക്തൻ തന്നെയാണ്.

ത്രികാലജ്ഞാനിയായ നാഥൻ അവന്റെ സംസാരമായ അദ്ദിക്റിൽ പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാകാര്യങ്ങളും ആദ്യമേ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. അപ്പോൾ 16: 40 ൽ വിവരിച്ച പ്രകാരം അവൻ ഒരുകാര്യം ഉദ്ദേശിച്ചാൽ അതിനോട് പറയലാണ്: 'ഉണ്ടാവുക' എന്ന്; അപ്പോൾ അത് ഉണ്ടായിക്കഴിഞ്ഞു. 2: 234; 10: 60–61; 16: 4; 54: 49–53 വിശദീകരണം നോക്കുക.

78. നിങ്ങൾക്ക് യാതൊന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിൽ അല്ലാഹുവാണ് നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ നിന്ന് നിങ്ങളെ പുറത്തേക്ക് കൊണ്ടുവന്നത്, നിങ്ങൾക്ക് അവൻ കേൾവിയും കാഴ്ചകളും ബുദ്ധിശക്തിയും തന്നു –നിങ്ങൾ നന്ദിയുള്ളവരാവുകതന്നെ വേണമെന്നതിന് വേണ്ടി.

ഒരാൾക്കും അവന്റെ നാടോ വംശമോ മക്കളെയോ മാതാപിതാക്കളെയോ ലിംഗമോ വർണ്ണമോ തെരഞ്ഞെടുക്കാനുള്ള അധികാരമോ അവകാശമോ സ്രഷ്ടാവായ അല്ലാഹു നൽകിയിട്ടില്ല, മറിച്ച് നാഥൻ ഉദ്ദേശിച്ച സൃഷ്ടികളെ മാതാക്കളും മക്കളുമായിട്ട് ബന്ധിപ്പിക്കുകയാണ് ചെയ്യുന്നത്. മാതാപിതാക്കൾ കുട്ടികളുണ്ടാകണമെന്ന് കരുതി ലൈംഗികബന്ധത്തിൽ ഏർപ്പെടുമ്പോൾ കുട്ടികളുണ്ടാകണമെന്നില്ല, എന്നാൽ കുട്ടികൾ ഉണ്ടാകരുതെന്ന് കരുതി ലൈംഗികബന്ധത്തിൽ ഏർപെടുമ്പോൾ കുട്ടികളെ നൽകുകയും ചെയ്തേക്കാം. ഇത്തരം സൂക്തങ്ങൾ വായിച്ചതിന് ശേഷവും 'ഞാൻ നിന്നെ എന്റെ വയറ്റിൽ പത്തുമാസം കൊണ്ടുനടന്നില്ലേ, ഇപ്പോൾ നീ എന്നെ ധിക്കരിക്കുന്നുവോ' എന്ന് ചോദിക്കുന്ന മാതാക്കളും ആ ധാരണയിൽ സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്ന മറ്റുള്ളവരും ഇത്തരം സൂക്തങ്ങളെല്ലാം മൂടിവെച്ച് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന *മുശ്രിക്കുകളും* നന്ദികെട്ടവരുമാണ്. ഗ്രന്ഥത്തിലെ സൂക്തങ്ങൾക്ക് വിരുദ്ധമായി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഇത്തരം മാതാപിതാക്കളെ അനുസരിച്ചാൽ മക്കളും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരും നന്ദികെട്ടവരുമാകുന്നതാണ്. 31: 13–16 വിശദീകരണം നോക്കുക.

പിന്നെ അവൻ നിങ്ങളെ രൂപപ്പെടുത്തി, അവന്റെ റൂഹിൽ നിന്ന് അതിൽ ആവാഹിപ്പിക്കുകയും ചെയ്തു, നിങ്ങൾക്ക് കേൾവിയും കാഴ്ചകളും ബുദ്ധിശക്തിയും നൽകി, എന്നാൽ നിങ്ങൾ അൽപം മാത്രമല്ലാതെ നന്ദി പ്രകടിപ്പിക്കുന്നില്ല എന്ന് 32: 9 ൽ പറഞ്ഞിട്ടുണ്ട്. '*അഫ്ഇദഃ*' എന്നതിന് ബുദ്ധിശക്തി എന്നാണ് സൂക്തത്തിൽ അർത്ഥം കൊടുത്തതെങ്കിലും ഹൃദയവും തലച്ചോറും പങ്കെടുത്തുകൊണ്ടുള്ള ചിന്താശക്തി അഥവാ മനസ്സാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. അഥവാ ജീവിതലക്ഷ്യം ഗ്രഹിക്കാനുള്ള കഴിവാണ് അത്. 7: 172 പ്രകാരം സ്വർഗത്തിൽ സൃഷ്ടിച്ച മനുഷ്യനോട് അല്ലാഹു 'ഞാന

ല്ലെയോ നിങ്ങളുടെ ഉടമ' എന്ന് ചോദിക്കുകയും അപ്പോൾ എല്ലാവരും 'അതേ നാഥാ, ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു' എന്ന് മറുപടി പറയുകയും ചെയ്തു. മാതാപിതാക്കളുടെ ബീജത്തിൽ നിന്ന് അവന്റെ ശരീരമുണ്ടാക്കുകയും അവന് കേൾവിയും കാഴ്ചയും ബുദ്ധിശക്തിയുമെല്ലാം നൽകുകയും ചെയ്തത് അവരവരെ സ്വയം തിരിച്ചറിയാനും സ്രഷ്ടാവിനെ കണ്ടെത്താനും സ്വർഗം ഇവിടെവെച്ചുതന്നെ സമ്പാദിക്കാനും വേണ്ടിയാണ്. 17: 36 ൽ, നിശ്ചയം കേൾവി, കാഴ്ച, ബുദ്ധിശക്തി തുടങ്ങിയ എല്ലാഓരോ അനുഗ്രഹത്തെക്കുറിച്ചും വിധിദിവസം ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. വിചാരണാവേളയിൽ അവന്റെ വായക്ക് സീൽ വെക്കപ്പെടുകയും അവന്റെ കേൾവിയും കാഴ്ചകളും തൊലികളും അവനെതിരെ സാക്ഷ്യം വഹിക്കുകയും ചെയ്യുമെന്ന് 24: 24; 36: 65; 41: 19–23 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 6: 151–153; 9: 51; 18: 49 വിശദീകരണം നോക്കുക.

79. അവർ പക്ഷികളിലേക്ക് നോക്കിയിട്ടില്ലെയോ? ആകാശാന്തരീക്ഷത്തിൽ അവ ഏതുവിധമാണ് അധീനമാക്കപ്പെട്ടിരിക്കുന്നത് എന്ന്, അല്ലാഹുവല്ലാതെ അവയെ പിടിച്ചുനിർത്തുന്നില്ല. നിശ്ചയം അതിൽ വിശ്വാസികളായ ഒരു ജനതക്ക് പാഠങ്ങൾ തന്നെയുണ്ട്.

67: 19 ൽ, ചിറക് നിശ്ചലമാക്കിയും ചിറകിട്ടടിച്ചും അവർക്ക് മുകളിൽ പറന്നുകൊണ്ടിരിക്കുന്ന പക്ഷികളിലേക്ക് അവർ നോക്കിയിട്ടില്ലെയോ, നിഷ്പക്ഷവാനല്ലാതെ അവയെ പിടിച്ചുവെക്കുന്നില്ല, നിശ്ചയം അവൻ എല്ലാഓരോ കാര്യവും വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ് എന്ന് പറഞ്ഞിട്ടുണ്ട്. 30: 37 ൽ, അവർ കണ്ടില്ലേ, അവൻ ഉദ്ദേശിക്കുന്നവർക്ക് ഭക്ഷണവിഭവങ്ങൾ ധാരാളം കൊടുക്കുന്നു, അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കാക്കിയും കൊടുക്കുന്നു, നിശ്ചയം അതിൽ വിശ്വാസികളായ ഒരു ജനതക്ക് പാഠങ്ങൾ തന്നെയുണ്ട് എന്നും പറഞ്ഞിട്ടുണ്ട്. മനുഷ്യരോട് അവരെക്കുറിച്ച് മാത്രമല്ല, ആകാശഭൂമികളിലുള്ള ജീവജാലങ്ങളെക്കുറിച്ചും നിരീക്ഷിച്ച് പഠിക്കണമെന്നും അതിലൂടെ ഏകനായ സ്രഷ്ടാവിനെ കണ്ടെത്തണമെന്നുമാണ് ആവശ്യപ്പെടുന്നത്. വിശ്വാസികളായ ജനതക്ക് പാഠങ്ങൾ തന്നെയുണ്ട് എന്നുപറഞ്ഞത്; ജീവജാലങ്ങളുടെ ശരീരഘടനയും അവക്ക് താമസിക്കാനും സഞ്ചരിക്കാനുമുതകുന്ന അന്തരീക്ഷത്തിലെ വായുഘടനയും സംവിധാനിച്ചിട്ടുള്ളത് ഏകനായ സ്രഷ്ടാവ് മാത്രമാണ്, ആ ഏകനായ സ്രഷ്ടാവിന്റെ പ്രതിനിധികളായിട്ടാണ് വിശേഷബുദ്ധി നൽകപ്പെട്ട മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളതെന്നും അപ്പോൾ അവന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ടായിരിക്കണം അവർ മറ്റു ജീവജാലങ്ങളോട് വർത്തിക്കേണ്ടത് എന്നെല്ലാമാണ്. ഇതര ജീവികൾക്ക് നൽകപ്പെടാത്ത വിശേഷബുദ്ധിയാകുന്ന മഹത്തായ അനുഗ്രഹം ഉപയോഗപ്പെടുത്തി മറ്റ് ജീവജാലങ്ങളുടെ ജീവിതരീതിയിൽ നിന്നും പാഠമുൾക്കൊണ്ട് മനുഷ്യർക്ക് ഗുണപ്രദമായ പല ഉപകരണങ്ങൾ നിർമ്മിക്കുകയും ഉപയോഗപ്പെടുത്തുകയും വഴി അവർ സ്രഷ്ടാവിനോട് കൂടുതൽ നന്ദി പ്രകടിപ്പിക്കുന്നവരാകണമെന്നാണ് താൽപര്യപ്പെടുന്നത്. മനുഷ്യൻ വിവിധ വാഹനങ്ങൾ കണ്ടുപിടിച്ചത് ജീവികളെ നിരീക്ഷിച്ചതിൽ നിന്നാണ്. ഒരു നൂറ്റാണ്ട് മുമ്പ് ഫ്രാൻസിലെ റൈറ്റ് സഹോദരൻമാർ പക്ഷികളിൽ നിന്ന് പാഠമുൾക്കൊണ്ട് ചിന്തിച്ചതിന്റെ ഫലമായിട്ടാണ് മനുഷ്യർക്ക് ഏറെ പ്രയോജനപ്പെടുന്ന വിമാനം കണ്ടെത്തിയത്. വെള്ളത്തിൽ ജീവിക്കുന്ന മത്സ്യത്തിൽ നിന്ന് പാഠമുൾക്കൊണ്ട് അതിന്റെ ആകൃതിയിലാണ് കപ്പൽ, ബോട്ട്, വഞ്ചി, ഉരു തുടങ്ങി മനുഷ്യർക്ക് ഉപകാരപ്രദമായ വാഹനങ്ങൾ രൂപകൽപന ചെയ്തിട്ടുള്ള

ത്. മൃതശരീരം മണ്ണിൽ മറവ് ചെയ്യുന്നത് മനുഷ്യൻ മനസ്സിലാക്കിയത് 5: 31 ൽ പറഞ്ഞ പ്രകാരം 'കാക്ക'യുടെ പ്രവൃത്തിയിലൂടെ നാഥൻ പഠിപ്പിച്ചതനുസരിച്ചാണ്. 2: 152; 6: 38; 11: 6; 38: 29 വിശദീകരണം നോക്കുക.

80. അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ ഭവനങ്ങൾ ശാന്തിനൽകുന്ന സങ്കേതങ്ങളാക്കിയിരിക്കുന്നു, നിങ്ങൾക്ക് കന്നുകാലികളുടെ തുകൽ കൊണ്ടുള്ള വീടുകളും ഉണ്ടാക്കിത്തന്നിരിക്കുന്നു, നിങ്ങളുടെ യാത്രാദിവസങ്ങളിലും താവളമടിക്കുന്ന ദിവസങ്ങളിലും അവ നിങ്ങൾക്ക് ലഘുവായി അനുഭവപ്പെടുന്നു; ചെമ്മരിയാട്, ഒട്ടകം, കോലാട് മുതലായവയുടെ രോമങ്ങളിൽ നിന്നും മുടികളിൽ നിന്നും നിങ്ങൾക്ക് സുഖപ്രദവും ഉപകാരപ്രദവുമായ, ഒരു നിശ്ചിതകാലം വരെ ഉപയോഗിക്കാനുള്ള വസ്തുക്കളും ഉണ്ടാക്കിത്തന്നിരിക്കുന്നു.

കന്നുകാലികളുടെ തുകലുകൾ യാത്രാവേളയിൽ തമ്പുകളും കൂടാരങ്ങളും ഉണ്ടാക്കുന്നതിനുവേണ്ടി പണ്ടുകാലം മുതൽ തന്നെ അറബികളും മരുഭൂവാസികളും ഉപയോഗിച്ചു വന്നിരുന്നു. അവ കൈകാര്യം ചെയ്യുന്നതിന് വളരെ എളുപ്പവും ഭാരരഹിതവുമാണ് എന്നാണ് ഈ സൂക്തത്തിൽ ചൂണ്ടിക്കാണിക്കുന്നത്. അവയുടെ തുകൽ കൊണ്ട് വീടുകൾ മാത്രമല്ല, ബാഗ്, ചെരിപ്പ് തുടങ്ങി ഉപകാരപ്രദമായ പല സാധനസാമഗ്രികളും കൗതുകവസ്തുക്കളും ഉണ്ടാക്കുന്നുണ്ട്. ചെമ്മരിയാടിന്റെ രോമത്തിൽ നിന്നാണ് കമ്പിളി നിർമ്മിക്കുന്നത്. ഒട്ടകത്തിന്റെ രോമം കൊണ്ടും കോലാടിന്റെ മുടികൊണ്ടും ധാരാളം കൗതുകവസ്തുക്കളും കുഷ്യൻ-സോഫാവിരികളും പുതപ്പുകളുമെല്ലാം ഉണ്ടാക്കുന്നുണ്ട്. 6: 142; 7: 24-26; 16: 5-8 വിശദീകരണം നോക്കുക.

81. അല്ലാഹു, അവൻ സൃഷ്ടിച്ച വസ്തുക്കളിൽ നിന്ന് നിഴലുകളും പർവ്വതങ്ങളിൽ നിന്ന് നിങ്ങൾക്ക് സുരക്ഷിതമായ അഭയസങ്കേതങ്ങളും ഉണ്ടാക്കിത്തന്നിരിക്കുന്നു, ഉഷ്ണത്തിൽ നിന്ന് നിങ്ങളെ സംരക്ഷിക്കുന്ന വസ്ത്രങ്ങളും പ്രതികൂല സാഹചര്യങ്ങളിൽ സംരക്ഷിക്കുന്ന മറ്റുചില വസ്ത്രങ്ങളും ഉണ്ടാക്കിത്തന്നു, അപ്രകാരം അവൻ അവന്റെ അനുഗ്രഹം നിങ്ങളുടെമേൽ പൂർത്തിയാക്കിത്തരുന്നു -നിങ്ങൾ സർവ്വസ്വം അവന് സമർപ്പിക്കുന്നവർ തന്നെയാകണം എന്നതിന് വേണ്ടി.

നിഴലുകൾ ഇല്ലാത്ത മരുഭൂമിയിൽ ഒട്ടകത്തിന്റെ നിഴലിൽ വരെ വിശ്രമിക്കുന്ന മരുഭൂവാസികളുണ്ട് എന്നത് അവൻ സൃഷ്ടിച്ച എല്ലാ വസ്തുക്കൾക്കും നിഴലുകൾ ഉണ്ടാക്കിത്തന്നതിന്റെ പ്രസക്തി ചൂണ്ടിക്കാണിക്കുന്നു. പർവ്വതങ്ങളിൽ നിന്ന് നിങ്ങൾക്ക് സുരക്ഷിതമായ അഭയസങ്കേതങ്ങൾ ഉണ്ടാക്കിത്തന്നിരിക്കുന്നു എന്ന് പറഞ്ഞതിന്റെ വിവക്ഷ; പർവ്വതങ്ങളെ അതിരുകളായും കോട്ടകളായും ഉപയോഗപ്പെടുത്തുന്നു എന്നത് മാത്രമല്ല, ശത്രുക്കളിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി ഒളിത്താവളങ്ങളായി ഉപയോഗപ്പെടുത്തുന്നു എന്നുകൂടിയാണ്. നിങ്ങൾക്ക് ചൂടിൽ നിന്ന് രക്ഷപ്പെടാനുള്ള പരുത്തിവസ്ത്രങ്ങൾ മാത്രമല്ല, തണുപ്പിൽ നിന്ന് രക്ഷപ്പെടാനുതകുന്ന കന്നുകാലികളുടെ രോമങ്ങൾ കൊണ്ടുള്ള കമ്പിളി, പുതപ്പ്, മങ്കിസ്യൂട്ട് എന്നിവ നിർമ്മിക്കാനും പഠിപ്പിച്ചു. 'പ്രതികൂല സാഹചര്യങ്ങളിൽ സംരക്ഷിക്കുന്ന മറ്റു ചില വസ്ത്രങ്ങൾ' കൊണ്ടുള്ള ഉദ്ദേശ്യം പടയങ്കികൾ, റെയിൻകോട്ട്, തീ പിടിക്കാത്ത വസ്ത്രങ്ങൾ, വെടിയുണ്ട ഏൽക്കാത്ത വസ്ത്രങ്ങൾ, ഗ്യാസ് മാസ്ക് തുടങ്ങിയവയാണ്. ഇതെല്ലാം നിങ്ങൾക്ക് നൽകിയത് അനുഗ്രഹദാതാവിനെ തിരിച്ചറിഞ്ഞ് അവന് സർവ്വസ്വം സമർപ്പിച്ച് ജീവിക്കാനാണ്. അങ്ങനെ എല്ലാ ന

ടപ്പുകളിലും ഇരിപ്പുകളിലും കിടപ്പുകളിലും അവനെ ഓർമ്മിച്ച് നിലകൊള്ളുക വഴി ജീവിതലക്ഷ്യം സാക്ഷാത്കരിക്കുകയാണ് വേണ്ടത്. അതിനുള്ള ഏകഉപകരണമാണ് ത്രികാലജ്ഞാനമായ അദ്ദിക്ർ.

അല്ലാഹുവിന് മാത്രം കീഴ്പ്പെട്ടുകൊണ്ട് സമൂഹത്തിൽ ജീവിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഗുഹകളിൽപോയി താമസിച്ചിട്ടെങ്കിലും വിശ്വാസം സംരക്ഷിക്കണമെന്നാണ് അല്ലാഹുവിന്റെ കൽപന. 29: 56 ൽ അല്ലാഹു പറയുന്നു: എന്റെ വിശ്വാസികളായ അടിമകളേ! നിശ്ചയം എന്റെ ഭൂമി വിശാലമാകുന്നു, അപ്പോൾ നിങ്ങൾ എന്നെമാത്രം സേവിച്ചുകൊണ്ടിരിക്കുന്നവരാകുവീൻ. 36: 20–29 സൂക്തങ്ങളിൽ പറഞ്ഞ വിശ്വാസിയായ *ഹബീബുന്നജ്ജാർ* അപ്രകാരം ഗുഹയിൽ താമസിച്ചുകൊണ്ടിരിക്കെയാണ് ആ നാട്ടിലേക്ക് മൂന്ന് പ്രവാചകൻമാരെ അല്ലാഹു നിയോഗിക്കുന്നതും ജനങ്ങൾ അവരെ തള്ളിക്കളഞ്ഞ് എതിർത്തപ്പോൾ അവൻ ഓടിവന്ന് ജനങ്ങളോട് പ്രവാചകൻമാരെ പിൻപറ്റാൻ ഉപദേശിക്കുന്നതും. ആ ജനത അവനെ വധിച്ചപ്പോൾ പിന്നെ ആ നാടിനെ അല്ലാഹു നിലനിർത്തുകയുണ്ടായില്ല. അതുപോലെ വിശ്വാസികളായ ഏഴ് യുവാക്കൾ അവരുടെ ജനതയുടെ ജീവിതരീതി പാടെ വെടിഞ്ഞ് അല്ലാഹുവിൽ അഭയം തേടിയപ്പോൾ അല്ലാഹു അവരെ ഒരു ഗുഹയിലേക്ക് നയിച്ച് അവിടെ മുന്നൂറ് വർഷം ഉറക്കിക്കിടത്തി സംരക്ഷിച്ച കാര്യം സൂറത്ത് കഹ്ഫിൽ വിവരിച്ചിട്ടുണ്ട്. ഇനി അല്ലാഹുവിന്റെ പ്രതിനിധിയായി ജീവിക്കാൻ ആഗ്രഹിക്കുന്ന വിശ്വാസിക്ക് അതിന് ഭൂമിയിൽ എവിടെയും സാധിക്കാതെ വരുമ്പോഴാണ് ലോകത്തിന്റെ അന്ത്യം സംഭവിക്കുക. 3: 83–85, 190–191; 9: 32; 16: 18, 89 വിശദീകരണം നോക്കുക.

82. ഇനി അവർ പിന്തിരിഞ്ഞ് പോവുകയാണെങ്കിൽ അപ്പോൾ നിശ്ചയം നിന്റെ മേൽ വ്യക്തമായി എത്തിച്ചുകൊടുക്കൽ മാത്രമാണുള്ളത്.

മനുഷ്യർ അനുഭവിച്ചുകൊണ്ടിരിക്കുന്ന എണ്ണിക്കണക്കാക്കാൻ സാധിക്കാത്ത വിധത്തിലുള്ള അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തിയിട്ടും അല്ലാഹുവിന്റെ സന്ദേശം സ്വീകരിക്കാൻ ജനങ്ങൾ തയ്യാറില്ലെങ്കിൽ അവരിലേക്ക് സന്ദേശം എത്തിച്ചുകൊടുക്കേണ്ട ബാധ്യത മാത്രമാണ് പ്രവാചകനും വിശ്വാസിക്കും ഉള്ളത്. വിചാരണ നടത്തുക അല്ലാഹുതന്നെയാണ്.

41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യയൊന്നും കടന്നുകൂടാത്ത, ത്രികാലജ്ഞാനിയിൽ നിന്നുള്ള അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അത് ലോകർക്ക് എത്തിച്ച് കൊടുക്കാനും അതിനെ മൂടിവെക്കുന്ന കുഫ്ഫാറുകളോടും കപടവിശ്വാസികളോടും അധികരിച്ച ജിഹാദ് ചെയ്യാനുമാണ് 9: 73 ലൂടെ വിശ്വാസിയോട് കൽപിച്ചിട്ടുള്ളത്. 2: 119; 5: 67; 13: 40–41 വിശദീകരണം നോക്കുക.

83. അവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ തിരിച്ചറിയുന്നവരും പിന്നെ അതിനോട് വിരോധം വെക്കുന്നവരുമാകുന്നു, അവരിൽ അധികപേരും കാഫിറുകളാകുന്നു.

അനുഗ്രഹങ്ങളെല്ലാം നൽകിയത് അല്ലാഹുവാണെന്ന വസ്തുത ഒരുകാലത്തും ഒരു ജനതയും നിഷേധിച്ചിരുന്നില്ല. ഇതെല്ലാം അല്ലാഹു നൽകിയത് മഹാത്മാക്കളുടെയും ദേവതകളുടെയും ഇടപെടൽ മൂലമാണെന്നാണ് മക്കയിലെ കാഫിറുകൾ വിശ്വസിച്ചിരുന്നത്. ഈ അനുഗ്രഹങ്ങൾക്ക് അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നതോടൊപ്പം അല്ലാഹുവിനുള്ളതിനേക്കാൾ കൂടുതലായി അവർ ഈ മധ്യവർത്തികൾക്ക് നന്ദി പ്രകടിപ്പിച്ചിരു

ന്നതും അതുകൊണ്ടായിരുന്നു. അല്ലാഹുവിനെ ധിക്കരിച്ചുകൊണ്ട് ഈ മധ്യവർത്തികളെ ശുപാർശക്കാരും ഇടയാളൻമാരുമായി വെക്കുന്നതിനും അവർക്ക് നേർച്ച-വഴിപാടുകൾ അർപ്പിക്കുന്നതിനും പ്രേരിപ്പിക്കുന്ന അവരുടെ നേതാക്കൻമാരെയും പുരോഹിതൻമാരെയും അനുസരിച്ചിരുന്നതും അനുഗ്രഹങ്ങൾ ലഭിക്കുന്നതിന് അവരുടെ പ്രാർത്ഥന കാരണമാകുന്നുണ്ടെന്ന മിഥ്യാധാരണയാലായിരുന്നു. എന്നാൽ, ഭൗതിക വിദ്യാഭ്യാസമോ ഇന്ന് മനുഷ്യർ അനുഭവിച്ചുകൊണ്ടിരിക്കുന്ന മറ്റു അനുഗ്രഹങ്ങളോ ലഭ്യമല്ലാതിരുന്ന അക്കാലത്തെ കാഫിറുകളേക്കാൾ ആ അനുഗ്രഹങ്ങളെല്ലാം ആസ്വദിച്ചു കൊണ്ടിരിക്കുന്ന ഇന്നത്തെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കാഫിറുകളാണ് ലോകരിൽ വെച്ച് ഏറ്റവും നന്ദികെട്ടവർ. അന്ന് അവർക്ക് ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥത്തിന്റെ ഒറ്റ പ്രതിപോലും ഇല്ലായിരുന്നുവെങ്കിൽ ഇന്ന് 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യ ഗ്രന്ഥമായ ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ അവർക്ക് വന്നുകിട്ടിയിട്ടുണ്ട്. എന്നാൽ ഇന്നത്തെ കാഫിറുകൾ അത് പഠിക്കുകയോ പഠിപ്പിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നില്ല എന്ന് മാത്രമല്ല, അതിനെ തള്ളിപ്പറയുക എന്നത് അവരുടെ ഭക്ഷണമാക്കിയിരിക്കുകയുമാണ്. പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അതിനെ അവർ സ്വയം ഉപയോഗപ്പെടുത്തുകയോ പ്രവാചകന്റെതന്നെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനവിഭാഗങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യുന്നുമില്ല. അതുവഴി അവർ മറ്റുള്ളവരുടെ പാപഭാരം കൂടി വഹിച്ച് നരകക്കുണ്ഠത്തിൽ പോകേണ്ടവരായിരിക്കുകയാണ്; എന്നാൽ അക്കാര്യം അവർ തിരിച്ചറിയുന്നില്ല എന്ന് 6: 26ൽ പറഞ്ഞിട്ടുണ്ട്.

അറബി അക്ഷരം പോലും പഠിക്കാത്തവരെക്കാൾ എല്ലാ തിന്മകളിലും മുമ്പിലും നന്മകളിൽ പിന്നിലുമായ ഫുജ്ജാറുകൾ പ്രകൃതി സംസ്കാരം പോലും ഇല്ലാത്തവരായി അധഃപതിച്ചിരിക്കുന്നു. നമസ്കരിച്ചും നോമ്പനുഷ്ഠിച്ചും ഹജ്ജും ഉംറയും നിർവ്വഹിച്ചും നരകക്കുണ്ഠം പിഴയായി സമ്പാദിക്കുന്ന ഇവർക്കെതിരായി പരലോകത്തുവെച്ച് 25: 18 പ്രകാരം മഹാത്മാക്കൾ 'അദ്ദിക്റിനെ വിസ്മരിച്ച് ജീവിച്ചിരുന്ന ഒരു കെട്ടജനതയായിരുന്നു ഇവർ' എന്ന് അന്യായം ബോധിപ്പിക്കുന്നതാണ്. 25: 29 പ്രകാരം 'അദ്ദിക്ർ എനിക്ക് വന്നുകിട്ടിയതിന് ശേഷം വഞ്ചകനായ പിശാച് എന്നെ അതിൽ നിന്ന് തടഞ്ഞല്ലോ' എന്ന് വിലപിക്കുന്നതും ഇക്കൂട്ടർ തന്നെയാണ്. 25: 30 പ്രകാരം പ്രവാചകൻ ഗ്രന്ഥം കൊണ്ടുവന്ന് 'എന്റെ ഈ ജനത ഈ വായനയെ അവഗണിച്ച് ജീവിച്ചതാണ് ഇവർക്ക് വന്ന ദുർഗ്ഗതി' എന്ന് അന്യായം ബോധിപ്പിക്കുന്നതും ഇവർക്കെതിരായിട്ട് തന്നെയാണ്. അവരിൽ അധികപേരും കാഫിറുകളാണ് എന്ന് പറഞ്ഞതിന്റെ വിവക്ഷ 4: 118 ന്റെ വിശദീകരണമായി നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ച പ്രകാരം ഗ്രന്ഥം കിട്ടിയവരിൽ എല്ലാഓരോ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതും കാഫിറായ പിശാച് പാട്ടിലാക്കിയ കാഫിറുകളാണ് എന്നാണ്. 5: 49-50; 9: 67-68; 98: 6 വിശദീകരണം നോക്കുക.

84. എല്ലാഓരോ സമുദായത്തിൽ നിന്നും ഒരു സാക്ഷിയെ നാം എഴുന്നേൽപിച്ച് കൊണ്ടുവരുന്ന ദിനം, പിന്നെ കാഫിറുകളായവർക്ക് ഒഴികഴിവ് നൽകപ്പെടുകയില്ല, അവർക്ക് പ്രായശ്ചിത്തത്തിന് അവസരം നൽകപ്പെടുകയുമില്ല.

ഗ്രന്ഥത്തിന്റെ ശരീരം ഈണത്തിലും രാഗത്തിലും പാരായണം ചെയ്യാനും മനഃപ്പാഠമാക്കാനും പഠിപ്പിക്കുകയും അതിന്റെ ആത്മാവായ അദ്ദിക്ർ പഠിപ്പിക്കാതെ ജീവനായ അർത്ഥം മാത്രം പഠിപ്പിക്കുകയും ചെയ്യുന്നവർ 3: 10, 116; 8: 22, 55; 9: 84-85 തുടങ്ങിയ സൂ

ക്തങ്ങൾ പ്രകാരം കാഫിറുകളും തിന്മയേറിയ ജീവികളുമാണ്. വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും അത്തരം കാഫിറുകൾക്കെതിരെ മുഹൈമിനായ അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* നടത്തുകയും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അത് ലോകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നവരെ 39: 69 പ്രകാരം പരലോകത്ത് കാഫിറുകൾക്കെതിരിൽ സാക്ഷിയായി അല്ലാഹു കൊണ്ടുവരുന്നതാണ്. അദ്ദിക്ർ സ്വയം പിൻപറ്റുകയും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അത് പ്രവാചകൻ മുഹമ്മദിന്റെതന്നെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനവിഭാഗങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നൽകിക്കൊണ്ട് അല്ലാഹുവിനെയും പ്രവാചകനെയും ഗ്രന്ഥത്തെയും ജീവിപ്പിക്കുകയും ചെയ്യുന്നവർ സ്വർഗത്തിൽ പോകുന്നതാണ്. അദ്ദിക്റിന്റെ 40 പേരുകളെ അറിഞ്ഞിട്ട് മൂടിവെക്കുന്ന കപടവിശ്വാസികൾ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിലേക്കാണ് പോവുക. അവർക്ക് ഭൂമിയിലുള്ള സർവ്വസ്വം കിട്ടി അതുകൊണ്ട് തെണ്ടം ചെയ്താലും രക്ഷ ലഭിക്കുകയില്ല എന്നും അല്ലാഹു അവരെ ശുദ്ധീകരിക്കുകയില്ല എന്നും 3: 90–91; 10: 54; 13: 18 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇന്നേദിനം അവർ സംസാരിക്കുകയില്ല, അവർക്ക് ന്യായം ബോധിപ്പിക്കാൻ അനുവാദം നൽകുകയുമില്ല എന്ന് 77: 35–36 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 66: 6 ൽ വിശ്വാസികളെ വിളിച്ച് നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും നിങ്ങൾ നരകത്തെത്തൊട്ട് കാത്തുകൊള്ളുക എന്ന് പറഞ്ഞ ശേഷം അങ്ങനെ ചെയ്യാത്ത കാഫിറുകളെ വിളിച്ച് 66: 7 ൽ ഇന്നേദിനം (വിധിദിവസം) നിങ്ങൾ ഒഴികഴിവൊന്നും പറയേണ്ടതില്ല എന്ന് പറയുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 143–144, 254; 4: 41–42, 56 വിശദീകരണം നോക്കുക.

85. അക്രമികളായവർ ശിക്ഷ കാണുമ്പോഴോ –അപ്പോൾ അത് അവരെത്തൊട്ട് ലഘൂകരിക്കപ്പെടുകയില്ല, അവർ സാവകാശം നൽകപ്പെടുന്നവരാവുകയുമില്ല.

അദ്ദിക്ർ വന്നുകിട്ടിയിട്ട് സ്വയം ഉപയോഗപ്പെടുത്താത്തവരും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാത്തവരുമാണ് അക്രമികൾ. 7: 179 ൽ പറഞ്ഞ ജീവിതലക്ഷ്യം നഷ്ടപ്പെട്ട തെമ്മാടികളായ കപടവിശ്വാസികളും ജീവിതലക്ഷ്യത്തെക്കുറിച്ച് ചിന്തിക്കാത്ത പ്രജ്ഞയറ്റ അവരുടെ *അനുയായികളും* തന്നെയാണ് അക്രമികളായ ഫുജ്ജാറുകളും ഭ്രാന്തന്മാരും 7: 37 പ്രകാരം മരണസമയത്ത് ആത്മാവിന്നെതിരെ 'നിശ്ചയം ഞങ്ങൾ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുന്നവരും. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് കാക്കകാരണവൻമാരെ അന്ധമായി പിൻപറ്റുകയും സൃഷ്ടികൾ എഴുതിയുണ്ടാക്കിയ കർമ്മശാസ്ത്രഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്ന ലക്ഷ്യബോധം നഷ്ടപ്പെട്ടവരും പ്രജ്ഞയറ്റവരുമായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ ജീവിതരീതി പിൻപറ്റുന്നവരിൽ ഞങ്ങളെ നീ ചേർക്കരുതേ എന്നാണ് സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ വിശ്വാസി മനസ്സാ–വാചാ–കർമ്മണാ പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. 7: 40–41; 10: 106; 11: 18–19 വിശദീകരണം നോക്കുക.

86. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ തങ്ങളുടെ പങ്കാളികളെ കാണുമ്പോൾ പറയും: ഞങ്ങളുടെ നാഥാ! നിന്നെക്കൂടാതെ മുമ്പ് ഞങ്ങൾ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഞങ്ങളുടെ പങ്കാളികൾ ഇ

ക്കൂട്ടരാണ്, അവരുടെ വാക്കുകൾ അവരിലേക്കുതന്നെ തിരിച്ചടിക്കും: നിശ്ചയം നിങ്ങൾ കള്ളം പറയുന്നവർ തന്നെയായിരുന്നു.

ഇവിടെ അല്ലാഹുവിനെക്കൂടാതെ ആരാണോ അവന്റെ സൃഷ്ടികളെ വിളിച്ചുപ്രാർത്ഥിക്കുകയും സഹായം തേടുകയും അവരുടെ പേരിൽ നേർച്ച-വഴിപാടുകൾ അർപ്പിക്കുകയും ചെയ്യുന്നത്, അവർ വിചാരണാനാളിൽ അവർ ജൽപിച്ചിരുന്ന പങ്കാളികളെ കാണുമ്പോൾ അല്ലാഹുവിനോട് പറയുന്നതാണ്: ഞങ്ങൾ ഐഹികലോകത്തുവെച്ച് ഇവരെയാണ് വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നത്; അപ്പോൾ ആ മഹാത്മാക്കൾ മറുപടി പറയും: ഞങ്ങൾ അതൊന്നും പഠിപ്പിച്ചിട്ടില്ല, നിങ്ങൾ കളവുപറയുന്നവർ തന്നെയാണ്. എന്നാൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകളാണ് ഇന്ന് അല്ലാഹു അല്ലാത്തവർക്ക് നേർച്ച-വഴിപാടുകൾ നടത്തുന്നതും പുണ്യം പ്രതീക്ഷിച്ചുകൊണ്ട് ജാറങ്ങളിലേക്ക് പോകുന്നതുമെല്ലാം. അതിന് അവരെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന കപടവിശ്വാസികളായ നേതാക്കൾ 4: 145 പ്രകാരം വിചാരണയില്ലാതെ നരകത്തിലേക്ക് പോകുന്ന കാഫിറുകളാണെങ്കിൽ മുശ്രിക്കുകളായ അനുയായികൾ 39: 71 പ്രകാരം വിചാരണക്ക് ശേഷം നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുന്ന കാഫിറുകളാണ്. ഇവർ കണ്ട, തൊട്ട, കേട്ട, വായിച്ച ഗ്രന്ഥം ഇവർക്കെതിരെ വാദിക്കുന്നതും സാക്ഷ്യം വഹിക്കുന്നതുമാണ്. 1: 7; 6: 22–25; 16: 20–21; 48: 6 വിശദീകരണം നോക്കുക.

87. അന്നേദിനം അവർ അല്ലാഹുവിന് പരിപൂർണ്ണമായി കീഴടങ്ങുന്നതാണ്, അവർ കെട്ടിച്ചമച്ചുണ്ടാക്കിയിരുന്നതെല്ലാം അവരെത്തൊട്ട് വഴിമാറിപ്പോവുന്നതുമാണ്.

ബുദ്ധി ഉപയോഗിച്ച് ചിന്തിക്കാത്ത ഇത്തരം ഭ്രാന്തൻമാർ തങ്ങളുടെ നാഥന്റെ മുമ്പിൽ പൂർണമായും കീഴടങ്ങി തലകുനിച്ചുകൊണ്ട് നിൽക്കുന്ന രംഗം നീ കാണുകയാണെങ്കിൽ! അവർ പറയും: 'ഞങ്ങളുടെ നാഥാ, ഞങ്ങൾ നരകത്തിലെ കാഴ്ച്ചകൾ കണ്ടു, ഞങ്ങൾ അതിലെ രോദനങ്ങൾ കേട്ടു, ഞങ്ങളെ ഐഹികലോകത്തേക്ക് ഒന്നുകൂടി തിരിച്ചയച്ചാലും! ഞങ്ങൾ സൽകർമ്മങ്ങൾ ചെയ്തുകൊള്ളാം, നിശ്ചയം ഞങ്ങൾക്ക് ദൃഢബോധ്യം വന്നിരിക്കുന്നു' എന്ന് 32: 12 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 'ഉറപ്പ് നൽകുന്ന സത്യമായ' അദ്ദിക്റിനെ ഉൾക്കാഴ്ചാദായകമായി ഉപയോഗപ്പെടുത്താത്തവർ കണ്ണിന് ഉറപ്പാകുന്നതുവരെ ജ്വലിക്കുന്ന നരകം കാണുകതന്നെ ചെയ്യും എന്ന് 102: 5–7 സൂക്തങ്ങളിലും; അദ്ദിക്റിനെ മൂടിവെച്ച കാഫിറുകൾ നരകത്തിലേക്ക് വലിച്ചെറിയപ്പെടുമ്പോൾ അവർ അതിലെ രോദനങ്ങളും ഓളിയിടലും കേൾക്കുന്നതാണ്, അതാകട്ടെ തിളച്ച് മറിഞ്ഞു കൊണ്ടിരിക്കുകയുമായിരിക്കും എന്ന് 67: 7 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ഉപയോഗപ്പെടുത്താതെ തങ്ങളുടെ സമ്പാദ്യം നരകമാക്കിയവർ നരകത്തിൽ ശാശ്വതരായി കഴിഞ്ഞുകൂടുന്നതാണ്. അവരോട് അല്ലാഹു ചോദിക്കുന്നതാണ്: എന്റെ സൂക്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതന്നിട്ടുണ്ടായിരുന്നില്ലേ, അപ്പോൾ നിങ്ങൾ അതിനെ തള്ളിപ്പറഞ്ഞുകൊണ്ടേയിരുന്നു; അവർ പറയും: 'ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ദൗർഭാഗ്യം ഞങ്ങളെ കീഴടക്കി, നിശ്ചയം ഞങ്ങൾ വഴിപിഴച്ചവർ തന്നെയായിരുന്നു; ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ ഇവിടെനിന്ന് ഒന്ന് പുറപ്പെടുവിച്ചാലും, അപ്പോൾ ഇനിയും ഞങ്ങൾ അതിക്രമം കാണിക്കുകയാണെങ്കിൽ ഞങ്ങൾ അക്രമികൾ തന്നെയായിരിക്കും' എന്ന് 23: 103–107 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 6: 27–28, 94; 7: 53 വിശദീകരണം നോക്കുക.

88. കാഫിറുകളായവരും അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് ജനങ്ങളെ തടയുന്നവരുമായവർ, അവർക്ക് ശിക്ഷക്കുമേൽ ശിക്ഷ നാം വർദ്ധിപ്പിച്ചുകൊടുക്കുന്ന

താണ്, അവർ നാശകാരികളായിരുന്നതുകൊണ്ട്.

അദ്ദിക്റിനെ അറിഞ്ഞിട്ട് മൂടിവെക്കുകയും അതിനെത്തൊട്ട് മറ്റുള്ളവരെ തടയുകയും ചെയ്യുന്നവർക്ക് ശിക്ഷ ഇരട്ടിപ്പിച്ച് നൽകുന്നതാണ്. അതിനുകാരണം പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്റിനെ മൂടിവെച്ച് ലോകത്തിന്റെ അന്ത്യത്തിന് ധൃതിപ്പെട്ടുകൊണ്ടിരുന്ന നാശകാരികളായതാണ്. വിശ്വാസം വർദ്ധിക്കാനുള്ള ഉപകരണം അദ്ദിക്റാണെന്ന് 8: 2-4 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഫുജ്ജാറുകൾ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 33-34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 9: 67-68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ നമസ്കാരം, നോമ്പ്, ദാനധർമങ്ങൾ, ഹജ്ജ്, ഉംറ തുടങ്ങിയ കർമങ്ങളൊന്നും തന്നെ സ്വീകരിക്കപ്പെടുകയില്ല എന്ന് മാത്രമല്ല, 25: 65-66 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ലക്ഷ്യബോധമില്ലാതെ പ്രജ്ഞയറ്റവരായി ഇവിടെ ജീവിച്ചതിന് പിഴയായി അവർക്ക് നരകക്കുണ്ഠാഗ്നിയാണ് ലഭിക്കുക. 2: 39; 7: 45-47; 9: 55, 101, 125; 16: 24-25 വിശദീകരണം നോക്കുക.

89. എല്ലാഓരോ സമുദായത്തിനും അവരുടെ മേൽ സാക്ഷ്യം വഹിക്കുന്ന അവരിൽ നിന്നുള്ള ഒരു സാക്ഷിയെ നാം എഴുന്നേൽപിക്കുന്ന ദിനം! ഇക്കൂട്ടരുടെ മേൽ സാക്ഷിയായി നിന്നെയും നാം കൊണ്ടുവരുന്നതാണ്, എല്ലാഓരോ കാര്യവും വ്യക്തമായി വിശദീകരിച്ചിട്ടുള്ള ഒരു ഗ്രന്ഥം നാം നിന്റെമേൽ അവതരിപ്പിച്ചിട്ടുമുണ്ട്, അത് സർവ്വസ്വം അല്ലാഹുവിന് സമർപിച്ച് ജീവിക്കുന്നവർക്ക് സൻമാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാകുന്നു.

അന്ത്യപ്രവാചകനായ മുഹമ്മദിനുമുമ്പുള്ള സമുദായങ്ങൾക്കെതിരായി അവരിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻമാരും അവരെ സാക്ഷ്യപ്പെടുത്തി ജീവിച്ച വിശ്വാസികളുമാണ് സാക്ഷികളായി കൊണ്ടുവരപ്പെടുക. 'ഇക്കൂട്ടരുടെമേൽ സാക്ഷിയായി നിന്നെയും നാം കൊണ്ടുവരുന്നതാണ്' എന്നുപറഞ്ഞതിലെ 'ഇക്കൂട്ടരിൽ' പ്രവാചകന്റെ കാലത്തുള്ള പ്രവാചകനെക്കുറിച്ച് അറിഞ്ഞ ജൂതരും ക്രൈസ്തവരും സാബിമതക്കാരും മക്കാമുശ്രിക്കുകളുമെല്ലാം ഉൾപ്പെടുന്നതാണ്. നബിയുടെ കാലശേഷം അന്ത്യനാൾ വരെയുള്ള മനുഷ്യരെല്ലാം പ്രവാചകന്റെ സമുദായ (*ഉമ്മത്ത്*)ത്തിൽ പെട്ടവാരാണെങ്കിലും പ്രവാചകന്റെ ജനത(*ഖൗം*)യിൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മാത്രമാണ് ഉൾപ്പെടുക. അവർക്കെതിരായിട്ടുമാണ് പ്രവാചകനെ സാക്ഷിയായി കൊണ്ടുവരിക. 43: 44 ൽ, അദ്ദിക്ർ നിനക്കും നിന്റെ ജനതക്കുമുള്ള ഒരു ഉണർത്തലാണ്, നിങ്ങൾ രണ്ടുകൂട്ടരും അതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്.

'എല്ലാഓരോ കാര്യവും വ്യക്തമായി വിശദീകരിച്ചിട്ടുള്ള ഒരു ഗ്രന്ഥം നാം നിന്റെ മേൽ അവതരിപ്പിച്ചിട്ടുമുണ്ട്' എന്നുപറഞ്ഞതിൽ നിന്നും സാക്ഷിയായ അദ്ദിക്റും സാക്ഷ്യം വഹിക്കുമെന്ന് മനസ്സിലാക്കാം. ത്രികാലജ്ഞാനിയുടെ ത്രികാലജ്ഞാനമായ അദ്ദിക്റാണ് ഏറ്റവും വലിയ സാക്ഷി എന്ന് 6: 19, 11: 17 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദികർ *അതിനെ ജീവിപ്പിച്ചവർക്കുവേണ്ടി ശുപാർശ ചെയ്യുന്നതും ശുപാർശ ചെയ്യിപ്പിക്കുന്നതുമാണെന്ന്* നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. പ്രവാചകന്റെ പൂർണജീവിതം സാക്ഷ്യപ്പെടുത്തുന്ന വിശ്വാസികളുടെ സംഘം ലോകത്തൊരിടത്തും ഇല്ലാത്ത അവസ്ഥയിൽ പ്രവാചകന്റെ സമുദായത്തിൽപെട്ട ഇതര ജനവിഭാഗങ്ങളെ അല്ലാഹുവിന് ശിക്ഷി

ക്കാൻ ന്യായമില്ല. എന്നാൽ അവരിൽ എഴുത്തും വായനയും അറിയുന്നവർക്ക് ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ ലഭിച്ചിട്ട് അതിനെ രക്തചൊരിച്ചിലും തീവ്രവാദവും ഇല്ലായ്മ ചെയ്യാനുള്ള ആയുധമായും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സായും ഉപയോഗപ്പെടുത്തിയിട്ടില്ലെങ്കിൽ വിചാരണക്കുശേഷം അവരേയും ഫുജ്ജാറുകളെ അയക്കുന്ന നരകത്തിലേക്ക് അയക്കുന്നതായിരിക്കും. അവർ അദ്ദിക്ർ വായിച്ച് മനസ്സിലാക്കുകയും മറ്റുള്ളവരിലേക്ക് അതിന്റെ സന്ദേശം എത്തിച്ചുകൊടുക്കുകയുമാണെങ്കിൽ അദ്ദിക്ർ ലഭിക്കാത്തവരെ അയക്കുന്ന ലോകങ്ങളിലേക്ക് -നരകമല്ലാത്ത മറ്റേതെങ്കിലും ലോകത്തേക്ക്- വിചാരണക്കുശേഷം അവരെ അയക്കുന്നതാണ്. ഇന്ന് ലോകത്തുള്ള ഏതൊരുവനും സ്വർഗത്തിലേക്ക് എത്തിപ്പെടണമെങ്കിൽ അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുകതന്നെ വേണം. ഇതിനെല്ലാം പുറമെ ഓരോ മനുഷ്യന്റെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള സോഫ്റ്റ്വേറും അവരവരുടെത്തന്നെ തൊലി, കേൾവി, കാഴ്ച, കൈകാലുകൾ എന്നിവയും എല്ലാ ജീവജാലങ്ങളും ഭൂമിതന്നെയും അദ്ദിക്റിനെ മൂടിവെച്ച യഥാർത്ഥ കാഫിറുകൾക്കെതിരെ സാക്ഷ്യം വഹിക്കുന്നതാണ്. ജീവിതത്തിന്റെ ഏഴാം ഘട്ടത്തിലേക്കുവേണ്ടി സ്വർഗ്ഗം സമ്പാദിക്കുന്നതിന് വേണ്ടിയാണ് നാലാംഘട്ടമായ ഭൂമിയിലെ നിയോഗമെന്ന് മനസ്സിലാക്കിക്കൊണ്ട് സത്യവും അസത്യവും വേർതിരിച്ച് മനസ്സിലാക്കുന്നതിനുള്ള ഉരക്കല്ലും ഉൾക്കാഴ്ചദായകവും ആപത്ത് വിപത്തുകളെത്തൊട്ടും നരകത്തെത്തൊട്ടും സംരക്ഷണം നേടുന്നതിനുള്ള മുഹൈമിനുമായി അദ്ദിക്റിനെ ഉപയോഗപ്പെടുത്തുന്നവർക്ക് മാത്രമേ അത് അനുകൂലമായി വാദിക്കുകയും സാക്ഷിനിൽക്കുകയും ചെയ്യുകയുള്ളു.

'എല്ലാഓരോ കാര്യവും വ്യക്തമായി വിശദീകരിച്ചിട്ടുള്ളത്' എന്നുപറഞ്ഞതിന്റെ വിവക്ഷ ത്രികാലജ്ഞാനിയുടെ ത്രികാലജ്ഞാനമായ അദ്ദിക്റിൽ പരാമർശിക്കാത്ത ഒരു കാര്യവുമില്ല, എല്ലാ അറിവുകളുടെയും ഉറവിടം അദ്ദിക്റാണ് എന്നെല്ലാമാണ്. പ്രപഞ്ചത്തിലും മനുഷ്യരിലും നടക്കുന്ന ഒരുകാര്യവും അതിൽ രേഖപ്പെടുത്താത്തതായിട്ടില്ല എന്ന് 10: 61; 22: 70; 34: 3; 57: 22 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. അപ്പോൾ പ്രപഞ്ചത്തിൽ നടക്കുന്ന ഏതൊരു ചലനവും അല്ലാഹു ഉദ്ദേശിച്ച ആശയത്തിൽ മനസ്സിലാക്കാൻ അദ്ദിക്ർ കൊണ്ട് മാത്രമേ സാധിക്കുകയുള്ളു. അല്ലാഹുവിന്റെ രൂപം, സ്വഭാവം, ചര്യ, അവന്റെ സിംഹാസനമുള്ള സ്ഥലം, അവിടേക്ക് എത്തിപ്പെടാനുള്ള മാർഗ്ഗം, പിശാചിന്റെ രൂപം, സ്വഭാവം, ചര്യ, പാർപ്പിടം, ഭൂമിയിലെ അവന്റെ പ്രതിനിധികളുടെ സ്വഭാവം തുടങ്ങിയവയെല്ലാം അതിൽ വിശദീകരിച്ചിട്ടുണ്ട്. നിഷ്പക്ഷവാനായ അല്ലാഹു മനുഷ്യന്റെ സ്വഭാവം മാറ്റുകയില്ല. അല്ലാഹുവിന്റെയും പ്രവാചകന്റെയും സ്വഭാവമായ അദ്ദിക്ർ കൊണ്ട് ആരാണോ തന്റെ സ്വഭാവം വിശ്വാസിയായ അല്ലാഹുവിന്റെതാക്കി മാറ്റുന്നത്, അവർക്ക് സമാധാനമായ അല്ലാഹുവിന്റെ വീടായ സമാധാനഗേഹത്തിലേക്ക് സ്വാഗതമുണ്ട്. എന്നാൽ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനനുസരിച്ച് സ്വഭാവം ക്രമപ്പെടുത്താത്ത ഏതൊരാൾക്കും കാഫിറായ പിശാചിന്റെ രൂപത്തിൽ അവന്റെ താവളമായ നരകത്തിലേക്കാണ് സ്വാഗതം.

അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്നവർ അഥവാ മുസ്ലിംകൾ ആണെന്ന് അർഹതയില്ലാതെ വാദിക്കുന്നവരും പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ജനവിഭാഗങ്ങളെ കാഫിറുകളെന്ന് തെറ്റായി മുദ്രകുത്തുന്നവരുമാണ്. അവർ അറബി

ഖുർആനിനെത്തൊട്ടല്ല ബധിരരും ഊമരും അന്ധരുമായിട്ടുള്ളത്, മറിച്ച് അദ്ദിക്റിനെത്തൊട്ടാണ്. വിധിദിവസം പ്രവാചകൻ അദ്ദിക്റും കൊണ്ട് വന്ന് 'എന്റെ ഈ ജനത വ്യക്തമായ ഈ വായനയിൽ നിന്ന് ഒളിച്ചോടിപ്പോയതാണ് ഇവർക്ക് വന്ന ദുർഗതി' എന്ന് അന്യായം ബോധിപ്പിക്കുമെന്ന് 25: 30 ലും; മഹാത്മാക്കൾ 'ഇവർ അദ്ദിക്റിനെ വിസ്മരിച്ച കെട്ടജനതയായിരുന്നു' എന്ന് പറയുമെന്ന് 25: 18 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഫുജ്ജാറുകൾ തന്നെയാണ് കുഫ്ഫാറുകളെന്ന് 83: 7, 34, 36 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 14: 30 ൽ വിവരിച്ച പ്രകാരം പ്രവാചകനും ഇന്ന് വിശ്വാസിയും ഈ ജനതയോട് 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്ക് തന്നെയാണ്' എന്ന് പറയാൻ കൽപിക്കപ്പെട്ടിട്ടുണ്ട്. മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകനാണ്, അവനോടൊപ്പമുള്ളവർ കുഫ്ഫാറുകളോട് കാർക്കശ്യമായി വർത്തിക്കുന്നവരും അവർ പരസ്പരം കാരുണ്യത്തിൽ വർത്തിക്കുന്നവരുമാണ് എന്ന് 48: 29 ൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളോടാണ് കാരുണ്യത്തിൽ വർത്തിക്കുക. 5: 48; 6: 38; 16: 84 വിശദീകരണം നോക്കുക.

90. നിശ്ചയം അല്ലാഹു നീതികൊണ്ടും ഏറ്റവും നല്ലതുകൊണ്ടും അടുത്തവർക്ക് നൽകൽ കൊണ്ടും കൽപിക്കുന്നു, മ്ലേച്ഛവും നിഷിദ്ധവും വിദ്വേഷപരവുമായ കാര്യങ്ങളെത്തൊട്ട് വിരോധിക്കുകയും ചെയ്യുന്നു, അവൻ നിങ്ങളെ ഉപദേശിക്കുകയാകുന്നു, നിങ്ങൾ ഹൃദയം കൊണ്ട് ഓർമിക്കുകതന്നെ വേണം എന്നതിന് വേണ്ടി.

സൂക്തത്തിൽ പറഞ്ഞ നീതിയും ഏറ്റവും നല്ലതും അദ്ദിക്ർ തന്നെയാണ്. അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധികൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. *അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തിപ്പെടുക, അല്ലാഹുവിന്റെ കോപത്തിൽ കോപിക്കുക, അല്ലാഹുവിന്റെ തൃപ്തിയിൽ നൽകുക, അല്ലാഹുവിന്റെ കോപത്തിൽ നൽകാതിരിക്കുക എന്നതുവരെ ഒരാളും വിശ്വാസിയാവുകയില്ല* എന്നും, *ഒരുവന്റെ ഇച്ഛ ഞാൻ കൊണ്ടുവന്നത് പിൻപറ്റുന്നത് വരെ ഒരാളും വിശ്വാസിയാവുകയില്ല* എന്നും പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അഥവാ നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ ഒരാളും വിശ്വാസിയാവുകയില്ല എന്നർത്ഥം. ആര് എന്ത് നന്മ ചെയ്താലും അതിനെ അംഗീകരിക്കുകയും ആ നന്മയിൽ സഹകരിക്കുകയും ചെയ്യുക എന്നത് വിശ്വാസിയുടെ ബാധ്യതയാണ്. വിശ്വാസി വർഗീയത, ദേശീയത, സ്വാർത്ഥത, സംഘടനാപക്ഷപാതം, ലിംഗപക്ഷപാതം തുടങ്ങിയ പൈശാചിക ദുർഗുണങ്ങൾ വെച്ചുപുലർത്തുകയില്ല. 92: 5-7 സൂക്തങ്ങളിൽ, ആരാണോ അല്ലാഹുവിന്റെ തൃപ്തിയിൽ നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും നല്ലതായ അദ്ദിക്റിനെ സത്യപ്പെടുത്തുകയും ചെയ്യുന്നത്, അപ്പോൾ അവന്റെ എല്ലാകാര്യങ്ങളും നാം എളുപ്പമാക്കിക്കൊടുക്കുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. അത്തരക്കാരാണ് സൂക്തത്തിൽ പറഞ്ഞ നീതി പാലിക്കുന്നവർ. 92: 8-10 സൂക്തങ്ങളിൽ, ആരാണോ പിശുക്ക് കാണിക്കുകയും അല്ലാഹുവിനെ മറന്ന് സ്വയം പര്യാപ്തത നടിക്കുകയും ഏറ്റവും നല്ലതായ അദ്ദിക്റിനെ തള്ളിപ്പറയുകയും ചെയ്തത്, അപ്പോൾ അവന്റെ എല്ലാ കാര്യങ്ങളും നാം പ്രയാസമുള്ളതാക്കുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ തള്ളിപ്പറഞ്ഞവർക്ക് വിധിദിവസം വളരെ പ്രയാസകരമായിരിക്കും എന്ന് 25: 26 ലും; ഓ എന്റെ കഷ്ടം! ഞാൻ പ്രവാ

ചകന്റെ -അദ്ദിക്റിന്റെ- മാർഗം പിന്തുടർന്നിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് അദ്ദിക്റിനെ മൂടിവെച്ച അക്രമി അന്ന് സ്വയം തന്റെ കൈകടിച്ച് വിലപിക്കുമെന്ന് 25: 27 -29 സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

'അടുത്തവർക്ക് നൽകുക' എന്നത് കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിനോട് അടുത്തവർക്ക് ആദ്യം നൽകുക എന്നാണ്. പിന്നെ കുടുംബത്തിൽ നിന്ന് അടുത്തവർക്കും അയൽവാസികൾക്കുമാണ് നൽകേണ്ടത്. കുടുംബത്തിൽ നിന്ന് അടുത്തവരും അയൽവാസികളും കപടവിശ്വാസികളാണെങ്കിൽ അവർക്ക് നൽകരുത്. അവരോട് അദ്ദിക്ർ കൊണ്ട് *ജിഹാദ്* ചെയ്യാൻ 9: 73 ൽ കൽപിച്ചിട്ടുള്ളതിനാലും അവരെ അല്ലാഹു കൊന്നുകളഞ്ഞതിനാലും അവർ അല്ലാഹുവിന്റെയും വിശ്വാസികളുടെയും ശത്രുക്കളായതിനാലും അവർക്ക് നൽകൽ നാഥന്റെ കൽപനക്ക് വിരുദ്ധമാണ്. എന്നാൽ മറ്റാരുടെ സഹായവും ലഭിക്കാത്ത അത്യാവശ്യഘട്ടത്തിൽ അവർ അല്ലാഹുവിന്റെ സൃഷ്ടികളാണല്ലോ എന്ന പരിഗണന വെച്ചുകൊണ്ട് അവരെ സഹായിക്കാവുന്നതാണ്. അതാകട്ടെ, അല്ലാഹുവിന്റെ 'നിഷ്പക്ഷവാൻ' എന്ന ഗുണവിശേഷത്തെ സ്ഥിരീകരിക്കലുമാണ്.

29: 45 ൽ, നിനക്ക് ദിവ്യസന്ദേശമായി നൽകപ്പെട്ട ഗ്രന്ഥം എത്തിച്ചുകൊടുക്കലാണ് ആദ്യം വേണ്ടത്, പിന്നെ ആ ഗ്രന്ഥം നിലനിർത്തുന്നതിനുവേണ്ടി നമസ്കാരം നിലനിർത്തുകയും വേണം; ആ നമസ്കാരമാവട്ടെ, നീചവും നിന്ദ്യവും നിഷിദ്ധവുമായ പ്രവൃത്തികളെത്തൊട്ട് തടയുന്നതായിരിക്കണം, അല്ലാഹുവിന്റെ സ്മരണ ഉണ്ടാക്കാനുതകുന്ന അദ്ദിക്ർ തന്നെയാണ് പരമപ്രധാനം എന്ന് അല്ലാഹു പ്രവാചകനോടും അതുവഴി വിശ്വാസികളോടും പറഞ്ഞിട്ടുണ്ട്. വ്യഭിചാരം, സ്വവർഗസംഭോഗം തുടങ്ങി മറ്റുള്ളവർ അറിയുന്നത് വെറുക്കുന്ന കാര്യങ്ങളാണ് 'മ്ലേച്ഛമായ കാര്യങ്ങൾ'. 'നിഷിദ്ധമായ കാര്യങ്ങൾ' എന്ന് പറഞ്ഞതിൽ മോഷണം, കവർച്ച, പലിശ, ചൂതാട്ടം, വഞ്ചന തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു. 'വിദ്വേഷപരമായ കാര്യങ്ങൾ' എന്ന് പറഞ്ഞതിൽ സ്വാർത്ഥത, പോര്, താൻപോരിമ, അഹങ്കാരം തുടങ്ങിയ ദുർഗുണങ്ങളെല്ലാം ഉൾപ്പെടുന്നു. കപടവിശ്വാസികളിലാണ് ഇത്തരം ദുസ്വഭാവങ്ങളെല്ലാം കൂടുതൽ കണ്ടുവരുന്നത്. 2: 168-169, 177; 5: 42; 11: 87-88 വിശദീകരണം നോക്കുക.

91. നിങ്ങൾ അല്ലാഹുവിനോട് ഉടമ്പടി ചെയ്താൽ ആ ഉടമ്പടി നിങ്ങൾ പൂർത്തിയാക്കുവിൻ, അല്ലാഹുവിനെ സാക്ഷിയാക്കിക്കൊണ്ട് ചെയ്ത ശപഥങ്ങൾ അത് ഉറപ്പിച്ചശേഷം നിങ്ങൾ മുറിച്ചുകളയരുത്, നിശ്ചയം അല്ലാഹുവിനെ നിങ്ങൾ നിങ്ങളുടെമേൽ മേൽനോട്ടക്കാരനാക്കിയിട്ടുമുണ്ടല്ലോ, നിശ്ചയം നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏതൊന്നും അല്ലാഹു അറിയുന്നവൻ തന്നെയാകുന്നു.

അല്ലാഹുവുമായി ചെയ്ത ഉടമ്പടി 7: 172-173 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിനോട് ഉടമ്പടി ചെയ്താൽ എന്ന് പറഞ്ഞതുകൊണ്ടുള്ള വിവക്ഷ പ്രസ്തുത ഉടമ്പടിയെക്കുറിച്ച് ഗ്രന്ഥത്തിൽ നിന്ന് മനസ്സിലാക്കിയാൽ എന്നാണ്. 2: 27 ൽ, പ്രസ്തുത ഉടമ്പടി കണ്ടുമുട്ടിയതിന് ശേഷം അതിനെ മുറിച്ചുകളയുന്നവരാണ് തെമ്മാടികളായ കപടവിശ്വാസികൾ എന്ന് പറഞ്ഞിട്ടുണ്ട്.

അല്ലാഹുവിനെ സാക്ഷിയാക്കിക്കൊണ്ട് ചെയ്ത ശപഥങ്ങൾ അത് ഉറപ്പിച്ചശേഷം നിങ്ങൾ മുറിച്ചുകളയരുത് എന്ന് പറഞ്ഞാൽ, ഉറക്കവും മയക്കവുമില്ലാത്ത അല്ലാഹു എല്ലാ കാര്യങ്ങൾക്കും സാക്ഷിയാണ് എന്ന് മനസ്സിലാക്കിക്കൊണ്ട് സൃഷ്ടികളുമായി ചെയ്യു

ന്ന കരാറുകളും ഉടമ്പടികളും വാക്കുകളും ഒന്നും മുറിച്ചുകളയരുത് എന്നാണ്. ഉടമ്പടികൾ മുറിച്ചുകളയുന്നവർ അല്ലാഹുവിനെ പരിഗണിക്കേണ്ടവിധം പരിഗണിക്കാത്തവരാണ്. നിശ്ചയം ഉടമ്പടികളെക്കുറിച്ച് വിധിദിവസം ചോദിക്കപ്പെടുകതന്നെ ചെയ്യുമെന്ന് 17: 34 ൽ പറഞ്ഞിട്ടുണ്ട്. വിശ്വാസികൾ സാധാരണനിലയിൽ ശപഥം ചെയ്യാറില്ല, ഇനി അഥവാ ശപഥം ചെയ്യുകയും പിന്നീട് അത് മുറിച്ചുകളയേണ്ടിവരികയുമാണെങ്കിൽ 5: 89 ൽ വിവരിച്ച പ്രകാരം അതിനുള്ള പ്രായശ്ചിത്തം ചെയ്യേണ്ടതുണ്ട്.

അല്ലാഹുവിനെ നിങ്ങളുടെമേൽ മേൽനോട്ടക്കാരൻ -*കഫീൽ*- ആക്കിയിട്ടുമുണ്ട് എന്ന് പറഞ്ഞതിന്റെ വിവക്ഷ അല്ലാഹു നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം നേരത്തെ നിശ്ചയിച്ച് വെച്ചിട്ടുള്ളവനാണ് എന്നാണ്. ഓരോരുത്തരും എവിടെയാണ് ജനിക്കുക, എന്തെല്ലാമാണ് പ്രവർത്തിക്കുക, മരണത്തിന് ശേഷം ശരീരത്തിൽ നിന്ന് ഭൂമിയിൽ എത്രലയിച്ചു ചേരും എന്നെല്ലാം ഓരോരുത്തരുടെ കാര്യത്തിലും തീരുമാനിച്ച് ഒരു വ്യക്തമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ത്രികാലജ്ഞാനിയാണ് അവൻ. 2: 255; 4: 1, 135; 13: 25 വിശദീകരണം നോക്കുക.

92. ശ്രമകരമായി ബലത്തോടുകൂടി ഒരു കയർ പിരിച്ചശേഷം അതിനെ പിരിയുടച്ച് പിന്നിക്കളഞ്ഞ ഒരുവളെപ്പോലെ നിങ്ങൾ ആവുകയുമരുത്, സ്വന്തം ശപഥങ്ങളെ പരസ്പരം വഞ്ചിക്കാനുള്ള ഉപാധിയാക്കുകയുമരുത്, നിങ്ങളിൽ ഒരുവിഭാഗം മറ്റൊരു വിഭാഗത്തേക്കാൾ അവിഹിതമായി കൂടുതൽ നേടുന്നതിനുവേണ്ടി, നിശ്ചയം അല്ലാഹു നിങ്ങളെ അതുകൊണ്ട് പരീക്ഷിക്കുകയാകുന്നു, നിങ്ങൾ അതിന്റെ കാര്യത്തിൽ ഭിന്നിച്ചുകൊണ്ടിരുന്നത് വിധിദിവസം അവൻ നിങ്ങൾക്ക് വ്യക്തമാക്കിത്തരുന്നതുമാണ്.

ഹൃദയങ്ങളുടെ അവസ്ഥ അറിയുന്ന ത്രികാലജ്ഞാനിയായ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ചെയ്യുന്ന പ്രതിജ്ഞകളും ഉടമ്പടികളും ലംഘിക്കുന്നത് അല്ലാഹുവിനെ തള്ളിപ്പറയലും അവന് ഉറക്കമോ മയക്കമോ പിടിപെടുന്നില്ല എന്ന് 2: 255 ൽ പറഞ്ഞതിനെ നിഷേധിക്കലുമാണ്. ഭൗതികലോകത്തെ തുഛമായ നേട്ടങ്ങൾക്കുവേണ്ടി അങ്ങനെ പ്രവർത്തിക്കുന്നതിലൂടെ അവർ മുശ്രിക്കുകളായി മാറുകയാണ് ചെയ്യുന്നത്. അല്ലാഹുവിൽ പങ്കുചേർക്കലാവട്ടെ നാഥൻ ഒരിക്കലും പൊറുത്ത് കൊടുക്കുകയില്ല. ശപഥങ്ങൾ ലംഘിക്കുകവഴി അവരുടെ പ്രവർത്തനങ്ങളെല്ലാം പാഴായിപ്പോവുന്നു. അതുകൊണ്ടാണ് രാവിലെ മുതൽ ശ്രമകരമായി ബലത്തിൽ കയർ പിരിച്ച് വൈകുന്നേരം അത് പിരിയുടച്ച് അതിനെ പിന്നിക്കളഞ്ഞ സ്ത്രീയെപ്പോലെ നിങ്ങൾ ആകരുത് എന്ന് പറഞ്ഞത്, അഥവാ 'വൈകുന്നേരം വരെ വെള്ളം കോരി നിറച്ച് വൈകുന്നേരം ആ കുടം തച്ചുടച്ച് കളഞ്ഞവളെപ്പോലെ' നിങ്ങൾ ആകരുത് എന്നാണ്.

മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചതിന്റെ ലക്ഷ്യം അവരെ പരീക്ഷണത്തിന് വിധേയമാക്കുക എന്നതാണ്. അല്ലാഹുവിനെ അദ്ദിക്റിൽ നിന്ന് കണ്ടുകൊണ്ട്, ജീവിതത്തിന്റെ എല്ലാഓരോ നിമിഷത്തെക്കുറിച്ചും അവന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരുമെന്ന ബോധത്തിൽ നിലകൊള്ളുന്നവരാണ് സൂക്ഷ്മത പാലിക്കുന്ന വിശ്വാസികൾ. അവർ ശപഥം ലംഘിക്കാൻ അവസരമുണ്ടായാലും അതുവഴി എത്രതന്നെ ഭൗതികനേട്ടങ്ങൾ ലഭിക്കുമെങ്കിലും ഗ്രന്ഥത്തെ മുറുകെപ്പിടിച്ചുകൊണ്ട് ഉടമ്പടി ലംഘിക്കാതെ സത്യത്തിൽ ഉറച്ചു നിൽക്കുന്നതാണ്. അല്ലാഹുവിനെയും പരലോകത്തെയും പരിചയപ്പെടുത്തുന്ന ത്രികാലജ്ഞാനമായ അദ്ദിക്റിൽ നിന്ന് ഭിന്നിക്കുമ്പോഴാണ് കരാറുകളും പ്രതിജ്ഞകളും ലംഘി

ക്കുന്ന തെമ്മാടികളായി മാറുന്നത്. അവർ, കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരെ വിധിദിവസം വാദിക്കുകയും സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതാണ്. ആശയമില്ലാതെ ഗ്രന്ഥം വായിക്കുന്ന ഫുജ്ജാറുകളാണ് ഇന്ന് ലോകത്തെവിടെയും തുച്ഛമായ ഭൗതികനേട്ടങ്ങൾ ലഭിക്കുന്നതിന് വേണ്ടി വാക്കുകളും കരാറുകളും ലംഘിക്കുന്നതിൽ മുൻപന്തിയിലുള്ളത്. ഈ സൂക്തങ്ങളെല്ലാം പാരായണം ചെയ്തിട്ടും അതിൽ നിന്ന് ഒരു പാഠവുമുൾക്കൊള്ളാതെ നമസ്കരിച്ചും നോമ്പനുഷ്ഠിച്ചും ഹജ്ജും ഉംറയും ചെയ്തും പിഴയായി നരകക്കുണ്ഠത്തിന്റെ വിറകുകളായി മാറുകയാണ് അവർ.

21: 51–91 സൂക്തങ്ങളിലൂടെ ഇബ്റാഹീം, മൂസാ, ഹാറൂൻ, ലൂത്ത്, നൂഹ്, ദാവൂദ്, സുലൈമാൻ, അയ്യൂബ്, ഇസ്മായീൽ, ഇദ്രീസ്, ദുൽകിഫ്ലി, യൂനുസ്, സകരിയ്യാ, യഹ്യാ, മർയം, ഈസാ തുടങ്ങിയവരെക്കുറിച്ച് പരാമർശിച്ച് അവരെല്ലാവരും തന്നെ അല്ലാഹുവിനെ മാത്രം സേവിക്കുന്നവരും പരലോകം മാത്രം ലക്ഷ്യം വെക്കുന്ന ക്ഷമാലുക്കളും സജ്ജനങ്ങളിൽ പെട്ടവരും അദ്ദിക്ർ എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി ധൃതിപ്പെടുന്നവരും ദൗത്യനിർവഹണത്തിൽ വല്ല പാകപ്പിഴവും സംഭവിക്കുമോ എന്ന ഉത്ക്കണ്ഠയോടെ ഉള്ളിന്റെയുള്ളിൽ ഭയപ്പെട്ട് അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നവരും അവനെ അദ്ദിക്റിൽ നിന്ന് കണ്ട് ഭയപ്പെട്ട് ജീവിക്കുന്നവരുമായിരുന്നു എന്ന് പറഞ്ഞതിന് ശേഷം 21: 92–93 സൂക്തങ്ങളിൽ, നിശ്ചയം നിങ്ങളുടെ ഈ സമുദായം ഏകസമുദായവും ഞാൻ നിങ്ങളുടെ ഉടമയുമാകുന്നു, അപ്പോൾ നിങ്ങൾ എന്നെമാത്രം സേവിക്കുന്നവരാവുക, എന്നാൽ മനുഷ്യർ അവരോടുള്ള കൽപന അവർക്കിടയിൽ തുണ്ടം തുണ്ടമായി മുറിച്ച് കളഞ്ഞു, എല്ലാം നമ്മിലേക്ക് മടക്കപ്പെടുന്നവർ തന്നെയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

അതുകൊണ്ട് വിശ്വാസിയാകാൻ ഓരോരുത്തരും സ്വയം ശ്രമിക്കേണ്ടതാണ്. 58: 22 ൽ പറഞ്ഞ ആദം മുതൽ അന്ത്യനാൾ വരെയുള്ള വിശ്വാസികളുടെ ഏകസംഘത്തിൽ ഉൾപെടുന്നവർ മാത്രമേ സ്വർഗത്തിൽ പോവുകയുള്ളു. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് മനുഷ്യർ അവരവരെയും ജീവിതലക്ഷ്യത്തെയും തിരിച്ചറിഞ്ഞ് നാട്, സമുദായം, കാലം, ലിംഗം, മാതാപിതാക്കൾ, മക്കൾ തുടങ്ങിയവയൊന്നും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഒരാൾക്കും ഇല്ല എന്ന് മനസ്സിലാക്കി അവരവർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള ജീവിതാവധി ശാന്തിയോടെയും സമാധാനത്തോടെയും ഐക്യത്തോടെയും പൂർത്തിയാക്കി തിരിച്ചുപോവുകയാണ് വേണ്ടതെന്ന് പഠിപ്പിച്ചുകൊണ്ട് മനുഷ്യരുടെ ഐക്യം ഉണ്ടാക്കാൻ ശ്രമിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. അപ്പോൾ *'നിങ്ങളിൽ ഒരുവിഭാഗം മറ്റൊരു വിഭാഗത്തേക്കാൾ അവിഹിതമായി കൂടുതൽ നേടാൻ വേണ്ടി സ്വന്തം ശപഥങ്ങളെ പരസ്പരം വഞ്ചിക്കാനുള്ള ഉപാധിയാക്കുകയുമരുത്'* എന്ന് പറഞ്ഞതിന് വിരുദ്ധമായി കുടുംബപരമായും മതപരമായും വംശപരമായും സംഘടിച്ച് ഭൗതിക നേട്ടങ്ങൾക്കായി വിലപേശുന്നത് ഇസ്ലാമിക വിരുദ്ധമാണ്. 7: 8–9; 14: 2–3; 16: 64 വിശദീകരണം നോക്കുക.

93. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ ഒറ്റ സമുദായം തന്നെ ആക്കുമായിരുന്നു, എന്നാൽ അവൻ ഉദ്ദേശിക്കുന്നവരെ അവൻ വഴികേടിലാക്കുന്നു, അവൻ ഉദ്ദേശിക്കുന്നവരെ അവൻ സൻമാർഗത്തിലാക്കുകയും ചെയ്യുന്നു, നിശ്ചയം നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യുന്നതുമാണ്.

പ്രവാചകനോട് 34: 24 പ്രകാരം അല്ലാഹു ചോദിക്കാൻ ആവശ്യപ്പെടുന്നു: ആ

കാശഭൂമികളിൽ നിന്ന് നിങ്ങളെ തീറ്റിപ്പോറ്റുന്നത് ആരാണ്? പറയുക: അല്ലാഹുവാണ്, അപ്പോൾ നിശ്ചയം ഞങ്ങൾ അല്ലെങ്കിൽ നിങ്ങൾ സൻമാർഗത്തിലോ അല്ലെങ്കിൽ വ്യക്ത മായ വഴികേടിലോ ആണ്. 34: 25 ൽ, ഞങ്ങളുടെ ഭ്രാന്തിനെക്കുറിച്ച് നിങ്ങൾ ചോദിക്കപ്പെ ടുകയില്ല, നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഞങ്ങളും ചോദിക്കപ്പെടുകയില്ല എന്നും; 34: 26ൽ, നമ്മുടെ നാഥൻ നാം എല്ലാവരെയും ഒരുമിച്ചുകൂട്ടുന്നതും ശേഷം സത്യമായ അദ്ദിക്ർ കൊണ്ട് നമുക്കിടയിൽ തീരുമാനം കൽപിക്കുന്നതുമാണ്, അവൻ ഏറ്റവും നന്നായി തീരുമാനം കൽപിക്കുന്ന സർവ്വജ്ഞാനി തന്നെയാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. ഓരോ ആത്മാവിനും അല്ലാഹു സൻമാർഗവും ദുർമാർഗവും കൊടുത്തിട്ടുണ്ട്. അവർക്ക് രണ്ടാലൊരു മാർഗം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. അപ്പോൾ 2: 185; 12: 111; 16: 64 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ സൻമാർഗമായ അദ്ദിക്ർ ഉപയോ ഗപ്പെടുത്തി സ്രഷ്ടാവിനെ ഹൃദയം കൊണ്ട് കണ്ട് ചരിക്കുന്നവരും പതിനഞ്ച് വയസിന് ശേഷമുള്ള ജീവിതത്തിലെ എല്ലാഓരോ നിമിഷവും അവരവരുടെ പിരടിയിലുള്ള കർമ രേഖയിൽ കൊത്തിവെക്കുന്നുണ്ടെന്നും, വിധിദിവസം അത് പുറത്തെടുത്ത് നൽകപ്പെട്ട് വായിച്ചാണ് തന്റെ വിചാരണ നടത്തേണ്ടിവരിക എന്നുമുള്ള ബോധത്തിൽ ജീവിക്കുന്ന തിന് വേണ്ടിയാണ് ത്രികാലജ്ഞാനമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്. പതിനഞ്ച് വയസ്സി നുശേഷം ഏതൊരാൾക്കും സ്വർഗത്തിലേക്ക് തിരിച്ചുപോകണമെങ്കിൽ അദ്ദിക്റിനെ ടി ക്കറ്റായി ഉപയോഗപ്പെടുത്തുകതന്നെ വേണം. 11: 118-119 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ കാരുണ്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് വിവിധ സംഘടനകളായി ഭിന്നിച്ചതിനാൽ അവരും അവരുടെ ജിന്നുകൂട്ടുകാരും നരകക്കു ണ്ഠത്തിൽ കുത്തിനിറക്കപ്പെടുന്നതാണ്. 5: 104-105; 6: 115-116; 7: 178-179; 9: 55 വിശദീക രണം നോക്കുക.

94. നിങ്ങളുടെ പ്രതിജ്ഞകൾ നിങ്ങൾക്കിടയിൽ പരസ്പരം വഞ്ചിച്ച് നേട്ടമുണ്ടാ ക്കാനുള്ള ഉപാധിയാക്കരുത് -അപ്പോൾ നിങ്ങളുടെ കാൽ ഉറച്ചശേഷം വഴുതി പ്പോവാനും അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് ജനങ്ങളെ തടഞ്ഞുവെന്ന കു റ്റത്തിന്റെ ദുഷ്ഫലങ്ങൾ നിങ്ങൾ രുചിപ്പിക്കപ്പെടാനും ഇടയാകും, നിങ്ങൾക്ക് വമ്പിച്ച ശിക്ഷ ലഭിക്കുന്നതുമാണ്.

ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലാണ് കരാർ ലംഘിക്കുക, വാക്ക് പാലിക്കാതിരിക്കുക, വിശ്വസിച്ചാൽ വഞ്ചിക്കുക, കളവ് പറയുക തുടങ്ങിയ സ്വഭാവ ങ്ങളെല്ലാം കൂടുതൽ കണ്ടുവരുന്നത്. അവർ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിനെ ത്തൊട്ട് മനുഷ്യരെ തടയുന്നതിനാൽ 9: 78; 20: 99-101 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സ്വന്തം പാപഭാരത്തോടൊപ്പം 1000 സമുദായത്തിൽ പെട്ട ജീവികൾ സഹിക്കേണ്ടിവരുന്ന ദുരിതങ്ങളുടെ പാപഭാരം കൂടി വഹിക്കേണ്ടിവരുന്നതാണ്. 9: 101 ൽ വിവരിച്ച പ്രകാരം ഇത്തരം ദുഷ്ടജീവികളെ ഇഹത്തിൽ രണ്ട് പ്രാവശ്യം ശിക്ഷിക്കുന്നതും പരത്തിൽ അവരെ അതികഠിനമായ ശിക്ഷയിലേക്ക് തള്ളിവിടുന്നതുമാണ്. ആത്മാവിനെ പരിഗണിക്കാത്ത യഥാർത്ഥ കാഫിറുകളായ ഈ കെട്ടജനത തങ്ങൾ മുസ്ലിംകളാണെന്ന് അർഹതയില്ലാതെ വാദിക്കുന്നവരും പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂ തർ, ക്രൈസ്തവർ തുടങ്ങിയ ജനവിഭാഗങ്ങളെ കാഫിറുകളായി പരിഗണിക്കുന്നവരുമാണ്. അതുകൊണ്ടുതന്നെ ഇതരജനവിഭാഗങ്ങൾ ഇസ്ലാമിനെയും അവസാനമായി വന്ന ഗ്ര ന്ഥത്തെയും വെറുക്കുന്നവരാണ്. അതിനാൽ 4: 91; 5: 33 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം

ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് അദ്ദിക്റിനെയും ഇസ്ലാമിനെയും അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ ഇക്കൂട്ടർ വധിക്കപ്പെടുന്നതാണ്. 8: 22; 11: 18 –19; 16: 24–25 വിശദീകരണം നോക്കുക.

95. അല്ലാഹുവുമായി ചെയ്ത ഉടമ്പടിക്ക് നിങ്ങൾ തുച്ഛമായ വില വാങ്ങുകയുമരുത്, നിശ്ചയം, അല്ലാഹുവിന്റെ പക്കലുള്ളതെന്തോ അതുതന്നെയാണ് നിങ്ങൾക്ക് ഉത്തമമായിട്ടുള്ളത്, നിങ്ങൾ അറിവുള്ളവരാണെങ്കിൽ.

അല്ലാഹുവുമായി ചെയ്ത ഉടമ്പടിക്ക് വലിയ വില വാങ്ങാമെന്ന് ഇതിന് അർത്ഥമില്ല. നശ്വരമായ ഭൗതികനേട്ടങ്ങൾക്കുവേണ്ടി ശാശ്വതമായ പരലോകം നഷ്ടപ്പെടുത്തരുത് എന്നാണ് അതിന്റെ വിവക്ഷ. സ്വർഗത്തിൽ സൃഷ്ടിച്ച് മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചത് അല്ലാഹുവാണ്. അവന്റെ മുമ്പിൽ മാത്രമേ ജീവിതത്തെക്കുറിച്ച് ഉത്തരം പറയേണ്ടതുള്ളൂ, എന്നല്ലാതെ മഹാത്മാക്കളോടോ പണ്ഡിതപുരോഹിതൻമാരോടോ നേതാക്കൻമാരോടോ മാതാപിതാക്കളോടോ പ്രവാചകൻമാർ ഉൾപ്പടെ സൃഷ്ടികളോട് ആരോടും തന്നെയുമോ ഉത്തരം പറയേണ്ടതില്ല എന്നാണ് ത്രികാലജ്ഞാനമായ അദ്ദിക്ർ പഠിപ്പിക്കുന്നത്. ഗ്രന്ഥം നാഥനിൽ നിന്ന് വന്നതും അവനിലേക്കുതന്നെ ഉൾവലിയുന്നതുമാണ്. തെളിവായ ഗ്രന്ഥത്തിൽ നിന്ന് തെളിവ് ഉദ്ധരിക്കാൻ കഴിയാത്ത ഒരു പ്രവർത്തനവും അല്ലാഹുവിന്റയടുക്കൽ സ്വീകരിക്കപ്പെടുകയില്ല എന്നാണ് 'നിങ്ങൾ തെളിവ് –*ബുർഹാൻ* – കൊണ്ടുവരിക' എന്ന് 2: 111 ൽ പറഞ്ഞതിന്റെ വിവക്ഷ. ഗ്രന്ഥത്തിലെ സൂക്തങ്ങൾ കൊണ്ട് കുറഞ്ഞവില വാങ്ങരുത്, അത് മൂടിവെക്കരുത്, അത് ജനങ്ങൾക്ക് വെളിവാക്കിക്കൊടുക്കുകതന്നെ വേണം എന്ന് 3: 187 ലും; ഗ്രന്ഥത്തെ മൂടിവെക്കുകയും അതുകൊണ്ട് കുറഞ്ഞവില വാങ്ങുകയും ചെയ്യുന്നവർ അവരുടെ വയറുകളിൽ തീയല്ലാതെ നിറക്കുന്നില്ല എന്ന് 2: 174 ലും പറഞ്ഞിട്ടുണ്ട്. 7: 102; 12: 108; 13: 14–15 വിശദീകരണം നോക്കുക.

96. നിങ്ങളുടെ പക്കലുള്ളത് തീർന്നുപോകുന്നതാണ്, അല്ലാഹുവിന്റെ പക്കലുള്ളത് എന്നെന്നും അവശേഷിക്കുന്നതുമാണ്, ക്ഷമാലുക്കളായവർക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് ഏറ്റവും നല്ല പ്രവൃത്തി നോക്കി നാം അവരുടെ പ്രതിഫലം നൽകുകതന്നെ ചെയ്യും.

പ്രവാചകനും വിശ്വാസികൾക്കും പരലോകമാണ് ഐഹികലോകത്തെക്കാൾ സ്ഥായിയായിട്ടുള്ളതും ഉത്തമവുമെന്ന് 87: 17 ലും 93: 4 ലും പറഞ്ഞിട്ടുണ്ട്. ജീവിതലക്ഷ്യം മനസ്സിലാക്കിയ വിശ്വാസികൾ അവരുടെ ഇഹലോകം പരലോകത്തേക്കുള്ള കൃഷിയിടമാക്കി മാറ്റുന്നതാണ്. അവരുടെ യഥാർത്ഥ ജീവിതം തുടങ്ങുന്നത് മരണത്തോടുകൂടിയായതുകൊണ്ട് അവർ അവരുടെ വിളവ് ആസ്വദിക്കാൻ മരണം വരെ ക്ഷമയോടെ കാത്തിരിക്കുന്നതുമാണ്. ജീവിതലക്ഷ്യം ഉണർത്തുന്നതും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ പഠിക്കുകയും മറ്റുള്ളവർക്ക് എത്തിക്കുകയും ചെയ്യലാണ് 'ഏറ്റവും നല്ല പ്രവൃത്തി'. അതിനുവേണ്ടി അവർ സർവ്വകഴിവുകളും ഉപയോഗപ്പെടുത്തുന്നതുമാണ്. 39: 33–35 സൂക്തങ്ങളിൽ, ആർക്കാണോ സത്യം –സിദ്ഖ്– വന്നുകിട്ടുകയും അതിനെ സത്യപ്പെടുത്തുകയും ചെയ്തത്, അക്കൂട്ടർ മാത്രമാണ് സൂക്ഷ്മാലുക്കൾ. അവർക്ക് അവരുടെ നാഥന്റെ പക്കൽ അവർ ഉദ്ദേശിക്കുന്നതെല്ലാം ഉണ്ട്, അതാണ് അല്ലാഹുവിനെ കണ്ടുകൊണ്ട് അഥവാ ഏറ്റവും നല്ലതായ ഗ്രന്ഥത്തിന്റെ മാർഗത്തിൽ ചരിക്കുന്നവർക്കുള്ള പ്രതിഫലം. അവരുടെ ചീത്ത പ്രവൃത്തികളെല്ലാം അവരെത്തൊട്ട് മായ്ച്ച് കളയുന്നതും അവർ ഇഹലോകത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന ഏറ്റവും നല്ല പ്രവൃത്തി നോക്കി അവർ

ക്ക് പ്രതിഫലം കൊടുക്കുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്റിന്റെ 40 പേരുകളിൽ പെട്ട സ്വിദ്ഖ് -സത്യം- എന്നത് 5: 119; 6: 115; 17: 80 തുടങ്ങി 11 സ്ഥലങ്ങളിലും ഹുസ്നാ -ഏറ്റവും നല്ലത്- എന്നത് 2: 83; 7: 137; 10: 26 തുടങ്ങി 26 സ്ഥലങ്ങളിലും വന്നിട്ടുണ്ട്. 11: 15-16; 18: 46; 35: 32 വിശദീകരണം നോക്കുക.

97. ആണായിരിക്കട്ടെ അല്ലെങ്കിൽ പെണ്ണായിരിക്കട്ടെ, ആരാണോ സൽകർമ്മം പ്രവർത്തിക്കുന്നത് -അവൻ വിശ്വാസിയുമാണ് എങ്കിൽ നാം അവനെ പരിശുദ്ധമായ ഒരുജീവിതം ജീവിപ്പിക്കുന്നതാണ്, അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏറ്റവും നല്ല പ്രവൃത്തി നോക്കി നാം അവരുടെ പ്രതിഫലം നൽകുകതന്നെ ചെയ്യും.

അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏറ്റവും നല്ല പ്രവൃത്തിനോക്കി നാം അവരുടെ പ്രതിഫലം നൽകുകതന്നെ ചെയ്യും എന്ന് തുടർച്ചയായി വന്നിട്ടുള്ള രണ്ട് സൂക്തങ്ങളാണ് ഇവ. 29: 7 ൽ, വിശ്വാസം സ്വീകരിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരുടെ തിന്മകൾ നാം മായ്ച്ചുകളയുന്നതും അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതായ ഏറ്റവും നല്ല പ്രവൃത്തിനോക്കി നാം അവർക്ക് പ്രതിഫലം കൊടുക്കുന്നതുമാണ് എന്നും; 41: 26-27 സൂക്തങ്ങളിൽ, ഈ വായന -അദ്ദിക്ർ- നിങ്ങൾ കേൾക്കരുത്, നിങ്ങൾ അപശബ്ദമുണ്ടാക്കി അത് കേൾപ്പിക്കുന്നത് തടയുക എന്ന് പറയുന്ന കാഫിറുകളെ നാം അതികഠിനമായ ശിക്ഷ രുചിപ്പിക്കുകതന്നെ ചെയ്യും, അവർ ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏറ്റവും ദുഷിച്ച പ്രവൃത്തിനോക്കി നാം അവർക്ക് പ്രതിഫലം കൊടുക്കുന്നതുമാണ് എന്നും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെ പരിചയപ്പെടുത്തുന്നതും ജീവിതലക്ഷ്യം ഉണർത്തുന്നതും പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടാനുള്ള ഉപകരണവുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കലാണ് ഏറ്റവും നല്ല പ്രവൃത്തിയെങ്കിൽ അത് പ്രചരിപ്പിക്കുന്നതിന് തടസ്സം സൃഷ്ടിക്കലാണ് ഏറ്റവും ദുഷിച്ച പ്രവൃത്തി. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ സൽക്കർമ്മം പ്രവർത്തിക്കുന്നത് -അവൻ വിശ്വാസിയുമാണ്- എങ്കിൽ നാഥൻ അവനെ ഇഹത്തിൽ തന്നെ പരിശുദ്ധമായ ഒരു ജീവിതം നയിപ്പിക്കും എന്നാണ് സൂക്തത്തിൽ പറയുന്നത്. എന്നാൽ ഗ്രന്ഥം പൂർണമായി ഉൾക്കൊണ്ട് വിശ്വാസിയായിട്ടില്ലെങ്കിലും ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ഗുണം ലഭിക്കത്തക്കവണ്ണം ജൈവകൃഷി നടത്തുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിനുവേണ്ടി മറ്റുള്ളവരെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതോടൊപ്പം അദ്ദിക്ർ ലോകർക്ക് എത്തിച്ച് കൊടുക്കുകയും ചെയ്യുന്നവർക്ക് അവർ ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏറ്റവും നല്ല പ്രവൃത്തികൾ നോക്കി പരലോകത്ത് പ്രതിഫലം നൽകുമെന്നാണ് 'അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് ഏറ്റവും നല്ലതുകൊണ്ട് നാം അവരുടെ പ്രതിഫലം നൽകുകതന്നെ ചെയ്യും' എന്ന് പറഞ്ഞതിൽ നിന്നും മനസ്സിലാക്കേണ്ടത്. 3: 79-80; 39: 34-35; 98: 7-8 വിശദീകരണം നോക്കുക.

98. അപ്പോൾ നീ ഖുർആൻ വായിക്കുകയാണെങ്കിൽ ശപിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവിനെക്കൊണ്ട് നീ ശരണം തേടുക.

ഖുർആൻ എന്നാൽ ആവർത്തിച്ച് വായിക്കപ്പെടേണ്ടത് എന്നാണ്. 15: 90-91 പ്രകാരം നാഥനിൽ നിന്ന് മുമ്പ് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥങ്ങളും ഖുർആൻ തന്നെയാണ്. മനുഷ്യനെ ഭൂമിയിലേക്ക് നിയോഗിച്ചതിന്റെ ലക്ഷ്യം മനസ്സിലാക്കുക, അവരവരെ തിരിച്ചറിയുക, സ്രഷ്ടാവിനെ കണ്ടെത്തുക, പിശാചിനെ തിരിച്ചറിയുക, രക്തച്ചൊരിച്ചിലും നാശവുമില്ലാതെ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്തുക തുടങ്ങിയ ലക്ഷ്യങ്ങളെല്ലാം

പൂർത്തിയാകുന്നത് ത്രികാലജ്ഞാനവും 36: 69 ൽ പറഞ്ഞ വ്യക്തമായ വായനയുമായ അദ്ദിക്ർ കൊണ്ട് മാത്രമാണ്. മനുഷ്യനെ സ്വർഗത്തിൽ നിന്ന് തടയുക എന്നതാണ് പിശാചിന്റെ ദൗത്യം എന്നതിനാൽ മനുഷ്യർക്ക് സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിൽ നിന്നാണ് പിശാച് തടയുക. അല്ലാഹു ഉദ്ദേശിച്ച രീതിയിൽ 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ മനസ്സിലാക്കുന്നതിന് പിശാചിനെത്തൊട്ട് അവന്റെയും എല്ലാറ്റിന്റെയും ഉടമയായ അല്ലാഹുവിനോട് ശരണം തേടണമെന്നാണ് സൂക്തം കൽപിക്കുന്നത്. അദ്ദിക്ർ കൊണ്ട് നാഥനെ ഹൃദയത്തിൽ സൂക്ഷിച്ച് എപ്പോഴും നാഥനുമായി ബന്ധപ്പെട്ട് നിലകൊള്ളുന്നവരാണ് സൂക്ഷ്മാലുക്കൾ. 23: 97-98 സൂക്തങ്ങളിലൂടെ 'എന്റെ നാഥാ! പിശാചുക്കളുടെ പ്രലോഭനങ്ങളെത്തൊട്ട് ഞാൻ നിന്നിൽ അഭയം തേടുന്നു; എന്റെ നാഥാ! ആ പിശാചുക്കൾ എന്നെ സമീപിക്കുന്നതിനെത്തൊട്ടും ഞാൻ നിന്നിൽ അഭയം തേടുന്നു' എന്ന് പ്രാർത്ഥിക്കാൻ അല്ലാഹു പ്രവാചകനോടും വിശ്വാസിയോടും കൽപിച്ചിട്ടുണ്ട്. അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്ന അക്രമികളും കാഫിറുകളുമായ ഫുജ്ജാറുകൾ വിധിദിവസം സ്വയം കൈകടിച്ച് 'ഓ എന്റെ കഷ്ടം! എനിക്ക് അദ്ദിക്ർ വന്നുകിട്ടിയതിന് ശേഷം ഇന്നാലിന്നവനാണല്ലോ എന്നെ അതിൽ നിന്ന് തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27-29 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 6: 112; 13: 25-29; 26: 210-211 വിശദീകരണം നോക്കുക.

99. നിശ്ചയം അവൻ, വിശ്വാസികളായവരുടെ മേലിലും തങ്ങളുടെ നാഥന്റെ മേൽ സർവ്വസ്വം ഭരമേൽപിച്ചവരുടെ മേലിലും അവന് യാതൊരു സ്വാധീനവുമില്ല തന്നെ.

ഇന്ന് 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അല്ലാഹുവിന്റെ സമ്മതപത്രമായ അതുകൂടാതെ ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ഒരാളും വിശ്വാസിയാവുകയില്ല. അപ്പോൾ അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും മുഹൈമിനായ അതിനെ മുറുകെപ്പിടിച്ച് നിലകൊള്ളുകയും ചെയ്യുമ്പോൾ അവർ അല്ലാഹുവിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നവരായതിനാൽ കാഫിറായ പിശാചിന് അവരുടെമേൽ യാതൊരു സ്വാധീനവുമില്ല. അത്തരക്കാർക്കാണ് അദ്ദിക്ർ എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമാകുന്നത്. 4: 78-79; 14: 22; 38: 82-83 വിശദീകരണം നോക്കുക.

100.നിശ്ചയം അവന്റെ സ്വാധീനം അവനെ രക്ഷാധികാരിയായി സ്വീകരിച്ചവരുടെ മേലിലും അല്ലാഹുവിന്റെ അധികാരാവകാശങ്ങൾ കൊണ്ട് പങ്കുചേർക്കുന്നവരിലുമാണ്.

നിശ്ചയം പിശാചിന് അധികാരമുള്ളത് അല്ലാഹുവിൽ നിന്ന് പിന്തിരിഞ്ഞവരിലും അവന്റെ അധികാരാവകാശങ്ങൾ കൊണ്ട് പങ്കുചേർക്കുന്നവരിലുമാണ് എന്നും ആശയമുണ്ട്. ഇന്ന് ലോകരിൽ അജയ്യവും യുക്തിനിർഭര ഗ്രന്ഥവുമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ മൂടിവെക്കുന്നവരും അവഗണിച്ചുപോകുന്നവരുമായ 4: 151 ൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകളുടെ മേലിലാണ് കാഫിറായ പിശാചിന് സ്വാധീനമുള്ളത്. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് 29 കള്ളവാദിക

ളെ പിൻപറ്റിക്കൊണ്ടിരിക്കുകയും 30-ാമത്തെ കള്ളവാദിയും കാഫിറുമായ മസീഹുദ്ദജ്ജാലിനെ ആനയിച്ച് കൊണ്ടിരിക്കുന്നവരുമായ അവർ 7: 40; 26: 99; 34: 32 തുടങ്ങി 52 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ ഭ്രാന്തൻമാരാണ്. ബുദ്ധിശക്തി ഉപയോഗപ്പെടുത്താത്ത അവർ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നതെന്ന് 36: 59-62 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത അവർ കാഫിറായതിന് പിശാചിനെ കുറ്റപ്പെടുത്തുന്ന രംഗം 43: 36-39; 50: 27-30; 59: 16-17 തുടങ്ങിയ സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 99; 4: 48 വിശദീകരണം നോക്കുക.

101. ഒരു സൂക്തത്തിന്റെ സ്ഥാനത്ത് നാം മറ്റൊരു സൂക്തം പകരം കൊണ്ടുവരികയാണെങ്കിൽ -അവൻ എന്താണ് അവതരിപ്പിക്കുന്നതെന്ന് അല്ലാഹുവിന് നന്നായി അറിയാം- അവർ പറയും: നിശ്ചയം നീ കെട്ടിച്ചമച്ച് പറയുന്നവൻ തന്നെയാണ്; അല്ല, അവരിൽ അധികപേരും അറിവില്ലാത്തവരാകുന്നു.

ത്രികാലജ്ഞാനിയായ അല്ലാഹുവിന്റെ സമ്മതപത്രവും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ 23 വർഷങ്ങൾകൊണ്ടാണ് പ്രവാചകന്റെ മേൽ അവതരിപ്പിച്ചത്. അതിൽ ചില സൂക്തങ്ങൾക്ക് പകരം മറ്റു സൂക്തങ്ങൾ അവൻ അവതരിപ്പിച്ചിട്ടുള്ളതിനെ അവലംബമാക്കി അന്നത്തെ കാഫിറുകൾ എഴുത്തും വായനയുമറിയാത്ത പ്രവാചകൻ ഇതെല്ലാം കെട്ടിച്ചമച്ച് പറയുകയാണ് എന്നാണ് പറഞ്ഞിരുന്നത്. ഇന്ന് 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ ത്രികാലജ്ഞാനിയായ അല്ലാഹുവിൽ നിന്നുള്ളതാണ് എന്ന് വായിക്കുന്ന ഫുജ്ജാറുകളാണ് പ്രസ്തുത ഗ്രന്ഥത്തിന്റെ രചയിതാവിനെക്കുറിച്ച് അയാൾ അയാൾക്ക് ഇഷ്ടമുള്ളത് പറയുകയാണ് എന്ന് മുദ്രകുത്തി ഗ്രന്ഥത്തെ അവഗണിച്ചുകൊണ്ടിരിക്കുന്നത്. ത്രികാലജ്ഞാനിയും നിഷ്പക്ഷവാനുമായ അല്ലാഹുവിനെക്കുറിച്ച് ത്രികാലജ്ഞാനമായ അദ്ദിക്റിന്റെ രചയിതാവിനോട് ചോദിക്കണമെന്നാണ് പ്രവാചകനോടുതന്നെ 25: 59 ൽ കൽപ്പിച്ചിട്ടുള്ളത് എന്നിരിക്കെ ഇത്തരം സൂക്തങ്ങൾ വായിച്ചിട്ടും 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനി ആരാണെന്നോ അല്ലാഹു ആരാണെന്നോ പ്രവാചകൻ ആരാണെന്നോ അദ്ദിക്ർ എന്ന ഗ്രന്ഥം ഏതാണെന്നോ തിരിച്ചറിയാത്ത ഫുജ്ജാറുകൾക്ക് എതിരെ അവർ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും അവരെ നരകത്തിലേക്ക് തള്ളിവിടുന്നതാണ്. അവരിലെ ഗ്രന്ഥം അറിഞ്ഞിട്ട് അതിനെ മൂടിവെക്കുന്ന കപടവിശ്വാസികൾ 4: 145 പ്രകാരം വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിലേക്കാണ് പോവുക എങ്കിൽ അവരെ അന്ധമായി പിൻപറ്റുന്ന അനുയായികൾ 39: 71 പ്രകാരം വിചാരണക്ക് ശേഷമാണ് നരകത്തിൽ പോവുക. 2: 106-108; 3: 7; 10: 37-38; 54: 25 വിശദീകരണം നോക്കുക.

102.നീ പറയുക: പരിശുദ്ധാത്മാവാണ് നിന്റെ നാഥനിൽ നിന്ന് അതിനെ ലക്ഷ്യത്തോടുകൂടി അവതരിപ്പിച്ചിട്ടുള്ളത് -അതുകൊണ്ട് വിശ്വാസികളായവരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടിയും സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവർക്ക് സന്മാർഗവും ശുഭവാർത്താദായകവുമായിക്കൊണ്ടും.

ഈ സൂക്തത്തിൽ പറഞ്ഞ പരിശുദ്ധാത്മാവ് 2: 1 ൽ വിവരിച്ച ജിബ്‌രീലാണ്. മുസ്‌ലിംകൾ എന്ന് പറഞ്ഞാൽ സർവസ്വം നാഥന് സമർപ്പിച്ചവർ എന്നാണ്. അവർ തന്നെയാണ് സൂക്ഷ്മാലുക്കളും. തങ്ങളുടെ ഹൃദയത്തിലുള്ള ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വി

ശ്വാസിയാക്കി മാറ്റി അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവരാണ് അവർ. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അർഹതയില്ലാതെ മുസ്ലിംകളാണെന്ന് വാദിക്കുന്നവരും അഹങ്കരിക്കുന്നവരുമാണ്. 16: 89 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്താതെ അതിന് വിരുദ്ധമായ ജീവിതം നയിക്കുകവഴി അവർ ഇതര ജനവിഭാഗങ്ങളെ ഇസ്ലാമിനോടും ഗ്രന്ഥത്തോടും വെറുപ്പുള്ളവരാക്കി മാറ്റിയിരിക്കുകയാണ്. 15: 44; 20: 99–101 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്കുണ്ടാകുന്ന ക്ലേശങ്ങളുടെയും ദുരിതങ്ങളുടെയും പാപഭാരം വഹിച്ച് നരകക്കുണ്ഠത്തിലെ ഏഴ് വാതിലുകളിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണ്. 3: 101–102; 13: 27–28; 16: 2, 89 വിശദീകരണം നോക്കുക.

103.നിശ്ചയം അത് നിനക്ക് പഠിപ്പിച്ചു തരുന്നത് ഒരു മനുഷ്യനാണെന്ന് അവർ പറഞ്ഞുകൊണ്ടിരിക്കുന്നത് നാം അറിഞ്ഞിട്ടുണ്ട്, അവർ ആരോപിക്കുന്നവന്റെ ഭാഷയാകട്ടെ അനറബിയാകുന്നു, ഇതാകട്ടെ വ്യക്തമായ അറബിഭാഷയിലുള്ളതുമാകുന്നു.

പ്രവാചകൻ മുഹമ്മദിന് ഗ്രന്ഥം അവതരിപ്പിക്കുന്ന കാലത്ത് മക്കയിൽ റോമക്കാർ, പേർഷ്യക്കാർ തുടങ്ങിയ വിദേശികളായ കച്ചവടക്കാരുണ്ടായിരുന്നു. വേദക്കാരായ അവരോട് പ്രവാചകൻ പലപ്പോഴും സംസാരിക്കാറുമുണ്ടായിരുന്നു. നിരക്ഷരനായ മുഹമ്മദ് അവരിൽ നിന്ന് വേദം പഠിച്ചുപറയുകയാണ് എന്നാണ് അന്നത്തെ കാഫിറുകൾ ആരോപിച്ചിരുന്നത്. അവർ ആരോപിക്കുന്നവന്റെ ഭാഷ അനറബിയാണ്, എന്നാൽ ഗ്രന്ഥമാകട്ടെ വ്യക്തമായ അറബി ഭാഷയിലുള്ളതുമാകുന്നു എന്ന് പറഞ്ഞുകൊണ്ട് അവരുടെ ആ വാദത്തെ ഈ സൂക്തത്തിലൂടെ അല്ലാഹു ഖണ്ഡിക്കുകയാണ്. അദ്ദിക്ർ സ്വീകരിക്കാൻ വിസമ്മതിക്കുന്ന കാഫിറുകൾക്ക് പരസ്പരവിരുദ്ധമായ ആരോപണങ്ങളും വാദങ്ങളുമാണ് എക്കാലത്തുമുണ്ടാവുക. മുഹമ്മദിനെ പഠിപ്പിക്കുന്നത് അനറബിയായ ഒരാളാണ് എന്നാണ് അവർ ഇവിടെ ആരോപിക്കുന്നതെങ്കിൽ 41: 44 ൽ, ഈ വായന അല്ലാഹുവിന്റേതാണെങ്കിൽ എന്തുകൊണ്ട് അത് ഒരു അനറബി ഭാഷയിലായില്ല എന്നാണ് അവർ ചോദിക്കുന്നത് എന്ന് കാണാം. ആയിരത്തിൽ ഒന്നായ വിശ്വാസികൾ മാത്രമേ അജയ്യഗ്രന്ഥമായ അദ്ദിക്റിനെ സന്മാർഗ്ഗമായും സംശയങ്ങളാകുന്ന രോഗങ്ങൾക്കുള്ള ശമനമായും ഉപയോഗപ്പെടുത്തുകയുള്ളൂ. കെട്ടജനതയായ ഫുജ്ജാറുകൾ അതിനെ മൂടിവെക്കുകയാണെങ്കിൽ അതിനെ മൂടിവെക്കാത്ത മറ്റേതെങ്കിലും ജനതയെ അത് ഏൽപ്പിക്കുമെന്ന് 6: 89 ൽ പറഞ്ഞിട്ടുണ്ട്. 41: 40 ൽ, നിശ്ചയം നമ്മുടെ സൂക്തങ്ങളെ ലക്ഷ്യത്തിൽ നിന്ന് തെറ്റിക്കുന്നവർ നമ്മിൽ നിന്ന് മറഞ്ഞ് നിൽക്കുന്നവരൊന്നുമല്ല, അപ്പോൾ നരകത്തിലേക്ക് വലിച്ചെറിയപ്പെടുന്ന ഒരുവനാണോ അതോ അന്ത്യനാളിൽ സുരക്ഷിതനായി വരുന്നവനാണോ ഉത്തമൻ, നിങ്ങൾ ഉദ്ദേശിച്ച പ്രകാരം നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക, നിശ്ചയം അവൻ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. 7: 50–51, 180; 12: 1–2; 14: 4 വിശദീകരണം നോക്കുക.

104.നിശ്ചയം അല്ലാഹുവിന്റെ സൂക്തങ്ങൾ കൊണ്ട് വിശ്വസിക്കാത്തവരായവർ, അവരെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല, അവർക്ക് വേദനാജനകമായ ശിക്ഷയുമാണുള്ളത്.

10: 57 ൽ പറഞ്ഞ, മനുഷ്യർക്ക് മൊത്തം സദുപദേശവും നെഞ്ചുകൾക്കുള്ളിലെ

സംശയങ്ങൾക്ക് ശമനവും വിശ്വാസികൾക്ക് സന്മാർഗവും കാരുണ്യവുമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് പിൻപറ്റേണ്ടവിധം പിൻപറ്റാതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്ന ഫുജ്ജാറുകളെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല എന്ന് മാത്രമല്ല, ഇഹത്തിൽ നിന്ദ്യതയും പരത്തിൽ വേദനാജനകമായ ശിക്ഷയുമാണ് അവർക്ക് ഉള്ളതെന്നാണ് മുന്നറിയിപ്പ് നൽകുന്നത്. അവർ ആത്മാവിനെതിരെ 'നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിച്ചുകൊണ്ട് മരണപ്പെടുമെന്ന് 7: 37 ലും; 'അല്ല നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അവയെ തള്ളിപ്പറഞ്ഞു, നീ എല്ലാം തികഞ്ഞവനാണെന്ന് അഹങ്കരിക്കുകയും ചെയ്തു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് അവരോരോരുത്തരുടെയും മരണ സമയത്ത് അല്ലാഹു അവരോട് പറയുന്നതാണെന്ന് 39: 59 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളുടെ ആശയം എന്താണെന്ന് മനസ്സിലാക്കി *ഗ്രന്ഥത്തിന്റെ വിരോധങ്ങൾ വർജ്ജിക്കാത്തവർ ഗ്രന്ഥം കൊണ്ട് വിശ്വസിച്ചവരല്ലെ*ന്ന് പ്രപഞ്ച നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ആവർത്തിച്ച് വായിക്കപ്പെടേണ്ട അദ്ദിക്ർ ഹൃദയം കൊണ്ട് മനസ്സിലാക്കാനാണ് ഏറ്റവും എളുപ്പമാക്കിയിട്ടുള്ളതെന്ന് 54-ാം സൂറത്തിൽ നാല് പ്രാവശ്യം ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. 2: 186 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ ഉപയോഗപ്പെടുത്താത്തതുകൊണ്ട് ആത്മാവ് പങ്കെടുക്കാത്ത അവരുടെ നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ തുടങ്ങിയ കർമ്മങ്ങളെല്ലാം പാഴായിപ്പോകുന്നതാണ്. 2: 18, 170; 4: 136-140; 17: 97-98 വിശദീകരണം നോക്കുക.

105.നിശ്ചയം, അല്ലാഹുവിന്റെ സൂക്തങ്ങൾ കൊണ്ട് വിശ്വസിക്കാത്തവരാണ് കള്ളം കെട്ടിച്ചമച്ച് പറയുന്നവർ -അക്കൂട്ടർ തന്നെയാണ് കള്ളം പറയുന്നവരും.

കപടവിശ്വാസികൾ വായതുറന്നാൽ കളവല്ലാതെ പറയുകയില്ല എന്ന് നാഥൻ പഠിപ്പിച്ചിട്ടുണ്ട്. അവർ അദ്ദിക്ർ അറിഞ്ഞിട്ട് മൂടിവെക്കുന്നവരും ആശയമില്ലാതെ ഗ്രന്ഥം പാരായണം ചെയ്താലും പുണ്യം കിട്ടുമെന്ന 'ഏറ്റവും വലിയ കളവ്' പറയുന്നവരുമാണ്. അതുവഴി അവർ അല്ലാഹുവിന്റെയും പ്രവാചകന്റെയും വിശ്വാസികളുടെയും ശത്രുക്കളായിരിക്കുകയാണ്. അവർ മാലിന്യമാണെന്നും അവർക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നും 9: 28, 95, 125 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 9: 67-68; 14: 28-30 വിശദീകരണം നോക്കുക.

106.തന്റെ വിശ്വാസത്തിനുശേഷം ആരാണോ അല്ലാഹുവിനെക്കൊണ്ട് നിഷേധിക്കുന്നത് -നിർബന്ധിക്കപ്പെട്ടവനൊഴികെ, അവന്റെ ഹൃദയം വിശ്വാസം കൊണ്ട് സംതൃപ്തമായ അവസ്ഥയിലുമാണ്- എന്നാൽ ആരുടെ നെഞ്ചുകളാണോ നിഷേധം കൊണ്ട് വിശാലമായത്, അപ്പോൾ അവരുടെ മേലിലാണ് അല്ലാഹുവിൽ നിന്നുള്ള കോപമുള്ളത്, അവർക്ക് വമ്പിച്ച ശിക്ഷയുമാണുള്ളത്.

ഹൃദയത്തിൽ വിശ്വാസമുണ്ടായിരിക്കെ നിർബന്ധിതാവസ്ഥയിൽ നിഷേധം പ്രകടിപ്പിക്കുകയാണെങ്കിൽ അവർ ആക്ഷേപാർഹരല്ല, അവർ വിശ്വാസികൾ തന്നെയാണ്. എന്നാൽ ഹൃദയത്തിൽ വിശ്വാസമില്ലാതെ വായകൊണ്ട് വിശ്വാസികളാണെന്ന് പറയുകയും പറയുന്നത് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന കപടവിശ്വാസികളുടെ മേലിലാണ് അല്ലാഹുവിന്റെ കോപമുള്ളത്. അവർക്ക് വമ്പിച്ച ശിക്ഷയുമാണുള്ളത്. 1: 7 ൽ, 'കോപിക്കപ്പെട്ടവരുടെ മാർഗത്തിലല്ല' എന്ന് പറയുമ്പോൾ ഇത്തരം കപടവിശ്വാസികളായ കാഫിറുകളിൽ ഉൾപ്പെടുത്തരുതേ എന്നാണ് ആത്മാവുകൊണ്ട് പ്രാർത്ഥിക്കേണ്ടത്. ഇവർ

അല്ലാഹു ഉദ്ദേശിച്ച ആശയത്തിന് വിരുദ്ധമായി സൂക്തങ്ങൾ ഉദ്ധരിക്കുന്നവരും തങ്ങളുടെ ആശയം ഉറപ്പിക്കുന്നതിന് വേണ്ടി സൂക്തങ്ങൾ ഭാഗികമായി ഉദ്ധരിച്ച് ബാക്കിഭാഗം ഉദ്ധരിക്കാതെ മൂടിവെക്കുന്നവരുമാണ്. അത്തരം കപടവിശ്വാസികളുടെ *ലുതുഫ്,* പ്രഭാഷണം തുടങ്ങിയവ കേട്ടിരിക്കുന്നവർ ഫാജിറുകളായ കാഫിറുകളാണ്. 1: 7 ൽ, 'വഴിപിഴച്ചവരുടെ മാർഗത്തിലുമല്ല' എന്ന് പറയുമ്പോൾ ഇത്തരം ഫാജിറുകളായ കാഫിറുകളിൽ ഉൾപ്പെടുത്തരുതേ എന്നുമാണ് ആത്മാവുകൊണ്ട് പ്രാർത്ഥിക്കേണ്ടത്. ഈ രണ്ടുകൂട്ടരും ഉൾപ്പെട്ടതാണ് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ. ഇവർ രണ്ടുകൂട്ടരെയും അല്ലാഹു നരകക്കുണ്ഠത്തിൽ ഒരുമിച്ചുകൂട്ടുന്നതാണെന്ന് 4: 140 ൽ പറഞ്ഞിട്ടുണ്ട്. ഇവരെ ശിക്ഷിക്കാൻ വേണ്ടിയാണ് *അമാനത്തായ* അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 33: 73; 48: 6 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. കുഫ്ർ -നിഷേധം- നടപ്പിലാക്കാൻ വരുന്ന മസീഹുദ്ദജ്ജാലിനെ ആനയിക്കുന്ന ഇവരെ ഈസാ രണ്ടാമത് വന്നാൽ അന്ന് ഇസ്‌ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങൾ വധിക്കുന്നതാണ്. ഇവരോട് 5: 48 ൽ പറഞ്ഞ മുഹൈമിനായ അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യാനാണ് ആയിരത്തിൽ ഒന്നായ വിശ്വാസികളോട് 9: 73; 25: 52; 66: 9 എന്നീ സൂക്തങ്ങളിലൂടെ കൽപ്പിച്ചിട്ടുള്ളത്. 2: 159-162; 8: 22; 9: 80 വിശദീകരണം നോക്കുക.

107.അതിന് കാരണം നിശ്ചയം അവർ പരലോകത്തിനുമേൽ ഐഹികജീവിതത്തെ ഇഷ്ടപ്പെട്ടതാണ്, നിശ്ചയം ഇത്തരം കാഫിറുകളായ ഒരുജനതയെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയുമില്ല.

ജീവിതലക്ഷ്യം നഷ്ടപ്പെട്ട കപടവിശ്വാസികൾ അല്ലാഹുവിനെയും പരലോകത്തെയും വിസ്മരിച്ചുകൊണ്ട് ഐഹികജീവിതത്തിൽ സ്ഥാനവും പ്രൗഢിയും അന്വേഷിക്കുന്ന മനുഷ്യപ്പിശാചുക്കളാണ്. 10: 7-8 കൂട്ടിവായിക്കുക. അവർ ഐഹികജീവിതത്തിനുവേണ്ടി സ്വർഗം പണിയുന്നവരും ഇവിടെത്തന്നെ അത് ആസ്വദിക്കുന്നവരുമാണ്. അദ്ദിക്ർ അറിഞ്ഞിട്ട് അതിനെ മൂടിവെക്കുന്ന ഒരുജനതയെ നിശ്ചയം അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയുമില്ല എന്ന ആശയത്തോടുകൂടിയാണ് 5: 67 അവസാനിക്കുന്നത്. ഇത്തരം കാഫിറുകളുടെ ഇംഗിതം സാധിപ്പിക്കുന്നതിന് വേണ്ടിയാണ് അവസാനകാലത്ത് പിശാച് മനുഷ്യരൂപം പൂണ്ട് ദജ്ജാലായി പുറപ്പെടുന്നത്. 2: 6-7; 7: 175-176; 9: 23-24; 14: 2-3 വിശദീകരണം നോക്കുക.

108.അക്കൂട്ടരാണ്, അവരുടെ ഹൃദയങ്ങളുടെ മേലിലും അവരുടെ കേൾവികളുടെ മേലിലും അവരുടെ കാഴ്ചകളുടെ മേലിലും അല്ലാഹു മുദ്രവെച്ചിട്ടുള്ളവർ, അക്കൂട്ടർ തന്നെയാകുന്നു പ്രജ്ഞയറ്റവരും.

109.സംശയമില്ല, നിശ്ചയം അവർ തന്നെയാണ് പരലോകത്തിൽ നഷ്ടപ്പെട്ടവർ.

അക്കൂട്ടർ തന്നെയാണ് പ്രജ്ഞയറ്റവരും എന്ന് പറഞ്ഞത് അദ്ദിക്ർ കൊണ്ട് ഉണർത്തിയിട്ടും ഉണരാതെ ഉറക്കം നടിക്കുന്ന കപടവിശ്വാസികളെക്കുറിച്ചായതിനാൽ അവർ 7: 175 ൽ പറഞ്ഞ ലക്ഷ്യബോധം നഷ്ടപ്പെട്ടവരാണ്. 7: 179; 10: 33; 63: 9-11 വിശദീകരണം നോക്കുക.

110.പിന്നെ നിശ്ചയം നിന്റെ നാഥൻ, പരീക്ഷിക്കപ്പെട്ടതിന് ശേഷം പാലായനം ചെയ്യുകയും പിന്നെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ത്യാഗപരിശ്രമങ്ങൾ നടത്തുകയും ക്ഷമ കൈക്കൊള്ളുകയും ചെയ്യുന്നവരാരോ, അവരോട് നിശ്ചയം നിന്റെ നാഥൻ അതിനുശേഷം ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാണ്.

പരീക്ഷിക്കപ്പെടുകയും ശേഷം സ്വദേശം വിട്ട് ഒളിച്ചോടിപ്പോകുകയും ലക്ഷ്യപ്രാപ്തിക്ക് വേണ്ടി ത്യാഗപരിശ്രമങ്ങൾ നടത്തുകയും ക്ഷമ കൈക്കൊള്ളുകയും ചെയ്യുന്നവർക്ക് നിന്റെ നാഥൻ പൊറുത്ത് കൊടുക്കുന്നതാണ് എന്ന് പറഞ്ഞതിന്റെ വിവക്ഷ; പാലായനം ചെയ്ത് വിശ്വാസികളുടെ കൂട്ടത്തിൽ എത്തിപ്പെട്ടാൽ മാത്രം പോരാ, ആ എത്തിപ്പെടലിന് ശേഷവും ജിഹാദ് ചെയ്യുകയും പരീക്ഷണത്തിന് വിധേയമാകുമ്പോൾ പരലോകത്തെ കണ്ടുകൊണ്ട് ക്ഷമ കൈകൊള്ളുകയും ഉറച്ച് നിൽക്കുകയും ചെയ്യണമെന്നാണ്. 2: 155–157 സൂക്തങ്ങളിൽ വിശ്വാസികളോട് നിങ്ങൾ പരീക്ഷണത്തിന് വിധേമാവുകതന്നെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. 3: 195; 7: 205–206; 8: 72–73; 22: 78; 64: 14 വിശദീകരണം നോക്കുക.

111. എല്ലാഓരോ ആത്മാവും ആ ആത്മാവിനെത്തൊട്ട് തർക്കിച്ചുകൊണ്ട് വരുന്ന ഒരുനാൾ! അന്ന് ഓരോ ആത്മാവിനും അവർ പ്രവർത്തിച്ചത് പൂർണ്ണമായി നൽകപ്പെടുന്നതുമാണ്, അവർ അൽപം പോലും അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല.

ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ഓരോ ആത്മാവും സ്വർഗം അല്ലെങ്കിൽ നരകം നാലാം ഘട്ടമായ ഇവിടെവെച്ച് സമ്പാദിക്കുന്നതാണെന്ന് ഈ സൂക്തവും പഠിപ്പിക്കുന്നു. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റാണ് മൊത്തം ജീവിതത്തിൽ കൂടുതൽ കേട്ടതും വായിച്ചതും പിൻപറ്റിയതുമെങ്കിൽ അവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള പ്രവർത്തന റിക്കാർഡ് അവരുടെ വലതുകയ്യിൽ ലഭിക്കുന്നതും അവർ വിചാരണക്കുശേഷം സ്വർഗത്തിലേക്ക് നയിക്കപ്പെടുന്നതുമാണ്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ ഭ്രാന്തന്മാർക്ക് വിധിദിവസം ഇടതുകൈയിൽ അവരുടെ കർമരേഖ നൽകപ്പെട്ടത് വായിക്കുമ്പോൾ 'ഓ എന്റെ നാശം! ഇത് എന്തൊരു ഗ്രന്ഥമാണ്! ചെറുതോ വലുതോ ആയ ഒന്നും തന്നെ ഇതിൽ കൊത്തിവെക്കാതെ വിട്ടുപോയിട്ടില്ലല്ലോ!' എന്ന് വിലപിക്കുന്ന രംഗം 18: 49 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സൂക്തം അവസാനിക്കുന്നത് 'നിന്റെ നാഥൻ ആരോടും ഒട്ടും അനീതി കാണക്കുന്നവനല്ല' എന്ന് പറഞ്ഞുകൊണ്ടാണ്. 3: 30; 10: 108; 50: 29 വിശദീകരണം നോക്കുക.

112. സുരക്ഷിതത്വവും ശാന്തിയും നിലനിന്നിരുന്ന ഒരു നാടിന്റെ ഉദാഹരണം അല്ലാഹു എടുത്തുദ്ധരിക്കുന്നു, അതിന്റെ വിഭവങ്ങൾ അതിന് നാനാഭാഗത്തുനിന്നും യഥേഷ്ടം വന്നുകൊണ്ടിരുന്നു, എന്നാൽ അത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളോട് നന്ദികേട് കാണിച്ചു, അപ്പോൾ അവർ ഉത്പാദിപ്പിച്ചുകൊണ്ടിരുന്നതിന്റെ പ്രതിഫലമായി ആ നാടിനെ അല്ലാഹു വിശപ്പിന്റെയും ഭയത്തിന്റെയും വസ്ത്രം കൊണ്ട് പൊതിഞ്ഞു.

ഭൂമിയുടെ കേന്ദ്രമായ മക്കയാണ് ഈ നാടുകൊണ്ടുദ്ദേശിക്കുന്നത്. 2: 126–128; 14: 37 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകൻ ഇബ്റാഹീമിന്റെ പ്രാർത്ഥനയുടെ ഫലമായിക്കൊണ്ട് നാഥന്റെ അനുഗ്രഹമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഭക്ഷണവിഭവങ്ങൾ അവർക്ക് ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ 3: 103 ൽ പറയുന്നതുപോലെ അവർ നശിപ്പിക്കപ്പെടേണ്ട ഘട്ടത്തിലെത്തിയപ്പോഴാണ് ലോകത്തിന് മൊത്തം കാരുണ്യമായിക്കൊണ്ട് നാഥൻ അന്ത്യപ്രവാചകൻ മുഹമ്മദിനെ കാരുണ്യമായ അദ്ദിക്റും കൊണ്ട് അയച്ചത്. എന്നാൽ 6: 42–44 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മുമ്പുള്ള ജനതയെപ്പോലെ അവർ ഐശ്വര്യമായ അദ്ദിക്റിനെയും പ്രവാചകനേയും തള്ളിപ്പറയുകയും മൂടി

വെക്കുകയും ചെയ്തപ്പോൾ അല്ലാഹു അവരെയും വിശപ്പിന്റെയും ഭയത്തിന്റെയും വസ്ത്രം അണിയിച്ചു. അദ്ദിക്ർ മൊത്തം മനുഷ്യർക്ക് നാഥനിൽ നിന്നുള്ള കാരുണ്യവും ഔദാര്യവുമാണ്. അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത ജനത വിവിധ സംഘടനകളായി ഭിന്നിക്കുകയും അവരും അവരുടെ ജിന്നുകൂട്ടുകാരും മുഴുവൻ നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടുകയും ചെയ്യുമെന്ന് 11: 118 ൽ പറഞ്ഞിട്ടുണ്ട്. വിശ്വാസി മുഹൈമിനായ അദ്ദിക്റിനെ മുറുകെപ്പിടിക്കുകവഴി നാഥനെ മുറുകെപ്പിടിച്ചവനായതിനാൽ അവന് ആരിൽ നിന്നും ഒരു ഉപദ്രവവും ഏൽക്കുകയില്ല. 4: 155–159; 7: 96, 157–158; 16: 45–50; 114: 1–6 വിശദീകരണം നോക്കുക.

113. നിശ്ചയം അവർക്ക് അവരിൽ നിന്നുള്ള ഒരു പ്രവാചകൻ വന്നുകഴിഞ്ഞു, അപ്പോൾ അവർ അവനെ തള്ളിപ്പറഞ്ഞു, അങ്ങനെ അവർ അക്രമികളായപ്പോൾ ശിക്ഷ അവരെ ബാധിച്ചു.

വലിയ ശിക്ഷക്കുമുമ്പായി ചെറിയ ചെറിയ ശിക്ഷകൾ നാം അവരെ രുചിപ്പിക്കും, അവർ ജീവിതലക്ഷ്യത്തിലേക്ക് അഥവാ അദ്ദിക്റിലേക്ക് തിരിച്ച് വരുന്നതിനുവേണ്ടി എന്ന് 32: 21 ൽ പറഞ്ഞത് പോലെയുള്ള ശിക്ഷയാണ് ഇവിടെ പറയുന്നത്. 6: 47; 8: 32–33; 12: 110 വിശദീകരണം നോക്കുക.

114. അപ്പോൾ അല്ലാഹു നിങ്ങൾക്കേകിയ അനുവദനീയവും പരിശുദ്ധവുമായ ഭക്ഷണവിഭവങ്ങൾ നിങ്ങൾ തിന്നുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നിങ്ങൾ നന്ദി പ്രകടിപ്പിക്കുകയും ചെയ്യുവിൻ -നിങ്ങൾ അവനെ മാത്രം സേവിച്ചുകൊണ്ടിരിക്കുന്നവർ തന്നെയാണെങ്കിൽ.

അല്ലാഹുവിന്റെ പ്രതിനിധികളായി ജീവിക്കുന്ന വിശ്വാസികൾ അനുവദനീയവും പരിശുദ്ധവുമായ ഭക്ഷണവിഭവങ്ങൾ മാത്രമേ ഉപയോഗിക്കുകയുള്ളൂ. അല്ലാഹു പരിശുദ്ധനാണ്, പരിശുദ്ധമായത് മാത്രമേ അവൻ സ്വീകരിക്കുകയുള്ളൂ. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ ത്രാസ്സായി ഉപയോഗപ്പെടുത്തി അനുവദനീയവും പരിശുദ്ധവുമായ ഭക്ഷണം ഉപയോഗിക്കുന്നവർക്കുമാത്രമേ പരിശുദ്ധമായ ഗ്രന്ഥം മനസ്സിലാവുകയുള്ളൂ. നിഷിദ്ധമായ ഭക്ഷണം കഴിക്കുകയും മറ്റുള്ളവരെ അതിൽ നിന്ന് പിന്തിരിപ്പിക്കാതിരിക്കുകയും ചെയ്യുന്ന കപടവിശ്വാസികളായ പണ്ഡിത-പുരോഹിതൻമാർക്ക് അദ്ദിക്ർ മനസ്സിലാകാത്തത് അതുകൊണ്ടാണ്. പരിശുദ്ധമായ വചനം കൊണ്ട് തുച്ഛമായ വിലവാങ്ങി ഭക്ഷിക്കുന്നവരെല്ലാം തങ്ങളുടെ വയറുകളിൽ തീയാണ് നിറക്കുന്നതെന്ന് 2: 174 ൽ പറഞ്ഞിട്ടുണ്ട്. പിശാചിന്റെ കാൽപാടുകളിലൂടെ നേടുന്നതെല്ലാം നിഷിദ്ധവും ഹീനവുമായതിനാൽ അവ അനുവദനീയമാവുകയില്ല.

അനുവദനീയമായതെല്ലാം പരിശുദ്ധമായിക്കൊള്ളണമെന്നില്ല. ഉദാഹരണമായി, പ്രകൃതിക്ക് ഇണങ്ങുന്നവിധത്തിൽ കൃഷി ചെയ്തുണ്ടാക്കുന്ന ധാന്യങ്ങൾ, പഴവർഗങ്ങൾ, പച്ചക്കറികൾ മുതലായവ അനുവദനീയവും പരിശുദ്ധവുമാണ്. എന്നാൽ കൃത്രിമമായ രീതിയിൽ അത്യുൽപാദനം ഉദ്ദേശിച്ച് അമിതമായി രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ച് കൃഷി ചെയ്തുണ്ടാക്കുന്നവ അനുവദനീയമാണെങ്കിലും പരിശുദ്ധമാവുകയില്ല. ഹോർമോൺ കുത്തിവെച്ചും കൃത്രിമമായ രീതിയിൽ പ്രത്യുൽപാദനം നടത്തിയും കൃത്രിമമായ ഭക്ഷണം നൽകിയും വളർത്തപ്പെടുന്ന കോഴി, ആട് മുതലായവയുടെ മാംസം, മുട്ട, പാൽ തുടങ്ങിയവ അനുവദനീയമാണെങ്കിലും പരിശുദ്ധമാവുകയില്ല. അതുപോലെത്തന്നെ അനുവദനീയമായ തൊഴിൽ ചെയ്ത് ശമ്പളം പറ്റി ജീവിക്കുന്നവരുടെ വരുമാ

നവും പരിശുദ്ധമാവുകയില്ല. എന്നാൽ അത് കൃഷിയിലേക്കിറക്കി പരിശുദ്ധമാക്കാൻ സാധിക്കുന്നതാണ്. *അവസാനകാലത്ത് നിങ്ങൾ കൃഷിയിലേക്ക് മടങ്ങണമെന്നാണ്* നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്. ഇന്ന് വ്യവസായത്തിലൂടെയും കച്ചവടത്തിലൂടെയും നേടുന്ന വരുമാനം 4: 29 ന് വിരുദ്ധമായതിനാലും ഭൗതിക ജീവിതത്തിന്റെ അലങ്കാരങ്ങളിൽ മുഴുകാനുള്ള ത്വര വർധിപ്പിക്കുമെന്നതിനാലും അതുവഴി ജീവിതലക്ഷ്യം നഷ്ടപ്പെടുമെന്നതിനാലും പരിശുദ്ധമാവുകയില്ല എന്ന് മാത്രമല്ല, അനുവദനീയം പോലുമാവുകയില്ല.

വിശ്വാസികൾ നമസ്കാരത്തിൽ *'അത്തഹിയ്യാത്തിന്'* -അല്ലാഹുവുമായുള്ള കൂടിക്കാഴ്ചക്ക്- വേണ്ടി പ്രകാശമായ അദ്ദിക്ർ വാഹനമായി ഉപയോഗപ്പെടുത്തി സ്വർഗത്തിൽ പോയി 'എല്ലാ തിരുമുൽക്കാഴ്ചകളും അല്ലാഹുവിനാണ്, പ്രാർത്ഥനകളും പരിശുദ്ധമായതെന്തും' എന്നാണ് അല്ലാഹുവിനെ അഭിവാദ്യം ചെയ്തുകൊണ്ട് പറയുന്നത്. ഇപ്രകാരം സ്വർഗത്തിൽ പോയി അല്ലാഹുവിനെ അഭിവാദ്യം ചെയ്യാൻ അനുവദനീയവും പരിശുദ്ധവുമായ ഭക്ഷണം കഴിക്കുന്ന വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന *സാബിഖീങ്ങൾക്ക്* -മുൻകടന്നവർക്ക്- മാത്രമേ സാധിക്കുകയുള്ളൂ. പരിശുദ്ധമല്ലെങ്കിലും അനുവദനീയമായ ഭക്ഷണം മാത്രം ഭക്ഷിക്കുന്നവർക്ക് വിചാരണക്ക് ശേഷമേ സ്വർഗത്തിൽ പോകാൻ സാധിക്കുകയുള്ളൂ. *അവസാനകാലത്ത് എഴുത്തും വായനയും അറിയാത്ത വിശ്വാസികൾ കാട്ടിൽ പോയി ഏതെങ്കിലും മരത്തിന്റെ മൂട് കടിച്ചു പിടിച്ചുകൊണ്ട് മരണം വരെ നിലനിൽക്കണമെന്ന്* നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ ആശയത്തിൽ നാട്ടിൽ അനുവദനീയവും പരിശുദ്ധവുമായ ഭക്ഷണം കിട്ടാത്ത ഒരു അവസ്ഥ വരുമെന്ന് കൂടിയുണ്ട്. *എഴുത്തും വായനയും അറിയുന്ന വിശ്വാസികൾ* അദ്ദിക്ർ *അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ചിരിക്കണം* എന്ന് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുൾ, അവർക്ക് ത്രാസ്സായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ഭക്ഷണവിഭവങ്ങൾ അനുവദനീയവും പരിശുദ്ധവുമാക്കി മാറ്റാൻ സാധിക്കുമെന്നാണ്. അല്ലാഹുവിന്റെ സ്വഭാവമുൾകൊള്ളുന്ന വിശ്വാസികൾ അവർക്ക് നഷ്ടം വന്നാലും പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താൻ പരിശ്രമിക്കുന്നതിന്റെ ഭാഗമായി അദ്ദിക്ർ ജനങ്ങളിലേക്ക് എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി നാട്ടിൽതന്നെ നിലകൊള്ളുന്നതാണ്. അവർ മാത്രമാണ് അദ്ദിക്റിനെ *മുഹൈമിനായി* -കാത്തുസൂക്ഷിക്കുന്നത്- ഉപയോഗപ്പെടുത്തുന്നവർ. അല്ലാതെ 10: 98 ൽ പറഞ്ഞപ്രകാരം യൂനുസ് നബി ചെയ്തതുപോലെ നാടുവിട്ട് പോകാവുന്നതല്ല.

41: 37 ൽ, രാവും പകലും സൂര്യനും ചന്ദ്രനുമെല്ലാം അല്ലാഹു ഏകനാണ് എന്നതിന് തെളിവാണ്, അതുകൊണ്ട് നിങ്ങൾ സൂര്യനും ചന്ദ്രനും സാഷ്ടാംഗപ്രണാമം ചെയ്യരുത്, അവയെ സൃഷ്ടിച്ച അല്ലാഹുവിന് മാത്രം സാഷ്ടാംഗപ്രണാമം ചെയ്യുക, നിങ്ങൾ അവനെമാത്രം സേവിച്ചുകൊണ്ടിരിക്കുന്നവർ തന്നെയാണെങ്കിൽ എന്ന് പറഞ്ഞിട്ടുണ്ട്. സൂര്യന് സാഷ്ടാംഗപ്രണാമം ചെയ്യുന്ന ജനത ലോകത്തുണ്ടെങ്കിലും ചന്ദ്രന് സാഷ്ടാംഗപ്രണാമം ചെയ്യുന്ന ജനത ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മാത്രമാണ്. അവർ മക്കയിലുള്ള കഅ്ബയെ ഖിബ്ലയായി അംഗീകരിക്കുന്നു എന്ന് വാദിക്കുന്നവരാണെങ്കിലും അവിടുത്തെ നാളിലെ നോമ്പും പെരുന്നാളും അംഗീകരിക്കാതിരിക്കുകവഴി യഥാർത്ഥത്തിൽ കഅ്ബയെ ഖിബ്ലയായും ഭൂമിയുടെ കേന്ദ്രമായും അല്ലാഹുവിനെ ത്രികാലജ്ഞാനിയായും അംഗീകരിക്കുന്നില്ല. ഭൂമിയിൽ എവിടെയും ദിവസം മാറുന്നില്ല, ഒരു ചന്ദ്രനും ഒരു ഉദയവും മാത്രമേയുള്ളു എന്ന തിരിച്ചറിവുപോലും ഇല്ലാത്ത

ഈ കെട്ടജനത അല്ലാഹുവിനേയും പ്രവാചകനേയും അനുസരിക്കാതെ ചന്ദ്രനെയും കപടവിശ്വാസികളായ മനുഷ്യപ്പിശാചുക്കളെയുമാണ് അനുസരിക്കുന്നത്. ഇതര ജനവിഭാഗങ്ങളുടെ ആഘോഷങ്ങൾക്കെല്ലാം ലോകത്തെവിടെയും ഐക്യവും ഒരുമയുമുണ്ടെങ്കിൽ ചന്ദ്രന് സാഷ്ടാംഗപ്രണാമം ചെയ്യുന്ന 25: 18 ലും 48: 12 ലും പറഞ്ഞ കെട്ടജനതയുടെ ആഘോഷങ്ങൾക്കാണ് ലോകത്തെവിടെയും ഐക്യവും ഒരുമയുമില്ലാത്തത്. ഇക്കാരണങ്ങളാലാണ് ഇവർ 8: 22, 55 എന്നീ സൂക്തങ്ങളിൽ പറഞ്ഞ ഏറ്റവും തിന്മയേറിയ ജീവജാലങ്ങളായി അധഃപതിച്ചിട്ടുള്ളത്. 2: 168–169, 188; 5: 100; 7: 169 വിശദീകരണം നോക്കുക.

115.നിശ്ചയം നിങ്ങളുടെമേൽ നിഷിദ്ധമാക്കിയിട്ടുള്ളത് ശവവും രക്തവും പന്നിമാംസവും അല്ലാഹുവിനുവേണ്ടിയല്ലാതെ നീക്കിവെക്കപ്പെട്ടതുമാകുന്നു, അപ്പോൾ വല്ലവനും നിർബന്ധിതാവസ്ഥയിൽ അതിക്രമപരമല്ലാതെയും പരിധിലംഘിക്കാതെയും അത് ഉപയോഗിക്കുകയാണെങ്കിൽ, അപ്പോൾ നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കരുണാവാരിധിയുമാണ്.

2: 173; 5: 3; 6: 145 വിശദീകരണം നോക്കുക.

116.നിങ്ങളുടെ നാവുകൊണ്ട് ഇത് അനുവദനീയവും ഇത് നിഷിദ്ധവുമെന്ന് നിങ്ങൾ ജൽപിച്ച് പറയുകയുമരുത്, അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമക്കുന്നതിനുവേണ്ടി; നിശ്ചയം അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമക്കുന്നവരാരോ, അവർ വിജയം വരിക്കുകയില്ലതന്നെ.

തന്റെ സൃഷ്ടികൾക്ക് അനുവദനീയവും നിഷിദ്ധവും ഏതാണെന്ന് ഏറ്റവും കൂടുതൽ അറിയുന്നവൻ സ്രഷ്ടാവ് തന്നെയാണ്. അവന്റെ ത്രികാലജ്ഞാനമായ അദ്ദിക്റിലൂടെ അത് വിവരിച്ചുതന്നിട്ടുണ്ടെന്നിരിക്കെ അതിന്റെ വിധിവിലക്കുകൾ മാറ്റിമറിക്കുകയും അത് എന്താണെന്ന് മനസ്സിലാക്കി പിൻപറ്റാതിരിക്കുകയും ചെയ്യുന്നവർ അക്രമികളും കാഫിറുകളുമാണ്. അവർ ഇഹത്തിലും പരത്തിലും വിജയം വരിക്കുകയില്ലതന്നെ. 9: 31–34; 16: 89 വിശദീകരണം നോക്കുക.

117. തുച്ഛമായ വിഭവം, അവർക്ക് വേദനാജനകമായ ശിക്ഷയുമാണുള്ളത്.

അനുഗ്രഹമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും അന്ത്യദിനത്തിന് വേണ്ടി ധൃതികൂട്ടിക്കൊണ്ടിരിക്കുന്ന ഫുജ്ജാറുകൾക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് 2: 85; 5: 33 സൂക്തങ്ങളിലൂടെ വാഗ്ദാനം ചെയ്തിട്ടുള്ളത്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി ഇത്തരം ഫുജ്ജാറുകളോട് 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകക്കുണ്ഠത്തിലേക്കാണ്' എന്ന് പറയാനാണ് 14: 30 ലൂടെ കൽപിക്കപ്പെട്ടിട്ടുള്ളത്. 3: 196–197; 10: 17 വിശദീകരണം നോക്കുക.

118.ജൂതരായിത്തീർന്നവരുടെ മേൽ ഇതിനുമുമ്പ് നിനക്ക് വിവരിച്ചുതന്നിട്ടുള്ള വസ്തുക്കൾ നാം നിരോധിച്ചിട്ടുണ്ടായിരുന്നു, നാം അവരോട് അക്രമം കാണിച്ചിട്ടില്ല, എന്നാൽ അവർ അവരോടുതന്നെയാണ് അക്രമം കാണിച്ചുകൊണ്ടിരുന്നത്.

5: 3 ൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥൻ ലോകർക്ക് മൊത്തം തൃപ്തിപ്പെട്ട ജീവിതവ്യവസ്ഥയായ ഇസ്ലാമിൽ എക്കാലത്തും അനുവദനീയവും നിഷിദ്ധവുമായ വസ്തുക്കൾ ഒന്നുതന്നെയാണ്. പ്രവാചകൻ മൂസായുടെ ജനതക്ക് നിഷിദ്ധമാക്കിയ വസ്തുക്കൾ

6: 146 ൽ വിവരിച്ചിട്ടുണ്ട്. 3: 93–94; 9: 19; 11: 18, 101 വിശദീകരണം നോക്കുക.

119.പിന്നെ നിന്റെ നാഥൻ, അറിവില്ലായ്മ കൊണ്ട് തിന്മ പ്രവർത്തിക്കുകയും പിന്നെ അതിന് ശേഷം പശ്ചാത്തപിച്ച് മടങ്ങുകയും ജീവിതം നന്നാക്കിത്തീർക്കുകയും ചെയ്തവരാരോ, നിശ്ചയം നിന്റെ നാഥൻ അതിനുശേഷം ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാണ്.

അതിനുശേഷം എന്ന് പറഞ്ഞതിന്റെ വിവക്ഷ, തെറ്റ് മനസ്സിലാക്കിയശേഷം മനസ്സുകൊണ്ട് ഏറ്റുപറഞ്ഞ് പൊറുക്കലിനെത്തേടുകയും പ്രായശ്ചിത്തം ചെയ്യേണ്ടവക്ക് പ്രായശ്ചിത്തം ചെയ്യുകയും പിന്നീട് കർമ്മങ്ങൾ ഗ്രന്ഥത്തിന്റെ വിധിവിലക്കുകൾക്ക് അനുസൃതമാക്കിത്തീർക്കുകയും ചെയ്താൽ എന്നാണ്. 25: 68–70 വിശദീകരണം നോക്കുക. 39: 53–55 സൂക്തങ്ങളിൽ, തങ്ങളുടെ ആത്മാവുകളോട് അതിരുകവിഞ്ഞ് പ്രവർത്തിച്ച എന്റെ അടിമകളോട് നീ പറയുക: നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തിൽ ആശയറ്റവരാകരുത്, നിശ്ചയം അല്ലാഹു പാപങ്ങൾ മുഴുവനും പൊറുക്കുന്നവനാണ്, നിശ്ചയം അവൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാകുന്നു. നിങ്ങൾ നിങ്ങളുടെ നാഥനിലേക്ക് ഖേദിച്ച് മടങ്ങുകയും നിങ്ങൾക്ക് ശിക്ഷ വന്നുപെടുന്നതിന് മുമ്പ് അവന് സർവ്വസ്വം സമർപ്പിക്കുകയും ചെയ്യുക, പിന്നെ നിങ്ങൾ സഹായിക്കപ്പെടുന്നവരാവുകയില്ല. നിങ്ങളുടെ നാഥനിൽ നിന്ന് നിങ്ങളിലേക്ക് ഇറക്കപ്പെട്ടിട്ടുള്ള ഒന്ന് ഏറ്റവും നല്ലനിലക്ക് നിങ്ങൾ പിൻപറ്റുകയും ചെയ്യുവീൻ, നിങ്ങൾ തിരിച്ചറിയാത്തവിധം പെട്ടെന്ന് ശിക്ഷ നിങ്ങൾക്ക് വന്നുഭവിക്കുന്നതിനുമുമ്പ് എന്ന് പറഞ്ഞിട്ടുണ്ട്. 1: 2; 4: 17–18, 31, 145–147 വിശദീകരണം നോക്കുക.

120.നിശ്ചയം ഇബ്റാഹീം സ്വയം തന്നെ ഒരു സമുദായമായിരുന്നു, അല്ലാഹുവിനോട് വണക്കമുള്ള, നേരെച്ചൊവ്വെ നിലകൊള്ളുന്നവൻ- അവൻ ഒരിക്കലും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരിൽ പെട്ടവനുമായിരുന്നില്ല,

121.-അവന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നവൻ, അവൻ അവനെ തെരഞ്ഞെടുക്കുകയും അവനെ ഏറ്റവും ചൊവ്വായ പാതയിലേക്ക് മാർഗദർശനം ചെയ്യുകയും ചെയ്തു.

60: 4 ൽ, നിശ്ചയം ഇബ്റാഹീമിലും അവനോടൊപ്പമുള്ളവരിലും നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട്, അവൻ തന്റെ ജനതയോട് പറഞ്ഞ സന്ദർഭം: നിശ്ചയം ഞങ്ങൾ നിങ്ങളിൽ നിന്നും നിങ്ങൾ അല്ലാഹുവിനെക്കൂടാതെ ആരെയാണോ സേവിച്ചുകൊണ്ടിരിക്കുന്നത്, അവയിൽ നിന്നും വിമുക്തരാകുന്നു, ഞങ്ങൾ നിങ്ങളെ നിഷേധിക്കുന്നവരാണ്, ഞങ്ങൾക്കും നിങ്ങൾക്കും ഇടയിൽ എന്നെന്നും ശത്രുതയും കോപവും ഉണ്ടായിരിക്കും -നിങ്ങൾ ഏകനായ അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുന്നതുവരെ; എന്നാൽ ഇബ്റാഹീം തന്റെ പിതാവിനോട് പറഞ്ഞതൊഴികെ -ഞാൻ നിനക്കുവേണ്ടി പൊറുക്കലിനെ തേടുകതന്നെ ചെയ്യും, അല്ലാഹുവിൽ നിന്ന് ഒന്നും നേടിത്തരാൻ എനിക്ക് കഴിയുകയില്ലെങ്കിലും! ഞങ്ങളുടെ നാഥാ, നിന്നിലാണ് ഞങ്ങൾ ഭരമേൽപിച്ചിട്ടുള്ളത്, നിന്നിലേക്കുതന്നെയാണ് ഞങ്ങൾ ഖേദിച്ചുമടങ്ങുന്നത്, നിന്നിലേക്കുതന്നെയാണ് ഞങ്ങളുടെ അന്തിമ മടക്കവും എന്ന് പറഞ്ഞിട്ടുണ്ട്. ഇബ്റാഹീമിന്റെ ജനതയെ അവർ ആരാധിച്ചിരുന്ന ഇലാഹുകളിൽ നിന്ന് ഏകഇലാഹായ പ്രപഞ്ചനാഥനിലേക്ക് വിളിച്ചപ്പോൾ അവർ അവരുടെ ഭരണാധികാരികളുടെ മേൽനോട്ടത്തിൽ ഇബ്റാഹീമിനെ തീക്കുണ്ഠത്തിൽ എറിഞ്ഞ് ക

രിച്ച് കൊല്ലാനും അവരുടെ പക്ഷത്തുതന്നെ ഉറച്ചുനിൽക്കാനുമാണ് ശ്രമിച്ചത്. അങ്ങനെ അവർ ഇബ്റാഹീമിനെ തീക്കുണ്ഠത്തിൽ എറിഞ്ഞപ്പോൾ പ്രപഞ്ചനാഥൻ തീയിനോട് കൽപിച്ചു: 'ഓ തീയേ, നീ ഇബ്റാഹീമിന്റെ മേൽ സമാധാനവും തണുപ്പുമുള്ളതായിത്തീരുക'. ആ തീയിൽ നിന്ന് ഇബ്റാഹീം സുരക്ഷിതനായി പുറത്ത് വന്നത് കണ്ടപ്പോഴാണ് സഹോദരപുത്രൻ ലൂത്ത് വിശ്വസിച്ചത്. 21: 68-69 വിശദീകരണം നോക്കുക. 22: 78 ൽ, നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗപരിശ്രമം ചെയ്യേണ്ടവിധം ത്യാഗപരിശ്രമം ചെയ്യുക, അവൻ നിങ്ങളെ അതിനുവേണ്ടി തെരഞ്ഞെടുത്തിരിക്കുന്നു, നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ ജീവിതചര്യയിൽ നിങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കിയിട്ടില്ല; അവനാണ് (അല്ലാഹു) നിങ്ങൾക്ക് മുസ്ലിംകൾ എന്ന് പേരിട്ടത്, ഈ ഗ്രന്ഥത്തിലും ഇതിനുമുമ്പ് അവതരിപ്പിക്കപ്പെട്ടവയിലും, പ്രവാചകൻ നിങ്ങളുടെമേൽ സാക്ഷ്യം വഹിക്കുന്നതിനും നിങ്ങൾ മനുഷ്യരുടെ മേൽ സാക്ഷ്യം വഹിക്കുന്നതിനും വേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ 5: 48 ൽ മുഹൈമിൻ എന്ന് വിശേഷിപ്പിക്കപ്പെട്ട അദ്ദിക്ർ എന്ന ഗ്രന്ഥത്തെ സ്വയം ഉപയോഗപ്പെടുത്തുകയും ലോകർക്ക് അതിനെ എത്തിച്ചുകൊടുത്തുകൊണ്ട് *മുഹൈമിനായ* അല്ലാഹുവിനെ സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവർക്ക് ഇന്ന് അത്തരം പരീക്ഷണങ്ങളൊന്നും നേരിടേണ്ടി വരികയില്ല. 2: 286 വിശദീകരണം നോക്കുക.

'ഏറ്റവും ചൊവ്വായ പാതയിലേക്ക്' എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത് 1: 5 ൽ വിശ്വാസികൾ ചോദിക്കുന്ന പാതയായ സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ഏകപാതയായ 'അദ്ദിക്റിലേക്ക്' അഥവാ 35 സൂക്തങ്ങളിൽ നേരെച്ചൊവ്വെയുള്ള പാത എന്ന് വിശേഷിപ്പിക്കപ്പെട്ട ഗ്രന്ഥത്തിലേക്ക് എന്നാണ്. 39: 66 ൽ, അല്ല; നീ അല്ലാഹുവിനെ മാത്രം സേവിക്കുക, നന്ദി പ്രകടിപ്പിക്കുന്നവരിൽ ഉൾപ്പെടുകയും ചെയ്യുക എന്ന് പറഞ്ഞിട്ടുണ്ട്. 20: 121-122 സൂക്തങ്ങളിൽ, പിശാചിന്റെ പ്രേരണക്ക് വിധേയമായി ആദം ദമ്പതികൾ സ്വർഗത്തിൽ വിലക്കപ്പെട്ട കനിയായ ലൈംഗികബന്ധത്തിന് തുനിയുക വഴി ആദം തന്റെ നാഥനെ ധിക്കരിക്കുകയും ലക്ഷ്യ ബോധം നഷ്ടപ്പെട്ടവനായിത്തീരുകയും ചെയ്തു, പിന്നെ അവന്റെ നാഥൻ അവനെ തെരഞ്ഞെടുത്തു, അവന്റെ പശ്ചാത്താപം സ്വീകരിക്കുകയും അവനെ സന്മാർഗത്തിലാക്കുകയും ചെയ്തു എന്ന് പറഞ്ഞിട്ടുണ്ട്. 3: 67; 6: 79, 161; 9: 113-114 വിശദീകരണം നോക്കുക.

122.നാം അവന് ഇഹത്തിൽ നന്മ നൽകി, നിശ്ചയം അവൻ പരത്തിൽ സജ്ജനങ്ങളിൽ പെട്ടവൻ തന്നെയുമാകുന്നു.

ഇബ്റാഹീം അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊണ്ടതിനാൽ അല്ലാഹുവിന്റെ ഏകസംഘത്തിൽ പെട്ട സജ്ജനങ്ങളിൽ പെട്ടവനായിരുന്നു എന്നാണ് പറയുന്നത്. എന്റെ നാഥാ, എനിക്ക് നീ യുക്തിജ്ഞാനം പ്രദാനം ചെയ്യേണമേ, എന്നെ നീ സജ്ജനങ്ങളിൽ ചേർക്കുകയും ചെയ്യേണമേ എന്ന് ഇബ്റാഹീം പ്രാർത്ഥിച്ചതായി 26: 83 ൽ പറഞ്ഞിട്ടുണ്ട്. ഉറുമ്പ് റാണിയുടെ സംസാരം കേട്ട സുലൈമാൻ നബി 'എന്റെനാഥാ! എന്റെ മേലിലും എന്റെ മാതാപിതാക്കളുടെ മേലിലും ചൊരിഞ്ഞ നിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുന്നവനായി എന്നെ നീ നിയന്ത്രിച്ച് നിർത്തേണമേ! -നീ തൃപ്തിപ്പെട്ടവിധം സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നതിനും; നിന്റെ മഹത്തായ കാരുണ്യം കൊണ്ട് നിന്റെ സജ്ജനങ്ങളായ അടിമകളിൽ എന്നെ നീ പ്രവേശിപ്പിക്കുകയും ചെയ്യേണമേ!' എന്ന് പ്രാർത്ഥിച്ചതായി 27: 19 ൽ പറഞ്ഞിട്ടുണ്ട്. 7: 205-206 ൽ വിവരിച്ച പ്രകാരം വിശ്വാസി തിലാവത്തിന്റെ സാഷ്ടാംഗപ്രണാമത്തിൽ അവസാനം 'അല്ലാഹുവേ, കാരുണ്യമായ അദ്ദിക്ർ കൊണ്ട് ഞങ്ങ

ളെ നീ നിന്റെ സജ്ജനങ്ങളായ അടിമകളിൽ ഉൾപെടുത്തേണമേ' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കുന്നതാണ്. 1: 6; 4: 69–70; 7: 196 വിശദീകരണം നോക്കുക.

123.പിന്നെ നാം നിന്നിലേക്ക് ദിവ്യസന്ദേശം നൽകി –തീർച്ചയായും നീ നേരെച്ചൊവ്വെ ഇബ്റാഹീമിന്റെ പാത പിൻപറ്റുകതന്നെ വേണമെന്ന്, അവൻ ഒരിക്കലും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരിൽ പെട്ടവനുമായിരുന്നില്ല.

'നിങ്ങൾ ഗ്രന്ഥത്താൽ പഠിപ്പിക്കപ്പെടുന്നതുപോലെയും നിങ്ങൾ മറ്റുള്ളവരെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നതുപോലെയും നാഥന്റെ പ്രൗഢരായ പ്രതിനിധിയായി ജീവിക്കാൻ' 3: 79–80 സൂക്തങ്ങളിലൂടെ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി കൽപിക്കപ്പെട്ടിട്ടുണ്ട്. 10: 103–106, 109; 11: 114–115; 16: 90 വിശദീകരണം നോക്കുക.

124.നിശ്ചയം ശാബ്ബത്ത് ആചരണം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് അതിന്റെ കാര്യത്തിൽ ഭിന്നിച്ചവരായവരുടെ മേലിലാണ്, നിശ്ചയം നിന്റെ നാഥൻ ഏതൊരു വിഷയത്തിലാണോ അവർ ഭിന്നിച്ചുകൊണ്ടിരുന്നത് ആ വിഷയത്തിൽ വിധിദിവസം അവർക്കിടയിൽ തീരുമാനം കൽപിക്കുന്നതുമാണ്.

അല്ലാഹു മനുഷ്യർക്ക് തൃപ്തിപ്പെട്ട ദീനിൽ ആഴ്ചയിലെ പെരുന്നാൾ ദിനമായി നിശ്ചയിച്ചിട്ടുള്ളത് വെള്ളിയാഴ്ചയാണ്. വെള്ളിയാഴ്ച തന്നെയാണ് ആദമിനെ സൃഷ്ടിച്ചതും സ്വർഗത്തിൽ നിന്ന് പുറത്താക്കിയതും ഭൂമിയിലേക്ക് അയച്ചതും. വെള്ളിയാഴ്ച തന്നെയാണ് ലോകം അവസാനിക്കുന്നതും. ഋജുമാനസനായ ഇബ്റാഹീമിന്റെ ദീനിലും (എല്ലാ പ്രവാചകന്മാരുടെ ദീനിലും) വെള്ളിയാഴ്ച തന്നെയായിരുന്നു *ജുമുഅഃ* ദിനം. എന്നാൽ ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, മൂസാ തുടങ്ങി 313 പ്രവാചകന്മാരുടെയും ജീവിതചര്യയായ ഇസ്ലാമിൽ നിന്ന് വ്യതിചലിച്ച് ജൂതൻമാരായിത്തീർന്നവർ അവരുടെ ഭക്ഷണവിഭവങ്ങളിൽ എന്നപോലെ വെള്ളിയാഴ്ചദിനത്തിലും ഭിന്നിച്ച് ശനിയാഴ്ച –ശാബ്ബത്ത് ദിനം– ആഴ്ചയിലെ പെരുന്നാളായി ആചരിച്ചുവരികയാണുണ്ടായത്. അതുതന്നെയും അവർ ആചരിക്കേണ്ടവിധം ആചരിച്ചിരുന്നുമില്ല. അപ്പോൾ 'അതിന്റെ കാര്യത്തിൽ ഭിന്നിച്ചവർ' എന്ന് പറഞ്ഞ് *ശാബ്ബത്ത്* ദിനം ആചരിക്കേണ്ട വിധം ആചരിക്കുന്നതിൽ ഭിന്നിച്ചവർ എന്ന് മാത്രമല്ല, ഗ്രന്ഥത്തിന്റെ കാര്യത്തിൽ ഭിന്നിച്ചവർ എന്നുകൂടിയാണ്.

ജനങ്ങൾ ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ വിധികൽപിക്കാനാണ് വിധിദിവസം നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ വിശ്വാസികൾ അദ്ദിക്റിൽ നിന്ന് വിധിദിവസത്തിലെ വിചാരണ മനസ്സിലാക്കിക്കൊണ്ട് ഇവിടെവെച്ചുതന്നെ ത്രാസ്സായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ജനങ്ങൾ ഭിന്നിച്ച വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതും അവർ അല്ലാഹു തൃപ്തിപ്പെട്ട ഏകവഴിയിലാണെന്ന് ഉറപ്പുവരുത്തുന്നതുമാണ്. അഥവാ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പതായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ മാർഗം വെടിഞ്ഞ് സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നിന്റെ മാർഗം സ്വീകരിക്കണം എന്നർത്ഥം.

ഇന്ന് ഫുജ്ജാറുകൾ വെള്ളിയാഴ്ചയുടെ കാര്യത്തിൽ മാത്രമല്ല; നോമ്പ്, ഹജ്ജ്, പെരുന്നാൾ തുടങ്ങി എല്ലാ വിഷയങ്ങളിലും യഥാർത്ഥ ദീനിൽ നിന്ന് ഭിന്നിക്കുകയും പ്രവാചകന്റെ കാലത്തുള്ള ജൂതരെക്കാൾ സത്യത്തിൽ നിന്ന് ബഹുദൂരം വഴിപിഴച്ചുപോവു

കയും ചെയ്തിരിക്കുന്നു. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്തവർ വിധിദിവസം തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 33–34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 113, 136, 253; 7: 163 –166; 16: 64 വിശദീകരണം നോക്കുക.

125.നീ നിന്റെ നാഥന്റെ പാതയിലേക്ക് 'ഹിക്മത്ത്' കൊണ്ടും മൗഇളത്തുൽ ഹസനത്ത് കൊണ്ടും' വിളിക്കുക, അവരോട് ഏറ്റവും നല്ലതായ ഒന്നുകൊണ്ട് സംവാദം നടത്തുകയും ചെയ്യുക; നിശ്ചയം നിന്റെ നാഥൻ തന്നെയാണ് അവന്റെ പാതയെത്തൊട്ട് വഴിപിഴച്ചവൻ ആരെന്ന് ഏറ്റവും അറിയുന്നവൻ, അവൻ തന്നെയാണ് സന്മാർഗത്തിലായവർ ആരെന്ന് ഏറ്റവും അറിയുന്നവനും.

നിന്റെ നാഥന്റെ പാതയിലേക്ക് എന്നുപറഞ്ഞത് അദ്ദിക്ർ സമർപ്പിക്കുന്ന –ആദ്യാവസാനം വരെയുള്ള സൃഷ്ടികൾക്ക് അല്ലാഹു തൃപ്തിപ്പെട്ട– ഏകവഴിയായ ഇസ്ലാമിലേക്ക് എന്നാണ്. അതാണ് നേരെച്ചൊവ്വെയുള്ള പാത അതിലേക്ക് വിളിക്കേണ്ടത് *ഹിക്മത്തു* കൊണ്ടും –ഗ്രന്ഥത്തിലെ ആശയം സ്പഷ്ടമായ സൂക്തങ്ങൾ കൊണ്ടും– *മൗഇളത്തുൽ ഹസനത്ത്*കൊണ്ടും– സ്പഷ്ടമായ സൂക്തങ്ങൾക്ക് സമാനമായ ഉപമ ഉദാഹരണങ്ങൾകൊണ്ടും– ആണ്.

ഹിക്മത്തും മൗഇളത്തുൽ ഹസനത്തും: 'ഹിക്മത്ത്' അഥവാ യുക്തിജ്ഞാനം കൊണ്ടുദ്ദേശിക്കുന്നത് ഈ സൂക്തത്തിലും 2: 269; 31: 12; 38: 20 തുടങ്ങിയ സൂക്തങ്ങളിലും പറഞ്ഞ അദ്ദിക്റാണ്. 'മൗഇളത്തുൽ ഹസനത്ത്' അഥവാ ഏറ്റവും നല്ല സമാനമായ ഉപമ ഉദാഹരണങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് 2: 66; 10: 57; 24: 34 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ സദുപദേശമാണ്. അവർ നിന്നിലേക്ക് ഒരു ചോദ്യവും കൊണ്ടുവരുന്നില്ല, അതിന്റെ യഥാർത്ഥ മറുപടിയും ഏറ്റവും നല്ല വിശദീകരണവും നാം നിനക്ക് നൽകിയിട്ടല്ലാതെ എന്ന് 25: 33 ൽ അല്ലാഹു പറഞ്ഞിട്ടുണ്ട്. ഇവിടെ യഥാർത്ഥ മറുപടികൊണ്ടുദ്ദേശിക്കുന്നത് *ഹിക്മത്തും*, ഏറ്റവും നല്ല *വിശദീകരണം (തഫ്സീർ)* കൊണ്ടുദ്ദേശിക്കുന്നത് *മൗഇളത്തുൽ ഹസനത്തു*മാണ്. ഈ സൂക്തത്തിൽ നിന്നും ഏറ്റവും നല്ല വിശദീകരണം –*അഹ്സനുതഫ്സീർ*– അജയ്യഗ്രന്ഥമായ *'അദ്ദിക്ർ* തന്നെയാണെന്ന് മനസ്സിലാക്കാം. ചിലർ നൽകിയതുപോലെ തന്ത്രജ്ഞതയോടുകൂടിയും സദുപദേശത്തോടുകൂടിയും നീ നിന്റെ നാഥനിലേക്ക് വിളിക്കുക എന്ന് ഈ സൂക്തത്തിന് ആശയം നൽകുന്നത് ശരിയല്ല. കാരണം (1) 4: 105 ൽ അല്ലാഹു പ്രവാചകനോട് കൽപിക്കുന്നു: നീ ജനങ്ങളിൽ അല്ലാഹു ഉദ്ദേശിച്ച പ്രകാരം– നീ ഉദ്ദേശിച്ചതുപോലെയല്ല– ഗ്രന്ഥം കൊണ്ട് വിധി കൽപിക്കണം. (2) 80: 1–10 പ്രകാരം, പ്രവാചകൻ *മക്കാമുശ്രിക്ക്* നേതാക്കളുമായി കാര്യമായ ചർച്ച നടത്തിക്കൊണ്ടിരിക്കെ അന്ധനായ *ഉമ്മുമക്തൂം* കയറിവന്നപ്പോൾ പ്രവാചകന്റെ മുഖത്ത് വൈമനസ്യം നിഴലിച്ചു, അപ്പോൾ അല്ലാഹു പ്രവാചകനെ തിരുത്തുകയാണുണ്ടായത്. മാന്യൻമാരും പ്രമാണിമാരുമായ ആളുകളെ ഇസ്ലാമിലേക്ക് കിട്ടിയാൽ കൊള്ളാമെന്ന പ്രവാചകന്റെ ആഗ്രഹമൊന്നും അല്ലാഹു സ്വീകരിച്ചില്ല. (3) ഉഹ്ദ് യുദ്ധത്തോടനുബന്ധിച്ച് പല്ല് നഷ്ടപ്പെടുകയും തലക്ക് മുറിവ് പറ്റുകയും ചെയ്ത പ്രവാചകൻ ശത്രുക്കൾക്കെതിരെ നടത്തിയ പ്രാർത്ഥന അനുവദനീയമല്ലെന്നാണ് 3: 128–129 സൂക്തങ്ങളിലൂടെ അല്ലാഹു പഠിപ്പിച്ചത്. കാര്യങ്ങളെല്ലാം ആകാശഭൂമികളുടെ അധിപനായ അല്ലാഹുവാണ് നിയന്ത്രിക്കുന്നത്, അവൻ കൽപിക്കുന്നപ്രകാരം പ്രവർത്തിക്കുക എന്ന താക്കീ

താണ് പ്രവാചകന് കിട്ടിയത്. ഖാലിദുബ്നുവലീദ്, അബൂസുഫ്യാന്റെ ഭാര്യ ഹിന്ദ്, ഹിന്ദിന്റെ അടിമയും ആഫ്രിക്കൻ നീഗ്രോയുമായ വഹ്ശി തുടങ്ങി അന്ന് പ്രവാചകൻ ആർക്കെതിരായിട്ടാണോ പ്രാർത്ഥിച്ചത്, അവരെ ഇസ്ലാമിലേക്ക് കൊണ്ടുവരികയാണ് അല്ലാഹു ചെയ്തത്.

ഗ്രന്ഥം വന്നുകിട്ടിയിട്ടില്ലാത്ത ജനവിഭാഗങ്ങളോട് എങ്ങനെ പെരുമാറണം, വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത അവിവേകികളെ എങ്ങനെ സമീപിക്കണം, അറിഞ്ഞിട്ട് മൂടിവെക്കുന്ന കപടവിശ്വാസികളോടുള്ള സമീപനം എങ്ങനെയായിരിക്കണം എന്നെല്ലാം അദ്ദിക്റിൽ തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഉദാഹരണം: (1) ഫിർഔൻ 'ഞാൻ അത്യുന്നതനായ *റബ്ബാ*ണ്' എന്നുപറഞ്ഞിരുന്ന സന്ദർഭത്തിൽ സൗമ്യമായി -ലാളിത്യത്തോടുകൂടി- അവനെ വിളിക്കാനാണ് 20: 44; 79: 18-19 സൂക്തങ്ങൾ പ്രകാരം മൂസാ നബിയോട് കൽപിച്ചതെങ്കിൽ, കാര്യങ്ങളെല്ലാം മനസ്സിലാക്കിയശേഷം ഫിർഔൻ തെമ്മാടിയായി (കപടവിശ്വാസിയായി) മാറിയപ്പോൾ അല്ലാഹു മൂസാ നബിയോട് 10: 88 പ്രകാരം അവനെതിരെ പ്രാർത്ഥിക്കാൻ കൽപിക്കുകയും 10: 90-92 പ്രകാരം അവനെ മുക്കിക്കൊല്ലുകയും മറ്റുള്ളവർക്ക് ഒരു ദൃഷ്ടാന്തമാകാൻ വേണ്ടി അവന്റെ ശരീരം നശിപ്പിക്കാതെ സൂക്ഷിക്കുകയും ചെയ്തു. അല്ലാഹുവിനെ അംഗീകരിക്കാത്തതുകൊണ്ട് ആരെയും അല്ലാഹു നശിപ്പിക്കുകയില്ല. എന്നാൽ അതോടനുബന്ധിച്ച് അവന്റെ സൃഷ്ടികളോട് അതിക്രമം കാണിക്കുന്ന തെമ്മാടിയാകുമ്പോഴാണ് നശിപ്പിക്കുക എന്നതാണ് ഇതിന്റെ *ഹിക്മത്ത്*. ഇന്നത്തെ ഫുജ്ജാറുകളെപ്പോലെ ഇതര ജനവിഭാഗങ്ങളും തെമ്മാടികളായി മാറുമ്പോൾ ലോകം മൊത്തം നശിപ്പിക്കപ്പെടും എന്നതാണ് ഈ സംഭവത്തിന്റെ *മൗഇളത്ത്*.

(2) മൂസാ തൗറാത്ത് സ്വീകരിക്കാൻ പോയ അവസരത്തിൽ ഇസ്റാഈൽ സന്തതികൾ പശുക്കുട്ടിയെ ഉണ്ടാക്കി പൂജിക്കുന്ന വിവരം അല്ലാഹു മൂസായെ അറിയിച്ചു. ദുഃഖിതനും നിരാശനും കോപിതനുമായി മൂസാ തിരിച്ചുവരികയും തൗറാത്ത് വലിച്ചെറിഞ്ഞ് സഹോദരൻ ഹാറൂനിന്റെ തലമുടിയും താടിയും പിടിച്ച് വലിക്കുകയാണുണ്ടായതെങ്കിൽ, പശുക്കുട്ടിയെ ഉണ്ടാക്കിയ സാമിരിയോട് 'എന്നെ സ്പർശിക്കരുത്' (എന്നെ വിശ്വസിക്കരുത്) എന്നുപറഞ്ഞുകൊണ്ട് നാടുവിട്ട് പോകാനാണ് കൽപിച്ചത്.

(3) ഗ്രന്ഥത്തിൽ ഭിന്നിച്ച് വിവിധ സംഘടനകളായി പിരിഞ്ഞ മുശ്രിക്കുകളെ കൊല്ലണമെന്നാണ് 9: 5 ൽ പറഞ്ഞതെങ്കിൽ, അല്ലാഹുവിന്റെ ഗ്രന്ഥം കിട്ടാത്ത ബഹുദൈവാരാധകർക്ക് അഭയം കൊടുക്കാനും സംരക്ഷണം നൽകാനുമാണ് 9: 6 ൽ കൽപിക്കുന്നത്. വിശ്വാസികൾക്കിടയിൽ ജീവിക്കുന്ന എല്ലാം അറിഞ്ഞിട്ട് മൂടിവെക്കുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകളെ വധിക്കാനാണ് 9: 123 ൽ വിശ്വാസികളുടെ സംഘത്തോട് അല്ലാഹു കൽപിക്കുന്നത്. അല്ലാഹുവിന്റെ പ്രാതിനിധ്യം വഹിക്കുന്ന പ്രവാചകന്മാർക്കും വിശ്വാസികൾക്കും അല്ലാഹുവിന്റെ (ഗ്രന്ഥത്തിന്റെ) സ്വഭാവമായിരിക്കണം. അതാണ് 3: 79 ലൂടെ അല്ലാഹു കൽപിക്കുന്നത്.

29: 46 ൽ, വേദത്തിന്റെ ആളുകളോട് ഏറ്റവും നല്ലതുകൊണ്ടല്ലാതെ നീ സംവദിക്കുകയുമരുത് -അവരിൽ നിന്നുള്ള അക്രമികളായവരോടൊഴികെ, നിങ്ങൾ പറയുകയും ചെയ്യുക: നിശ്ചയം ഞങ്ങൾ ഞങ്ങളിലേക്ക് അവതരിപ്പിക്കപ്പെട്ടതുകൊണ്ടും നിങ്ങളിലേക്ക് അവതരിപ്പിക്കപ്പെട്ടതുകൊണ്ടും വിശ്വസിച്ചിരിക്കുന്നു, ഞങ്ങളുടെ ഇലാഹും നിങ്ങളുടെ ഇലാഹും ഏകനാണ്, ഞങ്ങൾ അവന് സർവ്വസ്വം സമർപ്പിച്ചവരുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അഥവാ മറ്റുള്ളവരോട് സംവാദം നടത്തേണ്ടത് ഗ്രന്ഥത്തിന്റെ ആശയം -അദ്ദിക്ർ- കൊ

ണ്ടാണ് എന്നർത്ഥം. 25: 33 ൽ പറഞ്ഞ വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അ ദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ, അതുകൊണ്ട് നാഥനിലേക്ക് വിളിക്കുന്നവ നേക്കാൾ ന ല്ലവാക്ക് സംസാരിക്കുന്നവൻ ആരാണ്, അവൻ സൽക്കർമങ്ങൾ അനുഷ്ഠിക്കു ന്നവനും നിശ്ചയം ഞാൻ സർവസ്വം നാഥന് സമർപ്പിച്ചവനാണ് എന്ന് പ്രഖ്യാപിക്കുന്നവ നുമാണ് എന്ന് 41: 33 ൽ പറഞ്ഞിട്ടുണ്ട്.

28: 87 ൽ അല്ലാഹു പ്രവാചകനോട് പറയുന്നു: അല്ലാഹുവിന്റെ സൂക്തങ്ങളിൽ നി ന്ന് നിനക്ക് വന്നുകിട്ടിയതിനുശേഷം നിന്നെ അതിൽ നിന്ന് ആരും തടയാതിരിക്കട്ടെ, നീ നിന്റെ നാഥനിലേക്ക് വിളിക്കുകയും ചെയ്യുക, നീ ഒരിക്കലും അല്ലാഹുവിന്റെ അധികാ രാവകാശങ്ങളിൽ പങ്കുചേർക്കുന്നവരിൽ ഉൾപ്പെടുന്നവനുമാകരുത്. നിശ്ചയം, നിന്റെ നാഥൻ തന്നെയാണ് അവന്റെ മാർഗത്തിൽ നിന്ന് വഴിപിഴച്ചവൻ ആരെന്ന് ഏറ്റവും അ റിയുന്നവൻ, അവൻ തന്നെയാണ് സന്മാർഗം പ്രാപിച്ചവർ ആരെന്ന് ഏറ്റവും അറിയുന്ന വനും എന്ന് 68: 7 ലും, നിശ്ചയം നിന്റെ നാഥൻ തന്നെയാണ് അവന്റെ മാർഗത്തിൽ നി ന്ന് വഴിപിഴച്ചവൻ ആരെന്ന് ഏറ്റവും അറിയുന്നവൻ, അവൻ തന്നെയാണ് ആരാണ് സ ൻമാർഗം ഉപയോഗപ്പെടുത്തിയതെന്ന് ഏറ്റം അറിയുന്നവനും എന്ന് 53: 30 ലും പറഞ്ഞി ട്ടുണ്ട്. തന്റെ അടിമകളുടെ കുറ്റങ്ങൾ വലയം ചെയ്യാൻ നിന്റെ നാഥൻ തന്നെ ഏറ്റവും മ തിയായവനാണെന്ന് 25: 58 ലും, ത്രികാലജ്ഞാനിയായ നിന്റെ നാഥനെക്കുറിച്ച് ത്രികാല ജ്ഞാനമായ അദ്ദിക്റിന്റെ രചയിതാവായ ത്രികാലജ്ഞാനിയോടാണ് നീ ചോദിക്കേണ്ടത് എന്ന് 25: 59 ലും പറഞ്ഞിട്ടുണ്ട്.

ഏതാനും സൂക്തങ്ങളുടെ മൗഇളത്തുൽ ഹസനത്ത് താഴെക്കൊടുക്കുന്നു:

(1) 2: 113-ാം സൂക്തം ആദ്യഭാഗത്തിന്റെ *ഹിക്മത്ത്* ഇങ്ങനെയാണ്: ജൂതൻമാർ പറയുന്നു: 'ക്രൈസ്തവർ ഒന്നുമല്ല' (അവരുടെ പക്കൽ സത്യമൊന്നുമില്ല) എന്നാൽ ക്രൈസ്തവർ പറയുന്നു: 'ജൂതൻമാർ ഒന്നുമല്ല' (അവരുടെ പക്കൽ സത്യമൊന്നുമില്ല). അവർ രണ്ടുകൂട്ടരും ഒരേ ഗ്രന്ഥമാണ് *തിലാവത്ത്* ചെയ്യുന്നത്. ഇതിന്റെ *'മൗഇളത്തുൽ ഹസനത്ത്'* ഇങ്ങനെയാണ്**:** മുസ്ലിംകൾക്കിടയിലെ ഓരോസംഘടനയും ഇതര സംഘ ടനകളെക്കുറിച്ച് 'അവർ പോക്കാണ്' എന്നുപറയുന്നു, അതേസമയം 'ഒരേ ഗ്രന്ഥമായ അ റബി ഖുർആനാണ് അവർ പാരായണം ചെയ്യുന്നത്'. ഗ്രന്ഥത്തിന്റെ ഉള്ളടക്കമറിയുന്നവർ ക്കാണ് ഇത് കൂടുതൽ ബാധകമാവുക. 3: 10 ൽ വിവരിച്ച പ്രകാരം പ്രവാചകൻ ദീർഘവീ ക്ഷണം ചെയ്ത നരകത്തിന്റെ വിറകുകളായ കാഫിറുകളും അവർ തന്നെയാണ്. യഥാർത്ഥ ദീനിൽ നിന്ന് ഭിന്നിച്ച, അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കിടയിലെ സംഘ ടനകളെല്ലാം മുശ്രിക്കുകളാണെന്നും അതിൽ പെട്ടുപോകരുതെന്നും 30: 31-32 സൂക്തങ്ങളി ലൂടെ അല്ലാഹു വിശ്വാസികളോട് കൽപ്പിച്ചിട്ടുണ്ട്.

(2) ജൂത-ക്രൈസ്തവർ അവരുടെ പണ്ഡിതപുരോഹിതന്മാരെയും മർയമിന്റെ പുത്രൻ മസീഹിനെയും അല്ലാഹുവിനെക്കൂടാതെ റബ്ബുകളായി തെരെഞ്ഞെടുത്തു, എ ന്നാൽ ഏകഇലാഹായ അവനല്ലാതെ വേറെ ഇലാഹ് ഇല്ലതന്നെ, അവർ ജൽപിക്കുന്ന പങ്കാളിത്തത്തിൽ നിന്നെല്ലാം അവൻ അതീതനും പരിശുദ്ധനുമാണ്. അവനുവേണ്ടി മാത്ര മല്ലാതെ അവർ ജീവിക്കാൻ കൽപിക്കപ്പെട്ടിട്ടില്ല എന്ന 9: 31 ന്റെ *മൗഇളത്തുൽ ഹസനത്ത്* ഇങ്ങനെയാണ്: ഇന്ന് ഈ സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ, അവരുടെ സംഘ ടനാനേതാക്കളെയും പണ്ഡിതപുരോഹിതൻമാരെയുമാണ് അന്ധമായി അനുകരിക്കു ന്നത്. 'നിങ്ങളും നിങ്ങളുടെ നേതാക്കളും തമ്മിൽ ഏതെങ്കിലും വിഷയത്തിൽ ഭിന്നിച്ചാൽ

അത് അല്ലാഹുവിലേക്കും റസൂലിലേക്കും (അഥവാ അദ്ദിക്റിലേക്ക്) മടക്കുക' എന്ന 4: 59 ന്റെ കൽപനയൊന്നും അവർ ചെവിക്കൊള്ളുന്നില്ല. നിശ്ചയം പണ്ഡിതപുരോഹിതൻമാർ അധികവും ജനങ്ങളുടെ ധനം അവിഹിതമായി തിന്നുകതന്നെ ചെയ്യും, അവർ ജനങ്ങളെ അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് തടയുകയും ചെയ്യും എന്ന് 9: 34 ൽ അല്ലാഹു വിശ്വാസികളെ വിളിച്ച് പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത് ചെവിക്കൊള്ളാതെ ഇന്ന് ഫാജിറുകൾ ജൂത-ക്രൈസ്തവരേക്കാൾ അന്ധമായി കപടവിശ്വാസികളായ അവരുടെ മത-രാഷ്ട്രീയ നേതാക്കളെ പിന്തുടരുന്നത് കാണാം. 2: 165-167 വിശദീകരണം നോക്കുക.

(3) നാം ഇസ്റാഈൽ സന്തതികൾക്ക് രേഖപ്പെടുത്തി വെച്ചു, 'നിശ്ചയം ഒരുവൻ ഒരു ആത്മാവിനെ പ്രതിക്രിയയായിട്ടല്ലാതെ അല്ലെങ്കിൽ ഭൂമിയിൽ നാശമുണ്ടാക്കിയതിനല്ലാതെ വധിച്ചുകളഞ്ഞാൽ അവൻ മനുഷ്യരെ മൊത്തം വധിച്ചതുപോലെയാണ്, ഒരുവൻ ഒരു ആത്മാവിനെ ജീവിപ്പിച്ചാൽ മനുഷ്യസമുദായത്തെ മൊത്തം ജീവിപ്പിച്ചതുപോലെയുമാണ്, നിശ്ചയം അവർക്ക് വ്യക്തമായ വഴിയും കൊണ്ട് നമ്മുടെ പ്രവാചകൻമാർ വന്നിട്ടുണ്ടായിരുന്നു, അതിനുശേഷവും അവരിൽ അധികപേരും ഭൂമിയിൽ നാശം വിതക്കുന്നവർ തന്നെയാകുന്നു എന്ന 5: 32 ന്റെ *മൗഇളത്തുൽ ഹസനത്ത്* ഇങ്ങനെയാണ്: ആദം സന്തതിയായ ഹാബീലിനെ വധിച്ച ഖാബീലിന് ഭൂമിയിൽ നടക്കുന്ന എല്ലാ കൊലപാതകങ്ങളുടെയും ശിക്ഷയുടെ ഒരു ഭാഗം ലഭിക്കുമെന്ന് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് മറ്റു ജനവിഭാഗങ്ങളേക്കാൾ കൊല, കൊള്ള, കവർച്ച, കള്ളക്കടത്ത്, പൂഴ്ത്തിവെപ്പ്, അളവ് തൂക്കങ്ങളിൽ കൃത്രിമം കാണിക്കൽ, മയക്കുമരുന്ന് കച്ചവടം, വർഗീയത, സാമുദായികത, ദേശീയത, സ്വാർത്ഥത, സ്വജനപക്ഷപാതം തുടങ്ങി ഭൂമിയെ നശിപ്പിക്കുന്നതും ജനങ്ങളെ കൊല്ലാതെ കൊല്ലുന്നതുമായ എല്ലാ പൈശാചികവൃത്തികളിലും ലോകത്തെവിടെയും മുൻപന്തിയിൽ നിൽക്കുന്നത് ഗ്രന്ഥം കഴുതകളെപ്പോലെ വഹിക്കുന്ന ഫുജ്ജാറുകളാണ്. ജൂതരെ ഗ്രന്ഥം വഹിക്കുന്ന കഴുതകളോടാണ് 62: 5 ൽ അല്ലാഹു ഉപമിച്ചത്. ഇന്ന് മൊത്തം ജനങ്ങൾക്ക് ഗ്രന്ഥം അദ്ദിക്ർ മാത്രമായതുകൊണ്ട് അവരുടെ സ്ഥാനത്ത് ഗ്രന്ഥം വഹിക്കുന്ന ഫുജ്ജാറുകളാണ് ഈ ഉപമക്ക് ഏറ്റവും അർഹർ. ഇത്തരം അക്രമികളായ ഒരു ജനതയെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ലെന്ന് പറഞ്ഞുകൊണ്ടാണ് സൂക്തം അവസാനിക്കുന്നത്. 7: 176 ൽ, നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞ ജനതയെ ഉപദ്രവിച്ചാലുമില്ലെങ്കിലും മാറ്റം വരാത്ത പട്ടിയോടാണ് അല്ലാഹു ഉപമിച്ചിരിക്കുന്നത്. അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്ന 25: 18 ൽ കെട്ടജനത യെന്ന് വിശേഷിപ്പിക്കപ്പെട്ട ഈ ജനതക്ക് എതിരെത്തന്നെയാണ് 25: 30 പ്രകാരം പ്രവാചകൻ ഗ്രന്ഥവും കൊണ്ടുവന്ന് വിധിദിവസം അന്യായം ബോധിപ്പിക്കുന്നത്. ഗ്രന്ഥത്തിന്റെ ആശയം അറിഞ്ഞിട്ടും അത് പിൻപറ്റാതെ മൂടിവെക്കുന്ന കപടവിശ്വാസികളെയും ആശയം പഠിക്കാൻ കാഴ്ച, കേൾവി, ബുദ്ധിശക്തി എന്നിവ ഉപയോഗപ്പെടുത്താത്ത, കന്നുകാലികളെപ്പോലെ -അല്ല, അവയെക്കാൾ വഴിപിഴച്ച പ്രജ്ഞയറ്റവരായ ഫുജ്ജാറുകളെയും നരകത്തിൽ കുത്തിനിറക്കുമെന്ന് 7: 179 ൽ പറഞ്ഞിട്ടുണ്ട്.

(4) ഓ വിശ്വാസികളേ! നിശ്ചയം കള്ള്, ചൂതാട്ടം, ബിംബങ്ങളാകുന്ന പ്രതിഷ്ഠകൾ, അമ്പ്കൊണ്ടുള്ള നറുക്കെടുപ്പ് മുതലായവയെല്ലാം പിശാചിന്റെ പ്രവൃത്തികളിൽ പെട്ട മാലിന്യങ്ങളാകുന്നു, അപ്പോൾ നിങ്ങൾ അവനെ വർജ്ജിക്കുവീൻ, എന്നാൽ നിങ്ങൾക്ക് വിജയം വരിക്കാം എന്ന 5: 90 ന്റെ *മൗഇളത്തുൽ ഹസനത്ത്* ഇങ്ങനെയാണ്: സൂക്തത്തിൽ ലഹരിവസ്തുവായ കള്ളിനെക്കുറിച്ചാണ് പറഞ്ഞതെങ്കിലും അതിനെക്കാൾ മാരകമാ

യ കഞ്ചാവ്, മറ്റു ലഹരിവസ്തുക്കൾ (ബ്രൗൺ ഷുഗർ, ഹഷീഷ്, MDMA) എന്നിവ അതിന്റെ *മൗഇളത്തുൽ ഹസനത്ത്* അനുസരിച്ചാണ് നിഷിദ്ധമാകുന്നത്. അവയെല്ലാം പിശാചിന്റെ കാൽപാടുകൾ തന്നെയാണ്, അതുകൊണ്ടാണ് 'അവയെ വർജ്ജിക്കുവീൻ' എന്നുപറയാതെ 'അവനെ വർജ്ജിക്കുവീൻ' എന്നുപറഞ്ഞത്. ചൂതാട്ടത്തിന്റെ *മൗഇളത്തിൽ* ജനങ്ങളെ ചൂഷണം ചെയ്യുന്ന പലിശ, ശീട്ടുകളി, ലോട്ടറി, റമ്മി, കള്ളക്കടത്ത്, കുഴൽപ്പണം തുടങ്ങിയവയെല്ലാം ഉൾപ്പെടും. പ്രതിഷ്ഠകളിൽ ബലിയർപ്പിക്കുന്നതിന്റെ *മൗഇളത്തിൽ* ബദ്രീങ്ങൾ, മുഹ്യുദ്ദീൻ ശൈഖ്, ഓമാനൂർ ശുഹദാക്കൾ തുടങ്ങിയവരുടെ പേരിൽ നേർച്ച നടത്തൽ; ധാന്യങ്ങൾ, പയറുവർഗങ്ങൾ, കായ്ക്കനികൾ എന്നിവ വഴിപാടായി നേർച്ചയാക്കൽ തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നതാണ്. 6: 145 ൽ, അല്ലാഹുവിനല്ലാതെ മറ്റുള്ളവർക്ക് നീക്കിവെച്ച നേർച്ചവസ്തുക്കളെ പന്നി മാംസത്തിന്റെ കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2: 173 വിശദീകരണം നോക്കുക.

(5) നിശ്ചയം നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞ് കളവാക്കുകയും അതുകൊള്ളെ എല്ലാം പഠിച്ചുതികഞ്ഞവനാണെന്ന് അഹന്ത നടിക്കുകയും ചെയ്യുന്നവരാരോ, അവർക്കുവേണ്ടി ആകാശങ്ങളുടെ വാതിലുകൾ തുറക്കപ്പെടുകയില്ല, അവർ സ്വർഗത്തിൽ പ്രവേശിക്കുകയുമില്ല -തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ, അപ്രകാരമാണ് നാം ഭ്രാന്തൻമാർക്ക് പ്രതിഫലം കൊടുക്കുക എന്ന 7: 40 ന്റെ *മൗഇളത്തുൽ ഹസനത്ത്* ഇങ്ങനെയാണ്: നിശ്ചയം നമ്മുടെ സൂക്തങ്ങൾ വിശദീകരിക്കുകയും അതിനെ ലോകർക്ക് എത്തിച്ചു കൊടുക്കുകയും ചെയ്യുന്നവരുണ്ടല്ലോ, അവർക്കുവേണ്ടി ആകാശത്തിന്റെ വാതിലുകൾ തുറന്നു വെക്കുകയും വിചാരണ കൂടാതെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്നതാണ്, അപ്രകാരമാണ് നാം അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുക.

(6) സബഅ് വാസികളുടെയും അനുഗ്രഹീതനാടായ ഫലസ്തീനിന്റെയും ഇടയിൽ രാപകൽ ഭേദമന്യേ സുരക്ഷിതമായി യാത്ര ചെയ്യുമ്പോൾ വിശ്രമിക്കാൻ ഉതകുമാറുള്ള ചെറിയ ചെറിയ നാടുകൾ ഉണ്ടാക്കിയിട്ടുണ്ടായിരുന്നു, എന്നാൽ അവർ പ്രാർത്ഥിച്ചു: ഞങ്ങളുടെ നാഥാ, ഞങ്ങളുടെ യാത്രക്ക് നീ വഴിദൂരം വർദ്ധിപ്പിക്കേണമേ. അവർ സ്വന്തത്തോട് അക്രമം പ്രവർത്തിക്കുകയും ചെയ്തു, അപ്പോൾ നാം അവരെ ചരിന്നഭിന്നമാക്കി ചരിത്രത്തിന്റെ ഭാഗമാക്കിമാറ്റി എന്ന് 34: 18-19 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇവിടെ ഞങ്ങളുടെ യാത്രാദൂരം വർദ്ധിപ്പിക്കേണമേ എന്ന് പ്രാർത്ഥിച്ചു എന്നുപറഞ്ഞതിന്റെ വിവക്ഷ വഴിനീളെ അവർ കൊള്ളയും കവർച്ചയും ആരംഭിക്കുകയും അത് വ്യാപിച്ച് യാത്രാമാർഗം സുരക്ഷിതമല്ലാതായിത്തീരുകയും രാവും പകലും ഭേദമന്യേ സഞ്ചരിക്കാൻ പറ്റാതാവുകയും അതുവഴി അവരുടെ യാത്രാദൈർഘ്യം വർദ്ധിക്കുകയും ചെയ്തു എന്നാണ്. ഇതിന്റെ *മൗഇളത്തുൽ ഹസനത്ത്* ഇങ്ങനെയാണ്: മനുഷ്യരുടെ ഐക്യവും രക്തച്ചൊരിച്ചിലും ഇല്ലാതാക്കി ഭൂമിയെ അതിന്റെ സന്തുലിതാവസ്ഥയിൽ നിലനിർത്താനുള്ള ഏക ഉപാധിയായ ഗ്രന്ഥം, ആശയമില്ലാതെ വഹിക്കുന്ന ഫുജ്ജാറുകൾ അത് സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുക വഴി -ഞങ്ങളുടെ നാഥാ, ആകാശം പൊട്ടിപ്പിളരുന്ന, സൂര്യനും ചന്ദ്രനും ഒരുമിക്കുന്ന, സമുദ്രങ്ങൾ കത്തിയെരിയുന്ന, ഭൂമി അതിന്റെ റിക്കാർഡ് സമർപ്പിക്കുന്ന ദിവസം ഞങ്ങൾക്ക് വേഗത്തിൽ കൊണ്ടുവരിക- എന്ന പ്രാർത്ഥനയിലാണ് എന്നാണ്.

(7) അദ്ദിക്ർ കൂടാതെ ഭൂമിയിൽ അഹംഭാവം നടിച്ച് നടക്കുന്നവരെ എന്റെ സൂക്ത

ങ്ങളെത്തൊട്ട് ഞാൻ പിന്തിരിപ്പിച്ചുകളയുകതന്നെ ചെയ്യും, അവർ ഏത് ദൃഷ്ടാന്തം കണ്ടാലും അതിൽ വിശ്വസിക്കുകയില്ല, ദുർമാർഗം കണ്ടാൽ അവർ അത് തെരഞ്ഞെടുക്കുന്നതുമാണ്, അവരുടെ സ്വഭാവം ഇങ്ങനെയായത്, അവർ നമ്മുടെ സൂക്തങ്ങളെ കളവാക്കിയതുകൊണ്ടും അതിനോട് അശ്രദ്ധ കാണിച്ചതുകൊണ്ടുമാണ് എന്ന 7: 146 ന്റെ *മൗഇളത്തുൽ ഹസനത്ത്* ഇങ്ങനെയാണ്: ഗ്രന്ഥത്തെക്കുറിച്ച് അറിവില്ലാതെ പണ്ഡിതനാണെന്ന് ധരിച്ച്, വാദിച്ച് വേഷഭൂഷാദികൾ അണിഞ്ഞ് നടക്കുന്നവരെ അല്ലാഹു അദ്ദിക്റിൽ നിന്ന് പിന്തിരിപ്പിച്ച് കളയുന്നതാണ്. ഇന്ന് ഫുജ്ജാറുകളിലെ കപടവിശ്വാസികളായ പണ്ഡിതൻമാരുടെ സ്ഥിതിയാണിത്. അവർ യഥാർത്ഥ ഗ്രന്ഥമായ അദ്ദിക്ർ പഠിച്ചിട്ടില്ല, എന്നാൽ സൃഷ്ടികൾ എഴുതിയുണ്ടാക്കിയ *ഫുജ്ജാർ കിതാബുകൾ* പഠിച്ചിട്ടുമുണ്ട്. ഗ്രന്ഥം കൊണ്ട് പ്രൗഢരാകണമെന്നും അഹങ്കരിക്കണമെന്നും മറ്റാരെയും ആശ്രയിക്കാതെ സ്വയം പര്യാപ്തരായിത്തീരണമെന്നുമാണ് 3: 79 ലൂടെ പഠിപ്പിച്ചിട്ടുള്ളത്. അദ്ദിക്റിന് സർവ്വപ്രധാനം കൊടുക്കാത്തവരെ സന്മാർഗത്തിൽ നിന്ന് പിന്തിരിപ്പിച്ചുകളയുമെന്ന് 2: 185 ന്റെ വിശദീകരണമായിക്കൊണ്ട് പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. *ഗ്രന്ഥത്തിന്റെ ആശയമായ അദ്ദിക്റാണ് ഐശ്വര്യം, അതിനുശേഷം ദാരിദ്ര്യമില്ല, അതില്ലാതെ ഐശ്വര്യവുമില്ല* എന്നും നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. *ഗ്രന്ഥത്തെ മുന്നിൽ നടത്തുന്നവരെ ആ ഗ്രന്ഥം അതിന്റെ ഉടമയിലേക്ക് -പ്രകാശത്തിലേക്ക്- കൊണ്ടുപോകും. ഗ്രന്ഥത്തെ പിന്നിൽ നടത്തുന്നവരെ അത് നരകത്തിലേക്ക് -പിശാചിന്റെ താവളത്തിലേക്ക്- തള്ളിവിടുമെന്നും* നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അവരുടെ പ്രവൃത്തികൾ മുഴുവൻ പാഴായിപ്പോയി, അവർ പരലോകത്തിൽ എല്ലാം നഷ്ടപ്പെട്ടവരാണ് എന്നാണ് അടുത്ത സൂക്തമായ 7: 147 ൽ പ്രഖ്യാപിക്കുന്നത്. ഗ്രന്ഥത്തിന്റെ ആശയമില്ലെങ്കിൽ അഥവാ അദ്ദിക്റിനെ സത്യപ്പെടുത്തിയില്ലെങ്കിൽ നമസ്ക്കാരം, നോമ്പ്, ഹജ്ജ്, ഉംറ, ദാനധർമ്മങ്ങൾ, പ്രാർത്ഥനകൾ തുടങ്ങിയവയൊന്നും തന്നെ സ്വീകരിക്കപ്പെടുകയില്ല എന്നും പ്രവൃത്തികൾ മുഴുവൻ പാഴായിപ്പോകുമെന്നും നരകത്തിൽ പ്രവേശിപ്പിക്കപ്പെടുമെന്നും 2: 39, 121, 186; 3: 21–22; 5: 10, 86; 7: 35–36; 9: 53–55; 18: 103–105; 25: 65–66; 39: 63; 40: 78, 85; 47: 8–9; 57: 19; 63: 9; 64: 10 തുടങ്ങിയ സൂക്തങ്ങളിലെല്ലാം *മൗഇളത്ത്* നൽകിയിട്ടുണ്ട്.

ചുരുക്കത്തിൽ എല്ലാ *മുഹ്ക്കമത്തായ* സൂക്തങ്ങൾക്കും *മൗഇളത്തുണ്ട്*. അല്ലാഹുവിന്റെ കോപം വർഷിച്ച ജനതയുടെ സ്ഥാനത്തും വഴിപിഴച്ച ജനതയുടെ സ്ഥാനത്തും *ശിർക്ക്* ചെയ്യുന്നവരുടെ സ്ഥാനത്തുമെല്ലാം ഇന്ന്, ഗ്രന്ഥം കിട്ടിയിട്ട് അതിന്റെ ആശയം സ്വയം ഉപയോഗപ്പെടുത്താത്ത, മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ കൊടുക്കാത്ത ഫുജ്ജാറുകളാണുള്ളത്. പ്രാർത്ഥനകൾ സ്വീകരിക്കപ്പെടാൻ രണ്ട് നിബന്ധനകൾ 2: 186 ലും, അറിവില്ലായ്മ കൊണ്ട് സംഭവിച്ച ഏത് കുറ്റങ്ങളും ഏറ്റുപറഞ്ഞ് പിന്നീട് കർമ്മങ്ങൾ നന്നാക്കിത്തീർത്താൽ മതിയെന്ന് 39: 53–55 സൂക്തങ്ങളിലും പറയുന്നു. വിശ്വാസികളുടെ സംഘമുണ്ടെങ്കിൽ അധികാരം നൽകുമെന്ന് 24: 55 ൽ പറഞ്ഞിട്ടുണ്ട്. വിശ്വാസികളോട് മാത്രമാണ് നമസ്കാരവും നോമ്പും സകാത്തും കൽപിച്ചിട്ടുള്ളത്. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 13: 14; 40: 50 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

3: 7 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം അറബി ഖുർആൻ വായിക്കുന്നത് മൂന്ന് വിഭാഗക്കാരാണ്. ഇവരിൽ രണ്ട് വിഭാഗങ്ങൾ ഫുജ്ജാറുകളാണ്. അഥവാ അറബി ഖുർആനിന്റെ ആശയം അറിഞ്ഞിട്ട് അത് മൂടിവെക്കുന്ന

കപടവിശ്വാസികളും ആശയം അറിയാതെ അറബി ഖുർആൻ പാരായണം ചെയ്യുന്ന ഫാജിറുകളും. ഈ രണ്ടുകൂട്ടരും അടങ്ങിയതാണ് 3: 10; 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ. മൂന്നാമത്തെ വിഭാഗമായ വിശ്വാസികൾ അദ്ദിക്റിനെ സത്യപ്പെടുത്തുന്നവരും പ്രചരിപ്പിക്കുന്നവരുമാണെങ്കിൽ ആത്മാവിനെ പരിഗണിക്കാത്ത ഫുജ്ജാറുകൾ 56: 82 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ്. ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസിയുടെ പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 3: 7, 101–103, 138 വിശദീകരണം നോക്കുക.

126.നിങ്ങൾ പ്രതികാരം ചെയ്യുകയാണെങ്കിൽ അപ്പോൾ നിങ്ങളോട് ഏത് അളവിലാണോ അതിക്രമം കാണിച്ചത് അതേ അളവിൽ മാത്രം അങ്ങോട്ടും ചെയ്തുകൊള്ളുക, എന്നാൽ നിങ്ങൾ ക്ഷമിക്കുകയാണെങ്കിൽ അതുതന്നെയാണ് ക്ഷമാലുക്കൾക്ക് ഏറ്റവും ഉത്തമം.

2: 178–179 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നശീകരണ പ്രവർത്തനങ്ങളെ ഇല്ലാതാക്കാനും മനുഷ്യരുടെ ഐക്യം സ്ഥാപിതമാക്കാനും നാഥന്റെ വിധിവിലക്കുകളായ അദ്ദിക്റിന്റെ കൽപനകൾ നടപ്പിലാക്കേണ്ടതുണ്ട്. എന്നാൽ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികളുടെ ഒരു സംഘമുള്ളപ്പോൾ മാത്രമേ അത് സാധ്യമാവുകയുള്ളൂ. 2: 155–157; 5: 44–50; 9: 123 വിശദീകരണം നോക്കുക.

127.നീ ക്ഷമിക്കുകയും ചെയ്യുക, നിന്റെ ക്ഷമ അല്ലാഹുവിനെക്കൊണ്ടല്ലാതെയല്ല, നീ അവരുടെമേൽ ദുഃഖിക്കുന്നവനാകരുത്, അവർ ഗൂഢതന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നതിൽ നീ മനസ്സിടുങ്ങുന്നവനും ആകരുത്.

അദ്ദിക്ർ നടപ്പിലായിക്കാണുന്നതിന് വേണ്ടി ധൃതികൂട്ടരുത് എന്നും ക്ഷമ കൈക്കൊള്ളണം എന്നുമാണ് അല്ലാഹു കൽപിക്കുന്നത്. 76: 24 ൽ, അതുകൊണ്ട് നീ നിന്റെ നാഥന്റെ യുക്തിജ്ഞാനത്തിന്റെ (അദ്ദിക്ർ) അവതരണം പൂർത്തിയാകുന്നതിന് വേണ്ടി ക്ഷമിക്കുക, അവരിൽ നിന്നുള്ള കുറ്റവാളികളായ കപടവിശ്വാസികളെയും അല്ലെങ്കിൽ നന്ദികെട്ട കാഫിറുകളെയും നീ അനുസരിക്കുകയുമരുത് എന്ന് പറഞ്ഞിട്ടുണ്ട്. നീ നമസ്കാരം നിലനിർത്തുക, നന്മകൊണ്ട് കൽപിക്കുകയും തിന്മയെ വിരോധിക്കുകയും ചെയ്യുക, അതിന്റെ പേരിൽ നിന്നെ ബാധിക്കുന്നതിൽ നീ ക്ഷമിക്കുകയും ചെയ്യുക എന്ന് ലുഖ്മാൻ തന്റെ മകനെ ഉപദേശിച്ചതായി 31: 17 ൽ പറഞ്ഞിട്ടുണ്ട്. നന്മ കൽപിക്കുക, തിന്മ വിരോധിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഗ്രന്ഥത്തിന്റെ കൽപനകൾ കൽപിക്കലും വിരോധങ്ങൾ വിരോധിക്കലുമാണ്. അപ്പോൾ എതിർപ്പുകളുണ്ടാവുക അനിവാര്യമാണ്. അത്തരം എതിർപ്പുകൾ അല്ലാഹു വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്ന ബോധത്തിൽ ക്ഷമിക്കാനാണ് സൂക്തത്തിലൂടെ ആവശ്യപ്പെടുന്നത്. സ്വീകരിക്കപ്പെടുന്ന നമസ്കാരം നിർവ്വഹിക്കുന്നവർ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യേണ്ടതാണ്. അതാണ് നിശ്ചയം നമസ്കാരം നീചവും നിഷിദ്ധവുമായ പ്രവർത്തനങ്ങളെത്തൊട്ട് തടയുക തന്നെ ചെയ്യുമെന്ന് 29: 45 ൽ പറഞ്ഞതിന്റെ ആശയം. എന്നാൽ ഇത്തരം സൂക്തങ്ങൾ വായിക്കുന്ന കപടവിശ്വാസികൾ ആളുകളെ ബോധിപ്പിക്കുന്നതിനുവേണ്ടി ചര്യാപരമായും ആത്മാവ് പങ്കെടുക്കാതെയും നമസ്കരിക്കുന്നവരും ഏറ്റവും നല്ലതായ അദ്ദിക്റിന്റെ പ്രചരണത്തെ തടയുന്നതിന് വേണ്ടി എല്ലാവിധ ഗൂഢശ്രമങ്ങളും നടത്തുന്ന തെമ്മാടികളുമാണ്. അവർക്കെതിരെ സാക്ഷിയായ ഗ്രന്ഥം സാക്ഷി നിൽക്കുകയും വാദിക്കുകയും

ചെയ്ത് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്.

അവരുടെ ഗൂഢതന്ത്രങ്ങളിൽ നീ മനസ്സിടുങ്ങേണ്ടതില്ല എന്നുപറഞ്ഞതിന്റെ വിവക്ഷ, എല്ലാവരും അല്ലാഹുവിന്റെ അധീനതയിലാണ്, അതുകൊണ്ട് അല്ലാഹുവിന്റെമേൽ ഭരമേൽപിച്ചുകൊണ്ട് അവനുവേണ്ടി മാത്രം പ്രവർത്തിക്കുക, അപ്പോൾ അല്ലാഹു എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും നിന്നെ സംരക്ഷിച്ചുകൊള്ളും എന്നാണ്. അതുകൊണ്ട് വിരോധികൾ സത്യത്തെ പരിഹസിക്കുന്നതിലും അദ്ദിക്റിനെത്തൊട്ട് ജനങ്ങളെ തടയുന്നതിലും അവരുടെ ദുർമാർഗങ്ങളിലും നീ ദുഃഖിക്കേണ്ട, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരെയെല്ലാവരെയും സൻമാർഗത്തിലാക്കുകതന്നെ ചെയ്യുമായിരുന്നു എന്നാണ് സൂക്തം പറയുന്നത്. 10: 66; 14: 46; 15: 88 വിശദീകരണം നോക്കുക.

128.നിശ്ചയം അല്ലാഹു അവനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവരോടൊപ്പവും അവനെ കണ്ടുകൊണ്ട് ചരിക്കുന്നവരോടൊപ്പവുമാകുന്നു.

മൊത്തം ഗ്രന്ഥത്തിന്റെ ആശയത്തിലാണ് അല്ലാഹുവുള്ളത്. 3: 101-102; 43: 36-39 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കിമാറ്റി ആരാണോ നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നത്, അവരോടൊപ്പവും ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്നത് ആരാണോ അവരോടൊപ്പവുമാണ് അല്ലാഹു. 'അപ്പോൾ നിങ്ങൾ അല്ലാഹുവിലേക്ക് വിരണ്ടോടുക, അവനിൽ ഒന്നിനെയും പങ്ക് ചേർക്കാതിരിക്കുക, നിശ്ചയം ഞാൻ നിങ്ങൾക്ക് വ്യക്തമായ മുന്നറിയിപ്പുകാരൻ മാത്രമാണ്' എന്ന് പറയാൻ പ്രവാചകനും വിശ്വാസിയും 51: 50-51 സൂക്തങ്ങളിലൂടെ കൽപിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിലേക്ക് വിരണ്ടോടുക എന്ന് പറഞ്ഞാൽ അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന അദ്ദിക്ർ വിവരിക്കുന്ന സദസ്സിലേക്ക് വിരണ്ടോടുക എന്നാണ്. എന്നാൽ കാഫിറുകളായ ഫുജ്ജാറുകൾ സിംഹഗർജ്ജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടുകഴുതകളെപ്പോലെ സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്ർ വിവരിക്കുന്ന സദസ്സിൽ നിന്ന് വിരണ്ടോടുന്നതാണെന്ന് 74: 49-51 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 4: 174-175; 12: 22; 39: 33 വിശദീകരണം നോക്കുക.

17. ഇസ്റാഅ്

ഈ സൂറത്ത് *'ബനീ-ഇസ്റാഈൽ'* എന്നപേരിലും അറിയപ്പെടുന്നു. പ്രവാചകന്റെ ആകാശാരോഹണത്തോടനുബന്ധിച്ച് അവതരിപ്പിച്ചതാണ് ഈ സൂറത്ത്. ഹിജ്റയുടെ ഒരുവർഷം മുമ്പാണ് ആകാശാരോഹണം ഉണ്ടായത്. അതിനാൽ ഇത് പ്രവാചകന്റെ മക്കാജീവിതത്തിന്റെ അവസാന ഘട്ടത്തിൽ അവതരിച്ചിട്ടുള്ളതാണ്. പ്രവാചകൻ എല്ലാ രാത്രികളിലും ഈ സൂറത്തും സൂറത്ത് സുമറും *തിലാവത്ത്* ചെയ്തിരുന്നു.

നൂഹിന്റെ കപ്പലിൽ രക്ഷപ്പെട്ടവരുടെ പിൻഗാമികളാണ് ഇന്ന് ലോകത്തുള്ള മുഴുവൻ മനുഷ്യരും. അല്ലാഹുവിൽ നിന്ന് അവതരിപ്പിക്കപ്പെട്ട ഏകഗ്രന്ഥത്തെ അവഗണിച്ച് ഇസ്റാഈൽ സന്തതികൾ ജീവിച്ചപ്പോൾ അവരെ അല്ലാഹു ഇതര ജനവിഭാഗങ്ങളെക്കൊണ്ട് അടിച്ചമർത്തുകയും അവരെ മറ്റുള്ളവരുടെ മേൽക്കോയ്മക്കുകീഴിൽ കൊണ്ടുവരികയും ചെയ്തകാര്യം ഉണർത്തിക്കൊണ്ട് ഗ്രന്ഥത്തെ അനന്തരമെടുത്തവർ ഗ്രന്ഥം ആവശ്യപ്പെടുന്ന വിധത്തിൽ പ്രവർത്തിച്ചിട്ടില്ലെങ്കിൽ അവരുടെ സ്ഥാനത്ത് അല്ലാഹു മറ്റൊരു ജനവിഭാഗത്തെ കൊണ്ടുവരുമെന്ന പാഠം പഠിപ്പിക്കുന്നു. എല്ലാമനുഷ്യരും അവരുടെ കർമ്മരേഖ അവരവരുടെ പിരടിയിൽ തന്നെ വഹിക്കുന്നുണ്ട് എന്നും വിധിദിവസം അത് ഒരു പ്രകാശിക്കുന്ന ഗ്രന്ഥമായി ഊരിയെടുത്തുകൊടുത്ത് ഓരോരുത്തരെക്കൊണ്ടും വായിപ്പിച്ചാണ് വിചാരണ നടത്തുക എന്നും ഉണർത്തുന്നു. ഈ ബോധത്തിൽ ഗ്രന്ഥത്തിന്റെ വിധിവിലക്കുകൾ മാനിച്ച് ഇവിടെ ജീവിക്കുന്നവർ മാത്രമേ വിജയിക്കുകയുള്ളു.

മനുഷ്യൻ മരിച്ച് എല്ലും പുറ്റുമായിക്കഴിഞ്ഞാൽ പുനർസൃഷ്ടിക്കപ്പെടുമോ എന്ന് സംശയിക്കുന്നവരോട്: കല്ലോ ഇരുമ്പോ അല്ലെങ്കിൽ പുനർജീവിപ്പിക്കപ്പെടാൻ പ്രയാസമുള്ള മറ്റേതെങ്കിലും വസ്തുവോ ആയാലും നിങ്ങൾ പുനർജീവിപ്പിക്കപ്പെടുകതന്നെ ചെയ്യുമെന്നും ഇഹത്തിലെ ഓരോ നിമിഷത്തെക്കുറിച്ചും കണക്ക് പറയേണ്ടിവരുമെന്നും മുന്നറിയിപ്പ് നൽകുന്നു. മനുഷ്യരെ വഴിപിഴപ്പിക്കുന്നതിനുള്ള കഴിവുകൾ നൽകപ്പെട്ട പിശാച് അല്ലാഹുവിനെക്കൂടാതെയുള്ളവരെ വിളിച്ച് പ്രാർത്ഥിക്കാനും അല്ലാഹുവിനെക്കൊണ്ട് പങ്കുചേർക്കാനുമെല്ലാം കൽപിക്കുമെന്ന് മുന്നറിയിപ്പ് നൽകുന്നു. സ്രഷ്ടാവിന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് ഉന്നതപദവിയിൽ ജീവിക്കേണ്ടത് എങ്ങനെയെന്ന് പരിചയപ്പെടുത്തുന്ന അദ്ദിക്റിനെത്തൊട്ട് ആരാണോ ഇഹത്തിൽ അന്ധത നടിച്ചത്, അവൻ പരത്തിൽ അന്ധനും കൂടുതൽ വഴിപിഴച്ചവനുമായിരിക്കുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

അദ്ദിക്ർ പോലെയുള്ള ഒന്ന് മനുഷ്യരും ജിന്നുകളും എല്ലാവരും ഒരുമിച്ചുകൂടി പരസ്പരം സഹായിച്ചാലും കൊണ്ടുവരാൻ സാധ്യമല്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ ദിവ്യാത്ഭുതങ്ങൾ പ്രകടിപ്പിക്കാൻ ആവശ്യപ്പെട്ട കാഫിറുകളോട് എന്റെ നാഥൻ അതിനൊക്കെ കഴിവുള്ള പരിശുദ്ധനാണ്, ഞാൻ മനുഷ്യനായ ഒരു പ്രവാചകനല്ലാതെ മറ്റാരെങ്കിലുമാണോ എന്ന് ചോദിക്കാനാണ് പ്രവാചകനോട് ആവശ്യപ്പെടുന്നത്. ഗ്രന്ഥം കിട്ടിയിട്ട്

സൻമാർഗത്തിലാകാത്തവർ വിധിദിവസം മുഖം കുത്തിയവരായിക്കൊണ്ട് അന്ധരും ബധിരരും ഊമരുമായി നരകക്കുണ്ഠത്തിൽ എറിയപ്പെടുമെന്ന് താക്കീത് നൽകിയിട്ടുണ്ട്. ജനങ്ങൾക്ക് അവരുടെ ഹൃദയത്തിന്റെ ഭാഷയിൽ ഗ്രന്ഥം വിശദീകരിച്ച് കൊടുക്കപ്പെട്ടാൽ ഇതിനുമുമ്പുള്ള വേദപരിജ്ഞാനികൾ അത് ശ്രദ്ധിച്ച് കേൾക്കുമെന്നും അതിനുമുമ്പിൽ വിനയാനിതരായിത്തീരുമെന്നും, എന്നാൽ അക്രമികൾക്ക് അത് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയില്ലെന്നും പറഞ്ഞിട്ടുണ്ട്. സർവ്വരാലും സ്തുതിക്കപ്പെടുന്ന പ്രപഞ്ചനാഥന്റെ ആധിപത്യത്തിൽ യാതൊരു പങ്കുകാരുമില്ലെന്നും ആരുടെയെങ്കിലും സഹായം തേടേണ്ട പതിത്വം അവനെ ബാധിക്കുന്നില്ലെന്നും പറഞ്ഞുകൊണ്ടും അവനെ അധികരിച്ച് മഹത്വപ്പെടുത്തുക എന്ന് പ്രഖ്യാപിച്ചുകൊണ്ടും 111 സൂക്തങ്ങളുള്ള സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. തന്റെ അടിമയെ ഒരു രാത്രിയിൽ, മസ്ജിദുൽ ഹറമിൽ നിന്ന് മസ്ജിദുൽ അഖ്സായിലേക്ക് –അതിന്റെ പരിസരങ്ങളെ നാം അനുഗ്രഹീതമാക്കിയിട്ടുണ്ട്– നമ്മുടെ ദൃഷ്ടാന്തങ്ങളിൽ നിന്ന് ചിലത് അവനെ കാണിക്കുന്നതിന് വേണ്ടി കൊണ്ടുപോയവൻ അതീവ പരിശുദ്ധനാകുന്നു, നിശ്ചയം അവൻ എല്ലാം കേൾക്കുന്നവീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ തന്നെയാണ്.

മക്കയിലുള്ള മസ്ജിദുൽ ഹറമിൽ നിന്ന് വിദൂരത്തുള്ള മസ്ജിദുൽ അഖ്സാ (ജറുസലേമിലുള്ള സുലൈമാൻ നബി പണിത പള്ളിയായ ബൈത്തുൽ മുഖദ്ദസ്)യിലേക്കുള്ള പ്രവാചകന്റെ രാത്രിയിലുള്ള യാത്രയെയാണ് *'ഇസ്റാഅ്'*(നിശാപ്രയാണം)എന്ന് പറയുന്നത്. തുടർന്ന് മസ്ജിദുൽ അഖ്സായിൽ നിന്ന് ഏഴ് ആകാശങ്ങളും പ്രപഞ്ചത്തിന്റെ അതിരായ *'സിദ്റത്തുൽ മുൻതഹാ'*(ഇലന്തവൃക്ഷം)യും കടന്ന് 'ജന്നത്തുൽ മഅ്വ'യിൽ (ഫിർദൗസ് എന്ന അത്യുന്നതമായ സ്വർഗത്തിൽ) ചെന്ന് ഉടമയുമായി കൂടിക്കാഴ്ച നടത്താൻ പോയതിന് *'മിഅ്റാജ്'* (ആകാശാരോഹണം) എന്ന് പറയുന്നു. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ നിന്ന് ചിലത് അവനെ കാണിക്കുന്നതിന് വേണ്ടിയാണ് *'ഇസ്റാഉം മിഅ്റാജും'* സംഭവിപ്പിച്ചത് എന്ന് അല്ലാഹുതന്നെ പറഞ്ഞിട്ടുണ്ട്.

ശരീരവും (ജസദ്) ആത്മാവും (നഫ്സ്) കൂടുമ്പോഴാണ് അടിമയാകുന്നത്. അടിമയെ സഞ്ചരിപ്പിച്ചു എന്ന് പറഞ്ഞതിനാൽ ശരീരത്തോടുകൂടിത്തന്നെയാണ് പ്രപഞ്ചനാഥൻ മുഹമ്മദിനെ സ്വർഗത്തിൽ കൊണ്ടുപോയത്. സൂക്തത്തിന്റെ ആദ്യത്തിൽ അതീവ പരിശുദ്ധൻ എന്ന് പറഞ്ഞതിന്റെ ആശയം ആകാശഭൂമികളെ ഒട്ടിപ്പിടിച്ച അവസ്ഥയിൽ നിന്ന് ഇന്ന് കാണുന്ന വിധത്തിൽ സംവിധാനിച്ച, എല്ലാറ്റിനും കഴിവുള്ള തന്നിഷ്ടം പ്രവർത്തിക്കുന്ന, ആരാലും ചോദ്യം ചെയ്യപ്പെടാത്ത, കാര്യകാരണബന്ധത്തിന് അതീതമായി പ്രവർത്തിക്കുന്ന, സ്ഥലകാല ദൂരമൊന്നും ബാധകമല്ലാത്ത, ഉപമയില്ലാത്ത, ഉദാഹരണമില്ലാത്തവൻ എന്നാണ്. സൂക്തത്തിന്റെ അവസാനത്തിൽ എല്ലാം കേൾക്കുന്നവനും എല്ലാം വീക്ഷിക്കുന്നവനുമാണ് അവൻ എന്ന് പറഞ്ഞത് എവിടെ, എപ്പോൾ, എന്ത്, എങ്ങനെ നടക്കുമെന്ന് നേരത്തെ നിശ്ചയിച്ച് എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയാണ് അവൻ എന്നാണ്.

53: 1–12 സൂക്തങ്ങളിൽ, വിടവാങ്ങുന്ന നക്ഷത്രമാണ് സത്യം, നിങ്ങളുടെ കൂട്ടുകാരൻ വഴിതെറ്റിയിട്ടില്ല, ലക്ഷ്യബോധം നഷ്ടപ്പെട്ടവനുമായിട്ടില്ല, ദേഹേച്ഛയനുസരിച്ച് അവൻ പ്രതിഫലിപ്പിക്കുന്നുമില്ല (സംസാരിക്കുന്നുമില്ല). ഇത് അവന് നൽകുന്ന ദിവ്യബോ

ധനമല്ലാതെ മറ്റൊന്നുമല്ല, അതിബലിഷ്ഠനായ ഒരുവനാണ് -മലക്ക് *ജിബ്‌രീലാണ്*- അവനെ പഠിപ്പിച്ചത്. അപ്പോൾ അവൻ -*ജിബ്‌രീൽ*- സാക്ഷാൽ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു, അവൻ അത്യുന്നതമായ ചക്രവാളത്തിൽ ഉപവിഷ്ടനായി, പിന്നെ അവൻ അടുത്തടുത്ത് വന്നു, രണ്ട് വില്ലോളം അല്ലെങ്കിൽ അതിലും കുറഞ്ഞ അകലത്തിൽ നിലകൊണ്ടു, അങ്ങനെ തന്റെ അടിമക്ക് എന്താണോ ദിവ്യബോധനം നൽകേണ്ടത്, അത് നൽകി. കണ്ണുകൊണ്ട് കണ്ടതിനെ ഹൃദയവും മനസ്സും കളവാക്കിയിട്ടില്ല, എന്നിട്ടാണോ അവൻ കണ്ട കാര്യങ്ങളെക്കുറിച്ച് നിങ്ങൾ അവനോട് തർക്കിക്കുന്നത് എന്നും; 81: 15-28 സൂക്തങ്ങളിൽ, പിൻവാങ്ങിക്കൊണ്ട് അപ്രത്യക്ഷമാകുന്ന ഗ്രഹങ്ങളെക്കൊണ്ടും വിടപറയുന്ന രാത്രിയെക്കൊണ്ടും വിടരുന്ന പ്രഭാതത്തെക്കൊണ്ടും ഞാൻ സത്യം ചെയ്യുന്നു: നിശ്ചയം സിംഹാസനമുടയവന്റെ -അല്ലാഹുവിന്റെ- അടുക്കൽ ബലിഷ്ഠനും സുരക്ഷിതനും മാന്യനുമായ ഒരു ദൂതന്റെ -*ജിബ്‌രീലിന്റെ*- വാക്കുകൾ തന്നെയാണിത്. ആ ദൂതൻ അനുസരിക്കുന്നവനും പിന്നെ വിശ്വസ്തനുമാണ്. നിങ്ങളുടെ കൂട്ടുകാരൻ -മുഹമ്മദ്- ജിന്ന് ബാധിച്ചവനുമല്ല, അവനെ -*ജിബ്‌രീലിനെ*- നിങ്ങളുടെ കൂട്ടുകാരൻ വ്യക്തമായ ചക്രവാളത്തിൽ കണ്ടിട്ടുണ്ട്, അദൃശ്യങ്ങളുടെ കാര്യത്തിൽ അവൻ കുറവ് വരുത്തുന്നവനുമല്ല, അത് ആട്ടിയോടിക്കപ്പെട്ട ചെകുത്താന്റെ വാക്കുകളുമല്ല. അപ്പോൾ നിങ്ങൾ എവിടേക്കാണ് ഇതിൽ നിന്ന് ഓടിയകലുന്നത്? ഇത് സർവ്വലോകർക്കുമുള്ള ഒരു ഉണർത്തലല്ലാതെ മറ്റൊന്നുമല്ല; നിങ്ങളിൽ നിന്ന് ആരാണോ നേരെച്ചൊവ്വെ നിലകൊള്ളാൻ ഉദ്ദേശിക്കുന്നത് അവർക്കുവേണ്ടി എന്നും പറഞ്ഞിട്ടുണ്ട്. മുഹമ്മദ് ഹിറാഗുഹയിലായിരിക്കുമ്പോൾ ആദ്യമായി *ജിബ്‌രീൽ* വന്ന് അല്ലാഹുവിൽ നിന്നുള്ള സൂക്തങ്ങൾ കൊണ്ടുവന്ന് കേൾപ്പിക്കുന്ന സന്ദർഭമാണ് ഇവിടെ വിവരിച്ചത്.

53: 13-18 സൂക്തങ്ങളിൽ, മറ്റൊരു പ്രാവശ്യവും *ജിബ്‌രീൽ* ഇറങ്ങുന്നതായി അവൻ -പ്രവാചകൻ- കണ്ടിട്ടുണ്ട്, പ്രപഞ്ചത്തിന്റെ അറ്റമായ 'ഇലന്തവൃക്ഷ'ത്തിന്റെ അടുത്തുവെച്ച്, അതിന്റെ അടുത്താണ് 'ജന്നത്തുൽ മഅ്‌വാ'യുള്ളത്. അപ്പോൾ ആ ഇലന്തവൃക്ഷത്തെ മൂടേണ്ട ഒന്ന് മൂടിയപ്പോൾ ദൃഷ്ടി മങ്ങിപ്പോയിട്ടില്ല, ഹൃദയം ചാഞ്ചാടിയിട്ടുമില്ല, നിശ്ചയം അവൻ തന്റെ നാഥന്റെ **മഹത്തായ ദൃഷ്ടാന്തങ്ങളിൽ നിന്ന്** കാണുക തന്നെ ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. പ്രവാചകൻ മുഹമ്മദ് പ്രപഞ്ചത്തിന്റെ അങ്ങേയറ്റമായ *സിദ്‌റത്തുൽ മുൻതഹാ*യിൽ വെച്ച് *ജിബ്‌രീലിനെ* കണ്ട രംഗമാണ് ഇവിടെ വിവരിക്കുന്നത്. രണ്ടുപ്രാവശ്യം മാത്രമാണ് *ജിബ്‌രീലിനെ* അറുന്നൂറ് ചിറകുകളോടുകൂടി സാക്ഷാൽ രൂപത്തിൽ കണ്ടിട്ടുള്ളതെന്ന് പ്രവാചകൻ പറഞ്ഞിട്ടുണ്ട്. ഹിറാഗുഹയിൽ വെച്ച് *ജിബ്‌രീലിനെ* കണ്ടതുപോലെ ശരീരവും ആത്മാവും പങ്കെടുത്തുകൊണ്ടുള്ള കാഴ്ച തന്നെയാണ് *സിദ്‌റത്തുൽ മുൻതഹാ*യിൽ വെച്ചും പ്രവാചകൻ മുഹമ്മദ് കണ്ടിട്ടുള്ളത്.

ജിബ്‌രീൽ '*ബുറാഖ്*' എന്ന ഒരു പ്രത്യേകവാഹനത്തിൽ പ്രവാചകന്റെ അടുത്ത് വരികയും ആ വാഹനത്തിൽ പ്രവാചകനേയും കൂട്ടി മക്കയിൽ നിന്ന് *ബൈത്തുൽ മുഖദ്ദസിൽ* എത്തുകയും അവിടെവെച്ച് രണ്ട് റകഅത്ത് *'തഹിയ്യത്ത്'* നമസ്കരിച്ചശേഷം പ്രവാചകനെയും കൊണ്ട് ആകാശത്തേക്ക് ഉയരുകയും ചെയ്തു.

ഒന്നാം ആകാശത്തിന്റെ വാതിൽക്കൽ ചെന്ന് മുട്ടിയപ്പോൾ പാറാവുകാരായ മലക്കുകൾ ചോദിച്ചു: 'ആരാണ് മുട്ടുന്നത്?'

'ജിബ്‌രീൽ '

'ആരാണ് കൂടെയുള്ളത്?'

'മുഹമ്മദ്.'

'അവൻ നിയോഗിക്കപ്പെട്ടുവോ?'

'അതെ.'

'നിനക്കും നിന്റെ കൂടെയുള്ളവനും സ്വാഗതം.'

സംഭാഷണത്തിൽ നിന്നും ഭൂമിയിൽ നടക്കുന്ന കാര്യങ്ങൾ അല്ലാഹു അറിയിക്കാൻ ഉദ്ദേശിക്കുമ്പോഴല്ലാതെ മലക്കുകൾ അറിയുന്നില്ല എന്ന് മനസ്സിലാക്കാം.

ഒന്നാം ആകാശത്തുവെച്ച് പ്രവാചകൻ മുഹമ്മദ് ആദമിനെ കണ്ട് സലാം പറയുകയും അദ്ദേഹം പ്രവാചകന് സലാം മടക്കുകയും ആശംസിക്കുകയും നന്മക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പിന്നെ *ജിബ്രീൽ* പ്രവാചകനെയും കൊണ്ട് രണ്ടാം ആകാശത്തേക്ക് ഉയർന്നു. ഒന്നാം ആകാശത്തിലേതുപോലെ സംഭാഷണം ആവർത്തിക്കപ്പെടുകയും ശേഷം വാതിൽ തുറക്കപ്പെടുകയും ചെയ്തു. പ്രവാചകൻ അവിടെവെച്ച് യഹ്യായെയും ഈസായെയും കാണുകയും അവർ പ്രവാചകനെ ആശംസിക്കുകയും നന്മക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ശേഷം മൂന്നാം ആകാശത്തേക്ക് ഉയർന്നു. അവിടെയും സംഭാഷണം ആവർത്തിക്കപ്പെടുകയും വാതിൽ തുറക്കപ്പെടുകയും ചെയ്തു. അവിടെവെച്ച് യൂസുഫിനെ -മൊത്തം മനുഷ്യരുടെ ഭംഗിയുടെ പകുതി അദ്ദേഹത്തിന് നൽകപ്പെട്ടിട്ടുണ്ട്- കണ്ടു. അദ്ദേഹവും പ്രവാചകനെ ആശംസിക്കുകയും നന്മക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പിന്നീട് നാലാം ആകാശത്തേക്ക് ഉയരുകയും അവിടെ ഇദ്രീസിനെ കാണുകയും ചെയ്തു. അദ്ദേഹവും പ്രവാചകനെ ആശംസിക്കുകയും നന്മക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് അഞ്ചാം ആകാശത്ത് ഹാറൂനിനെയും ആറിൽ മൂസായെയും കാണുകയും അവർ പ്രവാചകന് സ്വാഗതമോതുകയും ചെയ്തു. പിന്നെ ഏഴിലേക്ക് ഉയർന്നു. ഏഴാം ആകാശത്തുകാർക്കുള്ള ഖിബ്ലയായ '*ബൈത്തുൽ മഅ്മൂറിന്റെ*' ചാരത്ത് ഇരിക്കുന്നവനായി ഇബ്റാഹീമിനെ കണ്ടു. അദ്ദേഹവും പ്രവാചകനെ ആശംസിക്കുകയും നന്മക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. '*ബൈത്തുൽ മഅ്മൂറി*'ൽ ഓരോ ദിവസവും എഴുപതിനായിരം മലക്കുകൾ പ്രവേശിക്കുന്നുണ്ട്, എന്നാൽ അവർ തിരിച്ചുപോരുന്നുമില്ല. പിന്നീട് *ജിബ്രീൽ* പ്രവാചകനെ പ്രപഞ്ചത്തിന്റെ അതിരായ *സിദ്റത്തുൽ മുൻതഹാ*യിലേക്ക് കൊണ്ടുപോയി. അവിടെവെച്ച് അറുന്നൂറ് ചിറകുകളോടുകൂടി പ്രത്യക്ഷപ്പെട്ട്: ഞാൻ ജിബ്രീലാണ്, ഇവിടെനിന്ന് അങ്ങോട്ട് സൃഷ്ടികളിൽ നിനക്കല്ലാതെ മറ്റാർക്കും പ്രവേശനമില്ല എന്നുപറഞ്ഞ് പിൻവാങ്ങി.

ശേഷം പ്രവാചകൻ ഒറ്റക്ക് സ്വർഗത്തിൽ പ്രവേശിച്ച്: 'എല്ലാ തിരുമുൽക്കാഴ്ചകളും അല്ലാഹുവിനാണ്, എല്ലാ നമസ്കാരങ്ങളും -പ്രാർത്ഥനകളും- പരിശുദ്ധമായിട്ടുള്ളതെല്ലാം തന്നെയും' എന്ന് അഭിസംബോധനം ചെയ്തു.

അപ്പോൾ അല്ലാഹു മറുപടി നൽകി: 'ഓ നബിയായിട്ടുള്ളവനേ, നിന്റെമേലിൽ അല്ലാഹുവിന്റെ രക്ഷയുണ്ടായിരിക്കട്ടെ, അല്ലാഹുവിന്റെ കാരുണ്യവും അവന്റെ അനുഗ്രഹങ്ങളും.'

അപ്പോൾ പ്രവാചകൻ കൂട്ടിച്ചേർത്തു: 'ഞങ്ങളുടെമേലിലും സജ്ജനങ്ങളായ എല്ലാ അടിമകളുടെമേലിലും നിന്റെ രക്ഷയുണ്ടായിരിക്കണം.' ഇതാണ് നമസ്കാരത്തിലെ '*അത്തഹിയ്യാത്തി*'ന്റെ അടിസ്ഥാനം. അല്ലാഹുവിനെ അഭിസംബോധനം ചെയ്യുന്നതിനാണ്

'അത്തഹിയ്യാത്ത്' എന്നുപറയുന്നത്. സൃഷ്ടികളെ അഭിസംബോധനം ചെയ്യുന്നതിന് *സലാം* എന്നാണ് പറയുക. സലാം പറയുന്നതിനെ പരിശുദ്ധവും അനുഗ്രഹീതവുമായ *തഹിയ്യത്ത്* -അഭിസംബോധനം- എന്നാണ് 24: 61 ൽ പറഞ്ഞിട്ടുള്ളത്.

പ്രവാചകന് സ്വർഗത്തിൽ വെച്ച് മറ്റാർക്കും നൽകപ്പെടാത്ത രണ്ട് പ്രകാശങ്ങളായ ഫാത്തിഹഃയും സൂറത്ത് 'ബഖറ'യിലെ അവസാനത്തിലെ രണ്ട് സൂക്തങ്ങളും നൽകുകയും അതേപ്രകാരം സ്വർഗവും അതിലെ അനുഭൂതികളും നരകവും അതിലെ ശിക്ഷാകഠോരങ്ങളും കാണിച്ചുകൊടുക്കുകയും ചെയ്തു. എല്ലാദിവസവും അൻപത് നേരത്തെ നമസ്കാരവും നിശ്ചയിച്ചുകൊടുത്തു. ശേഷം പ്രവാചകൻ ആറാം ആകാശത്ത് തിരിച്ചെത്തിയപ്പോൾ മൂസാ ചോദിച്ചു:

'നിന്റെ സമുദായത്തിന് എന്താണ് നിർബന്ധമാക്കിയിട്ടുള്ളത്?'

'അൻപത് നേരത്തെ നമസ്കാരം.'

'നിന്റെ സമുദായത്തിന് അത് നിർവ്വഹിക്കാൻ സാധിക്കുകയില്ല, ചുരുക്കിത്തരാൻ ആവശ്യപ്പെടുക.'

അതനുസരിച്ച് പ്രവാചകൻ തിരിച്ചുപോയി അമ്പത് നേരത്തെ നമസ്കാരം ചുരുക്കിത്തരാൻ ആവശ്യപ്പെട്ടപ്പോൾ ചുരുക്കി നാൽപത്തഞ്ചായി നിശ്ചയിച്ചുകൊടുത്തു. വീണ്ടും മടങ്ങിയെത്തിയപ്പോൾ മൂസാ പറഞ്ഞു:

'അതും നിന്റെ സമുദായത്തിന് നിർവ്വഹിക്കാൻ സാധ്യമല്ല, ചുരുക്കിത്തരാൻ ആവശ്യപ്പെടുക.'

അങ്ങനെ ഒമ്പത് പ്രാവശ്യം ആവശ്യപ്പെട്ടതനുസരിച്ച് അവസാനം അഞ്ച് നേരമായി ചുരുക്കി നിശ്ചയിച്ച് വീണ്ടും മൂസായുടെ അടുത്തെത്തിയപ്പോൾ മൂസാ പറഞ്ഞു:

'എന്റെ സമുദായത്തിന് മൂന്ന് നേരത്തെ നമസ്കാരം തന്നെ നിർവ്വഹിക്കാൻ സാധിച്ചിരുന്നില്ല, അതുകൊണ്ട് വീണ്ടും ചുരുക്കിത്തരാൻ ആവശ്യപ്പെടുക.'

'ഇനിയും എന്റെ നാഥനോട് ചുരുക്കാൻ ആവശ്യപ്പെടാൻ എനിക്ക് ലജ്ജതോന്നുന്നു.'

അപ്പോൾ അല്ലാഹു പറഞ്ഞു: 'നമസ്കാരം അഞ്ച് നേരമായി നിശ്ചയിച്ചിരിക്കുന്നു, അതിന് അൻപതിന്റെ ശ്രേഷ്ഠതയുമുണ്ട്.'

'ഇസ്റാഅ് വൽ മിഅ്റാജ്' സംഭവിക്കുന്നതുവരെ പ്രവാചകനും അനുചരൻമാരും *മൂസവീ ശരീഅത്തി*ലുള്ള മൂന്ന് നേരത്തെ നമസ്കാരമാണ് നിർവ്വഹിച്ചു പോന്നിരുന്നത്.

*ബൈത്തുൽ മുഖദ്ദസി*ലേക്ക് തിരിച്ചുവന്ന് പ്രവാചകൻ മുഹമ്മദ് മറ്റെല്ലാ പ്രവാചകൻമാർക്കും ഇമാമായിക്കൊണ്ട് സുബ്ഹി നമസ്കരിക്കുകയും ശേഷം അവർക്ക് അഭിമുഖമായി ഇരിക്കുകയും 43: 45 ൽ പറഞ്ഞ പ്രകാരം അല്ലാഹു ആവശ്യപ്പെട്ടതനുസരിച്ച് 'സേവനം ചെയ്യപ്പെടാൻ നിഷ്പക്ഷവാനെക്കൂടാതെ ഇലാഹായിട്ട് മറ്റാരെയെങ്കിലും നാം നിശ്ചയിച്ചിട്ടുണ്ടായിരുന്നോ'എന്ന് ചോദിക്കുകയും ചെയ്തു.

എല്ലാമനുഷ്യരും സ്വർഗത്തിലാണ് സൃഷ്ടിക്കപ്പെട്ടത്. വിശ്വാസികളുടെ ആത്മാവുകളും പ്രവർത്തനങ്ങളും സ്വർഗത്തിലുള്ള *'ഇല്ലിയ്യീൻ'* പട്ടികയിലും ഫുജ്ജാറുകളുടേത് നരകക്കുണ്ഠത്തിലേക്കുള്ള *'സിജ്ജീനി'*ലുമാണ് രേഖപ്പെടുത്തുക. പ്രവാചകൻ മുഹമ്മദ് *'ഇസ്റാഅ് വൽ മിഅ്റാജ്'* നാളിൽ ശരീരത്തോടുകൂടിയാണ് സ്വർഗത്തിൽ പോയി അല്ലാഹുവിനെ അഭിസംബോധനം ചെയ്തത്. നമസ്കാരം അഞ്ച് നേരമാക്കി ചുരുക്കി

ക്കിട്ടുന്നതിനായി പ്രവാചകൻ ഒമ്പത് പ്രാവശ്യം കയറിയിറങ്ങിയതിനെ അനുസ്മരിച്ചു കൊണ്ട് വിശ്വാസികളുടെ ആത്മാവ് അദ്ദിക്റാകുന്ന പ്രകാശവാഹനം ഉപയോഗപ്പെടുത്തി അഞ്ചുനേരത്തെ നമസ്കാരങ്ങളിലും (ദിവസവും ഒമ്പതുപ്രാവശ്യം) സ്വർഗത്തിൽ പോയി '*അത്തഹിയ്യാത്ത്*' നിർവ്വഹിക്കുകയും അവരുടെ കർമ്മങ്ങളെല്ലാം *'ഇല്ലിയ്യീനി'*ൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അതിനുവേണ്ടിയാണ് പ്രവാചകനെ ശരീരത്തോടുകൂടി സ്വർഗത്തിലേക്ക് കൊണ്ടുപോവുകയും അവിടെവെച്ച് അഞ്ചുനേരത്തെ നമസ്കാരം നിർബന്ധമാക്കുകയും ചെയ്തത്. എന്നാൽ അദ്ദിക്റിനെ തള്ളിപ്പറയുന്ന *ഫാജിറുകൾ*ക്കും എല്ലാം തികഞ്ഞവരാണെന്ന് അഹങ്കരിക്കുന്ന കപടവിശ്വാസികൾക്കും ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയില്ല എന്നും തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല എന്നും 7: 40 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാതെയും ആത്മാവ് പങ്കെടുക്കാതെയും നമസ്ക്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും ഹജ്ജും ഉംറയും നിർവ്വഹിക്കുകയും ചെയ്യുന്ന അവർക്ക് 2: 186; 25: 65-66; 107: 4-5 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന ഇത്തരക്കാരുടെ അവസ്ഥ ആകാശത്തുനിന്ന് വീണവനെപ്പോലെയാണെന്ന് 22: 31 ൽ പറഞ്ഞിട്ടുണ്ട്. ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസിയുടെ പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 4: 155-159; 16: 110 വിശദീകരണം നോക്കുക.

2. മൂസാക്ക് നാം ഗ്രന്ഥം നൽകുകയുണ്ടായി, അതിനെ ഇസ്റാഈൽ സന്തതികൾക്ക് സൻമാർഗവുമാക്കി, എന്നെക്കൂടാതെ നിങ്ങൾ ആരെയും കൈകാര്യകർത്താവായി തെരഞ്ഞെടുക്കരുത് എന്ന് താക്കീത് നൽകിക്കൊണ്ട്.

32: 23 ൽ, നിശ്ചയം മൂസാക്ക് നാം ഗ്രന്ഥം നൽകിയിട്ടുണ്ട്, അപ്പോൾ അതുപോലുള്ള ഒന്ന് വന്ന് കിട്ടുന്നതിൽ നീ സംശയിക്കേണ്ടതില്ല, അതിനെ നാം ഇസ്റാഈൽ സന്തതികൾക്ക് സൻമാർഗമാക്കുകയും ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. അല്ലാഹുവിൽ നിന്ന് വിവിധ കാലങ്ങളിലായി ഒറ്റഗ്രന്ഥം മാത്രമാണ് വന്നിട്ടുള്ളത്. അതിന്റെ ശരീരം വിവിധ ഭാഷകളിലാണെങ്കിൽ ആത്മാവ് അദ്ദിക്ർ തന്നെയാണ്. ഏത് ഗ്രന്ഥവും അതാത് കാലത്തുള്ള മൊത്തം മനുഷ്യർക്ക് സൻമാർഗമായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് 3: 3-4 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മുഹമ്മദ് പ്രവാചകനായി നിയോഗിക്കപ്പെട്ടതുമുതൽ മൊത്തം ലോകങ്ങൾക്കുള്ള പ്രവാചകൻ മുഹമ്മദ് മാത്രമാണ്. അതുപോലെത്തന്നെ ഗ്രന്ഥം ക്രോഡീകരിക്കപ്പെട്ടതിനുശേഷം മൊത്തം ലോകങ്ങൾക്കുള്ള സത്യാസത്യവിവേചനമാനദണ്ഡവും ത്രാസ്സും ഉൾക്കാഴ്ചദായകമായ അദ്ദിക്ർ മാത്രമാണ്.

അല്ലാഹുവിനെക്കൂടാതെ മറ്റാരും കൈകാര്യകർത്താവായിട്ടില്ല, അല്ലെങ്കിൽ ഇലാഹായിട്ട് അല്ലാഹുവല്ലാതെ മറ്റാരുമില്ല എന്ന് മുന്നറിയിപ്പ് നൽകാൻ വേണ്ടിയാണ് ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടതും പ്രവാചകൻമാർ നിയോഗിക്കപ്പെട്ടതും. പ്രപഞ്ചത്തിന്റെ ഉടമയെ മാത്രം ആശ്രയിച്ച് അവനുമാത്രം വഴിപ്പെട്ട് അവന്റെ പ്രതിനിധികളായി നിലകൊള്ളാൻ വേണ്ടിയാണ് സ്വർഗത്തിൽ സൃഷ്ടിച്ച മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളതും ത്രാസ്സും അമാനത്തുമായ അദ്ദിക്ർ അവരെ ഏൽപ്പിച്ചിട്ടുള്ളതും. 2: 2, 30, 213; 45: 13 വിശദീകരണം നോക്കുക.

3. നാം നൂഹിന്റെകൂടെ കപ്പലിൽ വഹിപ്പിച്ചവരുടെ സന്തതികൾ, നിശ്ചയം അവൻ

നന്ദി പ്രകടിപ്പിക്കുന്ന അടിമതന്നെയായിരുന്നു.

ഇസ്റാഈൽ സന്തതികൾ മാത്രമല്ല, ലോകാവസാനം വരെയുള്ള മുഴുവൻ മനുഷ്യരും നൂഹിനോടൊപ്പം അന്ന് കപ്പലിൽ രക്ഷപ്പെട്ടവരുടെ സന്തതിപരമ്പരകളാണ്. അന്ന് കപ്പലിൽ രക്ഷപ്പെടുത്തിയത് വിശ്വാസികളെ മാത്രമാണ്. എന്നാൽ അവരുടെ സന്തതികൾ കാലക്രമേണ വ്യതിചലിച്ച് പുതിയ സംഘടനകളും മതങ്ങളുമായി മാറി. നൂഹിനെ കപ്പലിൽ രക്ഷപ്പെടുത്തിയ സംഭവചരിത്രം 11: 24-48 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 36: 41 ൽ, നിറക്കപ്പെട്ട ഒരു കപ്പലിൽ നാം രക്ഷപ്പെടുത്തിയവരുടെ പിൻഗാമികളാണ് ഇവർ എന്നത് അവർക്ക് ഒരു ദൃഷ്ടാന്തമല്ലെയോ എന്ന് ചോദിച്ചിട്ടുണ്ട്. 'എന്റെ നാഥാ! എന്റെ ജനത എന്നെ കളവാക്കി തള്ളിപ്പറഞ്ഞിരിക്കുന്നു, അപ്പോൾ എന്റെയും അവരുടെയും ഇടയിൽ നീ തീരുമാനം കൽപിച്ചാലും, എന്നെയും എന്നോടൊപ്പമുള്ള വിശ്വാസികളെയും നീ രക്ഷപ്പെടുത്തിയാലും' എന്ന് പ്രവാചകൻ നൂഹ് പ്രാർത്ഥിച്ചത് 26: 118 ൽ പറഞ്ഞിട്ടുണ്ട്. 26: 119 ൽ, അപ്പോൾ അവനെയും അവനോടൊപ്പമുള്ളവരെയും നാം ഒരു നിറച്ച കപ്പലിൽ രക്ഷപ്പെടുത്തി എന്നും; 26: 120 ൽ, പിന്നെ ബാക്കിയുള്ളവരെ മുഴുവൻ നാം മുക്കിക്കൊല്ലുകയും ചെയ്തു എന്നും പറഞ്ഞിട്ടുണ്ട്. നിറച്ച കപ്പൽ കൊണ്ടുദ്ദേശിക്കുന്നത് അതുവരെയുള്ള ജീവജാലങ്ങളിൽ നിന്നുള്ള രണ്ടുജോടി ഇണകളെയും വിശ്വാസികളെയും കയറ്റി രക്ഷപ്പെടുത്തിയ കപ്പലാണ്. നൂഹിനെക്കുറിച്ച് നിശ്ചയം അവൻ നമ്മുടെ വിശ്വാസികളായ അടിമകളിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് 37: 81 ൽ പറഞ്ഞിട്ടുണ്ട്. 1: 6; 10: 19; 19: 58 വിശദീകരണം നോക്കുക.

4. ഗ്രന്ഥത്തിൽ നാം ഇസ്റാഈൽ സന്തതികൾക്ക് വിധിച്ചിട്ടുമുണ്ട് -നിങ്ങൾ ഭൂമിയിൽ രണ്ടുപ്രാവശ്യം ഭയങ്കരമായ കുഴപ്പമുണ്ടാക്കുകതന്നെ ചെയ്യുമെന്നും വമ്പിച്ച ഔന്നിത്യം കാണിക്കുകതന്നെ ചെയ്യുമെന്നും.

ഇവിടെ ഗ്രന്ഥം കൊണ്ടുദ്ദേശിക്കുന്നത് *അൽകിതാബ്* ആണ്. 'യഹോവ ആജ്ഞാപിച്ചതുപോലെ അവർ ജാതികളെ നശിപ്പിച്ചില്ല, മറിച്ച് അവർ ജാതികളോട് കലർന്ന് അവരുടെ പ്രവൃത്തികൾ ശീലിച്ചു, അവരുടെ വിഗ്രഹങ്ങളെ സേവിച്ചു, അത് അവർക്ക് കെണിയായി ഭവിച്ചു, അവർ പുത്രീപുത്രൻമാരെ ഭൂതങ്ങൾക്ക് ബലിയർപ്പിച്ചു. വിഗ്രഹങ്ങൾക്ക് ബലിയർപ്പിച്ച പുത്രീപുത്രൻമാരുടെ രക്തം കൊണ്ടും മറ്റും ദേശം അശുദ്ധമായി, തങ്ങളുടെ പ്രവൃത്തികളാൽ അവർ അശുദ്ധരായി, അവർ പരസംഗം ചെയ്തു, അതുകൊണ്ട് യഹോവയുടെ കോപം തന്റെ ജനത്തിന്റെ നേരെ ജ്വലിച്ചു, യഹോവയുടെ അവകാശത്തെ അവർ കഠിനമായി വെറുത്തു, അപ്പോൾ അവരെ അവൻ ജനതയുടെ കയ്യിൽ ഏൽപിച്ചു. അവരുടെ വൈരികൾ അവരെ ഭരിച്ചു. അങ്ങനെ ശത്രുക്കൾക്ക് അവർ കീഴമർന്നു.' (സങ്കീർത്തനങ്ങൾ, 106: 34-43). ഇവിടെ പരാമർശിച്ച ഇസ്റാഈൽ സന്തതികളുടെ ആദ്യത്തെ വിനാശത്തെക്കുറിച്ച് 2: 243-251 സൂക്തങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്.

രണ്ടാമത്തെ ഗുരുതരമായ കുഴപ്പത്തെക്കുറിച്ചും അതിന്റെ ഭീകരമായ അനന്തരഫലത്തെക്കുറിച്ചും ഈസാനബി അവർക്ക് മുന്നറിയിപ്പ് നൽകി: 'ജറൂസലേമേ, ജറൂസലേമേ, പ്രവാചകനെ കൊല്ലുന്നവളേ, നിന്റെയടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുന്നതുപോലെ നിന്റെ മക്കളെ എന്റെ ചിറകിൽ ചേർക്കാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു, പക്ഷേ നിങ്ങൾ സമ്മതിച്ചില്ല, നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും! (മത്തായി 23: 37-38). കല്ലിൽ ഒരുകല്ലും ശേഷിക്കാതെ ഇവയെല്ലാം തകർക്കപ്പെടുമെന്ന് നിങ്ങളോട് ഞാൻ സത്യമായി പറയു

ന്നു.' (മത്തായി 24: 2). 5: 46-49, 77-81 വിശദീകരണം നോക്കുക.

ഇസ്റാഈൽ സന്തതികൾ മാത്രമല്ല, എക്കാലത്തും ഗ്രന്ഥം വഹിക്കുന്നവർ അതിന്റെ വിധിവിലക്കുകൾ പിൻപറ്റി ജീവിക്കാതിരിക്കുകയും സ്രഷ്ടാവ് എല്ലാവർക്കും തൃപ്തിപ്പെട്ട വിധിവിലക്കുകളടങ്ങിയ ഗ്രന്ഥം ഇതര ജനവിഭാഗങ്ങൾക്ക് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഇതര ജനവിഭാഗങ്ങൾക്ക് ഇവരുടെമേൽ ആധിപത്യം നൽകുകയും അവരെ ഇഹത്തിൽ വെച്ചുതന്നെ നിന്ദ്യരാക്കുന്നതുമാണ്. പരത്തിലാകട്ടെ, ത്രാസ്സും അമാനത്തുമായ അദ്ദിക്റിനെ മൂടിവെച്ച് പ്രപഞ്ചം നശിപ്പിച്ചതിനുള്ള കഠിനമായ ശിക്ഷയിലേക്ക് അവർ തള്ളിവിടപ്പെടുന്നതുമാണ്. 2: 85 വിശദീകരണം നോക്കുക. ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന നിന്ദ്യതയും ഛിദ്രതയും അധഃപതനവും ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് തന്നെയാണ്. ജീവിത ലക്ഷ്യം നഷ്ടപ്പെടാതിരിക്കണമെങ്കിൽ അല്ലാഹുവിന്റെ പാശമായ അദ്ദിക്ർ മുറുകെപ്പിടിച്ച് ജീവിക്കുകയും പ്രവാചകൻ മുഹമ്മദിന്റെതന്നെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനവിഭാഗങ്ങൾക്ക് അത് എത്തിച്ചുകൊടുക്കുകയും അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന 25: 18 ൽ പറഞ്ഞ കെട്ടജനതയിൽ എന്നെ ഉൾപ്പെടുത്തരുതേ എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കുകയും ഞാൻ ആ കെട്ട ജനതയിൽ ഉൾപ്പെട്ടവനല്ല എന്ന് പ്രഖ്യാപിച്ച് നിലകൊള്ളുകയും വേണം. 3: 101 -103; 4: 91; 12: 37 വിശദീകരണം നോക്കുക.

5. അങ്ങനെ അവരോട് വാഗ്ദത്തം ചെയ്ത ആദ്യത്തെ സന്ദർഭം വന്നപ്പോൾ നാം നിങ്ങൾക്കെതിരിൽ നമ്മുടെ അതിശക്തൻമാരായ അടിമകളെ നിയോഗിച്ചു, അങ്ങനെ അവർ വീടുകളിലെല്ലാം നുഴഞ്ഞുകയറി, അത് നടപ്പിൽ വരേണ്ട ഒരു വാഗ്ദാനം തന്നെയായിരുന്നു.

മൂസാനബിയുടെ വിയോഗാനന്തരം ഇസ്റാഈല്യർ ഫലസ്തീനിൽ പ്രവേശിച്ചപ്പോൾ അവിടെ ഏറ്റവും മോശമായരീതിയിൽ ബഹുദൈവവിശ്വാസം പുലർത്തിയിരുന്ന അതികായകൻമാരായ ജനതയാണ് താമസിച്ചിരുന്നത്. എല്ലാ ദേവതകളുടെയും പിതാവ് എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന ഏറെക്കുറെ പശുവിനോട് സാമ്യമുള്ള *'ഏൽ'* ആയിരുന്നു അവരുടെ ആരാധ്യമൂർത്തി. ഈ ദേവന്റെ പത്നിയായി സങ്കൽപിക്കപ്പെട്ടിരുന്ന *'അഷീറ'*യുടെ സന്തതിപരമ്പരകളായി ഏകദേശം എഴുപതോളം ദേവീദേവന്മാരുണ്ടായിരുന്നു. വിവിധ കാര്യങ്ങൾ സാധിപ്പിച്ച് കിട്ടുന്നതിന് വിവിധ ദേവീദേവൻമാരെ അവർ ആരാധിക്കുകയും ശിശുക്കളെ ഇവർക്കുവേണ്ടി ബലിയർപ്പിക്കുകയും ചെയ്തിരുന്നു. സ്ത്രീകളെ ദേവദാസികളായി നിർത്തി അവരെ വ്യഭിചാരത്തിന് ഉപയോഗിക്കുകയും ആരാധനാലയങ്ങൾ വ്യഭിചാരകേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്തു.

ഈ ജനതക്കിടയിൽ ചെന്ന് സമാധാനത്തോടുകൂടി അവർക്ക് ഏകദൈവ വിശ്വാസവും ഇസ്ലാമിക സംസ്കാരവും പഠിപ്പിക്കുകയും, അങ്ങനെ ഫലസ്തീനിൽ ഗ്രന്ഥത്തിന്റെ വിധിവിലക്കുകൾക്കനുസരിച്ചുള്ള ഭരണം നടപ്പിൽ വരുത്തണമെന്നുമായിരുന്നു ഇസ്റാഈൽ സന്തതികളോട് അല്ലാഹു ആവശ്യപ്പെട്ടിരുന്നത്. എന്നാൽ അവരോട് കൽപിച്ചതിന് വിരുദ്ധമായി ധിക്കാരപൂർവ്വം അവർ ആ നാട്ടിൽ പ്രവേശിച്ച് ഫലസ്തീൻ ഞങ്ങൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ട നാടാണ്, അവിടെയുള്ളവർ പുറത്തുപോകണമെന്ന നയത്തിലുള്ള സമീപനം സ്വീകരിച്ചപ്പോൾ ജനങ്ങൾ ഇവരെ ശക്തിയുക്തം എതിർക്കുകയും ഒതുക്കിക്കളയുകയും ചെയ്തു. ക്രമേണ ജനങ്ങളുടെ വിശ്വാസാചാരങ്ങൾ ഇവരിൽ

അടിച്ചേൽപ്പിക്കുകയും അങ്ങനെ അവർ ആ ജനതക്ക് കീഴൊതുങ്ങി ജീവിക്കേണ്ടിവരികയും ചെയ്തു.

ഈസ്റാഈല്യർ യഹോവക്ക് അനിഷ്ടകരമായിട്ടുള്ളത് ചെയ്തു, ബാൽ വിഗ്രഹത്തെ പൂജിച്ചു, തങ്ങളുടെ പിതാക്കൻമാരുടെ ദൈവവും മിസ്രയീം ദേശത്തുനിന്ന് അവരെ ആനയിച്ചവനുമായ യഹോവയെ അവർ ഉപേക്ഷിച്ചു, ചുറ്റുമുള്ള ജാതികളുടെ ദൈവങ്ങളെ ചെന്ന് നമസ്കരിച്ച് യഹോവയെ കോപിപ്പിച്ചു. (ന്യായാധിപൻമാർ, 2: 11-15). ഇസ്റാഈൽ സന്തതികളുടെ അക്രമവും ധിക്കാരവും സ്വാർത്ഥതയും കാരണം ഫലസ്തീനിലുണ്ടായിരുന്ന ഇതരവിഭാഗങ്ങളെല്ലാം ഐക്യപ്പെടുകയും യുദ്ധങ്ങളിലൂടെ അവരെ പുറത്താക്കുകയും ചെയ്തു. അവരുടെ വാഗ്ദത്ത പേടകം പോലും അവർക്ക് കയ്യൊഴിയേണ്ടിവന്നു. പിന്നീട് ശംവീൽ നബി അവരുടെ ആവശ്യപ്രകാരം അവർക്ക് താലൂത്തിനെ രാജാവായി നിശ്ചയിച്ചുകൊടുത്തു. താലൂത്തിന്റെ നേതൃത്വത്തിൽ ജാലൂത്തിനെ നേരിടാൻ പോവുന്ന സംഘത്തിൽ വഴിക്കുവെച്ച് ദാവൂദ് ചേരുകയും ദ്വന്ദയുദ്ധത്തിൽ അദ്ദേഹം ജാലൂത്തിനെ വധിക്കുകയും ചെയ്തു. തുടർന്ന് ദാവൂദിനെ അവർക്ക് രാജാവും പ്രവാചകനുമായി അല്ലാഹു നിശ്ചയിച്ചുകൊടുത്തു. ദാവൂദിന് ശേഷം സുലൈമാൻ നബി ഇസ്റാഈല്യർക്കിടയിൽ പ്രബലമായ ഭരണം നടത്തുകയും യശസ്സും പ്രതാപവും വീണ്ടെടുക്കുകയുമുണ്ടായി.

സുലൈമാൻ നബിക്കുശേഷം ഇസ്റാഈല്യർ വീണ്ടും ഭൗതിക പൂജകരായി അധഃപതിക്കുകയും അവർ രണ്ട് രാഷ്ട്രങ്ങളായി ഭിന്നിക്കുകയും ചെയ്തു. വടക്കൻ ഫലസ്തീനും കിഴക്കൻ ജോർദ്ദാനും ചേർന്ന ഇസ്റാഈൽ രാഷ്ട്രമായിരുന്നു അതിൽ ഒന്ന്. അതിന്റെ തലസ്ഥാനം സാമിരിയ്യ ആയിരുന്നു. മറ്റൊന്ന് തെക്കൻ ഫലസ്തീനും സദൂം പ്രദേശങ്ങളും ചേർന്ന യഹൂദ രാഷ്ട്രമായിരുന്നു. ജറൂസലേം ആയിരുന്നു അതിന്റെ തലസ്ഥാനം. ഈ രാഷ്ട്രങ്ങൾ തമ്മിലുള്ള കടുത്ത സംഘട്ടനങ്ങളും വടംവലികളും നാൾക്കുനാൾ വർദ്ധിച്ചുവന്നു. ഇതിൽ ഇസ്റാഈൽ രാഷ്ട്രക്കാരാണ് അവിടെയുണ്ടായിരുന്ന ജനതയുടെ ബഹുദൈവവിശ്വാസത്തിലും അധാർമ്മികതയിലും ആദ്യമായി ആകർഷിക്കപ്പെട്ടത്. ഇൽയാസ് നബിയും അൽയസഅ് നബിയും അവരെ നേർമാർഗത്തിലേക്ക് നയിക്കാൻ ശ്രമം നടത്തിയെങ്കിലും ഫലമുണ്ടായില്ല. അവസാനം അല്ലാഹുവിന്റെ കോപത്തിന് വിധേയരായ അവരുടെമേൽ മല്ലന്മാരായ അസ്സീറിയക്കാർ കടന്നാക്രമിച്ചു. ഈ ഘട്ടത്തിൽ 'ആമോസ്' നബിയും തുടർന്ന് 'ഹോശെയ്' നബിയും അവർക്ക് താക്കീതുകൾ നൽകിക്കൊണ്ടിരുന്നെങ്കിലും അവർ അതിനെ അവഗണിച്ചു. മാത്രമല്ല, ഈസ്റാഈൽ രാജാവ് ആമോസ് നബിയെ നാട്ടിൽ നിന്ന് പുറത്താക്കുകയും സാമിരിയ്യയുടെ അതിർത്തികളിൽ അദ്ദേഹത്തിന്റെ പ്രവർത്തനം പരിമിതപ്പെടുത്തുകയും ചെയ്തു. ഏറെ താമസിയാതെ 'അശ്ശൂർ' രാജാവായ 'സർഗോൺ' സാമിരിയ്യ ജയിച്ചടക്കി, ഇസ്റാഈൽ രാഷ്ട്രത്തിന്റെ അന്ത്യം കുറിച്ചു. തുടർന്ന് ആയിരക്കണക്കിന് ഇസ്റാഈല്യരെ വധിക്കുകയും ഇരുപത്തി അയ്യായിരത്തിലധികം പേരെ നാട്ടിൽ നിന്ന് പുറത്താക്കുകയും അവരെ അസ്സീറിയൻ രാഷ്ട്രത്തിന്റെ കിഴക്കൻ മേഖലകളിൽ ഛിന്നഭിന്നരാക്കി താമസിപ്പിക്കുകയും മറ്റു മേഖലകളിൽ നിന്ന് ജനങ്ങളെ കൊണ്ടുവന്ന് ഇവരുടെ നാട്ടിൽ താമസിപ്പിക്കുകയും ചെയ്തു. തൽഫലമായി ഇസ്റാഈല്യരുടെ സാംസ്കാരിക പൈതൃകം ക്രമേണ നശിക്കുകയാണുണ്ടായത്. 2: 243-245 വിശദീകരണം നോക്കുക.

ഇസ്റാഈല്യരുടെ രണ്ടാമത്തെ രാഷ്ട്രമായ 'യഹൂദ'യും സുലൈമാൻ നബിക്കുശേ

ഷം ക്രമേണ ബഹുദൈവവിശ്വാസത്തിലും അധാർമ്മികതയിലും അകപ്പെട്ടുപോയി. അസ്സീറിയക്കാർ അവരെയും അക്രമിച്ചെങ്കിലും അവരെ പൂർണ്ണമായി തകർക്കാൻ സാധിച്ചില്ല. എങ്കിലും അവർ അസ്സീറിയക്കാർക്ക് കപ്പം കൊടുത്ത് കീഴൊതുങ്ങേണ്ടിവന്നു. 'യെശയ്യ' നബിയും 'യിരമ്യ' നബിയും ബഹുദൈവവിശ്വാസത്തിൽ നിന്ന് അവരെ മോചിപ്പിക്കാൻ നടത്തിയ ശ്രമങ്ങൾക്ക് ഫലമുണ്ടായില്ല. പിന്നീട് ബാബിലോണിയൻ രാജാവായ 'നെബുക്കദ്-നസർ' ജറൂസലേമടക്കമുള്ള യഹൂദരാഷ്ട്രത്തെ കീഴടക്കുകയും യഹൂദരാജാവിനെ ബന്ധനസ്ഥനാക്കുകയും ചെയ്തു. അപ്പോഴും അവർ ശക്തിയും പ്രതാപവും നേടാനുള്ള ഏകമാർഗമായ 'യിരമ്യാ'നബിയുടെ നിർദേശങ്ങൾ തള്ളിക്കളയുകയും ബാബിലോണിയക്കാരോട് എതിരിടാൻ ശ്രമിക്കുകയുമാണ് ചെയ്തത്. ക്രി.മു: 587-ൽ വീണ്ടും 'നെബുക്കദ്-നസർ' ശക്തമായ ഒരു ആക്രമണം നടത്തുകയും യഹൂദരാഷ്ട്രത്തിന്റെ എല്ലാപട്ടണങ്ങളും തകർത്ത് തരിപ്പണമാക്കുകയും ചെയ്തു. ജറൂസലേമിനെയും '*ഹൈക്കൽ സുലൈമാനി*'യേയും ഒരുചുമർ പോലും അവശേഷിപ്പിക്കാതെ നശിപ്പിച്ചുകളഞ്ഞു. ഇതാണ് ഇസ്റാഈല്യരോട് താക്കീത് ചെയ്ത ഒന്നാമത്തെ കുഴപ്പവും തൽഫലമായി അവർക്കു ലഭിച്ച ശിക്ഷയും. 2: 246-251 വിശദീകരണം നോക്കുക.

6. പിന്നെ നാം നിങ്ങൾക്ക് അവരെ അതിജയിക്കാൻ ഒരു അവസരം കൂടി നൽകി, സമ്പത്തും സന്താനങ്ങളും കൊണ്ട് നാം നിങ്ങളെ പോഷിപ്പിക്കുകയും നിങ്ങളുടെ ജനസംഖ്യ അധികരിപ്പിച്ച് തരികയും ചെയ്തു.

യഹൂദരാഷ്ട്രത്തിൽ നന്മക്കുവേണ്ടി നിലകൊള്ളുകയും നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്തിരുന്ന ഒരു ചെറിയ വിഭാഗം അവശേഷിച്ചിട്ടുണ്ടായിരുന്നു. യഹൂദരുടെ ഇടയിൽ അവർ നടത്തിയ പരിഷ്കരണപ്രവർത്തനങ്ങൾ ഫലം കണ്ടുതുടങ്ങുകയും അല്ലാഹുവിന്റെ കാരുണ്യം അവരിൽ വർഷിക്കുകയും ചെയ്തു. ക്രി. മു: 539-ൽ, പേർഷ്യൻ ചക്രവർത്തിയായിരുന്ന 'സൈറസ്' ബാബിലോണിയക്കാരെ കീഴടക്കിയതോടുകൂടി ബാബിലോണിയക്കാരുടെ ഭരണം അവസാനിച്ചു. എല്ലാ ഇസ്റാഈല്യർക്കും തിരിച്ചുവന്ന് തങ്ങളുടെ ദേശത്ത് താമസിക്കാനും അവർക്ക് *ഹൈക്കൽ സുലൈമാനി* പുനർനിർമ്മിക്കാനുമുള്ള അനുവാദം ലഭിക്കുകയും ചെയ്തു. എന്നാൽ ആ പ്രദേശത്തെ ഭൂരിപക്ഷ ജനത അത് തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. അവസാനം ക്രി. മു: 522 ൽ, ദാരിയൂസ് ഒന്നാമന്റെകാലത്ത് വിശുദ്ധ 'ഹൈക്കൽ സുലൈമാനി'യും അൽപകാലത്തിനുശേഷം 'ബൈത്തുൽ മുഖദ്ദസ്'തന്നെയും പുനർനിർമ്മിക്കപ്പെടുകയും ക്രമേണ അത് ജൂതസാംസ്കാരിക കേന്ദ്രമായിത്തീരുകയും ചെയ്തു.

പിന്നീട് ക്രി. മു: 458-ൽ 'ഉസൈർ' (യസ്രാ) യഹൂദയിൽ വരികയും പേർഷ്യൻ ചക്രവർത്തി 'ഹർദശീർ' അദ്ദേഹത്തിന് ഇപ്രകാരം ഒരു തിട്ടൂരം കൊടുക്കുകയും ചെയ്തു.'അല്ലെയോ യസ്രാ, നിനക്ക് നിന്റെ ദൈവം നൽകിയ ജ്ഞാനപ്രകാരം നദിക്ക് അക്കരെ പാർക്കുന്ന സകലജനത്തിനും നിന്റെ ദൈവത്തിന്റെ ജ്ഞാനപ്രമാണങ്ങളെ അറിയുന്ന ഏവർക്കും തന്നെ ന്യായപാലനം നടത്താൻ അധികാരികളെയും ന്യായാധിപൻമാരെയും നിയമിക്കണം; അറിയാത്തവർക്കോ, നിങ്ങൾ അവരെ ഉപദേശിച്ചു കൊടുക്കുകയും വേണം. എന്നാൽ നിന്റെ ദൈവത്തിന്റെ ന്യായപ്രമാണവും രാജാവിന്റെ ന്യായപ്രമാണവും അനുസരിക്കാത്ത ഏവരെയും ജാഗ്രതയോടെ ന്യായം വിസ്തരിച്ച് മരണമോ പ്രവാസമോ പിഴയോ തടവോ അവന് കൽപിക്കേണ്ടതുമാകുന്നു' (യസ്രാ, 7:25-26). എന്നാൽ വടക്കൻ ഫലസ്തീനിലും സാമിരിയ്യയിലുമുണ്ടായിരുന്ന ഇസ്റാഈല്യർ

യെസ്രായുടെ സംസ്കരണപ്രവർത്തനങ്ങളെ സ്വീകരിച്ചില്ലെന്ന് മാത്രമല്ല, ബൈത്തുൽ മുഖദ്ദസിനെതിരിൽ ജസ്റീം പർവ്വതത്തിൽ തങ്ങളുടെ സ്വന്തമായ ഒരു മതകേന്ദ്രം സ്ഥാപിക്കുകയും അത് ഇസ്റാഈല്യരുടെ കേന്ദ്രമാക്കി മാറ്റുകയും ചെയ്തു. ക്രമേണ യഹൂദരും സാമിരിയ്യരും തമ്മിലുണ്ടായിരുന്ന അകൽച്ച കൂടുതൽ വർദ്ധിച്ചു.

പേർഷ്യൻ സാമ്രാജ്യത്തിന്റെ പതനവും അലക്സാണ്ടർ ചക്രവർത്തിയുടെ വിജയങ്ങളും ജൂതൻമാർക്ക് വീണ്ടും വിഷമങ്ങൾ വരുത്തിവെക്കുകയുണ്ടായി. ഗ്രീക്ക് ചക്രവർത്തിമാർ ജൂതമതത്തോടും സംസ്കാരത്തോടും കഠിനമായ വിരോധം വെച്ചുപുലർത്തുകയും ഗ്രീക്ക് സംസ്കാരം അവരിൽ അടിച്ചേൽപിക്കുകയും ചെയ്തു. തൽഫലമായി ഒരുവിഭാഗം യഹൂദർ ഗ്രീക്ക് വസ്ത്രങ്ങളും ഭാഷയും ഗ്രീക്ക് ജീവിതരീതികളും സ്വീകരിക്കുകയും മറ്റൊരുവിഭാഗം തങ്ങളുടെ സംസ്കാരത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തു. അങ്ങനെ ക്രി. മു: 175 ൽ, അന്ത്യൂക്കസ് നാലാമൻ അധികാരത്തിൽ വരികയും ജൂതമതത്തെയും സംസ്കാരത്തെയും തുടച്ചുനീക്കാൻ തീരുമാനിക്കുകയും ചെയ്തു. അദ്ദേഹം ബൈത്തുൽ മുഖദ്ദസിലെ ഹൈക്കലിൽ ഒരു വലിയ വിഗ്രഹം പ്രതിഷ്ഠിച്ച് ജൂതൻമാരെ നിർബന്ധപൂർവ്വം അതിൽ സാഷ്ടാംഗപ്രണാമം ചെയ്യിപ്പിച്ചു. ജൂതൻമാർ അവരുടെ ബലിസ്ഥലത്തുവെച്ച് ബലിയറുക്കുന്നത് നിരോധിക്കുകയും പകരം ബഹുദൈവവിശ്വാസികളുടെ ബലിസ്ഥലത്തുവെച്ചുതന്നെ ബലിയറുക്കണമെന്ന് കൽപിക്കുകയും ചെയതു. തങ്ങളുടെ വീടുകളിൽ തൗറാത്ത് സൂക്ഷിക്കുകയോ *സാബ്ബത്ത്* നിയമങ്ങൾ പാലിക്കുകയോ സന്താനങ്ങളുടെ ചേലാകർമ്മം നടത്തുകയോ ചെയ്യുന്നവർക്ക് വധശിക്ഷ വിധിച്ചു. പക്ഷേ ഈ അടിച്ചമർത്തൽ കൊണ്ട് ജൂതൻമാരെ പരാജയപ്പെടുത്താൻ സാധിച്ചില്ലെന്ന് മാത്രമല്ല, 'മക്കാബി പ്രസ്ഥാനം' എന്നപേരിൽ ചരിത്രത്തിൽ പ്രസിദ്ധിനേടിയ ശക്തമായ ഒരു പ്രസ്ഥാനം അവർക്കിടയിൽ രൂപം കൊള്ളുകയുണ്ടായി. ഗ്രീക്ക് സംസ്കാരം കൈക്കൊണ്ട ജൂതൻമാർ മക്കാബി പ്രസ്ഥാനത്തെ പരാജയപ്പെടുത്താൻ അന്തോക്കിയക്കാരായ അക്രമികളെ സഹായിച്ചുകൊണ്ടിരുന്നുവെങ്കിലും യെസ്രായുടെ അധ്യാപനങ്ങൾ മനസ്സിലാക്കിയ സാധാരണക്കാരായ ജൂതൻമാർ മക്കാബികളുടെ പക്ഷം ചേരുകയും അവസാനം അവർ ഗ്രീക്കുകാരെ പരാജയപ്പെടുത്തി വേദത്തിന്റെ അടിസ്ഥാനത്തിൽ നീതിയുക്തമായ ഭരണം സ്ഥാപിക്കുകയും ചെയ്തു. ഈ ഭരണം മുമ്പ് യഹൂദ-ഇസ്റാഈൽ രാഷ്ട്രങ്ങളുടെ കീഴിലുണ്ടായിരുന്ന മുഴുവൻ പ്രദേശങ്ങളെയും ഉൾക്കൊണ്ടിരുന്നുവെന്ന് മാത്രമല്ല, ദാവൂദ് നബിയുടെയും സുലൈമാൻ നബിയുടെയും കാലത്ത് കൈവശപ്പെടുത്താൻ കഴിയാതിരുന്ന ഫിലിസ്ത്യായുടെ വലിയൊരു ഭാഗം കൂടി അധീനപ്പെടുത്താനും ഭരണം ക്രി. മു. 67 വരെ നിലനിർത്താനും സാധിച്ചു.

7. നിങ്ങൾ നന്മ ചെയ്യുകയാണെങ്കിൽ നിങ്ങൾ നന്മചെയ്യുന്നത് നിങ്ങളുടെ ആത്മാവിന് വേണ്ടി തന്നെയാണ്, ഇനി നിങ്ങൾ തിന്മചെയ്യുകയാണെങ്കിൽ അപ്പോൾ അതിന്റെ ദോഷവും ആ ആത്മാവിനുതന്നെ, അങ്ങനെ രണ്ടാമത്തെ വാഗ്ദത്ത സമയം വന്നപ്പോൾ നിങ്ങളുടെ മുഖം വികൃതമാക്കുന്നതിനും ആദ്യതവണ തള്ളിക്കയറിയതുപോലെ ശത്രുക്കൾ പള്ളിയിൽ തള്ളിക്കയറുന്നതിനും കയ്യിൽ കിട്ടുന്നതെല്ലാം തകർത്തെറിയുന്നതിനും വേണ്ടി (നാം ഇതരജനതക്ക് നിങ്ങളുടെ മേൽ അവസരം നൽകി).

ക്രമേണ ഇസ്റാഈൽ സന്തതികൾ ഗ്രന്ഥത്തിന്റെ വിധിവിലക്കുകളിൽ നിന്ന് അകന്നുപോവുകയും വിവിധ കക്ഷികളായിത്തീർന്ന് തമ്മിലടിക്കുകയും ചെയ്തു. ഭൗതിക

പൂജയിലും ആത്മാവില്ലാത്ത ആരാധനാ ചടങ്ങുകളിലും മുഴുകിയ അവർക്ക് പിന്നീട് റോമൻ ആധിപത്യത്തിന് കീഴൊതുങ്ങേണ്ടി വന്നു. ക്രി. മു: 40 മുതൽ 4 വരെ നിലനിന്ന 'ഹെരോദാ' യുടെ ഭരണകാലത്ത് അദ്ദേഹം ഒരു ഭാഗത്ത് ജൂതനേതാക്കളെ സേവിച്ചുകൊണ്ട് ജൂതൻമാരുടെ പ്രീതി കരസ്ഥമാക്കുകയും മറുവശത്ത് റോമൻ സംസ്കാരം അവരിൽ പ്രചരിപ്പിക്കുകയും ചെയ്തു. ക്രിസ്താബ്ദം 6-ാം വർഷത്തിൽ 'അഗസ്റ്റസ് സീസർ' അവരെ കീഴടക്കി രാജ്യം തന്റെയൊരു ഗവർണ്ണറുടെ കീഴിലാക്കി. ഈസാനബി ഇസ്റാ ഈല്യരെ ഉദ്ധരിക്കാൻ ശ്രമിച്ചപ്പോൾ ജൂതനേതാക്കൾ സംഘടിച്ച് അദ്ദേഹത്തെ എതിർത്തിരുന്നതും റോമൻ ഗവർണ്ണറായിരുന്ന 'പിലാത്തോസി'നെക്കൊണ്ട് അദ്ദേഹത്തെ വധിക്കാൻ ഉപജാപം നടത്തിയിരുന്നതും ഇക്കാലത്തായിരുന്നു.

'ഹെരോദാ'യുടെ പുത്രൻ 'ഹെരോദാ ഇണ്ടിപ്പാസ്' വടക്കൻ ഫലസ്തീന്റെ ഗലീൽ മേഖലയുടെയും കിഴക്കൻ ജോർദ്ദാന്റെയും രാജാവായി. ഹെരോദായുടെ മൂന്നാമത്തെ പുത്രൻ 'ഫിലിപ്പോസ്' ഫിർമോൺ പർവ്വതം മുതൽ യർമൂക് നദി വരെയുള്ള പ്രദേശങ്ങളുടെ രാജാവായി. പിന്നീട് ഹെരോദായുടെ കാലത്ത് അയാളുടെ അധീനതയിലുണ്ടായിരുന്ന എല്ലാ പ്രദേശങ്ങളുടെയും രാജാവായി അയാളുടെ പൗത്രൻ 'ഹെരോദാ അഗ്രിപ്പായെ' റോമക്കാർ വാഴിച്ചു. ഇദ്ദേഹം ഈസാനബിയുടെ അനുയായികളായ *ഹവാരിയ്യീങ്ങളു*ടെ നേതൃത്വത്തിൽ നടന്നിരുന്ന എല്ലാ പ്രവർത്തനങ്ങളെയും ശക്തിയായി അടിമച്ചമർത്തി. ഇക്കാലത്തെ ജൂതൻമാരുടെ അധഃപതനത്തെക്കുറിച്ച് പുതിയ നിയമത്തിലെ നാല് പുസ്തകങ്ങളിലുമുള്ള ഈസാ നബിയുടെ പ്രസംഗങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

സമുദായത്തിലെ മുഴുവൻ മതപുരോഹിതൻമാരും ഈസാമസീഹിനെ വധിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ വിരലിലെണ്ണാവുന്ന അൽപം പേർക്ക് മാത്രമേ അതിൽ എതിർപ്പ് ഉണ്ടായിരുന്നുള്ളൂ. റോമൻ ഗവർണ്ണറായ പിലാത്തോസ് ആ കെട്ടജനതയോട് ചോദിച്ചു: ഇന്ന് നിങ്ങളുടെ ആഘോഷ ദിവസമാണ്, നാട്ടുസമ്പ്രദായമനുസരിച്ച് വധശിക്ഷക്ക് വിധിക്കപ്പെട്ട കുറ്റവാളികളിൽ ഒരാളെ വിട്ടയക്കാൻ അനുവാദമുണ്ട്. പറയുക: യേശുവിനെയാണോ അതോ ബറബ്ബാസ് എന്ന കൊള്ളക്കാരനെയാണോ വിട്ടയക്കേണ്ടത്? അവർ ഏകസ്വരത്തിൽ പറഞ്ഞു: ബറബ്ബാസിനെ വിട്ടയക്കുക! അവർ അല്ലാഹുവിന്റെ ശിക്ഷക്ക് തീർത്തും അർഹരായിക്കഴിഞ്ഞിരുന്നു എന്നതിന്റെ തെളിവുകളായിരുന്നു ഇവയെല്ലാം. 2: 57, 251 വിശദീകരണം നോക്കുക.

ഏറെക്കാലം കഴിയുന്നതിനുമുമ്പ് ക്രിസ്തുവിനുശേഷം 70 ൽ, റോമാചക്രവർത്തിയായിരുന്ന 'ടൈറ്റസ്' ഒരു വലിയ സൈനികനീക്കം നടത്തുകയും ജറൂസലേം പട്ടണവും ഹൈക്കലും തകർത്ത് തരിപ്പണമാക്കുകയും ചെയ്തു. ഇതോടനുബന്ധിച്ച് നടന്ന കൂട്ടക്കൊലയിൽ ഒരുലക്ഷത്തിൽ പരം ആളുകൾ വധിക്കപ്പെടുകയും അരലക്ഷത്തോളം പേർ തടവിലാക്കപ്പെടുകയും അത്രതന്നെ ആളുകൾ നാടുകടത്തപ്പെടുകയും ചെയ്തു. ആയിരക്കണക്കിന് ആളുകൾ അടിമകളാക്കപ്പെടുകയും അവർ ആംഫി തിയ്യേറ്ററിലും കൊളോസിയത്തിലും വന്യമൃഗങ്ങളുമായി മൽപിടുത്തം നടത്തി മരിച്ചുവീഴുകയും ആയുധാഭ്യാസികൾക്ക് നൈപുണ്യം പരീക്ഷിക്കാനുള്ള ഉന്നങ്ങളാവുകയും ചെയ്തു. അവരിൽ ആരോഗ്യവും സൗന്ദര്യവുമുള്ള പെൺകുട്ടികളെയെല്ലാം ജേതാക്കൾ സ്വന്തമാക്കി. ഇപ്രകാരമാണ് അല്ലാഹു ജൂതന്മാരുടെ മുഖം വികൃതമാക്കിയത്. ശേഷം 1948 വരെ തലയുയർത്താൻ കഴിയാത്ത രീതിയിൽ ജൂതരുടെ സർവ്വവിധ അടയാളങ്ങളും തുടച്ചുനീക്കപ്പെട്ടു. ഇതായിരുന്നു സൂക്തത്തിൽ പറഞ്ഞ രണ്ടാമത്തെ കുഴപ്പവും അതിനെത്തുട

ർന്ന് ജൂതർക്ക് ലഭിച്ച ശിക്ഷയും. 3: 110–112 വിശദീകരണം നോക്കുക.

അന്ത്യപ്രവാചകനായ മുഹമ്മദിന്റെ വിയോഗത്തിന് മുപ്പത് വർഷങ്ങൾ പിന്നിട്ടപ്പോഴേക്കും ഇസ്ലാം പിരിയുടയുകയും അങ്ങനെ ഗ്രന്ഥം വായിക്കുന്നവർ മൂന്ന് വിഭാഗമാവുകയും ചെയ്തു. അവരിലെ അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകൾ ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന ജൂതരെപ്പോലെത്തന്നെ ഞങ്ങളാണ് അല്ലാഹുവിന്റെ ആളുകൾ എന്ന് വാദിക്കാനും ദുരഭിമാനിക്കാനും തുടങ്ങി. 9: 5, 123 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആത്മാവിനെ പരിഗണിക്കാത്ത ഇത്തരം കെട്ട ജനതയായ ഫുജ്ജാറുകൾ തന്നെയാണ് ഇന്ന് ലോകത്ത് മറ്റേതൊരു ജനവിഭാഗത്തെക്കാളും നിന്ദ്യത സഹിച്ചുകൊണ്ടിരിക്കുന്നത്. ഈസായുടെ രണ്ടാം വരവിന് ശേഷം ഈസാ മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി 8: 22 ൽ ദുഷ്ടജീവികൾ എന്ന് വിശേഷിപ്പിക്കപ്പെട്ട ഇക്കൂട്ടർ പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനവിഭാഗങ്ങളാൽ തുടച്ചുനീക്കപ്പെടുന്നതാണ്. 2: 61; 4: 133; 5: 82; 16: 125 വിശദീകരണം നോക്കുക.

8. നിങ്ങളുടെ നാഥൻ നിങ്ങളോട് ഇനിയും കരുണ കാണിച്ചേക്കാം, എന്നാൽ നിങ്ങൾ വീണ്ടും അതിക്രമം കാണിക്കുകയാണെങ്കിൽ നാമും പ്രതികരിക്കുന്നതാണ്, കാഫിറുകൾക്ക് നാം നരകകുണ്ഠം മടക്കസ്ഥലമായി വെച്ചിട്ടുമുണ്ട്.

പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന ജൂതരോടാണ് ഈ അഭിസംബോധന. നിങ്ങൾ പ്രവാചകനെ അംഗീകരിച്ച് സത്യത്തിന്റെ വഴിയിലേക്ക് വരികയാണെങ്കിൽ നിങ്ങളോട് കാരുണ്യം കാണിക്കുന്നതും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരുന്നതുമാണ്. മറിച്ച് മുൻസൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അതിക്രമം തുടരുകയാണെങ്കിൽ 2: 85 ൽ പറഞ്ഞ പ്രകാരം നിങ്ങൾക്ക് നാം ഇഹലോകത്ത് നിന്ദ്യതയും പരലോകത്ത് അതികഠിനമായ ശിക്ഷയുമാണ് നൽകുക. ജൂതരെ അഭിസംബോധനം ചെയ്ത് പറഞ്ഞ ഇത്തരം സൂക്തങ്ങൾ ഇന്ന് ബാധകമാവുക അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്ക് മാത്രമാണ്. 2: 105; 4: 113; 10: 58 തുടങ്ങി 65 സൂക്തങ്ങളിൽ പറഞ്ഞ കാരുണ്യം അദ്ദിക്റാണ്. അതിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുന്നവർക്ക് സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാം. അത് വന്നുകിട്ടിയിട്ട് അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവരുടെ മടക്കം നരകക്കുണ്ഠത്തിലേക്കുമാണ്. 2: 39; 6: 26; 14: 28–30 വിശദീകരണം നോക്കുക.

9. നിശ്ചയം ഈ വായന എല്ലാ വിഷയത്തിലും ഏറ്റവും ചൊവ്വായ വഴിയിലേക്ക് മാർഗദർശനം ചെയ്യുന്നതും; വിശ്വസിക്കുകയും സൽകർമ്മം ചെയ്യുകയും ചെയ്യുന്നവർ, അവർക്ക് നിശ്ചയമായും വമ്പിച്ച പ്രതിഫലമുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കുന്നതുമാണ്.

അദ്ദിക്റിനെക്കുറിച്ച് 36: 69 ൽ, ഇത് ഒരു ഉണർത്തലും വ്യക്തമായ ഒരു വായനയുമല്ലാതെ അല്ല എന്നും; 85: 21 ൽ, അല്ല; ഇത് ഒരു പുകൾപെറ്റ വായനയാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. ഇത് ഒരു മാന്യമായ വായന തന്നെയാകുന്നു എന്ന് 56: 77 ലും; വിശുദ്ധി നേടാനുള്ള ഒരു ഗ്രന്ഥമാണെന്ന് 98: 2 ലും പറഞ്ഞിട്ടുണ്ട്. *നിശ്ചയം ഈ ഗ്രന്ഥം ശുപാർശ ചെയ്യുന്നതും ശുപാർശ ചെയ്യിപ്പിക്കുന്നതുമാണ്, ആരാണോ അതിനെ പിൻപറ്റുന്നത് അവനെ അത് സ്വർഗത്തിലേക്ക് എത്തിക്കുകതന്നെ ചെയ്യും എന്നും ആരാണോ അതിനെ അവഗണിക്കുന്നത് അവനെ അത് നരകത്തിലേക്ക് തള്ളിവിടുകതന്നെ ചെയ്യും എന്നും*

പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 67: 12 ൽ, നിശ്ചയം തങ്ങളുടെ നാഥനെ അദ്ദിക്റിൽ നിന്ന് കണ്ട് നിലകൊള്ളുന്നവർക്ക് പാപമോചനവും മഹത്തായ പ്രതിഫലവുമുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. മൊത്തം ലോകർക്കുള്ള നാഥന്റെ സന്ദേശവും വിശ്വാസിയാകാനുള്ള സമ്മതപത്രവും സ്വർഗത്തിലേക്കുള്ള ടിക്കറ്റുമായ അദ്ദിക്ർ മൊത്തം മനുഷ്യരിലേക്ക് എത്തിച്ചുകൊടുക്കുകവഴി അവരെ ജീവിതലക്ഷ്യം ഉണർത്തി ഐക്യപ്പെടാനും തീവ്രവാദം, രക്തച്ചൊരിച്ചിൽ തുടങ്ങിയ പൈശാചിക പ്രവർത്തനങ്ങൾ ഇല്ലാതാക്കാനും പ്രാപ്തരാക്കലാണ് സൽകർമ്മം ചെയ്യുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മനുഷ്യരുടെയും ജീവജാലങ്ങളുടെയും നിലനിൽപ്പിനാവശ്യമായ ഭക്ഷണവും ശുദ്ധവായുവും ഉൽപാദിപ്പിക്കുന്നതിന് വേണ്ടി ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കലും ജൈവകൃഷി ചെയ്യലും അതിനെ പ്രോൽസാഹിപ്പിക്കലും സഹായിക്കലും അന്തരീക്ഷവായുവിനെ മലിനമാക്കുന്ന വ്യവസായങ്ങൾ കുറക്കലും ഭൂമിയുടെ ആണികളായ പർവ്വതങ്ങളെയും കുന്നുകളെയും ഇടിച്ച് നിരപ്പാക്കുകയും വയൽ നികത്തുകയും ചെയ്യുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളെ നിരുൽസാഹപ്പെടുത്തലും സൽകർമ്മങ്ങൾ തന്നെയാണ്. 2: 185–186; 3: 79–80; 16: 89, 105 വിശദീകരണം നോക്കുക.

10. നിശ്ചയം പരലോകം കൊണ്ട് വിശ്വസിക്കാത്തവർക്ക് വേദനാജനകമായ ശിക്ഷയാണ് നാം ഒരുക്കിവെച്ചിട്ടുള്ളത്.

ഗ്രന്ഥത്തിലെ മൂന്നിലൊന്ന് സൂക്തങ്ങൾ പരലോകത്തെ വരച്ചുകാണിക്കുന്നതാണ്. 'പരലോകത്തിൽ വിശ്വസിക്കാത്തവർ' എന്ന് പറയാതെ 'പരലോകം കൊണ്ട് വിശ്വസിക്കാത്തവർ' എന്നുപറഞ്ഞത് അദ്ദിക്ർ സമർപ്പിക്കുന്ന വിധം പരലോകം കൊണ്ട് വിശ്വസിക്കാത്തവരെക്കുറിച്ചാണ്. എന്താണ് അദ്ദിക്ർ? എന്തിനാണ് അദ്ദിക്ർ? എന്തുകൊണ്ട് അദ്ദിക്ർ? എന്നൊന്നും ഗ്രഹിക്കാത്ത 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഇവർ ഇവിടെ നരകമാണ് സമ്പാദിച്ചുകൊണ്ടിരിക്കുന്നത്. 76: 3 ൽ നന്ദിപ്രകടിപ്പിക്കുന്നവൻ അല്ലെങ്കിൽ നന്ദികെട്ടവൻ എന്നീ രണ്ടാലൊരു മാർഗം തെരഞ്ഞെടുക്കാൻ നാം സ്വാതന്ത്ര്യം നൽകി എന്നും; 76: 4 ൽ, നിശ്ചയം അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത കാഫിറുകൾക്ക് നാം വളയങ്ങളും ചങ്ങലകളും കത്തിയാളുന്ന നരകവും ഒരുക്കിവെച്ചിട്ടുണ്ട് എന്നും പറഞ്ഞിട്ടുണ്ട്. 34: 19 ൽ, തങ്ങളോടുതന്നെ അക്രമം കാണിച്ച സബഅ് വാസികളെ ഛിന്നഭിന്നമാക്കിക്കളഞ്ഞ കാര്യം പറഞ്ഞശേഷം 34: 20 ൽ, ഇബ്ലീസ് അവന്റെ ആഗ്രഹം അവരിൽ സത്യപ്പെടുത്തി, അവരിൽ ഒരുവിഭാഗം വിശ്വാസികളൊഴികെ മറ്റുള്ളവരെല്ലാം അവനെ പിൻപറ്റുകയും ചെയ്തു എന്ന് പറഞ്ഞിട്ടുണ്ട്. 34: 21 ൽ, അവന് അവരുടെമേൽ യാതൊരു അധികാരവും ഉണ്ടായിരുന്നില്ല, പരലോകം കൊണ്ട് വിശ്വസിച്ചവൻ ആരെന്നും അതിന്റെ കാര്യത്തിൽ സംശയമുള്ളവൻ ആരെന്നും നമുക്ക് തിരിച്ചറിയാൻ വേണ്ടിയല്ലാതെ പിശാചിന് ഈ കഴിവുകളൊന്നും നൽകിയിട്ടില്ല, നിന്റെ നാഥൻ എല്ലാ ഓരോ കാര്യത്തിന്റെ മേലിലും സൂക്ഷിപ്പുകാരൻ തന്നെയാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. 11: 17–19; 16: 60–61; 48: 6 വിശദീകരണം നോക്കുക.

11. മനുഷ്യൻ ഗുണത്തിന് വേണ്ടി പ്രാർത്ഥിക്കുന്നതുപോലെ തിന്മക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു, മനുഷ്യൻ ഏറെ ധൃതി കാണിക്കുന്നവനുമായിരിക്കുന്നു.

അദ്ദിക്ർ കൊണ്ട് സ്വന്തത്തെയും ജീവിതലക്ഷ്യത്തെയും അല്ലാഹുവിന്റെ ചര്യയെയും തിരിച്ചറിയാത്തവരുടെ സ്വഭാവമാണ് സൂക്തത്തിൽ വരച്ചു കാണിച്ചിട്ടുള്ളത്. നിങ്ങൾ ഞങ്ങളെ ഭയപ്പെടുത്തുന്ന ആ ശിക്ഷയിങ്ങ് കൊണ്ടുവരൂ എന്ന് എക്കാലത്തുമുള്ള കാഫി

റുകൾ വിശ്വാസികളോട് ആവശ്യപ്പെടുന്നതാണ്. ജീവിതലക്ഷ്യം മനസ്സിലാക്കാത്ത വിഡ്ഢികളായ അത്തരം ആളുകളോടാണ് 'നിങ്ങൾ ഗുണത്തിന് വേണ്ടി പ്രാർത്ഥിക്കുന്നത് പോലെ തിന്മക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു' എന്ന് പറയുന്നത്. കാഫിറുകളുടെ അക്രമങ്ങളും അധർമ്മങ്ങളും കാരണം അവരുടെമേൽ അല്ലാഹുവിന്റെ ശിക്ഷ വരണമെന്ന് ആഗ്രഹിക്കുന്ന വിശ്വാസികളോട്: കാഫിറുകളെപ്പോലെ ധൃതികാണിക്കുന്ന സ്വഭാവം നിങ്ങളിൽ ഉണ്ടാവരുത്, മറിച്ച് പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടുക എന്ന ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന ക്ഷമാലുക്കളാവുകയാണ് വേണ്ടത് എന്നാണ് സൂക്തം കൽപിക്കുന്നത്. 54: 17 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ പഠിക്കാനാണ് എളുപ്പമാക്കിയിട്ടുള്ളത് എന്നിരിക്കെ അതിന് തയ്യാറാകാതെ ഫുജ്ജാറുകൾ അതിന്റെ ശരീരമായ അറബി ഖുർആൻ വായിച്ച് വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ ദീനിൽ നിന്ന് തെറിച്ച് പോയിക്കൊണ്ടിരിക്കുകയുമാണ്.

ധൃതി ഇഹലോകത്തിന് വേണ്ടിയും ക്ഷമ പരലോകത്തിന് വേണ്ടിയുമുള്ളതാണ്. അതുകൊണ്ടുതന്നെ അല്ലാഹുവിന്റെ മാർഗത്തിലുള്ള ദീർഘായുസ്സിന് വേണ്ടി പ്രാർത്ഥിക്കാത്തവർ വിശ്വാസികളാവുകയില്ല. അക്ഷമനും ധൃതിക്കാരനുമായ മനുഷ്യൻ തൽക്കാലം ആവശ്യമുള്ള കാര്യങ്ങൾക്ക് വേണ്ടി ദീർഘവീക്ഷണമില്ലാതെ പ്രാർത്ഥിക്കുകയും പിന്നീട് അന്ന് തന്റെ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചിരുന്നുവെങ്കിൽ അത് തനിക്ക് എത്ര ദോഷമായിരുന്നേനേ എന്ന് അവനുതന്നെ അനുഭവത്തിൽ നിന്ന് മനസ്സിലാക്കാനാവുകയും ചെയ്യുന്നു. മനുഷ്യരെ ജീവിതലക്ഷ്യത്തെക്കുറിച്ച് ഉണർത്തുന്നതിനുവേണ്ടി അദ്ദിക്ർ എത്തിച്ചുകൊടുക്കുകയാണ് സ്വർഗം പണിയുന്നതിനുള്ള ഏകമാർഗമെന്ന് മനസ്സിലാക്കിയവരാണ് വിശ്വാസികൾ. അതുതന്നെയാണ് *'ഭൂമിയിലുള്ള സർവ്വസ്വം നേടുന്നതിനേക്കാൾ നിനക്ക് ഉത്തമം ഒരു വിശ്വാസിയെ വാർത്തെടുത്ത് സ്വർഗത്തിലേക്ക് അടുപ്പിക്കലാണ്'* എന്ന് അലിയെ ഉപദേശിക്കുകവഴി പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചത്. 41: 34-35 സൂക്തങ്ങളിൽ, നന്മയും തിന്മയും സമമാവുകയില്ല, നീ ഏറ്റവും നല്ലതുകൊണ്ട് -അദ്ദിക്ർ കൊണ്ട്- തിന്മയെ പ്രതിരോധിക്കുക, അപ്പോൾ നിന്റെയും ആരുടെയും ഇടയിലാണോ ശത്രുതയുള്ളത്, അവൻ നിന്റെ ആത്മമിത്രമായി വരുന്നതുകാണാം, എന്നാൽ ഇത് ക്ഷമാലുക്കൾക്കും മഹാഭാഗ്യവാൻമാർക്കുമല്ലാതെ സാധിക്കുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 28: 79-80 സൂക്തങ്ങളിൽ, വിവരമില്ലാത്ത ആളുകൾ ഖാറൂനിന്റെ സൗഭാഗ്യത്തെക്കുറിച്ച്: ഓ ഞങ്ങൾക്ക് ഖാറൂനിന് നൽകപ്പെട്ടത് പോലെയുള്ള അനുഗ്രഹങ്ങൾ കിട്ടിയിരുന്നുവെങ്കിൽ! അവൻ മഹാഭാഗ്യവാൻ തന്നെ എന്ന് പറഞ്ഞപ്പോൾ യഥാർത്ഥ അറിവായ അദ്ദിക്ർ ലഭിച്ചവർ: നിങ്ങൾക്ക് നാശം, വിശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ പ്രതിഫലമാണ് ഉത്തമം, എന്നാൽ ക്ഷമാലുക്കൾക്കല്ലാതെ അത് ലഭിക്കുകയില്ല എന്ന് പറഞ്ഞതായി പറഞ്ഞിട്ടുണ്ട്. 7: 199-200; 10: 11; 11: 123; 16: 127 വിശദീകരണം നോക്കുക.

12. രാത്രിയെയും പകലിനെയും നാം രണ്ട് ദൃഷ്ടാന്തങ്ങളാക്കിയിരിക്കുന്നു, രാത്രിയാകുന്ന ദൃഷ്ടാന്തത്തെ മങ്ങിയതും പകലാകുന്ന ദൃഷ്ടാന്തത്തെ നാം ഉൾക്കാഴ്ചാദായകവും ആക്കിയിരിക്കുന്നു, നിങ്ങൾ നിങ്ങളുടെ നാഥനിൽ നിന്നുള്ള ഔദാര്യം തേടുന്നതിന് വേണ്ടിയും വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ അറിയുന്നതിന് വേണ്ടിയും, എല്ലാഓരോ കാര്യവും നാം അതിൽ സ്പഷ്ടമായി വിശദീകരിക്കുകയും ചെയ്തിരിക്കുന്നു.

രാത്രിയാകുന്ന ദൃഷ്ടാന്തത്തെ മങ്ങിയതും പകലാകുന്ന ദൃഷ്ടാന്തത്തെ ഉൾക്കാഴ് ചാദായകവുമാക്കി എന്ന് പറഞ്ഞതിന്റെ വിവക്ഷ രാത്രി പൊതുവെ ഇരുട്ടാണ്, അവിടെ വസ്തുക്കൾ കാണാൻ പ്രകാശം ഉപയോഗിക്കേണ്ടതുണ്ട്, എന്നാൽ പകൽ സൂര്യപ്രകാശത്താൽ പ്രശോഭിതമാണ് എന്നാണ്. രാത്രിയെ ഇരുട്ടുള്ളതാക്കി എന്ന് പറയാതെ മങ്ങിയതാക്കി എന്ന് പറഞ്ഞത് രാത്രികളിൽ ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും പ്രകാശം ലഭിക്കുന്നു എന്നതുകൊണ്ടാണ്. 78: 13 ൽ, നാം ആകാശത്ത് കത്തിപ്രകാശിക്കുന്ന വിളക്കിനെ ഉണ്ടാക്കി എന്ന് പറഞ്ഞതിലെ കത്തിപ്രകാശിക്കുന്ന വിളക്ക് സൂര്യനാണ്. ഈ സൂര്യനെക്കുറിച്ച് പഠിച്ചാൽ അതിനെ സൃഷ്ടിച്ച് സംവിധാനിച്ച സ്രഷ്ടാവിനെ കണ്ടെത്താൻ സാധിക്കുന്നതാണ്. അതുകൊണ്ടാണ് അതിനെ പ്രകാശമുള്ളതാക്കി എന്നതിന് പകരം ഉൾക്കാഴ്ചാദായകമാക്കി എന്ന് പറഞ്ഞത്. അല്ലാഹുവിനെ കണ്ടെത്താൻ ഉപയോഗിക്കുന്നതുകൊണ്ട് അദ്ദിക്റിനെയും ഉൾക്കാഴ്ചദായകം എന്ന് പറയുന്നു. പ്രകൃതിജീവിതമനുസരിച്ച് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ തേടേണ്ടത് പകലിലാണ്, രാത്രിയാകട്ടെ വിശ്രമിക്കുന്നതിനുള്ളതാണ്. എന്നാൽ ഇന്ന് എല്ലാ രംഗങ്ങളിലും എന്നപോലെ മനുഷ്യർ ഇതിലും മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. ഈ സൂക്തത്തിൽ മാത്രമല്ല, എല്ലാ സൂക്തങ്ങളിലും ആദ്യം രാത്രിയെയും പിന്നെ പകലിനെയും പരാമർശിക്കുന്നതിൽ നിന്നും ലോകത്തിന് തുടക്കം കുറിച്ചത് രാത്രിയാണെന്നും ഒരു പകൽ അവസാനിക്കുന്നതോടുകൂടി ലോകം അവസാനിക്കുമെന്നും ശാശ്വതമായ ഇരുട്ടിലേക്ക് തള്ളപ്പെടുമെന്നും മനസ്സിലാക്കാം. *ലോകത്തിന് ആരംഭം കുറിച്ചതും അന്ത്യം കുറിക്കുന്നതും വെള്ളിയാഴ്ചയാണെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. തന്റെ നാഥന്റെ പ്രകാശത്താൽ പ്രശോഭിക്കുന്ന ഭൂമിയുടേതായിരിക്കും വിചാരണനാളിലെ പ്രകാശം എന്ന് 39: 69 ൽ പറഞ്ഞിട്ടുണ്ട്. 3: 190–194; 7: 52; 16: 89 വിശദീകരണം നോക്കുക.

13. എല്ലാഓരോ മനുഷ്യന്റെയും 'കർമ്മരേഖ' അവന്റെ പിരടിയിൽ നാം ബന്ധിച്ചിട്ടുണ്ട്, വിധിദിവസം അത് ഒരു തുറന്ന പ്രകാശിക്കുന്ന ഗ്രന്ഥമായി അവന് നാം പുറത്തെടുത്ത് കൊടുക്കുന്നതുമാണ്.

14. നിന്റെ ഗ്രന്ഥം നീ വായിക്കുക, ഇന്നേദിനം നിന്റെ വിചാരണക്ക് നീ തന്നെ ഏറ്റവും മതിയായവനാകുന്നു.

എല്ലാ ഓരോ മനുഷ്യന്റെയും വിധി (ഭാഗ്യനിർഭാഗ്യങ്ങൾ) അവന്റെ പിരടിയിൽ ബന്ധിച്ചിട്ടുണ്ട്. അതായത് അവരുടെ ജനനം, മരണം, ജീവിതകാലം, പ്രവൃത്തികൾ, അതിന്റെ പരിണിതികൾ, അവരുടെ മനോഗതികൾ, സ്വർഗത്തിലേക്കാണോ നരകത്തിലേക്കാണോ പോവുക തുടങ്ങിയ കാര്യങ്ങളെല്ലാം ത്രികാലജ്ഞാനിയായ അല്ലാഹു അതിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാണ് പഠിപ്പിക്കുന്നത്. ഈ സൂക്തമുൾപ്പെടെ കർമ്മരേഖയെക്കുറിച്ച് പ്രതിപാദിക്കുന്ന ഏഴ് സൂക്തങ്ങൾ ഗ്രന്ഥത്തിലുണ്ട്.

1) 18: 49:– ഗ്രന്ഥം (കർമ്മരേഖ) ഹാജരാക്കപ്പെടുകയുണ്ടായി, അപ്പോൾ ഫുജ്ജാറുകളായ ഭ്രാന്തന്മാർ തങ്ങളുടെ കർമ്മരേഖയിലുള്ളതിൽ പ്രയാസപ്പെടുന്നതായി നിനക്ക് കാണാം; അവർ പറയുകയും ചെയ്യും: ഇത് എന്തൊരു ഗ്രന്ഥമാണ്, ചെറുതോ വലുതോ ആയ ഒന്നും തന്നെ കൊത്തിവെക്കാതെ –രേഖപ്പെടുത്താതെ– ഇതിൽ വിട്ടുകളഞ്ഞിട്ടില്ലല്ലോ! അവർ ഇഹത്തിൽ പ്രവർത്തിച്ചതെല്ലാം അവർ അതിൽ കണ്ടെത്തുന്നതാണ്, നിന്റെ നാഥൻ ആരോടും അൽപം പോലും അനീതി കാണിക്കുന്നവനല്ല (ഇല്ലാത്തത് ചേർക്കുകയോ ഉള്ളത് വിട്ടുകളയുകയോ ഇല്ല).

2) 23: 62–63:– ഒരു ആത്മാവിനേയും അതിന് വഹിക്കാൻ കഴിയാത്തത് നാം വഹിപ്പിക്കുകയുമില്ല, നമ്മുടെ പക്കൽ സത്യം പ്രതിഫലിപ്പിക്കുന്ന ഒരു ഗ്രന്ഥവുമുണ്ട്, അവർ അൽപം പോലും അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല. അല്ല, അവരുടെ ഹൃദയങ്ങൾ ഇതിൽ നിന്ന് അശ്രദ്ധയിലാണ്ടിരിക്കുകയാണ്, അവർക്ക് ആ ബോധത്തിലല്ലാത്ത പ്രവർത്തനങ്ങളാണുള്ളത്, അവർ അതങ്ങനെ പ്രവർത്തിച്ച് കൊണ്ടിരിക്കുകയാകുന്നു.

3) 36: 12:– നിശ്ചയം നാം മരിച്ചവരെ ജീവിപ്പിക്കുക തന്നെ ചെയ്യും, അവർ മുമ്പ് പ്രവർത്തിച്ചതും അവരുടെ പൈതൃകങ്ങളും നാം രേഖപ്പെടുത്തുന്നുണ്ട്, എല്ലാ ഓരോ വസ്തുതയും ഒരു വ്യക്തമായ ഇമാമിൽ –കർമ്മരേഖയിൽ– കൊത്തിവെച്ചിട്ടുമുണ്ട്.

4) 45: 28:– അന്ന് എല്ലാ ഓരോ സമുദായത്തെയും മുട്ടുകുത്തിയതായി നീ കാണുന്നതുമാണ്, എല്ലാ ഓരോരുത്തരും അവരുടെ ഗ്രന്ഥത്തിലേക്ക് വിളിക്കപ്പെടുന്നതും അന്ന് നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് അനുസരിച്ചുള്ള പ്രതിഫലം നൽകപ്പെടുന്നതുമാണ്. 45: 29 ൽ, ഇതാ നമ്മുടെ ഗ്രന്ഥം, അത് നിങ്ങളുടെ പ്രവൃത്തികൾ സത്യത്തോടുകൂടി നിങ്ങളുടെമേൽ പ്രതിഫലിപ്പിക്കുന്നതാണ്, നിശ്ചയം നാം നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതെല്ലാം കൊത്തിവെക്കുകയായിരുന്നു എന്നും പറഞ്ഞിട്ടുണ്ട്.

5) 58: 6:– ഒരു നാളിൽ അല്ലാഹു അവരെ മുഴുവനും പുനർജീവിപ്പിക്കുകയും അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതെല്ലാം അവർക്ക് വിവരം അറിയിച്ച് കൊടുക്കുകയും ചെയ്യുന്നതാണ്, അല്ലാഹു അതെല്ലാം രേഖപ്പെടുത്തി വെച്ചിരിക്കുന്നു, എന്നാൽ അവരാകട്ടെ അതെല്ലാം വിസ്മരിച്ചിരിക്കുന്നു, അല്ലാഹു എല്ലാ ഓരോ കാര്യത്തിന്റെ മേലും സാക്ഷിയുമാകുന്നു.

6) 78: 21–30:– നിശ്ചയം, നരകകുണ്ഠം ഒരു പതിസ്ഥലമായിരിക്കുന്നു, പരിധിലംഘിച്ചവർക്ക് സങ്കേതമായിക്കൊണ്ട്. അതിൽ അവർ യുഗങ്ങളോളം താമസിക്കുക തന്നെ ചെയ്യും. അവരതിൽ കുളിർമയോ പാനീയമോ രുചിക്കുകയില്ല –ചുട്ടുതിളച്ച വെള്ളവും ദുർനീരുമല്ലാതെ. അനുയോജ്യമായ ഒരു പ്രതിഫലം! നിശ്ചയം, അവർ വിചാരണ പ്രതീക്ഷിക്കുന്നവരായിരുന്നില്ല. അവർ നമ്മുടെ സൂക്തങ്ങളെ അടിക്കടി കളവാക്കി തള്ളിപ്പറയുന്നവരുമായിരുന്നു. എല്ലാ ഓരോ കാര്യവും നാം വ്യക്തമായ ഒരു ഗ്രന്ഥത്തിൽ കൊത്തിവെച്ചിട്ടുണ്ട്. അതിനാൽ നിങ്ങൾ രുചിച്ചുകൊള്ളുക, അപ്പോൾ നാം നിങ്ങൾക്ക് ശിക്ഷയല്ലാതെ വർദ്ധിപ്പിക്കുകയില്ലതന്നെ.

ഈ സൂക്തങ്ങളിലെല്ലാം പറഞ്ഞ ഗ്രന്ഥം ഓരോ മനുഷ്യന്റെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള 'സോഫ്റ്റുവെയർ' ആണെന്ന് മനസ്സിലാക്കാം. ആ ഗ്രന്ഥം എഴുതുന്നതല്ല, മറിച്ച് കൊത്തിവെക്കുന്നതാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. അഥവാ മനുഷ്യരുടെ ഓരോരോ പ്രവർത്തനങ്ങളും മനോഗതികളും അവയുടെ പരിണിതികളുമെല്ലാം അതാതു സമയങ്ങളിൽ തന്നെ റെക്കാർഡ് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് സാരം. വിധിദിവസം അത് പിരടിയിൽ നിന്ന് ഊരിയെടുത്ത് തുറന്ന –കൃത്രിമം കാണിക്കാൻ കഴിയാത്ത– പ്രകാശിക്കുന്ന റിക്കാർഡായി ഓരോരുത്തർക്കും നൽകപ്പെടുന്നതും അവരവരുടെ വിചാരണ ഓരോരുത്തരെക്കൊണ്ടും നടത്തിക്കുന്നതുമാണ്. വിമാനങ്ങളിൽ ഉപയോഗിക്കുന്ന Black Box-കളെക്കുറിച്ചും കമ്പ്യൂട്ടറുകളിലുപയോഗിക്കുന്ന സോഫ്റ്റുവെയറുകൾ, RAM, ROM എന്നിവയെക്കുറിച്ചുമെല്ലാം മനസ്സിലാക്കിയ ഇക്കാലത്തെ ആളുകൾക്ക് പിരടിയിൽ ബന്ധിച്ചിട്ടുള്ള കമ്പ്യൂട്ടർ ഗ്രന്ഥത്തെക്കുറിച്ച് മുൻകാലത്തുള്ളവരേക്കാൾ വ്യക്തമായി മനസ്സിലാക്കാൻ കഴിയേണ്ടതാണ്. എന്നാൽ എത്ര ദൃഷ്ടാന്തങ്ങൾ കണ്ടാലും മനുഷ്യരിൽ അധിക

പേരും പാഠം പഠിക്കുകയില്ല എന്ന് 10: 92 ൽ പറഞ്ഞിട്ടുണ്ട്. 41: 53 വിശദീകരണം നോക്കുക.

43: 80 ൽ, അവരുടെ രഹസ്യവും രഹസ്യസംഭാഷണവും നാം കേൾക്കുന്നില്ലെന്നാണോ അവർ കണക്കുകൂട്ടുന്നത്, അല്ല; നമ്മുടെ ദൂതന്മാർ അവരുടെ പക്കൽ എല്ലാ നീക്കങ്ങളും എഴുതിക്കൊണ്ടിരിക്കുന്നുണ്ട് എന്നും; 50: 18 ൽ, അവൻ ഒരുവാക്കും ഉച്ചരിക്കുന്നില്ല, അവന്റെമേൽ *റഖീബോ അത്തീദോ* എഴുതിയിട്ടല്ലാതെ എന്നും 82: 11–12 സൂക്തങ്ങളിൽ, ബഹുമാന്യരായ രണ്ട് എഴുത്തുകാർ, അവർ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അറിയുന്നുണ്ട് എന്നും പറഞ്ഞിട്ടുണ്ട്. ഇവിടെ പറഞ്ഞ ഗ്രന്ഥം മലക്കുകൾ രേഖപ്പെടുത്തുന്നതാണ്. ഓഡിയോ-വീഡിയോ റിക്കാർഡിംഗ്, CCTV എന്നിവയുമായി താരതമ്യം ചെയ്ത് ഇക്കാര്യം കൂടുതൽ മനസ്സിലാക്കാം. അല്ലാഹുവിന്റെ നടപടിക്രമങ്ങൾ തന്നെയാണ് അവന്റെ പ്രാതിനിത്യം വഹിക്കുന്നതിനായി സൃഷ്ടിക്കപ്പെട്ട മനുഷ്യരുടെ നടപടിക്രമങ്ങളിലും സംവിധാനങ്ങളിലും പ്രത്യക്ഷപ്പെടുക. *ഉറങ്ങുമ്പോഴും ജനാബത്തുണ്ടായി ചുരുങ്ങിയത് വുളു എടുത്ത് ശുദ്ധിയാകുന്നതുവരെയും മലമൂത്രവിസർജ്ജനം ചെയ്യുമ്പോഴും മലക്കുകൾ എഴുതുകയില്ലെന്ന്* നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ പിരടിയിൽ ബന്ധിച്ചിട്ടുള്ള ഗ്രന്ഥത്തിൽ ആ സന്ദർഭങ്ങളിലും ഹൃദയങ്ങളുടെ അവസ്ഥവരെ കൊത്തിവെക്കുന്നുണ്ട്. *മലക്കുകൾ രേഖപ്പെടുത്തുന്നത് പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖയിലേക്ക് പകർത്തുന്നത് എല്ലാ തിങ്കളാഴ്ച രാവുകളിലും വെള്ളിയാഴ്ച രാവുകളിലുമാണെന്നും* നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. മനുഷ്യരെന്ന നിലയിൽ സംഭവിക്കുന്ന ചെറിയ ചെറിയ തെറ്റുകൾ കർമ്മരേഖയാകുന്ന കമ്പ്യൂട്ടറിലേക്ക് പകർത്തുന്നതിന് മുമ്പായി പൊറുക്കലിനെത്തേടിക്കൊണ്ട് അവരവർക്കുതന്നെ മായ്ച്ചുകളയാവുന്നതാണ്. കമ്പ്യൂട്ടറിലേക്ക് പകർത്തിയതിനുശേഷം മായ്ച്ചുകളയണമെങ്കിൽ പൊറുക്കലിനെത്തേടുന്നതിനോടൊപ്പം പ്രായശ്ചിത്തം ചെയ്യുകയും വേണം. തെറ്റുകുറ്റങ്ങൾ കൊണ്ട് അവനവന്റെ കമ്പ്യൂട്ടർ ഗ്രന്ഥം നിറക്കാതെ നോക്കാനും, സംഭവിച്ചുപോയ തെറ്റുകളും കുറ്റങ്ങളും ഓർമ്മിച്ച് ഗ്രന്ഥത്തിൽ നിന്നും ഓരോന്നോരോന്നായോ ഒരുമിച്ചോ Delete ചെയ്യാനുമുള്ള ഉത്തരവാദിത്തം അവനവനുതന്നെയാണ്. ഇന്ന് അതിന് ഉചിതമായ മാർഗം അദ്ദിക്ർ മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുക വഴി അവരെ ബോധവാന്മാരാക്കുകയും തെറ്റുകുറ്റങ്ങളിൽ നിന്ന് അകന്നുനിൽക്കുന്നതിന് അവരെ പ്രാപ്തരാക്കുകയുമാണ്. 25: 68–71 വിശദീകരണം നോക്കുക.

നിഷ്പക്ഷവാനായ നാഥന്റെ പ്രവർത്തനചര്യ അവന്റെ സംസാരമായ അദ്ദിക്റിലൂടെ പഠിപ്പിക്കുകയാണ്. സ്വതന്ത്രമായ ഇച്ഛാശക്തിയും പ്രവർത്തനസ്വാതന്ത്ര്യവും ഇതരസൃഷ്ടികളുടെ മേൽ ആധിപത്യവുമെല്ലാം നൽകപ്പെട്ട മനുഷ്യനെ നിയന്ത്രിക്കാനും അവന്റെ ഉത്തരവാദിത്തം നിർവഹിപ്പിക്കാനും അക്കാര്യത്തിൽ അവനെ സ്രഷ്ടാവിന്റെ മുമ്പിൽ കണക്ക് ബോധിപ്പിക്കുന്നവനാക്കാനും വേണ്ടി ത്രികാലജ്ഞാനി സംവിധാനിച്ചിട്ടുള്ള ഈ സംവിധാനത്തെക്കുറിച്ച് മനുഷ്യരെ അറിയിക്കേണ്ട ബാധ്യത ഇതിനെക്കുറിച്ചറിഞ്ഞ എല്ലാ ഓരോരുത്തർക്കുമുണ്ട്. മുൻ വേദഗ്രന്ഥങ്ങളിലൂടെയൊന്നും പഠിപ്പിക്കപ്പെട്ടിട്ടില്ലാത്ത ഈ വസ്തുതയെക്കുറിച്ച് ബോധമുള്ളവരാണെങ്കിൽ ഒരാളിൽ നിന്നും അവരുടെ കർമ്മരേഖയിൽ രേഖപ്പെടുത്തപ്പെട്ട് വിചാരണാദിനത്തിൽ വായിക്കാൻ കൊള്ളാത്ത ചിന്തകളോ വാക്കുകളോ പ്രവൃത്തികളോ ഉണ്ടാവുകയില്ല. എന്നാൽ ഇന്ന് ലോകത്തെവിടെയുമുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്ർ പഠിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യാത്തതിനാൽ 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചി

ന്റെ കാൽപാടുകളായ വർഗീയത, വംശീയത, സ്വജനപക്ഷപാതം, കള്ളക്കടത്ത്, രക്ത ച്ചൊരിച്ചിൽ, സ്വവർഗരതി, വ്യഭിചാരം ബലാൽസംഗം, കളവ്, ചതി തുടങ്ങി നീചവും നിന്ദ്യവുമായ നശീകരണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ലക്ഷ്യബോധ്യമില്ലാത്ത കെട്ടജനതയായ ഇക്കൂട്ടർ അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്നവരായതിനാൽ പരലോകത്തെയും ആത്മാവിനെയും പരിഗണിക്കാതെ ഐഹികലോകത്തിനും ദേഹേച്ഛക്കും പ്രാധാന്യം കൊടുക്കുന്നവരും ഏഴാം ഘട്ടത്തിലേക്കുവേണ്ടി നരകക്കുണ്ഠം സമ്പാദിക്കുന്നവരുമാണ്. *ദിക്ർ!* എന്ന ഗ്രന്ഥം നിലനിർത്താൻ വേണ്ടി നമസ്കരിക്കാനാണ് 20: 14 ൽ കൽപിച്ചിട്ടുള്ളത്. എന്നാൽ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ഈ ദുഷിച്ച ജനത അവരുടെ നമസ്കാരങ്ങളിൽ പരസ്ത്രീ-പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളാണ് മനസ്സിൽ കാണുന്നത്. വിധിദിവസം ഓരോരുത്തരുടെയും കർമ്മങ്ങൾ തൂക്കി നോക്കുന്നത് സത്യമായ അദ്ദിക്റിന്റെ അടിസ്ഥാനത്തിലായിരിക്കും എന്നതിനാൽ ഓരോരുത്തരും അവരുടെ ചിന്തകളും വാക്കുകളും പ്രവൃത്തികളും അദ്ദിക്റിന്റെ വെളിച്ചത്തിലാക്കിയിരിക്കണം. അല്ലാത്ത പക്ഷം 9: 82 ൽ വിവരിച്ച പ്രകാരം അവർ വായിച്ച, കേട്ട, തൊട്ട സൂക്തങ്ങൾ വിധിദിവസം അവർക്കെതിരെ വാദിച്ച് സാക്ഷി നിന്ന് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. അതുകൊണ്ടാണ് 'അവർ ജനങ്ങളെ അതിനെത്തൊട്ട് തടയുന്നു, അവർ അവരെത്തന്നെയും അതിനെത്തൊട്ട് തടയുന്നു, അതുവഴി അവർ അവരെത്തന്നെയല്ലാതെ നശിപ്പിക്കുന്നില്ല, എന്നാൽ അവർ അത് തിരിച്ചറിയുന്നില്ല' എന്ന് ഈ ദുഷിച്ച ജീവികളെക്കുറിച്ച് 6: 26 ൽ പറഞ്ഞിട്ടുള്ളത്. യഥാർത്ഥ കാഫിറുകളായ ഇക്കൂട്ടർ ഞങ്ങൾ മുസ്ലിംകളും അല്ലാഹുവിനെ സേവിക്കുന്നവരും പ്രവാചകനെ പിൻപറ്റുന്നവരാണെന്നുമെല്ലാം വാദിക്കുന്നവരാണെങ്കിലും അവർ 29 കള്ളവാദികളെ പിൻപറ്റുകവഴി പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരാണ്.

നമ്മുടെ പക്കൽ സത്യം പ്രതിഫലിപ്പിക്കുന്ന ഒരു ഗ്രന്ഥം തന്നെയുണ്ട്, അവർ അൽപം പോലും അനീതി കാണിക്കപ്പെടുകയില്ല, എന്നാൽ അവരുടെ ഹൃദയങ്ങൾ ഈ ഗ്രന്ഥത്തെത്തൊട്ട് അശ്രദ്ധയിലാണ്, അവർക്ക് ആ ബോധത്തിലല്ലാത്ത പ്രവർത്തനങ്ങളാണുള്ളത്, അവർ അങ്ങനെ പ്രവർത്തിച്ചുകൊണ്ടേയിരിക്കും എന്ന് 23: 62-64 ൽ പറഞ്ഞതിലെ 'ഗ്രന്ഥ'വും ഓരോരുത്തരുടെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള ഗ്രന്ഥം തന്നെയാണ്. 45: 31 ൽ, അപ്പോൾ അദ്ദിക്റിനെ മൂടിവെച്ച കാഫിറുകളോട്: നിങ്ങളുടെമേൽ എന്റെ സൂക്തങ്ങൾ വിശദീകരിച്ച് തന്നിട്ടുണ്ടായിരുന്നില്ലേ, അപ്പോൾ നിങ്ങൾ അഹങ്കരിച്ചു, നിങ്ങൾ ഭ്രാന്തന്മാരായ ഒരു ജനത തന്നെയായിരുന്നു എന്നു പറയുമെന്ന് പറഞ്ഞിട്ടുണ്ട്. പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖ കൂടാതെ ഓരോരുത്തരുടെയും പ്രവർത്തനങ്ങൾക്കെതിരായി, അവരവരുടെ കേൾവി, കാഴ്ച, ബുദ്ധിശക്തി, നാവുകൾ, തൊലികൾ, കൈകാലുകൾ, ലൈംഗികാവയവങ്ങൾ, ഭൂമി മുതലായവയും സാക്ഷ്യം വഹിക്കുമെന്ന് 17: 36; 24: 24; 36: 65; 41: 19-24; 99: 4 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ ഗ്രന്ഥം നൽകപ്പെട്ട എല്ലാവരുടെയും വിധി 2: 148 ൽ വിവരിച്ച പ്രകാരം അടിസ്ഥാനപരമായി നരകത്തിലേക്കാണ്. 8: 48 ൽ വിവരിച്ച പ്രകാരം ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി തന്റെ വിധി 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീൻ* പട്ടികയിൽ നിന്ന് 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ *ഇല്ലിയ്യീൻ* പട്ടികയിലേക്ക് മാറ്റിയത്, അവൻ മാത്രമാണ് വിജയം വരിക്കുക. 7: 8-9; 9: 51; 55: 7-9; 84: 7-15 വിശദീകരണം നോക്കുക.

ത്വാഇർ എന്നതിന് ശകുനം എന്നും പക്ഷി എന്നും അർത്ഥങ്ങളുണ്ട്. ഒരു നാട്ടിലേക്ക് നിയോഗിക്കപ്പെട്ട മൂന്ന് പ്രവാചകന്മാർ: ഞങ്ങൾ നിങ്ങളിലേക്ക് അയക്കപ്പെട്ട പ്രവാചകന്മാർ തന്നെയാണ്, അല്ലാഹുവിന്റെ സന്ദേശം വ്യക്തമായി എത്തിച്ചുതരികയല്ലാതെ ഞങ്ങളുടെ മേലിൽ ബാധ്യതയില്ല എന്നുപറഞ്ഞപ്പോൾ ആ ജനത പറഞ്ഞു: നിശ്ചയം നിങ്ങളെ ഞങ്ങളുടെ ദുഃശ്ശകുനമായിട്ടാണ് ഞങ്ങൾ കാണുന്നത്, നിങ്ങൾ ഇതിൽ നിന്നും വിരമിച്ചിട്ടില്ലെങ്കിൽ നിങ്ങൾ കല്ലെറിയപ്പെടുകയും നിങ്ങൾക്ക് ഞങ്ങളിൽ നിന്ന് വേദനാജനകമായ ശിക്ഷ പിടിപെടുകയും ചെയ്യുന്നതാണ്; അപ്പോൾ പ്രവാചകന്മാർ പറഞ്ഞു: നിങ്ങളുടെ ദുഃശ്ശകുനം നിങ്ങളോടൊപ്പം തന്നെയാകുന്നു, നിങ്ങൾക്ക് മുന്നറിയിപ്പ് നൽകപ്പെട്ടാൽ ഇതാണോ സ്ഥിതി, അല്ല; നിങ്ങൾ ഒരു അതിരുകവിഞ്ഞ ജനതതന്നെയാകുന്നു എന്ന് 36: 17-19 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

15. ആരാണോ സൻമാർഗം സ്വീകരിച്ചത്, അപ്പോൾ നിശ്ചയം അവൻ അവനുവേണ്ടിത്തന്നെയാണ് സൻമാർഗം സ്വീകരിച്ചത്; ആരാണോ വഴികേടിലാകുന്നത്, അപ്പോൾ ആ വഴികേടിന്റെ ദോഷവും ആ ആത്മാവിന്റെ മേൽ തന്നെയാണ്; ഭാരം വഹിക്കുന്ന ഒരാളും മറ്റൊരുവന്റെ ഭാരം വഹിക്കുകയില്ല, ഒരു പ്രവാചകനെ നിയോഗിക്കുന്നത് വരെ നാം ശിക്ഷിക്കുന്നവനാവുകയുമില്ല.

നിഷ്പക്ഷവാനായ നാഥൻ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ അദ്ദിക്ർ ഒരു ഗ്രന്ഥമായി ക്രോഡീകരിച്ചിരിക്കെ ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ ഇമാമായ അതിനെ സത്യപ്പെടുത്തി ഇവിടെ ജീവിക്കുന്നത്, അവർ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നതാണ്. എന്നാൽ ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ അദ്ദിക്ർ വന്നുകിട്ടിയതിന് ശേഷം അതിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ഇവിടെ ജീവിക്കുന്നത്, അവർ നരകക്കുണ്ഠത്തിലേക്കാണ്. അപ്പോൾ ഒരാൾക്കും തന്റെ വഴികേടിന് നാഥനെയോ പിശാചിനെയോ മറ്റാരെയും തന്നെയോ കുറ്റപ്പെടുത്താൻ സാധ്യമല്ല. 16: 24-25 വിശദീകരണം നോക്കുക.

പ്രവാചകന്റെ ജീവിതം ജനങ്ങളിൽ സാക്ഷ്യം വഹിച്ച് ജീവിക്കുന്ന വിശ്വാസികളുടെ ഒരു സംഘം ഇന്ന് ലോകത്തെവിടെയുമില്ല. എന്നാൽ പ്രവാചകന്റെ ആളുകളെന്ന് ദുരഭിമാനിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ അവഗണിക്കുകവഴി ഏറ്റവും മോശപ്പെട്ട ഒരു ജീവിതമാണ് ഇവിടെ നയിക്കുന്നത്. അതിനാൽ 2: 62 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനവിഭാഗങ്ങളിൽ പെട്ടവർ ദൈവത്തിന്റെ ഏകത്വത്തെക്കൊണ്ടും വിധിദിവസത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർമം അനുഷ്ഠിക്കുകയാണെങ്കിൽ അവരുടെ പ്രതിഫലം അവരുടെ നാഥന്റെ പക്കലുണ്ട്; അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. 6: 125; 9: 67-69; 10: 108 വിശദീകരണം നോക്കുക.

16. നാം ഒരു നാടിനെ നശിപ്പിക്കാൻ ഉദ്ദേശിച്ചാൽ അതിലെ സുഖലോലുപൻമാരോട് നാം കൽപിക്കുകയായി, അങ്ങനെ അവർ അതിൽ തെമ്മാടിത്തരം പ്രവർത്തിക്കുകയും അപ്പോൾ അവരുടെ മേൽ ശിക്ഷാവിധി ബാധകമാവുകയും ചെയ്യും, അങ്ങനെ നാം ആ നാടിനെ തകർത്ത് നാമാവശേഷമാക്കുന്നതാണ്.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ഫുജ്ജാറുകൾ അന്ത്യദിനത്തിനു

വേണ്ടി ധ്യതികാണിക്കുന്നവരാണ്. 9: 28, 95, 125 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇത്തരം കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും മാലിന്യമാണ്. അവർക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർധിപ്പിക്കുകയില്ല. അപ്പോൾ തെമ്മാടികളായ ഒരു ജനതയല്ലാതെ നശിപ്പിക്കപ്പെടുമോ എന്ന് ചോദിച്ചുകൊണ്ടാണ് 46: 35 അവസാനിക്കുന്നത്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെപ്പോലെ ഇതര ജനവിഭാഗങ്ങളും തെമ്മാടികളായി മാറുമ്പോഴാണ് അന്ത്യദിനം സംഭവിക്കുക എന്നതിനാൽ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി ലോകരിലേക്ക് പ്രത്യേകിച്ച് പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളിലേക്ക് അദ്ദിക്ർ എത്തിച്ച് കൊടുക്കാൻ എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തുന്നതും അങ്ങനെ പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടാൻ ശ്രമിക്കുന്നതുമാണ്. 6: 47, 123 –124; 9: 84–85 വിശദീകരണം നോക്കുക.

17. നൂഹിന് ശേഷം എത്രയെത്ര തലമുറകളെയാണ് നാം നശിപ്പിച്ചിട്ടുള്ളത്! തന്റെ അടിമകളുടെ കുറ്റങ്ങൾ സൂക്ഷ്മമായി വലയം ചെയ്യാനും വീക്ഷിക്കാനും നിന്റെ നാഥൻ തന്നെ മതിയായവനുമാണ്.

10: 61 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ നാഥൻ പ്രപഞ്ചത്തിൽ നടക്കുന്ന കാര്യങ്ങളെല്ലാം ആദ്യമേ ഒരു ഗ്രന്ഥത്തിൽ– അദ്ദിക്റിൽ– രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. അദ്ദിക്ർ ഉപയോഗപ്പെടുത്തുന്ന വിചാരണയില്ലാതെ സ്വർഗ്ഗത്തിൽ പോകുന്ന ഒരു വിശ്വാസിപോലും ലോകത്തെവിടെയും ഇല്ലാതെ വരുമ്പോഴാണ് ലോകാവസാനത്തിന്റെ പത്ത് അടയാളങ്ങളിൽ ഒന്നായ മസീഹുദ്ദജ്ജാൽ പുറപ്പെടലും സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കലും സംഭവിക്കുക. 6: 158 ൽ വിവരിച്ച പ്രകാരം ലോകാവസാനത്തിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്ന് പ്രത്യക്ഷമായാൽ പിന്നെ ഒരു ആത്മാവിനും അദ്ദിക്ർ ഉപയോഗപ്പെടുത്താനോ വിശ്വാസിയാകാനോ സാധ്യമല്ല. 17: 30, 96 എന്നിവ അവസാനിക്കുന്നത് 'നിശ്ചയം അവൻ തന്റെ അടിമകളെ സൂക്ഷ്മമായി വലയം ചെയ്ത, സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ തന്നെയാകുന്നു' എന്ന ആശയത്തിലാണ്. 'എന്നെന്നും ജീവിക്കുന്ന –മരണം വരിക്കാത്ത അവൻ തന്നെ മതി അവന്റെ അടിമകളുടെ കുറ്റങ്ങൾ വലയം ചെയ്യുന്നതിന്' എന്ന ആ ശയത്തോടുകൂടിയാണ് 25: 58 അവസാനിക്കുന്നത്. നിഷ്പക്ഷവാനും ത്രികാലജ്ഞാനിയുമായ നാഥനെക്കുറിച്ച് ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്റിന്റെ രചയിതാവിനോട് ചോദിക്കാനാണ് പ്രവാചകനോടും അതുവഴി വിശ്വാസിയോടും 25: 59 ലൂടെ കൽപിച്ചിട്ടുള്ള ത്. 3: 101–103; 7: 7, 179; 16: 43–44 വിശദീകരണം നോക്കുക.

18. ആരാണോ ധ്യതി –ഐഹികലോകം– ഉദ്ദേശിച്ചത്, അവന് അതിൽ നാം ഉദ്ദേശിച്ചത് നാം ഉദ്ദേശിക്കുന്നവർക്ക് ധ്യതിയിൽ നൽകുന്നു, പിന്നെ നാം അവന് നരകക്കുണ്ഠമാണ് നൽകുക, അധിക്ഷേപാർഹനും കാരുണ്യം വിലക്കപ്പെട്ടവനുമായി അവൻ അതിൽ വേവിക്കപ്പെടുന്നതാണ്.

5: 48; 6: 165 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സ്വർഗത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ നാഥൻ ഭൂമിയിലേക്ക് നിയോഗിച്ചയച്ചിട്ടുള്ളത് ഓരോരുത്തർക്കും നൽകപ്പെട്ട അനുഗ്രഹങ്ങൾ കൊണ്ട് ഓരോരുത്തരെയും പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. പരലോകത്തെ വെടിഞ്ഞുകൊണ്ട് ഇഹലോകം ആഗ്രഹിക്കുകയും അതിനുവേണ്ടിമാത്രം പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യുന്ന എല്ലാവർക്കും ഇഹലോകസുഖം അല്ലാഹു നൽകുന്നില്ല. ജീവിതലക്ഷ്യം മനസ്സിലാക്കിയ വിശ്വാസികൾ അവർ വന്നപ്പോൾ കൊണ്ടുവരാത്തതും പോകുമ്പോൾ കൊണ്ടുപോകാത്തതുമായ എല്ലാ അനുഗ്രഹങ്ങളും ഉപയോ

ഗപ്പെടുത്തി ഇവിടെവെച്ച് സ്വർഗം സമ്പാദിക്കുന്നതാണ്. എന്നാൽ അല്ലാഹുവിനെ നിഷ്പ ക്ഷവാനായി അംഗീകരിക്കാത്ത കപടവിശ്വാസികൾ ഭൗതികമായ അനുഗ്രഹങ്ങളെ സ ത്യത്തിന്റെ മാനദണ്ഡമായി കാണുകയും അതിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെക്കുക യും ചെയ്യുന്നതാണ്. അത്തരക്കാർക്ക് അല്ലാഹു കൂടുതൽ സമ്പത്തും സൗഭാഗ്യങ്ങളും നൽകുകയും അവരെ മരണത്തോടുകൂടി അവർ സമ്പാദിച്ച നരകത്തിൽ വേവിക്കുന്നതുമാ ണ്. 'ഞാൻ നന്ദികെട്ട കാഫിറായിരുന്നു' എന്ന് സാക്ഷ്യം വഹിക്കാതെ ഒരാളെയും നിഷ് പക്ഷവാനായ അല്ലാഹു നരകത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ മരണസമയത്ത് ആത്മാവിനെതിരെ 'നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ൽ പറഞ്ഞി ട്ടുണ്ട്. 6: 53; 7: 32; 11: 15–16 വിശദീകരണം നോക്കുക.

19. ആരാണോ പരലോകത്തെ ഉദ്ദേശിക്കുകയും അതിനുവേണ്ടി പ്രയത്നിക്കേ ണ്ടവിധം പ്രയത്നിക്കുകയും ചെയ്യുന്നത് –അവൻ വിശ്വാസിയുമാണ്, എങ്കിൽ അക്കൂട്ടരുടെ പ്രയത്നങ്ങൾ വിലമതിക്കപ്പെടുകതന്നെ ചെയ്യും.

സൂക്തത്തിൽ 'പ്രവർത്തനങ്ങൾ' എന്ന് പറയാതെ 'പ്രയത്നങ്ങൾ' എന്നാണ് പറ ഞ്ഞിട്ടുള്ളത്. അഥവാ ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും ഉദ്ദേശ്യത്തിലേക്ക് –ലക്ഷ്യത്തി ലേക്ക്– ആണ് ഹൃദയങ്ങളുടെ അവസ്ഥയറിയുന്ന അല്ലാഹു നോക്കുന്നത്. പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചു: *അല്ലാഹു നിങ്ങളുടെ ശരീരത്തിലേക്കോ നിറത്തി ലേക്കോ അല്ല നോക്കുന്നത്, മറിച്ച് നിങ്ങളുടെ ഹൃദയത്തിലേക്കാണ്.* മനുഷ്യന് അവൻ ഉദ്ദേശിച്ച് പ്രവർത്തിച്ചതല്ലാതെ ഇല്ല എന്ന് 53: 39 ൽ പറഞ്ഞിട്ടുണ്ട്. അതാണ് പ്രപഞ്ച നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചത്: *നിശ്ചയം പ്രവർത്തനങ്ങൾ ഉദ്ദേശ്യം അ നുസരിച്ചാണ് നന്മയും തിന്മയുമായി വിലയിരുത്തപ്പെടുക.* നന്മക്ക് അധികരിച്ച പ്രതിഫ ലം ലഭിക്കുന്നതും തിന്മക്ക് ശിക്ഷ ലഭിക്കുന്നതുമെല്ലാം പ്രവൃത്തി ചെയ്യുമ്പോഴുള്ള ഉ ദ്ദേശ്യത്തിന്റെ തോതനുസരിച്ചാണ് എന്നർത്ഥം. 76: 5–21 സൂക്തങ്ങളിൽ പുണ്യാത്മാക്ക ൾക്ക് സ്വർഗത്തിൽ ലഭിക്കുന്ന അനുഗ്രഹാനുഭൂതികളും പരിശുദ്ധമായ പാനീയങ്ങളും വിവരിച്ചശേഷം 76: 22 ൽ അല്ലാഹു പറയുന്നു: നിശ്ചയം ഇതെല്ലാം നിങ്ങൾക്കുള്ള പ്ര തിഫലമാണ്, നിങ്ങളുടെ പ്രയത്നങ്ങളെല്ലാം വിലമതിക്കപ്പെടുന്നത് തന്നെയായിരുന്നു. 92: 1–3 സൂക്തങ്ങളിൽ, ഇരുൾ മൂടുന്ന രാത്രിയെക്കൊണ്ടും വെളിപ്പെടുന്ന പകലിനെക്കൊ ണ്ടും എല്ലാ ആൺ–പെൺ സൃഷ്ടിപ്പിനെക്കൊണ്ടും ആണയിട്ട് പറഞ്ഞതിന്ശേഷം 92: 4 ൽ, നിശ്ചയം നിങ്ങളുടെ പ്രയത്നങ്ങൾ വിഭിന്നങ്ങളാണ് എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്റി ന്റെ വെളിച്ചത്തിലല്ലാത്ത പ്രയത്നങ്ങളെല്ലാം വിധിദിവസം നഷ്ടപ്പെടുമെന്ന് 18: 103–106 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

വിശ്വാസിയാകാതെ ഒരാളിൽനിന്നും കർമങ്ങൾ സ്വീകരിക്കപ്പെടുകയില്ല. ഗ്രന്ഥത്തി ന്റെ ആശയം കൊണ്ട് വിശ്വാസം രൂപപ്പെടുത്താതെ കർമങ്ങൾ അനവധി ചെയ്തുകൂ ട്ടാൻ പഠിപ്പിക്കുക വഴി കപടവിശ്വാസികളായ നേതാക്കൾ അവരുടെ അനുയായികളായ ഫാജിറുകളെ കൂടുതൽ നഷ്ടത്തിലകപ്പെടുത്തുകയാണ് ചെയ്യുന്നത്. 2: 186; 11: 7; 25: 23 സൂക്തങ്ങൾ കൂട്ടി വായിക്കുക. 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ അജയ്യവും മിഥ്യകലരാ ത്ത ഗ്രന്ഥവുമായ അദ്ദിക്ർ 25: 58 ൽ പറഞ്ഞ ത്രികാലജ്ഞാനി 25: 59 ൽ പറഞ്ഞ ത്രി കാലജ്ഞാനിയിലൂടെ രൂപപ്പെടുത്തിയിരിക്കെ വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അത് കൂടാതെ ഇന്ന് ഒരാൾക്കും വിശ്വാസിയാകാൻ സാധ്യമല്ല. 4: 85;

9: 23–24; 16: 97, 128 വിശദീകരണം നോക്കുക.

20. എല്ലാ ഓരോരുത്തർക്കും -ഇക്കൂട്ടർക്കും അക്കൂട്ടർക്കുമെല്ലാം നിന്റെ നാഥന്റെ ജീവിത സൗകര്യങ്ങളിൽ നിന്ന് നാം ഒരുക്കിക്കൊടുക്കുകയാകുന്നു, നിന്റെ നാഥന്റെ ദാനങ്ങൾ തടയുന്നവരായി ആരുമില്ല.

നിഷ്പക്ഷവാൻ എന്ന അല്ലാഹുവിന്റെ ഗുണത്തിന്റെ വിവക്ഷ ഇഹത്തിൽ വഴിപ്പെട്ടവർക്കും വഴിപ്പെടാത്തവർക്കും ഗുണം ചെയ്യുന്നവൻ എന്നാണ്. അഥവാ വഴിപ്പെടാത്തവർക്ക് പരത്തിൽ നരകമാണ് എന്നതുകൊണ്ട് ഇഹത്തിൽ നൈമിഷികമായ സ്വർഗീയ സുഖം നൽകുന്ന നീതിമാനായ ത്രികാലജ്ഞാനിയാണ് അവൻ. ഇഹത്തിൽ ഓരോരുത്തരും സമ്പാദിച്ചതെന്തോ, അതിന്റെ പ്രതിഫലം പരത്തിൽ നൽകുന്നവനുമാണ് അവൻ. വഴികേടിന് അവനെ കുറ്റം ചാരാതിരിക്കാൻ വേണ്ടി സ്വർഗത്തിൽ വെച്ചുതന്നെ സൻമാർഗവും വെളിച്ചവുമായ അദ്ദിക്ർ എല്ലാ ഓരോരുത്തർക്കും പഠിപ്പിച്ചിട്ടുണ്ട് എന്ന് 55: 1–2 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പിശാചിനെ കുറ്റപ്പെടുത്തിയതുകൊണ്ട് കാര്യമുണ്ടാവുകയില്ല എന്ന് 14: 22 ലും; മാതാപിതാക്കളെ കുറ്റപ്പെടുത്തിയതുകൊണ്ട് കാര്യമുണ്ടാവുകയില്ല എന്ന് 7: 173 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 165–167; 13: 18; 16: 111 വിശദീകരണം നോക്കുക.

21. നാം അവരിൽ ചിലരെ ചിലരേക്കാൾ (ഇഹത്തിൽ) ശ്രേഷ്ഠരാക്കിയിരിക്കുന്നത് എങ്ങനെയാണെന്ന് നീ നോക്കുക, ഏറ്റവും വലിയ പദവികളും ഏറ്റവും വലിയ ശ്രേഷ്ഠതകളും ഉള്ളത് പരലോകത്ത് തന്നെയാകുന്നു.

ഇഹലോകത്ത് കഴിവുകളും സമ്പത്തും സ്ഥാനമാനങ്ങളുമെല്ലാം നൽകുന്നത് ഒരാളുടെ വിശ്വാസം പരിഗണിച്ചല്ല. 92: 13 ൽ, നമ്മുടെ പക്കൽ പരലോകവും ഇഹലോകവും ഉണ്ട് എന്നും; 87: 17 ൽ, പരലോകം തന്നെയാണ് എന്നെന്നും നിലനിൽക്കുന്നതും ശാശ്വതമായിട്ടുള്ളതും എന്നും; 93: 4 ൽ, നിനക്ക് പരലോകമാണ് ഇഹലോകത്തേക്കാൾ ഉത്തമമായത് എന്നും പറഞ്ഞിട്ടുണ്ട്. 28: 60 ൽ, അല്ലാഹുവിന്റെ പക്കലുള്ളതാണ് ഉത്തമവും ശാശ്വതവും എന്നും; 42: 36 ൽ, വിശ്വസിക്കുകയും തങ്ങളുടെ നാഥനിൽ സർവ്വസ്വം ഭരമേൽപിക്കുകയും ചെയ്തവർക്ക് അല്ലാഹുവിന്റെ പക്കലുള്ളതാണ് ഉത്തമവും ശാശ്വതവുമായിട്ടുള്ളത് എന്നും പറഞ്ഞിട്ടുണ്ട്. 20: 73 ൽ, അല്ലാഹു തന്നെയാണ് ഉത്തമനും ശാശ്വതനുമെന്ന് പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ പ്രതിനിധിയായി ജീവിക്കുന്ന വിശ്വാസികൾ തന്നെയാണ് വിജയം വരിക്കുക എന്നാണ് അതിന്റെ വിവക്ഷ. 20: 131 ൽ, നിന്റെ നാഥന്റെ വിഭവങ്ങൾ തന്നെയാണ് ഉത്തമവും ശാശ്വതവും എന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ പറഞ്ഞ വിഭവങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് 7: 26 ൽ പറഞ്ഞ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റാണ്. *നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ വഹിക്കുന്നവനാണ്* എന്ന് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. എന്നല്ലാതെ കപടന്മാർ പ്രചരിപ്പിക്കുന്നതുപോലെ ആശയമില്ലാതെ ഗ്രന്ഥത്തിന്റെ ശരീരമായ അറബി ഖുർആൻ മനഃപാഠമാക്കുന്ന *ഹാഫിളീ*ങ്ങളാണ് നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠർ എന്ന് പഠിപ്പിച്ചിട്ടില്ല. 6: 165 ൽ വിവരിച്ച പ്രകാരം സ്വർഗ്ഗത്തിൽ സൃഷ്ടിച്ച മനുഷ്യനെ അവന്റെ നാലാം ഘട്ടമായ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് ഏഴാം ഘട്ടത്തിലേക്കുവേണ്ടി അദ്ദിക്റിൽ നിന്ന് കണ്ട സ്വർഗ്ഗം ഇവിടെ പണിയാനാണ്. എന്നാൽ ആയിരത്തിൽ ഒന്നായ വിശ്വാസികൾ മാത്രമേ ആ ലക്ഷ്യം നിറവേറ്റുകയുള്ളൂ. 15: 44 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ നിന്നുള്ള ഓരോ വിഭാഗവും നരകക്കുണ്ഠത്തിന്റെ

ഏഴ് വാതിലുകളിലൊന്നിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണ്. 2: 24; 11: 85–88; 16: 71–72, 96; 92: 6–10 വിശദീകരണം നോക്കുക.

22. അല്ലാഹുവിനോടൊപ്പം മറ്റു ഇലാഹുകളെ നീ വെക്കരുത്, അങ്ങനെ ചെയ്താൽ നീ അധിക്ഷേപാർഹനും വഞ്ചിക്കപ്പെട്ടവനുമായി ഇരുന്നുപോകും.

6236 സൂക്തങ്ങളും അവതരിപ്പിച്ചിട്ടുള്ളത് അല്ലാഹുവല്ലാതെ മറ്റൊരു ഇലാഹുമില്ല എന്ന് പഠിപ്പിക്കാനാണ്. അല്ലാഹുവിനെക്കൂടാതെ മറ്റാരെ വിളിച്ച് പ്രാർത്ഥിച്ചാലും അവൻ ശപിക്കപ്പെട്ട പിശാചിനെയല്ലാതെ വിളിക്കുന്നില്ല എന്ന് 4: 117 ൽ പറഞ്ഞിട്ടുണ്ട്. മനുഷ്യരെ പിശാച് നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ നിന്ന് തടഞ്ഞുകൊണ്ടാണ് അല്ലാഹുവിൽ നിന്ന് തടയുക. അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റി വഴികേടിലായ അനുയായികളും പിശാചിന്റെ കെണിയിൽ അകപ്പെട്ടവരാണ്. അദ്ദിക്റിനെത്തൊട്ട് പിശാചിനാൽ വഞ്ചിക്കപ്പെട്ട ഇത്തരം അക്രമികളും കാഫിറുകളുമായവർ വിധിദിവസം; ഓ, എന്റെനാശം! ഞാൻ ഇന്നാലിന്നവനെ ആത്മമിത്രമായി സ്വീകരിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നേനേ! അദ്ദിക്റിനെത്തൊട്ട് അത് എനിക്ക് വന്നുകിട്ടിയതിനുശേഷം അവനാണല്ലോ എന്നെ തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ എന്ന് സ്വന്തം കൈകടിച്ചുകൊണ്ട് വിലപിക്കുമെന്ന് 25: 27–29 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 1: 4; 16: 2, 22, 36 വിശദീകരണം നോക്കുക.

23. നിന്റെ നാഥൻ വിധിക്കുകയും ചെയ്തിരിക്കുന്നു –നിങ്ങൾ അവനെയല്ലാതെ സേവിച്ചുകൊണ്ടിരിക്കരുതെന്ന്, മാതാപിതാക്കളോട് നന്മയിൽ വർത്തിക്കണമെന്നും, അവരിൽ ഒരാൾ അല്ലെങ്കിൽ അവർ രണ്ടുപേരും വാർദ്ധക്യം പ്രാപിച്ചവരായി നിന്റെയടുക്കൽ എത്തിച്ചാൽ അപ്പോൾ അവർ രണ്ടുപേരോടും 'ഛെ' എന്നുപോലും നീ പറയരുത്, അവർ രണ്ടുപേരെയും നീ വെറുക്കുകയും ചെയ്യരുത്, അവർ രണ്ടുപേരോടും മാന്യമായി സംസാരിക്കുകയും ചെയ്യുക.

24. നീ അവർക്ക് രണ്ടുപേർക്കും കാരുണ്യത്തിന്റെ ചിറകുകൾ വിനയപൂർവ്വം താഴ്ത്തിക്കൊടുക്കുകയും ചെയ്യുക; 'എന്റെ നാഥാ, ചെറുപ്പത്തിൽ അവർ രണ്ടുപേരും എന്നെ കാരുണ്യത്തോടെ പോറ്റിവളർത്തിയതുപോലെ നീ അവർ ഇരുവർക്കും കാരുണ്യം ചൊരിയേണമേ' എന്ന് നീ പ്രാർത്ഥിക്കുകയും ചെയ്യുക.

മനുഷ്യനെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് അല്ലാഹുവിനെ മാത്രം സേവിക്കുന്ന അവന്റെ പ്രതിനിധികളാകുന്നതിന് വേണ്ടിയാണ്. എന്നാൽ എപ്പോഴും 'അല്ലാഹ്' എന്ന സ്മരണയോടുകൂടി നിലകൊണ്ടുകൊണ്ട് ആ പ്രാതിനിധ്യം നിർവ്വഹിക്കുക വിശ്വാസികൾ മാത്രമാണ്. അല്ലാഹുവിനെ മറന്നാൽ ജിന്നുകൂട്ടുകാരൻ പിടിമുറുക്കുന്നതും തിന്മ പിടിപെടുന്നതും അതുവഴി ജീവിതലക്ഷ്യം മറന്ന തെമ്മാടിയായിത്തീരുന്നതുമാണ്. 'ഏറ്റവും നല്ലനിലയിൽ' എന്നാൽ ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വഴിയിൽ എന്നാണ്. അഥവാ വിശ്വാസികളായ മാതാപിതാക്കളോട് 'ഛെ' എന്നുപോലും പറയരുത്. അങ്ങനെ പറഞ്ഞാൽ മുൻകഴിഞ്ഞുപോയ ജിന്നുകളുടെയും മനുഷ്യരുടെയും കൂടെ അവൻ നരകക്കുണ്ഠത്തിൽ ആപതിച്ച് നഷ്ടപ്പെട്ടവനാകുമെന്ന് 46: 17–18 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ സ്രഷ്ടാവിന്റെ വിധിവിലക്കുകൾക്ക് വിരുദ്ധമായി മാതാപിതാക്കൾ തന്നെ *ശിർക്ക്* ചെയ്യാൻ (അല്ലാഹു അല്ലാത്തവർക്കുള്ള നേർച്ചവഴിപാട്, മന്ത്രം, മാരണം, സ്ത്രീധനം വാങ്ങൽ–കൊടുക്കൽ തുടങ്ങി ഗ്രന്ഥത്തിന്റെ വിധിവിലക്കുകൾക്കെ

തിരായ പൈശാചിക പ്രവൃത്തികൾ ചെയ്യാൻ) നിർബന്ധിക്കുകയാണെങ്കിൽ നീ അവരെ രണ്ടുപേരെയും അനുസരിക്കരുത്, നീ അവരോട് അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള ബന്ധം നിലനിർത്തുക, നീ പിൻപറ്റേണ്ടത് എന്നിലേക്ക് തിരിഞ്ഞവരുടെ മാർഗമാണ് എന്ന് 31: 15; 29: 8 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

'ചെറുപ്പത്തിൽ അവർ എന്നോട് കാരുണ്യത്തിൽ വർത്തിച്ചതുപോലെ എന്റെ നാഥാ, നീ എന്റെ മാതാപിതാക്കളോട് കരുണ ചെയ്യേണമേ' എന്ന് പ്രാർത്ഥിക്കുകയും അവർക്ക് നിന്റെ കാരുണ്യത്തിന്റെ ചിറകുകൾ താഴ്ത്തിക്കൊടുക്കുകയും അവർക്ക് കാരുണ്യമായ അദ്ദിക്ർ ഹൃദയത്തിന്റെ ഭാഷയിൽ പറഞ്ഞുകൊടുക്കുകയും ചെയ്യണം. 'എന്റെ നാഥാ, എന്റെ മേലിലും എന്റെ മാതാപിതാക്കളുടെ മേലിലും നീ വർഷിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുന്നവനായി എന്നെ നീ നിയന്ത്രിച്ച് നിർത്തേണമേ, നീ തൃപ്തിപ്പെട്ട സൽകർമ്മങ്ങൾ ചെയ്യാനും എന്നെ അനുഗ്രഹിക്കേണമേ, എന്റെ സന്തതിപരമ്പരകളെ നീ സജ്ജനങ്ങളിൽ ഉൾപെടുത്തുകയും ചെയ്യേണമേ, നിശ്ചയം ഞാനിതാ നിന്നിലേക്ക് ഖേദിച്ച് മടങ്ങിയിരിക്കുന്നു, നിശ്ചയം ഞാൻ നിനക്ക് സർവ്വസ്വം സമർപ്പിച്ചവരിൽ പെട്ടവനുമാകുന്നു' എന്നായിരിക്കും നാൽപതുവയസ്സ് തികഞ്ഞ വിശ്വാസികളുടെ പ്രാർത്ഥനയെന്ന് 46: 15 ൽ അല്ലാഹു പഠിപ്പിച്ചിട്ടുണ്ട്. സുലൈമാൻ നബി നടത്തിയ പ്രാർത്ഥന 27: 19 ൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ മാതാപിതാക്കൾ ഫുജ്ജാറുകളിൽ പെട്ടവരാണെങ്കിൽ വിശ്വാസി അവരെ അനുസരിക്കാവുന്നതല്ല. എന്നാൽ അവരോട് അദ്ദിക്റിന്റെ വിധിവിലക്കുകൾക്ക് അനുസൃതമായി പെരുമാറേണ്ടതാണ്. അഥവാ ഭക്ഷണം, വസ്ത്രം, ചികിത്സ, താമസസൗകര്യം തുടങ്ങിയ അവരുടെ ആവശ്യങ്ങളെല്ലാം നിർവ്വഹിച്ച് കൊടുത്തുകൊണ്ട് നല്ലനിലയിൽ പെരുമാറുക എന്നാണ്. പ്രവാചകനോ വിശ്വാസിക്കോ കപടവിശ്വാസികൾക്ക് വേണ്ടിയും അവരുടെ അനുയായികളായ മുശ്രിക്കുകൾക്ക് വേണ്ടിയും -അത് അവരുടെ മാതാപിതാക്കളാണെങ്കിലും ശരി- പൊറുക്കലിനെത്തേടാനോ മയ്യിത്ത് നമസ്കരിക്കാനോ പാടില്ല എന്ന് 9: 84-85, 113-114 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 4: 59, 115, 135; 6: 151-153; 16: 78 വിശദീകരണം നോക്കുക.

25. നിങ്ങളെക്കുറിച്ച് ഏറ്റവും കൂടുതൽ അറിയുന്നവൻ നിങ്ങളുടെ ഉടമതന്നെയാണ്, നിങ്ങൾ സജ്ജനങ്ങളാവുകയാണെങ്കിൽ -അപ്പോൾ നിശ്ചയം അവൻ ആവർത്തിച്ചാവർത്തിച്ച് അവനിലേക്ക് തിരിയുന്നവരോട് ഏറെപ്പൊറുക്കുന്നവൻ തന്നെയാകുന്നു.

നിങ്ങളുടെ നാഥന് ഓരോ ആത്മാവിനെക്കുറിച്ചും ശരിക്കും അറിയാം, നിങ്ങൾ സജ്ജനങ്ങളാവുകയാണെങ്കിൽ അതിന്റെ ഗുണം നിങ്ങൾക്കുതന്നെ, നിങ്ങൾ ദുർജ്ജനങ്ങളാവുകയാണെങ്കിൽ നിശ്ചയം അല്ലാഹു നിങ്ങളെത്തൊട്ട് ആവശ്യമില്ലാത്തവനും സ്വയം പര്യാപ്തനുമാകുന്നു എന്ന് 31: 12 ലും; നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ അപ്പോൾ നിശ്ചയം അല്ലാഹു നിങ്ങളെത്തൊട്ട് ആവശ്യമില്ലാത്ത ഐശ്വര്യവാനാകുന്നു, അവൻ തന്റെ അടിമകൾക്ക് നിഷേധം ഇഷ്ടപ്പെടുന്നില്ല, നിങ്ങൾ നന്ദിപ്രകടിപ്പിക്കുന്നവരാകുന്നുവെങ്കിലോ, നിങ്ങളെ അവൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു, ഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ ഭാരം വഹിക്കുകയുമില്ല, പിന്നെ നിങ്ങളുടെ എല്ലാവരുടെയും മടക്കം നിങ്ങളുടെ ഉടമയിലേക്കാകുന്നു, അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നത് എന്തായിരുന്നുവെന്ന് അവൻ നിങ്ങളോട് വിവരം പറഞ്ഞുതരുന്നതാണ്, നിശ്ചയം അവൻ നെഞ്ചകങ്ങളുടെ അവസ്ഥ അറിയുന്നവൻ തന്നെയാകുന്നു എന്ന് 39: 7 ലും പറഞ്ഞിട്ടുണ്ട്. 4:

49, 113; 9: 112; 12: 53 വിശദീകരണം നോക്കുക.

26. അടുത്തവർക്ക് അവന്റെ അവകാശം നീ നൽകുകയും ചെയ്യുക, ആവശ്യക്കാരനും വഴിയാത്രക്കാരനും, നീ ധൂർത്തടിച്ച് ചെലവഴിക്കുകയുമരുത്.

27. നിശ്ചയം ധൂർത്തടിക്കുന്നവർ പിശാചുക്കളുടെ സഹോദരങ്ങളായിരിക്കുന്നു, പിശാചാവട്ടെ, തന്റെ നാഥനോട് ഏറെ നന്ദി കെട്ടവനുമായിരിക്കുന്നു.

ഏത് അനുഗ്രഹവും കുടുംബത്തിൽ നിന്ന് അടുത്തവർക്ക് തന്നെയാണ് ആദ്യം നൽകേണ്ടത്. ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്ർ കൊണ്ട് കുടുംബത്തിൽ നിന്ന് അടുത്തവരെ ആദ്യമാദ്യം മുന്നറിയിപ്പ് നൽകാനാണ് 26: 214 ൽ കൽപിച്ചിട്ടുള്ളത്. വിശ്വാസികളെ വിളിച്ച്: നിങ്ങൾ നിങ്ങളെയും നിങ്ങളുടെ കുടുംബാംഗങ്ങളെയും നരകത്തെത്തൊട്ട് തടയുക എന്ന് 66: 6 ലും; അങ്ങനെ ചെയ്യാത്തവർക്കെതിരെ വിധിദിവസം 'നിശ്ചയം തങ്ങളെയും കുടുംബാംഗങ്ങളെയും നഷ്ടപ്പെടുത്തിയ അക്രമികൾക്കാണ് സ്ഥായിയായ ശിക്ഷയുള്ളത്' എന്ന് പറയപ്പെടുമെന്ന് 42: 45 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 'അടുത്തവർക്ക് നൽകുക' എന്നതിന്റെ വിവക്ഷ ആദർശബന്ധം, രക്തബന്ധം, അയൽപക്കബന്ധം എന്നീ നിലകളിലെല്ലാമുള്ള ബന്ധങ്ങൾ പരിഗണിച്ചുകൊണ്ട് നൽകുക എന്നാണ്. ദാനധർമങ്ങൾ നൽകുന്നതിന് അർഹനാണെങ്കിൽ വിശ്വാസിയെന്നോ സ്വജനതയിൽ പെട്ടവനെന്നോ കുടുംബത്തിൽ പെട്ടവനെന്നോ പരിഗണിക്കാതെ -മുഖം നോക്കാതെ- നൽകണം എന്നാണ് 2: 272 ൽ പറഞ്ഞിട്ടുള്ളത്. *അയൽവാസി പട്ടിണികിടക്കേ വയറ് നിറയെ ഭക്ഷണം കഴിക്കുന്നവൻ എന്നിൽ പെട്ടവനല്ല* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. പുണ്യാത്മാക്കൾ അവർക്ക് ഭക്ഷണത്തിന് ആഗ്രഹമുണ്ടായിരിക്കെത്തന്നെ അല്ലാഹുവിനോടുള്ള സ്നേഹത്താൽ അഗതികളെയും അനാഥകളെയും ബന്ദികളെയും ഭക്ഷിപ്പിക്കുന്നവരാണെന്നും അപ്പോൾ അവരുടെ മനസ്സ് 'നിശ്ചയം ഞങ്ങൾ അല്ലാഹുവിന്റെ മുഖം പ്രസന്നമായി കണ്ടുമുട്ടണമെന്ന ലക്ഷ്യത്തോടുകൂടി മാത്രമാണ് നിങ്ങളെ ഭക്ഷിപ്പിക്കുന്നത്, എന്നല്ലാതെ നിങ്ങളിൽ നിന്ന് യാതൊരു പ്രത്യുപകാരവും നന്ദിപ്രകടനവും പ്രതീക്ഷിച്ചു കൊണ്ടല്ല' എന്നായിരിക്കും എന്ന് 76: 8-9 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇവിടെ പറഞ്ഞ അഗതികളും അനാഥകളും ബന്ദികളും മനുഷ്യരിൽ നിന്നുള്ളവരാണ്, എന്നല്ലാതെ ഒരു പ്രത്യേക ജനതയിൽ പെട്ടവർ മാത്രമല്ല. ബന്ദികളിൽ കൊലപാതകം ചെയ്ത് തടവറയിൽ എത്തിയവർ വരെ ഉൾപ്പെടുന്നതുമാണ്.

'അവകാശം നൽകുക' എന്ന് പറയുമ്പോൾ ദാനധർമങ്ങൾ നൽകൽ മാത്രമല്ല, അവരുടെ അനന്തരാവകാശം നൽകലും അവരുടെ അഭിമാനം, ചാരിത്ര്യം, സമ്പത്ത് എന്നിവയെല്ലാം സംരക്ഷിക്കലും ഉൾപ്പെടുന്നതാണ്. അഥവാ അല്ലാഹുവിന്റെ ഭൂമിയിൽ അവൻ നിശ്ചയിച്ച അവധിവരെ ഏത് വിശ്വാസവും സ്വീകരിച്ച് ജീവിക്കാൻ ഏതൊരാൾക്കും അവകാശമുണ്ടെന്ന് വക വെച്ചുകൊടുത്തുകൊണ്ടുള്ള ഒരു സമീപനം കൈകൊള്ളണം എന്നാണ്. *ഏതൊരുവനെക്കുറിച്ചാണോ അയൽവാസി നിർഭയത്വത്തിലുള്ളത്, അവൻ മാത്രമേ വിശ്വാസിയാവുകയുള്ളൂ* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. വന്നപ്പോൾ കൊണ്ടുവരാത്തതും പോകുമ്പോൾ കൊണ്ടുപോകാത്തതുമായ എല്ലാ അനുഗ്രഹങ്ങളും ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഉപയോഗപ്പെടുത്തി സ്വർഗ്ഗം പണിത് പണിത സ്വർഗ്ഗത്തിലേക്ക് തിരിച്ച് പോവുകയാണ് ചെയ്യേണ്ടത്. 2: 168-169; 7: 27; 16: 90-91 വിശദീകരണം നോക്കുക.

28. നിന്റെ നാഥനിൽ നിന്നുള്ള കാരുണ്യം പ്രതീക്ഷിച്ചുകൊണ്ട് നീ അവരെത്തൊട്ട് പിന്തിരിയുകയാണെങ്കിൽ, അപ്പോൾ നീ അവരോട് സമാശ്വാസത്തിന്റെ വാക്കുകൾ പറയുകയും ചെയ്യുക.

എല്ലാ അനുഗ്രഹങ്ങളുടെയും നിയന്ത്രണം അല്ലാഹുവിനാണ് എന്ന ബോധത്തിൽ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് പെരുമാറണമെന്ന് താൽപര്യം. അടുത്തവരോ ആവശ്യക്കാരോ വഴിയാത്രക്കാരോ മറ്റാരെങ്കിലുമോ സഹായം ചോദിക്കുമ്പോൾ അവരെ സഹായിക്കാൻ കഴിയുന്നില്ലെങ്കിൽ അവർക്ക് ഒന്നും നൽകാൻ കഴിഞ്ഞില്ലല്ലോ എന്ന ദയാവായ്പിന്റെ മനസ്സുണ്ടായിരിക്കണം. തൽക്കാലം മറ്റെവിടെനിന്നെങ്കിലും സഹായം തേടാനും ഞാൻ പിന്നീട് നിന്നെ സഹായിക്കാമെന്നും പറഞ്ഞ് അവന്റെകാര്യം എളുപ്പമാവും വിധം സംസാരിക്കണം. അഥവാ കൊടുക്കുന്നത് അല്ലാഹു തന്നെയാണ് എന്നബോധത്തിൽ അവന്റെ പ്രയാസം മറ്റുള്ളവരാൽ നീക്കിക്കൊടുക്കുന്നതിന് വേണ്ടി അല്ലാഹുവിനോട് ആത്മാവുകൊണ്ട് പ്രാർത്ഥിക്കുകയും വേണം. സഹായം തേടുന്നത് അദ്ദിക്റിന് വിരുദ്ധമായിട്ടുള്ള കാര്യങ്ങൾക്കാണെങ്കിൽ അവരെ സഹായിക്കുന്നത് ദുർവ്യയവും പൈശാചികവുമാണ്. സഹായം തേടുന്നവർ ജാതി-മത-വംശ-ദേശ-ഭേദമന്യേ ആരായാലും അവരെ സഹായിക്കേണ്ടതാണ്. അവർ അതിന് അർഹതയുള്ളവർ തന്നെയാണോ എന്ന് വിശ്വാസികൾ ഹൃദയം കൊണ്ട് അല്ലാഹുവിനോട് ചോദിക്കുന്നതും അപ്പോൾ 7: 201 ൽ പറഞ്ഞ പ്രകാരം അവർ ഉൾക്കാഴ്ചയുള്ളവരായി മാറുന്നതുമാണ്. സഹായം ചോദിക്കുന്നവൻ അല്ലാഹു കൊന്നുകളഞ്ഞ കപടവിശ്വാസിയോ അർഹതയില്ലാത്തവനോ ആണെന്ന് മനസ്സിലായാൽ അവന്ന് സഹായം നൽകാനോ അവനുവേണ്ടി പ്രാർത്ഥിക്കാനോ പാടില്ല.

92: 5-7 സൂക്തങ്ങളിൽ, ആരാണോ അല്ലാഹുവിന്റെ തൃപ്തിയിൽ നൽകുകയും അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുകയും ഏറ്റവും നല്ലതായ അദ്ദിക്റിനെ സത്യപ്പെടുത്തുകയും ചെയ്തത്, അവന്റെ എല്ലാ കാര്യങ്ങളും നാം എളുപ്പമാക്കിക്കൊടുക്കുമെന്നും; 92: 8-10 സൂക്തങ്ങളിൽ, ആരാണോ അദ്ദിക്റിനെ കളവാക്കിക്കൊണ്ട് പിശുക്ക് കാണിക്കുകയും അല്ലാഹുവിനെ ആശ്രയിക്കാതെ സ്വയം പര്യാപ്തത തെരഞ്ഞെടുക്കുകയും ചെയ്തത്, അവന്റെ എല്ലാ കാര്യങ്ങളും നാം ബുദ്ധിമുട്ടാക്കുകയും ചെയ്യുമെന്നും പറഞ്ഞിട്ടുണ്ട്. 2: 177; 9: 73, 95, 125 വിശദീകരണം നോക്കുക.

29. നിന്റെ കൈ നീ നിന്റെ പിരടിയിൽ കെട്ടിവെക്കുകയുമരുത്, അതിനെ മുഴുവനായി നീട്ടിയിടുകയും ചെയ്യരുത്, അങ്ങനെ ചെയ്യുന്നപക്ഷം നീ ആക്ഷേപാർഹനും ദുഃഖിതനുമായി ഇരുന്നു പോകും.

നിന്റെ കൈ നീ നിന്റെ പിരടിയിൽ കെട്ടിവെക്കുകയുമരുത് എന്ന് പറഞ്ഞാൽ ചെലവഴിക്കുന്നിടത്ത് പിശുക്ക് കാണിക്കരുതെന്നും കൈ മുഴുവനായി നീട്ടിയിടരുത് എന്ന് പറഞ്ഞാൽ ചെലവഴിക്കുന്നിടത്ത് ധൂർത്തടിക്കരുത് എന്നുമാണ് ആശയം. ആക്ഷേപാർഹനാകും എന്ന് പറഞ്ഞതിന്റെ വിവക്ഷ പിശുക്ക് കാണിച്ചാൽ ജനങ്ങൾ അവനെ വെറുക്കുകയും അധിക്ഷേപിക്കുകയും ചെയ്യുമെന്നും, ദുഃഖിതനായി ഇരുന്നുപോകും എന്ന് പറഞ്ഞതിന്റെ വിവക്ഷ, ധൂർത്തടിച്ച് ജീവിച്ച് പാപ്പരായാൽ സ്വയം ദുഃഖിക്കേണ്ടിവരുമെന്നുമാണ്. 25: 67 ൽ, നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസി ധൂർത്തടിച്ച് ചെലവഴിക്കുകയോ പിശുക്ക് കാണിക്കുകയോ ചെയ്യുകയില്ല, അതിന് രണ്ടിനും ഇടയിലുള്ള മിതമാർഗം സ്വീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. വ്യക്തിജീവിതത്തിന്റെയും കുടും

ബജീവിതത്തിന്റെയും കാര്യത്തിലാണ് ഈ കൽപന. അല്ലാഹുവിന്റെ മാർഗമായ അദ്ദിക്ർ പഠിക്കാനും അത് ലോകർക്ക് എത്തിക്കാനും ചെലവഴിക്കുന്ന കാര്യത്തിൽ ഇത് ബാധക മല്ല. അതിനുവേണ്ടി എങ്ങനെ, എത്രതന്നെ ചെലവഴിച്ചാലും ലോകമാന്യമോ ധൂർത്തോ ആവുകയില്ല. എല്ലാ കാര്യത്തിലും മിതവ്യയം വേണമല്ലോ എന്നുപറഞ്ഞ് ഗ്രന്ഥത്തിന്റെ കാര്യത്തിലും മിതവ്യയം ഉപദേശിക്കുന്നവർ കാഫിറുകളും പിശാചിന്റെ കൂട്ടുകാരുമാണ്. അത്തരം മനുഷ്യപ്പിശാചുക്കളും കപടവിശ്വാസികളുമായ പുരുഷൻമാരും സ്ത്രീകളും ഒരേവിഭാഗത്തിൽ പെട്ടവരും തിന്മ കൽപിക്കുന്നവരും അദ്ദിക്റിനെത്തൊട്ട് ജനങ്ങളെ തടയുന്നവരും കൈകൾ ചുരുട്ടുന്നവരും അല്ലാഹുവിനെ മറന്നവരും അതിനാൽ അല്ലാഹു അവരെയും മറന്നവരുമാണ്. തെമ്മാടികളായ അവർക്ക് നരകഗർത്തത്തിലെ തീയാണ് വാഗ്ദത്തം ചെയ്തിട്ടുള്ളതെന്നും അവർക്ക് അതുതന്നെ മതി, അവർക്ക് സ്ഥായിയായ ശിക്ഷയാണുള്ളത് എന്നും 9: 67-68 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും പകരം ജീവനായ അർത്ഥം മാത്രം പഠിപ്പിക്കുന്ന, 1: 7 ൽ പറഞ്ഞ അല്ലാഹുവിന്റെ കോപത്തിന് വിധേയരായ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റി വഴികേടിലായ അനുയായികളും 'നിന്റെ കൈ നീ നിന്റെ പിരടിയിൽ കെട്ടിവെക്കുകയുമരുത്' എന്നതിന് 'കൈ പിരടിയിൽ കെട്ടുന്നത് ദുഃശ്ശകുനമാണ്' എന്നാണ് വ്യാഖ്യാനം നൽകുന്നത്. 2: 170, 195; 3: 180; 9: 55 വിശദീകരണം നോക്കുക.

30. നിശ്ചയം, നിന്റെ നാഥൻ അവൻ ഉദ്ദേശിക്കുന്നവർക്ക് ഭക്ഷണവിഭവങ്ങൾ ധാരാളമായി നൽകുകയും അവൻ ഉദ്ദേശിക്കുന്നവർക്ക് പരിമിതപ്പെടുത്തുകയും ചെയ്യുന്നു, നിശ്ചയം അവൻ തന്റെ അടിമകളെ സൂക്ഷ്മമായി വലയം ചെയ്ത, സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ തന്നെയായിരിക്കുന്നു.

17: 96 അവസാനിക്കുന്നതും ഇതേ ആശയത്തിലാണ്. 34: 34-35 സൂക്തങ്ങളിൽ, ഒരുനാട്ടിലേക്കും ഒരു മുന്നറിയിപ്പുകാരനെ നാം അയച്ചിട്ടില്ല, ആ നാട്ടിലെ സുഖലോലുപൻമാർ 'നിശ്ചയം നിങ്ങൾ എന്തും കൊണ്ടാണോ അയക്കപ്പെട്ടിട്ടുള്ളത്, അതിനെ ഞങ്ങൾ നിഷേധിക്കുന്നവർ തന്നെയാണ്' എന്ന് പറഞ്ഞിട്ടല്ലാതെ. അവർ പറയുകയും ചെയ്യുന്നു: ഞങ്ങളാണ് ഏറ്റവും കൂടുതൽ സമ്പത്തും സന്താനങ്ങളുമുള്ളവർ, ഞങ്ങൾ ശിക്ഷിക്കപ്പെടാനൊന്നും പോകുന്നില്ല എന്നും; 34: 36 ൽ, നീ പറയുക: നിശ്ചയം എന്റെ നാഥൻ അവൻ ഉദ്ദേശിക്കുന്നവർക്ക് ഭക്ഷണവിഭവങ്ങൾ വിശാലമാക്കികൊടുക്കുന്നു, അവൻ ഉദ്ദേശിക്കുന്നവർക്ക് പരിമിതപ്പെടുത്തുകയും ചെയ്യുന്നു, എന്നാൽ ജനങ്ങളിൽ അധികപേരും യഥാർത്ഥ ജ്ഞാനമില്ലാത്തവരാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. ഇഹലോകത്ത് വിഭവങ്ങൾ വിശാലമാക്കി കൊടുക്കുന്നതും പരിമിതപ്പെടുത്തി കൊടുക്കുന്നതുമെല്ലാം 6: 165 ൽ വിവരിച്ച പ്രകാരം അവരവർക്ക് നൽകപ്പെട്ടതിൽ പരീക്ഷിക്കുന്നതിന് വേണ്ടിയാണെന്ന് ബോധ്യമുള്ളവരാണ് വിശ്വാസികൾ. 5: 48; 11: 5-7; 17: 13-15, 17; 18: 32-46 വിശദീകരണം നോക്കുക.

31. ദാരിദ്ര്യം ഭയന്ന് നിങ്ങൾ നിങ്ങളുടെ സന്താനങ്ങളെ കൊല്ലുകയുമരുത്, നാമാണ് അവരെയും നിങ്ങളെയും ഊട്ടുന്നത്, നിശ്ചയം അവരെ കൊല്ലുക എന്നത് വമ്പിച്ച കുറ്റം തന്നെയായിരിക്കുന്നു.

ഒരാൾക്ക് ഏത് കാലത്ത് ഏത് നാട്ടിൽ ഏത് മാതാപിതാക്കളിൽ ഏത് ലിംഗത്തിൽ ജനിക്കണമെന്ന് തെരഞ്ഞെടുക്കാനുള്ള അവകാശമോ അധികാരമോ ഇല്ല. എല്ലാം സ്രഷ്ടാവ് തീരുമാനിക്കുന്നതാണ് എന്നിരിക്കെ ദാരിദ്ര്യം ഭയന്നുകൊണ്ട് മക്കളെ കൊല്ലുന്നത്

വൻകുറ്റങ്ങളിൽ പെട്ടതാണ്. മക്കാമുശ്രിക്കുകൾ ദാരിദ്ര്യം ഭയപ്പെട്ടുകൊണ്ട് ആൺസന്താനങ്ങളെ വധിച്ചിരുന്നു. വളർത്തിക്കൊണ്ടുവരാൻ ബുദ്ധിമുട്ടായതിനാലും വൈവാഹിക ജീവിതത്തിൽ കടുത്ത അനീതി നിലനിന്നിരുന്നതിനാലും കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന വ്യവസ്ഥിതിയിൽ ഒരു ഭാരമായതിനാലും പെൺസന്താനങ്ങളെ ജീവനോടെ കുഴിച്ചുമൂടണമോ അതോ ഹീനത സഹിച്ചുകൊണ്ട് ജീവിക്കാൻ വിടണമോ എന്ന ആലോചനയിൽ ആടി നടക്കുന്നവരായിരുന്നു അവർ എന്ന് 16: 58–59 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ജീവിതഭാരങ്ങളിൽ ഞെരുങ്ങി പെൺകുട്ടികളെ കൊല്ലാൻ ഇന്ന് ഭ്രൂണഹത്യവരെ നടത്തുന്നവരുണ്ട്. ജീവിതലക്ഷ്യം നഷ്ടപ്പെട്ട ഒരു സമൂഹമായതിനാൽ ഇന്ന് ഇതെല്ലാം ഏറ്റവും കൂടുതലായി കാണുന്നത് ജനനവും മരണവും വിവാഹവുമെല്ലാം വളരെ എളുപ്പമാണെന്ന് പ്രഖ്യാപിച്ച ഗ്രന്ഥത്തിന്റെ വാഹകരെന്ന് ദുരഭിമാനിക്കുന്ന ഫുജ്ജാറുകളിലാണ്. അദ്ദിക്റിൽ നിന്ന് അകന്ന് ഇസ്ലാമിക വിരുദ്ധമായ ആചാരാനുഷ്ഠാനങ്ങൾ കൊണ്ടു നടക്കുന്നതാണ് അതിനുള്ള കാരണം. 6: 137; 7: 157–158; 8: 22; 98: 6 വിശദീകരണം നോക്കുക.

32. വ്യഭിചാരത്തോട് നിങ്ങൾ അടുക്കുകയുമരുത്, നിശ്ചയം അത് മ്ലേച്ഛവും ഏറ്റവും ദുഷിച്ച മാർഗവുമാകുന്നു.

വ്യഭിചാരത്തോട് അടുക്കുകയുമരുത് എന്ന് പറഞ്ഞതിൽ നിന്ന് വ്യഭിചരിക്കരുത് എന്ന് മാത്രമല്ല, അതിന് ഉത്തേജിപ്പിക്കുന്ന വിധത്തിലുള്ള നടത്തം, ഇരുത്തം, സംസാരം, വസ്ത്രധാരണം, പെരുമാറ്റം, ആഭരണങ്ങൾ-സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയവയുടെ ഉപയോഗം ഇവയൊന്നും പാടില്ലെന്നാണ്. 4: 31 ൽ വിവരിച്ച പ്രകാരം വ്യഭിചാരം ഏഴ് വൻകുറ്റങ്ങളിൽ പെട്ട ഒന്നാണ്.

20: 14 ൽ, വിശ്വാസിയോട് അദ്ദിക്ർ നിലനിർത്തുന്നതിന് വേണ്ടി നമസ്ക്കാരം നിലനിർത്താനാണ് കൽപിച്ചിട്ടുള്ളത്. 29: 45 ൽ പറഞ്ഞ പ്രകാരം സ്വീകരിക്കപ്പെടുന്ന നമസ്കാരക്കാർ മ്ലേച്ഛവൃത്തികളിലും നിഷിദ്ധ പ്രവർത്തനങ്ങളിലും ഏർപ്പെടുകയില്ല. അപ്പോൾ നമസ്കാരക്കാരിൽ നിന്ന് വ്യഭിചാരം, സ്വവർഗരതി, പലിശ, ചൂതാട്ടം, മന്ത്രം, മാരണം, ലഹരി വസ്തുക്കളുടെ ഉപയോഗം, ലഹരി വസ്തുക്കളുടെ ഇടപാട് തുടങ്ങിയ പൈശാചിക പ്രവർത്തനങ്ങൾ വരുന്നുണ്ടെങ്കിൽ അവർ കാഫിറുകളും കപടവിശ്വാസികളുമാണ്. അവരുടെ നമസ്കാരം സ്വീകരിക്കപ്പെട്ടിട്ടില്ല എന്ന് മാത്രമല്ല, അവർ ഗ്രന്ഥത്തെ കളവാക്കിയതിന് അതികഠിനമായി ശിക്ഷിക്കപ്പെടുകയും ചെയ്യും. അത്തരം നമസ്കാരക്കാർക്ക് പിഴയായി നരകത്തിലെ ശിക്ഷാകഠോരമായ 'വൈൽ' എന്ന ചെരുവാണ് ലഭിക്കുക എന്ന് 4: 142–145; 25: 65–66; 107: 4–5 എന്നീ സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. *ഒരാൾക്ക് വിശ്വാസിയായിക്കൊണ്ട് മോഷ്ടിക്കാനോ വ്യഭിചരിക്കാനോ സാധ്യമല്ലെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിനെ ഉറക്കവും മയക്കവും ബാധിക്കുന്നില്ല, അവൻ ഹൃദയങ്ങളുടെ അവസ്ഥ അറിയുന്നവനാണ് എന്നെല്ലാം പരിചയപ്പെടുത്തുന്ന ഗ്രന്ഥം ആശയമില്ലാതെ പാരായണം ചെയ്യുക, നമസ്കരിക്കുക തുടങ്ങിയ ചര്യാപരമായ ആചാരാനുഷ്ഠാനങ്ങൾ കൊണ്ടുനടക്കുന്നവർ വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ ദീനിൽ നിന്ന് ബഹുദൂരം അകന്നുപോയവരാണ്. തെറ്റുകുറ്റങ്ങൾ തിരിച്ചറിഞ്ഞ് ആത്മാവുകൊണ്ട് അല്ലാഹുവിനോട് ഏറ്റുപറയാൻ അദ്ദിക്ർ അനിവാര്യമാണ്. അതാണ് അദ്ദിക്ർ നമസ്കാരത്തേക്കാളും പരമപ്രധാനമാണെന്ന് 29: 45 ൽ പ

റഞ്ഞതിന്റെ വിവക്ഷ. കപടവിശ്വാസികളുടെ നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ, ദാനധർമ്മങ്ങൾ തുടങ്ങിയ ഒരു കർമ്മവും സ്വീകരിക്കപ്പെടുകയില്ല എന്ന് 9: 53-54 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 7: 168-170; 11: 87; 13: 14 വിശദീകരണം നോക്കുക.

33. അല്ലാഹു പവിത്രമാക്കിയ ആത്മാവിനെ ന്യായം കൂടാതെ നിങ്ങൾ കൊല്ലുകയുമരുത്, ആരെങ്കിലും അക്രമപരമായി വധിക്കപ്പെട്ടാൽ അതിന് പ്രതിക്രിയാ നടപടി കൈകൊള്ളാനുള്ള അധികാരം അവന്റെ രക്ഷാധികാരിക്ക് നാം നൽകിയിട്ടുണ്ട്, അപ്പോൾ വധത്തിൽ അവൻ അതിരുകവിയാതിരിക്കട്ടെ, നിശ്ചയം അവൻ സഹായിക്കപ്പെടുന്നവൻ തന്നെയായിരിക്കുന്നു.

'ആത്മാവിനെ വധിക്കരുത്' എന്ന് പറഞ്ഞതുകൊണ്ട് മറ്റു മനുഷ്യരെയും ജീവികളെയും വധിക്കരുത് എന്ന് മാത്രമല്ല, ആത്മഹത്യ ചെയ്യരുത് എന്നും അർത്ഥമുണ്ട്. 4: 29 വിശദീകരണം നോക്കുക. എല്ലാ ആത്മാവും മരണത്തെ രുചിക്കുമെന്ന് 3: 185 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ മുഖമൊഴികെ എല്ലാ 'വസ്തുക്കളും' നശിക്കുമെന്ന് 28: 88 ൽ പറഞ്ഞിട്ടുള്ളതിനാൽ എല്ലാ ജീവനുള്ളതിനും ആത്മാവുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. അപ്പോൾ ഒരു ജീവിയെയും അന്യായമായി വധിക്കാൻ പാടില്ല. അല്ലാഹുവിനുവേണ്ടിയും അവന്റെ സ്മരണയിലും മാത്രമായിരിക്കണം ഭക്ഷണത്തിന് ഉപയോഗിക്കുന്ന ജീവിയെപ്പോലും അറുക്കേണ്ടത്. ഒരു ജീവിയെ അറുക്കുമ്പോൾ *'ഇത് നിന്നിൽ നിന്നുള്ളതാണ്, ഇത് നിന്നിലേക്കുതന്നെ ഉള്ളതുമാണ്' എന്ന് ആത്മാവുകൊണ്ട് സ്മരിക്കണമെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 25: 68 ൽ, നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്നവർ അല്ലാഹുവിനോടൊപ്പം മറ്റൊരു ഇലാഹിനെ വിളിച്ച് പ്രാർത്ഥിക്കുകയില്ലെന്നും അല്ലാഹു കൊല്ലൽ നിഷിദ്ധമാക്കിയ ഒന്നിനെയും കൊന്നുകളയുകയില്ലെന്നും വ്യഭിചരിക്കുകയില്ലെന്നും പറഞ്ഞിട്ടുണ്ട്.

വധിക്കപ്പെട്ടവന്റെ രക്ഷാധികാരിക്ക് നാം അധികാരം (ന്യായം) നൽകി എന്ന് പറഞ്ഞിട്ടുള്ളതിനാൽ അതിന്റെ അടിസ്ഥാനത്തിൽ അയാൾക്ക് പ്രതിക്രിയ ആവശ്യപ്പെടാം. കൊലക്കേസിൽ യഥാർത്ഥ വാദി ഭരണകൂടമല്ല, അവന്റെ രക്ഷാധികാരിയാണ്. അയാൾക്ക് വേണമെങ്കിൽ കൊലയാളിക്ക് മാപ്പുകൊടുക്കുകയും പ്രതിക്രിയക്കുപകരം നഷ്ടപരിഹാരം സ്വീകരിച്ച് തൃപ്തിപ്പെടുകയും ചെയ്യാം. കൊലയിൽ അതിരുകവിയുക എന്ന് പറഞ്ഞതിൽ പ്രതികാരാവേശത്തിൽ കുറ്റവാളിക്ക് പുറമെ മറ്റുള്ളവരെക്കൂടി കൊലപ്പെടുത്തുക, കുറ്റവാളിയെ പീഢിപ്പിച്ച് കൊലപ്പെടുത്തുക, കൊലപ്പെടുത്തിയതിന് ശേഷം അംഗഭംഗം വരുത്തുക, നഷ്ടപരിഹാരം വാങ്ങിയശേഷം കൊലനടത്തുക തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നുണ്ട്. ഏതെങ്കിലും വ്യക്തിക്കോ സംഘത്തിനോ സ്വന്തം നിലയിൽ കൊലക്ക് പ്രതികാരം ചെയ്യാൻ അവകാശമില്ല. അതിനുള്ള അവകാശം ഭരണകൂടത്തിനാണ്. നീതി നടപ്പാക്കാൻ ഭരണകൂടത്തോട് അഭ്യർത്ഥിക്കുകയാണ് വേണ്ടത്. 'നിശ്ചയം അവൻ സഹായിക്കപ്പെടുന്നവൻ തന്നെയായിരിക്കുന്നു' എന്നതിന്റെ വിവക്ഷ അവൻ ഭരണകൂടത്താൽ സഹായിക്കപ്പെടും എന്നാണ്. കൊല്ലപ്പെട്ടവന്റെ രക്ഷാധികാരി പ്രായശ്ചിത്തം സ്വീകരിച്ച് പ്രതിക്രിയ വിട്ടുകൊടുക്കുകവഴി കുറ്റവാളിയും സഹായിക്കപ്പെടും എന്നും വിവക്ഷയാകാം. 2: 179 ൽ, ഓ ബുദ്ധിമാൻമാരേ, നിങ്ങൾക്ക് വധത്തിന് പ്രതിക്രിയ നടപ്പിലാക്കുന്നതിൽ ജീവിതമുണ്ട്, നിങ്ങൾ സൂക്ഷ്മതയുള്ളവരാകുന്നതിന് വേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. സ്രഷ്ടാവിന്റെ വിധിവിലക്കുകളായ വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ വിധി കൽപിച്ചെങ്കിൽ മാത്രമേ നീതിയിൽ അധിഷ്ഠിതവും സമാധാനപരവുമായ ജീവി

തം ഇവിടെ നിലനിർത്തുന്നതിന് സാധിക്കുകയുള്ളൂ. അദ്ദിക്ർ വന്നുകിട്ടിയിട്ട് അതുകൊണ്ട് വിധി കൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 13: 28; 16: 64, 126 വിശദീകരണം നോക്കുക.

34. അനാഥക്ക് പ്രായപൂർത്തി എത്തുന്നതുവരെ അവന്റെ ധനത്തോട് ഏറ്റവും നല്ല നിലയിലല്ലാതെ നിങ്ങൾ സമീപിക്കുകയും അരുത്; നിങ്ങൾ ഉടമ്പടികൾ പാലിക്കുകയും ചെയ്യുക, നിശ്ചയം ഉടമ്പടികളെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും.

4: 2 ൽ, നിങ്ങൾ അനാഥകൾക്ക് അവരുടെ ധനം തിരിച്ചു കൊടുക്കുക, നിങ്ങൾ പരിശുദ്ധമായതിനെ മ്ലേച്ഛമാക്കി മാറ്റാതിരിക്കുക, നിങ്ങൾ അവരുടെ ധനം നിങ്ങളുടെ ധനവുമായി ചേർത്ത് ഭക്ഷിക്കാവുന്നതല്ല, നിശ്ചയം അത് വൻകുറ്റമാകുന്നു എന്നും; 4: 6 ൽ, വിവാഹപ്രായമാകുന്നതുവരെ അനാഥകളെ നിങ്ങൾ പരീക്ഷിച്ചുകൊണ്ടിരിക്കുക, അപ്പോൾ നിങ്ങൾ അവരിൽ തന്റേടം (പക്വത) കണ്ടെത്തിയാൽ അവരുടെ സമ്പത്ത് നിങ്ങൾ അവർക്ക് തിരിച്ചേൽപ്പിക്കുക, അവർ വളർന്ന് വലുതായി തങ്ങളുടെ അവകാശം ചോദിക്കുമെന്ന് ഭയന്ന് നിങ്ങൾ അവരുടെ ധനം നീതിവിട്ട് ധൂർത്തായും ധൃതിയായും ഭക്ഷിച്ചുകൂടാത്തതാണ്, അനാഥകളുടെ ധനം കൈകാര്യം ചെയ്യുന്നവൻ സമ്പന്നനാണെങ്കിൽ അവരുടെ ധനത്തിൽ നിന്ന് ഒന്നും സ്വീകരിക്കാതെ അവന്റേതുകൊണ്ടുതന്നെ തൃപ്തിപ്പെടട്ടെ; ദരിദ്രനാണെങ്കിലോ, അവരുടെ ധനത്തിൽ നിന്ന് ന്യായമായ രീതിയിലുള്ളത് മാത്രം ഭക്ഷിച്ചുകൊള്ളട്ടെ, അങ്ങനെ അവരുടെ ധനം നിങ്ങൾ അവർക്ക് തിരിച്ചേൽപ്പിച്ച് കൊടുക്കുമ്പോൾ അതിന്റെമേൽ സാക്ഷികളെ വെക്കേണ്ടതുമാകുന്നു, കണക്കു നോക്കുന്നതിന് അല്ലാഹുതന്നെ ഏറ്റവും മതിയായവനാണ് എന്നും; 4: 10 ൽ, അനാഥകളുടെ ധനം അക്രമമായി തിന്നുന്നവരുണ്ടല്ലോ, നിശ്ചയം അവർ തങ്ങളുടെ വയറുകളിൽ തീയാണ് നിറക്കുന്നത്, ആളിക്കത്തുന്ന നരകത്തിൽ അവർ കരിക്കപ്പെടുകതന്നെ ചെയ്യുമെന്നും പറഞ്ഞിട്ടുണ്ട്.

'നിങ്ങൾ ഉടമ്പടികൾ പാലിക്കുകയും ചെയ്യുക' എന്ന് പറഞ്ഞതിലെ ഉടമ്പടി 7: 172 -173 സൂക്തങ്ങളിൽ ഉണർത്തുന്ന ഉടമ്പടിയാണ്. പ്രസ്തുത ഉടമ്പടി ഗ്രന്ഥത്തിൽ വായിച്ചതിന് ശേഷം അതിനെ മുറിച്ചുകളയുന്നവരാണ് തെമ്മാടികളും നഷ്ടപ്പെട്ടവരും ശപിക്കപ്പെട്ടവരുമെന്ന് 2: 26-27; 13: 25 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെ സാക്ഷിയാക്കിക്കൊണ്ട് ചെയ്ത ശപഥങ്ങൾ അത് ഉറപ്പിച്ചതിന് ശേഷം നിങ്ങൾ മുറിച്ചുകളയരുത് എന്ന് 16: 91 ൽ പറഞ്ഞതിന്റെ വിവക്ഷ, അല്ലാഹുവിനെ സാക്ഷിയാക്കിക്കൊണ്ട് സൃഷ്ടികളുമായി ചെയ്യുന്ന ഉടമ്പടികൾ മുറിച്ചുകളയരുത് എന്നും, ഉടമ്പടികളെക്കുറിച്ച് വിധിദിവസം ചോദിക്കപ്പെടുക തന്നെ ചെയ്യുമെന്ന ബോധത്തോടുകൂടി അത് പൂർത്തിയാക്കണമെന്നുമാണ്. വിശ്വാസികൾ അല്ലാഹുവിന്റെ പേരിൽ സാക്ഷ്യപ്പെടുത്തി പറയാതെ സൃഷ്ടികളോട് ചെയ്യുന്ന കരാറുകളും പാലിക്കുന്നതാണ്, കാരണം അവർ അല്ലാഹുവിന്റെ പ്രതിനിധികളാണ്. വിശ്വാസികൾ ശപഥം ചെയ്യാറില്ല. ഇനി അഥവാ ശപഥം ചെയ്യുകയും അനിവാര്യഘട്ടത്തിൽ അത് മുറിച്ചു കളയേണ്ടി വരികയുമാണെങ്കിൽ 5: 89 ൽ പറഞ്ഞ പ്രകാരം അതിനുള്ള പ്രായശ്ചിത്തം നൽകുന്നതുമാണ്. 13: 17-18; 16: 90-92; 84: 23 വിശദീകരണം നോക്കുക.

35. നിങ്ങൾ അളന്നുകൊടുക്കുമ്പോൾ പൂർത്തിയാക്കി അളക്കുകയും തൂക്കിക്കൊ

ടുക്കുമ്പോൾ നേരെച്ചൊവ്വേയുള്ള നീതിയുടെ ത്രാസ്സുകൊണ്ട് തൂക്കുകയും ചെയ്യുക, അതാണ് ഉത്തമവും കാര്യങ്ങളുടെ പരിണിതിക്ക് ഏറ്റവും നല്ലതും.

ഇഹത്തിലേക്കും പരത്തിലേക്കും ഉൽക്കൃഷ്ടമായ വഴിയാണ് സൂക്തത്തിലൂടെ കൽപിക്കുന്നത്. അതുവഴി കൊടുക്കുന്നവനും വാങ്ങുന്നവനും പരസ്പരം വിശ്വാസമർപ്പിക്കുന്നു. ആത്മാവിന്റെ ഉടമയായ അല്ലാഹു എല്ലാം വീക്ഷിക്കുന്നുണ്ട് എന്നും എല്ലാഓരോ കാര്യവും 17: 13-14 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവരവരുടെ പിരടിയിൽ ബന്ധിപ്പിച്ചിട്ടുള്ള കർമ്മരേഖയിൽ രേഖപ്പെടുത്തുന്നുണ്ടെന്നുമുള്ള ബോധത്തിൽ പരസ്പരം പെരുമാറുമ്പോൾ ഒരാൾക്കും മറ്റൊരാളെ വഞ്ചിക്കാൻ സാധ്യമല്ല. അങ്ങനെത്തന്നെയാണ് മനുഷ്യരുടെ ഐക്യം ഊട്ടിയുറപ്പിക്കപ്പെടുന്നത്. നിങ്ങൾ 'നീതിയുടെ ത്രാസ്' കൊണ്ട് തൂക്കുക എന്ന് പറഞ്ഞതിന്റെ വിവക്ഷ സാക്ഷിയായ അദ്ദിക്റിനെ ത്രാസ്സായി ഉപയോഗപ്പെടുത്തിക്കൊണ്ട് തൂക്കുക എന്നാണ്. ശുഐബ് നബി തന്റെ ജനതയോട് നിങ്ങൾ നീതിയുടെ ത്രാസ്സ് -അദ്ദിക്ർ- കൊണ്ട് തൂക്കുക എന്ന് പറഞ്ഞതായി 26: 182 ലും; നിങ്ങൾ നീതികൊണ്ട് തൂക്കം ശരിപ്പെടുത്തുക, ത്രാസിൽ നിങ്ങൾ കുറവ് വരുത്തുകയുമരുത് എന്ന് 55: 9 ലും പറഞ്ഞിട്ടുണ്ട്. വിധി ദിവസത്തെക്കൊണ്ട് വിശ്വസിക്കാത്ത ധിക്കാരികളും കുറ്റവാളികളുമായ, നരകക്കുണ്ഠത്തിലെ '*സിജ്ജീൻ*' പട്ടികയിലേക്ക് രേഖപ്പെടുത്തപ്പെട്ടവരായ *ഫുജ്ജാറു*കൾ ജനങ്ങളുടെ സാധനങ്ങൾ അളന്ന് വാങ്ങുമ്പോൾ അളവും തൂക്കവും പൂർത്തിയാക്കുന്നവരും അളന്ന് കൊടുക്കുമ്പോൾ അതിൽ കുറവ് വരുത്തുന്നവരുമാണ് എന്ന് 83: 1-12 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 4: 59; 5: 8; 16: 94-95 വിശദീകരണം നോക്കുക.

36. നിനക്ക് അറിവൊന്നും ലഭിക്കാനുതകാത്ത ഇടങ്ങളിൽ നിൽക്കുകയുമരുത്, നിശ്ചയം കേൾവി, കാഴ്ച, ബുദ്ധിശക്തി തുടങ്ങി എല്ലാ ഒന്നിനെക്കുറിച്ചും ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യും.

ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്റിന്റെ അടിസ്ഥാനത്തിലുള്ള അറിവാണ് യഥാർത്ഥ അറിവ്. അറിവൊന്നും ലഭിക്കാത്ത ഇടങ്ങളിൽ ഇരിക്കുന്നതുപോയിട്ട് നിൽക്കുകപോലും ചെയ്യരുത് എന്നാണ് പറയുന്നത്. കാരണം വിധിദിവസം കേൾവി, കാഴ്ച, ബുദ്ധിശക്തി, സമയം തുടങ്ങി എല്ലാ അനുഗ്രഹങ്ങളെക്കുറിച്ചും ചോദ്യം ചെയ്യപ്പെടുന്നതാണ്. 41: 20-23 സൂക്തങ്ങളിൽ, വിധിദിവസം അല്ലാഹുവിന്റെ ശത്രുക്കളെ നരകം കൊള്ളെ അടുപ്പിക്കുമ്പോൾ അവർക്കെതിരായി അവരുടെതന്നെ കേൾവികളും കാഴ്ചകളും തൊലികളും അവരുടെ ഇവിടുത്തെ പ്രവർത്തനങ്ങളെക്കുറിച്ച് സാക്ഷ്യം വഹിക്കുന്നതാണ്. അപ്പോൾ അവരുടെ തൊലികളോട് അവർ ചോദിക്കും: എന്തിനാണ് നിങ്ങൾ നമുക്കെതിരെ സാക്ഷ്യം വഹിക്കുന്നത്. തൊലികൾ പറയും: എല്ലാ വസ്തുക്കൾക്കും അതിന്റെ പ്രതിഫലനശക്തി നൽകിയ അല്ലാഹു ഞങ്ങളെക്കൊണ്ട് പ്രതിഫലിപ്പിക്കുകയാണ്, അവനാണല്ലോ നിങ്ങളെ ആദ്യമായി സൃഷ്ടിച്ചത്, അവനിലേക്ക് തന്നെയാണല്ലോ നിങ്ങളെല്ലാം മടക്കപ്പെടുന്നതും. അല്ല, നിങ്ങൾക്കെതിരെ നിങ്ങളുടെ കേൾവികളും കാഴ്ചകളും തൊലികളും സാക്ഷ്യം വഹിക്കുമെന്ന് നിങ്ങൾ ഒരിക്കലും കരുതിയിരുന്നില്ല, നിശ്ചയം അല്ലാഹു നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അധികവും അറിയുന്നില്ല എന്നായിരുന്നു നിങ്ങളുടെ നാഥനെക്കുറിച്ച് നിങ്ങൾക്കുണ്ടായിരുന്ന ധാരണ, അങ്ങനെ നിങ്ങൾ കാലം കഴിച്ചുകൂട്ടുകയും നിങ്ങൾ നഷ്ടപ്പെട്ടവരിൽ ആപതിക്കുകയും ചെയ്തു. 25: 72-73 സൂക്തങ്ങളിൽ, നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസി കള്ളസാക്ഷ്യം വഹിക്കുകയില്ലെന്നും വ്യർത്ഥമായ ഏതെങ്കിലും രംഗത്തിലൂടെ നടന്നുപോകാൻ ഇട

വന്നാൽ എത്തിയും പാളിയും നോക്കാതെ മാന്യമായി നടന്നു പോകുമെന്നും, എന്നാൽ തങ്ങളുടെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഓർമ്മിപ്പിക്കപ്പെടുമ്പോൾ അവർ അതുകൊള്ളെ ബധിരരും അന്ധരുമായിക്കൊണ്ട് വീഴുകയില്ല എന്നും പറഞ്ഞിട്ടുണ്ട്.

102: 8 ൽ, പിന്നെ വിധിദിവസം എല്ലാഓരോ അനുഗ്രഹത്തെക്കുറിച്ചും നിങ്ങൾ ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. അതായത് സമ്പത്ത്, യുവത്വം, സമയം, കേൾവി, കാഴ്ച, ബുദ്ധിശക്തി, അറിവ്, അധികാരം, സ്വാധീനം തുടങ്ങി എല്ലാ അനുഗ്രഹങ്ങളും അദ്ദിക്ർ പഠിക്കാനും അത് ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമില്ലാതെ ലോകർക്ക് എത്തിച്ച് കൊടുക്കാനും ഉപയോഗപ്പെടുത്തുകയാണെങ്കിൽ അവർക്ക് സന്തോഷത്തോടെ ഉത്തരം പറയാൻ സാധിക്കുന്നതാണ്. അദ്ദിക്ർ ലഭിച്ചിട്ടും ജീവിതലക്ഷ്യം എന്താണ്? അദ്ദിക്ർ എന്ത്, എന്തിന്, എന്തുകൊണ്ട്? എന്നൊന്നും മനസ്സിലാക്കാൻ ചിന്താശക്തിയും മറ്റു അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്താതിരുന്ന ഭ്രാന്തൻമാരെല്ലാം തന്നെ ഉത്തരം പറയാൻ സാധിക്കാതെ 7: 37; 6: 130 എന്നീ സൂക്തങ്ങൾ പ്രകാരം 'ഞാൻ അദ്ദിക്റിനെ മൂടിവെച്ച കാഫിറായിരുന്നു' എന്ന് സ്വയം സാക്ഷ്യം വഹിച്ച് നരകത്തിൽ കുത്തിനിറക്കപ്പെടാൻ വിധിക്കപ്പെട്ടവരാണെന്ന് 7: 179 ൽ പറഞ്ഞിട്ടുണ്ട്. മരണസമയത്ത് തങ്ങളുടെ നാഥനെ സന്തോഷത്തോടുകൂടി കാണണമെങ്കിൽ ജീവിതകാലത്ത് ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്ർ ഉപയോഗപ്പെടുത്തി നാഥനെ ആത്മാവുകൊണ്ട് കാണുകതന്നെ വേണം. അല്ലാത്തവർ 75: 22-24 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ദുഃഖത്തോടുകൂടി പിശാചിനെയാണ് കാണുക. 4: 140; 8: 21-24; 9: 60-61 വിശദീകരണം നോക്കുക.

37. നീ ഭൂമിയിൽ നിഗളിച്ചുകൊണ്ട് നടക്കുകയുമരുത്, നിശ്ചയം നിനക്ക് ഭൂമിയെ പിളർത്താനോ പർവ്വതങ്ങളോളം ഉയരാനോ സാധിക്കുകയില്ല.

അല്ലാഹുവിനെ മാത്രം സേവിക്കുന്ന അവന്റെ പ്രതിനിധികളായ വിശ്വാസികൾ ഒരിക്കലും അഹങ്കരിക്കുകയോ താൻപോരിമ നടിക്കുകയോ ചെയ്യരുതെന്നാണ് അല്ലാഹു പഠിപ്പിക്കുന്നത്. 25: 63 ൽ, നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്നവർ ഭൂമിയിൽ നടക്കുകയാണെങ്കിൽ വിനീതരായി നടക്കുന്നവരും അവിവേകികൾ അവരോട് സംസാരിക്കാൻ ഇടയായാൽ 'നിങ്ങൾക്ക് സലാം' എന്നുപറഞ്ഞ് പിരിഞ്ഞ് പോകുന്നവരുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. ലുഖ്മാൻ തന്റെ മകനെ ഉപദേശിച്ചുകൊണ്ട് 'നീ ജനങ്ങളിൽ നിന്ന് മുഖം തിരിച്ച് സംസാരിക്കുകയും ഭൂമിയിൽ നിഗളിച്ച് നടക്കുകയും ചെയ്യരുത്, നിശ്ചയം സ്വയം വഞ്ചിതനും ഭള്ള് നടിക്കുന്നവനുമായ ഒരാളെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നിന്റെ നടത്തം മിതമായ രൂപത്തിലാക്കുക, നിന്റെ ശബ്ദം താഴ്ത്തുക, നിശ്ചയം ശബ്ദങ്ങളിൽ വെച്ച് ഏറ്റവും അരോചകമായത് കഴുതരാഗം തന്നെയാകുന്നു' എന്ന് പറഞ്ഞതായി 31: 18-19 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വിശ്വാസികളിൽ നിന്ന് ഒരിക്കലും അഹങ്കാരത്തിന്റെയും ആത്മപ്രശംസയുടെയും ഒരു വാക്കുപോലും പുറത്തുവരികയില്ല. അവരുടെ നടത്തം, ഇരിപ്പിടം, വിശ്രമം, സമ്പ്രദായം, വസ്ത്രം, താമസസ്ഥലം, യാത്ര, പൊതുഇടപാടുകൾ തുടങ്ങി എല്ലാറ്റിലും വിനയവും താഴ്മയും ലാളിത്യവുമാണ് കാണപ്പെടുക. എന്നാൽ അല്ലാഹുവിന്റെയും അവരുടെയും ശത്രുക്കളായ കപടവിശ്വാസികളോട് അവർ ശത്രുതയിലും ദേഷ്യത്തിലുമാണ് പെരുമാറുക. അല്ലാഹുവിന്റെ പ്രതിനിധികളായ അവർ അല്ലാഹുവിന് വേണ്ടി സംസാരിക്കുന്നവരായതിനാൽ അദ്ദിക്ർ സിംഹഗർജ്ജനം പോലെയാണ് വിശദീകരിക്കുക. കഴുത ഭാരം വഹിക്കുന്നതുപോലെ ആശയം

അറിയാതെ ഗ്രന്ഥം വഹിക്കുന്ന ഫുജ്ജാറുകൾ അത് കേട്ട് സിംഹഗർജ്ജനം കേട്ട് ഭയപ്പെട്ട് വിരണ്ടോടുന്ന കാട്ടുകഴുതകളെപ്പോലെ വിരണ്ടോടുമെന്ന് 74: 49-51 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ വിശ്വാസികൾ 'നിങ്ങൾ അല്ലാഹുവിലേക്ക് വിരണ്ടോടുക' എന്ന 51: 50 ന്റെ കൽപന മാനിച്ചുകൊണ്ട് അദ്ദിക്ർ വിശദീകരിക്കുന്ന സദസ്സിലേക്കാണ് മറ്റ് മേഖലകളിൽ നിന്നെല്ലാം വിരണ്ടോടി വരിക. ഭൂമിയിൽ ധാർഷ്ഠ്യത്തോടെ അഹങ്കരിച്ച് നടക്കുന്നവർക്ക് നരകത്തിൽ സ്ഥലമില്ലെയോ എന്ന ചോദ്യത്തോടുകൂടിയാണ് 39: 60 അവസാനിക്കുന്നതെങ്കിൽ, 39: 72 അവസാനിക്കുന്നത് ഭൂമിയിൽ ധാർഷ്ഠ്യത്തോടെ അഹങ്കരിച്ചു നടക്കുന്നവർക്കുള്ള സങ്കേതം എത്രദുഷിച്ചത് എന്ന് പറഞ്ഞുകൊണ്ടാണ്. 3: 79; 7: 146-147; 16: 29 വിശദീകരണം നോക്കുക.

38. അത് ഓരോന്നും നിന്റെ നാഥന്റെയടുക്കൽ വെറുക്കപ്പെട്ട തിന്മയായിരിക്കുന്നു.

23 മുതൽ 37 വരെയുള്ള സൂക്തങ്ങളിൽ പരാമർശിച്ച കാര്യങ്ങളാണ് 'അത് ഓരോന്നും' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അഥവാ നിന്റെ നാഥന്റെ അടുക്കൽ വെറുക്കപ്പെട്ട ഏത് പ്രവൃത്തിയിൽ നിന്നും മനസാ-വാചാ-കർമണാ അകന്ന് നിൽക്കണം എന്നാണ് ആശയം. 1: 7; 6: 151-152; 7: 35-36; 8: 22 വിശദീകരണം നോക്കുക.

39. അത് നിന്റെ നാഥൻ നിന്നിലേക്ക് ദിവ്യസന്ദേശമായി നൽകിയ തത്വങ്ങളിൽ പെട്ടതാകുന്നു, നീ അല്ലാഹുവിനോടൊപ്പം മറ്റൊരു ഇലാഹിനെ സ്വീകരിക്കുകയുമരുത്, അപ്പോൾ നീ ആക്ഷേപാർഹനും കാരുണ്യം വിലക്കപ്പെട്ടവനുമായി നരകക്കുണ്ഠത്തിൽ എറിയപ്പെടുന്നതാകുന്നു.

3: 58 ൽ പറഞ്ഞ തത്വനിർഭരമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് ഏകഇലാഹായ അല്ലാഹുവിനെ പരിചയപ്പെടുത്താനാണെന്നിരിക്കെ അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് പിശാചിന്റെ വിവിധ സംഘടനകളിൽ പെട്ട് മുശ്രിക്കുകളായിത്തീർന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന ഫാജിറുകളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ കാരുണ്യം വിലക്കപ്പെട്ടവരും അധിക്ഷേപാർഹരുമായി നരകക്കുണ്ഠത്തിൽ എറിയപ്പെടുമെന്നാണ് മുന്നറിയിപ്പ് നൽകുന്നത്. 11: 1-2; 16: 1-2, 125 വിശദീകരണം നോക്കുക.

40. നിങ്ങളുടെ നാഥൻ നിങ്ങളെ പുത്രൻമാരെക്കൊണ്ട് അനുഗ്രഹിക്കുകയും തനിക്കുവേണ്ടി മലക്കുകളിൽ നിന്നുള്ള പുത്രിമാരെ സ്വീകരിക്കുകയും ചെയ്തിരിക്കുന്നുവെന്നോ? നിശ്ചയം, നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന വാക്കുകൾ വമ്പിച്ചതുതന്നെ.

6: 100-101; 9: 30; 16: 57-59 വിശദീകരണം നോക്കുക.

41. നിശ്ചയം നാം ഈ വായനയിൽ എല്ലാം വിശദീകരിച്ചിട്ടുണ്ട്, അവർ ഹൃദയം കൊണ്ട് ഓർമിക്കുന്നതിനുവേണ്ടി, എന്നാൽ അത് അവർക്ക് വിരോധമല്ലാതെ വർദ്ധിപ്പിക്കുന്നില്ല.

നിശ്ചയം മനുഷ്യർക്കുവേണ്ടി ഈ ഗ്രന്ഥത്തിൽ എല്ലാഓരോ ഉപമ ഉദാഹരണങ്ങളും എടുത്തുദ്ധരിച്ചിട്ടുണ്ട് -അവർ ഹൃദയം കൊണ്ട് ഓർമ്മിക്കുന്നതിനുവേണ്ടി എന്ന് 39: 27 ലും; നിശ്ചയം ഈ ഗ്രന്ഥത്തിൽ മനുഷ്യർക്കുവേണ്ടി എല്ലാഓരോ ഉപമകളും ഉദാഹരിച്ചിട്ടുണ്ട്, എന്നാൽ മനുഷ്യൻ എല്ലാകാര്യത്തിലും അത്യധികം തർക്കസ്വഭാവമുള്ളവനായിരിക്കുന്നു എന്ന് 18: 54 ലും പറഞ്ഞിട്ടുണ്ട്. നിശ്ചയം മനുഷ്യർക്കുവേണ്ടി എല്ലാഓരോ ഉ

പമ ഉദാഹരണങ്ങളും എടുത്തുദ്ധരിച്ചിട്ടുണ്ട്, എന്നാൽ അവർക്ക് ഓരോ സൂക്തം വന്നു കിട്ടുമ്പോഴും അവരിലുള്ള കാഫിറുകൾ പറയുകതന്നെ ചെയ്യും: നിശ്ചയം നിങ്ങൾ മിഥ്യാവാദികളല്ലാതെ മറ്റാരുമല്ല, അപ്രകാരം വിവരമില്ലാത്തവരുടെ ഹൃദയങ്ങളെ അല്ലാഹു മുദ്രവെക്കുന്നു എന്ന് 30: 58-59 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇത്തരം കാഫിറുകളോട് 'നിങ്ങൾ നിഷ്പക്ഷവാന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുക' എന്ന് പറയപ്പെട്ടാൽ അവർ ചോദിക്കുന്നതാണ്: ഏതാണ് ഈ നിഷ്പക്ഷവാൻ, നീ കൽപിക്കുന്നതിനൊക്കെയും ഞങ്ങൾ സാഷ്ടാംഗം പ്രണമിക്കുകയോ, അത് അവർക്ക് വിരോധമല്ലാതെ വർദ്ധിപ്പിക്കുന്നുമില്ല എന്ന് 25: 60 ൽ പറഞ്ഞിട്ടുണ്ട്. ആവർത്തിച്ച് വായിക്കപ്പെടേണ്ട ത്രികാലജ്ഞാനമായ അദ്ദിക്റിൽ എല്ലാഓരോ കാര്യവും ഉപമ ഉദാഹരണങ്ങളും ത്രികാലജ്ഞാനിയായ നാഥൻ മനുഷ്യർക്ക് വേണ്ടി എടുത്തുദ്ധരിച്ചിട്ടുണ്ട്. അത് നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമാണെന്ന് 25: 33 ലും; എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അത് സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്നവർക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണെന്ന് 16: 89 ലും പറഞ്ഞിട്ടുണ്ട്.

എന്നാൽ 3: 7 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയ ആത്മാവിനെ പരിഗണിക്കാത്ത ഫാജിറുകളും കാഫിറുകളും. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായ അവർ വായിച്ച, തൊട്ട, കേട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷ്യം വഹിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക, എന്നല്ലാതെ നിഷ്പക്ഷവാനായ നാഥൻ ഒരാളെയും നരകത്തിലേക്കോ സ്വർഗത്തിലേക്കോ ആക്കുന്നില്ല. 2:165-167; 4: 150-151; 9: 125 വിശദീകരണം നോക്കുക.

42. നീ പറയുക: അവർ പറഞ്ഞുകൊണ്ടിരിക്കുന്നതുപോലെ അവനോടൊപ്പം മറ്റു ഇലാഹുകൾ ഉണ്ടായിരുന്നുവെങ്കിൽ അവർ തീർച്ചയായും സിംഹാസനാധിപന്റെ സ്ഥാനത്തെത്താൻ മത്സരിക്കുകതന്നെ ചെയ്യുമായിരുന്നു.

ഈ പ്രപഞ്ചത്തെ ഇത്രയും തന്ത്രജ്ഞതയോടെയും വ്യവസ്ഥാപിതമായും സന്തുലിതമായും നടത്തിക്കൊണ്ടുപോവുക എന്നത് എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനും സർവ്വാധിപനും സ്വേഛാധിപനുമായ ഒരുവനല്ലാതെ സാധ്യമാവുകയില്ലെന്ന് അത് സ്വയം സാക്ഷ്യം വഹിക്കുന്നുണ്ട്. പ്രാപഞ്ചിക പ്രതിഭാസങ്ങളെല്ലാംതന്നെ നിരീക്ഷിച്ചാൽ അവ സ്രഷ്ടാവിന്റെ ഏകത്വത്തെ വിളിച്ചറിയിക്കുന്ന വിധത്തിലാണ് സംവിധാനിച്ചിട്ടുള്ളതെന്നും അവന് പങ്കാളികളെ ആരോപിക്കുന്നതിന് യാതൊരു പഴുതുമില്ലെന്നും കാണാവുന്നതാണ്. ആകാശഭൂമികളെയും അവക്കിടയിലുള്ള സർവവസ്തുക്കളെയും ആറ് നാളുകളിലായി സൃഷ്ടിച്ച്, പിന്നെ സിംഹാസനസ്ഥനായ അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല, അപ്പോൾ നിങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ മറ്റുള്ളവരെ ഉണർത്തുന്നില്ലെയോ എന്ന് 32: 4 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായതിനാൽ, കള്ളവാദികളും മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളും എഴുതിയുണ്ടാക്കിയ ഫുജ്ജാർ കിതാബുകളാണ് പിൻപറ്റുന്നത്. അവർ പ്രപഞ്ചനാഥനായ അല്ലാഹുവിനെ മനുഷ്യരുടെ നാഥനായോ രാജാവായോ ഇലാഹായോ അംഗീകരിക്കാത്തവരാണ്. 43: 84 ൽ, അവനാണ് ആകാശത്തും ഇലാഹ്, ഭൂമിയിലും ഇലാഹ്,

അവൻ യുക്തിജ്ഞനും സർവ്വജ്ഞനും തന്നെയാകുന്നു എന്നും; 43: 85ൽ, ആർക്കാണോ ആകാശങ്ങളുടെയും ഭൂമിയുടെയും അവ രണ്ടിനുമിടയിലുള്ളവയുടെയും ആധിപത്യമുള്ളത്, ആരുടെ പക്കലാണോ അന്ത്യനിമിഷത്തെക്കുറിച്ചുള്ള അറിവുള്ളത്, ആരിലേക്കാണോ നിങ്ങളെല്ലാം തിരിച്ചയക്കപ്പെടുന്നത്, അവൻ അനുഗ്രഹമുടയവനാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. 1: 4; 6: 91, 101–103 വിശദീകരണം നോക്കുക.

43. അവൻ പരിശുദ്ധനാകുന്നു, അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിനെത്തൊട്ട് അതീതനും ഔന്നിത്യമുടയവനുമായ അവൻ വലിയവനുമാകുന്നു.

അദ്ദിക്ർ അറിയാതെ അല്ലാഹുവിനെക്കുറിച്ച് സംസാരിക്കുന്നവർ വിശേഷിപ്പിക്കുന്ന ഒന്നും തന്നെ അല്ലാഹുവിന് ചേരാത്തവിധം അവൻ പരിശുദ്ധനാണ്. അദ്ദിക്റിനെ തള്ളിപ്പറയുകയും അതെല്ലാം പഠിച്ച് തികഞ്ഞവരാണെന്ന് അഹങ്കരിക്കുകയും ചെയ്യുന്ന യഥാർത്ഥ ഭ്രാന്തന്മാരായ ഫുജ്ജാറുകൾക്ക് ആർക്കും തന്നെ അവരുടെ പ്രവർത്തനങ്ങൾ സ്വർഗ്ഗത്തിലുള്ള *ഇല്ലിയ്യീനിൽ* രേഖപ്പെടുത്തുന്നതിന് വേണ്ടി ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയോ തുന്നൽകാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയോ ഇല്ല എന്ന് 7: 40 ൽ പറഞ്ഞിട്ടുണ്ട്. അവൻ -അല്ലാഹു- ഏകനാണ്, അവൻ എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനും ആരുടെയും ആശ്രയം വേണ്ടാത്ത പൂർണ്ണനുമാകുന്നു. അവന് സന്താനമില്ല, അവൻ മറ്റാരുടെയും സന്താനവുമല്ല, അവനെപ്പോലെ ഒരാളുമില്ല എന്ന് 112: 1–4 സൂക്തങ്ങളിലും; അവനെപ്പോലെ ഒരു വസ്തുവുമില്ല എന്ന് 42: 11 ലും പറഞ്ഞിട്ടുണ്ട്. അവൻ ആദ്യനും അന്ത്യനും പ്രത്യക്ഷനും പരോക്ഷനുമാണ്, അവൻ എല്ലാഓരോ കാര്യവും അറിയുന്ന ത്രികാലജ്ഞാനിയുമാകുന്നു എന്ന് 57: 3 ൽ പറഞ്ഞിട്ടുണ്ട്. 2: 255; 17: 1 വിശദീകരണം നോക്കുക.

44. ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവയുമെല്ലാം അവനെ പ്രകീർത്തിച്ചുകൊണ്ടിരിക്കുകയാകുന്നു, അവനെ സ്തുതിച്ചുകൊണ്ട് പരിശുദ്ധപ്പെടുത്താത്ത ഒരു വസ്തുവും തന്നെയില്ല, എന്നാൽ നിങ്ങൾ അവയുടെ പരിശുദ്ധപ്പെടുത്തൽ ഗ്രഹിക്കാത്തവരാകുന്നു, നിശ്ചയം അവൻ സഹനശീലനായ പൊറുക്കുന്നവൻ തന്നെയായിരിക്കുന്നു.

നിശ്ചയം അല്ലാഹു, ആകാശങ്ങളിലും ഭൂമിയിലുമുള്ളവരും ചിറക് നിശ്ചലമാക്കി പറക്കുന്ന പക്ഷികളും അവനെ വാഴ്ത്തിക്കൊണ്ടിരിക്കുന്നത് നീ കണ്ടില്ലേ? നിശ്ചയം, എല്ലാ ഒരോന്നിനും അതിന്റേതായ നമസ്കാരരീതിയും കീർത്തനരീതിയും അറിവുണ്ട്, അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം അല്ലാഹു അറിവുള്ളവൻ തന്നെയാണ് എന്ന് 24: 41 ൽ പറഞ്ഞിട്ടുണ്ട്. 'നിശ്ചയം അവൻ സഹനശീലനായ പൊറുക്കുന്നവൻ തന്നെയായിരിക്കുന്നു' എന്ന് പറഞ്ഞതിന്റെ വിവക്ഷ ഇങ്ങനെയെല്ലാം അല്ലാഹുവിനെ ഹൃദയത്തിന്റെ ഭാഷയിൽ പരിചയപ്പെടുത്തിക്കൊടുത്തിട്ടും അതിനെ അവഗണിച്ച് അക്രമികളും കാഫിറുകളും ധിക്കാരികളുമായിത്തീർന്ന മനുഷ്യർക്ക് അല്ലാഹു നിർണ്ണയിച്ച അവധിവരെ സമയം നീട്ടിക്കൊടുക്കുകയും ഭക്ഷണവിഭവങ്ങൾ നൽകുകയും ചെയ്യുന്നു എന്നാണ്. കൂടാതെ അവരെ ലക്ഷ്യബോധമുള്ളവരാക്കുന്നതിന് വേണ്ടി മുന്നറിയിപ്പുകാരെ നിയോഗിക്കുകയും ചെയ്തിരുന്നു. ആരെങ്കിലും അദ്ദിക്ർ വായിച്ച് മനസ്സിലാക്കി തന്റെ കഴിഞ്ഞുപോയ തെറ്റുകൾ ആത്മാവുകൊണ്ട് നാഥനോട് ഏറ്റുപറഞ്ഞ് പൊറുക്കലിനെത്തേടിയാൽ അവയെല്ലാം പൊറുത്ത് കൊടുക്കുന്നതുമാണ്. അങ്ങനെ അവരവരെക്കൊ

ണ്ടുതന്നെ അവരെ ശുദ്ധീകരിപ്പിച്ച് പരിശുദ്ധനായ അല്ലാഹുവിലേക്ക് തിരിച്ചുകൊണ്ടു പോകുന്നതിനാണ് അജയ്യമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ അദ്ദിക്ർ കൊണ്ട് ആത്മാവിനെ തിരിച്ചറിഞ്ഞ സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ വിശ്വാസികൾ മാത്രമേ അത് ഉപയോഗപ്പെടുത്തുകയുള്ളൂ. 11: 59; 16: 61; 39: 53–55 വിശദീകരണം നോക്കുക.

45. നീ ഗ്രന്ഥം വായിക്കുമ്പോൾ നിനക്കും പരലോകം കൊണ്ട് വിശ്വസിക്കാത്ത വരായവർക്കും ഇടയിൽ നാം കാണാത്ത ഒരു മറയിടുന്നു.

46. അത് ഗ്രഹിക്കാനാവാത്ത വിധം അവരുടെ ഹൃദയങ്ങളുടെ മേൽ നാം ഒരു മൂടിയിടുകയും ചെയ്തിരിക്കുന്നു, അവരുടെ കാതുകളിൽ അടപ്പുകളുമുണ്ട്, നീ ഈ വായനയിൽ നിന്റെ നാഥനെ ഏകനായി ഓർമിപ്പിക്കുമ്പോൾ അവർ വിരോധത്തോടെ പുറം തിരിഞ്ഞുപോകുന്നതുമാണ്.

നീ വിളിച്ചുകൊണ്ടിരിക്കുന്ന സന്ദേശത്തിന് നേരെ ഞങ്ങളുടെ ഹൃദയങ്ങൾ അടച്ചു മൂടപ്പെട്ടിരിക്കുന്നു, ഞങ്ങളുടെ കാതുകളും മൂടപ്പെട്ടിരിക്കുന്നു, ഞങ്ങൾക്കും നിനക്കുമിടയിൽ ഒരു മറ വീണിരിക്കുന്നു, അപ്പോൾ നീ നിന്റെ പണി നോക്കുക, ഞങ്ങൾ ഞങ്ങളുടെ പണി നോക്കിക്കൊള്ളാം എന്ന് കാഫിറുകൾ പ്രവാചകനോട് പറഞ്ഞതായി 41: 5 ൽ പറഞ്ഞിട്ടുണ്ട്. 39: 45 ൽ, നീ അല്ലാഹുവിനെ ഗ്രന്ഥത്തിൽ ഏകനായി ഓർമിപ്പിക്കുകയാണെങ്കിൽ പരലോകം കൊണ്ട് വിശ്വസിക്കാത്തവരുടെ ഹൃദയങ്ങളിൽ മനം പുരട്ടലുണ്ടാകുന്നതാണ്; അവനെക്കൂടാതെയുള്ളവരെക്കൊണ്ട് ഓർമ്മിപ്പിക്കുകയാണെങ്കിലോ, അപ്പോഴതാ അവർ സന്തോഷഭരിതരായിത്തീരുന്നു എന്നും; 32: 22 ൽ, തങ്ങളുടെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഓർമ്മിപ്പിക്കപ്പെട്ടതിന് ശേഷം അതിനെ അവഗണിച്ചുപോകുന്നവനേക്കാൾ ഏറ്റവും വലിയ അക്രമി ആരാണുള്ളത്, ഇത്തരം ഭ്രാന്തൻമാരോട് നാം പ്രതികാരം ചെയ്യുകതന്നെ ചെയ്യുമെന്നും പറഞ്ഞിട്ടുണ്ട്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം ആശയമില്ലാതെ അറബി ഖുർആനിൽ വായിക്കുന്ന, 25: 18 ൽ അദ്ദിക്റിനെ വിസ്മരിച്ച കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട, ഐഹികജീവിതത്തിന് പ്രാധാന്യം കൊടുത്ത് ജീവിക്കുന്ന ഫുജ്ജാറുകളുടെ സ്വഭാവമാണ് സൂക്തത്തിൽ പരാമർശിക്കുന്നത്. അവർ തൊട്ട, കണ്ട, കേട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷ്യം വഹിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. കാഫിറുകളുടെ ഈ സ്വഭാവങ്ങൾക്ക് വിരുദ്ധമായി വിശ്വാസികളെക്കുറിച്ച് 32: 15 ൽ, നിശ്ചയം നമ്മുടെ സൂക്തങ്ങളെക്കൊണ്ട് വിശ്വസിക്കുന്നവർ, അവകൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ അവർ ഉണർത്തപ്പെട്ടാൽ അവനെ സ്തുതിച്ചുകൊണ്ടും വാഴ്ത്തിക്കൊണ്ടും സാഷ്ടാംഗത്തിൽ വീഴുന്നതാണ്, അവർ ഒരിക്കലും അഹങ്കരിച്ച് പിന്തിരിഞ്ഞ് നിൽക്കുകയുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. 6: 25–26; 16: 43–44; 18: 56–59 വിശദീകരണം നോക്കുക.

47. അവർ നിന്റെ സംസാരം ചെവികൊടുത്ത് കേൾക്കുമ്പോൾ യഥാർത്ഥത്തിൽ എന്താണ് കേട്ടുകൊണ്ടിരിക്കുന്നതെന്നും അവർ പരസ്പരം രഹസ്യസംഭാഷണത്തിൽ എന്താണ് കുശുകുശുക്കുന്നതെന്നും നിങ്ങൾ പിൻപറ്റുന്നത് ആഭിചാരം ബാധിച്ച ഒരു മനുഷ്യനെയല്ലാതെയല്ല എന്ന് ഈ അക്രമികൾ പറയുന്നതുമെല്ലാം നാം തന്നെയാണ് ഏറ്റവും അറിയുന്നവൻ.

25: 8 അവസാനിക്കുന്നത് 'ഈ അക്രമികൾ പറയുകയും ചെയ്യുന്നു: നിങ്ങൾ പി

ൻപറ്റിക്കൊണ്ടിരിക്കുന്നത് ആഭിചാരം ബാധിച്ച ഒരു മനുഷ്യനെയല്ലാതെയല്ല' എന്ന ആ ശയത്തോടുകൂടിയാണ്. ത്രികാലജ്ഞാനിയായ അല്ലാഹുവിനെ അദ്ദിക്റിൽ നിന്ന് മനസ്സിലാക്കാതെ അക്രമികളും ഭ്രാന്തന്മാരുമായിത്തീർന്ന, 3: 7 ൽ വിവരിച്ച അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് അദ്ദിക്ർ കൊണ്ട് ഉണർത്തപ്പെടുമ്പോൾ 'നീ പുത്തൻവാദിയാണ്, പൂർവികരുടെ മാർഗത്തിൽ നിന്ന് പിഴച്ചവനാണ്' എന്ന് തുടങ്ങി പലവിധ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് അതിനെ അവഗണിച്ചുകൊണ്ടിരിക്കുന്നത്. 4: 81–82; 10: 61; 15: 6, 9, 12 വിശദീകരണം നോക്കുക.

48. നോക്കുക, ഏതൊക്കെ രൂപത്തിലാണ് അവർ നിനക്ക് ഉപമ ചമക്കുന്നത്, അപ്പോൾ അവർ പിഴച്ചുപോയിരിക്കുന്നു, അപ്പോൾ അവർക്ക് നേരായ വഴി പ്രാപിക്കാൻ സാധിക്കുന്നില്ല.

ഈ സൂക്തം 25: 9 ലും ആവർത്തിച്ചിട്ടുണ്ട്. മക്കാമുശ്രിക്കുകൾ എന്നല്ല, എക്കാലത്തുമുള്ള കാഫിറുകൾ അവരിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകന്മാരെ ആഭിചാരകൻ, ആഭിചാരം പിടിപെട്ടവൻ, ജിന്നുബാധിച്ചവൻ, ഒറ്റപ്പെട്ടവൻ, ഭ്രാന്തൻ, മാരണക്കാരൻ എന്നെല്ലാം പറഞ്ഞാണ് അവർ കൊണ്ടുവന്ന സന്ദേശമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞിരുന്നത്. 25: 58 ൽ പറഞ്ഞ ത്രികാലജ്ഞാനിയിൽ നിന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെടുത്തപ്പെട്ട, 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യ ഗ്രന്ഥമായ അദ്ദിക്ർ ജനങ്ങളോട് പറയുകയും മൊത്തം മനുഷ്യരിലേക്ക് എത്തിക്കുകയും ചെയ്യുന്ന ആയിരത്തിൽ ഒന്നായ വിശ്വാസിയോടും ഇതേ സമീപനം തന്നെയാണ് ഇന്നും 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾക്കുള്ളത്. കാഫിറുകൾ പ്രവാചകനെക്കുറിച്ച് ആരോപിച്ചിരുന്ന ആരോപണങ്ങൾ 25: 7–8 സൂക്തങ്ങളിൽ ഇങ്ങനെ കാണാം. അവർ പറയുകയും ചെയ്യുന്നു: എന്തുപറ്റി ഈ പ്രവാചകന്? ഭക്ഷണം കഴിക്കുന്നു! അങ്ങാടിയിൽ പോകുന്നു! അവനോടൊപ്പം മുന്നറിയിപ്പ് നൽകാൻ എന്തുകൊണ്ട് ഒരു മലക്കിനെ ഇറക്കിയില്ല? അല്ലെങ്കിൽ എന്തുകൊണ്ട് അവന് ഒരു ഖജനാവ് ഇട്ടുകൊടുത്തില്ല? എന്തുകൊണ്ട് അവന് ഭക്ഷിക്കാൻ ഒരു തോട്ടം ഉണ്ടായില്ല? ഈ അക്രമികൾ പറയുകയും ചെയ്യുന്നു: നിങ്ങൾ പിൻപറ്റുന്നത് ആഭിചാരം ബാധിച്ച ഒരു പുരുഷനെയല്ലാതെയല്ല. 25: 33–34; 38: 8; 51: 52–53 വിശദീകരണം നോക്കുക.

49. അവർ ചോദിക്കുകയും ചെയ്യുന്നു: ഞങ്ങൾ കേവലം എല്ലുകളും പുറ്റുമായിത്തീർന്നാൽ പിന്നെ ഞങ്ങൾ പുതിയ സൃഷ്ടികളായി പുനർജീവിപ്പിക്കപ്പെടുമെന്നോ?

50. നീ പറയുക: നിങ്ങൾ കല്ലുകളോ അല്ലെങ്കിൽ ഇരുമ്പോ ആയിക്കൊള്ളുക!

51. അല്ലെങ്കിൽ നിങ്ങളുടെ നെഞ്ചുകൾക്കുള്ളിൽ എന്താണോ സൃഷ്ടിക്കപ്പെടാൻ ഏറെ പ്രയാസകരമായി തോന്നുന്നത്, അതായിക്കൊള്ളുക; അപ്പോൾ അവർ ചോദിക്കുകതന്നെ ചെയ്യും: ആരാണ് ഞങ്ങളെ വീണ്ടും മടക്കിക്കൊണ്ടുവരിക? നീ പറയുക: ഏതൊരുവനാണോ നിങ്ങളെ ആദ്യവട്ടം വിരിപ്പിച്ചുണ്ടാക്കിയത് അവൻ തന്നെ; അപ്പോൾ അവർ പരിഹാസപൂർവ്വം നിന്റെ നേരെ തലയാട്ടിക്കൊണ്ട് ചോദിക്കും: എപ്പോഴാണത് ഉണ്ടാവുക? നീ പറയുക: അത് അടുത്തുതന്നെ സംഭവിച്ചേക്കാം.

എക്കാലത്തുമുള്ള കാഫിറുകളുടെ സ്വഭാവമാണ് ഈ സൂക്തത്തിൽ വരച്ചുകാണിച്ചിട്ടുള്ളത്. അത്ഭുതമോ പരിഹാസമോ പ്രകടിപ്പിക്കുമ്പോൾ ചെയ്യുന്നത് പോലെ മേലോ

ട്ടും താഴോട്ടും തലയാട്ടിക്കൊണ്ടാണ് അവർ ചോദിക്കുന്നത്. ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്നത് കാരണം അവരുടെ ജിന്നുകൂട്ടുകാരൻ അവരെ പിടിമുറുക്കിയിരിക്കുകയാണ്. ജീവിതലക്ഷ്യം മനസ്സിലാക്കാത്ത അവർ ജീവിതമെന്നാൽ ഇഹലോകം മാത്രമാണ്; ഇവിടെ നാം ജനിക്കുന്നു, മരിക്കുന്നു എന്നല്ലാതെ പുനർസൃഷ്ടിക്കപ്പെടുമെന്നോ ഇവിടുത്തെ ജീവിതത്തെക്കുറിച്ച് ഒരുനാളിൽ ഒറ്റയ്ക്കൊറ്റയ്ക്കായി ഉടമയുടെ മുമ്പിൽ ഉത്തരം പറയേണ്ടിവരുമെന്നോ വിശ്വസിക്കുന്നില്ല, അഥവാ അങ്ങനെ വിശ്വസിക്കുന്നതായി അവരുടെ പ്രായോഗികജീവിതം തെളിയിക്കുന്നില്ല.

ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത് പ്രവാചകന്റെ ജനത മാത്രമാണ്. എന്നാൽ അവരിലെ ഫുജ്ജാറുകൾ നാഥന്റെ ഗ്രന്ഥത്തെ മൂടിവെച്ചുകൊണ്ട് കപടവിശ്വാസികൾ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങളാണ് പഠിക്കുന്നതും പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും. 11: 17–19 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പരലോകം കൊണ്ട് വിശ്വസിക്കാത്ത, ഐഹികലോകത്തിന് പ്രാധാന്യം കൊടുക്കുന്ന ഇത്തരം കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ ജനതയെ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടാണ് 7: 176 ൽ ഉപമിച്ചിട്ടുള്ളത്. 2: 18; 7: 202; 10: 53; 11: 8 വിശദീകരണം നോക്കുക.

52. നിങ്ങളെ വിളിക്കുന്ന നാളിൽ, അപ്പോൾ അവനെ സ്തുതിച്ചുകൊണ്ട് നിങ്ങൾ അവന് മറുപടി നൽകുന്നതാണ്, നിങ്ങൾ അൽപമല്ലാതെ ഈ അവസ്ഥയിൽ കഴിഞ്ഞിട്ടില്ല എന്ന് നിങ്ങൾക്ക് തോന്നുകയും ചെയ്യും.

ഭൂമിയിൽ ജീവിച്ചിരുന്ന കാലഘട്ടം ഏതാനും മണിക്കൂറുകളായി മാത്രമേ കാഫിറുകൾക്ക് തോന്നുകയുള്ളൂ. 23: 112 ൽ, ഭൂമിയിൽ നിങ്ങൾ താമസിച്ച വർഷങ്ങളുടെ എണ്ണമെത്ര എന്ന് അല്ലാഹു ചോദിക്കുമെന്നും; 23: 113 ൽ, ഞങ്ങൾ ഒരു ദിവസമോ ഒരു ദിവസത്തിന്റെ അൽപഭാഗമോ ജീവിച്ചിട്ടുണ്ടാവും, നീ എണ്ണം അറിയുന്നവരോട് ചോദിച്ച് നോക്കുക എന്ന് അവർ മറുപടി പറയുമെന്നും; 23: 114 ൽ, നിങ്ങൾ അൽപകാലമല്ലാതെ ജീവിച്ചിട്ടില്ല, അല്ലേ? നിങ്ങൾ ത്രികാലജ്ഞാനമായ അദ്ദിക്ർ അറിയുന്നവരായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് അല്ലാഹു പറയുമെന്നും പറഞ്ഞിട്ടുണ്ട്. 89: 23–24 സൂക്തങ്ങളിൽ, നരകക്കുണ്ഠം കൊണ്ടുവരപ്പെടുന്ന ദിനം മനുഷ്യന് ബോധ്യം വരും, അവൻ *ദിക്റാ* (അദ്ദിക്ർ) ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനേ എന്ന്; ഓ കഷ്ടം, ഞാൻ എന്റെ പരലോക ജീവിതത്തിനുവേണ്ടി ഒരുക്കിവെച്ചിരുന്നുവെങ്കിൽ എന്ന് അവൻ വിലപിക്കുമെന്നും പറഞ്ഞിട്ടുണ്ട്. 79: 46 ൽ, ഞങ്ങൾ രാത്രിയിൽ നിന്നുള്ള ഒരു *ഇശാഅ്* സമയമോ അല്ലെങ്കിൽ പകലിൽ നിന്നുള്ള ഒരു *ളുഹാ* സമയമോ അല്ലാതെ ജീവിച്ചിട്ടില്ല എന്ന് വിധിദിവസം കാണുമ്പോൾ കാഫിറുകൾ പറയുമെന്ന് പറഞ്ഞിട്ടുണ്ട്.

എന്നാൽ വിശ്വാസികൾക്ക് അവരുടെ മരണം മുതൽ അന്ത്യദിനം വരെയുള്ള *ബർസഖിലെ* ജീവിതം ഏതാനും മണിക്കൂറുകളായി മാത്രമേ തോന്നുകയുള്ളൂ. അവർ അൽപ സമയം ഉറങ്ങി പെട്ടെന്ന് വിളിച്ചെഴുന്നേൽപിക്കപ്പെട്ടുവെന്നാണ് കരുതുക. അവർ ത്രികാലജ്ഞാനമായ അദ്ദിക്ർ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇവിടെവെച്ചുതന്നെ *ബർസഖിലെ* ജീവിതത്തിനുവേണ്ടി സ്വർഗത്തിൽ നിന്നുള്ള ഒരു പൂന്തോപ്പ് പണിതവരാണ്. ഗ്രന്ഥം കിട്ടിയിട്ട് അങ്ങനെ ചെയ്യാത്തവരെല്ലാം തന്നെ 15: 44; 60: 13 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകത്തിന്റെ ഏഴ് ചെരുവുകളിൽ നിന്നുള്ള ശിക്ഷയിൽ നിന്ന് രുചിച്ച് പുനർജീവിപ്പിക്കപ്പെടുന്നതുവരെ ശവക്കുഴിയിൽ കഴിയേണ്ടവരാണ്. 50: 41–42 സൂക്തങ്ങളിൽ അല്ലാഹു പറയുന്നു: 'അന്നേദിനം അടുത്ത സ്ഥലത്തുനിന്ന് വിളിക്കുന്ന ഒരു വിളിയാളന്റെ

വിളി കേൾക്കുകയും ചെയ്യുക, അന്നാണ് ആ ഘോരഗർജ്ജനം കേൾക്കുന്ന യഥാർത്ഥ ദിനം, അതാണ് ശവക്കുഴിയിൽ നിന്ന് ഉടമയുടെ മുമ്പിലേക്ക് പുറപ്പെടാനുള്ള ദിനം!'

നിങ്ങൾ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് എഴുന്നേൽക്കുമെന്ന് സൂക്തത്തിൽ പറഞ്ഞതിൽ നിന്ന് വിശ്വാസിയും കാഫിറും അല്ലാഹുവിനെ സ്തുതിക്കുമെന്നാണ് വിവക്ഷ. വിശ്വാസി സ്തുതിക്കാൻ കാരണം ത്രികാലജ്ഞാനമായ അദ്ദിക്റിൽ നിന്ന് അവൻ മനസ്സിലാക്കിയ രംഗങ്ങളാണ് പരലോകത്ത് കാണുന്നത് എന്നതുകൊണ്ടും അവന് അവിടെ യാതൊരു ദുഃഖത്തിനോ ഭയത്തിനോ ഇടവരികയില്ല എന്ന സന്തോഷം കൊണ്ടുമാണ്. കാഫിറിന്റെ ആത്മാവിനെയും അദ്ദിക്ർ പഠിപ്പിച്ചിട്ടുള്ളതിനാൽ അവനും അല്ലാഹുവിനെ സ്തുതിക്കുന്നതാണ്. എന്നാൽ അത് വഴിപ്പെട്ടുകൊണ്ടല്ല, നിർബന്ധിതമായിക്കൊണ്ടാണ് എന്ന് മാത്രം. മാത്രമല്ല, അവരുടെ ശവക്കുഴി നരകത്തിൽ നിന്നുള്ള ഒരു തീക്കുഴിയായതിനാൽ അതിൽ നിന്ന് തൽക്കാലം രക്ഷ കിട്ടിയതുകൊണ്ടുകൂടിയാണ് അല്ലാഹുവിനെ സ്തുതിക്കുന്നത്. 40: 11 ൽ, ഞങ്ങളുടെ നാഥാ, നീ ഞങ്ങളെ രണ്ടുപ്രാവശ്യം മരിപ്പിച്ചു, നീ ഞങ്ങളെ രണ്ടു പ്രാവശ്യം ജനിപ്പിക്കുകയും ചെയ്തു, ഇപ്പോൾ ഞങ്ങൾ ഞങ്ങളുടെ പാപങ്ങളെല്ലാം തിരിച്ചറിഞ്ഞു, അതുകൊണ്ട് ഇനി ഇവിടെനിന്ന് പുറത്തുപോകാൻ വല്ല മാർഗവുമുണ്ടോ എന്ന് നരകത്തിന്റെ വക്കിൽ വെച്ച് കാഫിറുകൾ പറയുന്നതാണെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

നീ ഈ ദിനത്തെത്തൊട്ട് വിവേകശൂന്യനായിരുന്നു, അപ്പോൾ ഇന്ന് നിന്റെ കണ്ണിൻ മേലുള്ള മൂടി നാം ദൂരീകരിച്ചിരിക്കുകയാണ്, അതുകൊണ്ട് ഇന്നേദിനം നീ എല്ലാം തീക്ഷ്ണമായി കാണുകതന്നെ ചെയ്യുമെന്ന് 50: 22 ലും; അല്ല, നിങ്ങൾ അറിയുകതന്നെ ചെയ്യും, അല്ല; പിന്നെ നിങ്ങൾ അറിയുകതന്നെ ചെയ്യും, അല്ല; നിങ്ങൾക്ക് ഉറപ്പുള്ള അറിവ് ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ! നിങ്ങൾ ജ്വലിക്കുന്ന നരകം കാണുകതന്നെ ചെയ്യും, പിന്നെ നിങ്ങൾ കണ്ണിന് ഉറപ്പാകുന്നതുവരെ അത് കാണുകതന്നെചെയ്യും, പിന്നെ അന്നേദിനം എല്ലാ അനുഗ്രഹങ്ങളെത്തൊട്ടും നിങ്ങൾ ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യും എന്ന് 102: 3-8 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 286; 14: 43; 16: 28-32; 25: 27-30 വിശദീകരണം നോക്കുക.

53. ഏറ്റവും നല്ലതായതെന്തോ അത് സംസാരിച്ചുകൊണ്ടിരിക്കുന്ന എന്റെ അടിമകളോട് നീ പറയുകയും ചെയ്യുക: നിശ്ചയം പിശാച് അവർക്കിടയിൽ കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്; നിശ്ചയം, പിശാച് മനുഷ്യന് വ്യക്തമായ ശത്രു തന്നെയായിരിക്കുന്നു.

ഏറ്റവും നല്ലതായ അദ്ദിക്ർ പറയുകയും കേൾക്കുകയും എത്തിച്ചുകൊടുക്കുകയും ചെയ്യുമ്പോൾ പിശാച് അതിൽ ഇടപെടുമെന്നാണ് സൂക്തം താക്കീത് ചെയ്യുന്നത്. അല്ലാഹു ഉദ്ദേശിച്ച ആശയത്തിൽ അവനെമാത്രം ബോധിപ്പിച്ചുകൊണ്ട് നിഷ്കളങ്കതയോടുകൂടിയായിരിക്കണം അദ്ദിക്ർ പറയേണ്ടതും എത്തിച്ചുകൊടുക്കേണ്ടതുമെല്ലാം. എന്നെ അദ്ദിക്ർ കൊണ്ട് സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നാക്കേണമേ എന്നും, ഇനിയും അദ്ദിക്റിന്റെ വഴിയിലുള്ള സൽകർമ്മങ്ങൾ കൂടുതൽ ചെയ്യാൻ എനിക്ക് അവസരവും ആരോഗ്യവും അനുഗ്രഹങ്ങളും നൽകേണമേ എന്നും എപ്പോഴും ആത്മാവുകൊണ്ട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും വേണം. അതാണ് അല്ലാഹുവിന്റെ മാർഗത്തിൽ ദീർഘായുസ്സിന് വേണ്ടി പ്രാർത്ഥിക്കാൻ പഠിപ്പിച്ചതിന്റെ വിവക്ഷ. അല്ലാത്തപക്ഷം ഞാൻ ഇത്രയെല്ലാം ചെയ്യുന്നുവല്ലോ എന്ന് പിശാച് തോന്നിപ്പിക്കുകയും അവനെ യഥാർത്ഥ പാതയിൽ നി

ന്ന് പിഴപ്പിക്കുകയും ചെയ്യുന്നതാണ്. 7: 201–202, 206; 8: 21–22; 10: 108; 12: 5 വിശദീകരണം നോക്കുക.

54. നിങ്ങളുടെ നാഥൻ തന്നെയാണ് നിങ്ങളെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്നവൻ, അവൻ ഉദ്ദേശിക്കുകയാണെങ്കിൽ നിങ്ങളെ അനുഗ്രഹിക്കുകയും അല്ലെങ്കിൽ അവൻ ഉദ്ദേശിക്കുകയാണെങ്കിൽ നിങ്ങളെ ശിക്ഷിക്കുകയും ചെയ്യും, നാം നിന്നെ അവരുടെ മേൽ കൈകാര്യകർത്താവായി അയച്ചിട്ടുമില്ല.

സ്രഷ്ടാവിന് തന്നെയാണ് സൃഷ്ടികളെക്കുറിച്ച് ഏറ്റവും നന്നായി അറിയുക. നിഷ്പക്ഷവാനായ അവൻ സ്വർഗ്ഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളും വിവരിക്കുന്ന അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ചുതന്നെ എല്ലാഓരോ ആത്മാവിനെയും പഠിപ്പിച്ചിട്ടുണ്ട്. ത്രികാലജ്ഞാനിയിൽ നിന്നുള്ള 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റിൽ നിന്ന് ഇക്കാര്യങ്ങളെല്ലാം മനസ്സിലാക്കിക്കൊണ്ട് ആരാണോ അത് ഉപയോഗപ്പെടുത്തി സന്മാർഗ്ഗത്തിലായത്, അവർ അനുഗ്രഹിക്കപ്പെടുന്നതാണ്. എന്നാൽ ആരാണോ അതിനെത്തൊട്ട് വ്യതിചലിച്ചുപോയത്, ആ ആത്മാവ് ശിക്ഷിക്കപ്പെടുന്നതുമാണ്. പ്രവാചകനോ വിശ്വാസികളോ മഹാത്മാക്കളോ അല്ലാഹുവിന്റെ മറ്റേതെങ്കിലും സൃഷ്ടികളോ ആരും തന്നെ ആരെയും സന്മാർഗ്ഗത്തിലേക്കോ ദുർമാർഗ്ഗത്തിലേക്കോ ആക്കാൻ അധികാരമുള്ളവരല്ല. 2: 119; 6: 66; 11: 47; 17: 25, 30 വിശദീകരണം നോക്കുക.

55. ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെക്കുറിച്ചെല്ലാം നിന്റെ നാഥൻ തന്നെയാണ് ഏറ്റവും അറിയുന്നവൻ, നിശ്ചയം നാം നബിമാരിൽ ചിലരെ ചിലരുടെ മേൽ ശ്രേഷ്ഠരാക്കിയിട്ടുണ്ട്, ദാവൂദിന് നാം സബൂർ നൽകുകയും ചെയ്തു.

സ്വർഗത്തിൽ നിന്നുള്ള ഏകഗ്രന്ഥമായ *അൽകിതാബിന്റെ* ഭാഗം തന്നെയാണ് *സബൂർ*. സബൂറിന്റെ ബഹുവചനമാണ് '*സുബുർ*'(ഏടുകൾ). 26: 196 ൽ നിശ്ചയം ഇത് (അദ്ദിക്ർ) പൂർവ്വിക ഏടുകളിലെല്ലാമുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. എക്കാലത്തുമുള്ള കാഫിറുകൾ മുഹമ്മദിനെ മാത്രമല്ല, എല്ലാ പ്രവാചകൻമാരെയും കണ്ടിരുന്നത് കവിയായിട്ടും ജിന്ന് ബാധിച്ചവനായിട്ടും ജോത്സ്യനായിട്ടുമെല്ലാമായിരുന്നു. അദ്ദിക്ർ കവിതയാണെന്ന ആരോപണം ഉന്നയിച്ചിരുന്ന അവർക്ക് മറുപടിയായിട്ടാണ് 36: 69 ൽ, നാം അവനെ കവിത പഠിപ്പിച്ചിട്ടില്ല, കവിയായിരിക്കുക എന്നത് അവന് യോജിച്ചതുമല്ല, ഇത് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തുന്ന വ്യക്തമായ ഒരു വായനയായ അദ്ദിക്ർ അല്ലാതെ മറ്റൊന്നുമല്ല എന്ന് പറഞ്ഞിട്ടുള്ളത്. ഖുർആൻ എന്നാൽ ആവർത്തിച്ച് വായിക്കപ്പെടാനുള്ളത് എന്നാണ്. എല്ലാ പ്രവാചകന്മാർക്കും നൽകപ്പെട്ട ഗ്രന്ഥം ഖുർആൻ ആയിരുന്നു എന്ന് 15: 90–91 സൂക്തങ്ങളിൽ നിന്ന് മനസ്സിലാക്കാം. ദാവൂദിന് നൽകിയ സബൂർ –സങ്കീർത്തനം– കവിതാരൂപത്തിലായിരുന്നു. അതുകൊണ്ടാണ് ഇവിടെ ദാവൂദിന് സബൂർ നൽകി എന്ന് പ്രത്യേകം എടുത്തുപറഞ്ഞത്. ഗ്രന്ഥത്തിന്റെ ആത്മാവാണ് എല്ലാ പ്രവാചകൻമാർക്കും നൽകിയതെങ്കിൽ അന്ത്യപ്രവാചകനായ മുഹമ്മദിന് മൂലഗ്രന്ഥവും കൂടി നൽകപ്പെട്ടു എന്നതാണ് മുഹമ്മദിന് മറ്റു പ്രവാചകന്മാരുടെ മേലുള്ള ശ്രേഷ്ഠത. 41: 41–43 സൂക്തങ്ങളിൽ മിഥ്യകലരാത്ത അജയ്യഗ്രന്ഥം എന്ന് വിശേഷിപ്പിക്കപ്പെട്ട എല്ലാ ഗ്രന്ഥങ്ങളുടെയും ആത്മാവായ അദ്ദിക്ർ ഗ്രന്ഥരൂപത്തിൽ ഇക്കാലത്താണ് ക്രോഡീകരിക്കപ്പെട്ടിട്ടുള്ളത്.

ദാവൂദ് ചക്രവർത്തിയായിരുന്നുവെങ്കിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ അടങ്ങിയ സബൂർ അനുസരിച്ച് മാതൃകാജീവിതം നയിക്കുകയും പ്രജകൾക്കിടയിൽ അതനുസ

രിച്ച് വിധികൽപിക്കുകയും ചെയ്തിരുന്നു. ഓ പ്രവാചകാ! അവർ പറയുന്നതിൽ നീ ക്ഷമിച്ചുകൊള്ളുക, അധികാരസ്ഥനായ നമ്മുടെ അടിമ ദാവൂദിനെ നീ അനുസ്മരിപ്പിക്കുകയും ചെയ്യുക, നിശ്ചയം അവൻ നമ്മിലേക്ക് ആവർത്തിച്ചാവർത്തിച്ച് തിരിയുന്നവൻ തന്നെയായിരുന്നു. നിശ്ചയം നാം പർവ്വതങ്ങളെ അവനോടൊപ്പം വിധേയമാക്കിക്കൊടുത്തു, അവ സൂര്യാസ്തമയ സമയങ്ങളിലും സൂര്യോദയ സമയങ്ങളിലും അവനോടൊപ്പം അല്ലാഹുവിനെ കീർത്തനം ചെയ്തിരുന്നു, പക്ഷികളും അവിടെ ഒരുമിച്ചുകൂടിയിരുന്നു, എല്ലാഒന്നും തന്നെ അവനിലേക്ക് ആവർത്തിച്ചാവർത്തിച്ച് തിരിയുന്നവതന്നെയായിരുന്നു. അവന്റെ രാജാധിപത്യം നാം ശക്തിപ്പെടുത്തിക്കൊടുക്കുകയും അവന് നാം തത്വജ്ഞാനം നൽകുകയും തീർപ്പ് കൽപിക്കാനുള്ള സംസാരവൈഭവം നൽകുകയും ചെയ്തു എന്ന് 38: 17–20 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 34: 10 ൽ, നിശ്ചയം ദാവൂദിന് നാം നമ്മിൽ നിന്നുള്ള അനുഗ്രഹം ഔദാര്യമായി നൽകിയിട്ടുണ്ട്, ദാവൂദിനോടൊപ്പം ആവർത്തിച്ചാവർത്തിച്ച് എന്നിലേക്ക് തിരിയുവീൻ എന്ന് പർവ്വതങ്ങൾക്കും പക്ഷികൾക്കും നാം കൽപന കൊടുത്തു, ഇരുമ്പിനെ നാം അവന് പതം വരുത്തിക്കൊടുക്കുകയും ചെയ്തു എന്ന് പറഞ്ഞിട്ടുണ്ട്. അതായത് പർവ്വതങ്ങളും പക്ഷികളും ദാവൂദിനോടൊപ്പം അവന്റെ സങ്കീർത്തനങ്ങൾ പ്രതിഫലിപ്പിച്ചിരുന്നു. ലോകത്ത് ആർക്കും നൽകപ്പെടാത്ത രാജാധിപത്യം നൽകപ്പെട്ടിരുന്നുവെങ്കിലും ദാവൂദിന്റെ മകൻ സുലൈമാനും നന്ദി പ്രകടിപ്പിക്കുന്ന അടിമയായിരുന്നു. 2: 253, 286; 17: 47–48; 22: 70 വിശദീകരണം നോക്കുക.

56. നീ പറയുക: അവനെക്കൂടാതെ അവന്റെ പങ്കാളികളെന്ന് നിങ്ങൾ ഉറപ്പിച്ചുവെച്ചിരിക്കുന്നവരെ നിങ്ങൾ വിളിച്ചുപ്രാർത്ഥിക്കുവിൻ, അപ്പോൾ അവർക്ക് നിങ്ങളെത്തൊട്ട് ദുരിതങ്ങൾ ദൂരീകരിക്കാൻ സാധിക്കുകയില്ലതന്നെ, മാറ്റിവെക്കാനും സാധിക്കുകയില്ല.

6: 94; 7: 192–200; 10: 18, 104–106 വിശദീകരണം നോക്കുക.

57. അവർ വിളിച്ചുപ്രാർത്ഥിക്കുന്നവരായ അക്കൂട്ടർ തങ്ങളുടെ നാഥനിലേക്ക് അവരിൽ ആരാണ് ഏറ്റവും അടുത്തവരാവുക എന്ന് സാമീപ്യം തേടുന്നവരാകുന്നു, അവർ അവന്റെ കാരുണ്യം പ്രതീക്ഷിക്കുന്നവരും അവന്റെ ശിക്ഷയെ ഭയപ്പെടുന്നവരുമാകുന്നു, നിശ്ചയം നിന്റെ നാഥന്റെ ശിക്ഷ ഭയപ്പെടേണ്ടത് തന്നെയുമാകുന്നു.

ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് അല്ലാഹുവിനെക്കൂടാതെ അവന്റെ പങ്കാളികളെന്ന് ജൽപിച്ച് അവന്റെ സൃഷ്ടികളെ വിളിച്ച് പ്രാർത്ഥിക്കുന്നതും അവർക്ക് നേർച്ച-വഴിപാടുകൾ അർപ്പിക്കുന്നതുമെല്ലാം. ആ മഹാത്മാക്കളുടെത്തന്നെ അവസ്ഥയാണ് ഈ സൂക്തത്തിലൂടെ വിവരിക്കുന്നത്. അവർ രാജാധിരാജനായ അല്ലാഹുവിനോട് ഏറ്റവും അടുത്തവരാകണമെന്ന് ആഗ്രഹിക്കുന്നവരും അവന്റെ കാരുണ്യം പ്രതീക്ഷിക്കുന്നവരും അവന്റെ ശിക്ഷ ഭയപ്പെടുന്നവരുമാണ്. എന്നാൽ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചു കൊടുത്തുകൊണ്ട് പ്രപഞ്ചത്തിലെ സൃഷ്ടികൾക്ക് അല്ലാഹുവിനെ വാഴ്ത്താൻ അവസരമൊരുക്കിക്കൊടുത്തുകൊണ്ട് അല്ലാഹുവിനെ സഹായിച്ചുകൊണ്ടിരിക്കുന്ന വിശ്വാസികളെ ശുപാർശ ചെയ്യാനും ചെയ്യിപ്പിക്കാനും അധികാരമുള്ള അദ്ദിക്ർ സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കുന്നതാണ് എന്ന് 2: 255–256 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ 9: 67–68; 33: 1, 48, 72–73; 48: 6; 98: 6 എന്നീ സൂക്തങ്ങളിൽ പറഞ്ഞ

കപടവിശ്വാസികളായ കാഫിറുകളും അവരുടെ അനുയായികളായ കാഫിറുകളും നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ മൂടിവെച്ചതിനാലും തള്ളിപ്പറഞ്ഞതിനാലും അദ്ദിക്ർ അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. 3: 79–80; 5: 35–36; 25: 34 വിശദീകരണം നോക്കുക.

58. നിശ്ചയം, അന്ത്യനാളിനുമുമ്പ് നാം നശിപ്പിക്കുകയോ അല്ലെങ്കിൽ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാത്തതായിട്ട് നാടുകളിൽ നിന്നുള്ള ഒന്നും തന്നെ ഇല്ല, അത് ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യം തന്നെയാകുന്നു.

സൂക്തത്തിൽ ഉപയോഗിച്ച *മസ്ത്വൂറാ* എന്ന പദത്തിന് അർത്ഥം വരതെറ്റാതെ രേഖപ്പെടുത്തിയിട്ടുള്ള കാര്യം എന്നാണ്. 52: 2 ൽ, വരതെറ്റാത്ത ഗ്രന്ഥവുമാണ് സത്യം എന്ന് ഗ്രന്ഥത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. നശിപ്പിക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യാതെ അന്ത്യനാൾ വരെ നിലനിൽക്കുന്ന ഒരു പ്രദേശവുമുണ്ടാവുകയില്ല എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. ഓരോവ്യക്തിക്കും ഓരോ സമുദായത്തിനും ലോകത്തിന് മൊത്തവും നിർണ്ണയിക്കപ്പെട്ട ഒരു അവധിയുണ്ട്. ആ അവധി എത്തിക്കഴിഞ്ഞാൽ ഒരു നിമിഷം മുന്നിലേക്കോ പിന്നിലേക്കോ മാറ്റാൻ സാധിക്കുകയില്ല. പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളും ഇന്നത്തെ ഫുജ്ജാറുകളെപ്പോലെ അക്രമികളും തെമ്മാടികളുമായി മാറുമ്പോഴാണ് ലോകാവസാനം സംഭവിക്കുക. *സൂർ* എന്ന കാഹളത്തിൽ ആദ്യത്തെ ഊത്ത് ഊതുന്നതിനുമുമ്പ് ഹൃദയത്തിൽ അണുഅളവ് വിശ്വാസമുള്ളവരെയെല്ലാം ഒരു തണുത്ത കാറ്റടിപ്പിച്ച് മരിപ്പിച്ച ശേഷമാണ് അത് സംഭവിക്കുക എന്ന് നാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 11: 100–104; 13: 41–42; 16: 33 വിശദീകരണം നോക്കുക.

59. ദിവ്യാത്ഭുതങ്ങൾ അയക്കുന്നതിൽ നിന്ന് മറ്റൊന്നും നമ്മെ തടഞ്ഞിട്ടില്ല -പൂർവ്വികർ അതിനെ തള്ളിപ്പറഞ്ഞു എന്ന കാരണമല്ലാതെ, സമൂദ് ജനതക്ക് നാം ഉൾകാഴ്ച്ചാദായകമായ ഒട്ടകത്തെ നൽകുകയുണ്ടായി, എന്നാൽ അവർ അതിനോട് അക്രമം പ്രവർത്തിച്ചു, ജനങ്ങളെ ഭയപ്പെടുത്തുന്നതിന് വേണ്ടിയല്ലാതെ നാം ദൃഷ്ടാന്തങ്ങൾ അയക്കാറുമില്ല.

അല്ലാഹുവിന്റെ സന്ദേശം എത്തിച്ചുകൊടുക്കുമ്പോൾ എക്കാലത്തും നശിപ്പിക്കപ്പെടാനുള്ള ജനത ദിവ്യാത്ഭുതങ്ങൾ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ശിക്ഷകൊണ്ടോ ദിവ്യാത്ഭുതങ്ങൾ കൊണ്ടോ ഒന്നും ആരും വിശ്വാസികളാവുകയില്ല എന്ന് അറിയുന്ന ത്രികാലജ്ഞാനിയായ അല്ലാഹു സമൂദ് ജനതക്ക് പ്രസവിക്കപ്പെട്ടതല്ലാത്ത ഒരു ഒട്ടകത്തെ ദൃഷ്ടാന്തമായി നൽകുകയുണ്ടായി. എന്നാൽ അവർ അതിനെ അറുത്ത് ശിക്ഷ ഏറ്റുവാങ്ങുകയാണുണ്ടായത്. എന്നതുപോലെത്തന്നെ ഇന്ന് ഏറ്റവും വലിയ ദിവ്യാത്ഭുതമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന അക്രമികളും കാഫിറുകളുമായ ഫുജ്ജാറുകൾ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരാണ്. മുപ്പതാമത്തെ കള്ളവാദിയായ അവനെ ആദ്യം നബിയായും പിന്നീട് റബ്ബ് തന്നെയായും അവർ സ്വീകരിക്കുകയും അങ്ങനെ ഈസാ രണ്ടാമത് വന്നതിന് ശേഷം ഇസ്ലാം അംഗീകരിക്കുന്ന ഇതരജനവിഭാഗങ്ങളാൽ അവർ വധിക്കപ്പെടുന്നതുമാണ്. 13: 31; 14: 11; 16: 93 വിശദീകരണം നോക്കുക.

60. നിശ്ചയം നിന്റെ നാഥൻ ജനങ്ങളെ വലയം ചെയ്തിരിക്കുന്നു എന്ന് നാം നിന്നോട് പറഞ്ഞതും ഓർക്കേണ്ടതാണ്, നാം നിനക്ക് കാണിച്ചുതന്ന ദൃശ്യത്തെയും ഈ

ഗ്രന്ഥത്തിൽ പറഞ്ഞ ശപിക്കപ്പെട്ട ആ വൃക്ഷത്തെയും ജനങ്ങൾക്ക് ഒരു പരീക്ഷണമായിട്ടല്ലാതെ നാം നിശ്ചയിച്ചിട്ടില്ല, അവരെ നാം ഭയപ്പെടുത്തുകയാകുന്നു, എന്നാൽ അവരുടെ ധിക്കാരം മേൽക്കുമേൽ വർദ്ധിക്കുകയല്ലാതെ ചെയ്യുന്നില്ല.

'വലയം ചെയ്തവൻ' എന്ന് പറഞ്ഞാൽ മനുഷ്യരടക്കം ആകാശങ്ങളിലും ഭൂമിയിലുമുള്ള സർവ്വ ചരാചരങ്ങളുടെയും ഭൂതം, വർത്തമാനം, ഭാവി തുടങ്ങിയവയെല്ലാം വ്യക്തമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയ ത്രികാലജ്ഞാനി എന്നാണ്. എന്നാൽ ഇത് കേൾക്കുമ്പോൾ കാഫിറുകൾ പറയുക ഞങ്ങൾ ധിക്കാരികളായിത്തീർന്നിരിക്കുന്നത് അല്ലാഹു ഉദ്ദേശിച്ചതുകൊണ്ടുതന്നെയാണ്, അതുകൊണ്ട് നീ ഞങ്ങളെ ഉപദേശിക്കാനോ ശാസിക്കാനോ വരേണ്ടതില്ല എന്നായിരിക്കും. അതുവഴി അവർ നിഷേധത്തിലും ധിക്കാരത്തിലും കൂടുതൽ ആഴ്ന്നുപോവുകയാണ് ചെയ്യുന്നത്.

അവർ സത്യസന്ധനും വിശ്വസ്തനുമായി അംഗീകരിച്ചിരുന്ന പ്രവാചകനെ ശരീരത്തോടുകൂടി ആകാശാരോഹണം നടത്തിപ്പിച്ച് അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ കാണിച്ചു കൊടുക്കുകയുണ്ടായി. ഇതാണ് പ്രവാചകന് കാണിച്ചുകൊടുത്ത ദൃശ്യം കൊണ്ടുദ്ദേശിക്കുന്നത്. അവർക്ക് യഥാർത്ഥ വസ്തുതകൾ വെളിപ്പെടുത്തിക്കൊടുക്കുന്നതിനും അതുവഴി അവർ ബോധവാൻമാരായി നേർമാർഗം പ്രാപിക്കുന്നതിനും വേണ്ടിയായിരുന്നു അത്. എന്നാൽ ജീവിതലക്ഷ്യം മനസ്സിലാക്കാതെ ഭൗതികജീവിതത്തിന്റെ വഞ്ചനയിൽ അകപ്പെട്ട അവർ പ്രവാചകനെ പരിഹസിക്കുകയും ആകാശാരോഹണത്തെത്തന്നെ തള്ളിപ്പറയുകയുമാണ് ചെയ്തത്. നിങ്ങൾ നരകത്തിലെ '*സഖ്ഖൂം*' വൃക്ഷത്തിൽ നിന്ന് ഭക്ഷിക്കേണ്ടിവരുമെന്ന് വ്യക്തമായി മുന്നറിയിപ്പ് നൽകുമ്പോൾ തീകുണ്ഠമായ നരകത്തിൽ മരം മുളക്കുമെന്നോ? ഇതെന്തൊരു അത്ഭുതം! തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എക്കാലത്തേയും കാഫിറുകൾ താക്കീതുകാരനെയും അദ്ദിക്റിനെയും അതുവഴി അല്ലാഹുവിനെത്തന്നെയും പരിഹസിക്കുന്നതാണ്. സൂക്തത്തിൽ പറഞ്ഞ ശപിക്കപ്പെട്ട വൃക്ഷം കൊണ്ടുദ്ദേശിക്കുന്നത് 37: 62 ലും 44: 43 ലും പറഞ്ഞ *സഖ്ഖൂം* വൃക്ഷമാണ്. 37: 63-70 സൂക്തങ്ങളിൽ, നിശ്ചയം ആ വൃക്ഷത്തെ നാം അക്രമികൾക്ക് ഒരു പരീക്ഷണോപാധിയാക്കിയിരിക്കുന്നു; നിശ്ചയം അത് ജ്വലിക്കുന്ന നരകത്തിന്റെ അടിത്തട്ടിൽ നിന്ന് പുറപ്പെടുന്ന ഒരു വൃക്ഷമാകുന്നു, പിശാചിന്റെ തലകൾ പോലെ അത് കുലച്ച് നിൽക്കുന്നതാണ്, നിശ്ചയം അവർ അതിൽ നിന്ന് തിന്നുകയും അതുകൊണ്ട് വയർ നിറക്കുകയും ചെയ്യും, പിന്നെ അവർ അതിനുമേൽ ചുട്ടുതിളക്കുന്ന വെള്ളം കുടിപ്പിക്കപ്പെടുന്നതും പിന്നെ അവർ നരകത്തിലേക്കുതന്നെ മടക്കപ്പെടുന്നതുമാണ്; നിശ്ചയം അവർ പൂർവ്വപിതാക്കളായിട്ടുതന്നെ- ആയിരം തലമുറകളായിട്ട്- വഴിപിഴച്ചവരായിരുന്നു, ഇവരാകട്ടെ അവരുടെ പൈതൃകങ്ങൾ ഉന്മത്തരായി പിന്തുടരുന്നവരുമായിരുന്നു എന്നും പറഞ്ഞിട്ടുണ്ട്. 11: 7; 13: 32; 16: 89; 17: 1 വിശദീകരണം നോക്കുക.

61. നാം മലക്കുകളോട്: നിങ്ങളെല്ലാം ആദമിന് സാഷ്ടാംഗപ്രണാമം ചെയ്യുക എന്ന് പറഞ്ഞ സന്ദർഭവും ഓർക്കേണ്ടതാണ്, അപ്പോൾ അവരെല്ലാം സാഷ്ടാംഗപ്രണാമം ചെയ്തു -ഇബ്ലീസ് ഒഴികെ, അവൻ ചോദിച്ചു: നീ കളിമണ്ണുകൊണ്ട് സൃഷ്ടിച്ച ഒരുവന് ഞാൻ സാഷ്ടാംഗപ്രണാമം ചെയ്യുകയോ?

62. അവൻ പറഞ്ഞു: നീ എന്നെക്കാൾ ശ്രേഷ്ഠനാക്കിയ ഇവൻ അതിന് അർഹനാണോ എന്ന് അന്ത്യനാൾവരെ എനിക്ക് അവസരം നൽകുകയാണെങ്കിൽ ഞാൻ നിനക്ക് കാണിച്ചുതരാം -ഞാൻ അവന്റെ സന്താനങ്ങളിൽ നിന്ന് കുറച്ച്

പേരെയൊഴിച്ച് ആ പദവിയിൽ നിന്ന് പിഴുതെറിയുകതന്നെ ചെയ്യും.

7: 11–18; 11: 118–119; 15: 30–40 വിശദീകരണം നോക്കുക.

63. അവൻ പറഞ്ഞു: നീ പോവുക, അപ്പോൾ അവരിൽ നിന്ന് ആരാണോ നിന്നെ പിൻപറ്റുന്നത്, അപ്പോൾ നിശ്ചയം നിങ്ങൾക്ക് നരകകുണ്ഠം തന്നെയാണ് തികഞ്ഞ പ്രതിഫലമായിട്ടുള്ളത്.

38: 82–83 സൂക്തങ്ങളിൽ, അപ്പോൾ നിന്റെ പ്രതാപമാണ് സത്യം, അവരിൽ നിന്റെ പ്രതിനിധികളായി ജീവിക്കുന്ന അടിമകളെയൊഴികെ മുഴുവൻ ആളുകളെയും ഞാൻ ലക്ഷ്യബോധം നഷ്ടപ്പെടുത്തി ദുർമാർഗത്തിൽ അകപ്പെടുത്തുകതന്നെ ചെയ്യുമെന്ന് പിശാച് പറഞ്ഞപ്പോൾ 38: 84–85 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം, അപ്പോൾ ഞാൻ പറഞ്ഞത് മാത്രമാണ് സത്യം, നിന്നെക്കൊണ്ടും അവരിൽ നിന്ന് നിന്നെ പിൻപറ്റിയവരെക്കൊണ്ട് മുഴുവനും ഞാൻ നരകക്കുണ്ഠം കുത്തിനിറക്കുകതന്നെ ചെയ്യും എന്ന് അല്ലാഹു മറുപടി പറഞ്ഞു. അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത ഒരാൾക്കും സ്വർഗത്തിൽ പ്രവേശിക്കാൻ സാധ്യമല്ല എന്ന് സാരം. 7: 179; 10: 100; 43: 36–39 വിശദീകരണം നോക്കുക.

64. നിന്റെ ശബ്ദം കൊണ്ട് അവരിൽ നിന്ന് കഴിയുന്നവരെയൊക്കെ നീ വ്യതിചലിപ്പിച്ചുകൊള്ളുക, നിന്റെ കുതിരപ്പടയെയും നിന്റെ കാലാൾ പടയെയും നീ അവരുടെനേരെ നയിക്കുകയും ചെയ്യുക, അവരുടെ സമ്പത്തിലും സന്താനങ്ങളിലും അവരോടൊപ്പം നീ പങ്കുചേരുകയും അവർക്ക് വാഗ്ദാനങ്ങൾ നൽകുകയും ചെയ്യുക, അവരോടുള്ള പിശാചിന്റെ വാഗ്ദാനം വഞ്ചനയല്ലാതെ മറ്റൊന്നുമല്ല.

'കുതിരപ്പടയെയും കാലാൾപ്പടയെയും നയിച്ച് അവരെ പാട്ടിലാക്കുക' എന്ന് പറഞ്ഞതിന്റെ വിവക്ഷ യുദ്ധം, ആൾനാശം, കൃഷിനാശം, ക്ഷാമം, കൊള്ള, കൊല, ഊരുവിലക്ക്, ഒറ്റപ്പെടുത്തൽ, തട്ടിക്കൊണ്ടുപോകൽ, അപവാദപ്രചരണങ്ങൾ, ഭീഷണി, ഏഷണി തുടങ്ങിയവകൊണ്ട് പിശാച് അല്ലാഹുവിന്റെ മാർഗമായ അദ്ദിക്റിൽ നിന്ന് മനുഷ്യരെ ഭയപ്പെടുത്തി തടയുമെന്നാണ്. രോഗങ്ങൾ നൽകാനും അപകടങ്ങൾ വരുത്താനും മന്ത്രമാരണങ്ങൾ കൊണ്ട് അവ ശമിപ്പിക്കാനും ഉദ്ദിഷ്ടകാര്യങ്ങൾ നിറവേറ്റിക്കൊടുക്കാനുമെല്ലാം പിശാചിന് അല്ലാഹു കഴിവ് നൽകിയിട്ടുണ്ട്. സമ്പത്തുകളിൽ പിശാച് പങ്കുചേരുമെന്നുപറഞ്ഞാൽ നിഷിദ്ധമാർഗത്തിലൂടെ സമ്പാദിക്കാനും സക്കാത്ത്, ധാനധർമ്മങ്ങൾ എന്നിവ നൽകാതിരിക്കാനും പലിശയിടപാടുകൾ നടത്താനും പിശുക്ക് കാണിക്കാനും ധൂർത്തടിക്കാനുമെല്ലാം പ്രേരിപ്പിക്കുമെന്നാണ്. സന്താനങ്ങളിൽ പങ്കുചേരുമെന്ന് പറഞ്ഞാൽ തന്റെ ഇണയുമായി ലൈംഗിക ബന്ധത്തിലേർപ്പെടുമ്പോൾ മറ്റുള്ളവരെ മനസ്സിൽ കണ്ടുകൊണ്ടും, അല്ലാഹുവിന്റെ സ്മരണയോ പ്രാർത്ഥനയോ ഇല്ലാതെ ഇണചേരാൻ പ്രേരിപ്പിച്ചുകൊണ്ടുമെല്ലാം പിശാച് ഇടപെടുമെന്നാണ്. സന്താനമില്ലാത്തവർക്ക് സന്താനങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് തടയുന്ന വിധത്തിൽ സന്താനങ്ങളെ *'ത്വാഗൂത്തു'*കളാക്കി മാറ്റുന്നതിനും അവന് കഴിവ് കൊടുത്തിട്ടുണ്ട്. സാമ്പത്തികനേട്ടത്തിനും നിധികിട്ടുന്നതിനും വേണ്ടി കുട്ടികളെ ബലി നൽകുന്നതിനും പെൺസന്താനഹത്യ നടത്തുന്നതിനും ഭ്രൂണഹത്യ നടത്തുന്നതിനുമെല്ലാം അവൻ പ്രേരിപ്പിക്കുന്നു.

ചുരുക്കത്തിൽ പിശാചിന്റെ വീടായ നരകത്തിലേക്ക് മനുഷ്യരെ ലക്ഷ്യബോധം നഷ്ടപ്പെടുത്തി വശീകരിച്ചുകൊണ്ടുപോകാനുള്ള എല്ലാവിധ കഴിവുകളും അവന് നൽകിയിട്ടുണ്ട്. അതിനുവേണ്ടി അവൻ മോഹനവാഗ്ദാനങ്ങൾ നൽകും, എന്നാൽ അതെല്ലാം വഞ്ചനയായിരുന്നുവെന്ന് വിചാരണക്കുശേഷം പിശാച് തന്നെ പറയുന്നതാണെന്ന് 14: 22 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ അല്ലാഹുവിന്റെ പ്രതിനിധികളായ വിശ്വാസികളുടെ മേൽ അവന് യാതൊരു സ്വാധീനവുമില്ലതന്നെ എന്ന് 16: 99 ലും പറഞ്ഞിട്ടുണ്ട്. 19: 83 ൽ 'നിശ്ചയം നാം പിശാചുക്കളെ കാഫിറുകളുടെമേൽ അയച്ചിട്ടുള്ളത് നീ കണ്ടില്ലെയോ, അവർ അവരുടെ കാര്യങ്ങൾ ശരിപ്പെടുത്തിക്കൊടുക്കുന്നതിന് വേണ്ടി' എന്ന് പറഞ്ഞതിൽ നിന്നും പിശാചിനെ അവലംഭിക്കുന്നവരുടെ ചില കാര്യങ്ങൾ നിവർത്തിച്ചുകൊടുക്കാൻ അവന് കഴിവുണ്ടെന്ന് മനസ്സിലാക്കാം. എന്നാൽ അതവനെ പിശാചിന്റെ താവളമായ നരകത്തിൽ എത്തിക്കാനാണ് സഹായിക്കുക. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിൽ എല്ലാഓരോ കാര്യവും വിശദീകരിക്കുന്നുണ്ട്. അപ്പോൾ 2: 146 ൽ വിവരിച്ച പ്രകാരം വിശ്വാസി അദ്ദിക്റിൽ നിന്ന് ത്രികാലജ്ഞാനിയായ നാഥനെയും അവന്റെ ഗ്രന്ഥത്തെയും പിശാചിനെയും പ്രവാചകന്മാരെയും അവനെത്തന്നെയും തന്റെ സന്താനങ്ങളെ അറിയുന്നതിലുപരി അറിയുന്നതാണ്. 14: 22 ൽ പറഞ്ഞ പ്രകാരം പിശാച് മനുഷ്യരോട് ഇവിടെവെച്ച് ചെയ്ത വാഗ്ദാനങ്ങൾ വിധിദിവസം മുറിച്ച് കളയുന്നതാണ്. 5: 48 ൽ വിവരിച്ച പ്രകാരം വിശ്വാസി എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നതിനാൽ അദ്ദിക്റ് അവനെയും കാത്തുസൂക്ഷിക്കുന്നതാണ്. 13: 30; 16: 98–100; 17: 13–14 വിശദീകരണം നോക്കുക.

65. നിശ്ചയം എന്റെ അടിമകൾ, അവരുടെ മേൽ നിനക്ക് യാതൊരു സ്വാധീനവുമില്ല, കൈകാര്യകർത്താവായി നിന്റെ നാഥൻ ഏറ്റവും മതിയായവനുമാകുന്നു.

അല്ലാഹുവും അദ്ദിക്റും ഒന്നാണെന്നിരിക്കെ ആരാണോ അദ്ദിക്റിനെ മുറുകെപ്പിടിച്ചത്, അവൻ അല്ലാഹുവിനെയാണ് മുറുകെപ്പിടിച്ചത്. അവനിൽ പിശാചിന് യാതൊരു സ്വാധീനവുമില്ല. 26: 212 ൽ, നിശ്ചയം പിശാചുക്കൾ അദ്ദിക്റ് കേൾക്കുന്നതിനെത്തൊട്ട് അകറ്റപ്പെട്ടവരാണ് എന്ന് പറഞ്ഞിട്ടുണ്ട്. *അല്ലാഹുവിന്റെ പ്രതിനിധിയായി ജീവിക്കുന്ന വിശ്വാസികൾക്ക് കടിഞ്ഞാൺ കൊണ്ട് കുതിരയെ നിയന്ത്രിക്കുന്നവിധം പിശാചിനെ നിയന്ത്രിക്കാൻ സാധിക്കുമെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 4: 118, 174–175; 23: 97–98 വിശദീകരണം നോക്കുക.

66. നിങ്ങളുടെ നാഥനായിട്ടുള്ളവനാരോ, അവൻ നിങ്ങൾക്കുവേണ്ടി സമുദ്രത്തിലൂടെ കപ്പൽ ഓട്ടുന്നവനാകുന്നു, നിങ്ങൾ അവന്റെ അനുഗ്രഹങ്ങൾ തേടുന്നതിനുവേണ്ടി, നിശ്ചയം അവൻ നിങ്ങളോട് ഏറെ കാരുണ്യമുള്ളവൻ തന്നെയായിരിക്കുന്നു.

രാജ്യങ്ങൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ സാധിക്കുന്നതിനും സമുദ്രത്തിൽ നിന്ന് തന്നെയുള്ള വിഭവങ്ങളായ മത്സ്യം, നവരത്നങ്ങൾ തുടങ്ങിയവ തേടിപ്പിടിക്കുന്നതിനും ഉതകുന്നവിധത്തിൽ കപ്പലുണ്ടാക്കി സമുദ്രയാത്ര നടത്താൻ മനുഷ്യനെ പഠിപ്പിച്ചവനാണ് അല്ലാഹു എന്ന് അവനെ പരിചയപ്പെടുത്തുകയാണ്. 33: 41–43 സൂക്തങ്ങളിൽ, വിശ്വാസികളേ! നിങ്ങൾ അല്ലാഹുവിനെ ധാരാളമായി സ്മരിക്കുക, പ്രഭാത-പ്രദോഷങ്ങളിൽ അവനെ പ്രത്യേകം വാഴ്ത്തുകയും ചെയ്യുക, അവനും അവന്റെ മലക്കുകളും നിങ്ങളെ അ

ന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കുന്നതിന് വേണ്ടി നിങ്ങളുടെമേൽ അ നുഗ്രഹം ചൊരിയുന്നുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്, അവൻ വിശ്വാസികളോട് ഏറെ കാരു ണ്യമുള്ളവൻ തന്നെയാണ്. 'അനുഗ്രഹം ചൊരിയുന്നുണ്ട്' എന്ന് പറഞ്ഞതിന്റെ വിവക്ഷ ഏറ്റവും വലിയ അനുഗ്രഹവും അവന്റെ വിധിവിലക്കുകളുമടങ്ങിയ അദ്ദിക്ർ നൽകുന്നുണ്ട് എന്നാണ്. 12: 23; 16: 18; 33: 73 വിശദീകരണം നോക്കുക.

67. സമുദ്രത്തിൽ വെച്ച് നിങ്ങൾക്ക് ഒരു വിപത്ത് ബാധിച്ചാൽ അവനെക്കൂടാതെ നിങ്ങൾ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരെയൊക്കെയും നിങ്ങൾ വെ ടിയുന്നു, എന്നാൽ നിങ്ങളെ നാം കരയിലേക്ക് രക്ഷപ്പെടുത്തിയാലോ, നിങ്ങൾ അവഗണിക്കുന്നു, മനുഷ്യൻ നന്ദികെട്ടവൻ തന്നെയായിരിക്കുന്നു.

നരകത്തിലേക്കുള്ള കാഫിറുകളായ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒ മ്പത് പേരുടെയും പൊതുസ്വഭാവമാണ് അല്ലാഹു ഈ സൂക്തത്തിലൂടെ ചിത്രീകരിക്കു ന്നത്. എന്നാൽ വിശ്വാസികൾ നടത്തങ്ങളിലും ഇരുത്തങ്ങളിലും കിടപ്പുകളിലുമെല്ലാം അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുന്നവരാണ്. 6: 63–64; 7: 50–51; 10: 21–23 വിശദീകര ണം നോക്കുക.

68. അപ്പോൾ നിങ്ങൾ കരയിലായിരിക്കുമ്പോൾ ഭൂമിയിൽ നിങ്ങളെ ആഴ്ത്തിക്ക ളയുകയും അല്ലെങ്കിൽ നിങ്ങളുടെമേൽ ചരൽ വർഷിക്കുന്ന കൊടുങ്കാറ്റ് അയക്കുകയും പിന്നെ അതിൽ നിന്ന് നിങ്ങളെ രക്ഷപ്പെടുത്തുന്ന യാതൊരു രക്ഷകനെയും കണ്ടെത്താതിരിക്കുകയും ചെയ്യുന്നതുമായ അവസ്ഥയെക്കുറി ച്ച് നിങ്ങൾ നിർഭയരാണോ?

67: 16 ൽ, ആകാശത്തുള്ളവൻ ഭൂമി പിളർത്തി നിങ്ങളെ അതുകൊണ്ട് വിഴുങ്ങിപ്പിക്കു കയില്ല എന്ന് നിങ്ങൾ നിർഭയരായിരിക്കുകയാണോ എന്നും; 67: 17 ൽ, അതല്ല, ആകാശ ത്തുള്ളവൻ നിങ്ങളുടെ മേൽ കല്ലുകൾ വർഷിക്കുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരി ക്കുകയാണോ? അപ്പോൾ എന്റെ മുന്നറിയിപ്പ് എങ്ങനെയായിരുന്നു എന്ന് നിങ്ങൾ അറിയു കതന്നെ ചെയ്യുമെന്നും പറഞ്ഞിട്ടുണ്ട്. 7: 97–99; 16: 45–47 വിശദീകരണം നോക്കുക.

69. അല്ലെങ്കിൽ നിങ്ങളെ മറ്റൊരു പ്രാവശ്യം കൂടി കരയിൽ നിന്ന് കടലിലേക്ക് തിരിച്ചുകൊണ്ടുവരികയും എന്നിട്ട് നിങ്ങളുടെമേൽ രൂക്ഷമായ കൊടുങ്കാറ്റ് അയച്ച് നിങ്ങളുടെ നന്ദികേടിന് പ്രതികാരമായി നിങ്ങളെ മുക്കിക്കളയുകയും പിന്നെ നിങ്ങളുടെ ആ ദുരന്തത്തെക്കുറിച്ച് അന്വേഷിച്ച് കാരണം കണ്ടെത്താൻ കഴിയാത്ത ഒരു അവസ്ഥ വരികയും ചെയ്യുന്നതിനെക്കുറിച്ച് നിങ്ങൾ നിർഭയ രാണോ?

ഏകാധിപനും സർവ്വാധിപനും സ്വേച്ഛാധിപനുമായ, എല്ലാം അടക്കിഭരിക്കുന്ന അല്ലാ ഹുവിൽ നിന്നുള്ളതാണ് നന്മയും തിന്മയുമായ എല്ലാകാര്യങ്ങളും എന്ന് വിശ്വസിക്കുന്ന വരാണ് വിശ്വാസികൾ. കരയിലോ കടലിലോ എവിടെയും ഏത് അവസ്ഥയിലും അദ്ദിക്ർ കൊണ്ട് അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്ന വിശ്വാസിക്ക് യാതൊരു തരത്തിലു ള്ള ആപത്തുവിപത്തുകളും സംഭവിക്കുകയില്ല. 4: 78–79 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആപത്തുവിപത്തുകളെല്ലാം സംഭവിക്കുന്നത് അല്ലാഹുവിനെ മറന്ന അവസ്ഥയിൽ പിശാ ചിൽ നിന്ന് അഥവാ അവരവരിൽ നിന്നുതന്നെയാണ്. വിശ്വാസികളല്ലാത്തവരോട് വിവി ധതരത്തിലുള്ള വിപത്തുകൾ വരുന്നതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകിക്കൊണ്ട് തന്നിഷ്ടം പ്രവർത്തിക്കാൻ അധികാരമുള്ള സ്രഷ്ടാവിനെ പരിചയപ്പെടുത്തുകയാണ് ഈ സൂക്ത

ങ്ങളിലൂടെ ചെയ്യുന്നത്. 5: 17; 9: 51 വിശദീകരണം നോക്കുക.

70. നിശ്ചയം നാം ആദം സന്തതികളെ ആദരിച്ചിട്ടുണ്ട്, അവരെ നാം കരയിലും കടലിലും വഹിപ്പിക്കുകയും പരിശുദ്ധമായ ഭക്ഷണവിഭവങ്ങളിൽ നിന്ന് അവർക്ക് നൽകുകയും നാം സൃഷ്ടിച്ച അധികസൃഷ്ടികളേക്കാളും അവർക്ക് നാം ശ്രേഷ്ഠത നൽകുകയും ചെയ്തിട്ടുണ്ട്.

95: 4-6 സൂക്തങ്ങളിൽ, നിശ്ചയം മനുഷ്യനെ നാം ഏറ്റവും നല്ല രൂപത്തിലാണ് സൃഷ്ടിച്ചിട്ടുള്ളത്. പിന്നെ അവനെ നാം താഴ്ന്നവരിൽ താഴ്ന്നവനാക്കി മാറ്റി, വിശ്വാസികളായവരും ആ വിശ്വാസം ലോകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തവരൊഴികെ, അങ്ങനെയുള്ളവർക്ക് തടയപ്പെടാത്ത പ്രതിഫലമുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. മനുഷ്യരെ ഏറ്റവും ശ്രേഷ്ടമായ പദവിയിലാണ് സൃഷ്ടിച്ചതെങ്കിലും ഏറ്റവും നല്ലതായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാണെന്ന് ഉറപ്പ് വരുത്തുകയും ആ വിശ്വാസം ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്തവരാണ് ഏറ്റവും ശ്രേഷ്ഠരായവർ. അതുതന്നെയാണ് *'നിങ്ങളിൽ ഏറ്റവും ഉത്തമൻ ഗ്രന്ഥം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്'* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുളും. അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുകവഴി നിഷ്പക്ഷവാനായ അല്ലാഹുവിനെ സഹായിക്കുകയാണ് അവർ ചെയ്യുന്നത്. അപ്പോൾ 22: 40; 47: 7 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അല്ലാഹു അവരെയും സഹായിക്കുകയും അങ്ങനെ അവർക്ക് യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ വന്ന് കിട്ടുന്നതിനുമുമ്പ് സംഭവിച്ച തെറ്റുകുറ്റങ്ങളെല്ലാം 25: 68-70 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നന്മകളായി പരിവർത്തിപ്പിക്കാൻ സാധിക്കുന്നതാണ്. എന്നാൽ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ സത്യപ്പെടുത്തേണ്ടവിധം സത്യപ്പെടുത്താത്ത ഫുജ്ജാറുകളിൽ പെട്ട ഓരോരുത്തരുടെയും മരണസമയത്ത് നാഥൻ 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുന്നതാണെന്ന് 39: 58-59 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 35: 32; 39: 32; 98: 7 വിശദീകരണം നോക്കുക.

71. എല്ലാ മനുഷ്യരെയും നാം അവരുടെ ഇമാമിനെയും കൊണ്ട് വിളിക്കുന്ന ദിവസം, അപ്പോൾ ആർക്കാണോ അവരുടെ ഗ്രന്ഥം വലതുകയ്യിൽ നൽകപ്പെട്ടത്, അപ്പോൾ അക്കൂട്ടർ അവരുടെ ഗ്രന്ഥം വായിക്കുന്നതാണ്, അവർ അൽപം പോലും അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല.

ഈ സൂക്തത്തിലും 11: 17; 36: 12; 46: 12 എന്നീ സൂക്തങ്ങളിലും പറഞ്ഞ ഇമാം അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. എന്നാൽ വിശ്വാസി മാത്രമാണ് അദ്ദിക്റിന്റെ 40 പേരുകളെയും സത്യപ്പെടുത്തുക. എല്ലാഓരോ മനുഷ്യന്റെയും കർമരേഖ അവന്റെ പിരടിയിൽ ബന്ധിച്ചിട്ടുണ്ട്. വിധിദിവസം അത് ഒരു പ്രകാശിക്കുന്ന തുറന്ന പുസ്തകമായി എടുത്തുകൊടുക്കുന്നതും 'നിന്റെ ഗ്രന്ഥം നീ തന്നെ വായിക്കുക, ഇന്നേദിനം നിന്റെ വിചാരണ നടത്താൻ നീ തന്നെ മതിയായവനാണ്' എന്ന് പറയപ്പെടുന്നതുമാണ് എന്ന് 17: 13-14 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഐഹികലോകത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിക്ക് മാത്രമേ വിധിദിവസം വലതുകൈയിൽ ഗ്രന്ഥം ലഭിക്കുകയുള്ളൂ. 9: 5, 28; 15: 45-48; 17: 60 വിശദീകരണം നോക്കുക.

72. ആരാണോ ഇവിടെ അന്ധത നടിച്ചത്, അപ്പോൾ അവൻ പരത്തിൽ അന്ധനും ഏറ്റവും കൂടുതൽ വഴികേടിലായവനുമാകുന്നു.

ദിക്ർ(അദ്ദിക്ർ)യെത്തൊട്ട് കണ്ണിന് മൂടിയുള്ളവരും അത് കേൾക്കാൻ സാധിക്കാത്തവരുമായ കാഫിറുകളുടെ അടുത്തേക്കാണ് വിധിദിവസം നരകക്കുണ്ഠം അടുപ്പിക്കുക എന്ന് 18: 100–101 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആരാണോ *ദിക്ർ* എന്ന ഗ്രന്ഥത്തെ അവഗണിച്ച് ഇവിടെ ജീവിച്ചത്, അവന് കുടുസ്സായ ജീവിതവിഭവങ്ങളാണ് ലഭിക്കുക, വിചാരണാനാളിൽ നാം അവനെ അന്ധനായിട്ട് പുനർജീവിപ്പിച്ച് ഒരുമിച്ച് കൂട്ടുന്നതുമാണ്, അവൻ ചോദിക്കും: എന്റെ നാഥാ, എന്താണ് എന്നെ നീ അന്ധനായി പുനർജീവിപ്പിച്ചത്, ഞാൻ ഐഹികലോകത്ത് കാഴ്ചയുള്ളവനായിരുന്നുവല്ലോ; അപ്പോൾ അല്ലാഹു പറയുന്നതാണ്: നിനക്ക് നമ്മുടെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അവയെ വിസ്മരിച്ച് ജീവിച്ചു, അപ്രകാരം ഇന്നേദിനം നീയും വിസ്മരിക്കപ്പെട്ടിരിക്കുകയാണ് എന്ന് 20: 124–126 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അപ്പോൾ ആരാണോ കണ്ണിന്റെ കാഴ്ച, ബുദ്ധിശക്തി തുടങ്ങിയവയെല്ലാം അവന്റെ നാലാം ഘട്ടത്തിലെ ജീവിതലക്ഷ്യം മനസ്സിലാക്കുന്നതിന് വേണ്ടി അദ്ദിക്ർ വായിക്കാനും കേൾക്കാനും അദ്ദിക്റിനെക്കുറിച്ച് ചിന്തിക്കാനും ഉപയോഗപ്പെടുത്താത്തത്, അവർ നാളെ തങ്ങളുടെ മുഖങ്ങളിന്മേൽ അന്ധരും ബധിരരും ഊമകളുമായി നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടുന്നതാണെന്ന് 17: 97–98; 25: 34 എന്നീ സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുകയും ഇതിന് വിരുദ്ധമായ ജീവിതം നയിക്കുകയും ചെയ്യുന്ന ഫുജ്ജാറുകൾ തന്നെയാണ് ഏറ്റവും വഴിപിഴച്ച സ്ഥാനത്തുള്ളതും മനുഷ്യരിൽ നിന്നുള്ള നരകക്കുണ്ഠത്തിലെ വിറകുകളും. 10: 54; 13: 18, 31; 16: 24–25 വിശദീകരണം നോക്കുക.

73. അവർക്ക് സാധിക്കുമായിരുന്നെങ്കിൽ ദിവ്യസന്ദേശമായി നാം നിന്നിലേക്ക് നൽകിക്കൊണ്ടിരിക്കുന്നതിനെത്തൊട്ട് നിന്നെ കുഴപ്പത്തിൽ അകപ്പെടുത്തുകതന്നെ ചെയ്യുമായിരുന്നു, നമ്മുടെ മേൽ നീ അതല്ലാത്തത് കെട്ടിച്ചമച്ച് പറയുന്നതിന് വേണ്ടി, അങ്ങനെയാണെങ്കിൽ അവർ നിന്നെ ആത്മമിത്രമായി സ്വീകരിക്കുകതന്നെ ചെയ്യും.

74. നാം നിന്നെ ഉറപ്പിച്ച് നിർത്തിയിട്ടില്ലായിരുന്നുവെങ്കിൽ നീ അൽപസ്വൽപം അവരിലേക്ക് ചാഞ്ഞ് പോവുകയും ചെയ്യുമായിരുന്നു.

75. അങ്ങനെയെങ്ങാനും നീ പ്രവർത്തിച്ചാൽ ഇഹത്തിൽ ഇരട്ടിശിക്ഷയും മരണശേഷം ഇരട്ടിശിക്ഷയും നിന്നെ നാം രുചിപ്പിക്കുകതന്നെ ചെയ്യും, പിന്നെ നമ്മുടെമേൽ ഒരു സഹായിയെയും നീ കണ്ടെത്തുകയുമില്ല.

പ്രവാചകൻ എഴുത്തും വായനയും പഠിക്കാത്തവനും എന്നാൽ അഭിസംബോധകരായ മക്കാമുശ്രിക്കുകൾ എഴുത്തും വായനയും പഠിച്ചവരുമായിരുന്നു. ദിവ്യസന്ദേശമായി ലഭിക്കുന്ന സൂക്തങ്ങൾ മുഖേന അവരെ ഉണർത്തുമ്പോൾ അത് അംഗീകരിക്കാതിരിക്കാൻ വേണ്ടി അവരതിൽ ചില മാറ്റങ്ങൾ വരുത്താനും ചില അക്ഷരങ്ങൾ കൂട്ടിച്ചേർക്കാനും ചില അക്ഷരങ്ങൾ കുറക്കാനുമെല്ലാം ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രവാചകന്റെ ജീവിതം പൂർണ്ണമായി അല്ലാഹുവിന്റെ നിയന്ത്രണത്തിലായിരുന്നതിനാൽ അവരുടെ ഇംഗിതങ്ങൾക്ക് പ്രവാചകൻ ചാഞ്ഞുകൊടുത്തില്ല. അങ്ങനെ ചാഞ്ഞുകൊടുക്കുന്നവനായിരുന്നുവെങ്കിൽ ഇഹത്തിലും പരത്തിലും ഇരട്ടിശിക്ഷ രുചിപ്പിക്കുമായിരുന്നു എന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. 22: 52 ൽ, നിനക്കുമുമ്പ് ഒരു പ്രവാചകനെയോ നബിയെയോ നാഥൻ അയച്ചിട്ടില്ല, അവൻ എന്തെങ്കിലും സംസാരിക്കാൻ ഉദ്ദേശിക്കുമ്പോൾ പിശാച് അതിൽ ഇടപെട്ടിട്ടല്ലാതെ. എന്നാൽ അല്ലാഹു അത് മായ്ച്ച് കളഞ്ഞ് തന്റെ സൂക്ത

ങ്ങളെ തത്വനിർഭരമാക്കുന്നു, അല്ലാഹു യുക്തിജ്ഞനായ സർവ്വജ്ഞാനിയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന കപടവിശ്വാസികളും ഫാജിറുകളുമടങ്ങിയ ഫുജ്ജാറുകൾ ഐഹികനേട്ടത്തിന് വേണ്ടി നാഥന്റെ സൂക്തങ്ങളെ മൂടിവെക്കുകയും തള്ളിപ്പറയുകയും വളച്ചൊടിക്കുകയും ചെയ്യുന്നവരാണ്. സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിംകളാണെന്ന് അർഹതയില്ലാതെ വാദിക്കുന്ന അവർ 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളും 7: 40 ൽ പറഞ്ഞ ഭ്രാന്തന്മാരുമാണ്. 9: 80, 125; 10: 15-16, 99-100 വിശദീകരണം നോക്കുക.

76. അവർക്ക് സാധിക്കുമായിരുന്നുവെങ്കിൽ അവർ നിന്നെ ഭയപ്പെടുത്തി ഭൂമിയിൽ നിന്ന് നിന്നെ പുറത്താക്കുകതന്നെ ചെയ്യുമായിരുന്നു, അങ്ങനെയായാൽ അവരും നിന്റെ പിന്നിൽ അൽപകാലമല്ലാതെ അവിടെ താമസിക്കാൻ പോകുന്നില്ല.

ഈ സൂക്തം അവതീർണ്ണമായി ഒരു വർഷത്തിന് ശേഷം മക്കയിലെ കാഫിറുകൾ പ്രവാചകനെ സ്വദേശം വെടിഞ്ഞ് മദീനയിലേക്ക് പാലായനം ചെയ്യാൻ നിർബന്ധിതനാക്കി. എന്നാൽ എട്ട് വർഷത്തിനകം തന്നെ മക്കാവിജയം സംഭവിക്കുകയും മുശ്രിക്കുകളിൽ നിന്ന് മക്ക ശുദ്ധമാക്കപ്പെടുകയും ചെയ്തു. 44: 19-22 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പ്രവാചകൻ മൂസാ ഫിർഔൻ പ്രഭൃതികളോട് പറഞ്ഞു: നിങ്ങൾ അല്ലാഹുവിന്റെ മേൽ അതിക്രമം കാണിക്കരുത്, നിശ്ചയം ഞാൻ നിങ്ങൾക്ക് വ്യക്തമായ പ്രമാണം കൊണ്ടുവന്നിരിക്കുന്നു, നിങ്ങൾ എന്നെ കല്ലെറിയാതിരിക്കാൻ വേണ്ടി ഞാൻ എന്റെയും നിങ്ങളുടെയും ഉടമയിൽ ശരണം തേടുന്നു, അപ്പോൾ നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിൽ വേണ്ട, എന്നെ എന്റെ വഴിക്ക് പ്രവർത്തിക്കാൻ വിടുക. അവസാനം തന്റെ നാഥനെ വിളിച്ച് അവൻ പറഞ്ഞു: നിശ്ചയം, ഇക്കൂട്ടർ ഭ്രാന്തൻമാരായ ഒരു ജനത തന്നെയാകുന്നു. 44: 23-24 സൂക്തങ്ങളിൽ, അല്ലാഹു മൂസായോട് കൽപിച്ചു: എന്റെ അടിമകളെയും കൂട്ടി രാത്രിക്ക് രാത്രി തന്നെ പുറപ്പെടുക, നിശ്ചയം നിങ്ങൾ പിൻതുടരപ്പെടും, സമുദ്രത്തെ പിളർന്ന അവസ്ഥയിൽ തന്നെ വിടുക, നിശ്ചയം അവർ മുക്കികൊല്ലപ്പെടേണ്ട ഒരു പട്ടാളം തന്നെയാകുന്നു. 5: 48 ൽ വിവരിച്ച പ്രകാരം ഇന്ന് എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്ന വിശ്വാസിക്ക് യാതൊരു തരത്തിലുള്ള ആപത്തും സംഭവിക്കുകയില്ല. 7: 88-89; 8: 30; 11: 40, 66-68 വിശദീകരണം നോക്കുക.

77. നിനക്ക് മുമ്പ് നാം അയച്ചിട്ടുള്ള നമ്മുടെ പ്രവാചകൻമാരിൽ നിന്നുള്ളവരുടെ ചര്യയാണിത്, നമ്മുടെ ചര്യയിൽ യാതൊരു മാറ്റവും നീ കണ്ടെത്തുകയുമില്ല.

അല്ലാഹുവിന്റെ ചര്യ -നടപടിക്രമം- അദ്ദിക്ർ തന്നെയാണ്. പ്രപഞ്ചത്തിന്റെ ഭരണഘടനയായ അതിൽ രേഖപ്പെടുത്താത്തതായിട്ട് ഒന്നും തന്നെയില്ല എന്ന് 10: 61; 57: 22 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. അഥവാ അദ്ദിക്ർ ത്രികാലജ്ഞാനിയുടെ ത്രികാലജ്ഞാനമാണ്. ഒരു ജനത തങ്ങളുടെ പ്രവാചകൻമാരോട് അക്രമം പ്രവർത്തിക്കുകയോ തള്ളിപ്പറയുകയോ ചെയ്യുകയാണെങ്കിൽ അവർക്ക് ആ ദേശത്ത് അധികകാലം തുടരാൻ കഴിയുകയില്ല. ഒന്നുകിൽ അല്ലാഹുവിന്റെ ശിക്ഷ അവരെ നശിപ്പിച്ചുകളയും, അല്ലെങ്കിൽ മറ്റേതെങ്കിലും ജനത അവരെ ജയിച്ചടക്കും, അതുമല്ലെങ്കിൽ പ്രവാചകൻമാരുടെ അനുയായികൾ അവരെ അതിജയിക്കുന്നതാണ്. 40: 84-85 സൂക്തങ്ങളിലൂടെ അ

ല്ലാഹു പറയുന്നു: പൂർവ്വികകാലത്തുള്ള കാഫിറുകൾ നമ്മുടെ ശിക്ഷ നേരിൽ കണ്ടപ്പോൾ 'നിശ്ചയം ഞങ്ങൾ ഏകനായ അല്ലാഹുവിനെക്കൊണ്ട് വിശ്വസിച്ചു, മുമ്പ് ഞങ്ങൾ അവനിൽ പങ്കുചേർത്തവരെയെല്ലാം ഞങ്ങളിതാ നിഷേധിക്കുന്നു' എന്ന് പറയുകയാണുണ്ടായത്. എന്നാൽ നമ്മുടെ ശിക്ഷ കണ്ടപ്പോഴുള്ള വിശ്വാസം സ്വീകരിക്കൽ അവർക്ക് ഉപകാരപ്പെട്ടില്ല, എക്കാലത്തുമുള്ള അവന്റെ അടിമകളിൽ കഴിഞ്ഞുപോയിട്ടുള്ള അല്ലാഹുവിന്റെ ചര്യ ഇതുതന്നെയാണ്, അപ്പോൾ അവിടെ കാഫിറുകളാണ് എല്ലാം നഷ്ടപ്പെട്ടവരായി മാറിയത്. 48: 22 ൽ, കപടവിശ്വാസികളും കാഫിറുകളും വിശ്വാസികളോട് യുദ്ധം ചെയ്യുകയാണെങ്കിൽ പിന്തിരിഞ്ഞ് പോവുകതന്നെ ചെയ്യുമെന്നും അവർക്ക് ഒരു സഹായിയെയും കണ്ടെത്തുകയില്ല എന്നും പറഞ്ഞതിന് ശേഷം 48: 23 ൽ, ഇതിനുമുമ്പ് കഴിഞ്ഞുപോയിട്ടുള്ളവരിൽ അല്ലാഹുവിന്റെ ചര്യതന്നെയാണ് ഇത്, അപ്പോൾ അല്ലാഹുവിന്റെ ചര്യ മാറ്റിമറിക്കുന്നതായി നീ കണ്ടെത്തുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 8: 31; 10: 103; 12: 110 വിശദീകരണം നോക്കുക.

78. നീ നമസ്കാരം നിലനിർത്തുക -സൂര്യൻ തെറ്റിയത് മുതൽ രാവ് ഇരുട്ട് മൂടുന്നതുവരെ, പ്രഭാതത്തിലെ വായനയും പതിവാക്കുക; നിശ്ചയം, പ്രഭാതത്തിലെ വായന സാക്ഷ്യം വഹിക്കപ്പെടുന്നത് തന്നെയാകുന്നു.

'സൂര്യൻ തെറ്റിയത് മുതൽ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സൂര്യൻ മധ്യത്തിൽ നിന്ന് തെറ്റിയത് മുതൽ എന്നാണ്. സൂര്യൻ തെറ്റിയത് മുതൽ രാവ് ഇരുട്ട് മൂടുന്നതുവരെ നീ നമസ്കാരം നിലനിർത്തുക എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത് മധ്യാഹ്നത്തിൽ നിന്ന് തെറ്റിയത് മുതലുള്ള *ളുഹ്ർ, അസ്ർ, മഗ്രിബ്, ഇശാഅ്* എന്നീ നാലുനേരത്തെ നമസ്കാരങ്ങളാണ്. പ്രഭാതത്തിലെ വായന എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് *സുബ്ഹി* നമസ്കാരവുമാണ്. 4: 103 ൽ പറഞ്ഞ പ്രകാരം വിശ്വാസികളുടെ സംഘമുള്ളപ്പോൾ മാത്രമാണ് നമസ്കാരം കൊണ്ട് കൽപിച്ചിട്ടുള്ളത്. അതാകട്ടെ 20: 14 ൽ പറഞ്ഞ പ്രകാരം *ദിക്ർ* എന്ന ഗ്രന്ഥം നിലനിർത്തുന്നതിന് വേണ്ടിയാണ്. 56: 82 ൽ പറഞ്ഞ പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരായതിനാൽ 7: 40 ൽ വിവരിച്ച പ്രകാരം അവർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരാണ്. അപ്പോൾ 2: 186 ൽ വിവരിച്ച പ്രകാരം അവരുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുകയില്ല എന്ന് മാത്രമല്ല, ലക്ഷ്യബോധ്യമില്ലാതെയും പ്രജ്ഞയറ്റവരായും ഇവിടെ ജീവിച്ചതിന് പിഴയായി അവർക്ക് നരകക്കുണ്ഠമാണ് ലഭിക്കുക.

പ്രവാചകന്റെ മക്കാജീവിതത്തിലെ ആദ്യഘട്ടത്തെപ്പോലെത്തന്നെ ഇക്കാലത്ത് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ഒറ്റപ്പെട്ട വിശ്വാസി 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രഭാതപ്രദോഷങ്ങളിൽ അദ്ദിക്ർ ആത്മാവ് പങ്കെടുത്ത് വായിക്കുകയും സുദീർഘമായ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവഹിക്കുകയും മാനുഷികഐക്യം നിലനിർത്തുന്നതിനുവേണ്ടി അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നാഥനെ സഹായിക്കുകയും 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ഗുണം കിട്ടുക എന്ന ലക്ഷ്യം വെച്ച് ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും ജൈവകൃഷി നടത്തുകയും അതിനുവേണ്ടി മറ്റുള്ളവരെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ കപടവിശ്വാസികളോടും കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യുകയും വേണം. 4: 43; 11: 114-115 വിശദീകരണം നോക്കുക.

79. രാത്രിയിൽ അതുകൊണ്ട് തഹജ്ജുദ് നിർവ്വഹിക്കുകയും ചെയ്യുക -അത് നി

നക്ക് ഐച്ഛികമായിട്ടുള്ളതാകുന്നു, നിന്റെ നാഥൻ നിന്നെ സ്തുത്യർഹമായ സ്ഥാനത്തേക്ക് നിയോഗിച്ചേക്കാം.

ആദ്യകാലത്ത് പ്രവാചകൻ രാത്രി നമസ്കാരം നിർവ്വഹിച്ചിരുന്നത് രാത്രിയുടെ ആദ്യഘട്ടത്തിലായിരുന്നു. എന്നാൽ ഈ സൂക്തം അവതീർണ്ണമായപ്പോൾ രാത്രിനമസ്കാരം ഉറങ്ങി എഴുന്നേറ്റശേഷം രാത്രിയുടെ മധ്യഘട്ടത്തിലായി. പ്രവാചകന്റെ അവസാന കാലത്ത് ഇത് രാത്രിയുടെ അന്ത്യയാമങ്ങളിൽ സുബ്ഹിയോട് അടുത്ത സമയത്തായിരുന്നു നിർവ്വഹിച്ചിരുന്നത്.

'അതുകൊണ്ട് *തഹജ്ജുദ്* നിർവ്വഹിക്കുകയും ചെയ്യുക' എന്ന് പറഞ്ഞതുകൊണ്ടുള്ള വിവക്ഷ അദ്ദിക്ർ മൊത്തം ജീവിതത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നാണ്. നമസ്കാരം നിർവ്വഹിക്കുന്നതിനെക്കാൾ മുൻഗണന നൽകേണ്ടത് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിനാണ് എന്ന് 7: 170, 205–206; 29: 45; 35: 29 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. *അവസാനകാലത്ത് ഗ്രന്ഥം ഉയർത്തപ്പെടുന്നതാണ്, ഗ്രന്ഥത്തിന്റെ വള്ളിയും പുള്ളിയുമല്ലാതെ മറ്റൊന്നും ബാക്കിയാവുകയില്ല* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. *അന്ന് വിശ്വാസികൾ* അദ്ദിക്ർ *അണപ്പല്ല് ഉപയോഗിച്ച് കടിച്ചുപിടിച്ചിരിക്കണം* എന്നാണ് പ്രവാചകന്റെ വിടവാങ്ങൽ ഹജ്ജിൽ വെച്ച് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്. കാരണം അദ്ദിക്റുമായി ബന്ധപ്പെടുമ്പോഴാണ് നമസ്കാരത്തിലുള്ളതിനേക്കാൾ 'അല്ലാഹ്' എന്ന സ്മരണയുണ്ടാവുന്നതും അല്ലാഹുവിനോട് കൂടുതലായി അടുക്കാൻ സാധിക്കുന്നതും. 25: 29 ൽ പറഞ്ഞ പ്രകാരം അറബി ഖുർആനിൽ നിന്നല്ല, അദ്ദിക്റിൽ നിന്നാണ് പിശാച് മനുഷ്യനെ തടയുക.

നിന്റെ നാഥൻ നിന്നെ സ്തുത്യർഹമായ സ്ഥാനത്തേക്ക് *(മഖാമുമഹ്മൂദ്)* നിയോഗിക്കുമെന്നുപറഞ്ഞതിന്റെ വിവക്ഷ, 70: 4 ൽ വിവരിച്ച പ്രകാരം അമ്പതിനായിരം വർഷം ദൈർഘ്യമുള്ള വിധിദിവസം സൃഷ്ടികളുടെ വിചാരണ ആരംഭിക്കുന്നതിന് ശുപാർശ ചെയ്യുന്നതിനുള്ള അധികാരം പ്രവാചകൻ മുഹമ്മദിന് മാത്രമായി നൽകുമെന്നാണ്. 4: 142–143; 7: 30; 8: 48; 9: 53–55 വിശദീകരണം നോക്കുക.

80. നീ പ്രാർത്ഥിക്കുകയും ചെയ്യുക: എന്റെ നാഥാ! നീ എന്നെ എങ്ങോട്ട് പ്രവേശിപ്പിച്ചാലും സത്യത്തോടുകൂടി പ്രവേശിപ്പിക്കേണമേ, എന്നെ നീ എവിടെ നിന്ന് പുറപ്പെടുവിക്കുകയാണെങ്കിലും സത്യത്തോടുകൂടി പുറപ്പെടുവിക്കുകയും ചെയ്യേണമേ, നിന്നിൽ നിന്നുള്ള ഒരു അധികാരശക്തിയെ നീ എനിക്ക് തുണയാക്കിത്തരികയും ചെയ്യേണമേ!

5: 119; 6: 115; 26: 84; 39: 33 തുടങ്ങി 11 സൂക്തങ്ങളിൽ പരാമർശിക്കപ്പെട്ട *സ്വിദ്ഖ്* –സത്യം– അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. മക്കയിൽ അദ്ദിക്ർ പ്രചരിപ്പിക്കുന്നത് തടയുന്നതിനുവേണ്ടി കാഫിറുകൾ പ്രവാചകനെ വധിക്കാൻ തുനിഞ്ഞപ്പോൾ മദീനയിലേക്ക് പാലായനം ചെയ്തിട്ടെങ്കിലും അദ്ദിക്ർ നടപ്പിലാക്കാൻ സഹായിക്കണമെന്ന് പ്രാർത്ഥിക്കാൻ പ്രവാചകനോട് ആവശ്യപ്പെടുകയാണ്. എവിടേക്ക് പ്രവേശിക്കുകയാണെങ്കിലും എവിടെനിന്ന് പുറപ്പെടുകയാണെങ്കിലും എല്ലാ അവസ്ഥയിലും അല്ലാഹുവിനോട് സഹായം തേടിക്കൊണ്ട് സത്യമായ അദ്ദിക്റിൽ നിലകൊള്ളണം എന്നാണ് കൽപിക്കുന്നത്. 55: 33 ൽ, ജിന്നുകളുടേയും മനുഷ്യരുടേയും കൂട്ടത്തോട്, 'നിങ്ങൾക്ക് ആകാശഭൂമികളുടെ

അതിർവരമ്പുകൾ ലംഘിച്ചുവരാൻ സാധിക്കുമെങ്കിൽ വരിക, സുൽത്വാൻ -അധികാരശക്തി- കൂടാതെ നിങ്ങൾക്കതിന് സാധ്യമല്ല' എന്ന് പറഞ്ഞിട്ടുണ്ട്. 'അധികാരശക്തി' എന്ന് പറഞ്ഞതിന്റെ വിവക്ഷ അദ്ദിക്ർ തന്നെയാണ്. പ്രവാചകന്റെ കാലത്ത് ഗ്രന്ഥം ക്രോഡീകരിച്ച് കിട്ടാത്തതിനാലാണ് 'നിന്നിൽ നിന്നുള്ള ഒരു അധികാരശക്തിയെ നീ എനിക്ക് തുണയാക്കിത്തരികയും ചെയ്യേണമേ' എന്ന് പ്രാർത്ഥിക്കാൻ പ്രവാചകനോട് ആവശ്യപ്പെട്ടിട്ടുള്ളത്. അങ്ങനെ പ്രവാചകന്റെ ആകാശാരോഹണത്തിന് ജിബ്‌രീലിനെ അധികാരശക്തിയായി നിയോഗിക്കുകയുണ്ടായി. അദ്ദിക്റിനെ മുറുകെപ്പിടിച്ചവൻ അല്ലാഹുവിനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101; 4: 175 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 7: 40; 14: 22; 15: 17–18; 17: 76–77 വിശദീകരണം നോക്കുക.

81. നീ പറയുകയും ചെയ്യുക: സത്യം വന്നുകഴിഞ്ഞു, മിഥ്യ തകരുകയും ചെയ്തു; നിശ്ചയം, മിഥ്യ തകരേണ്ടത് തന്നെയായിരുന്നു.

2: 119, 147; 7: 8; 10: 108 തുടങ്ങി 256 സൂക്തങ്ങളിൽ പരാമർശിക്കപ്പെട്ട സത്യം അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. സത്യം വന്നതോടുകൂടി മിഥ്യ നശിക്കുന്നതാണ്. 41: 41 –43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ പരിചയും മുഹൈമിനുമായി ഉപയോഗപ്പെടുത്തുന്ന വിശ്വാസി തന്നെയാണ് അതിജയിക്കുക -ആ വിശ്വാസി ഒറ്റക്ക് ഒരുഭാഗത്തും ലോകം മുഴുവൻ മറുഭാഗത്തുമാണെങ്കിലും ശരി. അതിന് വിശ്വാസികളുടെ സംഘമുണ്ടാകണമെന്നില്ല. നാം നമ്മുടെ സൂക്തങ്ങൾ ദിഗന്തങ്ങളിലും അവരിൽ തന്നെയും കാണിച്ചുകൊടുക്കുന്നതാണ്, നിശ്ചയം അദ്ദിക്ർ സത്യം തന്നെയാണ് എന്ന് അവർക്ക് വെളിപ്പെടുന്നതുവരെ എന്ന് 41: 53 ൽ പറഞ്ഞിട്ടുണ്ട്.

34: 49 ൽ, നീ പറയുക, സത്യം- അദ്ദിക്ർ- വന്നുകഴിഞ്ഞു, ഇനി മിഥ്യ ആരംഭിക്കുകയോ ആവർത്തിക്കുകയോ ഇല്ല എന്ന് പറഞ്ഞിട്ടുണ്ട്. 29: 67 ൽ, അപ്പോൾ അവർ മിഥ്യ കൊണ്ടാണോ വിശ്വസിക്കുന്നത് -അല്ലാഹുവിന്റെ കാരുണ്യമായ അദ്ദിക്ർ മൂടിവെക്കുകയുമാണോ എന്ന് ചോദിക്കുന്നുണ്ട്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ലോകത്തെവിടെയുമുള്ള ഫുജ്ജാറുകൾ തന്നെയാണ് അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് അവരുടെ ഭക്ഷണമാക്കിയിരിക്കുന്നതും മിഥ്യയായ കർമ്മശാസ്ത്രഗ്രന്ഥങ്ങളെ അവലംബിച്ച് ജീവിതം നയിക്കുന്നതും. അതുവഴി അവർ കാഫിറുകളും അക്രമികളും തെമ്മാടികളുമായി മാറിയിരിക്കുകയാണ്. 2: 283; 8: 7–8; 13: 41–42 വിശദീകരണം നോക്കുക.

82. വിശ്വാസികൾക്ക് രോഗശമനവും കാരുണ്യവുമായിക്കൊണ്ടുള്ളവ ഈ വായനയിൽ നിന്ന് നാം അവതരിപ്പിക്കുന്നുമുണ്ട്, എന്നാൽ അക്രമികൾക്ക് അത് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയുമില്ല.

10: 57; 17: 82; 41: 44 എന്നീ 3 സൂക്തങ്ങളിൽ പറഞ്ഞ രോഗശമനം അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. അദ്ദിക്ർ വിശ്വാസികൾക്ക് സന്മാർഗവും രോഗശമനവുമാണെന്ന് 41: 44 ൽ പറഞ്ഞിട്ടുണ്ട്. വിശ്വാസികൾ മാത്രമാണ് അത് പിൻപറ്റുക. 9: 28 ൽ വിവരിച്ച പ്രകാരം കപടവിശ്വാസികൾ അദ്ദിക്ർ അറിഞ്ഞിട്ട് അതിനെ മൂടിവെക്കുന്ന മനുഷ്യപ്പിശാചുക്കളായതിനാലും അനുയായികൾ അദ്ദിക്റിനെ തള്ളിപ്പറയുന്നവരായതിനാലും അവർക്ക് രണ്ട് കൂട്ടർക്കും അദ്ദിക്ർ മാലിന്യവും നഷ്ടവുമല്ലാതെ വർദ്ധിപ്പിക്കുകയില്ല. 76: 31 ൽ, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ അവന്റെ കാരുണ്യത്തിൽ- അദ്ദിക്റിൽ- പ്ര

വേശിപ്പിക്കുന്നു; അത് വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത അക്രമികളോ, അവർക്ക് നാം വേദനാജനകമായ ശിക്ഷയാണ് ഒരുക്കിവെച്ചിട്ടുള്ളത് എന്നും പറഞ്ഞിട്ടുണ്ട്. 46: 11 ൽ, ഈ വായനയിൽ നന്മയുണ്ടായിരുന്നുവെങ്കിൽ നിങ്ങളെക്കാൾ മുമ്പ് ഞങ്ങൾ അതിൽ വിശ്വസിക്കുമായിരുന്നു എന്ന് ഗ്രന്ഥം കൊണ്ട് വിശ്വസിച്ചവരോട് കാഫിറുകൾ പറയുന്നതാണ്; അവർ അതുകൊണ്ട് സൻമാർഗത്തിലായില്ല, ഇത് പൂർവ്വികമായി കെട്ടിച്ചമച്ച ഒരു കളവല്ലാതെ മറ്റൊന്നുമല്ല എന്ന് അവർ പറയുകതന്നെ ചെയ്യുമെന്നും; 46: 12 ൽ, ഇതിനുമുമ്പ് കാരുണ്യവും ഇമാമുമായ മൂസായുടെ ഗ്രന്ഥവുമുണ്ട്, ഇതാകട്ടെ അറബി ഭാഷയിലുള്ളതും മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതും അക്രമികളെ താക്കീത് ചെയ്യുന്നതും അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്ക് ശുഭവാർത്ത നൽകുന്നതുമാണ് എന്നും പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളെയും അവരെ അന്ധമായി പിൻപറ്റുന്ന വഴിപിഴച്ച അക്രമികളെയും ശിക്ഷിക്കാൻ വേണ്ടിയാണ് അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 33: 72– 73; 48: 6 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 8: 2–4, 22; 9: 95; 28: 48–50 വിശദീകരണം നോക്കുക.

83. നാം മനുഷ്യന്റെ മേൽ അനുഗ്രഹം ചൊരിഞ്ഞാൽ അവൻ അതിനെ അവഗണിച്ച് ഒരു ഭാഗത്തേക്ക് തിരിഞ്ഞുകളയുന്നു, അവന് വല്ല തിന്മയും പിടിപെടുകയാണെങ്കിൽ അവൻ അതാ നിരാശനാവുകയും ചെയ്യുന്നു.

ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്ർ മനുഷ്യന് കൊടുത്താൽ അത് ഉപയോഗപ്പെടുത്തി അവൻ ഇഹപരജീവിതവിജയം നേടുന്നില്ല. 32: 22 ൽ, തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടിട്ട് പിന്നെ അതിനെ അവഗണിച്ച് പോകുന്നവനേക്കാൾ വലിയ അക്രമി ആരാണുള്ളത്, ഇത്തരം ഭ്രാന്തൻമാരോട് നാം പ്രതികാരം ചെയ്യുകതന്നെ ചെയ്യും എന്നും; 41: 51 ൽ, നാം മനുഷ്യന് അനുഗ്രഹം ചൊരിഞ്ഞാൽ അവൻ അതിനെ അവഗണിച്ച് ഒരു ഭാഗത്തേക്ക് തിരിഞ്ഞുകളയുന്നു; അവനെ ഒരു തിന്മ ബാധിച്ചാലോ, അവൻ നീണ്ട പ്രാർത്ഥനയിൽ മുഴുകുകയായി എന്നും; 22: 11 ൽ, ഒരു ചാരത്ത് നിന്നുകൊണ്ട് അല്ലാഹുവിനെ സേവിച്ചുകൊണ്ടിരിക്കുന്നവർ ജനങ്ങളിലുണ്ട്, അവന് ഒരു നന്മ ബാധിച്ചാൽ അതിൽ അവൻ ആശ്വാസം കൈകൊള്ളലായി, പരീക്ഷണമായി അവന് ഒരു നാശം പിടിപെട്ടാലോ, അല്ലാഹുവിൽ നിന്ന് മുഖം തിരിച്ച് പിന്തിരിയുകയായി, അങ്ങനെ ഇഹവും പരവും നഷ്ടപ്പെട്ടവനായി, അതുതന്നെയാണ് വ്യക്തമായ നഷ്ടം എന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ വിശ്വാസികളുടെ സ്വഭാവം ഇതിൽ നിന്ന് വിരുദ്ധമാണ്. അഥവാ 32: 15 ൽ പറഞ്ഞ പ്രകാരം, നിശ്ചയം നാഥന്റെ സൂക്തങ്ങൾ കൊണ്ട് വിശ്വസിച്ചവർ, ഹൃദയത്തിന്റെ ഭാഷയിൽ അതുകൊണ്ട് അവർ ഉണർത്തപ്പെട്ടാൽ തങ്ങളുടെ നാഥനെ സ്തുതിക്കുന്നതോടൊപ്പം വാഴ്ത്തിക്കൊണ്ട് സാഷ്ടാംഗത്തിൽ വീഴുന്നതാണ്, അവർ ഒരിക്കലും അഹങ്കരിച്ച് പിന്തിരിയുകയില്ല.

കവി പറഞ്ഞത് എത്രശരി! ദുഃഖസമയത്ത് എല്ലാവരും അല്ലാഹുവിനെ സ്മരിക്കുന്നു, സുഖസമയത്ത് ആരും സ്മരിക്കുന്നില്ല; ആരാണോ സുഖസമയത്തും ദുഃഖസമയത്തും ഒരുപോലെ അല്ലാഹുവിനെ സ്മരിക്കുന്നത്, അവർക്ക് ദുഃഖമേ ഉണ്ടാവുകയില്ല. ഒരു *ഖുദ്സിയായ* ഹദീസിൽ ഇങ്ങനെ വന്നിട്ടുണ്ട്: *അല്ലാഹ് എന്ന സ്മരണയോടുകൂടി ഭൂമിയിലോ ആകാശത്തോ യാതൊരു ആപത്തും സംഭവിക്കുകയില്ല, അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു!* ഇന്ന് അജയ്യഗ്രന്ഥമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നവർക്ക് ആകാശങ്ങളിലോ ഭൂമിയിലോ എവിടെവെച്ചും ഒരു ആപ

ത്തും വരാതെ *മുഹൈമിനായ* അദ്ദിക്ർ കാത്തുസൂക്ഷിക്കുന്നതാണ്. 9: 105, 121; 11: 9–11; 16: 96–97 വിശദീകരണം നോക്കുക.

84. നീ പറയുക: എല്ലാ ഓരോരുത്തരും അവന്റെ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു, അപ്പോൾ സന്മാർഗ്ഗത്തിൽ മുന്നേറുന്നവൻ ആരെന്ന് ഏറ്റവും അറിയുന്നവൻ നിങ്ങളുടെ നാഥൻ തന്നെയാണ്.

16: 89 ൽ പറഞ്ഞ പ്രകാരം ഓരോ വ്യക്തിയും എപ്പോൾ എവിടെ എന്തെല്ലാം പ്രവർത്തിക്കുമെന്നും അവൻ സ്വർഗ്ഗത്തിലേക്കാണോ നരകത്തിലേക്കാണോ എന്നെല്ലാം നേരത്തെ നിശ്ചയിച്ച് എല്ലാകാര്യങ്ങളും വിശദീകരിച്ചിട്ടുള്ള ഗ്രന്ഥമെന്ന് വിശേഷിപ്പിക്കപ്പെട്ട അദ്ദിക്റിൽ രേഖപ്പെടുത്തിയിട്ടുള്ളവനാണ് ത്രികാലജ്ഞാനിയായ അല്ലാഹു. അതുകൊണ്ട് ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ഓരോരുത്തരും സന്മാർഗ്ഗത്തിലാണോ അതോ ദുർമാർഗ്ഗത്തിലാണോ ചരിക്കുന്നത് എന്ന് സ്വയം തീരുമാനിക്കേണ്ടതാണ്. പ്രാർത്ഥനകൊണ്ടല്ലാതെ വിധി മാറ്റപ്പെടുകയില്ല എന്നും നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. പ്രാർത്ഥനക്ക് ഉത്തരം കിട്ടാനുള്ള രണ്ട് നിബന്ധനകൾ 2: 186 ൽ വിവരിച്ചിട്ടുണ്ട്. 3: 160; 5: 48; 7: 178; 10: 108–109; 16: 125 വിശദീകരണം നോക്കുക.

85. നിന്നോട് അവർ റൂഹിനെക്കുറിച്ച് ചോദിക്കുകയും ചെയ്യുന്നു; നീ പറയുക: റൂഹ് എന്റെ നാഥന്റെ കൽപനയിൽ പെട്ടതാണ്, അറിവിൽ നിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടുമില്ല.

അറിവിൽ നിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടുമില്ല എന്ന് പറഞ്ഞത് അന്ന് യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ മുഴുവനായും അവതീർണ്ണമാവുകയോ ക്രോഡീകരിക്കപ്പെടുകയോ ചെയ്തിരുന്നില്ല എന്നതുകൊണ്ടാണ്. എന്നാൽ ഇന്ന് 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ, 16: 43 ൽ വിവരിച്ച പ്രകാരം ഏതൊരാളും നിഷ്പക്ഷവാനായ നാഥനെക്കുറിച്ച് അറിവില്ലാത്ത കാര്യങ്ങൾ അദ്ദിക്റിന്റെ രചയിതാവിനോടാണ് ചോദിക്കേണ്ടത്. 32: 9 ൽ വിവരിച്ച പ്രകാരം സൃഷ്ടികളുടെ കാര്യത്തിൽ റൂഹ് കൊണ്ടുദ്ദേശിക്കുന്നത് ആത്മാവും ജീവനും കൂടിയതാണ്. 26: 193; 78: 38 സൂക്തങ്ങളിൽ മലക്ക് ജിബ്രീലിനെ റൂഹ് എന്ന് പറഞ്ഞിട്ടുണ്ട്. 42: 52 ൽ നാഥന്റെ വചനങ്ങളായ അദ്ദിക്റിനെക്കുറിച്ച് റൂഹ് എന്ന് പറഞ്ഞിട്ടുണ്ട്. 16: 1–2, 89; 17: 55 വിശദീകരണം നോക്കുക.

86. നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിന്നിലേക്ക് നാം ദിവ്യസന്ദേശമായി നൽകിയിട്ടുള്ളതെന്തോ അത് എടുത്തുകളയുകതന്നെ ചെയ്യുമായിരുന്നു; പിന്നെ നമ്മിൽ നിന്ന് നിനക്ക് അത് തിരിച്ചുനൽകുന്ന ഒരു വക്കീലിനെയും നീ കണ്ടെത്തുകയില്ല.

ഈ ഗ്രന്ഥം സർവ്വലോകങ്ങളുടെയും ഉടമയിൽ നിന്ന് ഘട്ടംഘട്ടമായി അവതരിപ്പിക്കപ്പെട്ടതാണ്, അവൻ നമ്മുടെ മേൽ വല്ല വാക്കുകളും കെട്ടിച്ചമച്ച് പറഞ്ഞിരുന്നുവെങ്കിൽ നാം അവനെ വലതുകൈകൊണ്ട് പിടികൂടുകയും പ്രധാന ധമനി മുറിച്ചുകളയുകയും ചെയ്യുമായിരുന്നു, അപ്പോൾ നിങ്ങളിൽ ഒരാൾക്കും തന്നെ അവനെ രക്ഷപ്പെടുത്താൻ സാധിക്കുമായിരുന്നില്ല എന്ന് 69: 43–47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മിഥ്യകലരാത്ത അജയ്യ ഗ്രന്ഥമായ അദ്ദിക്ർ ത്രികാലജ്ഞാനിയിൽ നിന്നുള്ളതാണെന്നും അത് അവൻ തന്നെ കാത്തുസൂക്ഷിക്കുമെന്നും അത് ക്രോഡീകരിക്കുന്നതിന് മുമ്പോ ക്രോഡീകരിച്ചതിന് ശേഷമോ യാതൊരു മിഥ്യയും അതിൽ കടന്നുകൂടുകയില്ല എന്നും 15: 9; 41: 41–43 സൂക്തങ്ങ

ളിൽ പറഞ്ഞിട്ടുണ്ട്. 'അദ്ദിക്ർ' യുക്തിനിർഭരമായ ഗ്രന്ഥമാണെന്ന് 3: 58 ലും; നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമാണെന്ന് 25: 33 ലും പറഞ്ഞിരിക്കെ അത് ഏതെങ്കിലും വ്യക്തിയുടേതാണെന്ന് ആരോപിക്കുന്നവർ അദ്ദിക്റിനെ കളവാക്കുന്ന കാഫിറുകളും വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്നവരുമാണ്. 2: 255; 10: 37–38; 38: 8 വിശദീകരണം നോക്കുക.

87.–നിന്റെ നാഥനിൽ നിന്നുള്ള കാരുണ്യമല്ലാതെയല്ല, നിശ്ചയം അവന്റെ ഔദാര്യം നിന്റെമേൽ വലിയതായിരിക്കുന്നു.

28: 85 ൽ, ആരാണ് സൻമാർഗം കൊണ്ടുവന്നതെന്നും ആരാണ് വ്യക്തമായ വഴികേടിലെന്നും നിന്റെ നാഥൻ നന്നായി അറിയുന്നവൻ തന്നെയാണ് എന്ന് പറയാൻ നാഥൻ പ്രവാചകനോട് കൽപിച്ചിട്ടുണ്ട്. 28: 86 ൽ, നിനക്ക് ഈ വേദം ഇട്ടുകിട്ടപ്പെടുമെന്ന് നീ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല, നിന്റെ നാഥന്റെ കാരുണ്യമായിട്ടല്ലാതെ അത് ലഭിച്ചിട്ടില്ല, അപ്പോൾ നീ കാഫിറുകളെ സഹായിക്കുന്നവനാകരുത് എന്ന് പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിന്റെ കാര്യത്തിൽ ദൃഢബോധ്യമില്ലാത്തവർ നിന്നെ ഒതുക്കിക്കളയാതിരിക്കട്ടെ എന്ന് പറഞ്ഞുകൊണ്ടാണ് 30: 60 അവസാനിക്കുന്നത്. 4: 113; 10: 58; 11: 118–119 വിശദീകരണം നോക്കുക.

88. നീ പറയുക: ഈ ഖുർആൻ പോലുള്ളത് അവർ കൊണ്ടുവരുന്നതിന് മനുഷ്യരും ജിന്നുകളും ഒരുമിച്ച് ചേർന്നാലും അതുപോലുള്ള ഒന്ന് അവർ കൊണ്ടുവരികയില്ല –അവർ ചിലർ ചിലരെ സഹായിക്കുന്നവരായിരുന്നാലും ശരി.

2: 23–24; 11: 13–14, 17 വിശദീകരണം നോക്കുക.

89. നിശ്ചയം, മനുഷ്യർക്കുവേണ്ടി ഈ ഖുർആനിൽ നാം എല്ലാഓരോ ഉപമയും വിശദീകരിച്ചിട്ടുണ്ട്, എന്നാൽ ജനങ്ങളിൽ അധികപേരും നിഷേധിക്കാനല്ലാതെ ഒരുമ്പെടുന്നില്ല.

ഖുർആൻ എന്ന പദത്തിന്റെ അർത്ഥം ആവർത്തിച്ച് വായിക്കപ്പെടാനുള്ളത് എന്നാണ്. ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഗ്രന്ഥം അദ്ദിക്റാണ്. ലോകത്ത് ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന ഗ്രന്ഥം ഖുർആനാണെന്ന് കൊട്ടിഘോഷിക്കുന്ന ഫുജ്ജാറുകൾ ഗ്രന്ഥത്തിന്റെ അറബിയിലുള്ള ശരീരം പാരായണം ചെയ്യുകവഴി വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ ദീനിൽ നിന്ന് തെറിച്ചുപോയിരിക്കുകയാണ്. ആശയമില്ലാതെ ഗ്രന്ഥം വായിക്കുന്ന അവർ 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ അജയ്യഗ്രന്ഥം ഏതാണെന്നുപോലും തിരിച്ചറിയാത്ത ദുഷ്ടജീവികളാണ്. അവർ ഓരോരുത്തരും മരണസമയത്ത് ആത്മാവിനെതിരെ കാഫിറാണെന്ന് സാക്ഷ്യം വഹിക്കുകയും കാഫിറായ പിശാചിന്റെ വീടായ നരകക്കുണ്ഠത്തിൽ ഒരുമിച്ച് കൂട്ടപ്പെടുന്നതുമാണ്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ളതാണ് അദ്ദിക്ർ എന്ന് അവർ ഗ്രന്ഥത്തിൽ വായിക്കുന്നുണ്ടെങ്കിലും അത് എങ്ങനെയാണ് ത്രാസ്സായി ഉപയോഗപ്പെടുത്തുക എന്ന് അവരിൽ ഒരാളും മനസ്സിലാക്കിയിട്ടുമില്ല, അഥവാ മനസ്സിലാക്കിയാൽ തന്നെ ജനങ്ങളെ ബോധിപ്പിക്കുന്നുമില്ല. അങ്ങനെ അവർ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരെ സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും അവരെ നരകത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. അങ്ങനെയാണ് അവർ നമസ്കരിച്ചും നോമ്പനുഷ്ഠിച്ചും ഹജ്ജും ഉംറയും ചെയ്തും പിഴയായി നരകകുണ്ഠം സമ്പാദിക്കുന്നവരായത്. ഇത്തരം കാഫിറുകളോട് 56: 81–82 സൂ

ക്തങ്ങളിൽ, അപ്പോൾ ഈ വർത്തമാനത്തെയാണോ നിങ്ങൾ ലാഘവത്തോടെ കാണുന്നത്, അതിനെ തള്ളിപ്പറയുക എന്നത് നിങ്ങൾ നിങ്ങളുടെ ഭക്ഷണമാക്കിയിരിക്കുന്നുവോ എന്ന് ചോദിക്കുന്നുണ്ട്. 9: 67–68; 10: 60; 17: 41 വിശദീകരണം നോക്കുക.

90. അവർ പറയുകയും ചെയ്യുന്നു: ഭൂമിയിൽ നിന്ന് നീ ഞങ്ങൾക്ക് ഒരു ഉറവ് പുറപ്പെടുവിപ്പിക്കുന്നത് വരെ ഞങ്ങൾ ഒരിക്കലും നിന്നിൽ വിശ്വസിക്കുകയില്ല.

17: 59 ൽ വിവരിച്ച പ്രകാരം ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുകവഴി ഒരാളും വിശ്വാസിയാവുകയില്ല. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുകവഴി ആത്മാവിനെയും പരലോകത്തെയും പരിഗണിക്കാതെ ദേഹേച്ഛക്കും ഐഹികലോകത്തിനും പ്രാധാന്യം കൊടുക്കുന്നവരാണ്. അതിനാൽ 16: 107 ൽ വിവരിച്ച പ്രകാരം അവർ ഇഹത്തിലും പരത്തിലും നഷ്ടപ്പെട്ടവരാണ്. 2: 85; 12: 53; 13: 14 വിശദീകരണം നോക്കുക.

91. അല്ലെങ്കിൽ നിനക്ക് ഈത്തപ്പനയാലും മുന്തിരിയാലുമുള്ള ഒരു തോട്ടമുണ്ടാവുകയും അങ്ങനെ അവയ്ക്കിടയിൽ നദികൾ ധാരമുറിയാതെ പൊട്ടിയൊഴുകുകയും ചെയ്യട്ടെ,

76: 5–6 സൂക്തങ്ങളിൽ, നിശ്ചയം പുണ്യാത്മാക്കൾ കർപ്പൂരത്തിന്റെ ചേരുവയോടുകൂടിയ കോപ്പകളിൽ നിന്ന് കുടിക്കുന്നതാണ്, അല്ലാഹുവിന്റെ അടിമകൾ സ്വർഗത്തിലെ അരുവികളിൽ നിന്ന് കുടിക്കുന്നതും ആ അരുവികളാകട്ടെ, ധാരമുറിയാതെ ഒഴുകിക്കൊണ്ടിരിക്കുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. സ്വർഗത്തിലുള്ള നദികളെക്കുറിച്ചുള്ള പരാമർശം ഗ്രന്ഥത്തിലൂടെ കേൾപ്പിക്കപ്പെടുമ്പോൾ അതുപോലെയുള്ള നദികൾ ഇഹത്തിലും ദിവ്യാത്ഭുതമായി ഒഴുക്കണമെന്നാണ് പ്രവാചകന്റെ മുമ്പിലുണ്ടായിരുന്ന കാഫിറുകൾ ആവശ്യപ്പെട്ടിരുന്നത്. 13: 38; 14: 11; 17: 59 വിശദീകരണം നോക്കുക.

92. അതല്ലെങ്കിൽ നീ ഭീഷണിപ്പെടുത്തുന്നതുപോലെ ആകാശത്തെ ഞങ്ങളുടെ മേൽ കഷ്ണം കഷ്ണമായി വീഴ്ത്തുകയോ അല്ലെങ്കിൽ അല്ലാഹുവിനെയും മലക്കുകളെയും ഞങ്ങളുടെ മുമ്പിൽ നേരിട്ട് കൊണ്ടുവരികയോ ചെയ്യുന്നതുവരെ.

അന്ത്യദിനം സംഭവിക്കുമ്പോൾ 'ആകാശം പൊട്ടിപ്പിളരുമെന്ന്' 82: 1 ലും; 'ആകാശം പൊട്ടിവിടരുമെന്ന്' 84: 1 ലും മുന്നറിയിപ്പ് നൽകിയിട്ടുള്ളതിനെ പരിഹസിച്ചുകൊണ്ടാണ് മക്കാമുശ്രിക്കുകൾ 'നീ ഭീഷണിപ്പെടുത്തുന്നത് പോലെ ആകാശത്തിന്റെ കഷ്ണങ്ങൾ ഞങ്ങളുടെ മേൽ വീഴ്ത്തുക' എന്ന് പറഞ്ഞിരുന്നത്. എന്നല്ലാതെ പ്രവാചകൻ അത് വീഴ്ത്തുമെന്നൊന്നും അവരോട് പറഞ്ഞിരുന്നില്ല. നാമുമായി കണ്ടുമുട്ടണമെന്ന് പ്രതീക്ഷിക്കാത്തവർ പറയുകയും ചെയ്യുന്നു: എന്താണ് ഞങ്ങളുടെമേൽ മലക്കുകൾ ഇറക്കപ്പെടാത്തത്, അല്ലെങ്കിൽ ഞങ്ങളുടെ നാഥനെ നേരിൽ കാണാത്തത്? നിശ്ചയം അവർ സ്വന്തത്തോട് അഹങ്കരിക്കുകയും പരിധിവിട്ട ധാർഷ്ട്യത്തിൽ അകപ്പെടുകയും ചെയ്തിരിക്കുന്നു, മലക്കുകളെ കാണുന്നദിനം ഈ ഭ്രാന്തൻമാർക്ക് സന്തോഷകരമായിരിക്കുകയില്ല, അന്ന് മലക്കുകളെ കാണാത്ത ഒരു മറ ഞങ്ങൾക്കിടയിൽ ഉണ്ടാകട്ടെ എന്ന് അവർ പറയുകയും ചെയ്യും എന്ന് 25: 21–22 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 6: 158; 14: 18; 43: 60–61 വിശദീകരണം നോക്കുക.

93. അല്ലെങ്കിൽ നിനക്ക് നവരത്നങ്ങളിൽ നിന്നുള്ള ഒരു വീട് ഉണ്ടാകുന്നതുവരെ,

അല്ലെങ്കിൽ നീ ആകാശത്തേക്ക് കയറിപ്പോകുന്നത് ഞങ്ങൾ കാണുന്നതുവരെ, ഞങ്ങളുടെമേൽ ഞങ്ങൾക്ക് വായിക്കാൻ കഴിയുന്ന ഒരു ഗ്രന്ഥം നീ ഇറക്കുന്നതുവരെ നിന്റെ കാഴ്ചയിൽ ഞങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ലതന്നെ; നീ പറയുക: എന്റെ നാഥൻ പരിശുദ്ധനാണ്, ഞാൻ ഒരു സന്ദേശവാഹകനായ മനുഷ്യനല്ലാതെ മറ്റാരെങ്കിലുമാണോ?

'എന്റെ നാഥൻ പരിശുദ്ധനാണ്' എന്ന് പറഞ്ഞതിന്റെ വിവക്ഷ, നിങ്ങൾ ആവശ്യപ്പെടുന്ന എല്ലാകാര്യങ്ങളും ചെയ്യാൻ അവൻ കഴിവുള്ളവനാണ് എന്നാണ്. അവന്റെ കഴിവിന് യാതൊരു പരിമിതിയുമില്ല. എന്നാൽ ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യനും പ്രവാചകനുമല്ലാതെയല്ല. ഞാൻ അവനുമായുള്ള കൂടിക്കാഴ്ചക്കുവേണ്ടി സ്വർഗ്ഗത്തിൽ പോയിവന്നിട്ടുണ്ടെങ്കിൽ അത് പരിശുദ്ധനായ അവൻ കാര്യകാരണ ബന്ധത്തിന് അതീതമായി എന്നെ അവിടേക്ക് കൊണ്ടുപോയതുകൊണ്ടാണ്. അവൻ നിങ്ങൾക്ക് വായിക്കാവുന്ന ഒരു ഗ്രന്ഥം (പ്രവാചകൻ മൂസാക്ക് ഫലകത്തിൽ നൽകിയതുപേലെ) തന്നയച്ചിരുന്നുവെങ്കിൽ ഞാൻ അത് കൊണ്ടുവരുമായിരുന്നു. 25: 32 ൽ, അല്ലാഹു പ്രവാചകന്റെമേൽ ഘട്ടം ഘട്ടമായി ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത് അതുകൊണ്ട് പ്രവാചകന്റെ ഹൃദയം ഉറപ്പിച്ചു നിർത്തുന്നതിന് വേണ്ടിയാണ് എന്നും, അവന്റെ ജീവിതം ഗ്രന്ഥമനുസരിച്ച് അല്ലാഹുതന്നെ ക്രമപ്പെടുത്തുമെന്നും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ എന്നോട് ഇത്തരം കാര്യങ്ങളൊന്നും ചോദിക്കേണ്ടതില്ല. നിങ്ങൾ നിങ്ങളുടെ ഉടമയായ അല്ലാഹുവിനോടുതന്നെ ചോദിച്ചുകൊള്ളുക, ഞാൻ സന്ദേശവാഹകനായ ഒരു മനുഷ്യൻ മാത്രമാകുന്നു എന്ന് പറയാനാണ് പ്രവാചകനോട് കൽപിക്കുന്നത്. 6: 7; 17: 1, 49–52; 18: 110 വിശദീകരണം നോക്കുക.

94. സൻമാർഗം അവർക്ക് വന്നുകിട്ടിയപ്പോൾ അല്ലാഹു ഒരു മനുഷ്യനെയാണോ പ്രവാചകനായി നിയോഗിച്ചിട്ടുള്ളത് എന്ന അവരുടെ ചോദ്യമല്ലാതെ മനുഷ്യരെ വിശ്വാസിയാകുന്നതിൽ നിന്ന് തടഞ്ഞിട്ടുമില്ല.

ഒരു നാട്ടിലേക്ക് മൂന്ന് പ്രവാചകൻമാരെ അയച്ചപ്പോൾ ആ ജനത അവരോട് പ്രതികരിച്ച രീതി 36: 15 ൽ പറയുന്നു: നിങ്ങൾ ഞങ്ങളെപ്പോലെയുള്ള മനുഷ്യരല്ലാതെയല്ല, നിഷ്പക്ഷവാൻ ഒന്നും തന്നെ ഇറക്കിയിട്ടുമില്ല, നിശ്ചയം നിങ്ങൾ കളവ് പറയുന്നവർ തന്നെയാകുന്നു. 67: 8–10 സൂക്തങ്ങളിൽ ഇത്തരം കാഫിറുകൾ നരകത്തിലേക്ക് വലിച്ചെറിയപ്പെടുമ്പോൾ അതിലെ പാറാവുകാർ അവരോട് 'നിങ്ങൾക്ക് മുന്നറിയിപ്പുകാർ വന്നിട്ടുണ്ടായിരുന്നില്ലേ' എന്ന് ചോദിക്കുമ്പോൾ അവർ 'അതെ; നിശ്ചയം ഞങ്ങൾക്ക് മുന്നറിയിപ്പുകാർ വന്നിരുന്നു, എന്നാൽ ഞങ്ങൾ അവരെ തള്ളിപ്പറഞ്ഞു, അല്ലാഹു ഒന്നും തന്നെ ഇറക്കിയിട്ടില്ല, നിശ്ചയം നിങ്ങൾ വമ്പിച്ച വഴികേടിലല്ലാതെയല്ല എന്ന് ഞങ്ങൾ അവരോട് പറയുകയും ചെയ്തു. ഞങ്ങൾ അദ്ദിക്ർ കേട്ടിരുന്നുവെങ്കിൽ, അല്ലെങ്കിൽ ബുദ്ധിയുപയോഗിച്ച് ചിന്തിച്ചിരുന്നുവെങ്കിൽ ഞങ്ങൾ ഈ കത്തിയാളുന്ന നരകത്തിന്റെ സഹവാസികളാകുമായിരുന്നില്ലല്ലോ!' എന്ന് പറയുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 39: 71 ൽ, വിചാരണക്കുശേഷം കാഫിറുകളെ നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുന്ന രംഗം വിവരിക്കുന്നത് ഇങ്ങനെയാണ്: അങ്ങനെ അവർ നരകക്കുണ്ഠത്തിന്റെ അടുത്തെത്തുകയും വാതിൽ തുറക്കപ്പെടുകയും ചെയ്താൽ അതിന്റെ പാറാവുകാർ അവരോട് ചോദിക്കും: നിങ്ങൾക്ക് നിങ്ങളുടെ നാഥന്റെ സൂക്തങ്ങൾ വിവരിച്ചുതരികയും ഇങ്ങനെ ഒരുനാളിനെ കണ്ടുമുട്ടണമെന്ന് നിങ്ങളോട് മുന്നറിയിപ്പ് നൽകുകയും ചെയ്തി

രുന്ന നിങ്ങളിൽ നിന്നുതന്നെയുള്ള അല്ലാഹുവിന്റെ പ്രവാചകൻമാർ വന്നിട്ടുണ്ടായിരുന്നില്ലേ? അവർ മറുപടി പറയും: അതെ, വന്നിരുന്നു, എന്നാൽ കാഫിറായ ഞങ്ങളുടെ മേൽ ശിക്ഷാവചനം ബാധകമായി.

'നമ്മിൽ നിന്നുള്ള ഒരു മനുഷ്യനെയാണോ നാം പിൻപറ്റേണ്ടത്, അങ്ങനെയായാൽ നിശ്ചയം നാം വഴികേടിൽ അകപ്പെട്ടവരും ബുദ്ധിഭ്രംശം ബാധിച്ചവരും തന്നെയായിരിക്കും' എന്ന് സ്വാലിഹ് നബിയെക്കുറിച്ച് 'സമൂദ് ജനത' ചോദിച്ചതായി 54: 24 ൽ പറഞ്ഞിട്ടുണ്ട്. എക്കാലത്തുമുള്ള കാഫിറുകളുടെ സ്വഭാവത്തെക്കുറിച്ച് 64: 6 ൽ പറയുന്നു: അത് നിശ്ചയം, അവരിലേക്ക് അവരുടെ പ്രവാചകൻമാർ വെളിപാടും കൊണ്ട് വന്നിട്ടുണ്ടായിരുന്നു, അപ്പോൾ അവർ ചോദിച്ചു; ഒരു മനുഷ്യനാണോ നമ്മളെ സൻമാർഗ്ഗത്തിലാക്കാൻ വന്നിട്ടുള്ളത്, അങ്ങനെ അവർ നിഷേധിക്കുകയും പിന്തിരിയുകയും ചെയ്തു, അപ്പോൾ അല്ലാഹു സ്വയം പര്യാപ്തത തെരഞ്ഞെടുത്തു, അല്ലാഹു ഐശ്വര്യവാനും സ്വയം സ്തുത്യർഹനുമാകുന്നു. 7: 203; 10: 2; 11: 12, 27; 25: 7–9 വിശദീകരണം നോക്കുക.

95. നീ പറയുക: ഭൂമിയിൽ ശാന്തരായി ചരിക്കുന്ന മലക്കുകളാണ് ഉണ്ടായിരുന്നതെങ്കിൽ നിശ്ചയം നാം അവരുടെ മേൽ ആകാശത്തുനിന്നും ഒരു മലക്കിനെത്തന്നെ പ്രവാചകനായി അയക്കുമായിരുന്നു.

ഭൂമിയിൽ ജീവിക്കുന്ന നിങ്ങൾ മനുഷ്യരായതു കൊണ്ടാണ് നിങ്ങൾക്ക് മനുഷ്യനെത്തന്നെ പ്രവാചകനായി അയക്കുന്നത് എന്നർത്ഥം. 'ശാന്തരായി ചരിക്കുന്ന മലക്കുകൾ' എന്നതിന്റെ വിവക്ഷ, മലക്കുകളെല്ലാം വിശ്വാസികളും കുറ്റം ചെയ്യാത്തവരുമാണ് എന്നാണ്. 66: 6 ൽ മലക്കുകളെക്കുറിച്ച്, അവർ അല്ലാഹുവിന്റെ കൽപനകൾ ധിക്കരിക്കുകയില്ല, അവരോട് കൽപിക്കപ്പെടുന്നതെന്തോ അത് പ്രവർത്തിക്കുന്നവരുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. മനുഷ്യർക്ക് മലക്കുകളുടെ ഈ സ്വഭാവം ലഭിക്കണമെങ്കിൽ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള ജീവിതം നയിക്കേണ്ടതുണ്ട്. *ഗ്രന്ഥത്തിൽ അവഗാഹമുള്ളവർ പുണ്യാത്മാക്കളായ മലക്കുകളോടൊപ്പമാണ് ചരിക്കുന്നതെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. മലക്കുകളെല്ലാവരും വിശ്വാസികളാണ്. മനുഷ്യർക്ക് അദ്ദിക്ർ കൊണ്ടല്ലാതെ വിശ്വാസിയാകാനോ മലക്കുകളുടെ സ്വഭാവം കൈവരിക്കാനോ സാധ്യമല്ല. അദ്ദിക്ർ കൊണ്ട് ആത്മാവിന് ശാന്തി ലഭിക്കുമെന്ന് 13: 27–28 സൂക്തങ്ങളിലും; ശാന്തിനേടിയ ആത്മാവ് മാത്രമേ സ്വർഗ്ഗത്തിലേക്ക് തിരിച്ചുപോവുകയുള്ളൂ എന്ന് 89: 27–30 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. സ്വതന്ത്രരായ മനുഷ്യർക്കും ജിന്നുകൾക്കും അദ്ദിക്ർ കൊണ്ട് അല്ലാഹുവിന്റെ പ്രതിനിധികളായി ജീവിക്കുകവഴി മലക്കുകളെക്കാൾ ഉയർന്ന സ്ഥാനം നേടാവുന്നതാണ്. ഇന്ന് അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുകവഴി കാഫിറായ മസീഹുദ്ദജ്ജാലിനെ ആനയിച്ചു കൊണ്ടിരിക്കുന്ന ഫുജ്ജാറുകളെല്ലാം തന്നെ ഈസാ രണ്ടാമത് വന്നാൽ അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നതാണ്. അതോടുകൂടി 43: 60 ൽ പറഞ്ഞ പ്രകാരം മനുഷ്യരെല്ലാം മലക്കുകളെപ്പോലെ ലൈംഗികബന്ധമില്ലാതെയും ശാന്തിയോടും സമാധാനത്തോടും കൂടിയും ഇവിടെ ജീവിക്കുന്നതാണ്. പക്ഷേ 6: 158 ൽ വിവരിച്ച പ്രകാരം അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നായ മസീഹുദ്ദജ്ജാൽ വന്നാൽ പിന്നെ വിശ്വാസം സ്വീകരിക്കൽ കൊണ്ട് ഒരു പ്രയോജനവും ഉണ്ടാവുകയില്ല. 4: 91, 159; 9: 5; 15: 7–8 വിശദീകരണം നോക്കുക.

96. നീ പറയുക: എന്റെയും നിങ്ങളുടെയുമിടയിൽ അല്ലാഹുതന്നെ സാക്ഷിയായി

മതിയായവനാണ്, നിശ്ചയം അവൻ തന്റെ അടിമകളെ വലയം ചെയ്ത സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമായിരിക്കുന്നു.

ഞാൻ നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനാണ് എന്നതിന് സാക്ഷിയായി തന്റെ അടിമകളെ സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ത്രികാലജ്ഞാനിയായ അല്ലാഹു തന്നെ മതി എന്ന് പറയാനാണ് പ്രവാചകനോട് ആവശ്യപ്പെട്ടിരിക്കുന്നത്. അവൻ ഉറക്കവും മയക്കവുമില്ലാതെ എല്ലാം പതിയിരുന്ന് വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ്. 13: 43; 16: 43–44; 17: 17, 30 വിശദീകരണം നോക്കുക.

97. ആരെയാണോ അല്ലാഹു സൻമാർഗത്തിലാക്കിയത്, അപ്പോൾ അവൻ മാത്രമാണ് സൻമാർഗത്തിലായത്; ആരെയാണോ അല്ലാഹു വഴികേടിലാക്കിയത്, അപ്പോൾ അവനെക്കൂടാതെ അവർക്ക് സംരക്ഷകരെ നീ കണ്ടെത്തുകയില്ലതന്നെ, വിധിദിവസം അന്ധരും ഊമരും ബധിരരുമായി മുഖം കുത്തിയ നിലയിൽ അവരെ നാം ഒരുമിച്ചുകൂട്ടും, അവരുടെ സങ്കേതം നരകകുണ്ഠമാണ്, എല്ലാഓരോ പ്രാവശ്യവും അതിലെ തീ അടങ്ങുമ്പോഴെല്ലാം നാം അവർക്ക് അതിനെ ആളിക്കത്തിക്കുന്നതുമാണ്.

വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രവും സ്വർഗത്തിലേക്കുള്ള ടിക്കറ്റും അവന്റെ കാരുണ്യവുമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകൾ മുഖം കുത്തിയ നിലയിൽ അന്ധരും ഊമരും ബധിരരുമായി നരകകുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ളവരാണ്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. 17: 15 ൽ വിവരിച്ച പ്രകാരം ആരാണോ സന്മാർഗമായ അദ്ദിക്റിനെ സത്യപ്പെടുത്തി ഇവിടെ ജീവിച്ചത്, അവർ സന്മാർഗത്തിലായി. അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ തള്ളിപ്പറഞ്ഞ് ജീവിച്ചവർ കാഫിറുകളും അക്രമികളുമായതിനാൽ അവർ വിധിദിവസം 'ഓ എന്റെ കഷ്ടം! അദ്ദിക്റിനെത്തൊട്ട് എനിക്ക് അത് വന്നുകിട്ടിയതിനുശേഷം എന്നെ ഇന്നാലിന്നവനാണല്ലോ തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27–29 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 3: 7 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിച്ചും കേട്ടും കാഫിറുകളായിത്തീർന്ന ഇക്കൂട്ടർക്കെതിരെ അവർ വായിച്ച, കേട്ട സൂക്തങ്ങൾ വാദിച്ചുകൊണ്ടും സാക്ഷ്യം വഹിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. അദ്ദിക്റിനെത്തൊട്ട് ബധിരരും അന്ധരും ഊമരുമായ ഇവർ അദ്ദിക്റിലേക്കും അത് വഴി സ്വർഗത്തിലേക്കും തിരിച്ചുവരികയില്ല എന്ന് 2: 18 ൽ പറഞ്ഞിട്ടുണ്ട്. 2: 6–7; 7: 176–179; 16: 37 വിശദീകരണം നോക്കുക.

98. അതാണ് അവർക്കുള്ള പ്രതിഫലം, നിശ്ചയം അവർ നമ്മുടെ സൂക്തങ്ങളെ മൂടിവെക്കുന്നവരായതുകൊണ്ടും ഞങ്ങൾ എല്ലും പുറ്റുമായിക്കഴിഞ്ഞാൽ പുതിയ സൃഷ്ടികളായി പുനർജീവിപ്പിക്കപ്പെടുമോ എന്ന് ചോദിച്ചിരുന്നതുകൊണ്ടും.

36: 78 ൽ, കാഫിർ അവന്റെ സൃഷ്ടിപ്പിനെ മറന്നുകൊണ്ട് നമുക്കതാ ഉപമകൾ ചമക്കുന്നു, എല്ല് നുറുമ്പിക്കഴിഞ്ഞാൽ ആരാണ് അതിനെ ജീവിപ്പിക്കുക എന്ന് അവൻ ചോദിക്കുകയും ചെയ്യുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഗ്രന്ഥം വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താതെ ലക്ഷ്യബോധം നഷ്ടപ്പെട്ട് ജീവിക്കുകവഴി അവരുടെ കൈകൾ സമ്പാദിച്ചത് നരകമായതിനാൽ അവരത് ആസ്വദിക്കേണ്ടിവരും. നിഷ്പക്ഷവാനായ നാഥൻ ആരെയും നരകത്തിലേ

ക്കോ സ്വർഗത്തിലേക്കോ ആക്കുന്നില്ല. 4: 56, 150–151; 8: 22; 14: 28–30 വിശദീകരണം നോക്കുക.

99. നിശ്ചയം, ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച അല്ലാഹു അവരെപ്പോലെയുള്ളവരെയും സൃഷ്ടിക്കുവാൻ കഴിവുള്ളവനാണെന്ന് അവർ മനസ്സിലാക്കിയിട്ടില്ലേ; അവർക്ക് ഒരു അവധി അവൻ നിർണ്ണയിച്ച് വെച്ചിട്ടുമുണ്ട് -അതിന്റെ കാര്യത്തിൽ സംശയമില്ല, എന്നാൽ ഈ അക്രമികൾ കാഫിറുകളായിട്ടല്ലാതെ പിന്തിരിയുന്നില്ല.

42: 29 ൽ, അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചതും അവ രണ്ടിലും ജീവജാലങ്ങളെ പരത്തിയിട്ടതും, അവൻ ഉദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചുകൂട്ടാൻ കഴിവുള്ളവൻ തന്നെയുമാണ് എന്നും; 46: 33 ൽ, നിശ്ചയം ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച അല്ലാഹു -അവയുടെ സൃഷ്ടിപ്പിൽ അവൻ ക്ഷീണിതനായിട്ടില്ല!- അവൻ മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവൻ തന്നെയാണെന്ന് അവർ മനസ്സിലാക്കിയിട്ടില്ലേ; അതെ, നിശ്ചയം അവൻ എല്ലാറ്റിനും കഴിവുള്ള സർവ്വശക്തൻ തന്നെയാണ് എന്നും പറഞ്ഞിട്ടുണ്ട്. 75: 37–39 സൂക്തങ്ങളിൽ, മനുഷ്യൻ തെറിച്ചുവീഴുന്ന ഇന്ദ്രിയത്തുള്ളിയിൽ നിന്നുള്ള ബീജമായിരുന്നില്ലേ! പിന്നെ അത് രക്തപിണ്ഡമായി, അങ്ങനെ നാം അവനെ സൃഷ്ടിച്ച് രൂപപ്പെടുത്തി, അതിൽ നിന്ന് പുരുഷൻ, സ്ത്രീ എന്നിങ്ങനെയുള്ള ജോടികളെ ഉണ്ടാക്കി എന്ന് പറഞ്ഞശേഷം 75: 40 ൽ, അങ്ങനെയുള്ളവൻ മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവനല്ലെന്നോ എന്ന് ചോദിക്കുന്നുണ്ട്. 14: 34; 36: 81; 40: 57–58 വിശദീകരണം നോക്കുക.

100. നീ പറയുക: എന്റെ നാഥന്റെ അനുഗ്രഹ ഖജനാവുകൾ നിങ്ങളാണ് അധീനപ്പെടുത്തിയിരുന്നതെങ്കിൽ ചെലവഴിച്ച് തീരുമെന്ന ഭയത്താൽ നിശ്ചയം നിങ്ങൾ അത് കെട്ടിപ്പൂട്ടിവെക്കുകതന്നെ ചെയ്യുമായിരുന്നു, മനുഷ്യൻ പിശുക്കൻ തന്നെയായിരിക്കുന്നു.

ജീവിതലക്ഷ്യം നഷ്ടപ്പെട്ട കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയോ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ഇല്ല. അവർക്ക് അധികാരം കിട്ടുകയാണെങ്കിൽ ആവശ്യത്തിനുപോലും ചെലവഴിക്കാതെ പിശുക്ക് കാണിച്ചുകൊണ്ടും മറ്റുള്ളവരെ അതിനുവേണ്ടി പ്രേരിപ്പിച്ചുകൊണ്ടും അവർ ജീവിതം കുടുസ്സാക്കി മാറ്റുന്നതാണ്. അവരിൽ പെട്ട മറ്റുചിലർ പൊങ്ങച്ചത്തിനുവേണ്ടി ധൂർത്തടിച്ച് ചെലവഴിക്കുകവഴി നാണയപ്പെരുപ്പത്തിനും അരാജകത്വത്തിനും മനുഷ്യർക്ക് ജീവിതഭാരം വർദ്ധിക്കാനും കാരണമാകും വിധം പ്രവർത്തിക്കുന്നവരാണ്. ഏഴാം ഘട്ടമായ പരലോകത്ത് അനന്തരമെടുക്കാനുള്ള സ്വർഗ്ഗം നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് സമ്പാദിക്കലാണ് ജീവിതലക്ഷ്യം എന്ന് മനസ്സിലാക്കിയ വിശ്വാസികൾ മാത്രമേ ജീവിതത്തിൽ മിതത്വം കൈക്കൊണ്ട് ജീവിക്കുകയും 59: 9; 64: 16 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സ്വാർത്ഥതയും മനസ്സിന്റെ കുടുസ്സും ഒഴിവാക്കി എല്ലാ ജീവജാലങ്ങളുടെയും ക്ഷേമവും ഐശ്വര്യവും ലക്ഷ്യം വെച്ച് പ്രവർത്തിക്കുകയുമുള്ളൂ. 2: 11–12; 4: 37–39, 53; 9: 67–68 വിശദീകരണം നോക്കുക.

101. നിശ്ചയം മൂസാക്ക് നാം വ്യക്തമായ ഒമ്പത് ദൃഷ്ടാന്തങ്ങൾ നൽകിയിട്ടുണ്ട്, അപ്പോൾ നീ ഇസ്റാഈൽ സന്തതികളോട് ചോദിച്ചുനോക്കുക, അവൻ അ

വരിലേക്ക് ചെന്ന സന്ദർഭം: അപ്പോൾ ഫിർഔൻ അവനോട് പറഞ്ഞു: ഓ മൂസാ! നിശ്ചയം, ഞാൻ നിന്നെക്കുറിച്ച് കരുതുന്നത് ' നീ ആഭിചാരം ബാധിച്ചവൻ തന്നെയാണ്' എന്നാണ് .

27: 12 ൽ മൂസായോട്: നിശ്ചയം നിന്നെ ഞാൻ ഒമ്പത് ദൃഷ്ടാന്തങ്ങളുമായി തെമ്മാടികളായ ഫിർഔനിലേക്കും അവന്റെ ജനതയിലേക്കും അയക്കുകയാണ് എന്നും; 27: 13 ൽ, അങ്ങനെ അവർക്ക് നമ്മുടെ ഉൾകാഴ്ച്ചാദായകമായ ദൃഷ്ടാന്തങ്ങൾ വന്നപ്പോൾ ഇത് വ്യക്തമായ മാരണം തന്നെയാണ് എന്ന് അവർ പറഞ്ഞു എന്നും പറഞ്ഞിട്ടുണ്ട്. 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അദ്ദിക്ർ എന്ന അജയ്യഗ്രന്ഥത്തെ പരിചയപ്പെടുത്തുന്ന ഒറ്റപ്പെട്ട വിശ്വാസിയോടും ഫിർഔൻ പ്രഭൃതികളുടെ ജീവിതം നയിക്കുന്ന ഇന്നത്തെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്ക് ഇതിലേറെ ദുഷിച്ച സമീപനം തന്നെയാണ് ഉണ്ടാവുക. അതുകൊണ്ടാണ് അവരെ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികൾ എന്ന് പ്രപഞ്ചനാഥൻ 8: 22 ൽ വിശേഷിപ്പിച്ചിച്ചുള്ളത്. 2: 211; 7: 130 –133; 17: 47 വിശദീകരണം നോക്കുക.

102.അവൻ പറഞ്ഞു: നിശ്ചയം ഉൾകാഴ്ച്ചാദായകമായ ഈ ദൃഷ്ടാന്തങ്ങളെല്ലാം അവതരിപ്പിച്ചിട്ടുള്ളത് ആകാശഭൂമികളുടെ നാഥനല്ലാതെ മറ്റാരുമല്ല എന്ന് നിനക്ക് ശരിക്കും അറിയാമല്ലോ; ഓ ഫിർഔൻ! നിശ്ചയം നശിപ്പിക്കപ്പെടാൻ പോകുന്ന ഒരാളായിട്ടാണ് നിന്നെക്കുറിച്ച് ഞാൻ കരുതുന്നത്.

മൂസാനബി മുഖേന ഫിർഔനിനും കൂട്ടർക്കും അല്ലാഹു കാണിച്ചുകൊടുത്ത ദൃഷ്ടാന്തങ്ങൾ ഉൾകാഴ്ച്ചാദായകമായിരുന്നു. അത്തരം ദൃഷ്ടാന്തങ്ങൾ കൊണ്ടുവരാൻ ഒരു മനുഷ്യനും സാധ്യമല്ല എന്ന വസ്തുത വളരെ വ്യക്തവുമായിരുന്നു. എന്നാൽ ഫിർഔൻ ധിക്കാരപൂർവ്വം അതിനെ കളവാക്കി തള്ളിപ്പറയുകയും, അങ്ങനെ നശിപ്പിക്കപ്പെടാൻ അർഹനായി മാറുകയും ചെയ്തു. ഉൾകാഴ്ച്ചാദായകമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുകവഴി ജീവിതലക്ഷ്യം മറന്നുകൊണ്ടും അന്ത്യനാളിനെ തള്ളിപ്പറഞ്ഞുകൊണ്ടും ഇവിടെ യാതൊരു നിയന്ത്രണവുമില്ലാതെ ജീവിക്കുന്നവർക്ക് കത്തിയാളുന്ന നരകമാണ് ഒരുക്കിവെച്ചിരിക്കുന്നത് എന്നും, ചങ്ങലകളിൽ ബന്ധിതരായിക്കൊണ്ട് ഇടുങ്ങിയ നരകത്തിലേക്ക് വലിച്ചെറിയപ്പെടുമ്പോൾ അവർ നാശത്തിനുവേണ്ടി കേഴുന്നതാണ് എന്നും, അപ്പോൾ അവരോട് 'നിങ്ങൾ ഒരു നാശത്തിനല്ല, പല നാശത്തിനായി കേഴുക' എന്ന് പറയപ്പെടുമെന്നും 25: 11–14 സൂക്തങ്ങളിലും; അദ്ദിക്റിനെ മൂടിവെക്കുകവഴി വിചാരണാനാളിൽ ഇടതുകയ്യിൽ ഗ്രന്ഥം കിട്ടുന്നവർ നാശത്തിനുവേണ്ടി കേഴുമെന്നും അവർ നരകത്തിൽ വേവിക്കപ്പെടുമെന്നും 84: 10–12 സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഗ്രന്ഥം സൂചിപ്പിച്ചിട്ടുള്ളതും ഇപ്പോൾ നടപ്പിൽ വന്നിട്ടുള്ളതുമായ സംഭവങ്ങൾ ചൂണ്ടിക്കാണിച്ച് ഇതര ജനവിഭാഗങ്ങളിലെ ബുദ്ധിമാന്മാരായ ആളുകളെ അദ്ദിക്ർ ഉപയോഗപ്പെടുത്താൻ ഉത്തേജിപ്പിക്കൽ വിശ്വാസികളുടെ ബാധ്യതയാണ്. ഉദാഹരണം 1) എല്ലാ ഓരോ മനുഷ്യനും തന്റെ പിരടിയിൽ അവന്റെ 'സോഫ്റ്റ്വെയർ' വഹിക്കുന്നുണ്ടെന്ന് 17: 13–14 സൂക്തങ്ങളിൽ പറഞ്ഞത് കമ്പ്യൂട്ടർ സാർവത്രികമായി പ്രചാരത്തിലുള്ള ഇക്കാലത്ത് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. 2) മനുഷ്യർ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് മാതാവിന്റെ ഉദരത്തിൽ മൂന്ന് ഇരുട്ടറകൾക്കുള്ളിലാണെന്ന് 39: 6 ൽ സൂചിപ്പിച്ചിട്ടുള്ളത് വൈദ്യശാസ്ത്രം കണ്ടെത്തിയിട്ടുള്ളതാണ്. 3) സമുദ്രത്തിൽ തെളിനീർ വെള്ളവും ഉപ്പുവെള്ളവും ഇടകല

രാതെ വേർതിരിഞ്ഞ് നിലകൊള്ളുന്നുണ്ട് എന്ന് 25: 53 ൽ സൂചിപ്പിച്ചത് ആധുനികകാലത്ത് കണ്ടെത്തിയത്. 4) മഹാവിസ്ഫോടനം വഴിയാണ് പ്രപഞ്ചം രൂപപ്പെട്ടതെന്നും ജീവൻ നിലനിർത്തുന്നതിന് വെള്ളം അനിവാര്യമാണെന്നുമുള്ള ആധുനിക കണ്ടെത്തൽ 21: 30 ൽ പറഞ്ഞിട്ടുള്ളത്. 5) കാഴ്ചയിൽ ഹൃദയം ബന്ധപ്പെടുന്നുണ്ട് എന്ന കണ്ടെത്തൽ 22: 46 ൽ സൂചിപ്പിച്ചിട്ടുള്ളത്. 6) ഇപ്പോൾ ഈജിപ്ഷ്യൻ മ്യൂസിയത്തിലുള്ള മുവ്വായിരം കൊല്ലങ്ങൾക്കുമുമ്പുള്ള ഫിർഔനിന്റെ ജഡം 10: 92 ൽ പറഞ്ഞ പ്രകാരം മനുഷ്യർക്ക് ഒരു ദൃഷ്ടാന്തമായി അല്ലാഹു സൂക്ഷിക്കുകയാണെന്ന വസ്തുത. 7) വിമാനം കണ്ടുപിടിച്ചതിന് ശേഷം മാത്രമാണ് ഐസുമലകൾ പോലെയുള്ള മേഘങ്ങളുടെ പർവതങ്ങളുണ്ട് എന്ന് 24: 43 ൽ പറഞ്ഞത് വെളിവായിട്ടുള്ളത്. 8) അവന്റെ വിരൽ തുമ്പുകൾ വരെ വ്യത്യസ്ഥമായി ക്രമപ്പെടുത്തിയ നാഥൻ അവന്റെ എല്ലുകൾ ഒരുമിച്ചുകൂട്ടി പുനർസൃഷ്ടിക്കാൻ കഴിവുള്ളവൻ തന്നെയാണെന്ന് 75: 3-4 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത് വിരലടയാളം വ്യക്തികളെ തിരിച്ചറിയാനുള്ള മാനദണ്ഡമായി അംഗീകരിച്ചിട്ടുള്ള ഇക്കാലത്താണ് കൂടുതൽ മനസ്സിലാവുക. 9) എല്ലാഓരോ വസ്തുവിലും ഭൂമിയിൽ നിന്ന് മുളച്ച് പൊന്തുന്നവയിലും അവരിൽ തന്നെയും അവർക്ക് അറിവില്ലാത്തവയിലും ഇണകളെ സൃഷ്ടിച്ചിട്ടുണ്ട് എന്ന് 36: 36 ൽ പറഞ്ഞിട്ടുള്ളത് ആറ്റത്തെപ്പോലും വിഘടിപ്പിക്കാൻ കഴിഞ്ഞ ഇക്കാലത്ത് കൂടുതൽ മനസ്സിലാക്കാം. 10) നിശ്ചലമായി നിൽക്കുന്ന സൂര്യനുചുറ്റും ഭൂമിയും മറ്റുഗ്രഹങ്ങളും കറങ്ങുയാണെന്ന മുൻകാല ശാസ്ത്ര പഠനം തിരുത്തിക്കൊണ്ട് സൂര്യനും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്ന് 36: 38 ൽ പറഞ്ഞത് ആധുനികശാസ്ത്രം അംഗീകരിച്ചിരിക്കുന്നു. 11) ഭൂമി അതിന്റെ റിക്കാർഡുകൾ സമർപ്പിക്കുന്നതാണെന്ന് 99: 4 ൽ പറഞ്ഞത് ഓഡിയോ വീഡിയോ റിക്കാർഡിംഗ് പ്രചുരപ്രചാരമായ ഇക്കാലത്ത് കൂടുതൽ മനസ്സിലാക്കാൻ സാധിക്കേണ്ടതാണ്.

ഉൾക്കാഴ്ചാദായകവും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 56: 82 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അതിനെ തള്ളിക്കളയുക എന്നത് ഭക്ഷണമാക്കിയവരാണ്. അവർ പിൻപറ്റിക്കൊണ്ടിരിക്കുന്നത് 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലെ സിജ്ജീൻ പട്ടികയിലേക്ക് നയിക്കുന്ന ഫുജ്ജാർ കിതാബുകളാണ്. ആത്മാവിനും പരലോകത്തിനും പ്രാധാന്യം കൊടുക്കാതെ ശരീരത്തിനും ഐഹികലോകത്തിനും പ്രാധാന്യം കൊടുക്കുന്ന ഈ കെട്ടജനത 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. മസീഹുദ്ദജ്ജാലിനെ റബ്ബായി സ്വീകരിക്കുന്ന ഈ ഫുജ്ജാറുകൾ ഈസായുടെ രണ്ടാം വരവോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളാൽ 4: 91 ൽ പറഞ്ഞ പ്രകാരം വധിക്കപ്പെടുന്നതാണ്. അങ്ങനെ നാഥൻ അവന്റെ മൊത്തം സൃഷ്ടികൾക്കുള്ള സംസാരമായ അദ്ദിക്റിനെ 6: 89-90 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെ ഏൽപിക്കുന്നതാണ്. 6: 25-26; 16: 43-44; 11: 24 വിശദീകരണം നോക്കുക.

103. അങ്ങനെ അവരെ ഭൂമുഖത്തുനിന്ന് തുടച്ചുമാറ്റാൻ അവൻ ഉദ്ദേശിച്ചു, അപ്പോൾ നാം അവനെയും അവനോടൊപ്പമുള്ള മുഴുവൻ ആളുകളെയും മുക്കിക്കൊന്നു.

ഫിർഔനും പ്രഭൃതികൾ മൂസായോടും അനുയായികളോടും സ്വീകരിച്ചിരുന്ന അതേ

നയം തന്നെയായിരുന്നു മക്കയിൽ ഈ സൂക്തങ്ങൾ അവതരിക്കുന്ന കാലഘട്ടത്തിൽ മുഹമ്മദിനോടും അനുയായികളോടും ഖുറൈശികളും കൈക്കൊണ്ടിരുന്നത്. അപ്പോൾ ഫിർഔൻ പ്രഭൃതികൾക്ക് സംഭവിച്ച പരിണിതി ചൂണ്ടിക്കാണിച്ചുകൊണ്ട് അവരെ താക്കീത് നൽകുകയും പ്രവാചകനെയും അനുയായികളെയും സമാശ്വസിപ്പിക്കുകയുമാണ് ഈ സൂക്തത്തിലൂടെ അല്ലാഹു ചെയ്യുന്നത്. അജയ്യമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ ആരാണോ 3: 101–102; 5: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അതിനെ മുറുകെപ്പിടിച്ചത്, അവരെ അത് എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്നതാണ്. കൂടുതൽ താമസിയാതെ ഇജാസിൽ അവസാനത്തെ ഖലീഫയായ മഹ്ദിയുടെ ആഗമനപ്രഖ്യാപനം ഉണ്ടാകുന്നതോടുകൂടി മനുഷ്യരിൽ നിന്നുള്ള വിശ്വാസികളെ ഇജാസിലേക്ക് വേർതിരിക്കുന്നതും ഫുജ്ജാറുകൾ അവിടെ നിന്ന് പുറത്താക്കപ്പെടുന്നതും വിശ്വാസികൾക്ക് ലോകവിജയം ലഭിക്കുന്നതുമാണ്. 7: 127–137; 10: 90–92; 17: 76–77 വിശദീകരണം നോക്കുക.

104.അതിനുശേഷം ഇസ്റാഈൽ സന്തതികളോട് നാം പറഞ്ഞു: നിങ്ങൾ ഭൂമിയിൽ താമസിച്ചുകൊള്ളുക, അങ്ങനെ അവസാന വാഗ്ദത്തം വന്നുകഴിഞ്ഞാൽ നിങ്ങളെ എല്ലാവരെയും ഒരു കൂടക്കീഴിൽ നാം ഒരുമിച്ചുകൂട്ടുന്നതുമാകുന്നു.

സൂക്തത്തിൽ നിങ്ങളെ എല്ലാവരെയും ഒരു കൂടക്കീഴിൽ ഒരുമിച്ചുകൂട്ടും എന്ന് പറഞ്ഞതിന്റെ വിവക്ഷ: (1) 17: 7 ൽ വിവരിച്ച പ്രകാരം ധിക്കാരവും അതിക്രമവും കാരണം ഭൂമിയിൽ ഛിന്നഭിന്നമായി ജീവിച്ചിരുന്ന ജൂതന്മാരെ ഒരു രാഷ്ട്രത്തിന്റെ കീഴിൽ ഒരുമിച്ചുകൂട്ടും എന്നാണ്. 1948 ൽ ഇസ്രായീൽ രൂപപ്പെട്ടതോടെ അത് സംഭവിക്കുകയുണ്ടായി. (2) മനുഷ്യരിൽ നിന്നുള്ള വിശ്വാസികളെ ഇജാസിലേക്ക് വേർതിരിക്കുന്നതോടുകൂടി ഇസ്രായീൽ പടനായകനായി മസീഹുദ്ദജ്ജാൽ പുറപ്പെടുമെന്നും അവൻ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെ പ്രീണിപ്പിക്കുകവഴി ഇജാസ് ഒഴികെയുള്ള ലോകം മുഴുവൻ അവന്റെ ഭരണത്തിൻ കീഴിൽ കൊണ്ടുവരുമെന്നുമാണ്. (3) 1: 3 ൽ വിവരിച്ച പ്രകാരം അന്ത്യനാളിൽ നാഥൻ എല്ലാ സൃഷ്ടികളെയും പുനർസൃഷ്ടിച്ച് വിചാരണക്ക് വേണ്ടി ഒരുമിച്ചുകൂട്ടുന്നതാണ്. 4: 158–159; 7: 169–170; 17: 4–7 വിശദീകരണം നോക്കുക.

105.നാം അതിനെ ലക്ഷ്യത്തോടുകൂടിയാണ് അവതരിപ്പിച്ചിട്ടുള്ളത്, ലക്ഷ്യത്തോടുകൂടിത്തന്നെ അത് അവതരിക്കുകയും ചെയ്തിരിക്കുന്നു, നിന്നെ നാം സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായിട്ടല്ലാതെ അയച്ചിട്ടുമില്ല.

21: 24–25 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അല്ലാഹു അല്ലാതെ മറ്റൊരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുവീൻ എന്ന് പഠിപ്പിക്കാൻ വേണ്ടിയല്ലാതെ 313 പ്രവാചകന്മാരെയും സത്യവും തെളിവുമായ അദ്ദിക്റും കൊണ്ട് അയച്ചിട്ടില്ല. അറബി ഖുർആൻ അല്ല, മറിച്ച് അദ്ദിക്റാണ് അജയ്യഗ്രന്ഥമെന്നും അതിൽ അതിന്റെ ക്രോഡീകരണത്തിന് മുമ്പോ ശേഷമോ മിഥ്യയൊന്നും കടന്നുകൂടുകയില്ല എന്നും 41: 41–42 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഇന്ന് അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 6: 104; 10: 108 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആരാണോ അദ്ദിക്റിനെ സത്യപ്പെടുത്തിയത്, അത് അവനുവേണ്ടിത്തന്നെയാണ്; ആരാണോ അതിനെത്തൊട്ട് വഴികേടിലായത്, അതിന്റെ ദോഷവും ആ ആത്മാവിന് തന്നെയാണ്, പ്രവാചകന്റെയും വിശ്വാസിയുടെയും ബാധ്യത നാഥന്റെ സന്ദേശം ലോകർക്ക് എത്തിച്ചുകൊടു

ക്കൽ മാത്രമാണ്. 36: 69 ൽ, ഇത് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തുന്ന അദ്ദിക്റും വ്യക്തമായ ഒരു വായനയുമാണ് എന്ന് പറഞ്ഞതിന് ശേഷം 36: 70 ൽ, ആർക്കാണോ ജീവനുള്ളത് അവരെ താക്കീത് ചെയ്യുന്നതിനും കാഫിറുകളുടെ മേൽ വചനം സ്ഥാപിതമാകുന്നതിനും വേണ്ടിയാണ് ഇത് അവതരിപ്പിച്ചിട്ടുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. മനുഷ്യന്റെ ആറാം ഘട്ടമായ പരലോകത്തെ വിചാരണാമാനദണ്ഡം 39: 69, 75 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സത്യമായ അദ്ദിക്ർ തന്നെയാണ്.

2: 172–173 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന അക്രമികളായ ഫുജ്ജാറുകളുടെ വഴികേടിന് നിഷ്പക്ഷവാനായ അല്ലാഹുവിനെയോ കാഫിറായ പിശാചിനെയോ മാതാപിതാക്കളെയോ മറ്റാരെയെങ്കിലുമോ കുറ്റം പറഞ്ഞ് ഒഴിവാകാൻ ഒരാൾക്കും സാധ്യമല്ല. അത്തരക്കാർ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിച്ചുകൊണ്ട് നരകത്തിൽ പോകേണ്ടവരാണ്. ഫുജ്ജാറുകളിലെ നേതാക്കളും അനുയായികളും തമ്മിൽ നരകത്തിൽ വെച്ച് പരസ്പരം തർക്കിക്കുന്ന, പഴിക്കുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 119; 14: 1; 17: 13–15 വിശദീകരണം നോക്കുക.

106.–ഈ വായനയും; നാം അതിനെ പല ഭാഗങ്ങളായി അവതരിപ്പിച്ചിരിക്കുന്നു, നീ ജനങ്ങളുടെ മേൽ അത് നിർത്തി നിർത്തി വായിച്ച് കൊടുക്കുന്നതിന് വേണ്ടി, നാം അതിനെ ഘട്ടം ഘട്ടമായി അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ഖുർആൻ എന്നാൽ ആവർത്തിച്ച് വായിക്കപ്പെടേണ്ട ഗ്രന്ഥം എന്നാണ്. ആശയം ചിന്തിപ്പിക്കുന്ന വിധത്തിൽ നിർത്തി നിർത്തിയാണ് ജനങ്ങളുടെമേൽ അത് വായിച്ചുകൊടുക്കേണ്ടത്. അതിനെ പിൻപറ്റുന്നവർക്ക് സന്തോഷവാർത്തയും അല്ലാത്തവർക്ക് താക്കീതുമാണ് അത്. അഥവാ അറബി ഖുർആൻ അല്ല, ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ ആണ് ആവർത്തിച്ച് വായിക്കേണ്ടത്. ആശയത്തെക്കുറിച്ച് ചിന്തിക്കുകപോലും ചെയ്യാതെ അറബി ഖുർആൻ വായിക്കുക വഴി *ദീനിൽ നിന്ന് വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ തെറിച്ചുപോകുമെന്നും*, *വായിച്ച ഖുർആൻ നാളെ അവനെതിരായി സാക്ഷ്യം വഹിക്കുമെന്നുമാണ്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്. ജനങ്ങളുടെ മേൽ അത് നിർത്തി നിർത്തി വായിച്ച് കൊടുക്കുന്നതിന് വേണ്ടിയാണ് നാം അതിനെ ഘട്ടം ഘട്ടമായി അവതരിപ്പിക്കുന്നത് എന്ന് പറഞ്ഞതിൽ നിന്നും മുൻ സൂക്തത്തിൽ 'നാമതിനെ ലക്ഷ്യത്തോടുകൂടിയാണ് അവതരിപ്പിച്ചിട്ടുള്ളത്, ലക്ഷ്യത്തോടുകൂടിത്തന്നെ അത് അവതരിക്കുകയും ചെയ്തിരിക്കുന്നു' എന്ന് പറഞ്ഞതിൽ നിന്നും *ഗ്രന്ഥം വെറുതെ പാരായണം (ഖിറാഅത്ത്) ചെയ്യാനല്ല, തിലാവത്ത്* ചെയ്യാനാണ് നാഥൻ കല്പിക്കുന്നത് എന്നത് വളരെ വ്യക്തമാണ്. അദ്ദിക്ർ *തിലാവത്ത്* ചെയ്യുന്നതുകൊണ്ട് മാത്രമേ എന്തെങ്കിലും കാര്യമുള്ളൂ എന്നർത്ഥം. മുപ്പതാമത്തെ കള്ളവാദിയായ *മസീഹു ദ്ദജ്ജാൽ* പുറപ്പെടാറായ ഇക്കാലത്ത് *അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് ജീവിക്കണമെന്നാണ്* പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്. 36: 69–70 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അറബി ഖുർആൻ അല്ല, ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്റാണ് വ്യക്തമായ വായന. അത് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമാണ്. 2: 1–2; 13: 2; 25: 32–34 വിശദീകരണം നോക്കുക.

107.നീ പറയുക: നിങ്ങൾ 'അതുകൊണ്ട്' വിശ്വസിക്കുകയോ അല്ലെങ്കിൽ വിശ്വ

സിക്കാതിരിക്കുകയോ ചെയ്തുകൊള്ളുവിൻ, നിശ്ചയം ഇതിനുമുമ്പ് അറിവ് നൽകപ്പെട്ടവരായവർ, അവരുടെ മേൽ അത് വിശദീകരിച്ചുകൊടുക്കപ്പെട്ടാൽ അവർ മുഖം കുത്തി സാഷ്ടാംഗത്തിൽ വീഴുന്നതാണ്.

'നിങ്ങൾ' എന്ന അഭിസംബോധനത്തിൽ ഇന്ന് ഇത്തരം സൂക്തങ്ങൾ വായിക്കുന്നവർ മാത്രമാണ് ഉൾപ്പെടുക. നിങ്ങൾ ഈ ഗ്രന്ഥം കൊണ്ട് വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യുവീൻ, വിശ്വസിച്ചാൽ അതിന്റെ ഗുണം നിങ്ങൾക്കുതന്നെ, വിശ്വസിക്കാതിരുന്നാൽ അതിന്റെ ദോഷവും നിങ്ങൾക്കുതന്നെ. നാഥനിൽ നിന്ന് അവതരിപ്പിക്കപ്പെട്ട മുൻ വേദഗ്രന്ഥങ്ങളുടെ ആശയം അറിയുന്നവരെക്കുറിച്ചാണ് 'ഇതിനുമുമ്പ് അറിവ് നൽകപ്പെട്ടവർ' എന്ന് പറഞ്ഞത്. യഥാർത്ഥ അറിവുള്ളവരുമായ വിശ്വാസികളുടെ സ്വഭാവം, അവരുടെ മേൽ ഗ്രന്ഥം വിശദീകരിച്ചു കൊടുക്കപ്പെട്ടാൽ പിന്തിരിഞ്ഞുനിൽക്കാതെ അവർ മുഖം കുത്തി സാഷ്ടാംഗത്തിൽ വീഴുന്നതും, ജീവിതം അതിന്റെ വിധിവിലക്കുകൾക്കനുസരിച്ച് ചിട്ടപ്പെടുത്താൻ സർവ്വാത്മനാ പരിശ്രമികക്കുന്നതുമാണ്. അപ്രകാരം പ്രവർത്തിക്കാത്ത ഫുജ്ജാറുകൾക്കെതിരെ 25: 18 പ്രകാരം മഹാത്മാക്കളും 25: 30 പ്രകാരം പ്രവാചകൻ തന്നെയും 'എന്റെ ഈ ജനത അദ്ദിക്റിൽ നിന്ന് അകന്നുപോയ ഒരു കെട്ടജനതതന്നെയായിരുന്നു' എന്ന് പരലോകത്തുവെച്ച് അന്യായം പറയുന്നതാണ്. 6: 89-90 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഭാവിയിൽ അദ്ദിക്ർ ഉപയോഗപ്പെടുത്തുക പ്രവാചകന്റെ സമുദായത്തിൽപെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതരജനവിഭാഗങ്ങളായിരിക്കും. 2: 120-121; 5: 82-86; 14: 19-20 വിശദീകരണം നോക്കുക.

108.അവർ പറയുന്നവരുമാകുന്നു: ഞങ്ങളുടെ നാഥൻ പരിശുദ്ധനാണ്, നിശ്ചയം ഞങ്ങളുടെ നാഥന്റെ വാഗ്ദാനം പുലരാനുള്ളത് തന്നെയുമായിരിക്കുന്നു.

വേദപരിജ്ഞാനമുള്ളവർ അദ്ദിക്ർ കേൾക്കാനിടയായാൽ ഇത് അല്ലാഹുവിൽ നിന്നുള്ള സത്യമാണെന്നും ഇതിലെ വാഗ്ദാനങ്ങൾ പുലരുകതന്നെ ചെയ്യുമെന്നും മനസ്സിലാക്കി ഉടമയായ നാഥനെ പരിശുദ്ധപ്പെടുത്തുന്നതാണ്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ഉപയോഗപ്പെടുത്താതിരുന്നാലുള്ള ഭവിഷ്യത്ത് മനസ്സിലാക്കിക്കൊണ്ട് ജനങ്ങളിലേക്ക് അതിന്റെ സന്ദേശം എത്തിച്ചുകൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ അവർ മനസ്സാ-വാചാ-കർമ്മണാ മുഴുകുന്നതുമാണ്. 10: 53-54; 39: 23 വിശദീകരണം നോക്കുക.

109.അവർ കരഞ്ഞുകൊണ്ട് വിനീതരായി മുഖം കുത്തി വീഴുകയും അപ്പോൾ അവരുടെ ഭയഭക്തി വർദ്ധിക്കുന്നതുമാണ്.

എക്കാലത്തുമുള്ള വിശ്വാസികൾ ഇത്തരം സൂക്തങ്ങൾ കേൾക്കുമ്പോൾ വിനീതരും ഭയചകിതരുമായി ഉടമയുടെ മുമ്പിൽ സാഷ്ടാംഗം വീഴുകയും അവനെ സ്തുതിക്കുകയും പരിശുദ്ധപ്പെടുത്തുകയും അവന്റെ ശിക്ഷയെത്തൊട്ട് അഭയം തേടുകയും ചെയ്യുന്നതാണ്. അതുവഴി അവരുടെ വിശ്വാസവും സമർപ്പണവും വർദ്ധിക്കുന്നതുമാണ്. ഗ്രന്ഥത്തിൽ 'തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം' ചെയ്യേണ്ട പതിനഞ്ച് സ്ഥലങ്ങളിൽ ഒന്നാണ് ഇത്. 7: 205-206; 8: 2-4; 16: 50; 19: 58 വിശദീകരണം നോക്കുക.

110.നീ പറയുക: നിങ്ങൾ 'അല്ലാഹ്' എന്ന് വിളിച്ച് പ്രാർത്ഥിക്കുക, അല്ലെങ്കിൽ നിങ്ങൾ നിഷ്പക്ഷവാൻ എന്ന് വിളിച്ച് പ്രാർത്ഥിക്കുക; നിങ്ങൾ എന്ത് വിളിച്ചാലും അപ്പോൾ ഏറ്റവും നല്ല നാമങ്ങൾ അവനുള്ളതാണ്; നിന്റെ നമസ്കാരം

ഏറെ ഉച്ചത്തിലാവുകയുമരുത്, അത് വളരെ പതിഞ്ഞ സ്വരത്തിലും ആകരുത്, അതിന് രണ്ടിനും ഇടയിലുള്ള ഒരു മധ്യമമാർഗം സ്വീകരിക്കുകയും ചെയ്യുക.

മക്കാമുശ്രിക്കുകളും എക്കാലത്തുമുള്ള കപടവിശ്വാസികളും അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്നവരല്ല. അതുകൊണ്ടാണ് ഇവിടെ 'അല്ലാഹ്' എന്നോ 'നിഷ്പക്ഷവാൻ' എന്നോ വിളിക്കുക എന്ന് പറഞ്ഞത്. 25: 60 ൽ, നിഷ്പക്ഷവാന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുക എന്ന് അവരോട് പറയപ്പെട്ടാൽ: ഏതാണ് ഈ നിഷ്പക്ഷവാൻ, നീ കൽപിക്കുന്നവർക്കൊക്കെയും ഞങ്ങൾ സാഷ്ടാംഗപ്രണാമം ചെയ്യുകയോ എന്ന് ചോദിക്കുകയും അവരുടെ വിരോധം വർദ്ധിക്കുകയുമാണ് ചെയ്യുക എന്ന് പറഞ്ഞിട്ടുണ്ട്. സമ്പത്തും സന്താനങ്ങളും സംഘബലവും പ്രൗഢിയും പ്രതാപവുമെല്ലാമാണ് മക്കാമുശ്രിക്കുകളും എക്കാലത്തുമുള്ള കപടവിശ്വാസികളും സത്യത്തിന്റെ മാനദണ്ഡമായി പരിഗണിക്കുന്നത്. പരത്തിൽ അവർക്ക് നരകമായതിനാൽ അതെല്ലാം നാഥൻ ഇഹത്തിൽ കൂടുതൽ നൽകിയിട്ടുള്ളതും അവർക്കുതന്നെയാണ്, അതുകൊണ്ടാണ് അവർ അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കാതിരിക്കുന്നതും. നിഷ്പക്ഷവാനായ അല്ലാഹു ആരെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല, മറിച്ച് 6: 165 ൽ വിവരിച്ച പ്രകാരം ഓരോരുത്തർക്കും നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ ഉപയോഗപ്പെടുത്തി സ്വർഗം ഇവിടെ പണിയാനാണ് മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളത്. എന്നാൽ ജീവിതലക്ഷ്യം നഷ്ടപ്പെട്ട ഫുജ്ജാറുകൾ ഈ ബോധമില്ലാത്തവരാണ്.

ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിന്റെ നാമങ്ങൾക്കാണ് '*അസ്മാഉൽ ഹുസ്നാ*'-ഏറ്റവും നല്ല നാമങ്ങൾ-എന്ന് പറയുന്നത്. 59: 22-24 എന്നീ സൂക്തങ്ങളിൽ പരാമർശിച്ച പതിനഞ്ച് നാമങ്ങൾ ഉൾപ്പടെ അല്ലാഹുവിന് തൊണ്ണൂറ്റി ഒൻപത് ഗുണനാമങ്ങൾ ഗ്രന്ഥം പഠിപ്പിച്ചിട്ടുണ്ട്. *ഹന്നാൻ, മന്നാൻ* എന്നിങ്ങനെ രണ്ടുപേരുകൾ പ്രവാചകനിലൂടെ പഠിപ്പിക്കപ്പെട്ടിട്ടുമുണ്ട്. ഈ നൂറ്റൊന്ന് പേരുകളല്ലാത്ത മറ്റേതൊരു പേരുവിളിച്ച് പ്രാർത്ഥിച്ചാലും 2: 34; 4: 117-118 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ശപിക്കപ്പെട്ട, കാഫിറായ പിശാചിനെയാണ് വിളിക്കുന്നത്. ഏറ്റവും നല്ലത് (ഹുസ്നാ) എന്നത് അദ്ദിക്റിന്റെ നാൽപത് പേരുകളിൽ ഒന്നാണ്. 59: 24 ൽ, അവനാണ് അല്ലാഹു, ആത്മാവിനെ സൃഷ്ടിച്ചവൻ, ശരീരം സൃഷ്ടിച്ചവൻ, ആത്മാവിനേയും ശരീരത്തേയും സന്തുലനപ്പെടുത്തിയവൻ, ഏറ്റവും നല്ല നാമങ്ങൾ അവനുള്ളതാണ്, ആകാശഭൂമികളിലുള്ള എല്ലാഒന്നും അവനെ വാഴ്ത്തിക്കൊണ്ടിരിക്കുകയാണ്, അവൻ ചോദ്യം ചെയ്യപ്പെടാത്ത അജയ്യനായ യുക്തിജ്ഞാനി തന്നെയുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

'നിന്റെ നമസ്കാരം വളരെ ഉച്ചത്തിലോ വളരെ പതിഞ്ഞ സ്വരത്തിലോ ആകരുത്, രണ്ടിന്റെയും ഇടയിലുള്ള ഒരു മധ്യമമാർഗം സ്വീകരിക്കുക' എന്ന് പറഞ്ഞാൽ നമസ്കാരത്തിലുള്ള വായന വളരെ ഉച്ചത്തിലാകരുത്, എന്നാൽ വളരെ പതുക്കെയുമാകരുത് എന്നാണ്. ഗ്രന്ഥം വായിക്കുമ്പോൾ മിതമായ ശബ്ദത്തിലായിരിക്കണമെന്നാണ് കൽപന യെങ്കിലും അദ്ദിക്ർ വിശദീകരിക്കേണ്ടത് സിംഹഗർജ്ജനം പോലെ ആയിരിക്കണം. 74: 49-51 സൂക്തങ്ങളിൽ അല്ലാഹു ചോദിക്കുന്നു: അപ്പോൾ അവർക്ക് എന്തുപറ്റി? അദ്ദിക്റിൽ നിന്ന് അവർ സിംഹഗർജ്ജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടുകഴുതകളെപ്പോലെ അവഗണിച്ചു പോകുന്നുവല്ലോ! 15: 12 ലും 26: 200 ലും ചിന്തയില്ലാത്ത ഭ്രാന്തൻമാരുടെ ഹൃദയങ്ങളിലേക്ക് ചുട്ടുപഴുത്ത കമ്പിയെന്നോണം നാം അദ്ദിക്റിനെ കടത്തിവിടുകയാണ് എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്. 1: 2; 7: 150; 17: 78 വിശദീകരണം നോക്കുക.

111. നീ പ്രഖ്യാപിക്കുകയും ചെയ്യുക: ഒരു സന്താനത്തെയും സ്വീകരിക്കാത്തവനായ, തന്റെ ആധിപത്യത്തിൽ യാതൊരു പങ്കുകാരുമില്ലാത്തവനായ, പോരായ്മയിൽ നിന്ന് രക്ഷിക്കാൻ ഒരു സംരക്ഷകനേയും ആവശ്യമില്ലാത്തവനായ അല്ലാഹുവിനാണ് സ്തുതി, അവനെ മഹത്വപ്പെടുത്തേണ്ട വിധം മഹത്വപ്പെടുത്തുകയും ചെയ്യുക!

ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിൽ മനുഷ്യരടക്കമുള്ള സർവ്വവസ്തുക്കളെയും സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന അല്ലാഹുവിന് സന്താനങ്ങളോ അവന്റെ ആധിപത്യത്തിൽ മറ്റു പങ്കാളികളോ ഒന്നുമില്ലെന്ന് പ്രഖ്യാപിക്കാനാണ് അല്ലാഹു പ്രവാചകനോടും അതുവഴി വിശ്വാസികളോടും കൽപിക്കുന്നത്. അല്ലാഹു പൂർണ്ണനും ആരുടെയും ആശ്രയമില്ലാത്തവനും സൃഷ്ടികളെല്ലാം തന്നെ അവന്റെ ആശ്രിതരുമാണ്. അവനെപ്പോലെ ഒരാളുമില്ല, അവനെപ്പോലെ ഒരു വസ്തുവുമില്ല. ത്രികാലജ്ഞാനിയായ അവൻ എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനും സർവ്വാധിപനും സ്വേച്ഛാധിപനും തന്നിഷ്ടം പ്രവർത്തിക്കുന്നവനുമാണ്. 1: 1; 2: 255; 10: 61; 32: 4; 112: 1–4 വിശദീകരണം നോക്കുക.

18. അൽ കഹ്ഫ്

'ഒരു സംഘം യുവാക്കൾ ഗുഹയിൽ (കഹ്ഫ്) അഭയം പ്രാപിച്ചപ്പോൾ' എന്ന പത്താം സൂക്തഭാഗത്തിൽ നിന്ന് എടുത്തതാണ് ഈ സൂറത്തിന്റെ നാമം. ജൂത-ക്രൈസ്തവ പുരോഹിതൻമാരുടെ നിർദ്ദേശപ്രകാരം മുശ്രിക്ക് നേതാക്കൾ ഗുഹാവാസികളെക്കുറിച്ചും 'ഖിള്ർ-മൂസാ' സംഭവത്തെക്കുറിച്ചും 'ദുൽഖർനൈനി'യെക്കുറിച്ചും പ്രവാചകനോട് ചോദിച്ചതിന് മറുപടിയായി മക്കയിൽ അവതരിച്ചതാണ് ഇതിലെ സൂക്തങ്ങൾ. പ്രവാചകന്റെ അറിവ് പരിശോധിക്കാനായുള്ള ഇത്തരം ചോദ്യങ്ങൾക്കുള്ള മറുപടിയിലൂടെ പ്രവാചകനോടും വിശ്വാസികളോടും അവർ കൈക്കൊണ്ടിരിക്കുന്ന സമീപനം മുൻകാലങ്ങളിലെ കാഫിറുകളുടേതും ധിക്കാരികളുടേതുമാണെന്ന് അവരെ ഉണർത്തുകയും അവരെ താക്കീത് നൽകുകയും ചെയ്യുന്നു.

ഗുഹാവാസികളുടെ നിശ്ചയദാർഢ്യം സ്വീകരിച്ചുകൊണ്ട് വിശ്വാസികൾ ഏത് എതിർപ്പിനെയും അവഗണിക്കണമെന്നും ഏത് പ്രതിസന്ധിഘട്ടത്തെയും മറികടക്കണമെന്നും അല്ലാഹുവിന്റെ മേൽ ഭരമേൽപിച്ചുകൊണ്ട് ഉറച്ച് നിലകൊള്ളണമെന്നും പഠിപ്പിക്കുന്നു. അങ്ങനെയായാൽ അല്ലാഹു അവന്റെ അജയ്യമായ കഴിവുകൊണ്ട് ഗുഹയിൽ കൊണ്ടുപോയി ഉറക്കിക്കിടത്തി അവരെ രക്ഷിച്ചതുപോലെ തങ്ങളെയും രക്ഷിക്കുമെന്ന് വിശ്വാസികൾക്ക് ദൃഢബോധ്യം നൽകുന്നു. *മസീഹുദ്ദജ്ജാലിന്റെ നാശത്തിൽ നിന്ന് രക്ഷപ്പെടാൻ സൂറത്ത് 'കഹ്ഫ്' ആദ്യത്തെ പത്ത് സൂക്തമോ അവസാനത്തെ പത്ത് സൂക്തമോ തിലാവത്ത് ചെയ്യണമെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഗുഹാവാസികളുടെ നിശ്ചയദാർഢ്യം ഉൾക്കൊള്ളുകവഴി, ഇബ്റാഹീമിന് തീക്കുണ്ഠം തണുപ്പുള്ളതും സമാധാനവുമുള്ളതായി മാറിയതുപോലെ *മസീഹുദ്ദജ്ജാലി*ന്റെ നരകം വിശ്വാസികൾക്ക് തണുപ്പുള്ളതും സമാധാനമുള്ളതുമായി മാറുന്നതാണ്. *ദിക്ർ* എന്ന ഗ്രന്ഥത്തെക്കൊള്ളെ കണ്ണിന് മൂടിയുള്ളവരും കേൾക്കാൻ തയ്യാറാകാത്തവരുമായ കാഫിറുകളുടെ അടുത്തേക്ക് നരകക്കുണ്ഠം അടുപ്പിക്കുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അല്ലാഹുവിന്റെ മേൽ ഭരമേൽപിക്കുന്ന വിശ്വാസികളെ കാര്യകാരണബന്ധത്തിന് അതീതമായി നാഥൻ രക്ഷിക്കുമെന്നും സഹായിക്കുമെന്നും അതുകൊണ്ട് വിശ്വാസികൾ അവനിൽ മാത്രമാണ് ഭരമേൽപിക്കേണ്ടതെന്നും ഗുഹാവാസികളുടെ സംഭവം പഠിപ്പിക്കുന്നു.

ഒരു തോട്ടക്കാരനെയും വിശ്വാസിയായ അവന്റെ കൂട്ടുകാരനെയും ഉദാഹരിച്ചുകൊണ്ട് വിശ്വാസികളുടെയും കപടവിശ്വാസികളുടെയും ഇഹലോകത്തെയും പരലോകത്തെയും അവസ്ഥ തുലനം ചെയ്യുന്നു. തനിക്ക് ലഭിച്ചിട്ടുള്ള സമ്പത്തും സമൃദ്ധികളുമെല്ലാം അല്ലാഹു എന്നെ തൃപ്തിപ്പെട്ടതുകൊണ്ട് നൽകിയതാണ് എന്ന നയത്തിൽ അഹങ്കരിച്ച് അവന് നന്ദി പ്രകടിപ്പിക്കാതെ ഭൗതിക ജീവിതം കൊണ്ട് തൃപ്തിപ്പെട്ട് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്ക് ചേർക്കുന്നവരിൽ പെട്ടുപോയാൽ ഇഹലോകവും പരലോകവും നഷ്ടപ്പെടുമെന്ന് ഉണർത്തുന്നു. മഴവെള്ളം കൊണ്ട് ഭൂമിയിൽ സസ്യലതാദികൾ

മുളക്കുകയും കായ്ക്കുകയും അവസാനം ചപ്പുചവറായിത്തീരുകയും ചെയ്യുന്നതുപോലെയാണ് ഇഹലോകജീവിതം. അതിൽ നിന്ന് പാഠമുൾക്കൊണ്ട് വിശ്വാസികൾ പരലോകത്തിനാണ് പ്രാധാന്യം കൊടുക്കുക എന്ന് പഠിപ്പിക്കുന്നു. പിശാച് ജിന്നിൽ പെട്ട കാഫിറാണെന്നും അവനെ ശത്രുവായി കാണണമെന്നും മനുഷ്യരോട് ഉപദേശിക്കുന്നു. എന്നാൽ അക്രമികൾ അല്ലാഹുവിന് പകരം പിശാചിനെയാണ് മിത്രമായി തെരഞ്ഞെടുക്കുക. ഗ്രന്ഥത്തിലെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തിയിട്ട് അതിനെ അവഗണിച്ച് തന്റെ കൈകൾ ഒരുക്കിവെച്ച തിന്മകൾ മറന്ന് ജീവിക്കുന്നവനാണ് ഏറ്റവും വലിയ അക്രമി എന്നും, അത്തരക്കാർക്ക് ഗ്രന്ഥത്തിന്റെ ആശയം മനസ്സിലാകാതിരിക്കാൻ അവരുടെ ഹൃദയങ്ങളിൽ ഒരു മൂടിയും ചെവികളിൽ ഒരു അടപ്പും ഇട്ടിരിക്കുന്നു, അതുകൊണ്ട് അവരെ സന്മാർഗത്തിലേക്ക് വിളിച്ചാൽ അവർ ഒരിക്കലും ആ വിളി കേൾക്കുകയില്ല എന്നും പറയുന്നു. 'ഖിള്ർ-മൂസാ' സംഭവം വിവരിച്ചുകൊണ്ട് ഭൗതികജീവിതത്തിൽ യാഥാർത്ഥ്യങ്ങളുടെ മേൽ ഒരു മറയിട്ടിരിക്കുകയാണ് എന്നും ആ മറ നീക്കിക്കളഞ്ഞാൽ മാത്രമേ സത്യം മനസ്സിലാവുകയുള്ളൂ എന്നും അല്ലാഹു മനുഷ്യരെ പഠിപ്പിക്കുന്നു. ഉൾക്കാഴ്ചദായകമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി സംഭവങ്ങളുടെ യാഥാർത്ഥ്യങ്ങൾ ഇഹത്തിൽ വെച്ചുതന്നെ മനസ്സിലാക്കി യഥാർത്ഥ ജീവിതമായ പരലോകത്തിനുവേണ്ടി ക്ഷമ കൈക്കൊണ്ട് നിലകൊള്ളാൻ പഠിപ്പിക്കുന്നു. ഐഹികജീവിതം ധൃതിയിൽ അധിഷ്ഠിതമാണെങ്കിൽ പരലോകജീവിതം സഹനശീലർക്കും ക്ഷമാലുക്കൾക്കുമുള്ളതാകുന്നു.

'*ദുൽഖർനൈനി*'യെക്കുറിച്ച് സൂറത്തിൽ പരാമർശിക്കുന്നുണ്ട്. നിസ്സാരമായ സ്വന്തം സ്ഥാനമാനങ്ങളിൽ അഹങ്കരിക്കുന്നവരാണ് നിങ്ങളെങ്കിൽ കിഴക്കും പടിഞ്ഞാറുമെല്ലാം ജയിച്ചടക്കിയ മഹാനായ ലോകനേതാവും കണക്കറ്റ വിഭവങ്ങളുടെ അധിപനുമായിരുന്ന '*ദുൽഖർനൈൻ*' സദാ തന്റെ നാഥന്റെ മുമ്പിൽ തലകുനിക്കുന്നവനും അവൻ നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുന്നവനുമായിരുന്നു എന്ന് ഓർമ്മപ്പെടുത്തുന്നു. ഒരു ജനതയുടെ ആവശ്യപ്രകാരം '*യഅ്ജൂജ്-മഅ്ജൂജി*'ന്റെ നുഴഞ്ഞുകയറ്റത്തിൽ നിന്നും രക്ഷപ്പെടുന്നതിന് വേണ്ടി ഇരുമ്പ് കൊണ്ടുള്ള ഒരു മതിൽ കെട്ട് നിർമ്മിച്ചുകൊടുത്തെങ്കിലും അദ്ദേഹം അവരോട് ഒരു പ്രതിഫലവും ചോദിക്കുന്നില്ല, എന്റെ നാഥന്റെ പക്കൽ നിന്നുള്ള അനുഗ്രഹം തന്നെ ഏറ്റവും ഉത്തമമാണ് എന്ന് പറഞ്ഞ് തന്റെ നാഥൻ തനിക്ക് നൽകിയ അനുഗ്രഹങ്ങൾ ജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ ഉപയോഗപ്പെടുത്തി അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുകയാണ് അദ്ദേഹം. ഇത് എന്റെ നാഥന്റെ അനുഗ്രഹമാണെന്നും അവന്റെ വാഗ്ദത്തം സത്യമാണെന്നും അത് വന്ന് കഴിഞ്ഞാൽ ഇതിനെ (മതിലിനെ) അവൻ നശിപ്പിക്കുമെന്നും പറഞ്ഞ് അല്ലാഹുവിന്റെ അജയ്യതയെക്കുറിച്ച് ആ ജനതയെ പഠിപ്പിക്കുകയുമാണ് അദ്ദേഹം ചെയ്യുന്നത്. അവസാന നാളാകുമ്പോൾ '*യഅ്ജൂജും മഅ്ജൂജു*'മെല്ലാം നാടുകളിൽ വീണ്ടും ചേക്കേറുമെന്നും, '*സൂർ*' എന്ന കാഹളത്തിൽ ഊതപ്പെടുന്നതോടുകൂടി വിധിദിവസം നടപ്പിൽ വരുമെന്നും പഠിപ്പിക്കുന്നു. ഗ്രന്ഥത്തിലെ സൂക്തങ്ങളുടെ ആശയം മൂടിവെക്കുകയും തങ്ങളുടെ നാഥനെ കണ്ടുമുട്ടി ഇഹലോകജീവിതത്തെക്കുറിച്ച് ഉത്തരം പറയേണ്ടിവരുമെന്നതിനെ നിഷേധിക്കുകയും ചെയ്തവരുടെ പ്രവർത്തനങ്ങളെല്ലാം പാഴായിപ്പോകുമെന്നും സത്യമായ അദ്ദിക്റിനെ ഇവിടെ ത്രാസ്സായി ഉപയോഗപ്പെടുത്താത്തവർക്ക് വിധിദിവസം ത്രാസ്സിൽ തൂക്കമുണ്ടാവുകയില്ലെന്നും മുന്നറിയിപ്പ് നൽകുന്നു. അല്ലാഹുവിന്റെ സൂക്തങ്ങളെയും പ്രവാചകൻമാരെയും പരിഹാസമായി എടുത്തത് കാരണം അത്തരക്കാർക്ക് നരകക്കുണ്ഠമാണ് പ്രതിഫലമായി ലഭിക്കുക

എന്നും, അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസികളാവുകയും വിശ്വാസിയാകാനുള്ള അത് ലോകർക്ക് എത്തിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്യുന്നവർക്ക് സ്വർഗപ്പൂന്തോപ്പുകൾ വിരുന്നായി ലഭിക്കുമെന്നും പഠിപ്പിക്കുന്നു. അല്ലാഹുവിന്റെ വചനമായ അദ്ദിക്ർ, സമുദ്രത്തിലെ മുഴുവൻ വെള്ളവും അത്ര വേറെയും കൊണ്ടുവന്ന് അത് മഷിയായി ഉപയോഗിച്ച് എഴുതിയാലും തീരുകയില്ലെന്ന് പഠിപ്പിക്കുന്നു. ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനാണ്, എന്നാൽ നിങ്ങളുടെ *ഇലാഹ്* ഏകനാണെന്ന് എനിക്ക് ദിവ്യസന്ദേശം ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് നിങ്ങളിൽ ആരാണോ തന്റെ നാഥനെ സന്തോഷത്തോടുകൂടി കണ്ടുമുട്ടാൻ ആഗ്രഹിക്കുന്നത് അവൻ നാഥന്റെ ഏകത്വത്തിൽ പങ്ക് ചേർക്കാതിരിക്കുകയും ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യട്ടെ എന്ന് പറയാൻ പ്രവാചകനോട് കൽപിച്ചുകൊണ്ട് 110 സൂക്തങ്ങടങ്ങിയ സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. തന്റെ ദാസന്റെ മേൽ ഗ്രന്ഥമിറക്കിയവനായ അല്ലാഹുവിനാണ് സ്തുതി, അത് മനസ്സിലാക്കാൻ യാതൊരു അവ്യക്തതയോ ബുദ്ധിമുട്ടോ ഉണ്ടാക്കിയിട്ടുമില്ല.

സർവ്വസ്രഷ്ടാവിന്റെ വചനമായ അദ്ദിക്ർ എഴുത്തും വായനയും അറിയാത്തവരടക്കം ആർക്കും മനസ്സിലാകുന്നതാണ്. 'നിശ്ചയം നാം ആവർത്തിച്ച് വായിക്കപ്പെടാനുള്ള അദ്ദിക്റിനെ ഹൃദയം കൊണ്ട് മനസ്സിലാക്കാൻ വളരെ എളുപ്പമാക്കിയിരിക്കുന്നു, അപ്പോൾ ആരുണ്ട് അതിന് തയ്യാറുള്ളവർ' എന്ന് 54: 17, 22, 32, 40 എന്നീ സൂക്തങ്ങളിൽ ആവർത്തിച്ച് ചോദിക്കുന്നുണ്ട്. ഗ്രന്ഥത്തിന്റെ പാരായണമുറകൾ, അർത്ഥം എന്നിവ പഠിക്കാനും മനഃപാഠമാക്കാനും എളുപ്പമാണ് എന്ന് പറഞ്ഞിട്ടില്ല, പകരം ആത്മാവായ അദ്ദിക്ർ ഹൃദയം കൊണ്ട് മനസ്സിലാക്കാനാണ് എളുപ്പമാക്കിയിട്ടുള്ളത്. അത് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമാണ് എന്ന് 7: 26; 11: 88; 20: 131 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ അല്ലാഹുവിനെ ഭയപ്പെടുന്നവർക്ക് ഒരു ടിക്കറ്റായിട്ടല്ലാതെ, നീ പ്രയാസപ്പെട്ട് മനം മുട്ടുന്നതിനുവേണ്ടി നാം നിന്റെമേൽ അവതരിപ്പിച്ചിട്ടില്ല എന്ന് 20: 1–3 സൂക്തങ്ങളിലും; വമ്പിച്ച നരകാഗ്നിയിൽ വേവിക്കപ്പെടാനുള്ള ഏറ്റവും വലിയ ദൗർഭാഗ്യവാനല്ലാതെ *ദിക്റാ*(അദ്ദിക്ർ)യെ വെടിയുകയില്ല എന്ന് 87: 9–12 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 2; 15: 87–88; 16: 89 വിശദീകരണം നോക്കുക.

2. നേരെച്ചൊവ്വെയുള്ള ഗ്രന്ഥം, അത് അവനിൽ നിന്നുള്ള കഠിനമായ വിപത്തിനെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനും സൽകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരായ വിശ്വാസികൾക്ക് നിശ്ചയം, ഏറ്റവും നല്ല പ്രതിഫലമുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കുന്നതിനുമാണ്.

നിനക്ക് അവതരിപ്പിച്ചിട്ടുള്ള ഒരു വേദമാണ് ഇത്, ഇതുമൂലം നിന്റെ ഹൃദയത്തിൽ യാതൊരു പ്രയാസവും ഉണ്ടാവേണ്ടതില്ല, കാഫിറുകളെ നീ അതുകൊണ്ട് താക്കീത് ചെയ്യുന്നതിനും വിശ്വാസികൾക്ക് ഒരു അനുസ്മരണമായിക്കൊണ്ടുമാണ് അത് അവതരിപ്പിച്ചിട്ടുള്ളത് എന്ന് 7: 2 ലും; ഈ ഗ്രന്ഥം നാം നിന്നിലേക്ക് അവതരിപ്പിച്ചിട്ടുള്ളത് അതുകൊണ്ട് അവരവരുടെ നാഥന്റെ ഇംഗിതത്തോടുകൂടി മനുഷ്യരെ ഇരുട്ടുകളിൽ നിന്ന് പ്രകാശത്തിലേക്ക് -അജയ്യനും സ്വയം സ്തുത്യർഹനുമായവന്റെ വഴിയിലേക്ക്- നീ പുറപ്പെടുവിക്കുന്നതിന് വേണ്ടിയാണ് എന്ന് 14: 1 ലും പറഞ്ഞിട്ടുണ്ട്. പ്രകാശമായ അദ്ദിക്ർ മൊത്തം മനു

ഷ്യർക്കുള്ളതാണെന്നും അതിനെ പിൻപറ്റുന്നവർ മാത്രമേ വിജയം വരിക്കുകയുള്ളൂ എന്നും 7: 157–158 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പരലോകം കൊണ്ട് നിഷേധിക്കുകയും അദ്ദിക്റിനെ വളച്ചൊടിച്ച് അതിനെ ബുദ്ധിമുട്ടുള്ളതാക്കി മാറ്റുകയും ചെയ്ത് അല്ലാഹുവിന്റെ മാർഗ്ഗത്തെ തൊട്ട് ജനങ്ങളെ തടയുന്ന അക്രമികളുടെ മേലാണ് അല്ലാഹുവിന്റെ ശാപമുള്ളതെന്ന് 7: 45; 11: 18–19 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് മാത്രമേ ഒരാൾ വിശ്വാസിയാവുകയുള്ളൂ എന്ന് 10: 100 ൽ പറഞ്ഞിട്ടുണ്ട്. 9: 67–68, 71–72; 17: 9 വിശദീകരണം നോക്കുക.

3. അവർ ആ പ്രതിഫലത്തിൽ എന്നെന്നും ശാശ്വതമായി നിലനിൽക്കുന്നതുമാണ്.

ഈ സൂക്തത്തിന് പുറമെ ശാശ്വതമായ (*മാകിസീന*) എന്ന പദം വന്നിട്ടുള്ളത് 43: 77 ൽ മാത്രമാണ്. നരകവാസികൾ നരകത്തിന്റെ പാറാവുകാരനായ മാലിക്കിനെ വിളിച്ച് ഓ മാലിക്കേ! നിന്റെ നാഥൻ ഞങ്ങളുടെ കഥയങ്ങ് കഴിച്ചോട്ടെ എന്ന് പറയുമ്പോൾ അവരോട് മാലിക്ക് മറുപടി പറയുന്നതാണ്: നിശ്ചയം, നിങ്ങൾ അതിൽ ശാശ്വതമായി (*മാകിസീന*) കഴിഞ്ഞുകൂടേണ്ടവരാണ്, നിശ്ചയം ഞങ്ങൾ സത്യവും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നിരുന്നു, എന്നാൽ നിങ്ങളിൽ അധികപേരും സത്യത്തെ വെറുക്കുന്നവരായിരുന്നു എന്ന് പറയുന്ന രംഗമാണ് 43: 77–78 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകുന്നത്. 2: 25; 3: 136; 98: 6–7 വിശദീകരണം നോക്കുക.

4. അല്ലാഹു ഒരു സന്താനത്തെ തെരഞ്ഞെടുത്തിരിക്കുന്നു എന്ന് പറയുന്നവരായവരെ മുന്നറിയിപ്പ് നൽകുന്നതിനും വേണ്ടി.

5. അവരുടെ പക്കൽ അക്കാര്യത്തെക്കുറിച്ച് യാതൊരു അറിവുമില്ല, അവരുടെ പിതാക്കൾക്കുമില്ല, അവരുടെ വായകളിൽ നിന്ന് പുറത്തുവരുന്നത് വമ്പിച്ച അപരാധം തന്നെ, നിശ്ചയം അവർ കള്ളമല്ലാതെ പറഞ്ഞുകൊണ്ടിരിക്കുന്നില്ല.

അല്ലാഹു ഒരു സന്താനത്തെ തെരഞ്ഞെടുത്തിരിക്കുന്നു എന്ന് പറഞ്ഞിരുന്ന പ്രവാചകന്റെ കാലത്തെ ജൂത-ക്രൈസ്തവരെയും മക്കാമുശ്രിക്കുകളെയും മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയും കൂടിയാണ് അന്ത്യപ്രവാചകന്റെമേൽ വേദഗ്രന്ഥത്തിന്റെ പരിസമാപ്തി രൂപമായ അദ്ദിക്ർ ഇറക്കിയിട്ടുള്ളത്. മുമ്പുവന്ന പ്രവാചകനായ ഈസായെ അല്ലാഹു രണ്ടാം ആകാശത്തേക്ക് ഉയർത്തി രക്ഷപ്പെടുത്തിയതോടെ നിന്നുപോയ ദിവ്യസന്ദേശം വീണ്ടും തുടരുന്നത് അന്ത്യപ്രവാചകനായ മുഹമ്മദിലൂടെയാണ്. ഈസാക്ക് ശേഷം അദ്ദേഹത്തിന്റെ ജനത പിൽക്കാലത്ത് ഈസായെ ദൈവപുത്രനായി തെരഞ്ഞെടുത്ത് വ്യതിചലിച്ചുപോവുകയുണ്ടായി. ഈസാ ഒരിക്കലും ഞാൻ ദൈവത്തിന്റെ പുത്രനാണെന്നോ, അല്ലാഹുവിന്റെ മുമ്പിൽ ഞാൻ ജനങ്ങളുടെ പാപങ്ങൾ ഏറ്റെടുക്കുമെന്നോ പഠിപ്പിച്ചിട്ടില്ല. അതെല്ലാം പിൽക്കാലത്ത് അദ്ദേഹത്തിന്റെ മേൽ കെട്ടിച്ചമക്കപ്പെട്ടുണ്ടാക്കിയതാണ്. യഥാർത്ഥത്തിൽ അന്ത്യപ്രവാചകനായ മുഹമ്മദിന്റെ കാലത്തെ ക്രൈസ്തവർക്കും അവരുടെ പിതാക്കൾക്കും അക്കാര്യത്തെക്കുറിച്ച് യാതൊരു അറിവുമില്ല. അവർ ഊഹത്തെ പിൻപറ്റുക മാത്രമാണ് ചെയ്തുപോന്നത്. അപ്പോൾ സത്യം അല്ലാഹുവിൽ നിന്നുള്ള അവന്റെ വചനമായ അദ്ദിക്റാണ്. യാതൊരു പങ്കുകാരും ഇടയാളൻമാരും ശുപാർശക്കാരും ഇല്ലാത്ത ഏകനായ അല്ലാഹുവിനെ പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ് അത് അവതരിപ്പിച്ചിട്ടുള്ളത്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുകയും എന്നാൽ ഇത്തരം സൂക്തങ്ങളുടെ ആശയത്തിന് വിരുദ്ധമായ പലതരത്തിലുള്ള വിശ്വാസങ്ങളും അനാചാരങ്ങളും അനുയായികളെക്കൊണ്ട് ചെയ്യിപ്പിക്കുകയും ചെയ്യുന്ന അല്ലാഹുവിന്റെ

യും പ്രവാചകന്റെയും വിശ്വാസികളുടെയും ശത്രുക്കളുമായ കപടവിശ്വാസികൾ 63: 1-4 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നുണ പറയുന്നവർ തന്നെയാണ്. 56: 82 ൽ പറഞ്ഞ പ്രകാരം അവർ സത്യമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ്. 6: 100; 9: 30-31; 16: 2, 36 വിശദീകരണം നോക്കുക.

6. അപ്പോൾ അവർ ഈ വർത്തമാനം കൊണ്ട് വിശ്വസിക്കാത്തതിന്റെ പേരിൽ ദുഃഖം പൂണ്ട് നീ അവരുടെ പിന്നാലെ പോയി നിന്നെ സ്വയം നശിപ്പിക്കുന്നവനായേക്കാം.

26: 3-4 സൂക്തങ്ങളിൽ, അപ്പോൾ അവർ വ്യക്തമായ ഈ സൂക്തങ്ങളിൽ വിശ്വസിക്കാതിരിക്കുന്നതിൽ ദുഃഖം പൂണ്ട് നീ നിന്നെ സ്വയം നശിപ്പിച്ചേക്കാം, നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരുടെമേൽ ആകാശത്തുനിന്ന് ഒരു ദൃഷ്ടാന്തമിറക്കുകയും, അത് മുഖേന അവരുടെ പിരടികൾ അദ്ദിക്ർ കൊള്ളെ വിനീതരാക്കുകയും ചെയ്യുമായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് ഗ്രന്ഥത്തിന്റെ വാഹകരായ കപടവിശ്വാസികളാണ് ജനങ്ങളിൽ വെച്ച് അദ്ദിക്റിനോട് ഏറ്റവും കൂടുതൽ അവഗണനയും വിരോധവും വെച്ചുപുലർത്തുന്നത്. ഇവരുടെ അടുക്കൽ *ഹദീസ്* നാഥന്റെ ഗ്രന്ഥമായ അദ്ദിക്റല്ല, മറിച്ച് മുഹമ്മദ് നബിയുടെ കാലശേഷം -ഏകദേശം 200 വർഷങ്ങൾക്ക് ശേഷം- ക്രോഡീകരിക്കപ്പെട്ട *നബിവചനങ്ങളും നബിയുടെ പേരിൽ കള്ളവാദികൾ കെട്ടിച്ചമച്ച വചനങ്ങളും കൂടിക്കലർന്ന ഗ്രന്ഥമാണ്.* ഹദീസും സുന്നത്തുമെല്ലാം അദ്ദിക്ർ തന്നെയാണെന്ന് ഈ വിഡ്ഢികൾ മനസ്സിലാക്കുന്നില്ല. 9: 82 ൽ വിവരിച്ച പ്രകാരം ഇത്തരം അക്രമികൾക്ക് എതിരായി അവർ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം വാദിക്കുന്നതും സാക്ഷിനിൽക്കുന്നതും അവരെ നരകത്തിലേക്ക് തള്ളിവിടുന്നതുമാണ്. 4: 77-78, 82, 87; 6: 25-26; 10: 99-100 വിശദീകരണം നോക്കുക.

7. നിശ്ചയം നാം ഭൂമിയുടെ മുകളിലുള്ളതെല്ലാം അതിനൊരു അലങ്കാരമാക്കി വെച്ചിരിക്കുന്നു -അവരിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് ആരെന്ന് അവരെ നമുക്ക് പരീക്ഷിക്കുന്നതിന് വേണ്ടി.

ഭൂമിയും അതിന് മുകളിലുള്ളതുമെല്ലാം സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യരുടെ ഉപയോഗത്തിന് വേണ്ടിയാണ്. ആരാണ് അവർക്ക് ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളുടെ ദാതാവിനെ തിരിച്ചറിയുന്നതെന്നും അവ ഉപയോഗപ്പെടുത്തി പരലോകത്തിന് വേണ്ടി സ്വർഗം പണിയുന്നതെന്നും പരീക്ഷിക്കുന്നതിന് വേണ്ടിയാണ് സ്വർഗത്തിൽ സൃഷ്ടിച്ച മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളത് എന്ന് 11: 7; 67: 2; 76: 2-3 എന്നീ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ ത്രികാലജ്ഞാനിയുടെ സംസാരവും മിഥ്യകലരാത്ത അജയ്യഗ്രന്ഥവുമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അത് ഉപയോഗപ്പെടുത്തി ജീവിതലക്ഷ്യം തിരിച്ചറിയാത്തവരുടെ മടക്കം നരകത്തിലേക്കാണ്. 4: 1; 6: 165; 9: 73; 11: 7 വിശദീകരണം നോക്കുക.

8. നിശ്ചയം നാം, അവസാനം അതിന് മുകളിലുള്ള ഒന്ന് തരിശായ സമതലമാക്കി മാറ്റുകതന്നെ ചെയ്യുന്നതാണ്.

'സ്വൂർ' എന്ന കാഹളത്തിൽ ഊതപ്പെടുന്ന ദിനം! അല്ലാഹു ഉദ്ദേശിച്ചവരൊഴികെ ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരുമെല്ലാം സ്തബ്ധരായി വീഴുന്നതാണ്. എല്ലാ ഓരോരുത്തരും അവന്റെ മുമ്പിൽ ദീനരായി വരുന്നതുമാണ്, നീ പർവ്വതങ്ങളെ കാണുന്നു, അവ ഉറച്ച് നിൽക്കുന്നതാണെന്ന് കണക്കുകൂട്ടുകയും ചെയ്യുന്നു, അവ അന്ന് മേഘങ്ങൾ

സഞ്ചരിക്കുന്നതുപോലെ സഞ്ചരിക്കുന്നതുമാണ്, എല്ലാ കാര്യങ്ങളും കുറ്റമറ്റതാക്കിത്തീർക്കുന്നവനായ അല്ലാഹുവിന്റെ നിർമ്മിതി തന്നെയാണ് അത്, നിശ്ചയം അവൻ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്തവനാകുന്നു എന്ന് 27: 87-88 സൂക്തങ്ങളിലും; അന്ന് പർവ്വതങ്ങൾ പൊടിപടലമാക്കി മാറ്റപ്പെടുന്നതും പരുത്തപ്രതലമോ പതിഞ്ഞ സ്ഥലമോ കാണാത്തവിധം ഭൂമിയെ മിനുസമുള്ള ഒറ്റ മാർബിൾ വിരിച്ചതുപോലെയാക്കുന്നതുമാണ് എന്ന് 20: 105-107 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ആ മഹാസംഭവം-ലോകാവസാനം- സംഭവിക്കുമ്പോൾ പർവ്വതങ്ങൾ കടഞ്ഞെടുത്ത കമ്പിളി രോമങ്ങൾ പോലെയായിത്തീരുമെന്ന് 101: 5 ലും, *'സൂർ'* എന്ന കാഹളത്തിൽ ഊതപ്പെടുന്ന നാളിൽ പർവ്വതങ്ങൾ സഞ്ചരിപ്പിക്കപ്പെടുകയും ഭൂമി മരീചികപോലെ ആയിത്തീരുകയും ചെയ്യുന്നതാണെന്ന് 78: 20 ൽ പറഞ്ഞിട്ടുണ്ട്. 1: 3; 14: 48 വിശദീകരണം നോക്കുക.

9. അതല്ല, നിശ്ചയം ഗുഹാവാസികളും ലിഖിതഫലകങ്ങളും നമ്മുടെ വലിയ ഒരു അത്ഭുത ദൃഷ്ടാന്തങ്ങളിൽ പെട്ടതാണെന്ന് നീ കണക്കുകൂട്ടുന്നുവോ?

'ലിഖിതഫലകങ്ങൾ' എന്ന് പറഞ്ഞാൽ ഗുഹാവാസികളെക്കുറിച്ച് രേഖപ്പെടുത്തിവെച്ചിരുന്ന ബോർഡാണ്. ഗുഹാവാസികളും അവരെക്കുറിച്ച് എഴുതിവെച്ച ബോർഡുമെല്ലാം നമ്മുടെ വലിയ അത്ഭുതങ്ങളിൽ പെട്ടതാണെന്ന് നീ ധരിക്കേണ്ടതില്ല, കാര്യകാരണബന്ധത്തിന് അതീതമായി സംഭവിച്ച ഇത്തരം ദൃഷ്ടാന്തങ്ങൾ വ്യക്തമാക്കി വിവരിച്ച് തരുന്ന അദ്ദിക്റാണ് ഏറ്റവും വലിയ ദൃഷ്ടാന്തം! അത് എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയുടെ വചനങ്ങളാണ്. എല്ലാഓരോ കാര്യവും വ്യക്തമായി വിശദീകരിച്ചിട്ടുള്ള ഒരു ഗ്രന്ഥം നാം നിന്റെ മേൽ അവതരിപ്പിച്ചിട്ടുണ്ട് എന്ന് 16: 89 ൽ പറഞ്ഞത് അദ്ദിക്റിനെക്കുറിച്ച് തന്നെയാണ്. അദ്ദിക്റിൽ അല്ലാഹു ഒന്നും തന്നെ രേഖപ്പെടുത്താതെ വിട്ട് കളഞ്ഞിട്ടില്ല എന്ന് 6: 38 ലും പറഞ്ഞിട്ടുണ്ട്.

അത്ഭുത ദൃഷ്ടാന്തങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന അക്രമികളായ കാഫിറുകൾക്ക് മറുപടിയായി 29: 51 ൽ അല്ലാഹു പറയുന്നു: നിശ്ചയം, അവരുടെ മേൽ വിശദീകരിച്ചുകൊടുക്കപ്പെടുന്ന ഗ്രന്ഥം നാം നിന്റെമേൽ അവതരിപ്പിച്ചു എന്നത് അവർക്ക് ഒരു ദൃഷ്ടാന്തമായിട്ട് പോരെയോ? നിശ്ചയം വിശ്വാസികളായ ജനതക്ക് കാരുണ്യവും ഓർമ്മപ്പെടുത്തലുമാണ് അത്. 10: 57-58 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്ർ മനുഷ്യരുടെ നെഞ്ചിനകത്തുള്ള രോഗങ്ങൾക്ക് ശമനവും വിശ്വാസികളായ ഒരു ജനതക്ക് സന്മാർഗവും കാരുണ്യവുമാകുന്നു. 2: 23-24; 10: 60-61; 17: 105-107 വിശദീകരണം നോക്കുക.

10. ഏതാനും യുവാക്കൾ ഗുഹയിൽ അഭയം പ്രാപിച്ച സന്ദർഭം സ്മരണീയമാണ്, അപ്പോൾ അവർ പ്രാർത്ഥിച്ചു: ഞങ്ങളുടെ നാഥാ, നിന്നിൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നൽകുകയും ഞങ്ങളുടെ കാര്യത്തിൽ തന്റേടത്തിന്റെ മാർഗം ഞങ്ങൾക്ക് നീ തോന്നിപ്പിച്ച് തരികയും ചെയ്താലും.

തങ്ങളുടെ കുടുംബം, ജനത, ഭരണാധികാരി എന്നിവരെല്ലാം പൂർണ്ണമായി ദുഷിച്ചവരായി മാറിയ സന്ദർഭത്തിൽ ഏഴ് യുവാക്കൾ മാത്രം അവരിൽ നിന്ന് വേറിട്ട് വിശ്വാസികളായി നിലകൊള്ളുകയായിരുന്നു. അവരെ ചോദ്യം ചെയ്യാനും നിർബന്ധപൂർവ്വം ഭൂരിപക്ഷത്തിന്റെ മാർഗത്തിലേക്ക് മടക്കിക്കൊണ്ടുവരാനും ആ ജനത ഒരുമ്പെട്ടപ്പോൾ, അവർ ഓരോരുത്തരും സൂക്തത്തിൽ പറഞ്ഞ പ്രകാരം ആത്മാവ് കൊണ്ട് പ്രാർത്ഥിച്ചു. അപ്പോൾ പ്രസവിക്കപ്പെട്ടുണ്ടായതല്ലാത്ത ഒരു നായയെ അല്ലാഹു അവിടെ പ്രത്യക്ഷപ്പെടുത്തുകയും ഏഴ് യുവാക്കളും ആ നായക്ക് പിന്നാലെ നടന്നുനീങ്ങി ഒരു പോറലുമേൽക്കാതെ ഗുഹ

യിൽ അഭയം തേടുകയുമാണുണ്ടായത്.

ശുഐബ് നബിയുടെ ജനതയിലെ ഗർവ്വിഷ്ഠരായ പ്രമാണിമാർ ശുഐബ് നബിയെയും അദ്ദേഹത്തോടൊപ്പമുള്ള വിശ്വാസികളെയും നാട്ടിൽ നിന്ന് പുറത്താക്കാനും അല്ലെങ്കിൽ ഭൂരിപക്ഷത്തിന്റെ ആചാരാനുഷ്ഠാനങ്ങളിലേക്കുതന്നെ തിരിച്ചുകൊണ്ടുവരാനും ശ്രമിച്ചതും അപ്പോൾ അല്ലാഹു വിശ്വാസികളെ രക്ഷപ്പെടുത്തിയതും കാഫിറുകൾ നശിപ്പിക്കപ്പെട്ടതും 7: 88-90 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. ത്രികാലജ്ഞാനിയായ അല്ലാഹു, മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചയച്ചിട്ടുള്ളത് കപടവിശ്വാസികൾ വിശ്വാസികളുടെ ശത്രുക്കളായിക്കൊണ്ടാണ് എന്ന് 7: 24 ൽ പറഞ്ഞിട്ടുണ്ട്. എല്ലാം അടക്കിഭരിക്കുന്ന സർവ്വാധിപനായ നാഥനിൽ ഭരമേൽപ്പിക്കുന്ന വിശ്വാസികളെ -അവർ എണ്ണത്തിലും വണ്ണത്തിലും എത്ര കുറവാണെങ്കിലും ശരി- കാര്യകാരണബന്ധത്തിന് അതീതമായി എക്കാലത്തും അവൻ രക്ഷപ്പെടുത്തിയിട്ടുണ്ട്.

2: 256 പ്രകാരം ദീനിൽ നിർബന്ധമില്ല എന്ന് ഫുജ്ജാറുകൾ പറയുന്നുണ്ടെങ്കിലും ഇന്ന് വിശ്വാസികൾ അദ്ദിക്ർ മുറുകെപ്പിടിച്ച് ഫുജ്ജാറുകളുടെ ഒഴുക്കിൽ പെടാതെ നിലകൊള്ളുകയാണെങ്കിൽ ഫുജ്ജാറുകളിലെ ഗർവ്വിഷ്ഠരായ കപടവിശ്വാസികൾക്ക് വിശ്വാസികളോടുള്ള നയവും ഇതുപോലെത്തന്നെയാണ്. *അന്ത്യനാളിന്റെ പ്രധാനപ്പെട്ട അടയാളങ്ങളിൽ ഒന്നായ മസീഹുദ്ദജ്ജാലിന്റെ നാശമാണ് ആദം സന്തതികൾ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ വിപത്ത്* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ഇന്ന് ഒറ്റപ്പെട്ട വിശ്വാസി അജയ്യഗ്രന്ഥമായ അദ്ദിക്റിനെ സ്വർഗത്തിലേക്കുള്ള ടിക്കറ്റും എല്ലാവിധ ആപത്ത്-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമായി ഉപയോഗപ്പെടുത്തി ഫുജ്ജാറുകളുടെ ഒഴുക്കിൽ നിന്ന് മാറിനിന്നാൽ മാത്രമേ 2: 186; 3: 79-80 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം തന്റേടമുള്ളവരാകുകയുള്ളൂ. മസീഹുദ്ദജ്ജാലിനെക്കുറിച്ച് മനസ്സിലാക്കുന്നതിന് 4: 159 വിശദീകരണം വായിക്കുക.

11. അപ്പോൾ നാം ഗുഹയിൽ അവരെ വർഷങ്ങളോളം അവരുടെ കാതുകളിന്മേൽ ഉറക്കിക്കിടത്തി.

അവരുടെ കാതുകളിൻ മേൽ ഉറക്കിക്കിടത്തി എന്ന് പറഞ്ഞതിന്റെ വിവക്ഷ അവരെ ശബ്ദകോലാഹലങ്ങളൊന്നും കേൾക്കാതെ ഉറക്കിക്കിടത്തി എന്നാണ്. അവർ കിടന്നിരുന്നത് മലർന്നോ കമിഴ്ന്നോ ആയിരുന്നില്ല, മറിച്ച് ഇരു പാർശ്വങ്ങളിലായി ചെവികളിന്മേൽ ചെരിഞ്ഞുകൊണ്ടായിരുന്നു. 18-ാം സൂക്തത്തിൽ, നാം അവരെ ഇടതും വലതുമായി മറിച്ചിട്ടുകൊണ്ടിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

12. പിന്നെ നാം അവരെ എഴുന്നേൽപ്പിച്ചു -അവർ ഇരുവിഭാഗങ്ങളിൽ ആരാണ് തങ്ങളുടെ ഗുഹാവാസകാലം കൃത്യമായി തിട്ടപ്പെടുത്തുന്നത് എന്ന് നമുക്ക് അറിയുന്നതിന് വേണ്ടി.

13. അവരുടെ യഥാർത്ഥ സംഭവം ലക്ഷ്യത്തോടുകൂടി നാം നിന്റെമേൽ വിശദീകരിച്ച് തരാം; നിശ്ചയം അവർ തങ്ങളുടെ നാഥനിൽ വിശ്വസിച്ച ഒരു സംഘം യുവാക്കളായിരുന്നു, നാം അവർക്ക് സന്മാർഗം വർദ്ധിപ്പിച്ച് കൊടുക്കുകയും ചെയ്തു.

സൂക്തം 10 പ്രകാരം ആത്മാവ് കൊണ്ട് പ്രാർത്ഥിച്ച വിശ്വാസികളായ യുവാക്കൾക്ക് ഹൃദയങ്ങളുടെ അവസ്ഥ അറിയുന്ന അല്ലാഹു സന്മാർഗ്ഗം വർദ്ധിപ്പിക്കുകയും അക്രമിക

ളായ അവരുടെ ജനതയിൽ നിന്ന് അവരെ ഗുഹയിൽ അഭയം നൽകി സംരക്ഷിക്കുകയുമാണ് ഉണ്ടായത്. 2: 185 ൽ മൊത്തം മനുഷ്യർക്കുള്ള സന്മാർഗ്ഗമായ അദ്ദിക്ർ സന്മാർഗ്ഗം മുഴുവൻ വരച്ച് കാണിച്ചിട്ടുള്ള സത്യാസത്യ വിവേചന മാനദണ്ഡമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 8: 2–4 വിശദീകരണം നോക്കുക.

14. നാം അവരുടെ ഹൃദയങ്ങളെ നിശ്ചയദാർഢ്യമുള്ളതാക്കി മാറ്റി; അവർ എഴുന്നേറ്റുനിന്ന് പ്രഖ്യാപിച്ച സന്ദർഭം സ്മരണീയമാണ്, ഞങ്ങളുടെ ഉടമ ആകാശഭൂമികളുടെ ഉടമയാകുന്നു, ഞങ്ങൾ അവനെക്കൂടാതെ മറ്റൊരു ഇലാഹിനെ വിളിച്ച് പ്രാർത്ഥിക്കുകയില്ല തന്നെ, അങ്ങനെയെങ്ങാനും ഞങ്ങൾ പറഞ്ഞാൽ ഞങ്ങൾ അനീതി ചെയ്യുന്നവരായിരിക്കും.

41: 30–32 സൂക്തങ്ങളിൽ, ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്ന് പ്രഖ്യാപിക്കുകയും പിന്നെ അതിൽ തന്നെ ഉറച്ച് നിൽക്കുകയും ചെയ്യുന്നവർ ആരോ, അവരുടെമേൽ മലക്കുകൾ ഇറങ്ങുകയും 'നിങ്ങൾക്ക് ഭയപ്പെടാനില്ല, നിങ്ങൾക്ക് ദുഃഖിക്കാനുമില്ല, നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടുകൊണ്ടിരുന്ന സ്വർഗം കൊണ്ട് നിങ്ങൾ സന്തോഷിച്ചുകൊള്ളുക' എന്ന് പറയുന്നതാണ്. ഞങ്ങളാകുന്നു നിങ്ങളുടെ മിത്രങ്ങൾ, ഇഹത്തിലും പരത്തിലും, നിങ്ങൾക്ക് അതിൽ നിങ്ങളുടെ മനസ്സ് ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഒന്നും നിങ്ങൾക്ക് അതിൽ നിങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നുമുണ്ട്, ഏറെപ്പൊറുക്കുന്ന കാരുണ്യവാനിൽ നിന്നുള്ള വിരുന്നായിക്കൊണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. ആരെങ്കിലും അല്ലാഹുവിനെക്കൊണ്ട് മുറുകെപ്പിടിച്ചാൽ അപ്പോൾ അവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101 ൽ പറഞ്ഞതിന്റെ വിവക്ഷ 3: 103 ൽ വിവരിച്ച പ്രകാരം ആരാണോ സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് നീട്ടിയിടപ്പെട്ട പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ മുറുകെപ്പിടിച്ചത്, അവൻ സന്മാർഗത്തിലായിക്കഴിഞ്ഞു എന്നാണ്. 4: 174–175; 72: 4 വിശദീകരണം നോക്കുക.

15. ഇക്കൂട്ടർ, നമ്മുടെ ഈ ജനം അവനെക്കൂടാതെ മറ്റു ഇലാഹുകളെ തെരഞ്ഞെടുത്തിരിക്കുന്നു, അവർ എന്തുകൊണ്ട് അതിന് വ്യക്തമായ തെളിവ് കൊണ്ടുവരുന്നില്ല? അപ്പോൾ അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവനേക്കാൾ ഏറ്റവും വലിയ അക്രമി ആരാണുള്ളത്?

പ്രവാചകൻമാരുടെയും വിശ്വാസികളുടെയും ശത്രുക്കൾ എക്കാലത്തും സ്വജനതയിൽ പെട്ട കപടവിശ്വാസികൾ തന്നെയാണ്, അല്ലാതെ ഇതര ജനവിഭാഗങ്ങളിൽ പെട്ടവരല്ല. ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിൽ മനുഷ്യരടക്കമുള്ള എല്ലാ ജീവജാലങ്ങളെയും സൃഷ്ടിച്ചത് അല്ലാഹുവാണെന്ന് ദൃഢബോധ്യമുള്ള ആ യുവാക്കൾ അവന്റെ തൃപ്തിയിൽ മാത്രമേ നിലകൊള്ളുകയുള്ളൂ എന്ന് പ്രഖ്യാപിച്ച് നിലകൊണ്ടപ്പോൾ അവരുടെ ജനത അവരെ അതിൽ നിന്ന് ബലം പ്രയോഗിച്ച് പിന്തിരിപ്പിക്കുകയാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ സത്യത്തിൽ ഉറപ്പിച്ച് നിർത്തുകയും അവരെ അക്രമികളായ ജനതയിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്തു.

അല്ലാഹു മാത്രമാണ് ഇലാഹ് എന്നതിന് മാത്രമേ ആകാശഭൂമികളിലെവിടെയും തെളിവുള്ളൂ. കാണാതെ കണ്ട് ആരെ വിളിക്കാമോ, ആരെ ഭയപ്പെടാമോ, ആരോട് സഹായം തേടാമോ, ആരിൽ ഭരമേൽപ്പിക്കാമോ, ആരുടെ മുമ്പിലാണോ ജീവിതത്തെക്കുറിച്ച് ഉത്തരം ബോധിപ്പിക്കേണ്ടത്, അവനാണ് ഇലാഹ്. അല്ലാഹുവിനെക്കൂടാതെ മറ്റ് ഇലാഹുകളെ തെരഞ്ഞെടുത്തവർ പിശാചിന്റെ മാർഗമായ ആയിരത്തിൽ തൊള്ളായിരത്തിത്തൊണ്ണൂ

റ്റി ഒമ്പതിന്റെ മാർഗം സ്വീകരിച്ചിരിക്കുകയാണ്, കേവലം ഊഹത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അത്. ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളും ഇലാഹായ അല്ലാഹുവിനെ പരിചയപ്പെടുത്തുന്നതിന് വേണ്ടി അവതരിച്ചിട്ടുള്ളതാണ്. ജഗദീശ്വരൻ, ഭഗവാൻ, യഹോവ എന്നിങ്ങനെയുള്ള പേരുകളിൽ മുൻവേദങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള അവൻ സർവ്വ ലോകങ്ങളെയും സർവ്വചരാചരങ്ങളെയും സൃഷ്ടിച്ച് പരിപാലിക്കുന്ന സർവ്വസ്രഷ്ടാവും ഉടമയും രാജാവുമാണ്. നിനക്ക് മുമ്പ് നാം ഒരു പ്രവാചകനെയും അയച്ചിട്ടില്ല, ഞാൻ അല്ലാതെ മറ്റൊരു ഇലാഹും ഇല്ല എന്ന് ദിവ്യസന്ദേശം നൽകിയിട്ടല്ലാതെ, അപ്പോൾ നിങ്ങൾ എന്നെ മാത്രം സേവിക്കുന്നവരാവുക എന്ന് 21: 25 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത്തരം സൂക്തങ്ങളുടെ ആശയത്തിന് വിരുദ്ധമായ ജീവിതം നയിക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുമടങ്ങിയ നരകാവകാശികളായ ഫുജ്ജാറുകളെക്കുറിച്ച്: നിശ്ചയം, അല്ലാഹു ഒഴികെ മറ്റൊരു *ഇലാഹും* ഇല്ല എന്ന് അവരോട് പറയപ്പെട്ടിരുന്നപ്പോൾ അവർ അഹങ്കരിക്കുന്നവരായിരുന്നു എന്ന് 37: 35 ൽ പറഞ്ഞിട്ടുണ്ട്. ഇത്തരം യഥാർത്ഥ ഭ്രാന്തന്മാർക്ക് സ്വർഗത്തിലെ *'ഇല്ലിയ്യീൻ'* പട്ടികയിൽ തങ്ങളുടെ കർമ്മങ്ങൾ രേഖപ്പെടുത്തുന്നതിന് വേണ്ടി ആകാശത്തിന്റെ വാതിലുകൾ തുറന്ന് കൊടുക്കപ്പെടുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല എന്ന് 7: 40 ലും പറഞ്ഞിട്ടുണ്ട്. 16: 22; 17: 45–46, 81 വിശദീകരണം നോക്കുക.

16. നിങ്ങൾ അവരെയും അല്ലാഹുവിനെക്കൂടാതെ അവർ സേവിച്ചുകൊണ്ടിരിക്കുന്നവയെയും ഒഴിവാക്കിയിരിക്കെ അപ്പോൾ നിങ്ങൾ ആ ഗുഹയിൽ അഭയം തേടിക്കൊള്ളുക, നിങ്ങളുടെ നാഥൻ അവന്റെ കാരുണ്യത്തിൽ നിന്ന് നിങ്ങൾക്ക് നൽകുന്നതും നിങ്ങളുടെ കാര്യങ്ങളെല്ലാം ഏറ്റവും എളുപ്പവും സുഗമവുമാക്കിത്തരുന്നതുമാണ് എന്ന് പറഞ്ഞ സന്ദർഭം സ്മരണീയമാണ്.

അവർ സർവ്വസ്വം അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് അവരുടെ ജനതയെയും ജീവിതചര്യയെയും വെടിഞ്ഞപ്പോൾ അല്ലാഹു അവർക്ക് ഒരു ഗുഹയിൽ അഭയം നൽകുകയും അവരുടെ കാര്യങ്ങളെല്ലാം ഏറ്റെടുക്കുകയും ചെയ്തു. ഇതുപോലെ പ്രവാചകനും കൂട്ടുകാരൻ അബൂബക്കറും ശത്രുക്കളിൽ നിന്ന് രക്ഷതേടി മദീനയിലേക്ക് ഒളിച്ചോടിപ്പോയപ്പോൾ അവരെ ഒരു ഗുഹയിൽ മൂന്ന് ദിവസം താമസിപ്പിച്ചു. ശത്രുക്കളുടെ കാലടികൾ ഗുഹയുടെ ദ്വാരത്തിലൂടെ കണ്ട് ഭയപ്പെട്ട അബൂബക്കറിനെ പ്രവാചകൻ സമാധാനിപ്പിക്കുന്ന രംഗം 9: 39–40 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 10: 103; 12: 110 വിശദീകരണം നോക്കുക.

17. ഉദയസമയത്ത് സൂര്യൻ ആ ഗുഹയുടെ വലത്തോട്ട് തെന്നി ഉയരുന്നതായും അസ്തമയസമയത്ത് ഗുഹയെ ഒഴിവാക്കി ഇടത്തോട്ട് മാറിത്താഴുന്നതായും നിനക്ക് കാണാം, അവരാകട്ടെ, അതിൽ നിന്നുള്ള ഒരു വിശാലമായ സ്ഥാനത്ത് വസിക്കുകയും ചെയ്യുന്നു, അത് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്, ആരെയാണോ അല്ലാഹു സൻമാർഗത്തിലാക്കിയത് അപ്പോൾ അവൻ സന്മാർഗത്തിലായി, ആരെയാണോ അല്ലാഹു വഴിതെറ്റിച്ചത് അപ്പോൾ അവന് തന്റേടത്തിലേക്ക് നയിക്കുന്ന ഒരു രക്ഷകനേയും നീ കണ്ടെത്തുകയില്ലതന്നെ.

സൂര്യപ്രകാശത്താലുള്ള കഠിനമായ ചൂട് ഏൽക്കാതിരിക്കത്തക്ക വിധത്തിയിലായിരുന്നു ത്രികാലജ്ഞാനിയായ നാഥൻ ആ ഗുഹയെ സംവിധാനിച്ചിട്ടുള്ളത്. ചൂട് അകത്തേക്ക് പ്രതിഫലിക്കാത്തവിധം ഉദയസമയത്തും അസ്തമയസമയത്തും സൂര്യൻ തെന്നിമാറി

പ്പോകുന്ന വിധത്തിലായിരുന്നു ആ ഗുഹയുടെ കിടപ്പ്.

ഇന്ന് ത്രികാലജ്ഞാനമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 10: 108 ൽ വിവരിച്ച പ്രകാരം ആരാണോ അതിനെ സത്യപ്പെടുത്തുന്നത്, അത് അവന് വേണ്ടിത്തന്നെയാണ്; ആരാണോ അതിനെ അവഗണിച്ച് വഴികേടിലായത്, അതിന്റെ ദോഷം ആ ആത്മാവിന് തന്നെയാണ്. വിശ്വാസി മാത്രമാണ് അദ്ദിക്ർ ഉപയോഗപ്പെടുത്തി നാഥനെ തിരിച്ചറിയുക. 2: 119; 7: 37, 178–179 വിശദീകരണം നോക്കുക.

18. അവർ ഉണർന്ന് കിടക്കുകയാണെന്ന് നീ കരുതും, അവരാകട്ടെ ഉറങ്ങിക്കിടക്കുകയാകുന്നു, നാം അവരെ വലതുഭാഗത്തേക്കും ഇടതുഭാഗത്തേക്കും മറിച്ചിട്ടുകൊണ്ടിരുന്നു; അവരുടെ നായ കൈയ്യും നീട്ടിവെച്ച് ഗുഹാമുഖത്ത് കിടപ്പുണ്ടായിരുന്നു, നീയെങ്ങാനും അവരെ എത്തിനോക്കിയാൽ ഭയപ്പെട്ട് തിരിഞ്ഞോടുകതന്നെ ചെയ്യും, അവരെത്തൊട്ട് നീ ഉള്ളിന്റെയുള്ളിൽ ഭയപ്പെടുകതന്നെ ചെയ്യും.

ഗുഹാവാസികൾ കണ്ണ് മിഴിച്ചായിരുന്നു കിടന്നിരുന്നത് എന്നതിനാൽ നോക്കുന്നവർക്ക് ഉണർന്നിരിക്കുകയാണെന്ന് തോന്നും. എന്നാൽ അവർ ഗാഢനിദ്രയിലായിരുന്നു. അവരുടെ ശരീരം ഭൂമിയിൽ ലയിച്ചുപോകാതിരിക്കാൻ അല്ലാഹു അവരെ വലത്തോട്ടും ഇടത്തോട്ടും മറിച്ചിട്ടുകൊണ്ടിരുന്നു. അവരുടെ നായ ഗുഹാമുഖത്ത് പാറാവുകാരനെന്നോണം കണ്ണുമിഴിച്ച് കിടപ്പുണ്ടായിരുന്നു. ചുരുക്കത്തിൽ പുറത്തുനിന്നുള്ള ആരെങ്കിലും ആ രംഗം കാണുകയാണെങ്കിൽ അവർ അമ്പരന്ന് ഉള്ളിന്റെയുള്ളിൽ ഭയപ്പെടുന്ന ഒരു ഭീകരാന്തരീക്ഷമായിരുന്നു അവിടെ നിലനിന്നിരുന്നത്.

19. അപ്രകാരം നാം അവരെ എഴുന്നേൽപിച്ചു –അവർ പരസ്പരം ചോദിച്ചറിയുന്നതിന് വേണ്ടി; അവരിൽ നിന്നുള്ള ഒരാൾ ചോദിച്ചു: നിങ്ങൾ എത്രകാലം ഈ അവസ്ഥയിൽ കഴിഞ്ഞു? അവർ പറഞ്ഞു: നാം ഒരു ദിവസമോ അല്ലെങ്കിൽ ഒരു ദിവസത്തിലെ അൽപം ഭാഗമോ കഴിച്ചുകൂട്ടിയിട്ടുണ്ടാകും; അവർ പറഞ്ഞു: ഈ അവസ്ഥയിൽ നിങ്ങൾ എത്ര കഴിച്ചുകൂട്ടിയെന്ന് ഏറ്റവും കൂടുതൽ അറിയുന്നവൻ നിങ്ങളുടെ നാഥനാണ്, അപ്പോൾ നിങ്ങളിൽ ഒരാളെ ഈ വെള്ളിനാണയവും കൊണ്ട് പട്ടണത്തിലേക്ക് അയക്കുക, അങ്ങനെ അവൻ എവിടെയാണ് ഏറ്റവും പരിശുദ്ധമായ ഭക്ഷണം കിട്ടുക എന്ന് നോക്കട്ടെ, എന്നിട്ട് അവൻ നിങ്ങൾക്ക് അതിൽ നിന്നും ഭക്ഷണം കൊണ്ടുവരികയും ചെയ്യട്ടെ, അവൻ ജാഗ്രത പാലിക്കുകയും നിങ്ങളെക്കുറിച്ച് ആർക്കും അറിവ് ലഭിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യട്ടെ.

ഗുഹാവാസികൾ എഴുന്നേറ്റ ഉടനെ അവരുടെ കയ്യിൽ ശേഷിപ്പുണ്ടായിരുന്ന വെള്ളിനാണയവും കൊണ്ട് അവരിൽ നിന്നുള്ള ഒരാളെ പരിശുദ്ധമായ ഭക്ഷണം തേടി പട്ടണത്തിലേക്ക് അയക്കുകയാണ്.

ആ അവസ്ഥയിലും വിശ്വാസികളായ അവർ പരിശുദ്ധമായ ഭക്ഷണം മാത്രമാണ് അന്വേഷിക്കുന്നത്. 16: 114 ൽ അല്ലാഹു പറയുന്നു: അപ്പോൾ അല്ലാഹു നിങ്ങൾക്ക് നൽകിയ അനുവദനീയവും പരിശുദ്ധവുമായ ഭക്ഷണവിഭവങ്ങൾ നിങ്ങൾ തിന്നുകയും അവന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുകയും ചെയ്യുവിൻ –നിങ്ങൾ അവനെ മാത്രം സേവിക്കുന്ന അവന്റെ പ്രതിനിധികളാണെങ്കിൽ. അല്ലാഹു പരിശുദ്ധനാണ്, പരിശുദ്ധമായത് മാത്രമേ അവൻ സ്വീകരിക്കുകയുള്ളൂ. അല്ലാഹുവിന്റെ പ്രതിനിധികളായി ജീവിക്കുന്ന വിശ്വാസി

കൾ അനുവദനീയവും പരിശുദ്ധവുമായ ഭക്ഷണവിഭവങ്ങൾ മാത്രമേ ഉപയോഗിക്കുക യുള്ളൂ. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ ത്രാസ്സായി ഉ പയോഗപ്പെടുത്തി അനുവദനീയവും പരിശുദ്ധവുമായ ഭക്ഷണം ഉപയോഗിക്കുന്നവർക്ക് മാത്രമേ 56: 77–79 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പരിശുദ്ധമായ അദ്ദിക്ർ മനസ്സിലാവു കയുള്ളൂ. നിഷിദ്ധമായ ഭക്ഷണം കഴിക്കുകയും മറ്റുള്ളവരെ അതിൽ നിന്ന് പിന്തിരിപ്പിക്കാ തിരിക്കുകയും ചെയ്യുന്ന 9: 34 ൽ പറഞ്ഞ കപടവിശ്വാസികളായ പണ്ഡിത-പുരോഹിത ൻമാർക്ക് അദ്ദിക്ർ മനസ്സിലാകാത്തത് അതുകൊണ്ടാണ്. പരിശുദ്ധമായ വചനം വിറ്റ് ഭക്ഷി ക്കുന്നവരെല്ലാം തങ്ങളുടെ വയറുകളിൽ തീയാണ് നിറക്കുന്നതെന്ന് 2: 174 ൽ പറഞ്ഞി ട്ടുണ്ട്. 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപാടുകളിലൂടെ നേടു ന്നതെല്ലാം നിഷിദ്ധവും മ്ലേഛവുമാണ്, അവ അനുവദനീയമാവുകയില്ല. 2: 188; 4: 29; 7: 169 –170; 10: 27 വിശദീകരണം നോക്കുക.

20. നിശ്ചയം നിങ്ങളെക്കുറിച്ച് അവർക്ക് വിവരം ലഭിച്ചാൽ, നിങ്ങളെ അവർ കല്ലെറി യുകയോ അല്ലെങ്കിൽ അവരുടെ ജീവിതചര്യയിലേക്ക് ബലം പ്രയോഗിച്ച് തിരി ച്ചുകൊണ്ടുപോവുകയോ ചെയ്യും, അങ്ങനെ ആയാൽ നിങ്ങൾ ഒരിക്കലും വി ജയം വരിക്കുകയില്ലതന്നെ.

അവർ ഗുഹയിൽ അഭയം തേടുന്നതിനുമുമ്പ് ആ ജനത മുഴുവനും അവരെ അല്ലാ ഹുവിൽ നിന്ന് തടയാൻ ശ്രമിച്ചിരുന്നതുകൊണ്ട് ആ ജനത അവരെ കാണാനിടവന്നാൽ കല്ലെറിഞ്ഞ് കൊല്ലുകയോ അവരുടെ ജീവിതചര്യയിലേക്ക് തിരിച്ച് കൊണ്ടുപോവുകയോ ചെയ്യുമെന്ന ഭയമാണ് അവർ പ്രകടിപ്പിക്കുന്നത്. 'അങ്ങനെയായാൽ നിങ്ങൾ ഒരിക്കലും വിജയം വരിക്കുകയില്ലതന്നെ' എന്ന് പറഞ്ഞതിന്റെ വിവക്ഷ സത്യം വ്യക്തമായി വന്നു കിട്ടിയതിനുശേഷം പഴയ ജീവിതചര്യയിലേക്കുതന്നെ തിരിച്ചുപോയാൽ പിന്നെ നിങ്ങൾ ഒരിക്കലും വിജയം വരിക്കുകയില്ല എന്നാണ്. ആരാണോ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് പിന്തിരിഞ്ഞ് പോയത്, അവന് അവന്റെ സമ്പത്ത് ഉപകാരപ്പെടുകയില്ല എന്ന് 92: 11 ലും; അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് പിന്തിരിഞ്ഞ് പോയ ദൗർഭാഗ്യവാനല്ലാതെ കത്തിയാളുന്ന നരകത്തിൽ വേവിക്കപ്പെടുകയില്ല എന്ന് 92: 14–16 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 7: 88 –89; 10: 71; 11: 53–55 വിശദീകരണം നോക്കുക.

21. അപ്രകാരം നാം അവരെക്കുറിച്ചുള്ള അറിവ് നൽകി –നിശ്ചയം അല്ലാഹുവിന്റെ വാഗ്ദത്തം സത്യമാണെന്നും ആ അന്ത്യമണിക്കൂറിന്റെ കാര്യത്തിൽ സംശയമി ല്ലെന്നും അവർ അറിയുന്നതിന് വേണ്ടി, എന്നാൽ അവർ പരസ്പരം ഇവരുടെ കാര്യത്തിൽ തർക്കിച്ചു കൊണ്ടിരുന്നത് സ്മരണീയമാണ്; അപ്പോൾ അവർ പ റഞ്ഞു: നിങ്ങൾ ഇവരുടെ മേൽ ഒരു ഭിത്തി പണിയുക– അവരെക്കുറിച്ച് അവ രുടെ നാഥനാണ് ഏറ്റവും അറിയുന്നവൻ; എന്നാൽ അവരിൽ നിന്ന് സ്വാധീന മുള്ള കാര്യപ്പെട്ടവർ പറഞ്ഞു: നാം അവരുടെ മേൽ ഒരു പള്ളിതന്നെ നിർമ്മി ക്കുന്നതാണ്.

മൂന്ന് നൂറ്റാണ്ട് മുമ്പുണ്ടായിരുന്ന നാണയവും കൊണ്ട് അപരിചിത വേഷത്തിൽ ഭക്ഷണം വാങ്ങാൻ വന്ന ആളെ കണ്ടതോടെയാണ് ആ ജനതക്ക് ഗുഹാവാസികളെക്കു റിച്ചുള്ള അറിവ് കിട്ടിയത്. അല്ലാഹുവിനുവേണ്ടി മാത്രം ജീവിക്കുന്നവരായാൽ കാര്യകാര ണബന്ധത്തിന് അതീതമായി അല്ലാഹു അവരെ സഹായിക്കുകതന്നെ ചെയ്യുമെന്ന വാഗ് ദത്തം സത്യപ്പെടുത്തി കാണിച്ച് കൊടുക്കുന്നതിനും, വിധിദിവസം നടപ്പിൽ വരുന്നതിലും

പുനർജന്മത്തിലും ഒരുസംശയത്തിനും അവകാശമില്ല എന്ന് ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിനും വേണ്ടിയാണ് ഗുഹാവാസികളെക്കുറിച്ചുള്ള അറിവ് നൽകിയത്. അക്കാലത്തെ ജനങ്ങൾക്ക് പരലോകം കൊണ്ട് ശരിയായ വിശ്വാസമുണ്ടായിരുന്നില്ല. പരലോകത്ത് ആത്മാവും ജീവനും കൂടിയ റൂഹിനെ മാത്രമാണ് പുനർജീവിപ്പിക്കപ്പെടുക, ശരീരം പുനർജീവിപ്പിക്കപ്പെടുകയില്ല എന്നായിരുന്നു അവരുടെ ധാരണ. ആത്മാവിനോടൊപ്പം ശരീരത്തെയും പുനഃസൃഷ്ടിക്കുമെന്ന് ഗുഹാവാസികളുടെ കാര്യം വിവരിച്ചുകൊണ്ട് അല്ലാഹു അറിയിക്കുകയാണ്.

ഗുഹാവാസികളെക്കുറിച്ച് ഏറ്റവും അറിയുന്നവൻ അവരുടെ നാഥനാണ്, അപ്പോൾ നിങ്ങൾ ഒരുമതിൽ പണിത് അവരെ വേർതിരിക്കുകയോ അവരുടെ ഗുഹാമുഖം മതിൽ കെട്ടി അടക്കുകയോ ചെയ്യുക എന്ന് ആ ജനങ്ങളിൽ നിന്ന് വിശ്വാസികളായവർ പറഞ്ഞു. എന്നാൽ അവരിൽ നിന്ന് കാര്യത്തിൽ അതിജയിച്ചവർ -ഭൂരിപക്ഷം- പറഞ്ഞത് നമ്മൾ അവരുടെ പേരിൽ ഒരു പള്ളിതന്നെ നിർമ്മിക്കുമെന്നാണ്. അവർ കപടവിശ്വാസികളും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്ക് ചേർക്കുന്നവരുമായിരുന്നു. എക്കാലത്തും ഭൂരിപക്ഷമായ കപടവിശ്വാസികളുടെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്ക് ചേർക്കുന്ന അനുയായികളുടെയും ആചാരാനുഷ്ഠാനങ്ങളാണ് ഇക്കാലത്തെന്നപോലെ ഇസ്ലാമിന്റേതായി അവതരിപ്പിക്കപ്പെടുന്നത്. അങ്ങനെയാണ് ഇതരജനവിഭാഗങ്ങൾ ഇസ്ലാമിനെ തെറ്റിദ്ധരിക്കുന്നത്.

മുൻ വേദക്കാരായ ജൂത-ക്രിസ്ത്യാനികളെ അവർ അവരുടെ പ്രവാചകന്മാരുടെയും സജ്ജനങ്ങളുടെയും പേരിൽ പള്ളികൾ ഉണ്ടാക്കിയത് കാരണം അല്ലാഹു ശപിച്ചിരിക്കുന്നു, അപ്രകാരം പ്രവർത്തിക്കുന്നതിനെത്തൊട്ട് നിങ്ങൾ സൂക്ഷിക്കുക, എന്നും *ഖബർ സന്ദർശിക്കുന്ന സ്ത്രീകളെയും ഖബറിനുമുകളിൽ പള്ളി നിർമ്മിക്കുന്നവരെയും വിളക്ക് വെക്കുന്നവരെയും അല്ലാഹു ശപിച്ചിരിക്കുന്നു, നിശ്ചയം നിങ്ങൾക്ക് മുമ്പുള്ള ജനങ്ങൾ അവരുടെ നബിമാരുടെ ഖബറുകൾ പള്ളികളാക്കിയിരുന്നു, നിശ്ചയം അവരിൽ നിന്നുള്ള സദ്യത്തനായ ഒരാൾ മരിച്ചാൽ അവർ അദ്ദേഹത്തിന്റെ ഖബറിനുമുകളിൽ പള്ളി നിർമ്മിക്കുകയും അതിൽ രൂപങ്ങൾ കൊത്തിവെക്കുകയും ചെയ്യുമായിരുന്നു, നിങ്ങളെ അതിനെത്തൊട്ട് ഞാൻ വിരോധിക്കുന്നു* എന്നും പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചുണ്ട്.

ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ വിസ്മരിച്ചുകൊണ്ട് ലോകത്തെവിടെയും വലിയ വലിയ കൊൺക്രീറ്റ് കെട്ടിടങ്ങളായ പള്ളികൾ നിർമ്മിക്കുന്നതിനാണ് പ്രാധാന്യം നൽകുന്നത്. അതുവഴി 2: 114-115; 9: 107-110 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം *'അവരുടെ പള്ളികൾ വലിയ സൗധങ്ങളായിരിക്കും, എന്നാൽ അവിടെ സന്മാർഗമുണ്ടായിരിക്കുകയില്ല'* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചത് സത്യപ്പെട്ടിരിക്കുകയാണ്. 2: 259; 6: 60-61; 9: 17-19, 67-68 വിശദീകരണം നോക്കുക.

22. അവർ പറയുകതന്നെ ചെയ്യും: അവർ മൂന്നുപേരായിരുന്നു, നാലാമത്തേത് അവരുടെ നായയും; അവർ അഞ്ച് പേരായിരുന്നു, ആറാമത്തേത് അവരുടെ നായയും എന്ന് മറ്റ് ചിലരും പറയും; അതെല്ലാം അദൃശ്യകാര്യങ്ങളെക്കുറിച്ചുള്ള ഊഹം പറയൽ മാത്രമാണ്, അവർ ഏഴ് പേരായിരുന്നു എന്നും എട്ടാമത്തേത് അവരുടെ നായയും എന്ന് പറയുന്നവരും അവരിലുണ്ട്; നീ പറയുക:എന്റെ നാഥനാണ് അവരുടെ എണ്ണത്തെക്കുറിച്ച് ഏറ്റവും അറിയുന്നവൻ, അവരിൽ ചുരുക്കം

പേർക്കല്ലാതെ അവരുടെ എണ്ണത്തെക്കുറിച്ച് അറിവില്ല, അതുകൊണ്ട് ബാഹ്യമായ നിലയിൽ പരാമർശിക്കുക എന്നല്ലാതെ നീ അവരുടെ കാര്യത്തിൽ സംസാരിക്കരുത്, അവരെക്കുറിച്ച് അവരിൽ നിന്നുള്ള -ജനങ്ങളിൽ നിന്നുള്ള- ഒരാളോടും നീ വിശദവിവരം ചോദിക്കുകയുമരുത്.

ഗുഹാവാസികൾ ഏഴ് പേരായിരുന്നു, എട്ടാമത്തേത് അവരുടെ നായയും എന്ന് പറയുന്നവരും അവരിലുണ്ട് എന്ന് പറയുന്നതിന് മുമ്പ് അവർ മൂന്ന് പേരായിരുന്നു, അഞ്ച് പേരായിരുന്നു എന്നെല്ലാം പറയുന്നവർ അവരിലുണ്ട് എന്ന് പറഞ്ഞശേഷം 'അതെല്ലാം അദൃശ്യകാര്യങ്ങളെക്കുറിച്ചുള്ള അവരുടെ ഊഹം പറയൽ മാത്രമാണ്' എന്ന പ്രസ്ഥാവനയിൽ നിന്ന് അവസാനം പറഞ്ഞതാണ് അവരുടെ എണ്ണം എന്ന് മനസ്സിലാക്കാം. അദ്ദിക്ർ അറിയുന്ന സ്വർഗത്തിലേക്കുള്ള ആയിരത്തിലൊന്നിന് മാത്രമേ ഗുഹാവാസികളുടെ എണ്ണത്തിൽ സംശയമില്ലാതിരിക്കുകയുള്ളൂ. ഗുഹാവാസികളുടെ എന്നല്ല, ഏതൊരു വിഷയത്തിലും സംശയം അകറ്റാനുള്ള ഉറപ്പ് നൽകുന്ന സത്യമാണ് അദ്ദിക്ർ. വിശ്വാസികൾ ഒരുകാര്യത്തിലും തർക്കിക്കാൻ പാടില്ല, എല്ലാകാര്യങ്ങളും സ്പഷ്ടമായി വിശദീകരിച്ചിട്ടുള്ള അദ്ദിക്റിൽ നോക്കി ഉറപ്പുവരുത്തുകയാണ് ചെയ്യേണ്ടത്. ജനങ്ങൾ ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ ഇവിടെ വെച്ചുതന്നെ തീരുമാനം കൽപ്പിക്കാൻ വേണ്ടിയല്ലാതെ നാം നിന്റെമേൽ ഗ്രന്ഥം അവതരിപ്പിച്ചിട്ടില്ല എന്ന് 16: 64 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിൽ നിന്ന് അവരുടെ സംശയം ദൂരീകരിക്കാൻ അവർക്ക് സാധിക്കുന്നില്ലെങ്കിൽ അദ്ദിക്റിന്റെ രചയിതാവിനോട് ചോദിച്ച് മനസ്സിലാക്കുകയാണ് വേണ്ടത് എന്നാണ് 'നിങ്ങൾക്ക് അറിവില്ലാത്ത കാര്യങ്ങൾ അദ്ദിക്റിന്റെ ആളോട് ചോദിക്കുക' എന്ന് 16: 43; 21: 7 എന്നീ സൂക്തങ്ങളിൽ പറഞ്ഞതിന്റെ ആശയം. എന്നാൽ 25: 30 പ്രകാരം പ്രവാചകൻ: എന്റെ ഈ ജനത ഈ ഗ്രന്ഥത്തെ അവഗണിച്ച് പോയതാണ് അവർക്ക് വന്ന ദുർഗതി എന്ന് വിധിദിവസം അന്യായം പറയുന്നത് ഏതൊരു ജനതക്കെതിരായിട്ടാണോ, ആ ജനത ഇന്ന് സൃഷ്ടികൾ എഴുതിയുണ്ടാക്കിയ കർമ്മശാസ്ത്ര ഗ്രന്ഥങ്ങളെയും അവയെ അവലംബിച്ച് വിധിവിലക്കുകൾ നൽകുന്ന കപടവിശ്വാസികളെയുമാണ് പിൻപറ്റുന്നത്. ഇത്തരം ഫുജ്ജാറുകളായ ഭ്രാന്തന്മാർ അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്നവരായതിനാൽ എല്ലാകാര്യങ്ങളിലും സംശയമുള്ളവരാണ്. അവർ നരകക്കുണ്ഠത്തിന്റെ വക്കിൽ തലകുനിച്ച് നിൽക്കുന്നതും 'ഞങ്ങളുടെ നാഥാ! ഞങ്ങൾ നരകക്കുണ്ഠത്തിലെ കാഴ്ചകൾ കണ്ടു, അതിലെ രോദനങ്ങൾ കേട്ടു, അപ്പോൾ ഞങ്ങളെ നീ ഐഹികലോകത്തേക്ക് തിരിച്ചയച്ചാലും, ഞങ്ങൾ സൽക്കർമങ്ങൾ ചെയ്ത് വന്നുകൊള്ളട്ടെ, നിശ്ചയം ഞങ്ങൾക്ക് ദൃഢബോധ്യം വന്നിരിക്കുന്നു' എന്ന് പറയുന്ന രംഗം 32: 12 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 3: 7; 16: 89; 25: 33-34 വിശദീകരണം നോക്കുക.

23. നിശ്ചയം, നാളെ ഞാൻ ആ പ്രവൃത്തി ചെയ്യുമെന്ന് നീ ഒരിക്കലും ഒരു കാര്യത്തെക്കുറിച്ചും പറയുകയും അരുത്,

24. -അല്ലാഹു ഉദ്ദേശിച്ചാലൊഴികെ എന്ന് പറഞ്ഞിട്ടല്ലാതെ, അഥവാ നീ മറക്കുകയാണെങ്കിൽ ഓർമ്മ വരുമ്പോൾ നിന്റെ നാഥനെ സ്മരിക്കുക, എന്റെ നാഥൻ ഇതിനേക്കാൾ തന്റേടത്തിന്റെ മാർഗത്തിലേക്ക് എന്നെ നയിച്ചേക്കാം എന്ന് പറയുകയും ചെയ്യുക.

ഗുഹാവാസികളെക്കുറിച്ച് *മക്കാമുശ്രിക്കുകൾ* പ്രവാചകനോട് ചോദിച്ചപ്പോൾ നാളെ പറഞ്ഞുതരാമെന്ന് പ്രവാചകൻ മറുപടി പറഞ്ഞു. ശേഷം പതിനഞ്ച് ദിവസത്തേക്ക്

ദിവ്യസന്ദേശവുമായി *ജിബ്‌രീൽ* വരികയുണ്ടായില്ല. പിന്നീട് *ജിബ്‌രീൽ* വരുന്നത് മേൽ പറഞ്ഞ സൂക്തങ്ങളും കൊണ്ടാണ്. പ്രവാചകൻ *ജിബ്‌രീലി*നോട് 'നമ്മെ മറന്നോ' എന്ന് ചോദിച്ചതിന് മറുപടിയായിട്ടാണ് 'ഞങ്ങൾ നിന്റെ നാഥന്റെ കൽപന പ്രകാരമല്ലാതെ ഇറങ്ങി വരികയില്ല, ഞങ്ങളുടെ മുന്നിലുള്ളതും ഞങ്ങളുടെ പിന്നിലുള്ളതും അവക്കിടയിലുള്ളതുമെല്ലാം അവനുള്ളതാണ്, നിന്റെ നാഥൻ ഒന്നുംതന്നെ വിസ്മരിക്കുന്നവനുമല്ല' എന്ന 19: 64 അവതരിപ്പിച്ചത്. അഥവാ ത്രികാലജ്ഞാനിയായ നാഥന്റെ കൽപനയനുസരിച്ച് പ്രവർത്തിക്കാൻ മാത്രമേ മലക്കുകൾക്ക് സാധിക്കുകയുള്ളൂ. ഇവിടെ *ജിബ്‌രീൽ* തനിച്ചാണെങ്കിലും 'ഞങ്ങൾ' എന്നാണ് പറയുന്നത്.

'അല്ലാഹു ഉദ്ദേശിച്ചാലൊഴികെ' എന്ന് പറയാതെ ഭാവിയിൽ 'ഇന്ന കാര്യം' പ്രവർത്തിക്കുമെന്ന് ഉറപ്പിച്ച് പറയരുതെന്നാണ് സൂക്തം പഠിപ്പിക്കുന്നത്. അഥവാ ഇക്കാര്യം വിസ്മരിച്ചാൽ ഓർമ്മ വരുമ്പോൾ അല്ലാഹുവിനെ സ്മരിച്ച് പൊറുക്കലിനെത്തേടുകയും എന്താണ് തന്റേടത്തിന്റെ മാർഗമെന്ന് അല്ലാഹുവിനോട് ഹൃദയം കൊണ്ട് ചോദിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയുമാണ് വേണ്ടത്. മറവി പിശാചിൽ നിന്നുള്ളതാണ്. ഗ്രന്ഥം പൂർത്തിയായി ലഭിച്ച ശേഷം 'അല്ലാഹുവിന്റെ അനുമതി കൊണ്ട്' *(ബി ഇദ്നില്ലാ)* ഭാവിയിൽ ഞാൻ ഇന്ന കാര്യം പ്രവർത്തിക്കുമെന്നാണ് പറയേണ്ടത്. 2: 255; 10: 100; 22: 65; 33: 46 തുടങ്ങി 30 സൂക്തങ്ങളിൽ പറഞ്ഞ വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ പൊട്ടിപ്പോകാത്ത പാശമായ അതിനെ മുറുകെപ്പിടിച്ച് നിലകൊള്ളാനാണ് വിശ്വാസികൾ കൽപിക്കപ്പെട്ടിട്ടുള്ളത്. അത്തരം വിശ്വാസികൾ മാത്രമാണ് നാഥന്റെ പ്രാതിനിധ്യം വഹിക്കുന്നവർ. ഫുജ്ജാറുകളെല്ലാം തന്നെ പിശാചിന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് 15: 44 ൽ വിവരിച്ച പ്രകാരം നരകത്തിന്റെ ഏഴ് വാതിലുകളിലൊന്നിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണ്. 3: 79, 101–102; 5: 48; 7: 201–202 വിശദീകരണം നോക്കുക.

25. അവർ അവരുടെ ഗുഹയിൽ മുന്നൂറ് വർഷം താമസിച്ചു, ചിലർ ഒമ്പത് വർഷം കൂട്ടി പറയുന്നുണ്ട്.

26. നീ പറയുക: അവർ എത്രയാണ് താമസിച്ചതെന്ന് ഏറ്റവും അറിയുന്നവൻ അല്ലാഹുവാണ്, ആകാശങ്ങളിലും ഭൂമിയിലുമുള്ള മറഞ്ഞ കാര്യങ്ങളെല്ലാം അവനുള്ളതാണ്, നീ അതുകൊണ്ട് കാണുക, അത് കേൾക്കുകയും ചെയ്യുക, അവനെക്കൂടാതെ അവർക്ക് സംരക്ഷകരിൽ നിന്ന് ഒരാളുമില്ലതന്നെ, അവൻ തന്റെ തീരുമാനാധികാരത്തിൽ ഒരാളെയും പങ്കുചേർക്കുന്നുമില്ല.

സൗരവർഷത്തിലെ 300 കൊല്ലം ചന്ദ്രവർഷത്തിലെ 309 കൊല്ലമാണ് എന്ന കാര്യം ശ്രദ്ധിക്കുക. ഗുഹാവാസികളുടെ എണ്ണത്തിലോ, വർഷത്തിന്റെ എണ്ണത്തിലോ അല്ല, അത് എത്രയുമാവട്ടെ, ഈ സംഭവത്തിൽ നിന്ന് (ഏത് സംഭവചരിത്രങ്ങളിൽ നിന്നും) കിട്ടുന്ന പാഠം ഉൾക്കൊള്ളാനാണ് പ്രവാചകനോടും വിശ്വാസികളോടും അല്ലാഹു കൽപിക്കുന്നത്. 'നീ അതുകൊണ്ട് കാണുക, അത് കേൾക്കുകയും ചെയ്യുക' എന്ന് പറഞ്ഞതിന്റെ വിവക്ഷ, എല്ലാകാര്യങ്ങളും ഉൾക്കാഴ്ച്ചാദായകമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി കാണുകയും അദ്ദിക്ർ കേൾക്കുകയും ചെയ്യുക എന്നാണ്. അഥവാ അദ്ദിക്റിൽ നിന്ന് അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുക, അല്ലാഹു സദാ വീക്ഷിക്കുന്നവനും കേൾക്കുന്നവനുമാണ് എന്ന ബോധത്തിൽ എപ്പോഴും എവിടെയും നിലകൊള്ളുക എന്ന് സാരം. ഒരു സന്താനത്തെയും സ്വീകരിച്ചിട്ടില്ലാത്ത, തന്റെ ആധിപത്യത്തിൽ യാതൊരു പങ്കുകാരുമില്ലാത്ത,

പോരായ്മയിൽ നിന്ന് രക്ഷിക്കാൻ ഒരു സംരക്ഷകനേയും ആവശ്യമില്ലാത്ത അല്ലാഹുവി നാണ് സ്തുതി എന്ന് നീ പ്രഖ്യാപിക്കുകയും ചെയ്യുക; അവനെ മഹത്വപ്പെടുത്തേണ്ടവിധം മഹത്വപ്പെടുത്തുകയും ചെയ്യുക എന്ന് 17: 111 ൽ പറഞ്ഞിട്ടുണ്ട്. 7: 205–206; 17: 17, 30; 32: 4 വിശദീകരണം നോക്കുക.

27. നിന്റെ നാഥന്റെ പക്കൽ നിന്ന് നിന്നിലേക്ക് ദിവ്യസന്ദേശമായി നൽകപ്പെട്ടിട്ടുള്ള ഒന്ന് ഗ്രന്ഥത്തിൽ നിന്ന് തിലാവത്ത് ചെയ്ത് കൊടുക്കുകയും ചെയ്യുക, അവന്റെ വചനങ്ങൾ മാറ്റിമറിക്കുന്നവനില്ല തന്നെ, അവനെക്കൂടാതെ യാതൊരു അഭയ സ്ഥാനവും നീ കണ്ടെത്തുന്നതുമല്ല.

2: 44 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം ആശയം മനസ്സിലാക്കി വായിക്കുകയും അത് ജ നങ്ങളിലേക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യലാണ് *'തിലാവത്ത്'*. അല്ലാഹുവിന്റെ വച നങ്ങളെ മാറ്റിമറിക്കുന്നവനായി ആരെയും നീ കണ്ടെത്തുകയില്ല. അഥവാ നിഷ്പക്ഷവാ നായ നാഥൻ ഒരാളുടെയും വിധി മാറ്റിമറിക്കുകയില്ല. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റി 83: 7 ൽ പറഞ്ഞ നരകക്കു ണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലുള്ള തന്റെവിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ ഇല്ലിയീൻ പട്ടികയിലേക്ക് മാറ്റിയത്, അവൻ മാത്രമാണ് വിജയം വരിക്കുക. 7: 170; 29: 45; 35: 29 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിശ്വാസി അദ്ദിക്ർ ലോകർക്ക് എത്തിച്ചു കൊടുക്കുന്നതിനാണ് മറ്റെല്ലാ പ്രവർത്തനങ്ങളെക്കാളും പ്രാധാന്യം കൊടുക്കുക. 5: 67; 17: 82 വിശദീകരണം നോക്കുക.

28. തങ്ങളുടെ നാഥന്റെ മുഖം പ്രതീക്ഷിച്ചുകൊണ്ട് പ്രഭാതത്തിലും പ്രദോഷത്തിലും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരോടൊപ്പം നീ ക്ഷമയോടെ വർത്തിക്കേണ്ടതു മാകുന്നു, ഭൗതിക ജീവിതത്തിലെ അലങ്കാരങ്ങൾ ആഗ്രഹിച്ചുകൊണ്ട് അവരെ ത്തൊട്ട് നിന്റെ കണ്ണുകളെ നീ തിരിച്ചുകളയുകയുമരുത്, നമ്മുടെ സ്മരണയുണ ർത്തുന്ന അദ്ദിക്റിനെത്തൊട്ട് തന്റെ ഹൃദയം പ്രജ്ഞയറ്റവനെയും തന്റെ ദേ ഹേച്ഛ പിൻപറ്റിയവനെയും നീ ഒരിക്കലും അനുസരിക്കുകയുമരുത് -അവന്റെ കാര്യം പരിധി ലംഘിച്ചവനായിരിക്കുന്നു എന്നതത്രെ.

'തങ്ങളുടെ നാഥന്റെ മുഖം പ്രതീക്ഷിക്കുക' എന്നതിന്റെ വിവക്ഷ അവനെ സന്തോ ഷത്തോടുകൂടി കണ്ടുമുട്ടണമെന്ന ആഗ്രഹത്തിൽ ഇവിടെ എപ്പോഴും അവനെ കണ്ടു കൊണ്ട് ചരിക്കുക എന്നാണ്. ഇന്ന് അതിന് സാധിക്കുക ഏറ്റവും നല്ലതായ അദ്ദിക്ർ കൊണ്ട് മാത്രമാണ്. അപ്പോൾ നിന്റെ നാഥന്റെ തീരുമാനത്തിന് വേണ്ടി നീ ക്ഷമയോടെ വർത്തിക്കുക, അവരിൽ നിന്നുള്ള കുറ്റവാളികളെയും -കപടവിശ്വാസികളെയും- നന്ദി കെട്ടവരെയും *-ഫാജിറുകളെയും-* നീ ഒരിക്കലും അനുസരിക്കുകയുമരുത്, നിന്റെ നാ ഥന്റെ നാമം പ്രഭാത-പ്രദോഷങ്ങളിൽ നീ സ്മരിക്കുകയും രാത്രിയിൽ അവന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുകയും രാത്രികളിൽ സുദീർഘമായി അവനെ വാഴ്ത്തുകയും ചെയ്യുക എന്ന് 76: 24–26 സൂക്തങ്ങളിലും; തങ്ങളുടെ നാഥനെ അവന്റെ പ്രീതി കാംക്ഷി ച്ചുകൊണ്ട് പ്രഭാത-പ്രദോഷ ഭേദമന്യേ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരെ നീ ഒരിക്കലും ആട്ടിയകറ്റരുത്, അവരുടെ വിചാരണയിൽ നിനക്ക് ഒരു പങ്കുമില്ല. നിന്റെ വിചാരണയിൽ അവർക്കും യാതൊരു പങ്കുമില്ല, അപ്പോൾ നീയെങ്ങാനും അവരെ ആട്ടിയകറ്റുകയാണെ ങ്കിൽ നീ അക്രമികളുടെ കൂട്ടത്തിൽ പെട്ടുപോവുകതന്നെ ചെയ്യും എന്ന് 6: 52 ലും പറ ഞ്ഞിട്ടുണ്ട്.

6: 21; 10: 17; 32: 22 എന്നീ സൂക്തങ്ങളിലെല്ലാം പറയുന്ന അക്രമികളും ഭ്രാന്തന്മാരും അദ്ദിക്ർ അറിഞ്ഞിട്ട് മൂടിവെച്ച് ദേഹേച്ഛ പിൻപറ്റി ജീവിക്കുന്ന കപടവിശ്വാസികളും അ ദ്ദിക്ർ എന്ത്, എന്തിന്, എന്ത് കൊണ്ട് എന്നൊന്നും മനസ്സിലാക്കാൻ ശ്രമിക്കാത്ത പ്രജ്ഞ യറ്റ അനുയായികളുമടങ്ങിയ ഫുജ്ജാറുകളാണ്. 1: 7 ൽ പറഞ്ഞ ഈ രണ്ട് കൂട്ടരും എ ക്കാലത്തും എവിടെയും അദ്ദിക്ർ പിൻപറ്റുന്ന വിശ്വാസികളുടെ ശത്രുക്കളാണ്. മനുഷ്യ രിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായ ഇവരോട്: നിങ്ങൾക്ക് നിങ്ങളുടെ ജീവിതരീതി, എനിക്ക് യഥാർത്ഥ ജീവിതരീതിയും എന്ന് പ്രഖ്യാപിക്കാനാണ് പ്രവാചകനോടും വിശ്വാ സികളോടും 109: 6 ലൂടെ നാഥൻ കൽപ്പിച്ചിട്ടുള്ളത്. 9: 3, 5 വിശദീകരണം നോക്കുക.

29.നീ പറയുകയും ചെയ്യുക: സത്യം നിങ്ങളുടെ നാഥനിൽ നിന്നുള്ളതാണ്, അതു കൊണ്ട് ആരാണോ ഉദ്ദേശിച്ചത് അപ്പോൾ അവൻ വിശ്വസിച്ചുകൊള്ളട്ടെ, ആ രാണോ ഉദ്ദേശിച്ചത് അപ്പോൾ അവൻ നിഷേധിക്കുകയും ചെയ്യട്ടെ, നിശ്ചയം അക്രമികൾക്ക് നാം നരകം ഒരുക്കിവെച്ചിരിക്കുന്നു, അതിന്റെ ജ്വാലകൾ ഒരു കൂടാരം പോലെ അവരെ വലയം ചെയ്തിരിക്കുന്നു, അവർ വെള്ളത്തിന് യാചി ക്കുമ്പോൾ ഉരുകിയ ലോഹം പോലെയുള്ള മുഖം കരിച്ചുകളയുന്ന വെള്ളമാ യിരിക്കും അവർക്ക് കുടിക്കാൻ നൽകുക, എത്ര ദുഷിച്ച പാനീയം, അത് -നര കം- വളരെ ദുഷിച്ച വിശ്രമസ്ഥലം തന്നെയാകുന്നു.

ഓ മനുഷ്യരേ, നിങ്ങളുടെ ഉടമയായ നാഥനിൽ നിന്നുള്ള സത്യം നിശ്ചയം നിങ്ങൾക്ക് വന്നുകഴിഞ്ഞിരിക്കുന്നു, അപ്പോൾ ആരാണോ ആ സൻമാർഗം ഉപയോഗപ്പെടുത്തുന്നത്, അവൻ അവനെത്തന്നെയാണ് സൻമാർഗത്തിലാക്കുന്നത്, ആരാണോ അവനെത്തന്നെ വഴികേടിലാക്കിയത്, അപ്പോൾ നിശ്ചയം ആ വഴികേടിന്റെ ദോഷവും ആ ആത്മാവിന് ത ന്നെ, ഞാൻ നിങ്ങളുടെ കൈകാര്യകർത്താവൊന്നുമല്ല എന്ന് പറയാൻ 10: 108 ൽ അല്ലാഹു പ്രവാചകനോട് കൽപ്പിച്ചിട്ടുണ്ട്. സത്യം കൊണ്ടുദ്ദേശിക്കുന്നത് അദ്ദിക്റാണ്. അപ്പോൾ മ നുഷ്യരിൽ ആരാണോ അതിനെ ഇവിടെ ത്രാസ്സും ഉരക്കല്ലുമായി ഉപയോഗപ്പെടുത്തി അതിന്റെ വിധിവിലക്കുകൾ പിൻപറ്റുന്നത്, അവർ സൻമാർഗത്തിലായിക്കഴിഞ്ഞു. അദ്ദി ക്ർ ഉപയോഗപ്പെടുത്തിഅവരവർക്ക് വേണ്ട സ്വർഗം അല്ലെങ്കിൽ നരകം നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് ഓരോരുത്തരും സമ്പാദിക്കുന്നതാണെന്ന് ഈ സൂക്തവും പഠി പ്പിക്കുന്നു. 35: 39 ൽ, അല്ലാഹുവാണ് ഭൂമിയിൽ നിങ്ങളെ അവന്റെ പ്രതിനിധികളാക്കിയത്; അപ്പോൾ ആരാണോ കാഫിറായത്, അതിന്റെ ദോഷം അവന്റെ മേൽ തന്നെയാണ്, കാ ഫിറുകൾക്ക് അവരുടെ നിഷേധം തങ്ങളുടെ നാഥന്റെയടുക്കൽ വിരോധമല്ലാതെ വർദ്ധി പ്പിക്കുകയില്ല, അവരുടെ നിഷേധം അവർക്ക് നഷ്ടവുമല്ലാതെ വർദ്ധിപ്പിക്കുകയുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. 2: 119, 151; 9: 67-68, 73 വിശദീകരണം നോക്കുക.

30. നിശ്ചയം, വിശ്വാസികളാവുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യു ന്നവരാരോ, നിശ്ചയം അത്തരം ഏറ്റവും നല്ല പ്രവർത്തനങ്ങൾ ചെയ്യുന്നവരുടെ പ്രതിഫലം നാം ഒരിക്കലും പാഴാക്കിക്കളയുകയില്ല തന്നെ.

ത്രികാലജ്ഞാനമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ വിശ്വാസിയാകാനു ള്ള അത് ഉപയോഗപ്പെടുത്താതെ ഒരാളും വിശ്വാസിയാവുകയില്ല. 'ഏറ്റവും നല്ല പ്രവർത്ത നം' അദ്ദിക്ർ മനസ്സിലാക്കുകയും പിൻപറ്റുകയും ലോകർക്ക് എത്തിക്കുകയും ചെയ്യലാണ്. അത് തന്നെയാണ് നന്മ നിലനിർത്താനും തിന്മ ഇല്ലാതാക്കാനുമുള്ള ഏകമാർഗവും. ജീവി തലക്ഷ്യം നഷ്ടപ്പെട്ടത് കാരണം ഐഹിക ജീവിതാലങ്കാരങ്ങളിലും സുഖാഢംബരങ്ങ

ളിലും മുഴുകിയ മനുഷ്യരുടെ കരങ്ങളാൽ ഭൂമിയും പ്രപഞ്ചം തന്നെയും നശിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. യാതൊരു നിയന്ത്രണവുമില്ലാതെയുള്ള സ്വാർത്ഥമായ പ്രവർത്തനങ്ങളാൽ വായു, മണ്ണ്, ജലം എന്നിവയെല്ലാം ഇന്ന് മലിനമായിക്കഴിഞ്ഞിരിക്കുകയുമാണ്. നിഷ്പക്ഷവാനായ അല്ലാഹുവിന്റെ പ്രതിനിധിയാണെന്ന ബോധം ഉൾക്കൊണ്ടുകൊണ്ട് ജീവവായു ഉൽപാദിപ്പിക്കുന്നതിനും അന്തരീക്ഷത്തിൽനിന്ന് കാർബൺ ഡൈ ഓക്സൈഡ് വലിച്ചെടുത്ത് അതിനെ ശുദ്ധീകരിക്കുന്നതിനും സഹായകരമായ മരങ്ങൾവെച്ചു പിടിപ്പിക്കുന്നതിനും ജീവജാലങ്ങൾക്കുള്ള ഭക്ഷണം ഉൽപാദിപ്പിക്കുന്നതിനുവേണ്ടി കൃഷി ചെയ്യുന്നതിനും മനുഷ്യരെ പ്രാപ്തരാക്കലും പ്രസ്തുതലക്ഷ്യം വെച്ച് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കലുമാണ് ഇന്ന് ഏറ്റവും നല്ല പ്രവർത്തനങ്ങൾ കൊണ്ടുദ്ദേശിക്കുന്നത്. മനുഷ്യരുടെ ഐക്യം നിലനിർത്താനുള്ള ഉപകരണവും മൊത്തം സൃഷ്ടികൾക്കുള്ള നാഥന്റെ സന്ദേശവുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്ന സംരംഭങ്ങളിൽ ഏർപ്പെടൽ 22: 40; 61: 14 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അല്ലാഹുവിനെ സഹായിക്കലാണ്. അല്ലാഹുവിനെ സഹായിക്കുന്നവരെ അവൻ തിരിച്ചും സഹായിക്കുമെന്ന് 47: 7 ൽ പറഞ്ഞിട്ടുണ്ട്. അവർ തന്നെയാണ് അദ്ദിക്റിനെ എല്ലാവിധ ആപത്ത്-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്ത് സൂക്ഷിക്കുന്ന പരിചയും *മുഹൈമിനു*മായി ഉപയോഗപ്പെടുത്തുന്നവർ. കർമ്മങ്ങൾ സ്വീകരിക്കപ്പെടാനും പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാനുമുള്ള രണ്ട് ഉപാധികൾ 2: 186 ൽ വിവരിച്ചിട്ടുണ്ട്. 2: 256; 6: 155-157; 16: 96-97; 98: 7-8 വിശദീകരണം നോക്കുക.

31. അക്കൂട്ടർക്ക് തന്നെയാണ് നിത്യാനുഗ്രഹങ്ങളടങ്ങിയ സ്വർഗപ്പൂന്തോപ്പുകളുള്ളത്, അവരുടെ താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കും, അവർക്ക് അവിടെ സ്വർണ്ണത്താലുള്ള വളകൾ അണിയിക്കപ്പെടും, നേരിയതും കട്ടിയുള്ളതും കസവ് പതിച്ചതുമായ പച്ചപ്പട്ട് വസ്ത്രങ്ങൾ അണിയിക്കപ്പെടുകയും ചെയ്യും, അവർ അവിടെ അലങ്കരിച്ച ചാരുമഞ്ചങ്ങളിൽ ചാരിയിരുന്ന് പരസ്പരം സല്ലപിക്കുന്നതായിരിക്കും, എത്രനല്ല പ്രതിഫലം! എത്രനല്ല വിശ്രമസങ്കേതം!

പരലോകം ലക്ഷ്യം വെച്ചുകൊണ്ട് ഇവിടെ നിലകൊള്ളുന്ന ക്ഷമാലുക്കൾക്ക് പ്രതിഫലമായി സ്വർഗവും ആ സ്വർഗത്തിൽ അവർ ആഗ്രഹിക്കുന്നതെന്തും നൽകുന്നതുമാണ്. അവർ അവിടെ സൂര്യനോ (ചൂടേറിയ വെയിലോ) പുകപടലങ്ങളോ കാണുകയില്ല, അതിലെ നിഴലുകൾ അവരുടെമേൽ എല്ലായിടത്തും എപ്പോഴുമുണ്ടായിരിക്കും, അതിലെ പഴക്കുലകൾ പറിച്ചെടുക്കാൻ സൗകര്യപ്രദമായ രീതിയിൽ തൂങ്ങിക്കിടക്കുന്നവയായിരിക്കുമെന്ന് 76: 12-14 സൂക്തങ്ങളിലും; അവർക്ക് ആ സ്വർഗത്തിൽ നേരിയതും കട്ടിയുള്ളതുമായ പച്ചപ്പട്ടുകൾ കൊണ്ടുള്ള ഉന്നതമായ വസ്ത്രങ്ങളുണ്ടായിരിക്കും, അവിടെ അവർ വെള്ളസ്വർണ്ണത്താലുള്ള വളകൾ അണിയിക്കപ്പെടുകയും അവരുടെ നാഥൻ അവരെ പരിശുദ്ധമായ പാനീയങ്ങൾ -തേൻ, പാൽ, കുടിക്കുന്നവർക്ക് ആനന്ദം പകരുന്ന മദ്യം- കുടിപ്പിക്കുന്നതുമാണ്, ഇതെല്ലാം നിങ്ങൾക്കുള്ള പ്രതിഫലമാണ്, നിങ്ങളുടെ പ്രയത്നങ്ങൾ വിലമതിക്കത്തക്ക വിധമുള്ളത് (അദ്ദിക്റിന്റെ വെളിച്ചത്തിലും സാക്ഷ്യത്തിലുമുള്ളത്) തന്നെയായിരുന്നു എന്ന് 76: 21-22 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 7: 43; 9: 71-72; 13: 22-24 വിശദീകരണം നോക്കുക.

32. അവർക്ക് നീ ഒരു ഉപമ വിവരിച്ച് കൊടുക്കുകയും ചെയ്യുക: രണ്ട് പുരുഷൻ

മാർ, അവരിൽ ഒരാൾക്ക് നാം മുന്തിരിയാലുള്ള രണ്ട് തോട്ടങ്ങൾ നൽകി, അതിന് ചുറ്റും ഈത്തപ്പനകൾ പൊതിഞ്ഞിട്ടുമുണ്ട്, ആ രണ്ട് തോട്ടങ്ങൾക്കുമിടയിൽ കൃഷിയിടവുമുണ്ട്.

33. രണ്ട് തോട്ടങ്ങളും അവയുടെ ഫലങ്ങൾ നൽകി, അതിൽ യാതൊരു ക്രമക്കേടും വരുത്തിയതുമില്ല, അവക്കിടയിലൂടെ നാം ഒരു നദി ഒഴുക്കുകയും ചെയ്തു.

സുഭിക്ഷമായി ജീവിക്കാൻ ഉതകുന്ന തരത്തിലുള്ള ധാന്യങ്ങളും കായ്കനികളും പഴവർഗ്ഗങ്ങളും ആ തോട്ടങ്ങളിൽ നിന്ന് സുലഭമായി ലഭിച്ചിരുന്നു. അവ നനക്കാൻ വെള്ളവും യഥേഷ്ടം ഉണ്ടായിരുന്നു. അഥവാ ആ തോട്ടക്കാരൻ സ്വയം പര്യാപ്തനായിരുന്നു എന്നർത്ഥം. 2: 266 വിശദീകരണം നോക്കുക.

34. അവന് അതിൽ നിന്നും ഫലങ്ങൾ യഥേഷ്ടമായി ലഭിച്ചുകൊണ്ടിരുന്നു, അങ്ങനെ അവൻ തന്റെ കൂട്ടുകാരനുമായി സംവാദം നടത്തിക്കൊണ്ട് പറയുകയുണ്ടായി: ഞാൻ നിന്നേക്കാൾ സമ്പന്നനും ആൾബലമുള്ളവനും തന്നെയാകുന്നു.

35. തന്റെ ആത്മാവിനോടുതന്നെ അക്രമം പ്രവർത്തിച്ചവനായ നിലയിൽ അവൻ തന്റെ തോട്ടത്തിൽ പ്രവേശിക്കുകയും ചെയ്തു; അവൻ പറഞ്ഞു: ഇതൊന്നും ഒരിക്കലും നശിച്ചുപോകുമെന്ന് ഞാൻ കരുതുന്നില്ല.

36. ആ അന്ത്യമണിക്കൂർ നടപ്പിൽ വരുമെന്നും ഞാൻ കരുതുന്നില്ല, ഇനി ഞാൻ എന്റെ നാഥനിലേക്ക് മടക്കപ്പെടുകയാണെങ്കിലോ ഇതിലേറെ ഉത്തമമായ ഒരു സങ്കേതം എനിക്ക് ലഭിക്കുകതന്നെ ചെയ്യും.

ജീവിതലക്ഷ്യം മറന്ന് ഭൗതിക ജീവിതത്തിൽ ആകൃഷ്ടനായ അവൻ നിഷ്പക്ഷവാനായ തന്റെ നാഥനെ ധിക്കരിച്ചുകൊണ്ട് പറയുകയാണ്: ഞാൻ സത്യത്തിലായതുകൊണ്ടാണ് എനിക്ക് ഈ അനുഗ്രഹങ്ങളെല്ലാം ലഭിച്ചിട്ടുള്ളത്, പരലോകത്തും എനിക്കുതന്നെയായിരിക്കും ഉത്തമമായ വിഭവങ്ങളും സങ്കേതവും ലഭിക്കുക. അല്ലാഹുവിനെ മറന്നുകളഞ്ഞ തെമ്മാടിയായ ഈ തോട്ടക്കാരന്റെ അതേ അവസ്ഥയിലാണ് അന്നത്തെ *മക്കാമുശ്രിക്കുകളും* ഇന്ന് ലോകത്തെവിടെയുമുള്ള കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകളും നിലകൊള്ളുന്നത്. ഫുജ്ജാറുകൾ 35: 32 ൽ പറഞ്ഞ പ്രകാരം ആത്മാവിനോട് അക്രമം കാണിച്ചവരാണ്. അവർ മരണസമയത്ത് അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ൽ പറഞ്ഞിട്ടുണ്ട്. 4: 140; 9: 53–55; 16: 125 വിശദീകരണം നോക്കുക.

37. അവന്റെ കൂട്ടുകാരൻ സംവാദം നടത്തിക്കൊണ്ട് അവനോട് ചോദിച്ചു: നിന്നെ മണ്ണിൽ നിന്നും പിന്നെ ബീജത്തിൽ നിന്നും സൃഷ്ടിക്കുകയും പിന്നെ പുരുഷനായി രൂപപ്പെടുത്തുകയും ചെയ്ത ഒരുവനെ നീ നിഷേധിക്കുന്നുവോ?

2: 28; 25: 17–18, 33–34 വിശദീകരണം നോക്കുക.

38. എന്നാൽ നിശ്ചയം ഞാൻ, അവൻ അല്ലാഹു മാത്രമാകുന്നു എന്റെ നാഥൻ, ഞാൻ എന്റെ നാഥനിൽ ഒന്നിനെയും പങ്കുചേർക്കുന്നവനുമല്ല.

39. നിന്റെ തോട്ടത്തിൽ പ്രവേശിച്ചപ്പോൾ 'അല്ലാഹു ഉദ്ദേശിച്ചതുകൊണ്ടാണിത്, അവനല്ലാതെ ഒരു ശക്തിയുമില്ലതന്നെ' എന്ന് എന്തുകൊണ്ട് നീ പറഞ്ഞില്ല? എന്നെ നീ നിന്നേക്കാൾ സമ്പത്തും സന്തതിയും കുറഞ്ഞവനായി കാണുന്നുവെങ്കിൽ!

വിശ്വാസികൾക്ക് സമ്പത്തോ മറ്റ് അനുഗ്രഹങ്ങളോ ലഭിക്കുമ്പോൾ 'ഇത് അല്ലാഹു ഉദ്ദേശിച്ചതുകൊണ്ടാണ് ലഭിച്ചത്, അവനെക്കൂടാതെ ഞങ്ങൾക്ക് യാതൊരു കഴിവും ശക്തിയുമില്ല, ഇത് എന്നെ പരീക്ഷിക്കുന്നതിനുവേണ്ടി നൽകിയതാണ്' എന്നാണ് മനസ്സിൽ കരുതുക. അതുപേലെ *'എല്ലാം അല്ലാഹുവിൽ നിന്നാണ്, എല്ലാം അല്ലാഹുവിലേക്കാണ് മടങ്ങുക'* എന്ന് മനസ്സാ പ്രാർത്ഥിക്കുന്നതുമാണ്. എന്നാൽ സമ്പത്തും ഭൗതിക അലങ്കാരങ്ങളും സത്യത്തിന്റെ മാനദണ്ഡമായി കണക്കാക്കുന്ന കപടവിശ്വാസികൾ, അല്ലാഹുവിന്റെ നിഷ്പക്ഷവാൻ എന്ന സ്വഭാവം അംഗീകരിക്കാത്തവരാണ്. അവർ നാളേക്കുവേണ്ടി നരകക്കുണ്ഠം സമ്പാദിക്കുന്നവരായതിനാൽ ഐഹികലോകത്ത് വിഭവങ്ങൾ കൂടുതൽ നൽകിയിട്ടുള്ളത് നിഷ്പക്ഷവാനെ നിഷേധിക്കുന്ന അവർക്കാണ്. എന്നാൽ എല്ലാ അലങ്കാരങ്ങളും സമൃദ്ധിയും പരലോകത്തെ നിഷേധിക്കുന്ന അത്തരക്കാർക്ക് മാത്രമായി നൽകിയിരുന്നുവെങ്കിൽ ഒറ്റ വിശ്വാസിയുമില്ലാതെ എല്ലാവരും കാഫിറുകളായി മാറി ഒറ്റസമുദായമാകുമായിരുന്നു. അങ്ങനെ വരാതിരിക്കാൻ വേണ്ടി സമ്പത്തും സമൃദ്ധിയും കുറച്ച് വിശ്വാസികൾക്കും നൽകുകയാണുണ്ടായത്. അപ്പോൾ ജീവിതലക്ഷ്യം മനസ്സിലാക്കിയ ആയിരത്തിൽ ഒന്നായ വിശ്വാസികൾ 6: 165 ൽ വിവരിച്ച പ്രകാരം അവർ വന്നപ്പോൾ കൊണ്ടുവരാത്തതും പോകുമ്പോൾ കൊണ്ടുപോകാത്തതുമായ എല്ലാ സമ്പത്തും അനുഗ്രഹങ്ങളും ഏറ്റവും വലിയ അനുഗ്രഹവും ഐശ്വര്യവുമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഉപയോഗപ്പെടുത്തി സ്വർഗം ഇവിടെ വെച്ച് പണിയുന്നതാണ്. 3: 133–136 വിശദീകരണം നോക്കുക.

അവരാണോ നിന്റെ നാഥന്റെ അനുഗ്രഹം ഭാഗം വെച്ചുകൊടുക്കുന്നത്? നാമാണ് ഐഹികജീവിതത്തിലെ അവരുടെ ജീവിതവിഭവങ്ങൾ അവർക്കിടയിൽ വിഭജിച്ചുകൊടുത്തിട്ടുള്ളത്, അവരിൽ ചിലരുടെ പദവികൾ ചിലരുടേതിനേക്കാൾ നാം ഉയർത്തുകയും ചെയ്തിരിക്കുന്നു –അവരിൽ ചിലർ ചിലരെ പരിഹാസപാത്രമായി തെരഞ്ഞെടുക്കുന്നതിനുവേണ്ടി, നിന്റെ നാഥന്റെ കാരുണ്യം തന്നെയാണ് അവർ ശേഖരിച്ചുകൊണ്ടിരിക്കുന്നതിനേക്കാളെല്ലാം ഉത്തമമായിട്ടുള്ളതും; മനുഷ്യരെല്ലാം ഒറ്റ സമുദായമാകുമായിരുന്നില്ലെങ്കിൽ നിഷ്പക്ഷവാനെ നിഷേധിക്കുന്നവർക്ക് അവരുടെ വീടുകളുടെ മച്ചുകളും അതിലേക്ക് കയറിപ്പോകാനുള്ള കോണിപ്പടികളും വാതിലുകളും അവർക്ക് ചാരിക്കിടക്കാനുള്ള കട്ടിലുകളുമെല്ലാം നാം വെള്ളിയാലും നവരത്നങ്ങളാലുമുള്ളതാക്കുമായിരുന്നു, എന്നാൽ അതെല്ലാം തന്നെ ഐഹിക ജീവിതത്തിലെ വിഭവങ്ങൾ മാത്രമാണ്, പരലോകമാകട്ടെ, നിന്റെ നാഥന്റെ പക്കൽ സൂക്ഷ്മാലുക്കൾക്കുള്ളതുമാകുന്നു എന്ന് 43: 32–35 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 'നാഥന്റെ അനുഗ്രഹവും കാരുണ്യവും' ഐശ്വര്യമായ അദ്ദിക്ർ തന്നെയാണ്. 1: 2; 10: 57–58; 11: 58–59 വിശദീകരണം നോക്കുക.

40. അപ്പോൾ എന്റെ നാഥൻ നിന്റെ തോട്ടത്തേക്കാൾ ഉത്തമമായത് എനിക്ക് നൽകിക്കൂടായ്കയില്ല, അവൻ നിന്റെ തോട്ടം കൊള്ളെ ആകാശത്തുനിന്ന് ഇടിവാളുകൾ അയക്കുകയും അങ്ങനെ അതിനെ ഉപയോഗശൂന്യമായ ചതുപ്പുനിലമാക്കി മാറ്റുകയും ചെയ്തേക്കാം.

41. അല്ലെങ്കിൽ അതിലെ വെള്ളം വറ്റിപ്പോയെന്നും വരാം, പിന്നീട് ഒരിക്കലും ആ വെള്ളം തിരിച്ചുകൊണ്ടുവരാൻ നിനക്ക് സാധിക്കുകയില്ലതന്നെ.

13: 2–4, 17–18; 15: 22–23 വിശദീകരണം നോക്കുക.

42. അങ്ങനെ അവന്റെ ഫലസമൃദ്ധി നാശത്താൽ വലയം ചെയ്യപ്പെട്ടു, അതിൽ ചെലവഴിച്ചതിന്റെ പേരിൽ അവൻ കൈമലർത്തി, അതാകട്ടെ അതിന്റെ പന്തലു

കളോടെത്തന്നെ നിലം പതിച്ചിരിക്കുന്നു; അവൻ പറയുന്നവനുമായി: ഹാ എന്റെ നാശം, എന്റെ നാഥനിൽ ഞാൻ ഒന്നിനെയും പങ്കുചേർക്കാതിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ!

കാഫിറുകളായ ഒരു ജനവിഭാഗത്തെ അവരുടെ കൃഷി നശിപ്പിച്ചുകൊണ്ട് പരീക്ഷിച്ച സന്ദർഭം 68: 17-29 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. അദ്ദിക്ർ ലഭിച്ചിട്ട് അത് ഇന്നത്തെ കാലത്ത് പിൻപറ്റി ജീവിക്കുക പ്രായോഗികമല്ല, അതെല്ലാം പൂർവ്വികരുടെ പഴമ്പുരാണങ്ങളാണ് എന്ന നയത്തിൽ അതിനെ സ്വയം ഉപയോഗപ്പടുത്തുകയോ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യാതെ മൂടിവെച്ച് ലോകം നശിക്കുന്നത് കൈയും കെട്ടി നോക്കിയിരിക്കുന്ന ഏത് ജനവിഭാഗത്തെക്കൊണ്ടും അല്ലാഹു അപ്രകാരമാണ് പ്രവർത്തിക്കുക എന്ന് ഈ സംഭവം താക്കീത് നൽകുന്നുണ്ട്. ഇത്തരം കാഫിറുകളോട്: നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ, നിങ്ങളുടെ കുടിവെള്ളം ഒരു പ്രഭാതത്തിൽ വറ്റിപ്പോവുകയാണെങ്കിൽ അപ്പോൾ ആരാണ് നിങ്ങൾക്ക് കുടിക്കാനുള്ള തെളിഞ്ഞ ഉറവുവെള്ളം കൊണ്ടുവന്ന് തരാനുള്ളത് എന്ന് 67: 30 ൽ ചോദിച്ചിട്ടുണ്ട്.

സൂക്തത്തിൽ 'എന്റെ നാഥനിൽ ഞാൻ ഒന്നിനെയും പങ്കുചേർക്കാതിരുന്നുവെങ്കിൽ' എന്ന് പറഞ്ഞതിലെ പങ്കുചേർക്കൽ -*ശിർക്ക്*- എന്താണെന്നത് പ്രത്യേകം ശ്രദ്ധിക്കുക! അതായത് സ്രഷ്ടാവിന് ഇടയാളൻമാരെയോ പകരക്കാരെയോ ഒന്നും അവൻ ജൽപിക്കുന്നില്ല, മറിച്ച് അവന് നൽകപ്പെട്ട അനുഗ്രഹങ്ങളുടെ ഉറവിടത്തെ വിസ്മരിച്ചുകൊണ്ട് അവൻ അല്ലാഹ് എന്ന ബോധമില്ലാതെ സംസാരിച്ച് തെമ്മാടിയാവുകയാണുണ്ടായത്. 2: 99, 176; 9: 67-68; 59: 19 വിശദീകരണം നോക്കുക.

43. അല്ലാഹുവിനെക്കൂടാതെ അവനെ സഹായിക്കുന്ന ഒരുസംഘവും അവനുണ്ടായില്ല, അവൻ സ്വയം സഹായിക്കുന്നവനുമായിരുന്നില്ല.

44. അപ്പോൾ സത്യത്തിൽ അല്ലാഹുവിന് മാത്രമാണ് സംരക്ഷണാധികാരമെന്നും ഉത്തമമായ പ്രതിഫലവും ഉത്തമമായ പരിണിതിയും അവന് മാത്രമാണെന്നും അവിടെ പ്രകടമായി.

ഗ്രന്ഥത്തിന്റെ ആശയത്തിൽ നിന്ന് പാഠമുൾക്കൊള്ളാതെ ഐഹികജീവിതാലങ്കാരങ്ങളിലും സുഖാഡംബരങ്ങളിലും മുഴുകി ജീവിതലക്ഷ്യം നഷ്ടപ്പെട്ട് ജീവിക്കുന്ന മനുഷ്യർ ഇന്ന് ഭൂമിയെയും പ്രപഞ്ചത്തെയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിലാണ് കൂടുതലായി ഏർപ്പെട്ടിട്ടുള്ളത്. പെട്രോളിയം, കൽക്കരി, ധാതുക്കൾ, ലോഹങ്ങൾ തുടങ്ങിയ പ്രകൃതിവിഭവങ്ങളുടെ സന്തുലിത അളവാണ് ഭൂമിയുടെ ഗുരുത്വാകർഷണത്തെ നിലനിർത്തുന്നത് എന്നത് ഒരു വസ്തുതയാണ്. ഇവയുടെ നിയന്ത്രണാതീതമായ ഖനനം ഭൂമിയുടെ കാന്തികശക്തി നഷ്ടപ്പെടാനും അതുവഴി ഭൂമി തിരിച്ചു കറങ്ങാനും കാരണമാകുന്നതാണ്. ഇന്ന് ലോകരാഷ്ട്രങ്ങൾ പ്രത്യേകിച്ച് അറബ് രാഷ്ട്രങ്ങൾ സാമ്പത്തികനേട്ടം മാത്രം ലക്ഷ്യംവെച്ചുകൊണ്ട് അനന്തരപരിണിതികൾ പരിഗണിക്കാതെ അനിയന്ത്രിതമായ രീതിയിൽ ക്രൂഡ് ഓയിലും മറ്റും കുഴിച്ചെടുത്തുകൊണ്ടിരിക്കുകയാണ്. വാഹനങ്ങളിലും വ്യവസായങ്ങളിലുമുള്ള പെട്രോളിയം ഉൽപന്നങ്ങളുടെ ഉപയോഗം അന്തരീക്ഷത്തിലെ താപനില ഉയർത്തുകയും അത് ഭൂമിയുടെ ഗുരുത്വാകർഷണത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. 30: 41 ൽ ജനങ്ങളുടെ കൈകൾ സമ്പാദിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം പ്രത്യക്ഷപ്പെട്ടിരിക്കുന്നു, അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ ചിലതിന്റെ ഫലം അവരെ രുചിപ്പിക്കുന്നതിന് വേണ്ടി, അവർ യഥാർത്ഥ ജീവിതലക്ഷ്യത്തി

ലേക്ക് മടങ്ങുന്നവരാകുന്നതിന് വേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്.

ത്രാസും അമാനത്തുമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകളെപ്പോലെ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളും തെമ്മാടികളായി മാറുന്നതോടെ ഇജാസിൽ മഹ്ദിയുടെ ആഗമനം നടക്കുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിശ്വാസികളെ അങ്ങോട്ട് വേർതിരിക്കുകയും ഫുജ്ജാറുകൾ അവിടെനിന്ന് പുറത്താക്കപ്പെടുകയും ചെയ്യുന്നതാണ്. 6: 158 ൽ വിവരിച്ച പ്രകാരം വിചാരണയില്ലാതെ സ്വർഗത്തിലേക്ക് മുൻകടക്കുന്ന അവസാനത്തെ വിശ്വാസിയും ഭൂമുഖത്തുനിന്ന് പോകുന്നതോടുകൂടി ഭൂമിയുടെ തിരിച്ചുകറക്കം സംഭവിക്കുന്നതും അന്ത്യനാളിന്റെ അടയാളങ്ങൾ വഴിക്കുവഴിയായി പ്രത്യക്ഷപ്പെടുന്നതുമാണ്. 2: 62; 6: 26; 7: 5, 123 വിശദീകരണം നോക്കുക.

45. ഐഹിക ലോകത്തിന്റെ ഉപമ അവർക്ക് ഉദാഹരിച്ച് കൊടുക്കുകയും ചെയ്യുക; വെള്ളം പോലെയാണത്, ആകാശത്തുനിന്ന് നാം അതിനെ ഇറക്കുന്നു, അതു മുഖേന ഭൂമിയിൽ സസ്യലതാദികൾ തുരുതുരെ മുളക്കുന്നു, അങ്ങനെ അവയെ കാറ്റിൽ പറക്കുന്ന ഉണങ്ങിയ വൈക്കോലാക്കി മാറ്റുന്നു, അല്ലാഹു എല്ലാകാര്യത്തിനും കഴിവുള്ള സർവ്വശക്തൻ തന്നെയായിരിക്കുന്നു.

46. സമ്പത്തും സന്താനങ്ങളും ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങൾ മാത്രമാകുന്നു, നിലനിൽക്കുന്ന സൽകർമ്മങ്ങൾ മാത്രമാകുന്നു നിന്റെ നാഥന്റെയടുക്കൽ ഉത്തമവും പ്രതിഫലാർഹമായതും, അതുതന്നെയാകുന്നു ഉത്തമമായ പ്രതീക്ഷ നൽകുന്നതും.

നിശ്ചയം അല്ലാഹു ആകാശത്തുനിന്ന് വെള്ളമിറക്കുന്നത് നീ കണ്ടില്ലേ, കൈവഴികളും തോടുകളുമെല്ലാം ആ വെള്ളത്തെ ഭൂമിയിൽ ഒഴുക്കുന്നു, പിന്നെ അതിൽ നിന്ന് വിവിധ നിറത്തിലുള്ള കൃഷികൾ ഉൽപാദിപ്പിക്കുന്നു, പിന്നെ അത് ഉണങ്ങുന്നു, അപ്പോൾ നിനക്ക് അത് മഞ്ഞളിച്ചതായി കാണാം, ശേഷം അവൻ അതിനെ വൈക്കോൽ തുരുമ്പായി മാറ്റുന്നു, നിശ്ചയം അതിൽ ബുദ്ധിമാൻമാർക്ക് അനുസ്മരണമുണ്ട് എന്ന് 39: 21 ലും; നിങ്ങൾ അറിയുക: ഐഹികജീവിതം കളിയും തമാശയും അലങ്കാരവും നിങ്ങൾപരസ്പരം പൊങ്ങച്ചം നടിക്കലും സമ്പത്തുക്കളിലും സന്താനങ്ങളിലും പെരുമകാണിക്കലും മാത്രമാകുന്നു –ഒരു മഴപോലെ, അതുമൂലമുണ്ടാകുന്ന ചെടികൾ കർഷകരെ അത്ഭുതപ്പെടുത്തുന്നു, പിന്നീട് അത് ഉണങ്ങുന്നു, അപ്പോൾ അത് മഞ്ഞളിച്ചതായി നിനക്ക് കാണാം, പിന്നെ അത് തുരുമ്പായിപ്പോകുന്നു, ജീവിതലക്ഷ്യം മറന്ന് ജീവിച്ച കാഫിറുകൾക്ക് പരലോകത്ത് കഠിനമായ ശിക്ഷയുണ്ട്, ഐഹികജീവിതം പരലോകത്തേക്കുള്ള കൃഷിയിടമായി പരിഗണിച്ച വിശ്വാസികൾക്ക് അല്ലാഹുവിൽ നിന്നുള്ള പാപമോചനവും അവന്റെ തൃപ്തിയുമുണ്ട്; ഐഹികജീവിതമാകട്ടെ, വഞ്ചനാപരമായ ഒരു വിഭവമല്ലാതെ അല്ല എന്ന് 57: 20 ലും പറഞ്ഞിട്ടുണ്ട്.

'നിലനിൽക്കുന്ന സൽകർമ്മങ്ങൾ' പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള കർമ്മങ്ങളാണ്. അഥവാ നിലവിലുള്ളവരും പിൻഗാമികളും ഉൾപ്പടെ ആയിരം സമുദായങ്ങളിൽ പെട്ട ജീവജാലങ്ങൾക്ക് ശാന്തിയും സമാധാനവും പ്രയാസരഹിതമായ ജീവിതവും നൽകുന്ന പ്രവർത്തനങ്ങളാണ് അവ. 36: 12 ൽ പറഞ്ഞ പ്രകാരം ഒരോരുത്തർക്കും അവരുടെ ജീവിതകാലത്ത് പ്രവർത്തിച്ചത് മാത്രമല്ല, അവരുടെ പിൻഗാമികൾക്ക് വിട്ടുപോകുന്ന പൈതൃകങ്ങളുടെ നേട്ടകോട്ടങ്ങളുടെ വിഹിതവും ലഭിക്കുന്നതാണ്. ആരാണോ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള ജീവിതം നയിക്കുകയും അദ്ദിക്ർ ജനങ്ങൾക്ക് എത്തിച്ച് കൊടുത്തു

കൊണ്ട് അതിന്റെ വിധിവിലക്കുകൾക്ക് അനുസരിച്ച് ജീവിക്കാൻ മറ്റുള്ളവരെയും പിൻഗാമികളെയും പ്രാപ്തരാക്കുകയും ചെയ്യുന്നത്, അപ്പോൾ അവരുടെ പ്രവർത്തനങ്ങളുടെ ഒരുവിഹിതം ഇവന് ലഭിക്കുന്നതാണ്. അദ്ദിക്ർ മൂടിവെക്കുകയും ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പതിന്റെ ജീവിതം നയിക്കുകയും പ്രസ്തുത ജീവിതചര്യ മറ്റുള്ളവർക്ക് വിട്ടുപോവുകയും ചെയ്യുന്ന കാഫിറുകൾക്ക് അവരുടെ വഴികേടിനോടൊപ്പം അവർ വഴിപിഴപ്പിച്ചവരുടെ പാപഭാരത്തിൽ നിന്നുള്ള ഒരു വിഹിതവും കൂടി ലഭിക്കുന്നതാണ്. 4: 85; 11: 59; 16: 24-27 വിശദീകരണം നോക്കുക.

47. ഒരു നാളിൽ നാം പർവ്വതങ്ങളെ സഞ്ചരിപ്പിക്കുന്നതുമാണ്, അപ്പോൾ ഭൂമിയെ നിനക്ക് തെളിഞ്ഞ് മിനുസമുള്ളതായ നിലയിൽ കാണാം, നാം അവരെയെല്ലാവരെയും പുനർജീവിപ്പിച്ച് ഒരുമിച്ച് കൂട്ടുന്നതുമാണ്, അപ്പോൾ അവരിൽ നിന്നുള്ള ആരും തന്നെ നമ്മിൽ നിന്ന് മറഞ്ഞ് നിൽക്കുന്നില്ല.

പർവ്വതങ്ങളെ ഉറപ്പിച്ച് നിർത്തിയതായി ഇപ്പോൾ നീ കാണുന്നു, എന്നാൽ അവയെ വിധിദിവസം മേഘങ്ങളെപ്പോലെ സഞ്ചരിപ്പിക്കുന്നതാണ്, എല്ലാഓരോ കാര്യവും കുറ്റമറ്റതാക്കി വെച്ച അല്ലാഹുവിന്റെ ഉൽപ്പാദനമാണ് അത്, നിശ്ചയം അവൻ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്തവൻ തന്നെയാകുന്നു എന്ന് 27: 88 ലും; ഭൂമി നീട്ടിപ്പരത്തപ്പെടുകയും അതിലുള്ളതെല്ലാം പുറത്തേക്കെറിയപ്പെട്ട് അത് കാലിയായിത്തീരുകയും ചെയ്യുമ്പോൾ എന്ന് 84: 3-4 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അന്ത്യനിമിഷം നടപ്പിൽ വരുമ്പോൾ ഭൂമി ഇടിച്ചുപൊടിച്ച് ഉയർച്ചതാഴ്ചകളില്ലാതെ ഒറ്റ മാർബിളെന്നോണം നീട്ടിപ്പരത്തപ്പെടുന്നതാണ്. ത്രികാലജ്ഞാനിയായ നാഥൻ പ്രപഞ്ചത്തിൽ സംഭവിക്കാനുള്ളതെല്ലാം ആദ്യമേ 85: 21-22 സൂക്തങ്ങളിൽ പറഞ്ഞ പുകൾപെറ്റ വായനയായ അദ്ദിക്റിൽ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. ത്രികാലജ്ഞാനമായ പ്രസ്തുതഗ്രന്ഥം പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായി ഉപയോഗപ്പെടുത്താതെ എല്ലാവരും അക്രമികളും തെമ്മാടികളുമായി മാറുമ്പോഴാണ് വിചാരണാദിനം നടപ്പിൽ വരിക. 14: 48; 18: 8 വിശദീകരണം നോക്കുക.

48. നിന്റെ നാഥന്റെ മുമ്പിൽ അവർ അണിയായി നിർത്തപ്പെടുകയും ചെയ്യുന്നതാണ്, ആദ്യപ്രാവശ്യം നാം നിങ്ങളെ എങ്ങനെ സൃഷ്ടിച്ചുവോ, നിശ്ചയം അപ്രകാരം നിങ്ങളെ നാം കൊണ്ടുവന്നിരിക്കുകയാണ്; അല്ല, നിങ്ങൾക്ക് ഇത്തരം ഒരു വാഗ്ദത്തസമയം നിശ്ചയിച്ചിട്ടില്ല എന്ന് നിങ്ങൾ ഉറപ്പിച്ച് വിശ്വസിക്കുന്നവരായിരുന്നു.

അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത അക്രമികളുടെ മരണസമയത്തെക്കുറിച്ച്: നിശ്ചയം ആദ്യവട്ടം സൃഷ്ടിച്ചതുപോലെ ഒറ്റക്കൊറ്റക്കായിട്ടാണല്ലോ നാം നിങ്ങളെ കൊണ്ടുവന്നിരിക്കുന്നത്; ഭൂമിയിൽ നാം നിങ്ങളെ ഏൽപ്പിച്ചിരുന്നതൊക്കെയും നിങ്ങളുടെ പുറകിൽ വിട്ടേച്ചിരിക്കുന്നുവല്ലോ, നിശ്ചയം നിങ്ങൾക്ക് ശുപാർശ ചെയ്യുമെന്ന് നിങ്ങൾ ഉറപ്പിച്ച് ധരിച്ചുവെച്ചിരുന്ന നിങ്ങളുടെ പങ്കാളികളെയൊന്നും ഇപ്പോൾ നാം നിങ്ങളുടെകൂടെ കാണുന്നില്ലല്ലോ, നിങ്ങൾക്കിടയിലുള്ള ബന്ധങ്ങളെല്ലാം നിങ്ങൾ മുറിച്ചുകളഞ്ഞിരിക്കുന്നുവല്ലോ, നിങ്ങൾ ഉറപ്പിച്ചുവെച്ചിരുന്ന ധാരണകളെല്ലാം തന്നെ നിങ്ങളെത്തൊട്ട് വഴിമാറിപ്പോവുകയും ചെയ്തിരിക്കുന്നുവല്ലോ എന്ന് പറയപ്പെടുന്നതാണ് എന്ന് 6: 94 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. *റൂഹും -ജിബ്‌രീലും-* മലക്കുകളും അണിയണിയായി നിൽക്കുന്ന ദിനം, അന്ന് ആർക്കാണോ അല്ലാഹു സമ്മതം കൊടുത്തത് അവരും ആരാണോ

സത്യം പറഞ്ഞത് അവരുമല്ലാതെ സംസാരിക്കുകയില്ല തന്നെ എന്ന് 78: 38 ലും; അല്ല, ഭൂമി ഇടിച്ചുപൊടിച്ച് പൊടിപടലമാക്കി നിരപ്പാക്കുകയും നിന്റെ നാഥനും അണിയണിയായി മലക്കുകളും വരികയും ചെയ്യുന്ന ദിനം! ദിക്റാ ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനേ എന്ന് നരകക്കുണ്ഠം കൊണ്ടുവരപ്പെടുന്ന ദിനം മനുഷ്യന് ബോധ്യം വരുമെന്ന് 89: 21–23 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

ഭൂമിയുടെ ഘടനയെല്ലാം മാറ്റപ്പെടുകയും മൂന്നാം പ്രാവശ്യം സ്വൂർ എന്ന കാഹളത്തിൽ ഊതപ്പെടുകയും ചെയ്യുന്നതോടുകൂടി മനുഷ്യരെല്ലാം നാടുകളുടെ കേന്ദ്രമായ മക്കയിൽ വിചാരണക്ക് വേണ്ടി ഒരുമിച്ച് കൂട്ടപ്പെടുന്നതാണെന്ന് 36: 53–54 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 10: 17–18 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ ഫുജ്ജാറുകൾ ആശയമില്ലാതെ ഗ്രന്ഥം വായിച്ചിട്ടുള്ളതിനാൽ അവർ വായിച്ച, കേട്ട ഗ്രന്ഥം അവർക്കെതിരെ സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. 2: 62 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ഗ്രന്ഥം ലഭിക്കാത്ത ഇതരജനവിഭാഗങ്ങൾ വിചാരണക്ക് ശേഷം 'കൗസർ' തടാകത്തിൽ നിന്ന് കുടിപ്പിക്കപ്പെട്ട് സ്വർഗവും നരകവുമല്ലാത്ത ലോകങ്ങളിലേക്കാണ് അയക്കപ്പെടുക. 9: 51; 10: 53–56, 108 വിശദീകരണം നോക്കുക.

49. ഗ്രന്ഥം –കർമ്മരേഖ– ഹാജരാക്കപ്പെടുകയുമായി, അപ്പോൾ ഭ്രാന്തൻമാർ അവരുടെ ഗ്രന്ഥത്തിലുള്ളതിൽ കിടിലം കൊള്ളുന്നത് നിനക്ക് കാണാം; അവർ പറയുകയും ചെയ്യും: ഓ, ഞങ്ങളുടെ നാശം! ഇത് എന്തൊരു ഗ്രന്ഥമാണ്, ചെറുതോ വലുതോ ആയ ഒന്നും തന്നെ ഇതിൽ കൊത്തിവെക്കാതെ വിട്ടിട്ടില്ലല്ലോ, അവർ പ്രവർത്തിച്ചതൊക്കെയും നാം അവർക്ക് ഹാജരാക്കിക്കൊടുക്കുകയും ചെയ്തിരിക്കുന്നു, നിന്റെ നാഥൻ ഒരാളോടും അൽപം പോലും അനീതി കാണിക്കുന്നവനല്ല.

17: 13–14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഓരോ മനുഷ്യന്റെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖ വിധിദിവസം തുറന്ന, പ്രകാശിക്കുന്ന പുസ്തകമായി പുറത്തെടുത്ത് ഓരോരുത്തർക്കും നൽകപ്പെടുന്നതാണ്. പ്രസ്തുത ഗ്രന്ഥം ഓരോരുത്തരും വായിച്ച് സ്വയം വിചാരണ നടത്തുകയാണ് ചെയ്യുക. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകളായ ഭ്രാന്തന്മാർ ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് ജീവിക്കുന്നതിനാലാണ് അവരുടെ കർമപുസ്തകം വായിക്കുമ്പോൾ അവർ കിടിലം കൊള്ളുന്നതും പ്രയാസപ്പെടുന്നതും. 1: 7; 7: 8–9; 16: 111 വിശദീകരണം നോക്കുക.

50. നാം മലക്കുകളോട് പറഞ്ഞ സന്ദർഭവും സ്മരണീയമാണ്, നിങ്ങളെല്ലാവരും ആദമിന് സാഷ്ടാംഗപ്രണാമം ചെയ്യുക, അപ്പോൾ അവരെല്ലാവരും സാഷ്ടാംഗപ്രണാമം ചെയ്തു –ഇബ്ലീസ് ഒഴികെ, അവൻ ജിന്നുകളിൽ പെട്ടവനായിരുന്നു, അങ്ങനെ തന്റെ നാഥന്റെ കൽപന അവൻ ധിക്കരിച്ചു, അപ്പോൾ നിങ്ങൾ എന്നെക്കൂടാതെ അവനെയും അവന്റെ സന്താനങ്ങളെയുമാണോ രക്ഷാധികാരികളായി സ്വീകരിക്കുന്നത്? അവർ നിങ്ങൾക്ക് ശത്രുക്കളാകുന്നു, അക്രമികൾ പകരം വെക്കുന്നത് അത്യന്തം ദുഷിച്ചത് തന്നെ.

15: 27 ൽ വിവരിച്ച പ്രകാരം ജിന്നുകളെയായിരുന്നു മനുഷ്യർക്ക് മുമ്പ് ഭൂമിയിൽ

നാഥന്റെ പ്രതിനിധികളായി നിശ്ചയിച്ചിരുന്നത്. 15: 28-44 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആദമിന്റെ മുന്നിൽ സാഷ്ടാംഗം പ്രണമിക്കാൻ നാഥൻ മലക്കുകളോട് കൽപിച്ചപ്പോൾ സദസ്സിലുണ്ടായിരുന്ന ഇബ്‌ലീസ് ഒഴികെ മലക്കുകളെല്ലാം സാഷ്ടാംഗം പ്രണമിച്ചു.

ഈ സൂക്തത്തിൽ മാത്രമാണ് ഇബ്‌ലീസ് ജിന്നിൽ പെട്ടവനായിരുന്നു എന്ന് പറഞ്ഞിട്ടുള്ളത്. 2: 34; 38: 74 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാച് കാഫിറുകളിൽ പെട്ടവനായിരുന്നു. 25: 29 ൽ പറഞ്ഞ പ്രകാരം പിശാച് മനുഷ്യനെ അറബി ഖുർആനിൽ നിന്നല്ല, മറിച്ച് അദ്ദിക്‌റിൽ നിന്നാണ് തടയുക. 7: 27 ൽ വിവരിച്ച പ്രകാരം നാഥൻ വിശ്വാസികളല്ലാത്തവർക്ക് -ഫുജ്ജാറുകൾക്ക്- പിശാചിനെ കൂട്ടുകാരനായി നിയോഗിച്ചിട്ടുണ്ട്. കാഫിറുകളുടെ ആഗ്രഹങ്ങൾ പൂർത്തീകരിച്ച് കൊടുക്കാൻ പിശാചിന് കഴിവ് കൊടുത്തിട്ടുണ്ടെന്ന് 19: 83 ൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ 6: 112; 8: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഒരുവൻ തന്റെ ജിന്നു കൂട്ടുകാരനെ അദ്ദിക്‌ർ കൊണ്ട് വിശ്വാസിയാക്കി മാറ്റിയാൽ മാത്രമേ അവന് വിശ്വാസിയാകാനും സ്വർഗത്തിലേക്ക് തിരിച്ചുപോകാനും സാധിക്കുകയുള്ളൂ. 4: 150-151; 5: 44, 45, 47; 10: 19 വിശദീകരണം നോക്കുക.

51. ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചപ്പോഴോ അവരെത്തന്നെ സൃഷ്ടിച്ചപ്പോഴോ നാം അവരെ സാക്ഷികളാക്കിയിട്ടില്ല, നമ്മുടെ സഹായികളെന്ന് നടിച്ച് വഴിപിഴപ്പിക്കുന്നവരെ ഞാൻ തെരഞ്ഞെടുക്കുകയുമില്ല.

നാഥനിൽ നിന്നുള്ള വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്‌ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 20: 114 ൽ പറഞ്ഞ പ്രകാരം 'എന്റെ നാഥാ! എനിക്ക് നീ അറിവ് വർദ്ധിപ്പിച്ച് തരേണമേ' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിച്ച് ത്രികാലജ്ഞാനമായ അദ്ദിക്‌ർ വായിക്കേണ്ടതാണ്. അദ്ദിക്‌റിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെ നേരെച്ചൊവ്വെയുള്ള പാതയിൽ നിന്ന് തടഞ്ഞതിനുള്ള ഉത്തരവാദിത്തത്തിൽ നിന്ന് വിധിദിവസം പിശാച് ഒഴിഞ്ഞുമാറുന്ന രംഗം 14: 22 ൽ വിവരിച്ചിട്ടുണ്ട്. 7: 172-173; 9: 67-68; 18: 105-106 വിശദീകരണം നോക്കുക.

52. ഒരു നാളിൽ അവൻ പറയുകയും ചെയ്യും: നിങ്ങൾ എന്റെ പങ്കാളികളെന്ന് ഉറപ്പിച്ചുവെച്ചിരുന്നവരെ വിളിക്കുക, അപ്പോൾ അവർ അവരെ വിളിക്കും -എന്നാൽ അവർ അവർക്ക് ഉത്തരം നൽകുകയില്ല, നാം അവർക്കിടയിൽ ഒരു നാശഗർത്തം -ശത്രുത- ഉണ്ടാക്കുന്നതുമാണ്.

10: 28-30 സൂക്തങ്ങളിൽ, ഒരുനാളിൽ നാം അവരെ എല്ലാവരെയും ഒരുമിച്ച് കൂട്ടുന്നതാണ്, പിന്നെ പങ്കുചേർത്തവരോട് നാം പറയുന്നതുമാണ്, നിങ്ങളും നിങ്ങൾ എനിക്ക് ജൽപിച്ചിരുന്ന പങ്കാളികളും അവിടെ നിൽക്കുക! അങ്ങനെ നാം അവർക്കിടയിലുള്ള മറനീക്കിക്കളയുന്നതാണ്, അവരുടെ പങ്കാളികൾ പറയുന്നതാണ്: നിങ്ങൾ ഞങ്ങളെ സേവിച്ചുകൊണ്ടിരുന്നില്ല, അപ്പോൾ ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹുതന്നെ ഏറ്റവും മതിയായവനാകുന്നു, ഇനി നിങ്ങൾ ഞങ്ങളെ സേവിച്ചുകൊണ്ടിരുന്നുവെങ്കിൽ തന്നെ ഞങ്ങൾ അതിനെക്കുറിച്ച് തികച്ചും അശ്രദ്ധരായിരുന്നു, എല്ലാഓരോ ആത്മാവിനും അവരുടെ ഐഹികലോകത്ത് കഴിഞ്ഞുപോയതെല്ലാം അവിടെ വെളിവാക്കുന്നതാണ്, എല്ലാവരും അവരുടെ യഥാർത്ഥ യജമാനനിലേക്ക് മടക്കപ്പെടുന്നതും അവർ കെട്ടിച്ചമച്ചിരുന്ന വ്യാജങ്ങളൊക്കെയും അവരെത്തൊട്ട് അപ്രത്യക്ഷമാകുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്.

സാക്ഷിയായ അദ്ദിക്‌റിനെ അവഗണിച്ച് ജീവിച്ചതുകൊണ്ടാണ് പരലോകത്ത് അവർക്ക് ഈ ദുർഗതി വന്നത്. അല്ലാഹുവിനെക്കൂടാതെ സഹായിക്കുമെന്ന് കരുതി തെരഞ്ഞെടു

ക്കുന്ന മറ്റു ഇലാഹുകൾ അവരെ സഹായിക്കുകയില്ല, എല്ലാവരെയും ഒരുമിച്ച് കൂട്ടുന്ന നാളിൽ അവർ ഇവർക്കെതിരെ വരുന്ന പട്ടാളക്കാരായിരിക്കുമെന്ന് 36: 74–75 സൂക്തങ്ങളിലും; അല്ലാഹുവിനെക്കൂടാതെ അന്ത്യനാൾവരെ ഉത്തരം നൽകാത്തവരും അവരുടെ വിളിയെക്കുറിച്ച് ശ്രദ്ധയില്ലാത്തവരുമായവരെ വിളിച്ച് പ്രാർത്ഥിക്കുന്നവനേക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? മനുഷ്യരെ എല്ലാവരെയും ഒരുമിച്ച് കൂട്ടുന്നനാളിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുന്നതും ഇവരുടെ അവർക്കുള്ള സേവനത്തെ അവർ നിഷേധിക്കുന്നതുമാണ് എന്ന് 46: 5–6 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 25: 17–18 സൂക്തങ്ങളിൽ, അല്ലാഹുവിനെക്കൂടാതെ അവർ സേവിച്ചുകൊണ്ടിരുന്നവരോട് എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന വിധിദിവസം അല്ലാഹു ചോദിക്കുന്നതാണ്: നിങ്ങളാണോ എന്റെ ഈ അടിമകളെ വഴിപിഴപ്പിച്ചത്, അതോ അവർ സ്വയം നേർമാർഗത്തിൽ നിന്ന് പിഴച്ചതാണോ? അപ്പോൾ അവർ പറയും: നീ പരിശുദ്ധൻ, ഞങ്ങൾക്ക് നിന്നെക്കൂടാതെ മറ്റൊരു രക്ഷാധികാരിയെയും തെരഞ്ഞെടുക്കൽ യോജിച്ചതല്ല, എന്നാൽ നീ അവർക്കും അവരുടെ പിതാക്കൾക്കും അവർ അദ്ദിക്റിനെ വിസ്മരിക്കുന്നത് വരെ ജീവിതവിഭവങ്ങൾ നൽകി, അവർ ഒരു കെട്ടജനതതന്നെയായിരുന്നു. 4: 117 ൽ, അല്ലാഹുവിനെക്കൂടാതെ അവന്റെ സൃഷ്ടികളിൽ നിന്നുള്ള ആരെ വിളിച്ചാലും അവർ ശപിക്കപ്പെട്ട പിശാചിനെയല്ലാതെ വിളിക്കുന്നില്ല എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെത്തൊട്ട് അശ്രദ്ധരാവുമ്പോൾ മാത്രമാണ് ഒരുവൻ പൈശാചികമായ ഇത്തരം പ്രവൃത്തികൾക്ക് വിധേയരാവുക.

അല്ലാഹുവിന്റെ അനുഗ്രഹമായ അദ്ദിക്റിനെ മാറ്റിമറിച്ച് നിഷേധമാക്കി മാറ്റിയ ഒരു ജനതയെക്കുറിച്ച് 14: 28–30 സൂക്തങ്ങളിൽ അല്ലാഹു പറയുന്നു: അവർ തങ്ങളുടെ ജനത്തെക്കൂടി ദുഷിച്ച ഭവനമായ നരകക്കുണ്ഠത്തിൽ വേവിക്കപ്പെടാൻ അർഹരാക്കിയിരിക്കുന്നു, അവർ അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് ജനങ്ങളെ വഴിപിഴപ്പിക്കുന്നതിനുവേണ്ടി അവന് സമന്മാരെയും ഇടയാളന്മാരെയും ശുപാർശക്കാരെയും നിശ്ചയിക്കുകയും ചെയ്തു, അവരോട് പറയുക: നിങ്ങൾ കുറച്ചുകാലം സുഖിച്ചുകൊള്ളുക, അപ്പോൾ നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്ക് തന്നെയാകുന്നു. സ്വർഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ വിശ്വാസികൾ 6236 സൂക്തങ്ങൾ സമർപ്പിക്കുന്ന അല്ലാഹുവിനെ മനസ്സിലാക്കിയവരായതിനാൽ 25: 68 ൽ പറഞ്ഞ പ്രകാരം അവർ അല്ലാഹുവിനോടൊപ്പം മറ്റൊരു ഇലാഹിനെയും വിളിക്കുകയില്ല. 2: 165–167; 6: 21–24; 16: 21–22 വിശദീകരണം നോക്കുക.

53. ഭ്രാന്തൻമാർ നരകം കാണുകയും നിശ്ചയം അവർ അതിൽ പതിക്കാൻ പോവുകയാണെന്ന് മനസ്സിലാക്കുകയും ചെയ്യും, അതിൽ നിന്ന് വിട്ടുമാറിപ്പോകാൻ ഒരു മാർഗവും അവർ കണ്ടെത്തുകയുമില്ല.

6: 55; 7: 40; 10: 17; 32: 12, 22; 36: 59–62 തുടങ്ങി 52 സൂക്തങ്ങളിൽ പറഞ്ഞ ഭ്രാന്തന്മാർ കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ്. 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും അവന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത അവരെ 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവർ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 2: 6–7, 18; 10: 13; 25: 33–34 വിശദീകരണം നോക്കുക.

54. നിശ്ചയം, ഈ ഖുർആനിൽ മനുഷ്യർക്കുവേണ്ടി എല്ലാഓരോ ഉപമയും ഉദാഹരിച്ചിട്ടുണ്ട്, എന്നാൽ മനുഷ്യൻ എല്ലാകാര്യത്തിലും അധികരിച്ച തർക്കസ്വഭാ

വമുള്ളവനായിരിക്കുന്നു.

ഖുർആൻ എന്നാൽ ആവർത്തിച്ച് വായിക്കപ്പെടാനുള്ളത് എന്നാണ്. 15: 90-91 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റാണ് ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഗ്രന്ഥം. അറിവും സന്മാർഗവും വെളിച്ചം നൽകുന്ന ഗ്രന്ഥവുമില്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിക്കുന്നവർ ജനങ്ങളിലുണ്ട് എന്ന് 22: 8 ലും 31: 20 ലും പറഞ്ഞതിലെ അറിവും സന്മാർഗവും വെളിച്ചം നൽകുന്ന ഗ്രന്ഥവും അദ്ദിക്ർ തന്നെയാണ്. 6: 59; 17: 89; 40: 56; 41: 26-28 വിശദീകരണം നോക്കുക.

55. മനുഷ്യർക്ക് സന്മാർഗം വന്നുകിട്ടിയപ്പോൾ വിശ്വസിക്കുകയും തങ്ങളുടെ നാഥനോട് പൊറുക്കലിനെത്തേടുകയും ചെയ്യുന്നതിൽ നിന്ന് അവരെ തടഞ്ഞിട്ടില്ല- പൂർവ്വികരുടെ മേൽ സ്വീകരിക്കപ്പെട്ട നടപടി അവർക്ക് വന്നെത്തിയിട്ടില്ല, അല്ലെങ്കിൽ ശിക്ഷ അവരുടെ കൺമുമ്പിൽ വന്നിട്ടില്ല എന്നതല്ലാതെ.

എത്രയെത്ര നാടുകളെയാണ് അവർ അക്രമികളായപ്പോൾ നാം തരിപ്പണമാക്കുകയും അതിനുശേഷം മറ്റൊരു ജനതയെ നാം അവിടെ നട്ടുവളർത്തുകയും ചെയ്തത്, അങ്ങനെ നമ്മുടെ വിപത്ത് അവർക്ക് ആസന്നമായപ്പോൾ അവരതാ അതിൽ നിന്ന് ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നു, നിങ്ങൾ ഓടി രക്ഷപ്പെടേണ്ടാ, നിങ്ങൾ അനുഭവിച്ച് കൊണ്ടിരിക്കുന്ന സുഖാഢംബരങ്ങളിലേക്കും നിങ്ങളുടെ വീടുകളിലേക്കും തന്നെ മടങ്ങിക്കൊള്ളുവീൻ, നിങ്ങൾ ചോദ്യം ചെയ്യപ്പെടുകതന്നെ വേണമെന്നതിനുവേണ്ടി; അവർ പറഞ്ഞു: ഓ ഞങ്ങളുടെ നാശം! നിശ്ചയം ഞങ്ങൾ അക്രമികൾ തന്നെയായിരുന്നുവല്ലോ; ആ നിലവിളിയിൽ നിന്ന് അവർ വിരമിക്കുകയില്ല, മെതിച്ചെടുത്ത വൈക്കോൽ പോലെ നാം അവരെ പൂർണ്ണമായി നശിപ്പിക്കുന്നതുവരെ എന്ന് 21: 11-15 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

മനുഷ്യരുടെ സ്വഭാവത്തെ 17: 83 ൽ അല്ലാഹു ചിത്രീകരിക്കുന്നത് നോക്കുക: നാം മനുഷ്യന് അനുഗ്രഹം ചൊരിഞ്ഞാൽ അവൻ അതിനെ അവഗണിച്ച് ഒരു ഭാഗത്തേക്ക് തിരിഞ്ഞ് കളയുന്നു, അവന് വല്ല തിന്മയും പിടിപെടുകയാണെങ്കിൽ അവൻ അതാ നിരാശനാവുകയും ചെയ്യുന്നു, അതായത് ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്ർ മനുഷ്യന് കൊടുത്താൽ അത് ഉപയോഗപ്പെടുത്തി അവൻ ഇഹപര ജീവിതവിജയം നേടുന്നില്ല. 41: 51 ൽ, നാം മനുഷ്യന് ഒരു അനുഗ്രഹം ചൊരിഞ്ഞാൽ അവൻ അതിനെ അവഗണിച്ച് ഒരു ഭാഗത്തേക്ക് തിരിഞ്ഞുകളയുന്നു, അവനെ ഒരു തിന്മ ബാധിച്ചാൽ അവൻ നീണ്ട പ്രാർത്ഥനയിൽ മുഴുകുകയായി എന്നും; 22: 11 ൽ, അല്ലാഹുവിനെ ഒരു ചാരത്ത് നിന്നുകൊണ്ട് സേവനം ചെയ്യുന്നവർ ജനങ്ങളിലുണ്ട്, അവന് ഒരു നന്മ ബാധിച്ചാൽ അതിൽ അവൻ ആശ്വാസം കൈകൊള്ളലായി, പരീക്ഷണമായി അവന് ഒരു നാശം പിടിപെട്ടാൽ അല്ലാഹുവിൽ നിന്ന് മുഖം തിരിച്ച് പിന്തിരിയുകയായി, അങ്ങനെ ഇഹവും പരവും അവന് നഷ്ടമായി, അത് തന്നെയാണ് വ്യക്തമായ നഷ്ടം എന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ വിശ്വാസികളുടെ സ്വഭാവം ഇതിൽ നിന്ന് വിരുദ്ധമാണ്. 32: 15 ൽ, നിശ്ചയം നമ്മുടെ സൂക്തങ്ങൾ കൊണ്ട് വിശ്വസിച്ചവർ, ഹൃദയത്തിന്റെ ഭാഷയിൽ അതുകൊണ്ട് അവർ ഉണർത്തപ്പെട്ടാൽ തങ്ങളുടെ നാഥനെ സ്തുതിക്കുന്നതോടൊപ്പം വാഴ്ത്തിക്കൊണ്ട് സാഷ്ടാംഗത്തിൽ വീഴുന്നതാണ്, അവർ ഒരിക്കലും അഹങ്കരിച്ച് പിന്തിരിയുകയുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. 2: 254; 11: 2-3; 17: 76-77 വിശദീകരണം നോക്കുക.

56. നാം പ്രവാചകന്മാരെ സന്തോഷവാർത്ത അറിയിക്കുന്നവരും മുന്നറിയിപ്പ് നൽകുന്നവരുമായിക്കൊണ്ടല്ലാതെ അയക്കാറില്ല, കാഫിറുകളായവർ മിഥ്യകൊണ്ട്

സത്യത്തെ തകർത്തുകളയാൻ വേണ്ടി തർക്കിക്കുന്നു; അവർ എന്റെ സൂക്തങ്ങളെയും അവർ മുന്നറിയിപ്പ് നൽകപ്പെടുന്നതിനെയും പരിഹാസമായി കാണുകയും ചെയ്യുന്നു.

എല്ലാ പ്രവാചകന്മാരെയും അയച്ചിട്ടുള്ളത് അദ്ദിക്റും കൊണ്ടാണ്. എന്നാൽ എക്കാലത്തുമുള്ള പ്രവാചകന്മാരുടെ ജനതയിൽ നിന്നുള്ള മിഥ്യാവാദികൾ മിഥ്യകൊണ്ട് സത്യത്തെ തകർക്കാൻ ശ്രമിക്കുന്നവരാണ്. സത്യമായ അദ്ദിക്ർ കൊണ്ട് വിധികൽപിക്കപ്പെടുന്ന വിധിദിവസം അത്തരം മിഥ്യാവാദികൾ നഷ്ടപ്പെട്ടവരായിരിക്കുമെന്ന് 40: 78 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ 3: 7 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം വായിക്കുന്ന ഫാജിറുകളും കാഫിറുകളുമാണ്. അവർ ഗ്രന്ഥത്തിന്റെ 40 പേരുകളും ലോകരോട് പറയാത്തവരും നാഥന്റെ ഗ്രന്ഥം സത്യപ്പെടുത്താതെ 29 കള്ളവാദികളും മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളും എഴുതിയുണ്ടാക്കിയ മിഥ്യാഗ്രന്ഥങ്ങൾ പിൻപറ്റുന്നവരും പ്രചരിപ്പിക്കുന്നവരുമാണ്. അവർ ഇവിടെവെച്ച് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധികൽപിക്കാത്ത, യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞ കാഫിറുകളും അക്രമികളും തെമ്മാടികളുമായതിനാൽ വിധിദിവസം അദ്ദിക്ർ കൊണ്ട് അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ത്രാസിൽ തൂക്കം ലഭിക്കുകയില്ല. 2: 119; 10: 103, 108; 17: 81 വിശദീകരണം നോക്കുക.

57.തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെടുകയും എന്നിട്ട് അവയെത്തൊട്ട് അവഗണിക്കുകയും തന്റെ കൈകൾ ഒരുക്കിവെച്ചത് മറന്ന് കളയുകയും ചെയ്തവനേക്കാൾ ഏറ്റവും വലിയ അക്രമി ആരാണുള്ളത്; നിശ്ചയം നാം അത്തരക്കാരുടെ ഹൃദയങ്ങളിൽ അത് മനസ്സിലാകാതിരിക്കത്തക്കവിധം ഒരു മൂടിയിട്ടിരിക്കുന്നു, അവരുടെ ചെവികളിലും ഒരു അടപ്പുണ്ട്, നീ അവരെ സന്മാർഗത്തിലേക്ക് വിളിച്ചാൽ അപ്പോൾ അവർ ഒരിക്കലും സന്മാർഗം പ്രാപിക്കുകയില്ലതന്നെ.

'തന്റെ കൈകൾ ഒരുക്കിവെച്ചത്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അവന്റെ തെറ്റുകുറ്റങ്ങളാണ്. തെറ്റും ശരിയും തിരിച്ചറിയാനുള്ള ഉരക്കല്ലാണ് അദ്ദിക്ർ എന്നതിനാൽ അദ്ദിക്ർ ഇല്ലാതെയുള്ള നമസ്കാരം, സക്കാത്ത്, നോമ്പ്, ഹജ്ജ് തുടങ്ങിയ ഏത് പ്രവർത്തനവും തെറ്റായി മാറുന്നതാണ്. തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടതിന് ശേഷം പിന്നെ അതിനെ അവഗണിച്ച് പോകുന്നവനാണ് ഏറ്റവുംവലിയ അക്രമി എന്നും നിശ്ചയം ഇത്തരം ഭ്രാന്തന്മാരോട് നാം പ്രതികാരം ചെയ്യുക തന്നെ ചെയ്യുമെന്നും 32: 22 ൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് 4: 145; 33: 61; 80: 17 എന്നീ സൂക്തങ്ങളിൽ അദ്ദിക്ർ അറിഞ്ഞിട്ട് അതിനെ മൂടിവെക്കുന്ന കപടവിശ്വാസികൾ അല്ലാഹുവിന്റെ ശത്രുക്കളാണെന്നും വധിക്കപ്പെട്ടവരാണെന്നും ശപിക്കപ്പെട്ടവരാണെന്നും വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്നവരാണെന്നും പറഞ്ഞിട്ടുള്ളത്. 6: 25–26; 17: 45–46; 25: 33–34 വിശദീകരണം നോക്കുക.

58. നിന്റെ നാഥൻ ഏറെപ്പൊറുക്കുന്ന കാരുണ്യമരുളുന്നവൻ തന്നെയാകുന്നു, അവർ സമ്പാദിച്ചതിന്റെ പേരിൽ അവരെ പിടികൂടാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരെ ഉടനെത്തന്നെ ശിക്ഷിക്കുമായിരുന്നു, എന്നാൽ അവർക്ക് ക്ലിപ്തമായ ഒരു വാഗ്ദത്തസമയമുണ്ട്, അവനെക്കൂടാതെ അവർ ഒരു അഭയസ്ഥാനവും കണ്ടെത്തുകയില്ലതന്നെ.

അല്ലാഹു മനുഷ്യരെ അവരുടെ അക്രമം കാരണം പിടികൂടുകയായിരുന്നെങ്കിൽ ഭൂമിയുടെ മുകളിൽ ഒരു ജീവജാലത്തെയും ബാക്കിയാക്കുമായിരുന്നില്ല, എന്നാൽ നിർണ്ണയിക്കപ്പെട്ട ഒരു അവധിവരെ അവരെ പിന്തിപ്പിക്കുകയാകുന്നു, അപ്പോൾ അവരുടെ അവധി എത്തിക്കഴിഞ്ഞാൽ ഒരു നിമിഷം പിന്തിക്കുകയോ മുന്തിക്കുകയോ ഇല്ല എന്ന് 16: 61 ൽ പറഞ്ഞിട്ടുണ്ട്. 35: 45 സമാന ആശയമുള്ള സൂക്തമാണ്. ഈ സൂക്തങ്ങളിലൂടെ മനുഷ്യരുടെ കരങ്ങളാലാണ് ഭൂമി നശിപ്പിക്കപ്പെടുക എന്ന് അല്ലാഹു പഠിപ്പിക്കുന്നു. അതായത് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്റിനെ ലോകർക്ക് പരിചയപ്പെടുത്തുന്ന അല്ലാഹുവിന്റെ പ്രതിനിധിയായ ഒറ്റവിശ്വാസിയും ഭൂമിയിൽ എവിടെയും ഇല്ലാതെ വരുമ്പോഴാണ് പ്രപഞ്ചം നശിപ്പിക്കപ്പെടുക. വിശ്വാസിക്ക് അദ്ദിക്ർ കൊണ്ട് പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടാൻ സാധിക്കുന്നതാണ്. അപ്പോൾ അദ്ദിക്റിനെ ജീവിപ്പിക്കുന്ന, 35: 32 ൽ പറഞ്ഞ 'അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് നന്മകളിലേക്ക് മുൻകടന്ന' വിശ്വാസിക്ക് ആയിരം സമുദായങ്ങളിൽ പെട്ട ജീവജാലങ്ങളുടെ ആത്മാവുകൊണ്ടുള്ള നമസ്കാരത്തിന്റെയും കീർത്തനത്തിന്റെയും ഒരു വിഹിതം പ്രതിഫലമായി ലഭിക്കുന്നതാണ്. പ്രപഞ്ചം നശിച്ചാലുണ്ടാകുന്ന കോപവും ശാപവുമെല്ലാം അമാനത്തായ അദ്ദിക്റിനെ മൂടിവെക്കുന്ന വിചാരണയില്ലാതെ നരകത്തിൽ പോകുന്ന കപടവിശ്വാസികൾക്കും അവരെ പിൻപറ്റുന്ന കാഫിറുകൾക്കുമാണ് ലഭിക്കുക. 10: 12; 16: 37–40; 17: 18–20; 30: 41 വിശദീകരണം നോക്കുക.

59. അതെല്ലാമാണ് നാടുകൾ, അവർ അക്രമികളായപ്പോൾ നാം അവരെ നശിപ്പിച്ചുകളഞ്ഞു, അവരുടെ നാശത്തിന് നാം ഒരു വാഗ്ദത്തസമയം നിർണ്ണയിച്ചിട്ടുമുണ്ടായിരുന്നു.

പ്രപഞ്ചം നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്ത് അക്രമികളാകുമ്പോഴല്ലാതെ ഒരു നാടിനെയും അല്ലാഹു നശിപ്പിക്കുകയില്ല എന്ന് 28: 59 ൽ പറഞ്ഞിട്ടുണ്ട്. സ്വയം കാഫിറാണെന്ന് ആത്മാവിനെതിരെ സാക്ഷ്യം വഹിക്കാതെ അല്ലാഹു ഒരാളെയും നരകത്തിൽ പ്രവേശിപ്പിക്കുകയില്ല എന്ന് 7: 37; 39: 59, 71 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 6: 47; 7: 101–102; 10: 49; 17: 58 വിശദീകരണം നോക്കുക.

60. മൂസാ തന്റെ ഭൃത്യനോട് പറഞ്ഞ സന്ദർഭവും സ്മരണീയമാണ്: രണ്ട് സമുദ്രങ്ങൾ ഒരുമിച്ചുകൂടുന്ന സ്ഥലത്ത് എത്തുന്നതുവരെ ഞാൻ എന്റെ ഈ യാത്ര മതിയാക്കുകയില്ല, അല്ലെങ്കിൽ യുഗങ്ങളോളം ഞാൻ സഞ്ചരിക്കുന്നതാണ്.

പ്രവാചകൻ മൂസാക്ക് പ്രത്യേകമായ അറിവ് പഠിപ്പിക്കുന്നതിന് വേണ്ടി നിയോഗിക്കപ്പെട്ട, അല്ലാഹുവിൽ നിന്നുള്ള പ്രത്യേകമായ അറിവ് നൽകപ്പെട്ട ദാസൻ *'ഖിള്റി'*നെ കണ്ട് മുട്ടുന്നതുവരെ ഈ യാത്ര തുടരുമെന്നാണ് മൂസാ തന്റെ യുവഭൃത്യനായ നൂനിന്റെ മകൻ 'യൂശഅ്'നോട് പറയുന്നത്.

61. അങ്ങനെ രണ്ട് സമുദ്രങ്ങൾ ഒരുമിച്ചുകൂടുന്ന സ്ഥലത്ത് എത്തിയപ്പോൾ അവർ രണ്ടുപേരും അവരുടെ മത്സ്യത്തെ മറന്നുപോയി, അപ്പോൾ അത് സമുദ്രത്തിൽ അതിന്റെ വഴി തെരഞ്ഞെടുത്തു ഊളിയിട്ടുപോയി.

അവർക്ക് ഇരുവർക്കും ഭക്ഷണത്തിനുള്ളതായിരുന്നു മത്സ്യം. രണ്ട് സമുദ്രങ്ങൾ ഒരുമിച്ച് കൂടുന്ന സ്ഥലത്ത് ഒരു പാറക്കെട്ടിൽ വിശ്രമിച്ചപ്പോൾ മത്സ്യത്തെക്കുറിച്ച് അവർ അ

ശ്രദ്ധരാവുകയാണുണ്ടായത്.

62. അങ്ങനെ അവർ രണ്ടുപേരും മുന്നോട്ടുപോയപ്പോൾ അവൻ തന്റെ ഭൃത്യനോട് പറഞ്ഞു: നമ്മുടെ ഉച്ചഭക്ഷണം കൊണ്ടുവരിക, നിശ്ചയം ഇന്നത്തെ യാത്രയിൽ നാം വളരെയധികം തളർന്ന് ക്ഷീണിതരായിരിക്കുന്നു.

63. അവൻ പറഞ്ഞു: താങ്കൾ കണ്ടില്ലെയോ? നാം ആ പാറക്കെട്ടിനടുത്ത് വിശ്രമിച്ചപ്പോൾ നിശ്ചയം ഞാൻ മത്സ്യത്തെ മറന്നുപോയി, താങ്കളെ അതിനെക്കുറിച്ച് ഓർമ്മിപ്പിക്കുന്നതിൽ നിന്ന് പിശാചല്ലാതെ എന്നെ മറപ്പിച്ചിട്ടില്ല, അതാകട്ടെ സമുദ്രത്തിൽ അത്ഭുതകരമായി വഴി തെരഞ്ഞെടുത്ത് രക്ഷപ്പെടുകയും ചെയ്തു.

മത്സ്യം അപ്രത്യക്ഷമാകുന്ന സ്ഥലത്താണ് അവർ എത്തിച്ചേരേണ്ടിയിരുന്നത് എന്ന് മൂസാക്ക് അല്ലാഹു ദിവ്യസന്ദേശം നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ഭൃത്യന് ആ വിവരം അറിയുമായിരുന്നില്ല. അപ്പോൾ മൂസായെ ബുദ്ധിമുട്ടിക്കുന്നതിന് വേണ്ടി പിശാച് അവന്റെ കഴിവ് ശരിക്കും ഉപയോഗപ്പെടുത്തി, അക്കാര്യം ഉണർത്തുന്നതിൽ നിന്ന് ഭൃത്യനെ മറപ്പിക്കുകയാണുണ്ടായത്. 6: 112; 12: 5, 42 വിശദീകരണം നോക്കുക.

64. അവൻ പറഞ്ഞു: അവിടെത്തന്നെയാണ് നമുക്ക് എത്തിപ്പെടാനുള്ളത്, അങ്ങനെ അവർ രണ്ടുപേരും അവരുടെ കാൽപാടുകൾ നോക്കി പുറകോട്ട് തിരിച്ചുനടന്നു.

65. അപ്പോൾ അവിടെ അവർ നമ്മുടെ ദാസൻമാരിൽ നിന്നുള്ള ഒരാളെ കണ്ടെത്തി, അവന് നാം നമ്മിൽ നിന്നുള്ള കാരുണ്യം നൽകുകയും അവന് നാം നമ്മിൽ നിന്നുള്ള സവിശേഷമായ അറിവ് പഠിപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

മൂസാക്ക് അറിവ് പഠിപ്പിക്കാൻ വേണ്ടി നിയോഗിക്കപ്പെട്ട ആ അടിമ മലക്കുകളിൽപെട്ട ആളായിരുന്നു എന്ന് തുടർന്നുള്ള സൂക്തങ്ങളിൽ നിന്ന് മനസ്സിലാക്കാം. പേര് 'ഖിള്ർ' എന്നാണെന്ന് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. മലക്കുകൾക്ക് അദ്ദിക്ർ പഠിപ്പിക്കപ്പെട്ടിട്ടില്ല. എന്നാൽ ഇവിടെ പരാമർശിച്ച മലക്കിന് അദ്ദിക്ർ പഠിപ്പിക്കപ്പെട്ടിരുന്നതിനാലാണ് അവന് നമ്മിൽ നിന്നുള്ള സവിശേഷമായ അറിവ് പഠിപ്പിച്ചിട്ടുണ്ട് എന്ന് പറഞ്ഞത്.

നെഞ്ചകങ്ങൾക്കുള്ളിലുള്ള എല്ലാ സംശയങ്ങൾക്കും ശമനവും അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവുമായ അദ്ദിക്ർ കൊണ്ട് ആഹ്ലാദം കൊള്ളുകയാണ് അവർ ഒരുമിച്ച് കൂട്ടുന്ന മറ്റെന്തിനെക്കാളും ഉത്തമമെന്ന് പറയാൻ പ്രവാചകനോടും വിശ്വാസിയോടും 10: 57–58 സൂക്തങ്ങളിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് പ്രൗഢരാകണമെന്നാണ് 4: 82; 38: 29; 47: 24 എന്നീ സൂക്തങ്ങളിലെല്ലാം പഠിപ്പിക്കുന്നത്. മൂസാ, ഈസാ തുടങ്ങിയ പ്രവാചകന്മാരെല്ലാം തന്നെ 'നിങ്ങൾ ഗ്രന്ഥത്താൽ പഠിപ്പിക്കപ്പെടുന്നതുപോലെയും നിങ്ങൾ മറ്റുള്ളവരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെയും *റബ്ബാനിയ്യീ*ങ്ങളായിത്തീരുക' എന്നാണ് പഠിപ്പിച്ചിട്ടുള്ളതെന്ന് 3: 79–80 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ ഗ്രന്ഥം ഉപയോഗപ്പെടുത്തി നിഷ്പക്ഷവാനായ അല്ലാഹുവിന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് ആരെയും ആശ്രയിക്കാതെ ഒറ്റക്ക് നിലകൊള്ളാനാണ് എല്ലാപ്രവാചകന്മാരിലൂടെയും അല്ലാഹു പഠിപ്പിച്ചിട്ടുള്ളത്.

66. മൂസാ അവനോട് ചോദിച്ചു: നിനക്ക് പഠിപ്പിക്കപ്പെട്ടിട്ടുള്ള തന്റേടത്തിന്റെ മാർഗ്ഗം എനിക്ക് പഠിപ്പിച്ച് തരുന്നതിനുവേണ്ടി ഞാൻ നിന്നെ അനുഗമിക്കട്ടെയോ?

സത്യമായ അദ്ദിക്ർ കൂടാതെ ഭൂമിയിൽ അഹങ്കരിച്ച് നടക്കുന്നവരെ എന്റെ സൂക്തങ്ങ

ളെത്തൊട്ട് ഞാൻ പിന്തിരിപ്പിച്ച് കളയുകതന്നെ ചെയ്യും, അവർ ഏതൊരു ദൃഷ്ടാന്തം കണ്ടാലും അതിൽ വിശ്വസിക്കുകയില്ല, അവർ തന്റേടത്തിന്റെ മാർഗം കണ്ടാൽ ആ മാർഗം പിൻപറ്റുകയുമില്ല, ദുർമാർഗം കണ്ടാലോ, അത് അവർ സ്വീകരിക്കുകയും ചെയ്യും, നിശ്ചയം അത് അവർ നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറയുകയും അവകൊള്ളെ പ്രജ്ഞയറ്റവരുമായിരുന്നത് കാരണത്താലാണ്; ആരാണോ നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറയുകയും പരലോകത്തെ കണ്ടുമുട്ടുന്നതിനെ കളവാക്കുകയും ചെയ്തത്, അവരുടെ പ്രവർത്തനങ്ങളെല്ലാം പാഴായിപ്പോയിരിക്കുന്നു, അവർ പ്രവർത്തിച്ചതിനല്ലാതെ പ്രതിഫലം കൊടുക്കാനൊക്കുമോ എന്ന് 7: 146–147 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 186 വിശദീകരണം നോക്കുക.

67. അവൻ പറഞ്ഞു: നിശ്ചയം നിനക്ക് എന്നോടൊപ്പം ക്ഷമയോടെ നിലകൊള്ളാൻ സാധിക്കുകയില്ല.

68. നിനക്ക് അനുഭവമില്ലാത്ത കാര്യങ്ങളിൽ എങ്ങനെ ക്ഷമിച്ച് നിലകൊള്ളാൻ സാധിക്കും?

69. അവൻ പറഞ്ഞു: അല്ലാഹു ഉദ്ദേശിച്ചാൽ നീ എന്നെ ക്ഷമാലുവായി കണ്ടെത്തുകതന്നെ ചെയ്യും, ഒരു കാര്യത്തിലും നിന്നോട് ഞാൻ ധിക്കാരം കാണിക്കുകയുമില്ല.

70. അവൻ പറഞ്ഞു: അങ്ങനെ നീ എന്നെ പിൻപറ്റുകയാണെങ്കിൽ അപ്പോൾ ഒരു കാര്യത്തെക്കുറിച്ചും ഞാൻ അതിനെക്കുറിച്ച് സ്വയം നിന്നെ ഉണർത്തുന്നതുവരെ നീ എന്നോട് ചോദിക്കരുത്.

71. അങ്ങനെ അവർ രണ്ടുപേരും യാത്രയായി, അവർ ഒരു കപ്പലിൽ കയറിയപ്പോൾ അവൻ അതിനെ കേടുവരുത്തി; അവൻ ചോദിച്ചു: അതിലെ ആളുകളെ മുക്കിക്കൊല്ലാൻ വേണ്ടി നീ അതിനെ ഓട്ടയാക്കുകയാണോ? നിശ്ചയം, നീ കൊണ്ടുവന്നത് ഗുരുതരമായൊരു കടുംകൈ തന്നെയാണ്.

72. അവൻ ചോദിച്ചു: നിശ്ചയം നിനക്ക് എന്നോടൊപ്പം ക്ഷമിച്ച് നിലകൊള്ളാൻ സാധിക്കുകയില്ല എന്ന് ഞാൻ നിന്നോട് പറഞ്ഞിരുന്നില്ലെയോ?

73. അവൻ പറഞ്ഞു: ഞാൻ മറന്നുപോയതിന്റെ പേരിൽ നീ എന്നെ പിടികൂടരുത്; എന്റെ കാര്യത്തിൽ ബുദ്ധിമുട്ടുകളുണ്ടാക്കി നീ എന്നെ പ്രയാസപ്പെടുത്തുകയുമരുത്.

74. അങ്ങനെ അവർ ഒരു ബാലനെ കണ്ടുമുട്ടുന്നതുവരെ യാത്ര തുടർന്നു; അപ്പോൾ അവൻ അവനെ കൊന്നുകളഞ്ഞു, അവൻ ചോദിച്ചു: മറ്റാരെയും കൊന്നിട്ടില്ലാത്ത നിഷ്കളങ്കനായ ഒരു ആത്മാവിനെ നീ കൊന്നുകളഞ്ഞുവോ? നിശ്ചയം, നീ കൊണ്ടുവന്നത് വിരോധിക്കപ്പെട്ട ഒരുകാര്യം തന്നെയാണ്.

75. അവൻ ചോദിച്ചു: നിശ്ചയം നിനക്ക് എന്നോടൊപ്പം ക്ഷമിച്ച് നിലകൊള്ളാൻ സാധിക്കുകയില്ലെന്ന് ഞാൻ നിന്നോട് പറഞ്ഞിരുന്നില്ലെയോ?

76. അവൻ പറഞ്ഞു: ഇതിനുശേഷം ഞാൻ നിന്നോട് എന്തിനെക്കുറിച്ചെങ്കിലും ചോദിക്കുകയാണെങ്കിൽ, അപ്പോൾ നീ എന്നെ കൂടെ കൂട്ടേണ്ടതില്ല, നിശ്ചയം നിനക്ക് എന്നിൽ നിന്ന് മതിയായ കാരണം കിട്ടിക്കഴിഞ്ഞിരിക്കുന്നു.

77. അനന്തരം അവർ രണ്ടുപേരും യാത്രയായി, അങ്ങനെ ഇരുവരും ഒരു നാട്ടിലെത്തിയപ്പോൾ അതിലെ നിവാസികളോട് അവർക്ക് രണ്ടുപേർക്കുമുള്ള ഭക്ഷണം

ചോദിച്ചു, എന്നാൽ അവർ രണ്ടുപേരെയും അതിഥികളായി സ്വീകരിക്കാൻ ആ നാട്ടുകാർ വിസമ്മതിച്ചു, അപ്പോൾ അവിടെ പൊളിഞ്ഞുവീഴാറായ ഒരു മതിൽ അവർ കണ്ടെത്തി, ഉടനെ അവൻ ആ മതിൽ ശരിയാക്കി നിർത്തി, അവൻ പറഞ്ഞു: നീ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഈ പ്രവർത്തനത്തിനുള്ള പ്രതിഫലം നിനക്ക് വാങ്ങാമായിരുന്നു.

രണ്ട് പേരിൽ (ഖിള്ർ, മൂസാ) നാട്ടുകാരോട് ഭക്ഷണം ചോദിച്ചത് മൂസായും പൊളിഞ്ഞു വീഴാറായ മതിൽ ശരിപ്പെടുത്തിക്കൊടുത്തത് ഖിള്റുമാണ്. അതുകൊണ്ടാണ് 'നീ ഉദ്ദേശിക്കുകയാണെങ്കിൽ അതിന് പ്രതിഫലം വാങ്ങി നമുക്ക് ഭക്ഷണം കഴിക്കാമായിരുന്നു' എന്ന് മൂസാ പറഞ്ഞത്. ആ സമയത്തൊന്നും ഖിള്ർ മലക്കാണെന്നും അദ്ദേഹത്തിന് ഭക്ഷണം ആവശ്യമില്ലെന്നുമുള്ള വസ്തുത മൂസാ നബിക്ക് അറിയാമായിരുന്നില്ല. അതിഥികളായി മനുഷ്യവേഷത്തിൽ വന്ന മലക്കുകളെ ഇബ്റാഹീം നബിക്ക് തിരിച്ചറിയാൻ സാധിക്കാതിരുന്ന കാര്യം 11: 69; 51: 26–27 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

78. അവൻ പറഞ്ഞു: എന്റെയും നിന്റെയുമിടയിലുള്ള വേർപിരിയലാകുന്നു ഇത്, ഏതൊരു കാര്യത്തിലാണോ നിനക്ക് ക്ഷമിച്ചിരിക്കാൻ കഴിയാത്തത് അതിനെക്കുറിച്ചുള്ള യഥാർത്ഥ വൃത്താന്തം ഞാൻ നിനക്ക് വിവരിച്ചുതരികതന്നെ ചെയ്യും.

യഥാർത്ഥ വൃത്താന്തം (تأويل) എന്നാൽ തത്വം, ഭാവിപ്രവചനം, വിശദീകരണം) എന്നെല്ലാം ആശയമുണ്ട്. വേദഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ത്രികാലജ്ഞാനിയായ നാഥനിൽ നിന്നുള്ള ത്രികാലജ്ഞാനമാണ്. എന്നാൽ അതിനെ വിസ്മരിച്ച ഈ കെട്ടജനത അതിനെ മൂടിവെക്കുന്നവരും തള്ളിപ്പറയുന്നവരുമായതിനാൽ 7: 53 ൽ പറഞ്ഞ പ്രകാരം അതിന്റെ ഭാവിപ്രവചനങ്ങൾ പുലരുന്ന നാളിൽ 'നിശ്ചയം ഞങ്ങളുടെ നാഥന്റെ പ്രവാചകൻമാർ സത്യവും കൊണ്ട് വന്നവർ തന്നെയായിരുന്നു, അപ്പോൾ നമുക്ക് ശുപാർശക്കാരിൽ നിന്നുള്ള വല്ലവരുമുണ്ടോ, അങ്ങനെ അവർ നമുക്കുവേണ്ടി ശുപാർശ ചെയ്യാൻ; അല്ലെങ്കിൽ നമ്മെ തിരിച്ചയക്കുമോ? അങ്ങനെ നാം പ്രവർത്തിച്ചുകൊണ്ടിരുന്നതല്ലാത്തത് പ്രവർത്തിക്കുന്നതിന് വേണ്ടി' എന്ന് കേഴുന്നതാണ്.

79. ആ കപ്പൽ സമുദ്രത്തിൽ ജോലിചെയ്യുന്ന ഏതാനും പാവങ്ങളുടേതായിരുന്നു, അതിനാൽ ഞാൻ അത് കേടുവരുത്തണമെന്ന് ഉദ്ദേശിച്ചു, കാരണം അവർക്ക് പിന്നിൽ എല്ലാ നല്ല കപ്പലുകളും ബലാൽക്കാരമായി പിടിച്ചെടുക്കുന്ന ഒരു രാജാവുണ്ടായിരുന്നു.

80. ആ ബാലന്റെ കാര്യമോ, അപ്പോൾ അവന്റെ മാതാപിതാക്കൾ വിശ്വാസികളായിരുന്നു, അങ്ങനെ അവൻ അവന്റെ ധിക്കാരവും നിഷേധവും മുഖേന അവർ ഇരുവരെയും പ്രയാസപ്പെടുത്തുമെന്ന് നാം ഭയപ്പെട്ടു.

ഇവിടെ 'ഞാൻ ഭയപ്പെട്ടു' എന്ന് പറയുന്നതിനുപകരം 'നാം ഭയപ്പെട്ടു' എന്നാണ് *ഖിള്ർ* പറയുന്നത്. മലക്കുകൾ തനിച്ചാണെങ്കിലും ബഹുവചനത്തിലാണ് സംസാരിക്കുക. അല്ലാഹു അവരിലൂടെ സംസാരിക്കുന്നതുകൊണ്ടാണ് 'നാം' എന്നുപറയുന്നത്. മലക്കുകൾ തീരെ ധിക്കാരം വരാത്തവരും അല്ലാഹുവിനെ അനുസരിക്കുകമാത്രം ചെയ്യുന്നവരുമായ അവന്റെ അടിമകളാണ്. അല്ലാഹു കൽപ്പിച്ചതൊന്നും ധിക്കരിക്കാതെ പ്രാവർത്തികമാക്കുന്നവരാണ് മലക്കുകൾ എന്ന് 66: 6 ലും; അവർ വാക്കുകൊണ്ട് അല്ലാഹുവിനെ മുൻകടക്കാത്തവരും അവന്റെ കൽപന പ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുമാണ് എന്ന് 21: 27 ലും പറഞ്ഞിട്ടുണ്ട്. 18: 23–24; 41: 30–31 വിശദീകരണം നോക്കുക.

മാതാപിതാക്കൾ വിശ്വാസികളാണെങ്കിൽ അവരുടെ മക്കളെ പതിനഞ്ച് വയസ്സിനു മുമ്പ് മരിപ്പിച്ചിട്ടെങ്കിലും സ്വർഗ്ഗത്തിൽ അവരോടൊപ്പം ചേർത്തിക്കൊടുക്കുമെന്നാണ് സൂക്തം പഠിപ്പിക്കുന്നത്. പ്രവാചകൻ നൂഹിന്റെ സ്ത്രീ തന്റെ ജിന്നുകൂട്ടുകാരിയെ വിശ്വാസിയാക്കി മാറ്റാത്തതിനാലാണ് 17: 64 ൽ വിവരിച്ച പ്രകാരം പിശാച് അവരുടെ സന്താനത്തെ ബാധിച്ചത്. വിശ്വാസികളായ മാതാപിതാക്കൾ സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്ർ മക്കൾക്ക് 15 വയസ്സിനുമുമ്പ് തന്നെ പഠിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നരകക്കുണ്ഠത്തിൽ വെച്ച് അവർ പരസ്പരം തർക്കിക്കുകയും പഴിചാരുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന രംഗം 7: 37-39 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ 66: 11-12 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസിയായ പുരുഷനും സ്ത്രീക്കും ഫിർഔനിന്റെ സ്ത്രീയായ ആസ്യയും കന്യാമർയമും ആണ് മാതൃക. 2: 187; 15: 59-60 വിശദീകരണം നോക്കുക.

81. അപ്പോൾ അവർ ഇരുവർക്കും അവരുടെ നാഥൻ വിശുദ്ധിയിൽ അവനേക്കാൾ ഉത്തമനും കുടുംബസ്നേഹത്തിൽ അവനേക്കാൾ അടുപ്പമുള്ളവനുമായ സന്താനത്തെ പകരം നൽകണമെന്ന് നാം ആഗ്രഹിച്ചു.

നിഷ്പക്ഷവാനായ നാഥൻ മനുഷ്യന് നന്ദിപ്രകടിപ്പിക്കുന്നവൻ അല്ലെങ്കിൽ നന്ദികെട്ടവൻ എന്നീ രണ്ടാലൊരു മാർഗം തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അപ്പോൾ അദ്ദിക്റിനെ സത്യപ്പെടുത്തുന്ന വിശ്വാസി ഒരാളെയും വിശ്വാസിയാകാൻ നിർബന്ധിക്കുകയില്ല. 5: 67; 13: 40 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥന്റെ സന്ദേശമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കൽ മാത്രമാണ് പ്രവാചകന്റെയും വിശ്വാസിയുടെയും ബാധ്യത. ഒരു ബാലൻ വളർന്ന് വലുതാകുമ്പോൾ ദുഷ്ടനായിത്തീരുമെന്ന് കണക്കാക്കാനോ അതിന്റെ പേരിൽ കൊല നടത്താനോ മനുഷ്യരിൽ നിന്നുള്ള ദൂതന്മാർക്ക് ഒരിക്കലും പാടില്ല. അദ്ദിക്റിന്റെ വിധിവിലക്കുകൾക്ക് എതിരായി പ്രവാചകനോ വിശ്വാസിക്കോ ഒന്നും നടപ്പിലാക്കുക സാധ്യമല്ല. അപ്പോൾ ഇവിടെ നിഷ്പക്ഷവാനായ നാഥൻ അവന്റെ മലക്കുകളിൽ നിന്നുള്ള ദൂതനായ ഖിള്റിലൂടെയാണ് ഇതെല്ലാം നടപ്പിലാക്കിയത്. മാതാപിതാക്കൾ വിശ്വാസികളായതിനാൽ അവരോടൊപ്പം തങ്ങളുടെ സന്താനത്തെയും സ്വർഗത്തിൽ ലഭിക്കണമെന്ന അവരുടെ ആഗ്രഹം പൂവണിയിക്കാൻ കൂടിയാണ് പതിനഞ്ച് വയസ്സുതികയാത്ത ആ ബാലനെ കൊന്നുകളഞ്ഞത്. *പതിനഞ്ച് വയസ്സിനുമുമ്പ് മരണപ്പെടുന്നത് ആരുടെ മക്കളാണെങ്കിലും അവർ സ്വർഗത്തിലാണെന്ന്* നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 11: 59; 13: 11, 19-24 വിശദീകരണം നോക്കുക.

82. ആ മതിലിന്റെ കാര്യമോ, അപ്പോൾ അത് ആ പട്ടണത്തിലെ രണ്ട് അനാഥ ബാലൻമാരുടേതായിരുന്നു; അതിനുതാഴെ അവർക്ക് ഇരുവർക്കുമുള്ള ഒരു നിധിയുമുണ്ടായിരുന്നു, അവരുടെ പിതാവ് സജ്ജനങ്ങളിൽ പെട്ടവനുമായിരുന്നു, അപ്പോൾ അവർ ഇരുവർക്കും പ്രായപൂർത്തിയാകണമെന്നും നിന്റെ നാഥനിൽ നിന്നുള്ള കാരുണ്യമെന്ന നിലയിൽ അവർക്കുള്ള നിധി പുറത്തെടുക്കണമെന്നും നിന്റെ നാഥൻ ഉദ്ദേശിച്ചു, ഇതൊന്നും ഞാൻ എന്റെ സ്വന്തം കൽപ്പനയാൽ പ്രവർത്തിച്ചിട്ടുള്ളതല്ല, അതാകുന്നു നിനക്ക് എന്നോടൊപ്പം ക്ഷമിക്കാൻ കഴിയാതെ പോയ സംഗതികളുടെ യാഥാർത്ഥ വൃത്താന്തം.

ഏകാധിപനും സ്വേഛാധിപനും സർവാധിപനും ത്രികാലജ്ഞാനിയുമായ അല്ലാഹു

തന്നെയാണ് പ്രഞ്ചത്തിന്റെ ഭരണം നിർവഹിക്കുന്നത്, എന്നാൽ അത് നടപ്പിലാക്കുന്നത് മലക്കുകൾ മുഖേനയാണ്. തിന്മ നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യം പിശാചിനും നിഷ്പക്ഷ വാനായ നാഥൻ നൽകിയിട്ടുണ്ട്. സൃഷ്ടികളെ ബാധിക്കുന്ന രക്ഷയുടേതോ ശിക്ഷയുടേ തോ ആയ എല്ലാ കാര്യങ്ങളും മുൻകാലങ്ങളിൽ മാത്രമല്ല, എക്കാലത്തും നടപ്പിൽ വരു ത്തുന്നത് മലക്കുകൾ മുഖേനത്തന്നെയാണ്. ഇക്കാലങ്ങളിൽ നടക്കുന്ന പ്രകൃതിദുരന്ത ങ്ങൾ, വാഹനാപകടങ്ങൾ, ബോംബ് സ്ഫോടനങ്ങൾ മുതലായവയിൽ അകപ്പെട്ടവരിൽ നിശ്ചയിക്കപ്പെട്ട ജീവിതാവധി പൂർത്തിയായവരെ മരിപ്പിക്കുന്നതും, ചിലരെ ബോധര ഹിതരായും ചിലരെ അംഗവിഹീനരായും കിടത്തുന്നതും, മറ്റുചിലരെ കാര്യകാരണബ ന്ധത്തിന് അതീതമായി രക്ഷപ്പെടുത്തുന്നതും മലക്കുകൾ മുഖേനയാണ്. 6: 75 ൽ വിവരിച്ച പ്രകാരം പ്രവാചകൻ ഇബ്റാഹീമിന് ദൃഢബോധ്യം വരുന്നതിനുവേണ്ടി പ്രപഞ്ചത്തിന്റെ ഭരണരഹസ്യം കാണിച്ചുകൊടുത്തിട്ടുണ്ട്. അപ്രകാരം തന്നെയാണ് പ്രപഞ്ചനാഥൻ മലക്കാ യ ഖിള്ർ മുഖേന മൂസായെ ദൃഢബോധ്യമുള്ളവനാക്കുന്നതിന് വേണ്ടി പ്രപഞ്ചത്തിന്റെ ഭരണരഹസ്യങ്ങൾ തിരശ്ശീലനീക്കി കാണിച്ചുകൊടുക്കുന്നത്. 17: 1 ൽ വിവരിച്ച പ്രകാരം പ്രവാചകൻ മുഹമ്മദിനെ ഇസ്റാഅ്-മിഅ്റാജ് രാത്രിയിൽ ശരീരത്തോടുകൂടി സ്വർഗ ത്തിലേക്ക് കൊണ്ടുപോയതും ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുത്തതും ദൃഢബോധ്യമുള്ള വനാക്കുന്നതിന് വേണ്ടിത്തന്നെയാണ്.

3: 101–102; 5: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാഓരോ കാര്യവും വിശദീക രിച്ച, ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ ആരാ ണോ അതിനെ മുറുകെപ്പിടിക്കുകവഴി നാഥനെ മുറുകെപ്പിടിച്ചത്, അവൻ നേരെച്ചൊവ്വെ യുള്ള പാതയിലായിക്കഴിഞ്ഞു. 9: 105 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വ സ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിക്ക് അവന്റെ മരണശേഷവും സന്തതിപരമ്പരകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ സാധിക്കുന്നതാ ണ്. 3: 26–27; 4: 85; 17: 13–14 വിശദീകരണം നോക്കുക.

83. ദുൽഖർനൈനിയെക്കുറിച്ചും അവർ നിന്നോട് ചോദിക്കുന്നുവല്ലോ, നീ പറയു ക: അവനെക്കുറിച്ചുള്ള ചില വിവരങ്ങൾ ഞാൻ നിങ്ങളുടെമേൽ വിവരിച്ചുത രികതന്നെ ചെയ്യാം.

'ദുൽഖർനൈൻ' എന്ന് പറഞ്ഞാൽ രണ്ട് കൊമ്പുള്ളവൻ എന്നാണ് അർത്ഥം. കിഴക്കും പടിഞ്ഞാറും ഉൾക്കൊള്ളുന്ന ഒരു വലിയ സാമ്രാജ്യത്തിന്റെ ആധിപത്യമുണ്ടായിരുന്ന ച ക്രവർത്തിയായിരുന്നു *ദുൽഖർനൈൻ.* അതുകൊണ്ടാണ് അദ്ദേഹത്തെ രണ്ട് കൊമ്പുള്ളവ ൻ എന്ന് വിശേഷിപ്പിച്ചിട്ടുള്ളത്. പേർഷ്യൻ ചക്രവർത്തിയായിരുന്ന ഖോറസിന് ഈ വിശേ ഷണം വളരെ യോജിക്കുന്നതായി കാണാം.

84. നിശ്ചയം നാം അവന് ഭൂമിയിൽ അധികാരം നൽകിയിട്ടുണ്ടായിരുന്നു, നാം അവന് സകലവിധ സാധനസാമഗ്രികളും നൽകിയിട്ടുമുണ്ടായിരുന്നു.

85. അങ്ങനെ അവൻ ഒരു പര്യടനം തുടർന്നു.

86. അങ്ങനെ അവൻ സൂര്യാസ്തമയ സ്ഥലത്തെത്തിയപ്പോൾ കലങ്ങിയ തടാക ത്തിൽ അതിനെ മുങ്ങി മറയുന്നതായി അവൻ കണ്ടു, അവിടെ ഒരു ജനതയെ യും അവൻ കണ്ടെത്തി, അപ്പോൾ നാം കൽപിച്ചു: ഓ ദുൽഖർനൈൻ, നിനക്ക് ഇവരെ ശിക്ഷിക്കുകയോ അല്ലെങ്കിൽ നിനക്ക് ഇവരോട് നന്മയിൽ വർത്തിക്കു കയോ ആവാം.

സൂര്യാസ്തമയസ്ഥലം എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, അന്ന് മനുഷ്യനാഗരികത നില നിന്നിരുന്ന പ്രദേശങ്ങളുടെ പടിഞ്ഞാറേ അറ്റം എന്നാണ്. ഈ സൂക്തത്തിൽ സമുദ്രം എന്ന് പറയാതെ കലങ്ങിയ തടാകം എന്നാണ് പറഞ്ഞിട്ടുള്ളത്. ഇത് കൊണ്ടുദ്ദേശിക്കുന്നത് ഈജിയൻ ഉൾക്കടലോ കരിങ്കടലോ ആവാം. അല്ലാഹു അവനോട് പറഞ്ഞു: അവിടെ കണ്ട ജനതയെ നിനക്ക് ശിക്ഷിക്കുകയോ അല്ലെങ്കിൽ അവരോട് നന്മയിൽ വർത്തിക്കുകയോ ചെയ്യാം. അല്ലാഹുവിന്റെ പ്രാതിനിധ്യം വഹിക്കുന്ന വിശ്വാസിയുടെ മാർഗമാണ് അപ്പോൾ അദ്ദേഹം സ്വീകരിച്ചതെന്ന് തുടർന്ന് വരുന്ന സൂക്തങ്ങളിൽ നിന്നും മനസ്സിലാക്കാം.

87. അവൻ പറഞ്ഞു: ആരാണോ അക്രമം കാണിക്കുന്നത് അപ്പോൾ നാം അവനെ ശിക്ഷിക്കുകതന്നെ ചെയ്യും, പിന്നീട് അവൻ തന്റെ നാഥനിലേക്ക് മടക്കപ്പെടുകയും അപ്പോൾ അവൻ വേദനാജനകവും വിരോധിതവുമായ ശിക്ഷ അവന് നൽകുകയും ചെയ്യുന്നതാണ്.

ഭരണാധികാരിയാവട്ടെ അല്ലാതിരിക്കട്ടെ, വിശ്വാസിയായ ഒരാൾ അനീതിയും അക്രമവും കണ്ടാൽ മനസ്സാ-വാചാ-കർമ്മണാ അതിനെതിരായി പ്രവർത്തിക്കുന്നതാണ്. മതത്തിൽ നിർബന്ധമില്ല എന്നിരിക്കെ നീതിയിലും സമാധാനത്തിലും വർത്തിക്കുന്നവരോട് വിരോധം പുലർത്തുകയുമില്ല, അവർ നിരീശ്വരവാദികളാണെങ്കിലും ശരി. നീതിയും ശാന്തിയും സമാധാനവും കാംക്ഷിക്കുന്ന വിശ്വാസികൾ എപ്പോഴും മനുഷ്യരുടെ ഐക്യത്തിനുവേണ്ടിയാണ് ശ്രമിക്കുക. ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് സ്വീകരിക്കുക. 4: 150–151; 9: 67–68 വിശദീകരണം നോക്കുക.

88. ആരാണോ വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നത്, അപ്പോൾ അവനുള്ളത് ഏറ്റവും നല്ലതായ പ്രതിഫലമാണ്, അവനോട് നാം നമ്മിൽ നിന്നുള്ള എളുപ്പമുള്ള കൽപ്പനകൾ നൽകുകതന്നെ ചെയ്യും.

92: 5–10 സൂക്തങ്ങളിൽ, അപ്പോൾ ആരാണോ നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും നല്ലതായ അദ്ദിക്റിനെ സത്യപ്പെടുത്തുകയും ചെയ്തത്, അപ്പോൾ അവന്റെ എല്ലാ കാര്യങ്ങളും നാം എളുപ്പമാക്കുകതന്നെ ചെയ്യും; ആരാണോ പിശുക്ക് കാണിക്കുകയും സ്വയം പര്യാപ്തത നടിക്കുകയും ഏറ്റവും നല്ലതായ അദ്ദിക്റിനെ കളവാക്കി തള്ളിപ്പറയുകയും ചെയ്തത്, അപ്പോൾ അവന്റെ എല്ലാകാര്യങ്ങളും നാം ബുദ്ധിമുട്ടാക്കുകതന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. 103: 1–3 സൂക്തങ്ങളിൽ ത്രികാലജ്ഞാനിയായ അല്ലാഹു കാലത്തെക്കൊണ്ട് സത്യം ചെയ്ത് പറയുന്നു: വിശ്വസികളായവരും ആ വിശ്വാസം മറ്റുള്ളവർക്ക് എത്തിച്ച് കൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരും സത്യമായ അദ്ദിക്റ് കൊണ്ട് പരസ്പരം ഉപദേശിക്കുന്നവരും ക്ഷമകൊണ്ട് പരസ്പരം ഉപദേശിക്കുന്നവരും ഒഴിച്ചുള്ള മനുഷ്യരെല്ലാം നഷ്ടത്തിലാകുന്നു. 2: 177; 9: 71–72, 100; 10: 26 വിശദീകരണം നോക്കുക.

89. പിന്നീട് അവൻ മറ്റൊരു പര്യടനം തുടർന്നു.

90. അങ്ങനെ അവൻ സൂര്യോദയസ്ഥാനത്തെത്തിയപ്പോൾ അത് ഒരു ജനത്തിനു മേൽ ഉദിച്ചുയരുന്നതായി അവൻ കണ്ടെത്തി, നാമാകട്ടെ അതിന്റെ മുമ്പിൽ അവർക്ക് യാതൊരു മറയും ഉണ്ടാക്കിയിട്ടുമില്ല.

സൂര്യോദയസ്ഥലം എന്ന് പറഞ്ഞാൽ അന്ന് മനുഷ്യനാഗരികത നിലനിന്നിരുന്ന പ്ര

ദേശങ്ങളുടെ കിഴക്കേയറ്റം എന്നാണ്. സൂര്യന്റെ ചൂടേറിയ പ്രകാശത്തെ തടയാൻ ആ ജനതയുടെമേൽ ഒരു പർവ്വതമോ മറയോ ഉണ്ടായിരുന്നില്ല, മാത്രമല്ല അവർക്ക് വീടോ കൂടാരമോ ഉണ്ടാക്കുന്നതിനുള്ള അറിവുമുണ്ടായിരുന്നില്ല.

91. അപ്രകാരം അവന്റെ പക്കലുണ്ടായിരുന്ന വിവരങ്ങളെക്കുറിച്ചെല്ലാം നാം വലയം ചെയ്തവൻ തന്നെയാകുന്നു.

ദുൽഖർനൈൻ ഭൂമിയുടെ കിഴക്കേയറ്റത്തുള്ള ജനങ്ങളോടും അല്ലാഹുവിന്റെ പ്രാതിനിധ്യം നിലനിർത്തിക്കൊണ്ടുള്ള പെരുമാറ്റമാണ് നടത്തിയത്. അഥവാ നന്മ പ്രവർത്തിക്കുന്നവരോട് നന്മയിലും 16: 126 ൽ പഞ്ഞ പ്രകാരം അക്രമം കാണിക്കുന്നവരോട് തക്കതായ പ്രതികാരനടപടിയുമാണ് അദ്ദേഹം കൈകൊണ്ടിരുന്നത്.

92. പിന്നീട് അവൻ മറ്റൊരു പര്യടനം തുടർന്നു.

93. അങ്ങനെ അവൻ രണ്ട് പർവ്വതനിരകൾക്കിടയിൽ എത്തിയപ്പോൾ ഇവർ രണ്ടുകൂട്ടരെക്കൂടാതെ മറ്റൊരു ജനതയെ കാണുകയുണ്ടായി, അവരുടെ സംസാരം വളരെ ബുദ്ധിമുട്ടി മാത്രമേ മനസ്സിലാക്കാൻ സാധിച്ചിരുന്നുള്ളൂ.

'ഇവർ രണ്ടുകൂട്ടരെക്കൂടാതെ' എന്നതുകൊണ്ടുദ്ദേശിക്കുന്നത് പടിഞ്ഞാറും കിഴക്കുമുള്ള രണ്ട് വിഭാഗം ജനതകളെക്കൂടാതെ എന്നാണ്. ഇവരുടെ സംസാരം *ദുൽഖർനൈനിക്ക്* മാത്രമല്ല, മറ്റുള്ളവർക്കും വളരെ ബുദ്ധിമുട്ടി മാത്രമേ മനസ്സിലായിരുന്നുള്ളൂ.

94. അവർ പറഞ്ഞു: ഓ; ദുൽഖർനൈൻ, നിശ്ചയം യഅ്ജൂജ്-മഅ്ജൂജ് വിഭാഗങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കുന്നവർ തന്നെയാകുന്നു, അപ്പോൾ ഞങ്ങൾക്കും അവർക്കുമിടയിൽ ഒരു മതിൽക്കെട്ട് ഉണ്ടാക്കിത്തരുന്നതിനുവേണ്ടി ഞങ്ങൾ നിങ്ങൾക്ക് കപ്പം തന്നുകൊള്ളട്ടെയോ?

ക്രൂരന്മാരും നാശകാരികളുമായ ആളുകളായിരുന്നു യഅ്ജൂജ്-മഅ്ജൂജ്. അവർക്കിടയിൽ ജീവിച്ചിരുന്ന ജനതയാണ് ദുൽഖർനൈനിയോട് രണ്ട് മലകൾക്കിടയിൽ മതിൽ കെട്ടി അവരെ പ്രതിരോധിക്കാൻ സഹായിക്കണമെന്ന് ആവശ്യപ്പെടുന്നത്. യഅ്ജൂജ്-മഅ്ജൂജുകളെക്കുറിച്ച് 21: 96 ലും പരാമർശിച്ചിട്ടുണ്ട്. 4: 158-159 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിച്ചതിനുശേഷം മനുഷ്യരെ ഒറ്റ സമുദായമായി കണ്ടുകൊണ്ട് മക്ക കേന്ദ്രീകരിച്ച് ലോകം ഭരിക്കുന്നതാണ്. 7 കൊല്ലത്തെ ഭരണശേഷം ഈസാ മരണപ്പെടുന്നതും മദീനയിൽ പ്രവാചകൻ മുഹമ്മദിന്റെ ഖബറിനടുത്തുള്ള ഖബറിൽ മറവ് ചെയ്യപ്പെടുന്നതുമാണ്. ശേഷം 6: 158-159 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അന്ത്യനാളിന്റെ പ്രധാനപ്പെട്ട 10 അടയാളങ്ങളിൽ ഒന്നായ യഅ്ജൂജ്-മഅ്ജൂജ് വീണ്ടും പുറപ്പെടുന്നതാണ്. 17: 104 വിശദീകരണം നോക്കുക.

95. അവൻ പറഞ്ഞു: എന്റെ നാഥൻ എനിക്ക് ഒരുക്കിത്തന്നിട്ടുള്ളതെല്ലാം ഉത്തമമാകുന്നു, അപ്പോൾ നിങ്ങൾ എന്നെ നിങ്ങളുടെ അധ്വാനം കൊണ്ട് സഹായിക്കുക, ഞാൻ നിങ്ങൾക്കും അവർക്കുമിടയിൽ ബലിഷ്ഠമായ ഒരു മതിൽ പണിത് തരാം.

വിശ്വാസികളല്ലാത്ത രാജാക്കന്മാരും ചക്രവർത്തിമാരും ജനങ്ങളുടെ ധനം അവിഹിതമായി കൈക്കലാക്കുകയാണ് പതിവ്. അതിന് കിട്ടുന്ന അവസരങ്ങളൊന്നും തന്നെ അവർ പാഴാക്കാറില്ല. എന്നാൽ ദുർഖർനൈൻ വിശ്വാസിയായത് കാരണം അല്ലാഹു തനിക്ക് നൽകിയ സമ്പത്തും കഴിവും തന്നെ ധാരാളമാണ് എന്ന് പറഞ്ഞുകൊണ്ട് തന്റെ അനുഗ്രഹ

ങ്ങൾ മനുഷ്യരുൾപ്പടെ ആയിരം സമുദായത്തിൽ പെട്ട ജീവജാലങ്ങളുടെ ക്ഷേമം ലക്ഷ്യം വെച്ച് അല്ലാഹുവിന്റെ മാർഗത്തിൽ വിനിയോഗിക്കുകയാണ് ചെയ്തത്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികളും എക്കാലത്തും ഈ മാർഗം തന്നെയാണ് സ്വീകരിക്കുക. 9: 34–35; 25: 57 വിശദീകരണം നോക്കുക.

96. നിങ്ങൾ എനിക്ക് ഇരുമ്പുകട്ടകൾ കൊണ്ടുവരുവിൻ, അങ്ങനെ രണ്ട് മലകൾക്കിടയിലുള്ള വിടവ് ഇരുമ്പുകട്ടകൾ കൊണ്ട് നികത്തിക്കഴിഞ്ഞപ്പോൾ അവൻ പറഞ്ഞു: നിങ്ങൾ തീ ഊതിപ്പടർത്തുവിൻ, അങ്ങനെ തീ പടർന്ന് അത് ചുട്ടുപഴുത്ത സന്ദർഭത്തിൽ അവൻ പറഞ്ഞു: നിങ്ങൾ എനിക്ക് അതിന്മേൽ ഉരുക്കി ഒഴിക്കാൻ ചെമ്പ് കൊണ്ടുവരുവീൻ.

ദുൽഖർനൈൻ പണിത മതിലിൽ നിന്നും ഇരുമ്പുകട്ടകൾ ഇളക്കിയെടുത്ത് ദ്വാരമുണ്ടാക്കാൻ പറ്റാത്തവിധം ചെമ്പ് ഉരുക്കിയൊഴിച്ച് ഒറ്റ പിണ്ഡമെന്നോണം സജ്ജീകരിക്കുകയാണുണ്ടായത്.

97. അപ്പോൾ പിന്നെ, ആ മതിൽക്കെട്ട് കയറിക്കടന്നുവരുവാൻ അവർക്ക് (യഅ്ജൂജ്, മഅ്ജൂജ്) സാധിച്ചില്ല, തുരന്ന് കുഴിയുണ്ടാക്കി വരാനും അവർക്ക് സാധിച്ചില്ല.

98. അവൻ പറഞ്ഞു: ഇത് എന്റെ നാഥനിൽ നിന്നുള്ള ഒരു കാരുണ്യം തന്നെയാകുന്നു, അങ്ങനെ എന്റെ നാഥന്റെ വാഗ്ദത്തസമയം വന്നുകഴിഞ്ഞാൽ അതിനെ പൊടിപടലമാക്കി നിരപ്പാക്കുന്നതാകുന്നു, എന്റെ നാഥന്റെ വാഗ്ദത്തം സത്യമായി പുലരാനുള്ളത് തന്നെയുമാകുന്നു.

ദുൽഖർനൈനി വിശ്വാസിയായതിനാൽ മലക്കായ *'ഖിള്റി'*നെപ്പോലെത്തന്നെ എല്ലാ കാര്യങ്ങളും അല്ലാഹുവിലേക്ക് ചേർത്തിപ്പറയുന്നതായി കാണാം. എത്ര ബലമുള്ള മതിൽക്കെട്ടാണെങ്കിലും അന്ത്യമണിക്കൂർ നടപ്പിലാകുമ്പോൾ അതെല്ലാം പൊടിപടലമായി തരിപ്പണമാകുന്നതാണ്. അന്ത്യമണിക്കൂറാവട്ടെ, സത്യമായി പുലരുന്ന വാഗ്ദത്തം തന്നെയാണ്. ഇത്തരം മതിൽക്കെട്ടുകൊണ്ടുള്ള തടസ്സങ്ങളെല്ലാം വിമാനത്തിന്റെ കണ്ടുപിടുത്തത്തോടുകൂടി നീങ്ങിയിരിക്കുന്നു. *യഅ്ജൂജ്-മഅ്ജൂജിന്* മാത്രമല്ല, ഏത് നാട്ടുകാർക്കും ഇന്ന് എവിടെയും വിമാനത്തിൽ യഥേഷ്ടം സഞ്ചരിക്കാവുന്നതും എവിടെയും മിസൈലുകൾ, ഡ്രോണുകൾ എന്നിവകൊണ്ട് അക്രമിക്കാവുന്നതുമാണ്.

99. അന്നേദിനം നാം ജനങ്ങളിൽ ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തിനുമേൽ തിരമാലകൾ പോലെ മേൽക്കുമേൽ ഇരമ്പിക്കയറുന്നവരായി വിടുന്നതാണ്; 'സൂർ' എന്ന കാഹളത്തിൽ ഊതപ്പെടുന്നതും അപ്പോൾ നാം അവരെ മുഴുവനും ഒരുമിച്ച് കൂട്ടുന്നതുമാണ്.

അന്ത്യനാൾ അടുക്കുമ്പോൾ ആർക്കും നിയന്ത്രണമില്ലാത്തവിധം ജനങ്ങൾ പരസ്പരം മറ്റുള്ളവരുടെ മേൽ തിരമാലകളെന്നോണം ചേക്കേറുന്നതാണ്. അഥവാ ഒരു രാജ്യക്കാർ മറ്റു രാജ്യങ്ങളുടെ മേൽ, ഒരു ഭാഷക്കാർ മറ്റു ഭാഷക്കാരുടെ മേൽ, ഒരു മതവിഭാഗം മറ്റു മതവിഭാഗങ്ങളുടെ മേൽ, ഒരു സംഘടന മറ്റുസംഘടനക്കാരുടെ മേൽ, ഒരു ഗോത്രം മറ്റു ഗോത്രങ്ങളുടെമേൽ തങ്ങളുടെ ആശയം അടിച്ചേൽപ്പിക്കാനും അവരുടെമേൽ മേൽക്കോയ്മ നേടാനുമുള്ള എല്ലാവിധ പ്രലോഭനങ്ങളിലും കുതന്ത്രങ്ങളിലും ഏർപ്പെടുകയും അത് പരസ്പരമുള്ള സംഘർഷങ്ങളിലേക്കും ഛിദ്രതകളിലേക്കും എത്തുകയും ചെയ്യുന്നു.

ക്രമേണ അത് വ്യാപിക്കുകയും ആർക്കും നിയന്ത്രിക്കാൻ കഴിയാത്തവിധം മനുഷ്യർ ഒരു തരം നിസ്സഹായാവസ്ഥയിൽ അകപ്പെടുകയും ചെയ്യും. സുശക്തമായ ഭരണകൂടങ്ങൾക്കു വരെ ഒന്നും ചെയ്യാൻ കഴിയാത്ത ഈ അവസ്ഥയിൽ ഭൂമിയിൽ കൃഷികളും വിളവുകളും നശിപ്പിക്കലും രക്തം ചിന്തലും വർദ്ധിക്കുന്നതാണ്. *അവസാനകാലത്ത് തന്റേടമില്ലാത്ത സ്ത്രീകൾ ഭരണാധികാരികളായി വരുമെന്ന്* പ്രവാചകനിലൂടെ നാഥൻ പഠിപ്പിച്ചത് ഇവിടെ സ്മരണീയമാണ്. ഭൂമിക്ക് ആണികളെന്നോണം സ്ഥാപിച്ചിട്ടുള്ള പർവ്വതങ്ങൾ അവയുടെ സ്ഥാനത്തുനിന്നെടുത്ത് ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ -വയലുകളും കുളങ്ങളുമെല്ലാം നികത്തി- മനുഷ്യരുടെ കരങ്ങളാൽതന്നെ മാറ്റി സ്ഥാപിക്കുന്നതുമാണ്. അങ്ങനെ പ്രപഞ്ചത്തിന്റെ സന്തുലനം മനുഷ്യരുടെ കരങ്ങളാൽ തന്നെ നശിപ്പിക്കപ്പെടുകയും വരൾച്ച, വെള്ളപ്പൊക്കം, പ്രകൃതിദുരന്തങ്ങൾ, ഭക്ഷ്യക്ഷാമം, രോഗങ്ങൾ എന്നിവയെല്ലാം വർദ്ധിക്കുകയും ചെയ്യുന്നതോടെ ആ നിസ്സഹായാവസ്ഥ അതിന്റെ പാരമ്യത്തിലെത്തുന്നതാണ്. അപ്പോഴാണ് ലോകാവസാനത്തിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിലൊന്നായ *മസീഹുദ്ദജ്ജാൽ* (അന്തിക്രിസ്തു) പ്രത്യക്ഷപ്പെടുക. ഇജാസ് ഒഴികെ മറ്റെല്ലാ സ്ഥലങ്ങളിലും ചുറ്റിക്കറങ്ങുന്ന അവൻ ഫുജ്ജാറുകളുടെ ആഗ്രഹങ്ങൾ സഫലമാക്കുന്നതാണ്. ഈസാ രണ്ടാമത് വന്നാൽ മസീഹുദ്ദജ്ജാലിനെ വധിക്കുന്നതും അതോടുകൂടി പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനവിഭാഗങ്ങൾ ഇസ്ലാം അംഗീകരിക്കുന്നതും 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവരായ ഫുജ്ജാറുകളെ തുടച്ചുമാറ്റിക്കൊണ്ട് 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കുന്നതുമാണ്. 17: 95 ൽ വിവരിച്ച പ്രകാരം ഈസാ ഏഴ് വർഷക്കാലം ഭൂമിയിൽ സ്വർഗതുല്യമായ ഭരണം നടത്തുന്നതാണ്.

സ്വൂർ എന്ന കാഹളം 3 തവണ മുഴങ്ങുന്നതാണ്. ഒന്നാമത് കാഹളം മുഴങ്ങുമ്പോൾ 39: 68 ൽ പറഞ്ഞ പ്രകാരം നാഥൻ ഉദ്ദേശിച്ചവരൊഴികെ എല്ലാവരും മരിച്ചുവീഴുന്നതും, രണ്ടാമത് കാഹളം മുഴങ്ങുന്നതോടുകൂടി 39: 68 ൽ പറഞ്ഞ പ്രകാരം എല്ലാവരും പുനർജനിപ്പിക്കപ്പെടുന്നതും, മൂന്നാമത് മുഴങ്ങുന്നതോടുകൂടി 36: 53 ൽ പറഞ്ഞ പ്രകാരം എല്ലാവരും വിചാരണക്ക് വേണ്ടി ഒരുമിച്ച് കൂട്ടപ്പെടുന്നതുമാണ്. 4: 158-159; 6: 158; 16: 61 വിശദീകരണം നോക്കുക.

100. അന്നേദിനം കാഫിറുകൾക്ക് നരകക്കുണ്ഠം നാം ഒരു പ്രദർശിപ്പിക്കൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നതാണ്.

101. ഐഹികലോകത്ത് ദിക്റീയെത്തൊട്ട് കണ്ണുകളിന്മേൽ ഒരു മൂടിയുണ്ടായിരുന്നവരും അത് കേൾക്കാൻ കഴിയാത്തവരുമായിരുന്നു അവർ.

18: 101; 20: 14, 42, 124; 23: 110; 38: 8 എന്നീ 6 സൂക്തങ്ങളിൽ പറഞ്ഞ 'ദിക്റീ' അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. 'കണ്ണുകളിന്മേൽ ഒരു മൂടിയുണ്ടായിരുന്നവർ' എന്നതുകൊണ്ടുദ്ദേശിക്കുന്നത് കാഴ്ച ഉണ്ടായിട്ടും അദ്ദിക്ർ വായിച്ചുമനസ്സിലാക്കാൻ തയ്യാറാകാത്തർ എന്നും, 'കേൾക്കാൻ കഴിയാത്തവർ' എന്നതുകൊണ്ടുദ്ദേശിക്കുന്നത് കേൾവി ഉണ്ടായിട്ടും അദ്ദിക്ർ കേട്ട് മനസ്സിലാക്കാൻ തയ്യാറാകാത്തവർ എന്നുമാണ്. *'ദിക്റീ'* എന്നതിന് 'എന്റെ സ്മരണ' എന്നും അർത്ഥമുണ്ട്. പക്ഷേ സ്മരിക്കുന്നത് കണ്ണുകൊണ്ടല്ല എന്നതിനാൽ *'ദിക്റീ'* കൊണ്ടുള്ള വിവക്ഷ അദ്ദിക്ർ മാത്രമാണ്. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത് അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ തന്നെയാണ് ആത്മാവിനെ പരിഗണിക്കാത്തവരും ലക്ഷ്യബോധം

നഷ്ടപ്പെട്ടവരും പ്രജ്ഞയറ്റവരുമെല്ലാം. അവർ തന്നെയാണ് 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളും. 2: 254; 7: 40, 179; 8: 22 വിശദീകരണം നോക്കുക.

102.അപ്പോൾ ഇത്തരം കാഫിറുകളായവർ കണക്കുകൂട്ടുന്നുവോ, എന്നെക്കൂടാതെ എന്റെ അടിമകളെ സംരക്ഷകരും സഹായികളുമായി തെരഞ്ഞെടുക്കാമെന്ന്? നിശ്ചയം ഇത്തരം കാഫിറുകൾക്ക് നാം നരകകുണ്ഠം വിരുന്നായി ഒരുക്കി വെച്ചിട്ടുണ്ട്.

48: 6 ൽ വിവരിച്ച പ്രകാരം മക്കാവിജയം ഉണ്ടായതും ഇനി വിശ്വാസികൾക്ക് ഉണ്ടാകാൻ പോകുന്ന ലോകവിജയവും അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും വിധേയരായ, അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തിക്കൊണ്ടിരിക്കുന്ന, ഏറ്റവും ദുഷിച്ച പരിണിതിയുള്ള, ഏറ്റവും മോശപ്പെട്ട മടക്കസ്ഥലമായ നരകക്കുണ്ഠം ഒരുക്കി വെക്കപ്പെട്ടിട്ടുള്ള കപടവിശ്വാസികളായ പുരുഷന്മാരെയും കപടവിശ്വാസികളായ സ്ത്രീകളെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്ക് ചേർക്കുന്ന പുരുഷന്മാരെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്ക് ചേർക്കുന്ന സ്ത്രീകളെയും ശിക്ഷിക്കുന്നതിന് വേണ്ടിയാണ്. അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ നിന്നുള്ള ഓരോവിഭാഗവും 15: 44 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിന്റെ 7 വാതിലുകളിൽ ഒന്നിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണ്. 2: 165–167; 9: 67–68, 95; 14: 28–30 വിശദീകരണം നോക്കുക.

103. നീ ചോദിക്കുക: പ്രവൃത്തികൾ നഷ്ടപ്പെടുന്നവർ ആരാണെന്ന് നാം നിങ്ങൾക്ക് വിവരം പറഞ്ഞ് തരട്ടെയോ?

ഇവിടെ പ്രവാചകനോടാണ് ചോദിക്കാൻ പറഞ്ഞതെങ്കിലും അല്ലാഹുവിന് വേണ്ടിയാണ് പ്രവാചകൻ ചോദിക്കുന്നത് എന്നതുകൊണ്ടാണ് 'നാം' എന്ന് പറഞ്ഞത്. 27: 82 ൽ, അന്ത്യനാളിന്റെ പ്രധാനപ്പെട്ട അടയാളങ്ങളിൽ ഒന്നായ ഭൂമിയിൽ നിന്നുള്ള മൃഗം *(ദാബ്ബത്തുൽ അർള്)* വന്ന് സംസാരിക്കുന്നത് 'മനുഷ്യർ നമ്മുടെ സൂക്തങ്ങൾ കൊണ്ട് ദൃഢബോധ്യം ഉള്ളവരായിരുന്നില്ല' എന്നാണ്. എന്നല്ലാതെ അല്ലാഹുവിന്റെ സൂക്തങ്ങൾ കൊണ്ട് എന്നല്ല. അഥവാ മൃഗം സംസാരിക്കുന്നത് അല്ലാഹുവിന് വേണ്ടിയാണ്. 6: 158; 18: 80 വിശദീകരണം നോക്കുക.

104.അവരുടെ ഇഹത്തിലെ പ്രയത്നങ്ങൾ ലക്ഷ്യം പിഴച്ചിരിക്കുന്നു, എന്നാൽ നിശ്ചയം അവർ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത് ഏറ്റവും നല്ലതാണെന്ന് അവർ കണക്കുകൂട്ടുകയും ചെയ്യുന്നു.

ലക്ഷ്യം പിഴച്ച് പാഴായിപ്പോകുന്ന പ്രവർത്തനങ്ങൾക്ക് ഉദാഹരണം:- 1). **ആശയം അറിയാതെ അറബി ഖുർആൻ പാരായണം ചെയ്യുക:-** പ്രവാചകൻ പഠിപ്പിച്ചു: *നിങ്ങൾ ഗ്രന്ഥം വായിക്കുക, നിങ്ങളുടെ ഹൃദയവും വായനയും ബന്ധപ്പെടുമ്പോൾ, ഹൃദയവും വായനയും ഭിന്നിച്ചാൽ വായന നിർത്തി എഴുന്നേറ്റുപോവുക.* ആശയം അറിയാതെ ഗ്രന്ഥം വായിച്ചിട്ട് പുണ്യമില്ലെന്ന് മാത്രമല്ല, ആ സമയം തെറ്റായി ചെലവഴിച്ചതിന് ശിക്ഷിക്കപ്പെടുക യും ചെയ്യും. *ആശയമറിയാതെ ഗ്രന്ഥം വായിക്കുകവഴി വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ അവർ ദീനിൽ നിന്ന് തെറിച്ചു പോകുമെന്നും, മനുഷ്യരിൽ വെച്ച് ഏറ്റവും ദുഷ്ടൻ* ആശയം അറിയാതെ *ഗ്രന്ഥത്തിന്റെ ശരീരം തിന്നുന്ന ഫാജിറാണെന്നും* പ്രവാചകൻ പഠിപ്പിച്ചിരിക്കുന്നു. അല്ലാഹുവിൽ നിന്ന് തടയാൻവേണ്ടി ഗ്രന്ഥത്തിന്റെ ശരീരമായ അറബി ടെക്സ്റ്റിൽ നിന്നല്ല, അതിന്റെ ആശയത്തിൽ നിന്നാണ്

പിശാച് തടയുക. 16: 98-99; 18: 100-101 വിശദീകരണം നോക്കുക.

2). **ആത്മാവ് പങ്കെടുക്കാതെ കർമ്മങ്ങൾ ചെയ്യുക:-** 'അല്ലാഹ്' എന്ന സ്മരണയില്ലാത്ത അവസ്ഥയിലുള്ള നമസ്കാരം, സക്കാത്ത്, നോമ്പ്, ഹജ്ജ് തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം പിശാചിനുള്ളതും അവയെല്ലാം തിന്മയുമാണ്. 2: 186; 4: 43; 9: 53-55 വിശദീകരണം നോക്കുക.

3). **സ്ത്രീധനം, ആഭരണം തുടങ്ങിയ അനിസ്ലാമികമായ ആചാരങ്ങൾ നിലനിർത്തുന്നതിനുവേണ്ടി സഹായം ചെയ്യുക:-** പുരുഷന്റെ ബാധ്യതയാണ് സ്ത്രീക്ക് വിവാഹമൂല്യം, ഭക്ഷണം, വസ്ത്രം തുടങ്ങിയവ നൽകൽ. അതുകൊണ്ട് സാമ്പത്തികമായി കഴിവില്ലാത്ത പുരുഷൻമാർക്ക് വിവാഹത്തിന് പണം നൽകി സഹായിക്കൽ ഇസ്ലാമികമാണ്, മറിച്ച് വധുവിന് സ്ത്രീധനം നൽകാൻ സഹായിക്കുന്ന രീതി ഇസ്ലാമിന് വിരുദ്ധമാണ്. 4: 34 വിശദീകരണം നോക്കുക.

4). **പള്ളി, മദ്രസ, യത്തീംഖാന എന്നിവ സ്ഥാപിക്കലും പരിപാലിക്കലും:-** ഇന്ന് പള്ളികളും മദ്രസകളുമെല്ലാം വിവിധ സംഘടനകളുടെ കീഴിലുള്ളതും ഗ്രന്ഥത്തിന്റെ ആശയമായ സന്മാർഗത്തിൽ നിന്ന് വ്യതിചലിച്ചവയായതിനാലും അവയുടെ നിർമ്മാണത്തിനും പരിപാലനത്തിനും പണം ചെലവഴിക്കുന്നത് ഗ്രന്ഥത്തിന്റെ ആശയത്തെ തടയുന്നതിന് വേണ്ടി പണം ചെലവഴിക്കുന്നതിന് തുല്യമാണ്. 9: 17-18, 106-108 വിശദീകരണം നോക്കുക. അപ്പോൾ ഇന്ന് 'നിലനിൽക്കുന്ന ദാന'ത്തിൽ ഉൾപ്പെടുക അദ്ദിക്ർ പഠിക്കാനും പ്രചരിപ്പിക്കാനും ചെലവഴിക്കൽ മാത്രമാണ്. ചൂണ്ടുവിരലും നടുവിരലും ഉയർത്തിക്കാണിച്ച് *ഞാനും അനാഥയെ സംരക്ഷിക്കുന്നവനും സ്വർഗത്തിൽ ഇങ്ങനെ അടുത്തായിരിക്കും* എന്ന് പ്രവാചകൻ പഠിപ്പിച്ചതിനെ മറയാക്കിക്കൊണ്ട് മാതാവിന്റെ സംരക്ഷണം കൂടി അകറ്റി അനാഥകളെ കൂടുതൽ അനാഥമാക്കുന്ന *യത്തീംഖാനകൾ* സ്ഥാപിക്കലും പരിപാലിക്കലും പ്രവാചകനെ കളവാക്കുന്നതും പാഴായിപ്പോകുന്നതുമാണ്. മാത്രമല്ല, അവിടെ നിന്ന് സ്വവർഗസംഭോഗം പോലെയുള്ള തിൻമകൾക്ക് കുട്ടികൾ വിധേയമാക്കപ്പെടുന്നതിന്റെയും പിന്നീട് മുതിർന്ന് കഴിഞ്ഞാൽ അവരിൽനിന്ന് അതുപോലെയുള്ള തിൻമകൾ സമൂഹത്തിൽ പടർന്നുപിടിക്കുന്നതിന്റെയും പാപഭാരം കൂടി അവർ വഹിക്കേണ്ടി വരികയും ചെയ്യും. 4: 3, 10; 89: 17; 107: 2 വിശദീകരണം നോക്കുക.

5) **നേർച്ചവഴിപാടുകൾ, ശകുനം, രാശി, മന്ത്രം, മാരണം, ഇടതേട്ടം, ജാറം സന്ദർശനം മുതലായവ:-** പുണ്യം കിട്ടുമെന്ന് ധരിച്ച് മഹാത്മാക്കളായ പുണ്യാത്മാക്കളുടെ പേരിൽ ഭക്ഷണസാധനങ്ങളും മറ്റും നീക്കിവെക്കുന്നതും, *ജിന്ന്-ശൈത്താന്മാരി*ലുള്ള വിശ്വാസം നിലനിർത്തുന്നതിന്റെ ഭാഗമായി കൊണ്ടുനടക്കുന്ന ശകുനം, രാശി, മന്ത്രം, മാരണം മുതലായവയും, ഭൗതികജീവിതലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനുവേണ്ടി ജാറങ്ങളിൽ പോകുന്നതും, ശുപാർശകരാരും ഇല്ലാത്ത അല്ലാഹുവിന് ശുപാർശകരേയും ഇടയാളന്മാരേയും സങ്കൽപ്പിച്ച് ഇടതേടുന്നതുമെല്ലാം അദ്ദിക്റിന് വിരുദ്ധമായതിനാൽ പാഴായിപ്പോകുമെന്ന് മാത്രമല്ല ശിക്ഷക്ക് കാരണമാകുന്നതുകൂടിയാണ്. 2: 102, 6: 145 വിശദീകരണം നോക്കുക.

6) **ഹൃദയങ്ങളുടെ അവസ്ഥ അറിയുന്നവനല്ല അല്ലാഹു എന്ന നയത്തിലുള്ള എല്ലാ പ്രവർത്തനങ്ങളും:-** അദ്ദിക്ർ പിൻപറ്റാതെ മരിച്ചുപോയവർക്കുവേണ്ടി 9: 84, 113 സൂക്തങ്ങളുടെ കൽപനകൾക്ക് വിരുദ്ധമായി *മയ്യിത്ത്* നമസ്കരിക്കുക, പൊറുക്കലിനെത്തേടുക, 36: 70 ന്റെ കൽപനക്ക് വിരുദ്ധമായി മരിച്ചവർക്ക് ഖുർആൻ പാരായണം ചെയ്തുകേൾപ്പി

ക്കുക, *ഖബറിങ്കൽ* പോയി ഖുർആൻ പാരായണം ചെയ്യുകയോ പാരായണം ചെയ്തു കേൾപ്പിക്കാൻ പണം ചെലവഴിക്കുകയോ ചെയ്യുക, 9: 34 ന് വിരുദ്ധമായി പണ്ഡിത-പുരോഹിതൻമാരെക്കൊണ്ട് പ്രാർത്ഥിപ്പിച്ച് അവരെ തീറ്റിപ്പോറ്റുക, മരിച്ചുപോയവരുടെ ചരമദിനം, നാൽപതാം ദിവസം, ചരമവാർഷികം എന്നിവ കൊണ്ടാടുക മുതലായ പ്രവർത്തനങ്ങളെല്ലാം നഷ്ടപ്പെടുന്നവയാണ്. മറിച്ച് ഗ്രന്ഥത്തിന്റെ ആശയം മനസ്സിലാക്കി നന്മയും തിന്മയും തിരിച്ചറിഞ്ഞ് നന്മ പ്രവർത്തിക്കുമ്പോൾ മരിച്ചുപോയവരെ ഹൃദയത്തിൽ സ്മരിക്കുകയാണ് വിശ്വാസികൾ ചെയ്യുക. ഹൃദയങ്ങളുടെ അവസ്ഥയറിയുന്ന അല്ലാഹു അതിന്റെ പ്രതിഫലം മരിച്ചവർക്ക് എത്തിച്ചുകൊടുക്കുന്നതാണ്. അദ്ദിക്റിന്റെ തണലിൽ ഇവിടെ ഒരുമിച്ചവർ മാത്രമേ സ്വർഗ്ഗത്തിൽ ഒരുമിക്കുകയുള്ളൂ. 2: 134; 13: 20-25; 60: 13 വിശദീകരണം നോക്കുക.

പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചു: *ഒരാൾ മരണപ്പെട്ടാൽ ഉപകാരപ്രദമായ അറിവ് (ഗ്രന്ഥത്തിന്റെ ആശയം), നിലനിൽക്കുന്ന ദാനം (ജാരിയായ സദഖ), അവനുവേണ്ടി പ്രാർത്ഥിക്കുന്ന സച്ചരിതനായ സന്താനങ്ങൾ എന്നീ മൂന്ന് കാര്യങ്ങളല്ലാതെ അവന് ഉപകാരപ്പെടുകയില്ല.* വിശ്വാസിയായ ഒരാൾക്ക് മാത്രമേ ഇതെല്ലാം ഉപകാരപ്പെടുകയുള്ളൂവെന്നത് പ്രത്യേകം ശ്രദ്ധിക്കുക. ജീവിച്ചിരുന്ന കാലത്ത് മക്കൾക്ക് സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റ് കൊടുക്കുകയും പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താൻ ആവശ്യമായ ത്രാസ്സും അമാനത്തുമായ അദ്ദിക്ർ മൊത്തം മനുഷ്യർക്ക് എത്തിച്ചുകൊടുക്കുകയും അങ്ങനെ അല്ലാഹുവിനേയും ഗ്രന്ഥത്തെയും പ്രവാചകനെയും ജീവിപ്പിച്ചിരുന്നവനുമായ പരിശുദ്ധാത്മാവ് മാത്രമേ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളൂ. 2: 261; 4: 85; 36: 12 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവന്റെ മരണശേഷം മക്കളിലൂടെയും അവന്റെ പൈതൃകങ്ങളിലൂടെയും ഗ്രന്ഥം ജീവിക്കും. അതിന്റെ പ്രതിഫലങ്ങൾ അവന് മരണശേഷം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും. 7: 37 ൽ പറഞ്ഞ പ്രകാരം ആത്മാവിനെതിരെ ഞാൻ കാഫിറായിരുന്നു എന്ന് സാക്ഷ്യം വഹിച്ച് മരിച്ചുപോകുന്നവർക്ക്, അവർ പിൻഗാമികൾക്ക് വിട്ടേച്ചുപോകുന്ന തിന്മകളുടെ പാപഭാരവും ലഭിച്ചുകൊണ്ടിരിക്കുന്നതാണ്. അതാണ് സൂക്തത്തിൽ 'അവർ പ്രവർത്തിക്കുന്നത്' എന്നുപറയാതെ 'ഉത്പാദിപ്പിക്കുന്നത്' എന്നുപറഞ്ഞത്. 16: 25; 29: 12-13; 46: 15 വിശദീകരണം നോക്കുക.

അല്ലാഹുവിനുള്ള ഇബാദത്ത്/പിശാചിനുള്ള ഇബാദത്ത്:

ഗ്രന്ഥത്തിന്റെ മൊത്തം ആശയത്തിൽ അടിമയും ഉടമയുമായുള്ള ബന്ധം മനസ്സിലാക്കി ജീവിതത്തിലുടനീളം സ്രഷ്ടാവിനെ സ്മരിച്ചുകൊണ്ട് നിലകൊണ്ടാൽ അത് അല്ലാഹുവിനുള്ള *ഇബാദത്ത*ായി. അല്ലാഹുവിനെ വിസ്മരിച്ചുകൊണ്ടുള്ള ജീവിതം പിശാചിനുള്ള *ഇബാദത്ത*ുമായി. അപ്പോൾ നിങ്ങൾ എന്നെ സ്മരിക്കുവീൻ, ഞാൻ നിങ്ങളെയും സ്മരിക്കുന്നതാണ്, നിങ്ങൾ എനിക്ക് നന്ദി പ്രകടിപ്പിക്കുക, നിങ്ങൾ എന്നെ നിഷേധിക്കാതിരിക്കുകയും ചെയ്യുക എന്ന് 2: 152 ലും, നാവുകൊണ്ട് 'അല്ലാഹ്' എന്ന് ഉച്ചരിക്കാതെ അത്യന്തം താഴ്മയോടും ഭയത്തോടും കൂടി ഹൃദയംകൊണ്ട് നിന്റെ നാഥനെ സ്മരിക്കുക എന്ന് 7: 205 ലും പറഞ്ഞിട്ടുണ്ട്. 53: 39-40 സൂക്തങ്ങളിൽ മനുഷ്യന് അവൻ ഉദ്ദേശിച്ച് പ്രവർത്തിച്ച തല്ലാതെ ഉണ്ടാവുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന ഫുജ്ജാറുകൾ ആത്മാവിനും പരലോകത്തിനും പ്രാധാന്യം കൊടുക്കാതെ ദേഹേച്ഛക്കും ഐഹികലോകത്തിനും പ്രാധാന്യം കൊടുക്കുന്നവരാണ്. ലക്ഷ്യം പിഴച്ച അവരുടെ പ്രവർത്തനങ്ങൾ ഏറ്റവും നല്ലതാണെന്ന് അവർ കണക്കുകൂട്ടു

ന്നതും, നല്ലതാണ് നല്ലതാണ് എന്ന് തോന്നിപ്പിച്ച് പിശാച് അവരെ പ്രോൽസാഹിപ്പിക്കുന്നതുമാണ്. 2: 186; 9: 53–55 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ലക്ഷ്യബോധമില്ലാത്തവരും പ്രജ്ഞയറ്റവരുമായി ഇവിടെ ജീവിച്ചതുകാരണം അവരുടെ പ്രവർത്തനങ്ങളെല്ലാം പാഴായിപ്പോകുന്നതും അവർക്ക് പിഴയായി നരകക്കുണ്ഠം ലഭിക്കുന്നതുമാണ്. 2: 12–14; 17: 19; 36: 59–62 വിശദീകരണം നോക്കുക.

105.അക്കൂട്ടരാണ് തങ്ങളുടെ ഉടമയുടെ സൂക്തങ്ങളെയും അവനെ കണ്ടുമുട്ടുന്നതിനേയും നിഷേധിച്ചവരായവർ; അപ്പോൾ അവരുടെ പ്രവർത്തനങ്ങൾ നിഷ്ഫലമായി, അതിനാൽ വിധിദിവസം നാം അവരുടെ പ്രവർത്തനങ്ങൾക്ക് യാതൊരു തൂക്കവും നൽകുന്നതല്ല.

വിധിദിവസം തൂക്കം സത്യമായ അദ്ദിക്റിനും അതനുസരിച്ചുള്ള പ്രയത്നങ്ങൾക്കുമാണ്, അതുകൊണ്ട് ആരാണോ തന്റെ തൂക്കം വർദ്ധിപ്പിച്ചത്, അക്കൂട്ടർ തന്നെയാണ് വിജയം വരിക്കുന്നവർ. ആരാണോ തന്റെ തൂക്കം ലഘൂകരിച്ചത്, അക്കൂട്ടർ തന്നെയാണ് തങ്ങളെ സ്വയം നഷ്ടപ്പെടുത്തിയവർ, എന്തുകൊണ്ടെന്നാൽ അവർ ഐഹികലോകത്ത് നമ്മുടെ സൂക്തങ്ങളോട് അന്ധത കൈക്കൊണ്ടിരുന്നവരായിരുന്നു എന്ന് 7: 8–9 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 23: 102–103 സൂക്തങ്ങളിൽ, ആരാണോ തന്റെ ഭാരം വർദ്ധിപ്പിച്ചത്, അക്കൂട്ടർ തന്നെയാണ് വിജയം വരിക്കുക; ആരാണോ തന്റെ ഭാരം ലഘൂകരിച്ചത്, അക്കൂട്ടർ തന്നെയാണ് തങ്ങളെ സ്വയം നഷ്ടപ്പെടുത്തിയവരും നരകത്തിൽ ശാശ്വതരുമെന്ന് പറഞ്ഞിട്ടുണ്ട്. 101: 6–7 സൂക്തങ്ങളിൽ, അപ്പോൾ ആരാണോ തന്റെ ഭാരം വർദ്ധിപ്പിച്ചത്, അവൻ സൗഭാഗ്യത്തിലും സംതൃപ്തിയിലുമായിരിക്കുമെന്നും; 101: 8–9 സൂക്തങ്ങളിൽ, ആരാണോ തന്റെ ഭാരം ലഘൂകരിച്ചത്, അവൻ '*ഹാവിയ*'യിൽ -കത്തിയാളുന്ന നരകത്തിൽ- ആപതിക്കുന്നതുമാണെന്നും പറഞ്ഞിട്ടുണ്ട്. ഇഹലോകത്ത് വെച്ചുതന്നെ എല്ലാകാര്യങ്ങളും ത്രാസ്സായ അദ്ദിക്ർ കൊണ്ട് തൂക്കിനോക്കി അല്ലാഹുവിന്റെ അടുക്കൽ സ്വീകരിക്കപ്പെടുമെന്ന് ഉറപ്പ് വരുത്തുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. അദ്ദിക്ർ അറിഞ്ഞിട്ട് അതിനെ മൂടിവെച്ച് മറ്റൊരു ജീവിതമാർഗത്തിലേക്ക് ജനങ്ങളെ നയിക്കുന്ന കപടവിശ്വാസികൾ വിചാരണയില്ലാതെ നരകത്തിൽ പോകുന്നതാണെന്ന് 4: 145 ലും; അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ പിൻപറ്റാൻ ശ്രമിക്കാതെ, കപടവിശ്വാസികളെ പിൻപറ്റുന്ന അനുയായികൾ വിചാരണ കഴിഞ്ഞതിന് ശേഷം കൂട്ടം കൂട്ടമായി നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുന്നതാണെന്ന് 39: 71 ലും പറഞ്ഞിട്ടുണ്ട്.

അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധികൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 17: 13–14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നിഷ്പക്ഷവാനായ നാഥൻ ആരെയും നരകത്തിലേക്കോ സ്വർഗത്തിലേക്കോ ആക്കുന്നില്ല. അവർ കണ്ട, കേട്ട, തൊട്ട ഗ്രന്ഥം അവർക്കെതിരെ വാദിക്കുകയും സാക്ഷി നിൽക്കുകയും ചെയ്ത് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. ഫുജ്ജാറുകൾ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും ശപിക്കുകയും പഴിക്കുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 113; 10: 7–8, 108–109, 25: 23 വിശദീകരണം നോക്കുക.

106.അതാകുന്നു അവർക്കുള്ള പ്രതിഫലം -നരകഗർത്തം! അവർ എന്റെ സൂക്തങ്ങളെയും എന്റെ പ്രവാചകൻമാരെയും മൂടിവെച്ചിരുന്നതുകൊണ്ടും പരിഹാസമാ

യി തെരഞ്ഞെടുത്തിരുന്നതുകൊണ്ടും.

ഇന്ന് പ്രവാചകന്മാരെ പ്രത്യക്ഷത്തിൽ ആരും പരിഹസിക്കുന്നില്ല, പകരം അവരുടെ പേര് കേട്ടാൽ വാഴ്ത്തുകയും അവർക്കുവേണ്ടി കപടപ്രാർത്ഥന നടത്തുകയുമാണ് ചെയ്യുന്നത്. പ്രവാചകന്മാരുടെ പേരുവെച്ച് ജനമധ്യത്തിൽ അവരെ കളവാക്കുന്നവിധം ജീവിതം നയിച്ച് അവരെ കൊല്ലാതെ കൊല്ലുകവഴിയാണ് ഇന്ന് അവർ പരിഹസിക്കപ്പെടുന്നത്. ഇന്ന് അല്ലാഹുവും പ്രവാചകന്മാരുമുള്ളത് അദ്ദിക്റിലാണ്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാണെന്ന് ഉറപ്പുവരുത്താത്തത് കാരണം എല്ലാ ഫുജ്ജാറുകളും അല്ലാഹുവിനെയും അവന്റെ സൂക്തങ്ങളെയും പ്രവാചകന്മാരെയും പരിഹസിക്കുന്നവരാണ്. 'അല്ലാഹുവിനെക്കൊണ്ടും അവന്റെ സൂക്തങ്ങളെക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്' എന്ന് കപടവിശ്വാസികളോട് ചോദിച്ചുകൊണ്ടാണ് 9: 65 അവസാനിക്കുന്നത്. 3: 21–22; 11: 8; 18: 56–57; 98: 6 വിശദീകരണം നോക്കുക.

107.നിശ്ചയം വിശ്വാസികളായവരും സൽകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരുമായവർക്ക് ഫിർദൗസ് എന്ന സ്വർഗ്ഗപ്പൂന്തോപ്പുകൾ വിരുന്നായി ലഭിക്കുന്നതാണ്.

108. അവർ അതിൽ നിത്യവാസികളായിരിക്കും, അവിടെനിന്ന് മാറിപ്പോകാൻ അവർ അൽപം പോലും ആഗ്രഹിക്കുകയില്ല.

23: 1–9 സൂക്തങ്ങളിൽ, നമസ്കാരത്തിൽ ഭയഭക്തിയുള്ളവരും വ്യർത്ഥമായ സംസാരങ്ങളും കളികളും തമാശകളും അവഗണിക്കുന്നവരും സംസ്കരണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നവരും തങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ ഇണകളിലോ സംരക്ഷണാധികാരത്തിലുള്ള സ്ത്രീകളിലോ ഒഴികെ സൂക്ഷിക്കുന്നവരും (വ്യഭിചരിക്കാത്തവരും) തങ്ങളുടെ *അമാനത്തു*കളും ഉടമ്പടികളും മുറുകെപ്പിടിക്കുന്നവരും പ്രാർത്ഥന മുറപ്രകാരം നിലനിർത്തുന്നവരുമായ വിശ്വാസികൾ നിശ്ചയം വിജയിച്ചിരിക്കുന്നു എന്ന് പറഞ്ഞതിന് ശേഷം 23: 10–11 സൂക്തങ്ങളിൽ, അക്കൂട്ടരാണ് *ഫിർദൗസ്* അനന്തരാവകാശമെടുക്കുന്നവർ, അവരതിൽ നിത്യവാസികളുമായിരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. സ്വർഗ്ഗം ചോദിക്കുമ്പോൾ *ഫിർദൗസ്* തന്നെ ചോദിക്കാനാണ് നാഥൻ പ്രവാചകനിലൂടെ വിശ്വാസികളോട് കൽപിച്ചിട്ടുള്ളത്. അത് സ്വർഗത്തിലെ ഏറ്റവും ഉന്നതിയിലും കേന്ദ്രത്തിലുമുള്ള പറുദീസയാണ്. അവിടെ നിന്നാണ് സ്വർഗത്തിലെ തേൻ, പാൽ, മദ്യം തുടങ്ങിയവയുടെ നദികളെല്ലാം ആരംഭിക്കുന്നത്, അല്ലാഹുവിന്റെ സിംഹാസനമുള്ളതും അവിടെയാണ്. അതിൽ പ്രവേശിച്ചവർ സ്വർഗ്ഗത്തിലെ മറ്റ് സ്ഥലങ്ങളിലേക്കൊന്നും നീങ്ങാൻ ആഗ്രഹിക്കാത്ത വിധത്തിൽ അനുഭൂതികൾ നിറഞ്ഞതുമാണ്. 32: 19 ൽ, അപ്പോൾ വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് *'ജന്നത്തുൽ മഅ്വാ'* അഭയകേന്ദ്രമായി ലഭിക്കും, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനുള്ള വിരുന്നായിട്ടാണത് എന്ന് പറഞ്ഞിട്ടുണ്ട്. 53: 13–14 സൂക്തങ്ങളിൽ, നിശ്ചയം മുഹമ്മദ്, *'സിദ്റത്തുൽ മുൻതഹാ'*യിൽ വെച്ച് *ജിബ്രീലി*നെ മറ്റൊരു പ്രാവശ്യം യഥാർത്ഥ രൂപത്തിൽ കണ്ടിട്ടുണ്ട് എന്ന് പറഞ്ഞശേഷം 53: 15 ൽ, അതിനടുത്താണ് *'ജന്നത്തുൽ മഅ്വാ'* യുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ *ജന്നത്തുൽ മഅ്വായും ഫിർദൗസും* ഒന്നുതന്നെയാണ്. അവിടെ വെച്ചാണ് ആകാശാരോഹണ രാത്രിയിൽ പ്രവാചകൻ അല്ലാഹുവിനെ അഭിസംബോധനം ചെയ്തത്. 17: 1 വിശദീകരണം നോക്കുക.

മനുഷ്യരുടെ ഐക്യത്തിനും സമാധാന ജീവിതത്തിനും തടസ്സമുണ്ടാക്കുന്ന തീവ്രവാദം, ഭീകരവാദം, വർഗ്ഗീയത, സാമുദായികത തുടങ്ങി എല്ലാ പൈശാചിക പ്രവണതകളും നി

യന്ത്രിക്കാനുള്ള പരിചയായ അദ്ദിക്ർ ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ മൊത്തം ലോകർക്ക് എത്തിച്ചുകൊടുത്ത് അവരെ സ്വയം തിരിച്ചറിയാൻ പര്യാപ്തമാക്കലാണ് ഇന്ന് ഏറ്റവും വലിയ സൽകർമ്മം. അങ്ങനെയാണ് അദ്ദിക്ർ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സാകുന്നത്. 2: 25; 9: 71-72; 98: 7-8 വിശദീകരണം നോക്കുക.

109.നീ പറയുക: എന്റെ നാഥന്റെ വചനങ്ങൾ എഴുതുന്നതിനുവേണ്ടി സമുദ്രത്തിലെ ജലം മുഴുവൻ മഷിയായി ഉപയോഗിക്കുകയാണെങ്കിൽ അത് തീരുന്നതിനുമുമ്പുതന്നെ സമുദ്രജലം വറ്റിപ്പോകുമായിരുന്നു, മാത്രമല്ല അത്രയും തന്നെ മഷി വേറെയും കൊണ്ടുവന്നാലും അത് മതിയാവുകയില്ല.

31: 27 ൽ, ഭൂമിയിലുള്ള മുഴുവൻ വൃക്ഷങ്ങളും പേനകളായും സമുദ്രവും അതിനോടൊപ്പം ഏഴ് സമുദ്രങ്ങൾ വേറെയും കൊണ്ടുവന്ന് മഷിയായും ഉപയോഗിച്ചാൽ അല്ലാഹുവിന്റെ വചനങ്ങൾ -കലിമാത്ത്- എഴുതിത്തീർക്കാൻ സാധിക്കുകയില്ല, നിശ്ചയം അല്ലാഹു സർവ്വ പ്രതാപിയും യുക്തിജ്ഞാനിയും തന്നെയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഖുർആനിന്റെ ശരീരവും (അറബി ടെക്സ്റ്റ്) അതിന്റെ ജീവനായ അർത്ഥവും എഴുതിയാലും പറഞ്ഞാലും തീരുമെങ്കിലും അതിന്റെ ആത്മാവായ ആശയം അഥവാ റൂഹ് എഴുതിയാലും പറഞ്ഞാലും തീരുകയില്ല എന്നാണ് അല്ലാഹു പറയുന്നത്. 16: 89 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്റിൽ എല്ലാകാര്യവും ഉൾക്കൊള്ളുന്നുണ്ട്. എന്നാൽ അത് ലോകത്ത് പ്രത്യക്ഷപ്പെടുന്നത് ഘട്ടംഘട്ടമായിട്ടാണ്. 41: 53 ൽ, ദിഗന്തങ്ങളിലും അവരിൽ തന്നെയും നമ്മുടെ സൂക്തങ്ങൾ നാം അവർക്ക് കാണിച്ചുകൊടുക്കുകതന്നെ ചെയ്യും, നിശ്ചയം അത് സത്യം തന്നെയാണ് എന്ന് അവർക്ക് വ്യക്തമാകുന്നതുവരെ, നിശ്ചയം നിന്റെ നാഥൻ, അവൻ എല്ലാഓരോ കാര്യത്തിന്റെമേലും ഒരു സാക്ഷിയാണെന്നത് നിനക്ക് പോരെയോ എന്ന് ചോദിച്ചിട്ടുണ്ട്. അറബി ഖുർആൻ അല്ല, അദ്ദിക്റാണ് 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണം. എല്ലാഓരോ കാര്യവും വിശദീകരിക്കുന്ന ത്രികാലജ്ഞാനിയായ നാഥന്റെ വചനങ്ങളാണ് അത്. നിശ്ചയം, അദ്ദിക്ർ ഹൃദയം കൊണ്ട് മനസ്സിലാക്കാൻ നാം വളരെ എളുപ്പമാക്കിയിരിക്കുന്നു, അപ്പോൾ ആരുണ്ട് അതിന് തയ്യാറുള്ളവർ എന്ന് 54-ാം സൂറത്തിൽ നാലുപ്രാവശ്യം ആവർത്തിച്ച് ചോദിക്കുന്നുണ്ട്.

നാം ഈ ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഗ്രന്ഥമായ അദ്ദിക്റിനെ ഒരു പർവ്വതത്തിന്മേലായിരുന്നു അവതരിപ്പിച്ചിരുന്നതെങ്കിൽ അത് അല്ലാഹുവിനെ ഉൾകൊള്ളാൻ കഴിയാത്തതിലുള്ള ഭയത്താൽ പൊട്ടിപ്പിളർന്ന് തരിപ്പണമാകുന്നത് നീ കാണുകതന്നെ ചെയ്യുമായിരുന്നു, ഇത്തരം ഉദാഹരണങ്ങൾ ജനങ്ങൾക്ക് വേണ്ടി നാം വിവരിച്ച് കൊടുക്കുന്നത് അവർ ആലോചിച്ച് പ്രതിഫലിപ്പിക്കുന്നതിന് വേണ്ടിയാണ് എന്ന് 59: 21 ൽ പറഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ ഗ്രഹിക്കാൻ സാധിക്കാത്തതും ഇന്ന് പ്രത്യക്ഷപ്പെട്ടതുമായ ദൃഷ്ടാന്തങ്ങൾക്ക് ചില ഉദാഹരണങ്ങൾ 17: 102 ൽ വിവരിച്ചിട്ടുണ്ട്. 62: 2 ൽ അല്ലാഹുതന്നെയാണ് നിരക്ഷരരായവർക്ക് അവരിൽ നിന്നുള്ള ഒരു പ്രവാചകനെ നിയോഗിച്ചത്, അവരുടെമേൽ അവന്റെ സൂക്തങ്ങൾ വിശദീകരിച്ച് കൊടുക്കുന്നതിനും അവരെ സംസ്കരിക്കുന്നതിനും അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുന്നതിനും വേണ്ടി, അവർ അതിനുമുമ്പ് വ്യക്തമായ വഴികേടിൽ തന്നെയുമായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. എല്ലാ പ്രവാചകന്മാരുടെ കാലത്തും നിരക്ഷരരും ബലഹീനരുമാണ് പ്രവാചകനെയും സന്ദേശത്തെയും സ്വീകരിച്ചിട്ടുള്ളത്. അറിവുള്ളവരാണ് എന്ന് അഹങ്കരിച്ചിരുന്നവർ സത്യം അവർക്ക് വന്നുകിട്ടിയ

പ്പോൾ അതിനെ തള്ളിക്കളയുകയാണ് ചെയ്തിട്ടുള്ളത്. 56: 82 ൽ പറഞ്ഞ പ്രകാരം ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് അവരുടെ ഭക്ഷണമാക്കിയവരാണ്. അപ്പോൾ 62: 3 ൽ പറഞ്ഞ പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട അറബി അറിയാത്ത ഇതര ജനവിഭാഗങ്ങളാണ് അദ്ദിക്ർ സ്വീകരിക്കുക. ഈ ജനത സന്മാർഗമായ അദ്ദിക്റിനെ മൂടിവെക്കുകയാണെങ്കിൽ അതിനെ മൂടിവെക്കാത്ത മറ്റൊരു ജനതയെ അത് ഏൽപിക്കുമെന്ന് 6: 89 ൽ നാഥൻ പറഞ്ഞിട്ടുമുണ്ട്. 3: 58; 7: 146–147; 16: 2 വിശദീകരണം നോക്കുക.

110. നീ പറയുക: നിശ്ചയം കാര്യം, ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു, നിശ്ചയം നിങ്ങളുടെ ഇലാഹ് ഏകൻ മാത്രമാണെന്ന് എന്നിലേക്ക് ദിവ്യസന്ദേശം നൽകപ്പെട്ടിട്ടുണ്ട്, അപ്പോൾ ആരാണോ തന്റെ നാഥനെ കണ്ടുമുട്ടണമെന്ന് പ്രതീക്ഷിക്കുന്നത്, അപ്പോൾ അവൻ സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും തന്റെ നാഥനുള്ള സേവനത്തിൽ ആരെയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ!

41: 6 ൽ അല്ലാഹു പ്രവാചകനോട് പറയാൻ കൽപിക്കുന്നു: നിശ്ചയം, ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു, നിശ്ചയം നിങ്ങളുടെ ഇലാഹ് ഏകനാണെന്ന് എനിക്ക് ദിവ്യസന്ദേശം ലഭിച്ചിട്ടുണ്ട്, അപ്പോൾ നിങ്ങൾ അവനിലേക്കുള്ള മാർഗത്തിൽ നേരെച്ചൊവ്വെ നിലകൊള്ളുകയും അവനോട് പാപമോചനം തേടുകയും ചെയ്യുവീൻ, അവന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർക്ക് നരകത്തിലെ *'വൈൽ'* എന്ന കഠിനമായ ചെരുവാണുള്ളത്. പ്രവാചകൻ നൂഹ് തന്റെ ജനതയോട് പറഞ്ഞത് 11: 28 ൽ ഇങ്ങനെ കാണാം: അവൻ പറഞ്ഞു: എന്റെ ജനമേ, നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഞാൻ എന്റെ നാഥനിൽ നിന്നുള്ള ഒരു തെളിഞ്ഞ സാക്ഷ്യത്തിൻമേലാണ് നിലകൊള്ളുന്നത്, എനിക്ക് അവനിൽ നിന്നുള്ള കാരുണ്യമായ അദ്ദിക്ർ ലഭിക്കുന്നുമുണ്ട്, നിങ്ങൾ അതുകൊള്ളെ അന്ധരാക്കപ്പെട്ടിരിക്കുന്നു, നിങ്ങൾ അത് അംഗീകരിക്കാൻ വെറുപ്പുള്ളവരായിരിക്കെ നാം നിർബന്ധപൂർവ്വം നിങ്ങളെക്കൊണ്ട് അത് അംഗീകരിപ്പിക്കുകയോ?

നിഷേധികളായിട്ടുള്ള ജനത, എക്കാലത്തും അവരെപ്പോലുള്ള മനുഷ്യരെ പ്രവാചകൻമാരായി നിയോഗിച്ചത് കാരണമാണ് പ്രവാചകന്മാരെ സ്വീകരിക്കാതിരുന്നതെന്ന് 17: 93–94 സൂക്തങ്ങളിൽ കാണാം. എന്നാൽ മറ്റുചിലർ പ്രവാചകൻമാരെ ദൈവമോ ദൈവപുത്രനോ ആക്കി ചിത്രീകരിച്ചു. പ്രവാചകന്മാരെയും മലക്കുകളെയും അല്ലാഹുവിന്റെ പുത്രന്മാരായി പരിഗണിച്ച് സേവിക്കുന്നവരെ വിമർശിച്ചുകൊണ്ട് 4: 171–172 സൂക്തങ്ങളിൽ ഇങ്ങനെ പറയുന്നു: ഓ! വേദക്കാരേ, നിങ്ങൾ നിങ്ങളുടെ ദീനിൽ അതിരുകവിയാതിരിക്കുവിൻ, അല്ലാഹുവിന്റെമേൽ സത്യമല്ലാത്തത് പറയാതിരിക്കുകയും ചെയ്യുവിൻ, നിശ്ചയം മർയമിന്റെ പുത്രൻ *ഈസാ മസീഹ്* അല്ലാഹുവിന്റെ പ്രവാചകനും മർയമിലേക്ക് ഇട്ടുകൊടുത്ത അവന്റെ വചനവും അവനിൽ നിന്നുള്ള ഒരു*റൂഹും* മാത്രമാകുന്നു, അപ്പോൾ നിങ്ങൾ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകൻമാരെക്കൊണ്ടും വിശ്വസിക്കുവിൻ, അല്ലാഹു മൂവരും കൂടിയതാണന്ന് നിങ്ങൾ പറയാതിരിക്കുവിൻ, നിങ്ങൾ വിരമിക്കുക, അതാണ് നിങ്ങൾക്ക് ഉത്തമം, നിശ്ചയം അല്ലാഹു ഏകഇലാഹാകുന്നു, പുത്രനുണ്ടാകുന്നതിൽ നിന്ന് അവൻ എത്രയോ പരിശുദ്ധനുമാകുന്നു, ആകാശങ്ങളിലുള്ള എല്ലാ ഒന്നും ഭൂമിയിലുള്ള എല്ലാഒന്നും അവന്നുള്ളതാകുന്നു, അവയുടെ കൈകാര്യകർത്താവായിട്ട് അല്ലാഹുതന്നെ ഏറ്റവും മതിയായവനുമാകുന്നു, മസീഹ് അല്ലാഹുവിന്റെ അടിമയായിരി

ക്കുന്നതിൽ കുറച്ചിൽ വിചാരിക്കുന്നില്ല -അല്ലാഹുവിന്റെ സാമീപ്യസ്ഥരായ മലക്കുകളും, ആരാണോ അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ കുറച്ചിൽ വിചാരിക്കുകയും അഹങ്കരിക്കുകയും ചെയ്യുന്നത്, അപ്പോൾ അവരെ മുഴുവനും അവനിലേക്ക് പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടുന്നതാണ്. 9: 30 ൽ, ഉസൈർ അല്ലാഹുവിന്റെ പുത്രനാണെന്ന് ജൂതന്മാർ പറയുന്നു, മസീഹ് അല്ലാഹുവിന്റെ പുത്രനാണെന്ന് ക്രൈസ്തവർ പറയുന്നു, അതെല്ലാം അവരുടെ വായകൾ ഉതിർക്കുന്ന വെറും വാക്കുകളത്രെ, അവർ തങ്ങൾക്കുമുമ്പ് നിഷേധത്തിൽ അകപ്പെട്ടവരുടെ വാക്കുകൾ അനുകരിച്ച് പറയുകയാകുന്നു, അല്ലാഹു അവരെ വധിച്ചുകളഞ്ഞിരിക്കുന്നു -എങ്ങനെയാണ് അവർ വഴിതെറ്റിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്?

മൊത്തം ലോകം വ്യതിചലിച്ച് നശിപ്പിക്കപ്പെടേണ്ട ഘട്ടമെത്തിയപ്പോഴാണ് അല്ലാഹു അന്ത്യപ്രവാചകനായി മുഹമ്മദിനെ നിയോഗിച്ചത്. കാലക്രമേണ പ്രവാചകന്റെ ജനതയും വ്യതിചലിച്ചു, എത്രത്തോളമെന്നാൽ 'മുഹമ്മദ് നബി പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടതാണ്, നിഴലില്ല, മുഹമ്മദ് നബിയുടെ രക്തം, മൂത്രം തുടങ്ങിയവ പുണ്യം കിട്ടുമെന്ന് കരുതി അനുയായികൾ കുടിച്ചിരുന്നു, സ്ത്രീകൾ നബിയുടെ വിയർപ്പ് സുഗന്ധമായി ശേഖരിച്ച് ഉപയോഗിച്ചിരുന്നു, ഇബ്രാഹിം നബിയെ തീയിലെറിഞ്ഞപ്പോൾ പൊള്ളാതിരുന്നത് മുഹമ്മദ് നബിയുടെ *റൂഹ്* ഉണ്ടായിരുന്നത് കൊണ്ടാണ്'എന്നെല്ലാം കെട്ടിച്ചമച്ച് അവർ മറ്റുജനതകളേക്കാൾ വഴിപിഴച്ചു. അല്ലാഹ് എന്ന് വിളിക്കാൻ അറിഞ്ഞിട്ട് അവന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന ഇത്തരം യഥാർത്ഥ നിഷേധികൾ ചോദിക്കുന്നത്: അപ്പോൾ നബി സാധാരാണ മനുഷ്യനാണോ എന്നാണ്. ഉടമയായ നാഥന് പൂർണ്ണമായി അടിമപ്പെട്ടുകൊണ്ട് ജീവിതം മുഴുവൻ അവന് സമർപ്പിക്കുന്നത് എങ്ങനെയാണെന്ന് പ്രായോഗിക ജീവിതത്തിൽ ജീവിച്ച് കാണിച്ചു തരാൻവേണ്ടി മനുഷ്യരിൽ നിന്ന് അല്ലാഹു നിയോഗിച്ച പ്രവാചകനാണദ്ദേഹം. മറ്റുമനുഷ്യരിൽ നിന്ന് നബിക്കുള്ള പ്രത്യേകത ദിവ്യസന്ദേശം ലഭിക്കുന്നു എന്നതാണ്. 17: 90-93 സൂക്തങ്ങളിലൂടെ, 'ഭൂമിയിൽ നിന്ന് നീ ഞങ്ങൾക്കൊരു ഉറവ് പുറപ്പെടുവിപ്പിക്കുന്നതുവരെ ഞങ്ങൾ ഒരിക്കലും നിന്നിൽ വിശ്വസിക്കുകയില്ല, അല്ലെങ്കിൽ നിനക്ക് ഈത്തപ്പനയാലും മുന്തിരിയാലുമുള്ള ഒരു തോട്ടമുണ്ടാവുകയും അവയ്ക്കിടയിലൂടെ നദികൾ ധാരമുറിയാതെ പൊട്ടിയൊഴുകുകയും ചെയ്യട്ടെ, അതുമല്ലെങ്കിൽ നീ ഭീഷണിപ്പെടുത്തുന്നതുപോലെ ആകാശത്തെ കഷ്ണം കഷ്ണമായി ഞങ്ങളുടെമേൽ വീഴ്ത്തുകയോ അല്ലെങ്കിൽ അല്ലാഹുവിനെയും മലക്കുകളെയും ഞങ്ങളുടെ മുമ്പിൽ നേരിട്ടുകൊണ്ടു വരികയോ ചെയ്യുന്നതുവരെ (ഞങ്ങൾ വിശ്വസിക്കുകയില്ല), അല്ലെങ്കിൽ നിനക്ക് നവരത്നങ്ങളാലുള്ള ഒരു വീടുണ്ടാകുന്നതുവരെ, അതുമല്ലെങ്കിൽ നീ ആകാശത്തിലേക്ക് കയറിപ്പോകുന്നത് ഞങ്ങൾ കാണുന്നതുവരെ, എന്നിട്ട് ഞങ്ങൾക്ക് വായിക്കാവുന്ന ഒരുഗ്രന്ഥം നീ ഇറക്കികൊണ്ടുവരുന്നതുവരെ -നിന്റെ ആകാശാരോഹണത്തിൽ ഞങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ല എന്ന് അക്കാലത്തുള്ള നിഷേധികൾ പറഞ്ഞിരുന്നതിന് മറുപടിയായി 'എന്റെ നാഥൻ ഏറ്റവും പരിശുദ്ധനാണ്, (അതിനെല്ലാം കഴിവുള്ളവനാണ്) ഞാനൊരു സന്ദേശവാഹകനായ മനുഷ്യനല്ലാതെ മറ്റാരെങ്കിലുമാണോ' എന്ന് പറയാനാണ് നബിയോട് കൽപ്പിച്ചിട്ടുള്ളത്. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ നിനക്ക് ദിവ്യസന്ദേശമായി നൽകിയത് എടുത്തുകളയുകതന്നെ ചെയ്യുമായിരുന്നു, പിന്നെ നമ്മിൽ നിന്ന് നിനക്കത് തിരിച്ചുനൽകുന്ന ഒരു വക്കീലിനെയും നീ കണ്ടെത്തുകയില്ല, നിനക്ക് ലഭിച്ചിട്ടുള്ളതെന്തും നിന്റെ നാഥന്റെ കാരുണ്യത്താലല്ലാതെയല്ല, നിശ്ചയം നിന്റെമേലുള്ള

അവന്റെ ഔദാര്യം വളരെ വലുത് തന്നെയാണ് എന്ന് 17: 86–87 സൂക്തങ്ങളിൽ അല്ലാഹു പറഞ്ഞിട്ടുണ്ട്.

ശിർക്ക്: ഗ്രന്ഥം വന്നുകിട്ടിയിട്ട് അല്ലാഹുവിന്റെ സത്തയിലോ കഴിവുകളിലോ ഗുണങ്ങളിലോ അവന്റെ സൃഷ്ടികളെത്തന്നെ പങ്കുകാരായി കരുതുന്നതിനെയാണ് ശിർക്ക് എന്ന് പറയുന്നത്. സർവസൃഷ്ടികളുടെയും ആരാധ്യനായിരിക്കുക *(ഉലൂഹിയ്യത്ത്)*, സർവ സൃഷ്ടികളുടെയും സംരക്ഷകനായിരിക്കുക *(റുബൂബിയ്യത്ത്)*, സർവലോകങ്ങളെയും അടക്കി ഭരിക്കുന്നവനായിരിക്കുക *(മുലൂക്കിയ്യത്ത്)* എന്നീ അല്ലാഹുവിന്റെ മാത്രം അധികാരാവകാശങ്ങളിൽ മറ്റാരെയെങ്കിലും പങ്കുചേർക്കലാണത്. ആദം മുതൽ അന്ത്യനാൾ വരെയുള്ള അല്ലാഹുവിന്റെ ഏകസംഘത്തിൽനിന്നും ഭിന്നിച്ച് വിവിധസംഘടനകളിൽ ചേരൽ 30: 31–32 സൂക്തങ്ങൾ പ്രകാരവും, ഇഹലോകത്ത് തനിക്ക് നൽകപ്പെട്ട അനുഗ്രഹങ്ങളുടെയെല്ലാം ഉറവിടം അല്ലാഹുവാണെന്ന വസ്തുത മറന്ന് ജീവിക്കൽ 18: 42 പ്രകാരവും ശിർക്കാണെന്ന് കാണാം. ഏഴ് വൻകുറ്റങ്ങളിലൊന്നായ ശിർക്ക്കൊണ്ട് അല്ലാഹുവിലുള്ള വിശ്വാസം മലിനമാക്കപ്പെട്ടാൽ നിന്റെ പ്രവർത്തനങ്ങളെല്ലാം മിഥ്യയായിപ്പോവുകയും നീ എല്ലാം നഷ്ടപ്പെട്ടവനാവുകയും ചെയ്യുമെന്ന് 39: 65 ൽ പറഞ്ഞിട്ടുണ്ട്.

പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചു: *എന്റെ ഈ സമുദായത്തിൽ വളരെ ഗോപ്യമായ ശിർക്കും സ്ത്രീകളോടുള്ള ആസക്തിയും കടന്നുവരുമെന്ന് ഞാൻ ഭയപ്പെടുന്നു; അപ്പോൾ അനുയായികൾ ചോദിച്ചു: താങ്കൾക്കുശേഷം താങ്കളുടെ സമുദായം ശിർക്ക് ചെയ്യുമെന്നോ?* പ്രവാചകൻ *പറഞ്ഞു: അതെ; അപ്പോൾ അവർ സൂര്യനെയോ ചന്ദ്രനെയോ കല്ലിനെയോ വിഗ്രഹങ്ങളെയോ ആരാധിക്കുകയില്ല, മറിച്ച് അവരുടെ പ്രവൃത്തികൾ ജനങ്ങളെ കാണിക്കുന്ന തരത്തിലുള്ളതായിരിക്കും, കൂടാതെ സ്വത്തിനോടും സ്ത്രീകളോടും കഠിനമായ ആസക്തിയുമായിരിക്കും, നോമ്പുകാരനായി നേരം പുലരുന്ന ഒരാളുടെ കാമാസക്തി കാരണം അവന്റെ നോമ്പ് നഷ്ടപ്പെടും.* മറ്റൊരിക്കൽ പ്രവാചകൻ പഠിപ്പിച്ചു: *ചെറിയ ശിർക്ക് നിങ്ങളിൽ കടന്നുകൂടുന്നത് ഞാൻ ഭയപ്പെടുന്നു, അപ്പോൾ അനുയായികൾ ചോദിച്ചു: എന്താണ് ചെറിയ ശിർക്ക് എന്നുപറഞ്ഞാൽ?* പ്രവാചകൻ *പറഞ്ഞു: ലോകമാന്യമാണത്, ജനങ്ങളെ കാണിക്കാൻ സൽക്കർമങ്ങൾ പ്രവർത്തിച്ചിരുന്ന അത്തരക്കാരോട്, വിധിദിവസം അല്ലാഹു പറയും: നിങ്ങൾ ആരെ കാണിക്കുന്നതിനുവേണ്ടിയാണോ ഐഹികലോകത്ത് നിങ്ങളുടെ കർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നതും ഭയഭക്തി നടിച്ചിരുന്നതും അവരുടെ അടുത്തുപോയി പ്രതിഫലം കിട്ടുമോ എന്ന് അന്വേഷിക്കുക.* പ്രവാചകൻ വീണ്ടും പഠിപ്പിച്ചു: *ആരാണോ എന്നെ കാണിക്കാൻ വേണ്ടി നമസ്കാരം നന്നാക്കിത്തീർത്തത്, അപ്പോൾ അവൻ അല്ലാഹുവിൽ പങ്കുചേർത്തവനായി, ആരാണോ എന്നെ കാണിക്കാൻവേണ്ടി നോമ്പുകാരനായത്, അപ്പോൾ അവൻ അല്ലാഹുവിൽ പങ്കുചേർത്തവനായി, ആരാണോ എന്നെ കാണിക്കാൻവേണ്ടി ദാനധർമ്മങ്ങൾ ചെയ്തത്, അപ്പോൾ അവൻ അല്ലാഹുവിൽ പങ്കുചേർത്തവനായി.* അത്തരക്കാർ ദീനിനെ കളവാക്കുന്നവരാണെന്ന് 107: 1–6 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. സ്വയം പിശുക്ക് കാണിക്കുന്നവരും ജനങ്ങളോട് പിശുക്കിനുവേണ്ടി കല്പിക്കുന്നവരും അല്ലാഹു തങ്ങൾക്കേകിയ അനുഗ്രഹങ്ങൾ പൂഴ്ത്തിവെക്കുന്നവരുമായ നന്ദികെട്ട നിഷേധികൾക്ക് അതിനിന്ദ്യമായ ശിക്ഷയാണ് നാം ഒരുക്കിവെച്ചിട്ടുള്ളത് എന്ന് 4: 37 ലും; അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കാത്ത അവർ ജനങ്ങളെ കാണിക്കുന്നതിനുവേണ്ടി തങ്ങളുടെ ധനം ചെലവഴിക്കുന്നവരാണ്, ആർക്കെങ്കിലും പിശാച് കൂട്ടുകാരനായാൽ അപ്പോൾ അവൻ ദുഷിച്ച കൂട്ടുകാ

രൻതന്നെ എന്ന് 4: 38 ലും പറഞ്ഞിട്ടുണ്ട്. ഈ ജനതകൾക്കെല്ലാമുള്ള മുന്നറിയിപ്പായിട്ടാണ് ത്രികാലജ്ഞാനിയായ അല്ലാഹു 18: 110-ാം സൂക്തം അവതരിപ്പിച്ചിട്ടുള്ളത്.

ഒരാൾക്കും, നിഷ്പക്ഷവാനായ നാഥന് തന്നെയും ഒരാളെയും വിശ്വാസിയാക്കാൻ സാധ്യമല്ല. 3: 101-102; 10: 108 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആരാണോ അദ്ദിക്ർകൊണ്ട് തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റുകയും നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്തത്, അവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. ആരാണോ തന്റെ വിധി 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീനിൽ* നിന്ന് അദ്ദിക്ർ ഉപയോഗപ്പെടുത്തി 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ *ഇല്ലിയ്യീനി*ലേക്ക് മാറ്റിയത്, അവൻ മാത്രമാണ് വിജയം വരിക്കുക. വിശ്വാസികൾ മാത്രമാണ് മരണസമയത്ത് നാഥനെ ആത്മാവുകൊണ്ട് സന്തോഷത്തോടുകൂടി നോക്കുക എന്ന് 75: 22-23 സൂക്തങ്ങളിലും; അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന അറബി ഖുർആൻ വായിക്കുന്ന എല്ലാ ഫുജ്ജാറുകളും മരണസമയത്ത് ദുഃഖത്തോടുകൂടി പിശാചിനെയാണ് നോക്കുക എന്ന് 75: 24 ലും പറഞ്ഞിട്ടുണ്ട്. ലോകത്തെവിടെയും വിശ്വാസികളുടെ ഒരുസംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ടത് 7: 205 -206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരമുള്ള പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ്. 2: 255-257; 4: 174-175; 5: 48; 16: 97; 17: 111 വിശദീകരണം നോക്കുക.

19. മർയം

'ഗ്രന്ഥത്തിൽ നീ മർയമിനെക്കുറിച്ച് ഓർമിപ്പിക്കുക' എന്ന് സൂക്തം 16 ൽ പറഞ്ഞതിൽ നിന്നാണ് 98 സൂക്തങ്ങളടങ്ങിയ ഈ സൂറത്തിന് മർയം എന്ന പേര് ലഭിച്ചിട്ടുള്ളത്. മക്കയിൽ ഖുറൈശി പ്രമാണിമാർ ഇസ്‌ലാം സ്വീകരിച്ച അവരുടെ അടിമകളെയും മറ്റുദുർബ്ബലരായ ആളുകളേയും കഠിനമായി പീഡിപ്പിക്കാൻ തുടങ്ങിയപ്പോൾ പ്രവാചകന്റെ നിർദ്ദേശപ്രകാരം ഏതാനും വിശ്വാസികൾ എത്യോപ്യയിലേക്ക് പാലായനം ചെയ്തു. ഖുറൈശി പ്രമാണിമാരുടെ ഉറ്റവരും ഉടയവരുമടക്കം എല്ലാ ഖുറൈശി കുടുംബങ്ങളിൽ നിന്നും ഒരാളെങ്കിലും ആ സംഘത്തിൽ ഉൾപ്പെട്ടിരുന്നു. ഇത് അവരുടെ രോഷം ആളിക്കത്തിക്കാൻ ഇടയാക്കുകയും തുടർന്ന് എത്യോപ്യയിലേക്ക് പോയവരെ അവിടത്തെ രാജാവായ നജ്ജാശിയെ പ്രലോഭിപ്പിച്ച് തിരിച്ചുകൊണ്ടുവരാൻ വേണ്ടി ഒരുസംഘത്തെ അയക്കുകയും ചെയ്തു. അവർ നജ്ജാശിക്ക് വിലപിടിച്ച സമ്മാനങ്ങൾ നൽകുകയും, 'ഞങ്ങളുടെ അടിമകളായ ഇവർ ഞങ്ങളുടെ മതമോ അങ്ങയുടെ മതമോ സ്വീകരിക്കാതെ ഒരു പുത്തൻ മതം സ്വീകരിച്ച് നാട്ടിൽ നിന്ന് ഓടിപ്പോന്നതാണ്. അതുകൊണ്ട് ഇവരെ ഞങ്ങളോടൊപ്പം തിരിച്ചയക്കണം' എന്ന് അപേക്ഷിക്കുകയും ചെയ്തു. അപ്പോൾ നജ്ജാശി വിശ്വാസികളെ വിളിച്ച് കാര്യങ്ങൾ ആരാഞ്ഞപ്പോൾ മറുപടിയായി ജഅ്ഫറുബ്നു അബീത്വാലിബ് സക്കരിയ്യായേയും യഹ്‌യായേയും മർയമിനെയും ഈസായേയുമെല്ലാം പ്രതിപാദിക്കുന്ന ഈ സൂറത്ത് വായിച്ച് കേൾപ്പിക്കുകയാണുണ്ടായത്. കരഞ്ഞുകൊണ്ട് അത് കേട്ടിരുന്ന നജ്ജാശി അവസാനം 'ഇത് യേശു കൊണ്ടുവന്ന വചനങ്ങളുടെ അതേ സ്രോതസ്സിൽ നിന്നുള്ളത് തന്നെയാണ്, യേശു മിശിഹാ ഇതിൽ പറഞ്ഞതിനേക്കാൾ ഒരു കച്ചിത്തുരുമ്പിന്റെ അത്രപോലും അധികമില്ല' എന്ന് പറഞ്ഞുകൊണ്ട് ഖുറൈശികൾ നൽകിയ സമ്മാനങ്ങൾ തിരിച്ചുകൊടുക്കുകയും വിശ്വാസികളെ അവിടെ താമസിക്കാൻ അനുവദിക്കുകയുമാണുണ്ടായത്. വർഷങ്ങൾക്കുശേഷം നജ്ജാശി മരണപ്പെട്ടപ്പോൾ പ്രവാചകനും വിശ്വാസികളും മദീനയിൽ വെച്ച് മയ്യിത്ത് നമസ്കരിക്കുകയുണ്ടായി. പ്രവാചകന്റെ ജീവിതകാലത്ത് *ഹാജരി*ല്ലാത്ത മയ്യിത്തിനുവേണ്ടി നമസ്കരിച്ച ഏകസംഭവമായിരുന്നു അത്.

വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും മാതൃകയായി ഗ്രന്ഥത്തിൽ എടുത്തുദ്ധരിച്ച രണ്ട് സ്ത്രീകളിൽ ഒരാളായ മർയമിന്റെ ത്യാഗപൂർണ്ണമായ ജീവിതത്തെ വരച്ച് കാണിച്ച് പ്രവാചകനേയും വിശ്വാസികളേയും സർവലോകങ്ങളുടേയും ഉടമയായ അല്ലാഹുവിനെ മാത്രം ആശ്രയിച്ച് നിലകൊള്ളാൻ പഠിപ്പിക്കുന്നു. ആദമിന്റെയും നൂഹിന്റെയും ഇബ്രാഹീമിന്റെയും സന്തതിപരമ്പരകളിൽ പെട്ട ഇദ്‌രീസ്, ഇസ്മാഈൽ, യഅ്ഖൂബ്, മൂസാ, ഹാറൂൻ, സക്കരിയ്യാ, യഹ്‌യാ, ഈസാ തുടങ്ങിയ പ്രവാചകന്മാരെല്ലാം അവൻ തൃപ്തിപ്പെട്ട ഏക ജീവിതവ്യവസ്ഥയായ ഇസ്‌ലാമിൽ നില കൊണ്ടിരുന്നവരാണെന്ന് പഠിപ്പിച്ചുകൊണ്ട് ലോകത്തുള്ള എല്ലാവരേയും ആ ജീവിത വ്യവസ്ഥയിലേക്ക് ക്ഷണിക്കുന്നു. സൂക്തം 58 ൽ, അല്ലാഹുവിന്റെ ഏക സംഘത്തിൽ പെട്ട ആ പ്രവാചക

ന്മാരെല്ലാം തന്നെ അല്ലാഹുവിന്റെ സൂക്തങ്ങൾ കേൾപ്പിക്കപ്പെടുമ്പോൾ കരഞ്ഞുകൊണ്ട് സാഷ്ടാംഗത്തിൽ വീഴുന്നവരായിരുന്നു എന്ന് പരിചയപ്പെടുത്തുകയും വിശ്വാസികൾ ഈ സൂക്തം വായിക്കുമ്പോഴും കേൾക്കുമ്പോഴും സാഷ്ടാംഗം പ്രണമിക്കണമെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്.

1. കാഫ്-ഹാ-യാ-അയ്ൻ-സ്വാദ്.

സകരിയ്യാ-ഹാറൂൺ-യഹ്യാ-ഈസാ തുടങ്ങിയവരെ പരാമർശിക്കുന്ന സംഭവ ചരിത്രങ്ങൾ. 7: 1 വിശദീകരണം നോക്കുക.

2. നിന്റെ നാഥൻ അവന്റെ അടിമ സകരിയ്യാക്ക് നൽകിയ അനുഗ്രഹത്തെ ഓർമ്മിപ്പിക്കുന്നത്.

3. അവൻ തന്റെ നാഥനെ ഉള്ളിന്റെയുള്ളിൽ കേണപേക്ഷിച്ച സന്ദർഭം.

വളരെ താഴ്മയോടുകൂടി ശബ്ദം പുറത്തുവരാതെ ആത്മാവ് കൊണ്ട് സമർപ്പിക്കുന്നതിനാണ് കേണപേക്ഷിക്കുക എന്ന് പറയുന്നത്. 7: 55, 205 വിശദീകരണം നോക്കുക.

4. അവൻ പറഞ്ഞു; എന്റെ നാഥാ! എന്റെ എല്ലുകൾ വരെ ബലഹീനമായിക്കഴിഞ്ഞു, തലയാണെങ്കിൽ വാർധക്യത്താൽ നരബാധിക്കുകയും ചെയ്തിരിക്കുന്നു; എന്റെ നാഥാ! നിന്നോടുള്ള എന്റെ പ്രാർത്ഥന ഒരിക്കലും ഉത്തരം നൽകപ്പെടാതിരുന്നിട്ടുമില്ല.

5. എനിക്ക് പിന്നിലുള്ള എന്റെ അനന്തരാവകാശികളെക്കുറിച്ച് നിശ്ചയം ഞാൻ ഭയപ്പെടുന്നവനാണ്, എന്റെ പത്നിയാവട്ടെ വന്ധ്യയുമാണ്, അപ്പോൾ നിന്നിൽ നിന്നുള്ള ഒരു അവകാശിയെ ഔദാര്യമായി നീ എനിക്ക് നൽകിയാലും.

6. അവൻ എന്നെ അനന്തരാവകാശമെടുക്കും, യഅ്ഖൂബ് കുടുംബത്തേയും അനന്തരാവകാശമെടുക്കും; എന്റെ നാഥാ! അവനെ നീ നിനക്ക് തൃപ്തിപ്പെട്ടവനുമാക്കേണമേ.

കാര്യകാരണ ബന്ധത്തിന് അതീതമായി മർയമിന് ഭക്ഷണവിഭവങ്ങൾ ലഭിക്കുന്നത് കണ്ടപ്പോൾ മർയമിന്റെ സംരക്ഷണച്ചുമതല ഏൽപ്പിക്കപ്പെട്ടിരുന്ന സകരിയ്യാനബി തന്റെ ഭാര്യ വന്ധ്യയാണെങ്കിലും തനിക്ക് വാർധക്യം ബാധിച്ച അവസ്ഥയിലും ഒരു സന്താനത്തെ ലഭിക്കുമെന്ന പ്രതീക്ഷയർപ്പിച്ചുകൊണ്ട് നാഥനോട് പ്രാർത്ഥിച്ചത് 3: 38 ൽ പറഞ്ഞിട്ടുണ്ട്. എനിക്ക് ഔദാര്യമായി നൽകിയാലും എന്ന് പറഞ്ഞതിന്റെ വിവക്ഷ കാര്യകാരണ ബന്ധത്തിന് അതീതമായി നൽകിയാലും എന്നാണ്. നിലവിലുള്ള അനന്തരാവകാശികളുടെ കാര്യത്തിൽ ഞാൻ ഭയപ്പെടുന്നു എന്ന് പറഞ്ഞതിന്റെ വിവക്ഷ അവർ അല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കും എന്നതിൽ അദ്ദേഹത്തിന് പ്രതീക്ഷയുണ്ടായിരുന്നില്ല എന്നാണ്. പ്രവാചകത്വവും പ്രവാചകന്മാരുടെ ഭൗതികസമ്പത്തും അനന്തരമെടുക്കാറില്ല, എന്നാൽ സകരിയ്യാനബി അല്ലാഹുവിന്റെ സന്ദേശം എത്തിച്ചുകൊടുക്കുന്നതിനുള്ള ഒരു അനന്തരാവകാശിയെയാണ് ആവശ്യപ്പെട്ടത്. അതാണ് അവൻ എന്നെയും യഅ്ഖൂബ് കുടുംബത്തേയും അനന്തരമെടുക്കുമെന്ന് പറഞ്ഞത്. 3: 37; 14: 39 വിശദീകരണം നോക്കുക.

7. ഓ സകരിയ്യാ! നിശ്ചയം നാം നിനക്ക് ഒരു പുത്രനെക്കുറിച്ച് സന്തോഷവാർത്ത

നൽകുന്നു, അവന്റെ നാമം യഹ്‌യാ എന്നാകുന്നു, ഇതിനുമുമ്പ് നാം ഒരാൾക്കും ഈ പേര് നൽകിയിട്ടില്ല.

8. അവൻ ചോദിച്ചു; എന്റെ നാഥാ! നിശ്ചയം എനിക്ക് എങ്ങനെയാണ് ഒരു പുത്രനുണ്ടാവുക, എന്റെ ഭാര്യ വന്ധ്യയും ഞാനാണെങ്കിൽ അങ്ങേയറ്റത്തെ വാർധക്യം ബാധിച്ചവനുമായിരിക്കെ?

9. അവൻ പറഞ്ഞു; അത് അപ്രകാരം തന്നെയാണ്, അത് അവന് വളരെ എളുപ്പമാണെന്ന് നിന്റെ നാഥൻ ഇതാ പറയുന്നു, നിശ്ചയം നീ ഒന്നുമല്ലാത്ത അവസ്ഥയിൽ നിന്ന് നിന്നെ സൃഷ്ടിച്ചിട്ടുള്ളത് അവനാണല്ലോ.

ഇവിടെ സകരിയ്യാനബി നേരിട്ട് അല്ലാഹുവിനോടാണ് ചോദിക്കുന്നത്. എന്നാൽ മറുപടി നൽകുന്നത് മലക്ക് മുഖേനയാണ്. ഒരു മനുഷ്യനോടും അല്ലാഹു സംസാരിക്കുന്നവനാകുകയില്ല, ദിവ്യസന്ദേശമായിട്ടോ അല്ലെങ്കിൽ ഒരുമറയുടെ പിന്നിലായിട്ടോ അല്ലെങ്കിൽ ഒരു മലക്കിനെ ദൂതനായി അയച്ചിട്ടോ അല്ലാതെ, അങ്ങനെ അവന്റെ സമ്മതത്തോടെ അവൻ ഉദ്ദേശിക്കുന്നത് ദിവ്യസന്ദേശമായി നൽകുന്നു, നിശ്ചയം അവൻ അത്യുന്നതനായ യുക്തിജ്ഞനുമാകുന്നു എന്ന് 42: 51 ൽ പറഞ്ഞിട്ടുണ്ട്. 22: 75 ൽ, നിശ്ചയം അല്ലാഹു മനുഷ്യരിൽ നിന്നും മലക്കുകളിൽ നിന്നും ദൂതന്മാരെ തെരഞ്ഞെടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. 3: 59; 17: 70 വിശദീകരണം നോക്കുക.

10. അവൻ ചോദിച്ചു; എന്റെ നാഥാ എനിക്കൊരു ദൃഷ്ടാന്തം നിശ്ചയിച്ച് തരിക; അവൻ പറഞ്ഞു; നിനക്കുള്ള ദൃഷ്ടാന്തം നീ തുടർച്ചയായി മൂന്നുനാൾ ജനങ്ങളോട് സംസാരിക്കാതിരിക്കുക എന്നതാണ്.

11. അങ്ങനെ അവൻ മിഹ്റാബിൽ നിന്ന് തന്റെ ജനങ്ങളിലേക്ക് ഇറങ്ങിവരികയും പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും അല്ലാഹുവിനെ വാഴ്ത്തുവിൻ എന്ന് അവരോട് ആംഗ്യഭാഷയിൽ പറയുകയും ചെയ്തു.

3: 38-41 വിശദീകരണം നോക്കുക.

12. ഓ യഹ്‌യാ, ഗ്രന്ഥത്തെ മുറുകെപ്പിടിക്കുക, നാം അവന് ശൈശവത്തിൽ തന്നെ തത്വജ്ഞാനം നൽകുകയും ചെയ്തു.

41: 41-43 സൂക്തങ്ങളിൽ പറഞ്ഞ ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ ഇന്ന് 5: 48 ൽ വിവരിച്ച പ്രകാരം അതിനെ മുറുകെപ്പിടിച്ചവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. 4: 174-175; 12: 22 വിശദീകരണം നോക്കുക.

13. നമ്മിൽ നിന്നുള്ള അനുകമ്പയും വിശുദ്ധിയും നാം അവന് പ്രദാനം ചെയ്തിരുന്നു, അവൻ ഭക്തനുമായിരുന്നു.

14. തന്റെ മാതാപിതാക്കളോട് പുണ്യം ചെയ്യുന്നവനും, അവൻ ഒരിക്കലും ധാർഷ്ഠ്യക്കാരനായ ധിക്കാരിയുമായിരുന്നില്ല.

15. അവന്റെ മേൽ സമാധാനവുമുണ്ട്, അവൻ ജനിച്ച നാളിലും മരിക്കുന്ന നാളിലും ജീവനുള്ളതായി പുനർജീവിപ്പിക്കപ്പെടുന്ന നാളിലും.

3: 39 വിശദീകരണം നോക്കുക.

16. ഗ്രന്ഥത്തിൽ മർയമിനെ നീ ഓർക്കുകയും ചെയ്യുക, അവൾ കുടുംബാംഗങ്ങ

ളിൽ നിന്ന് അകന്ന് കിഴക്കുഭാഗത്ത് ഒരിടത്ത് കഴിഞ്ഞുകൂടിയ സന്ദർഭം.

സൂക്തത്തിൽ പ്രവാചകനോട് 'നീ ഓർക്കുകയും ചെയ്യുക' എന്നാണ് പറഞ്ഞിട്ടുള്ളതെങ്കിലും 16: 44 ൽ പറഞ്ഞ പ്രകാരം പ്രവാചകൻ ഇക്കാര്യങ്ങളെല്ലാം ജനങ്ങൾക്ക് വെളിപ്പെടുത്തുകയും അവർ അത് ആലോചിച്ച് മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുകയും ചെയ്യണമെന്നാണ് ആശയം. ഇന്ന് അതിനുള്ള മാർഗം അദ്ദിക്ർ ജാതി-മത-വർണ്ണ-ലിംഗ-ഭാഷ-ദേശ ഭേദമന്യേ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കലാണ്. 3: 187 വിശദീകരണം നോക്കുക.

17. അപ്പോൾ അവരിൽ നിന്ന് അവൾ ഒരു മറ തെരഞ്ഞെടുത്തു, അപ്പോൾ അവളിലേക്ക് നമ്മുടെ റൂഹിനെ നാം അയച്ചു, അങ്ങനെ അവളുടെ അടുത്ത് അത് ഒരു പൂർണ്ണ മനുഷ്യരൂപത്തിൽ പ്രത്യക്ഷനായി.

നമ്മുടെ റൂഹിനെ നാം അയച്ചു എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മലക്ക് ജിബ്‌രീലിനെ അയച്ചു എന്നാണ്. ഈസായുടെ റൂഹ് എല്ലാവരുടെയും റൂഹ് പോലെത്തന്നെ അല്ലാഹുവിന്റെ റൂഹിൽ നിന്നുള്ളതുതന്നെയാണ് എന്ന് 4: 171 ൽ പറഞ്ഞിട്ടുണ്ട്. 16: 102; 26: 193 വിശദീകരണം നോക്കുക.

18. അവൾ പറഞ്ഞു; നിശ്ചയം ഞാൻ നിന്നെത്തൊട്ട് നിഷ്പക്ഷവാനെക്കൊണ്ട് അഭയം തേടുന്നു, നീ ഒരു ഭക്തനായിരുന്നുവെങ്കിൽ.

19. അവൻ പറഞ്ഞു; നിശ്ചയം ഞാൻ, നിനക്ക് വിശുദ്ധനായ ഒരു പുത്രനെ ഔദാര്യമായി നൽകുന്നതിനുവേണ്ടി നിന്റെ നാഥനിൽ നിന്ന് നിയോഗിക്കപ്പെട്ട ദൂതനാകുന്നു.

വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും മാതൃകയായി മർയമിനെ എടുത്തുദ്ധരിച്ചുകൊണ്ട് 66: 12 ൽ അല്ലാഹു പറയുന്നു. തന്റെ ഗുഹ്യസ്ഥാനം കാത്തുസൂക്ഷിച്ച ഇംറാന്റെ പുത്രി മർയമും, അപ്പോൾ നാം അതിൽ നമ്മുടെ റൂഹിൽ നിന്ന് ആവാഹിപ്പിച്ചു, അവൾ തന്റെ നാഥന്റെ വചനങ്ങളും ഗ്രന്ഥങ്ങളും സത്യപ്പെടുത്തിയവളും വണങ്ങുന്നരിൽ പെട്ടവളുമായിരുന്നു. ഇവിടെ വചനങ്ങളും ഗ്രന്ഥങ്ങളും എന്ന് പറഞ്ഞതിലെ വചനം 4: 171 ൽ പറഞ്ഞ വചനവും ഗ്രന്ഥങ്ങൾ 4: 136 ൽ വിവരിച്ചിട്ടുള്ള ഗ്രന്ഥങ്ങളുമാണ്. എല്ലാ മനുഷ്യർക്കും അവരവരുടെ പിതാക്കളുടെ മുതുകിലുള്ള ആത്മാവ് മലക്കുകൾ മുഖേന എടുപ്പിച്ച് മാതാവിന്റെ ഗർഭപാത്രത്തിൽ നാല് മാസം പിന്നിട്ട ഭ്രൂണത്തിൽ ആവാഹിപ്പിക്കുകയാണ് ചെയ്യുന്നത്. 4: 1 വിശദീകരണം നോക്കുക.

20. അവൾ ചോദിച്ചു: നിശ്ചയം എനിക്ക് എങ്ങനെയാണ് ഒരു കുട്ടിയുണ്ടാവുക, എന്നെ ഒരു പുരുഷനും സ്പർശിച്ചിട്ടുമില്ല, ഞാൻ ഒരു ദുർനടപ്പുകാരിയായിട്ടുമില്ല എന്നിരിക്കെ?

21. അവൻ പറഞ്ഞു: അത് അപ്രകാരം തന്നെയാണ്, അത് അവന് വളരെ എളുപ്പമാണെന്ന് നിന്റെ നാഥൻ ഇതാ പറയുന്നു, അവനെ നാം മനുഷ്യർക്ക് ഒരു ദൃഷ്ടാന്തവും നമ്മിൽ നിന്നുള്ള ഒരു കാരുണ്യവുമാക്കുന്നതുമാണ്, അത് വിധിക്കപ്പെട്ട ഒരു കാര്യം തന്നെയുമാകുന്നു.

22. അങ്ങനെ അവൾ അവനെ ഗർഭം ധരിക്കുകയും അവനേയും കൊണ്ട് ദൂരെയുള്ള ഒരു സ്ഥലത്ത് ചെന്നെത്തുകയുമുണ്ടായി.

23. അങ്ങനെ പ്രസവവേദന അവളെ ഒരു ഈത്തപ്പനയുടെ ചുവട്ടിലെത്തിച്ചു, അവൾ പറഞ്ഞു; ഓ എന്റെ കഷ്ടം, ഞാൻ ഇതിനുമുമ്പ് മരിക്കുകയും എന്റെ പേരും

കുറിയും വിസ്മൃതമാവുകയും ചെയ്തിരുന്നെങ്കിൽ!

ഗർഭം പ്രത്യക്ഷമായിത്തുടങ്ങിയപ്പോൾ ജനങ്ങൾ ദുർനടപ്പുകാരിയെന്ന് ആക്ഷേപിക്കാൻ തുടങ്ങി. അങ്ങനെയാണ് ജനങ്ങളിൽ നിന്ന് ദൂരെമാറി വിജനമായ സ്ഥലത്ത് പോകാൻ നിർബന്ധിതയായത്. മർയം എത്രമാത്രം പ്രയാസപ്പെട്ടിരുന്നുവെന്ന് ഈ സൂക്തത്തിലൂടെ മനസ്സിലാക്കാം. ഗർഭം ചുമക്കുന്നതിനും പ്രസവിക്കാനുമുള്ള ശാരീരികമായ പ്രയാസം മാത്രമല്ല, പ്രസവാനന്തരമുണ്ടാകാനിടയുള്ള സാഹചര്യങ്ങളെക്കുറിച്ചുള്ള മാനസിക പ്രയാസവും അവൾ സഹിച്ചിരുന്നു. ആദ്യമാതാവ് ഹവ്വാക്ക് പ്രസവസമയത്ത് സഹായിയായി ആദമുണ്ടായിരുന്നുവെങ്കിൽ മർയമിന്റെ കാര്യത്തിൽ മനുഷ്യരിൽ നിന്നുള്ളവർ ആരും തന്നെ സഹായത്തിനുണ്ടായിരുന്നില്ല. ഇഹലോകത്ത് ഏറ്റവും കൂടുതൽ ത്യാഗം സഹിച്ചവർക്ക് തന്നെയാണ് പരലോകത്ത് ഉന്നതസ്ഥാനം ലഭിക്കുക. സർവ്വലോക സ്ത്രീകളിൽ മർയമിന് ശ്രേഷ്ഠപദവി നൽകിയതും അതുകൊണ്ട് തന്നെയാണ്. 3: 42 വിശദീകരണം നോക്കുക.

24. അപ്പോൾ നാം അവളുടെ താഴ്ഭാഗത്തുനിന്ന് വിളിച്ചറിയിച്ചു, നീ ദുഃഖിക്കേണ്ടതില്ല, നിന്റെ നാഥൻ നിനക്ക് താഴെ ഒരു അരുവി ഒഴുക്കിയിരിക്കുന്നു.

25. നീ ആ ഈത്തപ്പനയുടെ ചില്ല കുലുക്കുക, അത് നിന്റെ മേൽ പാകമായ ഈത്തപ്പഴം വീഴ്ത്തിത്തരുന്നതാണ്.

കാര്യകാരണബന്ധത്തിന് അതീതമായി പ്രവർത്തിക്കുന്ന അല്ലാഹു, ഈത്തപ്പഴം കായ്ക്കാത്ത കാലത്ത് ഈത്തപ്പഴം നൽകാനും അരുവിയില്ലാത്ത സ്ഥലത്ത് അരുവി ഒഴുക്കാനും കഴിവുള്ള പരിശുദ്ധനാണ്. 2: 33; 3: 37; 37: 146 വിശദീകരണം നോക്കുക.

26. അപ്പോൾ നീ തിന്നുകയും കുടിക്കുകയും കൺകുളിർമ കൈകൊള്ളുകയും ചെയ്യുക, അങ്ങനെ മനുഷ്യരിൽ നിന്ന് ആരെയെങ്കിലും നീ കാണുകയാണെങ്കിൽ അപ്പോൾ നീ അവരോട് പറയുക; നിശ്ചയം ഞാൻ നിഷ്പക്ഷവാന് മൗനവ്രതം നേർന്നിരിക്കുകയാണ്, അതുകൊണ്ട് ഞാൻ ഇന്നേദിനം ഒരു മനുഷ്യനോടും സംസാരിക്കുന്നതല്ലതന്നെ.

27. അങ്ങനെ അവനെയും വഹിച്ചുകൊണ്ട് അവൾ തന്റെ ജനതയിലേക്ക് വന്നു; അവർ പറഞ്ഞു: ഓ മർയം, നിശ്ചയം നീ വിശ്വസിക്കാൻ പറ്റാത്ത ഒരു കാര്യവും കൊണ്ടാണല്ലോ വന്നിട്ടുള്ളത്!

28. ഓ ഹാറൂനിന്റെ സഹോദരീ, നിന്റെ പിതാവ് ഒരു ദുഷിച്ച മനുഷ്യനായിരുന്നില്ല, മാതാവ് ഒരു ദുർനടപ്പുകാരിയുമായിരുന്നില്ലല്ലോ.

അതായത് നിന്റെ മാതാപിതാക്കളൊന്നും നേർവഴിയിൽ നിന്ന് തെറ്റി ചീത്തവഴിയിൽ സഞ്ചരിക്കുന്നവരായിരുന്നില്ല. നീയാവട്ടെ ഹാറൂൻ കുടുംബത്തിലെ സന്തതിപരമ്പരയിൽ പെട്ടവളുമാണല്ലോ! പിന്നെ നിനക്ക് എന്തു പറ്റി? ആ ജനതക്ക് ഇന്നത്തെ ജനതയെപ്പോലെ കാര്യകാരണബന്ധങ്ങൾക്ക് അതീതമായ അല്ലാഹുവിന്റെ കഴിവുകളിലായിരുന്നു വിശ്വാസമില്ലാതിരുന്നത്.

29. അപ്പോൾ അവൾ അവനിലേക്ക് ചൂണ്ടി, അവർ ചോദിച്ചു; തൊട്ടിലിൽ കിടക്കുന്ന ഒരു ശിശുവിനോട് ഞങ്ങൾ എങ്ങനെ സംസാരിക്കാനാണ്?

3: 46; 5: 110 വിശദീകരണം നോക്കുക.

30. അവൻ പറഞ്ഞു; നിശ്ചയം ഞാൻ അല്ലാഹുവിന്റെ അടിമയാകുന്നു, എനിക്ക്

അവൻ ഗ്രന്ഥം നൽകിയിരിക്കുന്നു, എന്നെ അവൻ നബിയുമാക്കിയിരിക്കുന്നു.

3: 49 ൽ ഈസാനബി ഇസ്റാഈൽ സന്തതികളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനാണെന്ന് പറഞ്ഞിട്ടുണ്ട്.

31. ഞാൻ എവിടെയായിരുന്നാലും അവൻ എന്നെ അനുഗൃഹീതനുമാക്കിയിരിക്കുന്നു, ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം നമസ്കാരം കൊണ്ടും സക്കാത്ത് കൊണ്ടും അവൻ എന്നെ ഉന്നി ഉപദേശിക്കുകയും ചെയ്തിരിക്കുന്നു.

32. -എന്റെ മാതാവിനോട് പുണ്യത്തിൽ വർത്തിക്കുവാനും, അവൻ എന്നെ ധാർഷ്ഠ്യക്കാരനായ ദൗർഭാഗ്യവാനാക്കിയിട്ടുമില്ല.

33. ഞാൻ ജനിച്ച നാളിൽ എന്റെ മേൽ രക്ഷയുണ്ട്, ഞാൻ മരിക്കുന്ന നാളിലും ജീവനുള്ളതായി ഞാൻ പുനർജ്ജീവിപ്പിക്കപ്പെടുന്ന നാളിലും.

15-ാം സൂക്തത്തിൽ യഹ്യായുടെ മേൽ സമാധാനമുണ്ട് എന്നാണ് പറഞ്ഞതെങ്കിൽ ഇവിടെ ഈസായുടെ മേൽ രക്ഷയുണ്ട് എന്നാണ് പറഞ്ഞിട്ടുള്ളത്. 59: 23 ൽ പറഞ്ഞ രക്ഷ എന്നത് അല്ലാഹുവിന്റെ ഉൽകൃഷ്ട നാമങ്ങളിൽ പെട്ടതാണ്. അല്ലാഹു എപ്പോഴും കൂടെയുള്ള ഈസാനബിയെ പിശാച് സമീപിക്കുകപോലുമില്ല. മാത്രമല്ല, പിശാചായ മസീഹുദ്ദജ്ജാലും മറ്റ് കാഫിറുകളും ഈസായുടെ ശ്വാസോഛ്വാസം ഏൽക്കുമ്പോൾ തന്നെ ഉരുകി നശിക്കുന്നതുമാണ്. അദ്ദേഹത്തിന്റെ ശ്വാസോഛ്വാസമാകട്ടെ ദൃഷ്ടി പതിയുന്ന ദൂരത്തേക്ക് എത്തുന്നതുമാണ്. 4: 159-160; 18: 50 വിശദീകരണം നോക്കുക.

34. അതാകുന്നു മർയമിന്റെ പുത്രൻ ഈസാ, ഏതൊരുവന്റെ കാര്യത്തിലാണോ അവർ സംശയിച്ചുകൊണ്ടിരിക്കുന്നത് അവനെക്കുറിച്ചുള്ള സത്യവചനമാണിത്.

35: 32 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിന്റെ അവസാനരൂപം അനന്തരമെടുത്ത അന്ത്യപ്രവാചകന്റെ ജനതയുടെ ബാധ്യതയാണ് ഈസായെക്കുറിച്ചുള്ള സത്യാവസ്ഥ ലോകരെ അറിയിക്കുക എന്നത്. എന്നാൽ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. അതുകൊണ്ട് ഈസാ രണ്ടാമത് വരുന്നതോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ ഈ കെട്ടജനത വധിക്കപ്പെടുന്നതും 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാകുന്നതുമാണ്. അപ്പോൾ മാത്രമാണ് 8: 22 ൽ പറഞ്ഞ ദുഷ്ടജീവികളായ ഇവർക്ക് 38: 8 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ അല്ല, അദ്ദിക്ർ ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥം എന്ന് ബോധ്യം വരിക. 3: 60; 10: 108; 11: 17 വിശദീകരണം നോക്കുക.

35. ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന് യോജിച്ചതല്ലതന്നെ, അവൻ അതീവപരിശുദ്ധനാകുന്നു, അവൻ ഒരുകാര്യം ഉദ്ദേശിച്ചാൽ അപ്പോൾ നിശ്ചയം അവൻ അതിനോട് പറയലായി; 'ഉണ്ടാവുക', അപ്പോൾ അത് ഉണ്ടാവുകയായി.

6: 101-103; 9: 30; 16: 40; 17: 1; 39: 4 വിശദീകരണം നോക്കുക.

36. നിശ്ചയം അല്ലാഹുവാകുന്നു എന്റെ നാഥൻ, നിങ്ങളുടെ നാഥനും; അപ്പോൾ നിങ്ങൾ അവനെ സേവിച്ചുകൊണ്ടിരിക്കുവീൻ, അതാകുന്നു നേരെച്ചൊവ്വെയുള്ള പാത.

21: 24-25 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാരും സത്യവും തെളിവുമായ അദ്ദിക്ർ കൊണ്ട് നിയോഗിക്കപ്പെട്ടിട്ടുള്ളത് അല്ലാഹുവല്ലാതെ മറ്റൊരു ഇലാഹുമില്ല എന്നും അപ്പോൾ അവനെ മാത്രമാണ് സേവിക്കേണ്ടത് എന്നും പഠിപ്പിക്കുന്നതിന് വേണ്ടിയാണ്. 3: 47-51; 6: 153 വിശദീകരണം നോക്കുക.

37. അവർക്കിടയിൽ നിന്നുള്ള സംഘങ്ങൾ ഭിന്നിക്കുകയായി, അപ്പോൾ സാക്ഷ്യം വഹിക്കുന്ന ആ ഭയങ്കരനാളിൽ കാഫിറുകളായവർക്ക് നരകത്തിലെ 'വൈൽ' എന്ന ചെരുവാണുള്ളത്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ 6: 153 ൽ പറഞ്ഞ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 4: 150-151; 30: 30-31 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിവിധ സംഘടനകളായി പിരിഞ്ഞ് യഥാർത്ഥ കാഫിറുകളായി മാറിയിരിക്കുന്നു. 15: 44 ൽ വിവരിച്ച പ്രകാരം അവരിൽ നിന്നുള്ള ഓരോ വിഭാഗവും നരകക്കുണ്ഠത്തിന്റെ ഏഴുവാതിലുകളിൽ ഒന്നിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണ്. 2: 62; 5: 69 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതരജനവിഭാഗങ്ങൾ ഏകദൈവത്തെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർമങ്ങൾ അനുഷ്ഠിക്കുകയാണെങ്കിൽ അവർക്ക് അവരുടെ പ്രതിഫലം നാഥന്റെ പക്കലുണ്ട്, അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയുമില്ല. 4: 140; 11: 103; 18: 101, 110 വിശദീകരണം നോക്കുക.

38. നമ്മിലേക്ക് കൊണ്ടുവരപ്പെടുന്ന ദിനം അവർ ശ്രദ്ധിച്ച് കേൾക്കുകയും കാണുകയും ചെയ്യുന്നതാണ്, എന്നാൽ ഇന്നേദിനം ഈ അക്രമികൾ വ്യക്തമായ വഴികേടിൽ തന്നെയാണ്.

ഐഹികലോകത്ത് വെച്ച് അദ്ദിക്ർ കേൾക്കാനും കാണാനും മനസ്സിലാക്കാനും അവസരം കിട്ടിയിട്ട് അതിന് തയ്യാറല്ലാത്ത അക്രമികൾ മരണസമയത്തെന്നപോലെ വിധിദിവസവും 'ഞങ്ങൾ പ്രവാചകന്റെ മാർഗം തെരഞ്ഞെടുത്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു! ഇന്നാലിന്നവനാണല്ലോ അദ്ദിക്ർ എനിക്ക് വന്നുകിട്ടിയതിന് ശേഷം എന്നെ അതിൽ നിന്ന് തടഞ്ഞത്, പിശാച് മനുഷ്യന് ഒരു വഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുമെന്ന് 25: 27-29 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നരകക്കുണ്ഠം അടുപ്പിക്കുന്ന ദിനം 'ദിക്റാ ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു' എന്ന് മനുഷ്യന് ബോധ്യം വരുമെന്ന് 89: 23 ലും; 'ഞാൻ എന്റെ ജീവിതം വെറുതെ കളഞ്ഞല്ലോ' എന്ന് അവൻ വിലപിക്കുമെന്ന് 89: 24 ലും; അത്തരം ഫുജ്ജാറുകൾ അന്ന് നരകത്തിന്റെ പാറാവുകാരോട്: 'ഓ! ഞങ്ങൾ അദ്ദിക്ർ കേട്ടിരുന്നുവെങ്കിൽ, അല്ലെങ്കിൽ ബുദ്ധി ഉപയോഗിച്ച് ചിന്തിച്ചിരുന്നുവെങ്കിൽ ഈ കത്തിയാളുന്ന നരകത്തിന്റെ സഹവാസികളാകുമായിരുന്നില്ലല്ലോ' എന്ന് വിലപിക്കുമെന്ന് 67: 10 ലും; ഇന്നേദിനം നിന്റെ ദൃഷ്ടിയുടെ മുകളിലുള്ള ആവരണം നാം എടുത്ത് കളഞ്ഞിരിക്കുകയാണ്, അപ്പോൾ നിനക്ക് എല്ലാം തീക്ഷ്ണമായി കാണാൻ സാധിക്കുമെന്ന് വിധിദിവസം ഫുജ്ജാറുകളോട് പറയുമെന്ന് 50: 22 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 5: 10, 86; 18: 49, 57 വിശദീകരണം നോക്കുക.

39. നെടും ഖേദത്തിന്റെ ദിനത്തെക്കുറിച്ച് നീ അവരെ താക്കീത് നൽകുകയും ചെയ്യുക, വിധി കൽപ്പിക്കപ്പെടുമ്പോൾ; അവരാകട്ടെ പ്രജ്ഞാശൂന്യതയിലാകുന്നു,

അവർ വിശ്വസിക്കാത്തവരുമാകുന്നു.

വിധിദിവസം സത്യമായ അദ്ദിക്ർ കൊണ്ടാണ് വിധികൽപിക്കുക എന്നതിനാൽ 7: 8–9 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അന്ന് മിഥ്യാവാദികളായ ഫുജ്ജാറുകൾ നഷ്ടത്തിലായിരിക്കും. പ്രജ്ഞാശൂന്യരായ അവർ ഞങ്ങൾ മുസ്ലിംകളും സ്വർഗം അനന്തരമെടുക്കുന്ന വിശ്വാസികളുമാണ് എന്ന് മിഥ്യയായി വാദിക്കുന്നവരാണെങ്കിലും ശരി. 7: 179 ൽ വിവരിച്ച പ്രകാരം ലക്ഷ്യബോധ്യമില്ലാത്തവരും പ്രജ്ഞയറ്റവരുമായി ഇവിടെ ജീവിച്ചതിന് പിഴയായി അവർക്ക് നരകക്കുണ്ഠമാണ് ലഭിക്കുക. 17: 97–98; 18: 103–106; 25: 33–34 വിശദീകരണം നോക്കുക.

40. നിശ്ചയം ഭൂമിയേയും അതിന് മുകളിലുള്ള ഏതൊരുവനേയും അനന്തരമെടുക്കുക നാം തന്നെയാകുന്നു, അവരെല്ലാം മടക്കപ്പെടുന്നതും നമ്മിലേക്ക് തന്നെയുമാകുന്നു.

അല്ലാഹു ആകാശഭൂമികളെ ഇല്ലായ്മയിൽ നിന്ന് സൃഷ്ടിച്ച് 15: 27 ൽ പറഞ്ഞ പ്രകാരം അതിൽ അവന്റെ പ്രതിനിധികളായി ജിന്നുകളെ നിയോഗിച്ചു. പിന്നീട് അവർ നാശകാരികളായി മാറിയപ്പോൾ അവരെ നശിപ്പിക്കുകയും ശേഷം മനുഷ്യരെ ഇവിടെ അവന്റെ പ്രതിനിധികളായി നിശ്ചയിക്കുകയും ചെയ്തു. ഇനി മനുഷ്യരും നാഥന്റെ പ്രാതിനിധ്യം വഹിക്കാതെ നാശം വിതക്കുന്നവരായി മാറുമ്പോൾ അവരെ നശിപ്പിച്ച് പുതിയ ഒരു വിഭാഗത്തെ സൃഷ്ടിക്കുന്ന ചര്യയാണ് അല്ലാഹുവിന്റേതെന്ന് 6: 133 ൽ വിവരിച്ചിട്ടുണ്ട്. സ്രഷ്ടാവിന്റെ പ്രാതിനിധ്യം വഹിക്കുന്ന വിശ്വാസികൾ അവരുടെ നാലാം ഘട്ടമായ പതിനഞ്ച് വയസ്സ് മുതലുള്ള ഭൂമിയിലെ ജീവിതം ഏഴാം ഘട്ടത്തിനുവേണ്ടി സ്വർഗം പണിയാനുള്ളതാണെന്ന് മനസ്സിലാക്കി ലക്ഷ്യബോധത്തോടുകൂടി ഇവിടെ പ്രവർത്തിക്കുന്നതാണ്. അവരോട് അനന്തരാവകാശമായി സ്വർഗം ഏറ്റെടുത്തു കൊള്ളുക എന്ന് പറയപ്പെടുമെന്ന് 7: 43 ൽ പറഞ്ഞിട്ടുണ്ട്. പരീക്ഷണശാലയായ ഭൂമിയിൽ അവർക്ക് വല്ല ദുരിതമോ പ്രതിസന്ധിയോ നഷ്ടമോ സംഭവിച്ചാൽ അവർ 'നിശ്ചയം ഞങ്ങൾ തന്നെ അല്ലാഹുവിൽ നിന്ന് വന്നവരും അവനിലേക്കുതന്നെ തിരിച്ചുപോകേണ്ടവരുമാണ്' എന്ന് ആത്മഗതം ചെയ്ത് ക്ഷമയോടെ വർത്തിക്കുന്നതാണ് എന്ന് 2: 155–156 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 9: 51; 18: 48–49 വിശദീകരണം നോക്കുക.

ഭൂമിയും അതിന് മുകളിലുള്ളതുമെല്ലാം അല്ലാഹു തന്നെ അനന്തരമെടുക്കുമെന്നതിനാൽ 3: 91; 5: 36; 10: 54; 13: 18; 39: 47 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികൾക്കും കുഫ്ഫാറുകൾക്കും ഭൂമിയിലുള്ള സർവ്വസമ്പത്തും അത്രയേറെയും കിട്ടി അതുകൊണ്ട് വിധിദിവസത്തിലെ ശിക്ഷക്ക് പകരം നൽകി തെണ്ടം ചെയ്യാമെന്ന് വെച്ചാൽ അവരിൽ നിന്ന് അത് സ്വീകരിക്കുകയില്ല. 39: 67; 40: 16 വിശദീകരണം നോക്കുക.

41. ഗ്രന്ഥത്തിൽ ഇബ്റാഹീമിനെക്കുറിച്ച് നീ ഓർക്കുകയും ചെയ്യുക, നിശ്ചയം അവൻ സത്യസന്ധനായ നബിയായിരുന്നു.

സത്യസന്ധനായ നബി എന്നാൽ സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന നബി എന്നാണ്. 1: 6; 4: 69–70; 16: 120 വിശദീകരണം നോക്കുക.

42. അവൻ തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം, ഓ പിതാവേ: കേൾക്കുകയോ

കാണുകയോ ചെയ്യാത്ത, നിന്നെത്തൊട്ട് ഒരു പ്രയോജനവും ചെയ്യാത്ത വസ്തുക്കളെ നീ സേവിച്ചുകൊണ്ടിരിക്കുന്നതെന്തിന്?

ഞങ്ങൾ ഇബ്റാഹീമിന്റേയും ഇസ്മാഈലിന്റേയും പാതയാണ് പിന്തുടരുന്നതെന്ന് വ്യാജവാദം നടത്തിയിരുന്ന മക്കാമുശ്രിക്കുകളെ ഇബ്റാഹീമിന്റെ യഥാർത്ഥ ജീവിതചര്യ ഗ്രന്ഥത്തിലൂടെ ഓർമ്മിപ്പിക്കാനാണ് അല്ലാഹു പ്രവാചകനോട് ആവശ്യപ്പെടുന്നത്. അതുവഴി അന്ത്യനാൾ വരെയുള്ള എല്ലാ മനുഷ്യരേയും അക്കാര്യം ഓർമ്മിപ്പിക്കുന്നു. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന, എന്നാൽ അദ്ദിക്റിനെ *മൗഇളത്താ*യി ഉപയോഗപ്പെടുത്താത്ത ലോകത്തെല്ലായിടത്തുമുള്ള ഫുജ്ജാറുകൾ അന്നത്തെ മക്കാമുശ്രിക്കുകളേക്കാൾ എല്ലാ രംഗങ്ങളിലും വഴിപിഴച്ചവരാണ്. 7: 158, 175–176; 8: 22 വിശദീകരണം നോക്കുക.

43. ഓ എന്റെ പിതാവേ, നിശ്ചയം നിനക്ക് വന്നുകിട്ടിയിട്ടില്ലാത്ത അറിവിൽ നിന്ന് എനിക്ക് വന്നുകിട്ടിയിട്ടുണ്ട്, അതുകൊണ്ട് നീ എന്നെ പിൻപറ്റുക, ഞാൻ നിന്നെ നേരെച്ചൊവ്വെയുള്ള പാതയിൽ നയിക്കാം.

അറിവ്, നേരെച്ചൊവ്വെയുള്ള പാത എന്നിവ അദ്ദിക്റിന്റെ നാൽപത് പേരുകളിൽ പെട്ടവയാണ്.

44. ഓ എന്റെ പിതാവേ, നീ പിശാചിനെ സേവിക്കരുത്, നിശ്ചയം പിശാച് നിഷ്പക്ഷവാനെ ധിക്കരിച്ചവനായിരിക്കുന്നു.

പിശാചിനെ സേവിക്കുക എന്ന് പറഞ്ഞാൽ പിശാചിനെ സഹായിക്കുക, പിശാചിനെ ജീവിപ്പിക്കുക, പിശാചിന് തൃപ്തിയുള്ള പ്രവർത്തനങ്ങൾ ചെയ്യുക എന്നെല്ലാമാണ്. ഗ്രന്ഥം ലഭിച്ച ഏതൊരാളും 'അല്ലാഹ്' എന്ന ബോധമില്ലാത്തപ്പോഴെല്ലാം പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത്. 7: 172–173; 9: 67–68; 16: 100 വിശദീകരണം നോക്കുക.

45. ഓ എന്റെ പിതാവേ! നിശ്ചയം നിഷ്പക്ഷവാനിൽ നിന്നുള്ള ശിക്ഷ നിന്നെ പിടികൂടുമെന്ന് ഞാൻ ഭയപ്പെടുന്നു, നീ പിശാചിനെ സംരക്ഷകനാക്കുക വഴി.

നിഷ്പക്ഷവാനായ നാഥൻ അവനിലേക്ക് എത്തിപ്പെടാനുള്ള ഏകവഴിയും പിശാചിലേക്ക് എത്തിപ്പെടാനുള്ള വിവിധ വഴികളും വ്യക്തമാക്കിത്തരുന്ന അദ്ദിക്ർ എല്ലാവരെയും സ്വർഗ്ഗത്തിൽ വെച്ചുതന്നെ പഠിപ്പിച്ചിട്ടുണ്ട് എന്നിരിക്കെ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്തത് ആരാണോ, അവർ ഒരിക്കലും വിശ്വാസിയാവുകയോ അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കുകയോ ഇല്ല. അവർ എല്ലാ ഓരോ ആയിരത്തിലും നരകത്തിലേക്കുള്ള തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതിന്റെ മാർഗത്തിലാണ്. 2: 257; 11: 118–119; 15: 44 വിശദീകരണം നോക്കുക.

46. അവൻ ചോദിച്ചു: നീ എന്റെ ഇലാഹുകളെത്തൊട്ട് ആശയറ്റവനായിരിക്കുന്നുവോ ഓ ഇബ്റാഹീം! നീ വിരമിച്ചിട്ടില്ലെങ്കിൽ ഞാൻ നിന്നെ എറിഞ്ഞോടിക്കുകതന്നെ ചെയ്യും, നീ എന്നെ വെടിഞ്ഞ് ദൂരെപ്പോവുകതന്നെ വേണം!

പിശാച് കൂട്ടുകാരനായിത്തീർന്ന പിതാവിന് സ്വന്തം മകനെ പുറത്താക്കാനോ എറിഞ്ഞോടിക്കാനോ യാതൊരു വൈമനസ്യവുമുണ്ടായില്ല. 2: 165–169; 9: 8–10 വിശദീകരണം നോക്കുക.

47. അവൻ പറഞ്ഞു: നിന്റെമേൽ സമാധാനം, ഞാൻ എന്റെ നാഥനോട് നിനക്കുവേ

ണ്ടി പൊറുക്കലിനെത്തേടുകതന്നെ ചെയ്യും, നിശ്ചയം അവൻ എന്നോട് വളരെ കനിവുള്ളവനായിരിക്കുന്നു.

മക്കയിൽ അവതരിപ്പിച്ചിട്ടുള്ള സൂക്തങ്ങളിലെല്ലാം ഇബ്റാഹീം തന്റെ പിതാവിനു വേണ്ടി പൊറുക്കലിനെത്തേടിയിരുന്നതായി പറയുന്നുണ്ടെങ്കിലും മദീനയിൽ പ്രവാചകന്റെ അവസാന കാലഘട്ടത്തിൽ അവതരിച്ച 9: 113–114 സൂക്തങ്ങളിൽ, പിതാവിനുവേണ്ടി പൊറുക്കലിനെത്തേടിയത് തെറ്റാണെന്ന് മനസ്സിലാക്കിയ ഇബ്റാഹീം അല്ലാഹുവിനോട് ഖേദിച്ചു മടങ്ങിയതായി പറഞ്ഞിട്ടുണ്ട്. ഇബ്റാഹീമിന് നാഥൻ പ്രാപഞ്ചികവ്യവസ്ഥ കാണിച്ചുകൊടുത്തപ്പോൾ ഇബ്റാഹിം പിതാവിനെ നരകത്തിൽ പന്നിയായി കണ്ടതിനെത്തുടർന്നായിരുന്നു അത്. അദ്ദിക്ർ അറിഞ്ഞിട്ടും അതിനെ മൂടിവെക്കുന്ന മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾക്കുവേണ്ടി പൊറുക്കലിനെത്തേടുകയോ *മയ്യിത്ത്* നമസ്കരിക്കുകയോ ചെയ്യരുതെന്ന് 9: 84–85 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 9: 71–73, 123 വിശദീകരണം നോക്കുക.

48. നിങ്ങളേയും അല്ലാഹുവിനെക്കൂടാതെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നതിനേയും ഞാൻ വെടിയുകയും ചെയ്യുന്നു, ഞാൻ എന്റെ നാഥനോട് മാത്രമാണ് വിളിച്ച് പ്രാർത്ഥിക്കുന്നത്, എന്റെ നാഥനെ വിളിച്ച് പ്രാർത്ഥിക്കുകവഴി ഞാൻ ദൗർഭാഗ്യവാനാവുകയില്ലെന്ന് പ്രതീക്ഷിക്കുന്നു.

49. അങ്ങനെ അവൻ അവരേയും അല്ലാഹുവിനെക്കൂടാതെ അവർ സേവിച്ചിരുന്നതിനേയും വെടിഞ്ഞപ്പോൾ നാം അവന് ഔദാര്യമായി ഇസ്ഹാഖിനേയും യഅ്ഖൂബിനേയും നൽകി, എല്ലാ ഓരോരുത്തരേയും നാം നബിമാരുമാക്കി.

14: 39; 18: 16 വിശദീകരണം നോക്കുക.

50. അവർക്കെല്ലാം നാം നമ്മുടെ കാരുണ്യത്തിൽ നിന്ന് ഔദാര്യമായി നൽകുകയും നാം അവരുടെ നാവുകൾ ഉന്നതമായ സത്യം പറയുന്നതാക്കുകയും ചെയ്തു.

സൂക്തത്തിൽ പറഞ്ഞ കാരുണ്യവും ഉന്നതമായ സത്യവും അദ്ദിക്ർ തന്നെയാണ്. ഇത്തരം സൂക്തങ്ങൾ വായിക്കുന്ന വിശ്വാസികൾ ഇങ്ങനെ പ്രാർത്ഥിക്കേണ്ടതാണ്; *അല്ലാഹുവേ! ഞങ്ങളെ നീ അദ്ദിക്ർ കൊണ്ട് സജ്ജനങ്ങളായ നിന്റെ അടിമകളിൽ ചേർക്കേണമേ. അല്ലാഹുവേ, ഞങ്ങളെ നീ സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തേണ്ടവിധം സത്യപ്പെടുത്തുന്ന സൂക്ഷ്മതയുള്ളവരാക്കേണമേ.* 2: 2; 6: 88–90 വിശദീകരണം നോക്കുക.

51. ഗ്രന്ഥത്തിൽ മൂസായെക്കുറിച്ച് നീ ഓർക്കുകയും ചെയ്യുക, നിശ്ചയം അവൻ അല്ലാഹുവിനുവേണ്ടി മാത്രം ജീവിക്കുന്നവനായിരുന്നു, പ്രവാചകനായ നബിയുമായിരുന്നു.

അവൻ അല്ലാഹുവിന് വേണ്ടി മാത്രം ജീവിക്കുന്നവനായിരുന്നു എന്നതിന്റെ വിവക്ഷ അല്ലാഹുവിനെ മാത്രം സേവിക്കുന്നവനും അവനെ മാത്രം സഹായിക്കുന്നവനും നടത്തങ്ങളിലും ഇരുത്തങ്ങളിലും കിടപ്പുകളിലും 'അല്ലാഹ്' എന്ന ബോധത്തിൽ നിലകൊള്ളുന്നവനുമായിരുന്നു എന്നാണ്. അല്ലാഹുവിന്റെ ഇത്തരം പ്രത്യേകക്കാരായ അടിമകളെ പിശാച് പാട്ടിലാക്കുകയില്ല എന്ന് 38: 82–83 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 9: 33; 12: 24 വിശദീകരണം നോക്കുക.

52. നാം അവനെ 'ത്വൂർ' പർവ്വതത്തിന്റെ വലതുഭാഗത്തുനിന്ന് വിളിക്കുകയും രഹസ്യസംഭാഷണത്തിനായി നമ്മിലേക്ക് അടുപ്പിക്കുകയും ചെയ്തു.

53. നമ്മുടെ കാരുണ്യത്തിൽ നിന്ന് അവന്റെ സഹോദരൻ ഹാറൂനിനെ നബിയായി നിശ്ചയിച്ചുകൊടുക്കുകവഴി അവനോട് നാം ഔദാര്യം കാണിക്കുകയും ചെയ്തു.

54. ഗ്രന്ഥത്തിൽ ഇസ്മാഈലിനെക്കുറിച്ച് നീ ഓർക്കുകയും ചെയ്യുക; നിശ്ചയം അവൻ വാഗ്ദത്തം സത്യപ്പെടുത്തുന്നവനായിരുന്നു, പ്രവാചകനായ നബിയുമായിരുന്നു.

55. അവൻ തന്റെ കുടുംബാംഗങ്ങളോട് നമസ്കാരം കൊണ്ടും സക്കാത്ത് കൊണ്ടും കൽപ്പിക്കുന്നവനുമായിരുന്നു, തന്റെ നാഥന്റെ അടുക്കൽ തൃപ്തിപ്പെട്ടവനുമായിരുന്നു.

66: 6 ൽ വിശ്വാസികളോട്, നിങ്ങൾ നിങ്ങളേയും നിങ്ങളുടെ കുടുംബാംഗങ്ങളേയും നരകത്തെത്തൊട്ട് കാത്തുസൂക്ഷിക്കുക എന്ന് കൽപിച്ചിട്ടുണ്ട്. 9: 11 ൽ നമസ്കാരം നിലനിർത്തുകയും സക്കാത്ത് നൽകുകയും ചെയ്യുന്നതുവരെ ഒരാളും ദീനിൽ നിങ്ങളുടെ സഹോദരനാവുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് നമസ്കാരം കൊണ്ടും സക്കാത്ത് കൊണ്ടും കുടുംബാംഗങ്ങളെ കൽപ്പിക്കുക എന്നത് വിശ്വാസികളുടെ ബാധ്യതയാണ്. ആദ്യമാദ്യം അടുത്തടുത്ത ബന്ധുക്കളോടാണ് അദ്ദിക്ർ കൊണ്ട് മുന്നറിയിപ്പ് നൽകേണ്ടതെന്ന് 26: 214 ൽ പറഞ്ഞിട്ടുണ്ട്. *ദിക്ർ* എന്ന ഗ്രന്ഥം നിലനിർത്താനാണ് നമസ്കാരം നിലനിർത്തേണ്ടത് എന്ന് 20: 14 ലും; ആശയമില്ലാതെ നമസ്കരിച്ചാൽ വിചാരണയില്ലാതെ നരകത്തിലെ *വൈലി*ൽ ആപതിക്കുമെന്ന് 107: 4-5 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി പിൻപറ്റേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 177; 15: 92-93; 19: 31-33 വിശദീകരണം നോക്കുക.

56. ഗ്രന്ഥത്തിൽ ഇദ്രീസിനെക്കുറിച്ചും ഓർമ്മിക്കുക, നിശ്ചയം അവൻ സത്യസന്ധനായ നബിയായിരുന്നു.

57. നാം അവനെ ഉന്നതമായ സ്ഥാനത്തേക്ക് ഉയർത്തുകയുമുണ്ടായി.

സൂക്തത്തിൽ നാം 'അവനെ' ഉയർത്തുകയുമുണ്ടായി എന്ന് പറഞ്ഞതിനാൽ ശരീരത്തോടുകൂടിത്തന്നെയാണ് ഇദ്രീസ് നബിയെ നാലാം ആകാശത്തേക്ക് ഉയർത്തിയത്. 17: 1 ൽ വിവരിച്ച പ്രകാരം പ്രവാചകൻ മുഹമ്മദിന്റെ സ്വർഗാരോഹണ സമയത്ത് പ്രവാചകൻ ഇദ്രീസ് നബിയെ നാലാം ആകാശത്തുവെച്ച് കണ്ട് സംഭാഷണം നടത്തുകയുണ്ടായിട്ടുണ്ട്. 4: 158-159 വിശദീകരണം നോക്കുക.

58. അക്കൂട്ടരെല്ലാമാണ് ആദം സന്തതിപരമ്പരകളിൽ നിന്ന് അല്ലാഹുവിന്റെ അനുഗ്രഹത്തിന് വിധേയമായിട്ടുള്ള നബിമാരിൽ നിന്നുള്ള ചിലർ, നൂഹിന്റെ കൂടെ നാം കപ്പലിൽ വഹിപ്പിച്ചവരിൽ നിന്നുള്ള ചിലർ, ഇബ്റാഹിമിന്റേയും ഇസ്റാഈലിന്റേയും സന്തതിപരമ്പരകളിൽ പെട്ട ചിലർ, നാം സന്മാർഗത്തിലാക്കുകയും തെരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളവരിൽ നിന്നുള്ള ചിലർ; നിഷ്പക്ഷവാന്റെ സൂക്തങ്ങൾ അവരുടെ മേൽ വിശദീകരിച്ച് കൊടുക്കപ്പെട്ടാൽ ഉടനെത്തന്നെ അവർ കരഞ്ഞുകൊണ്ട് സാഷ്ടാംഗത്തിൽ വീഴുന്നതാണ്.

ആദം മുതൽ അന്ത്യനാൾ വരെയുള്ള വിശ്വാസികളുടെ സ്വഭാവമാണ് ഈ സൂക്തത്തിൽ വരച്ചുകാണിച്ചിട്ടുള്ളത്. സന്മാർഗമായ അദ്ദിക്ർ പിൻപറ്റുന്ന എല്ലാ നബിമാ

രും പ്രവാചകന്മാരും വിശ്വാസികളും നിഷ്പക്ഷവാനായ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിലെ സാഷ്ടാംഗപ്രണാമത്തിന്റെ സൂക്തങ്ങൾ വായിക്കുകയോ കേൾക്കുകയോ ചെയ്യുമ്പോൾ സാഷ്ടാംഗത്തിൽ വീഴുന്നവരാണ്. 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഗ്രന്ഥത്തിലെ തിലാവത്തിന്റെ 15 സൂക്തങ്ങൾ വായിക്കുകയോ കേൾക്കുകയോ ചെയ്യുമ്പോൾ സാഷ്ടാംഗപ്രണാമം ചെയ്യാത്തവർ പിശാചിനാൽ പാട്ടിലാക്കപ്പെട്ടവരും തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ളവരും ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരുമാണെന്ന് 25: 33–34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 17: 109; 25: 60; 32: 15; 38: 24 വിശദീകരണം നോക്കുക.

59. അങ്ങനെ അവർക്ക് ശേഷം നമസ്കാരം പാഴാക്കിക്കളയുകയും ദേഹേച്ഛകൾ പിൻപറ്റുകയും ചെയ്യുന്ന ഒരു വിഭാഗം പിൻഗാമികളായി വരികയും ചെയ്തു, അപ്പോൾ ദുർമാർഗത്തിന്റെ പരിണിതി അവർ കണ്ടുമുട്ടുകതന്നെ ചെയ്യും.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ 75: 31–32 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്താതെ നമസ്കരിക്കുന്നവരും ദേഹേച്ഛകൾ പിൻപറ്റി ജീവിക്കുന്നവരുമായതിനാൽ 25: 65–66 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർക്ക് പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക. 2: 2–5; 7: 169–170; 29: 45 വിശദീകരണം നോക്കുക.

60. പശ്ചാത്തപിച്ച് മടങ്ങുകയും വിശ്വാസം കൈക്കൊള്ളുകയും ആ വിശ്വാസം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവൃത്തിയിൽ മുഴുകുകയും ചെയ്തവനൊഴികെ, അപ്പോൾ അക്കൂട്ടർ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നതാണ്, അവർ ഒരുവിധത്തിലും അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല.

അദ്ദിക്ർ കൊണ്ട് മാത്രമാണ് യഥാർത്ഥ വിശ്വാസം രൂപപ്പെടുത്താൻ സാധിക്കുക. വിശ്വാസം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവൃത്തിയിൽ മുഴുകുക എന്ന് പറഞ്ഞാൽ അദ്ദിക്ർ മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവൃത്തിയിൽ മുഴുകുക എന്നാണ്. അതാണ് *നിങ്ങളിൽ ഏറ്റവും ഉത്തമൻ ഗ്രന്ഥം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണെന്ന്* നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുൾ. *തന്റെ ഇച്ഛ അദ്ദിക്ർ പിൻപറ്റുന്നതുവരെ ഒരാളും വിശ്വാസിയാവുകയില്ല* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 25: 68 ൽ, നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസികൾ അല്ലാഹുവിനോടൊപ്പം മറ്റൊരു ഇലാഹിനെ വിളിച്ച് പ്രാർത്ഥിക്കുകയില്ല എന്നും അല്ലാഹു പവിത്രമാക്കിയ ഒന്നിനെയും സത്യം കൂടാതെ കൊല്ലുകയില്ല എന്നും വ്യഭിചരിക്കുകയുമില്ല എന്നും, അങ്ങനെ ആരെങ്കിലും പ്രവർത്തിച്ചാൽ അവൻ കുറ്റകൃത്യങ്ങളിൽ ആപതിച്ചതുതന്നെ എന്നും; 25: 69–70 സൂക്തങ്ങളിൽ, വിധിദിവസം അവന് ശിക്ഷ ഇരട്ടിപ്പിക്കുന്നതും ഹീനമായ ശിക്ഷ ആസ്വദിച്ചുകൊണ്ട് അവൻ നരകത്തിൽ ശാശ്വതനായി കഴിഞ്ഞുകൂടുന്നതുമാണ് എന്നും, പശ്ചാത്തപിച്ച് മടങ്ങുകയും വിശ്വാസം രൂപപ്പെടുത്തുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവനൊഴികെ, അപ്പോൾ അക്കൂട്ടർക്ക് അല്ലാഹു അവരുടെ തിന്മകൾ നന്മകളായി മാറ്റിമറിച്ച് കൊടുക്കുന്നതാണ്, അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയായിരിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്. 2: 6–7, 160; 4: 146 വിശദീകരണം നോക്കുക.

61. –നിഷ്പക്ഷവാൻ തന്റെ അടിമകളോട് അദൃശ്യമായിക്കൊണ്ട് വാഗ്ദാനം ചെയ്തിട്ടുള്ള നിത്യാനുഗ്രഹങ്ങളടങ്ങിയ സ്വർഗപ്പൂന്തോപ്പുകളിൽ, നിശ്ചയം അവ

ന്റെ വാഗ്ദാനം നടപ്പിലാവാനുള്ളത് തന്നെയാണ്.

അദൃശ്യമായിക്കൊണ്ട് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗം എന്ന് പറഞ്ഞാൽ 47: 6 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്റിലൂടെ കണ്ട സ്വർഗം എന്നാണ്. 2: 3; 6: 104; 25: 15–16 വിശദീകരണം നോക്കുക.

62. അതിൽ അവർ 'സമാധാനം' എന്നല്ലാതെ മറ്റു പൊളിവചനങ്ങളൊന്നും കേൾക്കുകയില്ല, അവർക്ക് അതിൽ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും അവരുടെ ഭക്ഷണവിഭവങ്ങളുമുണ്ട്.

63. നമ്മുടെ അടിമകളിൽ അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിച്ച് ജീവിച്ചിരുന്നവർക്ക് നാം അനന്തരാവകാശമായി നൽകുന്ന സ്വർഗമാണ് അത്.

43: 36–37 സൂക്തങ്ങളിൽ പറഞ്ഞ ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റ് കൊണ്ട് വിശ്വാസിയാക്കി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർ മാത്രമാണ് വിശ്വാസിയാവുക. അത്തരം വിശ്വാസി 2: 62 ൽ വിവരിച്ച പ്രകാരം നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് ഏഴാം ഘട്ടത്തിന് വേണ്ടി സ്വർഗം പണിയുന്നതും മറ്റുള്ളവരെക്കൊണ്ട് പണിയിപ്പിക്കുന്നതിന് വേണ്ടി ജീവിതലക്ഷ്യം ഉണർത്തുന്ന ഗ്രന്ഥമായ അദ്ദിക്റ് ജാതി-മത-ലിംഗ-വർണ-ഭാഷ-ദേശ വ്യത്യാസമില്ലാതെ ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുന്നതുമാണ്. 3: 101–102; 7: 43; 16: 97, 128 വിശദീകരണം നോക്കുക.

64. നിന്റെ നാഥന്റെ കൽപന പ്രകാരമല്ലാതെ ഞങ്ങൾ ഇറങ്ങുകയുമില്ല, ഞങ്ങളുടെ മുമ്പിലുള്ളവയും ഞങ്ങളുടെ പിന്നിലുള്ളവയും അവക്കിടയിലുമുള്ളവയും അവനുള്ളതാകുന്നു, നിന്റെ നാഥൻ ഒന്നും തന്നെ വിസ്മരിക്കുന്നവനുമായിട്ടില്ല.

മക്കാമുശ്രിക്കുകൾ ഗുഹാവാസികളെക്കുറിച്ച് പ്രവാചകനോട് ചോദിച്ചപ്പോൾ 'അല്ലാഹു ഉദ്ദേശിച്ചാൽ' എന്ന് പറയാതെ നാളെ പറഞ്ഞുതരാമെന്ന് പറഞ്ഞതിന് ശേഷം പതിനഞ്ച് നാളുകൾ *ജിബ്രീൽ* പ്രവാചകന്റെ അടുത്ത് വരികയുണ്ടായില്ല. ശേഷം 18: 23–24 സൂക്തങ്ങളും കൊണ്ട് *ജിബ്രീൽ* വന്നപ്പോൾ പ്രവാചകൻ ജിബ്രീലിനോട് 'ന മ്മെ മറന്നോ' എന്ന് ചോദിച്ചതിന് മറുപടിയായി ഇറങ്ങിയതാണ് ഈ സൂക്തം. ജിബ്രീലിന്റെയും മലക്കുകളുടെയും എല്ലാം കടിഞ്ഞാൺ അല്ലാഹുവിലാണെന്നും ത്രികാലജ്ഞാനിയായ അവൻ 2: 255 ൽ വിവരിച്ച പ്രകാരം ഉറക്കമോ മറവിയോ പിടിപെടാത്തവനാണെന്നും പരിചയപ്പെടുത്തുകയാണ്. 17: 17; 18: 80 വിശദീകരണം നോക്കുക.

65. ആകാശങ്ങളുടേയും ഭൂമിയുടേയും അവക്ക് രണ്ടിനും ഇടയിലുള്ളവയുടേയും ഉടമ! അതുകൊണ്ട് നീ അവനെമാത്രം സേവിക്കുക, അവനുള്ള സേവനത്തിൽ അടിയുറച്ച് നിലകൊള്ളുകയും ചെയ്യുക, അവന് സമാനമായി മറ്റാരുടേയെങ്കിലും പേര് നിനക്ക് അറിയാമോ?

പ്രപഞ്ചനാഥനെ പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ് നൂഹ് മുതൽ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാരെയും അവൻ അദ്ദിക്റും കൊണ്ട് ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളത്. ആത്മാവിന്റെ ഉടമയെ കണ്ടെത്തുക, സ്വർഗം പണിയുക, പണിത സ്വർഗത്തിലേക്ക് തിരിച്ചുപോവുക എന്നതാണ് ഗ്രന്ഥം സമർപ്പിക്കുന്ന ജീവിതലക്ഷ്യം. 2: 254; 4: 1–2; 32: 4 വിശദീകരണം നോക്കുക.

66. മനുഷ്യൻ ചോദിക്കുകയും ചെയ്യുന്നു; ഞാൻ മരിച്ചുകഴിഞ്ഞാൽ വീണ്ടും ഞാൻ

ജീവനുള്ളവനായി പുറപ്പെടുവിക്കപ്പെടുകതന്നെ ചെയ്യുമെന്നോ?

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ, *ബർസഖീ* ജീവിതത്തെക്കൊണ്ടും പുനർജന്മത്തെക്കൊണ്ടും വിധിദിവസത്തെക്കൊണ്ടും ഗ്രന്ഥം സമർപ്പിക്കുന്നവിധം വിശ്വാസം രൂപപ്പെടുത്താത്തവരാണെന്ന് 11: 17–19; 23: 100; 60: 13 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. 17: 49–51 വിശദീകരണം നോക്കുക.

67. മനുഷ്യൻ ഓർമ്മിക്കുന്നില്ലെയോ? നിശ്ചയം, മുമ്പ് അവൻ ഒന്നുമല്ലാത്ത അവസ്ഥയിൽ നിന്ന് നാമാണ് അവനെ സൃഷ്ടിച്ചത് എന്ന്.

വിശ്വാസി എല്ലായ്പ്പോഴും, പ്രത്യേകിച്ച് തിലാവത്തിന്റെ സാഷ്ടാംഗപ്രണാമത്തിൽ 'ഞങ്ങളെ ഒരു ആത്മാവിൽ നിന്നും പുരുഷന്റെയും സ്ത്രീയുടെയും മിശ്രിതമായ ബീജം കൊണ്ട് സൃഷ്ടിച്ച ഒരുവൻ പരിശുദ്ധനാണ്' എന്ന് നാഥനെ ആത്മാവുകൊണ്ട് വാഴ്ത്തുന്നതാണ്. 6: 38; 16: 89 വിശദീകരണം നോക്കുക.

68. അപ്പോൾ നിന്റെ നാഥനാണ് സത്യം, നാം അവരേയും പിശാചുക്കളേയുമെല്ലാം പുനർജീവിപ്പിച്ച് ഒരുമിച്ച് കൂട്ടുകതന്നെ ചെയ്യും, പിന്നെ നരകക്കുണ്ഠത്തിന് ചുറ്റും നാം അവരെ മുട്ടുകുത്തിയവരായി ഹാജരാക്കുകതന്നെ ചെയ്യും.

69. പിന്നെ ഓരോ വിഭാഗത്തിൽ നിന്നും നിഷ്പക്ഷവാനോട് ഏറ്റവും കഠിനമായി ധാർഷ്ഠ്യം കാണിച്ചവരെ നാം ഊരിയെടുക്കുകതന്നെ ചെയ്യും.

70. പിന്നെ അവരെ ആരെയാണ് ആദ്യമാദ്യം വേവിക്കേണ്ടതെന്ന് നാം തന്നെയാണ് ഏറ്റവും അറിയുന്നവൻ.

71. നിങ്ങളിൽ ആരും തന്നെ അതിനടുത്ത് വരാത്തവരായി ഇല്ലതന്നെ, നിന്റെ നാഥന്റെയടുത്ത് പൂർണ്ണമായി നടപ്പിലാക്കാൻ തീരുമാനിച്ചത് തന്നെയാണത്.

72. പിന്നെ അവരിൽ അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിച്ചിരുന്നവരെ നാം രക്ഷപ്പെടുത്തുകയും അക്രമികളായിരുന്നവരെ മുട്ടുകുത്തിയവരായി അതിൽ വെടിയുകയും ചെയ്യുന്നതുമാണ്.

ഐഹികലോകത്തുവെച്ച് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധികൽപിക്കുന്ന വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്ന *സാബിഖീങ്ങൾ* ഒഴികെയുള്ളവരെയെല്ലാം തന്നെ നരകത്തിന് ചുറ്റും അതിലെ ശിക്ഷാകഠോരങ്ങൾ കാണിക്കുന്നതിന് വേണ്ടി കൊണ്ടുവരപ്പെടുന്നതാണ്. എന്നാൽ അദ്ദിക്ർ പിൻപറ്റി ജീവിച്ചിരുന്ന സൂക്ഷ്മാലുക്കളെ അഥവാ വിചാരണക്ക് ശേഷം സ്വർഗത്തിലേക്ക് നയിക്കപ്പെടുന്നവരെ ആ നരകം കാണിച്ച് കൊടുത്തശേഷം സ്വർഗത്തിലേക്ക് രക്ഷപ്പെടുത്തുന്നതാണ്. അദ്ദിക്ർ വന്നുകിട്ടിയിട്ട് സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്ന അക്രമികളെ ആ നരകത്തിൽ മുട്ടുകുത്തിയ അവസ്ഥയിൽ വിടുന്നതാണ്. അദ്ദിക്റിനെ വളച്ചൊടിച്ച് അല്ലാഹുവിന്റെ നേരെച്ചൊവ്വെയുള്ള പാതയെ പ്രയാസമുള്ളതാക്കി അവതരിപ്പിക്കുന്ന കപടവിശ്വാസികൾ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിലേക്ക് പോകുന്നതുമാണ്. 2: 62 ൽ വിവരിച്ച പ്രകാരം അന്ത്യപ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനവിഭാഗങ്ങളിൽ പെട്ടവരെ ഒരു പ്രാവശ്യം കുടിച്ചാൽ പിന്നീട് ഒരിക്കലും ദാഹം വരാത്ത *കൗസർ* തടാകത്തിൽ നിന്ന് കുടിപ്പിച്ചശേഷം സ്വർഗവും നരകവുമല്ലാത്ത ഇതര ലോകങ്ങളിലേക്കാണ് നിഷ്പക്ഷവാനായ നാഥൻ

അയക്കുക. 4: 145; 9: 67-68,125; 25: 33-34 വിശദീകരണം നോക്കുക.

73. നമ്മുടെ വ്യക്തമായ സൂക്തങ്ങൾ അവരുടെമേൽ വിശദീകരിക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ കാഫിറുകളായവർ വിശ്വാസികളായവരോട് ചോദിക്കുകതന്നെ ചെയ്യും: നാം ഇരു വിഭാഗത്തിൽ ആർക്കാണ് ഉത്തമമായ സ്ഥാനമാനങ്ങളുള്ളത് എന്നും ആർക്കാണ് വലിയ ആൾകൂട്ടത്തെ വിളിച്ചുചേർക്കാൻ സാധിക്കുക എന്നും.

എക്കാലത്തുമുള്ള കാഫിറുകളുടെ സ്വഭാവമാണ് ഈ സൂക്തത്തിൽ വരച്ചുകാണിക്കുന്നത്. ത്രികാലജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഫുജ്ജാറുകളുടെ ധാരണ എല്ലാഓരോ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് സ്വർഗത്തിലേക്കും അദ്ദിക്ർ പിൻപറ്റുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി നരകത്തിലേക്കുമാണ് എന്നാണ്. എന്നാൽ 4: 118 ൽ വിവരിച്ച പ്രകാരം എല്ലാ ഓരോ ആയിരത്തിലും ഒന്ന് മാത്രം സ്വർഗത്തിലേക്കും ബാക്കി തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പതും നരകത്തിലേക്കുമാണ്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല എന്നിരിക്കെ ഓരോരുത്തരും കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരെ വാദിച്ച്, സാക്ഷിനിന്ന് അവനെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 7: 40; 11: 118-119 വിശദീകരണം നോക്കുക.

74. ഇവർക്കുമുമ്പ് എത്രയെത്ര തലമുറകളെയാണ് നാം തുടച്ച് മാറ്റിയിട്ടുള്ളത്, അവർ ഇവരേക്കാൾ സാധനസാമഗ്രികളും ബാഹ്യമോടികളും ഉള്ളവരായിരുന്നു.

41: 15 ൽ, ആദ് സമുദായത്തെക്കുറിച്ച് 'അപ്പോൾ ആദ് ന്യായം കൂടാതെ ഭൂമിയിൽ അഹങ്കരിച്ച് ജീവിച്ചു, ഞങ്ങളേക്കാൾ ശക്തന്മാരായി ആരാണുള്ളത് എന്ന് അവർ ചോദിക്കുകയും ചെയ്തു, അവരെ സൃഷ്ടിച്ച അല്ലാഹു അവരേക്കാൾ ശക്തനാണെന്ന് അവർ മനസ്സിലാക്കുന്നില്ലേ? അവർ നമ്മുടെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുന്നവരുമായിരുന്നു' എന്ന് പറഞ്ഞിട്ടുണ്ട്. 2: 113; 5: 44-45, 47; 7: 69, 74 വിശദീകരണം നോക്കുക.

75. നീ പറയുക, ആരാണോ വഴികേടിലായത് അപ്പോൾ നിഷ്പക്ഷവാൻ അവനെ വഴികേടിലേക്ക് അയച്ചുവിടുന്നു, അങ്ങനെ അവരോട് വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന ശിക്ഷ അല്ലെങ്കിൽ അന്ത്യമണിക്കൂർ അവർ നേരിൽ കാണുന്നതുവരെ, അപ്പോൾ അവർ അറിയുകതന്നെ ചെയ്യും, ആരാണ് ദുഷിച്ച സ്ഥാനത്തുള്ളതെന്നും ആരുടെ പടയാണ് ഏറ്റവും ബലഹീനമായതെന്നും.

72: 24 ൽ, അങ്ങനെ അവരോട് വാഗ്ദത്തം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്ന് കാണുമ്പോൾ ആർക്കാണ് ഏറ്റവും ദുർബലമായ സഹായിയുള്ളതെന്നും ആരാണ് എണ്ണത്തിൽ കുറവുള്ളവരെന്നും അവർ അറിയുകതന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. അന്ത്യമണിക്കൂർ കൊണ്ടുദ്ദേശിക്കുന്നത് വ്യക്തികളുടെ കാര്യത്തിൽ മരണവും മൊത്തം മനുഷ്യരുടെകാര്യത്തിൽ ലോകാവസാനവുമാണ്. 4: 115; 10: 108; 39: 23, 41 വിശദീകരണം നോക്കുക.

76. സൻമാർഗ്ഗം പിൻപറ്റുന്നവരായവർക്ക് അല്ലാഹു സൻമാർഗ്ഗം വർദ്ധിപ്പിച്ച് കൊടുക്കുന്നതുമാണ്, ബാക്കിയാകുന്ന സൽകർമ്മങ്ങളാകുന്നു നിന്റെ നാഥന്റെ അടുക്കൽ ഉത്തമമായ പ്രതിഫലം ലഭിക്കുന്നതും തിരിച്ചുചെല്ലാൻ ഏറ്റവും ഉത്തമമായതും.

അദ്ദിക്റാണ് സന്മാർഗവും വിശ്വാസവും വർദ്ധിപ്പിക്കാനുള്ള ഉപകരണമെന്ന് യഥാ ക്രമം 2: 120–121; 8: 2–4 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഏതൊരു പ്രവൃത്തിയും നി ഷ്പക്ഷവാനായ അല്ലാഹുവിന്റെ അടുത്ത് സ്വീകാര്യമാകണമെങ്കിൽ അദ്ദിക്റിൽ നിന്നു ള്ള ഒരു സൂക്തഭാഗമെങ്കിലും തെളിവായി ഉണ്ടായിരിക്കണമെന്ന് 4: 174–175 സൂക്തങ്ങളി ൽ പറഞ്ഞിട്ടുണ്ട്. പരലോകത്ത് സത്യമായ അദ്ദിക്ർ ത്രാസ്സായി ഉപയോഗപ്പെടുത്തിയാ ണ് വിധി കൽപിക്കുക എന്നതിനാൽ ഐഹികലോകത്ത് അതിനെ ത്രാസ്സായി ഉപയോഗ പ്പെടുത്താത്ത ഫുജ്ജാറുകൾക്ക് വിധിദിവസം പ്രവർത്തനങ്ങൾക്ക് തൂക്കം ലഭിക്കുകയില്ല എന്ന് 18: 103–106 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 186; 6: 89–90; 17: 13–15; 18: 46 വിശദീകര ണം നോക്കുക.

77. അപ്പോൾ നമ്മുടെ സൂക്തങ്ങളെ മൂടിവെച്ച ഒരുവനെ നീ കണ്ടില്ലെയോ? എനിക്ക് സമ്പത്തും സന്താനങ്ങളുമെല്ലാം നൽകപ്പെട്ടിരിക്കുന്നു എന്ന് അവൻ പറയു കയും ചെയ്തു.

എക്കാലത്തുമുള്ള കപടവിശ്വാസികളുടെ വാദഗതിയാണ് ഇത്. 3: 10; 9: 53–55; 18: 34–43 വിശദീകരണം നോക്കുക.

78. അവൻ അദൃശ്യങ്ങൾ എത്തിനോക്കിയിട്ടുണ്ടോ, അതോ നിഷ്പക്ഷവാന്റെ അടുക്കൽ അവന് വല്ല ഉടമ്പടിയും സ്വീകരിച്ചിട്ടുണ്ടോ?

79. അങ്ങനെയല്ല, അവൻ പറയുന്നതെന്തും നാം രേഖപ്പെടുത്തുകതന്നെ ചെ യ്യും, അവന് നാം ശിക്ഷയിൽ നിന്ന് നീട്ടിക്കൊടുക്കുകയും ചെയ്യും.

80. നാം തന്നെയാണ് അവനെയും അവൻ പറഞ്ഞുകൊണ്ടിരിക്കുന്ന ഒന്നിനെയും അനന്തരമെടുക്കുക, അവൻ ഒറ്റക്കായി നമ്മുടെ അടുക്കൽ കൊണ്ടുവരപ്പെ ടുന്നതുമാണ്.

ഉൾക്കാഴ്ച്ചാദായകമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ അവഗണിച്ചുകൊണ്ട് ജീവിക്കുന്ന കപടവിശ്വാസികൾ അവരെ ന്യായീകരിക്കുന്നതിനും അവരുടെ സംഘബല ം വർദ്ധിപ്പിക്കുന്നതിനും അവർക്കുള്ള സുഭിക്ഷത, ആൾബലം എന്നിവ എപ്പോഴും എടുത്തുദ്ധരിക്കുന്നതാണ്. എന്നാൽ അദ്ദിക്റിന്റെ വെളിച്ചത്തിലല്ലാത്ത ജീവിതം അവ ർക്ക് നരകത്തിന്റെ അടിത്തട്ടിൽ പോകാൻ മാത്രമേ ഉപകാരപ്പെടുകയുള്ളൂ എന്നും അവർക്ക് പരീക്ഷണമായി നൽകിയിരിക്കുന്ന സമ്പത്ത് അല്ലാഹു അനന്തരമെടുത്തു കൊണ്ട് അവരെ പാപ്പരായി ഒറ്റക്കൊറ്റക്ക് വിചാരണക്ക് കൊണ്ടുവരുന്നതുമാണ്. 6: 94; 18: 48; 19: 40 വിശദീകരണം നോക്കുക.

81. ഇവർ അല്ലാഹുവിനെക്കൂടാതെ മറ്റു ഇലാഹുകളെ തെരഞ്ഞെടുത്തിരിക്കു ന്നു, അവർ ഇവർക്ക് പ്രതാപം നൽകുന്നതിന് വേണ്ടി.

39: 3 ൽ അല്ലാഹുവിനെക്കൂടാതെ മറ്റു സംരക്ഷകന്മാരെ തെരഞ്ഞെടുത്തവർ, ഞ ങ്ങൾ അവരെ സേവിക്കുന്നത് അവർ ഞങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്നതിന് വേണ്ടിയല്ലാതെയല്ല എന്ന നയത്തിലാണ്; നിശ്ചയം അവർ ഭിന്നിച്ച വിഷയങ്ങളിൽ അ ല്ലാഹു അവർക്കിടയിൽ തീരുമാനം കൽപ്പിക്കുന്നതാണ്, നുണപറയുന്ന, നിഷേധത്തിനു മേൽ നിഷേധം കൈക്കൊള്ളുന്ന ഒരുവനേയും നിശ്ചയം അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ലതന്നെ എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകളാണ് മറ്റേതൊരു ജനവിഭാഗത്തെക്കാളും അല്ലാഹുവിന് ഇടയാളന്മാരേയും

ശുപാർശക്കാരേയും സ്വീകരിക്കുന്നത്. ഇസ്ലാമിന് വിരുദ്ധവും പൈശാചികവുമായ അവരുടെ ജീവിതരീതി സ്ഥാപിക്കുന്നതിന് വേണ്ടി ഗ്രന്ഥത്തിലെ സൂക്തങ്ങൾ വളച്ചൊടിക്കുകയും പ്രവാചകന്റെതെന്ന് തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുള്ള വേഷഭൂഷാദികൾ ധരിച്ച് പ്രവാചകനെ കൊല്ലാതെ കൊല്ലുകയുമാണ് അവർ ചെയ്യുന്നത്. ആരാണോ പ്രതാപം അന്വേഷിക്കുന്നത്, അപ്പോൾ പ്രതാപം മുഴുവൻ അല്ലാഹുവിന്റെ പക്കലാണുള്ളത്, അതിനാൽ പ്രതാപം വേണ്ടവർ അവനോട് അന്വേഷിക്കട്ടെ! പരിശുദ്ധവചനങ്ങളും അവ സാക്ഷ്യപ്പെടുത്തുന്ന സൽകർമ്മങ്ങളും അവനിലേക്ക് കയറിപ്പോകുന്നു, തിന്മയ്ക്കായി ഗൂഢതന്ത്രം പ്രയോഗിക്കുന്നവർക്ക് വേ ദനാജനകമായ ശിക്ഷയുണ്ട്, അവരുടെ ഗൂഢതന്ത്രം അവർക്കെതിരായിത്തന്നെ തിരിച്ചടിക്കുന്നതുമാണ് എന്ന് 35: 10 ൽ പറഞ്ഞിട്ടുണ്ട്. 3: 78; 7: 175–176; 16: 2, 36 വിശദീകരണം നോക്കുക.

82. അങ്ങനെയല്ല, ഇവർ അവരെ സേവിച്ചുകൊണ്ടിരുന്നതിനെ അവർ നിഷേധിക്കുകതന്നെ ചെയ്യും, അവർ ഇവരുടെ മേൽ എതിരാളികളായിത്തീരുന്നതുമാണ്.

36: 74–75 സൂക്തങ്ങളിൽ, കാഫിറുകൾ അല്ലാഹുവിനെക്കൂടാതെ മറ്റു ഇലാഹുകളെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു, അവർ സഹായിക്കപ്പെടുന്നവരാകുന്നതിന് വേണ്ടി. അവർക്ക് ഇവരെ സഹായിക്കാൻ സാധിക്കുകയില്ല, എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന നാളിൽ അവർ ഇവർക്കെതിരെയുള്ള ഒരു സൈന്യമായിരിക്കും എന്നും; 46: 5–6 സൂക്തങ്ങളിൽ, അല്ലാഹുവിനെക്കൂടാതെ വിധിദിവസം വരെ അവന് ഉത്തരം നൽകാത്തവരെ വിളിച്ച് പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെത്തൊട്ട് പ്രജ്ഞയറ്റവരുമാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ച് കൂട്ടപ്പെടുമ്പോൾ അവർ ഇവരുടെ ശത്രുക്കളും ഇവർ അവരെ സേവിച്ചുകൊണ്ടിരുന്നതിനെ നിഷേധിക്കുന്നവരുമായിരിക്കും എന്നും പറഞ്ഞിട്ടുണ്ട്. കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ കപടവിശ്വാസികളും അനുയായികളും നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം ശപിക്കുകയും പഴിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 7: 197; 10: 28–29; 16: 20–21; 25: 17–18 വിശദീകരണം നോക്കുക.

83. നീ കണ്ടില്ലെയോ, നിശ്ചയം നാം പിശാചുക്കളെ കാഫിറുകളുടെ മേൽ അയച്ചിട്ടുള്ളത്, അവർ അവരുടെ കാര്യങ്ങൾ ശരിപ്പെടുത്തിക്കൊടുക്കുന്നതിനു വേണ്ടി.

2: 34; 38: 74 എന്നീ സൂക്തങ്ങളിൽ പിശാച് കാഫിറുകളിൽ പെട്ടവനാണെന്ന് പറഞ്ഞിട്ടുണ്ട്. അറബി ഖുർആനിൽ നിന്നല്ല, ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിൽ നിന്നാണ് പിശാച് മനുഷ്യരെ തടയുക. അതുവഴി അവൻ അവന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് ജനങ്ങളെ വലിച്ചിഴച്ച് കൊണ്ടുപോകുന്നതാണ്. വിശ്വാസികളുടെ മാർഗത്തിൽ തടസ്സങ്ങളുണ്ടാക്കുന്നതിനാണ് പിശാച് എപ്പോഴും ശ്രമിക്കുക. എന്നാൽ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ തള്ളിപ്പറഞ്ഞ് പിശാചിനെ സേവിച്ചുകൊണ്ട് ജീവിക്കുന്ന കാഫിറുകളുടെ ചില കാര്യങ്ങൾ ശരിപ്പെടുത്തിക്കൊടുക്കുന്നതിന് (സന്താനലബ്ധി, രോഗം സുഖപ്പെടൽ, ധനസമ്പാദനം മുതലായവ) പിശാചിന് കഴിവുണ്ടെന്നാണ് സൂക്തം പറയുന്നത്. പിശാചിന്റെ സഹായം കൊണ്ട് നേടുന്നത് ആത്യന്തികമായി ഇഹലോകത്തുതന്നെ അവനെ നാശത്തിലകപ്പെടുത്തുമെന്നും പരലോകത്ത് അവൻ എല്ലാം നഷ്ടപ്പെട്ടവനായിരിക്കുമെന്നും 43: 67 പ്രകാരം അവർ പരസ്പരം ശത്രുക്കളായിരിക്കുമെന്നും

മനസ്സിലാക്കാം. 43: 36-39 സൂക്തങ്ങളിൽ നിഷ്പക്ഷവാന്റെ സ്മരണയുണർത്തുന്ന അദ്ദിക്റിനെത്തൊട്ട് ആരാണോ മടുപ്പ് കാണിച്ചത്, അവന് നാം ഒരു പിശാചിനെ ഏർപ്പെടുത്തിക്കൊടുക്കുന്നതും അങ്ങനെ അവൻ അവന്റെ കൂട്ടുകാരനായിത്തീരുന്നതുമാണ്, അവർ അവരെ യഥാർത്ഥ പാതയായ അദ്ദിക്റിനെത്തൊട്ട് തടയുകതന്നെ ചെയ്യും, എന്നാൽ അവർ സന്മാർഗത്തിലാണെന്ന് കണക്കുകൂട്ടുന്നതാണ്. അങ്ങനെ അവർ നമ്മുടെ അടുത്തേക്ക് വന്നെത്തുമ്പോൾ അവൻ പറയും: ഓ, എന്റെ നാശം! എന്റെയും നിന്റെയുമിടയിൽ രണ്ട് ഉദയസ്ഥാനങ്ങളുടെ അകൽച്ച ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ! നീ എത്ര ദുഷിച്ച കൂട്ടുകാരൻ! നിങ്ങൾ അക്രമികളായിപ്പോയതിനാൽ ഇന്നേദിനം നിങ്ങൾക്ക് പരസ്പരം ഒരു ഉപകാരവും ചെയ്യാൻ സാധിക്കുകയില്ല തന്നെ, നിശ്ചയം നിങ്ങൾ ശിക്ഷയിൽ പങ്കാളികളാവുകതന്നെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. കാഫിറുകളുടെ പ്രവർത്തനങ്ങൾ പിശാച് അവർക്ക് അലങ്കാരമാക്കിക്കൊടുക്കുമെന്നും അല്ലാഹുവിലേക്കുള്ള പാതയായ അദ്ദിക്റിനെത്തൊട്ട് അവരെ തടയുമെന്നും 6: 43; 27: 24; 34: 20 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. അവർ കണ്ട-കേട്ട-തൊട്ട-വായിച്ച ഗ്രന്ഥം അവർക്കെതിരെ സാക്ഷ്യം വഹിക്കുകയും വാദിക്കുകയും ചെയ്തുകൊണ്ട് കാഫിറായ പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് അവരെ തള്ളിവിടുകയാണ് ചെയ്യുക. 18: 100-106; 20: 124-127; 25: 27-30, 36: 59-62 വിശദീകരണം നോക്കുക.

84. അപ്പോൾ നീ അവരുടെ മേൽ ധൃതിപ്പെടേണ്ട, നിശ്ചയം നാം അവരുടെ അവധി എണ്ണിക്കൊണ്ടിരിക്കുകയാണ്.

അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികൾ 3: 196-197; 4: 32 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഐഹികലോകത്ത് കുഫ്ഫാറുകൾക്ക് നിഷ്പക്ഷവാനായ നാഥൻ നൽകിയ അനുഗ്രഹങ്ങളിൽ അസൂയപ്പെടുകയില്ല. വിശ്വാസി അവന് നൽകപ്പെട്ട അനുഗ്രഹങ്ങൾ സ്വന്തം കാര്യത്തിന് മിതമായി ഉപയോഗപ്പെടുത്തിക്കൊണ്ട് ബാക്കിയുള്ളവ 2: 62; 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആയിരം സമുദായങ്ങളിൽ പെട്ട ജീവജാലങ്ങളുടെ ക്ഷേമം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതാണ്. കാരണം വിശ്വാസി 6: 2 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ നാഥൻ എല്ലാ കാര്യങ്ങൾക്കും ഒരു നിശ്ചിത അവധി നിശ്ചയിച്ചിട്ടുണ്ട് എന്ന ബോധമുള്ളവനാണ്. 7: 32; 10: 11, 49, 65 വിശദീകരണം നോക്കുക.

85. ഒരു നാളിൽ സൂക്ഷ്മാലുക്കളെ നാം നിഷ്പക്ഷവാന്റെ അടുക്കലേക്ക് അതിഥികളായി ഒരുമിച്ച് കൂട്ടുന്നതാണ്.

സത്യമായ അദ്ദിക്ർ വന്നുകിട്ടുകയും അതിനെ സത്യപ്പെടുത്തേണ്ടവിധം സത്യപ്പെടുത്തുകയും ചെയ്തവർ തന്നെയാണ് സൂക്ഷ്മാലുക്കളെന്ന് 39: 33 ലും; വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന സൂക്ഷ്മാലുക്കൾ രാജാധിരാജനായ നാഥന്റെ അടുക്കൽ സത്യമായ ഇരിപ്പിടത്തിൽ ഇരിപ്പുറപ്പിക്കുന്നതാണ് എന്ന് 54: 55 ലും പറഞ്ഞിട്ടുണ്ട്. വിചാരണക്ക് ശേഷം സ്വർഗത്തിൽ പ്രവേശിക്കുന്നവരും അവരുടെ ഇണകളും അലങ്കരിച്ച ചാരുമഞ്ചങ്ങളിൽ ഇരുന്ന് സല്ലപിക്കുന്നവരായിരിക്കും. അവർക്ക് അവിടെ പഴങ്ങളുണ്ടായിരിക്കും, അവർക്ക് അവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത് എന്തുമുണ്ടായിരിക്കും. കാരുണ്യവാനായ നാഥനിൽ നിന്നും അവരോടുള്ള അഭിവാദ്യം സമാധാനം എന്നായിരിക്കുമെന്ന് 36: 55-58 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 38; 69: 48 വിശദീകരണം നോക്കുക.

86. ഭ്രാന്തന്മാരെ നാം ദാഹിച്ച് വലഞ്ഞവരായി നരകക്കുണ്ഠത്തിലേക്ക് തെളിക്കുന്നതുമാണ്.

പ്രവാചകന്റെ സമുദായത്തിൽ പെട്ട അദ്ദിക്ർ ലഭിച്ചിട്ടില്ലാത്ത ഇതര ജനവിഭാഗങ്ങളെയെല്ലാം 2: 62; 108: 1-3 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഒരു പ്രാവശ്യം കുടിച്ചാൽ പിന്നെ ഒരിക്കലും ദാഹം വരാത്ത *കൗസർ* തടാകത്തിൽ നിന്ന് കുടിപ്പിക്കുന്നതും സ്വർഗ്ഗവും നരകവുമല്ലാത്ത ഇതരലോകങ്ങളിലേക്ക് അയക്കുന്നതുമാണ്. എന്നാൽ അദ്ദിക്റിനെ വിസ്മരിച്ച് ചിന്താശക്തി ഉപയോഗപ്പെടുത്താതെ ജീവിച്ച ഫുജ്ജാറുകൾ *കൗസർ* തടാകത്തിൽനിന്ന് കുടിപ്പിക്കപ്പെടാതെ ദാഹിച്ച് വലഞ്ഞവരായിട്ടാണ് നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുക. 6: 55; 18: 53; 39: 71 വിശദീകരണം നോക്കുക.

87. ശുപാർശക്ക് അധികാരം ലഭിക്കുകയില്ല, ആർക്കാണോ നിഷ്പക്ഷവാന്റെ പക്കൽ ഉടമ്പടി നിലവിലുള്ളത് അവർക്കൊഴികെ.

വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്ന *സാബിഖീങ്ങൾക്ക്* മാത്രമേ ശുപാർശ ചെയ്യാൻ അധികാരം ലഭിക്കുകയുള്ളൂ. 7: 172 ൽ പറഞ്ഞ ഉടമ്പടി പാലിച്ച് ജീവിച്ചവർക്ക് മാത്രമേ ശുപാർശ ലഭിക്കുകയുമുള്ളൂ. 78: 38 ൽ, *റൂഹും -ജിബ്‌രീലും-* മലക്കുകളും അണിയണിയായി നിൽക്കുന്ന ദിവസം നിഷ്പക്ഷവാൻ സമ്മതം കൊടുത്തവനല്ലാതെ ഒരാളും സംസാരിക്കുകയില്ല, ആരാണ് സത്യം പറഞ്ഞത് അവനൊഴികെയും എന്ന് പറഞ്ഞിട്ടുണ്ട്. 2: 255; 10: 3, 100; 20: 109; 43: 86 വിശദീകരണം നോക്കുക.

88. അവർ പറയുകയും ചെയ്യുന്നു, നിഷ്പക്ഷവാൻ ഒരു സന്താനത്തെ തെരഞ്ഞെടുത്തിരിക്കുന്നു എന്ന്.

നിഷ്പക്ഷവാനായ അല്ലാഹു ഒരു സന്താനത്തെ തെരഞ്ഞെടുത്തിരിക്കുന്നു എന്ന് പറയുന്നവർ പിശാചിന്റെ ദുർബോധനത്താൽ സംസാരിക്കുന്ന കാഫിറുകളാണ്. 5: 72, 116-120; 9: 30; 39: 4 വിദശീകരണം നോക്കുക.

89. നിശ്ചയം നിങ്ങൾ കൊണ്ടുവന്നിരിക്കുന്നത് ന്യായീകരണമില്ലാത്ത ഒരു കാര്യം തന്നെയാകുന്നു.

90. അത് മുഖേന ആകാശങ്ങൾ പൊട്ടിപ്പിളരുകയും ഭൂമി വിണ്ടുകീറുകയും പർവ്വതങ്ങൾ പൊടിപടലമായി തരിപ്പണമാവുകയും ചെയ്യുന്നതാകുന്നു.

91. അവർ നിഷ്പക്ഷവാന് സന്താനമുണ്ടെന്ന് വാദിക്കുകവഴി-

92. നിഷ്പക്ഷവാന് ഒരു സന്താനത്തെ തെരഞ്ഞെടുക്കുക എന്നത് യോജിച്ചതേ അല്ല.

112: 1-4 സൂക്തങ്ങളിൽ, നീ പറയുക: അവൻ അല്ലാഹു ഏകനാകുന്നു. അല്ലാഹു ആരുടെയും ആശ്രയം വേണ്ടാത്തവനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാണ്. അവൻ ജനിച്ചിട്ടില്ല, അവൻ ജനിപ്പിച്ചിട്ടുമില്ല. അവന് തുല്യനായി ആരും തന്നെയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 17: 43, 111; 42: 11 സൂക്തങ്ങളിൽ അവനെപ്പോലെ ഒരു വസ്തുവും ഇല്ല, അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ് എന്ന് വിവരിച്ചിട്ടുണ്ട്. 6: 100; 9: 30; 18: 4-5 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ കാലത്തുള്ള മക്കാമുശ്‌രിക്കുകളും ജൂതക്രൈസ്തവരും 'അല്ലാഹു ഒരു സന്താനത്തെ തെരഞ്ഞെടുത്തിരിക്കുന്നു' എന്ന് വാദിച്ചവരായിരുന്നു. എന്നാൽ ഇന്നത്തെ ജൂതരോ ക്രൈസ്തവരോ ഇത്തരം സൂക്തങ്ങളൊന്നും തന്നെ വായിക്കുന്നവരല്ല. 35: 32 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത

അന്ത്യപ്രവാചകന്റെ ജനതയുടെ ബാധ്യതയാണ് ത്രികാലജ്ഞാനമായ അദ്ദിക്ർ ജാതി, മത, വംശ, വർണ്ണ, ലിംഗ, ഭാഷ, ദേശ ഭേദമന്യെ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് ഇത്തരം തെറ്റായ വിശ്വാസങ്ങൾ അവരെക്കൊണ്ട് തിരുത്താനും യഥാർത്ഥ വിശ്വാസം രൂപപ്പെടുത്താനും ശ്രമിക്കൽ. എന്നാൽ നിഷ്പക്ഷവാനായ നാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന അവരിലെ ഫുജ്ജാറുകൾ നാഥന്റെ ആളുകളാണെന്ന് മിഥ്യയായി വാദിക്കുന്നവരാണ്. 2: 85; 5: 33 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർക്ക് ഇവിടെ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണുള്ളത്. 5: 72, 116–120; 9: 31–33 വിശദീകരണം നോക്കുക.

2: 62 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയുമാണെങ്കിൽ അവർക്ക് അവരുടെ പ്രതിഫലം അവരുടെ നാഥന്റെ പക്കലുണ്ട്, അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. 10: 17; 19: 58–59; 21: 24–25 വിശദീകരണം നോക്കുക.

93. നിശ്ചയം ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാ ഓരോരുത്തരും നിഷ്പക്ഷവാന്റെ മുമ്പിൽ അടിമയായിട്ടല്ലാതെ വരുന്നില്ല.

2: 18; 4: 172–173; 5: 44–45, 47 വിശദീകരണം നോക്കുക.

94. നിശ്ചയം അവൻ അവരെയെല്ലാവരേയും എണ്ണിക്കണക്കാക്കുകയും തിട്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

95. വിധിദിവസം അവരെല്ലാവരും ഒറ്റയ്ക്കൊറ്റക്കായി അവന്റെ മുമ്പിൽ കൊണ്ടുവരപ്പെടുന്നതുമാണ്.

1: 3; 6: 93–94; 7: 6 വിശദീകരണം നോക്കുക.

96. നിശ്ചയം വിശ്വാസികളായവരും ആ വിശ്വാസം ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകിയവരുമുണ്ടല്ലോ, അവരോട് നിഷ്പക്ഷവാൻ സ്നേഹത്തിൽ വർത്തിക്കുകതന്നെ ചെയ്യും.

11: 90; 85: 14 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അല്ലാഹുവിന്റെ ഗുണനാമങ്ങളിൽ പെട്ടതാണ് സ്നേഹവാൻ *(വദൂദ്)*. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ ഉപയോഗപ്പെടുത്തി പ്രപഞ്ചത്തിലുള്ള എല്ലാ ചരാചരങ്ങൾക്കും നിഷ്പക്ഷവാനെ സ്തുതിക്കാനും വാഴ്ത്താനും അവസരം ഒരുക്കിക്കൊടുക്കുക എന്നത് അല്ലാഹുവിന്റെ പ്രതിനിധികളായി നിയോഗിക്കപ്പെട്ട മനുഷ്യരുടെ ബാധ്യതയാണ്. അങ്ങനെ പ്രവർത്തിക്കുന്നവർ 47: 7 ൽ പറഞ്ഞ പ്രകാരം നിഷ്പക്ഷവാനായ നാഥനെ സഹായിച്ചുകൊണ്ടിരിക്കുന്നതിനാൽ നാഥൻ അവരെയും സഹായിക്കുന്നതാണ്. കൂടാതെ അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും നല്ല പ്രവൃത്തിനോക്കി അവർക്ക് അവൻ പരലോകത്ത് പ്രതിഫലം നൽകുന്നതുമാണ്. 9: 71–72; 16: 110; 19: 60–61 വിശദീകരണം നോക്കുക.

97. അപ്പോൾ നിശ്ചയം നാം അതിനെ നിന്റെ നാവിന് വളരെ എളുപ്പമാക്കിയിരിക്കുന്നു, നീ സൂക്ഷ്മാലുക്കളെ അതുകൊണ്ട് സന്തോഷവാർത്ത അറിയിക്കുന്നതിനും കുതർക്കികളായ ജനതയെ നീ അതുകൊണ്ട് താക്കീത് നൽകുന്നതിനും വേണ്ടി.

41: 44 ൽ, നാം അതിനെ ഒരു വിദേശഭാഷയിലുള്ള വായന ആക്കിയിരുന്നുവെങ്കിൽ അവർ ചോദിക്കുകതന്നെ ചെയ്യും: എന്താണ് അതിന്റെ സൂക്തങ്ങൾ സ്പഷ്ടമാക്കപ്പെടാത്തത്? -ഒരു വിദേശഗ്രന്ഥവും ഒരു അറബിയും! നീ പറയുക; അത് വിശ്വാസികളായവർക്ക് മാർഗദർശനവും രോഗശമനവുമാണ്, ആരാണോ വിശ്വസിക്കാത്തത്, അവരുടെ ചെവിയിൽ ഒരു മൂടിയുണ്ട്, അത് അവരുടെമേൽ അന്ധതയുമാണ്, അക്കൂട്ടർ വിദൂരസ്ഥലത്തു നിന്ന് വിളിക്കപ്പെടുന്നവരെപ്പോലെയാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കുന്നതിനാൽ കാഴ്ചയുണ്ടായിട്ടും അത് കാണാത്തവരും കേൾവിയുണ്ടായിട്ടും അത് കേൾക്കാത്തവരുമായ ഫുജ്ജാറുകളാണ് നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകൾ എന്ന് 18: 100-101 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 119; 12: 2-3; 14: 4; 16: 103 വിശദീകരണം നോക്കുക.

98. ഇവർക്കുമുമ്പ് എത്രയെത്ര തലമുറകളെയാണ് നാം നശിപ്പിച്ചിട്ടുള്ളത്! അവരിൽ നിന്നുള്ള ആരുടെയെങ്കിലും വല്ല കുറിയും നീ കാണുന്നുണ്ടോ? അല്ലെങ്കിൽ അവരുടെ വല്ല നിശ്വാസവും നീ കേൾക്കുന്നുണ്ടോ?

അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്ത, അറബി ഖുർആൻ വായിക്കുന്ന ഏതൊരു ഫുജ്ജാറും മരണസമയത്ത് 23: 99-100 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം 'എന്റെ നാഥാ! എന്നെ നീ ജീവിതമേഖലകളിലേക്ക് തിരിച്ചയച്ചാലും -ഞാൻ ചെയ്യാതെപോയ സൽകർമ്മങ്ങളൊക്കെയും പ്രവർത്തിക്കാൻ എന്നെ അനുവദിച്ചാലും' എന്ന് പറയുമെന്നും; അങ്ങനെയല്ല, നിശ്ചയം അത് അവൻ പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു വെറും വാക്ക് മാത്രമാണ്; അവരുടെ പിറകിൽ അവർ പുനരുജ്ജീവിപ്പിക്കപ്പെടുന്ന നാൾ വരെ ഒരു മറയുണ്ടായിരിക്കുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്. ഭൂമിയിൽ ആഞ്ഞടിച്ച് വിഹരിച്ച് ജീവിച്ച എത്രയെത്ര ധിക്കാരികളും പ്രമാണിമാരുമാണ് കഴിഞ്ഞുപോയിട്ടുള്ളത്? അവരിൽ ആരുടെയെങ്കിലും വല്ല നിശ്വാസവും നീ കേൾക്കുന്നുണ്ടോ എന്നാണ് ചോദിക്കുന്നത്. എന്നാൽ വിശ്വാസികൾ ജീവിച്ചിരുന്നത് എത്രകാലം മുമ്പാണെങ്കിലും അവർ എത്ര ദുർബലരായിരുന്നുവെങ്കിലും പിൽക്കാലത്ത് അവരുടെ വിശ്വാസധാർഢ്യവും പേരും കുറിയും പൈതൃകങ്ങളുമെല്ലാം മാതൃകാപരമായി നിലനിൽക്കുന്നതുമാണ്. സൂറത്ത് കഹ്ഫ് ആമുഖം കൂട്ടിവായിക്കുക. 13: 42; 16: 26; 17: 16 വിശദീകരണം നോക്കുക.

20. ത്വാഹാ

'ഓ എന്റെ ദൗത്യത്തിനായി തെരഞ്ഞെടുത്തിട്ടുള്ള പരിശുദ്ധനായിട്ടുള്ളവനേ'എന്ന് പ്രവാചകൻ മുഹമ്മദിനെ ഒന്നാം സൂക്തത്തിൽ അഭിസംബോധനം ചെയ്യുന്നതിൽ നിന്നാണ് സൂറത്തിന് *ത്വാഹാ* എന്ന് പേര് ലഭിച്ചത്. മൂസായെ പരിശുദ്ധമായ '*തുവാ*' താഴ്വരയിൽ വെച്ച് അഭിസംബോധനം ചെയ്ത് സംസാരിക്കുകയും ദൗത്യത്തിന് വേണ്ടി തെരഞ്ഞെടുക്കുകയും ചെയ്തകാര്യവും പിശാചിന്റെ പ്രേരണയാൽ ലക്ഷ്യബോധം നഷ്ടപ്പെട്ട ആദമിന്റെ പശ്ചാത്താപം സ്വീകരിച്ച് ദൗത്യത്തിന് വേണ്ടി തെരഞ്ഞെടുത്ത കാര്യവും ഈ സൂറത്തിൽ വിവരിച്ചിട്ടുണ്ട്.

മക്കയിലെ നിഷ്ഠൂരമായ മർദ്ദനങ്ങൾ സഹിക്കവയ്യാതെ ഒരു വിഭാഗം വിശ്വാസികൾ എത്യോപ്യയിലേക്ക് പാലായനം ചെയ്തതിനെത്തുടർന്ന് ഖുറൈശികളിലെ ഒരു പ്രമുഖനായ ഉമർ, പ്രവാചകൻ മുഹമ്മദിന്റെ കഥകഴിക്കുന്നതിന് വേണ്ടി ഊരിപ്പിടിച്ച വാളുമായി ഇറങ്ങിപ്പുറപ്പെടുകയുണ്ടായി. വഴിക്കുവെച്ച് ഒരാൾ നിന്റെ സഹോദരിയും ഭർത്താവും മുഹമ്മദിന്റെ വലയത്തിൽ അകപ്പെട്ടിരിക്കുന്നു, അതുകൊണ്ട് ആദ്യം നേരെയാക്കേണ്ടത് അവരെയാണ് എന്ന് പറഞ്ഞപ്പോൾ ഉമർ നേരെ സഹോദരിയുടെ വീട്ടിലെത്തി. അവർ ഈ സൂറത്ത് വായിച്ചുകൊണ്ടിരുന്നത് കേട്ടുകൊണ്ടായിരുന്നു ഉമർ അവിടെ കേറിച്ചെന്നത്. ഇതിന്റെ ആശയം ഉമറിനെ വല്ലാതെ സ്വാധീനിച്ചു. തുടർന്ന് അദ്ദേഹം പ്രവാചകന്റെ അടുത്ത് ചെന്ന് ഇസ്ലാം സ്വീകരിക്കുകയാണുണ്ടായത്.

മൂസാ-ഫിർഔൻ സംഭവചരിത്രം വിശദമായി പ്രതിപാദിക്കുന്ന ഈ സൂറത്തിൽ ഫിർഔൻ വിളിച്ചുകൂട്ടിയ മാരണക്കാരുടെ മനഃപരിവർത്തനത്തിൽനിന്നും തുടർന്നുള്ള വിശ്വാസ പ്രഖ്യാപനത്തിൽനിന്നും വിശ്വാസദാർഢ്യം ഉൾകൊണ്ട് പ്രവാചകനും വിശ്വാസികളും ഉറച്ച് നിൽക്കണമെന്ന് ഉണർത്തുന്നു. സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായ *ദിക്ർ* എന്ന ഗ്രന്ഥത്തെ അവഗണിച്ചാൽ ഇഹത്തിൽ കുടുസ്സായ ജീവിതവും നിന്ദ്യതയുമാണുള്ളതെന്നും പരത്തിൽ അവരെ അന്ധന്മാരായി പുനർജ്ജീവിപ്പിച്ച് നരകക്കുണ്ഠത്തിൽ ഒരുമിച്ചുകൂട്ടുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഞങ്ങൾ നിന്ദ്യരും പതിതരുമായി പീഡിപ്പിക്കപ്പെടുന്നതിന് മുമ്പ് പ്രതാപവും ശക്തിയും പ്രദാനം ചെയ്യുന്ന ഒരു വെളിപാടും കൊണ്ട് ഒരു പ്രവാചകനെ അയക്കാതിരുന്നത് എന്താണ് എന്ന് ആവലാതി പറയാൻ ഇടവരാതിരിക്കാനാണ് മുഹമ്മദിനെ ഗ്രന്ഥവും കൊണ്ട് അയച്ചിട്ടുള്ളത്. അതുകൊണ്ട് ആരാണ് അത് ഉപയോഗപ്പെടുത്തി നേരെച്ചൊവ്വേയുള്ള പാതയിലാകുന്നതെന്നും ആരാണ് വഴികേടിലാകുന്നതെന്നും അറിയുന്നതിന് നിങ്ങൾ കാത്തിരിക്കുക എന്ന് പറഞ്ഞുകൊണ്ട് 135 സൂക്തങ്ങളടങ്ങിയ സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. ത്വാ-ഹാ.

'ഓ എന്റെ ദൗത്യത്തിനായി തെരഞ്ഞെടുത്തിട്ടുള്ള പരിശുദ്ധനായിട്ടുള്ളവനേ' എന്ന് പ്രവാചകൻ മുഹമ്മദിനെ അഭിസംബോധനം ചെയ്യുകയാണ്.

2. നീ ദൗർഭാഗ്യവാനാകാൻ വേണ്ടി നാം നിന്റെമേൽ ഈ വായന ഇറക്കിയിട്ടില്ല.

എല്ലാ പ്രവാചകന്മാർക്കും അവതരിച്ചിട്ടുള്ള ഗ്രന്ഥം അദ്ദിക്ർ തന്നെയാണെന്ന് 16: 43-44 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അറബി ഖുർആൻ അല്ല, മറിച്ച് അദ്ദിക്റാണ് ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഗ്രന്ഥം. എന്നാൽ പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം 3: 7 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം വായിക്കുന്ന പ്രവാചകന്റെ ജനതയിൽ നിന്നുള്ള 3 വിഭാഗക്കാരിൽ ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമേ അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തി സ്വർഗത്തിലേക്ക് തിരിച്ചുപോവുകയുള്ളൂ. മറ്റു രണ്ട് വിഭാഗക്കാരായ ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകൾ പിശാചിനെ സേവിക്കുന്നവരും പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് പോകേണ്ടവരുമാണ്. അല്ലാഹുവിനെ ഭയപ്പെടുന്നവർ *ദിക്റാ* കൊണ്ട് ഉണർത്തപ്പെടുകതന്നെ ചെയ്യുമെന്നും; വമ്പിച്ച തീയിൽ വേവിക്കപ്പെടാനുള്ള ദൗർഭാഗ്യവാന്മാർ അദ്ദിക്റിനെ വെടിയുകതന്നെ ചെയ്യുമെന്നും 87: 9-12 സൂക്തങ്ങളിലും; അദ്ദിക്റിനെ തള്ളിപ്പറയുകയും അതിൽ നിന്ന് പിൻതിരിഞ്ഞ് പോവുകയും ചെയ്യുന്ന ദൗർഭാഗ്യവാന്മാരല്ലാതെ കത്തിയാളുന്ന നരകത്തിൽ വേവിക്കപ്പെടുകയില്ല എന്ന് 92: 15-16 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 4: 56; 9: 67-68; 11: 105-107; 18: 49 വിശദീകരണം നോക്കുക.

3. അല്ലാഹുവിനെ ഭയപ്പെടുന്നവർക്ക് ഇത് ഒരു ടിക്കറ്റല്ലാതെയല്ല.

സൂക്ഷ്മാലുക്കൾക്ക് അദ്ദിക്ർ ഒരു ടിക്കറ്റ് തന്നെയാണ് എന്ന് 69: 48 ലും, നിശ്ചയം അദ്ദിക്റിനെ പിൻപറ്റുന്നവരെ മാത്രമേ നീ ഉണർത്തുകയുള്ളൂ എന്ന് 36: 11 ലും പറഞ്ഞിട്ടുണ്ട്. 73: 19; 74: 49; 76: 29; 80: 11 തുടങ്ങി 9 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ള സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ച ഏതൊരാളും വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ൽ പറഞ്ഞിട്ടുണ്ട്. 2: 99; 6: 90 വിശദീകരണം നോക്കുക.

4. ആരാണോ ഭൂമിയും ഉന്നതമായ ആകാശങ്ങളും സൃഷ്ടിച്ചിട്ടുള്ളത്, അവനിൽ നിന്നാകുന്നു ഇത് അവതീർണ്ണമാകുന്നത്.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് പ്രപഞ്ചനാഥനിൽ നിന്നാണ്. അത് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കുന്നതിന് വേണ്ടിയും വിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും പശ്ചാത്താപം സ്വീകരിക്കുന്നതിന് വേണ്ടിയുമാണ് എന്ന് 33: 72-73 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 6: 157; 7: 158; 57: 25 വിശദീകരണം നോക്കുക.

5. നിഷ്പക്ഷവാൻ, സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നു.

32: 4 ൽ, ആകാശങ്ങളെയും ഭൂമികളെയും അവക്കിടയിലുള്ള സർവ്വ വസ്തുക്കളെയും ആറ് നാളുകളിൽ സൃഷ്ടിച്ചവനാണ് അല്ലാഹു, പിന്നെ അവൻ സിംഹാസനത്തിൽ ഉപവിഷ്ടനായി, അവനെക്കൂടാതെ നിങ്ങൾക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെ ഇല്ല, അപ്പോൾ നിങ്ങൾ അവനെക്കുറിച്ച് മറ്റുള്ളവരെ ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തുന്നില്ലെയോ എന്ന് ചോദിച്ചിട്ടുണ്ട്. തന്റെ അടിമകളുടെ കുറ്റ

ങ്ങളെല്ലാം വലയം ചെയ്യാൻ അവൻ തന്നെ മതി എന്ന് 25: 58 ൽ പറഞ്ഞതിന് ശേഷം 25: 59 ൽ, ഏതൊരുവനാണോ ആകാശഭൂമികളേയും അവക്കിടയിലുള്ള മനു ഷ്യരടക്കമുള്ള സർവ്വവസ്തുക്കളേയും ആറ് നാളുകളിലായി സൃഷ്ടിക്കുകയും പിന്നെ സിംഹാസനത്തി ൽ ഉപവിഷ്ടനാവുകയും ചെയ്തത്, അവൻ നിഷ്പക്ഷവാനാണ്, അപ്പോൾ നീ അവനെ ക്കുറിച്ച് ത്രികാലജ്ഞാനിയോട് ചോദിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാൻ മനു ഷ്യനെ അദ്ദിക്ർ പഠിപ്പിച്ചു എന്ന് 55: 1–4 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 'സിംഹാസന ത്തിൽ ഉപവിഷ്ടനായി' എന്ന് പറഞ്ഞതിന്റെ വിവക്ഷ ആകാശഭൂമികളേയും അവക്കിട യിലുള്ള സർവ്വവസ്തുക്കളേയും ലക്ഷ്യത്തോടുകൂടി സൃഷ്ടിച്ച അവൻ തന്നെ അതിന്റെ നിയന്ത്രണം ഏറ്റെടുത്തു എന്നാണ്. അവൻ ഉറക്കവും മയക്കവുമില്ലാതെ എല്ലാം പതിയി രുന്ന് വീക്ഷിച്ചുകൊണ്ടിരിക്കുകയുമാണ്. പ്രപഞ്ചത്തിൽ നടക്കുന്ന കാര്യങ്ങളെല്ലാം ആ ദ്യമേ നിശ്ചയിച്ച് ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. അതാണ് 16: 89 ൽ പറഞ്ഞ എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ. അത് സ്വർഗത്തിൽ വെച്ചുതന്നെ അവന്റെ പ്രതിനിധികളായി നിശ്ചയിക്കാൻ പോകുന്ന മനുഷ്യർക്ക് പഠിപ്പിച്ച് കൊടുത്തു. സ്വർഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളുമടങ്ങിയ അദ്ദിക് ർ പഠിപ്പിക്കപ്പെട്ട മനുഷ്യന് രണ്ടാലൊരു മാർഗം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ട് എന്ന് 76: 3; 90: 10; 91: 8 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ മനുഷ്യനെ പഠിപ്പിച്ചതുകൊണ്ടാണ് മനുഷ്യന്റെ സന്മാർഗ്ഗത്തിന്റെ കാര്യത്തിൽ നിഷ്പക്ഷ സ്വഭാവം അല്ലാഹു കൈകൊണ്ടത്. തെമ്മാടികളായ കപടവിശ്വാസികളല്ലാതെ അദ്ദിക്ർ മൂടിവെക്കുകയില്ല എന്ന് 2: 99 ൽ പറഞ്ഞിട്ടുണ്ട്. 7: 150 ൽ വിവരിച്ച പ്രകാരം അ വർ അല്ലാഹുവിന്റെ നിഷ്പക്ഷവാൻ എന്ന ഗുണനാമത്തിൽ വിശ്വസിക്കാത്തവരാണ്. അപ്പോൾ അദ്ദിക്റിന്റെ പാതയിൽ ജീവിക്കുന്ന ഒരു മനുഷ്യൻ പോലും ഭൂമുഖത്തെവിടേ യും ഇല്ലാതെ 6: 47 ലും 46: 35 ലും പറഞ്ഞ പ്രകാരം എല്ലാവരും അക്രമികളും തെമ്മാടി കളുമാകുമ്പോഴാണ് ഈ ലോകം അവസാനിക്കുക. 1: 2; 10: 108; 16: 61; 18: 98–99 വിശദീ കരണം നോക്കുക.

6. ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അവക്ക് രണ്ടിനുമിടയിലുള്ള ഒന്നും പാതാളത്തിന് താഴെയുള്ള ഒന്നും അവനുള്ളതാകുന്നു.

'പാതാളം' എന്ന് അർത്ഥം കൊടുത്തിരിക്കുന്നത് *സറാ* എന്ന പദത്തിനാണ്. ഏഴ് ആകാശങ്ങളുള്ളതുപോലെ ഏഴ് ഭൂമികളുമുണ്ടെന്ന് 65: 12 ൽ പറഞ്ഞിട്ടുണ്ട്. *സിദ്റത്തുൽ മുൻതഹാ* കഴിഞ്ഞാൽ പിന്നെ പറുദീസ –സ്വർഗം– ആണെങ്കിൽ '*സറാ*'ക്ക് താഴെയാണ് നരകക്കുണ്ഠം. 1: 7; 17: 1; 18: 100–101, 107 വിശദീകരണം നോക്കുക.

7. നീ നിന്റെ വാക്ക് ഉച്ചത്തിലാക്കുകയാണെങ്കിൽ അപ്പോൾ നിശ്ചയം അവൻ ര ഹസ്യമായതും അതിലേറെ ഗോപ്യമായതും അറിയുന്നവനാണ്.

67: 13 ൽ, നിങ്ങൾ നിങ്ങളുടെ വാക്ക് രഹസ്യമാക്കുക, അല്ലെങ്കിൽ ഉച്ചത്തിലാക്കുക, നിശ്ചയം അവൻ നെഞ്ചകങ്ങളുടെ അവസ്ഥ അറിയുന്നവൻ തന്നെയാണ് എന്നും; 67: 14 ൽ, സൃഷ്ടിച്ചവന് അവന്റെ സൃഷ്ടികളെക്കുറിച്ച് അറിവില്ലെന്നോ, എന്നാൽ അവൻ ഉ ള്ളിന്റെയുള്ള് അറിയുന്ന സൂക്ഷ്മജ്ഞാനിയും എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനി യുമാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. 7: 54–55, 205; 9: 51; 16: 74 വിശദീകരണം നോക്കുക.

8. അല്ലാഹു, അവനല്ലാതെ മറ്റൊരു ഇലാഹുമില്ലതന്നെ; നല്ലതായ എല്ലാ പേരുകളും അവനുള്ളതാകുന്നു.

'നല്ലതായ എല്ലാ പേരുകളും' എന്നതുകൊണ്ടുള്ള വിവക്ഷ അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിന്റെ പേരുകളാണ്. 59: 24 ൽ, അവൻ അല്ലാഹുവാണ്, സ്രഷ്ടാവ്, പടച്ചവൻ, രൂപപ്പെടുത്തിയവൻ, അവനുള്ളതാണ് ഏറ്റവും നല്ല നാമങ്ങളെല്ലാം; ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാഒന്നും അവനെ വാഴ്ത്തിക്കൊണ്ടിരിക്കുന്നു, അവൻ അജയ്യനായ യുക്തിജ്ഞാനിയുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 16: 2; 17: 110 വിശദീകരണം നോക്കുക.

9. നിനക്ക് മൂസായുടെ വർത്തമാനം വന്നുകിട്ടുകയും ചെയ്തുവോ?

10. അവൻ തീ കണ്ട സന്ദർഭം, അപ്പോൾ തന്റെ കുടുംബാംഗങ്ങളോട് അവൻ പറഞ്ഞു: നിങ്ങൾ ഇവിടെ നിൽക്കുവിൻ, നിശ്ചയം ഞാൻ ഇതാ ഒരു തീ കാണുന്നു, ഞാൻ നിങ്ങൾക്ക് അതിൽ നിന്ന് ഒരു തീക്കനൽ കൊണ്ടുവരികയോ അല്ലെങ്കിൽ തീയുള്ള ഭാഗത്തുനിന്ന് ഞാൻ സന്മാർഗ്ഗം എത്തിക്കുകയോ ചെയ്യാം.

പത്ത് വർഷത്തെ മദ്യനിലെ ജീവിതത്തിന് ശേഷം മൂസാ, തന്റെ ഭാര്യയെയും കുട്ടികളെയും കൂട്ടി ഈജിപ്തിലേക്ക് തിരിച്ചുപോകുന്ന സന്ദർഭമാണിത്. കൂരിരുട്ടുള്ള തണുപ്പുള്ള ഒരു രാത്രിയിലായിരുന്നു അവർ യാത്ര ചെയ്തിരുന്നത്. അവരുടെ പക്കൽ വെളിച്ചം ഉണ്ടായിരുന്നില്ല. യാത്രക്കുള്ള വഴിയെക്കുറിച്ചും വ്യക്തത ഉണ്ടായിരുന്നില്ല. 'ഞാൻ സന്മാർഗ്ഗം എത്തിക്കാം' എന്ന് മൂസാ തന്റെ കുടുംബാംഗങ്ങളോട് പറഞ്ഞതിന് പോകാനുള്ള വഴിയെക്കുറിച്ച് ഞാൻ ചോദിച്ചറിഞ്ഞ് വരാം എന്നും മൊത്തം ജീവിതത്തിന് ആവശ്യമായ മാർഗദർശനം കൊണ്ടുവരാം എന്നും ആശയമുണ്ട്. 2: 50; 28: 27–29 വിശദീകരണം നോക്കുക.

11. അങ്ങനെ അവൻ അതിനടുത്ത് വന്നപ്പോൾ വിളിക്കപ്പെട്ടു: ഓ മൂസാ!

12. നിശ്ചയം ഞാൻ നിന്റെ നാഥനാണ്, അപ്പോൾ നീ നിന്റെ ചെരിപ്പ് അഴിച്ചുവെക്കുക, നിശ്ചയം നീ പരിശുദ്ധമായ ത്വുവാ താഴ്വരയിലാകുന്നു.

അല്ലാഹു ആദരിച്ച സ്ഥലങ്ങളിൽ പ്രവേശിക്കുമ്പോൾ പാദരക്ഷ ഊരിവെക്കണമെന്ന് ഈ സംഭവം പഠിപ്പിക്കുന്നു. അത് ആരും കടന്നുചെല്ലാനും കാണാനും അവസരമില്ലാത്ത വിജനമായ ഭൂപ്രദേശങ്ങളിലാണെങ്കിലും ശരി.

13. ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു, അതുകൊണ്ട് ദിവ്യസന്ദേശം നൽകപ്പെടുന്നത് നീ ശ്രദ്ധിച്ചുകേൾക്കുക.

14. നിശ്ചയം ഞാൻ, ഞാൻ അല്ലാഹുവാകുന്നു, ഞാനല്ലാതെ മറ്റൊരു ഇലാഹും ഇല്ല, അപ്പോൾ നീ എന്നെ സേവിച്ചുകൊണ്ട് ജീവിക്കുക, ദിക്റീ നിലനിർത്തുന്നതിനുവേണ്ടി നീ നമസ്കാരം നിലനിർത്തുകയും ചെയ്യുക.

21: 24–25 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ 313 പ്രവാചകന്മാരെയും സത്യവും തെളിവുമായ അദ്ദിക്ർ കൊണ്ട് നിയോഗിച്ചിട്ടുള്ളത് അല്ലാഹു അല്ലാതെ മറ്റൊരു ഇലാഹുമില്ല എന്നും അതുകൊണ്ട് നിങ്ങൾ അവനെ മാത്രം സേവിച്ചുകൊണ്ടിരിക്കുവീൻ എന്നും കൽപിച്ചുകൊണ്ടാണ്. *ദിക്റീ* എന്നത് അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. അപ്പോൾ 2: 2–5 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നമസ്കാരം നിലനിർത്തേണ്ടത് *ദിക്റീ* നിലനിർത്തുന്നതിന് വേണ്ടിയാണ്. അജയ്യമായ അദ്ദിക്ർ ഇന്ന് ഒരുഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ നിന്നുള്ള ആരാണോ അത് കാണാതിരിക്കുക

യും കേൾക്കാതിരിക്കുകയും ചെയ്യുന്നത്, അക്കൂട്ടർ തന്നെയാണ് നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകൾ എന്ന് 18: 100–101 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അത്തരം ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ 'അപ്പോൾ നീ സത്യത്തെ സത്യപ്പെടുത്തിയില്ല, അതുകൊണ്ട് നീ നമസ്കരിച്ചിട്ടുമില്ല; എന്നാൽ നീ അതിനെ തള്ളിപ്പറഞ്ഞ് പിൻതിരിഞ്ഞ് പോയി' എന്ന് പറയപ്പെടുമെന്ന് 75: 31–32 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 9: 53–55; 10: 100; 38: 8 വിശദീകരണം നോക്കുക.

15. നിശ്ചയം ആ അന്ത്യമണിക്കൂർ വരികതന്നെ ചെയ്യും, ഞാൻ അതിനെ ഗോപ്യമാക്കി വെച്ചിട്ടുള്ളത് എല്ലാഓരോ ആത്മാവിനും അത് ഉദ്ദേശിച്ച് പ്രവർത്തിച്ചതിന് പ്രതിഫലം നൽകപ്പെടുന്നതിന് വേണ്ടിയാകുന്നു.

മനുഷ്യജീവിതത്തിന്റെ നാലാം ഘട്ടമായ ഭൂമിയിലെ ജീവിതം ഏഴാം ഘട്ടത്തിലേക്ക് സ്വർഗം പണിയുന്നതിന് വേണ്ടിയുള്ളതാണ്. മനുഷ്യരെ സ്വർഗ്ഗത്തിൽ സൃഷ്ടിച്ചതും ഭൂമിയിലേക്ക് നിയോഗിച്ചയച്ചതും വെള്ളിയാഴ്ചയാണ്. ഒരു വെള്ളിയാഴ്ച പകൽ അവസാനിക്കുന്നതോടെ ലോകാവസാനം സംഭവിക്കുന്നതുമാണ്. അന്ന് പതിനഞ്ചുവയസ്സ് തികയുന്ന ഒരാൾക്ക് സ്വർഗം പണിയാൻ അവസരം നൽകുക എന്നത് നീതിമാനും നിഷ്പക്ഷവാനുമായ നാഥന്റെ കടമയാണ്. സ്വർഗം പണിയാൻ പ്രായോഗികമായി അവസരമില്ലെങ്കിലും അതിനുള്ള ആഗ്രഹം അഥവാ ഉദ്ദേശ്യം ഒരു ആത്മാവിന് ഉണ്ടെങ്കിൽ അതിന് പ്രതിഫലമായി സ്വർഗ്ഗം ലഭിക്കേണ്ടതിന് വേണ്ടിയാണ് ആ അന്ത്യമണിക്കൂർ ഗോപ്യമാക്കി വെച്ചിരിക്കുന്നത് എന്നർത്ഥം.

എന്നാൽ ലക്ഷ്യബോധമില്ലാതെയും ആത്മാവ് പങ്കെടുക്കാതെയും നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും ഹജ്ജും ഉംറയും നിർവഹിക്കുകയും ചെയ്ത് 25: 65–66 സൂക്തങ്ങളിൽ വിവരിച്ചപ്രകാരം നരകക്കുണ്ഠം പിഴയായി നേടുന്ന കാഫിറുകൾ 70: 6–7 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അന്ത്യമണിക്കൂർ ഇനിയും കുറേ ദൂരെയാണ്, അടുത്തെങ്ങും സംഭവിക്കുകയില്ല എന്നാണ് കരുതുക. 4: 1, 100; 13: 14; 18: 103–106 വിശദീകരണം നോക്കുക.

16. അപ്പോൾ അതുകൊണ്ട് വിശ്വസിക്കാത്തവനും തന്റെ ദേഹേച്ഛ പിൻപറ്റിയവനുമായ ഒരുവൻ നിന്നെ അതിനെത്തൊട്ട് തടയാതിരിക്കട്ടെ, അങ്ങനെയായാൽ നീ ദീനിൽ നിന്നും പുറത്ത് പോയവനായിത്തീരും.

എല്ലാ ഓരോ ആയിരത്തിലും 999 ഫുജ്ജാറുകളും അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് അവരുടെ ദേഹേച്ഛ പിൻപറ്റുന്നവരായതിനാൽ 15: 44 ൽ വിവരിച്ച പ്രകാരം അവർ എല്ലാവരും നരകക്കുണ്ഠത്തിന്റെ ഏഴ് വാതിലുകളിൽ ഒന്നിലേക്ക് നിജപ്പെടുത്തിവെക്കപ്പെട്ടവരാണ്. കപടവിശ്വാസികളും അനുയായികളുമടങ്ങിയ അവർ എപ്പോഴും മനുഷ്യരെ അദ്ദിക്റിൽ നിന്ന് തടയാൻ ശ്രമിക്കുന്നവരായതിനാൽ 33: 1, 48 സൂക്തങ്ങളിലൂടെ പ്രവാചകനോടും വിശ്വാസിയോടും അവരെ അനുസരിക്കരുതെന്ന് കൽപിച്ചിരിക്കുന്നു.

നിശ്ചയം അവനെ (ഈസായുടെ രണ്ടാമത്തെവരവ്) അന്ത്യമണിക്കൂറിന്റെ അടയാളമാക്കിവെച്ചിരിക്കുന്നു, അപ്പോൾ അതിന്റെ കാര്യത്തിൽ നീ സംശയാലുക്കളിൽ പെട്ടുപോകരുത്, അപ്പോൾ നിങ്ങൾ എന്നെ പിൻപറ്റുകയും ചെയ്യുക, ഇതാണ് നേരെച്ചൊവ്വെയുള്ള പാത എന്ന് 43: 61 ൽ പറഞ്ഞിട്ടുണ്ട്. 9: 33; 11: 17; 16: 36 വിശദീകരണം നോക്കുക.

17. ഓ മൂസാ, നിന്റെ വലതുകയ്യിൽ എന്താണുള്ളത്?

18. അവൻ പറഞ്ഞു: ഇത് എന്റെ വടിയാണ്, ഞാൻ ഇതിൻമേൽ ഊന്നി നടക്കുന്നു, ഇതുകൊണ്ട് എന്റെ ആടുകൾക്ക് ഇല പൊഴിച്ചുകൊടുക്കുന്നു, ഇതുകൊണ്ട് എനിക്ക് വേറെയും പല ആവശ്യങ്ങളുമുണ്ട്.

19. അവൻ പറഞ്ഞു: ഓ മൂസാ! നീ അത് താഴെയിടുക.

20. അങ്ങനെ അവൻ അത് താഴെയിട്ടു, അപ്പോഴതാ അത് ഓടുന്ന ഒരു സർപ്പമായി മാറുന്നു!

21. അവൻ പറഞ്ഞു: നീ അത് എടുക്കുക, നീ ഭയപ്പെടുകയുമരുത്, നാം അതിനെ അതിന്റെ പൂർവ്വസ്ഥിതിയിലേക്കുതന്നെ മടക്കുന്നതാണ്.

നീ നിന്റെ വടിയിടുക, അങ്ങനെ അത് ഒരു ജീവിയെപ്പോലെ പുളയുന്നത് കണ്ട പ്പോൾ മൂസാ തിരിഞ്ഞുനോക്കാതെ പിൻതിരിഞ്ഞോടി; ഓ മൂസാ, നീ അത് എടുക്കുക, നീ ഭയപ്പെടരുത്, നീ സുരക്ഷിതരിൽ പെട്ടവനാകുന്നു എന്ന് 28: 31 ൽ പറഞ്ഞിട്ടുണ്ട്.

22. നീ നിന്റെ കൈ നിന്റെ കക്ഷത്തിൽ ചേർത്തുവെക്കുക, അത് തിളക്കമുള്ളതാ യി പുറത്തുവരും -യാതൊരു ദൂഷ്യവുമില്ലാതെ, ഇത് മറ്റൊരു ദൃഷ്ടാന്തമാണ്.

ഇവിടെ കൈ കക്ഷത്തിൽ വെച്ചെടുക്കാനാണ് പറഞ്ഞതെങ്കിൽ 28: 32 ൽ നിന്റെ കൈകൾ കക്ഷത്തോടനുബന്ധിച്ചുള്ള കീശയിൽ വെക്കുക എന്നാണ് പറഞ്ഞിട്ടുള്ളത്. 7: 108 വിശദീകരണം നോക്കുക.

23. നമ്മുടെ വലിയ ദൃഷ്ടാന്തങ്ങളിൽ നിന്ന് നിന്നെ കാണിക്കുന്നതിന് വേണ്ടി.

7: 130–133; 17: 101 വിശദീകരണം നോക്കുക.

24. നീ ഫിർഔനിന്റെ അടുക്കലേക്ക് പോവുക, നിശ്ചയം അവൻ പരിധിലംഘിച്ച വനായിരിക്കുന്നു.

'ത്വഗാ' എന്നതിനാണ് പരിധിലംഘിച്ചവൻ എന്ന് അർത്ഥം കൊടുത്തിരിക്കുന്നത്. യഥാർത്ഥത്തിൽ *ത്വാഗൂത്തിന്* വിധേയമായവനാണ് *'ത്വഗാ'*. 2: 256; 16: 36 വിശദീകരണം നോക്കുക.

25. അവൻ പ്രാർത്ഥിച്ചു: എന്റെ നാഥാ! എനിക്ക് നീ എന്റെ നെഞ്ചിനെ വിശാലമാ ക്കിത്തന്നാലും,

26. എന്റെ കാര്യങ്ങൾ എനിക്ക് നീ എളുപ്പമാക്കിത്തന്നാലും,

27. എന്റെ നാവിന്റെ കെട്ടഴിച്ച് തന്നാലും,

28. എന്റെ വാക്ക് അവർക്ക് മനസ്സിലാകുന്നതിനുവേണ്ടി,

29. എന്റെ കുടുംബത്തിൽ നിന്ന് ഒരാളെ എനിക്ക് നീ മന്ത്രിയായി നിയോഗിച്ചുത ന്നാലും,

30. -എന്റെ സഹോദരൻ ഹാറൂനിനെ.

31. എന്നെ അവൻ മുഖേന നീ ശക്തിപ്പെടുത്തിയാലും,

32. എന്റെ ദൗത്യത്തിൽ അവനെ പങ്കാളിയാക്കിയാലും,

33. അതുവഴി ഞങ്ങൾ രണ്ടുപേരും നിന്നെ ധാരാളമായി വാഴ്ത്താം,

34. നിന്നെ ധാരാളമായി ഓർമ്മിക്കുകയും ചെയ്യാം,

35. നിശ്ചയം നീ ഞങ്ങളെ സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമാണ്.

ഇവിടെ മൂസായും ഹാറൂനും ഞങ്ങൾ നിന്നെ ധാരാളമായി വാഴ്ത്തുകയും സ്മരിക്കുകയും ചെയ്തുകൊള്ളാമെന്ന് അല്ലാഹുവിനോട് പറയുകയാണെങ്കിൽ സൂക്തം 42 ൽ, നിങ്ങൾ രണ്ടുപേരും എന്റെ സ്മരണയിൽനിന്ന് അകന്നുപോകരുതെന്ന് അല്ലാഹു കൽപ്പിക്കുന്നത് കാണാം.

36. അവൻ പറഞ്ഞു: ഓ മൂസാ! നിശ്ചയം നീ ചോദിച്ചതൊക്കെ നിനക്ക് നൽകപ്പെട്ടുകഴിഞ്ഞു.

37. നിശ്ചയം മറ്റൊരു പ്രാവശ്യവും നാം നിന്റെമേൽ അനുഗ്രഹം ചെയ്തിട്ടുണ്ട്.

38. നാം നിന്റെ മാതാവിന് ദിവ്യസന്ദേശം നൽകേണ്ട ഒന്ന് ദിവ്യസന്ദേശം നൽകിയ സന്ദർഭം.

39. എന്തെന്നാൽ നീ അവനെ പേടകത്തിൽ ആക്കുക, അങ്ങനെ ആ പേടകത്തെ നദിയിൽ ഒഴുക്കുക, നദിയുടെ പ്രവാഹം അതിനെ കരയ്ക്കടുപ്പിക്കും, എന്റേയും അവന്റേയും ശത്രു അവനെ എടുത്തുകൊള്ളും, ഞാൻ നിന്റെമേൽ എന്നിൽ നിന്നുള്ള സ്നേഹം ചൊരിഞ്ഞിരിക്കുന്നു, എന്റെ മേൽനോട്ടത്തിൽ നീ വളർത്തപ്പെടാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു.

28: 7 ൽ, നാം മൂസായുടെ മാതാവിന് ദിവ്യസന്ദേശം നൽകുകയുമുണ്ടായി: നീ അവന് മുലയൂട്ടുക, അപ്പോൾ നീ അവന്റെ കാര്യത്തിൽ ഭയപ്പെടുകയാണെങ്കിൽ അവനെ നദിയിൽ ഇട്ടുകൊള്ളുക, നീ ഭയപ്പെടുകയോ ദുഃഖിക്കുകയോ അരുത്, നിശ്ചയം നാം അവനെ നിന്നിലേക്ക് തിരിച്ച് കൊണ്ടുവരുന്നതും അവനെ പ്രവാചകന്മാരിൽ ഉൾപെടുത്തുന്നതുമാണ് എന്നും; 28: 8 ൽ, ഫിർഔനിന്റെ വീട്ടുകാർ അവനെ പൊക്കിയെടുത്തു –അവൻ അവർക്കൊരു ശത്രുവും ദുഃഖനിമിത്തവുമാകുന്നതിന് വേണ്ടി, നിശ്ചയം ഫിർഔനും ഹാമാനും ഇരുവരുടെയും പട്ടാളക്കാരും തന്നെയായിരുന്നു തെറ്റുകാർ എന്നും; 28: 9 ൽ, ഫിർഔനിന്റെ സ്ത്രീ പറയുകയും ചെയ്തു: എനിക്കും താങ്കൾക്കും കൺകുളിർമയായ ഇവനെ നിങ്ങൾ കൊല്ലരുത്, അവൻ നമുക്ക് ഉപകരിച്ചേക്കാം, അല്ലെങ്കിൽ അവനെ നമുക്ക് ഒരുദത്തുപുത്രനായി സ്വീകരിക്കാം, അവർ തിരിച്ചറിവുള്ളവരായിരുന്നുമില്ല എന്നും പറഞ്ഞിട്ടുണ്ട്.

40.നിന്റെ സഹോദരി നിന്നെ പിൻതുടർന്ന് നടന്ന സന്ദർഭം; അപ്പോൾ അവൾ ചോദിച്ചു, ഇവനെ നന്നായി പോറ്റുന്ന ഒരാളെക്കുറിച്ച് ഞാൻ നിങ്ങൾക്ക് വിവരം പറഞ്ഞുതരട്ടെയോ? അങ്ങനെ നിന്റെ മാതാവിന്റെ അടുത്തേക്ക് നാം നിന്നെ തിരിച്ചുകൊണ്ടുവന്നു, അവൾ കൺകുളിർക്കുന്നതിനും ദുഃഖിക്കാതിരിക്കുന്നതിനും വേണ്ടി; നീ ഒരു ആത്മാവിനെ വധിക്കുകയുമുണ്ടായി, അപ്പോൾ നാം നിന്നെ ആ വിമ്മിഷ്ടത്തിൽ നിന്നും രക്ഷപ്പെടുത്തി, നിന്നെ നാം പലവിധ പരീക്ഷണങ്ങളാൽ പരീക്ഷിക്കുകയും നിന്നെ വർഷങ്ങളോളം മദ്യൻ നിവാസികളോടൊപ്പം താമസിപ്പിക്കുകയും ചെയ്തു, പിന്നെ എന്റെ നിർണ്ണയപ്രകാരം നിന്നെ കൊണ്ടുവന്നിരിക്കുകയാണ് –ഓ മൂസാ.

28: 11–29 വിശദീകരണം നോക്കുക.

41. നാം എന്റെ സ്വന്തം കാര്യത്തിന് വേണ്ടിയാണ് നിന്നെ നട്ടുവളർത്തിക്കൊണ്ടുവന്നിരിക്കുന്നത്.

മൂസായേയും മറ്റു പ്രവാചകന്മാരേയും മാത്രമല്ല, എല്ലാ മനുഷ്യരേയും അല്ലാഹു

വിനെ സേവിക്കുന്നതിന് വേണ്ടി മാത്രമാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന് 2: 30; 6: 165; 51: 56 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. എന്നാൽ 4: 118; 11: 118-119 എന്നീ സൂക്തങ്ങൾ പ്രകാരം ആയിരത്തിൽ ഒന്ന് മാത്രമേ അവന്റെ സന്ദേശമായ അദ്ദിക്ർ ലോകർക്ക് എത്തിച്ച് കൊടുത്തുകൊണ്ട് പ്രസ്തുത ദൗത്യം നിർവ്വഹിക്കുകയുള്ളൂ. 5: 67 വിശദീകരണം നോക്കുക.

42. നീയും നിന്റെ സഹോദരനും എന്റെ ദൃഷ്ടാന്തങ്ങളും കൊണ്ട് പോവുക, എന്റെ സ്മരണയിൽ നിന്ന് നിങ്ങൾ രണ്ടുപേരും അകന്നുപോവുകയുമരുത്.

43. നിങ്ങൾ ഇരുവരും ഫിർഔനിന്റെ അടുത്തേക്ക് പോവുക, നിശ്ചയം അവൻ പരിധി ലംഘിച്ചവനായിരിക്കുന്നു.

44. നിങ്ങൾ രണ്ടുപേരും അവനോട് സൗമ്യമായി സംസാരിക്കുക, അവൻ ഓർമ്മിപ്പിക്കപ്പെടുകയോ അല്ലെങ്കിൽ ഭയപ്പെടുകയോ ചെയ്യുന്നതിനുവേണ്ടി.

മനുഷ്യരുടെ ആത്മാവിനെ സ്വർഗ്ഗത്തിൽ സൃഷ്ടിച്ചപ്പോൾ തന്നെ അദ്ദിക്ർ പഠിപ്പിച്ചിട്ടുള്ളതിനാൽ നാഥന്റെ ദൃഷ്ടാന്തങ്ങൾ കാണുമ്പോൾ അക്കാര്യം ഓർമവരും എന്നാണ് 'ഓർമ്മിപ്പിക്കപ്പെടുക' എന്നതുകൊണ്ടുള്ള വിവക്ഷ. 79: 24 പ്രകാരം സൃഷ്ടിയെന്ന പരിധിലംഘിച്ച് 'ഞാനാണ് അത്യുന്നതനായ നാഥൻ' എന്ന് പ്രഖ്യാപിച്ചവനാണ് ഫിർഔൻ. എന്നാൽ അവനെ ഉണർത്തേണ്ടത് നീതിമാനായ അല്ലാഹുവിന്റെ ബാധ്യതയായതിനാലാണ് മൂസായോടും ഹാറൂനിനോടും സൗമ്യമായി പെരുമാറാൻ ആവശ്യപ്പെടുന്നത്. കപടവിശ്വാസികളോട് ഉഹ്ദ് യുദ്ധാനന്തരം പ്രവാചകൻ വളരെ സൗമ്യമായി പെരുമാറിയത് അല്ലാഹുവിന്റെ കാരുണ്യം കൊണ്ട് തന്നെയാണ് എന്ന് 3: 159 ൽ പറഞ്ഞിട്ടുണ്ട്. എല്ലാദൃഷ്ടാന്തങ്ങളും കാണിച്ച് ഉണർത്തിയിട്ടും ധാർഷ്ഠ്യപൂർവ്വം ധിക്കാരത്തിൽ അടിയുറച്ച് നിന്ന ഫിർഔനിനെ 10: 88-89 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം മൂസായെയും ഹാറൂനിനേയും കൊണ്ട് പ്രാർത്ഥിപ്പിച്ച് 10: 90-92 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നശിപ്പിച്ച് തെമ്മാടികളായ കപടവിശ്വാസികൾക്ക് ദൃഷ്ടാന്തമാക്കി വെക്കുകയാണുണ്ടായത്. എന്നാൽ ഇന്ന് ഗ്രന്ഥത്തെ അല്ലാഹു ഉദ്ദേശിച്ച ആശയത്തിൽ നിന്ന് തെറ്റിച്ച് അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് ജനങ്ങളെ തടയുന്ന കപടവിശ്വാസികളോടും അവരെ പിൻപറ്റുകയും അദ്ദിക്റിനെ തള്ളിപ്പറയുകയും ചെയ്യുന്ന കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യാനാണ് 9: 73; 25: 52; 66: 9 എന്നീ സൂക്തങ്ങളിലൂടെ കൽപിച്ചിട്ടുള്ളത്. 4: 63; 7: 175 -176; 22: 78 വിശദീകരണം നോക്കുക.

45. അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ നാഥാ! നിശ്ചയം അവൻ ഞങ്ങളുടെ മേൽ ചാടിവീണ് അവിവേകമോ അല്ലെങ്കിൽ അതിക്രമമോ കാണിക്കുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു.

46. അവൻ പറഞ്ഞു: നിങ്ങൾ ഇരുവരും ഭയപ്പെടരുത്, നിശ്ചയം ഞാൻ എല്ലാം കേട്ടും കണ്ടും നിങ്ങളോടൊപ്പമുണ്ട്.

47. അങ്ങനെ അവർ രണ്ടുപേരും അവന്റെയടുത്ത് വന്നു; എന്നിട്ട് അവർ രണ്ടുപേരും പറഞ്ഞു: നിശ്ചയം ഞങ്ങൾ നിന്റെ നാഥന്റെ പ്രവാചകന്മാരാകുന്നു, അതുകൊണ്ട് ഇസ്റാഈൽ സന്തതികളെ നീ ഞങ്ങളോടൊപ്പം പറഞ്ഞയക്കുക, നീ അവരെ ശിക്ഷിക്കുകയുമരുത്, നിശ്ചയം ഞങ്ങൾ നിന്റെ നാഥനിൽ നിന്ന് നിനക്കുള്ള ഒരു ദൃഷ്ടാന്തവും കൊണ്ടുവന്നിട്ടുണ്ട്, ആരാണോ സന്മാർഗം

പിൻപറ്റുന്നത് അവരുടെമേൽ രക്ഷയുണ്ട്.

സന്മാർഗമായ അദ്ദിക്ർ പിൻപറ്റുന്നവർക്ക് മാത്രമേ രക്ഷയുള്ളൂ എന്നാണ് സൂക്തത്തിൽ പറയുന്നത്. അതുകൊണ്ട് വിശ്വാസികൾ അത്തരം സൂക്ഷ്മാലുക്കളുടെമേൽ മാത്രമേ സലാം പറയുകയുള്ളൂ. 4: 86; 6: 54; 17: 102; 59: 23 വിശദീകരണം നോക്കുക.

48. നിശ്ചയം ഞങ്ങളിലേക്ക് ദിവ്യസന്ദേശം നൽകപ്പെട്ടിട്ടുള്ളത് -നിശ്ചയം ആരാണോ തള്ളിപ്പറയുകയും പിൻതിരിയുകയും ചെയ്യുന്നത്, അവരുടെ മേലാണ് ശിക്ഷയുള്ളത് എന്നാണ് .

49. അവൻ ചോദിച്ചു: അപ്പോൾ നിങ്ങൾ രണ്ടുപേരുടേയും നാഥൻ ആരാണ് -ഓ മൂസാ?

50. അവൻ പറഞ്ഞു, ഞങ്ങളുടെ നാഥൻ എല്ലാ വസ്തുക്കൾക്കും അതിന്റെ സൃഷ്ടിപ്പ് നൽകിയ ഒരുവനാകുന്നു, പിന്നെ മാർഗദർശനം ചെയ്തവനും.

9: 115; 20: 5 വിശദീകരണം നോക്കുക.

51. അവൻ ചോദിച്ചു: അപ്പോൾ പൂർവ്വികതലമുറകളുടെ കാര്യമോ?

യാതൊരു മറുചോദ്യത്തിനും പ്രസക്തിയില്ലാത്തവിധം സ്രഷ്ടാവിനെക്കുറിച്ച് സമർപ്പിക്കപ്പെട്ടാൽ എക്കാലത്തുമുള്ള ജീവിതലക്ഷ്യം മറന്നവരും നശിപ്പിക്കപ്പെടാൻ അർഹരുമായവരുമായ കപടവിശ്വാസികളുടെ ചോദ്യമാണ് ഇത്. അദ്ദിക്റിൽ നിന്ന് പൂർണ്ണമായി അകന്നുപോയ ഇന്നത്തെ ഫുജ്ജാറുകളോട്, അദ്ദിക്ർ കൂടാതെ ഒരാളും വിശ്വാസിയാവുകയോ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയോ ഇല്ലെന്നും അവരാണ് നരകത്തിലെ വിറകുകളായിത്തീരുക എന്നും ഉണർത്തിയാൽ അവരും ഇതുപോലെയുള്ള ചോദ്യം ആവർത്തിക്കുന്നതായി കാണാം. 8: 22; 9: 123-125; 13: 7; 17: 84, 105 വിശദീകരണം നോക്കുക.

52. അവൻ പറഞ്ഞു: അവരെക്കുറിച്ചുള്ള അറിവ് എന്റെ നാഥന്റെ പക്കലുള്ള ഒരു ഗ്രന്ഥത്തിലാണുള്ളത്, എന്റെ നാഥന് പിഴക്കുകയില്ല, മറക്കുകയുമില്ല.

അഥവാ അവരെക്കുറിച്ചോർത്ത് വിഷമിക്കേണ്ടതില്ല, സന്ദേശം വന്നുകിട്ടുമ്പോൾ അതിനെ തള്ളിക്കളയാൻ അതൊരു കാരണമാക്കേണ്ടതുമില്ല എന്നർത്ഥം. 2: 170-171; 17: 55; 31: 21 വിശദീകരണം നോക്കുക.

53. നിങ്ങൾക്ക് ഭൂമിയെ തൊട്ടിലാക്കിത്തന്നവനും അതിൽ നിങ്ങൾക്കായി വിവിധ വഴികൾ ഒരുക്കിത്തന്നവനും ആകാശത്തുനിന്ന് വെള്ളം ഇറക്കിത്തന്നവനുമായ ഒരുവൻ; എന്നിട്ട് ആ വെള്ളം കൊണ്ട് നാം വിവിധങ്ങളായ സസ്യലതാദികളെ ജോടികളായി പുറപ്പെടുവിക്കുകയും ചെയ്തു.

54. നിങ്ങൾ തിന്നുക, നിങ്ങളുടെ കന്നുകാലികളെ തീറ്റുകയും ചെയ്യുക, നിശ്ചയം അതിൽ ബുദ്ധികൂർമതയുള്ളവർക്ക് പാഠങ്ങൾ തന്നെയുണ്ട്.

സൂക്തം 51 ലെ ഫിർഔനിന്റെ മറുചോദ്യത്തിന് മുമ്പ് പറഞ്ഞുകൊണ്ടിരുന്ന നാഥനെക്കുറിച്ചുള്ള വിവരണം തുടരുകയാണ്. 3: 190-191; 79: 33; 87: 4 വിശദീകരണം നോക്കുക.

55.അതിൽ നിന്നാണ് നാം നിങ്ങളെ സൃഷ്ടിച്ചത്, അതിലേക്കുതന്നെയാണ് നാം നിങ്ങളെ മടക്കുന്നതും, അതിൽ നിന്നുതന്നെ നാം നിങ്ങളെ മറ്റൊരു പ്രാവശ്യം പുറപ്പെടുവിക്കുകയും ചെയ്യും.

'അതിൽ നിന്നാണ് നാം നിങ്ങളെ സൃഷ്ടിച്ചത്' എന്ന് പറഞ്ഞതിൽ നിന്നും ഭൂമിയിലാണ് നാം നിങ്ങളെ സൃഷ്ടിച്ചത് എന്ന് ആശയം വരുന്നില്ല. 15: 26; 30: 20 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഭൂമിയിൽ നിന്ന് കൊണ്ടുപോയ മണ്ണുകൊണ്ട് സ്വർഗത്തിൽ വെച്ചാണ് ആദമിന്റെ ശരീരം സൃഷ്ടിച്ചിട്ടുള്ളത്. 32: 7-9 സൂക്തങ്ങളിൽ, മനുഷ്യന്റെ സൃഷ്ടിപ്പിന് കളിമണ്ണ് കൊണ്ട് തുടക്കം കുറിച്ചു, പിന്നെ അവന്റെ വംശപരമ്പര ഹീനമായ വെള്ളത്തിന്റെ സത്തിൽ നിന്നാക്കി മാറ്റി, പിന്നെ അവനെ രൂപപ്പെടുത്തി, നാലാം മാസത്തിൽ അവന്റെ റൂഹിൽ നിന്ന് അതിൽ ആവാഹിപ്പിച്ചു, നിങ്ങൾക്ക് അവൻ കേൾവി, കാഴ്ച, ബുദ്ധിശക്തി എന്നിവ പ്രദാനം ചെയ്യുകയും ചെയ്തു, എന്നാൽ നിങ്ങളിൽ അൽപം പേർ മാത്രമേ നന്ദി പ്രക്കിപ്പിക്കുന്നവരായുള്ളൂ എന്ന് പറഞ്ഞിട്ടുണ്ട്. *മരണപ്പെട്ട ഒരാളെ മറമാടിക്കഴിഞ്ഞാൽ ആ ഖബറിലേക്ക് മൂന്ന് പിടി മണ്ണ് വാരിയിട്ടുകൊണ്ട് ഈ സൂക്തത്തിൽ പറഞ്ഞ പ്രകാരം പറയാൻ* പ്രവാചകനിലൂടെ പഠിപ്പിക്കപ്പെട്ടിട്ടുണ്ട്. 2: 28; 4: 1 വിശദീകരണം നോക്കുക.

56. നിശ്ചയം നമ്മുടെ ദൃഷ്ടാന്തങ്ങൾ നാം അവനെ കാണിച്ചുകൊടുത്തു, അപ്പോൾ അവൻ തള്ളിക്കളയുകയും നിരസിക്കുകയുമാണ് ചെയ്തത്.

57. അവൻ ചോദിച്ചു: നിന്റെ മാരണം കൊണ്ട് ഞങ്ങളുടെ നാട്ടിൽ നിന്ന് ഞങ്ങളെ പുറത്താക്കാനാണോ ഞങ്ങളുടെയടുത്ത് നീ വന്നിട്ടുള്ളത് -ഓ മൂസാ?

58. അപ്പോൾ നിന്റെ പക്കലുള്ള മാരണം പോലെയുള്ളത് ഞങ്ങളും കൊണ്ടുവരികതന്നെ ചെയ്യും, അപ്പോൾ ഞങ്ങൾക്കും നിനക്കുമിടയിൽ സൗകര്യപ്രദമായ ഒരു സ്ഥലത്ത് ഒരുമിച്ചുകൂടാൻ നിശ്ചയിക്കുക, ഞങ്ങളോ നീയോ അത് ലംഘിക്കുകയും അരുത്.

59. അവൻ പറഞ്ഞു: നിങ്ങളുടെ വാഗ്ദത്തദിനം ഉൽസവനാളിൽ തന്നെയായിക്കൊള്ളട്ടെ, അന്ന് ജനങ്ങളെല്ലാം രാവിലെത്തന്നെ ഒരുമിച്ചുകൂടപ്പെടുകയും ചെയ്യട്ടെ!

60. അപ്പോൾ ഫിർഔൻ പിൻവാങ്ങി, അങ്ങനെ അവന്റെ ഗൂഢതന്ത്രങ്ങളെല്ലാം ഒരുമിച്ചുകൂട്ടുകയും പിന്നെ വരികയും ചെയ്തു.

61. മൂസാ അവരോട് പറഞ്ഞു: നിങ്ങൾക്ക് നാശം, നിങ്ങൾ അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയരുത്, അങ്ങനെയായാൽ ശിക്ഷമുഖേന അവൻ നിങ്ങളെ നശിപ്പിച്ചുകളയും; ആരാണോ കള്ളം കെട്ടിച്ചമക്കുന്നത്, അവൻ പരാജയപ്പെട്ടതുതന്നെ.

അല്ലാഹുവിൽ നിന്നുള്ള വ്യക്തമായ തെളിവുകളെല്ലാം മനസ്സിലാക്കിയശേഷം അതിനെ തടുക്കാനുള്ള വ്യഥാവ്യായാമത്തിന് ഇറങ്ങിപ്പുറപ്പെടുന്നതിനെയാണ് ഇവിടെ നിങ്ങൾ അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമച്ച് പറയരുത് എന്ന് പറയുന്നത്. 91: 9-10 സൂക്തങ്ങളിൽ , നിശ്ചയം, ആത്മാവിനെ ശുദ്ധീകരിച്ചവൻ വിജയം വരിച്ചു. നിശ്ചയം, ആത്മാവിനെ ദുഷിപ്പിച്ചവൻ പരാജയപ്പെടുകയും ചെയ്തു എന്ന് പറഞ്ഞിട്ടുണ്ട്. 4: 51-52; 7: 37; 10: 17 വിശദീകരണം നോക്കുക.

62. അപ്പോൾ അവർക്കിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ടായി, അവർ രഹസ്യസംസാരം നടത്താൻ തുടങ്ങി.

4: 81; 58: 8-9 വിശദീകരണം നോക്കുക.

63. അവർ പറഞ്ഞു: നിശ്ചയം ഇവർ രണ്ടുപേരും രണ്ട് മാരണക്കാരാണ്, ഇവരുടെ മാരണം കൊണ്ട് നിങ്ങളുടെ നാട്ടിൽ നിന്ന് നിങ്ങളെ പുറത്താക്കാനും നിങ്ങളുടെ മാതൃകാപരമായ ജീവിതരീതി നീക്കിക്കളയാനുമാണ് ഇവർ രണ്ടുപേരും ഉദ്ദേശിക്കുന്നത്.

ഇവർ ഈജിപ്തിലെ പ്രസിദ്ധമായ സംസ്കാരത്തെയും ജീവിതസൗകര്യങ്ങളെയും നശിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെട്ടവരാണെന്നും, പ്രജകളായ നിങ്ങൾ തുടർന്നുകൊണ്ടിരിക്കുന്ന ജീവിതശൈലിക്ക് ഭംഗം വരുമെന്നും നിങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഇവർ കാരണം നഷ്ടപ്പെടുമെന്നുമുള്ള ആശങ്ക ജനങ്ങളിൽ പടർത്തിവിട്ട് അധികാരം നിലനിർത്താൻ ശ്രമിക്കുന്ന എക്കാലത്തുമുള്ള അധികാരിവർഗ്ഗങ്ങളുടെ തന്ത്രം തന്നെയാണ് ഫിർഔൻ ഇവിടെ പയറ്റുന്നത്.

64. അപ്പോൾ നിങ്ങൾ നിങ്ങളുടെ തന്ത്രങ്ങളൊക്കെയും ഒരുമിച്ചുകൂട്ടുക, പിന്നെ നിങ്ങൾ ഒറ്റക്കെട്ടായി വരിക, ഇന്നേദിനം ഉന്നതിയിലുള്ളവരാരോ അവർ തന്നെയാണ് വിജയം വരിക്കുന്നവർ.

65. അവർ ചോദിച്ചു: ഓ മൂസാ! നീയാണോ ഇടുന്നത്, അതോ ഞങ്ങളാണോ ആദ്യം ഇടുന്നവരാകേണ്ടത്?

66. അവൻ പറഞ്ഞു: അല്ല, നിങ്ങൾ ഇട്ടുകൊള്ളുക, അപ്പോൾ അവരുടെ കയറുകളും വടികളും അവരുടെ മാരണത്താൽ മൂസാക്കുനേരെ ഇഴഞ്ഞുവരുന്നതായി തോന്നി.

67. മൂസാക്ക് ഉള്ളിന്റെയുള്ളിൽ ഭയപ്പെടുന്ന അവസ്ഥയുണ്ടായി!

മാരണം പിശാചിൽ നിന്നുള്ളതാണെന്ന് 2: 102 ലും; എല്ലാ നബിമാർക്കും മനുഷ്യരിൽ നിന്നും ജിന്നുകളിൽ നിന്നുമുള്ള പിശാചുക്കളെ ശത്രുക്കളാക്കിയിട്ടുണ്ടെന്ന് 6: 112 ലും പറഞ്ഞിട്ടുണ്ട്. എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അജയ്യഗ്രന്ഥമായ അദ്ദിക്ർ ഇന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെട്ടിരിക്കെ ആരാണോ അതിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 5: 48 ൽ വിവരിച്ചിട്ടുണ്ട്. അത്തരം വിശ്വാസി ഒരു ജീവിയെയും ഭയപ്പെടുകയില്ല എന്ന് മാത്രമല്ല, ഒരു ജീവിയിൽ നിന്നുള്ള ഒരു തരത്തിലുള്ള ഉപദ്രവവും അത്തരം വിശ്വാസിക്ക് ഏൽക്കുകയുമില്ല. 4: 118; 11: 55–56; 16: 99; 17: 64–65 വിശദീകരണം നോക്കുക.

68. നാം പറഞ്ഞു, നീ ഭയപ്പെടരുത്, നിശ്ചയം നീതന്നെയാണ് ഉന്നതിയിലുള്ളവൻ.

69. നിന്റെ വലതുകയ്യിലുള്ളത് നീ ഇടുകയും ചെയ്യുക, അപ്പോൾ അവർ ഉൽപാദിപ്പിച്ചുണ്ടാക്കിയതെല്ലാം അത് വിഴുങ്ങിക്കൊള്ളും, നിശ്ചയം അവർ ഉൽപാദിപ്പിച്ചിട്ടുള്ളത് മാരണക്കാരുടെ തന്ത്രം മാത്രമാണ്, മാരണക്കാരാവട്ടെ എവിടെച്ചെന്നാലും വിജയിക്കുകയുമില്ല.

70. അപ്പോൾ മാരണക്കാരെല്ലാം സാഷ്ടാംഗത്തിൽ വീഴ്ത്തപ്പെടുകയായി, അവർ പ്രഖ്യാപിച്ചു; നിശ്ചയം ഞങ്ങൾ ഹാറൂനിന്റെയും മൂസായുടെയും നാഥനെക്കൊണ്ട് വിശ്വസിച്ചിരിക്കുന്നു.

7: 120–122 വിശദീകരണം നോക്കുക.

71. അവൻ ചോദിച്ചു; ഞാൻ നിങ്ങൾക്ക് സമ്മതം തരുന്നതിന് മുമ്പ് നിങ്ങൾ അവനിൽ വിശ്വസിച്ചുവോ? തീർച്ചയായും അവൻ നിങ്ങളെ മാരണം പഠിപ്പിച്ച നിങ്ങളിലെ ഒരു പ്രധാനി തന്നെയാണ്, അപ്പോൾ നിശ്ചയം ഞാൻ നിങ്ങളുടെ കൈകളും കാലുകളും എതിർവശങ്ങളിൽ നിന്ന് കൊത്തിമുറിക്കുകയും ഞാൻ നിങ്ങളെ ഈന്തപ്പനത്തടികളിൽ ക്രൂശിക്കുകയും ചെയ്യുന്നതാണ്, ഞങ്ങളിൽ ആരാണ് ഏറ്റവും കഠിനമായും സ്ഥായിയായും ശിക്ഷിക്കുന്നത് എന്ന് നിങ്ങൾ അറിയുകതന്നെ ചെയ്യും!

വലതുകൈയാണെങ്കിൽ ഇടതുകാലും ഇടതുകൈയാണെങ്കിൽ വലതുകാലും എന്ന രീതിയിലാണ് ശിക്ഷ നടപ്പിലാക്കിയിരുന്നത്. തലച്ചോറിന്റെ മൊത്തം തളർച്ചയായിരുന്നു അതുകൊണ്ട് ഉദ്ദേശിച്ചിരുന്നത്. ഹാറൂനിന്റെയും മൂസായുടെയും നാഥനെക്കൊണ്ട് ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്നാണ് മാരണക്കാർ സൂക്തം 70 ൽ പറഞ്ഞത്. 79: 24 ൽ 'ഞാനാണ് അത്യുന്നതനായ നാഥൻ' എന്ന് ഫിർഔൻ പ്രഖ്യാപിച്ചതായി പറഞ്ഞിട്ടുമുണ്ട്. അപ്പോൾ 'ഞങ്ങളിൽ ആരാണ് ഏറ്റവും കഠിനമായും സ്ഥായിയായും ശിക്ഷിക്കുക' എന്ന് പറഞ്ഞതിലെ 'ഞങ്ങൾ'കൊണ്ട് ഉദ്ദേശിക്കുന്നത് ഫിർഔനിനെയും അല്ലാഹുവിനെയും തന്നെയാണ്. അല്ലാതെ ഫിർഔനിനെയും മൂസായെയുമല്ല. മൂസായെ ശിക്ഷിക്കുന്നവനായി പരിഗണിച്ചാൽ അത് 43: 51–54 സൂക്തങ്ങൾക്ക് വിരുദ്ധമാകും. 7: 124–126 വിശദീകരണം നോക്കുക.

72. അവർ പറഞ്ഞു: ഞങ്ങൾക്ക് വന്നുകിട്ടിയ തെളിവുകളെക്കാളും ഞങ്ങളെ വിരിപ്പിച്ചുണ്ടാക്കിയ ഒരുവനെക്കാളും നിനക്ക് ഞങ്ങൾ മുൻഗണന നൽകുകയില്ല തന്നെ, അതിനാൽ നിനക്ക് വിധിക്കാനുള്ളതെന്തോ അത് നീ വിധിച്ചുകൊള്ളുക, നിശ്ചയം നീ വിധിക്കുന്നത് ഈ ഐഹികജീവിതത്തിൽ മാത്രമാണല്ലോ!

73. നിശ്ചയം ഞങ്ങൾ ഞങ്ങളുടെ ഉടമയെക്കൊണ്ട് വിശ്വസിച്ചിരിക്കുന്നു, ഞങ്ങളുടെ പാപങ്ങളും നീ ഞങ്ങളെക്കൊണ്ട് നിർബന്ധിപ്പിച്ച് ചെയ്യിപ്പിച്ച മാരണപ്രവർത്തനങ്ങളും അവൻ ഞങ്ങൾക്ക് പൊറുത്ത് തരുന്നതിനുവേണ്ടി, അല്ലാഹുവാണ് ഏറ്റവും ഉത്തമനും സ്ഥായിയായിട്ടുള്ളവനും.

'നീ ഞങ്ങളെക്കൊണ്ട് നിർബന്ധിപ്പിച്ച് ചെയ്യിപ്പിച്ച മാരണപ്രവർത്തനങ്ങൾ' എന്ന് മാരണക്കാർ പറഞ്ഞതിൽ നിന്നും അവരത് സ്വമനസ്സാലെ പ്രവർത്തിച്ചതായിരുന്നില്ലെന്നും അതിനോട് അവർക്ക് മനസ്സാ വെറുപ്പുമുണ്ടായിരുന്നുവെന്നും ഫിർഔൻ അവന്റെ അധികാരം നിലനിർത്തുന്നതിന് വേണ്ടി നിഗൂഢമായി അവിടെ നിലനിർത്തിയിരുന്ന സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ നിർബന്ധിതരായിട്ടാണ് അവരതിൽ ഏർപ്പെട്ടിരുന്നത് എന്നുമാണ് മനസ്സിലാക്കേണ്ടത്. അതുകൊണ്ടാണ് അവർക്ക് സന്മാർഗ്ഗം ലഭിക്കാൻ ഇടയായതും. കരുതിക്കൂട്ടി കുറ്റം ചെയ്യുന്നവർക്ക് സന്മാർഗ്ഗം ലഭിക്കുകയില്ല.

ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനോട് അന്ധരും ബധിരരും ഊമരുമായതിനാൽ അവർ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെക്കാൾ എല്ലാവിധ പൈശാചിക കാൽപ്പാടുകളും പിൻപറ്റുന്നതിൽ മുൻപന്തിയിലാണ്. 5: 30, 60; 8: 22; 16: 25 വിശദീകരണം നോക്കുക.

74. നിശ്ചയം ആരാണോ തന്റെ നാഥന്റെയടുക്കൽ ഭ്രാന്തനായിക്കൊണ്ട് വരുന്നത്, അപ്പോൾ നിശ്ചയം അവന് നരകകുണ്ഠമാണുള്ളത്, അതിൽ അവൻ മരിക്കുക

യില്ല, ജീവിക്കുകയുമില്ല.

6: 55; 7: 40; 10: 17; 36: 59–62 തുടങ്ങി 52 സൂക്തങ്ങളിൽ പറഞ്ഞ ഭ്രാന്തന്മാർ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകൾ തന്നെയാണ്. 'ഭ്രാന്തനായിക്കൊണ്ട് വരിക' എന്ന് പറഞ്ഞതിന്റെ വിവക്ഷ ചിന്താശക്തി ഉപയോഗപ്പെടുത്താതെ പ്രജ്ഞയറ്റവനും ലക്ഷ്യബോധം നഷ്ടപ്പെട്ടവനുമായി ജീവിച്ച് മരിച്ചുപോവുക എന്നാണ്.

87: 11–13 സൂക്തങ്ങളിൽ, *ദിക്റാ*യിൽ നിന്ന് അകന്ന് ജീവിച്ചവൻ വമ്പിച്ച നരകത്തീയിൽ വേവിക്കപ്പെടുകതന്നെ ചെയ്യും, പിന്നെ അതിൽ അവൻ മരിക്കുകയില്ല, ജീവിക്കുകയുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. 'അതിൽ മരിക്കുകയില്ല' എന്ന് ആദ്യം പറഞ്ഞത് നരകത്തിൽ ജീവനുള്ളവരെ ശരീരത്തോടുകൂടിയാണ് ഇടുക എന്നതിനാലും 4: 56 ൽ പറഞ്ഞ പ്രകാരം തൊലി ഉരുകുമ്പോഴെല്ലാം പുതിയ തൊലി വെച്ചുകൊടുക്കപ്പെട്ട് ശിക്ഷ പൂർണ്ണ രീതിയിൽ ആസ്വദിപ്പിക്കും എന്നതിനാലുമാണ്. 43: 77 ൽ പറഞ്ഞ പ്രകാരം അവർ മരണത്തിന് വേണ്ടി കേഴുമെങ്കിലും ഒരിക്കലും മരിക്കുകയില്ല. 7: 40; 11: 105–108; 19: 86 വിശദീകരണം നോക്കുക.

75. ആരാണോ വിശ്വാസിയായിക്കൊണ്ട് അവന്റെയടുക്കൽ വരുന്നത്, നിശ്ചയം അവൻ സൽകർമ്മങ്ങൾ ചെയ്തിട്ടുമുണ്ട്, അപ്പോൾ അക്കൂട്ടർക്ക് തന്നെയാണ് അത്യുന്നതമായ പദവികളുള്ളത്.

10: 100 ൽ വിവരിച്ച പ്രകാരം നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാൾക്കും വിശ്വാസിയാകാൻ സാധ്യമല്ല. ഇന്ന് സൽകർമ്മങ്ങൾ ചെയ്യുക എന്ന് പറഞ്ഞാൽ 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ഉപകരണമായ അദ്ദിക്ർ മനുഷ്യർക്ക് എത്തിച്ചുകൊടുക്കലും ആയിരം സമുദായങ്ങളിൽ പെട്ട ജീവജാലങ്ങളുടെ ക്ഷേമം ലക്ഷ്യം വെച്ച് ജൈവകൃഷി ചെയ്യലും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കലുമാണ്. 2: 261; 4: 85; 76: 8–9 വിശദീകരണം നോക്കുക.

76. താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന നിത്യാനുഗ്രഹങ്ങൾ അടങ്ങിയ സ്വർഗപ്പൂന്തോപ്പുകൾ, അവർ അതിൽ നിത്യവാസികളുമായിരിക്കും, അതാണ് അവരവരെ ശുദ്ധീകരിച്ചവർക്ക് പ്രതിഫലമായി ലഭിക്കുക.

87: 14–15 സൂക്തങ്ങളിൽ, നിശ്ചയം അവരവരെ ശുദ്ധീകരിക്കുകയും തന്റെ നാഥനെ നടത്തങ്ങളിലും ഇരുത്തങ്ങളിലും കിടപ്പുകളിലും സ്മരിക്കുകയും അതിന് വേണ്ടി നമസ്കരിക്കുകയും ചെയ്തവർ വിജയിച്ചിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അവരവരെ ശുദ്ധീകരിക്കുക എന്ന് പറഞ്ഞാൽ ത്രാസ്സായി അദ്ദിക്റിനെ ഇവിടെവെച്ചുതന്നെ ഉപയോഗപ്പെടുത്തി വിശ്വാസിയാണെന്ന് ഉറപ്പ് വരുത്തുകയും സ്രഷ്ടാവിന്റെ സ്വഭാവവും നടപടിയും തിരിച്ചറിയുകയും ജീവിതലക്ഷ്യം തിരിച്ചറിയുകയും ചെയ്യുക എന്നാണ്. 4: 1; 10: 100; 20: 14 വിശദീകരണം നോക്കുക.

77. മൂസാക്ക് നാം ദിവ്യസന്ദേശം നൽകുകയും ചെയ്തു, എന്തെന്നാൽ നീ എന്റെ ദാസന്മാരെയും കൊണ്ട് രാത്രിക്ക് രാത്രി പുറപ്പെടുക, അവർക്കുവേണ്ടി സമുദ്രത്തിൽ ഒരു ഉണങ്ങിയ പാത വെട്ടിത്തുറക്കുകയും ചെയ്യുക, നീ പിടികൂടപ്പെടുമെന്ന് ഭയപ്പെടരുത്, നീ മറ്റൊന്നും ഭയപ്പെടുകയുമരുത്.

മൂസായുടെ വടികൊണ്ട് സമുദ്രത്തിൽ അടിക്കാൻ ദിവ്യസന്ദേശം നൽകിക്കൊണ്ട് മൂസാക്കും ഇസ്റാഈൽ സന്തതികൾക്കും സമുദ്രത്തിലൂടെ മുറിച്ച് കടക്കുന്നതിനുവേണ്ടി

ഒരു ഉണങ്ങിയ പാത ഒരുക്കിക്കൊടുത്തു എന്നാണ് സൂക്തത്തിൽ പറയുന്നത്. 26: 63-66 സൂക്തങ്ങളിൽ, നാം മൂസാക്ക് ദിവ്യസന്ദേശം നൽകി, നീ നിന്റെ വടികൊണ്ട് കടലിൽ അടിക്കുക! അപ്പോൾ അത് പിളർന്ന് വെള്ളം വമ്പിച്ച മലകളെന്നോണം രണ്ട് ഭാഗത്തേക്കുമായി മാറിനിന്നു. പിന്നെ നാം മറ്റേവിഭാഗത്തെ അതിലേക്ക് അടുപ്പിക്കുകയും അവരെ മുഴുവൻ അതിൽ മുക്കിക്കൊല്ലുകയും മൂസായെയും അവനോടൊപ്പമുള്ളവരെയും രക്ഷപ്പെടുത്തുകയും ചെയ്തു എന്ന് പറഞ്ഞിട്ടുണ്ട്. 44: 23-24 സൂക്തങ്ങളിൽ, സമുദ്രത്തെ നീ പിളർന്ന അവസ്ഥയിൽതന്നെ വിടുക എന്ന് പറഞ്ഞിട്ടുണ്ട്. അഥവാ നിങ്ങൾ ഫിർഔനിനാലും അവന്റെ സൈന്യത്താലും പിടികൂടപ്പെടാതിരിക്കാൻ വേണ്ടി സമുദ്രം കൂടിച്ചേരുന്നതിന് വേണ്ടി വീണ്ടും അടിക്കരുത് എന്നാണ് ആശയം. നീ മറ്റൊന്നും ഭയപ്പെടുകയുമരുത് എന്ന് പറഞ്ഞതിന്റെ വിവക്ഷ, നിങ്ങൾ സമുദ്രത്തിൽ താഴ്ന്നുപോകുമെന്നോ മലകളെന്നോണം രണ്ട് ഭാഗത്തേക്കുമായി മാറിനിന്ന വെള്ളം കൂടിച്ചേർന്ന് മുങ്ങിപ്പോകുമെന്നോ ഒന്നും ഭയപ്പെടേണ്ടതില്ല എന്നുമാണ്. 4: 158; 16: 40; 17: 1 വിശദീകരണം നോക്കുക.

78. അങ്ങനെ ഫിർഔൻ അവന്റെ സൈന്യസമേതം അവരെ പിൻതുടർന്നു, അപ്പോൾ കടലിലെ വെള്ളം അവരെ മൂടേണ്ടവിധം മൂടി.

79. ഫിർഔൻ തന്റെ ജനതയെ വഴിപിഴപ്പിക്കുകതന്നെ ചെയ്തു; അവർക്ക് ശരിയായ മാർഗം കാണിച്ചുകൊടുത്തതുമില്ല.

80. ഓ ഇസ്രാഈൽ സന്തതികളേ! നിശ്ചയം നിങ്ങളുടെ ശത്രുവിൽ നിന്നും നാം നിങ്ങളെ രക്ഷപ്പെടുത്തി, നാം നിങ്ങൾക്ക് ത്വൂർ പർവ്വതത്തിന്റെ വലതുഭാഗത്ത് ഹാജറാകുന്നതിന് സമയം നിർണ്ണയിച്ചു, നിങ്ങളുടെമേൽ 'മന്നാ'യും 'സൽവ'യും ഇറക്കിത്തരികയുമുണ്ടായി.

2: 56-57; 7: 155 വിശദീകരണം നോക്കുക.

81. നാം നിങ്ങൾക്ക് നൽകിയ പരിശുദ്ധമായ ഭക്ഷണവിഭവങ്ങളിൽ നിന്ന് തിന്നുക, നിങ്ങൾ അതിൽ അതിര് ലംഘിക്കരുത്, അപ്പോൾ നിങ്ങളുടെമേൽ എന്റെ കോപം പതിക്കുന്നതാണ്, ആരുടെ മേലിലാണോ എന്റെ കോപം പതിച്ചത് അപ്പോൾ നിശ്ചയം അവൻ തകർന്നതുതന്നെ.

അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് കപടവിശ്വാസികൾ എഴുതിയുണ്ടാക്കിയ ഫുജ്ജാർ കിതാബുകളാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നതും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതും. അതിനാൽ 48: 6 ൽ പറഞ്ഞ പ്രകാരം അവർ രണ്ടുകൂട്ടരുടെയും മേൽ അല്ലാഹുവിന്റെ ശാപവും കോപവും പതിക്കുകയും അവർക്കുവേണ്ടി അവൻ മടക്കസ്ഥലമായി നരകക്കുണ്ഠം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. 1: 7; 2: 165-167; 9: 67-68 വിശദീകരണം നോക്കുക.

82. ആരാണോ പശ്ചാത്തപിച്ച് മടങ്ങുകയും വിശ്വാസം കൈക്കൊള്ളുകയും ആ വിശ്വാസത്തിന്റെ മാർഗ്ഗം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നത്, അവന് നിശ്ചയം നാം ഏറെപ്പൊറുക്കുന്നവൻ തന്നെയുമാകുന്നു, പിന്നെ അവൻ മാർഗദർശനം ചെയ്യപ്പെടുന്നതുമാണ്.

മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യമായ അദ്ദിക്ർ ഇന്ന് ഒരുഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്താതെ ഒരാൾക്കും വിശ്വാസിയാകാൻ സാധ്യമല്ല. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ ഒറ്റപ്പെട്ട വിശ്വാസി 7: 205

–206 സൂക്തങ്ങളിൽ വിവരിച്ച പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് പിൻപറ്റുക. 4: 145–146; 9: 118; 20: 5 വിശദീകരണം നോക്കുക.

83. എന്തൊന്നാണ് നിന്റെ ജനതയെക്കൂടാതെ നിന്നെ ധൃതിയിൽ ഇവിടെ എത്തിച്ചത് –ഓ മൂസാ?

84. അവൻ പറഞ്ഞു: അവർ –അക്കൂട്ടർ– എന്റെ പിന്നിൽ എന്റെ വഴിയിൽ തന്നെയുണ്ട്, ഞാൻ നിന്റെ അടുത്തേക്ക് ധൃതിയിൽ വന്നത് എന്റെ നാഥാ, നീ എന്നെ തൃപ്തിപ്പെടുന്നതിന് വേണ്ടിയാണ്.

85. അവൻ പറഞ്ഞു: അപ്പോൾ നിനക്കുശേഷം നിന്റെ ജനതയെ നിശ്ചയം നാം പരീക്ഷിച്ചിരിക്കുന്നു, 'സാമിരിയ്യ്' അവരെ വഴിപിഴപ്പിക്കുകയും ചെയ്തിരിക്കുന്നു.

7: 148 വിശദീകരണം നോക്കുക.

86. അപ്പോൾ മൂസാ ദേഷ്യത്തോടെയും ദുഃഖത്തോടെയും തന്റെ ജനതയിലേക്ക് തിരിച്ചു; അവൻ ചോദിച്ചു: ഓ എന്റെ ജനമേ, നിങ്ങളുടെ നാഥൻ നിങ്ങളോട് ഏറ്റവും നല്ല വാഗ്ദാനം നൽകിയിരുന്നില്ലേ? അപ്പോൾ നിങ്ങളുടെ മേൽ ആ ഉടമ്പടി കാലദൈർഘ്യം വന്നതായി തോന്നിയോ, അതോ നിങ്ങളുടെ നാഥന്റെ കോപം നിങ്ങളുടെ മേൽ പതിക്കണമെന്നാണോ നിങ്ങൾ ഉദ്ദേശിച്ചത്, അതുകൊണ്ടാണോ നിങ്ങൾ എന്റെ വാഗ്ദത്തം ലംഘിച്ചിട്ടുള്ളത്?

7: 150 വിശദീകരണം നോക്കുക.

87. അവർ പറഞ്ഞു: നീയുമായുള്ള വാഗ്ദത്തം ഞങ്ങൾ കരുതിക്കൂട്ടി ലംഘിച്ചതല്ല, എന്നാൽ ഞങ്ങൾ ജനത്തിന്റെ ആഭരണഭാരങ്ങൾ വഹിപ്പിക്കപ്പെട്ടിരുന്നുവല്ലോ? അത് ഞങ്ങൾ ഒരു തീച്ചൂളയിലേക്ക് ഇട്ടതേയുള്ളൂ, അങ്ങനെ സാമിരിയ്യും ഇട്ടു.

88. അങ്ങനെ അവൻ അവർക്ക് അതിൽ നിന്ന് ഒരു മുക്രയിടുന്ന പശുക്കുട്ടിയുടെ ശരീരം പുറത്തെടുത്തുകൊടുത്തു; അപ്പോൾ അവർ പറഞ്ഞു: ഇതാകുന്നു നിങ്ങളുടെ ഇലാഹ് –മൂസായുടെയും, മൂസാ അത് നിങ്ങളോട് പറയാൻ മറന്നതാണ്.

89. അപ്പോൾ അവരുടെ വാക്കുകൾക്ക് അത് ഒരു മറുപടിയും നൽകുന്നില്ല എന്നും അവർക്ക് ഒരു ഉപദ്രവമോ ഉപകാരമോ ചെയ്യാൻ അതിന് അധികാരമില്ല എന്നും അവർ മനസ്സിലാക്കുന്നില്ലെയോ?

90. നിശ്ചയം മുമ്പ് ഹാറൂൻ അവരോട് പറഞ്ഞിട്ടുമുണ്ടായിരുന്നു: ഓ എന്റെ ജനമേ, നിശ്ചയം നിങ്ങൾ ഇതുകൊണ്ട് പരീക്ഷിക്കപ്പെടുകയാണ്, നിശ്ചയം നിങ്ങളുടെ ഉടമ നിഷ്പക്ഷവാനാണ്, അപ്പോൾ നിങ്ങൾ എന്നെ പിൻപറ്റുകയും എന്റെ കൽപനകൾ അനുസരിക്കുകയും ചെയ്യുവീൻ!

നിങ്ങളുടെ നാഥൻ നിഷ്പക്ഷവാനാണ് എന്ന് പറഞ്ഞത് നിങ്ങൾക്ക് അവനിലേക്ക് എത്തിപ്പെടാനുള്ള മാർഗ്ഗവും പിശാചിലേക്ക് എത്തിപ്പെടാനുള്ള മാർഗ്ഗങ്ങളും വിവരിക്കുന്ന അദ്ദിക്ർ സ്വർഗത്തിൽ വെച്ചുതന്നെ പഠിപ്പിച്ചിട്ടുണ്ട് എന്നതിനാലാണ്. അപ്പോൾ നിങ്ങൾ പരീക്ഷണത്തിന് വിധേയമായി വഴികേടിലാവുകയാണെങ്കിൽ ആ വഴികേടിന്റെ ഉത്തരവാദിത്തം നിങ്ങൾ ഓരോരുത്തരും തന്നെ വഹിക്കേണ്ടിവരുന്നതുമാണ്. 2: 256; 10: 108; 55: 1–4; 76: 2–3 വിശദീകരണം നോക്കുക.

91. അവർ പറഞ്ഞു: മൂസാ ഞങ്ങളിലേക്ക് തിരിച്ച് വരുന്നത് വരെ അതിനെ പൂ

ജിക്കുന്നതിൽ നിന്ന് ഞങ്ങൾ വിട്ടുനിൽക്കുകയില്ലതന്നെ.

92. അവൻ ചോദിച്ചു: ഓ ഹാറൂൻ, ഇവർ വഴിപിഴക്കുന്നത് കണ്ടപ്പോൾ അവരെ തടയുന്നതിൽ നിന്ന് എന്തൊന്നാണ് നിന്നെ വിലക്കിയത്?

93. നീ എന്നെ പിൻപറ്റാതിരിക്കുകയാണോ അതോ എന്റെ കൽപന നീ ധിക്കരിച്ചുവോ?

94. അവൻ പറഞ്ഞു: ഓ എന്റെ മാതാവിന്റെ മകനേ! നീ എന്റെ താടിയും തലമുടിയും പിടിച്ചുവലിക്കല്ലേ, നിശ്ചയം നീ ഇസ്റാഈൽ സന്തതികളെ ഭിന്നിപ്പിച്ചുകളഞ്ഞു എന്നും എന്റെ വാക്കിന് കാത്തിരുന്നില്ല എന്നും നീ പറയുമെന്ന് ഞാൻ ഭയപ്പെട്ടു.

7: 150; 11: 17 വിശദീകരണം നോക്കുക.

95. അവൻ ചോദിച്ചു: നിനക്കെന്താണ് പറയാനുള്ളത് -ഓ സാമിരിയ്യ്?

96. അവൻ പറഞ്ഞു: ഇവർ കാണാത്ത ചിലത് ഞാൻ കണ്ടു, അങ്ങനെ ഞാൻ പ്രവാചകന്റെ കാൽപാടിൽ നിന്ന് ഒരുപിടി മണ്ണെടുത്ത് അതിലിട്ടു, എന്റെ മനസ്സ് അപ്രകാരം ചെയ്യാൻ എന്നെ തോന്നിപ്പിച്ചു.

അല്ലാഹുവിൽ നിന്ന് തടയുക എന്നതാണ് പിശാചിന്റെ ദൗത്യം. അപ്പോൾ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർപ്പിക്കുന്നതിനുവേണ്ടി എന്ത് സഹായം നൽകാനും പിശാച് ഒരുക്കമാണ്. ഇവിടെ പ്രവാചകന്റെ -മൂസായുടെ- കാൽപാടിൽ നിന്ന് ഒരുപിടി മണ്ണ് എടുക്കാനാണ് പിശാച് സാമിരിക്ക് തോന്നിപ്പിച്ചത്. അതിൽ മൂസായെ ഒന്ന് പ്രലോഭിപ്പിക്കാനുള്ള ശ്രമവുമുണ്ട്. 4: 48; 12: 106; 17: 64 വിശദീകരണം നോക്കുക.

97. അവൻ പറഞ്ഞു: അപ്പോൾ നീ ഇവിടെനിന്ന് പോവുക, ഐഹികലോകത്ത് നിനക്കുള്ള ശിക്ഷ 'എന്നെ സ്പർശിക്കരുത്' എന്ന് പറഞ്ഞുകൊണ്ടേയിരിക്കലാണ്, നിശ്ചയം നിനക്ക് ലംഘിക്കപ്പെടാത്ത ഒരു വാഗ്ദത്തസമയവും ഉണ്ട്, നീ പൂജിച്ചുകൊണ്ടിരുന്ന ഇലാഹിനെ നാം എന്താണ് ചെയ്യുന്നതെന്ന് നീ നോക്കുകയും ചെയ്യുക, നാം അതിനെ കരിച്ചുകളയുകയും പിന്നെ അതിനെ പൊടിയാക്കി കടൽ വെള്ളത്തിൽ ഒഴുക്കിക്കളയുന്നതുമാണ്.

എന്നെ സ്പർശിക്കരുത് എന്ന് പറഞ്ഞതിന്റെ വിവക്ഷ എന്നെ വിശ്വസിക്കരുത് എന്നാണ്.

98. നിശ്ചയം കാര്യം നിങ്ങളുടെ ഇലാഹ് അല്ലാഹു മാത്രമാകുന്നു, അവൻ അല്ലാതെ മറ്റൊരു ഇലാഹുമില്ല, അവൻ എല്ലാഓരോ കാര്യത്തെക്കുറിച്ചുമുള്ള അറിവ് വലയം ചെയ്തവനുമാകുന്നു.

2: 255; 17: 96; 20: 114 വിശദീകരണം നോക്കുക.

99. അപ്രകാരം മുമ്പ് കഴിഞ്ഞുപോയ സംഗതികളെക്കുറിച്ചുള്ള വൃത്താന്തം നാം നിനക്ക് വിവരിച്ചുതരികയാകുന്നു, നിശ്ചയം നമ്മിൽ നിന്നുള്ള ഒരുഉണർത്തൽ നാം നിനക്ക് നൽകിയിട്ടുമുണ്ട്.

41: 3 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ അല്ല, മറിച്ച് അദ്ദിക്റാണ് വ്യക്തവും സ്പഷ്ടവുമായ വായന. 11: 120; 16: 43-44 വിശദീകരണം നോക്കുക.

100.ആരാണോ അതിനെത്തൊട്ട് അവഗണിച്ചുപോകുന്നത്, അപ്പോൾ നിശ്ചയം

അവൻ അന്ത്യനാളിൽ പാപഭാരം ചുമക്കുകതന്നെ ചെയ്യും.

101. അവർ അതിൽ നിത്യവാസികളായിരിക്കും, അന്ത്യനാളിൽ അവർ വഹിക്കുന്ന ഭാരം വളരെ ദുഷിച്ചതുതന്നെ!

7: 157 ൽ വിവരിച്ച പ്രകാരം മനുഷ്യരുടെ ജീവിതഭാരങ്ങളെല്ലാം ഇറക്കിവെച്ച് ശാന്തിയും സമാധാനവും ഐക്യവും നിലനിർത്താനുള്ള ഏകഉപകരണവും മൊത്തം മനുഷ്യർക്കുള്ള സൻമാർഗവുമായ അദ്ദിക്റിനെ മനുഷ്യരിൽ നിന്ന് മൂടിവെക്കുന്ന കപടവിശ്വാസികളും അവരെ പിൻപറ്റുന്ന അനുയായികളും തന്നെയാണ് നാഥന്റെ ആയിരം സമുദായങ്ങളിൽ പെട്ട ജീവജാലങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളുടെയും പീഡനങ്ങളുടെയും പാപഭാരം വഹിച്ച് നരകത്തിൽ പോകേണ്ടിവരിക. അദ്ദിക്റിനെ സത്യാസത്യ വിവേചന മാനദണ്ഡമായും ത്രാസ്സായും ഇവിടെവെച്ച് ഉപയോഗപ്പെടുത്താതിരുന്നാൽ ത്രാസ്സായ അത് ഉപയോഗപ്പെടുത്തി വിധി നടത്തപ്പെടുന്ന നാളിൽ പ്രവർത്തനങ്ങൾക്ക് തൂക്കം ലഭിക്കുകയില്ല എന്ന് 7: 8–9; 18: 103–106; 47: 8–9 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. 6: 31; 16: 64; 18: 28 വിശദീകരണം നോക്കുക.

102.'സ്വൂർ' എന്ന കാഹളത്തിൽ ഊതപ്പെടുന്ന ദിനം, അന്നേദിനം ഭ്രാന്തന്മാരെ നാം തുറിച്ച കണ്ണുകളോടുകൂടി പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടുന്നതാണ്.

17: 97–98; 19: 86; 20: 74 വിശദീകരണം നോക്കുക.

103.നിങ്ങൾ പത്ത് നാളുകളല്ലാതെ കഴിച്ചുകൂട്ടിയിട്ടില്ല എന്ന് അവർ പരസ്പരം അടക്കം പറയുന്നതാണ്.

104.അവർ പറയുന്നകാര്യം നമുക്കുതന്നെയാണ് ഏറ്റവും നന്നായി അറിയുക, നിങ്ങൾ ഒരു ദിവസമല്ലാതെ കഴിച്ചുകൂട്ടിയിട്ടില്ല എന്നായിരിക്കും അവരിലെ പ്രധാനികൾ പറയുക.

നരകകുണ്ഠം കൊണ്ടുവരപ്പെടുന്ന ദിനം 'നിശ്ചയം ഞാൻ *ദിക്റാ* ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ' എന്ന് മനുഷ്യൻ ഓർമ്മിക്കുന്നതുമാണ്. 'ഓ എന്റെ കഷ്ടം! ഞാൻ എന്റെ ജീവിതത്തിന് വേണ്ടി മുൻകൂട്ടി സമ്പാദിച്ച് വെച്ചിരുന്നുവെങ്കിൽ' എന്നവൻ പറയുകയും ചെയ്യും എന്ന് 89: 23–24 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

അദ്ദിക്റിനെ വിസ്മരിച്ചുകൊണ്ട് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ലക്ഷ്യബോധമില്ലാത്ത പ്രജ്ഞയറ്റവരായിട്ടാണ് ഇവിടെ ജീവിതം നയിക്കുന്നത്. അതുകൊണ്ട് ഏതാനും മണിക്കൂറുകൾ മാത്രമാണ് ഇവിടെ കഴിച്ചുകൂട്ടിയത് എന്നാണ് വിധിദിവസം അവർക്ക് തോന്നുക. 18: 19; 23: 113 വിശദീകരണം നോക്കുക.

105.പർവ്വതങ്ങളെക്കുറിച്ച് അവർ നിന്നോട് ചോദിക്കുകയും ചെയ്യുന്നുവല്ലോ, അപ്പോൾ നീ പറയുക: എന്റെ നാഥൻ അതിനെ പൊടിപടലമാക്കി മാറ്റുന്നതാണ്.

27: 88 ൽ, നീ പർവ്വതങ്ങളെ ഉറച്ച് നിൽക്കുന്നതായി കണക്കുകൂട്ടുന്നു, അന്നേദിനം അത് മേഘങ്ങൾ ചലിക്കുന്നതുപോലെ ചലിക്കുന്നതാണ്, എല്ലാകാര്യങ്ങളും കുറ്റമറ്റതാക്കിത്തീർക്കുന്ന അല്ലാഹുവിന്റെ നിർമ്മിതി തന്നെയാണ് അത് എന്നും; 101: 4–5 സൂക്തങ്ങളിൽ, മനുഷ്യർ അന്ന് പാറിപ്പറക്കുന്ന പാറ്റകൾപോലെയും പർവ്വതങ്ങൾ അന്ന് കടഞ്ഞെടുത്ത കമ്പിളിരോമം പോലെയും ആകുമെന്നും പറഞ്ഞിട്ടുണ്ട്. 18: 8; 84: 1–5 വിശദീകരണം നോക്കുക.

106.അങ്ങനെ അവൻ അതിനെ മിനുസമുള്ള ഒറ്റ മാർബിൾ വിരിച്ചതുപോലെ ആക്കുന്നതാണ്.

107.നീ അതിൽ യാതൊരു പരുത്ത പ്രതലമോ പതിഞ്ഞ സ്ഥലമോ കാണുകയില്ല

108.അന്നേദിനം അവരെല്ലാം ഒരു വിളിക്കുന്നവന്റെ വിളിയെ പിൻപറ്റുന്നതാണ്, ആർക്കും അൽപം പോലും വക്രത കാണിക്കാൻ സാധ്യമല്ല, അന്ന് ശബ്ദങ്ങളെല്ലാം നിഷ്പക്ഷവാന്റെ മുമ്പിൽ ഒതുങ്ങിപ്പോകുന്നതാണ്, അപ്പോൾ നീ അവിടെ കാലടി ശബ്ദമല്ലാതെ മറ്റൊന്നും കേൾക്കുകയില്ല.

14: 42-43; 50: 23, 41-42 വിശദീകരണം നോക്കുക.

109.അന്നേദിനം ശുപാർശകളൊന്നും ഉപകാരപ്പെടുകയില്ല, ആരാണോ നിഷ്പക്ഷവാനാൽ സമ്മതം നൽകപ്പെട്ടത്, ആരുടെ വാക്കുകളാണോ അവൻ തൃപ്തിപ്പെട്ടത് അവനുമൊഴികെ.

19: 87; 43: 86 വിശദീകരണം നോക്കുക.

110.അവരുടെ മുമ്പിലുള്ള ഒന്നും അവരുടെ പിന്നിലുള്ള ഒന്നും അവൻ അറിയുന്നു, അവന്റെ അറിവിൽ നിന്ന് ഒന്നും അവർ വലയം ചെയ്തവരുമല്ല.

2: 255; 14: 38; 19: 64 വിശദീകരണം നോക്കുക.

111. സ്വയം ജീവിക്കുന്നവനും മറ്റുള്ളവയെ ജീവിപ്പിക്കുന്നവനുമായവന്റെ മുന്നിൽ മുഖങ്ങളെല്ലാം കുനിഞ്ഞുപോകുന്നു, അനീതിയുടെ പാപഭാരം പേറിയവൻ പരാജയപ്പെട്ടതുതന്നെ.

20: 76 വിശദീകരണം നോക്കുക.

112.ആരാണോ സൽകർമ്മങ്ങളിൽ നിന്ന് പ്രവർത്തിക്കുന്നത് -അവൻ വിശ്വാസിയുമാണ് എങ്കിൽ, അപ്പോൾ അവന് അനീതിയോ അവകാശ നിഷേധമോ ഭയപ്പെടേണ്ടതില്ല.

16: 97 വിശദീകരണം നോക്കുക.

113.അപ്രകാരം നാം ഇതിനെ അറബിയിൽ വായിക്കുന്ന ഒരു വായനയായി അവതരിപ്പിച്ചിരിക്കുന്നു, അതിൽ നാം ചില വാഗ്ദത്തങ്ങൾ വിശദീകരിച്ചിട്ടുമുണ്ട് - അവർ സൂക്ഷ്മതയുള്ളവർ ആകുന്നതിന് വേണ്ടി, അല്ലെങ്കിൽ അത് അവർക്ക് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തുന്ന വർത്തമാനമായിക്കൊണ്ട്.

അറബി ഖുർആനല്ല, ത്രികാലജ്ഞാനമായ അദ്ദിക്റാണ് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തുന്ന വർത്തമാനം. 7: 52 ൽ വിവരിച്ച പ്രകാരം മൊത്തം മനുഷ്യർക്ക് വേണ്ടി പ്രപഞ്ചനാഥനിൽ നിന്നും അവതരിപ്പിച്ചിട്ടുള്ളതാണ് അത്. 16: 89 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ് യഥാർത്ഥ മുസ്ലിംകൾ. 15: 9; 17: 9; 25: 33-34 വിശദീകരണം നോക്കുക.

114.അപ്പോൾ യഥാർത്ഥ രാജാവായ അല്ലാഹു അത്യുന്നതനായിരിക്കുന്നു, നിന്നിലേക്ക് അവന്റെ ദിവ്യസന്ദേശം പൂർത്തിയാകുന്നതിനുമുമ്പ് നീ ഖുർആനിനുവേണ്ടി ധൃതി കാണിക്കുകയുമരുത്; 'എന്റെ നാഥാ, എനിക്ക് നീ അറിവ് വർദ്ധിപ്പിച്ച് തരേണമേ' എന്ന് നീ പ്രാർത്ഥിക്കുകയും ചെയ്യുക.

75: 16-19 സൂക്തങ്ങളിൽ, ഈ വായന (ഖുർആൻ) ധൃതിപ്പെട്ട് വശത്താക്കുന്നതിന്

വേണ്ടി നീ നിന്റെ നാവിട്ടടിക്കേണ്ടതില്ല, നിശ്ചയം അതിനെ ക്രോഡീകരിക്കലും അത് വായിച്ച് കേൾപ്പിക്കലും നമ്മുടെ ബാധ്യതയാണ്. അപ്പോൾ അത് നാം നിനക്ക് (ജിബ്‌രീൽമുഖേന) വായിച്ച് കേൾപ്പിച്ചുതന്നാൽ നീ ആ വായനയാണ് പിൻപറ്റേണ്ടത്. പിന്നെ അതിനെ വിശദീകരിച്ചുതരലും നമ്മുടെ ബാധ്യത തന്നെയാണ് എന്നും; 87: 6 ൽ, നാം നിനക്ക് അത് വായിച്ച് തരികതന്നെ ചെയ്യും, അപ്പോൾ നീ അത് മറക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. 41: 41–42 സൂക്തങ്ങളിൽ പറഞ്ഞ അജയ്യഗ്രന്ഥമായ അദ്ദിക്ർ ക്രോഡീകരിക്കുന്നതിന് മുമ്പോ ശേഷമോ അതിൽ മിഥ്യയൊന്നും കടന്നുകൂടുകയില്ല. അത് അവതരിപ്പിച്ചിട്ടുള്ളത് സ്വയം സ്തുത്യർഹനും യുക്തിജ്ഞനുമായവനിൽ നിന്നാണ്. അതുകൊണ്ട് അദ്ദിക്റിനെ സത്യപ്പെടുത്തുന്ന വിശ്വാസി അദ്ദിക്ർ വായിക്കുകയും കേൾക്കുകയും മറ്റുള്ളവരോട് പറയുകയും ചെയ്യുമ്പോൾ 'എന്റെ നാഥാ! എനിക്ക് നീ അറിവ് വർദ്ധിപ്പിച്ച് തരേണമേ' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കുന്നതാണ്. 18: 101 ൽ വിവരിച്ച പ്രകാരം കാഴ്ചയുണ്ടായിട്ടും *ദിക്‌രീ* കാണാത്തവരും കേൾവിയുണ്ടായിട്ടും *ദിക്‌രീ* കേൾക്കാത്തവരും തന്നെയാണ് നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകൾ. 17: 86, 105–106; 25: 32–33; 76: 23–24 വിശദീകരണം നോക്കുക.

115.നിശ്ചയം നാം ആദമിനോട് മുമ്പ് ഉടമ്പടി ചെയ്തിട്ടുണ്ടായിരുന്നു, എന്നാൽ അവൻ അത് മറന്നു, നാം അവനെ നിശ്ചയദാർഢ്യമുള്ളവനായി കണ്ടതുമില്ല.

116.നിങ്ങൾ എല്ലാവരും ആദമിന് സാഷ്ടാംഗപ്രണാമം ചെയ്യുക എന്ന് നാം മലക്കുകളോട് പറഞ്ഞ സന്ദർഭവും ഓർക്കേണ്ടതാണ്; അപ്പോൾ അവർ എല്ലാവരും സാഷ്ടാംഗപ്രണാമം ചെയ്തു -ഇബ്‌ലീസ് ഒഴികെ, അവൻ വിസമ്മതിച്ചു.

7: 11–13 വിശദീകരണം നോക്കുക.

117.അപ്പോൾ നാം പറഞ്ഞു: ഓ ആദം, നിശ്ചയം ഇവൻ നിനക്കും നിന്റെ ഇണക്കും ശത്രുവാകുന്നു, അപ്പോൾ നിങ്ങൾ ദൗർഭാഗ്യവാൻമാരാകത്തക്കവിധം നിങ്ങൾ ഇരുവരേയും അവൻ സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കാൻ ഇടവരാതിരിക്കട്ടെ.

118.നിശ്ചയം നിനക്ക് അതിൽ വിശപ്പോ നഗ്നതയോ അനുഭവപ്പെടുകയില്ല.

119.നിശ്ചയം നിനക്ക് അവിടെ ദാഹമോ സൂര്യതാപമോ അനുഭവപ്പെടുകയുമില്ല.

സ്വർഗ്ഗത്തിലുള്ള അവസ്ഥയാണ് സൂക്തങ്ങളിൽ പരാമർശിക്കുന്നത്. സ്വർഗ്ഗീയ അവസ്ഥ അനുഭവിച്ചുകൊണ്ട് കഴിഞ്ഞുകൂടുകയായിരുന്ന ആദം ദമ്പതികൾക്ക് അവിടെ നഗ്നതയോ വിശപ്പോ ദാഹമോ ദുഃഖമോ നിരാശയോ ഒന്നും തന്നെ അനുഭവപ്പെട്ടിരുന്നില്ല. 76: 13 ൽ, അവർ സ്വർഗത്തിൽ അലങ്കരിച്ച ചാരുമഞ്ചങ്ങളിൽ പരസ്പരം അഭിമുഖമായി ചാരിയിരുന്ന് സല്ലപിക്കുന്നതാണ്, അവിടെ അവർ സൂര്യനോ മഞ്ഞോ കാണുകയില്ല എന്നും; 76: 21 ൽ, അവർക്ക് അവിടെ സ്വർണക്കസവുകളോടുകൂടിയ നേർത്ത പട്ടുകളും പച്ചപ്പട്ടാടകളും അടങ്ങിയ മേത്തരം വസ്ത്രങ്ങൾ ഉണ്ടായിരിക്കും; വെള്ള സ്വർണത്താലുള്ള വളകൾ അണിയിക്കപ്പെടുകയും ചെയ്യും, അവരെ അവരുടെ നാഥൻ പരിശുദ്ധമായ പാനീയങ്ങൾ കുടിപ്പിക്കുന്നതുമാണ് എന്നും പറഞ്ഞിട്ടുണ്ട്.

120.അപ്പോൾ പിശാച് അവന്റെ ഹൃദയത്തിൽ തോന്നിപ്പിച്ചു, അവൻ ചോദിച്ചു: ഓ ആദമേ, നിനക്ക് ശാശ്വത ജീവിതവും അവസാനിക്കാത്ത ആധിപത്യവും ലഭിക്കുന്ന ഒരു വൃക്ഷത്തെക്കുറിച്ച് ഞാൻ പറഞ്ഞുതരട്ടെയോ?

7: 19–20 വിശദീകരണം നോക്കുക.

121.അങ്ങനെ അവർ രണ്ടുപേരും അതിൽ നിന്ന് തിന്നു, അപ്പോൾ അവർക്ക് ഇരുവർക്കും അവരുടെ ഗുഹ്യസ്ഥാനങ്ങൾ വെളിപ്പെടുകയും സ്വർഗ്ഗത്തിലെ ഇലകളെടുത്ത് അവർ രണ്ടുപേരും അവ പൊത്താൻ തുടങ്ങുകയും ചെയ്തു, ആദം തന്റെ നാഥനെ ധിക്കരിക്കുകയും അങ്ങനെ ലക്ഷ്യബോധം നഷ്ടപ്പെട്ടവനാവുകയും ചെയ്തു.

'അവർ രണ്ടുപേരും അതിൽ നിന്ന് തിന്നു' എന്ന് പറഞ്ഞാൽ സ്വർഗ്ഗത്തിൽ വിലക്കപ്പെട്ട ലൈംഗികബന്ധം ആസ്വദിച്ചു എന്നാണ്. അല്ലാഹുവിന്റെ കൽപന ധിക്കരിച്ചുകൊണ്ട് അല്ലാഹുവിനെ മറന്ന് ലൈംഗികബന്ധത്തിൽ ഏർപ്പെടാൻ അവരെ തോന്നിപ്പിച്ചത് പിശാചാണ്. അപ്പോഴാണ് അവർക്ക് അവർ ഇരുവരുടെയും ലൈംഗികാവയവങ്ങൾ വെളിപ്പെട്ടതും അവർ സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കപ്പെട്ടതും. സ്വർഗ്ഗത്തിൽ വെച്ച് ഗ്രന്ഥം പഠിപ്പിക്കുകയും പിശാച് നിനക്ക് ശത്രുവാണെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തശേഷം ഉടനെത്തന്നെ ആദം അത് മറന്നു പ്രവർത്തിച്ചതുകൊണ്ടാണ് 'നാം അവനെ നിശ്ചയദാർഢ്യമുള്ളവനായി കണ്ടതുമില്ല' എന്ന് സൂക്തം 115 ൽ പറഞ്ഞത്. ആദം തന്റെ നാഥനെ ധിക്കരിക്കുകയും അങ്ങനെ ലക്ഷ്യബോധം നഷ്ടപ്പെട്ടവനാ(*ഗാവീൻ*)വുകയും ചെയ്തു എന്ന് പറഞ്ഞതും അതുകൊണ്ടാണ്.

ഭൂമിയിൽ നിയോഗിക്കപ്പെട്ട മനുഷ്യരുടെ ജീവിതലക്ഷ്യം സ്രഷ്ടാവിനെ കണ്ടെത്തുക എന്നതാണ്. ആരാണോ സന്മാർഗ്ഗമായ അദ്ദിക്റിൽ നിന്ന് പ്രസ്തുതലക്ഷ്യം മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിന്റെ തൃപ്തിയിൽ ഇണചേരുന്നത്, അവർ മാത്രമാണ് സ്വർഗ്ഗത്തിലേക്കുതന്നെ തിരിച്ചുപോകുക. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാംതന്നെ ഇവിടെ ലൈംഗിക അരാചകത്വത്തിൽ ആപതിക്കുകയും പിശാചിന്റെ കെണിയിൽ പെട്ട് സൂചികുത്താൻപോലും സ്ഥലമില്ലാത്തവിധം ജിന്നുകളെക്കൊണ്ടും മനുഷ്യരെക്കൊണ്ടും കുത്തിനിറക്കപ്പെടുന്ന പിശാചിന്റെ വീടായ നരകക്കുണ്ഠത്തിൽ ലൈംഗികാവയവങ്ങളിൽ പരസ്പരം കോർക്കപ്പെട്ടുകൊണ്ട് ഒരുമിച്ചുകൂട്ടപ്പെടുന്നതുമാണ്. 2: 35-36; 7: 26, 179, 205 വിശദീകരണം നോക്കുക.

122. പിന്നെ തന്റെ നാഥൻ അവനെ തെരഞ്ഞെടുത്തു, അങ്ങനെ അവന്റെ മേൽ മടങ്ങുകയും മാർഗ്ഗദർശനം ചെയ്യുകയും ചെയ്തു.

43: 36-39 സൂക്തങ്ങളിൽ പറഞ്ഞ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി വിശ്വാസിയായ നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുകയും വിശ്വാസിയാകാനുള്ള സമ്മതപത്രമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യാത്ത, കൂടിക്കലർന്ന് ജീവിക്കുന്ന എല്ലാപുരുഷന്മാരും സ്ത്രീകളും പരസ്ത്രീ-പരപുരുഷ ലൈംഗിക ബന്ധത്തിന് അതിയായി ആഗ്രഹിക്കുന്നവരും ശ്രമിക്കുന്നവരുമാണെന്ന് 38: 24 ൽ പറഞ്ഞിട്ടുണ്ട്. 2: 37-38; 7: 178; 20: 82 വിശദീകരണം നോക്കുക.

123. അവൻ പറഞ്ഞു: നിങ്ങൾ ഇരുവരും മുഴുവൻ ആളുകളും ചിലർ ചിലർക്ക് ശത്രുക്കളായിക്കൊണ്ട് ഇവിടെനിന്ന് പുറത്തുപോവുക, അങ്ങനെ എന്നിൽ നിന്നുള്ള മാർഗ്ഗദർശനം നിങ്ങൾക്ക് വന്നുകിട്ടിയാൽ, അപ്പോൾ ആരാണോ എന്റെ മാർഗ്ഗദർശനം പിൻപറ്റുന്നത് അപ്പോൾ അവൻ വഴിതെറ്റുകയോ ദൗർഭാഗ്യവാനാവുകയോ ഇല്ല.

'നിങ്ങൾ ഇരുവരും' എന്ന് പറഞ്ഞത് ആദമിനെയും ഹവ്വയെയുമാണ്. 'മുഴുവൻ

ആളുകളും' എന്നുപറഞ്ഞത് ആദമിന്റെ മുതുകിലുള്ള അന്ത്യനാൾ വരെയുള്ള മൊത്തം മനുഷ്യരെയുമാണ്. 'ചിലർ ചിലർക്ക് ശത്രുക്കളായിക്കൊണ്ട്' എന്നുപറഞ്ഞത് കപടവിശ്വാസികൾ വിശ്വാസികൾക്ക് ശത്രുക്കളായിക്കൊണ്ട് എന്നാണ്. വമ്പിച്ച തീയിൽ വേവിക്കപ്പെടാനുള്ള ദൗർഭാഗ്യവാൻമാരല്ലാതെ സൻമാർഗമായ *ദിക്റാ*യെ വെടിയുകയില്ല എന്ന് 87: 9-12 സൂക്തങ്ങളിലും; നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ വെടിഞ്ഞവർ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടുമെന്നും അക്കൂട്ടരാണ് ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ളവരും ഏറ്റവും വഴിപിഴച്ചവരെന്നും 25: 33-34 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 38; 7: 24; 11: 105-107 വിശദീകരണം നോക്കുക.

124. ആരാണോ 'ദിക്റീ'യെ അവഗണിച്ചത്, അപ്പോൾ നിശ്ചയം അവന് ഇഹത്തിൽ കുടുസ്സായ ജീവിത വിഭവമാണുള്ളത്, വിധിദിവസം അവനെ കുരുടനായി പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടുന്നതുമാണ്.

ഈ സൂക്തത്തിൽ പറഞ്ഞ *'ദിക്റീ'* മുൻസൂക്തത്തിൽ പറഞ്ഞ മാർഗദർശനമായ അദ്ദിക്ർ തന്നെയാണ്. ഏറ്റവും നല്ലതായ അദ്ദിക്റിനെ കളവാക്കി തള്ളിപ്പറഞ്ഞാൽ നാം അവന്റെ എല്ലാകാര്യങ്ങളും ബുദ്ധിമുട്ടാക്കുമെന്ന് 92: 9-10 സൂക്തങ്ങളിലും; അദ്ദിക്റിനെ മൂടിവെച്ച കാഫിറുകൾക്ക് അന്നേദിനം വളരെ ബുദ്ധിമുട്ടുള്ളതായിരിക്കുമെന്ന് 25: 26 ലും പറഞ്ഞിട്ടുണ്ട്. 7: 2; 15: 6; 18: 100-101 വിശദീകരണം നോക്കുക.

ദിക്റീ എന്ന ഗ്രന്ഥത്തെ അവഗണിച്ചവന് ഇഹത്തിൽ 'കുടുസ്സായ ജീവിതവിഭവമാണുള്ളത്' എന്ന് സൂക്തത്തിൽ പറഞ്ഞതിന്റെ വിശദീകരണമായിട്ടാണ് *ഗ്രന്ഥമാണ് പ്രമാണിത്തം, അത് ഉണ്ടായാൽ ദാരിദ്ര്യമില്ല, അത് ഇല്ലാതെ ഐശ്വര്യവുമില്ല* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്. *അല്ലാഹു മനുഷ്യരിൽ നിന്ന് കുടുംബത്തെ സ്വീകരിക്കുന്നു* എന്ന് പ്രവാചകൻ പറഞ്ഞതും അദ്ദിക്ർ പിൻപറ്റുന്നവരെക്കുറിച്ച് തന്നെയാണ്. അപ്പോൾ എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനും, പ്രതാപവും പ്രൗഢിയും നൽകുന്നതുമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്തവർക്ക് ഇല്ലായ്മയും വല്ലായ്മയും ദാരിദ്ര്യവും സമാധാനമില്ലായ്മയും ജീവിത മാർഗ്ഗങ്ങളിൽ പുരോഗതിയില്ലായ്മയുമായിരിക്കും അനുഭവം. നിശ്ചയം ഞങ്ങൾ കാഫിറായിരുന്നു എന്ന് ആത്മാവിനെതിരായി സാക്ഷ്യം വഹിച്ചുകൊണ്ടാണ് അവർ മരണപ്പെടുക എന്ന് 7: 37; 9: 55, 85, 125 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മാത്രമല്ല *അവരെ ഖബർ (ശവക്കുഴി) ഞെരുക്കുമെന്നും* പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. സൂറത്ത് മുൽക്ക് ആമുഖം കൂട്ടിവായിക്കുക. 2: 6-7; 17: 72, 97-98 വിശദീകരണം നോക്കുക.

125.അവൻ പറയും: എന്റെ നാഥാ, എന്നെ നീ എന്താണ് കുരുടനായി പുനരുജ്ജീവിപ്പിച്ച് ഒരുമിച്ചുകൂട്ടിയത്, ഞാൻ ഐഹികലോകത്ത് കാഴ്ചയുള്ളവനായിരുന്നുവല്ലോ?

126.അവൻ പറയും: അപ്രകാരം നമ്മുടെ സൂക്തങ്ങൾ നിനക്ക് വന്നുകിട്ടി, എന്നാൽ നീ അവയെ വിസ്മരിച്ച് ജീവിച്ചു, അപ്രകാരം ഇന്ന് നീയും വിസ്മരിക്കപ്പെട്ടിരിക്കുകയാണ്.

ജീവിതലക്ഷ്യം മനസ്സിലാക്കാനും സ്രഷ്ടാവിനെ കണ്ടെത്താനുമുള്ള ഉപകരണ

വും ഉൾക്കാഴ്ചാദായകം, സത്യാസത്യ വിവേചന മാനദണ്ഡം, *ദിക്‌രീ, ദിക്‌റാ,* ടിക്കറ്റ്, സത്യം തുടങ്ങിയ 40 പേരുകളുള്ള അജയ്യഗ്രന്ഥവുമായ അദ്ദിക്‌ർ വായിച്ച് മനസ്സിലാക്കി പിൻപറ്റുന്നതിനും ലോകർക്ക് എത്തിച്ച് കൊടുക്കുന്നതിനും വേണ്ടി കണ്ണിന്റെ കാഴ്ചയും മറ്റെല്ലാ അനുഗ്രഹങ്ങളും ഇവിടെവെച്ച് ഉപയോഗപ്പെടുത്താത്തതുകൊണ്ടാണ് ഫുജ്ജാറുകൾ കുരുടന്മാരായി പുനർജ്ജീവിപ്പിക്കപ്പെടുന്നതും നാഥനാൽ വിസ്മരിക്കപ്പെടുന്നതും. 7: 50–51; 18: 57; 32: 14 വിശദീകരണം നോക്കുക.

127.അപ്രകാരമാണ് പരിധിലംഘിച്ച് തന്റെ നാഥന്റെ സൂക്തങ്ങളെക്കൊണ്ട് വിശ്വസിക്കാതെ ജീവിക്കുന്നവന് നാം പ്രതിഫലം നൽകുക, പരലോകത്തെ ശിക്ഷയാകട്ടെ അതികഠിനവും സ്ഥായിയായതുമായിരിക്കും.

അദ്ദിക്‌റിനെ അവഗണിച്ചുകൊണ്ട് പരിധിലംഘിച്ച് ലക്ഷ്യബോധമില്ലാതെ ജീവിതം നയിക്കുന്ന ഫുജ്ജാറുകളാണ് ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത്. മറ്റുള്ളവരിലേക്ക് അദ്ദിക്‌ർ എത്തിച്ചുകൊടുക്കാൻ കടമപ്പെട്ട അവരാണ് ഇത്തരം മുന്നറിയിപ്പുകളൊന്നും വകവെക്കാതെ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെക്കാൾ ലക്ഷ്യബോധമില്ലാത്ത ജീവിതം നയിക്കുന്നത്. അതുകൊണ്ടാണ് ഇസ്‌ലാമിനെ മായ്ച്ചുകളയാൻ വരുന്ന മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്ന അവർ ഈസാ രണ്ടാമത് വന്നാൽ അന്ന് ഇസ്‌ലാം അംഗീകരിക്കുന്ന ഇതരജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നതും 4: 91; 5: 33; 9: 5, 123; 33: 60–61 എന്നീ സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുന്നതും. 2: 85; 10: 7–8; 18: 87, 106 വിശദീകരണം നോക്കുക.

128.ഇവർക്കുമുമ്പ് എത്രയെത്ര തലമുറകളെയാണ് നാം നശിപ്പിച്ചിട്ടുള്ളത് എന്നത് ഇവർക്ക് മാർഗ്ഗദർശനമല്ലെയോ? അവരുടെ വാസസ്ഥലങ്ങളിലൂടെയാണല്ലോ ഇവർ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്, നിശ്ചയം അതിൽ ബുദ്ധികൂർമതയുള്ളവർക്ക് പാഠങ്ങൾ തന്നെയുണ്ട്.

32: 26 സമാന ആശയത്തിലുള്ള സൂക്തമാണ്. 30: 9 ൽ, അവർ ഭൂമിയിൽ സഞ്ചരിക്കുകയും എന്നിട്ട് തങ്ങൾക്ക് മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കിക്കാണുകയും ചെയ്യുന്നില്ലേ? അവർ ഇവരെക്കാൾ ശക്തന്മാരായിരുന്നു, അവർ ഭൂമിയെ നന്നായി കിളച്ചുമറിച്ച് ഉപയോഗപ്പെടുത്തുകയും ഇവർ വികസനം നടത്തിയതിനെക്കാൾ കൂടുതൽ വികസനം നടത്തുകയും ചെയ്തിരുന്നു, അവരുടെ പ്രവാചകന്മാർ അവരിലേക്ക് വെളിപാടും കൊണ്ട് വന്നിട്ടുമുണ്ട്, അപ്പോൾ അല്ലാഹു അവരോട് അക്രമം ചെയ്യുന്നവനായിരുന്നില്ല, എന്നാൽ അവർ അവരോടുതന്നെയാണ് അക്രമം കാണിച്ചുകൊണ്ടിരുന്നത് എന്ന് പറഞ്ഞിട്ടുണ്ട്. 36: 31 ൽ, അവർക്കുമുമ്പ് എത്രയെത്ര തലമുറകളെയാണ് നാം നശിപ്പിച്ചിട്ടുള്ളത്! അവർ ആരും ഇവരുടെ അടുത്തേക്ക് തിരിച്ചുവരുന്നില്ല, അഥവാ ഇവർക്ക് അവരിലേക്ക് തിരിച്ചുപോകേണ്ടതുണ്ട് എന്ന് അവർ മനസ്സിലാക്കുന്നില്ലേ എന്ന് ചോദിച്ചിട്ടുണ്ട്. നാഥന്റെ ഗ്രന്ഥത്തെ അവഗണിച്ച് ഒരു നാട്ടിലെ ജനത മുഴുവൻ തെമ്മാടികളും അക്രമികളുമായപ്പോഴാണ് ആ നാടിനെ നശിപ്പിച്ചിട്ടുള്ളത് എന്ന് 6: 47; 46: 35 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 6: 25–26; 10: 39, 54; 20: 54 വിശദീകരണം നോക്കുക.

129.നിന്റെ നാഥനിൽ നിന്നുള്ള ഒരു വചനവും നിർണ്ണയിച്ച ഒരു അവധിയും മുൻകടന്നിട്ടില്ലായിരുന്നുവെങ്കിൽ അത് -ശിക്ഷ- ഇവരിലും സംഭവിക്കുമായിരുന്നു.

എക്കാലത്തും പ്രവാചകന്മാരുടെ ജനതകളിൽ ആയിരത്തിൽ തൊള്ളായിരത്തി

ത്തൊണ്ണൂറ്റി ഒമ്പതും നന്ദിപ്രകടിപ്പിക്കാത്ത കാഫിറുകൾ തന്നെയാണ്. ഗ്രന്ഥം വന്നു കിട്ടിയിട്ട് അത് ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുമ്പോഴാണ് അക്രമികളാകുന്നത്. ഇന്ന് ലോകത്ത് അദ്ദിക്ർ വന്നുകിട്ടാത്തവരുള്ളതിനാലാണ് ലോകം നശിപ്പിക്കപ്പെടാത്തത്. എന്നാൽ അദ്ദിക്ർ വന്നുകിട്ടിയിട്ടും ഇന്നത്തെ ഫുജ്ജാറുകളെപ്പോലെ ഇതര ജനവിഭാഗങ്ങളും അക്രമികളും തെമ്മാടികളുമായി മാറുമ്പോഴാണ് ലോകാവസാനം സംഭവിക്കുക.

പ്രപഞ്ചത്തിന്റെ നാശത്തിന് അവധി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകത്ത് വ്യാപിപ്പിക്കുകവഴി നശീകരണ പ്രവർത്തനങ്ങളിൽ നിന്നും രക്തച്ചൊരിച്ചിലുകളിൽ നിന്നും ജനങ്ങൾ വിട്ടുനിൽക്കുകയാണെങ്കിൽ പ്രപഞ്ചത്തിന്റെ ആയുസ്സ് നീണ്ടുപോകുന്നതാണ്. അതിനാൽ പ്രസ്തുത ലക്ഷ്യം വെച്ചുകൊണ്ടാണ് നിഷ്പക്ഷവാനായ അല്ലാഹുവിന്റെ ബുദ്ധികൂർമ്മതയുള്ള പ്രതിനിധികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുക. അങ്ങനെയാണ് നരകത്തിലേക്കുള്ള അവരുടെ വിധി സ്വയം തിരുത്തി സ്വർഗ്ഗത്തിലേക്കുള്ളതാക്കി മാറ്റുന്നത്. 'മുൻകടന്ന വചനം' മനസ്സിലാക്കുന്നതിന് 36: 7; 7: 24 സൂക്തങ്ങളുടെയും, 'നിർണ്ണയിച്ച അവധി' മനസ്സിലാക്കുന്നതിന് 10: 14, 48-49 സൂക്തങ്ങളുടെയും വിശദീകരണം നോക്കുക.

130.അപ്പോൾ അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിൽ നീ ക്ഷമിക്കുക, സൂര്യോദയത്തിന് മുമ്പും അതിന്റെ അസ്തമയത്തിന് മുമ്പും നിന്റെ നാഥനെ സ്തുതിച്ചുകൊണ്ട് വാഴ്ത്തിക്കൊണ്ടിരിക്കുകയും ചെയ്യുക, രാത്രിയുടെ യാമങ്ങളിലും പകലിന്റെ അറ്റങ്ങളിലും അപ്പോൾ നീ അവനെ വാഴ്ത്തിക്കൊണ്ടിരിക്കുക - നീ തൃപ്തിപ്പെട്ടവൻ തന്നെയാകണം എന്നതിനുവേണ്ടി.

17: 78 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികളുടെ ഒരു സംഘമുണ്ടെങ്കിൽ ദിവസത്തിൽ 5 നേരത്തെ നമസ്കാരം കൽപിച്ചിട്ടുണ്ട്. സൂര്യൻ ഉദിക്കുന്നതിന് മുമ്പ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് *സുബ്ഹി* നമസ്കാരവും അസ്തമിക്കുന്നതിനുമുമ്പ് എന്നതുകൊണ്ടുദ്ദേശിക്കുന്നത് *അസ്വർ* നമസ്കാരവുമാണ്. രാത്രിയുടെ യാമങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് *മഗ്രിബും ഇശാഉ*മാണ്. പകലിന്റെ രണ്ടറ്റങ്ങൾ(*ത്വറഫയ്*) എന്നുപറയാതെ അറ്റങ്ങൾ (*അത്റാഫ്*) എന്നുപറഞ്ഞതിൽ പ്രഭാത നമസ്കാരവും *ളുഹ്റും മഗ്രിബും* ഉൾപ്പെടുന്നതാണ്. അവസാന നാളുകളിൽ എഴുത്തും വായനയും അറിയുന്ന വിശ്വാസി അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് നിലകൊള്ളാനാണ് ത്രികാലജ്ഞാനിയായ നാഥൻ അവന്റെ പ്രവാചകനിലൂടെ വിടവാങ്ങൽ ഹജ്ജ് ദിനത്തിൽ പഠിപ്പിച്ചിട്ടുള്ളത്. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ഒറ്റപ്പെട്ട വിശ്വാസി 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് പിൻപറ്റേണ്ടത്. 2: 62; 4: 77-78; 11: 114; 13: 14-15; 16: 110 വിശദീകരണം നോക്കുക.

131. ഐഹികലോകത്ത് നാം അവർക്ക് നൽകിയിട്ടുള്ള ജോടികളായ സുഖാഡംബരങ്ങളിലേക്ക് നിന്റെ ദൃഷ്ടികൾ തിരിക്കുകയുമരുത്, നാം അവരെ അതുവഴി പരീക്ഷിക്കുകയാകുന്നു, നിന്റെ നാഥന്റെ വിഭവങ്ങൾ തന്നെയാണ് ഉത്തമവും സ്ഥായിയായിട്ടുള്ളതും.

'നിന്റെ നാഥന്റെ വിഭവങ്ങൾ തന്നെയാണ് ഉത്തമവും സ്ഥായിയായിട്ടുള്ളതും' എന്ന് പറഞ്ഞതിലെ വിഭവം 7: 26, 203; 11: 88 എന്നീ സൂക്തങ്ങളിൽ പറഞ്ഞ ആത്മാവി

ന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ തന്നെയാണ്. പ്രവാചകനെ പിൻപ റ്റി ജീവിക്കുന്ന വിശ്വാസികൾ മനുഷ്യന്റെ നാലാം ഘട്ടത്തിലുള്ള ഐഹികലോകജീവിതം ഏഴാം ഘട്ടത്തിലേക്കുള്ള കൃഷിയിടമാണ് എന്ന ബോധത്തിൽ അദ്ദിക്റിന്റെ വെളിച്ചത്തി ൽ ക്രമപ്പെടുത്തി എപ്പോഴും എവിടെയും പരലോകജീവിതവിജയം കിട്ടത്തക്കവിധം നില കൊള്ളുന്നതാണ്. അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഫുജ്ജാറു കൾ ആത്മാവിനെ പരിഗണിക്കാത്തവരും പരലോകത്തെ അവഗണിച്ചുകൊണ്ടും ഐഹി കലോകത്തിനും ദേഹേച്ഛക്കും പ്രാധാന്യം കൊടുക്കുന്നവരുമാണ്. 9: 73; 14: 28-30; 15: 87-88; 87: 16-17 വിശദീകരണം നോക്കുക.

132.നിന്റെ കുടുംബാംഗങ്ങളെ നീ നമസ്കാരം കൊണ്ട് കൽപ്പിക്കുകയും നീ അതി ന്റെമേൽ സ്ഥിരനിഷ്ഠയുള്ളവനായിരിക്കുകയും ചെയ്യുക; നാം നിന്നോട് ഭക്ഷ ണവിഭവങ്ങളൊന്നും ചോദിക്കുന്നില്ല, നാം തന്നെയാണ് നിനക്ക് ഭക്ഷണവിഭ വങ്ങൾ നൽകുന്നത്, നല്ലപര്യവസാനം സൂക്ഷ്മതക്ക് തന്നെയാണ്.

സത്യമായ -*സ്വിദ്ഖ്*- അദ്ദിക്ർ വന്നുകിട്ടുകയും അതിനെ സത്യപ്പെടുത്തുകയും ചെയ്യുന്നവരാണ് സൂക്ഷ്മാലുക്കൾ എന്ന് 39: 33 ലും; അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് 10: 100 ലും പറഞ്ഞിട്ടുണ്ട്. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ അദ്ദിക്റിനെ സത്യപ്പെ ടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസിയും അവന്റെ കുടുംബാംഗങ്ങളും 7: 205-206 സൂ ക്തങ്ങളിൽ വിവരിച്ച പ്രകാരമുള്ള പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് സ്വീകരിക്കേ ണ്ടത്. വിശ്വാസിയാകാത്ത ഫുജ്ജാറുകളുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ കർമ ങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല എന്ന് മാത്രമല്ല, ലക്ഷ്യബോധമില്ലാതെ പ്രജ്ഞയറ്റ് ഇവിടെ ജീവിച്ചതിന് പിഴയായി അവർക്ക് നരകക്കുണ്ഠം ലഭിക്കുന്നതുമാണ്. 2: 2-5; 9: 53-55; 10: 18; 11: 49 വിശദീകരണം നോക്കുക.

133.അവർ ചോദിക്കുകയും ചെയ്യുന്നു: എന്താണ് തന്റെ നാഥനിൽ നിന്നുള്ള ഒരു ദൃഷ്ടാന്തവും ഞങ്ങളിലേക്ക് അവൻ കൊണ്ടുവരാത്തത്? മുൻ ഏടുകളിലെ വെളിപാട് അവർക്ക് വന്നുകിട്ടിയിട്ടില്ലെന്നോ?

ദൃഷ്ടാന്തങ്ങൾ അവതരിപ്പിക്കുന്നതുകൊണ്ട് മാത്രം ഒരാളും വിശ്വാസിയാവുകയി ല്ല എന്ന് ത്രികാലജ്ഞാനിയായ നാഥൻ 17: 59-60 സൂക്തങ്ങളിലൂടെ പഠിപ്പിച്ചിട്ടുണ്ട്. മനു ഷ്യന് അവൻ ഉദ്ദേശിച്ച് പ്രവർത്തിച്ചതല്ലാതെ ഇല്ല എന്ന് 53: 39 ലും പറഞ്ഞിട്ടുണ്ട്. 21: 24 ൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാർക്കും അവതരിപ്പിച്ചിട്ടുള്ള ഗ്രന്ഥം സത്യവും തെളിവുമായ അദ്ദിക്ർ തന്നെയാണ്. 11: 118-119; 16: 44, 89; 18: 103-106 വിശദീകരണം നോക്കുക.

134.ഇതിനുമുമ്പ് വല്ല ശിക്ഷയും കൊണ്ട് നാം അവരെ നശിപ്പിച്ചിരുന്നുവെങ്കിൽ നിശ്ചയം അവർ പറയുകതന്നെ ചെയ്യുമായിരുന്നു: ഞങ്ങളുടെ നാഥാ, നീ ഞ ങ്ങളിലേക്ക് ഒരു പ്രവാചകനെ അയക്കുകയും അങ്ങനെ ഞങ്ങൾ നിന്ദ്യരും പതിതരുമാകുന്നതിന് മുമ്പ് നിന്റെ സൂക്തങ്ങൾ പിൻപറ്റാൻ ഞങ്ങൾക്ക് അവസ രം കിട്ടുകയും ചെയ്തിരുന്നുവെങ്കിൽ!

ഗ്രന്ഥത്തെയും പ്രവാചകനെയും തള്ളിപ്പറയുന്ന എക്കാലത്തുമുള്ള ജനതയുടെ സ്വഭാവമാണ് ഈ സൂക്തത്തിൽ വരച്ചുകാണിക്കുന്നത്. എന്നാൽ ഇന്ന് 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയ അറബി ഖുർആൻ വായി

ക്കുന്ന ഫുജ്ജാറുകളാണ് മറ്റേതൊരു ജനവിഭാഗത്തെക്കാളും തിന്മയിൽ മുഴുകിയിട്ടുള്ളത്. 2: 18 ൽ വിവരിച്ച പ്രകാരം അവർ അറബി ഖുർആനിനെത്തൊട്ടല്ല, മറിച്ച് അദ്ദിക്റിനെത്തൊട്ടാണ് ബധിരരും ഊമരും അന്ധരുമായിട്ടുള്ളത്. 2: 85; 5: 33 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് അവരോട് നാഥൻ വാഗ്ദത്തം ചെയ്തിട്ടുള്ളത്. 6: 155–157; 9: 5, 123; 28: 48–50 വിശദീകരണം നോക്കുക.

135.നീ പറയുക: എല്ലാ ഓരോരുത്തരും കാത്തിരിക്കുന്നവരാകുന്നു, അപ്പോൾ നിങ്ങളും കാത്തിരിക്കുവീൻ, ആരാണ് നേരെച്ചൊവ്വെയുള്ള പാതയിലെന്നും ആരാണ് സന്മാർഗ്ഗത്തിലുള്ളവരെന്നും അപ്പോൾ അടുത്തുതന്നെ നിങ്ങൾ അറിയുന്നതാണ്.

32: 28 ൽ പറഞ്ഞ പ്രകാരം നിങ്ങൾ സത്യസന്ധൻമാർ തന്നെയാണെങ്കിൽ എപ്പോഴാണ് ഈ വിജയം എന്ന കാഫിറുകളുടെ ചോദ്യത്തിന് മറുപടിയായി 32: 29–30 സൂക്തങ്ങളിൽ 'കാഫിറുകളായവർക്ക് അവരുടെ വിശ്വാസം സ്വീകരിക്കൽ ആ വിജയദിനത്തിൽ ഒട്ടും പ്രയോജനം ചെയ്യുകയില്ല, അവർ സാവകാശം നൽകപ്പെടുന്നവരാവുകയുമില്ല. അപ്പോൾ നീ അവരെ അവഗണിക്കുകയും കാത്തിരിക്കുകയും ചെയ്യുക, നിശ്ചയം അവരും കാത്തിരിക്കുന്നവരാകുന്നു' എന്ന് പറഞ്ഞിട്ടുണ്ട്.

'അടുത്തുതന്നെ' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് വ്യക്തികളെ സംബന്ധിച്ച് മരണമാണ്. 'നിങ്ങൾ' എന്ന അഭിസംബോധനത്തിൽ ഗ്രന്ഥം വായിക്കുന്നവരും കേൾക്കുന്നവരുമാണ് വരിക. നേരെച്ചൊവ്വേയുള്ള പാതയും സന്മാർഗ്ഗവും അദ്ദിക്ർ തന്നെയാണ്. അദ്ദിക്ർ ലഭിച്ചിട്ട് പിൻപറ്റാതിരിക്കുകയും മറ്റുള്ളവർക്ക് നൽകാതിരിക്കുകയും ചെയ്യുന്ന ഫുജ്ജാറുകൾ മരണസമയത്ത് ആത്മാവിനെതിരെ സ്വയം കാഫിറാണെന്ന് സാക്ഷ്യം വഹിക്കുന്നതും അവർ മുഴുവനും നരകത്തിൽ ഒരുമിച്ച് കൂട്ടപ്പെടുന്നതുമാണ്. 5: 48; 6: 153; 20: 123–127 വിശദീകരണം നോക്കുക.

21. അമ്പിയാഅ്

വിവിധ നബിമാരുടെ സംഭവചരിത്രങ്ങൾ പരാമർശിച്ച സൂറത്തായതുകൊണ്ടാണ് ഇതിന് അമ്പിയാഅ് -നബിമാർ- എന്ന പേര് വന്നിട്ടുള്ളത്. പ്രവാചകന്റെ മക്കാജീവിതത്തിന്റെ മദ്ധ്യഘട്ടത്തിൽ അവതരിച്ചിട്ടുള്ള ഈ സൂറത്ത് വിശ്വാസം ശക്തിപ്പെടുത്തുന്നതാണ്. ഏഴ് ഘട്ടങ്ങളിലായുള്ള മനുഷ്യജീവിതത്തിന്റെ നാലാം ഘട്ടമായ ഭൂമിയിലെ ജീവിതം ലക്ഷ്യബോധമില്ലാതെ തള്ളിനീക്കാനുള്ളതല്ല; മറിച്ച് സ്രഷ്ടാവിൽ നിന്നുള്ള ഏകഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ ഉപയോഗപ്പെടുത്തി സ്രഷ്ടാവിനെ തിരിച്ചറിഞ്ഞ് അവരവരെ തിരിച്ചറിഞ്ഞ് നന്മകൊണ്ടും തിന്മകൊണ്ടുമുള്ള പരീക്ഷണ ഘട്ടങ്ങളിൽ അതിനെ മുറുകെപ്പിടിച്ച് സത്യത്തിൽ ഉറച്ചുനിൽക്കുകയും, സ്രഷ്ടാവ് നൽകിയ എല്ലാ അനുഗ്രഹങ്ങളും ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഉപയോഗപ്പെടുത്തി സ്വർഗം ഇവിടെ പണിയുകയും ചെയ്യുന്നതിനാണ്. ഇവിടെ പണിത സ്വർഗമാണ് പരലോകത്ത് അനന്തരാവകാശമായി ലഭിക്കുക. അവസാനത്തെ പ്രവാചകനും നബിയുമായ മുഹമ്മദ് ഉൾപ്പടെയുള്ള എല്ലാപ്രവാചകന്മാരും നബിമാരും പുരുഷന്മാരായിരുന്നു. അവർക്ക് ദിവ്യസന്ദേശമായി നൽകിയിരുന്നതാകട്ടെ ഒരേവേദത്തിന്റെ ആത്മാവ് തന്നെയുമായിരുന്നു. ഇന്ന് ഏത് കാര്യത്തെക്കുറിച്ചും സംശയം ചോദിക്കേണ്ടത് വേദത്തിന്റെ ആത്മാവായ അദ്ദിക്റിന്റെ രചയിതാവിനോടായിരിക്കണമെന്നും പഠിപ്പിക്കുന്നു. അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്തവർ മരണസമയത്ത് ഞങ്ങൾ അക്രമികൾ തന്നെയായിരുന്നു എന്ന് വിലപിക്കുമെന്ന് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. വിശ്വാസികൾ സ്രഷ്ടാവിനെ മാത്രം ഭയപ്പെട്ടുകൊണ്ടും അവനെ മാത്രം ആശ്രയിച്ചുകൊണ്ടും സേവിച്ചുകൊണ്ടും അവൻ തൃപ്തിപ്പെട്ട ഏക ജീവിതവ്യവസ്ഥയായ ഇസ്ലാമിൽ നിലകൊള്ളണമെന്നും എല്ലാ പ്രവാചകന്മാരും നബിമാരും പഠിപ്പിച്ച ഈ ഏക ജീവിതവ്യവസ്ഥയിൽ നിന്നും സൃഷ്ടികൾ വ്യതിചലിപ്പിച്ചുണ്ടാക്കിയവയാണ് ഇന്ന് കാണുന്ന മതങ്ങളെല്ലാമെന്നും അതിനാൽ അവയൊന്നും തന്നെ സ്രഷ്ടാവിന്റെയടുക്കൽ സ്വീകാര്യമല്ലെന്നും പഠിപ്പിക്കുന്നു.

എറ്റവും വലിയ കാരുണ്യമായ അദ്ദിക്ർ കൊണ്ട് അയക്കപ്പെട്ട പ്രവാചകൻ സർവ്വലോകങ്ങൾക്കും കാരുണ്യവാനാണെന്ന് പഠിപ്പിക്കുന്നു. ആറായിരത്തി ഇരുന്നൂറ്റി മുപ്പത്തിയാറ് സൂക്തങ്ങൾ സമർപ്പിക്കുന്ന ഏകനായ ഇലാഹിനെ പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ് എല്ലാ നബിമാരും എല്ലാ പ്രവാചകന്മാരും വന്നിട്ടുള്ളത്. നബിമാരുടെ സംഭവചരിത്രങ്ങളിലൂടെ സ്വർഗത്തിലേക്കുള്ള ഏകപാത വളരെ ദുർഘടമാണെന്നും അല്ലാഹുവിന്റെ പാശമായ അദ്ദിക്ർ മുറുകെപ്പിടിച്ച് ക്ഷമാശീലരായി ജീവിച്ചാൽ കാര്യകാരണബന്ധത്തിന് അതീതമായി നബിമാരെയും പ്രവാചകന്മാരെയും സഹായിച്ചതുപോലെ അല്ലാഹു ഏത് കാലത്തുള്ള വിശ്വാസികളേയും സഹായിക്കുമെന്നും, ഇഹത്തിലും പരത്തിലും അന്തിമ വിജയം വിശ്വാസികൾക്ക് തന്നെയായിരിക്കുമെന്നും പഠിപ്പിക്കുന്നു. സത്യമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതുകൊണ്ട് ഇവിടെവെച്ച് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധികൽപിക്കുന്നവർക്ക് മാത്രമേ വിധിദിവസം

സത്യമായ അദ്ദിക്ർ കൊണ്ട് വിധികൽപിക്കുമ്പോൾ ത്രാസിൽ തൂക്കം ലഭിക്കുകയുള്ളൂ എന്നും നിഷ്പക്ഷവാനായ നാഥൻ ഒരാളോടും അൽപംപോലും അനീതി കാണിക്കുകയില്ല എന്നും പറഞ്ഞുകൊണ്ട് 112 സൂക്തങ്ങളടങ്ങിയ സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. ജനങ്ങൾക്ക് അവരുടെ വിചാരണ അടുത്തിരിക്കുന്നു, അവരാകട്ടെ അശ്രദ്ധയിൽ അതിനെ അവഗണിച്ചുകൊണ്ടിരിക്കുന്നവരാകുന്നു.

അന്ത്യപ്രവാചകൻ മുഹമ്മദിന്റെ നിയോഗം തന്നെ അന്ത്യമണിക്കൂറിന്റെ അടയാളമാണ്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഇത്തരം സൂക്തങ്ങൾ വായിക്കുന്നവരാണെങ്കിലും അന്ത്യദിനത്തെക്കുറിച്ച് അശ്രദ്ധരായി, ലക്ഷ്യബോധമില്ലാതെ ജീവിതം നയിക്കുന്നവരാണ്. 2: 62; 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി മാത്രമാണ് ലക്ഷ്യബോധമുള്ള ജീവിതം നയിക്കുക. 6: 165; 9: 80–82; 16: 1, 64 വിശദീകരണം നോക്കുക.

2. അവരുടെ നാഥനിൽ നിന്നുള്ള അനുസ്മരണത്തിൽ നിന്ന് പുതുതായി ഒന്നും അവർക്ക് വന്നുകിട്ടുന്നില്ല, അവർ അതിനെ കളിതമാശയായിക്കൊണ്ട് കേട്ടിട്ടല്ലാതെ.

21: 24 ൽ വിവരിച്ച പ്രകാരം സത്യവും തെളിവുമായ അദ്ദിക്ർ തന്നെയാണ് 313 പ്രവാചകന്മാർക്കും അവതരിപ്പിച്ചിട്ടുള്ള ഗ്രന്ഥം. ഒരു പ്രവാചകന്റെ ജനത മുഴുവൻ നാഥന്റെ സന്ദേശമായ അദ്ദിക്റിനെ വിസ്മരിച്ച് അക്രമികളും തെമ്മാടികളുമായി മാറുമ്പോഴാണ് അദ്ദിക്റിന്റെ പുതിയ പതിപ്പുമായി മറ്റൊരു പ്രവാചകനെ അയക്കുന്നത്. അങ്ങനെ ലോകം മുഴുവൻ അന്ധകാരത്തിലായപ്പോഴാണ് അന്ത്യപ്രവാചകനായി മുഹമ്മദിനെ 16: 44 ൽ വിവരിച്ച പ്രകാരം മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയ അദ്ദിക്റുംകൊണ്ട് നിയോഗിച്ചത്.

35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനത ഇന്ന് അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരുമായി മാറിയിരിക്കുകയാണ്. 14: 2–3 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആത്മാവിനെയും പരലോകത്തെയും പരിഗണിക്കാതെ അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിത്തീർന്ന ഇക്കൂട്ടർ ഐഹികലോക ജീവിതത്തിനും ദേഹേച്ഛക്കും പ്രാധാന്യം കൊടുക്കുന്ന യഥാർത്ഥ കാഫിറുകളാണ്. കപടവിശ്വാസികളും 29 കള്ളവാദികളും എഴുതിയുണ്ടാക്കിയ *ഫുജ്ജാർ കിതാബുകൾ* പിൻപറ്റുന്ന അവർ 8: 22 ൽ വിവരിച്ച പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരും മസീഹുദ്ദജ്ജാലിന്റെ വരവിനും അതുവഴി അന്ത്യദിനത്തിനും വേണ്ടി ധൃതി കാണിച്ചുകൊണ്ടിരിക്കുന്നവരുമാണ്. 4: 150–151; 6: 25–26; 7: 50–51 വിശദീകരണം നോക്കുക.

3. അവരുടെ ഹൃദയങ്ങൾ ശൂന്യതയിലുമാണ്, അവരിലെ അക്രമികളായിട്ടുള്ളവർ രഹസ്യമായി പരസ്പരം ചോദിക്കുകയും ചെയ്യുന്നു: ഇത് നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമല്ലെയോ? അപ്പോൾ നിങ്ങൾ ഉൾക്കാഴ്ചയുള്ളവരായിരിക്കെ അവന്റെ മാരണത്തിൽ ചെന്ന് ചാടുകയോ?

10: 2; 11: 7 എന്നീ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എക്കാലത്തുമുള്ള അക്രമികൾ പ്രവാചകനെ ഒരു മാരണക്കാരനായും അദ്ദിക്റിനെ ഒരു മാരണമായിട്ടുമാണ് പരിഗണിച്ചി

ട്ടുള്ളത്. 'നിങ്ങൾ മാരണത്തിന് വിധേയനായ ഒരാളെയല്ലാതെ പിൻപറ്റുന്നില്ല' എന്ന് അക്രമികൾ പ്രവാചകനെക്കുറിച്ച് പറഞ്ഞത് പരാമർശിച്ചുകൊണ്ടാണ് 17: 47; 25: 8 സൂക്തങ്ങൾ അവസാനിക്കുന്നത്. ഉൾക്കാഴ്ചദായകമായ അദ്ദിക്റിനെയാണ് അക്രമികൾ മാരണം എന്ന് ആരോപിക്കുന്നത്. അവർ തന്നെയാണ് ശൂന്യതയിലായ ഹൃദയങ്ങളുള്ള കാഫിറുകൾ, അവർ എത്ര മത-ഭൗതിക വിദ്യാഭ്യാസം നേടിയവരാണെങ്കിലും ശരി.

ഈസാനബി, തനിക്കുശേഷം 'അഹ്മദ്' എന്ന് പേരുള്ള ഒരുപ്രവാചകന്റെ നിയോഗത്തെപ്പറ്റി തന്റെ ജനതയെ മുന്നറിയിപ്പ് നൽകുകയും വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്ത് ചെല്ലുകയും ചെയ്തപ്പോൾ ഇത് വ്യക്തമായ ഒരുമാരണമല്ലാതെയല്ല എന്ന് പറഞ്ഞുകൊണ്ട് അവർ അതിനെ അവഗണിക്കുകയാണ് ചെയ്തത് എന്ന് 61: 6 ൽ പറഞ്ഞിട്ടുണ്ട്. ഇത്തരം കാഫിറുകളും അക്രമികളുമായവർ വിചാരണാനാളിൽ തങ്ങളുടെ കൈകടിച്ച് 'ഓ, എന്റെ കഷ്ടം, ഞാൻ പ്രവാചകന്റെ മാർഗ്ഗം പിൻപറ്റിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ! ഓ, എന്റെ കഷ്ടം, ഞാൻ ഇന്നാലിന്നവനെ ആത്മമിത്രമായി തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നേനെ! അവനാണല്ലോ എന്നെ അദ്ദിക്റിൽനിന്ന് എനിക്കത് വന്നുകിട്ടിയശേഷം തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27–29 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകുന്നുണ്ട്. 2: 254; 11: 5–6; 25: 33–34 വിശദീകരണം നോക്കുക.

4. അവൻ പറഞ്ഞു: എന്റെ നാഥൻ ആകാശത്തിലും ഭൂമിയിലുമുള്ള വാക്കുകളൊക്കെയും അറിയുന്നവനാകുന്നു, അവൻ എല്ലാം കേൾക്കുന്ന സർവ്വജ്ഞാനി തന്നെയുമാകുന്നു.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് പ്രപഞ്ച നാഥനെക്കുറിച്ച് മിഥ്യാധാരണ വെച്ചുപുലർത്തുന്നത്. അതുകൊണ്ട് അവർക്ക് നരകഗർത്തം ഒരുക്കിവെച്ചിട്ടുണ്ടെന്ന് 9: 67–68; 48: 6; 98: 6 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 255; 6: 59; 17: 30 വിശദീകരണം നോക്കുക.

5. അല്ല, അവർ പറയുന്നു: ഇത് പേക്കിനാവുകളാകുന്നു; അല്ല, ഇത് അവൻ കെട്ടിച്ചമച്ചതാകുന്നു; അല്ല, അവൻ ഒരു കവിയാകുന്നു, അപ്പോൾ പൂർവ്വികരിലേക്ക് അയക്കപ്പെട്ടതുപോലെയുള്ള ഒരു ദൃഷ്ടാന്തം അവൻ നമുക്ക് കൊണ്ടുവരട്ടെ.

നാഥനിൽ നിന്നുള്ള ഗ്രന്ഥമായ അദ്ദിക്ർ പേക്കിനാവുകളാണെന്നും അല്ല, മുഹമ്മദ് കെട്ടിച്ചമച്ച് പറയുന്നതാണെന്നും കവിതയാണെന്നുമെല്ലാമാണ് കാഫിറുകൾ ആരോപിച്ചിരുന്നത്. അവരുടെ ഈ വാദത്തെ ഖണ്ഡിച്ചുകൊണ്ട് 36: 69 ൽ, നാം അവനെ കവിത പഠിപ്പിച്ചിട്ടില്ല, കവിയായിരിക്കുക എന്നത് അവന് യോജിച്ചതുമല്ല, ഇത് ഒരുഉണർത്തലും വ്യക്തമായ വായനയുമല്ലാതെയല്ല എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ഏതുകാലത്ത് പറഞ്ഞാലും എഴുതിയാലും അത് പേക്കിനാവുകളാണ്, പുത്തൻവാദമാണ്, ദുർവ്യാഖ്യാനമാണ് എന്നെല്ലാമാണ് കഴുത ഭാരം വഹിക്കുന്നതുപോലെ ആശയമില്ലാതെ ഗ്രന്ഥം വഹിക്കുന്ന അക്രമികളായ ജനത ആരോപിക്കുക. അത് പറയുന്ന വിശ്വാസിയെക്കുറിച്ച് തീവ്രവാദിയാണ്, ഭ്രാന്തനാണ്, സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കുന്നവനാണ് എന്നും മറ്റും അവർ ആരോപിക്കുന്നതാണ്. കപടവിശ്വാസികളെയും അവരെ അന്ധമായി പിൻപറ്റുന്ന ജനതയെയും 7: 176 ൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത പട്ടിയോട് ഉപമിച്ചിരിക്കുന്നത് അതുകൊണ്ടാണ്. അവർക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ്

2: 85 ലൂടെ വാഗ്ദത്തം ചെയ്തിട്ടുള്ളത്. 10: 38; 12: 44; 20: 128 വിശദീകരണം നോക്കുക.

6. ഇവരുടെ മുമ്പ് നാം നശിപ്പിച്ച നാടുകളിൽ നിന്നുള്ളവർ ആരും തന്നെ വിശ്വസിക്കുകയുണ്ടായില്ല, അപ്പോൾ ഇവരാണോ വിശ്വസിക്കാൻ പോകുന്നത്?

അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ഒരുനാട്ടിലെ എല്ലാ നിവാസികളും അക്രമികളായി അല്ലെങ്കിൽ തെമ്മാടികളായി മാറുമ്പോഴാണ് ആ നാടിനെ നശിപ്പിച്ചിട്ടുള്ളത് എന്ന് 6: 47 ലും 46: 35 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് അക്രമികളും തെമ്മാടികളും എന്ന് 2: 99; 5: 47–49, 51 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. തെമ്മാടികളായ കപടവിശ്വാസികൾ ആത്മാവില്ലാത്തവരും ജീവൻ മാത്രമുള്ളവരുമായതിനാൽ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാവുകയില്ല എന്ന് 10: 33 ൽ പറഞ്ഞിട്ടുണ്ട്. അവരുടെ അനുയായികളായ പ്രജ്ഞയറ്റവർ അദ്ദിക്ർ കൊണ്ട് ഉണർത്തിയിട്ടും ഉണരാതിരിക്കുകയാണെങ്കിൽ അവരും നേതാക്കളുടെകൂടെ നരകകുണ്ഠത്തിൽ കുത്തിനിറക്കപ്പെടുകതന്നെ ചെയ്യുമെന്ന് 7: 179 ൽ പറഞ്ഞിട്ടുണ്ട്. മനുഷ്യരിൽ നിന്നുള്ള വിശ്വാസികൾ ഇജാസിലേക്ക് വേർതിരിക്കപ്പെട്ടുകഴിഞ്ഞാൽ 6: 158 ൽ പറഞ്ഞതുപോലെ അന്ത്യനാളിന്റെ പ്രധാനപ്പെട്ട അടയാളങ്ങൾ ഒന്നൊന്നായി പ്രത്യക്ഷപ്പെടുന്നതാണ്. ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ 8: 22 ൽ ദുഷ്ടജീവികളെന്ന് വിശേഷിപ്പിക്കപ്പെട്ട ഇക്കൂട്ടരെ വധിക്കുന്നതാണ്. ശേഷം അവരും ഇക്കൂട്ടരെപ്പോലെ ഗ്രന്ഥം മൂടിവെച്ച് അക്രമികളും തെമ്മാടികളുമാകുമ്പോഴാണ് ലോകം അവസാനിക്കുക. 2: 165–167; 4: 158–159; 11: 17 വിശദീകരണം നോക്കുക.

7. നിനക്ക് മുമ്പ് അവരിലേക്ക് ദിവ്യസന്ദേശം നൽകിക്കൊണ്ട് പുരുഷന്മാരെയല്ലാതെ നാം അയച്ചിട്ടുമില്ല; അപ്പോൾ അറിവില്ലാത്ത കാര്യങ്ങൾ നിങ്ങൾ അദ്ദിക്റിന്റെ ആളിനോട് ചോദിച്ചുകൊള്ളുക.

കാലാകാലങ്ങളിൽ അല്ലാഹുവിൽ നിന്നുള്ള സന്ദേശമായ അദ്ദിക്ർ അവതരിപ്പിക്കപ്പെടുന്നവരാണ് പ്രവാചകന്മാർ. ആകെവന്നിട്ടുള്ള മുന്നൂറ്റിപ്പതിമൂന്ന് പ്രവാചകന്മാരിൽ ആദ്യത്തേത് നൂഹും അവസാനത്തേത് മുഹമ്മദുമാണ്. പ്രവാചകന്മാരായ ഇവർ ഉൾപ്പടെ ഒരുലക്ഷത്തി ഇരുപത്തിനാലായിരത്തിൽ പരം നബിമാരും വന്നിട്ടുണ്ട്. എന്നാൽ നബിമാർക്ക് ഗ്രന്ഥം നൽകപ്പെട്ടിട്ടില്ല, പ്രവാചകന്മാർക്ക് നൽകപ്പെട്ട ഗ്രന്ഥം അവർ നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്.

ഏതൊരു വിഷയത്തെക്കുറിച്ചും അറിവില്ലാത്ത കാര്യങ്ങൾ ത്രികാലജ്ഞാനമായ അദ്ദിക്ർ അറിയുന്നവനോടാണ് ചോദിക്കേണ്ടത് എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. സേവിക്കപ്പെടാൻ അർഹൻ ഏകനായ, പ്രപഞ്ചം അടക്കിഭരിക്കുന്ന ഏകാധിപനും സർവ്വാധിപനും സ്വേച്ഛാധിപനുമായ സ്രഷ്ടാവ് മാത്രമാണ്. മുൻകാല സംഭവങ്ങളെക്കുറിച്ചും വരാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചും ചോദിച്ചറിയേണ്ടത് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയായ അദ്ദിക്റിന്റെ രചയിതാവിനോട് മാത്രമാണ്. 10: 94; 16: 2, 43–44, 89 വിശദീകരണം നോക്കുക.

8. നാം അവർക്ക് ഭക്ഷണം കഴിക്കാത്ത ശരീരം നൽകിയിട്ടുമില്ല, അവർ ശാശ്വത

രായിരുന്നിട്ടുമില്ല.

എല്ലാ പ്രവാചകന്മാരും മനുഷ്യരിൽപെട്ട പുരുഷന്മാരും ഭക്ഷണം കഴിക്കുന്നവരും അങ്ങാടിയിൽ സഞ്ചരിക്കുന്നവരുമായിരുന്നു. അപ്രകാരം തന്നെയാണ് പ്രവാചകൻ മുഹമ്മദും എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. അവർ ശാശ്വതരായിരുന്നിട്ടുമില്ല എന്ന് ഈ സൂക്തത്തിലും; നിനക്കുമുമ്പ് ഒരുമനുഷ്യനേയും നാം ശാശ്വതനാക്കിയിട്ടില്ല, അപ്പോൾ നീ മരിക്കുകയാണെങ്കിൽ അവരാണോ ശാശ്വതരാവാൻ പോകുന്നത് എന്ന് 21: 34 ലും പറഞ്ഞത് ചൂണ്ടിക്കാണിച്ചുകൊണ്ട് ഈസാനബിയും മരിച്ചിട്ടുണ്ട് എന്ന് ചിലർ സമർത്ഥിക്കുന്നുണ്ട്. അവനെ (ഈസായെ) അവർ കൊന്നിട്ടില്ല, അവനെ അവർ ക്രൂശിച്ചിട്ടുമില്ല, എന്നാൽ അവർ വിഡ്ഢികളാക്കപ്പെടുകയാണുണ്ടായത്, അവനെ അവർ ഉറപ്പായും വധിച്ചിട്ടില്ല. എന്നാൽ അവനെ അല്ലാഹു അവനിലേക്ക് ശരീരത്തോടുകൂടി ഉയർത്തുകയാണുണ്ടായത് എന്ന് 4: 157-158 സൂക്തങ്ങളിൽ പറഞ്ഞതോ; വേദക്കാരിൽ നിന്ന് ആരും തന്നെ അവന്റെ മരണത്തിനുമുമ്പ് അവനെക്കൊണ്ട് വിശ്വസിക്കാതിരിക്കുകയില്ല എന്ന് 4: 159 ൽ പറഞ്ഞതോ; നിശ്ചയം അവൻ -ഈസായുടെ രണ്ടാം വരവ്- അന്ത്യമണിക്കൂറിന്റെ അറിവ് തന്നെയാണ് എന്ന് 43: 61 ൽ പറഞ്ഞതോ അവർ പരിഗണിക്കുന്നില്ല. ഈ സൂക്തം ഉദ്ധരിച്ച് ഈസാ നബിയും മരിച്ചിട്ടുണ്ടെന്ന് സമർത്ഥിക്കുന്ന ഇവർ ഗ്രന്ഥത്തിൽ നിന്ന് ചിലത് എടുക്കുകയും ചിലത് തള്ളിപ്പറയുകയും ചെയ്യുന്ന, 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്.

അല്ലാഹു കൊന്നുകളഞ്ഞ കപടവിശ്വാസികൾ നാഥന്റെ ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് സൃഷ്ടികൾ എഴുതിയുണ്ടാക്കിയ മിഥ്യാഗ്രന്ഥങ്ങൾ പിൻപറ്റാൻ അനുയായികളെ പ്രേരിപ്പിക്കുകവഴി അവർക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം അനുവദനീയമാക്കിക്കൊടുക്കുന്നവരാണെന്ന് 14: 28-29 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 21-22 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്മാരെയും ഗ്രന്ഥം പരിചയപ്പെടുത്തുന്ന വിശ്വാസികളെയും കൊല്ലാതെ കൊന്നുകൊണ്ടിരിക്കുന്ന 25: 18 ൽ പറഞ്ഞ ഈ കെട്ടജനത 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന വിധം അല്ലാഹുവിനെക്കൊണ്ടും പ്രവാചകന്മാരെക്കൊണ്ടും നബിമാരെക്കൊണ്ടും വിശ്വസിക്കാത്ത, 7: 40; 32: 12, 22; 36: 59 തുടങ്ങി 52 സൂക്തങ്ങളിൽ പറഞ്ഞ ഭ്രാന്തന്മാരായ ഇവർ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത്. ഈസാ രണ്ടാമതുവന്ന് 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ്‌ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ ഇവർ വധിക്കപ്പെടുന്നതും 9: 5, 123 സൂക്തങ്ങളുടെ കൽപന നടപ്പിലാകുന്നതുമാണ്. ശേഷം ഈസാ മക്ക കേന്ദ്രീകരിച്ച് 7 വർഷം ഭരണം നടത്തുന്നതും, 17: 95 ൽ വിവരിച്ച പ്രകാരം അന്ന് എല്ലാമനുഷ്യരും ലൈംഗികബന്ധമൊന്നുമില്ലാതെ മലക്കുകളുടെ ജീവിതം നയിക്കുന്നതുമാണ്. 7 വർഷത്തിന് ശേഷം 40-ാമത്തെ വയസ്സിൽ ഈസാ മരണപ്പെടുന്നതോടുകൂടി മാത്രമേ 'പ്രവാചകന്മാരാരും ശാശ്വതരായിരുന്നിട്ടുമില്ല' എന്ന പൊതുതത്വത്തിന്റെ പരിധിയിൽ ഈസാ വരികയുള്ളൂ. 6: 158; 15: 90-91; 17: 81 വിശദീകരണം നോക്കുക.

9. പിന്നെ അവരോട് ചെയ്ത വാഗ്ദാനങ്ങൾ നാം സത്യപ്പെടുത്തി, അങ്ങനെ നാം അവരെയും നാം ഉദ്ദേശിക്കുന്നവരേയും രക്ഷപ്പെടുത്തുകയും അതിര് കവിഞ്ഞവരെ നാം നശിപ്പിക്കുകയും ചെയ്തു.

അവരെയും നാം ഉദ്ദേശിച്ചവരേയും രക്ഷപ്പെടുത്തി എന്ന് പറഞ്ഞത് പ്രവാചകന്മാരേയും വിശ്വാസികളേയും നാം രക്ഷപ്പെടുത്തി എന്നാണ്. സ്രഷ്ടാവിനെ മറന്ന് സൃഷ്ടി എന്ന പരിധിലംഘിച്ച് ജീവിച്ചിരുന്ന ചിന്താശക്തിയില്ലാത്ത ഭ്രാന്തന്മാരെയാണ് നശിപ്പിക്കുക. അങ്ങനെയായിരുന്നു മുൻകാലങ്ങളിലെങ്കിൽ ഇനി പ്രവാചകന്മാരാരും വരാനില്ലാത്തതിനാൽ അദ്ദിക്ർ മൂടിവെക്കുന്ന കപടവിശ്വാസികളും അതിനെ തള്ളിപ്പറഞ്ഞു കൊണ്ടിരിക്കുന്ന കാഫിറുകളുമാണ് നശിപ്പിക്കപ്പെടുക. കാഫിറായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരും മസീഹുദ്ദജ്ജാലിന്റെ സ്വർഗ്ഗം സ്വീകരിക്കുന്നവരുമായതിനാൽ അവർ ഈസാ രണ്ടാമത് വരുമ്പോൾ ഇസ്‌ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുകയും 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപ്പന നടപ്പിലാക്കപ്പെടുകയും ചെയ്യും. 10: 103; 12: 109-110; 20: 134-135 വിശദീകരണം നോക്കുക.

10. നിശ്ചയം നാം നിങ്ങളിലേക്ക് ഒരു ഗ്രന്ഥം അവതരിപ്പിച്ചിട്ടുണ്ട്, അതിൽ നിങ്ങളെക്കുറിച്ച് ഓർമിപ്പിച്ചിട്ടുമുണ്ട്, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലെയോ?

ആരാണ് മനുഷ്യൻ, എവിടെയാണ് അവൻ ആദ്യം സൃഷ്ടിക്കപ്പെട്ടത്, ആത്മാവ്, ജീവൻ, ശരീരം, ജനനം, ഉറക്കം, ജീവിതലക്ഷ്യം, മരണം, മരണശേഷമുള്ള അവസ്ഥ, വിധിദിവസം, അവന്റെതന്നെ തൊലിയും കേൾവിയും കാഴ്ചയും ബുദ്ധിശക്തിയും അവന്റെ പിരടിയിൽ ബന്ധിപ്പിച്ചിട്ടുള്ള കർമ്മരേഖ തുടങ്ങി എല്ലാം അവനെതിരായിട്ട് സാക്ഷ്യം വഹിക്കുന്ന രംഗം, മനുഷ്യജീവിതത്തിന്റെ ശാശ്വതഘട്ടമായ ഏഴാം ഘട്ടത്തിൽ ആരാണ് സ്വർഗ്ഗത്തിലേക്ക് പോകുന്നവർ, ആരാണ് നരകത്തിലേക്ക് പോകുന്നവർ, ആരാണ് മറ്റു ലോകങ്ങളിലേക്ക് അയക്കപ്പെടുന്നവർ തുടങ്ങി എല്ലാ കാര്യങ്ങളും ഹൃദയത്തിന്റെ ഭാഷയിൽ ഓർമ്മിപ്പിക്കുന്ന അദ്ദിക്റിനെക്കുറിച്ചാണ് 'നിങ്ങളെക്കുറിച്ച് ഓർമ്മിപ്പിച്ചിട്ടുള്ള ഗ്രന്ഥം' എന്ന് പറഞ്ഞത്. പ്രസ്തുതഗ്രന്ഥത്തെ ത്രാസ്സായി ഉപയോഗപ്പെടുത്തി താൻ വിശ്വാസിയായ അല്ലാഹുവിന്റെ പ്രതിനിധിയാണെന്ന് ഉറപ്പുവരുത്തുന്നവരാണ് ചിന്താശക്തി ഉപയോഗപ്പെടുത്തുന്ന ബുദ്ധിമാന്മാർ. അത് വന്നുകിട്ടിയിട്ട് അതിനെ അവഗണിച്ച് സൃഷ്ടികൾ എഴുതിയുണ്ടാക്കിയ ഇതര ഗ്രന്ഥങ്ങളെല്ലാം വായിക്കുകയും പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന ഫുജ്ജാറുകളുമാണ് 36: 59-62 സൂക്തങ്ങളിൽ പറഞ്ഞ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത യഥാർത്ഥ ഭ്രാന്തന്മാരും 3: 7-10 സൂക്തങ്ങളിൽ പറഞ്ഞ മനുഷ്യരിൽ നിന്നുള്ള നരകത്തിലെ വിറകുകളും.

ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ഇവിടെ ജീവിക്കുന്നവരാണ് വിശ്വാസികളും തന്റേടമുള്ളവരും സന്മാർഗികളും അനുരഞ്ജനമുണ്ടാക്കുന്നവരും അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുന്നവരും അല്ലാഹുവിനെ ഗ്രന്ഥത്തിൽ നിന്ന് കണ്ടുകൊണ്ട് ചരിക്കുന്നവരും മനസ്സാ-വാചാ-കർമണാ നാഥന് സമർപ്പിച്ചവരും ഗ്രന്ഥംകൊണ്ട് ജിഹാദ് ചെയ്യുന്നവരും മനനം ചെയ്യുന്നവരും ആലോചിച്ച് പ്രതിഫലിപ്പിക്കുന്നവരും മറ്റുള്ളവരെ സത്യം ഗ്രഹിപ്പിക്കുന്നവരും മറ്റുള്ളവരെ ഹൃദയത്തിന്റെ ഭാഷയിൽ അദ്ദിക്ർ കൊണ്ട് ഉണർത്തുന്നവരും നീതികൊണ്ട് കൽപിക്കുന്നവരും വണക്കമുള്ളവരും സത്യപ്പെടുത്തുന്നവരും ക്ഷമാലുക്കളും സർവസ്വം നാഥന് സമർപ്പിച്ചവരും ദാനധർമങ്ങൾ ചെയ്യുന്നവരും വിനീതരും നാഥനെ ഉള്ളിന്റെയുള്ളിൽ ഭയപ്പെടുന്നവരും സ്മരിക്കുന്നവരും നന്ദി പ്രകടിപ്പിക്കുന്നവരും സ്ഥൈര്യമുള്ളവരും സ്വർഗത്തിൽ സാബിഖീങ്ങൾക്കൊപ്പവും വിജയികളോടൊപ്പവും പ്രവേശിക്കുന്നവരും. അവർതന്നെയാണ് അദ്ദി

ക്റിനെ 15 വയസ്സിന് ശേഷമുള്ള അവരുടെ ജീവിതയാത്രയിൽ സ്വർഗത്തിലേക്കുള്ള ടിക്കറ്റായും എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായും ഉപയോഗപ്പെടുത്തുന്നവരും നാഥനെ നിഷ്പക്ഷവാനായി അംഗീകരിച്ചുകൊണ്ട് സ്വർഗം പണിയുന്നവരും. തീവ്രവാദവും വർഗീയതയും നശീകരണപ്രവർത്തനങ്ങളും ഇല്ലായ്മ ചെയ്ത് ശാന്തിയും സമാധാനവും ലോകത്ത് നടപ്പിലാക്കുന്നതിനും മനുഷ്യരുടെ ഐക്യം രൂപപ്പെടുത്തുന്നതിനും വേണ്ടി ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ എന്ന ഗ്രന്ഥത്തെ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് അവർ നാഥനെ സഹായിക്കുന്നവരായതിനാൽ 22: 40; 47: 7; 61: 14 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നാഥൻ അവരെ തിരിച്ചും സഹായിക്കുന്നതാണ്.

4: 118 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം കിട്ടിയവരിൽ എല്ലാ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് പേരും നരകക്കുണ്ഠത്തിലേക്കുള്ളവരാണ്. അവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരും പ്രജ്ഞയറ്റവരും ലക്ഷ്യബോധം നഷ്ടപ്പെട്ടവരും അനീതി പ്രവർത്തിക്കുന്നവരും കുതർക്കികളും സംശയാലുക്കളും സംശയത്തിൽ ആടിക്കളിക്കുന്നവരും പരിഹസിക്കുന്നവരും പരിധിലംഘിക്കുന്നവരും അതിരുകവിഞ്ഞവരും നാശകാരികളും അല്ലാഹുവിനെ വിസ്മരിച്ചവരും തിന്മ പ്രവർത്തിക്കുന്നവരും അഹങ്കാരികളും അഹംഭാവികളും ഭാഗം വെക്കുന്നവരും (മൊത്തം ഗ്രന്ഥം സ്വീകരിക്കാതെ ചിലത് സ്വീകരിക്കുകയും ചിലത് തള്ളിക്കളയുകയും ചെയ്യുന്നവർ) വളച്ചൊടിക്കുന്നവരും വിരോധംവെച്ച് തർക്കിക്കുന്നവരും നിന്ദ്യരും ഹീനരും നിരാശപ്പെട്ടവരും കളിയാക്കുന്നവരും വഞ്ചകന്മാരും എല്ലാം നഷ്ടപ്പെട്ടവരും. 2: 44; 10: 99-100; 8: 22, 55 വിശദീകരണം നോക്കുക.

11. എത്രയെത്ര നാടുകളെയാണ് അവർ അക്രമികളായപ്പോൾ നാം തരിപ്പണമാക്കുകയും അതിനുശേഷം മറ്റൊരു ജനതയെ അവിടെ നാം നട്ടുവളർത്തുകയും ചെയ്തത്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ച് തെമ്മാടികളായി മാറിയതിനാൽ 6: 89-90 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നിഷ്പക്ഷവാനായ നാഥൻ, പ്രവാചകന്റെ സമുദായത്തിൽ പെട്ട അദ്ദിക്റിനെ മൂടിവെക്കാത്ത ഇതര ജനവിഭാഗങ്ങളെ അത് ഏൽപിക്കുന്നതാണ്. പിന്നീട് എല്ലാ മനുഷ്യരും ഫുജ്ജാറുകളെപ്പോലെ അക്രമികളും തെമ്മാടികളുമായി മാറുമ്പോൾ 6: 158 ൽ വിവരിച്ച പ്രകാരം അന്ത്യദിനത്തിന്റെ പ്രധാനപ്പെട്ട 10 അടയാളങ്ങൾ ഓരോന്നായി പ്രത്യക്ഷപ്പെട്ട് തുടങ്ങുന്നതാണ്. 4: 133; 6: 133; 10: 54 വിശദീകരണം നോക്കുക

12. അങ്ങനെ നമ്മുടെ വിപത്ത് അവർക്ക് ആസന്നമായപ്പോൾ അവരതാ അതിൽ നിന്ന് ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നു.

13. നിങ്ങൾ ഓടി രക്ഷപ്പെടേണ്ട, നിങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സുഖാഡംഭരങ്ങളിലേക്കും നിങ്ങളുടെ വീടുകളിലേക്കും തന്നെ മടങ്ങിക്കൊള്ളുവീൻ; നിങ്ങൾ ചോദ്യം ചെയ്യപ്പെടുകതന്നെവേണം എന്നതിനുവേണ്ടി.

ഗ്രന്ഥം ലഭിച്ചിട്ട് അത് ഉപയോഗപ്പെടുത്താതെ ലക്ഷ്യബോധമില്ലാതെ അതിരുകവിഞ്ഞ ജീവിതം നയിക്കുന്ന അക്രമികൾ ഏതെങ്കിലും വിപത്ത് നേരിടുമ്പോൾ അതിൽ നിന്ന് ഓടിയകലാൻ ശ്രമിക്കുന്നതാണ്. എന്നാൽ അവർ അതിജയിക്കപ്പെടുന്നവരല്ല. അവരു

ടെ ജീവിതത്തെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യും. 7: 97–99; 11: 116; 25: 33–34 വിശദീകരണം നോക്കുക.

14. അവർ പറഞ്ഞു, ഓ ഞങ്ങളുടെ നാശം! നിശ്ചയം ഞങ്ങൾ അക്രമികൾ തന്നെയായിരുന്നുവല്ലോ.

സൂക്തം 46 ഉം ഇതേ ആശയത്തോടുകൂടിയാണ് അവസാനിക്കുന്നത്. അദ്ദിക്ർ ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്ന ഫുജ്ജാറുകൾ അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് 7: 37 പ്രകാരം അവരുടെ മരണസമയത്തും 6: 130 പ്രകാരം വിധിദിവസവും സാക്ഷ്യം വഹിക്കുന്നതാണ്. ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ 'നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അവയെ തള്ളിപ്പറഞ്ഞു, അവയെത്തൊട്ട് നീ എല്ലാം തികഞ്ഞവനാണെന്ന് അഹങ്കരിക്കുകയും ചെയ്തു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 58–59 സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 254; 6: 45; 9: 84–85 വിശദീകരണം നോക്കുക.

15. ആ നിലവിളിയിൽ നിന്ന് അവർ വിരമിക്കുകയില്ല, മെതിച്ചെടുത്ത വൈക്കോൽ പോലെ നാം അവരെ പൂർണ്ണമായി നശിപ്പിക്കുന്നത് വരെ.

7: 40–41; 11: 100–101; 23: 99–100 വിശദീകരണം നോക്കുക.

16. ആകാശങ്ങളേയും ഭൂമിയേയും അവക്ക് രണ്ടിനുമിടയിലുള്ളവയേയും നാം കളിതമാശയായി സൃഷ്ടിച്ചിട്ടില്ല.

'അവക്ക് രണ്ടിനുമിടയിലുള്ളവയേയും' എന്ന് പറഞ്ഞതിലാണ് മനുഷ്യൻ ഉൾപ്പെടുക. വിശേഷബുദ്ധി നൽകപ്പെട്ടിട്ടുള്ള അവന് സ്രഷ്ടാവിന്റെ പ്രതിനിധിയായി ഇവിടെ ജീവിക്കുന്നതിനുവേണ്ടിയാണ് മറ്റുള്ളവയെയെല്ലാം അധീനപ്പെടുത്താനുള്ള കഴിവ് നൽകിയിട്ടുള്ളത്. അദ്ദിക്റിനെ പ്രപഞ്ചം അതിന്റെ സന്തുലിതാവസ്ഥയിൽ നിലനിർത്താനുള്ള ത്രാസ്സായി ഉപയോഗപ്പെടുത്തുന്ന വിശ്വാസികൾ മാത്രമേ 'ആകാശങ്ങളേയും ഭൂമിയേയും അവക്ക് രണ്ടിനുമിടയിലുള്ളവയേയും വെറുതെ സൃഷ്ടിച്ചിട്ടുള്ളതല്ല, അവയെ ലക്ഷ്യത്തോടുകൂടിയാണ് സൃഷ്ടിച്ചിട്ടുള്ളത്' എന്ന കാര്യം മനസ്സിലാക്കുകയുള്ളൂ. അദ്ദിക്റിൽ നിന്ന് സ്രഷ്ടാവിനെ ഇവിടെവെച്ച് കണ്ടെത്താത്തവരും അത് വന്നുകിട്ടിയിട്ട് അതിനെ സ്വർഗത്തിലേക്കുള്ള ടിക്കറ്റായി ഉപയോഗപ്പെടുത്താത്തവരുമായ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതുപേരും ചിന്താശക്തി ഉപയോഗപ്പെടുത്തി ജീവിതലക്ഷ്യം മനസ്സിലാക്കാത്തവരും ജീവിതത്തെ കളിയും തമാശയുമായി തള്ളിനീക്കുന്നവരും സ്വയം കാഫിറാണെന്ന് സമ്മതിച്ച് പിശാചിന്റെ വീടായ നരകക്കുണ്ഠാരത്തിൽ ആപതിക്കുന്നവരുമാണ്. 3: 196–197; 7: 50–51; 20: 124–127 വിശദീകരണം നോക്കുക.

17. നാം ഒരു തമാശ തെരഞ്ഞെടുക്കാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നമ്മിൽ നിന്ന് തന്നെ നാം അത് തെരഞ്ഞെടുക്കുമായിരുന്നു, നിശ്ചയം നാം എന്തും പ്രവർത്തിക്കുന്നവൻ തന്നെയുമാകുന്നു.

6: 165 ൽ വിവരിച്ച പ്രകാരം സ്വർഗത്തിൽ സൃഷ്ടിച്ചിട്ടുള്ള മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് അവരവർക്ക് നൽകപ്പെട്ടതിൽ അവരെ പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. നിഷ്പക്ഷവാനായ നാഥനുതന്നെ ഒരാളെയും വിശ്വാസിയാക്കാൻ സാധിക്കുകയില്ല എന്നിരിക്കെ 6: 104; 10: 108; 39: 41 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആണായിരിക്കട്ടെ പെണ്ണായി

രിക്കട്ടെ, ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്ർ കൊണ്ട് ഓരോരുത്തരുടെയും വിധി സ്വയം തന്നെ തീരുമാനിക്കേണ്ടതാണ്. 3: 102 ൽ വിവരിച്ച പ്രകാരം വിശ്വാസി അദ്ദിക്ർ ഉപയോഗപ്പെടുത്തി തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റുന്നതും, 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീൻ* പട്ടികയിലുള്ള തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ *ഇല്ലിയ്യീൻ* പട്ടികയിലേക്ക് മാറ്റുന്നതുമാണ്. ഇന്ന് ലോകത്ത് ഒരിടത്തും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ഒറ്റപ്പെട്ട വിശ്വാസി അദ്ദിക്ർ ലോകരിൽ പ്രചരിപ്പിച്ചുകൊണ്ട് മനുഷ്യരുടെ ഐക്യം നിലനിർത്താൻ ശ്രമിക്കുന്നതാണ്. 2: 18, 171; 11: 107–108; 17: 97–98 വിശദീകരണം നോക്കുക.

18. അല്ല, നാം സത്യം കൊണ്ട് മിഥ്യയുടെമേൽ ഇടിക്കുന്നു, അപ്പോൾ സത്യം മിഥ്യയെ തച്ചുടക്കുന്നു, അങ്ങനെ അത് തിരോഭവിക്കുന്നു, നിങ്ങൾ ജൽപ്പിച്ചുകൊണ്ടിരിക്കുന്നതിന് നിങ്ങൾക്ക് നരകത്തിലെ 'വൈൽ' എന്ന ചെരുവാണുള്ളത്.

'സത്യം' അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. 17: 81 ൽ വിവരിച്ച പ്രകാരം സത്യം വന്നു കഴിഞ്ഞു, മിഥ്യ ഉടയുകയും ചെയ്തു; നിശ്ചയം മിഥ്യ ഉടയാനുള്ളത് തന്നെയാണ്. ഇത്തരം സൂക്തങ്ങൾ വായിക്കുന്ന ഫുജ്ജാറുകൾ 56: 82 ൽ വിവരിച്ച പ്രകാരം സത്യമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരായതിനാൽ 9: 31 ൽ വിവരിച്ച പ്രകാരം ലക്ഷ്യബോധമില്ലാതെയും പ്രജ്ഞയറ്റവരുമായി ഇവിടെ ജീവിതം തള്ളിനീക്കിയതിന് പിഴയായി അവർക്ക് നരകക്കുണ്ഠത്തിലെ വൈൽ എന്ന ചെരുവാണ് ലഭിക്കുക. 8: 8; 13: 17; 17: 105; 20: 131–132 വിശദീകരണം നോക്കുക.

19. ആകാശങ്ങളിലും ഭൂമിയിലുമുള്ളവയെല്ലാം തന്നെ അവനുള്ളതാകുന്നു, അവന്റെ അടുത്തുള്ളവർ അവനെ സേവിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ട് അഹങ്കരിക്കുന്നവരല്ല, അവർ മടുപ്പുളവാക്കപ്പെടുന്നവരുമല്ല.

അവന്റെ അടുത്തുള്ളവരായ മലക്കുകൾ ധിക്കാരസ്വഭാവമില്ലാത്തവരും അവനെ സേവിച്ചുകൊണ്ടിരിക്കുന്നതിന് മടുപ്പില്ലാത്തവരുമാണെന്ന് ഈ സൂക്തം പഠിപ്പിക്കുന്നു. അതുവഴി അവരെക്കാളും ഉന്നതപദവിയിലുള്ള വിശ്വാസികൾ അല്ലാഹുവിന്റെ സേവനത്തിൽ കൂടുതൽ വ്യാപൃതരാവണം എന്നാണ് ആവശ്യപ്പെടുന്നത്. ഇന്ന് അല്ലാഹുവിനെ സേവിക്കുക, സഹായിക്കുക എന്നതുകൊണ്ടുദ്ദേശിക്കുന്നത് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ ലോകർക്ക്, പ്രത്യേകിച്ച് പ്രവാചകന്റെ സമുദായത്തിൽപെട്ട ഇതര ജനവിഭാഗങ്ങൾക്ക് എത്തിച്ചുകൊടുക്കലും, അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളോട് അതുകൊണ്ട് ജിഹാദ് ചെയ്യലും, ആയിരം സമുദായങ്ങളിൽപെട്ട ജീവികളുടെ ക്ഷേമം ലക്ഷ്യം വെച്ച് ജൈവകൃഷി ചെയ്യലും ഫലവൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കലുമെല്ലാമാണ്. 'അവർ മടുപ്പുളവാക്കപ്പെടുന്നവരുമല്ല' എന്ന് പറഞ്ഞതിന്റെ വിവക്ഷ സ്രഷ്ടാവിന്റെ സന്ദേശമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിൽ നിന്ന് വിശ്വാസികളെ പിന്തിരിപ്പിക്കാൻ ഒരുശക്തിക്കും സാധിക്കുകയില്ല എന്നാണ്. 7: 206 ൽ, നിശ്ചയം നിന്റെ നാഥന്റെ അടുത്തുള്ളവർ ഒരിക്കലും അവനെ സേവിക്കുന്നതിനെത്തൊട്ട് അഹങ്കരിച്ച് പിന്തിരിയുന്നവരല്ല, അവർ അവനെ വാഴ്ത്തുന്നവരും അവന് സാഷ്ടാംഗം പ്രണമിക്കുന്നവരുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 5: 67; 9: 120–125; 16: 48–50 വിശദീകരണം നോക്കുക.

20. അവർ രാവും പകലും ഇടതടവില്ലാതെ അവനെ വാഴ്ത്തുന്നവരാകുന്നു.

41: 37–38 വിശദീകരണം നോക്കുക.

21. അതല്ല, അവർ ഭൂമിയിൽനിന്ന് അവരെ നട്ടുവളർത്താൻ കഴിവുള്ള ഇലാഹുകളെ തെരഞ്ഞെടുത്തിരിക്കുകയാണോ?

പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മനുഷ്യർക്ക് മറ്റൊരു ഇലാഹും ഉടമയും രാജാവും ഇല്ല എന്ന് 32: 4; 114: 1-3 സൂക്തങ്ങളിൽ വായിക്കുന്ന ഫുജ്ജാറുകൾ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരുമാണ്. ഇതര ജനവിഭാഗങ്ങൾക്ക് പ്രപഞ്ചനാഥനെ പരിചയപ്പെടുത്താൻ കൽപിക്കപ്പെട്ട അവർ ആത്മാവിന്റെ ഉടമയെ വിസ്മരിച്ച് തെമ്മാടികളായി അധഃപതിച്ചിരിക്കുകയുമാണ്. 2: 28; 4: 1-2; 9: 67-68 വിശദീകരണം നോക്കുക.

22. അവ രണ്ടിലും അല്ലാഹുവിനെക്കൂടാതെ വേറെ ഇലാഹുകളുണ്ടായിരുന്നുവെങ്കിൽ അവരണ്ടും എന്നോ നശിക്കുമായിരുന്നു; അപ്പോൾ സിംഹാസനത്തിന് ഉടമയായ അല്ലാഹു അവർ ജൽപ്പിക്കുന്നതിനെത്തൊട്ട് ഏറെ പരിശുദ്ധനാകുന്നു.

അല്ലാഹുവിനെക്കൂടാതെ വേറെയും ഇലാഹുകളുണ്ടായിരുന്നുവെങ്കിൽ പ്രപഞ്ചം എന്നോ നശിക്കുമായിരുന്നു, പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിൽക്കുന്നു എന്നത് ഇലാഹിന്റെ ഏകത്വത്തെയാണ് സൂചിപ്പിക്കുന്നത്. അദ്ദിക്ർ സമർപ്പിക്കുന്ന ഏകനായ ഇലാഹിനെ അംഗീകരിച്ചുകൊണ്ട് ജീവിക്കുന്ന വിശ്വാസികളുള്ളപ്പോൾ മാത്രമാണ് പ്രപഞ്ചം നില നിൽക്കുക. അദ്ദിക്റിനെ ജീവിപ്പിക്കുകവഴി അല്ലാഹുവിനെ ജീവിപ്പിക്കുന്ന ഒരുവിശ്വാസിപോലും ഭൂമുഖത്ത് ഇല്ലാതാകുമ്പോഴാണ് ഈലോകം നശിക്കുകയും വിധിദിവസം നടപ്പിൽ വരികയും ചെയ്യുക. 8: 33; 10: 54; 17: 42-44 വിശദീകരണം നോക്കുക.

23. അവൻ പ്രവർത്തിക്കുന്നതിനെതൊട്ട് അവൻ ചോദ്യം ചെയ്യപ്പെടുകയില്ല; അവരാകട്ടെ, ചോദ്യം ചെയ്യപ്പെടുന്നതുമാണ്.

ഉപമയും ഉദാഹരണവുമില്ലാത്ത, ആദ്യവും അന്ത്യവുമില്ലാത്ത, ഇണ തുണയില്ലാത്ത ചോദ്യം ചെയ്യപ്പെടാത്ത, തന്നിഷ്ടം പ്രവർത്തിക്കുന്ന, ഏകനാണ് സ്രഷ്ടാവ്. സൃഷ്ടികളെല്ലാം തന്നെ അവനെ ആശ്രയിക്കുന്നവരും ചോദ്യം ചെയ്യപ്പെടുന്നവരുമാണ്. അവനെ മാത്രം ആശ്രയിക്കുകയും മറ്റാരെയും ആശ്രയിക്കാതിരിക്കുകയും ചെയ്യുന്ന മനുഷ്യരിൽ നിന്നുള്ള വിശ്വാസികളെയാണ് നിഷ്കളങ്കരായ അവന്റെ അടിമകൾ എന്ന് പറയുന്നത്. അല്ലാത്തവരെയെല്ലാം പിശാച് പാട്ടിലാക്കുന്നതാണെന്ന് 38: 82-83 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നബിമാരെല്ലാം വിശ്വാസികളും നിഷ്കളങ്കരുമാണ്. 2: 255; 12: 24; 16: 99 വിശദീകരണം നോക്കുക.

24. അതല്ല, അവർ അവനെക്കൂടാതെ വേറെ ഇലാഹുകളെ തെരഞ്ഞെടുത്തിരിക്കുന്നുവോ? നീ പറയുക: നിങ്ങൾ നിങ്ങളുടെ തെളിവ് കൊണ്ടുവരിക; ഇതാണ് എന്നോടൊപ്പമുള്ള ദിക്റും -ഉണർത്തലും- എനിക്ക് മുമ്പുള്ളവരോടൊപ്പമുള്ള ദിക്റും, എന്നാൽ അവരിൽ അധികപേരും സത്യം അറിയാത്തവരാകുന്നു, അപ്പോൾ അവർ അതിനെ അവഗണിച്ചുകൊണ്ടിരിക്കുന്നവരുമാകുന്നു.

ഈ സൂക്തത്തിൽ ഗ്രന്ഥത്തിന് ഉണർത്തൽ, തെളിവ്, സത്യം എന്നീ മൂന്ന് പേരുകൾ പറഞ്ഞിട്ടുണ്ട്. 313 പ്രവാചകന്മാർക്കും കാലാകാലങ്ങളിൽ അവതരിപ്പിച്ചിട്ടുള്ളത് അദ്ദിക്ർ തന്നെയാണ്. 16: 43-44 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ടിട്ടുള്ള അദ്ദിക്റിൽ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുണ്ട്. 25: 33 ൽ പറഞ്ഞ നാഥനിൽ നി

ന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഇന്ന് ക്രോഡീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ 4: 118 ൽ വിവരിച്ച പ്രകാരം ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവരാണ്. 2: 119; 11: 118–119; 43: 74–78 വിശദീകരണം നോക്കുക.

25. നിനക്കുമുമ്പ് പ്രവാചകന്മാരിൽ നിന്ന് ആരെയും നാം അയച്ചിട്ടുമില്ല, നിശ്ചയം ഞാനല്ലാതെ മറ്റൊരു ഇലാഹും ഇല്ല എന്ന് അവനിലേക്ക് ദിവ്യസന്ദേശം നൽകിയിട്ടല്ലാതെ, അപ്പോൾ നിങ്ങൾ എന്നെമാത്രം സേവിക്കുന്നവരാവുക.

അല്ലാഹുവിന്റെ അടിമകളായ മനുഷ്യർ അവനുവേണ്ടിമാത്രം ജീവിക്കുന്നവരും അവനെ സേവിക്കുന്നവരും അവനെ സഹായിക്കുന്നവരും അവനെമാത്രം ഭയപ്പെടുന്നവരും അവനെമാത്രം ആശ്രയിക്കുന്നവരുമാകണമെന്നും അവന്റെ മുമ്പിൽ മാത്രമേ ജീവിതത്തെക്കുറിച്ച് വിധിദിവസം ഉത്തരം പറയേണ്ടതുള്ളൂ എന്നും പഠിപ്പിക്കുന്നതിന് വേണ്ടിയാണ് നൂഹ് മുതൽ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാരെയും വിവിധ കാലഘട്ടങ്ങളിലായി അദ്ദിക്റുംകൊണ്ട് നിയോഗിച്ചിട്ടുള്ളത് എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. എന്നാൽ അദ്ദിക്ർ മുറുകെപ്പിടിച്ച് ജീവിക്കുന്ന സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമാണ് ആ ബോധത്തിൽ നിലകൊള്ളുക.

3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം ഗ്രന്ഥം വായിക്കുന്ന പ്രവാചകന്റെ ജനത കാഫിറുകൾ, ഫാജിറുകൾ, വിശ്വാസികൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി മാറി. ഈ മൂന്ന് വിഭാഗങ്ങളിൽ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി മാത്രമാണ് സ്വർഗത്തിലേക്ക് തിരിച്ചുപോവുക. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന മറ്റുരണ്ട് വിഭാഗങ്ങളായ, ഫുജ്ജാറുകളായ കുഫ്ഫാറുകളിൽ നിന്നുള്ള ഓരോ വിഭാഗവും 15: 44 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിന്റെ 7 വാതിലുകളിലേക്ക് നിജപ്പെടുത്തിവെക്കപ്പെട്ടവരാണ്. 1: 4; 15: 90–91; 16: 2, 36 വിശദീകരണം നോക്കുക.

26. അവർ പറയുകയും ചെയ്യുന്നു: നിഷ്പക്ഷവാൻ ഒരു സന്താനത്തെ തെരഞ്ഞെടുത്തിരിക്കുന്നു എന്ന്; അവൻ എത്രയോ പരിശുദ്ധൻ! എന്നാൽ അവർ അവന്റെ ആദരണീയരായ അടിമകൾ മാത്രമാകുന്നു.

'അവർ' എന്ന് പറയുന്നവരിൽ തങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകന്മാരെ ദൈവപുത്രന്മാരായി ചിത്രീകരിക്കുന്ന വിവിധ മതക്കാരായ ജൂതന്മാരും ക്രിസ്ത്യാനികളും മലക്കുകളെ ദൈവപുത്രികളും ജിന്നുകളെ ദൈവപുത്രന്മാരുമായി ചിത്രീകരിച്ചിരുന്ന മക്കാമുശ്രിക്കുകളും അവരുടേതിന് സമാനമായ വിശ്വാസം വെച്ചുപുലർത്തുന്ന ഇന്ന് ലോകത്തുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളടക്കമുള്ള എല്ലാമനുഷ്യരും ഉൾപ്പെടുന്നുണ്ട്. മലക്കുകളും പ്രവാചകന്മാരുമെല്ലാം അല്ലാഹുവിന്റെ ആദരണീയരായ അടിമകളാണെന്നാണ് സൂക്തം പഠിപ്പിക്കുന്നത്. അപ്പോൾ അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസികളുടെ കീർത്തനങ്ങളും വാഴ്ത്തലുകളും മാത്രമേ അല്ലാഹുവിലേക്ക് എത്തുകയുള്ളൂ. ഫുജ്ജാറുകൾക്ക് അവരുടെ പ്രവർത്തനങ്ങൾ സ്വർഗ്ഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിൽ രേഖപ്പെടുത്തുന്നതിന് ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയില്ല എന്ന് 7: 40 ൽ പറഞ്ഞിട്ടുണ്ട്. 16:

56-57; 18: 4-5; 19: 95 വിശദീകരണം നോക്കുക.

27. അവർ അവനെ വാക്കുകൊണ്ട് മറികടക്കാത്തവരും അവന്റെ കൽപ്പന പ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുമാകുന്നു.

ധിക്കാരമേതുമില്ലാതെ അനുസരണം മാത്രമുള്ള മലക്കുകളുടെ സ്വഭാവമാണ് സൂക്തത്തിൽ വരച്ചുകാണിക്കുന്നത്. ഗ്രന്ഥം നൽകപ്പെട്ട പ്രവാചകന്മാർ ആരും തന്നെ 'നിങ്ങൾ എന്റെ അടിമകളാവുക' എന്ന് പറയുകയില്ല. മറിച്ച് 'നിങ്ങൾ ഗ്രന്ഥത്താൽ പഠിപ്പിക്കപ്പെടുന്നത് പോലെയും നിങ്ങൾ മറ്റുള്ളവരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് പോലെയും നിങ്ങൾ നാഥന്റെ പ്രൗഢരായ പ്രതിനിധികളായിത്തീരുക എന്നാണ് പഠിപ്പിക്കുക' എന്ന് 3: 79 ൽ പറഞ്ഞിട്ടുണ്ട്. ആരാണോ അല്ലാഹുവിനെ മുറുകെപ്പിടിച്ചത്, അപ്പോൾ അവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101 ൽ പറഞ്ഞിട്ടുണ്ട്. 5: 48 ൽ പറഞ്ഞ മുഹൈമിനായ അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴിയാണ് 59: 23 ൽ പറഞ്ഞ മുഹൈമിനായ നാഥനെ മുറുകെപ്പിടിക്കാൻ സാധിക്കുക. ഗ്രന്ഥത്തിൽ 35 സൂക്തങ്ങളിൽ പറഞ്ഞ നേരെച്ചൊവ്വെയുള്ള പാതയും അദ്ദിക്ർ തന്നെയാണ്. 4: 172; 16: 50 വിശദീകരണം നോക്കുക.

28. അവരുടെ മുമ്പിലുള്ളത് അവൻ അറിയുന്നു, അവരുടെ പിന്നിലുള്ളതും; അവൻ തൃപ്തിപ്പെട്ടവർക്ക് വേണ്ടിയല്ലാതെ അവർ ശുപാർശ ചെയ്യുന്നവരുമല്ല, അവർ അവനോടുള്ള ഭയഭക്തിയിൽ കിടിലം കൊള്ളുന്നവരുമാകുന്നു.

17: 56-57; 19: 64; 20: 109-110 വിശദീകരണം നോക്കുക.

29. അവരിൽ നിന്നുള്ള ആരെങ്കിലും 'നിശ്ചയം ഞാൻ അവനെക്കൂടാതെ ഒരു ഇലാഹാണ്' എന്ന് പറയുകയാണെങ്കിൽ അപ്പോൾ അവന് നരകക്കുണ്ഠം നാം പ്രതിഫലമായി നൽകുന്നതാണ്, അപ്രകാരമാണ് അക്രമികൾക്ക് നാം പ്രതിഫലം നൽകുക.

സൃഷ്ടികളിൽ പെട്ട ഒരാൾ അത് പ്രവാചകന്മാരാണെങ്കിലും ശരി, അല്ലാഹുവിനെക്കൂടാതെ ഞാനൊരു ഇലാഹാണെന്ന് പറയുകയാണെങ്കിൽ അവൻ അക്രമിയും അവന് പ്രതിഫലം നരകക്കുണ്ഠവുമാണ്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ, ത്രികാലജ്ഞാനമായ അദ്ദിക്റിനെ വിസ്മരിച്ചത് കാരണം പ്രപഞ്ചനാഥനിലേക്ക് അടുപ്പിക്കുന്നതിന് ഇടയാളന്മാരെയും ശുപാർശക്കാരെയും വെച്ചുപുലർത്തുന്ന കെട്ടജനതയാണ്. 'ആരാണ് അവന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ അവന്റെ പക്കൽ ശുപാർശ ചെയ്യാൻ ധൈര്യപ്പെടുക' എന്ന് 2: 255 ൽ ചോദിച്ചിട്ടുണ്ട്. 10: 106; 14: 28-29; 17: 74-75; 19: 72 വിശദീകരണം നോക്കുക.

30. കാഫിറുകളായിട്ടുള്ളവർ കാണുന്നില്ലെയോ? -നിശ്ചയം ആകാശങ്ങളും ഭൂമിയും അവരണ്ടും ഒട്ടിപ്പിടിച്ച അവസ്ഥയിലായിരുന്നു എന്നും അപ്പോൾ നാം അവരണ്ടിനേയും വേർപ്പെടുത്തി സംവിധാനിച്ചു എന്നും; എല്ലാഓരോ വസ്തുവിന്റെയും ജീവൻ നിലനിർത്തുന്നതിന് വെള്ളം നാം അനിവാര്യമാക്കുകയും ചെയ്തു, അപ്പോൾ അവർ വിശ്വസിക്കുന്നില്ലെയോ?

2: 29 ൽ വിവരിച്ച പ്രകാരം അവനാണ് ഭൂമിയിലുള്ള എല്ലാ വസ്തുക്കളെയും നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചിട്ടുള്ളത്, പിന്നെ അവൻ ആകാശത്തിന് നേരെ തിരിഞ്ഞു, അതിനെ ഏഴ് തട്ടുകളായി സംവിധാനിക്കുകയും ചെയ്തു. അവൻ എല്ലാഓരോ കാര്യവും അറിയുന്ന സർവജ്ഞാനിയുമാണ്. പ്രപഞ്ചം രൂപപ്പെടുത്തുന്നതിന് മുമ്പ് അവന്റെ സിംഹാ

സനം ജലത്തിന്മേൽ ആയിരുന്നു എന്ന് 11: 7 ൽ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചം ആദ്യത്തിൽ ഒറ്റ പിണ്ഡമായിരുന്നു. പിന്നെ നാഥന്റെ കൽപനയാൽ മഹാവിസ്ഫോടനം നടക്കുകയും പിന്നെ ഇന്ന് കാണുന്ന വിധത്തിൽ അതിനെ സംവിധാനിക്കുകയുമാണുണ്ടായത്. 14: 48 ൽ വിവരിച്ച പ്രകാരം അന്ത്യദിനത്തിൽ നാഥൻ മറ്റൊരു വിസ്ഫോടനം വഴി ഭൂമിയെ ഇടിച്ച് പൊടിച്ച് നിരപ്പാക്കുന്നതുമാണ്.

ജീവൻ നിലനിർത്തുന്നതിന് വെള്ളം അനിവാര്യമാണ്. 'എല്ലാ ജീവികളെയും നാഥൻ വെള്ളത്തിൽ നിന്നാണ് സൃഷ്ടിച്ചിട്ടുള്ളത്, അവയിൽ ഉദരത്തിന്മേൽ സഞ്ചരിക്കുന്നവയുണ്ട്, രണ്ട് കാലിൽ സഞ്ചരിക്കുന്നവയുമുണ്ട്, അവയിൽ നാല് കാലുകളിൽ സഞ്ചരിക്കുന്നവയുമുണ്ട്, അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു, നിശ്ചയം അവൻ എല്ലാഓരോ കാര്യത്തിനും കഴിവുള്ളവനുമാണ്' എന്ന് 24: 45 ലും; 'അവൻ തന്നെയാണ് വെള്ളത്തിൽനിന്ന് മനുഷ്യരെ സൃഷ്ടിച്ചതും അവരിൽ രക്തബന്ധവും വിവാഹബന്ധവും ഉണ്ടാക്കിയതും, നിന്റെ നാഥൻ എല്ലാഓരോ കാര്യത്തിനും കഴിവുള്ള സർവശക്തൻ തന്നെയായിരിക്കുന്നു' എന്ന് 25: 54 ലും പറഞ്ഞിട്ടുണ്ട്. 15: 86 ൽ വിവരിച്ച പ്രകാരം അവൻ എല്ലാ സൃഷ്ടികളെക്കുറിച്ചും എല്ലാ സൃഷ്ടിപ്പിനെക്കുറിച്ചും അറിയുന്ന ഏകനാണ്. 4: 150–151; 14: 10; 15: 85; 16: 40 വി ശദീകരണം നോക്കുക.

31. ഭൂമി അവരെയും കൊണ്ട് ആടിയുലഞ്ഞ് പോകാതിരിക്കാൻ അതിൽ നാം പർവ്വതങ്ങളെ നാട്ടിയിരിക്കുന്നു, അവർ മാർഗ്ഗദർശനം ചെയ്യപ്പെടുന്നതിന് വേണ്ടി അതിൽ നാം വിവിധ പാതകൾ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു.

ഭൂമിയുടെമേൽ ആണിയെന്നോണം നാട്ടിയിരിക്കുന്ന പർവ്വതങ്ങളെ അതിന്റെ സ്ഥാനത്തുനിന്ന് ഇളക്കി മാറ്റി അതിന്റേതല്ലാത്ത സ്ഥാനങ്ങളായ വയലുകളിലും ജലാശയങ്ങളിലും നിക്ഷേപിച്ച് കെട്ടിടങ്ങളും മറ്റും നിർമ്മിച്ച് പ്രപഞ്ചത്തിന്റെ സന്തുലനം നഷ്ടപ്പെടുത്തുന്ന പ്രവർത്തനങ്ങളിലാണ് മനുഷ്യർ ഇന്ന് ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. അങ്ങനെ അവരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ട് തന്നെയാണ് ശുദ്ധജലത്തിന്റെ ലഭ്യത കുറഞ്ഞ് വരുന്നതും ഭൂമിയിൽ ജീവിതം ദുഃസ്സഹമായി വരുന്നതും. പ്രപഞ്ചത്തിന്റെ ഒരു ഘടകമായ ഭൂമിയുടെ നാശം പ്രപഞ്ചത്തിന്റെ മൊത്തം നാശത്തിന് വഴിവെക്കുന്നതാണ്. അങ്ങനെയാണ് മനുഷ്യർ പ്രപഞ്ചത്തെ നശിപ്പിക്കുന്നവരാകുന്നത്. ഗ്രന്ഥത്തിന്റെ വിധിവിലക്കുകൾക്ക് നേരെ വിരുദ്ധമായി പ്രവർത്തിക്കുക വഴിയാണ് മനുഷ്യർ അക്രമികളും തെമ്മാടികളുമായി മാറുന്നത്. 16: 15–16; 30: 41; 48: 6 വിശദീകരണം നോക്കുക.

32. ആകാശത്തെ നാം സംരക്ഷിക്കപ്പെടുന്ന ഒരു മേൽപുരയാക്കിയിട്ടുമുണ്ട്, എന്നാൽ അവർ ആ ദൃഷ്ടാന്തങ്ങളെത്തൊട്ടെല്ലാം അവഗണിച്ചുകൊണ്ടിരിക്കുന്നവരുമാകുന്നു.

സൂര്യനിൽ നിന്നും മറ്റു നക്ഷത്രങ്ങളിൽ നിന്നുമെല്ലാമുള്ള മാരകമായ രശ്മികളും ഉൽക്കാവർഷങ്ങളും മറ്റും തടയുന്നതിന് ശൂന്യാകാശം, ഓസോൺ പാളി, വായുമണ്ഡലം തുടങ്ങിയ പാളികളെല്ലാം ഉണ്ടെന്ന ശാസ്ത്രീയ വിവരം നേടിയിട്ടുള്ളവരാണെങ്കിലും, ആകാശത്തിന്റെയും ഭൂമിയുടെയും നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിലുള്ള മനുഷ്യരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനോ തടയുന്നതിനോ അവർക്ക് സാധിക്കുന്നില്ല. അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്ത് കൊണ്ട് മനുഷ്യരെ ജീവിതലക്ഷ്യമുള്ളവരാക്കുകയാണ് ഇതിനുള്ള പരിഹാരം. 1: 7; 2: 6–7; 15: 16–18 വിശദീകരണം നോക്കുക.

33. അവൻ തന്നെയാണ് രാത്രിയേയും പകലിനേയും സൂര്യനേയും ചന്ദ്രനേയും സൃഷ്ടിച്ചതും, എല്ലാഒന്നും അതിന്റെ ഭ്രമണപഥത്തിൽ നീന്തിക്കൊണ്ടിരിക്കുകയാകുന്നു.

എല്ലാഒന്നും അതിന്റെ ഭ്രമണപഥത്തിൽ നീന്തിക്കൊണ്ടിരിക്കുകയാകുന്നു എന്ന ആശയത്തിലാണ് 36: 40 അവസാനിക്കുന്നതും.

34. നിനക്ക് മുമ്പ് ഒരു മനുഷ്യനേയും നാം ശാശ്വതനാക്കിയിട്ടില്ല, അപ്പോൾ നീ മരിക്കുകയാണെങ്കിൽ അവരാണോ ശാശ്വതരാവാൻ പോകുന്നത്.

55: 26–27 സൂക്തങ്ങളിൽ ഭൂമിക്ക് മുകളിലുള്ള എല്ലാഒന്നും നശിക്കുന്നതാണ്. മഹത്വമുടയവനും ബഹുമാന്യനുമായ നിന്റെ നാഥന്റെ മുഖം മാത്രം അവശേഷിക്കുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 21: 8 വിശദീകരണം നോക്കുക.

35. എല്ലാഓരോ ആത്മാവും മരണം രുചിക്കുകതന്നെ ചെയ്യും, തിന്മകൊണ്ടും നന്മകൊണ്ടും ഒരു പരീക്ഷണമെന്നവണ്ണം നിങ്ങളെ നാം പരീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യും, നമ്മിലേക്ക് തന്നെയാണ് നിങ്ങൾ മടക്കപ്പെടുന്നതും.

തിന്മകൊണ്ടും നന്മകൊണ്ടും പരീക്ഷിക്കുന്നതിനുവേണ്ടിയാണ് നിങ്ങളെ ഭൂമിയിൽ കൊണ്ടുവന്നിട്ടുള്ളത്. അതിന്റെ ഫലം അനുഭവിക്കുന്നതിനുവേണ്ടി, എല്ലാഓരോ ആത്മാവും മരണം രുചിക്കുകയും നമ്മിലേക്ക് മടക്കപ്പെടുകയും ചെയ്യുമെന്നാണ് സൂക്തം പറയുന്നത്. 55: 1–4 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥൻ മനുഷ്യരെ സ്വർഗത്തിൽ സൃഷ്ടിച്ചപ്പോൾ തന്നെ അദ്ദിക്ർ പഠിപ്പിക്കുകവഴി നിഷ്പക്ഷവാനായിരിക്കുന്നു. 5: 48 ൽ വിവരിച്ച പ്രകാരം എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്റിനെ മുറുകെപ്പിടിക്കുകവഴി വിശ്വാസി നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. 3: 185; 6: 165; 11: 7; 56: 82 വിശദീകരണം നോക്കുക.

36. കാഫിറുകളായവർ നിന്നെ കാണുമ്പോഴെല്ലാം നിന്നെ പരിഹാസ പാത്രമായിട്ടല്ലാതെ പരിഗണിക്കുന്നില്ല, ഇതാണോ നിങ്ങളുടെ ഇലാഹുകളെക്കുറിച്ച് ഓർമ്മിപ്പിക്കുന്നവൻ, അവരാകട്ടെ നിഷ്പക്ഷവാനായ നാഥന്റെ സ്മരണ ഉണ്ടാക്കുന്ന അദ്ദിക്റിനെ മൂടിവെക്കുന്നവർ തന്നെയാകുന്നു.

അദ്ദിക്റിനെ പരിഹാസപാത്രമായി തെരഞ്ഞെടുത്ത, ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ പ്രവാചകൻ മുഹമ്മദിനെ മാത്രമല്ല, നൂഹ് മുതൽ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാരെയും തള്ളിപ്പറയുന്നവരാണ്. ഭ്രാന്തന്മാരായ അവർ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത് എന്ന് 36: 59–62 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ ആരെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. ആരാണോ പ്രകാശമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി നാലാം ഘട്ടമായ ഇവിടെ വെച്ച് സ്വർഗം പണിയുന്നത്, അവർ ഏഴാം ഘട്ടത്തിൽ പണിത സ്വർഗം അനന്തരമെടുക്കുന്നതാണ്. സൂക്തത്തിൽ 'ഇവനാണോ'എന്ന് ചോദിക്കാതെ 'ഇതാണോ നിങ്ങളുടെ ഇലാഹുകളെക്കുറിച്ച് ഓർമിപ്പിക്കുന്നവൻ'എന്ന കാഫിറുകളുടെ ചോദ്യത്തിൽ നിന്നും അവരുടെ പരിഹാസത്തിന്റെ ആഴം അളക്കാവുന്നതാണ്. ലക്ഷ്യബോധമില്ലാത്ത കപടവിശ്വാസികളും അവരുടെ പ്രജ്ഞയറ്റ അനുയായികളും നരകക്കുണ്ഠത്തിലെ ഏഴ് വാതിലുകളിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണെന്ന് 15: 43–44 സൂക്തങ്ങളിലും; അവർ ഇവിടെ

സമ്പാദിക്കുന്നത് നരകക്കുണ്ഠമാണെന്ന് 2: 286; 3: 182–183 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 16: 111; 18: 106; 38: 8 വിശദീകരണം നോക്കുക.

37. ധൃതി പ്രകൃതക്കാരനായിട്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്, എന്റെ സൂക്തങ്ങൾ ഞാൻ നിങ്ങൾക്ക് കാണിച്ചുതരിക തന്നെ ചെയ്യും, അപ്പോൾ നിങ്ങൾ അതിനുവേണ്ടി ധൃതിപ്പെടേണ്ടതില്ല.

നിശ്ചയം എല്ലാ കാലത്തുമുള്ള കാഫിറുകൾ ധൃതി കാംക്ഷിക്കുന്നവരും പരലോകത്തെ വെടിയുന്നവരുമാണെന്ന് 75: 20–21 സൂക്തങ്ങളിലും; അക്കൂട്ടർ ധൃതി കാണിക്കുന്നവരും അവരുടെ പിന്നാലെ വരാൻ പോകുന്ന ഭാരം കൂടിയ ദിനത്തെ വെടിഞ്ഞവരുമാണെന്ന് 76: 27 ലും പറഞ്ഞിട്ടുണ്ട്.

'ധൃതി' ഐഹികലോകത്തെ കുറിക്കുന്നതും 'ക്ഷമ' പരലോകത്തെ കുറിക്കുന്നതുമാണ്. അപ്പോൾ മനുഷ്യരുടെ പ്രകൃതി ഐഹികലോകത്തിന് പ്രാധാന്യം കൊടുക്കുന്ന വിധത്തിലാണ് എന്നാണ് സൂക്തത്തിൽ പറയുന്നത്. ആ പ്രകൃതം ഉപയോഗപ്പെടുത്താൻ സ്വർഗ്ഗത്തിൽ നിന്ന് പുറംതള്ളപ്പെട്ട പിശാചിന് അല്ലാഹു വരം നൽകുകയും ചെയ്തിട്ടുണ്ട്. മനുഷ്യരിൽ എല്ലാഓരോ ആയിരത്തിലും തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പതിനെയും ജീവിതലക്ഷ്യം നഷ്ടപ്പെടുത്തി പിശാച് പാട്ടിലാക്കുന്നതാണെന്ന് 4: 118 ന്റെ വിശദീകരണമായി പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ സൃഷ്ടിപ്പിന് യാതൊരു മാറ്റവും വരുത്താൻ സാധിക്കുകയില്ല എന്ന് 30: 30 ലും പറഞ്ഞിട്ടുണ്ട്. എന്നാൽ നിഷ്പക്ഷവാനായ നാഥനേയും പിശാചിനേയും അവരവരേയും മനസ്സിലാക്കിത്തരുന്ന ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ മനുഷ്യന് നൽകിയിട്ടുണ്ട്. അതാണ് മറ്റെന്തിനെക്കാളും –പിശാചിന് നൽകിയതിനെക്കാളും– വലിയ വരം. അപ്പോൾ അത് ആദ്യം മുതൽ അവസാനം വരെ ഹൃദയം പങ്കെടുത്ത് വായിച്ച്, ആത്മാവിൽ ആവാഹിച്ചുകൊണ്ടു ജീവിക്കുകയും അത് ഉപയോഗപ്പെടുത്തി പ്രാർത്ഥിക്കുകയും തന്നിൽ പിശാച് ഹാജറാകുന്നത് തിരിച്ചറിഞ്ഞ് തടയിടുകയും ചെയ്യുന്നവർക്ക് മാത്രമേ സ്വഭാവം മാറ്റാനും പിശാചിനെ നിയന്ത്രിക്കാനും നിഷ്പക്ഷവാനായ നാഥന്റെ പ്രതിനിധിയാവാനും സാധിക്കുകയുള്ളൂ. അവർക്ക് മാത്രമേ തന്നിലുള്ള ജിന്ന് കൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റാനും അവനെ തന്റെ സംരക്ഷകനാക്കാനും ഇഹലോകത്തെക്കാൾ പരലോകത്തിന് പ്രാധാന്യം കൊടുക്കാനും സാധിക്കുകയുള്ളൂ. പരലോകത്തിന് ഇഹലോകത്തെക്കാൾ പ്രാധാന്യം കൊടുക്കാത്തവർ കാഫിറുകളും അക്രമികളുമാണെന്നും 'ഞാൻ അദ്ദിക്ർ ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ' എന്ന് അവർ മരണസമയത്ത് വിലപിക്കുമെന്നുമാണ് 'എന്റെ സൂക്തങ്ങൾ ഞാൻ നിങ്ങൾക്ക് കാണിച്ച് തരികതന്നെ ചെയ്യും' എന്ന് പറഞ്ഞതിന്റെ വിവക്ഷ. 7: 178: 21: 13–15; 41: 53 വിശദീകരണം നോക്കുക.

38. അവർ ചോദിക്കുകയും ചെയ്യുന്നു: നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ എപ്പോഴാണ് ഈ വാഗ്ദത്തം പുലരുക?

അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ നാവുകൊണ്ട് ഇങ്ങനെ ചോദിക്കാറില്ല. എന്നാൽ അദ്ദിക്റിനെ വിസ്മരിച്ചുകൊണ്ടുള്ള ഹീനവും കൊള്ളരുതാത്തതുമായ അവരുടെ ജീവിതരീതി പരലോകംകൊണ്ട് വിശ്വസിക്കാത്ത വിധത്തിലാണ്. കാഫിറുകൾ അന്ത്യദിനത്തെ ദൂരെയായി കാണുന്നു എന്ന് 70: 6–7 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ പ്രവാചകന്മാരുടെയും വിശ്വാസികളുടെയും ജീവിതം വിധിദിവസത്തെ കണ്ടുകൊണ്ടായിരിക്കും. അവർ ആയിരത്തിൽ തൊള്ളാ

യിരത്തി തൊണ്ണൂറ്റി ഒമ്പതിന്റെ ജീവിതരീതി വെടിഞ്ഞവരുമായിരിക്കും. 10: 47–48; 12: 37–38; 20: 134–135 വിശദീകരണം നോക്കുക.

39. ഇത്തരം കാഫിറുകൾ തങ്ങളുടെ മുഖങ്ങളും മുതുകുകളും നരകാഗ്നിയെത്തൊട്ട് തടയാൻ കഴിയാത്ത, അവർ സഹായിക്കപ്പെടുകയും ചെയ്യാത്ത അവസരത്തെക്കുറിച്ച് അറിവുള്ളവരായിരുന്നുവെങ്കിൽ!

ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെത്തൊട്ട് ബധിരരും അന്ധരും ഊമരുമായതിനാൽ അവർ ഇനി അദ്ദിക്റിലേക്കോ സ്വർഗത്തിലേക്കോ തിരിച്ചുവരുന്നവരാവുകയില്ല എന്ന് 2: 18, 171; 17: 97–98; 25: 34 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 9: 34–35, 51; 16: 89, 107 വിശദീകരണം നോക്കുക.

40. അല്ല, അവരെ സ്തബ്ധരാക്കുന്ന വിധം അത് അവർക്ക് പെട്ടെന്നാണ് വരിക, അവർക്ക് അതിനെ തടുത്തുനിർത്താൻ കഴിയുകയില്ല, അവർ സാവകാശം നൽകപ്പെടുന്നവരാവുകയുമില്ല.

41. നിശ്ചയം നിനക്കുമുമ്പുള്ള പ്രവാചകന്മാരും പരിഹസിക്കപ്പെട്ടിട്ടുണ്ട്, അപ്പോൾ ഏതൊന്നിനെക്കുറിച്ചായിരുന്നുവോ അവർ പരിഹസിച്ചുകൊണ്ടിരുന്നത്, അതുതന്നെ അവരിൽ സംഭവിക്കുകയുണ്ടായി.

പ്രവാചകന്മാർ മാത്രമല്ല, പരലോകത്ത് വരാൻ പോകുന്ന രംഗങ്ങൾ അദ്ദിക്ർ ഉദ്ധരിച്ച് ചൂണ്ടിക്കാണിച്ച് താക്കീത് നൽകുന്നവരും പരിഹസിക്കപ്പെടുന്നതാണ്. എന്നാൽ ഏതൊരു സൂക്തത്തിന്റെ ഭാവിപ്രവചനം പുലരുന്നതിനെക്കുറിച്ചാണോ അല്ലെങ്കിൽ ഏതൊരു ശിക്ഷയുടെ സംഭവ്യതയെക്കുറിച്ചാണോ അവർ പരിഹസിച്ചിരുന്നത്, അതുതന്നെ അവരിൽ ആപതിക്കുമെന്നാണ് സൂക്തം താക്കീത് നൽകുന്നത്. 6: 10, 28; 11: 8; 39: 47–48 വിശദീകരണം നോക്കുക.

42. നീ ചോദിക്കുക: രാത്രിയും പകലും നിഷ്പക്ഷവാനായ നാഥൻ നിങ്ങളെ ശിക്ഷിക്കാനുദ്ദേശിച്ചാൽ ആരാണ് തടുക്കാനുള്ളത്? അല്ല, അവർ തങ്ങളുടെ നാഥന്റെ ഉണർത്തലിനെ അവഗണിച്ചുകൊണ്ടിരിക്കുന്നവർ തന്നെയാകുന്നു.

എല്ലാവിധ ആപത്തു-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്റിനെ അവഗണിക്കുന്ന കാഫിറുകളെ *മുഹൈമിനായ* നിഷ്പക്ഷവാനിൽ നിന്ന് ആരാണ് കാത്ത് സൂക്ഷിക്കാനുള്ളത് എന്നാണ് ചോദിക്കുന്നത്. അദ്ദിക്റിനെ *മുഹൈമിൻ*–കാത്തുസൂക്ഷിക്കുന്നത് –എന്ന് 5: 48 ലും, അല്ലാഹുവിനെ *മുഹൈമിൻ* എന്ന് 59: 23 ലും വിശേഷിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് അദ്ദിക്റിനെ മുറുകെപ്പിടിച്ചാൽ *മുഹൈമിനായ* നാഥനെ മുറുകെപ്പിടിക്കലായി. അവന് ആകാശങ്ങളിലോ ഭൂമിയിലോ ഒരു ആപത്തും സംഭവിക്കുകയില്ല, നാഥൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്. 2: 152, 256; 3: 101–103; 20: 124–127 വിശദീകരണം നോക്കുക.

43. അതല്ല, നമ്മെക്കൂടാതെ അവർക്ക് ആപത്തുവിപത്തിൽ നിന്ന് തടയുന്ന മറ്റു ഇലാഹുകളുണ്ടോ? അവർക്ക് സ്വന്തത്തെത്തന്നെ സഹായിക്കാൻ സാധിക്കുകയില്ല, നമ്മിൽ നിന്നുള്ള പിന്തുണ അവർക്ക് ലഭിക്കുന്നതുമല്ല.

നരകക്കുണ്ഠത്തെത്തൊട്ട് കാത്തുസൂക്ഷിക്കുന്നതും സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റുമായ അദ്ദിക്റിനെ എല്ലാഓരോ മനുഷ്യനെയും പഠിപ്പിച്ച നിഷ്പക്ഷവാനായ അല്ലാഹു

വിനെ ഇലാഹായി സ്വീകരിക്കാതെ, അല്ലാഹുവിന്റെയടുക്കൽ ശുപാർശക്കാരും ഇടയാള ന്മാരുമായി കാഫിറുകൾ പരിഗണിക്കുന്ന അവന്റെ സൃഷ്ടികളെ ഇലാഹായി സ്വീകരിക്കു ന്നവർക്ക് അല്ലാഹുവിന്റെയടുക്കൽ ശുപാർശ ചെയ്യാനുള്ള സമ്മതം നൽകപ്പെടുകയില്ല എന്നാണ് 'നമ്മിൽ നിന്നുള്ള പിന്തുണ അവർക്ക് ലഭിക്കുന്നതുമല്ല' എന്ന് പറഞ്ഞതിന്റെ വിവക്ഷ. അദ്ദിക്റിനെ ജീവിപ്പിച്ച് അല്ലാഹുവിനെയും പ്രവാചകനെയും സഹായിക്കുന്നവ ർക്ക് മാത്രമേ ശുപാർശ ചെയ്യാൻ അധികാരമുള്ള അദ്ദിക്ർ ശുപാർശ ചെയ്യുകയും ചെയ്യി പ്പിക്കുകയുമുള്ളൂ. 7: 194–197; 18: 101–102; 21: 28–30 വിശദീകരണം നോക്കുക.

44. അല്ല, ഇക്കൂട്ടർക്കും അവരുടെ പിതാക്കൾക്കും നാം ജീവിതവിഭവങ്ങൾ നൽകി, അങ്ങനെ ആ ജീവിതവിഭവങ്ങൾ ആസ്വദിച്ചുകൊണ്ട് അവരുടെമേൽ ആയുസ്സ് നീണ്ടുപോയി; നിശ്ചയം നാം ഭൂമിയിൽ വന്ന് അതിനെ നാനാഭാഗത്തുനിന്നും ചുരുട്ടിക്കൊണ്ടിരിക്കുന്നത് എങ്ങനെയെന്ന് അവർ കാണുന്നില്ലെയോ? അപ്പോ ൾ ഇവരാണോ അതിജയിക്കാൻ പോകുന്നത്?

ആപത്ത്-വിപത്ത് ഘട്ടങ്ങളിൽ കാഫിറുകൾ അല്ലാഹുവിനെക്കൂടാതെ അല്ലെങ്കിൽ അല്ലാഹുവിനോടൊപ്പം വിളിച്ച് പ്രാർത്ഥിക്കുന്ന മഹാത്മാക്കൾ വിധിദിവസം അവർക്കെതി രായി നാഥനോട്: നീ ഇവർക്കും ഇവരുടെ പിതാക്കൾക്കും യഥേഷ്ടം ഭക്ഷണവിഭവങ്ങ ൾ നൽകി -അദ്ദിക്റിനെ മറന്ന് ജീവിക്കുന്നതുവരെ, അങ്ങനെ അവർ ഒരു കെട്ട ജനതയായി ത്തീർന്നു എന്ന് പറയുന്നതാണെന്ന് 25: 18 ൽ പറഞ്ഞിട്ടുണ്ട്.

'നിശ്ചയം നാം ഭൂമിയിൽ വന്ന് അതിനെ നാനാഭാഗത്തുനിന്നും ചുരുട്ടിക്കൊണ്ടിരി ക്കുന്നതെങ്ങനെയെന്ന് അവർ കാണുന്നില്ലെയോ?' എന്ന് പറഞ്ഞാൽ അല്ലാഹു ഇറങ്ങി വരുന്നു എന്നല്ല; മറിച്ച് 41: 53 ൽ വിവരിച്ച പ്രകാരം നാഥന്റെ സംസാരമായ അദ്ദിക്ർ പ്ര വചിക്കുന്ന കാര്യങ്ങൾ ദിഗന്തങ്ങളിലും അവരിൽ തന്നെയും നടപ്പിലാകുന്നത് കാണുന്നി ല്ലേ എന്നാണ്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകളുടെ ബാഹുല്യം അവരെ അതിജയിപ്പിക്കുമെന്ന് കരുതേണ്ടതില്ല. ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് നടത്തുന്ന അവരുടെ അഞ്ച് സമയങ്ങളിലെ നമസ്കാരങ്ങളിൽ അവർ മസീഹുദ്ദജ്ജാ ലിന്റെ നാശത്തെത്തൊട്ട് അഭയം തേടുന്നുണ്ടെങ്കിലും, നീചവും നിന്ദ്യവുമായ പ്രവർത്ത നങ്ങളെത്തൊട്ട് അവരുടെ നമസ്കാരം തടയാത്തതിനാൽ യഥാർത്ഥത്തിൽ അവർ മസീ ഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരാണ്. 9: 53–55, 67–69; 25: 29–34, 65–66 സൂ ക്തങ്ങളിൽ വിവരിച്ച പ്രകാരം അവർക്ക് നമസ്കരിച്ചതിനും നോമ്പ് നോറ്റതിനും ദാനധർമ്മ ങ്ങൾ ചെയ്തതിനും ഹജ്ജും ഉംറയും ചെയ്തതിനും പിഴയായി നരകക്കുണ്ഠമാണ് ല ഭിക്കുക. മസീഹുദ്ദജ്ജാലിന്റെ സ്വർഗ്ഗം തെരഞ്ഞെടുക്കുന്ന അവരെ ഈസാ രണ്ടാമത് വ ന്നാൽ അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജന വിഭാഗങ്ങൾ വധിച്ചുകൊണ്ട് 4: 91; 5: 33; 9: 5, 123; 33: 60–61 എന്നീ സൂക്തങ്ങളുടെ കൽപ്പന നടപ്പിലാക്കുന്നതാണ്. 13: 41–42; 16: 33; 17: 81 വിശദീകരണം നോക്കുക.

45 നീ പറയുക,നിശ്ചയം ഞാൻ നിങ്ങളെ താക്കീത് നൽകുന്നത് ദിവ്യസന്ദേശം കൊണ്ടാണ്; എന്നാൽ ബധിരന്മാർ വിളികേൾക്കുന്നവരാവുകയില്ല, അവർ മു ന്നറിയിപ്പ് നൽകപ്പെടുന്നവരാകുമ്പോൾ.

'ദിവ്യസന്ദേശം' കൊണ്ടുദ്ദേശിക്കുന്നത് അദ്ദിക്റാണ്. സൂക്തത്തിൽ ബധിരന്മാർ എന്ന് പറഞ്ഞത് ചെവികേൾക്കാത്തവരെയല്ല, മറിച്ച് അദ്ദിക്ർ കേട്ടശേഷം അതിന്റെ വിധി

വിലക്കുകൾ പിൻപറ്റാത്ത കാഫിറുകളെയാണ്. നാഥന്റെ കോപവും ശാപവും ബാധകമായിട്ടുള്ള ഫുജ്ജാറുകളായ അവർക്ക് നരകക്കുണ്ഠം ഒരുക്കിവെച്ചിട്ടുണ്ട്, അത് എത്ര മോശപ്പെട്ട മടക്കസ്ഥലം എന്ന് 48: 6 ലും; അവർ നരകക്കുണ്ഠത്തിലെ അഗ്നിയിൽ ശാശ്വതരായി കഴിഞ്ഞുകൂടേണ്ട കരയിലെ ഏറ്റവും ദുഷ്ടജീവികളാണെന്ന് 98: 6 ലും പറഞ്ഞിട്ടുണ്ട്. 8: 22; 10: 42–43; 17: 97–98 വിശദീകരണം നോക്കുക.

46. നിന്റെ നാഥന്റെ ശിക്ഷയിൽ നിന്നുള്ള ഒരു സ്പർശനം അവരെ ബാധിക്കുകയാണെങ്കിൽ അവർ പറയുകതന്നെ ചെയ്യും: ഓ ഞങ്ങളുടെ നാശം! നിശ്ചയം ഞങ്ങൾ അക്രമികൾ തന്നെയായിരുന്നുവല്ലോ.

അദ്ദിക്ർ കൊണ്ട് വിശ്വാസികളാവുകയും അത് ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുകയുമാണെങ്കിൽ നാട്ടിലെ നിവാസികൾക്ക് അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറന്നുകൊടുക്കുമെന്ന് 7: 96 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ത്രികാലജ്ഞാനമായ അദ്ദിക്റിലൂടെ ഭാവിയിൽ നേരിടാനുള്ള അനന്തരഫലത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുമ്പോൾ അത് കേൾക്കാൻ കൂട്ടാക്കാത്ത ബധിരന്മാർ അവർക്ക് വല്ല ശിക്ഷയും ബാധിപ്പിക്കുകയാണെങ്കിൽ 'ഓ, ഞങ്ങളുടെ കഷ്ടം! ഞങ്ങൾ അക്രമികളായിപ്പോയല്ലോ' എന്ന് വിലപിക്കുമെന്നാണ് ത്രികാലജ്ഞാനി മുന്നറിയിപ്പ് നൽകുന്നത്. 6: 155–156; 10: 21–24; 17: 83; 21: 12–14 വിശദീകരണം നോക്കുക.

47. വിധിദിവസം നീതിയുടെ ത്രാസ്സ് നാം സ്ഥാപിക്കുന്നതുമാണ്, അപ്പോൾ ഒരു ആത്മാവും ഒരുനിലക്കും അനീതി കാണിക്കപ്പെടുകയില്ല; ഒരാളുമായി ബന്ധപ്പെട്ട ഒരു കടുകുമണിത്തൂക്കത്തോളമുള്ള കാര്യമാണെങ്കിലും ശരി, നാം അത് കൊണ്ടുവരുന്നതുമാണ്, വിചാരണ നടത്താൻ നാം തന്നെ ഏറ്റവും മതിയായവനുമാണ്.

ഈ സൂക്തത്തിലും 17: 35 ലും പറഞ്ഞ നീതിയുടെ ത്രാസ്സ് അദ്ദിക്ർ തന്നെയാണ്. 17: 13–15 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഓരോരുത്തരുടെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖ ഒരു തുറന്ന പ്രകാശിക്കുന്ന ഗ്രന്ഥമായി പുറത്തെടുത്തുകൊടുത്ത് ഓരോരുത്തരെക്കൊണ്ടും വായിപ്പിച്ചാണ് അവരുടെ വിചാരണ നടത്തുക. ഫുജ്ജാറുകളായ ഭ്രാന്തന്മാർ അവരുടെ ഗ്രന്ഥം വായിക്കുമ്പോൾ 'ഓ ഞങ്ങളുടെ നാശം! ഇതെന്തൊരു ഗ്രന്ഥമാണ്! ചെറുതോ വലുതോ ആയ ഒന്നുംതന്നെ ഇതിൽ കൊത്തിവെക്കാതെ വിട്ടുപോയിട്ടില്ലല്ലോ' എന്ന് കേഴുന്നതാണെന്ന് 18: 49 ലൂടെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 284; 3: 199; 11: 101 വിശദീകരണം നോക്കുക.

48. നിശ്ചയം മൂസാക്കും ഹാറൂനും നാം വെളിച്ചവും അനുസ്മരണവുമായ സത്യാസത്യവിവേചനമാനദണ്ഡം നൽകിയിട്ടുണ്ട് -സൂക്ഷ്മാലുക്കളായവർക്കുവേണ്ടി.

മൂസാക്കും ഹാറൂനും മാത്രമല്ല, എല്ലാ പ്രവാചകന്മാർക്കും നൽകിയ വെളിച്ചവും അനുസ്മരണവുമായ സത്യാസത്യവിവേചനമാനദണ്ഡം അദ്ദിക്ർ തന്നെയാണ് എന്ന് 21: 24 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് മൊത്തം ലോകർക്ക് വെളിച്ചവും അനുസ്മരണവുമായ സത്യാസത്യവിവേചനമാനദണ്ഡം അന്ത്യപ്രവാചകൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട 15: 6, 9; 16: 44; 38: 8 തുടങ്ങി 61 സൂക്തങ്ങളിൽ പറഞ്ഞ അദ്ദിക്ർ തന്നെയാണ്. എന്നാൽ സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായ അതിനെ സൂക്ഷ്മാലുക്കൾ മാത്രമേ ഉപയോഗപ്പെടുത്തുകയുള്ളൂ എന്ന് 69: 48 ൽ പറഞ്ഞിട്ടുണ്ട്. 39: 33 ൽ, ആർക്കാണോ സ്വിദ്ഖ് -അദ്ദിക്ർ- വന്നുകിട്ടു

കയും അതിനെ സത്യപ്പെടുത്തുകയും ചെയ്തത്, അക്കൂട്ടർ തന്നെയാണ് സൂക്ഷ്മാലുക്കൾ എന്ന് പറഞ്ഞിട്ടുണ്ട്. 11: 17, 120; 20: 3, 130–131 വിശദീകരണം നോക്കുക.

49. തങ്ങളുടെ നാഥനെ കാണാതെ കണ്ട് ഭയപ്പെടുന്നവരും അന്ത്യമണിക്കൂറിന്റെ കാര്യത്തിൽ കിടിലം കൊള്ളുന്നവരുമാണ് അവർ.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരുസംഘമില്ലാത്തതിനാൽ ഒറ്റപ്പെട്ട വിശ്വാസി മനുഷ്യരുടെ ഐക്യം നിലനിർത്തുന്നതിന് ലക്ഷ്യം വെച്ചുകൊണ്ട് അദ്ദിക്ർ സർവ്വലോകർക്കും എത്തിച്ച് കൊടുക്കുന്നതും, 9: 73 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കുഫ്ഫാറുകളോടും കപടവിശ്വാസികളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തുന്നതുമാണ്. അതോടൊപ്പം 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമവും ഐശ്വര്യവും ലക്ഷ്യംവെച്ചുകൊണ്ട് ജൈവകൃഷിയിൽ ഏർപ്പെടുന്നതും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതും അതിനുവേണ്ടി മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതുമാണ്. 2: 62; 7: 205–206; 13: 19–29 വിശദീകരണം നോക്കുക.

50. ഇതാകട്ടെ അനുഗ്രഹീതമായ ഒരുദിക്ർ (ഉണർത്തൽ) ആകുന്നു, നാമാണ് അതിനെ അവതരിപ്പിച്ചിട്ടുള്ളത്, അപ്പോൾ നിങ്ങൾ അതിനോട് വിരോധം വെക്കുന്നവരായിരിക്കുന്നുവോ?

ദിക്ർ എന്നത് അറബിയിലുള്ള ഖുർആനല്ല, മറിച്ച് ഗ്രന്ഥത്തിന്റെ ആത്മാവാണ്. 36: 69 ൽ, ഇത് വ്യക്തമായ വായനയായ ഒരു ഉണർത്തലല്ലാതെയല്ല എന്ന് പറഞ്ഞിട്ടുള്ളതും, 56: 77–78 സൂക്തങ്ങളിൽ, നിശ്ചയം ഇത് ഭദ്രമായ ഒരു ഗ്രന്ഥത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള മാന്യമായ വായനയാണ്, എന്നാൽ വിശുദ്ധന്മാരല്ലാതെ അത് ഉൾക്കൊള്ളുകയില്ല എന്ന് പറഞ്ഞിട്ടുള്ളതും അദ്ദിക്റിനെക്കുറിച്ച് തന്നെയാണ്. ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യഗ്രന്ഥമാണ് അദ്ദിക്ർ എന്ന് 41: 41–42 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത്തരം സൂക്തങ്ങൾ അറബി ഖുർആനിൽ വായിക്കുന്ന, 7: 40; 32: 12, 22; 34: 32; 36: 59 തുടങ്ങി 52 സൂക്തങ്ങളിൽ പറഞ്ഞ ഭ്രാന്തന്മാരായ ഇവർ ഗ്രന്ഥത്തിന്റെ ശരീരവും ജീവനായ അർത്ഥവും മാത്രം പരിഗണിച്ചുകൊണ്ട് 'ആവർത്തിച്ച് വായിക്കുക' എന്ന് ആശയം വരുന്ന ഖുർആൻ എന്ന പദം മാത്രം ഉരുവിടുന്നതാണ്. അവർ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരെ സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. ഗ്രന്ഥത്തിന്റെ നാഥനിൽ നിന്നുള്ള ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ സത്യപ്പെടുത്താതെ ഇവിടെ ജീവിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളും നരകക്കുണ്ഠത്തിലേക്ക് തങ്ങളുടെ മുഖങ്ങളിൽ വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ളവരും ഏറ്റവും വഴിപിഴച്ചവരുമാണെന്നും 25: 33–34 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 6: 155–157; 21: 2, 24; 36: 7, 70 വിശദീകരണം നോക്കുക.

51. നിശ്ചയം, ഇതിനുമുമ്പ് ഇബ്റാഹീമിന് നാം അവന്റെ തന്റേടം നൽകിയിട്ടുണ്ടായിരുന്നു, നമുക്ക് അവനെക്കുറിച്ച് ശരിക്കും അറിവുള്ളതുമാണ്.

2: 186, 256 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തന്റേടത്തിന്റെ പാത അദ്ദിക്ർ തന്നെയാണ്. അതിനാൽ 5: 48 ൽ വിവരിച്ച പ്രകാരം ആരാണോ അദ്ദിക്റിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് തന്റേടത്തിന്റെ മാർഗത്തിലായിക്കഴിഞ്ഞു. 7: 201–202; 14:

28-29 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ, അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും അവന്റെ കാൽപ്പാടുകൾ പിൻപറ്റുന്നവരുമായതിനാൽ പിശാച് അവരെ നരകക്കുണ്ഠത്തിലേക്ക് നയിക്കുന്നതാണ്. 7: 146-147; 16: 120-122 വിശദീകരണം നോക്കുക.

52. അവൻ തന്റെ പിതാവിനോടും ജനതയോടും ചോദിച്ച സന്ദർഭം: നിങ്ങൾ പൂജിച്ചുകൊണ്ടിരിക്കുന്ന ഈ വിഗ്രഹങ്ങളുടെ കാര്യം എന്താകുന്നു.

53. അവർ പറഞ്ഞു: ഞങ്ങളുടെ പിതാക്കളെ അതിനെ സേവിക്കുന്നവരായി ഞങ്ങൾ കണ്ടെത്തിയിട്ടുള്ളതാണ്.

2: 170 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ പിൻപറ്റി ജീവിക്കണമെന്ന് പറയുമ്പോൾ എക്കാലത്തുമുള്ള അക്രമികളെപ്പോലെ ഇക്കാലത്തുള്ള അക്രമികളായ ഫുജ്ജാറുകളുടെയും മറുപടി: ഞങ്ങൾ ഞങ്ങളുടെ കാക്കകാരണവൻമാരെയാണ് പിൻപറ്റുന്നത് എന്നാണ്. പരലോകത്ത് അവർക്ക് അനുഭവിക്കാനുള്ള ശിക്ഷ വിവരിച്ചശേഷം 'നിശ്ചയം അവർ തങ്ങളുടെ പിതാക്കളുടെ ചര്യയിൽ വഴികേടിലായിരുന്നു. അവർ അവരുടെ കാൽപാടുകൾ അടിതെറ്റാതെ അന്ധമായി പിൻപറ്റിക്കൊണ്ടിരുന്നവരുമായിരുന്നു. നിശ്ചയം അവർക്ക് മുമ്പും പൂർവ്വികരിൽ അധികപേരും വഴികേടിൽ തന്നെയായിരുന്നു' എന്ന് 37: 69-71 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 18, 170; 4: 118; 5: 104-105 വിശദീകരണം നോക്കുക.

54. അവൻ പറഞ്ഞു: നിശ്ചയം നിങ്ങളും നിങ്ങളുടെ പിതാക്കളും വ്യക്തമായ വഴികേടിൽ തന്നെയായിരിക്കുന്നു.

55. അവർ ചോദിച്ചു; നീ ഞങ്ങളിലേക്ക് സത്യം കൊണ്ടുവന്നിരിക്കുകയാണോ, അതോ നീ കളിയാക്കുന്നവരിൽ പെട്ടവനാണോ?

56. അവൻ പറഞ്ഞു: അല്ല, നിങ്ങളുടെ ഉടമ ആകാശങ്ങളേയും ഭൂമിയേയും വിരിപ്പിച്ചുണ്ടാക്കിയിട്ടുള്ള നാഥനാരോ അവനാകുന്നു, ഞാൻ നിങ്ങൾക്ക് അതിന് സാക്ഷികളിൽ പെട്ടവനുമാകുന്നു.

ആകാശഭൂമികളെ ഒട്ടിപ്പിടിച്ച അവസ്ഥയിൽ നിന്ന് വേർപ്പെടുത്തി ഇന്നുകാണുന്ന വിധത്തിൽ സംവിധാനിച്ചവനും അവക്കിടയിലുള്ള സർവ്വവസ്തുക്കളുടേയും ഉടമയായിട്ടുള്ളവനുമാണ് നിങ്ങളുടെയും ഉടമ എന്നാണ് ഇബ്റാഹീം അല്ലാഹുവിനെക്കുറിച്ച് പരിചയപ്പെടുത്തുന്നത്. ഞാൻ അതിന് സാക്ഷിയുമാകുന്നു എന്ന് പറഞ്ഞതിന്റെ വിവക്ഷ, ഇബ്റാഹീം തന്റെ ജനതയോടും പിതാവിനോടും പറയുന്നത് ഞാൻ ആ നാഥനെ നിങ്ങൾക്ക് പരിചയപ്പെടുത്തിത്തന്നിട്ടുണ്ട് എന്നാണ്. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ അല്ലാഹുവിനെ പ്രപഞ്ചനാഥനായി അംഗീകരിക്കാത്തവരും അവർ മാത്രം സ്വർഗത്തിലേക്കുള്ളവരും ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ പ്രവാചകന്റെ സമുദായത്തിൽ പെട്ട ജനവിഭാഗങ്ങളെല്ലാം നരകക്കുണ്ഠത്തിലേക്കുള്ളവരുമാണ് എന്ന മിഥ്യാധാരണ വെച്ചുപുലർത്തുന്നവരുമാണ്. സത്യമായ അദ്ദിക്റിനെ അംഗീകരിക്കാത്തതാണ് അവരുടെ ഈ ധാരണക്ക് കാരണം. യഥാർത്ഥത്തിൽ അവരാണ് 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ. 9: 67-68; 48: 6; 98: 6 വിശദീകരണം നോക്കുക.

57. അല്ലാഹുവാണ് സത്യം, നിങ്ങൾ ഇവിടെനിന്ന് പിരിഞ്ഞ് പോയതിന് ശേഷം നിങ്ങളുടെ ഈ വിഗ്രഹങ്ങളെ ഞാനൊന്ന് കൈകാര്യം ചെയ്യുകതന്നെ ചെയ്യും.

58. അങ്ങനെ, അവൻ അവരിലെ വലുതിനെയൊഴിച്ച് ബാക്കിയുള്ളവരെയെല്ലാം തച്ചുടച്ചു, അവർ അവനിലേക്ക് മടങ്ങുന്നതിന് വേണ്ടി.

'അവർ അവനിലേക്ക് മടങ്ങുന്നതിന് വേണ്ടി' എന്ന് പറഞ്ഞതിലെ 'അവനിലേക്ക്' എന്നത് കൊണ്ടുദ്ദേശിക്കുന്നത് തച്ചുടക്കപ്പെടാതെ അവശേഷിച്ച വലിയ വിഗ്രഹത്തിലേക്ക് എന്നും ഇബ്റാഹീമിലേക്ക് എന്നും ആശയമുണ്ട്. അഥവാ ആരാണ് ഞങ്ങളുടെ ഈ വിഗ്രഹങ്ങളോട് ഇത്തരം കടുംകൈ ചെയ്തത് എന്ന് ആ ജനത, അവശേഷിച്ച അവരിലെ വലിയ വിഗ്രഹത്തോട് ചോദിക്കുന്നതിന് വേണ്ടി, അല്ലെങ്കിൽ ഇബ്റാഹിമിനെ വിളിച്ച് വരുത്തി ചോദ്യം ചെയ്യുന്നതിന് വേണ്ടി എന്നാണ്. അവർ 'അവയിലേക്ക് മടങ്ങുന്നതിന് വേണ്ടി' എന്നതിന് പകരം അവനിലേക്ക് മടങ്ങുന്നതിന് വേണ്ടി എന്നാണ് പറഞ്ഞത് എന്ന് പ്രത്യേകം ശ്രദ്ധിക്കുക. സാധാരണയായി വിഗ്രഹങ്ങളെ സ്ത്രീലിംഗത്തിലാണ് പരാമർശിക്കാറുള്ളതെങ്കിൽ ഇവിടെ പുല്ലിംഗത്തിലാണ് പരാമർശിച്ചിട്ടുള്ളത്. ഇതിൽനിന്നും ഈ വിഗ്രഹങ്ങളെല്ലാം പുരുഷന്മാരുടേതായിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്നത് ആത്മാവിനും പരലോകത്തിനും പ്രാധാന്യം കൊടുക്കാതെ ജഡത്തിനും ഐഹികലോകത്തിനും പ്രാധാന്യം കൊടുക്കുന്ന ഫുജ്ജാറുകൾ മാത്രമാണ്. തെമ്മാടികളായ അവരുടെ ജീവിതരീതിയാണ് ഇന്ന് മറ്റേതു ജീവിതരീതിയെക്കാളും നീചവും മലീമസവുമായിട്ടുള്ളത്. 63: 4; 80: 17 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നാഥനാൽ വധിക്കപ്പെട്ട അവർ വാചാലമായി സംസാരിക്കുന്നവരാണെങ്കിലും അദ്ദിക്റിന്റെ 40 പേരുകളിൽ പെട്ട ഒന്നുപോലും ജനങ്ങളോട് പറയാത്തവരാണ്. കാഫിറുകളും അക്രമികളും തെമ്മാടികളും ഭ്രാന്തന്മാരുമായ അവരുടെ നേതാക്കളും അനുയായികളും തമ്മിൽ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം വാദിക്കുകയും തർക്കിക്കുകയും പഴിചാരുകയും ശപിക്കുകയും ചെയ്യുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 7: 194-195; 10: 71; 11: 55-56 വിശദീകരണം നോക്കുക.

59. അവർ പറഞ്ഞു: ആരാണ് ഞങ്ങളുടെ ഇലാഹുകളോട് ഈ പണി ചെയ്തത്, നിശ്ചയം അവൻ അക്രമികളിൽ പെട്ടവൻ തന്നെയാകുന്നു.

60. അവർ പറഞ്ഞു: ഇബ്റാഹീം എന്ന് വിളിക്കപ്പെടുന്ന ഒരു യുവാവ് അവരെക്കുറിച്ച് ഓർമ്മിപ്പിക്കുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്.

61. അവർ പറഞ്ഞു: നിങ്ങൾ അവനെ ജനങ്ങളുടെ കൺമുമ്പിൽ കൊണ്ടുവരിക, അവർ സാക്ഷ്യം വഹിക്കുന്നതിന് വേണ്ടി.

അവരുടെ ഇലാഹുകളോട് ഈ വിധം കടുംകൈ കാണിച്ച ഇബ്റാഹീമിനെ ജനങ്ങൾ ഒന്ന് കാണുകയും സാക്ഷ്യം വഹിക്കുകയും ചെയ്യട്ടെ എന്നാണ് പറയുന്നത്.

62. അവർ ചോദിച്ചു: ഓ ഇബ്റാഹീമേ! നീയാണോ ഞങ്ങളുടെ ഇലാഹുകളോട് ഇങ്ങനെ പ്രവർത്തിച്ചത്?

63. അവൻ പറഞ്ഞു: അല്ല, ഇത് പ്രവർത്തിച്ചത് അവരിലെ ഈ വലിയവൻ തന്നെയാണ്, അപ്പോൾ നിങ്ങൾ അവരോട് ചോദിച്ചുനോക്കുക -അവർ പ്രതിഫലനശേഷിയുള്ളവരാണെങ്കിൽ.

വിഗ്രഹങ്ങൾ ജീവനില്ലാത്തവയായതുകൊണ്ടാണ് 'അവർ സംസാരിക്കുന്നവരാണെങ്കിൽ' എന്ന് പറയാതെ 'അവർ പ്രതിഫലനശേഷിയുള്ളവരാണെങ്കിൽ' എന്ന് പറഞ്ഞിട്ടുള്ളത്. 41: 20 പ്രകാരം വിധിദിവസം കാഫിറുകളുടെ കേൾവികളും കാഴ്ചകളും തൊ

ലികളും അവർ ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്നത് എന്തായിരുന്നുവെന്ന് അവർക്കെതിരെ സാക്ഷ്യം വഹിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. 41: 21 ൽ അപ്പോൾ അവർ തങ്ങളുടെ തൊലികളോട്: എന്താ നിങ്ങൾ നമുക്കെതിരായി സാക്ഷ്യം വഹിക്കുന്നത് എന്ന് ചോദിക്കുമ്പോൾ തൊലികൾ പറയും: എല്ലാ വസ്തുക്കൾക്കും പ്രതിഫലനശേഷി നൽകിയ അല്ലാഹു ഞങ്ങളെ ക്കൊണ്ട് പ്രതിഫലിപ്പിക്കുകയാണ്. അവനാണല്ലോ നിങ്ങളെ ആദ്യപ്രാവശ്യം ഇല്ലായ്മയിൽ നിന്ന് സൃഷ്ടിച്ചത്; അവനിലേക്ക് തന്നെയല്ലോ നിങ്ങൾ മടക്കപ്പെടുന്നതും എന്നും പറഞ്ഞിട്ടുണ്ട്.

64. അപ്പോൾ അവർ അവരുടെ ആത്മാവിലേക്ക് മടങ്ങി, അങ്ങനെ അവർ പറഞ്ഞു: നിശ്ചയം നിങ്ങൾ തന്നെയാണ് അക്രമികളായിട്ടുള്ളവർ.

അവർ അവരുടെ ആത്മാവിലേക്ക് മടങ്ങി എന്ന് പറഞ്ഞതിന്റെ വിവക്ഷ ആ ജനത ചിന്തയും ബോധവുമുള്ളവരായി മാറി എന്നാണ്. പ്രതിഫലനശേഷി പോലുമില്ലാത്ത വിഗ്രഹങ്ങളെ പൂജിക്കുന്ന മനുഷ്യർ തന്നെയാണ് അക്രമികളെന്ന് അവർക്ക് ബോധ്യമായി എന്ന് സാരം.

എന്നാൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന, അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും വിധേയരായ കപടവിശ്വാസികളുടെയും അനുയായികളുടെയും മേലിലാണ് അല്ലാഹുവിന്റെ കോപവും ശാപവും പതിച്ചിട്ടുള്ളത് എന്നും, അവർക്ക് നരകഗർത്തം ഒരുക്കിവെച്ചിട്ടുണ്ടെന്നും 4: 140; 9: 67–68; 48: 6 എന്നീ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരും *'ദിക്ർ'* എന്ന ഗ്രന്ഥം കേൾക്കാൻ തയ്യാറാകാത്തവരും അതിനെക്കുറിച്ച് ലോകരോട് പറയാൻ തയ്യാറാകാത്തവരുമായ അവരെ ഏറ്റവും ദുഷ്ടജീവികളെന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 1: 7; 2: 6–7, 62; 48: 6 വിശദീകരണം നോക്കുക.

65. പിന്നെ അവർ തലകുത്തി മറിഞ്ഞു: നിശ്ചയം നിനക്കറിയാമല്ലോ ഇക്കൂട്ടർ പ്രതിഫലിപ്പിക്കുന്നവരല്ലെന്ന്.

'തലകുത്തി മറിഞ്ഞു' എന്ന് പറഞ്ഞതിന്റെ വിവക്ഷ, 'അവർ ശാരീരികമായി തലകുത്തി മറിഞ്ഞു' എന്നല്ല; മറിച്ച് പെട്ടെന്ന് അവരുടെ നിലപാട് തലകുത്തി മറിഞ്ഞു എന്നാണ്. 'നിങ്ങൾ തന്നെയാണ് അക്രമികളായിട്ടുള്ളവർ' എന്ന് ആദ്യം മനസ്സാ സമ്മതിച്ചത് വേണ്ടിയില്ലായിരുന്നു എന്ന് തോന്നിയ അവർ മനസ്സാക്ഷിക്ക് വിരുദ്ധമായി 'വിഗ്രഹങ്ങൾ സംസാരിക്കുകയില്ല എന്ന് നിനക്കറിയില്ലേ' എന്ന് ഇബ്റാഹീമിനോട് ചോദിക്കുകയാണുണ്ടായത്.

66. അവൻ ചോദിച്ചു: അപ്പോൾ അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്കൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്തവയെയാണോ നിങ്ങൾ സേവിച്ചുകൊണ്ടിരിക്കുന്നത്?

67. നിങ്ങൾക്ക് നാശം, അല്ലാഹുവിനെക്കൂടാതെ നിങ്ങൾ സേവിച്ചുകൊണ്ടിരിക്കുന്നവക്കും, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നവരാകുന്നില്ലെയോ?

വേദഗ്രന്ഥത്തിന്റെ ആശയം ഉപയോഗപ്പെടുത്താത്തതുകൊണ്ടാണ് പിശാചിനെ സേവിക്കുന്ന വിധത്തിലുള്ള ആചാരാനുഷ്ഠാനങ്ങളും ജീവിതരീതിയുമെല്ലാം എക്കാലത്തും ജനങ്ങൾ പിൻപറ്റുന്നത്. ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്റിനെത്തൊട്ട് അവരവരേയും മറ്റുള്ളവരേയും തടയുന്ന ഫുജ്ജാറുകൾ തന്നെയാണ് ഇന്ന് ഏറ്റവും മോശപ്പെട്ട, നിന്ദ്യവും നികൃഷ്ടവുമായ ജീവിതരീതി പിൻതുടരുന്നത്. 2: 168–169 സൂക്തങ്ങളിൽ വി

വരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയ ഫുജ്ജാറുകളാണ് ഇന്ന് ലോകരിൽ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നതും അവന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നതും. അവർ സത്യത്തിലാണെന്നും ഇതര ജനവിഭാഗങ്ങളെല്ലാം വഴികേടിലാണെന്നും അർഹതയില്ലാതെ വാദിക്കുന്നവരുമാണ് അവർ. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. 9: 67-68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആത്മാവിനെ പരിഗണിക്കാത്ത കെട്ടജനതയായ ഇവർ വായിച്ച, കേട്ട, തൊട്ട ഗ്രന്ഥം ഇവർക്കെതിരെ സാക്ഷ്യം വഹിച്ച് വാദിച്ച് ഇക്കൂട്ടരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 15: 44; 19: 43-45; 20: 134; 21: 10; 25: 65-66 വിശദീകരണം നോക്കുക.

68. അവർ പറഞ്ഞു: നിങ്ങൾ അവനെ കരിച്ചുകളയുക, നിങ്ങളുടെ ഇലാഹുകളെ സഹായിക്കുകയും ചെയ്യുക -നിങ്ങൾ എന്തെങ്കിലും പ്രവർത്തിക്കുന്നവരാണെങ്കിൽ!

69. നാം കൽപിച്ചു, ഓ തീയേ, നീ ഇബ്റാഹീമിന്റെ മേൽ തണുപ്പുള്ളതും സമാധാനമുള്ളതുമായിത്തീരുക!

തീയിന് കരിക്കുക, പൊള്ളിക്കുക തുടങ്ങിയ സ്വഭാവങ്ങൾ നൽകിയ അല്ലാഹു 4: 125 ലൂടെ തന്റെ ആത്മമിത്രമെന്ന് വിശേഷിപ്പിച്ച ഇബ്റാഹീമിന്റെ കാര്യത്തിൽ തീയിന്റെ സ്വഭാവം മാറ്റിമറിക്കാൻ കൽപ്പന നൽകുകയാണുണ്ടായത്. അവൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അവൻ അതിനോട് പറയലാണ് 'ഉണ്ടാവുക' എന്ന് 36: 82 ൽ പറഞ്ഞത് അങ്ങനെ നാഥൻ നടപ്പിൽ വരുത്തിക്കാണിക്കുകയുണ്ടായി. 2: 258-260; 4: 158; 16: 40 വിശദീകരണം നോക്കുക.

70. അവർ അവനെ നശിപ്പിക്കാനുള്ള തന്ത്രം മെനഞ്ഞു, എന്നാൽ നാം അവരെയെല്ലാം നഷ്ടപ്പെട്ടവരാക്കി മാറ്റി.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ 3: 21-22 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്മാരുടെ പേരുവെച്ച് സത്യമായ അദ്ദിക്റിന് വിരുദ്ധമായ ജീവിതം നയിച്ച് ജനമധ്യത്തിൽ അവരെ കൊല്ലാതെ കൊല്ലുന്നവരാണ്. മിഥ്യാവാദികളായ ഇക്കൂട്ടർ 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. മസീഹുദ്ദജ്ജാലിനെ ആദ്യം നബിയായും പിന്നെ റബ്ബായിത്തന്നെയും അംഗീകരിക്കുന്ന ഇവർ, ഈസാ രണ്ടാമതുവന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നതും 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുന്നതുമാണ്. 13: 42; 14: 46-47 വിശദീകരണം നോക്കുക.

71. നാം അവനേയും ലൂത്വിനെയും സർവ്വലോകങ്ങൾക്കുമുള്ള അനുഗ്രഹങ്ങൾ നിറച്ചിട്ടുള്ള ഭൂപ്രദേശത്തേക്ക് രക്ഷപ്പെടുത്തുകയും ചെയ്തു.

സർവ്വലോകർക്കും അനുഗ്രഹങ്ങൾ നിറച്ച ഭൂപ്രദേശം എന്നത് കൊണ്ടുദ്ദേശിക്കുന്നത് ഫലസ്തീനാണ്. 7: 137; 17: 1 വിശദീകരണം നോക്കുക.

72. അവന് നാം ഇസ്ഹാഖിനെ പ്രദാനം ചെയ്തു -ഐച്ഛികമായി യഅ്ഖൂബിനേയും, എല്ലാവരേയും നാം സജ്ജനങ്ങളാക്കുകയും ചെയ്തു.

ഐച്ഛികമായി യഅ്ഖൂബിനേയും പ്രദാനം ചെയ്തു എന്ന് പറഞ്ഞതിന്റെ വിവക്ഷ,

ഇബ്റാഹീമിന് മകൻ ഇസ്ഹാഖിനെക്കുറിച്ച് സന്തോഷവാർത്ത അറിയിച്ചപ്പോൾ തന്നെ മകന്റെ മകൻ യഅ്ഖൂബിനെക്കുറിച്ചും സന്തോഷവാർത്ത അറിയിച്ചിരുന്നു എന്നാണ്. ഇതിൽ നിന്നും ഇബ്റാഹീമിന്റെ മൂത്തമകൻ ഇസ്മാഈലിനെ തന്നെയാണ് ബലിയർപ്പിക്കാൻ കൽപ്പിക്കപ്പെട്ടതെന്ന് വ്യക്തമാണ്. 1: 6; 11: 71 വിശദീകരണം നോക്കുക.

73. നാം അവരെ നമ്മുടെ കൽപനകൊണ്ട് സന്മാർഗ്ഗത്തിലേക്ക് നയിക്കുന്ന നേതാക്കളുമാക്കി, നല്ലകാര്യങ്ങൾ ചെയ്യണമെന്നും നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കണമെന്നും സക്കാത്ത് നൽകണമെന്നും നാം അവർക്ക് ദിവ്യസന്ദേശം നൽകുകയും ചെയ്തു, അവർ നമ്മെ സേവിക്കുന്നവരുമായിരുന്നു.

കൽപന എന്നത് അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. നല്ല കാര്യങ്ങൾ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള പ്രവർത്തനങ്ങളാണ്. അജയ്യമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അല്ലാഹുവിന്റെ സമ്മതപത്രമായ അത് ഉപയോഗപ്പെടുത്താതെ ഒരാളും വിശ്വാസിയാവുകയില്ല. വിശ്വാസിയാകാത്തവരുടെ നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ്, ഉംറ തുടങ്ങി ഒരു കർമ്മവും സ്വീകരിക്കുകയില്ല എന്ന് മാത്രമല്ല, അതുവഴി അവർ ഇവിടെ ലക്ഷ്യബോധമില്ലാതെ ജീവിച്ചതിന് പിഴയായി നരകക്കുണ്ഠമാണ് സമ്പാദിച്ചുകൊണ്ടിരിക്കുന്നത് എന്ന് 9: 53–55, 67–68; 25: 34, 65–66; 107: 4–5 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 9: 71–72; 19: 58 വിശദീകരണം നോക്കുക.

74. ലൂത്തിനും നാം തത്വജ്ഞാനവും അറിവും നൽകുകയുണ്ടായി, മ്ലേഛവൃത്തികൾ പ്രവർത്തിച്ച് കൊണ്ടിരുന്ന നാട്ടിൽ നിന്ന് അവനെ നാം രക്ഷപ്പെടുത്തുകയും ചെയ്തു, നിശ്ചയം അവർ ദുഷിച്ച തെമ്മാടികളായ ഒരു ജനത തന്നെയായിരുന്നു.

തത്വജ്ഞാനം, അറിവ് എന്നിവ അദ്ദിക്റിന്റ 40 പേരുകളിൽ പെട്ടവയാണ്. 15: 58 ൽ ലൂത്തിന്റെ ജനതയെ ഭ്രാന്തന്മാരായ ഒരു ജനത എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ലൂത്തിന്റെ ജനതയുടെ മ്ലേഛവൃത്തികളായ സ്വവർഗ്ഗസംഭോഗം, കവർച്ച, ഗുണ്ടായിസം, കൊള്ള മുതലായവ ഏറ്റവും കൂടുതലായി കണ്ടുവരുന്നത് ഇന്ന് ലോകരിൽ അദ്ദിക്റിനെ മൂടിവെക്കുന്ന തെമ്മാടികളും അക്രമികളും ഭ്രാന്തന്മാരുമായ ഫുജ്ജാറുകളിലാണ്. 9: 67– 68; 11: 77–83; 17: 13–14; 20: 124–127 വിശദീകരണം നോക്കുക.

75. നാം അവനെ നമ്മുടെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്, നിശ്ചയം അവൻ സജ്ജനങ്ങളിൽ പെട്ടവനായിരുന്നു.

'കാരുണ്യം' അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. ഗ്രന്ഥമിറക്കിയ അല്ലാഹു ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ജീവിക്കുന്നവരായ സജ്ജനങ്ങളെ അവന്റെ വീട്ടിലേക്ക് തെരഞ്ഞെടുക്കുമെന്ന് 7: 196 ൽ പറഞ്ഞിട്ടുണ്ട്. 4: 69–70; 10: 57–58; 11: 118 വിശദീകരണം നോക്കുക.

76. –നൂഹിനും; മുമ്പ് അവൻ നമ്മെ വിളിച്ച് കേണ സന്ദർഭം, അപ്പോൾ നാം അവന് മറുപടി നൽകി, നാം അവനെയും അവന്റെ കുടുംബത്തേയും ആ മഹാദുരിതത്തിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്തു.

ആദ്യപ്രവാചകനായ നൂഹ് തൊള്ളായിരത്തി അമ്പത് വർഷക്കാലം സ്വജനതയെ ഗ്രന്ഥത്തിലേക്കും നാഥനിലേക്കും വിളിച്ചെങ്കിലും അവർ വിശ്വസിക്കാൻ കൂട്ടാക്കാതെ പിന്തിരിഞ്ഞുകളയുകയാണ് ഉണ്ടായത്. അങ്ങനെ അവസാനം അല്ലാഹു നൂഹിനെയും കുടുംബത്തിൽ നിന്നുള്ള വിശ്വാസികളെയും വിശ്വാസികളായ എല്ലാ പുരുഷന്മാരെയും സ്ത്രീകളെയും ഒരു കപ്പലിൽ രക്ഷപ്പെടുത്തുകയും മറ്റുള്ളവരെ മുഴുവനും വെള്ളപ്പൊക്ക

ത്തിൽ മുക്കിക്കൊല്ലുകയുമാണുണ്ടായത്. 7: 59–64; 17: 3; 71: 28 വിശദീകരണം നോക്കുക.

77. നമ്മുടെ സൂക്തങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ടിരുന്ന ഒരു ജനതയിൽ നിന്ന് നാം അവനെ സഹായിക്കുകയും ചെയ്തു, നിശ്ചയം അവർ ഒരു ദുഷിച്ച ജനത തന്നെയായിരുന്നു, അപ്പോൾ നാം അവരെ മുഴുവനും മുക്കിക്കൊല്ലുകയും ചെയ്തു.

2: 39; 10: 103; 11: 62 വിശദീകരണം നോക്കുക.

78. –ദാവൂദിനും സുലൈമാനും; ആടുകൾ വിളയിൽ കടന്നുമേഞ്ഞ ഒരു ജനതയുടെ കൃഷിയിടത്തിന്റെ കാര്യത്തിൽ അവർ രണ്ടുപേരും വിധി കൽപ്പിച്ചിരുന്ന സന്ദർഭം, നാം അവരുടെ വിധിക്ക് സാക്ഷിയുമായിരുന്നു.

79. അപ്പോൾ സുലൈമാന് നാം അതിന്റെ ശരിയായ വിധി മനസ്സിലാക്കിക്കൊടുത്തു, തത്വജ്ഞാനവും അറിവും നാം ഇരുവർക്കും നൽകിയിട്ടുണ്ടായിരുന്നു, ദാവൂദിനോടൊപ്പം കീർത്തനം ചെയ്തുകൊണ്ടിരുന്ന പർവ്വതങ്ങളേയും പക്ഷികളേയും നാം വിധേയമാക്കിക്കൊടുക്കുകയും ചെയ്തു, എല്ലാം പ്രവർത്തിപ്പിച്ചു കൊണ്ടിരുന്നത് നാം തന്നെയായിരുന്നു.

ഒരു ജനതയുടെ കൃഷിയിടത്തിൽ മറ്റൊരു ജനതയുടെ ആടുകൾ കയറി മേയുകയുണ്ടായി. അപ്പോൾ അവർ വിധി തേടിക്കൊണ്ട് ദാവൂദിന്റെയും സുലൈമാന്റെയും അടുത്തുവന്നു. കൃഷി നശിപ്പിച്ച ആടുകളെ കൃഷിയുടെ ഉടമസ്ഥന് നൽകാനാണ് ദാവൂദ് വിധിച്ചത്. എന്നാൽ രണ്ടാമത് കൃഷിചെയ്ത് ശരിപ്പെടുത്തി കൊടുക്കുന്നതുവരെ ആടുകളെ കൃഷിസ്ഥലത്തിന്റെ ഉടമക്ക് നൽകാനാണ് സുലൈമാൻ വിധിച്ചത്. പ്രസ്തുത കാലയളവിൽ ആടുകളിൽ നിന്ന് ലഭിക്കുന്ന പാൽ, രോമം, കുട്ടികൾ തുടങ്ങിയവ കൃഷിയുടെ ഉടമക്ക് ഉപയോഗിക്കാമെന്നാണ് സുലൈമാൻ വിധിച്ചത്. ഇതിൽ നീതിയുക്തമായ തീരുമാനം സുലൈമാന്റേതായിരുന്നുവെന്നാണ് 'അപ്പോൾ സുലൈമാന് നാം അതിന്റെ ശരിയായ വിധി മനസ്സിലാക്കിക്കൊടുത്തു' എന്ന് സൂക്തത്തിൽ പറഞ്ഞതിന്റെ വിവക്ഷ. ദാവൂദിന്റെ മകനാണ് സുലൈമാൻ. ദാവൂദ് ഗ്രന്ഥം നൽകപ്പെട്ട പ്രവാചകനും മകനായ സുലൈമാൻ ആ ഗ്രന്ഥം പിൻപറ്റുന്ന നബിയുമായിരുന്നു. അവർ ഇരുവരും രാജാക്കന്മാരുമായിരുന്നു. എന്നാൽ അല്ലാഹു പ്രവാചകന്മാരിൽ ചിലർക്ക് ചിലരേക്കാൾ പദവികൾ നൽകിയിട്ടുണ്ടെന്ന് 2: 253 ൽ പറഞ്ഞിട്ടുണ്ട്. ആകാശഭൂമികളിലും അവക്കിടയിലും നടക്കുന്ന എല്ലാഓരോ സംഭവവും ത്രികാലജ്ഞാനിയായ അല്ലാഹു നേരത്തെ നിശ്ചയിച്ച് ഒരുഗ്രന്ഥത്തിൽ രേഖപ്പെടുത്തിയതനുസരിച്ചാണ് നടക്കുന്നത് എന്നാണ് 'എല്ലാം പ്രവർത്തിപ്പിച്ചുകൊണ്ടിരുന്നത് നാം തന്നെയായിരുന്നു' എന്ന് സൂക്തത്തിൽ പറഞ്ഞതിന്റെ വിവക്ഷ. 10: 61; 11: 5–6; 17: 17 വിശദീകരണം നോക്കുക.

80. യുദ്ധവേളകളിൽ നിങ്ങൾക്ക് സംരക്ഷണം നൽകുന്ന പടയങ്കികൾ നിർമ്മിക്കാൻ നാം അവനെ പഠിപ്പിക്കുകയും ചെയ്തു, അപ്പോൾ നിങ്ങൾ നന്ദിയുള്ളവരാകുമോ?

നിങ്ങൾക്ക് യുദ്ധവേളകളിലും സമാധാനവേളകളിലും ഉപയോഗപ്രദമായ വിഭവങ്ങളെല്ലാം ഒരുക്കിത്തന്ന സ്രഷ്ടാവിനെ ഏകനായി അംഗീകരിക്കുന്നുണ്ടോ എന്നാണ് 'നിങ്ങൾ നന്ദിയുള്ളവരാകുമോ?' എന്ന് ചോദിച്ചതിന്റെ വിവക്ഷ. 2: 152; 16: 80; 76: 3 വിശദീകരണം നോക്കുക.

81. –സുലൈമാന് ശക്തിയായ കാറ്റിനെയും; അവന്റെ കൽപന പ്രകാരം അത് നാം

അനുഗ്രഹങ്ങൾ നിറച്ചിട്ടുള്ള നാട്ടിലേക്ക് തുടരെ വീശിക്കൊണ്ടിരുന്നു, നിശ്ചയം എല്ലാഓരോ കാര്യത്തെക്കുറിച്ചും നാം അറിവുള്ളവൻ തന്നെയാകുന്നു.

അതായത് സുലൈമാന് കാറ്റിനെ ഏത് സമയത്ത്, ഏത് ദിശയിലേക്ക്, എത്ര വേഗതയിൽ വീശണമെന്ന് തീരുമാനിക്കാനും നിയന്ത്രിക്കാനുമുള്ള അധികാരം നൽകിയിരുന്നു എന്നാണ് 'ശക്തിയായ കാറ്റിനെ വിധേയമാക്കിക്കൊടുത്തു' എന്ന് പറഞ്ഞതിന്റെ വിവക്ഷ. യമൻ, റോം, യൂറോപ്യൻ രാജ്യങ്ങൾ തുടങ്ങിയ പലരാജ്യങ്ങളിലേക്കും പായ്ക്കപ്പൽ ഓടിക്കാനുള്ള ഗതാഗതസൗകര്യം അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്നു. സുലൈമാന് നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ 34: 12 ൽ ഇങ്ങനെ വിവരിച്ചിട്ടുണ്ട്. സുലൈമാന് നാം കാറ്റിനെ വിധേയമാക്കിക്കൊടുത്തു. അതിന്റെ പ്രഭാതത്തിലുള്ള വീശൽ ഒരു മാസത്തെ വഴിദൂരവും പ്രദോഷത്തിലുള്ള വീശൽ ഒരു മാസത്തെ വഴിദൂരവുമായിരുന്നു. അവന് നാം ചെമ്പിന്റെ അരുവി ഒഴുക്കിക്കൊടുക്കുകയും ചെയ്തു. തന്റെ നാഥന്റെ സമ്മതത്തോടുകൂടി അവന്റെ കീഴിൽ ജോലിചെയ്യുന്ന ജിന്നുകളുമുണ്ടായിരുന്നു. അവരിൽ ആരെങ്കിലും നമ്മുടെ കൽപന ലംഘിക്കുകയാണെങ്കിൽ കത്തിയാളുന്ന നരകശിക്ഷ നാം അവരെ രുചിപ്പിക്കുകയും ചെയ്യും. 38: 36 ൽ സുലൈമാന്റെ ആജ്ഞപ്രകാരം നിർദ്ദിഷ്ട വേഗതയിലും ദിശയിലും വീശാൻ നാം കാറ്റിനെ അവന് വിധേയമാക്കിക്കൊടുത്തു എന്ന് പറഞ്ഞിട്ടുണ്ട്. 27: 17, 40 വിശദീകരണം നോക്കുക.

82. പിശാചുക്കളിൽ അവനുവേണ്ടി മുങ്ങുന്നവരുണ്ടായിരുന്നു, അതല്ലാത്ത മറ്റുജോലികൾ ചെയ്യുന്നവരുമുണ്ടായിരുന്നു, അവരുടെയെല്ലാം സൂക്ഷിപ്പുകാരൻ നാം തന്നെയുമായിരുന്നു.

സമുദ്രത്തിൽ മുങ്ങി മുത്തുകളും ചിപ്പികളും എടുക്കുന്ന ജിന്നുപിശാചുക്കളെ സുലൈമാന് വിധേയമാക്കികൊടുത്തിരുന്നു. 34: 12–13; 38: 36–40 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഉന്നതസൗധങ്ങൾ, ശിൽപങ്ങൾ, മൈതാനം പോലെയുള്ള വലിയ താലങ്ങൾ, കലങ്ങൾ തുടങ്ങിയവയെല്ലാം നിർമ്മിച്ചുകൊടുത്തിരുന്നവരെയാണ് 'അതല്ലാത്ത മറ്റുജോലികൾ' ചെയ്യുന്നവരെന്ന് പറഞ്ഞത്.

83. അയ്യൂബിനും; അവൻ തന്റെ നാഥനെ വിളിച്ചുകേണ സന്ദർഭം: നിശ്ചയം എന്നെ ദുരിതം ബാധിച്ചിരിക്കുന്നു, നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും കരുണ ചെയ്യുന്നവനാകുന്നു!

പിശാചിന്റെ ബാധക്ക് വിധേയനായി സമ്പത്തും സന്താനങ്ങളുമെല്ലാം അകറ്റപ്പെട്ട് പതിനഞ്ച് വർഷക്കാലത്തോളം രോഗിയായി അലഞ്ഞ അയ്യൂബ് നബി അവസാനഘട്ടത്തിൽ നാഥനെ വിളിച്ച് കേഴുന്ന രംഗമാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ആദ്യഘട്ടത്തിലെ അവസ്ഥ 38: 41 ൽ വിവരിക്കുന്നത് ഇങ്ങനെയാണ്. 'നമ്മുടെ അടിമ അയ്യൂബിനെയും സ്മരിക്കുക. അവൻ നമ്മോട് കേണ സന്ദർഭം: നിശ്ചയം എനിക്ക് പിശാച് ദുരിതവും പീഡനവും ഏൽപ്പിച്ചിരിക്കുന്നു'. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫാജിറുകളും കാഫിറുകളുമായ ഫുജ്ജാറുകൾ 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്നവരാണ്. 36: 59–62 സൂക്തങ്ങൾ പ്രകാരം ഇന്നത്തെ ഫുജ്ജാറുകൾ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരാണെന്നും അവർ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നതെന്നും മനസ്സിലാക്കാം. 2: 102; 6: 112; 7: 28–30 വിശദീകരണം നോക്കുക.

84. അപ്പോൾ നാം അവന് മറുപടി നൽകി, അവനെ ബാധിച്ചിരുന്ന ദുരിതങ്ങളെല്ലാം നാം നീക്കിക്കളഞ്ഞു, അവന് നാം അവന്റെ കുടുംബത്തേയും അവരോടൊപ്പം അത്ര വേറെയും നമ്മിൽ നിന്നുള്ള കാരുണ്യമായിക്കൊണ്ട് നൽകുകയുണ്ടായി, നമ്മെ സേവിച്ചുകൊണ്ടിരിക്കുന്നവർക്ക് ഒരു അനുസ്മരണമായിക്കൊണ്ടും.

38: 43 ൽ അയ്യൂബിന് അവന്റെ കുടുംബത്തേയും അവരോടൊപ്പം അത്ര വേറെയും നമ്മിൽ നിന്നുള്ള കാരുണ്യമായിക്കൊണ്ടും ബുദ്ധിമാന്മാർക്ക് ഒരു അനുസ്മരണമായിക്കൊണ്ടും നൽകുകയുണ്ടായി എന്നാണ് പറഞ്ഞിട്ടുള്ളത്. അഥവാ ചിന്താശക്തി ഉപയോഗപ്പെടുത്തുന്ന ബുദ്ധിമാൻമാർ മാത്രമാണ് അല്ലാഹുവിനെ സേവിച്ചുകൊണ്ടിരിക്കുക. അവർ ഭൂമിയിൽ നിയോഗിക്കപ്പെട്ടിട്ടുള്ളത് പരീക്ഷണത്തിന് വിധേയമാകാനാണ് എന്ന ബോധ്യമുള്ളവരും എല്ലാം പതിയിരുന്ന് വീക്ഷിച്ചുകൊണ്ടിരിക്കുന്ന തങ്ങളുടെ നാഥൻ കാണുന്നുണ്ട് എന്ന ബോധത്തിൽ സർവ്വസ്വം അവനിൽ ഭരമേൽപ്പിച്ച് നിലകൊള്ളുന്നവരും വേവലാതിയും ആവലാതിയുമെല്ലാം അവനോട് മാത്രം ബോധിപ്പിക്കുന്നവരുമായിരിക്കും. അവർ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ ലോകർക്ക് എത്തിച്ച് കൊടുക്കുന്ന പ്രവർത്തങ്ങളിൽ മുഴുകുക വഴി അവനെ സേവിച്ചുകൊണ്ടിരിക്കുന്നവരുമായിരിക്കും. അഥവാ അവർ അദ്ദിക്റിനെ അവർക്ക് അനുകൂലമായി സാക്ഷിനിൽക്കുകയും വാദിക്കുകയും ചെയ്യുന്ന വിധത്തിൽ, രോഗശമനമായും കാരുണ്യമായും എല്ലാവിധ ആപത്ത്-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയായും ഉപയോഗപ്പെടുത്തുന്നവരും അങ്ങനെ ഉപയോഗപ്പെടുത്താൻ മറ്റുള്ളവരെ ഉപദേശിച്ചുകൊണ്ടിരിക്കുന്നവരുമായിരിക്കും. പരലോകത്തെ കണ്ടുകൊണ്ട് ജീവിക്കുന്ന അത്തരം ക്ഷമാലുക്കൾ മാത്രമാണ് യഥാർത്ഥത്തിൽ അല്ലാഹുവിനെക്കൊണ്ടും പ്രവാചകന്മാരെക്കൊണ്ടും വിശ്വസിച്ചിട്ടുള്ളവർ. 2: 4; 9: 51; 21: 19–20, 35 വിശദീകരണം നോക്കുക.

85. -ഇസ്മാഈലിനും ഇദ്രീസിനും ദുൽകിഫ്ലിക്കും; എല്ലാവരും ക്ഷമാലുക്കളിൽ പെട്ടവരായിരുന്നു.

'ദുൽകിഫ്ലി' എന്നാൽ കിഫ്ലിക്കാരൻ എന്നാണ്. അതിന് കപിലവസ്തുക്കാരൻ എന്നാണ് ആശയമെങ്കിൽ അത് ശ്രീബുദ്ധനെ സംബന്ധിച്ചായിരിക്കാം. അദ്ദേഹം ഒരു പ്രവാചകനായിരുന്നു എന്നർത്ഥം. 4: 158–159; 19: 57 വിശദീകരണം നോക്കുക.

86. അവരെയെല്ലാം നാം നമ്മുടെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുകയുമുണ്ടായി, നിശ്ചയം അവർ സജ്ജനങ്ങളിൽ പെട്ടവരായിരുന്നു.

വിശ്വാസികൾ സാഷ്ടാംഗപ്രണാമത്തിൽ 'അല്ലാഹുവേ! ഞങ്ങളെ നീ നിന്റെ കാരുണ്യമായ അദ്ദിക്ർ കൊണ്ട് നിന്റെ സജ്ജനങ്ങളായ അടിമകളിൽ പ്രവേശിപ്പിക്കേണമേ' എന്ന് പ്രാർത്ഥിക്കുന്നതാണ്. 7: 205–206 വിശദീകരണം നോക്കുക.

87. -മത്സ്യക്കാരനും; അവൻ ദേഷ്യം പിടിച്ചുപോയ സന്ദർഭം; നമുക്ക് അവന്റെമേൽ കഴിവില്ലെന്ന് അവൻ കരുതി, അങ്ങനെ അന്ധകാരങ്ങളിൽ പെട്ട് നമ്മോട് അവൻ കേണപേക്ഷിച്ചു, നിശ്ചയം നീയല്ലാതെ മറ്റൊരു ഇലാഹുമില്ല, നീ അതീവപരിശുദ്ധനാണ്, നിശ്ചയം ഞാൻ അക്രമികളിൽ പെട്ടുപോയിരിക്കുന്നു.

'മത്സ്യക്കാരൻ' എന്ന് സൂക്തത്തിൽ പറഞ്ഞത് യൂനുസ് നബിയെക്കുറിച്ചാണ്. 'നീ ഒരിക്കലും മത്സ്യക്കാരനെപ്പോലെ അക്ഷമനായി പെരുമാറരുത്' എന്ന് മുഹമ്മദ് നബിയോ

ട് 68: 48 ലൂടെ കൽപ്പിച്ചിട്ടുണ്ട്. 10: 98 വിശദീകരണം നോക്കുക.

88. അപ്പോൾ നാം അവന് മറുപടി നൽകി, അവനെ ആ വിമ്മിഷ്ടത്തിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്തു, അപ്രകാരമാണ് നാം വിശ്വാസികളെ രക്ഷപ്പെടുത്തുക.

പ്രവാചകന്മാരെ ഇത്തരം വിമ്മിഷ്ടത്തിൽ അകപ്പെടുത്തിയിട്ടുള്ളത് അവരുടെ ജീവിതം പിൻപറ്റുന്ന വിശ്വാസികൾക്ക് മാതൃകയായും അവർ പരീക്ഷണഘട്ടത്തിൽ പതറിപ്പോകാതിരിക്കുന്നതിന് വേണ്ടിയുമാണ്. എന്നാൽ അദ്ദിക്റിനെ മുറുകെപ്പിടിച്ചവർ ത്രികാലജ്ഞാനിയായ അല്ലാഹുവിനെ മുറുകെപ്പിടിച്ച് 'അല്ലാഹ്' എന്ന ബോധത്തിൽ നിലകൊള്ളുന്നവരായതിനാൽ അവർക്ക് യാതൊരു വിപത്തും ബുദ്ധിമുട്ടുകളും വരികയില്ല. അവർക്ക് പിശാചിന്റെ ദുർബോധനങ്ങൾ ഏൽക്കുകയുമില്ല. അവർ ഏതൊരു അവസ്ഥയിലും – നരകത്തിന്റെ അവസ്ഥയിലൊഴികെ– അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടിരിക്കുന്നവരും വാഴ്ത്തിക്കൊണ്ടിരിക്കുന്നവരുമാണ്. 9: 118; 10: 103; 12: 110; 30: 47 വിശദീകരണം നോക്കുക.

89. –സകരിയ്യാക്കും; അവൻ തന്റെ നാഥനോട് കേണപേക്ഷിച്ച സന്ദർഭം: എന്റെ നാഥാ, എന്നെ നീ ഏകനായി ഉപേക്ഷിക്കരുതേ! നീ തന്നെയല്ലോ അനന്തരാവകാശമെടുക്കുന്നവരിൽ ഏറ്റവും ഉത്തമൻ.

തന്റെ കാലശേഷം നാഥന്റെ സന്ദേശം ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് എനിക്ക് ഒരു അനന്തരാവകാശിയെ പ്രദാനം ചെയ്യണമെന്നാണ് സക്കരിയ്യാ കേണപേക്ഷിച്ചത്, അല്ലാതെ എന്റെ സമ്പത്ത് അനന്തരാവകാശമായെടുക്കുന്ന ഒരു സന്താനത്തെ എനിക്ക് നൽകണമെന്നല്ല. പ്രവാചകൻമാരുടെ സമ്പത്ത് മക്കൾക്ക് അനന്തരാവകാശമായി ലഭിക്കുകയില്ല, അതാണ് 'നീ തന്നെയല്ലോ അനന്തരാവകാശമെടുക്കുന്നവരിൽ ഏറ്റവും ഉത്തമൻ' എന്ന് പറഞ്ഞതിൽ നിന്നും മനസ്സിലാക്കേണ്ടത്. 15: 23; 19: 3–6, 80, 95; 48: 15 വിശദീകരണം നോക്കുക.

90. അപ്പോൾ നാം അവന് മറുപടി നൽകി, അവന് നാം യഹ്യായെ പ്രദാനം ചെയ്യുകയുമുണ്ടായി, അതിനുവേണ്ടി അവന്റെ ഇണയെ യോഗ്യയാക്കി ശരിപ്പെടുത്തുകയും ചെയ്തു, നിശ്ചയം അവരെല്ലാം തന്നെ നന്മയിലേക്ക് ചേക്കേറുന്നവരും പ്രത്യാശയോടും ഉൾഭയത്തോടും കൂടി നമ്മോട് പ്രാർത്ഥിക്കുന്നവരും അവരെല്ലാം നമ്മോട് ഭയഭക്തിയുള്ളവരുമായിരുന്നു.

പ്രവാചകന്മാരെല്ലാംതന്നെ നാഥന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിന് പ്രാധാന്യം കൊടുക്കുന്നവരായിരുന്നു എന്നാണ് 'നന്മയിലേക്ക് ചേക്കേറുന്നവരായിരുന്നു' എന്ന് പറഞ്ഞതിന്റെ പൊരുൾ. എന്നാൽ ഇന്ന് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അജയ്യഗ്രന്ഥമായ അദ്ദിക്റിനെ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ അല്ലാഹുവിനെ സഹായിക്കുകയാണെങ്കിൽ വിശ്വാസികൾക്ക് പ്രവാചകന്മാരെക്കാളും വേഗത്തിൽ വിചാരണയില്ലാതെത്തന്നെ സ്വർഗ്ഗത്തിൽ പോകുന്നവരായി മാറാവുന്നതാണ്. പ്രവാചകന്മാരെല്ലാം വിചാരണക്ക് ശേഷമാണ് സ്വർഗ്ഗത്തിൽ പോവുക. അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും വിശ്വാസിയാകാനുള്ള ഉപകരണമായ അത് ലോകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നവരാണ് കരയിലെ ഏറ്റവും ഉത്തമജീവികളെന്നും അവർക്ക് താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗപ്പൂന്തോപ്പുകൾ പ്രതിഫലമായിട്ടുണ്ടെന്നും അവർ അതിൽ എന്നെന്നും ശാശ്വതരായിരി

ക്കുമെന്നും അല്ലാഹു അവരെത്തൊട്ടും അവനെത്തൊട്ട് അവരും തൃപ്തിപ്പെട്ടിരിക്കുന്നു എന്നും അതാണ് തന്റെ നാഥനെ ഭയപ്പെടുന്നവനുള്ളത് എന്നും 98: 7-8 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെ ഭയപ്പെടുന്നവരെയാണ് അദ്ദിക്ർ കൊണ്ട് ഉണർത്താൻ കഴിയുക എന്ന് 87: 10 ലും പറഞ്ഞിട്ടുണ്ട്. 2: 40; 7: 205-206; 9: 100; 17: 56-57 വിശദീകരണം നോക്കുക.

91.-തന്റെ ചാരിത്ര്യം ഭദ്രമായി സൂക്ഷിച്ച ആ സ്ത്രീക്കും; അപ്പോൾ നാം അവളിൽ നമ്മിൽ നിന്നുള്ള റൂഹിൽ നിന്ന് ഊതി, നാം അവളെയും അവളുടെ മകനെയും സർവ്വലോകർക്കുമുള്ള ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു.

വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും മാതൃകയായി മർയമിനെ അവതരിപ്പിച്ചുകൊണ്ട് 66: 12 ൽ അല്ലാഹു പറയുന്നു: ഇംറാന്റെ പുത്രി മർയമും; അവൾ അവളുടെ ഗുഹ്യസ്ഥാനം ഭദ്രമായി സൂക്ഷിച്ചു, അപ്പോൾ അതിൽ നാം നമ്മുടെ റൂഹിൽ നിന്ന് ഊതുകയുണ്ടായി, അവൾ തന്റെ നാഥന്റെ വചനങ്ങളെയും ഗ്രന്ഥങ്ങളേയും സത്യപ്പെടുത്തുകയുമുണ്ടായി, അവൾ വണക്കമുള്ളവരിൽ പെട്ടവളുമായിരുന്നു. 4: 171-172; 19: 17-21; 43: 59-61 വിശദീകരണം നോക്കുക.

92. നിശ്ചയം ഇത്, നിങ്ങളുടെ ഈ സമുദായം ഒറ്റ സമുദായമാകുന്നു, ഞാൻ നിങ്ങളുടെ നാഥനും, അപ്പോൾ നിങ്ങൾ എന്നെ മാത്രം സേവിക്കുന്നവരാവുക.

'ഓ പ്രവാചകന്മാരേ, നിങ്ങൾ പരിശുദ്ധമായ ഭക്ഷണം കഴിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുക; നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം നിശ്ചയം ഞാൻ അറിയുന്നവൻ തന്നെയാണ്. നിശ്ചയം നിങ്ങളുടെ ഈ സമുദായം ഒരൊറ്റ സമുദായമാകുന്നു, ഞാൻ നിങ്ങളുടെ ഉടമയും; അപ്പോൾ നിങ്ങൾ എന്നെ സൂക്ഷിക്കുവീൻ' എന്ന് 23: 51-52 സൂക്തങ്ങളിൽ പ്രവാചകന്മാരെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞിട്ടുണ്ട്. 2: 62; 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന 1000ത്തിൽ ഒന്നായ വിശ്വാസി മാത്രമേ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് മനുഷ്യരുടെ ഐക്യം നിലനിർത്താൻ ശ്രമിക്കുകയുള്ളൂ. അറബി ഖുർആൻ വായിക്കുന്ന 1000ത്തിൽ 999 ഫുജ്ജാറുകളും അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും വിവിധ സംഘടനകളായി ഭിന്നിച്ചിരിക്കുകയാണ്. 2: 168-169; 7: 40 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായ അവർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും അവന്റെ കാൽപ്പാടുകൾ പിൻപറ്റിക്കാണ്ടിരിക്കുന്നവരുമാണ്. 2: 172, 213; 4: 118; 21: 24-25 വിശദീകരണം നോക്കുക.

93. എന്നാൽ അവർ അവരോടുള്ള കൽപനകളെല്ലാം തുണ്ടം തുണ്ടമായി മുറിച്ചുകളഞ്ഞു, അവർ എല്ലാഓരോരുത്തരും നമ്മിലേക്ക് മടക്കപ്പെടുന്നവരുമാണ്.

ഒരു സമുദായം, ഒരു ജീവിത സരണി, ഒരു നാഥൻ എന്ന സന്ദേശമാണ് അദ്ദിക്ർ സമർപ്പിക്കുന്നത്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ സന്മാർഗവും യഥാർത്ഥ ജ്ഞാനവുമായി ഉപയോഗപ്പെടുത്താത്തതിനാൽ 30: 30-32 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിവിധ സംഘടനകളായി ഭിന്നിച്ചുകൊണ്ട് ഓരോ സംഘടനയും അവരുടെ പക്കലുള്ളതിൽ നിഗളിക്കുന്നവരാണ്. 3: 103; 9: 28; 15: 90-91 വിശദീകരണം നോക്കുക.

94. അപ്പോൾ ആരാണോ സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നത് -അവൻ വിശ്വാസിയുമാണ്, അപ്പോൾ അവന്റെ പ്രയത്നത്തോട് നിഷേധനയം കാണിക്കപ്പെടുക

യില്ല, നിശ്ചയം നാം അത് അവനുവേണ്ടി എഴുതിവെക്കുകതന്നെ ചെയ്യും.

മനുഷ്യന് അവൻ ഉദ്ദേശിച്ച് പ്രവർത്തിച്ചതല്ലാതെ ഇല്ല, അവന്റെ പ്രയത്നങ്ങൾ അവന് കാണിക്കപ്പെടുകതന്നെ ചെയ്യും. പിന്നെ അവന്റെ പ്രതിഫലം അവന് പൂർണമായി നൽകപ്പെടുകയും ചെയ്യുന്നതാണ്. നിശ്ചയം നിന്റെ നാഥനിലേക്ക് തന്നെയാണ് എല്ലാ കാര്യങ്ങളും അവസാനിക്കുന്നതും എന്ന് 53: 39–42 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 136; 17: 13–15; 16: 97 വിശദീകരണം നോക്കുക.

95. നിശ്ചയം അവർ മടങ്ങിവരാതിരിക്കുക എന്നത് നാം നശിപ്പിച്ച ഒരു നാടിന്റെ മേൽ നിഷിദ്ധവുമാണ്.

അല്ലാഹു നശിപ്പിക്കുന്ന ഏതൊരു നാട്ടുകാരും അവസാനനേരത്ത് ഖേദിച്ച് മടങ്ങികുറ്റം സമ്മതിക്കുമെന്നാണ് സൂക്തത്തിന്റെ ഒരാശയം. നശിപ്പിക്കപ്പെട്ട നാട്ടിലെ നിവാസികളെ വിധിദിവസം പുനരുജ്ജീവിപ്പിച്ച് ഒരുമിച്ചുകൂട്ടാതിരിക്കുക എന്നത് നിഷിദ്ധമാണ് എന്നാണ് സൂക്തത്തിന്റെ മറ്റൊരു ആശയം. അവർക്ക് മുമ്പ് എത്രയെത്ര നാട്ടുകാരെയാണ് നാം നശിപ്പിച്ചിട്ടുള്ളത്, നിശ്ചയം അവർ ഇവരിലേക്ക് തിരിച്ചുവരുന്നില്ല എന്നത് അവർ കാണുന്നില്ലേ, അവരെല്ലാവരും തന്നെ അവസാനം നമ്മുടെ അടുക്കൽ ഹാജരാക്കപ്പെടുന്നതുമാണ് എന്ന് 36: 31–32 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 21: 14–16, 35 വിശദീകരണം നോക്കുക.

96. യഅ്ജൂജ്-മഅ്ജൂജുകൾ തുറന്ന് വിടപ്പെടുന്നതുവരെ -അവർ എല്ലാ മലമ്പ്രദേശങ്ങളിൽ നിന്നും ഇറങ്ങിവരുന്നതുമാണ്.

യഅ്ജൂജ്-മഅ്ജൂജുകളുടെ ആഗമനം അന്ത്യമണിക്കൂറിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നാണ്. അതുവരെ നശിപ്പിക്കപ്പെട്ട നാട്ടുകാർ തിരിച്ചുവരാതിരിക്കുകയില്ല എന്നാണ് സൂക്തത്തിൽ പറയുന്നത്. അഥവാ യഅ്ജൂജ്-മഅ്ജൂജുകൾ തുറന്ന് വിടപ്പെടുന്നത് വരെ നശിപ്പിക്കപ്പെട്ട നാട്ടുകാർക്ക് തിരിച്ചുവരാൻ അവസരമുണ്ട് എന്ന് ആശയം. വിധിദിവസത്തിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്ന് വന്നുകഴിഞ്ഞാൽ പിന്നെ വിശ്വാസം സ്വീകരിക്കൽ കൊണ്ട് ഒരു ആത്മാവിനും പ്രയോജനം ലഭിക്കുകയില്ല എന്ന് 6: 158 ലും പറഞ്ഞിട്ടുണ്ട്. 4: 17–18; 18: 94 വിശദീകരണം നോക്കുക.

97. യഥാർത്ഥത്തിലുള്ള വാഗ്ദത്തസമയം അടുക്കുകയുമായി, അപ്പോഴതാ കാഫിറുകളുടെ ദൃഷ്ടികൾ ഇമ വെട്ടാതെ തുറിച്ചുപോകുന്നു, അവർ കേഴുകയും ചെയ്യും: ഞങ്ങളുടെ നാശം! നിശ്ചയം ഞങ്ങൾ ഇതിനെത്തൊട്ട് അശ്രദ്ധരായിരുന്നുവല്ലോ, അല്ല; ഞങ്ങൾ അക്രമികൾ തന്നെയായിരുന്നു.

യഥാർത്ഥത്തിലുള്ള വാഗ്ദത്തസമയം കൊണ്ടുദ്ദേശിക്കുന്നത് അന്ത്യമണിക്കൂറാണ്. അതിനോടനുബന്ധിച്ചാണ് നാശം വിതക്കുന്ന *യഅ്ജൂജ്-മഅ്ജൂജുകൾ* വരിക, അന്ന് അദ്ദിക്ർ മൂടിവെച്ച കാഫിറുകൾ ഞങ്ങൾ അക്രമികളായിരുന്നുവെന്ന് സമ്മതിക്കുന്നതാണ് എന്നാണ് പറയുന്നത്. അഥവാ, അദ്ദിക്ർ മൂടിവെച്ചതാണ് *യഅ്ജൂജ്-മഅ്ജൂജുകൾ* വരാനും അന്ത്യമണിക്കൂർ സംഭവിക്കാനും കാരണമായതെന്ന് അവർ സമ്മതിക്കുന്നതാണ് എന്നർത്ഥം. 2: 254; 9: 84–85, 125; 18: 100–101 വിശദീകരണം നോക്കുക.

98. നിശ്ചയം നിങ്ങളും അല്ലാഹുവിനെക്കൂടാതെ നിങ്ങൾ സേവിച്ചുകൊണ്ടിരിക്കുന്നവരും നരകക്കുണ്ഠത്തിൽ പതിക്കേണ്ടവർ തന്നെയാകുന്നു, നിങ്ങൾ അതിലേക്ക് നയിക്കപ്പെടേണ്ടവരുമാകുന്നു.

'നിങ്ങളും അല്ലാഹുവിനെക്കൂടാതെ നിങ്ങൾ സേവിച്ചു കൊണ്ടിരിക്കുന്നവരും' എന്ന് പറഞ്ഞതിലെ 'നിങ്ങൾ' അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്ന കാഫിറുകളും അക്രമികളുമായ ഫുജ്ജാറുകളാണ്. പ്രപഞ്ചനാഥനായ അല്ലാഹു മാത്രമാണ് മനുഷ്യരുടെ ഇലാഹും ഉടമയും രാജാവും. അവനെക്കൂടാതെ നിങ്ങൾക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരുമില്ലതന്നെ, അപ്പോൾ നിങ്ങൾ ഈ അല്ലാഹുവിനെക്കുറിച്ച് മനുഷ്യരെ ഹൃദയത്തിന്റെ ഭാഷയിൽ ഓർമിപ്പിക്കുന്നില്ലെയോ എന്ന് 32: 4 ൽ ചോദിച്ചിട്ടുണ്ട്. നിശ്ചയം ത്രികാലജ്ഞാനിയിൽ നിന്നുള്ള ത്രികാലജ്ഞാനവും വേദഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവുമായ അദ്ദിക്ർ സത്യത്തോടുകൂടിയാണ് അവതരിപ്പിച്ചിട്ടുള്ളത്, അപ്പോൾ നീ ജീവിതം മുഴുവനും നാഥന് സമർപ്പിച്ചുകൊണ്ട് അവനെ സേവിക്കുക; അറിഞ്ഞിരിക്കുക, ജീവിതം മുഴുവൻ പ്രത്യേകമായി അല്ലാഹുവിന് വേണ്ടിയുള്ളതാണ്, അവനെക്കൂടാതെ ആരാണോ മറ്റുസംരക്ഷകരെ തെരഞ്ഞെടുക്കുന്നത്, അവർ പറയുന്നത് 'ഞങ്ങൾ അവരെ സേവിക്കുന്നില്ല, അവർ ഞങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്നതിന് വേണ്ടിയല്ലാതെ' എന്ന് 39: 2-3 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

അവർ അല്ലാഹുവിനെക്കൂടാതെ അവരെ സഹായിക്കുമെന്ന് കരുതി വിളിച്ചു പ്രാർത്ഥിച്ചിരുന്ന മഹാത്മാക്കളോട് എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന വിധിദിവസം നാഥൻ, 'നിങ്ങളാണോ എന്റെ ഈ അടിമകളെ വഴിപിഴപ്പിച്ചത്, അതോ അവർ സ്വയം വഴിപിഴച്ചതാണോ?' എന്ന് ചോദിക്കുമ്പോൾ അവർ മറുപടി പറയും: നീ എത്ര പരിശുദ്ധൻ! ഞങ്ങൾക്ക് നിന്നെക്കൂടാതെ മറ്റുസംരക്ഷകരിൽനിന്ന് ആരെയും തെരഞ്ഞെടുക്കൽ യോജിക്കുന്നതായിരുന്നില്ല, എന്നാൽ നീ അവർക്കും അവരുടെ പിതാക്കന്മാർക്കും ജീവിതവിഭവങ്ങൾ നൽകി, അവർ അദ്ദിക്റിനെ വിസ്മരിച്ച് ഒരു കെട്ടജനതയായിത്തീരുന്നതുവരെ എന്ന് 25: 17-18 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളാണ് ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിനെ നിഷേധമായി മാറ്റിമറിച്ച് തങ്ങളുടെ ജനതക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം അനുവദനീയമാക്കിക്കൊടുക്കുന്നത് എന്ന് 14: 28-29 സൂക്തങ്ങളിലും; അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന കപടവിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും അവരുടെ അനുയായികളുടെയുംമേലാണ് അല്ലാഹുവിന്റെ കോപവും ശാപവും വർഷിച്ചിട്ടുള്ളത് എന്നും അവർക്കാണ് നരകക്കുണ്ഠം ഒരുക്കിവെച്ചിട്ടുള്ളത് എന്നും 48: 6 ലും; തെമ്മാടികളായ കപടവിശ്വാസികളും അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെക്കുന്ന കുഫ്ഫാറുകളുമാണ് നരകാഗ്നിയിലേക്കുള്ള വിറകുകൾ എന്ന് 9: 67-68 സൂക്തങ്ങളിലും; നരകക്കുണ്ഠാഗ്നിയിലേക്കുള്ള ഇക്കൂട്ടർ കരയിലെ ഏറ്റവും ദുഷിച്ച ജീവികളാണെന്ന് 98: 6 ലും പറഞ്ഞത് പ്രവാചകന്റെ ജനതയിൽ പെട്ട ഫാജിറുകളും കാഫിറുകളുമായ ഫുജ്ജാറുകളാണ് വായിക്കുന്നത്. കപടവിശ്വാസികളായ നേതാക്കളും അവരുടെ അനുയായികളും നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും ശപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. അവർ കണ്ട, വായിച്ച, കേട്ട, തൊട്ട ഗ്രന്ഥം അവർക്കെതിരെ സാക്ഷ്യം വഹിച്ച് അവരെ നരകക്കുണ്ഠാരത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് 10: 100 ൽ പറഞ്ഞിട്ടുണ്ട്. വിശ്വാ

സിയാകാതെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ കർമങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല എന്ന്മാത്രമല്ല, അവർ ലക്ഷ്യബോധമില്ലാതെ പ്രജ്ഞയറ്റവരായി ഇവിടെ ജീവിച്ച തിന് പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക എന്ന് 7: 179 ലും 25: 65–66 ലും പറഞ്ഞിട്ടുണ്ട്. 4: 118 ൽ വിവരിച്ച പ്രകാരം സ്വർഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ വിശ്വാസി 1: 4 ഒറ്റക്കാണ് വായിക്കുന്നതെങ്കിലും '**ഞങ്ങൾ** നിന്നെ മാത്രം സേവിക്കുന്നു; അതിന് **ഞങ്ങൾ** നിന്നോട് മാത്രം സഹായം തേടുകയും ചെയ്യുന്നു' എന്നാണ് മനസ്സിൽ കരുതുക. അതായത് വിശ്വാസി ആദം മുതൽ അന്ത്യനാൾ വരെയുള്ള വിശ്വാസിയായ അല്ലാഹുവിന്റെ ഏകസംഘത്തിൽ പെട്ടവനാണ്. അത്തരം വിശ്വാസികൾ മാത്രമാണ് വിജയം വരിക്കുക എന്ന് 58: 22 ൽ പറഞ്ഞിട്ടുണ്ട്. 30: 30–32 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന ഫുജ്ജാറുകൾ കാഫിറായ പിശാചിന്റെ സംഘത്തിൽ പെട്ടവരാണെന്ന് 58: 19 ലും; അക്കൂട്ടരാണ് സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന യഥാർത്ഥ കാഫിറുകളെന്ന് 4: 150–151 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 1: 1; 4: 140; 16: 20–21 വിശദീകരണം നോക്കുക.

99. അക്കൂട്ടർ യഥാർത്ഥ ഇലാഹുകളായിരുന്നുവെങ്കിൽ ആ നരകത്തിലേക്ക് അവർ നയിക്കപ്പെടുമായിരുന്നില്ല, എല്ലാ ഓരോരുത്തരും ശാശ്വതമായിത്തന്നെ അതിലായിരിക്കുകയും ചെയ്യും.

100. അവർ അതിൽ ചീറ്റിക്കൊണ്ടിരിക്കും, അവർക്ക് അതിൽ ഒന്നും കേൾക്കാൻ സാധിക്കുകയുമില്ല.

അല്ലാഹുവിനെക്കൂടാതെ ആരെ വിളിച്ച് പ്രാർത്ഥിച്ചാലും അവർ പിശാചിനെയല്ലാതെ വിളിച്ച് പ്രാർത്ഥിക്കുന്നില്ല എന്ന് 4: 117 ൽ പറഞ്ഞിട്ടുണ്ട്. അത്തരക്കാരെല്ലാം പിശാചിന്റെ വീടായ നരകക്കുണ്ഠത്തിൽ ഒരുമിച്ചുകൂട്ടപ്പെടുന്നതുമാണ്. അവർ ആ നരകക്കുണ്ഠത്തിൽ ചീറ്റിക്കൊണ്ടും നെടുവീർപ്പിട്ടുകൊണ്ടുമിരിക്കും. നരകക്കുണ്ഠത്തിലെ ബഹളം കാരണം പരസ്പരം പറയുന്നത് കേൾക്കുകയുമില്ല എന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. 11: 59, 106; 32: 12, 22 വിശദീകരണം നോക്കുക.

101. നിശ്ചയം നമ്മിൽ നിന്നുള്ള ഏറ്റവും നല്ലതിലേക്ക് മുൻകടന്നവരാരോ, അക്കൂട്ടർ അതിനെത്തൊട്ട് അകറ്റപ്പെടുന്നവരാകുന്നു.

ഏറ്റവും നല്ലത് -ഹുസ്നാ- എന്നത് അദ്ദിക്റിന്റെ നാൽപത് പേരുകളിൽ ഒന്നാണ്. 92: 6–7 സൂക്തങ്ങളിൽ, ഏറ്റവും നല്ലതിനെ സത്യപ്പെടുത്തുന്നവർക്ക് എല്ലാകാര്യങ്ങളും എളുപ്പമാക്കി ക്കൊടുക്കുമെന്നും; 92: 9–10 സൂക്തങ്ങളിൽ, ഏറ്റവും നല്ലതിനെ തള്ളിപ്പറയുന്നവർക്ക് എല്ലാകാര്യങ്ങളും ബുദ്ധി മുട്ടാക്കിക്കൊടുക്കുമെന്നും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ എല്ലാവിധ ആപത്ത്- വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമായി ഉപയോഗപ്പെടുത്തി സ്വർഗത്തിലേക്ക് മുൻകടക്കുന്നവരെ നരകം കാണിക്കുകയില്ല തന്നെ. എന്നാൽ വിചാരണക്ക് ശേഷം സ്വർഗത്തിലേക്ക് നയിക്കപ്പെടുന്നവരെ നരകക്കുണ്ഠത്തിന് ചുറ്റും കൊണ്ടുവന്ന് അത് കാണിച്ചുകൊടുത്തതിന് ശേഷം മാത്രമാണ് സ്വർഗ്ഗത്തിലേക്ക് അയക്കുക. 10: 26; 19: 68–72; 35: 32 വിശദീകരണം നോക്കുക.

102. അവർ അതിന്റെ നേരിയ ശബ്ദം പോലും കേൾക്കുകയില്ല; അവർ അവരുടെ ആത്മാവ് ആഗ്രഹിക്കും വിധമുള്ള ശാശ്വതമായ ജീവിതം അനുഭവിക്കുന്നവരു

മായിരിക്കും.

സ്വർഗ്ഗവാസികൾ അവിടെ അവരുടെ മനസ്സുകൾ ആഗ്രഹിക്കുന്ന ജീവിതം നയിക്കുന്നവരും നരകക്കുണ്ഠത്തിന്റെ നേരിയ ശബ്ദംപോലും കേൾക്കാത്തവണ്ണം അതിൽ നിന്ന് അകറ്റപ്പെട്ടവരുമായിരിക്കും എന്നാണ് സൂക്തത്തിൽ പറയുന്നത്. 41: 30-32 സൂക്തങ്ങളിൽ, നിശ്ചയം ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്ന് പ്രഖ്യാപിക്കുകയും പിന്നെ ആ പ്രഖ്യാപനത്തിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നവരുണ്ടല്ലോ, അവരുടെമേൽ മലക്കുകൾ ഇറങ്ങുകയും നിങ്ങൾ ഭയപ്പെടരുത്; നിങ്ങൾ ദുഃഖിക്കരുത്; നിങ്ങളോട് വാഗ്ദത്തം ചെയ്തിട്ടുള്ള സ്വർഗംകൊണ്ട് സന്തോഷഭരിതരായിക്കൊള്ളുക; ഞങ്ങളാണ് നിങ്ങളുടെ ഇഹത്തിലേയും പരത്തിലേയും കൂട്ടുകാർ, നിങ്ങൾക്ക് ആ സ്വർഗ്ഗത്തിൽ മനസ്സ് ആഗ്രഹിക്കുന്നതും നിങ്ങൾ തേടുന്നതുമായ എല്ലാമുണ്ട് -എല്ലാം പൊറുക്കുന്ന കാരുണ്യവാനായവനിൽ നിന്നുള്ള വിരുന്നായിക്കൊണ്ട് എന്ന് മലക്കുകൾ പറയുമെന്ന് പറഞ്ഞിട്ടുണ്ട്. സത്യമായ അദ്ദിക്ർ കൊണ്ട് 43: 36-39 സൂക്തങ്ങളിൽ പറഞ്ഞ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവൻ മാത്രമേ വിശ്വാസിയാവുകയുള്ളൂ. അവൻ അദ്ദിക്റിനെ സ്വർഗത്തിലേക്ക് തന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റായും എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായും ഉപയോഗപ്പെടുത്തുന്നതാണ്. 3: 2; 16: 89; 33: 35 വിശദീകരണം നോക്കുക.

103.ഏറ്റവും വലിയ ആ സംഭ്രമം അവരെ ദുഃഖിപ്പിക്കുകയില്ല, നിങ്ങളോട് വാഗ്ദത്തം ചെയ്തുകൊണ്ടിരുന്ന ആ ദിവസമാണിത് എന്ന് പറഞ്ഞുകൊണ്ട് മലക്കുകൾ അവരെ സ്വാഗതം ചെയ്യുന്നതുമാണ്.

തങ്ങളുടെ നാഥനെ ഹൃദയത്തിൽ സൂക്ഷിച്ച് ജീവിച്ച സൂക്ഷ്മാലുക്കൾ കൂട്ടം കൂട്ടമായി സ്വർഗത്തിലേക്ക് നയിക്കപ്പെടുകയും, അവർ സ്വർഗത്തിന്റെ അടുത്തെത്തുകയും അതിന്റെ വാതിലുകൾ തുറക്കപ്പെടുകയും ചെയ്താൽ അതിന്റെ പാറാവുകാരായ മലക്കുകൾ വന്ന്: നിങ്ങൾക്ക് നല്ലത്! നിങ്ങളുടെമേൽ സമാധാനം! നിങ്ങൾ ശാശ്വതരായി ഇതിൽ പ്രവേശിച്ചുകൊള്ളുക എന്ന് പറയുമെന്ന് 39: 73 ൽ പറഞ്ഞിട്ടുണ്ട്. 56: 10-26 സൂക്തങ്ങളിൽ സ്വർഗത്തിലേക്ക് മുൻകടക്കുന്നവരെക്കുറിച്ച് (വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്നവർ) വിവരിച്ചിട്ടുണ്ട്. അവർ സ്വർഗത്തിൽ സർവശക്തനായ നാഥന്റെ ചുറ്റും സത്യമായ ഇരിപ്പിടത്തിൽ ഇരിപ്പുറപ്പിക്കുമെന്ന് 54: 54-55 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ആദം മുതൽ അന്ത്യനാൾ വരെയുള്ള മൊത്തം മനുഷ്യരിൽ നിന്ന് എഴുപതിനായിരം പേരാണ് ഈ വിഭാഗത്തിൽ പെടുക എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അവരിൽ അധികവും ആദ്യകാലക്കാരിൽ നിന്നുള്ളവരും കുറച്ചുപേർ അവസാന കാലക്കാരിൽ നിന്നുള്ളവരുമാണ്. വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്നവരിൽ അന്ത്യപ്രവാചകനായ മുഹമ്മദിന്റെ ജനതയിൽ നിന്ന് രണ്ടുപേർ മാത്രമാണുള്ളത്. ഒന്ന് പ്രവാചകന്റെ കാലത്ത് തന്നെയുള്ള പ്രവാചകന്റെ അനുയായികളിൽ പെട്ട 'ഉക്കാശ'യും മറ്റൊന്ന് നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ രചയിതാവായ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയുമാണ്. ഈ വിഭാഗത്തിൽ നിന്നുള്ള ബാക്കിയുള്ള അവസാനകാലക്കാർ ലൈംഗികബന്ധത്തിൽ ഏർപ്പെടാത്തവരും ആത്മാവുകൊണ്ട് ആത്മാവിന്റെ ഉടമയായ നാഥനെ സ്മരിച്ചുകൊണ്ട് നിലകൊള്ളുന്നവരുമായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ പ്രവാചകന്റെ സമുദായത്തിൽ നിന്നുള്ളവരാ

ണ്. 9: 71–72; 25: 24; 49: 10 വിശദീകരണം നോക്കുക.

104. അന്ന് പുസ്തകങ്ങളുടെ പേജുകൾ ചുരുട്ടുന്നതുപോലെ നാം ആകാശത്തെ ചുരുട്ടുന്നതുമാണ്, നാം ആദ്യപ്രാവശ്യം സൃഷ്ടിപ്പ് ആരംഭിച്ചതുപോലെ നാം അതിനെ മടക്കുന്നതുമാണ്, അത് നമ്മുടെമേൽ ബാധ്യതയിൽ വരുന്ന വാഗ്ദത്തമാകുന്നു, നിശ്ചയം നാം തന്നെ എല്ലാം പ്രവർത്തിക്കുന്നവനായിരിക്കുന്നു.

21: 30 ൽ പറഞ്ഞതുപോലെ ഒട്ടിപ്പിടിച്ച് നിന്നിരുന്ന ആകാശങ്ങളെയും ഭൂമിയെയും വേർപ്പെടുത്തി ഇന്ന് കാണുന്ന വിധത്തിൽ സംവിധാനിച്ച ഏകാധിപനായ അല്ലാഹു അതിനെ അതിന്റെ പൂർവ്വാവസ്ഥയിലേക്ക് തന്നെ മടക്കുമെന്നതാണ് വാഗ്ദാനം. 14: 48; 86: 11–12 വിശദീകരണം നോക്കുക.

105. നിശ്ചയം അനുസ്മരണത്തിന് ശേഷം സബൂറിൽ നാം എഴുതിവെച്ചിട്ടുണ്ട്, നിശ്ചയം ഭൂമി അനന്തരമെടുക്കുക എന്റെ സജ്ജനങ്ങളായ അടിമകളാണെന്ന്.

21: 2, 24 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാരിൽ പെട്ട പ്രവാചകൻ ദാവൂദിന് നൽകപ്പെട്ട 'സങ്കീർത്തനം' അദ്ദിക്റിന്റെ ഒരുപതിപ്പ് തന്നെയാണ്. 10: 73 ൽ വിവരിച്ച പ്രകാരം ഒരുപ്രവാചകന്റെ ജനത മുഴുവൻ അദ്ദിക്റിനെ മൂടിവെച്ച് അക്രമികളും തെമ്മാടികളും ഭ്രാന്തന്മാരുമാകുമ്പോഴാണ് പ്രവാചകന്മാരെയും കൂടെയുള്ള വിശ്വാസികളെയും രക്ഷപ്പെടുത്തുകയും അക്രമികളെ നശിപ്പിക്കുകയും ചെയ്തിട്ടുള്ളത്. അന്ത്യപ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം ഗ്രന്ഥം വഹിക്കുന്ന ജനത 3 വിഭാഗങ്ങളായി മാറുകയുണ്ടായി. (1) ഫാജിർ (2) കാഫിർ (3) വിശ്വാസി. ഈ മൂന്ന് വിഭാഗങ്ങളിൽ വിശ്വാസി മാത്രമാണ് അദ്ദിക്റിനെ സത്യപ്പെടുത്തി 313 പ്രവാചകന്മാരെയും പിൻപറ്റുന്നത്. 1000 ത്തിൽ 999 ൽ പെട്ട അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളുമായ ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് 29 കള്ളവാദികളും കപട വിശ്വാസികളും രചിച്ച *ഫുജ്ജാർ കിതാബു*കളാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നത്. ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ ഇക്കൂട്ടർ വധിക്കപ്പെടുകയും 4: 91; 5: 33; 9: 5, 123; 33: 60–61 എന്നീ സൂക്തങ്ങളുടെ കൽപന നടപ്പിലാകുന്നതുമാണ്. ശേഷം 4: 159 ൽ വിവരിച്ച പ്രകാരം ഈസായുടെ ഭരണത്തിൻ കീഴിൽ ഭൂമിയിൽ 7 വർഷം സ്വർഗീയജീവിതം നടപ്പിലാകുന്നതാണ്. 4: 163–165; 6: 89–90; 10: 49; 16: 43–44 വിശദീകരണം നോക്കുക.

106. നിശ്ചയം അതിൽ നമ്മെ സേവിച്ചുകൊണ്ടിരിക്കുന്ന ജനതക്ക് ഒരു വെളിപ്പെടുത്തലുണ്ട്.

വെളിപ്പെടുത്തൽ, അനുസ്മരണം എന്നതുകൊണ്ടെല്ലാം ഉദ്ദേശിക്കുന്നത് ഗുണപാഠം എന്നാണ്. അഥവാ അദ്ദിക്റിനെ ഇവിടെ ഉപയോഗപ്പെടുത്തി ജീവിക്കുന്ന സജ്ജനങ്ങൾക്ക് തന്നെയാണ് ഇഹത്തിലും പരത്തിലും വിജയം ലഭിക്കുക എന്നാണ് ഗുണപാഠം. 11: 114–115; 16: 97; 21: 84 വിശദീകരണം നോക്കുക.

107. നിന്നെ നാം സർവ്വലോകങ്ങൾക്കും കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടുമില്ല.

6: 90 ൽ പറഞ്ഞതുപോലെ സർവലോകരെയും ഉണർത്താനുള്ള കാരുണ്യമായ അദ്ദിക്റും കൊണ്ട് അയക്കപ്പെട്ടതിനാലാണ് പ്രവാചകൻ സർവലോകർക്കും കാരുണ്യമായത്. പ്രവാചകന്റെ ജനത അദ്ദിക്റിനെ മൂടിവെക്കുകയാണെങ്കിൽ അതിനെ മൂടിവെക്കാത്ത പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെ അത് ഏൽപിക്കുമെന്ന്

6: 89ൽ ത്രികാലജ്ഞാനി രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന 25: 18 ൽ പറഞ്ഞ കെട്ടജനത, കാരുണ്യമായ അദ്ദിക്ർ കേൾക്കാനോ ലോകരോട് അതിനെക്കുറിച്ച് പറയാനോ തയ്യാറല്ലാത്തതിനാൽ അവരാണ് മനുഷ്യരിൽ നിന്ന് പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് തങ്ങളുടെ മുഖങ്ങളിന്മേൽ വലിച്ചിഴക്കപ്പെടാനുള്ളവർ. ഇന്ന് 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെയും അന്ത്യദിനത്തെയും ആനയിച്ചുകൊണ്ടിരിക്കുന്ന അവർ മസീഹുദ്ദജ്ജാൽ വരുമ്പോൾ അവനെ ആദ്യം നബിയായും പിന്നെ നാഥനായിത്തന്നെയും അംഗീകരിക്കുന്നതാണ്. ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടിയാണ്, സ്വന്തം ജനതയുടെ ജീവിതം കൊണ്ട് കളവാക്കപ്പെട്ട പ്രവാചകൻ മുഹമ്മദ് സർവ്വലോകങ്ങൾക്കും കാരുണ്യമാണെന്ന് ഇനി ലോകത്ത് വെളിവാക്കപ്പെടുക. അപ്പോൾ മാത്രമാണ് ഫുജ്ജാറുകൾക്ക് 38: 8 ൽ പറഞ്ഞ പ്രകാരം അറബി ഖുർആൻ അല്ല, അദ്ദിക്ർ അഥവാ *ദിക്രീ* ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥമെന്ന് ബോധ്യം വരിക.

അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഇന്ന് അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് 313 പ്രവാചകന്മാരെയും പിൻപറ്റാതെ അന്ത്യപ്രവാചകന്റെ ജന്മദിനമാണെന്ന് പറഞ്ഞ് ചരമദിനം കൊണ്ടാടുന്നവരാണ്. പ്രവാചകൻ മുഹമ്മദ് ജനിച്ചത് **സി. ഇ.** 570 ലും മരണപ്പെട്ടത് **സി. ഇ.** 632 ലുമാണ്. ജനനവും മരണവും ഹിജ്റ കലണ്ടറിലെ മൂന്നാമത്തെ മാസമായ റബീഉൽ അവ്വൽ 12 നാണ്. എന്നാൽ 40-ാം വയസ്സിലാണ് പ്രവാചകത്വം ലഭിക്കുന്നത്. ജനിക്കുമ്പോൾ പ്രവാചകനായിരുന്നില്ലെങ്കിൽ മരണപ്പെടുമ്പോൾ പ്രവാചകനായിരുന്നു. പ്രവാചകന്മാരുടെ ജന്മദിനവും ചരമദിനവും ആചരിക്കാൻ ഒരു പ്രവാചകനും പഠിപ്പിച്ചിട്ടില്ല, അത് പ്രവാചകന്മാർക്ക് ശേഷം വഴിപിഴച്ചുപോയ മുൻവേദക്കാരുടെ ചര്യാചാണിനുചാണായി പിൻപറ്റലും ഇസ്ലാമിലില്ലാത്തതുമാണ്. 3: 21-22; 7: 157-158; 13: 11; 25: 29-30 വിശദീകരണം നോക്കുക.

108.നീ പറയുക: നിശ്ചയം കാര്യം, നിങ്ങളുടെ ഇലാഹ് ഏക ഇലാഹാണെന്ന് നിശ്ചയം എന്നിലേക്ക് ദിവ്യസന്ദേശം ലഭിച്ചിട്ടുണ്ട്; അപ്പോൾ നിങ്ങൾ അവന് സർവ സ്വം സമർപ്പിച്ച് ജീവിക്കാൻ തയ്യാറാണോ?

മൊത്തം ലോകർക്ക് വിളിച്ചുപ്രാർത്ഥിക്കാനും സഹായംതേടാനും ഭരമേൽപ്പിക്കാനും ഭയപ്പെടാനും അർഹനായിട്ടുള്ളവൻ ഏകഇലാഹ് ആണെന്ന് പരിചയപ്പെടുത്താനും, അവന്റെ മുമ്പിലാണ് പതിനഞ്ച് വയസ്സിന് ശേഷം മരണം വരെയുള്ള ഇഹലോകജീവിതത്തെക്കുറിച്ച് ഒറ്റയ്ക്കൊറ്റയ്ക്കായി ഉത്തരം പറയേണ്ടിവരിക എന്ന് പഠിപ്പിക്കാനും, അപ്പോൾ നിങ്ങളേയും, നിങ്ങളുടെ വീട്, കുടുംബം, സമ്പത്ത്, നാട്, സ്ഥാനമാനങ്ങൾ തുടങ്ങി ജനനം മുതൽ മരണം വരെയുള്ള എല്ലാകാര്യങ്ങളേയും ആ ഇലാഹിന് സമർപ്പിച്ച് ജീവിക്കാൻ തയ്യാറാണോ എന്ന് ചോദിക്കാനുമാണ് സൂക്തം കൽപിക്കുന്നത്. ഞങ്ങൾ സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്നവരാണെന്ന് (മുസ്ലിംകളാണെന്ന്) മിഥ്യയായി വാദിച്ചുനടക്കുന്ന ഫുജ്ജാറുകളാണ് ഇന്ന് ഇത്തരം സൂക്തങ്ങൾ അറബി ഖുർആനിൽ വായിക്കുന്നത്. എന്നാൽ 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഭ്രാന്തന്മാരായ അവർ, അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് 7: 37 പ്രകാരം മരണസമയത്തും 6: 130 പ്രകാരം വിധിദിവസവും സാക്ഷ്യം വഹിക്കുന്നതാണ്. 3: 101-102; 16: 89 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികൾ മാത്രമാണ് സർവസ്വം നാഥന് സമർപ്പിച്ചവ

രായി മരണപ്പെടുക. 2: 165–167; 20: 134–135; 21: 24–25, 93 വിശദീകരണം നോക്കുക.

109. ഇനി അവർ പിന്തിരിഞ്ഞ് പോവുകയാണെങ്കിൽ അപ്പോൾ നീ പറയുക: ഞാൻ നിങ്ങളെ എല്ലാകാര്യങ്ങളും ശരിയാംവണ്ണം അറിയിച്ചുകഴിഞ്ഞിരിക്കുന്നു, നിങ്ങളോട് വാഗ്ദത്തം ചെയ്യുന്നതെന്തോ അത് അടുത്തുണ്ടാകുമോ അതോ ദൂരെയാണോ എന്ന് എനിക്ക് അറിയുകയുമില്ല.

'നിങ്ങളോട് വാഗ്ദത്തം ചെയ്യുന്നത്' എന്നതുകൊണ്ടുദ്ദേശിക്കുന്നത് വ്യക്തികളെ സംബന്ധിച്ച് മരണവും മൊത്തം മനുഷ്യരെ സംബന്ധിച്ച് വിധിദിവസവുമാണ്. 5: 67; 13: 40 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെയും വിശ്വാസിയുടെയും ബാധ്യത മൊത്തം ലോകർക്കുള്ള നാഥന്റെ സന്ദേശമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കലാണ്. വിചാരണ നാഥന്റെ ബാധ്യതയാണ്. ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തുന്ന ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 7: 187–188; 9: 129; 18: 110; 21: 35–38 വിശദീകരണം നോക്കുക.

110. നിശ്ചയം അവൻ വാക്കുകളിൽ നിന്ന് ഉച്ചത്തിലുള്ളത് അറിയുന്നവനാണ്, നിങ്ങൾ മൂടിവെച്ചുകൊണ്ടിരിക്കുന്ന ഒന്നും അവൻ അറിയുന്നവനാകുന്നു.

2: 255; 20: 109–110; 21: 28–29; 67: 12–14 വിശദീകരണം നോക്കുക.

111. എനിക്ക് അറിഞ്ഞുകൂടാ ഇത് -ഭൗതികജീവിതം- നിങ്ങൾക്കുള്ള ഒരു പരീക്ഷണവും നിശ്ചിത അവധിവരെയുള്ള വിഭവങ്ങളുമായേക്കുമോ എന്ന്.

പ്രവാചകന്റെ കാലത്ത് ഈ സൂക്തം അവതരിപ്പിക്കപ്പെടുമ്പോൾ ഗ്രന്ഥം ക്രോഡീകരിക്കപ്പെട്ടിരുന്നില്ല. ഇന്ന് 25: 33 ൽ പറഞ്ഞ പ്രകാരം നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ, എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അത് 16: 89 ൽ പറഞ്ഞ പ്രകാരം സർവസ്വം നാഥന് സമർപ്പിച്ച യഥാർത്ഥ മുസ്ലിംകൾക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ്. 5: 48; 20: 15; 21: 7, 35 വിശദീകരണം നോക്കുക.

112. അവൻ പറഞ്ഞു: എന്റെ നാഥാ നീ സത്യം കൊണ്ട് വിധികൽപ്പിക്കുന്നു, നിങ്ങൾ ജൽപ്പിച്ച് കൊണ്ടിരിക്കുന്നതിനെത്തൊട്ടെല്ലാം ഞങ്ങൾ നിഷ്പക്ഷവാനായ ഞങ്ങളുടെ നാഥനോടാണ് സഹായം തേടുന്നതും.

സത്യം എന്നത് അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. 16: 64 ൽ ജനങ്ങൾ ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ ഇവിടെവെച്ച് വിധികൽപ്പിക്കാൻ വേണ്ടിയല്ലാതെ നിന്റെമേൽ നാം ഗ്രന്ഥം അവതരിപ്പിച്ചിട്ടില്ല എന്നും; 34: 26; 39: 69, 75 തുടങ്ങിയ സൂക്തങ്ങളിൽ വിധിദിവസം സത്യമായ അദ്ദിക്ർ കൊണ്ടാണ് വിധികൽപ്പിക്കുക എന്നും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് ഇവിടെവെച്ച് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധികൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 119; 7: 8–9; 10: 108–109; 17: 13–14 വിശദീകരണം നോക്കുക.

22. അൽ ഹജ്ജ്

സൂക്തം ഇരുപത്തിയേഴിൽ 'മനുഷ്യരെ ഹജ്ജിനുവേണ്ടി വിളിക്കുക' എന്ന് പറഞ്ഞതിൽ നിന്നാണ് ഈ സൂറത്തിന് 'ഹജ്ജ്' എന്ന പേര് വന്നിട്ടുള്ളത്. അവതരണം മദീനയിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഈ സൂറത്തിൽ മക്കയിൽ അവതരിച്ച ധാരാളം സൂക്തങ്ങളും അടങ്ങിയിട്ടുണ്ട്. ഗ്രന്ഥത്തിൽ രണ്ട് തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം വരുന്ന ഏക സൂറത്താണ് ഇത്.

അദ്ദിക്ർ അറിയാതെ അല്ലാഹുവിനെക്കുറിച്ച് സംസാരിക്കുന്നവരേയും ഗ്രന്ഥത്തിൽ നിന്നുള്ള ചില സൂക്തങ്ങളുടെ കൽപനകൾ മാത്രം പിൻപറ്റിക്കൊണ്ട് നമസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങിയവ ചര്യാപരമായി കൊണ്ടുനടക്കുന്നവരേയും ഒരു ചാരത്തുനിന്നുകൊണ്ട് ആരാധിക്കുന്നവരാണെന്ന് വിമർശിക്കുകയും അതുവഴി അവർ നരകമാണ് സമ്പാദിക്കുന്നതെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. അല്ലാഹുവിനെക്കൂടാതെ ഉപകാരമോ ഉപദ്രവമോ ചെയ്യാത്തവരെ വിളിച്ച് പ്രാർത്ഥിക്കുന്നവർ ഏറ്റവും ദുഷിച്ച യജമാനനും കൂട്ടുകാരനുമായ പിശാചിനെയാണ് വിളിക്കുന്നതെന്നും അവർ വ്യക്തമായ വഴികേടിലാണെന്നും അത്തരം കാഫിറുകൾ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം ചെയ്യാത്തവരാണെന്നും പറഞ്ഞിട്ടുണ്ട്. അവർക്കുവേണ്ടി നരകത്തീയാലുള്ള വസ്ത്രം മുറിക്കപ്പെടുമെന്നും ചുട്ടുപൊള്ളുന്ന വെള്ളം അവരുടെ തലക്കുമേൽ ഒഴിക്കപ്പെടുമെന്നും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെത്തൊട്ടും ഭൂമിയിലെ ആദ്യത്തെ ആരാധനാലയമായ മസ്ജിദുൽ ഹറമിനെത്തൊട്ടും മനുഷ്യരെ തടയുന്നവരെ വേദനാജനകമായ ശിക്ഷ രുചിപ്പിക്കുകതന്നെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ എവിടെയും പിടിവള്ളിയില്ലാതെ ആകാശത്തുനിന്ന് വീണവനെപ്പോലെയാണെന്നും പറഞ്ഞിട്ടുണ്ട്.

ബലിമൃഗങ്ങളുടെ മാംസവും രക്തവും നാഥനിലേക്ക് എത്തുന്നില്ല, മറിച്ച് ഹൃദയത്തിലുള്ള ഭയഭക്തിയാണ് അവനിലേക്ക് എത്തുക എന്ന് പറഞ്ഞതിലൂടെ അല്ലാഹു വേഷ-ഭൂഷാദികളിലേക്കല്ല, മറിച്ച് ഹൃദയങ്ങളിലേക്കാണ് നോക്കുന്നത് എന്ന് പഠിപ്പിക്കുന്നു. അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്കും മനസാ-വാചാ-കർമ്മണാ അല്ലാഹുവിന് സമർപ്പിച്ചവർക്കും സന്തോഷവാർത്ത അറിയിക്കുന്നു. പ്രവാചകന്മാരെ തള്ളിപ്പറഞ്ഞിട്ടുള്ള എക്കാലത്തുമുള്ള കാഫിറുകൾക്ക് ദൃഷ്ടികൾക്കല്ല അന്ധത, നെഞ്ചുകൾക്കകത്തുള്ള ഹൃദയങ്ങൾക്കാണ് അന്ധത എന്ന് പറഞ്ഞുകൊണ്ട് പ്രവാചകനേയും വിശ്വാസികളേയും സമാധാനിപ്പിക്കുന്നു. ഗ്രന്ഥത്തിലെ സൂക്തങ്ങളെ പരാജയപ്പെടുത്താൻ ഓടിനടക്കുന്നവരാണ് നരകത്തിന്റെ വിറകുകളെന്ന് പഠിപ്പിക്കുന്നു. പ്രവാചകന്മാർ എന്തെങ്കിലും പറയാൻ ഉദ്ദേശിക്കുമ്പോൾ പിശാച് അതിൽ ഇടപെടുമെന്നും എന്നാൽ പിശാച് ഇട്ടുകൊടുത്തത് അല്ലാഹു മായ്ച്ചുകളഞ്ഞ് തന്റെ സൂക്തങ്ങളെ തത്വാധിഷ്ഠിതമാക്കുമെന്നും പിശാച് ഇട്ടുകൊടുക്കുന്നത് കപടവിശ്വാസികൾക്കും മനസ്സിൽ രോഗമുള്ള സംശയാലുക്കൾക്കും ഒരു പരീക്ഷണമാകുന്നതിന് വേണ്ടിയാണ് അങ്ങനെ സംഭവിപ്പിക്കുന്നതെന്നും പഠിപ്പിക്കുന്നു. എന്നാൽ

സത്യമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയായവരെ നാഥൻ സന്മാർഗത്തിലേക്ക് നയിക്കുമെന്നും പറഞ്ഞിട്ടുണ്ട്.

അദ്ദിക്ർ വിശദീകരിക്കുന്ന വിശ്വാസികളോട് കാഫിറുകൾക്ക് തീരാത്ത പക ഉണ്ടായിരിക്കുമെന്ന് ത്രികാലജ്ഞാനിയായ നാഥൻ ഗ്രന്ഥത്തിൽ നേരത്തെതന്നെ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആ ബോധത്തിൽ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് വേണ്ടി ത്യാഗപരിശ്രമങ്ങൾ ചെയ്യുന്നതിനും പ്രവാചകന്റെ ജീവിതം ജനങ്ങൾക്ക് സാക്ഷ്യപ്പെടുത്തുന്നതിനും വിശ്വാസികളെ തെരഞ്ഞെടുത്തിരിക്കുകയാണ്. അപ്പോൾ സഹായിയും യജമാനനുമായ നാഥനെ മുറുകെപ്പിടിച്ചുകൊണ്ട് വിശ്വാസികൾ മുന്നോട്ട് ഗമിക്കണമെന്ന് പറഞ്ഞുകൊണ്ട് 78 സൂക്തങ്ങളടങ്ങിയ സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. ഓ മനുഷ്യരേ! നിങ്ങൾ നിങ്ങളുടെ ഉടമയായ നാഥനെ സൂക്ഷിക്കുവീൻ, നിശ്ചയം ആ അന്ത്യമണിക്കൂറിന്റെ വിറയൽ ഒരുവമ്പിച്ച സംഭവം തന്നെയാണ്.

അദ്ദിക്ർ കൊണ്ട് അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിച്ച് ജീവിക്കാനാണ് മൊത്തം മനുഷ്യരെ വിളിച്ച് പ്രപഞ്ചനാഥൻ ആവശ്യപ്പെടുന്നത്. എന്നാൽ മനുഷ്യരെ സ്രഷ്ടാവിന്റെ ഈ വിളി കേൾപ്പിക്കേണ്ടത് ഇത്തരം സൂക്തങ്ങൾ വായിക്കുന്നവരുടെ ബാധ്യതയാണ്. അത് ചെയ്യാത്തവർ തന്നെയാണ് കാഫിറുകൾ. അതുകൊണ്ട് നാഥന്റെ പ്രതിനിധികളായി ജീവിക്കുന്ന വിശ്വാസികൾ നാഥന്റെ സന്ദേശമായ അദ്ദിക്ർ മൊത്തം മനുഷ്യർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നാഥന്റെ വിളി അവരെ കേൾപ്പിക്കുന്നതാണ്. 99: 1–3 സൂക്തങ്ങളിൽ, ഭൂമി അതിന്റെ പ്രകമ്പനത്തോടുകൂടി വിറപ്പിക്കപ്പെടുമ്പോൾ; ഭൂമി അതിന്റെ ഭാരങ്ങൾ പുറം തള്ളുകയും ചെയ്യുമ്പോൾ; അവൾക്ക് എന്തുപറ്റി എന്ന് മനുഷ്യൻ ചോദിക്കുകയും ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. ലോകത്തിന്റെ അവസാനമായ അന്ത്യമണിക്കൂറിന്റെ പ്രകമ്പനം കാഫിറുകൾക്ക് സഹിക്കാൻ കഴിയാത്തത് തന്നെയായിരിക്കുമെന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. 4: 1; 8: 22; 21: 97, 101–103 വിശദീകരണം നോക്കുക.

2. നിങ്ങൾ അത് കാണുന്ന ദിനം! എല്ലാഓരോ മുലകൊടുക്കുന്ന സ്ത്രീയും അവളുടെ കുട്ടികളെ വിട്ട് ഒഴിവാക്കുന്നതാണ്; എല്ലാഓരോ ഗർഭിണിയും അവളുടെ ഗർഭം വിസർജ്ജിച്ച് പോകുന്നതുമാണ്, ജനങ്ങളെ ലഹരി ബാധിച്ചവരായി നിനക്ക് കാണാം, അവരോ ലഹരിവസ്തുക്കൾ ഉപയോഗിച്ചിട്ടുമില്ല, എന്നാൽ അല്ലാഹുവിന്റെ ശിക്ഷ അതികഠിനവുമാണ്.

അന്ത്യനാളിന്റെ ഭയാനകതയാണ് സൂക്തത്തിൽ വരച്ചുകാണിക്കുന്നത്. അതിന്റെ പ്രകമ്പനത്താൽ മുലയൂട്ടുന്ന മാതാക്കളെല്ലാം അവരുടെ കുട്ടികളെ ഒഴിവാക്കുന്നതും ഗർഭിണികൾ സമയമാകുന്നതിന് മുമ്പുതന്നെ അതിന്റെ ഭയാനകതയാൽ പ്രസവിച്ചുപോകുന്നതുമാണ്. ലഹരിവസ്തുക്കളൊന്നും ഉപയോഗിക്കാതെത്തന്നെ ജനങ്ങളെ മത്ത് പിടിച്ചവരായി കാണുന്നതുമാണ്. 3: 101–102; 5: 48; 8: 59; 14: 42 വിശദീകരണം നോക്കുക.

3. യാതൊരു ജ്ഞാനവുമില്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിക്കുന്നവർ ജനങ്ങളിലുണ്ട്, അവർ സംശയമുണ്ടാക്കുന്ന എല്ലാഓരോ പിശാചുക്കളേയും പിൻപറ്റുന്നവരുമാണ്.

ജ്ഞാനം എന്നത് അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. അല്ലാഹുവിന്റെ കാര്യത്തിൽ

സംസാരിക്കണമെങ്കിൽ അദ്ദിക്ർ അറിയണം, അല്ലാതെ അല്ലാഹുവിനെക്കുറിച്ച് സംസാരിക്കുന്നവർ കാഫിറുകളും അക്രമികളുമാണെന്ന് യഥാക്രമം 29: 47, 49 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 'സംശയമുണ്ടാക്കുന്ന എല്ലാഓരോ പിശാചിനെയും പിൻപറ്റുന്നവർ' എന്ന് പറഞ്ഞതിന്റെ വിവക്ഷ അദ്ദിക്ർ ഇല്ലാതെ അല്ലാഹുവിനെക്കുറിച്ച് വാദിക്കുകയും തർക്കിക്കുകയും ചെയ്യുന്നവർ എന്നാണ്. യഥാർത്ഥത്തിൽ അവരുടെ ജിന്നുകൂട്ടുകാരനായ പിശാചിനെ അഥവാ മനുഷ്യപ്പിശാചുക്കളായ അവരുടെ നേതാക്കളെയാണ് അവർ പിൻപറ്റിക്കൊണ്ടിരിക്കുന്നത്. 1: 7; 18: 54; 40: 4 വിശദീകരണം നോക്കുക.

4. നിശ്ചയം അവനെ ആരാണോ സംരക്ഷകനായി തെരഞ്ഞെടുക്കുന്നത്, അപ്പോൾ നിശ്ചയം അവനെ അവൻ വഴിപിഴപ്പിക്കുമെന്നും കത്തിയാളുന്ന നരകശിക്ഷയിലേക്ക് അവനെ മാർഗ്ഗദർശനം ചെയ്യുമെന്നും അവന്റെമേൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്.

പ്രകാശമായ അദ്ദിക്ർ കൊണ്ട് 43: 36-39 സൂക്തങ്ങളിൽ പറഞ്ഞ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റി പ്രകാശമായ നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുമ്പോൾ മാത്രമാണ് ഒരാൾ വിശ്വാസിയാകുന്നത്. ഗ്രന്ഥം കിട്ടിയവരിൽ ആയിരത്തിൽ 999 പേരെയും പിശാച് പാട്ടിലാക്കുമെന്ന് 4: 118 ൽ വിവരിച്ചിട്ടുണ്ട്. അല്ലാഹുവിൽ നിന്ന് ഭൂമിയിലേക്ക് നീട്ടിയിട്ടിരിക്കുന്ന 2: 256 ൽ പറഞ്ഞ പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി അല്ലാഹുവിനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ ജീവിക്കുന്നവർ മാത്രമാണ് പിശാചിന്റെ കെണിയിൽ പെടാതിരിക്കുക. 2:168-169; 10: 99-100; 16: 99-100 വിശദീകരണം നോക്കുക.

5. ഓ മനുഷ്യരേ! നിങ്ങൾ പുനഃരെഴുന്നേൽപ്പിന്റെ കാര്യത്തിൽ സംശയമുള്ളവരാണെങ്കിൽ, അപ്പോൾ നിശ്ചയം നിങ്ങളെ നാം സൃഷ്ടിച്ചിട്ടുള്ളത് മണ്ണിൽ നിന്നാണ്, പിന്നെ മിശ്രിതമായ ബീജത്തിൽ നിന്ന്, പിന്നെ രക്തപിണ്ഡത്തിൽ നിന്ന്, പിന്നെ രൂപപ്പെട്ടതും രൂപപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും, നാം നിങ്ങൾക്ക് കാര്യങ്ങൾ വിവരിച്ച് തരികയാകുന്നു. നാം ഉദ്ദേശിക്കുന്നവരെ ഗർഭപാത്രങ്ങളിൽ ഒരു നിശ്ചിത അവധിവരെ താമസിപ്പിക്കുന്നു; പിന്നെ നാം നിങ്ങളെ ശിശുക്കളായി പുറത്തുകൊണ്ടു വരുന്നു, പിന്നെ നിങ്ങൾ ക്രമേണ പ്രായപൂർത്തി എത്തുന്നു, നിങ്ങളിൽ പ്രായപൂർത്തി പ്രാപിക്കുന്നതിന് മുമ്പ് തിരിച്ച് വിളിക്കപ്പെടുന്നവരുണ്ട്, നിങ്ങളിൽ അങ്ങേയറ്റത്തെ വാർദ്ധക്യം പ്രാപിക്കുന്നവരുമുണ്ട് -എല്ലാ വിവരങ്ങളും നേടിയശേഷം ഒന്നും അറിവില്ലാത്ത അവസ്ഥ പ്രാപിക്കും വിധം; ഭൂമിയെ നീ വരണ്ടതായിക്കാണുന്നു, അപ്പോൾ നാം അതിന്മേൽ വെള്ളം ഇറക്കിയാൽ അത് തുടിക്കുകയും സ്ഫുടിക്കുകയുമായി, എല്ലാതരം സസ്യലതാതികളേയും യോജിച്ച ജോടികളായി മുളപ്പിക്കുകയുമായി.

മനുഷ്യർ പുനഃരെഴുന്നേൽപ്പിന്റെ കാര്യത്തിൽ സംശയിക്കുന്നുവെങ്കിൽ, നിങ്ങളെ മണ്ണിൽ നിന്നും പിന്നെ ഇന്ദ്രിയത്തുള്ളിയിൽ നിന്നുമാണ് നാം സൃഷ്ടിച്ചിട്ടുള്ളത്. മാതാവിന്റെ ഗർഭപാത്രത്തിൽ '*നുത്ഫ*'(ഭ്രൂണം)യായി 40 ദിവസവും, '*അലഖ*'(രക്തക്കട്ട)യായി 40 ദിവസവും, '*മുള്ഗ*'(മാംസക്കട്ട)യായി 40 ദിവസവും വളരുന്ന ശിശുവിൽ, നാലാം മാസത്തിൽ മലക്ക് മുഖേന പിതാവിന്റെ മുതുകിലുള്ള 'ആത്മാവി'നെ ആവാഹിപ്പിക്കുന്നു. അങ്ങനെ ഇല്ലായ്മയിൽ നിന്ന് നിങ്ങളെ നട്ടുവളർത്തിക്കൊണ്ടുവന്ന അല്ലാഹുവിന് നിങ്ങളെ വീണ്ടും പുനഃസൃഷ്ടിക്കാൻ ഒരുപ്രയാസവുമില്ലെന്ന് മനസ്സിലാക്കാൻ വേണ്ടിയാ

ണ് നിങ്ങൾക്ക് ഈകാര്യങ്ങൾ വിവരിച്ച് തരുന്നത്. 'നാം ഉദ്ദേശിക്കുന്നവരെ ഗർഭപാത്ര ങ്ങളിൽ ഒരു നിശ്ചിത അവധി വരെ താമസിപ്പിക്കുന്നു' എന്ന് പറഞ്ഞതിൽ മുഴുവൻ ആ ളുകളേയും ഇല്ല, ചിലരെ ഗർഭാവസ്ഥ പൂർണ്ണമാകുന്നതിന് മുമ്പുതന്നെ ഗർഭം അലസി പ്പിക്കുന്നു എന്നാണ് വിവക്ഷ. പ്രായപൂർത്തി എത്തുന്നതിനുമുമ്പ് -പതിനഞ്ച് വയസ്സിനു മുമ്പ്- മരണപ്പെടുന്ന ഏതൊരുകുട്ടിയും സ്വർഗ്ഗത്തിലേക്കുള്ളതായത് കൊണ്ടാണ് നിങ്ങ ളിൽ മരിക്കുന്നവരുണ്ട് എന്ന് പറയാതെ തിരിച്ച് വിളിക്കപ്പെടുന്നവരുണ്ട് എന്ന് പറഞ്ഞത്. പുണ്യാത്മാക്കളായിട്ടുള്ളവരെല്ലാം സ്വർഗ്ഗത്തിലേക്ക് തിരിച്ച് വിളിക്കപ്പെടുകയാണ് ചെയ്യു ന്നത്. അതുകൊണ്ടാണ് ബുദ്ധിമാന്മാരായ വിശ്വാസികൾ 3: 193 ൽ 'ഞങ്ങളെ നീ പുണ്യാ ത്മാക്കളോടൊപ്പം തിരിച്ചുവിളിക്കേണമേ' എന്ന് പ്രാർത്ഥിക്കുന്നത്. കപടവിശ്വാസികളെക്കു റിച്ച് അവർ ജീവൻ വെടിയുന്നത് കാഫിറായിക്കൊണ്ടാണ് എന്ന് യഥാക്രമം 9: 55, 85 സൂ ക്തങ്ങളിലും; അവർ തെമ്മാടികളായിക്കൊണ്ടാണ് ജീവൻ വെടിയുക എന്ന് 9: 84 ലും; അവർ മരണപ്പെട്ടത് കാഫിറായിക്കൊണ്ടാണ് എന്ന് 9: 125 ലും പറഞ്ഞിട്ടുണ്ട്. ഭൂമിയിൽ നാം എല്ലാറ്റിനേയും മാന്യമായ ജോടികളായി നട്ടുവളർത്തുകയായി എന്ന ആശയത്തോടു കൂടിയാണ് 31: 10 അവസാനിക്കുന്നത്. 2: 28; 16: 70; 32: 7-9; 36: 36 വിശദീകരണം നോക്കുക.

6. അത് നിശ്ചയം അല്ലാഹു, അവൻ മാത്രമാണ് സത്യം, നിശ്ചയം അവൻ മരിച്ച വരെ ജീവിപ്പിക്കുന്നു, നിശ്ചയം അവൻ എല്ലാഓരോ കാര്യത്തിനും കഴിവുള്ള വനുമാകുന്നു എന്നതുകൊണ്ടാണ്.

അല്ലാഹു മാത്രമാണ് സത്യം എന്നാണ് ഈ സൂക്തത്തിൽ പറഞ്ഞത്. അല്ലാത്തവരെ ല്ലാം സൃഷ്ടികളാണ് -സ്ഥായിയായിട്ടുള്ളവരല്ല. അതുപോലെ അവന്റെ സംസാരമായ അദ്ദിക്ർ സ്ഥായിയായിട്ടുള്ളതും സത്യവുമാണ്. അതിന്റെ സൂക്ഷിപ്പ് 15: 9 ൽ പറഞ്ഞ പ്ര കാരം നാഥൻ തന്നെ ഏറ്റെടുത്തിരിക്കുന്നു. 10: 108; 21: 24, 112 വിശദീകരണം നോക്കുക.

7. നിശ്ചയം ആ അന്ത്യമണിക്കൂർ വരികതന്നെ ചെയ്യും, അതിന്റെ കാര്യത്തിൽ സംശയമേ ഇല്ല, നിശ്ചയം അല്ലാഹു ഖബറുകളിലുള്ളവരെ പുനഃരെഴുന്നേൽ പ്പിക്കുന്നതുമാണ്.

43: 61 ൽ, നിശ്ചയം, അവൻ (ഈസാ) അന്ത്യമണിക്കൂറിന്റെ ഒരു അറിവ് തന്നെയാണ്; അതിനാൽ അതിന്റെ കാര്യത്തിൽ നിങ്ങൾ സംശയിച്ച് പോകരുത്, നിങ്ങൾ എന്നെ പിന്തു ടരുക, ഇതാകുന്നു നേരെച്ചൊവ്വെയുള്ള പാത എന്ന് പറഞ്ഞിട്ടുണ്ട്. 4: 159; 6: 158; 7: 187 വി ശദീകരണം നോക്കുക.

8. ജനങ്ങളിൽ യാതൊരു ജ്ഞാനവുമില്ലാതെ, സന്മാർഗ്ഗവുമില്ലാതെ, വെളിച്ചം ന ൽകുന്ന ഗ്രന്ഥവുമില്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിക്കുന്നവരുണ്ട്.

31: 20 അവസാനിക്കുന്നതും ഇതേ ആശയത്തോടുകൂടിയാണ്. ഈ സൂക്തത്തിൽ പറഞ്ഞ ജ്ഞാനം, സന്മാർഗ്ഗം, വെളിച്ചം നൽകുന്ന ഗ്രന്ഥം ഇവ മൂന്നുകൊണ്ടും ഉദ്ദേശിക്കു ന്നത് അദ്ദിക്ർ തന്നെയാണ്. അപ്പോൾ ത്രികാലജ്ഞാനമായ അദ്ദിക്ർ അറിയാതെ അല്ലാഹു വിനെക്കുറിച്ച് സംസാരിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളും ആക്ര മികളും വിഡ്ഢികളുമാണ്. അവർ പിശാചിനുവേണ്ടി വാദിക്കുന്നവരാണ്. 8: 22; 20: 123-124; 22: 3 വിശദീകരണം നോക്കുക.

9. അല്ലാഹുവിന്റെ മാർഗ്ഗത്തെത്തൊട്ട് ജനങ്ങളെ പിഴപ്പിക്കുന്നതിന് വേണ്ടി പിരടി ഒരു ഭാഗത്തേക്ക് ചെരിച്ചുകൊണ്ട് നടക്കുന്നവൻ, അവന് ഇഹത്തിൽ നിന്ദ്യതയാ

ണുള്ളത്, വിധിദിവസം നാം അവനെ കരിക്കുന്ന ശിക്ഷ രുചിപ്പിക്കുന്നതുമാണ്.

'അല്ലാഹുവിന്റെ മാർഗ്ഗം' അദ്ദിക്ർ തന്നെയാണ്. 'പിരടി ഒരു ഭാഗത്തേക്ക് ചെരിച്ചു കൊണ്ട് നടക്കുന്നവൻ' എന്ന് പറഞ്ഞത് അദ്ദിക്ർ മൊത്തം മനസ്സിലാക്കാതെ അവനവന്റെ സ്ഥാപിത താത്പര്യം സ്ഥാപിക്കുന്നതിന് വേണ്ടി ഗ്രന്ഥത്തിലെ സൂക്തങ്ങൾ വളച്ചൊടിച്ചോ മാറ്റിമറിച്ചോ ഭാഗികമായോ ഉദ്ധരിച്ചുകൊണ്ടും സമർത്ഥിച്ചുകൊണ്ടും അറിവില്ലാത്ത ജനതയെ അല്ലാഹുവിലേക്കുള്ള പാതയിൽ നിന്ന് വ്യതിചലിപ്പിച്ച് പിശാചിന്റെ മാർഗ്ഗത്തിലേക്ക് പിടിച്ചുവലിച്ച് കൊണ്ടുപോകുന്ന മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളെക്കുറിച്ചാണ്. 6: 126; 7: 202; 15: 90-91 വിശദീകരണം നോക്കുക.

10. അത് നിന്റെ കൈകൾ നിനക്കുവേണ്ടി മുൻകൂട്ടി ഒരുക്കിവെച്ചതാണ്, നിശ്ചയം അല്ലാഹു അവന്റെ അടിമകളോട് അൽപ്പം പോലും അനീതി കാണിക്കുന്നവനുമല്ല.

ലക്ഷ്യബോധം നഷ്ടപ്പെട്ട കപടവിശ്വാസികളും പ്രജ്ഞാശൂന്യരായ അവരുടെ അനുയായികളും ആത്മാവിനെ പരിഗണിക്കാത്തതിനാൽ നാഥനെക്കൊണ്ടും പരലോകത്തെക്കൊണ്ടുമുള്ള വിശ്വാസം ഇല്ലാത്തവരാണ്. അവർ ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് നമസ്കരിച്ച്, നോമ്പനുഷ്ഠിച്ച്, ഹജ്ജും ഉംറയും ചെയ്ത് പിഴയായി നരകക്കുണ്ഠം സ്വീകരിക്കേണ്ടവരാണെന്ന് 9: 53-55, 67-68; 25: 33-34, 65-66 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരമുള്ള പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് സ്വീകരിക്കേണ്ടത്.3: 181-182; 7: 178; 8: 48-50 വിശദീകരണം നോക്കുക.

11. ഒരു ചാരത്തുനിന്ന് അല്ലാഹുവിനെ സേവിക്കുന്നവരും ജനങ്ങളിലുണ്ട്, അപ്പോൾ അവന് ഒരു നന്മ ബാധിച്ചാൽ അതിൽ അവൻ സംതൃപ്തിയടയുന്നു; എന്നാൽ അവന് ഒരു നാശമാണ് ബാധിക്കുന്നതെങ്കിലോ, അവൻ അവനിൽ നിന്ന് മുഖം തിരിച്ചുപോകുകയുമായി; ഇഹവും പരവും നഷ്ടപ്പെട്ടവനാണ് അവൻ, അതുതന്നെയാണ് വ്യക്തമായ നഷ്ടം.

ജീവിതലക്ഷ്യം മനസ്സിലാക്കാത്തവരും അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്തവരുമായ കപടവിശ്വാസികളുടെയും അനുയായികളുടെയും സ്വഭാവമാണ് ഈ സൂക്തത്തിൽ വരച്ചുകാണിക്കുന്നത്. അവർക്ക് നന്മയും സാമ്പത്തികനേട്ടവുമെല്ലാം ലഭിക്കുമ്പോൾ അവർ സന്തുഷ്ടരാകുന്നതും പരീക്ഷണത്തിന്റെ ഭാഗമായി സാമ്പത്തിക നഷ്ടമോ മറ്റുദുരിതങ്ങളോ രോഗമോ ബാധിക്കുകയാണെങ്കിൽ അവർ അല്ലാഹുവിൽ നിന്ന് മുഖം തിരിച്ച് പോകുന്നവരും നിരാശപ്പെട്ടവരായി മാറുന്നവരുമാണ്. ഇത്തരക്കാർ ഇഹവും പരവും നഷ്ടപ്പെടുത്തിയവരാണെന്നാണ് സൂക്തം പഠിപ്പിക്കുന്നത്. 6: 165; 17: 83; 18: 32-42 വിശദീകരണം നോക്കുക.

12. അവർ അല്ലാഹുവിനെക്കൂടാതെ വിളിച്ചുപ്രാർത്ഥിക്കുന്നത് തനിക്ക് ഉപദ്രവമോ ഉപകാരമോ വരുത്താൻ കഴിയാത്ത ഒന്നിനെയാണ്, അത് തന്നെയാണ് വിദൂരമായ വഴികേട്.

1: 7; 7: 194-195; 16: 20-21 വിശദീകരണം നോക്കുക.

13. ഏതൊരുവന്റെ ഉപദ്രവമാണോ അവന്റെ ഉപകാരത്തേക്കാൾ അടുത്തുള്ളത്, അങ്ങനെയുള്ളവനെയാണ് അവർ വിളിക്കുന്നത്, എത്ര ദുഷിച്ച യജമാനൻ! എത്ര ദു

ഷിച്ച കൂട്ടുകാരൻ!

പിശാചിനെക്കുറിച്ചാണ് സൂക്തത്തിൽ 'എത്ര ദുഷിച്ച യജമാനൻ! എത്ര ദുഷിച്ച കൂട്ടുകാരൻ!' എന്ന് പറഞ്ഞിട്ടുള്ളത്. പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല, അപ്പോൾ അല്ലാഹുവിനെക്കുറിച്ച് നിങ്ങൾ ജനങ്ങളോട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തുന്നില്ലെയോ എന്ന് 32: 4 ൽ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് അല്ലാഹുവിലേക്ക് അടുപ്പിക്കുന്നതിന് വേണ്ടി ഇടയാളന്മാരെയും ശുപാർശക്കാരെയും വിളിക്കുന്നതും. അതുവഴി അവർ ശപിക്കപ്പെട്ട പിശാചിനെയാണ് വിളിക്കുന്നതെന്ന് 4: 117 ൽ അവർ വായിച്ചിട്ടുള്ളതാണ്. വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീരുകയും കാഫിറായ പിശാചിന്റെ സംഘത്തിൽ ഉൾപ്പെടുകയും ചെയ്ത ഇവരിലെ നേതാക്കളുടെയും അനുയായികളുടെയും മേൽ തന്നെയാണ് അല്ലാഹുവിന്റെ കോപവും ശാപവും വർഷിച്ചിട്ടുള്ളതും, അവർക്കു വേണ്ടിത്തന്നെയാണ് നരകക്കുണ്ഠം ഒരുക്കിവെച്ചിട്ടുള്ളതും എന്ന് 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അവർ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷിനിന്നുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 2: 39; 9: 67–68; 18: 100–101; 21: 100 വിശദീകരണം നോക്കുക.

14. നിശ്ചയം അല്ലാഹു വിശ്വാസികളായവരേയും സൽക്കർമ്മങ്ങൾ അനുഷ്ഠിച്ചു കൊണ്ടിരിക്കുന്നവരെയും താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗപൂന്തോപ്പുകളിൽ പ്രവേശിപ്പിക്കും, നിശ്ചയം അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു.

ആത്മാവ് പങ്കെടുക്കാതെയുള്ള ഏതൊരു പ്രവൃത്തിയും നാഥന്റെയടുക്കൽ നിഷ്ഫലമാണ്. അപ്പോൾ 9: 53–55 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ നിർവഹിക്കുന്ന നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ, ദാനധർമങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം തന്നെ പാഴായിപ്പോകുന്നതാണ്. മാത്രമല്ല, അവർ ഇവിടെ ലക്ഷ്യബോധമില്ലാതെയും പ്രജ്ഞയറ്റവരായും ജീവിച്ചതിന് പിഴയായി അവർക്ക് നരകക്കുണ്ഠമാണ് ലഭിക്കുക എന്ന് 9: 67–68, 80–85; 25: 65–66; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി പ്രഭാതപ്രദോഷങ്ങളിൽ ആത്മാവ് പങ്കെടുത്ത് അദ്ദിക്ർ വായിക്കുകയും സുദീർഘമായ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം ചെയ്യുകയും മൊത്തം ലോകർക്ക് അദ്ദിക്ർ എത്തിച്ചുകൊടുക്കുകയും ജൈവകൃഷി ചെയ്യുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും ചെയ്യുന്നതാണ്. കൂടാതെ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളും അനുയായികളും അടങ്ങിയ ഫുജ്ജാറുകളോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യുന്നതുമാണ്. 10: 99–100; 11: 59, 118–120; 13: 27–28 വിശദീകരണം നോക്കുക.

15. ആരാണോ ഇഹത്തിലും പരത്തിലും അല്ലാഹു അവനെ സഹായിക്കുകയില്ല എന്ന് കരുതുന്നത്, അപ്പോൾ അവൻ ആകാശത്തിലേക്ക് ഒരു കയർകെട്ടി കയറിപ്പോകാൻ ശ്രമിക്കുകയും, പിന്നെ അത് മുറിച്ചുകളയുകയും ചെയ്യട്ടെ, അങ്ങനെ അവന്റെ തന്ത്രം തന്റെ രോഷത്തെ നീക്കികളയുമോ എന്ന് നോക്കട്ടെ.

അല്ലാഹു പ്രവാചകനെ ഇഹത്തിലും പരത്തിലും സഹായിക്കുകയില്ല എന്ന് കരുതുന്നവർ അവരുടെ എല്ലാ തന്ത്രങ്ങളും പ്രയോഗിച്ച് പ്രവാചകനെ നശിപ്പിക്കാൻ ശ്രമി

ക്കട്ടെ, അതിന്റെ ഭാഗമായി കയർകെട്ടി ആകാശത്തേക്ക് കയറിച്ചെന്ന് പ്രവാചകന് ആ കാശത്തുനിന്ന് ലഭിക്കുന്ന ദിവ്യസന്ദേശമായ അദ്ദിക്റാകുന്ന പാശത്തെ വെട്ടിമുറിക്കു കയും അങ്ങനെ അവന്റെ രോഷം ശമിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യട്ടെ. അല്ലാഹുവി നോടും പ്രവാചകനോടും യഥാർത്ഥ വിശ്വാസികളോടും ശത്രുത പുലർത്തുന്ന കപടവിശ്വാ സികളോടും, പ്രവാചകന് എന്തുകൊണ്ട് അല്ലാഹുവിന്റെ സഹായം അപ്പപ്പോൾ കിട്ടുന്നില്ല എന്ന് കരുതുന്ന വഴിപിഴച്ചുപോയ അവരുടെ അനുയായികളോടുമാണ് പ്രസ്തുത വെല്ലു വിളി. സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് നീട്ടിയിട്ടിട്ടുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ ആരാണോ അതിനെ മുറുകെപ്പിടിച്ചത്, അത് അവനെ 5: 48 ൽ വിവരിച്ചപ്രകാരം എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗ ങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്നതാണ്. 3: 119; 4: 63; 6: 35 വിശദീകരണം നോക്കുക.

16. അപ്രകാരം നാം അവന് വ്യക്തമായ സൂക്തങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്, നിശ്ചയം അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ സന്മാർഗ്ഗത്തിലേക്ക് നയിക്കുന്നു.

നിഷ്പക്ഷവാനായ നാഥനിൽ നിന്നുള്ള ത്രികാലജ്ഞാനമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 10: 100, 108 സൂക്ത ങ്ങളിൽ വിവരിച്ച പ്രകാരം അതിനെ സത്യപ്പെടുത്താത്ത ഒരാളും തന്നെ വിശ്വാസിയാവു കയില്ല. 15: 87; 25: 29, 33-34 വിശദീകരണം നോക്കുക.

17. നിശ്ചയം വിശ്വാസികളായവർ, ജൂതന്മാരായവർ, സാബിമതക്കാർ, ക്രിസ്ത്യാനികൾ, അഗ്നിയാരാധകർ, അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരായവർ തുടങ്ങിയവർക്കിടയിൽ നിശ്ചയം അല്ലാഹു വിധിദിവസം തീരുമാനം കൽപ്പിക്കുന്നതാണ്, നിശ്ചയം അല്ലാഹു എല്ലാഓരോ കാര്യത്തിനും സാക്ഷിയാണ്.

ഇന്ന് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ അല്ലാഹുവി ന്റെ ഏകത്വത്തെ പരിചയപ്പെടുത്തുന്ന അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ അവഗണിച്ചു കൊണ്ട് വിവിധ സംഘടനകളും വിഭാഗക്കാരുമായിത്തിരിഞ്ഞ് പരസ്പരം പോരടിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്. ജനങ്ങളിൽ അധികപേരും അല്ലാഹുവി നെക്കൊണ്ട് പങ്കുചേർത്തുകൊണ്ടല്ലാതെ വിശ്വസിക്കുകയില്ല എന്ന് 12: 106 ൽ പറഞ്ഞി ട്ടുണ്ട്. ഇന്ന് മൊത്തം ലോകർക്കുള്ള ഗ്രന്ഥം അദ്ദിക്ർ മാത്രമാണ്. അപ്പോൾ ഗ്രന്ഥം ലഭി ച്ചിട്ട് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർക്ക് എതിരായി ഗ്രന്ഥം സാക്ഷിനിൽക്കുകയും വാദിക്കുകയും ചെയ്ത് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവി ടുകയാണ് ചെയ്യുക. ഒരാളെ നരകത്തിലിടാൻ ന്യായം ലഭിക്കുന്നതിന് വേണ്ടിയാണ് ഗ്ര ന്ഥം അവതരിപ്പിച്ചിട്ടുള്ളത് എന്ന് 36: 70 ൽ പറഞ്ഞിട്ടുണ്ട്. ഗ്രന്ഥം വന്നുകിട്ടിയിട്ട് അതിനെ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതി രിക്കുകയും ചെയ്യുന്ന ഫുജ്ജാറുകൾ മരണസമയത്ത്, നിശ്ചയം അവർ കാഫിറുകൾ ത ന്നെയായിരുന്നു എന്ന് ആത്മാവിനെതിരെ സാക്ഷ്യം വഹിക്കുമെന്ന് 7: 37 ൽ പറഞ്ഞിട്ടുണ്ട്. 2: 62, 113; 17: 13-15 വിശദീകരണം നോക്കുക.

18. നീ കണ്ടില്ലേ? നിശ്ചയം അല്ലാഹു; ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും അവന് സാഷ്ടാംഗപ്രണാമം ചെയ്യുന്നു സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പർവ്വതങ്ങളും മരങ്ങളും മൃഗങ്ങളും എല്ലാ ജീവജാലങ്ങളും മനുഷ്യരിൽ നിന്ന്

അധികപേരും ശിക്ഷ ബാധകമായ ധാരാളം പേരും; ആരെയാണോ അല്ലാഹു ഹീനനാക്കിയത്, അവനെ മാന്യനാക്കുന്ന ആരും തന്നെയില്ല; നിശ്ചയം അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു.

ഈ സൂറത്തിൽ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം വരുന്ന ഒന്നാമത്തെ സൂക്തമാണിത്. സാഷ്ടാംഗപ്രണാമം *ചെയ്യാൻ സാധിക്കാത്തവർ ഈ സൂക്തം വായിക്കരുതെന്ന്* പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. പ്രപഞ്ചത്തിലുള്ള ജീവനുള്ളതും ജീവനില്ലാത്തതുമായ സർവ്വചരാചരങ്ങളും ഏകനായ സ്രഷ്ടാവിന് വിധേയത്വം പുലർത്തുന്നവരും അവനെമാത്രം കീർത്തനം ചെയ്യുന്നവരുമാണ് എന്നാണ് 'സാഷ്ടാംഗം പ്രണമിക്കുന്നു' എന്ന് പറഞ്ഞതിന്റെ വിവക്ഷ. 'മനുഷ്യരിൽ നിന്ന് അധികപേരും സാഷ്ടാംഗപ്രണാമം ചെയ്യുന്നു' എന്ന് പറഞ്ഞതിൽ ഉൾപ്പെടുക അന്ത്യപ്രവാചകനായ മുഹമ്മദിന്റെ സമുദായത്തിൽപെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങി ഇതര ജനവിഭാഗങ്ങളിൽ പെട്ടവരാണ്. ശിക്ഷ ബാധകമായവരിൽ ഉൾപെടുക അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിത്തീർന്ന് ആത്മാവിനെ പരിഗണിക്കാതെ ശരീരം കൊണ്ടുള്ള നമസ്കാരങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നവരാണ്. അതുകൊണ്ട് ഇന്ന് വിശ്വാസിയാകാൻ ആഗ്രഹിക്കുന്നവർ 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്ർ ആദ്യം മുതൽ തുടർച്ചയായി വായിക്കുകയും നാഥനെ ആത്മാവുകൊണ്ട് വാഴ്ത്തുകയും പരിശുദ്ധപ്പെടുത്തുകയും ചെയ്തുകൊണ്ട് തിലാവത്തിന്റെ സാഷ്ടാംഗ പ്രണാമം നിർവ്വഹിക്കുകയും വേണം. 4: 150-151; 11: 17-20 വിശദീകരണം നോക്കുക.

19. ഈ രണ്ട് വിഭാഗം തങ്ങളുടെ നാഥന്റെ കാര്യത്തിൽ എതിർദിശയിൽ വാദിക്കുന്നവരാണ്, അപ്പോൾ ആരാണോ കാഫിറായിട്ടുള്ളവർ, അവർക്കുവേണ്ടി തീയാലുള്ള വസ്ത്രം മുറിക്കപ്പെട്ടുകഴിഞ്ഞു, അവരുടെ തലക്ക് മുകളിൽ ചൂടുപൊള്ളുന്ന വെള്ളം കോരിച്ചൊരിയപ്പെടുന്നതുമാണ്.

ശിക്ഷ ബാധകമായവരും അല്ലാത്തവരുമാണ് ഈ രണ്ട് വിഭാഗം. അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ജനമധ്യത്തിൽ ഞങ്ങളാണ് വിശ്വാസികൾ എന്നും സ്വർഗം അനന്തരമെടുക്കുന്നവർ എന്നും മിഥ്യയായി വാദിക്കുന്നവരാണ്. എന്നാൽ 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഇക്കൂട്ടർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും അവന്റെ വീടായ നരകക്കുണ്ഠം സമ്പാദിച്ചുകൊണ്ടിരിക്കുന്നവരുമാണ്. 8: 22, 55 സൂക്തങ്ങളിലൂടെ ദുഷ്ട ജീവികളെന്ന് വിശേഷിപ്പിക്കപ്പെട്ട ഇക്കൂട്ടർ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരും അവനെ ആദ്യം നബിയായും പിന്നീട് റബ്ബായിത്തന്നെയും സ്വീകരിക്കുന്നതും നൈമിഷിക ജീവിതത്തിൽ അവന്റെ മിഥ്യാസ്വർഗം ആസ്വദിക്കുന്നവരുമാണ്. അപ്പോൾ അവർക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് 2: 85; 5: 33; 9: 28 സൂക്തങ്ങളിലൂടെ വാഗ്ദത്തം ചെയ്തിട്ടുള്ളത്. 14: 49-50; 16: 89; 25: 33-34 വിശദീകരണം നോക്കുക.

20. അതുമുഖേന അവരുടെ വയറുകളിലുള്ളത് ഉരുകിപ്പോകുന്നതാണ്, അവരുടെ തൊലികളും.

വയറുകളിലുള്ളതും തൊലികളും ഉരുകിപ്പോകും എന്ന് പറഞ്ഞതിൽ നിന്നും ആ ചൂടിന്റെ കാഠിന്യമാണ് മനസ്സിലാക്കേണ്ടത്. തൊലികൾ ഉരുകിപ്പോകുമ്പോഴെല്ലാം തന്നെ പുതിയ തൊലികൾ വെച്ചുകൊടുക്കുമെന്ന് 4: 56 ലും പറഞ്ഞിട്ടുണ്ട്.

21. അവരെ കൈകാര്യം ചെയ്യാൻ ഇരുമ്പ് ദണ്ഡുകളുമുണ്ടായിരിക്കും.

7: 40-41; 25: 11-14 വിശദീകരണം നോക്കുക.

22. എല്ലാഓരോ പ്രാവശ്യവും അവർ അതിലെ വിഭ്രാന്തിയിൽ നിന്ന് പുറത്ത് കടക്കാൻ ഉദ്ദേശിക്കുമ്പോഴൊക്കെ അവരെ അതിലേക്കുതന്നെ തിരിച്ചുവിടുന്നതാണ്, നിങ്ങൾ കരിക്കുന്ന ശിക്ഷ രുചിച്ചുകൊള്ളുക (എന്ന് പറയപ്പെടുന്നതുമാണ്).

32: 20 ൽ, തെമ്മാടികളായവരോ, അപ്പോൾ അവരുടെ സങ്കേതം നരകമാണ്, എല്ലാ ഓരോ പ്രാവശ്യവും അതിൽ നിന്ന് പുറത്തുകടക്കാൻ ഉദ്ദേശിക്കുമ്പോഴൊക്കെ അതിലേക്കുതന്നെ അവർ മടക്കപ്പെടുന്നതാണ്; നിങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ടേയിരുന്ന നരകശിക്ഷ നിങ്ങൾ രുചിച്ചുകൊള്ളുക എന്ന് അവരോട് പറയപ്പെടുകയും ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. 3: 181-182; 9: 80-82 വിശദീകരണം നോക്കുക.

23. നിശ്ചയം അല്ലാഹു വിശ്വാസികളായവരേയും സൽകർമ്മങ്ങളനുഷ്ഠിക്കുന്നവരേയും താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകളിൽ പ്രവേശിപ്പിക്കും, അതിൽ അവരെ സ്വർണ്ണത്താലും മുത്തുകളാലുമുള്ള വളകൾ അണിയിക്കുന്നതുമാണ്, അതിൽ അവരുടെ വസ്ത്രം പട്ടുമായിരിക്കും.

ഏറ്റവും വലിയ സൽക്കർമ്മം വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രവും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കലും മനുഷ്യരുൾപ്പടെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമം ലക്ഷ്യം വെച്ച് ജൈവകൃഷി ചെയ്യലും ഫലവൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കലും അതിനുവേണ്ടി സമ്പത്തുൾപ്പടെ എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തലും അതിനുവേണ്ടി മറ്റുള്ളവരെ പ്രേരിപ്പിക്കലും സഹായിക്കലുമാണ്. 76: 21 ൽ, സ്വർണക്കസവുകളോടുകൂടിയ നേർത്ത പട്ടുകളും പച്ചപ്പട്ടാടകളും അടങ്ങിയ മേത്തരം വസ്ത്രങ്ങൾ അവർക്ക് സ്വർഗത്തിൽ ഉണ്ടായിരിക്കും, വെള്ളസ്വർണത്താലുള്ള വളകൾ അണിയിക്കപ്പെടുകയും ചെയ്യും, അവരെ അവരുടെ നാഥൻ പരിശുദ്ധമായ പാനീയങ്ങൾ കുടിപ്പിക്കുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 25; 18: 31; 98: 7-8 വിശദീകരണം നോക്കുക.

24. വാക്കുകളിൽ നിന്ന് പരിശുദ്ധമായതിലേക്ക് അവർ മാർഗദർശനം ചെയ്യപ്പെട്ടു, സ്തുത്യർഹനായവന്റെ മാർഗത്തിലേക്ക് അവർ മാർഗദർശനം ചെയ്യപ്പെടുകയും ചെയ്തു.

വാക്കുകളിൽ നിന്ന് പരിശുദ്ധമായതുകൊണ്ടും സ്തുത്യർഹനായവന്റെ മാർഗ്ഗം കൊണ്ടും ഉദ്ദേശിക്കുന്നത് അദ്ദിക്ർ തന്നെയാണ്. അഥവാ 3: 101-103 ൽ വിവരിച്ച പ്രകാരം അല്ലാഹുവിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുന്നവൻ അല്ലാഹുവിനെ മുറുകെപ്പിടിച്ച് സന്മാർഗത്തിലായിക്കഴിഞ്ഞു. 4: 174-175; 6: 153 വിശദീകരണം നോക്കുക.

25. നിശ്ചയമായിട്ടും കാഫിറുകളായവരും അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് തടസ്സം സൃഷ്ടിക്കുന്നവരും തദ്ദേശികളും പരദേശികളുമായ ജനങ്ങൾക്ക് നാം ഒരുപോലെ അവകാശം നൽകിയിട്ടുള്ളതായ മസ്ജിദുൽ ഹറമിനെത്തൊട്ട് തടയുന്നവരുമുണ്ടല്ലോ -ആരാണോ അതിൽ അവിടെവെച്ച് അതിക്രമമായി വല്ലതും ചെയ്യുന്നത്- നാം അവനെ വേദനാജനകമായ ശിക്ഷയിൽ നിന്ന് രുചിപ്പിക്കുകതന്നെ ചെയ്യും.

അല്ലാഹുവിന്റെ മാർഗം 6: 153 ൽ വിവരിച്ച പ്രകാരം നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്ർ തന്നെയാണ്. അതിൽ നിന്ന് ജനങ്ങളെ തടയുന്നവർക്കും അതിനെ മൂടിവെക്കുന്നവർക്കും കഠിനമായ ശിക്ഷയാണുള്ളത് എന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. 3: 96–97; 5: 97 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മസ്ജിദുൽ ഹറം എല്ലാ മനുഷ്യർക്കുമുള്ളതാണ്. എന്നാൽ മക്കാമുശ്രിക്കുകൾ വിശ്വാസികളെ അങ്ങോട്ട് അടുക്കാൻ പോലും സമ്മതിച്ചിരുന്നില്ല. അതുകൊണ്ട് അവർക്കും വേദനാജനകമായ ശിക്ഷയാണുള്ളത്. *ഇജാസിൽ* ഇമാം മഹ്ദി വരുന്നതോടുകൂടി കപടവിശ്വാസികളും മുശ്രിക്കുകളുമടങ്ങിയ ഫുജ്ജാറുകൾ അവിടെനിന്ന് പുറത്താക്കപ്പെടുന്നതും മനുഷ്യരിൽ നിന്നുള്ള വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും അവിടേക്ക് പ്രവേശിപ്പിക്കപ്പെടുന്നതുമാണ്. ഭൂമി തിരിച്ചുകറങ്ങി സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കുന്ന നാളിൽ മസീഹുദ്ദജ്ജാൽ പുറപ്പെടുന്നതും *ഇജാസ്* ഒഴികെ മറ്റെല്ലാ സ്ഥലങ്ങളിലും അവൻ ചുറ്റിക്കറങ്ങുന്നതുമാണ്. കപടവിശ്വാസികളും ഹൃദയത്തിൽ സംശയമാകുന്ന രോഗമുള്ളവരും അവനെ ആദ്യം നബിയായും പിന്നെ റബ്ബായിത്തന്നെയും സ്വീകരിക്കുന്നതാണ്. ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ അവരെ വധിക്കുന്നതും 4: 91; 5: 33; 9: 5, 123; 33: 60–61 എന്നീ സൂക്തങ്ങളുടെ കൽപന നടപ്പിലാക്കപ്പെടുന്നതുമാണ്. 4: 140; 5: 97; 9: 17–18, 28; 11: 17–19 വിശദീകരണം നോക്കുക.

26. എന്നിൽ ഒന്നിനേയും പങ്കുചേർക്കരുത് എന്ന് പറഞ്ഞുകൊണ്ടും പ്രദക്ഷിണം ചെയ്യുന്നവർക്കും നിൽക്കുന്നവർക്കും കുനിയുന്നവർക്കും സാഷ്ടാംഗപ്രണാമം ചെയ്യുന്നവർക്കുമായി എന്റെ വീട് നീ ശുദ്ധീകരിച്ചുവെക്കണമെന്ന് പറഞ്ഞുകൊണ്ടും ഇബ്റാഹീമിന് ആ വീടിന്റെ സ്ഥാനം നിർണ്ണയിച്ചുകൊടുത്തതും ഓർക്കേണ്ടതാണ്.

'എന്റെ വീട്' കൊണ്ടുദ്ദേശക്കുന്നത് 3: 96–97 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആദം നബിയുടെ കാലത്ത് നിർമ്മിക്കപ്പെടുകയും നൂഹ് നബിയുടെ കാലത്തുണ്ടായ വെള്ളപ്പൊക്കത്തിൽ തകരുകയും ചെയ്ത ഭൂമിയിലെ ആദ്യത്തെ ദേവാലയമായ കഅ്ബയാണ്. ഇന്ന് അദ്ദിക്റിൽ നിന്ന് അകന്നുപോയ, 25: 18 ൽ കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട, നാഥന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന ഫുജ്ജാറുകളാണ് അവിടെ നമസ്കരിക്കുന്നതും പ്രദക്ഷിണം ചെയ്യുന്നതുമെല്ലാം. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഇവരെ ഈസാ രണ്ടാമത് വന്നാൽ ഇതര ജനവിഭാഗങ്ങൾ വധിക്കുന്നതും ശേഷം ഭൂമിയുടെ കേന്ദ്രമായ കഅ്ബത്തിങ്കൽ എല്ലാ മനുഷ്യർക്കും പ്രവേശനം അനുവദിക്കുന്നതുമാണ്. 2: 124–129; 14: 35–40 വിശദീകരണം നോക്കുക.

27. തീർത്ഥാടനം കൊണ്ട് ജനങ്ങളിൽ വിളംബരം ചെയ്യുകയും ചെയ്യുക, കാൽനടയായും മെലിഞ്ഞൊട്ടിയ ഒട്ടകങ്ങളിൽ സവാരി ചെയ്തുകൊണ്ടും അവർ എല്ലാ ദൂരദിക്കുകളിൽ നിന്നും നിന്റെ അടുത്തേക്ക് വരുന്നതാണ്.

'മെലിഞ്ഞൊട്ടിയ ഒട്ടകങ്ങളിൽ സവാരി ചെയ്തുകൊണ്ട്' എന്ന് പറഞ്ഞതിൽ നിന്ന് ഹജ്ജിന് പോകുന്നതിന് മെലിഞ്ഞൊട്ടിയ ഒട്ടകങ്ങളെ തെരഞ്ഞെടുക്കണമെന്നല്ല ആശയം. മറിച്ച് വിദൂര ദിക്കുകളിൽ നിന്ന് ഒട്ടകങ്ങളുടെ മുകളിൽ സവാരി ചെയ്ത് വരുന്നതുകാരണം ഒട്ടകങ്ങൾക്ക് ഭക്ഷണവും വെള്ളവും വേണ്ടത്ര ലഭിക്കാത്തതിനാൽ അവ ക്ഷീണിച്ച് മെലിഞ്ഞൊട്ടിയതായി മാറുമെന്നാണ്.

അന്ന് ഇബ്റാഹീം നബി ഹജ്ജിനുവേണ്ടി വിളിക്കുമ്പോൾ മനുഷ്യർ ആരും തന്നെ അവിടെ ഹാജറുണ്ടായിരുന്നില്ല. എന്നാൽ പ്രസ്തുത വിളി മണ്ണിലൂടെ സ്പന്ദിപ്പിച്ച് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും എത്തിച്ചത് പ്രപഞ്ചനാഥനായ അല്ലാഹുവാണ്. ഇബ്റാഹീമിന്റെ വിളി അല്ലാഹുവിന്റെ വിളിയായിട്ടാണ് പരിഗണിക്കുന്നത്. അതാണ് ഹജ്ജ് തീർത്ഥാടകർ ഹജ്ജിന്റെ കർമ്മങ്ങളിൽ വ്യാപൃതമാകുമ്പോൾ 'നിന്റെ വിളിക്കിതാ അല്ലാഹുവേ ഞാൻ ഉത്തരം നൽകി വന്നിരിക്കുന്നു, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിനക്ക് യാതൊരു പങ്കുകാരുമില്ല, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിശ്ചയം നിനക്കാണ് സ്തുതി, എല്ലാ അനുഗ്രഹങ്ങളും രാജാധിപത്യവും നിനക്കാണ്, നിനക്ക് യാതൊരു പങ്കുകാരുമില്ല' *(ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്, ലബ്ബൈക്ക ലാ ശരീക്ക ലക്ക ലബ്ബൈക്ക്, ഇന്നൽ ഹംദ വന്നിഅ്മത്ത ലക്ക, വൽ മുൽക്ക, ലാ ശരീക്കലക്ക്)*എന്ന് പ്രഖ്യാപിക്കുന്നതിന്റെ പൊരുൾ.

28. അവർക്ക് ഉപകാരപ്രദമായ രംഗങ്ങളിൽ സാക്ഷ്യം വഹിക്കുന്നവരാകുന്നതിനും അറിയപ്പെട്ട നാളുകളിൽ നാം അവർക്ക് പ്രദാനം ചെയ്തിട്ടുള്ള നാൽകാലി മൃഗങ്ങളിൽ അല്ലാഹുവിന്റെ നാമം സ്മരിക്കുന്നതിനുവേണ്ടിയും, അപ്പോൾ നിങ്ങൾ അതിൽ നിന്ന് തിന്നുകയും ഞെരുക്കമുള്ള ദരിദ്രരെ ഭക്ഷിപ്പിക്കുകയും ചെയ്യുവീൻ.

ജീവിതം അല്ലാഹുവിന് ചുറ്റും കറങ്ങുന്നതിനെ അനുസ്മരിച്ചുകൊണ്ട് കഅ്ബയെ ഏഴുപ്രാവശ്യം പ്രദക്ഷിണം ചെയ്യൽ, സഫാ-മർവാ കുന്നുകൾക്കിടയിൽ ഹാജറ വെള്ളം അന്വേഷിച്ച് ഓടിയതിനെ അനുസ്മരിച്ചുകൊണ്ട് ഏഴുപ്രാവശ്യം നടക്കൽ, വിചാരണാദിനത്തെ അനുസ്മരിച്ചുകൊണ്ട് *ദുൽഹജ്ജ്* 9-ാം ദിവസം നടക്കുന്ന *അറഫാ* സംഗമത്തിൽ നിൽക്കൽ, പിശാചിനെ ജീവിതരംഗങ്ങളിൽ നിന്നെല്ലാം എറിഞ്ഞോടിക്കുന്നതിനെ അനുസ്മരിച്ചുകൊണ്ടുള്ള മീനായിലെ *ജംറ*കളിലുള്ള കല്ലേറ്, അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ നിന്നും തനിക്കേറ്റവും പ്രിയപ്പെട്ടതെന്തും അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി നൽകാനും ത്യജിക്കാനും തയ്യാറാണെന്ന് കാണിക്കുന്ന ബലികർമ്മം തുടങ്ങിയ ഹജ്ജിന്റെ കർമങ്ങളെല്ലാം തന്നെ പഠിപ്പിക്കുന്നത്, ജാതി മത ദേശ ഭാഷാ വർണ ലിംഗഭേദമന്യേ മനുഷ്യരുടെയെല്ലാം ജീവിതലക്ഷ്യം ഒന്നാണെന്നും, അവർ ഐഹികലോകത്ത് പതിനഞ്ച് വയസ്സിന് ശേഷമുള്ള ജീവിതം നയിക്കേണ്ടത് അല്ലാഹുവിനെ എപ്പോഴും ഹൃദയത്തിൽ സ്മരിച്ചുകൊണ്ടും പിശാചിനെ പൂർണ്ണമായി അകറ്റിക്കൊണ്ടുമായിരിക്കണം എന്നുമാണ്. അതിനാലാണ് ഹജ്ജിന്റെ കർമ്മങ്ങളെ ഉപകാരപ്രദമായ രംഗങ്ങൾ എന്ന് പറഞ്ഞത്. എന്നാൽ ഇന്ന് ഹജ്ജ് നിർവഹിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് 18: 103-106 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ പ്രവർത്തനങ്ങളെല്ലാം പാഴാക്കിക്കളഞ്ഞവരാണ്.

ഹജ്ജ് വേളയിലെ ബലിമൃഗങ്ങളെ അറുക്കുന്നതിനെക്കുറിച്ചാണ് അറിയപ്പെട്ട നാളുകളിൽ അവയുടെമേൽ അല്ലാഹുവിന്റെ നാമം സ്മരിക്കുക എന്ന് പറഞ്ഞിട്ടുള്ളത്. 2: 62; 9: 53-55, 84-85, 95, 125 വിശദീകരണം നോക്കുക.

29. പിന്നെ അവർ തങ്ങളുടെ അഴുക്കുകൾ നീക്കിക്കളയുകയും അവരുടെ നേർച്ചകൾ നിറവേറ്റുകയും അതിപുരാതനഗേഹത്തെ പ്രദക്ഷിണം വെക്കുകയും ചെയ്യട്ടെ.

അഴുക്കുകൾ ദൂരീകരിക്കുക എന്ന് പറഞ്ഞതിൽ തലമുടി കളയുക, അല്ലെങ്കിൽ വെട്ടുക, നഖം മുറിക്കുക, കുളിച്ച് വൃത്തിയാവുക എന്നെല്ലാം ഉൾക്കൊള്ളുന്നുണ്ട്. കൂടാതെ ഇഹ്റാമിന്റെ വസ്ത്രങ്ങൾ മാറ്റി വൃത്തിയുള്ളത് ധരിക്കുക എന്നും ആശയമുണ്ട്. നേർച്ചകൾ നിറവേറ്റുക എന്ന് പറഞ്ഞതിൽ ബലിമൃഗങ്ങളെ നേർച്ചയായി അറുത്ത് മാംസം ദരിദ്രർക്ക് നൽകാനും മറ്റും നേർച്ചയാക്കിയിട്ടുണ്ടെങ്കിൽ അത് പൂർത്തിയാക്കുക എന്നാണ്. അതിപുരാതന ഗേഹത്തെ പ്രദക്ഷിണം വെക്കുക എന്ന് പറഞ്ഞത് മീനായിൽ നിന്ന് മക്കയിൽ തിരിച്ചുവന്ന ശേഷം ഹജ്ജിന്റെ ഭാഗമായിക്കൊണ്ടുള്ള കഅ്ബ പ്രദക്ഷിണം വെക്കലും സഫാ-മർവ കുന്നുകൾക്കിടയിലുള്ള നടത്തവുമാണ്. 3: 96-97 വിശദീകരണം നോക്കുക.

30. അതായത് അല്ലാഹു പവിത്രമാക്കിയതിനെ വല്ലവനും മാനിക്കുന്നുവെങ്കിൽ അപ്പോൾ അതാണ് അവന് തന്റെ നാഥന്റെ പക്കൽ ഉത്തമമായിട്ടുള്ളത്, നിങ്ങളുടെമേൽ വിശദീകരിച്ചുതന്നിട്ടുള്ളത് ഒഴികെയുള്ള കന്നുകാലികളെയെല്ലാം നിങ്ങൾക്ക് അനുവദിക്കപ്പെടുകയും ചെയ്തിരിക്കുന്നു, അപ്പോൾ നിങ്ങൾ വിഗ്രഹങ്ങളാകുന്ന മാലിന്യങ്ങളെ വെടിയുക, വ്യാജവാക്കുകളെയും വെടിയുക.

വിധിദിവസത്തെ കണ്ടുകൊണ്ട് ഇവിടെ ജീവിക്കുന്ന വിശ്വാസികൾ അവരവരുടെ പിരടികളിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖയിൽ എല്ലാ വാക്കുകളും പ്രവൃത്തികളും രേഖപ്പെടുത്തുന്നുണ്ട് എന്നും വിധിദിവസം അത് അവർ ഒറ്റക്കൊറ്റക്ക് വായിച്ച് തങ്ങളുടെ വിചാരണ നടത്തേണ്ടിവരികയും ചെയ്യും എന്ന ബോധത്തിൽ ഇവിടെ ജീവിക്കുന്നവരാണ്. അതിനാൽ അവർ പരലോകത്ത് വായിക്കാൻ പറ്റാത്തതും അദ്ദിക്റിന് വിരുദ്ധമായതുമായ വാക്കുകൾ പറയുകയോ ചിന്തിക്കുകയോ ഇല്ല. 98: 2-3 സൂക്തങ്ങളിൽ പറഞ്ഞ ആത്മാവിനെ ശുദ്ധീകരിക്കാനുള്ള ഗ്രന്ഥമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാകാത്ത ഒരാളിൽ നിന്നും പ്രവർത്തനങ്ങളൊന്നുംതന്നെ സ്വീകരിക്കപ്പെടുകയില്ലെന്ന് മാത്രമല്ല, അവർ ജീവിതലക്ഷ്യം നഷ്ടപ്പെട്ടവരും പ്രജ്ഞയറ്റവരും നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ളവരുമാണെന്ന് 7: 179; 15: 44; 48: 6; 98: 6 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 5: 3; 17: 13-15; 18: 49 വിശദീകരണം നോക്കുക.

31. അല്ലാഹുവിനെക്കൊണ്ട് യാതൊന്നിനെയും പങ്കുചേർക്കാതെ നേരെച്ചൊവ്വെ അവന് വേണ്ടി നിലകൊള്ളുക; അല്ലാഹുവിനെക്കൊണ്ട് വല്ലവനും പങ്കു ചേർക്കുകയാണെങ്കിൽ അപ്പോൾ അവൻ ആകാശത്തുനിന്ന് വീണവനെപ്പോലെയാണ്; അങ്ങനെ പക്ഷികൾ അവനെ റാഞ്ചികൊണ്ടുപോകുന്നു, അല്ലെങ്കിൽ കാറ്റിനാൽ നയിച്ച് ഏതെങ്കിലും അഗാധഗർത്തത്തിൽ തള്ളിയിടപ്പെടുന്നു.

അതായത്, ആകാശത്തുനിന്ന് വീണാൽ ലക്ഷ്യസ്ഥാനത്ത് പതിക്കുകയില്ല എന്നതുപോലെ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന പ്രവർത്തനങ്ങൾ ലക്ഷ്യസ്ഥാനമായ സ്വർഗ്ഗത്തിലുള്ള *ഇല്ലിയ്യീനിൽ* രേഖപ്പെടുത്തുന്നതിനുവേണ്ടി 7: 40 ൽ വിവരിച്ച പ്രകാരം ആകാശത്തിന്റെ വാതിലുകൾ തുറന്ന് കൊടുക്കപ്പെടുകയില്ല എന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. അഥവാ 39: 65 ൽ പറഞ്ഞ പ്രകാരം *ശിർക്ക്* ചെയ്താൽ എല്ലാ പ്രവർത്തനങ്ങളും പാഴായിപ്പോയി എന്നർത്ഥം. 2: 113; 4: 48; 12: 106 വിശദീകരണം നോക്കുക.

32. അതായത്, ആരെങ്കിലും അല്ലാഹുവിന്റെ അടയാളങ്ങളെ മാനിക്കുകയാണെങ്കിൽ അപ്പോൾ അത് ഹൃദയങ്ങളുടെ സൂക്ഷ്മതയിൽ പെട്ടതാണ്.

ഹൃദയങ്ങളിൽ 'അല്ലാഹ്'എന്ന സ്മരണയുള്ളവർ മാത്രമേ അല്ലാഹുവിന്റെ അടയാളങ്ങളെ മാനിക്കുകയുള്ളൂ. ആണാകട്ടെ പെണ്ണാകട്ടെ, 8: 48 ൽ വിവരിച്ച പ്രകാരം ആരാണോ തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റിയത്, അവർക്ക് മാത്രമേ അതിന് സാധിക്കുകയുള്ളൂ. 2: 152; 5: 2, 48; 13: 28 വിശദീകരണം നോക്കുക.

33. നിങ്ങൾക്ക് അവയിൽ ഒരു നിർണ്ണയിച്ച അവധിവരെ ഉപകാരങ്ങളുണ്ട്, പിന്നെ അവയുടെ സ്ഥാനം അതിപുരാതന ഗേഹത്തിങ്കലേക്കാകുന്നു.

'നിങ്ങൾക്ക് അവയിൽ ഒരു നിർണയിച്ച അവധിവരെ ഉപകാരങ്ങളുണ്ട്' എന്ന് പറഞ്ഞതിന്റെ വിവക്ഷ ബലിക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള മൃഗങ്ങളെ സവാരിക്കും കൃഷി നനക്കുന്നതിനും നിലം ഉഴുതുന്നതിനും അവയുടെ രോമങ്ങൾ എടുക്കുന്നതിനുമെല്ലാം ഉപയോഗപ്പെടുത്താമെന്നാണ്. പിന്നെ അവയുടെ സ്ഥാനം അതിപുരാതന ഗേഹത്തിങ്കലേക്കാകുന്നു എന്ന് പറഞ്ഞതിൽ നിന്നും ഹജ്ജ് വേളയിൽ ബലിയറുക്കുന്നത് ഹറം മേഖലയിൽപെട്ട മീനായിൽ വെച്ചായിരിക്കണം എന്നുമാണ്.

34. എല്ലാഓരോ സമുദായത്തിനും അല്ലാഹു അവർക്ക് നൽകിയ നാൽക്കാലി മൃഗങ്ങളിൽ അല്ലാഹുവിന്റെ നാമം സ്മരിക്കുന്നതിന് വേണ്ടി ഒരുബലികർമ്മം നിശ്ചയിച്ചുകൊടുത്തിട്ടുണ്ട്, അപ്പോൾ നിങ്ങളുടെ ഇലാഹ് ഏകഇലാഹ് മാത്രമാണ്, അപ്പോൾ നിങ്ങൾ അവന് സർവ്വസ്വം സമർപ്പിക്കുന്നവരാവുക, മനസാ- വാചാ-കർമ്മണാ അവന് സമർപ്പിച്ചവർക്ക് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

6: 121, 162; 16: 89; 21: 108 വിശദീകരണം നോക്കുക.

35. അല്ലാഹുവിനെക്കുറിച്ച് ഓർമ്മപ്പെടുത്തപ്പെട്ടാൽ തങ്ങളുടെ ഹൃദയങ്ങൾ പ്രകമ്പിതരാകുന്നവരും തങ്ങളെ ബാധിച്ച ആപത്തുകളെ ക്ഷമാപൂർവം തരണം ചെയ്യുന്നവരും നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നവരും നാം അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിച്ചു കൊണ്ടിരിക്കുന്നവരുമാണവർ.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 2-5; 8: 2-4; 9: 112 വിശദീകരണം നോക്കുക.

36. ബലി ഒട്ടകങ്ങളേയും, നാം നിങ്ങൾക്ക് അവയെ അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാക്കിയിരിക്കുന്നു, അവയിൽ നിങ്ങൾക്ക് നന്മയുണ്ട്, അപ്പോൾ നിങ്ങൾ അവ നിൽക്കുന്ന അവസ്ഥയിൽ അവയിൽ അല്ലാഹുവിന്റെ നാമം സ്മരിക്കുക, അങ്ങനെ അവ വീണാൽ അതിൽ നിന്നും നിങ്ങൾ ഭക്ഷിക്കുക, ആവശ്യക്കാരിൽ നിന്നുള്ള ചോദിക്കുന്നവരേയും ചോദിക്കാത്തവരേയും ഭക്ഷിപ്പിക്കുകയും ചെയ്യുക, അപ്രകാരം നാം നിങ്ങൾക്ക് അവയെ വിധേയമാക്കിത്തന്നിരിക്കുന്നു, നിങ്ങൾ നന്ദി പ്രകടിപ്പിക്കുന്നവരാവുന്നതിന് വേണ്ടി.

'അവ നിൽക്കുന്ന അവസ്ഥയിൽ അവയിൽ നാഥന്റെ നാമം സ്മരിക്കുക' എന്നതിന്റെ വിവക്ഷ ഒട്ടകത്തെ നിൽക്കുന്ന അവസ്ഥയിലാണ് കഴുത്തിന് വെട്ടി അറുക്കുന്നത് എന്നാണ്. ആവശ്യക്കാരിൽ നിന്നുള്ള ചോദിക്കുന്നവർ എന്നതുകൊണ്ടുദ്ദേശിക്കുന്നത് ബലിമാംസം ചോദിച്ചുവരുന്ന ദരിദ്രരും, ചോദിക്കാത്തവർ എന്നതുകൊണ്ടുദ്ദേശിക്കുന്നത് ബലിമാംസം ആവശ്യപ്പെട്ട് വരാത്തവരും എന്നാൽ കൊടുത്താൽ സ്വീകരിക്കുന്നതുമായ ആളുകളാണ്. 22: 28 വിശദീകരണം നോക്കുക.

37. അവയുടെ മാംസമോ അവയുടെ രക്തമോ അല്ലാഹുവിലേക്ക് എത്തുകയില്ല തന്നെ, എന്നാൽ നിങ്ങളിലുള്ള ഭയഭക്തിയാണ് അല്ലാഹുവിലേക്കെത്തുക, അപ്രകാരം നാമവയെ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു, നിങ്ങളെ സന്മാർഗ്ഗത്തിലാക്കിയതിന് അല്ലാഹുവിനെ മഹത്വപ്പെടുത്തുന്നതിനുവേണ്ടി, അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിച്ചു കൊള്ളുകയും ചെയ്യുക.

'അവയുടെ മാംസമോ അവയുടെ രക്തമോ അല്ലാഹുവിലേക്ക് എത്തുകയില്ല' എന്ന് പറഞ്ഞതിൽ നിന്നും കൂടുതൽ മാംസവും രക്തവുമുള്ള വലിയ ബലിമൃഗങ്ങളെ അറുക്കുന്നതിലല്ല പുണ്യം, മറിച്ച് കഴുത്തിൽ കത്തിവെക്കാൻ മടിക്കുന്ന വിധത്തിലുള്ളതും ഓരോ പ്രദേശത്തുകാരും ഏതൊരു മൃഗത്തിന്റെ മാംസമാണോ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നത്, അത്തരം മൃഗത്തെയാണ് ബലിയറുക്കേണ്ടത് എന്നുമാണ്. അതുകൊണ്ട് പോത്ത്, കാള തുടങ്ങിയ മൃഗങ്ങളെ ബലിയറുക്കുന്നതിനെക്കാൾ ഉത്തമം ആടിനെ ബലിയറുക്കലാണ്. മനുഷ്യന് അവൻ ഉദ്ദേശിച്ച് പ്രവർത്തിച്ചതല്ലാതെ ഇല്ല എന്ന് 53: 39 ൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ കടമ നിർവ്വഹിക്കുന്നതിനും ആളുകളെ ബോധിപ്പിക്കുന്നതിനും വേണ്ടി ചര്യാപരമായും കുടുംബമഹത്വം സംരക്ഷിക്കുന്നതിന്റെ ഭാഗമായിക്കൊണ്ടുമെല്ലാം ജാഡ പ്രകടിപ്പിച്ചുകൊണ്ട് ബലിയറുക്കുന്നത് സ്വീകരിക്കപ്പെടുകയില്ല എന്ന് മാത്രമല്ല, നാഥനെ ആത്മാവുകൊണ്ട് വാഴ്ത്തുകയും കീർത്തനം നടത്തുകയും ചെയ്യുന്ന ജീവിയെ കൊന്നതിനുള്ള ശിക്ഷ ലഭിക്കാൻ കാരണമാകുന്നതാണ്. നാഥനെമാത്രം ബോധിപ്പിക്കുന്നതിന് വേണ്ടി പ്രവാചകൻ ഇബ്റാഹീം മകൻ ഇസ്മാഈലിനെ ബലിയറുക്കാൻ തയ്യാറായതിനെ അനുസ്മരിച്ചുകൊണ്ട് നാഥന്റെ ഏത് കൽപ്പനയും സ്വീകരിക്കാൻ ഞാൻ തയ്യാറാണെന്ന് പ്രഖ്യാപിക്കലായിരിക്കണം ബലിയറുക്കുന്നതിന്റെ ലക്ഷ്യം. അങ്ങനെയുള്ളവരാണ് നാഥനെ കണ്ടുകൊണ്ട് ചരിക്കുന്നവർ. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ലോകത്തെവിടെയുമുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 16: 89 ൽ പറഞ്ഞ എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള, സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായ അദ്ദിക്റിനെ സത്യപ്പെടുത്താതെ ജീവിക്കുന്നതിനാൽ അവരിൽ നിന്നുള്ള ഓരോരുത്തരുടെയും മരണസമയത്ത് നാഥൻ 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 58-59 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാനും നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ, ദാനധർമം, ബലി തുടങ്ങിയവ സ്വീകരിക്കപ്പെടാനും 2: 186 ൽ രണ്ട് ഉപാധികൾ പറഞ്ഞിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ബലി അർപ്പിക്കലില്ല. ആത്മാവുകൊണ്ട് കീർത്തനവും നമസ്കാരവും നിർവഹിക്കുന്ന ജീവികളെ ബലിയർപ്പിക്കുന്നതിന് പകരം അവയെ വളർത്തലും വളർത്താൻ വേണ്ടി പ്രേരിപ്പിക്കലും മറ്റുള്ളവർ വളർത്തുന്നതിനുവേണ്ടി അവരെ സഹായിക്കലുമാണ് സൽക്കർമ്മം. 9: 100; 10: 50-52; 18: 103-105; 37: 100-105 വിശദീകരണം നോക്കുക.

38. നിശ്ചയം വിശ്വാസികളായവരെത്തൊട്ട് അല്ലാഹു പ്രതിരോധിക്കുന്നതാണ്, നിശ്ചയം അല്ലാഹു വഞ്ചകന്മാരായ കാഫിറുകളിൽ നിന്നുള്ള ഒരാളെയും ഇഷ്ടപ്പെടുകയില്ല.

വഞ്ചകന്മാരെക്കൊണ്ടുദ്ദേശിക്കുന്നത് കപടവിശ്വാസികളാണ്. അവർ അല്ലാഹുവിന്റെയും വിശ്വാസികളുടെയും ശത്രുക്കളാണ്. അതുകൊണ്ട് കപടവിശ്വാസികൾ വിശ്വാസികൾക്കെതിരായി നടത്തുന്ന കുതന്ത്രങ്ങളെ നാഥൻ പ്രതിരോധിക്കുമെന്നാണ് സൂക്ത

ത്തിൽ പറഞ്ഞതെങ്കിലും ഇന്ന് അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ പരിചയും മുഹൈമിനുമായി ഉപയോഗപ്പെടുത്തി സ്വയം പ്രതിരോധിക്കുകയാണ് വേണ്ടത്. *മുഹൈമിനായ* അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ വിശ്വാസി അതിനെ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ചുകൊണ്ട് നിലകൊള്ളുകയാണ് വേണ്ടത്. അതുതന്നെയാണ് 3: 102; 5: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നേരെച്ചൊവ്വെയുള്ള പാതയിലേക്ക് മാർഗ ദർശനം ചെയ്യപ്പെടാനുള്ള വഴിയും. 2: 9–10; 3: 110–112; 8: 55; 41: 26–28 വിശദീകരണം നോക്കുക.

39. യുദ്ധത്തിന് ഇരയായവർക്ക് നിശ്ചയം അവർ മർദ്ദിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ യുദ്ധത്തിന് അനുവാദം നൽകപ്പെട്ടിരിക്കുന്നു; നിശ്ചയം അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവൻ തന്നെയുമാണ്.

അല്ലാഹുവിൽ വിശ്വസിച്ചു എന്നതിന്റെ പേരിൽ മർദ്ദിക്കപ്പെട്ടുകൊണ്ടിരിക്കുകയും യുദ്ധത്തിന് ഇരയാക്കപ്പെടുകയും ചെയ്തിരുന്ന വിശ്വാസികൾക്ക് യുദ്ധത്തിന് അനുവാദം നൽകുകയാണ്. അതുവരെ അവരോട് ക്ഷമിക്കാനും മറ്റുനാടുകളിലേക്ക് പാലായനം ചെയ്യാനുമെല്ലാമായിരുന്നു നിർദ്ദേശിച്ചിരുന്നത്. 2: 216; 3: 26–27; 4: 75–77; 9: 129; 10: 103 വിശദീകരണം നോക്കുക.

40. തങ്ങളുടെ വീടുകളിൽ നിന്ന് ന്യായം കൂടാതെ പുറത്താക്കപ്പെട്ടവരാണ് അവർ –ഞങ്ങളുടെ ഉടമ അല്ലാഹുവാണെന്ന് പറയുന്നു എന്നതിന്റെ പേരിലല്ലാതെ; അല്ലാഹു ജനങ്ങളിൽ ചിലരെ ചിലരെക്കൊണ്ട് പ്രതിരോധിച്ചിട്ടില്ലായിരുന്നുവെങ്കിൽ അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന മഠങ്ങളും ക്രൈസ്തവ ദേവാലയങ്ങളും ജൂത ദേവാലയങ്ങളും പള്ളികളും തകർക്കപ്പെടുകതന്നെ ചെയ്യുമായിരുന്നു, അല്ലാഹു അവനെ സഹായിക്കുന്നവരെ സഹായിക്കുകതന്നെ ചെയ്യും, നിശ്ചയം അല്ലാഹു പ്രതാപവാനായ അതിശക്തൻ തന്നെയാകുന്നു.

എക്കാലത്തും ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പ്രഖ്യാപിക്കുന്ന വിശ്വാസികളാണ് തങ്ങളുടെ ജനതയാൽ ഉപദ്രവിക്കപ്പെടുക. ദീനിൽ നിർബന്ധമില്ല, എല്ലാമനുഷ്യരേയും അല്ലാഹുവാണ് അവൻ ഉദ്ദേശിക്കുന്ന മാതാപിതാക്കളിലൂടെ ഏതുലിംഗത്തിൽ, ഏതുകാലത്ത്, ഏതുദേശത്ത്, ഏതുഭൂമിയിൽ കൊണ്ടുവരണമെന്ന് നിശ്ചയച്ചതും അവരെ ഭൂമിയിൽ നിലനിർത്തുന്നതും കൊണ്ടുപോകുന്നതുമെല്ലാം എന്ന് മനസ്സിലാക്കിയ വിശ്വാസികൾ മനുഷ്യരുടെ ഐക്യത്തിനുവേണ്ടി പരിശ്രമിക്കുന്നവരാണ്. എന്നാൽ പൈശാചിക വൃത്തികളും വർഗ്ഗീയതയും വിഭാഗീയതയും സ്വാർത്ഥതയും സ്വജനപക്ഷപാതിത്തവുമെല്ലാം നടപ്പിലാക്കുന്ന, ഭൂമിയിൽ രക്തം ചിന്തുന്ന കപടവിശ്വാസികൾ; ഭൂമിയെ നശിപ്പിക്കുന്നതിന് വേഗം കൂട്ടുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരാണ്. നാഥനാൽ വധിക്കപ്പെട്ട ഇത്തരം മനുഷ്യപ്പിശാചുക്കൾ മസീഹുദ്ദജ്ജാലിനെ ആനയിക്കുന്നവരും അവനെ സഹായിക്കുന്നവരുമാണ്. ഈസാ രണ്ടാമത് വന്നതിന് ശേഷം ഇവരെ വധിച്ച് 4: 91; 5: 33; 9: 5, 123; 33: 60–61 എന്നീ സൂക്തങ്ങളുടെ കൽപന നടപ്പിലാക്കുന്നതാണ്. ദീനിൽ നിർബന്ധമില്ല എന്നതിനാൽ എല്ലാ മതക്കാരുടേയും ദേവാലയങ്ങൾ നിലനിൽക്കണമെന്നാണ് നാഥന്റെ താൽപര്യം. അപ്പോൾ മൊത്തം ജനതക്ക് നീതിവ്യവസ്ഥയായ അദ്ദിക്ർ എത്തിച്ചുകൊടുത്തുകൊണ്ട് അത് നടപ്പിലാക്കാൻ ശ്രമിക്കുന്നവരാണ് സ്രഷ്ടാവിന്റെ പ്രതിനിധികളായ ആയിരത്തിൽ ഒന്നായ വിശ്വാസികൾ. 3: 26–27 വിശദീകരണം നോക്കുക. അതുതന്നെയാണ് നാഥനെ സഹായിക്കലും. അങ്ങനെ അദ്ദിക്റിനെ ജീവിപ്പിക്കുകവഴി നാഥനെയും പ്രവാച

കന്മാരേയും ജീവിപ്പിക്കുകയാണ് അവർ ചെയ്യുന്നത്. അപ്പോൾ അത്തരം വിശ്വാസികളെ എല്ലാം അടക്കിഭരിക്കുന്നവനും ചോദ്യം ചെയ്യപ്പെടാത്തവനുമായ അല്ലാഹു സഹായിക്കുന്നതാണ് എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. 47: 7; 61: 14 വിശദീകരണം നോക്കുക.

ഇതര ജനവിഭാഗങ്ങളുടെ ദേവാലയങ്ങൾ തകർത്തുകളയരുത് എന്നാണ് നാഥൻ ഈ സൂക്തത്തിലൂടെ പഠിപ്പിക്കുന്നതെങ്കിൽ മദീനയിൽ വിശ്വാസികൾക്കിടയിൽ ഭിന്നതയും ഛിദ്രതയും വളർത്തുന്നതിനുവേണ്ടി കപടവിശ്വാസികൾ നിർമിച്ച 'ഉപദ്രവകരമായ പള്ളി' പൊളിച്ചുകളയാനാണ് 9: 107–108 സൂക്തങ്ങളിലൂടെ നാഥൻ കൽപിക്കുന്നത്. 2: 251; 3: 195 വിശദീകരണം നോക്കുക.

41. ഭൂമിയിൽ നാം അവർക്ക് ആധിപത്യം നൽകുകയാണെങ്കിൽ അവർ നമസ്കാരം മുറപ്രകാരം നിലനിർത്തുന്നവരും സക്കാത്ത് നൽകുന്നവരും നന്മകൊണ്ട് കൽപിക്കുന്നവരും തിന്മയെത്തൊട്ട് വിരോധിക്കുന്നവരുമായിരിക്കും, എല്ലാ ഓരോ കാര്യങ്ങളുടെയും പര്യവസാനം അല്ലാഹുവിലേക്കാണ്.

വിശ്വാസികളുടെ സംഘമുണ്ടെങ്കിൽ അവർക്ക് നാം ആധിപത്യം നൽകുമെന്ന് 24: 55 ൽ പറഞ്ഞിട്ടുണ്ട്. നന്മകൊണ്ട് കൽപിക്കലും തിന്മയെത്തൊട്ട് വിരോധിക്കലും കൊണ്ടുദ്ദേശിക്കുന്നത് അദ്ദിക്ർ നടപ്പിലാക്കലാണ്. ഇന്ന് ലോകത്ത് എല്ലായിടങ്ങളിലും ഒറ്റപ്പെട്ട വിശ്വാസികൾ മാത്രമാണുള്ളത്. അതുകൊണ്ട് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിൽ വ്യാപൃതരാവുകയും അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളോടും തള്ളിപ്പറയുന്ന അവരുടെ അനുയായികളോടും അതുകൊണ്ട് അധികരിച്ച ജിഹാദ് നടത്തുകയും ചെയ്യുന്നവരുമാണ് വിശ്വാസികൾ. 3: 110; 9: 120–121; 20: 132 വിശദീകരണം നോക്കുക.

42. നിന്നെ അവർ തള്ളിപ്പറയുകയാണെങ്കിൽ, അപ്പോൾ നിശ്ചയം അവർക്ക് മുമ്പുള്ള നൂഹിന്റെ ജനതയും ആദും സമൂദും തള്ളിപ്പറഞ്ഞിട്ടുണ്ട്,

43.-ഇബ്റാഹീമിന്റെ ജനതയും ലൂത്തിന്റെ ജനതയും,

44. മദ്യൻ നിവാസികളും; മൂസായും കളവാക്കപ്പെട്ടിട്ടുണ്ട്, അപ്പോൾ ഞാൻ കാഫിറുകൾക്ക് അവസരം നൽകി, പിന്നെ ഞാൻ അവരെ പിടികൂടി, അപ്പോൾ എന്റെ വിരോധം തീർക്കൽ എങ്ങനെയുണ്ടായിരുന്നുവെന്ന് നോക്കുക.

എല്ലാകാലത്തുമുള്ള ജനത അവരിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകന്മാരെ തള്ളിപ്പറഞ്ഞ് അവർ അക്രമികളായിത്തീരുമ്പോഴാണ് ആ നാടിനെ അല്ലാഹു നശിപ്പിച്ചത്. 2: 99; 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇന്ന് ലോകത്തെവിടെയുമുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുകവഴി തെമ്മാടികളായി മാറിയിരിക്കുകയാണ്.

ഇനി ഒരു പ്രവാചകൻ വരാനില്ല എന്നിരിക്കെ ലോകത്തെല്ലായിടത്തുമുള്ള മനുഷ്യരിൽ നിന്നുള്ള വിശ്വാസികൾ ഇജാസിലേക്ക് വേർതിരിക്കപ്പെടുകയും അവിടെയുള്ള ഫുജ്ജാറുകൾ അവിടെനിന്ന് പുറത്താക്കപ്പെടുകയും ചെയ്യുന്നതോടെ 9: 28 ൽ വിവരിച്ച പ്രകാരം വിശ്വാസികൾക്കുള്ള ലോകവിജയം സംഭവിക്കുന്നതാണ്. 6: 158 ൽ വിവരിച്ച പ്രകാരം വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്ന അവസാനത്തെ വ്യക്തിയും ഇവിടെനിന്ന് വിടവാങ്ങുന്നതോടെ അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങൾ പ്രത്യക്ഷപ്പെട്ട് തുടങ്ങുന്നതാണ്. ഈസാ രണ്ടാമത് വന്നതിന് ശേഷം മസീഹുദ്ദജ്ജാലും

ഫുജ്ജാറുകളും വധിക്കപ്പെടുന്നതും അതോടുകൂടി ലോകത്ത് മൊത്തം സമാധാനജീവിതം നടപ്പിൽ വരുന്നതുമാണ്. ശേഷം 11: 44 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളും ഇന്നത്തെ ഫുജ്ജാറുകളെപ്പോലെ അക്രമികളും തെമ്മാടികളുമായി മാറുമ്പോഴാണ് അന്ത്യദിനം സംഭവിക്കുക. 4: 158–159; 5: 44–45, 47; 9: 32–33 വിശദീകരണം നോക്കുക.

45. അപ്പോൾ എത്രയെത്ര നാട്ടുകാരെയാണ് അവർ അക്രമികളായപ്പോൾ നാം നശിപ്പിച്ചിട്ടുള്ളത്! അതാ അതിന്റെ മേൽപുരകളോടെ വീണടിഞ്ഞുകിടക്കുന്നു, എത്രയെത്ര കിണറുകളാണ് നികത്തപ്പെട്ടത്! എത്രയെത്ര കൊട്ടാരങ്ങളാണ് ഉപയോഗശൂന്യമായതും!

എക്കാലത്തും പ്രവാചകന്മാരുടെ ജനത ഗ്രന്ഥം പിൻപറ്റാതിരിക്കുകയും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അത് ലോകർക്ക് നൽകാതിരിക്കുകയും ചെയ്തുകൊണ്ട് അക്രമികളും ഭ്രാന്തന്മാരും തെമ്മാടികളുമാകുമ്പോഴാണ് അവർ നശിപ്പിക്കപ്പെട്ടിട്ടുള്ളത് എന്ന് 6: 47; 7: 84; 46: 35 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. 2: 258–260; 6: 133; 11: 101 വിശദീകരണം നോക്കുക.

46. അവർ ഭൂമിയിലൂടെ സഞ്ചരിച്ചുനോക്കിയിട്ടില്ലേ? അപ്പോൾ അവർക്ക് ചിന്തിക്കാനുള്ള ഹൃദയങ്ങളില്ലേ? അല്ലെങ്കിൽ കേൾക്കാനുള്ള കാതുകളില്ലേ? അപ്പോൾ നിശ്ചയം അവരുടെ കാഴ്ചകൾക്കല്ല അന്ധത, എന്നാൽ നെഞ്ചുകൾക്കുള്ളിലുള്ള ഹൃദയങ്ങൾക്കാണ് അന്ധത.

കാഴ്ചയിലും കേൾവിയിലും ഹൃദയം പങ്കെടുക്കുന്നുണ്ട്. ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും അശുദ്ധരക്തം ഹൃദയത്തിലേക്കും ഹൃദയത്തിൽനിന്ന് ശുദ്ധരക്തം എല്ലാ ഭാഗങ്ങളിലേക്കും പ്രവഹിക്കുന്നതിനാൽ ശരീരത്തിന്റെ എല്ലാഭാഗങ്ങളുമായി ഹൃദയത്തിന് ബന്ധമുണ്ട്. അപ്പോൾ കേൾവിയിലും കാഴ്ചയിലും ചിന്തയിലുമെല്ലാം ഹൃദയം പങ്കെടുക്കണമെന്നാണ് അല്ലാഹു ആവശ്യപ്പെടുന്നത്. 7: 179 ൽ, നിശ്ചയം ജിന്നുകളിൽ നിന്നും മനുഷ്യരിൽനിന്നും അധികപേരെക്കൊണ്ടും നരകക്കുണ്ഠം നാം കുത്തിനിറക്കുകതന്നെ ചെയ്യും; അവർക്ക് ഹൃദയങ്ങളുണ്ട്, അതുകൊണ്ട് അവർ ജീവിതലക്ഷ്യം ഗ്രഹിക്കുകയില്ല; അവർക്ക് കണ്ണുകളുണ്ട്, അതുകൊണ്ട് അവർ ഉൾക്കാഴ്ച കാണുകയില്ല; അവർക്ക് ചെവികളുണ്ട്, അതുകൊണ്ട് അവർ അത് കേൾക്കുന്നവരാവുകയില്ല; അക്കൂട്ടർ കന്നുകാലികളെപ്പോലെയാണ് –അല്ല, അവർ അവയെക്കാൾ ഏറ്റവും വഴിപിഴച്ചിരിക്കുന്നു; അക്കൂട്ടർ, അവർ തന്നെയാണ് പ്രജ്ഞയറ്റവർ എന്ന് പറഞ്ഞിട്ടുണ്ട്.

എല്ലാഓരോ കാര്യവും മനസ്സിലാക്കിയതിന്ശേഷം അദ്ദിക്റിനെ മൂടിവെച്ച കപടവിശ്വാസികളുടെ ഹൃദയങ്ങൾക്കും കാതുകൾക്കും അല്ലാഹു മൂടിയിട്ടിരിക്കുന്നതിനാൽ അവർ കേട്ടാൽ തന്നെ അവർക്ക് അത് ഉപകാരപ്പെടുകയില്ല എന്ന് 6: 25–26; 17: 45–46 സൂക്തങ്ങളിലും; അവർ അക്രമികളും ഭ്രാന്തന്മാരുമാണെന്ന് 7: 40–41; 18: 57; 32: 22 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 6–7, 18, 170–171; 16: 106; 63: 3–4 വിശദീകരണം നോക്കുക.

47. അവർ അതാ നിന്നോട് ശിക്ഷക്കുവേണ്ടി ധൃതികൂട്ടുന്നു, അല്ലാഹു തന്റെ വാഗ്ദാനം ലംഘിക്കുകയില്ലതന്നെ; നിശ്ചയം നിന്റെ നാഥന്റെയടുക്കൽ ഒരു ദിവസം നിങ്ങൾ എണ്ണിവരുന്ന ആയിരം വർഷങ്ങൾ പോലെയാണ്.

ഇവിടെയുള്ള ആയിരം വർഷങ്ങൾക്ക് തുല്യമാണ് നാഥന്റെയടുക്കൽ ഒരു ദിവസം

എന്ന് പറഞ്ഞത് ശിക്ഷക്കുവേണ്ടി ധൃതി കൂട്ടാതിരിക്കാനാണെങ്കിൽ, 32: 5 ൽ നിങ്ങൾ എണ്ണിവരുന്ന ആയിരം വർഷങ്ങൾക്ക് തുല്യമായ ഒരുനാളിൽ ഇവിടെ നടക്കുന്ന കാര്യങ്ങളെല്ലാം അവനിലേക്ക് ഉയർത്തപ്പെടുന്നു എന്നുപറഞ്ഞത് ഇവിടെ നടക്കുന്ന കാര്യങ്ങൾ ഉയർത്തപ്പെടുന്നതിന്റെ വേഗതയെയാണ് സൂചിപ്പിക്കുന്നത്. 70: 4 ൽ, മലക്കുകളും റൂഹും അമ്പതിനായിരം വർഷം ദൈർഘ്യമുള്ള നാളിൽ സ്വർഗ്ഗത്തിലേക്ക് കയറുന്നതാണ് എന്ന് പറഞ്ഞിട്ടുള്ളതിലെ 'നാൾ' വിചാരണാ ദിനമാണ്. 7: 187; 10: 11; 21: 37–38 വിശദീകരണം നോക്കുക.

48. അക്രമികളായ എത്രയെത്ര നാടുകൾക്കാണ് ഞാൻ സാവകാശം നൽകിയത്. പിന്നെ ഞാൻ അവരെ പിടികൂടി, അവരുടെയെല്ലാം മടക്കം എന്നിലേക്ക് തന്നെയുമാകുന്നു.

43: 33–35 സൂക്തങ്ങളിൽ, മനുഷ്യരെല്ലാം ഒറ്റ സമുദായമാകുമായിരുന്നില്ലെങ്കിൽ നിഷ്പക്ഷവാനെ നിഷേധിക്കുന്നവർക്ക് അവരുടെ വീടുകളുടെ മച്ചുകളും അതിലേക്ക് കയറിപ്പോകാനുള്ള കോണിപ്പടികളും നാം വെള്ളിയാലുള്ളതാക്കുമായിരുന്നു. അവരുടെ വീടുകളുടെ വാതിലുകളും അവർക്ക് ചാരിക്കിടക്കാനുള്ള കട്ടിലുകളുമെല്ലാം നവരത്നങ്ങളാലുള്ളതുമാക്കുമായിരുന്നു; എന്നാൽ അവ ഓരോന്നും തന്നെ ഐഹിക ജീവിതത്തിലെ വിഭവങ്ങൾ മാത്രമാകുന്നു, പരലോകമാകട്ടെ നിന്റെ നാഥന്റെ പക്കൽ സൂക്ഷ്മാലുക്കൾക്കുള്ളതാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 8: 33; 10: 98 വിശദീകരണം നോക്കുക.

49. നീ പറയുക: ഓ, മനുഷ്യരേ! നിശ്ചയം ഞാൻ നിങ്ങൾക്ക് വ്യക്തമായ ഒരു മുന്നറിയിപ്പുകാരനാകുന്നു.

ഇവിടെ മൊത്തം മനുഷ്യരെ വിളിച്ച് പറയാനാണ് പ്രവാചകനോടും ഇന്ന് വിശ്വാസികളോടും കൽപിക്കുന്നത്. മൊത്തം മനുഷ്യർക്ക് അദ്ദിക്ർ എത്തിച്ചുകൊടുക്കൽ 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ബാധ്യതയാണ്. എന്നാൽ വിശ്വാസിയായ അല്ലാഹുവിന്റെ പ്രതിനിധികളായ വിശ്വാസികൾ മാത്രമേ ആ ബാധ്യത നിർവ്വഹിക്കുകയുള്ളൂ. അങ്ങനെ ചെയ്യാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കെതിരായി അവർ വായിച്ച, കേട്ട, തൊട്ട സൂക്തങ്ങൾ സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും അവരെ നരകക്കുണ്ഠാരത്തിലേക്ക് തള്ളിവിടുന്നതാണ്. കാരുണ്യമായ അദ്ദിക്ർ സർവ്വലോകർക്കും എത്തിച്ചു കൊടുക്കാൻ കൽപ്പിക്കപ്പെട്ടതുകൊണ്ടാണ് 21: 107 ൽ, പ്രവാചകനായ മുഹമ്മദിനെക്കുറിച്ച് സർവ്വലോകർക്കും കാരുണ്യമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല എന്ന് പറഞ്ഞത്.

എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന, 15: 44 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിലെ 7 വാതിലുകളിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടിട്ടുള്ള ഫുജ്ജാറുകൾ ഗ്രന്ഥത്തെയും പ്രവാചകനെയും അവരുടേത് മാത്രമാക്കി പരിഗണിക്കുന്നവരും, 114: 1–3 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പ്രപഞ്ചനാഥനെ ജനങ്ങളുടെ ഇലാഹായും ഉടമയായും രാജാവായും പരിഗണിക്കാത്തവരുമാണ്. 7: 157–158; 16: 89; 25: 1 വിശദീകരണം നോക്കുക.

50. അപ്പോൾ ആരാണോ വിശ്വാസികളാവുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തത്, അവർക്ക് പാപമോചനവും മാന്യമായ ഭക്ഷണവിഭവങ്ങളുമുണ്ട്.

ആരാണോ അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും വിശ്വാസിയാകുന്നതിനുള്ള ഉപാധിയായ അത് ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും

ചെയ്തത്, 47: 7 ൽ വിവരിച്ച പ്രകാരം അവർ അല്ലാഹുവിനെ സഹായിക്കുന്നവരായതി നാൽ അല്ലാഹു അവരെയും സഹായിക്കുന്നതാണ്. അങ്ങനെ 25: 68–70 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരിൽനിന്ന് മുൻകാലങ്ങളിൽ വന്നുപോയിട്ടുള്ള കുറ്റങ്ങളെല്ലാം അവർക്ക് നന്മകളായി പരിവർത്തിപ്പിച്ച് കൊടുക്കുന്നതാണ്. 20: 130–132; 36: 10–11 വിശദീകരണം നോക്കുക.

51. നമ്മുടെ സൂക്തങ്ങളെ പരാജയപ്പെടുത്താൻ ഓടിനടക്കുന്നവരാരോ, അക്കൂട്ടരാണ് ജ്വലിക്കുന്ന നരകത്തിന്റെ നിവാസികൾ.

ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ വ്യാപിപ്പിക്കുന്നതി നാണ് വിശ്വാസികൾ മനസ്സാ-വാചാ-കർമണാ പരിശ്രമിക്കുക എങ്കിൽ കപടവിശ്വാസിക ൾ പ്രകാശമായ അദ്ദിക്റിനെ അവരുടെ വായകൊണ്ട് ഊതിക്കെടുത്താനാണ് സർവ്വകഴി വുകളും ഉപയോഗപ്പെടുത്തുക. മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായ അവർ തന്നെയാണ് കരയിലെ ദുഷ്ടജീവികൾ. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകൾ ജ്വലിക്കുന്ന നരകത്തിന്റെ സഹവാസികളാണെന്ന് 82: 14 ൽ പറ ഞ്ഞിട്ടുണ്ട്. 2: 39; 8: 22; 17: 97–98 വിശദീകരണം നോക്കുക.

52. നാം നിനക്കുമുമ്പ് ഒരു പ്രവാചകനെയോ നബിയെയോ അയച്ചിട്ടില്ല, അവൻ എന്തെങ്കിലും ഒന്ന് പറയാനുദ്ദേശിക്കുമ്പോൾ പിശാച് അതിൽ ഇടപെട്ടിട്ടല്ലാതെ, അപ്പോൾ അല്ലാഹു പിശാച് ഇട്ടുകൊടുത്തത് മായ്ച്ചുകളയുകയും പിന്നെ അല്ലാഹു തന്റെ സൂക്തങ്ങളെ തത്വനിർഭരമാക്കുകയും ചെയ്യുന്നു, അല്ലാഹു സർവ്വജ്ഞനായ യുക്തിജ്ഞനുമാണ്.

ഏതൊരു പ്രവാചകനും അല്ലെങ്കിൽ നബിയും എന്തെങ്കിലും പറയാൻ ഉദ്ദേശിക്കു മ്പോൾ പിശാച് അതിൽ ഇടപെടുമെന്നാണ് സൂക്തം പറയുന്നത്. എന്നാൽ ത്രികാലജ്ഞാ നിയായ അല്ലാഹു പിശാച് ഇട്ടുകൊടുത്തത് മായ്ച്ചുകളഞ്ഞ് അവന്റെ സൂക്തങ്ങൾ യുക്തി നിർഭരമാക്കുന്നു. പിശാചിനെ പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ് യുക്തിജ്ഞനായ നാഥൻ ഇത്തരം സന്ദർഭങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. ഗ്രന്ഥം സമർപ്പിക്കുന്ന അല്ലാഹുവിനെ യും പിശാചിനെയും തിരിച്ചറിയാത്ത കപടവിശ്വാസികളും ഹൃദയങ്ങളിൽ രോഗമുള്ളവരും ഇത്തരം സൂക്തങ്ങളുടെ കാര്യത്തിൽ സംശയം പ്രകടിപ്പിക്കുന്നതാണ്. 6: 112; 10: 15–16; 17: 74–75 വിശദീകരണം നോക്കുക.

53. പിശാച് ഇട്ടുകൊടുത്തത് തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുള്ളവർക്കും തങ്ങളുടെ ഹൃദയങ്ങൾ കല്ലിച്ചുപോയവർക്കും ഒരു പരീക്ഷണമാക്കുന്നതിന് വേണ്ടിയാണ്, നിശ്ചയം അക്രമികൾ വിദൂരമായ ഭിന്നിപ്പിൽ തന്നെയുമാണ്.

സൂക്തത്തിൽ പറഞ്ഞ 'ഹൃദയങ്ങൾ കല്ലിച്ചുപോയവർ' അദ്ദിക്റിനെ മൂടിവെച്ച ക പടവിശ്വാസികളും 'ഹൃദയങ്ങളിൽ രോഗമുള്ളവർ' അദ്ദിക്റിനെ തള്ളിപ്പറയുന്ന അനുയായി കളുമാണ്. ഈ രണ്ട് വിഭാഗവും ഉൾപ്പെട്ടതാണ് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറു കൾ. അപ്പോൾ 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇത്തരം ഫുജ്ജാറുകളായ കു ഫ്ഫാറുകൾക്ക് നാഥൻ നരകക്കുണ്ഠാഗ്നിയാണ് വാഗ്ദത്തം ചെയ്തിട്ടുള്ളത്. 9: 5, 123 സൂ ക്തങ്ങളിൽ വിവരിച്ച പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഏറ്റവും ദുഷ്ടജീവിക ളായ, മസീഹുദ്ദജ്ജാലിനെ നബിയായും നാഥനായും സ്വീകരിക്കുന്ന ഇക്കൂട്ടർ ഈസാ രണ്ടാമത് വന്നാൽ പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ,

ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നതാണ്. അപ്പോൾ മാത്രമാണ് അവർക്ക് അറബി ഖുർആൻ അല്ല, മറിച്ച് 38: 8 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ -ദിക്രീ- ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥം എന്ന് ബോധ്യം വരിക. 2: 176; 3: 90-91; 10: 88 വിശദീകരണം നോക്കുക.

54. അറിവ് നൽകപ്പെട്ടവരായവർക്ക് നിശ്ചയം ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണെന്ന് അറിയുന്നതിനും വേണ്ടിയാണ്, അപ്പോൾ അവർ അതു കൊണ്ട് വിശ്വസിക്കുകയും അവരുടെ ഹൃദയങ്ങൾ അവനോട് കീഴ്പ്പെടുകയും ചെയ്യുന്നു, നിശ്ചയം അല്ലാഹു വിശ്വാസികളായവരെ നേരെച്ചൊവ്വെയുള്ള പാതയിലേക്ക് മാർഗദർശനം ചെയ്യുകതന്നെ ചെയ്യും.

ഇവിടെ അറിവ് നൽകപ്പെട്ടവർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നാഥനിൽ നിന്ന് മുമ്പ് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥം അറിയുന്ന പ്രവാചകന്റെ സമുദായത്തിൽപെട്ട ഇതര ജനവിഭാഗങ്ങളാണ്. 3: 101-102; 4: 174-175 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇന്ന് അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ ആരാണോ അതിനെ മുറുകെപ്പിടിക്കുകവഴി നാഥനെ മുറുകെപ്പിടിച്ചത്, അവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു.

55. കാഫിറുകളായവർ അതിന്റെ കാര്യത്തിലുള്ള സംശയത്തിൽ നിന്ന് വിട്ടകന്ന് നിൽക്കുകയില്ല, പെട്ടെന്ന് അവർക്ക് അന്ത്യനിമിഷം വരുന്നതുവരെ, അല്ലെങ്കിൽ വന്ധ്യയായ ഒരു നാളിലെ ശിക്ഷ അവർക്ക് വന്നെത്തുന്നത് വരെ.

അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കാഫിറുകൾ അവർക്ക് അന്ത്യനിമിഷം വരുന്നതുവരെ അദ്ദിക്റിന്റെ കാര്യത്തിലുള്ള സംശയത്തിൽ നിന്ന് വിട്ടകന്ന് നിൽക്കുകയില്ലെന്നാണ് സൂക്തം പറയുന്നത്. 11: 17; 13: 30-31; 15: 99 വിശദീകരണം നോക്കുക.

56. അന്നേദിനം രാജാധിപത്യം അല്ലാഹുവിനാണ്, അവർക്കിടയിൽ അവൻ വിധികൽപ്പിക്കും, അപ്പോൾ ആരാണോ വിശ്വാസിയാവുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നത്, അവർ അനുഗ്രഹീതമായ സ്വർഗ്ഗപ്പൂന്തോപ്പുകളിലാണ്.

2: 38; 9: 71-72; 22: 50 വിശദീകരണം നോക്കുക.

57. ആരാണോ നമ്മുടെ സൂക്തങ്ങൾ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവരാകുന്നത്; അപ്പോൾ അക്കൂട്ടർ അവർക്കാകുന്നു ഹീനമായ ശിക്ഷയുള്ളത്.

2: 39; 9: 67-68; 22: 51, 53 വിശദീകരണം നോക്കുക.

58. ആരാണോ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പാലായനം ചെയ്യുകയും പിന്നെ വധിക്കപ്പെടുകയോ അല്ലെങ്കിൽ സ്വാഭാവിക മരണം വരിക്കുകയോ ചെയ്തത്, അവരെ അല്ലാഹു ഏറ്റവും നല്ല ഭക്ഷണവിഭവങ്ങൾ കൊണ്ട് ഊട്ടുകതന്നെ ചെയ്യും; നിശ്ചയം അല്ലാഹു, അവൻ തന്നെയാണ് ഊട്ടുന്നവരിൽ വെച്ച് ഏറ്റവും ഉത്തമൻ.

ഇന്ന് വിശ്വാസികളുടെ നാട് ലോകത്തെവിടെയും ഇല്ലാത്തതിനാൽ പാലായനമില്ല. മറിച്ച് ഒറ്റപ്പെട്ട വിശ്വാസികൾ താമസിക്കുന്ന നാടുകളിൽ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളുകയും ലോകരിൽ അത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയുമാണ് വേണ്ടത്. നിഷ്പക്ഷവാനായ നാഥനെ സഹായിച്ചുകൊണ്ടിരിക്കുന്ന അവരെ 5: 67 ൽ വിവരിച്ച പ്രകാരം എല്ലാം അടക്കിഭരിക്കുന്ന നാഥൻ അവന്റെ സന്ദേശം എത്തിച്ചു കൊടുക്കുമ്പോഴുള്ള എതിർപ്പുകളെത്തൊട്ട് കാത്തുസൂക്ഷി

ക്കുന്നതാണ്. 11: 88; 20: 130 വിശദീകരണം നോക്കുക.

59. അവരെ അവൻ തൃപ്തിപ്പെടുന്ന ഒരു പ്രവേശനമാർഗത്തിൽ പ്രവേശിപ്പിക്കുകതന്നെചെയ്യും, നിശ്ചയം അല്ലാഹു എല്ലാം അറിയുന്ന സഹനശീലൻ തന്നെയുമാകുന്നു.

സൂക്തത്തിൽ 'അവൻ തൃപ്തിപ്പെടുന്ന' എന്ന് പറഞ്ഞതിന് അല്ലാഹു തൃപ്തിപ്പെടുന്ന എന്നും വിശ്വാസി തൃപ്തിപ്പെടുന്ന എന്നും ആശയം ഉണ്ട്. 8: 29; 9: 100 വിശദീകരണം നോക്കുക.

60. അത്, വല്ലവനും പ്രതികാരം ചെയ്യുന്നുണ്ടെങ്കിൽ അവനോട് തത്തുല്യമായ രീതിയിൽ പ്രതികാരം ചെയ്തുകൊള്ളട്ടെ, പിന്നെ അതിന്റെ പേരിൽ അവൻ അതിക്രമിക്കപ്പെടുകയാണെങ്കിൽ അല്ലാഹു അവനെ സഹായിക്കുകതന്നെ ചെയ്യും, നിശ്ചയം അല്ലാഹു വിടുതിചെയ്യുന്ന ഏറെപ്പൊറുക്കുന്നവൻ തന്നെയാകുന്നു.

16: 126–128; 42: 38–43 വിശദീകരണം നോക്കുക.

61. അത്, നിശ്ചയം അല്ലാഹുവാണ് രാവിനെ പകലിൽ പ്രവേശിപ്പിക്കുകയും പകലിനെ രാവിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നത് എന്നതുകൊണ്ടാണ്, നിശ്ചയം അല്ലാഹു എല്ലാംകേൾക്കുന്ന സദാ വീക്ഷിക്കുന്നവനുമാകുന്നു.

രാവും പകലും ഉണ്ടാക്കിയതും നിയന്ത്രിക്കുന്നതും അല്ലാഹു ആയിരിക്കെ രാവിലാകട്ടെ പകലിലാകട്ടെ, എന്തൊരു അക്രമം നടന്നാലും അതിന് ഗ്രന്ഥത്തിലൂടെ അവൻ നൽകിയ നിയമപ്രകാരമുള്ള നീതിയുക്തമായ പരിഹാരവും തീരുമാനവും നടപ്പിലാക്കേണ്ടതുണ്ട്. ആരാണോ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധികൽപിക്കാത്തത്, അക്കൂട്ടർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 178–179; 9: 115 വിശദീകരണം നോക്കുക.

62. അത് നിശ്ചയം അല്ലാഹു അവൻ മാത്രമാണ് സത്യം, നിശ്ചയം അവനെക്കൂടാതെ അവർ വിളിച്ചുപ്രാർത്ഥിക്കുന്ന എല്ലാഒന്നും മിഥ്യയുമാണ് എന്നതുകൊണ്ടാണ്, നിശ്ചയം അല്ലാഹു മാത്രമാണ് അത്യുന്നതനായ അതിമഹാൻ.

അവസാനകാലമായ ഇന്ന് നാഥനെ സമർപ്പിക്കുന്ന സത്യമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നവർക്ക് മാത്രമേ അവരുടെ പ്രവർത്തനങ്ങൾ സ്വർഗ്ഗത്തിലുള്ള *ഇല്ലിയ്യീനിൽ* രേഖപ്പെടുത്തുന്നതിന് വേണ്ടി ആകാശത്തിന്റെ വാതിലുകൾ തുറന്ന് കൊടുക്കുകയുള്ളൂ. ഗ്രന്ഥം കിട്ടിയിട്ട് അത് ഉപയോഗപ്പെടുത്താത്തവരെല്ലാം അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരും മിഥ്യാവാദികളുമാണ്. അവരുടെ പട്ടിക നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീനി*ലാണ് എന്ന് 83: 7 ലും; അവർക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയോ ഇല്ലെന്ന് 7: 40 ലും പറഞ്ഞിട്ടുണ്ട്. 10: 108; 22: 12–13 വിശദീകരണം നോക്കുക.

63. നീ കണ്ടില്ലേ, നിശ്ചയം അല്ലാഹു ആകാശത്തുനിന്ന് വെള്ളം ഇറക്കുന്നു, അതുവഴി ഭൂമി പച്ചപിടിച്ചതായിത്തീരുന്നു, നിശ്ചയം അല്ലാഹു ഉള്ളിന്റെയുള്ളറിയുന്ന എല്ലാം വലയം ചെയ്തവനാകുന്നു.

6: 103; 13: 4; 18: 45 വിശദീകരണം നോക്കുക.

64. ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അവനുള്ളതാകുന്നു, നിശ്ചയം അല്ലാഹു അവൻ തന്നെയാണ് ഐശ്വര്യവാനായ സ്തുത്യർഹൻ.

ആദ്യവും അന്ത്യവുമില്ലാത്ത, ഐശ്വര്യവാനും സ്വയം സ്തുത്യർഹനുമായ അല്ലാഹു സൃഷ്ടിച്ചതാണ് ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ള ഏതൊരു വസ്തുവിനെയും. അപ്പോൾ വിശേഷബുദ്ധി നൽകപ്പെട്ട മനുഷ്യൻ ഐശ്വര്യമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ജീവിതലക്ഷ്യം മനസ്സിലാക്കി നിലകൊള്ളുന്നുവെങ്കിൽ അതിന്റെ ഗുണം അവനുന്നെയാണ്. 31: 12 ൽ, നിശ്ചയം ലുഖ്മാന് നാം തത്വജ്ഞാനം നൽകിയിട്ടുണ്ട് –അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നവനാകുന്നതിന് വേണ്ടി; ആരെങ്കിലും നന്ദി പ്രകടിപ്പിക്കുന്നുണ്ടെങ്കിൽ അപ്പോൾ നിശ്ചയം അവൻ നന്ദി പ്രകടിപ്പിക്കുന്നത് അവനുവേണ്ടിത്തന്നെയാണ്, ആരെങ്കിലും നിഷേധിയാകുന്നുവെങ്കിൽ അപ്പോൾ നിശ്ചയം അല്ലാഹു സ്വയം സ്തുത്യർഹനായ ഐശ്വര്യവാൻ തന്നെയാകുന്നു എന്നും; 35: 15 ൽ, ഓ മനുഷ്യരേ! നിങ്ങൾ അല്ലാഹുവിനെ ആവശ്യമുള്ള ദരിദ്രരാകുന്നു; അല്ലാഹുവാകട്ടെ, അവൻ സ്വയം സ്തുത്യർഹനായ ഐശ്വര്യവാനുമാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. 2: 284; 4: 158; 17: 1 വിശദീകരണം നോക്കുക.

65. നീ കണ്ടില്ലേ, നിശ്ചയം അല്ലാഹു ഭൂമിയിലുള്ള ഒന്ന് നിങ്ങൾക്ക് വിധേയമാക്കിത്തന്നിട്ടുള്ളത്, അവന്റെ കൽപ്പന പ്രകാരം സമുദ്രത്തിൽ കപ്പൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നതും; ആകാശത്തെ ഭൂമിയുടെമേൽ വീഴാതെ പിടിച്ചുനിർത്തുന്നതും, അത് അവന്റെ സമ്മതപത്രം കൊണ്ടല്ലാതെയല്ല, നിശ്ചയം അല്ലാഹു ജനങ്ങളോട് ഏറെ കാരുണ്യവാനായ കൃപാലുതന്നെയാണ്.

'നീ കണ്ടില്ലേ' എന്ന് ചോദിച്ചതിന് നീ ആത്മാവുകൊണ്ട് കണ്ടിട്ടില്ലേ അഥവാ മനസ്സിലാക്കിയിട്ടില്ലേ എന്നാണ് ആശയം. കൽപന, സമ്മതപത്രം എന്നിവ അദ്ദിക്റിന്റെ 40 പേരുകളിൽ പെട്ടതാണ്. അപ്പോൾ ആകാശം ഭൂമിയുടെമേൽ വീഴാതിരിക്കുന്നത് നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ മുറുകെപ്പിടിച്ച് ജീവിക്കുന്ന, അവന്റെ പ്രാതിനിധ്യം വഹിക്കുന്ന, വിശ്വാസിയുള്ളതുകൊണ്ടാണ്. അതാണ് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സാണ് അദ്ദിക്ർ എന്ന് പറഞ്ഞതിന്റെ പൊരുൾ. ആകാശവും ഭൂമിയും നാഥന്റെ കൽപനയായ അദ്ദിക്ർ കൊണ്ടാണ് നിലനിൽക്കുന്നത് എന്നത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് എന്ന് 30: 25 ൽ പറഞ്ഞിട്ടുണ്ട്.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ലോകരിൽ പ്രചരിപ്പിക്കുന്ന, വിചാരണയില്ലാതെ സ്വർഗ്ഗത്തിൽ പോകുന്ന ഒരു വിശ്വാസി ലോകത്തെവിടെയും ഇല്ലാതാകുമ്പോഴാണ് അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നായ മസീഹുദ്ദജ്ജാൽ പുറപ്പെടുക. 6: 158; 45: 13; 55: 8–9 വിശദീകരണം നോക്കുക.

66. അവൻ തന്നെയാണ് നിങ്ങളെ ജീവിപ്പിച്ചത്, പിന്നെ നിങ്ങളെ അവൻ മരിപ്പിക്കും, പിന്നെ നിങ്ങളെ അവൻ വീണ്ടും ജീവിപ്പിക്കും, നിശ്ചയം മനുഷ്യൻ ഏറെ നന്ദികെട്ടവൻ തന്നെയാണ്.

സൂക്തത്തിൽ 'സൃഷ്ടിച്ചത്' എന്ന് പറയാതെ 'ജീവിപ്പിച്ചത്' എന്നാണ് പറഞ്ഞിട്ടുള്ളത് എന്ന് പ്രത്യേകം ശ്രദ്ധിക്കുക. അഥവാ മനുഷ്യരുടെ ആദ്യസൃഷ്ടിപ്പ് നടന്നത് സ്വർഗ്ഗത്തിലാണ്. പിന്നെ ഏഴ് ഘട്ടങ്ങളുള്ള ജീവിതത്തിലെ നാലാം ഘട്ടത്തിലേക്കുള്ള ആ

ദ്യജനനമാണ് ഭൂമിയിൽ നടക്കുന്നത്. വിശേഷബുദ്ധി നൽകപ്പെട്ട മനുഷ്യൻ അവന്റെ സൃഷ്ടിപ്പ്, ജനനം, വളർച്ചയുടെ വിവിധഘട്ടങ്ങൾ, ഉറക്കം, മരണം, ജീവിതലക്ഷ്യം തുടങ്ങിയവയെക്കുറിച്ച് ഒന്നുംതന്നെ ചിന്തിക്കാത്തവനാണെങ്കിൽ അവൻ ഭ്രാന്തനും പ്രജ്ഞയറ്റവനും നന്ദികെട്ടവനുമാണ് എന്നാണ് സൂക്തത്തിൽ പറയുന്നത്. ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമേ അദ്ദിക്റിൽ നിന്ന് ജീവിതലക്ഷ്യം മനസ്സിലാക്കി ജനനത്തെക്കുറിച്ചും മരണത്തെക്കുറിച്ചും ജീവിതലക്ഷ്യത്തെക്കുറിച്ചുമെല്ലാം ആലോചിച്ച് പ്രതിഫലിപ്പിക്കുകയുള്ളൂ. 14: 34; 17: 67, 89; 21: 10 വിശദീകരണം നോക്കുക.

67. എല്ലാഓരോ സമുദായത്തിനും നാം ബലികർമ്മം നിശ്ചയിച്ച് കൊടുത്തിട്ടുണ്ട്, അവർ അത് അനുഷ്ഠിച്ചുകൊണ്ടിരിക്കും, അപ്പോൾ കൽപനയുടെ കാര്യത്തിൽ അവർ നിന്നോട് വഴക്കിടാതിരിക്കട്ടെ; നീ നിന്റെ നാഥനിലേക്ക് വിളിക്കുകയും ചെയ്യുക, നിശ്ചയം നീ നേരെച്ചൊവ്വെയുള്ള പാതയിൽ തന്നെയാണ് നിലകൊള്ളുന്നത്.

നാഥനിലേക്ക് വിളിക്കേണ്ടത് ഹിക്മത്തും മൗഇളത്തും അടങ്ങിയിട്ടുള്ള അദ്ദിക്റ് കൊണ്ടാണ് എന്ന് 16: 125 ൽ പറഞ്ഞിട്ടുണ്ട്. 42: 52 അവസാനിക്കുന്നത് 'നിശ്ചയം നീ മാർഗദർശനം ചെയ്യുന്നത് നേരെച്ചൊവ്വെയുള്ള പാതയിലേക്ക് തന്നെയാണ്' എന്ന് പറഞ്ഞുകൊണ്ടാണ്. 6: 153, 162; 11: 56; 12: 108; 22: 34 വിശദീകരണം നോക്കുക.

68. ഇനി അവർ നിന്നോട് തർക്കിക്കുകയാണെങ്കിൽ അപ്പോൾ നീ പറയുക: നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്തും അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ.

69. നിങ്ങൾ ഭിന്നിച്ചുകൊണ്ടിരിക്കുന്ന ഏതൊന്നിലും വിധിദിവസം അല്ലാഹു നിങ്ങൾക്കിടയിൽ വിധി കൽപിക്കുന്നതാണ്.

നരകത്തിലേക്കുള്ള ആയിരത്തിൽ തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പത് ഫുജ്ജാറുകളും ഗ്രന്ഥത്തിലെ സൂക്തങ്ങളോട് തർക്കിക്കുന്നവരാണ്. അപ്പോൾ അവരോട് ത്രികാലജ്ഞാനിയായ നാഥൻ അവന്റെ ത്രികാലജ്ഞാനമായ അദ്ദിക്റ് കൊണ്ട് നിങ്ങൾ ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ വിധിദിവസം നിങ്ങൾക്കിടയിൽ വിധികൽപ്പിക്കും എന്ന് പറയാനാണ് പ്രവാചകനോടും വിശ്വാസികളോടും കൽപിക്കുന്നത്. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസികൾ 5: 44-45, 47 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്റ് കൊണ്ട് ഇവിടെവെച്ചുതന്നെ വിചാരണ നടത്തുന്നതാണ്. 2: 113; 7: 205-206; 16: 64; 39: 46 വിശദീകരണം നോക്കുക.

70. നിനക്ക് അറിഞ്ഞുകൂടേ, നിശ്ചയം അല്ലാഹു ആകാശത്തിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അറിയുന്നവനാണ് എന്ന്; നിശ്ചയം അതെല്ലാം ഒരു ഗ്രന്ഥത്തിലുണ്ട്, നിശ്ചയം അത് അല്ലാഹുവിന് വളരെ എളുപ്പമുള്ള കാര്യമാണ്.

നിശ്ചയം അതെല്ലാം ഒരു ഗ്രന്ഥത്തിലുണ്ട് എന്ന് പറഞ്ഞതിലെ ഗ്രന്ഥം 16: 89 ൽ പറഞ്ഞ എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റ് തന്നെയാണ്. ത്രികാലജ്ഞാനിയുടെ ത്രികാലജ്ഞാനമാണ് അദ്ദിക്റ്. അതുകൊണ്ട് 3: 101-102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അജയ്യഗ്രന്ഥമായ അദ്ദിക്റ് മുറുകെപ്പിടിച്ചവർ ത്രികാലജ്ഞാനിയായ അല്ലാഹുവിനെ മുറുകെപ്പിടിച്ചവരായതിനാൽ മിഥ്യയായ പിശാചിന്റെ കെണിയിൽ അകപ്പെടാതെ നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്നതാണ്. 5: 48; 10: 61; 11: 6 വിശദീകരണം

നോക്കുക.

71. അവർ അല്ലാഹുവിനെക്കൂടാതെ സേവിച്ചുകൊണ്ടിരിക്കുന്നത് യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ലാത്തതിനെയും അവർക്ക് അതിനെക്കുറിച്ച് യാതൊരു അറിവില്ലാത്തതിനെയുമാണ്, ഇത്തരം അക്രമികൾക്ക് യാതൊരു സഹായിയും ഉണ്ടാവുകയുമില്ല.

ത്രികാലജ്ഞാനമായ അദ്ദിക്റിലെ ആറായിരത്തി ഇരുന്നൂറ്റി മുപ്പത്തിയാറ് സൂക്തങ്ങളും അല്ലാഹുവിനെ പരിചയപ്പെടുത്തുന്നതിന് വേണ്ടി അവതരിപ്പിച്ചിട്ടുള്ളതാണെന്നിരിക്കെ അവന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നത് വിഡ്ഢിത്തവും അക്രമവുമാണ്. ഫുജ്ജാറുകളിൽ നിന്ന് ഇത്തരം *ശിർക്ക്* വരുന്നത് 62: 5 ൽ പറഞ്ഞ പ്രകാരം അവർ ആശയം അറിയാതെ ഗ്രന്ഥം കഴുതകളെപ്പോലെ വഹിക്കുന്നത് കൊണ്ടാണ്. 3: 7–10; 8: 22, 55; 10: 18; 16: 86 വിശദീകരണം നോക്കുക.

72. നമ്മുടെ വ്യക്തമായ സൂക്തങ്ങൾ അവരുടെമേൽ ആശയത്തോടുകൂടി വിവരിച്ച് കൊടുക്കപ്പെടുമ്പോൾ കാഫിറുകളായവരുടെ മുഖത്ത് വിരോധം കളിയാടുന്നത് നിനക്ക് കാണാം; അവർ നമ്മുടെ സൂക്തങ്ങൾ വിശദീകരിക്കുന്നവരെ ദഹിപ്പിക്കുന്ന വിധം തുറിച്ച് നോക്കുന്നതാണ്; അവരോട് പറയുക: ഇതിലേറെ തിന്മയായത് എന്താണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? നരകം! അതാണ് കാഫിറുകളായവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത്, എത്ര മോശപ്പെട്ട മടക്കസ്ഥലം!

68: 51–52 സൂക്തങ്ങളിൽ, അദ്ദിക്ർ കേൾപ്പിക്കുമ്പോൾ കാഫിറുകളായവർ നിന്നെ ദഹിപ്പിക്കുന്ന വിധം അവരുടെ ദൃഷ്ടികൾ കൊണ്ട് തുറിച്ചുനോക്കുന്നതും നിശ്ചയം ഇവൻ ഒരു ജിന്ന് ബാധിച്ചവൻ തന്നെയാണെന്ന് പറയുന്നതുമാണ്. എന്നാൽ ഇത് സർവ്വലോകങ്ങൾക്കുമുള്ള ഒരു ഉണർത്തലല്ലാതെ അല്ല എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ലോകർക്ക് മൊത്തമുള്ള ഉണർത്തലും സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റുമായതിനാൽ അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറുകൾക്ക് നരകക്കുണ്ഠത്തിലെ തീയാണ് നാഥൻ വാഗ്ദാനം ചെയ്തിട്ടുള്ളത്. ഇക്കാര്യം മനസ്സിലാക്കിയ വിശ്വാസികൾ അവരുടെ ഉത്തരവാദിത്തം നിർവഹിക്കുന്നതിനുവേണ്ടി അദ്ദിക്ർ മറ്റുള്ളവർക്ക് വിവരിച്ചുകൊടുക്കുമ്പോൾ കാഫിറുകളുടെ മുഖത്ത് വെറുപ്പ് പ്രകടമാകുന്നതും വിശ്വാസികളുടെ കാലിനടിയിലെമണ്ണ് നീങ്ങിപ്പോകത്തക്ക വിധത്തിലുള്ള തുറിച്ച നോട്ടം നോക്കുന്നതുമാണ്.

'നമ്മുടെ സൂക്തങ്ങൾ വിശദീകരിക്കുന്നവരെ' എന്ന് ബഹുവചനത്തിൽ പറഞ്ഞതിനാൽ പ്രവാചകന് മാത്രമല്ല, അദ്ദിക്ർ വിവരിക്കുന്ന എക്കാലത്തുമുള്ള വിശ്വാസികൾക്കും ഈ അനുഭവം നേരിടേണ്ടി വരുന്നതാണ്. ഗ്രന്ഥത്തെ ഭാഗം വെച്ച് ചിലത് എടുക്കുകയും ചിലത് ഒഴിവാക്കുകയും ചെയ്യുന്ന ഫുജ്ജാറുകളിൽ നിന്ന് ആദരസൂചകമായ പെരുമാറ്റമാണ് അദ്ദിക്ർ പറയുന്നവന് ലഭിക്കുന്നതെങ്കിൽ അവൻ അല്ലാഹു ഉദ്ദേശിച്ച ആശയത്തിൽ ഗ്രന്ഥം പറയാത്തവനും പണത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി ഗ്രന്ഥം പറയുന്ന കപടവിശ്വാസിയുമാണ്. അതുകൊണ്ടാണ് കപടവിശ്വാസികളെക്കുറിച്ച് 'അവർ സംസാരിക്കുമ്പോൾ അവരുടെ വാക്കുകൾ നീ കേട്ടുനിന്നുപോകും' എന്ന് 63: 4 ൽ പറഞ്ഞിട്ടുള്ളത്. 9: 67– 68; 10: 15–16; 20: 124–127; 74: 49–51 വിശദീകരണം നോക്കുക.

73. ഓ മനുഷ്യരേ! ഒരു ഉപമയിതാ വിവരിക്കുന്നു, അപ്പോൾ നിങ്ങൾ അത് ശ്രദ്ധി

ച്ചുകേൾക്കുവീൻ! നിശ്ചയം നിങ്ങൾ അല്ലാഹുവിനെക്കൂടാതെ വിളിച്ചുപ്രാർത്ഥിക്കുന്നവരുണ്ടല്ലോ, അവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല -അതിനു വേണ്ടി അവരെല്ലാവരും ഒരുമിച്ചുകൂടിയാലും ശരി; മാത്രമല്ല ഈച്ച അവരിൽ നിന്ന് എന്തെങ്കിലും തട്ടിയെടുത്ത് കൊണ്ടുപോയാൽ അത് തിരിച്ചെടുക്കാൻ പോലും അവർക്ക് സാധ്യമല്ല, സഹായം തേടുന്നവരും തേടപ്പെടുന്നവരും ബല ഹീനർ തന്നെ!

സൂക്തം മനുഷ്യരെയാണ് അഭിസംബോധനം ചെയ്യുന്നത് എന്നതിനാൽ സൂക്തത്തിന്റെ ആശയം മനുഷ്യർക്ക് എത്തിച്ചുകൊടുക്കുക എന്നത് ഗ്രന്ഥം വഹിക്കുന്നവരുടെ ബാധ്യതയാണ്. അപ്രകാരം ചെയ്യാത്ത ഫുജ്ജാറുകൾ; ഗ്രന്ഥം ലഭിക്കാത്ത ജനത പ്രപഞ്ചനാഥനെയല്ലാതെ മറ്റുള്ളവരെ വിളിച്ച് പ്രാർത്ഥിക്കുന്നതിന്റെ പാപഭാരം വഹിച്ച് നരകക്കുണ്ഠത്തിൽ പ്രവേശിപ്പിക്കപ്പെടാനുള്ളവരാണ്. കാഫിറുകളും അക്രമികളും തെമ്മാടികളും ഭ്രാന്തന്മാരുമായ അവരിലെ കപടവിശ്വാസികളും അനുയായികളും തമ്മിൽ നരകകുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും കലഹിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 1: 4; 16: 24-25; 21: 92-93 വിശദീകരണം നോക്കുക.

74. അവർ അല്ലാഹുവിനെ പരിഗണിക്കേണ്ട വിധം പരിഗണിച്ചില്ല, നിശ്ചയം അല്ലാഹു ശക്തനായ അജയ്യൻ തന്നെയാകുന്നു.

സർവ്വസ്രഷ്ടാവിന് ഉപമയും ഉദാഹരണങ്ങളും ജൽപ്പിക്കുന്നവരും ഇടയാളന്മാരെയും ശുപാർശക്കാരെയും പകരക്കാരെയും വെക്കുന്നവരും; നാഥനെക്കൊണ്ട് വിശ്വസിക്കേണ്ട വിധം വിശ്വസിക്കാത്തവരും നാഥനെ പരിഗണിക്കേണ്ടവിധം പരിഗണിക്കാത്തവരുമാണ്. ചുരുക്കത്തിൽ ആറായിരത്തി ഇരുന്നൂറ്റി മുപ്പത്തിയാറ് സൂക്തങ്ങൾ സമർപ്പിക്കുന്ന നാഥൻ മാത്രമാണ് പൂർണ്ണനാവുക. ഗ്രന്ഥത്തിൽ നിന്ന് ചിലത് എടുക്കുകയും ചിലത് തള്ളിക്കളയുകയും ചെയ്യുന്നവരെല്ലാം തന്നെ നാഥനെ പരിഗണിക്കേണ്ടവിധം പരിഗണിക്കാത്തവരും അവന്റെ അധികാരാവകാശങ്ങളിൽ മറ്റുള്ളവരെ പങ്കുചേർക്കുന്നവരും 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളുമാണ്. 6: 91-92; 16: 74; 20: 114 വിശദീകരണം നോക്കുക.

75. അല്ലാഹു മലക്കുകളിൽ നിന്നും സന്ദേശവാഹകരെ തെരഞ്ഞെടുക്കുന്നു -മനുഷ്യരിൽ നിന്നും, നിശ്ചയം അല്ലാഹു എല്ലാം കേൾക്കുന്ന വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.

അദ്ദിക്റാണ് നാഥന്റെ സന്ദേശം. മലക്കുകളിൽ നിന്നുള്ള ദൂതന്മാർ മുഖേന മനുഷ്യരിൽ നിന്ന് തെരഞ്ഞെടുത്ത ദൂതന്മാരിലേക്ക് അവൻ അത് ദിവ്യസന്ദേശമായി എത്തിച്ചുകൊടുക്കുന്നു. 'നിശ്ചയം ഇതൊരു മാന്യനായ സന്ദേശവാഹകന്റെ വചനം തന്നെയാണ്' എന്ന് 69: 40 ൽ പറഞ്ഞതിലെ സന്ദേശവാഹകൻ മനുഷ്യരുടെ നേതാവായ പ്രവാചകൻ മുഹമ്മദും; 81: 19 ൽ പറഞ്ഞ സന്ദേശവാഹകൻ മലക്കുകളുടെ നേതാവായ *ജിബ്‌രീലു*മാണ്.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ വന്നുകിട്ടിയവർ അത് മറ്റുള്ളവരിലേക്ക് പകർത്തേണ്ടതാണ്. അല്ലാത്ത പക്ഷം നാഥന്റെ സന്ദേശമായ അദ്ദിക്റിനെ മൂടിവെക്കുന്ന ജനതയെ നിശ്ചയം നാഥൻ സന്മാർഗത്തിലേക്ക് നയിക്കുകയില്ല എന്ന് 5: 67; 16: 107 എന്നീ സൂക്തങ്ങളിൽ പറഞ്ഞത് അവരുടെ മേൽ ബാധകമാകുന്നതാണ്. 2: 1-2; 16: 102; 18: 100-105 വിശദീകരണം നോക്കുക.

76. അവരുടെ മുമ്പിലുള്ള ഒന്നും അവരുടെ പിന്നിലുള്ള ഒന്നും അവൻ അറിയുന്നു, എല്ലാകാര്യങ്ങളും മടക്കപ്പെടുന്നതും അല്ലാഹുവിലേക്ക് തന്നെയാണ്.

ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥൻ പ്രപഞ്ചം രൂപപ്പെടുത്തുന്നതിന് മുമ്പുതന്നെ അവയിലുള്ള സർവചരാചരങ്ങളെക്കുറിച്ചും, അവയുടെ ജനനം, മരണം, ഭക്ഷണം തുടങ്ങി എല്ലാഓരോ കാര്യവും നിശ്ചയിച്ച് കണക്കാക്കി അവൻ തന്നെ സൂക്ഷിപ്പ് ഏറ്റെടുത്ത അ ദ്ദിക്ർ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. 313 പ്രവാചകന്മാർക്കും സത്യമായ അ ദ്ദിക്ർ മാത്രമാണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് 21: 24 ൽ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചനാഥനിൽ നിന്നുള്ള, 25: 33 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ വ ന്നുകിട്ടിയിട്ട് അതിനെ സത്യപ്പെടുത്തി ജീവിക്കാത്തവരും ചിന്താശക്തി ഉപയോഗപ്പെടു ത്താത്തവരുമായ ഫുജ്ജാറുകളെല്ലാം തന്നെ അവരുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തി ലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥനത്തുള്ള ഏറ്റവും തിന്മയേറിയ ജീവി കളാണെന്ന് 8: 22; 25: 34 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ ആരെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല എന്നിരിക്കെ ഫുജ്ജാറുക ൾ വായിച്ച, കേട്ട, തൊട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷ്യം വഹിച്ചു കൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. ത്രാസ്സായ അദ്ദിക്ർ അനുസരിച്ചാണ് വിധിദിവസം വിചാരണ നടത്തുക. ആരാണോ അദ്ദിക്ർ കൊ ണ്ട് ഇവിടെവെച്ചു തന്നെ വിചാരണ നടത്തി സ്വയം സ്വർഗ്ഗത്തിലേക്കാണെന്ന് ഉറപ്പ് വരുത്തുന്നത്, അവൻ മാത്രമാണ് വിജയിക്കുക. 17: 13–15; 19: 64, 80; 20: 110 വിശദീകരണം നോക്കുക.

77. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ കുനിയുകയും സാഷ്ടാംഗം പ്രണമിക്കു കയും നിങ്ങളുടെ നാഥനെമാത്രം സേവിക്കുകയും ഉത്തമമായത് പ്രവർത്തിക്കുക യും ചെയ്യുവീൻ –നിങ്ങൾ വിജയം വരിക്കുകതന്നെ വേണമെന്നതിനുവേണ്ടി.

ഈ സൂറത്തിൽ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം വരുന്ന രണ്ടാമത്തെ സൂക്ത മാണ് ഇത്. കുനിയുക എന്നതുകൊണ്ടുദ്ദേശിക്കുന്നത് അനുസരണം പ്രകടിപ്പിക്കലും നമസ്കാരത്തിലെ *റുകൂഉ*മാണ്. സാഷ്ടാംഗം പ്രണമിക്കുക എന്നതുകൊണ്ടുദ്ദേശിക്കു ന്നത് പരമമായ അനുസരണം പ്രകടിപ്പിക്കുന്ന *സുജൂദാ*ണ്. സൂക്തം 73 ൽ മനുഷ്യരെ അഭിസംബോധനം ചെയ്താണ് മുന്നറിയിപ്പ് നൽകുന്നതെങ്കിൽ ഈ സൂക്തത്തിൽ അദ്ദിക്ർ കൊണ്ട് വിശ്വാസികളായിട്ടുള്ളവരെ വിളിച്ച് മറ്റു മനുഷ്യരുടേതിൽ നിന്ന് വ്യത്യ സ്ഥമായി അവരുടെ സ്വഭാവങ്ങളും പ്രവർത്തനങ്ങളും ഇങ്ങനെയായിരിക്കണമെന്ന് കൽ പ്പിക്കുകയാണ് ചെയ്യുന്നത്.

അവസാനകാലത്ത് *ഗ്രന്ഥം വായിച്ച് തിലാവത്തിന്റെ സുജൂദ് ചെയ്യലാണ് പരമപ്ര ധാനമെന്ന്* ഹജ്ജത്തുൽ വിദാഇൽ വെച്ചുതന്നെ നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അവസാന കാലഘട്ടമായ ഇന്ന് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്ർ പ്രഭാത-പ്രദോഷങ്ങളിൽ വായിച്ച് തി ലാവത്തിന്റെ ഒറ്റ സാഷ്ടാംഗപ്രണാമം നിർവ്വഹിക്കുകയാണ് വേണ്ടത്. എന്നാൽ ആയിര ത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതായ ഫുജ്ജാറുകൾ അദ്ദിക്റിനെ അംഗീകരിക്കാ ത്തവരും ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ടുള്ള നമസ്കാരം നിർവഹിച്ച് 22: 18 ൽ പറഞ്ഞ പ്രകാരം ഹീനമായ ശിക്ഷ ബാധകമായവരുമാണ്. അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാകാത്തത് കാരണം അവരുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുകയോ അ

വരുടെ കർമങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ലെന്ന് മാത്രമല്ല, ഇവിടെ ജീവിച്ചതിന് പിഴയായി അവർക്ക് നരകക്കുണ്ഠമാണ് ലഭിക്കുക എന്ന് 2: 18, 39; 4: 140; 6: 26; 7: 179; 9: 53–55, 67–68; 25: 34, 65–66 തുടങ്ങിയ സൂക്തങ്ങളിലെല്ലാം അവർ തന്നെ വായിച്ചിട്ടുണ്ട്.

'നാഥനെ സേവിക്കുക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അദ്ദിക്റിൽ നിന്ന് നാഥനെ കണ്ടെത്തുക, നാഥനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക, പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുമുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ ജാതി-മത-ലിംഗ-ദേശ-വംശ-വർണ-ഭാഷ ഭേദമന്യെ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് 22: 40 ൽ വിവരിച്ച പ്രകാരം നാഥനെ സഹായിക്കുക എന്നെല്ലാമാണ്. 'ഉത്തമമായത് പ്രവർത്തിക്കുക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ ഗ്രന്ഥം ലോകർക്ക് എത്തിച്ചുകൊടുത്ത് മനുഷ്യരുടെ ഐക്യം സ്ഥാപിതമാക്കലും രക്തച്ചൊരിച്ചിൽ, തീവ്രവാദം, വർഗീയത തുടങ്ങിയ 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പിശാചിന്റെ കാൽപാടുകൾ പിന്തുടരുന്നതിൽ നിന്ന് അവരെ മോചിപ്പിക്കാൻ സഹായിക്കലുമാണ്. അതാണ് '*നിങ്ങളിൽ ഏറ്റവും ഉത്തമൻ ഗ്രന്ഥം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്*' എന്ന് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുൾ. വിശേഷബുദ്ധി നൽകപ്പെട്ട മനുഷ്യന്റെ ബാധ്യതയാണ് 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ആത്മാവുകൊണ്ട് നാഥനെ കീർത്തനം ചെയ്യുന്നതിനും പ്രാർത്ഥിക്കുന്നതിനും അവസരം ഒരുക്കിക്കൊടുക്കൽ. അപ്പോൾ അതിന് ലക്ഷ്യം വെച്ചുകൊണ്ട് ജൈവകൃഷി ചെയ്യലും ധാരാളം മരങ്ങൾ -പ്രത്യേകിച്ച് ഫലങ്ങൾ കായ്ക്കുന്നവ- വെച്ചുപിടിപ്പിക്കലും അതിനുവേണ്ടി മറ്റുള്ളവരെ പ്രേരിപ്പിക്കലും അവന്റെ ബാധ്യതയാണ്. എന്നാൽ വിശ്വാസികൾ മാത്രമേ ഇത് ചെയ്യുകയുള്ളൂ. പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവർ പ്രപഞ്ചനാഥനെക്കൊണ്ടും വിചാരണാദിനത്തെക്കൊണ്ടും വിശ്വസിച്ചുകൊണ്ട് ഇത്തരം പ്രവർത്തനങ്ങളെല്ലാം ചെയ്യുകയാണെങ്കിൽ അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല എന്ന് 2: 62 ൽ വിവരിച്ചിട്ടുണ്ട്. ഫുജ്ജാറുകൾ ആത്മാവിന് പ്രാധാന്യം കൊടുക്കാതെ ജഡത്തിന് പ്രാധാന്യം കൊടുത്ത് ജീവിക്കുന്നവരായതിനാൽ മരണസമയത്ത് അവർ അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ൽ പറഞ്ഞിട്ടുണ്ട്. 2: 254; 3: 79, 200; 98: 6–8 വിശദീകരണം നോക്കുക.

78. അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങൾ ജിഹാദ് ചെയ്യേണ്ടവിധം ജിഹാദ് ചെയ്യുകയും ചെയ്യുവീൻ, അവൻ അതിനുവേണ്ടി നിങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നു, ദീനിൽ -നിങ്ങളുടെ പിതാമഹൻ ഇബ്റാഹീമിന്റെ ചര്യയിൽ- നിങ്ങൾക്ക് യാതൊരുപ്രയാസവും ഉണ്ടാക്കിയിട്ടുമില്ല, അവനാണ് ഇതിനുമുമ്പും ഈ ഗ്രന്ഥത്തിലും നിങ്ങൾക്ക് മുസ്ലിംകൾ -നാഥന് സമർപ്പിച്ചവർ- എന്ന് പേര് വിളിച്ചിട്ടുള്ളത്, നിങ്ങളുടെമേൽ പ്രവാചകൻ സാക്ഷിയാകുന്നതിനും നിങ്ങൾ മനുഷ്യരുടെമേൽ സാക്ഷികളാകുന്നതിനും വേണ്ടി, അപ്പോൾ നിങ്ങൾ നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും അല്ലാഹുവിനെ മുറുകെപ്പിടിക്കുകയും ചെയ്യുക, അവനാണ് നിങ്ങളുടെ യജമാനൻ, എത്രനല്ല യജമാനനും എത്രനല്ല സഹായിയും!

ജിഹാദ് എന്നാൽ ലക്ഷ്യപ്രാപ്തിക്കുവേണ്ടി സർവ്വകഴിവുകളും ഉപയോഗപ്പെടുത്തലാണ്. ലക്ഷ്യമാകട്ടെ സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകലുമാണ്. അതിനുവേണ്ടി അദ്ദിക്റിനെ സ്വർഗത്തിലേക്കുള്ള ടിക്കറ്റായും എല്ലാവിധ ആപത്ത്-വിപത്തുകളെത്തൊ

ട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും അവരവരെ കാത്തുസൂക്ഷിക്കുന്ന പരിചയായും മുഹൈമിനായും രോഗശമനമായും ഐശ്വര്യമായും കാരുണ്യമായും ഉപ യോഗപ്പെടുത്തലും, അങ്ങനെ ഉപയോഗപ്പെടുത്താൻ ലോകർക്ക് എത്തിച്ചുകൊടുക്കലും ജിഹാദിൽ പെട്ടതാണ്. ത്രികാലജ്ഞാനമായ അദ്ദിക്റിൽനിന്ന് ജീവിതലക്ഷ്യം തിരിച്ചറി ഞ്ഞ് സ്വാർത്ഥത, സ്വജനപക്ഷപാതിത്തം, സംഘടനാപക്ഷപാതിത്തം, വർഗീയത, തീ വ്രവാദം, ഭീകരവാദം എന്നീ പൈശാചിക മാർഗങ്ങളിൽ നിന്ന് മോചനം നേടി മനുഷ്യ രുടെ ഐക്യം സ്ഥാപിതമാകുന്നതിന് വേണ്ടിയും അങ്ങനെ ലോകത്ത് മൊത്തം ശാന്തി യും സമാധാനവും നടപ്പിൽ വന്ന് പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്തു ന്നതിനുവേണ്ടിയും പരിശ്രമിക്കലാണ് *ജിഹാദ്.* 2: 193, 22: 39-41 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആദ്യകാലത്ത് ആയുധം കൊണ്ട് കാഫിറുകളോട് യുദ്ധം ചെയ്യാൻ വിശ്വാസിക ളുടെ സംഘത്തിന് അനുവാദം നൽകിയിട്ടുള്ളത് ജീവിതവ്യവസ്ഥ അല്ലാഹുവിന് മാത്രമാകു ന്നത് വരെയും നാശമുണ്ടാകാതിരിക്കുന്നതിന് വേണ്ടിയുമാണ്; ഇനി അവർ വിരമിക്കുക യാണെങ്കിൽ അപ്പോൾ അക്രമികളോടല്ലാതെ ശത്രുതയുമില്ല. 'ജീവിതവ്യവസ്ഥ അല്ലാ ഹുവിന് മാത്രമാകുന്നത് വരെ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വിശ്വാസിയായി ജീവി ക്കണമെന്ന് ആഗ്രഹിക്കുന്ന ഒരുവന് വിശ്വാസിയായി ജീവിക്കാനുള്ള സാഹചര്യം ഉണ്ടാ കുന്നതുവരെ എന്നാണ്. ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പ്രഖ്യാപിക്കുന്ന വി ശ്വാസികളാണ് എക്കാലത്തും തങ്ങളുടെ ജനതയാൽ ഉപദ്രവിക്കപ്പെടുക. എല്ലാമനുഷ്യ രേയും അല്ലാഹുവാണ് അവൻ ഉദ്ദേശിക്കുന്ന മാതാപിതാക്കളിലൂടെ ഏതുലിംഗത്തിൽ, ഏതുകാലത്ത്, ഏതുദേശത്ത്, ഏതുമതത്തിൽ കൊണ്ടുവരണമെന്ന് നിശ്ചയച്ചതും അവർ ക്ക് ആവശ്യമായതെല്ലാം നൽകി അവരെ ഭൂമിയിൽ നിലനിർത്തുന്നതും കൊണ്ടുപോകു ന്നതുമെല്ലാം എന്ന് മനസ്സിലാക്കിയ വിശ്വാസികൾ അവർക്ക് 5: 67 ൽ പറഞ്ഞ അവരുടെ സ്രഷ്ടാവിന്റെ 'കത്ത്'എത്തിച്ചുകൊടുത്ത് സ്രഷ്ടാവിനെ പരിചയപ്പെടുത്തിക്കൊടുക്കു ന്നതാണ്. 'ദീനിൽ നിർബന്ധമില്ല' എന്നതിനാൽ അത് സ്വീകരിക്കണോ അതോ അത് സ്വീകരിക്കാതിരിക്കണോ എന്നത് അവരുടെമാത്രം വിവേചനാധികാരത്തിൽ പെട്ടതാണ്.

അദ്ദിക്ർ ഉപയോഗപ്പെടുത്താത്തതിനാൽ ഇന്ന് *'ജിഹാദ്'* എന്താണെന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും ഇതര ജനവിഭാഗങ്ങളും ഒരുപോലെ തെറ്റിദ്ധരിച്ചി രിക്കുകയാണ്. 21: 107 ൽ, അന്ത്യപ്രവാചകനായ മുഹമ്മദിനെ ലോകർക്കുമൊത്തം അനു ഗ്രഹമായിട്ടല്ലാതെ അയച്ചിട്ടില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ അദ്ദിക്റിനെ മൂടി വെച്ച് മുഹമ്മദ് നബിയെ കൊള്ളരുതാത്തവനും തീവ്രവാദിയും വർഗ്ഗീയവാദിയും സാമു ദായികവാദിയും സ്ത്രീലംബടനുമായി ചിത്രീകരിക്കുന്ന വിധത്തിലുള്ള ജീവിതരീതി യും പ്രസംഗങ്ങളും പ്രവർത്തനങ്ങളുമാണ് ഫുജ്ജാറുകളിലെ വിവിധ സംഘടനക്കാരി ൽ നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സമുദായത്തിനും ദേശത്തിനും വേണ്ടി മാത്രമു ള്ള പോരാട്ടങ്ങളാണ് ഇന്ന് ജിഹാദിന്റെ പേരിൽ ലോകത്ത് എല്ലായിടത്തും നടന്നുകൊ ണ്ടിരിക്കുന്നത്. അന്തിക്രിസ്തുവായ മസീഹുദ്ദജ്ജാൽ വരുന്നത് ഇത്തരം പ്രവർത്തന ങ്ങളെ ന്യായീകരിക്കുന്നതിനും സഹായിക്കുന്നതിനുമായിരിക്കും. മസീഹുദ്ദജ്ജാലിന്റെ വര വോടുകൂടി ഇജാസ് ഒഴികെ ലോകത്തിന്റെ മറ്റുഭാഗങ്ങളിലെല്ലാം യഥാർത്ഥ ഇസ്ലാമി നെ മായ്ച്ചുകളഞ്ഞ് *കുഫ്ർ* നടപ്പിൽ വരുത്തുന്നതും ഇത്തരം ജിഹാദ് വാദികളുടെ ആ വശ്യങ്ങളെല്ലാം പൂവണിയിച്ചു കൊടുക്കുന്നതുമായിരിക്കും. അതാണ് മസീഹുദ്ദജ്ജാ ലിന്റെ സ്വർഗ്ഗം.വിശ്വാസികളോട് അവന്റെ നരകം തെരഞ്ഞെടുക്കാനാണ് പ്രപഞ്ചനാ

ഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്. ശേഷം ഈസാ രണ്ടാമത് വരികയും മസീഹുദ്ദജ്ജാലിനെയും അവന്റെ അനുയായിക ളേയും വധിച്ചുകളയുകയും ലോകത്ത് മൊത്തം ശാന്തിയും സമാധാനവുമായ ഇസ്‌ലാം നടപ്പിൽ വരുത്തുകയും ചെയ്യുന്നതാണ്. അന്നാണ് 4: 91; 5: 33; 9: 5, 123; 33: 61 എന്നീ സൂക്തങ്ങളിലൂടെ കപടവിശ്വാസികളെ ക ണ്ടുമുട്ടുന്നിടത്തുവെച്ച് വധിക്കണമെന്ന് പറഞ്ഞ, ഇതുവരെ നടപ്പിലാക്കപ്പെടാത്ത അദ്ദി ക്റിന്റെ കൽപന നടപ്പിൽ വരുത്തുക. അന്ന് ഇസ്‌ലാം അംഗീകരിക്കുന്ന ഇതര ജനവിഭാ ഗങ്ങളുടെ കൈകളാലാണ് അത് നടപ്പിൽ വരിക. അല്ലാഹുവിന്റെ നിരപരാധികളായ സൃഷ്ടികളുടെ രക്തം ചിന്തുന്നതിലൂടെയും ഭൂമിയിൽ നാശം വിതക്കുന്ന തീവ്രവാദപ്രവർ ത്തനങ്ങളിലൂടെയും വധിക്കപ്പെടാൻ സ്വയം അർഹതനേടുകയാണ് ഇന്നത്തെ ജിഹാദ് വാദികൾ ചെയ്യുന്നത്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോ കരിൽ നിന്ന് മൂടിവെച്ചതിന്റെ പേരിൽമാത്രം വധിക്കപ്പെടുന്നത് നീതിയായിരിക്കുകയി ല്ലല്ലോ!

'അവനാണ് നിങ്ങളെ തെരഞ്ഞെടുത്തിട്ടുള്ളത്, ദീനിൽ -നിങ്ങളുടെ പിതാമഹൻ ഇബ്റാഹീമിന്റെ ചര്യയിൽ- നിങ്ങൾക്ക് യാതൊരു പ്രയാസവും ഉണ്ടാക്കിയിട്ടുമില്ല' എ ന്ന് പറഞ്ഞതിന്റെ വിവക്ഷ, അദ്ദിക്ർ മുറുകെപ്പിടിച്ച് ജീവിക്കുന്ന വിശ്വാസികൾക്ക് അത് പരിചയും മുഹൈമിനും കാരുണ്യവും ഐശ്വര്യവുമെല്ലാമായതിനാൽ, അല്ലാഹുവിന്റെ ഭൂമിയിൽ എവിടെയും ജീവിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല എന്നാ ണ്. 16: 120–122 സൂക്തങ്ങൾ പ്രകാരം ഒരു പ്രസ്ഥാനമായിരുന്നുവെന്ന് വിശേഷിപ്പിക്കപ്പെട്ട ഇബ്റാഹീം നബി സ്വപിതാവിനും ജനതക്കും എതിരായി നിലകൊണ്ടതിനാൽ തീകുണ്ഠത്തിൽ എറിയപ്പെട്ടെങ്കിലും അല്ലാഹു തീയിനെ തണുപ്പുള്ളതും സമാധാനമുള്ളതുമാക്കി മാറ്റുകയാണുണ്ടായത്. അല്ലാഹുവിനുവേണ്ടി നിലകൊള്ളുന്ന വിശ്വാസിയെ കാര്യകാ രണബന്ധത്തിന് അതീതമായി അല്ലാഹു സഹായിക്കുകതന്നെ ചെയ്യുമെന്നാണ് ഇബ്റാഹീ മിന്റെ ചര്യയിൽ ദീനിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കിയിട്ടില്ല എന്ന് പറഞ്ഞതിന്റെ ആ ശയം.

'അവനാണ് ഇതിനുമുമ്പും ഈ ഗ്രന്ഥത്തിലും നിങ്ങൾക്ക് 'മുസ്‌ലിംകൾ' എന്ന് പേര് വിളിച്ചിട്ടുള്ളത്' എന്ന് പറഞ്ഞതിന്റെ വിവക്ഷ, അല്ലാഹുവിന്റെ അടുക്കൽ ആദം മുതൽ അന്ത്യനാൾവരെ സ്വീകാര്യമായ ദീൻ (ജീവിതരീതി) ഇസ്‌ലാം മാത്രമാണ് എ ന്നാണ്. സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചുകൊണ്ടുള്ള ജീവിതമാണത്. പ്രകൃതി മതമായ ആ ഇസ്‌ലാം അംഗീകരിച്ച് സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ച് ജീവിക്കുന്ന വരെയാണ് മുസ്‌ലിംകൾ എന്ന് പറയുന്നത്. 16: 89 ൽ, സർവസ്വം നാഥന് സമർപ്പിച്ച് ജീ വിക്കുന്ന മുസ്‌ലിംകൾക്ക് അദ്ദിക്ർ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. ഇവിടെ വിശ്വാസികളെ വിളിച്ചാണ് അഭിസംബോധനം ചെ യ്യുന്നത് എന്നതുകൊണ്ട് വിശ്വാസികൾ മാത്രമേ ആ ഇസ്‌ലാമിൽ നിലകൊള്ളുകയുള്ളൂ. അവർ മാത്രമേ സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചുകൊണ്ട് ശാന്തിയും സമാധാനവും നേടി തിരിച്ചുപോവുകയുമുള്ളൂ. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മുസ്‌ലിം കളാണെന്ന് അവകാശപ്പെടുന്നവരാണെങ്കിലും അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറ യുകയും ചെയ്യുന്നതിനാൽ അവരാണ് 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫി റുകൾ.

'നിങ്ങളുടെമേൽ പ്രവാചകൻ സാക്ഷിയാകുന്നതിനും നിങ്ങൾ മനുഷ്യരുടെമേൽ

സാക്ഷികളാകുന്നതിനും വേണ്ടി' എന്നുപറഞ്ഞതിന്റെ വിവക്ഷ, അല്ലാഹു തൃപ്തിപ്പെട്ട ജീവിതം പ്രവാചകൻ നിങ്ങൾക്ക് നടന്ന്-ഇരുന്ന്-കിടന്ന്-ജീവിച്ച് കാണിച്ചു തരുന്നതിനും നിങ്ങൾ ആ ജീവിതം പിൻപറ്റി അടിമുടി തെറ്റാതെ മറ്റുജനങ്ങൾക്ക് ജീവിച്ച് സാക്ഷ്യം വഹിക്കുന്നതിനും വേണ്ടി എന്നാണ്. 'അല്ലാഹുവിനെക്കൊണ്ട് മുറുകെപ്പിടിക്കുക' എന്ന് പറഞ്ഞതിന്റെ വിവക്ഷ, അല്ലാഹുവിന്റെ പാശമായ ആറായിരത്തി ഇരുന്നൂറ്റിമുപ്പത്തിയാറ് സൂക്തങ്ങൾ അടങ്ങിയ അദ്ദിക്ർ മുറുകെപ്പിടിക്കലാണ്.

24: 55 ൽ പറഞ്ഞ പ്രകാരം വിശ്വാസികളുടെ സംഘമുണ്ടെങ്കിൽ അവർക്ക് നാഥൻ ഭൂമിയിൽ അധികാരം നൽകി അവരെ ശക്തിപ്പെടുത്തുന്നതാണ്. അല്ലാഹു അവന്റെ മൊത്തം സൃഷ്ടികൾക്ക് തൃപ്തിപ്പെട്ട ഏക ജീവിതവ്യവസ്ഥയായ ഇസ്ലാം 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്ക് ശേഷം പിരിയുടയാൻ തുടങ്ങി. അതോടുകൂടി ഗ്രന്ഥം വായിക്കുന്ന ജനത മൂന്ന് വിഭാഗങ്ങളായി മാറി. 1) ഫാജിർ 2) കാഫിർ 3) വിശ്വാസി. ഈ മൂന്ന് വിഭാഗങ്ങളിൽ ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകളാണ് യഥാർത്ഥ കാഫിറുകളും നരകത്തിന്റെ വിറകുകളും. അവർ അവരുടെ ആത്മാവിനെതിരെ 'നിശ്ചയം ഞങ്ങൾ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിച്ച് മരണപ്പെടുമെന്ന് 7: 37 ൽ പറഞ്ഞിട്ടുണ്ട്. 2: 256; 3: 101–103; 4: 174 –175; 5: 48 വിശദീകരണം നോക്കുക.

23. അൽ മുഅ്മിനൂൻ

തങ്ങളുടെ നമസ്കാരങ്ങളിൽ ഭയഭക്തിയുള്ളവരായ വിശ്വാസികൾ വിജയം വരിച്ചിരിക്കുന്നു എന്ന് 1-2 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളതിൽ നിന്നാണ് ഈ സൂറത്തിന് അൽ മുഅ്മിനൂൻ -വിശ്വാസികൾ- എന്ന പേര് ലഭിച്ചിട്ടുള്ളത്. പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ മദ്ധ്യഘട്ടത്തിൽ അവതരിച്ച ഈ സൂറത്തിലെ ആദ്യത്തെ പത്ത് സൂക്തങ്ങളുടെ ആശയം ഉൾകൊണ്ട് ജീവിക്കുകയാണെങ്കിൽ അവർ വിജയം വരിക്കുക തന്നെ ചെയ്യുമെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. സൃഷ്ടികർത്താക്കളിൽ ഏറ്റവും അനുഗ്രഹീതനായ അല്ലാഹുവിനെ കണ്ടെത്തുന്നതിനുള്ള മതിയായ തെളിവുകളോടുകൂടിയാണ് മനുഷ്യരെയും പ്രപഞ്ചത്തെയും സൃഷ്ടിച്ചിട്ടുള്ളതെന്ന് പഠിപ്പിക്കുന്നു. അതിന് വേണ്ടിയാണ് മനുഷ്യന് കേൾവിയും കാഴ്ചയും ബുദ്ധിശക്തിയുമെല്ലാം നൽകിയിട്ടുള്ളത്.

നൂഹ് മുതലുള്ള എല്ലാ പ്രവാചകന്മാരും ഏകഇലാഹിനെ പരിചയപ്പെടുത്തുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ടവരായിരുന്നുവെന്നും, അവരെല്ലാം കൊണ്ടുവന്ന ഏകഗ്രന്ഥത്തിന്റെ സന്ദേശം തന്നെയാണ് അവസാനത്തെ പ്രവാചകൻ മുഹമ്മദ് കൊണ്ടുവന്നിട്ടുള്ളതെന്നും, അപ്പോൾ പൂർവിക പ്രവാചകന്മാർക്ക് അവരുടെ ജനതയിൽ നിന്ന് ലഭിച്ച മറുപടി എന്തായിരുന്നുവെന്നും, അവസാനം അവരുടെ പരിണിതി എന്തായിത്തീർന്നുവെന്നും മനസ്സിലാക്കി പാഠം ഉൾക്കൊണ്ട് ഭിന്നിക്കാതെ മനുഷ്യരുടെ ഐക്യം നിലനിർത്തണമെന്ന് കൽപിക്കുന്നു. തങ്ങളുടെ പിരടികളിൽ കർമ്മരേഖ ബന്ധിച്ചിട്ടുണ്ടെന്ന് സൂക്തം 62 ൽ വായിക്കുന്ന അധികപേരും അതിന്റെ കാര്യത്തിൽ അശ്രദ്ധരായിക്കൊണ്ടുള്ള പ്രവർത്തനങ്ങളിലാണ് മുഴുകിയിട്ടുള്ളതെന്നും, അവർ അല്ലാഹുവിനെയും പ്രവാചകനെയും പരലോക ജീവിതത്തെയും വെടിഞ്ഞുകൊണ്ടുള്ള ജീവിതശൈലിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിമർശിക്കുന്നു. അത്തരം കാഫിറുകളോട് വാഗ്ദത്തം ചെയ്യപ്പെട്ട ശിക്ഷ നടപ്പിലാക്കുകയാണെങ്കിൽ 'എന്റെ നാഥാ, എന്നെ നീ അക്രമികളായ ജനതയിൽ ഉൾപ്പെടുത്തരുതേ!' എന്ന് പ്രാർത്ഥിക്കാനും തിന്മകളെ ഏറ്റവുംനല്ലതായ അദ്ദിക്ർ കൊണ്ട് പ്രതിരോധിക്കാനും പ്രവാചകനോടും അതുവഴി വിശ്വാസിയോടും ആവശ്യപ്പെടുന്നു.

സൂക്തം 97-98 ൽ, എന്റെ നാഥാ! പിശാചുക്കളുടെ ദുർബോധനങ്ങളെത്തൊട്ടും പ്രലോഭനങ്ങളെത്തൊട്ടും അവർ എന്നെ സമീപിക്കുന്നതിനെത്തൊട്ടും ഞാൻ നിന്നിൽ അഭയം തേടുന്നു എന്ന് പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നു. അങ്ങനെ പ്രാർത്ഥിക്കാത്ത ഓരോരുത്തരും മരണസമയത്ത് 'എന്നെ നീ ഐഹികലോകത്തേക്കുതന്നെ തിരിച്ചയച്ച് സൽകർമ്മങ്ങൾ അനുഷ്ഠിക്കാൻ അവസരം നൽകേണമേ' എന്ന് കേഴുമെന്നും എന്നാൽ അവർ നരകത്തിൽ ആപതിക്കുമെന്നും ഇഹത്തിൽവെച്ച് സൂക്തങ്ങളെ തള്ളിപ്പറഞ്ഞ അവർ നരകത്തിൽ വെച്ച് 'ഞങ്ങൾ സ്വയം വഴിപിഴച്ച ഒരു ജനത തന്നെയായിരുന്നു' എന്ന് സമ്മതിക്കുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അദ്ദിക്റിന്റെ വെളിച്ചത്തിൽ ജീവിച്ചിരുന്ന വിശ്വാസികളെ പരിഹസിച്ചുകൊണ്ടും ഭൗതിക വിദ്യാഭ്യാസത്തിൽ കേമത്തം നടിച്ചുകൊണ്ടും ലക്ഷ്യബോധമില്ലാതെ ജീവിച്ചിരുന്ന അവരോട് 'നിങ്ങൾ ഭൂമിയിൽ എത്രകാലം ജീവിച്ചു' എന്ന്

ചോദിക്കുമ്പോൾ 'ഒരുദിവസം, അല്ലെങ്കിൽ ഒരുദിവസത്തിന്റെ ചില ഭാഗങ്ങൾ -നീ എണ്ണമറിയുന്നവരോട് ചോദിച്ചുനോക്കുക' എന്നാണ് മറുപടി പറയുക. അല്ലാഹുവിനോടൊപ്പം മറ്റുഇലാഹിനെ വിളിച്ച് പ്രാർത്ഥിക്കുന്നവന് അതിന് യാതൊരു തെളിവുമില്ലെന്നും അവന്റെ വിചാരണ അവന്റെ നാഥന്റെ പക്കലാണെന്നും അത്തരം കാഫിറുകൾ ഒരിക്കലും വിജയം വരിക്കുകയില്ല എന്നും സൂക്തം 117 ൽ പറയുന്നു. എന്റെ നാഥാ! എനിക്ക് നീ പൊറുത്തുതരികയും എന്നെ നീ അനുഗ്രഹിക്കുകയും ചെയ്യേണമേ! നീ അനുഗ്രഹിക്കുന്നവരിൽ ഏറ്റവും ഉത്തമനുമാകുന്നു എന്ന് പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 118 സൂക്തങ്ങളടങ്ങിയ സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. നിശ്ചയം, വിശ്വാസികൾ വിജയം വരിച്ചിരിക്കുന്നു.

2. അവർ തങ്ങളുടെ നമസ്കാരങ്ങളിൽ ഭയഭക്തിയുള്ളവർ തന്നെയാകുന്നു.

10: 100 ൽ വിവരിച്ച പ്രകാരം അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല. മനുഷ്യരുടെ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമാണത്. 2: 186 ൽ വിവരിച്ച പ്രകാരം വിശ്വാസിയാകാതെ ഒരാളിൽ നിന്നും പ്രാർത്ഥനയോ കർമങ്ങളോ സ്വീകരിക്കുകയില്ല. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ ആത്മാവ് പങ്കെടുക്കാതെയുള്ള നമസ്കാരങ്ങളിൽ കോഴി കൊത്തുന്ന വേഗത്തിൽ സാഷ്ടാംഗപ്രണാമം നിർവഹിക്കുകവഴി 22: 18 ൽ വിവരിച്ച പ്രകാരം ഹീനമായ ശിക്ഷ ബാധകമായവരാണ്. അവർ ഗ്രന്ഥത്തിൽ 15 സ്ഥലങ്ങളിൽ പറഞ്ഞ തിലാവത്തിന്റെ ഒറ്റസാഷ്ടാംഗപ്രണാമം നിർവഹിക്കുന്നില്ല. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ഒറ്റപ്പെട്ട വിശ്വാസി 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരമുള്ള പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് പിൻപറ്റേണ്ടത്. 2: 2-5; 9: 71-72; 20: 14 വിശദീകരണം നോക്കുക.

3. അവർ വ്യർത്ഥമായ കാര്യങ്ങളെത്തൊട്ട് അവഗണിച്ചുപോകുന്നവർ തന്നെയുമാകുന്നു.

വിശ്വാസി 17: 13-14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഓരോരുത്തരുടെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ 15 വയസ്സിനുശേഷമുള്ള പ്രവർത്തനങ്ങളെല്ലാം കൊത്തിവെച്ചു കൊണ്ടിരിക്കുന്നുണ്ടെന്നും, വിധിദിവസം അത് ഒരു തുറന്ന പ്രകാശിക്കുന്ന പുസ്തകമായി പുറത്തെടുത്ത് നൽകി ഓരോരുത്തരെക്കൊണ്ടും വായിപ്പിച്ചാണ് വിചാരണ നടത്തപ്പെടുക എന്ന ബോധത്തിൽ ഇവിടെ നില കൊള്ളുന്നവനാണ്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെക്കുന്നവരും തള്ളിപ്പറയുന്നവരുമായതിനാൽ പ്രസ്തുത കർമരേഖയെക്കുറിച്ച് ബോധമില്ലാത്തവരായി ഇവിടെ ജീവിക്കുന്നവരും, 18: 49 ൽ വിവരിച്ച പ്രകാരം വിചാരണാനാളിൽ അവരുടെ കർമരേഖ വായിക്കുമ്പോൾ അതിലുള്ളതിൽ കുണ്ഠിതപ്പെടുന്നതുമാണ്.

25: 72 ൽ, നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസി കള്ളസാക്ഷ്യം വഹിക്കുകയില്ല എന്നും വ്യർത്ഥമായ കാര്യങ്ങളിലൂടെ നടന്നുപോകാൻ ഇടവന്നാൽ അതിലേക്ക് ശ്രദ്ധിക്കാതെ മാന്യമായി നടന്നുപോകുന്നവരാണെന്നും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ പിൻപറ്റി ജീവിക്കുന്ന സൂക്ഷ്മാലുക്കൾ സ്വർഗത്തിൽ വ്യർത്ഥമായ കാര്യങ്ങളോ പൊളിവചനങ്ങളോ കേൾക്കുകയില്ല എന്ന് 78: 35 ലും പറഞ്ഞിട്ടുണ്ട്.

4. അവർ സംസ്കരണ പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർ തന്നെയുമാകുന്നു.

ആത്മാവിന്റെയും ശരീരത്തിന്റെയും ധനത്തിന്റെയും സംസ്കരണമാണ് സക്കാത്ത്. വിശ്വാസികളുടെ സംഘമുള്ളപ്പോൾ മാത്രമേ 9: 60 ൽ പറഞ്ഞ പ്രകാരമുള്ള സക്കാത്ത് സമ്പ്രദായം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് 2: 3, 62, 219-220; 9: 60 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മിതമായ ജീവിതം നയിച്ചുകൊണ്ട് ബാക്കി വരുന്ന ധനം സംസ്കരണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചുകൊണ്ടിരിക്കുകയാണ് വേണ്ടത്. ഇത്തരം സൂക്തങ്ങളെല്ലാം വായിച്ച ശേഷം അപ്രകാരം ചെലവഴിക്കത്തവർ തന്നെയാണ് 2: 254 ൽ പറഞ്ഞ കാഫിറുകളും അക്രമികളും 2: 110, 119; 20: 76, 130-132 വിശദീകരണം നോക്കുക.

5. അവർ തങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുന്നവർ തന്നെയുമാകുന്നു.

9: 112; 24: 30-31; 33: 35 വിശദീകരണം നോക്കുക.

6. -തങ്ങളുടെ ഇണകളിലും കരാറിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ അധീനത്തിൽ വന്നിട്ടുള്ള സ്ത്രീകളിലും ഒഴികെ, അപ്പോൾ നിശ്ചയം അവരുടെ കാര്യത്തിൽ അവർ ആക്ഷേപാർഹരല്ല.

മുൻകാലങ്ങളിൽ യുദ്ധത്തടവുകാരായി പിടികൂടപ്പെടുന്ന സ്ത്രീകളെ പൂർണ്ണ സംരക്ഷണത്തിന് വ്യവസ്ഥപ്പെടുത്തിക്കൊണ്ട് രക്ഷാധികാരികളെ ഏൽപ്പിക്കുകയായിരുന്നു പതിവ്. ഇപ്രകാരം ഒരാളുടെ അധീനതയിൽ വന്ന സ്ത്രീകളാണ് കരാറിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ അധീനത്തിൽ വന്നിട്ടുള്ള സ്ത്രീകൾ. അത്തരം സ്ത്രീകൾക്ക് ഭക്ഷണത്തിനും വസ്ത്രത്തിനും മറ്റും ചെലവഴിക്കുന്നത് വിവാഹമൂല്യമായി പരിഗണിച്ചുകൊണ്ട് അവരുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടാമായിരുന്നു. അപ്രകാരം ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതോടെ വിവാഹം കഴിച്ച സ്ത്രീയെപ്പോലെത്തന്നെ അവരെയും അവരിലുണ്ടാകുന്ന കുട്ടികളെയും സംരക്ഷിക്കേണ്ട ബാധ്യതയും വന്നുചേരുന്നതാണ്. എന്നാൽ ഇക്കാലത്ത് വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ യുദ്ധമില്ല, അതുകൊണ്ടുതന്നെ 'കരാറിന്റെ അടിസ്ഥാനത്തിൽ അധീനത്തിൽ വരുന്ന സ്ത്രീകളും' ഇന്നില്ല. അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളോടും അവരെ പിൻപറ്റുന്ന കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് മാത്രമാണ് ഇന്നുള്ളത്. 3: 195; 9: 73; 22: 77-78 വിശദീകരണം നോക്കുക.

7. എന്നാൽ വല്ലവനും അതിനപ്പുറം തേടിയാൽ അക്കൂട്ടർ തന്നെയാകുന്നു പരിധിലംഘിച്ചവർ.

ലൈംഗികബന്ധത്തിന് ഗ്രന്ഥം ധാരാളം അതിർവരമ്പുകൾ കൽപിച്ചിട്ടുണ്ടെങ്കിലും 33: 72-73; 35: 32 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള അമാനത്തായ ഗ്രന്ഥം ഏറ്റെടുത്ത ഫുജ്ജാറുകളിൽ ഇന്ന് 4: 23 ൽ പറഞ്ഞ, വിവാഹം നിഷിദ്ധമാക്കിയ സ്ത്രീകളെയും തങ്ങളുടെ പെൺമക്കളെയും മരുമക്കളെയുംവരെ കാമപൂർത്തീകരണത്തിന് വിധേയരാക്കുന്നവരുണ്ട്. അങ്ങനെ അവർ എല്ലാ മാനുഷികസ്വഭാവങ്ങളും കാറ്റിൽ പറത്തി, ഏറ്റവും അധഃപതിച്ചവരും പരിധിലംഘിച്ചവരുമായി മാറിയിരിക്കുകയാണ്. 2: 39; 3: 10; 4: 150-151 എന്നീ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഈ യഥാർത്ഥ കാഫിറുകൾ *അവസാനകാലത്ത് സ്ത്രീകളായിരിക്കും അവരുടെ ഖിബ്ല* (ശ്രദ്ധാകേന്ദ്രം) എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചതും മറികടന്ന്

സ്ത്രീകളുടെ യോനി ഖിബ്‌ലയായി സ്വീകരിച്ചിരിക്കുകയാണ്. മൃഗങ്ങളെപ്പോലും നാണിപ്പിക്കും വിധം ഏത് സ്ത്രീക്കും പുരുഷനും എവിടെവെച്ചും ഇഷ്ടമുള്ളപ്പോൾ പരസ്പരം ലൈംഗികബന്ധത്തിൽ ഏർപെടാമെന്നതായിരിക്കും മസീഹുദ്ദജ്ജാൽ കൊണ്ടുവരുന്ന സ്വർഗീയ വ്യവസ്ഥ. ആത്മാവ് പങ്കെടുക്കാതെയുള്ള അവരുടെ നമസ്കാരങ്ങളിൽ മസീഹുദ്ദജ്ജാലിന്റെ നാശത്തെത്തൊട്ട് അഭയം തേടുന്ന ഫുജ്ജാറുകൾ തന്നെയായിരിക്കും അവന്റെ സ്വർഗം തെരഞ്ഞെടുക്കാൻ ധൃതിപ്പെടുക. *'അവരുടെ സ്ത്രീകൾ മൂടിപ്പുതച്ച അഥവാ പർദ്ദാധാരികളായ നഗ്നകളായിരിക്കും'* എന്ന് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതിനുകാരണം അവരുടെ പുരുഷന്മാർ, *'ചെയ്യുന്നവനെയും ചെയ്യപ്പെടുന്നവനെയും വധിക്കണ'*മെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ച പ്രകൃതിക്ക് വിരുദ്ധമായ സ്വവർഗരതിയിൽ മുഴുകിയവരായതാണ്. പുരുഷൻ ആത്മനിയന്ത്രണം പാലിച്ച് സ്ത്രീയുടെ വികാരം ശമിപ്പിക്കാൻ കടമപ്പെട്ടവനായതുകൊണ്ടാണ് നാഥൻ അവനെ സ്ത്രീയുടെമേൽ നിയന്ത്രാതാവായി നിശ്ചയിച്ചിട്ടുള്ളത്. 4: 23–24; 5: 5; 38: 24 വിശദീകരണം നോക്കുക.

സ്രഷ്ടാവിന്റെ വിധിവിലക്കുകൾ ലംഘിച്ച് തന്നിഷ്ടം പ്രവർത്തിക്കുകയും സ്രഷ്ടാവിനെ മറന്ന് ജീവിക്കുകയും ചെയ്യുന്ന തെമ്മാടികളല്ലാതെ അദ്ദിക്റിനെ മൂടിവെക്കുകയില്ല എന്ന് 2: 99 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ മാലിന്യമാക്കി മാറ്റിയ 25: 18 ൽ പറഞ്ഞ ഈ കെട്ടജനത വ്യഭിചാരം, സ്വവർഗസംഭോഗം എന്നിവ മാത്രമല്ല; 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കൊള്ള, കൊല, കവർച്ച, കള്ളക്കടത്ത്, മയക്കുമരുന്ന്, കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, ഗുണ്ടായിസം, റൗഡിസം, ഉഗ്രവാദം, വർഗ്ഗീയത, സ്വാർത്ഥത, സ്വജനപക്ഷപാതം, സംഘടനാപക്ഷപാതം തുടങ്ങിയ എല്ലാ പൈശാചികമായ ദുർവൃത്തികളും ദുർഗുണങ്ങളും സമ്മേളിച്ച് നശിപ്പിക്കപ്പെടാൻ അർഹരായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരം കെട്ട ജനതക്ക് അല്ലാഹു വാഗ്ദത്തം ചെയ്തിട്ടുള്ള ശിക്ഷ നരകക്കുണ്ഠത്തിലെ തീയാണ് എന്ന് 9: 67–68 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 170–171; 14: 28–30 വിശദീകരണം നോക്കുക.

8. അവർ തങ്ങളുടെ അമാനത്തുകളും ഉടമ്പടികളും പാലിക്കുന്നവർ തന്നെയുമായിരിക്കും.

മുകളിൽ പറഞ്ഞ നാല് സൂക്തങ്ങൾ 70: 29–32 സൂക്തങ്ങളിൽ ആവർത്തിച്ചിട്ടുണ്ട്. 7: 172–173 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സ്വർഗത്തിൽ വെച്ച് നാഥനുമായി ചെയ്തിട്ടുള്ള ഉടമ്പടി പാലിച്ച് ജീവിക്കുന്നവർ മാത്രമാണ് അമാനത്തുകളും ഉടമ്പടികളും പാലിക്കുന്നവർ. അമാനത്തായ അദ്ദിക്ർ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളെയും അനുയായികളെയും അവർ തൊട്ട, കേട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷ്യം വഹിച്ചുകൊണ്ടും നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. 2: 283 വിശദീകരണം നോക്കുക.

9. അവർ തങ്ങളുടെ നമസ്കാരങ്ങളിൽ കൃത്യനിഷ്ഠയുള്ളവർ തന്നെയുമാകുന്നു.

ഈ സൂക്തം 70: 34 ൽ ആവർത്തിച്ചിട്ടുണ്ട്. 2: 238; 7: 205 –206; 11: 114–115 വിശദീകരണം നോക്കുക.

10. അക്കൂട്ടർ തന്നെയാകുന്നു അനന്തരമെടുക്കുന്നവർ.

11. –ഫിർദൗസ് സ്വർഗം അനന്തരമെടുക്കുന്നവരായവർ; അവർ അതിൽ നിത്യവാസികളുമായിരിക്കും.

മുകളിൽ പറഞ്ഞ സ്വഭാവങ്ങളുള്ള വിശ്വാസികൾ 71: 14 ൽ വിവരിച്ച പ്രകാരം മനുഷ്യജീവിതത്തിലെ ഏഴ് ഘട്ടങ്ങളിൽ നാലാം ഘട്ടമായ 15 വയസ്സ് മുതൽ മരണം വരെയുള്ള ഭൂമിയിലെ ജീവിതം ഏഴാം ഘട്ടത്തിലേക്ക് വേണ്ടി സ്വർഗം പണിയാനുള്ളതാണെന്ന് മനസ്സിലാക്കിയവരും സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്ർ ഉപയോഗപ്പെടുത്തി അതിന്റെ വെളിച്ചത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുമാണ്. അതിനാൽ അവർക്ക് പ്രതിഫലമായി പറുദീസാ (Paradise) അനന്തരാവകാശമായി ലഭിക്കുന്നതാണ്. 7: 43; 18: 107; 32: 19 വിശദീകരണം നോക്കുക.

12. നിശ്ചയം, മനുഷ്യനെ നാം കളിമണ്ണിന്റെ സത്തിൽ നിന്നാണ് സൃഷ്ടിച്ചിട്ടുള്ളത്.

13. പിന്നെ നാം ഒരു ബീജമായി അവനെ സുരക്ഷിതമായ സ്ഥാനത്ത് വെച്ചു.

നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ മൂന്ന് ഇരുട്ടറകൾക്കുള്ളിൽ നിങ്ങളെ സൃഷ്ടിച്ചിട്ടുള്ളവൻ എന്ന് 39: 6 ൽ പറഞ്ഞതിനാൽ സുരക്ഷിതമായ സ്ഥാനം ഗർഭപാത്രമാണ്. പുരുഷബീജം ശേഖരിച്ചുവെക്കുന്ന വൃഷ്ണവും സ്ത്രീയുടെ അണ്ഡം ഉൽപാദിപ്പിക്കുന്ന അണ്ഡാശയവും സുരക്ഷിതമായ സ്ഥാനം എന്നതിൽ ഉൾപെടുന്നുണ്ട്. ആണിന്റെയും പെണ്ണിന്റെയും ബീജങ്ങൾ കൂട്ടിച്ചേർത്താണ് മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത് എന്ന് 76: 2 ൽ പറഞ്ഞിട്ടുണ്ട്. 4: 1; 32: 7–8; 77: 20–22 വിശദീകരണം നോക്കുക.

14. പിന്നെ ആ ബീജത്തെ നാം ഒരു രക്തപിണ്ഡമായി സൃഷ്ടിച്ചു, അനന്തരം ആ രക്തപിണ്ഡത്തെ നാം ഒരു മാംസപിണ്ഡമായി സൃഷ്ടിച്ചു, തുടർന്ന് ആ മാംസപിണ്ഡത്തെ അസ്ഥികളാക്കി, എന്നിട്ട് ആ അസ്ഥികളെ നാം മാംസം കൊണ്ട് പൊതിഞ്ഞു, പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിക്കൊണ്ടുവന്നു, അപ്പോൾ സൃഷ്ടികർത്താക്കളിൽ ഏറ്റവും നല്ലവനായ അല്ലാഹു അനുഗ്രഹമുടയവനാകുന്നു.

'സൃഷ്ടികർത്താക്കളിൽ ഏറ്റവും നല്ലവൻ' എന്ന് പറഞ്ഞതിൽ നിന്നും അല്ലാഹുവിനെക്കൂടാതെ സൃഷ്ടികർത്താക്കൾ വേറെയുമുണ്ടെന്ന് വരുന്നു. എന്നാൽ ഇല്ലായ്മയിൽ നിന്ന് സൃഷ്ടിക്കാൻ കഴിവുള്ളവൻ അല്ലാഹു മാത്രമാണ്. അവസാനനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നായി മനുഷ്യരൂപം പൂണ്ടുവരുന്ന പിശാചായ മസീഹുദ്ദജ്ജാൽ കാഫിറുകൾക്ക് അവരുടെ മരിച്ചുപോയ മാതാപിതാക്കളെ ക്ലോണിംഗ് മുഖേനയോ മറ്റോ സൃഷ്ടിച്ചുകൊടുക്കുന്നതും ആ മാതാപിതാക്കൾ 'കുഞ്ഞുമോനേ! ഇവൻ നിന്റെ റബ്ബാണ്, ഇവനെ സ്വീകരിച്ചുകൊള്ളുക' എന്ന് അവനോട് പറയുന്നതുമാണ്. 4: 159; 16: 78; 22: 5 വിശദീകരണം നോക്കുക.

15. പിന്നെ നിശ്ചയം നിങ്ങൾ, അതിനുശേഷം മരണപ്പെടുന്നവർ തന്നെയാകുന്നു.

3: 185; 21: 34–35; 39: 30–31 വിശദീകരണം നോക്കുക.

16. നിശ്ചയം, പിന്നെ നിങ്ങൾ അന്ത്യനാളിൽ പുനർസൃഷ്ടിപ്പിക്കപ്പെടുകതന്നെ ചെയ്യും.

10: 49–53; 79: 13–14; 80: 21–23 വിശദീകരണം നോക്കുക.

17. നിശ്ചയം, നിങ്ങൾക്ക് മീതെ നാം ഏഴ് പഥങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്, സൃഷ്ടിപ്പിനെത്തൊട്ട് നാം അശ്രദ്ധനായിട്ടുമില്ല.

ഏഴ് പഥങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് ആകാശത്തിന്റെ ഏഴ് തട്ടുകളാണ്. ഏഴ് ആകാശങ്ങളെ തട്ടുതട്ടുകളായിട്ട് സൃഷ്ടിച്ചവനാണ് അല്ലാഹു എന്ന് 67: 3 ൽ പറഞ്ഞിട്ടുണ്ട്.

മനുഷ്യനും ഏഴ് ഘട്ടങ്ങളാണുള്ളത് എന്ന് 71: 14 ലും 84: 19 ലും പറഞ്ഞിട്ടുണ്ട്. 13: 2–3; 15: 16; 21: 30–32 വിശദീകരണം നോക്കുക.

18. ആകാശത്തുനിന്ന് നാം ഒരു നിശ്ചിത അളവിൽ വെള്ളമിറക്കുകയും ചെയ്യുന്നു, അങ്ങനെ ഭൂമിയിൽ നാം അതിനെ തങ്ങിനിൽക്കുന്നതുമാക്കുന്നു, നിശ്ചയം അതിനെ നീക്കിക്കളയാനും നാം കഴിവുള്ളവൻ തന്നെയാകുന്നു.

ആകാശത്തുനിന്ന് വെള്ളമിറക്കുകയും അതിനെ ഭൂമിയിൽ തങ്ങിനിൽക്കാനും ഭൂഗർഭജലമായി സംഭരിക്കാനുമുള്ള സംവിധാനമുണ്ടാക്കി ഭൂമിയെ ജീവജാലങ്ങൾക്ക് ജീവിക്കാനുതകുന്ന തരത്തിൽ സംവിധാനിച്ചവൻ അല്ലാഹുവാണ്. അവസാനകാലത്ത് മസീഹുദ്ദജ്ജാൽ വരുന്നതിനോടനുബന്ധിച്ച് എത്ര മഴ വർഷിച്ചാലും വെള്ളം തങ്ങിനിൽക്കാതെ ഭൂമി ഊഷരമായി മാറുമെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 10: 24; 13: 16–17; 67: 30 വിശദീകരണം നോക്കുക.

19. ആ വെള്ളം കൊണ്ട് നാം നിങ്ങൾക്കുവേണ്ടി ഈത്തപ്പനയുടെയും മുന്തിരിയുടെയും തോട്ടങ്ങൾ നട്ടുവളർത്തുകയുണ്ടായി, അതിൽ നിങ്ങൾക്ക് ധാരാളം ഫലങ്ങളുണ്ട്, അവയിൽ നിന്നുള്ളത് നിങ്ങൾ തിന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

20. സീനാപർവതത്തിൽ നിന്ന് വളർന്നുവരുന്ന ആ വൃക്ഷവും, എണ്ണ വഹിച്ചുകൊണ്ടും തിന്നുന്നവർക്ക് രുചി പകർന്നുകൊണ്ടും അത് മുളച്ചുവരുന്നു.

'സീനാപർവതത്തിൽ നിന്ന് വളർന്നുവരുന്ന വൃക്ഷം' കൊണ്ടുദ്ദേശിക്കുന്നത് ഒലീവ് വൃക്ഷമാണ്. അത് മുളച്ചുവരുമ്പോൾ തന്നെ അതിൽ എണ്ണ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. അതിന്റെ കായ തിന്നുന്നവർക്ക് ഉപമയില്ലാത്ത പ്രത്യേക രുചി നൽകുന്നതുമാണ്. 6: 141; 13: 4; 24: 35; 95: 1–3 വിശദീകരണം നോക്കുക.

21. നിശ്ചയം, കന്നുകാലികളിൽ നിങ്ങൾക്ക് ഒരു ഗുണപാഠമുണ്ട്; അവയുടെ അകിടുകളിലുള്ളതിൽ നിന്ന് നാം നിങ്ങളെ കുടിപ്പിക്കുന്നു, അവയിൽ നിങ്ങൾക്ക് ധാരാളം ഉപയോഗങ്ങളുമുണ്ട്, അവയിൽ നിന്നുള്ളവയെ നിങ്ങൾ തിന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

16: 5–6, 66; 36: 71–73 വിശദീകരണം നോക്കുക.

22. അവയുടെ പുറത്തും കപ്പലുകളിലും നിങ്ങൾ വഹിക്കപ്പെടുന്നുമുണ്ടല്ലോ.

10: 22–23; 16: 8; 17: 66 വിശദീകരണം നോക്കുക.

23. നിശ്ചയം, നൂഹിനെ നാം അവന്റെ ജനതയിലേക്ക് പ്രവാചകനായി അയക്കുകയുണ്ടായി; എന്നിട്ട് അവൻ പറഞ്ഞു: ഓ എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിനെ സേവിക്കുന്നവരാവുക, നിങ്ങൾക്ക് അവനെക്കൂടാതെ മറ്റൊരു ഇലാഹും ഇല്ലതന്നെ, അപ്പോൾ നിങ്ങൾ സൂക്ഷ്മതയുള്ളവരാകുന്നില്ലെയോ?

1: 4; 11: 2–3; 21: 24–25, 108 വിശദീകരണം നോക്കുക.

24. അപ്പോൾ അവന്റെ ജനതയിലെ കാഫിറുകളായ പ്രമാണിമാർ പറഞ്ഞു: ഇത് നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനല്ലാതെ അല്ല; നിങ്ങൾക്കുമീതെ ശ്രേഷ്ഠനാകാനാണ് ഇവൻ ഉദ്ദേശിക്കുന്നത്, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ മലക്കുകളെത്തന്നെ ഇറക്കുമായിരുന്നു, പൂർവ്വപിതാക്കളുടെ കാലത്തൊന്നും നാം ഇ

ങ്ങനെയൊന്ന് കേട്ടിട്ടേയില്ല.

മനുഷ്യപ്രകൃതിയില്ലാത്ത മലക്കുകളെയാണ് പ്രവാചകന്മാരായി നിയോഗിക്കേണ്ടത് എന്നായിരുന്നു എക്കാലത്തുമുള്ള കാഫിറുകളുടെയും നിലപാട്. ആദം മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യരിൽ അല്ലാഹു തൃപ്തിപ്പെട്ട ഏകസംഘമാണ് വിശ്വാസികളുടേതെന്നും ആ സംഘത്തിൽ പെടാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ ഇതര സംഘടനകളെല്ലാം തന്നെ മുശ്രിക്കുകളും കാഫിറുകളും പിശാചിന്റെ സംഘത്തിൽ പെട്ടവരുമാണ് എന്നും വിശ്വാസി 4: 150–151; 30: 30–32; 58: 19, 22 തുടങ്ങിയ സൂക്തങ്ങൾ ഉദ്ധരിച്ച് ഫുജ്ജാറുകളോട് പറയുകയാണെങ്കിൽ അവർക്ക് പറയാനുള്ളതും 'ഇത് ഒരു പുതിയ വാദമാണ്, ഇതിനുമുമ്പ് ആരും ഇങ്ങനെ പറയുന്നത് ഞങ്ങൾ കേട്ടിട്ടില്ല' എന്നാണ്. 6: 9–10; 16: 24–25; 17: 94–95 വിശദീകരണം നോക്കുക.

25. ഇവൻ ഒരു ജിന്ന് ബാധിച്ച പുരുഷനല്ലാതെയല്ല, അപ്പോൾ ഇവനെയും കൊണ്ട് നിങ്ങൾ കുറച്ചുകാലം കാത്തിരിക്കുവീൻ.

അല്ലാഹുവിന്റെ അനുമതിയോടുകൂടി മലക്കുകളാണ് ഗ്രന്ഥത്തിലെ സൂക്തങ്ങൾ പ്രവാചകന് എത്തിച്ചുകൊടുക്കുന്നത് എന്നാണ് എക്കാലത്തുമുള്ള വിശ്വാസികൾ മനസ്സിലാക്കുന്നത്. എന്നാൽ എക്കാലത്തുമുള്ള കാഫിറുകൾ ധരിക്കുന്നത് പിശാചുക്കളാണ് അത് കൊണ്ടുവരുന്നത് എന്നാണ്. ഇന്നും അല്ലാഹു ഉദ്ദേശിച്ച ആശയത്തിൽ ഗ്രന്ഥം വിശദീകരിക്കുന്നവനോട് കാഫിറുകൾ വെച്ചുപുലർത്തുന്ന നിലപാട് ഇതുതന്നെയാണ്; അതായത് 52: 30 ൽ വിവരിച്ച പ്രകാരം അവന്റെ ആയുസ്സ് കഴിയുംവരെ കാത്തിരിക്കാമെന്ന്. എന്നല്ലാതെ, പറയുന്ന ആശയം എന്താണെന്ന് അവർ ഒരിക്കലും ചിന്തിക്കുകയോ തങ്ങളുടെ ജീവിതശൈലി തിരുത്തുകയോ ഇല്ല. 9: 52; 15: 6, 9, 12; 81: 22–25 വിശദീകരണം നോക്കുക.

26. അവൻ പ്രാർത്ഥിച്ചു: എന്റെ നാഥാ! ഇവർ എന്നെ തള്ളിപ്പറഞ്ഞതുകൊണ്ട് നീ എന്നെ സഹായിച്ചാലും.

പ്രവാചകൻമാർ തന്നിഷ്ടപ്രകാരം പ്രാർത്ഥിക്കുകയില്ല. മറിച്ച്, ത്രികാലജ്ഞാനിയായ അല്ലാഹുവിന്റെ നിർദേശാനുസരണം മാത്രമാണ് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക. എന്റെ നാഥാ! എന്റെ ഈ ജനത എന്നെ തള്ളിപ്പറഞ്ഞിരിക്കുന്നു. അപ്പോൾ എന്റേയും അവരുടെയുമിടയിൽ നീ ഒരു തീരുമാനം കൽപിച്ചാലും, എന്നെയും എന്നോടൊപ്പമുള്ള വിശ്വാസികളെയും നീ രക്ഷപ്പെടുത്തിയാലും എന്ന് പ്രവാചകൻ നൂഹ് പ്രാർത്ഥിച്ചതായി 26: 117–118 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നൂഹിനെക്കുറിച്ച് ജിന്ന് ബാധിച്ചവനും ബുദ്ധിഭ്രംശം സംഭവിച്ചവനുമാണെന്ന് അവന്റെ ജനത ആരോപിച്ചതായി 54: 9 ലും; അപ്പോൾ അവൻ തന്റെ നാഥനെ വിളിച്ച്: നിശ്ചയം ഞാൻ അതിജയിക്കപ്പെട്ടിരിക്കുന്നു, അപ്പോൾ നീ എന്നെ സഹായിച്ചാലും എന്ന് പ്രാർത്ഥിച്ചതായി 54: 10 ലും പറഞ്ഞിട്ടുണ്ട്. 11: 36–37; 21: 76–77; 71: 26–28 വിശദീകരണം നോക്കുക.

27. അപ്പോൾ നാം അവനിലേക്ക് ദിവ്യസന്ദേശം നൽകി: നമ്മുടെ മേൽനോട്ടത്തിലും നമ്മുടെ നിർദ്ദേശത്തിലും നീയൊരു കപ്പൽ നിർമിച്ചുകൊള്ളുക; അങ്ങനെ നമ്മുടെ കൽപന വരികയും അടുപ്പിൽ നിന്ന് ഉറവ് പൊട്ടുകയും ചെയ്താൽ എല്ലാ ജീവജാലങ്ങളിൽ നിന്നും രണ്ട് ഇണകളെയും നിന്റെ കുടുംബത്തെയും – അവരിൽ നിന്നുള്ള ആരുടെ കാര്യത്തിലാണോ വചനം മുൻകടന്നത് അവനൊഴികെ അതിൽ കയറ്റുക, അക്രമികളായവരുടെ കാര്യത്തിൽ നീ എന്നോട് സം

സാരിച്ചു പോകരുത്; നിശ്ചയം, അവർ മുക്കിക്കൊല്ലപ്പെടേണ്ടവരാകുന്നു.

ജീവജാലങ്ങളിൽ നിന്നും രണ്ടുജോടി ഇണകളെയും വിശ്വാസികളായ നൂഹിന്റെ കുടുംബത്തിൽ പെട്ടവരെയും (ഒരു മകനും ഭാര്യയും ഒഴിച്ച്) കപ്പലിൽ കയറ്റാനാണ് സൂക്തത്തിൽ കൽപിക്കുന്നത്. ഇവിടെ പ്രവാചകന്റെ കുടുംബത്തിൽ പെട്ടവരെ എന്ന് പറഞ്ഞതിൽ എല്ലാ വിശ്വാസികളും ഉൾപ്പെടുന്നതാണ്. 11: 37–40, 45–47 വിശദീകരണം നോക്കുക.

28. അങ്ങനെ നീയും നിന്റെ കൂടെയുള്ളവരും കപ്പലിൽ കയറിയിരുന്നുകഴിഞ്ഞാൽ അപ്പോൾ നീ പ്രാർത്ഥിക്കുക: അക്രമികളായ ജനതയിൽ നിന്ന് ഞങ്ങളെ രക്ഷപ്പെടുത്തിയ അല്ലാഹുവിനാണ് സ്തുതി,

അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളോടും കുഫ്ഫാറുകളോടും അധികരിച്ച ജിഹാദ് ചെയ്യാനാണ് ഇന്ന് അദ്ദിക്റിനെ സത്യപ്പെടുത്തുന്ന ഒറ്റപ്പെട്ട വിശ്വാസി 9: 73; 25: 52; 66: 9 സൂക്തങ്ങളിലൂടെ കൽപിക്കപ്പെട്ടിട്ടുള്ളത്. 1: 7; 10: 85–86; 11: 41 വിശദീകരണം നോക്കുക.

29. നീ പ്രാർത്ഥിക്കുക, എന്റെ നാഥാ! എന്നെ നീ ഒരു അനുഗ്രഹീതമായ ഇറക്കൽ ഇറക്കേണമേ; നീ ഇറക്കുന്നവരിൽ ഏറ്റവും ഉത്തമനുമാകുന്നു.

11: 44; 17: 3, 80 വിശദീകരണം നോക്കുക.

30. നിശ്ചയം, അതിൽ പാഠങ്ങൾ തന്നെയുണ്ട്; നിശ്ചയം നാം പരീക്ഷിക്കുന്നവൻ തന്നെയായിരിക്കുന്നു.

പരീക്ഷണത്തിന് വിധേയമാക്കുന്നതിനാണ് സ്വർഗ്ഗത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത്. പിശാചിന് അവസരം നൽകിയിട്ടുള്ളതും അതിന് വേണ്ടിത്തന്നെയാണ്. ആരാണോ പൊട്ടിപ്പോകാത്ത പാശവും എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനുമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നത്, അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. 2: 155–157; 5: 48; 38: 78–81 വിശദീകരണം നോക്കുക.

31. പിന്നീട് അവർക്ക് ശേഷം നാം മറ്റൊരു തലമുറയെ നട്ടുവളർത്തിക്കൊണ്ടുവന്നു.

4: 133; 6: 133; 36: 41 വിശദീകരണം നോക്കുക.

32. അങ്ങനെ അവരിൽ നിന്നുതന്നെയുള്ള ഒരു പ്രവാചകനെ നാം അവരിലേക്ക് നിയോഗിച്ചു: 'നിങ്ങൾ അല്ലാഹുവിനെ സേവിക്കുന്നവരാകണം, നിങ്ങൾക്ക് അവനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ സൂക്ഷ്മതയുള്ളവരാകുന്നില്ലെയോ?'

16: 2, 36; 21: 24–25; 23: 23 വിശദീകരണം നോക്കുക.

33. അവന്റെ ജനതയിൽ നിന്നുള്ള കാഫിറുകളും പരലോകത്തെ കണ്ടുമുട്ടുന്നതിനെ തള്ളിപ്പറയുന്നവരും ഐഹിക ജീവിതത്തിൽ നാം സുഖാഡംബരങ്ങൾ നൽകിയവരുമായ പ്രമാണിമാർ പറഞ്ഞു: ഇവൻ നിങ്ങളെപ്പോലെയുള്ള, നിങ്ങൾ തിന്നുന്നത് തിന്നുകയും നിങ്ങൾ കുടിക്കുന്നത് കുടിക്കുകയും ചെയ്യുന്ന ഒരു മനുഷ്യനല്ലാതെ മറ്റൊന്നുമല്ല.

അതാത് ജനതയിലെ പരലോകത്തിൽ വിശ്വാസമില്ലാത്ത സുഖലോലുപന്മാരായ

കാഫിറുകളാണ് എക്കാലത്തും സത്യത്തെ തള്ളിപ്പറയുന്നതിൽ മുൻപന്തിയിലുണ്ടായിട്ടുള്ളത്. ഇന്നും അദ്ദിക്റിനെ തള്ളിപ്പറയുകയും മൂടിവെക്കുകയും ചെയ്യുന്നത് കപടവിശ്വാസികളും അവരെ പിൻപറ്റുന്ന കാഫിറുകളുമാണ്. 10: 7–8; 43: 23; 51: 52–53 വിശദീകരണം നോക്കുക.

34. നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യന് നിങ്ങൾ വഴിപ്പെടുകയാണെങ്കിൽ നിശ്ചയം നിങ്ങൾ നഷ്ടപ്പെട്ടവർ തന്നെയായിരിക്കും.

2: 121; 18: 110; 21: 36, 41; 64: 6 വിശദീകരണം നോക്കുക.

35. നിങ്ങൾ മരിക്കുകയും മണ്ണും എല്ലുമായിത്തീരുകയും ചെയ്താൽ, നിശ്ചയം നിങ്ങൾ വീണ്ടും പുറപ്പെടുവിപ്പിക്കപ്പെടുന്നവരാകുമെന്ന് ഇവൻ നിങ്ങളോട് വാഗ്ദത്തം ചെയ്യുന്നുവോ?

എക്കാലത്തുമുള്ള കാഫിറുകളെപ്പോലെ ഇന്നത്തെ കാഫിറുകളും നാലാം ഘട്ടമായ ഭൂമിയിലെ ജീവിതം ഏഴാംഘട്ടത്തിലേക്ക് വേണ്ടി സ്വർഗ്ഗം പണിയാനാണെന്ന ലക്ഷ്യബോധം ഇല്ലാത്തവരും നാലാം ഘട്ടത്തെക്കുറിച്ച് ആറാം ഘട്ടമായ വിചാരണാനാളിൽ ഉത്തരം പറയേണ്ടി വരുമെന്ന ബോധത്തിൽ ജീവിതം നയിക്കാത്തവരുമാണ്. അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത അവർ സ്വർഗ്ഗവും നരകവും നൽകുന്നത് അല്ലാഹുവാണെന്ന മിഥ്യാധാരണ വെച്ചുപുലർത്തുന്നവരും അത് പ്രചരിപ്പിക്കുന്നവരുമാണ്. 10: 53; 17: 49–51; 50: 2–5 വിശദീകരണം നോക്കുക.

36. വിദൂരം! –നിങ്ങളോട് വാഗ്ദത്തം ചെയ്തുകൊണ്ടിരിക്കുന്നത് അതിവിദൂരം!

ബുദ്ധി ഉപയോഗപ്പെടുത്താത്ത യഥാർത്ഥ ഭ്രാന്തന്മാരോട് വിചാരണാനാളിൽ 'ഇതാണ് നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെട്ടുകൊണ്ടിരുന്ന നരകക്കുണ്ഠം! അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടിരുന്നതിനാൽ നിങ്ങളതിൽ വെന്തുകൊള്ളുക' എന്ന് പറയപ്പെടുമെന്ന് 36: 59–64 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 14: 21–22; 20: 74–76; 32: 10–11 വിശദീകരണം നോക്കുക.

37. നമ്മുടെ ജീവിതം ഈ ഐഹിക ജീവിതമല്ലാതെ മറ്റൊന്നുമല്ല; ഇവിടെ നാം മരിക്കുന്നു, നാം ജനിക്കുന്നു, നാം പുനർജനിപ്പിക്കപ്പെടാനൊന്നും പോകുന്നുമില്ല.

കഴിഞ്ഞ കാലങ്ങളെക്കുറിച്ച് ഓർമിച്ച് പാഠം പഠിക്കാൻ തയ്യാറില്ലാത്ത കാഫിറുകൾ പറയുന്നതും ആദ്യം മരണത്തെക്കുറിച്ചും പിന്നെ ജനനത്തെക്കുറിച്ചുമാണ്. 45: 24 ൽ, 'ജീവിതമെന്നാൽ നമ്മുടെ ഐഹിക ജീവിതമല്ലാതെയല്ല, നാം മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു, കാലമല്ലാതെ നമ്മെ നശിപ്പിക്കുന്നുമില്ല എന്നാണ് വിധിദിവസത്തെക്കുറിച്ച് വിശ്വാസമില്ലാത്ത കാഫിറുകൾ പറയുക എന്നും; എന്നാൽ അവർക്ക് അതിനെക്കുറിച്ച് യാതൊരു അറിവുമില്ല, അവർ ഊഹത്തെയല്ലാതെ പിൻപറ്റുന്നുമില്ല' എന്നും പറഞ്ഞിട്ടുണ്ട്. ത്രികാലജ്ഞാനമായ അദ്ദിക്ർ ഉപയോഗപ്പെടുത്തുന്നവർ മാത്രമേ നാലാംഘട്ടത്തിലുള്ള ഐഹികജീവിതം ശാശ്വതമായ ഏഴാംഘട്ടത്തിലേക്കുവേണ്ടി സ്വർഗം പണിയാനുള്ളതാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കുകയുള്ളു. അല്ലാത്ത ഫുജ്ജാറുകളെല്ലാം തന്നെ എത്ര വിദ്യാസമ്പന്നരാണെങ്കിലും ശരി, ഭൂമിയിലുള്ള ജീവിതം എന്തിനാണെന്ന് മനസ്സിലാക്കാതെ ഐഹികജീവിതത്തിന് പ്രാധാന്യം കൊടുക്കുന്നവരും പരലോകത്തെ വെടിയുന്നവരുമായിരിക്കും. 2: 201–202; 45: 31–33; 53: 31–32 വിശദീകരണം നോക്കുക.

ഈ ഐഹികലോക ജീവിതമാകട്ടെ കളിയും തമാശയുമല്ലാതെ മറ്റൊന്നുമല്ല, നിശ്ചയം പരലോകഭവനം, അതുതന്നെയാണ് യഥാർത്ഥജീവിതം, അവർ അറിവുള്ളവരായിരുന്നുവെങ്കിൽ എന്ന് 29: 64 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ മനസ്സിലാക്കാനും പിൻപറ്റാനും തയ്യാറുള്ള സ്വർഗത്തിലേക്കുള്ള ആയിരത്തിലൊന്നായ വിശ്വാസികൾ മാത്രമേ ഈ സൂക്തം അംഗീകരിച്ച് നിലകൊള്ളുകയുള്ളൂ. 2: 28; 6: 26, 165 വിശദീകരണം നോക്കുക.

38. ഇവൻ അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്ന ഒരു പുരുഷനല്ലാതെ മറ്റാരുമല്ല, നാം അവനിൽ വിശ്വസിക്കാൻ പോകുന്നുമില്ല.

എക്കാലത്തുമുള്ള പ്രവാചകന്മാരോട് അവരുടെ ജനത അനുവർത്തിച്ചിരുന്ന അതേ നിലപാട് തന്നെയാണ് പ്രവാചകൻ മുഹമ്മദിന്റെ കാലത്തുള്ള കാഫിറുകളും വെച്ചു പുലർത്തിയിരുന്നത്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ ഉപയോഗപ്പെടുത്താതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് പഠിപ്പിക്കുന്ന എക്കാലത്തുമുള്ള വിശ്വാസിയോടും അദ്ദിക്ർ കിട്ടിയിട്ട് അത് ഉപയോഗപ്പെടുത്താത്ത 25: 18 ൽ പറഞ്ഞ കെട്ടജനതയുടെ നിലപാട് ഇതുതന്നെയായിരിക്കും. സ്വാലിഹ് നബിയെക്കുറിച്ചും മുഹമ്മദ് നബിയെക്കുറിച്ചും 54: 25 ൽ കാഫിറുകൾ പറഞ്ഞിരുന്നതുപോലെ, ഇന്ന് അദ്ദിക്ർ പറയുന്ന വിശ്വാസിയെക്കുറിച്ചും 'നമ്മുടെ ഇടയിൽ ഇവനാണോ അദ്ദിക്ർ വന്നുകിട്ടിയത്? അല്ല, ഇവൻ നുണ പറയുന്ന ഒറ്റയാൻ തന്നെയാണ്.' എന്നാണ് പറയുക. എന്നാൽ അദ്ദിക്റിനെ പരിചയും മുഹൈമിനുമായി പരിഗണിക്കുന്ന വിശ്വാസികൾ ഇത്തരം അപവാദങ്ങളിലും ആരോപണങ്ങളിലുമൊന്നും മനംമുട്ടുന്നവരാകാതെ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിക്കുന്നതാണ്. 7: 37; 10: 17; 38: 8 വിശദീകരണം നോക്കുക.

1: 7 ൽ പറഞ്ഞ അല്ലാഹുവിന്റെ കോപത്തിന് വിധേയരായ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ചുപോയ കാഫിറുകളുമായ ഫുജ്ജാറുകൾക്ക് ഇന്ന് ചോദിക്കാനുള്ളത്, 'ഈ അദ്ദിക്ർ ഇപ്പോൾ എവിടെനിന്ന് കിട്ടി? ഇതിനുമുമ്പുള്ള ഒരുപണ്ഡിതനും ഇങ്ങനെ പറഞ്ഞിട്ടില്ലല്ലോ' എന്നാണ്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവുമായ അദ്ദിക്റാണ് 55: 1–4 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സ്വർഗത്തിൽ വെച്ച് എല്ലാ മനുഷ്യരെയും പഠിപ്പിച്ചതെന്നോ എഴുത്തും വായനയും അറിയാത്ത മുഹമ്മദ് നബി പ്രസ്തുത ഗ്രന്ഥത്തിൽ നിന്നുള്ളതാണ് 'ഹിറാഗുഹ'യിൽ വെച്ച് വായിച്ചതെന്നോ, അതാണ് 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യമായ ഗ്രന്ഥമെന്നോ തിരിച്ചറിയാതെ ലക്ഷ്യബോധം നഷ്ടപ്പെട്ട, പ്രജ്ഞയറ്റവരായി ജീവിക്കുന്നവരായതുകൊണ്ടാണ് ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നത്. ആശയം അറിയാതെ 62: 5 ൽ പറഞ്ഞ പ്രകാരം ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന ഇവർ 'അദ്ദിക്ർ നാം തന്നെയാണ് അവതരിപ്പിച്ചത്, അത് നാം തന്നെ സൂക്ഷിക്കുകയും ചെയ്യും' എന്ന സൂക്തം 15: 9 ഉൾപ്പടെ ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളും തള്ളിപ്പറയുന്ന യഥാർത്ഥ കാഫിറുകളാണ്. അദ്ദിക്ർ ദിഗന്തങ്ങളിലും അവരിൽ തന്നെയും അല്ലാഹു ഘട്ടംഘട്ടമായി പ്രത്യക്ഷപ്പെടുത്തുകതന്നെ ചെയ്യും, അത് സത്യമാണെന്ന് അവർക്ക് വെളിവാകുന്നതുവരെ എന്ന് 41: 53 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ പരിശുദ്ധന്മാരല്ലാതെ അദ്ദിക്ർ സ്പർശിക്കുകയില്ല എന്ന് 56: 79 ൽ പറഞ്ഞതുകൊണ്ട് ആത്മാവിനെ പരിഗണിക്കാത്ത ഫുജ്ജാറുകൾക്ക് അത് തിരിച്ചറിയാൻ സാധിക്കുകയില്ല. ആത്മാവിനെ തിരിച്ചറിയുന്ന പ്രവാചകന്റെ സമുദായത്തിൽ

പെട്ട ഇതര ജനവിഭാഗങ്ങൾക്ക് മാത്രമേ അത് ഉൾക്കൊള്ളാൻ സാധിക്കുകയുള്ളൂ. 6: 89; 18: 100–106; 56: 82 വിശദീകരണം നോക്കുക.

39. അവൻ പ്രാർത്ഥിച്ചു: എന്റെ നാഥാ, ഇവർ എന്നെ തള്ളിപ്പറഞ്ഞതുകൊണ്ട് നീ എന്നെ സഹായിച്ചാലും.

23: 26; 71: 21–22 വിശദീകരണം നോക്കുക.

40. അവൻ പറഞ്ഞു: കുറച്ച് കഴിഞ്ഞോട്ടെ, അടുത്ത പ്രഭാതങ്ങളിൽ അവർ കേഴുന്ന വരായിത്തീരുകതന്നെ ചെയ്യും!

എല്ലാഓരോ സമുദായത്തിനും ഒരു അവധി നിശ്ചയിച്ച് ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 35: 32 ൽ പറഞ്ഞ പ്രകാരം പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തായ അദ്ദിക്ർ അനന്തരമെടുത്ത ജനതയുടെ ബാധ്യതയാണ് അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താൻ വേണ്ടി പ്രയത്നിക്കൽ. മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ഫുജ്ജാറുകൾ ഇന്ന് മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യരിൽനിന്നുള്ള നരകത്തിന്റെ വിറകുകളായ അവർ അവന്റെ സ്വർഗ്ഗം തെരഞ്ഞെടുക്കുന്നവരും അവനെ റബ്ബായി സ്വീകരിക്കുന്നവരുമായിരിക്കും. ഈസാ രണ്ടാമതുവന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതും ലോകത്ത് മൊത്തം പരിപൂർണ്ണമായ ഇസ്ലാം നടപ്പിൽ വരികയും ചെയ്യുന്നതോടെ അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ 8: 22 ൽ പറഞ്ഞ ദുഷ്ടജീവികളായ ഫുജ്ജാറുകളെ വധിക്കുന്നതാണ്. പിന്നീട് ഇതര ജനവിഭാഗങ്ങളും 6: 47; 46: 35 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം തെമ്മാടികളും അക്രമികളുമായി മാറുമ്പോഴാണ് ലോകം അവസാനിക്കുക. 7: 182–183; 8: 32–33; 86: 15–17 വിശദീകരണം നോക്കുക.

41. അപ്പോൾ ഒരു ഘോരഗർജ്ജനം യഥാർത്ഥമായി അവരെ പിടികൂടി, അങ്ങനെ നാം അവരെ ചവറുകളാക്കി മാറ്റി, അങ്ങനെ അക്രമികളായ ജനത തൂത്തെറിയപ്പെട്ടു.

6: 45–47; 21: 14, 46; 54: 31 വിശദീകരണം നോക്കുക.

42. പിന്നെ അവർക്ക് ശേഷം മറ്റുതലമുറകളെ നാം നട്ടുവളർത്തിക്കൊണ്ടുവന്നു.

4: 133; 6: 133 വിശദീകരണം നോക്കുക.

43. ഒരു സമുദായവും അതിന്റെ അവധി മുൻകടക്കുകയില്ല, പിന്തിക്കപ്പെടുകയുമില്ല.

6: 2; 10: 48–49 വിശദീകരണം നോക്കുക.

44. പിന്നെ നാം നമ്മുടെ സന്ദേശവാഹകരെ തുടരെത്തുടരെ അയച്ചുകൊണ്ടിരുന്നു; ഓരോ സമുദായത്തിന്റെ അടുക്കലും അവരിലേക്കുള്ള സന്ദേശവാഹകൻ ചെല്ലുമ്പോഴൊക്കെ അവർ അവനെ തള്ളിപ്പറഞ്ഞു; അങ്ങനെ നാം സമുദായങ്ങളെ ഒന്നിനുപുറകെ മറ്റൊന്നായി കൊണ്ടുവരികയും അവരെയെല്ലാം ചരിത്രാവശിഷ്ടങ്ങളാക്കുകയും ചെയ്തു, അപ്പോൾ വിശ്വസിക്കാത്ത ഏതൊരു ജനതയും തൂത്തെറിയപ്പെട്ടു.

ആദ്യപ്രവാചകനായ നൂഹ് മുതൽ അന്ത്യപ്രവാചകനായ മുഹമ്മദ് വരെ 313 പ്രവാ

ചകന്മാരാണ് വന്നിട്ടുള്ളത്. മുഹമ്മദ് നിയോഗിക്കപ്പെട്ടത് മുതൽ അന്ത്യനാൾ വരെയുള്ള ജനങ്ങൾക്കുള്ള പ്രവാചകൻ മുഹമ്മദ് നബിയാണ്. അദ്ദേഹത്തോടൊപ്പം അവതരിപ്പിക്ക പ്പെട്ട അദ്ദിക്ർ മൊത്തം ലോകർക്കുമുള്ള അല്ലാഹുവിന്റെ സന്ദേശവുമാണ്. 'അവരെയെ ല്ലാം ചരിത്രാവശിഷ്ടങ്ങളാക്കുകയും ചെയ്തു' എന്ന് പറഞ്ഞതുകൊണ്ടുദ്ദേശിക്കുന്നത് അവരെ ഭൂമുഖത്തുനിന്ന് തുടച്ചുനീക്കി ചരിത്രത്തിൽ മാത്രം നിലനിൽക്കുന്നവരാക്കി മാറ്റി എന്നാണ്. ഇവർക്കുമുമ്പ് എത്രയെത്ര തലമുറകളെയാണ് നാം നശിപ്പിച്ചിട്ടുള്ളത്, അവർ ഇവരെക്കാൾ മെയ്യൂക്കുള്ള പ്രബലരായിരുന്നു, അപ്പോൾ നാടുകളിൽ ആഞ്ഞടിച്ച് വിഹ രിച്ച അവർക്ക് രക്ഷകരിൽ നിന്ന് വല്ലവരുമുണ്ടായോ എന്ന് 50: 36 ൽ ചോദിക്കുകയും; 50: 37 ൽ, നിശ്ചയം, ആർക്കാണോ ഹൃദയമുള്ളത്, അല്ലെങ്കിൽ ആരാണോ കേൾവിയിട്ടു കൊടുത്ത് സാക്ഷിയുമായത് അവന് അതിൽ ഒരുഉണർത്തൽ തന്നെയുണ്ട് എന്നും പറ ഞ്ഞിട്ടുണ്ട്. *ദിക്റാ* ഉപയോഗപ്പെടുത്തുക വിശ്വാസികൾ മാത്രമാണെന്ന് 51: 55 ൽ പറഞ്ഞി ട്ടുണ്ട്. അദ്ദിക്റിനെ ത്രാസ്സായി ലോകർക്ക് പരിചയപ്പെടുത്തുന്ന ഒരുവിശ്വാസിപോലും ലോകത്തെവിടെയും ഇല്ലാതാകുമ്പോഴാണ് ലോകാവസാനത്തിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നായ മസീഹുദ്ദജ്ജാൽ പുറപ്പെടുക. 2: 213; 7: 96–99; 40: 21–22 വിശദീക രണം നോക്കുക.

45. പിന്നീട് മൂസായെയും അവന്റെ സഹോദരൻ ഹാറൂനിനെയും നമ്മുടെ ദൃഷ്ടാ ന്തങ്ങൾ കൊണ്ടും വ്യക്തമായ പ്രമാണങ്ങൾ കൊണ്ടും നാം അയച്ചു.

46. -ഫിർഔനിലേക്കും അവന്റെ പ്രമാണിമാരിലേക്കും, അപ്പോൾ അവർ അഹ ങ്കരിച്ചു; അവർ ഒരു ഔന്നിത്യം നടിക്കുന്ന ജനതതന്നെയായിരുന്നു.

20: 42–44 വിശദീകരണം നോക്കുക.

47. അപ്പോൾ അവർ ചോദിച്ചു: നമ്മെപ്പോലുള്ള രണ്ട് മനുഷ്യരെ നാം വിശ്വസി ക്കുകയോ? -അവർ ഇരുവരുടെയും ജനത നമുക്ക് അടിമവൃത്തി ചെയ്യുന്നവ രുമാണ് എന്നിരിക്കെ.

48. അങ്ങനെ അവരെ രണ്ടുപേരേയും അവർ തള്ളിപ്പറഞ്ഞു, അങ്ങനെ അവർ ന ശിപ്പിക്കപ്പെട്ടവരിൽ അകപ്പെടുകയും ചെയ്തു.

10: 88–92; 12: 110 വിശദീകരണം നോക്കുക.

49. നിശ്ചയം, മൂസാക്ക് നാം ഗ്രന്ഥം നൽകിയിട്ടുമുണ്ട് -അവർ സന്മാർഗ്ഗത്തിലാകു ന്നതിന് വേണ്ടി.

21: 24, 48–50; 32: 3, 23 വിശദീകരണം നോക്കുക.

50. മർയമിന്റെ പുത്രനെയും അവന്റെ മാതാവിനെയും നാം ഒരു ദൃഷ്ടാന്തമാക്കുക യും അവർ ഇരുവരെയും ഉറവയുള്ള ഒരു ഉയർന്ന പ്രദേശത്ത് സുരക്ഷിതമായി താമസിപ്പിക്കുകയും ചെയ്തു.

മർയമിന് കുട്ടിക്കാലത്തുതന്നെ കാര്യകാരണ ബന്ധത്തിന് അതീതമായി ഭക്ഷണവി ഭവങ്ങൾ ലഭിച്ചിരുന്നു എന്ന് 3: 37 ലും; ഈസായെ ജനങ്ങൾക്ക് ഒരുദൃഷ്ടാന്തമായിക്കൊ ണ്ടാണ് സൃഷ്ടിച്ചതെന്ന് 19: 21 ലും പറഞ്ഞിട്ടുണ്ട്. പ്രസവവേദന അടുത്തപ്പോൾ വിജന മായ സ്ഥലത്തെത്തിയ മർയമിന് ഭക്ഷിക്കുന്നതിനുവേണ്ടി പാകമായ ഈത്തപ്പഴം നൽകു കയും കുടിക്കുന്നതിനുവേണ്ടി താഴ്ഭാഗത്ത് അരുവി ഒഴുക്കിക്കൊടുക്കുകയുമുണ്ടായി.

നിരപ്പുള്ള സ്ഥലത്തിൽ നിന്ന് അൽപം ഉയർന്ന സ്ഥലത്തിനാണ് *'റബ്വഃ'* (HILL-

TOP) എന്ന് പറയുന്നത്. ശല്യമൊന്നുമില്ലാതെ ഏകാന്തജീവിതം നയിക്കുന്നതിന് ഉതകുന്ന സുരക്ഷിതമായ സ്ഥലത്തിനാണ് *'ദാത്തു-ഖറാർ'* എന്ന് പറയുന്നത്. 4: 157-159; 5: 75, 116; 19: 23-26 വിശദീകരണം നോക്കുക.

51. ഓ സന്ദേശവാഹകരേ! നിങ്ങൾ പരിശുദ്ധമായവയിൽ നിന്ന് തിന്നുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുവിൻ, നിശ്ചയം ഞാൻ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അറിയുന്നവൻ തന്നെയാണ്.

സന്ദേശത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ 'നബിമാരേ' എന്ന് അഭിസംബോധനം ചെയ്യാതെ 'സന്ദേശവാഹകരേ' എന്ന് അഭിസംബോധനം ചെയ്തത്, സന്ദേശമായ അദ്ദിക്ർ നൽകപ്പെട്ടിട്ടുള്ളത് 313 പ്രവാചകമാർക്ക് മാത്രമായതിനാലും നബിമാർ അത് പിൻപറ്റുകയാണ് ചെയ്തിട്ടുള്ളത് എന്നതിനാലുമാണ്. 5: 67; 57: 25 വിശദീകരണം നോക്കുക.

52. നിശ്ചയം ഇത്; നിങ്ങളുടെ സമുദായം ഒറ്റ സമുദായമാകുന്നു, ഞാൻ നിങ്ങളുടെ നാഥനും, അപ്പോൾ നിങ്ങൾ എന്നെ സൂക്ഷിക്കുന്നവരാകുവീൻ.

10: 19; 21: 92-93 വിശദീകരണം നോക്കുക.

53. എന്നാൽ അവർ അവരോടുള്ള കൽപനകളെല്ലാം അവർക്കിടയിൽ തുണ്ടം തുണ്ടമായി മുറിച്ചുകളഞ്ഞു; എല്ലാഓരോ സംഘവും അവരുടെ പക്കലുള്ളതുകൊണ്ട് നിഗളിച്ച് ആഹ്ലാദിച്ചുകൊണ്ടിരിക്കുന്നവരാകുന്നു.

വിശ്വാസിയായ അല്ലാഹു ആദം മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യർക്ക് തൃപ്തിപ്പെട്ട സംഘം 5: 56; 58: 22 എന്നീ സൂക്തങ്ങളിൽ പറഞ്ഞ അല്ലാഹുവിന്റെ ഏകസംഘം മാത്രമാണ്. സ്വർഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ വിശ്വാസികളുടെ സംഘമാണത്. ഇന്ന് അദ്ദിക്റിനെ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ചിരിക്കുന്നവർ മാത്രമേ ആ സംഘത്തിൽ ഉൾപെടുകയുള്ളൂ. അവർ മാത്രമാണ് 3: 19, 85 എന്നീ സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ ദീനിനെ അംഗീകരിച്ചവർ. ഫുജ്ജാറുകളിലെ വിവിധ സംഘടനക്കാരും കാഫിറായ, 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘത്തിൽ പെട്ടവരും 7: 37 പ്രകാരം മരണപ്പെടുമ്പോൾ കാഫിറാണെന്ന് ആത്മാവിനെതിരെ സാക്ഷ്യം വഹിച്ചുകൊണ്ട് കാഫിറായ പിശാചിന്റെ വീടായ നരകക്കുണ്ഠാരത്തിലേക്ക് പോകേണ്ടവരുമാണ്. 15: 90-91 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം, ഇന്ന് അവർ തന്നെയാണ് അല്ലാഹുവിന്റെ 'കൽപന'യായ ഗ്രന്ഥത്തെ തുണ്ടം തുണ്ടമായി മുറിച്ചുകളഞ്ഞവർ. എല്ലാഓരോ സംഘവും അവരുടെ പക്കലുള്ളതുകൊണ്ട് നിഗളിച്ച് ആഹ്ലാദിച്ചുകൊണ്ടിരിക്കുന്നവരാണ് എന്ന് അവസാനിക്കുന്ന മറ്റൊരു സൂക്തം 30: 32 ആണ്. **യുക്തിനിർഭര ഗ്രന്ഥമായ അദ്ദിക്ർ മൊത്തം മനുഷ്യരെ ഒരു ജാതി (മനുഷ്യജാതി), ഒരു മതം (സർവ്വസ്രഷ്ടാവിന് സർവസ്വം സമർപ്പിച്ചുകൊണ്ടുള്ള ജീവിതരീതി), ഒരു ദൈവം (സർവാധിപനായ പ്രപഞ്ചനാഥൻ) എന്നുതന്നെയാണ് ഉണർത്തുന്നത്.** 3: 7-10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫാജിറുകളും കാഫിറുകളുമായി അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ മിഥ്യാധാരണ അവർ ജനിച്ചതുതന്നെ വിശ്വാസികളായിക്കൊണ്ടാണ് എന്നാണ്. പ്രപഞ്ചനാഥൻ എല്ലാമനുഷ്യരുടെയും ഉടമയും രാജാവും ഇലാഹുമാണെന്ന് 114: 1-3 സൂക്തങ്ങളിലൂടെ അവർ പറയുന്നുണ്ടെങ്കിലും മനസ്സാ അവരത് അംഗീകരിക്കാത്തവരാണ്. 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഇക്കൂട്ടർ ഗ്രന്ഥം കിട്ടാത്ത പ്രവാചകന്റെ സമുദായത്തിൽപെട്ട ഇതരജനവിഭാഗങ്ങളെയാണ് കാഫിറുകളും നരകത്തിലേക്കുള്ളവരുമായി സ്വയം തീരുമാനിച്ച് വെച്ചിട്ടുള്ളത്. അങ്ങനെത്തന്നെയാണ് അവരുടെ മതപഠനശാലകളിൽ അവർ പഠിപ്പിച്ചു

കൊണ്ടിരിക്കുന്നതും. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ എന്ന ഗ്രന്ഥമാണ് വ്യക്തവും സ്പഷ്ടവും ആവർത്തിച്ച് വായിക്കപ്പെടേണ്ടതും ഹൃദയം കൊണ്ട് മനസിലാക്കാൻ വളരെ എളുപ്പമാക്കിയിട്ടുള്ളതും എന്ന് 36: 69; 54: 17; 56: 77–79 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളതൊന്നും കാണാത്തവിധം ഗ്രന്ഥത്തിന്റെ ശരീരവും ജീവനായ അർത്ഥവും മാത്രം പരിഗണിച്ച് 3: 10 ൽ വിവരിച്ചതുപോലെ 'ഞങ്ങൾ ഗ്രന്ഥം പഠിക്കുന്നവരും പഠിപ്പിക്കുന്നവരുമാണ്, പിന്നെ ഞങ്ങളെക്കാൾ ഉത്തമന്മാർ ആരുണ്ട്' എന്ന് അഹങ്കരിക്കുന്നവരായതാണ് ഈ ജനത ഇത്രത്തോളം അധഃപതിച്ച് ജീർണ്ണിക്കാനും 25: 18 ൽ പറഞ്ഞ വിധം കെട്ടജനതയാകാനും കാരണം. 11: 17; 25: 27–34; 40: 4–5 വിശദീകരണം നോക്കുക.

54. അപ്പോൾ അവരെ ലഹരിപിടിച്ച അവസ്ഥയിൽ കുറച്ചുകാലം വിഹരിക്കാൻ വിട്ടേക്കുക.

അദ്ദിക്റിനെ വിസ്മരിച്ചുകൊണ്ട് കാക്കകാരണവന്മാരുടെ കാൽപാടുകൾ അന്ധമായി പിൻപറ്റുന്ന പിശാചിന്റെ സംഘത്തിൽ പെട്ടവരെക്കുറിച്ച് 37: 69–70 സൂക്തങ്ങളിൽ, നിശ്ചയം അവർ അവരുടെ പൂർവ്വപിതാക്കളെ വഴിപിഴച്ചവരായിട്ടാണ് കണ്ടെത്തിയത്, അങ്ങനെ അവർ അവരുടെ കാൽപാടുകളിലൂടെ ഉൻമത്തരായി കുതിച്ച് പായുന്നവരാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 2: 170–171; 15: 72; 21: 97; 43: 23–25 വിശദീകരണം നോക്കുക.

55. അവർ കണക്ക് കൂട്ടുന്നുവോ, നിശ്ചയം നാം അവർക്ക് സമ്പത്തിൽ നിന്നും സന്താനങ്ങളിൽ നിന്നും അതുവഴി വർദ്ധിപ്പിച്ച് നൽകുകയാണെന്ന്.

56. -നാം അവർക്ക് നന്മകൾ നൽകാൻ ധൃതികാണിക്കുകയാണെന്ന്; അല്ല! അവർ തിരിച്ചറിവില്ലാത്തവരാകുന്നു.

അല്ലാഹുവിന്റെ നിഷ്പക്ഷവാൻ എന്ന ഗുണനാമത്തെ അംഗീകരിക്കാതെ വിവിധ സംഘടനകളായിത്തിരിഞ്ഞ് കാഫിറായ പിശാചിന്റെ സംഘത്തിൽ പെട്ട ജീവിതലക്ഷ്യം നഷ്ടപ്പെട്ട പ്രജ്ഞയറ്റ കാഫിറുകൾ അവർക്ക് സന്താനവും സമ്പത്തും വർദ്ധിപ്പിച്ച് കിട്ടുന്നത് അവർ സത്യത്തിലായതിന്റെ പേരിലാണെന്ന് കരുതേണ്ടതില്ല. എന്നാൽ നിഷ്പക്ഷവാനെ നിഷേധിച്ചവർക്ക് നരകക്കുണ്ഠമാണുള്ളത്, അതിനാൽ അവർ ഇഹലോകത്തെങ്കിലും അൽപം സുഖിച്ചുകൊള്ളട്ടെ എന്നുകരുതി വിഭവങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്, എന്നാൽ പരലോകംകൊണ്ട് വിശ്വസിക്കാത്ത, ജീവിതലക്ഷ്യം നഷ്ടപ്പെട്ട അവർ അത് തിരിച്ചറിയുന്നില്ല. 9: 53–55; 42: 20; 43: 33–35, 44–45 വിശദീകരണം നോക്കുക.

57. നിശ്ചയം, തങ്ങളുടെ നാഥനോടുള്ള ഭയഭക്തിയിൽ കിടിലം കൊള്ളുന്നവരായവർ,

21: 28, 49; 23: 1–2 വിശദീകരണം നോക്കുക.

58. അവർ, തങ്ങളുടെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് വിശ്വസിക്കുന്നവരുമാണ്.

87: 10–12 സൂക്തങ്ങളിൽ, അല്ലാഹുവിനെ ഭയപ്പെടുന്നവർ *'ദിക്റാ'* കൊണ്ട് ഉണർത്തപ്പെടുമെന്നും വമ്പിച്ച തീയിൽ വേവിക്കപ്പെടാനുള്ള ദൗർഭാഗ്യവാൻ അതിനെ വെടിയുമെന്നും പറഞ്ഞിട്ടുണ്ട്. 2: 121; 3: 101–102; 25: 72 വിശദീകരണം നോക്കുക.

59. അവർ, തങ്ങളുടെ നാഥനിൽ യാതൊന്നിനെയും പങ്കുചേർക്കാത്തവർ തന്നെയുമാണ്.

10: 62–64; 16: 100; 18: 110 വിശദീകരണം നോക്കുക.

60. അവർ തങ്ങൾക്ക് നൽകപ്പെട്ടതിൽ നിന്ന് മറ്റുള്ളവർക്ക് നൽകിക്കൊണ്ടിരിക്കു

ന്നവരും, അവരുടെ ഹൃദയങ്ങൾ 'നിശ്ചയം, അവർക്ക് തങ്ങളുടെ നാഥനിലേക്ക് തിരിച്ചുപോകണമല്ലോ' എന്ന് പ്രകമ്പിതരാവുന്നവരുമാണ്.

മനുഷ്യനെ അദ്ദിക്ർ പഠിപ്പിച്ച നിഷ്പക്ഷവാനായ അല്ലാഹു അവനെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത്, ആരാണ് അല്ലാഹുവിന്റെ പ്രാതിനിധ്യം വഹിക്കുകയെന്നും ആരാണ് പിശാചിന്റെ പ്രാതിനിധ്യം വഹിക്കുകയെന്നും പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. ലക്ഷ്യബോധമുള്ള വിശ്വാസികൾ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ജാതി, മത, ലിംഗ, വർഗ്ഗ, വർണ്ണ, ദേശ, ഭാഷാ വ്യത്യാസമില്ലാതെ ലോകർക്ക് എത്തിച്ചുകൊടുത്തിട്ടില്ലെങ്കിലുള്ള ഭവിഷ്യത്തിനെക്കുറിച്ച് ഓർത്ത് എപ്പോഴും കിടിലം കൊള്ളുന്നവരായിരിക്കും. 2: 272-274; 7: 205-206; 8: 2-4; 21: 95; 22: 34-35 വിശദീകരണം നോക്കുക.

61. അക്കൂട്ടർ ഉത്തമമായതിലേക്ക് ധൃതിപ്പെടുന്നവരും അവർ അതിൽ മുൻകടക്കുന്നവരുമാകുന്നു.

അദ്ദിക്ർ സമർപ്പിക്കുന്ന ഉത്തമമായ ജീവിതത്തിലേക്ക് മുൻകടക്കുന്ന വിശ്വാസികൾ തന്റെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധികൽപിക്കുന്നവരും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിച്ചുകൊണ്ടിരിക്കുന്നവരുമാണ്. വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്ന അത്തരം വിശ്വാസി 54: 54-55 സൂക്തങ്ങൾ പ്രകാരം നാഥന്റെ ചുറ്റും സാമീപ്യസ്ഥരായി ഇരിപ്പുറപ്പിക്കുന്നതാണ്. 56: 10-26 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സ്വർഗത്തിലേക്ക് മുൻകടക്കുന്നവർ മൊത്തം മനുഷ്യരിൽ 70,000 ആളുകളാണുള്ളത്. അവരിൽ അധികപേരും ആദ്യകാലക്കാരിൽ നിന്നും കുറച്ചുപേർ അവസാനകാലക്കാരിൽ നിന്നുമാണ്. ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ രചയിതാവാണ് അവസാനത്തെ മുൻകടക്കുന്നവൻ. അവനും നാഥനിലേക്ക് തിരിച്ചുപോയിക്കഴിഞ്ഞാൽ 6: 158 ൽ വിവരിച്ച പ്രകാരം അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങൾ ഓരോന്നായി പ്രത്യക്ഷപ്പെടുന്നതാണ്. 3: 133-136; 9: 100; 22: 77-78 വിശദീകരണം നോക്കുക.

62. ഒരു ആത്മാവിനേയും അതിന് വഹിക്കാൻ കഴിയാത്തത് നാം വഹിപ്പിക്കുകയുമില്ല, നമ്മുടെ പക്കൽ സത്യം പ്രതിഫലിപ്പിക്കുന്ന ഒരു ഗ്രന്ഥവുമുണ്ട്, അവർ അൽപം പോലും അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല.

17: 13-15; 18: 49; 23: 62-63; 36: 12; 45: 28-29; 58: 6; 78: 29 എന്നീ സൂക്തങ്ങൾ പ്രകാരം ഓരോരുത്തരുടെയും പിരടിയിൽ തങ്ങളുടെ കർമ്മരേഖ ബന്ധിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് ഇവിടെവെച്ച് അദ്ദിക്റിനെ ത്രാസ്സായി ഉപയോഗപ്പെടുത്തുന്നവനാണ് ആയിരത്തിലൊന്നായ വിശ്വാസി. അവന്റെ കർമരേഖയിൽ പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള ജീവിതമാണ് അവൻ രേഖപ്പെടുത്തിക്കൊണ്ടിരിക്കുക. 7: 8-9 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സത്യമായ അദ്ദിക്റിനെ ത്രാസായി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് വിധിദിവസം വിചാരണ നടത്തുക എന്നും, അതുകൊണ്ടുതന്നെ വിധിദിവസം ത്രാസിൽ തൂക്കം കിട്ടണമെങ്കിൽ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള പ്രവർത്തനങ്ങൾ നടത്തണമെന്നുമുള്ള ബോധത്തോടുകൂടിയാണ് അവർ നാലാം ഘട്ടമായ ഇവിടെ ജീവിക്കുക. വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധി കൽപിക്കുന്ന അവർ നാലാംഘട്ടമായ ഇവിടെവെച്ച് പണിത സ്വർഗ്ഗം ഏഴാംഘട്ടത്തിൽ അനന്തരമെ

ടുക്കുന്നതാണ്. 2: 286; 32: 19; 39: 69, 75 വിശദീകരണം നോക്കുക.

63. അല്ല, അവരുടെ ഹൃദയങ്ങൾ ഇതിൽ നിന്ന് അശ്രദ്ധയിലാണ്ടിരിക്കുകയാണ്, അവർക്ക് അതിനുവേണ്ടിയല്ലാത്ത പ്രവർത്തനങ്ങളാണുള്ളത്, അവർ അതങ്ങിനെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാകുന്നു.

അദ്ദിക്റിൽ നിന്ന് അകന്നുപോയതിനാൽ ജീവിതലക്ഷ്യം നഷ്ടപ്പെട്ട 25: 18 ൽ പറഞ്ഞ കെട്ടജനത കാക്കകാരണവന്മാരെ അന്ധമായി അനുഗമിച്ചുകൊണ്ട് ഒരു ഓളത്തിലങ്ങനെ വിഹരിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ പതിനഞ്ച് വയസ്സിനുശേഷമുള്ള ജീവിതത്തിലെ ഓരോ നിമിഷവും തങ്ങളുടെ പിരടികളിൽ ബന്ധിപ്പിച്ചിട്ടുള്ള കർമ്മരേഖയിൽ രേഖപ്പെടുത്തുന്നുണ്ട് എന്നും വിധിദിവസം അത് ഒരു തുറന്ന പുസ്തകമായി പുറത്തെടുത്തുകൊടുത്ത് ഓരോരുത്തരെക്കൊണ്ടും വായിപ്പിച്ചാണ് വിചാരണ നടത്തുക എന്നുമുള്ള ബോധമില്ലാത്തവരാണ് അവർ. അവരുടെ വാക്കുകളും പ്രവൃത്തികളുമെല്ലാം അദ്ദിക്റിൽ നിന്നുള്ള തെളിവിന്റെ അടിസ്ഥാനത്തിലുള്ളതല്ലാതിരുന്നതിനാൽ വിചാരണാനാളിൽ വായിക്കാൻ പറ്റാതെ വിലപിക്കുന്ന രംഗം 18: 49 ൽ വിവരിച്ചിട്ടുണ്ട്. 18: 103–105; 21: 47; 89: 23–24 വിശദീകരണം നോക്കുക.

64. അവരുടെ സുഖലോലുപതയിൽ നാം അവരെ ശിക്ഷകൊണ്ട് പിടികൂടുന്നതുവരെ, അപ്പോൾ അവരതാ അലറുന്നവരാകുന്നു.

21: 46 വിശദീകരണം നോക്കുക.

65. ഇന്നേദിനം നിങ്ങൾ അലറേണ്ടതില്ല, നിശ്ചയം നിങ്ങൾ നമ്മിൽ നിന്ന് യാതൊരു വിധത്തിലും സഹായിക്കപ്പെടുന്നവരാവുകയില്ല.

നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. എന്നാൽ ഫുജ്ജാറുകൾ കണ്ട, തൊട്ട, കേട്ട, വായിച്ച ഗ്രന്ഥമാണ് അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷി നിന്നുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നത്. 11: 10, 103 വിശദീകരണം നോക്കുക.

66. നിശ്ചയം, എന്റെ സൂക്തങ്ങൾ നിങ്ങളുടെമേൽ വിശദീകരിച്ച് കേൾപ്പിക്കപ്പെട്ടുകൊണ്ടിരുന്നു, അപ്പോഴെല്ലാം നിങ്ങൾ പുറംതിരിഞ്ഞ് പിന്തിരിഞ്ഞുകൊണ്ടിരിക്കുന്നവരായിരുന്നു.

67. അതുകൊള്ളെ എല്ലാം തികഞ്ഞവരാണെന്ന അഹന്തയാൽ, നിങ്ങൾ നിങ്ങളുടെ രാത്രിയിലെ വെടിവട്ടങ്ങളിൽ അതിനെ പരിഹസിച്ചുകൊണ്ടിരിക്കുന്നവരുമായിരുന്നു.

എക്കാലത്തുമുള്ള ഫുജ്ജാറുകളായ കപടവിശ്വാസികളും അവരുടെ അനുയായികളും പ്രവാചകന്മാരെയും വിശ്വാസികളെയും പരിഹസിക്കുന്നവരായിരുന്നു. പ്രവാചകന്മാരെയും വിശ്വാസികളെയും കളവാക്കുന്ന അവർക്ക് യഥാർത്ഥത്തിൽ 6: 33 ൽ പറഞ്ഞ പ്രകാരം അല്ലാഹുവിന്റെ സൂക്തങ്ങളോടാണ് വിരോധം. 21: 50; 22: 72; 41: 26–28 വിശദീകരണം നോക്കുക.

68. അപ്പോൾ അവർ ഈ വചനത്തെക്കുറിച്ച് ചിന്തിച്ച് പ്രൗഢരാകാത്തത് എന്തുകൊണ്ട്? അതോ അവരുടെ പൂർവപിതാക്കൾക്ക് വന്നുകിട്ടാത്ത ഒന്ന് അവർക്ക് വന്നുകിട്ടിയത് കൊണ്ടാണോ?

അദ്ദിക്റിനെക്കുറിച്ച് ചിന്തിച്ച് അത് സർവ്വസ്രഷ്ടാവിൽ നിന്നാണെന്ന് ഉറപ്പ് വരുത്തി

അതിൽ ഊറ്റം കൊള്ളുകയും പ്രൗഢരാവുകയും ചെയ്യണമെന്നാണ് സൂക്തം പഠിപ്പിക്കുന്നത്. പൂർവപിതാക്കളെ അന്ധമായി പിൻപറ്റുന്ന എക്കാലത്തുമുള്ള കാഫിറുകളോട് ചോദിക്കുകയാണ്: പൂർവപിതാക്കൾക്ക് വന്നുകിട്ടാത്ത പുതിയ ഒരു ഗ്രന്ഥം നിങ്ങൾക്ക് വന്നുകിട്ടിയത് കൊണ്ടാണോ നിങ്ങൾ അതിനെ ഗൗരവത്തോടുകൂടി പരിഗണിക്കാതിരിക്കുന്നത്? ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകളാണ് 7: 26 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവർ. 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥവും 3: 58 ൽ പറഞ്ഞ യുക്തിനിർഭരഗ്രന്ഥവും 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവും അദ്ദിക്റാണെന്ന് തിരിച്ചറിയാത്തവരാണ് അവർ. അവരിലെ കപടവിശ്വാസികൾ വിചാരണയില്ലാതെ നരകത്തിൽ പോകുന്നവരും അനുയായികൾ വിചാരണക്ക് ശേഷം നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുന്നവരുമാണ്. അവർ തമ്മിൽ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും പഴിചാരുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന രംഗം 2: 165-167 സൂക്തങ്ങളിലൂടെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 3: 79-80; 4: 82; 9: 115; 38: 29 വിശദീകരണം നോക്കുക.

69. അതല്ല, അവരുടെ സന്ദേശവാഹകനെ അവർക്ക് പരിചയമില്ലെന്നുണ്ടോ, അങ്ങനെ അവർ അതിനോട് വിരോധം വെച്ചുപുലർത്തുന്നവർ ആയിരിക്കുകയാണോ?

മക്കാമുശ്രിക്കുകൾക്ക് അവരിലേക്ക് നിയോഗിക്കപ്പെട്ട സന്ദേശവാഹകനെ പരിചയമില്ലാത്തതുകൊണ്ടാണോ അവർ ഗ്രന്ഥത്തോട് വിരോധം വെച്ചുപുലർത്തുന്നത് എന്നാണ് ചോദിക്കുന്നത്. പ്രവാചകന്റെ മാർഗം പിൻപറ്റുന്നവരാണെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് അദ്ദിക്റിന് വിരുദ്ധമായ ജീവിതം നയിക്കുകയും പ്രവാചകനെ ജനമധ്യത്തിൽ കളവാക്കി അവതരിപ്പിക്കുകയും ചെയ്യുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കാണ് ഇന്ന് ഈ ചോദ്യം ബാധകമാകുന്നത്. ഗ്രന്ഥം നൽകപ്പെട്ടവർക്ക് പ്രവാചകനെ അവരവരുടെ ആൺമക്കളെ അറിയുന്നതിലുപരി അറിയുമെന്ന് 2: 146; 6: 20 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഗ്രന്ഥം പിൻപറ്റുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി ഗ്രന്ഥത്തെ വളച്ചൊടിക്കുകയും മൂടിവെക്കുകയും ചെയ്യുന്ന ഇത്തരം കപടവിശ്വാസികളോടും കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യണമെന്നാണ് 9: 73; 66: 9 എന്നീ സൂക്തങ്ങളിലൂടെ കൽപിക്കപ്പെട്ടിട്ടുള്ളത്. 22: 78; 42: 52; 52: 40 വിശദീകരണം നോക്കുക.

70. അതോ അവന് ജിന്ന് ബാധിച്ചിരിക്കുകയാണ് എന്നവർ പറയുന്നുവോ; അല്ല, അവൻ സത്യം കൊണ്ടാണ് അവരിലേക്ക് വന്നിട്ടുള്ളത്, പക്ഷെ അവർ അധികപേരും സത്യത്തെ വെറുക്കുന്നവരായിരിക്കുന്നു.

സത്യം എന്നത് അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. അദ്ദിക്റിനോട് വെറുപ്പ് കാണിക്കുന്ന ബുദ്ധിശക്തി ഉപയോഗപ്പെടുത്താത്ത യഥാർത്ഥ ഭ്രാന്തന്മാർ നരകക്കുണ്ഠത്തിൽ വെച്ച് അതിന്റെ പാറാവുകാരനായ മാലിക്കിനെ വിളിച്ച് 'ഓ മാലിക്കേ! നിന്റെ നാഥൻ ഞങ്ങളുടെ കഥയങ്ങ് കഴിച്ചുകൊള്ളട്ടെ' എന്ന് പറയുമ്പോൾ മാലിക്ക് മറുപടി പറയുന്നതാണ്; 'നിശ്ചയം, നിങ്ങൾ അതിൽ കാലാകാലം കഴിഞ്ഞുകൂടേണ്ടവരാണ്, നിശ്ചയം ഞങ്ങൾ നിങ്ങളിലേക്ക് സത്യവും കൊണ്ട് വന്നിട്ടുണ്ടായിരുന്നു, പക്ഷെ നിങ്ങളിൽ അധികപേരും സത്യത്തെ വെറുക്കുന്നവരായിരുന്നു' എന്ന് 43: 74-78 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 10: 108; 15: 6; 17: 55 വിശദീകരണം നോക്കുക.

71. 'സത്യം' അവരുടെ ഇഷ്ടാനിഷ്ടങ്ങളെ പിൻപറ്റിയിരുന്നുവെങ്കിൽ ആകാശങ്ങളും

ഭൂമിയും അവയിലുള്ളവയുമെല്ലാം നശിക്കുകതന്നെ ചെയ്യുമായിരുന്നു; അല്ല, നാം അവർക്ക് അവരെക്കുറിച്ചുള്ള അനുസ്മരണം കൊണ്ടുവന്നിട്ടുണ്ട്, എന്നാൽ അവർ അവരെക്കുറിച്ചുള്ള അനുസ്മരണത്തെ അവഗണിച്ചുകൊണ്ടിരിക്കുന്നവരാകുന്നു.

'സത്യം' കാഫിറുകളായ ആയിരത്തിൽ തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പതിന്റെ ഇഷ്ടാനിഷ്ടങ്ങളായിരുന്നുവെങ്കിൽ പ്രപഞ്ചം എന്നോ നശിക്കുമായിരുന്നു. എന്നാൽ അല്ലാഹുവിന്റെ പ്രാതിനിധ്യം വഹിക്കുന്ന ആയിരത്തിലൊന്നായ വിശ്വാസിയുടെ പ്രാർത്ഥനയും പ്രവർത്തനങ്ങളുമാണ് സ്വീകരിക്കപ്പെടുക. പിശാച് കാഫിറുകൾക്ക് ഐഹിക ജീവിതം അലങ്കാരമാക്കിക്കൊടുത്തിട്ടുണ്ടെന്ന് മനസ്സിലാക്കിയ വിശ്വാസിയാകട്ടെ, പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടാനുള്ള ഏക ഉപകരണമായ അദ്ദിക്റിനെ ലോകരിൽ പ്രചരിപ്പിക്കുന്നതിൽ വ്യാപൃതനായിരിക്കും. അവൻ ഒരിക്കലും പ്രപഞ്ചം നശിച്ച് വിധിദിവസം നടപ്പിൽ വരണമെന്ന് ആഗ്രഹിക്കുകയോ അതിനുവേണ്ടി പ്രാർത്ഥിക്കുകയോ ഇല്ല. പിശാചും കാഫിറുകളുമാണ് യഥാർത്ഥത്തിൽ പ്രപഞ്ചം നശിച്ചുകാണാൻ ധൃതികാണിച്ച് കൊണ്ടിരിക്കുന്നത്. ഐഹികലോകത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടും പരലോകത്തെ അവഗണിച്ചുകൊണ്ടുമുള്ള ജീവിതശൈലി സ്വീകരിച്ചിട്ടുള്ള അവരാണ് 'നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ ആ വിധിദിവസം എപ്പോഴാണ് പുലരുക' എന്ന് ചോദിക്കുന്ന നയത്തിലുള്ള ജീവിതം നയിക്കുന്നത്. ആരാണ് മനുഷ്യൻ, എവിടെയാണ് മനുഷ്യൻ ആദ്യം സൃഷ്ടിക്കപ്പെട്ടത്, എന്തിനാണ് മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളത്, എന്താണ് മരണം, എന്താണ് ആത്മാവ്, എന്താണ് ശരീരം, എന്താണ് ഉറക്കം, എന്താണ് ജീവിതലക്ഷ്യം എന്നെല്ലാം മനസ്സിലാക്കാനുതകുന്ന, അവരെക്കുറിച്ചുതന്നെ ഓർമ്മിപ്പിക്കുന്ന ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ ഉപയോഗപ്പെടുത്തുന്നില്ല എന്നാണ് 'അവർ അവരെക്കുറിച്ചുള്ള അനുസ്മരണത്തെ അവഗണിച്ചുകൊണ്ടിരിക്കുന്നവരാകുന്നു' എന്ന് പറഞ്ഞതിന്റെ വിവക്ഷ. 6: 90; 14: 28–30; 21: 10; 57: 16 വിശദീകരണം നോക്കുക.

72. അതല്ല, നീ അവരോട് വല്ല കപ്പവും ചോദിക്കുന്നുണ്ടോ? എന്നാൽ നിന്റെ നാഥനിൽ നിന്നുള്ള കപ്പങ്ങളാകുന്നു ഏറ്റവും ഉത്തമമായിട്ടുള്ളത്, അവൻ ഭക്ഷണ വിഭവങ്ങൾ നൽകുന്നതിൽ ഏറ്റവും ഉത്തമനുമാകുന്നു.

18: 94–95; 25: 57; 36: 21 വിശദീകരണം നോക്കുക.

73. നിശ്ചയം നീ അവരെ നേരെച്ചൊവ്വെയുള്ള പാതയിലേക്ക് തന്നെയാണ് ക്ഷണിക്കുന്നത്.

35 സ്ഥലങ്ങളിൽ പരാമർശിച്ച നേരെചൊവ്വെയുള്ള പാത അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. നിശ്ചയം, നീ മാർഗദർശനം ചെയ്യുന്നത് നേരെചൊവ്വെയുള്ള പാതയിലേക്ക് തന്നെയാണ് എന്ന് പറഞ്ഞുകൊണ്ടാണ് 42: 52 അവസാനിക്കുന്നത്. പ്രവാചകനും വിശ്വാസികളും ജനങ്ങളെ ക്ഷണിക്കുക സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റും എല്ലാവിധ ആപത്ത് വിപത്തുകകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമായ അദ്ദിക്റിലേക്കാണ്. 1: 5; 4: 174–175; 6: 153 വിശദീകരണം നോക്കുക.

74. നിശ്ചയം, പരലോകം കൊണ്ട് വിശ്വസിക്കാത്തവരാകട്ടെ, ആ പാതയെത്തൊട്ട് പുറംതിരിഞ്ഞ് പോകുന്നവർ തന്നെയുമാകുന്നു.

മനുഷ്യന്റെ നാലാം ഘട്ടമായ ഐഹികജീവിതം ഏഴാം ഘട്ടത്തിലേക്കുവേണ്ടി സ്വർഗ്ഗം പണിയുന്നതിന് വേണ്ടിയുള്ളതാണെന്ന ജീവിതലക്ഷ്യമുള്ള വിശ്വാസികൾ മാത്രമേ അദ്ദിക്റിനെ സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായും നേരെച്ചൊവ്വെയുള്ള പാതയായും സ്വീകരിക്കുകയുള്ളൂ. കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന വഴിപിഴച്ചവരും മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായതിനാൽ അവർ ഗ്രന്ഥത്തിന്റെ ശരീരമായ അർത്ഥം പഠിക്കുന്നവരാണെങ്കിലും അദ്ദിക്റിനെത്തൊട്ട് പിന്തിരിഞ്ഞു പോവുകതന്നെ ചെയ്യും. 9: 28, 95, 125 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മാലിന്യമായ അവർക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർധിപ്പിക്കുകയില്ല. 3: 10; 10: 7–8; 15: 44 വിശദീകരണം നോക്കുക.

75. നാം അവരോട് കരുണ കാണിക്കുകയും അവരെ ബാധിച്ച ദുരിതങ്ങൾ നാം അവരിൽ നിന്ന് നീക്കിക്കളയുകയും ചെയ്തിരുന്നെങ്കിൽ അവർ അവരുടെ ധിക്കാരങ്ങളിൽ ലക്ഷ്യബോധമില്ലാതെ ആണ്ടിറങ്ങിപ്പോവുകതന്നെ ചെയ്യുമായിരുന്നു.

സ്വർഗ്ഗത്തിൽ സൃഷ്ടിച്ച മനുഷ്യരെ പരീക്ഷണത്തിന് വിധേയമാക്കാനാണ് ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് എന്ന ബോധമില്ലാത്ത ഫുജ്ജാറുകൾ അല്ലാഹുവിനെ നിഷ്പക്ഷവാനായി പരിഗണിക്കാത്തവരായതിനാൽ അവരെ ബാധിക്കുന്ന തിന്മ അവരുടെ പക്കൽ നിന്നുതന്നെയാണെന്ന് അംഗീകരിക്കാത്തവരാണ്. അത്തരക്കാർ നേരിടുന്ന ദുരിതങ്ങൾ അവരിൽ നിന്ന് ദൂരീകരിച്ച് കഴിഞ്ഞാൽ അവർ കൂടുതൽ ധിക്കാരത്തിലേക്ക് ആണ്ടിറങ്ങുകയാണ് ചെയ്യുക.

25: 18 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിക്കുകവഴി കെട്ട ജനതയായിത്തീർന്ന ഇക്കൂട്ടർ ഈസാ രണ്ടാമത് വന്നാൽ അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുമ്പോൾ മാത്രമാണ് 38: 8 ൽ പറഞ്ഞ പ്രകാരം അറബി ഖുർആനല്ല, അദ്ദിക്ർ അഥവാ *ദിക്രീ* ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥമെന്ന് അവർക്ക് ബോധ്യം വരിക. 2: 15; 4: 78–79; 17: 67, 83; 21: 35 വിശദീകരണം നോക്കുക.

76. നിശ്ചയം, നാം അവരെ ശിക്ഷകൊണ്ട് പിടികൂടിയിട്ടുണ്ട്, അപ്പോൾ അവർ തങ്ങളുടെ നാഥന്റെ മുമ്പിൽ തലകുനിക്കുകയോ വിനീതരാവുകയോ ചെയ്യുകയുണ്ടായില്ല.

ജീവിതലക്ഷ്യത്തിലേക്ക് അഥവാ ഗ്രന്ഥത്തിലേക്ക് തിരിച്ചുവരുന്നതിനുവേണ്ടി വലിയശിക്ഷ കൂടാതെ ചെറിയ ചെറിയ ശിക്ഷകൾ നാം അവരെ രുചിപ്പിക്കുകതന്നെ ചെയ്യും എന്ന് 32: 21 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ അതിൽനിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് അവരുടെ ജീവിതനയം തിരുത്താതെയും വിനീതരാകാതെയും ഗ്രന്ഥത്തെ അവഗണിച്ചുകൊണ്ട് സത്യത്തിലാണെന്ന അഹങ്കാരത്തിൽ നിലകൊള്ളുന്നവരാണ്. 6: 42–43; 7: 172–174; 30: 41 വിശദീകരണം നോക്കുക.

77. അങ്ങനെ നാം അവരുടെമേൽ കഠിനശിക്ഷയുടെ ഒരുകവാടമങ്ങ് തുറക്കുകയാണെങ്കിൽ അപ്പോഴതാ അവർ അതിൽ ആശയറ്റവരായി മാറുന്നു.

വിശ്വാസികൾ അല്ലാഹുവിന്റെ മുമ്പിലൊഴികെ മറ്റൊരുശക്തിക്ക് മുമ്പിലും തലകുനിക്കുകയില്ല. എന്നാൽ കാഫിറുകൾ അല്ലാഹുവിന്റെ മുമ്പിൽ മാത്രം തലകുനിക്കാതെ മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളുടെയും കെങ്കേമന്മാരായ പ്രമാണിമാരുടെയും

മുമ്പിലെല്ലാം തലകുനിക്കുന്നതാണ്. 3: 149–151; 6: 44–45; 22: 18; 33: 72–73 വിശദീകരണം നോക്കുക.

78. അവൻ തന്നെയാണ് നിങ്ങൾക്ക് കേൾവിയും കാഴ്ചയും ബുദ്ധിശക്തിയും നട്ടുവളർത്തിയിട്ടുള്ളത്, നിങ്ങളിൽ നിന്ന് അൽപം പേരല്ലാതെ നന്ദികാണിക്കുന്നവരല്ല.

എല്ലാ അനുഗ്രഹങ്ങളുടെയും ദാതാവ് അല്ലാഹുതന്നെയാണ് എന്ന് കാഫിറുകൾ സമ്മതിക്കുമെങ്കിലും പ്രായോഗിക ജീവിതത്തിൽ അവർ ആ ബോധം നിലനിർത്തുകയില്ല. 'എന്നെ നീ അദ്ദിക്ർ കൊണ്ട് സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിലൊന്നായ വിശ്വാസിയാക്കേണമേ' എന്ന് സ്വയം പ്രാർത്ഥിക്കുകയും മറ്റുള്ളവർ അങ്ങനെ പ്രാർത്ഥിക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നവർ മാത്രമാണ് നന്ദി പ്രകടിപ്പിക്കുന്നവർ. 16: 78; 17: 97–98; 32: 7–10 വിശദീകരണം നോക്കുക.

79. അവൻ തന്നെയാണ് നിങ്ങളെ ഭൂമിയിൽ പരത്തിയിട്ടിരിക്കുന്നത്; അവനിലേക്ക് തന്നെയാണ് നിങ്ങൾ പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടപ്പെടുന്നതും.

67: 24 ൽ, നീ പറയുക: അവൻ തന്നെയാണ് നിങ്ങളെ ഭൂമിയിൽ വ്യാപിപ്പിച്ചത്, അവനിലേക്കുതന്നെയാണ് നിങ്ങളെല്ലാം പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടപ്പെടുന്നതും എന്ന് പറഞ്ഞിട്ടുണ്ട്. 2: 164; 20: 124–127 വിശദീകരണം നോക്കുക.

80. അവൻ തന്നെയാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത്; രാവും പകലും മാറ്റിവരുത്തുന്നതും അവൻ തന്നെയാണ്, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലെയോ?

ഇത്തരം സൂക്തങ്ങളിലൂടെയെല്ലാം അല്ലാഹുവിനെ പരിചയപ്പെടുത്തുകയാണ്. എന്നാൽ ഇത്തരം സൂക്തങ്ങൾ അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ ദീനിൽ നിന്ന് തെറിച്ചുപോയിരിക്കുകയാണ്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത യഥാർത്ഥ ഭ്രാന്തന്മാരായ അവർക്കെതിരെ അവർ വായിച്ച-കേട്ട-കണ്ട-തൊട്ട ഗ്രന്ഥം സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. 2: 44; 21: 10; 25: 62; 67: 1–3 വിശദീകരണം നോക്കുക.

81. അല്ല, അവർ അവരുടെ മുൻഗാമികൾ പറഞ്ഞതുപോലെത്തന്നെ പറഞ്ഞുകൊണ്ടിരിക്കുന്നവരാകുന്നു.

82. അവർ ചോദിക്കുന്നു: ഞങ്ങൾ മരിച്ച് മണ്ണും എല്ലുമായിക്കഴിഞ്ഞാൽ നിശ്ചയം ഞങ്ങൾ പുനർജീവിപ്പിക്കപ്പെടുകതന്നെ ചെയ്യുമെന്നോ?

അല്ലാഹു ഉണ്ട് എന്ന് വിശ്വസിക്കുകയും അതേസമയം ത്രികാലജ്ഞാനമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും കാഫിറുകളായി ജീവിക്കുകയും ചെയ്യുന്നവർ പുനർജന്മത്തിന്റെ കാര്യത്തിലും പരലോകത്തിന്റെ കാര്യത്തിലും ദൃഢബോധ്യമില്ലാത്തവരാണ്. 78: 27–28 സൂക്തങ്ങളിൽ, പരിധിലംഘിച്ച് ഇവിടെ ജീവിച്ച് നരകക്കുണ്ഠം പാർപ്പിടമായി ലഭിക്കുന്നവരെക്കുറിച്ച്: നിശ്ചയം, അവർ വിചാരണ പ്രതീക്ഷിക്കാത്തവരും നമ്മുടെ സൂക്തങ്ങൾ അടിക്കടി തള്ളിപ്പറഞ്ഞുകൊണ്ടിരുന്നവരുമായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 23: 37; 32: 10; 60: 13 വിശദീകരണം നോക്കുക.

83. നിശ്ചയം, ഞങ്ങളും ഞങ്ങളുടെ പിതാക്കളും ഇതിനുമുമ്പ് ഇതുപോലുള്ള വാഗ്ദാനങ്ങൾ നൽകപ്പെട്ടവരായിരുന്നു, നിശ്ചയം ഇത് പൂർവ്വികരുടെ പഴമ്പുരാണങ്ങളല്ലാതെ അല്ല.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന കാഫിറുകളുടെ ജീവിതരീതി പുനർജന്മത്തേയും വിചാരണയേയുമെല്ലാം തള്ളിപ്പറയുന്ന വിധത്തിലുള്ളതാണ്. ഐഹികലോകത്തിന് പ്രാധാന്യം കൊടുക്കുന്ന ധൃതിക്കാരായ അവർക്ക് പറയാനുള്ളത്: ഈ പുനർജന്മത്തെക്കുറിച്ചൊക്കെ കുറേക്കാലമായി ഞങ്ങളും ഞങ്ങളുടെ പിതാക്കളും മുന്നറിയിപ്പ് നൽകപ്പെടുന്നതാണല്ലോ. എന്നാൽ അത് ഇതുവരെ നടപ്പിലാക്കിയിട്ടില്ലല്ലോ. അതിനാൽ ഇത് പൂർവ്വികരുടെ കെട്ടുകഥകളല്ലാതെയല്ല എന്നാണ്. 16: 24–25; 23: 68–70; 46: 17 വിശദീകരണം നോക്കുക.

84. നീ ചോദിക്കുക: ഭൂമിയും അതിലുള്ളതും ആരുടേതാണ്? നിങ്ങൾ വിവരമുള്ളവർ തന്നെയാണെങ്കിൽ,

85. അവർ പറയുകതന്നെ ചെയ്യും: അല്ലാഹുവിന്റേതാണെന്ന്; നീ ചോദിക്കുക: അപ്പോൾ നിങ്ങൾ ഓർമ്മിക്കുന്നവരാകുന്നില്ലെയോ?

32: 4 ൽ, അല്ലാഹു എന്ന് പറയുന്നവൻ ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ളവയെയും ആറ് നാളുകളിലായി സൃഷ്ടിച്ചവനാണ്, പിന്നെ അവൻ സിംഹാസനസ്ഥനായി, നിങ്ങൾക്ക് അവനെക്കൂടാതെ സംരക്ഷകരിൽ നിന്ന് ആരും ശുപാർശക്കാരിൽനിന്ന് ആരും ഇല്ലതന്നെ, അപ്പോൾ നിങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ മറ്റുള്ളവരെ ഉണർത്തുന്നില്ലെയോ എന്ന് ചോദിച്ചിട്ടുണ്ട്.

86. നീ ചോദിക്കുക: ആരാണ് ഏഴ് ആകാശങ്ങളുടെ നാഥൻ, മഹത്തായ സിംഹാസനത്തിന്റെയും നാഥൻ?

87. അവർ പറയുകതന്നെ ചെയ്യും: അല്ലാഹുവിന്റേതാണെന്ന്; നീ ചോദിക്കുക: അപ്പോൾ നിങ്ങൾ സൂക്ഷ്മതയുള്ളവരാകുന്നില്ലെയോ?

88. നീ ചോദിക്കുക: ആരുടെ കൈകളിലാണ് എല്ലാഓരോ വസ്തുവിന്റെയും ആധിപത്യമുള്ളത് -അവൻ എല്ലാവർക്കും അഭയം നൽകുന്നു, അവനോ ആരും അഭയം നൽകുന്നുമില്ല, നിങ്ങൾ വിവരമുള്ളവർ തന്നെയാണെങ്കിൽ!

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ പ്രവാചകന്റെ കാലത്തുണ്ടായിരുന്ന മക്കാമുശ്രിക്കുകളെപ്പോലെത്തന്നെ അല്ലാഹുവിൽ വിശ്വസിക്കുന്നവരാണ്. എന്നാൽ അല്ലാഹുവിന്റെ സംസാരമായ അദ്ദിക്റിനെ അവഗണിക്കുന്നവരായതിനാൽ പ്രായോഗിക ജീവിതത്തിൽ അവർ അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കേണ്ടവിധം വിശ്വസിക്കാത്തവരും 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളുമാണ്. 6: 14, 91–92; 31: 25–26; 43: 85–87 വിശദീകരണം നോക്കുക.

89. അവർ പറയുക തന്നെ ചെയ്യും: അല്ലാഹുവിന്റേതാണെന്ന്; നീ ചോദിക്കുക: അപ്പോൾ നിങ്ങൾ മാരണത്തിന് വിധേയമാക്കപ്പെടുന്നതെങ്ങനെ?

ഇതെല്ലാം അംഗീകരിക്കുന്ന നിങ്ങൾ പിന്നെ ആരാൽ എങ്ങനെയാണ് അവന്റെ സന്ദേശമായ അദ്ദിക്റിനെ പിൻപറ്റുന്നതിൽ നിന്ന് മാരണത്തിന് വിധേയമാക്കപ്പെട്ട് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരായി മാറുന്നത് എന്നാണ് ചോദിക്കുന്നത്. അതെ, 9: 34 ൽ വിവരിച്ച പ്രകാരം പണ്ഡിതവേഷം ധരിച്ച മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസിക

ളാണ് സാധാരണ ജനങ്ങളെ ഗ്രന്ഥത്തെത്തൊട്ട് അകറ്റുകവഴി ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതിന്റെ വഴിയിലേക്കും അതുവഴി പിശാചിന്റെ വീടായ നരകത്തിലേക്കും പിടിച്ചുവലിച്ച് കൊണ്ടുപോകുന്നത്. 28: 62–64; 41: 26–29; 63: 3–4 വിശദീകരണം നോക്കുക.

90. അല്ല, നാമവർക്ക് സത്യം കൊണ്ടുവന്നു; നിശ്ചയം, അവരോ കളവ് പറയുന്നവർ തന്നെയുമാകുന്നു.

സത്യമായ അദ്ദിക്ർ മിഥ്യകലരാത്ത അജയ്യമായ ഗ്രന്ഥമാണെന്ന് 41: 41–43 സൂക്തങ്ങളിൽ അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിരിക്കുകയാണ്. 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളുടെ പട്ടിക നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിലാണ്. ത്രാസ്സായ അദ്ദിക്ർ ഇല്ലാതെയുള്ള പ്രവർത്തനങ്ങളെല്ലാം നിഷ്ഫലമാണെന്ന് 7: 8–9; 18: 103–105; 25: 23; 47: 8–9 എന്നീ സൂക്തങ്ങളിലെല്ലാം വായിക്കുന്ന അവർ തന്നെയാണ് നമസ്കരിച്ചും നോമ്പനുഷ്ഠിച്ചും ഹജ്ജും ഉംറയും ചെയ്തും പിഴയായി നരകക്കുണ്ഠം സമ്പാദിക്കുന്നവർ. 2:119, 186; 10: 108; 23: 70 വിശദീകരണം നോക്കുക.

91. അല്ലാഹു യാതൊരു സന്താനത്തേയും സ്വീകരിച്ചിട്ടില്ല, അവനോടൊപ്പം മറ്റൊരു ഇലാഹും ഉണ്ടായിട്ടുമില്ല, അങ്ങനെ ഉണ്ടായിരുന്നുവെങ്കിൽ ഓരോ ഇലാഹും താൻ സൃഷ്ടിച്ചത് കൊണ്ടുപോവുകയും അവരിൽ ചിലർ ചിലരെ അടിച്ചമർത്തി ഔന്നിത്യം പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്നു; അവർ ജൽപിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ടെല്ലാം അല്ലാഹു അതീവ പരിശുദ്ധനാകുന്നു.

4: 1 ൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാരെയും ത്രികാലജ്ഞാനമായ അദ്ദിക്റും കൊണ്ട് നിയോഗിച്ചിട്ടുള്ളത് പ്രപഞ്ചനാഥനെയും ജീവിതലക്ഷ്യത്തെയും പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ്. എന്നാൽ 4: 118 ൽ വിവരിച്ച പ്രകാരം 1000 ത്തിൽ ഒന്നായ വിശ്വാസി മാത്രമേ അദ്ദിക്റിൽ നിന്ന് ജീവിതലക്ഷ്യം മനസ്സിലാക്കുകയും അദ്ദിക്റിനെ സത്യപ്പെടുത്തേണ്ട വിധം സത്യപ്പെടുത്തുകയുമുള്ളൂ. ബാക്കി 999 അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീൻ* പട്ടികയിൽ നിന്ന് അവരുടെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള *ഇല്ലിയ്യീൻ* പട്ടികയിലേക്ക് മാറ്റുകയില്ല. 7: 40; 17: 110–111; 21: 24–25, 108; 22: 31 വിശദീകരണം നോക്കുക.

92. അദൃശ്യങ്ങളും ദൃശ്യങ്ങളും അറിയുന്ന ഏകൻ, അപ്പോൾ അവർ ജൽപിക്കുന്ന പങ്കാളിത്തത്തെത്തൊട്ടെല്ലാം അവൻ അത്യുന്നതനുമാകുന്നു.

7: 205–206; 17: 1; 39: 67 വിശദീകരണം നോക്കുക.

93. നീ പറയുക, എന്റെ നാഥാ! അവരോട് വാഗ്ദത്തം ചെയ്തുകൊണ്ടിരിക്കുന്ന ഒന്ന് എന്നെ നീ കാണിക്കുകയാണെങ്കിൽ–

94. എന്റെ നാഥാ, അപ്പോൾ ഇത്തരം അക്രമികളായ ജനതയിൽ എന്നെ നീ ഉൾപ്പെടുത്തരുതേ!

ഗ്രന്ഥം വാഗ്ദത്തം ചെയ്തുകൊണ്ടിരിക്കുന്ന ശിക്ഷ നടപ്പിലാക്കുകയാണെങ്കിൽ അക്രമികളായ ജനതയിൽ ഉൾപെടുത്താതെ എന്നെ രക്ഷപ്പെടുത്തണേ എന്ന് പ്രാർത്ഥിക്കാനാണ് പ്രവാചകനോട് ആവശ്യപ്പെടുന്നത്. കാരണം 8: 25 ൽ, നിങ്ങളിൽ നിന്നുള്ള അക്രമികളെ മാത്രമായിട്ട് പിടികൂടാത്ത ശിക്ഷയെ നിങ്ങൾ ഭയപ്പെടുക എന്നാണ് പറഞ്ഞി

ട്ടുള്ളത്. ഇവിടെ പ്രവാചകന്റെ പ്രാർത്ഥന ഏകവചനത്തിലായതിനാൽ വിശ്വാസികളും എപ്പോഴും ഭൂരിപക്ഷ ജനതയുടെ ചര്യകളിൽ നിന്ന് വേറിട്ട് നിൽക്കുകയും ആ ജനതയിൽ നിന്നുള്ള നാശത്തെത്തൊട്ട് അല്ലാഹുവിൽ അഭയം തേടുകയും അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകളല്ലാത്ത ജനവിഭാഗങ്ങളിലേക്ക് അദ്ദിക്ർ എത്തിച്ചുകൊടുത്ത് കൊണ്ടിരിക്കുകയും അതുവഴി പ്രപഞ്ചത്തെ അതിന്റെ സന്തുലിതാവസ്ഥയിൽ നിലനിർത്താൻ പരിശ്രമിക്കുകയും വേണം. 6: 47; 9: 84–85; 10: 85–87 വിശദീകരണം നോക്കുക.

95. നിശ്ചയം, നാം അവരോട് വാഗ്ദത്തം ചെയ്തുകൊണ്ടിരിക്കുന്ന ഒന്ന് നിനക്ക് കാണിച്ചുതരാൻ കഴിവുള്ളവൻ തന്നെയാകുന്നു.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അത് സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും ഇതര ജനവിഭാഗങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുകവഴി ജീവജാലങ്ങളിൽ വെച്ച് ഏറ്റവും ദുഷ്ടരായി മാറിയ ഫുജ്ജാറുകൾ ലോകാവസാനത്തിന്റെ പ്രധാനപ്പെട്ട 10 അടയാളങ്ങളിലൊന്നായ കാഫിറായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരാണ്. ഈസാ രണ്ടാമത് വന്നാൽ അവർ റബ്ബായി തെരഞ്ഞെടുക്കുന്ന മസീഹുദ്ദജ്ജാലിനെ വധിക്കുകയും അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ അവർ വധിക്കപ്പെടുകയും ചെയ്യുമെന്നാണ് അവരോട് വാഗ്ദത്തം ചെയ്തിട്ടുള്ളത്. അപ്പോൾ വിശ്വാസികൾ അതിനുവേണ്ടി ധൃതികൂട്ടാതെ അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന, ജീവിതലക്ഷ്യം പരിചയപ്പെടുത്തുന്ന, ഓരോരുത്തരും വിശ്വാസിയാണോ കാഫിറാണോ എന്ന് തിരിച്ചറിയാൻ സഹായിക്കുന്ന ഉരക്കല്ലായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് 47: 7 ൽ പറഞ്ഞ പ്രകാരം നിഷ്പക്ഷവാനായ നാഥനെ സഹായിച്ചുകൊണ്ടിരിക്കുകയാണ് വേണ്ടത്. 9: 123; 13: 40; 16: 61 വിശദീകരണം നോക്കുക.

96. നീ ഏറ്റവും നല്ലതായ ഒന്നുകൊണ്ട് തിന്മയെ തടയുക, അവർ ജൽപ്പിച്ച് കൊണ്ടിരിക്കുന്ന ഒന്നിനെക്കുറിച്ച് നാം തന്നെ ഏറ്റവും അറിയുന്നവനാകുന്നു.

'ഏറ്റവും നല്ലതായ ഒന്നുകൊണ്ട് തിന്മയെ തടയുക' എന്നതുകൊണ്ടുദ്ദേശിക്കുന്നത് 'അദ്ദിക്ർ കൊണ്ട് തിന്മയെ തടയുക' എന്നാണ്. വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ ഇന്ന് പൂർണ്ണമായി തിന്മയിൽ മുഴുകിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെ അദ്ദിക്ർ കൊണ്ട് തിരുത്താൻ സാധിക്കുകയില്ല. അപ്പോൾ ഇന്ന് ഒറ്റപ്പെട്ട വിശ്വാസി അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കെട്ട-പട്ടി-ഭ്രാന്തൻ ജനതയോട് അദ്ദിക്ർ കൊണ്ട് ജിഹാദ് ചെയ്യുകയും അത് ലഭിക്കാത്തവർക്ക് എത്തിച്ചുകൊടുത്ത് കൊണ്ടിരിക്കുകയുമാണ് വേണ്ടത്. 25: 52; 36: 70; 41: 33–34 വിശദീകരണം നോക്കുക.

97. നീ പ്രാർത്ഥിക്കുകയും ചെയ്യുക: എന്റെ നാഥാ, പിശാചുക്കളുടെ പ്രലോഭനങ്ങളിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുന്നു,

98. എന്റെ നാഥാ! അവർ എന്നെ സമീപിക്കുന്നതിനെത്തൊട്ടും ഞാൻ നിന്നോട് അഭയം തേടുന്നു.

ഗ്രന്ഥത്തിന്റെ അല്ലാഹു ഉദ്ദേശിച്ച ആശയമായ അദ്ദിക്ർ പറയുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന വിശ്വാസിക്ക്, അദ്ദിക്ർ ലഭിച്ചിട്ട് അതിനെ അവഗണിച്ചുപോയ, പിശാച് പാട്ടിലാക്കിയ കപടവിശ്വാസികളിൽനിന്ന് പലതരത്തിലുള്ള എതിർപ്പുകളും പ്രലോ

ഭനങ്ങളും പ്രീണനങ്ങളും നേരിടേണ്ടി വരുന്നതാണ്. അപ്പോൾ അത്തരം കപടവിശ്വാസിക ളെ കാണാൻ പോലും ഇടയാക്കരുത് എന്നാണ് ഈ പ്രാർത്ഥനയിലൂടെ ലക്ഷ്യം വെക്കുന്ന ത്. അല്ലാഹുതന്നെ പ്രവാചകനോട് ഇങ്ങനെ പ്രാർത്ഥിക്കണമെന്ന് കൽപിച്ചിരിക്കെ; വിശ്വാ സികൾ അദ്ദിക്ർ വായിക്കുമ്പോഴും പറയുമ്പോഴുമെല്ലാം ഈ സൂക്തങ്ങൾ കൊണ്ടാണ് പ്രാർത്ഥിക്കേണ്ടത്. അദ്ദിക്റിൽ നിന്നാണ് പിശാച് മനുഷ്യനെ തടയുക എന്ന് വിധിദിവ സം അക്രമികൾ ദുഃഖത്താൽ കൈകടിച്ചുകൊണ്ട് വിലപിക്കുന്ന രംഗം 25: 27-29 സൂക്തങ്ങ ളിലൂടെ നാഥൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 6: 112; 14: 22, 46-47 വിശദീകരണം നോക്കുക.

99. അങ്ങനെ അവരിൽ ഒരാൾക്ക് മരണം ആസന്നമായാൽ അവൻ പറയുകയായി, എന്റെ നാഥാ! എന്നെ നീ എന്റെ ജീവിത മേഖലകളിലേക്ക് തിരിച്ചയച്ചാലും-

ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അ ത് ഉപയോഗപ്പെടുത്തി തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത ഏതൊരാളും മേൽ പ്രകാരം പറയുന്നതാണ്. ഗ്രന്ഥത്തെ വളച്ചൊടിക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന അക്രമികളായ അവർ 7: 37 പ്രകാരം മരണസമയത്ത് നിശ്ചയം അവർ കാഫിറുകൾ ത ന്നെയായിരുന്നു എന്ന് ആത്മാവിനെതിരെ സാക്ഷ്യം വഹിക്കുന്നതാണ്. ഇത്തരം സൂക്ത ങ്ങളെല്ലാം വായിക്കുന്നുണ്ടെങ്കിലും ആശയമില്ലാത്തതിനാൽ പിശാചിനെത്തൊട്ട് അഭയം തേടുന്നതിന് പകരം ചിന്താശേഷി ഉപയോഗപ്പെടുത്താത്ത അവർ 36: 59-62 സൂക്ത ങ്ങളിൽ പറഞ്ഞ പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥ ഭ്രാന്തന്മാരായി ത്തീർന്നിരിക്കുന്നു. 'എന്നെ നീ എന്റെ ജീവിതത്തിലേക്ക് തിരിച്ചയച്ചാലും' എന്ന് പറയാതെ 'എന്നെ നീ എന്റെ ജീവിതമേഖലകളിലേക്ക് തിരിച്ചയച്ചാലും' എന്നാണ് അവരിൽ ഓരോ രുത്തരും പറയുക. കാരണം മരണസമയത്ത് അവന്റെ ജീവിതരംഗങ്ങൾ അവന്റെ മുമ്പിൽ പ്രദർശിപ്പിക്കപ്പെടുകയും ജീവിതത്തിന്റെ ഒരുമേഖലയിൽ മാത്രമല്ല, എല്ലാമേഖലകളിലും അവൻ വഴികേടിലായിരുന്നു എന്ന് അവന് ബോധ്യം വരികയും ചെയ്യുന്ന രംഗമാണ് ഇ വിടെ വരച്ചുകാണിക്കുന്നത്. 17: 13-15; 23: 62-63; 63: 10 വിശദീകരണം നോക്കുക.

100.-ഞാൻ വിട്ടേച്ചുപോയ സൽകർമ്മങ്ങളൊക്കെയും പ്രവർത്തിക്കാൻ എന്നെ അനുവദിച്ചാലും! അങ്ങനെയല്ല, നിശ്ചയം അത് അവൻ പറഞ്ഞുകൊണ്ടിരിക്കു ന്ന ഒരു വെറും വാക്ക് മാത്രമാകുന്നു. അവരുടെ പിറകിൽ അവർ പുനരുജ്ജീവി പ്പിക്കപ്പെടുന്ന നാൾവരെ ഒരു മറയുണ്ടായിരിക്കുന്നതുമാണ്.

അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ തള്ളിപ്പറയുകയും എല്ലാം പഠിച്ചുതികഞ്ഞവനാ ണെന്ന് അഹങ്കരിക്കുകയും ചെയ്ത ഫുജ്ജാറുകളിൽ പെട്ട ഓരോരുത്തരുടെയും മരണ സമയത്ത് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് നാഥൻ പറയുമെന്ന് 39: 59 ൽ പറഞ്ഞിട്ടുണ്ട്. അത്തരത്തിലുള്ള കാഫിറിനെക്കുറിച്ചാണ് ഇവിടെയും പരാമർശി ച്ചിട്ടുള്ളത്. 6: 26-30; 32: 12; 40: 10-11 വിശദീകരണം നോക്കുക.

മനുഷ്യർ നാലാം ഘട്ടത്തിലെ ഭൂമിയിലെ ജീവിതത്തിൽ നിന്ന് വിടവാങ്ങുന്നത് അഞ്ചാം ഘട്ടമായ ബർസഖിലേക്കാണ്. 'അവരുടെ പിറകിൽ അവർ പുനരുജ്ജീവിപ്പിക്ക പ്പെടുന്ന നാൾവരെ ഒരു മറയുണ്ടായിരിക്കുമെന്ന്' പറഞ്ഞത് അതിനെക്കുറിച്ചാണ്. 60: 13 വിശദീകരണം നോക്കുക. ഉറക്കത്തിന്റെ അവസ്ഥക്ക് നേരെ വിപരീതമായി, ജീവനില്ലാതെ ആത്മാവ് നിലനിൽക്കുന്ന അവസ്ഥയാണ് ബർസഖിലുള്ളത്. ബോധമുള്ളതുകൊണ്ട് വേ ദനകളും യാതനകളും അനുഭവിക്കുകയും എന്നാൽ ജീവനില്ലാത്ത തുകൊണ്ട് തടയാനോ അനങ്ങാനോ സാധിക്കാത്തതുമായ ഒരു പ്രത്യേക അവസ്ഥയാണത്. സൂക്തത്തിൽ പറഞ്ഞി

ട്ടുള്ളവർ തങ്ങളുടെ ആത്മാക്കളോട് അക്രമം പ്രവർത്തിച്ചവരായതിനാൽ അവർ നല്ലരീതിയിൽ ഓർമിപ്പിക്കപ്പെടുകയില്ല; എന്ന് മാത്രമല്ല, അവർ 36: 12 ൽ പറഞ്ഞതുപോലെ പിൻഗാമികൾക്ക് വിട്ടേച്ചുപോകുന്ന പൈതൃകങ്ങൾ 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ജീവിതഭാരം വർദ്ധിപ്പിക്കുന്നതായതിനാൽ 20: 99-100 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മൊത്തം ജീവജാലങ്ങൾ ഇവിടെ അനുഭവിക്കുന്ന പ്രയാസങ്ങളുടെ പാപഭാരവും കൂടി അവർ വഹിക്കേണ്ടിവരുന്നതാണ്.

സമുദ്രത്തിൽ കുടിക്കുന്നവർക്ക് രുചി നൽകുന്ന തെളിനീർ വെള്ളവും ഉപ്പുവെള്ളവും കൂടിച്ചേരാതിരിക്കാനുള്ള കാണാത്ത ഒരു മറയുണ്ട് എന്ന് 25: 53; 55: 19-20 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 4: 85; 9: 53-55; 16: 24-25; 42: 22 വിശദീകരണം നോക്കുക.

101. അങ്ങനെ 'സ്വൂർ' എന്ന കാഹളത്തിൽ ഊതപ്പെട്ടാൽ, അന്നേദിനം അവർക്കിടയിൽ കുടുംബബന്ധങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല, അവർ പരസ്പരം ചോദിച്ചറിയുന്നവരാവുകയുമില്ല.

36: 49-51; 39: 68 എന്നീ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 'സ്വൂർ' എന്ന കാഹളത്തിൽ ഊതപ്പെട്ടാൽ അഞ്ചാംഘട്ടമായ *ബർസഖി*ൽ നിന്ന് എല്ലാവരും എങ്ങോട്ടും തിരിഞ്ഞുനോക്കാതെയും ആരോടും ഒന്നും സംസാരിക്കാതെയും തല ഉയർത്തിപ്പിടിച്ചുകൊണ്ട് ഒരു നാട്ടക്കുറിയിലേക്കെന്നോണം ആറാംഘട്ടമായ വിചാരണ സദസ്സിലേക്ക് ധൃതിപ്പെട്ട് പോകുന്നതാണ്. 14: 43 ൽ, അവർ ഭയത്തോടെ തല ഉയർത്തിപ്പിടിച്ചുകൊണ്ട് ഒരേ ലക്ഷ്യത്തിലേക്ക് പാഞ്ഞടുക്കും, അവരുടെ ദൃഷ്ടികൾ അവരിലേക്ക് മടങ്ങുകയില്ല, അന്ന് അവർ ചിന്താശക്തി നഷ്ടപ്പെട്ട ശൂന്യമനസ്കരുമായിരിക്കും എന്നും; 14: 44 ൽ, ഒരുനാളിലെ ശിക്ഷ വന്നുപെടുന്നതിന് മുമ്പ് നീ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യുക, അപ്പോൾ ഈ അക്രമികളായവർ പറയും: ഞങ്ങളുടെ നാഥാ! ഞങ്ങളെ നീ അടുത്ത ഒരുഅവധിയിലേക്ക് പിന്തിപ്പിക്കേണമേ, ഞങ്ങൾ നിന്റെ വിളിക്ക് ഉത്തരം നൽകിക്കൊള്ളാം, ഞങ്ങൾ പ്രവാചകൻമാരെ പിൻപറ്റുകയും ചെയ്യാം. നിങ്ങൾക്ക് ഒരിക്കലും ഒരു മാറ്റവും വരികയില്ല എന്ന് ഇതിനുമുമ്പ് ആണയിട്ട് പറഞ്ഞിരുന്ന അതേ ആളുകൾ തന്നെയല്ലേ നിങ്ങൾ എന്ന് അവരോട് ചോദിക്കപ്പെടുമെന്ന് പറഞ്ഞിട്ടുണ്ട്. 14: 48; 20: 105-111; 39: 69 വിശദീകരണം നോക്കുക.

102. അപ്പോൾ ആരാണോ തന്റെ ഭാരം വർദ്ധിപ്പിച്ചത്, അപ്പോൾ അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുന്നവർ.

സത്യമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ ഇവിടെവെച്ച് ത്രാസായി ഉപയോഗപ്പെടുത്തുന്നവർക്ക് മാത്രമേ അദ്ദിക്ർ ത്രാസായിക്കൊണ്ട് കർമങ്ങൾ വിലയിരുത്തുന്ന വിധിദിവസം കർമങ്ങൾക്ക് തൂക്കം ലഭിക്കുകയുള്ളൂ. അഥവാ അദ്ദിക്റിൽ നിന്നുള്ള തെളിവിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ മാത്രമേ അന്ന് സ്വീകരിക്കപ്പെടുകയുള്ളൂ. 7: 8-9; 101: 6-9 വിശദീകരണം നോക്കുക.

103. ആരാണോ തന്റെ ഭാരം ലഘൂകരിച്ചത്, അപ്പോൾ അക്കൂട്ടർ തന്നെയാണ് സ്വന്തത്തെ നഷ്ടപ്പെടുത്തിയവരായവരും നരകക്കുണ്ഠത്തിൽ ശാശ്വതരായവരും.

ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ പ്രവർത്തനങ്ങളെല്ലാം തന്നെ പ്രപഞ്ചനാഥൻ വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്നും അതെല്ലാം തന്നെ 17: 13-14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരവ

രുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട് എന്നുമുള്ള ബോധത്തിലല്ലാത്തതിനാലും അത് വായിച്ചാണ് ഓരോരുത്തരും തന്റെ വിചാരണ നടത്തേണ്ടത് എന്ന ബോധമില്ലാത്തതിനാലും അവർക്ക് ത്രാസ്സിൽ തൂക്കം ലഭിക്കുകയില്ല. അവരുടെ പ്രവർത്തനങ്ങളെല്ലാം പാഴായിപ്പോയിരിക്കുന്നു എന്ന് 18: 103–106 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 7: 179; 15: 44 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആത്മാവിനെ പരിഗണിക്കാതെയുള്ള ഫുജ്ജാറുകളുടെ നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ തുടങ്ങിയ കർമങ്ങളൊന്നും സ്വീകരിക്കപ്പെടുകയില്ലെന്ന് മാത്രമല്ല, ലക്ഷ്യബോധമില്ലാതെ ഇവിടെ ജീവിച്ചതിന് പിഴയായി നരകക്കുണ്ഠമാണ് അവർക്ക് ലഭിക്കുക. 2: 186; 9: 53–55; 20: 124–127 വിശദീകരണം നോക്കുക.

104.നരകാഗ്നി അവരുടെ മുഖങ്ങളെ കരിച്ചുകളയുകയും അവരാകട്ടെ അതിൽ പല്ലിളിച്ചവരുമായിരിക്കും.

മുഖങ്ങളിലേയും കവിളുകളിലേയും തൊലികളും മാംസവും കരിഞ്ഞുപോയതിനാലാണ് ജീർണ്ണിച്ച തലയോട്ടികളിലുള്ളതുപോലെ പല്ലിളിച്ചവരായി കാണപ്പെടുന്നത്. 4: 56 വിശദീകരണം നോക്കുക.

105.എന്റെ സൂക്തങ്ങൾ നിങ്ങളുടെമേൽ വിശദീകരിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ലേ? അപ്പോൾ നിങ്ങൾ അവയെ തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുന്നവർ തന്നെയായിരുന്നു.

ഈ സൂക്തത്തിൽ 'നിങ്ങളുടെ മേൽ വിശദീകരിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ലേ' എന്ന് ചോദിച്ചതിൽ നിന്നും ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുകയും എന്നാൽ സൂക്തങ്ങളുടെ ആശയത്തിന് വിരുദ്ധമായ ജീവിതം നയിക്കുകയും ചെയ്യുന്ന, 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഫുജ്ജാറുകളാണ് നരകത്തിലുള്ളവരെന്ന് വ്യക്തമാണ്. 1: 7; 9: 67–68; 25: 33–34 വിശദീകരണം നോക്കുക.

106. അവർ പറയുന്നതാണ്: ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ദൗർഭാഗ്യം ഞങ്ങളെ കീഴടക്കി, നിശ്ചയം ഞങ്ങൾ വഴിപിഴച്ച ഒരുജനത തന്നെയുമായിരുന്നു.

1: 7 ൽ, 'ഞങ്ങളെ നീ വഴിപിഴച്ചവരിൽ ഉൾപ്പെടുത്തരുതേ' എന്ന് പറയുമ്പോൾ നരകത്തിൽ വെച്ച്, 'ഞങ്ങൾ വഴിപിഴച്ചവരായിരുന്നു' എന്ന് സ്വയം സമ്മതിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ ഞങ്ങളെ ഉൾപ്പെടുത്തരുതേ എന്നാണ് ആത്മാവു കൊണ്ട് പ്രാർത്ഥിക്കേണ്ടത്. വന്പിച്ച തീയിൽ വേവിക്കപ്പെടാനുള്ള ഏറ്റവും വലിയ ദൗർഭാഗ്യവാന്മാർ *ദിക്റാ*യെ വെടിയുമെന്ന് 87: 11–12 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആരാണോ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ തള്ളിപ്പറയുന്നത്, അവർ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ളവരും ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരുമാണെന്ന് 25: 33–34 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുള്ളതാണ്. 3: 90–91; 15: 56 വിശദീകരണം നോക്കുക.

107.ഞങ്ങളുടെ നാഥാ, ഞങ്ങളെ ഇതിൽ നിന്ന് പുറത്ത് കൊണ്ടുവന്നാലും! അപ്പോൾ വീണ്ടും ഞങ്ങൾ അതിര് കവിയുകയാണെങ്കിൽ, നിശ്ചയം ഞങ്ങൾ അക്രമികൾ തന്നെയായിരിക്കും.

54: 17 ൽ വിവരിച്ച പ്രകാരം ആശയം മനസ്സിലാക്കാൻ വളരെ എളുപ്പമാക്കിയിട്ടുള്ള അദ്ദിക്റിനെ നരകത്തെത്തൊട്ട് കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമായി ഉപയോ

ഗപ്പെടുത്താൻ തയ്യാറാകാത്ത കാഫിറുകളോട്: *ഗ്രന്ഥത്തിന്റെ ശരീരം തിന്നുകവഴി വില്ലിൽ നിന്ന് അമ്പ് തെറിക്കുന്ന വേഗത്തിൽ ദീനിൽ നിന്ന് തെറിച്ചു പോകുമെന്ന്* നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചത് ഉണർത്തുമ്പോൾ, ഞങ്ങൾ ഞങ്ങളുടെ ജീവിതചര്യക്ക് യാതൊരു മാറ്റവും വരുത്തുകയില്ല എന്ന് ഐഹികലോകത്തുവെച്ച് ആണയിട്ട് പറഞ്ഞിരുന്നവരാണ് നരകത്തിൽ വെച്ച് ഇങ്ങനെ പറയുന്നത്. 2: 170–171; 3: 7; 14: 28–30, 44; 68: 51–52 വിശദീകരണം നോക്കുക.

108. അവൻ പറയും: നിങ്ങൾ അതിൽ ആണ്ടിറങ്ങിക്കൊള്ളുക, നിങ്ങൾ എന്നോട് മിണ്ടിപ്പോവുകയുമരുത്!

അല്ലാഹുവിനെ പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്നിരിക്കെ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ തള്ളിപ്പറഞ്ഞവർക്കും അല്ലാഹുവിനും ഇടയിൽ ഒരു മറയിടപ്പെടുമെന്ന് 83: 15 ൽ പറഞ്ഞിട്ടുണ്ട്. 25: 27–30; 35: 37 വിശദീകരണം നോക്കുക.

109. നിശ്ചയം, എന്റെ അടിമകളിൽ ഒരു വിഭാഗം ഇങ്ങനെ പ്രാർത്ഥിക്കുന്നവരായിരുന്നു: ഞങ്ങളുടെ നാഥാ, നിശ്ചയം ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു, അപ്പോൾ നീ ഞങ്ങൾക്ക് പൊറുത്തുതരികയും നിന്റെ കാരുണ്യം ഞങ്ങളിൽ വർഷിപ്പിക്കുകയും ചെയ്യേണമേ! നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും ഉത്തമനുമാകുന്നു.

9: 112; 21: 83–86; 36: 10–11; 66: 8 വിശദീകരണം നോക്കുക.

110. അപ്പോൾ നിങ്ങൾ അവരെ പരിഹാസ പാത്രമായി തെരഞ്ഞെടുക്കുകയാണുണ്ടായത് –നിങ്ങൾ ദിക്റീയെ വിസ്മരിക്കുന്നത് വരെ നിങ്ങൾ അവരിൽ നിന്നുള്ളവരെ കളിയാക്കി ചിരിച്ചുകൊണ്ടിരിക്കുന്നവരുമായിരുന്നു.

ദിക്റീ എന്നത് 38: 8 ൽ വിവരിച്ച പ്രകാരം അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. സൂക്തങ്ങൾ ഉദ്ധരിച്ചുകൊണ്ട് എഴുത്തും വായനയും അറിയാത്ത വിശ്വാസികൾ: അദ്ദിക്ർ കൂടാതെ വിശ്വാസിയാവുകയോ കർമ്മങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ലെന്ന് പറയുകയാണെങ്കിൽ ഇന്ന് അവരെ പരിഹസിക്കുന്ന കപടവിശ്വാസികളുടെയും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ചുപോയവരും ഐഹികജീവിതത്തോട് ഒട്ടിച്ചേർന്നിട്ടുള്ളവരുമായ ഫാജിറുകളുടെയും നരകത്തിലെ അവസ്ഥയാണ് 107–108 സൂക്തങ്ങളിൽ ചിത്രീകരിക്കുന്നത്. 18: 101; 23: 66–68; 39: 55 –59; 83: 29–36 വിശദീകരണം നോക്കുക.

111. അവർ ക്ഷമിച്ചുകൊണ്ടിരുന്നതിനാൽ നിശ്ചയം, ഞാൻ ഇന്നേദിനം അവർക്ക് പ്രതിഫലം നൽകിയിരിക്കുന്നു; നിശ്ചയം അവർ, അവർ മാത്രമാകുന്നു വിജയികൾ.

നാലാംഘട്ടമായ ഐഹികജീവിതത്തിൽ ജനങ്ങൾ ഭിന്നിച്ചിരുന്ന കാര്യങ്ങളിൽ ആറാംഘട്ടമായ വിചാരണാനാളിൽ ജനങ്ങൾക്കിടയിൽ നിഷ്പക്ഷവാനായ നാഥൻ വിധി കൽപ്പിക്കുന്നത് സത്യമായ അദ്ദിക്ർ കൊണ്ടാണെന്ന ഉത്തമബോധ്യത്തിൽ ഇവിടെ നിലകൊള്ളുന്നവരാണ് വിശ്വാസികൾ എന്നിരിക്കെ, കപടവിശ്വാസികളുടെ പരിഹാസത്തിൽ അവർ മനം മുട്ടുന്നവരോ കാൽ വഴുതിപ്പോകുന്നവരോ ആവുകയില്ല. 3: 186 –187; 7: 158; 22: 77–78; 23: 57–61 വിശദീകരണം നോക്കുക.

112. അവൻ ചോദിക്കും: ഭൂമിയിൽ നിങ്ങൾ താമസിച്ച വർഷങ്ങളുടെ എണ്ണമെത്ര?

113. അവർ പറയും: ഒരു ദിവസമോ ഒരു ദിവസത്തിന്റെ അൽപഭാഗമോ ഞങ്ങൾ താ

മസിച്ചിട്ടുണ്ടാകും, അപ്പോൾ നീ എണ്ണമറിയുന്നവരോട് ചോദിച്ചു നോക്കിയാലും!

അദ്ദിക്ർ ഹൃദയംകൊണ്ട് മനസ്സിലാക്കാൻ വളരെ എളുപ്പമാക്കിയിട്ടുണ്ടെങ്കിലും അത് മനസ്സിലാക്കാൻ ശ്രമിക്കാത്ത ഫുജ്ജാറുകളിൽ നിന്നുള്ള വിദ്യാസമ്പന്നരായ ശാസ്ത്രജ്ഞൻ, കലക്ടർ, ഡോക്ടർ, എഞ്ചിനീയർ, വക്കീൽ, പ്രൊഫസർ, ഗണിതശാസ്ത്രാധ്യാപകൻ, ഫാർമസിസ്റ്റ്, കൃഷി ഓഫീസർ, മതവിദ്യാഭ്യാസം നേടിയിട്ടുണ്ടെന്ന് ദുരഭിമാനിക്കുന്ന കർമ്മശാസ്ത്ര വിദഗ്ധൻ, മതവിധി നൽകുന്ന *മുഫ്തി* തുടങ്ങിയവരാണ് വിധിദിവസം ഇങ്ങനെ വേവലാതിപ്പെടുന്നത്. ഞങ്ങൾ കണക്കും കാര്യവുമൊന്നും പഠിച്ചവരായിരുന്നില്ല, അതുകൊണ്ടുതന്നെ ഗ്രന്ഥത്തിലെ സൂക്തങ്ങളുടെ എണ്ണം 6236 ആണെന്നുപോലും അറിഞ്ഞിരുന്നില്ല, മതനേതാക്കൾ പറഞ്ഞതുകേട്ട് പ്രാസമൊപ്പിച്ച് സൂക്തങ്ങളുടെ എണ്ണം 6666 എന്നാണ് ഞങ്ങൾ മനസ്സിലാക്കിയിരുന്നതും പറഞ്ഞിരുന്നതും. അദ്ദിക്ർ ഞങ്ങൾക്ക് മനസ്സിലാക്കാനുള്ള സമയം കിട്ടിയിരുന്നില്ല, ഞങ്ങൾക്ക് ഒന്നുംതന്നെ അറിവില്ല, അറിവുള്ളവരോടുതന്നെ നീ ചോദിച്ചുനോക്കുക എന്നാണ് വിധിദിവസം അവർ പറയുക. പരലോകത്ത് വരാൻ പോകുന്ന ഇത്തരം രംഗങ്ങളെല്ലാം അദ്ദിക്ർ കൊണ്ട് ഉണർത്തുകയും അദ്ദിക്ർ ഉപയോഗപ്പെടുത്താതെ ഒരാൾക്കും വിശ്വാസിയാകാൻ കഴിയില്ല എന്ന് പറയുകയും ചെയ്യുന്ന വിശ്വാസികളെ പരിഹസിക്കുകയും കളിയാക്കിച്ചിരിക്കുകയുമാണ് ഇന്ന് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. 10: 99–100; 21: 2, 24; 22: 65 വിശദീകരണം നോക്കുക.

114. അവൻ ചോദിക്കും: നിങ്ങൾ അൽപം മാത്രമല്ലാതെ താമസിച്ചിട്ടില്ല അല്ലേ? നിശ്ചയം, നിങ്ങൾ അറിവുള്ളവരായിരുന്നുവെങ്കിൽ!

അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി സ്വർഗം പണിയാനും പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അത് ലോകരിലേക്ക് എത്തിച്ചുകൊടുക്കാനും നിങ്ങൾക്ക് സമയമുണ്ടായിരുന്നില്ല അല്ലേ? നിങ്ങൾ യഥാർത്ഥ അറിവായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ജീവിതലക്ഷ്യം തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ ഇപ്പോൾ ഇങ്ങനെ ആവലാതിപ്പെടേണ്ടിയിരുന്നില്ല എന്നാണ് അല്ലാഹു പറയുന്നത്. ഉറപ്പുനൽകുന്ന അറിവായ അദ്ദിക്ർ ഉപയോഗപ്പെടുത്താത്തവർ കണ്ണിന് ഉറപ്പാകുന്നതുവരെ ജ്വലിക്കുന്ന നരകം കാണുകതന്നെ ചെയ്യുമെന്ന് 102: 5–7 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 16: 111; 28: 57; 79: 46 വിശദീകരണം നോക്കുക.

115. അപ്പോൾ നിങ്ങൾ കണക്കുകൂട്ടിയോ നിശ്ചയം, നാം നിങ്ങളെ വ്യർഥാ സൃഷ്ടിച്ചതാണെന്നും നിശ്ചയം, നിങ്ങൾ നമ്മിലേക്കുതന്നെ തിരിച്ചയക്കപ്പെടുന്നവരാവുകയില്ലെന്നും?

സ്വർഗത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ 55: 1–4 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം *അമാനത്തായ* അദ്ദിക്ർ പഠിപ്പിക്കുകയും 7: 172–173 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം കരാർ വാങ്ങുകയുമുണ്ടായി. ശേഷം അല്ലാഹു മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് സ്രഷ്ടാവിന്റെ പ്രാതിനിധ്യം വഹിക്കുന്നതിനും സ്രഷ്ടാവിന്റെ സന്ദേശവും ത്രാസ്സുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്തുന്നതിനും വേണ്ടിയാണ്. 2: 283 ൽ വിവരിച്ച പ്രകാരം പ്രസ്തുത ലക്ഷ്യം നിറവേറ്റുക അദ്ദിക്റിനെ *അമാനത്തായി* ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ്. അങ്ങനെ ചെയ്യാത്ത ഫുജ്ജാറുകളെല്ലാംതന്നെ അക്രമികളും വിഡ്ഢികളുമാണെന്നാണ് 33: 72–73 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത്. 16: 37; 21: 35, 95–97 വിശദീകരണം നോക്കുക.

116. അപ്പോൾ യഥാർത്ഥ രാജാവായ അല്ലാഹു അത്യുന്നതനാകുന്നു, ബഹുമാന്യനായ സിംഹാസനത്തിന്റെ ഉടമയായ അവനല്ലാതെ മറ്റൊരു ഇലാഹുമില്ല തന്നെ.

എല്ലാം അടക്കിഭരിക്കുന്ന സിംഹാസനത്തിന്റെ ഉടമയായ അല്ലാഹുവിന്റെ മുമ്പിൽ എല്ലാകാര്യങ്ങളെക്കുറിച്ചും ഉത്തരം പറയേണ്ടിവരുമെന്ന ബോധമില്ലാത്തവരാണ് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ. അവർ അല്ലാഹുവിനെക്കൂടാതെ വേറെ ഇലാഹുകളെ തെരഞ്ഞെടുക്കുന്നവരും 58: 22 ൽ പറഞ്ഞ അല്ലാഹുവിന്റെ ഏകസംഘത്തിൽ പെടാതെ 58: 19 ൽ പറഞ്ഞ പിശാചിന്റെ വിവിധസംഘടനകളിൽ പെട്ട് പിശാചിനെ മിത്രമായി സ്വീകരിച്ചവരുമാണ്. 9: 129; 20: 114; 21: 108 വിശദീകരണം നോക്കുക.

117. അല്ലാഹുവിനോടൊപ്പം മറ്റൊരു ഇലാഹിനെ വിളിച്ച് പ്രാർത്ഥിക്കുന്നവനോ, അതിന് അവന്റെ പക്കൽ യാതൊരു തെളിവുമില്ല, അപ്പോൾ നിശ്ചയം അവന്റെ വിചാരണ അവന്റെ നാഥന്റെ പക്കലാകുന്നു, നിശ്ചയം അവൻ ഇത്തരം കാഫിറുകളെ വിജയം വരിപ്പിക്കുകയില്ലതന്നെ.

തെളിവ് എന്നത് അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് ഇലാഹായി അല്ലാഹുവിനെ പരിചയപ്പെടുത്താൻ വേണ്ടിയാണ് എന്നിരിക്കെ അദ്ദിക്റിനെ അവഗണിച്ചുകൊണ്ട് അവനോടൊപ്പം മറ്റുഇലാഹുകളെ വിളിച്ചുപ്രാർത്ഥിക്കുന്ന ഫുജ്ജാറുകൾ കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമാണ്. അല്ലാഹു ഇത്തരം കാഫിറുകളെ ഇഹത്തിലും പരത്തിലും വിജയം വരിപ്പിക്കുകയില്ല. അവർ നമസ്കരിച്ചതിനും നോമ്പനുഷ്ഠിച്ചതിനും ഹജ്ജും ഉംറയും ചെയ്തതിനും പിഴയായി അവർക്ക് നരകക്കുണ്ഠമാണ് ലഭിക്കുക. നരകക്കുണ്ഠത്തെത്തൊട്ട് *മുഹൈമിനാ*യ അദ്ദിക്ർ കൊണ്ട് ഞങ്ങളെ നീ തിരിച്ചുവിടേണമേ എന്നാണ് അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസികൾ എപ്പോഴും പ്രാർത്ഥിക്കുക എന്ന് 25: 65-66 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിശ്ചയം, അവൻ അക്രമികളായവരെ വിജയം വരിപ്പിക്കുകയില്ല എന്ന് പറഞ്ഞുകൊണ്ടാണ് 6: 21 അവസാനിക്കുന്നതെങ്കിൽ, നിശ്ചയം അവൻ ഭ്രാന്തന്മാരായവരെ വിജയം വരിപ്പിക്കുകയില്ല എന്ന് പറഞ്ഞുകൊണ്ടാണ് 10: 17 അവസാനിക്കുന്നത്. 4: 174- 175; 22: 62; 25: 68-70; 32: 4 വിശദീകരണം നോക്കുക.

118. നീ പ്രാർത്ഥിക്കുകയും ചെയ്യുക; എന്റെ നാഥാ! എനിക്ക് നീ പൊറുത്ത് തരികയും നിന്റെ കാരുണ്യം എന്നിൽ വർഷിപ്പിക്കുകയും ചെയ്യേണമേ; നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും ഉത്തമനുമാകുന്നു.

കാരുണ്യമായ അദ്ദിക്ർ മുറുകെപ്പിടിക്കുകവഴി നാഥനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നവർ നേരെച്ചൊവ്വെയുള്ള പാതയിലാണുള്ളത് എന്ന് 3: 101-102 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 285-286; 22: 77-78; 23: 109 വിശദീകരണം നോക്കുക.

24. അന്നൂർ

'അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു' എന്ന് 35-ാം സൂക്തത്തിൽ പറഞ്ഞതിൽ നിന്നാണ് അന്നൂർ -പ്രകാശം- എന്ന് ഈ സൂറത്തിന് പേര് വന്നിട്ടുള്ളത്. ഹിജ്റ അഞ്ചാം വർഷം നടന്ന 'ബനുൽ മുസ്തലഖ്' യുദ്ധത്തോട് അനുബന്ധിച്ചാണ് സൂറത്തിൽ പരാമർശിക്കുന്ന അപവാദപ്രചരണം ഉണ്ടായത്. വിശ്വാസി സമൂഹത്തിന്റെ നിലനിൽപ്പിന് വിഘാതം സൃഷ്ടിക്കുന്ന വ്യഭിചാരം ഒരുക്രിമിനൽ കുറ്റമായി കാണുകയും അതിനുള്ള ശിക്ഷ വിധിക്കുകയുമുണ്ടായി. അതോടൊപ്പം നാല് സാക്ഷികളെ ഹാജറാക്കാതെ മറ്റുള്ളവരുടെമേൽ വ്യഭിചാരക്കുറ്റം ആരോപിക്കുന്നവർക്ക് എൺപത് അടി ശിക്ഷ വിധിക്കുകയും ഭാര്യാ-ഭർത്താക്കൻമാർക്കിടയിൽ വ്യഭിചാരക്കുറ്റം സംശയിക്കുന്ന സാഹചര്യത്തിൽ അവർക്ക് പരസ്പരം ശാപപ്രാർത്ഥന നടത്തി വേർപിരിയാമെന്ന വ്യവസ്ഥവെക്കുകയും ചെയ്തു. പതിവ്യതകളായ വിശ്വാസിനികളെക്കുറിച്ച് അപവാദം പ്രചരിപ്പിക്കുന്നത് വമ്പിച്ച കുറ്റമാണെന്നും അത്തരം കുപ്രചരണങ്ങൾ കേൾക്കാൻ ഇടയായാൽ വിശ്വാസികൾ അത് നാവിൽ നിന്ന് നാവിലേക്ക് പകർത്താതെ അവരുടെ സ്വന്തം കാര്യത്തെക്കുറിച്ച് ചിന്തിച്ച് അല്ലാഹുവിലേക്ക് കൂടുതൽ അടുക്കണമെന്നും കൽപിക്കുന്നു. പൊതുവെ മ്ലേച്ഛന്മാർക്ക് മ്ലേച്ഛവതികളും പരിശുദ്ധന്മാർക്ക് പരിശുദ്ധവതികളുമാണ് ഇണകളായി ലഭിക്കുക എന്നും പറയുന്നു. വ്യഭിചാര ദുരാരോപണങ്ങളും സംശയങ്ങളും തടയുന്നതിന്റെ ഭാഗമായി വിശ്വാസികളും വിശ്വാസിനികളും പരസ്പരം ദൃഷ്ടി താഴ്ത്തുക, വീടുകളിൽ സമ്മതം ചോദിച്ചശേഷവും അഭിസംബോധനം ചെയ്തുകൊണ്ടും മാത്രം പ്രവേശിക്കുക, സ്ത്രീകൾ അവരുടെ വീടുകളിലാണെങ്കിലും തലയും മാറും മറയ്ക്കുക, അത്യാവശ്യ കാര്യങ്ങൾക്കല്ലാതെ പുറത്തുപോകാതിരിക്കുക, മറ്റുള്ളവരെ പ്രലോഭിപ്പിക്കുന്ന വിധത്തിലുള്ള സംസാരമോ നടത്തമോ വസ്ത്രധാരണമോ സ്വീകരിക്കാതിരിക്കുക തുടങ്ങിയ സദാചാര നിയമങ്ങൾ നൽകുകയുണ്ടായി. അശ്ലീല പ്രചരണം, അവിഹിതബന്ധങ്ങൾ, ലൈംഗികഅരാജകത്വം തുടങ്ങിയ സാമൂഹിക തിന്മകൾ തടയുന്നതിന്വേണ്ടി അടിമകൾക്കിടയിൽ പോലും വിവാഹബന്ധം പ്രോൽസാഹിപ്പിച്ചുകൊണ്ടുള്ള നിയമങ്ങൾ അവതരിപ്പിക്കുകയുണ്ടായി.

വിവസ്ത്രരായിരിക്കാൻ അനുവദനീയമായ മൂന്ന് സമയങ്ങളായ ഇശാക്ക് ശേഷവും പ്രഭാതത്തിനുമുമ്പും മധ്യാഹ്നവേളയിലും അനുവാദം ചോദിക്കാതെ കുട്ടികൾവരെ ദമ്പതികളുടെ കിടപ്പറകളിൽ പ്രവേശിക്കരുത് എന്ന നിയമം നൽകി. വിശ്വാസികൾക്കും വിശ്വാസിനികൾക്കും ആരുടെയെല്ലാം വീട്ടിൽ പ്രവേശിക്കാമെന്നും ആരുടെയെല്ലാം വീട്ടിൽനിന്ന് ഭക്ഷണം കഴിക്കാമെന്നുമുള്ള നിയമവും നൽകുകയുണ്ടായി. അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടും വിശ്വസിച്ചവർ അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ഒരു പ്രവർത്തനത്തിൽ നിന്ന് ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിലല്ലാതെ മാറിനിൽക്കരുതെന്ന് പഠിപ്പിച്ചു. 'ആകാശഭൂമികളിലുള്ളതെല്ലാം ഏതൊരുവനുള്ളതാണോ, ആ അല്ലാഹു നിങ്ങൾ ഏതൊരു അവസ്ഥയിലാണുള്ളതെന്ന് അറിയുന്നവനാണ്, ഒരുനാളിൽ അവർ

അവനിലേക്ക് തിരിച്ചയക്കപ്പെടുന്നതും അപ്പോൾ അവർ പ്രവർത്തിച്ചു കൊണ്ടിരുന്നത് എന്തായിരുന്നുവെന്ന് അവരോട് വിവരം പറഞ്ഞുകൊടുക്കുന്നതുമാണ്' എന്ന് പറഞ്ഞു കൊണ്ട് 64 സൂക്തങ്ങളടങ്ങിയ സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. ഇതൊരു സൂറത്താകുന്നു, നാമാണ് അതിനെ അവതരിപ്പിച്ചിട്ടുള്ളത്, നാം അതിനെ നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്, നാം അതിൽ വ്യക്തമായ സൂക്തങ്ങൾ അവതരിപ്പിച്ചിട്ടുമുണ്ട്, നിങ്ങൾ ഹൃദയം കൊണ്ട് ഓർമിക്കുന്നവരാകുന്നതിന് വേണ്ടി.

ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളും വ്യക്തമായ തെളിവുകളാണ്. അത് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധികൽപിക്കാനാണ്. ആരാണോ സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തുകവഴി ജീവിതലക്ഷ്യം പൂർത്തിയാക്കുന്നത്, അവന് സ്വർഗം അനന്തരമെടുക്കാവുന്നതാണ്. 16: 90; 17: 55; 28: 85 വിശദീകരണം നോക്കുക.

2. വ്യഭിചാരി പെണ്ണായിരിക്കട്ടെ ആണായിരിക്കട്ടെ, അപ്പോൾ അവരിൽ നിന്നുള്ള ഓരോരുത്തരെയും നൂറ് അടിവീതം അടിക്കുക, അല്ലാഹുവിന്റെ ദീൻ നടപ്പിലാക്കുന്നതിന്റെ കാര്യത്തിൽ അവരോടുള്ള ദയാദാക്ഷിണ്യം നിങ്ങളെ പിടികൂടാതിരിക്കട്ടെ, നിങ്ങൾ അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കുന്നവരാണെങ്കിൽ! അവർ ഇരുവരുടെയും ശിക്ഷ നടപ്പിലാക്കുന്നതിന് വിശ്വാസികളിൽ നിന്നുള്ള ഒരുവിഭാഗം സാക്ഷ്യം വഹിക്കുകയും ചെയ്യട്ടെ!

എക്കാലത്തും പിശാചിന്റെ കാൽപ്പാടുകൾ സമൂഹത്തിൽ നിന്നും ഘട്ടംഘട്ടമായിട്ടാണ് നിർമാർജ്ജനം ചെയ്തിട്ടുള്ളത്. വ്യഭിചാരത്തിന് ഒന്നാംഘട്ടത്തിൽ അവതരിപ്പിക്കപ്പെട്ട ശിക്ഷാനടപടികൾ 4: 15-16 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. അവിവാഹിതരായ സ്ത്രീകളും പുരുഷന്മാരും വ്യഭിചരിച്ചാലുള്ള ശിക്ഷയാണ് രണ്ടാംഘട്ടമായി ഈ സൂക്തത്തിലൂടെ അവതരിച്ചിട്ടുള്ളത്. എന്നാൽ ശിക്ഷ നടപ്പിലാക്കുമ്പോൾ വിശ്വാസികളിൽ നിന്നുള്ള ഒരുവിഭാഗം അതിന് സാക്ഷ്യം വഹിക്കേണ്ടതുണ്ട്. വിവാഹിതരായവർ വ്യഭിചരിച്ചാൽ കല്ലെറിഞ്ഞുകൊല്ലുക എന്നതാണ് മൂന്നാംഘട്ടമായി അവതരിച്ച ശിക്ഷ. ഇത് പ്രവാചകന്റെ കാലത്ത് നടപ്പിലാക്കിയിട്ടുണ്ട്. അതുതന്നെയാണ് തൗറാത്തിലും വ്യഭിചാരത്തിനുള്ള ശിക്ഷ. അത് നടപ്പിലാക്കപ്പെടേണ്ട ഘട്ടത്തിൽ 'നിങ്ങളിൽ കുറ്റം ചെയ്യാത്തവർ കല്ലെറിയട്ടെ' എന്ന് ഈസാ പറയുകയുണ്ടായി. എന്നാൽ അന്ന് ആ സമൂഹത്തിൽ കുറ്റം ചെയ്യാത്തവരായി ആരുംതന്നെ ഇല്ലാത്തതിനാൽ ശിക്ഷ നടപ്പിലാക്കപ്പെട്ടില്ല.

ഇന്ന് ലോകത്തെവിടെയും അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ഇത്തരം ശിക്ഷാനിയമങ്ങളൊന്നും നടപ്പിലാക്കാൻ സാധ്യമല്ല. പകരം 17: 13-14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഓരോരുത്തരുടെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ ഓരോരുത്തരുടെയും ചിന്തയും വാക്കും പ്രവൃത്തിയുമെല്ലാം രേഖപ്പെടുത്തി വെക്കുന്നുണ്ടെന്നും വിധിദിവസം അത് പ്രകാശിക്കുന്ന ഗ്രന്ഥമായി പുറത്തെടുത്ത് നൽകി ഓരോരുത്തരെക്കൊണ്ടും വായിപ്പിച്ചാണ് വിചാരണ നടത്തുക എന്നും മനുഷ്യരെ അദ്ദിക്ർ എത്തിച്ചുകൊടുത്തുകൊണ്ട് ഉണർത്തുകയാണ് ഒറ്റപ്പെട്ട വിശ്വാസി ചെയ്യേണ്ടത്. 2: 62 ൽ വിവരിച്ച പ്രകാരം മാനുഷികഐക്യം സ്ഥാപിക്കുക, പ്രപഞ്ച

ത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്തുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിക്കുന്നവനാണ് അത്തരം വിശ്വാസി. 3: 101–102; 22: 77–78 വിശദീകരണം നോക്കുക.

3. വ്യഭിചാരകൻ വ്യഭിചാരിണിയെയോ അല്ലെങ്കിൽ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവളെയോ അല്ലാതെ വിവാഹം കഴിക്കുകയില്ല, വ്യഭിചാരിണിയെ വ്യഭിചാരകനോ അല്ലെങ്കിൽ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവനോ അല്ലാതെ വിവാഹം കഴിക്കുകയുമില്ല, വിശ്വാസികളുടെമേൽ അത് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.

25: 54 പ്രകാരം ഇണകളെ ബന്ധിപ്പിക്കുന്നത് ത്രികാലജ്ഞാനിയായ അല്ലാഹുവാണെന്നിരിക്കെ വ്യഭിചാരിക്ക് ഇണയായി വ്യഭിചാരിണിയെയോ അല്ലെങ്കിൽ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവളെയോ മറിച്ചോ മാത്രമേ ലഭിക്കുകയുള്ളു എന്നാണ് സൂക്തം പറയുന്നത്. അപ്പോൾ അദ്ദിക്ർ ലഭിക്കുന്നതിനുമുമ്പ് വിവാഹിതരായവർ പരസ്പരം ചാരിത്ര്യത്തിൽ സംശയം വെച്ചുപുലർത്തുകയും കുറ്റപ്പെടുത്തുകയും ചെയ്യാതെ 25: 68–70 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്ർ മറ്റുള്ളവർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് തങ്ങളുടെ കഴിഞ്ഞുപോയ കാലത്ത് ചെയ്ത തിന്മകൾ നന്മകളാക്കി പരിവർത്തിപ്പിക്കുകയാണ് വേണ്ടത്. അദ്ദിക്റിനെ പരിചയും മുഹൈമിനുമായി ഉപയോഗപ്പെടുത്തുന്നവരിൽനിന്ന് വ്യഭിചാരം പോലെയുള്ള വൻകുറ്റങ്ങളൊന്നും വരികയില്ലതന്നെ. 4: 31; 22: 70 വിശദീകരണം നോക്കുക.

വിശ്വാസികൾക്ക് വിശ്വാസിനികളെ മാത്രമേ വിവാഹം ചെയ്യാൻ അനുവാദമുള്ളൂ എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് 10: 99–100 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ചാരിത്ര്യവതികളായ കുലീനസ്ത്രീകളെ വിവാഹം ചെയ്യാൻ സാമ്പത്തികസ്ഥിതി ഇല്ലാത്ത അവസ്ഥയിൽ അടിമസ്ത്രീകളിൽ പെട്ട വിശ്വാസിനികളെ വിവാഹം ചെയ്യാനാണ് 4: 25 ലൂടെ അല്ലാഹു കൽപിച്ചത്. വിശ്വാസികളുടെ ഏകസംഘത്തിൽ ഉൾപ്പെടാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ ഇടയിലുള്ള വിവിധ സംഘടനകളിൽ പെട്ടവരെല്ലാം തന്നെ മുശ്രിക്കുകളും കാഫിറായ പിശാചിന്റെ സംഘത്തിൽപെട്ടവരുമാണെന്ന് 23: 51–53; 30: 31–32; 58: 19 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇക്കാലത്ത് അദ്ദിക്റിന്റെ വഴിയിൽ ജീവിക്കുന്ന വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളുമില്ലാത്തതിനാൽ മർയമിനെയും ആസ്യയെയും മാതൃകയായി സ്വീകരിച്ചുകൊണ്ട് വിവാഹം ചെയ്യാതെ അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് നിലകൊള്ളാനാണ് കൽപിച്ചിട്ടുള്ളത്. 2: 221; 43: 60; 57: 27 വിശദീകരണം നോക്കുക.

4. ആരാണോ ചാരിത്ര്യവതികളായ സ്ത്രീകളുടെമേൽ വ്യഭിചാരകുറ്റം ആരോപിക്കുകയും പിന്നീട് അതിന് നാല് സാക്ഷികളെ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നത്, അപ്പോൾ അവരെ നിങ്ങൾ എൺപത് അടി അടിക്കുക, അവരുടെ സാക്ഷ്യം ഒരിക്കലും നിങ്ങൾ സ്വീകരിക്കുകയുമരുത്; അക്കൂട്ടർ, അവർ തന്നെയാണ് തെമ്മാടികൾ.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഇത്തരം സൂക്തങ്ങളുടെ കൽപന നടപ്പിലാക്കാൻ സാധ്യമല്ല. 9: 23–24, 84–85 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിക്ക് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെ –അവർ മാതാപിതാക്കളോ മക്കളോ കുടുംബത്തിൽ നിന്ന് എത്ര അടുത്തവരോ ആണെങ്കി

ലും ശരി -അനുസരിക്കാൻ പാടില്ല. 2: 26-27; 9: 67-68; 68: 10-13 വിശദീകരണം നോക്കുക.

5. -അതിനുശേഷം പശ്ചാത്തപിച്ച് മടങ്ങുകയും കർമങ്ങൾ നന്നാക്കിത്തീർക്കുകയും ചെയ്തവരൊഴികെ, അപ്പോൾ നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാകുന്നു.

ഏത് കുറ്റവും പൊറുത്തുകിട്ടുന്നതിന് രണ്ട് നിബന്ധനകൾ 39: 53-55 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1) മരണം ആസന്നമാകുന്നതിന് മുമ്പ് നാഥനിലേക്ക് ആത്മാവുകൊണ്ട് തിരിയുകയും ജീവിതം മുഴുവൻ അവന് സമർപ്പിക്കുകയും ചെയ്യുക. 2) അപ്രതീക്ഷിതമായി മരണം പെട്ടെന്ന് പിടികൂടുന്നതിനുമുമ്പ് നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ പിൻപറ്റുക. 2: 186; 4: 145-146 വിശദീകരണം നോക്കുക.

6. ആരാണോ തങ്ങളുടെ ഭാര്യമാരുടെ മേൽ വ്യഭിചാരകുറ്റം ആരോപിക്കുകയും എന്നിട്ട് അവർ തന്നെയല്ലാതെ അതിന് സാക്ഷികളായിട്ടില്ലാതിരിക്കുകയും ചെയ്യുന്നത്, അപ്പോൾ അത്തരക്കാരിൽ ഒരാൾ നാല് പ്രാവശ്യം അല്ലാഹുവിനെക്കൊണ്ട് ആണയിട്ട് നിശ്ചയം അവൻ സത്യസന്ധന്മാരിൽ പെട്ടവൻ തന്നെയാണ് എന്ന് സാക്ഷ്യം വഹിക്കണം.

7. അഞ്ചാമത്തെ പ്രാവശ്യം, 'നിശ്ചയം അല്ലാഹുവിന്റെ ശാപം അവന്റെ മേൽ ഉണ്ടായിരിക്കട്ടെ, അവൻ കളവ് പറയുന്നവരിൽ പെട്ടവനാണെങ്കിൽ' എന്നും സാക്ഷ്യം വഹിക്കണം.

3: 61 ൽ പറഞ്ഞ സ്വന്തത്തിനെതിരായിട്ട് ശാപപ്രാർത്ഥന നടത്തുന്ന *മുബാഹല* യുടെ ഒരു രൂപം തന്നെയാണ് ഇവിടെയും പരാമർശിച്ചിട്ടുള്ളത്. 5: 106-108; 9: 119 വിശദീകരണം നോക്കുക.

8. അവളെത്തൊട്ട് ശിക്ഷ തടയപ്പെടുന്നതാണ് -അവൾ അല്ലാഹുവിനെക്കൊണ്ട് ആണയിട്ട് 'നിശ്ചയം അവൻ കളവ് പറയുന്നവരിൽ പെട്ടവൻ തന്നെയാണ്' എന്ന് നാല് പ്രാവശ്യം സാക്ഷ്യം വഹിക്കുകയാണെങ്കിൽ.

9. അഞ്ചാമത്തെ പ്രാവശ്യം 'നിശ്ചയം അവളുടെമേൽ അല്ലാഹുവിന്റെ കോപം ഉണ്ടായിരിക്കട്ടെ, അവൻ സത്യസന്ധന്മാരിൽ പെട്ടവനാണെങ്കിൽ' എന്നും സാക്ഷ്യം വഹിക്കണം.

10. അല്ലാഹുവിന്റെ ഔദാര്യവും അവന്റെ കാരുണ്യവും നിങ്ങളുടെമേൽ ഉണ്ടായിരുന്നില്ലെങ്കിൽ; നിശ്ചയം അല്ലാഹു ഏറെപശ്ചാത്താപം സ്വീകരിക്കുന്ന യുക്തിജ്ഞൻ തന്നെയുമാകുന്നു.

ഔദാര്യം, കാരുണ്യം എന്നിവ അദ്ദിക്റിന്റെ 40 പേരുകളിൽ പെട്ടവയാണ്. യുക്തിജ്ഞാനമായ അദ്ദിക്ർ ഉണ്ടായിരുന്നില്ലെങ്കിൽ ഇണകൾ പരസ്പരം സംശയം വെച്ചുപുലർത്തുന്നവരും വ്യഭിചാരകുറ്റം ആരോപിക്കുന്നവരുമെല്ലാമായി കുടുംബബന്ധം ഛിന്നഭിന്നമാവുകയും സമൂഹജീവിതം ദുസ്സഹമാകുകയും ചെയ്യുമായിരുന്നു എന്നാണ് സൂക്തം പറയുന്നത്. ഇന്ന് ലോകത്തെല്ലായിടത്തുമുള്ള ഫുജ്ജാറുകൾ സ്വവർഗസംഭോഗം, ബലാൽസംഗം, വ്യഭിചാരം തുടങ്ങി എല്ലാകുറ്റകൃത്യങ്ങളിലും ഇതരജനവിഭാഗങ്ങളെ അപേക്ഷിച്ച് മുൻപന്തിയിലാകാൻകാരണം അദ്ദിക്റിന് വിരുദ്ധമായ ജീവിതം നയിക്കുന്നതുകൊണ്ടാണ്. 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരാണ് മറ്റേതൊരു ജനവിഭാഗത്തെക്കാളും പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവർ. അതുകൊണ്ടാണ് അവരെ

ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികൾ എന്ന് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 4: 113; 9: 53-55; 10: 57-58 വിശദീകരണം നോക്കുക.

11. നിശ്ചയം, ആ അപവാദം കൊണ്ടുവന്നിട്ടുള്ളത് നിങ്ങളിൽ നിന്നുള്ള ഒരു വിഭാഗം തന്നെയാകുന്നു, അത് നിങ്ങൾക്ക് തിന്മയാണെന്ന് നിങ്ങൾ കണക്കുകൂട്ടരുത്; അല്ല, അത് നിങ്ങൾക്ക് ഉത്തമമാകുന്നു, അവരിൽ നിന്നുള്ള ഓരോ വ്യക്തിക്കും കുറ്റകൃത്യത്തിൽ നിന്ന് അവൻ സമ്പാദിച്ചതുണ്ട്, അവരിൽ നിന്ന് അതിൽ വലിയപങ്കുവഹിച്ചവന് വമ്പിച്ച ശിക്ഷയുമാണുള്ളത്.

ഇവിടെ പരാമർശിച്ച അപവാദം കൊണ്ടുദ്ദേശിക്കുന്നത് കപടവിശ്വാസികൾ മദീനയിൽ പ്രവാചകപത്നി ആയിശയെയും പ്രവാചകന്റെ അനുചരനായ സ്വഫ്വാനെയും ബന്ധപ്പെടുത്തി പ്രചരിപ്പിച്ചതാണ്. ഹിജ്റ അഞ്ചാംവർഷം നടന്ന *'ബനൂമുസ്തലഖ്'* യുദ്ധത്തിന് പോകുമ്പോൾ പ്രവാചകൻ തന്റെപത്നി ആയിശയെയാണ് കൂടെ കൊണ്ടുപോയിരുന്നത്. യുദ്ധം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ ആയിശ ഒറ്റപ്പെട്ടുപോവുകയും സംഘാംഗങ്ങളെല്ലാം പോയിക്കഴിഞ്ഞ് താവളമെല്ലാം പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം പുറപ്പെടാൻ പ്രവാചകൻ നിയോഗിച്ച സ്വഫ്വാൻ ആയിശയെ കാണുകയും ചെയ്തു. ആപത് സൂചകമായി 'നിശ്ചയം ഞങ്ങൾ അല്ലാഹുവിൽനിന്നും വന്നവരും നിശ്ചയം ഞങ്ങൾ അല്ലാഹുവിലേക്കുതന്നെ തിരിച്ചുപോകേണ്ടവരുമാണ്' എന്ന് പറഞ്ഞുകൊണ്ട് തന്റെ ഒട്ടകത്തെ ആയിശയുടെ അടുത്ത് നിർത്തി കയറാൻ ആവശ്യപ്പെടുകയും ആയിശ ഒട്ടകപ്പുറത്ത് കയറുകയും ചെയ്തു. സ്വഫ്വാൻ ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ച് മദീനയിലേക്ക് നടക്കുകയാണുണ്ടായത്. തുടർന്ന് കപടവിശ്വാസി നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യുബ്നു സുലൂലും മറ്റുചിലരും അവരെ രണ്ടുപേരെയും ചേർത്ത് അപവാദം പറഞ്ഞുപരത്താൻ തുടങ്ങി. എക്കാലത്തുമുള്ള വിശ്വാസികൾക്ക് കപടവിശ്വാസികളിൽ നിന്ന് ഇതുപോലെയുള്ള അപവാദങ്ങൾ കേൾക്കേണ്ടിവരുമെന്നും അപ്പോഴെല്ലാം അല്ലാഹു എല്ലാംപതിയിരുന്ന് വീക്ഷിക്കുന്നുണ്ട് എന്നബോധത്തിൽ അല്ലാഹുവിന്റെമേൽ ഭരമേൽപ്പിച്ചുകൊണ്ട് ലക്ഷ്യബോധം നഷ്ടപ്പെടാതെ സത്യത്തിൽ നിലകൊള്ളണം എന്നുമാണ് സംഭവത്തിൽ നിന്ന് വിശ്വാസികൾക്ക് ലഭിക്കുന്ന പാഠം. പ്രസ്തുത അപവാദപ്രചരണം വിശ്വാസികൾക്ക് അവരുടെ ഇടയിൽ ജീവിക്കുന്ന കപടവിശ്വാസികളുടെ തനിനിറം വെളിപ്പെടുന്നതിന് സഹായകമായതിനാൽ അത് ദോഷകരമല്ല, ഗുണപ്രദമാണ് എന്നാണ് അല്ലാഹു പറയുന്നത്. 2: 255; 4: 111-112; 6: 59; 19: 28-29 വിശദീകരണം നോക്കുക.

12. അത് കേട്ട സന്ദർഭത്തിൽ വിശ്വാസികളും വിശ്വാസിനികളും തങ്ങളെക്കുറിച്ച് നല്ലത് കരുതുകയും ഇത് വ്യക്തമായ അപവാദം തന്നെയാണ് എന്ന് പറയുകയും ചെയ്തിരുന്നുവെങ്കിൽ!

പുരുഷന്മാരും സ്ത്രീകളും ഒരേ ആത്മാവിൽ നിന്നുള്ളവർ തന്നെയാണെന്ന് തിരിച്ചറിഞ്ഞ വിശ്വാസികൾ പരസ്പരം അപവാദങ്ങൾ ആരോപിക്കുകയില്ല. മറിച്ച് അപവാദത്തിന് ഇരയായവരുടെ സ്ഥാനത്ത് ഞാനായിരുന്നുവെങ്കിൽ എന്ന് ആലോചിക്കുകയും സംയമനം പാലിച്ചുകൊണ്ട് അല്ലാഹുവിലേക്ക് കൂടുതൽ അടുക്കുകയും പൊറുക്കലിനെത്തേടുകയുമാണ് ചെയ്യുക. 114: 4-6 സൂക്തങ്ങളിൽ പറഞ്ഞ, മനസ്സുകളിൽ രഹസ്യമായി മന്ത്രിച്ച് പിന്മാറിക്കളയുന്ന ജിന്നുകൂട്ടുകാരനെ അദ്ദിക്ർകൊണ്ട് വിശ്വാസിയാക്കാത്ത ഫുജ്ജാറുകളെല്ലാം തന്നെ ഇത്തരം അപവാദപ്രചരണങ്ങളിൽ ഏർപ്പെടുന്നവരാണ്. 9: 71-72; 33: 35; 49: 10 വിശദീകരണം നോക്കുക.

13. അവർ അതിന്റെ പേരിൽ എന്തുകൊണ്ട് നാല് സാക്ഷികളെ കൊണ്ടുവന്നില്ല? അങ്ങനെ അവർ സാക്ഷികളെ കൊണ്ടുവരുന്നില്ലെങ്കിൽ അപ്പോൾ അക്കൂട്ടർ തന്നെയാണ് അല്ലാഹുവിന്റെ അടുക്കൽ കളവ് പറഞ്ഞുകൊണ്ടിരിക്കുന്നവർ.

അല്ലാഹുവിനെയും അദ്ദിക്റിനെയും സാക്ഷിയായി അംഗീകരിക്കാത്ത കപടവിശ്വാസികൾ പറയുന്നതെല്ലാം കളവാണ്. സൂക്തത്തിൽ വിശ്വാസികളെക്കുറിച്ച് അപവാദം ഉന്നയിക്കുന്നതിനാണ് നാല് സാക്ഷികളെ ഹാജരാക്കാൻ ആവശ്യപ്പെടുന്നത്, എന്നല്ലാതെ കാഫിറുകളുടെ കാര്യത്തിലല്ല. മ്ലേഛവൃത്തികളിൽ ഏർപ്പെട്ടുകൊണ്ടും പ്രചരിപ്പിച്ചുകൊണ്ടും പ്രപഞ്ചത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന കപടവിശ്വാസികളുടെ ചെയ്തികൾ വെളിപ്പെടുത്താനും അവരോട് അദ്ദിക്റുകൊണ്ട് അധികരിച്ച ജിഹാദ് ചെയ്യാനുമാണ് ഇന്ന് ഒറ്റപ്പെട്ട വിശ്വാസികളോട് കൽപിച്ചിട്ടുള്ളത്. വിശ്വാസികളുടെ സംഘമുണ്ടെങ്കിൽ അവരെ കൊന്നുകളയാനും കൽപിച്ചിട്ടുണ്ട്. 9: 73, 123; 63: 1-4 വിശദീകരണം നോക്കുക.

14. അല്ലാഹുവിന്റെ ഔദാര്യവും അവന്റെ കാരുണ്യവും നിങ്ങളുടെമേൽ ഉണ്ടായിരുന്നില്ലെങ്കിൽ നിങ്ങൾ അതിൽ മുഴുകിയതിന്റെ പേരിൽ ഐഹികലോകത്തും പരലോകത്തും വമ്പിച്ച ശിക്ഷ നിങ്ങളെ ബാധിക്കുകതന്നെ ചെയ്യുമായിരുന്നു.

അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവുമായ അദ്ദിക്റ് നിങ്ങൾക്ക് പൂർത്തിയാക്കിത്തരാനുള്ളതുകൊണ്ടാണ് ഇതിന്റെ പേരിൽ നിങ്ങളെ വമ്പിച്ച ശിക്ഷ പിടികൂടാതിരുന്നത്. 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റ് ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകൾക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് 2: 85; 5: 33 എന്നീ സൂക്തങ്ങളിലൂടെ നാഥൻ വാഗ്ദത്തം ചെയ്തിട്ടുള്ളത്. 5: 95; 20: 124-127; 45: 13 വിശദീകരണം നോക്കുക.

15. നിങ്ങളത് നിങ്ങളുടെ നാവുകളിലേക്ക് ഇട്ടുകൊടുക്കുകയും നിങ്ങൾക്ക് അറിവില്ലാത്ത ഒരുകാര്യം നിങ്ങളുടെ വായകൾകൊണ്ട് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്ത സന്ദർഭം; നിങ്ങൾ അത് നിസ്സാരമായി കണക്കുകൂട്ടുകയും ചെയ്തു, എന്നാൽ അല്ലാഹുവിന്റെ പക്കൽ അത് ഗുരുതരമായ കാര്യം തന്നെയാണ്.

അല്ലാഹുവിന്റെ പ്രതിനിധികളായി ജീവിക്കുന്ന നിഷ്കളങ്കരായ വിശ്വാസികളെക്കുറിച്ച് അറിവും തെളിവുമില്ലാതെ സംസാരിച്ചുകൊണ്ടിരിക്കുന്നത് 'വിശ്വാസിയായ അല്ലാഹുവിനെക്കുറിച്ച്' അറിവും തെളിവുമായ അദ്ദിക്റ് ഇല്ലാതെ സംസാരിക്കുന്നതുപോലെത്തന്നെ ഗുരുതരമായ കുറ്റമാണ്. 22: 8; 23: 117; 56: 81-82 വിശദീകരണം നോക്കുക.

16. നിങ്ങൾ അത് കേട്ട സന്ദർഭത്തിൽ 'നിശ്ചയം ഞങ്ങൾക്ക് ഇത്തരം സംസാരങ്ങളിൽ ഏർപ്പെടാൻ പാടില്ല; അല്ലാഹുവേ, നീ എത്രപരിശുദ്ധൻ! ഇത് വമ്പിച്ച അപരാധം തന്നെയാകുന്നു' എന്ന് എന്തുകൊണ്ട് നിങ്ങൾ പറഞ്ഞില്ല?

സ്വർഗത്തിൽ സൃഷ്ടിച്ച് നാലാംഘട്ടമായ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് ഏഴാംഘട്ടത്തിലേക്ക് വേണ്ട സ്വർഗം ഇവിടെ പണിയുന്നതിന് വേണ്ടിയാണ് എന്ന ജീവിതലക്ഷ്യം മനസ്സിലാക്കിയ വിശ്വാസികൾ പതിനഞ്ച് വയസ്സിന് ശേഷമുള്ള ജീവിതത്തിലെ ഓരോ നിമിഷവും 17: 13-14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖയിൽ രേഖപ്പെടുത്തുന്നുണ്ടെന്നും വിധിദിവസം അത് സ്വയം വായിച്ച്

തന്റെ വിചാരണ നടത്തേണ്ടിവരുമെന്നുമുള്ള ബോധത്തിൽ ഇവിടെ നില കൊള്ളുന്നവരാണ്. 5: 105; 22: 65; 23: 3 വിശദീകരണം നോക്കുക.

17. ഇതുപോലെയുള്ള ഒരു കാര്യം മേലിൽ ഒരിക്കലും നിങ്ങൾ ആവർത്തിക്കരുതെന്ന് അല്ലാഹു നിങ്ങളെ ഉപദേശിക്കുകയാണ് -നിങ്ങൾ വിശ്വാസികൾ തന്നെയാണെങ്കിൽ!

18. അല്ലാഹു നിങ്ങൾക്ക് അവന്റെ സൂക്തങ്ങൾ വിശദീകരിച്ച് തരികയാകുന്നു, -അല്ലാഹു സർവജ്ഞനായ യുക്തിജ്ഞനുമാകുന്നു.

ത്രികാലജ്ഞാനിയായ അല്ലാഹു അവന്റെ ത്രികാലജ്ഞാനമായ അദ്ദിക്ർ നിങ്ങൾക്ക് നൽകിയിട്ടുള്ളത് നിങ്ങൾ ജീവിതലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് വേണ്ടിയാണ്. അതുകൊണ്ട് പിശാചിനെ സഹായിക്കുന്ന പ്രവർത്തനങ്ങൾ ഒന്നുംതന്നെ നിങ്ങളിൽ നിന്ന് ഉണ്ടാകാൻ പാടില്ല. 2: 168-169; 8: 46; 9: 47 വിശദീകരണം നോക്കുക.

19. നിശ്ചയം, വിശ്വാസികളായവരുടെ ഇടയിൽ മ്ലേച്ഛത പരത്താൻ ആഗ്രഹിക്കുന്നവരുണ്ടല്ലോ, അവർക്ക് ഇഹത്തിലും പരത്തിലും വേദനാജനകമായ ശിക്ഷയാണുള്ളത്; അല്ലാഹു അറിയുന്നവനാകുന്നു, നിങ്ങളോ അറിവില്ലാത്തവരുമാകുന്നു.

അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്ന ലോകത്തെവിടെയുമുള്ള ഫുജ്ജാറുകൾ ഇന്ന് മ്ലേഛത പ്രവർത്തിക്കുന്നതിലും പരത്തുന്നതിലും മുഴുകിയിരിക്കുകയാണെന്ന് കാണാം. അവരുടെ ദുഷ്പ്രവൃത്തികൾ ചൂണ്ടിക്കാണിച്ച് 'നിങ്ങൾ ഇരിക്കുന്ന കൊമ്പ് മുറിച്ച് സ്വയം നശിക്കുകയും പ്രപഞ്ചത്തെ നശിപ്പിച്ചുകൊണ്ടിരിക്കുകയുമാണ് ഇതിലൂടെ ചെയ്യുന്നത്' എന്ന് വിശ്വാസികൾ പറഞ്ഞാൽ പരലോകം കൊണ്ട് വിശ്വസിക്കാത്ത കപടവിശ്വാസികൾ ഈ സൂക്തം ഉദ്ധരിച്ച് നിങ്ങൾ ജനങ്ങൾക്കിടയിൽ മ്ലേച്ഛത പരത്തരുത്, അത് ഗ്രന്ഥം വിരോധിച്ചിട്ടുള്ളതാണ് എന്ന് വീമ്പുപറഞ്ഞ് അവരുടെ ചെയ്തികളെ ന്യായീകരിക്കുകയും നിങ്ങൾ എന്തുകൊണ്ട് നാല് സാക്ഷികളെ ഹാജരാക്കുന്നില്ല എന്ന് ചോദിക്കുകയുമാണ് ചെയ്യുക. 7: 169-170; 9: 67-68; 11: 87-88 വിശദീകരണം നോക്കുക.

20. അല്ലാഹുവിന്റെ ഔദാര്യവും അവന്റെ കാരുണ്യവും നിങ്ങളുടെ മേലിൽ ഉണ്ടായിരുന്നില്ലെങ്കിൽ -നിശ്ചയം അല്ലാഹു കൃപാലുവായ കാരുണ്യവാൻ തന്നെയുമാകുന്നു.

3: 30; 10: 58 വിശദീകരണം നോക്കുക.

21. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ പിശാചിന്റെ കാൽപാടുകളെ പിൻപറ്റരുത്; ആരാണോ പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റുന്നത്, അപ്പോൾ നിശ്ചയം അവൻ മ്ലേച്ഛമായതും വിരോധിച്ചതുമായ കാര്യങ്ങൾ കൊണ്ടാണ് കൽപിക്കുക, അല്ലാഹുവിന്റെ ഔദാര്യവും അവന്റെ കാരുണ്യവും നിങ്ങളുടെ മേൽ ഉണ്ടായിരുന്നില്ലെങ്കിൽ നിങ്ങളിൽ ഒരാളും ഒരിക്കലും സംസ്കരിക്കപ്പെടുമായിരുന്നില്ല, എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ സംസ്കരിക്കുന്നു, അല്ലാഹു എല്ലാം കേൾക്കുന്ന സർവജ്ഞനുമാകുന്നു!

മനുഷ്യന്റെ ഹൃദയത്തിൽ വസിക്കുന്ന ജിന്നുകൂട്ടുകാരൻ അല്ലാഹു തൃപ്തിപ്പെടാത്ത കാര്യങ്ങളിലേക്കാണ് പ്രേരിപ്പിക്കുക. 7: 201-202 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപാടുകളിൽ നിന്ന് രക്ഷപ്പെടാൻ അല്ലാഹുവിന്റെ ഔദാര്യവും അവന്റെ കാരുണ്യണ്യവുമായ അദ്ദിക്റിനെ, 5: 48 ൽ വിവരിച്ച പ്രകാരം പരിചയും മുഹൈമിനുമായി

ഉപയോഗപ്പെടുത്തുന്നവക്ക് മാത്രമേ സാധിക്കുകയുള്ളൂ. നിഷ്പക്ഷവാനായ നാഥൻ 41: 41 ൽ പറഞ്ഞ മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഗ്രന്ഥമായി രൂപപ്പെടുത്തിയിരിക്കെ ആരാണോ അതിനെ മുറുകെപ്പിടിച്ചത്, അവൻ 3: 101 പ്രകാരം നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. 2: 168–169, 268; 7: 178; 10: 108; 25: 33–34 വിശദീകരണം നോക്കുക.

22. നിങ്ങളിൽ നിന്ന് ശ്രേഷ്ഠതയും സമ്പത്തുമുള്ളവർ അടുത്തവർക്കും അഗതികൾക്കും അല്ലാഹുവിന്റെ മാർഗത്തിൽ പാലായനം ചെയ്തവർക്കും തങ്ങളുടെ ധനത്തിൽനിന്ന് ഒന്നും നൽകുകയില്ലെന്ന് ശപഥം ചെയ്യരുത്, അവർ വിടുതിചെയ്യുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ, അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലെയോ? അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനുമാകുന്നു!

മക്കയിൽനിന്ന് മദീനയിലേക്ക് പാലായനം ചെയ്തുവന്ന സാമ്പത്തികശേഷി കുറഞ്ഞ ചിലർക്ക്, ആയിശ-സഫ്വാൻ എന്നിവരെക്കുറിച്ച് അപവാദം പ്രചരിപ്പിച്ചതിന്റെ പേരിൽ ഇനിമേലിൽ സഹായങ്ങളൊന്നും നൽകുകയില്ലെന്ന് അബൂബക്കറും വേറെച്ചിലരും ശപഥം ചെയ്ത അവസരത്തിൽ അവതരിച്ച സൂക്തമാണ് ഇത്. അല്ലാഹുവിനു വേണ്ടി ജീവിക്കുന്ന വിശ്വാസികൾ അടുത്തവർക്കും അഗതികൾക്കും ബന്ദികൾക്കും അനാഥകൾക്കുമെല്ലാം സഹായം നൽകുന്നതിന് പ്രത്യുപകാരമോ നന്ദിപ്രകടനമോ കാംക്ഷിക്കുകയില്ല. മറിച്ച് നിഷ്പക്ഷവാനായ അല്ലാഹുവിന്റെ സ്വഭാവമാണ് അവർക്കുണ്ടാവുക. *അടുത്ത അയൽവാസി പട്ടിണികിടക്കേ വയർ നിറയെ ഭക്ഷണം കഴിക്കുന്നവൻ എന്നിൽ പെട്ടവനല്ല* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. *ഭൂമിയിലുള്ളവരോട് കാരുണ്യം കാണിക്കുന്നവനോട് ആകാശത്തുള്ളവൻ കാരുണ്യം കാണിക്കുമെന്നും* നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. പുണ്യാത്മാക്കൾ അവർക്ക് ഭക്ഷണത്തിന് ആഗ്രഹമുണ്ടായിരിക്കെത്തന്നെ അത് അഗതിയെയും അനാഥനെയും ബന്ദിയെയും ഭക്ഷിപ്പിക്കുന്നവരുമാണ് എന്നും; നിശ്ചയം, ഞങ്ങൾ നിങ്ങളെ ഊട്ടുന്നത് അല്ലാഹുവിന്റെ ഭാഗത്തുനിന്നുകൊണ്ടാണ്, നിങ്ങളിൽ നിന്നുള്ള പ്രതിഫലമോ നന്ദിപ്രകടനമോ ഞങ്ങൾ ഉദ്ദേശിക്കുന്നുമില്ല എന്നുമായിരിക്കും അവരുടെ മനോഗതി എന്നും 76: 8–9 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 177; 4: 135; 74: 6 വിശദീകരണം നോക്കുക.

23. നിശ്ചയം, ദുർനടപ്പിനെക്കുറിച്ച് ചിന്തിക്കുകപോലും ചെയ്യാത്ത ചാരിത്ര്യവതികളായ വിശ്വാസിനികളെക്കുറിച്ച് ദുർനടപ്പ് ആരോപിക്കുന്നവരായവരുണ്ടല്ലോ, ഐഹികലോകത്തും പരലോകത്തും അവർ ശപിക്കപ്പെട്ടിരിക്കുന്നു, അവർക്ക് വമ്പിച്ച ശിക്ഷയുമാണുള്ളത്.

നിശ്ചയം, വിശ്വാസികളും വിശ്വാസിനികളുമായവരെ ശല്യം ചെയ്യുകയും പിന്നെ അതിൽ പശ്ചാത്തപിച്ച് മടങ്ങാതിരിക്കുകയും ചെയ്യുന്നവരുണ്ടല്ലോ, അവർക്ക് നരകക്കുണ്ഠത്തിലെ ശിക്ഷയാണുള്ളത്, അവർക്ക് കരിക്കുന്ന ശിക്ഷയുമാണുള്ളത് എന്ന് 85: 10 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ ലോകർക്ക് എത്തിച്ച് കൊടുത്തുകൊണ്ടിരിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്ന കപടവിശ്വാസികളെയും ഹൃദയങ്ങളിൽ രോഗമുള്ളവരെയും ഈസാ രണ്ടാമത് വന്നാൽ അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതരജനവിഭാഗങ്ങൾ വധിക്കുന്നതും 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിൽ വ

രുത്തുന്നതുമാണ്. വിധിദിവസമാകട്ടെ, 2: 85 ൽ പറഞ്ഞ പ്രകാരം അവർ കഠിനമായ ശിക്ഷയിലേക്ക് തള്ളിവിടപ്പെടുന്നതുമാണ്. 6: 89–90; 9: 28; 16: 105–107; 33: 72–73 വിശദീകരണം നോക്കുക.

24. അന്നാളിൽ അവർക്ക് എതിരായി അവരുടെ നാവുകളും അവരുടെ കൈകളും അവരുടെ കാലുകളും അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത് സാക്ഷ്യം വഹിക്കുന്നതാണ്.

5: 90–91 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും അവന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. ഇത്തരം ഭ്രാന്തന്മാർ വിധിദിവസം വിശ്വാസികളിൽ നിന്ന് വേർതിരിക്കപ്പെടുന്നതാണ് എന്ന് 36: 59 ലും; അന്നേദിനം അവരുടെ വായക്ക് മുദ്രവെക്കുന്നതും അവരുടെ കൈകൾ സംസാരിക്കുന്നതും അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുന്നതുമാണ് എന്ന് 36: 65 ലും പറഞ്ഞിട്ടുണ്ട്. 17: 36; 21: 63; 41: 19–24 വിശദീകരണം നോക്കുക.

25. അന്നാളിൽ അവരുടെ യഥാർത്ഥ ജീവിതത്തിനുള്ള പ്രതിഫലം അല്ലാഹു അവർക്ക് പൂർത്തിയായി നൽകുന്നതാണ്; നിശ്ചയം അല്ലാഹു, അവൻ മാത്രമാണ് വ്യക്തമായ സത്യമെന്ന് അവർക്ക് മനസ്സിലാകുന്നതുമാണ്.

2: 286 ൽ വിവരിച്ച പ്രകാരം ഓരോ ആത്മാവിനും അത് സമ്പാദിച്ചതാണുള്ളത്. അതുകൊണ്ട് ജീവിതലക്ഷ്യം മനസ്സിലാക്കിയ ആയിരത്തിൽ ഒന്നായ വിശ്വാസി സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിന്റെ വെളിച്ചത്തിലാണ് ഇവിടെ ജീവിതം നയിക്കുക. എന്നാൽ 7: 179; 9: 67–68; 15: 44 തുടങ്ങിയ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ലക്ഷ്യബോധമില്ലാത്ത പ്രജ്ഞയറ്റവരായ ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും നരകക്കുണ്ഠം സമ്പാദിച്ചുകൊണ്ടിരിക്കുന്നവരാണ്. 2: 281; 6: 104; 39: 24, 32 വിശദീകരണം നോക്കുക.

26. ന്ലേഛവതികൾ ന്ലേഛന്മാർക്കും ന്ലേഛന്മാർ ന്ലേഛവതികൾക്കുമുള്ളതാകുന്നു, പരിശുദ്ധവതികൾ പരിശുദ്ധന്മാർക്കും പരിശുദ്ധന്മാർ പരിശുദ്ധവതികൾക്കുമുള്ളതുമാകുന്നു; അക്കൂട്ടർ അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിൽ നിന്നെല്ലാം വിമുക്തരാകുന്നു, അവർക്ക് പാപമോചനവും മാന്യമായ ഭക്ഷണവിഭവങ്ങളുമുണ്ട്.

36: 10 ൽ, കാഫിറുകളുടെ കാര്യം, നീ അവരെ താക്കീത് നൽകുന്നതും അതല്ല, നീ അവരെ താക്കീത് നൽകാതിരിക്കുന്നതും സമമാണ്, അവർ വിശ്വസിക്കുന്നവരാവുകയില്ല എന്നും; 36: 11 ൽ, അദ്ദിക്ർ പിൻപറ്റുന്നവനെയും നിഷ്പക്ഷവാനെ ഗ്രന്ഥത്തിൽ നിന്ന് കണ്ട് ഭയപ്പെടുന്നവനെയും മാത്രമാണ് നീ ഉണർത്തുക, അപ്പോൾ അവന് പാപമോചനം കൊണ്ടും മാന്യമായ പ്രതിഫലം കൊണ്ടും സന്തോഷവാർത്ത അറിയിക്കുക എന്നും പറഞ്ഞിട്ടുണ്ട്. ഇന്ന് അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ 3: 101–102; 5: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആരാണോ അതിനെ മുറുകെപ്പിടിച്ചത്, അപ്പോൾ അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. 36: 55–58 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിശ്വാസികളും അവരുടെ ഇണകളും ശീതളച്ഛായയിൽ ചാരുമഞ്ചങ്ങളിലിരുന്ന് സല്ലപിക്കുന്നവരായിരിക്കുമെങ്കിൽ 37: 22 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്ന ഫുജ്ജാറുകളായ അക്രമികളും അവരുടെ ഇണകളും നരകക്കുണ്ഠത്തിൽ പ്രവേശിപ്പിക്കപ്പെടുന്നവരാണ്. 4: 114; 16: 114; 24: 3 വിശദീകരണം നോക്കുക.

27. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ നിങ്ങളുടെ വീടുകളല്ലാത്ത വീടുകളിൽ പ്രവേശിക്കരുത് -അതിലെ നിവാസികളുടെ സമ്മതം ലഭിക്കുകയും നിങ്ങൾ അവരുടെ മേൽ സലാം പറയുകയും ചെയ്യുന്നതുവരെ, അതാണ് നിങ്ങൾക്ക് ഉത്തമമായിട്ടുള്ളത്, നിങ്ങൾ ഹൃദയം കൊണ്ട് ഓർമിക്കുകതന്നെ വേണം എന്നതിന് വേണ്ടി.

വിശ്വാസികൾ മറ്റുവീടുകളിൽ പ്രവേശിക്കുമ്പോൾ പാലിക്കേണ്ട മര്യാദകളാണ് തുടർന്നുള്ള സൂക്തങ്ങളിലൂടെ പഠിപ്പിക്കുന്നത്. അന്യവീട്ടിലേക്ക് വീട്ടുകാരുടെ അനുവാദം കിട്ടാതെയും അവരുടെമേൽ അഭിസംബോധനം ചെയ്യാതെയും നേരെ ചെന്ന് പ്രവേശിക്കരുത്. ആഗതനെ വീട്ടുകാർക്ക് പരിചയമില്ലെങ്കിൽ പരിചയപ്പെടുത്തുകയും വേണം. വീട്ടുകാർ ചിലപ്പോൾ അന്യരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാവുന്ന വിധത്തിലുള്ള വസ്ത്രധാരണത്തിലായിരിക്കുകയില്ല. അത്തരം സന്ദർഭത്തിൽ വീട്ടുകാർക്കും ആഗതനും മനഃപ്രയാസമില്ലാതിരിക്കാനും മനസ്സിൽ മ്ലേഛചിന്തകൾ ഉടലെടുക്കാതിരിക്കാനും ദുർനടപ്പുകളിലേക്ക് ഉത്തേജനം ലഭിക്കാതിരിക്കാനും ഉത്തമമായ രീതിയാണ് അത്. അതാണ് 'ഹൃദയം കൊണ്ട് ഓർമിക്കുന്നതിനുവേണ്ടി' എന്ന് പറഞ്ഞതിന്റെ വിവക്ഷ. 17: 32; 24: 1 വിശദീകരണം നോക്കുക.

28. അങ്ങനെ നിങ്ങൾ അവിടെ ആരെയും കണ്ടെത്തിയില്ലെങ്കിൽ അപ്പോൾ നിങ്ങൾ അതിൽ പ്രവേശിക്കരുത് -നിങ്ങൾക്ക് സമ്മതം നൽകപ്പെടുന്നതുവരെ; ഇനി നിങ്ങളോട് തിരിച്ചുപോവുക എന്നാണ് പറയപ്പെട്ടതെങ്കിൽ അപ്പോൾ നിങ്ങൾ തിരിച്ചുപോവുക; അതാണ് നിങ്ങൾക്ക് സംസ്കാരത്തിന്റെ മാർഗം, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം അറിയുന്നവനുമാകുന്നു.

കുടുംബനാഥൻ എന്തെങ്കിലും ഏർപ്പാടുകളിൽ മുഴുകിയിരിക്കുകയോ അൽപസമയത്തിനുള്ളിൽ തിരിച്ചെത്താം എന്നുപറഞ്ഞ് എവിടേക്കെങ്കിലും പോവുകയോ ചെയ്ത അവസ്ഥയിൽ കുടുംബനാഥൻ ആഗതനെ കയറ്റിയിരുത്താൻ പറഞ്ഞിട്ടുണ്ടെങ്കിൽ മാത്രം അവിടെ കയറിയിരിക്കുക. ഇപ്പോൾ കാണാൻ സൗകര്യമില്ല, തിരിച്ച് പോകാ ൻ പറയുക എന്നാണ് പറഞ്ഞതെങ്കിൽ ആഗതൻ അവിടെ ചുറ്റിപ്പറ്റി നിൽക്കാതെ ഉടനെ തിരിച്ചുപോകണമെന്നാണ് സൂക്തം പഠിപ്പിക്കുന്നത്. 2: 234; 22: 70 വിശദീകരണം നോക്കുക.

29. ആൾതാമസമില്ലാത്ത വീടുകളിൽ -അതിൽ നിങ്ങൾക്കുള്ള സാധനസാമഗ്രികളുണ്ട്- നിങ്ങൾ പ്രവേശിക്കുന്നതിൽ നിങ്ങളുടെ മേൽ വിരോധമില്ല, നിങ്ങൾ വെളിവാക്കുന്ന ഒന്നും നിങ്ങൾ മൂടിവെക്കുന്ന ഒന്നും അല്ലാഹു അറിയുന്നവനുമാകുന്നു.

അദ്ദിക്റിൽനിന്ന് അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്ന വിശ്വാസികൾ 17: 13-14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിരടിയിലുള്ള കർമരേഖയിൽ തങ്ങളുടെ ചിന്തകളും വാക്കുകളും പ്രവർത്തനങ്ങളുമെല്ലാം എപ്പോഴും രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട് എന്ന ബോധത്തിലായിരിക്കും എവിടെയും എപ്പോഴും നിലകൊള്ളുക. 2: 284; 16: 128; 22: 76 വിശദീകരണം നോക്കുക.

30. വിശ്വാസികളോട് പറയുക: അവർ തങ്ങളുടെ ദൃഷ്ടികൾ താഴ്ത്തുകയും അവരുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്യട്ടെ; അതാണ് അവർക്ക് സംസ്കാരത്തിന്റെ മാർഗം, നിശ്ചയം അല്ലാഹു അവർ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്തവനാകുന്നു.

വിശ്വാസികളായ പുരുഷന്മാർ അന്യസ്ത്രീകളെ എവിടെവെച്ച് ഏത് സന്ദർഭത്തിൽ കാണുമ്പോഴും അവരുടെ ദൃഷ്ടികൾ താഴ്ത്തണമെന്നാണ് സൂക്തത്തിൽ പറയുന്നത്. അവരെ നോക്കരുതെന്നോ കണ്ണ് ചിമ്മണമെന്നോ അല്ല, മറിച്ച് ആളെ തിരിച്ചറിഞ്ഞാൽ പിന്നെ ദുർവിചാരത്തോടുകൂടി തുറിച്ചുനോക്കുകയോ ഒളികണ്ണിട്ട് നോക്കുകയോ ചെയ്യരുത് എന്നാണ് 'ദൃഷ്ടി താഴ്ത്തണമെന്ന്' പറഞ്ഞതിന്റെ വിവക്ഷ. അല്ലെങ്കിൽ അത് കണ്ണിന്റെ വ്യഭിചാരമായി മാറുന്നതാണ്. ഇനി അഥവാ ജിന്നുകൂട്ടുകാരൻ 'അല്ലാഹു ഹൃദയങ്ങളുടെ അവസ്ഥ അറിയുന്നവനാണ്' എന്ന വസ്തുത വിസ്മരിപ്പിക്കുകയാണെങ്കിൽ ഓർമ്മ വന്നാലുടനെ അല്ലാഹുവിനോട് പൊറുക്കലിനെ തേടേണ്ടതാണ്. 7: 205–206 വിശദീകരണം നോക്കുക.

വിശ്വാസികൾക്ക് അന്യസ്ത്രീകളെ ലൈംഗിക ദുർവിചാരങ്ങളിലേക്ക് നയിക്കുന്ന നോട്ടം പാടില്ല എന്നുമാത്രമല്ല, തങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ വെളിപ്പെടുത്താനും പാടില്ല. അഥവാ അന്യസ്ത്രീകളിൽ വികാരം ഉത്തേജിപ്പിക്കുന്ന തരത്തിലുള്ള വസ്ത്രധാരണരീതിയോ സംസാരമോ ഒന്നും പാടില്ല എന്നാണ് 'അവർ അവരുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കട്ടെ' എന്നുപറഞ്ഞതിന്റെ വിവക്ഷ. അവരവരുടെ പ്രവർത്തനങ്ങൾ മാത്രമല്ല, വിചാരവികാരങ്ങളും നെഞ്ചകങ്ങളുടെ അവസ്ഥയും കണ്ണിന്റെ കട്ടുനോട്ടത്തിന്റെ ആശയവും തുടർന്നുള്ള അതിന്റെ പ്രത്യാഘാതങ്ങളുമെല്ലാം ത്രികാലജ്ഞാനിയായ അല്ലാഹു ആദ്യമേ നിശ്ചയിച്ചിട്ടുണ്ട് എന്നാണ് 'നിശ്ചയം അല്ലാഹു അവർ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്തവനാകുന്നു' എന്നുപറഞ്ഞതിന്റെ വിവക്ഷ. അപ്പോൾ ഇക്കാര്യങ്ങളെല്ലാം ഉണർത്തുന്ന അദ്ദിക്ർ മുറുകെപ്പിടിച്ച് നിലകൊള്ളുകയാണ് ഇന്ന് മ്ലേച്ഛപ്രവൃത്തികളിലേക്കും കുറ്റകൃത്യങ്ങളിലേക്കും തെന്നിപ്പോകാതിരിക്കാനുള്ള ഏകമാർഗ്ഗം. 7: 201; 10: 61; 31: 22 വിശദീകരണം നോക്കുക.

31. നീ വിശ്വാസിനികളോട് പറയുകയും ചെയ്യുക: അവർ അവരുടെ ദൃഷ്ടികൾ താഴ്ത്തുന്നതിനും അവരുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുന്നതിനും അവർ അവരുടെ അലങ്കാരങ്ങൾ പ്രകടമാക്കാതിരിക്കുന്നതിനും –അതിൽ നിന്ന് വെളിപ്പെട്ടതല്ലാതെ, അവർ അവരുടെ മുഖപടം താഴ്ത്തിയിട്ട് മാറ് മറക്കട്ടെ, അവർ അവരുടെ ഭർത്താക്കന്മാർ അല്ലെങ്കിൽ പിതാക്കന്മാർ അല്ലെങ്കിൽ അവരുടെ ഭർതൃപിതാക്കന്മാർ അല്ലെങ്കിൽ അവരുടെ ആൺമക്കൾ അല്ലെങ്കിൽ അവരുടെ ഭർത്താവിന്റെ ആൺമക്കൾ അല്ലെങ്കിൽ അവരുടെ സഹോദരങ്ങൾ അല്ലെങ്കിൽ അവരുടെ സഹോദരപുത്രന്മാർ അല്ലെങ്കിൽ അവരുടെ സഹോദരീപുത്രന്മാർ അല്ലെങ്കിൽ മറ്റുസ്ത്രീകൾ അല്ലെങ്കിൽ അവരുടെ കീഴിലുള്ള വേലക്കാർ അല്ലെങ്കിൽ പുരുഷന്മാരിൽ നിന്ന് ദുർവിചാരങ്ങളില്ലാത്ത അവരുമായി ഇടപഴകുന്നവർ അല്ലെങ്കിൽ സ്ത്രീയുടെ ലൈംഗികഭാഗങ്ങൾ മനസ്സിലാകാത്ത കുട്ടികളായവരിൽ നിന്നുമല്ലാതെ അവരുടെ അലങ്കാരങ്ങൾ പ്രകടമാക്കരുത്, അവർ ഉള്ളിൽ ഗോപ്യമാക്കിവെക്കുന്ന അലങ്കാരങ്ങൾ മറ്റുള്ളവരെ അറിയിക്കുന്നതിന് വേണ്ടി കാലിട്ടടിച്ച് നടക്കുകയുമരുത്, ഓ വിശ്വാസികളേ! നിങ്ങൾ ഒന്നിച്ചുചേർന്ന് അല്ലാഹുവിലേക്ക് മടങ്ങുകയും ചെയ്യുവീൻ –നിങ്ങൾ വിജയം വരിക്കുകതന്നെ വേണം എന്നതിനുവേണ്ടി.

വിശ്വാസിനികളായ സ്ത്രീകൾ വിശ്വാസികളായ പുരുഷന്മാരെപ്പോലെത്തന്നെ അവരുടെ ദൃഷ്ടികൾ താഴ്ത്തുകയും ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും വേണം. കൂടാതെ

അവർ അവരുടെ അലങ്കാരങ്ങൾ പ്രകടമാക്കുകയുമരുത്. അലങ്കാരങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത് ആഭരണങ്ങൾ, കൺമഷി, പൗഡർ, സുഗന്ധദ്രവ്യങ്ങൾ, ലിപ്സ്റ്റിക്, ക്യൂട്ടക്സ്, മിന്നിത്തിളങ്ങുന്ന വസ്ത്രങ്ങൾ, നേർത്ത വസ്ത്രങ്ങൾ തുടങ്ങിയവയെല്ലാമാണ്. 'അതിൽ നിന്ന് വെളിപ്പെട്ടതല്ലാതെ'എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മുഖവും മുൻകയ്യുമാണ്. സ്ത്രീയുടെ ഭംഗി മുഖത്തിലൂടെ പ്രകടമാണെങ്കിലും അത് ആളെ തിരിച്ചറിയുന്നതിനു വേണ്ടി പ്രകടമാകേണ്ടതുണ്ട്. എന്നാൽ അന്യപുരുഷന്മാർ ദുർവിചാരത്തോടെ തുറിച്ചു നോക്കുന്ന അവസ്ഥയിൽ മുഖവും മുഖപടം താഴ്ത്തിയിട്ട് മറക്കണമെന്നാണ് 'അവർ അവരുടെ മുഖപടം താഴ്ത്തിയിടട്ടെ' എന്നുപറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത്. ചുരുക്കത്തിൽ പ്രകൃതി നൽകിയിട്ടുള്ള അലങ്കാരങ്ങളല്ലാതെ കൃത്രിമമായ അലങ്കാരങ്ങളൊന്നും തന്നെ വിശ്വാസിനികൾ ഉപയോഗിക്കുകയില്ല.

4: 23 ൽ വിശദീകരിച്ചിട്ടുള്ള വിവാഹം നിഷിദ്ധമാക്കിയിട്ടുള്ളവരുടെ മുമ്പിലല്ലാതെ അലങ്കാരങ്ങൾ വെളിവാക്കരുത് എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. ഭർത്താവിന്റെ മുമ്പിലല്ലാതെ വിവാഹം നിഷിദ്ധമാക്കിയിട്ടുള്ളവരിൽതന്നെ ആഭരണങ്ങളോ സുഗന്ധദ്രവ്യങ്ങളോ നേർത്തതും തിളങ്ങുന്നതുമായ വസ്ത്രങ്ങളോ ഉപയോഗിച്ച് പ്രത്യക്ഷപ്പെടാവുന്നതല്ല. എന്നാൽ അടുക്കളയിൽ ജോലിചെയ്യുക, അലക്കുക തുടങ്ങിയ സന്ദർഭങ്ങളിൽ കൈമുട്ടുവരെയും കാൽമുട്ടുവരെയും വെളിപ്പെടുന്നതിന് വിരോധമില്ല എന്നുകൂടി 'അതിൽനിന്ന് വെളിപ്പെട്ടതല്ലാതെ' എന്നുപറഞ്ഞതിൽ ഉൾപ്പെടുന്നുണ്ട്. ഈ സൂക്തത്തിൽ പറഞ്ഞ വിവാഹം നിഷിദ്ധമായവരുടെ അഭാവത്തിൽ *ഒരു വിശ്വാസിനി അന്യപുരുഷന്മാരുമായി തനിച്ചിരിക്കൽ നിഷിദ്ധമാണെന്നും, രണ്ട് അന്യസ്ത്രീപുരുഷന്മാർ തനിച്ചാകുന്നില്ല, മൂന്നാമതായി പിശാച് ഉണ്ടായിട്ടല്ലാതെ* എന്നും നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 'അവർ ഉള്ളിൽ ഗോപ്യമാക്കി വെക്കുന്ന അലങ്കാരങ്ങൾ മറ്റുള്ളവരെ അറിയിക്കുന്നതിനുവേണ്ടി കാലിട്ടടിച്ച് നടക്കുകയുമരുത്' എന്നുപറഞ്ഞതിന്റെ വിവക്ഷ സ്ത്രീകൾ അവരെ മറ്റുപുരുഷന്മാർ ശ്രദ്ധിക്കണം, അവരെ ആകർഷിക്കണം, അവരുമായി ശൃംഗരിക്കണം, അവരെ പ്രശംസിക്കണം എന്നെല്ലാം ആഗ്രഹിച്ചുകൊണ്ട് ശരീരത്തിൽ ഒട്ടിപ്പിടിക്കുന്ന നേർത്തതും തിളങ്ങുന്നതുമായ വസ്ത്രങ്ങൾ ധരിച്ച് കൊഞ്ചിക്കുഴഞ്ഞുള്ള നടത്തങ്ങളോ സംസാരങ്ങളോ പാടില്ല എന്നാണ്. 33: 32-34 കൂട്ടിവായിക്കുക.

'ഓ വിശ്വാസികളേ, നിങ്ങൾ പുരുഷന്മാരും സ്ത്രീകളും ഒന്നിച്ചുചേർന്ന് അല്ലാഹുവിലേക്ക് മടങ്ങുകയും ചെയ്യുവീൻ- നിങ്ങൾ വിജയം വരിക്കുകതന്നെ വേണം എന്നതിനുവേണ്ടി' എന്നാണ് സൂക്തത്തിൽ പറഞ്ഞിട്ടുള്ളത്. അതായത് അദ്ദിക്ർ വന്നുകിട്ടുന്നതിനുമുമ്പ് ദുർവിചാരത്തോടുകൂടിയുള്ള ഇടപഴകലും മറ്റും നടന്നിട്ടുണ്ടെങ്കിൽ അതെല്ലാം ഹൃദയങ്ങളുടെ അവസ്ഥയറിയുന്ന ത്രികാലജ്ഞാനിയായ അല്ലാഹുവിനോട് ഹൃദയം കൊണ്ട് ഒറ്റയ്ക്കൊറ്റയ്ക്ക് ഏറ്റുപറയുകയും വ്യഭിചാരം പോലെയുള്ള വൻകുറ്റങ്ങൾ വന്നിട്ടുണ്ടെങ്കിൽ അതിന് പ്രായശ്ചിത്തം നൽകി ഖേദിച്ചു മടങ്ങുകയും ചെയ്യേണ്ടതാണ്. ഏതൊരു സാഹചര്യത്തിലാണോ അത്തരം വൻകുറ്റങ്ങൾ വന്നത്, അത്തരം സാഹചര്യങ്ങൾ സമൂഹത്തിൽ ഇല്ലാതാക്കുന്നതിനുവേണ്ടി ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകത്ത് പ്രചരിപ്പിക്കുന്നതിൽ വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ഒന്നിച്ച് ഒറ്റക്കെട്ടായി പുറപ്പെടലാണ് ഇന്ന് അതിനുള്ള പ്രായശ്ചിത്തം. വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും പരസ്പരം സഹോദരസഹോദരിമാരാണെന്ന് 49: 10 ലും, വിശ്വാസികളായിട്ടുള്ള സ്ത്രീ-പുരുഷന്മാർ ഒന്നിച്ചോ അല്ലെങ്കിൽ ചെറിയ

ചെറിയ കൂട്ടങ്ങളായോ ഭക്ഷണം കഴിക്കുന്നതിന് വിരോധമില്ല എന്ന് 24: 61 ലും പറഞ്ഞിട്ടുണ്ട്. അവർ *'തഖ്‌വാ* വസ്ത്രം' അണിഞ്ഞവരായതിനാൽ പരസ്പരം സ്പർശിച്ചാലും നോക്കിയാലും ഒന്നും സംഭവിക്കുകയില്ല. അവർ അദ്ദിക്റിനെ എല്ലാവിധ ആപത്ത്-വിപത്തുകളെത്തൊട്ടും അവിഹിതബന്ധങ്ങളെത്തൊട്ടും നരകത്തെത്തൊട്ടുമെല്ലാം അവരെ കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമായി ഉപയോഗപ്പെടുത്തുന്നവരാണ്.

ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള ജീവിതമാണ് നയിക്കേണ്ടത്. അല്ലാത്തപക്ഷം 10: 27 ൽ വിവരിച്ച പ്രകാരം മരണസമയത്ത് നാഥൻ അവരോട് 'നിശ്ചയം നീ കാഫിറുകളിൽ പെട്ടവനായിരുന്നു' എന്ന് പറയുന്നതാണ്. 33: 35 ൽ, നിശ്ചയം, സർവസ്വം അല്ലാഹുവിന് സമർപ്പിച്ച് ജീവിക്കുന്ന പുരുഷന്മാരും സ്ത്രീകളും വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും വണക്കമുള്ള പുരുഷന്മാരും സ്ത്രീകളും ഗ്രന്ഥത്തെ സത്യപ്പെടുത്തുന്ന പുരുഷന്മാരും സ്ത്രീകളും ക്ഷമാലുക്കളായ പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെ ഭയപ്പെടുന്ന പുരുഷന്മാരും സ്ത്രീകളും ദാനധർമ്മങ്ങൾ ചെയ്യുന്ന പുരുഷന്മാരും സ്ത്രീകളും വ്രതമനുഷ്ടിക്കുന്ന പുരുഷന്മാരും സ്ത്രീകളും തങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുന്ന പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്ന പുരുഷന്മാരും സ്ത്രീകളും; അവർക്കെല്ലാം അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. 9: 71–72; 10: 60; 14: 28–30; 18: 49 വിശദീകരണം നോക്കുക.

32. നിങ്ങളിൽ നിന്നുള്ള അവിവാഹിതരെയും നിങ്ങളുടെ അടിമകളിൽ നിന്നുള്ള സജ്ജനങ്ങളായ പുരുഷന്മാരെയും സ്ത്രീകളെയും വിവാഹം ചെയ്തുകൊടുക്കേണ്ടതുമാകുന്നു, ഇനി അവർ ദരിദ്രരാണെങ്കിൽ അല്ലാഹു അവന്റെ ഔദാര്യത്തിൽ നിന്ന് അവരെ ഐശ്വര്യവാന്മാരാക്കുന്നതാണ്, അല്ലാഹു വിശാലനായ സർവ്വജ്ഞാനിയുമാകുന്നു.

സമ്പത്ത് വിവാഹത്തിന് ഒരു മാനദണ്ഡമല്ല എന്നാണ് ഈ സൂക്തം പഠിപ്പിക്കുന്നത്. അടിമത്ത സമ്പ്രദായം നിലവിലുണ്ടായിരുന്ന പ്രവാചകന്റെ കാലത്തെ ലൈംഗിക അരാജകത്വം നിർത്തലാക്കാനും ഈ സൂക്തം ലക്ഷ്യം വെക്കുന്നു. വിശ്വാസികളുടെ ഒരു സമൂഹം വാർത്തെടുക്കാൻ ലക്ഷ്യം വെച്ചുള്ളവയാണ് ഈ സൂക്തവും. ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്ത ഇക്കാലത്ത് വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ആസ്യയെയും മർയമിനെയും മാതൃകയാക്കി വിവാഹിതരാകാതെ നിലകൊള്ളുകയാണ് വേണ്ടത്. എന്നാൽ ആത്മനിയന്ത്രണം പാലിച്ച് ജീവിക്കാൻ സാധിക്കുകയില്ല എന്ന് ഭയപ്പെടുന്നവർ വിവാഹം കഴിക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ 2: 221 ൽ വിവരിച്ച പ്രകാരം താരതമ്യേന പ്രകൃതിജീവിതത്തിൽ നിലകൊള്ളുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീപുരുഷന്മാരെ വിവാഹം കഴിക്കാവുന്നതാണ്. 4: 25, 85, 127–130 വിശദീകരണം നോക്കുക.

33. വിവാഹം ചെയ്യാൻ കഴിവില്ലാത്തവർ അല്ലാഹു അവന്റെ ഔദാര്യത്തിൽ നിന്ന് അവരെ ഐശ്വര്യവാന്മാരാക്കുന്നതുവരെ സ്വന്തം സദാചാരം സൂക്ഷിക്കേണ്ടതാകുന്നു, നിങ്ങളുടെ അടിമകളിൽ മോചനക്കരാറിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നവരാരോ, അപ്പോൾ അവർക്ക് നിങ്ങൾ മോചനക്കരാർ എഴുതുക -അവരിൽ നന്മയുണ്ടെന്ന് നിങ്ങൾ അറിയുന്നുവെങ്കിൽ; അല്ലാഹു നിങ്ങൾക്ക് നൽകിയ

ധനത്തിൽ നിന്ന് അവർക്ക് നൽകുകയും ചെയ്യുക, നിങ്ങളുടെ കീഴിലുള്ള അടിമസ്ത്രീകളെ അവർ ചാരിത്ര്യം സൂക്ഷിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്ന വരാണെങ്കിൽ ഐഹികനേട്ടം അന്വേഷിച്ചുകൊണ്ട് വേശ്യാവൃത്തിക്കുവേണ്ടി നിങ്ങൾ അവരെ നിർബന്ധിക്കുകയുമരുത്, അപ്പോൾ വല്ലവനും അവരെ നിർ ബന്ധിക്കുന്ന പക്ഷം നിശ്ചയം, അല്ലാഹു അവരുടെ നിർബന്ധിതാവസ്ഥക്കു ശേഷം ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു.

വിവാഹം ചെയ്യാൻ സാമ്പത്തികശേഷിയില്ലാത്തവർ വ്രതമനുഷ്ഠിച്ചിട്ടെങ്കിലും ആത്മനിയന്ത്രണം പാലിക്കണമെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പി ച്ചിട്ടുണ്ട്. അടിമവ്യവസ്ഥ നിലവിലുണ്ടായിരുന്ന അക്കാലത്ത് അടിമകളെക്കൊണ്ട് ജോ ലി ചെയ്യിപ്പിച്ചും അടിമസ്ത്രീകളെക്കൊണ്ട് വേശ്യാവൃത്തി ചെയ്യുന്നതിന് നിർബന്ധിപ്പി ച്ചും യജമാനന്മാർ വരുമാനം ഉണ്ടാക്കിയിരുന്നു. അത്തരം ദുരാചാരങ്ങളെല്ലാം ഘട്ടംഘട്ട മായിട്ടാണ് നിർമാർജ്ജനം ചെയ്തിട്ടുള്ളത്. അപ്പോൾ വിവാഹജീവിതം നയിക്കാൻ ആഗ്ര ഹിക്കുന്ന അടിമകൾ മോചനപത്രം എഴുതാൻ നിങ്ങളെ സമീപിക്കുകയാണെങ്കിൽ നി ങ്ങൾ അതിന് തയ്യാറാകണമെന്നും അതിനുവേണ്ടി അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള ധനത്തിൽ നിന്ന് അവർക്ക് നൽകി അവരെ സഹായിക്കണമെന്നുമാണ് കൽപ്പിക്കുന്നത്. അത്തരം അടിമസ്ത്രീകൾ മുമ്പ് വേശ്യാവൃത്തിക്ക് വിധേയമായിട്ടുള്ളത് നിർബന്ധിതാവ സ്ഥയിലായിരുന്നതിനാൽ ഏറെപ്പൊറുക്കുന്ന കാരുണ്യവാനായ അല്ലാഹു അവർക്ക് പൊ റുത്തുകൊടുക്കുമെന്നുമാണ് സൂക്തം പഠിപ്പിക്കുന്നത്. എന്നാൽ ഇന്ന് ഗ്രന്ഥത്തിന്റെ ആശ യത്തിൽ നിന്ന് *ഹിജ്റ* പോയതിനാൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കപടവി ശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ 23: 7 ൽ വിവരിച്ച പ്രകാരം യോനി ഖിബ്ലയായി സ്വീകരിച്ച് ജീവിക്കുന്നവരാണ്. 1: 2; 2: 256; 39: 53-60 വിശദീകരണം നോക്കുക.

34. നിശ്ചയം, നാം നിങ്ങളിലേക്ക് വ്യക്തമായ സൂക്തങ്ങൾ അവതരിപ്പിച്ച് തന്നിട്ടു ണ്ട് -നിങ്ങൾക്ക് മുമ്പുകഴിഞ്ഞു പോയവരിൽ നിന്നുള്ളവരുടെ ഉപമ ഉദാഹര ണങ്ങളായിക്കൊണ്ടും സൂക്ഷ്മതയുള്ളവർക്ക് സദുപദേശവുമായിക്കൊണ്ടും.

ത്രികാലജ്ഞാനിയായ നാഥനിൽ നിന്നുള്ള എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടു ള്ള ഏറ്റവും നല്ല ഗ്രന്ഥമാണ് അദ്ദിക്ർ. 16: 89 ൽ പറഞ്ഞ പ്രകാരം സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിംകൾ മാത്രമേ അതിനെ സന്മാർഗവും കാരുണ്യവും ശു ഭവാർത്താദായകവുമായി സ്വീകരിക്കുകയുള്ളൂ. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാ റുകൾ അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരായതിനാൽ 7: 37 ൽ പറഞ്ഞ പ്രകാരം മരണസമയത്ത് അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെ യായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. 3: 138; 11: 120; 16: 125; 23: 102-103 വിശദീ കരണം നോക്കുക.

35. അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു, അവന്റെ പ്ര കാശത്തിന്റെ ഉപമ ഒരു വിളക്കുമാടം പോലെയാണ്, അതിൽ ഒരു വിളക്കുണ്ട്, ആ വിളക്ക് ഒരു സ്ഫടികത്തിനകത്താണ്, ആ സ്ഫടികം ജ്വലിക്കുന്ന ഒരു ന ക്ഷത്രം പോലെയുമാണ്, കിഴക്കുഭാഗത്തുള്ളതോ പടിഞ്ഞാറുഭാഗത്തുള്ള തോ അല്ലാത്ത അനുഗ്രഹീതമായ ഒരു ഒലീവ് വൃക്ഷത്തിൽ നിന്നാണ് അത് കത്തിക്ക പ്പെടുന്നത്, അതിന്റെ എണ്ണ തീ സ്പർശിച്ചിട്ടില്ലെങ്കിൽ തന്നെ സ്വയം തിളങ്ങിക്കൊ

ണ്ടിരിക്കുന്നതാണ്, പ്രകാശത്തിനുമേൽ പ്രകാശം! അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ തന്റെ പ്രകാശത്തിലേക്ക് മാർഗദർശനം ചെയ്യുന്നു, അല്ലാഹു ജനങ്ങൾക്കുവേണ്ടി ഉപമകൾ വിവരിച്ചു കൊടുക്കുകയുമാകുന്നു, അല്ലാഹു എല്ലാഓരോ കാര്യത്തെക്കുറിച്ചും അറിവുള്ളവൻ തന്നെയുമാകുന്നു.

അല്ലാഹുവിനെ പ്രപഞ്ചത്തിലെ പ്രകാശത്തോടാണ് ഉപമിച്ചിരിക്കുന്നത്. അന്ധകാരങ്ങളാകട്ടെ പൈശാചികമാണ്. വിളക്കുമാടത്തിലാണ് വിളക്കുവെച്ചിട്ടുള്ളത് എന്ന് പറഞ്ഞതുകൊണ്ട് പ്രകാശം മറ്റുഭാഗങ്ങളിലേക്ക് ചിന്നിച്ചിതറിപ്പോകാതെ പൂർണ്ണമായി പ്രപഞ്ചത്തിലെല്ലായിടത്തും ലഭിക്കുന്നു എന്നാണ്. ആ വിളക്ക് സ്വയം ജ്വലിക്കുന്ന സ്ഫടികക്കൂട്ടിലായതിനാൽ പ്രകാശം പൂർണ്ണരൂപത്തിൽ ലഭിക്കുന്നു എന്നുമാണ്. 'കിഴക്കുഭാഗത്തുള്ളതോ പടിഞ്ഞാറുഭാഗത്തുള്ളതോ അല്ലാത്ത, തീ സ്പർശിച്ചിട്ടില്ലെങ്കിലും തിളങ്ങുന്ന അനുഗ്രഹീതമായ ഒലീവ് വൃക്ഷത്തിൽനിന്നുള്ള എണ്ണ' എന്നുപറഞ്ഞത്, ഒലീവ് വൃക്ഷത്തിന് രാവിലത്തെയും വൈകുന്നേരത്തെയും സൂര്യപ്രകാശം അല്പംപോലും ഒഴിവാകാതെ പൂർണ്ണരീതിയിൽ ലഭിക്കുന്നതിനാൽ അതിന്റെ എണ്ണയിൽ അല്പംപോലും ജലാംശമില്ല എന്നാണ്. അങ്ങനെ ആ വിളക്ക് പ്രകാശത്തിനുമേൽ പ്രകാശം ചൊരിയുന്നു. പ്രകാശത്തിന്റെ ആധിക്യത്താലാണ് അല്ലാഹുവിനെ കണ്ണുകൊണ്ട് കാണാൻ കഴിയാത്തത്. 6: 103–104 വിശദീകരണം നോക്കുക.

'തന്റെ പ്രകാശത്തിലേക്ക് മാർഗദർശനം ചെയ്യുന്നു' എന്നതിലെ പ്രകാശം 4: 174 ൽ പറഞ്ഞ വ്യക്തമായ തെളിവും പ്രകാശവുമായ അദ്ദിക്ർ തന്നെയാണ്. 'അവൻ ഉദ്ദേശിക്കുന്നവരെ' എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത് 14: 1 ൽ പറഞ്ഞതുപോലെ അദ്ദിക്റിൽനിന്ന് അവരവരെ മനസ്സിലാക്കി അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിനോട് ചോദിക്കുന്നവരെ എന്നാണ്. അല്ലാഹുവിനെ പരിചയപ്പെടുത്തേണ്ടവിധം മനുഷ്യർക്ക് പരിചയപ്പെടുത്തുക എന്നത് പ്രകാശമായ അദ്ദിക്ർ വഹിക്കുന്നവരുടെ ബാധ്യതയാണ്. എന്നാൽ അദ്ദിക്റിനെ മൂടിവെച്ച് ജീവിക്കുന്ന ഫുജ്ജാറുകൾ ഇന്ന് മറ്റേതൊരു ജനവിഭാഗത്തെക്കാളും പൈശാചിക വൃത്തികളിൽ മുഴുകി അന്ധകാരങ്ങളിൽ തപ്പിത്തടയുകയാണ്. 7: 157–158; 8: 22 വിശദീകരണം നോക്കുക.

36. അല്ലാഹു പടുത്തുയർത്താൻ സമ്മതം കൊടുത്ത ചില ഭവനങ്ങളിൽ –അവയിൽ അവന്റെ നാമം സ്മരിക്കപ്പെടുകയും പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും അവനെ വാഴ്ത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

സൂക്തത്തിൽ പറഞ്ഞ വീടുകൾ ജനങ്ങൾക്ക് അദ്ദിക്ർ പഠിപ്പിക്കാനും അല്ലാഹുവിനെ ധാരാളമായി സ്മരിക്കാനും സ്തുതിക്കാനും വാഴ്ത്താനുമെല്ലാം ഉതകുന്ന വിധത്തിൽ സ്ഥാപിതമായിട്ടുള്ള പള്ളികളാണ്. എന്നാൽ 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം ഇസ്ലാം പിരിയുടയുകയും ഗ്രന്ഥം വഹിക്കുന്നവർ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായി മാറുകയുണ്ടായി. 4: 150–151 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ ആത്മാവിനെയും പരലോകത്തെയും പരിഗണിക്കാതെ ശരീരത്തിനും ഐഹികലോകത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് അദ്ദിക്റിനെ വിസ്മരിച്ച കെട്ടജനതയും യഥാർത്ഥ കാഫിറുകളുമായിരിക്കുകയാണ്. അവരുടെ പ്രാർത്ഥനയും ഖുർആൻ പാരായണവുമെല്ലാം ദൈവസ്മരണയില്ലാത്തതും 8: 35 ൽ വിവരിച്ച പ്രകാരമുള്ള ആർപ്പുംവിളിയുമാണ്. അങ്ങനെ അവരുടെ പള്ളികളാകട്ടെ, 9: 107–108 സൂക്തങ്ങളിൽ വിവരിച്ച

പ്രകാരമുള്ള ഉപദ്രവകരമായ പള്ളികളുമായി മാറിയിരിക്കയാണ്.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ ഒരുമിച്ച് ചേർന്നുള്ള *ജുമുഅഃ, ജമാഅത്ത്* നമസ്കാരങ്ങൾ ഇല്ല. 7: 205 ൽ പ്രവാചകനോട് കൽപിച്ചിട്ടുള്ളത് -നീ നിന്റെ നാഥനെ വളരെ വിനീതനായും ഉള്ളിന്റെയുള്ളിൽ ഭയപ്പെട്ടുകൊണ്ടും വാക്കുകൾ നാവുകൊണ്ട് പറയാതെ പ്രഭാതപ്രദോഷങ്ങളിൽ ആത്മാവുകൊണ്ട് സ്മരിക്കുക എന്നും നീ പ്രജ്ഞയറ്റവരിൽ ഉൾപ്പെടരുത് എന്നുമാണ്. അപ്പോൾ ഇന്ന് ഒറ്റപ്പെട്ട വിശ്വാസി 7: 206 ൽ വിവരിച്ച പ്രകാരമുള്ള പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് പിൻപറ്റേണ്ടത്. 9: 17-18; 22: 40; 25: 17-18 വിശദീകരണം നോക്കുക.

37. കച്ചവടമോ ക്രയവിക്രയങ്ങളോ അല്ലാഹുവിന്റെ സ്മരണയെത്തൊട്ട് തടയാത്ത ചില പുരുഷന്മാർ; അവർ മുറപ്രകാരം നമസ്കാരം നിലനിർത്തുന്നവരും സക്കാത്ത് നൽകുന്നവരും ഹൃദയങ്ങളും ദൃഷ്ടികളും തകിടം മറിയുന്ന ഒരു ദിനത്തെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നവരുമാണ്.

അദ്ദിക്ർ കൊണ്ടുമാത്രമാണ് നാഥന്റെ സ്മരണ നിലനിർത്താൻ സാധിക്കുക. *ദിക്ർ* എന്ന ഗ്രന്ഥം നിലനിർത്തുന്നതിന് വേണ്ടി നമസ്കരിക്കുക എന്നാണ് 20: 14 ൽ പറഞ്ഞിട്ടുള്ളത്. 18: 100-101 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആരാണോ *ദിക്ർ* എന്ന ഗ്രന്ഥം കാണാത്തതും കേൾക്കാത്തതും, അക്കൂട്ടരാണ് നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകൾ. 15: 9; 22: 77-78; 23: 57-61; 56: 82 വിശദീകരണം നോക്കുക.

38. അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏറ്റവും നല്ലപ്രവൃത്തിനോക്കി അല്ലാഹു അവർക്ക് പ്രതിഫലം നൽകുന്നതിനും അവന്റെ ഔദാര്യത്തിൽനിന്ന് അവർക്ക് അധികരിച്ച് നൽകുന്നതിനും വേണ്ടിയാകുന്നു അത്; അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ ഭക്ഷണവിഭവങ്ങൾ നൽകുന്നവനുമാകുന്നു.

3: 37; 16: 97; 21: 101 വിശദീകരണം നോക്കുക.

39. കാഫിറുകളായിട്ടുള്ളവരോ, അവരുടെ പ്രവർത്തനങ്ങൾ മരുഭൂമിയിലെ മരീചിക പോലെയാണ്, ദാഹിക്കുന്നവൻ അത് വെള്ളമാണെന്ന് കണക്കുകൂട്ടുന്നു, അതിനടുത്ത് വന്നെത്തിയാലോ അവിടെ ഒന്നും കണ്ടെത്തുകയില്ല, അവന്റെയടുത്ത് അവൻ അല്ലാഹുവിനെ കണ്ടെത്തുകയും അപ്പോൾ അവൻ അവന്റെ വിചാരണ പൂർത്തിയാക്കിക്കൊടുക്കുകയും ചെയ്യുന്നതാണ്, അല്ലാഹു അതിവേഗം വിചാരണ നടത്തുന്നവൻ തന്നെയാകുന്നു!

പ്രകാശമായ അദ്ദിക്റിനെ മൂടിവെക്കുന്നവരുടെ അവസ്ഥയാണ് സൂക്തത്തിൽ വരച്ചുകാണിച്ചിട്ടുള്ളത്. അവന്റെ കർമ്മങ്ങൾ മരുഭൂമിയിലെ മരീചികയോടാണ് ഉപമിച്ചിരിക്കുന്നത്. ദാഹിച്ചുവലഞ്ഞവൻ ദൂരെനിന്ന് വെള്ളമാണെന്ന് കരുതി വളരെ പ്രതീക്ഷയോടുകൂടി മരീചികയുടെ അടുത്തേക്ക് നീങ്ങുന്നു. എന്നാൽ അവിടെ എത്തുമ്പോൾ വെള്ളമൊന്നും ലഭിക്കുകയില്ലെന്ന് മാത്രമല്ല, അവനെ മരണം പിടികൂടുകയുമാണ്. അതാണ് അവന്റെയടുത്ത് അവൻ അല്ലാഹുവിനെ കണ്ടെത്തുന്നു എന്ന് പറഞ്ഞതിന്റെ ആശയം. അല്ലാഹുവിനെ കണ്ടെത്തുന്നു എന്നല്ല, മറിച്ച് 75: 24 ൽ പറഞ്ഞ പ്രകാരം ദുഃഖത്തോടുകൂടി പിശാചിനെ കണ്ടുകൊണ്ടും കാഫിറാണെന്ന് ആത്മാവിനെതിരെ സാക്ഷ്യം വഹിച്ചുകൊണ്ടും അവൻ ജീവൻ വെടിയുന്നു എന്നാണ്. പിശാച് പാട്ടിലാക്കുന്ന ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പതിനും തങ്ങളുടെ നാഥനെ കാണാൻ സാധിക്കാത്തവി

ധം അവർക്കും അല്ലാഹുവിനുമിടയിൽ ഒരു മറയിടപ്പെടുമെന്ന് 83: 15 ൽ പറഞ്ഞിട്ടുണ്ട്. 'അല്ലാഹു അതിവേഗം വിചാരണ നടത്തുന്നവൻ തന്നെയാണ്' എന്ന് പറഞ്ഞത് കമ്പ്യൂട്ടർ സോഫ്റ്റ്വെയറിനെക്കുറിച്ച് അറിയുന്ന ഇക്കാലത്തുള്ളവർക്ക് വളരെവേഗം മനസ്സിലാകേണ്ടതാണ്. എന്നാൽ അദ്ദിക്റിനെ ഉൾക്കാഴ്ചാദായകമായി ഉപയോഗപ്പെടുത്താത്തിനാൽ 22: 46 ൽ പറഞ്ഞ പ്രകാരം അവരുടെ നെഞ്ചകങ്ങളിലുള്ള ഹൃദയങ്ങൾക്ക് അന്ധത ബാധിച്ചിരിക്കുകയാണ്. 18: 49, 103–106; 25: 21–23 വിശദീകരണം നോക്കുക.

40. അല്ലെങ്കിൽ ആഴക്കടലിലെ ഇരുട്ടുകൾ പോലെയാകുന്നു, ഒന്നിനുമീതെ മറ്റൊന്നായി തിരമാലകൾ അതിനെ പൊതിയുന്നു, അതിനുമീതെ കാർമേഘം, അങ്ങനെ ഒന്നിനുമീതെ മറ്റൊന്നായി അനേകം ഇരുട്ടുകൾ, അവൻ തന്റെ കൈനീട്ടിയാൽ അതുപോലും അവൻ കാണുകയില്ല; ആർക്കാണോ അല്ലാഹു പ്രകാശം നൽകാതിരിക്കുന്നത്, അപ്പോൾ അവന് പ്രകാശത്തിൽനിന്ന് ഒന്നും തന്നെയില്ല.

പ്രകാശമാകുന്ന അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറുകളുടെ കർമ്മങ്ങൾ മരുഭൂമിയിലെ മരീചികയോടാണ് മുൻസൂക്തത്തിൽ ഉപമിച്ചതെങ്കിൽ, ഇവിടെ ആഴക്കടലിലെ ഇരുട്ടുകളോടാണ് ഉപമിക്കുന്നത്. സമുദ്രത്തിൽ താഴോട്ട് പോകുന്തോറും സൂര്യപ്രകാശത്തിന്റെ ഏഴുവർണങ്ങൾ ഘട്ടംഘട്ടമായി ഇല്ലാതാകുന്നതും അങ്ങനെ വീണ്ടും താഴോട്ടുപോയാൽ പിന്നെ ഒരുനിറവും കാണാൻ കഴിയാത്ത അഥവാ സൂര്യപ്രകാശത്തിന്റെ ഒരുകണം പോലുമില്ലാത്ത അവസ്ഥ വരുന്നതും ഇന്ന് ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടുള്ള കാര്യമാണ്. 'കൈനീട്ടിയാൽ അതുപോലും അവൻ കാണുകയില്ല' എന്ന് സൂക്തത്തിൽ പറഞ്ഞതിനെ ഇത് സത്യപ്പെടുത്തുന്നു. ആഴക്കടലിലെ ആന്തരിക തിരമാലകളെക്കുറിച്ചുള്ള സൂക്തത്തിലെ പരാമർശവും ശ്രദ്ധേയമാണ്.

പ്രകാശം അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. 14: 1 ൽ വിവരിച്ച പ്രകാരം പ്രകാശമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് മനുഷ്യരെ അന്ധകാരങ്ങളിൽ നിന്നും പ്രകാശത്തിലേക്ക് നയിക്കുന്നതിന് വേണ്ടിയാണ്. 9: 32–33 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ വായകൊണ്ട് പ്രകാശമായ അദ്ദിക്റിനെ ഊതിക്കെടുത്താൻ ശ്രമിക്കുന്നവരാണെങ്കിലും നാഥൻ അവന്റെ പ്രകാശം പൂർത്തിയാക്കുകതന്നെ ചെയ്യും. 6: 25–26 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫുജ്ജാറുകൾ പ്രകാശമായ അദ്ദിക്ർ ഉപയോഗപ്പെടുത്തുകയോ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യുകയില്ല. അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായ അവരെ ആയിരം സമുദായങ്ങളിൽപെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ച ജീവികൾ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്.

ഒന്നിനുമീതെ മറ്റൊന്നായി അനേകം ഇരുട്ടുകളിൽ തളച്ചിടപ്പെട്ട കാഫിറുകളിൽ നിന്നും വിഭിന്നമായി വിശ്വാസികൾ പ്രകാശമാകുന്ന അദ്ദിക്റിനെ എപ്പോഴും മുറുകെപ്പിടിച്ച് നിലകൊള്ളുന്നവരും, 66: 8 ൽ പറഞ്ഞതുപോലെ ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് നീ ഞങ്ങളുടെ പ്രകാശം -അദ്ദിക്ർ- പൂർത്തിയാക്കിത്തരേണമേ, ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ, നിശ്ചയം നീ എല്ലാകാര്യത്തിനും കഴിവുള്ള സർവ്വശക്തൻ തന്നെയാകുന്നു എന്ന് എപ്പോഴും പ്രാർത്ഥിക്കുന്നവരുമാണ്. 4: 174–175; 24: 35; 42: 52 വിശദീകരണം നോക്കുക.

41. നിശ്ചയം അല്ലാഹു, ആകാശങ്ങളിലും ഭൂമിയിലുമുള്ളവരും ചിറക് നിശ്ചലമാക്കി പറക്കുന്ന പക്ഷികളും അവനെ വാഴ്ത്തിക്കൊണ്ടിരിക്കുന്നത് നീ കണ്ടി

ല്ലേ? നിശ്ചയം, എല്ലാ ഓരോന്നിനും അതിന്റേതായ നമസ്കാരരീതിയും അതിന്റേതായ കീർത്തനരീതിയും അറിവുണ്ട്, അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം അല്ലാഹു അറിവുള്ളവൻ തന്നെയാണ്.

ഇത്തരം സൂക്തങ്ങളുടെ ആശയം ഉൾക്കൊണ്ട വിശ്വാസി ഇന്ന് 25: 58 ലെ ത്രികാലജ്ഞാനി 25: 59 ലെ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെടുത്തിയതും 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥവുമായ അദ്ദിക്ർ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും വായിക്കുകയും, 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനെ പരിശുദ്ധപ്പെടുത്തുകയും വാഴ്ത്തുകയും അവനോട് പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവ്വഹിക്കുകയും, അദ്ദിക്റിന്റെ വഴിയിൽ ജീവിതം ചിട്ടപ്പെടുത്തുകയും വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടുന്നതിനുള്ള പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്യുന്നതാണ്. അതോടൊപ്പംതന്നെ സ്രഷ്ടാവിന്റെ ആയിരം സമുദായങ്ങളിൽപെട്ട ജീവജാലങ്ങളുടെ ക്ഷേമവും ഐശ്വര്യവും ലക്ഷ്യം വെച്ചുകൊണ്ട് മനുഷ്യർക്കും മറ്റുജീവജാലങ്ങൾക്കും ഭക്ഷണവും ശുദ്ധവായുവും മറ്റും ലഭിക്കുന്നതിന് വേണ്ടി ജൈവകൃഷി ചെയ്യുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും ജീവജാലങ്ങളുടെ കീർത്തനത്തിന്റെയും വാഴ്ത്തലിന്റെയും പുണ്യം ലഭിക്കുന്നതിന് വേണ്ടി അവയെ വളർത്തുകയും മറ്റുള്ളവരെ അങ്ങനെ ചെയ്യാൻ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതുമാണ്. അതുവഴി അവന് ആയിരം സമുദായങ്ങളിൽ പെട്ട ജീവജാലങ്ങളുടെ പ്രാർത്ഥനയുടെയും കീർത്തനങ്ങളുടെയും പ്രതിഫലം ലഭിക്കുന്നതാണ്. ഇതാണ് ഇന്ന് സ്വർഗം പണിയുന്ന രീതി. ഇങ്ങനെ പ്രവർത്തിക്കുന്നവർക്ക് അവർ ഇവിടെ (നാലാംഘട്ടത്തിൽ) പണിത സ്വർഗം പരലോകത്ത് (ഏഴാംഘട്ടത്തിൽ) അനന്തരാവകാശമായി ലഭിക്കുന്നതാണ്. അദ്ദിക്ർ ഉപയോഗപ്പെടുത്താത്തത് കാരണം ആത്മാവ് പങ്കെടുക്കാതെ ശരീരംകൊണ്ട് നമസ്കാരം നിർവ്വഹിക്കുന്നവർക്കെല്ലാം അവർ നമസ്കരിച്ചതിന് പിഴയായി നരകക്കുണ്ഠത്തിലെ *വൈൽ* എന്ന ചെരിവ് ലഭിക്കുമെന്ന് 4: 142–143; 25: 65–66; 107: 4–5 തുടങ്ങിയ സൂക്തങ്ങളിലൂടെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 261; 4: 85; 17: 44; 67: 19 വിശദീകരണം നോക്കുക.

42. അല്ലാഹുവിനുള്ളതാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം, അല്ലാഹുവിലേക്ക് തന്നെയാണ് മടക്കവും.

'അല്ലാഹുവിലേക്ക് തന്നെയാണ് മടക്കവും' എന്ന് പറഞ്ഞതിന് എല്ലാവരും സ്വർഗത്തിലേക്ക് മടങ്ങുമെന്ന് ആശയമില്ല. മറിച്ച് അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തിയവർ മാത്രമേ സ്വർഗത്തിലേക്ക് മടങ്ങുകയുള്ളൂ. ഗ്രന്ഥം കിട്ടിയിട്ട് അതിന്റെ ആശയം മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത കപടവിശ്വാസികളും ഫാജിറുകളുമടങ്ങിയ ഫുജ്ജാറുകളുടെ മടക്കം പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്കാണ്. 7: 40; 21: 104–108; 22: 56–57; 25: 33–34 വിശദീകരണം നോക്കുക.

43. നിശ്ചയം, അല്ലാഹു കാർമേഘത്തെ മന്ദം മന്ദം ചലിപ്പിക്കുകയും പിന്നീട് അതിനെ സംയോജിപ്പിക്കുകയും എന്നിട്ട് അതിനെ മേഘപാളികളാക്കുകയും ചെയ്യുന്നത് നീ കണ്ടില്ലേ? അപ്പോൾ അതിനിടയിലൂടെ മഴത്തുള്ളികൾ ഉതിർന്ന് വീഴുന്നതായി നിനക്ക് കാണാം, ആകാശത്തുള്ള മേഘത്താലുള്ള മലകളിൽ നിന്ന് അവൻ ആലിപ്പഴം ഇറക്കുകയും എന്നിട്ട് താൻ ഉദ്ദേശിക്കുന്നവർക്ക് അ

ത് അവൻ ബാധിപ്പിക്കുകയും താൻ ഉദ്ദേശിക്കുന്നവരെത്തൊട്ട് അത് തിരിച്ചുവി ടുകയും ചെയ്യുന്നു, അതിന്റെ മിന്നൽ പിണർ ദൃഷ്ടികളെ റാഞ്ചിക്കളയുമാറാ കുന്നു.

സമുദ്രങ്ങളിൽ നിന്നും നദികളിൽ നിന്നും മറ്റു ജലാശയങ്ങളിൽ നിന്നുമെല്ലാമുള്ള നീരാവി കാറ്റിനാൽ വഹിക്കപ്പെട്ട് മേഘങ്ങളായി രൂപാന്തരപ്പെടുന്നു. ആ മേഘങ്ങളെ മ ന്ദം മന്ദം ചലിപ്പിച്ച് ഒരുമിച്ചുകൂട്ടി ഐസ്മലകളായി ഘനീഭവിപ്പിക്കുന്നു. അവയിൽ നിന്ന് മഴത്തുള്ളികളും ആലിപ്പഴവും വർഷിക്കുന്നു. അതവൻ ഉദ്ദേശിക്കുന്നവർക്ക് ഗുണകര മായും ദോശകരമായും ബാധിപ്പിക്കുന്നു. മുകളിൽ മേഘത്താലുള്ള ഐസ്മലകളുണ്ടെന്ന് ഗ്രന്ഥം പറഞ്ഞകാര്യം വിമാനം കണ്ടുപിടിച്ചതിന് ശേഷമാണ് മനുഷ്യർക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. 2: 164; 13: 13–14 വിശദീകരണം നോക്കുക.

44. അല്ലാഹു രാവും പകലും മാറ്റിമറിച്ചുകൊണ്ടിരിക്കുന്നു, നിശ്ചയം അതിൽ ഉ ൾക്കാഴ്ചയുള്ളവർക്ക് ഒരു ഗുണപാഠമുണ്ട്.

3: 190–191; 25: 62; 39: 17–18 വിശദീകരണം നോക്കുക.

45. എല്ലാ ജന്തുക്കളെയും അല്ലാഹു വെള്ളത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു, അ പ്പോൾ അവയിൽ അതിന്റെ ഉദരത്തിന്മേൽ നടക്കുന്നവരുണ്ട്, രണ്ട് കാലിൽ നടക്കുന്നവരും അവയിലുണ്ട്, നാല് കാലിൽ നടക്കുന്നവരും അവയിലുണ്ട്, അ ല്ലാഹു അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു, നിശ്ചയം അല്ലാഹു എല്ലാ ഓ രോ കാര്യത്തിനും കഴിവുള്ളവൻ തന്നെയാകുന്നു!

വെള്ളത്തിൽ നിന്നാണ് എല്ലാ ജീവനുള്ളവയെയും സൃഷ്ടിച്ചിട്ടുള്ളത് എന്നതിനാ ൽ ജീവൻ നിലനിൽക്കുന്നതിന് വെള്ളം അനിവാര്യഘടകമാണ്. ഇത്തരം സൂക്തങ്ങൾ വായിക്കുന്ന ഫുജ്ജാറുകൾ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ കേ ൾക്കാനും അതിനെക്കുറിച്ച് ലോകരോട് പറയാനും തയ്യാറാകാത്തത് കാരണം ചിന്താശ ക്തി ഉപയോഗപ്പെടുത്താത്ത അവരെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും തിന്മയേറിയവർ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 9: 67–68; 11: 7; 21: 30 വിശദീകരണം നോക്കുക.

46. നിശ്ചയം, എല്ലാ കാര്യങ്ങളും വിശദീകരിച്ചിട്ടുള്ള സൂക്തങ്ങൾ നാം അവതരി പ്പിച്ചിരിക്കുന്നു, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ നേരെച്ചൊവ്വെയുള്ള പാ തയിലേക്ക് മാർഗദർശനം ചെയ്യുകയും ചെയ്യുന്നു.

നേരെച്ചൊവ്വെയുള്ള പാത എന്നത് അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. അദ്ദിക്റി നെ മുറുകെപ്പിടിച്ചവൻ *മുഹൈമിനാ*യ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101; 5: 48 എന്നീ സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 6: 153; 13: 27; 16: 37; 39: 23 വിശദീകരണം നോക്കുക.

47. അവർ പറയുകയും ചെയ്യുന്നു: നിശ്ചയം, ഞങ്ങൾ അല്ലാഹുവിനെക്കൊണ്ടും പ്രവാചകനെക്കൊണ്ടും വിശ്വസിക്കുകയും ഞങ്ങൾ അനുസരിക്കുകയും ചെയ് തിരിക്കുന്നു, പിന്നെ അതിനുശേഷവും അവരിൽ ഒരുവിഭാഗമതാ പിന്മാറിപ്പോ കുന്നു, അക്കൂട്ടർ വിശ്വാസികളായിട്ടില്ലതന്നെ.

കപടവിശ്വാസികളുടെയും മനസ്സിൽ രോഗമുള്ളവരുടെയും സ്വഭാവമാണ് ഈ സൂ ക്തത്തിൽ വരച്ചുകാണിച്ചിട്ടുള്ളത്. അവർ വായകൊണ്ട് വിശ്വാസികളാണ് എന്ന് പറയുക

യും ഗ്രന്ഥം വായിക്കുകയും ധാരാളം കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യും. എന്നാൽ അവരുടെ ഹൃദയങ്ങളിലേക്ക് ഗ്രന്ഥത്തിന്റെ ആശയം ഇറങ്ങിച്ചെല്ലാത്തതിനാൽ അവർ അതുവഴി വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ ദീനിൽ നിന്ന് തെറിച്ചുപോവുകയാണ് ചെയ്യുന്നത്. അവർക്കെതിരെ അവർ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം സാക്ഷിനിൽക്കുകയും വാദിക്കുകയും ചെയ്ത് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. 22: 53-55; 33: 72-73; 48: 6 വിശദീകരണം നോക്കുക.

48. അവർക്കിടയിൽ വിധി കൽപിക്കുന്നതിനായി അല്ലാഹുവിലേക്കും അവന്റെ പ്രവാചകനിലേക്കും അവർ വിളിക്കപ്പെട്ടാൽ അപ്പോഴതാ അവരിൽ നിന്നുള്ള ഒരുവിഭാഗം അതിനെ അവഗണിക്കുന്നവരാകുന്നു.

49. ന്യായം അവർക്ക് അനുകൂലമാണെങ്കിലോ, അവർ അതിലേക്ക് വിധേയത്വത്തോടുകൂടി വരികയും ചെയ്യും.

ഇന്ന് 'അല്ലാഹുവിലേക്കും അവന്റെ പ്രവാചകനിലേക്കും വിളിക്കപ്പെട്ടാൽ' എന്നതുകൊണ്ടുള്ള വിവക്ഷ അല്ലാഹുവിനെയും പ്രവാചകനെയും ഹൃദയത്തിന്റെ ഭാഷയിൽ പരിചയപ്പെടുത്തിത്തരുന്ന യുക്തിനിർഭരവും അജയ്യവും മിഥ്യകലരാത്ത ഗ്രന്ഥവുമായ അദ്ദിക്റിലേക്ക് വിളിക്കപ്പെട്ടാൽ എന്നാണ്. 4: 63-64; 9: 65 വിശദീകരണം നോക്കുക.

50. അവരുടെ ഹൃദയങ്ങളിൽ വല്ല രോഗവുമുണ്ടോ, അതോ അവർ സംശയത്തിൽ അകപ്പെട്ടിരിക്കുകയാണോ? അതല്ല, അല്ലാഹുവും അവന്റെ പ്രവാചകനും അവരോട് അന്യായം ചെയ്യുമെന്ന് അവർ ഭയപ്പെടുകയാണോ? അല്ല, അക്കൂട്ടർ, അവർ തന്നെയാണ് അക്രമികൾ.

അദ്ദിക്ർ എല്ലാവിധ സംശയങ്ങളും ദൂരീകരിക്കാനുള്ള ഉറപ്പ് നൽകുന്ന സത്യമാണ്. അത് വന്നുകിട്ടിയിട്ട് സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്നവർ തന്നെയാണ് അക്രമികൾ. ഇത്തരം കപടവിശ്വാസികളെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരെയും ശിക്ഷിക്കാൻ വേണ്ടിയാണ് അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 33: 73; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും സമൂഹജീവിതത്തിലും വിധി കൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 254; 10: 57; 32: 22 വിശദീകരണം നോക്കുക.

51. തങ്ങൾക്കിടയിൽ തീർപ്പ് കൽപിക്കുന്നതിനായി അല്ലാഹുവിലേക്കും അവന്റെ പ്രവാചകനിലേക്കും വിളിക്കപ്പെട്ടാൽ വിശ്വാസികളുടെ വാക്ക്, 'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു' എന്ന് പറയുക മാത്രമായിരിക്കും, അക്കൂട്ടർ തന്നെയാണ് വിജയം വരിക്കുന്നവരും.

41: 41-43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ ഗ്രന്ഥരൂപത്തിൽ രൂപപ്പെട്ടിരിക്കെ വിശ്വാസികൾ അവർക്കിടയിലുള്ള ഭിന്നിപ്പുകളിൽ അതുകൊണ്ട് വിധികൽപിക്കുന്നതിന് വേണ്ടി വിളിക്കപ്പെട്ടാൽ പൂർണ്ണമായി അതിന് തയ്യാറാകുന്നതാണ്. അഥവാ അദ്ദിക്ർ കൊണ്ട് വിധികൽപിക്കുന്നതുവരെ ഒരാളും അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും അനുസരിക്കുന്നവനാവുകയില്ല. 2: 285-286; 7: 157-158,

205–206; 23: 102–103 വിശദീകരണം നോക്കുക.

52. അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും അനുസരിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും അവനെ സൂക്ഷിച്ച് ജീവിക്കുകയും ചെയ്യുന്നവരാരോ; അപ്പോൾ അക്കൂട്ടർ, അവർ തന്നെയാണ് ജീവിതലക്ഷ്യം സാക്ഷാത്കരിക്കുന്നവർ.

അല്ലാഹുവും അവന്റെ സംസാരമായ അദ്ദിക്റും ഒന്നാണെന്നിരിക്കെ അദ്ദിക്റിൽ നിന്ന് അല്ലാഹുവിനെ മനസ്സിലാക്കി അല്ലാഹുവിനെ ഭയപ്പെടുകയും അവനെ കണ്ടുകൊണ്ട് ചരിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ അവനെ ഹൃദയത്തിൽ സൂക്ഷിക്കാൻ സാധിക്കുകയുള്ളൂ. അക്കൂട്ടർ തന്നെയാണ് ജീവിതലക്ഷ്യം സാക്ഷാത്കരിക്കുന്നവർ. പ്രവാചകന്റെ ജീവിതം 6: 153 ൽ പറഞ്ഞ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിന്റെ പാതയിൽ തന്നെയായിരുന്നു. 1: 5; 3: 101–103; 23: 1–11, 111 വിശദീകരണം നോക്കുക.

53. തങ്ങളുടെ പ്രതിജ്ഞകൾ ഉറപ്പിക്കുന്നതിന് വേണ്ടി അവർ അല്ലാഹുവിനെക്കൊണ്ട് ആണയിട്ട് പറയുന്നതുമാണ് -നീ അവരോട് കൽപിക്കുകയാണെങ്കിൽ അവർ പുറപ്പെടുകതന്നെ ചെയ്യുമെന്ന്; നീ പറയുക: നിങ്ങൾ അങ്ങനെ ആണയിടേണ്ടതില്ല, നിങ്ങളുടെ അനുസരണം അറിയപ്പെട്ടതാണല്ലോ! നിശ്ചയം, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്തവനാകുന്നു.

51–52 സൂക്തങ്ങളിൽ വിജയം വരിക്കുന്ന വിശ്വാസികളുടെ സ്വഭാവം വിവരിച്ചശേഷം, 47–50 സൂക്തങ്ങളിൽ പറഞ്ഞ അക്രമികളും തെമ്മാടികളുമായ കപടവിശ്വാസികളുടെ സ്വഭാവം വീണ്ടും വിവരിക്കുകയാണ്. അല്ലാഹു കൊന്നുകളഞ്ഞ അവർ ഏതൊരു കാര്യത്തിനും ഹൃദയത്തിലില്ലാതെ വായകൊണ്ട് അല്ലാഹുവിനെപ്പിടിച്ച് ആണയിട്ട് സംസാരിക്കുന്നവരായിരിക്കും. അല്ലാഹുവിനെ ത്രികാലജ്ഞാനിയായി അംഗീകരിക്കാത്ത അവർ പ്രപഞ്ചത്തിൽ നടക്കുന്ന കാര്യങ്ങളെല്ലാം നേരത്തെത്തന്നെ ഒരുഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നോ നാഥൻ ഉറക്കവും മയക്കവുമില്ലാതെ എല്ലാം സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നോ അംഗീകരിക്കാത്ത വിധത്തിലാണ് പ്രായോഗികജീവിതം നയിക്കുക. 22: 70; 23: 62–65; 58: 14–19 വിശദീകരണം നോക്കുക.

54. നീ പറയുക: നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവീൻ, സന്ദേശവാഹകനെയും നിങ്ങൾ അനുസരിക്കുവീൻ, അങ്ങനെ നിങ്ങൾ പിന്തിരിഞ്ഞ് പോവുകയാണെങ്കിൽ അപ്പോൾ നിശ്ചയം കാര്യം, അവന്റെ മേൽ അവൻ ഏൽപിക്കപ്പെട്ട ഒന്നും നിങ്ങളുടെമേൽ നിങ്ങൾ ഏൽപിക്കപ്പെട്ട ഒന്നും മാത്രമാണുള്ളത്; നിങ്ങൾ അവനെ അനുസരിക്കുകയാണെങ്കിൽ നിങ്ങൾ സന്മാർഗം പ്രാപിക്കുന്നതാണ്, വ്യക്തമായി എത്തിച്ചുകൊടുക്കലല്ലാതെ സന്ദേശവാഹകന്റെ മേൽ ബാധ്യതയൊന്നുമില്ല.

ത്രികാലജ്ഞാനിയായ അല്ലാഹു ഓരോ ആത്മാവിനെയും അതിന് വഹിക്കാൻ കഴിയാത്തത് വഹിപ്പിച്ചിട്ടില്ല എന്ന് 2: 286; 6: 152; 23: 62 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 76: 3 പ്രകാരം ഓരോ ആത്മാവിനും ദുർമാർഗവും സന്മാർഗവും വേർതിരിച്ച് വിവരിച്ച് തരുന്ന അദ്ദിക്ർ നൽകിയ അവൻ രണ്ടാലൊരു മാർഗം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. മനുഷ്യർ കാലാന്തരത്തിൽ പ്രജ്ഞാശൂന്യതയിൽ അകപ്പെടുമ്പോൾ അവരെ ഉണർത്തുന്നതിന് വേണ്ടി അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്റുംകൊണ്ട് സന്ദേശവാഹകരെ അയച്ചിട്ടുണ്ട്. സന്ദേശവാഹകർക്ക് അവരെ ഏൽപിച്ച സന്ദേശം

എത്തിച്ചുകൊടുക്കുന്ന ബാധ്യത മാത്രമാണുള്ളത്. അവരവർ തന്നെയാണ് അവനവന് ഏഴാംഘട്ടത്തിലേക്ക് വേണ്ട സ്വർഗം നാലാംഘട്ടമായ ഇവിടെവെച്ച് സമ്പാദിക്കേണ്ടത്. അവരവരുടെ വഴികേടിന് നിഷ്പക്ഷവാനായ അല്ലാഹുവിനെയോ പിശാചിനെയോ മാതാപിതാക്കളെയോ നേതാക്കളെയോ കുറ്റപ്പെടുത്തി രക്ഷപ്പെടാൻ സാധ്യമല്ല എന്ന് 2: 165-167; 7: 38-39, 50-51; 14: 21-22; 38: 55-61 തുടങ്ങിയ സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്.

പ്രവാചകന് ശേഷം നാഥന്റെ സന്ദേശമായ അദ്ദിക്ർ എത്തിച്ചുകൊടുക്കാനുള്ള ബാധ്യത 35: 32 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ ജനതയാണ് ഏറ്റെടുത്തിട്ടുള്ളത്. ആ ബാധ്യത നിറവേറ്റാതെ അതിനെ മൂടിവെക്കുന്നവർ കപടവിശ്വാസികളായ കാഫിറുകളും, അവരെ അന്ധമായി പിൻപറ്റുന്നവർ അതിനെ തള്ളിപ്പറയുന്ന മുശ്രിക്കുകളായ കാഫിറുകളുമാണ്. ഈ രണ്ടു വിഭാഗങ്ങളുമടങ്ങിയ ഫുജ്ജാറുകളാണ് മനുഷ്യരിൽ നിന്ന് നരകക്കുണ്ഠത്തിന്റെ വിറകുകൾ. 2: 39, 119; 3: 10; 4: 80, 150-151 വിശദീകരണം നോക്കുക.

55. നിങ്ങളിൽ നിന്നുള്ള വിശ്വാസികളായവരോടും ആ വിശ്വാസം ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകിയവരോടും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു: അവരുടെ മുമ്പുള്ളവരെ പ്രതിനിധികളാക്കിയതുപോലെത്തന്നെ നിശ്ചയം ഭൂമിയിൽ അവൻ അവരെ പ്രതിനിധികളാക്കുകതന്നെ ചെയ്യുമെന്നും അവർക്ക് തൃപ്തിപ്പെട്ട അവരുടെ ജീവിതവ്യവസ്ഥ ഭദ്രമായ അടിത്തറയിൽ സ്ഥാപിക്കാൻ അധികാരം നൽകുമെന്നും അവരുടെ ഭയപ്പാടിനുശേഷം അവർക്ക് സുരക്ഷിതത്വം മാറ്റി സ്ഥാപിച്ചുകൊടുക്കുമെന്നും, എന്നിൽ ഒരു വസ്തുവിനെയും പങ്കുചേർക്കാതെ നിങ്ങൾ എന്നെമാത്രം സേവിച്ചുകൊണ്ടിരിക്കുവീൻ! അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അപ്പോൾ അക്കൂട്ടർ, അവർ തന്നെയാണ് തെമ്മാടികൾ!

വിശ്വാസികളുടെ സംഘമുണ്ടെങ്കിൽ അവർക്ക് അല്ലാഹു സർവ്വസൃഷ്ടികൾക്കും തൃപ്തിപ്പെട്ട ഏകജീവിതവ്യവസ്ഥയായ ഇസ്ലാം സംസ്ഥാപിക്കുവാനുള്ള അധികാരം നൽകുമെന്നാണ് സൂക്തത്തിൽ പറഞ്ഞിട്ടുള്ളത്. അങ്ങനെ അധികാരം ലഭിച്ചുകഴിഞ്ഞാൽ അല്ലാഹുവിന്റെ വിധിവിലക്കുകളായ അദ്ദിക്ർ നടപ്പിലാക്കാതെ മൂടിവെക്കുന്നവർ തന്നെയാണ് തെമ്മാടികൾ എന്നും സൂക്തം പഠിപ്പിക്കുന്നു. അവർ തന്നെയാണ് വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്ന കപടവിശ്വാസികളും.

ഇന്ന് ലോകത്ത് എവിടെയും തന്നെ വിശ്വാസികളുടെ സംഘമില്ല, മറിച്ച് തെമ്മാടികളായ കപടവിശ്വാസികളുടെ സംഘങ്ങളാണുള്ളത്. അവരാണ് മുസ്ലിം നാടുകളെന്ന് അറിയപ്പെടുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ നാടുകളെല്ലാം ഭരിച്ചുകൊണ്ടിരിക്കുന്നത്. അവരുടെ ഇഷ്ടാനിഷ്ടങ്ങൾ നടപ്പിലാക്കിക്കൊടുത്ത് ഇസ്ലാമിനെ പൂർണമായി മായ്ച്ചുകളയുന്നതിനാണ് ഇനി മസീഹുദ്ദജ്ജാൽ വരുന്നത്. ഇതര ജനവിഭാഗങ്ങൾക്ക് ഇസ്ലാമിനെയും പ്രവാചകനെയും പരിചയപ്പെടുത്തുന്നതിനും ലോകത്തുമൊത്തം സമാധാനപരമായ സ്വർഗീയജീവിതം കാണിച്ചുകൊടുക്കുന്നതിനുംവേണ്ടി തുടർന്ന് അല്ലാഹു ഈസായെ വീണ്ടും കൊണ്ടുവരുന്നതാണ്. ഈസാ വന്നുകഴിഞ്ഞാൽ മസീഹുദ്ദജ്ജാലിനെ വധിക്കുന്നതും അതോടെ ഇതരജനവിഭാഗങ്ങളെല്ലാം ഇസ്ലാം അംഗീകരിക്കുന്നതും ഇത്തരം തെമ്മാടികളായ കപടവിശ്വാസിളെ വധിച്ചുകൊണ്ട് 4: 91; 5: 33; 9: 5, 123; 33: 60-61 എന്നീ സൂക്തങ്ങളുടെ കൽപന നടപ്പിലാക്കുന്നതുമാണ്.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് മസീഹുദ്ദജ്ജാലിന്റെ പുറപ്പാട് നീട്ടുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കാനും കപടവിശ്വാസികളോടും അവരെ പിൻപറ്റുന്ന കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യാനും ഒറ്റപ്പെട്ട വിശ്വാസികളോട് കൽപിച്ചിട്ടുണ്ട്. അതുവഴി നിഷ്പക്ഷവാനായ നാഥനെ സഹായിച്ചുകൊണ്ടിരിക്കുന്ന അവർക്ക് 35: 32 ൽ പറഞ്ഞ പ്രകാരം വിചാരണക്ക്ശേഷം സ്വർഗ്ഗത്തിൽ പ്രവേശിക്കാവുന്നതാണ്. 2: 62; 16: 110; 21: 105 വിശദീകരണം നോക്കുക.

56. നിങ്ങൾ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും സക്കാത്ത് നൽകുകയും സന്ദേശവാഹകനെ അനുസരിക്കുകയും ചെയ്യുവീൻ -നിങ്ങൾ അനുഗ്രഹിക്കപ്പെടുന്നവരാവുകതന്നെ വേണമെന്നതിനുവേണ്ടി.

അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് 10: 100 ൽ പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ ജീവിതം മനസ്സിലാക്കാനും പിൻപറ്റാനും അദ്ദിക്റിൽ നിന്ന് മാത്രമേ സാധിക്കുകയുള്ളൂ എന്ന് 2: 146 ലും 6: 20 ലും പറഞ്ഞിട്ടുണ്ട്. വിശ്വാസികളിൽ നിന്ന് മാത്രമേ നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ, സക്കാത്ത് തുടങ്ങി ഏത് കർമ്മവും സ്വീകരിക്കപ്പെടുകയുള്ളു എന്ന് 2: 186; 9: 53–54; 18: 103–105; 47: 8–9 തുടങ്ങിയ സൂക്തങ്ങളിലും; അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 13: 14; 40: 50 എന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 6: 153–155; 7: 8–9; 20: 130–132; 24: 41 വിശദീകരണം നോക്കുക.

57. കാഫിറുകളായിട്ടുള്ളവർ ഭൂമിയിൽ അല്ലാഹുവിനെ പരാജയപ്പെടുത്തിക്കളയുമെന്ന് നിങ്ങൾ കണക്കുകൂട്ടരുത്, അവരുടെ സങ്കേതം നരകമാകുന്നു, എത്ര മോശപ്പെട്ട മടക്കസ്ഥലം!

സ്വർഗത്തിൽ സൃഷ്ടിച്ച് ഭൂമിയിലേക്ക് നിയോഗിക്കപ്പെട്ട മനുഷ്യർക്ക് സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റാണ് അദ്ദിക്ർ എന്നിരിക്കെ, അത് ലഭിച്ചിട്ട് അതിനെ മൂടിവെക്കുന്ന കാഫിറുകൾക്ക് ഐഹികലോകത്ത് സുഖജീവിതം നയിക്കാനുള്ള അവസരം നൽകിയിരിക്കുകയാണ്. മരണത്തോടുകൂടി അവരുടെ മടക്കം കാഫിറായ പിശാചിന്റെ വീടായ നരകത്തിലേക്കുമാണ്. 9: 55; 14: 28–30; 43: 32–35 വിശദീകരണം നോക്കുക.

58. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങളുടെ അധീനത്തിലുള്ള ദാസന്മാരും നിങ്ങളിൽ നിന്നുള്ള പ്രായപൂർത്തി എത്തിയിട്ടില്ലാത്തവരും മൂന്ന് സന്ദർഭങ്ങളിൽ നിങ്ങളുടെ അടുത്തുവരാൻ സമ്മതം ചോദിച്ചുകൊള്ളട്ടെ, 'പ്രഭാതനമസ്കാരത്തിന് മുമ്പും ഉച്ചസമയത്ത് നിങ്ങളുടെ വസ്ത്രങ്ങൾ അഴിച്ചുവെക്കുമ്പോഴും ഇശാ നമസ്കാരത്തിന് ശേഷവും', ഈ മൂന്ന് സന്ദർഭങ്ങൾ നിങ്ങൾക്കുള്ള 'ഔറത്തുകളാകുന്നു', ആ സമയങ്ങൾക്ക് ശേഷം നിങ്ങളുടെ മേലിലോ അവരുടെ മേലിലോ വിരോധമൊന്നുമില്ല; അവർ നിങ്ങൾക്കിടയിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നവരും നിങ്ങൾ പരസ്പരം ഇടകലർന്ന് ജീവിക്കുന്നവരുമാണല്ലോ! അപ്രകാരം അല്ലാഹു അവന്റെ സൂക്തങ്ങൾ നിങ്ങൾക്ക് വിവരിച്ച് തരികയാകുന്നു, അല്ലാഹു സർവജ്ഞനായ യുക്തിജ്ഞനുമാകുന്നു.

ദമ്പതികൾക്ക് നഗ്നത വെളിപ്പെടുത്തി നിലകൊള്ളാൻ നാഥൻ അനുവദിച്ച സന്ദർഭങ്ങളായതുകൊണ്ടാണ് ആ മൂന്ന് സന്ദർഭങ്ങൾ നിങ്ങൾക്കുള്ള 'ഔറത്തുകളാകുന്നു'

എന്ന് പറഞ്ഞിട്ടുള്ളത്. ദമ്പതികൾ പരസ്പരം വസ്ത്രങ്ങളാണ് എന്ന് 2: 187 ലും പറഞ്ഞിട്ടുണ്ട്. 7: 26; 24: 30-31 വിശദീകരണം നോക്കുക.

59. നിങ്ങളിൽ നിന്നുള്ള കുട്ടികൾ പ്രായപൂർത്തി എത്തിയാൽ അവരും അവർക്ക് മുമ്പുള്ളവർ സമ്മതം ചോദിച്ചതുപോലെത്തന്നെ സമ്മതം ചോദിക്കേണ്ടതാകുന്നു, അപ്രകാരം അല്ലാഹു നിങ്ങൾക്ക് അവന്റെ സൂക്തങ്ങൾ വിവരിച്ച് തരികയാകുന്നു, അല്ലാഹു സർവജ്ഞനായ യുക്തിജ്ഞാനിയുമാകുന്നു.

60. വിവാഹജീവിതം പ്രതീക്ഷിക്കാത്ത കിഴവികളെ സംബന്ധിച്ചിടത്തോളം സൗന്ദര്യം പ്രദർശിപ്പിക്കാത്തവിധം തങ്ങളുടെ മേൽവസ്ത്രങ്ങൾ അഴിച്ചുവെക്കുന്നതിൽ അവരുടെ മേൽ വിരോധമൊന്നുമില്ല; എന്നാൽ അവർ മാന്യത കാത്തു സൂക്ഷിക്കുന്നതുതന്നെയാണ് അവർക്ക് ഉത്തമം, അല്ലാഹു എല്ലാം കേൾക്കുന്ന സർവജ്ഞാനിയുമാകുന്നു.

പ്രായംകൂടിയ സ്ത്രീകൾക്ക് ചൂടിൽനിന്ന് ആശ്വാസം ലഭിക്കുന്നതിനുവേണ്ടി മേൽ വസ്ത്രം ഊരിവെക്കുന്നതിൽ വിരോധമില്ല. എന്നാൽ മറ്റുള്ളവരിൽ ദുർവിചാരങ്ങൾ ഉളവാക്കുന്ന വിധത്തിലുള്ള അലങ്കാരങ്ങൾ ഉപയോഗിക്കാതിരിക്കുന്നതും വസ്ത്രം കൊണ്ട് ശരീരം മൂടുന്നതുമാണ് അവർക്കും ഉത്തമം എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന, അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിത്തീർന്ന ഫുജ്ജാറുകളിൽ പെട്ട കിഴവികൾ 'കുഴിയിലേക്ക് കാൽനീട്ടാറായല്ലോ' എന്ന് കരുതിക്കൊണ്ട് ശരീരഭാഗങ്ങൾ മുഴുവൻ മറക്കുന്നവരും, അവരിലെ യുവതികൾ വീട്ടിൽ നിന്ന് പുറത്തുപോകുമ്പോൾ ആഭരണങ്ങളും ആഡംബരവസ്തുക്കളുമെല്ലാം അണിയുന്നവരും പൗഡർ, സ്പ്രേ മുതലായ സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുന്നവരുമാണ്. അഥവാ അവർ 24: 31 ൽ നിങ്ങൾ നിങ്ങളുടെ ഉള്ളിൽ ഒളിപ്പിച്ചുവെച്ചിട്ടുള്ള അലങ്കാരങ്ങൾ വെളിപ്പെടുത്തുന്നവിധം കാലിട്ടടിച്ച് നടക്കരുത് എന്ന കൽപനക്ക് നേരെവിപരീതമായി പ്രവർത്തിക്കുന്നതായിട്ടാണ് ഇന്ന് ലോകത്ത് എല്ലായിടത്തും കണ്ടുവരുന്നത്. *അവസാനകാലത്ത് ധാരാളം പർദ്ദാധാരികൾ രംഗത്ത് വരുന്നതാണ്, എന്നാലവർ നഗ്നകളായിരിക്കുമെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത് ഇവരെക്കുറിച്ചുതന്നെയാണ്.

വ്യഭിചാരം, ബലാൽസംഗം, സ്വവർഗസംഭോഗം, കവർച്ച, കൊള്ള, കൊല തുടങ്ങിയ നീചവും നികൃഷ്ടവും നിഷിദ്ധവും പൈശാചികവുമായ എല്ലാ തിന്മകളും ഇതര ജനവിഭാഗങ്ങളെ അപേക്ഷിച്ച് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലാണ് ഇന്ന് കൂടുതൽ കാണുന്നത്. ഗ്രന്ഥം മനപ്പാഠമാക്കുന്നവരും (*ഹാഫിള്*) മതപഠന സ്ഥാപനങ്ങളിൽ പഠിക്കുന്നവരും അഞ്ചുനേരം പള്ളികളിൽപോയി സംഘടിത നമസ്ക്കാരം നിർവഹിക്കുന്നവരും നോമ്പ് അനുഷ്ഠിക്കുന്നവരും അടിക്കടി ഹജ്ജും ഉംറയും നിർവ്വഹിക്കുന്നവരുമാണെങ്കിലും അവർ അദ്ദിക്റിന് വിരുദ്ധമായി ആത്മാവില്ലാത്ത ജഡികമായ ജീവിതം നയിക്കുന്നത് കാരണം ജീവിതലക്ഷ്യം നഷ്ടപ്പെട്ട, കെട്ട-പട്ടി-ഭ്രാന്തൻ ജനതയായി അധഃപതിച്ചിരിക്കുകയാണ്. ആരുടേയും നിയന്ത്രണമില്ലാതെയും ആരുടെ മുമ്പിലും ഉത്തരം പറയണമെന്ന ബോധമില്ലാതെയും പ്രപഞ്ചത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന നശീകരണ പ്രവർത്തനങ്ങളിൽ മുഴുകിയ തെമ്മാടികളായ അവർ നശിപ്പിക്കപ്പെടാൻ അർഹരായിത്തീർന്നിരിക്കുകയാണ്. 48: 6; 63: 6; 98: 6 വിശദീകരണം നോക്കുക.

61. അന്ധന്മാരുടെമേൽ വിരോധമില്ല, മുടന്തന്മാരുടെ മേലിലും വിരോധമില്ല, രോ

ഗികളുടെ മേലിലും വിരോധമില്ല, നിങ്ങളുടെ മേലിലും വിരോധമില്ല –നിങ്ങളുടെ വീടുകളിൽ നിന്നും ഭക്ഷണം കഴിക്കൽ, അല്ലെങ്കിൽ നിങ്ങളുടെ പിതാക്കളുടെ വീടുകളിൽ നിന്ന്, അല്ലെങ്കിൽ നിങ്ങളുടെ മാതാക്കളുടെ വീടുകളിൽ നിന്ന്, അല്ലെങ്കിൽ നിങ്ങളുടെ സഹോദരന്മാരുടെ വീടുകളിൽ നിന്ന്, അല്ലെങ്കിൽ നിങ്ങളുടെ സഹോദരികളുടെ വീടുകളിൽ നിന്ന്, അല്ലെങ്കിൽ നിങ്ങളുടെ പിതൃസഹോദരങ്ങളുടെ വീടുകളിൽനിന്ന്, അല്ലെങ്കിൽ നിങ്ങളുടെ പിതൃസഹോദരികളുടെ വീടുകളിൽ നിന്ന്, അല്ലെങ്കിൽ നിങ്ങളുടെ മാതൃസഹോദരങ്ങളുടെ വീടുകളിൽ നിന്ന്, അല്ലെങ്കിൽ നിങ്ങളുടെ മാതൃസഹോദരികളുടെ വീടുകളിൽ നിന്ന്, അല്ലെങ്കിൽ താക്കോലുകൾ കൈവശം വെക്കുന്ന നിങ്ങളുടെ അധീനത്തിലുള്ള വീടുകളിൽ നിന്ന്, അല്ലെങ്കിൽ നിങ്ങളുടെ സ്നേഹിതന്മാരിൽ നിന്ന്, നിങ്ങൾ ഒരുമിച്ചോ അല്ലെങ്കിൽ ചെറിയ ചെറിയ കൂട്ടങ്ങളായോ ഭക്ഷണം കഴിക്കുന്നതിന് നിങ്ങളുടെമേൽ വിരോധമില്ല, അപ്പോൾ നിങ്ങൾ വീടുകളിൽ പ്രവേശിക്കുമ്പോൾ നിങ്ങളുടെ മേൽ തന്നെ നിങ്ങൾ സലാം പറയുവീൻ, അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹീതവും പരിശുദ്ധവുമായ ഒരു അഭിവാദനമായിക്കൊണ്ട്, അപ്രകാരം അല്ലാഹു അവന്റെ സൂക്തങ്ങൾ നിങ്ങൾക്ക് വിവരിച്ച് തരികയാകുന്നു –നിങ്ങൾ ചിന്തിക്കുന്നവരാവുകതന്നെ വേണമെന്നതിന് വേണ്ടി.

വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും ഇടകലർന്ന് ഭക്ഷണം കഴിക്കൽ അനുവദനീയമായ വീടുകളും സന്ദർഭങ്ങളുമാണ് സൂക്തത്തിൽ വിവരിച്ചിട്ടുള്ളത്. 'നിങ്ങളുടെ മേലിലും വിരോധമില്ല, നിങ്ങളുടെ വീടുകളിൽ നിന്നും ഭക്ഷണം കഴിക്കൽ' എന്ന് പറഞ്ഞതിലെ 'നിങ്ങൾ' എന്നതിൽ വിശ്വാസികളായ പുരുഷന്മാർ ഉൾപ്പെടുമെങ്കിലും വിശ്വാസികളായ സ്ത്രീകളെയാണ് പ്രത്യേകം ഉദ്ദേശിക്കുന്നത്. ഭക്ഷണത്തെക്കാൾ ചാരിത്ര്യസംരക്ഷണത്തിനുതകുന്ന സാഹചര്യത്തെയാണ് സൂക്തം എടുത്തു കാണിക്കുന്നത്. സൂക്തത്തിൽ 'നിങ്ങളുടെ സ്നേഹിതന്മാരുടെ വീടുകളിൽ നിന്ന്' എന്ന് പറയാതെ 'സ്നേഹിതന്മാരിൽ നിന്ന്' എന്ന് പറഞ്ഞതിൽ നിന്നും സ്നേഹിതന്മാർ അവരവരുടെ വീടുകളിൽ നിന്ന് ഉണ്ടാക്കി നിങ്ങൾക്ക് കൊണ്ടുവരുന്ന ഭക്ഷണം കഴിക്കാം എന്നാണ്. അവർ വിശ്വാസികളായിരിക്കണമെന്നില്ല, എന്നാൽ നിങ്ങൾ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്നവരാണെന്ന് മനസ്സിലാക്കിയവരായിരിക്കണം അവർ. അപ്പോൾ അനുവദനീയമായ ഭക്ഷണം മാത്രമേ നിങ്ങൾക്ക് അവർ കൊണ്ടുവന്ന് തരികയുള്ളൂ. വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ഒരുമിച്ചോ അല്ലെങ്കിൽ ചെറിയ ചെറിയ കൂട്ടങ്ങളായോ അല്ലെങ്കിൽ ഒരുപാത്രത്തിൽ നിന്ന് അവരവർക്ക് വേണ്ട ഭക്ഷണവിഭവങ്ങൾ വെവ്വേറെ എടുത്തോ കഴിക്കുന്നതിന് വിരോധമില്ല എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. എന്നാൽ ഇന്ന് വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ അദ്ദിക്റിനോട് വിരോധം വെച്ചുപുലർത്തുന്ന കപടവിശ്വാസികളും ഫാജിറുകളുമടങ്ങിയ ഫുജ്ജാറുകളുടെ കൂട്ടത്തിൽ പോയി വെവ്വേറെയോ ഒരുമിച്ചോ ഭക്ഷണം കഴിക്കുന്നത് വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്ക് പ്രത്യേകിച്ചും അനുവദനീയമല്ല. എന്നാൽ അത്തരക്കാർ വിശ്വാസികളുടെ വീട്ടിൽ വരികയാണെങ്കിൽ അവർക്ക് പ്രത്യേകം ഭക്ഷണം കൊടുക്കുന്നതിന് വിരോധമില്ല.

'അസ്സലാം' എന്നത് 59: 23 ൽ പറഞ്ഞ അല്ലാഹുവിന്റെ ഗുണനാമങ്ങളിൽ പെട്ട ഒന്നാണ്. *'അസ്സലാമു അലൈക്കും'* എന്ന് പറഞ്ഞാൽ അല്ലാഹു നിങ്ങളുടെമേൽ ഉണ്ടായിരിക്കട്ടെ എന്നാണ്. അതായത് അവന്റെ രക്ഷയും സമാധാനവും നിങ്ങളുടെമേൽ ഉണ്ടായി

രിക്കട്ടെ എന്ന് ആശയം. അതിലൂടെ അല്ലാഹുവിന്റെ പ്രതിനിധികളായ വിശ്വാസികൾ അവന്റെ *സലാം* അവന്റെ പ്രതിനിധികളായ മറ്റുവിശ്വാസികൾക്ക് അറിയിക്കുകയാണ് ചെയ്യുന്നത്. 'നിങ്ങൾ വീടുകളിൽ പ്രവേശിക്കുമ്പോൾ നിങ്ങളുടെമേൽ തന്നെ നിങ്ങൾ *സലാം* പറയുവീൻ' എന്ന് പറഞ്ഞതിന്റെ വിവക്ഷ സ്വന്തം വീട്ടിലേക്ക് പ്രവേശിക്കുമ്പോഴും ആൾതാമസമില്ലാത്ത വീടുകളിൽ പ്രവേശിക്കുമ്പോഴും *സലാം* പറയണമെന്നാണ്. 'സ്വന്തത്തിനുമേൽ തന്നെ *സലാം* പറയുക' എന്ന് പറഞ്ഞതിന്റെ വിവക്ഷ തന്റെ കൂടെയുള്ള ജിന്നുകൂട്ടുകാരനെയും എഴുത്തുകാരായ *റഖീബ്, അത്തീദ്* എന്നീ മലക്കുകളെയും 13: 11 ൽ പറഞ്ഞ പ്രകാരം സൂക്ഷിപ്പുകാരായ മലക്കുകളെയും മനസ്സിൽ കണ്ടുകൊണ്ട് *സലാം* പറയണമെന്നാണ്. 'നിങ്ങൾ നിങ്ങളുടെമേൽ *സലാം* പറയുവീൻ' എന്ന് പറഞ്ഞതിന്റെ മറ്റൊരു വിവക്ഷ, ആത്മാവ് ഒന്നാണെന്ന് മനസ്സിലാക്കിയ വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ശരീരത്തെയും ഒന്നായി കണ്ടുകൊണ്ട് പരസ്പരം *സലാം* പറയണം എന്നാണ്. 2: 62; 5: 69 എന്നീ സൂക്തങ്ങൾ പരിഗണിച്ചുകൊണ്ട് ഇതര ജനവിഭാഗങ്ങളിൽ പെട്ടവരോടും അല്ലാഹുവിൽ നിന്നുള്ള അഭിസംബോധനമായ *സലാം* പറയേണ്ടതാണ്. എന്നാൽ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികൾ അല്ലാഹുവിന്റെയും വിശ്വാസികളുടെയും ശത്രുക്കളായതിനാൽ അവർക്ക് *സലാം* പറയാൻ പാടില്ലെന്ന് മാത്രമല്ല, അവർ ഇങ്ങോട്ട് സലാം പറഞ്ഞാൽതന്നെ സലാം മടക്കാതെ അവരെ ശപിക്കുകയും അവരോട് കോപത്തോടുകൂടി പെരുമാറുകയും ചെയ്യണമെന്നാണ് 9: 73; 66: 9 എന്നീ സൂക്തങ്ങളുടെ കൽപന. 4: 86; 24: 29-31; 49: 10-12 വിശദീകരണം നോക്കുക.

62. നിശ്ചയം, വിശ്വാസികളായവർ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടും വിശ്വസിച്ചവരാകുന്നു, അവനോടൊപ്പം അവർ വല്ല പൊതുസംരംഭങ്ങളിലും ഏർപ്പെടുകയാണെങ്കിൽ അവനോട് അനുവാദം ചോദിക്കാതെ അവർ അവിടെനിന്ന് വിട്ടുപോവുകയില്ല, നിശ്ചയം ആരാണോ നിന്നോട് അനുവാദം ചോദിക്കുന്നത്, അക്കൂട്ടർ മാത്രമാകുന്നു അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടും വിശ്വസിച്ചവർ; അങ്ങനെ അവരുടെ ചില ആവശ്യങ്ങൾക്കുവേണ്ടി അവർ നിന്നോട് അനുവാദം ചോദിക്കുകയാണെങ്കിൽ, അപ്പോൾ അവരിൽ നീ ഉദ്ദേശിക്കുന്നവർക്ക് അനുവാദം നൽകുകയും അവർക്കുവേണ്ടി നീ അല്ലാഹുവിനോട് പൊറുക്കലിനെത്തേടുകയും ചെയ്യുക, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു.

വിശ്വാസികൾ സ്വന്തത്തെക്കാൾ പ്രവാചകന് സ്ഥാനം നൽകുന്നവരാണെന്ന് 33: 6 ൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രവാചകന്റെ താൽപര്യത്തിന് വിരുദ്ധമായ ഒരുസംരംഭത്തിന് വിശ്വാസികൾ പുറപ്പെടുകയില്ല. ഒഴിച്ചുകൂടാൻ പറ്റാത്ത എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അവർ പ്രവാചകനോട് സമ്മതം വാങ്ങിയതിന് ശേഷം മാത്രമേ പോവുകയുള്ളൂ. അങ്ങനെ പോകുന്നതുതന്നെ പ്രോത്സാഹിപ്പിക്കാവുന്നതല്ല എന്നത് കൊണ്ടാണ് അനുവാദം കൊടുക്കുന്നതോടൊപ്പം അവർക്കുവേണ്ടി അല്ലാഹുവിനോട് പൊറുക്കലിനെത്തേടിക്കൊള്ളുക എന്ന് പ്രവാചകനോട് കൽപിച്ചിട്ടുള്ളത്. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതുകൂടാതെ ഒരാൾക്കും വിശ്വാസിയാകാൻ സാധ്യമല്ല എന്ന് 10: 100 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ഏതൊരാൾക്കും അറിവില്ലാത്ത കാര്യങ്ങളെക്കുറിച്ച് അദ്ദിക്റിന്റെ രചയിതാവിനോട് ചോദിക്കണമെന്നാണ് 16: 43-44 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത്. പ്രവാ

ചകൻതന്നെ നിഷ്പക്ഷവാനായ നാഥനെക്കുറിച്ച് അദ്ദിക്റിന്റെ രചയിതാവായ ത്രികാല ജ്ഞാനിയോട് ചോദിക്കണമെന്നാണ് 25: 59 ൽ പറഞ്ഞിട്ടുള്ളത്. 4: 63–65, 115; 6: 20; 9: 43–44 വിശദീകരണം നോക്കുക.

63. നിങ്ങളിൽ ചിലർചിലരെ വിളിക്കുന്നത് പോലെ നിങ്ങൾക്കിടയിൽ പ്രവാചകന്റെ വിളിയെ നിങ്ങൾ ആക്കിത്തീർക്കരുത്, നിങ്ങളിൽ നിന്ന് മറ്റുള്ളവരെ മറയാക്കിപ്പിടിച്ച് സൂത്രത്തിൽ ഊരിച്ചാടുന്നവരെ നിശ്ചയം അല്ലാഹു അറിയുന്നുണ്ട്, ആകയാൽ അവന്റെ കൽപന ലംഘിച്ചു കൊണ്ടിരിക്കുന്നവരെ വല്ല നാശവും ബാധിക്കുമെന്നോ അല്ലെങ്കിൽ അവരെ വേദനയേറിയ ശിക്ഷ ബാധിക്കുമെന്നോ ഭയപ്പെട്ടുകൊള്ളട്ടെ!

'നിങ്ങളിൽ ചിലർചിലരെ വിളിക്കുന്നതുപോലെ നിങ്ങൾക്കിടയിൽ പ്രവാചകന്റെ വിളിയെ നിങ്ങൾ ആക്കിത്തീർക്കരുത്' എന്ന് പറഞ്ഞതിന് പ്രവാചകൻ വിളിക്കുന്നത് നിങ്ങളിൽ ചിലർചിലരെ വിളിക്കുന്നത് പോലെയായി പരിഗണിക്കരുത് എന്നും, നിങ്ങൾ പരസ്പരം വിളിക്കുന്നത് പോലെ പ്രവാചകനെ വിളിക്കരുത്, പ്രവാചകനെ ആദരവും ബഹുമാനവും നൽകിക്കൊണ്ട് മാത്രമേ വിളിക്കാവൂ എന്നും ആശയമുണ്ട്. പ്രവാചകന്റെ പ്രാർത്ഥന നിങ്ങൾ പരസ്പരം നടത്തുന്ന പ്രാർത്ഥനയെപ്പോലെ പരിഗണിക്കരുത്, അഥവാ നിങ്ങളുടെ പ്രാർത്ഥനയെക്കാൾ പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവാചകന്റെ പ്രാർത്ഥന ലഭിക്കാൻ എപ്പോഴും ആഗ്രഹിച്ചുകൊണ്ടിരിക്കണമെന്നും ആശയമുണ്ട്. 49: 2 ൽ, ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങളുടെ ശബ്ദങ്ങൾ പ്രവാചകന്റെ ശബ്ദത്തിന്റെ മീതെ ഉയർത്തരുത്, നിങ്ങൾ പ്രവാചകനോട് സംസാരിക്കുമ്പോൾ നിങ്ങൾ പരസ്പരം സംസാരിക്കുന്നതുപോലെ ഉച്ചത്തിൽ സംസാരിക്കുകയുമരുത്, അങ്ങനെയായാൽ നിങ്ങളുടെ പ്രവർത്തനങ്ങൾ നിങ്ങൾ തിരിച്ചറിയാത്തവിധം നിഷ്ഫലമായിപ്പോകുന്നതാണ്.

ഏതെങ്കിലും അത്യാവശ്യകാര്യങ്ങൾക്ക് പ്രവാചകനോട് സമ്മതം ചോദിച്ച് പോകേണ്ടതുണ്ടെങ്കിൽ ഓരോരുത്തരും പ്രത്യേകം പ്രത്യേകം പ്രവാചകനോട് സമ്മതം ചോദിക്കണമെന്നും, മറിച്ച് ഒരാൾ മാത്രം സമ്മതം ചോദിച്ച് അവന്റെ പിന്നിൽ ഒളിഞ്ഞു പോകുന്ന രീതി അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുന്നവർക്ക് ഭൂഷണമല്ല എന്നുമാണ് 'മറ്റുള്ളവരെ മറയാക്കിപ്പിടിച്ച് സൂത്രത്തിൽ ഊരിച്ചാടുന്നവരെ നിശ്ചയം അല്ലാഹു അറിയുന്നുണ്ട്' എന്ന് പറഞ്ഞതിന്റെ വിവക്ഷ. ഇന്ന് അദ്ദിക്ർ വിശദീകരിച്ചു കൊടുക്കുന്ന വിശ്വാസിയോടും സദസ്സിനോടും ആരാണോ വിഘടിക്കുകയും വിരോധം വെക്കുകയും പ്രസ്തുത സദസ്സ് നിർമാർജനം ചെയ്യുന്നതിന് വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നത്, അവർക്ക് ഇഹത്തിൽ വെച്ചുതന്നെ നാശവും നിന്ദ്യതയും ലഭിക്കുന്നതും അവർ കാഫിറായിക്കൊണ്ട് ജീവൻ വെടിയുന്നതും മരണത്തോടുകൂടി വിചാരണയില്ലാതെ നരകക്കുണ്ഠാരത്തിൽ പോകുന്നതുമാണ്. 9: 125–127; 22: 72; 41: 26–29 വിശദീകരണം നോക്കുക.

64. അറിഞ്ഞിരിക്കുക, നിശ്ചയം ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാ ഒന്നും അല്ലാഹുവിനുള്ളതാകുന്നു, നിങ്ങൾ ഏതൊരു അവസ്ഥയിലാണുള്ളതെന്ന് അവൻ ശരിക്കും അറിയുന്നുണ്ട്, ഒരുനാളിൽ അവനിലേക്ക് അവർ മടക്കപ്പെടുന്നതും അപ്പോൾ അവർ എന്താണിവിടെ പ്രവർത്തിച്ചുകൊണ്ടിരുന്നത് എന്ന് അവൻ അവരോട് വിവരം പറഞ്ഞ് കൊടുക്കുന്നതുമാണ്, അല്ലാഹു എല്ലാഓരോ കാര്യവും അറിയുന്ന സർവജ്ഞനുമാകുന്നു.

2: 255; 9: 51; 17: 13–15 വിശദീകരണം നോക്കുക.

25. ഫുർഖാൻ

'തന്റെ അടിമയുടെമേൽ ഫുർഖാൻ അവതരിപ്പിച്ചവൻ വളരെ അനുഗ്രഹമുടയവനാകുന്നു' എന്ന് ഒന്നാം സൂക്തത്തിൽ പറഞ്ഞിട്ടുള്ളതിൽ നിന്നാണ് സൂറത്തിന് ഫുർഖാൻ -സത്യാസത്യ വിവേചനമാനദണ്ഡം- എന്ന പേര് വന്നിട്ടുള്ളത്. പ്രവാചകന്റെ മക്കാ ജീവിതത്തിലെ മധ്യഘട്ടത്തിൽ 23-ാം സൂറത്തിനോട് അനുബന്ധിച്ച് അവതരിച്ചതാണ് ഈ സൂറത്ത്.

പ്രവാചകത്വത്തെയും ഗ്രന്ഥത്തെയും കളവാക്കി തള്ളിപ്പറയുകയും സത്യം സ്വീകരിക്കാതിരിക്കുന്നതിന് വേണ്ടി പലതരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്യുന്ന കാഫിറുകളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതോടൊപ്പം അവരുടെ പരിണിതിയെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ വിസ്മരിച്ച് ജീവിക്കുന്ന ജനത ഒരു കെട്ട ജനതയാണെന്നും, അവരുടെ പ്രവർത്തനങ്ങളെല്ലാം കാറ്റിൽ പറക്കുന്ന ധൂളികളെന്നോണം നഷ്ടപ്പെടുമെന്നും മുന്നറിയിപ്പ് നൽകുന്നു. അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത ഇത്തരം കാഫിറുകളും അക്രമികളുമായിട്ടുള്ളവർ വിധിദിവസം തങ്ങളുടെ കൈ കടിച്ച് 'ഓ കഷ്ടം! ഞാൻ പ്രവാചകന്റെ മാർഗ്ഗം തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനേ, പിശാച് അദ്ദിക്റിൽ നിന്ന് തടഞ്ഞ് എന്നെ വഞ്ചനയിലകപ്പെടുത്തിയല്ലോ' എന്ന് വിലപിക്കുന്ന രംഗം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വിധിദിവസം പ്രവാചകൻ ഇത്തരം കെട്ടജനതക്കെതിരെ അന്യായം ബോധിപ്പിക്കുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അന്ത്യനാൾ വരെയുള്ള ജനതക്കാവശ്യമായ എല്ലാവിശദീകരണങ്ങളും ഉൾക്കൊള്ളുന്ന അദ്ദിക്ർ കൊണ്ടുവന്നിട്ടുള്ളത് അല്ലാഹുതന്നെയാണെന്നും, അതിനെ അവഗണിച്ച് ജീവിക്കുന്നവരാണ് ഏറ്റവും മോശപ്പെട്ട വഴിപിഴച്ച സ്ഥാനത്തുള്ളവരെന്നും, അവർ മുഖം കുത്തിയവരായ നിലയിൽ നരകക്കുണ്ഠത്തിൽ ഒരുമിച്ച് കൂട്ടപ്പെടുന്നവരാണെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മുൻകാലങ്ങളിൽ പ്രവാചകന്മാരെ തള്ളിപ്പറഞ്ഞ ജനത അക്രമികളായി മാറിയപ്പോൾ, അവരെ നശിപ്പിച്ച വിവരം ചൂണ്ടിക്കാണിച്ചുകൊണ്ട് അതിൽ നിന്ന് പാഠമുൾക്കൊള്ളാൻ ഉണർത്തുന്നുണ്ട്. അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറുകളെ അനുസരിക്കരുതെന്നും 'അതുകൊണ്ട്' അവരോട് അധികരിച്ച ജിഹാദ് ചെയ്യണമെന്നും സൂക്തം 52 ൽ കൽപിക്കുന്നുണ്ട്. മനുഷ്യരിൽ രക്തബന്ധവും വിവാഹബന്ധവും ഉണ്ടാക്കിയിട്ടുള്ളത് അല്ലാഹുവാണെന്ന് ചൂണ്ടിക്കാണിച്ച് അവർ സേവിച്ചുകൊണ്ടിരിക്കേണ്ട അല്ലാഹുവിനെ പരിചയപ്പെടുത്തുന്നു. അതിന് പ്രവാചകനോ വിശ്വാസികളോ ജനങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുകയില്ല. ആകാശഭൂമികളെയും അവക്കിടയിലുള്ള മനുഷ്യരടക്കമുള്ള സർവ്വവസ്തുക്കളേയും ആറ് നാളുകളിൽ സൃഷ്ടിച്ച, സിംഹാസനത്തിൽ ഉപവിഷ്ടനായ ത്രികാലജ്ഞാനിയായ അല്ലാഹു നിഷ്പക്ഷവാനാണെന്ന് പരിചയപ്പെടുത്തുന്നു. നിഷ്പക്ഷവാനായ അല്ലാഹുവിനെ അംഗീകരിക്കാത്ത

കപടവിശ്വാസികളോട് അവന്റെമുമ്പിൽ സാഷ്ടാംഗം പ്രണമിക്കാൻ ആവശ്യപ്പെട്ടാൽ അതിന് തയ്യാറാകാതെ അവർക്ക് അവനോടുള്ള വിരോധം നുരഞ്ഞുപൊന്തുകയാണുണ്ടാവുക എന്ന് പറയുന്നു. അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന അവന്റെ ഇഷ്ടദാസന്മാരുടെ സ്വഭാവങ്ങൾ വിവരിച്ചുകൊണ്ടും അവർക്ക് കിട്ടാനുള്ള പ്രതിഫലങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടും 77 സൂക്തങ്ങളടങ്ങിയ സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. **സർവ്വലോകർക്കും മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടി തന്റെ ദാസന്റെ മേൽ ഘട്ടം ഘട്ടങ്ങളായി സത്യാസത്യ വിവേചന മാനദണ്ഡം അവതരിപ്പിച്ച് കൊടുത്തവനാരോ, അവൻ അനുഗ്രഹമുടയവനാണ്.**

ഗ്രന്ഥത്തിൽ 6 സൂക്തങ്ങളിൽ പരാമർശിച്ച സത്യാസത്യവിവേചന മാനദണ്ഡം അദ്ദിക്റാണ്. 2: 185 ൽ വിവരിച്ച പ്രകാരം വിശ്വാസിയായ അല്ലാഹുവിലേക്കുള്ള വിശ്വാസികളുടെ മാർഗവും കാഫിറായ പിശാചിലേക്കുള്ള കാഫിറുകളുടെ മാർഗങ്ങളും ജീവിതത്തിന്റെ എല്ലാസമയങ്ങളിലും സ്ഥലങ്ങളിലും വേർതിരിച്ചറിയാനുള്ള മാനദണ്ഡം അഥവാ ത്രാസ്സാണ് ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ. 21: 50 ൽ പറഞ്ഞ അനുഗ്രഹീതമായ ആ ഗ്രന്ഥം ഘട്ടംഘട്ടമായി ഇരുപത്തിമൂന്ന് വർഷങ്ങൾ കൊണ്ട് അവതരിപ്പിച്ചിട്ടുള്ളവൻ അനുഗ്രഹമുടയവനാണ്. ഉരക്കല്ലായ അദ്ദിക്റും കൊണ്ട് പ്രവാചകനെ അയച്ചിട്ടുള്ളത് സർവ്വലോകരെയും മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയാണ്. 6: 155–157; 21: 107–108; 23: 117–118 വിശദീകരണം നോക്കുക.

2. **ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യത്തിനുടമയായിട്ടുള്ളവനാരോ, അവൻ യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല, ആധിപത്യത്തിൽ അവന് യാതൊരു പങ്കാളിയുമില്ല, എല്ലാ ഓരോ വസ്തുവിനെയും അവൻ സൃഷ്ടിക്കുകയും അതിനെ ശരിയാം വണ്ണം എണ്ണിക്കണക്കാക്കി വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു.**

67: 1 ൽ, ആരുടെ കൈകളിലാണോ സർവ്വ വസ്തുക്കളുടേയും ആധിപത്യമുള്ളത്, അവൻ അനുഗ്രഹമുടയവനാകുന്നു, അവൻ എല്ലാഓരോ കാര്യത്തിന്റെ മേലിലും കഴിവുള്ള സർവ്വശക്തനുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 17: 110–111; 55: 78; 87: 2–3 വിശദീകരണം നോക്കുക.

3. **അവനെക്കൂടാതെ അവർ മറ്റു ഇലാഹുകളെ സ്വീകരിച്ചിരിക്കുന്നു, അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല, അവർ തന്നെയും സൃഷ്ടിക്കപ്പെട്ടവരാകുന്നു, തങ്ങൾക്കുതന്നെ ഉപദ്രവമോ ഉപകാരമോ അവർ അധീനപ്പെടുത്തുന്നുമില്ല, മരണത്തിനോ ജനനത്തിനോ പുനർജനിപ്പിച്ച് ഒരുമിച്ചുകൂട്ടുന്നതിനോ അവർ അധികാരമുള്ളവരുമല്ല.**

സ്രഷ്ടാവായ അല്ലാഹുവിനെക്കൂടാതെ മറ്റു ഏതൊരുവനെ ഇലാഹായി തെരഞ്ഞെടുത്താലും അവർ കേവലം സൃഷ്ടികളാണ്. അതുവഴി അവർ ശപിക്കപ്പെട്ട പിശാചിനെയാണ് ഇലാഹായി തെരഞ്ഞെടുക്കുന്നത്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകളാണ് സൂക്തങ്ങളുടെ ആശയത്തിന് വിരുദ്ധമായി അല്ലാഹുവിന്റെ സൃഷ്ടികളെ അവനിലേക്ക് അടുപ്പിക്കുന്ന ഇടയാളന്മാരും ശുപാർശക്കാരുമായി സ്വീകരിച്ചിരിക്കുന്നത്. എന്നാൽ വിധിദിവസം അവർ ഇവർക്കെതിരെ 'ഇവർ അദ്ദിക്

റിനെ വിസ്മരിച്ച് ജീവിച്ചിരുന്ന ഒരുകെട്ടജനത ആയിരുന്നു' എന്ന് അന്യായം ബോധിപ്പിക്കുമെന്ന് 25: 18 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അഥവാ ആശയം മനസ്സിലാക്കാൻ ശ്രമിക്കാതെ ഗ്രന്ഥത്തിന്റെ അറബിയിലുള്ള ശരീരം തിന്നുകവഴി ദീനിൽ നിന്ന് തെറിച്ചുപോയ ഇവർ തന്നെയാണ് മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായ കാഫിറുകൾ. 16: 20–21; 17: 56–57; 36: 74–75 വിശദീകരണം നോക്കുക.

4. കാഫിറുകളായവർ പറയുകയും ചെയ്യുന്നു: നിശ്ചയം ഇത് അവൻ കെട്ടിച്ചമച്ച ഒരുകളവല്ലാതെയല്ല, മറ്റുചില ജനത അവനെ അതിന് സഹായിക്കുന്നുമുണ്ട്, അപ്പോൾ നിശ്ചയം അവർ കൊണ്ടുവന്ന ആരോപണം വ്യാജവും അക്രമവും തന്നെയാണ്.

5. അവർ പറയുകയും ചെയ്യുന്നു: ഇത് പൂർവികരുടെ എഴുതിവെക്കപ്പെട്ട കെട്ടുകഥകൾ മാത്രമാണ്, അങ്ങനെ അത് രാവിലെയും വൈകുന്നേരവും അവന്റെ മേൽ വായിച്ച് കൊടുക്കപ്പെടുകയാകുന്നു.

54: 25 ൽ പറഞ്ഞ പ്രകാരം 'നമ്മുടെ ഇടയിൽ ഇവന്റെ മേലാണോ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്, അല്ല ഇവൻ നുണമാത്രം പറയുന്ന ഒറ്റയാൻ തന്നെയാകുന്നു' എന്ന് തെമ്മാടികളായ സമൂദ് ജനത പ്രവാചകൻ സ്വാലിഹിനെ പരിഹസിച്ചിരുന്നു. അപ്രകാരം അദ്ദിക്റിന്റെ 40 പേരുകളും മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയെ പരിഹസിക്കുന്നതാണ്. 7: 28–29 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആത്മാവിനെ പരിഗണിക്കാത്ത കെട്ടജനതയായ ഫുജ്ജാറുകൾക്ക് ഈസാ രണ്ടാമത് വന്ന് പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുമ്പോൾ മാത്രമാണ് അറബി ഖുർആനല്ല, അദ്ദിക്ർ -ദിക്രീ- ആയിരുന്നു ഗ്രന്ഥമെന്ന് ബോധ്യം വരിക. 6: 25- 26; 16: 24–25, 103–107; 23: 24 വിശദീകരണം നോക്കുക.

6. നീ പറയുക: ആകാശങ്ങളിലെയും ഭൂമിയിലെയും രഹസ്യം അറിയുന്നവനാരോ, അവനാണ് ഇത് അവതരിപ്പിച്ചിരിക്കുന്നത്; നിശ്ചയം അവൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാനായിരിക്കുന്നു.

ത്രികാലജ്ഞാനിയായ നാഥന്റെ സംസാരമായ അദ്ദിക്ർ ത്രികാലജ്ഞാനമാണ്. എന്നാൽ 4: 118 ൽ വിവരിച്ച പ്രകാരം ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതായ ഫുജ്ജാറുകൾ അത് സ്വീകരിക്കുകയില്ല. അവൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാനായതുകൊണ്ടാണ് ഇത്തരം ജൽപനങ്ങളുടെ പേരിൽ മനുഷ്യരെ ഉടൻതന്നെ ഇവിടെവെച്ച് ശിക്ഷിക്കാത്തത്. 22: 70; 67: 13 വിശദീകരണം നോക്കുക.

7. അവർ പറയുകയും ചെയ്യുന്നു: ഭക്ഷണം കഴിക്കുകയും അങ്ങാടികളിൽ നടക്കുകയും ചെയ്യുന്ന ഇതെന്തൊരു പ്രവാചകൻ! എന്തുകൊണ്ട് ഇവനിലേക്ക് ഒരു മലക്ക് ഇറക്കപ്പെടുന്നില്ല -അങ്ങനെ അവനോടൊപ്പം മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടി?

ഭക്ഷണം കഴിക്കുകയും അങ്ങാടികളിൽ നടക്കുകയും ചെയ്യുന്ന ഒരു സാധാരണ മനുഷ്യനായ പ്രവാചകൻ പറയുന്നത് അനുസരിക്കാൻ ഞങ്ങൾക്ക് പറ്റുകയില്ല, അങ്ങനെ വേണമെങ്കിൽ ഒരു മലക്കിനെ ഇറക്കിക്കൊള്ളട്ടെ എന്നതായിരുന്നു അന്നത്തെ മക്കാമുശ്രിക്കുകളുടെ നിലപാട്. ഇന്ന് ഇത്തരം സൂക്തങ്ങൾ അറബി ഖുർആനിൽ വായിക്കു

കയും കള്ളവാദികളും കപടവിശ്വാസികളും രചിച്ച ഫുജ്ജാർ കിതാബുകൾ പിൻപറ്റിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഫുജ്ജാറുകൾക്കും അദ്ദിക്ർ പിൻപറ്റണമെന്ന് പറയുന്ന വിശ്വാസിയോട് ഇതേ നിലപാട് തന്നെയാണുള്ളതെന്ന് കാണാം. 9: 67–68; 10: 60; 17: 90–95; 21: 36 വിശദീകരണം നോക്കുക.

8. അല്ലെങ്കിൽ എന്തുകൊണ്ട് ഇവന് ഒരു നിധി ഇട്ടുകൊടുക്കപ്പെടുന്നില്ല? അല്ലെങ്കിൽ ഇവന് എന്തുകൊണ്ട് ഒരു തോട്ടമുണ്ടാകുന്നില്ല? -അതിൽ നിന്ന് ഭക്ഷിക്കുന്നതിന് വേണ്ടി; അക്രമികൾ പറയുകയും ചെയ്തു: നിശ്ചയം നിങ്ങൾ മാരണത്തിന് വിധേയമാക്കപ്പെട്ട ഒരു പുരുഷനെയല്ലാതെ പിൻപറ്റുന്നില്ല.

ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയിൽ നിന്നുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ വായകൊണ്ട് പ്രവാചകനെ പരിഹസിക്കുന്നില്ല. എന്നാൽ ത്രികാലജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറയുകവഴി അവർ 313 ഗ്രന്ഥങ്ങളെയും പ്രവാചകന്മാരെയും നബിമാരെയും കളവാക്കി പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരാണ്. ഇക്കൂട്ടരുടെ ലജ്ജാകരവും നിന്ദ്യവുമായ ജീവിതശൈലി കാരണം പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ അദ്ദിക്റിനെയും ഇസ്ലാമിനെയും ശരിയായ രീതിയിൽ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. അതിനാൽ 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഇക്കൂട്ടർക്ക് 2: 85 ൽ പറഞ്ഞ പ്രകാരം ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത്. 3: 79–80; 6: 50; 7: 32; 17: 27, 101–102 വിശദീകരണം നോക്കുക.

9. നീ നോക്കുക, അവർ എങ്ങനെയെല്ലാമാണ് നിനക്ക് ഉപമകൾ ചമക്കുന്നതെന്ന്? അങ്ങനെ അവർ പിഴച്ചുപോയിരിക്കുന്നു, അപ്പോൾ അവർക്ക് യഥാർത്ഥ മാർഗം കണ്ടെത്താൻ സാധിക്കുകയുമില്ല.

ഈ സൂക്തം 17: 48 ലും ആവർത്തിച്ചിട്ടുണ്ട്. 6: 24; 16: 43–44; 51: 52–53 വിശദീകരണം നോക്കുക.

10. അവൻ ഉദ്ദേശിക്കുന്നപക്ഷം, താഴ്ഭാഗത്തിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന അതിനെക്കാൾ ഉത്തമമായ തോപ്പുകൾ നിനക്ക് നൽകാനും നിനക്ക് കൊട്ടാരങ്ങൾ ഉണ്ടാക്കിത്തരാനും കഴിവുള്ള ഒരുവൻ അനുഗ്രഹമുടയവനായിരിക്കുന്നു.

കാഫിറുകൾ ആവശ്യപ്പെടുന്നതിനെക്കാൾ ഉത്തമമായ തോട്ടങ്ങളും കൊട്ടാരങ്ങളും പ്രവാചകനും എക്കാലത്തുമുള്ള വിശ്വാസികൾക്കും നൽകാൻ കഴിവുള്ളവൻ തന്നെയാണ് എല്ലാ അനുഗ്രഹങ്ങളുടെയും ഉടമയായ അല്ലാഹു. എന്നാൽ ഇഹലോകത്ത് വിശ്വാസികൾക്ക് മാത്രം സമൃദ്ധികൾ നൽകി അനുഗ്രഹിക്കുക എന്നത് അല്ലാഹുവിന്റെ ചര്യയല്ല. മറിച്ച് അല്ലാഹുവിന്റെ നിഷ്പക്ഷവാൻ എന്ന സ്വഭാവത്തെ നിഷേധിക്കുന്ന കാഫിറുകൾക്കാണ് ഐഹികലോകത്ത് സമൃദ്ധികൾ കൂടുതൽ നൽകിയിട്ടുള്ളത്. അവർ പരലോകത്തിനുമേൽ ഇഹലോകത്തിന് പ്രാധാന്യം നൽകുന്നവരും അവർ സമ്പാദിച്ചുകൊണ്ടിരിക്കുന്നത് നരകക്കുണ്ഠവുമായതിനാലാണ് അത്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പരലോകത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ജീവിതരീതിയാണ് പിൻപറ്റുക. 6: 165; 21: 35; 43: 32–35 വിശദീകരണം നോക്കുക.

11. അല്ല, അന്ത്യമണിക്കൂറിനെ കളവാക്കി തള്ളിപ്പറയുന്നവരാണവർ, അന്ത്യമണി

ക്കൂറിനെ കളവാക്കി തള്ളിപ്പറയുന്നവന് നാം ഒരുക്കിവെച്ചിട്ടുള്ളത് കത്തിയാളുന്ന നരകവുമാണ്.

അദ്ദിക്ർ ഉപയോഗപ്പെടുത്തി അവരവരെ തിരിച്ചറിയുക, സ്രഷ്ടാവിനെ കണ്ടെത്തുക, ഏഴാംഘട്ടത്തിലേക്കുവേണ്ടിയുള്ള സ്വർഗം നാലാംഘട്ടമായ ഇവിടെവെച്ചു തന്നെ പണിയുക തുടങ്ങിയ ജീവിതലക്ഷ്യം മറന്ന് ജീവിക്കുന്നവരാണ് അന്ത്യമണിക്കൂറിനെ കളവാക്കി തള്ളിപ്പറയുന്ന ഫുജ്ജാറുകൾ. അവർ ഇവിടെ സമ്പാദിക്കുന്നത് നരകമായതിനാൽ മരണത്തോടുകൂടി ശാശ്വതമായ നരകം അവർക്ക് ലഭിക്കുന്നതാണ്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. 76: 4 ൽ, നിശ്ചയം കാഫിറുകൾക്കുവേണ്ടി നാം ചങ്ങലകളും വടങ്ങളും കത്തിയാളുന്ന നരകവും ഒരുക്കിവെച്ചിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. 3: 181–182; 15: 44; 42: 18 വിശദീകരണം നോക്കുക.

12. ദൂരസ്ഥലത്തുനിന്ന് അത് കാണുമ്പോൾ തന്നെ അതിന്റെ ക്ഷോഭവും ഇരമ്പലും അവർ കേൾക്കുന്നതാണ്.

67: 7–8 സൂക്തങ്ങളിൽ, കാഫിറുകൾ അതിലേക്ക് എറിയപ്പെടുമ്പോഴെല്ലാം അതിന്റെ മോങ്ങൽ അവർ കേൾക്കുന്നതാണ്, അതാകട്ടെ തിളച്ച് മറിഞ്ഞുകൊണ്ടുമിരിക്കും; കോപത്താൽ അത് പൊട്ടിപ്പിളർന്ന് തകരുമാറാകും; എല്ലാഓരോ സംഘവും അതിൽ എറിയപ്പെടുമ്പോഴൊക്കെ അതിന്റെ പാറാവുകാർ 'നിങ്ങൾക്ക് മുന്നറിയിപ്പുകാർ വന്നിട്ടുണ്ടായിരുന്നില്ലേ' എന്ന് അവരോട് ചോദിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. 42: 45 ൽ, ആ ശിക്ഷയിലേക്ക് അവർ കൊണ്ടുവരപ്പെടുമ്പോൾ അവർ അപമാനത്താൽ വിനീതരാകുന്നതായും ഒളികണ്ണിട്ട് അതിനെ നോക്കുന്നതായും നിനക്കുകാണാം; വിശ്വാസികളായിരുന്നവർ പറയുകയും ചെയ്യും: നിശ്ചയം നഷ്ടക്കാർ വിധിദിവസം സ്വന്തത്തെയും തങ്ങളുടെ കുടുംബാംഗങ്ങളെയും നഷ്ടപ്പെടുത്തിയവരാരോ അവർ തന്നെയാകുന്നു, അറിഞ്ഞിരിക്കുക! നിശ്ചയം അക്രമികൾ സ്ഥായിയായ ശിക്ഷയിലാണുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. 39: 15; 66: 6–7 വിശദീകരണം നോക്കുക.

13. അതിൽ ഒരു ഇടുങ്ങിയ സ്ഥലത്ത് ചങ്ങലകളിൽ ബന്ധിക്കപ്പെട്ട നിലയിൽ അവർ എറിയപ്പെട്ടാൽ അവിടെവെച്ച് അവർ നാശത്തിന് വേണ്ടി കേഴുന്നതുമാണ്.

40: 69–74 സൂക്തങ്ങളിൽ, അല്ലാഹുവിന്റെ സൂക്തങ്ങളുടെ കാര്യത്തിൽ തർക്കിക്കുന്നവരിലേക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞില്ലേ? എങ്ങനെയാണ് അവർ വ്യതിചലിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഗ്രന്ഥത്തെ കളവാക്കിക്കൊണ്ടിരിക്കുന്നവരാണ് അവർ –നാം എന്തും കൊണ്ടാണോ നമ്മുടെ പ്രവാചകന്മാരെ അയച്ചത് അതിനെയും; അപ്പോൾ അടുത്തുതന്നെ അവർ അറിയുന്നതാണ്. അവരുടെ കഴുത്തുകളിൽ വളയങ്ങളിടുകയും ചുട്ടുപഴുത്ത വെള്ളത്തിലേക്ക് ചങ്ങലകളിൽ ബന്ധിതരായി വലിച്ചിഴക്കപ്പെടുകയും ചെയ്യുന്ന സന്ദർഭം; പിന്നെ നരകത്തിൽ തിളപ്പിക്കപ്പെടുന്നവരാവുകയും ചെയ്യുന്ന സന്ദർഭം, പിന്നെ അവരോട് ചോദിക്കപ്പെടും: നിങ്ങൾ അല്ലാഹുവിനെക്കൂടാതെ പങ്കുചേർത്തുകൊണ്ടേയിരുന്നവർ എവിടെ? അവർ പറയും: അവർ ഞങ്ങളെത്തൊട്ട് വഴിമാറിപോയിരിക്കുന്നു; അല്ല, ഞങ്ങൾ ഇതിനുമുമ്പ് ഒരു വസ്തുവിനേയും വിളിച്ച് പ്രാർത്ഥിക്കുന്നവരായിരുന്നില്ല, അപ്രകാരം കാഫിറുകളെ അല്ലാഹു വഴിപിഴപ്പിച്ചിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 3: 7 ൽ വിവരിച്ച പ്രകാരം ഫാജിറുകളും കാഫിറുകളുമായി അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ. 2: 24, 165–167 വിശദീകരണം നോക്കുക.

14. ഇന്ന് നിങ്ങൾ ഒരു നാശത്തിന് വേണ്ടി കേഴേണ്ടതില്ല, ധാരാളം നാശത്തിനു വേണ്ടി കേഴുക.

84: 10–15 സൂക്തങ്ങളിൽ, ആർക്കാണോ തന്റെ ഗ്രന്ഥം അവന്റെ മുതുകിന്റെ പിറകിലൂടെ നൽകപ്പെട്ടത്. അപ്പോൾ അവൻ നാശത്തിനുവേണ്ടി കേഴുന്നതാണ്. അവൻ കത്തിയാളുന്ന നരകത്തിൽ വേവിക്കപ്പെടുന്നതുമാണ്. നിശ്ചയം, അവൻ അവന്റെ കുടുംബാംഗങ്ങളിൽ വളരെ ഉന്മത്തനായി കഴിഞ്ഞുകൂടുന്നവനായിരുന്നു. നിശ്ചയം അവൻ പുനർജനിപ്പിക്കപ്പെടുകയില്ലതന്നെ എന്ന് അവൻ കരുതി. അല്ല, നിശ്ചയം അവന്റെ നാഥൻ അവനെ വീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ തന്നെയായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 7: 37–38; 23: 105–108; 43: 74–78 വിശദീകരണം നോക്കുക.

15. നീ ചോദിക്കുക: അതാണോ ഉത്തമം, അതോ സൂക്ഷ്മാലുക്കളോട് വാഗ്ദാനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ശാശ്വതമായ സ്വർഗമാണോ? അതായിരിക്കും അവർക്കുള്ള പ്രതിഫലവും തിരിച്ചുചെല്ലാനുള്ള മടക്കസ്ഥലവും.

2: 2 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സന്മാർഗമായി പരിഗണിക്കുന്നവരാണ് സൂക്ഷ്മതയുള്ളവർ. അവർ അദ്ദിക്റിനെ സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റായും എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിനാ*യും ഇവിടെവെച്ച് ഉപയോഗപ്പെടുത്തുന്നവരും അങ്ങനെ ഉപയോഗപ്പെടുത്താൻ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് അദ്ദിക്റിന്റെ വെളിച്ചത്തിൽ ജീവിതം ചിട്ടപ്പെടുത്തി സ്വർഗം പണിയുന്നവരുമാണ്. 3: 133–136; 20: 3; 39: 24; 41: 40 വിശദീകരണം നോക്കുക.

16. അവർക്കതിൽ അവർ ഉദ്ദേശിക്കുന്നതെല്ലാം ശാശ്വതമായി ഉണ്ടായിരിക്കുന്നതാണ്, അത് നിന്റെ നാഥന്റെമേൽ ചോദ്യം ചെയ്യപ്പെടാവുന്ന ഒരുവാഗ്ദത്തം തന്നെയായിരിക്കുന്നു.

ജീവിതലക്ഷ്യം മനസ്സിലാക്കി ഇവിടെവെച്ച് സ്വർഗം പണിതുകൊണ്ടിരിക്കുന്ന സൂക്ഷ്മാലുക്കൾക്ക് എല്ലാവിധ അനുഭൂതികളും ശാശ്വതമായി ആ സ്വർഗത്തിൽ ലഭിച്ചുകൊണ്ടിരിക്കും എന്നാണ് സൂക്തം പറയുന്നത്. ഇന്ന് വിശ്വാസി എങ്ങനെയാണ് സ്വർഗം പണിയേണ്ടത് എന്ന് മനസ്സിലാക്കാൻ 7: 205–206; 76: 22 സൂക്തങ്ങളുടെ വിശദീകരണം വായിക്കുക. ഇവിടെവെച്ച് സ്വർഗം പണിതവർക്ക് അവർ ഇവിടെ പണിതസ്വർഗം ചോദിച്ചുവാങ്ങാവുന്നതാണ്. അഥവാ ഗ്രന്ഥം അവർക്കുവേണ്ടി സാക്ഷിനിൽക്കുകയും വാദിക്കുകയും ശുപാർശ ചെയ്യുകയും ശുപാർശ ചെയ്യിപ്പിക്കുകയും ചെയ്യുന്നതാണ്. 41: 30–32; 76: 21–22 വിശദീകരണം നോക്കുക.

17. അവരെയും അല്ലാഹുവിനെക്കൂടാതെ അവർ സേവിച്ചുകൊണ്ടിരിക്കുന്നവരെയും പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടുന്ന ഒരുനാളിൽ; അപ്പോൾ അവൻ ചോദിക്കും: നിങ്ങളാണോ എന്റെ ദാസന്മാരായ ഇക്കൂട്ടരെ വഴിപിഴപ്പിച്ചത്, അതോ അവർ സ്വയം വഴിപിഴച്ചതാണോ?

സൂക്തത്തിൽ 'അല്ലാഹുവിനെക്കൂടാതെ അവർ സേവിച്ചുകൊണ്ടിരിക്കുന്നവരെയും' എന്ന് പറഞ്ഞതിന്റെ വിവക്ഷ അല്ലാഹുവിലേക്കുള്ള ഇടയാളന്മാരും ശുപാർശക്കാരും മധ്യവർത്തികളുമാണെന്ന് സങ്കൽപിച്ച് ഫുജ്ജാറുകൾ വിളിച്ച് പ്രാർത്ഥിക്കുകയും നേർച്ച വഴിപാടുകൾ അർപ്പിക്കുകയും ജന്മദിനവും ചരമദിനവും കൊണ്ടാടുകയും ചെയ്യുന്ന മ

ഹാത്മാക്കളും മറ്റും അടങ്ങിയ അല്ലാഹുവിന്റെ സൃഷ്ടികളാണ്. 25: 3; 39: 2–3 വിശദീകരണം നോക്കുക.

18. അവർ പറയുന്നതാണ്: നീ പരിശുദ്ധൻ, ഞങ്ങൾക്ക് നിന്നെക്കൂടാതെ മറ്റുസംരക്ഷകരെ തെരഞ്ഞെടുക്കൽ യോജിച്ചതായിരുന്നില്ലതന്നെ, എന്നാൽ നീ അവർക്കും അവരുടെ പിതാക്കൾക്കും ജീവിതവിഭവങ്ങൾ നൽകി –അവർ അദ്ദിക്റിനെ വിസ്മരിക്കുന്നതുവരെ, അവർ ഒരു കെട്ടജനത തന്നെയുമായിരുന്നു.

ഏകഇലാഹായ അല്ലാഹുവിനെമാത്രം സേവിച്ചുകൊണ്ടിരിക്കണമെന്ന് പഠിപ്പിക്കുന്ന അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 17: 56–57 സൂക്തങ്ങളെ അവഗണിച്ചുകൊണ്ടും മഹാത്മാക്കളെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്നവരും ഇടയാളന്മാരും സഹായികളും സംരക്ഷകരുമായി പരിഗണിച്ച് ജീവിക്കുന്ന ഫുജ്ജാറുകൾക്കെതിരെ എല്ലാവരെയും പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടുന്ന നാളിൽ മഹാത്മാക്കൾ അന്യായം പറയുന്ന രംഗമാണ് ഈ സൂക്തങ്ങളിലൂടെ മുന്നറിയിപ്പ് നൽകുന്നത്. അദ്ദിക്റിനെക്കുറിച്ച് മനസ്സിലാക്കിയ അവരുടെ നേതാക്കളായ കപടവിശ്വാസികൾ അദ്ദിക്ർ പിൻപറ്റാതിരുന്നാലുള്ള ഭവിഷ്യത്ത് വഴിപിഴച്ചുപോയ അവരുടെ അനുയായികളെ പഠിപ്പിക്കുന്നില്ല എന്ന് മാത്രമല്ല, നാഥനിൽ നിന്നുള്ള ഗ്രന്ഥത്തെയും പ്രവാചകന്മാരെയും കളവാക്കി ജനമദ്ധ്യത്തിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. അല്ലാഹുവിന്റെ പേരിലല്ലാതെ നീക്കിവെച്ച ഭക്ഷണ സാധനങ്ങൾ പന്നിമാംസത്തോട് ചേർത്തുകൊണ്ടാണ് 5: 3; 6: 145 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ആശയം അറിയാതെ ഗ്രന്ഥം വഹിക്കുന്ന ഈ കെട്ടജനത പന്നിമാംസം നിഷിദ്ധമായി പരിഗണിക്കുന്നുണ്ടെങ്കിലും അല്ലാഹുവിന്റെ പേരിലല്ലാതെ നീക്കിവെച്ചത് നിഷിദ്ധമായി പരിഗണിക്കാത്തവരാണ്. അതുവഴി അവർ പരലോകത്തെ നിഷേധിക്കുന്നവരാണ്. ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത പട്ടിയോടാണ് 7: 176 ൽ ഈ ജനതയെ ഉപമിച്ചിട്ടുള്ളത്. 8: 22 ൽ വിവരിച്ച പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഇവർ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവരാണ്. അതിന് കാരണം അവർ അറബി ഖുർആൻ വായിക്കാത്തതോ കേൾക്കാത്തതോ അല്ല. മറിച്ച് അവർ അദ്ദിക്റിനെത്തൊട്ട് ബധിരരും അന്ധരുമായതാണ്. വിശ്വാസികൾ 'കോപിക്കപ്പെട്ടവരുടെ മാർഗത്തിലും വഴിപിഴച്ചവരുടെ മാർഗത്തിലും അല്ല' എന്ന സൂക്തം 1: 7 വായിക്കുമ്പോൾ ഫുജ്ജാറുകളുടെ മാർഗത്തിലല്ല എന്നാണ് മനസ്സിൽ കരുതേണ്ടത്. ഈ കെട്ടജനതയോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യാനാണ് 9: 73; 25: 52; 66: 9 എന്നീ സൂക്തങ്ങളിലൂടെ ഒറ്റപ്പെട്ട വിശ്വാസികളോട് നാഥൻ കൽപിച്ചിട്ടുള്ളത്. 14: 28–30; 48: 6, 12; 57: 15–16 വിശദീകരണം നോക്കുക.

19. അങ്ങനെ നിശ്ചയം, നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നതിനെ അവർ തള്ളിക്കളയുന്നതാണ്, അപ്പോൾ ശിക്ഷ തിരിച്ചുവിടാനോ സഹായം ലഭ്യമാക്കാനോ നിങ്ങൾക്ക് സാധിക്കുകയില്ല, നിങ്ങളിൽ നിന്നും ആരാണോ അക്രമികളായത്, അവനെ നാം വമ്പിച്ച ശിക്ഷ രുചിപ്പിക്കുകതന്നെ ചെയ്യുന്നതുമാണ്.

മഹാത്മാക്കളെ ശുപാർശക്കാരും ഇടയാളന്മാരുമായി പരിഗണിച്ചിരുന്നതും അവരുടെമേൽ നേർച്ചവഴിപാടുകൾ അർപ്പിച്ചിരുന്നതുമെല്ലാം വിധിദിവസം അനുയായികളെ അതിന് പ്രേരിപ്പിച്ചിരുന്ന അവരുടെ നേതാക്കളായ കപടവിശ്വാസികളും മഹാത്മാക്കൾ തന്നെയും തള്ളിപ്പറയുമെന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ നരകക്കുണ്ഠത്തിൽ വെച്ച്

പരസ്പരം തർക്കിക്കുകയും കുറ്റപ്പെടുത്തുകയും ശപിക്കുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 14: 1–3; 16: 85–86; 28: 62–64 വിശദീകരണം നോക്കുക.

20. നിനക്ക് മുമ്പ് സന്ദേശവാഹകരിൽ നിന്ന് ഒരാളെയും നാം അയച്ചിട്ടില്ല; നിശ്ചയം അവർ ഭക്ഷണം കഴിക്കുന്നവരും അങ്ങാടികളിൽ നടക്കുന്നവരും തന്നെയായിട്ടല്ലാതെ, നിങ്ങളിൽ ചിലർക്ക് ചിലരെ നാം പരീക്ഷണമാക്കി വെച്ചിരിക്കുകയുമാണ്, നിങ്ങൾ ക്ഷമിക്കുന്നില്ലെയോ? നിന്റെ നാഥൻ എല്ലാംവീക്ഷിച്ചു കൊണ്ടിരിക്കുന്നവനായിരിക്കുന്നു.

മനുഷ്യരെ പരസ്പരം പരീക്ഷണമാക്കി വെച്ചിട്ടുണ്ട്. പ്രത്യേകിച്ച് വിശ്വാസികളെ കപടവിശ്വാസികൾക്കും കപടവിശ്വാസികളെ വിശ്വാസികൾക്കും പരീക്ഷണമാക്കി വെച്ചിട്ടുണ്ട്. എക്കാലത്തുമുള്ള കാഫിറുകളായ ഫുജ്ജാറുകൾ മനുഷ്യരിൽ നിന്നല്ലാത്ത പ്രവാചകന്മാരെയാണ് പ്രതീക്ഷിച്ചിരുന്നത്. അതിന് മറുപടിയായിട്ടാണ് 'ഭൂമിയിൽ ശാന്തരായി ചരിക്കുന്ന മലക്കുകളായിരുന്നു വസിച്ചിരുന്നതെങ്കിൽ മലക്കുകളിൽ നിന്നുള്ള ഒരു പ്രവാചകനെത്തന്നെ നാം അയക്കുമായിരുന്നു' എന്ന് 17: 95 ലൂടെ നാഥൻ പറയുന്നത്. 6: 111 ൽ, നിശ്ചയം നാം മലക്കുകളെത്തന്നെ അവരിലേക്ക് ഇറക്കുകയും മരിച്ചവർ അവരോട് സംസാരിക്കുകയും അവരുടെ കൺമുമ്പിൽ എല്ലാഓരോ വസ്തുവിനെയും നാം ഒരുമിച്ചുകൂട്ടുകയും ചെയ്താൽപോലും അല്ലാഹു ഉദ്ദേശിച്ചാലൊഴികെ അവർ വിശ്വസിക്കുന്നവരാകുമായിരുന്നില്ല, പക്ഷേ അവരിൽ അധികപേരും അവിവേകികൾ തന്നെയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 6: 35, 53, 165; 21: 35; 25: 7–8 വിശദീകരണം നോക്കുക.

21. നാമുമായി കണ്ടുമുട്ടണമെന്ന് പ്രതീക്ഷിക്കാത്തവർ ചോദിക്കുകയും ചെയ്യുന്നു: എന്തുകൊണ്ട് നമ്മുടെമേൽ മലക്കുകൾ ഇറക്കപ്പെടുന്നില്ല? അല്ലെങ്കിൽ നമ്മുടെ നാഥനെ നാം നേരിൽ കാണുന്നില്ല? നിശ്ചയം, അവർ സ്വന്തത്തോട് അഹങ്കരിക്കുകയും വമ്പിച്ച ഗർവ്വിൽ വല്ലാതെ അതിരുകവിയുകയും ചെയ്തിരിക്കുന്നു.

അദ്ദിക്റിനെ അവഗണിച്ച് പതിനഞ്ച് വയസ്സിനുശേഷമുള്ള ജീവിതത്തെക്കുറിച്ച് സ്രഷ്ടാവിന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരും എന്ന ബോധമില്ലാതെ ജീവിക്കുന്ന ഫുജ്ജാറുകളുടെ അവസ്ഥയെയാണ് സൂക്തത്തിൽ വിമർശിക്കുന്നത്. 10: 7–8 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവർ ഇഹലോകജീവിതം കൊണ്ടുമാത്രം തൃപ്തിപ്പെടുന്നവരാണ്. 6: 31; 23: 35–37 വിശദീകരണം നോക്കുക.

22. മലക്കുകളെ അവർ കാണുന്ന ദിനം; ഇത്തരം ഭ്രാന്തന്മാർക്ക് അന്നേദിനം സന്തോഷകരമായിരിക്കുകയില്ല, അവർ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും: ഒരുകാണാത്ത കന്മതിൽ ഉണ്ടായിരുന്നെങ്കിൽ!

അദ്ദിക്ർ ഉപയോഗപ്പെടുത്തി അല്ലാഹുവിനെക്കൊണ്ടും മലക്കുകളെക്കൊണ്ടുമെല്ലാമുള്ള വിശ്വാസം രൂപപ്പെടുത്താത്തവരും അല്ലാഹുവിനെയും മലക്കുകളെയുമെല്ലാം നേരിട്ടുകാണണമെന്ന് ആവശ്യപ്പെടുന്നവരുമായ അക്രമികളുടെയും ഭ്രാന്തന്മാരുടെയും മരണസമയത്ത്: *മലക്കുകൾ* അവരുടെ റൂഹ് പിടിച്ചെടുക്കാൻ വരുമ്പോൾ ഞങ്ങൾക്ക് മലക്കുകളെ കാണേണ്ട, ഞങ്ങൾക്കും മലക്കുകൾക്കുമിടയിൽ അവരെ കാണാൻ സാധിക്കാത്ത വിധത്തിലുള്ള ഒരു മതിൽകെട്ട് ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനേ എന്നവർ വിലപിക്കുമെന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. 6: 93–94, 158; 24: 39–40 വിശദീകരണം നോക്കുക.

23. അവരുടെ പ്രവൃത്തികളിൽ നിന്നുള്ള പ്രവർത്തനങ്ങളെല്ലാം നാം മുമ്പിൽവെച്ചു

കൊടുക്കുകയും അങ്ങനെ നാം അതിനെ ചിന്നിച്ചിതറിയ പൊടിപടലങ്ങളാക്കി മാറ്റുകയും ചെയ്യും.

കാഫിറുകളുടെ മരണസമയത്ത്, അവരുടെ പതിനഞ്ച് വയസ്സിനുശേഷമുള്ള ഗ്രന്ഥത്തെ സത്യപ്പെടുത്താതെയുള്ള നമസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങിയ എല്ലാപ്രവർത്തനങ്ങളും അവരുടെ മുമ്പിൽ വെച്ചുകൊടുക്കുമെന്നും അവയെ കാറ്റിൽ പറക്കുന്ന പൊടിപടലം കണക്കെ പാറ്റിക്കളയുമെന്നുമാണ് പറയുന്നത്. കാരണം അവ ത്രാസ്സായ അദ്ദിക്റിന്റെ വെളിച്ചത്തിലായിരുന്നില്ല. അല്ലാഹുവിനെമാത്രം ബോധിപ്പിക്കാനുള്ളതല്ലാത്ത ശരീരം കൊണ്ടുമാത്രമുള്ള ചര്യാപരമായ അനുഷ്ഠാനങ്ങളായിരുന്നു അവയെല്ലാം. 2: 186; 7: 8–9, 30; 18: 103–106 വിശദീകരണം നോക്കുക.

24. സ്വർഗത്തിനർഹരായവർ അന്നേദിനം ഉത്തമമായ വിശ്രമസ്ഥലത്തും മധ്യാഹ്നം കഴിച്ചുകൂട്ടുന്നത് എറ്റവും നല്ലനിലയിലുമായിരിക്കും.

വിധിദിവസം വിചാരണാമഹാസഭയിൽ വരാൻ പോകുന്ന രംഗമാണ് ഇവിടെ വരച്ചു കാണിക്കുന്നത്. അമ്പതിനായിരം വർഷം ദൈർഘ്യമുള്ള ആ നാളിൽ കുറ്റവാളികൾ അവരുടെ കുറ്റകൃത്യങ്ങളുടെ തോതനുസരിച്ച് വിയർപ്പിൽ മുങ്ങിക്കുളിക്കുമ്പോൾ, വിചാരണക്കുശേഷം സ്വർഗത്തിലേക്ക് പോകാൻ അർഹതയുള്ളവർ കഠിനമായ ചൂടും വിയർപ്പുമൊന്നും അനുഭവിക്കാത്ത ഉത്തമമായ വിശ്രമസ്ഥലങ്ങളിലായിരിക്കും. 1: 3 വായിക്കുമ്പോൾ വിശ്വാസികൾ ഈ രംഗങ്ങളെല്ലാം മനസ്സിൽ കാണേണ്ടതാണ്. 19: 71–72; 36: 55–58; 70: 4 വിശദീകരണം നോക്കുക.

25. അന്നേദിനം മേഘങ്ങളോടൊപ്പം ആകാശം പൊട്ടിപ്പിളരുകയും മലക്കുകൾ കൂട്ടംകൂട്ടമായി ഇറക്കപ്പെടുകയും ചെയ്യുന്നതുമാണ്.

അന്ത്യനാളിൽ ആകാശം പൊട്ടിപ്പിളരുകയും അങ്ങനെ അത് സുതാര്യമായിത്തീരുന്നതും മലക്കുകൾ അതിന്റെ പാർശ്വങ്ങളിലേക്ക് മാറിനിൽക്കുന്നതുമാണ്, നിന്റെ നാഥന്റെ സിംഹാസനം എട്ട് മലക്കുകൾ വഹിക്കുന്നതും അന്നേദിനം യാതൊരുകാര്യവും നിങ്ങളിൽ നിന്ന് മറഞ്ഞുനിൽക്കാത്ത വിധം നിങ്ങളെല്ലാം പ്രദർശിപ്പിക്കപ്പെടുന്നതുമാണ് എന്ന് 69: 16–18 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആകാശം പൊട്ടിപ്പിളരുകയും അത് ഉരുകി റോസാപ്പൂ പോലെ മൃദുലമാവുകയും ചെയ്യുമ്പോൾ എന്ന് 55: 37 ലും; ആകാശം പൊട്ടിപ്പിളരുന്ന സന്ദർഭം! അതിന്റെ നാഥൻ അങ്ങനെ സംഭവിക്കാൻ അതിന് സമ്മതം നൽകുന്നതുമാണ് എന്ന് 84: 1–2 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അഥവാ ആകാശഭൂമികളുടെ ഇന്നത്തെ അവസ്ഥ അന്ന് പാടെമാറുകയും ഭൂമിയെ ഉടച്ചുവാർത്ത് ഒറ്റമാർബിളെന്നോണം നിരപ്പാക്കി സംവിധാനിക്കുകയും ചെയ്യുന്നതാണ്. ഭൂമിയുടെ കേന്ദ്രമായ കഅ്ബത്തിങ്കൽ വെച്ചാണ് അല്ലാഹുവിന്റെ 'വിചാരണാ മഹാസഭ' നടക്കുക. അന്ന് *ജിബ്രീലും* മലക്കുകളുമടക്കം എല്ലാസൃഷ്ടികളും ഹാജരാക്കപ്പെടുകയും അല്ലാഹുവിന്റെ സിംഹാസനത്തിന് ചുറ്റും കറങ്ങുന്നതായിട്ട് മലക്കുകളെ നീ കാണുകയും സൃഷ്ടികൾക്കിടയിൽ സത്യമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കപ്പെടുകയും ചെയ്യുന്നതാണ്, സർവ്വസ്തുതിയും സർവ്വ ലോകങ്ങളുടെയും ഉടമയായ അല്ലാഹുവിനാണ് എന്ന് പറയപ്പെടുകയുമായി എന്ന് 39: 75 ൽ പറഞ്ഞിട്ടുണ്ട്. 2: 210; 16: 33 വിശദീകരണം നോക്കുക.

26. അന്നേദിനം, യഥാർത്ഥത്തിലുള്ള ആധിപത്യം നിഷ്പക്ഷവാന് മാത്രമായിരിക്കും, ആ ദിനം കാഫിറുകളുടെമേൽ വളരെ ബുദ്ധിമുട്ടേറിയതുമായിരിക്കും.

40: 16 ൽ, അവർ മറയില്ലാതെ പുറത്ത് വരുന്ന ദിവസം! അവരിൽ നിന്ന് യാതൊന്നും അല്ലാഹുവിന്റെ മേൽ മറഞ്ഞിരിക്കുകയില്ല, അന്നേദിനം ആർക്കാണ് രാജാധികാരം? എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനായ അല്ലാഹുവിനുമാത്രം എന്ന് പറയപ്പെടുമെന്ന് പറഞ്ഞിട്ടുണ്ട്. 21: 23, 42–44; 54: 8 വിശദീകരണം നോക്കുക.

27. ആ ദിനം, അക്രമി തന്റെ കൈകടിച്ചുകൊണ്ട് കേഴുന്നതുമാണ്, ഓ എന്റെ നാശം! ഞാൻ സന്ദേശവാഹകനോടൊപ്പം യഥാർത്ഥമാർഗം തെരഞ്ഞെടുത്തിരുന്നുവെങ്കിൽ!

സന്ദേശവാഹകനോടൊപ്പമുള്ള യഥാർത്ഥമാർഗ്ഗം നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്ർ തന്നെയാണ്. അത് വന്നുകിട്ടിയിട്ട് സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും ഇതര ജനവിഭാഗങ്ങൾക്ക് അത് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്തുകൊണ്ട് പിശാചിന്റെ സംഘത്തിൽ പെട്ട യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകളാണ് പരലോകത്തുവെച്ച് ഇങ്ങനെ വിലപിക്കുക. അതിനുകാരണം ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ എന്ന ഗ്രന്ഥം അവർ വായിക്കാനും കേൾക്കാനും തയ്യാറാകാത്തതാണ്. 2: 254–258; 6: 21; 10: 17 വിശദീകരണം നോക്കുക.

28. ഓ എന്റെ നാശം! ഞാൻ ഇന്നാലിന്നവനെ ആത്മമിത്രമായി തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നില്ലെങ്കിൽ!

29. നിശ്ചയം, അദ്ദിക്റിനെത്തൊട്ട് എനിക്ക് അത് വന്നുകിട്ടിയതിനുശേഷം എന്നെ വഴിപിഴപ്പിച്ചത് അവനാണല്ലോ, പിശാച് മനുഷ്യന് ഒരുമഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ!

മനുഷ്യരിലും ജിന്നുകളിലും പിശാചുക്കളുണ്ടെന്ന് 6: 112 ൽ വിവരിച്ചിട്ടുണ്ട്. 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി വിശ്വാസിയായ നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവനാണ് ആയിരത്തിൽ ഒന്നായ വിശ്വാസി. ബാക്കി തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതായ ഫുജ്ജാറുകളും പരലോകത്തുവെച്ച് 'മനുഷ്യപ്പിശാചുക്കളും ജിന്നുപിശാചുക്കളുമാണല്ലോ അദ്ദിക്ർ എനിക്ക് വന്നുകിട്ടിയതിനുശേഷം അതിൽ നിന്ന് എന്നെ തടഞ്ഞത്' എന്ന് വിലപിക്കുന്ന രംഗമാണിത്. കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ അവരിലെ നേതാക്കളും അനുയായികളും തമ്മിൽ നരകത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും ശപിക്കുകയും പഴിചാരുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 8: 22; 18: 57, 101; 36: 59–62; 43: 67 വിശദീകരണം നോക്കുക.

30. പ്രവാചകൻ പറയുകയും ചെയ്യും: ഓ എന്റെ നാഥാ! നിശ്ചയം എന്റെ ഈ ജനത ഈ വായനയിൽ നിന്ന് ഹിജ്റ പോയവരായിരുന്നു.

മുഹമ്മദിന്റെ സമുദായത്തിൽ (*ഉമ്മത്ത്*) മുഹമ്മദ് പ്രവാചകനായി നിയോഗിപ്പെട്ടതുമുതൽ അന്ത്യനാൾ വരെയുള്ള എല്ലാമനുഷ്യരും ഉൾപ്പെടുന്നു, എന്നാൽ ജനതയിൽ *(ഖൗം)* പ്രവാചകന്റെ അഭിസംബോധകരായ മക്കാമുശ്രിക്കുകളും 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്തവരും മാത്രമാണ് ഉൾപ്പെടുക. അപ്പോൾ ഐഹികലോകത്തുവെച്ചും വിധി ദിവസത്തിലും തന്റെ സമുദായത്തിന് അനുകൂലമായി പ്രാർത്ഥിക്കുന്ന പ്രവാചകൻ, പരലോകത്തുവെച്ച് തന്റെ ജനതക്കെതിരെ ഗ്രന്ഥവും കൊണ്ടുവന്ന് 'എന്റെ ഈ ജനത ഇതിനെ തള്ളിപ്പറഞ്ഞ് അവഗണിച്ച് അതിൽനിന്ന് ഒളിച്ചോടിപ്പോയ

താണ് അവർക്ക് പറ്റിയ ദുർഗതി' എന്ന് അന്യായം പറയുന്ന രംഗമാണ് ഇവിടെ മുന്നറിയിപ്പ് നൽകുന്നത്. അറബി ഖുർആൻ അല്ല, മറിച്ച് അദ്ദിക്റാണ് വ്യക്തവും സ്പഷ്ടവുമായ വായന എന്ന് 36: 69 ൽ പറഞ്ഞിട്ടുണ്ട്. 21: 24-25 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാർക്കും അവതരിപ്പിച്ചിട്ടുള്ളത് സത്യവും തെളിവുമായ അദ്ദിക്ർ തന്നെയാണ്. 56: 82 ൽ വിവരിച്ച പ്രകാരം ഇന്ന് ഗ്രന്ഥത്തിന്റെ ആളുകളെന്ന് ദുരഭിമാനിക്കുന്ന പ്രവാചകന്റെ ജനതയിൽ പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ്. അതിനാൽ 9: 82 ൽ വിവരിച്ച പ്രകാരം അവർ വായിച്ച, തൊട്ട, കേട്ട സൂക്തങ്ങൾ അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷി നിന്നുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 9: 28, 95, 125 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മാലിന്യമായ ഫുജ്ജാറുകൾക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർധിപ്പിക്കുകയില്ല. 5: 78; 23: 63-68; 25: 18 വിശദീകരണം നോക്കുക.

31. അപ്രകാരം, നാം എല്ലാഓരോ നബിക്കും ഭ്രാന്തന്മാരിൽ നിന്നുള്ളവരെ ശത്രുക്കളാക്കിയിരിക്കുന്നു; നിനക്ക് മാർഗദർശകനും സഹായിയുമായി നിന്റെ നാഥൻ തന്നെ ഏറ്റവും മതിയായവനുമാകുന്നു.

9: 67-68; 33: 73; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന അവരുടെ അനുയായികളുമാണ് 7: 40; 26: 99; 32: 12, 22; 34: 32; 36: 59 തുടങ്ങി 52 സൂക്തങ്ങളിൽ പറഞ്ഞ ഭ്രാന്തന്മാർ. അവർ അല്ലാഹുവിന്റെയും പ്രവാചകന്റെയും വിശ്വാസികളുടെയും ശത്രുക്കളാണെന്ന് 41: 26-29; 63: 4 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. സന്മാർഗ്ഗമായ ഗ്രന്ഥം ക്രോഡീകരിക്കുന്നതിനുമുമ്പ് പ്രവാചകനെ വിളിച്ച്: നിനക്ക് മാർഗദർശകനും സഹായിയുമായി നിന്റെ നാഥൻ തന്നെ ഏറെ മതിയായവനാണ് എന്നാണ് സൂക്തത്തിൽ പറഞ്ഞിട്ടുള്ളതെങ്കിൽ, ഇന്ന് 5: 48 ൽ വിവരിച്ച പ്രകാരം എല്ലാവിധ ആപത്തു-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിനായ* അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് നിലകൊള്ളാനാണ് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ വിടവാങ്ങൽ ഹജ്ജ് നാളിൽ തന്നെ പഠിപ്പിച്ചിട്ടുള്ളത്. 2: 256; 3: 101-103; 6: 55; 10: 17 വിശദീകരണം നോക്കുക.

32. കാഫിറുകളായവർ ചോദിക്കുകയും ചെയ്യുന്നു: എന്തുകൊണ്ടാണ് അവന്റെ മേൽ ഈ വായന ഒരു ഒറ്റ പ്രതിയായി ഇറക്കപ്പെടാത്തത്? അപ്രകാരമാക്കിയത് അതുകൊണ്ട് നാം നിന്റെ മനസ്സിനെ ഉറപ്പിച്ച് നിർത്തുന്നതിന് വേണ്ടിയാണ്; നാം അതിനനുസരിച്ച് നിന്റെ ജീവിതം ക്രമപ്പെടുത്തുന്നതുമാണ്.

ഇരുപത്തിമൂന്ന് വർഷങ്ങൾ കൊണ്ട് ഘട്ടംഘട്ടമായി അവതരിപ്പിച്ചിട്ടുള്ള ആവർത്തിച്ച് വായിക്കപ്പെടേണ്ട ഈ ഗ്രന്ഥം എന്തുകൊണ്ട് മൂസാക്ക് നൽകിയതുപോലെ ഒറ്റപ്രതിയായി അവതരിപ്പിച്ചില്ല എന്ന് ഗ്രന്ഥം ക്രോഡീകരിക്കപ്പെടുന്നതിന് മുമ്പുള്ള കാഫിറുകൾ ചോദിച്ചിരുന്നതായി 6: 7; 7: 203; 17: 93 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഇത്തരം സംശയങ്ങൾ ചോദിക്കാറില്ല. എന്നാൽ അവർ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും കള്ളവാദികൾ എഴുതിയുണ്ടാക്കിയ *ഫുജ്ജാ*

ർ കിതാബുകളാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നത്. 7: 175-176 സൂക്തങ്ങളിൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത പട്ടിയോടാണ് നാഥൻ അവരെ ഉപമിച്ചിട്ടുള്ളത്. 4:150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഇക്കൂട്ടർ മുപ്പതാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിന്റെ ആഗമനത്തിനും അന്ത്യദിനത്തിനും വേണ്ടി ധൃതിപ്പെട്ടുകൊണ്ടിരിക്കുകയാണ്. 17: 106 ൽ, ഈ വായനയും; നാം അതിനെ പലഭാഗങ്ങളായി അവതരിപ്പിച്ചിരിക്കുന്നു, നീ ജനങ്ങളുടെമേൽ അത് നിർത്തിനിർത്തി വായിച്ച് കൊടുക്കുന്നതിന്വേണ്ടി, നാം അതിനെ ഘട്ടംഘട്ടമായി അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്.പ്രവാചകന്റെ ജീവിതം നാഥൻ തന്നെ ഗ്രന്ഥത്തിനനുസരിച്ച് ക്രമപ്പെടുത്തുകയാണുണ്ടായതെങ്കിൽ 73: 4 ൽ പറഞ്ഞ പ്രകാരം വിശ്വാസി അവന്റെ ജീവിതം സ്വയം ഗ്രന്ഥത്തിനനുസരിച്ച് ക്രമപ്പെടുത്തേണ്ടതാണ്. 2: 254; 7: 26; 9: 28 വിശദീകരണം നോക്കുക.

33. അവർ നിന്റെ അടുത്തേക്ക് ഒരു ചോദ്യവും കൊണ്ടുവരുന്നില്ല, നാം അതിന്റെ യഥാർത്ഥ മറുപടിയും ഏറ്റവും നല്ല വിശദീകരണവും നിനക്ക് നൽകിയിട്ടല്ലാതെ.

അതായത് ത്രികാലജ്ഞാനിയായ അല്ലാഹു പ്രവാചകന്റെ കാലത്തുള്ള ആളുകളെക്കൊണ്ടുതന്നെ പലവിധ ചോദ്യങ്ങൾ ചോദിപ്പിച്ച് അതിന്റെ യഥാർത്ഥ മറുപടിയും ഇനി അന്ത്യനാൾ വരെയുള്ള ജനങ്ങൾ അതുപോലെയുള്ള ചോദ്യങ്ങൾ ചോദിക്കേണ്ടതില്ലാത്ത വിധത്തിലുള്ള ഉപമ-ഉദാഹരണങ്ങളടങ്ങിയ വിശദീകരണവും നൽകിയിട്ടുണ്ട് എന്നാണ് പറയുന്നത്. അപ്പോൾ സൂക്തത്തിൽ പറഞ്ഞ ഏറ്റവും നല്ല വിശദീകരണം 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ മാത്രമാണ്. സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിംകൾക്ക് എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ് എന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്.

നാഥനിൽ നിന്നുള്ള വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ ഏത് കാര്യത്തിലുള്ള സംശയവും ചോദിക്കേണ്ടത് ത്രികാലജ്ഞാനഗ്രന്ഥമായ അദ്ദിക്റിന്റെ രചയിതാവിനോടാണ് എന്ന് 16: 43-44; 21: 7 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 58; 7: 52; 16: 125 വിശദീകരണം നോക്കുക.

34. തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് ഒരുമിച്ച് കൂട്ടപ്പെടുന്നവരാരോ, അക്കൂട്ടർ തന്നെയാണ് ഏറ്റവും തിന്മയേറിയ സ്ഥാനത്തുള്ളവരും ഏറ്റവും വഴിപിഴച്ചവരും.

17: 97-98 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആത്മാവിനെ പരിഗണിക്കാത്ത ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് അവരുടെ ഭക്ഷണമാക്കിയിട്ടുള്ളതിനാൽ അവർ ബധിരരും ഊമരും അന്ധരുമായി തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ളവരാണ്. 8: 22 ൽ അവരെ ജീവജാലങ്ങളിൽ വെച്ച് ഏറ്റവും ദുഷിച്ചവർ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അതിന് കാരണം അവർ അറബി ഖുർആനിനെത്തൊട്ട് ബധിരരും ഊമരുമായതുകൊണ്ടല്ല, മറിച്ച് അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരുമായതാണ്.

35. നിശ്ചയം, മൂസാക്ക് നാം വേദഗ്രന്ഥം നൽകുകയും അവന്റെ സഹോദരൻ ഹാറൂനിനെ അവനോടൊപ്പം നാം മന്ത്രിയായി നിശ്ചയിക്കുകയും ചെയ്തു.

7: 154; 20: 25-36 വിശദീകരണം നോക്കുക.

36. അങ്ങനെ നാം പറഞ്ഞു: നമ്മുടെ ദൃഷ്ടാന്തങ്ങൾ കളവാക്കിയിട്ടുള്ളവരായ ഒരു ജനതയിലേക്ക് നിങ്ങൾ ഇരുവരും പോവുക, അങ്ങനെ നാം ആ ജനതയെ പാടെ തകർത്തുകളഞ്ഞു.

പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പിന് പിന്നിൽ ഒരു സ്രഷ്ടാവുണ്ടെന്നും അവൻ ഏകനാണെന്നും തെളിയിക്കുന്ന ധാരാളം ദൃഷ്ടാന്തങ്ങൾ പ്രകൃതിയിലുണ്ട്. അവയെയെല്ലാം തള്ളിപ്പറഞ്ഞുകൊണ്ട് 'ഞാനാണ് അത്യുന്നതനായ നാഥൻ' എന്ന് പ്രഖ്യാപിച്ചവനായിരുന്നു ഫിർഔനും പ്രഭൃതികളും. 41: 53 ൽ പറഞ്ഞ പ്രകാരം ഇന്ന് ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള ദൃഷ്ടാന്തങ്ങൾ ദിഗന്തങ്ങളിലും അവരിൽ തന്നെയും സംഭവിച്ചുകാണുന്നതിനെ തള്ളിപ്പറയുന്നത് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ്. 3: 190-191; 8: 54-56; 30: 20-27 വിശദീകരണം നോക്കുക.

37. -നൂഹിന്റെ ജനതയെയും; അവർ സന്ദേശവാഹകരെ കളവാക്കിത്തള്ളിപ്പറഞ്ഞപ്പോൾ നാം അവരെ മുക്കിക്കൊല്ലുകയും അവരെ നാം ജനങ്ങൾക്ക് ഒരുദൃഷ്ടാന്തമാക്കുകയും ചെയ്തു, ഇത്തരം അക്രമികൾക്ക് വേദനാജനകമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുമുണ്ട്.

മുന്നൂറ്റിപ്പതിമൂന്ന് പ്രവാചകന്മാരും കൊണ്ടുവന്നത് നാഥന്റെ സന്ദേശമായ അദ്വിക്ർ ആയതിനാലാണ് ആദ്യത്തെ പ്രവാചകനായ നൂഹിനെ തള്ളിപ്പറഞ്ഞവരെക്കുറിച്ച് എല്ലാ പ്രവാചകൻമാരെയും കളവാക്കിത്തള്ളിപ്പറഞ്ഞ ജനത എന്ന് പറഞ്ഞത്. ഇന്ന് അദ്വിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കള്ളവാദികളെ പിൻപറ്റുന്ന ഫുജ്ജാറുകൾ തെമ്മാടികളും അക്രമികളുമായി മാറിയിരിക്കുന്നു. പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളും ഇക്കൂട്ടരെപ്പോലെ തെമ്മാടികളും അക്രമികളുമാകുമ്പോഴാണ് അന്ത്യദിനം സംഭവിക്കുക. 9: 67-68; 11: 36; 39: 24, 47-48; 71: 27-28 വിശദീകരണം നോക്കുക.

38. -ആദിനെയും സമൂദിനെയും റസ്സുവാസികളെയും; അതിനിടയിലായി ധാരാളം തലമുറകളെയും.

സൗദി അറേബ്യയിലെ അൽഖസീം പ്രോവിൻസിൽ ഉനൈസ-മദീന റോഡിൽ 55 കി. മീ. ദൂരെയുള്ള (ഉനൈസയിൽ നിന്ന് 55 കി. മീ.) സ്ഥലമായ 'അൽ റാസ്സ്' എന്ന പേരിൽ ഇന്നറിയപ്പെടുന്ന സ്ഥലത്ത് താമസിച്ചിരുന്നവരാണ് റസ്സുകാർ. റസ്സ് എന്ന് പറഞ്ഞാൽ ഉപയോഗശൂന്യമായ ഇരുളടഞ്ഞ കിണർ എന്നാണ്. തങ്ങളിലേക്ക് നിയോഗിക്കപ്പെട്ട നബിയെ കിണറ്റിൽ എറിഞ്ഞ് കൊന്നതുകൊണ്ടാണ് അവർക്ക് ആ പേര് വന്നത്. അവരെ അല്ലാഹു ആദിനെയും സമൂദിനെയും പോലെത്തന്നെ നശിപ്പിച്ചുകളഞ്ഞു എന്നാണ് സൂക്തം പറയുന്നത്. എന്നാൽ ഇന്ന് അദ്വിക്റിനെ എല്ലാവിധ ആപത്ത്-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമായി ഉപയോഗപ്പെടുത്തുന്ന വിശ്വാസികൾക്ക് നേരെ കപടവിശ്വാസികൾക്ക് 3: 111-112 സൂക്തങ്ങളിൽ പറഞ്ഞതുപോലെ ഒരുശല്യം ഉണ്ടാക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. മരണത്തോടുകൂടി വിചാരണയില്ലാതെ നരകത്തിൽ പോകുന്ന, അല്ലാഹുകൊന്നു കളഞ്ഞ മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളോട് ഇത്തരം ഒറ്റപ്പെട്ട വിശ്വാസി 9: 73 ൽ വിവരിച്ച പ്രകാരം അദ്വിക്ർ കൊണ്ട് ജിഹാദ് ചെയ്തുകൊണ്ടിരിക്കുന്നതാണ്. 10: 103; 21: 88; 40: 51 വിശദീകരണം നോക്കുക.

39. എല്ലാ ഓരോരുത്തർക്കും വിവിധ ഉപമ-ഉദാഹരണങ്ങൾ നാം വിവരിച്ചുകൊടുക്കുകയുണ്ടായി, എല്ലാ ഓരോരുത്തരെയും നാം നശിപ്പിച്ച് തരിപ്പണമാക്കുകയും ചെയ്തു.

ലോകത്ത് വന്നിട്ടുള്ള 313 പ്രവാചകന്മാരുടെയും നബിമാരുടെയും കാലത്തുണ്ടായിരുന്ന ജനങ്ങളുടെ സ്വഭാവങ്ങൾ ത്രികാലജ്ഞാനമായ അദ്ദിക്റിൽ വിവരിച്ചിട്ടുണ്ട് എന്നിരിക്കെ സർവലോകർക്കുമുള്ള ദിക്റാ (ഉണർത്തൽ) എന്ന പ്രസ്തുത ഗ്രന്ഥത്തെ ഫുജ്ജാറുകൾ സ്വയം ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ പ്രവാചകന്റെ സമുദായത്തിൽ പെട്ട, അതിനെ മൂടിവെക്കാത്ത ഇതര ജനവിഭാഗങ്ങളെ അത് ഏൽപിക്കുമെന്ന് 6: 89 ൽ പറഞ്ഞിട്ടുണ്ട്. നാഥന്റെ ഗ്രന്ഥത്തിൽ മനുഷ്യർക്കുവേണ്ടി എല്ലാഓരോ കാര്യവും നാഥൻ വിവരിച്ചിട്ടുണ്ട്, എന്നാൽ ജനങ്ങളിൽ അധികപേരും നിഷേധിക്കാനല്ലാതെ ഒരുമ്പെടുന്നില്ല എന്ന് 17: 89 ലും; നാഥൻ മനുഷ്യർക്കുവേണ്ടി ഈ ഗ്രന്ഥത്തിൽ എല്ലാവിധ ഉപമകളും വിവരിച്ചിട്ടുണ്ട്, എന്നാൽ മനുഷ്യൻ അധികകാര്യങ്ങളിലും തർക്കസ്വഭാവമുള്ളവനായിരിക്കുന്നു എന്ന് 18: 54 ലും; അക്രമികളും കാഫിറുകളുമല്ലാതെ നാഥന്റെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുകയില്ല എന്ന് യഥാക്രമം 29: 47, 49 എന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 29: 40 ൽ, അങ്ങനെ അവരിൽ നിന്നുള്ള എല്ലാ ഓരോരുത്തരെയും അവരുടെ കുറ്റം കാരണം നാം പിടികൂടി, അവരിൽ നാം ചരൽ കാറ്റ് അയച്ച ചിലരുണ്ട്, അവരിൽ നാം ഘോരഗർജ്ജനത്താൽ പിടികൂടിയവരുമുണ്ട്, അവരിൽ നാം ഭൂമിയെക്കൊണ്ട് വിഴുങ്ങിപ്പിച്ചവരുമുണ്ട്, അവരിൽ നാം മുക്കിക്കൊന്നവരുമുണ്ട്, അല്ലാഹു അവരോട് അക്രമം കാണിക്കുന്നവനായിട്ടില്ല, എന്നാൽ അവർ അവരോടുതന്നെ അക്രമം കാണിക്കുന്നവരായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 4: 158-159; 6: 47; 7: 83-84 വിശദീകരണം നോക്കുക.

40. ദുഷിച്ച ഒരു മഴ വർഷിപ്പിക്കപ്പെട്ട നാട്ടിലേക്ക് നിശ്ചയം അവർ വന്നിട്ടുള്ളതുമാണല്ലോ, അപ്പോൾ അവർ അത് കണ്ടിട്ടില്ലെന്നോ? അല്ല, അവർ പുനർജന്മം പ്രതീക്ഷിക്കാത്തവർ തന്നെയാകുന്നു.

'ദുഷിച്ച മഴ വർഷിപ്പിക്കപ്പെട്ട നാട്' ലൂത്തിന്റെ ജനതയുടെ വാസസ്ഥലമാണ്. ഇന്ന് അവിടെ ചാവുകടലാണുള്ളത്. ഖുറൈശികൾ കച്ചവടാവശ്യാർത്ഥം സിറിയയിലേക്ക് അതിലൂടെയാണ് കടന്നുപോയിരുന്നത്. എന്നാൽ ജീവിതലക്ഷ്യം നഷ്ടപ്പെട്ടവരായതുകൊണ്ട് നശിപ്പിക്കപ്പെട്ട ആ പ്രദേശത്തുനിന്ന് അവർ യാതൊരു പാഠവും ഉൾക്കൊണ്ടില്ല. അദ്ദിക്റിനെ തള്ളിപ്പറഞ്ഞ അവർ മുൻകാലങ്ങളിൽ നടന്ന സംഭവങ്ങളിലോ ഇനി വരാൻ പോകുന്ന പുനർജന്മത്തിലോ വിധിദിവസത്തിലോ വിശ്വസിക്കാൻ കൂട്ടാക്കിയില്ല. പൂർവ്വിക കാലത്ത് ലോകത്തിന്റെ വിവിധഭാഗങ്ങളിലായി ശിക്ഷ ഇറക്കപ്പെട്ട ജനതകളുടെ വാസസ്ഥലങ്ങളും ദൃഷ്ടാന്തങ്ങളുമെല്ലാം നേരിട്ടും മാധ്യമങ്ങളിലൂടെയും കണ്ടിട്ടും കേട്ടിട്ടും അതിൽ നിന്ന് പാഠമുൾകൊള്ളാനോ ജീവിതം നന്നാക്കിത്തീർക്കാനോ തയ്യാറല്ലാത്ത ഇന്നത്തെ ഫുജ്ജാറുകളും വിധിദിവസത്തെ കളവാക്കുന്ന ജീവിതമാണ് നയിച്ചുകൊണ്ടിരിക്കുന്നത്. 11: 78; 15: 74-75; 22: 45-46; 33: 27-28 വിശദീകരണം നോക്കുക.

41. നിന്നെ കാണുമ്പോഴെല്ലാം നിന്നെ അവർ പരിഹാസപാത്രമായിട്ടല്ലാതെ തെരഞ്ഞെടുക്കുന്നില്ല, ഇതൊന്നിനെയാണോ പ്രവാചകനായി അല്ലാഹു നിയോഗിച്ചിട്ടുള്ളത്?

അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്താതെ ഒരാളും സ്വർഗത്തിൽ പ്രവേശിക്കുകയില്ല എന്ന് പറയുന്ന ഇന്നത്തെ വിശ്വാസിയോട് പ്രവാചകന്മാരോട് ഉണ്ടായിരുന്നതിനെ

ക്കാൾ കടുത്ത പുച്ഛവും പരിഹാസവും വിദ്വേഷവുമാണ് കാഫിറുകളും അക്രമികളും ഭ്രാന്തൻമാരുമായിത്തീർന്നിട്ടുള്ള ഇന്നത്തെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കുള്ളത്. 83: 29-34 സൂക്തങ്ങളിൽ, നിശ്ചയം ഭ്രാന്തന്മാരായിട്ടുള്ളവർ വിശ്വാസികളിൽ നിന്നുള്ളവരെ പരിഹസിക്കുന്നവരായിരുന്നു. അവർ അവരുടെ അരികിലൂടെ നടന്നുപോകുമ്പോഴെല്ലാം അവർ പരസ്പരം കണ്ണിറുക്കുന്നവരായിരുന്നു. അവർ അവരുടെ കുടുംബാംഗങ്ങളിലേക്ക് തിരിച്ചുചെല്ലുമ്പോൾ കളിച്ചുരസിച്ച് തിരിച്ച് ചെല്ലുന്നവരുമായിരുന്നു. അവരെ അവർ കാണുമ്പോൾ, നിശ്ചയം ഇക്കൂട്ടർ വഴിപിഴച്ചവർ തന്നെയാണ് എന്ന് പറയുന്നവരുമായിരുന്നു. അവർ അവരുടെമേൽ സൂക്ഷിപ്പുകാരായി അയക്കപ്പെട്ടിട്ടൊന്നുമില്ല. അപ്പോൾ ഇന്നേദിനം, വിശ്വാസികളായിരുന്നവർ കുഫ്ഫാറുകളെ പരിഹസിച്ചു കൊണ്ടിരിക്കുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 212; 11: 8; 21: 36 വിശദീകരണം നോക്കുക.

42. നമ്മുടെ ഇലാഹുകളുടെ കാര്യത്തിൽ നാം ക്ഷമയോടെ ഉറച്ചുനിന്നിട്ടില്ലായിരുന്നുവെങ്കിൽ അവയെത്തൊട്ട് ഇവന് സാധിക്കുമായിരുന്നുവെങ്കിൽ നമ്മെ തെറ്റിച്ച് കളയുകതന്നെ ചെയ്യുമായിരുന്നു; ശിക്ഷ നേരിൽ കാണുമ്പോൾ ആരാണ് ഏറ്റവും പിഴച്ച വഴിയിലുള്ളതെന്ന് അവർ അറിയുകതന്നെ ചെയ്യും.

46: 5-6 സൂക്തങ്ങളിൽ, അല്ലാഹുവിനെക്കൂടാതെ വിധിദിവസം വരെ അവന് ഉത്തരം നൽകാത്തവരെ വിളിച്ച് പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെത്തൊട്ട് പ്രജ്ഞയറ്റവരുമാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ച് കൂട്ടപ്പെടുമ്പോൾ അവർ ഇവരുടെ ശത്രുക്കളും ഇവർ അവരെ സേവിച്ചുകൊണ്ടിരുന്നതിനെ നിഷേധിക്കുന്നവരുമായിരിക്കും എന്ന് പറഞ്ഞിട്ടുണ്ട്. 27: 60 ൽ, ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്തുനിന്ന് വെള്ളം ഇറക്കിത്തരികയും ചെയ്യുന്ന ഒരുവൻ, അങ്ങനെ അതുകൊണ്ട് നാം സുന്ദരങ്ങളായ പൂന്തോപ്പുകൾ നട്ടുവളർത്തുന്നു, നിങ്ങൾക്ക് അതിലെ വൃക്ഷങ്ങൾ മുളപ്പിക്കാൻ സാധിക്കുമായിരുന്നില്ല, ഈ അല്ലാഹുവിനോടൊപ്പം വേറെവല്ല ഇലാഹുമുണ്ടോ? അല്ല, അവർ അല്ലാഹുവിന് പകരം വെക്കുന്ന ഒരു ജനതയാകുന്നു എന്നും; 27: 61 ൽ, ഭൂമിയെ വാസയോഗ്യമാക്കുകയും അതിനിടയിലൂടെ നദികൾ ഉണ്ടാക്കുകയും അതിന്മേൽ നങ്കൂരമായി പർവതങ്ങളെ ഉറപ്പിക്കുകയും രണ്ട് സമുദ്രങ്ങൾക്കിടയിൽ കൂടിച്ചേരാത്ത ഒരുതടസ്സമുണ്ടാക്കുകയും ചെയ്തവൻ! ഈ അല്ലാഹുവോടൊപ്പം വേറെവല്ല ഇലാഹുകളുമുണ്ടോ? അല്ല, അവരിൽ അധികപേരും അറിവില്ലാത്തവരാകുന്നു എന്നും; 27: 62 ൽ, ദുരിതം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കുമ്പോൾ അവന് ഉത്തരം നൽകുകയും അവന്റെ തിന്മകൾ ദൂരീകരിക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്തവൻ! ഈ അല്ലാഹുവിനോടൊപ്പം വേറെ വല്ല ഇലാഹുമുണ്ടോ? നിങ്ങൾ അൽപം മാത്രമേ ഹൃദയം കൊണ്ട് സ്മരിക്കുന്നുള്ളൂ എന്നും; 27: 63 ൽ, കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിന്ന് നിങ്ങളെ മാർഗദർശനം ചെയ്യുന്ന, തന്റെ കാരുണ്യത്തിന്റെ മുന്നോടിയായി ശുഭവാർത്തയായിക്കൊണ്ട് കാറ്റുകളെ അയക്കുന്നവനുമായവൻ! ഈ അല്ലാഹുവിനോടൊപ്പം വേറെ വല്ല ഇലാഹുമുണ്ടോ? അവർ പങ്കുചേർക്കുന്നതിനെത്തൊട്ടെല്ലാം അല്ലാഹു എത്രയോ അത്യുന്നതനാണ് എന്നും; 27: 64ൽ, സൃഷ്ടിപ്പ് ആരംഭിക്കുകയും പിന്നെ അത് ആവർത്തിക്കുകയും ചെയ്യുന്ന, നിങ്ങൾക്ക് ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും ഭക്ഷണവിഭവങ്ങൾ നൽകുന്നവനുമായവൻ! ഈ അല്ലാഹുവിനോടൊപ്പം വേറെവല്ല ഇലാഹുമുണ്ടോ? നീ പറയുക: നിങ്ങൾ നിങ്ങളുടെ തെളിവ് കൊണ്ടുവരിക -നിങ്ങൾ സത്യസന്ധൻമാർ തന്നെയാണെങ്കിൽ എന്നും പറഞ്ഞിട്ടുണ്ട്. 1:

4; 17: 1; 21: 24–25; 38: 5–8 വിശദീകരണം നോക്കുക.

43. തന്റെ ദേഹേച്ഛയെ ഇലാഹായി തെരഞ്ഞെടുത്തവനെ നീ കണ്ടുവോ? അപ്പോൾ നീ അവന്റെ മേൽ കൈകാര്യകർത്താവായി ചുമതലപ്പെടുത്തപ്പെട്ടവനാണോ?

ജീവിതലക്ഷ്യം നഷ്ടപ്പെട്ട, അദ്ദിക്ർ അറിഞ്ഞിട്ടും ഐഹികജീവിതത്തിന് പ്രാധാന്യം കൊടുത്ത, 7: 175–176 സൂക്തങ്ങളിൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത പട്ടിയോട് ഉപമിക്കപ്പെട്ട കപടവിശ്വാസിയാണ് ദേഹേച്ഛയെ ഇലാഹായി തെരഞ്ഞെടുത്തവൻ. വിശ്വാസികൾ അത്തരം കപടവിശ്വാസികളായ പിതാക്കൻമാരെയോ സഹോദരന്മാരെയോ സംരക്ഷകരായി സ്വീകരിക്കാൻ പാടില്ല. അങ്ങനെ തെരഞ്ഞെടുത്താൽ അവർ തന്നെയാണ് അക്രമികൾ എന്ന് 9: 23 ൽ പറഞ്ഞിട്ടുണ്ട്. 9: 84 ൽ, കപടവിശ്വാസികളും കുഫ്ഫാറുകളുമടങ്ങിയ ഫുജ്ജാറുകളിൽ നിന്നുള്ള ആര് മരിച്ചാലും അവനുവേണ്ടി നീ ഒരിക്കലും മയ്യിത്ത് നമസ്കരിക്കരുത്, അവന്റെ ഖബറിന്റെ അടുക്കൽ നീ നിൽക്കുകയുമരുത് –നിശ്ചയം അതവർ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടും നിഷേധിച്ചതിനാലും അവർ മരണമടഞ്ഞത് തെമ്മാടികളായിക്കൊണ്ടായതിനാലുമാണ് എന്നും; 9: 85 ൽ, അവരുടെ സമ്പത്തോ അവരുടെ സന്താനങ്ങളോ നിന്നെ ആശ്ചര്യപ്പെടുത്തേണ്ടതില്ല, നിശ്ചയം അവകൊണ്ട് ഇഹത്തിൽ തന്നെ അവരെ ശിക്ഷിക്കണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, കാഫിറുകളായിക്കൊണ്ടുതന്നെ അവർ അവരുടെ ജീവൻ വെടിയുകയും ചെയ്തിരിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്. 39: 41, 62; 45: 23; 58: 22 വിശദീകരണം നോക്കുക.

44. നിശ്ചയം, അവരിൽ അധികപേരും കേൾക്കുന്നവരോ അല്ലെങ്കിൽ ചിന്തിക്കുന്നവരോ ആകുമെന്ന് നീ കണക്കുകൂട്ടുന്നുവോ? നിശ്ചയം, അവർ കന്നുകാലികളെപ്പോലെയല്ലാതെയല്ല; അല്ല, അവർ ഏറ്റവും വഴിപിഴച്ചവർ തന്നെയാകുന്നു.

ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത് ഫുജ്ജാറുകൾ മാത്രമാണ്. എന്നാൽ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ മനസ്സിലാക്കാൻ ബുദ്ധിശക്തി ഉപയോഗപ്പെടുത്താത്ത അവർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരാണ് എന്ന് 36: 59–62 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 8: 22 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരുമായ, ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഈ ദുഷിച്ച ജീവികൾ വിധിദിവസം 'ഓ ഞങ്ങൾ അദ്ദിക്ർ കേട്ടിരുന്നുവെങ്കിൽ, അല്ലെങ്കിൽ ബുദ്ധി ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ ഞങ്ങൾ ഈ കത്തിയാളുന്ന നരകത്തിന്റെ നിവാസികളാകുമായിരുന്നില്ലല്ലോ' എന്ന് വിലപിക്കുമെന്ന് 67: 10 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 6–7; 7: 179; 25: 34 വിശദീകരണം നോക്കുക.

45. നിന്റെ നാഥനിലേക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞിട്ടില്ലേ, എങ്ങനെയാണ് അവൻ നിഴലുകളെ വ്യാപിപ്പിക്കുന്നത് എന്ന്? അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതിനെ അവൻ നിശ്ചലമാക്കുമായിരുന്നു, പിന്നെ സൂര്യനെ നാം അതിന്റെ മേൽ ഒരു സൂചകമാക്കിവെക്കുകയും ചെയ്തു.

നിഴലിന്റെ നീളലും ചുരുങ്ങലും ഉദയാസ്തമനങ്ങളെയും സൂര്യന്റെ ചലനത്തെയും ആശ്രയിച്ചിരിക്കുന്നതിനാലാണ് സൂര്യനെ അതിന്റെമേൽ സൂചകമാക്കിയിരിക്കുന്നു എന്ന് പറഞ്ഞത്. രാത്രിയിൽ നിലാവുള്ളപ്പോൾ നിഴലുകൾ കാണുന്നുണ്ടെങ്കിലും ചന്ദ്രനെ നിഴലിന്റെ സൂചകമാക്കി വെച്ചിട്ടുണ്ട് എന്ന് പറയാതിരുന്നത് ചന്ദ്രൻ സൂര്യന്റെ പ്രകാശത്തെ പ്ര

തിഫലിപ്പിക്കുന്നത് കൊണ്ടാണ്. സമയം അറിയുന്നതിനുള്ള വാച്ചുകൾ സാർവത്രികമാകാതിരുന്ന കാലങ്ങളിൽ നിഴലിന്റെ തോതനുസരിച്ചായിരുന്നു സമയം നിർണയിച്ചിരുന്നത്. 36: 40 ൽ, സൂര്യൻ, അതിന് ചന്ദ്രനെ പ്രാപിക്കാൻ സാധിക്കുകയില്ല, രാത്രിക്ക് പകലിനെ മുൻകടക്കാനും; എല്ലാഒന്നും ഓരോ ഭ്രമണപഥത്തിൽ നീന്തിക്കൊണ്ടിരിക്കുകയാണ് എന്ന് പറഞ്ഞിട്ടുണ്ട്. 16: 48-50, 81 വിശദീകരണം നോക്കുക.

46. പിന്നെ ക്രമേണ നാമതിനെ നമ്മിലേക്ക് ചുരുട്ടി കൊണ്ടുവരുന്നു.

സൂര്യൻ ഉദിക്കുന്നതിന് തൊട്ടുമുമ്പും മദ്ധ്യാഹ്നത്തിലും സൂര്യൻ അസ്തമിച്ച ഉടനെയും നിഴലുണ്ടാവുകയില്ല. നമസ്കാരം നിഷിദ്ധമായ സമയങ്ങളുമാണിവ. 13: 14-15; 22: 18 വിശദീകരണം നോക്കുക.

47. അവൻ തന്നെയാണ് നിങ്ങൾക്ക് രാത്രിയെ ഒരുവസ്ത്രവും ഉറക്കത്തെ ശാന്തിദായകമായ ഒരുവിശ്രമവും പകലിനെ പുനരെഴുന്നേൽപ്പിനുള്ള സമയവുമാക്കിയിട്ടുള്ളത്.

രാത്രി ഇരുട്ടുള്ളതായതിനാൽ നഗ്നതയൊന്നും ദർശിക്കുകയില്ല എന്നതിനാലാണ് രാത്രിയെ വസ്ത്രം എന്ന് പറഞ്ഞത്. ഉറക്കത്തിൽ മാനസികവും ശാരീരികവുമായ വിഭ്രാന്തി, ക്ഷീണം, വേദനകൾ തുടങ്ങിയ എല്ലാ പ്രയാസങ്ങൾക്കും ശമനം ലഭിക്കുന്നതുകൊണ്ടാണ് അതിന് ശാന്തിദായകമായ വിശ്രമം എന്ന് പറഞ്ഞത്. 6: 60; 39: 42 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഉറക്കത്തിൽ പിടിച്ചെടുത്ത ആത്മാവിനെ തിരിച്ചുനൽകി ഓരോദിവസവും രാവിലെ പുനരെഴുന്നേൽപ്പിക്കുന്നത് മരണശേഷമുള്ള പുനർജീവിതത്തെ സാക്ഷ്യപ്പെടുത്തുന്നതാണ്. അതെല്ലാം അല്ലാഹു ഏകനാണ് എന്നതിന്റെ തെളിവുകളുമാണ്. 3: 154; 6: 60; 17: 12; 24: 58 വിശദീകരണം നോക്കുക.

48. അവൻ തന്നെയാണ് അവന്റെ കാരുണ്യത്തിന് മുന്നോടിയായി സന്തോഷസൂചകമായ കാറ്റുകളെ അയക്കുന്നത്, നാം തന്നെയാണ് ആകാശത്തുനിന്ന് ശുദ്ധമായ ജലം ഇറക്കുന്നതും.

മഴക്ക് മുന്നോടിയായി വീശുന്ന തണുത്ത കാറ്റിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഉപ്പുരസമോ മറ്റുമാലിന്യങ്ങളോ ഇല്ലാത്ത, ജീവജാലങ്ങളുടെ നിലനിൽപ്പിനും കൃഷിക്കുമെല്ലാം അനുയോജ്യമായ ശുദ്ധമായ ജലം ഇറക്കിത്തന്ന് അനുഗ്രഹിച്ചു എന്നാണ് 'നാം തന്നെയാണ് ശുദ്ധമായ ജലം ഇറക്കുന്നതും' എന്ന പ്രൗഢമായ ധ്വനിയിൽ ഉൾക്കൊള്ളുന്നത്. 2: 164; 13: 17; 56: 68-70 വിശദീകരണം നോക്കുക.

49. അതുകൊണ്ട് മരിച്ച ഒരുനാടിനെ നാം ജീവിപ്പിക്കുന്നതിനുവേണ്ടിയും, നാം സൃഷ്ടിച്ചവയെ അതിൽ നിന്ന് കുടിപ്പിക്കുന്നതിന് വേണ്ടിയും -കന്നുകാലികളെയും ധാരാളം മനുഷ്യരെയും.

മുഴുവൻ മനുഷ്യരും മഴവെള്ളത്തെ ആശ്രയിക്കുന്നവരല്ല. കടലിലെ ഉപ്പുവെള്ളം ശുദ്ധീകരിച്ച് ഉപയോഗിക്കുന്നവരും മഞ്ഞുമൂടിയ മേഖലകളിൽ മഞ്ഞ് ഉരുക്കിയ വെള്ളം ഉപയോഗിക്കുന്നവരുമുള്ളതിനാലാണ് മുഴുവൻ മനുഷ്യരെയും അതിൽ നിന്ന് കുടിപ്പിക്കുന്നു എന്ന് പറയാതെ 'ധാരാളം മനുഷ്യരേയും കുടിപ്പിക്കുന്നതിനുവേണ്ടി' എന്ന് പറഞ്ഞത്. 10: 24; 14: 34; 41: 39 വിശദീകരണം നോക്കുക.

50. നിശ്ചയം, നാമതിനെ അവർ ഹൃദയംകൊണ്ട് ഓർമിക്കുന്നതിനുവേണ്ടി അവർക്കിടയിൽ ചിതറിയിരിക്കുന്നു; എന്നാൽ അധിക മനുഷ്യരും നന്ദികെട്ടവ

രായിട്ടല്ലാതെ പിന്തിരിയുന്നില്ല.

സമ്പത്ത്, ആരോഗ്യം, ബുദ്ധിശക്തി തുടങ്ങി എല്ലാവിധ അനുഗ്രഹങ്ങളും മനുഷ്യന് നൽകിയിട്ടുള്ളത് അവൻ നന്ദി പ്രകടിപ്പിക്കുന്നുവോ അതോ നന്ദികേട് കാണിക്കുന്നുവോ എന്ന് പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും നരകത്തിലേക്കോ സ്വർഗത്തിലേക്കോ നയിക്കുന്നില്ല. മാനവരാശിക്കുള്ള ഔദാര്യവും കാരുണ്യവുമായ അദ്ദിക്ർ 6: 25–26 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫുജ്ജാറുകൾ സ്വയം ഉപയോഗപ്പെടുത്തുകയോ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യുകയില്ല. അതുകൊണ്ട് തന്നെ 15: 44 ൽ വിവരിച്ച പ്രകാരം അവർ വായിച്ച, കേട്ട, തൊട്ട സൂക്തങ്ങൾ അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷിനിന്നുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 2: 62 ൽ വിവരിച്ച പ്രകാരം വിശ്വാസിയായ നാഥന്റെ പ്രതിനിധികളായി ജീവിക്കുന്ന വിശ്വാസികൾ പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ പ്രവാചകന്റെ സമുദായത്തിൽപെട്ട ഇതര ജനവിഭാഗങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിനാണ് സർവ്വപ്രധാനം നൽകുക. 4: 1; 12: 38–40, 106 വിശദീകരണം നോക്കുക.

51. നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ എല്ലാഓരോ നാട്ടിലും ഓരോ മുന്നറിയിപ്പുകാരെ നാം നിയോഗിക്കുകതന്നെ ചെയ്യുമായിരുന്നു.

പ്രവാചകനെ നിയോഗിച്ചത് മക്കയിലായതുകൊണ്ട് അദ്ദേഹത്തെ അറബികൾക്ക് മാത്രമുള്ള മുന്നറിയിപ്പുകാരനായി പരിമിതപ്പെടുത്തുന്ന എക്കാലത്തുമുള്ള കാഫിറുകൾക്ക് മറുപടിയാണ് ഈ സൂക്തം. 21: 24–25 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാരും അദ്ദിക്ർ കൊണ്ട് മൊത്തം മനുഷ്യരിലേക്ക് അയക്കപ്പെട്ടിട്ടുള്ളത് അല്ലാഹുവിനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുവീൻ എന്ന് പഠിപ്പിക്കാൻ വേണ്ടിയാണ്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും മുഹമ്മദ് അവർക്ക് മാത്രമുള്ള പ്രവാചകനാണെന്നുള്ള വികലമായ വിശ്വാസം വെച്ചുപുലർത്തുന്നവരാണ്. 9: 31–32 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം യഥാർത്ഥ കാഫിറുകളായ ഇക്കൂട്ടർ നാഥന്റെ പ്രകാശമായ അദ്ദിക്റിനെ അവരുടെ വായകൊണ്ട് ഊതിക്കെടുത്താൻ ശ്രമിക്കുന്നതാണെങ്കിലും നാഥൻ അവന്റെ പ്രകാശം പൂർത്തിയാക്കുകതന്നെ ചെയ്യും, കാഫിറുകൾക്ക് അത് എത്ര അരോചകമായിരുന്നാലും ശരി. 6: 92; 12: 108; 13: 40; 42: 7; 61: 8–9 വിശദീകരണം നോക്കുക.

52. അപ്പോൾ നീ കാഫിറുകളെ അനുസരിക്കരുത്, അവരോട് 'അതുകൊണ്ട്' വമ്പിച്ച ജിഹാദ് നടത്തുകയും ചെയ്യുക.

അദ്ദിക്ർ മൂടിവെക്കുന്ന കുറ്റവാളികളായ കപടവിശ്വാസികളെയും അതിനെ തള്ളിപ്പറയുന്ന നന്ദികെട്ട കാഫിറുകളെയും അനുസരിക്കരുത് എന്ന് നബിയോടും അതുവഴി വിശ്വാസികളോടും 33: 1, 48; 76: 24 എന്നീ സൂക്തങ്ങളിലും കൽപിച്ചിട്ടുണ്ട്. നബിയെയും അതുവഴി വിശ്വാസികളെയും വിളിച്ച്, ഗ്രന്ഥത്തിലെ സൂക്തങ്ങളെ മൂടിവെക്കുന്ന കുഫ്ഫാറുകളോടും വളച്ചൊടിച്ച് വികലമാക്കുന്ന കപടവിശ്വാസികളോടും ജിഹാദ് ചെയ്യുക, അവരോട് കോപം പുലർത്തുക, അവരുടെ സങ്കേതം നരകകുണ്ഠമാണ്, എത്ര മോശപ്പെട്ട മടക്കസ്ഥലം എന്ന് 9: 73; 66: 9 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 4: 91; 5: 33; 9: 5, 123; 33: 61 എന്നീ സൂക്തങ്ങളിൽ വിശ്വാസികളുടെ സംഘത്തെ വിളിച്ച്, അവരെ വധിച്ചുകളയണമെന്ന് കൽപിച്ചിട്ടുള്ളത് ഈസാ രണ്ടാമത് വന്നതിന് ശേഷം മാത്രമാണ് നടപ്പിലാവു

ക. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 1: 7; 4: 63; 15: 90– 91; 39: 7–8 വിശദീകരണം നോക്കുക.

53. അവൻ തന്നെയാണ് കൂടിച്ചേർന്ന രണ്ട് സമുദ്രങ്ങളെ സ്വതന്ത്രമായി വിട്ടിരിക്കുന്നത്, ഒന്ന് സ്വാദിഷ്ടമായ ശുദ്ധജലം, മറ്റേത് ചവർപ്പുറ്റ ഉപ്പുവെള്ളവും, അവക്ക് രണ്ടിനുമിടയിൽ ഒരു മറയും കൂടിച്ചേരാൻ അനുവദിക്കാത്ത കാണാത്ത ഒരു തടസ്സവുമുണ്ട്.

രണ്ട് സമുദ്രങ്ങളെ കൂടിച്ചേർന്ന നിലയിൽ സ്വതന്ത്രമായി ഒഴുക്കിയവൻ, അവരണ്ടിനുമിടയിൽ പരസ്പരം കൂടിക്കലരാത്ത വിധത്തിലുള്ള കാണാത്ത ഒരു മറയുണ്ട് എന്ന് 55: 19–20 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ഉപ്പുവെള്ളമടങ്ങിയ സമുദ്രത്തിൽ കുടിക്കാനുതകുന്ന സ്വാദിഷ്ടമായ ശുദ്ധജലത്തിന്റെ പ്രവാഹവുമുണ്ടെന്നാണ് സൂക്തം പഠിപ്പിക്കുന്നത്. അവയെ വേർതിരിക്കുന്ന അടയാളങ്ങളൊന്നുമില്ലെന്നും അത് ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് മനുഷ്യർ അശ്രദ്ധയിലാണ് എന്നുമാണ് അവയ്ക്കിടയിൽ ഒരു മറയുണ്ട് എന്ന് പറഞ്ഞതിന്റെ വിവക്ഷ. അവ തമ്മിൽ കൂടിച്ചേരാതിരിക്കുമാറ് കാണാൻ കഴിയാത്ത കന്മതിൽ പോലെയുള്ള ഒരു ഭിത്തിയുണ്ടെന്നാണ് കാണാത്ത ഒരുതടസ്സവുമുണ്ട് എന്ന് പറഞ്ഞതിന്റെ വിവക്ഷ.

ലോകാവസാനത്തിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിലൊന്നായ *യഅ്ജൂജ്-മഅ്ജൂജ്* വിഭാഗങ്ങൾ പ്രത്യക്ഷപ്പെട്ട് കരയിലുള്ള ശുദ്ധജലസ്രോതസ്സുകളെല്ലാം കൈവശപ്പെടുത്തുകയും അങ്ങനെ ജനങ്ങൾക്ക് കുടിവെള്ളക്ഷാമം അനുഭവപ്പെടുകയും ചെയ്യുമ്പോൾ കടലിലുള്ള ഇത്തരം ശുദ്ധജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്താൻ മനുഷ്യർ നിർബന്ധിതരായേക്കും. ഇത്തരം വിജ്ഞാനങ്ങളൊന്നും അറിവില്ലാതിരുന്ന ആറാം നൂറ്റാണ്ടിൽ അവതീർണമായ ഈ ഗ്രന്ഥം സൃഷ്ടികളുടേതൊന്നുമല്ല, മറിച്ച് ത്രികാലജ്ഞാനിയായ സ്രഷ്ടാവിന്റേത് തന്നെയാണ് എന്ന് തെളിയിക്കുന്നതുകൂടിയാണ് ഇത്തരം സൂക്തങ്ങൾ. പൂർവികഗ്രന്ഥങ്ങളിൽ പരാമർശിക്കാത്ത ഇത്തരം കാര്യങ്ങൾ അദ്ദിക്റിൽ മാത്രമാണ് വിശദീകരിച്ചിട്ടുള്ളത് എന്നതിനാൽ ഇന്ന് ലോകർക്കെല്ലാവർക്കുമുള്ള സന്മാർഗമായ ഏകഗ്രന്ഥം അദ്ദിക്ർ മാത്രമാണ്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഇന്ന് സ്രഷ്ടാവിൽ നിന്നുള്ള ഏറ്റവും വലിയ അനുഗ്രഹവും മിഥ്യകലരാത്ത അജയ്യഗ്രന്ഥവുമായ അദ്ദിക്റിനെ അവഗണിക്കുകവഴി ലോകത്തെവിടെയും പിടിവള്ളിയില്ലാതെ നിന്ദ്യരായിത്തീർന്നിരിക്കുകയാണ്. 23: 99–100; 38: 28–29; 41: 41–42, 52–53 വിശദീകരണം നോക്കുക.

54. അവൻ തന്നെയാണ് വെള്ളത്തിൽ നിന്ന് മനുഷ്യനെ സൃഷ്ടിച്ചത്, അങ്ങനെ അവൻ രക്തബന്ധവും വിവാഹബന്ധവും ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു, നിന്റെ നാഥൻ എല്ലാറ്റിനും കഴിവുള്ള സർവ്വശക്തൻ തന്നെയുമായിരിക്കുന്നു.

രക്തബന്ധവും വിവാഹബന്ധവും മാത്രമല്ല, എല്ലാ ബന്ധങ്ങളും അല്ലാഹു തന്നെയാണ് ഉണ്ടാക്കിയിട്ടുള്ളത്. ഓരോരുത്തർക്കുമുള്ള ഇണയെ നേരത്തെതന്നെ നിശ്ചയിച്ചിട്ടുണ്ടെന്നാണ് സൂക്തം പഠിപ്പിക്കുന്നത്. 22: 70 പ്രകാരം അതെല്ലാം ത്രികാലജ്ഞാനമായ ഗ്രന്ഥത്തിൽ നേരത്തെ രേഖപ്പെടുത്തിവെച്ചിട്ടുമുണ്ട്. അദ്ദിക്ർ പിൻപറ്റുന്ന ആയിരത്തിൽ ഒന്നായ വിശ്വാസികൾ മാത്രമേ ഈ ബന്ധങ്ങളെല്ലാം പരിഗണിക്കുകയും അല്ലാഹുവിന്റെ തൃപ്തിയിൽ നിലനിർത്തുകയുമുള്ളൂ. 76: 28 വിശദീകരണം നോക്കുക.

പുരുഷന്റെയും സ്ത്രീയുടെയും ബീജങ്ങൾ കൂടിച്ചേർന്ന് വളർന്ന് 4 മാസം പിന്നിടുമ്പോൾ പിതാവിന്റെ മുതുകിൽ നിന്ന് ആത്മാവിനെ മലക്ക് മുഖേന എടുത്ത് മാതാവിന്റെ ഗർഭപാത്രത്തിൽ വളരുന്ന മാംസപിണ്ഡത്തിലേക്ക് ആവാഹിപ്പിക്കുന്നു. നേരത്തെ ജീവനുണ്ടായിരുന്ന അതിന് ആത്മാവും കൂടി കിട്ടുന്നതോടെ റൂഹ് ലഭിക്കുന്നു. ഇങ്ങനെ വിവിധ ഘട്ടങ്ങളിലൂടെ രൂപപ്പെടുത്തിയ മനുഷ്യനെ മുൻ അവസ്ഥയിലേക്കുതന്നെ മാറ്റാനും ഈസായുടെ രൂപം സർജാസിന് നൽകിയതുപോലെ ഒരാളുടെ മുഖം മറ്റൊരാൾക്ക് നൽകാനും രൂപം വികൃതമാക്കാനും ജീവജാലങ്ങളുടെ രൂപം നൽകാനും ജീവനില്ലാത്ത കല്ല്, ലോഹം പോലുള്ളവയാക്കാനും പുരുഷനെ സ്ത്രീയാക്കാനും സ്ത്രീയെ പുരുഷനാക്കാനുമെല്ലാം കഴിവുള്ളവനാണ് സർവ്വസ്രഷ്ടാവായ അല്ലാഹു എന്നാണ് 'നിന്റെ നാഥൻ എല്ലാറ്റിനും കഴിവുള്ള സർവ്വ ശക്തൻ തന്നെയുമായിരിക്കുന്നു' എന്ന് പറഞ്ഞതിന്റെ ആശയം. 4: 1, 47; 21: 30; 30: 21; 78: 28 വിശദീകരണം നോക്കുക.

55. അവർ അല്ലാഹുവിനെക്കൂടാതെ അവർക്ക് ഉപകാരമോ അവർക്ക് ഉപദ്രവമോ ചെയ്യാൻ കഴിയാത്ത ഒന്നിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത്, കാഫിർ തന്റെ നാഥനെതിരിൽ പ്രത്യക്ഷ സഹായി തന്നെയായിരിക്കുന്നു!

പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ ആരെ വിളിച്ച് പ്രാർത്ഥിക്കുകയാണെങ്കിലും ആരെ ഭയപ്പെടുകയാണെങ്കിലും അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറുകളെ അനുസരിക്കുകയാണെങ്കിലും അവർ ശപിക്കപ്പെട്ട കാഫിറായ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നതും സഹായിച്ചുകൊണ്ടിരിക്കുന്നതും. സ്രഷ്ടാവിനെക്കുറിച്ചും ജീവിതലക്ഷ്യത്തെക്കുറിച്ചും പരിചയപ്പെടുത്തുന്ന അദ്ദിക്ർ കാഫിറുകളുടെ ഭാഗത്തുനിന്നുള്ള തടസ്സങ്ങൾ അവഗണിച്ച് ലോകർക്ക് എത്തിച്ചുകൊടുക്കുന്നവർ അല്ലാഹുവിനെ സഹായിച്ചുകൊണ്ടിരിക്കുന്നവരാണ്. അപ്പോൾ നാഥൻ അവരെ തിരിച്ചും സഹായിക്കുന്നതാണ്. 9: 32-33; 19: 44-45; 21: 66-67; 22: 11-12 വിശദീകരണം നോക്കുക.

56. സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടുമില്ല.

അതായത് ഒരാളെയും സ്വർഗത്തിലേക്കാക്കുന്നവനോ നരകത്തിലേക്കാക്കുന്നവനോ ആയിട്ട് പ്രവാചകനെ നാഥൻ അയച്ചിട്ടില്ല. മറിച്ച് പ്രവാചകൻ കൊണ്ടുവന്ന ഗ്രന്ഥം ആരാണോ സത്യപ്പെടുത്തി ഇവിടെ ജീവിച്ചത്, അവന് ശുഭവാർത്താദായകനും ഗ്രന്ഥം വന്നുകിട്ടിയിട്ട് അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് പ്രവാചകനിലൂടെ അവതരിപ്പിക്കപ്പെട്ട ഗ്രന്ഥത്തെ സത്യപ്പെടുത്താത്തത് ആരാണോ, അവർക്ക് താക്കീതുകാരനുമായിട്ടാണ് പ്രവാചകനെ അയച്ചിട്ടുള്ളത്. അദ്ദിക്റിൽനിന്ന് നിഷ്പക്ഷവാനായ നാഥന്റെ സ്വഭാവമുൾക്കൊണ്ട് ജീവിക്കുമ്പോൾ മാത്രമാണ് വിശ്വാസികൾ നാഥനു വേണ്ടി മാത്രം ജീവിക്കുന്ന അവന്റെ പ്രതിനിധികളാകുന്നതും പ്രവാചകന്റെ ജീവിതം സാക്ഷ്യപ്പെടുത്തുന്നവരാകുന്നതും. 2: 4, 36, 285; 10: 108-109; 17: 105 വിശദീകരണം നോക്കുക.

57. നീ പറയുക; ഞാൻ ഇതിന്റെ പേരിൽ നിങ്ങളോട് പ്രതിഫലത്തിൽ നിന്ന് യാതൊന്നും ചോദിക്കുന്നില്ല -ആരാണോ തന്റെ ഉടമയിലേക്ക് വഴി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്, അത് ഒഴികെ.

നാഥന്റെ സന്ദേശമായ അദ്ദിക്ർ എത്തിച്ച് തരുന്നതിന് പ്രവാചകന്മാർ ആരും തന്നെ യാതൊരു പ്രതിഫലവും ചോദിച്ചിട്ടില്ല; ആരാണോ അതിനെ ടിക്കറ്റായി ഉപയോഗപ്പെടു

ത്തി തന്റെ നാഥനിലേക്ക് എത്തിപ്പെടാൻ ഉദ്ദേശിച്ചത്, അതൊഴികെ. അങ്ങനെ ആരെങ്കിലും നാഥനിലേക്ക് എത്തിപ്പെട്ടാൽ അതിനുള്ള പ്രതിഫലത്തിന്റെ ഒരുഭാഗം പ്രവാചകന് ലഭിക്കുന്നതാണ്. പ്രവാചകനെ സാക്ഷ്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികൾ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ എത്തിച്ചുകൊടുക്കുന്നതിന് ഐഹികലോകത്തുവെച്ച് പ്രതിഫലം ആഗ്രഹിക്കുകയോ സ്വീകരിക്കുകയോ ഇല്ല. അങ്ങനെ സ്വീകരിക്കുന്നവർ തങ്ങളുടെ വയറുകളിൽ തീയല്ലാതെ നിറക്കുന്നില്ല എന്ന് 2: 174 ൽ പറഞ്ഞിട്ടുണ്ട്. 11: 29; 12: 104; 38: 86 വിശദീകരണം നോക്കുക.

58. ഒരിക്കലും മരിക്കാത്ത എന്നെന്നും ജീവിക്കുന്നവനായ ഒരുവനിൽ നീ ഭരമേൽപിക്കുകയും ചെയ്യുക, അവനെ സ്തുതിച്ചുകൊണ്ട് വാഴ്ത്തുകയും ചെയ്യുക, അവൻ തന്നെ മതി അവന്റെ അടിമകളുടെ കുറ്റങ്ങൾ വലയം ചെയ്യാൻ.

പ്രപഞ്ചത്തെയും മനുഷ്യരടക്കം അതിലുള്ള സർവ്വവസ്തുക്കളെയും ആറ് നാളുകൾ കൊണ്ട് സൃഷ്ടിച്ച് പരിപാലിച്ചുകൊണ്ടിരിക്കുന്നവനും ഉറക്കവും മയക്കവും മരണവുമില്ലാതെ അവയെ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമായ ആദ്യവും അന്ത്യവുമില്ലാത്ത ത്രികാലജ്ഞാനിയായ അല്ലാഹുവിനോട് ഒരാളെക്കുറിച്ച് ശുപാർശ പറയുകയോ അവന്റെ കുറ്റമോ കുറവോ ഒന്നും അറിയിക്കുകയോ ചെയ്യേണ്ടതില്ല. മറിച്ച് അവനിൽ ഭരമേൽപിക്കുകയും അവനെ എപ്പോഴും സ്തുതിച്ചുകൊണ്ടിരിക്കുകയും അവനെ വാഴ്ത്തിക്കൊണ്ടിരിക്കുകയും ചെയ്യുക എന്നാണ് പ്രവാചകനോടും അതുവഴി വിശ്വാസികളോടും കൽപിക്കുന്നത്. 9: 51; 17: 17; 84: 23 വിശദീകരണം നോക്കുക.

59. -ആകാശങ്ങളെയും ഭൂമിയെയും അവയ്ക്ക് രണ്ടിനും ഇടയിലുള്ളവയെയും ആറ് നാളുകളിൽ സൃഷ്ടിച്ചവനാരോ അവൻ, പിന്നെ അവൻ സിംഹാസനസ്ഥനായി, നിഷ്പക്ഷവാൻ -അപ്പോൾ നീ അവനെക്കുറിച്ച് ത്രികാലജ്ഞാനിയോട് ചോദിച്ചുകൊള്ളുക.

ത്രികാലജ്ഞാനിയായ നാഥൻ നിഷ്പക്ഷവാനായത് നാഥന്റെ ത്രികാലജ്ഞാനമായ അദ്ദിക്ർ സ്വർഗത്തിൽ സൃഷ്ടിച്ചപ്പോൾ തന്നെ മനുഷ്യരെ പഠിപ്പിച്ചത് കൊണ്ടാണ്. അതുകൊണ്ട് പ്രവാചകനും വിശ്വാസികളും നിഷ്പക്ഷവാനായ നാഥനെക്കുറിച്ച് ചോദിക്കേണ്ടത് അദ്ദിക്റിന്റെ രചയിതാവായ ത്രികാലജ്ഞാനിയോടാണ്. ഗ്രന്ഥത്തിൽ 44 സൂക്തങ്ങളിൽ പരാമർശിച്ചിട്ടുള്ള ത്രികാലജ്ഞാനി പ്രപഞ്ചനാഥനാണെങ്കിൽ ഈ സൂക്തത്തിൽ പരാമർശിച്ച ത്രികാലജ്ഞാനി നാഥന്റെ സംസാരമായ അദ്ദിക്റിന്റെ രചയിതാവാണ്. അപ്പോൾ അറിവില്ലാത്ത ഏത് കാര്യത്തെക്കുറിച്ചും ഏതൊരാളും ചോദിക്കേണ്ടത് ത്രികാലജ്ഞാനമായ അദ്ദിക്റിന്റെ രചയിതാവിനോടാണെന്ന് 16: 43; 21: 7 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ മൂടിവെക്കുകയും ലോകരെ അതിനെത്തൊട്ട് തടയുകയും ചെയ്യുന്നവരാണ്. അതുകൊണ്ടാണ് ചിന്താശക്തി ഉപയോഗപ്പെടുത്താത്ത അവരെ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ളവരും ഏറ്റവും വഴിപിഴച്ചവരുമെന്ന് 8: 22 ലും 25: 34 ലും വിശേഷിപ്പിച്ചിട്ടുള്ളത്. 3: 79; 16: 44 വിശദീകരണം നോക്കുക.

60. അവരോട്: 'നിങ്ങൾ നിഷ്പക്ഷവാന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുക' എന്ന് പറയപ്പെട്ടാൽ അവർ ചോദിക്കുന്നു: ഏതൊന്നാണ് ഈ നിഷ്പക്ഷവാൻ? നീ കൽപിക്കുന്നതിനൊക്കെ ഞങ്ങൾ സാഷ്ടാംഗം പ്രണമിക്കുകയോ? അത്

അവരുടെ വിരോധം വർദ്ധിപ്പിക്കുകയാണ് ചെയ്യുക.

പ്രവാചകന്മാരുടെയും നബിമാരുടെയും വിശ്വാസികളുടെയും സ്വഭാവം 19: 58 ൽ വിവരിച്ചിട്ടുള്ളത് 'നിഷ്പക്ഷവാന്റെ സൂക്തങ്ങൾ അവരുടെമേൽ വായിച്ച് കേൾപ്പിക്കപ്പെട്ടാൽ അവർ കരഞ്ഞുകൊണ്ട് സാഷ്ടാംഗത്തിൽ വീഴു'മെന്നാണ്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നവരും കേൾക്കുന്നവരുമാണെങ്കിലും നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്തവരായതിനാൽ *തിലാവത്തിന്റെ* ഒറ്റ സാഷ്ടാംഗപ്രണാമം നിർവഹിക്കാത്തവരാണ്. അതിനാൽ അവർ പ്രവാചകന്മാരെയോ നബിമാരെയോ പിൻപറ്റാത്തവരും 29 കള്ളവാദികളെ പിൻപറ്റുന്നവരും മുപ്പതാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരും അന്ത്യദിനത്തിന് വേണ്ടി ധൃതിപ്പെട്ടുകൊണ്ടിരിക്കുന്നവരുമാണ്. 22: 18 ൽ വിവരിച്ച പ്രകാരം ഇത്തരം യഥാർത്ഥ കാഫിറുകൾ ആത്മാവ് പങ്കെടുക്കാതെ അവരുടെ ശരീരം കൊണ്ടുള്ള നമസ്കാരങ്ങളിൽ കോഴികൊത്തുന്ന വേഗത്തിൽ സാഷ്ടാംഗപ്രണാമം നിർവഹിക്കുന്നവരായതിനാൽ ഹീനമായ ശിക്ഷ ബാധകമായവരാണ്. 4: 150–151; 7: 205–206; 17: 97–98 വിശദീകരണം നോക്കുക.

61. ആകാശത്ത് കോട്ടകൾ ഉണ്ടാക്കിയവൻ ആരോ, അവൻ അനുഗ്രഹമുടയവനാകുന്നു; അവിടെ അവൻ കത്തിജ്ജ്വലിക്കുന്ന ഒരു വിളക്കും പ്രശോഭിക്കുന്ന ചന്ദ്രനെയും ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു.

'കത്തിജ്ജ്വലിക്കുന്ന വിളക്ക്'കൊണ്ടുദ്ദേശിക്കുന്നത് സൂര്യനാണ്. നാം കത്തിജ്ജ്വലിക്കുന്ന വിളക്കും നാട്ടിയിരിക്കുന്നു എന്ന് സൂര്യനെക്കുറിച്ച് 78: 13 ലും പറഞ്ഞിട്ടുണ്ട്. സൂര്യന്റെ പ്രകാശവും (*സിറാജ്*) ചന്ദ്രന്റെ പ്രകാശവും (*മുനീർ*) പരാമർശിക്കുന്നതിലെ പദവ്യത്യാസം ശ്രദ്ധിക്കേണ്ടതാണ്. 15: 16–18; 85: 1 വിശദീകരണം നോക്കുക.

62. അവൻ തന്നെയാണ് രാവിനെയും പകലിനെയും ഒന്നിനുപിറകെ ഒന്നായി മാറിമാറി വരുന്നതാക്കിയത്; ആരാണോ ഹൃദയം കൊണ്ട് ഓർമ്മിക്കാനുദ്ദേശിക്കുന്നത്, അല്ലെങ്കിൽ നന്ദി പ്രകടിപ്പിക്കാനുദ്ദേശിക്കുന്നത് അവനുവേണ്ടി.

പ്രപഞ്ചനാഥൻ പ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത് ലക്ഷ്യത്തോടുകൂടിയാണ്. എന്നാൽ 3: 190–191 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ബുദ്ധിശക്തി ഉപയോഗപ്പെടുത്തുന്ന വിശ്വാസികൾ മാത്രമേ നടത്തങ്ങളിലും ഇരുത്തങ്ങളിലും കിടത്തങ്ങളിലും നാഥനെ സ്മരിച്ച് നിലകൊള്ളുകയുള്ളൂ. ത്രികാലജ്ഞാനമായ അദ്ദിക്ർ കൊണ്ട് മാത്രമേ നാഥനെ സ്മരിക്കാൻ സാധിക്കുകയുള്ളൂ. 2: 152 ൽ വിവരിച്ച പ്രകാരം നാഥന്റെ സ്മരണയോടുകൂടി പ്രപഞ്ചത്തിൽ എവിടെയും ഒരുവിപത്തും സംഭവിക്കുകയില്ല. 39: 17 ൽ, *ത്വാഗൂത്തിനെ* സേവിച്ചുകൊണ്ടിരിക്കുന്നത് വർജ്ജിക്കുകയും അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങുകയും ചെയ്യുന്നവരാരോ അവർക്ക് സന്തോഷ വാർത്തയുണ്ട്; അപ്പോൾ അടിമകളേ, നിങ്ങൾ സന്തോഷിച്ചുകൊള്ളുക എന്നും; 39: 18 ൽ, വാക്കുകൾ ശ്രദ്ധിച്ചുകേൾക്കുന്നവരും അങ്ങനെ അതിനെ ഏറ്റവും നല്ലനിലക്ക് പിൻപറ്റുന്നവരുമായവർ! അക്കൂട്ടരാകുന്നു അല്ലാഹുവിനാൽ മാർഗദർശനം ചെയ്യപ്പെട്ടവർ, അക്കൂട്ടർ തന്നെയാകുന്നു ബുദ്ധിമാന്മാരും എന്നും പറഞ്ഞിട്ടുണ്ട്. 20: 14–15; 39: 5; 45: 22 വിശദീകരണം നോക്കുക.

63. നിഷ്പക്ഷവാന്റെ ദാസന്മാരായിട്ടുള്ളവർ ഭൂമിയിലൂടെ ഔന്നിത്യത്തോടെ നടന്നുപോകുന്നവരും അവിവേകികൾ അവരോട് സംസാരിക്കാൻ ഇടയായാൽ

അവരോട് സലാം പറഞ്ഞ് പിരിയുന്നവരുമാണ്.

അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്നവരും അതിന് സർവ്വപ്രധാനം കൊടുക്കുന്നവരുമാണ് നാഥനെ നിഷ്പക്ഷവാനായി അംഗീകരിച്ചിട്ടുള്ള അവന്റെ ദാസന്മാർ. സ്വർഗത്തിലേക്കുള്ള ആയിരത്തിലൊന്നായ അവരുടെ സ്വഭാവവിശേഷങ്ങളാണ് തുടർന്ന് വരുന്ന സൂക്തങ്ങളിൽ വിശേഷിപ്പിക്കുന്നത്. അവർ ഭൂമിയിലൂടെ നടന്നുപോകുമ്പോൾ അഹങ്കാരം പ്രകടിപ്പിക്കാതെയും ദൗർബല്യം പ്രകടിപ്പിക്കാതെയുമുള്ള ഒരു മിതമായ മാർഗ്ഗമാണ് സ്വീകരിക്കുക. 33: 72 ൽ പറഞ്ഞ അദ്ദിക്റിനെ തള്ളിപ്പറഞ്ഞു കൊണ്ടിരിക്കുന്ന അവിവേകികൾ അവരോട് സംസാരിക്കാൻ ഇടയായാൽ അവരോട് തർക്കിക്കാൻ നിൽക്കാതെ നിനക്കുപോകാം എന്ന് പറഞ്ഞ് പിരിഞ്ഞുപോവുകയാണ് ചെയ്യുക. 7: 199-201; 17: 36-37; 24: 61 വിശദീകരണം നോക്കുക.

64. തങ്ങളുടെ നാഥന് വേണ്ടി സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും നിൽക്കുന്നവരായിക്കൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരുമാണ് അവർ.

7: 205-206; 24: 41; 50: 40; 51: 18 വിശദീകരണം നോക്കുക.

65. അവർ ഇങ്ങനെ പ്രാർത്ഥിക്കുന്നവരുമാകുന്നു: ഞങ്ങളുടെ നാഥാ! നരകക്കുണ്ഠത്തിലെ ശിക്ഷ ഞങ്ങളെത്തൊട്ട് നീ തിരിച്ചുവിടേണമേ, നിശ്ചയം അതിലെ ശിക്ഷ ഒരു പിഴതന്നെയായിരിക്കുന്നു!

66. നിശ്ചയം, അത് വിശ്രമത്തിനും സ്ഥിരതാമസത്തിനും വളരെ ദുഷിച്ചത് തന്നെ.

പ്രപഞ്ചനാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസികൾ, 'ഞങ്ങളുടെ നാഥാ! ഞങ്ങളെ നീ *മുഹൈമിനായ* അദ്ദിക്ർ കൊണ്ട് നരകഗർത്തത്തെത്തൊട്ട് തിരിച്ചുവിടേണമേ, ഓ *മുഹൈമിനേ;* നിശ്ചയം അതിലെ ശിക്ഷ ഇവിടെ ലക്ഷ്യബോധമില്ലാതെ പ്രജ്ഞയറ്റവരായി ജീവിച്ചതിന് പിഴയായി ലഭിക്കുന്നതാണ്, നിശ്ചയം അത് വിശ്രമത്തിനും സ്ഥിരതാമസത്തിനും ഏറ്റവും ദുഷിച്ചത് തന്നെയുമാണ്' എന്ന് ആത്മാവുകൊണ്ട് എപ്പോഴും, പ്രത്യേകിച്ച് സാഷ്ടാംഗപ്രണാമത്തിൽ പ്രാർത്ഥിക്കുന്നതാണ്. ഫാജിറുകളും കാഫിറുകളുമായി ഗ്രന്ഥം വായിക്കുന്ന ഫുജ്ജാറുകളിൽ നിന്നുള്ള ഓരോ വിഭാഗത്തെയും നരകക്കുണ്ഠത്തിന്റെ ഏഴ് വാതിലുകളിൽ ഒന്നിലേക്ക് നിജപ്പെടുത്തിയിട്ടുണ്ടെന്ന് 15: 43-44 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പിശാചിന്റെ സംഘത്തിൽ പെട്ട കപടവിശ്വാസികൾക്കും അവരെ പിൻപറ്റുന്ന വിവിധ സംഘടനകളിൽ പെട്ട് മുശ്രിക്കുകളായിത്തീർന്നവർക്കും സ്ഥിരതാമസത്തിനുവേണ്ടി ഒരുക്കിവെച്ചിട്ടുള്ളതാണ് നരകക്കുണ്ഠമെന്ന് 2: 166-169; 9: 67-68; 98: 6 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1: 7; 2: 39; 7: 179; 107: 4 വിശദീകരണം നോക്കുക.

67. ചെലവഴിക്കുകയാണെങ്കിൽ അതിര് കവിയാതെയും പിശുക്ക് കാണിക്കാതെയും അതിന്റെ രണ്ടിനുമിടയിലുള്ള ഒരു മിതമായ മാർഗം സ്വീകരിക്കുന്നവരുമാണവർ.

സ്വന്തം ആവശ്യത്തിന് ചെലവഴിക്കുമ്പോഴാണ് അവർ മിതവ്യയം സ്വീകരിക്കുക. എന്നാൽ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി മുഴുവൻ സമ്പത്തും ചെലവഴിക്കാൻ അവർ തയ്യാറാവുന്നതാണ്. അതുവഴി ആയിരം സമുദായങ്ങളിൽ പെട്ട ജീവികളുടെ കീർത്തനത്തിന്റെയും പ്രാർത്ഥനയുടെയും പ്രതിഫലത്തിൽ നിന്നുള്ള ഒരു വിഹിതം

അവർക്ക് ലഭിക്കുന്നതുമാണ്. 9: 60, 78–79; 17: 26–29; 22: 77–78 വിശദീകരണം നോക്കുക.

68. അല്ലാഹുവിനോടൊപ്പം മറ്റൊരു ഇലാഹിനെ വിളിച്ചുപ്രാർത്ഥിക്കാത്തവരുമാണ് അവർ, അല്ലാഹു പവിത്രമാക്കിയ ഒരു വ്യക്തിയെയും സത്യം കൂടാതെ അവർ കൊല്ലുകയുമില്ല, അവർ വ്യഭിചരിക്കുകയുമില്ല, അങ്ങനെ ആരെങ്കിലും പ്രവർത്തിച്ചാൽ അവൻ കുറ്റകൃത്യങ്ങളിൽ ആപതിച്ചതുതന്നെ.

മനുഷ്യരുടെ ഇലാഹും ഉടമയും രാജാവുമായി പ്രപഞ്ചനാഥനെ സമർപ്പിക്കുന്നതിനുവേണ്ടിയാണ് 6236 സൂക്തങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്. കാണാതെക്കണ്ട് ആരെ സഹായത്തിന് വിളിക്കാമോ, ആരെ ഭയപ്പെടാമോ, ആരിൽ ഭരമേൽപിക്കാമോ, ആരുടെ മുമ്പിലാണോ ജീവിതത്തെക്കുറിച്ച് ഉത്തരം പറയേണ്ടിവരിക അവനാണ് ഇലാഹ്. അത് അല്ലാഹു മാത്രമാണ്. ഇലാഹായിട്ട് മറ്റൊരാളെ വിളിക്കുന്നത് മാത്രമേ തെറ്റാവുകയുള്ളൂ. വല്ല കവർച്ചക്കാരോ കൊള്ളക്കാരോ വീട്ടിൽ അതിക്രമിച്ച് കടക്കാൻ വരുന്ന സമയത്ത് 'ഇന്നയിന്നവരേ, ഓടിവരിക' എന്ന് പറഞ്ഞ് പലരുടെയും പേരുകൾ വിളിക്കുന്നത് -അവർ അവിടെ ഹാജറില്ലാത്തവരാണെങ്കിലും ശരി- തെറ്റാവുകയില്ല.

അല്ലാഹുവിന്റെ റൂഹിൽ നിന്ന് തന്നെയാണ് എല്ലാ ജീവജാലങ്ങൾക്കും നൽകിയിട്ടുള്ളത് എന്നതിനാൽ സത്യമായ അദ്ദിക്റിന്റെ വിധിക്ക് അനുകൂലമായിട്ടല്ലാതെ വിശ്വാസി ഒരു ജീവിയെപ്പോലും കൊല്ലുകയില്ല. അന്യായമായി ഒരു മനുഷ്യനെ വധിച്ചാൽ അവൻ മനുഷ്യസമുദായത്തെ മുഴുവൻ വധിച്ചതുപോലെയാണെന്നും, ഒരാളെ ജീവിപ്പിച്ചാൽ അവൻ മനുഷ്യസമുദായത്തെ മുഴുവൻ ജീവിപ്പിച്ചത് പോലെയാണെന്നും 5: 32 ൽ പറഞ്ഞിട്ടുണ്ട്. 4: 31, 93; 17: 22, 33, 39; 24: 26 വിശദീകരണം നോക്കുക.

69. വിധിദിവസം അവന് ശിക്ഷ ഇരട്ടിപ്പിക്കുന്നതും ഹീനമായ ശിക്ഷ ആസ്വദിച്ചുകൊണ്ട് അവൻ അതിൽ ശാശ്വതനായി കഴിഞ്ഞുകൂടുന്നതുമാണ്.

4: 48–50; 68: 9–15 വിശദീകരണം നോക്കുക.

70. -പശ്ചാത്തപിച്ച് മടങ്ങുകയും വിശ്വാസം രൂപപ്പെടുത്തുകയും സൽകർമ്മങ്ങളായ പ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്യുന്നവനൊഴികെ, അപ്പോൾ അക്കൂട്ടർക്ക് അല്ലാഹു അവരുടെ തിന്മകൾ നന്മകളായി മാറ്റിമറിച്ച് കൊടുക്കുന്നതാണ്, അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയായിരിക്കുന്നു.

വൻകുറ്റങ്ങൾ പ്രവർത്തിച്ചവർ പ്രായശ്ചിത്തം നൽകി ഖേദിച്ചുമടങ്ങേണ്ടതുണ്ട്. സ്വയം കുറ്റകൃത്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും കഴിഞ്ഞുപോയ കാലത്ത് ചെയ്ത കുറ്റകൃത്യങ്ങൾക്ക് പ്രായശ്ചിത്തമായി അദ്ദിക്ർ മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുത്ത് മറ്റുള്ളവരെ തെറ്റുകുറ്റങ്ങളിൽനിന്ന് അകന്ന് നിൽക്കാൻ സഹായിക്കുകയും ചെയ്യലാണ് ഭൂമുഖത്തുനിന്ന് കുറ്റകൃത്യങ്ങൾ ഇല്ലാതാക്കാനുള്ള ഏകമാർഗ്ഗം. അങ്ങനെ അല്ലാഹുവിന്റെ സന്ദേശം ലോകർക്ക് എത്തിച്ചുകൊടുത്ത് അല്ലാഹുവിനെ സഹായിക്കുക വഴി, അറിവില്ലാത്ത കാലത്ത് അവൻ ചെയ്ത തിന്മകളെല്ലാം നന്മകളായി മാറ്റിമറിച്ചു കൊടുത്ത് അല്ലാഹു അവനെയും സഹായിക്കുന്നതാണ്.

നിഷ്പക്ഷവാനായ നാഥൻ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ അദ്ദിക്ർ രൂപപ്പെടുത്തിയിരിക്കെ 10: 100 ൽ വിവരിച്ച പ്രകാരം അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ ഒരാളും വിശ്വാസിയാവുകയില്ല. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രഭാതപ്രദോഷ

ങ്ങളിൽ അദ്ദിക്ർ വായിക്കുകയും ശേഷം സുദീർഘമായ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവഹിക്കുകയുമാണ് വേണ്ടത്. 17: 13-14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഓരോരുത്തരും അവരുടെ പിരടിയിൽ കർമരേഖ വഹിക്കുന്നുണ്ടെന്ന് മനുഷ്യരെ ഉണർത്തുന്നതും മനുഷ്യരുടെ ഐക്യം സ്ഥാപിക്കാൻ ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നതും 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമ-ഐശ്വര്യം ലക്ഷ്യം വെച്ചുകൊണ്ട് അവൻ ജൈവകൃഷിയിലും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിലും ഏർപ്പെടുന്നതും അതിന് മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതും സഹായിക്കുന്നതുമാണ്. കൂടാതെ 9: 73 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുന്ന കുഫ്ഫാറുകളോടും കപടവിശ്വാസികളോടും അധികരിച്ച ജിഹാദ് ചെയ്യുന്നതുമാണ്. അങ്ങനെ അവൻ 43: 36-39 സൂക്തങ്ങളിൽ പറഞ്ഞ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റുകയും 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീൻ* പട്ടികയിൽ നിന്ന് തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ *ഇല്ലിയ്യീൻ* പട്ടികയിലേക്ക് മാറ്റുന്നതുമാണ്. 2: 62, 261; 4: 85; 22: 40 വിശദീകരണം നോക്കുക.

71. വല്ലവനും പശ്ചാത്തപിച്ച് മടങ്ങുകയും സൽകർമ്മങ്ങൾ ചെയ്യുകയുമാണെങ്കിൽ, അപ്പോൾ നിശ്ചയം അവൻ അല്ലാഹുവിലേക്ക് മടങ്ങേണ്ടവിധം മടങ്ങുന്നവനായി.

4: 145-146; 5: 93; 11: 3 വിശദീകരണം നോക്കുക.

72. അവർ കള്ളസാക്ഷ്യം വഹിക്കാത്തവരും വ്യർത്ഥമായ കാര്യങ്ങൾക്കരികിലൂടെ പോകാനിടയായാൽ മാന്യമായ നിലയിൽ നടന്നുപോകുന്നവരുമാണ്.

17: 36; 102: 8 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കേൾവി, കാഴ്ച, സംസാരം, ബുദ്ധിശക്തി, സമയം തുടങ്ങി എല്ലാ അനുഗ്രഹങ്ങളെക്കുറിച്ചും വിധിദിവസം ചോദ്യം ചെയ്യപ്പെടുമെന്ന ബോധത്തിൽ ജീവിക്കുന്ന, നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസികൾ തനിക്ക് ബോധ്യമില്ലാത്ത ഒരുകാര്യത്തിന് അഥവാ സത്യമല്ലാത്ത ഒരുകാര്യത്തിന് സാക്ഷ്യം വഹിക്കാൻ തയ്യാറാവുകയില്ല. അതുപോലെ പരലോകചിന്തയെ തടയുന്ന വിധത്തിലുള്ള കാര്യങ്ങൾക്കരികിലൂടെ കടന്നുപോകാനിടയായാൽ അങ്ങോട്ട് എത്തിയും പാളിയും നോക്കാതെ മാന്യമായി കടന്നുപോകുന്നതുമാണ്. 4: 140; 22: 30; 23: 3; 25: 63 വിശദീകരണം നോക്കുക.

73. അവർ തങ്ങളുടെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഓർമ്മിപ്പിക്കപ്പെട്ടാൽ അതുകൊള്ളെ ബധിരരും അന്ധരുമായി വീഴാത്തവരുമാണ്.

ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ കേൾക്കുകയും വായിക്കുകയും ചെയ്താൽ അത് കേട്ടില്ല, കണ്ടില്ല എന്ന നയം സ്വീകരിക്കാത്തവരാണ് നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസികൾ. ഇതിന് വിരുദ്ധമാണ് 32: 22 ൽ പറഞ്ഞ ഭ്രാന്തന്മാരും അക്രമികളുമായ ഫുജ്ജാറുകളുടെ സ്വഭാവം. 32: 15 ൽ, നിശ്ചയം, നമ്മുടെ സൂക്തങ്ങളെക്കൊണ്ട് വിശ്വസിക്കുന്നവരാകട്ടെ, അവർ അവകൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടാൽ തങ്ങളുടെ നാഥനെ സ്തുതിച്ചുകൊണ്ടും വാഴ്ത്തിക്കൊണ്ടും സാഷ്ടാംഗത്തിൽ വീഴുന്നതാണ്, അവർ ഒരിക്കലും അഹങ്കരിക്കുന്നവരാവുകയുമില്ല എന്നും; 32: 16 ൽ, തങ്ങളുടെ നാഥനെ ഭയത്തോടും പ്രതീക്ഷയോടും കൂടി വിളിച്ച് പ്രാർത്ഥിക്കുന്നതിനുവേണ്ടി അവരുടെ പാർശ്വങ്ങൾ കിടക്കകളിൽ നിന്ന് തെള്ളിത്തെള്ളി വരുന്നതാണ്, നാം അവർക്ക് നൽകിയതിൽ നിന്ന് ചെലവഴിച്ചു കൊണ്ടിരിക്കുന്നവരുമാണ് അവർ എന്നും പറഞ്ഞി

ട്ടുണ്ട്. 41: 44 ൽ, നാം അതിനെ ഒരു വിദേശഭാഷയിലുള്ള വായന ആക്കിയിരുന്നുവെങ്കിൽ അവർ ചോദിക്കുകതന്നെ ചെയ്യും: എന്താണ് അതിന്റെ സൂക്തങ്ങൾ സ്പഷ്ടമാക്കപ്പെടാത്തത്?-ഒരു വിദേശഗ്രന്ഥവും ഒരു അറബിയും! നീ പറയുക; അത് വിശ്വാസികളായവർക്ക് മാർഗദർശനവും രോഗശമനവുമാണ്, ആരാണോ വിശ്വസിക്കാത്തത്, അവരുടെ ചെവിയിൽ ഒരു മൂടിയുണ്ട്, അത് അവരുടെ മേൽ അന്ധതയുമാണ്, അക്കൂട്ടർ വിദൂര സ്ഥലത്തുനിന്ന് വിളിക്കപ്പെടുന്നവരെപ്പോലെയാണ് എന്ന് പറഞ്ഞിട്ടുണ്ട്. 8: 2-4 വിശദീകരണം നോക്കുക.

74. അവർ ഇങ്ങനെ പ്രാർത്ഥിക്കുന്നതുമാണ്: ഞങ്ങളുടെ നാഥാ, ഞങ്ങളുടെ ഇണകളിൽ നിന്നും സന്തതി പരമ്പരകളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമപ്രദാനം ചെയ്യേണമേ! ഞങ്ങളെ നീ സൂക്ഷ്മാലുക്കൾക്ക് മുന്നിൽ നടക്കുന്നവരുമാക്കേണമേ!

39: 33 ൽ ആർക്കാണോ സത്യമായ അദ്ദിക്ർ വന്ന് കിട്ടുകയും അതിനെ സത്യപ്പെടുത്തുകയും ചെയ്തത്, അക്കൂട്ടർ തന്നെയാണ് സൂക്ഷ്മാലുക്കൾ (*മുത്തഖീങ്ങൾ*) എന്ന് പറഞ്ഞിട്ടുണ്ട്. 'ഇമാം' എന്നപദത്തിനാണ് മുന്നിൽ നടക്കുന്നവർ എന്ന് അർത്ഥം കൊടുത്തിട്ടുള്ളത്. അഥവാ സൂക്ഷ്മാലുക്കൾക്ക് ജീവിതം കൊണ്ട് മാതൃകയാകുന്നവർ എന്നർത്ഥം. ഇമാമിനെ പരിചയപ്പെടുന്നതിന് 11: 17; 17: 71 സൂക്തങ്ങളുടെ വിശദീകരണം നോക്കുക.

'സൂക്ഷ്മാലുക്കൾക്ക് മുന്നിൽ നടക്കുന്നവരുമാക്കേണമേ!' എന്ന് പ്രാർത്ഥിക്കുന്ന നിഷ്പക്ഷവാന്റെ ഇഷ്ടദാസന്മാർ കപടവിശ്വാസികളായ ഇമാമുമാരെ പിൻപറ്റുകയില്ല എന്ന് മാത്രമല്ല, അദ്ദിക്റിനെ തള്ളിപ്പറയുന്ന കാഫിറുകൾക്ക് ഇമാമായി നമസ്കരിക്കുകയുമില്ല. മറിച്ച് അവർ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും അദ്ദിക്ർ വായിക്കുകയും തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം വരുന്ന ഭാഗം പ്രത്യേകം വായിച്ച് 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനെ വാഴ്ത്തുകയും പരിശുദ്ധപ്പെടുത്തുകയും ചെയ്തുകൊണ്ട് സാഷ്ടാംഗപ്രണാമം നിർവഹിക്കുന്നതുമാണ്. 7: 169-170; 32: 17; 43: 35, 67 വിശദീകരണം നോക്കുക.

75. അക്കൂട്ടരാണ് ക്ഷമാലുക്കളായിരുന്നതിന്റെ പേരിൽ സ്വർഗത്തിലെ മണിമന്ദിരമുറികൾ പ്രതിഫലമായി ലഭിക്കുന്നവർ, അവർ അവിടെ അഭിവാദനത്തോടും സമാധാന ആശംസകളോടും കൂടി സ്വാഗതം ചെയ്യപ്പെടുന്നതുമാണ്.

അവർ ഐഹികലോകത്തുവെച്ച് ഉൾക്കാഴ്ചാദായകമായ അദ്ദിക്റിൽ നിന്ന് ജീവിതലക്ഷ്യം മനസ്സിലാക്കി പരലോകം കണ്ടുകൊണ്ട് ചരിക്കുന്ന ക്ഷമാലുക്കളായതിനാലാണ് സ്വർഗത്തിൽ ഉന്നതമായ സ്ഥാനങ്ങൾ അനന്തരമെടുക്കുന്നതും അവിടെ സ്വാഗതം ചെയ്യപ്പെടുന്നവരാകുന്നതും. 32: 19, 24; 39: 74; 76: 21-22 വിശദീകരണം നോക്കുക.

76. അവരതിൽ നിത്യവാസികളായിരിക്കും, എത്രനല്ല വിശ്രമസ്ഥലം -എത്രനല്ല സ്ഥിരതാമസ സ്ഥലവും!

അവർ ഉൾക്കാഴ്ചാദായകമായ അദ്ദിക്റിൽ നിന്ന് സ്വർഗവും നരകവും ഇവിടെവെച്ച് കണ്ടുകൊണ്ട് വിശ്രമത്തിനും സ്ഥിരതാമസത്തിനും ഏറ്റവും ദുഷിച്ച സ്ഥലമായ നരകഗർത്തത്തെത്തൊട്ട് ഞങ്ങളെ തിരിച്ചുവിടേണമേ എന്ന് തങ്ങളുടെ ഉടമയോട് ആത്മാവുകൊണ്ട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരായിരിക്കുമെന്ന് 25: 65-66 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 25: 24; 45: 13; 47: 6 വിശദീകരണം നോക്കുക.

77. നീ പറയുക, എന്റെ നാഥന് നിങ്ങളെക്കൊണ്ട് എന്തൊരു ആവശ്യമാണുള്ളത് -നിങ്ങൾ അവനെ വിളിച്ചുപ്രാർത്ഥിക്കുന്നില്ലെങ്കിൽ? അപ്പോൾ നിശ്ചയം, നിങ്ങൾ കളവാക്കി തള്ളിപ്പറഞ്ഞതിനാൽ അടുത്തുതന്നെ നിങ്ങൾക്ക് ശിക്ഷ അനിവാര്യമായിരിക്കുന്നു.

സന്മാർഗവും ദുർമാർഗവും വിവരിച്ചുതരുന്ന അദ്ദിക്ർ നിങ്ങൾക്ക് അവതരിപ്പിച്ചു തരികവഴി നാഥൻ നിഷ്പക്ഷവാനായിരിക്കുന്നു എന്നതിനാൽ, നിങ്ങൾ അദ്ദിക്റിനെ കളവാക്കി തള്ളിപ്പറഞ്ഞുകൊണ്ട് വഴികേട് തെരഞ്ഞെടുക്കുന്നതിന്റെ ഉത്തരവാദിത്തം നിങ്ങൾ തന്നെ സ്വയം വഹിക്കേണ്ടി വരുന്നതാണ്. 2: 286; 10: 99-100; 14: 19; 39: 7-8 വിശദീകരണം നോക്കുക.

26. അശ്ശുഅറാഅ്

ജീവിതലക്ഷ്യം നഷ്ടപ്പെട്ട കപടവിശ്വാസികളെ പിൻപറ്റിക്കൊണ്ടിരിക്കുന്ന കവികളുടെ മേലിലുമാണ് പിശാചുക്കൾ ഇറങ്ങുന്നത് എന്ന 224-ാം സൂക്തത്തിൽ നിന്നാണ് അശ്ശുഅറാഅ് -കവികൾ- എന്ന് സൂറത്തിന് പേര് വന്നിട്ടുള്ളത്. പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ മധ്യഘട്ടത്തിൽ അവതരിച്ചിട്ടുള്ള ഈ സൂറത്താണ് സൂക്തങ്ങളുടെ എണ്ണത്തിൽ ഗ്രന്ഥത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സൂറത്ത്. നിഷ്പക്ഷവാനായ അല്ലാഹുവിൽ നിന്ന് ഏതൊരു പുതിയ സൂക്തം അവതരിക്കുമ്പോഴും ഗ്രന്ഥത്തിന്റെ അഭിസംബോധിതരായ കാഫിറുകൾ അതിനെ പരിഹസിച്ച് തള്ളിപ്പറയാതിരുന്നിട്ടില്ല. അവരെ വിശ്വാസികളാക്കി തീർക്കത്തക്കവിധം ആകാശത്തുനിന്ന് ഒരു ദിവ്യാത്ഭുതം ഇറങ്ങിയിരുന്നുവെങ്കിൽ നന്നായിരുന്നേനെ എന്ന് പ്രവാചകനോ വിശ്വാസികളോ ചിന്തിക്കേണ്ടതില്ല.

ഫിർഔനിലേക്ക് മൂസായെയും മന്ത്രിയായി ഹാറൂനിനെയും നിയോഗിച്ചതും അവർ ഇരുവരും ഫിർഔനും അവന്റെ പ്രഭൃതികൾക്കും സർവ്വലോക നാഥനായ അല്ലാഹുവിനെ പരിചയപ്പെടുത്തിയതും, അപ്പോൾ അവർ മൂസാ പ്രകടിപ്പിച്ച ദിവ്യാത്ഭുതങ്ങൾ മാരണമാണ് എന്നാരോപിച്ച് അതിനെ നേരിടാൻ മാരണക്കാരെ സംഘടിപ്പിച്ചതും മത്സരത്തിൽ പരാജയപ്പെട്ട മാരണക്കാർ വിശ്വാസികളായി സർവ്വലോകനാഥന് സമർപ്പിക്കുന്നവരായി മാറിയതുമായ സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. മൂസായെയും അനുയായികളെയും കടൽ പിളർത്തി രക്ഷപ്പെടുത്തിയതും ഫിർഔനിനെയും പട്ടാളത്തെയും അതിൽ മുക്കിക്കൊന്നതും വിവരിച്ചുകൊണ്ട് അതിൽ നിന്ന് പാഠമുൾകൊള്ളാൻ ആവശ്യപ്പെടുന്നു.

കാക്കകാരണവന്മാരെ അന്ധമായി അനുഗമിച്ചുകൊണ്ട് വിഗ്രഹങ്ങളെ പൂജിച്ചുകൊണ്ടിരുന്ന പിതാവിനും ജനതക്കും ഇബ്റാഹീം നബി അല്ലാഹുവിനെ പരിചയപ്പെടുത്തേണ്ടവിധം പരിചയപ്പെടുത്തുന്നതും അവർ അതിനെ തള്ളിക്കളഞ്ഞതും വിവരിക്കുന്നു. നൂഹിന്റെ ജനത വിശ്വസിക്കാൻ കൂട്ടാക്കാതിരുന്നപ്പോൾ നൂഹിനെയും വിശ്വാസികളെയും ഒരു നിറച്ചകപ്പലിൽ കയറ്റി രക്ഷപ്പെടുത്തുകയും കാഫിറുകളെ മുഴുവൻ മുക്കിക്കൊല്ലുകയും ചെയ്ത സംഭവം വിവരിച്ചുകൊണ്ട് അതിൽ നിന്ന് പാഠം ഉൾകൊള്ളാൻ എക്കാലത്തുമുള്ള കാഫിറുകളോട് ആവശ്യപ്പെടുന്നുണ്ട്. അപ്രകാരം തന്നെ ആദ് ജനതയിലേക്ക് ഹൂദ് നബിയെയും സമൂദ് ജനതയിലേക്ക് സ്വാലിഹ് നബിയെയും ലൂത്തിന്റെ ജനതയിലേക്ക് ലൂത്ത് നബിയെയും വനവാസികളിലേക്ക് ശുഐബ് നബിയെയും നിയോഗിച്ചുകൊണ്ട് അല്ലാഹുവിന്റെ സന്ദേശം എത്തിച്ചുകൊണ്ടിരുന്നതും അവരത് കൈകൊള്ളാൻ വിസമ്മതിക്കുകയും ദൃഷ്ടാന്തങ്ങളെയും പ്രവാചകന്മാരെയും കളവാക്കുകയും ചെയ്തപ്പോൾ പ്രവാചകന്മാരെയും വിശ്വാസികളെയും രക്ഷപ്പെടുത്തുകയും കാഫിറുകളെ നശിപ്പിക്കുകയും ചെയ്ത സംഭവങ്ങളിൽ നിന്ന് പാഠമുൾകൊള്ളാനും കാഫിറുകളോട് ആവശ്യപ്പെടുന്നു. വേദഗ്രന്ഥത്തിന്റെ ഏറ്റവും നല്ലവിശദീകരണമായ അദ്ദിക്ർ സർവ്വലോകങ്ങളുടെ

യും നാഥനിൽ നിന്ന് ജിബ്‌രീൽ മുഖേന മുഹമ്മദിന്റെ ഹൃദയത്തിലേക്ക് ഇട്ടുകൊടുക്കുന്ന ത് അന്ത്യനാൾ വരെയുള്ള മുഴുവൻ ലോകരെയും അതുകൊണ്ട് ഉണർത്തുന്നതിന് വേണ്ടി യാണ്. എന്നാൽ എക്കാലത്തുമുള്ള കാഫിറുകൾ അത് പിശാചുക്കൾ അവതരിപ്പിക്കുന്ന താണെന്ന് ആരോപിച്ച് അതിനെ തള്ളിപ്പറയുകയാണ് ചെയ്യുന്നത്. കുറ്റകൃത്യങ്ങളിൽ മുഴുകിയിരിക്കുന്ന അവർ കട്ടുകേൾക്കുന്നവരും ഗ്രന്ഥത്തെ കളവാക്കി പ്രചരിപ്പിക്കുന്നവരു മാണ്. ജീവിതലക്ഷ്യമില്ലാത്തത് കാരണം പ്രവർത്തിക്കാത്തത് പറഞ്ഞ് നടക്കുകവഴി അവ രെ സഹായിക്കുന്ന കവികളുമുണ്ട്. അപ്പോൾ ആർക്കാണ് മോശപ്പെട്ട പര്യവസാനമുള്ള തെന്ന് ഇത്തരം അക്രമികൾക്ക് അടുത്തുതന്നെ മനസ്സിലാകുമെന്ന് മുന്നറിയിപ്പ് നൽകി ക്കൊണ്ട് 227 സൂക്തങ്ങളടങ്ങിയ സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. ത്വാ-സീൻ-മീം.

തൂരിസീനായിൽ വെച്ച് മൂസായോടുള്ള അഭിസംബോധനം. 7: 1; 20: 1; 40: 1 വിശ ദീകരണം നോക്കുക.

2. ഇതെല്ലാം ഒരു വ്യക്തമായ ഗ്രന്ഥത്തിലെ സൂക്തങ്ങളാകുന്നു.

11: 1; 12: 1-2; 41: 1-3 വിശദീകരണം നോക്കുക.

3. അവർ വിശ്വാസികളാകാത്തതിന്റെ പേരിൽ പ്രയാസപ്പെട്ട് നീ നിന്നെത്തന്നെ നശിപ്പിച്ചേക്കാം.

11: 12; 18: 6 വിശദീകരണം നോക്കുക.

4. നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരുടെ മേൽ ആകാശത്തുനിന്ന് ഒരു ദൃഷ്ടാ ന്തം ഇറക്കുന്നതും അതുവഴി അവരുടെ പിരടികൾ അതിന്റെനേരെ കുഴഞ്ഞ് പോകുന്നതായിത്തീരുകയും ചെയ്യുമായിരുന്നു.

17: 13-14 സൂക്തങ്ങൾ പ്രകാരം എല്ലാഓരോ മനുഷ്യനും അവനവന്റെ കർമരേഖ പിരടിയിൽ വഹിക്കുന്നതുകൊണ്ടാണ് സൂക്തത്തിൽ അവർ തല കുനിക്കുന്നവരായി ത്തീരുമെന്നോ വിനീതരായിത്തീരുമെന്നോ പറയാതെ അവരുടെ പിരടികൾ അതിന്റെ നേരെ കുഴഞ്ഞ് പോകുന്നതായിത്തീരുകയും ചെയ്യുമായിരുന്നു എന്ന് പറഞ്ഞത്. കാഫി റുകൾ അവരുടെ പിരടികളിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖയിൽ പാപഭാരം വഹിക്കുന്ന വരായതുകൊണ്ട് അവർ നാളെ പിരടി കുഴഞ്ഞവരായിത്തീരുന്നതാണ്. വിശ്വാസികൾ എപ്പോഴും പിരടികൾ കുഴയാതെ ഗ്രന്ഥം അനുശാസിക്കും വിധം തലയുയർത്തിക്കൊണ്ട് നടക്കുന്നവരും അല്ലാഹുവിന്റെ മുമ്പിൽ വിനീതരായി നിലകൊള്ളുന്നവരും അതിനുവേ ണ്ടി പ്രാർത്ഥിക്കുന്നവരുമാണ്. 6: 31; 16: 123; 20: 99-100 വിശദീകരണം നോക്കുക.

5. നിഷ്പക്ഷവാനായ നാഥനിൽ നിന്നുള്ള അനുസ്മരണമായിക്കൊണ്ട് പുതിയ തായി ഒന്നും അവർക്ക് വന്നെത്തുന്നില്ല -അവർ അതിനെത്തൊട്ട് അവഗണിച്ച് പോകുന്നവരായിട്ടല്ലാതെ.

കഴിഞ്ഞുപോയതും നിലവിലുള്ളതും വരാനിരിക്കുന്നതുമായ കാര്യങ്ങൾ അദ്ദിക്ർ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തുമ്പോൾ നരകത്തിലേക്കുള്ള ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പതുപേരും അതിനെ അവഗണിച്ച് പോകുന്നവരായിരി ക്കും. അദ്ദിക്ർകൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടിട്ട് അതിനെത്തൊട്ട് അ

വഗണിച്ചുപോകുന്നവർ അക്രമികളും ഭ്രാന്തൻമാരുമാണെന്ന് 32: 22 ൽ പറഞ്ഞിട്ടുണ്ട്. 4: 2, 24; 6: 4, 71; 20: 124–127; 23: 38 വിശദീകരണം നോക്കുക.

6. അപ്പോൾ നിശ്ചയം അവർ തള്ളിപ്പറഞ്ഞിരിക്കുന്നു, അപ്പോൾ അവർ ഏതൊന്നിന്റെ സംഭവ്യതയെക്കുറിച്ചാണോ പരിഹസിച്ചുകൊണ്ടിരുന്നത്, അത് അടുത്തുതന്നെ അവരിൽ വന്നെത്തുന്നതാണ്.

6: 10; 7: 52–53 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്ർ മുന്നറിയിപ്പ് നൽകുന്ന ഭാവിപ്രവചനങ്ങളെ പുച്ഛിച്ച് തള്ളിപ്പറയുന്നവരുടെ മേൽ അവർ ഏതൊന്നിന്റെ സംഭവ്യതയെക്കുറിച്ചായിരുന്നുവോ പരിഹസിച്ചുകൊണ്ടിരുന്നത്, അതുതന്നെ സംഭവിക്കുമെന്നാണ് ത്രികാലജ്ഞാനി മുന്നറിയിപ്പ് നൽകുന്നത്. 6: 5, 28; 11: 8; 39: 48 വിശദീകരണം നോക്കുക.

7. അവർ ഭൂമിയിലേക്ക് നോക്കിയിട്ടില്ലെയോ? അതിൽ നാം എത്ര സസ്യങ്ങളെയാണ് മെച്ചപ്പെട്ട ജോടികളായി മുളപ്പിച്ചിട്ടുള്ളത്?

മനുഷ്യനെയും മറ്റു ജീവജാലങ്ങളെയും പോലെത്തന്നെ സസ്യങ്ങളെയും ഇണകളായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത് എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. 22: 5; 31: 10; 36: 36 വിശദീകരണം നോക്കുക.

8. നിശ്ചയം, അതിൽ ഒരു ദൃഷ്ടാന്തം തന്നെയുണ്ട്, എന്നാൽ അവരിൽ അധിക പേരും വിശ്വാസികളായിരുന്നില്ല.

പ്രപഞ്ചത്തിലുള്ള എല്ലാറ്റിനെയും ജോടികളായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. അതിന്റെ പിന്നിലുള്ള ഇണതുണയില്ലാത്ത, ഉപമയില്ലാത്ത സ്രഷ്ടാവിന്റെ ഏകത്വത്തെ അത് വിളിച്ചറിയിക്കുന്നു. അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തെ കണ്ടെത്തുന്നതിലൂടെ സ്രഷ്ടാവിനെ കണ്ടെത്തലാണ് വിശേഷബുദ്ധി നൽകപ്പെട്ട മനുഷ്യന്റെ ജീവിതലക്ഷ്യം. എന്നാൽ എല്ലാഓരോ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പതും പ്രസ്തുതലക്ഷ്യം നിറവേറ്റുകയോ വിശ്വാസികളാവുകയോ ഇല്ല. വിശ്വാസികൾ ആത്മാവിനെ ശുദ്ധീകരിക്കുന്നതിനുള്ള അദ്ദിക്ർകൊണ്ട് സ്വർഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നിൽ ഉൾപ്പെടുത്തേണമേ എന്ന് എപ്പോഴും ആത്മാവുകൊണ്ട് പ്രാർത്ഥിക്കുന്നവരാകണമെന്നാണ് സൂക്തം പഠിപ്പിക്കുന്നത്. 4: 118; 7: 185; 15: 85 വിശദീകരണം നോക്കുക.

9. നിശ്ചയം നിന്റെ നാഥൻ, അവൻ അജയ്യനായ കാരുണ്യവാൻ തന്നെയാകുന്നു.

33: 72–73 സൂക്തങ്ങളിൽ, അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് കപടവിശ്വാസികളായ പുരുഷന്മാരെയും കപടവിശ്വാസികളായ സ്ത്രീകളെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന പുരുഷന്മാരെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന സ്ത്രീകളെയും ശിക്ഷിക്കുന്നതിന് വേണ്ടിയും വിശ്വാസികളായ പുരുഷന്മാരുടെയും വിശ്വാസികളായ സ്ത്രീകളുടെയുംമേൽ അല്ലാഹു മടങ്ങുന്നതിന് വേണ്ടിയുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിലെ സൂക്തങ്ങളിലൂടെ അല്ലാഹുവിനെ പരിചയപ്പെടുത്തിയിട്ടും വിശ്വസിക്കാനോ ജീവിതലക്ഷ്യം മനസ്സിലാക്കാനോ തയ്യാറില്ലാത്തവരെ സംബന്ധിച്ച് അവൻ ചോദ്യം ചെയ്യപ്പെടാത്ത അജയ്യനാണ്. ആരാണോ അദ്ദിക്ർ ലഭിച്ചതിന് ശേഷം പശ്ചാത്തപിക്കുകയും വിശ്വാസം രൂപപ്പെടുത്തുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നത്, അവർക്ക് അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനുമാണ്. 7: 205–206; 47: 7 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസികൾ നാഥന്റെ

സന്ദേശമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുകവഴി നിഷ്പക്ഷവാനായ നാഥനെ സഹായിക്കുന്നവരായതിനാൽ നാഥൻ അവനെയും സഹായിക്കുന്നതാണ്. 4: 17–18; 18: 57; 25: 68–70 വിശദീകരണം നോക്കുക.

10. നിന്റെ നാഥൻ മൂസായെ വിളിച്ചുപറഞ്ഞ സന്ദർഭം: നിശ്ചയം, നീ അക്രമികളായ ജനതയിലേക്ക് വരിക,

11. -ഫിർഔനിന്റെ ജനതയിലേക്ക്, അവർ സൂക്ഷ്മതയുള്ളവരാകുന്നില്ലേ?

ഫിർഔനിന്റെ ജനതയിൽചെന്ന് അവർ അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കുന്നവരാകുന്നില്ലേ എന്ന് ചോദിക്കാനാണ് മൂസായോട് ആവശ്യപ്പെടുന്നത്. 20: 43–45 വിശദീകരണം നോക്കുക.

12. അവൻ പറഞ്ഞു: എന്റെ നാഥാ! നിശ്ചയം അവർ എന്നെ കളവാക്കി തള്ളിപ്പറയുമെന്ന് ഞാൻ ഭയപ്പെടുന്നു.

13. എന്റെ മാറിടം ഞെരുങ്ങിപ്പോകുന്നു, എന്റെ നാവാകട്ടെ വാചാലവുമല്ല, അതുകൊണ്ട് നീ ഹാറൂനിലേക്ക് ദൗത്യം അയച്ചാലും.

20: 25–35 വിശദീകരണം നോക്കുക.

14. അവർക്ക് എന്റെമേലിൽ ഒരു കുറ്റവുമുണ്ട്, അപ്പോൾ അവർ എന്നെ കൊന്നുകളയുമെന്ന് ഞാൻ ഭയപ്പെടുന്നു.

28: 15 വിശദീകരണം നോക്കുക.

15. അവൻ പറഞ്ഞു: അങ്ങനെയല്ല, അപ്പോൾ നിങ്ങൾ രണ്ടുപേരും നമ്മുടെ ദൃഷ്ടാന്തങ്ങളും കൊണ്ട് പോവുക, നിശ്ചയം നാം നിങ്ങളോടൊപ്പം എല്ലാം കേട്ടുകൊണ്ടിരിക്കുന്നവനാകുന്നു.

നിങ്ങൾ എവിടെയാണെങ്കിലും അല്ലാഹു നിങ്ങളോടൊപ്പമുണ്ട് എന്ന് 57: 4; 58: 7 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 255; 17: 17; 25: 58 വിശദീകരണം നോക്കുക.

16. അപ്പോൾ നിങ്ങൾ രണ്ടുപേരും ഫിർഔനിലേക്ക് വരിക, എന്നിട്ട് രണ്ടുപേരും പറയുക: നിശ്ചയം നാം സർവ്വലോകങ്ങളുടെയും നാഥനിൽ നിന്നുള്ള പ്രവാചകനാകുന്നു.

'ഞങ്ങൾ സർവ്വലോകങ്ങളുടെയും നാഥനിൽ നിന്നുള്ള പ്രവാചകന്മാരാകുന്നു' എന്ന് പറയാതെ 'നാം സർവ്വലോകങ്ങളുടേയും നാഥനിൽ നിന്നുള്ള പ്രവാചകനാകുന്നു' എന്ന് പറഞ്ഞതിലൂടെ രണ്ടുപേരും ഒറ്റക്കെട്ടായി അല്ലാഹുവിനുവേണ്ടി പറയണമെന്നാണ് സൂക്തം കൽപിക്കുന്നത്.

17. നീ ഇസ്റാഈൽ സന്തതികളെ ഞങ്ങളോടൊപ്പം പറഞ്ഞയക്കണം!

7: 105 വിശദീകരണം നോക്കുക.

18. അവൻ ചോദിച്ചു: കുട്ടിയായപ്പോൾ നാം നിന്നെ നമ്മിലുള്ള ഒരു കുഞ്ഞിനെപ്പോലെ പോറ്റിവളർത്തിയില്ലേ, നിന്റെ ആയുസ്സിൽ കുറേ വർഷങ്ങൾ നീ ഞങ്ങളോടൊപ്പം കഴിച്ചുകൂട്ടിയിട്ടുമുണ്ടല്ലോ?

20: 38–41 വിശദീകരണം നോക്കുക.

19. പിന്നെ നീ പ്രവർത്തിച്ചിട്ടുള്ള നിന്റെ ആ പ്രവൃത്തിയുമുണ്ടല്ലോ, അപ്പോൾ

നീ നന്ദികെട്ടവരിൽ പെട്ടവൻ തന്നെയുമാണ്.

26: 14 വിശദീകരണം നോക്കുക.

20. അവൻ പറഞ്ഞു: അപ്പോൾ ഞാൻ അങ്ങനെ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അന്ന് ഞാൻ വഴികേടിൽ പെട്ടവനായിരുന്നു.

എനിക്ക് മാർഗദർശനം ലഭിച്ചിട്ടില്ലാതിരുന്നതിനാൽ അന്ന് ഞാൻ വഴികേടിലായിരുന്നു, എന്നാൽ ഇന്ന് എനിക്ക് മാർഗദർശനം ലഭിച്ചിട്ടുണ്ട് എന്നാണ് മൂസാ പറയുന്നത്. ഗ്രന്ഥം ലഭിക്കുന്നതിനുമുമ്പ് പ്രവാചകൻ പ്രജ്ഞയറ്റവനായിരുന്നുവെന്ന് 12: 3 ലും, വഴികേടിലായിരുന്നുവെന്ന് 93: 7 ലും പറഞ്ഞിട്ടുണ്ട്. 7: 205 ൽ വിവരിച്ച പ്രകാരം പ്രവാചകനോട് അദ്ദിക്ർ ലഭിച്ചതിന് ശേഷം നീ പ്രജ്ഞയറ്റവരിൽ ഉൾപ്പെടരുത് എന്ന് കൽപിച്ചിട്ടുണ്ട്. 11: 17; 20: 121 വിശദീകരണം നോക്കുക.

21. അങ്ങനെ നിങ്ങളെ ഞാൻ ഭയപ്പെട്ടപ്പോൾ ഞാൻ നിങ്ങളിൽ നിന്ന് വിരണ്ടോടിപ്പോയി, അപ്പോൾ എന്റെ നാഥൻ എനിക്ക് തത്വജ്ഞാനം നൽകുകയും എന്നെ പ്രവാചകന്മാരിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

22. എന്റെമേൽ നീ എടുത്തുപറഞ്ഞിട്ടുള്ള ആ അനുഗ്രഹമുണ്ടല്ലോ, അത് നീ ഇസ്റാഈൽ സന്തതികളെ അടിമകളാക്കി വെച്ചതിനാലാണ്!

അതായത് ഫിർഔൻ ഇസ്റാഈൽ സന്തതികളെ അടിമകളാക്കിവെച്ച് അവരിലെ ആൺസന്താനങ്ങളെ കൊന്നുകളഞ്ഞുകൊണ്ടിരുന്നതിനാലാണ് മൂസായുടെ മാതാവിന് കുട്ടിയെ പെട്ടിയിലാക്കി നദിയിൽ ഒഴുക്കേണ്ടിവന്നതും അങ്ങനെ മൂസാ ഫിർഔനിന്റെ കൊട്ടാരത്തിൽ എത്തിച്ചേർന്നതും. 28: 7–14 വിശദീകരണം നോക്കുക.

23. ഫിർഔൻ ചോദിച്ചു: ഏതൊന്നാണ് ഈ സർവലോകങ്ങളുടെയും നാഥൻ?

24. അവൻ പറഞ്ഞു: ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്ക് രണ്ടിനുമിടയിലുള്ളവയുടെയും ഉടമ, നിങ്ങൾ ദൃഢബോധ്യമുള്ളവരാണെങ്കിൽ!

25: 59–60; 32: 4; 45: 20 വിശദീകരണം നോക്കുക.

25. അവൻ അവന്റെ ചുറ്റുമുള്ളവരോട് ചോദിച്ചു: അല്ല, നിങ്ങൾ കേൾക്കുന്നില്ലെയോ?

ഫിർഔൻ പുച്ഛഭാവത്തിലാണ് തന്റെ സഭയിലുള്ളവരോട് ഇങ്ങനെ ചോദിക്കുന്നത്.

26. അവൻ പറഞ്ഞു: നിങ്ങളുടെ ഉടമയും നിങ്ങളുടെ പൂർവ്വിക പിതാക്കളുടെ ഉടമയുമാണ് അവൻ.

27. അവൻ പറഞ്ഞു: നിശ്ചയം നിങ്ങളിലേക്ക് അയക്കപ്പെട്ട നിങ്ങളുടെ പ്രവാചകനുണ്ടല്ലോ, അവൻ ജിന്ന് ബാധിച്ചവൻ തന്നെയാകുന്നു!

15: 6; 23: 25, 70 വിശദീകരണം നോക്കുക.

28. അവൻ പറഞ്ഞു: ഉദയസ്ഥാനത്തിന്റെയും അസ്തമയസ്ഥാനത്തിന്റെയും അവക്ക് രണ്ടിനും ഇടയിലുള്ളവയുടെയും ഉടമ, നിങ്ങൾ ചിന്തിക്കുന്നവർ തന്നെയാണെങ്കിൽ!

16: 78; 37: 5 വിശദീകരണം നോക്കുക.

29. അവൻ പറഞ്ഞു: എന്നെക്കൂടാതെ നീ മറ്റൊരു ഇലാഹിനെ തെരഞ്ഞെടുക്കുകയാണെങ്കിൽ നിന്നെ ഞാൻ ജയിലിലടക്കപ്പെട്ടവരിൽ പെടുത്തുകതന്നെ ചെയ്യും.

79: 24 ൽ, ഞാനാണ് അത്യുന്നതനായ നാഥൻ എന്ന് പറഞ്ഞ ഫിർഔൻ ഞാൻ മാത്രമാണ് ഇലാഹ് എന്നാണ് ഈ സൂക്തത്തിൽ പറയുന്നത്. 20: 14; 25: 68 വിശദീകരണം നോക്കുക.

30. അവൻ ചോദിച്ചു: വ്യക്തമായ എന്തെങ്കിലും ഒന്ന് ഞാൻ നിന്റെയടുത്ത് കൊണ്ടുവന്നാലും!

31. അവൻ പറഞ്ഞു: എന്നാൽ നീ അത് കൊണ്ടുവരിക -നീ സത്യസന്ധന്മാരിൽ പെട്ടവൻ തന്നെയാണെങ്കിൽ.

32. അങ്ങനെ അവൻ തന്റെ വടിയിട്ടു, അപ്പോഴതാ അത് വ്യക്തമായ ഒരു സർപ്പമാവുകയായി.

33. തന്റെ കൈ പുറത്തെടുക്കുകയും ചെയ്തു, അപ്പോഴതാ നോക്കുന്നവർക്കൊക്കെ അത് തൂവെള്ള നിറത്തിലുള്ളതായി കാണുകയുമായി.

34. തന്റെ ചുറ്റുമുള്ള മുഖ്യന്മാരോട് അവൻ പറഞ്ഞു: നിശ്ചയം ഇത് ശരിക്കും പഠിച്ച ഒരു മാരണക്കാരൻ തന്നെയാണ്.

ഇവൻ എന്ന് പോലും പറയാതെ 'ഇത്' എന്ന് പറഞ്ഞതിൽനിന്നും ഫിർഔൻ മൂസായോട് വളരെ പുഛത്തോടെയാണ് പെരുമാറിയിരുന്നത് എന്ന് മനസ്സിലാക്കാം. 21: 36 വിശദീകരണം നോക്കുക.

35. തന്റെ മാരണം കൊണ്ട് നിങ്ങളുടെ നാട്ടിൽനിന്ന് നിങ്ങളെ പുറത്താക്കാനാണ് അവൻ ഉദ്ദേശിക്കുന്നത്, അപ്പോൾ നിങ്ങൾ എന്താണ് കൽപിക്കുന്നത്?

20: 63 വിശദീകരണം നോക്കുക.

36. അവർ പറഞ്ഞു: അവനെയും അവന്റെ സഹോദരനെയും അവിടെ ചുറ്റിപ്പറ്റി നിർത്തുക, പട്ടണങ്ങളിലേക്ക് ശിപായിമാരെ നിയോഗിക്കുകയും ചെയ്യുക!

37. -എല്ലാഓരോ പഠിച്ച മാരണക്കാരെയും അവർ താങ്കളുടെ അടുത്ത് കൊണ്ടുവരട്ടെ,

38. അങ്ങനെ അറിയപ്പെട്ട ഒരു നാളിൽ നിശ്ചിത സമയത്ത് മാരണക്കാരെല്ലാം ഒരുമിച്ച് കൂട്ടപ്പെടുകയായി.

39. ജനങ്ങളോട് ചോദിക്കപ്പെട്ടു: നിങ്ങളും സമ്മേളിക്കുന്നവരാകുന്നില്ലെയോ?

40. നിശ്ചയം, നാം മാരണക്കാരെ പിൻപറ്റുകതന്നെ ചെയ്യും -അവരാണ് അതിജയിക്കുന്നവരാകുന്നതെങ്കിൽ!

41. അങ്ങനെ മാരണക്കാർ വന്നെത്തിയപ്പോൾ ഫിർഔനിനോട് അവർ ചോദിച്ചു: നിശ്ചയം ഞങ്ങൾക്ക് പാരിതോഷികം ലഭിക്കുമല്ലോ അല്ലേ? -നിശ്ചയം ഞങ്ങളാണ് അതിജയിക്കുന്നവരാകുന്നതെങ്കിൽ.

42. അവൻ പറഞ്ഞു: അതെ! നിശ്ചയം, പിന്നെ നിങ്ങൾ നമ്മുടെ സാമീപ്യസ്ഥരിൽ പെട്ടവർ തന്നെയുമായിരിക്കും.

43. മൂസാ അവരോട് പറഞ്ഞു: നിങ്ങൾക്ക് ഇടാനുള്ളതെന്തോ അത് നിങ്ങൾ ഇടുന്നവരാവുക.

44. അപ്പോൾ അവർ അവരുടെ കയറുകളും വടികളും ഇടുകയും അവർ പറയു

കയും ചെയ്തു: ഫിർഔനിന്റെ പ്രതാപം കൊണ്ട് നിശ്ചയം, ഞങ്ങൾ തന്നെ യായിരിക്കും അതിജയിക്കുന്നവരാവുക!

45. അങ്ങനെ മൂസാ തന്റെ വടി താഴെയിട്ടു, അപ്പോഴതാ അത് അവർ വ്യാജമായി ഉണ്ടാക്കിയിട്ടുള്ളതിനെയെല്ലാം വിഴുങ്ങിക്കളയുകയായി!

46. അപ്പോൾ മാരണക്കാർ സാഷ്ടാംഗപ്രണാമത്തിൽ വീഴ്ത്തപ്പെട്ടു,

47. അവർ പറഞ്ഞു: നിശ്ചയം ഞങ്ങൾ സർവലോകങ്ങളുടെയും നാഥനെക്കൊണ്ട് വിശ്വസിച്ചിരിക്കുന്നു,

48. -മൂസായുടെയും ഹാറൂനിന്റെയും നാഥൻ!

49. അവൻ ചോദിച്ചു: ഞാൻ നിങ്ങൾക്ക് സമ്മതം തരുന്നതിന് മുമ്പ് നിങ്ങൾ അവനിൽ വിശ്വസിച്ചുവെന്നോ? നിശ്ചയം അവൻ നിങ്ങളെ മാരണം പഠിപ്പിച്ച നിങ്ങളിലെ വലിയവൻ തന്നെയാകുന്നു, അപ്പോൾ നിങ്ങൾ അടുത്തുതന്നെ അറിയുന്നവരാകും, ഞാൻ നിങ്ങളുടെ കൈകളും കാലുകളും ഒന്നിനൊന്ന് വിപരീതമായി കൊത്തിനുറുക്കുകതന്നെ ചെയ്യും, നിശ്ചയം ഞാൻ നിങ്ങളെ എല്ലാവരെയും ക്രൂശിക്കുകയും ചെയ്യുന്നതാണ്.

50. അവർ പറഞ്ഞു: ഒരു വിരോധവുമില്ല, നിശ്ചയം ഞങ്ങൾ ഞങ്ങളുടെ നാഥനിലേക്ക് തിരിച്ച് പോകേണ്ടവരല്ലോ!

51. നിശ്ചയം, ഞങ്ങളുടെ നാഥൻ ഞങ്ങളുടെ തെറ്റുകൾ ഞങ്ങൾക്ക് പൊറുത്ത് തരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു -നിശ്ചയം ഞങ്ങൾ ആദ്യ വിശ്വാസികളിൽ പെട്ടവരാകുന്നതിനാൽ,

7: 106-126 വിശദീകരണം നോക്കുക.

52. മൂസാക്ക് നാം ദിവ്യസന്ദേശം നൽകുകയും ചെയ്തു: നിശ്ചയം, നീ എന്റെ ദാസന്മാരെയും കൊണ്ട് രാത്രിക്ക് രാത്രി പുറപ്പെടുക, നിശ്ചയം നിങ്ങൾ പിൻപറ്റപ്പെടുന്നവരാകുന്നു.

53. അപ്പോൾ ഫിർഔൻ ആളുകളെ ഒരുമിച്ചുകൂട്ടാൻ പട്ടണങ്ങളിലേക്ക് ശിപായിമാരെ അയച്ചു.

54. നിശ്ചയം, ഇക്കൂട്ടർ കുറച്ചുപേരടങ്ങിയ ഒറ്റപ്പെട്ട ഒരുവിഭാഗമാകുന്നു,

55. നിശ്ചയം, അവർ നമ്മെ രോഷാകുലരാക്കുന്നവർ തന്നെയുമാകുന്നു,

56. നിശ്ചയം, നാമെല്ലാവരും ഒറ്റക്കെട്ടായി ജാഗ്രത പാലിക്കേണ്ടവരായിരിക്കുന്നു,

57. അങ്ങനെ നാം അവരെ തോട്ടങ്ങളിൽ നിന്നും അരുവികളിൽനിന്നും പുറപ്പെടുവിച്ചു,

58. -ഖജനാവുകളിൽനിന്നും മാന്യമായ സ്ഥാനമാനങ്ങളിൽനിന്നും.

44: 25-27 വിശദീകരണം നോക്കുക.

59. അപ്രകാരം അതെല്ലാം നാം ഇസ്റാഈൽ സന്തതികൾക്ക് അനന്തരമാക്കുകയും ചെയ്തു.

2: 61; 44: 28 വിശദീകരണം നോക്കുക.

60. അങ്ങനെ സൂര്യോദയത്തോടെ അവർ അവരെ പിൻതുടരുന്നവരായി.

61. അങ്ങനെ രണ്ട് സംഘവും പരസ്പരം കണ്ടുമുട്ടിയപ്പോൾ മൂസായുടെ അനുയായികൾ പറഞ്ഞു: നിശ്ചയം നാം പിടിക്കപ്പെടാൻ പോകുന്നുവല്ലോ!

62. അവൻ പറഞ്ഞു: അങ്ങനെയല്ല, നിശ്ചയം എന്റെ നാഥൻ എന്നോടൊപ്പമുണ്ട്, അവൻ എന്നെ മാർഗദർശനം ചെയ്യുകതന്നെ ചെയ്യും.

63. അപ്പോൾ നാം മൂസാക്ക് ദിവ്യസന്ദേശം നൽകി, നീ നിന്റെ വടികൊണ്ട് കടലിൽ അടിക്കുക, അപ്പോൾ അത് പിളർന്ന് ഓരോ ഭാഗവും വമ്പിച്ച മലകളെന്നോണം ഇരുവശങ്ങളിലേക്കും മാറിനിന്നു!

രണ്ട് സംഘവും ചെങ്കടൽ തീരത്തുവെച്ച് പരസ്പരം കണ്ടുമുട്ടുകയും മൂസായുടെ അനുയായികൾ നമ്മൾ പിടികൂടപ്പെടാൻ പോകുന്നുവല്ലോ എന്നുപറഞ്ഞ് വിഭ്രാന്തി പ്രകടിപ്പിക്കുകയും ചെയ്തപ്പോൾ 'എന്റെ നാഥൻ എന്നെ മാർഗദർശനം ചെയ്യുക തന്നെ ചെയ്യും' എന്ന് മൂസാ പറഞ്ഞതിൽ നിന്നും മൂസായുടെ വടി കൊണ്ട് കടലിൽ അടിച്ചാൽ കടൽ പിളർന്ന് വെള്ളം ഇരുവശങ്ങളിലേക്കും മലകളെന്നോണം മാറിനിൽക്കുമെന്നൊന്നും മൂസാക്ക് മുമ്പെ അറിയുമായിരുന്നില്ല എന്നാണ് മനസ്സിലാക്കേണ്ടത്.

ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളുടെ ആശയത്തിൽ വിശ്വാസം രൂപപ്പെടുത്താത്തവർ പ്രവാചകന്മാരെയും വിശ്വാസികളെയും കാര്യകാരണബന്ധത്തിന് അതീതമായി അല്ലാഹു രക്ഷപ്പെടുത്തുമെന്ന വിശ്വാസമില്ലാത്തവരാണ്. ഈ സൂക്തത്തിൽ 'കടൽ പിളർന്ന് വെള്ളം വമ്പിച്ച മലകളെന്നോണം ഇരുവശങ്ങളിലേക്കും മാറിനിന്നു' എന്നുപറഞ്ഞതോ, 20: 77 ൽ 'സമുദ്രത്തിൽ ഒരു ഉണങ്ങിയവഴി രൂപപ്പെട്ടു' എന്നുപറഞ്ഞതോ കാണാത്ത മട്ടിൽ മൂസായും അനുയായികളും മുറിച്ചുകടന്നത് നൈൽ നദിയാണെന്നും മൂസാ തന്റെ വടികൊണ്ട് നദിയിൽ തപ്പിനോക്കി തുരുത്തുകൾ കണ്ടെത്തി അതിലേക്ക് കാലെടുത്തുവെച്ച് ഘട്ടംഘട്ടമായിട്ടാണ് കടന്നുപോയത് എന്നും തന്നിഷ്ടപ്രകാരം രേഖപ്പെടുത്തിവെച്ചവർ പോലും അവരിലുണ്ട്. അത്തരം വ്യാഖ്യാനങ്ങൾ 41: 41-42 സൂക്തങ്ങളിൽ പറഞ്ഞ അജയ്യവും മിഥ്യകലരാത്ത ഗ്രന്ഥവുമായ അദ്ദിക്റിൽ നിന്ന് ജനങ്ങളെ തടയുകയാണ് ചെയ്യുന്നത്. എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ ഇന്ന് ഒരുഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയെ അത് എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്നതാണ്. 2: 78-79; 4: 158; 25: 33-34 വിശദീകരണം നോക്കുക.

64. പിന്നെ നാം മറ്റേ വിഭാഗത്തെ അതിലേക്ക് അടുപ്പിക്കുകയും ചെയ്തു,

65. മൂസായെയും അവനോടൊപ്പമുള്ളവരെയും മുഴുവനും നാം രക്ഷപ്പെടുത്തുകയുമുണ്ടായി.

66. പിന്നെ മറ്റേ വിഭാഗത്തെ നാം മുക്കിക്കൊന്നു.

44: 24 വിശദീകരണം നോക്കുക.

67. നിശ്ചയം, അതിൽ ഒരു ദൃഷ്ടാന്തം തന്നെയുണ്ട്, എന്നാൽ അവരിൽ അധികപേരും വിശ്വാസികളായില്ല.

10: 90-92 വിശദീകരണം നോക്കുക.

68. നിശ്ചയം നിന്റെ നാഥൻ, അവൻതന്നെ അജയ്യനായ കാരുണ്യവാനുമാകുന്നു.

16: 45-48; 26: 8-9 വിശദീകരണം നോക്കുക.

69. അവരുടെമേൽ നീ ഇബ്റാഹീമിന്റെ വൃത്താന്തവും വിവരിച്ചുകൊടുക്കുക,

70. തന്റെ പിതാവിനോടും തന്റെജനതയോടും അവൻ ചോദിച്ച സന്ദർഭം: നിങ്ങൾ എന്തൊന്നിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത്?

71. അവർ പറഞ്ഞു: ഞങ്ങൾ സേവിച്ചുകൊണ്ടിരിക്കുന്നത് വിഗ്രഹങ്ങളെയാണ്, ഞങ്ങൾ അവയുടെ മുമ്പിൽ ഭജനമിരിക്കുകയും ചെയ്യുന്നു.

72. അവൻ ചോദിച്ചു: നിങ്ങൾ വിളിക്കുമ്പോൾ അവ നിങ്ങളുടെ വിളികേൾക്കുന്നുണ്ടോ?

73. -അല്ലെങ്കിൽ നിങ്ങൾക്ക് അവ ഉപകാരമോ അല്ലെങ്കിൽ ഉപദ്രവമോ വരുത്തുന്നുണ്ടോ?

74. അവർ പറഞ്ഞു: അല്ല, ഞങ്ങളുടെ പിതാക്കന്മാർ അപ്രകാരം പ്രവർത്തിക്കുന്നത് ഞങ്ങൾ കണ്ടിരിക്കുന്നു.

75. അവൻ ചോദിച്ചു: അപ്പോൾ നിങ്ങൾ സേവിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

76. -നിങ്ങളും മുൻഗാമികളായ നിങ്ങളുടെ പിതാക്കളും.

77. അപ്പോൾ നിശ്ചയം, അവർ എന്റെ ശത്രുക്കളാകുന്നു, സർവലോകങ്ങളുടെയും നാഥൻ ഒഴികെ.

3: 7-10; 4: 116-118; 25: 18, 29 വിശദീകരണം നോക്കുക.

78. -ഏതൊരുവൻ എന്നെ സൃഷ്ടിക്കുകയും അങ്ങനെ എന്നെ മാർഗദർശനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നുവോ അവൻ,

79. -ഏതൊരുവൻ എന്നെ ഭക്ഷിപ്പിക്കുകയും കുടിപ്പിക്കുകയും ചെയ്യുന്നുവോ അവൻ,

80. -ഞാൻ രോഗിയാവുകയാണെങ്കിൽ അപ്പോൾ അവൻ എന്നെ സുഖപ്പെടുത്തുന്നു,

81. -ഏതൊരുവൻ എന്നെ മരിപ്പിക്കുകയും പിന്നെ എന്നെ ജീവിപ്പിക്കുകയും ചെയ്യുന്നുവോ അവൻ,

2: 28; 53: 44 വിശദീകരണം നോക്കുക.

82. -ഏതൊരുവൻ, വിധിദിവസം എന്റെ തെറ്റുകൾ പൊറുത്തുതരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നുവോ അവൻ.

83. എന്റെ നാഥാ, എനിക്ക് തത്വജ്ഞാനം പ്രദാനം ചെയ്യുകയും എന്നെ നീ സജ്ജനങ്ങളിൽ ചേർക്കുകയും ചെയ്യേണമേ!

തത്വജ്ഞാനം എന്നത് അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. 2: 269; 20: 114; 21: 24 വിശദീകരണം നോക്കുക.

84. എന്റെ നാഥാ, എന്നെ നീ പിൽക്കാലക്കാരുടെ നാവുകളിൽ സത്യസന്ധനാക്കുകയും ചെയ്യേണമേ!

ഞാൻ അദ്ദിക്റിനെ സത്യപ്പെടുത്തിയവനായിരുന്നു എന്ന് പിൻഗാമികളുടെ നാവിനാൽ പറയിപ്പിക്കുകയും അവരെ അദ്ദിക്റിനെ സാക്ഷ്യപ്പെടുത്തി ജീവിക്കുന്നവരാക്കുകയും ചെയ്യേണമേ എന്നാണ് ആശയം. 22: 78; 25: 74; 39: 33-34 വിശദീകരണം നോക്കുക.

85. എന്നെ നീ അനുഗ്രഹീതമായ സ്വർഗപ്പൂന്തോപ്പ് അനന്തരമെടുക്കുന്നവരിൽ ഉൾപ്പെടുത്തേണമേ!

86. എന്റെ പിതാവിന് നീ പൊറുത്തുകൊടുക്കുകയും ചെയ്യേണമേ! നിശ്ചയം, അവൻ വഴിപിഴച്ചവരിൽ പെട്ടവനായിരിക്കുന്നു,

3: 90; 15: 56; 60: 4–5 വിശദീകരണം നോക്കുക.

87. അവർ ഉയർത്തെഴുന്നേൽപ്പിക്കപ്പെടുന്ന നാളിൽ, എന്നെ നീ നിന്ദ്യനാക്കുകയുമരുത്,

88. –സമ്പത്തും സന്താനങ്ങളും ഉപയോഗപ്പെടാത്ത ഒരുനാളിൽ,

89. –സമാധാനഹൃദയവുമായി അല്ലാഹുവിലേക്ക് വന്നവനൊഴികെ.

ജനിച്ച അവസ്ഥയിൽ യാതൊരു ആവലാതിയും വേവലാതിയുമില്ലാതെ സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചുകൊണ്ട് പുണ്യാത്മാക്കളുടെ മരണം വരിച്ച ആയിരത്തിൽ ഒന്നുമാത്രമേ വിധിദിവസം നിന്ദ്യരാക്കപ്പെടാത്തവരായി ഉണ്ടാവുകയുള്ളു. 3: 102; 41: 39; 89: 27–30 വിശദീകരണം നോക്കുക.

90. സൂക്ഷ്മാലുക്കൾക്ക് സ്വർഗം അടുപ്പിക്കുന്നതുമാണ്.

സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്നവരാണ് സൂക്ഷ്മാലുക്കൾ എന്ന് 39: 33 ൽ പറഞ്ഞിട്ടുണ്ട്. 2: 2; 20: 3, 69: 48 വിശദീകരണം നോക്കുക.

91. ലക്ഷ്യബോധം നഷ്ടപ്പെട്ടവർക്ക് ജ്വലിക്കുന്ന നരകം പ്രത്യക്ഷപ്പെടുത്തുന്നതുമാണ്.

അദ്ദിക്ർ വന്നുകിട്ടിയിട്ട് സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്ന കാഫിറുകളും അക്രമികളുമായ ഫുജ്ജാറുകളാണ് ലക്ഷ്യബോധം നഷ്ടപ്പെട്ടവർ. 7: 179; 15: 44; 25: 27–30; 98: 6 വിശദീകരണം നോക്കുക.

92. അവരോട് ചോദിക്കപ്പെടും: 'നിങ്ങൾ സേവിച്ചുകൊണ്ടിരുന്നതെല്ലാം എവിടെ'?

93. –അല്ലാഹുവിനെക്കൂടാതെ, അവർ നിങ്ങളെ സഹായിക്കുന്നവരാണോ, അല്ലെങ്കിൽ അവർ അവരെത്തന്നെ സഹായിക്കുന്നവരാണോ?

7: 196–198 വിശദീകരണം നോക്കുക.

94. അപ്പോൾ അവർ അതിൽ അടുക്കിവെക്കപ്പെടും –അവരും ജീവിതലക്ഷ്യംനഷ്ടപ്പെട്ടവരും,

95. –ഇബ്ലീസിന്റെ മുഴുവൻ പട്ടാളത്തേയും,

96. അതിൽ വെച്ച് പരസ്പരം തർക്കിക്കുന്നവരായിക്കൊണ്ട് അവർ പറയും:

97. അല്ലാഹുവാണ് സത്യം, നിശ്ചയം ഞങ്ങൾ വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു,

98. –നിങ്ങൾക്കുവേണ്ടി ഞങ്ങൾ സർവ്വലോകനാഥന് സമന്മാരെ കൽപ്പിച്ചപ്പോൾ,

99. ഭ്രാന്തന്മാരല്ലാതെ ഞങ്ങളെ വഴിപിഴപ്പിച്ചിട്ടില്ല.

ഇവിടെ വഴിപിഴച്ച അനുയായികളാണ് കപടവിശ്വാസികളായ നേതാക്കളെ ചൂണ്ടിക്കൊണ്ട് 'ഭ്രാന്തന്മാരല്ലാതെ ഞങ്ങളെ വഴിപിഴപ്പിച്ചിട്ടില്ല' എന്ന് പറയുന്നത്. ഇത്തരം സൂക്ത

ങ്ങളെല്ലാം വായിക്കുന്ന കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ കപടവിശ്വാസികളാ യ നേതാക്കളും അവരുടെ അനുയായികളും നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർ ക്കിക്കുകയും ശപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 1: 7; 25: 33–34 വിശദീകരണം നോക്കുക.

100.അപ്പോൾ ഞങ്ങൾക്ക് ശുപാർശക്കാരിൽ നിന്നുള്ള ആരും ഇവിടെ ഇല്ലല്ലോ,

101.-സത്യത്തെ സത്യപ്പെടുത്തി ജീവിച്ച ഒരുആത്മമിത്രവുമില്ലല്ലോ!

102.നിശ്ചയം, ഞങ്ങൾക്ക് ഒരു അവസരം കൂടി ലഭിച്ചിരുന്നുവെങ്കിൽ, അപ്പോൾ ഞങ്ങൾ വിശ്വാസികളിൽ പെട്ടവരാവുകതന്നെ ചെയ്യുമായിരുന്നല്ലോ!

6: 27–30; 23: 105–107; 39: 58–59 വിശദീകരണം നോക്കുക.

103.നിശ്ചയം, അതിൽ ഒരുദൃഷ്ടാന്തം തന്നെയുണ്ട്, എന്നാൽ അവരിൽ അധിക പേരും വിശ്വാസികളായില്ല.

അല്ലാഹുവിനെക്കൂടാതെ ആരെ വിളിച്ചുപ്രാർത്ഥിച്ചാലും ആരെ അനുസരിച്ചാലും ആരെ ഭയപ്പെട്ടാലും ആരോട് സഹായം തേടിയാലും അവർ ശപിക്കപ്പെട്ട പിശാചിനെയാ ണ് സേവിക്കുന്നതും സഹായിക്കുന്നതും. ഇത്തരം വഴിപിഴച്ച അനുയായികളും അവരുടെ കപടവിശ്വാസികളായ നേതാക്കളും നരകത്തിൽവെച്ച് പരസ്പരം തർക്കിക്കുകയും കുറ്റ പ്പെടുത്തുകയും ശപിക്കുകയും ചെയ്യുന്ന രംഗമാണ് മുകളിൽ വരച്ചുകാണിച്ചിട്ടുള്ളത്. എന്നാൽ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതും വിശ്വാസികളല്ലാത്തതിനാ ൽ ഇത്തരം സൂക്തങ്ങളിൽ നിന്നൊന്നും പാഠമുൾക്കൊണ്ട് അവരുടെ ജീവിതശൈലി തിരുത്തി വിശ്വാസികളാവുകയില്ല എന്നാണ് സൂക്തം പറയുന്നത്. 4: 117–118, 150–151 വിശ ദീകരണം നോക്കുക.

104.നിശ്ചയം, നിന്റെ നാഥൻ, അവൻ തന്നെ അജയ്യനായ കാരുണ്യവാനുമാകുന്നു.

26: 8–9 വിശദീകരണം നോക്കുക.

105.നൂഹിന്റെ ജനത പ്രവാചകന്മാരെ തള്ളിപ്പറഞ്ഞ് കളവാക്കിയിട്ടുണ്ട്.

25: 37 വിശദീകരണം നോക്കുക.

106.അവരുടെ സഹോദരൻ നൂഹ് അവരോടു ചോദിച്ച സന്ദർഭം: നിങ്ങൾ സൂക്ഷ് മതയുള്ളവരാകുന്നില്ലേ?

107.നിശ്ചയം, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു പ്രവാചകനാകുന്നു,

108.അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നിങ്ങൾ എന്നെ അനുസ രിക്കുകയും ചെയ്യുവീൻ,

ത്രികാലജ്ഞാനിയായ അല്ലാഹു എല്ലാം വീക്ഷിക്കുന്നുണ്ട് എന്ന ബോധത്തിൽ എന്നെ പിൻപറ്റുക എന്നാണ് 'നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നിങ്ങൾ എന്നെ അനുസരിക്കുകയും ചെയ്യുവീൻ' എന്ന് പറഞ്ഞതിന്റെ വിവക്ഷ. 3: 31–32; 4: 80 വിശദീ കരണം നോക്കുക.

109.ഇതിന്റെ മേൽ ഞാൻ നിങ്ങളോട് പ്രതിഫലത്തിൽനിന്ന് ഒന്നും ചോദിക്കുന്നില്ല, എന്റെ പ്രതിഫലം സർവലോകങ്ങളുടെയും ഉടമയിലല്ലാതെയല്ല.

അല്ലാഹുവിൽ നിന്നുള്ള സന്ദേശം ലോകർക്ക് എത്തിച്ചുകൊടുക്കാൻ ബാധ്യസ്ഥ

രാണ് പ്രവാചകന്മാർ എന്നിരിക്കെ അവർ അതിന് ജനങ്ങളിൽനിന്ന് പ്രതിഫലമോ പ്രശംസയോ തേടുകയില്ല. അഥവാ പ്രവാചകന്മാരിലൂടെ അല്ലാഹുവാണ് സംസാരിക്കുന്നത്. ആയിരത്തിൽ ഒന്നായ വിശ്വാസികളും ഇതേ സ്വഭാവക്കാരായിരിക്കും. 2: 119; 25: 57; 39: 19; 92: 19-21 വിശദീകരണം നോക്കുക.

110. അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നിങ്ങൾ എന്നെ അനുസരിക്കുകയും ചെയ്യുവീൻ,

111. അവർ ചോദിച്ചു: നിന്നെ പിൻപറ്റുന്നത് ഏറ്റവും താഴ്ന്ന ആളുകളായിരിക്കെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയോ?

11: 27-28; 14: 9 വിശദീകരണം നോക്കുക.

112. അവൻ പറഞ്ഞു: അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് എനിക്ക് ഒരു അറിവുമില്ല,

113. നിശ്ചയം, അവരുടെ വിചാരണ എന്റെ നാഥന്റെ പക്കലല്ലാതെയല്ല, നിങ്ങൾ തിരിച്ചറിവുള്ളവർ ആയിരുന്നുവെങ്കിൽ!

114. -ഞാൻ വിശ്വാസികളെ ആട്ടിയകറ്റുന്നവനുമല്ല.

6: 52; 11: 29-30; 16: 125; 80: 1-4 വിശദീകരണം നോക്കുക.

115. നിശ്ചയം, ഞാൻ വ്യക്തമായ ഒരു താക്കീതുകാരനല്ലാതെയല്ല.

25: 56; 51: 50-51 വിശദീകരണം നോക്കുക.

116. അവർ പറഞ്ഞു: നീ വിരമിക്കുന്നില്ലെങ്കിൽ ഓ നൂഹേ, നിശ്ചയം നീ എറിഞ്ഞോടിക്കപ്പെടുന്നവരിൽ പെട്ടുപോവുകതന്നെ ചെയ്യും.

36: 18 വിശദീകരണം നോക്കുക.

117. അവൻ പറഞ്ഞു: എന്റെ നാഥാ, നിശ്ചയം എന്റെ ജനത എന്നെ കളവാക്കി തള്ളിപ്പറഞ്ഞിരിക്കുന്നു.

118. അപ്പോൾ നീ എനിക്കും അവർക്കുമിടയിൽ ഒരു തീരുമാനം എടുത്താലും, എന്നെയും വിശ്വാസികളിൽ നിന്ന് എന്നോടൊപ്പമുള്ളവരെയും നീ രക്ഷപ്പെടുത്തുകയും ചെയ്യേണമേ!

119. അപ്പോൾ അവനെയും അവനോടൊപ്പമുള്ളവരെയും നിറക്കപ്പെട്ട കപ്പലിൽ നാം രക്ഷപ്പെടുത്തി.

17: 3; 23: 26-27; 36: 41 വിശദീകരണം നോക്കുക.

120. പിന്നെ അതിനുശേഷം ബാക്കിയുള്ളവരെ നാം മുക്കിക്കൊല്ലുകയും ചെയ്തു.

121. നിശ്ചയം, അതിൽ ഒരു ദൃഷ്ടാന്തം തന്നെയുണ്ട്, എന്നാൽ അവരിൽ അധികപേരും വിശ്വാസികളായില്ല.

ഗ്രന്ഥത്തിന്റെ വിധിവിലക്കുകളനുസരിച്ച് ജീവിക്കുന്ന സൂക്ഷ്മാലുക്കൾക്കുതന്നെയാണ് നല്ല പര്യവസാനമുള്ളത് എന്നാണ് നൂഹിനെയും കൂടെയുള്ളവരെയും നിറക്കപ്പെട്ട കപ്പലിൽ രക്ഷപ്പെടുത്തുകയും ബാക്കിയുള്ളവരെ മുഴുവൻ മുക്കിക്കൊല്ലുകയും ചെയ്ത സംഭവത്തിൽ നിന്നുള്ള പാഠം. നൂഹിനെയും കൂടെയുള്ള വിശ്വാസികളെയും രക്ഷപ്പെടുത്തിയ കപ്പലിന്റെ അവശിഷ്ടങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. എന്നാൽ അറബി ഖുർആൻ വായി

ക്കുന്ന ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് ഫുജ്ജാറുകളും 56: 82 ൽ പറഞ്ഞ പ്രകാരം വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിരിക്കുന്നതിനാൽ വിശ്വാസികളാവുകയില്ല. 11: 49; 12: 105; 71: 27–28 വിശദീകരണം നോക്കുക.

122. നിശ്ചയം നിന്റെ നാഥൻ അവൻ തന്നെ, അജയ്യനായ കാരുണ്യവാനുമാകുന്നു.

123. ആദ്, പ്രവാചകന്മാരെ തള്ളിപ്പറഞ്ഞ് കളവാക്കിയിട്ടുണ്ട്,

എല്ലാപ്രവാചകന്മാർക്കും അവതരിപ്പിക്കപ്പെട്ട, നാഥനിൽനിന്നുള്ള സന്ദേശമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുകവഴി അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഒരു പ്രവാചകനെ മാത്രമല്ല, 313 പ്രവാചകന്മാരെയും തള്ളിപ്പറയുന്നവരാണ്. 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അതുവഴി അവർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും അവന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. 2: 136, 285–286; 25: 29–30 വിശദീകരണം നോക്കുക.

124. അവരുടെ സഹോദരൻ ഹൂദ് അവരോട് ചോദിച്ച സന്ദർഭം: നിങ്ങൾ സൂക്ഷ്മതയുള്ളവരാകുന്നില്ലേ?

അല്ലാഹുവിൽ നിന്നുള്ള സന്ദേശമായ അദ്ദിക്ർ പിൻപറ്റുകവഴി ചിന്താശക്തി ഉപയോഗപ്പെടുത്തി ജീവിതലക്ഷ്യം ഉൾക്കൊള്ളുന്നവരാകുന്നില്ലേ എന്നാണ് 'നിങ്ങൾ സൂക്ഷ്മതയുള്ളവരാകുന്നില്ലേ' എന്ന് ചോദിച്ചതിന്റെ ആശയം.

125. നിശ്ചയം, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു പ്രവാചകനാകുന്നു,

126. അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവീൻ, നിങ്ങൾ എന്നെ അനുസരിക്കുകയും ചെയ്യുവീൻ.

26: 108 വിശദീകരണം നോക്കുക.

127. ഇതിന്റെ മേലിൽ ഞാൻ നിങ്ങളോട് പ്രതിഫലത്തിൽ നിന്ന് ഒന്നും ചോദിക്കുന്നില്ല, എന്റെ പ്രതിഫലം സർവലോകങ്ങളുടെയും ഉടമയുടെ പക്കലല്ലാതെയല്ല.

26: 109 വിശദീകരണം നോക്കുക.

128. നിങ്ങൾ എല്ലാഓരോ ഉയർന്ന പ്രദേശങ്ങളിലും വെറുതെ പ്രതാപചിഹ്നങ്ങൾ നിർമിച്ചുകൊണ്ടിരിക്കുകയാണോ?

129. നിങ്ങൾ ശാശ്വതരായിരിക്കുമെന്ന മട്ടിൽ നിർമാണം നടത്തിക്കൊണ്ടിരിക്കുകയുമാണോ?

ഇന്ന് ലോകത്തെവിടെയും പൊങ്ങച്ചം പ്രകടിപ്പിക്കുന്നതിനുവേണ്ടി രമ്യഹർമ്യങ്ങളും സ്മാരകസൗധങ്ങളും ശവകുടീരങ്ങളും മറ്റും നിർമ്മിക്കുന്നതിൽ മുൻപന്തിയിലുള്ളത് ഇതരജനവിഭാഗങ്ങളെ അപേക്ഷിച്ച് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ്. അവർ അദ്ദിക്ർ ഉപയോഗപ്പെടുത്തി ജീവിതലക്ഷ്യം കണ്ടെത്താത്തവരായതിനാൽ പരലോകത്തെ വെടിഞ്ഞ് ഐഹികലോകത്തിന് പ്രാധാന്യം നൽകിയവരാണ്. 10: 7–8; 70: 6–7; 98: 6 വിശദീകരണം നോക്കുക.

130. നിങ്ങൾ ആരെയെങ്കിലും ദ്രോഹിക്കുകയാണെങ്കിൽ നിങ്ങൾ നിഷ്ഠൂരമായി ദ്രോഹിക്കുന്നവരുമാണല്ലോ!

ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകളാണ്

ഇന്ന് ലോകത്തെവിടെയും നിഷ്ഠൂരരും ദയാദാക്ഷിണ്യമില്ലാത്തവരും. അദ്ദിക്റിനെ വിസ്മരിച്ചതുകൊണ്ടാണ് അവർ ഈ സ്വഭാവക്കാരായത്. അവരെ 25: 18 ൽ കെട്ടജനത എന്നും; 8: 22 ൽ ജീവജാലങ്ങളിൽവെച്ച് ഏറ്റവും ദുഷ്ടരെന്നും; 98: 6 ൽ കരയിലെ ദുഷ്ടജീവികളെന്നുമാണ് നാഥൻ വിശേഷിപ്പിച്ചിട്ടുള്ളത്. 5: 60; 7: 175–176; 33: 60–61; 41: 15 വിശദീകരണം നോക്കുക.

131. അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നിങ്ങൾ എന്നെ അനുസരിക്കുകയും ചെയ്യുവീൻ.

26: 108 വിശദീകരണം നോക്കുക.

132. നിങ്ങൾക്ക് അറിയാവുന്നതൊക്കെ നിങ്ങൾക്ക് ഒരുക്കിത്തന്ന ഒരുവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവീൻ.

133. –നിങ്ങൾക്ക് കന്നുകാലികളെയും സന്താനങ്ങളെയും ഒരുക്കിത്തന്നവനെ,

134. –തോട്ടങ്ങളെയും അരുവികളെയും.

16: 18 വിശദീകരണം നോക്കുക.

135. നിശ്ചയം, നിങ്ങളുടെമേൽ ഒരു നാളിലെ വമ്പിച്ച ശിക്ഷ ഞാൻ ഭയപ്പെടുന്നു.

11: 3 വിശദീകരണം നോക്കുക.

136. അവർ പറഞ്ഞു: ഞങ്ങളുടെ കാര്യത്തിൽ നീ ഞങ്ങളെ ഉപദേശിക്കുന്നതും അതല്ല, നീ ഞങ്ങളെ ഉപദേശിക്കുന്നവരിൽ പെടാതിരിക്കുന്നതും സമമാണ്.

എല്ലാപ്രവാചകന്മാരും അല്ലാഹുവിൽ നിന്നുള്ള ഏകസന്ദേശമായ അദ്ദിക്ർ കൊണ്ടാണ് ജനങ്ങളെ ഉപദേശിച്ചിരുന്നത്. എന്നാൽ ഹൂദിന്റെ ജനത എന്നല്ല, എക്കാലത്തുമുള്ള ജനതയിൽപെട്ട നരകത്തിലേക്കുള്ള ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതു പേരും അദ്ദിക്റിനെ തള്ളിപ്പറയുന്നവരാണ്. അതുകൊണ്ടാണ് 'നീ ഞങ്ങളെ ഉപദേശിക്കുന്നതും ഞങ്ങളെ ഉപദേശിക്കുന്നവരിൽ പെടാതിരിക്കുന്നതും സമമാണ്' എന്ന് ഹൂദിനോട് ആ ജനത പറഞ്ഞത്. ഇന്ന് ലോകത്തുള്ള മനുഷ്യരിൽ ഫുജ്ജാറുകൾ മാത്രമാണ് അന്ത്യപ്രവാചകനായ മുഹമ്മദിന്റെ ജനതയിൽ പെടുക. അവർ തന്നെയാണ് അദ്ദിക്റിനെ മൂടിവെക്കുന്നവരും തള്ളിപ്പറയുന്നവരും. ഇന്നുള്ള ഇതര ജനവിഭാഗങ്ങളെല്ലാം പ്രവാചകൻ മുഹമ്മദിന്റെ സമുദായത്തിലാണ് ഉൾപ്പെടുന്നത്. വിചാരണക്ക് ശേഷം അവരെയെല്ലാം ഒരിക്കൽ കുടിച്ചാൽ പിന്നെ ഒരിക്കലും ദാഹം വരാത്ത *കൗസർ* തടാകത്തിൽ നിന്ന് കുടിപ്പിക്കുന്നതും സ്വർഗ്ഗവും നരകവുമല്ലാത്ത ഇതരലോകങ്ങളിലേക്ക് അയക്കുന്നതുമാണ്. 15: 90–91; 21: 24; 36: 10–11 വിശദീകരണം നോക്കുക.

137. നിശ്ചയം, ഇത് പൂർവികരുടെ സ്വഭാവമല്ലാതെയല്ല,

അതായത് അദ്ദിക്ർ കൊണ്ട് ഞങ്ങളെ ഉപദേശിച്ചുകൊണ്ട് പുരോഗമന പ്രവർത്തനങ്ങളെ എതിർക്കുക എന്ന നിന്റെ ഈ സ്വഭാവം പൂർവ്വികരുടെ സ്വഭാവത്തിൽ പെട്ടത് തന്നെയാണ്, ഞങ്ങൾ അത് സ്വീകരിക്കാനൊന്നും പോകുന്നില്ല എന്നാണ് കാഫിറുകളായ ആദ് ജനത പറഞ്ഞിരുന്നത്. അദ്ദിക്ർ ഉപയോഗപ്പെടുത്തി പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്തണമെന്ന് ഇന്ന് ഒറ്റപ്പെട്ട വിശ്വാസി പറയുമ്പോൾ കപടവിശ്വാസികളുടെ പ്രതികരണവും അക്കാലത്തെ കാഫിറുകളെപ്പോലെത്തന്നെയാണ്. 16: 24, 61; 18: 100–101; 41: 5 വിശദീകരണം നോക്കുക.

138.ഞങ്ങൾ ശിക്ഷിക്കപ്പെടാനൊന്നും പോകുന്നുമില്ല,

139.അങ്ങനെ അവർ അവനെ കളവാക്കി തള്ളിപ്പറഞ്ഞു, അപ്പോൾ നാം അവരെ നശിപ്പിച്ചു, നിശ്ചയം അതിൽ ഒരുദൃഷ്ടാന്തം തന്നെയുണ്ട്, എന്നാൽ അവരിൽ അധികപേരും വിശ്വാസികളായിരുന്നില്ല.

140.നിശ്ചയം, നിന്റെ നാഥൻ അവൻ തന്നെ, അജയ്യനായ കാരുണ്യവാനുമാകുന്നു.

141. സമൂദ്, പ്രവാകന്മാരെ കളവാക്കി തള്ളിപ്പറഞ്ഞിട്ടുണ്ട്.

142.അവരുടെ സഹോദരൻ സ്വാലിഹ് അവരോട് ചോദിച്ച സന്ദർഭം: നിങ്ങൾ സൂക്ഷ്മതയുള്ളവരാകുന്നില്ലേ?

26: 124 വിശദീകരണം നോക്കുക.

143.നിശ്ചയം, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരുപ്രവാചകനാകുന്നു,

144.അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നിങ്ങൾ എന്നെ അനുസരിക്കുകയും ചെയ്യുവീൻ.

26: 108 വിശദീകരണം നോക്കുക.

145.ഇതിന്റെ മേലിൽ ഞാൻ നിങ്ങളോട് പ്രതിഫലത്തിൽ നിന്ന് ഒന്നും ചോദിക്കുന്നില്ല, എന്റെ പ്രതിഫലം സർവലോകങ്ങളുടെയും ഉടമയുടെ പക്കലല്ലാതെ അല്ല.

26: 109 വിശദീകരണം നോക്കുക.

146.ഇവിടെ ഇങ്ങനെ സുരക്ഷിതരായി കഴിഞ്ഞുകൂടാൻ നിങ്ങൾ വിട്ടയക്കപ്പെടുമെന്നോ?

147.-തോട്ടങ്ങളിലും അരുവികളിലും,

148.-കൃഷികളിലും പാകമായ കുലകൾ നിറഞ്ഞുനിൽക്കുന്ന ഈത്തപ്പനകളിലും,

അല്ലാഹുവിന്റെ സന്ദേശം ഉപയോഗപ്പെടുത്തി വിശ്വാസിയാകുകയും അത് ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുകയുമാണെങ്കിൽ നിങ്ങൾക്ക് ഭക്ഷണവിഭവങ്ങളെല്ലാം നൽകി സുഭിക്ഷമായ ജീവിതം നൽകുന്നതാണ്. എന്നാൽ നിങ്ങൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് ജീവിക്കുന്നവരായതിനാൽ നിങ്ങളെ ഇപ്പോഴുള്ള സൗഭാഗ്യങ്ങൾ ആസ്വദിച്ചുകൊണ്ട് സുരക്ഷിതരായി ജീവിക്കാൻ വിടുമെന്ന് കണക്ക് കൂട്ടുന്നുവോ എന്നാണ് ചോദിക്കുന്നത്. 6: 42-45; 7: 96; 16: 10-11; 54: 25 വിശദീകരണം നോക്കുക.

149.നിങ്ങൾ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പർവതങ്ങളിൽ നിന്ന് തുരന്ന് വീടുണ്ടാക്കുകയും ചെയ്യുന്നു.

മനുഷ്യരെയും കൊണ്ട് ഭൂമി ആടിയുലഞ്ഞ് പോകാതിരിക്കാൻ ഭൂമിയുടെ മുകളിൽ നാട്ടിയിട്ടുള്ളതാണ് പർവ്വതങ്ങൾ. അപ്പോൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് സമൂദ് ജനത പർവ്വതങ്ങൾ തുരന്ന് വീടുകളുണ്ടാക്കി പൊങ്ങച്ചം നടിക്കുന്നവരായിരുന്നു. ഇന്ന് ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന, ലക്ഷ്യബോധമില്ലാത്ത ഫുജ്ജാറുകളാണ് ലോകത്തെവിടെയും പർവ്വതങ്ങൾ നീക്കിക്കളയുന്നതിലും കൃഷിയിടങ്ങൾ നികത്തുന്നതിലും രമ്യഹർമ്യങ്ങൾ സ്ഥാപിക്കുന്നതിലും ധൂർത്തിലും പൊങ്ങച്ചത്തിലും ഇതര ജനവിഭാഗങ്ങളെക്കാൾ മുൻപന്തിയിലുള്ളത്. 6: 47; 30: 41; 35: 45 വിശദീകരണം നോക്കുക.

150.അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നിങ്ങൾ എന്നെ അനുസരിക്കുകയും ചെയ്യുവീൻ.

26: 108 വിശദീകരണം നോക്കുക.

151.അതിരുകവിഞ്ഞവരുടെ കൽപന നിങ്ങൾ അനുസരിക്കാതിരിക്കുകയും ചെയ്യുവീൻ.

ജീവിതലക്ഷ്യം നഷ്ടപ്പെട്ടതിനാൽ ആത്മാവിനെക്കാളും പരലോകത്തെക്കാളും ശരീരത്തിനും ഐഹികലോകത്തിനും പ്രാധാന്യം കൊടുത്ത് ജീവിക്കുന്ന കപടവിശ്വാസികളാണ് 'അതിരുകവിഞ്ഞവർ'. അവർ മറ്റുള്ളവരെക്കൂടി ജീവിതലക്ഷ്യം നഷ്ടപ്പെട്ടവരാക്കാൻ പരിശ്രമിക്കുന്നവരാണ്. 9: 73; 33: 1, 48 വിശദീകരണം നോക്കുക.

152.അവർ ഭൂമിയിൽ നാശം വിതച്ചുകൊണ്ടിരിക്കുന്നവരും സൽപ്രവൃത്തികൾ ചെയ്യാത്തവരുമാകുന്നു.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്ർ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത് ഇന്ന് പ്രപഞ്ചത്തിന്റെ നാശത്തിന് വേഗത കൂട്ടുന്ന പ്രവർത്തനത്തിൽ മുഴുകിയിട്ടുള്ളത് 25: 18 ൽ കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്. അങ്ങനെ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുകവഴി അവരാണ് നിഷ്പക്ഷവാനായ നാഥന്റെ മുമ്പിൽ പ്രപഞ്ചം നശിപ്പിച്ചതിനുള്ള പാപഭാരം വഹിക്കേണ്ടിവരിക. 2: 11-12; 6: 25-26; 33: 72-73 വിശദീകരണം നോക്കുക.

153.അവർ പറഞ്ഞു: നിശ്ചയം നീ മാരണക്കാരിൽ പെട്ടവൻ തന്നെയാകുന്നു.

154.നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനല്ലാതെയല്ല, അപ്പോൾ നീ ഒരു ദൃഷ്ടാന്തം കൊണ്ടുവരിക, നീ സത്യസന്ധന്മാരിൽ പെട്ടവൻ തന്നെയാണെങ്കിൽ!

6: 37-38; 17: 59-60; 26: 4 വിശദീകരണം നോക്കുക.

155. അവൻ പറഞ്ഞു: ഇതാകുന്നു ആ ഒട്ടകം, അതിന് കുടിവെള്ളമുണ്ട്, അറിയപ്പെട്ട ഒരുനാളിലെ കുടിവെള്ളം നിങ്ങൾക്കുമുണ്ട്.

അവർ ആവശ്യപ്പെട്ട പ്രകാരം അല്ലാഹു അവർക്ക് ഒരു ഒട്ടകത്തെ ദൃഷ്ടാന്തമായി നൽകുകയുണ്ടായി. അവർക്ക് പരീക്ഷണമായി നൽകപ്പെട്ട ആ ഒട്ടകത്തിന് എല്ലാ ദിവസവും കുടിവെള്ളം നൽകണമെന്നും എന്നാൽ ജനങ്ങൾക്കും അവരുടെ കന്നുകാലികൾക്കും നിശ്ചയിച്ച ദിവസങ്ങളിൽ ഊഴമനുസരിച്ച് മാത്രമേ കുടിവെള്ളം എടുക്കാവൂ എന്നും വ്യവസ്ഥ വെക്കുകയും ചെയ്തു. ഗുഹാവാസികളുടെ നായയെപ്പോലെ പ്രസ്തുത ഒട്ടകവും പ്രസവിക്കപ്പെട്ടതായിരുന്നില്ല. വെള്ളത്തിന് ക്ഷാമമുണ്ടായിരുന്ന അന്ന് ഒട്ടകത്തിന് ദിവസവും യഥേഷ്ടം വെള്ളം നൽകണമെന്നതും സമൂദ് ജനതക്കും കന്നുകാലികൾക്കും ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രമേ വെള്ളം ലഭിച്ചിരുന്നുള്ളൂ എന്നതും അവർക്കൊരു കടുത്ത പരീക്ഷണമായിരുന്നു. 11: 64-65; 54: 27-28; 112: 1-4 വിശദീകരണം നോക്കുക.

156.നിങ്ങൾ അതിനെ തിന്മയായിക്കൊണ്ട് തൊട്ടുപോകരുത്, അങ്ങനെയായാൽ നിങ്ങളെ ഒരുനാളിലെ വമ്പിച്ച ശിക്ഷ പിടികൂടുക തന്നെ ചെയ്യും.

157.അങ്ങനെ അവർ അതിനെ വെട്ടിക്കൊന്നു, അപ്പോൾ ഒരു പ്രഭാതത്തിൽ അവർ

കേഴുന്നവരായി മാറി.

7: 73–79; 21: 46; 54: 28–29 വിശദീകരണം നോക്കുക.

158.അപ്പോൾ ശിക്ഷ അവരെ പിടികൂടി, നിശ്ചയം അതിൽ ഒരു ദൃഷ്ടാന്തം തന്നെയുണ്ട്, എന്നാൽ അവരിൽ അധികപേരും വിശ്വാസികളായില്ല.

91: 11–15 വിശദീകരണം നോക്കുക.

159.നിശ്ചയം നിന്റെ നാഥൻ, അവൻ തന്നെ, അജയ്യനായ കാരുണ്യവാനുമാകുന്നു.

160.ലൂത്തിന്റെ ജനത പ്രവാചകന്മാരെ തള്ളിപ്പറഞ്ഞ് കളവാക്കിയിട്ടുണ്ട്.

161.അവരുടെ സഹോദരൻ ലൂത്ത് അവരോട് ചോദിച്ച സന്ദർഭം: നിങ്ങൾ സൂക്ഷ്മതയുള്ളവരാകുന്നില്ലേ?

162.നിശ്ചയം ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു പ്രവാചകനാകുന്നു,

163.അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നിങ്ങൾ എന്നെ അനുസരിക്കുകയും ചെയ്യുവീൻ,

164.ഇതിന്റെ മേലിൽ ഞാൻ നിങ്ങളോട് പ്രതിഫലത്തിൽ നിന്ന് ഒന്നും ചോദിക്കുന്നില്ല, എന്റെ പ്രതിഫലം സർവലോകങ്ങളുടേയും ഉടമയുടെ പക്കലല്ലാതെയല്ല.

165.നിങ്ങൾ ലോകരിൽ നിന്നുള്ള പുരുഷന്മാരെയാണോ സമീപിക്കുന്നത്?

166.-നിങ്ങൾക്കുവേണ്ടി നിങ്ങളുടെ നാഥൻ സൃഷ്ടിച്ചിട്ടുള്ള ഇണകളിൽ നിന്നുള്ളവരെ നിങ്ങൾ വെടിയുകയുമാണോ? അല്ല, നിശ്ചയം നിങ്ങൾ പരിധിവിട്ട ഒരു ജനത തന്നെയാകുന്നു.

ആ ജനത വികാരം ശമിപ്പിക്കുന്നതിന് അവർക്കുവേണ്ടി സൃഷ്ടിച്ചിട്ടുള്ള അവരിൽ പെട്ട ഇണകളായ സ്ത്രീകളെ ഒഴിവാക്കിക്കൊണ്ട് സ്വവർഗത്തിൽ പെട്ട പുരുഷന്മാരെയായിരുന്നു സമീപിച്ചിരുന്നത്.

167.അവർ പറഞ്ഞു: നീ വിരമിച്ചിട്ടില്ലെങ്കിൽ ഓ ലൂത്തേ, നിശ്ചയം നീ പുറത്താക്കപ്പെട്ടവരിൽ പെടുകതന്നെ ചെയ്യും.

168.അവൻ പറഞ്ഞു: നിശ്ചയം ഞാൻ നിങ്ങളുടെ പ്രവർത്തനങ്ങളെ വെറുക്കുന്നവരിൽ പെട്ടവൻ തന്നെയാണ്.

169.എന്റെ നാഥാ! എന്നെയും എന്റെ കുടുംബത്തെയും ഇവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ നിന്നും നീ രക്ഷപ്പെടുത്തേണമേ!

170.അപ്പോൾ നാം അവനെയും അവന്റെ കുടുംബാംഗങ്ങളെയും മുഴുവനും രക്ഷപ്പെടുത്തി,

171. -പുറം തിരിഞ്ഞുനിന്ന ആ കിഴവിയെ ഒഴിച്ച്.

172. പിന്നെ മറ്റുള്ളവരെ നാം തകർത്തുകളഞ്ഞു.

173. നാം അവരുടെ മേൽ ഒരു മഴയങ്ങ് വർഷിപ്പിച്ചു, അപ്പോൾ താക്കീത് നൽകപ്പെട്ടവരുടെമേൽ വർഷിച്ച മഴ എത്ര ദുഷിച്ചതായിരുന്നു!

25: 40; 54: 34–40 വിശദീകരണം നോക്കുക.

174.നിശ്ചയം, അതിൽ ഒരു ദൃഷ്ടാന്തം തന്നെയുണ്ട്, എന്നാൽ അവരിൽ അധികപേരും വിശ്വാസികളായില്ല.

175.നിശ്ചയം നിന്റെ നാഥൻ, അവൻതന്നെ, അജയ്യനായ കാരുണ്യവാനുമാകുന്നു.

176.വനവാസികളും പ്രവാചകൻമാരെ തള്ളിപ്പറഞ്ഞിട്ടുണ്ട്.

15: 78 വിശദീകരണം നോക്കുക.

177.ശുഐബ് അവരോട് ചോദിച്ച സന്ദർഭം: നിങ്ങൾ സൂക്ഷ്മതയുള്ളവരാകുന്നില്ലേ?

178.നിശ്ചയം, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു പ്രവാചകനാകുന്നു,

179.അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നിങ്ങൾ എന്നെ അനുസരിക്കുകയും ചെയ്യുവീൻ,

180.ഇതിന്റെ മേലിൽ ഞാൻ നിങ്ങളോട് പ്രതിഫലത്തിൽ നിന്ന് ഒന്നും ചോദിക്കുന്നില്ല, എന്റെ പ്രതിഫലം സർവലോകങ്ങളുടെയും ഉടമയുടെ പക്കലല്ലാതെയല്ല,

181.നിങ്ങൾ അളവ് പൂർത്തിയാക്കുവീൻ, ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ കുറവ് വരുത്തുന്നവരിൽ ഉൾപെടാതിരിക്കുകയും ചെയ്യുവീൻ.

182.നിങ്ങൾ നേരെച്ചൊവ്വെയുള്ള നീതിയുടെ ത്രാസുകൊണ്ട് തൂക്കുന്നവരാകുവീൻ.

4: 29; 17: 35 വിശദീകരണം നോക്കുക.

183.ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ കുറവുവരുത്താതിരിക്കുകയും ചെയ്യുവീൻ, ഭൂമിയിൽ നാശകാരികളായി ഓടി നടക്കാതിരിക്കുകയും ചെയ്യുവീൻ.

3: 7 ൽ വിവരിച്ച പ്രകാരം ഇന്ന് ആശയമില്ലാതെ ഗ്രന്ഥം വായിക്കുന്ന ഫാജിറുകളും കാഫിറുകളുമായ ഫുജ്ജാറുകളാണ് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള എല്ലാ ജനതകളുടെയും തെറ്റായ ജീവിതരീതി പിന്തുടരുന്നത്. 25: 18 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിക്കുകവഴി കെട്ടജനതയായ അവർ ലോകാവസാനം നടപ്പിൽ വരുന്നതിന് വേണ്ടി ഭൂമിയിൽ ഓടിനടക്കുന്നവരാണ്. 11: 85; 34: 19–20; 83: 1–4 വിശദീകരണം നോക്കുക.

184.നിങ്ങളെയും പൂർവിക തലമുറകളെയും സൃഷ്ടിച്ച ഒരുവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക.

185.അവർ പറഞ്ഞു: നിശ്ചയം നീ മാരണക്കാരിൽ പെട്ട ഒരാൾ മാത്രമാകുന്നു.

186.നീ ഞങ്ങളെപ്പോലെയുള്ള മനുഷ്യനല്ലാതെ മറ്റാരുമല്ല, ഞങ്ങൾ കരുതുന്നത് നിശ്ചയം നീ കളവ് പറയുന്നവരിൽ പെട്ടവൻ തന്നെയാണെന്നാണ്.

187.അപ്പോൾ നീ ഞങ്ങളുടെ മേൽ ആകാശത്തുനിന്നുള്ള ഒരു കഷ്ണം വീഴ്ത്തുക, നീ സത്യസന്ധന്മാരിൽ പെട്ടവൻ തന്നെയാണെങ്കിൽ!

188.അവൻ പറഞ്ഞു: നിങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതെല്ലാം എന്റെ നാഥൻ ഏറ്റവും അറിയുന്നവനാണ്.

189.അങ്ങനെ അവർ അവനെ കളവാക്കി തള്ളിപ്പറഞ്ഞു: അപ്പോൾ മേഘക്കൂടമൂടിയ നാളിലെ ശിക്ഷ അവരെ പിടികൂടി, നിശ്ചയം അത് ഒരു വമ്പിച്ച നാളിലെ ശിക്ഷ തന്നെയായിരുന്നു.

ആകാശത്തുനിന്നുള്ള ഒരു കഷ്ണം വീഴ്ത്താൻ ആവശ്യപ്പെട്ട ശുഐബിന്റെ ജ

നതയെ അല്ലാഹു ആകാശത്തുനിന്നുള്ള ഒരു കഷ്ണം പോലെയുള്ള മേഘക്കുടകൊണ്ട് നശിപ്പിക്കുകയാണുണ്ടായത്. 7: 171 വിശദീകരണം നോക്കുക.

190. നിശ്ചയം, അതിൽ ഒരു ദൃഷ്ടാന്തം തന്നെയുണ്ട്, എന്നാൽ അവരിൽ അധിക പേരും വിശ്വാസികളായില്ല.

ശുഐബിന്റെ ജനത പരിഹാസത്തോടുകൂടി ആവശ്യപ്പെട്ടുകൊണ്ടിരുന്ന ശിക്ഷ കൊണ്ടുതന്നെ അവരെ നശിപ്പിക്കുകയാണുണ്ടായത്. അതിൽ നിന്ന് പാഠം ഉൾകൊണ്ട് പിൽകാലത്തുള്ള ജനത അദ്ദിക്റിന്റെ വിധിവിലക്കുകളനുസരിച്ച് തങ്ങളുടെ ജീവിത ശൈലി ക്രമപ്പെടുത്തണമെന്നാണ് പഠിപ്പിക്കുന്നത്. എന്നാൽ ഗ്രന്ഥം ലഭിച്ച ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പതും നശിപ്പിക്കപ്പെട്ട ജനതകളുടെ ജീവിതശൈലി തന്നെയാണ് തുടർന്നുകൊണ്ടിരിക്കുന്നത്. 2: 170; 12: 105-106 വിശദീകരണം നോക്കുക.

191. നിശ്ചയം നിന്റെ നാഥൻ, അവൻ തന്നെ, അജയ്യനായ കാരുണ്യവാനുമാകുന്നു.

192. നിശ്ചയം, അത് സർവലോകങ്ങളുടെയും നാഥനിൽ നിന്ന് അവതരിച്ചത് തന്നെയുമാകുന്നു.

ഗ്രന്ഥം സർവലോകങ്ങളുടെയും നാഥനായ അല്ലാഹുവിൽ നിന്ന് അവതരിച്ചതാണ്. 2: 1; 32: 1-2 വിശദീകരണം നോക്കുക.

193. അതും കൊണ്ട് ഇറങ്ങിയിട്ടുള്ളത് വിശ്വസ്തനായ റൂഹ് തന്നെയാണ്.

വിശ്വസ്തനായ റൂഹ് എന്ന് പറഞ്ഞത് മലക്കുകളിൽ നിന്നുള്ള ദൂതനായ ജിബ്‌രീലിനെക്കുറിച്ചാണ്. 16: 102 വിശദീകരണം നോക്കുക.

194.-നിന്റെ ഹൃദയത്തിലേക്ക്, നീ മുന്നറിയിപ്പുകാരിൽ പെടുന്നവനാകുന്നതിനു വേണ്ടി,

മുഹമ്മദിന്റെ നാവിലേക്ക് എന്ന് പറയാതെ ഹൃദയത്തിലേക്ക് എന്ന് പറയാൻ കാരണം പ്രവാചകന് ഇറക്കികൊടുത്തത് ഗ്രന്ഥത്തിന്റെ ശരീരമല്ല, മറിച്ച് ആത്മാവായ അദ്ദിക്ർ ആണ് എന്നതിനാലാണ്. 2: 1 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടത് പ്രപഞ്ചനാഥനായ അല്ലാഹുവിൽ നിന്നാണ് എന്നതിൽ നിന്നും 'അലിഫ്' അല്ലാഹുവിനെയും; അതുംകൊണ്ട് ഇറങ്ങിയത് വിശ്വസ്തനായ *റൂഹ്* (*ജീബ്‌രീൽ*) ആകുന്നു എന്നതിൽ നിന്നും 'ലാം' ജിബ്‌രീലിനെയും; നിന്റെ ഹൃദയത്തിലേക്ക് അത് ഇറക്കിയത് അത് കൊണ്ട് നീ മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയുമാണ് എന്ന് പറഞ്ഞതിൽ നിന്നും 'മീം' മുഹമ്മദിനെയും സൂചിപ്പിക്കുന്നു. അഥവാ അല്ലാഹുവിൽ നിന്ന് *ജിബ്‌രീൽ* മുഖേന പ്രവാചകൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥം എന്ന് സാരം. 15: 6, 9; 16: 43-44 വിശദീകരണം നോക്കുക.

195.-വ്യക്തമായ അറബി ഭാഷയിലുള്ളതാണ് അത്,

14: 4 വിശദീകരണം നോക്കുക.

196.-നിശ്ചയം അത് പൂർവിക ഏടുകളിലെല്ലാം ഉള്ളതുതന്നെയാണ്.

ദാവൂദ് നബിക്ക് നൽകപ്പെട്ട ഗ്രന്ഥത്തിന്റെ പേരാണ് *സബൂർ* അഥവാ സങ്കീർത്തനം. അത് കാവ്യരൂപത്തിലായിരുന്നു. *സബൂർ* എന്നതിന്റെ ബഹുവചനമാണ് സൂക്തത്തിൽ പറഞ്ഞ *സുബുർ*-ഏടുകൾ. എക്കാലത്തും അല്ലാഹുവിൽ നിന്ന് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് ഒരേ ആത്മാവും വ്യത്യസ്ത ഭാഷയിലുള്ള ശരീരത്തോടുകൂടിയതുമായ അദ്ദിക്ർ

തന്നെയാണ് എന്ന് 21: 24 ൽ പറഞ്ഞിട്ടുണ്ട്. അത് പൂർവകാലത്ത് അവതരിപ്പിക്കപ്പെട്ട എ ല്ലാ ഗ്രന്ഥങ്ങളിലും ഉണ്ടെന്നാണ് ഈ സൂക്തത്തിൽ പറയുന്നത്. 98: 2-3 സൂക്തങ്ങളിൽ, ആത്മാവിനെ ശുദ്ധീകരിക്കാനുള്ള ഗ്രന്ഥമായ അദ്ദിക്റിൽ നേരെച്ചൊവ്വെയുള്ള എല്ലാ പൂർവിക ഗ്രന്ഥങ്ങളും ഉണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. ഖുർആൻ എന്ന് പറഞ്ഞാൽ 'ആവർ ത്തിച്ച് വായിക്കപ്പെടേണ്ടത്' എന്നാണ് ആശയം; ആവർത്തിച്ച് വായിക്കപ്പെടേണ്ട ഗ്രന്ഥ മായ അദ്ദിക്ർ മാത്രമാണ് മുമ്പും അവതരിച്ചിട്ടുള്ളത് എന്ന് 15: 90-91 സൂക്തങ്ങളിൽ പ റഞ്ഞിട്ടുണ്ട്. 2: 2; 5: 48; 17: 55; 41: 41-43 വിശദീകരണം നോക്കുക.

197.അവർക്ക് ഒരു ദൃഷ്ടാന്തമല്ലെയോ? -ഇസ്റാഈൽ സന്തതികളിലെ പണ്ഡിത ന്മാർക്ക് അതിനെക്കുറിച്ച് അറിയുമെന്നത്,

തൗറാത്ത് അറിയുന്ന പണ്ഡിതന്മാർക്ക് അദ്ദിക്ർ അറിയുമെന്നത് മക്കാമുശ്രി ക്കുകൾക്ക് ഒരു ദൃഷ്ടാന്തമല്ലെയോ എന്നാണ് ചോദിക്കുന്നത്. അഥവാ എല്ലാവേദഗ്ര ന്ഥങ്ങളുടെയും ആശയം ഒന്നുതന്നെയാണ്. അതുകൊണ്ടാണ് നിങ്ങൾ അറിവില്ലാ ത്തവരാണെങ്കിൽ അദ്ദിക്ർ അറിയുന്നവനോട് ചോദിക്കുക എന്ന് 16: 43; 21: 7 എന്നീ സൂ ക്തങ്ങളിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ഇന്ന് ഗ്രന്ഥത്തിൽ നിന്ന് അകന്നുപോയി സൃഷ് ടികൾ എഴുതിയുണ്ടാക്കിയ കർമ്മശാസ്ത്ര ഗ്രന്ഥങ്ങളെയും യഥാർത്ഥദീനിൽ നിന്ന് വ്യ തിചലിച്ചുപോയ മദ്ഹബുകളെയും പിൻപറ്റി ജീവിക്കുന്ന ഫുജ്ജാറുകൾ 41: 41-43 സൂക്ത ങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യവും അതുല്യവും; 3: 58 ൽ പറഞ്ഞ യുക്തിനിർഭ രവും; 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണ വും; 15: 9 ൽ പറഞ്ഞ ത്രികാലജ്ഞാനിതന്നെ സൂക്ഷിപ്പ് ഏറ്റെടുത്ത ഗ്രന്ഥവും ഏതാ ണെന്നോ; 25: 58 ൽ പറഞ്ഞ ത്രികാലജ്ഞാനിയായ അല്ലാഹുവിനെക്കുറിച്ച് പ്രവാചക നോട് ചോദിക്കാൻ പറഞ്ഞ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനി ആരാണെന്നോ തിരി ച്ചറിയാത്ത കാഫിറുകളും അക്രമികളും തെമ്മാടികളുമായി അധഃപതിച്ചിരിക്കുകയാണ്. 3: 7; 6: 90-91; 10: 94 വിശദീകരണം നോക്കുക.

198.നാം അതിനെ ചില വിദേശികളുടെ മേൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ,

199.അങ്ങനെ അവൻ അത് അവരുടെ മേൽ വായിച്ച് കേൾപ്പിച്ചാലും അവർ അതു കൊണ്ട് വിശ്വസിക്കുന്നവരാകുമായിരുന്നില്ല.

ഗ്രന്ഥം അവതരിച്ച കാലത്തെ പ്രവാചകന്റെ അഭിസംബോധിതരായ കാഫിറുകൾ ചോദിച്ചിരുന്നത് ഇത് നിന്റെയും ഞങ്ങളുടെയും ഭാഷയിലുള്ളതാണ് എന്നിരിക്കെ ഇത് അല്ലാഹുവിൽ നിന്നുള്ളതാണ് എന്ന് നീ പറഞ്ഞാൽ ഞങ്ങൾ എങ്ങനെ വിശ്വസിക്കുമെ ന്നായിരുന്നു. അഥവാ അവർ വിദേശഭാഷയിലുള്ള ഒരു ഗ്രന്ഥമാണ് ആവശ്യപ്പെട്ടിരുന്ന ത്. അതിന് മറുപടിയായിക്കൊണ്ടാണ്, നാം വിദേശഭാഷയിൽ വായിക്കുന്ന ഒരു ഗ്രന്ഥം വായിച്ചുകേൾപ്പിച്ചാലും അവർ വിശ്വസിക്കുമായിരുന്നില്ല എന്ന് അല്ലാഹു ഈ സൂക്തത്തി ലൂടെ പറഞ്ഞിട്ടുള്ളത്. ത്രികാലജ്ഞാനിയിൽ നിന്നുള്ള 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്തതും ഹൃദയത്തിന്റെ ഭാഷയിലുള്ളതുമായ അജയ്യഗ്രന്ഥമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെട്ടിരിക്കെ പ്രസ്തുത ഗ്രന്ഥത്തെ തിരിച്ചറി യാത്ത അറബി ഖുർആൻ വായിക്കുന്ന ഇന്നത്തെ ഫുജ്ജാറുകൾക്കും ഇതേ ചോദ്യം ത ന്നെയാണുള്ളത്. അല്ലാഹുവിനെയും പ്രവാചകനെയും ഗ്രന്ഥത്തിൽ മൂടിവെച്ച് പിശാചി നെ സേവിച്ചുകൊണ്ടിരിക്കുന്ന അക്രമികളും തെമ്മാടികളും ദുഷ്ടജീവികളുമായ അവ

രെപ്പോലെ ലോകത്തുള്ള ഇതരജനവിഭാഗങ്ങളും 46: 35 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് *ത്വാഗൂത്തിനെ* സേവിച്ചുകൊണ്ടിരിക്കുന്നവരാകുമ്പോഴാണ് ലോകം അവസാനിക്കുക. 10: 15–16, 60; 41: 44; 54: 17 വിശദീകരണം നോക്കുക.

200.അപ്രകാരം ഭ്രാന്തൻമാരുടെ ഹൃദയങ്ങളിലേക്ക് നാം അതിനെ തുളച്ചു കയറ്റുകതന്നെ ചെയ്യും!

'അതിനെ' എന്ന് പറഞ്ഞത് ഗ്രന്ഥത്തിന്റെ അറബിയിലുള്ള ശരീരത്തെയല്ല. മറിച്ച് ആത്മാവായ അദ്ദിക്റിനെ എന്നാണ്. ചിന്താശേഷി ഉപയോഗപ്പെടുത്താത്ത യഥാർത്ഥ ഭ്രാന്തന്മാരായ കപടവിശ്വാസികളുടെയും അവരെ അന്ധമായി പിൻപറ്റുന്ന ഫാജിറുകളുടെയും ഹൃദയങ്ങളിലേക്ക് അവർക്ക് ഇഷ്ടമില്ലെങ്കിലും അല്ലാഹു അതിനെ ചുട്ടുപഴുത്ത ലോഹക്കമ്പിയെന്നോണം കടത്തിവിടുകയാണ് ചെയ്യുന്നത്. 7: 40; 15: 12–13; 98: 6 വിശദീകരണം നോക്കുക.

201.അവർ 'അതുകൊണ്ട്' വിശ്വസിക്കുകയില്ല –വേദനാജനകമായ ശിക്ഷ കണ്ടുമുട്ടുന്നതുവരെ.

62: 5 ൽ ഗ്രന്ഥം വഹിക്കുന്ന കഴുതയോടും, 7: 176 ൽ ഉപദ്രവിച്ചാലുമില്ലെങ്കിലും മാറ്റം വരാത്ത നായയോടും ഉപമിക്കപ്പെട്ട ഫുജ്ജാറുകൾ, ഈസാ രണ്ടാമത് വന്ന് മസീഹു ദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളാൽ വധിക്കപ്പെടുമ്പോൾ മാത്രമേ അദ്ദിക്റിനെ നാഥനിൽ നിന്നുള്ള ഗ്രന്ഥമായി അംഗീകരിക്കുകയുള്ളൂ. 23: 99–100; 25: 52; 45: 31–33 വിശദീകരണം നോക്കുക.

202.അപ്പോൾ അവർ തിരിച്ചറിയാത്ത വിധം പെട്ടെന്ന് അവർക്ക് അത് വന്നെത്തുകതന്നെ ചെയ്യും.

6: 26; 39: 55 വിശദീകരണം നോക്കുക.

203.അപ്പോൾ അവർ ചോദിക്കും –നാം സാവകാശം നൽകപ്പെടുന്നവരാകുമോ?

204.അപ്പോൾ അവർ നമ്മുടെ ശിക്ഷക്ക് ധൃതിപ്പെട്ടുകൊണ്ടിരിക്കുകയാണോ?

10: 11, 47–48 വിശദീകരണം നോക്കുക.

205.അപ്പോൾ നീ ശ്രദ്ധിച്ചില്ലേ, നിശ്ചയം നാം അവർക്ക് വർഷങ്ങളോളം സുഖവിഭവങ്ങൾ ആസ്വദിപ്പിച്ചുകൊണ്ടിരുന്നത്?

14: 28–30; 25: 17–18 വിശദീകരണം നോക്കുക.

206.പിന്നെ അവരോട് വാഗ്ദാനം ചെയ്യപ്പെട്ടുകൊണ്ടിരുന്നത് അവരിൽ വന്നുഭവിക്കുകയായി!

207.അവർ അനുഭവിച്ചുകൊണ്ടിരുന്ന സുഖവിഭവങ്ങൾ ഒന്നുംതന്നെ അവരെത്തൊട്ട് ഉപകാരപ്പെട്ടില്ല.

ജീവിതലക്ഷ്യം ഉണർത്തുന്ന അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുമുൾപ്പെട്ട ഫുജ്ജാറുകൾക്ക് ശിക്ഷവരുമ്പോൾ അല്ലെങ്കിൽ മരണം വരുമ്പോൾ അവരുടെ പതിനഞ്ച് വയസ്സിന് ശേഷമുള്ള ജീവിതരംഗങ്ങളെല്ലാം അവരുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നതും അങ്ങനെ അവർ കാഫിറായിരുന്നു എന്ന് ആത്മാവിനെതിരെ സാക്ഷ്യം വഹിച്ചുകൊ

ണ്ട് ജീവൻ വെടിയുന്നതുമാണ് എന്ന് 7: 37 ൽ പറഞ്ഞിട്ടുണ്ട്. 3: 10; 39: 59; 46: 19–20 വിശദീകരണം നോക്കുക.

208.നാടുകളിൽ നിന്നുള്ള ഒന്നിനെയും നാം നശിപ്പിച്ചിട്ടുമില്ല, അതിന് മുന്നറിയിപ്പുകാരെ അയച്ചിട്ടല്ലാതെ.

12: 110; 17: 15 വിശദീകരണം നോക്കുക.

209.ഓർമപ്പെടുത്തുക! നാം അക്രമം കാണിക്കുന്നവനായിരുന്നിട്ടുമില്ല.

ദിക്റാ –ഓർമപ്പെടുത്താനുള്ളത്– എന്നത് അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. അല്ലാഹു അക്രമപരമായി ഒരു ജനതയെയും നശിപ്പിക്കുകയില്ല, മറിച്ച് ഗ്രന്ഥത്തെ മൂടിവെച്ച് അക്രമികളും തെമ്മാടികളുമായി മാറി ശിക്ഷ ചോദിച്ചുവാങ്ങുമ്പോഴാണ് ഏതൊരു ജനതയും നശിപ്പിക്കപ്പെട്ടിട്ടുള്ളത് എന്ന് ലോകരെ ഉണർത്താനാണ് ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്. 6: 90 ൽ പറഞ്ഞ ലോകരെ ഉണർത്താനുള്ള ഗ്രന്ഥമായ ദിക്റായെ വെടിയുന്ന ദൗർഭാഗ്യവാന്മാർ വമ്പിച്ച തീയിൽ വേവിക്കപ്പെടാനുള്ളവരാണെന്ന് 87: 9–12 സൂക്തങ്ങളിലും; നരകക്കുണ്ഠം കൊണ്ടുവരപ്പെടുന്ന നാളിൽ നാലാംഘട്ടമായ ഇഹലോകത്തുവെച്ച് *ദിക്റാ* ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനേ എന്ന് ഇത്തരം മനുഷ്യർ വിലപിക്കുമെന്ന് 89: 23–24 സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 57, 99; 25: 30; 43: 74–78 വിശദീകരണം നോക്കുക.

210.പിശാചുക്കൾ അതുംകൊണ്ട് ഇറങ്ങിവന്നിട്ടുമില്ല,

211.അതവർക്ക് യോജിച്ചതുമല്ല, അതവർക്ക് സാധ്യവുമല്ല.

മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളും ജിന്നുപിശാചുക്കളും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെത്തൊട്ട് തടഞ്ഞുകൊണ്ടാണ് പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് ഫാജിറുകളെ കൊണ്ടുപോകുന്നത്. ഇത്തരം അക്രമികൾ വിധിദിവസം 'എനിക്ക് അദ്ദിക്ർ വന്നുകിട്ടിയിട്ട് പിശാച് എന്നെ അതിനെത്തൊട്ട് തടഞ്ഞല്ലോ! പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ!' എന്ന് വിലപിക്കുന്ന രംഗം മുന്നറിപ്പ് നൽകിയത് 25: 27–29 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. 6: 112; 81: 25–29 വിശദീകരണം നോക്കുക.

212. നിശ്ചയം, അവർ അത് കേൾക്കുന്നതിനെത്തൊട്ട് അകറ്റപ്പെട്ടവർ തന്നെയാണ്.

അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത കാഫിറുകളും മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളും അറബി ഖുർആൻ കേൾക്കുന്നതിൽ നിന്നല്ല അകറ്റപ്പെട്ടിരിക്കുന്നത്, മറിച്ച് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കേൾക്കുന്നതിനെത്തൊട്ടാണ് അകറ്റപ്പെട്ടിരിക്കുന്നത്. ടിക്കറ്റായ അദ്ദിക്ർ വിശദീകരിക്കപ്പെടുന്ന സദസ്സിൽ നിന്ന് കാഫിറുകൾ സിംഹഗർജ്ജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടുകഴുതകളെപ്പോലെ വിരണ്ടോടുമെന്ന് 74: 49–51 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 41: 26–29; 43: 36–39 വിശദീകരണം നോക്കുക.

213. അപ്പോൾ നീ അല്ലാഹുവിനോടൊപ്പം മറ്റൊരു ഇലാഹിനെ വിളിച്ചുപ്രാർത്ഥിക്കരുത്, അങ്ങനെയായാൽ നീ ശിക്ഷിക്കപ്പെടുന്നവരിൽ അകപ്പെടുക തന്നെ ചെയ്യും.

ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് ഏകനായ അല്ലാഹുവിനെ ഇലാഹായിട്ട് സമർപ്പിക്കുന്നതിന് വേണ്ടിയാണ് എന്നിരിക്കെ അവനോടൊപ്പം

മറ്റാരെയും വിളിച്ച് പ്രാർത്ഥിക്കരുത്, ഭയപ്പെടരുത്, മറ്റാരിലും ഭരമേൽപ്പിക്കരുത്, മറ്റാരുടെയും സഹായം തേടരുത് എന്നെല്ലാമാണ് പ്രവാചകനോടും അതുവഴി ആയിരത്തിൽ ഒന്നായ സ്വർഗ്ഗത്തിലേക്കുള്ള വിശ്വാസിയോടും കൽപിക്കുന്നത്. 17: 39; 25: 68– 70; 51: 51 വിശദീകരണം നോക്കുക.

214.നീ നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യുക.

കുടുംബത്തിൽ നിന്നും അടുത്തവരെയാണ് ആദ്യം മുന്നറിയിപ്പ് നൽകേണ്ടത്. ശേഷം മനുഷ്യരുടെ ഐക്യം രൂപപ്പെടുത്തുക എന്ന ലക്ഷ്യം വെച്ച് അദ്ദിക്ർ സർവലോകർക്കും എത്തിച്ചുകൊടുക്കുകയും വേണം. അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 9: 32–33 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ വായകൊണ്ട് അദ്ദിക്റിനെ ഊതിക്കെടുത്താൻ ശ്രമിക്കുന്നതാണ്. എന്നാൽ നാഥൻ അവന്റെ പ്രകാശമായ അദ്ദിക്ർ പൂർത്തീകരിക്കുകതന്നെ ചെയ്യും, അത് കാഫിറുകൾക്ക് എത്ര അരോചകമായിരുന്നാലും ശരി. 2: 24; 5: 67; 23: 51–53 വിശദീകരണം നോക്കുക.

215.നീ നിന്റെ ചിറകുകൾ വിശ്വാസികളിൽ നിന്ന് നിന്നെ പിൻപറ്റുന്നവർക്ക് താഴ്ത്തിക്കൊടുക്കുകയും ചെയ്യുക!

പരലോകത്തേക്കുള്ള കൃഷിയിടമായ ഐഹികലോകത്തെ ജീവിതയാത്രയിൽ അദ്ദിക്റിനെ പിൻപറ്റുന്ന വിശ്വാസികളെ നിന്റെ കൂടെകൂട്ടുക എന്നാണ് പ്രവാചകനോടും വിശ്വാസിയോടും കൽപിക്കുന്നത്. അദ്ദിക്റിന്റെ വെളിച്ചത്തിലല്ലാത്ത ബന്ധങ്ങളെല്ലാം വിധിദിവസം പരസ്പരം ശത്രുതയിലായിരിക്കുമെന്ന് 43: 67 ൽ പറഞ്ഞിട്ടുണ്ട്. 12: 108; 15: 88; 48: 29 വിശദീകരണം നോക്കുക.

216.ഇനിയും അവർ നിന്നെ ധിക്കരിക്കുകയാണെങ്കിൽ അപ്പോൾ നീ പറയുക, നിശ്ചയം നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ നിന്നെല്ലാം ഞാൻ വിമുക്തനാണ്.

നിഷ്പക്ഷവാനായ നാഥൻ സ്വർഗ്ഗത്തിൽ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ അവനാലാംഘട്ടമായ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് ഏഴാംഘട്ടത്തിലേക്കുവേണ്ടി സ്വർഗ്ഗം പണിയുന്നതിന് വേണ്ടിയാണ്. എന്നാൽ ആയിരത്തിൽ ഒന്നായ വിശ്വാസികൾ മാത്രമേ ജീവിത ലക്ഷ്യം മനസ്സിലാക്കി എല്ലാ അനുഗ്രഹങ്ങളും അല്ലാഹുവിന്റെ തൃപ്തിയിൽ –അദ്ദിക്റിന്റെ വെളിച്ചത്തിൽ– ഉപയോഗപ്പെടുത്തി സ്വർഗ്ഗം പണിയുകയുള്ളു. ഗ്രന്ഥം കിട്ടിയവരിൽ നിന്നുള്ള ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതുപേരും *മുഹൈമിനായ* അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്നവരായതിനാൽ നരകക്കുണ്ഠമാണ് സമ്പാദിച്ചുകൊണ്ടിരിക്കുന്നത് എന്ന് 15: 43–44 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 10: 108; 35: 18; 60: 4 വിശദീകരണം നോക്കുക.

217.അജയ്യനായ കാരുണ്യവാനിൽ നീ ഭരമേൽപ്പിക്കുകയും ചെയ്യുക,

8: 64; 16: 99; 26: 9 വിശദീകരണം നോക്കുക.

218.–നീ നിൽക്കുമ്പോൾ നിന്നെ കാണുന്നവനായ ഒരുവനിൽ,

219.–സാഷ്ടാംഗപ്രണാമങ്ങളിൽ നിന്റെ സാമീപ്യസ്ഥനുമായവനിൽ.

ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ ആത്മാവ് പങ്കെടുക്കാതെയു

ള്ള അവരുടെ നമസ്കാരത്തിൽ കോഴികൊത്തുന്ന വേഗത്തിലുള്ള സാഷ്ടാംഗപ്രണാമ മാണ് നിർവഹിച്ചു കൊണ്ടിരിക്കുന്നത്. അതുവഴി അവർക്ക് 4: 150-151; 22: 18 സൂക്തങ്ങളി ൽ വിവരിച്ച പ്രകാരം പരലോകത്ത് ഹീനമായ ശിക്ഷയാണ് ഒരുക്കിവെച്ചിട്ടുള്ളത്. ലോക ത്തൊരിടത്തും വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തിലാവത്തി ന്റെ സുദീർഘമായ സാഷ്ടാംഗപ്രണാമം നടത്തുന്നതാണ്. അതായിരുന്നു 96: 9-19 സൂ ക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ 45-ാം വയസ്സിലെ കഅ്ബത്തിങ്കലുള്ള നമ സ്കാരരീതി. 10: 61; 22: 77-78 വിശദീകരണം നോക്കുക.

220.നിശ്ചയം അവൻ, അവൻ തന്നെ, എല്ലാം കേട്ടുകൊണ്ടിരിക്കുന്ന സർവ്വജ്ഞാനി യാണ്.

സൂക്ഷ്മജ്ഞാനിയും ത്രികാലജ്ഞാനിയുമായ അല്ലാഹു, ഓരോരുത്തരും എപ്പോ ഴാണ് ഭൂമിയിൽ ജനിക്കുക, എന്തെല്ലാമാണ് പ്രവർത്തിക്കുക എന്നെല്ലാം നിശ്ചയിച്ചവനും ഓരോരുത്തരുടെയും കർമ്മരേഖ അവരവരുടെ പിരടിയിൽ ബന്ധിച്ചവനും എല്ലാകാര്യ ങ്ങളും വിശദീകരിച്ചിട്ടുള്ള ത്രികാലജ്ഞാനമായ അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ചുതന്നെ ഓരോരുത്തരെയും പഠിപ്പിച്ച നിഷ്പക്ഷവാനുമാണ്. 17: 17; 31: 16; 55: 1-4; 67: 13-14 വിശ ദീകരണം നോക്കുക.

221.ഞാൻ നിങ്ങൾക്ക് വിവരം പറഞ്ഞുതരട്ടെയോ -ആരുടെ മേലിലാണ് പിശാ ചുക്കൾ ഇറങ്ങുന്നതെന്ന്?

222.കള്ളം കെട്ടിച്ചമച്ച് പറയുന്ന എല്ലാഓരോ കുറ്റവാളിയുടെയും മേലിലാണ് ഇറങ്ങുന്നത്.

ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാനുള്ള ആത്മാവിന്റെ ഭക്ഷണവും വസ്ത്ര വും ദൃഷ്ടിയുമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരായ കപടവിശ്വാസികളുടെയും അവരു ടെ അനുയായികളുടെയും മേലിലാണ് പിശാചുക്കൾ ഇറങ്ങുന്നത്. അവർ ചിന്താശക്തി ഉപയോഗപ്പെടുത്താതെ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത് എന്ന് 36: 59-62 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 7: 40-41; 17: 64-65; 58: 19 വിശദീകരണം നോക്കുക.

223.അവർ കട്ടുകേൾക്കുന്നവരും അവരിൽ അധികപേരും കളവ് പറയുന്നവരും തന്നെയാകുന്നു.

അല്ലാഹു കൊന്നുകളഞ്ഞ മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളുടെ സ്വഭാ വമാണ് ഇവിടെ പരാമർശിക്കുന്നത്. അല്ലാഹു ഉദ്ദേശിച്ച പ്രകാരം അദ്ദിക്ർ വിശദീകരി ക്കുന്ന സദസ്സുകളിൽ നേരിട്ട് ഹാജറാകാതെ ചാരന്മാരെ കട്ടുകേൾക്കുന്നതിന് വേണ്ടി നിയോഗിക്കുകയും അവർ പറഞ്ഞുകൊടുക്കുന്നതിൽ പൊടിപ്പും തൊങ്ങലും കൂട്ടിച്ചേർ ത്ത് വിശ്വാസികൾക്കെതിരെ പ്രചാരണം നടത്തുകയും ചെയ്യുന്നവരാണ് അവർ. 5: 41-42; 45: 7-10; 63: 1-4 വിശദീകരണം നോക്കുക.

224.-ലക്ഷ്യബോധമില്ലാതെ ഇവരെ പിൻപറ്റികൊണ്ടിരിക്കുന്ന കവികളുടെ മേ ലിലും.

ഗ്രന്ഥം വളച്ചൊടിച്ച് പറയുന്ന കപടവിശ്വാസികളുടെ ആശയം കവിതയിലൂടെ ജന ങ്ങളിൽ പ്രചരിപ്പിക്കുന്ന ജീവിതലക്ഷ്യം നഷ്ടപ്പെട്ട കവികളിലുമാണ് പിശാച് ഇറങ്ങുന്നത്.

7: 175; 26: 91–97; 37: 32 വിശദീകരണം നോക്കുക.

225.നീ കണ്ടില്ലേ, നിശ്ചയം അവർ എല്ലാ താഴ്വരകളിലും അലഞ്ഞുതിരിഞ്ഞ് നടക്കുന്നത്?

226.നിശ്ചയം, അവർ പ്രവർത്തിക്കാത്ത ഒന്ന് പറഞ്ഞുകൊണ്ടിരിക്കുന്നവരുമാകുന്നു.

പ്രവാചകന്റെ കാലത്തുള്ള *മുശ്രിക്കുകൾ* അദ്ദിക്റിൽ നിന്ന് ജനങ്ങളെ തടയുന്നതിന് വേണ്ടി കവിത ഒരു പ്രധാന ആയുധമായി ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ ആധുനിക *മുശ്രിക്കുകളായ* ഫുജ്ജാറുകൾ അറബി ഭാഷയിലുള്ള വ്യാകരണഗ്രന്ഥങ്ങളും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളും *ഖിസ്സ*ുപാട്ടുകളും മാലമൗലൂദുകളും കഥാപ്രസംഗങ്ങളുമെല്ലാം രചിക്കുകയും അവ പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഇന്ന് അദ്ദിക്റിനെത്തൊട്ട് ലോകരെ തടഞ്ഞുകൊണ്ടിരിക്കുന്നത്. പിശാചിന്റെ സംഘത്തിൽ പെട്ട ഇത്തരക്കാർ, പറയുന്നത് പ്രവർത്തിക്കാത്തവരും പ്രവർത്തിക്കാത്തത് പറയുന്നവരും യഥാർത്ഥ ദീനിൽ നിന്ന് പുറത്തുപോയവരുമാണ്. 2: 44; 31: 5–6; 61: 2–3 വിശദീകരണം നോക്കുക.

227.വിശ്വാസികളായവരും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും അക്രമിക്കപ്പെട്ടതിന് ശേഷം അവരെ സഹായിക്കുകയും ചെയ്യുന്നവരൊഴികെ; അക്രമികളായവർ, അവർക്ക് വന്നുഭവിക്കാൻ പോകുന്നത് എന്തൊരു പരിണിതിയാണെന്ന് ഉടനെ അറിയുകതന്നെ ചെയ്യും!

ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളുടെ ആശയം കൊണ്ട് വിശ്വാസം രൂപപ്പെടുത്തുകയും പ്രസ്തുത വിശ്വാസം രൂപപ്പെടുത്തുന്നതിന് വേണ്ടി അത് ലോകരിൽ പ്രചരിപ്പിക്കുകയും കഴിഞ്ഞുപോയ കാലത്ത് വന്നിട്ടുള്ള തെറ്റുകുറ്റങ്ങൾ ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്റിൽ നിന്ന് തിരിച്ചറിഞ്ഞ് ആത്മാവുകൊണ്ട് അല്ലാഹുവിനോട് ഏറ്റുപറഞ്ഞ് പൊറുക്കലിനെത്തേടുകയും വൻകുറ്റങ്ങൾക്ക് പ്രായശ്ചിത്തം നൽകുകയും അദ്ദിക്ർ പറയുന്നവർക്കും പ്രചരിപ്പിക്കുന്നവർക്കും എതിരിൽ അപവാദങ്ങളും ആരോപണങ്ങളും കെട്ടിച്ചമക്കുന്നവർക്ക് മറുപടിയായി അദ്ദിക്ർ കവിതാരൂപത്തിലും മറ്റും പ്രചരിപ്പിക്കുന്നവരും ഒഴികെയുള്ള കവികളെല്ലാം തന്നെ പിശാചിനാൽ പാട്ടിലാക്കപ്പെട്ടവരും അക്രമികളും ശിക്ഷ ബാധകമായവരുമാണ് എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. 7: 205–206; 25: 68–70; 56: 79–82 വിശദീകരണം നോക്കുക.

27. അന്നംല്

18-ാം സൂക്തത്തിൽ 'ഉറുമ്പുകളുടെ താഴ്വര' എന്ന് പരാമർശിച്ചിട്ടുള്ളതിൽ നിന്നും എടുത്തിട്ടുള്ളതാണ് അന്നംല് -ഉറുമ്പ് എന്ന ഈ സൂറത്തിന്റെ നാമം. പ്രവാചകന്റെ മക്കാജീവിതത്തിന്റെ മധ്യഘട്ടത്തിലാണ് സൂറത്തിന്റെ അവതരണം. മനുഷ്യനെ അവന്റെ ജീവിത ലക്ഷ്യം പരിചയപ്പെടുത്തുന്നതിനും അവന് ഇഹലോകത്ത് മാർഗദർശനം ചെയ്യുന്നതിനും വേണ്ടി ത്രികാലജ്ഞാനിയിൽ നിന്ന് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതാണ് അദ്ദിക്ർ. ഒമ്പത് ദൃഷ്ടാന്തങ്ങൾ നൽകി മൂസായെ ഫിർഔൻ പ്രഭൃതികളിലേക്ക് നിയോഗിച്ച കാര്യം വിവരിക്കുന്നു. ഗ്രന്ഥത്തിൽനിന്ന് അറിവുള്ള ഒരുവൻ ബൽഖീസ് രാജ്ഞിയുടെ സിംഹാസനം കണ്ണ് ഇമവെട്ടുന്ന സമയംകൊണ്ട് സുലൈമാൻ നബിയുടെ മുമ്പിൽ കൊണ്ടുവന്ന് വെച്ച പ്പോൾ, അദ്ദേഹം 'നിന്റെ കാരുണ്യം(അദ്ദിക്ർ) കൊണ്ട് എന്നെ നീ സജ്ജനങ്ങളിൽ പ്രവേശിപ്പിക്കേണമേ' എന്ന് നാഥനോട് പ്രാർത്ഥിച്ചുകൊണ്ട് കൂടുതൽ വിനീതനാകുന്ന രംഗം വരച്ചുകാണിച്ചിട്ടുണ്ട്. പ്രതാപവും പ്രൗഢിയുമെല്ലാം ഉണ്ടായിരുന്ന സൂര്യാരാധകരായ ഒരുജനതയുടെ രാജ്ഞി സത്യം മനസ്സിലായപ്പോൾ അത് സ്വീകരിക്കാൻ തയ്യാറായ രംഗം വിവരിച്ചുകൊണ്ട് വിശ്വാസികളുടെ സ്വഭാവഗുണങ്ങൾ അപ്രകാരമായിരിക്കണമെന്ന് ചൂണ്ടിക്കാണിക്കുന്നു. സ്വാലിഹ് നബിയുടെയും ലൂത്ത് നബിയുടെയും ജനത സത്യത്തെ കളവാക്കി തള്ളിപ്പറഞ്ഞപ്പോൾ അവരെ നശിപ്പിച്ച വിവരം തുടർന്ന് പരാമർശിക്കുന്നുണ്ട്.

ആകാശഭൂമികളിൽ നടക്കുന്ന സംഭവങ്ങളും മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചതിന്റെ ലക്ഷ്യവും ചൂണ്ടിക്കാണിച്ചുകൊണ്ട് അല്ലാഹുവോടൊപ്പം മറ്റൊരു *ഇലാഹു*ണ്ടോ എന്ന് ആവർത്തിച്ച് ചോദിക്കുന്നുണ്ട്. പരലോകം കൊണ്ട് വിശ്വസിക്കാത്ത കാഫിറുകളെ സത്യം ബോധ്യപ്പെടുത്താൻ പ്രവാചകനോ വിശ്വാസിക്കോ സാധിക്കുകയില്ല എന്നും അന്ത്യനാൾ അടുക്കുമ്പോൾ ഭൂമിയിൽ നിന്നുള്ള ഒരുമൃഗത്തെ നിയോഗിക്കുമെന്നും അത് 'മനുഷ്യർ നമ്മുടെ സൂക്തങ്ങൾ കൊണ്ട് ദൃഢബോധ്യമുള്ളവരല്ല' എന്ന് പറയുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ആരെങ്കിലും അദ്ദിക്റിന്റെ അടിസ്ഥാനത്തിലുള്ള ജീവിതം നയിച്ചാൽ അവർ വിധിദിവസത്തിലെ പ്രകമ്പനങ്ങളിൽ നിന്ന് സുരക്ഷിതരായിരിക്കും എന്നും; ആരെങ്കിലും അദ്ദിക്റിനെ മൂടിവെച്ച് വഴികേടിലുള്ള ജീവിതം നയിച്ചാൽ അവർ ഇവിടെ സമ്പാദിച്ചതിന് പ്രതിഫലമായി നരകത്തിലേക്ക് മുഖം കുത്തിയവരായി തള്ളിവിടപ്പെടുമെന്നും മുന്നറിയിപ്പ് നൽകുന്നു. ഐഹികലോകത്ത് വെച്ചുതന്നെ ഗ്രന്ഥത്തിലെ സൂക്തങ്ങൾ നടപ്പിൽ വരുത്തുന്ന അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടും നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ട് നാഥൻ അശ്രദ്ധനൊന്നുമല്ല എന്ന് താക്കീത് നൽകിക്കൊണ്ടും 93 സൂക്തങ്ങളടങ്ങിയ സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. ത്വാ-സീൻ, ഇതെല്ലാം ആവർത്തിച്ച് വായിക്കപ്പെടേണ്ടതും വ്യക്തമായ ഗ്രന്ഥത്തിലെ സൂക്തങ്ങളുമാകുന്നു.

ത്വാ-സീൻ: 'തൂരിസീനായിൽ വെച്ചുള്ള അഭിസംബോധനം'. മൂസാക്ക് തൗറാത്ത്

നൽകപ്പെട്ടിട്ടുള്ളത് *തൂരിസീനാ* പർവ്വതനിരകളിൽ വെച്ചാണ്. തൗറാത്തിൽ പറഞ്ഞ സംഭവങ്ങളാണ് ഈ സൂറത്തിലും പറയുന്നത്. എന്നാൽ ഇതിലെ പ്രധാനസംഭവം മൂസായുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ 26: 1 ലെപ്പോലെ 'ത്വാ-സീൻ-മീം' എന്ന് കൊടുത്തിട്ടില്ല.

ഖുർആൻ എന്നാൽ ആവർത്തിച്ച് വായിക്കപ്പെടേണ്ടത് എന്നാണ്. 15: 91 പ്രകാരം എല്ലാ പ്രവാചകന്മാർക്കും നാഥനിൽനിന്ന് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥം ഖുർആൻ തന്നെയാണ്. 16: 43; 21: 24; 41: 43 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാർക്കും അവതരിപ്പിക്കപ്പെട്ട ഗ്രന്ഥം അദ്ദിക്റാണ്. അഥവാ 313 ഗ്രന്ഥങ്ങളും ആവർത്തിച്ച് വായിക്കപ്പെടാനുള്ള അദ്ദിക്ർ തന്നെയാണ്. വ്യക്തമായ, ആവർത്തിച്ച് വായിക്കപ്പെടാനുള്ളതാണ് അദ്ദിക്ർ എന്ന് 36: 69 ലും; യുക്തിനിർഭരമായ ഒരു ഉണർത്തലാണ് അദ്ദിക്ർ എന്ന് 3: 58 ലും; അറബിഭാഷയിൽ വായിക്കപ്പെടുന്ന, സൂക്തങ്ങൾ സ്പഷ്ടമാക്കപ്പെട്ട ഒരു ഗ്രന്ഥമാണ് അദ്ദിക്ർ എന്ന് 41: 3 ലും പറഞ്ഞിട്ടുണ്ട്. 2: 2-3; 26: 195-196; 53: 56 വിശദീകരണം നോക്കുക.

2. വിശ്വാസികൾക്ക് സന്മാർഗവും ശുഭവാർത്താദായകവുമാണ് അത്.

2: 185 പ്രകാരം മൊത്തം മനുഷ്യർക്ക് സന്മാർഗ്ഗമായിട്ടാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളതെങ്കിലും സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിലൊന്നായ വിശ്വാസികൾ മാത്രമാണ് അതിനെ സന്മാർഗ്ഗമായി സ്വീകരിക്കുക. അവർക്ക് അത് അനുകൂലമായി സാക്ഷ്യം വഹിക്കുകയും വാദിക്കുകയും ചെയ്യുന്നതാണ്. 16: 64, 89; 41: 44 വിശദീകരണം നോക്കുക.

3. നമസ്കാരം മുറപ്രകാരം നിലനിർത്തുന്നവരും സക്കാത്ത് നൽകിക്കൊണ്ടിരിക്കുന്നവരുമാണ് അവർ, അവർ പരലോകം കൊണ്ട് ദൃഢബോധ്യമുള്ളവർ തന്നെയുമാണ്.

2: 4-5; 7: 205-206; 8: 2-4; 45: 20 വിശദീകരണം നോക്കുക.

4. നിശ്ചയം, പരലോകം കൊണ്ട് വിശ്വസിക്കാത്തവരാരോ, അവർക്ക് അവരുടെ പ്രവർത്തനങ്ങൾ നാം അലങ്കാരമാക്കിക്കൊടുത്തിരിക്കുന്നു, അപ്പോൾ അവർ ലക്ഷ്യബോധമില്ലാതെ ആടിയുലഞ്ഞ് നടക്കുകയാണ്.

അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്തവർ പരലോകംകൊണ്ട് വിശ്വസിക്കാത്തവരാണ്. നിഷ്പക്ഷവാനായ അല്ലാഹുവല്ല അവർക്ക് അവരുടെ പ്രവർത്തനങ്ങൾ അലങ്കാരമാക്കി കാണിച്ചുകൊടുക്കുന്നത്, മറിച്ച് 6: 43; 27: 24 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചാണ് അലങ്കാരമാക്കി കാണിച്ചുകൊടുക്കുന്നത്. എന്നാൽ സൂക്തത്തിൽ 'നാം അലങ്കാരമാക്കിക്കൊടുത്തിരിക്കുന്നു' എന്നുപറഞ്ഞത് പിശാച് അല്ലാഹുവിന്റെ സൃഷ്ടിയായതുകൊണ്ടും അവന്റെ നിയന്ത്രണത്തിലായതുകൊണ്ടുമാണ്. സന്മാർഗവും ദുർമാർഗവും വിശദീകരിക്കുന്ന അദ്ദിക്ർ സ്വർഗത്തിൽ വെച്ചുതന്നെ പഠിപ്പിക്കപ്പെട്ടിട്ടുള്ളതിനാൽ തന്റെ വഴികേടിന് ഒരാൾക്കും നിഷ്പക്ഷവാനായ അല്ലാഹുവിനെയോ പിശാചിനെയോ മാതാ-പിതാക്കളെയോ പണ്ഡിതപുരോഹിതന്മാരെയോ പഴിചാരി രക്ഷപ്പെടാൻ സാധിക്കുകയില്ല. അദ്ദിക്റിൽ നിന്ന് സത്യമായ അല്ലാഹുവിന്റെ വഴിയും മിഥ്യയായ പിശാചിന്റെ വഴികളും തിരിച്ചറിയാത്തവർ 10: 100 ൽ വിവരിച്ച പ്രകാരം വിശ്വാസികളാവുകയില്ല. 2: 186 ൽ വിവരിച്ച പ്രകാരം വിശ്വാസിയാകാതെ പ്രവർത്തനങ്ങളൊന്നും തന്നെ സ്വീകരിക്കപ്പെടുകയുമില്ല. 4: 78-79; 7: 38-39; 25: 65-66 വിശദീകരണം നോക്കുക.

5. അക്കൂട്ടരാവട്ടെ, അവർക്കാണ് ദുഷിച്ച ശിക്ഷയുള്ളത്, അവർ തന്നെയാണ് പ

രലോകത്ത് ഏറ്റവും വലിയ നഷ്ടക്കാരാവുകയും ചെയ്യുക.

അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന അറബി ഖുർആൻവായിക്കുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകളാണ് ഇഹത്തിലും പരത്തിലും നഷ്ടപ്പെട്ടവരാവുക. കേൾവി ഉണ്ടായിട്ടും അദ്ദിക്ർ കേൾക്കാത്ത ബധിരരും സംസാരശേഷി ഉണ്ടായിട്ട് അദ്ദിക്റിനെക്കുറിച്ച് ലോകരോട് പറയാത്ത ഊമകളുമായ അവരെ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികൾ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളതെങ്കിൽ, നരകക്കുണ്ഠത്തിലേക്കുള്ള അക്കൂട്ടരെ കരയിലെ ഏറ്റവും ദുഷിച്ച ജീവികൾ എന്നാണ് 98: 6 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 2: 121; 3: 7–10; 7: 178–179 വിശദീകരണം നോക്കുക.

6. നിശ്ചയം, നിനക്ക് ഈ വായന ഇട്ടുകിട്ടപ്പെടുന്നത് ഒരു യുക്തിജ്ഞനായ സർവജ്ഞനിൽ നിന്ന് തന്നെയാകുന്നു.

യുക്തിജ്ഞനും സർവ്വജ്ഞനുമായ ത്രികാലജ്ഞാനിയുടെ ത്രികാലജ്ഞാനമാണ് അദ്ദിക്ർ. ക്രോഡീകരിക്കപ്പെടുന്നതിന് മുമ്പോ ശേഷമോ മിഥ്യയൊന്നും കടന്നുകൂടാത്തതും സ്വയം സ്തുത്യർഹനായവനിൽ നിന്ന് അവതരിപ്പിക്കപ്പെട്ടതുമായ അദ്ദിക്റിനെ മൂടിവെക്കുന്നവർക്ക് വേദനാജനകമായ ദണ്ഡനം നൽകുമെന്ന് 41: 41–43 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 58; 11: 1; 26: 192–194 വിശദീകരണം നോക്കുക.

7. മൂസാ തന്റെ കുടുംബാംഗങ്ങളോട് പറഞ്ഞ സന്ദർഭം: നിശ്ചയം ഞാൻ ഇതാ ഒരു തീ കാണുന്നു, ഞാൻ അവിടെനിന്ന് നിങ്ങൾക്ക് എന്തെങ്കിലും വാർത്ത കൊണ്ടുവരിക തന്നെ ചെയ്യും, അല്ലെങ്കിൽ നിങ്ങൾക്ക് ഞാൻ ജ്വലിക്കുന്ന ഒരു തീനാളം കൊണ്ടുവരികതന്നെ ചെയ്യും –നിങ്ങൾക്ക് തീ കായുന്നതിനുവേണ്ടി.

20: 10–12; 28: 29 എന്നീ സൂക്തങ്ങളിലും ഈ സംഭവം അനുസ്മരിപ്പിച്ചിട്ടുണ്ട്.

8. അങ്ങനെ അവൻ അവിടെ വന്നപ്പോൾ വിളിച്ച് പറയപ്പെട്ടു: തീയിലുള്ളവനും അതിനുചുറ്റുമുള്ളവനും അനുഗ്രഹമുടയവനാണ്, സർവലോകങ്ങളുടെയും നാഥനായ അല്ലാഹു പരിശുദ്ധനുമാണ്.

'തീയിലുള്ളവൻ' എന്നതുകൊണ്ടുദ്ദേശിക്കുന്നത് തീയിന് കത്തുന്ന, പ്രകാശിക്കുന്ന സ്വഭാവം നൽകിയ അല്ലാഹുവാണ്. അതിനുചുറ്റുമുള്ളവൻ എന്നതുകൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിന്റെ പ്രകാശവുമാണ്. അനുഗ്രഹമുടയതും ത്രികാലജ്ഞാനവുമായ അദ്ദിക്ർ മനുഷ്യന് നൽകുകവഴിയാണ് അവൻ അനുഗ്രഹമുടയവനായത്. സർവ്വലോകങ്ങളുടെയും നാഥൻ പരിശുദ്ധനുമാണ് എന്ന് സൂക്തത്തിൽ പറഞ്ഞിരിക്കുന്നത്, ഉപമയില്ലാത്ത ഉദാഹരണമില്ലാത്ത അല്ലാഹുവിനെ ഐഹികലോകത്തുവെച്ച് ആർക്കും കണ്ണുകൊണ്ട് കാണാൻ കഴിയില്ല എന്നതുകൊണ്ടാണ്. എന്നാൽ ആയിരത്തിൽ ഒന്നായ വിശ്വാസിക്ക് ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി അല്ലാഹുവിനെ ഹൃദയംകൊണ്ട് കാണാവുന്നതാണ്. അവൻ മരണസമയത്ത് പ്രസന്നവദനനായി ആത്മാവുകൊണ്ട് നാഥനെ നോക്കുമെന്ന് 75: 22–23 ൽ പറഞ്ഞിട്ടുണ്ട്. 6: 103–104; 7: 143; 24: 35 വിശദീകരണം നോക്കുക.

9. ഓ മൂസാ, നിശ്ചയം അവൻ ഞാനാകുന്നു –അജയ്യനായ യുക്തിജ്ഞനായ അല്ലാഹു.

10. നീ നിന്റെ വടി ഇടുക, അങ്ങനെ അത് ഒരു ജീവിയെപ്പോലെ ഇഴയുന്നത് കണ്ടപ്പോൾ അവൻ തിരിഞ്ഞുനോക്കാതെ ഓടാൻ ഭാവിച്ചു; ഓ മൂസാ നീ ഭയപ്പെ

ടരുത്, നിശ്ചയം എന്റെ അടുക്കൽ പ്രവാചകന്മാർ ഭയപ്പെടുകയില്ല.

20: 20–21; 26: 32; 28: 31 വിശദീകരണം നോക്കുക.

11. –അക്രമിയായവനൊഴികെ; പിന്നെ തിന്മയെ നന്മയായി പരിവർത്തിപ്പിച്ചത് ആരാണോ, അപ്പോൾ നിശ്ചയം ഞാൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു.

അദ്ദിക്ർ ലഭിക്കുന്നതിനുമുമ്പ് തെറ്റ് ചെയ്യുകയും അദ്ദിക്ർ വന്നുകിട്ടിയതിനുശേഷം അതെല്ലാം ഹൃദയത്തിന്റെ അവസ്ഥയറിയുന്ന അല്ലാഹുവിനോട് ഹൃദയം കൊണ്ട് ഏറ്റുപറയുകയും 25: 68–70 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വൻകുറ്റങ്ങൾക്ക് പ്രായശ്ചിത്തമായി ലോകർക്കിടയിൽ അദ്ദിക്ർ പ്രചരിപ്പിക്കുകയും ആയിരം സമുദായങ്ങളുടെ ക്ഷേമവും ഐശ്വര്യവും ലക്ഷ്യം വെച്ച് മരങ്ങൾ വെച്ചുപിടിപ്പിക്കുകയും ജൈവകൃഷി ചെയ്യുകയും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ട് തങ്ങളുടെ തിന്മകൾ നന്മകളായി പരിവർത്തിപ്പിക്കുന്നവർക്ക് അക്രമികളുടെ അവസ്ഥയിൽനിന്ന് സൂക്ഷ്മാലുക്കളുടെ അവസ്ഥയിലേക്ക് അവരവരെ സ്വയം മാറ്റാവുന്നതാണ്. 4: 99–100; 26: 20–22; 39: 53–59 വിശദീകരണം നോക്കുക.

12. നീ നിന്റെ കൈ പോക്കറ്റിൽ പ്രവേശിപ്പിക്കുക, യാതൊരു തിന്മയും കൂടാതെ തൂവെള്ള നിറത്തിലുള്ളതായി അത് പുറത്തുവരുന്നതാണ്, ഫിർഔനിലേക്കും അവന്റെ ജനതയിലേക്കുമുള്ള ഒമ്പത് ദൃഷ്ടാന്തങ്ങളിലൊന്നായിട്ട്, നിശ്ചയം അവർ തെമ്മാടികളായ ഒരുജനത തന്നെയായിരിക്കുന്നു.

7: 133; 17: 101; 26: 33 വിശദീകരണം നോക്കുക.

13. അങ്ങനെ അവർക്ക് നമ്മുടെ ഉൾക്കാഴ്ചാദായകമായ ദൃഷ്ടാന്തങ്ങൾ വന്നുകിട്ടിയപ്പോൾ അവർ പറഞ്ഞു: ഇത് വ്യക്തമായ മാരണമാകുന്നു.

ഇന്ന് കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ചുപോയവരുമായ ഫുജ്ജാറുകളാണ് മുൻകാലങ്ങളിൽ നൽകപ്പെട്ട ദൃഷ് ടാന്തങ്ങളെല്ലാം എടുത്തുദ്ധരിക്കുന്ന 25: 33 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ വ്യക്തമായ മാരണം എന്ന മട്ടിൽ തള്ളിപ്പറയുന്നത്. ആത്മാവില്ലാത്ത അവർ 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ്. 25: 34; 61: 6; 98: 6 വിശദീകരണം നോക്കുക.

14. അവയെപ്പറ്റി അവർക്ക് വ്യക്തമായ ബോധ്യം വന്നിട്ടും അക്രമപരമായും ധാർഷ്ട്യപരമായും അവർ അവയോട് വിരോധം വെച്ച് തർക്കിച്ചുതുടങ്ങി, അപ്പോൾ നാശകാരികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നീ നോക്കിക്കാണുക!

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് മനുഷ്യനെ തിരിച്ചറിയാനും സ്രഷ്ടാവിനെ കണ്ടെത്താനും ജീവിതലക്ഷ്യം തിരിച്ചറിയാനും ഉതകുന്ന ഏറ്റവും വലിയ ദിവ്യാത്ഭുതമായ അദ്ദിക്ർ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും നശീകരണപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നത്. ഇതര ജനവിഭാഗങ്ങളും ഇവരെപ്പോലെ അക്രമികളും തെമ്മാടികളുമാകുമ്പോഴാണ് ലോകാവസാനം സംഭവിക്കുക. അജയ്യഗ്രന്ഥമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് അവർ 29 കള്ളവാദികളെ പിൻപറ്റുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും സമൂഹ ജീ

വിതത്തിലും അദ്ദിക്ർ കൊണ്ട് വിധികൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് 5: 44, 45, 47 എന്നീ സൂക്തങ്ങളിൽ വായിക്കുന്ന ഇവർ തന്നെയാണ് പ്രപഞ്ചം നശിപ്പിച്ചതിനുള്ള പാപഭാരം വഹിച്ചുകൊണ്ട് നരകക്കുണ്ഠത്തിൽ പ്രവേശിപ്പിക്കപ്പെടുക. 4: 140; 6: 33; 9: 67-68; 29: 47-49 വിശദീകരണം നോക്കുക.

15. നിശ്ചയം, നാം ദാവൂദിനും സുലൈമാനും അറിവ് നൽകിയിട്ടുണ്ട്, അവർ രണ്ടുപേരും പറഞ്ഞു: വിശ്വാസികളായ തന്റെ അടിമകളിൽ നിന്നുള്ള അധിക പേരെക്കാളും ഞങ്ങളെ ശ്രേഷ്ഠരാക്കിയ അല്ലാഹുവിനാണ് സർവസ്തുതിയും.

'അറിവ്' അദ്ദിക്ർ തന്നെയാണ്. ഐശ്വര്യവും ത്രികാലജ്ഞാനവുമായ അദ്ദിക്ർ തന്നെയാണ് തത്വജ്ഞാനവും. അത് നൽകപ്പെട്ടവർക്ക് അധികരിച്ച നന്മ ലഭിച്ചു എന്ന് 2: 269 ൽ പറഞ്ഞിട്ടുണ്ട്. 3: 79-80; 10: 57-58 വിശദീകരണം നോക്കുക.

16. സുലൈമാൻ ദാവൂദിനെ അനന്തരമെടുക്കുകയുമുണ്ടായി, അവൻ പറയുകയും ചെയ്തു: ഓ ജനങ്ങളേ, നമുക്ക് പക്ഷികളുടെ ഭാഷ പഠിപ്പിക്കപ്പെട്ടിരിക്കുന്നു, എല്ലാഓരോ കാര്യത്തിൽ നിന്നും നമുക്ക് നൽകപ്പെടുകയും ചെയ്തിരിക്കുന്നു, നിശ്ചയം ഇതുതന്നെയാണ് വ്യക്തമായ ശ്രേഷ്ഠത.

സുലൈമാന് കാറ്റിനെ വിധേയമാക്കിക്കൊടുത്തിരുന്നു, അതിന്റെ പ്രഭാതത്തിലുള്ള പ്രവാഹം ഒരു മാസവും അതിന്റെ പ്രദോഷത്തിലുള്ള പ്രവാഹം ഒരു മാസവുമായിരുന്നു, അവന് ചെമ്പിന്റെ ഒരു ഉറവ് നാം ഒഴുക്കിക്കൊടുക്കുകയും ചെയ്തു, അവന്റെ നാഥന്റെ കൽപന പ്രകാരം അവന്റെ കീഴിൽ ജോലിചെയ്യുന്ന ജിന്നുകളിൽ നിന്നുള്ളവരും ഉണ്ടായിരുന്നു, അവരിൽ നിന്നും ആരെങ്കിലും നമ്മുടെ കൽപന ലംഘിക്കുകയാണെങ്കിൽ നാം അവനെ കത്തിയാളുന്ന നരകശിക്ഷയിൽനിന്ന് രുചിപ്പിക്കുകതന്നെ ചെയ്യും എന്ന് 34: 12 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് 5: 48 ൽ പറഞ്ഞ മുഹൈമിനായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുന്നവർ 3: 101-103 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. 18: 84; 24: 10 വിശദീകരണം നോക്കുക.

17. സുലൈമാനുവേണ്ടി ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും പക്ഷികളിൽ നിന്നുമുള്ള തന്റെ പട്ടാളത്തെ സമ്മേളിപ്പിക്കപ്പെട്ടു, അങ്ങനെ അവരെല്ലാം ഒരുക്കി നിർത്തപ്പെടുകയായി.

18. അങ്ങനെ അവർ ഉറുമ്പുകളുടെ താഴ്വരയിൽ വന്നപ്പോൾ ഉറുമ്പുറാണി പറഞ്ഞു: ഓ ഉറുമ്പുകളേ, നിങ്ങൾ നിങ്ങളുടെ വീടുകളിൽ പ്രവേശിച്ചുകൊള്ളുക, സുലൈമാനും അവന്റെ പട്ടാളവും അവർ തിരിച്ചറിയാതെ നിങ്ങളെ ചവിട്ടിമെതിക്കാതിരിക്കാൻവേണ്ടി.

പക്ഷികളുടെ ഭാഷ മാത്രമല്ല, ഉറുമ്പുകളുടെയും ജിന്നുകളുടെയും മറ്റും ഭാഷകൾ സുലൈമാന് വശപ്പെടുത്തിക്കൊടുത്തിട്ടുണ്ടായിരുന്നു. കൂടാതെ സുലൈമാൻ നബിയുടെ പട്ടാളത്തിൽ ജിന്നുകളും മനുഷ്യരും പക്ഷികളും മറ്റും ഉണ്ടായിരുന്നു.

19. അപ്പോൾ അവളുടെ വാക്കുകേട്ട് അവൻ ആഹ്ലാദപൂർവ്വം പുഞ്ചിരിച്ചു, അവൻ പ്രാർത്ഥിക്കുകയും ചെയ്തു: 'എന്റെ നാഥാ! എന്റെ മേലിലും എന്റെ മാതാപിതാക്കളുടെ മേലിലും ചൊരിഞ്ഞ നിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുന്നവനായി എന്നെ നീ നിയന്ത്രിച്ച് നിർത്തേണമേ! -നീ തൃപ്തിപ്പെട്ടവിധം സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നതിനും; നിന്റെ മഹത്തായ കാരുണ്യം കൊണ്ട് നിന്റെ സജ്ജനങ്ങളായ അടിമകളിൽ എന്നെ നീ പ്രവേശിപ്പിക്കുകയും ചെ

യ്യേണമേ!'

ഇത്തരം അനുഗ്രഹങ്ങളെല്ലാം നൽകപ്പെട്ട സുലൈമാൻ നബി നന്ദിയുള്ള അടിമയാ യി നിലകൊള്ളുന്നതിന് വേണ്ടിയും ഉടമ തൃപ്തിപ്പെട്ട വിധത്തിലുള്ള സൽകർമ്മങ്ങൾ പ്രവർത്തിക്കാനുള്ള അവസരം ലഭിക്കുന്നതിന് വേണ്ടിയും, 4: 69 ൽ പറഞ്ഞ നബിമാർ, സത്യത്തെ സത്യപ്പെടുത്തുന്നവർ, സത്യസാക്ഷികൾ, സജ്ജനങ്ങൾ തുടങ്ങിയവരുൾക്കൊ ള്ളുന്ന അല്ലാഹുവിന്റെ ഏകസംഘത്തിൽ ഉൾപ്പെടുന്നതിന് വേണ്ടിയും വിനീതനായി താഴ്മയോടുകൂടി നാഥനോട് പ്രാർത്ഥിക്കുകയാണ് ചെയ്യുന്നത്. അതുവഴി, വിശ്വാസികൾക്ക് എന്തൊക്കെ പ്രൗഢമായ അനുഗ്രഹങ്ങൾ ലഭിച്ചാലും സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിനെമാത്രം ആശ്രയിക്കുന്നവരും സ്മരിക്കുന്നവരും നന്ദിപ്രകടിപ്പിക്കുന്നവരു മായി നിലകൊള്ളണമെന്നാണ് ഈ സൂക്തം പഠിപ്പിക്കുന്നത്. സൂക്തത്തിൽ പറഞ്ഞ കാ രുണ്യം അദ്ദിക്ർ തന്നെയാണ്. നാൽപ്പതുവയസ്സ് തികഞ്ഞ വിശ്വാസികളുടെ പ്രാർത്ഥന എങ്ങനെയായിരിക്കണമെന്ന് 46: 15 ൽ പറഞ്ഞിട്ടുണ്ട്. 1: 6; 7: 196; 26: 83 വിശദീകരണം നോക്കുക.

20. അവൻ പക്ഷികളെ പരിശോധിക്കുകയുമുണ്ടായി; അപ്പോൾ അവൻ പറഞ്ഞു: 'എനിക്ക് എന്തുപറ്റി? ഞാൻ ഹുദുഹുദിനെ കാണുന്നില്ലല്ലോ, അതോ അവൻ അപ്രത്യക്ഷമായവരിൽ പെട്ടുപോയോ?'

സൂക്തത്തിൽ പറഞ്ഞ *'ഹുദുഹുദ്'* പക്ഷി സൈന്യത്തിന്റെ നേതാവായ മരംകൊ ത്തിയായിരുന്നു.

21. ഞാൻ അവനെ കഠിനമായി ശിക്ഷിക്കുകതന്നെ ചെയ്യും, അല്ലെങ്കിൽ ഞാൻ അവനെ അറുത്തുകളയുക തന്നെ ചെയ്യും, അല്ലെങ്കിൽ അവൻ എനിക്ക് വ്യക്ത മായ തെളിവ് കൊണ്ടുവരികതന്നെ വേണം.

22. അങ്ങനെ അധികം താമസിയാതെ അവൻ പ്രത്യക്ഷപ്പെട്ട് പറഞ്ഞു: നിനക്ക് വ ശത്താക്കാൻ കഴിയാത്ത ചില വിവരങ്ങൾ ഞാൻ വശത്താക്കിയിട്ടുണ്ട്, 'സബ അ്'ൽ നിന്നുള്ള ഒരു ഉറപ്പായ വാർത്ത ഞാൻ നിനക്ക് കൊണ്ടുവന്നിട്ടുമുണ്ട്.

23. നിശ്ചയം, ഞാൻ അവരെ ഭരിക്കുന്ന ഒരുസ്ത്രീയെ കണ്ടെത്തുകയുണ്ടായി, എല്ലാഓരോ കാര്യത്തിൽ നിന്നും അവൾക്ക് നൽകപ്പെട്ടിട്ടുമുണ്ട്, അവൾക്ക് ഒരുമഹത്തായ സിംഹാസനവുമുണ്ട്.

24. ഞാൻ അവളെയും അവളുടെ ജനതയെയും അല്ലാഹുവിനെക്കൂടാതെ സൂര്യ ന് സാഷ്ടാംഗം പ്രണമിക്കുന്നവരായി കണ്ടെത്തി, അവരുടെ പ്രവർത്തനങ്ങ ൾ പിശാച് അവർക്ക് അലങ്കാരമാക്കി കൊടുത്തിരിക്കുന്നു, അങ്ങനെ അവൻ അവരെ യഥാർത്ഥ വഴിയെത്തൊട്ട് തടയുകയും ചെയ്തിരിക്കുന്നു, അപ്പോൾ അവർ സന്മാർഗ്ഗം പ്രാപിക്കുന്നവരായില്ല.

6: 43; 26: 221–224; 27: 4 വിശദീകരണം നോക്കുക.

25. ആകാശങ്ങളിലും ഭൂമിയിലും ഒളിഞ്ഞുകിടക്കുന്ന എല്ലാ വസ്തുക്കളും പുറത്തു കൊണ്ടുവരികയും നിങ്ങൾ ഗോപ്യമാക്കിവെക്കുന്ന ഒന്നും നിങ്ങൾ പരസ്യമാ ക്കി വെക്കുന്ന ഒന്നും അറിയുന്നവനുമായ അല്ലാഹുവിന് എന്തുകൊണ്ട് അവർ സാഷ്ടാംഗം പ്രണമിക്കുന്നില്ല?

2: 255; 6: 59; 10: 61 വിശദീകരണം നോക്കുക.

26. മഹത്തായ സിംഹാസനത്തിന്റെ ഉടമയായ അല്ലാഹു, അവനല്ലാതെ മറ്റൊരു ഇലാഹുമില്ല.

ആദ്യവും അന്ത്യവുമില്ലാത്തവനും ഉപമയും ഉദാഹരണവുമില്ലാത്തവനുമായ ത്രികാലജ്ഞാനിയായ നാഥൻ ഒട്ടിപ്പിടിച്ച അവസ്ഥയിൽ നിന്ന് ആകാശഭൂമികളെ വേർപ്പെടുത്തിയവനും അവരണ്ടിനും ഇടയിലുള്ള മനുഷ്യരടക്കമുള്ള എല്ലാ ചരാചരങ്ങളുടെയും ഉടമയും അവയുടെ നിയന്ത്രണം ഏറ്റെടുത്തവനുമാണ്. മനുഷ്യന് കാണാതെകണ്ട് വിളിച്ചുപ്രാർത്ഥിക്കാനും ഭയപ്പെടാനും ജീവിതത്തെക്കുറിച്ച് ഉത്തരം പറയാനും അവനല്ലാതെ മറ്റൊരു *ഇലാഹു*മില്ല എന്ന് സമർപ്പിക്കുന്നതിനുവേണ്ടി ത്രികാലജ്ഞാനമായ അദ്ദിക്ർ മനുഷ്യന് സ്വർഗ്ഗത്തിൽ വെച്ചുതന്നെ പഠിപ്പിച്ചിട്ടുണ്ട്. ആ അല്ലാഹുവിന്റെ മുന്നിൽ മാത്രമേ അഥവാ ഗ്രന്ഥത്തിലെ സൂക്തങ്ങൾക്ക് മുന്നിൽ മാത്രമേ സാഷ്ടാംഗപ്രണാമം നടത്താവൂ എന്നാണ് പഠിപ്പിക്കുന്നത്. ഗ്രന്ഥത്തിലെ *തിലാവത്തിന്റെ* സാഷ്ടാംഗപ്രണാമം വരുന്ന പതിനഞ്ച് സ്ഥലങ്ങളിൽ ഒന്നാണ് ഇത്. തിലാവത്തിന്റെ സാഷ്ടാംഗപ്രണാമത്തിൽ നാഥനെ വാഴ്ത്തുകയും പരിശുദ്ധപ്പെടുത്തുകയും ചെയ്യുന്നരീതി 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 21: 25; 25: 58-60 വിശദീകരണം നോക്കുക.

27. അവൻ പറഞ്ഞു: നീ ഒരു സത്യസന്ധനാണോ അതല്ല നീ കളവ് പറയുന്നവരിൽ പെട്ടവനാണോ എന്ന് നാം നോക്കുകതന്നെ ചെയ്യും,

28. എന്റെ ഈ എഴുത്തും കൊണ്ട് നീ പോവുക, അങ്ങനെ അവരിലേക്ക് അത് ഇട്ടുകൊടുക്കുകയും ചെയ്യുക, പിന്നെ അവരെത്തൊട്ട് നീ പിൻവാങ്ങുക, അപ്പോൾ അവർ എന്തൊരു മറുപടിയാണ് നൽകുന്നതെന്ന് നീ നോക്കുക,

29. അവൾ പറഞ്ഞു: ഓ മുഖ്യന്മാരേ, നിശ്ചയം ഒരു മാന്യമായ എഴുത്ത് എനിക്ക് ഇട്ടുകിട്ടപ്പെട്ടിരിക്കുന്നു.

സാധാരണയായി എഴുത്ത് കൈകളിൽ കൊണ്ടുകൊടുക്കപ്പെടുകയാണ് പതിവ്. എന്നാൽ ഇവിടെ മരം കൊത്തിപ്പക്ഷിയാൽ ഇട്ടുകൊടുക്കപ്പെടുകയാണ് ഉണ്ടായത്.

30. നിശ്ചയം അത് സുലൈമാനിൽ നിന്നുള്ളതാണ്, നിശ്ചയം അത് ആരംഭിച്ചിട്ടുള്ളത് നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ടുമാണ്.

ഗ്രന്ഥത്തിൽ 'ബിസ്മി' സൂക്തമായി വന്നിട്ടുള്ളത് ഇവിടെ മാത്രമാണ്. സൂറത്ത് ഫാത്തിഹഃയുടെ മുഖവുര നോക്കുക.

31. എന്റെമേൽ നിങ്ങൾ ഔന്നിത്യം കാണിക്കാതിരിക്കുകയും നിങ്ങളെല്ലാം എന്റെ അടുത്ത് സർവ്വസ്വം സമർപ്പിച്ചവരായി വരികയും ചെയ്യുക.

32. അവൾ പറഞ്ഞു: ഓ മുഖ്യൻമാരേ! എന്റെ ഈ കാര്യത്തിൽ നിങ്ങളുടെ അഭിപ്രായം എന്നോട് പറഞ്ഞാലും, നിങ്ങൾ സാക്ഷ്യം വഹിക്കുന്നതുവരെ ഒരു കാര്യവും ഖണ്ഡിതമായി തീരുമാനിക്കുന്നവളല്ലല്ലോ ഞാൻ.

33. അവർ പറഞ്ഞു: നമ്മൾ ശക്തിയുള്ളവരും ധീരമായ സമരവീര്യമുള്ളവരുമാണല്ലോ, തീരുമാനാധികാരം അങ്ങേക്കുമാണ്, അപ്പോൾ അവിടുന്ന് കൽപ്പിക്കാനുള്ള ഒന്ന് കൽപ്പിച്ചുകൊള്ളുക!

34. അവൾ പറഞ്ഞു: നിശ്ചയം, രാജാക്കന്മാർ ഒരു നാട്ടിൽ പ്രവേശിക്കുകയാണെങ്കിൽ അതിനെ നശിപ്പിക്കുകയും അതിലെ പ്രതാപികളായ ആളുകളെ താഴ്ന്നവരാക്കുകയും ചെയ്യുന്നതാണ്, അപ്രകാരം തന്നെയാണ് അവർ പ്രവർത്തിക്കുക.

35. നിശ്ചയം, ഞാൻ അവരിലേക്ക് ഒരു സമ്മാനം കൊടുത്തയക്കുകയും അങ്ങനെ ദൂതന്മാർ എന്ത് മറുപടിയും കൊണ്ടാണ് തിരിച്ചുവരുന്നത് എന്ന് നോക്കിക്കാണുകയും ചെയ്യട്ടെ,

36. അങ്ങനെ അത് സുലൈമാനിന്റെ അടുത്ത് എത്തിയപ്പോൾ സുലൈമാൻ ചോദിച്ചു: നിങ്ങൾ എനിക്ക് സമ്പത്ത് വർദ്ധിപ്പിച്ച് തരികയാണോ, എന്നാൽ അല്ലാഹു എനിക്ക് തന്നിട്ടുള്ളത് എന്താണോ അതുതന്നെയാണ് നിങ്ങൾക്ക് അവൻ തന്നിട്ടുള്ളതിനേക്കാൾ ഉത്തമമായിട്ടുള്ളത്, അല്ല നിങ്ങൾ നിങ്ങളുടെ സമ്മാനം കൊണ്ട് ഊറ്റം കൊള്ളുന്നവർ തന്നെയാകുന്നു.

37. നീ അവരിലേക്ക് തിരിച്ചുപോവുക, അപ്പോൾ നിശ്ചയം അവർക്ക് നേരിടാൻ കഴിയാത്ത ഒരു പട്ടാളവും കൊണ്ട് നാം അവരിലേക്ക് വരികയും അവിടെയുള്ളവരെ പതിതരും താഴ്ത്തിക്കെട്ടിയവരുമായി പുറത്താക്കുകയും ചെയ്യുന്നതാണ്.

38. അവൻ ചോദിച്ചു: ഓ മുഖ്യന്മാരെ! നിങ്ങളിൽ ആരാണ് അവളുടെ സിംഹാസനം അവൾ സർവ്വസ്വം സമർപ്പിച്ചുകൊണ്ട് എന്നിലേക്ക് വരുന്നതിനുമുമ്പ് എന്റെ അടുത്ത് കൊണ്ടുവരിക?

39. ജിന്നുകളിൽ നിന്നുള്ള ഒരു മല്ലൻ പറഞ്ഞു: താങ്കൾ താങ്കളുടെ സ്ഥാനത്തു നിന്ന് എഴുന്നേൽക്കുന്നതിന് മുമ്പ് ഞാൻ അത് താങ്കൾക്ക് കൊണ്ടുവന്ന് തരുന്നതുതന്നെയാണ്, നിശ്ചയം ഞാൻ അതിന്റെ കാര്യത്തിൽ ബലിഷ്ഠനായ ഒരു വിശ്വസ്തൻ തന്നെയാണ്.

40. ഗ്രന്ഥത്തിൽ നിന്ന് അറിവുള്ള ഒരുവൻ പറഞ്ഞു: ഞാൻ അത് താങ്കൾക്ക് താങ്കളുടെ കണ്ണ് ഇമവെട്ടുന്നതിന് മുമ്പ് കൊണ്ടുവന്ന് തരികതന്നെ ചെയ്യും! അങ്ങനെ അത് തന്റെയടുക്കൽ സ്ഥാപിച്ചത് കണ്ടപ്പോൾ സുലൈമാൻ പറഞ്ഞു: ഇത് എന്റെ നാഥന്റെ ഔദാര്യത്തിൽ പെട്ടതാണ്, ഞാൻ നന്ദി പ്രകടിപ്പിക്കുന്നവനാകുമോ, അതോ നന്ദികെട്ടവനാകുമോ എന്ന് എന്നെ പരീക്ഷിക്കുന്നതിന് വേണ്ടിയാണിത്, ആരെങ്കിലും നന്ദി പ്രകടിപ്പിക്കുന്നവനാകുന്നുവെങ്കിൽ അപ്പോൾ നിശ്ചയം അവൻ നന്ദിപ്രകടിപ്പിക്കുന്നത് അവനുവേണ്ടിത്തന്നെയാണ്; ആരെങ്കിലും കാഫിറാകുന്നുവെങ്കിലോ, അപ്പോൾ നിശ്ചയം എന്റെനാഥൻ ഐശ്വര്യവാനായ മാന്യനുമാകുന്നു.

ഏകദേശം ആയിരത്തി അഞ്ഞൂറ് കിലോമീറ്റർ ദൂരെയുള്ള ബൽക്കീസ് രാജ്ഞിയുടെ കൊട്ടാരത്തിലുള്ള സിംഹാസനം സുലൈമാൻ നബി, തന്റെ സഭ പിരിഞ്ഞ് എഴുന്നേൽക്കുന്നതിന് മുമ്പ് ഞാൻ കൊണ്ടുവന്ന് തരാമെന്നാണ് ജിന്നുകളിൽ നിന്നുള്ള ഒരുമല്ലൻ പറഞ്ഞതെങ്കിൽ, കണ്ണ് ഇമവെട്ടുന്ന സമയത്തിനുള്ളിൽ കൊണ്ടുവന്ന് തരാമെന്നാണ് ഗ്രന്ഥത്തിൽ നിന്നുള്ള അറിവ് ലഭിച്ച മനുഷ്യൻ പറഞ്ഞത്. എല്ലാ അനുഗ്രഹങ്ങളും നൽകപ്പെട്ടിട്ടുള്ള സുലൈമാൻ നബിക്കുപോലും ബൽക്കീസ് രാജ്ഞിയുടെ സിംഹാസനം കണ്ണ് ഇമവെട്ടുന്ന സമയത്തിനുള്ളിൽ മുന്നിൽ കൊണ്ടുവന്ന് വെച്ചുകൊടുത്തത് ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്റിൽ നിന്ന് അറിവുള്ള ഒരു മനുഷ്യനാണ്. *ഇസ്മുൽ അഅ്ളം അഥവാ ഏറ്റവും മഹത്തായ പേരുകൾ ഉപയോഗിച്ചാണ് അദ്ദേഹം അത് നിർവഹിച്ചത്* എന്ന് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ജിന്നുകളെക്കാളും മറ്റു സൃഷ്ടികളെക്കാളുമെല്ലാം കഴിവും ശ്രേഷ്ഠതയുമുള്ളത്

ഗ്രന്ഥത്തിൽ നിന്നുള്ള അറിവ് ലഭിച്ച മനുഷ്യർക്കാണെന്ന് ഈ സൂക്തം പഠിപ്പിക്കുന്നു. അറിവില്ലാത്ത കാര്യങ്ങൾ ചോദിക്കേണ്ടത് ഇന്ന് ത്രികാലജ്ഞാനമായ അദ്ദിക്റിന്റെ ആളോടാണ് എന്ന് 16: 43 ലും 21: 7 ലും; നിഷ്പക്ഷവാനായ പ്രപഞ്ചനാഥനെക്കുറിച്ച് പ്രവാചകനും വിശ്വാസിയും ചോദിക്കേണ്ടത് അദ്ദിക്റിന്റെ രചയിതാവായ ത്രികാലജ്ഞാനിയോടാണ് എന്ന് 25: 59 ലും പറഞ്ഞിട്ടുണ്ട്. 3: 2, 7; 5: 48; 45: 13 വിശദീകരണം നോക്കുക.

41. അവൻ പറഞ്ഞു: നിങ്ങൾ അവളുടെ സിംഹാസനം അവൾക്ക് തിരിച്ചറിയാത്ത വിധത്തിലാക്കുക, അവൾ സന്മാർഗം കണ്ടെത്തുമോ അതോ അവൾ സന്മാർഗം കണ്ടെത്തുന്നവരിൽ പെടാതിരിക്കുമോ എന്ന് നമുക്ക് നോക്കാം.

42. അങ്ങനെ അവൾ വന്നപ്പോൾ ചോദിക്കപ്പെട്ടു: നിന്റെ സിംഹാസനം ഇതേപോലെത്തന്നെയാണോ; അവൾ പറഞ്ഞു: നിശ്ചയം, ഇത് അതേപോലെത്തന്നെയുണ്ട്, ഇതിനുമുമ്പുതന്നെ നമുക്ക് അറിവ് നൽകപ്പെട്ടിരുന്നു, ഞങ്ങൾ മുസ്ലിംകളുമായിരുന്നു.

സൂര്യാരാധകയായ ബൽക്കീസ് രാജ്ഞിയും പ്രജകളും ഗ്രന്ഥം ലഭിക്കാത്തതുകാരണം നാഥനെ തിരിച്ചറിയേണ്ടവിധം തിരിച്ചറിഞ്ഞിരുന്നില്ല, അതുകൊണ്ടുതന്നെ അവർ വിശ്വാസികളുമായിരുന്നില്ല. എന്നാൽ അവർ പ്രകൃതിജീവിതം നയിക്കുന്ന മുസ്ലിംകളായിരുന്നു എന്നാണ് സൂക്തം പറയുന്നത്. ഇന്ന് ഹൈന്ദവരിൽ ധാരാളം പേർ ബൽക്കീസ് രാജ്ഞിയെയും പ്രജകളെയുംപോലെ പ്രകൃതിജീവിതം നയിക്കുന്ന മുസ്ലിംകളാണ്, അവർ *ശിർക്ക്* ചെയ്യുന്നുണ്ടെങ്കിലും ശരി. അവരിൽ നഗരജീവിതം ഒഴിവാക്കി *ശിർക്ക്* ചെയ്യാതെ സന്യാസിമാരെപ്പോലെ ജീവിതം നയിക്കുന്ന വിശ്വാസികളുമുണ്ട്. അത്തരക്കാർക്ക് ഭയപ്പെടാനോ ദുഃഖിക്കാനോ ഇടവരികയില്ല എന്ന് 2: 62; 5: 69 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 49: 14 ൽ പറഞ്ഞ ഗ്രാമീണ അറബികൾ എഴുത്തും വായനയും അറിയാത്തവരും ഗ്രന്ഥം ലഭിക്കാത്തവരുമായിരുന്നു. അതിനാൽ അവരോട്: വിശ്വാസം നിങ്ങളുടെ ഹൃദയത്തിലേക്ക് പ്രവേശിച്ചിട്ടില്ല എന്നിരിക്കെ നിങ്ങൾ വിശ്വാസികളല്ല, മറിച്ച് 'നിങ്ങൾ മുസ്ലിംകളാണെന്ന് പറഞ്ഞുകൊള്ളുവീൻ' എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഇന്നത്തെ ഫുജ്ജാറുകൾക്ക് എഴുത്തും വായനയും അറിയുന്നതിനാലും അദ്ദിക്ർ വന്നുകിട്ടിയതിനാലും ഗ്രാമീണ അറബികളെപ്പോലെ മുസ്ലിംകളാണെന്ന് പറയാൻപോലും അർഹതയില്ല. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ അവർ മുസ്ലിംകളാണെന്ന് അവകാശപ്പെടുന്നവരാണെങ്കിലും എല്ലാകാര്യങ്ങളും വിശദീകരിക്കുന്ന അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ് സർവ്വവും നാഥന് സമർപ്പിച്ച മുസ്ലിംകളെന്ന് 16: 89 ൽ പറഞ്ഞതിനാൽ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന അവർ 4: 150 –151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. 9: 123; 10: 87; 48: 24–25; 57: 15–16, 27 വിശദീകരണം നോക്കുക.

43. അല്ലാഹുവിനെക്കൂടാതെ അവൾ സേവിച്ചുകൊണ്ടിരുന്ന ഒന്നാണ് അവളെ തടഞ്ഞത്, നിശ്ചയം അവൾ കാഫിറുകളായ ഒരു ജനതയിൽ പെട്ടവൾ തന്നെയായിരുന്നു.

ബൽക്കീസ് രാജ്ഞിക്ക് ഗ്രന്ഥത്തെക്കുറിച്ച് അറിവുണ്ടായിരുന്നില്ലെങ്കിലും അവളുടെ ജനതയിൽ ഗ്രന്ഥം അറിഞ്ഞിട്ട് മൂടിവെക്കുന്നവരുണ്ടായിരുന്നു എന്നാണ് അവൾ കാഫിറുകളായ ഒരു ജനതയിൽ പെട്ടവൾ തന്നെയായിരുന്നു എന്ന് പറഞ്ഞതിന്റെ വിവക്ഷ.

44. അവളോടു പറയപ്പെട്ടു: നീ കൊട്ടാര ഹാളിൽ പ്രവേശിച്ചുകൊള്ളുക, അങ്ങനെ അവൾ അത് കണ്ടപ്പോൾ അവൾ അതൊരു തടാകമാണെന്ന് കരുതുകയും അവളുടെ വസ്ത്രം കണങ്കാലിനുമേൽ ഉയർത്തിപ്പിടിക്കുകയും ചെയ്തു; അവൻ പറഞ്ഞു: നിശ്ചയം ഇത് സ്ഫടികസ്ലാബുകൾ പാകിയിട്ടുള്ള ഒരു ഹാളാകുന്നു. അവൾ പറഞ്ഞു: 'എന്റെ നാഥാ! നിശ്ചയം ഞാൻ എന്നോടുതന്നെ അക്രമം പ്രവർത്തിച്ചു, ഞാൻ ഇതാ സുലൈമാനോടൊപ്പം സർവ്വ ലോകങ്ങളുടെയും ഉടമയായ അല്ലാഹുവിന് എന്നെ സമർപ്പിച്ചിരിക്കുന്നു!

തന്റെ രാജ്ഞിപഥത്തിൽ അഹങ്കരിച്ച് സ്ഥാനമാനങ്ങളിൽ ഊറ്റം കൊണ്ട് സ്ഥാനം നിലനിർത്തുന്നതിനുവേണ്ടി സൂര്യാരാധകരായ ജനതയോടൊപ്പം നിലകൊണ്ടത് അക്രമമായിപ്പോയി എന്ന് തിരിച്ചറിഞ്ഞു എന്നാണ് ബൽക്കീസ് രാജ്ഞി 'ഞാൻ എന്നോടുതന്നെ അക്രമം പ്രവർത്തിച്ചു' എന്ന് പറഞ്ഞതിന്റെ വിവക്ഷ. അങ്ങനെ അവൾ വിശ്വാസിയായ സുലൈമാന് നൽകപ്പെട്ടിട്ടുള്ള അനുഗ്രഹങ്ങൾ കണ്ടപ്പോൾ അവളുടെ പ്രതാപവും സ്ഥാനമാനങ്ങളുമെല്ലാം വളരെ ചെറുതാണെന്ന് മനസ്സിലാക്കുകയും സൂര്യചന്ദ്രൻമാരടക്കമുള്ള സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിന് സർവ്വസ്വം സമർപ്പിച്ചവളായിക്കൊണ്ട് സുലൈമാനോടൊപ്പം വിശ്വാസിയായ മുസ്ലിമായി മാറുകയും ചെയ്തു. 3: 102; 22: 34, 37; 43: 68-69 വിശദീകരണം നോക്കുക.

45. നിശ്ചയം, നിങ്ങൾ അല്ലാഹുവിനെ മാത്രം സേവിക്കുന്നവരാകണമെന്ന് പറഞ്ഞുകൊണ്ട് സമൂദിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെ നാം അയച്ചിട്ടുണ്ടായിരുന്നു, അപ്പോഴതാ അവർ പരസ്പരം തർക്കിക്കുന്ന രണ്ട് വിഭാഗക്കാരായി മാറുന്നു.

46. അവൻ ചോദിച്ചു: ഓ എന്റെ ജനമേ! എന്താണ് നിങ്ങൾ നന്മക്കുമുമ്പ് തിന്മക്കു വേണ്ടി ധൃതി കാണിച്ചുകൊണ്ടിരിക്കുന്നത്? നിങ്ങൾ അല്ലാഹുവിനോട് പൊറുക്കലിനെത്തേടിയിരുന്നുവെങ്കിൽ -നിങ്ങൾ അനുഗ്രഹിക്കപ്പെടുന്നവർ തന്നെയാവുന്നതിനുവേണ്ടി.

എക്കാലത്തുമുള്ള കാഫിറുകൾ പ്രവാചകനോടും പ്രവാചകനോടൊപ്പമുള്ള വിശ്വാസികളോടും: നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ ആ വാഗ്ദത്തം എന്നാണ് പുലരുക എന്ന് ചോദിച്ചുകൊണ്ട് ശിക്ഷക്കുവേണ്ടി ധൃതികൂട്ടുന്നവരായിരുന്നു. 6: 155; 10: 47-48, 98 വിശദീകരണം നോക്കുക.

47. അവർ പറഞ്ഞു: നിന്നെയും നിന്റെ കൂടെയുള്ളവരെയും ഞങ്ങളുടെ ദുഃശ്ശകുനമായിട്ടാണ് ഞങ്ങൾ കാണുന്നത്; അവൻ പറഞ്ഞു: നിങ്ങളുടെ ഭാഗ്യനിർഭാഗ്യങ്ങൾ അല്ലാഹുവിന്റെ പക്കലാണുള്ളത്, അല്ല നിങ്ങൾ പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ജനത തന്നെയാകുന്നു.

സത്യാസത്യ വിവേചന മാനദണ്ഡമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി നിഷ്പക്ഷവാനായ അല്ലാഹുവിനെയും പിശാചിനെയും തിരിച്ചറിയാത്ത, 62: 5 ൽ പറഞ്ഞ പ്രകാരം ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ആശയം അറിയാതെ ഗ്രന്ഥം വഹിക്കുന്ന ഇന്നത്തെ കാഫിറുകളും അവരെ ബാധിക്കുന്ന തിന്മകൾക്ക് അദ്ദിക്ർ പിൻപറ്റുന്ന വിശ്വാസികളെയാണ് കുറ്റപ്പെടുത്തുക. എല്ലാഓരോ മനുഷ്യനും അവരവരുടെ ഭാഗ്യനിർഭാഗ്യങ്ങൾ അവരവരുടെ പിരടികളിൽ വഹിക്കുന്നുണ്ട് എന്ന് പറയുന്ന 17: 13-14 സൂക്തങ്ങളുടെ അർത്ഥമറിയാവുന്ന അവരിലെ മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ അവരെ പഠിപ്പി

ക്കുന്നത് സ്വർഗം അല്ലെങ്കിൽ നരകം അല്ലാഹു നൽകുന്നതാണ് എന്നാണ്, അല്ലാതെ ഓ രോരുത്തരും ഇവിടെവെച്ച് സമ്പാദിക്കുന്നതാണ് എന്നല്ല. 2: 286; 3: 30; 32: 13–14; 39: 41 വിശദീകരണം നോക്കുക.

48. ആ പട്ടണത്തിൽ ഒമ്പത് ഗോത്രക്കാരുണ്ടായിരുന്നു, അവർ ഭൂമിയിൽ നാശം വിതച്ചുകൊണ്ടിരിക്കുന്നവരും സുകൃതമൊന്നും ചെയ്യാത്തവരുമായിരുന്നു.

6: 123; 26: 141–158 വിശദീകരണം നോക്കുക.

49. അവർ പറഞ്ഞു: അവനെയും അവന്റെ കുടുംബത്തെയും നാം രാത്രിയിൽ നശിപ്പിക്കുകതന്നെ ചെയ്യുമെന്ന് നിങ്ങൾ അല്ലാഹുവിനെക്കൊണ്ട് ആണയിടുക, പിന്നെ അവന്റെ സംരക്ഷകനോട് നാം പറയുക തന്നെ ചെയ്യും: അവന്റെ കുടുംബത്തിന്റെ നാശത്തിന് ഞങ്ങൾ സാക്ഷികളല്ല, നിശ്ചയം ഞങ്ങൾ സത്യസന്ധന്മാർ തന്നെയുമാകുന്നു എന്ന്.

'അവനെയും അവന്റെ കുടുംബത്തെയും നാം രാത്രിയിൽ നശിപ്പിക്കും' എന്ന് പറഞ്ഞതിലെ കുടുംബത്തിൽ സ്വാലിഹ് നബിയുടെ കുടുംബാംഗങ്ങളും വിശ്വാസികളും ഉൾപെടുന്നതാണ്. പ്രപഞ്ചനാഥനെ അദ്ദിക്ർ സമർപ്പിക്കുന്നവിധം ഉറക്കമോ മയക്കമോ മരണമോ ഇല്ലാത്തവനും ആദ്യമോ അന്ത്യമോ ഇല്ലാത്തവനും എല്ലാ കാര്യങ്ങളുടെയും ഉള്ളിന്റെ ഉള്ളറിയുന്ന സൂക്ഷ്മജ്ഞാനിയും എല്ലാം വലയം ചെയ്യുന്ന ത്രികാലജ്ഞാനിയുമായി അംഗീകരിക്കാത്ത നാശകാരികളായ കപടവിശ്വാസികൾ എക്കാലത്തും ഇതേ സ്വഭാവക്കാരായിരിക്കും. അവർ ഏതുകാര്യം പറയുകയാണെങ്കിലും കളവിനുവേണ്ടി *'വല്ലാഹി* -അല്ലാഹു തന്നെയാണ് സത്യം' എന്ന് അല്ലാഹുവിനെക്കൊണ്ട് ആണയിടുന്നവരുമാണ്. സത്യത്തിന്റെ ശത്രുക്കളായ അവർ അവരുടെ പ്രതിജ്ഞകൾ ഒരു പരിചയായി തെരഞ്ഞെടുത്തവരാണെന്ന് 63: 2 ൽ പറഞ്ഞിട്ടുണ്ട്. 8: 30; 17: 36; 41: 25–26 വിശദീകരണം നോക്കുക.

50. അവർ ഒരു ഗൂഢതന്ത്രം പ്രയോഗിച്ചു, നാമും ഒരു ഗൂഢതന്ത്രം പ്രയോഗിച്ചു, അവരോ അത് തിരിച്ചറിയുന്നവരായിരുന്നില്ല.

3: 54–55; 11: 53–56; 14: 46–47 വിശദീകരണം നോക്കുക.

51. അപ്പോൾ അവരുടെ ഗൂഢതന്ത്രത്തിന്റെ പര്യവസാനം എങ്ങിനെയായിരുന്നു എന്ന് നീ നോക്കിക്കാണുക! നിശ്ചയം നാം അവരെയും അവരുടെ ജനതയെയും മുഴുവനും തരിപ്പണമാക്കിക്കളഞ്ഞു.

25: 37–40, 26: 141–157 വിശദീകരണം നോക്കുക.

52. അപ്പോൾ, അവിടെയതാ അവരുടെ വീടുകൾ ശൂന്യമായിക്കിടക്കുന്നു -അവർ അക്രമികളായിരുന്നതുകൊണ്ട്! നിശ്ചയം അതിൽ അറിവുള്ള ജനതക്ക് ഒരു പാഠം തന്നെയുണ്ട്.

അറിവുള്ള ജനത എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത് ത്രികാലജ്ഞാനമായ അദ്ദിക്ർ അറിയുന്നവർ എന്നാണ്. അതായത് അദ്ദിക്റിനെ എല്ലാവിധ ആപത്തു-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും *മുഹൈമിനു*മായി ഉപയോഗപ്പെടുത്തിക്കൊണ്ട് ത്രികാലജ്ഞാനിയും നിഷ്പക്ഷവാനുമായ അല്ലാഹുവിനെയും എല്ലാ തിന്മകളുടെയും കാരണക്കാരനായ പിശാചിനെയും തിരിച്ചറിഞ്ഞവരായതിനാൽ *അവർ മുഹൈമിനായ* അല്ലാഹുവിന്റെമേൽ ഭരമേൽപ്പിച്ച് നിലകൊള്ളുന്നവരാണ്. 7: 84; 16: 99; 22: 8 വിശദീകരണം നോക്കുക.

53. വിശ്വാസികളായവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു, അവർ സൂക്ഷ്മാലുക്കളുമായിരുന്നു.

വിശ്വാസികളായതുകൊണ്ട് മാത്രം രക്ഷപ്പെടുത്തുകയില്ല. മറിച്ച് അവർ അദ്ദിക്ർ മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുത്ത് തിന്മ വിരോധിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് നാഥനെ സഹായിക്കുന്നവരുമായിരിക്കണം. അക്രമികളായ ജനതയെ ഒന്നടങ്കം ശിക്ഷിക്കുമ്പോൾ അവരെ മാത്രമേ കാര്യകാരണ ബന്ധത്തിന് അതീതമായി സർവ്വാധിപൻ രക്ഷപ്പെടുത്തുകയുള്ളൂ. 8: 25; 22: 50–51; 43: 67–69 വിശദീകരണം നോക്കുക.

54. ലൂത്തിനെയും, അവൻ തന്റെ ജനതയോട് ചോദിച്ച സന്ദർഭം: നിങ്ങൾ കണ്ടുകൊണ്ടിരിക്കെ മ്ലേഛവൃത്തികൾ കൊണ്ടുവരികയാണോ?

നിങ്ങൾ മ്ലേഛവൃത്തികളിൽ ഏർപ്പെട്ടിരിക്കുകയാണോ എന്നുചോദിക്കാതെ മ്ലേഛവൃത്തികൾ കൊണ്ടുവരികയാണോ എന്നുചോദിക്കാൻ കാരണം പ്രകൃതിക്ക് വിരുദ്ധമായ ആ മ്ലേഛപ്രവൃത്തിക്ക് –സ്വവർഗസംഭോഗത്തിന്– ലോകത്ത് തുടക്കം കുറിച്ചത് ലൂത്ത് നബിയുടെ ജനതയായതുകൊണ്ടാണ്. *ആ ദുഷ്പ്രവൃത്തി പ്രവർത്തിക്കുന്നവനെയും പ്രവർത്തിക്കപ്പെടുന്നവനെയും കൊന്നുകളയണമെന്നാണ്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളതെങ്കിലും ഇന്ന് എല്ലാ തിന്മയിലും എന്നപോലെ ഈ ദുഷ്പ്രവൃത്തിയിലും ലോകത്ത് എല്ലായിടത്തും അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് മുന്നിലുള്ളത് എന്നത് ഒരു സത്യമാണ്. അതുകൊണ്ട് തന്നെയാണ് 25: 17–18, 30 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ വിസ്മരിച്ചവരും അദ്ദിക്റിൽ നിന്ന് *ഹിജ്റ* പോയവരുമായ ഈ കെട്ടജനതക്ക് എതിരായി പരലോകത്തുവെച്ച് പ്രവാചകനും മഹാത്മാക്കളുമെല്ലാം അന്യായം ബോധിപ്പിക്കുന്നതും. 7: 80–81; 25: 52; 29: 29 വിശദീകരണം നോക്കുക.

55. നിശ്ചയം, നിങ്ങൾ സ്ത്രീകളെക്കൂടാതെ പുരുഷന്മാരെയാണോ കാമവികാരശമനത്തിനായി സമീപിക്കുന്നത്; അല്ല, നിങ്ങൾ ഒരു അവിവേകികളായ ജനതതന്നെയാണ്.

14: 28–30; 25: 63, 74; 26: 165–166 വിശദീകരണം നോക്കുക.

56. അപ്പോൾ തന്റെ ജനതയുടെ മറുപടിയായിരുന്നില്ല, 'ലൂത്തിന്റെ കുടുംബത്തെ നിങ്ങളുടെ നാട്ടിൽ നിന്ന് നിങ്ങൾ പുറത്താക്കുക' എന്ന് പറയുകയല്ലാതെ; നിശ്ചയം അവർ ഒരുവിശുദ്ധി നടിക്കുന്ന ആളുകൾ തന്നെ!

ആലു ലൂത്ത് –ലൂത്തിന്റെ കുടുംബം– എന്നുപറഞ്ഞതിൽ കുടുംബത്തിൽ നിന്നുള്ള വിശ്വാസികളും ജനതയിൽ നിന്നുള്ള വിശ്വാസികളുമാണ് ഉൾപ്പെടുക. *അഹ്ലു ലൂത്ത്* എന്ന് പറഞ്ഞാൽ ലൂത്തിന്റെ സ്വകുടുംബം മാത്രമാണ് ഉൾപ്പെടുക. വിശ്വാസികൾ ആ ജനതയുടെ നീചവൃത്തികളോട് വെറുപ്പ് പ്രകടിപ്പിച്ചിരുന്നതുകൊണ്ടാണ് 'അവർ വലിയ വിശുദ്ധന്മാർ തന്നെ' എന്നുപറഞ്ഞ് ആ ജനതയിലെ കാഫിറുകൾ വിശ്വാസികളെ പരിഹസിച്ചിരുന്നത്. 2: 212; 83: 29 വിശദീകരണം നോക്കുക.

57. അങ്ങനെ നാം അവനെയും അവന്റ കുടുംബത്തെയും രക്ഷപ്പെടുത്തി, അവന്റെ സ്ത്രീയെ ഒഴികെ, അവളെ പുറംതിരിഞ്ഞ് നിൽക്കുന്നവരുടെ കൂട്ടത്തിലാണ് നാം കണക്കാക്കിയിരുന്നത്.

66: 10 വിശദീകരണം നോക്കുക.

58. നാം അവരുടെമേൽ ഒരു മഴയങ്ങ് വർഷിപ്പിച്ചു, അപ്പോൾ താക്കീത് നൽകപ്പെട്ടവരുടെമേൽ വർഷിച്ച മഴ എത്ര ദുഷിച്ചതായിരുന്നു!

26: 160–173 വിശദീകരണം നോക്കുക.

59. നീ പറയുക: അല്ലാഹുവിനാണ് സർവ്വസ്തുതിയും, തന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസന്മാരുടെമേൽ രക്ഷയുണ്ടായിരിക്കട്ടെ; അല്ലാഹുവാണോ ഉത്തമൻ, അതോ അവർ പങ്കുചേർത്തുകൊണ്ടിരിക്കുന്നവരോ?

അല്ലാഹുവിനെ സ്തുതിക്കാനും അവൻ തെരഞ്ഞെടുത്ത ദൂതന്മാരുടെമേൽ സമാധാനത്തിനും രക്ഷക്കും വേണ്ടി പ്രാർത്ഥിക്കാനുമാണ് പ്രവാചകനോടും അതുവഴി വിശ്വാസികളോടും കൽപിച്ചിട്ടുള്ളത്. ഈ അല്ലാഹുവാണോ അതോ മുശ്രിക്കുകൾ അവനിൽ പങ്കുചേർക്കുന്ന അല്ലാഹുവിന്റെതന്നെ ഏതെങ്കിലും സൃഷ്ടികളാണോ ഉത്തമൻ എന്നാണ് സൂക്തത്തിലൂടെ ചോദിക്കുന്നത്. ഇന്ന് ഈ സൂക്തങ്ങൾ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് ലോകത്ത് എല്ലായിടത്തും 'അല്ലാഹ്' എന്ന ബോധമില്ലാതെ അവന്റെ സൃഷ്ടികളുടെ പേരിൽ നേർച്ച വഴിപാടുകൾ നടത്തിയും 30: 30–32 സൂക്തങ്ങളുടെ കൽപനക്ക് വിരുദ്ധമായിക്കൊണ്ട് വിവിധ സംഘടനകളായി വേർതിരിഞ്ഞും *മുശ്രിക്കുകളായിത്തീർന്ന*, 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘക്കാർ. 2: 165–170; 14: 21–22 വിശദീകരണം നോക്കുക.

60. ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്തു നിന്ന് വെള്ളം ഇറക്കിത്തരികയും ചെയ്യുന്ന ഒരുവൻ, അങ്ങനെ അതുകൊണ്ട് നാം സുന്ദരങ്ങളായ പൂന്തോപ്പുകൾ നട്ടുവളർത്തുന്നു, നിങ്ങൾക്ക് അതിലെ വൃക്ഷങ്ങൾ മുളപ്പിക്കാൻ സാധിക്കുമായിരുന്നില്ല, ഈ അല്ലാഹുവിനോടൊപ്പം വേറെവല്ല ഇലാഹുമുണ്ടോ? അല്ല, അവർ അല്ലാഹുവിന് പകരം വെക്കുന്ന ഒരു ജനതയാകുന്നു.

ആകാശഭൂമികളെയും അവക്കിടയിലുള്ള മനുഷ്യരടക്കമുള്ള സർവ്വചരാചരങ്ങളെയും സൃഷ്ടിച്ച് പരിപാലിക്കുന്ന അല്ലാഹു തന്നെയാണ് ആകാശത്തുനിന്ന് മഴ വർഷിപ്പിച്ച് അതുകൊണ്ട് എല്ലാവിധ സസ്യലതാദികളും ജോടികളായി മുളപ്പിച്ച് സുന്ദരങ്ങളായ തോട്ടങ്ങളും പൂന്തോപ്പുകളുമെല്ലാം ഉണ്ടാക്കിത്തരുന്നത്. മനുഷ്യരിൽ അധികപേരും നന്ദികെട്ടവരായതിനാൽ ഈ അല്ലാഹുവിന്റെ സ്ഥാനത്ത് മറ്റു*ഇലാഹുകളെ* പകരം വെക്കുന്നവരാണ്. ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളുമുൾപ്പെട്ട ഫുജ്ജാറുകൾ അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരും അല്ലാഹുവിന്റെ കോപവും ശാപവും ബാധിച്ചവരും നരകക്കുണ്ഠം ഒരുക്കിവെക്കപ്പെട്ടവരുമാണെന്ന് 33: 72–73; 48: 6; 98: 6 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അവർ ഒരു കെട്ട ജനതയാകാൻ കാരണം അദ്ദിക്റിനെ വിസ്മരിച്ചതാണെന്ന് 25: 17–18 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുകയും 7: 26 ൽ പറഞ്ഞ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അതിനെ ഉപയോഗപ്പെടുത്താൻ ലോകർക്ക് നൽകിക്കൊണ്ട് പ്രപഞ്ചനാഥനെ ഹൃദയത്തിന്റെ ഭാഷയിൽ പരിചയപ്പെടുത്തുകയും ചെയ്യേണ്ട ബാധ്യത 32: 4; 35: 32 സൂക്തങ്ങൾ പ്രകാരം ഫുജ്ജാറുകൾക്കാണുള്ളത്. ആ ബാധ്യത നിറവേറ്റാത്ത ഇവർ മരണപ്പെടുമ്പോൾ ഓരോരുത്തരും ആത്മാവിനെതിരെ 'നിശ്ചയം ഞാൻ കാഫിർ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ൽ പറഞ്ഞിട്ടുണ്ട്. തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ളവരും ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരുമായ അത്തരം ഫുജ്ജാറുകൾ 1000 സമുദായ

ങ്ങളിൽ പെട്ട ജീവജാലങ്ങളിൽ വെച്ച് ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ളവരും ഏറ്റവും വഴി പിഴച്ചവരുമാണെന്ന് 8: 22; 25: 33–34 എന്നീ സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. 9: 82 ൽ വിവരിച്ച പ്രകാരം അവർ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരെ വാദിച്ചു കൊണ്ടും സാക്ഷ്യം വഹിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 6: 1; 23: 51–53; 25: 58–59 വിശദീകരണം നോക്കുക.

61. ഭൂമിയെ വാസയോഗ്യമാക്കുകയും അതിനിടയിലൂടെ നദികൾ ഉണ്ടാക്കുകയും അതിന്മേൽ നങ്കൂരമായി പർവതങ്ങളെ ഉറപ്പിക്കുകയും രണ്ട് സമുദ്രങ്ങൾക്കിടയിൽ കൂടിച്ചേരാത്ത ഒരു തടസ്സമുണ്ടാക്കുകയും ചെയ്തവൻ! ഈ അല്ലാഹുവോടൊപ്പം വേറെവല്ല ഇലാഹുകളുമുണ്ടോ? അല്ല, അവരിൽ അധികപേരും അറിവില്ലാത്തവരാകുന്നു.

'രണ്ട് സമുദ്രങ്ങൾക്കിടയിലെ കൂടിച്ചേരാത്ത ഒരു തടസ്സം' എന്ന് പറഞ്ഞതിൽ 25: 53 ൽ പരാമർശിച്ച 'ഉപ്പുവെള്ളവും തെളിനീർവെള്ളവും തമ്മിൽ കൂടിക്കലരാത്ത കാണാത്ത ഒരു മറ' മാത്രമല്ല, സമുദ്രത്തിലുള്ള ഉഷ്ണജല പ്രവാഹങ്ങളും ശീതജല പ്രവാഹങ്ങളും തമ്മിലുള്ള കൂടിച്ചേരാത്ത വിധത്തിലുള്ള തടസ്സം കൂടി ഉൾപ്പെടുന്നുണ്ട്. 'അവരിൽ അധികപേരും അറിവില്ലാത്തവരാണ്' എന്ന് പറഞ്ഞത് എഴുത്തും വായനയും അറിയാത്തവരാണ് എന്നല്ല; മറിച്ച് യഥാർത്ഥ ജ്ഞാനമായ, അവരവരെ തിരിച്ചറിയാനുതകുന്ന, സ്രഷ്ടാവിനെ തിരിച്ചറിയാനുതകുന്ന, ജീവിതലക്ഷ്യം തിരിച്ചറിയാനുതകുന്ന ഹൃദയത്തിന്റെ ഭാഷയിലുള്ള വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്ർ അറിയാത്തവരാണ് എന്നാണ്. അതുതന്നെയാണ് 33: 72 ൽ *അമാനത്തായ* അദ്ദിക്ർ ഏറ്റെടുത്ത മനുഷ്യൻ വിഡ്ഢിയും അക്രമിയുമാണ് എന്ന് പറഞ്ഞതിന്റെ വിവക്ഷയും. അവർ ആത്മാവിനോട് അക്രമം കാണിച്ചവരാണെന്ന് 35: 32 ലും പറഞ്ഞിട്ടുണ്ട്. 8: 48; 23: 113; 28: 57 വിശദീകരണം നോക്കുക.

62. ദുരിതം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കുമ്പോൾ അവന് ഉത്തരം നൽകുകയും അവന്റെ തിന്മകൾ ദൂരീകരിക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്തവൻ! ഈ അല്ലാഹുവിനോടൊപ്പം വേറെവല്ല ഇലാഹുമുണ്ടോ? നിങ്ങൾ അൽപം മാത്രമേ ഹൃദയം കൊണ്ട് സ്മരിക്കുന്നുള്ളൂ.

നിങ്ങളിൽ അൽപം പേർ മാത്രമേ ഹൃദയം കൊണ്ട് സ്മരിക്കുന്നവരായുള്ളൂ എന്നും സൂക്തത്തിന് ആശയമുണ്ട്. നിങ്ങളിൽ ആയിരത്തിൽ ഒന്നുമാത്രമേ അല്ലാഹുവിനെ എപ്പോഴും സ്മരിക്കുന്നതിന് ഉപയുക്തമായ അദ്ദിക്ർ ഉപയോഗപ്പെടുത്തുകയുള്ളൂ എന്നാണ് അതിന്റെ വിവക്ഷ. 6: 165; 10: 21–22; 21: 92–93 വിശദീകരണം നോക്കുക.

63. കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിന്ന് നിങ്ങളെ മാർഗദർശനം ചെയ്യുന്ന, തന്റെ കാരുണ്യത്തിന്റെ മുന്നോടിയായി ശുഭവാർത്തയായിക്കൊണ്ട് കാറ്റുകളെ അയക്കുന്നവനുമായവൻ! ഈ അല്ലാഹുവിനോടൊപ്പം വേറെ വല്ല ഇലാഹുമുണ്ടോ? അവർ പങ്കുചേർക്കുന്നതിനെത്തൊട്ടെല്ലാം അല്ലാഹു എത്രയോ അത്യുന്നതനാണ്.

സ്രഷ്ടാവിനെ പരിചയപ്പെടുത്തുന്ന അദ്ദിക്ർ ഉപയോഗപ്പെടുത്താതെ ഊഹങ്ങളുടെ അടിസ്ഥാനത്തിൽ അല്ലാഹുവിനെക്കുറിച്ച് തെറ്റായ ധാരണകൾ വെച്ചുപുലർത്തുന്നത് *ശിർക്കാണ്.* അഥവാ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കലാണ്. 83: 7 ൽ പറഞ്ഞ പ്രകാരം നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീൻ* പട്ടികയിലുള്ള ഭ്രാന്തന്മാരും

ഫുജ്ജാറുകളുമായ അവർക്ക് അവരുടെ പ്രവർത്തനങ്ങൾ 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള *ഇല്ലിയ്യീൻ* പട്ടികയിൽ രേഖപ്പെടുത്തുന്നതിനുവേണ്ടി ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയോ, തുന്നൽകാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല എന്ന് 7: 40 ൽ പറഞ്ഞിട്ടുണ്ട്. ആയിരത്തിൽ ഒന്നായ വിശ്വാസികൾ മാത്രമേ അദ്ദിക്റിനെ സ്വർഗത്തിലേക്കുള്ള ടിക്കറ്റായി ഉപയോഗപ്പെടുത്തുകയും അല്ലാഹുവിനെ ഏക *ഇലാഹായി* അംഗീകരിക്കുകയുമുള്ളൂ. 10: 35–36; 16: 15–18; 35: 10 വിശദീകരണം നോക്കുക.

64. സൃഷ്ടിപ്പ് ആരംഭിക്കുകയും പിന്നെ അത് ആവർത്തിക്കുകയും ചെയ്യുന്ന, നിങ്ങൾക്ക് ആകാശത്തുനിന്നും ഭൂമിയിൽ നിന്നും ഭക്ഷണവിഭവങ്ങൾ നൽകുന്നവനുമായവൻ! ഈ അല്ലാഹുവിനോടൊപ്പം വേറെവല്ല ഇലാഹുമുണ്ടോ? നീ പറയുക: നിങ്ങൾ നിങ്ങളുടെ തെളിവ് കൊണ്ടുവരിക –നിങ്ങൾ സത്യസന്ധൻമാർ തന്നെയാണെങ്കിൽ.

തെളിവ് എന്നത് അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളും അവതരിപ്പിച്ചിട്ടുള്ളത് സർവ്വസ്രഷ്ടാവായ അല്ലാഹുവിനെ ഏകഇലാഹായി പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ്. അവനോടൊപ്പം വേറെഇലാഹുകളുണ്ടെന്നതിന് ഗ്രന്ഥത്തിൽ നിന്നുള്ള ഒരുപദമെങ്കിലും തെളിവായി കൊണ്ടുവരിക എന്നാണ് അല്ലാഹുവിന് ഇടയാളൻമാരെയും ശുപാർശക്കാരെയും ജൽപിക്കുന്ന ഫുജ്ജാറുകളെ വെല്ലുവിളിക്കുന്നത്. 4: 174–175; 10: 34; 23: 116–117 വിശദീകരണം നോക്കുക.

65. നീ പറയുക: ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യങ്ങൾ അറിയുന്നവനായി അല്ലാഹുവല്ലാതെ മറ്റൊരുവനും ഇല്ലതന്നെ, അവർ എന്നാണ് പുനർജീവിപ്പിക്കപ്പെടുക എന്നുപോലും തിരിച്ചറിയാത്തവരുമാകുന്നു!

അല്ലാഹുവിന് ഇടയാളൻമാരും ശുപാർശക്കാരുമായി ഫുജ്ജാറുകൾ ജൽപിക്കുന്ന മരിച്ചുപോയ മഹാത്മാക്കളെക്കുറിച്ചാണ് 'അവർ എന്നാണ് പുനർജീവിപ്പിക്കപ്പെടുക എന്നുപോലും തിരിച്ചറിയാത്തവരാണ്' എന്ന് പറഞ്ഞിട്ടുള്ളത്. അറിവില്ലാത്ത ഏതൊരു കാര്യവും ത്രികാലജ്ഞാനിയിൽ നിന്നുള്ള ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്റിന്റെ ആളോട് ചോദിക്കണമെന്നാണ് 16: 43 ലും 21: 7 ലും പറഞ്ഞിട്ടുള്ളത്. തെളിവും സത്യവുമായ അദ്ദിക്ർ മാത്രമാണ് 313 പ്രവാചകൻമാർക്കും നൽകപ്പെട്ടിട്ടുള്ളത് എന്ന് 21: 24 ലും; അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട അദ്ദിക്റിൽ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുണ്ട് എന്ന് 16: 44 ലും പറഞ്ഞിട്ടുണ്ട്. 5: 48; 16: 20–21; 32: 4 വിശദീകരണം നോക്കുക.

66. അല്ല, പരലോകത്തെക്കുറിച്ചുള്ള അറിവ് അവർ വെടിഞ്ഞിരിക്കുകയാണ്; അല്ല, അതിന്റെ കാര്യത്തിൽ അവർ സംശയത്തിലാണ്; അല്ല, അതിന്റെ കാര്യത്തിൽ അവർ അന്ധരായവർ തന്നെയാണ്.

ഗ്രന്ഥത്തിലെ മൂന്നിലൊന്ന് സൂക്തങ്ങൾ പരലോകത്തെക്കുറിച്ചുള്ളതാണ്. ഏതൊരുകാര്യത്തെക്കുറിച്ചുള്ള സംശയവും ദൂരീകരിക്കാനുള്ള, 56: 95; 69: 51 സൂക്തങ്ങളിൽ പറഞ്ഞ 'ഉറപ്പുനൽകുന്ന സത്യമായ' അദ്ദിക്റിനെത്തൊട്ട് എക്കാലത്തുമുള്ള കാഫിറുകൾ അന്ധരായിരിക്കും എന്നാണ് സൂക്തം പറയുന്നത്. 2: 18; 20: 124–127; 42: 14 വിശദീകരണം നോക്കുക.

67. കാഫിറുകളായവർ ചോദിക്കുകയും ചെയ്യുന്നു: ഞങ്ങളും ഞങ്ങളുടെ പിതാക്കളും മണ്ണായിത്തീർന്നാൽ നിശ്ചയം, ഞങ്ങൾ പുറപ്പെടുവിക്കപ്പെടുക തന്നെ ചെയ്യുമെന്നോ?

ജീവിതലക്ഷ്യം ഉണർത്തുന്ന അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകളുടെ ജീവിത രീതി ഇത്തരം ചോദ്യങ്ങൾ ഉയർത്തുന്ന വിധത്തിലാണ്. എന്നല്ലാതെ ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് നമസ്കരിക്കുകയും നോമ്പ് അനുഷ്ഠിക്കുകയും ഹജ്ജും ഉംറയും നിർവ്വഹിക്കുകയും ചെയ്ത് വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ ദീനിൽനിന്ന് തെറിച്ചുപോയി നരകത്തിന്റെ വിറകുകളായിത്തീർന്ന അവർ വായകൊണ്ട് ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നില്ല. 17: 49-52, 98; 23: 35, 82 വിശദീകരണം നോക്കുക.

68. നിശ്ചയം, ഞങ്ങളും ഇതിനുമുമ്പ് ഞങ്ങളുടെ പിതാക്കന്മാരും ഇതുപോലുള്ള വാഗ്ദാനങ്ങൾ നൽകപ്പെട്ടവരാണ്, നിശ്ചയം ഇത് പൂർവ്വികരുടെ പഴമ്പുരാണങ്ങളല്ലാതെയല്ല.

6: 25; 23: 83; 46: 17 വിശദീകരണം നോക്കുക.

69. നീ പറയുക: നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുക, എന്നിട്ട് ഭ്രാന്തന്മാരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നിങ്ങൾ നോക്കിക്കാണുക.

അദ്ദിക്ർ ഉപയോഗപ്പെടുത്തി അല്ലാഹുവിന്റെ പ്രാതിനിധ്യം വഹിക്കുകയും ചിന്താശക്തി ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന ഒരു വിശ്വാസി നാട്ടിലെങ്ങും ഇല്ലാത്തപ്പോഴാണ് ഏതൊരു നാടിനെയും നശിപ്പിച്ചിട്ടുള്ളത്. ഇനി ലോകത്തെല്ലായിടത്തുമുള്ള ഇതര ജനവിഭാഗങ്ങളും ഇന്നത്തെ ഫുജ്ജാറുകളെപ്പോലെ യഥാർത്ഥ ഭ്രാന്തന്മാരാകുമ്പോഴാണ് അന്ത്യമണിക്കൂർ നടപ്പിലാവുക. 7: 84; 12: 109; 22: 45-46; 46: 35 വിശദീകരണം നോക്കുക.

70. അവരുടെമേൽ നീ ദുഃഖിക്കേണ്ടതുമില്ല, അവർ നടത്തിക്കൊണ്ടിരിക്കുന്ന ഗൂഢതന്ത്രങ്ങളിൽ നീ മനസ്സിടുങ്ങുന്നവനാകേണ്ടതുമില്ല.

അവർ സന്മാർഗമായ അദ്ദിക്ർ സ്വീകരിക്കാത്തതിൽ നീ ദുഃഖിക്കുകയോ അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ അവർക്ക് എത്തിച്ചുകൊടുക്കുന്നതിന്റെ പേരിൽ നിനക്കെതിരെ അവർ നടത്തുന്ന ഗൂഢതന്ത്രങ്ങളിൽ ഭയപ്പെട്ട് നിരാശപ്പെട്ട് നീ മനസ്സിടുങ്ങുന്നവനാവുകയോ ചെയ്യേണ്ടതില്ല എന്നാണ് പ്രവാചകനെയും വിശ്വാസിയെയും അല്ലാഹു സമാധാനിപ്പിക്കുന്നത്. 5: 67; 16: 127-128; 27: 50 വിശദീകരണം നോക്കുക.

71. അവർ ചോദിക്കുകയും ചെയ്യുന്നു: നിങ്ങൾ സത്യസന്ധൻമാർ തന്നെയാണെങ്കിൽ എപ്പോഴാണ് ഈ വാഗ്ദത്തം പുലരുക?

10: 11; 21: 38 വിശദീകരണം നോക്കുക.

72. നീ പറയുക: നിങ്ങൾ ധൃതിപ്പെട്ടുകൊണ്ടിരിക്കുന്ന ശിക്ഷകളിൽ ചിലത് അടുത്തുതന്നെ നിങ്ങളെ പിന്നിൽ നിന്ന് പിടികൂടിയേക്കാം.

13: 6-7; 20: 134-135 വിശദീകരണം നോക്കുക.

73. നിശ്ചയം, നിന്റെ നാഥൻ മനുഷ്യരുടെ മേൽ വളരെ ഔദാര്യമുള്ളവൻ തന്നെയാണ്, എന്നാൽ അവരിൽ അധികപേരും നന്ദിയുള്ളവരാകുന്നില്ല.

അല്ലാഹുവാണ് മനുഷ്യരെ സ്വർഗത്തിൽ സൃഷ്ടിച്ച് ഭൂമിയിൽ അവർക്കുവേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുത്തശേഷം അവരിൽ ആരാണ് നന്ദിപ്രകടിപ്പിക്കുന്ന

വർ, ആരാണ് നന്ദികെട്ടവർ എന്ന് പരീക്ഷിച്ചറിയുന്നതിനുവേണ്ടി ഭൂമിയിലേക്ക് നിയോഗിച്ചയച്ചത്. മനുഷ്യരുടെ മാർഗദർശനത്തിന് വേണ്ടി അവൻ 24: 10 ൽ പറഞ്ഞ ഔദാര്യവും കാരുണ്യവുമായ അദ്ദിക്ർ നൽകുകയുമുണ്ടായി. അത് പിൻപറ്റി ജീവിക്കുന്നവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല എന്ന് 2: 38 ലും; അത് വന്നുകിട്ടിയിട്ട് അതിനെ മൂടിവെക്കുകയും അതിനെ തള്ളിപ്പറയുകയും ചെയ്യുന്നവരാണ് നരകവാസികളെന്ന് 2: 39 ലും പറഞ്ഞിട്ടുണ്ട്. എന്നാൽ 4: 118 ൽ വിവരിച്ച പ്രകാരം ആയിരത്തിൽ ഒന്നല്ലാതെ നന്ദി പ്രകടിപ്പിക്കുന്ന വിശ്വാസിയാവുകയില്ല. 9: 115; 11: 17, 118–119 വിശദീകരണം നോക്കുക.

74. നിശ്ചയം, നിന്റെ നാഥൻ അവരുടെ നെഞ്ചുകളിൽ ഒളിച്ചുവെക്കുന്ന ഒന്നും അവർ പരസ്യപ്പെടുത്തുന്ന ഒന്നും അറിയുന്നവൻ തന്നെയുമാണ്.

2: 255; 36: 76; 67: 13 വിശദീകരണം നോക്കുക.

75. ആകാശത്തോ ഭൂമിയിലോ ഒന്നും തന്നെ മറഞ്ഞുകിടക്കുന്നുമില്ല –ഒരു വ്യക്തമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടല്ലാതെ.

10: 61; 16: 89; 22: 70 വിശദീകരണം നോക്കുക.

76. നിശ്ചയം, ഈ വായന ഇസ്റാഈൽ സന്തതികളുടെമേൽ അവർ ഭിന്നിച്ചു കൊണ്ടിരുന്ന അധിക സംഗതികളും വിശദീകരിച്ചുകൊടുക്കുന്നുണ്ട്.

27: 1 വിശദീകരണം നോക്കുക. പൂർവ്വിക ജനതകൾ ഗ്രന്ഥത്തിന്റെ കാര്യത്തിൽ ഭിന്നിച്ച് വിവിധ സംഘടനകളായിത്തിരിഞ്ഞ് പരസ്പരം പോര് നടിച്ചപ്പോഴാണ് അദ്ദിക്റും കൊണ്ട് മുഹമ്മദിനെ പ്രവാചകനായി നിയോഗിച്ചയച്ചത്. ഇനി സത്യമായ അദ്ദിക്റിന്റെ വഴിയിൽ ജീവിക്കുന്ന ഒരാളും ലോകത്തെവിടെയും ഇല്ലാതാകുമ്പോഴാണ് വിധി ദിവസം നടപ്പിൽവരികയും അദ്ദിക്റിനെ ത്രാസ്സായി ഉപയോഗപ്പെടുത്തി ജനങ്ങൾ ഭിന്നിച്ചിട്ടുള്ള വിഷയത്തിൽ വിധികൽപിക്കുകയും ചെയ്യുക. 2: 113; 16: 64, 124 വിശദീകരണം നോക്കുക.

77. നിശ്ചയം അത് വിശ്വാസികൾക്ക് ഒരു സന്മാർഗ്ഗവും കാരുണ്യവും തന്നെയാണ്.

7: 52, 203; 12: 111; 41: 41 വിശദീകരണം നോക്കുക.

78. നിശ്ചയം, നിന്റെ നാഥൻ അവന്റെ 'ഹുക്മ്' കൊണ്ട് അവർക്കിടയിൽ വിധി കൽപ്പിക്കുന്നതാണ്, അവൻ അജയ്യനായ സർവ്വജ്ഞാനിയുമാണ്!

'ഹുക്മ്' തത്വജ്ഞാനമായ അദ്ദിക്ർ തന്നെയാണ്. 39: 69, 75 എന്നീ സൂക്തങ്ങളിൽ വിധിദിവസം അവർക്കിടയിൽ സത്യമായ അദ്ദിക്ർ കൊണ്ട് വിധികൽപിക്കപ്പെടുകയായി എന്നുപറഞ്ഞിട്ടുണ്ട്. 7: 8–9; 16: 125; 20: 114 വിശദീകരണം നോക്കുക.

79. അപ്പോൾ നീ അല്ലാഹുവിന്റെ മേൽ ഭരമേൽപ്പിക്കുക, നിശ്ചയം നീ വ്യക്തമായ സത്യത്തിന്മേൽ തന്നെയാണുള്ളത്.

'വ്യക്തമായ സത്യം' 36: 69; 38: 1 എന്നീ സൂക്തങ്ങളിൽ പറഞ്ഞ ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഗ്രന്ഥമായ അദ്ദിക്ർ തന്നെയാണ്. 2: 119, 147–148; 10: 108; 69: 51 വിശദീകരണം നോക്കുക.

80. നിശ്ചയം, നീ മരിച്ചവരെ കേൾപ്പിക്കുന്നവനല്ല, വിളികേൾക്കാത്ത ബധിരന്മാർ അവർ പുറം തിരിഞ്ഞ് പിന്തിരിഞ്ഞ് പോകുന്നവരാണെങ്കിൽ നീ അവരെ കേൾപ്പിക്കുന്നവനുമല്ല.

മരിച്ചവരെയും അല്ലാഹു കൊന്നുകളഞ്ഞ -ആത്മാവില്ലാതെ ജീവൻ മാത്രമുള്ള- കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുമടങ്ങിയ ഫുജ്ജാറുകളെയും അദ്ദിക്ർ കേൾപ്പിക്കാൻ പ്രവാചകനോ വിശ്വാസിക്കോ കഴിയുകയില്ല എന്നാണ് സൂക്തം പറയുന്നത്. 30: 52 ഇതേ ആശയത്തിലുള്ള സൂക്തമാണ്. സിംഹഗർജ്ജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടുകഴുതകളെപ്പോലെ ടിക്കറ്റായ അദ്ദിക്ർ വിശദീകരിക്കുന്ന സദസ്സിൽ നിന്ന് വിരണ്ടോടുന്ന, അദ്ദിക്ർ കേൾക്കാൻ കേൾവി ഉപയോഗപ്പെടുത്താത്ത ബധിരരെയും അതിനെക്കുറിച്ച് ലോകരോട് പറയാത്ത ഊമകളെയും ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികൾ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 6: 36; 7: 179; 10: 42-43 വിശദീകരണം നോക്കുക.

81. നീ അന്ധരെ അവരുടെ വഴികേടിൽ നിന്ന് നേർമാർഗത്തിൽ കൊണ്ടുവരുന്നവനുമല്ല, നിശ്ചയം നീ കേൾപ്പിക്കുക നമ്മുടെ സൂക്തങ്ങളെക്കൊണ്ട് വിശ്വസിക്കുന്നവനെയല്ലാതെയല്ല, അപ്പോൾ അവർ സർവ്വസ്വം അല്ലാഹുവിന് സമർപ്പിക്കുന്നവരുമാണ്.

അന്ധർ എന്നതുകൊണ്ടുദ്ദേശിക്കുന്നത് യഥാർത്ഥത്തിൽ കണ്ണിന്റെ കാഴ്ച ഇല്ലാത്തവരല്ല, മറിച്ച് അദ്ദിക്ർ കൊള്ളെ കണ്ണിന്റെ കാഴ്ച ഉപയോഗപ്പെടുത്താതെ അതിനോട് അന്ധത നടിക്കുന്നവരാണ്. അത്തരക്കാർ വഴികേടിലായിത്തീർന്നവരാണെന്നും, അവരെ മാർഗദർശനം ചെയ്യാൻ ഒരാൾക്കും സാധ്യമല്ല എന്നുമാണ് പറയുന്നത്. അദ്ദിക്ർ ശ്രദ്ധിച്ചു കേൾക്കുകയും അതിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയും സർവ്വസ്വം നാഥന് സമർപ്പിക്കുകയും ചെയ്യുന്നവർ മാത്രമേ അദ്ദിക്ർ ഉപയോഗപ്പെടുത്തുന്നവരാവുകയുള്ളൂ. 16: 102; 27: 44; 30: 52-53 വിശദീകരണം നോക്കുക.

82. അവരുടെമേൽ വചനം സംഭവിക്കാറാകുമ്പോൾ നാം അവർക്കുവേണ്ടി ഭൂമിയിൽ നിന്നുള്ള ഒരു മൃഗത്തെ പുറപ്പെടുവിക്കുന്നതാണ്, അത് അവരോട് 'നിശ്ചയം മനുഷ്യർ നമ്മുടെ സൂക്തങ്ങൾ കൊണ്ട് ദൃഢബോധ്യമുള്ളവരായിരുന്നില്ല' എന്ന് സംസാരിക്കുന്നതുമാണ്.

'വചനം'കൊണ്ട് ഉദ്ദേശിക്കുന്നത് അന്ത്യമണിക്കൂറാണ്. *'ദാബ്ബത്തുൽ അർള്'*-ഭൂമിയിൽ നിന്നുള്ള ഒരു മൃഗം- പുറപ്പെടൽ അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നാണ്. സമൂദ് ജനതയ്ക്ക് നൽകിയ ഒട്ടകത്തെപ്പോലെത്തന്നെ പ്രസവിക്കപ്പെട്ട് ഉണ്ടാകുന്നതല്ല ഈ മൃഗവും. മനുഷ്യർ 'അല്ലാഹുവിന്റെ' സൂക്തങ്ങൾ കൊണ്ട് വിശ്വസിക്കുന്നില്ല എന്നല്ല, മറിച്ച് 'നമ്മുടെ' സൂക്തങ്ങൾ കൊണ്ട് ദൃഢബോധ്യമുള്ളവരായിരുന്നില്ല എന്നാണ് മൃഗം വന്നുപറയുന്നത്. അതിൽ നിന്നും പ്രസ്തുത മൃഗം സംസാരിക്കുന്നത് അല്ലാഹുവിനുവേണ്ടിയാണ് എന്ന് മനസ്സിലാക്കാം.'ദൃഢബോധ്യമുള്ളവരായിരുന്നില്ല' എന്ന് പറഞ്ഞതിൽ നിന്നും വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന ദൃഢബോധ്യമുള്ള ഒരു വിശ്വാസിയെങ്കിലും ജീവിച്ചിരിക്കുന്ന കാലത്തോളം ആ മൃഗം വരികയില്ല എന്നും മനസ്സിലാക്കാം. 2: 4; 32: 12, 24; 45: 20 വിശദീകരണം നോക്കുക.

83. ഒരുനാളിൽ എല്ലാഓരോ സമുദായത്തിൽ നിന്നും നമ്മുടെ സൂക്തങ്ങളെ കളവാക്കി തള്ളിപ്പറഞ്ഞുകൊണ്ടിരുന്ന കൂട്ടങ്ങളെ നാം പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടുന്നതും അങ്ങനെ അവർ തരംതിരിച്ച് നിർത്തപ്പെടുന്നതുമാണ്.

പ്രവാചകന്മാരുടെ ജനതയിൽ കപടവിശ്വാസികളായ നേതാക്കളും അവരുടെ വഴി

പിഴച്ചുപോയ അനുയായികളും ഗ്രന്ഥത്തെ തള്ളിപ്പറഞ്ഞുകൊണ്ട് പിശാചിന്റെ കാൽപാടുകളാണ് പിൻപറ്റിക്കൊണ്ടിരുന്നത്. അന്ത്യപ്രവാചകന് അവതരിപ്പിച്ചിട്ടുള്ള 5: 48 ൽ പറഞ്ഞ മുഹൈമിനായ അദ്ദിക്ർ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമാണെന്നും അതിനെ സത്യപ്പെടുത്തി ജീവിക്കാത്ത കപടവിശ്വാസികളും അനുയായികളും തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്നും 25: 33-34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 25: 18 ൽ പറഞ്ഞ കെട്ട ജനതയായ ഫുജ്ജാറുകൾ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയതിനാൽ സർവ്വലോകർക്കുമുള്ള ഉണർത്തലായ അദ്ദിക്ർ പ്രവാചകന്റെ സമുദായത്തിൽ പെട്ട, അദ്ദിക്റിനെ മൂടിവെക്കാത്ത ഇതര ജനവിഭാഗങ്ങളെ ഏൽപിക്കുമെന്ന് 6: 89-90 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത 8: 22 ൽ ദുഷ്ടജീവികൾ എന്ന് നാഥനാൽ വിശേഷിപ്പിക്കപ്പെട്ട ഈ ജനതയിലെ ഓരോ വിഭാഗത്തെയും നരകക്കുണ്ഠത്തിലെ ഏഴ് കവാടങ്ങളിലൊന്നിലേക്ക് നിജപ്പെടുത്തി വെച്ചിട്ടുണ്ടെന്ന് 15: 44 ൽ പറഞ്ഞിട്ടുണ്ട്. 2: 62, 165-167; 14: 21-22; 18: 99 വിശദീകരണം നോക്കുക.

84. അങ്ങനെ അവർ വന്നുകഴിഞ്ഞാൽ അവൻ ചോദിക്കും: നിങ്ങൾ എന്റെ സൂക്തങ്ങൾ കളവാക്കി തള്ളിപ്പറഞ്ഞിരുന്നുവോ -നിങ്ങൾക്ക് അതിനെക്കുറിച്ച് യാതൊരു അറിവും ഉൾക്കൊള്ളാൻ കഴിയാതിരുന്നിട്ടും? അല്ലാതെ പിന്നെ നിങ്ങൾ എന്താണ് ചെയ്തുകൊണ്ടിരുന്നത്?

നാഥനിൽ നിന്നുള്ള ഗ്രന്ഥം അദ്ദിക്റാണെന്ന് അറിഞ്ഞിട്ട് അതിന്റെ 40 പേരുകളിൽ ഒന്നുപോലും അനുയായികളെ അറിയിക്കാതെ സൃഷ്ടികൾ എഴുതിയുണ്ടാക്കിയ മിഥ്യാഗ്രന്ഥങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ട് അനുയായികൾക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം അനുവദനീയമാക്കിക്കൊടുത്തവരാണ് അല്ലാഹു കൊന്നുകളഞ്ഞ കപടവിശ്വാസികളായ നേതാക്കൾ എന്ന് 14: 28-29 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി ഈ കെട്ട ജനതയോട് 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്കാണ്' എന്ന് പറയാൻ 14: 30 ലൂടെ കൽപിക്കപ്പെട്ടിട്ടുണ്ട്. സത്യം-അദ്ദിക്ർ-കൂടാതെ ഭൂമിയിൽ അഹംഭാവം നടിച്ച് നടക്കുന്നവരെ നാഥന്റെ സൂക്തങ്ങളെത്തൊട്ട് നാഥൻ പിന്തിരിപ്പിച്ച് കളയുകതന്നെ ചെയ്യും, അവർ ഏതൊരു സൂക്തം കണ്ടാലും അതുകൊണ്ട് വിശ്വസിക്കുകയില്ല, അവർ തന്റേടത്തിന്റെ മാർഗ്ഗം കണ്ടാൽ ആ മാർഗം തെരഞ്ഞെടുക്കുകയില്ല; അവർ ദുർമാർഗം കണ്ടാലോ, ആ മാർഗ്ഗം സ്വീകരിക്കുകയും ചെയ്യും, നിശ്ചയം അത് അവർ നമ്മുടെ സൂക്തങ്ങളെ കളവാക്കി തള്ളിപ്പറയുകയും അവകൊള്ളെ പ്രജ്ഞയറ്റവരായിരുന്നത് കൊണ്ടുമാണ് എന്ന് 7: 146 ൽ പറഞ്ഞിട്ടുണ്ട്. 1: 7; 3: 196-197; 7: 37; 40: 56 വിശദീകരണം നോക്കുക.

85. അവർ അക്രമികളായിരുന്നതുകൊണ്ട് അവരുടെമേൽ ശിക്ഷാവചനം സംഭവിക്കുകയും ചെയ്തു, അപ്പോൾ അവർ ഒന്നും മിണ്ടുകയില്ല.

എല്ലാവിധ ആപത്തു-വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിനും* സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റുമായ അദ്ദിക്റിനെ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുകവഴിയാണ് അവർ അക്രമികളായത്. വ്യക്തമായ വായനയാ

യ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് ജീവനുള്ളവരെ മുന്നറിയിപ്പ് നൽകുന്നതിനും കാഫിറുകളുടെമേൽ ശിക്ഷാവചനം നടപ്പിലാകുന്നതിന് വേണ്ടിയുമാണെന്ന് 36: 69–70 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 254; 3: 91; 6: 21 വിശദീകരണം നോക്കുക.

86. അവർ കാണുന്നില്ലേ, നിശ്ചയം നാം രാത്രിയെ അതിൽ ശാന്തിയോടുകൂടി താമസിക്കുന്നതിന് വേണ്ടിയും പകലിനെ ഉൾക്കാഴ്ചാദായകവുമാക്കിയിട്ടുള്ളത്, നിശ്ചയം അതിൽ വിശ്വാസികളായ ജനതക്ക് പാഠങ്ങൾ തന്നെയുണ്ട്.

3: 190–191; 17: 12–15; 25: 62 വിശദീകരണം നോക്കുക.

87. 'സ്വൂർ'എന്ന കാഹളത്തിൽ ഊതപ്പെടുന്ന ദിനമോ! അപ്പോൾ ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും സംഭീതരായിത്തീരുന്നതാണ് -അല്ലാഹു ഉദ്ദേശിച്ചവരൊഴികെ; എല്ലാ ഓരോരുത്തരും അവന്റെ മുമ്പിൽ ദീനരായി വരുന്നതുമാണ്.

39: 68 ൽ പറഞ്ഞ പ്രകാരം *സ്വൂർ* എന്ന കാഹളത്തിൽ ഒന്നാമതായി ഊതപ്പെടുമ്പോൾ അല്ലാഹു ഉദ്ദേശിച്ചവരൊഴികെ ആകാശത്തുള്ളവരും ഭൂമിയിലുള്ളവരുമെല്ലാം മരിച്ച് വീഴുന്നതാണ്. പിന്നീട് രണ്ടാമത് ഊതപ്പെടുമ്പോൾ എല്ലാവരും എഴുന്നേറ്റുനിന്ന് ചുറ്റുഭാഗത്തേക്കും നോക്കുന്നതാണ്. 36: 53 ൽ പറഞ്ഞ പ്രകാരം മൂന്നാം പ്രാവശ്യം കാഹളത്തിൽ ഊതപ്പെടുമ്പോൾ എല്ലാവരും നാഥന്റെ മുമ്പിൽ വിചാരണക്കുവേണ്ടി ഹാജരാക്കപ്പെടുന്നതുമാണ്. 1: 3; 21: 103; 50: 20 വിശദീകരണം നോക്കുക.

88. നീ പർവ്വതങ്ങളെ കാണുന്നു, അവ ഉറച്ചുനിൽക്കുന്നതാണെന്ന് കണക്കുകൂട്ടുകയും ചെയ്യുന്നു, അന്ന് അവ മേഘങ്ങൾ സഞ്ചരിക്കുന്നതുപോലെ സഞ്ചരിക്കുന്നതുമാണ്, എല്ലാഓരോ കാര്യവും കുറ്റമറ്റതാക്കിത്തീർക്കുന്നവനായ അല്ലാഹുവിന്റെ നിർമ്മിതി തന്നെയാണത്, നിശ്ചയം അവൻ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്തവനാകുന്നു.

ഭൂമിയുടെ മേൽ ആണിയായി നാട്ടിയിട്ടുള്ള പർവ്വതങ്ങൾ 'സ്വൂർ' എന്ന കാഹളത്തിൽ ഊതപ്പെടുന്ന നാളിൽ മേഘങ്ങളെപ്പോലെ പാറിപ്പറക്കുമെന്നാണ് സൂക്തത്തിൽ പറയുന്നത്. 20: 105–107; 21: 30–31, 104; 70: 8–9 വിശദീകരണം നോക്കുക.

89. നന്മയും കൊണ്ട് ആരാണോ വരുന്നത്, അപ്പോൾ അവന് അതിനെക്കാൾ ഉത്തമമായതുണ്ട്, അവർ അന്നേദിനത്തിന്റെ സംഭീതിയിൽ നിന്ന് സുരക്ഷിതരുമായിരിക്കും.

സൂക്തത്തിൽ തിന്മയെക്കുറിച്ച് പരാമർശിക്കാത്തത് നന്മയുള്ളവരിൽ തിന്മയുണ്ടാവുകയില്ല എന്നതിനാലാണ്. അദ്ദിക്റിനെ ത്രാസ്സായി ഉപയോഗപ്പെടുത്തി ഇവിടെവെച്ചുതന്നെ തിന്മകൾ മായ്ച്ചുകളയുകയും വിശ്വാസിയാണെന്ന് ഉറപ്പുവരുത്തുകയും ചെയ്തതുകൊണ്ടാണ് അവർ സംഭീതിയിൽ നിന്ന് സുരക്ഷിതരാകുന്നത്. ഒരുശരീരത്തിൽ രണ്ട് ഹൃദയങ്ങൾ ഉണ്ടാവുകയില്ല എന്ന് 33: 4 ൽ പറഞ്ഞതുപോലെ, വിശ്വാസവും നിഷേധവും ഒരാളിൽ ഒരുമിച്ച് സമ്മേളിക്കുകയില്ല. വിശ്വാസിയായിക്കൊണ്ട് വ്യഭിചരിക്കാനോ കളവ് നടത്താനോ കൊലനടത്താനോ അല്ലാഹുവിനെ ഉറക്കിക്കിടത്തിക്കൊണ്ടുള്ള ഒരു പ്രവൃത്തിയും നടത്താനോ ഒരാൾക്കും സാധിക്കുകയില്ല. 16: 97; 26: 88–89; 75: 14–15 വിശദീകരണം നോക്കുക.

90. ആരാണോ തിന്മയും കൊണ്ട് വന്നത് അപ്പോൾ അവരെ മുഖംകുത്തിയവരായിക്കൊണ്ട് നരകത്തിൽ തള്ളുന്നതുമാണ്, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതി

നല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമോ?

നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാതെ എന്ത് പ്രവൃത്തി ചെയ്താലും അത് തിന്മയായിട്ടാണ് 17: 13–14; 18: 49; 23: 62–64 തുടങ്ങിയ ഏഴ് സൂക്തങ്ങളിൽ പറഞ്ഞ മനുഷ്യന്റെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖയിൽ രേഖപ്പെടുത്തുക. ഗ്രന്ഥത്തിലെ ഒരു സൂക്തഭാഗമെങ്കിലും തെളിവായി ഇല്ലാത്ത ഏത് പ്രവൃത്തിയും മിഥ്യയാണെന്നും അത്തരം പ്രവർത്തനങ്ങൾക്ക് വിധിദിവസം ത്രാസിൽ തൂക്കം ലഭിക്കുകയില്ലെന്നും 18: 103–106 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മനുഷ്യന് അവൻ ഉദ്ദേശിച്ച് പ്രവർത്തിച്ചതല്ലാതെയില്ല എന്ന് 53: 39 ലും പറഞ്ഞിട്ടുണ്ട്. 2: 186 ൽ പ്രാർത്ഥന സ്വീകരിക്കപ്പെടാൻ അല്ലാഹു രണ്ട് ഉപാധികൾ നിശ്ചയിച്ചിട്ടുണ്ട്. അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാകാതെ നോമ്പ്, നമസ്കാരം, ഹജ്ജ്, ഉംറ, ദാനധർമങ്ങൾ തുടങ്ങിയ കർമ്മങ്ങൾ ചെയ്ത് 25: 65–66 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിഴയായി നരകക്കുണ്ഠം വാങ്ങുന്നവരാണ് ഫുജ്ജാറുകൾ. ചുരുക്കത്തിൽ 5: 48 ൽ പറഞ്ഞ പ്രകാരം എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഫുജ്ജാറുകളെയെല്ലാം അത് നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. സ്വർഗത്തിൽ വെച്ചു തന്നെ ഓരോരുത്തർക്കും വിശ്വാസിയായ അല്ലാഹുവിലേക്കുള്ള ഏകവഴിയും കാഫിറായ പിശാചിലേക്കുള്ള വിവിധ വഴികളും വിവരിക്കുന്ന അദ്ദിക്ർ പഠിപ്പിച്ച നിഷ്പക്ഷവാനായ നാഥൻ ആരെയും നരകത്തിലേക്കോ സ്വർഗത്തിലേക്കോ ആക്കുന്നില്ല. ഏഴാം ഘട്ടത്തിലേക്കുവേണ്ട സ്വർഗം അല്ലെങ്കിൽ നരകം നാലാംഘട്ടമായ ഇവിടെവെച്ച് ഓരോരുത്തരും സമ്പാദിക്കുന്നതാണ്. 16: 111; 25: 33–34; 36: 54 വിശദീകരണം നോക്കുക.

91. നിശ്ചയം ഈ നാടിനെ പവിത്രമാക്കിയ നാഥനെമാത്രം സേവിച്ച് ജീവിക്കുന്നതിനാണ് ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത്, അവനുള്ളതാണ് എല്ലാ ഓരോ വസ്തുവും, അവന് സർവ്വസ്വം സമർപ്പിച്ചവരിൽ ഉൾപ്പെടാനും ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു.

ഞാൻ സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവരിൽ ഒന്നാമനായിരിക്കണമെന്ന് കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്ന് 39: 12 ലും പറഞ്ഞിട്ടുണ്ട്. അജയ്യമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ കാരുണ്യവും സന്മാർഗവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ് മുസ്ലിംകൾ എന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്. ആത്മാവിനും പരലോകത്തിനും പ്രാധാന്യം കൊടുക്കാതെ ശരീരത്തിനും ഐഹിക ലോകത്തിനും പ്രാധാന്യം കൊടുക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മുസ്ലിംകളാണെന്ന് അവകാശപ്പെടുന്നവരാണെങ്കിലും അവർ 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. അവരുടെ മരണസമയത്ത് ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ൽ പറഞ്ഞിട്ടുണ്ട്. 1: 4; 3: 102; 10: 103–104; 29: 67; 106: 3–4 വിശദീകരണം നോക്കുക.

92. -ഈ വായന തിലാവത്ത് ചെയ്യാനും; ആരാണോ സ്വന്തത്തെ സന്മാർഗത്തിലാക്കിയത്, അപ്പോൾ നിശ്ചയം അവൻ സന്മാർഗത്തിലായത് അവനുവേണ്ടിത്തന്നെയാണ്, ആരാണോ വ്യതിചലിച്ചുപോയത്, അപ്പോൾ നീ പറയുക: നിശ്ചയം ഞാൻ മുന്നറിയിപ്പ് നൽകുന്നവരിൽ പെട്ടവൻ മാത്രമാകുന്നു.

ഗ്രന്ഥം ആശയം ഉൾകൊണ്ട് വായിക്കുകയും ആശയം ലോകരിലേക്ക് എത്തിച്ച് കൊടുക്കുകയും ചെയ്യുന്നതിനാണ് *'തിലാവത്ത്'* എന്ന് പറയുന്നത്. പ്രവാചകന്റെ കാലത്ത് ക്രോഡീകരിക്കപ്പെട്ട ഒരു ഗ്രന്ഥം രൂപപ്പെട്ടിരുന്നില്ല. പ്രവാചകന് അവതരിപ്പിക്കപ്പെട്ട അദ്ദിക്റിൽ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുണ്ടെന്ന് 16: 44 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് അത് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 98: 2-3 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ആത്മാവിനെ ശുദ്ധീകരിക്കുന്നതിനുവേണ്ടി അത് ലോകർക്ക് എത്തിച്ചുകൊടുക്കാനാണ് പ്രവാചകന്റെ പാത പിൻപറ്റുന്ന വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. 7: 178; 10: 108; 16: 37; 61: 10-14 വിശദീകരണം നോക്കുക.

93. നീ പറയുകയും ചെയ്യുക: അല്ലാഹുവിനാണ് സർവ്വസ്തുതിയും, അവന്റെ സൂക്തങ്ങൾ അവൻ നിങ്ങൾക്ക് കാണിച്ചുതരികയും അപ്പോൾ നിങ്ങൾ അത് തിരിച്ചറിയുകയും ചെയ്യും, നിന്റെ നാഥൻ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ട് ഒട്ടും അശ്രദ്ധനുമല്ല.

നീ എപ്പോഴും അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് നിലകൊള്ളുന്നവനാവുക എന്നും, 41: 53 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥത്തിലെ സൂക്തങ്ങളുടെ പ്രവചനം ഇഹലോകത്തുവെച്ചു തന്നെ പുലരുന്നത് അവൻ കാണിച്ചുതരുമെന്നും, അപ്പോൾ അത് സത്യമാണെന്ന് നിങ്ങൾ തിരിച്ചറിയുകയും നിങ്ങൾക്ക് ബോധ്യപ്പെടുകയും ചെയ്യുമെന്നുമാണ് പറയുന്നത്. ഇഹലോക ജീവിതമാകുന്ന പരീക്ഷണവേളയിൽ തന്റെ നിയോഗലക്ഷ്യം തിരിച്ചറിയാവുന്ന സന്ദർഭങ്ങളും സാഹചര്യങ്ങളും കൊണ്ടുവരുന്നതും, അവന്റെ സൂക്തങ്ങൾ നിങ്ങൾക്ക് മുമ്പിൽ വ്യക്തമാക്കിത്തരുന്നതുമെല്ലാം അവൻ തന്നെയാണ്. അത് തിരിച്ചറിഞ്ഞ ശേഷം ബാക്കി ജീവിതം കൊണ്ടുള്ള നിങ്ങളുടെ മറുപടി എന്തായിരിക്കുമെന്നാണ് അവൻ വീക്ഷിച്ചുകൊണ്ടിരിക്കുന്നത്. അതാണ് നിന്റെ നാഥൻ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ട് ഒട്ടും അശ്രദ്ധനുമല്ല എന്ന് ആ സൂക്തത്തിലും, ത്രികാലജ്ഞാനിയായ നാഥൻ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം ഉറക്കവും മയക്കവുമില്ലാതെ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ് എന്ന് 2 : 255 ലും പറഞ്ഞതിന്റെ വിവക്ഷ. കൂടാതെ 17: 13-14 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഓരോരുത്തരുടെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖയിൽ അവരുടെ ചിന്തകൾവരെ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നുമുണ്ട്. 2: 85; 25: 57-59 വിശദീകരണം നോക്കുക.

പദസൂചിക

അദ്ദിക്ർ	-ഉണർത്തുന്നത്, വേദത്തിന്റെ ആത്മാവ്, വേദത്തിന്റെ ഹൃദയത്തിന്റെ ഭാഷയിലുള്ള ആശയം
അൽകിതാബ്	-സ്വർഗത്തിൽനിന്ന് ഭൂമിയിലേക്ക് ഇറക്കപ്പെട്ട ഏകഗ്രന്ഥം
അമാനത്ത്	-വിശ്വസിച്ചേൽപിച്ചത്, ഉത്തരവാദിത്തം, അദ്ദിക്ർ
അൽ അമീൻ	-വിശ്വസ്തൻ, മുഹമ്മദിന് പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പുണ്ടായിരുന്ന സ്ഥാനപ്പേര്
അറഫ	-ആദമും ഹവ്വയും ഭൂമിയിൽവെച്ച് ആദ്യമായി കണ്ടുമുട്ടിയ മക്കയ്ക്കടുത്തുള്ള പ്രദേശം
അറഫാദിനം	-ഹജ്ജ് സമ്മേളനത്തിനുവേണ്ടി അറഫായിൽ നിൽക്കുന്ന ദിനം, ഹിജ്റാ കലണ്ടറിലെ 12-ാം മാസം 9-ാം തിയ്യതി
അൻസാർ	-സഹായികൾ, മക്കയിൽനിന്ന് പാലായനം ചെയ്ത് വന്നവരെ സഹായിച്ച മദീനയിലെ വിശ്വാസികൾ
അർറഹ്മാൻ	-നിഷ്പക്ഷവാൻ, പരമകാരുണികൻ
അതീദ്	-തിന്മയുടെ നിരീക്ഷകനും കുറിപ്പുകാരനുമായ മലക്ക്
അത്തഹിയ്യാത്ത്	-നമസ്കാരത്തിന്റെ അവസാനത്തിൽ ആത്മാവുകൊണ്ട് അല്ലാഹുവുമായുള്ള അഭിസംബോധനം, തിരുമുൽക്കാഴ്ച
അസ്ർ	-കാലം, ഒരുസൂറത്തിന്റെ പേര്
അഹ്ലുകാർ	-ഭാര്യ-സന്താനങ്ങൾ, വീട്ടുകാർ
അയ്യൂബ്	-ഒരു പ്രവാചകന്റെ നാമം, ജോബ്
അമ്പിയാഅ്	-നബിമാർ
അസ്റാഈൽ	-മരിപ്പിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട മലക്ക്
ആദം	-ആദ്യത്തെ മനുഷ്യനും ആദ്യത്തെ നബിയും
ആദ്	-ഹൂദ് നബി നിയോഗിക്കപ്പെട്ട ജനതയുടെ പേര്
ആബിദ്	-അല്ലാഹുവിന് അടിമപ്പെടുന്നവൻ/പിശാചിന് അടിമപ്പെടുന്നവൻ
ആലിം	-യഥാർത്ഥ അറിവായ അദ്ദിക്ർ അറിയുന്നവൻ
ആയത്ത്	-അദ്ദിക്റിലെ ഒരു സൂക്തം/ഒരു ദൃഷ്ടാന്തം
ഇബാദത്ത്	-വഴിപ്പെടുക, അനുസരിക്കുക, സേവിക്കുക
ഇലാഹ്	-കാണാതെ കണ്ട് ആരെ വിളിക്കാമോ, ആരോട് സഹായം തേടാമോ, ആരെ ഭയപ്പെടാമോ, ആരിൽ ഭരമേൽപിക്കാമോ അവൻ.
ഇജ്തിഹാദ്	-ഗവേഷണം
ഇജാസ്	-മക്കയും മദീനയും ഉൾക്കൊള്ളുന്ന പ്രവിശ്യയുടെ പേര്
ഇബ്ലീസ്	-ആശയറ്റവൻ, പിശാച്
ഇബ്റാഹീം	-ഒരു പ്രവാചകന്റെ നാമം, അബ്രഹാം
ഇമാം	-എല്ലാ കാര്യത്തിനും മുമ്പിൽ നിറുത്തേണ്ടത്, അദ്ദിക്ർ, നമസ്കാരത്തിന് നേതൃത്വം നൽകുന്നവൻ
ഇമാം മഹ്ദി	-അവസാനകാലത്ത് ഇജാസിൽ വരുന്ന നീതിമാനായ നേതാവ്
ഇസ്റാഫീൽ	-കാഹളത്തിൽ ഊതാൻ ഏൽപ്പിക്കപ്പെട്ട മലക്ക്
ഇസ്മാഈൽ	-ഒരു പ്രവാചകന്റെ നാമം, ഇബ്രാഹീംനബിയുടെ ആദ്യപുത്രൻ
ഇസ്ഹാഖ്	-ഒരു പ്രവാചകന്റെ നാമം, ഇബ്രാഹീംനബിയുടെ രണ്ടാമത്തെ പുത്രൻ

ഇസ്മുൽ അഅ്ളം -അല്ലാഹുവിന്റെ ഏറ്റവും മഹത്തായ നാമം
ഇസ്തിഗാസ -സഹായം തേടൽ, ഇടതേട്ടം
ഇസ്ലാം -പ്രകൃതിജീവിതരീതി, സമാധാനം, ജീവിതം അല്ലാഹുവിന് സമർപ്പിക്കൽ
ഇസ്ലാം കാര്യങ്ങൾ -ഇസ്ലാമിലെ അഞ്ച് പ്രധാന സ്തംഭങ്ങൾ -അല്ലാഹു ഏകനാണെന്നും മുഹമ്മദ് അവന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കൽ, നമസ്കാരം, നിർബന്ധ ദാനം, റമളാനിലെ വ്രതാനുഷ്ഠാനം, മക്കയിലേക്കുള്ള തീർത്ഥാടനം മുതലായവ
ഇസ്റാഉം മിഅ്റാജും -പ്രവാചകന്റെ നിശാപ്രയാണവും അല്ലാഹുവുമായി സ്വർഗ്ഗത്തിൽ വെച്ച് നടന്ന കൂടിക്കാഴ്ചയും
ഇശാഅ് -രാത്രി നമസ്കാരസമയം
ഇൻശാ അല്ലാഹ് -അല്ലാഹു ഉദ്ദേശിച്ചാൽ
ഇദ്ദാകാലം -വിവാഹമോചിതകളും ഭർത്താവ് മരിച്ച സ്ത്രീകളും കാത്തിരിക്കേണ്ട കാലഘട്ടം
ഇഹ്റാം -പ്രത്യേക വസ്ത്രമണിഞ്ഞ് ഹജ്ജിനോ ഉംറക്കോ വേണ്ടി പ്രവേശിക്കുക
ഇല്ലിയ്യീൻ -സജ്ജനങ്ങളുടെ കർമ്മങ്ങൾ രേഖപ്പെടുത്തുന്ന സ്വർഗ്ഗത്തിലെ പട്ടിക
ഇഞ്ചീൽ -ഈസാനബിക്ക് ഇറക്കപ്പെട്ട ഗ്രന്ഥം, ബൈബിളിലെ പുതിയനിയമത്തിന്റെ അടിസ്ഥാനം
ഈസാ -ഒരുപ്രവാചകന്റെ നാമം, യേശു
ഈമാൻ -അദ്ദിക്ർ കൊണ്ട് രൂപപ്പെടുന്ന വിശ്വാസം
ഉംറഃ -ഹജ്ജ് കാലത്തല്ലാതെയുള്ള തീർത്ഥാടനം, ഏഴുതവണ വീതം കഅ്ബക്കുചുറ്റുമുള്ള പ്രദക്ഷിണവും സഫാ മർവാ കുന്നുകൾക്കിടയിലുള്ള ഓട്ടവും അടങ്ങുന്ന ആരാധനാചടങ്ങ്
ഉമ്മത്ത് -സമുദായം, അതത് പ്രവാചകന്മാരുടെ കാലഘട്ടങ്ങളിലുള്ള മൊത്തം മനുഷ്യർ, മുഹമ്മദ് അന്ത്യപ്രവാചകനായതിനാൽ സമുദായത്തിൽ അന്നുമുതൽ അന്ത്യനാൾവരെയുള്ള മൊത്തം മനുഷ്യർ ഉൾപ്പെടുന്നതാണ്.
ഉഹ്ദ് യുദ്ധം -ഹിജ്റ മൂന്നാംവർഷം ഉഹ്ദിൽ വെച്ച് മക്കാമുശ്രിക്കുകളുമായുണ്ടായ യുദ്ധം
ഉലുൽ അസ്മുകൾ -ദൂതന്മാരിൽ ശ്രേഷ്ഠർ; നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ, മുഹമ്മദ്, എന്നീ 5 പ്രവാചകന്മാർ
ഉലൂഹിയ്യത്ത് -കാണാതെകണ്ട് വിളിക്കപ്പെടാനും ഭയപ്പെടാനും സഹായം തേടപ്പെടാനും ഭരമേൽപ്പിക്കപ്പെടാനുമുള്ള അർഹത
ഔറത്ത് -മറയ്ക്കൽ നിർബന്ധമായിട്ടുള്ള ശരീരഭാഗങ്ങൾ, ദമ്പതികൾക്ക് വിവസ്ത്രരായിരിക്കാൻ അനുവദനീയമായ സന്ദർഭം
ഔസ് -മദീനയിലെ ഒരുപ്രബല അറബിഗോത്രത്തിന്റെ പേര്
ഔറാദ് -പ്രാർത്ഥനകളായി ഉപയോഗിക്കപ്പെടേണ്ട സൂക്തങ്ങൾ, 'വിർദ്'ന്റെ ബഹുവചനം
ഔലിയാക്കൾ -സംരക്ഷകന്മാർ, തോഴർ
കഅ്ബ -ഭൂമിയുടെ കേന്ദ്രമായ മക്കയിൽ സ്ഥിതി ചെയ്യുന്ന ഭൂമിയിലെ ആദ്യത്തെ ആരാധനാലയം

കലാം -സംസാരം
കലിമാത്ത് -വചനങ്ങൾ, വേദഗ്രന്ഥത്തിന്റെ അർത്ഥവുമാശയവുമുൾക്കൊള്ളുന്ന റൂഹ്
കാഫിർ -വേദത്തിലെ സൂക്തങ്ങളെ മൂടിവെക്കുന്നവനും തള്ളിപ്പറയുന്നവനും
കുഫ്ർ -നിഷേധം, മൂടിവെക്കൽ
കുഫ്ഫാർ -വേദഗ്രന്ഥത്തിലെ സൂക്തങ്ങൾ അടിക്കടി മൂടിവെക്കുന്നവർ
ഖബർ -ശവക്കുഴി, മൃതശരീരം അടക്കം ചെയ്യുന്ന സ്ഥലം.
ഖലീഫ -പ്രതിനിധി
ഖസ്റജ് -മദീനയിലെ ഒരു പ്രബല അറബിഗോത്രം
ഖാറൂൻ -മൂസാനബിയുടെ കാലത്ത് ജീവിച്ചിരുന്ന ഒരു ധനാഢ്യന്റെ പേര്
ഖിബ്തി -ഈജിപ്തിലെ പുരാതനമായ ഒരു ഗോത്രത്തിന്റെ പേര്, ഫിർഔനിന്റെ ഗോത്രം
ഖിബ്ലഃ -ലോകവിശ്വാസികളുടെ ശ്രദ്ധാകേന്ദ്രം
ഖില്ല -കഅ്ബയുടെ പുതപ്പ്
ഖിയാമത്ത് നാൾ -ലോകാവസാന ദിനം,
ഖിറാഅത്ത് -പാരായണം, വായന
ഖിസ്ത് -നീതി, തുലനം, അദ്ദിക്ർ
ഖിള്ർ -മൂസാനബിക്ക് അറിവ് പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ട മലക്ക്
ഖുത്തുബ -പ്രഭാഷണം, ജുമുഅഃ നമസ്കാരത്തിന് മുമ്പുള്ള പ്രഭാഷണം
ഖുർആൻ -ആവർത്തിച്ചാവർത്തിച്ച് വായിക്കപ്പെടുന്ന ഗ്രന്ഥം
ഖുദുസിയായ ഹദീസ് -അല്ലാഹു നബിയോട് മലക്ക് മുഖേനയല്ലാതെ നേരിട്ട് സംസാരിച്ചത്
ഖുറൈശി -മക്കയിലെ പ്രബലഗോത്രത്തിന്റെ പേര്, നബിയുടെ ഗോത്രം
ഖൗം -ഓരോ പ്രവാചകന്മാരുടെയും അഭിസംബോധകരായ ജനത, ഇന്ന് പ്രവാചകൻ മുഹമ്മദിന്റെ ഖൗം ഗ്രന്ഥം അനന്തരമെടുത്ത മുസ്ലിം ജനതയാണ്
ഗ്വനീമത്ത് -യുദ്ധമുതൽ
ഗ്വാവീൻ -ലക്ഷ്യബോധം നഷ്ടപ്പെട്ടവർ
ഗ്വാഹിലീൻ -പ്രജ്ഞയറ്റവർ
ജന്നത്തുൽ മഅ്വാ -സ്വർഗ്ഗങ്ങളിലെ അത്യുന്നതകേന്ദ്രം, ഫിർദൗസ് സ്വർഗം
ജമാഅത്ത് -കൂട്ടം
ജഹന്നം -നരകകുണ്ഠം, നരകത്തിന്റെ ഏഴുകവാടങ്ങളിൽ ഒന്ന്
ജഹീം -ജ്വലിക്കുന്ന നരകം, നരകത്തിലേക്കുള്ള മറ്റൊരു കവാടം
ജാഹിലിയ്യത്ത് -അന്ധകാര ജീവിതരീതി
ജാഹിലിയ്യാ കാലം -ജീവിതലക്ഷ്യം അറിയാത്ത കാലം, പ്രവാചകൻ മുഹമ്മദ് നിയോഗിക്കപ്പെടുന്നതിന് തൊട്ടുമുമ്പുള്ള കാലം
ജാറം -മഹാത്മാക്കളെന്ന് കരുതപ്പെടുന്നവരുടെ ഖബറിടം
ജിന്ന് -തീജ്ജ്വാലയാൽ സൃഷ്ടിക്കപ്പെട്ട അഗോചരമായ സൃഷ്ടി, അസുരൻ
ജിബ്രീൽ -ദിവ്യസന്ദേശം എത്തിച്ചുകൊടുക്കുന്നതിന് ഏൽപിക്കപ്പെട്ട മലക്ക്, മലക്കുകളുടെ നേതാവ്, ദേവേന്ദ്രൻ, ഗബ്രിയേൽ
ജിസ്യ -ഇസ്ലാമികഭരണകൂടത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിന് പകരമായി നൽകുന്ന നികുതി, കപ്പം

ജിഹാദ് -ലക്ഷ്യസാക്ഷാത്കരണത്തിനുള്ള ത്യാഗപരിശ്രമം
ജുമുഅഃ -വെള്ളിയാഴ്ച ഉച്ചക്കുള്ള കൂട്ടംകൂടൽ
ജൂദി പർവ്വതം -തുർക്കിയിലുള്ള ഒരുപർവ്വതം, നൂഹ്നബിയുടെ കപ്പലിറങ്ങിയ സ്ഥലം
തക്ബീർ -അല്ലാഹുവിനെ മഹത്വപ്പെടുത്തൽ
തഖ്വ -സൂക്ഷ്മത, ഭയഭക്തി
തഖ്വയാകുന്നവസ്ത്രം-ആത്മാവിന്റെ വസ്ത്രമായ അദ്ദിക്ർ
തജ്വീദ് -പാരായണ മുറ
തഫ്സീർ -വേദഗ്രന്ഥത്തിന്റെ വിശദീകരണം
തഹിയ്യത്ത് -അഭിസംബോധനം, പള്ളിയിൽ പ്രവേശിച്ചാലുള്ള നമസ്കാരം
തയമ്മും -ശുദ്ധി ഉദ്ദേശിച്ചുകൊണ്ട് മണ്ണുകൊണ്ട് തടവൽ
തസ്ബീഹ് -പരിശുദ്ധപ്പെടുത്തൽ
തഹ്ലീൽ -അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിക്കൽ
തിലാവത്ത് -പ്രതികരിച്ചുകൊണ്ട് വേദഗ്രന്ഥം വായിക്കൽ, ആശയം വിശദീകരിച്ചു കൊടുക്കൽ
തിലാവത്തിന്റെ സുജൂദ്-വേദഗ്രന്ഥം പാരായണം ചെയ്യുന്നതോടനുബന്ധിച്ചുള്ള സാഷ്ടാംഗ പ്രണാമം
തുമഅ്നീനത്ത് -ശാന്തിയും സമാധാനവും ഉറപ്പും ലഭിച്ച അവസ്ഥ
തൗറാത്ത് -മൂസാനബിക്ക് നൽകപ്പെട്ട ഗ്രന്ഥം, പഴയനിയമം
തൗബ -മടക്കം, പശ്ചാത്താപം
തൗഹീദ് -ഏകത്വത്തിൽ അധിഷ്ഠിതമായത്
ത്വലാഖ് -വിവാഹമോചനം
ത്വാഗൂത്ത് -അല്ലാഹുവിന്റെ ഏകമാർഗത്തിൽനിന്ന് തടയുന്ന എല്ലാപ്രേരണകളും, ശക്തികളും, വ്യക്തികളും, സംഘടനകളും

ദജ്ജാൽ -അന്തിക്രിസ്തു, മോശൈദയാൽ, കലി
ദാബ്ബത്തുൽ അർള് -അവസാനനാളിന്റെ ലക്ഷണമായി ഭൂമിയിൽ നിന്ന് പുറപ്പെടുന്ന മൃഗം
ദിക്ർ -ഉണർത്തുന്നത്, ഹൃദയത്തിന്റെ ഭാഷയിലുള്ള വേദത്തിന്റെ ആശയം
ദിക്രീ, ദിക്റാ -അല്ലാഹുവിന്റെ സ്മരണയുണർത്തുന്ന വേദഗ്രന്ഥത്തിന്റെ ആശയം
ദിക്ർ ഹൽഖ -ദിക്ർ പദങ്ങൾ ആശയമില്ലാതെ ഉരുവിടാനുള്ള സംഗമം
ദീൻ -ജീവിത വ്യവസ്ഥ
നഫ്സ് -ആത്മാവ്
നബി -ദിവ്യബോധനം നൽകപ്പെട്ടവൻ
നുത്ഫ -ഇന്ദ്രിയം/അണ്ഡം/ബീജം
നൂഹ് -ആദ്യമായി വേദഗ്രന്ഥം നൽകപ്പെട്ട പ്രവാചകൻ, മനു, നോഹ
ഫത്വ -മതവിധി പുറപ്പെടുവിക്കൽ, വിശദീകരണം
ഫർള് -നിർബന്ധമായത്
ഫാസിഖ് -തെമ്മാടി, കപടവിശ്വാസി
ഫാജിർ -ആശയം പഠിക്കാൻ ശ്രമിക്കാതെ വേദഗ്രന്ഥത്തിന്റെ ശരീരം തിന്നുന്നവൻ അല്ലെങ്കിൽ വേദഗ്രന്ഥം കൊണ്ട് തിന്നുന്നവൻ
ഫാത്തിഹഃ -ആമുഖം, അദ്ദിക്റിലെ ഒന്നാമത്തെ അധ്യായം.

ഫിത്നഃ -പരീക്ഷണം, നാശം
ഫിർഔൻ -പുരാതന ഈജിപ്തിലെ ഖിബ്തി രാജക്കന്മാരുടെ സ്ഥാനപ്പേര്
ഫിർദൗസ് -പറുദീസ, അത്യുന്നത സ്വർഗം, Paradise
ഫിഖ്ഹ് ഗ്രന്ഥം -സൃഷ്ടികൾ രചിച്ച കർമ്മശാസ്ത്രഗ്രന്ഥം
ഫുർഖാൻ -സത്യാസത്യവിവേചന മാനദണ്ഡം/ഉരക്കല്ല്
ഫുജ്ജാർ -ഫാജിറിന്റെ ബഹുവചനം, കപടവിശ്വാസികളും അവരുടെ അനുയായികളും ഉൾക്കൊള്ളുന്നവർ
ബസ്വാഇർ -ഉൾക്കാഴ്ചാദായകം, അദ്ദിക്ർ
ബദവികൾ -അപരിഷ്കൃതരായ ഗ്രാമീണ അറബികൾ, ബദുക്കൾ
ബനൂനളീർ -മദീനയിലുണ്ടായിരുന്ന ഒരു ജൂതഗോത്രത്തിന്റെ പേര്
ബനൂഖുറൈള -മദീനയിലുണ്ടായിരുന്ന മറ്റൊരു ജൂതഗോത്രത്തിന്റെ പേര്
ബനൂഖൈനുഖാഅ് -മദീനയിലുണ്ടായിരുന്ന മൂന്നാമത്തെ ജൂതഗോത്രത്തിന്റെ പേര്
ബനുൽമുസ്ത്വലഖ് -ഒരു അറബി ഗോത്രത്തിന്റെ പേര്
ബർസഖ് -മറ, മനുഷ്യന്റെ അഞ്ചാമത്തെ ഘട്ടം
ബദ്ർ -നബിയുടെ കാലത്ത് വിശ്വാസികളും നിഷേധികളും തമ്മിലുള്ള ആദ്യയുദ്ധം നടന്ന മക്കയ്ക്കും മദീനയ്ക്കും ഇടയിലുള്ള സ്ഥലം
ബുർഹാൻ -തെളിവ്, അദ്ദിക്ർ
ബൈത്തുൽ മുഖദ്ദിസ് -ഫലസ്തീനിലുള്ള പരിശുദ്ധമായ പള്ളി, രണ്ടാമത്തെ ഖിബ്ല
ബൈഅത്ത് -സത്യപ്രതിജ്ഞ
മലക്ക് -പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ട അഗോചരമായ സൃഷ്ടികൾ, ദേവൻ, മാലാഖ
മസീഹ് -മായ്ച്ച് കളയുന്നവൻ, (ഇസ്ലാമിനെ മായ്ച്ച് കളയുന്നവൻ-ദജ്ജാൽ, കുഫ്റിനെ മായ്ച്ച് കളയുന്നവൻ-ഈസാ)
മസീഹുദ്ദജ്ജാൽ -അന്ത്യനാളിന്റെ പ്രധാനഅടയാളങ്ങളിൽ ഒന്നായ ഇസ്ലാമിനെ മായ്ച്ചുകളയാൻ വരുന്ന മുപ്പതാമത്തെ കള്ളവാദി, അധർമ്മമൂർത്തി
മദ്ഹബ് -യാഥാർത്ഥ ദീനിൽ നിന്ന് പോകൽ
മദ്ഹബുകാർ -ഭിന്നാഭിപ്രായങ്ങൾ സ്വീകരിച്ച് യാഥാർത്ഥ ദീനിൽനിന്ന് പോയവർ
മഅ്മൂം -നമസ്കാരത്തിൽ ഇമാമിനെ പിൻതുടരുന്നവൻ
മഖാം -സ്ഥാനത്തെ അനുസ്മരിപ്പിക്കുന്നത്, മഹാത്മാക്കളെന്ന് കരുതപ്പെടുന്നവർ ഉപയോഗിച്ചിരുന്ന സ്മാരക സ്ഥലങ്ങൾ
മദ്ഹ് -പാടിപ്പുകഴ്ത്തൽ
മഹ്ശറഃ -പരലോകത്ത് വിചാരണക്കുവേണ്ടി ഒരുമിച്ചുകൂട്ടപ്പെടുന്ന സഭ
മസ്ജിദുൽ ഹറാം -രക്തം ചിന്തലും വാദകോലാഹലങ്ങളും നിഷിദ്ധമായ കഅ്ബക്കു ചുറ്റുമുള്ള പള്ളി
മക്കാമുശ്രിക്കുകൾ -മുഹമ്മദ് നബിയുടെ കാലത്തെ മക്കയിലെ ബഹുദൈവാരാധകരായ ജനത
മന്നാൻ -അല്ലാഹുവിന്റെ ഒരുനാമം, അനുഗ്രഹങ്ങൾ എടുത്തുപറയാൻ അർഹതയുള്ളവൻ
മാലിക്ക് -നരകത്തിന്റെ പാറാവുകാരുടെ നേതാവായ മലക്ക്
മിഅ്റാജ് -പ്രവാചകന്റെ സ്വർഗ്ഗാരോഹണ കൂടിക്കാഴ്ച

മിഹ്റാബ്	-ധ്യാനമിരിക്കുന്നതിനുവേണ്ടി നിർമ്മിച്ച പ്രത്യേക മുറി
മീക്കാഈൽ	-ഇടി, മിന്നൽ, കാറ്റ്, മഴ എന്നിവകൊണ്ട് ഏൽപ്പിക്കപ്പെട്ട മലക്ക്
മീഖാത്ത്	-ഇഹ്റാമിൽ പ്രവേശിക്കാൻ നിജപ്പെടുത്തിയ സ്ഥാനങ്ങൾ
മുഹൈമിൻ	-കാത്തുസൂക്ഷിക്കുന്നവൻ-അല്ലാഹു/കാത്തുസൂക്ഷിക്കുന്നത്-അദ്ദിക്ർ
മുശ്രിക്ക്	-അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവൻ
മുത്തഖീങ്ങൾ	-അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർ, അദ്ദിക്ർ സത്യപ്പെടുത്തേണ്ട വിധം സത്യപ്പെടുത്തുന്നവർ
മുനാജാത്ത്	-കൂടിക്കാഴ്ച
മുനാഫിഖ്	-കപടവിശ്വാസി
മുഫ്തി	-മതവിധി പുറപ്പെടുവിക്കുന്ന ആൾ
മുജ്രിം	-ഭ്രാന്തൻ, കുറ്റവാളി, ചിന്താശക്തി ഉപയോഗിക്കാത്തവൻ
മുസ്ലിം	-സർവ്വസ്വം സ്രഷ്ടാവിന് സമർപ്പിച്ചവൻ
മുസ്തൗദഅ്	-ഗോഡൗൺ (അഞ്ചാം ഘട്ടമായ ബർസഖ് ജീവിതത്തിനുള്ള സ്ഥലം)
മുസ്തഖർ	-ഐഹികജീവിതസ്ഥലം, പാർപ്പിടം
മുഹ്സിനീങ്ങൾ	-അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർ
മുഅ്മിൻ	-സുരക്ഷിതൻ, വിശ്വാസി
മുഅ്ജിസത്ത്	-ദിവ്യാത്ഭുതം
മുഹ്കമത്ത്	-തത്വാധിഷ്ഠിതം
മുതദക്കിരീൻ	-അല്ലാഹുവിനെ ഹൃദയത്തിന്റെ ഭാഷയിൽ ഓർമ്മിപ്പിക്കുന്നവർ
മുഹാജിറുകൾ	-പ്രവാചകനോടൊപ്പം മക്കയിൽ നിന്ന് മദീനയിലേക്ക് പാലായനം ചെയ്തവർ
മൂസാ	-ഒരു പ്രവാചകന്റെ നാമം, മോശെ
മൂസവീശരീഅത്ത്	-മൂസാനബിയുടെ കാലം മുതൽ മുഹമ്മദ് നബിയുടെ കാലംവരെയുള്ള ഇസ്ലാമികജീവിതത്തിന്റെ ആചാരാനുഷ്ഠാനക്രമങ്ങൾ
മൗഇളത്ത്	-സദുപദേശം, അദ്ദിക്റിലെ സ്പഷ്ടമായ സൂക്തങ്ങളുടെ സമാനമായ ഉപമോദാഹരണങ്ങൾ
മൗലൂദ്	-ജന്മദിനകീർത്തനങ്ങൾ, മുഹമ്മദ് നബിയുടെ ജനനത്തെ വാഴ്ത്തുന്നതിനുവേണ്ടി രചിക്കപ്പെട്ട കെട്ടുകഥകൾ ഉൾകൊള്ളുന്ന കവിതകൾ
യഅ്ഖൂബ്	-ഇബ്റാഹീം നബിയുടെ പൗത്രൻ, ഇസ്റാഈൽ എന്ന അപരനാമമുള്ള പ്രവാചകൻ
യഅ്ജൂജ് മഅ്ജൂജ്	-അവസാനനാളിന്റെ അടയാളമായി പുറപ്പെടുന്ന ഭൂമിയിൽ നാശം വിതക്കുന്ന രണ്ട് ജനവിഭാഗങ്ങൾ
യൂനുസ് നബി	-ഒരുപ്രവാചകന്റെ പേര്, യോനാപ്രവാചകൻ
രിള്വാൻ	-സ്വർഗ്ഗത്തിന്റെ പാറാവുകാരുടെ നേതാവായ മലക്ക്
ലൂത്ത് നബി	-ഇബ്രാഹീം നബിയുടെ സഹോദരപുത്രൻ, ലോത്ത്,
വസിയ്യത്ത്	-ഊന്നി ഉപദേശിക്കൽ, ഒസ്യത്ത്, വിൽപത്രം
വസീലഃ	-അല്ലാഹുവിന്റെ സാമീപ്യം നേടാനുള്ള ഉപാധി
വലിയ്യ്	-സംരക്ഷകൻ, തോഴൻ
വഹ്യ്	-ദിവ്യസന്ദേശം, ശ്രുതി
വദ്ദ്	-നൂഹ് നബിയുടെ കാലത്തെ നിഷേധികൾ ആരാധിച്ചിരുന്ന ഒരു വിഗ്രഹം

വിർദ് -പ്രാർത്ഥനകളായി ഉപയോഗിക്കപ്പെടേണ്ട വേദഗ്രന്ഥത്തിലെ സൂക്തങ്ങൾ
വുളൂഅ് -അംഗശുദ്ധീകരണം
വുസ്ത്വാനമസ്കാരം -തുമഅ്നീനത്തോടുകൂടിയുള്ള നമസ്കാരം, മധ്യമ നമസ്കാരം
വൈൽ -വിചാരണയില്ലാതെ നരകത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന, കഠോരശിക്ഷക്കർഹരായവരുടെ നരകത്തിലേക്കുള്ള പ്രവേശനകവാടം
ശഹാദത്ത് -സത്യസാക്ഷ്യം, സത്യസാക്ഷ്യവചനങ്ങൾ
ശർത്ത് -ഉപാധി
ശരീഅത്ത് -അതാതു കാലഘട്ടങ്ങളിലെ വിശ്വാസികളുടെ സമൂഹത്തിന് പാലിക്കാനുണ്ടായിരുന്ന ആചാരാനുഷ്ഠാനക്രമങ്ങൾ
ശിർക്ക് -സ്രഷ്ടാവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കൽ, സ്രഷ്ടാവിന്റെ ഏകസംഘത്തിൽ ചേരാതെ വിവിധ സംഘടനകളിൽ ചേരൽ
സബൂർ -ഏട്, സങ്കീർത്തനം, ദാവൂദ് നബിക്ക് നൽകിയ ഗ്രന്ഥത്തിന്റെ പേര്
സമൂദ് -സ്വാലിഹ്നബി നിയോഗിക്കപ്പെട്ട ജനതയുടെ പേര്
സൽസബീൽ -സ്വർഗത്തിലെ ഒരു അരുവിയുടെ പേര്
സക്കാത്ത് -സമ്പത്ത് ശുദ്ധീകരിക്കാനുള്ള നിർബന്ധ ദാനം
സലാം -സമാധാനം, രക്ഷ
സഖ്ഖൂം -നരകത്തിന്റെ അടിത്തട്ടിൽ നിന്ന് മുളച്ചുവരുന്ന വൃക്ഷം, നരകവാസികൾക്കുള്ള ഭക്ഷണം
സഖർ -നരകത്തിലേക്കുള്ള ഏഴുകവാടങ്ങളിൽ ഒന്നിന്റെ പേര്
സഫാ മർവ -മക്കയിൽ കഅ്ബക്ക് സമീപമുള്ള രണ്ട് കുന്നുകൾ
സയ്യിദുൽഇസ്തിഗ്ഫാർ-പൊറുക്കലിനെ തേടാനുള്ള ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥന
സാബിഖീങ്ങൾ -മുൻകടക്കുന്നവർ, വിചാരണയില്ലാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവർ
സിജ്ജീൻ -ദുർജ്ജനങ്ങളുടെ കർമ്മങ്ങൾ രേഖപ്പെടുത്തുന്ന നരകത്തിലുള്ള പട്ടിക
സുജൂദ് -സാഷ്ടാംഗപ്രണാമം, കീഴൊതുക്കം
സുബ്ഹി -സൂര്യോദയത്തിനു മുമ്പുള്ള നമസ്കാരം
സുവാഅ് -നൂഹ്നബിയുടെ കാലത്തെ നിഷേധികൾ ആരാധിച്ചിരുന്ന ഒരുവിഗ്രഹത്തിന്റെ പേര്
സുന്നത്ത് -ചര്യ, നടപടിക്രമം
സുലൈമാൻ -ഒരു പ്രവാചകന്റെ നാമം, സോളമൻ ചക്രവർത്തി
സൂറത്ത് -അദ്ദിക്റിലെ ഒരു അധ്യായം
സ്വദഖഃ -ദാനം
സ്വലാത്ത് -നബിയുടെമേലുള്ള പ്രാർത്ഥന
സ്വലാത്ത് ഹൽഖ -നബിയുടെമേലുള്ള പ്രാർത്ഥന ആശയമില്ലാതെ ഉരുവിടാനുള്ള സംഗമം
സ്വഹാബി -നബിയുടെ സഹവാസി
സ്വിദ്ഖ് -സത്യം, അദ്ദിക്ർ
സ്വിഫത്ത് -ഗുണവിശേഷം
സ്വിറാത്തുൽമുസ്തഖീം-നേരെ ചൊവ്വെയുള്ള പാത, Straight Path
സ്വൂർ -അന്ത്യദിനത്തിൽ ഊതപ്പെടുന്ന കാഹളം
ഹറം -രക്തം ചിന്തലും വാദകോലാഹലങ്ങളും നിഷിദ്ധമായ കഅ്ബക്കു ചുറ്റുമുള്ള പ്രദേശം

ഹന്നാൻ -ദയാലു, അല്ലാഹുവിന്റെ ഒരുനാമം
ഹജ്ജ് -മക്കയിലേക്കുള്ള തീർത്ഥാടനം
ഹജ്ജത്തുൽ വിദാഅ് -പ്രവാചകന്റെ വിടവാങ്ങൽ ഹജ്ജ്
ഹവാരിയ്യീങ്ങൾ -ഈസാനബിയുടെ ശിഷ്യന്മാരെ വിളിച്ചിരുന്നപേര്, അപ്പോസ്തലന്മാർ
ഹക്കീം -യുക്തിജ്ഞാനി-അല്ലാഹു/യുക്തിജ്ഞാനം-അദ്ദിക്ർ
ഹമീദ് -സ്തുത്യർഹൻ, അല്ലാഹുവിന്റെ ഒരുനാമം
ഹദീസ് -അല്ലാഹുവിന്റെ സംസാരം-അദ്ദിക്ർ
ഹസനത്ത് -നല്ലത്
ഹലാൽ -അനുവദനീയം
ഹറാം -നിഷിദ്ധം
ഹാറൂൻ -ഒരു പ്രവാചകന്റെ നാമം, മൂസായുടെ സഹോദരൻ, അഹറോൻ
ഹാമാൻ -ഫിർഔനിന്റെ മന്ത്രിയുടെ പേര്
ഹാഫിള് -ഖുർആൻ മനഃപാഠമാക്കിയവൻ
ഹിജ്റഃ -പാലായനം, വെടിയൽ
ഹിഫ്ള് -കാണാതെ പഠിക്കൽ
ഹിറാഗുഹ -മുഹമ്മദ് നബിക്ക് ആദ്യമായി ദിവ്യസന്ദേശം ലഭിച്ച ഗുഹ
ഹിക്മത്ത് -തത്വജ്ഞാനം, ദീർഘവീക്ഷണം, അദ്ദിക്ർ
ഹുക്മ് -വിധി
ഹുത്വമഃ -നരകത്തിലെ ക്രൂരർ, നരകത്തിലെ ഒരു കവാടത്തിന്റെ പേര്
ഹുദാ -സന്മാർഗ്ഗം, അദ്ദിക്ർ
ഹുദൈഫത്തുൽയമാനി-നിരക്ഷരനായ ഒരു പ്രവാചക ശിഷ്യന്റെ പേര്
ഹൗളുൽ കൗസർ -'കൗസർ' തടാകം, വിചാരണനാളിലെ കൊടും ദാഹത്തിൽ നിന്ന് ശമനം നൽകുന്ന അമൃത്, മുഹമ്മദ് നബിക്ക് നൽകപ്പെട്ട ഒരു അനുഗ്രഹം
ളുഹ്ർ -മധ്യാഹ്നം, മധ്യാഹ്നത്തിലുള്ള നമസ്കാരത്തിന്റെ പേര്
ളുഹാ -തെളിഞ്ഞ പ്രഭാതവേള, മധ്യാഹ്നത്തിനുമുമ്പുള്ള സമയം
ളാലിം -അക്രമി
റക്അത്ത് -നമസ്കാരത്തിന്റെ നിറുത്തവും കുനിയലും സുജൂദുകളും ഇരുത്തവും ഉൾകൊള്ളുന്ന ഒരു യൂണിറ്റ്
റമളാൻ -ഹിജ്റാകലണ്ടറിലെ 9-ാം മാസം, പ്രവാചകന് അദ്ദിക്ർ അവതരിക്കാൻ ആരംഭിച്ച മാസം
റഖീബ് -നന്മയുടെ നിരീക്ഷകനും കുറിപ്പുകാരനുമായ മലക്ക്
റബ്ബ് -ഉടമ, നാഥൻ, സൃഷ്ടികൾക്കുള്ള നിയമങ്ങൾ നൽകാൻ അധികാരമുള്ളവൻ
റബ്ബാനിയ്യീങ്ങൾ -അദ്ദിക്ർ കൊണ്ട് റബ്ബിന്റെ സ്വഭാവമുൾക്കൊണ്ട പ്രൗഢന്മാർ
റസൂൽ -സന്ദേശവാഹകൻ, പ്രവാചകൻ
റാത്തീബ് -കീർത്തനവാക്കുകൾ ആശയമില്ലാതെ ആടിയുലഞ്ഞ് ഉരുവിടുന്നതിനു വേണ്ടി സംഘടിപ്പിക്കുന്ന സംഗമം
റുകൂഅ് -അനുസരണ പ്രകടനം, നമസ്കാരത്തിലെ കുനിയൽ
റുബൂബിയ്യത്ത് -ഉടമസ്ഥതയ്ക്കും നിയമങ്ങൾ നൽകാനുമുള്ള അർഹത
റൂഹ് -ചൈതന്യം, ജീവൻ+ആത്മാവ്, വേദഗ്രന്ഥത്തിന്റെ അർത്ഥവും ആശയവും ഉൾകൊള്ളുന്നത്, ജിബ്രീലിന്റെ മറ്റൊരു പേര്

സൂറത്തുകൾ		സൂക്തങ്ങളുടെ എണ്ണം
1. അൽ ഫാത്തിഹഃ	(ആമുഖം)	7
2. അൽ ബഖറഃ	(പശു)	286
3. ആലിഇംറാൻ	(ഇംറാൻ കുടുംബം)	200
4. അന്നിസാഅ്	(സ്ത്രീകൾ)	176
5. അൽ മാഇദഃ	(ഭക്ഷണത്തളിക)	120
6. അൻആം	(കന്നുകാലികൾ)	165
7. അഅ്റാഫ്	(തിരിച്ചറിയുന്നവർ)	206
8. അൻഫാൽ	(യുദ്ധമുതലുകൾ)	75
9. അത്തൗബ	(പശ്ചാത്താപം)	129
10. യൂനുസ്	(ഒരു പ്രവാചകന്റെ നാമം)	109
11. ഹൂദ്	(ഒരു പ്രവാചകന്റെ നാമം)	123
12. യൂസുഫ്	(ഒരു പ്രവാചകന്റെ നാമം)	111
13. അർറഅ്ദ്	(ഇടിനാദം)	43
14. ഇബ്റാഹീം	(ഒരു പ്രവാചകന്റെ നാമം)	52
15. അൽ ഹിജ്ർ	(ശിലകളുടെ നാട്)	99
16. അന്നഹ്ൽ	(തേനീച്ച)	128
17. ഇസ്റാഅ്	(രാപ്രയാണം)	111
18. അൽ കഹ്ഫ്	(ഗുഹ)	110
19. മർയം	(ഈസാ നബിയുടെ മാതാവിന്റെ നാമം)	98
20. ത്വാഹാ	(മുഹമ്മദ് നബിയുടെ ഒരു അപരനാമം)	135
21. അമ്പിയാഅ്	(നബിമാർ)	112
22. അൽഹജ്ജ്	(തീർത്ഥാടനം)	78
23. മുഅ്മിനൂൻ	(സത്യവിശ്വാസികൾ)	118
24. അന്നൂർ	(പ്രകാശം)	64
25. ഫുർഖാൻ	(സത്യാസത്യവിവേചന മാനദണ്ഡം)	77
26. അശ്ശുഅറാഅ്	(കവികൾ)	227
27. അന്നംല്	(ഉറുമ്പ്)	93
28. അൽ ഖസസ്	(സംഭവ ചരിത്രം)	88

29. അൻകബൂത്ത്	(ചിലന്തി)	69
30. അർറൂം	(റോമക്കാർ)	60
31. ലുഖ്മാൻ	(തത്വജ്ഞാനിയായ ഒരാളുടെ നാമം)	34
32. അസ്സജ്ദഃ	(സാഷ്ടാംഗം)	30
33. അഹ്സാബ്	(സംഘങ്ങൾ)	73
34. സബഅ്	(ശീബാ രാജ്യം)	54
35. ഫാത്വിർ	(വിരിപ്പിക്കുന്നവൻ)	45
36. യാസീൻ	(ഓ മനുഷ്യാ!)	83
37. സ്വാഫ്ഫാത്ത്	(അണിചേരുന്നവ)	182
38. സ്വാദ്	(സംഭവചരിത്രങ്ങൾ വിശദീകരിക്കുന്നത്)	88
39. സുമർ	(കൂട്ടങ്ങൾ)	75
40. മുഅ്മിൻ	(സത്യവിശ്വാസി)	85
41. ഫുസ്വിലത്ത്	(സ്പഷ്ടമായത്)	54
42. അശ്ശൂറ	(കൂടിയാലോചന)	53
43 സുഗ്റുഫ്	(നവരത്നങ്ങൾ)	89
44. ദുഖാൻ	(പുകപടലം)	59
45. ജാസിയഃ	(മുട്ടുകുത്തുന്നത്)	37
46. അഹ്ഖാഫ്	(മണൽക്കൂനകൾ)	35
47. മുഹമ്മദ്	(പ്രവാചകന്റെ നാമം)	38
48. ഫത്ഹ്	(ജയിച്ചടക്കൽ)	29
49. ഹുജുറാത്ത്	(അറകൾ)	18
50. ഖാഫ്	(സുരക്ഷിത ഫലകത്തിൽ സൂക്ഷിക്കപ്പെട്ടത്)	45
51. അദ്ദാരിയാത്ത്	(വിതറുന്ന കാറ്റുകൾ)	60
52. അത്ത്വൂർ	(ത്വൂർ പർവ്വതം)	49
53. അന്നജ്മ്	(താരകം)	62
54. ഖമർ	(ചന്ദ്രൻ)	55
55. അർറഹ്മാൻ	(നിഷ്പക്ഷവാൻ)	78

56. അൽ വാഖിഅഃ	(ഒഴിച്ചുകൂടാനാവാത്ത സംഭവം)	96
57. ഹദീദ്	(ഇരുമ്പ്)	29
58. മുജാദിലഃ	(തർക്കിക്കുന്നവൾ)	22
59. ഹശ്ർ	(ഒരുമിച്ചുകൂടൽ)	24
60. മുംതഹനഃ	(പരീക്ഷിക്കപ്പെടേണ്ടവൾ)	13
61. സ്വഫ്ഫ്	(ഒറ്റയണി)	14
62. ജുമുഅഃ	(ഒന്നിച്ചുകൂടൽ)	11
63. മുനാഫിഖൂൻ	(കപടവിശ്വാസികൾ)	11
64. അത്തഗാബുൻ	(ലാഭനഷ്ടങ്ങൾ)	18
65. ത്വലാഖ്	(വിവാഹമോചനം)	12
66. തഹ്രീം	(നിരോധനം)	12
67. മുൽക്ക്	(ആധിപത്യം)	30
68. ഖലം	(പേന)	52
69. അൽഹാഖഃ	(ഉറച്ച സംഭവം)	52
70. മആരിജ്	(കോണിപ്പടികൾ)	44
71. നൂഹ്	(ഒരു പ്രവാചകന്റെ നാമം)	28
72. ജിന്ന്	(ജിന്ന്/മറഞ്ഞുനിൽക്കുന്നവൻ)	28
73. മുസമ്മിൽ	(പുതച്ച് മൂടിയവൻ)	20
74. മുദ്ദസ്സിർ	(പുതപ്പിക്കപ്പെട്ടവൻ)	56
75. ഖിയാമഃ	(അന്ത്യദിനം)	40
76. ഇൻസാൻ	(മനുഷ്യൻ)	31
77. മുർസലാത്ത്	(തുടർക്കാറ്റുകൾ)	50
78. അന്നബഅ്	(വൃത്താന്തം)	40
79. അന്നാസിആത്ത്	(ഊരിയെടുക്കുന്നവർ)	46
80. അബസ	(നെറ്റിചുളിച്ചു)	42
81. തക്വീർ	(ചുരുട്ടൽ)	29
82. ഇൻഫിത്വാർ	(പൊട്ടിപ്പിളരൽ)	19
83. മുത്വഫ്ഫിഫീൻ	(അളവുതൂക്കങ്ങൾ ലഘൂകരിക്കുന്നവർ)	36
84. ഇൻശിഖാഖ്	(പൊട്ടിവിടരൽ)	25
85. ബുറൂജ്	(കോട്ടകൾ)	22

86. അത്ത്വാരിഖ്	(രാവിൽ വെളിപ്പെടുന്നത്)	17
87. അഅ്ലാ	(അത്യുന്നതൻ)	19
88. ഗാഷിയഃ	(മൂടുന്ന സംഭവം)	26
89. ഫജ്ർ	(വിടരുന്ന പ്രഭാതം)	30
90. ബലദ്	(നാട്)	20
91. അശ്ശംസ്	(സൂര്യൻ)	15
92. അല്ലൈൽ	(രാത്രി)	21
93. അള്ളുഹാ	(തെളിഞ്ഞ പ്രഭാതവേള)	11
94. അശ്ശർഹ്	(വിശാലത)	8
95. അത്തീൻ	(അത്തിമരം)	8
96. അലഖ്	(രക്തക്കട്ട)	19
97. ഖദ്ർ	(വിധിനിർണയം)	5
98. ബയ്യിനഃ	(വ്യക്തമായത്)	8
99. സൽസലഃ	(വിറപ്പിക്കൽ)	8
100. ആദിയാത്ത്	(പടക്കുതിരകൾ)	11
101. അൽ ഖാരിഅഃ	(മഹാസംഭവം)	11
102. അത്തകാസുർ	(പെരുമനടിക്കൽ)	8
103. അൽ അസ്വർ	(കാലം)	3
104. ഹുമസഃ	(കുത്തുവാക്കുപറയുന്നവർ)	9
105. ഫീൽ	(ആന)	5
106. ഖുറൈശ്	(ഖുറൈശികൾ)	4
107. മാഊൻ	(സഹായ വസ്തുക്കൾ)	7
108. അൽ കൗസർ	(ധാരാളം, കൗസർ തടാകം)	3
109. കാഫിറൂൻ	(സത്യനിഷേധികൾ)	6
110. അന്നസ്ർ	(ദിവ്യസഹായം)	3
111. മസദ്	(പനനാര്)	5
112. ഇഖ്‌ലാസ്	(നിഷ്കളങ്കത)	4
113. ഫലഖ്	(പ്രഭാതം)	5
114. അന്നാസ്	(മനുഷ്യസമൂഹം)	6
	മൊത്തം സൂക്തങ്ങൾ	**6236**